T P L
STOCK VERIFIED
1995

തിരുവിതാംകോട്ടനിയമസഭ. മൂന്നാമത്തെസഭ.

൧൧൦൭-ലെ രണ്ടാമത്തെ സെഷൻ.

൧൯൩൧ ആഗസ്റ്റ് ൧൩-ക്ക ൧൧൦൭ കർക്കടകം ൨൯-നു വ്യാഴാഴ്ച

അഫിഷ്യൽ റിപ്പോർട്ട്.

സഭായോഗം ൧൯൩൧ ആഗസ്റ്റ് ൧൩-ക്ക ൧൧൦൭ കർക്കടകം ൨൯-നു വ്യാഴാഴ്ച പകൽ പതിനൊന്നു മണിക്ക വിക്ടോറിയ ജൂബിലിടൗൺഹാളിൽക്കൂടി, പ്രെസിഡെണ്ട് മ. രാ. രാ. വി. എസ്. സുബ്രഹ്മണ്യയ്യർ ബി. എ. ബി. എൽ. ആദ്ധ്യക്ഷ്യംവഹിച്ചു.

മി: എ. ബി. മേനോവൻ, മിസ്റ്റർ തയ്യിലകുഞ്ഞിരാമൻ, മിസ്റ്റർ വി. ജെ. ഉമ്മൻ എന്നീമെംബർമാർ ഹാജരായിരുന്നില്ല.

വിഖ്യാതരായ സന്ദർശകർ.

൧. മദ്രാസ് സ്റ്റേട്ടുകളിൽ ഗവർണർജെനറലുടെ ഏജെണ്ട് ലെഫ്ടനന്റ് കർണൽ സി. ജി. ക്രാസ്റ്റ് വെയിട്, സി. ബി. ഇ.

൨. മദ്രാസ് സ്റ്റേട്ടുകളിൽ ഗവർണർ ജെനറലുടെ അസിസ്റ്റൻറ് ആയ നവാബ്സാദാ സയ്യദ് അമീർ ആലംഖാൻ എം. എ. ബാരിസ്റ്റർ അട്-ലാ.

ആദ്യം പ്രെസിഡെണ്ട് സത്യം ചെയ്തു; പിന്നീട

(൧). എ. കവെപ്പൻ എസ്ക്വയർ.

(൨) എസ്. വെങ്കടരമണയ്യർ എസ്ക്വയർ. എന്നീ മെംബർമാർ സത്യംചെയ്തു.

പ്രെസിഡെണ്ട്: നിയമസഭാസാമാജികന്മാരെ, നിങ്ങൾ എല്ലാവരെയും ഇവിടെകാണുന്നതിൽ എനിക്ക വലിയ സന്തോഷംഉണ്ട്. ഞാൻ ആദ്ധ്യക്ഷംവഹിക്കുന്നതായ ആദ്യത്തെ സഭായോഗം ഇതാകുന്നു. ഇവിടെയുള്ള നാം എല്ലാവരുടേയും ഒരു കക്ഷിയിൽ ഉള്ള മെംബർമാരുടേയും മറേറകക്ഷിയിലുള്ള മെംബർമാരുടേയും പ്രെസിഡെണ്ടിൻേറയും ഉദ്ദേശം ഒന്നുതന്നെയാകുന്നു എന്നത്രേ എന്റെ ദൃഢവിശ്വാസം എന്നു ഞാൻ പ്രാരംഭത്തിൽതന്നെ ഉറപ്പുപറഞ്ഞുകൊള്ളുന്നു. ആ ഉദ്ദേശം നമ്മുടെ രാജ്യത്തിന്റെ പുരോഗതിയും ഐശ്വര്യാഭിവൃദ്ധിയും ആണല്ലൊ. ആ ശ്ലാഘ്യമായ ഉദ്ദേശം സാധിക്കുന്നതിനായി നാം ഹാർദ്ദമായും അവിരളമായും ഉള്ള സഹകരണത്തോടുകൂടി ഏകോപിച്ചുപ്രവർത്തിക്കാൻ ശക്തരായിരിക്കും എന്നു ഞാൻദൃഢമായിവിശ്വസിക്കയുംചെയ്യുന്നു.

മി: വെങ്കടരമണയ്യർ, മേശപ്പുറത്തുവച്ചിട്ടുള്ള സ്റ്റേട്ട്മെണ്ട് ഇപ്പോൾ വായിക്കുന്നതാണ്.

മേശപ്പുറത്തുവച്ചിട്ടുള്ളസ്റ്റേട്ട്മെണ്ട്.

മി: എസ്. വെങ്കടരമണയ്യർ (ആക്ടിംഗ്ഗവമെണ്ട് ഫിനാൻഷ്യൽ സെക്രിട്ടറി): സർ,

മി: ചി. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ നടപടിക്രമത്തെസംബന്ധിച്ചു ഒരു കാര്യത്തെക്കുറിച്ചു പറയാൻ ആഗ്രഹിക്കുന്നു.

കാര്യപരിപാടിയനുസരിച്ച് അടുത്തവിഷയം പ്രശ്നങ്ങളുംമറുപടിയും ആണ്. "മേശപ്പുറത്തുവച്ചിട്ടുള്ള സ്റ്റേട്ട്മെണ്ട്" അതിൽ പിന്നീടവരുന്നതാകുന്നു. ചട്ടങ്ങൾഅനുസരിച്ചും, ഓരോദിവസത്തിലേയും ആദ്യത്തെമണിക്കൂറ "പ്രശ്നങ്ങളുംമറുപടിയും" ക്കായിനീക്കിവച്ചിരിക്കേണ്ടതാണ്.

മി: കല്ലറ പരമേശ്വരൻ പിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ചട്ടങ്ങൾഅനുസരിച്ച് സ്റ്റേട്ട്മെണ്ട്മേശപ്പുറത്തുവക്കേണ്ടതാണ്. അതനുസരിച്ചു സ്റ്റേട്ട്മെണ്ട്വച്ചിട്ടുണ്ട്. ഫിനാൻഷ്യൽ സെക്രട്ടറി ആ വസ്തുത അറിയിക്കുന്നേയുള്ളു.

മി: എസ്. വെങ്കടരമണയ്യർ (ആക്ടിംഗ് ഗവമെണ്ട് ഫിനാൻഷ്യൽസെക്രിട്ടറി): സർ, ൧൦൯൭-മാണ്ടത്തെ രണ്ടാംറെഗുലേഷൻ ആയ നിയമസഭാറെഗുലേഷനിലെ ൧൬(൯) വകുപ്പനുസരിച്ചു ഗവൺമെണ്ട് അധികാരപ്പെടുത്തീട്ടുള്ള ചിലവിനുള്ള താഴെചേർത്തിരിക്കുന്നസ്റ്റേറ്റ്മെണ്ട് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ഡിമാണ്ട് നംബർ	തുക	വിവരങ്ങൾ
XVI മെഡിക്കലും സാനിട്ടേഷനും കെമിക്കൽ എക്സാമിനർ ആയുർവേദംമുതലായവ	രൂ. ൨,൫൦൦	പ്ലേഗ്നിവാരണം സംബന്ധിച്ചുള്ള ചിലവിലേക്ക
XVI ടി	൫൦൦	പീരിമേട്ടതാലൂക്കിൽ പ്ലേഗ്നിവാരണമാർഗ്ഗങ്ങൾ അവസാനിപ്പിക്കുന്നതു സംബന്ധിച്ചുള്ളചിലവിലേക്ക

പ്രശ്നങ്ങളും മറുപടികളും.

കോട്ടയത്തുള്ള കോടതികൾ നടത്തിവരുന്ന സ്ഥലത്തെസംബന്ധിച്ചുള്ള നിവേദനങ്ങൾ:

൧. മി: ചി. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): (എ) കോട്ടയത്തുഇപ്പോൾ കോടതികൾനടത്തിവരുന്നസ്ഥലങ്ങൾ പല ഏർപ്പാടുകളുംകൊണ്ടും യുക്തമല്ലാത്തവയാണെന്നു നിവേദനങ്ങൾകിട്ടിയിട്ടില്ലയോഎന്നും,

(ബി) (എ) ഭാഗത്തെക്കുള്ളമറുപടി അനുസരണമായിട്ടാണെന്നുവരികിൽ ആരുടെപക്കൽനിന്നു നിവേദനങ്ങൾ കിട്ടിഎന്നും ഗവൺമെണ്ട് സമയംപറയുമോ?

G. P. T. 1118. 150. 14-7-1107.

മി. കെ. ജാർജ് (ഗവർൺമെണ്ട് ചീഫ്സെക്രട്ടറി): (എ) ഉണ്ട്.

(ബി) ശ്രീമൂലംപ്രജാസഭയിലെ മെംബർമാർ

മി: എ. സി. കുരിയാക്കോസ് (മീനച്ചലും ദേവികുളവും): ആ നിവേദനത്തിന്മേൽ ഗവണ്മെണ്ട് വല്ല പരിഹാരവും നിശ്ചയിച്ചിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഉണ്ട്.

മി: എ. സി. കുരിയാക്കോസ് (മീനച്ചലും ദേവികുളവും): അതു സദയം പറയുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): കെട്ടിടങ്ങൾക്ക് ഒരു പ്ലാൻ ഉണ്ടാക്കാൻ ചീഫ്എഞ്ചിനീയരോടു ആവശ്യപ്പെട്ടു. അവിടത്തെ എക്സിക്യൂട്ടിവ് എഞ്ചിനീയർ ഒരു പ്ലാൻതയ്യാറാക്കി അയച്ചിട്ടുണ്ട്. പ്ലാൻ അംഗീകരിച്ചതിനു ശേഷമേ വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ.

മി: എ. സി. കുരിയാക്കോസ് (മീനച്ചലും ദേവികുളവും): ഇതുകഴിയുന്നതും വേഗത്തിൽ നടക്കുമെന്ന് വിശ്വസിക്കാമോ?

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): വിശ്വസിക്കാം.

മിഡിൽസ്കൂളുകളിലെ ഏതാനും അദ്ധ്യാപകന്മാരെക്കുറിച്ചുള്ള വിവരങ്ങൾ.

൨. മി. ആർ. രാമൻപിള്ള (കോട്ടയം): (എ) ൧൧൧൨–൧൧൧൩-ൽ നാട്ടുഭാഷാമിഡിൽസ്കൂളുകളിൽ ൧൦ ക്ലാസുകളിൽ ഉള്ള അസിസ്റ്റന്റ് അദ്ധ്യാപകന്മാരുടെ പേരുകളും,

(ബി) അവരുടെ യോഗ്യതകളും.

(സി) അവരെ ആ ജോലിക്കു നിയമിച്ച തീയതികളും അവരിൽ വല്ലവരേയും ഹെഡ്മാസ്റ്റരായി നിയമിച്ചിട്ടുള്ള തീയതികളും കാണിക്കുന്ന ഒരു സ്റ്റേറ്റ്മെണ്ട് മേശപ്പുറത്തുവയ്ക്കുവാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഈ വിവരങ്ങൾ സംഗ്രഹിക്കുന്നതിനു വേണ്ടിവരുന്നസമയവും ശ്രമവും അതിന്റെ ഉപയോഗിക്കുന്നതല്ല, വളരെ അനുത്രപമാണെന്ന ഗവണ്മെണ്ട് വിചാരിക്കുന്നതുകൊണ്ട് ആ വിവരം വരുത്താൻ ഗവർണ്മെണ്ട് ഉദ്ദേശിക്കുന്നില്ല.

കാരാപ്പുഴയിൽ ൨൨-ാം നംബർ മത്സ്യഷാപ്പുനടത്തുന്നസ്ഥലം.

൩. മി: ആർ. രാമൻപിള്ള (കോട്ടയം): (എ) കോട്ടയം താലൂക്കിൽ കാരാപ്പുഴയിൽ ൨൨-ാം നംബർ മത്സ്യഷാപ്പു നടത്തുന്നതു ചട്ടപ്രകാരം അനുവദിക്കാവുന്ന സ്ഥലത്താണോ എന്നും,

(ബി) ആ ഷാപ്പു ഇപ്പോഴത്തെ സ്ഥലത്തു നടത്തരുതെന്നു ആ പ്രദേശത്തിലെ നിവാസികൾ ൧൧൧൨ മേടംമുതൽ എക്സൈസ് കമ്മിഷണരോടു അപേക്ഷിച്ചുവരുന്നില്ലയോ എന്നും,

(സി) ഇക്കാര്യത്തിൽ കമ്മീഷണർ നടത്തിയ നടപടിയും ഗവണ്മെണ്ട് ദയവുചെയ്തു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): (എ) അതേ.

(ബി) ഈ ഷാപ്പിനെ ഇപ്പോഴത്തെ സ്ഥലത്തുനിന്ന മാററണം എന്നും മാററിക്കൂടാ എന്നും ഹർജികൾ എക്സൈസ് കമ്മീഷണർക്കു കിട്ടീട്ടുണ്ട്.

ഇക്കാര്യത്തെക്കുറിച്ചു അന്വേഷണം നടത്തി. ഹർജികൾ ഷാപ്പുമേലത്തിൽ വിററതിൽ പിന്നീടു കിട്ടിയതു കൊണ്ടും അതു നടത്താൻ മററുസ്ഥലം കിട്ടാൻ കഴിവില്ലാത്തതുകൊണ്ടും ഷാപ്പിനെ മാററുന്ന സംഗതി അടുത്ത തവണ കുത്തകകാലത്തു ഷാപ്പിനുള്ള സ്ഥാനങ്ങൾ നിശ്ചയിക്കുമ്പോൾ ആലോചിക്കുന്നതായിരിക്കും.

മദ്യത്തിൽനിന്നുള്ള മുതലെടുപ്പ്.

൪. മി: ആർ. രാമൻപിള്ള (കോട്ടയം): വൃക്ഷക്കരം, പെർമിട്ട്, ലൈസെൻസ് മുതലായി ഓരോ ഇനത്തിലും കള്ളുകുത്തകക്കാരിൽനിന്നും ചാരായകുത്തകക്കാരിൽനിന്നും ൧൧൧൨-ലും ൧൧൧൩-ലും ഈടാക്കീട്ടുള്ള മുഴുവൻതുകയും തീരുവ, പെർമിട്ട്, ലൈസൻസ് എന്നീ ഇനങ്ങളിൽ മേൽപറഞ്ഞ ആണ്ടുകളിൽ വിദേശമദ്യത്തിൽനിന്നും ഈടായിട്ടുള്ള തുകകളും ഗവർൺമെണ്ട് സദയം പറയുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഈ വിവരങ്ങൾ അടങ്ങിയ പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു.

വിജയപുരം പകുതിയിൽ ഒരു തോടുവെട്ടുക.

൫. മി: ആർ. രാമൻപിള്ള (കോട്ടയം): ൧൧൧൨ ഡിസംബർ ൭-ാം നടന്നതായ സമ്മേളനത്തിൽ വിജയപുരംപകുതിയിൽ ഒരു തോട്ടുവെട്ടിക്കുന്നതുസംബന്ധിച്ചുള്ള പ്രശ്നത്തിനു പറഞ്ഞ മറുപടിയുടെ കാര്യത്തിൽ, മേൽപറഞ്ഞ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്ന ഹർജിയിന്മേൽ എന്തു നടപടി ഗവണ്മെണ്ടു നടത്തി എന്നു ഗവണ്മെണ്ട് സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ഹർജി തീർച്ചക്കായി ചീഫ്എൻജിനീയർക്കു അയച്ചിട്ടുണ്ട്. അദ്ദേഹം ഡിവിഷൻ ആഫീസരുടെ റിപ്പോർട്ടിനു ആവശ്യപ്പെട്ടിരിക്കുന്നു. ആ റിപ്പോർട്ട് ഇതേവരെ കിട്ടിയില്ല.

മീനച്ചലാററിൽ ചുങ്കത്തുകടവിൽ പാലം കെട്ടുക.

൬. മി: ആർ. രാമൻപിള്ള (കോട്ടയം): മീനച്ചലാററിൽ ചുങ്കത്തുകടവിൽ പാലം കെട്ടേണ്ടതിനെ സംബന്ധിച്ച് എന്തുനടപടി ഗവണ്മെന്റ് നടത്തീട്ടുണ്ടെന്നു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ഈ പണിക്കു ഒരു അടങ്കൽ കിട്ടീട്ടുണ്ട്; അതു ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

കോട്ടയം-കുമരകം റോഡ്.

൭. മി: ആർ. രാമൻപിള്ള (കോട്ടയം): കോട്ടയം-കുമരകം റോഡിനെ വണ്ടിപ്പാതയാക്കാൻ എന്തു നടപടി നടത്തീട്ടുണ്ടെന്നു ഗവണ്മെണ്ട് സദയം പറയുമോ?

---

* അനുബന്ധം ൧ നോക്കുക.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രിട്ടറി): എക്സിക്യൂട്ടീവ് എൻജിനീയർ ഈ പണികൾ തയ്യാറാക്കിഅയച്ച എസ്റ്റിമേററിനെ ചീഫ്എൻജിനീയർ പരിശോധിച്ചുവരുന്നു.

നാഗമ്പടത്തുനിന്നു തിരുവഞ്ചൂർ പള്ളിക്കൂടത്തിലേക്ക റോഡ്.

൮. മി: ആർ. രാമൻപിള്ള (കോട്ടയം): വിജയപുരം പകുതിയിൽ നട്ടാശ്ശേരി പാറമ്പുഴ മുതലായസ്ഥലങ്ങളിൽ ജനങ്ങൾ നാഗമ്പടത്തുനിന്നും തിരുവഞ്ചൂർ പള്ളിക്കൂടത്തിലേക്ക ഒരു റോഡുവെട്ടണം എന്നു ഒരു ഹർജി ഗവണ്മെന്റിലേക്ക അയച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തു നടപടി ഗവണ്മെന്റു നടത്തി എന്നും സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രിട്ടറി): [illegible] ഒരു ഹർജി കിട്ടിട്ടുണ്ട്; അതു ചീഫ്എൻജിനീയർക്ക അയച്ചിരിക്കുന്നു; അദ്ദേഹത്തിന്റെ റിപ്പോർട്ടുകിട്ടിട്ടുണ്ട്. അതു ആലോചനയിൽ ഇരിക്കുന്നു.

കോട്ടയം-പരിപ്പുറോഡ്.

൯. മി: ആർ. രാമൻപിള്ള (കോട്ടയം): (എ) കോട്ടയം പരിപ്പുറോഡിൽ പാലങ്ങൾ കെട്ടി അതിനെ വണ്ടിപ്പാതയാക്കുന്നതിന് വല്ല നടപടിയും ഗവണ്മെന്റ് നടത്തിട്ടുണ്ടോ എന്നും,

(ബി) ഏതു ഭാഗത്തിനു മറുപടി നിഷേധരൂപത്തിൽ ആണെങ്കിൽ അതിനുള്ള കാരണം എന്തെന്നും ഗവണ്മെന്റ് സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രിട്ടറി): (എ) കോട്ടയം-പരിപ്പുറോഡ് വണ്ടിപ്പാതയല്ല; മുന്നുപാലങ്ങൾ കെട്ടിയതുകൊണ്ടുമാത്രം അതിനെ വണ്ടിപ്പാതയാക്കാനും പാടില്ല.

(ബി) അതിനുസമീപമായി ആവശ്യമുള്ളതായ മററുറോഡുകൾ ഉണ്ട്.

ചുങ്കത്തുനിന്നു നീണ്ടൂർവരെയുള്ള റോഡ്.

൧൦. മി: ആർ. രാമൻപിള്ള (കോട്ടയം): ചുങ്കത്തുനിന്നും കടമാഞ്ചിറ, ആർപ്പൂക്കര, കൈപ്പുഴ ഇവവഴി നീണ്ടൂരേക്കുള്ള റോഡിനെ പൂർത്തിയാക്കി അററകുററം തീർക്കുന്നതിനു ഏതു നടപടി എടുത്തിട്ടുണ്ടെന്നു ഗവണ്മെന്റ് സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രിട്ടറി): ചുങ്കത്തുനിന്നു കടമാഞ്ചിറയ്ക്കും ആർപ്പൂക്കരനിന്നു നീണ്ടൂരേക്കും വണ്ടിപ്പാതയായ നല്ല റോഡ് ഇപ്പോൾ ഉണ്ട്. ഇവ ഈ നല്ല വില്ലേജ്റോഡിന്റെ അംശങ്ങൾ ആകുന്നു. അതുകൊണ്ട് യാതൊരുനടപടിയും ആവശ്യം ഇല്ല.

ആക്ടിംഗ് തഹശീൽദാർമാരെക്കുറിച്ച് വിവരങ്ങൾ.

൧൧. മി: ആർ. രാമൻപിള്ള (കോട്ടയം): [illegible] ആക്ടിംഗ്ആയിരുന്ന തഹശീൽദാർമാരുടെയും ആ തീയതിമുതൽ [illegible] നിയമിച്ചിട്ടുള്ള ആക്ടിംഗ് തഹശീൽദാർമാരുടേയും പേരുകളും ഉദ്യോഗങ്ങളും അവരെ ക്രമമായി ആക്ടിംഗ് തഹശീൽദാർമാരായി നിയമിച്ച തീയതികളിൽ അവർക്കുണ്ടായിരുന്ന സ്ഥിരമായ ഉദ്യോഗങ്ങളും [illegible] തഹശീൽദാർ കാര്യംവിചാരിച്ചുവന്നിരുന്നവർക്ക ആ തീയതിയിലുള്ള സ്ഥിരമായ ഉദ്യോഗങ്ങളും അവരിൽവല്ലവരെയും സ്ഥിരപ്പെടുത്തിട്ടുണ്ടെങ്കിൽ അവരെ സ്ഥിരപ്പെടുത്തിയ തീയതികളും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വയ്പാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രിട്ടറി): മെംബർ ആവശ്യപ്പെട്ട സ്റ്റേററ്മെണ്ട് * മേശപ്പുറത്തു വച്ചിരിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): [illegible] കർക്കടകം [illegible] ആക്ടിംഗ്ആയിട്ട് നിയമിച്ച മി: വി. ആർ. ശങ്കരനാരായണപിള്ളയെ സ്ഥിരപ്പെടുത്തുന്നതിനുമുമ്പായി അതിൻപിന്നിട്ട് ആക്ടിംഗായിട്ടു നിയമിച്ച വല്ലവരേയും സ്ഥിരപ്പെടുത്തുന്നതിനു വല്ല കാരണവുമുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രിട്ടറി): മെംബരുടെ പ്രശ്നത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ചു കൊടുത്തിട്ടുള്ള പട്ടികയിൽനിന്നു ഈ കൂടുതൽ ചോദ്യം ജനിക്കുന്നുണ്ടോ എന്നുള്ള നടപടിക്രമത്തെ സംബന്ധിച്ചകാര്യത്തിന്റെ തീർച്ചക്കായി ഞാൻ എഴുന്നേല്ക്കുന്നു. മെംബർ ആവശ്യപ്പെട്ടതു പട്ടികമാത്രമാണ്. അതു കൊടുത്തിട്ടുംഉണ്ട്. മെംബർ ഇപ്പോൾ ചോദിക്കുന്ന പ്രശ്നം ഒരു പുതിയ പ്രശ്നം അല്ലയോ എന്നുള്ളതിനെക്കുറിച്ച് ഒരു തീർച്ച അദ്ധ്യക്ഷൻ പറയണം എന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രെസിഡണ്ട്: മി: രാമൻപിള്ള, നിങ്ങൾ ഒരു പട്ടികയ്ക്കു ആവശ്യപ്പെട്ടു; ആ പട്ടിക മേശപ്പുറത്തു വച്ചിട്ടും ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ പ്രശ്നത്തിൽനിന്നു യാതൊരു കൂടുതൽ ചോദ്യവും ഉത്ഭവിക്കുന്നില്ല.

വെള്ളാളറെഗുലേഷൻ, നായർറെഗുലേഷൻ, ഈഴവറെഗുലേഷൻ ഇവയുടെ നടത്തിപ്പിനെക്കുറിച്ചുള്ള റിപ്പോർട്ടുകൾ.

൧൨. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും). (എ) വെള്ളാളറെഗുലേഷനും നായർറെഗുലേഷനും ഈഴവറെഗുലേഷനും ഈ സമുദായങ്ങളുടെ സദാചാരയോഗക്ഷേമത്തേയും സാമ്പത്തിക യോഗക്ഷേമത്തേയും ഏതുവിധം ബാധിച്ചിട്ടുണ്ടെന്നുള്ളതിനെക്കുറിച്ച് [illegible]-ൽ അവസാനിക്കുന്ന കഴിഞ്ഞ രണ്ടുകൊല്ലങ്ങൾക്കിടയിൽ തിരുവനന്തപുരം ദിവാൻപേഷ്കാരിൽനിന്നു റിപ്പോർട്ടുകൾ ഗവണ്മെന്റിനു കിട്ടിട്ടുണ്ടോ എന്നു ഗവണ്മെന്റ് സദയം പറയുമോ?

(ബി) (എ). ഭാഗത്തിനുള്ള മറുപടി അനുസരണരൂപത്തിലാണെന്നുവരുകിൽ ആ റിപ്പോർട്ടുകൾ സദയം മേശപ്പുറത്തുവയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രിട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ്.

(ബി) എനിക്കുള്ള മറുപടിയിൽനിന്നു ഇതു ഉത്ഭവിക്കുന്നില്ലെന്നുകാണാം.

---

* അനുബന്ധം II നോക്കുക.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഈ രാജ്യത്തുള്ള മൂന്നു പ്രധാനപ്പെട്ട സമുദായങ്ങൾക്കായി ഉണ്ടാക്കീട്ടുള്ള സാമുദായിക നിയമങ്ങളുടെ ഫലങ്ങളെക്കുറിച്ചു അന്വേഷിക്കേണ്ടതു ഒരു ഡിവിഷനിലെ മേലധികാരിയുടെ കൃത്യം അല്ലാ എന്നു പണ്ഡിതനായ സെക്രിട്ടറി നിർദ്ദേശിക്കുന്നുവോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവര്‍ണ്മെന്റ് സെക്രിട്ടറി): അതു കേവലം അഭിപ്രായമാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഞാൻ യാതൊരു അഭിപ്രായത്തിനും അപേക്ഷിക്കുന്നില്ല. ഈ വിഷയത്തെക്കുറിച്ചു അന്വേഷിക്കേണ്ടതു ഒരു ഡിവിഷനിലെ മേലധികാരിയുടെ കൃത്യം അല്ല എന്നു പറഞ്ഞ മറുപടിയിൽ സെക്രിട്ടറി നിർദ്ദേശിക്കുന്നുണ്ടോ എന്നാകുന്നു എന്റെ പ്രശ്നം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവര്‍ണ്മെന്റ് സെക്രിട്ടറി): മറുപടിയിൽ ആവിധം യാതൊരു നിർദ്ദേശവും ഇല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഈ സമുദായങ്ങളുടെ-മൂന്നു പ്രധാനപ്പെട്ട സമുദായങ്ങളുടെ-വകക്കായി ഉണ്ടാക്കീട്ടുള്ള ഈ സാമുദായിക നിയമങ്ങളുടെ ഫലത്തെക്കുറിച്ച് ഗവര്‍ണ്മെണ്ടോ ദിവാൻപേഷ്കാരോ വല്ലപ്പോഴും അന്വേഷിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവര്‍ണ്മെണ്ടു സെക്രിട്ടറി): ഇതിലേക്കു അറിയിപ്പുകിട്ടണം എന്നു ഞാൻ ആവശ്യപ്പെടുന്നു. ഗവര്‍ണ്മെണ്ട് നടത്തിയിരിക്കേണ്ടതായ ഒരു നടപടിമാര്‍ഗ്ഗം മെംബർ നിർദ്ദേശിക്കുന്നതായി തോന്നുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): വല്ലനടപടിയും ഗവര്‍ണ്മെണ്ട് നടത്തീട്ടുണ്ടോ എന്നു ഞാൻ ചോദിച്ചതേയുള്ളു. യാതൊരു നടപടിമാര്‍ഗ്ഗവും ഞാൻ നിർദ്ദേശിച്ചില്ല.

പ്രസിഡണ്ട്: ഈ പ്രശ്നത്തിന് ഗവര്‍ണ്മെണ്ടുമായി നേരിട്ടു യാതൊരുബന്ധവും ഇല്ല. ദിവാൻപേഷ്കാരന്മാരെ അതു പരാമര്‍ശിക്കുന്നുള്ളു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ രാജ്യത്തുള്ള മൂന്നു പ്രധാനപ്പെട്ട സമുദായങ്ങൾക്കുവേണ്ടി ഈ ഗവര്‍ണ്മെണ്ട് ഉണ്ടാക്കീട്ടുള്ള സാമുദായികനിയമങ്ങളുടെ ഫലത്തെക്കുറിച്ച് ദിവാൻപേഷ്കാർമാർ ഓരോ ഡിവിഷനിലേയും മേലധികാരി എന്ന നിലയിൽ അന്വേഷണങ്ങൾ നടത്തീട്ടുണ്ടോ എന്നാകുന്നു എന്റെ പ്രശ്നം. മറുപടി "ഇല്ല" എന്നാണ്. അന്വേഷണം നടത്തേണ്ടതു് ഡിവിഷനിലെ മേലധികാരിയുടെ കൃത്യം അല്ലയോ എന്നുള്ള കൂടുതൽ ചോദ്യം നിശ്ചയമായും ഉത്ഭവിക്കുന്നുണ്ട്.

പ്രസിഡണ്ട്: ആ പ്രശ്നത്തിനു അറിയിപ്പുകിട്ടണം എന്നു സെക്രിട്ടറി ആവശ്യപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അതു ഗവര്‍ണ്മെന്റിന്റെ നയത്തെ സംബന്ധിച്ച പ്രശ്നം ആയിരിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഞാൻ നയസംബന്ധമായ പ്രശ്നമേ ചോദിച്ചിട്ടില്ല.

പ്രസിഡണ്ട്: ഇന്നനയം അനുവര്‍ത്തിക്കണം എന്നുള്ളതിനെക്കുറിച്ചുള്ള അഭിപ്രായം ഗവര്‍ണ്മെണ്ട് പറയേണ്ടതാണ്. ഈ പ്രശ്നത്തിനു മറുപടി പറയേണ്ടതായ സെക്രിട്ടറി അറിയിപ്പിനു ആവശ്യപ്പെടുമ്പോൾ അതിനുപരിയായി നിങ്ങൾക്കു ചോദ്യം ചോദിക്കാമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സർ, നിങ്ങൾ പറയുന്നതു എനിക്കു കേൾക്കാൻവഹിയാ.

പ്രസിഡണ്ട്: ആ പ്രശ്നത്തിനു അറിയിപ്പുവേണം എന്നു അദ്ദേഹം ആവശ്യപ്പെടുന്നു. അതു നയസംബന്ധമായ പ്രശ്നത്തെ ഉത്ഭവിപ്പിക്കുന്നതായിരിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഞാൻ നയസംബന്ധമായ പ്രശ്നം ചോദിച്ചില്ല.

പ്രസിഡണ്ട്: ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടില്ലാ എന്നു നിങ്ങൾ പറഞ്ഞു. ദയവുചെയ്തു ഞാൻ പറയുന്നതു മുഴുവനും കേൾക്കുക. അറിയിപ്പുവേണം എന്നു സെക്രിട്ടറി അവകാശപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു ആ പ്രശ്നത്തെ അതിനുപരിയായി നിങ്ങൾ നിർബന്ധിച്ചുകൂടാ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആ സ്ഥിതിക്കു ഇതു ഒരു കൂടുതൽ ചോദ്യമായി തീരുന്നില്ല എന്നാണോ വിധിച്ചു?

പ്രസിഡെന്റ്: അറിയിപ്പു വേണം എന്നു അദ്ദേഹം ആവശ്യപ്പെടുമ്പോൾ ആ പ്രശ്നത്തെ അതിനുപരിയായി നിങ്ങൾ നിർബന്ധിച്ചുകൂടാ. അതാണ് എന്റെ തീർച്ച.

വൈദ്യശാസ്ത്രത്തിൽ യോഗ്യത സിദ്ധിച്ച സ്ത്രീകളേയും സൂതികര്‍മ്മിണികളേയും മുനിസിപ്പാലിറ്റികളിൽ നിയമിക്കുക.

൫൩. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) സ്ത്രീകൾക്കു അവരുടെ ഗൃഹങ്ങളിൽചെന്നു വൈദ്യസഹായം നൽകുന്നതിനായി വൈദ്യശാസ്ത്രത്തിൽ യോഗ്യതസിദ്ധിച്ച സ്ത്രീകളെ അല്ലെങ്കിൽ സൂതികര്‍മ്മിണികളെ എത്ര മുനിസിപ്പൽസഭകൾ നിയമിച്ചിട്ടുണ്ടു എന്നും,

(ബി) തങ്ങളുടെ കീഴിൽ യോഗ്യത സിദ്ധിച്ച സൂതികര്‍മ്മിണികളെ നിയമിച്ചിട്ടില്ലാത്ത മുനിസിപ്പൽസഭകൾക്കു ൧൧൦൯-ാമാണ്ടവസാനത്തിൽ എന്തു തുക ചിലവാകാതെ കിടപ്പുണ്ടു എന്നും, ഗവര്‍ണ്മെണ്ട് ദയവു ചെയ്തു പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവര്‍ണ്മെണ്ട് സെക്രിട്ടറി): (എ) വ്വ.

(ബി) വിവരം അടങ്ങിയിരിക്കുന്ന പട്ടിക * മേശപ്പുറത്തുവച്ചിരിക്കുന്നു.

തിരുവനന്തപുരത്തു സയൻസ്കാളേജിൽ വിദ്യാര്‍ത്ഥികളെചേര്‍ക്കൽ.

൫൪. മി: പി. എസ്. മഹമ്മദ് (ഗവര്‍ണ്മെണ്ട് നിയമിച്ച മെംബർ): (എ) കഴിഞ്ഞതവണ സ്കൂൾ ഫൈനൽ പരീക്ഷജയിച്ച വിദ്യാര്‍ത്ഥികളുടെ എണ്ണവും,

(ബി) അവരിൽ മുസ്ലിം വിദ്യാര്‍ത്ഥികളുടെ എണ്ണവും,

---

* അനുബന്ധം III നോക്കുക.

(സി) തിരുവനന്തപുരത്തെ സയൻസ് കാളേജിൽ ജൂനിയർ ഇന്റർമീഡിയെട് ക്ലാസിൽ ചേരുന്നതിനു അപേക്ഷിച്ച മുസ്ലിംവിദ്യാർത്ഥികളുടെ എണ്ണവും,

(ഡി) അവരിൽ മേല്പറഞ്ഞ ക്ലാസിൽ പ്രവേശനം കിട്ടിയവരുടെ എണ്ണവും,

(ഇ) സയൻസ് കാളേജിൽ ജൂനിയർ ഇന്റർമീഡിയെട് ക്ലാസിൽ ചേക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണവും,

കാണിക്കുന്ന ഒരു പട്ടിക ഗവണ്മെണ്ടു സദയം മേശപ്പുറത്തു വയ്ക്കുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): (എ) ൨,൩൪൩

(ബി) ൪൨.

(സി) ഗ്രൂപ്പ് I ൩
ഗ്രൂപ്പ് II ൬

ആകെ ൯

(ഡി)	ചേർക്കപ്പെടാത്തവർ	ചേരാത്തവർ
ഗ്രൂപ്പ് II	൪	൯

(ഇ) ഗ്രൂപ്പ് I ൧൩൨
ഗ്രൂപ്പ് II ൧൧൦

ഗവണ്മെണ്ടു കാളേജുകളിൽ ശ്രേഷ്ഠഭാഷകൾ പഠിപ്പിക്കൽ.

൧൭. മി: പി. എസ്. മഹമ്മദ് (ഗവണ്മെണ്ടു നിയമിച്ച മെമ്പർ): തിരുവനന്തപുരത്തുള്ള രാജകീയ ആർട്സ് കാളേജിലും രാജകീയ സൈൻസ് കാളേജിലും,

(എ) എന്തു ശ്രേഷ്ഠഭാഷകൾ പഠിപ്പിച്ചുവരുന്നു എന്നും,

(ബി) എത്ര വിദ്യാർത്ഥികൾ സംസ്കൃതം പഠിക്കുന്നുഎന്നും,

(സി) തിരുവനന്തപുരത്തുള്ള കാളേജ് ക്ലാസ്സുകളിൽ എത്ര മഹമ്മദൻ വിദ്യാർത്ഥികൾ ഉണ്ടെന്നും,

ഗവണ്മെണ്ടു സദയം പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) കാളേജുകളിൽ പഠിപ്പിക്കുന്ന ശ്രേഷ്ഠഭാഷ സംസ്കൃതംമാത്രം ആണ്.

(ബി) ൧൨൫

(സി) ൩൪

കാളേജുകളിലും ഹൈസ്കൂളുകളിലും അറബിഭാഷ പഠിപ്പിക്കൽ.

൧൮. മി: പി. എസ്. മഹമ്മദ് (ഗവണ്മെണ്ട് നിയമിച്ച മെമ്പർ): (എ) കാളേജ് ക്ലാസ്സുകളിൽ അറബിഭാഷ പഠിപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുകൊണ്ട് ആ ഭാഷയെ ഐച്ഛിക വിഷയമായി പഠിക്കുന്നതിൽ ഹൈസ്കൂൾ ക്ലാസ്സുകളിൽഉള്ള മുസ്ലിം വിദ്യാർത്ഥികൾ വളരെ കഷ്ടസ്ഥിതിയിൽ ഇരിക്കുന്നു എന്നും,

(ബി) ബ്രിട്ടീഷിൻഡ്യയിലെ കാളേജുകളിൽ അറബിഭാഷ പഠിപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നും, ഗവണ്മെണ്ടിനു അറിയാമോ?

മി: കെ. ജാർജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): (എ) ഇല്ല.

(ബി) ഗവണ്മെന്റിനു അറിവില്ല.

അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ ബനിഫിട്ഫണ്ട്സിസ്റ്റം നടപ്പാക്കൽ.

൧൯. മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ൧൧൦൨-ാം മാണ്ടത്തേക്കുള്ള അഞ്ചൽ ഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടിൽ ഒടുവിലത്തെ ഖണ്ഡികയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഒരു പരസ്പരസഹായസംഘവും ബെനിഫിട്ഫണ്ടും രൂപീകരിക്കാൻ വല്ല പദ്ധതിയും അഞ്ചൽഡിപ്പാർട്ടുമെണ്ടു തയ്യാറാക്കീട്ടുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ അതിന്മേൽ വല്ല നടപടിയും നടത്തീട്ടുണ്ടോ എന്നും ഗവണ്മെണ്ടു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടു സെക്രട്ടറി): (എ) ഇല്ല.

(ബി) (എ) ഭാഗത്തിനുള്ള മറുപടിയിൽനിന്ന് ഈ പ്രശ്നം ഉത്ഭവിക്കുന്നില്ലെന്നുകാണാം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ഭാഗത്തിനുള്ള മറുപടിയുടെ കാര്യത്തിൽ ൧൧൦൨-ാമാണ്ടത്തേക്കുള്ള അഞ്ചൽ ഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടിൽ ഒടുവിലത്തെ പാരാവിൽ ബെനിഫിട് സ്കീമിനെക്കുറിച്ച് പ്രസ്താവിച്ചിട്ടുള്ളതായി ഗവണ്മെണ്ടിനു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടു സെക്രട്ടറി): അറിയാം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അഞ്ചൽസൂപ്രണ്ടു വല്ല പദ്ധതിയും തയ്യാറാക്കീട്ടുണ്ടോ എന്നു ഗവണ്മെണ്ടു അദ്ദേഹത്തിനോടു ചോദിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടു സെക്രട്ടറി): ഈ പദ്ധതിയെ അതിന്റെ നാനാമുഖങ്ങൾ സംബന്ധിച്ചും താൻ പര്യാലോചിച്ചു എന്നും അഞ്ചൽഡിപ്പാർട്ടുമെന്റിലെ കീഴ്ജീവനക്കാർ ഇപ്പോഴുള്ള തന്നു ശമ്പളത്തെ ഗണിച്ചതിൽ തത്കാലവ്യവസ്ഥയ്ക്കു ഈ പദ്ധതി ഫലവത്തായി തീരുകയില്ലാ എന്നു താൻ വിചാരിക്കുന്നതായും അഞ്ചൽസൂപ്രണ്ടു ബോധിപ്പിച്ചിരിക്കുന്നു. ഇതു ഈ വിഷയത്തിൽ അദ്ദേഹം അയച്ചിട്ടുള്ള ഒടുവിലത്തെ റിപ്പോർട്ടാണ്.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൧൦൨-ാം മാണ്ടിലേക്കുള്ള റിപ്പോർട്ടിലെ ഒടുവിലത്തെ ഖണ്ഡികയിൽ ഉള്ള പ്രസ്താവം നിമിത്തം ഡിപ്പാർട്ടുമെന്റിലെ കീഴ് ജീവനക്കാരുടെ മനസ്സിൽ ജനിച്ചിരിക്കാവുന്ന പ്രതീക്ഷകളെ അകറ്റുന്നതിലേക്കായി ൧൧൦൩-ാമാണ്ടത്തേക്കുള്ള അഞ്ചൽ ഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടിൽ ഇതു പറഞ്ഞിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ൧൧൦൩-മാണ്ടത്തേക്കുള്ള റിപ്പോർട്ടിൽ അതു ണ്ടോ എന്നു എനിക്കു നിശ്ചയമില്ല.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) ആ പ്രതീക്ഷയെ അകറ്റിയില്ലെന്നു വരികിൽ ഈ പദ്ധതിയുടെ ഗുണംകിട്ടും എന്നു ഡിപ്പാർട്ടുമെണ്ടിലെ കീഴ് ജീവനക്കാർ മേലും ആശിച്ചുകൊണ്ടിരിക്കും എന്നുള്ള സംഭാവ്യതയുണ്ട് എന്നു ഗവണ്മെണ്ടിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): അതു ആലോചിക്കാനുള്ളതാണ്.

ഓച്ചിറ-താമരക്കുളം റോഡ്.

൧൭. മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൧൦൨ ഏപ്രിൽ ൨൪-ാംനു നടന്ന സഭായോഗത്തിൽ ചോദിച്ച ൨൪൯-ാം നമ്പർ പ്രശ്നത്തിനുള്ള മറുപടിയിൽ പറഞ്ഞ വിചാരം സംബന്ധിച്ച് (സഭാപ്രൊസീഡിംഗ്സ് ൧൪-ാം വാല്യം ൪൪൧-ാം പുറം) ഓച്ചിറ താമരക്കുളം റോഡ് നന്നാക്കേണ്ട കാര്യം ഗവണ്മെണ്ട് പര്യാലോചിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): അധികം അടിയന്തിരമായ ആവശ്യങ്ങൾ ഉള്ളതുകൊണ്ട് ഈ പണിക്കു ഏതാനും കാലംകൂടി കഴിയേണ്ടിയിരിക്കുന്നു.

ഹരിപ്പാട്ട-വീയപുരം റോഡ്

൧൮. (൧) മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (൧) ഹരിപ്പാട്ട-വീയപുരം റോഡ് കരിങ്കല്ലിട്ടുറപ്പിക്കുന്നതിനു ഒരു എസ്റ്റിമേട് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുന്നു എന്നു ശ്രീമൂലം പ്രജാസഭയുടെ ൨൪-ാമത്തെ യോഗത്തിൽ ഒരു നിവേദനത്തിനു മറുപടിയായി ദിവാൻ പറഞ്ഞിട്ടുണ്ടെന്നു ഗവണ്മെണ്ടിനറിയാമോ (ശ്രീമൂലം പ്രജാസഭയുടെ ൨൪-ാമത്തെ യോഗത്തിലെ പ്രൊസീഡിംഗ്സിൽ ൧൭-ാം പുറംനോക്കുക)

(൨) (എ) (൧)-ാം ഭാഗത്തിൽ പ്രസ്താവിച്ചിരിക്കുന്ന എസ്റ്റിമേട് തയ്യാറാക്കി ഗവണ്മെണ്ടിലേക്കു അയച്ചിട്ടുണ്ടോ എന്നും,

(ബി) അയച്ചിട്ടുണ്ടെന്നു വരികിൽ, ൧൧൦൨ ഏപ്രിൽ ൨൪-ാംനു നടന്ന സഭായോഗത്തിൽ ഹരിപ്പാട്ട വീയപുരം റോഡിനെ കുറിച്ചു ചോദിച്ചതായ പ്രശ്നത്തിനുള്ള മറുപടി സംബന്ധിച്ച് ആ സംഗതിയെ ഗവണ്മെണ്ട് പര്യാലോചിച്ചിട്ടുണ്ടോ എന്നും (നിയമസഭാ പ്രൊസീഡിംഗ്സ് വാല്യം ൧൪-പുറം ൪൨൭) ഗവണ്മെണ്ട് സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): (൧) അറിയാം.

(എ) ഇല്ല.

(ബി) ഏഴുക്കുള്ളമറുപടിയിൽ നിന്നു ഇതു ഉത്ഭവിക്കുന്നില്ലെന്നു കാണാം.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഹരിപ്പാട്ട-വീയപുരം റോഡിലേക്കുള്ള എസ്റ്റിമേട് ചീഫ് എൻജിനീയർ അയച്ച തീയതി പറഞ്ഞുതരുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടു സെക്രട്ടറി): ശരിയായ തീയതി ഇവിടെ ഇല്ല.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മറുപടിയിൽ പറഞ്ഞിട്ടുള്ളതുപോലെ ശ്രീമൂലം പ്രജാസഭയുടെ ൨൪-ാമത്തെ യോഗത്തിനു മുമ്പിൽ ആണോ എസ്റ്റിമേട് അയക്കാൻ ആവശ്യപ്പെട്ടതു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): അതേ.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രണ്ടു കൊല്ലം കഴിഞ്ഞതിൽ പിന്നീടും എസ്റ്റിമേട് എന്തുകൊണ്ട് അയച്ചിട്ടില്ല എന്നുള്ളതിനു വല്ല സമാധാനവും ഉണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): അതിൽ പിന്നീട് ചീഫ് എഞ്ചിനീയരുടെ പക്കൽ നിന്നു ഒരു റിപ്പോർട്ടുവന്നിട്ടുണ്ട്. ആ പ്രശ്നം ആലോചിച്ചതിൽ ഈ പണിക്കു ആവശ്യമുള്ള വൻപിച്ച ചിലവിനെ കരുതി ഇതു തൽകാലത്തേക്കു മാററിവെക്കേണ്ടതാണെന്നു ഗവണ്മെണ്ടു തീർച്ച ചെയ്തു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എസ്റ്റിമേട്ടിൽ പറഞ്ഞിരിക്കുന്ന ചിലവ് എന്താണെന്ന് പറഞ്ഞു തരുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസെക്രട്ടറി): അതാണ് ചീഫ് എഞ്ചിനീയരുടെ റിപ്പോർട്ട്; ഗവണ്മെണ്ട് അതു അംഗീകരിക്കയും ചെയ്തു. ഈ പണി തീരെ ഉപേക്ഷിക്കാൻ നിശ്ചയിച്ചിട്ടില്ല. തൽകാലത്തേക്കു മാററിവച്ചിരിക്കുന്നതേയുള്ളു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതിലേക്കു വേണ്ട ചിലവിനുള്ള തുക ചീഫ് എഞ്ചിനീയർ പറയുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ശരിയായ തുകയെ സംബന്ധിച്ച വിവരം ഇവിടെയില്ല.

മാവേലിക്കര-പന്തളംറോഡിനെ കായംകുളം-അടൂർറോഡുമായി യോജിപ്പിക്കുന്നറോഡ്.

൨൦. മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) മാവേലിക്കര-പന്തളം റോഡിന്റെ ൯-ാമത്തെ മൈയിലിൽ നിന്നു കായംകുളം അടൂർറോഡിൽ൯-ാമത്തെ മൈൽ ൨-ാമത്തെ ഫർലാങ്ങിൽ ടി ചെന്നു ചേരുന്ന റോഡിനെ നന്നാക്കുന്നവകക്കായി പൊന്നുംവിലറെഗുലേഷൻ അനുസരിച്ചു ഭൂമി ഗവണ്മെണ്ടു വിലയ്ക്കു കൊണ്ടിട്ടുണ്ടോ എന്നും,

(ബി). ഉണ്ടെന്നു വരികിൽ അങ്ങനെ വിലയ്ക്കു കൊണ്ടതീയതിയും അതിൽ നടത്തിയ പരിഷ്കാരങ്ങളും എന്തെന്നും ഗവണ്മെണ്ടു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): (എ) ഇല്ല.

(ബി) (എ)-ക്കുള്ളമറുപടിയിൽ നിന്നു ഈ പ്രശ്നം ഉത്ഭവിക്കുന്നില്ലെന്നുകാണാം.

കായംകുളം-കരീപ്പുഴ തോട്.

൨൧. മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : (എ) മാവേലിക്കരയും തിരുവല്ലായും താലൂക്കുകളിലെ ജനങ്ങൾക്കും കാർത്തികപ്പള്ളിതാലൂക്കിലെ കിഴക്കൻ പകുതികളിൽ പാർക്കുന്നവർക്കും കായംകുളം-കരീപ്പുഴ തോടു വളരെ പ്രധാനപ്പെട്ട ജലസഞ്ചാരമാർഗ്ഗമാണെന്നു ഗവർമ്മെണ്ടിനു അറിയാമൊ എന്നും

(ബി) വേനൽ കാലത്തു ഈ തോട്ടിൽ അനേകം ഭാഗങ്ങൾ കരയിടിഞ്ഞു വെള്ളം ഇല്ലാതെകിടക്കുകകൊണ്ടു ഈ സ്ഥലങ്ങളിലെ ജനങ്ങൾ വലിയ സങ്കടങ്ങൾ അനുഭവിക്കുന്നുണ്ടെന്ന് ഗവർമ്മെണ്ടിനു അറിയാമൊ എന്നും,

(സി) ഈ വിവരം പബ്ലിക്‌വർക്കസ് ഡിപ്പാർട്ട്മെണ്ട് ഗവർമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടോ എന്നും

(ഡി) അറിയിച്ചിട്ടുണ്ടെങ്കിൽ ഈ കഷ്ടത്തെ നിവർത്തിക്കാനായി എന്തു നടപടി ഗവർമ്മെണ്ട് ചെയ്തു എന്നും ഗവർമ്മെണ്ട് സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടു സെക്രട്ടറി) : (എ) അറിയാം.

(ബി) അറിഞ്ഞുകൂടാ.

(സിയും) (ഡിയും) മണൽതിട്ടൽ എന്നൊരുസ്ഥലത്തു മാത്രമെ വെള്ളം ഇല്ലാതിരിക്കുന്നുള്ളു എന്നും അവിടെ ആണ്ടുതോറും കുഴിക്കയും യഥാസ്ഥിതിയിൽ സംരക്ഷിക്കുകയും ചെയ്യാറുണ്ടെന്നും അറിയിച്ചിരിക്കുന്നു.

'പരസ്പരസഹായം' പാഠശാലകളിൽ ഒരു പാഠവിഷയം ആക്കുക.

൨൨. മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) :

(എ) 'പരസ്പരസഹായം' എന്നതിനെ പാഠശാലകളിൽ ഒരു പാഠവിഷയമാക്കുന്നതിനു ഒരു പദ്ധതി പരസ്പരസഹായ സംഘങ്ങൾ വക രെജിസ്ട്രാർ തയ്യാറാക്കീട്ടുണ്ടോ എന്നും,

(ബി) ഉണ്ടെന്നുവരികിൽ അതു അദ്ദേഹം ഗവർമ്മെണ്ടിന്റെ ആലോചനക്കായി അയച്ചിട്ടുണ്ടോ എന്നും ഗവർമ്മെണ്ടു സദയം പറയുമൊ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്‌സെക്രട്ടറി) : (എ) ഇല്ല.

(ബി) ഏ-ക്കുള്ള മറുപടിയിൽ നിന്ന് ഈ പ്രശ്നം ഉത്ഭവിക്കുന്നില്ലെന്നുകാണാം.

പരസ്പരസഹായസംഘങ്ങൾ കുത്തകകൾക്കു അയച്ചിട്ടുള്ള അപേക്ഷകൾ.

൨൩. മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : പരസ്പരസഹായ സംഘങ്ങളിൽ നിന്ന് ൧൧൦൪-മാണ്ട് കൊല്ലം ഡിവിഷൻ ആഫീസിൽ കുത്തകക്കായി കിട്ടീട്ടുള്ള അപേക്ഷകളുടെ പട്ടിക.

(എ) ആ അപേക്ഷകളുടെ തീയതികൾ.

(ബി) ആ അപേക്ഷകളിന്മേൽ ഉത്തരവു.

(സി) അപേക്ഷയനുസരിച്ചു കുത്തകകൊടുത്തിട്ടില്ലെന്നു വരികിൽ അതിനുള്ള കാരണങ്ങൾ ഈ വിവരത്തോടു കൂടിയ ഒരു പട്ടിക ഗവർമ്മെണ്ടു മേശപ്പുറത്തു വയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടു സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിരിക്കുന്ന വിവരം അടങ്ങിയിരിക്കുന്ന ഒരു പട്ടിക *മേശപ്പുറത്തുവച്ചിരിക്കുന്നു.

നൂറനാട്ടെ അഞ്ചലാഫീസ്.

൨൪. മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മാവേലിക്കര താലൂക്കിൽ നൂറനാട്ടിലെ അഞ്ചലാഫീസിൽ സേവിങ്ങ്സ്ബാങ്കു ഏർപ്പാടുകൾ നടപ്പാക്കേണ്ടതു അത്യാവശ്യം ആണെന്നു ഗവർമ്മെണ്ടിനു അറിയാമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടു സെക്രട്ടറി): ൧൧൦൪ കന്നി ൧-ാംനു മുതൽ നൂറനാട്ടിലെ അഞ്ചലാഫീസിൽ സേവിങ്ങ്സ്ബാങ്ക് ജോലി നടപ്പാക്കീട്ടുണ്ട്.

ട്രാൻസ്ഫർ സെർട്ടിഫിക്കെട്ട് കൊടുക്കൽ.

൨൫. മി: ആർ. കേശവപിള്ള (കോട്ടാരക്കരയും-കുന്നത്തൂരും): ഇന്നസ്കൂളുകളിലെ ചേക്കാവു എന്നു നിയന്ത്രിച്ചു ട്രാൻസ്ഫർ സെർട്ടിഫിക്കെട്ടുകളിൽ പുറത്തെഴുതിയിരിക്കുന്നതുകൊണ്ടു വിദ്യാർത്ഥികൾക്കുണ്ടാകുന്ന, സങ്കടങ്ങളും ചേരുവാനായി പുറത്തെഴുതിയിരിക്കുന്ന സ്കൂളിൽ സ്ഥലമില്ലാത്തതിനാൽ അവരെ ചേർക്കാൻ പാടില്ലാതെവരുമ്പോൾ ഉണ്ടാകുന്ന ക്ലേശങ്ങളും ഗവർമ്മെണ്ടിനു അറിയാമൊ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്‌സെക്രട്ടറി): ഇക്കാര്യത്തിൽ വിദ്യാഭ്യാസഡയറക്ടരുടെ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. അദ്ദേഹം ഉചിതമായ നടപടി ചെയ്യുവാനും ഉണ്ട്.

കൊട്ടാരക്കര താലൂക്കിൽ കന്നുകാലി മേച്ചിൽ സ്ഥലങ്ങൾ.

൨൬. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): (എ) കൊട്ടാരക്കര താലൂക്കിലെ ഓരോപകുതിയിലും ൧൧൦൦-ാമാണ്ടു എത്ര ഏക്കർ ഭൂമി കന്നുകാലിമേച്ചിൽ സ്ഥലം ആയിനീക്കിവച്ചിട്ടുണ്ടെന്നും,

(ബി) അങ്ങനെയുള്ള ഭൂമികളിൽ നിന്നു എത്ര ഏക്കർ ൧൧൦൨-ലും ൧൧൦൩-ലും കുടികളുടെ പേരിൽ പതിച്ചു കൊടുക്കാനായി എടുത്തിട്ടുണ്ടെന്നും,

(സി) വാസ്തവത്തിൽ എത്രപതിച്ചു കൊടുത്തിട്ടുണ്ടെന്നും, ഗവർമ്മെണ്ട് സദയം പറയുമൊ?

---

* അനുബന്ധം IV നോക്കുക.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): (എ) ഒന്നുമില്ല.

(ബി) ഒന്നുമില്ല.

(സി) ഒന്നുമില്ല.

കൊല്ലം ഡിവിഷനിൽ ക്ലിപ്പു ലേലം വിളിച്ചതു.

൨൭. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ൧൧൩൩-ാമാണ്ടിലും അതിനു മുമ്പിലത്തെ രണ്ടാണ്ടുകളിലും (൧൧൩൧, ൧൧൩൨) കൊല്ലം ഫാറസ്റ്റ് ഡിവിഷനൽ ക്ലിപ്പുകൾ ലേലത്തിൽ പിടിച്ച കൺട്രാക്ടർമാരുടെ പട്ടിക ഗവണ്മെണ്ട് ദയവു ചെയ്തു മേശപ്പുറത്തുവയ്ക്കുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ചോദിച്ചപട്ടിക *മേശപ്പുറത്തുവച്ചിരിക്കുന്നു.

അസിസ്റ്റൻറു എക്സൈസ് കമ്മിഷണർമാരുടെ ഒഴിവുകളിൽ ആളെ നിയമിക്കൽ.

൨൮. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ൧൧൩൩-൧൧-൧൭-നു ഒഴിവായികിടക്കുന്ന അസിസ്റ്റൻറ് എക്സൈസ് കമ്മിഷണർമാരുടെ ഉദ്യോഗങ്ങൾ ഏവ എന്നും അവ എത്ര കാലമായി ഒഴിവായി കിടക്കുന്നു എന്നും ഗവണ്മെണ്ട് സമയം പറയുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): ഒരു സെക്കണ്ട് ഗ്രേഡ് അസിസ്റ്റൻറ് എക്സൈസ് കമ്മിഷണരുടെ ഉദ്യോഗം ൧൧൩൩-൩-൧൭-നു മുതൽക്കും ഒരു മൂന്നാംഗ്രേഡ് അസിസ്റ്റൻറ് എക്സൈസ് കമ്മിഷണരുടെ ഉദ്യോഗം ൧൧൩൩-൭-൨൮-നു മുതൽക്കും ഒഴിവായി കിടക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ അസിസ്റ്റൻറ് എക്സൈസ് കമ്മിഷണർമാരുടെ ഉദ്യോഗങ്ങൾ എവിടെ ഇപ്പോൾ ഒഴിവായി കിടക്കുന്നു എന്നു പറഞ്ഞുതരുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): ഒന്നു തിരുവനന്തപുരത്തും മറ്റേതു മാവേലിക്കരയിലും ആണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ ഉദ്യോഗങ്ങൾക്കു ആളെ നിയമിക്കാത്ത കാരണങ്ങൾ പറഞ്ഞു തരുമൊ?

മി: കെ. ജാർജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): ഈ രണ്ടു സ്ഥലങ്ങളിലും തൽക്കാലമായി ചില ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ആ തൽകാല ഏർപ്പാടുകൾ എന്താണെന്നു പറഞ്ഞുതരുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): ഡിപ്പാർട്ടുമെണ്ടിലെ മറ്റുദ്യോഗസ്ഥന്മാരെ ജോലി നോക്കാൻ നിയമിച്ചിട്ടുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ ജോലി നോക്കാൻ നിയമിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ അസിസ്റ്റൻറ് കമ്മിഷണർമാരോ അവർക്കു കീഴെയുള്ള ഉദ്യോഗസ്ഥന്മാരോ?

മി: കെ. ജാർജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): ഒരു സ്ഥലത്തു ഒരു അസിസ്റ്റൻറ് എക്സൈസ് കമ്മിഷണർ രണ്ടു ഡിവിഷനിലെ മേലധികാരം വഹിക്കുന്നു എന്നും മറേറടത്തു ഒരു ഇൻസ്പെക്ടരെ നിയമിച്ചിട്ടുണ്ടെന്നും എനിക്കു തോന്നുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ആ ഏർപ്പാടു മേലും നടന്നു വരുന്നതിനു സമ്മതിക്കാവുന്നതാണൊ എന്നു പറഞ്ഞു തരുമോ?

മി: കെ. ജാർജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): കൂടുതൽ നിശ്ചിതമായ ഏതാനും ഏർപ്പാടു വേഗത്തിൽ ചെയ്യുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഒരാളെക്കൊണ്ടു രണ്ടു പേരുടെ ജോലിനടത്തുവാൻ ആവശ്യപ്പെടുന്നതായ ഇപ്പഴത്തെ ഏർപ്പാടു മതിയാകുമോ എന്നാണ് ഞാൻ ചോദിക്കുന്നതു്.

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഞാൻ അതിനുമറുപടി പറഞ്ഞിട്ടുണ്ട്. കൂടുതൽ നിശ്ചിതമായ ഏതാനും ഏർപ്പാടു വേഗത്തിൽ ചെയ്യുന്നതാണ് എന്നാകുന്നു എന്റെ മറുപടി.

കൊട്ടാരക്കര-വെളിനല്ലൂർ റോഡിൽ ൪-ാമത്തെയും ൭-ാമത്തെയും മൈൽ കുററികളിൽ പാലങ്ങൾ.

൨൯. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കൊട്ടാരക്കര വെളിനല്ലൂർ റോഡിനെ എല്ലാവിധം വണ്ടികളും പോകത്തക്കതാക്കുന്നതിനായി അതിലെ ൪-മത്തേയും ൭-മത്തേയും മൈൽ കുററികളിൽ ഉള്ള പാലങ്ങളിലെ മരംകൊണ്ടുള്ള മേൽതട്ടുകളുടെ കേടുപാടു തീർക്കുന്നതിനു എന്തു നടപടി ഗവണ്മെണ്ടു നടത്തീട്ടുണ്ടെന്നു സദയം പറയുമൊ,

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ഈ രണ്ടു പാലങ്ങളും പണിയിക്കുന്നതിനു എസ്റ്റിമെട്ടുകൾ തയ്യാറാക്കി വരുന്നു. ൧൧൩൩-ാമാണ്ടേക്കുള്ള പ്രിലിമിനറി പി. ഡബ്ല്യു-ഡി. ബഡ്ജറ്റിൽ ഇക്കാര്യത്തിലേക്കു ഓരോന്നിനും ൧൦൦൦ രൂപാ വീതം വ്യവസ്ഥ ചെയ്തിട്ടും ഉണ്ട്. അതിനിടയ്ക്കു ഇപ്പോഴുള്ള പാലങ്ങളെ വണ്ടിയാത്രയ്ക്കു സാമാന്യം കൊള്ളാവുന്ന നിലയിൽ സംരക്ഷിച്ചിരിക്കുകയാണ്.

അഞ്ചൽ ഡിപാർട്ട്മെണ്ടും രെജിസ്ട്രേഷൻ ഡിപാർട്ട്മെണ്ടും പുനസ്സംഘടിപ്പിക്കുന്നതിലേക്കു നിശ്ചയിച്ചിരുന്നുള്ള ചാപ്പായലു്.

൩൦. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അഞ്ചൽ ഡിപാർട്ട്മെണ്ടും രെജിസ്ട്രേഷൻ ഡിപാർട്ട്മെണ്ടും പുനസ്സംഘടിപ്പിക്കാത്തതു നിമിത്തം (൧൧൩൩-ാമാണ്ടു) ഈ ഇനത്തിൽ എന്തുളുക സർക്കാരിലേക്കു ലാഭമായിട്ടുണ്ടാകും എന്നു ഗവണ്മെണ്ട് സദയം പറയുമോ?

---

* അനുബന്ധം V നോക്കുക.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളതുക മുഴുവനും അതായതു അഞ്ചൽ ഡിപ്പാർട്ട്മെണ്ടിലേക്കു ൭൦,൦൦൦ രൂപയും രജിസ്ട്രേഷൻ ഡിപ്പാർട്ട്മെണ്ടിലേക്കു ൭൫,൦൦൦ രൂപയും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ തുക സർക്കാരിലേക്കു ലാപ്സായിപ്പോകാൻ സമ്മതിച്ചതിനുള്ള കാരണം പറഞ്ഞുതരുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഈ പദ്ധതിയുടെ ഏതാണ്ടു വിവരമായ സംഗതികൾ പര്യാലോചിക്കയും ഗുണദോഷങ്ങൾ നിർണ്ണയിക്കയും ചെയ്യാൻ ഉണ്ടായിരുന്നു. അതിലേക്കു വളരെ സമയം വേണ്ടിവന്നു. ഈ വിഷയത്തെക്കുറിച്ചു ഫിനാൻഷ്യൽ സെക്രട്ടറിയോടും അഞ്ചൽ സൂപ്രണ്ടിനോടും ഒന്നിൽ അധികം തവണ എഴുതി ചോദിക്കേണ്ടിവന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ പദ്ധതി തയ്യാറാക്കിയതു എപ്പോൾ എന്നു പറഞ്ഞുതരുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഈ സഭയുടെ കഴിഞ്ഞതവണക്കുള്ള ബഡ്ജറ്റ് സെക്ഷൻ തീർന്ന ഉടൻ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ശരിയായ തീയതി പറഞ്ഞു തരുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതു നിയമസഭാ പ്രൊസീഡിംഗ്സ് നോക്കി അറിഞ്ഞുകൊള്ളാവുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ ദീർഘതാമസിനകത്തുള്ള കാരണം പറഞ്ഞുതരുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ആ പ്രശ്നത്തിനു മറുപടി ഞാൻ പറഞ്ഞുകഴിഞ്ഞു.

അനുബന്ധം I.

൨. പ്രശ്നത്തിനുള്ള മറുപടി നോക്കുക.

൧൧൦൭-ലും ൧൧൦൮-ലും അബ്കാരിപിരിവിന്റെ കണക്ക്.

മുതലെടുപ്പിനങ്ങൾ	൧൧൦൭ രൂ.	൧൧൦൮ രൂ.
എ. നാട്ടുമദ്യങ്ങൾ		
ചാരായത്തിന്റെ പാട്ടത്തുക	൨,൨൭,൯൮൮	൨,൮൭,൩൩൦
ചാരായത്തിന്റെ തീരുവ	൫,൩൭,൭൦൮	൩,൦൫,൭൧൯
ഡിപ്പോലൈസൻസ്ഫീസ്	൭൫	൭൬
വിശേഷാൽ അവസരങ്ങൾക്കുഫീസ്	...	൭൯
ബി. കള്ള്		
കള്ളിന്റെ പാട്ടം	൧൧,൪൧,൫൨൩	൧൧,൭൭,൧൩൦
വൃക്ഷക്കരം	൨,൮൭,൮൮൧	൨,൫൩,൦൫൭
വിശേഷാൽ അവസരങ്ങളിൽ ലൈസൻസ് ഫീസ്	൭൫൨	൯൩൭
റൊട്ടിഉണ്ടാക്കുന്നവർക്കു ലൈസൻസ്ഫീസ്	൧൦൦	൧൦൦
ദേവികുളത്തിൽ കുത്തകത്തുക	൨൦,൦൦൦	൨൦,൦൦൦
പിഴയും പിടിത്തവും	൭,൫൮൧	൭,൧൨൧
സി. വിദേശമദ്യം.		
വിദേശമദ്യം വില്ക്കുന്നതിനു ലൈസൻസിനുള്ള ഫീസ്	൧൨,൩൩൩	൧൫,൧൦൦
ഈ സംസ്ഥാനത്തു ഇറക്കുമതിചെയ്ത വിദേശമദ്യത്തിനു ഈടാക്കിയ തീരുവ	൮൩,൭൭൫	൨൨,൭൮൩

അനുബന്ധം ൨.

൧൪-ാം പ്രശ്നത്തിനുള്ള മറുപടി നോക്കുക.

൧൦൯൬ ഇടവം ൧൭-യിൽ ആക്ടിംഗ് തഹശീൽദാർമാരുടേയും അതിൽപിന്നീട
൧൧൦൪ തുലാം ൧൭- വരെ നിയമിക്കപ്പെട്ടവരുടേയും പട്ടിക.

നമ്പർ	പേര്	യോഗ്യത	നിയമിച്ച തീയതി	ശമ്പളം	സ്ഥിരപ്പെടുത്തിയ തീയതിയും മററു റിമാർക്കുകളും
	൧൦൯൬ ഇടവം ൧൭- ആക്ടിംഗ് തഹശീൽദാർമാർ				
൧	ടി. കേശവമേനവൻ	ബി. എ.	൧൦൯൬-൨-൩൦	൧൧൫	ദേവസ്വം ഡിപ്പാർട്ടുമെൻറിലേക്കു മാററി
൨	ജി. വി. വെങ്കിടകൃഷ്ണയ്യാ	ബി. എ., ബി. എൽ.	൧൦൯൬-൨-൧൫	൧൦൦	൧൧൦൦-൧൦-൧൧
൩	ആർ. പരമേശ്വരൻപിള്ള	ബി. എ.	൧൦൯൫-൧൧-൧൯	൧൧൦	അടുത്തൂൺകൊടുത്തു പിരിച്ചു
൪	ടി. ശങ്കരനാരായണയ്യർ	ബി. എ., ബി. എൽ.	൧൦൯൫-൯-൨൩	൧൦൦	
൫	വി. ആർ. ശങ്കരനാരായണപിള്ള	ബി. എ., ബി. എൽ.	൧൦൯൫-൧൨-൨൫	൧൦൦	മററുസ്ഥലത്തു ജോലി
	൧൦൯൬ ഇടവം ൧൭-ക്കുപിന്നീട നിയമിച്ച ആക്ടിംഗ്തഹശീൽദാർമാർ				
൬	കെ. പരമേശ്വരൻപിള്ള	ബി. എ.	൧൦൯൬-൪-൧	൧൦൦	൧൧൦൨-൧൧-൧൩
൭	പി. പത്മനാഭയ്യർ	ബി. എ.	൧൦൯൬-൫-൩	൧൦൦	൧൧൦൪-൨-൧൬
൮	ആർ. കേശവപിള്ള		൧൦൯൬-൬-൨൪	൭൦	പിന്നീട തിരിയെഅയച്ചു
൯	കെ. പരമേശ്വരപ്പണിക്കർ	ബി. എ., ബി. എൽ.	൧൦൯൬-൯-൧൭	൧൦൦	൧൧൦൨-൨-൧൪
൧൦	പി. മഹാദേവയ്യർ	ബി. എ.	൧൦൯൬-൯-൨൦	൧൨൫	൧൧൦൦-൧൧-൧൪
൧൧	കെ. എൻ. ഗോവിന്ദൻ	ബി. എ.	൧൧൦൬-൯-൨൯	൧൧൦	൧൧൦൧-൯-൧൦
൧൨	പി. വേലുപ്പിള്ള	ബി. എ., ബി. എൽ.	൧൦൯൭-൩-൨൫		൧൦൯൯-൮-൧൧ (മരിച്ചുപോയി)
൧൩	പി. തരിയൻ	ബി. എ.	൧൦൮൮-൧-൮	൧൨൫	(മരിച്ചുപോയി)
൧൪	എ. ഏബ്രഹാം	ബി. എ.	൧൦൯൮-൧-൨	൧൨൫	൧൧൦൦-൧൦-൧൧
൧൫	ടി. പത്മനാഭയ്യർ	ബി. എ.	൧൦൯൮-൭-൨	൧൫൦	൧൧൦൧-൧൦-൨൬
൧൬	പി. വി. ഡാനിയൽ	ബി. എ.	൧൦൯൯-൭-൮	൨൫	൧൧൦൧-൧൧-൯ (അടുത്തൂൺകൊടുത്തു പി പിരിച്ചു)
൧൭	ടി. എ. തമേസ്	ബി. എ.	൧൦൯൯-൭-൧൨	൧൧൦	൧൧൦൧-൧൧-൨൫
൧൮	ജെ. മാമ്മൻ	ബി. എ.	൧൧൦൦-൯-൨	൧൨൫	
൧൯	കെ. കെ. ഗോപാലകൃഷ്ണയ്യർ	ബി. എ., ബി. എൽ.	൧൧൦൦-൧൨-൧൬	൧൨൫	
൨൦	പി. പരമേശ്വരൻപിള്ള	ബി. എ., ബി. എൽ.	൧൧൦൧-൮-൨൧	൧൪൦	൧൧൦൨-൬-൨൭
൨൧	ജി. കേശവപിള്ള	ബി. എ., ബി. എൽ.	൧൧൦൧-൪-൨൭	൧൨൫	
൨൨	എൻ. കൃഷ്ണയ്യർ	ബി. എ., ബി. എൽ.	൧൧൦൧-൧-൧൦	൧൨൫	
൨൩	ആർ. ജനാർദ്ദനയ്യൻ	ബി. എ., ബി. എൽ.	൧൧൦൨-൨-൨	൧൨൫	
൨൪	എസ്. രാമകൃഷ്ണയ്യർ	ബി. എ.	൧൧൦൨-൪-൧	൧൨൫	
൨൫	ജി. പത്മനാഭയ്യർ	ബി. എ., ബി. എൽ.	൧൧൦൨-൩-൨൮	൧൨൫	
൨൬	പി. എസ്. വേലായുധൻ	ബി. എ.	൧൧൦൨-൪-൧൨	൧൨൫	
൨൭	കെ. ജി. നാരായണപിള്ള	ബി. എ.	൧൧൦൨-൪-൧	൧൨൫	

അനുബന്ധം ൩.

൧൩-ാംനമ്പർ പ്രശ്നത്തിനുള്ള മറുപടിനോക്കുക.

മിഡ്‌വൈഫ്‌കളെ നിയമിച്ചിട്ടില്ലാത്ത മുൻസിപ്പൽ കൌൺസിലുകളിൽ ൧൧൦൩-ാമാണ്ടു ചിലവുനീക്കിയിരിപ്പു കാണിക്കുന്ന പട്ടിക.

	മുൻസിപ്പൽ സഭയുടെപേര്	ചിലവു നീക്കിയിരിപ്പു തുക.
		രൂപ.
൧.	കുളച്ചൽ	൧൯൨൯
൨.	പത്മനാഭപുരം	൧൪൩൭
൩.	നെയ്യാറ്റിൻകര	൮൨൬
൪.	ആറ്റിങ്ങൽ	൪൫൨൨
൫.	ചെങ്കോട്ട	൬൪൫൬
൬.	കായംകുളം	൧൭൬൫൫
൭.	ഹരിപ്പാട്ട	൮൬
൮.	ചങ്ങനാശ്ശേരി	൭൪൯൪
൯.	വൈക്കം	൫൦൫൪
൧൦.	ആലുവാ	൭൩൭൨
൧൧.	പറവൂർ	൧൬൪൫

അനുബന്ധം ൪.

൨൨-ാംനമ്പർ പ്രശ്നത്തിനുള്ള മറുപടിനോക്കുക.

൧൧൦൪-ാമാണ്ടു പരസ്പരസഹായസംഘങ്ങൾ കുത്തക എടുക്കുന്നതിനു അപേക്ഷിച്ച അപേക്ഷകളുടെ ലിസ്റ്റ്.

ക്രമനമ്പർ	അപേക്ഷകന്റെ പേര്	പണിയുടെ പേര്	കണ്ട്രാക്റ്റിനുള്ള അപേക്ഷ തീയതി	അപേക്ഷയിന്മേൽ ഉത്തരവു	കണ്ട്രാക്റ്റു കൊടുക്കാത്തതിനു കാരണം
൧.	അട്ടൂർ പറക്കോട്ടു ൮൧-ാം നമ്പർ കോഓപ്പറേറ്റീവ് ബാങ്കിന്റെ പ്രതിനിധിയായ മിസ്റ്റർ കെ. കേശവൻ ഉണ്ണിത്താൻ	മെയിൻ സെൻട്രൽ റോഡിൽ ൬൦ മുതൽ ൬൨ വരെ മൈലുകളിൽ ചീത്തഭാഗങ്ങളിൽ കരിങ്കൽ ചല്ലിയിട്ടുറപ്പിക്കുക (൬൦-ാമത്തെ മൈലിൽ ൬-മുതൽ ൮-വരെ ഫർലാങ്ങും ൬൧-ാമത്തെ മൈലും)	മർഛാസ് ൧൦൪-൧-൨൬ അപേക്ഷ ൨൮൯-൨൩	കുത്തക ഈസംഘത്തിനു കൊടുത്തു	
൨.	ടി	ടി (൬൭-ാമത്തെ മൈലിൽ പണികൾ)	മർഛാസ് ൧൦൪-൬-൧൨ അപേക്ഷ ൧൦൪-൬-൨൨	ടി	അപേക്ഷക്കാരന്റെ റേറ്റ്പതിവു കണ്ട്രാക്റ്റർമാരുടെ റേറ്റിനേക്കാൾ കൂടുതലായിരുന്നതുകൊണ്ടു
൩.	ടി	മെയിൻ സെൻട്രൽ റോഡിൽ ൫൭ മുതൽ ൫൯ വരെ മൈലുകളിൽ ചീത്തഭാഗങ്ങളിൽ കരിങ്കൽ ചല്ലിയിട്ടുറപ്പിക്കുക.	മർഛാസ് ൧൦൪-൧-൨൬	കുത്തക കൊടുത്തില്ല	
൪.	ആറാട്ടുപുഴ മംഗലം ൧൭൧൩-ാം നമ്പർ പരസ്പരസഹായസംഘത്തിലെ മെമ്പർ മിസ്റ്റർ പി. ഒ. കുഞ്ഞുപ്പണിക്കർ.	തൃക്കുന്നപ്പുഴയിൽ മംഗലത്തു ഇടക്കാട്ടിൽ മലയാളം പള്ളിക്കൂടത്തിനടുത്തു ഒരു പുതിയ കിണറു കുഴിപ്പിക്കുന്ന വകയ്ക്കു	മർഛാസ് ൧൧൦൪-൬-൧൮	കുത്തക സംഘത്തിനുകൊടുത്തു	

അനുബന്ധം ൬

൨൭-ാംനമ്പർ പ്രശ്നത്തിനുള്ള മറുപടിനോക്കുക.

൧൧൦൨-മുതൽ ൧൧൦൪ വരെ ആണ്ടുകളിൽ മുള്ള് കണ്ട്രാക്ട് കൊടുത്ത ആളുകളുടെ

പേരുവിവരം പട്ടിക.

നമ്പർ	കണ്ട്രാക്ട്കാരുടെപേരു	ഈററ കൂപ്പിന്റെ പേരു	കാലാവധി
൧.	പറവൂർ അധികാരം ചാത്തനൂർ ഏററുച്ചേരി കുഴിയിൽവീട്ടിൽ മിസ്റ്റർ കുഞ്ഞുരാമൻ സുകുമാരൻ	കടയ്ക്കൽ റേഞ്ചിൽ ൧൨ മുതൽ ൧൮ വരെയുള്ള ഏത്തൂർകൂപ്പുകളിൽ നിന്നു മുളകൾ ശേഖരിച്ചുകൊണ്ടു പോകുന്നതിനു	൧൧൦൧-൧൧-൩൧ മുതൽ ൧൧൦൨-൧൧-൩൦ വരെ
൨.	ചെങ്കോട്ട ശേവകാരൻ പുത്തൂർ തെരുവിൽ മിസ്റ്റർ ചെമ്പൂർ പാണ്ഡ്യതലവനാർ.	പത്തനാപുരം റേഞ്ചിൽ ആര്യങ്കാവുരിസർവ് സെക്ഷനിൽ ൪ മുതൽ ൧൭ വരെ കൂപ്പുകളിൽനിന്നു ഈററ ശേഖരിച്ചുകൊണ്ടുപോകുന്നതിനു	൧൧൦൨-൧൦-൩൧ മുതൽ ൧൧൦൪-൧൦-൩൧ വരെ
൩.	തിരുവനന്തപുരത്തു പുത്തൻചന്തയിൽ കൃഷ്ണവിലാസത്തുവീട്ടിൽ മിസ്റ്റർ എം. കരുണാകരപ്പിള്ള സുബ്ബയ്യാപിള്ള	കടയ്ക്കൽറേഞ്ചിൽ കുമ്മിൾ റിസർവിൽ ൧൨ മുതൽ ൧൭ വരെ ഏത്തൂർകൂപ്പുകളിൽ നിന്നു മുളശേഖരിച്ചു കൊണ്ടുപോകുന്നതിനു	൧൦൩-൧-൭ മുതൽ ൧൦൪-൧-൭ വരെ
൪.	ചെങ്കോട്ട ചേരുവക്കാരൻ പുത്തൂർ തെരുവിൽ മിസ്റ്റർ ചെമ്പൂർ പാണ്ഡ്യതലവനാർ	പത്തനാപുരം റേഞ്ചിൽ ആര്യങ്കാവു റിസർവിൽ ൩ മുതൽ ൯ വരെ നമ്പർ റിഡർവുകളിൽ നിന്നു മുള ശേഖരിച്ചുകൊണ്ടു പോകുന്നതിനു	൧൧൦൩-ലും ൧൧൦൪-ലും

സഭായോഗം മാററി വയ്ക്കുന്നതിനുള്ള ഉപക്ഷേപം.

പ്രെസിഡെണ്ട്: അത്യാവശ്യമായി പൊതുജനങ്ങൾക്കു പ്രാധാന്യമുള്ള ഒരു നിശ്ചിതകാര്യത്തെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നതിലേക്കായി സഭയുടെ യോഗത്തെ നിറുത്തിവയ്ക്കണം എന്നു അഭിപ്രായപ്പെടുന്നതിലേക്കു സഭയുടെ അനുവാദം അപേക്ഷിച്ചുകൊണ്ടു ഒരു ലേഖനം മിസ്റ്റർ മുവേലി പാച്ചുപിള്ള എന്റെ കൈയിൽ തന്നിരിക്കുന്നു. ഈ സംഗതി ഈ രാജ്യത്തിൽ അപായമായ അതിവർഷവും വെള്ളപ്പൊക്കവും ഹേതുവായി ഉണ്ടായിട്ടുള്ള ഗുരുവായും ഉൽക്കണ്ഠാജനകമായും ഉള്ള അവസ്ഥ ആകുന്നു. ഈ ഉപക്ഷേപം അംഗീകാര്യം ആണെന്നു എനിക്കുതോന്നു. ഈ ഉപക്ഷേപം അവതരിപ്പിക്കാൻ സഭയുടെ അനുമതി മെമ്പർക്കു നൽകുന്നുണ്ടോ എന്നു ഞാൻ സഭയോടു ചോദിക്കുന്നു:

യാതൊരാളും അതിനു ആക്ഷേപം പറയുന്നില്ലാ എന്നുള്ളതുകൊണ്ടു ഈ ഉപക്ഷേപം അവതരിപ്പിക്കാൻ സഭയുടെ അനുമതി മെമ്പർക്ക് ഉണ്ട് എന്നു ഞാൻ ഗ്രഹിക്കുന്നു.

ഈ ഉപക്ഷേപം അടുത്ത തിങ്കളാഴ്ച മൂന്നുമണിക്കു വാദപ്രതിവാദത്തിനായി സ്വീകരിക്കുന്നതാകുന്നു

൯-ാംനമ്പർ സ്റ്റാൻഡിംഗ് ഉത്തരവിനെകുറിച്ചു നടപടിക്രമസംബന്ധമായ വാദം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ ബോധിപ്പിച്ചതായ നടപടിക്രമത്തെ സംബന്ധിച്ച വാദത്തെകുറിച്ചാകട്ടെ:—

പ്രെസിഡെണ്ട്: അതു ഇപ്പോൾ ഉത്ഭവിക്കുന്നില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്നാലും അദ്ധ്യക്ഷന്റെ തീർച്ചക്കായി ഒരു നടപടിക്രമത്തെ സംബന്ധിച്ച വാദം എപ്പോഴെങ്കിലും ബോധിപ്പിക്കുന്നതിനു എനിക്കു അവകാശം ഉണ്ട്.

ഈ വാദത്തെക്കുറിച്ച് യാതൊരുതീർച്ചയും നല്കീട്ടില്ല.

പ്രെസിഡെണ്ട്: ആ വാദത്തെക്കുറിച്ചു ഒരു തീർച്ച നിങ്ങൾ ആവശ്യപ്പെടുന്നു അല്ലെ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതെ. ഓരോ ദിവസത്തിലെയും യോഗത്തിൽ ഒന്നാമത്തെ മണിക്കൂറ് "പ്രശ്നങ്ങൾക്കും മറുപടികൾക്കും" ആയിട്ടാണെന്നു ൯-ാംനമ്പർ ഉത്തരവിൽ നിശ്ചിതമായി വിവരിച്ചിരിക്കുന്നു. അതുകൊണ്ടു പുതിയ മെമ്പർമാരെക്കൊണ്ടു സത്യം ചെയ്യിക്കുന്നതിനു നിശ്ചിതമായി വിധാനം ചെയ്തിട്ടുള്ളതൊഴിച്ചു മററു യാതൊരുകാര്യത്തിലേക്കും ആ സമയത്തെ ഉപയോഗിച്ചുകൂടാ. അതുകൊണ്ടു ഈ സഭയിൽ പ്രശ്നത്തിനുള്ള സമയത്ത മേശപ്പുറത്തു വച്ചിരിക്കുന്ന സ്റ്റേട്ട്മെണ്ട് വായിക്കുന്നതിനായി ഫിനാൻഷ്യൽ സെക്രട്ടറി ഉപയോഗിച്ചുകൂടാ എന്നാകുന്നു ഞാൻ ബോധിപ്പിക്കുന്നത്.

മി: കല്ല്യാണം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): "മേശപ്പുറത്തു വയ്ക്കുന്നതായ സ്റ്റേട്ട്മെണ്ട്" എന്ന ഇനം "പ്രശ്നങ്ങളും മറുപടികളും" എന്ന ഇനത്തിനു പിന്നാലെ കാര്യപരിപാടിയിൽ ചേർത്തിരിക്കുന്നു എന്നുവരികിലും "മേശപ്പുറത്തു വയ്ക്കുന്നതായ സ്റ്റേട്ട്മെണ്ട്" വായിക്കുവാൻ ഫിനാൻ

ഷ്യൽസെക്രിട്ടറിയോട് പ്രസിഡണ്ട് ആജ്ഞാപിച്ചു എന്നുള്ളതാണ് മിസ്റ്റർ ആശാൻ പറയുന്നതിന്റെ സാരം എന്നു തോന്നുന്നു. കാര്യപരിപാടിയിൽ ചേർത്തിരിക്കുന്ന ജോലി മുറയെ മാററുന്നതു പ്രസിഡണ്ടിന്റെ അധികാരങ്ങളിൽ ഉൾപ്പെട്ടതുതന്നെ എന്നാകുന്നു ഞാൻ ബോധിപ്പിക്കുന്നതു്. അതുനിമിത്തം ഈ സഭയ്ക്കു യാതൊരു ദോഷവും ഉണ്ടായിട്ടില്ല. ഇതു നിസ്സാരസംഗതിയാണെന്നു എനിക്കു തോന്നുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ൯-ാം നമ്പർ സ്ഥിരം ഉത്തരവിനു വിരുദ്ധമായി "മേശപ്പുറത്തു വയ്ക്കുന്ന സ്റ്റേററ്മെൻറ്" വായിക്കുവാൻ ഫിനാൻഷ്യൽ സെക്രിട്ടറിയോടു പ്രസിഡണ്ടിനു ആജ്ഞാപിക്കാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതുകൊണ്ടു സഭയ്ക്കു യാതൊരു വിധത്തിലും ദോഷം ഉണ്ടായിട്ടില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ചട്ടത്തെ മാററിവയ്ക്കുന്നതിനു വല്ല അത്യാവശ്യവും ഉണ്ടായിരുന്നുവൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ചട്ടം മാററിവയ്ക്കപ്പെട്ടില്ല. ഈ സഭയ്ക്കു വല്ലവിധത്തിലും ദോഷം തട്ടീട്ടുണ്ടെന്നുവരികിൽ ഈ ആക്ഷേപത്തിന്റെ സാധുതയെ മനസ്സിലാക്കാൻ എനിക്കു കഴിയും. ഒന്നാമത്തെ മണിക്കൂറുനേരം പ്രശ്നങ്ങൾക്കും മറുപടികൾക്കുമായിരുന്നു. മുഴുവൻ സമയവും ഇതിലേക്കു ചിലവാക്കപ്പെട്ടിട്ടുമുണ്ടു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): പ്രസിഡണ്ട് അദ്ദേഹത്തിന്റെ വിവേചനാധികാരത്തെ ഉപയോഗിച്ചിട്ടുണ്ടോ എന്നു പറഞ്ഞുതരാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മേശപ്പുറത്തു വയ്ക്കപ്പെട്ട സ്റ്റേററ്മെൻറ് വായിക്കുന്നതിനു ഫിനാൻഷ്യൽസെക്രിട്ടറിയോടു പ്രസിഡണ്ട് അജ്ഞാപിച്ചു. പ്രശ്നത്തിനുള്ള സമയത്തിനു തീരെ ദോഷം തട്ടീട്ടില്ലാതിരിക്കെ അതിനെ എന്തു കാരണത്താൽ ഇത്ര ഗൌരവമായി ആക്ഷേപിക്കണം എന്നു എനിക്കറിഞ്ഞുകൂട.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മേശപ്പുറത്തു വച്ചിട്ടുള്ള ഒരു ദീർഘമായ സ്റ്റേററ്മെൻറ് വായിക്കുവാൻ ഫിനാൻഷ്യൽസെക്രിട്ടറിയോടു പ്രസിഡണ്ട് അജ്ഞാപിച്ചു എന്നു വിചാരിക്കുക. അതു വായിക്കുന്നതിനു ൨൫ മിനിട്ട് വേണ്ടിവന്നു എന്നിരിക്കട്ടെ. ഫിനാൻഷ്യൽസെക്രിട്ടറി ആ സ്റ്റേററ്മെൻറ് വായിച്ചതു പ്രസിഡണ്ടിന്റെ ആജ്ഞപ്രകാരം ആയിരുന്നാലും ആ സമയത്തെ ഫിനാൻഷ്യൽ സെക്രിട്ടറി ഉപയോഗിച്ചുകൊള്ളാവുന്നതാണ് എന്നു അർത്ഥമാകുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതു കല്പിതപ്രശ്നം ആണ്. അതു പ്രസ്തുതകാര്യത്തിൽ തീരെ ഉദിക്കുന്നില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): "പ്രശ്നങ്ങളും മറുപടികളും" എന്നുള്ള പ്രശ്നം വകയ്ക്കുള്ള കാലത്തിനിടയ്ക്കു അങ്ങനെയുള്ള വല്ല കാര്യവും ചെയ്യാമോ എന്നു ൯-ാം നമ്പർ സ്ഥിരം ഉത്തരവു് സംബന്ധിച്ചു ഒരു തീർച്ച എനിക്കു കിട്ടേണ്ടതായിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതു പ്രസിഡണ്ടിന്റെ ഇഷ്ടം ആണ്. മേശപ്പുറത്തുവയ്ക്കുന്ന സ്റ്റേററ്മെൻറുകളെ" കുറിച്ചുള്ള പ്രഖ്യാപനങ്ങൾ എല്ലാം ചെയ്യുന്നതു "പ്രശ്നങ്ങളും മറുപടികളും" എന്ന ഇനം കഴിഞ്ഞതിൽപിന്നീടാണ് പതിവായ നടപ്പു എന്നു ഞാൻ പ്രസ്താവിക്കാം. എന്നാൽ മറിച്ചു വിപരീതമായി വല്ലതും ഇന്നു നടത്തപ്പെട്ടിട്ടുണ്ടു എന്നു അതിൽനിന്നു അർത്ഥമാകുന്നില്ല. എന്തുകൊണ്ടെന്നാൽ ആദ്യത്തെ മണിക്കൂറുനേരം "പ്രശ്നങ്ങളും മറുപടികളും" വകയ്ക്കുതന്നെ ഉപയോഗിച്ചിട്ടുണ്ടു്. അക്കാര്യത്തിലേക്കു് അതിൽ പകുതിനേരംപോലും ഇന്നു ഉപയോഗപ്പെട്ടതായി അറിയുന്നില്ല.

പ്രസിഡണ്ട്: ഇന്നു അംഗീകരിക്കപ്പെട്ട നടപടി തൽകാലസ്ഥിതിക്കു് നടപടിക്രമം അനുസരിച്ചുതന്നെ ആയിരുന്നു എന്നു തീർച്ചചെയ്യുന്നു. അനുവദിച്ചിട്ടുള്ള ഒരു മണിക്കൂറുനേരത്തിലധികം കാലം മറുപടി പറയാൻ ബാക്കിയിരുന്നതായി പ്രശ്നങ്ങൾ ഇനിയും മറുപടിപറയേണ്ടതായി ഉണ്ടായിരുന്നു എന്നു വരികിൽ മിസ്റ്റർ ആശാന്റെ ആക്ഷേപം എനിക്കു ഗ്രഹിക്കാമായിരുന്നു. അപ്രകാരം ഉള്ള പ്രശ്നങ്ങൾ ഉണ്ടായിരുന്നാൽ ആ പ്രശ്നങ്ങൾക്കു കൂടുതൽ നേരം ഞാൻ അനുവദിക്കേണ്ടിയിരിക്കും. അപ്രകാരം ഉള്ള യാതൊന്നും സംഭവിച്ചിട്ടില്ല. അതുകൊണ്ടു പുറപ്പെടുവിച്ചിട്ടുള്ള പ്രശ്നത്തിനു യാതൊരു പ്രാധാന്യവും ഇല്ല എന്നു് എനിക്കു തോന്നുന്നു. അതുകൊണ്ടു് പ്രസിഡണ്ട് മേശപ്പുറത്തു വയ്ക്കാൻ ഫിനാൻഷ്യൽ സെക്രിട്ടറിയോടു ആജ്ഞാപിച്ചതായ സ്റ്റേററ്മെൻറ് ആ സെക്രിട്ടറി വായിച്ചതിൽ യാതൊരുവിധത്തിലുള്ള നീതി ലംഘനവും ഉണ്ടായിരുന്നതായി പറയാൻ പാടില്ല.

ഫിനാൻഷ്യൽ സെക്രിട്ടറി ഇപ്പോൾ ൧൧൨൮-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റ് സഭയിൽ സമർപ്പിക്കുന്നതാകുന്നു;

ആയവ്യയഗണനം;

മി: എസ്. വെങ്കിടരമണയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ഫിനാൻഷ്യൽസെക്രിട്ടറി): സർ, ൧൧൨൮-ാമാണ്ടത്തേക്കുള്ള ബഡ്ജററ് സമർപ്പിക്കാൻ ഞാൻ എഴുന്നേല്ക്കുന്നു. നടപ്പാണ്ടത്തേക്കുള്ള പുതുക്കിയ എസ്റ്റിമേററുകളും അടുത്താണ്ടത്തേക്കുള്ള എസ്റ്റിമേററുകളും വിവരിച്ചു പറയാൻ തുടങ്ങുംമുമ്പെ ഒടുവിൽ പൂർത്തിയായ ധനസംബന്ധമായ വർഷത്തിലെ കണക്കുകളുടെ സംഗ്രഹം ഞാൻ പതിവുപോലെ അറിയിക്കട്ടെ.

൧൧൨൬-ാമാണ്ടത്തെ വാസ്തവസ്ഥിതി.

൨. കഴിഞ്ഞാണ്ടത്തേക്കു സാധാരണ മുതലെടുപ്പു വസ്തുതയിൽ ... ലക്ഷം രൂപയും സാധാരണച്ചിലവു ൧൧൪൨ ലക്ഷം രൂപയും ആയിരുന്നു. തന്മൂലമായി ... ലക്ഷം രൂപ ചിലവു മിച്ചം ഉണ്ടായിരുന്നു. ഇതു പുതുക്കിയ എസ്റ്റിമേററിലെ തുകയെക്കാൾ കൂടുതലാകുന്നു. ആ എസ്റ്റിമേററിൽ പുതുക്കിയ ... ലക്ഷം രൂപാ ചിലവു മിച്ചം ഉണ്ടാകും എന്നു മാത്രമേ കണക്കാക്കിയിരുന്നുള്ളു. ചിലവുതാരതമ്യം

രനാക്കാ. നമ്മുടെ പുതുക്കിയ എസ്റ്റിമേററ വാസ്തവത്തിൽ വളരെ അടുത്ത തുകയായി പരിണമിച്ചു; വ്യത്യാസം ൧൦൯ ലക്ഷം രൂപയേയുള്ളു. എന്നാൽ പിരിവു ആകട്ടെ പുതുക്കിയ എസ്റ്റിമേററിനേക്കാൾ ൩൪൨ ലക്ഷം രൂപാ കൂടുതൽ ആയിരുന്നു. മുതലെടുപ്പിൽ കൂടുതൽ പ്രാധാന്യമുള്ള ആദായനികുതി (·൭൪) ഉപ്പു (൮·൮൭) ചവുക്കത്തീരുവ (·൭൦) വനം (൮·൮൮) സ്റ്റാമ്പ് (·൨൮) ഈ ഇനങ്ങളിൽ ആയിരുന്നു.

൮൮൦൪-ാമാണ്ടേക്കുള്ള പുതുക്കിയ എസ്റ്റിമേററുകൾ.

൩. മുതലെടുപ്പു ൨൩൯·൩൯ ലക്ഷം രൂപയും ചിലവു ൨൩൪·൭൨ ലക്ഷം രൂപയും ആയിരിക്കും എന്നു ബഡ്ജററിൽ നിശ്ചയിച്ചിരുന്നിരിക്കേ ഇപ്പോൾ മുതലെടുപ്പു ൨൪൩·൩൮ ലക്ഷം രൂപയും ചിലവു ൨൨൩൯൪ ലക്ഷം രൂപയും ആയിരിക്കും എന്നു പ്രതീക്ഷിക്കുന്നു. ഇപ്രകാരം ചിലവുനീക്കി ൮൯·൩൭ ലക്ഷം രൂപ മിച്ചം ഉണ്ടായിരിക്കാം. രണ്ടു പ്രധാന മുതലെടുപ്പിനങ്ങളിൽ അതായതു ഉപ്പിൽ ·൯൫ ലക്ഷം രൂപയും വനത്തിൽ ൮·൨൨ ലക്ഷം രൂപയും ആയി വലിയ കൂടുതൽ പിരിവു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. ഉപ്പു ഇനത്തിൽ കൂടുതൽ ഒരംശം തീരുവയിലും ഒരംശം ഉപ്പു വില്പനയിൽ നടത്തിയ പിഴവു ഈടാക്കിയതിലും ആകുന്നു. വനം ഇനത്തിൽ കൂടുതൽ വനങ്ങളിൽനിന്നു സർക്കാരാളുകളാൽ വെട്ടിമാററിക്കൊണ്ടുപോകപ്പെടുന്ന രാജകീയവൃക്ഷങ്ങളെയും പാഴ്മരങ്ങളെയും കൂടുതലായി വില്ക്കുന്നതിൽനിന്നു ഈടാകും എന്നു പ്രതീക്ഷിച്ചിരിക്കുന്നു. പലിശ ഇനത്തിൽ പിരിവിൽ ൩·൦൮ ലക്ഷം രൂപ കൂടുതൽ ഉണ്ടു്. ഇതു ഗവൺമെൻറ് ആഫ് ഇൻഡ്യാ പ്രോനോട്ടുകളിന്മേലുള്ള പലിശയും ഡിസ്കൗണ്ടും വകയിൽ പ്രാധാന്യേന സംഭവിക്കുന്നു. ഇതു ഇൻഡ്യാ ഗവൺമെൻറു വക സിക്യൂരിററികളിൽ ൮൫·൨൨ ലക്ഷം രൂപാ പലിശയ്ക്കിട്ടതിന്റെ ഫലം ആകുന്നു. കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ, പലവക പൊതുപരിഷ്കാരങ്ങൾ എന്നീ ഇനത്തിൽ പിരിവു ബഡ്ജററ് എസ്റ്റിമേററിനേക്കാൾ ൮·൪൨ ലക്ഷം രൂപാ കൂടുതൽ ആയിരിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ കൂടുതലിൽ ഭൂരിഭാഗവും "റോഡുകളിലും പാലങ്ങളിലും ടോൾ" എന്ന ഇനത്തിൽ ആകുന്നു.

൪. ചിലവുഭാഗത്തിൽ ആകട്ടെ ൭·൨൪ ലക്ഷം രൂപായോളം ചിലവുമിച്ചം അനേകം മേജർ ഹെഡ്ഡുകളിൽ ആയി ഉണ്ടായിരിക്കും എന്നു പ്രതീക്ഷിക്കുന്നു. പ്രധാനപ്പെട്ട ചിലവുമിച്ചങ്ങൾ വിദ്യാഭ്യാസത്തിൽ ൨·൭൩ ലക്ഷം രൂപായും കെട്ടിടങ്ങൾ ഗതാഗതമാർഗ്ഗങ്ങൾ പലവക പൊതുപരിഷ്കാരങ്ങൾ എന്ന ഇനത്തിൽ ·൯൯ ലക്ഷംരൂപയും ആകുന്നു. നടപ്പാണ്ടിൽ അപ്രതീക്ഷിതമായി ഗവൺമെൻറു നിർവഹിക്കേണ്ടിയിരുന്നതായ ഒരു ഇനം ചിലവിനെ പ്രത്യേകം പ്രസ്താവിക്കേണ്ടിരിക്കുന്നു. ഇതു പ്ലേഗു, വിഷൂചിക എന്നീ മഹാമാരികളെ ഉന്മൂലം ചെയ്യാൻ സ്വീകരിച്ച ഏർപ്പാടുകൾക്കായി നടത്തിയ ചിലവിനെ ആകുന്നു ഞാൻ പ്രസ്താവിക്കുന്നതു്. ൮൮൦൩-ാമാണ്ടവസാനത്തിൽ തെക്കൻതിരുവിതാംകോട്ടിൽ വിഷൂചിക സാംക്രമിക രൂപത്തിൽ ഉഗ്രമായിരുന്നു. ഇയ്യാണ്ടാരംഭത്തിൽ അതു ക്രൂരരൂപത്തെ പ്രാപിച്ചു. പ്ലേഗും ദേവികുളം ഡിസ്ത്രിക്ടിലെ ബാഹ്യപ്രാന്തങ്ങളിൽ കാണാറായി. ഈ മഹാമാരികളെ ഉന്മൂലനംചെയ്യുവാൻ സത്വരമായും ഊർജ്ജിതമായും ഉള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിയിരുന്നു. ഈ മാർഗ്ഗങ്ങൾക്കു ആകപ്പാടെ ഒരു ലക്ഷം രൂപായോളം ഗവൺമെൻറിനു വേണ്ടിവന്നു.

൫. മേൽപറഞ്ഞതുപോലെ ഇയ്യാണ്ടു്, ൮൯·൩൭ ലക്ഷം രൂപാ തന്നാണ്ടത്തെ മുതലെടുപ്പിൽ ചിലവുമിച്ചത്തോടുകൂടി അവസാനിക്കും എന്നു പ്രതീക്ഷിക്കുന്നു. മൂലധനമായ പിരിവു എന്ന ഇനത്തിൽ ആകട്ടെ സർക്കാർവക വസ്തുക്കളുടെ വില്പനയിൽ നിന്നു ൫ ലക്ഷം രൂപയ്ക്കു ബഡ്ജററിൽ മുതലെടുപ്പായി ചേർത്തിരിക്കെ ൫·൫൦ ലക്ഷം രൂപായോളം കിട്ടും എന്നു പ്രതീക്ഷ. മൂലധനമായ ചിലവിനു ബഡ്ജററിൽ ൩൪·൮൩ ലക്ഷം രൂപാ നീക്കിവച്ചിരുന്നിരിക്കെ ചിലവു ൨൭·൩൨ ലക്ഷം രൂപയായിരിക്കും എന്നു പ്രതീക്ഷിക്കുന്നു. ഏതൽഫലമായി നമ്മുടെ ചിലവുമിച്ചം ഇരിപ്പിൽ ൨·൨൮ ലക്ഷം രൂപാ കുറഞ്ഞുപോകും. സർക്കാർവക നീക്കിയിരിപ്പു ആണ്ടവസാനത്തിൽ ൮൩൮·൩൨ ലക്ഷം രൂപായായിതീരും.

൮൮൦൫-ാമാണ്ടത്തേക്കു ബഡ്ജററു എസ്റ്റിമേററ്.

൬. ഇനി അടുത്താണ്ടത്തേക്കുള്ള ബഡ്ജററ് എസ്റ്റിമേററിനെക്കുറിച്ചു് പ്രസ്താവിക്കാം. ഞങ്ങൾ ൨൪൯·൦൨ ലക്ഷം രൂപാ മുതലെടുപ്പിനും ആ മുതലെടുപ്പിൽനിന്നു ൨൪൪·൯൪ ലക്ഷം രൂപാ ചിലവിനും ബഡ്ജററിൽ ചേർത്തിരിക്കുന്നു. ഇതു തന്നാണ്ടത്തെ മുതലെടുപ്പിൽ ചിലവു കഴിച്ചു ൩·൮൪ ലക്ഷം രൂപാ നമുക്കു സിക്കിപ്പിക്കും. സർക്കാർ വസ്തുക്കൾ വിൽക്കുന്നതിൽനിന്നു കിട്ടുന്നതായ മൂലധനമായ പിരിവു ൫ ലക്ഷം രൂപാ വരും എന്നു പ്രതീക്ഷിച്ചിരിക്കുന്നു. മൂലധനരൂപമായുള്ള ചിലവിനു ഉദ്ദേശിച്ചിരിക്കുന്നതു ൩൦·൦൨ ലക്ഷം രൂപയാകുന്നു. ഇപ്രകാരം നമുക്കുള്ള നീക്കിയിരിപ്പിൽനിന്നു ൨൮·൨൨ രൂപയോളം പിരിച്ചെടുക്കേണ്ടിവരും.

മുതലെടുപ്പു്.

൭. അടുത്തയാണ്ടത്തേക്കു മൊത്തം മുതലെടുപ്പു തന്നാണ്ടത്തെ മുതലെടുപ്പിനെ അപേക്ഷിച്ചു് ൮·൪൭ ലക്ഷം രൂപാ മാത്രമേ കൂടുതൽ ആയിരിക്കയുള്ളു. അടുത്താണ്ടത്തെ മുതലെടുപ്പിനുള്ള പൂർവനിരൂപണങ്ങൾ തന്നാണ്ടത്തെ പുതുക്കിയ എസ്റ്റിമേററിനെ അടിസ്ഥാനപ്പെടുത്തി അനുസരിച്ചിരിക്കകൊണ്ടു് പ്രത്യേകം വിവരണം ആവശ്യപ്പെടുന്നതായി അനേകം മുതലെടുപ്പിനങ്ങൾ ഇല്ല. മുതലെടുപ്പിൽ കുറവുനീക്കി കൂടുതൽ ഉണ്ടായിട്ടുള്ളതു പ്രാധാന്യേന താഴെ ചേർത്തിരിക്കുന്ന ഇനങ്ങളിൽ ഉള്ള കൂടുതൽകുറവുനിമിത്തം ആകുന്നു:—

	ബഡ്ജററിൽ കൂടുതൽ.	ബഡ്ജററിൽ കുറവു.
എക്സൈസ്	൮·൮[illegible]	
ചവുക്കത്തീരുവ	·൯൫	
പലിശ		൨·൨൦
കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ, പലവകപൊതു പരിഷ്കാരങ്ങൾ	·൪൯	
റെയിൽവേ (ചിലവുനീക്കിപ്പിരിവു)	·൪൩	

൮. എക്സൈസ്. പിരിവു തന്നാണ്ടത്തെ അടങ്കൽ ആകുന്ന ൫൯·൧൧ ലക്ഷം രൂപയ്ക്കു എതിരായി ൬൦.൨൩ ലക്ഷം രൂപയായിരിക്കും എന്നു മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്നു. 'പുകയില' എന്ന ഇനത്തിൽ ൨.൫ ലക്ഷം രൂപയും 'അബ്കാരിയും അഫീനും' എന്ന ഇനത്തിൽ ൯൦ ലക്ഷം രൂപയും കൂടുതൽ കിട്ടും എന്നു മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്നു. അബ്കാരിയും അഫീനും ഇനത്തിൽ ചിലവു നീക്കി കൂടുതൽ കഞ്ചാവിനുള്ള തീരുവ ബ്രിട്ടീഷ് ഗവൺമെണ്ടിൽനിന്നു മടക്കികിട്ടുക എന്ന ഇനത്തിൽ ആണെന്നു പ്രതീക്ഷിക്കുന്നു. ൧൯൨൯ മാർച്ച് ൩൧-ാം൹യോടുകൂടി അവസാനിക്കുന്നതായ ആണ്ടിൽ വില്ക്കുകൊണ്ടതായ ൫,൯൦൦ ശേരിൽ ൩൯൦൦ ശേരു കഞ്ചാവിനുമാത്രമെ വില തന്നാണ്ടു മടക്കികിട്ടീട്ടുള്ളു. ഇതുനിമിത്തം ശേഷം ഉള്ള തുകയ്ക്കു വരാനുള്ള വിലയ്ക്കും അടുത്താണ്ടു വാങ്ങിക്കും എന്നു ഉദ്ദേശിക്കുന്ന തുകയ്ക്കു മടക്കികിട്ടേണ്ട വിലയ്ക്കും വ്യവസ്ഥ ചെയ്തിരിക്കുന്നു.

൯. ചവുക്കത്തീരുവ അടുത്താണ്ടത്തെ മുതലെടുപ്പു ൩൨.൯൫ ലക്ഷം രൂപയായിരിക്കും എന്നു പ്രതീക്ഷിക്കുന്നു. ഈ തന്നാണ്ടത്തെ പിരിവിനേക്കാൾ ൯൪ ലക്ഷം രൂപാ കൂടുതൽ ആകുന്നു. ഈയാണ്ടു കാലവർഷത്തിന്റെ ആനുകൂല്യത്തിന്റെ ഫലമായി കുരുമുളക്, നാളികേരം മുതലായ കാർഷികവിളവുകൾ കൂടുതലായി ഉണ്ടാവുകയും ആ ചരക്കുകൾ കൂടുതലായി കയറ്റുമതി ചെയ്യുന്നതിനു ഇടയാകുകയും ചെയ്യും എന്നുള്ള പ്രതീക്ഷയിന്മേൽ, ഈ മിതമായ വർദ്ധന കരവഴി കയറ്റുമതിയിലും കടൽവഴി കയറ്റുമതിയിലും രണ്ടിലും ഉണ്ടായിരിക്കും എന്നു നിശ്ചയിച്ചിരിക്കുന്നു.

൧൦. പലിശ തന്നാണ്ടത്തെ പുതുക്കിയ എസ്റ്റിമേട്ടിൽ ഉള്ള തുകയേക്കാൾ ൨.൨൦ ലക്ഷം രൂപാ കുറവായ തുകയ്ക്കു ബഡ്ജട്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. അടുത്താണ്ടു വലിയ വലുതായ ചിലവു മിച്ചവും പലിശക്കായി നിക്ഷേപിക്കാം എന്നു പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ടു ഗവൺമെണ്ടു സിക്യൂരിട്ടികൾ കൊള്ളുന്നതിൽ ഡിസ്കൌണ്ടായി യാതൊരു തുകയും ഈടായില്ല. ബാങ്കിൽ കറണ്ട് ഡെപ്പോസിട്ടുകൾക്കു സ്ഥിരനിക്ഷേപങ്ങൾക്കും ഉള്ള പലിശയായിവരവും തന്നാണ്ടത്തെ തുകയെക്കാൾ ൩൯ ലക്ഷം രൂപാ കുറവായിരിക്കും എന്നുകൂടി പ്രതീക്ഷിക്കുന്നുണ്ട്.

൧൧. കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ, പലവക പൊതുപരിഷ്കാരങ്ങൾ പ്രധാനേന "റോഡുകളിലും പാലങ്ങളിലും ടോൾ" എന്ന ഇനത്തിൽ കൂടുതൽ പിരിവുകിട്ടുന്ന നിമിത്തം ഈ ഇനത്തിൽ [illegible] ലക്ഷം രൂപയോളം കൂടുതൽ ഉണ്ടാകും എന്നു പ്രതീക്ഷിക്കുന്നു.

൧൨. റെയിൽവെ (ചിലവു നീക്കി പിരിവു) ചെങ്കോട്ടമുതൽ തിരുവനന്തപുരം വരെയുള്ള റെയിൽവെ നടത്തിക്കുന്നതിൽ നിന്നു ൧൧൦൩-ാമാണ്ടു ഗവൺമെന്റിനു ലഭിച്ച ചിലവു നീക്കിപ്പിരിവു ൯൪ ലക്ഷം രൂപയായിരുന്നു. തന്നാണ്ടു ഒരു ലക്ഷം രൂപാ കിട്ടും എന്നു ഉദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഇതും ൫൫ ലക്ഷം രൂപാ ആയിരിക്കുകയുള്ളു എന്നു പ്രതീക്ഷിക്കുന്നു. ഈയാണ്ടത്തെ വാസ്തവ പിരിവുകളെ അടിസ്ഥാനപ്പെടുത്തി ൧൧൦൫-ലെ പിരിവു ഒരു ലക്ഷം രൂപയായിരിക്കും എന്നു ചേർത്തിരിക്കുന്നു.

മുതലെടുപ്പിൽനിന്നുള്ള ചിലവ്.

൧൩. അടുത്താണ്ടത്തെ ബഡ്ജററിൽ ചിലവുഭാഗം നോക്കാം. മുതലെടുപ്പിൽനിന്നു ൪൪൯.൪൫ ലക്ഷം രൂപാ ചിലവാക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. മുറജപം സംബന്ധിച്ചും, വൈസ്രായി അവർകളുടെ സന്ദർശനം സംബന്ധിച്ചും ഉള്ള വിശേഷാൽ ചിലവുകളെ ഒഴിച്ചാൽ ൧൧൦൫ മാണ്ടത്തെ ചിലവിനു നിശ്ചയിച്ചിരിക്കുന്ന തുക ൨൩൮.൩൯ ലക്ഷം രൂപയാകുന്നു. ഇതുതന്നെയും ഈ ആണ്ടു സാധാരണ ചിലവിനങ്ങളിൽ ചിലവാക്കാൻ പ്രതീക്ഷിക്കുന്നതിനേക്കാൾ ൧൧.൭൫ ലക്ഷം രൂപാ കൂടുതൽ ആണ്. ഈ വർദ്ധനയ്ക്കു ഹേതുവായ അധികം പ്രധാനപ്പെട്ട ഇനങ്ങൾ ഞാൻ ചുരുക്കത്തിൽ വിവരിക്കാം.

൧൪. പബ്ലിക് വൊർക്സിനു ചിലവ്,

ഈയാണ്ടത്തേക്കു ആദ്യമായി ൪൩ ലക്ഷം രൂപാ ബഡ്ജറ്റിൽ നിശ്ചയിച്ചിരിക്കെ അടുത്തയാണ്ടത്തേക്കു ബഡ്ജററിൽ ചേർത്തിരിക്കുന്നതു ൪൧.൮൮ ലക്ഷം രൂപയാകുന്നു. തന്നാണ്ടത്തേക്കു നിശ്ചയിച്ചിരിക്കുന്ന തുക ഇതേവരെ ഉള്ളതിൽ എത്രയോ അധികവും ൧൧൦൩-ാമാണ്ടത്തെ ബഡ്ജട്ടു തുകയെക്കാൾ ൩ ലക്ഷം രൂപ കൂടുതലും ആണെന്നുള്ള വസ്തുത ഓർമ്മിക്കേണ്ടതാകുന്നു. മേൽപ്രസ്താവിച്ച വിശേഷാൽ ചിലവിനങ്ങൾക്ക വ്യവസ്ഥ ചെയ്യേണ്ടിയിരുന്നിട്ടും പുതിയ ഗതാഗതമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിലേക്കും, അടുത്തകാലങ്ങളിലെ മോട്ടോർ വണ്ടികളുടെ ഉപയോഗത്തിന്റെ ക്രമമായ വർദ്ധനനിമിത്തം കൂടുതൽ പണം അനുവദിച്ചില്ലെന്നുവരികിൽ ഇപ്പോൾ ഉള്ള റോഡുകളെ ഇപ്പഴത്തെ കാര്യക്ഷമമായ അവസ്ഥയിൽ പരിപാലിക്കുന്നതു അസാധ്യമാകയാൽ അവയെ പരിപാലിക്കുന്നതിലേക്കും സദാ വർദ്ധമാനമായ ആവശ്യത്തെയും അപേക്ഷയെയും നിർവഹിക്കണം എന്നുകരുതി അടുത്താണ്ടു പബ്ലിക് വൊർക്സ് വക ചിലവിനു ൪൧.൮൮ ലക്ഷം രൂപാ ഗവണ്മെന്റു നീക്കിവച്ചിരിക്കുന്നു. ഇതു ഈയാണ്ടത്തെ തുകയെ അപേക്ഷിച്ചു സ്വല്പമേ കുറവുള്ളു.

൧൫. ഇപ്പോൾ നടന്നുവരുന്ന പണികൾക്കും പുതിയ പണികൾക്കും ചിലവാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന തുകയുടെ പൂർണ്ണവിവരങ്ങൾ മെമ്പർമാർക്കു തന്നിട്ടുണ്ട്.

ജീവനക്കാർക്കും പണിയായുധങ്ങൾക്കും യന്ത്രങ്ങൾക്കും ഉള്ള ചിലവിനെ ഒഴിച്ചു പണിക്കു മാത്രമായി തന്നാണ്ടിലും വരുന്നയാണ്ടിലും ബഡ്ജട്ട് എസ്റ്റിമേററിൽ നീക്കിവച്ചിരിക്കുന്ന തുകയെ താരതമ്യപ്പെടുത്തി താഴെ കാണിക്കുന്നു:—

	൧൧൦൪	൧൧൦൫
സാധാരണ പബ്ലിക് പണികൾ	(ലക്ഷം കണക്കിന്)	
(i) കെട്ടിടങ്ങൾ	൭.൫൮	൫.൪൯
(ii) ഗതാഗതമാർഗ്ഗങ്ങൾ	൨൩.൩൦	൨൩.൯൪
(iii) പലവക പൊതുപരിഷ്കാരങ്ങൾ	൧.൨൨	൧.൨൦
സംരക്ഷകമായ കൃഷിമരാമത്ത്	൧.൪൨	൨.൧൩
വിളവു വർദ്ധിപ്പിക്കുന്ന കൃഷിമരാമത്തു	.൩൭	.൭൦

കെട്ടിടങ്ങൾക്കു നീക്കിവയ്ക്കുന്ന തുകയെ ൨ ലക്ഷം രൂപായിൽപരം കുറവാക്കിയിരിക്കെ, ഗതാഗതമാർഗ്ഗങ്ങൾക്കു ൩൪ ലക്ഷം രൂപയും സംരക്ഷകകൃഷിമരാമത്തു് അല്ലെങ്കിൽ ഇടത്തരം കൃഷിമരാമത്തിനു ൭ ൭ ലക്ഷം രൂപയും തന്നാണ്ടത്തേക്കാൾ ചേർത്തിരിക്കുന്നു എന്നു മെംബർമാർ കാണുന്നതാണു്. നടന്നുവരുന്ന പണികൾ എന്ന ഇനത്തിൽ പള്ളിവാസൽ നേരിയമംഗലം റോഡിനെ വേഗത്തിൽ പൂർത്തിയാക്കുന്നതിലേക്കായി ൪ ലക്ഷം രൂപായോളം ഇതിലേക്കു അടുത്താണ്ടത്തേക്കു അനുവദിച്ചിട്ടുണ്ടു്.

൭൬. പുതിയ പണികളുടെ കൂട്ടത്തിൽ പാലങ്ങളും കലുങ്കുകളും കെട്ടുന്നവകയ്ക്കു ഒരു ലക്ഷം രൂപയോളം ഉള്ള തുകയും തിരുവനന്തപുരം ടൗണിൽ രണ്ടു മൈൽ ദൂരംകൂടി ടാറിടുന്നതിനും, ചന്തകളെ നന്നാക്കുന്ന വകയ്ക്കു തെക്കൻ തിരുവിതാംകൂറിൽ മുനിസിപ്പാലിട്ടിക്കു പുറമെയുള്ള പ്രദേശങ്ങളിൽ കിണറുകളും മുക്കുവരുടെ ഗ്രാമങ്ങളിൽ കുഴൽകിണറുകളും കുഴിപ്പിക്കുന്നതിനും തിരുവനന്തപുരം ടൗണിൽ കൂടുതലായി ചില സർക്കാർ കെട്ടിടങ്ങളിൽ എലക്ട്രിക് വിളക്കു നടപ്പാക്കുന്നതിനും വേണ്ട ചിലവും ഉൾപ്പെടുന്നു. അടുത്ത കാലത്തുണ്ടായ വെള്ളപ്പൊക്കത്താൽ റോഡുകൾക്കും പാലങ്ങൾക്കും ഉണ്ടായിട്ടുള്ള കേടുപാടുകൾ നന്നാക്കുന്ന വകയ്ക്കു മതിയായ പണവും നീക്കിവച്ചിട്ടുണ്ടു്. ചന്തകളുടെ കാര്യത്തിൽ ആകട്ടെ പബ്ലിക് വൊർക്കസ് ഡിപ്പാർട്ടുമെണ്ടുവക ബഡ്ജററിൽ ൧ ൭ ലക്ഷം രൂപ ചേർത്തിരിക്കുന്നതു് ലാൻഡ് റെവന്യൂ ബഡ്ജററിൽ ൪ ൯ ലക്ഷംരൂപ ചേർത്തിരിക്കുന്നതിനു പുറമേയാണെന്നുള്ള വിവരം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

൭൭. ആണ്ടുതോറും ഉള്ള അററകുററപ്പണിക്കും സംരക്ഷണത്തിനും ആയി നീക്കിവച്ചിരിക്കുന്നതു് ൭൨.൭ ലക്ഷം രൂപയാകുന്നു. ഇതിൽ ആവശ്യമുള്ളപ്പോൾ റോഡുകൾക്കു കൂടുതലായും പുതുതായും സംരക്ഷണച്ചിലവു അനുവദിക്കുന്നതിലേക്കായി ഗവൺമെൻറിൽ കരുതൽ ധനമായി വച്ചിരിക്കുന്ന അരലക്ഷം രൂപയും ഉൾപ്പെടുന്നു.

൭൮. വിദ്യാഭ്യാസം—അടുത്താണ്ടത്തേക്കു മൊത്തം തുക ൪൯.൦ ൭ ലക്ഷം ആകുന്നു. ഇതു് ഈയാണ്ടു ചിലവാക്കും എന്നു പ്രതീക്ഷിച്ചിരിക്കുന്ന തുകയെക്കാൾ ൩.൦ ൮ ലക്ഷം രൂപ കൂടുതൽ ആണു്. ഈ കൂടുതലിൽ അധികാംശവും ഡിപ്പാർട്ടുമെൻറ് സ്കൂളുകളിൽ നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്കു കൂടുതൽ ശമ്പളവും ഗ്രാൻറുവക പള്ളിക്കൂടങ്ങൾക്കു കൂടുതൽ സഹായധനവും ൧൧൦൪-ാമാണ്ടു ചിങ്ങമാസം ൧-ാംനു മുതൽ മുൻകാലപ്രാബല്യത്തോടുകൂടി കൊടുക്കുന്നവകയ്ക്കു ൪.൩ ലക്ഷം രൂപാ ചേർത്തിരിക്കുന്നതു നിമിത്തം ആകുന്നു. ഇപ്രകാരം ഈയാണ്ടു കൊടുക്കാനുള്ള കുടിശിഖയ്ക്കും അടുത്താണ്ടത്തെ ശമ്പളക്കൂടുതലിനും വക ചേർത്തിരിക്കുന്നു. നാട്ടുഭാഷാ പാഠശാലകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം പുതുക്കുന്ന വകയ്ക്കു ഗവൺമെൻറാജ്ഞ കല്പിച്ചിട്ടു് ഏതാനും കാലം കഴിഞ്ഞിരിക്കുന്നു. എന്നുവരികിലും ഡിപ്പാർട്ടുമെൻറൽ സ്കൂളുകളിൽ മാത്രം ൭൦൦൦-ത്തിൽപരം ഈ വിധം അദ്ധ്യാപകന്മാർ ഉള്ളതുകൊണ്ടു് ഈ പരിഷ്കാരം അനുസരിച്ചു ൧൧൦൪ ചിങ്ങം ൧-ാംനു മുതൽ ഓരോ അദ്ധ്യാപകനും കിട്ടേണ്ടതായ ശമ്പളം ഇന്നതെന്നു തീർച്ചപ്പെടുത്തുന്നതിനു സാധിച്ചിട്ടില്ല. പരിശോധിക്കേണ്ട വിവരമായ സംഗതികൾ വിദ്യാഭ്യാസഡയറക്ടർ എഴുതിവരുത്തിയിട്ടുണ്ടു്. അടുത്താണ്ടാരംഭത്തിൽ ഈ പരിഷ്കാരം നടപ്പിൽ വരുത്തുവാൻ സാധിക്കുമെന്നു കരുതുന്നു.

൭൯. കൂടുതൽ ചിലവിന്റെ ശേഷം ഉള്ള അംശം കാളേജ് വിദ്യാഭ്യാസം (൧൩) ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസം (൧൮) നാട്ടുഭാഷാവിദ്യാഭ്യാസം (൫.൭) സ്പെഷ്യൽ സ്കൂൾ വിദ്യാഭ്യാസം (൦൯) പലവക (൬൯) എന്നീ ഇനങ്ങൾക്കായിട്ടാകുന്നു.

൮൦. സ്ത്രീകൾക്കുള്ള കാളേജിനെ ബി. എ. പരീക്ഷയ്ക്കു മാത്തമാററിക്സ ഗ്രൂപ്പിലും ഇണ്ടർമീഡിയേട് പരീക്ഷയ്ക്കു ഇൻഡ്യൻ സംഗീതത്തിലും നടപ്പാക്കിൽ മദ്രാസ് യൂനിവേർസിററിയോടു യോജിപ്പിക്കപ്പെട്ടു. മാത്തമെററിക്സ് ക്ലാസ് ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. സംഗീതവിഷയം പഠിക്കുന്നതിനു മതിയായിടത്തോളം വിദ്യാർത്ഥിനികൾ ഇല്ലാത്തതുകൊണ്ടു സംഗീതക്ലാസിന്റെ ആരംഭം മാററിവയ്ക്കപ്പെട്ടിരിക്കുന്നു. ഈ വിദ്യാശാലയ്ക്കു ൧൧൦൫-ാമാണ്ടത്തേക്കു ഇക്കാര്യത്തിലേക്കു ബഡ്ജററിൽ ൧,൩൭൦ രൂപാ നീക്കിവച്ചിരിക്കുന്നു. കാളേജുകളിൽ കായികാഭ്യാസാദ്ധ്യാപകന്മാരെ നിയമിക്കുന്നതിനുള്ള പദ്ധതി ഗവൺമെൻറ് അടുത്തകാലത്തു അനുവദിച്ചിട്ടുണ്ടെന്നു മുമ്പിലെ പ്രസ്താവിച്ചുവല്ലോ; അതനുസരിച്ചു മദ്രാസിൽ കായികവിദ്യാഭ്യാസത്തിനുള്ള വൈ. എം. സി. എ. സ്കൂളിൽ പരിശീലനം ലഭിക്കുന്നതിനായി രണ്ടു യുവാക്കളെ തെരഞ്ഞെടുത്തയച്ചിരിക്കുന്നു. സ്ത്രീകൾക്കുള്ള കാളേജുകളിൽ കായികാഭ്യാസം നടപ്പാക്കുന്നതിനുള്ള നിർദ്ദേശവും അനുവദിച്ചിട്ടുണ്ടു്. ആവശ്യമുള്ള പരിശീലനത്തിനായി ഒരു സ്ത്രീ ഗ്രാഡ്വേററിനെ മദ്രാസിലേക്കു അയച്ചുവരുന്നു. നാട്ടുഭാഷാ പാഠശാലകളിലെ വിദ്യാഭ്യാസം എന്നുള്ളതിൽ ആൺപള്ളിക്കൂടങ്ങളിലും പെൺപള്ളിക്കൂടങ്ങളിലും കൂടുതൽ അദ്ധ്യാപകന്മാർ ഉപകരണങ്ങൾ മുതലായവയ്ക്കായി മൊത്തത്തിൽ ൩.൭ ലക്ഷം രൂപാ അനുവദിച്ചിരിക്കുന്നു.

൮൧. നീതിന്യായഭരണം—അടുത്താണ്ടത്തേക്കു ഈ ഇനത്തിൽ വകവച്ചിരിക്കുന്നതു ൧൯.൩ ലക്ഷം രൂപ ആകുന്നു; ഈ തുക തന്നാണ്ടത്തെ പുതുക്കിയ എസ്റ്റിമേററിനെ അപേക്ഷിച്ചു ൨.൭ ലക്ഷം രൂപ കൂടുതൽ ആകുന്നു. [illegible] ഇപ്പോൾ ഉള്ള [illegible] ജഡ്ജിമാരുടെ കോടതികളും മുൻസിഫ് കോടതികളും സർക്കാർ വക്കീൽ ആഫീസുകളും മേലും നടത്തുന്ന വകയ്ക്കു ഏർപ്പെടുത്തേണ്ട [illegible] കൂടുതലായി ഏതാനും കൂടുതൽ ക്ലാർക്കുകളും ടൈപ്പിസ്ററുകളും [illegible] കോർട്ടുകളിൽ ഓരോന്നിലേക്കും ഒരു പ്രിൻസിപ്പൽ മുൻസിഫ് കോടതികൾക്കും ൭ അഡിഷണൽ മുൻസിഫ് കോടതികൾക്കും ആറു അഡിഷണൽ റിസീവർമാർക്കും ഒരേതരത്തിലാക്കുന്നതിനും [illegible] കൂടുതലായി നിയമിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. സിവിൽകോടതികളിൽ നിയമ[illegible] പരിശോധിക്കുന്നതിനും [illegible] സിവിൽ കോടതികളുടെ [illegible] കാര്യത്തെ പര്യാലോചിക്കുന്നതിനും ൧൧൦൫-ാമാണ്ടിൽ ആറുമാസത്തേക്കു [illegible] ജഡ്ജിയെ നിയമിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

൨൨. വൈദ്യവും ആരോഗ്യരക്ഷണവും:—അടുത്താണ്ടത്തേക്ക നീക്കിവച്ചിരിക്കുന്ന തുക ൧൫·൩൮ ലക്ഷംരൂപയാണ്. യൂറോപ്യൻമരുന്നുകൾ ശസ്ത്രക്രിയക്കുവേണ്ട ആയുധങ്ങൾ മുതലായവ വാങ്ങിക്കുന്നതിനു തന്നാണ്ടിൽ നിശ്ചയിച്ചിരിക്കുന്ന ൨·൩൬ ലക്ഷം രൂപ ൧൧൦൭-ാമാണ്ടത്തേക്കും ആവർത്തിച്ചു നിശ്ചയിച്ചിരിക്കുന്നു. ഇതു ൧൧൦൬-ാമാണ്ടത്തേക്ക നിശ്ചയിച്ചിരിക്കുന്ന തുകയെക്കാൾ അരലക്ഷം രൂപാ കൂടുതൽ ആണ്. ആരോഗ്യരക്ഷണം എന്ന ഇനത്തിൽ അടുത്താണ്ടത്തേക്ക പൊതുജനാരോഗ്യത്തിനുള്ള പരിപാടി നടത്തിക്കുന്നതിലേക്ക മൊത്തത്തുകയായി ·൩൦ ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. തിരുവിതാംകോട്ടിൽ റാക്ക്ഫെല്ലർ മൂലധനത്തിന്റെ പ്രതിനിധിയും പൊതുജനാരോഗ്യസംബന്ധമായ കാര്യങ്ങളിൽ ഗവൺമെന്റിന്റെ ആണററി ഉപദേഷ്ടാവും ആയ ഡാക്ടർ ജാകാസ് കാര്യനടപ്പിനുള്ള ഒരു പരിപാടി അനുവാദത്തിനായി അയച്ചിട്ടുണ്ട്. ൧൧൦൭-ാമാണ്ടത്തേക്ക മുക്കാൽ ലക്ഷംരൂപായുടെ എസ്റ്റിമേറ്റും അയച്ചിരിക്കുന്നു. ബഡ്ജറ്റിൽ ·൩൦ ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നതു ആ കാര്യപരിപാടിയിൽ ഉള്ള പ്രധാന ഇനങ്ങൾക്കാകുന്നു. അവയാവിതു

(i) മലമ്പനിയും മറ്റും ജനിപ്പിക്കുന്ന കൊതുകുകളുടെ അന്വേഷണത്തിനായി ഒരു കീടശാസ്ത്രജ്ഞനെ നിയമിക്കൽ,

(ii) കൊക്കപ്പുഴുസർവെ

(iii) മലമ്പനിസർവെ

(iv) മന്തുരോഗം സംബന്ധിച്ചുള്ള അന്വേഷണം

(v) ആരോഗ്യരക്ഷയെക്കുറിച്ചു ജനങ്ങളിൽ പ്രചാരപ്രവൃത്തി നടത്തുന്നതിനായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കൽ

(vi) അമേരിക്കയിൽ ജനാരോഗ്യവിഷയകപരിശീലനത്തിലേക്കായി നിയുക്തരായിരിക്കുന്ന രണ്ടു ഉദ്യോഗസ്ഥരിൽ ഒരാൾക്കു സ്കാളർഷിപ് കൊടുക്കൽ

(മേററയാൾക്കുള്ള ചിലവു റാക്ക്ഫെല്ലർ മൂലധനത്തിൽനിന്നു നിർവഹിക്കുന്നതാണ്).

൨൩. സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കുള്ള ബഡ്ജറ്റിൽ ൧൧൦൭-ാമാണ്ടു പുതുതായി ആറു കൺസെർവൻസി സ്റ്റേഷൻ നടപ്പാക്കുന്നതിനു വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതു ൧൧൦൩-ലും ൧൧൦൪-ലും നടപ്പാക്കിയ ൭ സ്ഥലങ്ങൾക്കുപുറമെയാണ്. ആയുർവേദ ഡിപ്പാർട്ടുമെന്റിൽ ൧൨൦ വൈദ്യശാലകൾക്കു ൧൦ കൊല്ലത്തിലായി സഹായധനം കൊടുക്കുന്നതിനുള്ള ഏർപ്പാടു പൂർത്തിയായി കഴിഞ്ഞാണ്ടു നടപ്പിലാക്കി കഴിഞ്ഞിരിക്കുന്നു. വൈദ്യശാലകൾക്കുള്ള വർദ്ധമാനമായ ആവശ്യത്തെക്കരുതി ൭ വൈദ്യശാലകൾക്കുകൂടി സഹായധനം കൊടുക്കുന്നതിനു അടുത്താണ്ടു വ്യവസ്ഥ ചെയ്തിരിക്കുന്നു.

൨൪. രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെണ്ടും അഞ്ചൽ ഡിപ്പാർട്ടുമെണ്ടും. ഈ ഡിപ്പാർട്ടുമെണ്ടുകളിൽ ക്ലാർക്കന്മാർക്കും മററു കീഴ്ജീവനക്കാർക്കും ശമ്പളം പുതുക്കുന്നതിലേക്ക രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിനു ·൨൭ ലക്ഷം രൂപയും അഞ്ചൽ ഡിപ്പാർട്ടുമെന്റിനു ·൨൦ ലക്ഷം രൂപയും തന്നാണ്ടത്തെ ബഡ്ജറ്റിൽ നീക്കി വച്ചിരുന്നു. പരിഷ്കാരത്തിന്റെ വിവരമായ സംഗതികൾ തീർച്ചപ്പെടുത്തുന്നതിനും അവയെ നടപ്പാണ്ടിൽതന്നെ നടപ്പാക്കുന്നതിനും സാദ്ധ്യമായിരുന്നില്ല. അവ ഇപ്പോൾ തീർച്ചപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. ആവശ്യമുള്ള വിവരമായ തുക ൧൧൦൭-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഇപ്പോൾ ഉള്ള ൧൩ താൽകാലിക സബ് രജിസ്ട്രി ആഫീസുകളെ മേലും നടത്തിക്കുന്നതിനു വ്യവസ്ഥചെയ്തിരിക്കുന്നതിന് പുറമെ ക്രമത്തിലധികമായി ജോലിയുള്ള, ആഫീസുകളിൽ ചിലവയിൽ ജോലിത്തിരക്ക കുറയ്ക്കുന്നതിലേക്കായി അടുത്താണ്ടാരംഭത്തിൽ താൽകാലികമായി മൂന്നു ആഫീസുകൾകൂടി നടത്തിക്കുന്നതിനും നിശ്ചയിച്ചിരിക്കുന്നു.

തന്നാണ്ടത്തെ മുതലെടുപ്പിൽനിന്നു ചിലവാക്കാത്തതായ മൂലധനച്ചിലവ്.

൨൫. റെയിൽവേ—൧൧൦൭-ാമാണ്ടത്തേക്ക നീക്കിവച്ചിരിക്കുന്ന തുക ൧൦·൯൩ ലക്ഷം രൂപയാകുന്നു. അതു് ഇപ്രകാരം വീതിച്ചിരിക്കുന്നു:—

കൊല്ലംമുതൽ തിരുവനന്തപുരംവരെയുള്ള റെയിൽവേ	·൮൦
ചാക്ക—തമ്പാനൂർ റെയിൽവേ നീട്ടൽ	൯·൭൦
ജീവനക്കാരും സർവേയും	·൩൩
സ്പെഷ്യൽ പൊന്നംവിധ ആഫീസർ (അഞ്ചുമാസത്തേക്ക്)	·൦൭
ആകെ	൧൦·൯൩

അനുവദിച്ചിട്ടുള്ള എസ്റ്റിമേറ്റിൻപടി ചാക്ക തമ്പാനൂർ നീട്ടലിനുള്ള ചിലവു ൧൯·൧൭ ലക്ഷം രൂപയാകുന്നു. ൧൧൦൬-ാമാണ്ടു ·൪൭ ലക്ഷം രൂപാ ചിലവാക്കി. ൧൧൦൪-ാമാണ്ടത്തേക്ക ബഡ്ജട് എസ്റ്റിമേട് ൧൪·൨൧ ലക്ഷം രൂപയായിരുന്നു എന്നിരിക്കിലും പുതുക്കിയ എസ്റ്റിമേട് ൯·൨൦ ലക്ഷം രൂപയെയായിരുന്നുള്ളു. കൺട്രാക്ടുകൾ തീർച്ചപ്പെടുത്തുന്നതിനുള്ള താമസവും ഭൂമികൾ കൈവശപ്പെടുത്തി ഏൾപ്പിക്കുന്നതിനുള്ള താമസവും ഹേതുവായി ഈ ജോലിയിൽ മുൻകൂട്ടി നിശ്ചയിച്ചിരുന്നിടത്തോളം അഭിവൃദ്ധി തന്നാണ്ടിൽ ഉണ്ടായിട്ടില്ല. ഭൂമികൾ പ്രായേണ എല്ലാം കൈവശപ്പെടുത്തി കൊടുത്തുതീർന്നിരിക്കുന്നു. ൭·൨൦ ലക്ഷം രൂപയോളം പ്രതിഫലത്തുക ഈയാണ്ടു കൊടുക്കും എന്നു പ്രതീക്ഷിക്കുന്നു. പണി പൂർത്തിയാക്കുന്നതിന് ആവശ്യമുള്ള തുകയായ ൯·൭൦ ലക്ഷംരൂപാ ൧൧൦൭-ാമാണ്ടത്തേക്ക നിശ്ചയിച്ചിരിക്കുന്നു. പണി ആണ്ടവസാനത്തോടുകൂടി പൂർത്തിയാകും എന്ന് ആശംസിക്കുന്നു.

൨൬. തിരുവനന്തപുരത്തെ ജലവിതരണപദ്ധതി. ജീവനക്കാർ പണിയായുധങ്ങൾ യന്ത്രങ്ങൾ ഇവയ്ക്കുള്ള ചിലവ് ഉൾപ്പെടെ ഉടൻ നടത്തേണ്ടതായ പണിക്ക് ഈ പദ്ധതിക്കുള്ള അടങ്കൽ ചിലവ് ൩൩·൨൨ ലക്ഷം രൂപയാകുന്നു. ഈ പദ്ധതി മുഴുവനും പണിചെയ്തുതീരുമ്പോൾ അടങ്കൽചിലവ് ൭൨·൭൮ ലക്ഷം രൂപയാകും. ഈ നഗരത്തിൽ ജലവിതരണരീതി ആരംഭിക്കുന്ന സ്ഥാനംവരെയുള്ള എല്ലാ പണികൾക്കും, അതാവിതു അരുവിക്കര അണ ഉത്ഭവസ്ഥാനത്തെപ്പണികൾ, വെള്ളം നിറുത്തിവയ്ക്കേണ്ട പണി, അരുവിക്കരയിനു

തിരുവനന്തപുരംവരെ ക്രമേണ നിരപ്പു താഴ്ത്തിവരുത്തുന്ന പ്രധാനപണി, വെള്ളം നിർമ്മലമാക്കുന്നതിനുള്ള യന്ത്രം, ജലം വിട്ടുകൊടുക്കുമുമ്പു ശേഖരിച്ചുവയ്ക്കുന്നതിനുള്ള ജലാശയം ഉത്തോലനയന്ത്രം ഇവയ്ക്കു, ൩൧൬൦ ലക്ഷം രൂപ ചിലവാകുന്നു. ഈ നഗരത്തിൽ വിതരണപദ്ധതിക്കു ആകപ്പാടെ ൨൫൪൯ ലക്ഷം രൂപാ ചിലവാകും. ഇതിൽനിന്ന് ഇപ്പോൾ ൧൭൧൨ ലക്ഷം രൂപയോളം ഉള്ള പണിമാത്രമേ നടത്താൻ നിശ്ചയിച്ചിട്ടുള്ളു. ജലവിതരണത്തിനായി നിശ്ചയിച്ചിരിക്കുന്ന നഗരസഭാംഗങ്ങളുടെ പുറമേ കിടക്കുന്ന കുറവൻകോണം മുതലായി, താരതമ്യേന ജനനിബിഡത ഇല്ലാത്തതായ, സ്ഥലങ്ങൾക്കു ആവശ്യമുള്ള ൩൦൨ ലക്ഷം രൂപ ചിലവു വരുന്ന ശേഷമുള്ള പണികൾ ഏതാനും കൊല്ലംകഴിഞ്ഞു നടത്താൻ ഉദ്ദേശിക്കുന്നു. അണയിൽനിന്നു വെള്ളം കൊണ്ടുവരുന്നതിന് വേണ്ടതായ ൩,൩൦൦ കുഴക്കറ ഓവുകളിൽ ൩,൨൧൦ എണ്ണം തന്നാണ്ടവസാനത്തിനുമുമ്പ് ഏർപ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്നു. ഈ ലൈനിലേക്കു വേണ്ട എല്ലാം വാൽവുകളും ഹാച്ചു പൈപ്പുകളും ഏർപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഓവുകൾ കൊണ്ടുപോകുന്നതിനെ ലഘൂകരിക്കാനായി വേണ്ട പുതിയ റോഡു വെട്ടി കരിങ്കല്ലിട്ടുറപ്പിച്ചു അതിൽവേണ്ട പണികളും പൂർത്തിയാക്കീട്ടുണ്ട്. അരുവിക്കരയിലുള്ള അണക്കു അടിസ്ഥാനമായ കിടങ്ങു പൊട്ടിച്ചെടുക്കുന്ന പണിയിൽ നല്ല അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. ഈ പദ്ധതിക്കു ആവശ്യമുള്ള വസ്തുക്കൾ വിചയ്ക്കു വാങ്ങി ഏർപ്പെടുത്തുകൊടുക്കേണ്ടതായ ജോലി വേഗത്തിൽ പൂർത്തിയാകും എന്നു പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ എല്ലാ ഭാഗങ്ങളിലും ഒരേ കാലത്തു പണി നടത്തിക്കുന്നതിനായി അടുത്തയാണ്ടത്തേക്കു ൧൫ ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നു.

൨൭. തിരുവനന്തപുരത്തുള്ള എലക്ട്രിസിറ്റി വിതരണവും ടെലിഫോണും. അടുത്തയാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ ൨൨൯ ലക്ഷം രൂപാ ഇതിലേക്കു നിശ്ചയിച്ചിരിക്കുന്നു. ഇതിൽ എലക്ട്രിസിറ്റി വിതരണത്തിന് ൧൩൫ ലക്ഷംരൂപയും ടെലിഫോൺ പണികൾക്കു ൩൫ ലക്ഷം രൂപയും ആകുന്നു. എലക്ട്രിസിറ്റി വിതരണത്തിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള ൨൩ മൈൽ ദൂരത്തിൽ ൧൩ മൈൽ ദൂരത്തിൽ വേണ്ട സാമഗ്രികൾ ഉണ്ടാക്കിത്തീർന്നിട്ടുണ്ട്. ഗവണ്മെന്റു കെട്ടിടങ്ങൾ, ജനങ്ങളുടെ ഗൃഹങ്ങൾ തെരുവീഥികൾ ഇവയിൽ ൧൩ മൈൽ ദൂരം എലക്ട്രിസിറ്റിവിളക്കുവെപ്പു ആരംഭിച്ചുകഴിഞ്ഞു. ശേഷം ഉള്ള ൧൦ മൈൽ ദൂരത്തിൽ പണി നടന്നുവരുന്നു. തലസ്ഥാനത്തെ ചൊക്കത്തിൽ ഉള്ള പ്രധാനപ്പെട്ട കമ്പികൾ ൩ മൈൽ ദൂരത്തേക്കുകൂടി ഏർപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കുന്നു. ഇതിലേക്കു വേണ്ടുന്ന ൧൩൫ ലക്ഷം രൂപ ൧൧൨൬-ാമാണ്ടത്തെ ബഡ്ജറ്റിൽ ചേർത്തിരിക്കുന്നു. ടെലിഫോൺ സംബന്ധിച്ച ജോലിയിൽ വളരെ അഭിവൃദ്ധി ഇതേവരെ ഉണ്ടായിട്ടില്ല. ഇതു ൧൧൨൬-ാമാണ്ടു പൂർത്തിയാക്കാമെന്ന ഉദ്ദേശിച്ചിട്ടുള്ളു.

൨൮. നീണ്ടകര അഴിയിൽ പാലം. തന്നാണ്ടത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള ൩ ലക്ഷം രൂപയിൽ ഒരു ലക്ഷത്തോളം രൂപാ ചിലവാകാതെ ലാപ്സായിപ്പോകും എന്നു പ്രതീക്ഷിക്കുന്നു. അടുത്തയാണ്ടത്തെ ബഡ്ജറ്റിൽ ൨ ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. പാലംപണി ൧൧൨൬-ാമാണ്ടു പൂർത്തിയാകും എന്നു വിശ്വസിക്കുന്നു.

ധനസ്ഥിതി.

൨൯. ൧൧൨൫-ാമാണ്ടവസാനത്തിലും ൧൧൨൬-ാമാണ്ടവസാനത്തിലും രാജ്യത്തിലെ മുതലിന്റെയും കടത്തിന്റെയും കണക്കു ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ൭-ാം പുറത്തു ചേർത്തിരിക്കുന്നു. ൧൧൨൪-ാമാണ്ടത്തെ അവസാനക്കണക്കനുസരിച്ചു നമ്മുടെ കണക്കിൻപടിയുള്ള മുതൽ ൩൩൩൯൨ രൂപയും കടം ൧൭൩൨൦ ലക്ഷം രൂപയും ആയിരുന്നു. ൧൧൨൫-ാമാണ്ടവസാനത്തിൽ മുതൽ ൩൭൫൯൯ ലക്ഷം രൂപയും കടം ൧൮൩൭൬ ലക്ഷം രൂപയും ആയിരിക്കും എന്നു പ്രതീക്ഷിക്കുന്നു. ചെങ്കോട്ട—കൊല്ലം റെയിൽവേക്കുള്ള നമ്മുടെ മൂലധനക്കടം വീട്ടിത്തീർക്കുന്നതിനായും നമ്മുടെ സ്റ്റേറ്റ് ഡിബെഞ്ചുവർ കടം വീട്ടിത്തീർക്കുന്നതിനായും ഉണ്ടാക്കീട്ടുള്ള ഋണോദ്ധാരകധനം (സിങ്കിങ്ഫണ്ട്) ഈയാണ്ടവസാനത്തിൽ യഥാക്രമം ൬൨൧൬ ലക്ഷം രൂപയും ൩൩൯ ലക്ഷം രൂപയും ആകുന്നു. ഇതു മുഴുവനും ഇൻഡ്യാഗവണ്മെന്റ് സെക്യൂരിറ്റികളിലായി പലിശയ്ക്കു നിക്ഷേപിച്ചിരിക്കുന്നു. ചിലവുമിച്ചത്തെ പലിശയ്ക്കായി നിക്ഷേപിച്ചിട്ടുള്ളതു് ആണ്ടാദ്യത്തിൽ ൨൨൬൩൧ ലക്ഷം രൂപയും ആണ്ടവസാനത്തിൽ ൨൨൪൫ ലക്ഷം രൂപയും ആകുന്നു. ൧൧൨൬-ാമാണ്ടവസാനത്തിൽ നമ്മുടെ മുതൽ ൩൬൨൧൩ ലക്ഷം രൂപയും കടം ൨൧൨൩൯ ലക്ഷം രൂപയും ഇങ്ങനെ ഗവണ്മെന്റിലേക്കു ചിലവു കഴിച്ചുള്ള മുതൽ ൧൫൩൬ ലക്ഷം രൂപയും ആയിരിക്കും എന്നു പ്രതീക്ഷിക്കുന്നു.

പ്രെസിഡണ്ട്: നിയമസഭാചട്ടങ്ങൾ ൫൭-ാംചട്ടം അനുസരിച്ചു ബഡ്ജറ്റിനെക്കുറിച്ചുള്ള വാദപ്രതിവാദം വിമർശനത്തോടുകൂടി ആരംഭിക്കും; അതിനെ തുടർന്ന് ചിലവുതുകകൾക്കുള്ള ഡിമാണ്ട് അനുവദിക്കൽ നടക്കും. ൧൯൫൦ ആഗസ്റ്റ് ൫-ാംനു തിങ്കളാഴ്ച ൩-ാംനു ചൊവ്വയും പൊതുവെ വാദപ്രതിവാദത്തിനായി വിനിയോഗിക്കുന്നതാകുന്നു. ഡിമാണ്ടുകളെക്കുറിച്ചുള്ള വാദപ്രതിവാദങ്ങളും അവ അനുവദിക്കലും ആഗസ്റ്റ് ൭-ാംനു ബുധനാഴ്ച ആരംഭിച്ച് ആഗസ്റ്റ് ൧൫-ാംനു-വരെ തുടർന്നു നടത്തുന്നതാണ്. ഇതിലേക്കു പരമമായ ൭ ദിവസംകാലം അനുവദിച്ചിരിക്കുന്നു. ഡിമാണ്ടുകൾ നിങ്ങൾക്കു ഇതിനുമുമ്പിലെ തന്നിട്ടുള്ള പട്ടികയിൽ അച്ചടിച്ചിരിക്കുന്നമുറയ്ക്കു വാദപ്രതിവാദം തുടർത്തുന്നതാണ്. ആകെ ഏഴുദിവസം ഉള്ളതിൽ റെവിനിയു, വിദ്യാഭ്യാസം പബ്ലിക്ക്‌വെർക്ക്സ് ഡിപ്പാർട്ടുമെണ്ടുകൾ ഇവ ഓരോന്നിനും ഒരു ദിവസത്തിൽ കവിയാത്ത കാലവീതം ൩ ദിവസം വിനിയോഗിക്കുന്നതാകുന്നു. ശേഷമുള്ള ഡിമാണ്ടുകൾ ൭-ാമത്തെ ദിവസം അവസാനിക്കുംമുമ്പെ വാദപ്രതിവാദം ചെയ്യേണ്ടതാകുന്നു. ഒരു ഡിമാണ്ടിന് അര ദിവസത്തിലധികം അനുവദിക്കുന്നതല്ല. ഓരോ ഡിമാണ്ടിന്റെയും വാദപ്രതിവാദത്തിന് നിശ്ചയിച്ചിരിക്കുന്ന കാലം അവസാനിക്കുമ്പോൾ തത്സംബന്ധമായ പ്രയോഗിക്കാതെ കിടക്കുന്ന എല്ലാ ഉപക്ഷേപങ്ങളും സ്വയമേവ നഷ്ടമാകും. ഏഴാമത്തെ ദിവസം വൈകുന്നേരം ൫ മണിക്കു ചിലവിനുള്ള ഡിമാണ്ടുകൾ സംബന്ധിച്ച് ബാക്കികിടക്കുന്ന എല്ലാ കാര്യങ്ങളുടെയും തീർച്ച സംബന്ധിച്ചുള്ള ഓരോ പ്രശ്നത്തെക്കുറിച്ചും ൫൯ (൩)-നമ്പർ ചട്ടം അനുസരിച്ചു സഭയുടെ അഭിപ്രായം അറിയുന്നതാകുന്നു. ചിലവിനുള്ള ഡിമാണ്ടുകൾക്കു അഭിപ്രായം പറയുന്നതിൽ പ്രയോക്താവിനും മറുപടി പറയാൻ അധികാരം ഉള്ള അഫിഷ്യൽമെമ്പർമാരിൽ ഓരോരുത്തർക്കും ൧൨ മിനിട്ടു വീതം അനുവദിക്കുന്നതും മറ്റു മെമ്പർമാരിൽ ഓരോരുത്തർക്കും ൫ മിനിട്ടുവീതം അനുവദിക്കുന്നതും ആകുന്നു.

കഴിഞ്ഞാണ്ടുകളിലെ നടപടികളനുസരണമായി പണം കുറയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് അനുവാദകൻ വേണം എന്നില്ല. ബഡ്ജറ്റിനെക്കുറിച്ചു പൊതുവേയുള്ള ഗുണദോഷനിരൂപണകാലത്ത് അനുദ്യോഗസ്ഥമെമ്പർമാർ പുറപ്പെടുവിക്കുന്ന വാദങ്ങൾക്കു മറുപടി പറയാൻ ഉദ്യോഗസ്ഥമെമ്പർമാർക്ക് മതിയായ സമയം നല്കുന്നതിൽ ഗവർമ്മെണ്ടിന് സന്തോഷം ഉണ്ടായിരിക്കും.

സഭ അടുത്ത തിങ്കളാഴ്ച പകൽ ൧൧ മണിക്കു വീണ്ടും യോഗം കൂടുന്നതിനായി പകൽ മണി ൧൨ അടിച്ചു ൨൦ മിനിട്ടായപ്പോൾ പിരിഞ്ഞു.

നിയമസഭാസെക്രട്ടറി,

ടി. പി. രാമസുബ്ബയ്യർ.

അനുബന്ധം

തിരുവിതാംകോട്ട നിയമസഭ.

സ്ഥിരം ഫിനാൻസു കമ്മിറ്റി—൧൧൦൭

൧൯൩൨ ജൂലൈ ൧൩-ാംനു-ക്ക ൧൧൦൭ മിഥുനം ൨൯-ാംനു ബുധനാഴ്ച.

നിയമസഭയുടെ ൧൧൦൭-ാമാണ്ടത്തേക്കുള്ള സ്ഥിരം ഫിനാൻസ്കമ്മിറ്റിയുടെ അഞ്ചാമത്തെ യോഗം ൧൯൩൨ ജൂലൈ ൧൩-ാംനു-ക്ക ൧൧൦൭ മിഥുനം ൨൯-ാംനു ബുധനാഴ്ച ഉച്ചയ്ക്കു ൧൨ മണിയ്ക്കു ഹജൂർ കച്ചേരിയിൽ ദിവാന്റെ മുറിയിൽ കൂടി.

വി. എസ്. സുബ്രഹ്മണ്യയ്യർ എസ്ക്വയർ ബി. എ. ബി. എൽ. ദിവാൻ പ്രസിഡണ്ട്.
കെ. പി. നീലകണ്ഠപ്പിള്ള എസ്ക്വയർ ബി. എ. ബി. എൽ.
എ. എസ്. ദാമോദരൻ ആശാൻ എസ്ക്വയർ ബി. എ. ബി. എൽ.
കെ. ജോർജ് എസ്ക്വയർ ബി. എ.
എസ്. വെങ്കടരമണയ്യർ എസ്ക്വയർ ബി. എ.
ടി. പി. രാമസുബ്ബയ്യർ എസ്ക്വയർ ബി. എ.

(സംഘടകൻ)

എന്നീ മെമ്പർമാർ ഹാജരുണ്ടായിരുന്നു.

അനുദ്യോഗസ്ഥമെമ്പർമാരിൽ ഒരാൾ ആയ മിസ്റ്റർ മത്തായി മുരിക്കൻ ഹാജരായിരുന്നില്ല. അദ്ദേഹത്തിനു വേണ്ടി കമ്മിറ്റി ൧൫ മിനിട്ട് താമസിച്ചു. പന്ത്രണ്ടേകാൽ മണിക്കു ജോലി ആരംഭിച്ചു. ൧൧൦൮-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ ഒന്നാംഭാഗം ഓരോ ഡിപ്പാർട്ടുമെണ്ടായി ആലോചിക്കാൻ തുടങ്ങി, വൈദ്യുതവിളക്കുകൾ ഉള്ള സ്ഥിതിക്കു "കച്ചേരിച്ചിലവുകളും പലവകയും" എന്ന ഇനത്തിൽ വിളക്കുകൾക്കുള്ള ചിലവിൽ അനുരൂപമായ കുറവു ചെയ്യേണ്ടതാണെന്നു I ബി ഭൂനികുതി—ഡിവിഷൻകച്ചേരികൾ തഞ്ചിലവും എന്ന ഇനത്തെ സംബന്ധിച്ച് മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞു. അതനുസരിച്ചു കച്ചേരിച്ചിലവുകളും പലവകയും എന്ന ഇനത്തിൽ ൩,൯൦൦ രൂപാ ചിലവിനു നിശ്ചയിച്ചിരുന്നതിൽ ൩൦൦ രൂപാ കുറയ്ക്കണം എന്നു തീർച്ചചെയ്തു.

൨. പകർപ്പെഴുത്തുകാർക്കു പ്രതിഫലം എന്ന ഇനത്തിൽ ചിലവു ആണ്ടുതോറും വർദ്ധിച്ചുവരുന്നതുകൊണ്ടു ജുഡിഷ്യൽ ഡിപ്പാർട്ടുമെണ്ടിൽ ചെയ്തിട്ടുള്ളതുപോലെ റെവന്യൂഡിപ്പാർട്ടുമെണ്ടിൽ സ്ഥിരമായി ഏതാനും പകർപ്പെഴുത്തുകാരെ നിയമിക്കുന്നതു നല്ലതായിരിക്കും എന്നു റെവന്യൂഡിപ്പാർട്ടുമെന്റിൽ പകർപ്പെഴുത്തുകാർക്കു പ്രതിഫലം കൊടുക്കുന്നതിനു വച്ചിട്ടുള്ള വ്യവസ്ഥയെ സംബന്ധിച്ചു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞു. അപ്പോൾ മിസ്റ്റർ എ. എസ്. ദാമോദരൻ ആശാൻ ആ അഭിപ്രായത്തെ ബലപ്പെടുത്തുകയും ഈ ഇനത്തിൽ വാസ്തവച്ചിലവു കണക്കുകൊണ്ടു അറിയാവുന്നതാണെന്നും അതിനെ അടിസ്ഥാനപ്പെടുത്തി പകർപ്പെഴുത്തുകാരെ സ്ഥിരമായി നിയമിക്കാവുന്നതാണെന്നും പറഞ്ഞു. ഈ പ്രശ്നം മുമ്പാരിക്കൽ വാദിക്കപ്പെട്ടു എന്നും ഗവർമ്മെണ്ട് ആലോചിച്ചതാണെന്നും ഉള്ള നിലയെ മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ വിവരിച്ചുപറഞ്ഞു. റെവന്യൂഡിപ്പാർട്ടുമെണ്ടിൽ പകർപ്പുകൾക്കുള്ള അപേക്ഷ ചില സമയങ്ങളിലേ വരാറുള്ളു എന്നുള്ളതുകൊണ്ടു റെവന്യൂഡിപ്പാർട്ടുമെന്റിൽ സ്ഥിരശമ്പളത്തിൽ പകർപ്പെഴുത്തുകാരെ നിയമിക്കുന്നതായാൽ അവർക്കു ജുഡിഷ്യൽഡിപ്പാർട്ടുമെന്റിലെപ്പോലെ മുഴുവൻ ജോലി ഉണ്ടായിരിക്കയില്ല എന്നുകണ്ടു. അതുകൊണ്ടു ഇവർക്കു വാസ്തവത്തിൽ ചെയ്യുന്ന ജോലിക്കു പ്രതിഫലം കൊടുക്കുന്ന ഇപ്പോഴത്തെ രീതിയെ മേലും നടത്തണം എന്നു ഗവർമ്മെന്റു തീർച്ചപ്പെടുത്തി.

൩. I ജി. ഭൂനികുതി-റെവന്യൂസർവെ എന്നതിൽ ആഫീസ് ചിലവുകളും പലവകയും എന്ന ഇനത്തിനു നിശ്ചയിച്ചതായ ൭൦൦ രൂപായിൽ ൧൦൦ രൂപാ മി: കെ. പി. നീലകണ്ഠപ്പിള്ളയും മി: എ. എസ്. ദാമോദരൻ ആശാനും പറഞ്ഞതനുസരിച്ചു കുറയ്ക്കപ്പെട്ടു.

൪. പിന്നീടു കമ്മിറ്റി എക്സൈസ് ഡിപ്പാർട്ടുമെന്റിനുള്ള ബഡ്ജറ്റ് പര്യാലോചിച്ചു. "ചവുക്കത്തിലെ ട്രാവെലിങ് അലവൻസ്" എന്ന ഇനത്തിൽ എക്സൈസ് കമ്മീഷണർ ഈയാണ്ടത്തേക്കാൾ കൂടുതൽ തുക ആവശ്യപ്പെട്ടതിനു യാതൊരു കാരണവും പറഞ്ഞിട്ടില്ലാത്തതുകൊണ്ടു ആ ഇനത്തിലേക്കുള്ള ൯൦൦ രൂപായിൽ ൪൦൦ രൂപാ കുറച്ചു ആ ഡിപ്പാർട്ടുമെന്റിലെ ബഡ്ജറ്റു അനുവദിച്ചു. റിസർവ് ജീവനക്കാരായി ൧൦൦ ശിപായിമാരെ വച്ചുകൊള്ളുന്നതിനു ൧൧൦൪-ാമാണ്ടിലെ അനുവദിച്ചിരുന്നുള്ളു. ആ ജീവനക്കാരെ മേലും വച്ചുകൊണ്ടിരിക്കുന്നതിനെ മി: എ. എസ്. ദാമോദരൻ ആശാൻ ഈ അവസരത്തിൽ ആക്ഷേപിച്ചു.

൫. പോലീസ് ഡിപ്പാർട്ടുമെന്റിനുള്ള ബഡ്ജറ്റ് സ്വീകരിച്ചനുവദിച്ചു.

൬. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ കാര്യത്തിൽ സർക്കാർവകയല്ലാത്ത കാളേജുകൾക്കു സഹായധനം കൊടുക്കുന്നതിനെ നയസംബന്ധമായ ഒരു കാര്യമായി മി: കെ. പി. നീലകണ്ഠപ്പിള്ള എതിർത്തു; എന്നിരുന്നാലും ഇതിലേക്കു നിശ്ചയിച്ചിരിക്കുന്ന തുക ബഡ്ജറ്റിൽ വച്ചുകൊണ്ടിരിക്കുന്നതിനെ ആക്ഷേപം അദ്ദേഹം പറഞ്ഞില്ല. മദ്രാസിലെ മെഡിക്കൽ കാളേജിലും എഞ്ചിനീയറിങ് കാളേജിലും തിരുവിതാംകോട്ടുകാരായ വിദ്യാർത്ഥികളെ ചേർക്കുന്നില്ലെന്നും മി: എ. എസ്. ദാമോദരൻ ആശാൻ പറയുകയും ആ കാളേജുകളിൽ തിരുവിതാംകോട്ടു

കാക്കായി ഏതാനും സ്ഥലങ്ങൾ ഒഴിച്ചുവയ്ക്കുന്നതിനു സർവകലാശാലയിലെ അധികാരസ്ഥന്മാരുമായി ഏർപ്പാടുകൾ ഗവണ്മെന്റ് ചെയ്യേണ്ടതാണെന്നു നിർബന്ധമായി പറയുകയുംചെയ്തു. ഈ കാര്യത്തെക്കുറിച്ച് എഴുത്തുകുത്തു നടന്നു എന്നും അവയിൽ ചേർക്കുന്ന ഓരോ വിദ്യാർത്ഥിയുടേയും പേരിൽ ഒരു സ്ഥിരമായ തുക കൊടുക്കുന്നതായാൽപോലും ഏതാനും തിരുവിതാംകോട്ടു വിദ്യാർത്ഥികളെ പതിവായി ചേർക്കുന്നതിനു മദ്രാസ് ഗവണ്മെന്റ് സമ്മതിച്ചില്ലാ എന്നും മി: ജാർജ് വിവരിച്ചുപറഞ്ഞു.

൭. അടുത്തതായി മെഡിക്കൽഡിപ്പാർട്ടുമെന്റിലേക്കുള്ള ബഡ്ജെട്ട് എടുത്തു. മെഡിക്കൽ സെർവീസിനുള്ള ഭരണസമിതി (അഡ്മിനിസ്ട്രേട്ടിവ് ബോർഡ്) നിറുത്തലാക്കുന്നതിലേയ്ക്കായി ഒരു ഉപക്ഷേപം ഈ സഭയുടെ കഴിഞ്ഞ ബഡ്ജെട്ട് യോഗത്തിൽ പാസാക്കപ്പെട്ടിരുന്നു എന്നുള്ള കാരണത്താൽ ഈ ഭരണസമിതിയെ മേലും വച്ചുകൊണ്ടിരിക്കുന്നതിനു വേണ്ട ചിലവിനെ സംബന്ധിച്ച ആക്ഷേപം മി: കെ. പി. നീലകണ്ഠപ്പിള്ള പുറപ്പെടുവിച്ചു. തന്നുകൾ വിചെയ്തു വാങ്ങിക്കുന്നതിനുള്ള ചിലവിനെ സംബന്ധിച്ചും പ്രത്യേക വിഷയങ്ങളിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവരെ തലസ്ഥാനത്തിനുപുറമെയുള്ള ആശുപത്രികളിൽ നിയമിച്ചിരിക്കുന്നതിനെക്കുറിച്ചും ആക്ഷേപം അദ്ദേഹം പറഞ്ഞു. ആ വിദഗ്ദ്ധന്മാരെ എല്ലാം തിരുവനന്തപുരത്തു ജെനറൽ ആശുപത്രിയിൽ അംഗങ്ങളാക്കി നിയമിക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഫിനാൻസ് കമ്മിട്ടിയുടെ ഒരു മുൻ യോഗത്തിൽ ഇതേ അഭിപ്രായം പറയപ്പെട്ടിരുന്നതായും ഈ രാജ്യത്തിൽ മററു ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക ആ വിദഗ്ദ്ധന്മാരുടെ ഉപയോഗത്തിനു തുല്യമായ അവകാശം ഉണ്ട് എന്നും അവരിൽ ചിലരെ തലസ്ഥാനത്തിനു പുറമേ അയക്കുന്നതു ഉചിതമേയാകുന്നുള്ളു എന്നും ഒരിക്കലത്തെ ദിവാൻജി പറഞ്ഞതായും ഉള്ള വിവരം മി: ജാർജ് അറിയിച്ചു. ജെനറൽ ആശുപത്രിയിൽ വിദഗ്ദ്ധന്മാർ ഇല്ലാത്തതുനിമിത്തം ജനങ്ങൾ അനേകം സംഗതികളിൽ ചികിത്സയ്ക്കായി വെല്ലൂരിലേക്കും മദ്രാസിലേക്കും മററു സ്ഥലങ്ങൾക്കും പോകേണ്ടിയിരിക്കുന്നു എന്നും മി: കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞു. ഈ സംഗതിയെക്കുറിച്ചു ആലോചിക്കുന്നതാണെന്നു ദിവാൻപറഞ്ഞു. വൈദ്യസഹായത്തിനുള്ള ഭരണസമിതിയെ മേലും വച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ചുള്ള മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ ആക്ഷേപത്തിനുൾപ്പെട്ട മെഡിക്കൽ ബഡ്ജെട്ട് അനുവദിക്കപ്പെട്ടു.

കമ്മിട്ടി പകൽ മൂന്നു അടിച്ചു ൧൦ മിനിട്ട് ആയപ്പോൾ പിരിഞ്ഞു.

ഹജൂർകച്ചേരി

തിരുവനന്തപുരം

൧൧൦൯ ജൂലൈ ൧൭-ാംനു-

സ്ഥിരം ഫിനാൻസ് കമ്മിട്ടിയുടെ സംയോജകൻ

ടി. പി. രാമസുബ്ബയ്യർ.

തിരുവിതാംകോട്ടു നിയമസഭാ.

സ്ഥിരം ഫിനാൻസ് കമ്മിട്ടി ൧൧൦൯

൧൯൩൪ ജൂലൈ ൧൧-ാംനു-ക്ക ൧൧൦൯ മിഥുനം ൨൭-ാംനു- വ്യാഴാഴ്ച

നിയമസഭയുടെ ൧൧൦൯-ാമാണ്ടേക്കുള്ള സ്ഥിരം ഫിനാൻസ് കമ്മിട്ടിയുടെ ഒരു യോഗം ൧൯൩൪ ജൂലൈ ൧൧-ാംനു-ക്ക ൧൧൦൯ മിഥുനം ൨൭-ാംനു-വ്യാഴാഴ്ച പകൽ ൧൨ അടിച്ചു ൪൦ മിനിട്ടായപ്പോൾ ഹജൂർകച്ചേരിയിൽ ദിവാൻജിയുടെ മുറിയിൽക്കൂടി.

വി. എസ്. സുബ്രഹ്മണ്യയ്യർ എസ്ക്വയർ ബി. എ., ബി. എൽ. ദിവാൻ പ്രെസിഡന്റ്
കെ. പി. നീലകണ്ഠപ്പിള്ള എസ്ക്വയർ ബി. എ., ബി. എൽ.
എ. എസ്. ദാമോദരൻ ആശാന്റ, എസ്ക്വയർ ബി. എ., ബി. എൽ.
മാത്യുമുരിക്കൻ എസ്ക്വയർ ബി. എ., ബി. എൽ.
കെ. ജാർജ് എസ്ക്വയർ ബി. എ.
എസ്. വെങ്കിടരമണയ്യർ എസ്ക്വയർ ബി. എ.,
ടി. പി. രാമസുബ്ബയ്യർ എസ്ക്വയർ ബി. എ., (സംഘടകൻ)
എന്നീ മെംബർമാർ ഹാജരുണ്ടായിരുന്നു.

൮൮. ബി. പലവക—മുനിസിപ്പാലിട്ടികൾ സഹായധനം എന്ന ഇനത്തിൽ ഇതിലേക്ക ൨൦,൦൦൦ രൂപാ നീക്കിവയ്ക്കുന്നതിനു ആക്ഷേപം മി: കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞു. ഇയ്യാണ്ട് തിരുവനന്തപുരം മുനിസിപ്പാലിട്ടിക്ക യാതൊരു സഹായധനവും അനുവദിച്ചിട്ടില്ലാ എന്നും അതുകൊണ്ടു ഇത്ര വലിയ തുക ആവശ്യം ഇല്ലാ എന്നും അദ്ദേഹംപറഞ്ഞു. ഈ മുനിസിപ്പാലിട്ടി അനേകം പുതിയപണികൾ ഈയ്യാണ്ട് നടത്തിച്ചിട്ടുള്ളതുകൊണ്ട് ഈ സഹായം ലഭിക്കുന്നതിനുള്ള ന്യായം ഈ മുനിസിപ്പാലിട്ടി സമ്പാദിച്ചിട്ടുണ്ടെന്നു ദിവാൻപറഞ്ഞു എന്നു തന്നെയുമല്ല അനേകം ചെറിയ മുനിസിപ്പാലിട്ടികളുടെ ധനസ്ഥിതിയേയും മററു അവസ്ഥകളേയും പരിശോധിച്ചതിൽ പിന്നീടു അവയ്ക്കു ൧൧൦൮-ാമാണ്ട് സഹായം കൊടുക്കേണ്ട വിഷയം ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നും ഉണ്ട്. മുനിസിപ്പാലിട്ടികൾക്ക സഹായധനമായി നിശ്ചയിച്ചിരുന്ന ൨൦,൦൦൦ രൂപയിൽനിന്നു മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ നിർദ്ദേശത്തിന്മേൽ ൫,൦൦൦ രൂപാ ഒടുവിൽ കുറയ്ക്കപ്പെട്ടു. മുനിസിപ്പാലിട്ടികൾക്കു സഹായധനം കൊടുക്കുന്നതിലും ആ സഹായധനം ഇത്രയെന്നു പരിച്ഛേദിക്കുന്നതിലും ഒരു നിശ്ചിതമായ നിതി വേണ്ടതാണെന്നു ഏതത്സംബന്ധമായി മി: എ. എസ്. ദാമോദരൻ ആശാൻ നിർദ്ദേശിച്ചു.

പിന്നീടു ൧൧൦൯-ാമാണ്ടത്തെ ബഡ്ജെട്ടിൽ ഉൾപ്പെടുത്തുന്നതിനായി താഴെ ചേർത്തിരിക്കുന്ന പുതിയ പദ്ധതികളെ പര്യാലോചനത്തിനായി ഗവണ്മെണ്ട് സ്വീകരിച്ചു.

I. ഭൂനികുതി.

(൧) ഖജനാവുകളിൽ ഉള്ള ഏഴു നോട്ടക്കാർക്ക് ൧൧൦൮ ചിങ്ങം ൧-ാനു മുതൽ ൧൩-൫-൨൦ രൂപാ ശമ്പളസ്കേൽ അനുവദിക്കുന്നതിനും മാസം ഒന്നുക്കു ൧൪ രൂപാവീതം ഉള്ള ഇപ്പോഴത്തെ ശമ്പളത്തിന്മേൽ സർവീസിന്റെ ഗുണദോഷങ്ങൾ കരുതി ഒന്നാമത്തെ തവണക്കു ശമ്പളക്കൂടുതൽ കൊടുക്കുന്നതിനും ഉള്ള നിർദ്ദേശത്തേയും ൧൧൦൮-ാമാണ്ടത്തെ ബഡ്ജറ്റിൽ താഴെ വിവരിക്കുംപോലെ ഇക്കാര്യത്തിലേക്കു ൧൪ രൂപാ നീക്കിവയ്ക്കുന്നതിനേയും കമ്മിട്ടി അനുമതിച്ചു.

I ബി. ഡിവിഷൻകച്ചേരികൾ ൮൮ രൂപാ

I സി. താലൂക്കുകച്ചേരികൾ ൨൨ രൂപാ

(൨) നെടുമങ്ങാട്ടു താലൂക്കിൽ പുതുവൽജോലിക്കു അനുവദിച്ചിട്ടുള്ള താത്കാലിക ജീവനക്കാരിൽ ൨൮ രൂപയിൽ ഒന്നും ൨൦ രൂപയിൽ ഒന്നും ആയി രണ്ടു ക്ലാർക്കന്മാരെമാത്രം വച്ചിരിക്കുന്നതിനുള്ള നിർദ്ദേശത്തേയും ഇവരുടെ ശമ്പളത്തിനു ൧൧ മാസത്തേക്കു വേണ്ട തുകയായ ൪൯൮ രൂപാ ൧൧൦൮-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ "I സി താലൂക്കുകച്ചേരികൾ" എന്ന ഇനത്തിൽ നീക്കിവയ്ക്കുന്നതിനും കമ്മിട്ടി അനുവദിച്ചു.

(൩) ചിറയിൻകീഴ് താലൂക്കാഫീസിൽ ൨൦-൨/൩-൩൦ രൂപാ ശമ്പളത്തിൽ ഒരു ക്ലാർക്കിനെ സ്ഥിരമായി നിയമിക്കുന്നതിനും അയാൾക്കു ൧൧ മാസത്തേക്കു ശമ്പളത്തിനു ൧൧൦൮-ാമാണ്ടത്തെ ബഡ്ജറ്റിൽ "I സി താലൂക്കുകച്ചേരികൾ" എന്ന ഇനത്തിൽ ൨൨൦ രൂപാ നീക്കിവയ്ക്കുന്നതിനും ഉള്ള നിർദ്ദേശം കമ്മിട്ടി അനുവദിച്ചു ഇതിലേക്കു മി: എ. എസ്. ദാമോദരൻ ആശാൻ ആക്ഷേപം പറഞ്ഞു.

(൪) ൧൧൦൪-ാമാണ്ടിൽ പുതുവൽജോലിക്കായി സ്വീകരിച്ച കുന്നത്തുനാട്ടിലും തൊടുപുഴയിലും മററു പുതുവൽ താലൂക്കുകളിലും വലിയ മൈനർ സർവേക്കളെ ചെറിയ ഭാഗങ്ങളായി പിരിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിനായും തൊടുപുഴ, കൊട്ടാരക്കര, കുന്നത്തൂർ, പത്തനംതിട്ട എന്നീ താലൂക്കുകളിൽ അതിനൊത്ത പണികൾ നടത്തുന്നതിനും ആയി ൪൦ രൂപാ വീതം ശമ്പളത്തിൽ ൮ ഡെപ്യൂട്ടിസർവെയർമാരും ൨൮ രൂപാ വീതം ശമ്പളത്തിൽ ൩൦ ഫീൽഡ് സർവെയർമാരും ൯ രൂപാവീതം ശമ്പളത്തിൽ ൩൮ ശിപായിമാരും ൨ രൂപാവീതം ശമ്പളത്തിൽ ൮൦ ചങ്ങലക്കാരും കൂടിയതായ താത്കാലിക ജീവനക്കാരെ ൧൧൦൪-ാമാണ്ടത്തേക്കു അനുവദിച്ചിരുന്നതിനെ ൧൧൦൮-ാമാണ്ടു മുഴുവനിലേക്കും തുടർന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശം കമ്മിട്ടി അംഗീകരിച്ചു. താഴെ വിവരിച്ചിരിക്കുംപോലെ ഇതിലേക്കു "I സി. താലൂക്കുകച്ചേരികൾ" എന്ന ഇനത്തിൽ ൧൧൦൮-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ ൨൩,൫൧൮ രൂപാ വെക്കുന്നതിനും സമ്മതിച്ചു.

൧൧ മാസത്തേക്കു ജീവനക്കാരുടെ ശമ്പളം		രൂ. ൧൩,൫൧൮
തണ്ടെലവ്		
ചങ്ങലക്കാർക്കു കൂലി	രൂ. ൪,൨൦൦	
സർക്കാർ ഭൂമികളിൽ ഡിമാർക്കേഷനു ചിലവു	,, ൩,൯൦൦	
മററു തണ്ടെലവു	,, ൧,൮൦൦	രൂ. ൧൦,൦൦൦
ആകെ	൧൦,൦൦൦	
		ആകെ രൂ. ൨൩,൫൧൮

(൫). കൊല്ലംഡിവിഷനിലെ മററു താലൂക്കുകളിൽ വെള്ളക്കെട്ടുള്ള മററു ൧൨ പകുതികൾക്കു കൊടുക്കുന്നതുപോലെ കൊല്ലം താലൂക്കിലും അമ്പലപ്പുഴ താലൂക്കിലും ഉള്ള താഴെ ചേർത്തിരിക്കുന്ന വെള്ളക്കെട്ടുള്ള പകുതികളിൽ ഉള്ള പകുതി ഉദ്യോഗസ്ഥന്മാർക്ക് ഓരോരുത്തർക്കും മാസം ൧-ക്കു ൩ രൂപാവീതം വള്ളംവകയ്ക്കുള്ള അലവൻസ് കൊടുക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു "I ഡി പ്രവൃത്തികച്ചേരികൾ സഞ്ചാരപ്പടി" എന്ന ഇനത്തിൽ ൧൧൦൮-ാമാണ്ടിൽ ൧൧ മാസത്തേക്കു ചിലവിനായി ൧൩൨ രൂപാ നീക്കിവയ്ക്കുന്നതിനും ഉള്ള നിർദ്ദേശവും കമ്മിട്ടി അംഗീകരിച്ചു:-

കൊല്ലംതാലൂക്കിൽ പെരുനാട്ടുപകുതി.

അമ്പലപ്പുഴ താലൂക്കിൽ (൧) പുറക്കാട്ടുപകുതി, (൨) അമ്പലപ്പുഴ പകുതി, (൩) ആലപ്പുഴ പകുതി.

(൬) റെവന്യൂഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ മാസം ൧-ക്കു ൭ രൂപാമാത്രം ശമ്പളം ഉള്ള ൧൧൬൦ ശിപായിമാർക്ക് ൯-൧/൬-൧൧ രൂപാ ശമ്പളസ്കേൽ താഴെ വിവരിക്കുംപോലെ കൊടുക്കുന്നതിനുള്ള നിർദ്ദേശം കമ്മിട്ടി അടുത്തതായി അംഗീകരിച്ചു:-

(൧) പകുതികച്ചേരികളിൽ ഉള്ള ൯൨൦ ശിപായിമാർ
(൨) കണ്ടെഴുത്തുകണക്കെഴുത്തുകച്ചേരികളിൽ ൨൩ ,,
(൩) ലാൻഡ്റിക്കാർഡ്സ് എസ്റ്റാബ്ലിഷ്മെന്റിൽ ൨൩൦ ,,

"I ഡി. പ്രവൃത്തികച്ചേരികൾ" എന്ന ഇനത്തിൽ ൧൦,൦൦൦ രൂപയും "I ഇ. കണ്ടെഴുത്തുകച്ചേരികൾ" എന്ന ഇനത്തിൽ ൨൮൩ രൂപയും "I എഫ്. ലാൻഡ് റിക്കാർഡ്സ് എസ്റ്റാബ്ലിഷ്മെണ്ട്" എന്ന ഇനത്തിൽ ൨,൮൩൦ രൂപയും ആയി ആകെ ൧൬,൭൬൩ രൂപാ ൧൧൦൮-ാമാണ്ടത്തെ ബഡ്ജറ്റിൽ ഇക്കാര്യത്തിലേക്കു നീക്കിവയ്ക്കുന്നതിനു കമ്മിട്ടി സമ്മതിച്ചു.

(൭) താണ പ്രദേശങ്ങളിലുള്ള മൂന്നു ഡിവിഷനിലുംകൂടി ൨൭ താലൂക്കുകളിൽ ലാൻഡ് റെക്കാർഡ്സ ജീവനക്കാർ അയക്കുന്ന അസംഖ്യം സ്കെച്ചുകൾ പരിശോധിക്കുന്നതിനായി മാസം ൧-ക്കു ൨൦ രൂപാവീതം ശമ്പളത്തിൽ ൧൪ കംമ്പ്യൂട്ടർ ഡ്രാഫ്ട്സ്മെൻ അടങ്ങിയതായ ഒരുകൂട്ടം താത്കാലിക ജീവനക്കാരെ സർവ്വേസൂപ്രണ്ടിന്റെ ആഫീസിൽ മേലും വച്ചുനടത്തുന്നതിനുള്ള നിർദ്ദേശവും ൧൧൦൪ കർക്കടകം ൧-ാനു മുതൽ ൧൨ മാസത്തേക്കു അവരുടെ ശമ്പളത്തിനായി ൩,൩൬൦ രൂപാ "ജി. റെവന്യൂസർവ്വേ" എന്ന ഇനത്തിൽ ൧൧൦൮-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നതിനും കമ്മിട്ടി സമ്മതിച്ചു.

(൨) ദേവികുളം, പീരുമേട എന്നീതാലൂക്കുകളിൽ ലാൻഡ് റിക്കാർഡ്സ് പ്രവൃത്തിക്കു കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം കമ്മിട്ടി അടുത്തതായി പരിശോധിച്ചു അനുവദിച്ചു. ഓരോ താലൂക്കിലേക്കും ൪൦-൫/൩-൫൦ രൂപാ ശമ്പളത്തിൽ ൧ റവന്യൂസൂപ്പർവൈസരും ൧൪ രൂപാ വീതം ശമ്പളത്തിൽ ൨ അമീൻമാരും മാസം ൧-ക്കു ൯ രൂപാവീതം ശമ്പളത്തിൽ ൩ ശിപായിമാരും കണ്ടിജൻസിയിൽ നിന്നു ശമ്പളം കൊടുക്കത്തക്കവണ്ണം മാസം ൧-ക്കു ൭ രൂപാവീതം ശമ്പളത്തിൽ ൩ ചങ്ങലക്കാരും അടങ്ങിയ ഒരുകൂട്ടം ജീവനക്കാർ ഉണ്ടായിരിക്കുന്നതാകുന്നു. രണ്ടു താലൂക്കുകൾക്കുംകൂടി ൧൧൦൮-മാണ്ടിൽ ൧൧ മാസത്തേക്കു ചിലവു താഴെ വിവരിച്ചിരിക്കുംപോലെയായിരിക്കുന്നതാകുന്നു.

ജീവനക്കാർ

മാസം ൧-ക്കു ൪൦ രൂപാവീതം ശമ്പളത്തിൽ ൨ റവന്യൂസൂപ്പർവൈസർമാർക്ക്	രൂ.	൮൦
൧൪ രൂപാവീതം ശമ്പളത്തിൽ ൪ അമീൻമാർക്ക്	,,	൫൬
൯ രൂപാവീതം ശമ്പളത്തിൽ ൬ ശിപായിമാർക്ക്	,,	൫൪
ചോകൻ അലവൻസ്	,,	൯൬
൨ സൂപ്പർവൈസർമാർക്ക് മാസം ൧-ക്കു ൨൦ രൂപാവീതം സ്ഥിരം ട്രാവലിങ് അലവൻസ്	,,	൪൦
മാസം ൧-ക്കു ആകെ	,,	൩൨൬
മാസം ൧൧-ക്കു ആകെ	,,	൩,൫൮൬
കണ്ടിൻജെൻസി മാസം ൧-ക്കു ൭ രൂപാ വീതം ൬ ചങ്ങലക്കാർക്ക് ൧൧ മാസത്തേക്കു	,,	൪൬൨
മൊത്തം	,,	൪,൦൪൮

(൯) കോട്ടയത്തും മൂവാറ്റുപുഴയും തത്കാലത്തേക്കുള്ള സർവേസ്കൂളിനെ മേലും നടത്തുന്നതിനുള്ള നിർദ്ദേശവും അതിലേക്കു താഴെ വിവരിക്കുംപോലെ ൧൧൦൮-മാണ്ടത്തെ ബഡ്ജെട്ടിൽ "1. ജി. റെവന്യൂസർവേ" എന്ന ഇനത്തിൽ ൨,൦൨൬ രൂപാ നീക്കിവയ്ക്കുന്നതിനും കമ്മിട്ടി അംഗീകരിച്ചു.

൧-൧൧ മാസത്തേക്കു രണ്ടു സ്കൂളുകൾക്കുംകൂടി ജീവനക്കാരുടെ ശമ്പളം (൯൧൩ ,, ൨൫)	രൂ.	൧,൮൨൬
൨. കണ്ടിജെൻസി	രൂ.	൨൦൦
ആകെ	രൂ.	൨,൦൨൬

ഈ സംസ്ഥാനത്തുള്ള സർവേസ്കൂളുകളിൽ യാതൊന്നിലും തിയൊഡൊലൈട് സർവേ പഠിപ്പിക്കാറില്ലെന്നു ഈ പ്രശ്നത്തെക്കുറിച്ചുള്ള വാദത്തിനിടയ്ക്കു മി: എ. എസ്. ദാമോദരൻ ആശാൻ പറയുകയും ആ വിഷയം തിരുവനന്തപുരത്തെ സർവേസ്കൂളിൽ എങ്കിലും പഠിപ്പിക്കുന്നതു ഗുണകരം ആയിരിക്കും എന്നു നിർദ്ദേശിക്കയും ചെയ്തു. ഈ സംഗതിയെ ആലോചിക്കാം എന്നു ദിവാൻപറഞ്ഞു.

൨. എക്സൈസ്.

(൧൦)

മാസംഒന്നുക്കു ൩൫ രൂപാ ശമ്പളത്തിൽ ൧ മൂന്നാംഗ്രേഡ് ഇൻസ്പെക്ടരും
,, ൨൨ ,, ൧ മൂന്നാംഗ്രേഡ് പ്രൊറ്റിആഫീസരും
,, ൧൩ ,, ൧ ഒന്നാംഗ്രേഡ് പ്യൂണും
,, ൧൨ ,, ൨ രണ്ടാംഗ്രേഡ് പ്യൂണും
,, ൧൧ ,, ൨ മൂന്നാംഗ്രേഡ് പ്യൂണും
,, ൯ ,, ൧ അഞ്ചാംഗ്രേഡ് പ്യൂണും

അടങ്ങിയതായി ഒരുകൂട്ടം ജീവനക്കാരെ പീരുമേട്ട എക്സൈസ് റേഞ്ചിൽ നിയമിക്കുന്നതിനുള്ള നിർദ്ദേശത്തെ കമ്മിട്ടി ആലോചിച്ച് അംഗീകരിച്ചു ഇതിലേക്കു ൧൧൦൮-മാണ്ടത്തെ ബഡ്ജെട്ടിൽ "II സി. എക്സൈസ്" എന്ന ഇനത്തിൽ ൧,൩൭൫ രൂപാ നീക്കിവയ്ക്കുന്നതിനും കമ്മിട്ടി സമ്മതിച്ചു.

(൧൧) അച്ചൻകോവിൽ, പിറവം, ആര്യങ്കാവ് എന്നീ അതിർത്തിസ്ഥലങ്ങളിൽ കാവലിനായി
മാസംഒന്നുക്കു ൨൨ രൂപാവീതം ശമ്പളത്തിൽ ൪ മൂന്നാംഗ്രേഡ് പ്രൊറ്റിആഫീസർമാരും
,, ൧൦ ,, ൪ നാലാംഗ്രേഡ് ശിപായിമാരും
,, ൯ ,, ൨൮ അഞ്ചാംഗ്രേഡ് ശിപായിമാരും

അടങ്ങിയതായ ഒരുകൂട്ടം തത്കാല ജീവനക്കാരെ ൧൧൦൮-ാമാണ്ടും വച്ചുനടത്തുന്നതിനും അതിലേക്കു ൧൧൦൮-ാമാണ്ടത്തെ ബഡ്ജെട്ടിൽ "II സി. എക്സൈസ്" ഇനത്തിൽ ൫,൯൪൦ രൂപാ നീക്കിവയ്ക്കുന്നതിനും കമ്മിട്ടി സമ്മതിച്ചു.

൩. ചവുക്ക.

(൧൨) മാസം ൧-ക്കു ൧൮ രൂപാ ശമ്പളത്തിൽ ഒരു നാലാംഗ്രേഡ് പ്രൊറ്റിആഫീസരും ൧൨ രൂപാ ശമ്പളത്തിൽ ഒരു രണ്ടാംഗ്രേഡ് ശിപായിയും ൯ രൂപാശമ്പളത്തിൽ ഒരു അഞ്ചാംഗ്രേഡ് ശിപായിയുംകൂടിയ ഒരുകൂട്ടം ജീവനക്കാരെ അകത്തുചേറിയിൽ പുതുതായി പരിശോധനാർത്ഥം ഇടങ്ങിട്ടുള്ള കറയിൽവെസ്റ്റേഷനിൽ ചവുക്കയ്ക്കു തത്കാലികമായി നിയമിച്ചിട്ടുള്ളതിനെ ൧൧൦൮-ാമാണ്ടും തുടർന്നു നടത്തിക്കുന്നതിനും അതിലേക്കു ൧൧൦൮-ാമാണ്ടത്തെ ബഡ്ജെട്ടിൽ "൫ എ. ചവുക്കത്തീരുവ" ഇനത്തിൽ ൪൨൯ രൂപാ എന്നു തുക നീക്കിവയ്ക്കുന്നതിനും ഉള്ള നിർദ്ദേശം കമ്മിട്ടി അംഗീകരിച്ചു.

(൧൩) പുഞ്ചിയാംപുരത്തു പുതുതായി പരിശോധനാർത്ഥം ഇടങ്ങിട്ടുള്ള കറയിൽവെസ്റ്റേഷനിൽ ചവുക്കയ്ക്കു മേൽപറഞ്ഞതുപോലെയുള്ള ഒരുകൂട്ടം ജീവനക്കാരെ ൧൧൦൮-ാമാണ്ടും തുടർന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു ൧൧൦൮-ാമാണ്ടത്തെ ബഡ്ജെട്ടിൽ "൫ എ. ചവുക്കത്തീരുവ" ഇനത്തിൽ ൪൨൯ രൂപാ എന്ന തുക നീക്കിവയ്ക്കുന്നതിനും ഉള്ള നിർദ്ദേശം കമ്മിട്ടി അംഗീകരിച്ചു.

(൧൪) എഴുകോണിൽ പുതുതായി പരിശോധനാർത്ഥം ഇടക്കിട്ടുള്ള റെയിൽവെസ്റ്റേഷനിൽ ചവുക്ക മേൽപറഞ്ഞതുപോലെയുള്ള ഒരുകൂട്ടം ജീവനക്കാരെ മേലും വച്ചു നടത്തിക്കുന്നതിനു ൧൧൦൫ മാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ "൫ എ. ചവുക്കത്തിരുവ" ഇനത്തിൽ ൪൨൯ രൂപാ എന്ന തുക നീക്കിവയ്ക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

(൧൫) "൫ എ. കടൽചവുക്ക" എന്ന ഇനത്തിൽ ൧൧൦൬-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ ആലപ്പുഴ കടൽ ൫൦-൫/൨-൭൦ രൂപാ ശമ്പളത്തിൽ ഒരു അപ്രൈസറെ നിയമിക്കുന്നതിനുള്ള നിർദ്ദേശത്തെ കമ്മിറ്റി അടുത്തു പര്യാലോചിക്കയും ഈ ഉദ്യോഗം ഒരു കൊല്ലത്തേക്ക പരിശോധനാർത്ഥം ആയിരിക്കണം എന്നുള്ള വ്യവസ്ഥയോടുകൂടി അതു അനുവദിക്കയും ൧൧൦൫ മാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ "൫ എ. ചവുക്ക" എന്ന ഇനത്തിൽ ഇക്കാര്യത്തിലേക്ക ൪൪൦ രൂപാ നിശ്ചയിക്കണം എന്നു സമ്മതിക്കയും ചെയ്തു.

൪. വനംഡിപ്പാർട്ടുമെൻറ്.

(൧൬) രാജകീയവൃക്ഷങ്ങളിൽ കുടിവിലയ്ക്കുള്ള അവകാശങ്ങളെ തീർച്ചചെയ്യുന്നതിലേക്കുള്ള വിശേഷാൽ ജീവനക്കാരെ മേലും വച്ചുകൊള്ളുന്നതിനുള്ള നിർദ്ദേശത്തെ അടുത്തായി കമ്മിറ്റി ആലോചനചെയ്കയും എത്രയാളുകളുടെ അവകാശം ഇതേവരെ തീർച്ചചെയ്തു എന്നും ഇനി എത്ര തീർച്ച ചെയ്യാനുണ്ടു എന്നും ഉള്ള വിവരം ലഭ്യം അല്ലാതിരുന്നതുകൊണ്ടു ഇതിന്റെ പര്യാലോചന പിറെറദിവസത്തേക്ക മാററിവെക്കയും ചെയ്തു.

(൧൭) ഡിപ്പാർട്ടുമെൻറിൽ ഫാറെസ്റ്റർമാരെ പരിശീലിപ്പിക്കുന്നതിനുള്ള പാഠശാലയുടെ ആവശ്യകതയെക്കുറിച്ചു വേണ്ടവിവരം ലഭിച്ചതിൽ പിന്നീടു ആ പാഠശാലയെ മേലും നടത്തിക്കേണ്ടതിന് ആലോചിക്കുന്നതിനായി അതു പിറെറദിവസത്തേക്ക മാററിവെക്കപ്പെട്ടു.

(൧൮) വനംവക അവകാശത്തീർച്ചയ്ക്കുള്ള ആഫീസ് താഴെ ചേർത്തിരിക്കുന്ന കണക്കുപ്രകാരം ജീവനക്കാരോടുകൂടി ൧൧൦൫-ാമാണ്ട് ചിങ്ങമാസത്തേക്കും നടത്തിക്കുന്നതിനുള്ള നിർദ്ദേശം കമ്മിറ്റി അംഗീകരിക്കയും ശമ്പളത്തിന് ൫൦൦ രൂപയും ജീവനക്കാർക്ക് ൧൩൮ രൂപയും ടെയിലവിൻസ് ൫൦ രൂപയും ആയി "൩ ഡി. വനംവക അവകാശതീർച്ച" ഇനത്തിൽ ൧൧൦൫-ാമാണ്ടത്തെ ബഡ്ജറ്റിൽ ൬൮൮ രൂപാ താഴെ വിവരിക്കുംപോലെ ചേർക്കുന്നതിന് അനുവദിക്കയും ചെയ്തു.

൬൦ രൂപാശമ്പളത്തിൽ ഒരു ഹെഡ്ക്ലാർക്ക്
൩൦ രൂപാശമ്പളത്തിൽ ഒരു ക്ലാർക്ക്
൨൦ രൂപാശമ്പളത്തിൽ ഒരു ടൈപ്പിസ്റ്റ്
൧൦ രൂപാശമ്പളത്തിൽ ഒരു ധഫേദാർ
൯ രൂപാവീതം ശമ്പളത്തിൽ ൯ ശിപായിമാർ

(൧൯) ൧൧൦൨ മാണ്ടിലും ൧൧൦൩ മാണ്ടിലും ആരംഭിച്ച ൧൩ ടെമ്പററി സബ്റെജിസ്ട്രികളെ ൧൧൦൫ മാണ്ടു മേലും നടത്തിക്കുന്നതിനും അതിലേക്കു ൧൧൦൬ മാണ്ടത്തെ ബഡ്ജററിൽ "൮-സി രജിസ്ട്രേഷൻ" എന്ന ഇനത്തിൽ ൧൧ മാസത്തേക്കു താഴെവിവരിക്കുംപോലെ ആവശ്യം ഉള്ള ൨൩,൬൨൬ രൂപാ നീക്കിവെക്കുന്നതിനും കമ്മിററി സമ്മതിച്ചു.

ശമ്പളം (൬൦-൫-൯൦) രൂപയിൽ ൧൩ സബ്രജിസ്ട്രാർമാർക്ക് ൧൧ മാസത്തേക്ക്	രൂ. ൮,൮൫൦
എസ്റ്റാബ്ലിഷ്മെണ്ട്.	
൧൩ ഹെഡ്ക്ലാർക്കന്മാർക്ക് (൩൦-൧-൩൫) ൧൧ മാസത്തേക്ക്	രൂ. ൪,൨൯൦
൩൮ ക്ലാർക്കന്മാർക്ക (൧൫-൧½/൩-൨൪) ൧൧ മാസത്തേക്ക	രൂ. ൬,൨൭൦
൨൬ ശിപായിമാർക്ക് (൮-൧/൬-൧൧) ൧൧ മാസത്തേക്ക	രൂ. ൨,൫൭൪
വാടക	രൂ. ൧,൬൦൦
ക്രേക്ക് ശമ്പളം	രൂ. ൩൧൨
ആകെ	രൂ. ൨൩,൮൯൬

൨൦. ചെങ്ങൽ, കൊല്ലകടവു, വെളിയം എന്ന സ്ഥലങ്ങളിൽ ആയി തൽക്കാലത്തേക്ക മൂന്നു പുതിയ സബ്റെജിസ്ട്രി ആഫീസുകൾ താഴെ ചേർത്തിരിക്കുന്ന ജീവനക്കാരോടുകൂടി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കമ്മററി അനുവദിച്ചു.

൩ സബ്റെജിസ്ട്രാർമാർ (൬൦-൫-൯൦ രൂ) ൧൧ മാസത്തേക്ക്	രൂ. ൧൯൮൦
൩ ഹെഡ്ക്ലാർക്കന്മാർ (൩൫-൧-൪൦ രൂ.) ,,	രൂ. ൧൧൫൫
൯ ക്ലാർക്കന്മാർ (൨൦ രൂ.) ,,	രൂ. ൧൯൮൦
൬ ശിപായിമാർ (൯-൧/൬-൧൧ രൂ.)	രൂ. ൫൬൪
[illegible], വാടക മുതലായവ	രൂ. ൧൬൫൦
ആകെ	രൂ. ൭൩൫൯

൧൧൦൬-ാമാണ്ടത്തേക്കുള്ള ബഡ്ജററിൽ "൮ സി രെജിസ്ട്രേഷൻ" ഇനത്തിൽ ൭൩൫൯ രൂപാ നീക്കിവെക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൨൧ (൧) അമരവിള, (൨) ബാലരാമപുരം, (൩) തിരുവനന്തപുരം അഡിഷണൽ, (൪) നെടുമങ്ങാട്ടു അഡിഷനൽ, (൫) ചടയമംഗലം, (൬) കൊട്ടാരക്കര, (൭) പത്തനാപുരം, (൮) ചാത്തന്നൂർ, (൯) കുണ്ടറ, (൧൦) കൊല്ലം, (൧൧) ശാസ്താംകോട്ട, (൧൨) മാവേലിക്കര, (൧൩) വെണ്മണി, (൧൪) [illegible]പ്പള്ളി അഡിഷനൽ, (൧൫) ആററിങ്ങൽ, (൧൬) കരുനാഗപ്പള്ളി, (൧൭) നെടുമങ്ങാട്ട, (൧൮) ചങ്ങനാശ്ശേരി, (൧൯) വൈക്കം, (൨൦) കൃഷ്ണപുരം എന്നീ ജോലികൂടുതൽ ഉള്ളതായ ൨൦ സബ്റെജിസ്ട്രാർ ആഫീസുകളിൽ ഓരോന്നിലും ൫ രൂപാ വീതം ശമ്പളത്തിൽ താൽക്കാലിക ക്ലാർക്കന്മാരെ ൧൧൦൫ മാണ്ടു മേലും നടത്തിക്കുന്നതിനുള്ള നിർദ്ദേശം കമ്മിററി അടുത്തതായി ആലോചിച്ചു. (൧) അമരവിള, (൨) നെടുമങ്ങാട്ടു അഡിഷനൽ, (൩) കൊട്ടാരക്കര, (൪) പത്തനാപുരം, (൫) മാവേലിക്കര, (൬) ആററിങ്ങൽ, (൭) നെടുമ

ങ്ങാട്ട്, (൬) ചങ്ങനാശ്ശേരി എന്നീ ൬ സബ്‌രെജിസ്ത്രാർ ആഫീസുകളിൽ ക്ലാക്കിനെ കമ്മട്ടികുറയ്ക്കയും ശേഷം ഉള്ള ൧൨ ആഫീസുകൾക്കും മാസം ൧ക്ക ൧൫ രൂപാവീതം ൧൧ മാസത്തേക്കു ൧൨ ക്ലാർക്കന്മാരുടെ ശമ്പളത്തിനു വേണ്ടതായ ൧൯൮൦ രൂപാ ൧,൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൬ സി രെജിസ്ത്രേഷൻ" ഇനത്തിൽ നീക്കിവെക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൨൨. പിന്നീട്ട സബ്‌രെജിസ്ത്രാർകച്ചേരികളിൽ ക്ലാർക്കന്മാരുടെ ശമ്പളം കൂട്ടുന്നതിനുള്ള നിർദ്ദേശം ആലോചനക്കായി സ്വീകരിക്കപ്പെട്ടു. സബ്‌രെജിസ്ത്രി ആഫീസുകളിൽ ഇപ്പോൾ ഉള്ള ജീവനക്കാർ താഴെ പറയും പോലെ ആകുന്നു.

(൩൦-൧-൩൫) രൂപാ ശമ്പളത്തിൽ	൧൫	സ്ഥിരം ഹെഡ്ക്ലാർക്കമാർ
(൨൦-൨/൩-൩൦)	,,	൨ ,,
(൩൦-൧-൩൫)	,,	൧൩ ടെമ്പററി ഹെഡ്ക്ലാർക്കന്മാർ
(൧൫-൧൨/൩-൨൪)	,,	൩൮൨ സ്ഥിരം ക്ലാർക്കമാർ
(൧൫-൧൨/൩-൨൪)	,,	൩൬ ടെമ്പററിക്ലാർക്കമാർ
൧൫	,,	൨൭ ,,

നിർദ്ദേശം സംസ്ഥാനം പ്പെട്ടുള്ള ഈ തരം ജീവനക്കാർ എല്ലാവർക്കും ഒരേ സ്കെയിൽ നിശ്ചയിക്കയും സ്ഥിരമായാലും താൽക്കാലികമായാലും ഹെഡ്ക്ലാർക്കമാർക്ക് ൩൫-൧-൪൦ രൂപാവീതം ഒരേവിധത്തിലു ശമ്പള സ്കെയിൽ കൊടുക്കയും ചെയ്യണം എന്നാകുന്നു. ശേഷം ക്ലാർക്കുകൾക്ക എത്രയുംകുറഞ്ഞ ശമ്പളത്തെ ൨൦ രൂപായാക്കണം എന്നും താഴെ ചേർത്തിരിക്കും പോലെ പല ഗ്രേഡുകളായി വിഭജിക്കണം എന്നും ആകുന്നു നിർദ്ദേശം അതാവിതു,

സ്ഥിരം—൩൦ രൂപായിൽ ൨൬ ൨൧½ രൂപയിൽ ൬൦, ൨൫ രൂപായിൽ ൧൨൫, ൨൨½ രൂപായിൽ ൧൦൦, ൨൦ രൂപാ ശമ്പളത്തിൽ ൪൩.

താൽകാലികം — ൨൦ രൂപാശമ്പളത്തിൽ ൫൬.

ഇതിലേക്ക കൂടുതൽ വേണ്ടിവരുന്ന ശരാശരിച്ചിലവു സ്ഥിരക്കാരുടെ വകയ്ക്കു ൨,൫,൬൪൨ രൂപയും താൽക്കാലികക്കാരുടെ വകയ്ക്കു ൧,൧൨൬ രൂപയും ആകുന്നു. ഈ പരിഷ്കാരത്തിനായി ബഡ്ജറ്റിൽ ചെയ്യേണ്ടതായ വ്യവസ്ഥ മാസംതോറും സ്ഥിരം ജീവനക്കാരുടെ വകയ്ക്കു ൧൪൦൩½ രൂപയും താൽകാലിക ജീവനക്കാരുടെ വകയ്ക്കു ൨൭൫ രൂപയും അല്ലെങ്കിൽ ൧൧൦൮ മാണ്ടു ൧൧ മാസത്തേക്ക ൧൬,൩൫൩½ രൂപാ ആകുന്നു. ഗ്രേഡ് ഏർപ്പാടിനുപകരം സ്കെയിലിൽ എത്രയും ഉയന്ന ശമ്പളം എല്ലാവർക്കും എത്താൻ കഴിവുണ്ടാകത്തക്ക പണ്ണം കാലാവധിതോറും ഉള്ള സ്കെയിൽ ഉണ്ടായിരിക്കേണ്ടതാണെന്നു മിസ്റ്റർ ഏ, എസ്, ദാമോദരൻ ആശാൻ നിർദ്ദേശിച്ചു. ഗ്രേഡ് ഏർപ്പാട്ടു കാലാവധിതോറും ഉള്ള സ്കെയിലിനെക്കാൾ നല്ലതാണെന്നു അനുഭവത്താൽ കണ്ടിരിക്കുന്നതായി ദിവാൻ പറഞ്ഞു. ഗ്രേഡ് ഏർപ്പാടിനു മിസ്റ്റർ ദാമോദരൻ ആശാന്റെ ആക്ഷേപത്തിനു ഉൾപ്പെട്ട ഈ പദ്ധതി പിന്നീട്ട അനുവദിക്കപ്പെട്ടു. ഇതിലേക്ക ൧൬,൩൫൩½ രൂപാ "൬ സി രെജിസ്ത്രേഷൻ" ഇനത്തിൽ ൧൧൦൫ മാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നതിനും കമ്മിററി സമ്മതിച്ചു.

V. ജായിന്റസ്റ്റാക്കകമ്പനികൾ

൨൩. ജായിന്റ്സ്റ്റാക്കകമ്പനികൾക്കുള്ള രെജിസ്ത്രാരുടെ ആഫീസിൽ ൨൫-൫/൩-൪൦ രൂപാ ശമ്പളത്തിൽ കൂടുതലായി ഒരു സ്ഥിരം ക്ലാക്കിനെ നിയമിക്കുന്നതിനുള്ള നിർദ്ദേശവും ഇതിലേക്ക ൧൧൦൫ മാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ "൬ സി ജായിന്റ് സ്റ്റാക്കകമ്പനികൾ" എന്നുള്ള ഇനത്തിൽ ൨൧൫ രൂപാ നീക്കിവയ്ക്കുന്നതിനും കമ്മിററി അംഗീകരിച്ചു.

VI. ജെനറൽ അഡ്മിനിസ്ത്രേഷൻ—ഹജൂർകച്ചേരി

൨൪. ഹജൂർകച്ചേരിക്ക ചേർന്നതായ ടെലിഫോൺഎക്സ്ചേഞ്ചിൽ മാസം ഒന്നുക്ക ൨൦ രൂപാ വീതം ശമ്പളത്തിൽ രണ്ടു ടെമ്പററി ക്ലാർക്കന്മാർ ഉള്ളതിനെ ൧൧൦൫ മാണ്ടത്തേക്കും വച്ചുകൊണ്ടിരിക്കണം എന്നുള്ള നിർദ്ദേശവും അതിലേക്ക ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൧൫ എ ജനറൽ അഡ്മിനിസ്ത്രേഷൻ ഹജൂർകച്ചേരി" എന്ന ഇനത്തിൽ ൪൪൦ രൂപാ നീക്കിവയ്ക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൨൫. ഷാർട്ട്ഹാൻഡ്റിപ്പോർട്ടർ ജോലിചെയ്യുന്ന ൨൦-൩/൨-൩൫-൫/൩-൫൦ രൂപാശമ്പളം ഉള്ളടൈപ്പിസ്റ്റിന്റെ ശമ്പളത്തെ, ഷാർട്ട്ഹാൻഡ്റിപ്പോർട്ടർക്കുള്ള എത്രയും കുറഞ്ഞ സ്കെയിലായ ൪൦-൫-൧൦൦ രൂപായാക്കിപ്പുതുക്കുകയും ൧൧൦൫-ചിങ്ങം ൧൫-മുതൽ ൨൫-൩/൨-൩൫-൫/൩-൫൦ ശമ്പളം ഉള്ള ഒരു ടൈപ്പിസ്റ്റിനെകുറയ്ക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശം കമ്മിററി സമ്മതിച്ചു. ഇയാൾ ഇപ്പോൾതന്നെ ഷാർട്ട്ഹാൻഡ്റിപ്പോർട്ടർക്കുള്ള എത്രയും കുറഞ്ഞ ശമ്പളം കിട്ടുന്നതുകൊണ്ടു ഈ നിർദ്ദേശത്തിനു കൂടുതൽ ചിലവു ഒന്നും ഇല്ല.

൨൬. സെക്രട്ടറിയേട്ടിലെ ലോവർ ഗ്രേഡ്ക്ലാക്കന്മാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശത്തെ കമ്മിട്ടി സൂക്ഷ്മമായി പരിശോധിച്ചു. ൨൫-൫/൨-൩൦-൩/൫-൫൦ രൂപാ ശമ്പളത്തിൽ ഇപ്പോൾ ൪൪ ഗ്രാഡ്വേട്ടുകൾ അല്ലാത്ത ലോവർഗ്രേഡ് ക്ലാക്കന്മാർ ഉണ്ട്. ൧൫ രൂപാ വീതം ശമ്പളത്തിൽ ൬ സ്ഥാനങ്ങളും ൬൦ രൂപാ വീതം ശമ്പളത്തിൽ ൬ സ്ഥാനങ്ങളും ഉണ്ടാകുകയും അത്രയും എണ്ണമായ ൧൨ പേരെ ൨൫-൫/൨-൪൦-൫/൩-൫൦ രൂപാശമ്പളക്കാരിൽനിന്നു കുറച്ചു ആ ഗ്രേഡിൽ ൩൨ പേരു ആക്കുകയും ചെയ്യണം എന്നാകുന്നു നിർദ്ദേശം. ഇതിനെ അപേക്ഷിച്ചു കുറേക്കൂടി നല്ലതായ പദ്ധതി ഉണ്ടാക്കാൻ കഴികയില്ലയോ എന്നു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ചോദിച്ചു. അതു ഇതിനെക്കാൾ വളരെ അധികം ചിലവുള്ളതായിരിക്കും എന്നുള്ളതുകൊണ്ടു അതു കാര്യസാദ്ധ്യം ആയിരിക്കയില്ല എന്നു ദിവാൻ പറഞ്ഞു. എന്നിരുന്നാലും ഈ നിർദ്ദേശം അനുവദിക്കപ്പെട്ടു. ഇതിലേക്ക ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൧൫ എ ജെനറൽ അഡ്മിനിസ്ത്രേഷൻ ഹജൂർകച്ചേരി" എന്ന ഇനത്തിൽ ൧൧൦൫ മാണ്ടു ൧൧ മാസത്തേക്ക ആവശ്യം ഉള്ള തുകയായ ൧൫൯൫ രൂപാനീക്കി വയ്ക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൨൭. തിരുവനന്തപുരം വാട്ടർവൊർക്സ്, തിരുവനന്തപുരം എലെക്ട്രിസിററിസ്കീം എന്നീ രണ്ടുപുതിയ ഡിവിഷൻ പബ്ലിക്‌വർക്സ് ഡിപ്പാർട്ടുമെന്റിൽ കൂടുതലായി ഉണ്ടാക്കിയതു നിമിത്തം സെക്രട്ടേറിയട്ടിലെ പബ്ലിക് വൊർക്സ് സെക്ഷനിൽ ജോലിവർദ്ധിച്ചിരിക്കുന്നതുകൊണ്ടു ആ സെക്ഷനിലേക്ക താൽകാലമായി കൂടുതലായി നിയമിച്ചിട്ടുള്ള മാസം ഒന്നുക്ക ൪൦ രൂപാശമ്പളത്തിൽ ഒരു ക്ലാക്കിനെയും ൨൩ രൂപാ ശമ്പളത്തിൽ

ആയ ടൈപ്പിസ്റ്റിനേയും ൧൧൦൯ മാണ്ടും തുടൎന്നു നടത്തുന്നതിനുള്ള നിൎദ്ദേശം അനുവദിക്കപ്പെട്ടു. ൧൧൦൯ മാണ്ടത്തെ ബഡ്ജറ്റിൽ "൧൫ എ ജെനറൽ അഡ്മിനിസ്ട്രേഷൻ ഹജൂർകച്ചേരി" എന്ന ഇനത്തിൽ ഇതിലേക്കുള്ള ചിലവ് ആയ ൩൬൦ രൂപാ നീക്കിവയ്ക്കുന്നതിനും ഈ ചിലവിനെ ൧൧൦൮-ൽ എന്നപോലെ "[illegible] തുകകൾ" എന്ന ഇനത്തിൽ ചിലവെഴുതുന്നതിനും കമ്മിട്ടി അനുവദിച്ചു.

൨. സെക്രട്ടേറിയറ്റിലെ റിക്കാർഡ്സ് സെക്ഷനിൽ വിശേഷാൽ ജോലിക്കായി താഴെ വിവരിക്കും പോലെ നിയമിച്ചിരുന്ന ഇപ്പോഴുള്ള താൽക്കാലിക ജീവനക്കാരെ ൧൧൦൯ മാണ്ട് വച്ചു നടത്തിക്കുന്നതിനുള്ള നിൎദ്ദേശം കമ്മിട്ടി അംഗീകരിക്കയും ഇതിലേക്കു ൧൧ മാസത്തേക്കു വേണ്ടുന്ന തുകയായ ൫൯൦൯ രൂപാ ൧൧൦൯ മാണ്ടത്തെ ബഡ്ജറ്റിൽ "൧൫ എ ജെനറൽ അഡ്മിനിസ്ട്രേഷൻ ഹജൂർകച്ചേരി" എന്ന ഇനത്തിൽ നീക്കിവെക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൧൧ മാസത്തേക്കു ൨൧൦ രൂപാ ശമ്പളത്തിൽ സ്പെഷ്യൽ ആഫീസർക്ക്	രൂ	൨,൩൧൦
,, ൪൦ രൂപാവീതം ശമ്പളത്തിൽ ൨ ഗ്രാഡ്യുവേറ്റ് ക്ലാർക്ക്	,,	൮൮൦
,, ൨൫ രൂപാ വീതം ശമ്പളത്തിൽ ൨ ടൈപ്പിസ്റ്റന്മാർക്ക്	,,	൫൫൦
,, ൯ രൂപാവീതം ശമ്പളത്തിൽ ൨ ശിപായിമാർക്ക്	,,	൧൯൮
,, ൫ സം ൧-ക്കു ൮൫ രൂപാവീതം ൨ ഗ്രാഡ്യുവേറ്റ് ക്ലാർക്കന്മാർക്കും ൫ അണ്ടർഗ്രാഡ്യുവേറ്റ് ക്ലാർക്കന്മാർക്കും ഡെപ്യൂട്ടേഷൻ അലവൻസ്	,,	൩൭൫
,, ൩ രൂപാവീതം ൨ മൊച്ചിമാർക്കും ൨ ശിപായിമാർക്കും അലവൻസ്	,,	൧൩൨
,, ൨൦ രൂപാവീതം ശമ്പളത്തിൽ ൨ പകർപ്പെഴുത്തുകാർക്ക്	,,	൪൪൦
,, ൧൨ രൂപാവീതം ശമ്പളത്തിൽ ൨ ബൈൻഡർമാർക്ക്	,,	൨൬൪
ആകെ	രൂ.	൫൯൦൯

കമ്മിട്ടി വൈകുന്നേരം നാലു മണിക്കു പിരിഞ്ഞു.

ഹജൂർകച്ചേരി

തിരുവനന്തപുരം ൧൯൩൩ ജൂലൈ ൭-നു

സ്ഥിരം ഫിനാൻസ്
കമ്മിട്ടിയുടെ സംയോജകൻ
ടി. പി. രാമസുബ്ബയ്യർ.

തിരുവിതാംകോട്ട നിയമസഭ,
സ്ഥിരം ഫിനാൻസ് കമ്മിട്ടി, ൧൧൦൮.
൧൯൩൩ ജൂലൈ ൭-ാം൹ ൧൧൦൮ മിഥുനം ൨൩-ാം൹ വെള്ളിയാഴ്ച

നിയമസഭയിലെ ൧൧൦൮ മാണ്ടേക്കുള്ള സ്ഥിരം ഫിനാൻസ് കമ്മിട്ടിയുടെ ഏഴാമത്തെ യോഗം ൧൯൩൩ ജൂലൈ ൭-ാം൹ ൧൧൦൮ മിഥുനം ൨൩-ാം൹ വെള്ളിയാഴ്ച ഉച്ചയ്ക്കു ൧൨ മണിക്കു ഹജൂർകച്ചേരിയിൽ ദിവാൻ കച്ചേരി ചെയ്യുന്ന മുറിയിൽ കൂടി.

വി. എസ്. സുബ്രഹ്മണ്യയ്യർ എസ്ക്വയർ ബി. എ., ബി. എൽ. ദിവാൻ പ്രസിഡെണ്ട്.
കെ. പി. നീലകണ്ഠപിള്ള എസ്ക്വയർ- ബി. എ., ബി. എൽ.
എ. എസ്. ദാമോദരൻ ആശാൻ എസ്ക്വയർ- ബി. എ., ബി. എൽ.
മാത്യു മുരിക്കൻ എസ്ക്വയർ- ബി. എ., ബി. എൽ.
കെ. ജോർജ് എസ്ക്വയർ- ബി. എ.
എസ്. വെങ്കടരമണയ്യർ എസ്ക്വയർ- ബി. എ.
ടി. പി. രാമസുബ്ബയ്യർ എസ്ക്വയർ- ബി. എ. സംയോജകൻ
എന്നി മെംബർമാർ ഹാജരുണ്ടായിരുന്നു.

വനം ഡിപ്പാർട്ട്മെണ്ട്.

൧. കുടിവിലയ്ക്കുള്ള അപേക്ഷകൾ എത്ര എണ്ണം ഇതേവരെ തീർച്ചചെയ്തിട്ടുണ്ടെന്നും ഇനി എത്രയെണ്ണം തീർച്ചചെയ്യാനുണ്ടെന്നും ഉള്ള വിവരം വനം കൺസർവേട്ടരുടെ പക്കൽനിന്നു കിട്ടേണ്ടതിലേക്കായി തല്ക്കാലം മാറ്റിവച്ചിരുന്നതും രാജകീയ വൃക്ഷങ്ങൾക്കു കുടിവിലയ്ക്കുള്ള അവകാശങ്ങളെ തീർച്ചചെയ്യുന്നതിലേക്കായി കൺസർവേട്ടരുടെ ആഫീസിൽ മാസം ൧-ക്കു ൨൫ രൂപാവീതം ശമ്പളത്തിൽ ൨ ക്ലാർക്കന്മാരും ഡിവിഷൻ ആഫീസുകൾക്കു ൨൦ രൂപാവീതം ശമ്പളത്തിൽ ൫ ക്ലാർക്കന്മാരും അടങ്ങിയ വിശേഷാൽ ജീവനക്കാരെ ൧൧൦൯-ൽ തുടർന്നു നടത്തിക്കുന്നതിനായിട്ടുള്ളതും ആയ നിർദ്ദേശം കമ്മിട്ടി ആലോചനക്കായി സ്വീകരിച്ചു. മേൽപറഞ്ഞ നിർദ്ദേശത്തിനായി ൧൧൦൯ മാണ്ടത്തെ ബഡ്ജറ്റിൽ "൩ ബി. വനം ജീവനക്കാർ" എന്ന ഇനത്തിൽ ൧൩൫൦ രൂപാ നീക്കിവയ്ക്കുന്നതിനു കമ്മിട്ടി സമ്മതിച്ചു.

൨. രണ്ടുകൊല്ലത്തേക്കു കോന്നിയിൽ സ്ഥാപിച്ചിട്ടുള്ള വനംവക പാഠശാലയെ ഇപ്പോഴുള്ള ജീവനക്കാരോടുകൂടി ൧൧൦൯ മാണ്ടും തുടർന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു താഴെവിവരിക്കും പോലെ ൧൨൦൮ രൂപാ ൧൧൦൯ മാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ "൩ ബി. വനം ജീവനക്കാർ" എന്ന ഇനത്തിൽ നീക്കിവയ്ക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

ഡെപ്യൂട്ടേഷൻ അലവൻസ്	രൂ.	൩൪൨
ട്രാവലിംഗ് അലവൻസ്	,,	൫൦൦
കണ്ടിൻജൻസി	,,	൧൫൦
൯ രൂപാവീതം ശമ്പളത്തിൽ ൨ ശിപായിമാർക്ക്	,,	൨൧൬
	ആകെ രൂ.	൧൨൦൮

ജെനറൽ അഡ്മിനിസ്ട്രേഷൻ.

൩. ൪൦-൫-൬൦ രൂപായിൽ ഒരു ക്ലാർക്കും ൨൦-൩/൨-൩൫-൫/൩-൫൦ രൂപായിൽ ഒരു ടൈപ്പിസ്റ്റും ൯-൧/൩-൧൧ രൂപായിൽ രണ്ടു ശിപായിമാരും കൂടുതൽ ആയി നിയമിച്ച് പ്രെസ്സിൽ ഉള്ള ജീവ

നക്കാരെ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്ക ൧൧൦൯ മാണ്ടത്തെ ബഡ്ജറ്റിൽ ൧൫ എ ജെ നറൽ അഡ്മിനിസ്ട്രേഷൻ ഹജൂർകച്ചേരി'' എന്ന ഇനത്തിൽ ൧൪൮൨ രൂപാ നീക്കിവയ്ക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

൨. ഒരു മുനിസിപ്പൽ മാനുവൽ തയ്യാറാക്കുന്നതിനും ഫാറസ്റ്റ്കോഡും സിവിൽ അക്കൗണ്ട് കോഡിലെ രണ്ടാംഭാഗവും പുതുക്കുന്നതിനും ആയി ൧൨൦ രൂപാശമ്പളത്തിൽ ഒരു സൂപ്രണ്ടും ൨൦ രൂപാശമ്പളത്തിൽ ഒരു ക്ലാർക്കും ൯ രൂപാ ശമ്പളത്തിൽ ഒരു ശിപായിയും ചേർന്നതായ ഒരുകൂട്ടം ജീവനക്കാരെ ൩ മാസത്തേക്ക താൽകാലമായി അക്കൗണ്ടാഫീസിൽ നിയമിക്കുന്നതിനുള്ള നിർദ്ദേശവും ഇതിലേക്ക ൧൧൦൯ മാണ്ടത്തെ ബഡ്ജറ്റിൽ "൧൫ ബി. ജെനറൽഅഡ്മിനിസ്ട്രേഷൻ-അക്കൗണ്ടാഫീസ്'' എന്ന ഇനത്തിൽ ൧൧൩൨ രൂപാനീക്കിവയ്ക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

നീതിന്യായഭരണം.

൫. ഹൈക്കോടതിയിൽ താല്ക്കാലിക ജഡ്ജിയും ൭ താല്ക്കാലിക സെഷൻസ്ജഡ്ജികളുടെ കോർട്ടുകളും ൨ താല്ക്കാലിക മുൻസിഫ്കോർട്ടുകളും നെടുമങ്ങാട്ടെ മുൻസിഫ് മജിസ്ട്രേട്ട്കോർട്ടും ൧൧൦൯ മാണ്ടത്തേക്ക തുടർന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശം കമ്മിറ്റി ആലോചിച്ചു. ഈ താൽക്കാലിക കോടതികളെല്ലാം തുടർന്നു നടത്തിക്കേണ്ടതു് അത്യാവശ്യം ആണെന്നു ഇതേവരെ ലഭിച്ച അനുഭവത്തിൽനിന്നു കാണുന്നതായാൽ ഇവയെസ്ഥിരമാക്കാം എന്നു മിസ്റ്റർ കെ. പി. നീലകണ്ഠപിള്ള പറഞ്ഞു. നീതിനടത്തിപ്പിൽ താമസത്തെക്കുറിച്ചു ആലോചിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിക്കുന്നസ്ഥിതിക്ക ഈ പ്രശ്നം മാറ്റിവെയ്ക്കാം എന്നു ദിവാൻ പ്രെസിഡണ്ട് പറഞ്ഞു. കമ്മിറ്റി അനുസമ്മതിക്കയും മേല്പറഞ്ഞ നിർദ്ദേശവും അതിലേക്ക ൧൧൦൯ മാണ്ടത്തെ ബഡ്ജറ്റിൽ "൧൩ എ, ബി, നീതിന്യായഭരണം'' എന്ന ഇനത്തിൽ താഴെ വിവരിച്ചിരിക്കുംപോലെ ൩൦൧,൮൮൮ രൂപാ നീക്കിവയ്ക്കുന്നതിനും കമ്മിറ്റി അനുവദിക്കയും ചെയ്തു.

I. ൧൩ എ ഹൈക്കോടതി.

അഡിഷനൽ ജഡ്ജിമാർ ൮ (൯൰൦)	രൂ ൧൯,൮൦൦
ക്ലാർക്കന്മാർ (൫൫), (൨൦), ൬ (൩൦), ൮ (൮൫) ടെംപററി ൬൫, ൮൫ മൊച്ചി (൧൨) ഹെഡ്പ്യൂൺ (൧൪) ശിപായിമാർ ൮ (൧൦) ൧൦ (൯) കാപ്പിയിസ്റ്റും ൨ (൧൫)	രൂ, ൩൦൮൬
ആകെ	രൂ. ൮൫,൮൮൬

II. ൧൩ ബി സിവിലും സെഷൻസുംകോർട്ടുകൾ

(എ) താല്ക്കാലിക രണ്ടാം ജഡ്ജിമാർ ൭ (൨൦൦)	രൂ. ൬൦,൮൦൦
ക്ലാർക്കന്മാർ ൭ (൬൫) ൮൧ (൮൫) ശിപായിമാർ ൫൮ (൯) ൧൯ (൧൦)	രൂ. ൧൩,൩൦൮
(ബി) മുൻസിഫ്മാർ ൨ (൨൦൦)	രൂ. ൮൮൦൦
ക്ലാർക്കന്മാർ ൨ (൬൦) ൧൩ (൮൦) മൊച്ചി ൨ (൧൦) ശിപായിമാർ ൮ (൯) പ്രോസസ് ശിപായിമാർ ൨൨ (൧൦) ൮൦ (൯) കാപ്പിസ്റ്റ്മാർ ൧൮ (൧൫)	രൂ. ൧൫,൮൩൮
(സി) മുൻസിഫ് മജിസ്ട്രേട്ടിന്റെ കോർട്ട്, നെടുമങ്ങാട്ട് ൧൧൦൫ കുംഭം മുതൽ ൫ മാസത്തേക്ക മുൻസിഫ് (൧൫൦)	രൂ. ൭൫൦
ഹെഡ്ക്ലാർക്ക് (൪൫) നാജർ (൨൦) ക്ലാർക്കന്മാർ ൯ (൮൦) കാപ്പിസ്റ്റ്മാർ ൨ (൧൫) ആമിൻ ൬ (൧൮) വർഡർ (൧൦) മൊച്ചി (൧൦) ശിപായിമാർ ൮ (൯) പ്രോസസ്പ്യൂൺ ൧൫ (൧൦)	രൂ. ൮,൮൬൫
(എ)യും (ബി)യും (സി)യും ആകെ	രൂ. ൭൫,൬൮൯
I-ം II-ം മാതങ്ങൾ ആകെ	രൂ. ൧,൧൮൬൮

൩. ഹൈക്കോർട്ടിലും കീഴ്കോടതികളിലും താഴെ ചേർത്തിരിക്കുന്ന കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം അടുത്തതായി കമ്മിറ്റി ആലോചിച്ചു.

ഹൈക്കോടതിയിലെ ജീവനക്കാർ

൨൦-൫/൮-൭൦ രൂപാവീതം ശമ്പളത്തിൽ		൮ ക്ലാർക്കന്മാർ
൮൫-൫/൬-൫൦ രൂപാ	,,	൮ ക്ലാർക്കന്മാർ
൮൦-൬/൧-൬൫-൫/൬-൫൦	,,	൬ ടൈപ്പിസ്റ്റും
൧൮-൫-൮൦	,,	൧ ലൈബ്രറി അറ്റെണ്ടർ

൩. ഡിസ്ട്രിക്ട്കോടതികൾക്ക

൨൦-൬/൮-൬൦ രൂപാശമ്പളത്തിൽ ൩ ഡിസ്ട്രിക്ട്കോടതികളിൽ ഓരോന്നിലേക്കും ൧ ക്ലാർക്കവീതം ൩ ക്ലാർക്കന്മാർ

൩ അഫിഷ്യൽറിസീവർമാർക്ക

൮൦-൬/൮-൬൦ രൂപാശമ്പളത്തിൽ ഓരോ ആഫീസിലേക്കും ൧ ക്ലാർക്കവീതം ൩ ക്ലാർക്കന്മാർ

൮൬ പ്രിൻസിപ്പൽമുൻസിഫ്കോർട്ടുകൾക്ക

ഓരോ കോർട്ടിലേക്കും ൮൦-൬/൮-൬൦ രൂപാ വീതം ശമ്പളത്തിൽ ൮ ക്ലാർക്കവീതം ൩ ക്ലാർക്കന്മാർ

൭ അഡിഷനൽമുൻസിഫ്കോർട്ടുകൾക്ക

ഓരോകോർട്ടിലേക്കും ൮൦-൮/൬-൬൦ രൂപാവീതം ശമ്പളത്തിൽ ഒരു ക്ലാർക്കവീതം ൭ ക്ലാർക്കന്മാർ

൫ മുൻസിഫ്മജിസ്ട്രേട്ട്കോടതികൾക്ക

ഓരോകോർട്ടിലേക്കും ൮൦-൮/൬-൬൦ രൂപാവീതം ശമ്പളത്തിൽ ഒരു ക്ലാർക്കവീതം ൫ ക്ലാർക്കന്മാർ

നീതിനടത്തിപ്പിൽ താമസത്തെക്കുറിച്ചും സ്ഥലാതിർത്തികളും വീണ്ടും വിഭജിക്കേണ്ടതിനെക്കുറിച്ചും ആലോചിക്കുന്നതിനായി നിയമിക്കാൻപോകുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് കിട്ടുന്നതുവരെ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രശ്നം മാറ്റിവയ്ക്കണം എന്നു മി. എ. എസ്. ദാമോദരൻ ആശാൻ നിർദ്ദേശിച്ചു അ-

ആനയുള്ള റിപ്പോർട്ടിന്മേൽ യാതൊരു നടപടിയും ഒരു കൊല്ലത്തിനകം നടത്തുന്നതു സാദ്ധ്യം അല്ലാത്തതുകൊണ്ട് ഈ കൂടുതൽ ജീവനക്കാരെ ഒരാണ്ടത്തേക്ക താൽക്കാലികമായി നിയമിക്കുന്നതിനു സമ്മതിച്ചു.

൨. പ്രിൻസിപ്പൽ മുൻസിഫ് കോടതികൾക്ക ഓരോന്നിനും ഓരോ ക്ലാർക്കുവീതം നിയമിച്ചാൽമതി എന്നും ഈ കൂടുതൽ ജീവനക്കാർ എല്ലാവരും ഒരാണ്ടത്തേക്ക താൽക്കാലികമായി ഇരിക്കേണ്ടതാണെന്നും മി. കെ. പി. നീലകണ്ഠപിള്ള നിർദ്ദേശിച്ചു. കമ്മിട്ടി ഈ നിർദ്ദേശം അംഗീകരിക്കയും മേൽ പറഞ്ഞവിധം കുറവുചെയ്തതുപോലെയുള്ള താൽക്കാലിക ജീവനക്കാർക്ക ൧൧൦൫ മാണ്ട് ൧൧ മാസത്തേക്കുവേണ്ട തുകയായ ൧൨,൩൨൮ രൂപാ ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൧൩ ബി. നീതിന്യായഭരണം സിവിൽകോർട്ടുകളും സെഷൻസ് കോർട്ടുകളും" എന്ന ഇനത്തിൽ നീക്കിവയ്ക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൭. തിരുവനന്തപുരത്തുള്ള വില്ലേജ്‌പഞ്ചായത്തും ബെഞ്ച്‌മജിസ്ട്രേട്ടും കോർട്ടിലേക്ക ൧൧൦൫ ചിങ്ങം ൧-നു മുതൽ ൨൦-൨/൩-൩൦ രൂപാശമ്പളത്തിൽ കൂടുതലായി ഒരു ക്ലാർക്കിനെ നിയമിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്ക ൧൧ മാസത്തേക്ക ആവശ്യം ഉള്ള തുകയായ ൨൨൦ രൂപാ ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൧൩ ബി. നീതിന്യായഭരണം സിവിലും സെഷൻസും കോടതികൾ" എന്ന ഇനത്തിൽ നീക്കിവെക്കുന്നതിനും കമ്മിട്ടിസമ്മതിച്ചു.

൮. മാസം ഒന്നുക്ക (൧൫൦-൨൫-൨൫൦) രൂപാശമ്പളത്തിൽ മൂന്നു ടെമ്പററി സർക്കാർ വക്കീൽമാരേയും ൨൦-൨/൩-൩൦ രൂപാവീതം ശമ്പളത്തിൽ ൩ ക്ലാർക്കുമാരും ൯-൧/൩-൧൧ രൂപാവീതം ശമ്പളത്തിൽ ൩ ശിപായിമാരും ചേർന്ന് അവരുടെ കീഴിൽ ഉള്ള ജീവനക്കാരെയും ൧൧൦൫ മാണ്ടുമുതൽ നടത്തിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്ക ൧൧൦൫ മാണ്ടേക്കുള്ള ബഡ്ജറ്റിൽ "൧൩ ഇ. നീതിന്യായഭരണം ലാ ആഫീസർമാർ" എന്ന ഇനത്തിൽ ൮,൯൯൮ രൂപാ നീക്കിവെക്കുന്നതിനും കമ്മിററി അംഗീകരിച്ചു.

൯. ശിരിനടത്തയിൽ താമസത്തിനുള്ള കാരണങ്ങളെക്കുറിച്ചു അന്വേഷണം നടത്തുന്നതിനു ആറുമാസം കാലത്തേക്ക താഴെ ചേർത്തിരിക്കുന്ന ജീവനക്കാരോടുകൂടി ഒരു ഹൈക്കോടതി ജഡ്ജിയെ നിയോഗിക്കുന്നതിനുള്ള നിർദ്ദേശത്തെ മി. കെ. പി. നീലകണ്ഠപിള്ളയുടെ ആക്ഷേപത്തിന്മേൽപ്പെട്ടും ഇതിലേക്ക ൧൧൦൫ മാണ്ടേക്കുള്ള ബഡ്ജറ്റിൽ "൧൩ എ. നീതിന്യായഭരണം ഹൈക്കോർട്ട്" എന്ന ഇനത്തിൽ ൧൩,൧൭൨ രൂപാനീക്കിവെക്കുന്നതിനും കമ്മിട്ടി സമ്മതിച്ചു.

ഒരു ഹൈക്കോട് ജഡ്ജി	രൂ.	൯൦൦
ഡെപ്യൂട്ടേഷൻ അലവൻസ്		൧൮൦
ഒരു ഡിസ്ട്രിക്ട് മുൻസിഫ്		൨൫൦
ഡെപ്യൂട്ടേഷൻ അലവൻസ്		൫൦
ഒരു ക്ലാർക്ക്		൭൫
ഒരു ക്ലാർക്ക്		൫൦
ഒരു ക്ലാർക്ക്		൩൦
ഒരു ടൈപ്പിസ്റ്റ്		൨൫
അഞ്ചുശിപായിമാർ (൧൨ രൂപയിൽ ഒന്നും ൧൦ രൂപാവീതം ൪-ം)		൫൨
ട്രാവെലിങ് അലവൻസ്		൩,൦൦൦
കണ്ടിജെൻസി		൫൦൦
ആകെ പോലീസ്		൧൩,൧൭൨

൧൦. ൭൫-൫-൧൦൦ രൂപാശമ്പളത്തിൽ ഒന്നും ൪൦-൨/൫-൭൦ രൂപാശമ്പളത്തിൽ ഒന്നും ൨൫/൨-൪൦ രൂപാവീതം ശമ്പളത്തിൽ മൂന്നും ൨൦-൩൦-രൂപാവീതം ശമ്പളത്തിൽ മൂന്നും ഇപ്രകാരം ൮ ക്ലാർക്കുമാർ പൊലീസ് ഹെഡ്ക്വാർട്ടേർസ് ആഫീസിലേക്കും ഡിസ്ട്രിക്ട് പൊലീസ് ആഫീസുകളിലേക്കും തല്ക്കാലമായി കൂടുതലായി നിയമിച്ചിട്ടുള്ളവരെ ൧൧൦൫-ാം മാണ്ട് ഇടന്ന് നടത്തിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്ക ൧൧൦൫-ാം മാണ്ടത്തെ ബഡ്ജറ്റിൽ "൧൫ എ- ബി. പൊലീസ്" എന്ന ഇനത്തിൽ ൨൭൫൦ രൂപാ, നീക്കിവെക്കുന്നതിനും കമ്മട്ടി സമ്മതിച്ചു.

൧൧. നെടുമങ്ങാടുതാലൂക്കിൽ മരതന്തുരിനടുത്തു പാലോട്ടിൽ ൧൮ രൂപാശമ്പളത്തിൽ ഒരു ഹെഡ്കാൺസ്റ്റേബിളും ൧൨-രൂപാശമ്പളത്തിൽ ഒരു രണ്ടാം ക്ലാസ് കാൺസ്റ്റേബിളും ൧൧-രൂപാശമ്പളത്തിൽ രണ്ടു മൂന്നാം ഗ്രേഡ് കാൺസ്റ്റേബിൾമാരും ൧൦ രൂപാശമ്പളത്തിൽ ഒരു നാലാംഗ്രേഡ് കാൺസ്റ്റേബിളും അടങ്ങിയതായ ഒരു പൊലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കമ്മിട്ടി അംഗീകരിക്കയും അതിലേക്ക ൧൧൦൫ മാണ്ടത്തെ ബഡ്ജെട്ടിൽ "൧൮ എ- ബി. പോലീസ്" ഇനത്തിൽ ൩൭൨ രൂപാ നീക്കി വെക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൧൨. കണിയാപുരം റെയിൽവെസ്റ്റേഷനിൽ മാസം ഒന്നുക്ക ൧൩ രൂപാശമ്പളത്തിൽ ബീട് കാൺസ്റ്റേബിളിനെ മേലും വച്ചു നടത്തിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്ക ൧൧൦൫ മാണ്ടത്തെ ബഡ്ജെട്ടിൽ "൧൮ ബി. ഡിസ്ട്രിക്ട്പൊലീസ് ഇനത്തിൽ ൧൪൩ രൂപാനീക്കിവെക്കുന്നതിനും കമ്മിട്ടിസമ്മതിച്ചു.

൧൩. അകത്തുമുറിയിൽ പുതുതായി ആരംഭിച്ചിട്ടുള്ള എക്സ്പെരിമെണ്ടൽ റെയിൽവേസ്റ്റേഷനിൽ ൧൩ രൂപാശമ്പളത്തിൽ ബീട് കാൺസ്റ്റേബിളിനെ മേലും വച്ചുനടത്തിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്ക ൧൧൦൫ മാണ്ടത്തെ ബഡ്ജെട്ടിൽ "൧൮ ബി. ഡിസ്ട്രിക്ട് പൊലീസ് ഇനത്തിൽ ൧൪൩ രൂപാ നീക്കിവയ്ക്കുന്നതിനും ഗവർമ്മെൻറ് അനുവദിച്ചു.

൧൪. പുതുതായി ചേർത്ത ൯ പ്രൊബേഷനറി ഇൻസ്പെക്ടർമാർക്ക അവരുടെ പഠിത്തകാലത്തു മാസം ഒന്നുക്ക ൩൦ രൂപാവീതം സ്റ്റൈപ്പെൻറു ൨൦ രൂപാവീതം കുതിരപ്പടിയും കൊടുക്കുന്നവകയ്ക്കു ൧൧൦൫ മാണ്ടത്തെ ബഡ്ജെട്ടിൽ "൧൮. ബി. ഡിസ്ട്രിക്ട്പൊലീസ്" ഇനത്തിൽ ൫൪൦൦ രൂപാ അനുവദിക്കുന്നതിനും, കമ്മട്ടി സമ്മതിച്ചു.

വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ട്.

൧൫. ദുർഗ്ഗുണപരിഹാര പാഠശാലയിൽ തയ്യൽ പഠിപ്പിക്കുന്നതിനു പകരം നെയ്ത്തു പഠിപ്പിക്കണം എന്നുള്ള നിർദ്ദേശവും അതിലേക്കു ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ ൨൦ ഈ വിശേഷാൽ വിദ്യാഭ്യാസം എന്ന ഇനത്തിൽ താഴെ വിവരിക്കുംപോലെ ൧൮൦൫ രൂപാ നീക്കിവയ്ക്കുന്നതിനും കമ്മിട്ടിസമ്മതിച്ചു.

ജീവനക്കാർ

൧൧ മാസത്തേക്കു ൨൦ രൂപാവീതം ശമ്പളത്തിൽ നെയ്ത്തു അദ്ധ്യാപകനു	രൂ.	൨൨൦
കണ്ടിജൻസി		
സാമഗ്രികളും യന്ത്രസാമഗ്രികളും	രൂ.	൬൪൦
അടിസ്ഥാനങ്ങൾ		൧൦൦
അസംസ്കൃതപ്പദാർത്ഥങ്ങളും സാമഗ്രികളും		൩൬൦
പ്രത്യേകം ഒരു പുരകെട്ടുന്നതിനു		൮൦൦
ആകെ	രൂ.	൨൧൨൦

തയ്യൽ അദ്ധ്യാപകന്റെ ഉദ്യോഗം നിറുത്തലാക്കുന്നതുകൊണ്ടുള്ള ചിലവു മിച്ചത്തെ കുറയ്ക്കണം (ശമ്പളം ൧൬൫ രൂപയും കണ്ടിജെൻസി ൧൫൦ രൂപയും) രൂ. ൩൧൫

കുറവുനീക്കിത്തുക രൂ. ൧൮൦൫

കൃഷിയും മത്സ്യവ്യവസായവും.

൧൬. കൃഷിയും മത്സ്യവ്യവസായവും വക ഡൈറക്ടരുടെ ആഫീസിൽ മാസം ഒന്നുക്കു ൨൦ രൂപാവീതം ശമ്പളത്തിൽ തൽക്കാലമായി നിയമിച്ചിട്ടുള്ള രണ്ടു ക്ലാർക്കുമാരെ ൧൧൦൫ മാണ്ടും തുടർന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശംകമ്മിട്ടി അംഗീകരിക്കയും ൧൧൦൫ മാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ ൨൧ എ. കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ ഇനത്തിൽ ൧൧ മാസത്തേക്കു അവരുടെ ശമ്പളം ആയ ൪൪൦ രൂപാ നീക്കിവയ്ക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൧൭. പുറക്കാട്ടു കരി പരിശോധനസ്ഥലത്തെ ൧൧൦൫ മാണ്ടു ചിങ്ങം ൧-നു-മുതൽ ഇനിയും ഒരുകൊല്ലത്തേക്കുകൂടി നടത്തിക്കുന്നതിനുള്ള നിർദ്ദേശം കമ്മിട്ടി അംഗീകരിക്കയും ഇതിലേക്കു മാസംഒന്നുക്കു ൩൫ രൂപാ ശമ്പളത്തിൽ ഒരു സബ് ഇൻസ്പെക്ടർക്കും ൯ രൂപാശമ്പളത്തിൽ ഒരു ശിപായിക്കും ൧൧മാസത്തെശമ്പളത്തിനു വേണ്ട ൪൮൪ രൂപാ ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ ൨൧ ബി. കൃഷിയും മത്സ്യവ്യവസായവും എക്സ്പെരിമെന്റൽ ഫാറവും മണവർഡെപ്പോവും എന്ന ഇനത്തിൽ നീക്കിവെക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൧൮. നാളികേരം, മരച്ചീനി, കുരുമുളക, കരിമ്പു, മുതലായി ഈരാജ്യത്തിലെ പ്രധാനകൃഷിസാധനങ്ങളെ കുടിയാന്മാരുടെ നിലങ്ങളിൽ കൃഷിചെയ്തു കാണിക്കുന്നതിനായി മാസം ഒക്കു ൧൫ രൂപാവീതം ശമ്പളത്തിൽ ൫ രൂപാവീതം ഒരു ട്രാവെലിങ് അലവൻസോടുകൂടി ൧൧൦൫ മാണ്ടും തുടർന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൨൧ ബി. കൃഷിയും മത്സ്യവ്യവസായവും എക്സ്പെരിമെന്റൽ ഫാറവും മണവർഡെപ്പോകളും" ഇനത്തിൽ ൭൦൦ രൂപാ നീക്കിവയ്ക്കുന്നതിനും കമ്മിട്ടിസമ്മതിച്ചു.

൧൯. ൧൧൦൫ മകരം അവസാനംവരെ അനുവദിച്ചിട്ടുള്ള കൊട്ടാരക്കരകൃഷി പാഠശാലയെ ആയാണ്ടവസാനംവരെ തുടർന്നു നടത്തുന്നതിനുള്ള നിർദ്ദേശവും അതിലേക്കു ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ ൨൧ സി. കൃഷിയും മത്സ്യവ്യവസായവും കൃഷിപാഠശാലകൾ എന്ന ഇനത്തിൽ താഴെ വിവരിക്കുംപോലെ ൧൪൮൪ രൂപാ അനുവദിക്കുന്നതിനും കമ്മററിസമ്മതിച്ചു.

മാസം ഒക്കു ൭൫ രൂപാവീതം ൩ മാസത്തേക്കു ഹെഡ്മാസ്റ്ററുടെശമ്പളം			രൂ.	൨൨൫
,, ൩൫ രൂപാ	,,	അസിസ്റ്റന്റ്മാസ്റ്ററുടെ ,,	രൂ.	൧൦൫
മാസം ഒക്കു (൨൦ ൨/൩-൩൦) രൂപയിൽ ൨൦ രൂപാവീതം ൩ മാസത്തേക്കു ക്ലാർക്കിന്റെ ശമ്പളം			രൂ.	൬൦
മാസം ഒക്കു ൯ രൂപാവീതം ൩മാസത്തേക്കു ൨ ശിപായിമാരുടെ ,,				൫൪
,, ൨൫	,,	കൊല്ലന്റെ ,,		൭൫
,, ൨൫	,,	ആശാരിയുടെ ,,		൭൫
,, ൧൦	,,	൮ വിദ്യാർത്ഥികൾക്കു ,,		൨൪൦
കൂലിവേലക്കാർക്കു കൂലി				൫൦൦
പലവക				൧൦൦
		ആകെ		൧,൪൮൪

൨൦. കരുനാഗപ്പള്ളിയിൽ പണ്ടാരത്തുരുത്തു തുറയിൽ മത്സ്യം ഉണക്കുന്നസ്ഥലത്തെ ൧൧൦൫ മാണ്ടു തുടർന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൨൧ എഫ് കൃഷിയും മത്സ്യവ്യവസായവും-- മത്സ്യവ്യവസായവും" എന്ന ഇനത്തിൽ താഴെ വിവരിക്കുംപോലെ ൭൨൩ രൂപാ നീക്കിവെക്കുന്നതിനും കമ്മററിസമ്മതിച്ചു.

൨൧. ൩/൫-൪൦ രൂപ സ്കെയിലിൽ മാസം ഒന്നുക്കു ൨൫ രൂപാശമ്പളത്തിൽ ഒരു ഹെഡ്ഷറിസബ് ഇൻസ്പെക്ടർക്കു ൧൧മാസത്തെ ശമ്പളം രൂ. ൨൭൫

൯-൧/൩-൧൧ രൂപാസ്കെയിലിൽ ൯ രൂപാശമ്പളത്തിൽ രണ്ടുശിപായിമാർക്കു

ശമ്പളം		൧൯൪
കണ്ടിജൻസി		൨൫൦
ആകെ	രൂ.	൭൨൩

൨൨. മാസം ഒക്കു ൫൦-൫/൨-൭൫ രൂപാവീതം ശമ്പളത്തിൽ മൂന്നുതാല്ലൂക്കാലിക റേഞ്ച്ഹെഡ് ഇൻസ്പെക്ടർമാരേയും ൯-൧/൩-൧൧ രൂപാവീതം ശമ്പളത്തിൽ മൂന്നുശിപായിമാരേയും ൧൧൦൫ മാണ്ടും തുടർന്നു നടത്തിക്കുന്നതിനും ഇവരുടെ ശമ്പളംവകയ്ക്കു ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൨൧ ബി. കൃഷിയും മത്സ്യവ്യവസായങ്ങളും പരിശോധനതോട്ടങ്ങളും വിത്തു ഡെപ്പോകളും" ഇനത്തിൽ ൧൯൪൭ രൂപാ നീക്കിവയ്ക്കുന്നതിനുമുള്ള നിർദ്ദേശം കമ്മിട്ടി അംഗീകരിച്ചു.

൧൨. ഇരണിയൽ തിങ്കളാഴ്ചചന്തയിൽ ൧൧൦൫ ചിങ്ങം ൧൫-നു- മുതൽ താഴെചേർക്കുന്ന ജീവനക്കാരോടും കണ്ടിജൻസിയോടുംകൂടി ഒരു മൃഗാശുപത്രി ആരംഭിച്ചു നടത്തുന്നതിനുള്ള നിർദ്ദേശവും അതിലേക്കു ൧൧൦൫-ാമാണ്ടത്തെ ബഡ്ജെട്ടിൽ ഈ ൧൨ സി മൃഗവൈദ്യച്ചെലവു എന്ന ഇനത്തിൽ ൧൫൯൪ രൂപാ ചിലവാക്കുന്നതിനും കമ്മററി സമ്മതിച്ചു.

ജീവനക്കാർ.

൫൦-൫/൧-൭൫ രൂപാസ്കെയിലിൽ മാസം ഒന്നുക്ക ൫൦ രൂപാശമ്പളത്തിൽ ഒരു രണ്ടാംഗ്രേഡ് വെട്ടറിനറി ഇൻസ്പെക്ടർക്ക്	രൂ.	൫൫൦
൧൮-൩/൨-൨൪ രൂപാശമ്പളത്തിൽ ഒരു കമ്പൗണ്ടർക്ക്		൧൮൪
൯-൧/൩-൧൧ രൂപാവീതം ശമ്പളത്തിൽ ൨ ശിപായിമാർക്ക്	രൂ.	൧൮൪
കണ്ടിജൻസി		൩൪൦
ആകെ	രൂ.	൧൫൯൪

൧൩. കൃഷിശാസ്ത്രസംബന്ധമായ പ്രായോഗികശാലയിൽ ൨൦-൧-൩൦ രൂപാശമ്പളത്തിൽ ഒരു ഡെമൺസ്റ്റ്രേറ്ററെ ൧൧൦൫ ചിങ്ങം ൧-നു-മുതൽ നിയമിക്കുന്നതിനുള്ള നിർദ്ദേശവും അതേകാലത്തുതന്നെ മാസം ൧൫ രൂപാവീതം ശമ്പളത്തിൽ ഉള്ള അസിസ്റ്റൻറ്റിനെ നിറുത്തലാക്കുന്നതിനുള്ള നിർദ്ദേശവും കമ്മിട്ടി അംഗീകരിക്കയും അതിലേക്കു ൧൧൦൫-ാമാണ്ടത്തെ ബഡ്ജെട്ടിൽ ൧൧ എ-കൃഷിയും മത്സ്യവ്യവസായവും-ഡെയറികൾ എന്ന ഇനത്തിൽ ൧൨൮ രൂപാ നീക്കിവയ്ക്കുന്നതിനു സമ്മതിക്കയും ചെയ്തു.

വ്യവസായങ്ങൾ

൧൪. അടുത്തതായി വ്യവസായഡിപാർട്ട്മെണ്ടിനെ സംബന്ധിച്ചുള്ള താഴെചേർക്കുന്ന നിർദ്ദേശങ്ങൾ ആലോചനയ്ക്കായി സ്വീകരിക്കപ്പെട്ടു. തോൽ മുഖവാക്കുന്നതിനെ പരിശോധനാർത്ഥം ഉള്ള ശാല മേലും നടത്തിക്കുന്നതിനുള്ള നിർദ്ദേശം കമ്മിട്ടി അംഗീകരിക്കയും അതിലേക്കു ൫൩൧൪ രൂപാ ൧൧൦൫-ാമാണ്ടത്തെ ബഡ്ജെട്ടിൽ ൧൧ എ-വ്യവസായങ്ങൾ എന്ന ഇനത്തിൽ നീക്കിവെക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൧൫. തിരുവനന്തപുരത്തുള്ള ശ്രീമൂലം ടെക്നിക്കൽ സ്കൂളിൽ ൫൦ രൂപാശമ്പളത്തിൽ കൂടുതൽ ആയി നിയമിച്ചിട്ടുള്ള അദ്ധ്യാപകനെ ൧൧൦൫-ാമാണ്ടും തുടർന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു അദ്ധ്യാപകന് ൧൨ മാസത്തെ ശമ്പളത്തിൽ വേണ്ടുകയായ ൬൫൦ രൂപാ ൧൧൦൫-ാമാണ്ടത്തെ ബഡ്ജെട്ടിൽ ൧൧ ബി- വ്യവസായിക വിദ്യാഭ്യാസം എന്ന ഇനത്തിൽ നീക്കിവെക്കുന്നതിനും കമ്മററി സമ്മതിച്ചു.

൧൬. ആലപ്പുഴയിൽ സർക്കാർ വാണിജ്യവിദ്യാലയത്തിൽ മാസം ൧-ക്കു ൧൫ രൂപാ ശമ്പളത്തിൽ ഉള്ള അസിസ്റ്റൻറ് ടൈപ്പ് റൈറ്റിങ് അദ്ധ്യാപകനെ ൧൧൦൫-ാമാണ്ടും തുടർന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശം കമ്മിട്ടി അടുത്തതായി ആലോചിച്ചു. ടൈപ്പ്റൈറ്റിംഗ് വിഷയം വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനു സർക്കാർവക അല്ലാത്ത സ്ഥാപനങ്ങൾ ഉണ്ട് എന്നുള്ള വസ്തുതയെ ഗണിച്ച് ഈ ചിലവ് ഗവണ്മെണ്ട് നിർവ്വഹിക്കേണ്ട ആവശ്യം ഇല്ലാ എന്നുള്ള കാരണത്താൽ അസിസ്റ്റൻറ് ടൈപ്പ്റൈറ്റിങ് അദ്ധ്യാപകൻെറ ഉദ്യോഗം മേലും വച്ചുകൊണ്ടിരിക്കേണ്ട ആവശ്യം ഇല്ലാ എന്നു പറഞ്ഞു് മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഈ നിർദ്ദേശത്തിനു ആക്ഷേപം പറഞ്ഞു. ഈ പാഠശാലയിൽ ലഭിച്ചിട്ടുള്ള വിജയവും ഈ ഉദ്യോഗത്തെ മേലും വച്ചുകൊണ്ടിരിക്കുന്നതിനെ നീതീകരിക്കുന്നില്ല. ഈ ആക്ഷേപത്തിനു വിധേയപ്പെട്ട് ഈ നിർദ്ദേശവും ഇതിലേക്കു ൧൨ മാസത്തെ ശമ്പളാവകയ്ക്കു ൧൭൫ രൂപായും ൧൧൦൫-ാമാണ്ടത്തെ ബഡ്ജററിൽ "൧൧ ബി. വ്യാവസായികവിദ്യാഭ്യാസം" എന്ന ഇനത്തിൽ നീക്കിവെയ്ക്കുന്നതിനു സമ്മതിക്കപ്പെട്ടു.

൧൭. മാസം ഒന്നുക്ക ൫൦ രൂപാ ശമ്പളത്തിൽ തൽക്കാലമായി ആറു തൊഴിൽ അദ്ധ്യാപകരെ നിയമിച്ചിരുന്നതിനെ ൧൧൦൫-ാമാണ്ടു തുടർന്നു നടത്തിക്കുന്നതിനും മാസം ഒന്നുക്ക ൯ രൂപാ വീതം ശമ്പളത്തിൽ രണ്ടു ശിപായിമാരെ തൽക്കാലമായി നിയമിക്കുന്നതിനും ഉള്ള നിർദ്ദേശം കമ്മിട്ടി അംഗീകരിക്കയും ട്രാവെലിംഗ് അലവൻസിനു ൨൦൦ രൂപായും കണ്ടിജൻസിക്കു ൧൦൦ രൂപായും ഉൾപ്പെടെ ഇതിലേക്കു ൧൦൪൪ രൂപാ ൧൧൦൫-ാമാണ്ടത്തെ ബഡ്ജററിൽ "൧൧ ബി. വ്യാവസായിക വിദ്യാഭ്യാസം" എന്ന ഇനത്തിൽ നീക്കിവയ്ക്കുന്നതിനു സമ്മതിക്കയും ചെയ്തു. വ്യാവസായികഡിപ്പാർട്ടുമെണ്ടിൻെറ തൃപ്തികരമായ നടത്തിപ്പിനെക്കുറിച്ച് പലവിധം പരാതികൾ ഏതൽസംബന്ധമായി മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞു.

വൈദ്യസഹായവും ജനാരോഗ്യവും.

൧൮. കായംകുളത്തെ ഡിസ്ട്രിക്ടാശുപത്രിയിൽ മാസം ഒന്നുക്ക ൧൦ രൂപാ ശമ്പളത്തിൽ ഒരു വാർഡറും ൯ രൂപാ ശമ്പളത്തിൽ ഒരു ശിപായിയും തൽകാലമായി നിയമിച്ചിട്ടുള്ളതിനെ ൧൧൦൫-ാമാണ്ടു തുടർന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശം കമ്മിററി അംഗീകരിക്കയും ഇതിലേയ്ക്കു ൨൦൯ രൂപാ ൧൧൦൫-ാമാണ്ടത്തെ ബഡ്ജററിൽ ൧൨. ബി. ആശുപത്രികളും ഡിസ്പെൻസറികളും എന്ന ഇനത്തിൽ നീക്കിവയ്ക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൧൯. ജനറൽ ആശുപത്രി ആൻറിറാബിക് ഷെഡിലേക്ക് മാസം ഒന്നുക്ക് ൧൦ രൂപാ ശമ്പളത്തിൽ തല്ക്കാലമായി ഒരു വാർഡരെ നിയമിച്ചിരുന്നതു് ൧൧൦൫-ാമാണ്ടേയ്ക്കു തുടൎന്നു് വച്ചുകൊണ്ടിരിക്കണം എന്നുള്ള നിർദ്ദേശം കമ്മിററി അംഗീകരിക്കയും ൧൨ മാസത്തേക്ക വാർഡരുടെ ശമ്പളത്തിനു ൧൨൦ രൂപായും ആൻറിറാബിക് ചികിത്സയ്ക്കു കണ്ടിജൻസിവകയ്ക്കു ൩൦൦ രൂപായും ഉൾപ്പെടെ ൪൨൦ രൂപാ ൧൧൦൫-ാമാണ്ടത്തെ ബഡ്ജററിൽ "൧൨ ബി. ആശുപത്രികളും ഡിസ്പെൻസറികളും" എന്ന ഇനത്തിൽ നീക്കിവയ്ക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൨൦. കുഷ്ഠരോഗസംബന്ധമായ അന്വേഷണം നടത്തുന്ന വകയ്ക്കു ൫൦ രൂപാവീതം ശമ്പളത്തിൽ ഒരോരുത്തർക്കും മാസം ഒന്നുക്ക ൩൦ രൂപാവീതം സ്ഥിരമായ അലവൻസോടുകൂടി രണ്ടു സബ് അസിസ്റ്റൻറു സർജന്മാരെ വിശേഷാൽജോലിക്കു നിയമിച്ചിട്ടുള്ളതിനെ ൧൧൦൫-ാമാണ്ടും തുടർന്നു നടത്തിക്കൊള്ളുന്നതിനുള്ള നിർദ്ദേശം കമ്മിററി അംഗീകരിക്കയും അതിലേക്കു ൨൫൨൦ രൂപാ ൧൧൦൫-ാമാണ്ടത്തെ ബഡ്ജെട്ടിൽ "൧൨ ബി-ആശുപത്രികളും ഡിസ്പെൻസറികളും" എന്ന ഇനത്തിൽ നീക്കിവയ്ക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൩൧. പൊതുജനാരോഗ്യസംബന്ധമായ പണിക്കവേണ്ട പദ്ധതിയും ൧൧൦൫-ാമാണ്ട നടത്തിപ്പിനുള്ള പരിപാടിയും കമ്മിട്ടി സാമാന്യേന അംഗീകരിക്കയും അതിലേക്ക ൧൧൦൫-ാമാണ്ടത്തെ ബഡ്ജട്ടിൽ ൯൦,൦൦൦ രൂപാ നീക്കിവെയ്ക്കുന്നതിന്നു സമ്മതിക്കയും ചെയ്തു.

൩൨. മാസം ൧-ക്ക ൧൫ രൂപാവീതം എങ്കിലും കുറഞ്ഞതായ സഹായധനംകൊടുത്തു ൧൧൦൫-മാണ്ട ൧-ാംഗ്രാണ്ട് ഇൻഎയിഡ് വൈദ്യശാലകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കമ്മിട്ടി സമ്മതിക്കയും അതിലേക്ക ൧൧൦൫-ാമാണ്ടത്തെ ബഡ്ജററിൽ "൨൩ എച്ച്. ആയുർവേദഡിപ്പാർട്ടുമെണ്ട്" എന്ന ഇനത്തിൽ ൧൬൫൦ രൂപാ നീക്കിവയ്ക്കുന്നതിന്നു സമ്മതിക്കയും ചെയ്തു.

൩൩. താഴെ വിവരിച്ചിരിക്കുംപോലെ പുതുതായി ൬ കൺസർവെൻസിസ്റ്റേഷൻ കൂടി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കമ്മിററി പിന്നീടു ആലോചിച്ചു. പൊതുജനാരോഗ്യസംബന്ധമായ പണിയിൽ ഇതും കൂടി ഉൾപ്പെടുന്നതുകൊണ്ട അതു പണിക്ക പണം നീക്കിവച്ചിരിക്കുന്നവിധിതിക്ക അതുവരെ ഈ നിർദ്ദേശം നിരത്തിവയ്ക്കാവുന്നതാണെന്നുള്ള കാരണത്തിന്മേൽ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഈ നിർദ്ദേശത്തിന്നു ആക്ഷേപം പറഞ്ഞു എന്നുവരികിലും ഇവയെ ഒരാണ്ടത്തേയ്ക്ക തൽക്കാലമായി വച്ചുകൊള്ളുന്നതിന്നു നിശ്ചയിച്ചു. ഇതിലേയ്ക്ക ൨൫൦൦ രൂപാ ൧൧൦൫-ാമാണ്ടത്തെ ബഡ്ജററിൽ "൨൩ എൽ. സാനിട്ടേഷനും വാക്സിനേഷനും" എന്ന ഇനത്തിൽ നീക്കിവയ്ക്കുന്നതിനും കമ്മിററി സമ്മതിച്ചു.

(൧)	ആളൂർ ടൈനർകൺസർവെൻസിസ്റ്റേഷൻ മാസം ൧-ക്ക ൭ ൧/൨ രൂപാവീതം ശമ്പളത്തിൽ ൨ തൂപ്പുകാർക്ക ൧൧ മാസത്തേക്ക	രൂപാ ൧൬൫
(൨)	കൊല്ലംകോട്ട മേജർ കൺസർവെൻസിസ്റ്റേഷൻ മാസം ൧-ക്ക ൧൬ രൂപാ ശമ്പളത്തിൽ ഒരു ഓവർസീയർക്ക ൭ ൧/൨ രൂപാവീതം ശമ്പളത്തിൽ മൂന്നു തൂപ്പുകാർക്കും	രൂപാ ൪൨൩ ൧/൨
(൩)	ഉള്ളൂരിൽ ഒരു മേജർ കൺസർവെൻസിസ്റ്റേഷൻ മാസം ഒന്നുക്ക ൧൬ രൂപാ ശമ്പളത്തിൽ ഒരു ഓവർസീയർക്കും ൭ ൧/൨ രൂപാവീതം ശമ്പളത്തിൽ ൪ തൂപ്പുകാർക്കും	രൂ. ൫൦൬
(൪)	പുല്ലുവിളയിൽ ഒരു മേജർ കൺസർവെൻസി സ്റ്റേഷൻ മാസം ഒന്നുക്ക ൧൮ രൂപാ ശമ്പളത്തിൽ ഒരു ഓവർസീയർക്കും ൭ ൧/൨ രൂപാ വീതം ശമ്പളത്തിൽ മൂന്നു തൂപ്പുകാർക്കും	രൂ. ൪൪൫ ൧/൨
(൫)	പുളിയറയിൽ ഒരു മേജർ കൺസർവെൻസിസ്റ്റേഷൻ മാസം ൧-ക്ക് ൧൮ രൂപ ശമ്പളത്തിൽ ഒരു ഓവർസീയർക്കും ൭ ൧/൨ രൂപാവീതം ശമ്പളത്തിൽ മൂന്നു തൂപ്പുകാർക്കും	രൂ. ൪൪൫ ൧/൨
(൬)	ആയിക്കുടിയിൽ ഒരു മേജർ കൺസർവെൻസിസ്റ്റേഷൻ മാസം ൧-ക്ക ൧൬ രൂപാ ശമ്പളത്തിൽ ഒരു ഓവർസീയർക്കും ൭ ൧/൨ രൂപാവീതം ശമ്പളത്തിൽ ൩ തൂപ്പുകാർക്കും	രൂ. ൪൨൩ ൧/൨
	കണ്ടിജെൻസി ചിലവു	൯൧
	ആകെ.	൨,൫൦൦

സ്റ്റേഷനറി ഡിപ്പാർട്ടുമെണ്ട്.

൩൪. സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിൽ ൪൦-൫-൬൦ രൂപാ ശമ്പളത്തിൽ ഒരു മെക്കാനിക്കിനെ സ്ഥിരമായി നിയമിക്കുന്നതിനുള്ള നിർദ്ദേശം കമ്മിററി അംഗീകരിക്കയും അതിലേക്ക് ൧൧ മാസത്തേക്കുള്ള ശമ്പളം ആയ ൪൪൦ രൂപാ ൧൧൦൫-ാമാണ്ടത്തേക്കുള്ള ബഡ്ജററിൽ "൨ എ. സ്റ്റേഷനറി" എന്ന ഇനത്തിൽ നീക്കിവയ്ക്കുന്നതിന്നു സമ്മതിക്കയും ചെയ്തു.

പരസ്പരസഹായ ഡിപ്പാർട്ടുമെണ്ട്.

൩൫. തിരുവനന്തപുരത്തു ൭൭൭-ാംനമ്പർ സംഘമായ തിരുവിതാംകോട്ട കോഓപ്പറേറ്റീവ് ഇൻസ്റ്റിട്യൂട്ട് ലിമിറ്റെഡിന് രണ്ടു ഏതദ്വിഷയ പ്രചാരകന്മാരെ നിയമിക്കുന്നതിന്നു മാസം ഒന്നുക്ക ൫൦ രൂപാ സഹായധനം കൊടുക്കുന്നതിനുള്ള നിർദ്ദേശം കമ്മിട്ടി ഉപേക്ഷിച്ചു.

൩൬. പരസ്പരസഹായസംഘങ്ങൾവക കൂടിയാലോചനകൾക്ക് സഹായധനം ആയി ൧൧൦൫-ാമാണ്ടത്തേയ്ക്കുള്ള ബഡ്ജററിൽ ൨൮ ജി. പരസ്പരസഹായസംഘങ്ങൾ എന്ന ഇനത്തിൽ ൭൦൦ രൂപാനീക്കിവെയ്ക്കുന്നതിന്നു കമ്മിട്ടി സമ്മതിച്ചു.

൩൭. മേൽനോട്ടം നോക്കുന്ന യൂണിയൻകാർക്ക് സഹായധനം നൽകുന്നവകയ്ക്ക് ൫൦൦൦ രൂപ ൧൧൦൫-ാമാണ്ടത്തെ ബഡ്ജററിൽ ൨൮ ജി. പരസ്പരസഹായസംഘങ്ങൾ എന്ന ഇനത്തിൽ നീക്കിവയ്ക്കുന്നതിനു കമ്മിട്ടി സമ്മതിച്ചു.

൩൮. പരസ്പരസഹായസംഘങ്ങൾക്ക് മാസം ഒന്നുക്ക് ൫൦ രൂപാവീതം ശമ്പളത്തിൽ ൩ ഇൻസ്പെക്ടർമാരും ൯ രൂപാവീതം ശമ്പളത്തിൽ ൩ ശിപായിമാരും തൽക്കാലമായി നിയമിച്ചിട്ടുള്ളതിനെ ൧൧൦൫-ാമാണ്ടക്കുകൂടി തുടർന്നുനടത്തിക്കൊള്ളണം എന്നുള്ള നിർദ്ദേശവും കമ്മിട്ടി അംഗീകരിക്കയും അതിലേയ്ക്ക താഴെ വിവരിച്ചിരിയ്ക്കുംപോലെ ൩൧൦൨ രൂപാ ൧൧൦൫-ാമാണ്ടത്തെ ബഡ്ജററിൽ '൨൮ ജി. പരസ്പരസഹായസംഘങ്ങൾ' ഇനത്തിൽ നീക്കിവെക്കുന്നതിന്നു സമ്മതിക്കയും ചെയ്തു.

മാസം ഒന്നുക്ക് ൫൦ രൂപാവീതം ശമ്പളത്തിൽ ൩ ഇൻസ്പെക്ടർമാർക്ക ൧൧ മാസത്തെ ശമ്പളം	രൂ. ൧൬൫൦
മാസം ൧-ക്ക് ൯ രൂപാവീതം ശമ്പളത്തിൽ ൩ ശിപായിമാർക്ക ൧൧ മാസത്തേയ്ക്ക്	രൂ. ൨൯൭
മാസം ൧-ക്ക് ൩൦ രൂപാവീതം ൩ ഇൻസ്പെക്ടർക്ക് സ്ഥിരം സഞ്ചാരച്ചിലവു ൧൧ മാസത്തേയ്ക്ക്	
മാസം ഒന്നുക്ക് ൫ രൂപാവീതം ൩ ശിപായിമാർക്ക് സ്ഥിരം സഞ്ചാരച്ചിലവു ൧൧ മാസത്തേയ്ക്ക	രൂ. ൯൯൦
	രൂ. ൧൬൫
ആകെ	രൂ. ൩൧൦൨

പബ്ലിക് വൊൎക്സ് ഡിപ്പാർട്ടുമെണ്ട്

൩൯. പബ്ലിക്‌വൎക്സ് ഡിപ്പാർട്ടുമെണ്ട് കോഡ് പുതുക്കി എഴുതുന്നതിനു അക്കൌണ്ടാഫീസിൽ താൽക്കാലത്തേയ്ക്കു മാസംതോറും ൧൩൭ രൂപാ ശമ്പളത്തിൽ ഒരു സൂപ്രണ്ടും ൨൦ രൂപാ ശമ്പളത്തിൽ ഒരു ടൈപ്പിസ്റ്റും ചേൎന്നതായ ഒരു കൂട്ടം വിശേഷാൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം കമ്മിറ്റി അംഗീകരിക്കയും ഇക്കാൎയ്യത്തിലേയ്ക്കു സൂപ്രണ്ടിനു മാസം ഒന്നുക്കു ൩൨ രൂപാവീതം ഡെപ്യൂട്ടേഷൻ അലവൻസ് ഉൾപ്പെടെ ൩൩൩ രൂപാ ൧൧൦൮-ാമാണ്ടത്തെ P. W. D. ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൪൦. ചീഫ് എജിനീയരുടെ ആഫീസിൽ മാസം ഒന്നുക്കു ൪൦—൫/൨-൭൦ രൂപാശമ്പളത്തിൽ ഒരു സ്റ്റെനോഗ്രാഫരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം കമ്മിറ്റി ഉപേക്ഷിച്ചു.

൪൧. കൊട്ടാരങ്ങളിലും സൎക്കാർകെട്ടിടങ്ങളിലും കച്ചേരികളിലും ഏലക്ട്രിക്‌വെളിച്ചം നടപ്പാക്കുന്നതു സംബന്ധിച്ച് ൧൨൫-൧-൧൫൦ രൂപാ ശമ്പളത്തിൽ ഒരു സൂപ്പർവൈസരും ൫൦—൫/൨-൭൦ രൂപാവീതം ശമ്പളത്തിൽ ൨ ഓവർസീയർമാരും ൨൫-൫/൨-൪൦ രൂപാവീതം ശമ്പളത്തിൽ ൫ ഏലെക്ട്രിക്കൽവൈർമെനും ൬-൧/൬-൧൧ രൂപാ ശമ്പളത്തിൽ ൨ ശിപായിമാരും ചേൎന്നതായ ഒരുകൂട്ടം താൽകാലികജീവനക്കാരെ ൧൧൦൪-ാമാണ്ടു നിയമിച്ചിരുന്നതു ൧൧൦൫-ാമാണ്ടു തുടൎന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശം കമ്മിറ്റി അംഗീകരിക്കയും അതിലേക്കു ൪൩൭൭ രൂപാ ൧൧൦൫-ാമാണ്ടത്തെ ബഡ്ജറ്റിൽ '൨൩ ബി. കെട്ടിടങ്ങൾ, യഥാഗതമാറ്റങ്ങൾ, മുതലായവ' എന്ന ഇനത്തിൽ നീക്കിവയ്ക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൪൨. താഴെചേൎത്തിരിക്കുന്ന കാൎയ്യങ്ങൾക്കായി ൧൪,൫൧൧ രൂപാ ൧൧൦൫-ാമാണ്ടത്തെ പൊതുമരാമത്തു ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നതിനു കമ്മിറ്റി സമ്മതിച്ചു.

൧. രാജ്യത്തിൽ മൈനർ ഇറിഗേഷൻ പണികളെക്കുറിച്ചു അന്വേഷണം ചെയ്തു പണിനടത്തിക്കുന്ന വകയ്ക്കു തല്ക്കാലമായി

എ. തിരുവനന്തപുരം ഡിവിഷനിൽ

(൧) ൧൨൫-൫-൧൫൦ രൂപാ ശമ്പളത്തിൽ ഒരു രണ്ടാം ഗ്രേഡ് സൂപ്പർവൈസർ രൂ. ൧,൬൫൦

(൨) ൭൦-൫-൧൨൦ രൂപാവീതം ശമ്പളത്തിൽ ൨ മൂന്നാം ഗ്രേഡ് സൂപ്പർവൈസർമാർ രൂ. ൨,൨൦൦

(൩). മാസം ൧൫ ൨൫, രൂപാവീതം ശമ്പളത്തിൽ ൩ ക്ലാർക്കുമാർ രൂ. ൭൨൦

(ബി.) കൊല്ലം, കോട്ടയം ആലുവാ ഈ ഡിവിഷനുകളിൽ ൧൨൫ രൂപാവീതം ശമ്പളത്തിൽ ൩ സൂപ്പർവൈസർമാർ രൂ ൪,൧൨൫

ആകെ രൂ ൭,൭൦൦

൨. P. W. D. വൎക്കുഷാപ്പുകളിലും, ജെനറൽ സ്റ്റോറുകളിലും സാമാനങ്ങൾ തിട്ടപ്പെടുത്തുന്ന വകയ്ക്കു

൧൧൦൫-ാമാണ്ടു പി. ഡബ്ലിയു. ഡി. വൎക്കുഷാപ്പുകളിലും ജെനറൽ സ്റ്റോറുകളിലും സാമാനങ്ങൾ തിട്ടപ്പെടുത്തുന്നവകയ്ക്കു ഒരു അസിസ്റ്റണ്ട് എൻജിനീരെ നിയമിക്കണമെന്നു ചീഫ് എൻജിനീർ നിർദ്ദേശിച്ചിരിക്കുന്നു. ഇതിലേക്കു പതിവുപോലെ ൧൪൦൦ രൂപാ അനുവദിച്ചിട്ടുണ്ട്.

൩. ഈ രാജ്യത്തുള്ള പാലങ്ങളിൽ ബലപ്പെടുത്തേണ്ടവയെ ബലപ്പെടുത്തണം എന്നു കരുതി അവയുടെ സ്ഥിതിയെ കണ്ടറിയുന്നതിനായി താഴെചേൎത്തിരിക്കുന്ന ജീവനക്കാരോടുകൂടി തൽകാലത്തേക്കു ഒരു സബ് ഡിവിഷൻ ൧൧൦൪-ാമാണ്ടു ൩മാസത്തേക്കു നിയമിച്ചിരുന്നതിനെ ൧൧൦൫-ാമാണ്ടു തുടൎന്നു നടത്തിക്കൽ:—

(൧). മാസം ൧൫൦ രൂപാ ശമ്പളത്തിൽ ഒരു അസിസ്റ്റന്റു എൻജിനീയർ

(൨). „ ൧൨൫ „ ഒരു രണ്ടാം ഗ്രേഡ് സൂപ്പർവൈസർ

(൩). „ ൫൦ „ ഒരു ഡ്രാഫ്ട്സ്മാൻ

(൪). „ ൩൦ „ ഒരു ക്ലാർക്കു ടൈപ്പിസ്റ്റ്

(൫). „ ൨൫ „ ഒരു ട്രേസർ

(൬). „ ൬ രൂപാ വീതം ൩ ശിപായിമാർ

ഇതിൽ എല്ലാജീവനക്കാരെയും നിയമിച്ചിട്ടില്ലാത്തുകൊണ്ടും ൧൧൦൫ മാണ്ടു ൩മാസത്തേക്കു വേണ്ട ചിലവു ബഡ്ജറ്റിൽ ൧൦൪-ാമത്തു ഉൾപ്പെടുത്തിട്ടുള്ളതുകൊണ്ടും ൧൧൦൫-ാമാണ്ടത്തെ ബാക്കി൯മാസം കാലത്തേക്കു വേണ്ടതായ ൪൩,൧൧ രൂപാമാത്രമെ ആവശ്യമുള്ളു.

ഈ സംഗതിയെക്കുറിച്ചു ആലോചിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ സൎക്കാർ അച്ചുകൂടത്തിൽ സാമാനങ്ങൾ തിട്ടപ്പെടുത്തുന്നതിനായി ഒരു എൻജിനീരെ നിയോഗിക്കേണ്ടതാണെന്നു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള നിർബ്ബന്ധമായി ആവശ്യപ്പെട്ട അതിനെക്കുറിച്ചു ആലോചിക്കുന്നതാണെന്നു ദിവാൻ വാഗ്ദാനം ചെയതു.

അഞ്ചൽ ഡിപ്പാർട്ട്മെണ്ട്

൪൩. അഞ്ചൽ ഡിപ്പാർട്ടുമെണ്ടിലെ ജീവനക്കാരുടെ ശമ്പളം പുതുക്കുന്നതിനുള്ള പദ്ധതി ആലോചനക്കായി കമ്മിറ്റി സ്വീകരിച്ചു.

൧. ഇൻസ്പെക്ടർമാർ

൧൦൦-൫-൧൨൫ രൂപാവീതം ശമ്പളത്തിൽ രണ്ടു ഒന്നാം ഗ്രേഡു ഇൻസ്പെക്ടർമാരും ൭൫-൪-൬൦...

രൂപാവീതം ശമ്പളത്തിൽ ൨ രണ്ടാംഗ്രേഡ് ഇൻസ്പെക്ടർമാരും ഉൾപ്പെടെ ൩൯ ഇൻസ്പെക്ടർമാർ ഇപ്പോൾ ഉണ്ട്. ഇവരിൽ ഒരു ഇൻസ്പെക്ടർ സൂപ്രണ്ടിൻെറ ആഫീസിൽ ജോലിചെയ്യുന്ന അയാൾക്കു ൧൭ രൂപാ ലോക്കൽ അലവൻസും കൊടുക്കുന്നു. ഇപ്പോൾ ഉദ്ദേശിക്കുന്ന ഭേദഗതി താണഗ്രേഡിൽ ഉള്ള ഇൻസ്പെക്ടർമാരുടെ ശമ്പളത്തെ ൨൭-൪-൯൭ രൂപയിൽ നിന്നു ൨൭-൭-൧൦൦ ആക്കിക്കൂട്ടണം എന്നും ആഫീസിൽ ഇൻസ്പെക്ടർക്കുള്ള ലോക്കൽ അലവൻസിനെ മാസംഒന്നുക്കു ൨൦ രൂപായാക്കണം എന്നും ആകുന്നു.

൨ അഞ്ചൽമാസ്റ്റർമാരും ക്ലാർക്കുകളും

അഞ്ചൽമാസ്റ്റർമാരും ക്ലാർക്കുകളും കൂടി ആകെ ൩൨൧ സ്ഥിരം ജീവനക്കാരും ൪ തൽകാലജീവനക്കാരും ഉണ്ട് അതു താഴെ വിവരിക്കുംപ്രകാരമാകുന്നു.

അഞ്ചൽമാസ്റ്റർമാർ	൧൭൩
ക്ലാർക്കുകളും അക്കൗണ്ടണ്ടുമാരും	൧൨൨
റെയിൽവെസാർട്ടർമാർ	൮
ടെലഫിസ്	൧
ആകെ	൩൧൨
താൽകാലികക്ലാർക്കുമാർ	൪

ഇതിലേക്കു നിർദ്ദേശിക്കുന്നതു ഡിപ്പാർട്ട്മെണ്ടിൽ ഉള്ള അഞ്ചൽമാസ്റ്റർമാരേയും ക്ലാർക്കുകളേയും ഒരേ ഗ്രേഡിൽ ചേർക്കണം എന്നാകുന്നു. താൽകാലികമായി നിയമിച്ചിട്ടുള്ള ൪ പേരെയും സ്ഥിരമാക്കണം. (൧) കൊല്ലം കൊട്ടാരക്കര കോട്ടയം എന്നീ മൂന്നു സെൻറൽ സാർട്ടിങ്ങ്സ്ഥാനങ്ങൾക്കു കൂടുതലായി മൂന്നു സാർട്ടർമാരെയും പത്തനംതിട്ട കോഴഞ്ചേരി തൊടുപുഴ എന്നീ മൂന്നു ആഫീസുകളിൽ ജോലികൂടുതലായികാണുകകൊണ്ട് ഓരോന്നിനും ഒരു ക്ലാർക്കുവീതം കൂടുതലായി മൂന്നു ക്ലാർക്കുമാരെയും നിയമിക്കണം.

മേൽ നിശ്ചയിച്ച കൂടുതൽ എണ്ണം ചേർക്കുമ്പോൾ ടെമ്പററി ക്ലാർക്കുമാർ ഉൾപ്പെടെ ഇപ്പോൾ ൩൧൮ പേരു ഉണ്ടായിരുന്നതു ൩൨൨ പേരാകും.

അഞ്ചൽമാസ്റ്റർക്കു ഇപ്പോൾ ഏറ്റവും കുറഞ്ഞശമ്പളം ൧൭ രൂപായാണ് ഇതു ക്രമത്തിലധികം കുറവാണെന്നും താണഗ്രേഡിൽ ഉള്ളവർക്കു ഉയർന്നഗ്രേഡിൽ പ്രമോഷൻ കിട്ടുന്നതിനുള്ള ഇടവിട്ടുസ്ഥമായിരിക്കത്തക്കവണ്ണം ഉയർന്ന ഗ്രേഡിൽ ഉള്ള ജീവനക്കാരുടെ എണ്ണം കുറവായിരിക്കുന്നു എന്നും കാണപ്പെട്ടിരിക്കുന്നു. ഈ ന്യൂനതകളെ പരിഹരിക്കുന്നതിനായി ഏറ്റവുംതാണ ഗ്രേഡിനുള്ള ശമ്പളത്തെ ൨൦ രൂപയായി വർദ്ധിപ്പിക്കയും ഓരോ ഗ്രേഡിലും ആളുകളുടെ എണ്ണം താഴെചേർക്കുംപോലെ സ്ഥിരപ്പെടുത്തുകയും ചെയ്യണം എന്നു നിർദ്ദേശിച്ചിരിക്കുന്നു.

൯൦ രൂപാശമ്പളത്തിൽ	൩	൩൭	,,	൭൦
൮൦ ,,	൭	൩൦	,,	൬൦
൭൦ ,,	൧൨	൨൭	,,	൬൦
൪൦ ,,	൩൦	൨൦	,,	൮൨

ചീഫ് അഞ്ചൽമാസ്റ്റർക്കു ഇപ്പോൾ കൊടുത്തുവരുന്ന ൧൦ രൂപാലോക്കൽ അലവൻസ് മേലും കൊടുക്കുന്നതാണ്.

(൩) നാൺഡിപ്പാർട്ടുമെണ്ടൽ അഞ്ചൽആഫീസുകളിൽ മാസ്റ്റർമാർ.

ഇപ്പോൾ ൧൦൭ നാൺഡിപ്പാർട്ട്മെണ്ടൽ അഞ്ചൽആഫീസുകൾ ഉണ്ട്. അവയ്ക്കോരോന്നിനും ൭ രൂപാവീതം അലവൻസ കൊടുത്തുവരുന്നു. ഈ അലവൻസിനെ മാസംഒന്നുക്കു ൧൦ രൂപയാക്കി വർദ്ധിപ്പിക്കുന്നതാകുന്നു.

(൪) ശിപായിമാരും മററും ഭൃത്യവർഗ്ഗക്കാരും

ഡിപ്പാർട്ട്മെണ്ടിൽ ശിപായിമാരുടെയും മററുഭൃത്യവർഗ്ഗക്കാരുടെയും ശമ്പളം ൧൦൯൭മാണ്ടു നടന്നതായ പൊതുവെയുള്ള ശമ്പളപരിഷ്കാരത്തിൽ മററുഡിപ്പാർട്ട്മെണ്ടുകളിൽ ഇവയ്ക്കൊത്ത ജീവനക്കാർക്കു അനുവദിച്ചിട്ടുള്ള തോതിനു തുല്യമായിട്ടുള്ളതല്ല. ഡഫേദാർ, മൊച്ചി, ശിപായി, പാക്കർ എന്നീപേരുകളായി ആകെ ൨൩ പേർ ഉണ്ട്. ഇവരെതാഴെ ചേർക്കുംപോലെ തരംതിരിക്കുന്നതാകുന്നു.

൧൨-	൧/൭-	൧൪ രൂപാശമ്പളത്തിൽ		൧	ഡഫേദാർ
൧൨-	൧/൭-		,,	൧	മൊച്ചി
൯-	൧/൮-	൧൧	,,	൧൪	ശിപായിമാർ
൯-	൧/൮-	൧൧	,,	൭	പായ്ക്കർ

ഈ പരിഷ്കാരംനിമിത്തം ആണ്ടൊൽ ൩൪,൧൧൪ രൂപാകൂടുതൽ ചിലവുവരുന്നു. ൧൧൦൭മാണ്ടു ൧൧ മാസത്തേക്കു വേണ്ടിവരുന്ന തുക ൩൦൮൩ രൂപയാകുന്നു.

ഈ പദ്ധതിയെ കമ്മറ്റിപരിശോധിച്ചു ഒരുസ്ഥിരമായഗ്രേഡ്നിശ്ചയിക്കുന്നതിനെക്കാൾ കാലക്രമേണ ശമ്പളംകൂടുതൽ എന്നുനിശ്ചയിക്കുന്നതു അധികംനല്ലതാണെന്നും ൧൧൦൪ മാണ്ടുക്കു മൊത്തത്തുകയായി അനുവദിച്ചിരുന്നതു ചിലവാക്കാതെ ലാപ്സായിപ്പോകാൻ ഗവൺമെണ്ടു സമ്മതിക്കുന്നതു കഷ്ടംആണെന്നും മിസ്റ്റർ എ. എസ്. ദാമോദരൻ ആശാൻപറഞ്ഞു. ഈപദ്ധതിചിലവുകൂടുതൽ ഉള്ളതാണെന്നുള്ള കാരണത്താൽ മുഴുവൻ പദ്ധതിക്കും ഉയർന്നതരം ഗ്രേഡുകളിൽ പുതുതായിആളുകളെ നിയമിച്ച് പക്ഷഭേദത്തിനു ഇടയാക്കും എന്നുള്ളതുകൊണ്ടും ഗ്രേഡ്നിശ്ചയിക്കലിനുപ്രത്യേകിച്ചും മിസ്ടർ കെ. പി. നീലകണ്ഠപ്പിള്ള ആക്ഷേപംപറഞ്ഞു. എ. എസ്. ദാമോദരൻ ആശാൻെറ അപേക്ഷണങ്ങൾക്കും മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ആക്ഷേപങ്ങൾക്കും ഉൾപ്പെട്ട ഈപദ്ധതിയെ നിയമസഭയിൽ പര്യാലോചിക്കണംഎന്നും ഈപദ്ധതിയെ നടപ്പിൽവ

കളുന്നതിനു ൧൧൦൪ മാസത്തെ ചിലവിനുവേണ്ടുകയായ ൩൦,൬൫൦ രൂപാ ൧൧൦൫ -മാണ്ടത്തെ ബഡ്ജറ്റിൽ "XXVII[അഞ്ചൽ" ഇനത്തിൽ ചേർക്കണം എന്നും കമ്മിട്ടി അവസാനമായിസമ്മതിച്ചു.

തിരുവനന്തപുരത്തു വിദ്യുഛക്തി ഏർപ്പെടുത്തൽ.

൪൪. തിരുവനന്തപുരത്തു വിദ്യുഛക്തി ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചു താഴെവിവരിക്കുംപ്രകാരം ൬൪,൦൫൫ രൂപാ ൧൧൦൫-മാണ്ടത്തെ ബഡ്ജെറ്റിൽ "തന്നാണ്ടത്തെ മുതലെടുപ്പിൽ എന്നു ചിലവാക്കാത്തതായ മൂലധനച്ചിലവു" എന്നഇനത്തിൽ ചേർക്കുന്നതിനു കമ്മിട്ടി സമ്മതിച്ചു

ജീവനക്കാർ	രൂ	൨൮,൨൧൨
ട്രാവലിങ് അലവൻസ്	,,	൧,൮൪൨
കണ്ടിജൻസി	,,	൧,൬൦൦
പണികളും അറ്റകുറ്റപണികളും	,,	൩൧,൦൦൦
പണിയായുധങ്ങൾ	,,	൫൦൦
ആകെ		൬൪,൦൫൫

തിരുവനന്തപുരത്തു ടെലിഫോൺ എക്സ്ചേഞ്ച്

൪൫. അടുത്തതായി തിരുവനന്തപുരത്തു ടെലിഫോൺ എക്സ്ചേഞ്ച് നടപ്പാക്കുന്നതിനെ സംബന്ധിച്ച പദ്ധതികമ്മിട്ടി ആലോചിക്കയും അതിലേക്കു താഴെവിവരിക്കുംപ്രകാരം ൩,൮൦൦ രൂപാ ൧൧൦൫-മാണ്ടത്തെ ബഡ്ജറ്റിൽ തന്നാണ്ടത്തെമുതലെടുപ്പിൽ നിന്നും ചിലവാക്കാത്തതായ മൂലധനച്ചിലവു എന്നഇനത്തിൽ ചേർക്കുന്നതിനു സമ്മതിക്കയും ചെയ്തു.

ജീവനക്കാർ	രൂ.	൧൮൫൪
ട്രാവലിങ് അലവൻസ്	...	൨൪൬
കണ്ടിജൻസി	...	൧൦൦
പണികളും അറ്റകുറ്റപ്പണികളും	...	൧൫൦൦
പണിയായുധങ്ങൾ	...	൧൦൦

ഭൂനികുതി—റെവന്യൂസർവെ.

൪൬. ഏതാനും പുതുവൽ താലൂക്കുകളിൽ കുടികളുടെ പേരിൽ പതിച്ചു കൊടുക്കാനുള്ള മൈനർ സർവ്വേകളുടെ ഫെയർഗ്രാഫ്സ്കെച്ചുകൾ തയ്യാറാക്കി കൊടുക്കുന്നതിനേയും ഫീൽഡ് ജീവനക്കാർ തയ്യാറാക്കീട്ടുള്ള സ്കെച്ചുകളെ പരിശോധിക്കുന്നതിനേയും ഉദ്ദേശപ്പെടുത്തുന്നതിലേക്കായി സർവെ സൂപ്രണ്ടിന്റെ ആഫീസിൽ ഒരു കൊല്ലത്തേക്കു തൽക്കാലമായി മാസം ൧ക്കു ൨൦ രൂപാ വീതം ശമ്പളത്തിനു ൪ കംപ്ലൈട്ടർ ഡ്രാഫ്ട്സ്മെന്നും മാസം ൧ക്കു ൧൫ രൂപാവീതം ശമ്പളത്തിൽ ൪ കംപ്ലൈട്ടർ ഡ്രാഫ്ട്സ്മെന്നും കൂടുതലായി നിയമിക്കുന്നതിനും ഹെഡ്ഡ്രാഫ്ട്സ്മന്നു മാസം ൧ക്കു ൧൦ രൂപ സ്പെഷ്യൽ അലവൻസ് കൊടുക്കുന്നതിനും ഉള്ള നിർദ്ദേശം കമ്മിററി അംഗീകരിക്കയും ഇതിലേക്കു ൧൧൦൫ മാണ്ടു ൧൧ മാസത്തേക്കു ആവശ്യം ഉള്ള തുകയായ ൧൬൫൦ രൂപാ ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "I ജി റെവന്യൂ സർവ്വെ" ഇനത്തിൽ ചേർക്കുന്നതിനു സമ്മതിക്കയും ചെയ്തു. എന്നു വരികിലും മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഇതിനു ആക്ഷേപം പറയുകയും മേല്പറഞ്ഞ ഇപ്പോൾ ഉള്ള ജീവനക്കാരെ കൊണ്ടു നടത്തിക്കണം എന്നു കൂടുതൽ ജീവനക്കാർ ആവശ്യം ഇല്ലെന്നും നിർദ്ദേശിക്കയുംചെയ്തു.

എക്സൈസ്.

൪൭. എക്സൈസ് ഡിപ്പാർട്ടുമെണ്ടിൽ പരിശോധനാർത്ഥം നിയമിച്ചിട്ടുള്ള റിസെർവ് ജീവനക്കാരായ ൧൦൦ ശിപായിമാരേയും സ്ഥിരപ്പെടുത്തണം എന്നുള്ള നിർദ്ദേശം കമ്മിട്ടി അംഗീകരിക്കയും ഇതിലേക്കു ൧൧൦൫ മാണ്ടത്തെ ചിലവു നിർവ്വഹിക്കുന്നതിലേക്കു ൯൯൦൦ രൂപാ ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ ൪ സി എക്സൈസ് റേൻജസ് ഇനത്തിൽ ചേർക്കുന്നതിനു സമ്മതിക്കുകയും ചെയ്തു. എന്നു വരികിലും ൧൦൦ ശിപായിമാർ റിസർവായി വച്ചിരിക്കുന്നതിനു മി: എ. എസ്. ദാമോദരൻ ആശാൻ ആക്ഷേപം പറയുകയും ഇതിലേക്കുള്ള നിർദ്ദേശത്തിനു ബഡ്ജറ്റിലെ ൧-ാം ഭാഗത്തിൽ തന്നെയും താൻ ആക്ഷേപം പറഞ്ഞിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കയും ചെയ്തു.

൪൮. ചങ്ങനാശേരിയിൽ പ്രാദേശിക വികല്പം നടപ്പാക്കുന്നതു സംബന്ധിച്ചു ൧൧൦൪-൧൦-൧൫നു മുതൽ നിയമിച്ചിട്ടുള്ള സ്പെഷ്യൽ എക്സൈസ് ജീവനക്കാരായ മാസം ഒന്നുക്കു ൨൮ രൂപാ ശമ്പളത്തിൽ ഒരു രണ്ടാംഗ്രേഡ് പെററി ആഫീസർ ൧൫ രൂപാ വീതം ശമ്പളത്തിൽ നാലു നാലാംഗ്രേഡ് ശിപായിമാർ എന്നിവരെ ൧൧൦൫ മാണ്ടു വച്ചിരിക്കണം എന്നുള്ള നിർദ്ദേശം കമ്മിട്ടി സമ്മതിക്കയും അതിലേക്കു ൧൧൦൫ മാണ്ടു ൧൧ മാസത്തെ ചിലവിനു വേണ്ടതായ ൯൪൮ രൂപാ ൧൧൦൫-ാംമാണ്ടത്തെ ബഡ്ജറ്റിൽ ൪ സി എക്സൈസ് ഇനത്തിൽ ചേർക്കുന്നതിനു സമ്മതിക്കയും ചെയ്തു.

കമ്മിററിയോഗം വൈകുന്നേരം ൩ മണി അടിച്ചു ൪൦ മിനിട്ടു ആയപ്പോൾ പിരിഞ്ഞു.

ഹജൂർകച്ചേരി,
തിരുവനന്തപുരം.
൧൧൦൫ ജൂലൈ ൧൭-നു.

സ്ഥിരം ഫിനാൻസ് കമ്മിട്ടിയുടെ
സംയോജകൻ,
ടി. പി. രാമസ്വാമയ്യർ.

തിരുവിതാംകൂറു നിയമസഭാ,

സ്ഥിരം ഫിനാൻസ്കമ്മിററി. ൧൧൦൪.

൧൯൨൯ ജൂലൈ ൨൩-നു ൧൧൦൪ മിഥുനം ൩൧-നു ശനിയാഴ്ച.

നിയമസഭയുടെ ൧൧൦൪ മാണ്ടേക്കുള്ള സ്ഥിരം ഫിനാൻസ് കമ്മിട്ടിയുടെ അഷ്ടമയോഗം ഹജൂർകച്ചേരിയിൽ ദിവാന്റെ മുറിയിൽ ൧൯൨൯ ജൂലൈ ൨൩-നു ൧൧൦൪ മിഥുനം ൩൧-നു ശനിയാഴ്ച പകൽ ൧൨ മണി അടിച്ചു ൧൦ മിനിട്ടു ആയപ്പോൾ കൂടി.

വി. എസ്. സുബ്രഹ്മണ്യയ്യർ എസ്ക്വയർ ബി. എ., ബി. എൽ. ദിവാൻ പ്രെസിഡണ്ട്
കെ. പി. നീലകണ്ഠപ്പിള്ള എസ്ക്വയർ ബി. എ., ബി. എൽ.
എ. എസ്. ദാമോദരൻ ആശാൻ എസ്ക്വയർ ബി. എ., ബി. എൽ.
മാത്യു മുരിക്കൻ എസ്ക്വയർ ബി. എ., ബി. എൽ.
കെ. ജോർജ്ജ് എസ്ക്വയർ ബി. എ.
എ. വെങ്കടരമണയ്യർ എസ്ക്വയർ ബി. എ.
ടി. പി. രാമസുബ്ബയ്യർ എസ്ക്വയർ ബി. എ. (സംയോജകൻ)
എന്നീ മെമ്പർമാർ ഹാജരുണ്ടായിരുന്നു.

വിദ്യാഭ്യാസം.

വിദ്യാഭ്യാസം ഇനത്തിൽ താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കമ്മിററി പര്യാലോചനയ്ക്കായി സ്വീകരിച്ചു.

൧. നാട്ടുഭാഷാ പള്ളിക്കൂടങ്ങൾക്കുള്ള ഇൻസ്പെക്ടരുടെ ആഫീസിൽ മാസം ൧൫ ൨൦ രൂപാ വീതം ശമ്പളത്തിൽ താൽക്കാലമായി ൨ ക്ലാർക്കുമാരെ നിയമിച്ചിട്ടുള്ളതിനെ ൧൧൦൫ മേടം മുതൽ വച്ചു കൊണ്ടിരിക്കുന്നതിനുള്ള നിർദ്ദേശം കമ്മിററി അംഗീകരിക്കയും ൧൧ മാസത്തേക്ക് അവരുടെ ശമ്പളത്തിനു വേണ്ടതായ ൪൪൦ രൂപാ ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൨൦ എ. വിദ്യാഭ്യാസം കൺട്രോളിങ് ഏജെൻസി" എന്ന ഇനത്തിൽ ചേർക്കുന്നതിനു സമ്മതിക്കയും ചെയ്തു.

൨. വിദ്യാഭ്യാസ ഡയറക്ടരുടെ ആഫീസിനോടു ചേർന്നതായ ബുക്ഡെപ്പോവിൽ മാസം ൧൫ ൨൫ രൂപാ ശമ്പളത്തിൽ താൽക്കാലമായി നിയമിച്ചിട്ടുള്ള ക്ലാർക്കിനെ ൧൧൦൫ മേടം മുതൽ വച്ചു കൊണ്ടിരിക്കുന്നതിനുള്ള നിർദ്ദേശവും ഈ ക്ലാർക്കിന് ൧൧ മാസത്തെ ശമ്പളത്തിന് വേണ്ടതായ ൨൭൫ രൂപാ ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൨൦ എ വിദ്യാഭ്യാസം കൺട്രോളിംഗ് ഏജെൻസി" ഇനത്തിൽ ചേർക്കുന്നതിന് സമ്മതിക്കയും ചെയ്തു.

൩. ആർട്സ് കാളേജിനും ട്രെയിനിങ് കാളേജിനും കൂടി ഒരാളും സയൻസ് കാളേജിന് ഒരാളും ഇങ്ങനെ രണ്ടു ഫിസിക്കൽ ഇൻസ്ട്രക്ടറന്മാർ (കായികാധ്യാപകന്മാർ) ൧൦൦-൧൦-൧൫൦ ൩/൨൫-൧൭൫ രൂപാ ശമ്പളത്തിൽ നിയമിക്കുന്നതിനുള്ള നിർദ്ദേശവും മദിരാശിയിൽ കായികാഭ്യാസനത്തിനുള്ള വൈ. എം. സി. ഏ. പാഠശാലയിൽ അവരുടെ പഠനത്തിന് താഴെ വിവരിക്കുംപോലെ ൨൦൫൬ രൂപാ ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൨൦ ബി കാളേജിയെട്ട് എഡ്യൂക്കേഷൻ" ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

രെജിസ്ട്രേഷൻ ഫീ, ട്യൂഷൻ ഫീ, ലൈബ്രറി ഫീസ്, മെംബർഷിപ്പ് ഫീസ് ഉൾപ്പെടെയുള്ള ചിലവു ഇവർക്കായി	രൂ.	൪൦൨
മാസം ഒന്നുക്കു ൩൦ രൂപാ വീതം ൨ ഗ്രാഡ്വേട്ട്മാർക്ക് പഠനകാലത്തിൽ വിദ്യാർത്ഥിവേതനം	രൂ.	൧൪൪൦
ട്രാവലിങ് അലവൻസ് മുതലായവ	രൂ.	൨൦൨
ആകെ	രൂ.	൨൦൫൦

൪. സ്ത്രീകൾക്കുള്ള കാളേജിൽ ബി. എ. പഠനത്തിൽ മാത്തമാടിക്സ് ശാഖയും ഇന്റർമീഡിയെററ ക്ലാസിൽ ഇൻഡ്യൻ സംഗീത ശാഖയും ആരംഭിക്കുന്നതിന് അതിലേക്ക് താഴെ ചേർക്കുന്ന ജീവനക്കാരെ നിയമിക്കുന്നതിനും ഉള്ള നിർദ്ദേശവും ഇക്കാര്യത്തിലേക്ക് കണ്ടിൻജെൻസി ഉൾപ്പെടെ മൊത്തത്തുകയായി ൧൦൩൦൦ രൂപാ ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ ൨൦ ബി കാളേജ് വിദ്യാഭ്യാസം ഇനത്തിൽ ചേർക്കുന്നതിനും സമ്മതിച്ചു.

(൬) ശമ്പളം.

മാത്തമാടിക്സ്

൪൦൦-൫൦-൭൫൦ രൂപയിൽ ഒരു പ്രൊഫസർക്ക് ശമ്പളം രൂ ൪൨൨൩.

ഈ നാട്ടിൽ നിന്നും ആളെ നിയമിക്കുന്നതായാൽ പ്രൊഫസർക്ക് ൩൦൦-൨൫-൭൦൦ രൂപായ്ക്കു ശമ്പളം നിശ്ചയിക്കണം.

ഇൻഡ്യൻ സംഗീതം.

൧൨൫-൧൦-൧൭൫ രൂപാ ശമ്പളത്തിൽ ഇൻഡ്യൻ സംഗീത പ്രസംഗികൻ രൂ ൧,൫൦൦

(ബി) കീഴ് ജീവനക്കാർ.

൧൨-½-൧൭ രൂപാ ശമ്പളത്തിൽ മാത്തമാടിക്സ് ഡിപ്പാർട്ടുമെണ്ടിൽ ഒരു അറ്റെണ്ടർ ൯-൧/൩-൧൧ രൂപാ ശമ്പളത്തിൽ മാത്തമാടിക്സ് പ്രൊഫസർക്ക് പെർസണൽ പ്യൂൺ	രൂ	൧൦൭.
ആകെ	രൂ	൩൩൩൨

൫. ട്രെയിനിങ് കാളേജിൽ ൧൨-½-൧൪ രൂപാ ശമ്പളത്തിൽ ഒരു ലൈബ്രറി അറ്റെണ്ടറിനെ നിയമിക്കുന്നതിനും ൧൧ മാസത്തേക്കുള്ള ശമ്പളം ആയ ൧൩൨ രൂപാ ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൨൦ ബി. കാളേജ് വിദ്യാഭ്യാസം" ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൬. സ്ത്രീകൾക്കുള്ള കാളേജിൽ ൭൫-൧൦-൧൨൫ രൂപാ ശമ്പളത്തിൽ സസ്യശാസ്ത്രത്തിൽ ഒരു ഡെമൺസ്ട്രേറ്ററെ നിയമിക്കുന്നതിനുള്ള നിർദ്ദേശവും ൧൧൦൫ ചിങ്ങം ൧ മുതൽ ൧൧ മാസത്തേക്ക് അയാളുടെ ശമ്പളംവകയ്ക്കു ൮൨൫ രൂപാ ൧൧൦൫ മാണ്ടത്തെ ബഡ്ജറ്റിൽ "൨൦ ബി കാളേജിയെട്ട് വിദ്യാഭ്യാസം" ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൭. ഇംഗ്ലീഷ് സ്കൂളുകളിൽ പണിക്കായി മാസം ഒന്നക്കു ൫൦-൫/൨-൭൦-൫/൨-൧൨൦ രൂപാ ശമ്പളത്തിൽ കൂടുതൽ ൯ ഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു ൪൯൫൦ രൂപാ ൧൧൦൭ാമാണ്ടത്തെ ബഡ്ജറ്റിൽ "൨. ൦ സി. ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസം" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

൮. തിരുവനന്തപുരത്തു പെൺകുട്ടികൾക്കുള്ള ഇംഗ്ലീഷ് ഹൈസ്കൂളിൽ സ്പെഷ്യൽ ക്ലാസ് പഠനത്തിനു ൧൫-൧൦-൧൨൫-൧൦-൧൭൫ രൂപാ ശമ്പളത്തിൽ താല്കാലികമായി നിയമിച്ചിട്ടുള്ള ഗ്രാഡ്വേറ്റ് അദ്ധ്യാപകനെ ൧൧൦൭ാമാണ്ടും തുടർന്നു നടത്തിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു ൯൦൦ രൂപാ ൧൧൦൭ാമാണ്ടത്തെ ബഡ്ജറ്റിൽ "൨. ൦ സി-ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസം" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

൯. ഓരോ ഇംഗ്ലീഷ് സ്കൂളിലെയും ഒരു ക്ലാർക്കും ഓരോ മലയാളം പള്ളിക്കൂടത്തിലേക്കും ഒരു കൊടംപീസും കൊടുക്കുന്നതിനും ഈ ചിലവു ഗണ്ഡുകാലമായി നടത്തുന്നതിനുമുള്ള നിർദ്ദേശം കമ്മിറ്റി അംഗീകരിച്ചു. ഇതിലേക്കു ൪൫൦ രൂപാ ൧൧൦൭ാമാണ്ടത്തെ ബഡ്ജറ്റിൽ ൨. ൦ സി. സി-ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസവും വെർണാക്കുലർ സ്കൂൾ വിദ്യാഭ്യാസവും എന്ന ഇനത്തിൽ ചേർക്കുന്നതിനു സമ്മതിക്കപ്പെട്ടു.

൧൦. ഷെഡ്യൂളിൽ ആൺകുട്ടികൾക്കു മലയാളം പള്ളിക്കൂടങ്ങളിലെ ൯ അദ്ധ്യാപകന്മാർക്ക് ട്രീട്ടുവോടുകൂടിയുള്ള അലവൻസിനെ സ്ഥിരപ്പടിയിൽനിന്നു ഉടുപടിയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം കമ്മിറ്റി അംഗീകരിക്കയും അതിലേക്കു ൧൧൦൭ാമാണ്ടത്തെ ബഡ്ജറ്റിൽ ൨. ൦ ഡി, നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ വിദ്യാഭ്യാസം എന്ന ഇനത്തിൽ ൧൯൨ രൂപാ ചേർക്കുന്നതിനു സമ്മതിക്കുകയും ചെയ്തു.

൧൧. ആറങ്ങാടിയിലും കരുനാഗപ്പള്ളിയിലുമുള്ള മലയാളം മിഡിൽസ്കൂളുകളിൽ മാസം ഒന്നക്കു ൧൨ രൂപാ വീതം ശമ്പളത്തിൽ രണ്ടു അറബി മുൻഷിമാരെയും നെടുമങ്ങാട്, അഞ്ചൽ, തൊന്നയ്ക്കൽ എന്നീസ്ഥലങ്ങളിലെ പ്രൈമറിസ്കൂളുകളിൽ മാസം ൧൦ രൂപാവീതം ശമ്പളത്തിൽ മൂന്നു അറബി അദ്ധ്യാപകന്മാരെയും അടുത്തകാലത്തു നിയമിച്ചിരിക്കയാൽ അവർക്കുള്ള ശമ്പളത്തിലേക്കു ആവശ്യമുള്ള തുകയായ ൭൯൨ രൂപാ ൧൧൦൭ാമാണ്ടത്തെ ബഡ്ജറ്റിൽ ൨. ൦ ഡി നാട്ടുഭാഷാ സ്കൂൾ വിദ്യാഭ്യാസം എന്ന ഇനത്തിൽ ചേർക്കുന്നതിനുള്ള നിർദ്ദേശം കമ്മിറ്റി സമ്മതിച്ചു.

൧൨. തിരുവല്ലായിൽ ആൺകുട്ടികൾക്കുള്ള മലയാളം ഹൈസ്കൂളിൽ ൧-ാം ക്ലാസ് വീണ്ടും ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു ൧൫-൧൭ രൂപാ ശമ്പളത്തിൽ കൂടുതലായി നിയമിക്കുന്ന അദ്ധ്യാപകന്മാരുടെ ശമ്പളംവകയ്ക്കു ൧൭൨, രൂപാ ൧൧൦൭ാമാണ്ടത്തെ ബഡ്ജറ്റിൽ ൨. ൦ സി. നാട്ടുഭാഷാസ്കൂൾ വിദ്യാഭ്യാസം എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

൧൩. തക്കല പ്രൈമറിസ്കൂളിൽ ൪-ാം ക്ലാസിൽ മലയാളം ഡിവിഷനും ഇരണിയലിൽ ൬-ാം ക്ലാസിലും കുളച്ചൽ ൨-ാം ക്ലാസിലും ശുചീന്ദ്രത്തു വെർണാക്കുലർ മിഡിൽസ്കൂളിൽ ഏഴാംക്ലാസിലും തമിഴ്‌ഡിവിഷനും ഇപ്പോഴത്തെ പാഠശാലാ വർഷത്തിന്റെ (൧൧൦൬-൧൧൦൭) ആരംഭംമുതൽ തുടങ്ങി നടത്തുന്നതിനു ൨൦-൨ രൂപാശമ്പളത്തിൽ ഒന്നും ൧൫-൧൭ രൂപാശമ്പളത്തിൽ ൩ം ആയി കൂടുതലായി നിയമിക്കുന്ന ൪ അദ്ധ്യാപകന്മാരുടെ ശമ്പളംവകയ്ക്കു ൭൮൦ രൂപാ ൧൧൦൭ാമാണ്ടത്തെ ബഡ്ജറ്റിൽ "൨. ൦ ഡി നാട്ടുഭാഷാസ്കൂൾ വിദ്യാഭ്യാസം" ഇനത്തിൽ ചേർക്കുന്നതിനു കമ്മിറ്റി സമ്മതിച്ചു.

൧൪. രണ്ടുക്ലാസുകളിലേക്കു ഒരു അദ്ധ്യാപകനെവീതം നിയമിച്ചിരുന്ന രീതിയെ നിറുത്തൽ ചെയ്കയാലും കൊണ്ടും ആൺകുട്ടികൾക്കുള്ള നാട്ടുഭാഷാപാഠശാലകളിൽ ചിലവയിൽ ഉയർന്നക്ലാസുകളും കൂടുതൽ ഡിവിഷനും തുടങ്ങുന്നവകയ്ക്കും ൧൧൦൭ാമാണ്ടു കൂടുതലായി അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനു ആവശ്യമുള്ളതുകയായ ൩൦,൦൦൦ രൂപാ ൧൧൦൭ാമാണ്ടത്തെ ബഡ്ജറ്റിൽ "൨. ൦ സി. നാട്ടുഭാഷാസ്കൂൾ വിദ്യാഭ്യാസം" ഇനത്തിൽ ചേർക്കുന്നതിനു കമ്മിറ്റി സമ്മതിച്ചു.

൧൫. പെൺകുട്ടികൾക്കുള്ള ചില നാട്ടുഭാഷാ പാഠശാലകളിൽ ഉയർന്നക്ലാസുകളും കൂടുതൽ ഡിവിഷനും തുടങ്ങുന്നതിനു കൂടുതൽ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശവും അതിലേക്കു ൫,൦൦൦ രൂപാ ൧൧൦൭ാമാണ്ടത്തെ ബഡ്ജറ്റിൽ "൨. ൦ ഡി. നാട്ടുഭാഷാസ്കൂൾ വിദ്യാഭ്യാസം" ഇനത്തിൽ ചേർക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

എക്സൈസ്.

൧൬. കിളികൊല്ലൂരുള്ള താല്കാലികമായ ഓയിൽവെയർഹൗസിനു ൧൧൦൬-ാം വർഷം അവസാനംവരെ അനുവദിച്ചിട്ടുള്ളതും മാസം ഒന്നക്കു ൧൭ രൂപാശമ്പളത്തിൽ ഒരു നാലാംഗ്രേഡ് പെററിആഫീസരും ൧൧ രൂപാശമ്പളത്തിൽ ഒരു മൂന്നാംഗ്രേഡ് ശിപായിയും ൯ രൂപാശമ്പളത്തിൽ ഒരു നാലാംഗ്രേഡ് ശിപായിയും അടങ്ങിയതുമായ ഒരുകൂട്ടം ജീവനക്കാരെ ൧൧൦൭ാമാണ്ടവസാനംവരെ വച്ചുകൊണ്ടിരിക്കുന്നതിനുള്ള നിർദ്ദേശവും ൧൧൦൭ാമാണ്ടു ശേഷമുള്ള ൭ മാസത്തേക്കു ഈ ജീവനക്കാരുടെ വകക്കു ചിലവിനു ൨൬൬ രൂപാ ൧൧൦൭ാമാണ്ടത്തെ ബഡ്ജറ്റിൽ ൫ എ. ചുങ്കങ്ങൾ എന്ന ഇനത്തിൽ ചേർക്കുന്നതിൽ കമ്മിറ്റി സമ്മതിച്ചു.

ജനറൽ അഡ്മിനിസ്ട്രേഷൻ അക്കൗണ്ടാഫീസ്.

൧൭. അക്കൗണ്ടാഫീസിലെ ക്ലാർക്കുകളായ ജീവനക്കാരെ സംബന്ധിച്ച നിർദ്ദേശം ആലോചനക്കായി പിന്നീട കമ്മിറ്റി സ്വീകരിച്ചു. ഈ ജീവനക്കാരെക്കുറിച്ച് ഇപ്പോഴുള്ള വിവരവും ഉദ്ദേശിച്ചിരിക്കുന്ന രീതിയിൽ ഉള്ള വിവരവും താഴെ ചേർക്കുന്നു.

ഹൈയർഗ്രേഡ് ക്ലാർക്കുകൾ. ലോവർഗ്രേഡ് ക്ലാർക്കുകൾ.

	ഒന്നാംക്ലാസ്	രണ്ടാം ക്ലാസ്	മൂന്നാംക്ലാസ്	ക്ലാർക്കുകൾ	ആകെ
	൧൧൦-൫-൧൭൫	൭൫-൫-൧൦൦	൪൦-൫-൭൦	൨൫-൨/൫-൪൦-൩/൫-൫൦	
ഇപ്പോഴത്തെ എണ്ണം	൫	൧൧	൩൭	൬൬	൧൧൯
നിർദ്ദേശിച്ചിട്ടുള്ള എണ്ണം	൭	൧൪	൪൪	൫൪	൧൧൯

ഇപ്പോഴുള്ള അറ്റൻഡർമാർക്കുപുറമെ ൧൬-൧-൨൦ രൂപാശമ്പളത്തിൽ ൪ അറ്റൻഡർമാരെക്കൂടി സ്ഥിരമായി നിയമിക്കുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു.

ഈ ക്ലർക്കുമാരെസംബന്ധിച്ചു അനദ്യോഗസ്ഥ സാമാജികന്മാർ പുനരപെരും ആക്ഷേപംപറഞ്ഞു. അ ഇതുകൊണ്ടു ഈ ജീവനക്കാരെ സംബന്ധിച്ചിടത്തോളമുള്ള നിർദ്ദേശം ഉപേക്ഷിക്കപ്പെട്ടു. ൪ അറ്റെൻഡർമാരെ നിയമിക്കുന്നതിനും ൧൧൦൩-ാമാണ്ട് ൧൧ മാസത്തേക്ക അവരുടെ ശമ്പളം വകയ്ക്കു, ൧൬൪ രൂപാ നീക്കിവെക്കുന്നതിനും കമ്മിറ്റിസമ്മതിച്ചു.

നീതിന്യായഭരണം—ലാകാളേജ്.

൧൮. ലാകാളേജിൽ എഫ്. എൽ. ക്ലാസിലും ബി. എൽ. ക്ലാസിലും കൂടുതൽ ഡിവിഷൻ ഏർപ്പെടുത്തിയതുകൊണ്ടുള്ള കൂടുതൽജോലിക്ക അവിടത്തെ ഉദ്യോഗസ്ഥന്മാർക്ക അലവൻസ് കൊടുക്കുന്നതിനും കൂടുതൽ ശിപായിമാരെ നിയമിക്കുന്നതിനും ഉള്ളനിർദ്ദേശം കമ്മിറ്റിആലോചിച്ചു. ലാപരീക്ഷകളിലെ വിജയം വളരെ കുറവായിരിക്കുന്നു എന്നും ലാകാളേജിൽ ഇപ്പോൾ നടത്തിവരുന്നതുപോലെയുള്ള പഠനം കൂടുതലായി യാതൊരു അലവൻസും ലഭിക്കുന്നതിനു പ്രൊഫസർമാരെ അർഹരാക്കുന്നില്ലെന്നും മി: എ. എസ്. ദാമോദരൻ ആശാൻപറഞ്ഞു. ഇപ്പോഴത്തെപ്രൊഫസർമാർക്ക അലവൻസ് കൊടുക്കുന്നതിനുപകരം കൂടുതൽ പ്രൊഫസർമാരെ നിയമിക്കേണ്ടതാണെന്നു മി: മാത്തുമുരിക്കൻ അഭിപ്രായപ്പെട്ടു. ഒടുവിൽ പ്രസ്തുതനിർദ്ദേശം സമ്മതിക്കപ്പെട്ടു. താഴെവിവരിക്കുംപോലെ ൧൧,൧൨൮ രൂപാ ൧൧൦൩-ാമാണ്ടത്തെ ബഡ്ജറ്റിൽ "൧൫ ഡി. നീതിന്യായഭരണം ലാകാളേജ്" എന്ന ഇനത്തിൽ ചേർക്കുന്നതിനു കമ്മിറ്റിസമ്മതിച്ചു.

(i) പ്രിൻസിപ്പാലിനു മാസം ഒന്നുക്കു ൨൦൦ രൂപാവീതം കൂടുതൽ അലവൻസ് ൯മാസത്തേക്ക — രൂ. ൧൮൦൦

(ii) മാസംഒന്നുക്കു ൧൦൦ രൂപാവീതം വ്യാഖ്യാതാക്കന്മാർ ഓരോരുത്തർക്കും കൂടുതൽ അലവൻസ് ൯ മാസത്തേക്ക — രൂ. ൭൨൦൦

(iii) കീഴ്ജീവനക്കാർക്ക ശമ്പളത്തിൽ പകുതിവീതം അലവൻസും മാസംഒന്നുക്കു ൯ രൂപാവീതം — രൂ. ൧൧൨൮
ശമ്പളത്തിൽ കൂടുതലായി ൩ ശിപായിമാർക്ക ൯മാസത്തേക്ക — രൂ. ൧൦൦൦

(iv) കണ്ടിജൻസി ഉപകരണസാമാനങ്ങൾ മുതലായവ

ആകെ — രൂ. ൧൧,൧൨൮

എക്സൈസ്.

൧൯. (൧) താമരകുളത്തു പഴയതുളത്തിലെ ജലാശയത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനു ഉപ്പുവെള്ളം കയറുന്ന ചാലിനെ നന്നാക്കുന്നതിനു ൩൦൦ രൂപയും

(൨) കൊല്ലത്തുള്ള പുകയിലപണ്ടകശാലയോടു ചേർന്ന ഇൻസ്പെക്ടരുടെ സ്ഥലത്തിലെ പറമ്പിലുള്ള മതിലുകൾ ഇടിഞ്ഞുപോയതു വീണ്ടും പണിയിക്കുന്നവകയ്ക്കു ൨൦൦ രൂപയും

(൩) അബ്കാരിപ്രിവെന്റിവ് സ്റ്റേഷൻകെട്ടുന്നവകക്കു ൪,൦൦൦ രൂപയും

ആയി മൊത്തം ൩൭൦൦ രൂപാ ൩ എ. ഉപ്പ ൨൬൦൦ രൂപാ ൪ സി. ലൈസൻസ് ൪൦൦൦ രൂപാ, ൪ ഡി പുകയില ൨൦൦ രൂപാ എന്നീ ഇനങ്ങളിൽ ആയി ൧൧൦൪ മാണ്ടത്തെ ബഡ്ജറ്റിൽ ചേർക്കുന്നതിനു കമ്മിറ്റിസമ്മതിച്ചു.

൨൦. പിന്നീടുതന്നാണ്ടത്തെ മുതലെടുപ്പിൽ നിന്നു ചിലവാക്കാത്തതായ മുതൽമുടക്കുചിലവും കടങ്ങളുംഎന്നുള്ളബഡ്ജറ്റിലെ ഒന്നാംഭാഗത്തെ പര്യാലോചനത്തിനായി കമ്മിറ്റിസ്വീകരിച്ചു.

കൃഷിവായ്പക്ക ൧൧൦൩മാണ്ടത്തെ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന ൧,൩൦,൦൦൦ രൂപാ എന്നതുക മതിയാകയില്ലെന്നു അതിനെ ൨ലക്ഷം ആക്കിവർദ്ധിപ്പിക്കണംഎന്നു മി: എ. എസ്. ദാമോദരൻ ആശാൻ അഭിപ്രായപ്പെട്ടു. ഈ ഇനത്തിൽ കൂടുതൽ തുകഅനുവദിക്കുന്നതു സാദ്ധ്യമാണോ എന്നുനോക്കാം എന്നു ദിവാൻ പറഞ്ഞു. പിന്നീടു ഈ ബഡ്ജറ്റ് അനുവദിക്കപ്പെട്ടു.

പബ്ലിക്‌വൊർക്സ്

൨൧. പിന്നീടു കമ്മിറ്റി പബ്ലിക്‌വൊർക്സ്ഡിപാർട്ട്മെന്റിലെ ബഡ്ജറ്റ് എടുത്തു സൂക്ഷ്മമായി പരിശോധിച്ചു. രക്ഷാകരമായ കൃഷിമരാമത്തു എന്ന ഇനത്തിൽ ചേർത്തിരിക്കുന്ന തുക മതിയാകയില്ലെന്നും അതിനെ ൨ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണംഎന്നും മി: എ. എസ്. ദാമോദരൻ ആശാനും മി: കെ. പി. നീലകണ്ഠപ്പിള്ളയും അഭിപ്രായപ്പെട്ടു.

ഓരോപണികളെകുറിച്ചു പ്രതിപാദിച്ചതിൽ കല്ലമ്പലത്തുനിന്നു ന.ഗരൂർവഴി കരേറ്റിലേക്ക ഒരുറോഡ് വെട്ടി മെയിൻ സെൻട്രൽറോഡിൽ യോജിപ്പിക്കണം എന്നു മി: കെ. പി. നീലകണ്ഠപ്പിള്ള നിർബന്ധമായി അപേക്ഷിച്ചു. വൈക്കത്തു പുത്തൻതോട്ടിനെ (വൈക്കത്തുതോടിനെ) വീതികൂട്ടി നന്നാക്കിക്കുന്നതിനു പണം കൊടുക്കണം എന്നു മി: മാത്തുമുരിക്കൻപറഞ്ഞു. പറയൻകരിതോട്ടിൽനിന്നും പുഞ്ചപാടങ്ങൾക്ക ഏറ്റവും ദോഷംവരുന്നതുകൊണ്ടും ഉപയോഗത്തേയും കായങ്കുളം കരിപ്പുഴതോട്ടിനെ നന്നാക്കേണ്ട ആവശ്യത്തെപ്പറ്റിയും മി: എ. എസ്. ദാമോദരൻ ആശാൻ ചൂണ്ടിക്കാണിച്ചു. ഇവയെപ്പറ്റി ആലോചിക്കാം എന്നു ദിവാൻ വാഗ്ദാനംചെയ്തു. പിന്നീടു ബഡ്ജറ്റ് അനുവദിക്കപ്പെട്ടു. കമ്മിറ്റിയുടെയോഗം ഉച്ചയ്ക്കുമേൽ രണ്ടേമുക്കാൽമണിക്കു പിരിഞ്ഞു.

സ്ഥിരം ഫിനാൻസ് കമ്മിറ്റിയുടെ സംയോജകൻ,
ടി. പി. രാമസുബ്ബയ്യർ.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൧൦൩ ചിങ്ങം ൧൬

A true translation

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

നം. ൨ാമത്തെ സഭ

൧൧൦൭-ലെ രണ്ടാമത്തേ യോഗം

(ഔദ്യോഗിക റിപ്പോർട്ട്)

൧൯൩൨ ആഗസ്റ്റ് ൮-ാം തിങ്കളാഴ്ച.

൧൧൦൭ കർക്കടകം ൨൪-ാം

൧൧.൩൦-ന് വിക്ടോറിയാജൂബിലിടൌൺഹാളിൽ വച്ചു സഭ വീണ്ടുംകൂടി അദ്ധ്യക്ഷൻ അഗ്രാസനം വഹിച്ചു.

ചോദ്യോത്തരങ്ങൾ.

കൊട്ടാരക്കരയിലെ ഡിസ്പെൻസറി സ്ഥാപിക്കുന്ന സ്ഥലത്തെ സംബന്ധിച്ചു.

൩൧. മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): താഴെപ്പറയുന്ന വിവരങ്ങൾ നൽകുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

(എ) കൊട്ടാരക്കരയിലെ ഡിസ്പെൻസറി ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തു നിന്നും മാറ്റി സ്ഥാപിക്കാൻ ആലോചനയുണ്ടോ?

(ബി) പുതിയ സ്ഥലം ഇന്നതാണെന്നു നിർദ്ദേശിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ, അതു എവിടെയാണു; അതിനു റോഡിൽ നിന്നും എത്ര അകലമുണ്ട്; അതിലേക്കു കൊടുക്കേണ്ടിവരുന്ന പൊന്നും വിലയുടെ ഉദ്ദേശത്തുക എന്തായിരിക്കും?

മി: കെ. ജാർജ്ജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി) (എ) ഉണ്ട്.

(ബി) യും (സി) യും സ്ഥലം നിശ്ചയിക്കേണ്ട കാര്യത്തെപ്പറ്റി മെഡിക്കൽ ഉപദേശസമിതി ആലോചിച്ചു വരുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഡിസ്പെൻസറിക്കു സ്ഥലം നിശ്ചയിച്ചു എഴുതി അയക്കുന്നതിനു കൊട്ടാരക്കര തഹശീൽദാരോടു ആവശ്യപ്പെട്ടിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി) സ്ഥലം നിശ്ചയിച്ചു എഴുതി അയക്കുന്നതിനു കൊട്ടാരക്കര തഹശീൽദാരോടു ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടില്ല.

കൊട്ടാരക്കരതാലൂക്കിലെ തെങ്ങിനു ബാധിച്ചിട്ടുള്ള രോഗം.

൩൨. മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): (എ) കൊട്ടാരക്കരതാലൂക്കിലെ തെങ്ങുരോഗത്തെപ്പറ്റി വല്ല റിപ്പോർട്ടും ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്റെ ഒരു പകർപ്പു സദയം മേശപ്പുറത്തു വയ്ക്കുമോ?

മി: കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): (എ) ഇല്ല.

(ബി) എ-ഭാഗത്തിനു നൽകിയിട്ടുള്ള മറുപടിയെ അപേക്ഷിച്ച് ഈ ചോദ്യത്തിനു സന്ദർഭമില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കൊട്ടാരക്കരയിൽ തെങ്ങുരോഗം ഉണ്ടെന്നുള്ള സംഗതിയെപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): കൃഷിഇൻസ്പെക്ടർ അന്വേഷിച്ചു വരുന്നു. ചികിത്സക്കു വേണ്ട ഉപദേശങ്ങൾ കൊടുക്കയും ചെയ്തുവരുന്നു.

കൃഷിവായ്പകൾക്കായുള്ള അപേക്ഷകൾ.

൩൩. മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): (എ) കൊട്ടാരക്കരയും കുന്നത്തൂരും താലൂക്കുകളിൽനിന്നു കൊല്ലം ഡിവിഷൻപേഷ്കാരുടെയും ലാൻഡ്റവന്യുകമ്മിഷണരുടെയും പേർക്കു അയച്ചിട്ടുള്ള കൃഷിവായ്പകൾക്കുള്ള അപേക്ഷകളിൽ ൧൧൦൬-൧൧൦൭-ൽ തീർച്ചചെയ്യാതെ കിടപ്പുള്ളവയുടെ വകയ്ക്കുള്ള ഒരു ലിസ്റ്റ് ഗവൺമെന്റിൽ നിന്നും സദയം മേശപ്പുറത്തു വയ്ക്കുമോ?

(ബി) ഈ ഓരോ അപേക്ഷയുടെയും വിഷയത്തിൽ താമസം വന്നിട്ടുള്ള കാരണം ഇന്നതാണെന്നു സദയം പറയുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രട്ടറി): (എ)-ം (ബി)-ം മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റു മേശമേൽവച്ചിട്ടുണ്ട്.

കുന്നത്തൂർ താലൂക്കിൽനിന്നും ലഭിച്ചിട്ടുള്ള യാതൊരു അപേക്ഷയും ൧൧൦൭ മിഥുനം ൧൭-ാം കൊല്ലം ഡിവിഷൻ പേഷ്കാരുടെയോ ലാൻഡ്റവന്യൂ കമ്മിഷണരുടെയോ ആപ്പീസിൽ തീർച്ചചെയ്യാതെ കിടക്കുന്നില്ല.

ഇടവായിൽനിന്നും കാപ്പിലേക്കു ഒരു റോഡ് ഉണ്ടാക്കുന്നതിനെപ്പറ്റി.

൩൪. മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): താഴെപ്പറയുന്ന സംഗതികൾ ഗവൺമെന്റിൽനിന്നു സദയം പറയുമോ?

(എ) ഇടവാ വെറ്റക്കടയിൽനിന്നു ചിറയിൻകീഴ് താലൂക്കിൽ ഉൾപ്പെട്ട കാപ്പിൽ എന്ന സ്ഥലത്തേക്ക് ഒരു റോഡ് വെട്ടേണ്ട ആവശ്യത്തെപ്പറ്റി വല്ല നിവേദനങ്ങളും ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ?

(ബി) ഈ സംഗതിയെപ്പറ്റി ഗവൺമെന്റിൽനിന്നു വല്ലതുമയത്നം ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ പരിണാമം എങ്ങിനെ?

(സി) പ്രസ്തുതറോഡ് വെട്ടുന്നതിന്റെ ആശാസ്യതയെപ്പറ്റി ഗവൺമെന്റിൽനിന്നു ആലോചിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രട്ടറി): (എ) ഉണ്ട്.

(ബി) യും (സി) യും ആലോചിക്കുന്നുണ്ട്. ഈ സംഗതി ചീഫ് എൻജിനീയരുടെ റിപ്പോർട്ടിനായി അയച്ചിട്ടുണ്ട്. അദ്ദേഹം ഒരു അന്വേഷണം നടത്തേണ്ടതു ആവശ്യമാണെന്നു വിചാരിക്കുന്നു.

കല്ലമ്പലത്തുനിന്നും കരേറ്റിലേക്കുള്ള പാത.

൩൭. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറയിൻകീഴ് താലൂക്കിൽ കല്ലമ്പലത്തുനിന്നു നഗരൂർവഴി കരേറ്റിലേക്കുള്ള പാതയെ വണ്ടികളുടെ ഗതാഗതത്തിനുള്ള ഒരു റോഡാക്കുന്നതിനു ഗവണ്മെന്റിൽനിന്നും എന്തു നടപടി നടത്തിയിട്ടുണ്ടെന്നു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): സംരക്ഷണപ്പണിക്കുള്ള ഗ്രാന്റിൽനിന്നും റോഡിലെ ദുർഘടസ്ഥലങ്ങൾ ഈ ആണ്ടിൽ കഴിയുന്നിടത്തോളം നന്നാക്കിട്ടുണ്ടെന്നു ചീഫ് എൻജിനീയരുടെ റിപ്പോർട്ടു വന്നിട്ടുണ്ട്. റോഡുമുഴുവൻ നന്നാക്കുന്നതിനുള്ള ഒരു പ്രാരംഭ എസ്റ്റിമേററ് ചീഫ് ഇൻജിനിയർ അയക്കുകയും വേലനടത്തുന്നതിനു അനുവാദം ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ നിന്നും തീരെ മാററുകയോ വേലവിരോധിച്ചു നിവൃത്തുകയോ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ വകയ്ക്കുള്ള പട്ടിക.

൩൮. മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ടു): താഴെപ്പറയുന്ന വിവരങ്ങൾ കാണിക്കുന്ന പട്ടികകൾ ഗവണ്മെന്റിൽനിന്നും സദയം മേശമേൽ വയ്ക്കുമോ?

(എ) മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ രേണബോർഡ് ഉണ്ടാക്കിയതിനുശേഷം കുററങ്ങൾക്കായി ചാർജ്ജു ചെയ്കയും സസ്പെൻഡ് ചെയ്കയും ചെയ്തിട്ടുള്ള ഡിപ്പാർട്ടുമെന്റിലെ ജോലിക്കാരുടെ എണ്ണം കാണിക്കുന്നതായ ജാതിതിരിച്ചുള്ള ഒരു പട്ടിക.

(ബി) മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ നിന്നും ഡിസ്മിസ്സ് ചെയ്തിട്ടുള്ളവരുടെ വകയ്ക്കു ജാതി തിരിച്ചുള്ള ഒരു പട്ടിക.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) : (എ) മി: പി. എം. കുര്യൻ അസിസ്റ്റന്റ് സർജ്ജൻ ജാക്കോബൈററ് ക്രിസ്ത്യൻ.

മി: താമസ്സ് മൈനാൻ സബ്ബ് അസിസ്റ്റന്റ സർജ്ജൻ ജാക്കോബൈററ് ക്രിസ്ത്യൻ

മി: രാമസ്വാമിഅയ്യർ കമ്പൌണ്ടർ ബ്രാഹ്മണൻ (ബി) ഇല്ല.

ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ പട്ടിക.

൩൯. മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ടു): ൧൧൦൦ മിഥുനം ൧൦-നു മുതൽ ൧൧൦൮ മിഥുനം ൩൨-നു വരെ ഗവണ്മെന്റ് സർവീസിൽ നിന്നല്ലാതെ പുറത്തുനിന്നും നിയമിക്കപ്പെട്ടിട്ടുള്ള ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം ജാതി തിരിച്ചു കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റിൽ നിന്നു സദയം മേശമേൽ വയ്ക്കുമോ?

മി: എസ്. വെങ്കിട്ടരമണയ്യർ (ആ. ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി) : ഈ വക ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ പേരുകൾ സിവിൽ ലിസ്ററിൽ ഉണ്ട്. അവരുടെ ജാതിയെപ്പററിയുള്ള വിവരങ്ങൾ കിട്ടിയിട്ടില്ല.

ഒരു കൃഷിഇൻസ്പെക്ടരുടെ നിയമനം.

൪൦. മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ടു) : താഴെപ്പറയുന്ന ചോദ്യങ്ങൾക്കു സദയം മറുപടി തരുമോ?

(എ) കൃഷിഡിപ്പാർട്ടുമെന്റിലെ ഒരു ഡിമാൺസ്ട്രേട്ടരെ ആ ഡിപ്പാർട്ടുമെന്റിൽ തന്നെ ൧൧൦൩-ലൊ ൧൧൦൪-ലൊ ഇൻസ്പെക്ടരായി പ്രമോഷൻ ചെയ്തിട്ടുണ്ടൊ?

(ബി) (എ) ഉണ്ടെങ്കിൽ അയാൾ ഡിമാൺസ്ട്രേട്ടർ ജോലിയിൽ വാങ്ങിയിരുന്ന ശമ്പളം എന്തു്? ആയാളെ കയററം ചെയ്തു നിയമിച്ചിട്ടുള്ള ജോലിയായ കൃഷിഇൻസ്പെക്ടരുടെ ഗ്രേഡും ശമ്പളവും എന്തു്?

(ഡ) ഈ നിയമനംമൂലം കൃഷിഇൻസ്പെക്ടർമാരിൽ വല്ലവരുടെയും പ്രമോഷനു പ്രതിബന്ധം ഉണ്ടായിട്ടുണ്ടൊ? അല്ലെങ്കിൽ വല്ലവരുടെയും ഉദ്യോഗകയററത്തിനുള്ള അവകാശം അവഗണിക്കപ്പെട്ടിട്ടുണ്ടൊ?

(സി) ബി ഖാണ്ഡം (ഡ) പിരിവിലേക്കുള്ള മറുപടി 'ഉണ്ട്' എന്നാണെങ്കിൽ

(ഇ) എത്ര ആളുകൾക്കു ഈ വിധം പ്രമോഷനില്ലായ്മയൊ അവഗണനമോ പററിയിട്ടുണ്ട്? അവരുടെ പേരുകൾ എന്തെല്ലാം?

(ഡ) സർവീസിൽ ഇരുന്നവരുടെ അവകാശത്തെ അവഗണിച്ചതിനുള്ള കാരണമെന്തു്?

(ന) ഗവണ്മെന്റ, ഈ കാര്യത്തിൽ എന്തു നടപടി നടത്തിയിട്ടുണ്ട്?

മി: കെ. ജോർജ്ജ (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) (എ) ഇല്ല.

(ബി)യും (സി)യും, എ ഖാണ്ഡത്തിനുള്ള മറുപടിക്കുശേഷം ഈ ചോദ്യങ്ങൾക്കു മറുപടിപറയേണ്ട ആവശ്യമില്ല.

ചില ഉദ്യോഗസ്ഥന്മാരുടെയും അവരുടെ കീഴ് ഉദ്യോഗസ്ഥന്മാരുടെയും പരീക്ഷായോഗ്യതകൾ.

൪൧. മി: ഇട്ടൂപ്പ് ഇട്ടീയച്ചൻ (കുന്നത്തുനാട്ടു): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽനിന്നു സദയം തരുമോ?

(എ) ബി.എ. പരീക്ഷമാത്രമൊ അല്ലെങ്കിൽ അതിൽകുറഞ്ഞ പരീക്ഷകളൊ ജയിച്ചിട്ടുള്ള വലിയ ഉദ്യോഗസ്ഥന്മാർ തിരുവിതാംകൂർ സർവീസിൽ ഇല്ലയോ?

(ബി) എം. എ. ബി. എൽ. മുതലായ പരീക്ഷകൾ ജയിച്ചവർ ഇവരുടെകീഴിൽ ക്ലാർക്കുകളായി ജോലിചെയ്യുന്നില്ലയോ?

(സി) അപ്രകാരമുള്ള ആളുകളെ ഒഴിവുകൾ ഉണ്ടാകുന്നതനുസരിച്ച് ക്ലാർക്കന്മാരാക്കുന്ന പതിവു ഇപ്പോഴും ഇല്ലയോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): (എ) ഉണ്ട്.

(ബി) അപ്രകാരമുള്ള ഉദാഹരണങ്ങൾ ഉണ്ടായിരിക്കാം.

(സി) ഉണ്ട്.

അക്കൌണ്ടാഫീസുകളുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ.

൨൦. കെ. എൻ. കേശവൻ നമ്പൂരിപ്പാട്ട് (ജന്മി): അക്കൌണ്ടാഫീസുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരുകൾ ഗവൺമെൻറ് സദയം പറയുമോ?

മി: വെങ്കിട്ടരമണയ്യർ (ആ. ഗവൺമെൻറ് ഫൈനാൻഷ്യൽ സെക്രട്ടറി): ൧൧൦൮ ഇടവം ൧-നു-വരെ ശരിപ്പെടുത്തി എഴുതിയിട്ടുള്ള ക്വാർട്ടർളി സിവിൾലിസ്റ്റിൽ ൧൦മുതൽ ൧൩ വരെ പേജുകൾ നോക്കിയാൽ അറിയാം.

സെക്രട്ടറിയററിലെ നിയമനങ്ങൾ.

൨൧. മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്ട (ജന്മി): (൧) സിക്രട്ടറിയററിലെ ഗ്രാഡ്വേററുകളും അണ്ടർ ഗ്രാഡ്വേററുകളും ആയുള്ള ആക്ടിംഗ് ക്ലാർക്കുകളുടെ വകയ്ക്കു ഇടംപെയ്യുന്നതുമുള്ള അതായതു ൧൯൨൧-൧൧൦൮ വരെയുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

(൨) ലിസ്റ്റിൽപെട്ടിട്ടുള്ള വല്ല അണ്ടർഗ്രാഡ്വേററുകളും അതിനുശേഷം ഗ്രാഡ്വേററു ചെയ്തിട്ടുണ്ടോ എന്നു പറയുമോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി):

(൧) സെക്രട്ടറിയററിലെ ഗ്രാഡ്വേററുകളും അണ്ടർ ഗ്രാഡ്വേററുകളുമായ ആ ക്ലാർക്കുകളുടെ ഒരു ലിസ്ററ മേശമേൽ വച്ചിട്ടുണ്ട്.

(൨) ഇല്ല.

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട്ട (ജന്മി): ൨-ാം ഭാഗത്തെസംബന്ധിച്ചു ഞാൻ ഈ ചോദ്യത്തിന്റെ ഒരു സംഗതി ചോദിച്ചുകൊള്ളട്ടെയോ? അതായതു സിക്രട്ടേറിയററിൽ ടെലിഫോൺ സെക്ഷൻ എന്നു ഒരു സെക്ഷൻ ഉണ്ടോ എന്നുള്ളതാകുന്നു.

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ്സിക്രട്ടറി): ഉണ്ട്.

മി: കെ. എൻ. കേശവൻ നമ്പൂതിതിരിപ്പാട്ട(ജന്മി): ഈ സെക്ഷനിൽ ആക്ട്ചെയ്തിട്ടുള്ള അണ്ടർഗ്രാഡ്വേററുകളെ കൂടി ഈ ലിസ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു സദയം പറയുമോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): ഇവർ സാധാരണ ഗ്രാഡ്വേററും അണ്ടർ ഗ്രാഡ്വേററും എസ്ററാബ്ലിഷ്മെൻറിൽ ചേർന്നവരല്ലാ. അവർ താല്ക്കാലമായി നിയമിക്കപ്പെട്ടിട്ടുള്ളവരാണ്.

ആദായനികുതി ഉദ്യോഗസ്ഥന്മാരും ആലപ്പുഴയിലെകച്ചവടക്കാരും.

൨൨. മി: എച്ച്. ബി. മഹമ്മദ്റാവുത്തൻ (പത്തനാപുരം-ചെങ്കോട്ട): താഴെപ്പറയുന്ന വിവരങ്ങൾ ഗവർമ്മെൻറിൽനിന്നും സദയം നൽകുമോ?

(എ) ആലപ്പുഴയിലെ ആദായനികുതി ഉദ്യോഗസ്ഥന്മാരിൽനിന്നു തങ്ങൾക്കു ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉപദ്രവത്തെപ്പററി ആലപ്പുഴയിലെ കച്ചവടക്കാരിൽനിന്നു വല്ലനിവേദനവും വന്നിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ ഉപദ്രവത്തിൽനിന്നു അവരെവിമുക്തരാക്കുന്നതിനുനാളിതു(൧൩-൭-൧൯൩൨) എന്തു് നടപടിനടത്തീട്ടുണ്ട്.

മി: ടി. പി. രാമസ്വാമയ്യർ (ഗവൺമെൻറ് സെക്രട്ടറി): (എ) ഇല്ല.

(ബി) എ ഭാഗത്തിലെ മറുപടികൊണ്ടു ബി ഭാഗത്തിനുമറുപടിക്കു ആവശ്യംകാണുന്നില്ല.

ആലപ്പുഴയിലെ തീക്കപ്പൽ ഏജൻറന്മാർ.

൨൩. മി: എച്ച്. ബി. മഹമ്മദ്റാവുത്തൻ (പത്തനാപുരം ചെങ്കോട്ട): ൧ ആലപ്പുഴയിലെ തീക്കപ്പൽ ഏജൻറന്മാർ സാമാനങ്ങൾ കരക്കേറക്കുന്നതിനു കൂടുതൽ തുകകൾ ചാർജ്ജുചെയ്തുവരുന്ന വിവരം ഗവൺമെൻറിന് അറിയാമോ?

(൨) അറിയാമെങ്കിൽ, കച്ചവടക്കാരുടെ സങ്കടനിവൃത്തിക്കായി വല്ലനടപടിയും ഗവൺമെൻറിൽനിന്നും എടുത്തിട്ടുണ്ടോ?

മി: കെ. ജാജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): (൧) ഇല്ല.

(൨) ഒന്നാമത്തേതിനു നൽകിയിട്ടുള്ള ഉത്തരംകൊണ്ട് ഈ ചോദ്യത്തിനുകാരണമില്ല.

ആലപ്പുഴ ചെറുക്കയിലെ യന്ത്രത്രാസ്.

൨൪. മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരം ചെങ്കോട്ട): താഴെപ്പറയുന്ന സംഗതികൾക്കു ഗവൺമെൻറിൽനിന്നും സദയംമറുപടിതരുമോ?

(൨) ആലപ്പുഴചവുക്കയിൽ ചരക്കുകൾ തൂക്കുന്നതിനു വച്ചിട്ടുള്ള യന്ത്രത്രാസിൻെറ അനാശാസ്യസ്ഥിതിയേയും അതിൽവച്ചുണ്ടാകുന്ന നഷ്ടങ്ങളേയുംപററി ആലപ്പുഴയിലെ കച്ചവടക്കാരിൽ നിന്നും വല്ലനിവേദനങ്ങളും ഗവൺമെൻറിൽ കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനെ പരിഹരിക്കുന്നതിനു എന്തുനടപടിനടത്തി?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ഇല്ല.

(ബി) (എ) ഭാഗത്തിനുള്ള മറുപടിക്കു ശേഷം ഈ ചോദ്യത്തിന് വകയില്ല.

അവലൂക്കുന്ന-മണ്ണഞ്ചേരി റോഡ്

൪൭. മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം വടക്ക): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽ നിന്നു സദയം നൽകുമോ?

(എ) ആലപ്പുഴനിന്നും മണ്ണഞ്ചേരിയിലേക്കുള്ള അവലൂക്കുന്ന-മണ്ണഞ്ചേരി റോഡിന്റെ പണിവകയ്ക്കു അനുവദിച്ചിട്ടുണ്ടോ?

(ബി) പണി തുടങ്ങിയിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ താമസത്തിനുള്ള കാരണം എന്ത്?

(ഡി) സംസ്ഥാനത്തിലെ കയർവ്യവസായ (സമുദ്രതീരക്കയർ) ഡിസ്ട്രിക്ടുകളിൽ ഒന്നായ മുഹമ്മ എന്ന സ്ഥലത്തിനു മണ്ണഞ്ചേരിയിൽനിന്നും രണ്ടുമൈൽ മാത്രമെ ദൂരമുള്ളു എന്നു ഗവണ്മെന്റിനു അറിയാമോ?

(ഇ) കയറുകച്ചവടത്തിന്റെ പ്രാധാന്യത്തെക്കരുതി പ്രസ്തുത റോഡ് മുഹമ്മവരെ ദീർഘിപ്പിക്കുന്നതിന് ഉദ്ദേശിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ് സെക്രട്ടറി): (എ) ഇതുവരെ യാതൊരു തുകയും അനുവദിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) എസ്റ്റിമേറ്റ് അനുവദിച്ചിട്ടില്ല.

(ഡി) അറിയാം.

(ഇ) ആലോചിക്കാം.

സംസ്കൃതകാളേജിൽ ഉദ്യോഗം ഒഴിവിനു ആളെ നിയമിക്കൽ.

൪൮. മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മി): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെന്റിൽനിന്നു സദയം മറുപടി പറയുമോ?

(എ) തിരുവനന്തപുരത്തെ സംസ്കൃതകാളേജിൽ ഉണ്ടായിട്ടുള്ള പല ഒഴിവുകൾക്കും കഴിഞ്ഞ രണ്ടുമൂന്നു വർഷമായി ആളെ നിയമിച്ചിട്ടില്ലെന്നും പല സംഗതികളിലും വിഷയങ്ങൾ പഠിപ്പിക്കാതെ അനുമാനിച്ചിരുന്നു എന്നുമുള്ള വാസ്തവമാണോ?

(ബി) ഇത്രത്തോളം ദീർഘകാലത്തേക്കു ഒഴിവുകൾക്കു ആളെ നിയമിക്കാതിരുന്നതിനു വല്ല കാരണവും ഉണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ഇല്ല.

(ബി) എ ഭാഗത്തിനുള്ള മറുപടിക്കു ശേഷം ഈ ചോദ്യത്തിന് അവകാശമില്ല.

ആലപ്പുഴയും കൊട്ടയവും തമ്മിൽ ബന്ധിക്കുന്നതിനുള്ള ഒരു റോഡിന്റെ ആവശ്യം.

൪൯. മി: വി. ജെ. ഉമ്മൻ (വ്യവസായവാണിജ്യം, വടക്ക്): താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെന്റിൽ നിന്നും സദയം മറുപടി തരുമോ?

(എ) ആലപ്പുഴക്കും കൊട്ടയത്തിനും മദ്ധ്യേ ഒരു റോഡ് ഉണ്ടാകേണ്ട ആവശ്യകതയെ കാണിച്ചു കൊട്ടയത്തുള്ള ജനങ്ങളിൽ നിന്നു ഒരു ഹർജി ഗവണ്മെന്റിൽ കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ, അതിന്മേൽ എന്തു ആക്ഷൻ എടുത്തു?

(സി) ഹർജിയുടെ തീയതി?

(ഡി) പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റിലെ വല്ല ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്നും ഗവണ്മെന്റിലേക്കു വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

(ഇ) കീഴ് ഉദ്യോഗസ്ഥന്മാരിൽ നിന്നു ആവശ്യമുള്ള റിപ്പോർട്ടുകൾ ഡിപ്പാർട്ടുമെന്റ് മേലധികാരിക്കു കിട്ടിയിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

(എഫ്.) (ഇ) ഭാഗത്തിൽ പറയുന്ന സംഗതി വാസ്തവമാണെങ്കിൽ ഡിപ്പാർട്ടു മേലദ്ധ്യക്ഷൻ റിപ്പോർട്ടു ചെയ്യാൻ താമസിക്കുന്നതിന്റെ കാരണങ്ങളെപ്പറ്റി ഗവണ്മെന്റ് അന്വേഷിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) റിപ്പോർട്ടിനായി അതിനെ ചീഫ് എൻജിനീയർക്കു അയച്ചു.

(സി) ൧൧൨൨ സെപ്റ്റംബർ ൩൦-ാംനു-

(ഡി) ഇല്ല.

(ഇ) ഒരു പ്രാരംഭ റിപ്പോർട്ടു ചീഫ് എൻജിനീയർക്കു കിട്ടി.

(എഫ്) അത് ആവശ്യമാണെന്നു ഗവണ്മെന്റ് വിചാരിക്കുന്നില്ല.

ഹോമിയോപ്പതി ചികിത്സയെ പ്രോത്സാഹിപ്പിക്കുന്നതിനെപ്പറ്റി.

൫൦. മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെന്റിൽ നിന്നും സദയം മറുപടി തരുമോ?

(എ) ൧൧൨൨ ഏപ്രിൽ ൭-ാംനു- നടന്ന യോഗത്തിൽവച്ചു സഭയിൽ പാസ്സാക്കപ്പെട്ടതുപോലെ, ഹോമിയോപ്പതി ചികിത്സാക്രമത്തെ പ്രോത്സാഹിപ്പിക്കുന്നതിനെപ്പറ്റി ഗവണ്മെന്റ് വല്ല ആലോചനയും നടത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ, അതിനെപ്പററി അവസാന റിപ്പോർട്ട പാസ്സാക്കിയിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) തല്ക്കാലത്തേക്ക ആ നിശ്ചയത്തെ റിക്കാർഡ് ചെയ്തിരിക്കുകയാകുന്നു.

ചില റോഡുകളുടെ സ്ഥിതിയും അവയുടെ സംരക്ഷണഗ്രാൻറുകളും.

൩൩. മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): (എ) താഴെപ്പറയുന്ന റോഡുകളുടെ അനാശാസ്യമായ സ്ഥിതിയെപ്പററി ഗവണ്മെൻറിന് അറിയാമോ?

(൧) കായങ്കുളം-മാന്നാർ റോഡ്, കായങ്കുളം മുതൽ തട്ടാരമ്പലം വരെ (൫ ½ മൈൽ)

(൨) മാവേലിക്കര-തൃക്കുന്നപ്പുഴ റോഡ്, തട്ടാരമ്പലം മുതൽ നങ്ങിയാർകുളങ്ങരവരെ (൬-൫/൮ മൈൽ)

(൩) കൊല്ലം-ആലപ്പുഴ റോഡ്, നങ്ങിയാർകുളങ്ങരമുതൽ (൩൧-ാം മൈയിൽ) കന്നാലിപ്പാലം വരെ (൨൩൮-൩/൪ മൈൽ)

(൨) (എ) മേല്പറഞ്ഞ ഓരോ റോഡിന്റെയും സംരക്ഷണഗ്രാൻറിന്റെ നിരക്കം;

(ബി) കൊല്ലം-ആലപ്പുഴ റോഡിൽ അമ്പലപ്പുഴ മുതൽ ആലപ്പുഴവരെയുള്ളതിന്റെ സംരക്ഷണഗ്രാൻറിന്റെ നിരക്ക ഗവണ്മെൻറിൽ നിന്നു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ ഗവണ്മെൻറ് സെക്രട്ടറി):

(൧) ഈ റോഡുകളെ നന്നാക്കുന്നതിന് ഏതെല്ലാം ശ്രമങ്ങൾ ചെയ്തിട്ടും, അവയിൽക്കൂടിയുള്ള ഭാരം കൂടിയ ബസ്സുകളുടെ ഗതാഗതം നിമിത്തം ഈ റോഡുകൾ ഒന്നിനൊന്നിന് ക്ഷയിച്ചുവരുന്നു എന്നു റിപ്പോർട്ട ചെയ്തിരിക്കുന്നു.

(൨) (എ) കായങ്കുളം-മാന്നാർ റോഡ്, മൈൽ ഒന്നിന് ൨൦൦ രൂപാ.

(൨) മാവേലിക്കര-തൃക്കുന്നപ്പുഴറോഡ്, മൈൽ ഒന്നിന് ൨൦൦ രൂപാ.

(൩) കൊല്ലം-ആലപ്പുഴറോഡ് നങ്ങ്യാർകുളങ്ങര മുതൽ കന്നാലിപ്പാലംവരെ മൈൽ ഒന്നിന് ൨൫൦ രൂപാ.

(ബി) മൈൽ ഒന്നിനു ൫൦൦ രൂപാ

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഈ റോഡുകൾ ക്ഷയിച്ചുവരുന്നതിനെപ്പററിയുള്ള റിപ്പോർട്ട ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടതിനുശേഷം ഇപ്പോൾ എത്രമാസം ആയി എന്നു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ ആര കൊണ്ടുവന്നു എന്നാണ് പറയുന്നത്?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെൻറുകാർ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): കീഴുദ്യോഗസ്ഥന്മാർ ചീഫ്എഞ്ചിനിയർക്ക അയച്ച റിപ്പോർട്ടിന്റെ ശരിയായ തീയതിയെ സംബന്ധിച്ച എനിക്ക മുൻകൂട്ടി നോട്ടീസ് തന്നിട്ടില്ലാത്തതുകൊണ്ട പറയാൻ നിവൃത്തിയില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ എപ്പോൾ കൊണ്ടുവരപ്പെട്ടു എന്നു എനിക്ക അറിയുവാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഒരുവേള ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടില്ലായിരിക്കാം. ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ എപ്പോൾ കൊണ്ടുവരപ്പെട്ടു എന്നു എനിക്ക പറയാൻ നിവൃത്തിയില്ല. മുൻപ് വല്ല റിപ്പോർട്ടും അയച്ചിട്ടുണ്ടോ എന്നും അറിഞ്ഞുകൂടാ. ഈ ചോദ്യത്തെ സംബന്ധിച്ചാണ് അത് ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടത്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ റോഡുകളുടെ മോശമായ സ്ഥിതിയെ പരിഹരിക്കുന്നതിനുവേണ്ടി ഏതെങ്കിലും ചെയ്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): സംരക്ഷണ ഗ്രാൻറുകൊണ്ട ചെയ്യാവുന്നതെല്ലാം ചെയ്തുവരുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ സംഗതി ഹേതുവാൽ സംരക്ഷണഗ്രാൻറ വർദ്ധിപ്പിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഇല്ല. ഈ ചോദ്യത്തെ സംബന്ധിച്ചാണ് ഗ്രാൻറ മതിയാകയില്ലെന്നു ചീഫ് എഞ്ചിനിയർ പറഞ്ഞിട്ടുള്ളത്. ഈ സംഗതി ആലോചനക്ക വിഷയീഭവിക്കുന്നതായിരിക്കും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കൊല്ലം-ആലപ്പുഴ റോഡിൽ അമ്പലപ്പുഴ മുതൽ ആലപ്പുഴവരെയുള്ള ഭാഗത്തിനു ൫൦൦ രൂപയും കായങ്കുളം-മാന്നാർ റോഡിനും മാവേലിക്കര-തൃക്കുന്നപ്പുഴ റോഡിനും ൨൦൦ രൂപമാത്രവും സംരക്ഷണച്ചിലവു അനുവദിക്കുന്നതിന്റെ കാരണം എന്താണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അതിലേക്ക നിശ്ചിതകാരണങ്ങൾ ഒന്നും പറയാൻ നിവൃത്തിയില്ല. പല സംഗതികളിലും ഇപ്രകാരമുള്ള വ്യത്യാസങ്ങൾ ഉണ്ടാകുന്നുണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ വ്യത്യാസത്തിന് വല്ല പ്രത്യേക കാരണവും ഉണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ചോദ്യത്തിനു നോട്ടീസ് കിട്ടിയിട്ടില്ല.

വയലാർ കിഴക്കു പകുതിയിൽ കൃഷിസേചനത്തിനുവേണ്ടി
ചിറകൾ ഉണ്ടാക്കേണ്ടതിനെപ്പറ്റി

൩൦. മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ചേർത്തല വയലാറു കിഴക്കേ പകുതിയിൽ പുല്ലൻ ചിറ, കൊച്ചുചിറ, പ്ലാശ്ശേരി ഇതുകൾക്കു ശരിയായ സമയത്തു ചിറപിടിക്കുന്നുണ്ടോ എന്നു ഗവൺമെൻറിൽനിന്നു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഡിവിഷൻ പേഷ്കാരും ആദായനികുതിയും കമ്മീഷണരും ചീഫ് എഞ്ചിനീയരും അവരുടെ ഡിപ്പാർട്ടുമെൻറുകളിൽനിന്നും ചിറകൾ ഉണ്ടാക്കിച്ചുവരുന്നില്ലെന്നു പറയുന്നു.

പാഴക്കുളം ചന്തയിൽനിന്നും വഴിത്തലച്ചന്തയിലേക്കുള്ള റോഡ്.

൩൧. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): പാഴക്കുളം ചന്ത മുതൽ വഴിത്തല ചന്തവരെ ഒരു റോഡുവെട്ടുന്ന കാര്യത്തെ സംബന്ധിച്ചു താഴെ പറയുന്ന വിവരങ്ങൾ ഗവൺമെൻറു നൽകുമോ?

(എ) എത്ര ആണ്ടുകളായിട്ടു ആണ്ടുതോറും ബഡ്ജറ്റിൽ പണം അനുവദിക്കയും പാസ്സാക്കയും ചെയ്തിട്ടുണ്ട്.

(ബി) ഇതുവരെ (൧൧൨൯-ാമാണ്ടവരെ) ഒരു മൈൽ സ്ഥലത്തെങ്കിലും റോഡു പണി പൂർത്തിയാക്കിയിട്ടുണ്ടോ?

(സി) ഈഭാഗത്തിനുള്ള മറുപടി 'ഇല്ലാ' എന്നാണെങ്കിൽ, ഇപ്പോഴെങ്കിലും റോഡു ഉടനടി പൂർത്തിയാക്കുന്നതിനു വേണ്ട ഉത്തരവു അയക്കാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) മൂന്നുവർഷം.

(ബി) ഇല്ല. പൊന്നുംവിലകൊടുത്തു ഭൂമിയെടുക്കുന്നതിനെപ്പറ്റിയുള്ള നടപടികൾ പൂർത്തിയാകാതെ ജോലിതുടങ്ങാൻ നിവൃത്തിയില്ല.

(സി) ഭൂമികൾ ഈയിടെയാണ് ഡിപ്പാർട്ടുമെൻറിനെ ഏല്പിച്ചതു്. അതിനെ ചീഫ് എഞ്ചിനീയർ ചെന്നു പരിശോധിക്കയുംചെയ്തു.

തൃക്കാരിയൂർനിന്നും പെറിയപ്പാറക്കുള്ള പാതയെ വണ്ടികളുടെ ഗതാഗതത്തി
നുള്ള ഒരു റോഡാക്കുന്നതിനെപ്പറ്റി.

൩൨. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): (എ) തൃക്കാരിയൂർനിന്നും പെരിയാർ തീരങ്ങൾക്കു സമീപമുള്ള പെറിയപ്പാറക്കുപോകുന്ന പാതയെ വണ്ടികളുടെ ഗതാഗതത്തിനുള്ള റോഡാക്കുന്നതിനു ബഡ്ജറ്റിൽ പണം അനുവദിച്ചിട്ടു ഇപ്പോൾ എത്രകൊല്ലം ആയി എന്നും,

(ബി) ഇതുവരെ (൧൧൨൯-ാമാണ്ടവരെ) എത്ര മൈൽ ദൂരം വണ്ടിപോകത്തക്കവണ്ണം 'റോഡു' ഉണ്ടാക്കീട്ടുണ്ടെന്നും ഗവൺമെൻറിൽനിന്നു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) മൂന്നാണ്ട്.

(ബി) തൃക്കാരിയൂർനിന്നും ഉള്ള ആദ്യത്തെ അര മൈൽ വണ്ടിപോകത്തക്കവണ്ണം ആയിട്ടുണ്ടെന്നും, രണ്ടു ചെറിയഭാഗങ്ങൾ ഒഴികെ മറ്റെല്ലാ ഭാഗത്തും മൺവേല മിക്കവാറും പൂർത്തിയാക്കീട്ടുണ്ടെന്നും കലുങ്കുകളും നടന്നുകൊണ്ടിരിക്കുന്നു എന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

കോട്ടയം ഡിവിഷനിൽ വെടിയായുധങ്ങൾക്കു ലൈസൻസ് കൊടുക്കുന്ന
ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ക്ലാർക്ക്.

൩൩. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): കോട്ടയം ഡിവിഷനിൽ വെടിയായുധങ്ങൾക്കു ലൈസൻസ് കൊടുക്കുന്ന വകുപ്പിൽ ജോലിചെയ്യുന്ന ക്ലാർക്ക് ആ ജോലി എത്ര കാലമായി ചെയ്തുവരുന്നു എന്നു ഗവൺമെൻറിൽനിന്നു സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ൧൧൨൨-ാമാണ്ടു മുതൽ ആ ക്ലാർക്ക് ആ ജോലി ചെയ്തുവരുന്നതായി കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ റിപ്പോർട്ടു വന്നിരിക്കുന്നു.

പോലീസ് കമ്മീഷണരുടെ ആഫീസിലുള്ള ക്ലാർക്കുകളുടേയും ഉദ്യോഗസ്ഥന്മാരുടേയും
വിവരം ജാതിതിരിച്ചു കാണിക്കുന്ന ഒരു പട്ടിക.

൩൪. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): പോലീസ് കമ്മീഷണരുടെ ആഫീസിൽ ഉള്ള ക്ലാർക്കുകളുടെയും ഉദ്യോഗസ്ഥന്മാരുടെയും വിവരം ജാതിതിരിച്ചു കാണിക്കുന്ന ഒരു പട്ടിക ഗവൺമെൻറിൽനിന്നും സദയം മേശമേൽവയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): *പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരുടെയും അസിസ്റ്റൻറ് സൂപ്രണ്ടന്മാരുടെയും
ജാതിതിരിച്ചുള്ള പട്ടിക.

൩൫. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): സംസ്ഥാനത്തുള്ള പോലീസ് സൂപ്രണ്ടന്മാരുടെയും അസിസ്റ്റൻറ് സൂപ്രണ്ടന്മാരുടെയും ജാതിതിരിച്ചുള്ള ഒരു പട്ടിക ഗവൺമെൻറിൽനിന്നു സദയം മേശമേൽ വയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള *പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

മുട്ടത്തുകടവിലെ പാലം.

൩൬. മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരം-കൊട്ടാരക്കര): ൧൧൨൮-ലെ നിയമസഭായോഗത്തിലെ ചോദ്യോത്തരലിസ്റ്റിൽ നം ൩ (൩൬൦)-ാംനമ്പ്രായി കൊടുത്തിട്ടുള്ള മുട്ടത്തുകടവിലെ പാലത്തെപ്പറ്റിയുള്ള ചോദ്യത്തിനു നല്കീട്ടുള്ള മറുപടിയെസംബന്ധിച്ചു, താഴെപ്പറയുന്ന വിവരങ്ങൾ ഗവൺമെൻറിൽനിന്നു സദയം നല്കുമോ?

---

*അനുബന്ധം ൮, ൯-ാംവശം നോക്കുക.

(എ) ആ സംഗതിയിൽ ഗവൺമെൻറ് വല്ല നടപടിയും നടത്തീട്ടുണ്ടോ?

(ബി) അടുത്ത ആണ്ടത്തെ (൧൧൨൭-ലെ) ബഡ്ജറ്റിൽ ഈ വകയ്ക്കു വല്ല തുകയും നീക്കിവച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): (എ) ചീഫ് എഞ്ചിനിയർ സ്ഥലത്തു ചെന്നു പരിശോധന നടത്തിയിട്ടില്ലാത്തതുകൊണ്ടു ഒരു നടപടിയും നടത്തിയിട്ടില്ല. കഴിയുന്നതും വേഗത്തിൽ പോയി പരിശോധിക്കാമെന്നു അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

ചാരായം വില്പനയെപ്പററിയുള്ള സർക്കുലർ.

൭. മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): ലേലോത്സമയത്തേയും ചാരായവില്പന അതിനു മുമ്പാണ്ടിലുള്ള ചാരായവില്പനയിൽനിന്നും കുറഞ്ഞുപോകാതെ സൂക്ഷിക്കണമെന്ന് എക്സൈസ് കമ്മീഷണർ ൧൧൨൫, ൧൧൨൬, ൧൧൨൭ ഈ ആണ്ടുകളിൽ വല്ല ഉത്തരവും അയച്ചിട്ടുണ്ടോ എന്നു ഗവൺമെൻറിൽനിന്നും സദയം പറയുമോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): ഇല്ല.

ചാരായഷാപ്പുകളുടെ വില്പനയെസംബന്ധിച്ച സ്റ്റേറ്റുമെൻറ്.

൮. മി: വി. ജെ. ഉമ്മൻ (വാണിജ്യ വ്യവസായം, വടക്ക്): താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശമേൽ വയ്ക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

(എ) കഴിഞ്ഞ ലേലത്തിൽ വില്ക്കപ്പെട്ട ഷാപ്പുകളുടെ ആകെയുള്ള എണ്ണം;

(ബി) ലേലത്തിൽ കിട്ടിയ ഒട്ടുക്കലുള്ള തുക;

(സി) തവണമുടക്കം വരുത്തിയതുനിമിത്തം വീണ്ടും ലേലം ചെയ്യേണ്ടിവന്ന ഷാപ്പുകളുടെ എണ്ണം;

(ഡി) വീണ്ടും ലേലംചെയ്തതുനിമിത്തം ഉണ്ടായ കൂടുതൽ കുറവു സംഖ്യ;

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി):

(എ) ൧൨൦൮.

(ബി) ൧൭,൬൯,൩൫൦.

(സി) ൭൨.

(ഡി) രണ്ടാമതു ലേലംചെയ്യുന്നതിൽവച്ചുണ്ടായ കൂടുതൽ നടപടി പലേ പതനങ്ങളിലായി കിടക്കുന്നതുകൊണ്ടു ആവശ്യപ്പെടുന്ന വിവരം നൽകാൻ നിവൃത്തിയില്ല.

അഹിന്ദുക്കൾക്കും അവർണ്ണഹിന്ദുക്കൾക്കും പ്രവേശനമില്ലാത്ത സത്രങ്ങൾ

൯. മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): താഴെപ്പറയുന്ന വിവരങ്ങൾ ഗവൺമെൻറിൽനിന്നും സദയം നല്കുമോ?

(എ) അഹിന്ദുക്കൾക്കും അവർണ്ണഹിന്ദുക്കൾക്കും പ്രവേശനം ഇല്ലാത്തതായി സംസ്ഥാനത്തിൽ ഉള്ള സത്രങ്ങളുടെ എണ്ണം എത്ര?

(ബി) ആവക സത്രങ്ങളിൽ അഹിന്ദുക്കൾക്കും അവർണ്ണഹിന്ദുക്കൾക്കും പ്രവേശനം നല്കുന്നതിനെ സംബന്ധിച്ച വല്ല നടപടിയും ഗവൺമെൻറിൽനിന്നും നടത്തിവരുന്നുണ്ടോ?

(സി) ഉണ്ടെങ്കിൽ, ആവക സത്രങ്ങളുടെ പേരുകൾ എന്ത്?

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): (എ) ൨൨.

(ബി)-ം, (സി)-ം, കഴിയുന്നിടത്തോളമുള്ള സത്രങ്ങൾ പ്രവേശനാർഹമാക്കിത്തീർക്കണമെന്നുള്ള സംഗതി ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

തഹശീൽദാരന്മാരായും ഡിവിഷനൽ അസിസ്റ്റൻറന്മാരായും നിയമിക്കുന്നതിനു ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ ശിപാർശചെയ്തിട്ടുള്ള ആളുകളുടെ വിവരം കാണിക്കുന്ന സ്റ്റേറ്റുമെൻറ്.

൧൦. മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): താഴെപ്പറയുന്ന വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് ഗവൺമെൻറിൽനിന്നും സദയം മേശമേൽവയ്ക്കുമോ?

(എ) കഴിഞ്ഞ മൂന്നുവർഷങ്ങൾക്കിടയിൽ (൧൧൨൪-൧൧൨൬) തഹശീൽദാരന്മാരായും ഡിവിഷൻ അസിസ്റ്റൻറന്മാരായും നിയമിക്കുന്നതിനു ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ സവർണ്ണഹിന്ദുക്കളുടെയും അഹിന്ദുക്കളുടേയും ഇടയിൽനിന്നും ശിപാർശചെയ്തിട്ടുള്ള ആളുകളുടെ പേരുകൾ.

(ബി) ഈ മൂന്നുകാലങ്ങളിൽ ഇപ്രകാരം ശിപാർശചെയ്യപ്പെട്ടവരിൽനിന്നും നിയമിക്കപ്പെട്ട ആളുകളുടെ പേരുകൾ.

മി: കെ. ജാർജ്ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): (എ)-യും (ബി)-യും ഒഴിവുണ്ടാകുന്ന ജോലികൾക്ക് ആൾ നിയമിക്കുന്നതിനെപ്പററി ഡിപ്പാർട്ടുമെൻറ് മേലധ്യക്ഷന്മാർ അയക്കുന്ന റിപ്പോർട്ടുകൾ രഹസ്യമായിട്ടുള്ളവ ആയതുകൊണ്ടു ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നല്കാൻ നിവൃത്തിയില്ല.

അനുബന്ധം ൯.

൬൬-ാംനമ്പ്ര ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

കൊട്ടാരക്കരതാലൂക്കിൽനിന്നു കൃഷിവായ്പകൾക്കായി ലാൻഡുറവന്യൂകമ്മീഷണരുടെയും കൊല്ലം ദിവാൻ പേഷ്കാരുടെയും അടുക്കൽ കൊടുത്തിട്ടുള്ളതിൽ ൧൧൨൭ മിഥുനം ൧൭-ാംതവരെ തീർച്ചചെയ്യാതെ കിടപ്പുള്ള അപേക്ഷകളുടെ വിവരം കാണിക്കുന്ന സ്റ്റേറ്റുമെൻറ്.

അപേക്ഷക്കാരൻെറ പേര്	വായ്പയുടെ തുക	ആരുടെഅടുക്കൽ അപേക്ഷിച്ചു എന്ന്	ഏതുതീയതിമുതൽ കിടപ്പു എന്ന്
	രൂപാ		
കുന്നിൾ പകുതിയിലെ പക്കീർ മഹമ്മദ് മുഹമ്മദ് ഇബ്രാഹിം	൨൦൦൦	ദിവാൻപേഷ്കാർ	൧൭-൧-൧൧൨൬.
വെളിയം പകുതിയിൽ ഗോവിന്ദപ്പിള്ള കൃഷ്ണപിള്ള	൨൦൦൦	ടി	൨൦-൧-൧൧൨൭
എടക്കാട്ടു ലക്ഷ്മിഅമ്മ ജാനകിഅമ്മ	൯൬൦൦	ഭൂനികുതികമ്മീഷണർ	൨-൮-൧൧൨൧

൧ -ാം അനുബന്ധം.

൪൧-ാംനമ്പ്ര ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

സെക്രിട്ടറിയേററിലെ അക്കൌണ്ടിംഗ്ക്ലാർക്കുകളുടെ ലിസ്റ്റ്.

എ. ഗ്രാഡ്യുവേററുക്ലാർക്കുകൾ.

൧. എം. സി. അബ്രഹാം ബി. ഏ.
൨. ആർ. കേരളവർമ്മ തിരുമുൽപ്പാട് ബി. ഏ.
൩. ആർ. എൻ. കുഞ്ഞുകൃഷ്ണപിള്ള ബി. ഏ.
൪. ജി. ശേഖരൻ ബി. ഏ., ബി. എൽ.
൫. എൻ. ജെ. താമസ് എം. ഏ.
൬. പി. എൻ. ചന്ദ്രശേഖരൻനായർ ബി. ഏ., ബി. എൽ.
൭. എം. ആറുമുഖംപിള്ള ബി. ഏ.
൮. എൻ. ജെ. ചെറിയാൻ ബി. ഏ. ബി. എൽ.
൯. എസ്. കേശവസാൻ ബി. ഏ. ബി. എൽ.
൧൦. സി. കെ. രാമകൃഷ്ണപിള്ള ബി. ഏ., ബി. എൽ.
൧൧. കെ. ഒ. ഫിലിപ്പ് ബി. ഏ.
൧൨. കെ. ദാമോദരൻ ബി. ഏ.
൧൩. സി. എം. ജോസഫ് ബി. ഏ., ബി. എൽ.
൧൪. രാമൻകുട്ടി ബി. ഏ.
൧൫. വി. രാമനാഥയ്യർ ബി. ഏ., ബി. എൽ.
൧൬. ആർ. മാധവൻനായർ ബി. ഏ.
൧൭. ജി. പത്മനാഭ അയ്യങ്കാർ ബി. ഏ.
൧൮. എ. ധർമ്മരാജി ബി. ഏ.
൧൯. പി. ആർ. നെടുങ്ങാടി ബി. ഏ.
൨൦. എസ്. വി. പാണ്ഡ്യനാർ ബി. ഏ.
൨൧. പി. രാമനാഥയ്യർ എം. ഏ.
൨൨. സ്റ്റീഫൻ നെററാ ബി. ഏ.
൨൩. പി. രാജരാജവർമ്മ ബി. ഏ.
൨൪. ജെ. സാമുവൽ ബി. ഏ.
൨൫. എ. കുഞ്ഞുകൃഷ്ണപിള്ള ബി. ഏ.
൨൬. പി. എൻ. മാധവൻപിള്ള ബി. ഏ.
൨൭. പി. കെ. ഉമ്മർ ബി. ഏ.
൨൮. വി. വെങ്കിടാചല അയ്യർ ബി. ഏ.
൨൯. എസ്. വൈദ്യനാഥയ്യർ ബി. ഏ., ബി. എൽ.

ബി. അണ്ടർഗ്രാഡ്യുവേററുക്ലാർക്കുകൾ.

൧. വി. ദാണയ്യർ
൨. എൻ. ഗണപതിപ്പിള്ള
൩. എൻ. കുഞ്ഞുകൃഷ്ണപിള്ള
൪. കെ. ഒ. കോശി
൫. എസ്. അബ്ദുള്ളാ
൬. കെ. സി. ചാക്കോ
൭. കെ. ചെല്ലപ്പൻനായർ
൮. ആർ. ഈശ്വരമൂർത്തിപ്പിള്ള
൯. കെ. ആർ. കൃഷ്ണകണിയാർ
൧൦. സി. ജെ. ഐസക്ക
൧൧. പി. വി. കേശവൻ

൮-ാം അനുബന്ധം.

൫൪-ാംനമ്പ്ര ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

പോലീസ്കമ്മീഷണരുടെ ആഫീസിലുള്ള ക്ലാർക്കുകൾ, ഹെഡ്കാൺസ്ററബിൾ, മററുള്ള ഉദ്യോഗസ്ഥന്മാരുടെയും കണക്ക ജാതിതിരിച്ചുള്ള പട്ടിക.

എ. സ്ഥിരലാവണം.

ജാതി	മററുക്ലാർക്കുകളും ഹെഡ്കാൺസ്ററബിളും	മററു ഉദ്യോഗസ്ഥന്മാർ ഇൻസ്പെക്ടർമാർ	റിമാർക്ക്
൧: ഹിന്ദുക്കൾ			
ബ്രാഹ്മണർ (മലയാള)	...		
മററുബ്രാഹ്മണർ	൧൦	൨*	മാനേജരും വിരൽപതിപ്പുവകുപ്പിലെ ഇൻസ്പെക്ടരും
ഈഴവർ	൧		
കമ്മാളർ	...		
ക്ഷത്രിയർ (മലയാള)	...		
നാടാർ	...		
നായർ	൫	൧*	ആംഡ്റിസർവ് ഇൻസ്പെക്ടർ
പുലയർ	...		
വെള്ളാളർ	൪	൨*	സി. ഐ. ഡി.
മററു അയ്യങ്കാർ	...		
മററുഹിന്ദുക്കൾ	...		

൩-ാം അനുബന്ധം എ.

(തുടർച്ച)

സമുദായം	ക്ലാക്കുകളും ടൈപ്പിസ്ററുകളും	മററു ഉദ്യോഗസ്ഥന്മാർ (ഇൻസ്പെക്ടർമാർ)	റിമാർക്ക്
൨. മുസൽമാൻ	൧		
൩. ക്രിസ്ത്യാനികൾ	...		
പ്രൊട്ടസ്റ്റൻറുകാർ	...		
റോമൻകത്തോലിക്കർ	...		
(എ) ലത്തീൻറൈററുകാർ	....		
(ബി) സുറിയാനി റൈററുകാർ	...		
സുറിയാനികൾ	...		
എ. ജാക്കൊബൈററ്	...		
ബി. മാർ തോമ്മാ	...		
ഇംഗ്ലീഷുപള്ളി	...		

താൽക്കാലിക ചാവണം.

സമുദായം.	ക്ലാക്കുകൾ.	സമുദായം.	ക്ലാക്കുകൾ.
൧. ഹിന്ദുക്കൾ		മററു ഹിന്ദുക്കൾ	
ബ്രാഹ്മണർ (മലയാള)		൨. മുസൽമാന്മാർ	൧
ടി (മററു)		൩. ക്രിസ്ത്യാനികൾ	
ഈഴവർ	൧	പ്രൊട്ടസ്റ്റൻറുകാർ	
കമ്മാളർ		റോമൻകത്തോലിക്കർ	
ക്ഷത്രിയർ (മലയാള)		(എ) ലത്തീൻ റൈററുകാർ	൧
നാടാർ	൧	(ബി) സുറിയാനി റൈററുകാർ	
നായർ		സുറിയാനികൾ	
പുലയർ		(എ) ജാക്കൊബൈററ്	
വെള്ളാളർ		(ബി) മാർ തോമ്മാ	൧
മററു അധഃകൃതർ		ഇംഗ്ലീഷ് പള്ളിക്കാർ	

൪-ാം അനുബന്ധം.

[illegible]-ാം ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

പൊലീസ് ഡിപ്പാർട്ടുമെൻറിലെ ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരുടെയും അസിസ്റ്റൻറു സൂപ്രണ്ടന്മാരുടെയും ജാതി തിരിച്ചുള്ള പട്ടിക.

	ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർ	അസിസ്റ്റൻറ സൂപ്രണ്ടന്മാർ		ഡിസ്ട്രിക്ട് സൂപ്രണ്ടന്മാർ	അസിസ്റ്റൻറ സൂപ്രണ്ടന്മാർ
൧. ഹിന്ദുക്കൾ			മററു ഹിന്ദുക്കൾ		
ബ്രാഹ്മണർ (മലയാള)			൨. മുസൽമാന്മാർ		
ടി (മററു)	൧		൩. ക്രിസ്ത്യാനികൾ		
ഈഴവർ			പ്രൊട്ടസ്റ്റൻറുകാർ	൧	
കമ്മാളർ			റോമൻകത്തോലിക്കർ		
ക്ഷത്രിയർ (മലയാള)		൧	(എ) ലത്തീൻറൈററുകാർ		
നാടാർ			(ബി) സുറിയാനിറൈററുകാർ		
നായർ	൧	൨	സുറിയാനികൾ		
പുലയർ	൧		(എ) ജാക്കൊബൈററുകാർ		
വെള്ളാളർ		൧	(ബി) മാർതോമ്മാ		
മററു അധഃകൃതർ		൧	ഇംഗ്ലീഷ് പള്ളിക്കാർ		

ബഡ്ജററിനെ സംബന്ധിച്ചുള്ള സാമാന്യ നിരൂപണങ്ങൾ.

പ്രസിഡൻറ്: സഭയിൽ ഇനി ബഡ്ജററിനെ സംബന്ധിച്ചുള്ള സാമാന്യനിരൂപണം ആരംഭിക്കുന്നതാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണഅയ്യങ്കാർ (നിയമിതം, ഡെപ്യൂട്ടി പ്രസിഡൻറ്): ഗവണ്മെൻറിൻെറ ഇപ്പോഴത്തെ ധനസ്ഥിതി ശരിയായ നിലയിൽ ഇരിക്കുന്നതിൽ ഞാൻ ഗവണ്മെൻറിനെ ഒന്നാമതായി അഭിനന്ദിച്ചുകൊള്ളുന്നു. ഗവണ്മെൻറു കണക്കുപ്രകാരം നടപ്പു വർഷം അവസാനത്തിൽ ൧൬൧ ലക്ഷം രൂപാ ഇരിപ്പുവരുന്നതാണ്. ഈ സംസ്ഥാനത്തിലെ സകല പരിപോഷണഡിപ്പാർട്ടുമെൻറുകളുടെയും അഭിവൃദ്ധിക്കായിട്ടു വേണ്ട തുകകൾ നീക്കിവയ്ക്കയും മൂലധനച്ചെലവുള്ള വേലകൾക്കു നടപ്പുനികുതിപിരിവിൽനിന്നും

പണം ചിലവുചെയ്തതിന്റെശേഷം ഉണ്ടാകുന്ന ഫലമാണ്. മൂലധനച്ചിലവുള്ള വേലകൾക്ക സാധാരണ നികുതിപിരിവിൽനിന്നും ധനം വ്യയം ചെയ്യുന്നതു ശുദ്ധ ധമ്മതത്വപ്രകാരം ശരിയല്ലെന്ന് ഒരു അഭിപ്രായമുള്ളതിനെ ഞാൻ വിസ്മരിക്കുന്നില്ല. അടുത്തവർഷത്തേക്കുള്ള എസ്റ്റിമേററും ഈതത്വപ്രകാരം പ്രോത്സാഹജനകമാകുന്നു. ഭരണയന്ത്രത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനു വാസ്തവത്തിൽ ആവശ്യപ്പെടുന്നതിൽ കൂടുതൽ പണം ഇയ്യിട കുറേക്കാലമായി ഗവണ്മെന്റു ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്നു എന്നുള്ള ഒരു ആക്ഷേപം പുറപ്പെടുവിക്കുന്നതിന് ആക്കം പ്രഥമദൃഷ്ട്യാ കൌതുകം ഉണ്ടാകാവുന്നതാണ്. ഇതു ഒട്ടേറെ വാദപ്രതിവാദങ്ങൾക്ക വിഷയമായ സംഗതിയാകുന്നു. അപ്രകാരമുള്ള വാദപ്രതിവാദത്തിൽ ഉൾപ്പെടണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവണ്മെന്റിനു ലഭ്യമായിരിക്കുന്ന ധനസ്ഥിതി സംസ്ഥാനത്തിലെ നികുതി ഉണ്ടാക്കുന്ന ഡിപ്പാർട്ടുമെന്റുകളുടെ പുരോഗതിയിലുള്ള അഭിവൃദ്ധിയുടെ ഫലമായിട്ടാണെന്നാണ് ഞാൻ കരുതുന്നതു്. മഹാറാണി റീജന്റ് തിരുമനസ്സിലെ പ്രജകളുടെ സാമ്പത്തികവും സാമൂഹ്യകവും ആയ അഭിവൃദ്ധിക്ക ഉതകുമെന്നു എന്റെ മനസ്സിൽ തോന്നുന്നതായ ചില അത്യാവശ്യ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനു ഈ അവസരത്തെ വിനിയോഗിക്കണമെന്നു മാത്രമാണ് എനിക്ക അപേക്ഷിക്കുവാനുള്ളതു്. ഞാൻ രണ്ടു സംഗതികളെപ്പററി മാത്രമേ ഇവിടെ പ്രസ്താവിക്കുന്നുള്ളു. അതായതു് ഗ്രാമപുനഃസംഘടനവും മദ്യവർജ്ജനവും ആകുന്നു.

ഗ്രാമപുനഃസംഘടനജോലി ഗവണ്മെന്റിൽനിന്നും കയ്യേൽക്കുന്നതു് ആശാസ്യമാണെന്നു് ആദ്യത്തെസഭയിൽ അംഗീകരിക്കയും അതിന്റെ പ്രഥമഫലമായി ഗ്രാമപ്പഞ്ചായത്തു റഗുലേഷൻ പാസാക്കുകയും ചെയ്തു. അതുകഴിഞ്ഞിട്ട് ഇപ്പോൾ നാലുകൊല്ലങ്ങൾക്കമേലായി (ഹിയർ, ഹിയർ) എങ്കിലും സഭയുടെ ഉദ്ദേശത്തെ പ്രവൃത്തിപഥത്തിൽ വരുത്താൻവേണ്ടി സാരമായ യാതൊരു നടപടിയും എന്റെ അറിവിൽപെട്ടിടത്തോളം നടത്തിക്കാണുന്നില്ല. തിരുവിതാംകൂർ നിയമസഭയിൽ ഞാൻ കഴിഞ്ഞ എട്ടുസംവത്സരത്തിനുമേലായി മെംബറായിരിക്കുന്നുണ്ട്. ഈ കാലത്തിനിടയ്ക്കു ഈ നിയമത്തെപ്പോലെ സഭയിലെ സമസ്തകക്ഷികളുടേയും, അവിതർക്കിതമായ അഭിപ്രായത്തോടുകൂടി പാസായ വേറൊരു നിയമശാസനവും ഞാൻ കണ്ടിട്ടില്ല. എങ്കിലും ഈ റഗുലേഷന്റെ അനാമയങ്ങളായ നിബന്ധനകളെ നടപ്പിൽവരുത്തുന്നതിനു വേണ്ടശ്രമം ചെയ്തിട്ടില്ലെന്നാണ് എനിക്ക തോന്നുന്നതു. അധികാരവിഭജനം ചെയ്യുന്ന ഒരു നയം സ്വീകരിച്ചാൽമാത്രമെ ഭരണാദ്ധ്യക്ഷനു ഭരണസംബന്ധമായും നിയമസംബന്ധമായും ഉള്ള പ്രധാനപദ്ധതികളെപ്പററി അന്വേഷിക്കുന്നതിനായി അദ്ദേഹത്തിന്റെ വിലയേറിയ സമയം വിനിയോഗിക്കാൻ സാധിക്കുകയുള്ളു. ഈ നിയമം, ഗവണ്മെന്റിന്റെ അനുഗ്രഹത്തോടുകൂടി, ദീർഘനാൾ നിലയിൽക്കുമെന്നു ഉറപ്പുതരപ്പെട്ടിരുന്നു. അതായതു ഓരോ പഞ്ചായത്തിന്റേയും ഒട്ടുക്കുള്ള ചിലവിൽ ൭ ശതമാനം ആദ്യത്തെ അഞ്ചുവർഷത്തേക്കും, ൫ ൦ ശതമാനം പിന്നീടുള്ള കാലത്തേക്കും ഗവണ്മെന്റിൽനിന്നും കൊടുക്കാമെന്നു പഞ്ചായത്തു റഗുലേഷന്റെ ചിലവിനെ സംബന്ധിച്ചിടത്തോളം ഉറപ്പുകൊടുത്തിട്ടുണ്ട്. തിരുവിതാംകൂറിൽ എന്നല്ല മററുസ്ഥലങ്ങളിലുംതന്നെ പ്രാദേശികസ്ഥാപനങ്ങൾ അവയുടെ ധനസ്ഥിതിയിലുള്ള അസ്ഥിരതനിമിത്തം പ്രായേണ നശിച്ചുപോകുന്നുണ്ട്. ഗ്രാമപ്പഞ്ചായത്തു റഗുലേഷനിൽ ഉള്ള ഈ നിബന്ധനമൂലം ഈ ദുരവസ്ഥയ്ക്കു ഒരു പ്രതിവിധി ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഒന്നുംതന്നെ ഇതുവരെ ചെയ്തിട്ടില്ല. ഇതിനെപ്പററി ഞാൻ ഗവണ്മെന്റിനെ കുററംപറയുകയല്ല ചെയ്യുന്നതു്. എന്നാൽ ഈ നിയമത്തിന്റെ പ്രാധാന്യത്തെ ഗവണ്മെന്റു മനസ്സിലാക്കിയിട്ടില്ലാത്തതുമൂലമുള്ളവല്ലായ്മകൊണ്ടുമാത്രം ഇത്രയും പ്രസ്താവിച്ചതാണ്. റഗുലേഷനെ നടപ്പിൽ വരുത്തുന്നതിനു വേഗത്തിൽ വേണ്ടശ്രമം ചെയ്യണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഗ്രാമത്തിലെ ഗതാഗതം, ജലസേചനം, ശുചീകരണം, വിദ്യാഭ്യാസം എന്നിവയും അതുകൂടാതെ ഗ്രാമക്ഷേമത്തോടു ബന്ധമുള്ള മററുപല സംഗതികളും ഗ്രാമസഭായോഗങ്ങളിൽ സംബന്ധിക്കുന്ന ഗ്രാമക്കാർതന്നെ നിർവഹിച്ചുകൊള്ളും. സംസ്ഥാനത്തിലെ ജനങ്ങൾ അധികവും ഗ്രാമങ്ങളിലാണ പാർക്കുന്നതു്. വിദ്യാഭ്യാസഡയറക്ടരും ചീഫ് എഞ്ചിനീയരും കൃഷിഡയറക്ടരും പരസ്പരസഹായസംഘങ്ങളുടെ രജിസ്ട്രാരും, വ്യവസായഡയറക്ടരും, ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസരും ഫൈനാൻഷ്യൽ സിക്രട്ടറിയും ഉൾപ്പെട്ട ഒരു ഡിപ്പാർട്ടുമെന്റൽ കമ്മിററി രൂപവൽകരിക്കണം. കമ്മിററിയിലുള്ള എല്ലാവരുംകൂടി ആലോചിച്ച്, ഗ്രാമീണജനങ്ങളുടെ സാമ്പത്തികാഭിവൃദ്ധിക്ക് ഉതകുന്നതെന്നും ഈവക സ്ഥാപനങ്ങളുടെ പ്രവത്തനത്തെ ലഘൂകരിക്കുന്നതെന്നും അവർക്ക തോന്നുന്ന ഒരു പദ്ധതി തയ്യാറാക്കുന്നതു നന്നായിരിക്കുമെന്നു എനിക്ക തോന്നുന്നു. ഈ പദ്ധതി തയ്യാറാക്കി സഭയിൽ ഹാജരാക്കുകയും സഭയുടെ അനുമതിയും അഭിനന്ദനവും സിദ്ധിച്ചതിന്റെശേഷം അതു നടപ്പിൽ വരുത്താവുന്നതും ആകുന്നു. ഈ പ്രത്യേക ചെലവിനെ സംബന്ധിച്ചിടത്തോളം അനുല്ലോമസ്ഥാനങ്ങൾ ആരുംതന്നെ ഇതിന് യാതൊരു തടസ്സവും പറയുകയില്ലെന്നു ഞാൻ ധൈര്യമായി പറഞ്ഞുകൊള്ളുന്നു. എന്തെന്നാൽ ഗ്രാമങ്ങളുടെ ശ്രേയസ്സിനേയും ക്രമമായ ക്ഷേമാഭിവൃദ്ധിയേയും അടിസ്ഥാനമാക്കിയാണ രാജ്യത്തിന്റെ പൊതുക്ഷേമത്തെപ്പററി നിർണ്ണയിക്കേണ്ടതു്. ഇപ്രകാരമുള്ള ഗ്രാമീണസ്ഥാപനങ്ങൾ ഇൻഡ്യയെ സംബന്ധിച്ചിടത്തോളം, നവീനങ്ങളോ വിദേശീയമായിട്ടുള്ളവയോ അല്ല. ഇൻഡ്യയുടെ പണ്ടത്തെ മാഹാത്മ്യത്തിന് കാരണമായിരുന്നതു് സ്വയംഭരണമുള്ള ഈ വക ഗ്രാമീണജനപ്രതിനിധിസ്ഥാപനങ്ങളായിരുന്നു. ഗവണ്മെന്റിൽനിന്നും അനാവശ്യമായി ഇടപെടാതെ ഈ സ്ഥാപനങ്ങൾ അവയുടെ ജോലി ശരിയായി നടത്തിവരികയും ചെയ്തിരുന്നു. ഈസ്റ്റിൻഡ്യാക്കമ്പനിക്കാർ തുടങ്ങിയതും ഇൻഡ്യാ ഗവണ്മെന്റ് തുടന്നു അനുവത്തിച്ചതും ഇൻഡ്യൻ ഭരണകത്താക്കന്മാർ അവശ്യം അവലംബിക്കേണ്ടിവന്നിട്ടുള്ളതും ആയ അധികാരകേന്ദ്രീകരണനയം മൂലമാണ് നമ്മുടെ ഗ്രാമങ്ങൾ എല്ലാം ഗോൾഡ്സ്മിത്തിന്റെ പരിത്യക്തമായ ഗ്രാമത്തിന്റെ ഒരു സാക്ഷാൽ പ്രതിബിംബമായി ഭവിപ്പാൻ കാരണമായിത്തീർന്നിട്ടുള്ളതു്. ഈ നാശത്തെ എത്രയും വേഗത്തിൽ തടുക്കേണ്ടപക്ഷം ആയതു മഹാറാണി റീജന്റു തിരുമനസ്സിലെ പ്രജകളുടെ ക്ഷേമത്തിനും സന്തുഷ്ടിക്കും എത്രയും ഗുണപ്രദമായി ഭവിക്കുന്നതാണ്.

എനിക്ക ഒരു വിഷയത്തെപ്പററിയും കൂടി സ്വല്പം പ്രതിപാദിക്കാനുണ്ട്. അതു കഴിഞ്ഞു ഞാൻ എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളാം. അതായതു മദ്യനിരോധന സംഗതിയെപ്പററിയാണ്. മദ്യനിരോധന വിഷയം പൊതുജനശ്രദ്ധയെ ആകർഷിച്ചു തുടങ്ങിയിട്ടു ഇപ്പോൾ സംവത്സരങ്ങൾ പലതു കഴിഞ്ഞി

ിക്കുന്നു. പൊതുജനാഭിപ്രായത്തിന്റെ ശക്തിമത്തായ തള്ളൽ നിമിത്തം, ഗവണ്മെന്റിന്റെ ലക്ഷ്യവും ജനങ്ങളുടെ ആദർശവും തമ്മിൽ സാരമായ യാതൊരു വ്യത്യാസവും ഇല്ലെന്നു പല ഗവണ്മെന്റുകളും (ബ്രിട്ടീഷ് ഇൻഡ്യനും ഇൻഡ്യനും) പ്രഖ്യാപനം ചെയ്യാൻ നിർബന്ധിതരായിത്തീർന്നിട്ടുണ്ട്. മദ്യനിരോധനം ഉടനടി നടപ്പിൽ വരുത്തുന്നതു പ്രായോഗികമല്ല. അപ്രകാരം ഉടനടി നടപ്പാക്കണമെന്നു ചുമതല ബോധമുള്ള യാതൊരു ഇൻഡ്യൻ കക്ഷിയും നിർബന്ധിക്കുന്നും ഇല്ല. ഏതായാലും ഞങ്ങളെ സംബന്ധിച്ചിടത്തോളം, അപ്രകാരം ഒരു നിർദ്ദേശം ഉണ്ടായിട്ടില്ല തന്നെ. ഞാൻ ഇതിനു മുമ്പിൽ ഈ സഭയിൽ പറഞ്ഞിട്ടുള്ളതുപോലെ, നമ്മുടെ സാമുദായിക ദോഷങ്ങൾക്കെല്ലാം പീനൽ കോഡ് അവസാനമായ പരിഹാരമാർഗ്ഗമാകുന്നില്ല. ... ള്ളുകുടിക്കുന്നവരെ നാളെ മുതല്ക്കു ജയിലിൽ അയക്കുമെന്ന് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുന്നതായാൽ, അതു ... പ്രചാരശൂന്യവും രാജ്യതന്ത്രജ്ഞതാവിഹീനവും ആയ ഒരു നിയമം ആയിഭവിക്കും. എന്തെന്നാൽ കള്ളുകുടി എത്രയോ ശതവർഷങ്ങളായി നടന്നുവരുന്ന ഒരു പതിവാണെന്നു മാത്രമല്ല ആ ശീലം സിരകളിൽ കൂടി കടന്നു വശായിട്ടുള്ളതുമാകുന്നു. ഇതിൽ നിന്നും അവരെ കാലക്രമംകൊണ്ടും ഒരു ക്രമമായ മാർഗ്ഗത്തിൽ കൂടിയും വിരമിപ്പിക്കേണ്ടതാണ്. ആദ്യത്തെ സമ്മേളനത്തിൽ വച്ചു ജനകക്ഷിയിൽനിന്നും ഉണ്ടായ നിർബന്ധം നിമിത്തം ഈ സംഗതിയെപ്പറ്റി അന്വേഷിക്കുന്നതിനായി ചുമതലയുള്ള ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഉൾപ്പെട്ട ഒരു കമ്മിററിയെ ഗവണ്മെന്റിൽ നിന്നു നിയമിക്കയുണ്ടായി. എക്സൈസിൽ നിന്നും ലഭിക്കുന്ന നികുതിയെ പെട്ടെന്നു ഒരു നിയമം മൂലം നിറുത്തിക്കളയണമെന്നു ഗവണ്മെന്റിനോടു ആവശ്യപ്പെടുന്നതു വിചാരമാണെന്നു അവർക്കു തോന്നി. എന്നാൽ ഒരു ശതാബ്ദത്തിന്റെ നാലിൽ ഒരു ഭാഗം കാലത്തിനുള്ളിൽ പരമാവധി സാധിക്കത്തക്കവിധത്തിൽ ആവശ്യമായ നടപടികൾ നടത്താൻ വേണ്ട ഉദ്യമങ്ങൾ എത്രയും വേഗത്തിൽ ചെയ്യേണ്ടതാണെന്നു കമ്മിററിക്കു തോന്നി. ഇതു ഒരു അസാദ്ധ്യമോ അപ്രാപ്യമോ ആയ വെറും മനോരാജ്യമാണെന്നു ഉത്തരവാദിത്വബോധമുള്ള യാതൊരു രാജ്യതന്ത്രജ്ഞനും പറയുമോ? ഇപ്രകാരമുള്ള ഒരു നിർദ്ദേശത്തെ സംബന്ധിച്ചു ആ വിധം ഒരു ദോഷാരോപണത്തിനു വകയില്ലെന്നു ഞാൻ സധൈര്യം പറയുന്നു. ഒരു പരിവർത്തിത പരിതസ്ഥിതിയോടു പരിചയപ്പെടുന്നതിനു [illegible] വർഷം ധാരാളം മതിയാകുന്ന കാലമാകുന്നു. ജനങ്ങളുടെ ഇടയിൽ ചിലവിനായി ഗവണ്മെന്റിൽനിന്നും ഇഷ്യു ചെയ്യുന്ന ചാരായസപ്ലൈയുടെ പരിമാണത്തെ പ്രതിവർഷം രണ്ടു ശതമാനം കുറവു ചെയ്യണമെന്നു കമ്മിററിക്കാർ ശിപാർശചെയ്തു. മദ്യപാനം ചെയ്യുന്ന ആളുകളുടെ ഉപയോഗത്തിനായി എത്രമാത്രം ചാരായം പുറത്തുകൊടുക്കണമെന്നു നിയന്ത്രിക്കുന്നതു ഗവണ്മെന്റിന്റെ പൂർണ്ണമായ അധീനതയിൽ ഇരിക്കുന്ന ഒരു സംഗതിയാണ്; ചാരായ സപ്ലൈ മുഴുവനും പെട്ടെന്നു നിറുത്തണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടില്ല. ആണ്ടു തോറും ചിലവിനായി ഇഷ്യുചെയ്യുന്ന ചാരായത്തിന്റെ തുകയിൽ രണ്ടു ശതമാനം വീതം ഇടവിടാതെ കുറവു ചെയ്തു കൊണ്ടിരിക്കണമെന്നാണ് ഗവണ്മെന്റിന്റെ അടുക്കൽ നിർദ്ദേശിച്ചതു്. കമ്മിററിയുടെ ആ റിപ്പോർട്ടിൻമേൽ ഗവണ്മെന്റു എന്തെങ്കിലും ഒരു നടപടി നടത്തിയതായി ഞാൻ അറിയുന്നില്ല. തിരുവിതാംകൂറിൽ അനുവർത്തിച്ചിട്ടുള്ള നയം മദ്രാസ് ഗവണ്മെന്റിന്റെ നയമാണ്. അതായതു ഏററവും കൂടുതൽ നികുതിയും ഏററവും കുറഞ്ഞ ചാരായച്ചിലവും ആകുന്നു. പൂർത്തിയായ മദ്യനിരോധനം അചിരേണ വന്നു ചേരുമെന്നു ഇതിൽ നിന്നും പ്രഥമദൃഷ്ടിയിൽ തോന്നിപ്പോകും. ഈ പരീക്ഷണം കുറെ ദശാബ്ദങ്ങളായി, ശ്രമിച്ചു വരുന്നതാണ്. എന്നാൽ നികുതി വർദ്ധിച്ചുതന്നെവരുന്നു. പക്ഷേ ചാരായച്ചിലവു കുറഞ്ഞിട്ടില്ല. ഇപ്പോൾ കിട്ടിയിട്ടുള്ളതിൽ ഒടുവിലത്തെ കണക്കുകൾ നോക്കിയതിൽ [illegible]ൽ നാട്ടു മദ്യത്തിന്റെ ചിലവു [illegible] പ്രൂഫ് ഗാലൺ വരെ കൂടിയിട്ടുള്ളതായിട്ടാണ് കാണുന്നതു്. എക്സൈസ് കമ്മീഷണർ [illegible]-ലേക്കു അയച്ചിട്ടുള്ള റിപ്പോർട്ടിൽ ഇതിലേക്കു ഒരു സമാധാനം കൊടുത്തിട്ടുള്ളതായി ഞാൻ വായിച്ചതായി ഓർക്കുന്നു. അതായതു മഴയുടെ സ്ഥിതി അതൃപ്തികരമായിരുന്നതിനാൽ ജനങ്ങൾക്കു കള്ളുമതിയായവിധം കിട്ടാൻസാധിച്ചില്ലെന്നും അതുനിമിത്തമാണ് ചാരായം കൂടുതലായി ചെലവായതെന്നുമാണ്. ഈസമാധാനം തൃപ്തികരമല്ലെന്നു ഞാൻ വിനയപൂർവം പ്രസ്താവിച്ചുകൊള്ളുന്നു. കള്ളിനെ സംബന്ധിച്ചിടത്തോളം തൽക്കാലം യാതൊരു വ്യവസ്ഥയും ചെയ്യണമെന്നില്ലെന്നു കമ്മിററിക്കാർ നിർദ്ദേശിച്ചു. പെട്ടെന്നുവല്ലതെങ്കിലും ഭേദഗതി വരുത്തണമെന്നു അവർ ശിപാർശചെയ്തില്ല. കമ്മിററിക്കാരുടെ കണക്കിൻപ്രകാരം പ്രതിവർഷം ഇടവിടാതെ രണ്ടു ശതമാനം വീതം കുറവു ചെയ്താൽ [illegible] വർഷംകൊണ്ടു നാട്ടു ചാരായത്തിന്റെ നിരോധനം സാദ്ധ്യമാകുമെന്നായിരുന്നു. കണക്കു കൂട്ടുന്നതിൽ നമുക്കു എല്ലാപേർക്കും തെററു വരാവുന്നതാണ്. എങ്കിലും കമ്മിററിക്കാർ ചെയ്ത ശിപാർശകളെപ്പററി ഒരു സാമാന്യബോധം അതിൽ നിന്നു ഈ സഭയ്ക്കു ലഭിക്കുന്നതാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ). ഇപ്പോൾതന്നെ മദ്യവർജ്ജനം സ്വീകരിക്കുന്നതിനു നമുക്കു എന്തു പ്രതിബന്ധമാണു നേരിട്ടിരിക്കുന്നതെന്നു പറയുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതൻ-ഡെപ്യൂട്ടിപ്രസിഡൻറ്): എന്റെ സ്നേഹിതന്റെ ഉൽക്കണ്ഠയെ ഞാൻ അഭിനന്ദിക്കുന്നു. (ചിരി). എന്നാൽ അതു ബുദ്ധിപൂർവകമാണെന്നു സമ്മതിക്കാൻ എനിക്കു നിവൃത്തിയില്ല. എന്തെന്നാൽ അതു പ്രായോഗികമായ രാജ്യതന്ത്രത്തിനു യോജിച്ചതല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അമേരിക്കയിൽ മദ്യനിരോധനം വിജയപ്രദമായി സാധിച്ചില്ലേ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറ്): ആ സംഗതിയെപ്പററി നാം അധികം ഒന്നും പറയാതിരിക്കുന്നതാണ് നല്ലതു്. ലോകത്തിലെ വമ്പന്മാരായ രാജ്യങ്ങളിൽ ഒന്നും ധനപുഷ്ടിയിൽ ഒന്നാമത്തേ ആയിരിക്കുന്ന ഒരു രാജ്യത്തിൽ അനുഷ്ഠിച്ചുവരുന്ന നയത്തെപ്പററി അഭിപ്രായം പറയുന്നതിനു നമുക്കു യോഗ്യതയില്ല. ഐക്യരാജ്യങ്ങളുടെ സമീപത്തു ഒരു ചെറിയ ബ്രിട്ടീഷ് കോളണി ഉണ്ടെന്നും യഥേഷ്ടം കള്ളുകുടിക്കുന്നതിനായി ആ സ്ഥലത്തേക്കു തീർത്ഥയാത്രയായി ജനങ്ങൾ പോകാറുണ്ടെന്നും എന്നാൽ കള്ളുകുടി അത്രത്തോളം അനിവാര്യമല്ലെന്നും പറയപ്പെടുന്നുണ്ട്. കള്ളു കേററിക്കൊണ്ടുപോകുന്ന കപ്പലുകളെപ്പററി നാം ഏവരും വായിച്ചിട്ടുള്ളതാണല്ലോ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഐക്യരാജ്യങ്ങളിലെ എല്ലാ ആളുകളും ആ സ്ഥലത്തു കള്ളുകുടിക്കാൻ പോകുന്നുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ ഡെപ്യൂട്ടിപ്രസിഡെൻറ്): ഞാൻ ആ പ്രകാരം പറഞ്ഞില്ല. തിരുവിതാംകൂറിലെ സ്ഥിതിഗതികൾ അമേരിക്കയിലെ സ്ഥിതിഗതികളിൽനിന്നും അത്യന്തം വ്യത്യസ്തപ്പെട്ടവയാണെന്നു എൻെറ സ്നേഹിതൻ മനസ്സിലാക്കേണ്ടതാണ്. നമ്മുടെ ഇടയിൽ അമേരിക്കയിലെപ്പോലെ അത്ര ശക്തിമത്തായ പൌരബോധം പരിപോഷിതമായിട്ടുണ്ടെന്നു എൻെറ സ്നേഹിതനു ധൈര്യമായി പറയാൻ സാധിക്കുമോ? സാദൃശ്യങ്ങൾ കഴിയുന്നതും എടുത്തുപറയാതെ രണ്ടുരാജ്യങ്ങളിലേയും സ്ഥിതികളെപ്പററി താരതമ്യപ്പെടുത്താതിരിക്കുന്നതാണു നല്ലത്. ഞാൻ ഒരു സുഗമമായ വ്യവസ്ഥക്കാണു ആവശ്യപ്പെടുന്നതു. സാമൂഹ്യപരിഷ്കാരം ജസ്റ്റിസ് റനേഡെ പറയുന്നതുപോലെ കഴിയുന്നതും അപ്രതിബന്ധങ്ങളായ മാർഗ്ഗങ്ങളിൽക്കൂടിയാണു വരുത്തേണ്ടത്. ഞാൻ ഇത്രയും പറഞ്ഞതുകൊണ്ടു മദ്യനിരോധനം ഉടനടി സാധ്യമാകുമെങ്കിൽ ഞാൻ അതിനു പ്രതികൂലിയായിരിക്കുമെന്നു ആരും വിചാരിച്ചുപോകരുത്. പക്ഷെ നമ്മുടെ ഇപ്പോഴത്തെഅവസ്ഥയിൽ അത്രത്തോളം പൊട്ടുന്നനവെയുള്ള ഒരു മാററത്തിനു നാം യോഗ്യരായിരിക്കുന്നില്ല. എതായാലും കരുതലോടുകൂടി പ്രവൃത്തിക്കണമെന്നു ആഗ്രഹിക്കുന്നതിൽ ഒരാളാണു ഞാൻ. ഒന്നാമതായിട്ടു മദ്യനിരോധനതത്വം അംഗീകരിക്കപ്പെടേണ്ടതായുണ്ട്. എന്നാൽ എക്സൈസ് കമ്മിഷണർ ചെയ്ത ശിപാർശ അതായിരുന്നു, അതിന്മേൽ യാതൊരു നടപടിയും നടത്തിട്ടില്ല. എന്നാൽ ഈ റിപ്പോർട്ടു സമർപ്പിക്കപ്പെട്ടതിനുശേഷം ചങ്ങനാശേരിത്താലൂക്കിൽ 'പ്രാദേശികേച്ഛ' പരീക്ഷിച്ചുനോക്കുന്നതിനു ഗവമ്മെൻറിനു മനസ്സുണ്ടായി എന്നു സമ്മതിക്കാതെ തരമില്ല: ഈ പ്രദേശികേഛകൊണ്ടു ചങ്ങനാശേരി മുൻസിപ്പാലിററിയിൽ ഉൾപ്പെട്ട ജനങ്ങളുടെ ഇടയിൽ മദ്യപാനാസക്തി എത്രത്തോളം ഭേദപ്പെട്ടിട്ടുണ്ടെന്നു എക്സൈസ്കമ്മിഷണർ അദ്ദേഹത്തിൻെറ മറുപടിയിൽ പ്രസ്താപിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതു മററുപല രാജ്യങ്ങളിൽ പരീക്ഷിച്ചുനോക്കിവരുന്ന രണ്ടു സമ്പ്രദായങ്ങളിൽ ഒന്നത്രെ. എന്നാൽ കള്ളുകുടിയെ കുറയ്ക്കുന്നതിനു അതു വിജയപ്രദമായി ഭവിച്ചിട്ടില്ല. പ്രാദേശികേച്ഛ നടപ്പിൽ വരുത്തീട്ടുള്ള മററു സ്ഥലങ്ങളിലെ സ്ഥിതിഗതികളും തിരുവിതാംകൂറിലേയും ചങ്ങനാശേരിയിലേയും സ്ഥിതിഗതികളും തമ്മിൽ വളരെ അന്തരമുണ്ട്. എന്നാൽ പ്രാദേശികേച്ഛകൊണ്ടു വല്ല ഭേദഗതിയും ഉണ്ടാക്കാൻ കഴിയുമെങ്കിൽ അതിലേയ്ക്കു ഞാൻ അനുകൂലിയാണ്. ഇതിനെ മററു നഗരങ്ങളുടെ അതൃത്തികളിലും പരീക്ഷിച്ചുനോക്കുന്നതു കൂടാതെ ക്രമേണ ഗ്രാമപ്രദേശങ്ങളിലും ഈ നയം സ്വീകരിക്കണമെന്നാണു എൻെറ ആഗ്രഹം. ഗ്രാമപ്രദേശങ്ങളിൽ ഈ നയപ്രവത്തനം ഗ്രാമപ്പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ ഇരിക്കുന്നതാണ്. എന്നാൽ പ്രാദേശികേച്ഛകൊണ്ടുണ്ടാകുന്ന ഫലം നഗരാതൃത്തിയിലുള്ളവരെ നഗരത്തിൻെറ പര്യന്തപ്രദേശങ്ങളിലേയ്ക്കു ഓടിക്കുക മാത്രമാണെങ്കിൽ അതുകൊണ്ടു ഒന്നോ രണ്ടോ പട്ടണങ്ങളിൽ പ്രാദേശികേച്ഛ നടപ്പാക്കിയതുകൊണ്ടു ചാരായം ചിലവാകുന്നതിനു സാരമായ കുറവുണ്ടാകാത്തപക്ഷം അതിനെ കൂടുതലായി അനുകൂലിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഏതായാലും ഈ പരീക്ഷണത്തിൻെറ ഗുണദോഷത്തെപ്പററി ഞാൻ തീരുമാനിക്കയാണെന്നു ആരും വിചാരിച്ചുപോകരുതു. ഉദ്ദിഷ്ടകാര്യം സാധ്യമാക്കുന്നതിനു അതു ഒരു മാർഗ്ഗമായിത്തീരുമെന്നു കരുതി ആ സമ്പ്രദായത്തെ ഞാൻ സസന്തോഷം സ്വീകരിക്കുന്നു. ഏതായാലും——

പ്രസിഡൻറ്: നിങ്ങളുടെ സമയം മിക്കവാറും തീന്നിരിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ടമെംബർ-ഡെപ്യൂട്ടിപ്രസിഡൻറ്): ഒരു മിനിട്ടുകൂടി മതിയാകും. അതിനിടയ്ക്കു എൻെറ നിർദ്ദേശങ്ങളെ ഞാൻ അവസാനിപ്പിക്കാം.

പ്രസിഡൻറ്. നിങ്ങൾക്ക് അനുവദിച്ചിട്ടുള്ള സമയം തീരാറായിരിക്കുന്നു എന്നു പറയുന്നതിനു മാത്രമെ ഞാൻ ഉദ്ദേശിച്ചിട്ടുള്ളു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡൻറ്): ധനസ്ഥിതിയെ സംബന്ധിച്ചിടത്തോളം, എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറ ഭരണറിപ്പോർട്ടിൽ നിന്നും ചാരായം വകയിലുള്ള ആദായം പത്തുലക്ഷം രൂപാ മാത്രമാണെന്നുകാണുന്നു. ഇതിൽ നിന്നു ഒരു അംശം പ്രതിവർഷം ഉപേക്ഷിച്ചു ഇരുപത്തിഅഞ്ചു വർഷംകൊണ്ട് ഈ നികുതി മുഴുവനും വേണ്ടെന്നു വയ്ക്കുന്നതിൽ മടിക്കത്തക്കവണ്ണം ഇതു അത്ര സാരമായ ഒരു സംഖ്യയാണോ? ഇതു് അത്രത്തോളം ഒരു വലിയ പരിത്യാഗമാണോ? ഗവണ്മെൻറിൻെറ ദൃഷ്ട്യാ ഇതു് ഒരു ത്യാഗമാണെന്ന് കാണുന്ന പക്ഷവും ജനങ്ങളെ കള്ളുകടയിൽ നിന്നും രക്ഷിക്കുന്നതിനു വേണ്ടി ആ ത്യാഗം ഗവണ്മെൻറ് ചെയ്യേണ്ടതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ധനകാര്യദർശി സഭയിൽ ഹാജരാക്കിയിട്ടുള്ള ആയവ്യയ ഗണനപത്രികയെ അനുമോദിക്കുന്ന വിഷയത്തിൽ പണ്ഡിതരായ ഡെപ്യൂട്ടിപ്രസിഡൻറിനോടു യോജിക്കുന്നതിന് എൻെറ മനഃസാക്ഷി സമ്മതിക്കുന്നില്ല.

മി: കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡൻറ്): അദ്ധ്യക്ഷൻെറ അനുമതിയോടുകൂടി ഞാൻ സ്വല്പം പറഞ്ഞുകൊള്ളട്ടെ. ഗവണ്മെൻറിൻെറ സംരക്ഷിതമായ ധനസ്ഥിതിയെപ്പററി ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കയാണു ചെയ്തതു്. ഫൈനാൻഷ്യൽസെക്രട്ടറിയെ അനുമോദിച്ചോ ഇല്ലായോ എനിക്ക് ഒന്നും പറവാനില്ലായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു ഗവണ്മെൻറിനെ അനുമോദിക്കുന്നതിനു നിവൃത്തിയില്ല.

റാവുബഹദൂർ. കെ. എ. കൃഷ്ണയ്യങ്കാർ, (നിയമിക്കപ്പെട്ടമെംബർ ഡെപ്യൂട്ടിപ്രസിഡൻറ്): അതു് ശരിയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡൻറ് ചെയ്തതുപോലെ ഗവണ്മെൻറിനേയും ഫൈനാൻഷ്യൽ സെക്രട്ടറിയേയും, അനുമോദിക്കാൻ എനിക്കു ശക്യമാകുന്നില്ല. അനുമോദനം കേവലം ഒരു ഉപചാരകൃത്യമായിട്ടാണെങ്കിൽ, പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡൻറിനോടു എനിക്കുയോജിക്കുന്നതിനു വിഷമമുണ്ടാവുകയില്ലായിരുന്നു. ഇവിടെ ഗൌരവമായ പ്രവൃത്തിചെയ്യണമെന്നതാണ് നമ്മുടെ ഉദ്ദേശം. അതിനാൽ സഭയിൽഹാജരാക്കിയിട്ടുള്ള ബഡ്ജിററ് എസ്റ്റിമേററിൽ അനുമോദനാർഹമായുള്ള

സംഗതികൾ ഇല്ലാതിരുന്നാൽ അതിനെ അനുമോദിക്കുന്നതുകൊണ്ടു് ഒരുപ്രയോജനവുമില്ല. സർ, കഴിഞ്ഞ നാലഞ്ചു കൊല്ലങ്ങളായി, ജനകക്ഷിയിലുള്ള അനൌദ്യോഗസ്ഥ മെംബറന്മാരായ ഞങ്ങൾ ചിലനിവേദനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിനു പുറമേ, ഇന്നത്തെഗുരുതരങ്ങളും പ്രധാനങ്ങളുംആയ ചിലസംഗതികളിൽ ഞങ്ങളുടെ നിശ്ചിതമായ അഭിപ്രായത്തെ പ്രസാധനവും ചെയ്തിട്ടുണ്ടു്. എന്നാൽ ഇവ ഗവർമ്മെൻറു ശ്രദ്ധയെ ആകർഷിക്കുന്നതിനു സാധിച്ചിട്ടില്ല. ഞങ്ങളുടെ മനസ്സിനെ അസ്വാസ്ഥ്യപ്പെടുത്തിയിട്ടുണ്ടെന്നോ പരിഭവം ഞങ്ങൾക്കതുകൊണ്ടു ക്ഷീണം തട്ടിയിട്ടില്ല. ഞങ്ങൾക്കതിൽ പരാതിയും ഇല്ല. എന്നാൽ ഈ വിധമുള്ള മനഃസ്ഥിതിനഷ്ടം അഭിമാനക്ഷയം നിമിത്തംഉണ്ടായിട്ടുള്ള വേദനയോടുംകൂടി, സഭാസമക്ഷം ഇരിക്കുന്ന ബഡ്ജററ് എസ്റ്റിമേററിനെ സംബന്ധിച്ചു ചിലനിരൂപണങ്ങൾ ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നു. ആണ്ടുതോറും ബഡ്ജററ് എസ്റ്റിമേററുകൾ ഗവർമ്മെൻറ് തയ്യാറാക്കുന്നതു് ഏതു വ്യാപകവും അംഗീകൃതവും ആയതത്വത്തെ അടിസ്ഥാനമാക്കിയാണെന്നു കണ്ടുപിടിക്കാൻ, ഈ ബഡ്ജററ് എസ്റ്റിമേററിനെ സംബന്ധിച്ചു മാത്രമല്ല, ഇതിനു മുമ്പിലത്തെ ആണ്ടുകളിലെ ബഡ്ജററ് എസ്റ്റിമേററുകളെ സംബന്ധിച്ചും ഞാൻ ശ്രമിച്ചു നോക്കിട്ടുണ്ടു് അതിൽ എനിക്കു ഇച്ഛാഭംഗമാണു് സംഭവിച്ചിട്ടുള്ളതു്. പഴയ ഉമികളെത്തന്നെ ഇപ്പോഴും ഇട്ടു ഇടിക്കുകയാകുന്നു ചെയ്തുവരുന്നതു്. അതല്ലാതെ അതിൽ നിന്നും ധാന്യം കിട്ടാൻ പ്രയാസമാണു്. സഭയിൽ ഹാജരാക്കിയിട്ടുള്ള എല്ലാം ബഡ്ജററിനെയും സംബന്ധിച്ചിടത്തോളം ഈ ഒരു സമ്പ്രദായം മാത്രം കാണുന്നതല്ലാതെ അതിൽ വല്ല കല്പനാശക്തിയോ, രാജ്യത്തിലെ ജനങ്ങളുടെ പൊതുവേയുള്ള അഭിനന്ദനം ലഭിക്കുന്നതായ വേറെവല്ല തൃപ്തികരമായ വ്യവസ്ഥയോ, ഞാൻ കാണുന്നില്ല. അതു യാതൊരാളിന്റേയും തെററല്ല. എന്തെന്നാൽ,നമ്മുടെ രാജ്യത്തിലെ ധനകാര്യ വിദഗ്ദ്ധന്മാർ ആയവ്യയക്കണക്കുകൾ തയ്യാറാക്കുന്ന മാർഗ്ഗവും അവർ സ്വീകരിക്കുന്ന സമ്പ്രദായവും അശേഷം തൃപ്തികരമല്ല. ഒന്നാമതായിട്ടു, പബ്ളിക്കുധനം എന്നതിന്റെയും പബ്ളിക്ക് വ്യയം എന്നതിന്റെയും അർത്ഥങ്ങൾ ശരിയായി മനസ്സിലാക്കാതെ, രാജ്യവാസികളുടെഅഭിനന്ദനത്തിനു കാരണമാകുന്ന ഒരു സംസ്ഥാനിക ബഡ്ജററ് തയ്യാറാക്കുന്നതു് അസാദ്ധ്യമാകുന്നു. പബ്ളിക്ക്വ്യയം എന്നതു ചുരുക്കിപ്പറയുന്നതായാൽ സാമുദായികവ്യയം ആണു്. അസ്ഥിരിക്കു് പബ്ളിക്കു് ധനം എന്നതിനു് സാമുദായിക മനഃസ്ഥിതിസംബന്ധമായ ഒരു അടിസ്ഥാനം ഉണ്ടു്. ഈ തത്വം ശരിയായി മനസ്സിലാക്കുന്നതു വരെക്കും ഇപ്പോഴത്തെ ഫൈനാൻഷ്യൽ സെക്രിട്ടറിക്കോ അല്ലെങ്കിൽ വേറെ വല്ല ഫൈനാൻഷ്യൽ സെക്രിട്ടറിക്കാകട്ടെ, ഈ സഭയിൽ നിന്നും തൃപ്തികരമായി അംഗീകരിക്കപ്പെടുന്ന ഒരു സംസ്ഥാനിക ബഡ്ജററ് ഹാജരാക്കാൻ സാധിക്കുന്നതല്ല. ഒരു പുതിയ ദിവാൻ ആദ്യമായി വരുമ്പോൾ, അദ്ദേഹം പൂർവ്വാധികം നവീനവും പൂർവ്വാധികം ബുദ്ധിപൂർവ്വകവുമായ ഒരു ആയവ്യയ പദ്ധതി തുടങ്ങുമെന്നു രാജ്യവാസികൾ പ്രതീക്ഷിക്കുന്നു. (ഹിയർ, ഹിയർ), എന്നാൽ അവിടെയും വേറൊരു ഇച്ഛാഭംഗമാണു കാണുന്നതു്, അതു ആരുടെയും കുററമല്ല. എന്തെന്നാൽ പുതിയതായ അനുഭവങ്ങൾഉണ്ടാകുമ്പോൾ നമുക്കു ആകെ തന്നെ പുതിയ തലകൾ ഉണ്ടാക്കാൻ കഴിയുന്നതല്ലല്ലോ. നമ്മൾ ഒട്ടുമുക്കാൽപ്പേരും നമുക്കു ഉപരിചിതങ്ങളായ മനോഗതങ്ങൾക്കു അടിമകളായി ഭവിക്കുന്നു. ഏതുതരം ഫലമായി, ഏതെങ്കിലും ഒരു സാമാന്യനിലയോടു നമ്മൾ ബദ്ധരായിതീരുന്നു.

പണ്ഡിതനായ ഫൈനാൻഷ്യൽ സെക്രിട്ടറി ബഡ്ജററ് ഈ സഭയിൽ ഹാജരാക്കിയപ്പോൾ ചെയ്ത പ്രസംഗത്തെ സംബന്ധിച്ചു് എനിക്കു നിഷ്കളങ്കമായി ചോദിക്കാനുള്ള ഒരു ചോദ്യം ഇതാകുന്നു. നമുക്കു ഇപ്രകാരം തീരെവിരസമായ ഒരു റിപ്പോർട്ടുവായിച്ചുകേൾക്കുന്നതിനുള്ള സങ്കടം ഇതനുമുമ്പുവല്ലപ്പോഴും ഉണ്ടായിട്ടുണ്ടോ എന്നാണു്. മുന്നാണ്ടുകളിൽ നമ്മൾ കേട്ടിട്ടുള്ള വിരസങ്ങളായ സംഗതികൾ തന്നെയാണു് ഇതിലും അടങ്ങിയിരിക്കുന്നതു. പരമാർത്ഥം പറകയാണെങ്കിൽ അവ അതൃപ്തികരവും ആകുന്നു. ഗവർമ്മെൻറിനു ധാരാളം ധനാഗമമാർഗ്ഗങ്ങൾ ഉള്ള സ്ഥിതിക്കു ബഡ്ജററു ഇതിനെക്കാൾ തൃപ്തികരമായി തയ്യാറാക്കി വേറൊരുരൂപത്തിൽ സഭമുമ്പിൽ ഹാജരാക്കാമായിരുന്നു. ബഡ്ജററു എസ്റ്റിമേററു ആസകലാൽകൂടി ചിന്തിച്ചുനോക്കുമ്പോൾ നമ്മുടെ ധനകാര്യവിദഗ്ദ്ധന്മാരെ സംബന്ധിച്ചു മി: ഗ്ലാഡ്സ്റ്റന്റെ വിഷയത്തിൽ പണ്ടു ചെയ്യപ്പെട്ടിട്ടുള്ള നിരൂപണങ്ങൾതന്നെ എനിക്കു ചെയ്യേണ്ടതായി കാണുന്നു. അതു ഈ ബഡ്ജററിനെമാത്രം സംബന്ധിക്കുന്നതല്ല, ഇതിനു മുന്നാണ്ടുകളിലെ ബഡ്ജററുകൾക്കും സംബന്ധിക്കേണ്ടതാണു. ഗ്ലാഡ്സ്റ്റനെപ്പററി അക്കാലത്തു ഇപ്രകാരം പറയപ്പെട്ടു:—അതായതു, ധനകാര്യമന്ത്രിയുടെ നിലയിലുള്ള അദ്ദേഹത്തിന്റെ പ്രശസ്തിക്കു കാരണമായതു്, അദ്ദേഹത്തിന്റെ ആയവ്യയഗണനപാടവമോ അല്ലെങ്കിൽ അദ്ദേഹം നടപ്പാക്കിയ ധനസംബന്ധമായ നിയമങ്ങളുടെ ഗുണമോ അല്ല; അദ്ദേഹത്തിന്റെ ആയവ്യയഗണനം പലപ്പോഴും അബദ്ധമായിരുന്നു. അദ്ദേഹം ഉണ്ടാക്കിയ ധനസംബന്ധമായ നിയമങ്ങൾ പലപ്പോഴും വിവാദവിഷയവും ആയിരുന്നു. എന്നാൽ അതിലേക്കു ഒട്ടുമുക്കാലും കാരണമായതു അദ്ദേഹത്തിന്റെ സാധാരണമായ വാഗ്ധാടിയായിരുന്നു. നമ്മുടെ ധനകാര്യവിദഗ്ദ്ധന്മാർക്കു ആ വാഗ്ധാടിയും ഇല്ല. (ചിരി). അതിനാൽ സഭയിൽ ആണ്ടുതോറും ഹാജരാക്കപ്പെടുന്ന ബഡ്ജററു എസ്റ്റിമേററുകളെയും നമ്മുടെ ധനകാര്യ വിദഗ്ദ്ധന്മാരുടെ പ്രതീക്ഷകളെയും ഒന്നുപരിശോധിച്ചു നോക്കാം. ൧൧൦൦-ൽ-൧൧൯.൨൫ ലക്ഷം രൂപാ നികുതിപിരിവുണ്ടാകുമെന്നും ആയാണ്ടത്തെച്ചിലവിനു പിന്നെയും ൯ലക്ഷം രൂപാകൂടിവേണ്ടിവരുമെന്നും പ്രതീക്ഷിച്ചിരുന്നു. എന്നാൽ വാസ്തവത്തിൽ പിരിഞ്ഞിടായതുക ൨൧൦.൧൯ ലക്ഷം രൂപയായിരുന്നതുകൂടാതെ കുറവിനു പകരം ചെട്ടെന്നു ൧൧ലക്ഷത്തിൽ പരം രൂപാനിക്കിയിരിപ്പു വരികയുംചെയ്തു. ൧൧൦൧-ൽ പ്രതീക്ഷിച്ചിരുന്ന ആദായം ൨൦൭.൫൧ ലക്ഷം രൂപായും അതിൽ നിന്നും ചിലവുകഴിച്ചു ഒരു ചെറിയസംഖ്യ, അതായതു ൩.൭൯ ലക്ഷംരൂപാനീക്കിയിരുപ്പും വരുമെന്നായിരുന്നു എന്നാൽ പിരിഞ്ഞിടായ വാസ്തവത്തുക ൨൧൭.൫൧ രൂപായും നീക്കിയിരിപ്പു വന്നതു ൧൭.൪ ലക്ഷം രൂപയും ആയിരുന്നു. ൧൧൦൨-ൽ ൨൧൧.൭൫ ലക്ഷം രൂപാപിരിവും ൬.൭൨ ലക്ഷംരൂപാനീക്കിയിരുപ്പും പ്രതീക്ഷിച്ചു എന്നാൽവാസ്തവത്തിൽ പിരിഞ്ഞതു ൨൨൭.൭൫ ലക്ഷം രൂപായും നീക്കിയിരിപ്പു ൨൫ ലക്ഷം രൂപായും ആയിരുന്നു. അതുപോലെതന്നെ ൧൧൦൩-ൽ ൨൨൭.൨൧ ലക്ഷംരൂപാ വരവും ൧.൭൫ ലക്ഷം രൂപാമിച്ചവും പ്രതീക്ഷിച്ചു. പക്ഷെ വാസ്തവത്തിൽ കിട്ടിയതു ചെട്ടെന്നു ൨൫൨.൫൯ലക്ഷം രൂപായും മിച്ചം ൧൯.൧ലക്ഷം രൂപായുംആയിരുന്നു. നടപ്പുവർഷത്തെ സംഗതിയിലും

പുതുക്കിയ എസ്റ്റിമേററിൽ നിന്നും ഒട്ടുക്കുള്ളമുതലെടുപ്പിൽ പ്രതീക്ഷിച്ചിരുന്നതിനെക്കാൾ ൭ ലക്ഷം രൂപാ കൂടിയുണ്ടെന്നു് കാണുന്നു. മേല്പറഞ്ഞ കണക്കുകളിൽ നിന്നും നമ്മുടെ ധനകാര്യവിദഗ്ദ്ധന്മാരുടെ പ്രതീക്ഷകൾ തമ്മിലുള്ള ഭീമമായ വ്യത്യാസവും അവരുടെ ഗണനയുടെ അബദ്ധവും ഈസഭയ്ക്കു പ്രത്യക്ഷപ്പെടുന്നതാണ്. ഈകണക്കുകൾ എടുത്തുകാണിച്ചതിൽ എനിക്കു യാതൊരു ഉദ്ദേശവും ഇല്ലാതില്ല. തലേത്തുണ്ടത്തെ പുതുക്കിയ എസ്റ്റിമേററനുസരിച്ചു അടുത്തയാണ്ടത്തെ ബഡ്ജററ് എസ്റ്റിമേററു തയ്യാറാക്കിയിരുന്നു എന്നുവരുകിൽ ഇത്രത്തോളമുള്ള വ്യത്യാസത്തിനു ഇടവരികയില്ലായിരുന്നു. നമുക്കു ഒരു നീക്കിയിരുപ്പുബഡ്ജററു വേണമൊ അതല്ലാ വരവുകൊണ്ടു ചിലവുമുഴുവനും സാധിക്കാൻ കഴിയാത്തബഡ്ജററു വേണമോ, ജനങ്ങളുടെ ആവശ്യത്തിൽകുറഞ്ഞ നികുതിപിരിവു നീതീകരിക്കത്തക്കതല്ലായ്കയാൽ ആവശ്യത്തിൽകൂടുതലായ തുകകൾ പിരിച്ചു നീക്കിയിരിപ്പു വർദ്ധിപ്പിക്കുന്നു എന്നുള്ള ദോഷാരോപണത്തിനു ഇടകൊടുക്കണമൊ എന്നുള്ള സംഗതികൾ ബഡ്ജററ് തയ്യാറാക്കുന്നസമയത്തു നമ്മുടെ ധനകാര്യവിദഗ്ദ്ധന്റെ തലയിൽ കേറേണ്ടതാകുന്നു. അതിനാൽ ഒരു ന്യായമായ പന്ഥാവു സ്വീകരിക്കാൻ കഴിയുമെന്നുള്ളതാണെങ്കിലും, അദ്ദേഹത്തിനു അപ്രകാരംചെയ്യുന്നതിനു മനസ്സില്ലാതിരിക്കുന്നു. എന്തെന്നാൽ ഈവക പലകാര്യങ്ങളും ആലോചിക്കുന്നതിൽ അദ്ദേഹത്തിന്റെ കല്പനാശക്തിയും ബുദ്ധിശക്തിയും തലച്ചോറും എല്ലാംകൂടി കുഴങ്ങി വശാകുന്നുണ്ട്. ഈവിഷമതകൾക്കെല്ലാം കാരണമാകുന്നതു് അപകടമോ കപടമൊ ആയുള്ളമാർഗ്ഗങ്ങളിൽ ആണ്ടുതോറും ഇത്രതുക പിരിക്കണമെന്നു ഗവർമ്മെന്റു നിശ്ചയിക്കുന്നതുകൊണ്ടാണ്. (ചിരി). ആതുകയെ ചിലവുചെയ്യുന്നതിനും അവർ നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ ഈ തുക ജനങ്ങളിൽ നിന്നും പിരിച്ചുകഴിഞ്ഞശേഷം അതിനെ ഏതുവിധം ചിലവാക്കണമെന്നുള്ള ഒരു ഒററ ചിന്തയെ നമ്മുടെ ധനകാര്യവിദഗ്ദ്ധന്മാർക്കുള്ളൂ. ഈ ഉദ്ദേശത്തോടുകൂടി ബഡ്ജററു തയ്യാറാക്കി സഭയിൽ ഹാജരാക്കുന്നിടത്തോളംകാലം ഇപ്രകാരമുള്ള അബദ്ധങ്ങളെപ്പററി വ്യസനിച്ചതുകൊണ്ടു ഫലമുണ്ടാവുകയില്ല. എന്തെന്നാൽ ഇങ്ങിനെയുള്ള അവസ്ഥയിൽ അബദ്ധങ്ങൾ ഉണ്ടാകാതെ തരമില്ല. ആയവ്യയഗണനസംഗതിയിൽവല്ലപുതിയജ്ഞാനവും ഉദിതമാകണമെങ്കിൽ അതു ആയവ്യയഗണനാതത്വങ്ങളെ ഒരു നവീന മനഃസ്ഥിതിയോടും ഒരുപ്രത്യേകസമ്പ്രദായത്തിലും മനസ്സിലാക്കിയാലെ സാധിക്കയുള്ളൂ. ഓരോ വർഷത്തേക്കും സാമുദായികാവശ്യാർത്ഥം എന്തുധനവ്യയം വരുമെന്നു ആദ്യമായി നിർണ്ണയപ്പെടുത്തണം. പിന്നീടു അത്രത്തോളം സംഖ്യമാത്രം (അതിൽ ഒട്ടുംകൂടാൻപാടില്ല) സാമാന്യ നികുതിദായകന്മാരുടെ അടുക്കൽനിന്നും പിരിക്കുന്നതിനുവേണ്ട മാർഗ്ഗങ്ങളും സമ്പ്രദായങ്ങളും കണ്ടുപിടിക്കണം. പിന്നീടായി ഫൈനാൻഷ്യൽ സെക്രട്ടറി താഴെപറയുന്നകാര്യങ്ങൾകൂടി അന്വേഷിച്ചറിയണം. അതായതു നമ്മുടെ ഭൂമികളുടെ വിസ്തീർണ്ണം എന്തു എന്നും നമ്മുടെ നിലങ്ങളിലും തൊഴിൽശാലകളിലുംഎന്തു സാധനങ്ങൾ ഉണ്ടെന്നും നമ്മുടെ ജനങ്ങളുടെ ഉപജീവനത്തോതു എന്തെന്നും, അവക്കു പുറമെനിന്നും എന്തുസാധനങ്ങൾ കിട്ടേണ്ടതുണ്ടെന്നും അവരുടെ സാമാനങ്ങളിൽ എന്തെല്ലാം പുറദേശങ്ങളിൽ പോകേണ്ടതുണ്ടെന്നും മനസ്സിലാക്കണം. ഈവകസംഗതികൾ ഗ്രഹിക്കാൻ ശ്രമിക്കാതെയും രാജ്യത്തിലെ സ്ഥിതിഗതികൾ മനസ്സിലാക്കാതെയും ബഡ്ജററു എസ്റ്റിമേററുകൾ തയ്യാറാക്കിയാൽ നമ്മുടെ ധനകാര്യവിദഗ്ദ്ധന്മാരുടെ ആയവ്യയഗണനയെ സംബന്ധിച്ചു നാം കാണുന്ന ഭീമമായ വ്യത്യാസങ്ങൾ അവർ ബഡ്ജററു ചെയ്തിട്ടുള്ളതുകകളും വാസ്തവത്തിൽ പിരിഞ്ഞിടാകുന്ന തുകകളും തമ്മിൽ വന്നുചേരുന്നതിൽ ആശ്ചര്യപ്പെടാനില്ലല്ലോ.

ഇനി എനിക്കുപറയാനുള്ളതു ഗവർമ്മെന്റു അപ്പഴപ്പോൾ ഉണ്ടാക്കിയിട്ടുള്ള ധനകാര്യനിബന്ധനകളെ സംബന്ധിച്ചാണ്. ഇപ്പഴത്തെബഡ്ജററിൽ ആവക നിബന്ധനകൾ അധികം ഒന്നും ഇല്ല. എന്നാൽ ഇതിനു മുൻപു ഗവർമ്മെൻറ് ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾ എല്ലാം രാജ്യത്തെ ദോഷകരമായിട്ടേ ബാധിച്ചിട്ടുള്ളൂ. ൧൧൦൮-ലേക്കുള്ള ബഡ്ജററ് ഹാജരാക്കി, ഫൈനാൻഷ്യൽസെക്രട്ടറിചെയ്ത പ്രസംഗത്തിൽ തീരുവച്ചുങ്കം ഇനത്തിലുള്ള വരവിനെസംബന്ധിച്ചിടത്തോളം ആദ്യം എസ്ററിമേററു ചെയ്ത തുകയും വാസ്തവത്തിൽ പിരിഞ്ഞിട്ടായ തുകയും തമ്മിൽ സ്വല്പ വ്യത്യാസം കാണുന്നുണ്ട്. ഇതിൽവച്ചു വ്യസനിക്കാനില്ലെന്നും അതു കൊപ്രായുടെയും വെളിച്ചെണ്ണയുടെയും താരിപ്പുവിലയിൽ വരുത്തിയിട്ടുള്ള കുറവിന്റെ ഫലമാണെന്നും ഈ കുറവു നമ്മുടെ കച്ചവടത്തെ വർദ്ധിപ്പിക്കാൻ ഇടയാകുന്നതാണെന്നും ഫൈനാൻഷ്യൽ സെക്രട്ടറി അന്നു പറകയുണ്ടായി. അതിനാലാണ് തീരുവച്ചുങ്കം വകയിൽ മുതൽക്കുറവുണ്ടായതെന്നും അദ്ദേഹം പറഞ്ഞു. അതു ശരിതന്നെ, ആതത്വം എനിക്കുംഅംഗീകാര്യമാണ് എന്നാൽ അതുകഴിഞ്ഞു കുറച്ചുനാൾചെന്നപ്പോൾ താരിപ്പുവില പിന്നെയും വർദ്ധിപ്പിച്ചു. തൽഫലമായി വന്നുകൂടിയിരിക്കുന്നതു വ്യാപാരത്തിൽ വന്നുചേർന്നിട്ടുള്ള മടുപ്പാകുന്നു.

രണ്ടാമതായി എനിക്കുപറയാനുള്ളതു ൧൯൩൨ ജൂലൈ ൨൫-ലെ ഗസററിൽ ഗവർമ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയ ഒരു പരസ്യംമൂലം, ബീഡി, ബീഡിപ്പുകയില, സിഗററ് എന്നിവകളുടെ താരിപ്പുവില കൂട്ടിയിട്ടുണ്ട്. ബീഡിപ്പുകയില തിരുവിതാംകൂറിൽ ഇറക്കുമതിചെയ്യുന്നതിന്റെ വില റാത്തൽ ഒന്നിനു ൪ രൂപാ ൪ അണ ആണെന്നു് ക്ലിപ്തപ്പെടുത്തി സിഗററുകളുടെ വിഷയത്തിൽ വിലയുടെ ൧൦൦-ശതമാനമുള്ള നികുതികൊടുക്കണമെന്നു നിശ്ചയിച്ചു.

മൂന്നാമതായി എനിക്കുപറയാനുള്ളതു് ൧൯൩൨ ജൂലൈ൨൫-ലെ ഗവർമ്മെൻറ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വേറൊരു പരസ്യത്തെപ്പററിയാണ്. ഈ പരസ്യംമൂലം സേവിംഗ്സ്ബാങ്ക് അക്കൌണ്ടിൽ ചിലഭേദഗതികൾ ചെയ്വാൻ ഉദ്യമിക്കയാണു ചെയ്തിട്ടുള്ളതു്. ആ പരസ്യപ്രകാരം ൧൧൦൮ ചിങ്ങം ൧൬-മുതൽക്കു ൭ ചക്രത്തിൽ കുറവുള്ള യാതൊരുനിക്ഷേപങ്ങൾക്കും നിക്ഷേപകനു പലിശകിട്ടുന്നതല്ല. ൭ ചക്രത്തിനുമേലുണ്ടെങ്കിൽ അതിനു അടുത്ത രൂപക്രമത്തിനുള്ള പലിശയെ കണക്കാക്കുകയുള്ളൂ. നമ്മുടെ ഗവർമ്മെൻറിൽനിന്നും ഉണ്ടാക്കിയിട്ടുള്ള ധനകാര്യസംബന്ധമായ നിബന്ധനകളിൽ ചിലതുമാത്രമെ ഞാൻ എടുത്തു ഇവിടെ പറഞ്ഞിട്ടുള്ളൂ. ഈ നിബന്ധനകൾക്കു അടിസ്ഥാനമായിരിക്കുന്ന തത്വങ്ങൾ മനസ്സിലാക്കുന്നതിനു എനിക്കു കഴിയുന്നില്ല. സേവിങ്സ് ബാങ്ക് ചട്ടങ്ങളിലെ ഭേദഗതികളെപ്പററി എനിക്കുചോദിക്കാനുള്ളതു, അതു സേവി

ൻസ് ബാങ്ക് അക്കൗണ്ടുകൾ സംസ്ഥാനത്തു ആദ്യം ഏർപ്പെടുത്തിയപ്പോൾ ഉണ്ടായിരുന്ന ഉദ്ദേശത്തിനു അനുരൂപമാകണം എന്നാകുന്നു. ഈ സംഗതികൾ അന്വേഷണാർഹമാണെന്നുമാത്രമല്ല, അവയ്ക്കു സമാധാനം പറയേണ്ടതും കൂടിയാണ്, ഈ നിബന്ധനകൾ ആരുടെ വിദേശോപദേശത്തിന്മേൽ ഉണ്ടാക്കിഎന്നു അറിയുന്നതിനു നിവൃത്തിയില്ല. ഈ എല്ലാ നിബന്ധനകളും ജനങ്ങളെ ദോഷകരമായി ബാധിക്കുന്നവയാണ്.

ഗതാഗതങ്ങൾ, കെട്ടിടങ്ങൾ, ഇടത്തരം കൃഷിസേചനവേലകൾ ആദിയായവയെപ്പോലുള്ള തിരുവിതാംകൂറിന്റെ ദേശീയ ധനങ്ങളുടെ നിർമ്മാണത്തിനായി കൂടുതൽ പണം അനുവദിക്കണമെന്നു ഞാൻ ഈ സഭയിൽ കഴിഞ്ഞയാണ്ടുവരെ കഠിനതരമായ വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ട്. ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർ ഇപ്പോഴത്തെപ്പോലെ മടിയന്മാരും ഉദാസീനന്മാരുമായിരിക്കുന്നിടത്തോളം കാലം ആ സംഗതിക്കായിട്ടു കൌൺസിലിൽ ഞങ്ങളുടെ ശക്തിയെ വ്യയം ചെയ്യേണ്ട ആവശ്യമില്ലെന്നു ഞാൻ തീർച്ചയാക്കിയിരിക്കയാണ്. ഇവിടെ ഒരു കൂട്ടം ഉദ്യോഗസ്ഥന്മാർ തീരെ ഉദാസീനക്കാരായിരിക്കുന്നതു കൊണ്ടു ഞങ്ങൾ ആണ്ടുതോറും ബഡ്ജററിൽ വല്ലവിധവും പണം അനുവദിപ്പിച്ചാൽ തന്നെയും, അവ ചിലവാകാതെ ആണ്ടൊടുവിൽ ലാപ്സാകയാണ് ചെയ്യുന്നതു. ൧൧൦൭-ലെ ബഡ്ജററിൽ അനുവദിച്ചിരുന്നതിൽ ൨൨ ലക്ഷം രൂപാ ലാപ്സായി ൧൧൦൮-ൽ ലാപ്സായ തുക ൩൩ ലക്ഷം രൂപായും ൧൧൦൯-ൽ ൩൮ ലക്ഷം രൂപായും ആകുന്നു. ൧൧൧൦-ൽ ൭ ലക്ഷം രൂപാക്കുമേൽ ലാപ്സാകുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം ലാപ്സായതുകകൾ ഉദ്യോഗസ്ഥന്മാരുടെയോ അവരുടെ കീഴ്ജീവനക്കാരുടെയോ ശമ്പളത്തിന്റെ വല്ലഭാഗത്തെയും സൂചിപ്പിക്കുന്നുണ്ടോ? ഇല്ലാ എന്നുള്ളതു നിശ്ചയമാണ്. ഗ്രാമീണ തിരുവിതാംകൂറിന്റെ അഭിവൃദ്ധിക്കു ഉതകുന്ന ഉപായങ്ങൾ നടത്തുന്നതിനായി ബഡ്ജററിൽ കൊള്ളിച്ചിരുന്ന പണങ്ങളാണ് ഈ വിധം ലാപ്സായതു. ലാപ്സായ തുകകൾ ഈ വിധം ഉപയോഗപ്രദങ്ങളായ കാര്യങ്ങളെ ഉദ്ദേശിച്ചു അനുവദിച്ചിട്ടുള്ളവയാണ്. അല്ലാതെ യാതൊന്നും അല്ല. ഇപ്രകാരമുള്ള തുകകൾ ലാപ്സായിപ്പോകുന്നതുകൊണ്ടാണ് ഗതാഗതങ്ങൾ, കെട്ടിടങ്ങൾ, ഇടത്തരം ജലസേചനവേലകൾ എന്നിവക്കായി പണം അനുവദിക്കണമെന്നു വാദിച്ചു ഞങ്ങളുടെ ശക്തിയെ ക്ഷയിപ്പിച്ചിട്ടു ആവശ്യമില്ലെന്നു ഞാൻ മുമ്പിൽ പറയാൻ ഇടയായതു. ഈ സംഗതികളെ സംബന്ധിച്ചിടത്തോളം, കഴിഞ്ഞ ആണ്ടിൽ ഹാജരാക്കപ്പെട്ട ബഡ്ജററ് എസ്റ്റിമെററിനെപ്പററി ഞാൻ ചെയ്തിട്ടുള്ള നിരൂപണങ്ങൾ ഈയാണ്ടു ഹാജരാക്കിയിട്ടുള്ള ബഡ്ജററിനും പാടെ ബാധിക്കുന്നതാണ് (കേൾപ്പിൻ, കേൾപ്പിൻ) രാജ്യം ആവശ്യപ്പെടുന്നതു നല്ല ആളുകൾ ഉദ്യോഗസ്ഥന്മാരായിരിക്കണമെന്നാകുന്നു. അതായതു മനഃസാക്ഷി അനുസരിച്ചും ബുദ്ധിപൂർവ്വമായും ജോലിചെയ്യുന്നവരാണ്. അപ്രകാരമുള്ള ആളുകളെത്തന്നെയാണ് ഗവണ്മെന്റും ആവശ്യപ്പെടുന്നതു. എന്നാൽ അവർക്കു അപ്രകാരമുള്ളവർ ലബ്ധമാകുന്നില്ല. അവർ അങ്ങോട്ടും ഇങ്ങോട്ടും ഇട്ടടിക്കുന്നു അവർ ഒരു സമുദായത്തെ ഭയപ്പെടുന്നു, വേറൊരു സമുദായത്തെ തലോടുന്നു മൂന്നാമതൊരു സമുദായത്തോടു അവരുടെ പകവീട്ടുന്നു ഇപ്രകാരം പലതും അവർ ചെയ്യുന്നു എന്നാൽ വാസ്തവത്തിൽ ഭരിക്കാൻ അവർക്കു കഴിയുന്നില്ല. ഏതൽഫലമായി ഭരണയന്ത്രം വളരെ അയഞ്ഞും അഴിഞ്ഞും ഇരിക്കുന്നു. കേന്ദ്രസംസ്ഥാനത്തിൽ അനിയന്ത്രിതമായി വിലസുന്ന ഉന്നതസ്ഥലങ്ങളിൽ തന്നെയും ഇപ്രകാരം ഇരിക്കുന്നുണ്ട്. ആ സ്ഥിതിക്കു പബ്ലിക്ക് സർവ്വീസിൽ യാതൊരു രക്ഷയുമില്ലതന്നെ. സംഗതികൾ ഈ പതനത്തിൽ എത്തിയിരിക്കുന്നു. ഓരോ ഡിപ്പാർട്ടുമെന്റും എടുത്തുനോക്കുന്നപക്ഷം, ഉദ്യോഗങ്ങളും ഡിപ്പാർട്ടുമെന്റുകൾ തന്നെയും രാജ്യത്തിനായിട്ടല്ലാതെ ചില പ്രത്യേകവ്യക്തികൾക്കൊ പ്രത്യേക ഉദ്ദേശസാദ്ധ്യാർത്ഥമോ നിർമ്മിക്കപ്പെടുന്നതായി കാണാം. നമ്മുടെ സംസ്ഥാനത്തിലെ ഓരോ ഡിപ്പാർട്ടുമെന്റിന്റെയും ശരിയായ പ്രവർത്തനത്തെപ്പററി അറിയുന്നതിനു ആഗ്രഹിക്കുന്ന യാതൊരാൾക്കും അക്ഷിഗോചരമാകുന്നതു ഈ സങ്കടകരമായ അവസ്ഥയാകുന്നു.

പ്രസിഡൻറ്. മി: നീലകണ്ഠപ്പിള്ള, സമയം ആയി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു ഇനിയും രണ്ടു മിനിട്ടുകൂടിയുണ്ട്. ഞാൻ ൧൨ മണി കഴിഞ്ഞാണ് തുടങ്ങിയതു്.

പ്രസിഡൻറ്: അല്ല. നിങ്ങൾ ൧൨. അടിക്കുന്നതിനു ഒരു മിനിട്ടുമുമ്പായാണ് ആരംഭിച്ചതു. നിങ്ങൾക്കുള്ള സമയം തീർന്നിരിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, ആക്റ്റിംഗ് ഫൈനാൻഷ്യൽസെക്രട്ടറി മി: വെങ്കിടരമണയ്യർ ഏകദേശം ൨൧ ലക്ഷം രൂപാ മിച്ചം വരുന്ന ഒരു ജാതകപത്രം സഭമുമ്പിൽ ഹാജരാക്കിയിരിക്കുകയാകുന്നു. ബഡ്ജററിനെ സംബന്ധിച്ചു് എന്റെ മാന്യസ്നേഹിതൻ ചെയ്ത സാമാന്യവിമർശനങ്ങളിൽ ഞാനും യോജിക്കുന്നു. അതിനാൽ മി: കെ. പി. നീലകണ്ഠപ്പിള്ളയാൽ ശക്തിമത്തായും തൃപ്തികരമായും പ്രതിവാദിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളെപ്പററി കൂടുതൽ നിരൂപണങ്ങൾ ചെയ്യേണ്ട ആവശ്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ബഡ്ജററിനെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ അതിനെ ഗണിതശാസ്ത്രതത്വങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തി നിർമ്മിച്ചിട്ടുള്ളതായി കാണാവുന്നതാണ്. ആ സ്ഥിതിക്കു ഈ ബഡ്ജററു ആദായനികുതി കമ്മീഷണരുടെ അടുക്കൽ ഹാജരാക്കപ്പെടുന്ന നാൾവഴി ബുക്കിൽനിന്നും വ്യത്യസ്തപ്പെട്ടിരിക്കുന്നില്ല. ആണ്ടുതോറും നമ്മുടെ അടുക്കൽ ബഡ്ജററുകൾ ഹാജരാക്കപ്പെടുന്നുണ്ട്. ഒടുവിൽ ഒരു നീക്കിയിരിപ്പു ഉണ്ടാകുമെന്നും പ്രതീക്ഷിക്കപ്പെടുന്നുണ്ട്. ഈയ്യാണ്ടിലും അതുപോലെ ഒരു നീക്കിയിരിപ്പു ഉണ്ടാകുമെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. വല്ല പ്രത്യേക ഡിപ്പാർട്ടുമെന്റിനെയും ചൂണ്ടിപ്പറയാതെ, ബഡ്ജററിൽ ഉള്ള ചില ഗൌരവമേറിയ ലോപങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനാണു ഞാൻ വിചാരിക്കുന്നതു്.

ഇതിൽ ഒന്നാമത്തേതും ഏററവും പ്രധാനമായതും നാടുനീങ്ങിയ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ സ്നേഹപൂർവ്വമായ ഓർമ്മയെ നിലനിറുത്തുന്നതിനായി ഈ സഭയിൽനിന്നു അനുവദിച്ച മെമ്മോറിയൽ ഹാളിന്റെ വകയ്ക്കു യാതൊരു ധനവും നീക്കിവച്ചിട്ടില്ലെന്നുള്ളതാകുന്നു. ഇതു ഗൌരവമേറിയ ഒരു ലോപമാണെന്നു ഞാൻ വിചാരിക്കുന്നു. ഈയ്യാണ്ടത്തെ ബഡ്ജററിൽ അതിലേക്കു ഒരു സ്ഥാനം കാണുന്നില്ല. ലാൻറു റവന്യൂഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളതു അതു എല്ലാവിധത്തിലും പ്രാധാന്യം ഏറിവരുന്ന ഒരു ഡിപ്പാർട്ടുമെന്റു ആണെന്നാകുന്നു. ചിലകാര്യങ്ങൾ സാധുക്കളായ നികുതിദായകന്മാരെ അതായതു സാധുക്കളായ ഗ്രാമീണജനങ്ങളെ വല്ലാതെ ദ്രോഹിക്കുന്നുണ്ട്, ഞാൻ പറയുന്നതു ചന്തക്കരത്തെപ്പററിയാണ്. അതായതു ചില ചന്തകളിൽനിന്നും പിരിച്ചു വരുന്ന ചുങ്കങ്ങളെപ്പററിയാണ്. ഈ ഇനത്തിൽ

ഗവണ്മെന്റിന് പ്രതിവർഷം കിട്ടുന്നതു ഒരു നിസ്സാരതുകയായ ൧൦,൧൮൦, രൂപയാണ്. ഈ സംഖ്യ ഗവണ്മെന്റിനു നിസ്സാരമാണ്. വിശേഷിച്ചും സാധുക്കളായ ഗ്രാമീണ ജനങ്ങൾക്ക അതിൽവച്ചുണ്ടാകുന്ന കഷ്ടതകളും ബുദ്ധിമുട്ടുകളും ആലോചിക്കുമ്പോൾ ഇതുതീരെ നിസ്സാരമാണ്. ലാൻഡ് റവന്യൂഡിപ്പാർട്ടുമെന്റുകാർ ഉണ്ടാക്കിയിട്ടുള്ള ഒരു അനാരോഗ്യകരമായ വ്യവസ്ഥയാണെന്നാണ് ഞാൻ ഇതിനെ പറയുന്നതു്.

വേറൊരു സംഗതിയെപ്പററി എനിക്കു പറയാനുള്ളതു്. തങ്ങൾക്കു ആഹാരംപോരാ ആഹാരം കൂടുതൽ കിട്ടണം, എന്നുള്ള ജനങ്ങളുടെ നിലവിളിയെപ്പററിയാണ്. ഇതിനും പുറമെ തൊഴിലില്ലായ്മയെപ്പററിയും എനിക്കു പറയാനുണ്ടു്. ഈ ഒടുവിൽ പറഞ്ഞ സംഗതിയെ സംബന്ധിച്ചിടത്തോളം, വിദ്യാഭ്യാസഡയറക്ടരുടെ മേൽ ഒരു വലുതായ ചുമതലയിരിക്കുന്നുണ്ടു്. ഒരു ഇൻഡ്യൻ ഉദ്യോഗസ്ഥനായ മി: രംഗസ്വാമി അയ്യങ്കാരെ വിദ്യാഭ്യാസഡയറക്ടരായി നിയമിച്ചപ്പോൾ ആ ഡിപ്പാർട്ടുമെന്റിൽ വലുതായ മാററങ്ങൾ ഉണ്ടാകുമെന്നു നാമെല്ലാം ആശിച്ചിരുന്നു. എന്നാൽ അദ്ദേഹം ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് കൈക്കൊണ്ടിട്ടു ഇപ്പോൾ മതിയായകാലം കഴിഞ്ഞു എന്നു വരികിലും അദ്ദേഹം ഡിപ്പാർട്ടുമെന്റ് പ്രവർത്തനത്തെ സംബന്ധിച്ച പുതിയ പദ്ധതികൾ ഒന്നും ഇതുവരെ തുടങ്ങിയിട്ടില്ല. സംസ്ഥാനത്തെ വിവിധസ്കൂളുകളിലും കാളേജുകളിലുംനിന്നു പ്രതിവർഷം പുറത്തുവിടുന്ന എല്ലാഗ്രാഡ്യുവേററുകൾക്കും അണ്ടർ ഗ്രാഡ്യുവേററുകൾക്കും ജോലിഉണ്ടാക്കികൊടുക്കേണ്ട ചുമതല ഗവണ്മെന്റിന്റേതു ആണെന്നു ഞാൻ പറയുന്നില്ല. എന്നാൽ ആണ്ടുതോറും സ്കൂളുകളിലും കാളേജുകളിലുംനിന്നു പുറത്തുവരുന്ന യുവാക്കന്മാരുടേയും യുവതികളുടേയും സംരക്ഷണത്തിനുവേണ്ടി വല്ലമാർഗ്ഗങ്ങളുമൊന്നു ഉണ്ടായിരിക്കത്തക്കവണ്ണം ചില വ്യവസ്ഥകൾ ചെയ്യേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണ്. ഫീസ്സുവകയിൽ ധാരാളം തുകകൾ പിരിക്കുന്നതിനു അവർ നിർബ്ബന്ധം വച്ചിട്ടുണ്ടു്. ലാകാളേജിൽനിന്നു മാത്രം ഫീസുവകയിൽ ൮൦,൬൦൦ രൂപാകിട്ടുന്നു. ഇതുപോലെ ഒരു വലിയതുക സയൻസുകാളേജിലും ആർട്ട്സ കാളേജിലുംനിന്നും ഈടാക്കുന്നുണ്ടു്. സ്ത്രീകളുടെ കാളേജിൽനിന്നും ഗവണ്മെന്റിനു ൩൦൦൦ രൂപാ ഫീസു വകയിൽ കിട്ടുന്നു. ട്രീച്ചേഴ്സ കാളേജിൽനിന്നും കിട്ടുന്നഫീസു ൪൦,൯൦൦ രൂപായാണ്. ഹൈസ്കൂളുകളിൽനിന്നും ൩൪൦,൦൦൦ രൂപായും നാട്ടുഭാഷാ വിദ്യാലയങ്ങളിൽനിന്നും ൪൧൯,൦൦൦ രൂപായും ഗവണ്മെന്റിനു കിട്ടുന്നുണ്ടു്. ഇവയെല്ലാം വലിയതുകകളാകുന്നു എന്നു മാത്രമല്ല അവമുഴുവനും നികുതിദായകരിൽനിന്നും ഫീസുവകയിൽ ലഭിക്കുന്നതും ആകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഇവിടത്തെ ഗവണ്മെന്റു കാളേജുകളിൽനിന്നും ഈടാക്കുന്ന ഫീസുകൾ മററു ഗവണ്മെന്റു കാളേജുകളിലെ ഫീസിനെക്കാളും കൂടുതലാണോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അങ്ങിനെയാണെന്നു ഞാൻ വിചാരിക്കുന്നു.

വിദ്യാഭ്യാസനയം ഉടനടി മാററണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. നമ്മുടെ കാളേജുകളിൽനിന്നും പഠിച്ചിറങ്ങുന്ന ഗ്രാഡ്യേററുകൾ മററു കാളേജുകളിൽനിന്നും വരുന്നവരെക്കാൾ ബുദ്ധിമാന്മാരും പ്രാപ്തന്മാരും ആണ്. ഇപ്രകാരം ആയിരക്കണക്കിനുള്ള ഗ്രാഡ്യേററുകൾ ഉണ്ടു്. ഇവർക്കു എന്തെങ്കിലും ജോലി ഉണ്ടാക്കിക്കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടതു് ആവശ്യമാണ്.

ഇനി, ഞാൻ പറഞ്ഞിട്ടുള്ള മറെറാരു സംഗതിയെപ്പററി അതായതു്, രാജ്യത്തിലെ സാധുജനങ്ങൾക്ക് കൂടുതൽ ആഹാരത്തിന് മാർഗ്ഗമുണ്ടാക്കിക്കൊടുക്കേണ്ടതിനെപ്പററി, എനിക്കു പറയാനുള്ളതു്, പരിപോഷണവകുപ്പുകളായ കൃഷി, വിവസായം, സഹകരണം ഈ ഡിപ്പാർട്ടുമെന്റുകൾക്കുവേണ്ടി മുന്നാണ്ടുകളിലേക്കാൾ കൂടുതൽ പണം ചിലവാക്കണം എന്നാകുന്നു. ഈ ഡിപ്പാർട്ടുമെന്റുകളുടെ ശുഷ്കതരമായ പ്രവർത്തനത്തിനുവേണ്ടി കൂടുതൽ തുകകൾ ആ: ഫിനാൻഷ്യൽ സെക്രട്ടറി നീക്കിവച്ചിട്ടുള്ളതായി ബഡ്ജററിൽനിന്നും കാണുന്നില്ല. പരിപോഷണഡിപ്പാർട്ടുമെന്റുകളിൽവച്ചു ഏററവും പ്രാധാന്യമേറിയതു കൃഷിഡിപ്പാർട്ടുമെന്റാണ്. അതിലെ വരവ് ൪൪,൩൦൦ രൂപയാണ്. എന്നാൽ അതിനുവേണ്ടി ചിലവാകുന്ന തുക ൪,൯൦,൦൦൦ രൂപയാകുന്നു. ഇൻഡസ്ട്രിയൽ (വ്യവസായ)ഡിപ്പാർട്ടുമെന്റിനെപ്പററി പറയുന്നതായാൽ ആ ഡിപ്പാർട്ടുമെന്റ് എന്നും ശൈശവത്തിൽതന്നെ ഇരിക്കുന്നു. അതു ശൈശവാവസ്ഥയെ എന്നു അതിക്രമിക്കുമെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

മി: മാത്യൂ മുരിക്കൻ (വൈക്കം): വ്യവസായഡിപ്പാർട്ടുമെന്റിന്റെ ജോലികൾ എന്തെല്ലാമാണെന്നു സദയം പറയുമോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അതിന്റെ ജോലി എന്റെ അഭിപ്രായത്തിൽ പുതിയ വ്യവസായങ്ങൾ ഏർപ്പെടുത്തുകയും ഇപ്പോൾ ഉള്ള വ്യവസായങ്ങൾ (ഉദാഹരണമായിട്ട് തിരുവിതാംകൂർ പഞ്ചാരക്കമ്പനി മുതലായതു) ഏർപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കയും ആകുന്നു. തിരുവിതാംകൂർ പഞ്ചാരക്കമ്പനിയിൽ ഗവണ്മെന്റിൽനിന്നും ൪ ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ടു്. എന്നാൽ അതിനെ ശരിയായ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനായി ഒന്നുംതന്നെ ചെയ്തിട്ടില്ല. പ്രോത്സാഹിപ്പിക്കേണ്ടതായ വേറൊരു വ്യവസായം ഉപ്പുകൃഷിയാണ്. വിദേശങ്ങളിൽനിന്നും ഉപ്പ് ഇറക്കുമതിചെയ്യുന്നതിന് ഇടകൊടുക്കാതിരിക്കത്തക്കവിധത്തിൽ സ്വദേശിഉപ്പിന്റെ തുക വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഇൻഡ്യൻ നിയമസഭയിൽ പല വാദപ്രതിവാദങ്ങളും നടക്കുന്നുണ്ടു്. എന്നാൽ ഇവിടെ ഇപ്പോൾ ഉള്ള ഉപ്പിനെക്കൊണ്ടു തൃപ്തിപ്പെട്ടിരിക്കയും കൂടുതൽ ഉപ്പ് ഉണ്ടാക്കുന്നതിനായി യാതൊന്നും ചെയ്യാതിരിക്കയും ചെയ്യുന്നു. ഈ സംഗതികളിൽ അഭിവൃദ്ധി ഉണ്ടാക്കേണ്ടതു് വ്യവസായ ഡയറക്ടരുടെ ജോലിയാകുന്നു. അതിനാൽ മേലാലെങ്കിലും ഈ ഡിപ്പാർട്ടുമെന്റുകളുടെ വിഷയത്തിൽ ഗവണ്മെന്റിന്റെ സാരമായ ശ്രദ്ധ പതിയണമെന്ന് ഞാൻ സമർത്ഥിച്ചുകൊള്ളുന്നു.

ഇനി ഒരു ഡിപ്പാർട്ടുമെന്റിനെപ്പററി എനിക്കു പറയാനുള്ളതു് സ്റ്റേഷനറിയും പ്രിൻറിംഗും ഡിപ്പാർട്ടുമെന്റാണ്. ഗവണ്മെൻറുപ്രസ്സിൽനിന്നും ഉള്ളവരുമാനം ൩൪,൯൦൦ രൂപയാകുന്നു. ഇതിൽ പരസ്യപ്പലിശകയിലും ഗസററുവിലവകയിലും ഉള്ള ൪൦,൦൦൦ രൂപാക്കൂടി ഉൾപ്പെടുന്നുണ്ടു്. സ്റ്റേഷനറിപ്രിൻറിംഗ് എസ്റ്റാബ്ലിഷ്മെൻറുവകയിൽ ചിലവാകുന്ന ഭാരിച്ച സംഖ്യയായ ൩ ലക്ഷം രൂപായുടെ തുകയേയും പരസ്യപ്പലി

ഉൾപ്പെടെയുള്ള വർത്തമാനമായ ചെറുസംഖ്യയായ ൩൦,൦൦൦ രൂപായുടെ തുകയേയും തമ്മിൽ താരതമ്യപ്പെടുത്തു മ്പോൾ ഒരു ഗവണ്മെൻറു പ്രസ്സിൻെറ ആവശ്യം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. അച്ചടിവേല വൃത്തിയായി നിർവഹിച്ചുകൊടുക്കുന്ന പ്രൈവററുമുദ്രാലയങ്ങൾ ധാരാളം ഉണ്ട്. ഗവണ്മെൻറു പ്രസ്സിനെ പാടെ നിറുത്തിക്കളയുന്നതാണ് ഉത്തമം. അല്ലെങ്കിൽ അതിനെ അഭിവൃദ്ധിയാക്കി അതിന്മേൽ ചിലവാക്കിയിട്ടുള്ള തുകയ്ക്കു തക്കവണ്ണമുള്ള ആദായം സിദ്ധിക്കത്തക്കനിലയിൽ അതിനെ വരുത്തണം.

വേറൊരു ഡിപ്പാർട്ടുമെൻറിനെപ്പററി എനിക്കു പറയാനുള്ളത് പൊതുമരാമത്തു ഡിപ്പാർട്ടുമെൻറാണ്. വണ്ടികളുടെ ഗതാഗതം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന എന്നുള്ള വസ്തുത ആരും സമ്മതിക്കുമല്ലോ. മോട്ടർ വണ്ടികളുടെ ഗതാഗതഹേതുവായി, ഇപ്പോഴുള്ള റോഡുകളിൽ അധികം തേയ്മാനം ഉണ്ടാകുന്നുണ്ട്. ഇപ്പോഴത്തെ വണ്ടികളുടെ ഗതാഗതത്തിൻെറ കാഠിന്യംനോക്കുമ്പോൾ റോഡുകളുടെ വിഷയത്തിൽ പതിഞ്ഞിരിക്കുന്ന ശ്രദ്ധ വളരെ മോശമാകുന്നു. മി: നീലകണ്ഠപ്പിള്ള ചൂണ്ടിക്കാണിച്ചതുപോലെ, ഗവണ്മെൻറു ഉദ്യോഗസ്ഥന്മാർ, അനുവദിച്ച തുകകളെ തന്നെ പാസ്സാകാൻ ഇട കൊടുക്കുന്നു. ഈ സഭയിൽനിന്നും അനുവദിക്കുന്ന തുകകൾ ചിലവാക്കുന്നതിന് അവർക്കു ജാഗ്രതയില്ലാതെയിരിക്കുന്നു.

ചുങ്കം ബോട്ടുചുങ്കം എന്നിയിനങ്ങളിൽ ഒരു വലിയ തുക പിരിച്ചുവരുന്നുണ്ട്. ഈ വകയിൽ ഏകദേശം മൂന്നുലക്ഷം രൂപാ ഗവണ്മെൻറിന് കിട്ടുന്നു. തിരുവനന്തപുരം—ആരുവാമൊഴി റോഡിൽനിന്നുമാത്രം ടോൾ ഇനത്തിൽ ൪,൩൦,൦൦൦ രൂപാ ഇടാകുന്നുണ്ട്. എന്നാൽ ഈ ൫൪ മൈൽ നീളം റോഡിനുവേണ്ടി പൊതുമരാമത്തുകാർ ചിലവാകുന്ന സംഖ്യ ൫൪,൦൦൦ രൂപ മാത്രമാകുന്നു. ഈ റോഡിൽനിന്നും ഈ വിധത്തിൽ ചിലവുകഴിച്ചു ഒരു വലിയ തുക ഗവണ്മെൻറ് ലാഭം എടുക്കുന്നുണ്ട്.

ബഡ്ജററിനെ വിവരമായി പരിശോധിച്ചുനോക്കിയാൽ നാഗർകോവിൽ ഡിവിഷനിൽ മെററൽ റോഡുവകക്കായി ൪൫,൫൮൭ രൂപയോളം ചിലവാക്കുന്നതായി കാണുന്നു. ഇതു് ഒരു നല്ല തുകയാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഇത്രയും വലുതായ തുക ചിലവിടുന്നതു ശരിയായി അവർകളുടെ വരവു പ്രമാണിച്ചാണെന്നാണു ഞാൻ വിചാരിക്കുന്നതു്. മെററൽ ചെയ്തിട്ടില്ലാത്ത റോഡുകളുടെ വകക്കായിട്ടും, ഏകദേശം ൩൨,൦൦൦-ൽ ചില്വാനം രൂപാ നിശ്ചയിച്ചുവച്ചിട്ടുണ്ട്. എന്നാൽ വില്ലേജുറോഡിൻെറ വകക്കു നിശ്ചയിച്ചുവച്ചിട്ടുള്ള തുക ൩൫൦ രൂപാമാത്രമാകുന്നു. ഇതു തീരെ കൃപണമാകുന്നു. എൻെറ താലൂക്കായ അഗസ്തീശ്വരം താലൂക്കിൽ, ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ അതിൻെറ ഉൾനാട്ടുകളിൽ കടന്നു നോക്കുമെങ്കിൽ അതു് ഒരു ഘോരം സഹാറാ മരുഭൂമിയാകുന്നു. എൻെറ താലൂക്കിൽ മാത്രം ഏകദേശം ൪൦൦-ഓ ൫൦൦-ഓ ഗ്രാമങ്ങൾ ഉണ്ട്. ഗവണ്മെൻറിന് അവരുടെ എക്സൈസ് നികുതിയും ജനങ്ങളിൽനിന്നു പിരിയാനുള്ള മററു നികുതികളും പിരിക്കുന്നതിനേ പ്രത്യേക ശ്രദ്ധയുള്ളു. എന്നാൽ അവർ ജനങ്ങളുടെ ക്ഷേമത്തെ പരിഗണിക്കുന്നില്ല. വിശേഷിച്ചും ഗ്രാമപ്രദേശങ്ങളിൽ കുടിപാർക്കുന്ന പാവപ്പെട്ട ജനങ്ങളെപ്പററി ഒട്ടും വിചാരമില്ല. ഈ ദിക്കുകളുടെ ഉൾപ്രദേശങ്ങളിൽ പോകുന്നതിനു ഉദ്യോഗസ്ഥന്മാർക്കു സാധിക്കുന്നില്ല. എന്തെന്നാൽ അതു ഞാൻ മുൻ പറഞ്ഞതുപോലെ സഹാറാമരുഭൂമിപോലെയാണ്. ഈ പ്രദേശം മണൽ ഭൂമിയായിരിക്കുന്നു എന്നുമാത്രമല്ല, വേറെ ഒരു ദുർഘടവുംകൂടിയുണ്ട്. മിക്കസ്ഥലങ്ങളിലും കാൽനടക്കുള്ള പാതകൾ പോലും ശരിയായി കാണുകയില്ല. സാംക്രമികരോഗങ്ങൾ ഉണ്ടാകുന്നകാലങ്ങളിൽ ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകൾ ചില്ലറയല്ല. മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്കും സാനിട്ടറി ഉദ്യോഗസ്ഥന്മാർക്കും ഉൾനാട്ടുകളിൽ പ്രവേശിക്കാൻ നിവൃത്തിയില്ല. തൽഫലമായി രോഗപീഡിതർക്കു ഈ വക ഉദ്യോഗസ്ഥന്മാരിൽ നിന്നും വേണ്ട സഹായങ്ങൾ എളുപ്പത്തിൽ കിട്ടുന്നില്ല. ഈ ഗ്രാമങ്ങളിലെ ഗതാഗതം വകയ്ക്കു ശരിയായ ധനം ബഡ്ജററിൽ കരുതിവയ്ക്കാത്തതു പൊതുമരാമത്തു വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കു ഉൾപ്രദേശങ്ങളിൽ കടക്കാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടാണെന്നേ ഞാൻ വിചാരിക്കുന്നുള്ളു. ഈ വില്ലേജു റോഡുകളുടെ വകയ്ക്കു ഇത്രയും ചെറിയ സംഖ്യയായ ൩൫൦ രൂപായേ ബഡ്ജററിൽ വക കണ്ടിട്ടുള്ളു എന്നു കാണുന്നതു വാസ്തവത്തിൽ ശോച്യമായിരിക്കുന്നു. ഈസംഗതിയിൽ വേറൊരു വിഷമതയുംകൂടിയുണ്ട്. കർഷകറോഡുകൾക്കുള്ള ചട്ടങ്ങളിൽ ഗവണ്മെൻറു അഭയം പ്രാപിക്കുന്നു. ഈ ചട്ടങ്ങൾ പ്രയോഗികമായി തീരെ ഉപയോഗപ്രദങ്ങളല്ല. ഈ ചട്ടങ്ങൾ ഹേതുവായി പൊതുമരാമത്തു വകുപ്പുകാർക്ക് ജോലി നടത്താൻ തടസ്ഥം നേരിടുന്നു.

വേറൊരു സംഗതിയെപ്പററി എനിക്കു പറയാനുള്ളതു അധഃകൃതവർഗ്ഗക്കാരുടെ കാര്യമാണ്. അധഃകൃതവർഗ്ഗക്കാരുടെ ഗുണത്തിനായി ഗവണ്മെൻറിൽ നിന്നും ആണ്ടുതോറും പണം നീക്കിവയ്ക്കുന്നുണ്ട്. എന്നാൽ ഈ പ്രകാരം പ്രതിവർഷം നീക്കിവയ്ക്കപ്പെടുന്ന സംഖ്യയെ വ്യയം ചെയ്യുന്ന വിഷയത്തിൽ ഗവണ്മെൻറ് വല്ല താല്പര്യവും കാണിച്ചിട്ടുണ്ടോ എന്നു അക്കൌണ്ടാഫീസർ ചൂണ്ടിക്കാണിക്കാത്തതിൽ എനിക്കു വളരെ മനസ്താപമുണ്ട്.

അടുത്തതായി എനിക്കു പറയാനുള്ളതു റയിൽവേ വിഷയത്തെപ്പററിയാണ്. റയിൽവെ വകക്കായി ൫൦,൦൦,൦൦൦ രൂപാ ബഡ്ജററിൽ നിശ്ചയിച്ചുവച്ചിട്ടുണ്ട്. എന്നാൽ റയിൽവേയെ തെക്കോട്ടു നീട്ടുന്നസംഗതിയെപ്പററി അന്വേഷിക്കുന്നതിനു ഒരു തുകയും നീക്കിവച്ചിട്ടില്ല. ഈ ലയിൻ സർവെ ചെയ്യുന്നതിനുള്ള ഒരു ഉദ്യമം ഒന്നോ രണ്ടോ തവണ ഇതിനുമുമ്പിൽ തുടങ്ങുകയുണ്ടായി. എന്നാൽ ഇന്നുംതന്നെ ചെയ്തിട്ടില്ല.

വൈദ്യസഹായത്തെ സംബന്ധിച്ചിടത്തോളം, ഡാക്ടർ ജാക്കാക്കിൻെറ പൊതുജനാരോഗ്യപദ്ധതി സംബന്ധിച്ചു ൩൦,൦൦൦ രൂപാവരെ വരുന്ന ഒരുതുക ഗവണ്മെൻറിൽ നിന്നും നിശ്ചയിച്ചു വച്ചിട്ടുള്ളതായി കാണുന്നതിൽ സന്തോഷമുണ്ട്.

ഇനിയും ഒരു സംഗതിയെപ്പററി എനിക്കു പറയാനുള്ളതു രജിസ്ട്രേഷനും അഞ്ചലും ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചതാണ്. ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളിലേയും സാധുക്കളും സ്വല്പശമ്പളക്കാരരും ആയ കീഴ് ജീവനക്കാരുടെ ഗുണത്തെ ഉദ്ദേശിച്ചു കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ഒരു തുക നിശ്ചയിച്ചുവച്ചിരുന്നു. എന്നാൽ ഈ ഗുണങ്ങൾ ചെയ്യപ്പെടണമെന്നു ഉദ്ദേശിച്ചിട്ടുള്ള ജീവനക്കാർക്കു ആ ഗുണം ഇതുവരെ സിദ്ധിച്ചിട്ടില്ല. ഇതിനുള്ള ഫൈനാൻഷ്യൽ സെക്രട്ടറി പറയുന്ന കാരണം, ശമ്പളസ്കെയിലുകളെ പുതുക്കുന്നതിനുള്ള വിവരങ്ങൾ

നിശ്ചയിക്കുന്നതിനും അതിനെ നടപ്പു വർഷത്തിൽ തന്നെ നടപ്പിൽ വരുത്തുന്നതിനും സാധിക്കുന്നില്ലെന്നുള്ളതാകുന്നു. ഇതു അശേഷം മതിയായ കാരണമല്ല. ഫൈനാൻഷ്യൽ സെക്രട്ടറിക്കു ഈ കീഴ് ജീവനക്കാരുടെ മേൽ വാസ്തവമായ വല്ല താല്പര്യവും ഉണ്ടായിരുന്നെങ്കിൽ മേല്പറഞ്ഞ വിവരങ്ങൾ മുമ്പായതു നിശ്ചയിച്ചു എഴുതി അയക്കുന്നതിനു അധികൃതന്മാർക്കു റിമൈൻഡറുകൾ അയക്കുകയും അതിലേക്കായി നിശ്ചയിച്ചിട്ടുള്ള തുകകൾ ചിലവു ചെയ്യുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്കയും ചെയ്യുമായിരുന്നു. ഈ സഭയിൽ നിന്നും അനുവദിക്കപ്പെടുന്ന തുകകൾ ചിലവാക്കാതെവച്ചുംകൊണ്ടു അതിലേക്കു ഫൈനാൻഷ്യൽസെക്രട്ടറി ഓരോ മുടന്തൻ ഒഴികഴിവുകൾ പറയുന്നതു ആശ്ചര്യമായിരിക്കുന്നു. അദ്ദേഹം പറയുന്ന കാരണങ്ങൾ അശേഷം യുക്തികരമായിരിക്കുന്നില്ല.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): സർ, നമ്മുടെ മഹാറാണി റീജൻറ് തിരുമനസ്സിലേക്കു ബ്രിട്ടീഷ് ഗവമെൻറിൽ നിന്നും സി. ഐ. ബഹുമതി ലഭിച്ചതിലും മഹാറാണി തിരുമനസ്സുകൊണ്ടു സ്വാമി അവർകളെ തിരുവിതാംകൂർ ദിവാനായി നിയമിച്ചതിലും എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കുള്ള സന്തോഷത്തെ അവരുടെ പ്രതിനിധി എന്ന നിലയിൽ ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഫിനാൻഷ്യൽ സെക്രട്ടറി സമർപ്പിച്ച ബഡ്ജറ്റിലെ വരവു ചിലവുകളേയും, മിച്ചംവരുത്തിയിരിക്കുന്ന സമ്പ്രദായത്തേയും പറ്റി ഗാഢമായി ചിന്തിക്കുന്നതായാൽ ഗവമെൻറിനെ അനുമോദിക്കുവാൻ വഴികാണുന്നില്ല. നമ്മുടെ ഗവമെൻറ് ആധുനിക ഭരണസമ്പ്രദായങ്ങളേയും, രാജ്യത്തിന്റെ അഭിവൃദ്ധിപരമായ രക്ഷയേയും നിയമപരിപാലനത്തേയും, ലക്ഷ്യമാക്കിയാണ് ഭരണം നടത്തുന്നതു എന്നു വിചാരിക്കാൻ യാതൊരു നിവൃത്തിയുമില്ല. പരിഷ്കൃതരാജ്യങ്ങളിൽ ഉള്ളതുപോലെ ഇവിടെയും പല ഭരണവകുപ്പുകൾ ഏർപ്പെടുത്തി ജനങ്ങളുടെ ധനശക്തിയിൽ കവിഞ്ഞ ഒരു വൻതുക ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനായി ചിലവഴിക്കുന്നുണ്ട്. ഇതു ഏതൊരു പരിഷ്കൃത ഗവമെൻറിന്റെയും ഭരണനയത്തിനു വിപരീതമാണ്. ഗവമെൻറിന്റെയും ഉദ്യോഗസ്ഥന്മാരുടെയും കർത്തവ്യകർമ്മം സാമാന്യജനങ്ങളുടെ പ്രവൃത്തി സൌകര്യങ്ങളെയും ക്ഷേമത്തെയും വർദ്ധിപ്പിക്കയാണെന്നുള്ള ഒരു ബോധംപോലും ഉദ്യോഗസ്ഥന്മാരിൽ കാണുന്നില്ല. എന്നുതന്നെയല്ല ഏതാനും ഡിപ്പാർട്ടുമെൻറു മേധാവികൾ വർഗ്ഗീയവിദ്വേഷപരമായിട്ടാണു പെരുമാറിവരുന്നതു എന്നുള്ള പരമാർത്ഥം അവരുടെ നടപടികളെ സൂക്ഷ്മാവലോകനം ചെയ്യുന്നപക്ഷം ഏവർക്കും ഗ്രഹിക്കാവുന്നതാണ്. കാലക്ഷേപത്തിനു ബുദ്ധിമുട്ടുള്ളവരായ തിരുവിതാംകൂറിലെ സാധുജനങ്ങൾക്കു ഭൂമികൾ പതിച്ചുകൊടുക്കുകയോ കൃഷിക്കു ഉപയുക്തമായ കൂടുതൽ സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയോ ചെയ്യാതെയും ഭൂമികൾ ലേലം ചെയ്തും, ഭാരിച്ച നികുതികൾ വർദ്ധിപ്പിച്ചും നികുതിയിൽ നാലഞ്ചിരട്ടിവരുന്ന സംഖ്യ നിരോധനക്കരം ഏർപ്പെടുത്തിയും, സാധുക്കളായ ജനങ്ങൾക്കു ഭൂമിലഭിക്കാത്ത വിധത്തിൽ ആക്കിത്തീർത്തും, ധനശക്തിയുള്ളവരുടെമേൽ ന്യായമായ നികുതികൾ പോലും ചുമത്താതെയും ആണ് ഗവമെൻറു ഭരണം നടത്തിവരുന്നത്. ദരിദ്രരായ സാമാന്യജനങ്ങളുടെ പ്രയത്നഫലങ്ങളായ തെങ്ങ്, കമുക മുതലായ വൃക്ഷങ്ങൾക്കു കരവും, ഇവയിൽ നിന്നും ലഭ്യമാകുന്ന പാക്ക, നാളികേരം, കൊപ്ര, കയറ, വെളിച്ചെണ്ണ മുതലായവകൾക്കു തീരുവയും ഗവമെൻറു യഥേഷ്ടം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ വരവുവർദ്ധിപ്പിച്ചു ബഹുമതി സമ്പാദിക്കുന്നതിനായിട്ടും എന്തോ യാതൊരു തത്വത്തെയും ആശ്രയിക്കാതെ വരവു വർദ്ധിപ്പിക്കുന്നതിനു ഫാറസ്റ്റ്, അഞ്ചൽ, രജിസ്ട്രേഷൻ മുതലായ ഡിപ്പാർട്ടുമെൻറുകളിലെ അദ്ധ്യക്ഷന്മാരും ബദ്ധശ്രദ്ധരായിരിക്കുന്നു. എന്നാൽ ഈ നാട്ടിൽ വിദേശിയർ കൃഷിചെയ്യുന്നതായ റബ്ബറിനു ഗവമെൻറിൽനിന്നും ഇതേവരെ യാതൊരു നികുതിയോ തീരുവയോ ഏർപ്പെടുത്തിയിട്ടില്ലെന്നും, തേയിലയ്ക്കു ഏർപ്പെടുത്തിയിട്ടുള്ള നികുതി നാമമാത്രമാണെന്നും ഓർക്കുമ്പോൾ നമ്മുടെ ഗവമെൻറിനു പാശ്ചാത്യരെ സംബന്ധിച്ചു വല്ലതെ ഭയമുണ്ടെന്നുകൂടി ജനങ്ങൾ സംശയിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ഇറക്കുമതി ഇനത്തിൽ നല്ലൊരു സംഖ്യ വിദേശത്തേക്കു അയക്കുവാൻ ഇടകൊടുത്തുകൊണ്ടിരിക്കുന്ന പുകയില മുതലായവ ഇവിടെ കൃഷിചെയ്യാൻ പാടില്ലെന്നും വടക്കൻ തിരുവിതാംകൂറിൽ പന, തെങ്ങു മുതലായവയിൽനിന്നും അക്കാനിചെത്തി ചക്കര ഉണ്ടാക്കാൻ പാടില്ലെന്നും വരുത്തിയിരിക്കുന്നതു സാധുക്കളായ സാമാന്യജനങ്ങളുടെ ധനാഗമമാർഗ്ഗങ്ങൾക്കു ഹാനികരമാണെന്നും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. സംസ്ഥാനത്തെ ആകെയുള്ള വരവിൽ ഏറിയ ഭാഗവും ജനരക്ഷയ്ക്കായി ഉപയോഗിക്കുമെന്നു ഗവമെൻറ് ഉൽഘോഷിക്കുന്നുണ്ടെങ്കിലും വരവിൽ സിംഹഭാഗവും ഉദ്യോഗസ്ഥന്മാർക്കും അപ്പഴപ്പോൾ നിർമ്മിക്കുന്ന അപ്രയോഗികമായ പ്രസ്ഥാനങ്ങൾക്കും വേണ്ടി ചിലവഴിക്കയാണ് ഇപ്പോൾ ചെയ്തുവരുന്നത്. പൊതുമരാമത്തിലേക്കായി അനുവദിക്കുന്ന പണത്തിൽ അധികഭാഗവും ഉദ്യോഗസ്ഥന്മാർ, യൂറോപ്യൻ തോട്ടക്കാർ മുതലായവരുടെ സുഖസൌകര്യങ്ങൾക്കായി ചിലവു ചെയ്കയും ശേഷംഭാഗം ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടും കൺട്രാക്ടർമാരുമായുള്ള അന്യായമായ ഇടപാടുകൾ നിമിത്തവും നഷ്ടപ്പെടുകയും ചെയ്യുന്നതിനാൽ നാട്ടിൻപുറങ്ങളിലെ കൃഷികൾക്കോ കൃഷീവലന്മാരുടെ സഞ്ചാരസൌകര്യങ്ങൾക്കോ ഉപയോഗിക്കുന്നില്ലെന്നുള്ള സംഗതിയും വിസ്മരിക്കത്തക്കതല്ല.

പുതിയ ബഡ്ജറ്റിൽ ഗതാഗതസൌകര്യങ്ങൾക്കായി ഉദ്ദേശം ഇരുപത്തിനാലുലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. അതു ൧൧൨൨-ൽ ചിലവാകുമെന്നു പ്രതീക്ഷിച്ചിരുന്ന തുകയെക്കാൾ ഉദ്ദേശം മുക്കാൽലക്ഷം രൂപാ കുറവാണ്. വെള്ളപ്പൊക്കം നിമിത്തം അറ്റകുറ്റപ്പെട്ട റോഡുകൾ നന്നാക്കുന്നതിനും വൈസ്രോയിയുടെ വരവുപ്രമാണിച്ചു ചില റോഡുകളും പാലങ്ങളും ശരിപ്പെടുത്തുന്നതിനുമായി ഗണ്യമായ ഒരു തുക ചിലവഴിക്കേണ്ടിവരുന്നതാണ്. ഈ രണ്ടു വിശേഷാൽ ചിലവുകളുംകൂടി കുറയ്ക്കുമ്പോൾ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക വളരെ കുറവാണെന്നു കാണാവുന്നതാണ്. സഞ്ചാരസൌകര്യമില്ലാതെ നാട്ടിൻപുറത്തെ ജനങ്ങൾ വളരെ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്നു. തിരുവിതാംകൂറിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു ഉത്തരതിരുവിതാംകൂർകാരാണ് കൂടുതൽ കഷ്ടപ്പെടുന്നത്. പൊതുമരാമത്തു വിഷയത്തിൽ ഉത്തരതിരുവിതാംകൂറിൽ ഗവമെൻറ് കുറച്ചുകാലത്തേക്കു ധാരാളം പണം ചിലവിടുകതന്നെവേണം. അവിടങ്ങളിലേക്കു ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകതന്നെയും ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധയും കൃത്യബോധക്കുറവുംകൊണ്ടും ലാപ്സായിപ്പോകാറുണ്ട്. പുതിയ ബഡ്ജറ്റിൽ വടക്കൻതിരുവിതാംകൂറിലെ പുതിയ പണികൾക്കായി ഒരു തുകയും അനുവദിക്കാതിരിക്കുന്നതു ഏറ്റവും സങ്കടകരമായിരിക്കുന്നു. ഈ അവസരത്തിൽ മറ്റൊരു പ്രധാന ഭരണവിഷയമായ തിരുവിതാം

ച്ചുറിയ ഉദ്യോഗനിയമ സമ്പ്രദായത്തെപ്പറ്റി കുറഞ്ഞൊന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്ത് ആകെയുള്ള വരവിൽ പകുതിയോടടുത്ത ഒരു സംഖ്യ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളവും പടിയുമായി നൽകിവരുന്നുണ്ട്. ഇങ്ങനെ പലതുകൊണ്ടും പ്രാധാന്യത്തെ അർഹിക്കുന്ന ഉദ്യോഗങ്ങൾ ഇവിടെ എല്ലാസമുദായങ്ങൾക്കും ശരിയായി ലഭിക്കുന്നില്ല. സംസ്ഥാനത്തെ ജനസംഖ്യയിൽ ഭൂരിപക്ഷവും ഉദ്യോഗവിഷയത്തിൽ ഭയങ്കരമായ അസമത്വം അനുഭവിച്ചുകൊണ്ടിരിക്കുന്നതായ അസമത്വസമുദായങ്ങളിലാണ്. ഇവരുടെ ന്യായമായ അവകാശത്തിനായി ദീർഘകാലമായി മുറവിളികൂട്ടിക്കൊണ്ടിരിക്കയാണ്. എന്നിട്ടും ഇതുവരെ പറയത്തക്ക ഗുണമൊന്നും ഉണ്ടായിട്ടില്ല. ഉദ്യോഗനിയമനങ്ങളിൽ ഗവണ്മെന്റ് വർഗ്ഗീയപ്രാതിനിധ്യതത്വം കർശനമായി നടപ്പിൽ വരുത്തണമെന്നും അങ്ങനെ ഇപ്പോൾ ഉദ്യോഗവിഷയത്തിൽ ഭയങ്കരമായ അസമത്വം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈഴവർ, മുഹമ്മദീയർ, യാക്കോബായക്കാർ, കത്തോലിക്കർ തുടങ്ങിയ സമുദായങ്ങളുടെ സങ്കടത്തിനു പരിഹാരമുണ്ടാക്കണമെന്നും ഞാൻ ഗവണ്മെന്റിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. സമാധാനപരിപാലനാർത്ഥം പാലിതമായിട്ടുള്ള പോലീസ് ഡിപ്പാർട്ടുമെന്റുകൊണ്ട് ഉദ്ദേശിക്കുന്ന ഗുണങ്ങൾ ലഭിക്കുന്നില്ലെന്നു മാത്രമല്ല പലപ്പോഴും അവരെക്കൊണ്ടു സങ്കടങ്ങൾ നേരിടുന്നുണ്ടെന്നും ഇന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. കീഴുദ്യോഗസ്ഥന്മാരെപ്പറ്റി പരാതി ഉണ്ടാകുമ്പോൾ ഡിപ്പാർട്ടുമെന്റദ്ധ്യക്ഷൻ മൌനം ഭജിക്കുന്നതുനിമിത്തം ഡിപ്പാർട്ടുമെന്റുഭരണത്തിൽ വളരെ തകരാറുകൾ ഉണ്ടാകുന്നുണ്ട്. പോലീസുവകുപ്പുപോലെ അധികാരശക്തിയുള്ള ഒരു വകുപ്പിനെപ്പറ്റി ഭരണാധിപൻ ഇങ്ങിനെ മൌനം അഭിനയിക്കുന്നതു ജനസഞ്ചയത്തെ പോലീസിന്റെ പാരമ്യമായ മർദ്ദനത്തിൽ ചൊല്ലും ചോദ്യവുമില്ലാതെ വിട്ടുകൊടുത്തിരിക്കുന്നതിനു തുല്യമാകുന്നു.

ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും ഉദ്ദേശം എൺപത്തഞ്ചു ലക്ഷം രൂപാ വരവുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. എന്നാൽ കുടിയിരിപ്പു പുരയിടങ്ങളിൽനിന്നും മുറിച്ചെടുക്കുന്ന തടിവിലയാകയിൽ കുടികൾക്കു കൊടുക്കേണ്ട കുടിവില നീക്കിയാണോ ഇത്രയും തുക കാണിച്ചിരിക്കുന്നതു എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ ഇനത്തിൽ ഒരു വലിയ സംഖ്യ കൊടുത്തുതീർക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു. ഇതേപ്പറ്റി കൌൺസിലിൽതന്നെ ധാരാളം പ്രതിപാദിച്ചിട്ടുള്ളതാണ്. എന്നിട്ടും ഫലമുണ്ടായിട്ടില്ല. ഫാറസ്റ്റുഭരണം പൊതുവെ തൃപ്തികരമാണെന്നു വിചാരിക്കാൻ പാടില്ല. കൺസർവേറ്റർ ശ്രദ്ധപതിക്കുന്നപക്ഷം ഇപ്പോഴത്തെക്കാൾ വരവുവർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. റിസർവ്വുകളിൽ നെട്ടനാറ എന്നൊരു വൃക്ഷമുണ്ട്. [illegible] ഇതേവരെയായി ഈ ഇനത്തിൽ ഗവണ്മെന്റിനു ഒരു ആദായവും ലഭിച്ചിട്ടില്ല. [illegible] ഇഞ്ചു ചുറ്റളവിൽ കൂടിയാൽ ഉപയോഗിക്കാൻ കൊള്ളാത്ത ഒരു വൃക്ഷമാണിതു. ഈ വൃക്ഷത്തിന്റെ കാര്യത്തിൽ കൺസർവേറ്റർ ശ്രദ്ധപതിക്കുന്നപക്ഷം ഒരു ഗണ്യമായ ആദായം ലഭിക്കുന്നതാണ്.

മെഡിക്കൽഡിപ്പാർട്ടുമെന്റുഭരണം അശേഷം തൃപ്തികരമല്ലെന്നു തുറന്നുപറയാതെ നിവൃത്തിയില്ല. ഈ സഭതന്നെ മെഡിക്കൽബോർഡു നിറുത്തലാക്കണമെന്നു പൊതുജനാഭിപ്രായത്തിന്റെ ഫലമായിട്ടാണ് നിശ്ചയിച്ചതു. എന്നാൽ ഗവണ്മെന്റ് ഇനിയും ആ സ്ഥാനത്തെ രക്ഷിച്ചുപോരുന്നു. തന്നിമിത്തം ജനങ്ങൾക്കു നേരിടുന്ന കഷ്ടനഷ്ടങ്ങൾക്കു ഒരു കയ്യും കണക്കുമില്ല. ആശുപത്രികളിൽ യഥാകാലം ഔഷധങ്ങൾ ലഭിക്കുന്നില്ല. ആശുപത്രികളിലേക്കു വരുത്തുന്ന ഔഷധങ്ങൾ ഉത്തമമായവയല്ലാത്തതിനാൽ ചില ഔഷധങ്ങൾ പൊതുജനാരോഗ്യത്തിനു ഹാനികരമായിട്ടുള്ളതാണെന്നുകൂടി അറിയുന്നുണ്ട്. ആശുപത്രി ഔഷധങ്ങളുടെ ഗുണം അറിയുന്നതിനു ദക്ഷിണതിരുവിതാംകൂറിൽ കഴിഞ്ഞ അവസരത്തിൽ കാളറാമൂലം ഉണ്ടായ മരണങ്ങൾ മാത്രം കണക്കാക്കിയാൽമതി. ആശുപത്രികളിലെ മററു ഉപകരണങ്ങളും ഉപയോഗയോഗ്യമായ തരത്തിലല്ലാ ഇരിക്കുന്നതു. ബോർഡ് ഇതിനെപ്പററി ശരിയായവിധംമൊന്നും അന്വേഷിക്കുന്നില്ല. മെഡിക്കലാഫീസർമാരെ യാതൊരു പ്രത്യേക നയവും കൂടാതെ കൂടക്കൂടെ ആണ്ടിൽ രണ്ടും മൂന്നും തവണവീതം മാററിക്കൊണ്ടിരിക്കയും ചെയ്യുന്നു. അതുപോലെതന്നെ രണ്ടും മൂന്നും ഡിസ്പെൻസറികളിലേക്കു ഒരു ഡോക്ടറെ നിയമിക്കുന്നതും സ്വീകാര്യമായ നയമല്ല.

കൃഷിഡിപ്പാർട്ടുമെന്റിനു അടുത്തകൊല്ലം ഈ കൊല്ലത്തേക്കാൾ ഉദ്ദേശം അൻപതിനായിരം രൂപാ കുറവായി അനുവദിക്കുന്നതു അത്ഭുതകരമായിരിക്കുന്നു. കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു എല്ലാഗവണ്മെന്റുകളും കൂടുതൽ തുക ചിലവിട്ടുകൊണ്ടിരിക്കയാണ്. നമ്മുടെ ഗവണ്മെന്റാകട്ടെ അവിടെയാണ് ലാഭമെടുക്കാൻ ശ്രമിക്കുന്നതു. ഒരിക്കലും ശരിയല്ല. കൃഷിഡിപ്പാർട്ടുമെന്റുകൊണ്ടു പറയത്തക്ക ഗുണമൊന്നും രാജ്യത്തിനു ലഭിക്കുന്നില്ല. കൃഷിവ്യവസായപ്രദർശനങ്ങൾക്കായി പ്രതിവർഷം അനുവദിച്ചുവന്ന മൂവായിരംരൂപാ പുതിയബഡ്ജററിൽ കാണുന്നില്ലെന്നുള്ളതും ശ്രദ്ധാർഹമാണ്. ഇങ്ങനെ ഓരോ ഡിപ്പാർട്ടുമെന്റുകളെയും എടുത്തു വിമർശിക്കാൻ തുടങ്ങിയാൽ സമയം അതിക്രമിക്കുമെന്നു ഭയന്നു ചുരുക്കുന്നു. ഇവയ്ക്കൊക്കെ ഗവണ്മെന്റ് ഉടനടി പരിഹാരം ഉണ്ടാക്കേണ്ടതു രാജ്യൈശ്വര്യത്തിനു ഒഴിച്ചുകൂടാത്തതാണ്. ഭരണവിഷയത്തിൽ ഇപ്പോൾ ഉള്ള ഈമാതിരി ന്യൂനതകൾ മുഴുവനായി പരിഹരിക്കുന്നതിനുള്ളമാർഗ്ഗം പ്രജാസഭ, നിയമസഭ,മുതലായ ഭരണസ്ഥാപനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കയും ജനപ്രതിനിധികൾക്കു ഭരണകാര്യങ്ങളിൽ കൂടുതൽ സ്വാതന്ത്ര്യാവകാശങ്ങൾ നല്കുകയും ആണെന്നുകൂടിപ്രസ്താവിച്ചുകൊണ്ടു ഉപസംഹരിച്ചുകൊള്ളുന്നു.

മി: എം. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): സർ, ചട്ടപ്രകാരം ആവശ്യമുള്ള പ്രസംഗത്തോടുകൂടി ൧൧൦൭-ലേക്കുള്ള ബഡ്ജററ് ഫൈനാൻഷ്യൽസെക്രട്ടറി ഹാജരാക്കിയിരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ആദ്യത്തേതായ ഈ പ്രസംഗത്തിനായിട്ടു അദ്ദേഹത്തെ അനുമോദിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും മനഃസാക്ഷിയോടു അപ്രകാരംചെയ്യാൻ നിവൃത്തിയില്ലെന്നു ഞാൻ മനസ്താപപ്പെടുന്നു. ഞങ്ങൾക്കു അറിഞ്ഞുകൂടാതിരിക്കുന്നതിനെക്കുറിച്ചു മാത്രമല്ല, ഗവണ്മെന്റിന്റെ ധനസ്ഥിതിയിൽ വല്ല തെററുണ്ടെങ്കിൽ അതിനെയും വല്ല തെററും വന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിൽ അതിനെയുംപററിയും ഫൈനാൻഷ്യൽ സെക്രട്ടറി ഈ സഭയെ അറിയിക്കേണ്ടതാണ്. ഗവണ്മെന്റിനെ അഭിമുഖീകരിക്കുന്ന ധനവിഷയമായ കാര്യങ്ങളെ സംബന്ധിച്ചു ഈ സഭയ്ക്കു വിവരമായ അറിവുതരികയും അവയുടെ നിർവ്വഹണത്തിനായി മെമ്പർമാരുടെ അഭിപ്രായം ചോദിക്കയും ചെയ്യുന്നതിനുള്ള ഉത്തമമായ അവസരം ഫൈനാൻഷ്യൽസെക്രട്ടറിയുടെ ഉപക്രമപ്രസംഗസമയമാണ്. കഴിഞ്ഞ ഏഴുകൊല്ലങ്ങൾക്കിടയിൽ ഈ കൌൺസിൽ നടപടികളിൽ റിക്കാർഡു

ചെയ്തിട്ടുള്ള അപേക്ഷകൾ പ്രകാരം നടത്തുന്നതിനു ഗവൺമെൻറിൻെറ ധനസ്ഥിതിക്കു ബാധകമായി നിന്നിരിക്കുന്ന വിഷമതകൾ എന്തെല്ലാമാണെന്നു ഈ സഭയെ ഗ്രഹിപ്പിക്കുന്നതിനു ഫൈനാൻഷ്യൽ സെക്രട്ടറി ശ്രമിച്ചിട്ടില്ല. ഇപ്പോൾ ഗവൺമെൻറിൻെറ മുമ്പിൽ ഇരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നു ഈ സഭയെ അറിയിക്കണമെന്നു ഫൈനാൻഷ്യൽ സെക്രട്ടറിക്കു തോന്നിയിരുന്നു എന്നുവരികിൽ അദ്ദേഹത്തിനു കൌൺസിലിൻെറമേൽ വേണ്ട വിശ്വാസമുണ്ടായിരുന്നു എന്നു നമുക്കു ഊഹിക്കാമായിരുന്നു. അപ്രകാരം അദ്ദേഹം ചെയ്തിട്ടില്ല. ആ സ്ഥിതിക്കു നമുക്കു ഊഹിക്കാൻ കഴിയുന്നതു പുതിയ പദ്ധതികൾ യാതൊന്നും ഇല്ലെന്നും ഗവൺമെൻറിനു വ്യക്തമായ ഒരു ധനനയം ഇല്ലെന്നും ആകുന്നു. സർ, അവിടത്തെ ഉപക്രമപ്രസംഗത്തിൽ ഈ കൌൺസിലിലെ മെമ്പർമാരുടെ യോജിപ്പോടുകൂടിയ സഹകരണം വേണമെന്നു വാദിക്കയുണ്ടായല്ലോ. അങ്ങിനെയാണെങ്കിൽ, ഗവൺമെൻറിൻെറ വിഷമതകൾ ശരിയായി മനസ്സിലാക്കുന്നതിനായിട്ടു ഗവർമെൻറിൻെറ മുമ്പാകെ ഇരിക്കുന്ന കാര്യങ്ങൾ സഭാസമക്ഷം ഫൈനാൻഷ്യൽ സെക്രട്ടറി നിവേദിക്കണമെന്നാണു സഭ വിചാരിക്കുന്നതു്. അദ്ദേഹം അപ്രകാരം ചെയ്തിട്ടില്ല. അദ്ദേഹത്തിൻെറ ഉപക്രമപ്രസംഗത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള ബഡ്ജറ്റിലെ പണത്തുകകളെ സംബന്ധിച്ചുള്ള ഒരു ചെറിയ വിവരണം മാത്രമാണു്, ബഡ്ജറ്റു് നിർദ്ദേശങ്ങൾ, ഖണ്ഡോപക്ഷേപങ്ങൾ, നിശ്ചയങ്ങൾ ആദിയായുള്ള ഈ സഭയുടെ നടപടികളിൽ നിന്നും പ്രത്യക്ഷമാകുന്നതായ സഭയുടെ വല്ല നിശ്ചയങ്ങളേ, രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങളേ അനുസരിച്ചു ഗവൺമെൻറു് പ്രവർത്തിക്കാതിരുന്നതിനുള്ള കാരണങ്ങൾ അദ്ദേഹം നമ്മളോടു പറയേണ്ടതായിരുന്നു. ഈ നിശ്ചയങ്ങളും ഖണ്ഡോപക്ഷേപങ്ങളും സ്വീകരിക്കാതിരിക്കുന്നതിനുണ്ടായ വിഷമതകളെപ്പററി അദ്ദേഹം നമ്മോടു പറയേണ്ടതായിരുന്നു. അതു അദ്ദേഹം ചെയ്തിട്ടില്ല. ൧൧൧൬-ലേക്കുള്ള അടുത്ത ബഡ്ജറ്റ് ഹാജരാക്കുമ്പോൾ ഫൈനാൻഷ്യൽസെക്രട്ടറി ഈ സംഗതികൾ മനസ്സിൽ ധരിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു.

ബഡ്ജററു തയ്യാറാക്കുന്നതിനെ സംബന്ധിച്ചു, എനിക്കു ഒന്നുരണ്ടു വാക്കുകൾ പറയാനുണ്ടു്. ബഡ്ജററു തയ്യാറാക്കുന്നതിൽ പ്രതീക്ഷിക്കപ്പെടുന്ന തുകകളും വാസ്തവത്തുകകളും തമ്മിൽ ഒന്നരയോ രണ്ടോ ശതമാനത്തിൻെറ ഒരു ഇട ഇരിക്കേണ്ടതാണു്. ൧൧൦൭-൧൧൦൮-൧൧൦൯ ഈ ആണ്ടുകളിൽ ഇപ്രകാരം വിട്ടിരുന്ന ഇടകൾക്കുള്ളിൽ വ്യത്യാസങ്ങൾ ശരിപ്പെടുത്തുന്നതിനു നമ്മുടെ ഗവൺമെൻറിനു സാധിച്ചു. എന്നാൽ ൧൧൧൦-ൽ ഈ വ്യത്യാസം ൭ ശതമാനമായി വർദ്ധിച്ചു. ൧൧൧൦, ൧൧൧൧, ൧൧൧൨ ഇയ്യാണ്ടുകളിൽ ഈ വ്യത്യാസം ൧൦ ശതമാനംവരെ ആയി. ഫൈനാൻസു ഡിപ്പാർട്ടുമെൻറിനു മാവിയിലെ വരവു ചിലവുകൾ ശരിയായി തിട്ടപ്പെടുത്താൻ ശക്തിയാകുന്നില്ലെങ്കിൽ, ഈ ബഡ്ജററുകൾ പാസാക്കുന്നതിൽ നമുക്കെന്താണു രക്ഷയുള്ളതു്? എനിക്കു ഒരു വിവരം അറിയാനുള്ളതു ൧൧൧൬-ലേക്കു പ്രതീക്ഷിച്ചിരിക്കുന്ന നീക്കിയിരിപ്പു ബഡ്ജററിൽ നിന്നു തന്നെ:

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവ്യവസായം ദക്ഷിണ): ൧൧൧൬-ലേക്കുള്ള ബഡ്ജററു നിർമ്മാണത്തിനു മെമ്പറും ഉത്തരവാദിയല്ലേ?

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതിനു ഞാൻ ഉത്തരം പറയാം. ൧൧൧൬-ലേക്കു ഉണ്ടാകുമെന്നു നിശ്ചയിച്ചിരുന്ന മിച്ചം ൩൧൬ ലക്ഷംരൂപയാണു്. ൧൧൧൬-ൻെറ ഒടുവിൽ വാസ്തവകണക്കുകൾ വരുമ്പോൾ ഒട്ടുക്കുള്ള ചിലവുമിച്ചം ൨൫-ഓ, അല്ലെങ്കിൽ ൩൦-ഓ ലക്ഷത്തിൽ കുറയുകയില്ലെന്നു നമുക്കു കാണാം. ഓട്ടചെയ്യാനും പറയാനും അധികാരമില്ലാത്ത ജനങ്ങൾ നികുതിദായകന്മാരുടെ പണങ്ങൾ ക്രമാതീതം ഉണ്ടാത്തപക്ഷം മേല്പറഞ്ഞ തുക മിച്ചം വരുമെന്നു നിങ്ങൾക്കു കാണാൻ കഴിയും. അതുകൊണ്ടു ഞാൻ പറയുന്നതു് എന്തെന്നാൽ, ഫൈനാൻഷ്യൽസെക്രട്ടറി തുകകളിൽ വലിയ തെററുകൾ ഉണ്ടാകത്തക്കവിധത്തിലും ൨൫-ഓ ൩൦-ഓ ലക്ഷം രൂപാ അധികച്ചിലവു ഉണ്ടാകത്തക്കവണ്ണവും ബഡ്ജററു സമർപ്പിച്ചാൽ തന്നെയും ആണ്ടവസാനത്തിൽ അതു ൩൦ ലക്ഷം രൂപായുടെ നിക്കിയിരിപ്പു ഉണ്ടാക്കുമെന്നുള്ളതിനു സംശയമില്ലെന്നാകുന്നു. ഇപ്രകാരം നീക്കിയിരുപ്പുകൾ വർദ്ധിപ്പിക്കുന്നതിനെപ്പററി സഭക്കുള്ള അസതൃപ്തിയെ ശക്തിമത്തായി പ്രകടിപ്പിച്ചിട്ടുള്ളതാകുന്നു. ഫൈനാൻഷ്യൽ സിക്രട്ടറി ഇപ്രകാരം കള്ളക്കണക്കുകൾ ഉണ്ടാക്കിയതിനു വല്ല ദുരുദ്ദേശവും ഞാൻ കല്പിക്കുന്നില്ല. അതു അദ്ദേഹത്തിൻെറ പ്രാപ്തിക്കുറവുകൊണ്ടുണ്ടായതായിട്ടേ ഞാൻ പറയുന്നുള്ളു.

ഇനി, സാമാന്യഭരണത്തെപ്പററി എനിക്കു രണ്ടുവാക്കു പറയാനുണ്ടു്. കമ്മിററികളുടെ റിപ്പോർട്ടുകളും വളരെക്കാലം മുമ്പേ സഭയുടെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഗവൺമെൻറിൻെറ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതായി കുറച്ചു റിപ്പോർട്ടുകൾ മാത്രമേയുള്ളു എന്നും നാം കാണുന്നുണ്ടു്. കൌൺസിലിൽ പാസായിട്ടുള്ള നിശ്ചയങ്ങളുടെ യോഗ്യതകളെപ്പററി അവർ പരിചിന്തിച്ചിട്ടില്ല. ഹോമിയോപ്പതി ചികിത്സയെ പ്രോത്സാഹിപ്പിക്കണമെന്നുള്ള ഒരു നിശ്ചയത്തെപ്പററി ഞാൻ ഇന്നു ചോദിച്ച ചോദ്യത്തിനു പ്രസ്തുത സംഗതി ഗവൺമെൻറ്നോട്ടു് ചെയ്യുകയും രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു എന്നു ഒരു മറുപടി തരികയുണ്ടായി. ഗവൺമെൻറു് ആ നിശ്ചയത്തിൻെറ ഗുണാഗുണത്തെപ്പററി ആലോചിച്ചിരുന്നു എങ്കിൽ അതിന്മേൽ അവർ എന്തെങ്കിലും ഒരു തീർച്ച ചെയ്യേണ്ടതായിരുന്നു. ഒന്നുകിൽ സഭയുടെ നിശ്ചയമനുസരിച്ചു നടക്കാൻ സാധിക്കുന്നതല്ലെന്നു വ്യക്തമായി പറകയോ അല്ലെങ്കിൽ ആ സംഗതിയിൽ എന്തെങ്കിലും പ്രവർത്തിക്കയോ ചെയ്യേണ്ടതായിരുന്നു. നിശ്ചയം പാസായിട്ടു നാലുസംവത്സരം കഴിഞ്ഞു; ഇന്നാണു് അതിനെ തല്ക്കാലത്തേക്കു രേഖപ്പെടുത്തിയിട്ടുള്ളതു്. തല്ക്കാലം എന്നതു ഏതു തീയതിയെക്കുറിക്കുന്നു എന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരു വേള രേഖപ്പെടുത്തിയ തീയതിയോ അല്ലെങ്കിൽ ഇന്നേ ദിവസമോ ആയിവരാം.

ഗവൺമെൻറിനു ഭരണസംബന്ധമായ ദിനചരിഭജോലികൾ നടത്താൻതന്നെ സാധിക്കാതിരിക്കുന്ന അവസ്ഥയിൽ, പുതിയ പദ്ധതികൾ രൂപവൽക്കരിക്കയും ധനവിഷയമായ പുതിയ നയങ്ങൾ സ്വീകരിക്കയും ചെയ്യാത്തതിൽ ഞാൻ അതിശയിക്കുന്നില്ല. ഹൈക്കോടതിയിലെ സ്ഥിര ഒഴിവുകൾക്കു ആൾ നിയമിക്കുന്നതിനു തന്നെ ഗവൺമെൻറിനു ആറു മാസത്തിനു മേൽ വേണ്ടിവരുന്നു. ജഡ്ജിമാരുടെ സീനിയാറിട്ടി (സ്ഥാനമൂപ്പു്) തീർച്ചയാ

ക്കുന്നതിനു അവക്കു അനേകവർഷങ്ങൾ വേണ്ടിവന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഒട്ടുക്കു ൨൫ ഹെഡ്മാസ്റ്റർമാർ ഉള്ളതിൽ എട്ടുപേരെ ഇനിയും സ്ഥിരപ്പെടുത്തിയിട്ടില്ല. ഒട്ടുക്കു ൨൫ ഹെഡ്മാസ്റ്റർമാർ ഉള്ളതിൽ ഏഴു ഒഴിവിനു വളരെക്കാലം ആരും നിയമിച്ചിട്ടില്ല. ഈ സംഗതിയിൽ ഗവർമ്മെൻറിനു നേരിട്ടിരിക്കുന്ന വിഷമതകൾ എന്താണ്? ഇതിൽ നിന്നും അർത്ഥമാക്കുന്നതു് ദൈനംദിനജോലികൾ നടത്തിക്കൊണ്ടു പോകുന്നതിനുതന്നെയും അവർ അപ്രാപ്തരാണെന്നാണ്. അതിലേക്കുള്ള കാരണം ഡെപ്യൂട്ടിപ്രസിഡൻറിൻെറ ഇന്നത്തെ പ്രസംഗത്തിൽ അദ്ദേഹം കാര്യശേഷിയോടുകൂടി പ്രതിവാദിച്ച സംഗതിതന്നെയാണെന്നാണ് ഞാൻ പറയുന്നതു്. അധികാരങ്ങൾ കീഴുദ്യോഗസ്ഥന്മാർക്കു വിതരണം ചെയ്യുന്നതിനു പകരം സകല അധികാരവും കേന്ദ്രീകരിക്കുന്നതിനു നാം ശ്രമിക്കുന്നു. ഓരോഡിപ്പാർട്ടുമെൻറു മേലധികാരികൾക്കും ആ ഡിപ്പാർട്ടുമെൻറു സംബന്ധമായ സമസ്താധികാരവും നിയമന സ്വാതന്ത്ര്യവും വേണം. ഏതു സംഗതിക്കും ഡിപ്പാർട്ടുമെൻറു മേലധികാരിയുടെയോ ഗവർമ്മെൻറിൻെറയോ അനുമതിവേണ്ടിയിരിക്കുന്നു. ഗവർമ്മെൻറിന് ധനസംബന്ധമായ പുതിയനയങ്ങൾ രൂപവൽക്കരിക്കാൻ സാധിക്കുന്നില്ലെന്നു മാത്രമല്ല, അവരുടെ ദൈനംദിനകൃത്യങ്ങൾ തന്നെയും തൃപ്തികരമായി നടത്തുന്നതിനു അവർ അപ്രാപ്തരായിരിക്കുന്നു.

എന്നാൽ ബഡ്ജററിനെ സംബന്ധിച്ചുള്ള സാമാന്യ നിരൂപണത്തിൽ സംസ്ഥാനത്തിലെ നികുതി വർദ്ധിപ്പിക്കുന്നതിനുള്ള സൃഷ്ടിപരമായ ചില നിർദ്ദേശങ്ങൾ ഒഴിച്ചുകൂടാത്തതാകുന്നു. കൌൺസിലിലെ ജനപക്ഷത്തിനു രാജ്യത്തിൻെറ ധനകാര്യങ്ങളിൽ കൂടുതൽ നിയന്ത്രണാധികാരം ലഭിക്കുന്നതുവരെക്കും കൂടുതൽ നികുതികൾ ഏർപ്പെടുത്തി സംസ്ഥാനത്തിലെ വരുമാനത്തെ വർദ്ധിപ്പിക്കുന്നതിനു ഞങ്ങൾ നിർദ്ദേശിക്കയൊ അനുവദിക്കയൊ ചെയ്യുന്നതല്ലെന്നുള്ള സംഗതിയും ഞാൻ ഉറപ്പായി പറഞ്ഞുകൊള്ളുന്നു. എന്നാൽ സംസ്ഥാനത്തിലെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള ഒന്നുരണ്ടു സംഗതികൾ ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളാം. ബ്രിട്ടീഷ് ഇൻഡ്യയിലെ റോഡു പരിപോഷണകമ്മിററിക്കാർ പെട്രോളിനുള്ള കരത്തിൽ ഗ്യാലൻ ഒന്നിനു രണ്ടണവീതം വർദ്ധിപ്പിക്കണമെന്നു ശിപാർശചെയ്തിട്ടുള്ളവിവരം ഞാൻ ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഈ ശിപാർശ അനുസരിച്ചു പെട്രോളിൻെറ കരം കഴിഞ്ഞ ഏപ്രിൽമുതൽ അവർ കൂട്ടുകയും ചെയ്തു. ഈ കരക്കൂടുതൽ കൊണ്ടുണ്ടാകുന്ന തുക ബ്രിട്ടീഷ് ഇൻഡ്യയിൽ റോഡുകളുടെസ്ഥിതിയെ നന്നാക്കുന്നതിനായി പ്രത്യേകം നീക്കിവച്ചിരിക്കുകയാകുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ റോഡുകൾ നന്നാക്കുന്നതിനു വേണ്ടി തിരുവിതാംകൂർ ഗവർമ്മെൻറൊ അല്ലെങ്കിൽ മററുവല്ല നാട്ടുരാജ്യമോ വീതം കൊടുക്കുന്നതിനു ബാദ്ധ്യസ്ഥരല്ല. ൧൧൦൮-ൽ തിരുവിതാംകൂറിൽ ഇറക്കുമതിചെയ്തിട്ടുള്ള പെട്രോളിൻെറ തുക ൩൫-ലക്ഷം ഗ്യാലൻ ആയിരുന്നു എന്നുകാണുന്നുണ്ട്. ഈ വകയിൽ തിരുവിതാംകൂറിൽ നിന്നും ബ്രിട്ടീഷ് ഗവർമ്മെൻറിനു ൧൯൩൩-ാം വർഷത്തിൽ ലഭിച്ച ധനത്തുക ൫ ലക്ഷത്തിൽ കുറകയില്ലെന്നും നമുക്കുകാണാം. നമ്മുടെ ഗവർമ്മെൻറ് അവരുടെ ന്യായത്തെ ബ്രിട്ടീഷ് ഇൻഡ്യൻ ഗവർമ്മെൻറിനെ ബലമായിധരിപ്പിക്കുന്നപക്ഷം നമുക്കു പ്രതിവർഷം കുറഞ്ഞതു് ൭ അര ലക്ഷം രൂപാ കിട്ടുന്നതിനു ഒരു പ്രയാസവുമില്ല. ഈ കരക്കൂടുതൽ നിമിത്തം നാട്ടുരാജ്യങ്ങൾക്കു നേരിടുന്നനീതികേടിനെപ്പററി ജയിക്കർകമ്മിററിക്കാർ തീരെവിസ്മരിച്ചിട്ടില്ല. ഇതിൽ ഒരു ചെറിയ അംശം നാട്ടുരാജ്യങ്ങൾക്കു കൊടുക്കണമെന്നു അവർ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ അതു മതിയാകുന്നതല്ല. നമ്മുടെ ന്യായങ്ങളെപ്പററി ശരിയായിവാദിക്കുന്നതായാൽ ഈ ഇനത്തിൽ നമുക്കു ഒരു കൂടുതൽ സംഖ്യകിട്ടുമെന്നുള്ളതിനു സംശയമില്ല.

അടുത്തതായി എനിക്കു പറയാനുള്ളതു ഇൻറർപോർട്ടിൽ കൺവെൻഷൻ പുതുക്കുന്നതിനെപ്പററിയാണു. ഈ വിഷയം ഏഴുവർഷങ്ങൾക്കുമുമ്പേ ഈസഭയിൽ പണ്ഡിതനായ ഡെപ്യൂട്ടിപ്രെസിഡൻറ് ശക്തിമത്തായി പ്രതിപാദിച്ചിട്ടുള്ളതാകുന്നു. ഈ സംഗതിഇപ്പോൾ സാമ്രാജ്യഗവർമ്മെൻറിൻെറ ഗൌരവമായ ശ്രദ്ധക്കു വിഷയീഭവിച്ചുകൊണ്ടിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. ഈ സംഗതിക്കു പുതുക്കിയതീരുമാനം ഉണ്ടാക്കുന്നതിൽ വല്ല താമസവും നേരിട്ടാൽ, അതു നമ്മുടെ രാജ്യത്തിനു പൊതുവിൽ വലുതായ നഷ്ടത്തെ ഉണ്ടാക്കുമെന്നുള്ളതാണ്. അതിനാൽ സംഗതികഴിയുന്നതും, വേഗത്തിൽ തീരുമാനിക്കുന്നതിനു ഗവർമ്മെൻറിൽനിന്നും വേണ്ടവിധം പ്രയത്നിക്കേണ്ടതാകുന്നു.

ഇനി ഒരു സംഗതിയെപ്പററി എനിക്കുപറയാനുള്ളതു റയിൽവേയിൽ നിന്നുള്ള വരുമാനത്തെപ്പററിയാണ്. ഫൈനാൻഷ്യൽ സിക്രട്ടറി ൧൧൦൯-ലെ അദ്ദേഹത്തിൻെറ ബഡ്ജററു പ്രസംഗത്തിൽ ഈ ഡിപ്പാർട്ടുമെൻറിൻെറ വരവുചിലവുകളെപ്പററി നമുക്കയാതൊരു നിയന്ത്രണവും ഇല്ല എന്നുപ്രസ്താവിക്കുകയുണ്ടായി. റെയിൽവെ ഫൈനാൻസിനെപ്പററി കൂടുതൽ നിയന്ത്രണം സിദ്ധിക്കുന്നതിനായി ഗവർമ്മെൻറ് വല്ലതും ചെയ്തിട്ടുണ്ടോഎന്നു അദ്ദേഹത്തിൽ നിന്നും ഞാൻ അറിയാൻ ആഗ്രഹിക്കുന്നു. ൧൧൦൨-ൽ റയിൽവേയിൽ നിന്നും നമുക്കു ൨൫,൦൦൦ രൂപാകിട്ടിഎന്നും എന്നാൽ ൧൧൦൭-ൽ അതു ൧൯ ലക്ഷം രൂപയായിക്കുറഞ്ഞുഎന്നും ഈയ്യാണ്ടിൽ അതിലും കുറഞ്ഞ് ൭ അരലക്ഷമായി പരിണമിച്ചു എന്നും കാണുന്നു. ൧൧൦൨-ഉം ൧൧൦൭-ഉം ആണ്ടുകൾക്കിടയിൽ സൌത്ത് ഇൻഡ്യൻ റയിൽവേയുടെ തിരുവിതാംകൂർ സെക്ഷനിലെ ഒട്ടുക്കുള്ള വരുമാനം ൨൫ ലക്ഷം രൂപായായിരുന്നു എന്നും ചിലവുകഴിച്ചുള്ള ലാഭത്തിൽ കുറവുവന്നതു പ്രവർത്തന ചിലവു ൭൦ ശതമാനത്തിൽനിന്നു ൮൦ ശതമാനമായിവർദ്ധിച്ചതു കൊണ്ടാണെന്നും കാണുന്നുണ്ട്. ആ സ്ഥിതിക്കു ഗവർമ്മെൻറിൻെറ ന്യായവാദങ്ങൾമൂലം റയിൽവേഭരണത്തിൽ കൂടുതൽ നിയന്ത്രണം ലഭിക്കുന്നപക്ഷം ആ വകയിൽ നമുക്കു കൂടുതൽ ആദായം സിദ്ധിക്കുമെന്നു നിശ്ചയമാണ്.

ഇനി ചിലവിനെപ്പററിപ്പറയുന്നതായാൽ, ഭരണസർവീസുകളെ സംബന്ധിച്ചുള്ള ചിലവുകുറയ്ക്കണമെന്നു ഈ കൌൺസിൽ നിർബ്ബന്ധപൂർവ്വം പ്രതിപാദിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ ഈ വിഷയത്തിൽ ഗവർമ്മെൻറ് ഒന്നും ചെയ്യുന്നില്ലെന്നു നമ്മൾകാണുന്നുണ്ട്. സംസ്ഥാനത്തിലെ വരവുവർദ്ധിക്കുംതോറും ഓരോഡിപ്പാർട്ടുമെൻറു മേലധികാരിയും അദ്ദേഹത്തിൻെറ ഡിപ്പാർട്ടുമെൻറിലെ ശമ്പളം ഏറ്റുക്കുന്നതിനു ശ്രമിക്കുകയും അവരിൽ അധികംമുറവിളികൂട്ടുന്നവരും ഇടഞ്ഞും അനുനയമായും നിർബ്ബന്ധിക്കുന്നവരും ആയ മേലധികാരിക്കു

അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാക്ക് ശമ്പളം കൂട്ടികൊടുപ്പാൻ സാധിച്ചുവരികയും ചെയ്യുന്നു എന്നു നാം കണ്ടു വരുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറുകളിലെ അംശങ്ങളെ വളത്തുന്നതു ശരിയായ പരിഷ്കാരമല്ലെന്നു ഞങ്ങറം വിചാരിക്കുന്നു. ൧൦൯൨-ൽ ഈ സഭയുടെ ആഗ്രഹം അനുസരിച്ചു ശമ്പളപരിഷ്കാരം നടത്തി. അതുകഴിഞ്ഞു ൧൦-ഓ ൧൨-ഓ സംവത്സരത്തിനു ശേഷം വല്ല പരിഷ്കാരവും ആവശ്യമാണെന്നു ഗവമ്മെൻറിനു തോന്നിയാൽ ആ സംഗതി ആകമാനമായി തീരുമാനിക്കയല്ലാതെ അംശങ്ങളായി തീരുമാനിക്കാൻ പാടില്ലാത്തതാകുന്നു. ഇതിനെ പ്രത്യേകം എടുത്തു പറയുന്നതിനു എനിക്കു കാരണം ഉണ്ട്. എന്തെന്നാൽ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറിലെ ശിപായിമാരുടെ ശമ്പളം പരിഷ്കരിക്കണമെന്നു ഞാൻ പ്രസ്താവിച്ചപ്പോറം അതു ആകമാനമായിട്ടല്ലാതെ അംശങ്ങളായി ചെയ്യാൻ പാടില്ലെന്നു ഒരു ചുമതലയുള്ള ഉദ്യോഗസ്ഥൻ മറുപടി പറയുകയുണ്ടായി. ശിപായിമാക്ക് ശമ്പളപരിഷ്കാരം ചെയ്യാതിരിക്കുമ്പോറം ക്ലാർക്കുകറം മുതലായവക്ക് ശമ്പളപരിഷ്കാരം ചെയ്യുന്നതു ശരിയാണോ എന്നു ഞാൻ സംശയിക്കുന്നു. ചിലവുകുറക്കേണ്ട സംഗതിയെപ്പററി പ്രതിപാദിച്ചപ്പോറം ഇൻഡ്യാഗവമ്മെൻറിന്റെ ധനകാര്യമെമ്പർ സർ ജാജ്ജുഷൂസ്റ്റർ അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗത്തിൽ ഇപ്രകാരം പറകയുണ്ടായി:—

"വല്ല മാററവും ഞാൻ നിർദ്ദേശിക്കുന്നതിനു മുമ്പായി ചിലവുസംബന്ധമായ സംഗതി ആപാദചൂഡം പുനരവലോകനം ചെയ്യുന്നതിനുള്ള ഒരു സമയം ഗവമ്മെൻറിനു അവശ്യം ഉണ്ടാകുമെന്നു ഞാൻ വിമർശിക്കുന്നു.

ഈ കൌൺസിലിലെ വാദപ്രതിവാദങ്ങളുടെ ആകെയുള്ള സാരം സംസ്ഥാനത്തിലെ പൊതുജനങ്ങളുടെ സാമ്പത്തികസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളതാകുന്നു. ഒരു സാമ്പത്തികസവ്വേ നടത്തണമെന്നും ഒരു ഭൂസ്വത്തുജാമ്യബാങ്കു സ്ഥാപിക്കണമെന്നും ഗതാഗതമാർഗ്ഗങ്ങളും ജലസേചനവേലകളും അഭിവൃദ്ധിയാക്കണമെന്നും വില്ലേജ് പഞ്ചായത്തുകറം മുതലായതു തുടങ്ങണമെന്നും ഞങ്ങറം ശിപാർശചെയ്തു. എന്നാൽ ൧൧൦൪-ൽ ൧൫ ലക്ഷം രൂപാക്കു ഇൻഡ്യാഗവമ്മെൻറു പ്രാമിസറി നോട്ടുകറം വിലക്കുവാങ്ങിയ നമ്മുടെ ഗവമ്മെൻറു ഭൂസ്വത്തു ജാമ്യബാങ്കിനും സാമ്പത്തിക സർവ്വേക്കും പണമില്ലെന്നും പറയുന്നു. ഈ വകകാര്യങ്ങറം തുടങ്ങുന്നതിനു മേൽപ്പറഞ്ഞതുക ധാരാളം മതിയാകുമായിരുന്നു. നമ്മുടെ കെട്ടിയിരിപ്പുധനംകൊണ്ടു പലേകാര്യങ്ങളും നടത്തണമെന്നു ഞങ്ങറം ആവശ്യപ്പെട്ടുകൊണ്ടിരിക്കുമ്പോറം ആവകപണത്തെ ഇൻഡ്യാഗവമ്മെൻറു നോട്ടുകറം വീണ്ടും വാങ്ങുന്നതിനു ഉപയോഗപ്പെടുത്തുന്നതു അശേഷം നീതീകരിക്കത്തക്കതായിരിക്കുന്നതല്ല. ഗതാഗതസൌകര്യങ്ങളെ സംബന്ധിച്ചിടത്തോളം അവയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഗവമ്മെൻറു എന്തുചെയ്തു എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. റോഡുബോർഡുകറം രൂപീകരിക്കേണ്ടതിനെപ്പററി കഴിഞ്ഞ ബഡ്ജററ് യോഗത്തിൽ ഞാൻ നിർദ്ദേശിക്കയുണ്ടായി. ശ്രീമൂലം പ്രജാസഭയിലെ പലമെമ്പർമാരുടെയും അഭ്യർത്ഥനക്കു മറുപടി കൊടുക്കുന്നതിനു അതിനെ ഒരു ആയുധമായി ഗവമ്മെൻറു എടുക്കുകയും ചെയ്തു. എന്നാൽ ഇതിനെപ്പററിയുള്ള കരടുചട്ടങ്ങറം തന്നെയും ഇതുവരെ ഉണ്ടാക്കിയില്ല. റോഡുബോർഡുകറം രൂപീകരിക്കാമെന്നു ൧൧൦൭-ൽ വാഗ്ദാനം ചെയ്ത ഗവമ്മെൻറിനു ആ സംഗതിയിൽ താല്പര്യം ഉണ്ടെന്നുവരികിൽ അവർ അക്കാര്യം ഉടനടി ആലോചനക്കെടുക്കുമെന്നു ഞാൻ വിചാരിക്കുന്നു. മൈസൂർഗവമ്മെൻറിനു ൨൨൦൦ മൈൽ റോഡുകളെയുള്ളു. അവർ ആണ്ടിൽ ൧൦ ലക്ഷം രൂപാ റോഡുകളുടെ അഭിവൃദ്ധിക്കായി നീക്കിവയ്ക്കുന്നുണ്ട്. തിരുവിതാംകൂറിൽ നമുക്കു ൭൨൦൦ മൈൽ റോഡുണ്ട്. ആ കണക്കനുസരിച്ചു തിരുവിതാംകൂറിലെ റോഡുകറം നല്ലനിലയിൽ സംരക്ഷിക്കുന്നതിനു കുറഞ്ഞപക്ഷം ൧൫ ലക്ഷം രൂപാ ആവശ്യമാണ്. തിരുവിതാംകൂർ ഗവമ്മെൻറു അത്രയും തുക റോഡുകളുടെ അഭിവൃദ്ധിക്കായി നീക്കിവക്കേണ്ടതാകുന്നു. എന്നമാത്രമല്ല ആ തുകമുഴുവനും ആണ്ടവസാനത്തിൽ ചിലവാകാത്തപക്ഷം അതുവീണ്ടും ഖജനാവിൽ ചെന്നുചേരരുതു എന്ന ഒരു വ്യവസ്ഥകൂടിവയ്ക്കേണ്ടതും ആകുന്നു. അപ്രകാരം ചെയ്താൽ മാത്രമെ റോഡിന്റെ അഭിവൃദ്ധിസംബന്ധിച്ചുള്ള വല്ല പ്രത്യേകനയത്തേയും തുടന്നുകൊണ്ടുപോകുന്നതിനു ഒരു നിശ്ചിതതുകയുണ്ടെന്നു പൊതുമരാമത്തുവകുപ്പിനു നിശ്ചയം ഉണ്ടായിരിക്കയുള്ളു.

കൃഷിസേചനത്തെ സംബന്ധിച്ചും പ്രതിവർഷം മൂന്നോനാലൊ ലക്ഷം രൂപാനീക്കിവയ്ക്കണമെന്നു മൂന്നാലു കൊല്ലങ്ങറംക്കു മുമ്പേ ഈ സഭയിൽനിന്നും ഗവമ്മെൻറിനോടു അഭ്യർത്ഥിക്കയുണ്ടായി. അതിലേക്കുള്ള തുക ഈ ആണ്ടിൽ രണ്ടു ലക്ഷമായി വർദ്ധിപ്പിച്ചതിനു ഞാൻ ഗവമ്മെൻറിനോടു നന്ദിപറഞ്ഞുകൊള്ളുന്നു.

ബഡ്ജററ് രൂപവൽക്കരിക്കുന്നതിൽ ഞങ്ങറംക്കും പങ്കില്ലയോ? എന്നുള്ള വസ്തുത എന്റെ സ്നേഹിതൻ മി: പിറവിപ്പെരുമാറംപിള്ള എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുവല്ലോ. ഫൈനാൻസ് കമ്മിററി രൂപീകരിച്ചതിനെപ്പററിയുള്ള ഗവമ്മെൻറ് ആർഡർ എന്റെ സ്നേഹിതൻ വായിക്കയും അദ്ദേഹത്തിന്റെ അനുഭവംകൊണ്ടു വല്ല ഗുണവും അദ്ദേഹത്തിനു സിദ്ധിക്കയും ചെയ്തിരുന്നു എങ്കിൽ, ഈ ചോദ്യം അദ്ദേഹം ചോദിക്കയില്ലായിരുന്നു എന്നാണു ഞാൻ വിചാരിക്കുന്നതു്. ഗവമ്മെൻറിന്റെ ധനസംബന്ധമായ നയത്തെ ശരിയായി നിയന്ത്രിക്കുന്നതിനു ഫൈനാൻസ കമ്മിററിക്കൊ ഈ കൌൺസിലിനുതന്നെയൊ വേണ്ട നിലയില്ല. എനിക്കു ഉണ്ടെന്നു എന്റെ സ്നേഹിതൻ വിചാരിക്കുന്ന അധികാരം അദ്ദേഹം ഉപയോഗപ്പെടുത്തിയിരുന്നു എന്നു വരികിൽ, ഗവമ്മെൻറിന്റെ ധനസംബന്ധമായ നയത്തെ എത്രയോ കൊല്ലങ്ങറംക്കുമുമ്പേ അദ്ദേഹത്തിനു പരിഷ്കരിക്കാൻ കഴിയുമായിരുന്നു. അദ്ദേഹം ചോദിക്കുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നികുതികളെ ഓരോ കാര്യത്തിനും ഉപയോഗപ്പെടുത്തുന്നതിനെപ്പററി നിർദ്ദേശങ്ങറം നല്കുന്നതിനു ഫൈനാൻസ് കമ്മിററിക്കു ചട്ടപ്രകാരം അധികാരമില്ലേ?

മി എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതെല്ലാം ഗവമ്മെൻറു ആർഡറിൽ ഉണ്ട്. അതുകൊണ്ടാണ് ഗവമ്മെൻറ് ആർഡർ വായിച്ചുനോക്കണമെന്നു ഞാൻ എന്റെ സ്നേഹിതനോട് ആവശ്യപ്പെട്ടതു്. ഫൈനാൻസ് കമ്മിററിയെസംബന്ധിച്ചു പറയേണ്ടിവരുമ്പോറം ഫൈനാൻസ് കമ്മിററിയിലെ അനൌദ്യോഗസ്ഥാംഗങ്ങളോടു ഈയ്യാണ്ടിൽ കാണിച്ച അവജ്ഞയെപ്പററി എനിക്കു പറയാതെ നിവൃത്തിയില്ല.

ഫൈനാൻസ് കമ്മിററിക്കാർ തള്ളിക്കളഞ്ഞ ഒരു ചിലവു ഇപ്പോൾ ബഡ്ജററിൽ കൊണ്ടുകാണുന്നു. ഇതു ഒരു അവജ്ഞയാണെന്നും അതിനെപ്പററി അനൌദ്യോഗസ്ഥമെംബർമാർ ഗൌരവമായി ചിന്തിക്കേണ്ടതാണെന്നും ഞാൻ വിചാരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതു ഏതു പ്രത്യേകചിലവാണെന്നു എന്നോടു പറയാമോ?

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അക്കൌണ്ടാപ്പീസിലെ ക്ലാക്കുകളുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനെപ്പററിയുള്ളതാണ്. ഈ സംസ്ഥാനത്തെ ആയവ്യയത്തെപ്പററി പ്രതിപാദിക്കുന്ന ഈ അവസരത്തിൽ ബഡ്ജററ് എസ്റ്റിമേററ സംബന്ധിച്ചു സർ ജാജ്ഷൂസ്റ്റർ ചെയ്തിട്ടുള്ള പ്രസംഗത്തിൽനിന്നു ഒരു ചെറുവാചകം എടുത്തു പറഞ്ഞുകൊണ്ടു എൻെറ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

"നാം പണത്തെപ്പററിയാണല്ലോ പ്രതിവാദിക്കുന്നതു്. അതിൽ ഒരു സാരമായ ന്യൂനതയുണ്ട്. അതായതു ഒരിക്കൽ ചിലവഴിച്ചപണം തിരിച്ചുവരികയില്ലാ എന്നുള്ളതാണ്. എന്നാൽ സൌഹാർദ്ദം അക്ഷയമായതാണ്. അതിനെഎത്രമാത്രം വിനിയോഗിക്കുന്നുവോ അത്രത്തോളം അതു വന്നുകൊണ്ടിരിക്കും"

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സർ, നിക്കിയിരിപ്പു ബഡ്ജററ് തയ്യാറാക്കുന്നതു ഇതിനുമുമ്പിൽ ചില മെംബർമാർ പറഞ്ഞതുപോലെ, തിരുവിതാംകൂർ ഗവണ്മെൻറിൻെറ ചിരാഗതമായ രോഗമായിത്തീർന്നിട്ടുണ്ട്. ഈ വ്യാധിയെ ഒരു ശസ്ത്രക്രീയ ചെയ്യുന്നതിനു ഒരു ധനകാര്യ ഭിഷഗ്വരനെ വരുത്തേണ്ടതിനുള്ള കാലം അത്യാസന്നമായിരിക്കുന്നു. കൊച്ചിയിലേയും മൈസൂറിലേയും ബഡ്ജററുകൾ നോക്കിയാൽ അവർ ഒരു ചെറിയ നീക്കിയിരിപ്പോടുകൂടിയാണ് പ്രായേണ എല്ലായ്പ്പോഴും തുടങ്ങിയിട്ടുള്ളതു എന്നുകാണാം. കൊച്ചിയിലെ ഇപ്പോഴത്തെ ബഡ്ജററിൽ അവർ ഉണ്ടാക്കിയിട്ടുള്ള നീക്കിയിരുപ്പ് ൧൨,൦൦൦-രൂപാമാത്രമാണ്. ൧൧൦൮-൦൯-ാം വർഷത്തിൽ മൈസൂർ ഗവണ്മെൻറ് ൪,൩൭,൦൦൦ രൂപയുടെ നീക്കിയിരിപ്പോടുകൂടിയാണു തുടങ്ങിയതു്. ൧൧൦൯-൧൦-ാം വർഷത്തിലേക്കു അവർ തുടങ്ങിയതു ൬൭,൦൦൦ രൂപായുടെ നീക്കിയിരിപ്പോടു കൂടിയാണ്. ഈ നീക്കിയിരുപ്പുകളുമായി താരതമ്യപ്പെടുത്തുമ്പോൾ, നമ്മൾ എത്ര വലിയ നീക്കിയിരിപ്പോടുകൂടി തുടങ്ങുന്നതിനു അത്യുൽകണ്ഠയുള്ളവരെന്നു കാണാം. ഇതിൽനിന്നും അർത്ഥമാകുന്നതു നമ്മുടെ ഗവണ്മെൻറ് കർഷകന്മാരിൽ നിന്നും ആവശ്യമുള്ളതിൽ അധികം നികുതി പിരിക്കുന്നു എന്നും കർഷകൻെറ ഗുണത്തിനുവേണ്ടി വളരെ കുറച്ചേ ചിലവാക്കുന്നുള്ളു എന്നും ആകുന്നു. ഇതു ധനകാര്യവിദഗ്ദ്ധന്മാരാൽ സർവ്വത്ര നിന്ദിതമായിട്ടുള്ള ഒരു നയമാകുന്നു. അടുത്തതവണത്തെ ബഡ്ജററ് തയ്യാറാക്കുമ്പോൾ ഈ സംഗതിയെപ്പററി ഗവണ്മെൻറ് ഗാഢമായി ആലോചിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ൧൧൦൮-ലെ മൈസൂർ ജനപ്രതിനിധിസഭയിൽ ദിവാൻ ചെയ്ത പ്രസംഗത്തിൽ താഴെപ്പറയും പ്രകാരം പ്രസ്താവിക്കയുണ്ടായി.

ഒരു ലക്ഷത്തിൽ കൂടുതലായ ഒരു തുക ബഡ്ജററിൽ നീക്കിയിരിപ്പു വയ്ക്കാൻ ഞങ്ങൾക്കു സാധിച്ചിട്ടില്ലെങ്കിൽ, അതു രാജ്യത്തിൽ ഏർപ്പെടുത്തിയിട്ടുള്ള വിവിധങ്ങളായ ഉദ്യമങ്ങൾക്കു പരിപോഷണക്കുറവുണ്ടാകരുതെന്നുള്ള അത്യാശനിമിത്തം ആകുന്നു. അതിന്മേൽ നിങ്ങൾക്കും അനുഭാവം ഉണ്ടാകുമല്ലോ. നേരേമറിച്ചു ഈ വക ഉദ്യമങ്ങളെ സംബന്ധിച്ചു ധൈര്യയുക്തവും ക്രമാനുസാരവും ആയ ഒരു നയം അനുവർത്തിക്കേണ്ടതു ആവശ്യമാകുന്നു. കൃഷിസേചനം, കൃഷി, വ്യവസായം ഇവ സംബന്ധമായി വല്ല ഉദ്യമങ്ങളും തുടങ്ങുന്നതിനു നികുതിക്കുത്തക്കവണ്ണമുള്ള ആവശ്യമുണ്ടായാൽ അപ്രകാരം ചെയ്യുന്നതിനു ഞങ്ങൾ മടിക്കുകയില്ല. ഇതിനേക്കാൾ എത്രയോ കൂടുതലായ ഒരു നീക്കിയിരിപ്പുണ്ടാക്കാൻ സാധിക്കുന്നതാണ്. എന്നാൽ പണങ്ങൾ ഖജനാവിൽ ഉരുക്കൂട്ടി വയ്ക്കുന്നതിനേക്കാൾ അവയെ ബുദ്ധിപൂർവ്വമായും കരുതലോടുകൂടിയും ചിലവാക്കുന്നതു ഉത്തമമാണെന്നു ഞാൻ വിചാരിക്കുന്നതു കൂടാതെ ആ അഭിപ്രായത്തിൽ നിങ്ങളും ചേരുമെന്നു ഞാൻ വിശ്വസിച്ചുകൊള്ളുകയും ചെയ്യുന്നു.

ഈയാണ്ടിലും നമുക്കു ഒരു നിക്കിയിരിപ്പു ബഡ്ജററ് ഉണ്ട്. കഴിഞ്ഞ ബഡ്ജററ് യോഗത്തിൽ മി: കെ. എൻ. രാമസുബ്ബയ്യർ പറഞ്ഞ സംഗതിയിൽ ഗവണ്മെൻറിൻെറ ശ്രദ്ധ പതിഞ്ഞിരുന്നു എങ്കിൽ വാഹനച്ചുങ്കം ഇനത്തിൽ ഈടാകുന്ന കരത്തിൽ കുറവുവരുത്തേണ്ടതു അവരുടെ കർത്തവ്യമായി ഗവണ്മെൻറു കരുതുമായിരുന്നു. കഴിഞ്ഞകൊല്ലത്തിൽ എൻെറ സ്നേഹിതൻ മി: രാമസുബ്ബയ്യർ ഗവണ്മെൻറിനുവേണ്ടി ഇപ്രകാരം പറഞ്ഞു:—ഈ സംഗതിയെപ്പററി ഗൌരവമായി ആലോചിക്കുന്നതാണെന്നു ഞാൻ മെംബർമാരോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു'; സഭയുടെ അഭിപ്രായങ്ങളെ അനാദരിച്ചു കൂടാത്തതാകുന്നു. എന്നാൽ അവർ ഇപ്പോഴും സഭയുടെ അഭിപ്രായത്തെ അനാദരിക്കുകയാകുന്നു ചെയ്യുന്നതു്. ഈ സംഗതി കഴിഞ്ഞ പന്ത്രണ്ടുമാസങ്ങളായി ഗവണ്മെൻറിൻെറ ശ്രദ്ധയെ്ക്കു വിഷയീഭവിക്കയും അവരുടെ ആലോചനയിൽപെടുകയും ചെയ്തു. എന്നാൽ ഇതുവരെ വിശദമായ ഒരു തീരുമാനത്തിൽ അവസാനിക്കാത്തതിൽ ഞങ്ങൾക്കുമനസ്താപമുണ്ട്. ഇപ്രകാരം അനവധി ഉദാഹരണങ്ങൾ ഉണ്ടായിരിക്കേണ്ടതുകൊണ്ടാണ് നമ്മുടെ കൌൺസിലും ഗവണ്മെൻറിനു കീഴ്പ്പെട്ട ഒരു ഡിപ്പാർട്ടുമെൻറും തമ്മിൽ വ്യത്യാസമില്ലെന്നും ഗവണ്മെൻറിനുള്ള കൂടുതൽ ശക്തിയെ അതു പ്രത്യക്ഷപ്പെടുത്തുന്നു എന്നും സംസ്ഥാനത്തിലെ ഒരു ഉന്നതനിലയിൽ ഇരിക്കുന്ന ആൾ റിമാർക്കു ചെയ്യാൻ ഇടയായതു്.

വാഹനച്ചുങ്കം ജനങ്ങൾക്കു പ്രീതിയില്ലാത്ത ഒരു നികുതിയാണെന്നു ബ്രിട്ടീഷ്ഇൻഡ്യയിൽ മാത്രമല്ലാ മററുസ്ഥലങ്ങളിൽകൂടിയും ഇപ്പോൾ വിചാരിച്ചുവരുന്നുണ്ട്. ബ്രിട്ടീഷ്ഇൻഡ്യയിൽ ഈ സംഗതിയെപ്പററി ഒരുകമ്മിററിക്കാർ ആലോചിക്കയും, പെട്രോളിനു കൂടുതൽ ചുങ്കംചുമത്തിയും, ഒരുവാഹനകരം ഏർപ്പെടുത്തിയും, വാടകയ്ക്കായിവിടുന്ന വണ്ടികളുടെ വിഷയത്തിൽ ഒരുലൈസൻസ് ഫീസു വച്ചും ഈചുങ്കം എടുത്തുകളയണമെന്നു അവർതീരുമാനിക്കയും ചെയ്തു. നമ്മുടെ ഗവണ്മെൻറിനും ഈസംഗതികളെപ്പററി ആലോചിക്കാവുന്നതും അതിനുപകരം വേറെവല്ലനികുതികളും ഏർപ്പെടുത്തുന്നതിനു വ്യവസ്ഥചെയ്യാവുന്നതും ആയി

രുന്നു. അപ്രകാരം അവർ ചെയ്യാത്തതു ജനപ്രതിനിധികളോടു അവർക്കുള്ള അത്യന്തമായ അവജ്ഞതയേയും ബഹുമാനക്കേടിനേയും പ്രത്യക്ഷപ്പെടുത്തുന്നു. ഗവമ്മെൻറിൻെറ ഈ നയം വീണ്ടും തുടൎന്നുകൊണ്ടുപോകാൻ പാടുള്ളതല്ല. ജനപ്രതിനിധികളുടെ അഭിപ്രായത്തെ അവഗണിക്കുമ്പോഴാണു പലസ്ഥലത്തും ജനക്ഷോഭങ്ങൾ ഉണ്ടാകുന്നതു്. ബർഡോളിയിലെ ജനക്ഷോഭത്തിനുള്ള കാരണങ്ങളെപ്പററി ഗവണ്മെൻറിൽനിന്നും അന്വേഷിക്കുമെങ്കിൽ അതു പൊതുജനാഭിപ്രായത്തെ അവഗണിച്ചതുമൂലം ഉണ്ടായതാണെന്നു ബോദ്ധ്യപ്പെടുന്നതാണ്. ഇപ്രകാരമുള്ള സംഗതികൾ ഏതുസംസ്ഥാനത്തും തുടരുന്നതായാൽ അതു കുഴപ്പത്തിലും അസംതൃപ്തിയിലും തന്നെ ചെന്നവസാനിക്കും. ഈ കൌൺസിലിൽ മദ്യപാനംകുറയ്ക്കുന്നതിനായി ഞങ്ങൾ മുറവിളികൂട്ടുന്നുണ്ട്. കിട്ടാവുന്നിടത്തോളം കൂടുതൽനികുതിയുണ്ടാക്കി ഗവണ്മെൻറിനെ തൃപ്തിപ്പെടുത്തണമെന്നു എക്സൈസ് കമ്മീഷണർ വിചാരിക്കുന്നു. അദ്ദേഹം കൊച്ചിദിവാൻജിയുടെ ബഡ്ജററ്പ്രസംഗം വായിച്ചുനോക്കിയിരുന്നുഎങ്കിൽ, കൂടുതൽ ആദായവും കുറഞ്ഞമദ്യപാനവും സാധിക്കുന്നകാര്യം ഒരുഭരണാധികാരിയായ അദ്ദേഹത്തിനുതന്നെ സംശയംതോന്നിയിട്ടുണ്ടെന്നു മനസ്സിലാക്കുമായിരുന്നു. കള്ളുകുടി കുറയ്ക്കുന്നകാര്യത്തിൽ നമ്മുടെ ഗവണ്മെൻറിനു താല്പൎയ്യമുള്ളപക്ഷം ഇപ്പോൾ അവർ അനുവൎത്തിക്കുന്ന നയം അതിലേക്കു പര്യാപ്തമാകയില്ല. ഷാപ്പുകളുടെഎണ്ണം കുറയ്ക്കുകയും മദ്യത്തിൻെറ വിലവൎദ്ധിപ്പിക്കയും ചെയ്താൽകള്ളുകുടി കുറയ്ക്കാൻ സാധിക്കുമെന്നു അവർപറയും അതു ഒരു അബദ്ധനയമാണ്. എൻെറഅനുഭവംകൊണ്ടു ഇതുതീരെ പ്രായോഗികമല്ലെന്നും ഞാൻ സധൈൎയ്യംപറയാം. എൻെറസ്വന്തവില്ലേജിനെ എടുത്തുപറയുന്നതായാൽ അവിടെഷാപ്പുകൾ കുറച്ചതുകൊണ്ടു നികുതിവൎദ്ധിക്കയാണുചെയ്തതു. ഒരുസ്ഥലത്തുള്ള രണ്ടുപ്രത്യേകഷാപ്പുകളിലും കൂടി മുമ്പേകിട്ടിയിരുന്നവരുമാനം ൯,൦൦൦ രൂപയായിരുന്നു. എന്നാൽഇപ്പോൾ ഒരുഒററഷാപ്പിലെ വരുമാനം ൧൨,൦൦൦ രൂപയാണ്. ഉപയോഗിച്ചമദ്യത്തിൻെറ തുകയിൽ കുറവുണ്ടായിരുന്നു എന്നുനമുക്കു പറയാൻ പാടില്ല. എൻെറ സ്നേഹിതനുമായി ഞാൻനടത്തിയ ഒരുസംഭാഷണത്തിൻെറ ഫലത്തെപ്പററിപ്പറയാം. അതുകേട്ടാൽ അവിടത്തെക്കു ആശ്ചൎയ്യംഉണ്ടാകും. തൻെറഭിക്കിൽ കള്ളുകുടിക്കാത്തവർ വല്ലവരും ഉണ്ടോഎന്നു ഞാൻ എൻെറ സ്നേഹിതനോടുചോദിച്ചു. അതിലേക്കു എൻെറ സ്നേഹിതൻപറഞ്ഞമറുപടി ഇതായിരുന്നു. ഒരുചേരു ക്ഷേത്രത്തിൽ ഇരിക്കുന്ന ദേവൻകുടിക്കുകയില്ലായിരിക്കും അതല്ലാതെ വേറെആരുംഇല്ല". നാട്ടുംപുറങ്ങളിൽകള്ളുകുടി അത്രകലശലായിട്ടുണ്ട്. ഇതുഗൌരവമായി ആലോചിക്കേണ്ട വിഷയമാകുന്നു. മദ്യനിരോധനം ചെയ്യുന്നതോ അല്ലെങ്കിൽ കള്ളുകുടികുറയ്ക്കുന്നതോ പ്രായോഗികനയമല്ലെന്നു നിങ്ങൾപറയുമായിരിക്കാം.

സർ, മദ്യനിരോധനം രാജ്യത്തുനടപ്പാക്കുന്നതിനു അങ്ങേക്കു സാധിച്ചില്ലെങ്കിൽ, പ്രതിവൎഷം എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും കിട്ടുന്നനികുതിയിൽ കുറവുവരുത്തുന്നതിനെങ്കിലും സാധിക്കാവുന്നതാണ്. ഈ നയം തിരുവിതാംകൂറിൽ ഇന്നു അശേഷം അനുവൎത്തിക്കപ്പെടുന്നില്ല. കഴിഞ്ഞബഡ്ജററുമായി നോക്കുമ്പോൾ അബ്കാരിയും കറപ്പും വകയിൽ വലുതായകൂടുതൽ ഉണ്ടെന്നു കാണാവുന്നതാണ്. പണ്ഡിതനായ ഡെപ്യൂട്ടി പ്രസിഡൻറു പറഞ്ഞതുപോലെ കണക്കുകൾ നോക്കുന്നതായാൽ ൧൧൦൪-ലേക്കാൾ ൧൧൦൫-ൽ കള്ളുംചാരായവും കൂടുതൽ ചിലവായിട്ടുണ്ടെന്നുകാണാം; ഇപ്രകാരമായാൽ കള്ളുകുടികുറയ്ക്കാൻ നമുക്കു എങ്ങിനെ സാധിക്കും? ഞാൻമുമ്പേപറഞ്ഞതുപോലെ എക്സൈസിൽനിന്നും കിട്ടുന്ന നികുതിയെ കുറച്ചു അതിനുപകരം വേറെ ഏതെങ്കിലും ഒരു നികുതിവൎദ്ധനമാൎഗ്ഗം ഏൎപ്പെടുത്തിയാൽമാത്രമെ അതുസാദ്ധ്യമാവുകയുള്ളു. നമ്മുടെ രാജ്യത്തിലെ നികുതിവരവു വൎദ്ധിക്കുന്നതിനു പലേ മാൎഗ്ഗങ്ങൾ ഉണ്ട്.

നമ്മുടെരാജ്യത്തിലെനികുതി വൎദ്ധിപ്പിക്കുന്നതിനുവേണ്ടി നമ്മുടെറയിൽവെയുടെ ഭരണം പൂൎവാധികം കാര്യക്ഷമമാക്കണമെന്നു മുമ്പു ഒരു പ്രാസംഗികൻ പറകയുണ്ടായല്ലോ തിരുവിതാംകൂറുമായിനോക്കുമ്പോൾ കൊച്ചി ഒരുചെറിയ രാജ്യമല്ലയോ. അവിടത്തെഗവണ്മെൻറിനു റയിൽവെയിൽനിന്നും ലഭിക്കുന്നപ്രതിവൎഷമുള്ള വരുമാനം ൧൪ ലക്ഷംരൂപയാകുന്നു. അതിൽ ചിലവ് കഴിച്ചു അവൎക്കുകിട്ടുന്ന ആദായം ൮ ലക്ഷംരൂപയാകുന്നു. നമ്മുടെവരുമാനവും കൊച്ചിയിലെ വരുമാനവുംതമ്മിൽ താരതമ്യപ്പെടുത്തിനോക്കുവിൻ

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): അവിടത്തെ റയിൽവെയിൻെറ നീളം എന്താണ്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കൊച്ചിയ്ക്കു ന്യ ൦—ഓ. ൭൦-ഓ മൈൽ.

മൈസൂർ റയിൽവെയിൽ നിന്നുള്ളവരുമാനം നോക്കുന്നതായാൽ അതുപ്രതിവൎഷം ൨൫ ലക്ഷംരൂപായാകുന്നു. ഇതിൽനിന്നും മനസ്സിലാക്കേണ്ടതു് നമുക്കുഇവിടെ ആദായംകുറഞ്ഞിരിക്കുന്നതു നമ്മുടെ റയിൽവെയുടെ ഹിതകരമല്ലാത്ത ഭരണംകൊണ്ടാണെന്നാകുന്നു.

പ്രസിഡൻറ്: റയിൽവെസംഗതിയെപ്പററി പ്പറയാൻ—ഞാൻ മി: ദാമോദരനാശാനെ അനുവദിച്ചു എങ്കിലും ആ സംഗതിയെപ്പററി വാദപ്രതിവാദം നടത്താൻ ഞാൻ അനുവദിച്ചിട്ടില്ലെന്നുള്ള വസ്തുത ഞാൻ മെംബരുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. അതിനെപ്പററി വാദപ്രതിവാദത്തിനാണ് ഭാവമെങ്കിൽ ഞാൻ നിങ്ങളെ തടയുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): മുന്നാണ്ടുകളിൽ ഈസംഗതിയെപ്പററി പ്രതിപാദിക്കുന്നതിനു മെംബർമാരെ അനുവദിച്ചിരുന്നു.

പ്രസിഡൻറ്:—ഞാൻ അപ്രകാരം വിചാരിക്കുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): തേയിലയിൽ നിന്നുനമുക്കുകിട്ടുന്നവരുമാനത്തെപ്പററി എനിക്കൊരു വാക്കുപറയാനുണ്ട്. തേയിലയിൽനിന്നും പ്രതിവൎഷം കിട്ടുന്നആദായം ഏകദേശം ൭ ലക്ഷം രൂപയാകുന്നു. ഉടമ്പടിപ്രകാരം ബ്രിട്ടീഷ് ഗവണ്മെൻറിനു ൨ ലക്ഷം രൂപ കൊടുക്കണം. ഇതു നമുക്കുവലിയ നഷ്ടമാണ്. അതിനുള്ളകാരണം അറിഞ്ഞാൽകൊള്ളാം

പ്രസിഡൻറു: ബ്രിട്ടീഷ് ഗവൺമെൻറിനു നാം കൊടുക്കുന്നു എന്നുള്ളതു നിസ്സംശയമാണോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അപ്രകാരമാണ് ഞാൻ ധരിച്ചിരിക്കുന്നതു എനിക്കുതെററിപ്പോയിഎങ്കിൽ തെററുശരിപ്പെടുത്താൻഞാൻ തയ്യാറാണ്.

പ്രസിഡൻറ: നിങ്ങൾക്കു നിശ്ചയമുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഏതായാലും തേയിലയിൽനിന്നും നമുക്കു കിട്ടുന്നനികുതിയിൽ ഒരു അംശം ബ്രിട്ടീഷ് ഗവണ്മെൻറിനു കൊടുക്കുന്നുണ്ട്.

പ്രസിഡൻറ—അപ്രകാരം കൊടുക്കുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): റബ്ബറിനു നമ്മുടെ ഗവണ്മെൻറ ഇപ്പോൾ കരം ചുമത്തുന്നില്ല. റബ്ബറിൽനിന്നു ഇപ്പോൾ അധികം ആദായം ഉണ്ടാകാത്തതുകൊണ്ടു റബ്ബറിനു കരം ചുമത്തുന്ന വിഷയത്തിൽ എൻെറ പ്രിയസ്നേഹിതന്മാർ തടസ്ഥം പറയാം, എന്നാലും കള്ളുകുടി കുറയ്ക്കുന്ന കാര്യത്തിൽ നിങ്ങൾക്കു താല്പര്യമുള്ള പക്ഷം ഈ നികുതിഭാരം നിങ്ങൾ വഹിക്കണമെന്നും കള്ളുകുടി കഴിയുന്നതും ഇല്ലായ്മ ചെയ്യുന്നതിനും തീരെ ബഹിഷ്കരിക്കുന്നതിനും ശ്രമിക്കേണ്ടതാണെന്നും ഞാൻ നിങ്ങളോടു ഗുണദോഷിക്കുന്നു.

വ്യവസായികോദ്യമങ്ങൾ തുടങ്ങുന്നതായാൽ നമ്മുടെ വരവു വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണെന്നു രണ്ടാമത്തെ കൗൺസിലിൽ ഒരു മെംബർ ചൂണ്ടിക്കാണിക്കയുണ്ടായി. നമ്മുടെ രാജ്യത്തു വ്യവസായം ഇപ്പോൾ അഭിവൃദ്ധിയിൽ ഇരിക്കുന്നില്ല. നമ്മുടെ പരിപോഷണ ഡിപ്പാർട്ടുമെൻറുകൾ രാജ്യത്തിനു ഒരു ആഭരണമായിട്ടേ ഇരിക്കുന്നുള്ളു. മുൻകാലത്തു ഈ രാജ്യത്തു അനവധി വ്യവസായങ്ങൾ ഉണ്ടായിരുന്നു. അതായതു പെൻസിൽ വ്യവസായശാല ഇഷ്ടികവ്യവസായശാല, കൈതവ്യവസായശാല, മുതലായവയാകുന്നു. ഈ വ്യവസായശാലകൾ ഇപ്പോഴും ഉണ്ടോ എന്നു എനിക്കു അറിഞ്ഞുകൂടാ. ഈ വ്യവസായശാലകളുടെ പ്രവൃത്തനം കൊണ്ടു വല്ല ആദായവും കിട്ടുന്നെങ്കിൽ അപ്രകാരം ചെയ്യുന്നതിൽ കുറച്ചെല്ലാം ഔത്സുക്യവും ഓജസ്സും പ്രദർശിപ്പിക്കേണ്ടതു ആവശ്യമാണ്. ജനങ്ങൾക്കു ഗുണപ്രദമായി ഭവിക്കത്തവിധമുള്ള വേറെയും പലവ്യവസായങ്ങൾ ഇവിടെ തുടങ്ങാവുന്നതാണ്.

തിരുവിതാംകൂറിൽ ധാരാളം വനം ഉണ്ടെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. ബംഗാളിലുംമററും കടലാസ്സുണ്ടാക്കുന്ന കമ്പനികളുണ്ടു. കടലാസു ഉണ്ടാക്കുന്നതിനു വേണ്ട സാധനങ്ങൾ ഇവിടെയുള്ളപ്പോൾ പുറമേനിന്നും കടലാസു വരുത്തുന്നതു എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. സോപ്പുണ്ടാക്കുന്നതിനുള്ള സാധനങ്ങൾ ഈ രാജ്യത്തുണ്ട്. സോപ്പു മൈസൂരിലും കോഴിക്കോട്ടും ഉണ്ടാക്കുന്നുണ്ടു. സോപ്പു വ്യവസായം ഈ രാജ്യത്തു നടപ്പാക്കിയാൽ അതിൽ നിന്നും ഒരു നല്ലവരുമാനം രാജ്യകോശത്തിനു ലഭിക്കുന്നതാണ്.

മി: കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): സോപ്പു വ്യവസായം നടപ്പാക്കുന്നതുകൊണ്ട് ഖജനാവിൽ മുതൽ വർദ്ധിക്കുന്നതു എങ്ങിനെയാണ്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഈ വ്യവസായം ഗവണ്മെൻറ തുടങ്ങണം. അങ്ങിനെ ചെയ്താൽ ആദായം ഉണ്ടാക്കാം. കോഴിക്കോട്ടെ സോപ്പു വ്യവസായം മദ്രാസ് ഗവണ്മെൻറിൽ നിന്നും നടത്തുന്നതായിട്ടാണ് എനിക്കു തോന്നുന്നതു്.

ഞാൻ ഈ ഓരോ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതു രാജ്യത്തിൻെറ ഭൗതിക ക്ഷേമത്തെ ഉദ്ദേശിച്ചാണ് അല്ലാതെ വേറൊന്നിനും വേണ്ടിയല്ല. ഇനി വേറൊരുവരുമാനമാർഗ്ഗം കൂടിയുണ്ടു. അതായതു എല്ലാ ഡിപ്പാർട്ടുമെൻറുകളുടേയും ചിലവു കുറയ്ക്കണം എന്നുള്ളതാകുന്നു. മൈസൂർ തിരുവിതാംകൂറിനെക്കാൾ എത്രയോ വലിയരാജ്യമാണെങ്കിലും, അവിടത്തെ മുതലെടുപ്പും തിരുവിതാംകൂറുമായി നോക്കുമ്പോൾ വളരെ കൂടുതലാണ്. അവിടെ ലാൻഡ്റവന്യൂ പോലീസ് പൊതുമരാമത്തു ഈ വകുപ്പുകളുടെ മേലധികാരികളുടെ ശമ്പളം പ്രതിമാസം ഓരോരുത്തർക്കു ൧൨൦൦ രൂപായാകുന്നു. ഇപ്രകാരം പറയുന്നതുകൊണ്ടു ഇപ്പോൾ ഈ ഉദ്യോഗങ്ങളിൽ ഇരിക്കുന്ന ആളുകളെ ചൂണ്ടി പറയുകയല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ടു): ശമ്പളം ആളിനല്ലേ വച്ചിരിക്കുന്നതു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ആളിനാണു ശമ്പളം എന്നാൽ പുതിയ ആളുകൾ വരുമ്പോൾ ശമ്പളം കുറയ്ക്കണം.

മി: മാത്യുമുരിക്കൻ (വൈക്കം) ശമ്പളം കുറയ്ക്കുന്നതുകൊണ്ടു അഭിവൃദ്ധിക്കു മാർഗ്ഗമുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ). ശമ്പളം കുറച്ചാൽ നമുക്കു കുറെക്കൂടി പ്രാപ്തന്മാരായ ആളുകളെ ലഭിക്കാൻ കഴിയും (ചിരി) ഈ വക സംഗതികളിൽ രാജ്യത്തിലെ വരുമാനത്തെ വർദ്ധിപ്പിക്കണമെന്നു നിങ്ങൾ ഗൗരവമായി വിചാരിക്കുന്നപക്ഷം അപ്രകാരം ശ്രമിച്ചാൽ മാത്രമെ അതു സാധ്യമാവുകയുള്ളു.

പരിപോഷണ ഡിപ്പാർട്ടുമെൻറുകൾക്കായി നിശ്ചയിച്ചുവച്ചിട്ടുള്ള ചിലവിനെപ്പററി എനിക്കു പറയാനുള്ളതു അതു ഒട്ടും തന്നെ മതിയായിരിക്കുന്നില്ലെന്നാണ്. കൃഷിഡിപ്പാർട്ടുമെൻറ് ജനങ്ങളുടെ ഗുണത്തിനു തക്കവണ്ണം ഒട്ടുംതന്നെ തൃപ്തികരമായി ജോലി ചെയ്യുന്നില്ല. ഈ രാജ്യത്തു അങ്ങിനെ ഒരു ഡിപ്പാർട്ടുമെൻറുണ്ട് എന്നു ആർക്കും അറിയാം. എന്നാൽ രാജ്യത്തിലെ ഏതെങ്കിലും ഗ്രാമവാസിയോടും ചെന്നു ചോദിക്കുന്നതായാൽ, ഡിപ്പാർട്ടുമെൻറിൽ നിന്നു തനിക്കു യാതൊരു പ്രായോഗിക ഗുണവും ഉണ്ടായിട്ടില്ലെന്നു തന്നെ അയാൾ പറയും. ഈ ഡിപ്പാർട്ടുമെൻറ ജനങ്ങൾക്കു ഉപയോഗകരമാക്കിത്തീർക്കണമെങ്കിൽ അതിലേക്കുവേണ്ടി കൂടുതൽ പണം ചിലവാക്കുകയും അതിനെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഈ ഡിപ്പാർട്ടുമെൻറ മേലധികാരിയോടു ഡിപ്പാർട്ടുമെൻറ ശരിയായി ജോലി ചെയ്യാത്തതു എന്താണെന്നു ഞാൻ ഒരിക്കൽ ചോദിച്ചപ്പോൾ പണത്തിൻെറ കുറവുകൊണ്ടു പ്രായോഗികമായി ഒന്നും ചെയ്വാൻ സാധിക്കുന്നില്ലെന്നു അദ്ദേഹം പറകയുണ്ടായി. ഈ പരാതിയെപ്പററി ഗൗരവമായി ആലോചിക്കേണ്ടതാണെന്നു മാത്രമല്ല അതിനുള്ള പരിഹാരമാർഗ്ഗം നിർദ്ദേശിക്കുകയും ചെയ്യണം.

മി: ജി. സി. കേശവപിള്ള (കല്ക്കുളം വിളവംകോട്ട): വേണ്ടപണം അനുവദിക്കാത്തതിനു ഫൈനാൻഷ്യൽ സിക്രട്ടറിയെ വേണം കുററം പറയാൻ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഞാൻ ആരേയും കുററം പറയുന്നില്ല. കൃഷിഡിപ്പാർട്ടുമെൻറിനെ അഭിവൃദ്ധിയാക്കാത്തപക്ഷം പരിഷ്കൃതരീതിയിലുള്ള കൃഷി സമ്പ്രദായങ്ങൾ നിർദ്ദേശിക്കാ

ന് പ്രയാസമാണ്. നമ്മുടെ ഭൗതികാഭിവൃദ്ധിക്കു കൃഷിയെത്തന്നെ അവലംബിക്കേണ്ടതായ ഒരു രാജ്യത്തു നാം പാർക്കുമ്പോൾ കൃഷിക്കു കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തു രാജ്യത്തിലെ ധനാഗമമാർഗ്ഗങ്ങളെ അഭിവൃദ്ധിയാക്കാൻ ശ്രമിക്കേണ്ടതു അത്യാവശ്യമാണ്.

പ്രസിഡൻറ്. നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): സർ, ഇക്കൊല്ലത്തെ വരവു ചിലവു കണക്കുകൾ പരിശോധിച്ചതിൽ സാമാന്യം ഭദ്രമായി നിയന്ത്രിച്ചിട്ടുണ്ടെന്നു കാണുന്നതു അഭിനന്ദനീയമായ ഒരു നയംതന്നെ. നീക്കിയിരിപ്പായി വച്ചിരിക്കുന്നതു ഒരു വലിയസംഖ്യയായി കരുതാവുന്നതല്ലെങ്കിലും അത്യാവശ്യമായ ചിലവിനു ധനം കരുതേണ്ടതു ആവശ്യം തന്നെയാണ്. എന്നാൽ ചിലവുകളെ പരിശോധിച്ചതിൽ ജനങ്ങൾക്കു ശാശ്വതമായ നന്മ ലഭിക്കാവുന്ന മാർഗ്ഗങ്ങളിലല്ല ഗവണ്മെൻറു പണം ചിലവാക്കിവരുന്നതെന്നു കാണുന്നതിൽ വളരെ സങ്കടം ഉണ്ട്.

ഇപ്പോൾ തിരുവിതാംകൂറിനെ ബാധിച്ചിരിക്കുന്ന അത്യാപത്തു തൊഴില്ലായ്മയാണ്. അതിനെ പരിഹരിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ഒരു കമ്മിററിയെ ഏർപ്പെടുത്തുകയും ആ കമ്മിററി റിപ്പോർട്ടു സമർപ്പിച്ചിട്ടു രണ്ടുകൊല്ലത്തിൽ അധികമായെങ്കിലും അതിന്മേൽ ഒരു നടപടിയും നടത്തിക്കാണുന്നില്ല. കമ്മിററിയുടെ നിർദ്ദേശങ്ങളനുസരിച്ചു എന്തെങ്കിലും പ്രവർത്തിക്കാൻ ഗവണ്മെൻറു സന്നദ്ധമാണോ എന്നുള്ളതിനു യാതൊരു ലക്ഷ്യവും ബഡ്ജററിൽ കാണുന്നില്ല. ഇലക്ട്രിസിററി, തിരുവനന്തപുരം വാട്ടർസപ്ലൈ, പള്ളിവാസൽ-നേരിമംഗലം റോഡു, നീണ്ടകരപ്പാലം, റയിൽവേ എക്സ്റ്റൻഷൻ മുതലായ വേലയ്ക്കു വമ്പിച്ചതുകകൾ ബഡ്ജററിൽ ചേർത്തിട്ടുണ്ടെങ്കിലും ആവക പണികൾ തൊഴില്ലായ്മയുടെ പരിഹാരത്തിനു പര്യാപ്തമായി തീരുമെന്നു ആരും വാദിക്കുമെന്നു തോന്നുന്നില്ല. രാജ്യത്തെ ഒരു വലിയ ഭാഗം ജനങ്ങൾ ദാരിദ്ര്യം അനുഭവിക്കുമ്പോൾ ലുബ്ധന്മാരെപ്പോലെ ഗവണ്മെൻറു ഈ പണം സൂക്ഷിച്ചുകൊണ്ടിരിക്കയും മേൽപറഞ്ഞ പ്രകാരമുള്ള മോടികൾക്കായി പണം വിനിയോഗിച്ചു സന്തോഷചരിതരായിട്ടു കഴിയുകയും ചെയ്യുന്നതു ഒരു ഉത്തമമായ രാജ്യഭരണക്രമമാണെന്നു പറയുവാൻ വഴികാണുന്നില്ല. തൊഴില്ലായ്മക്കമ്മിററിക്കാരുടെ റിപ്പോർട്ടിൽ പല വഴികളും നിർദ്ദേശിച്ചിട്ടുണ്ട്. അവയെ നടപ്പിൽ കൊണ്ടുവരുന്നതിനു ആവശ്യമുള്ളതുക ഈ ബഡ്ജററിൽ ചേർത്തുകാണുന്നില്ല. പ്രസ്തുതകമ്മിററിക്കാരുടെ നിർദ്ദേശങ്ങളിൽ ഏററവും പ്രാധാന്യത്തെ അർഹിക്കുന്നതു ഭൂസ്വത്തു ജാമ്യബാങ്കാണ്. ഇവിടത്തെ ഭൂരിപക്ഷം ജനങ്ങളും കൃഷിക്കാരാണല്ലോ. പരിഷ്കൃത രീതിയിലും കൂടുതൽ ആദായം കിട്ടത്തക്ക നിലയിലും കൃഷിനടത്തുന്നതിനുവേണ്ട മൂലധനമില്ലാത്തതിനാൽ കൃഷിക്കാരുടെ ഇപ്പോഴത്തെ നില വളരെ ആപൽക്കരമായിട്ടു തീർന്നിട്ടുണ്ട്. അതിനാൽ ഭൂസ്വത്തു ജാമ്യബാങ്കുസ്ഥാപിച്ചാൽ ജനങ്ങൾക്കു സൗകര്യമായ വിധത്തിൽ പണം കടംകിട്ടുന്നതിനു സാധിക്കയും തന്നിമിത്തം കൃഷികളിൽ വ്യവസായം മുതലായവയ്ക്കു ക്രമപ്രവൃദ്ധമായ അഭിവൃദ്ധി ഉണ്ടാകുന്നതിനു ഇടവരികയും ചെയ്യും. ഈ വക തൊഴിലുകളിൽ ന്യായമായ ആദായം ലഭിക്കുന്നു എന്നു കാണുമ്പോൾ തൊഴിലില്ലാതെ അലഞ്ഞുതിരിയുന്നവർ സ്വമേധയായി ഇവകളിൽ പ്രവേശിച്ചു സുഭിക്ഷമായി ജീവിച്ചുകൊള്ളും. ഈ രാജ്യത്തു അനവധി പ്രൈവററുബാങ്കുകളും സ്റ്റേററ് എയിഡഡ്ബാങ്കും പരസ്പരസഹായസംഘങ്ങളും എല്ലാം ഉണ്ടെങ്കിലും ഇവയിൽനിന്നും പണം കടം വാങ്ങിക്കുന്നപക്ഷം വമ്പിച്ചപലിശ കൊടുക്കുന്നതിനു ഈ പാവപ്പെട്ടകൃഷിക്കാർ നിർബന്ധിതരായിത്തീരുന്നു. ഈവക ബാങ്കുകൾ കൊണ്ടു വലിയ ഉപയോഗം കച്ചവടക്കാർക്കു മാത്രമേയുള്ളു. ഇവിടത്തെ സ്വദേശികൾക്കു കച്ചവടത്തിലും അഭിവൃദ്ധിയുണ്ടാകുന്നില്ല. വിദേശികളായ കച്ചവടക്കാർക്കു ധാരാളം പണം കുറഞ്ഞപലിശക്കു അവരുടെ സ്വദേശബാങ്കുകളിൽനിന്നും ലോഭംകൂടാതെ ലഭിക്കുന്നതിനാൽ വലിയ നിലയിലും കുറഞ്ഞ വിലക്കും കച്ചവടംചെയ്തു മാർക്കററിനെ ഭരിക്കുന്ന അവരോടു മത്സരിച്ചു കച്ചവടംചെയ്തു ജയംനേടുവാൻ ഒന്നും ഒന്നരയുംപലിശകൊടുത്തു പണം വാങ്ങുന്ന നാട്ടുകാർക്കെങ്ങനെ സാധിക്കും. വാണിജ്യം ഒന്നുകൊണ്ടാണ് പാശ്ചാത്യ രാജ്യങ്ങൾ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ളത്. വാണിജ്യാഭിവൃദ്ധിക്കു വേണ്ടിയുദ്ധം ചെയ്യുന്നതിനും കൂടി അവർ സന്നദ്ധരാണ് എന്നുള്ളതു ചരിത്ര പ്രസിദ്ധമാണ്. ബ്രിട്ടീഷുഗവണ്മെൻറുപോലും വാണിജ്യവിഷയത്തിൽ കാണിക്കുന്ന ഔൽസുക്യം എത്ര അഗാധമായിട്ടുള്ളതാണെന്നു ചിലപ്പോൾ ഇംഗ്ലണ്ടിൽനിന്നും വരുന്ന (British goods are the best) (ബ്രിട്ടീഷ് സാമാനങ്ങളാണ് ഏററവും നല്ലവ) എന്ന മുദ്രാവാക്യം തന്നെ ഇതിനു ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ട്. നമ്മുടെ ഗവണ്മെൻറു ഇവിടെ പ്രധാനതൊഴിലായ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട സഹായം ചെയ്യുന്നില്ല. ഭാഷയിലും വേഷത്തിലും ഭരണക്രമത്തിലും അവരെ അനുപദം അനുകരിക്കാൻ സന്നദ്ധമായിരിക്കുന്ന ഗവണ്മെൻറു അനുകരണം അത്യന്താപേക്ഷിതമായിരിക്കുന്ന ഈ സംഗതിയിൽ അന്ധത്വം അവലംബിച്ചിരിക്കുന്നതു ശോചനീയം തന്നേ. നാട്ടുബാങ്കുകൾക്കു കുറഞ്ഞ പലിശക്കു മൂലധനം കിട്ടുവാൻ വേണ്ട ധനസഹായം ഗവണ്മെൻറു ചെയ്തു കൊടുക്കുന്നില്ല. ഇമ്പീരിയൽ ബാങ്കിൽ വളരെ കുറഞ്ഞ പലിശയ്ക്കു തിരുവിതാംകൂർ ഗവണ്മെൻറു രണ്ടുലക്ഷം രൂപാ നിക്ഷേപിച്ചിട്ടുണ്ടെന്നു ബഡ്ജററിൽ കാണുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ പലിശയില്ലാതെ തന്നെ ആ ബാങ്കിൽ അനവധി രൂപാ ഗവണ്മെൻറു നിക്ഷേപിച്ചിട്ടുണ്ടെന്നു ഫിനാൻഷ്യൽ സിക്രട്ടറി തന്നെയും സമ്മതിക്കാതിരിക്കയില്ല. ഈ പണം നാട്ടുകാരുടെ ബാങ്കിൽ കുറഞ്ഞ പലിശക്കു കൊടുക്കുന്ന പക്ഷം ജനങ്ങൾക്കു വലിയ സൗകര്യം ഉണ്ടാവുകയും ഗവണ്മെൻറിനു നല്ല ആദായം ലഭിക്കയും ചെയ്യുമായിരുന്നു. നാട്ടുബാങ്കുകൾ അഭിവൃദ്ധിയെ പ്രാപിക്കുന്നതു നാട്ടിനു ശാശ്വതമായ ക്ഷേമത്തെയാണ് പ്രദാനം ചെയ്യുന്നത്.

അതു പോലെ തന്നെ ഈ നാട്ടിലുള്ള അസംസ്കൃതങ്ങളും സംസ്കൃതങ്ങളും ആയ സാമാനങ്ങളെ വിദേശങ്ങളിൽ അയക്കുന്നതിനും അവിടെ നല്ല മാർക്കററു കണ്ടു പിടിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യണം. ഇവിടത്തെ കച്ചവടവും വ്യവസായവും അഭിവൃദ്ധിയെ പ്രാപിക്കയാണെങ്കിൽ സ്വാതന്ത്ര്യവും ആദായവുമുള്ള മാർഗ്ഗങ്ങളെ അപേക്ഷിച്ചു സർക്കാർ ജീവനത്തിൽ കയറുവാൻ ഇന്നത്തെപ്പോലെ നമ്മുടെ വിദ്യാസമ്പന്നരായ ചെറുപ്പക്കാർ പ്രാണത്യാഗം ചെയ്യുന്നതല്ല. അതോടുകൂടി തൊഴില്ലായ്മ എന്ന മഹാരോഗത്തിനു ശമനം ഉണ്ടാവുകയും രാജ്യം നാൾക്കുനാൾ ഐശ്വര്യത്തെ പ്രാപിക്കയും ചെയ്യും.

ഇവിടെ ഇറിഗേഷൻ വകക്ക് അനവധി പണം ചിലവു ചെയ്യുന്നുണ്ടെങ്കിലും ഉദ്ദേശിക്കുന്നതു പോലെയുള്ള ഫലം സിദ്ധിക്കുന്നുണ്ടോ എന്നുള്ള കാര്യം സംശയമാണ്. നാഞ്ചിനാട്ടിലല്ലാതെ മററങ്ങും തന്നെ ജലസേചന സൌകര്യം ഗവണ്മെൻറു ചെയ്തു കൊടുക്കുന്നില്ല. നെൽകൃഷിയുടെ അതി പ്രധാന കേന്ദ്രമായ കുട്ടനാട്ടിൽ അനേകായിരം ഏക്കർ നിലം പുഞ്ചകൃഷി ചെയ്യുന്നുണ്ട്. ഈ നിലങ്ങളിൽ കെട്ടിനിൽക്കുന്ന വെള്ളം കളയുന്നതിനു വേണ്ടതായ തോടുകൾ വീതി കൊടുക്കാത്തതു കൊണ്ടു പുഞ്ചകൃഷി നാൾക്കുനാൾ ക്ഷയിച്ചു വരുന്നു. അതു പോലെ തന്നെ കൊല്ലം താലൂക്കിൽ കല്ലടയിലും മററല്ലാ താലൂക്കുകളിലും മൈനർ ഇറിഗേഷനു വേണ്ടത്ര സൌകര്യങ്ങൾ ഇല്ലാത്തതു നിമിത്തം കൃഷി ഒന്നിനൊന്നു അധഃപതിച്ചു വരുന്നു. അതിനാൽ മൈനർ ഇറിഗേഷന ആണ്ടുതോറും സംതൃപ്തിയടയാതെ ഗവണ്മെൻറിൽ നിന്നും ഒരു പദ്ധതി തയ്യാറാക്കി ബഡ്ജററിൽ ഒരു തുക നീക്കിവച്ചു കൃഷിക്കാരുടെ സങ്കടങ്ങളെ പരിഹരിക്കണം.

കൃഷിവായ്പ കൊടുക്കുന്ന ഇപ്പോഴത്തെ ഏർപ്പാടു നിഷ്പ്രയോജനമായിട്ടാണു കണ്ടുവരുന്നത്. കൃഷിക്കാരോടു യാതൊരു വിധമായ അനുഭാവവുമില്ലാത്ത റവന്യൂ ഉദ്യോഗസ്ഥന്മാർ കൃഷി വായ്പ കൊടുത്തു വരുന്നവിഷയത്തിൽ വളരെ അനൌചിത്യങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. അതിനാൽ ഈ ഭാരം ഡിവലപ്പ്മെൻറ് ബോർഡു നിർദ്ദേശിച്ചിട്ടുള്ളതുപോലെ കൃഷിഡയറക്ടറെത്തന്നെ ഏൽപ്പിക്കണം.

ഗതാഗതസൌകര്യങ്ങൾക്കായി പൊതുമരാമത്തുവകുപ്പിൽ ഒരു വലുതായ തുക ൨,൮൩,൦൦൦ രൂപാ നീക്കിവച്ചിട്ടുണ്ടെങ്കിലും അതിനെ വിതരണം ചെയ്തിരിക്കുന്ന രീതി സൂക്ഷിച്ചു പരിശോധിക്കുന്നതായാൽ വളരെ അതൃപ്തികരമായിരിക്കുന്നു. ഈ തുക എസ്റ്റിമേററു തയ്യാറാക്കാത്ത വേലകൾക്കാണു അനുവദിച്ചിട്ടുള്ളത്. എസ്റ്റിമേററ് അനുവദിച്ചുവരാതെ വേലകൾ തുടങ്ങാൻ പാടില്ലെന്നു ഒരു നിയമം ഉണ്ടു. ഈ തുക ബഡ്ജററിൽ ചേർത്തതു കൊണ്ടു എന്താണു പ്രയോജനം? കീഴ്നടപ്പിനെ പരിശോധിക്കുന്നപക്ഷം പൊതുമരാമത്തു വേലകൾക്കു അനുവദിച്ചിട്ടുള്ള പണം മുഴുവനും ലാപ്സായി പോകുകയാണ് ചെയ്യുന്നതു എന്നു കാണാം. സാധാരണയായി എസ്റ്റിമേററുകൾ ഉണ്ടാക്കുകയും അതു അനുവദിച്ചു വരികയും ചെയ്യുന്നതു അത്ര എളുപ്പമുള്ളതല്ല. ജനങ്ങൾ അനേകകാലമായി മുറവിളികൂട്ടി അപേക്ഷിച്ചുകൊണ്ടിരിക്കുന്ന അനവധി റോഡുകളും മററും എസ്റ്റിമേററുള്ളവ ഉണ്ടായിരിക്കെ ഇപ്രകാരം വലിയ തുകകൾ ലാപ്സാകാൻ അനുവദിക്കുന്നതു ക്ഷന്തവ്യമല്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോടു): കഴിഞ്ഞ കൊല്ലം ലാപ്സായിപ്പോയിട്ടുള്ളതായി അറിയാമോ?

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): അറിയാം.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോടു): ഏതു ഡിവിഷനിൽ ആണെന്നു അറിയാമോ?

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): എല്ലാ ഡിവിഷനിലും ലാപ്സായി പോയിട്ടുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോടു): ഇറിഗേഷൻ ഇനത്തിലോ പബ്ളിക്ക് വർക്സ് ഇനത്തിലോ?

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): രണ്ടിനത്തിലും ഉണ്ട്.

ജനങ്ങൾ ഏറിയകാലമായി അപേക്ഷിച്ചു കൊണ്ടിരിക്കുന്ന റോഡുകൾക്കും മററും എസ്റ്റിമേററുകൾ ഉണ്ടായിരിക്കേ ജനനിവാസം കുറഞ്ഞ മലകളിൽ റോഡുവെട്ടിക്കൊടുക്കുന്ന സമ്പ്രദായം ഒട്ടും ക്ഷന്തവ്യമല്ല. ഇവിടെ പല സ്ഥലങ്ങളിലും മോട്ടാർ വാഹനങ്ങൾ നടപ്പുള്ളതു കൊണ്ടു റോഡുകൾ എല്ലാം ശരിയാക്കി ഇടുന്ന പക്ഷം ഈ രാജ്യത്തു മേലാൽ കൂടുതൽ റയിൽവേ നടപ്പാക്കേണ്ട ആവശ്യമേ ഇല്ല. റെയിൽവേ ഈ രാജ്യത്തെ സ്ഥിതിക്കു ഗുണകരമല്ലെന്നു മാത്രമല്ല അതിലേക്കു നമ്മുടെ കോശസ്ഥിതി അനുവദിക്കുന്നുമില്ല. ഇനിയും റയിൽവേ തുറക്കണമെങ്കിൽ പണം കടം വാങ്ങിക്കാതെ നിവൃത്തിയില്ല. ഇങ്ങിനെ വാങ്ങിക്കുന്ന കടത്തിനു ആണ്ടുതോറും കൊടുക്കേണ്ട പലിശയുടെ വലിപ്പം, ആയതു മുടങ്ങാതെ കൊടുത്തു തീർപ്പാനുള്ള വഴികൾ, അതു ക്ലിപ്തകാലത്തിനകത്തു കൊടുക്കാനുള്ള നിശ്ചയങ്ങൾ, അതിലേക്കുള്ള ഗവണ്മെൻറിന്റെ കോശസ്ഥിതി, ജനങ്ങളുടെ ധനാഭായ നില ഇതുകളെപ്പററി ഗാഢമായി പര്യാലോചിക്കേണ്ടതാണ്. ഈ സംഗതികളെ എല്ലാം വേണ്ട പോലെ ആലോചിക്കാതെ ദ്രുതഗതിയിൽ പ്രവർത്തിക്കുന്നതായാൽ അതിൽ നിന്നും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഈ രാജ്യവും ജനങ്ങളും ഒരു പോലെ അനുഭവിക്കേണ്ടതായി വരും. തിരുവനന്തപുരം പട്ടണത്തിന്റെ അലങ്കാരത്തിനായി വിനിയോഗിക്കുന്ന പണത്തിനു കണക്കില്ല. എന്നാൽ തിരുവിതാംകൂറിലെ പട്ടണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത കൊല്ലം പട്ടണത്തിലെ ചില റോഡുകൾ തിരുവനന്തപുരം പട്ടണം സന്ദർശിച്ചിട്ടു വരുന്ന ഒരു വിദേശി കാണുകയാണെങ്കിൽ ഈ രണ്ടു പട്ടണങ്ങളുടെയും ഭരണാധികാരം ഒരു ഗവണ്മെൻറിൽ തന്നെയാണോ സ്ഥിതി ചെയ്യുന്നതു എന്നു അമ്പരന്നു ചോദിക്കാതിരിക്കയില്ല. അത്രകണ്ടു നികൃഷ്ടാവസ്ഥയിലാണ് കൊല്ലം പട്ടണത്തിലെ ചില റോഡുകളെ അനേക കൊല്ലങ്ങളായി ഗവണ്മെൻറു അവഗണിച്ചിരിക്കുന്നതു. അതിനാൽ ഇതിലേക്കു ഒരു പ്രതിവിധി ഉടനെ ചെയ്യുന്നതിലേക്കു ഗവണ്മെൻറിനെ ഏററവും ശക്തിയായി ഞാൻ അറിയിച്ചുകൊള്ളുന്നു.

പൊതുജനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ ഞാൻ ആവശ്യപ്പെടുന്നതു ഈ രാജ്യത്തെ പൊതുവേയുള്ള സാമ്പത്തിക നിലയുടെ അഭിവൃദ്ധിക്കു വേണ്ടി കൊല്ലം തുറമുഖത്തു ഒരു പീയർ സ്ഥാപിക്കണമെന്നുള്ളതാണു. അതിലേക്കു ഗവണ്മെൻറിന്റെ ശ്രദ്ധ പതിയണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

മി: ജി. പി. നീലകണ്ഠപിള്ള (കരുനാഗപ്പള്ളി): ബഡ്ജററ് തയ്യാറാക്കിയതിൽ വല്ല കല്പനാശക്തിയും പ്രയോഗിച്ചിട്ടുണ്ട് എന്നുള്ളതിലേക്കു മുമ്പിലിരുന്ന ഫിനാൻഷ്യൽ സെക്രട്ടറിമാരെ എന്നപോലെ ഇപ്പോഴത്തെ ഫിനാൻഷ്യൽസെക്രട്ടറിയേയും അഭിനന്ദിക്കുന്നില്ല. അതു പതിവുപോലെ സംസ്ഥാനത്തിലെ വരവുചിലവുകളെക്കാണിക്കുന്ന ഒരു വിരസമായ കണക്കുബുക്കുമാത്രമാണ്. അതിൽ സൃഷ്ടിപരമായ യാതൊരു വിശേഷമായ നയവും കാണുന്നില്ല. മുമ്പു ഒരു മെമ്പർ പറഞ്ഞതുപോലെ ഈ കൌൺസിലിനാലും, ഓരോ കാര്യങ്ങൾക്കും നിയമിച്ചിട്ടുള്ള പ്രത്യേക കമ്മിററികളാലും രൂപീകൃതമായിട്ടുള്ള പദ്ധതികളും നിർദ്ദേശങ്ങളും ശിപാർശകളും ഗവണ്മെൻറു സ്വീകരിക്കാത്തതിനെപ്പററി വല്ല സമാധാനവും പറഞ്ഞിരുന്നു എങ്കിൽ അതുകൊണ്ടെങ്കിലും

ങ്ങൾ തൃപ്തിപ്പെട്ടമായിരുന്നു. നമുക്കുള്ള നീക്കിയിരിപ്പിൽനിന്നും ഇരുപത്തിനാലു ലക്ഷത്തിൽ ശിഷ്ടം രൂപയുടെ ഒരു ഓവർഡ്രാഫ്റ്റ് ചെയ്യേണ്ടിവരുമെന്നു ബഡ്ജറ്റിൽ നിന്നും കാണാവുന്നതാണ്. ചെങ്കോട്ട-കൊല്ലം റയിൽവേയെ സംബന്ധിച്ചു നമുക്കു ഉണ്ടായിട്ടുള്ള കഠിനമായ ബാദ്ധ്യതകൾ നോക്കുമ്പോൾ ഈ നീക്കിയിരിപ്പു ബഡ്ജറ്റു സാരമായതാണോ നാം കടംവാങ്ങിയ തുകകളാൽ പ്രകാശപ്പെടുത്തിയതാകുന്നു. ഞങ്ങൾക്കു അതുവേണം ഇതുവേണം, ഞങ്ങളുടെ താലൂക്കിൽ റോഡുകൾ ഇല്ല. ഭരണയന്ത്രം ന്യൂനതയോടുകൂടിയിരിക്കുന്നു. 'പലേ അഴിമതികളും കാട്ടിവരുന്നു' എന്നിങ്ങനെയുള്ള പല നിവേദനങ്ങളും, ഈ സഭയിലെ ജനപക്ഷത്തിൽനിന്നും പ്രജാസഭാ മെമ്പർമാരിൽ നിന്നും വന്നുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ഗവർമ്മെന്റു ഇവയിൽ അത്യന്തം ഉദാസീനത കാണിക്കയും സംഗതികൾ ശരിപ്പെടുത്തുന്നതിനു യാതൊരു ഔൽസുക്യവും എടുക്കാതെയും ആണ് ഇരിക്കുന്നതു എന്നു ഞങ്ങൾക്കു മനസ്സിലാകുന്നു. ഇതിനെല്ലാം കാരണമാകുന്നതു എന്താണ്? ശരിയായി ജോലിനടത്താൻ ശക്തിയില്ലാത്ത വിധത്തിൽ ന്യൂനതാപരമായ ഭരണയന്ത്രം ഒന്നുതന്നെയാകുന്നു. സംഗതികളെ നിയന്ത്രിക്കാൻ ഞങ്ങൾക്കു അധികാരം ഇല്ല. റെഗുലേഷൻപ്രകാരം ഞങ്ങൾക്കു ചില അധികാരങ്ങൾ നല്കിയിട്ടുണ്ട്. ബഡ്ജറ്റിനെപ്പററിയുള്ള സാമാന്യനിരൂപണം ചെയ്യുന്നതിനു ഞങ്ങൾക്കു അധികാരം ഉണ്ട്. ഗ്രാന്റുകൾക്കുള്ള അഭ്യർത്ഥനകളെ സംബന്ധിച്ചു ഞങ്ങൾക്കു വോട്ടുചെയ്യാം. ഞങ്ങൾക്കു ഗ്രാന്റിന്റെ തുകകളെ കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങൾ പാസ്സാക്കാം. എന്നാൽ ഗവർമ്മെന്റിനു മനസ്സില്ലെങ്കിൽ അവർക്കു ഇവയെപ്പററി ഗൗനിക്കാതിരിക്കാം. ഞാൻ പറഞ്ഞതുപോലെ ഇന്നിന്ന കാര്യങ്ങൾക്കു പണങ്ങൾ ചിലവു ചെയ്യണമെന്നു ഗവർമ്മെന്റിനോടു ആവശ്യപ്പെടാൻ ഞങ്ങൾക്കു അധികാരമില്ല. ഞങ്ങൾ ഇവിടെ വരികയും വാദപ്രതിവാദങ്ങൾ നടത്തുകയും നിശ്ചയങ്ങൾ പാസ്സാക്കയും ചെയ്യുന്നുണ്ട്. ഇതെല്ലാം ഞങ്ങളുടെ വ്യക്തിപരമായ ഗുണത്തെ ഉദ്ദേശിച്ചു ഞങ്ങൾ ചെയ്യുന്നതല്ല. എന്നാൽ സംസ്ഥാനത്തിന്റെ പൊതു നന്മയെ ഉദ്ദേശിച്ചാണ്. ഞങ്ങൾ ചെയ്യുന്ന ശിപാർശകൾ അനുസരിച്ചു പ്രവർത്തിപ്പിക്കാൻ ഞങ്ങൾക്കു അധികാരമില്ലെങ്കിൽ ഞങ്ങൾ ആണ്ടിൽ നാലോ അഞ്ചോ തവണ ഇതുപോലെ ഇവിടെ കൂടുന്നതു വെറും സമയദുർവ്യയം മാത്രമാകുന്നു. മററു മെമ്പർമാർ ചോദിക്കുന്ന ചോദ്യങ്ങൾക്കു കൊടുക്കുന്ന ഉത്തരങ്ങളെ സംബന്ധിച്ചു ഉപചോദ്യങ്ങൾ ചോദിക്കാനുള്ള നിരുപദ്രവകരമായ പ്രാഥമികാവകാശം പോലും ഞങ്ങൾക്കു തന്നിട്ടില്ല. റെഗുലേഷന്റെ ഇപ്പോഴത്തെ പ്രവർത്തനനില ഈ വിധമാകുന്നു. ഒരു മെമ്പർ പറഞ്ഞതുപോലെ ബർഡോളിയിലെ ജനങ്ങൾ ചെയ്തതുപോലെ തുടങ്ങാനും ഞങ്ങൾ പോകുന്നില്ല. എന്നാൽ മുഴുവൻ ഗ്രാന്റുകളും ഞങ്ങൾ കുറയ്ക്കുകയും ഗവർമ്മെന്റ് പ്രത്യേകാധികാരം വിനിയോഗിച്ച് അനുവദിക്കയും ചെയ്യാതെ നിവൃത്തിയില്ലാത്ത പതനത്തിൽ ഞങ്ങൾ കൊണ്ടുവിടുകയും ചെയ്യും. ഞങ്ങൾ ഈ കൌൺസിലിൽ ചെയ്യുന്ന ന്യായമായ ഞങ്ങളുടെ അഭ്യർത്ഥനകളെ ഗവർമ്മെന്റ് അനുവദിക്കാതെ ഇനിയും ശാഠ്യം പിടിക്കുന്നപക്ഷം, പിന്നീടു എന്താണ് ചെയ്യേണ്ടതു എന്നുള്ള സംഗതിയെപ്പററി ഞങ്ങൾ ആലോചിക്കും. ഞങ്ങളുടെ അധികാരങ്ങൾ വളരെ പരിമിതമാണെന്നുമാത്രമല്ല, ചിലവിഷയങ്ങളിൽ ഞങ്ങൾക്കു പ്രവേശിക്കാൻ പോലും അനുവാദം ഇല്ല. തുറമുഖങ്ങളിൽനിന്നും നമുക്കു പത്തു ലക്ഷം രൂപായ്ക്കുമേൽ വരവുണ്ട്. എന്നാൽ അതിനെപ്പററി ഞങ്ങൾക്കു ഒന്നും പറയാൻ പാടില്ല. തുറമുഖങ്ങളുടെ നിയന്ത്രണവിഷയത്തിലുള്ള ന്യൂനതാപരങ്ങളായ ചട്ടങ്ങൾ നിമിത്തം ആലപ്പുഴയിലെ കച്ചവടക്കാർക്കു പലേ വിഷമതകളും നേരിടുന്നു എന്നു അവിടത്തെ പ്രധാന കച്ചവടക്കാരിൽനിന്നും ഞങ്ങൾ അറിയുന്നു. യൂറോപ്യൻ ബ്രിട്ടീഷുപ്രജയെ സംബന്ധിക്കുന്നതായ യാതൊരു നിബന്ധനയെ സംബന്ധിച്ചും ഞങ്ങൾക്കു ഒരു അഭിപ്രായവും പറയാൻ പാടില്ല. ഈ വ്യവസ്ഥയുടെ അർത്ഥത്തെ എത്രത്തോളം അനുചിതമായി പ്രയോഗിക്കാമെന്നുള്ള സംഗതി കഴിഞ്ഞ ബഡ്ജറ്റ് യോഗത്തിലെ വാദപ്രതിവാദത്തിനു വിഷയമായിട്ടുള്ളതാണ്. വിദ്യാഭ്യാസവകുപ്പിൽ ഒരു ഇൻഡ്യൻ ഡയറക്ടരെ നിയമിക്കേണ്ട സംഗതി വാദപ്രതിവാദത്തിനുവന്നപ്പോൾ, അതു യൂറോപ്യൻ ബ്രിട്ടീഷുപ്രജകളെ ബാധിക്കുന്ന കാര്യമായതുകൊണ്ടു ആ സംഗതിയെപ്പററി വാദപ്രതിവാദം നടത്തുന്നതിനു ഈ സഭക്കു അധികാരം ഉണ്ടോ എന്നുള്ള ഒരു സംശയം ഗവർമ്മെന്റ് ഭാഗത്തിൽ നിന്നും പുറപ്പെടുവിക്കയുണ്ടായി. പണ്ഡിതനായ ഡെപ്യൂട്ടി പ്രസിഡന്റിന്റെ ശക്തിമത്തായ വാദമൂലം ഞങ്ങൾ ആ പായിന്റ് ജയിച്ചു. ഗവർമ്മെന്റുഭാഗത്തു നിന്നും കൊണ്ടുവന്ന പായിന്റു ആഫ് ആർഡറിനെ ഓവർ റൂൾ ചെയ്യുകയും ചെയ്തു. ഇപ്രകാരമാണ് ഇവിടെ കാര്യങ്ങൾ കഴിഞ്ഞു പോകുന്നതു. മേൽക്കോയ്മയോടുള്ള കരാറുകളും ഉടമ്പടികളും ഞങ്ങളുടെ നിരൂപണത്തിനു വിഷയീഭവിക്കാൻ പാടില്ല. ഇന്റർപോർട്ടൽ കൺവെൻഷൻമൂലം നമുക്കു പ്രതിവർഷം എത്രയോ ലക്ഷം രൂപാ നഷ്ടമാകുന്നുണ്ട് എന്നുള്ള സംഗതി അവിടേക്കുതന്നെ അറിയാമല്ലോ.

കടം വാങ്ങിയിട്ടുള്ള പണത്തിന്റെ പലിശയെപ്പററിയും ഋണമോചനധനത്തെപ്പററിയും നിരൂപിക്കാൻ പാടില്ലാത്തവിധത്തിൽ നമ്മുടെ നിയമസഭാചട്ടങ്ങളിൽ ഒരു നിബന്ധനയുണ്ട്. ചെങ്കോട്ട-കൊല്ലം റയിൽവേസംബന്ധിച്ചു നമുക്കു വന്നുചേർന്നിട്ടുള്ള വലുതായ കടബാദ്ധ്യതകളെ വീട്ടിത്തീർക്കുന്നതിനു വേണ്ടിയാണ് ഋണമോചനധനം (Sinking fund) ഉണ്ടാക്കിയിട്ടുള്ളതു. ഈ ധനത്തെ ഇൻഡ്യാഗവർമ്മെന്റു സിക്യൂറിററി ബോണ്ടുകളിലാണ് നാം ഇട്ടിരിക്കുന്നതു. ഇവയിൽനിന്നും കിട്ടുന്ന പലിശ വളരെ കുറവാകുന്നു. ഒരു സംസ്ഥാനബാങ്കു ഏർപ്പെടുത്തേണ്ടതിനെപ്പററി ധനപരിപോഷണബോർഡു ഒരു പദ്ധതി നിർദ്ദേശിച്ചു. ഇതു ഈ സഭയിൽ ഒരു വാദപ്രതിവാദവിഷയമായി ഭവിക്കയും സഭയിൽനിന്നും അതിന്മേൽ ഐകകണ്ഠ്യേന ഒരു നിശ്ചയം പാസാക്കപ്പെടുകയും ചെയ്തതുകൂടാതെ അപ്രകാരം ഒരു ബാങ്കു ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കാലേകൂട്ടി തുടങ്ങണമെന്നു ഗവർമ്മെന്റിനോടു സഭയിൽനിന്നും ആവശ്യപ്പെടുകയും ചെയ്തു. ഞങ്ങളുടെ ശിപാർശയെ ഗവർമ്മെന്റിൽനിന്നും പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിരുന്നെങ്കിൽ ജനങ്ങളുടെ ഭൗതികാഭിവൃദ്ധിക്കു ഉതകുന്നവിധത്തിൽ ഈ ഋണമോചനധനങ്ങളെ ഈ വക ബാങ്കുകളിൽ ആദായകരമായി നിക്ഷേപിക്കാമെന്നുള്ളതായിരുന്നു. അതുപോലെതന്നെ ഒരു സഹകരണ സെൻട്രൽബാങ്കുണ്ടല്ലോ. ഈവക ധനങ്ങളെ അവിടെ നിക്ഷേപിച്ചിരുന്നു എങ്കിൽ അവിടെനിന്നും കൂടുതൽനിരക്കിനുള്ള പലിശ കിട്ടുമായിരുന്നു. ജനങ്ങളുടെ ഗുണത്തെയാണ് ഗവർമ്മെന്റു നോക്കേണ്ടതു്. അതല്ലാതെ ബ്രിട്ടീഷുകാരുടെ ലാഭത്തെ അല്ല.

വേറൊരു സംഗതിയെപ്പററി എനിക്കു പറയാനുള്ളതു മഹാരാജാവു തിരുമനസ്സുകൊണ്ടു നേരിട്ടു നിയമിക്കുന്ന ചില ഉദ്യോഗസ്ഥന്മാരുടേയും അതുകൂടാതെ ൫൦൦ രൂപായും അതിനുമേലും ശമ്പളമുള്ളവരുടേയും ശമ്പളങ്ങളെപ്പററി പരിചിന്തിക്കുന്നതിനു ഞങ്ങൾക്കു അവകാശം ഇല്ലെന്നുള്ളതാകുന്നു. ഈ വിഷയത്തിൽ ഞങ്ങൾക്കു വല്ല അധികാരവും ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോഴുള്ള കയ്ക്കൂലി മുതലായ അഴിമതികൾ എത്രയോ മുമ്പെ നിന്നുപോകുമായിരുന്നു. എന്നുമാത്രമല്ല ദുഷ്കീർത്തിക്കു വിഷയീഭവിക്കുന്ന ഉദ്യോഗസ്ഥന്മാർ രാജ്യത്തിൽനിന്നും ഭാണ്ഡംകെട്ടുകയും ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ ഞങ്ങൾ അറിയാതെ നടപ്പിൽ വരുത്തീട്ടുള്ള ആ നാശകരമായ നിയമം, അതായതു വർത്തമാനപത്രറെഗുലേഷൻ വർത്തമാനപത്രങ്ങളുടെ വായ പൂട്ടിക്കളഞ്ഞിരിക്കുന്നതും ഈ ഉദ്യോഗസ്ഥന്മാർ അതിന്റെ തണലിൽ അഭയം പ്രാപിച്ചു അവരുടെ തോന്ന്യാസങ്ങൾ പ്രവർത്തിക്കുന്നതിനു അനുവദിച്ചിരിക്കുന്നതും ആകുന്നു.

ഞാൻ ഇത്രയും പറഞ്ഞതു ഞങ്ങൾക്കു ഈ കൌൺസിലിലുള്ള അധികാരങ്ങൾ വർദ്ധിപ്പിക്കുന്നതിനേയും എക്സിക്യൂട്ടീവ് ഗവണ്മെന്റു നിവൃത്തിയുള്ളടത്തോളം നിയമകർത്താക്കന്മാരോടു നേരിട്ടു ഉത്തരവാദിത്വം ഉള്ളവരായിരിക്കണമെന്നുള്ളതിനേയും ഉദ്ദേശിച്ചാകുന്നു. രാജ്യഭരണത്തിൽ ഇപ്പോൾ സർവസാധാരണമായിരിക്കുന്ന കൈക്കൂലി അനീതി അസമത്വങ്ങൾ ഇതുകളെ ബഹിഷ്കരിക്കുന്നതിന് ഈ ഒരു ഉപശാന്തി മാത്രമെയുള്ളു. ഞങ്ങൾക്കു ഇപ്പോൾ ഇവിടെ വന്നു ഇന്നിന്നപദ്ധതികൾ അഭിവൃദ്ധിയാക്കണം എന്നും ഗവണ്മെന്റു ആജ്ഞ ചെയ്യുന്നില്ലാ എന്നും പറയാൻ അധികാരം ഉണ്ടെന്നുള്ളതിനു സംശയമില്ല. എന്നാൽ ഇപ്പോഴത്തെ ഭരണസമ്പ്രദായം നടപ്പിൽ ഇരിക്കുന്നിടത്തോളംകാലം ഈ പരാതി നിലനിൽക്കതന്നെ ചെയ്യും. ഇപ്പോഴത്തെ അവസ്ഥയിൽ ഉണ്ടാകുന്ന സ്ഥിതിഗതികൾ നന്നാകണമെങ്കിൽ ഇപ്പോഴത്തെ ഭരണയന്ത്രം മുഴുവൻ ഇളക്കി പ്രതിഷ്ഠിച്ചാലല്ലാതെ അതിനു സാധിക്കുന്നതല്ല. ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ തങ്ങളുടെ ഉദ്യോഗത്തിനു രക്ഷയില്ലെന്നുള്ളതായി ഒരു അസ്വാസ്ഥ്യം വന്നു വശായിട്ടുണ്ട്. സേവാബലമാണു പ്രബലതയിൽ ഇരിക്കുന്നതു എന്നും അതാണ് ഇന്നത്തെ ന്യായമെന്നും യോഗ്യതകളെ അവഗണിക്കുന്നു എന്നും അവകാശങ്ങൾക്കു മാനമില്ലെന്നും ഉള്ള പരാതികൾ നാം ദിവസേന കേട്ടുവരുന്നുണ്ടു. പരാതികൾ ശരിപ്പെടുത്താൻ ഞങ്ങൾക്കു അധികാരമുണ്ടെന്നുള്ള ധാരണയിന്മേൽ ദിവസേന ഞങ്ങളുടെ അടുക്കൽ പരാതികൾ വരുന്നുണ്ടു. ഞങ്ങൾക്കു ഈ സംഗതിയിൽ ഒന്നുംചെയ്യാൻ സാധിക്കുന്നതല്ലെന്നുള്ള വാസ്തവസ്ഥിതിയെ ഞങ്ങൾ അവരെ പറഞ്ഞു മനസ്സിലാക്കുന്നു. ഞങ്ങളുടെ വെട്ടിക്കുറക്കുന്നതിനുള്ള ഉപക്ഷേപങ്ങളും ലക്ഷ്യോപപക്ഷങ്ങളും കേവലം വനരോദനങ്ങൾ ആകുന്നു.

ഇനി രാജ്യത്തെ ഭൗതികക്ഷേമത്തെപ്പററി പറകയാണെങ്കിൽ അതായതു രാജ്യത്തിന്റെ സാമ്പത്തികപുനരുദ്ധാരണത്തേയും ഗ്രാമീണപുനഃസംഘടനത്തേയും പററി പറയുകയാണെങ്കിൽ ഞങ്ങളുടെ നിർദ്ദേശങ്ങളേയും ശിപാർശകളേയും ആരാണ് അംഗീകരിക്കാൻ പോകുന്നതു. ഒരു ധനപരിപോഷണസമിതിയുണ്ടാക്കിയിട്ടുണ്ടു. അവർ ദിവസേന ഓരോ നിർദ്ദേശങ്ങൾ ചെയ്യുന്നുണ്ടു. എന്നാൽ അവയെ ആരാണ് അംഗീകരിക്കാൻ പോകുന്നത്? കഴിഞ്ഞ തവണയാണെന്നു തോന്നുന്നുണ്ടു, ലണ്ടനിൽ ഒരു കച്ചവട ഏജൻറിനെ നിയമിക്കണമെന്നു അവർ നിർദ്ദേശിച്ചു. എന്നാൽ ആ നിർദ്ദേശത്തെ അംഗീകരിച്ചില്ല. അതിനുള്ള കാരണമെന്താണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. തങ്ങളെ നിയന്ത്രിക്കുന്നതിനും വഴികാണിക്കുന്നതിനും തങ്ങളുടെ ചരക്കുകൾക്കുള്ള മാർക്കററുകൾ കാട്ടിക്കൊടുക്കുന്നതിനും ആയിട്ടു ലണ്ടനിൽ ഒരു ഏജൻറുണ്ടെങ്കിൽ തിരുവിതാംകൂറിലെ കച്ചവടക്കാരും എത്രയോ മെച്ചപ്പെട്ടസ്ഥിതിയിൽ ആയിരിക്കുമെന്നാണു കച്ചവടക്കാരിൽ വിദഗ്ദ്ധന്മാരുടെ അഭിപ്രായം.

ഇതിനുംപുറമെ രാജ്യത്തിന്റെ ഒരു സാമ്പത്തികസർവെ നടത്തണമെന്നു അവർ നിർദ്ദേശിച്ചു. അതിനുംപുറമെ ഒരു ഭൂസ്വത്തുജാമ്യബാങ്കു ഏർപ്പെടുത്തേണ്ടതിനെപ്പററിയും അവർ നിർദ്ദേശിക്കയുണ്ടായി. ഈ പദ്ധതികളെപ്പററി ഈ സഭയിൽ വാദപ്രതിവാദങ്ങൾ നടത്തുകയും നിശ്ചയങ്ങൾ പാസാക്കുകയും ചെയ്തു എങ്കിലും ഗവണ്മെന്റു അവയെ അംഗീകരിച്ചിട്ടില്ല. ഫിനാൻഷ്യൽസെക്രട്ടറിയുടെ ബഡ്ജററുപ്രസംഗത്തിൽ അതിനെപ്പററി ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. ഈ പദ്ധതികളെപ്പററി ഗവണ്മെന്റു ആലോചിച്ചോ എന്നും അവയെ അവർ അംഗീകരിക്കാൻ പോകുന്നുണ്ടോ എന്നും ഞങ്ങൾക്കു അറിഞ്ഞുകൂടാ.

നമ്മുടെ വ്യവസായഡിപ്പാർട്ടുമെന്റു ഇപ്പോഴും പരീക്ഷണനിലയിൽ ഇരിക്കുന്നതേയുള്ളു. എന്നാൽ ഇതുവരെ അതു നടത്തിയിട്ടുള്ള പരീക്ഷണങ്ങൾ എല്ലാം വിഫലതയിലാണു എത്തിയിട്ടുള്ളതു. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിനു നമുക്കുവേണ്ടിയും രാജ്യത്തിനുവേണ്ടിയും ഒരു കാര്യം ചെയ്യാമായിരുന്നു. സംഘടനത്തോടെ കുടിൽവ്യവസായങ്ങളെ സ്ഥലം തിരിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്നതിനു അതിനു കഴിയുമായിരുന്നു.

തിരുവിതാംകൂറിന്റെ വടക്കെഅററംമുതൽ തെക്കെഅററംവരെ എല്ലാഇടത്തും ഈവകവ്യവസായങ്ങൾ ഉണ്ട്. ഇവയെപ്രോത്സാഹിപ്പിക്കയും അവയ്ക്കു മാർക്കററുകൾ കണ്ടുപിടിക്കയും ചെയ്യാമായിരുന്നു. ഇതു തൊഴിലാളികൾക്കു ഒരു വലിയ അനുഗ്രഹമായിരുന്നേനെ. വ്യവസായഡിപ്പാർട്ടുമെൻറുകാർ ഇക്കാര്യമെങ്കിലും ചെയ്യുമെന്നു ആശിച്ചിരുന്നു. എന്നാൽ ഇതുതന്നെയും ചെയ്തിട്ടില്ല. ലണ്ടനിലെ ഇമ്പീരിയൽ ഇൻസ്റ്റിറ്റ്യൂട്ടിനു ഡയറക്ടർ എഴുതിഅയച്ചതിൽ മെത്തപ്പായ്ക്കു (കൈതപ്പായ്ക്കു) അവിടെ തല്ക്കാലം മാർക്കററില്ലെന്നു മറുപടികിട്ടിയതായി ഡയറക്ടരുടെ റിപ്പോർട്ടിൽ പറഞ്ഞുകാണുന്നു. അതു എന്റെ താലൂക്കിലെ പ്രധാനവ്യവസായമാണ്. അതാണ് ഞാൻ അതിനെപ്പററി പ്രത്യേകിച്ചു എടുത്തുപറയുന്നതു. അതു ഇരണ്ടുമൂന്നു പകുതികളിലെ കുടിൽവ്യവസായമാണു്. ഈ വ്യവസായത്തിൽനിന്നും അവർ ആദായം ഉണ്ടാക്കുന്നുണ്ട്. എന്നാൽ ഈപായ്കൾക്കു മാർക്കററ് ഇല്ലെന്നു ഇമ്പീരിയൽ ഇൻസ്റ്റിറ്റ്യൂട്ടുകാർ മറുപടികൊടുത്തതായി ഡയറക്ടർ പറയുന്നു. ഡാക്ടർ കുഞ്ഞൻപിള്ള വെംബ്ലിപ്രദർശനംകഴിഞ്ഞു തിരിച്ചുവന്നപ്പോൾ, ഈ സാമാനങ്ങൾക്കു അവിടത്തെ കമ്പോളങ്ങളിൽ ആവശ്യമുണ്ടെന്നു പറകയുണ്ടായി. അതു [illegible] ആണ് മാർക്കററ് മെച്ചപ്പെട്ടിട്ടില്ല. ഈ സാമാനങ്ങൾക്കു ഇപ്പോഴും ആവശ്യമുണ്ട്. ആലപ്പുഴയിലെ കച്ചവടക്കാർ ഈവക പായ്കളും പായ്ച്ചരക്കുകളും ധാരാ

ട്ടമായി കപ്പലിൽ കയററിഅയക്കുന്നുണ്ട്. അവർ ഒരു മാർക്കററ് കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ ഈ ഡയറക്ടർ എന്താണ് ചെയ്യുന്നത്? നമ്മുടെ വ്യവസായങ്ങളുടെ വിഷയത്തിൽ അദ്ദേഹത്തിനു വഴികാട്ടിത്തരികയും നമ്മുടെ സാമാനങ്ങൾക്കു മാർക്കററു കണ്ടുപിടിച്ചുതരികയും എങ്കിലും ചെയ്യുമോ? ഞങ്ങളിൽനിന്നും ഒരു വലിയശമ്പളം പററിക്കൊണ്ടിരിക്കുന്ന അദ്ദേഹത്തിനു ഞങ്ങൾ ഈവഴിയിൽ ഉണ്ടാക്കുന്ന സാമാനങ്ങൾക്കു ഒരു മാർക്കററു കണ്ടുപിടിക്കേണ്ട ലഘുകൃത്യംപോലും ചെയ്യാൻ കഴികയില്ലയോ?

സംസ്ഥാനത്തിലെ കൃഷിയുടെ നിലയെപ്പററി എനിക്കു ഒരുവാക്കു പറയാനുണ്ട്. തിരുവിതാംകൂർ ജനങ്ങളുടെ പ്രധാനതൊഴിൽ കൃഷിയാണെന്നു അവിടേക്കു അറിയാമല്ലോ. എന്നാൽ നെൽകൃഷിചെയ്യുന്ന സ്ഥലങ്ങൾ എത്രയും പരിമിതവുമാകുന്നു. ഉദ്ധകർഷണം കൊണ്ടല്ലാതെ നമുക്കു മുക്തികിട്ടുന്ന മാർഗ്ഗമില്ലെന്നു ഡാക്ടർ കുഞ്ഞൻപിള്ള പറയുന്നു. നമ്മുടെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു അദ്ദേഹം ചില ഉപയോഗപ്രദമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അഭിവൃദ്ധിപ്പെടുത്താനുള്ള മാർഗ്ഗങ്ങളെയും കർഷകന്മാരുടെ ഇന്നത്തെ സ്ഥിതിയേയുംപററി ഒന്ന് ആലോചിക്കുവിൻ. അഭിവൃദ്ധിപ്പെടുത്തുന്നതിനു പണം വേണം. സാധാരണ കർഷകനു പണംകൂടാതെ ഒന്നും ചെയ്യാൻ സാധിക്കയില്ല. മററല്ലാസംഗതികളേയും അപേക്ഷിച്ചു ഇതു കൊണ്ടു ഉദ്ദേശിച്ചാണു ഭൂസ്വത്തുജാമ്യബാങ്കു സ്ഥാപിക്കണമെന്നു ഞങ്ങൾ ഗവണ്മെന്റിനെ ഉപദേശിക്കയും അപേക്ഷിക്കുകയും ചെയ്തതു.

നമ്മുടെ കർഷണത്തെ ലഘൂകരിക്കുന്നതിനു വേണ്ടിടത്തോളവും നല്ലസ്ഥിതിയിലുള്ളതും ആയ ഗതാഗതമാർഗ്ഗങ്ങൾ നമുക്കു ഇപ്പോൾ ഇല്ല. വളങ്ങളും മററു സാധനങ്ങളും തലച്ചുമടുകളായി കൊണ്ടുപോകേണ്ടിയിരിക്കുന്നു. കരുനാഗപ്പള്ളിയിൽ ഞങ്ങൾക്കു വേണ്ടടത്തോളം റോഡുകൾ ഇല്ലെന്നു ഞാൻ തീർച്ചയായി പറഞ്ഞുകൊള്ളുന്നു. ഇതു മദ്ധ്യതിരുവിതാംകൂറിനു മുഴുവൻ പററുന്ന ഒരു വസ്തുതയാണ്. താലൂക്കിന്റെ പടിഞ്ഞാറുവശം കിടക്കുന്ന കായലിനേയും താലൂക്കിന്റെ കിഴക്കെ അതൃത്തിസ്ഥലങ്ങളെയും തമ്മിൽ ബന്ധിക്കുന്നതിനുള്ള റോഡുകൾ ചുരുക്കമാണ്.

ബഡ്ജററിൽ പൊതുമരാമത്തുവേലകൾക്കും പബ്ലിക്കു ഗതാഗതമാർഗ്ഗങ്ങൾക്കും പണം നീക്കിവച്ചിട്ടുണ്ട്. എന്നാൽ കരുനാഗപ്പള്ളിക്കാരായ ഞങ്ങൾക്കു ഗതാഗതമാർഗ്ഗങ്ങൾ ഇല്ല. ശരിയായതോടുകളും വാച്ചാലുകളും ഇല്ലാത്തതുകൊണ്ട് അതിവർഷകാലത്തു ന. ം ദിവസംവരെ വെള്ളംകെട്ടിക്കിടന്നു പലദോഷങ്ങളും ഉണ്ടായിട്ടുണ്ട്.

ആ സമയത്തു ചവറയിൽനിന്നും ശാസ്താംകോട്ടക്കുള്ള ഒരു പ്രത്യേകറോഡു തീരേ അററകുററപ്പെട്ടും ഗതാഗതവ്യാപാരത്തിനു ഉപയോഗശൂന്യമായും തീർന്നതിനെപ്പററി ഞാൻ ഗവണ്മെന്റിലേക്കു കമ്പിഅയച്ചു. എന്നാൽ എന്റെ റിപ്പോർട്ടിനുശേഷം ചീഫ് എൻജിനിയർ സ്ഥലം സന്ദർശിച്ചോ എന്നു എനിക്കറിഞ്ഞുകൂട. അതിനുശേഷം എന്റെ താലൂക്കിലെ പൊതുജനങ്ങൾ അവരുടെ സങ്കടങ്ങളെ വിവരിച്ചു ഗവണ്മെന്റിലേക്കു ഒരു ഹർജിബോധിപ്പിച്ചിട്ടുണ്ട്. ഞങ്ങൾക്കു കുററംപറയാനേ സാധിക്കയുള്ളുവല്ലോ. അതിൽ കൂടുതലൊന്നും ഞങ്ങൾക്കു പറയാൻപാടില്ല.

ഓരോ താലൂക്കുകളിൽനിന്നും കൂടുതൽ റോഡുകൾക്കു നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതുകൊണ്ടു, ഓരോ താലൂക്കിലും റോഡുബോർഡുകളും അതുകൂടാതെ ഒരു സെൻട്രൽബോർഡും സ്ഥാപിക്കുന്നതിനു നിർദ്ദേശം വന്നിരിക്കുന്നു എന്നും ആ നിർദ്ദേശം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു എന്നും പൊതുമരാമത്തു വകുപ്പിന്റെ റിപ്പോർട്ടിൽ പ്രസ്താവിച്ചുകാണുന്നു. എപ്പോഴും ആലോചിച്ചുകൊണ്ടിരിക്കയും എന്നാൽ ഒരിക്കലും തീർച്ചചെയ്യാതിരിക്കയും ചെയ്യുന്ന ഒരു ഗവണ്മെന്റാണ് ഞങ്ങൾക്കുള്ളതെന്നു പ്രസ്താവിച്ചുകൊള്ളട്ടെ. ഈ ബുദ്ധിവിസ്വഹിക്കേണ്ടതായിരുന്നു ഞങ്ങളുടെ ഇതുവരെയുമുള്ള അനുഭവം ഈ സാരമായ ഒരു അഭിവൃദ്ധി അവിടുന്നു ഉണ്ടാക്കുമെങ്കിൽ ഞങ്ങൾക്കു അവിടെനിന്നു എല്ലാകാര്യവും സാധിച്ചുതന്നതിനു സമമായിരിക്കും. ഞങ്ങൾക്കു ഗതാഗതസൗകര്യങ്ങൾ ഉണ്ടാക്കിത്തരണം. ചില്ലറ ഉദ്യോഗങ്ങൾ ഞങ്ങൾ ആവശ്യപ്പെടുന്നില്ല. ഉദ്യോഗങ്ങൾക്കുള്ള തിക്കൽ രാജ്യത്തെ ബാധിച്ചിരിക്കുന്ന തൊഴിലില്ലായ്മയുടെ ഫലമാണ്. അപ്രകാരമല്ലെങ്കിൽ ന്യായമായ ഉപജീവനമാർഗ്ഗമുള്ളതായ സ്വാഭിമാനമുള്ളയാതൊരു മനുഷ്യനും സ്വേച്ഛാപ്രഭുത്വമുള്ള ഈ ഗവണ്മെന്റിനു അടിമപ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല. (കേൾപ്പിൻ, കേൾപ്പിൻ) എനിക്കു കുറച്ചുകൂടി പറയാൻ ആഗ്രഹമുണ്ട്. എന്നാൽ എനിക്കു അനുവദിച്ചിട്ടുള്ള സമയം തീർന്നിരിക്കുന്നു. ഇപ്പോഴത്തെ ദിവാൻജി ഈ രാജ്യത്തിൽ പിറന്നവളർന്ന ഒരു പ്രജയാണെന്നുമാത്രമല്ല അദ്ദേഹത്തിനു ഉദ്യോഗം ഒഴിഞ്ഞതിനുശേഷവും ഇവിടെ തന്നെ പാർത്തു നമ്മളോടു ഒന്നിച്ചു വേലചെയ്യേണ്ടതായും ഇരിക്കുന്നു. ആ സ്ഥിതിക്കു രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും രാജ്യക്ഷേമത്തെ കരുതിയും എല്ലാസംഗതികളും അദ്ദേഹത്തിന്റെ ഭരണകാലത്തു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. (കേൾപ്പിൻ, കേൾപ്പിൻ) ഭരണനിർവഹണയന്ത്രത്തെ നിയമസഭയുടെ നിയന്ത്രണത്തിൽ വയ്ക്കുകയും ഈ ഒററമനുഷ്യന്റെ ഭരണത്തെ എന്നന്നേക്കും ഇല്ലായ്മ ചെയ്യുകയും ചെയ്യുമെങ്കിൽ അദ്ദേഹം രാജ്യത്തിനുവേണ്ട സകലകാര്യവും സാധിച്ചുതന്നതായി വിചാരിക്കപ്പെടും.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായമണ്ഡലം): ലഘുഭക്ഷണത്തിനുസമയം ആയി.

അദ്ധ്യക്ഷൻ:—മൂന്നുമണിവരെ ബഡ്ജററ്നിരൂപണം തുടരാമെന്നാണ് ഞാൻ വിചാരിച്ചിരിക്കുന്നത്. എന്നാൽ നം. ൨-ാം അഡ്ജേൺമെന്റ് ഉപക്ഷേപം (സമാനടപടികൾ നിറുത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം) നിരൂപണത്തിനു വരുന്നതാണല്ലോ. അതുകൊണ്ടു മൂന്നുമണിവരെ തുടർന്നശേഷം ലഘുഭക്ഷണത്തിനായി പിരിയാമെന്നു ഞാൻ വിചാരിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): അപ്രകാരം ചെയ്യാം.

അദ്ധ്യക്ഷൻ:—എന്നാൽ ലഘുഭക്ഷണത്തിനായി ഇപ്പോൾ പിരിയുകയും പിന്നീടു വീണ്ടും സഭ കൂടി നം. ൨-ാം വരെ ബഡ്ജററ് നിരൂപണംചെയ്കയും ചെയ്തശേഷം അഡ്ജേൺമെന്റ് ഉപക്ഷേപം എടുക്കുന്നതു കൊള്ളാമെന്നാണ് സഭയുടെ അഭിപ്രായമെന്നു തോന്നുന്നു. അപ്രകാരമെങ്കിൽ അങ്ങിനെ ചെയ്യുന്നതിൽ എനിക്കു വിരോധമില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ൧൦ മിനിട്ടു ധാരാളം മതിയാകും.

അദ്ധ്യക്ഷൻ:—സാധാരണയുള്ള സമയം ൧൦-മിനിട്ടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

അങ്ങിനെയാണെങ്കിൽ സഭ ഇപ്പോൾ പിരിയുകയും ൧ അടിക്കുന്നതിനു ൨൦ മിനിട്ടുള്ളപ്പോൾ വീണ്ടും കൂടുകയും ചെയ്യപ്പെട്ടും.

൨-൪൦-ന സഭ പിരിഞ്ഞു വീണ്ടും ൨-൫൦-ന കൂടി.

മി: എ. താണുപിള്ള (തിരുവനന്തപുരം): ജനങ്ങളുടെ അതിപ്രധാനമായ ആവശ്യങ്ങൾക്കു ബഡ്ജറ്റിൽ പണങ്ങൾ നിശ്ചയിച്ചുവയ്ക്കുന്നതിൽ ഗവണ്മെന്റ് അശ്രദ്ധ കാണിക്കുന്നു എന്നു ഇന്നത്തെ പ്രസംഗങ്ങളിൽനിന്നും നാം ഒട്ടേറെയെല്ലാം കേട്ടുകഴിഞ്ഞുവല്ലോ. ജനങ്ങളുടെ ന്യായമായും ന്യായാനുസൃതമായും ഉള്ള ഈ വക ആവശ്യങ്ങൾ നിറവേററിക്കൊടുക്കുന്നതിനു ഗവണ്മെന്റു വാസ്തവമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർ ഒന്നാമതായി ചെയ്യേണ്ടതു പൊതുജനാഭിപ്രായത്തെ ആദരിക്കുകയാകുന്നു എന്നു ഞാൻ ആദ്യമേതന്നെ ഖണ്ഡിതമായി പറഞ്ഞുകൊള്ളട്ടെ. രാജ്യഭരണനിർവഹണവിഷയത്തിൽ ജനങ്ങളുടെ ആഗ്രഹങ്ങൾ മനസ്സിലാക്കുന്നതിനു ഗവണ്മെന്റിനു താൽപര്യമില്ലെന്നുള്ളതിലേക്കു ലക്ഷ്യമാണ് വർത്തമാനപ്പത്ര റെഗുലേഷൻ എന്നു സഭയോടു പറയുന്നതു ഇതു പ്രഥമമായിട്ടല്ല. ഈ വിഷയത്തെപ്പററിയുള്ള വാദപ്രതിവാദം ഇതിനുമുമ്പുള്ള അവസരങ്ങളിൽ ജനങ്ങൾക്കു വിരോധമായി പര്യവസാനിച്ചു എന്നുള്ള വസ്തുത എനിക്കു അറിഞ്ഞുകൂടാ. എന്നാൽ വർത്തമാനപ്പത്രറെഗുലേഷനെപ്പററിയുണ്ടായിട്ടുള്ളതുപോലെ ഐകമത്യമായ അഭിപ്രായം ഈ സഭയിലോ സഭയ്ക്കു പുറത്തോ ഈയിടെ വാദപ്രതിവാദത്തിനു ഇടയായിട്ടുള്ള വേറെയൊരു വിഷയത്തെപ്പററിയും ഉണ്ടായിട്ടില്ലെന്നുള്ള വസ്തുത, ഈ രാജ്യത്തിലെ ഒരു പ്രജ എന്ന നിലയിലും യഥാർത്ഥമായ പൊതുജനാഭിപ്രായം അറിയുന്ന ഒരാൾ എന്ന നിലയിലും ഞാൻ ഒരിക്കൽക്കൂടി സഭയെ ഉറപ്പായി ധരിപ്പിച്ചുകൊള്ളുന്നു. രാജ്യത്തിനു അതിപ്രധാനമായ കാര്യങ്ങളിൽ ഉള്ള പൊതുജനാഭിപ്രായ പ്രകടനത്തിനു അതു അവിഹിതമായ പ്രതിബന്ധമായി ഭവിച്ചിട്ടുണ്ട്. അതിനാൽ ജനങ്ങളുടെ ആഗ്രഹങ്ങൾ അറിഞ്ഞും ജനക്ഷേമത്തെ ഉദ്ദേശിച്ചും രാജ്യഭരണം ചെയ്യണമെന്നു ഗവണ്മെന്റ് യഥാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഗർഹണീയമായ ഈ നിയമത്തെ റദ്ദുചെയ്യേണ്ടതിന്റെ അത്യാവശ്യകതയെപ്പററി അധികം വിസ്തരിക്കാതെതന്നെ ഞാൻ വീണ്ടും ബലമായി പ്രസ്താവിച്ചുകൊള്ളുന്നു.

സർ, ജനപ്രതിനിധികളുടെ പ്രേരണയിന്മേൽ ഈ സഭയിൽ പാസ്സാക്കപ്പെടുന്ന തീരുമാനങ്ങൾ പ്രവൃത്തിപഥത്തിൽ വരുത്തുന്നില്ലെന്നോ അഥവാ അവയെ വേണ്ടവിധം ആദരിക്കുന്നില്ലെന്നോ പലപ്പോഴും ഈ സഭയിൽ പ്രസ്താവിച്ചു നാം കേട്ടിട്ടുണ്ട്. ഇതിൽ ഒട്ടേറെ പരമാർത്ഥവും ഉണ്ട്. സംസ്ഥാനത്തിനു ഇപ്പോൾ ആവശ്യമായിരിക്കുന്നതും രാജ്യത്തിന്റെ സാമ്പത്തിക പുനരുദ്ധാരണത്തിനു ഉപകരിക്കുന്നതുമായ എന്തെങ്കിലും പ്രവൃത്തിക്കേണ്ടതാണെന്നുള്ള വസ്തുത ഞാൻ പറഞ്ഞു മനസ്സിലാക്കേണ്ടതില്ലല്ലോ. നമ്മുടെ ജനങ്ങൾ വലുതായ സാമ്പത്തികസങ്കടങ്ങൾ അനുഭവിക്കുന്നു എന്നുള്ളതു ഒരു പരമാർത്ഥവചനം ആകുന്നു. കൃതവിദ്യരായ ജനത്തെപ്പററി പറയുന്നതായാൽ അവർക്ക് തൊഴിലില്ലാതിരിക്കുന്നു എന്നുള്ള ഗൌരവമായ സംഗതി നമ്മുടെ അഭിമുഖമായിരിക്കുന്നു. അതു കൃതവിദ്യരെമാത്രം സംബന്ധിക്കുന്ന സംഗതിയല്ല. സാമ്പത്തികക്ലേശം സർവത്ര നമ്മെ അഭിമുഖീകരിക്കുന്നു. കൃഷിക്കാരുടെ ഇന്നത്തെ സ്ഥിതി എന്താണ്? ഈ സംഗതി, വീണ്ടും വീണ്ടും ഈ സഭയിൽ പ്രസ്താവവിഷയമായിട്ടുണ്ടെന്നു മാത്രമല്ല ആയതു ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവരുടെ സങ്കടനിവാരണാർത്ഥം എന്തെങ്കിലും ശരിയായി പ്രവർത്തിക്കാൻ ഗവണ്മെന്റ് തയ്യാറുണ്ടോ? നമ്മുടെ പള്ളിക്കൂടങ്ങളിൽ നിന്നും കാളേജുകളിൽനിന്നും പുറത്തുവരുന്ന ഏഴും ആയിരവും പതിനായിരവും കണക്കിനുള്ള യുവാക്കന്മാർക്കു ജോലി ഉണ്ടാക്കിക്കൊടുക്കേണ്ടതായ സംഗതിയും ഉണ്ട്. ഈ സംഗതി പലപ്പോഴും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാകുന്നു. ഇതുകൂടാതെ രാജ്യത്തിലെ സാമ്പത്തിക ക്ലേശനിവാരണത്തിനായി സംസ്ഥാനത്തിലെ വ്യവസായങ്ങൾ പരിപോഷിപ്പിക്കയൊ അഥവാ പുതിയ വ്യവസായങ്ങൾ തുടങ്ങുകയോ ചെയ്യേണ്ടതായ സംഗതിയും ഉണ്ട്. ഇതെല്ലാം പുതുതായി ഉത്ഭവിച്ചിട്ടുള്ള കാര്യങ്ങൾ അല്ല. ഈ സഭയെ സംബന്ധിച്ചിടത്തോളം ഇതുകൾ പണ്ടേയുള്ള സംഗതികൾ ആകുന്നു. ഈ സംഗതിയിൽ വല്ലതും ചെയ്തിട്ടുണ്ടോ? ഈ സഭയിൽ ഹാജരാക്കിയിരിക്കുന്ന ബഡ്ജററിൽ ഈ വകകാര്യങ്ങളുടെ നിർവഹണത്തിനും ജനക്ലേശങ്ങളുടെ നിവാരണത്തിനും വേണ്ടിയുള്ളതായ വല്ല ലക്ഷ്യങ്ങളും ഉണ്ടോ? എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഇല്ലാ എന്നു ഞാൻ സധൈര്യം പറയുന്നു.

ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗമായ കൃഷിയെസംബന്ധിച്ചിടത്തോളം, വല്ല താലൂക്കിന്റെയും വല്ല ഭാഗത്തും ഉള്ള വല്ല കൃഷിസേചനക്കുളവും നന്നാക്കുന്നതിനായി ഓരോ ആണ്ടിലും ചില ചെറിയ തുകകൾ ഗവണ്മെന്റ് നീക്കിവയ്ക്കുന്നുണ്ട്. എന്നാൽ ഇതു മതിയാകുമോ എന്നാണ് ആലോചിക്കാനുള്ളത്. ഗവണ്മെന്റു ഇത്രത്തോളം ചെയ്യുന്നതിനുമാത്രമേ ബന്ധിതരാകുന്നുള്ളോ? അവർക്കു കുറെക്കൂടി സാരവത്തായി വല്ലതുംചെയ്തുകൂടേ? പാവപ്പെട്ട കർഷകന്മാർ ദേഹം വിയർക്കെ വേലചെയ്യുന്നതിന്റെ ഫലമായി ഉണ്ടാകുന്നതാണല്ലോ ഗവണ്മെന്റിന്റെ മുതലെടുപ്പു. അതിൽനിന്നും ഒരു സാരമായഭാഗം, സംസ്ഥാനത്തിലെ കൃഷിസേചനച്ചിറകൾ നന്നാക്കി ആ വഴിയെ കർഷകന്മാരുടെ സ്ഥിതിയെ അഭിവൃദ്ധിയാക്കുന്നതിലേക്കായി ചിലവിട്ടുകൂടയോ? ഈ ഒരു സംഗതിയെപ്പററി ഞാൻ പ്രത്യേകശക്തിയോടുകൂടി സംസാരിക്കുകയാകുന്നു. എന്തെന്നാൽ എന്റെ അഭിപ്രായമെന്നുമാത്രമല്ലാ എന്റെ വിശ്വാസംതന്നെയും പ്രസ്തുതവിഷയത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധ ആവശ്യത്തിനുതക്കവണ്ണം പതിയുന്നില്ലെന്നുള്ളതാണ്. കൃഷിക്കാരന്റെ സ്ഥിതിയെ അഭിവൃദ്ധിയാക്കണമെന്നു ഗവണ്മെന്റിനു വാസ്തവമായ ആഗ്രഹം ഉണ്ടെങ്കിൽ, ആ വകപ്പണത്തെ ശരിയായി വിനിയോഗിക്കുന്നതിനുള്ള ഒരു പ്രത്യേകഏജൻസിയെ സൃഷ്ടിക്കേണ്ടതു ആവശ്യമാകുന്നു. ഇപ്പോൾ ചെയ്തുവരുന്നതെന്തെന്നാൽ, പൊതുമരാമത്തുവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ ഈ വകക്കായി കുറെപണം വിനിയോഗിക്കുന്നു എന്നുള്ളതാണ്. അവർക്കു വേറെയും പലജോലികൾ ചെയ്യാനുണ്ട്. ഇതിൽനിന്നുണ്ടാകുന്നഫലം സുവിദിതവും ആകുന്നു. അതായതു, കൃഷിക്കാരന്റെ സ്ഥിതി മുമ്പുള്ളതിൽനിന്നും പ്രായേണ ഒട്ടുംതന്നെ വ്യത്യസ്ഥപ്പെട്ടിട്ടില്ലെന്നുള്ളതാണ്. അതിനാൽ ഈ വക ജോലികൾക്കായി ഒരു പ്രത്യേക ഏജൻസിയെ നിർമ്മിക്കേണ്ടതാണെന്നു ഞാൻ ബലമായി പ്രതിപാദിക്കുന്നു. ഇതു ഗവണ്മെന്റു ഇതിനുമുമ്പുതന്നെ ചെയ്യേണ്ടതായിരുന്നു. പാവപ്പെട്ട കൃഷിക്കാരുടെ സങ്കടങ്ങൾക്കു നിവൃത്തിയുണ്ടാക്കുന്നതിനായി, ആവശ്യമുള്ളപക്ഷം, ഒന്നോ രണ്ടോ എൻജിനീയർമാരെ കൂടുതലായി നിയമിച്ചാൽതന്നെ എന്താ?

മി: ടി. സി. കേശവപിള്ള (കോംപ്പിൻ കോംപ്പിൻ).

കൃഷിക്കാർക്ക് അഞ്ചോ പത്തോ പറ നെല്ല് കൂടുതലായി കിട്ടുന്ന സംഗതി കൊഴുത്ത ശമ്പളങ്ങൾ പററിക്കൊണ്ടിരിക്കുന്ന വല്യ ഉദ്യോഗസ്ഥന്മാർക്ക് നിസ്സാരമായി തോന്നിയേക്കാം. എന്നാൽ പാവപ്പെട്ട കൃഷിക്കാരന്റെ സർവ്വസ്വവും അവന്റെ വിളവാകുന്നു. ഈ വസ്തുതയാണ് ഗവർമ്മെന്റു മനസ്സിലാക്കാതിരിക്കുന്നതു്. അവർ സമ്പന്നന്മാരുടെ നിലയിൽ നിന്നാണ് ഇക്കാര്യം അവലോകനം ചെയ്യുന്നതു്. ഇതു തെററായ നിലയാണെന്നു ഞാൻ സവിനയം അറിയിച്ചുകൊള്ളുന്നു. ഇതുകൊണ്ടാണ് കൃഷിക്കാരന്റെ സങ്കടത്തിനു പരിഹാരം ഉണ്ടാകാത്തതു്. ഒരു ഭൂസ്വത്തുജാമ്യബാങ്കു ഏർപ്പെടുത്തേണ്ട കാര്യത്തെയും അതുകൂടാതെ സംസ്ഥാനത്തിന്റെ ഒരു സാമ്പത്തികസർവ്വെ നടത്തേണ്ട ആവശ്യകതയേയും സംബന്ധിച്ചു ഈ സഭയിൽ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഈ സംഗതികൾ രാജ്യക്ഷേമത്തിനു ആവശ്യമില്ലെന്നു ഗവർമ്മെന്റ് ഗൌരവമായി വാദിക്കുന്നുണ്ടോ?

ഭൂസ്വത്തുജാമ്യബാങ്കിനെസംബന്ധിച്ചു ഗവർമ്മെന്റ് ആദ്യം വിപരീതനിലയെ കൈക്കൊണ്ടിരുന്നു എന്നിരിക്കിലും പിന്നീടു അതു ഗുണകരമായ ഒരു വ്യവസ്ഥയാണെന്നു സമ്മതിച്ചിട്ടുള്ളതുകൂടാതെ ആ നിശ്ചയത്തിനു വിപരീതമായി വോട്ടുചെയ്യാതിരിക്കയും ചെയ്തു എന്നാണ് എനിക്കു തോന്നുന്നതു്. എന്നാൽ ഇപ്പോൾ എന്താണു ചെയ്തിട്ടുള്ളതു്? ആ മാർഗ്ഗത്തിൽ വല്ലതും ചെയ്യുന്നതിനുള്ള വല്ല ഉദ്യമവും ഉടനുണ്ടാകുമെന്നുള്ള വല്ല സൂചനയും കാണുന്നുണ്ടോ? സൂര്യനേയോ നക്ഷത്രങ്ങളേയോ തിരുവിതാംകൂർ ഭൂമിയിൽ ഇറക്കി കൊണ്ടുവരുന്നതിനു നമുക്കു സാധിക്കയില്ല. ഗവർമ്മെന്റ് അപ്രകാരം ചെയ്യണമെന്നു ജനപ്രതിനിധികൾ ഉദ്ദേശിക്കുന്നുമില്ല. എന്നാൽ രാജ്യക്ഷേമത്തെ ഉദ്ദേശിച്ചു ചില സംഗതികൾ ചെയ്യണമെന്നു ഞങ്ങൾ നിർദ്ദേശിക്കയും അതിനെ ഗവർമ്മെന്റു കേൾക്കാതിരിക്കയും ചെയ്യുകയാണെങ്കിൽ ഈ സ്ഥാപനംകൊണ്ടുള്ള ഉപയോഗം എന്താണെന്നു ചോദിക്കാൻതന്നെയും ഞാൻ പ്രേരിതനാകുന്നു. നമ്മൾ യോഗംകൂടി ഉല്ലാസകരമായിട്ടു സമയം വ്യയംചെയ്യുന്നതിനുള്ള സ്ഥലമാണോ ഇതു? നമ്മൾ ഇവിടെ സമ്മേളിക്കുന്നതു ഗൌരവമായ കാര്യങ്ങളെപ്പററി ആലോചിക്കുന്നതിനാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇനി നമുക്കു വിദ്യാഭ്യാസവിഷയത്തെപ്പററി നോക്കാം. വിദ്യാഭ്യാസവിഷയത്തെപ്പററി വേണ്ട കാര്യനിർവ്വഹണമാർഗ്ഗങ്ങൾ ഉടനടി നടപ്പാക്കുമെന്നു ഗവർമ്മെന്റു ആവർത്തിച്ചു ആവർത്തിച്ചു പറയുന്നുണ്ട്. ആദ്യം അവർ പറഞ്ഞതു "തൊഴിലില്ലായ്മക്കമ്മിററിറിപ്പോർട്ടുവന്നോട്ടെ" അതുകഴിഞ്ഞിട്ടു വിദ്യാഭ്യാസവിഷയത്തെപ്പററി നമുക്കു ആലോചിക്കാം എന്നായിരുന്നു. ഈ സംഗതിയെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മിററിയെ നിയമിക്കാമെന്നു പിന്നീടു പറഞ്ഞു. വിദ്യാഭ്യാസവിഷയം വിഷമമേറിയതാണെന്നുള്ളതിനു സംശയമില്ല. ആ ഭാഗം ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. എന്നാൽ സംഗതികൾ താമസത്തിൽ ഇട്ടുകളയുന്നതിനു ഇതു മതിയായ ന്യായമാവുകയില്ല. ആ വിഷയത്തിൽ എന്തെങ്കിലും നിവൃത്തിമാർഗ്ഗം ആലോചിക്കേണ്ടതു ആവശ്യമാണോ എന്നാണ് നാം നോക്കേണ്ടതു്. തൊഴിലില്ലായ്മ എന്ന ഘോരരാക്ഷസി നമുക്കു അഭിമുഖമായി വർത്തിക്കുന്നു. അതിനു ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കേണമോ വേണ്ടയോ? നിവൃത്തിമാർഗ്ഗം ഉണ്ടാക്കണമെന്നാണ് വിചാരിക്കുന്നതു എങ്കിൽ എപ്പോൾ ആണ് അതു ചെയ്വാൻ പോകുന്നതു്? ഗവർമ്മെന്റിനു പ്രതിവർഷം ഒരു തുക മുതലെടുപ്പുവകയിൽ ലഭിക്കയും അതിനെ പല ഡിപ്പാർട്ടുമെന്റുകളിലുമായി വിഭജിക്കയും ചെയ്യുന്നുണ്ട്. ഈ ഡിപ്പാർട്ടുമെന്റുകൾ എല്ലാം ഇതിനുമുമ്പുതന്നെ സംഘടിതമായിട്ടുള്ളതാണ്. ഇതിൽ പലതിനും, സംസ്ഥാനത്തിനു യാതൊരുഗുണവും ചെയ്വാൻ സാധിക്കുന്നില്ല. അവയെ വെറും കെട്ടുകാഴ്ചയായി വച്ചിരിക്കുകയാകുന്നു. ഇപ്പോഴുള്ള ഭരണതന്ത്രത്തെ അടിസ്ഥാനമാക്കിമാത്രം ആയവ്യയഗണനപ്പത്രിക തയ്യാറാക്കുന്ന പതിവിൽ എന്തെങ്കിലും ഒരു വ്യത്യാസം വരുത്തേണ്ടതിനുള്ള കാലം അത്യാസന്നമായിരിക്കുന്നു. ഇപ്രകാരം ഒരു വ്യത്യസ്തത ഉണ്ടാകുന്നതിനുപുറമെ, രാജ്യത്തിനു നേരിട്ടിരിക്കുന്ന അത്യാവശ്യകമായ കാര്യങ്ങൾ നിർവഹിക്കുന്നതിനു എന്തെങ്കിലും ചെയ്യുകയുംവേണം.

ഗവർമ്മെന്റിന്റെ ജോലിയിൽ സിംഹഭാഗവും ഉദ്യോഗവിതരണം ചെയ്യുന്ന വിഷയത്തിൽ വിനിയോഗിക്കപ്പെട്ടുവരുന്നു. ആ സംഗതിതന്നെയും ശരിയായി നടത്തുന്നതിനു അവർക്കു സാധിച്ചുവരുന്നില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ജോലി കൂടുതൽനിമിത്തം പ്രധാന നീതിന്യായകോടതിയിൽ രണ്ടു ജഡ്ജിമാരെക്കൂടി കൂടുതലായി താല്ക്കാലികമായി നിയമിച്ച ഒരു രാജ്യത്തെക്കുറിച്ചു ആലോചിക്കുകതന്നെ. അതിൽ ഒരു ജഡ്ജി പെൻഷൻമാറിപ്പിരിഞ്ഞു. ആസമയത്തു പ്രസ്തുത കോടതിയിലെ ജോലി താൽക്കാലിക ജഡ്ജിമാരെ നിയമിച്ചപ്പോൾ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ ആയിരുന്നു. എങ്കിലും ഗവർമ്മെന്റ് എന്താണു ചെയ്യുന്നതു? ഒഴിവുണ്ടായി മാസങ്ങൾ പലതു കഴിഞ്ഞിട്ടും അവർ പകരം ആൾ നിയമിച്ചില്ല. ഏകദേശം ആറേഴുമാസക്കാലംവരെ ആൾ നിയമിക്കാൻ കഴിഞ്ഞില്ല. ഒഴിവിനു ആൾ നിയമിക്കുന്നതിനുമുമ്പിലായി അന്നത്തെ ഭരണാദ്ധ്യക്ഷന്നു വേറൊരാളെ ചാർജ്ജേല്പിക്കേണ്ടിവന്നതായ ഒരു ഭരണകൂടത്തിൻകീഴിൽ ഉപജീവിക്കുന്നതു എന്തു കഷ്ടമാണെന്നു ഒരു തിരുവിതാംകൂർ പൌരന്റെയും ഒരു ജനപ്രതിനിധിയുടെയും നിലയിൽ ഞാൻ ചോദിച്ചുകൊള്ളട്ടെ. അപ്രകാരമുള്ള അവസ്ഥയാണല്ലോ നമുക്കു വന്നുചേർന്നിരിക്കുന്നതു. ഇതിനെക്കാൾ ശോചനീയമായ ഒരു അവസ്ഥ ഉണ്ടാകുമോ? ഇതു രാജ്യത്തിലെ പ്രധാനനീതിന്യായക്കോടതിയും ആകുന്നു. അല്ലാതെ ഒരു നിസ്സാരകാര്യമല്ല. നീതിന്യായവിളംബനം എന്നുള്ള മുറവിളി രാജ്യം ഒട്ടുക്കു കഴിഞ്ഞ എത്രയോ സംവത്സരങ്ങളായി മുഴങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ആ മുറവിളിയെപ്പററി ഗവർമ്മെന്റ് അനുവർത്തിക്കുന്ന നയം ഇതാകുന്നു. അതിനാൽ ഭരണയന്ത്രത്തെ എന്തുവകയ്ക്കായിട്ടു ഉപയോഗപ്പെടുത്തുന്നു എന്നു ആലോചനാശക്തിയുള്ള ഏവരും വിസ്മയിക്കുന്നു. ജോലിക്കു ആൾ നിയമിക്കുന്ന ഈ ലഘുവായകാര്യത്തിൽ എന്തൊരു സംഗതിയാണ് തടസ്സമായിരിക്കുന്നതു എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. നിയമിക്കുന്ന ആളിന്റെ യോഗ്യതയും പൊതുജനക്ഷേമവും അല്ലയോ, അതല്ലാ വേറെവല്ലതും ആണോ? രാജ്യക്ഷേമത്തെ ഉദ്ദേശിച്ചല്ലാതെ ഈവക സംഗതികളിൽ പ്രവർത്തിക്കുന്ന ഗവർമ്മെന്റിനെ എനിക്കു നീതീകരിക്കാൻ സാധിക്കുന്നില്ല. സാധിക്കയുമില്ല. എന്നാൽ ഗവർമ്മെന്റു രാജ്യത്തിന്റെ ഗുണത്തെ ഉദ്ദേശിച്ചു പ്രവർത്തിക്കുന്നു എന്നു നമുക്കു പറയാൻ കഴിയുമോ? സംസ്ഥാനത്തിലെ പ്രധാനനീതിന്യായകോടതിയിലെ ഒരു താല്ക്കാലിക ജഡ്ജിയുദ്യോഗം ഒഴിവുവരുന്നു. നീതിനടത്തുന്നതിൽ കാലതാമസം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു ജനങ്ങൾ മുറവിളികൂട്ടുന്ന സമയത്താണ് ഈ ഒഴിവുണ്ടാകുന്നതു. അങ്ങിനെയിരിക്കുന്ന അവസ്ഥയിൽ ഒരു അഡ്വക്കേററാ

ത്തിന്മേൽ ജഡ്ജിവേലയ്ക്കു ആൾ നിയമിക്കാതിരുന്നതു സാധൂകരിക്കത്തക്കതാണോ? ഇതു അകീർത്തികരമായ അവസ്ഥയല്ലയോ? ഈ ലഘുവായ കാര്യം നടത്തുന്നതിൽതന്നെയും ഗവണ്മെന്റിന്റെ മനഃസ്ഥിതി ഇതാകുന്നു. അതു ഒരിക്കലും പൊതുജനക്ഷേമത്തിനു പര്യാപ്തമായതല്ല. ഒരു ഉദ്യോഗത്തിനു ഒരു ആളിനെ നിയമിക്കേണ്ടിവരുമ്പോൾ ഗവണ്മെന്റ് ചിന്തിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ആകുന്നു? ഉദ്യോഗത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന ആളിന്റെ യോഗ്യതയും അദ്ദേഹം അപ്പോൾ ഗവണ്മെന്റ് സർവീസിൽ ഇരിക്കയാണെങ്കിൽ അദ്ദേഹത്തിന്റെ മററു അവകാശങ്ങളും ആകുന്നു. ഈ സംഗതികളെപ്പററിമാത്രമേ ചിന്തിക്കാനുള്ളു എന്നുവരികിൽ ഗവണ്മെന്റു വരുത്തിയിട്ടുള്ള താമസത്തിനെ എങ്ങിനെ സാധൂകരിക്കാം? ഇപ്രകാരം ഒരു ഒഴിവുസ്ഥാനത്തെ താമസംപോലും പാടില്ലാത്തതും യാതൊരു പരിഷ്കൃതഗവണ്മെന്റും ഒരു ഒററ ദിവസംപോലും താമസിപ്പിക്കാത്തതും ആയ ഈ സംഗതിയെപ്പററി ഈ കൗൺസിലിൽ ഒരു ചോദ്യം ഉണ്ടായാൽ അതിനു മറുപടിപറയാനും ഗവണ്മെന്റു തയ്യാറില്ല. ഈ വിധമുള്ള ഒരു ഗവണ്മെന്റിനോടു എത്രമാത്രം പൊതുജനവിശ്വാസം ഉണ്ടാകും. ഈ അവസ്ഥയിൽ പൊതുജനക്ഷേമമല്ലാത്ത വേറെ എന്തോ അന്തർഹിതമായ കാരണങ്ങൾ ഉണ്ടെന്നു സാധാരണജനങ്ങൾ പറയുന്നതിൽ അതിശയിക്കാനുണ്ടോ? ഈ വിധമുള്ള ഒരു അഭിപ്രായത്തിന് ഇടകൊടുക്കുന്നതു സ്വാഭിമാനമുള്ള യാതൊരു ഗവണ്മെന്റിനും അടുത്തതാണോ? എന്നാൽ നമ്മുടെ ഇപ്പോഴത്തെ സ്ഥിതി അതാകുന്നു.

ഈവിധമുള്ള വേറെയും സംഗതികൾ എടുത്തു പറയുന്നതിന് ഞാൻ ആഗ്രഹിക്കുന്നില്ല. അപ്രകാരമുള്ളതും ഗവണ്മെന്റിനത്യന്തം അപമാനകരമായതും ആയ പത്തോ ഇരുപതോ നൂറോ കണക്കിനുള്ള ഉദാഹരണങ്ങൾ എടുത്തുപറയാൻ കഴിയും.

ഇങ്ങിനെയുള്ള അവസ്ഥകൾ ദീർഘകാലം നിലനില്ക്കയില്ലെന്നു ഞാൻ ആശിക്കുന്നു. രാജ്യകാര്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള കേന്ദ്രാധിപത്യം വഹിക്കുന്ന ഗവണ്മെന്റിന്റെ പ്രവൃത്തികൾ ഇതാണെങ്കിൽ ഉദ്യോഗസ്ഥന്മാർ വർഗ്ഗീയതത്വം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നു എന്ന് എന്റെ ചില കൂട്ടുമെമ്പർമാർ പരാതി പറയുന്നതിനെ തടയാൻ എങ്ങിനെയാണ് സാധിക്കുന്നതു. രാജ്യക്ഷേമവും നീതിയും അല്ലാതെ വേറൊരു ഉദ്ദേശവും തങ്ങളുടെ പ്രവൃത്തികൾക്കു ഉണ്ടായിരിക്കരുതെന്നു ഉദ്യോഗസ്ഥന്മാർക്കു കാണിച്ചുകൊടുക്കേണ്ടതു ഗവണ്മെന്റിന്റെ ജോലിയല്ലയോ? ഇങ്ങിനെയുള്ള അധഃസ്ഥനമായ ഗതിയിൽ നിന്നും ഗവണ്മെന്റു പിൻവാങ്ങാതിരിക്കുന്നിടത്തോളം കാലം ഈ വക പരാതിക്കു ശാന്തിയുണ്ടാവുകയില്ലതന്നെ. ഉദ്യോഗസ്ഥന്മാർ വർഗ്ഗീയബുദ്ധിയോടുകൂടിയവരാണെന്നും അവർക്കു ന്യായാന്യായങ്ങളും യോഗ്യതായോഗ്യതകളും തിരിച്ചറിഞ്ഞുകൂടെന്നും ജനങ്ങൾ പരാതി പറഞ്ഞുകൊണ്ടിരിക്കതന്നെ ചെയ്യും. ഈ സംഗതിയെപ്പററി ഞാൻ ഇത്രമാത്രം ശക്തിയോടുകൂടി പ്രതിപാദിക്കയില്ലായിരുന്നു. ഉദ്യോഗനിയമനവിഷയത്തിൽ സഭയുടെ സമയം കുറെഅധികം വിനിയോഗിച്ചുകളഞ്ഞു എന്നുള്ള ദോഷാരോപണത്തിനു ഞാൻ പാത്രമായി വരുമെന്നു എനിക്കു അറിയാം. അവ സ്വയമെ, അത്രപ്രാധാന്യമുള്ളവയല്ലെന്നു ഞാൻ സമ്മതിക്കുന്നുണ്ട്. എന്റെ സ്വന്തദൃഷ്ടിയിലും അവ അത്രപ്രാധാന്യമുള്ളവയല്ല. എന്നാൽ നമ്മുടെ ഗവണ്മെന്റു ഈവക നിസ്സാരകാര്യങ്ങൾക്കു പ്രാധാന്യം കൊടുക്കയും അതിനുള്ള കാരണങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്താതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ഗവണ്മെന്റിന്റെ പ്രവൃത്തി തെററാണെന്നു ഒരു ജനപ്രതിനിധിയുടെ നിലയിൽ എനിക്കു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ഇതു ഒരു നിസ്സാരമായ കാര്യമാണെങ്കിൽ അതിന്മേൽ ഇത്രയും സമയം ചിലവഴിച്ചതിനുള്ള എന്റെ ന്യായം ഇതാകുന്നു. പബ്ലിക്കു സർവീസുകൾ ഭാവിയിൽ ശുദ്ധീകരിക്കപ്പെടുമെന്നു നമുക്കു അറിയാം. അപ്രകാരം ചെയ്യാതിരിക്കുന്നിടത്തോളം ഗവണ്മെന്റിനു അവശ്യം വേണ്ടിയിരിക്കുന്നതായ പൊതുജനവിശ്വാസം അവർക്കു ഉണ്ടാകയില്ലെന്നുള്ളതു തീർച്ചയാണ്.

എനിക്കു ഇനി ഒരു സംഗതിയെപ്പററി മാത്രമെ സ്വല്പം പറയാനുള്ളു. അതായതു ഗവണ്മെന്റിന്റെ എക്സൈസ് നയത്തെപ്പററിയാകുന്നു. ആ വിഷയത്തെപ്പററി വേറെയും പലമെമ്പർമാരും പറകയുണ്ടായി.

പ്രസിഡന്റ്—നിങ്ങൾക്കു ഒരു മിനിട്ടുമാത്രമേയുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റിന്റെ എക്സൈസ് നയം മദ്യനിരോധനത്തിനുമാത്രമല്ല മദ്യവർജ്ജനത്തിനുതന്നെയും അനുയോജ്യമായിരിക്കുന്നില്ല. മദ്യവർജ്ജനത്തെ ഉദ്ദേശിച്ചു സന്നദ്ധന്മാരായ ആളുകൾ ജോലിചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ തന്നെയും മദ്യനികുതിയിലുള്ള തവണമുടക്കത്തിനെ മാപ്പുചെയ്തു കൊടുക്കുന്നതായി ഡിപ്പാർട്ടുമെന്റുവക റിപ്പോർട്ടുകളിൽ നിന്നും കാണാൻ കഴിയുന്നുണ്ട്; അപ്രകാരമുള്ള അവസ്ഥയിൽ മദ്യവർജ്ജനജോലി അഭിവൃദ്ധിപ്പെടുമെന്നു വിചാരിക്കാൻ ഇടയുള്ളതാണോ? കഴിഞ്ഞകൊല്ലത്തിൽ കുറെ അധികം ആളുകൾ കള്ളുകുടിക്കയും ആവഴി കണ്ട്രാക്റ്റർ കുറെ അധികം ലാഭം ഉണ്ടാക്കുകയും ചെയ്തു എന്നുവരികിൽ ആ ലാഭത്തിന്റെ ഒരംശംകൂടി വേണമെന്നു ആയാളോടു ആവശ്യപ്പെടാമോ?

കിട്ടാവുന്നിടത്തോളം കൂടുതൽ നികുതി പിരിക്കണമെന്നല്ലാതെ ജനങ്ങളുടെ ക്ഷേമത്തെയൊ ഗുണത്തെയൊ ഉദ്ദേശിച്ചു ഒന്നും ചെയ്യണമെന്നു ഡിപ്പാർട്ടുമെന്റിനു താൽപര്യം ഇല്ലെന്നു റിപ്പോർട്ടുകളിൽ നിന്നു വ്യക്തമാകുന്നുണ്ട്. മുതലെടുപ്പുണ്ടാക്കുന്നതിനെ സംബന്ധിച്ചു റിപ്പോർട്ടിൽ ഒരു പ്രത്യേക അധ്യായം ഉണ്ട്. എന്നാൽ മദ്യനിരോധനത്തെയോ മദ്യവർജ്ജനത്തെയോ സംബന്ധിച്ചു അതിൽ ഒന്നും പറഞ്ഞുകാണുന്നില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, നമ്മുടെ രാജ്യത്തിന്റെ അടുത്ത കൊല്ലത്തെ വരവുചിലവുകളെ നിർണ്ണയിച്ചുള്ള ഒരു ബഡ്ജറ്റ് ഈ സഭമുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. തുടങ്ങിയപ്പോൾ തന്നെ ശൂന്യമായ അക്ഷരത്തിൽ തുടങ്ങാൻ ഇടയായതിൽ എനിക്കു മനസ്താപവും ഇല്ലാതില്ല. ജനപക്ഷത്തെ അവലംബിച്ചു നോക്കിയാൽ ഇത്രത്തോളം അതൃപ്തികരമായ ഒരു ബഡ്ജറ്റ് ഇതിനുമുമ്പു കൌൺസിലിലോ ഈ രാജ്യത്തിനു വെളിയിലോ കാണാൻ ഇടയായിട്ടില്ല. മൂന്നുലക്ഷത്തിൽപ്പരം ജനങ്ങൾ അധിവസിക്കുന്ന കോട്ടയം താലൂക്കിൽ ഒട്ടുവളരെ പണം തിന്നു നശിപ്പിക്കുന്ന ഇഞ്ചിനീയർ ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരു പൈസപോലും പുതിയവേലകൾക്കായി ചെലവുചെയ്യുന്നതിനു വ്യവസ്ഥചെയ്യാൻ ഗവണ്മെന്റിനു സാധിച്ചില്ല; കഴിഞ്ഞകൊല്ലത്തിൽ ഏകദേശം ഒരു ലക്ഷം രൂപായോളം ലാപ്സായിപ്പോയി എന്നാണ് ഫൈനാൻഷ്യൽസെക്രട്ടറിയുടെ റിപ്പോർട്ടിൽനിന്നു കാണുന്നതു. തടിച്ചശമ്പളവും കൊഴുത്തപടിയും വാങ്ങിച്ചുകൊണ്ടു ആവശ്യത്തിലധികം ഉദ്യോ

ഗസ്ഥന്മാരുമുള്ള ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറു അനുവദിക്കുന്ന തുക പോലും തക്കസമയത്തു ചെലവുചെയ്യാതിരിക്കുന്നതിൽ മനസ്താപിക്കാതെ നിവൃത്തിയില്ല. ഒരു വേലചെയ്യുന്നതിനു അനുവദിച്ചിട്ടുള്ള തുകയെ ആ വേല ചെയ്യാതെ എക്സിക്യൂട്ടീവ് എൻജിനീയരുടെ ഭോഷത്വമനുസരിച്ചു അന്യജോലികൾക്കു ഉപയോഗിക്കുന്നതും ശോചനീയമാണ്. ഈയ്യാണ്ടിൽ പബ്ലിക്ക വൊക്ക്സിനു അനുവദിച്ചിട്ടുള്ള രണ്ടുലക്ഷം രൂപാ ഗവൺമെൻറിന്റെ അധീനത്തിൽ ഇരിക്കുന്ന എന്നു രണ്ടുസ്ഥലത്തായികാണുന്നു. അതു പി. ഡബ്ലിയു. ഡി. എന്നുള്ളപേരും പറഞ്ഞു എടുത്തുവയ്ക്കാതെ ഗവൺമെൻറിന്റെ അധീനത്തിൽ മാത്രം എന്നു പറഞ്ഞു വച്ചിരുന്നു എങ്കിൽ ജനങ്ങൾക്കു സങ്കടത്തിനു വകയില്ലായിരുന്നു. പി. ഡബ്ലിയു. ഡി. എന്ന ഈനത്തിൽ ഇത്രപണം ഉണ്ടെന്നു വെളിയിൽ കാണിക്കുന്നതിനെ മതിയാകയുള്ളൂ. അതിൽ ഒരു ചക്രവും അതിലേക്കു ചിലവുചെയ്യുന്നില്ല. കോട്ടയത്തുള്ള പലവേലകളെ സംബന്ധിച്ചും ചീഫ് എഞ്ചിനീയർ അവർകളോടും മാറിപ്പോയ ദിവാൻജി അവർകളോടും ഞാൻ പറകയും അവയിൽ പലതും ചെയ്യുതരാമെന്നു ദിവാൻജി ഏല്ക്കുകയും ചെയ്തിരുന്നു. അദ്ദേഹം പോയി. അദ്ദേഹം ഇവിടെ എന്നും ഇരുന്നുചെയ്യുന്നതല്ലല്ലോ. അതിൽ പിന്നീടു ഇപ്പോഴത്തെ ഗവൺമെൻറിനോടു പറയാൻ ഇതുവരെ സൌകര്യം കിട്ടിയിട്ടും ഇല്ല. ഇപ്പോൾ അതിലേക്കു ഒരുചക്രംപോലും അനുവദിച്ചിട്ടില്ലെന്നു കാണുന്നതു വളരെ സങ്കടമാണ്. പുതിയവേലകൾക്കു എന്നും പറഞ്ഞു പഴയ റോഡുകൾ നന്നാക്കുന്നതിനു രണ്ടായിരം രൂപാ അനുവദിച്ചു. പുതിയ റോഡു ഒന്നും തന്നെ ഇല്ല. പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിനോടു അതിനെപ്പറ്റി ചോദിച്ചാൽ അതിനെക്കാൾ കൂടുതൽ ആവശ്യമുള്ള വേലക്കു ചിലവുകഴിച്ചു എന്നു പറയും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): കോട്ടയത്തു എത്രമൈൽ ദൂരം റോഡുണ്ടു?

മി: ആർ. രാമൻപിള്ള (കോട്ടയം): എത്രമൈൽ എന്നു എനിക്കു നിശ്ചയമില്ല. അതു ചീഫ എൻജിനീയർ പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. മറ്റുപല ദേശങ്ങളിലെ അവസ്ഥനോക്കിയാൽ ഇതു കുറവാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അമ്പതുകൊല്ലങ്ങൾക്കുമുമ്പു വിലകൊടുത്ത സ്ഥലത്തെ പൂർത്തിയാക്കി തരണമെന്നു അപേക്ഷിച്ചതിൽ പലതവണയും എസ്റ്റിമേററു തയ്യാറാക്കി കൊടുത്തിട്ടുള്ള ഒന്നു രണ്ടു പാലങ്ങൾ പണിയിച്ചുതരണമെന്നു അപേക്ഷിച്ചിട്ടുണ്ട്. അതിനു ഫലമില്ല. രണ്ടുമൂന്നു ചെറിയ പാലങ്ങൾ നന്നാക്കി ഒരു റോഡു വണ്ടിപോകത്തക്കവിധത്തിൽ ശരിപ്പെടുത്തി തരണമെന്നു പറഞ്ഞു. അതിനും ഫലമില്ല. ചീഫ് ഇഞ്ചിനിയർ ഈ വഴികൾ കണ്ടിട്ടുണ്ടൊ എന്നുതന്നെ സംശയമാണ്. ചീഫ് ഇഞ്ചിനിയരോടു ചോദിച്ചതിൽ റോഡിനെപ്പറ്റി അറിഞ്ഞുകൂടാ എന്നാണ മറുപടിതന്നതു്.

ഇനി എനിക്കു എക്സൈസ് ഡിപ്പാർട്ടുമെൻറിനെപ്പറ്റി ഒന്നും പറയാതിരിപ്പാൻ സമ്മതം വരുന്നില്ല. കള്ളു, ചാരായം എന്നീഷാപ്പുകളുടെ എണ്ണം കുറേശകുറേശ കുറച്ചു ലേലം ചെയ്തുവരാറുണ്ട്. എന്നാൽ ഒരു സ്ഥലത്തുനിന്നു ഒരു കള്ളുഷാപ്പും ഒരു ചാരായഷാപ്പും കുറച്ചപ്പോൾ കുടിച്ചുവന്നവരുടെ തുക ഏകദേശം അതുപോലെതന്നെ കാണുന്നുണ്ട്. ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണവും വലിയകുറവില്ലാതെ കാൽഭാഗം കൂടി കാണുന്നുണ്ട്. മദ്യപാനനിരോധനത്തിനുള്ള സ്ഥിരപരിശ്രമത്താൽ ലാഭം ഇല്ലാതാകും എന്നു എക്സൈസ് കമ്മീഷണർ പറയുമെന്നാണ എന്റെ വിശ്വാസം. ഷാപ്പുകളുടെ എണ്ണം കുറച്ചാൽ വരവുകുറഞ്ഞു പോകുമെന്നു ഭയപ്പെടുന്നു എങ്കിൽ ഞങ്ങളിൽ നിന്നും ഓരോ രൂപാ പിരിച്ചു എടുത്താലും കള്ളുഷാപ്പുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്. ഇതു ഭേദപ്പെടുത്താൻ സാധിക്കയില്ലെന്നു ഡെപ്യൂട്ടിപ്രസിഡൻറ് അവർകൾപറഞ്ഞ അഭിപ്രായത്തോടു എനിക്കു പൂർണ്ണമായിയോജിക്കുന്നതിനു ധൈര്യമില്ല. സ്ഥിരപരിശ്രമംകൊണ്ടു സാധിക്കാത്തതായി ഒന്നും തന്നെ ഇല്ലെന്നു എല്ലാവരും സമ്മതിക്കുന്നതാണ്. ഇതിനെ രണ്ടു ഡിപ്പാർട്ടുമെൻറായിതിരിക്കുന്നപക്ഷം വരവുകുറയുകയുമില്ല. ചെത്തുന്ന വൃക്ഷങ്ങൾക്കു കുറവുണ്ടാകയും ചെയ്യും. രണ്ടു ലക്ഷം വൃക്ഷങ്ങൾ ചെത്തുന്നു എന്നു കണക്കിൽ കാണുന്നു എങ്കിൽ അഞ്ചുലക്ഷമാണു വാസ്തവത്തിൽ ചെത്തുന്നതു. എക്സൈസ് കമ്മീഷണരുടെ കേസുലിസ്റ്റ് നോക്കിയാൽ ആയിരം തെങ്ങു ചെത്തുന്നു എങ്കിൽ അഞ്ചോ ആറിനു മാത്രമേ കേസു എടുക്കുന്നുള്ളു എന്നുകാണാം. എക്സൈസിന്റെ സഹായം കൂടാതെ ഷാപ്പുകൾ നടത്താൻ സാധിക്കയില്ല. എക്സൈസ് ഉദ്യോഗസ്ഥന്മാർക്കു പണത്തിനു ആവശ്യമുണ്ട്. അതിനുതക്കവണ്ണം അവർ കൺട്രാക്ടർമാരെ സഹായിച്ചു കൊണ്ടിരിക്കുന്നു. ഞാൻ ഉൾനാട്ടിൽ താമസക്കാരനാണ്. എക്സൈസ് ഉദ്യോഗസ്ഥന്മാർ ഷാപ്പ് കൺട്രാക്ടരെ സഹായിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു എനിക്കു അറിവുള്ളതാണ്. ഓരോ ഷാപ്പിന്റെയും കീഴിൽ നാലഞ്ചു ഉപഷാപ്പുകൾ നടത്തിവരുന്നു. അവയെ പിടിച്ചു തരാമോ എന്നു കമ്മീഷണർ ചോദിച്ചാൽ പിടിച്ചുതരാം. വരറ്റിക്കൊണ്ടിരിക്കുന്ന അവസരത്തിൽ കാണിച്ചുകൊടുക്കാം. പക്ഷേ രാത്രിയിൽ നടന്നുവരണം. മോട്ടാറിലും മററും പോയാൽ സാധിക്കയില്ല.

മി: മാത്യുമുരിക്കൻ (വൈക്കം): ഈ വിവരം അധികൃതന്മാരെ അറിയിച്ചിട്ടുണ്ടോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ധാരാളം അറിയിച്ചിട്ടുണ്ട്. അസിസ്റ്റൻറ് കമ്മീഷണരോടും ഇൻസ്പെക്ടരോടും പറഞ്ഞിട്ടുണ്ട്. പിന്നെ ആരോടു പറയണമെന്നു എനിക്കു മനസ്സിലാകുന്നില്ല. എക്സൈസിലെ വരുമാനം കുറയ്ക്കേണ്ടതു ആവശ്യമാണ്. ഒരു സ്റ്റേറ്റുമെൻറ് ഇന്നലെ തന്നതു നോക്കിയതിൽ മദ്യപാനം വർദ്ധിച്ചു കാണുന്നു. അതുകൊണ്ടു ശരീരത്തിനു നേരിടുന്ന ദോഷം മാത്രമല്ല അവരുടെ സമ്പത്തിനും യശസ്സിനും കൂടി നാശമുണ്ടാകുന്നതാണെന്നു മനസ്സിലാക്കാത്തവർ ആരും കാണുമെന്നു തോന്നുന്നില്ല. ഗവൺമെൻറ് ഉദ്യോഗസ്ഥന്മാർക്കു അവരുടെ ശമ്പളം കൊടുക്കുന്നതിനു വേണ്ടിടത്തോളം പണം ഉണ്ടാകണം. ഗവൺമെൻറിന്റെ അഭിവൃദ്ധിക്കു വേണ്ടി യാതൊന്നും പ്രവർത്തിച്ചില്ലെങ്കിലും തരക്കേടില്ല എന്നാണു എട്ടു പത്തു കൊല്ലമായി കണ്ടുവരുന്നതു. മേലാലെങ്കിലും ഇതിനു വ്യത്യാസം ഉണ്ടാകണമെന്നാണ് എന്റെ ഉത്തമവിശ്വാസം.

ഇനി ജുഡിഷ്യൽ വകുപ്പിനെപ്പറ്റി രണ്ടുവാക്കു പറയാം. ഇതിനു മുമ്പു സംസാരിച്ച സ്നേഹിതന്മാർ ഞാൻ കരുതിവച്ചിരുന്നതിൽ മുക്കാലെഅരയ്ക്കാൽ ഭാഗവും പറഞ്ഞു പോയിട്ടുണ്ട്. ജഡ്ജിയായിരുന്ന മി: കുഞ്ഞിലിംഗമയ്യർ എന്നുള്ളതിനു യാതൊരു സംശയവും ഉണ്ടാവുകയില്ല. അതിനു സമർത്ഥനായ ഒരു ... അദ്ദേഹത്തെ പിരിച്ചയച്ച അവസരത്തിൽ തക്കതായ ഒരാളെ എടുക്കുന്നതിനു ഗവൺമെൻറിനു സാധിച്ചില്ല. അപ്രകാരം ഒരു

ളെകിട്ടുന്നതുവരെ അദ്ദേഹത്തെ തന്നെ വച്ചിരുന്നു എന്ന വരികിൽ മററു ജഡ്ജിമാർ തികെക്കുടുകയില്ലായിരുന്നു. അത്രയും കാലം ഒരു ജഡ്ജി ഇല്ലാതിരുന്നതിനാൽ ആ ബെഞ്ചു കൂടാതെയും ഇരുന്നു. ൧൦൦൦-ൽ അധികം കേസുകൾ കുടിശ്ശിഖ ഉണ്ടെന്നു കണ്ടപ്പോൾ ഒരു കൂടുതൽ ബെഞ്ചു വേണമെന്നു നിശ്ചയിച്ചു. രണ്ടായിരത്തിൽപ്പരം കേസു കുടിശ്ശിഖ ആയപ്പോൾ ബെഞ്ചു വേണ്ടെന്നുവച്ചു. "നീതിയുടെ താമസം നീതിയുടെ നിഷേധമാകുന്നു" എന്നുള്ളതത്വം ഇന്നത്തെ അദ്ധ്യക്ഷൻ അവർകളും സ്വീകരിക്കാത്ത അഭിപ്രായമല്ലെന്നാണ് എനിക്കു തോന്നുന്നതു. ഈ പ്രമാണം അനുസരിച്ചു സാധുജനങ്ങൾ കഷ്ടപ്പെടുന്നു എന്നാണ് മനസ്സിലാക്കേണ്ടതു. ഇന്നുള്ള ജഡ്ജിമാരിൽ അദ്ദേഹത്തെ കവിഞ്ഞു സമർത്ഥനായി ആരെങ്കിലും ഉണ്ടോ എന്നു എനിക്കു സംശയമാണ്. എന്നാൽ അദ്ദേഹം പോയി എന്നിരിക്കട്ടെ. പോയതിനുശേഷം ഈ ആറുമാസക്കാലം ആരെ നിയമിക്കാതിരുന്നിട്ടും അന്യസീമയിൽ നിന്നും ആരെയും കൊണ്ടുവന്നില്ല.

നിയമവിളംബകമ്മിററിവേണമെന്നു കഴിഞ്ഞ കർക്കടകമാസത്തിൽ സംസാരിച്ചു. അതു ഈ കൌൺസിലിൽ ഉണ്ടാകുന്ന വ്യക്തിപരമായ വിരോധം വച്ചു കൊണ്ടാണു സംസാരിച്ചിട്ടുള്ളതെന്നു അന്നും ഇന്നും മനസ്സിലാകാവുന്നതല്ല. അതിനുശേഷം നിയമവിളംബ കമ്മിഷൻ വേണമെന്നു നിശ്ചയിച്ചു. കഴിഞ്ഞതവണയിൽ ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിനെപ്പററി പറഞ്ഞതുകൊണ്ടു മുപ്പതിനായിരം രൂപാ നഷ്ടം ഉണ്ട്. ഇനിയും വരുമായിരിക്കാം. ഇന്നു നമ്മുടെ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാരിൽ നിയമവിളംബത്തെപ്പററി അന്വേഷിച്ചു ശരിയായ ഒരു റിപ്പോർട്ടു അയക്കുന്നതിനു ഡിപ്പാർട്ടുമെൻറു പരിചയമുള്ള ആളുകൾ ഉണ്ടോ എന്നു സംശയമാണ്. അതിനെ പരിഹരിക്കാൻ ൮൦ രൂപാ ശമ്പളത്തിൽ ഒരു മുൻസിഫിനെങ്കിലും ചുമതലപ്പെടുത്തുമെന്നുള്ളതുകൊണ്ടും ആ മുൻസിഫ് നല്ലവണ്ണം തഴക്കവും പഴക്കവും ഉള്ള ഒരാളായിരിക്കുമെന്നുള്ളതുകൊണ്ടും സാധിക്കാവുന്നതാണ്. കമ്മിഷന്റെ റിപ്പോർട്ടു വരുത്തുന്നതിനു മുമ്പു അതിനെ സംബന്ധിച്ചു അല്പം ചില സംഗതികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയോടു ഒന്നു ആവശ്യപ്പെടുന്നതു കൊള്ളാമെന്നുതോന്നുന്നു. ലാസ് ഡിലേസ് അധികം ഉണ്ടാകുന്നതു സമുദായഭിന്നിപ്പുകൊണ്ടാണ്. പണം കൊടുത്തു വസ്തു എഴുതിവാങ്ങിച്ച ആളിന്റെ കേസു എളുപ്പം തീരാതിരിക്കാൻ എതൃകക്ഷി മനഃപൂർവം ശ്രമിക്കുന്നതുകൊണ്ടാണ്. ഈ കക്ഷികളെ സഹായിക്കുന്നതിൽ വക്കീലന്മാരും ഭാഗഭാക്കുകളാണ്. അതു എന്റെ സ്നേഹിതന്മാർക്ക് അല്പം ശങ്ക ഉണ്ടെങ്കിലും അതു രഹസ്യമായി സമ്മതിക്കുന്ന ഒരുകാര്യം ആണ്. ഈ നാട്ടിലുള്ള വർഗ്ഗീയവിദ്വേഷവും ലാസ് ഡിലേസിനു കാരണമാകുന്നു. എനിക്കൊത്ത ജഡ്ജിക്കും വക്കീലിനു യോജിച്ച ജഡ്ജിക്കും വേണ്ടി പല പ്രാവശ്യവും ബഞ്ചിൽ വയ്ക്കാതെ കേസുമാററിമാററിവയ്ക്കുന്നു. ഇപ്രകാരം പതിനെട്ടു പ്രാവശ്യം കേസു ബോർഡു ചെയ്യാതെ അവർ ഉദ്ദേശിക്കുന്ന ബഞ്ചിൽ വയ്പിക്കുന്നതിനു താമസപ്പെടുത്തുന്നു. ഇതു പലരും സാധാരണയായി ചെയ്തു വരുന്നതാണ്. കീഴ്കോടതിയിൽ വിസ്തരിക്കുന്നതിനു നിശ്ചയിക്കുന്നു എങ്കിൽ അവിടെ ആ കേസ് എടുക്കരുതു എന്നു എന്തെങ്കിലും കാരണവും പറഞ്ഞു സ്റ്റേ എടുക്കാം. അതു ഹൈക്കോടതിയിൽവന്നാൽ ഒരു കൊല്ലം കഴിഞ്ഞാലും തിരിച്ചുവരാൻ സാധിക്കയില്ല. പിന്നെയും ഇഷ്ടമുള്ള ജഡ്ജിക്കു വേണ്ടി കാത്തിരിക്കുന്നു. ഈ താമസം വക്കീൽ സഹോദരന്മാരും കക്ഷികളും കൂടി ഉണ്ടാക്കിവയ്ക്കുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഇതിനുശരിയായ പ്രതിവിധി എന്താണ്?

മി: ആർ. രാമൻപിള്ള (കോട്ടയം): അതിനു പ്രതിവിധി പറയാം. പിന്നെ എക്സിക്യൂഷൻ. ഒന്നു രണ്ടുവർഷത്തെ പരിശ്രമംകൊണ്ടു വിധി സമ്പാദിച്ചു ലേലത്തിൽ വന്നാൽ ആ സമയത്തു സ്റ്റേ എന്നു പറയും. ഇങ്ങിനെ പലവിധമായ അനീതിയും അന്യായവും നടക്കുന്നു. വിധിച്ചാൽകൂടിയും സ്റ്റേ ഉണ്ട്. വിധി നിറുത്തിവയ്ക്കാൻ അപ്പീൽ ആയിക്കൊള്ളട്ടെ എന്നു വിചാരിക്കും. ലേലത്തിനു വരുമ്പോൾ നിറുത്തിവയ്ക്കരുതു്. സ്ഥിരപ്പെടുത്തുന്നതിനുള്ള അവധിമാത്രം മാററിവയ്ക്കണം. ഇപ്പോൾ ഒരു കേസു തീരുന്നതു വരെ സ്ഥിരമായ് നില്ക്കുന്നു. അതിനാൽ പ്രൊസീഡിയുവർ കോഡുകൂടി ഭേദപ്പെടുത്തുന്നതിനുള്ള ഒരു വ്യവസ്ഥ ചെയ്യണമെന്നാണ് ഞാൻ സഭയോടു ആവശ്യപ്പെടുന്നതു്. ഈ മാതിരിയുള്ള സംഗതികളെ പരിഹരിക്കുന്നതിന് ചീഫ് ജസ്റ്റീസ് അവർകൾ കഴിവുള്ളിടത്തോളം പരിശ്രമിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഈ അഭിനന്ദനീയമായ പ്രവൃത്തിയെ മററു സഹോദരജഡ്ജിമാരും അനുകരിച്ചു ഹൈക്കോടതിയിലെ കുടിശ്ശിഖകളെ കുറവു വരുത്തുന്നതിന് അചിരേണ പ്രയത്നിക്കുമെന്നു വിചാരിക്കുന്നു.

ഇനി പോലീസ് ഡിപ്പാർട്ടുമെൻറിനെക്കുറിച്ച് ഒരു സംഗതി പറയാനുണ്ട്. പോലീസ്സ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ദുഷിച്ചുപോയി എന്നു പറഞ്ഞാൽ ഇതിലധികം ദുഷിക്കാനില്ല. ഈ ഡിപ്പാർട്ടുമെൻറിൽ വളരെ അക്രമവും അനീതിയും നടക്കുന്നുണ്ട്. അതിന്റെ വാസ്തവസംഗതികളെപ്പററി അതാതു മേലധികാരികളോടു പറയുമ്പോൾ പോലീസ്സുകാരുടെ പേരിൽ ധാരാളം വഴക്കുള്ളതുകൊണ്ട് പറയുന്നതിൽ കുറെ ഒക്കെ കള്ളമായിരിക്കാമെന്ന് അവർ വിചാരിക്കുന്നു. അതിനു തെളിവു കൊടുക്കാമെന്നുവച്ചാൽ കൈക്കൂലി കൊടുക്കുന്നവർക്കും വാങ്ങുന്നവർക്കും ജയിലാണ് നിശ്ചയിച്ചിരിക്കുന്നതു്. അതുകൊണ്ട് അതിനു ഒരു വ്യവസ്ഥ ഉണ്ടാക്കിയാൽ കൊള്ളാം.

ഒരിക്കൽ പാമ്പാടി പോലീസ് ഇൻസ്പെക്ടരോടു വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരു കക്ഷിയെ ഒഴിക്കുന്നതിനു മുപ്പത്തിഅഞ്ചുരൂപാ എന്റെ ദൃക്സാക്ഷിയിൽ വാങ്ങിച്ചു എന്നു മേലധികാരിയോടു പറഞ്ഞിട്ടുണ്ട്.

മി: പി. സി. കേശവപിള്ള (കല്ലുക്കൂട്ടം-വിളവങ്കോടം): ഇവിടെ മെമ്പർ ആയതിൽ പിന്നീടാണോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതേ, അതിൽപിന്നീടാണ്. പോലീസ് ഉദ്യോഗസ്ഥന്മാർക്കു എതിരായി ഞാൻ നില്ക്കയില്ല.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ആ ആളിൽനിന്നും കൈവസ്സു വാങ്ങിച്ചതാണോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതേ, കൈകൊണ്ടു വാങ്ങിച്ചു തിരിയെ കൊടുക്കാനല്ല. ഞാൻ ഒരു മേലധികാരിയോടു പറഞ്ഞപ്പോൾ 'ആ വയസ്സനല്ലേ' എന്നു പറഞ്ഞു. അതു ആരാണെന്നു പറയാൻ ഇപ്പോൾ തയ്യാറില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ടം): ഇപ്പോഴും സർവീസിൽ ഇരിക്കുന്ന ആളാണോ?

മി: ആർ. രാമൻപിള്ള (കോട്ടയം): സർവീസിലുള്ള ആളാണ്.

മി: മാത്യു മുരിക്കൻ (വെള്ളം): അപ്പോൾ വേറെ ആരെങ്കിലും ഉണ്ടായിരുന്നോ?

മി: ആർ. രാമൻപിള്ള (കോട്ടയം): വേറെയും ആളുകൾ ഉണ്ടായിരുന്നു. അവിടെ ഉണ്ടായിരുന്നത് അമ്പലപ്പുഴക്കാരൻ ഒരു കൊച്ചുകർത്താവും വേറെ ഒരാളും ആയിരുന്നു.

മി: ടി. സി. കേശവപിള്ള (കല്ലൂപ്പാറ–വിളവങ്കോട്ട്): പോലീസ് ഇൻസ്പെക്ടരുടെ പേര് പറയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): പറയാം. പാറനാടി പോലീസ് ഇൻസ്പെക്ടർ മി: പി. കേശവപിള്ള. കക്ഷികളുടെ പേര് എനിക്ക് നിശ്ചയമില്ല.

അതുകൊണ്ട് പോലീസ്ഡിപ്പാർട്ടുമെൻറിനെ ഈ മാതിരി കാര്യങ്ങൾക്ക് എന്തെങ്കിലും വ്യവസ്ഥ ചെയ്യണം. പോലീസ്ഡിപ്പാർട്ടുമെൻറുകാർ അനുഭവിക്കുന്ന ദുരിതത്തെയുംകൂടി പരിഹരിക്കേണ്ടതാണ്. ഇപ്പോൾ ഓടിനടക്കുന്ന കാൺസ്റ്റബിൾമാർക്ക് പതിനഞ്ചും പന്ത്രണ്ടും രൂപാ ശമ്പളം കൊടുത്താൽ അഴിമതി വർധിക്കയേയുള്ളു. കൊച്ചു കൊച്ചിരാജ്യത്തുകൂടി പതിനഞ്ചു രൂപാ കൊടുക്കുന്നു. ഇവിടെ പതിമൂന്നു രൂപായാണു കൊടുക്കുന്നതു. ഈ പതിമൂന്നു രൂപായും കിട്ടുന്നതു അമ്പതേഴു വയസാകുമ്പോഴാണ്. ഇതിനു പരിഹാരമുണ്ടാക്കണം. യോഗ്യന്മാരായവരെ നിയമിക്കണമെന്ന് പോലീസ് കമ്മിഷണരോട് ആജ്ഞാപിക്കണം. അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ ഒരു തുക ദോഷംകൂടാതെ രാജ്യത്തിൻെറ അഭിവൃദ്ധിയെ ലാക്കാക്കി ചിലവു ചെയ്യുമെന്നു വിചാരിക്കുന്നു.

ഇനി നമ്മുടെ വരവിനം എത്ര ആയിരമെന്നും ചിലവിനം എത്ര ആയിരം എന്നും ആണു കണക്കാക്കേണ്ടതു. വരവു കുറച്ചും ചിലവു കൂട്ടിയും കണക്കാക്കുന്നു. എന്നാൽ വരവു കൂടുകയും ചിലവു കുറയുകയുംചെയ്താൽ നീക്കിയിരിപ്പു മുതൽ ഉണ്ടാകും. സാമർത്ഥ്യം ഉള്ള ആളുകളോടു മിണ്ടിയാൽ പറയില്ല എന്നുവെച്ചു ബോധിച്ചപോലെ ചിലവു ചെയ്യുന്നു. മുനിസിപ്പാലിററി മുതലായ സ്ഥലങ്ങളിൽ അഭിവൃദ്ധികരമായ പ്രവൃത്തികൾക്കു മുനിസിപ്പാലിററിതന്നെ പണം ചിലവുചെയ്യണം. അല്ലാതെ പൊതുമുതൽ എടുത്തു ചിലവു ചെയ്യണമെന്നു വിചാരിക്കുന്നതു അനീതിയാണെന്നു സാമാന്യജനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ എനിക്കു തോന്നുന്നു. വാട്ടർ വൊർക്ക്സ് ഒരു രാജ്യത്തിൻെറ തലസ്ഥാനമെന്ന നിലയിൽ ആവശ്യമാണ്. അതു റിപ്രൊഡക്ടീവ് ആകയാൽ പിന്നീട് ആദായം കിട്ടുന്നവയാണ്. അതെല്ലാം ഭാവിതലമുറകൾ അനുഭവിക്കേണ്ടതാണ്. ഇപ്പോഴത്തെ ആളുകൾക്ക് ആവശ്യത്തിനു കൊടുക്കാതെ ഭാവിതലമുറകൾക്ക എന്നു പറഞ്ഞു ചിലവാക്കുന്നതു വളരെ കഷ്ടമാണ്. തിരുവിതാംകൂറിലെ മുതൽ ഇപ്പോൾ പരിശ്രമികളായിരിക്കുന്നവരുടെ ആവശ്യത്തിന് ഉപയോഗിച്ചു ബാക്കിയുള്ളതിനെ അടുത്ത തലമുറകൾക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്. ലാപ്സായിപ്പോകുന്ന മുതലിനു യാതൊരു അവകാശവും ഇല്ല. ഇങ്ങിനെ പത്തു പതിനഞ്ചു കൊല്ലമായി ബഡ്ജറ്റിൽ കാണുന്നതു വരവ് അധികരിച്ചും ചിലവ് അധികമല്ലാതെയും ആണ്. ഇതിൽ ഒരു മനഃപൂർവ്വം ഉള്ളതുപോലെ തോന്നുന്നു. വരവു നിർണ്ണയത്തിൽ ഇതുവളരെ തെററിപ്പോകുന്നതു എന്താണ്? അതു ഒന്നുകൊണ്ടും നിശ്ചയിക്കാൻ ന്യായമില്ലാത്തതല്ല. അതുകൊണ്ടാണ് മനഃപൂർവ്വം എന്ന പദം അബദ്ധമായി പറഞ്ഞതു. ഇത്രയും പറഞ്ഞുകൊണ്ട് എൻെറ പ്രസംഗം തല്ക്കാലം അവസാനിപ്പിച്ചുകൊള്ളുന്നു.

മി: ഡി. സി. ഫ്രാൻസിസ് (നിയമിതൻ): സർ, ഏകദേശം രണ്ടുലക്ഷത്തോളം ഒരു നീക്കിയിരിപ്പു ബഡ്ജറ്റ ഈ കൌൺസിൽമുമ്പാകെ ഹാജരാക്കിയതിനു ഞാൻ ഗവണ്മെൻറിനെ അനുമോദിച്ചുകൊള്ളുന്നു. ഇതിൽ, ചെറുതാണെങ്കിലും നാലര ലക്ഷം രൂപായുടെ ഒരു നീക്കിയിരിപ്പുണ്ട്. രാജ്യത്തിൻെറ ധനസ്ഥിതിയുടെ ഒരു വ്യക്തമായ വിവരണം ഈ ബഡ്ജറ്റിൽ ഉണ്ട്. ബഡ്ജററ് എസ്റ്റിമേററുകൾ പരിശോധിച്ചതിൽ വിദ്യാഭ്യാസംവകുപ്പിലുള്ള ചിലവ് ഏററവും പ്രധാനമായ ഒരു ചിലവ് ഇനമായി കാണുന്നുണ്ട്. സ്ത്രീപുരുഷന്മാർക്ക് ഒന്നുപോലെയുള്ള വിദ്യാഭ്യാസം നൽകുന്നതിന് ഒരു ഭീമമായ സംഖ്യ ചിലവാക്കിവരുന്നുണ്ട്. ഗവണ്മെൻറിൽനിന്നും ചെയ്തുവരുന്ന പ്രോത്സാഹനത്തെ അടിസ്ഥാനമാക്കി പെൺകുട്ടികൾക്കും ഉന്നതവിദ്യാഭ്യാസം മാതാപിതാക്കന്മാർ നൽകിവരുന്നു. ആ സ്ഥിതിക്ക് ഗവണ്മെൻറു സർവീസിൽ സ്ത്രീകളെയും പററിയതായ ഡിപ്പാർട്ടുമെൻറുകളിൽ നിയമിക്കേണ്ടതു ഗവണ്മെൻറിൻെറ കർത്തവ്യമാകുന്നു. പിന്നോക്കം നില്ക്കുന്ന സമുദായക്കാർക്ക് ഫീസ്സ് ഇളവുചെയ്തു കൊടുത്തുവരുന്നതു വലിയ അനുഗ്രഹംതന്നെ. എന്നാൽ ഡിപ്പാർട്ടുമെൻറൽ സ്കൂളുകളിൽ ഈവക മുഴുവൻ തുകയും ഗവണ്മെൻറിൽനിന്നും വഹിച്ചുവരവേ, സ്കൂൾ മാനേജർമാർ വക ദാനം കൊടുക്കണമെന്നു വച്ചിട്ടുള്ളതു അത്ര ശരിയായ നയമല്ല. പ്രൈവററ സ്കൂളുകളുടെ മാനേജർമാർക്ക് ഉദാരമായ വിധത്തിൽ പ്രോത്സാഹനം നൽകേണ്ടതാണ്. ചില ഡിപ്പാർട്ടുമെൻറൽ സ്കൂളുകൾകൂടി മാനേജർമാരെ ഏല്പിക്കാവുന്നതാണ്. എന്തെന്നാൽ അപ്രകാരം ചെയ്യുന്നതുകൊണ്ട് ഗവണ്മെൻറിന് വലുതായ ലാഭം ഉണ്ടാകുന്നുണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഫീസ് സൌജന്യം കൊടുക്കുന്ന നഷ്ടത്തിൻെറ ഒരു അംശമെങ്കിലും മാനേജർമാർ കൊടുത്തില്ലെങ്കിൽ ഗവണ്മെൻറിനു ലാഭം ഉണ്ടാകുന്നതു എങ്ങിനെയാണ്?

മി: ഡി. ഫ്രാൻസിസ് (നിയമിതൻ): സഹായധന ഏർപ്പാടു ഗവണ്മെൻറിന് ലാഭമാണ്.

പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിനെപ്പററി നോക്കുന്നതായാൽ ആ ഡിപ്പാർട്ടുമെൻറിനു അടുത്തയാണ്ടിൽ ഒട്ടു വളരെ ജോലികൾ നിശ്ചയിച്ചിട്ടുള്ളതായി കാണുന്നു. ഇതുകളെല്ലാം ബഡ്ജററ എസ്റ്റിമേററിൽ നിന്നും നിർവഹിക്കുമെന്നു ആശിച്ചു കൊള്ളുന്നു. അടുത്തയാണ്ടത്തേക്കു നാഗർകോവിൽ ഡിവിഷനിലേക്കു നിശ്ചയിച്ചു വച്ചിട്ടുള്ള തുക വളരെ കുറവാണെന്നു കാണുന്നതിൽ എനിക്കു മനസ്താപം ഉണ്ട്. കഴിഞ്ഞ പല വർഷങ്ങളായി തെക്കൻ തിരുവിതാംകൂറിലെ നാഞ്ചിനാട്ടിലെ കർഷകന്മാരുടെ രക്ഷക്കായി പറയത്തക്ക യാതൊരു മരാമത്തു പണികളും ചെയ്തു വരുന്നില്ല. എന്നാൽ തിരുവിതാംകൂർ ഒട്ടുക്കും ഉള്ളതിൽ നികുതിഭാരം അധികം

വഹിക്കുന്നവർ ഈ ദിക്കുകാരാകുന്നു. ഉത്തര തിരുവിതാംകൂറിലും മദ്ധ്യ തിരുവിതാംകൂറിൽ തിരുവനന്തപുരം വരെയും ഉള്ള സ്ഥലങ്ങളിൽ അത്യധികം പണച്ചിലവുള്ള പലേ പണികളും നടത്തി വരുന്നു. എന്നാൽ മഴയില്ലാതെ കരിവു വരുന്ന കാലങ്ങളിൽ പാവപ്പെട്ട കൃഷിക്കാരുടെ രക്ഷയെ ഉദ്ദേശിച്ചു കോതയാർ ജലസേചന പദ്ധതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഒന്നും ചെയ്യുന്നില്ല. ഇവരുടെ രക്ഷക്കു വേണ്ടി മേലാൽ ആണ്ടുതോറും ഉള്ള ബഡ്ജററിൽ നാഗർകോവിൽ ഡിവിഷനിലേക്കു കൂടുതൽ തുകകൾ അനുവദിക്കുന്നതിന് ഗവണ്മെന്റിന്റെ ദയാദൃഷ്ടി ഉണ്ടാകേണ്ടതാണെന്നു മാത്രമല്ല, കോതയാററണ പണി തീർന്നതിൽ പിന്നെ കൂടുതൽ ജലശേഖരം ചെയ്യുന്നതിനായി ഇഞ്ചിനീയറന്മാർ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ പ്രകാരമുള്ള വേലകൾ തുടങ്ങുന്നതിനും ഗവണ്മെന്റു തയ്യാറാകേണ്ടതാകുന്നു.

മി: ടി. സി. കേശവപിള്ള (കേൾക്കുവിൻ, കേൾക്കുവിൻ).

മെഡിക്കലും സാനിട്ടറിയും ഡിപ്പാർട്ടുമെന്റുകളുടെ ചിലവും ഈ ബഡ്ജററിലെ ഒരു വലുതായ ചിലവു ഇനമാണ്.

എല്ലാ സക്കാർ ആസ്പത്രികളിലും ഓരോ ലേഡി ഡെപ്യൂട്ടി സർജനെയും രണ്ടു യൂറോപ്യൻ ധാത്രികളേയും നിയമിക്കുന്നതിനും വേണ്ടതായ പണം നീക്കിവയ്ക്കേണ്ടതാണ്. അതുകൂടാതെ എല്ലാ ഡിസ്പൻസറികളിലും ഒരു അസിസ്റ്റന്റു ലേഡി സർജ്ജനും വേണ്ടതാണ്. സംസ്ഥാനത്തിലെ എല്ലാ ആശുപത്രികളിലും ലേഡി ഡാക്ടർമാരെയും നഴ്സുകളേയും നിയമിക്കുന്നതുവരെ വൈദ്യസഹായം അപര്യാപ്തമായിരിക്കുകയേയുള്ളു. ദക്ഷിണ തിരുവിതാംകൂറിൽ ഒരു ഒററയാണ്ടിൽ കാളറാ ദീനം നിമിത്തം ൫൨,൦൦൦ ആളുകൾക്കു മേൽ മൃതരായി എന്നു കാണുന്നതു ശോചനീയം തന്നെ. ഇതിനെ നിവൃത്തിക്കുന്നതിനു പര്യാപ്തമായ നിവാരണമാർഗ്ഗങ്ങൾ അംഗീകരിക്കപ്പെട്ടിട്ടില്ല. സംസ്ഥാനഭണ്ഡാരത്തിലെ ഒട്ടധികം ദ്രവ്യത്തെ ചിലവഴിക്കുന്നതായ വൈദ്യുതദീപം മുതലായ സുഖസാധനങ്ങളേക്കാൾ എത്രയോ കൂടുതൽ ശ്രദ്ധാർഹമാകുന്നു, നിരവധി ജനങ്ങളുടെ ജീവരക്ഷ. ആവർത്തിച്ചാവർത്തിച്ചു വന്നു കൊണ്ടിരിക്കുന്ന ഈ വക ആപത്തുകളെ തടയുന്നതിനു വേണ്ട ഉപദേശവും സഹായവും ചെയ്യുന്നതിനായിട്ടു യൂറോപ്പിലോ അമേരിക്കയിലോ നിന്നു വല്ല വിദഗ്ദ്ധന്മാരെയും വരുത്തേണ്ടതിന് പോലും ആവശ്യമുള്ള പക്ഷം ഗവണ്മെന്റു മടിച്ചു കൂടാത്തതാകുന്നു.

സക്കാർ സർവ്വീസിൽ പ്രാതിനിധ്യം ഇല്ലാത്ത ജനങ്ങൾക്കു പ്രത്യേക പ്രോത്സാഹനം നൽകുന്നതു ഗവണ്മെന്റിന്റെ നയമാകുന്നു. അപ്രകാരം ചെയ്യണമെന്നുള്ള നിലക്കു ഗവണ്മെന്റു ഉത്തരവുകളും ഉണ്ട്. എന്നാൽ സംസ്ഥാനത്തിലെ ജനങ്ങളിൽ ഒരു വലിയ വിഭാഗക്കാരായ ലത്തീൻ ക്രിസ്ത്യാനികൾക്കു ഇതുവരെ മതിയായ പ്രോത്സാഹനം ലഭിച്ചിട്ടില്ല. ഉദ്യോഗ നിയമന വിഷയത്തിൽ ലത്തീൻ ക്രിസ്ത്യാനികളെ ഒരു പ്രത്യേക സമുദായമായി ഗണിക്കേണ്ടതാണ് എന്നു മാത്രമല്ല അവരുടെ അവകാശങ്ങളെ ഭൂതകാലങ്ങളിൽ ശോച്യമായ വിധത്തിൽ അവഗണിക്കപ്പെട്ടിരുന്ന സ്ഥിതിക്കു ഈ വിഷയത്തിൽ അവരുടെ അവകാശത്തിനു പ്രാധാന്യം കൊടുക്കേണ്ടതും ആകുന്നു. ഈ സമുദായക്കാരെ അവരുടെ പിന്നോക്ക നിലയിൽ നിന്നും ഉദ്ധരിക്കുന്നതിനു വേണ്ടി ഇവർക്കു മററുള്ളവരെ അപേക്ഷിച്ചു ഉദ്യോഗദാന വിഷയത്തിൽ പ്രത്യേക സൌജന്യങ്ങൾ ചെയ്യേണ്ടതാണ്. പുരോഗതിയെ പ്രാപിച്ചിട്ടുള്ള സമുദായങ്ങളുടെ നിലയിൽ ആകുന്നതിനു അവർക്കു അർഹതയുണ്ട്.

തിരുവിതാംകൂർ ധർമ്മരാജ്യമാണെന്നു ഗണിക്കപ്പെട്ടു വരുന്നു. എന്നുതന്നെയല്ല സക്കാർ മുതലെടുപ്പിൽനിന്നും ഒരംശം ഈ വകക്കായി ചിലവഴിക്കുന്നും ഉണ്ട്. കുറച്ചു കാലം മുമ്പേ കുറേ ഊട്ടുപുരകൾ നിറുത്തൽ ചെയ്തു. ഈ ഊട്ടുപുരകൾ നിറുത്തിയതിൽ വച്ചു വന്നിട്ടുള്ള ലാഭത്തെ ദരിദ്രജനങ്ങളുടെ വകക്കുള്ള ഒരു സ്ഥിരമായ ആലയം സ്ഥാപിക്കുന്നതിനായി ഇപ്പോൾ വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരമുള്ള ദരിദ്രാലയങ്ങൾ ഓരോ താലൂക്കിന്റെ തലസ്ഥാനത്തിലും സ്ഥാപിക്കാവുന്നതാകുന്നു. മുടവനും കുരുടനും ദീനം നിമിത്തമോ വാർദ്ധക്യം നിമിത്തമോ അപ്രാപ്തരായി തീർന്നിട്ടുള്ള സാധുക്കൾക്കും മാത്രം ഈ ആലയങ്ങളിൽ നിന്നും ഭക്ഷണം കൊടുക്കപ്പെടണം. ഇപ്രകാരമുള്ള ആളുകൾ റോഡു നീളെ തെണ്ടി നടന്നു ഭിക്ഷ എടുക്കുന്നതിനു അനുവദിച്ചുകൂടാ. ഈ വക സ്ഥാപനങ്ങൾ രണ്ടു ഉദ്യോഗസ്ഥന്മാരും മൂന്നു അനുദ്യോഗസ്ഥന്മാരും മെംബർമാരായുള്ള ഒരു കമ്മിററി മുഖേന ഭരിക്കപ്പെടണം. ഇതു യഥാർത്ഥമായ ധർമ്മമായിരിക്കും. "ധർമ്മോസ്മൽ കുലദൈവതം" എന്നുള്ള ആദർശവാക്യത്തെ നമുക്കു യഥാർഹം സംരക്ഷിക്കയും ചെയ്യാം.

അവസാനമായി, ഗവണ്മെന്റിന്റെ ശ്രദ്ധയിൽ അപ്പഴപ്പോൾ കൊണ്ടു വരപ്പെട്ടിട്ടുള്ള പലേ കാര്യങ്ങളുടെ നിർവ്വഹണത്തിനും അടുത്തയാണ്ടത്തേയ്ക്കുള്ള ബഡ്ജററിൽ മതിയായ വ്യവസ്ഥകൾ ഉണ്ട്. ഗവണ്മെന്റു ജനങ്ങളുടെ ഗുണത്തിനായി വർത്തിക്കുന്നു എന്നുള്ള തത്വത്തെ അന്വർത്ഥമാക്കുന്നതിനുള്ള ലക്ഷണങ്ങൾ അതിൽ ഉണ്ടെന്നു ഞാൻ സമ്മതിച്ചു കൊള്ളുകയും ചെയ്യുന്നു.

വെള്ളപ്പൊക്കത്തെ സംബന്ധിച്ചുള്ള അഡ്ജേർണ്മെന്റു മോഷൻ, (സഭയുടെ സാധാരണ നടപടികൾ നിറുത്തിവയ്ക്കണമെന്നുള്ള ഉപക്ഷേപം).

അദ്ധ്യക്ഷൻ: ഇപ്പോൾ മണി ൩-൩൦ ആയിരിക്കുന്നു. അതിനാൽ മി: പാച്ചുപിള്ളയുടെ അഡ്ജേർണ്മെന്റു മോഷനെ സഭയിലെ വാദപ്രതിവാദത്തിനു എടുക്കാം.

മി: മുരുവേലിപാച്ചുപിള്ള (ചേർത്തല): സർ, ഇയ്യിട ഉണ്ടായ അതിവർഷവും വെള്ളപ്പൊക്കവും നിമിത്തം ഈ രാജ്യത്തെ പല താലൂക്കുകളിലും ഉണ്ടായിട്ടുള്ള ഗൌരവതരവും ഉൽക്കണ്ഠാജനകവും ആയ സംഭവത്തെപ്പററി വിവരിക്കുന്നതിനു ഈ കൌൺസിലിന്റെ നടപടികളെ നിറുത്തിവയ്ക്കണമെന്നാണ് എന്റെ പ്രമേയം. ഈ പ്രമേയത്തിനു ഉദ്യോഗസ്ഥപക്ഷത്തുനിന്നോ അനുദ്യോഗസ്ഥ പക്ഷത്തുനിന്നോ യാതൊരു എതിരഭിപ്രായവും പുറപ്പെടുവിക്കാതെ അനുകൂലിച്ചു ഇതിനെപ്പററി വാദപ്രതിവാദം ചെയ്യാൻ സമയം അനുവദിച്ചു തന്നതുകൊണ്ടുതന്നെ ഈ സംഭവത്തിന്റെ ഗൌരവം ഏറക്കുറെ ഈ സഭക്കു ബോധ്യമായിട്ടുണ്ടെന്ന് വിശ്വസിക്കാവുന്നതാണ്.

സർ, ഇപ്പോൾ ഉണ്ടായ അതിവർഷം നിമിത്തം സംഭവിച്ച വെള്ളപ്പൊക്കത്താൽ അധികമായി നഷ്ടം അനുഭവിച്ചതും വെള്ളപ്പൊക്കം താരതമ്യേന കൂടുതൽ ബാധിച്ചതും കൊല്ലം കോട്ടയം എന്നീ ഡിവിഷനുകളിൽ ഉൾപ്പെട്ട താലൂക്കുകളിലാണ്. ഇതു നിമിത്തം ഉണ്ടായിട്ടുള്ള അനിഷ്ട സംഭവങ്ങളും സാധുക്കൾ അനുഭവിച്ചിട്ടുള്ള സങ്കടങ്ങളും ആയിടക്കു പ്രസിദ്ധം ചെയ്തിട്ടുള്ള വർത്തമാനപ്പത്രങ്ങളിൽ നിന്നു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഓരോ സ്ഥലങ്ങളിൽ ഉണ്ടാകുന്ന വിശേഷസംഭവങ്ങളും അവിടെ നേരിട്ടുകൊണ്ടിരിക്കുന്ന പൊതുജനങ്ങളുടെ സങ്കടങ്ങളും അപ്പോഴപ്പോൾ അതിലേക്കു ചുമതലപ്പെട്ടിട്ടുള്ള ലേഖകന്മാർ വിശദമായി എഴുതി അയച്ചിട്ടുള്ളതിനെ ആസ്പദമാക്കി മേൽപ്രകാരം പത്രങ്ങളിൽ പ്രസ്താവിക്കുന്നതിനെ അവിശ്വസിക്കുന്നതിനു യാതൊരു ന്യായവും ഇല്ല. ആ റിപ്പോർട്ടിനെ വച്ചുകൊണ്ട് ഈ രാജ്യത്തു വെള്ളപ്പൊക്കം സംബന്ധിച്ചുണ്ടായ നാശനഷ്ടങ്ങളെ ഗണിക്കുന്നതായാൽ വാസ്തവത്തിൽ എല്ലാസ്ഥലത്തും വെള്ളപ്പൊക്കം വ്യാപിച്ചിട്ടുണ്ടെന്നും റോഡുകൾക്കും കൃഷികൾക്കും സാരമായ പലനാശവും ഉണ്ടായിട്ടുണ്ടെന്നും കാണാം. അതു നിമിത്തം ജനങ്ങളുടെ ഗതാഗതവും പല ദിവസത്തേക്കു നിന്നുപോയിട്ടുണ്ട്. അതുപോലെ, അഞ്ചൽ സർവീസു വഴിയായി അന്യസ്ഥലത്തേക്കു അയച്ചുകൊണ്ടിരുന്ന അഞ്ചൽ ഉരുപ്പടികളും ഏതാനും ദിവസത്തേക്കു നിന്നുപോയി. ഗതാഗതത്തിനു തടസ്സം വന്നതിനാൽ വിദേശത്തുനിന്നുമുള്ള തപാൽ ഉരുപ്പടിയും കിട്ടാതെ ജനങ്ങൾ വിഷമിച്ചു. ഇപ്രകാരം പലവിധനഷ്ടവും പലവിധ വൈഷമ്യങ്ങളും ഉണ്ടായിട്ടുണ്ട്. മിഥുനം ൨൭-ാംനു-ആയിരുന്നു പരീക്ഷക്കു ഫീസ്സടയ്ക്കേണ്ട ഒടുവിലത്തെ ദിവസം. ഈ അവസരത്തിൽ എഴുത്തുകൾ കിട്ടുന്നതിനും, മണിയാഡർ കിട്ടുന്നതിനും താമസം വന്നതു നിമിത്തം വിദ്യാർത്ഥികളിൽ പലരും വളരെ ബുദ്ധിമുട്ടിയിട്ടുണ്ട്. അതുപോലെ ഏതാനും ദിവസങ്ങൾക്കു ഗതാഗതത്തിനു തടസ്സം വന്നതുകൊണ്ട് ഓരോ സ്ഥലത്തും എന്തെല്ലാം സംഭവിച്ചു എന്നു അറിയുന്നതിനു പത്രങ്ങൾ വഴിയും മാർഗ്ഗമില്ലാതെ ജനങ്ങൾ അമ്പരന്നുപോയി. പത്രങ്ങൾ അച്ചുകൂട്ടുവാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടു അവരുടെ പ്രസിദ്ധീകരണം തന്നെ കുറച്ചു ദിവസത്തേക്കു നിറുത്തി വയ്ക്കേണ്ടിവന്നു. ഗതാഗതത്തിനു തടസ്സം നേരിട്ടാൽ വളരെ ബുദ്ധിമുട്ടാണ്. ചേർത്തല താലൂക്കിന്റെ കിഴക്കു വേമ്പനാട്ടുകായലിൽ കാറ്റും കോളും നിമിത്തം പലവള്ളങ്ങളും മുങ്ങി ചരക്കുമുഴുവൻ നഷ്ടപ്പെട്ടു. മോട്ടോർ ബോട്ടുകളും മുങ്ങിയിട്ടുണ്ട്. ഈ സംഭവം കഴിഞ്ഞതിൽ പിന്നെ കൊച്ചി അഴിമുഖത്തു ചില പ്രേതങ്ങളും കാണപ്പെട്ടു. അപ്രകാരം ജീവഹാനിയും വന്നിട്ടുണ്ട്. അതു എങ്ങിനെ സംഭവിച്ചു എന്നു നിശ്ചയമില്ല. ബോട്ടുജീവനക്കാരോടു ഇതിനെപ്പറ്റി അന്വേഷിക്കയാണെങ്കിൽ നിവൃത്തിയുള്ളടത്തോളം വിഷമങ്ങളെ ഒഴിക്കാൻ വേണ്ടി ബോട്ടിൽ വേറെ ആളുകൾ ഇല്ലായിരുന്നു. വേലക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നെല്ലാം പറയുന്നതു സ്വാഭാവികമാണ്. ഇതുനിമിത്തം ആർക്കെങ്കിലും ജീവഹാനി ഉണ്ടായിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചു സൂക്ഷ്മമായവിവരങ്ങൾ വേണ്ടുവോളം ജാഗ്രതയായി അന്വേഷിക്കണമെന്നു ഈ സമയത്തും ഞാൻ അപേക്ഷിക്കുന്നു. ചേർത്തലതാലൂക്കു ഒരു താഴ്ന്ന പ്രദേശമാണ്. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, അമ്പലപ്പുഴ, കുട്ടനാടു ഇവയും താഴ്ന്ന സ്ഥലങ്ങളാണ്. ഈ സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകൾ എല്ലാം ഈ വെള്ളപ്പൊക്കത്തിൽ കുറച്ചു ദിവസം അവരുടെ താമസസ്ഥലങ്ങളെ വിട്ടു വേറെ ഉയർന്ന സ്ഥലങ്ങളിൽ പോയിതാമസിച്ചു. സാധാരണയായി താമസിക്കുന്ന വീട്ടിൽ നിന്നും വേറെ ഒരു സ്ഥലത്തു പോക എന്നുള്ളതു തന്നെ വളരെ സങ്കടകരമായ ഒന്നാണ്; ഈ സാധുക്കളായ ആളുകൾ കൂലിവേലചെയ്തു അതിന്റെ ആദായം കൊണ്ടു മാത്രം ഉപജീവനം കഴിക്കുന്നവരാണ്. അവരിൽ പലർക്കും താമസിക്കാൻ കുടിൽ ഇല്ലാത്തതു നിമിത്തം വളരെ കഷ്ടപ്പെടുന്നു. പ്രത്യേകമായി തൊഴിലില്ലാത്തതു നിമിത്തം പട്ടിണികിടന്നു കഴിച്ചുകൂട്ടുന്നു. ഇങ്ങനെ വെള്ളപ്പൊക്കം നിമിത്തം താഴ്ന്ന പ്രദേശത്തുള്ള ആളുകൾക്കു താമസിക്കുന്നതിനു നിവൃത്തിയില്ലാതെ ആ സ്ഥലം വിട്ടുപോകയും പട്ടിണികിടക്കയും ചെയ്യുന്നു. ഇതു കൂടാതെ ധാരാളം ആളുകൾക്കു കൃഷിനഷ്ടം ഉണ്ടായിട്ടുണ്ട്. ഇയ്യാണ്ടിലുള്ള അകാല വർഷം നിമിത്തം മാറേ[illegible]ൻ വെള്ളപ്പൊക്കം ഉണ്ടായി കൃഷിമുഴുവനും നശിച്ചു. അതിനുശേഷമാണ് ഈ അതിവർഷം. ഈ വെള്ളപ്പൊക്കം നിമിത്തം പ്രത്യേകം ഒരു ഡിവിഷനോ ഒരു സ്ഥലത്തെ കൃഷിക്കോ അല്ല നഷ്ടം പൊതുവേ നഷ്ടമുണ്ടായിട്ടുണ്ട്. ചേർത്തലതാലൂക്കിൽ ഉറവൂർ എന്ന സ്ഥലത്തെ കൃഷിനിലങ്ങളിൽ ഈ തവണ വളരെ നല്ല കൃഷിയായിരുന്നു. ഈ വെള്ളപ്പൊക്കം നിമിത്തം ഏകദേശം അൻപതിനായിരപ്പറ നിലത്തിലെ കൃഷി നഷ്ടപ്പെട്ടുപോയിട്ടുണ്ട്. കരം കൊടുക്കുന്നതിനു പോലും സാധിക്കാത്തനിലയിൽ ആയിപ്പോയിരിക്കുന്നു. ചേർത്തലതാലൂക്കിലെ സാധുക്കളായ ആളുകളുടെ പ്രധാന ഉപജീവനമാർഗ്ഗം തൊണ്ടു ചകിരിപിരിച്ചു അതിൽ നിന്നും കിട്ടുന്ന ആദായമാണ്. അവർ താമസിക്കുന്ന സ്ഥലത്തിനടുത്തുള്ള കായലോരത്തും കുഴികളിലും തൊണ്ടുകൾ അഴുക്കുന്നതിനു ഇട്ടുവരുന്നു. അവയെല്ലാം ഈ വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയിരിക്കുന്നു. സാധുജനങ്ങളായ ഇവരുടെ കാലക്ഷേപമാർഗ്ഗവും തൊഴിലും ഇതു നിമിത്തം മുടങ്ങിപ്പോയിരിക്കുന്നു. ഇതുപോലെ, താമസിക്കാൻ നിവൃത്തിയില്ലാതെയും തൊഴിലില്ലാതെയും ഉൾനാടുകളിൽ അനേകം പേർ കഷ്ടപ്പെടുന്നു. കയറു വ്യാപാരം, കൊപ്രവ്യാപാരം ഇവയെല്ലാം കുറെ ദിവസത്തേക്കു മുടങ്ങിപ്പോയതുകൊണ്ടു കയറുശാലയും കൊപ്രശാലയും ഉപജീവനമാർഗ്ഗമായിരുന്നവർക്കു അതും നഷ്ടപെട്ടു. ഈ തൊഴിൽ സ്ഥലങ്ങളിൽ വെള്ളമുണ്ടായതുകൊണ്ടു കൊപ്രായും നശിച്ചുപോയി. ചേർത്തലതാലൂക്കിലെ മറ്റൊരു പ്രധാനകൃഷി തെങ്ങാണ്. അവിടെ ചൊരിമണലാണ്, ചെളിപ്രദേശമല്ല. ചൊരിമണലിൽ വെള്ളം കെട്ടിയാൽ അതിലുള്ള വളമെല്ലാം ചോർന്നുപോകുന്നതു സ്വാഭാവികമാണ്. ഈ വെള്ളംനിമിത്തം തെങ്ങിന്റെ വളമെല്ലാം ചോർന്നുപോയിരിക്കുന്നു. ഇനി രണ്ടു മൂന്നു കൊല്ലത്തേക്കു ശരിയായ ആദായം കിട്ടുകയില്ല. മണ്ണെല്ലാം ഒലിച്ചു പോയതുകൊണ്ടു അനേകം തെങ്ങുകൾ വീണുപോയിട്ടുണ്ട്. ഈ മാതിരി അനവധിനഷ്ടം ചേർത്തലതാലൂക്കിൽ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ആലപ്പുഴ മുതൽ അരൂർ വരെ പുത്തനായി വെട്ടിയിട്ടുള്ള റോഡു ഉറച്ചുവരുന്നതേയുള്ളു. വെള്ളപ്പൊക്കത്തിൽ ഈ റോഡിലെ കലുങ്കുകൾ ചിലതെല്ലാം നശിച്ചു പോയിട്ടുണ്ട്. അതിനാൽ ഗതാഗതം അതായതു മോട്ടോർ മുതലായ വാഹനങ്ങൾ നിറുത്തിവയ്ക്കേണ്ടിവന്നു. ഇങ്ങിനെയുണ്ടായ അവിചാരിതമായ ഈ സംഭവംനിമിത്തം ജനങ്ങൾക്കു വന്നിട്ടുള്ള സങ്കടത്തിൽ ഗവർമെന്റ് എന്തു പ്രവർത്തിച്ചു, എവിടെയെല്ലാം അന്വേഷിച്ചു, എന്തു സഹായം ചെയ്തു എന്നു നോക്കുന്നതായാൽ ഇങ്ങനെയുള്ള സന്ദർഭത്തിൽ ചെയ്യേണ്ടതായ യാതൊരു സഹായവും ഗവർമെന്റിൽനിന്നു

ജനങ്ങൾക്കു ചെയ്തുകൊടുത്തില്ലാ എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. എന്നു മാത്രമല്ല, വാസ്തവത്തിൽ നടന്നിട്ടുള്ള സംഭവങ്ങളുടെ നിജസ്ഥിതികളെ മറയ്ക്കാൻ ഗവണ്മെന്റു ശ്രമിക്കുന്നുണ്ടോ എന്നുകൂടി സംശയം തോന്നിപ്പോകുന്നു. ആ നിലയിലാണു ഗവണ്മെന്റിൽനിന്നും ഈ വെള്ളപ്പൊക്കം സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിട്ടുള്ള വിജ്ഞാപനം. ചേർത്തലതാലൂക്കിനെ സംബന്ധിച്ചു ഇതിൽ വിവരിക്കുന്ന സംഗതികൾ എനിക്കു ഉത്തമവിശ്വാസമുള്ള അറിവിനു പ്രത്യക്ഷത്തിൽ വിരുദ്ധമായിരിക്കുന്നു. ചേർത്തലതാലൂക്കിൽ സാരമായ നഷ്ടങ്ങൾ ഒന്നും ഇല്ല, അതിനാൽ നിവാരണജോലികൾ അവിടെ ആവശ്യമില്ല എന്നായിരുന്നു രണ്ടാമത്തെ ഗവണ്മെന്റിന്റെ വിജ്ഞാപനം. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഇതിനെപ്പററി അന്വേഷിക്കേണ്ട പ്രധാന ചുമതല ഓരോ താലൂക്കിലുമുള്ള തഹശീൽദാർക്കാണ്. വെള്ളപ്പൊക്കകാലത്തു വാസ്തവത്തിൽ തഹശീൽദാർ തന്നെയും സ്ഥലത്തുണ്ടായിരുന്നില്ല. ഇതെല്ലാം കാണിച്ചു ഗവണ്മെന്റിലേയ്ക്കു ഞാൻ കമ്പി അടിക്കയും ഉടനെ ഒരു തഹശീൽദാരെ നിയമിച്ചയക്കയും ചെയ്തു. ഇതുകൂടാതെ നിജസ്ഥിതികൾ വിവരമായി അറിയിക്കണമെന്നു ഗവണ്മെന്റിൽനിന്നും എന്നോടു കമ്പിമൂലം ആവശ്യപ്പെടുകയുമുണ്ടായി. അതിലേക്കു ഉത്തരവാദിത്വമില്ലാതെ എന്തെങ്കിലും കേൾവിയെ ആസ്പദമാക്കി മറുപടികൊടുക്കുന്നതു വിഹിതമല്ലെന്നു കരുതി ഞാൻ ചേർത്തലതാലൂക്കുമുഴുവൻ സഞ്ചരിച്ചു ഓരോ സ്ഥലത്തും നടന്നിട്ടുള്ള സംഗതികളുടെ സൂക്ഷ്മസ്ഥിതി മനസ്സിലാക്കുകയും അതിനുശേഷം [illegible]-ാന്തി ഗവണ്മെന്റിലേക്കു കമ്പിഅടിക്കയും ചെയ്തു. അതിൽപിന്നെയാണു കർക്കടകം [illegible]-ാന്തി പുറപ്പെടുവിച്ച വിജ്ഞാപനം. അവിടെ എന്തു നടന്നിരിക്കുന്നു എന്നു എന്നന്വേഷിപ്പോലെ, ദൂരെ ഇരിക്കുന്ന ആളുകൾ അറിയാൻ സാധിക്കയില്ല. ഗവണ്മെന്റിലേക്കു എന്തെങ്കിലും വിവരം അറിയണമെങ്കിൽ അതു അറിയിക്കുന്നതിനു സാധാരണമായി ആ സ്ഥലത്തെ പേഷ്ക്കാരോടു ആവശ്യപ്പെടുന്നു. പേഷ്ക്കാർ തഹശീൽദാരോടു ആവശ്യപ്പെടുന്നു. തഹശീൽദാർ പാർവ്വത്യകാരോടു ആവശ്യപ്പെടുന്നു. പാർവ്വത്യകാർ പകുതിയിൽ നടക്കുന്ന സംഗതികൾ എല്ലാം ശരിയായി അറിയണമെന്നുള്ള താല്പര്യം ഇല്ലാതെയും അതിലേക്കു വേണ്ട ശ്രദ്ധ എടുക്കാതെയും തങ്ങളുടെ കീഴിൽ ജോലിചെയ്യുന്ന പ്യൂണിനോടു ചോദിച്ചു അറിവുകിട്ടുന്ന വിവരങ്ങൾ എഴുതി അയക്കുന്നു. ഈമാതിരി അറിവുകളെ ആസ്പദമാക്കിയാണു പലപ്പോഴും ഇത്തരം വിജ്ഞാപനങ്ങളും പുറപ്പെടുവിക്കുന്നതു. വെള്ളപ്പൊക്കം നിമിത്തം എന്തെല്ലാം സംഭവിച്ചു എന്നു ജനങ്ങളെ മനസ്സിലാക്കാൻ ഉപയോഗപ്പെടുത്തുന്ന ഒരു പ്രമാണമാണിതു. ഈ പ്രമാണത്തിന്റെ മേൽവിവരിച്ച അടിസ്ഥാനം നോക്കുമ്പോൾ ഇതു പകുതിപ്യൂണിൽനിന്നും കിട്ടിയ അറിവുകളെ ആസ്പദമാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതത്രെ എന്നു ശങ്കിക്കുന്നതിൽ വലിയ തെററുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. വാസ്തവത്തിൽ സംഭവിച്ചിട്ടുള്ളസംഗതികളും വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും തമ്മിൽ അത്രമാത്രം വ്യത്യാസം കാണുന്നുണ്ടു.

ഇങ്ങനെയുള്ള സംഭവങ്ങൾ സാധാരണമായി ജനങ്ങളുടെ വീഴ്ചകൊണ്ടോ കരുതൽ ഇല്ലായ്മകൊണ്ടോ വരുന്നതല്ല. ഇതെല്ലാം അവിചാരിതമായി നേരിടുന്ന ആപത്തുകളാണ്. ഈ ആപത്തുകാലത്തു ജനങ്ങൾക്കു കഴിയുന്ന സഹായം ചെയ്യേണ്ടതു ഗവണ്മെന്റിന്റെ ധർമ്മമാണ്. വിശേഷിച്ചും സാധുക്കളായ ആളുകൾ ഉപജീവനമാർഗ്ഗമില്ലാതെ ബുദ്ധിമുട്ടുമ്പോൾ അവരെ രക്ഷിക്കുന്നതിനുവേണ്ടി ഗവണ്മെന്റുപണം ഉപയോഗിക്കുന്നില്ലെങ്കിൽ അങ്ങിനെയുള്ള ഒരു ഗവണ്മെന്റുകൊണ്ടും ആ ഗവണ്മെന്റിന്റെ പ്രജകളായിരിക്കുന്നതുകൊണ്ടും എന്താണു പ്രയോജനമുള്ളതെന്നു ഞാൻ ഗവണ്മെന്റിനോടു ചോദിച്ചുകൊള്ളുന്നു. ഈ വെള്ളപ്പൊക്കത്തെ ഇതിനുമുൻപുണ്ടായ ൯൯-ലെ വെള്ളപ്പൊക്കത്തോടു ഏകദേശം സാമ്യപ്പെടുത്താവുന്നതാണ്. ഇങ്ങിനെയുള്ള സന്ദർഭത്തിൽ ഗവണ്മെന്റു എന്തെല്ലാം പ്രവർത്തിച്ചു? സാരമായ നഷ്ടങ്ങൾ എന്തെല്ലാം സംഭവിച്ചു? സാധുക്കളും പട്ടിണികിടക്കുന്നവരും തൊഴിലില്ലാതിരിക്കുന്നവരുമായി എത്രത്തോളം ആളുകൾ ബുദ്ധിമുട്ടുന്നു? എത്ര കുടികൾ നശിച്ചു? ഗതാഗതസൌകര്യം എത്രമാത്രം ഇല്ലാതായി? ഇതിന്റെ എല്ലാം സൂക്ഷ്മസ്ഥിതി അറിഞ്ഞു അതിലേക്കുവേണ്ട നിവാരണമാർഗ്ഗം ഉണ്ടാക്കേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണ്. ഇതാണു ധർമ്മം. കഴിഞ്ഞകൊല്ലത്തിൽ തെക്കൻതിരുവിതാംകൂറിൽ കാളറാ പിടിപെട്ടപ്പോൾ സർവ്വശക്തികളും ഉപയോഗിച്ചു സഹായിച്ചു. ൯൯-ലെ വെള്ളപ്പൊക്കത്തിൽ രണ്ടുലക്ഷം രൂപാ കുടികൾക്കുവേണ്ടി ചെലവിട്ടു. അതിലേക്കു ഒരു ഫ്ളഡ്റിലീഫ്കമ്മിററി ഏർപ്പെടുത്തി, ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുംകൂടി ചേർന്നു സർവ്വശക്തികളും ഉപയോഗിച്ചു സങ്കടനിവാരണത്തിനായി പരിശ്രമിച്ചു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽഗവണ്മെന്റുസഹായം ആവശ്യമില്ലെന്നു പറയുന്നതു വളരെ പരിതാപകരമായിട്ടുള്ളതാണ്. ഈ വെള്ളപ്പൊക്കത്താൽ സംഭവിച്ച കഷ്ടനഷ്ടങ്ങൾക്കു ഗവണ്മെന്റു ചെയ്തിട്ടുള്ള സഹായം ആകപ്പാടെ നോക്കിയാൽ രണ്ടായിരംരൂപാ ഇതിലേക്കു അനുവദിച്ചു എന്നുള്ളതുമാത്രമാണ്. ഇതിൽകൂടുതലായ യാതൊരുസഹായവും ചെയ്തിട്ടുള്ളതായി അറിയുന്നില്ല. കുട്ടനാട്ടിൽ ഉണ്ടായിട്ടുള്ള സങ്കടങ്ങളെപ്പററി ആ താലൂക്കിനെ പ്രതിനിധീകരിക്കുന്ന എന്റെ സ്നേഹിതൻ വിശദീകരിക്കുമെന്നു വിചാരിക്കുന്നു. ഈ സ്ഥലങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്നകാലത്തു അവർക്കു ദൂരദിക്കിലേക്കു പോകാൻ ഇടവരാതിരിക്കത്തക്കവണ്ണവും അവർക്കു താമസിക്കത്തക്ക സ്ഥിതിയിലും ഓരോ പകുതിയിലും എട്ടോ പത്തോ ഏക്കർ സ്ഥലം വെള്ളത്തിന്റെ ലവലിൽനിന്നും ഉയർത്തിയിടുന്നതായാൽ അവർക്കു ഈമാതിരി വെള്ളപ്പൊക്കത്തിൽനിന്നും രക്ഷപ്പെടാവുന്നതാണ്. വാസ്തവത്തിൽ ചേർത്തലതാലൂക്കിൽ വളരെ സാധുക്കൾ വിഷമിക്കയും കൂലിവേലകിട്ടാതെ കഷ്ടപ്പെടുകയും ചെയ്യുന്നു. ഇങ്ങിനെയുള്ള ആളുകൾക്കു ക്ഷാമനിവാരണത്തിനുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതാണ്. ഈ താലൂക്കിനെ വളരെക്കാലമായിട്ടു ഉപേക്ഷിച്ചു ഇട്ടിരിക്കയായിരുന്നു. ഈ സമീപകാലത്താണു ഗവർമ്മെന്റിന്റെ ദയാദൃഷ്ടി ഈ താലൂക്കിൽ പതിഞ്ഞുതുടങ്ങിയതു. എന്നാൽ അടുത്തകൊല്ലത്തെ ബഡ്ജററിൽ ഈ താലൂക്കിലെ പൊതുമരാമത്തുവേലകൾക്കു വേണ്ടിടത്തോളം പണം അനുവദിച്ചുകാണുന്നില്ല.

മി: ടി. സി. കേശവപിള്ള (കല്ക്കുളം-വിളവങ്കോട്): അദ്ദേഹം ചേർത്തലതാലൂക്കിനെപ്പററി മാത്രം പറയുന്നോ, അതല്ലാ മററുതാലൂക്കുകളെയുംപററി പറയുന്നുണ്ടോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): പ്രത്യേകിച്ചു ചേർത്തലതാലൂക്കിനെ സംബന്ധിച്ചു പറകയാണ്. ഈ അവസരത്തിൽ ക്ഷാമനിവാരണവേലകൾക്കു ഒരു ഫണ്ട് അനുവദിച്ചു ഉടനെ വേല ആരംഭിക്കണം. അതുനിമിത്തം കൂലിവേലയും മററുജോലിയും ഇല്ലാത്തവർക്കു നിത്യതക്കുള്ളജോലി കിട്ടുന്നതിനും ഇടയാകും. ഈ വെള്ളപ്പൊക്കം സംബന്ധിച്ചു ഓരോ താലൂക്കിലുള്ള പ്രജാസഭാമെമ്പർമാരുമായി യോജിച്ചു സാധുക്കൾക്കുണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾ എന്തെല്ലാമാണെന്നു ശരിയായി അന്വേഷിക്കേണ്ടതും ആവശ്യമാണ്. ഈ അ-

ന്വേഷണത്തിൽ ജനങ്ങൾക്ക എന്തെല്ലാം നഷ്ടങ്ങൾ സംഭവിച്ചു എന്നും എത്രമാത്രം ആളുകൾ കൂലിവേലതിട്ടാതെ കഷ്ടപ്പെടുന്നു എന്നും കൃഷിനഷ്ടം എത്രമാത്രം ഉണ്ടായിട്ടുണ്ടെന്നും ഏതെല്ലാം സ്ഥലങ്ങളിൽ കരം കൊടുക്കാൻ നിവൃത്തിയില്ലാതെ പോയിട്ടുണ്ടെന്നും അന്വേഷിക്കേണ്ടതാണ്. നായായിരം രൂപാ കരം കൊടുക്കുന്ന മി. പാറായിത്തരകൻ മുതൽപേർ ഈ കൃഷിനാശത്തെപ്പറ്റി എനിക്ക എഴുതിയിട്ടുണ്ട്. ഇവയെല്ലാം അന്വേഷിക്കുന്നതിനു തഹശീൽദാരോ പേഷ്കാരോ റെവന്യൂകമ്മീഷണരോ ആരുതന്നെ സ്ഥലത്തുവന്നു നോക്കിയാലും ഈ കൃഷിനഷ്ടങ്ങൾ ബോദ്ധ്യപ്പെടുന്നതാണ്. അതിനാൽ കൊടുക്കാൻ സാധിക്കാത്തവിധം നഷ്ടപ്പെട്ടിട്ടുള്ള കൃഷിനിലങ്ങളുടെ കരമുഴുവനും ഇളവുചെയ്തുകൊടുക്കേണ്ടതും അത്യാവശ്യമാണ്.

പ്രസിഡൻറ്: മി: പാച്ചുപിള്ള നിങ്ങൾക്ക അനുവദിച്ചിട്ടുള്ളതിനെ കവിഞ്ഞു സമയമിനിട്ടുകൂടി ഞാൻ നൽകി. ഇനി മതിയാക്കണം.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): സംഗതികളുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കി ഇതുനിമിത്തം ഉണ്ടായിട്ടുള്ള സങ്കടങ്ങൾക്കെല്ലാം ശരിയായ സമാധാനമുണ്ടാകണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

മി: ഏ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): സർ എന്റെ സ്നേഹിതൻ മി. പാച്ചുപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു എനിക്ക അല്പം പറവാനുണ്ട്. നമ്മുടെ രാജ്യത്തു അവിചാരിതമായുണ്ടായ വെള്ളപ്പൊക്കംനിമിത്തം രാജ്യത്തിൽ പലഭാഗങ്ങളിലും വളരെ നഷ്ടം സംഭവിച്ചിരിക്കുന്നതായി അറിവായിരിക്കുന്നു. എങ്കിലും ഉത്തരതിരുവിതാംകൂറിലാണ് ഈയാണ്ടിൽ വെള്ളപ്പൊക്കംനിമിത്തം രാജ്യത്തിൽ പല ഭാഗങ്ങളിലും വളരെ നഷ്ടം സംഭവിച്ചിരിക്കുന്നതു എന്നു നിർവിവാദമാണ്. മദ്ധ്യതിരുവിതാംകൂറിലെ നഷ്ടങ്ങളെ പരാമർശിച്ചു മി. പാച്ചുപിള്ളതന്നെ സാമാന്യം വിശദമായി പറയുകയുണ്ടായി. ഈ വിവരണങ്ങളിൽനിന്നും ഗവണ്മെൻറു പ്രസിദ്ധീകരണങ്ങളുടെ സ്വഭാവത്തിൽനിന്നും രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ ഉണ്ടായിട്ടുള്ള ഉപദ്രവങ്ങളെപ്പറ്റി സാമാന്യം വിശദമായി ഗ്രഹിക്കാൻ കഴിയും. എന്നാൽ എന്റെ അനുഭവത്തിലും അറിവിലും പെട്ടിടത്തോളം ഈ വെള്ളപ്പൊക്കംകൊണ്ടു മീനച്ചൽതാലൂക്കിലാണ് അധികം നഷ്ടമുണ്ടായിട്ടുള്ളതെന്ന് എനിക്ക ധൈര്യമായി പറവാൻ സാധിക്കുന്നതാണ്.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മററു താലൂക്കുകളിൽ ഉള്ളിടത്തോളം ഉണ്ടെന്നു പറയാമോ?

മി: ഏ. സി. കുര്യാക്കോസ് (മീനച്ചൽ ദേവികുളം): എന്റെ അനുഭവത്തെയും അറിവിനെയും ആസ്പദമാക്കിയാണ് കൂടുതൽ ഉപദ്രവം മീനച്ചൽ താലൂക്കിലായിരുന്നു ഉണ്ടായിട്ടുള്ളതു എന്നു പറയുന്നതു. ഈ താലൂക്കിനെ സംബന്ധിച്ചു എനിക്ക കൂടുതൽ ശ്രദ്ധ പതിക്കാൻ സാധിച്ചിട്ടുണ്ട്. എന്റെ ചുമതലയിൽപ്പെട്ട കൃത്യനിർവ്വഹണത്തിൽ എന്റെ അനുഭവങ്ങളെ ആസ്പദമാക്കി പറയുന്ന എന്നെ വിചാരിക്കുന്നുള്ളു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): മാവേലിക്കരെ ഉണ്ടോ?

മി: ഏ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): എനിക്ക നിശ്ചയമില്ല.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): തിരുവല്ലായിലുണ്ടോ?

മി: ഏ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): നിശ്ചയമില്ല.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): മെമ്പർ തിരുവല്ലായിൽ വന്നിട്ടുണ്ടോ?

മി: ഏ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): തിരുവല്ലായിൽ വന്നിട്ടുണ്ട്.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): അവിടത്തെ സ്ഥിതി അന്വേഷിച്ചോ?

മി: ഏ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): തിരുവല്ലായിൽ മെമ്പർ ഈ കാര്യം അന്വേഷിക്കാനുള്ളതുകൊണ്ടു എന്റെ അന്വേഷണത്തിനു ആവശ്യമുണ്ടെന്നു ഞാൻ തീരെ കരുതിയിരുന്നില്ല.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): മാറ്റൊരു താലൂക്കിലും ഉണ്ടായിട്ടുള്ളതു അത്രമാത്രം ഗൌരവമായിരുന്നിട്ടില്ല എന്നു പറകയാണോ?

മി: ഏ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): അത്രമാത്രം ഗൌരവമായിരുന്നിട്ടില്ല എന്നു ഞാൻ പറഞ്ഞതിൽനിന്നു അർത്ഥമാകുന്നില്ല.

" ഗവണ്മെൻറു പ്രസിദ്ധീകരണംകൊണ്ടും മററു പ്രസിദ്ധീകരണങ്ങൾകൊണ്ടും എന്റെ താലൂക്കിനെ സംബന്ധിച്ചിടത്തോളം എനിക്ക നേരിട്ടു ലഭിക്കാൻ ഇടയായ അറിവിനെ ആസ്പദമാക്കിയുമാണു എന്റെ താലൂക്കിൽ കൂടുതൽ സങ്കടത്തിനു ഇടയായിട്ടുണ്ടെന്നു ഞാൻ പറയുന്നതു. തത്സംബന്ധമായി കൂടുതൽ വിവരങ്ങൾ എന്റെ തുടർന്നുള്ള വിവരണങ്ങളിൽനിന്നു ഗ്രഹിക്കാൻ കഴിയുന്നതാണ്.

എന്റെ താലൂക്കിൽ ഈയാണ്ടിൽ ഉണ്ടായ വെള്ളപ്പൊക്കം ൧൦൯൯-ൽ ഉണ്ടായ വെള്ളപ്പൊക്കത്തേക്കാൾ വലുതായിരുന്നു. ൧൦൯൯-ലെ വെള്ളപ്പൊക്കത്തിൽ ഗവണ്മെൻറിന്റെ കണക്കുകൊണ്ടു കാണുന്നതു മീൽ ഷിവസത്തേക്ക വെള്ളം കെട്ടി കിടന്നിരുന്നു എന്നും തന്നിമിത്തം വലിയ ഉപദ്രവം ഉണ്ടായി എന്നും ആണ്.

എന്നാൽ ൧൦൯൯-ലെ വെള്ളപ്പൊക്കംകൊണ്ടു മീനച്ചൽതാലൂക്കിൽ ഉണ്ടായ നഷ്ടം താരതമ്യേന കുറവായിരുന്നു എങ്കിലും അസാമാന്യനഷ്ടം ഉണ്ടായി എന്നും പരിഹാരാർത്ഥം പല സഹായങ്ങളും അനർഹിക്കുന്നവർ ഗവണ്മെൻറിൽനിന്നു ലഭിച്ചു എന്നും ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ൧൦൯൯-ലെ വെള്ളപ്പൊക്കം മീനച്ചിൽ താലൂക്കിൽ ൧൦൯൯-ലെ വെള്ളപ്പൊക്കത്തേക്കാൾ കുറവായിരുന്നു. ൧൦൯൯-ൽ വീടുകൾ നശിച്ചുമററും കഷ്ടത അനുഭവിച്ചവർക്ക ഗവണ്മെൻറു കുറഞ്ഞതരത്തിലെങ്കിലും ദ്രവ്യസഹായം ചെയ്യുകയും അവരുടെ സങ്കടത്തിൽ അനുഭാവം കാണിക്കുകയും ഉണ്ടായി. ഇന്നത്തെ ഭരണാധികാരികൾ ഇക്കാര്യത്തിൽ പ്രദർശിപ്പിച്ചനയം പ്രത്യേകതരമായിരുന്നു. മിഥുനം ൨൨-ാം൹ ആണു വെള്ളപ്പൊക്കത്തിന്റെ പ്രാരംഭം. മഴ കലശൽകൊണ്ടിരുന്നു. ൨൨-ാം൹ ഉച്ചതിരിഞ്ഞു മഴ തുടർന്നു എന്നു സായാഹ്നമായപ്പോഴേക്ക വെള്ളപ്പൊക്കം ഉണ്ടാകുന്നതിന്റെ സകലലക്ഷണവും തികഞ്ഞിരുന്നു. രാത്രിയാണു വെള്ളപ്പൊക്കം ഉണ്ടായതു. ശക്തിയായ പ്രവാഹവും കരകവിഞ്ഞു നാനാഭാഗങ്ങളിലേക്കും ജലത്തിന്റെ വ്യാപനവും ഉണ്ടായി. ഈ ജലാപ്ലവവും പ്രവാഹവും

ജനങ്ങളെ പരിഭ്രമിപ്പിച്ചു രാത്രി ജനങ്ങൾ പേടിച്ചു നിലവിളിച്ചിരുന്നു. ധീരന്മാരും അനുകമ്പയുള്ളവരും ആയ പലരുടേയും സഹായംകൊണ്ടു ആൾ നാശത്തിനു ഇടയാകാതെ ജനങ്ങളെ ഒരുതരത്തിൽ രക്ഷപ്പെടുത്തുകയുണ്ടായി. എന്നാൽ ആടുമാടുകൾ മുതലായ ജീവികളും നിരവധി ഗൃഹസാമാനങ്ങളും നഷ്ടപ്പെട്ടുപോയി. പാലാ അങ്ങാടി ഉൾപ്പെടെ രണ്ടു ഫർലാങ്ങുദൂരത്തിനിടക്കു നിന്നിരുന്ന ൫൦ വീടുകൾ ഒഴുക്കിൽപ്പെട്ടു നശിച്ചുപോയി. ഇതിനു ഞാൻ ദൃക്സാക്ഷിയാണു. ഇപ്പോൾ പോയി നോക്കുന്നതായാലും ഈ വാസ്തവം മനസ്സിലാക്കാൻ കഴിയുന്നതാണു. നശിച്ച വീടുകളിലുണ്ടായിരുന്ന സകല ഉപകരണങ്ങളും നഷ്ടപ്പെട്ടു. അതതു സ്ഥലത്തു വളർത്തപ്പെട്ടിരുന്ന ആടു കോഴി മുതലായ ജീവികൾ നശിച്ചു. ഭവനങ്ങളിൽ ഉണ്ടായിരുന്ന ഭക്ഷണസാധനങ്ങളും പാടെ നശിച്ചുപോയി. ൨൩-ാംനു വെള്ളപ്പൊക്കമുണ്ടായ സ്ഥലങ്ങളിൽ തഹശീൽദാർ പോയി നോക്കുകയുണ്ടായി. എന്നാൽ തഹശീൽദാർ ഗവർമ്മെൻറിലേക്കു എന്തു എഴുതിഅയച്ചു എന്നു എനിക്കു അറിഞ്ഞുകൂടാ. ഞാനും മിക്കവാറും സ്ഥലങ്ങൾ ൨൩-ാംനു സഞ്ചരിച്ചു കണ്ടു. ദയനീയമായ ആ കാഴ്ച പരിതാപകരമായ ആ അവസ്ഥ ഉടൻ ഗവർമ്മെൻറിൽ അറിയിക്കുവാൻ എനിക്കു യാതൊരുമാർഗ്ഗവുംഇല്ലായിരുന്നു.

മീനച്ചൽ കമ്പിയാഫീസില്ല, ഒന്നു സ്ഥാപിക്കുവാൻ ബ്രിട്ടീഷ്ഗവർമ്മെൻറു സമ്മതിച്ചിട്ടുണ്ടെങ്കിലും നമ്മുടെ ഗവർമ്മെൻറിന്റെ ബോണ്ടു ലഭിക്കാതെ കിടക്കയാണു. അഞ്ചലും തപാലും മാർഗ്ഗം തടയപ്പെട്ടിരുന്നു. അന്യപ്രദേശങ്ങളിലേക്കു പോകുക അസാദ്ധ്യമായിരുന്നു. മിഥുനം ൩൧-ാംനു-ക്കു വെള്ളം സാമാന്യം കുറഞ്ഞു. അനന്തരം ഈ വിവരങ്ങൾ കാണിച്ചു ഞാൻ ദിവാൻജിക്കും കോട്ടയം പേഷ്കാർക്കും എഴുതി അയക്കുകയുണ്ടായി.

എന്നാൽ ഇതുകൊണ്ടു യാതൊരുപ്രയോജനവും കണ്ടില്ല. ഗവർമ്മെൻറു വിജ്ഞാപനത്തിൽ മീനച്ചലെ വെള്ളപ്പൊക്കത്തെപ്പറ്റി ഒന്നും വിവരിച്ചു കാണുവാനും ഇടയായില്ല.

ജൂലൈ ൧൩-ാംനു ചീഫ്സിക്രട്ടറി എന്റെപേർക്കു ഒരു കമ്പിസന്ദേശം അയച്ചു. എന്നാൽ കോട്ടയത്തുവന്നിട്ടുള്ള കമ്പിസന്ദേശം സാധാരണഗതിയിൽ മീനച്ചൽ വന്നുചേർന്നതു ജൂലൈ ൧൮-ാംനു മാത്രമാണ്, അന്നേ കണ്ടു ഞാൻ പേഷ്കാരെ കാണാനായി കോട്ടയത്തിനുപോയിരുന്നു. പേഷ്കാർ സർക്യൂട്ടിലായിരുന്നതിനാൽ കണ്ടുപറയാൻ കഴിഞ്ഞില്ല: തിരിയെ വന്നതിനുശേഷമാണ് എനിക്കു കമ്പിസന്ദേശം കിട്ടിയതു. ജൂലൈ ൧൩-ാംനു ചീഫ്സിക്രട്ടറിയുടെ പേർക്കു മറുപടി കമ്പി അയയ്ക്കയും താലൂക്കിൽ ഒട്ടാകെ ഉണ്ടായിട്ടുള്ള നഷ്ടങ്ങളുടെ സ്വഭാവത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടുവരുത്തണമെന്നു താലൂക്കു പരസ്പരസഹായ യൂനിയനോടു അപേക്ഷിക്കയും ചെയ്തു.

ജൂലൈ ൧൭-ാംനു-ക്കു ഈ വിവരങ്ങൾ കാണിച്ചു ഞാൻ ചീഫ്സിക്രട്ടറിക്കു എഴുതി.

ഇതിനിടയ്ക്ക് ജൂലൈ ൧൯-ാംനു-ക്കു പേഷ്കാർ ലർഷം സത്രംവരെ വന്നു ൧൫ മിനിട്ടിനകം തിരിച്ചുപോയി. തഹശീൽദാർ സ്ഥലത്തില്ലായിരുന്നു. ഹെഡ്അക്കൌണ്ടനെ വിളിച്ചു എന്തോ പറഞ്ഞിട്ടുപോയി എന്നാണ് ഞാൻ കേട്ടതു. കാറിൽനിന്നിറങ്ങി നഷ്ടവും സങ്കടവും അനുഭവിച്ചവരുടെ സ്ഥിതി ഒന്നുനോക്കി കാണാനുള്ള ബുദ്ധിഗുണവുംപോലും അദ്ദേഹം പ്രദർശിപ്പിച്ചില്ല. അനന്തരം ഞാൻ പേഷ്കാരുടെപേർക്കു എഴുതി സ്ഥലത്തു വരുന്നതായാൽ കൂട്ടത്തിൽ സഞ്ചരിച്ചു നഷ്ടപ്പെട്ട സ്ഥലങ്ങൾ ശരിയായികാണിച്ചുകൊടുക്കാമെന്നു ഞാൻ എഴുത്തിൽ പ്രസ്താവിച്ചിരുന്നു. മറുപടിപോലും കിട്ടിയില്ല. കർക്കടകം ൧-ാംനു സ്ഥലംവിട്ടുപോയ തഹശീൽദാർ ൧൮-ാംനു തിരിച്ചു വന്നതായി കേട്ടു. ഗവർമ്മെൻറിലേക്കു എന്തു എഴുതി അയച്ചുഎന്നു യാതൊന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. കർക്കടകം ൪-ാംനു ഞാൻ കോട്ടയത്തുവച്ചു ദിവാൻജിയെകണ്ടു വിവരം പറകയുണ്ടായി പരസ്പരസഹായസംഘം യൂണിയന്റെ അന്വേഷണഫലമായ റിപ്പോർട്ടുകിട്ടിയില്ല. കിട്ടിയാൽ അതു ഗവർമ്മെൻറിൽ ഉടനെ സമർപ്പിക്കുന്നതാണ്. ഉത്തരതിരുവിതാംകൂറിൽ നഷ്ടം സാരമില്ലെന്നു ആലുവായിലിരുന്ന പേഷ്കാരോ മററോ കമ്പി അടിച്ചതായി ഒരു വിജ്ഞാപനത്തിൽ വായിച്ചു. ആൾനാശവും തീരെ ഇല്ലത്രെ. ഇതു വാസ്തവവിരുദ്ധമായ അറിയിപ്പാണ്. ഉളനാട്ടിൽ ഒരു ഉരുൾപൊട്ടിയുണ്ടായ ജലപ്രവാഹത്തിൽ പെട്ടു ഒരു സ്ത്രീയും കുട്ടിയും മരിച്ചുപോയി. അവരുടെ വീടും മൃഗങ്ങളും നാമാവശേഷമായി അതിൽ ഇനി ൧൨ വയസ്സുപ്രായമുള്ള ഒരു ബാലൻ മാത്രമാണു ശേഷിച്ചിട്ടുള്ളതു. ഈ നാശം സംഭവിച്ചസ്ഥലത്തു ഞാനും ആറോളം സ്നേഹിതന്മാരുംകൂടി പോയിരുന്നു. നാശങ്ങളുടെ സ്വഭാവത്തിനു തെളിവായി പല ഫോട്ടോയും എടുപ്പിച്ചിട്ടുണ്ട്. അതു ശരിപ്പെടുത്തി കിട്ടിയിട്ടില്ല. കൌൺസിൽ കഴിയുന്നതിനുമുമ്പു വന്നുചേരുമെന്നു കരുതുന്നു. തിരിച്ചു പോകുന്നതിനുമുമ്പു നിങ്ങൾ ഏവരേയും വിശദമായി കാണിക്കാമെന്നാണു എന്റെ പ്രതീക്ഷ. വളരെയേക്കർ സ്ഥലത്തെ അനുഭവങ്ങൾ നശിച്ചുകിടക്കുന്ന ആ കാഴ്ച വളരെ ദയനീയമാണ്.

മീനച്ചലാറിന്റെ ഇരുകരകളിലായി നെല്ലു നട്ടുനനകൾ തുടങ്ങിയ ആറുമാസത്തെ ഭക്ഷണദ്രവ്യങ്ങൾ ഈരാററുപേട്ടമുതൽ കിടങ്ങൂർവരെ ൧൮ മൈൽ സ്ഥലത്തോളം മിക്കവാറും നശിച്ചുപോയി. പാലാ അങ്ങാടിയിലുള്ള ഇരുനില കെട്ടിടങ്ങളുടെ മുകളിലത്തെ നിലമാത്രമേ സാമാന്യമായി ജലോപരി കാണുവാനുണ്ടായിരുന്നുള്ളു. ഇത്ര ഭയങ്കരമായി ദയനീയമായി ഉണ്ടായ അവിചാരിത ആപത്തിൽ അന്വേഷിക്കുവാനും അനുകമ്പ പ്രദർശിപ്പിക്കുവാനും ഗവർമ്മെൻറിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ തയ്യാറാകാഞ്ഞതു കഷ്ടതരംതന്നെ.

മീനച്ചലെ വെള്ളപ്പൊക്കത്തിന്റെ ആപത്തിൽ മററുചില ഇടങ്ങളിലെപ്പോലെ കഞ്ഞിവീഴ്ത്തലിനു പണം അനുവദിക്കാത്തതിൽ ഒരു സങ്കടവും ഇല്ല. നഷ്ടപരിഹാരത്തിനായി അവിടെ ഒന്നും ചെയ്തില്ലഎന്നു പരാതിയും ഇല്ല. ഈശ്വരകാരുണ്യത്താൽ ഒരുതരത്തിൽ അതൊക്കെ അവിടെ നിർവഹിക്കപ്പെട്ടേക്കാം. മീനച്ചിലെ ജനങ്ങളും മഹാറാണിറീജൻറ് തിരുമനസ്സിലെ വാത്സല്യപ്രജകളിൽപ്പെട്ടവർ—തിരുവിതാംകൂർപൌരന്മാർതന്നെയാണെന്നു ഗവർമ്മെൻറു വിചാരിക്കുന്നു എന്നു കരുതുവാൻ മാർഗ്ഗമെന്താണ് എന്നാണ് ഞാൻ സംശയിക്കുന്നതു. ഘോരാപത്തിൽ പെട്ടിരിക്കുന്ന ജനങ്ങൾ ജാതി ഏതായാലും ദേശം ഏതായാലും ഒരുപോലെ അനുകമ്പാർഹന്മാരാണ്. മീനച്ചിലെ ജനങ്ങളോടു ഈ മനോഭാവം പ്രദർശിപ്പിച്ചുകാണാത്തതിൽ വളരെവ്യസനമുണ്ട്. പുരകൾ വീണ്ടും ശരിപ്പെടുത്തിവയ്ക്കാൻ കഴിയാത്ത സാധുക്കൾ ഉണ്ട്. ഗവർമ്മെൻറു അവരെ സഹായിക്കേണ്ടതാണ്. ൯൯-ൽ അങ്ങിനെ ചെയ്തിട്ടുണ്ട്.

കൃഷിനാശംകൊണ്ടും മററും അല്ലൽപെടുന്നവർക്കും വായ്പകൊടുത്തു അവരുടെ സമ്പൽസമൃദ്ധിക്കു സഹായിക്കാവുന്നതാണ്. ഇതിലേക്കായി ചുമതലയുള്ള ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു കമ്മിററിയുടെ

ഗവൺമെൻറു വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ ഇതിലധികമായ പ്രസ്താവനകൾക്കു ഞാൻ മുതിരുന്നില്ല. ഗവൺമെൻറിൻെറ അനുകമ്പാപൂർവമായ അന്വേഷണത്തിൻെറയും നടപടികളുടെയും ഫലമായി ജനങ്ങൾ അനാഥന്മാരായിരിക്കുന്നു എന്നു ബോധപ്പെടുവാൻ സംഗതിയാക്കണമെന്നുള്ള പ്രാർത്ഥനയോടുകൂടി വിരമിച്ചുകൊള്ളുന്നു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഞാൻ മിസ്റ്റർ പാച്ചുപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുന്നു. തിരുവല്ലാതാലൂക്കിനെ സംബന്ധിച്ചെടത്തോളം പറയുകയാണെങ്കിൽ വീടുകളുടെയും ജനങ്ങളുടെയും നാശം ഒഴിച്ചു ശേഷമുള്ള പലനാശങ്ങളും ഉണ്ടായിട്ടുണ്ട്. ഗതാഗതസൗകര്യങ്ങൾക്കു പല അസൗകര്യവും നേരിട്ടിട്ടുണ്ട്. കൃഷികളും നശിച്ചുപോയിട്ടുണ്ട്. എന്നുമാത്രമല്ല മേലാൽ കൃഷിചെയ്യാൻ നിവൃത്തിയില്ലാത്ത വിധം മടകൾ എല്ലാം വീണ് ഉദ്ദേശം ൫൦൦൦ പറനിലത്തോളം നശിച്ചിട്ടുണ്ട്. ആളുകളുടെ നാശമില്ലാത്തതുകൊണ്ടും ഗൃഹങ്ങൾ ഒഴുകിപ്പോകാത്തതുകൊണ്ടും തിരുവല്ലായിലെ വെള്ളപ്പൊക്കം അത്ര ഗൌരവമുള്ളതല്ലെന്നു ധരിക്കരുത്.

തിരുവല്ലാ-മാവേലിക്കര റോഡിൽ വെള്ളപ്പൊക്കമില്ലാത്ത കാലത്തുപോലും ആറുമയിലോളം നീളമുള്ള എങ്കിലും അഞ്ചു കടവുകൾ കടക്കാനുണ്ട്. ഇതു പല അവസരങ്ങളിൽ ഈ സഭയിൽ പ്രസ്താവിച്ചു. എല്ലാവരും ധരിച്ചിട്ടുള്ള ഒരു വാസ്തവമാണ്. തിരുവല്ല-മാവേലിക്കര റോഡിൽ ൯-ാം മൈലിനും ൧൦-ാം മൈലിനും മദ്ധ്യത്തുനിന്നുപിരിയുന്ന മാന്നാർ-പുനലൂർ റോഡിൽ ൯൯-ലെ വെള്ളപ്പൊക്കത്തിൽ ഒരു മടവീഴുകയും അതുനിമിത്തം ഉദ്ദേശം ആയിരപ്പറനിലത്തോളം നശിച്ചുപോകയും ചെയ്തിട്ടുണ്ട്. ഈ മടകൾ ഗവൺമെൻറിൽനിന്നും നന്നാക്കി സംരക്ഷിച്ചുവരികയായിരുന്നു. എന്നാൽ ൯൯-ലെ വെള്ളപ്പൊക്കത്തെക്കാൾ വലിയനഷ്ടമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളതു. പുഞ്ചനിലങ്ങളിലെല്ലാം മണ്ണുകയറി ഉപയോഗശൂന്യമായിക്കിടക്കുന്നു. ഈ വിവരമെല്ലാം കാണിച്ചു മാവേലിക്കര അസിസ്റ്റൻറ് എൻജിനീയരുടെ പേർക്കു ഞാൻ ഒരു ലെററർ അയച്ചു. അതിനു എനിക്കു കിട്ടിയമറുപടി അപ്പോൾ സ്ഥലം വന്നുനോക്കാൻ സൌകര്യമില്ലെന്നും എപ്പോഴെങ്കിലും സൌകര്യമുള്ളപ്പോൾ അവിടെവന്നു നോക്കുന്നതാണെന്നും ആണ്. ഈ മറുപടിയുടെ വിവരം കാണിച്ചു ചീഫ് ഇഞ്ചിനീയർക്കു ഞാൻ എഴുതിഅയച്ചു. ഇങ്ങനെ അസിസ്റ്റൻറ് ഇഞ്ചിനീയർ മറുപടി അയച്ചിരിക്കുന്നു. അതുകൊണ്ടു ഉടൻതന്നെ അവിടെ വന്നു നോക്കി വേണ്ടപ്രവൃത്തി മാർഗ്ഗങ്ങൾ ചെയ്തില്ലെങ്കിൽ ഇനിയും നഷ്ടങ്ങൾ ഉണ്ടാകുമെന്നാണ് ചീഫ് ഇഞ്ചിനീയർക്കു എഴുതിയിരുന്നതു. ഇങ്ങനെയുള്ള കാര്യങ്ങളിൽ അധികാരികൾ മൌനം ദീക്ഷിക്കുന്നതു ആക്ഷേപയോഗ്യമായ സംഗതിയാണ്. ഞാൻ ഒരു സിലക്റ്റ് കമ്മിററിമീററിംഗിനു ഇവിടെവന്നു തിരിയെ പോയ അവസരത്തിലാണ് ചീഫ് സിക്രട്ടറിയുടെ മറുപടി കിട്ടിയതു. അതുനോക്കിയതായിക്കണ്ട അധികാരികളോടു ചോദിച്ചതിനു ഞാൻ ഇതിനു മറുപടി അയയ്ക്കേണ്ട ആവശ്യമില്ലെന്നും അവർ വേണ്ടപോലെ അന്വേഷിച്ചു റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. താലൂക്കു അധികാരികൾ യഥാർത്ഥം ഗവൺമെൻറിനെ ധരിപ്പിച്ചിട്ടുള്ള സ്ഥിതിക്കു പി. ഡബ്ല്യു. ഡി. മുഖാന്തിരം പരിഹാരമുണ്ടാകാമെന്നു ഉദ്ദേശിച്ചാണ് ഞാൻ മേൽ പ്രസ്താവിച്ച നടപടി നടത്തിയതു. എന്നാൽ ഓരോസ്ഥലത്തെയും ചുമതലാബോധമുണ്ടായിരിക്കേണ്ട ഉദ്യോഗസ്ഥന്മാർ വേണ്ടപോലെ അന്വേഷിച്ചു സംഗതികളുടെ ഗൌരവം മനസ്സിലാക്കിയില്ലെങ്കിൽ അതിൽപരം കഷ്ടം മറെറാന്നില്ല. ഉദ്യോഗസ്ഥന്മാരുടെ കൃത്യനിർവ്വഹണത്തിലുള്ള അശ്രദ്ധനിമിത്തം പൊതുജനങ്ങൾ പലപ്രകാരത്തിലുമുള്ള ബുദ്ധിമുട്ടുകളും കഷ്ടതകളും അനുഭവിച്ചുവരുന്നുണ്ട്. അതിനാൽ മേലാൽ അങ്ങനെ വരാതെ വേണ്ട പരിഹാരങ്ങൾ ചെയ്യണമെന്നാണ് എൻെറ അപേക്ഷ.

ഇതിനും പുറമെ ലാൻഡ്റവന്യൂകമ്മീഷണരോടു പുഞ്ചകൃഷിക്കു നേരിട്ടിട്ടുള്ള നാശത്തെപ്പററി (വെള്ളപ്പൊക്കം നിമിത്തം ഉണ്ടായിട്ടുള്ള നാശമല്ല) അന്വേഷണം നടത്തി എന്തെങ്കിലും പരിഹാരമുണ്ടാക്കിത്തരണമെന്നു ഞാൻ കൌൺസിലിൽ ആവശ്യപ്പെട്ടപ്പോൾ മിസ്റ്റർ റാബിൻസൺ അവിടെ നോക്കിവേണ്ട പരിഹാരമുണ്ടാക്കിത്തരാമെന്നു പറഞ്ഞു. അദ്ദേഹം സ്ഥലത്തു വന്നിരുന്നു. ചെന്നിത്തലവരെ വന്നു അവിടെയുള്ള നാശങ്ങളെപ്പററി എൻെറ സ്നേഹിതൻ മി: ആശാനുമായിട്ടു ആലോചിച്ചു. ഈ വിവരം അറിഞ്ഞു ഞാൻ സ്ഥലത്തു എത്തിയപ്പോൾ അദ്ദേഹം ചെന്നിത്തലവരെ വന്നുനോക്കിയിട്ടുപോയി എന്നറിഞ്ഞു. ഉടനെ ഞാൻ അദ്ദേഹം താമസിച്ചിരുന്ന ടി. ബി. യിൽ പോയി. അപ്പോൾ അദ്ദേഹം പോയിക്കഴിഞ്ഞു. ചെന്നിത്തലപോലെയുള്ള സ്ഥിതിയായിരിക്കും മററു സ്ഥലങ്ങളിലെയും സ്ഥിതി എന്നു മനസ്സിലാക്കിയിരിക്കാം. അദ്ദേഹം മാന്നാറു മുതലായസ്ഥലങ്ങൾ സന്ദർശിക്കാത്തതെന്നു ഞാൻ സമാധാനപ്പെട്ടു.

പുഞ്ചനിലങ്ങളുടെ ഉപയോഗത്തിനായിട്ടു പറയങ്കരിആറു എന്ന ഒരു തോടുവെട്ടിയിട്ടുണ്ട്. ഈ തോടുകൊണ്ടുള്ള പ്രധാന പ്രയോജനം എവിടെയെല്ലാമുണ്ടോ ആ നിലങ്ങളുടെ ഉടമസ്ഥന്മാർ ഒരു സെസ്സ് (വരി) കൊടുക്കണമെന്നു നിശ്ചയിച്ചു. ഈ തോടു എത്രനിലങ്ങൾക്കു പ്രയോജനമുണ്ടാക്കുമെന്നു അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ ചീഫ് ഇഞ്ചിനീയരെയാണ് ചുമതലപ്പെടുത്തിയതു. ഈ തോട്ടിൽകൂടി പോകുന്നവള്ളങ്ങൾ എത്ര ഏക്കർ നിലങ്ങൾക്കു ഉപയോഗപ്പെടുന്നതെന്നുള്ളതു എങ്ങിനെയാണ് നിർണ്ണയിക്കുന്നതു എന്നു എനിക്കു അറിഞ്ഞുകൂടാ.

പ്രസിഡൻറ്: മി. വി. എസ്. കൃഷ്ണപിള്ളെ, ഇതുവാദവിഷയത്തിനു സംബന്ധിക്കുന്നതല്ല.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): സെസ്സ് (വരി) എത്രരൂപാ കൊടുക്കണം. അധികാരികൾ പൊതുജനങ്ങളുടെ രക്ഷയെ ആസ്പദമാക്കി എങ്ങനെ പ്രവർത്തിക്കുന്നു എന്നു ഗവൺമെൻറിനെ മനസ്സിലാക്കാനാണ് ഞാൻ ഇതു ഇവിടെ പ്രസ്താവിക്കുന്നതു. ചുമതലബോധമുണ്ടായിരിക്കേണ്ട ഉദ്യോഗസ്ഥന്മാർ അപൂർണ്ണമായ അറിവു സമ്പാദിച്ചുവച്ചുകൊണ്ടു ജനങ്ങളുടെ രക്ഷയെ നോക്കാതെ പ്രവർത്തിക്കുന്നതിനെ വേണ്ടതു ചെയ്യണമെന്നാണ് ഞാൻ പറയുന്നതു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): സഭയുടെ മുമ്പാകെ ഇരിക്കുന്ന ഉപക്ഷേപത്തെ സംബന്ധിച്ചു സ്വല്പം ചില വാക്കുകൾ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂർ കൃഷികൾ കാലാകാലങ്ങളിലുള്ള വർഷത്തെയും തിരുവിതാംകൂറിലെ നദികളെയുമാണ് പ്രധാനമായി ആശ്രയിക്കേണ്ടതായിരിക്കുന്നതു. ദക്ഷിണതിരുവിതാംകൂറിൽ ഒഴിച്ചു മദ്ധ്യതിരുവിതാംകൂറിലും ഉത്തരതിരുവ

താംഗ്ലൂറിലും പാർക്കുന്ന ഞങ്ങൾക്ക ആററുചട്ടിയായി വരുന്ന വെള്ളത്തെയും കൃഷികാലത്തുള്ള ശരിയായ വർഷത്തെയും ആണ് പ്രധാനമായി ആശ്രയിക്കാനുള്ളതു. ഞങ്ങളുടെ പ്രധാനകൃഷി നെല്ലാണ്. നെൽകൃഷി മററു മിക്കകൃഷികളേയും അപേക്ഷിച്ച അധികവും കാലാകാലത്തുള്ള മഴയെ അവലംബിച്ചിരിക്കുന്നു. മേടമാസത്തിലെ പുഞ്ചകൃഷിയിൽനിന്നോ ചിങ്ങം കന്നി മകരം ഈ മാസങ്ങളിലെ വിരിപ്പുകൃഷിയിൽ നിന്നോ ആണ് ഞങ്ങൾക്ക നെല്ലുകിട്ടുന്നതു്. എന്റെ നിയോജകമണ്ഡലത്തിൽ അധികഭാഗങ്ങളിലും അകാലമായ അതിവർഷംകൊണ്ടു മേടകൃഷി മുഴുവൻ നശിച്ചുപോയി. ഇടവം മിഥുനം മാസങ്ങളിൽ ഉണ്ടായ ഈ അതിവർഷം നിമിത്തം ചിങ്ങം കന്നി ഈ മാസങ്ങളിൽ വിളവെടുക്കേണ്ടതായ വിരിപ്പുകൃഷിയും പാടെ നശിച്ചു. ഏതൽഫലമായി ഞങ്ങളുടെ ഡിക്കിലുള്ള കൃഷിക്കാർ ഏററവും നിസ്സഹായമായ ഒരു നിലയിൽ എത്തിയിരിക്കുന്നു.

ഈ അഡ്ജേർണ്മെൻറ്മോഷനിൽ അകാലവർഷത്തെപ്പററിയും പറയുന്നുണ്ടു. ഈ സംഗതിയെ ഞാൻ മേടമാസത്തിൽ ഗവൺമെൻറിന്റെ ദൃഷ്ടിയിൽകൊണ്ടുവന്നിട്ടുണ്ടു. കൃഷിനാശം വന്നിരിക്കുന്ന സ്ഥലങ്ങളെ സന്ദർശിക്കുന്നതിനു ദിവാൻജി അവർകൾ അന്നു ലാൻഡ്റവന്യൂകമ്മീഷണർക്ക ഉത്തരവുകൊടുക്കയും ചെയ്തു. അദ്ദേഹം താലൂക്ക് ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടു വരുത്തിയിട്ടുള്ളതു കൂടാതെ ഈ വിഷയത്തിൽ വല്ലതും ചെയ്യണമെന്നു വിചാരിക്കുന്നതായും തോന്നുന്നുണ്ടു. ഈ സംഗതിയെപ്പററി ഞാൻ ഗവൺമെൻറിൽ ഒരു ചോദ്യവും ചോദിച്ചിട്ടുണ്ടു. മേടത്തിലെയും ചിങ്ങത്തിലേയും കൃഷിപ്പിഴകളെ സംബന്ധിച്ച എനിക്കുള്ള അപേക്ഷകൾ, ജനങ്ങൾക്ക നേരിട്ടിരിക്കുന്ന നഷ്ടത്തെക്കുറിച്ച ഗവൺമെൻറിനു അനുഭാവം ഉണ്ടെന്നു അവർ കാണിച്ചുകൊടുക്കണമെന്നാകുന്നു. ഗവൺമെൻറു ഒരു സജീവമായ ഘടനയാണെന്നും അതിന്റെ ഏതെങ്കിലും അംശത്തിനു ദോഷം ഉണ്ടായാൽ അതു മുഴുവനേയും ബാധിക്കുന്നതാണെന്നും അതിനാൽ ജനങ്ങളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനു തങ്ങൾ തയ്യാറാണെന്നും ജനങ്ങളെ അവർ കാണിച്ചുകൊടുക്കണം. ഈ സംഗതികളെ ഉദ്ദേശിച്ചു ഞാൻ ഒന്നു രണ്ടു നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊള്ളുന്നു. അവയെ ഗവൺമെൻറു സദയം സ്വീകരിക്കേണ്ടതാകുന്നു.

കൃഷിപ്പിഴവന്നിട്ടുള്ള സംഗതികളിൽ കരമിളവുചെയ്തുകൊടുക്കേണ്ടതു ഗവൺമെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വിഷയമാകുന്നു. ഈ കരമിളവുകൊണ്ടു കൃഷിക്കാരനു സാരമായ പരിഹാരം ഉണ്ടാകണമെന്നല്ല ഞാൻ പറയുന്നതു്. എന്നാൽ വലുതായ കൃഷിപ്പിഴ ഉണ്ടായിട്ടുള്ള സംഗതികളിൽ ഗവൺമെൻറുകരം ഇളവുചെയ്യുന്നു എങ്കിൽ കൃഷിക്കാരനു ഗവൺമെൻറിന്റെ പേരിൽ കൂടുതൽ വിശ്വാസം ഉണ്ടാകുന്നതാണ്. ൧൦൯൯-ൽ ഇവിടെ നിയമസഭയോ പ്രജാസഭയോ ഇല്ലായിരുന്നു. ആയാണ്ടിലെ വെള്ളപ്പൊക്കം നിമിത്തം വലുതായ നാശം ഉണ്ടായതുകൊണ്ടു രണ്ടു ലക്ഷം രൂപായോളം കരമിളവു ചെയ്തുകൊടുത്തു എന്നു കാണുന്നുണ്ട്. അന്നത്തെ ആകെയുള്ള ഭൂനികുതി ഇരുപതുലക്ഷം രൂപായ ആയിരുന്നുള്ളു. എന്നാൽ ഈ സഭയിൽകൂടെ വരുന്ന നിവേദനങ്ങളെപ്പററി ശരിയായി ശ്രദ്ധിക്കുമെന്നു ധരിക്കപ്പെട്ടിരിക്കുന്ന ഗവൺമെൻറു ഈ സഭയിലെ മെംബർമാരായ ഞങ്ങളാൽ, കൃഷിപ്പിഴയുള്ള സംഗതികളിൽ കരമിളവുചെയ്തുകൊടുപ്പാൻ പ്രേരിതരാകാത്തപക്ഷം ഈ വിധമുള്ള നടപടിയുടെ നീതീകരണംതന്നെ എന്താണെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. ൧൦൯൯-ൽ ഗവൺമെൻറു ഇതുമാത്രമല്ല ചെയ്തതു. വെള്ളപ്പൊക്കത്താൽ ബാധിതരായ ജനങ്ങളുടെ കഷ്ടതകളെ കുറയ്ക്കുന്നതിനായി ഭക്ഷണസാധനങ്ങളായ വിളവുകളിന്മേൽ ഉള്ള ചുങ്കങ്ങൾ പിരിച്ചുകൂടെന്നു ബ്രിട്ടീഷുഗവൺമെൻറുമായി കൂടി പറഞ്ഞു അവർ സമ്മതിപ്പിക്കയും ചെയ്തു. മേടം ചിങ്ങം കന്നി ഈ മാസങ്ങളിൽ കൃഷിയിൽനിന്നും യാതൊരു ആദായവും കിട്ടിയിട്ടില്ലാത്ത ജനങ്ങളുടെ വിഷയത്തിൽ അവരുടെ കരം ഇളവുചെയ്തുകൊടുക്കണമെന്നു മാത്രമെ ഞാൻ ഇവിടെ ഗവൺമെൻറിനോടു അപേക്ഷിക്കുന്നുള്ളു.

വേറൊരു സംഗതിയിന്മേൽ എനിക്ക ഗവൺമെൻറിന്റെ ശ്രദ്ധയെ ആകർഷിക്കാനുള്ളതു ഈ വെള്ളപ്പൊക്കംമൂലമുള്ള റോഡുകൾ, പാലങ്ങൾ, ചിറകൾ എന്നിവകളെ അററകുററം തീക്കണമെന്നുള്ളതാകുന്നു. ഈ വിഷയത്തിൽ ഗവൺമെൻറ് കാലവിളംബം അവലംബിക്കുന്നതായാൽ ഇനിയുള്ളകാലങ്ങളിലും കൃഷിനാശം ഉണ്ടാകുവാനുള്ളതിനു സംശയമില്ല. അതിനാൽ ഇതിനെ ഒരു അടിയന്തിരകാര്യമായി ഗവൺമെൻറിൽനിന്നും ഗണിച്ചു ഈ വകക്കായി പണം ചിലവിടുകയും ഗവൺമെൻറിൽനിന്നും വേണ്ട ശ്രദ്ധ പതിക്കയും ചെയ്യേണ്ടതാണ്. ൧൦൯൯-ൽ സഹകരണസംഘങ്ങൾവഴി ഗവൺമെൻറു കൃഷിവായ്പകൾ കൊടുത്തു. ൧൧൦൮-ലെ നഷ്ടങ്ങൾ ൧൦൯൯-ൽ നിന്നും ഒട്ടും കുറഞ്ഞതല്ല. ൧൦൯൯-ൽ വെള്ളപ്പൊക്കംകൊണ്ടു ചില കൃഷികൾക്കുമാത്രമെ ദോഷം തട്ടിയിട്ടുള്ളു. അതിനാൽ ഈയ്യാണ്ടിലും സഹകരണസംഘങ്ങൾവഴി കൃഷിവായ്പകൊടുക്കുന്നതിനായി കുറെപണം നീക്കിവയ്ക്കുന്നതു നന്നായിരിക്കും. നഷ്ടങ്ങൾ ഇത്ര അധികം ഉണ്ടായതു ജലസേചനവേലകളുടെ വിഷയത്തിൽ പ്രായേണ കാണിച്ചിട്ടുള്ള അമാന്തംനിമിത്തം ആകുന്നു. അതിനാൽ ഭാവിയിൽ സംസ്ഥാനത്തിലെ ജലസേചന ചിറകൾ മുതലായതു അഭിവൃദ്ധിയാകുന്ന വിഷയത്തിൽ ഗവൺമെൻറിന്റെ ശ്രദ്ധ കൂടുതലായി പതിയേണ്ടതാകുന്നു. നിലങ്ങളിൽനിന്നും കിട്ടുന്ന ആദായം സുരക്ഷിതമല്ലെന്നുള്ള സംഗതി ഗവൺമെൻറിന്റെ അറിവിൽ കൊണ്ടുവരുന്നതിനായി തിരുവിതാംകൂർ സ്റ്റേററുമാനുവൽ ൩-ാം വാല്യത്തിൽനിന്നു ചില ഭാഗങ്ങൾ എടുത്തുപറഞ്ഞുകൊള്ളുന്നു. കുട്ടനാട്ടിലെ പുഞ്ചകൃഷിയെപ്പററി വർണ്ണിച്ചിരിക്കുന്നതിൽ സ്റ്റേററുമാനുവലിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

ഈ പ്രദേശത്തു ശീതോഷ്ണസ്ഥിതികൾ കൂടെക്കൂടെ മാറിക്കൊണ്ടിരിക്കുന്നു. എന്തെന്നാൽ ഈ പുഞ്ചപ്പാടങ്ങളെ തമ്മിൽ വേർപെടുത്തുന്ന തോട്ടിൽ പെട്ടെന്നു വെള്ളംപൊങ്ങുകയാണെങ്കിൽ നിലത്തിനും വിളവിനും കാവലായി നില്ക്കുന്ന കനംകുറഞ്ഞ വരമ്പുകൾ ക്ഷണനേരംകൊണ്ടു പൊട്ടുകയും തന്മൂലം കൃഷിക്കാരന്റെ സകല ആശകളേയും ഭഗ്നീഭവിപ്പിക്കയും ചെയ്യുന്നു. സ്വല്പനാഴികനേരത്തെ മഴകൊണ്ടു തോടുകളിൽ വെള്ളംപൊങ്ങും എന്നാൽ കാലാവസ്ഥകൾ വലിയ വ്യത്യാസംകൂടാതെ ഒരേക്രമത്തിൽ നില്ക്കുന്നതുകൊണ്ടു ഇപ്രകാരമുള്ള ആപത്തുകളിൽനിന്നു ഒരുവിധം രക്ഷകിട്ടുന്നു.

ഈ സംഗതി മിക്ക പുഞ്ചനിലങ്ങൾക്കും പററുന്നതാണ്.

അതിനാൽ ഈ പ്രധാനമായ സംഗതിയിൽ ഗവൺമെൻറ് അവരുടെ ശ്രദ്ധയെ പതിപ്പിച്ചു കഷ്ടത അനുഭവിക്കുന്ന ജനങ്ങളുടെ ഇടയിൽ വിശ്വാസം ജനിപ്പിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മി: പാച്ചുപിള്ളയുടെ പ്രമേയത്തോടു ഞാനും യോജിച്ചുകൊള്ളുന്നു. മിഥുനം ൨൨-ം ൨൩-ം ൨൪-ം തീയതികളിൽ ഉണ്ടായ വെള്ളപ്പൊക്കം ൯൯-ാമാണ്ടിൽ ഉണ്ടായ വെള്ളപ്പൊക്കത്തിനു സമമത്രേ. അതിൽ വല്ല വ്യത്യാസവും ഉണ്ടെങ്കിൽ അതു പകൽ വെള്ളം പൊങ്ങിയതുകൊണ്ടു ആൾനാശം ഉണ്ടായില്ലെന്നും വലിയ മരങ്ങൾ ചുവടെ പിഴുതുവന്നു വലിയ നാശങ്ങൾ ചെയ്കയോ ആ തടികളിൽനിന്നും ഗവണ്മെന്റിലേക്കു ആദായംകിട്ടുകയോ ചെയ്തിട്ടില്ലെന്നുള്ളതും മാത്രമാണ്. മണിമല, പമ്പാ, അച്ചൻകോവിൽ ഈ നദികളുടെ തീരങ്ങളിലുള്ള അനേകം പുരകൾ നിലംപതിച്ചുപോയിട്ടുണ്ട്. കൃഷികൾ, കന്നുകാലികൾ ഇവകളെല്ലാം നശിച്ചുപോയി. ഇതിനെസംബന്ധിച്ചു തിരുവല്ലാ തഹശീൽദാരോ പത്തനംതിട്ട തഹശീൽദാരോ അന്വേഷണം നടത്തിയതായിട്ടു അറിവില്ല. വലുപ്രസിദ്ധമായ ആറന്മുള പാലത്തിനു സമീപം താഴെയായിട്ടു നാലഞ്ചു ഉടവുകൾ വീണു അനേകായിരപ്പറ കൃഷിസ്ഥലങ്ങൾ മുഴുവനും നശിച്ചുപോയി. കുംഭമാസത്തിലുണ്ടായ വർഷാധിക്യംനിമിത്തം കന്നികൃഷി വല്ലാതെ നാശപ്പെട്ടു. അതു ഫലമില്ലാതെയായി. മടയെസംബന്ധിച്ചു ചെങ്ങന്നൂർ ഏതാനംപേർ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അടുക്കൽ സങ്കടം പറഞ്ഞുഎന്നും അദ്ദേഹം അതനുസരിച്ചു ആ സ്ഥലം വന്നുനോക്കുകപോലും ചെയ്തില്ലെന്നുമാണ് എന്റെ അറിവ്. മിഥുനം ൨൩-ം- എക്സിക്യൂട്ടീവ് എഞ്ചിനീയർ ബോട്ടിൽ ഉണ്ടായിരുന്നു. ആറന്മുള പാലത്തിനടുത്തു മൂന്നുരണ്ടു പുരകളും കന്നുകാലികളുടെ ശവങ്ങളും ഒഴുകി പതുന്നതു ഞാനും കണ്ടതാകുന്നു. ഇതെല്ലാം കണ്ടിട്ടും അദ്ദേഹം എന്തു നടപടി നടത്തി എന്നുള്ളതു എനിക്കു അറിഞ്ഞുകൂടാ. അതിനാൽ ഗവണ്മെന്റു തന്നെ ഇതിലേക്കു വല്ല പരിഹാരവും ഉണ്ടാക്കിത്തരണമെന്നു അപേക്ഷിക്കുന്നു.

മി: മാത്തുമുരിക്കൻ (വയ്ക്കം): വെള്ളപ്പൊക്കംമൂലമുണ്ടായ നാശത്തെപ്പറ്റിയുള്ള വാദപ്രതിവാദത്തിൽ ഭാഗഭാക്കാകുന്നതിനു എനിക്കു ആഗ്രഹമുണ്ട്. എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം പറകയാണെങ്കിൽ അവിടെയും ഏറക്കുറെ ഈ ഉപദ്രവം ഉണ്ടായി. വെള്ളപ്പൊക്കംനിമിത്തം ഉണ്ടായ നാശങ്ങളെ എന്റെ സ്നേഹിതന്മാർ വേണ്ടവിധം വർണ്ണിച്ചുകഴിഞ്ഞിരിക്കുന്നു. അതിനാൽ എന്റെ നിയോജകമണ്ഡലത്തിലെ ഓരോഭാഗത്തും ഉണ്ടായ വിവിധതര നാശങ്ങളെ ഞാൻ വർണ്ണിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്കംമൂലം ഉണ്ടായ നഷ്ടങ്ങളെപ്പറ്റി വിശദമായ അറിവു നൽകുന്നതിനു ഞാൻ ശക്തനും അല്ല. എന്തെന്നാൽ ഫിനാൻസ് കമ്മിററി യോഗത്തിൽ സംബന്ധിക്കുന്നതിനായി ഞാൻ തലസ്ഥാന നഗരയിൽ പാർക്കയായിരുന്നു. അതിനാൽ അവിടെനടന്ന സംഗതികളെ അനുഭവംകൊണ്ടു വർണ്ണിക്കാൻ നിവൃത്തിയില്ല. പിന്നീടു നടത്തിയ അന്വേഷണംകൊണ്ടു ലബ്ധമായ അറിവേ എനിക്കുള്ളു. കേവലഘട്ടം ഈ വിഷയത്തെപ്പററി സംസാരിച്ച എന്റെ മററു സ്നേഹിതന്മാരുടെ നിയോജകമണ്ഡലങ്ങളോടു സാദൃശ്യപ്പെടുത്തുമ്പോൾ എന്റെ നിയോജകമണ്ഡലം ഒരു ചെറിയ പ്രദേശമാകുന്നു. എന്റെ നിയോജകമണ്ഡലത്തിൽ രണ്ടുമൂന്നുസ്ഥലത്തു സാരമായ ദോഷങ്ങൾ ഉണ്ടായി. ഉദാഹരണമായിട്ടു വിസ്തീർണ്ണമേറിയ വടയാർ, വെച്ചൂർ, മറവന്തുരുത്തു ഈ പകുതികളെ എടുത്തുപറയാം. ഈ സ്ഥലങ്ങളിൽ വലുതായ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുണ്ടായിട്ടുള്ള നഷ്ടങ്ങളെപ്പററി ഇതാണ് എനിക്കു പറവാനുള്ളത്. എന്നാൽ ഭാവികാലങ്ങളിൽ ആകമാനം ഉണ്ടാകുന്ന വെള്ളപ്പൊക്കത്തെക്കുറിച്ചു എനിക്കു സ്വല്പം പറവാനുണ്ട്.

എന്റെ സ്നേഹിതൻ മി: ആശാൻ വെള്ളപ്പൊക്കങ്ങളുടെ ഒരു ചരിത്രം നൽകിയിട്ടുണ്ട്. ആ ചരിത്രത്തിൽനിന്നും വെള്ളപ്പൊക്കങ്ങൾ കുറെക്കാലമായി കൂടക്കൂടെ ഉണ്ടാകുന്നതായി കാണാം. ഇതിന്റെ കാരണത്തെപ്പററി ഒരു അന്വേഷണം നടത്തേണ്ടതു ഒരു വർദ്ധമാനമായ ഭരണത്തിനു ഏററവും പ്രധാനമായ ഒന്നാണ്. എന്റെ അഭിപ്രായത്തിൽ ഇതിനുള്ള പ്രധാന കാരണങ്ങൾ വനങ്ങൾ വെട്ടിത്തെളിക്കുന്നതും മലമ്പ്രദേശങ്ങളിലുള്ളവർ കായലുകൾ കുത്തി നിലമായി തിരിക്കുന്നതും ആകുന്നു. തൽഫലമായി വെള്ളത്തിന്റെ പാച്ചിൽ ക്രമാതീതം വേഗവത്തായി ഭവിക്കുന്നു. അതിനാൽ ധനപരിപോഷണ വകുപ്പോടോ അല്ലെങ്കിൽ മററു വല്ല വിദഗ്ദ്ധന്മാരോടോ ആലോചിച്ചു വേണ്ട ഉപശാന്തിമാർഗ്ഗങ്ങൾ നിരൂപിക്കേണ്ടതു ന്യായമായ കാര്യമാകുന്നു. ഇതിലേക്കു സ്വീകരിക്കേണ്ട പരിഹാരമാർഗ്ഗങ്ങളെ സംബന്ധിച്ചും ഗവണ്മെന്റിന്റെ ശ്രദ്ധയെ എനിക്കു ക്ഷണിക്കാനുണ്ട്. ഗതാഗതമാർഗ്ഗങ്ങൾക്കു മറ്റേറെ തടസ്സമുണ്ടായിട്ടുണ്ടെന്നു എന്റെ സ്നേഹിതന്മാരിൽ ചിലർ പറകയുണ്ടായി. എന്നാൽ പൊതുമരാമത്തു വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ശ്രദ്ധാപൂർവം പ്രവൃത്തിച്ചിരുന്നുഎങ്കിൽ ഇതിനു കാരണമാവുകയില്ലായിരുന്നു. ഉദാഹരണമായിട്ടു സ്ഥലം സെക്ഷൻ ആഫീസരുടെ ഉദാസീനതയെ ചീഫ് എഞ്ചിനീയരുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനായി വടയാററിലെ ജനങ്ങൾ അയച്ചിട്ടുള്ള ഒരു നിവേദനം എനിക്കു ഇന്നു കിട്ടിയിട്ടുള്ളതിലേക്കു ഞാൻ ചീഫ് എൻജിനീയരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതു താഴെപ്പറയുംപ്രകാരമാണ്:—

"൨൨-ം രാത്രി പാതിരായ്ക്കുശേഷം വടയാററിലുള്ള നദീതടം (അത്തയത്തു എളങ്കാവു ക്ഷേത്രത്തിനും പള്ളിക്കൂടത്തിനും കിഴക്കുള്ള തടം) വെള്ളത്തിൽ മുങ്ങുകയും സമീപത്തുള്ള ചിറവരമ്പിലും റോഡിലുംകൂടി വെള്ളം ഒഴുകാൻതുടങ്ങുകയും ചെയ്തു. വെള്ളപ്പാച്ചിലിന്റെ ശബ്ദംകേട്ടു സമീപത്തുപാർക്കുന്ന വീട്ടിലുള്ള ആളുകൾ പുറത്തുഇറങ്ങിവന്നു മററുള്ള വീട്ടുകാരോടു സഹായം അപേക്ഷിച്ചു. നേരം വെളിച്ചമായപ്പോൾ ആററുവരമ്പിൽ നാലഞ്ചടി താഴ്ചയുള്ള ഒരു ഉടവുണ്ടായി. ഈ ഉടവിനെ നികത്തുന്നതിനു അവിടെയുള്ളവർ ശ്രമിച്ചതിൽ ഫലമുണ്ടായില്ല. ഉടനെതന്നെ ഈ വസ്തുതയെപ്പററി സെക്ഷൻ ആഫീസർക്കു റിപ്പോർട്ടുകൊടുത്തു. നാലഞ്ചുദിവസം കഴിഞ്ഞപ്പോൾ അദ്ദേഹവും ഡിവിഷൻ ആഫീസരുംകൂടി സ്ഥലത്തുവന്നു. ഡിവിഷൻ ആഫീസരോടു നടന്ന സംഭവങ്ങൾ മുഴുവൻ പറഞ്ഞതുകൂടാതെ വെള്ളപ്പൊക്കംനിമിത്തം പാർപ്പാൻ വീടില്ലാതെയായ സ്ത്രീകളുടെ വകയായി ഒരു ഹർജിയും കയ്യിൽകൊടുത്തു."

പൊതുമരാമത്തു ഉദ്യോഗസ്ഥന്മാരുടെ ഉപേക്ഷ ഇതൊന്നുമാത്രമല്ല. വയ്ക്കവും വടയാറും തമ്മിൽ മൂന്നുനാഴികദൂരമേയുള്ളു. ആ സ്ഥിതിക്കു സെക്ഷൻ ആഫീസർ അതുവരെ ഉദാസീനതകാണിച്ചതു വാസ്തവത്തിൽ സങ്കടകരമാകുന്നു. ചീഫ് എഞ്ചിനീയർ മി: വെപ്പൻ ഈ ഉദ്യോഗസ്ഥന്റെ സമാധാനം ആവശ്യപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: വെപ്പൻ (ചീഫ് എഞ്ചിനീയർ): ആ ഉദ്യോഗസ്ഥന്റെ സമാധാനം ഞാൻ വരുത്തിക്കഴിഞ്ഞു.

മി: മാത്തുമുറിക്കൻ (വൈക്കം); ഞാൻ എൻെറ നന്ദിപറഞ്ഞുകൊള്ളുന്നു.

പരിഹാരമാർഗ്ഗങ്ങളെപ്പററി പറയുന്നതായാൽ, അതായതു വെള്ളപ്പൊക്കം നിമിത്തം ഉണ്ടായിട്ടുള്ള നാശങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി പറയുന്നതായാൽ അതാണ് ഇതിൽ പ്രധാനമായിരിക്കുന്ന സംഗതി. കരം ഇളവുചെയ്യണമെന്നു എൻെറ സ്നേഹിതൻ മി. അയ്യാവ് പറഞ്ഞു. എന്നാൽ ആൎക്കെല്ലാമാണ് വാസ്തവത്തിൽ നഷ്ടമുണ്ടായതു എന്നു അറിയുന്നതിനു ഗവൎമ്മെൻറിനു എന്തുമാർഗ്ഗമാണുള്ളതു. ഇതു വാസ്തവത്തിൽ ഒരുവിഷമമേറിയ കാൎയ്യമാണ്. വിശേഷിച്ചും റവന്യൂഡിപ്പാർട്ടുമെൻറിലെ കീഴ് ഉദ്യോഗസ്ഥന്മാർ കാണിച്ചിട്ടുള്ള ഉദാസീനത നോക്കുമ്പോൾ അതുവിഷമം തന്നെയാണ്. എന്നാൽ വാസ്തവത്തിൽ സങ്കടംനേരിട്ടിട്ടുള്ള ആളുകളുടെവിഷയത്തിൽ കരംഇളവുചെയ്തു കൊടുക്കേണ്ടതു അത്യാവശ്യമാണെന്നു ഞാൻ ഗവൎമ്മെൻറിനെ ബലമായി ധരിപ്പിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: ഞാൻ ഒരുമാർഗ്ഗം നിർദ്ദേശിക്കട്ടയോ? ഞാൻഇവിടെനോക്കിയതിൽ, ഈവിഷയത്തെപ്പററി ഇനിയും പലമെമ്പർമാൎക്കും സംസാരിക്കാനുണ്ടെന്നു കാണുന്നു. ന്യായപ്രകാരം മെമ്പർമാൎക്ക് അനുവദിച്ചിട്ടുള്ള സമയത്തെ കുറയ്ക്കുന്നതിനു ഞാൻ അർഹനല്ല. എന്നാൽ എല്ലാമെമ്പർമാൎക്കും അവരവൎക്കു പറയാനുള്ളതു പറയാൻ അവസരം ലഭിക്കത്തക്കവിധത്തിൽ ഓരോരുത്തനും അവനവൻെറ പ്രസംഗത്തെ കഴിയുന്നത്ര ചുരുക്കിപറയുമെന്നു ഞാൻവിശ്വസിക്കുന്നു.

മി: കെ. മാധവൻ (നിയമിതൻ): സർ, മി: മുരളീധരൻപിള്ള അവർകളുടെ അഭിപ്രായത്തെ ഞാനുംപിൻതാങ്ങിപ്പറഞ്ഞുകൊള്ളുന്നു. ൧൧൦൦-ാം വൃശ്ചികം ൧൦-ഉം ൧൧-ഉം തീയതികളിൽ ഞാൻ കൊട്ടാരക്കര മാവേലിക്കര, എന്നീസ്ഥലങ്ങളിലേക്കു പുറമ്പോക്കുകാൎയ്യസംബന്ധമായി പോയിരുന്നു. എന്നാൽവെള്ളപ്പൊക്കം ഉണ്ടായതിനുശേഷവും പോയിരുന്നു. ഈസ്ഥലങ്ങളിൽ നടന്നകാൎയ്യങ്ങളെപ്പററി ഞാൻ ഏഴജനങ്ങളോടു ചോദിച്ചു. കുറച്ചുപണമുള്ളവൻതന്നെയും ഈവിധം സങ്കടപ്പെട്ടിരിക്കുമെങ്കിൽ സാധുക്കളായ ചാവൎപ്പെട്ടവർ എല്ലാസ്ഥലങ്ങളിലും ഏതുനിലയിൽ ഇരിക്കുമെന്നു ആലോചിക്കുവിൻ. അവർഈ വെള്ളപ്പൊക്കത്താൽ വലുതായ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചു. ഈ ഏഴജനങ്ങളെ അവിടവിടെയുള്ള ധനവാന്മാരും സാൽവേഷൻ ആൎമിത്തലവന്മാരും അവിടവിടെ വള്ളങ്ങൾ ശേഖരിച്ചിട്ടു ആവഴി രക്ഷപ്പെടുത്തി. അവർ ഇവൎക്കുവേണ്ടി ഏഴെട്ടുദിവസം താമസിച്ചു. ഇവൎക്കുസ്ഥലംകൊടുത്തും ഭക്ഷണപദാർത്ഥങ്ങളെ ഇവൎക്കായി കൊടുത്തുംസഹായിച്ചു. ഈ ഏഴജനങ്ങൾക്കുഗവൎമ്മെൻറിൽനിന്നും ഒരുസഹായവും ഇല്ല. തിരുവല്ലായിൽ ൩൨-ം കുന്നത്തൂർ പള്ളിയിൽ ൪൫-ം മാവേലിക്കര ൩൭-ം അമ്പലപ്പുഴ ൫൨-ം ഉൾപ്പെടെ ൩൩൭ കുടികൾ ഇവൎക്കു ഇല്ലാതെയായി. ഈഏഴജനങ്ങൾ വളരെ കുഴങ്ങിയിരിക്കുന്നു- അന്നന്നുവേലചെയ്താൽ അല്ലാതെ അവൎക്കു കാലക്ഷേപത്തിനു വഴിയില്ല. അവൎക്കുവേറെ കുടികൾ കെട്ടിപാൎക്കുന്നതിനു യാതൊരുശക്തിയും ഇല്ല. അതിലും ചില വിഷമങ്ങൾ ഉണ്ട് ഈഏഴജനങ്ങൾ അവിടവിടെകിടക്കുന്ന ആററുകരകളിലും പുറമ്പോക്കുകളിലും താമസിക്കുന്നു. മററു പട്ടണവാസികളെ അപേക്ഷിച്ചു ഈവിധം ഉപജീവിക്കുന്നവൎക്കു എത്രയോ അധികംസങ്കടമിരിക്കുന്നു. ഇങ്ങിനെയിരിക്കുന്ന അവസരത്തിൽ ഈഏഴജനങ്ങൾക്കു ഗവൎമ്മെൻറു എന്തെങ്കിലും ഉതകിചെയ്യണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ആപൽക്കാലങ്ങളിൽ ഗവൎമ്മെൻറുഉദ്യോഗസ്ഥന്മാർ കാണിക്കുന്നതാമസം ഏററവും സങ്കടം. ൧൫-ാം രാത്രി ൧൧ മണിക്കു തോവാളത്താലൂക്കിലുള്ള കിളവനേരി എന്നഗ്രാമം തീപിടിച്ച് എരിഞ്ഞുപോയി. വീടുകൾഎരിഞ്ഞുപോയ ഏഴജനങ്ങൾ ഉടനെപോയി താലൂക്ക് തഹശീൽദാരെ അറിയിച്ചു. എന്നാൽഅദ്ദേഹം വന്നില്ല ൨൦-ാം-ആയ ഇന്നലെ ഞാൻപോയി തഹശീൽദാരെ വിളിച്ചതിനുശേഷമാണ് അദ്ദേഹം സ്ഥലത്തുവന്നതു് ഇപ്രകാരംകഷ്ടപ്പെടുന്ന ഏഴജനങ്ങൾക്കു സമയത്തിൽആവശ്യപ്പെട്ട സഹായം ഗവൎമ്മെൻറുചെയ്യുന്നതായാൽ അതുവലിയഉപകാരമായിരിക്കും. വെള്ളപ്പൊക്കത്താൽ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഏഴജനങ്ങൾക്കു ഗവൎമ്മെൻറു സഹായംചെയ്യണമെന്നു ഞാൻ താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): സർ, രണ്ടധ്യക്ഷൻെറനിലയിൽ അവിടുന്നു വെള്ളപ്പൊക്കംഉണ്ടായ സ്ഥലങ്ങളെ നേരിട്ടുസന്ദർശിച്ചതിനു ഞാൻഅവിടത്തെ അനുമോദിച്ചുകൊള്ളുന്നു. അവിടത്തെ കീഴുദ്യോഗസ്ഥന്മാർ അവിടത്തെപ്പോലെ കൃത്യബോധമുള്ളവരായി പ്രവൎത്തിച്ചിരുന്നുഎങ്കിൽ ഈ അഡ്ജോൺമെൻറ്മോഷൻതന്നെ ആവശ്യമുണ്ടാകയില്ലായിരുന്നു. അവർതന്നെവേണ്ട പരിഹാരമാർഗ്ഗങ്ങൾ എടുക്കാമായിരുന്നു. അപ്രകാരം അവർ ചെയ്തിരുന്നുഎങ്കിൽ അവർചെയ്തുകൊടുത്ത സഹായത്തെക്കൊണ്ടു സങ്കടംഅനുഭവിച്ച തൃപ്തിപ്പെടുന്നതിനും ഇടയുണ്ടായിരുന്നു. വെള്ളപ്പൊക്കംകൊണ്ടു പൊർട്ടുനല്ലദോഷം വല്ലസ്ഥലത്തും ഉണ്ടാകുന്നുണ്ടെങ്കിൽ അതുകല്ലടയാണ്. അതുകൊണ്ടാണ് ആസ്ഥലത്തിനെ തിരുവിതാംകൂറിലെ ഹാലണ്ട് എന്നുവിളിക്കുന്നതു്. ൧൦൯൯-ലെയും ഈയ്യാണ്ടിലെയും വെള്ളപ്പൊക്കങ്ങൾ രണ്ടുപ്രത്യേകവിധങ്ങളിലാണ് കല്ലടയെ ബാധിച്ചതു്. ൧൦൯൯-ലെ വെള്ളപ്പൊക്കം അപ്രതീക്ഷിതമായും പെട്ടെന്നും ഉണ്ടായതാണ്. തൽഫലമായി അനേകകുടുംബങ്ങൾ നഷ്ടപ്പെടുകയും അവരുടെവസ്തുവകകൾ കടലിലേക്കു ഒഴുകിപ്പോകയും ചെയ്തു. ഇയ്യാണ്ടിലാകട്ടെ വെള്ളപ്പൊക്കം ജനങ്ങളെ ബോധിച്ചതു വേറൊരു പ്രകാരത്തിലാണ്. വെള്ളപ്പൊക്കം ഒരാഴ്ച്ചക്കുമേൽ ഉണ്ടായിക്കൊണ്ടിരുന്നു. തന്നിമിത്തം വെള്ളംവളരെനാൾ കെട്ടിനിന്നു. ഇതുഹേതുവായി കൃഷികൾനഷ്ടപ്പെട്ടു. കൂടാതെയും റോഡുകളിൽ പലഇടവുകൾഉണ്ടായി. അതുകൊണ്ടു ജനങ്ങൾക്കു ഒരുസ്ഥലത്തുനിന്നും വേറൊരുസ്ഥലത്തിനു പോകുന്നതിനു സൌകൎയ്യംഉണ്ടായില്ല. പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു എൻെറസ്നേഹിതന്മാരിൽ ചിലർ ഓരോമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അവരോടുകൂടി കരം ഇളവുചെയ്യണമെന്നു ഞാനും നിർദ്ദേശിക്കുന്നു. ൧൦൯൯-ൽ ഞങ്ങൾക്കു ഈവിധം നഷ്ടങ്ങൾ ഉണ്ടായപ്പോൾ ഗവൎമ്മെൻറിൽനിന്നും കൃഷിവായ്പക്കായി ധാരാളംപണം അനുവദിച്ചു. അവർ അതിലേക്കായി ഏകദേശം അഞ്ചുലക്ഷം രൂപാ നീക്കിവച്ചു. ഈയ്യാണ്ടിലത്തെ ബഡ്ജററിൽ പതിവുള്ള ഒരുലക്ഷത്തി ആറുപതിനായിരം രൂപാമാത്രമെ നീക്കിവച്ചിട്ടുള്ളതായി കാണുന്നുള്ളു. ൧൦൯൯-ലെയും ഇയ്യാണ്ടത്തെയും നഷ്ടങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ ഈയ്യാണ്ടത്തേക്കു അനുവദിച്ചിട്ടുള്ള തുക തീരെ മോശമാകുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): സർ, വെള്ളപ്പൊക്കത്തെസംബന്ധിച്ചു മി: പാച്ചുപിള്ള ഇവിടെ ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ ഞാനും അനുകൂലിച്ചുകൊള്ളുന്നു. വെള്ളപ്പൊക്കംസംബന്ധിച്ചു ഗവണ്മെന്റ് യാതൊന്നും അന്വേഷിച്ചില്ല. യാതൊന്നും ശരിയായിപ്രവർത്തിച്ചിട്ടില്ല എന്നുള്ള ഭാഗത്തോടു ഞാൻ യോജിക്കുന്നില്ല. വെള്ളപ്പൊക്കം കഴിഞ്ഞാൽ ഉടൻതന്നെ ഗവണ്മെന്റ് എന്താണ് ഓരോതാലൂക്കിലും ചെയ്യേണ്ടതെന്നുള്ള സംഗതി അറിയിക്കുന്നതിനു എനിക്കു ഒരു കമ്പി അയച്ചു. അതുപോലെ മററു താലൂക്കിലെ മെംബർമാർക്കും അയച്ചിരിക്കുമെന്നാണു എന്റെ വിശ്വാസം. ആ സ്ഥിതിക്കു ഇന്നതെല്ലാം ചെയ്യണമെന്നു മറുപടി അയച്ചാൽ ഗവണ്മെന്റ് അപ്രകാരം ചെയ്യുമായിരുന്നു.

മി: ടി. സി. കേശവപിള്ള (കൽകുളം-വിളവംകോടു): ഗവണ്മെന്റ് അതനുസരിച്ചു വല്ലതും പ്രവർത്തിച്ചിട്ടുണ്ടോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിൽ നിന്നും വെള്ളപ്പൊക്കത്തെസംബന്ധിച്ചു ചെയ്യത്തക്കവണ്ണം ഒന്നും ഇല്ലായിരുന്നു. ഒന്നും ചെയ്തിട്ടുമില്ല. വല്ലതും ഗവണ്മെന്റിൽനിന്നും ചെയ്യേണ്ടതായി ഉണ്ടായിരുന്നെങ്കിൽ ഒരു ഡെപ്യൂട്ടേഷൻ മൂലം ഗവണ്മെന്റിനെ ധരിപ്പിക്കേണ്ടതായിരുന്നു. അതു ജനങ്ങൾ ചെയ്യാതിരുന്നിടത്തോളം കാലം ഗവണ്മെന്റിനെ കുററംപറയേണ്ട ആവശ്യമില്ല. ൯൯-ലെ വെള്ളപ്പൊക്കത്തിനെപ്പററി ഞാനിവിടെ ഒരു ഉദാഹരണം പറയാം: ൯൯-ലെ വെള്ളപ്പൊക്കത്തെപ്പററി ഞങ്ങളുടെ തഹശീൽദാർ ഒരു റിപ്പോർട്ടും ഗവണ്മെന്റിലേക്കു അയച്ചില്ല. അതുകൊണ്ടു ഞാൻഉൾപ്പെടെ ൧൧-പേർ ഇവിടെ ഒരു ഡെപ്യൂട്ടേഷൻ ആയി വന്നു. അന്നുനിയമ സഭാമെംബർ ഫാതർ വെട്ടിക്കാപ്പള്ളി ആയിരുന്നു. ഞങ്ങൾ ഇവിടെ വന്നദിവസം തന്നെ നിർഭാഗ്യവശാൽ മഹാരാജാതിരുമനസ്സുകൊണ്ടു നാടുനീങ്ങിപ്പോയി. രണ്ടുമൂന്നുദിവസം ഇവിടെ താമസിച്ചു റവന്യൂകമ്മീഷണരെയും അന്നത്തെ സെൻട്രൽ കമ്മിററിയേയും വിവരങ്ങൾ അറിയിക്കയും ഞങ്ങൾ ആവശ്യപ്പെട്ടതിൽ ഏതാണ്ടൊരംശം ഗവണ്മെന്റു നിവൃത്തിച്ചുതരികയും ചെയ്തു. എന്റെ താലൂക്കിൽ മാണിക്കമംഗലം പകുതിയിൽ ഒരുലക്ഷത്തി എൺപതിനായിരം രൂപായാണു ചിലവാക്കിയതു. പകുതികമ്മിററിയിലെ സിക്രട്ടറി ആയിരുന്ന മി: റാബിൻസൺ അടുത്തദിവസംതന്നെ ഈ പകുതിയിൽ ഓരോസ്ഥലങ്ങളും ചുററി സഞ്ചരിച്ചു തഹശീൽദാർ മുഖാന്തരം വേണ്ട ഏർപ്പാടുകൾ ചെയ്യാൻ സന്നദ്ധനായിരുന്നു. ഗവണ്മെന്റിൽനിന്നും കരം ഇളവുചെയ്തും മൂന്നുമാസത്തോളം ആ പ്രദേശത്തുള്ള സാധുക്കൾക്കു മലയിൽനിന്നും ഫ്രീപ്പാസ്മൂലം ഈററവെട്ടിവ്യവസായം നടത്താൻ അനുവദിക്കയുംചെയ്തു. സാധുക്കളായ ആളുകൾക്കു വീടുകെട്ടുവാൻ നാലഞ്ചായിരം മുളവീതം ഗവണ്മെന്റിൽ നിന്നും അനുവദിച്ചുതന്നു. പലസാധുക്കൾക്കും രണ്ടുരൂപാവീതം കൊടുത്തു. ഞങ്ങളുടെ അടുത്തസ്ഥലം കൊച്ചിസർക്കാരിൽ ചേർന്നതാണ്. അവിടങ്ങളിൽ കൽക്കട്ടാരാമകൃഷ്ണമിഷൻ സംഘക്കാർ റിലീഫ് വർക്ക് നടത്തിവരികയായിരുന്നു. അവർ മാണിക്കമംഗലം പകുതിയലും ൭൫൦൦ രൂപായോളം ചിലവുചെയ്തു. അതിനാൽ ന്യായമായവിധത്തിൽ ഗവണ്മെന്റിനെ ധരിപ്പിക്കാത്ത വീഴ്ചക്കു ഗവണ്മെന്റ് ഉത്തരവാദിയല്ല.

മി: കെ. പത്മനാഭപണിക്കർ (അമ്പലപ്പുഴ): സർ, എന്റെ സ്നേഹിതൻ മി: പാച്ചുപിള്ള ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ അനുകൂലിക്കുന്നതിനാണ് ഞാൻ എഴുന്നേല്ക്കുന്നതു. അത്യുഗ്രമായ വെള്ളപ്പൊക്കം ഉണ്ടായ ൧൦൯൯-ാമാണ്ടു മുതൽ ഉദ്ദേശം ൨൫ മൈൽ വിസ്തീർണ്ണമുള്ള കുട്ടനാടു ആണ്ടുതോറും വർഷകാലത്തു വെള്ളപ്പൊക്കത്താൽ ബാധിതമായിക്കൊണ്ടിരിക്കുന്നുണ്ട്. ഈയ്യാണ്ടിൽ ആ വിപത്തു വീണ്ടും വന്നേക്കുമെന്ന ഭീതിയുണ്ടായി. ആലപ്പുഴയുള്ള മഹാറാണിറീജൻറ് തിരുമനസ്സിലെ ഉദ്യോഗസ്ഥന്മാരുടെ സമയോചിതപ്രേരണയാൽ സാധ്യമായ എല്ലാമുൻകരുതലുകളും എടുക്കപ്പെട്ടിരുന്നു. കഷ്ടപ്പെടുന്നജനങ്ങളുടെ സഹായത്തിനായി ആലപ്പുഴനഗരസഭയും വേണ്ടസഹായങ്ങൾഎല്ലാം ചെയ്തു. കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിനായി ധാരാളം പണം അനുവദിച്ചുതന്നതിനെപ്പററി ജനങ്ങൾക്കുള്ള നന്ദിയെ മഹാറാണിറീജൻറ് തിരുമുമ്പിൽ തിരുമനസ്സറിയിക്കുന്നതിനുഞാൻ അവിടത്തോടു അപേക്ഷിച്ചുകൊള്ളുന്നു.

വെള്ളംകേറിക്കിടന്നിരുന്ന സ്ഥലങ്ങളിൽ വന്നു അവിടത്തെ അവസ്ഥകൾ സ്വന്തകണ്ണുകൊണ്ടു കണ്ടറിയുന്നതിനായി അവിടന്നു അവിടെവന്നതിലേക്കു അവിടത്തോടു എന്റെ നന്ദിപറഞ്ഞുകൊള്ളുന്നു.

ഞാൻ നോക്കിയിടത്തോളം ഇതുകുട്ടനാട്ടിലെ ജനങ്ങൾക്കു ഉണ്ടാകുന്നതായ ഒരു പ്രതിവർഷമായ വിപത്തായിട്ടാണ് കാണുന്നതു്. ഈ വെള്ളപ്പൊക്കങ്ങളുടെ കാരണങ്ങളെപ്പററി ഒരു അന്വേഷണം നടത്തണമെന്നു എന്റെസ്നേഹിതൻ മി: മൂലിക്കൻ നിർദ്ദേശിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. ഞാൻ നോക്കിയടത്തോളം ഈ വെള്ളപ്പൊക്കത്തിനു കാരണമാകുന്നതു പെരിയാററിന്റെയോ അല്ലെങ്കിൽ കൊച്ചിഇറവുകത്തിന്റെ കിഴക്കുഭാഗങ്ങൾ നിരപ്പുവരുത്തിയതുമൂലമോ ആണെന്നുതോന്നുന്നുണ്ട്. മുമ്പേ കായലായികിടന്നിരുന്നതിൽ ൫൦൦൦ ഏക്കറിനു മേൽസ്ഥലങ്ങൾ ഇപ്പോൾ ഭൂമിയായിതീർത്തിട്ടുണ്ട്. നമ്മുടെ ആറുകളിൽനിന്നും വരുന്നവെള്ളങ്ങൾ കടലിൽ പാഞ്ഞുപോകുന്നതിനു ഇതു ഒരു പ്രതിബന്ധമായി ഭവിക്കുന്നു. ഈ പ്രതിബന്ധം ഹേതുവായിട്ടു വെള്ളം ഒഴിഞ്ഞുപോകുന്നതിനു താമസം സംഭവിക്കുന്നതുകൂടാതെ വെള്ളംകെട്ടിനിൽക്കാൻ ഇടയാകയും ചെയ്യുന്നു. ഇതു ആപ്രദേശത്തെ സസ്യവർഗ്ഗങ്ങൾക്കും ജന്തുജാതികൾക്കും ആരോഗ്യത്തിനു ദോഷകരമായിതീരുന്നു.

ഈ വെള്ളപ്പൊക്കത്തിനുശേഷം കുട്ടനാട്ടിലെ ജീവിതസ്ഥിതികൾ അവിടന്നു കണ്ടിരിക്കാൻ ഇടയുണ്ടല്ലോ. അതുകളെപ്പററി ഞാൻ ഒന്നും പറയുന്നില്ല. എന്നാൽ ഈ പ്രദേശത്തു വെള്ളപ്പൊക്കം നിമിത്തം കഷ്ടതഅനുഭവിക്കുന്ന ആളുകളുടെ കഷ്ടപരിഹാരത്തിന്നായി എന്തെങ്കിലും ചെയ്യേണ്ടതാണെന്നു ഞാൻ നിർദ്ദേശിക്കുന്നു.

ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ എന്റെസ്നേഹിതന്റെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതൻ): സർ, ഓരോ നിയോജകമണ്ഡലത്തിലേയും പ്രതിനിധികൾ ഭയങ്കരമായ വെള്ളപ്പൊക്കം നിമിത്തം അവരവരുടെ നിയോജകമണ്ഡലത്തിൽ ഉണ്ടായിട്ടുള്ള നഷ്ടങ്ങളെ ഈ സഭ മുമ്പാകെ അവിടെ നടന്ന പ്രകാരത്തിൽ തന്നെ പ്രദർശിപ്പിക്കുന്നതിന് കഴിയുന്നതും ശ്രമിച്ചു

കഴിഞ്ഞു. ആ സ്ഥിതിക്കു ഈ വെള്ളപ്പൊക്കത്തിന്റെ ഭയങ്കരത്വത്തെ കുറിച്ചോ അതു നിമിത്തം ഉണ്ടായിട്ടുള്ള നഷ്ടത്തെ കുറിച്ചോ ഒന്നും തന്നെ കൂടുതലായിട്ടു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഓരോരുത്തരുടെ പ്രസംഗത്തിൽ നിന്നും എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുള്ളതു ഗവണ്മെന്റ ഉദ്യോഗസ്ഥന്മാർ വേണ്ടത്തക്കവണ്ണമുള്ള സഹതാപം പ്രദർശിപ്പിക്കാത്തതു നിമിത്തം കൂടുതൽ സങ്കടം അനുഭവിക്കേണ്ടി വന്നിട്ടുണ്ടു എന്നാണ്. തിരുവിതാംകൂർ ഗവണ്മെന്റിന്റെ കേന്ദ്രസ്ഥാനത്തിരിക്കുന്ന അങ്ങു ഇതിൽ വേണ്ട വണ്ണം സഹതാപം പ്രദർശിപ്പിച്ചിട്ടുണ്ടെന്നുള്ള സംഗതി എനിക്കു നല്ല പോലെ അറിയാം. എന്നാൽ കീഴുദ്യോഗസ്ഥന്മാർ അവരുടെ ജോലി ശരിയായി നിർവഹിക്കാത്തതു കൊണ്ടു ജനങ്ങൾക്കു പൊതുവെ ഗവണ്മെന്റിനോടു ഒരു അതൃപ്തി ഉണ്ടായിട്ടുള്ളതാണ്. അതു കൊണ്ടു ആ സംഗതിയിൽ ഗവണ്മെന്റ പ്രത്യേകം ശ്രദ്ധിവയ്ക്കുമെന്നു വിശ്വസിക്കുന്നു.

രണ്ടാമതായിട്ടു എനിക്കു പറയാനുള്ളതു ആലപ്പുഴക്കടുത്തുള്ള കുട്ടനാട്ടിനെ സംബന്ധിച്ചാണ്. കുട്ടനാട്ടു വെള്ളപ്പൊക്കം ഉണ്ടാകുന്ന പക്ഷം കനിശമായിട്ടും അതിന്റെ ഭാരം ആലപ്പുഴ ചുമക്കേണ്ടതായിട്ടാണ് വരുന്നതു. അങ്ങിനെ ചുമന്നു കൊണ്ടു തന്നെയാണ് ഇരിക്കുന്നതും, എന്നാൽ ആലപ്പുഴക്കാർക്കു അവരുടെ സങ്കടങ്ങളിൽ പങ്കുകൊള്ളുന്നതിനു യാതൊരു വൈമനസ്യവും ഇല്ല. അവരെ സഹായിക്കുന്നതിനു ഞങ്ങൾക്കു വേണ്ട സൌകര്യമില്ലാത്തതിലുള്ള സങ്കടമേയുള്ളു. ഗവണ്മെന്റിന്റെ സഹായം ഇല്ലെങ്കിൽ തന്നെയും കുട്ടനാട്ടുകാരെ സഹായിക്കാൻ ആലപ്പുഴക്കാർ സന്നദ്ധന്മാർ തന്നെ. എല്ലാ ആണ്ടിലും വെള്ളപ്പൊക്കമുണ്ടാകുമെന്നു തന്നെയാണ് ൯൯-നു ശേഷമുള്ള അനുഭവം കൊണ്ടു മനസ്സിലാക്കേണ്ടതു. അതു കൊണ്ടു കുട്ടനാട്ടിനെ സംബന്ധിച്ചു പ്രധാനമായിട്ടു ലഭിക്കേണ്ടതു വെള്ളപ്പൊക്കം വരുന്ന കാലങ്ങളിൽ ആളുകൾ കൂട്ടംകൂട്ടമായി താമസിക്കുന്നതിനു ഉയർന്ന സ്ഥലങ്ങൾ ഉണ്ടാക്കുകയാകുന്നു. അതിലേക്കു ഞാൻ ഒരു വഴി നിർദ്ദേശിക്കാം. കുട്ടനാട്ടിൽ പള്ളിക്കൂടം ഇല്ലാത്ത സ്ഥലം വളരെ ചുരുക്കമാണ്. വെള്ളപ്പൊക്കമുണ്ടാകുന്ന കാലങ്ങളിൽ കനിശമായിട്ടും കുട്ടികൾക്കു പഠിക്കാൻ സാധിക്കയില്ല. ആ പള്ളിക്കൂടങ്ങൾ ഇരിക്കുന്ന സ്ഥലങ്ങളല്ലെ കുറെക്കൂടി പൊക്കുകയാണെങ്കിൽ ആളുകൾ വെള്ളപ്പൊക്കകാലങ്ങളിൽ അവിടെ കയറിതാമസിക്കാം. ചുറവും കന്നുകാലികളെയും കെട്ടാം. പള്ളിക്കൂടം ഇല്ലാത്ത സ്ഥലങ്ങളിൽ പ്രത്യേകം സ്ഥലം നികത്തി പൊക്കിയിടണം. ഇങ്ങിനെ പ്രവർത്തിക്കുന്ന പക്ഷം മേലാലെങ്കിലും വലിയ കഷ്ടനഷ്ടമില്ലാതെ കഴിക്കാമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ എന്റെ സ്നേഹിതൻ മി: പാച്ചുപിള്ളയുടെ പ്രമേയത്തെ പിന്താങ്ങിക്കൊള്ളുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, എനിക്കു ഇതിനെ സംബന്ധിച്ചു അധികമായിട്ടു ഒന്നും പറയാനില്ല. എനിക്കു പല സംഗതികളും പറയാനുണ്ടായിരുന്നു എങ്കിലും മി: പാച്ചുപിള്ള ആ ഭാരം എന്നിൽനിന്നും കുറച്ചു. അവിചാരിതമായ ഈ വെള്ളപ്പൊക്കം നിമിത്തം എത്ര മാത്രം കൃഷി നാശമായിട്ടുണ്ടെന്നും അതിൽ ജനങ്ങൾക്കു എത്രമാത്രം കഷ്ടം ഉണ്ടായിട്ടുണ്ടെന്നും ഉള്ളതിനെ തിട്ടം വരുത്തി ഗവണ്മെന്റിൽ നിന്നും ഒരു റിപ്പോർട്ടു ഉണ്ടാക്കേണ്ടതു അത്യാവശ്യമാണ്. മാമൂലനുസരിച്ചു പ്രവർത്തികാരന്മാരുടെ റിപ്പോർട്ടിനെ ആശ്രയിക്കാതെ സ്ഥലം തഹശീൽദാർ അവിടെയുള്ള പൌരപ്രമാണികളുമായിട്ടു ചേർന്നു അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. രണ്ടു പേരോ ഒരു കെട്ടിടമൊ മററൊ നാശപ്പെട്ടു പോയി എന്നും അതുപോലെ മററവരുടെയും ഉണ്ടായിട്ടില്ലെന്നും അങ്ങിനെ ഉണ്ടായെങ്കിൽ അറിഞ്ഞാൽ കൊള്ളാമെന്നും ഇവിടെ ആരോ പറകയുണ്ടായി. പൂർണ്ണ ഗർഭിണിയായ ഒരു സ്ത്രീയും അവരുടെ ഒരു മകളും ഒരു സഹോദരനും ഇങ്ങിനെ മൂന്നിലധികം പേർ കോട്ടയത്തു നഷ്ടപ്പെട്ടിട്ടുണ്ട്. ൨൫൦ രൂപാ വരുന്ന ഒരു പുരയും നഷ്ടപ്പെട്ടു. ഇപ്പോൾ അവിടെ നാലഞ്ചാളിൽ കുറയാതെ ആഴത്തിൽ വെള്ളമുണ്ട്. ഈ സംഗതിയെപ്പററി അന്വേഷിക്കാൻ ചങ്ങനാശേരി തഹശീൽദാരെ ചുമതലപ്പെടുത്തി. മണിമല ചന്തയിൽ കുറഞ്ഞ പക്ഷം ൫൦,൦൦൦ രൂപാ വില വരുന്ന കടകളും അതിലുള്ള ചരക്കുകളും എവിടെ പോയി എന്നു ആർക്കും അറിഞ്ഞുകൂടാ. ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർ ആരും തന്നെ ആപൽക്കാലങ്ങളിൽ വേണ്ട വണ്ണം പ്രവർത്തിച്ചിട്ടില്ലെന്നു പലരും ഇവിടെ പരാതി പറകയുണ്ടായി. അതു പരമാർത്ഥമാണോ എന്നു എനിക്കു ബലമായ സംശയം ഉണ്ട്. അമ്പലപ്പുഴ തഹശീൽദാർ വേണ്ടതൊക്കെ ചെയ്തിട്ടുണ്ട്, പക്ഷെ അതു പരിപൂർണ്ണമായില്ല എന്നു പറഞ്ഞു. ചങ്ങനാശേരി തഹശീൽദാരും മുൻസിപ്പും നാലഞ്ചു ദിവസം വള്ളം കൊണ്ടു തന്നേ കഴിച്ചുകൂട്ടിയിട്ടുള്ളതായി എനിക്കു അറിയാം. ആ സ്ഥിതിക്കു അവർ യാതൊന്നും അന്വേഷിച്ചില്ലെന്നു പറയുന്നതു വലിയ കഷ്ടമാണ്. കോട്ടയം തഹശീൽദാരെപ്പററി പറകയാണെങ്കിൽ സ്വതേ നടക്കാൻ വയ്യാത്ത ഒരാളാണ് അദ്ദേഹം. എന്നിട്ടു അഞ്ചാറു ദിവസം അദ്ദേഹം ഊണും ഉറക്കവും കൂടാതെ വേണ്ട അന്വേഷണങ്ങൾ നടത്തി പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ സെക്ഷൻ ആഫീസർ ഉറങ്ങുകയായിരുന്നു. ചീഫ് ഇഞ്ചിനീയർ അതു വഴി എഴുന്നള്ളത്തിക്കു പോയില്ലെങ്കിൽ സെക്ഷൻ ആഫീസർ അവിടംവിട്ടു അനങ്ങുകയില്ലായിരുന്നു. റൌണ്ട്ടേബിൾ കാൺഫറൻസ് തുടങ്ങിയിട്ടുള്ള പല അത്യാവശ്യ സംഗതികളിൽ പങ്കുകൊള്ളേണ്ടതുണ്ടായിരുന്നിട്ടും ഇവിടത്തെ ഭരണയന്ത്രനിയന്ത്രകർ തന്നെ കഴിയുന്നിടത്തോളം ആ സ്ഥലങ്ങളിൽ സഞ്ചരിക്കയും ഏറക്കുറെ അവിടത്തെ സ്ഥിതിഗതികൾ കണ്ടു ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതാതു മെമ്പർമാരുടെ സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാർ മാത്രം അലസന്മാരായിരുന്നു. അല്ലാതെ എല്ലാ ഉദ്യോഗസ്ഥന്മാരും അലസരായിരുന്നു എന്നു വിശ്വസിക്കാൻ ഞാൻ തയ്യാറില്ല.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, എന്റെ താലൂക്കിനുണ്ടായിട്ടുള്ള നഷ്ടങ്ങളെപ്പററി ഞാൻ ഈ കൌൺസിൽ മുമ്പാകെ പറഞ്ഞില്ലെങ്കിൽ ഞാൻ എന്റെ കർത്തവ്യം നിറവേററിയതായിട്ടു വരികയില്ല. ഞങ്ങളുടെ സങ്കടങ്ങളെപ്പററി അവിടത്തോടു ഞാൻ മുഖദാവിൽ പറഞ്ഞിട്ടുള്ളതു കൂടാതെ താലൂക്കിലെ പ്രധാന പൌരന്മാർ ചേർന്നു ഒരു ഹർജി അയച്ചിട്ടുണ്ടെന്നും ഞാൻ അറിയുന്നുണ്ട്. അവിടെ ആൾ നഷ്ടം ഉണ്ടായിട്ടില്ല, വീടുകളും ഒഴുക്കിക്കൊണ്ടു പോയിട്ടില്ല. ഭാഗ്യവശാൽ എന്റെ താലൂക്കിൽ ആറുകൾ ഒന്നും ഇല്ല. ൧൦൯൯-ലെ വെള്ളപ്പൊക്കത്താൽ അതു കൊണ്ടു എന്റെ താലൂക്കിനു ദോഷം ഒന്നും ഉണ്ടായില്ല. എന്നാൽ ഈയ്യാണ്ടത്തെ അതിവർഷം ഒരു മാസത്തിനു മേൽ നിലനിൽക്കയും അതു കൃഷികളെ ഒഴുക്കിക്കൊണ്ടുപോകയും നഷ്ടപ്പെടുത്തുകയും ചെയ്തു. അതിന്റെ ഫലമായി കൃഷിക്കു പൂർത്തിയായ നഷ്ടം നേരിട്ടു എന്റെ താലൂക്കിൽ റോഡുകൾതന്നെ ചുരുക്കമാണ്. അതിൽ ദിവാൻജിയുടെ സർക്കൂട്ടു സംബന്ധിച്ചു ധൃതം

തിയിൽ അററകുററം തീക്കപ്പെട്ട കൊല്ലം-ആലപ്പുഴ റോഡു ഒഴിച്ചാൽ പല റോഡിനും ഉടവുകളും മററും പ ട്ടിയിട്ടുണ്ട്. ഇതിൽ ഒരു റോഡിനെപ്പററി എനിക്കു പ്രത്യേകം എടുത്തു പറയാനുണ്ട്. അതായതു ചവറ-ശാസ്താംകോട്ട റോഡാണ്. ആ റോഡിൽകൂടി സബ്ഡിവിഷൻ ആഫീസർ മോട്ടോർ വിട്ടുപോകുമ്പോൾ മോട്ടോർ ചെളിയിൽ പുതഞ്ഞതായി ഞാൻ അറിയുന്നു. ആ റോഡു ഇപ്പോൾ ഉപയോഗത്തിനു കൊള്ളാത്തവിധത്തിൽ ദുർഘടമായി കിടക്കയാണ്. റോഡു ആദ്യം വെട്ടിയതിന്റെശേഷം അതിനെ പിന്നീടു ചരൽഇട്ടു വീണ്ടും ഉറപ്പിച്ചിട്ടില്ലെന്നാണ് എന്റെ അറിവ്. ഈ റോഡിന്റെ സംരക്ഷണത്തിനു എന്തു തുക ചിലവാകുന്നു എന്നു കഴിഞ്ഞതവണതന്നെയും ഞാൻ ഒരു ചോദ്യം ചോദിച്ചപ്പോൾ അതിലേക്കു ഒരു തുക പറയുകയുണ്ടായി. എന്നാൽ ആ തുക അവിടെ ചിലവാക്കിയിട്ടുണ്ടോ എന്നു എനിക്കു അറിഞ്ഞുകൂടാ. എന്തെന്നാൽ അവിടെ ഒന്നും കാണാനില്ല. ഇരുവശത്തുമുള്ള കയ്യാലകളിൽനിന്നും വീണ ചില ചരലുകൾതന്നെയും ചളിയിൽ പൂണ്ടുകിടക്കുന്നു എന്നു മാത്രമല്ലാ മോട്ടോർകാറിനോ മററു വല്ല വാഹനങ്ങൾക്കോ റോഡിൽകൂടി പോകാൻ നിവൃത്തിയില്ലാതെയും ഇരിക്കുന്നു. അവിടുന്നു എന്റെ താലൂക്കിൽകൂടി മോട്ടോറിൽ സഞ്ചരിച്ച സമയത്തു, റോഡിന്റെ ഇരുഭാഗത്തുമുള്ള നിലങ്ങൾ കൃഷിയിടാതെ കിടക്കുന്നതായി കണ്ടിരിക്കാൻ ഇടയുണ്ടായിരുന്ന സ്ഥിതിക്കു കൃഷികൾ എല്ലാം മുങ്ങിപ്പോയതായി ബോധ്യപ്പെട്ടിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അവിടത്തെ സാധുജനങ്ങൾക്കു ഉടനടി അവിടെവച്ചുതന്നെ ഒരു പരിഹാരവും ചെയ്തുകൊടുക്കാനില്ലതന്നെ. എന്നാൽ കരമിളവുചെയ്തു കൊടുക്കാതിരുന്നാൽ കാലക്ഷേപത്തിനുള്ള പണംതന്നെ ഉണ്ടാക്കാൻ സാധിക്കാത്ത ഈ ജനങ്ങൾ ആ പണം എങ്ങിനെ ഉണ്ടാക്കുമെന്നു എനിക്കു അറിഞ്ഞുകൂടാ. അതിനാൽ നിലങ്ങളെ സംബന്ധിച്ചിടത്തോളം കരം ഇളവുചെയ്തുകൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി: എ. ജി. മേനോൻ (പറവൂർ): എന്റെ നിയോജകമണ്ഡലത്തിൽ ഈ വെള്ളപ്പൊക്കവും നഷ്ടങ്ങളുംകൊണ്ടുണ്ടായിട്ടുള്ള സങ്കടങ്ങളെ ഞാൻ ഇതിനുമുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. അതിനാൽ ആ വിഷയത്തിൽ കൂടുതലായി ഒന്നും പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അത്യാവശ്യമായ അററകുററപ്പണികൾ പൊതുമരാമത്തിൽനിന്നും ഈയാണ്ടിൽ ചെയ്യേണ്ടതാവുന്നതാണ്. എന്നാൽ ഒരു രണ്ടായിരം രൂപായെങ്കിലും ആവശ്യക്കായി നീക്കിവയ്ക്കാത്തപക്ഷം ചിറയെ സംബന്ധിച്ചുള്ള സംഗതിക്കു സ്ഥിരമായ ഒരു സമാധാനം ഉണ്ടാകുന്നതല്ല, വരുന്നയാണ്ടിലും അതു വലുതായ നഷ്ടങ്ങൾക്കു ഇടയാക്കുമെന്നുള്ളതാണ്.

പ്രസിഡന്റ്: ഏതുചിറ?

മി: എ. ജി. മേനോൻ (പറവൂർ): പാറക്കടവുചിറ.

ഈ വെള്ളപ്പൊക്കങ്ങൾക്കും നഷ്ടങ്ങൾക്കും കാരണമായ വേറൊരു സംഗതിയുണ്ട്. അതു പെരിയാററണയുടെ സ്ലൂയിസുകൾ (ജലനിർഗ്ഗമദ്വാരം) തുറന്നുവിടുന്നതാണ്. വെള്ളപ്പൊക്കം ഏററവുംകൂടിനില്ക്കുമ്പോൾ പെരിയാററണയിലെ ഉദ്യോഗസ്ഥന്മാർ സ്ലൂയിസുകൾ തുറന്നു വെള്ളംവിടുന്നു. ഇതുനിമിത്തം അഞ്ചാറടിപൊക്കത്തിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നു. ഞാൻ അവിടെനിന്നും വരുന്നതിനു രണ്ടുമൂന്നുദിവസംമുമ്പു അതായതു ഈ മാസം ൧൦-ാം മുതൽ ൧൩-ാം വരെ പെരിയാററിൽ വെള്ളപ്പൊക്കം ഉണ്ടായിരുന്നു. ഈ വസ്തുതക്കു എന്റെ സ്നേഹിതൻ വനംവക കൺസർവേറർ സാക്ഷ്യം വഹിക്കുന്നതാണ്. ഈ വെള്ളപ്പൊക്കം ഒടുവിൽ ഉണ്ടായ വെള്ളപ്പൊക്കത്തെക്കാൾ അധികം ദോഷം ചെയ്തിട്ടുണ്ട്. പെരിയാററണയിലെ അധികാരികൾ ജനക്ഷേമത്തെ ആലോചിക്കാതെ അവർക്കു ബോധിക്കുമ്പോൾഎല്ലാം സ്ലൂയിസുകൾ തുറന്നുവിടുന്നു. വാസ്തവം പറകയാണെങ്കിൽ കുട്ടനാടു, ആലങ്ങാടു, പറവൂർ എന്നീ പ്രദേശങ്ങളിലെ ജനങ്ങൾ പെരിയാററണ സൂപ്രണ്ടിന്റെ കരുണക്കു അടിമപ്പെട്ടിരിക്കുന്നു. അതിനാൽ മലവെള്ളപ്പൊക്കകാലങ്ങളിൽ പ്രത്യേകിച്ചും അണയിൽനിന്നും വിടുന്ന വെള്ളത്തിന്റെ പ്രവാഹത്തെ ക്രമീകരിക്കത്തക്കവിധത്തിൽ അതിലെ അധികാരികളെ നിയന്ത്രിക്കുന്നതിനായി ഗവണ്മെന്റിൽനിന്നും വല്ലതും ചെയ്യേണ്ടതാണ്.

ഇത്രമാത്രമേ എനിക്കു പറയാനുള്ളു.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഞാനും പ്രമേയത്തെ അനുകൂലിക്കുന്നു. വെള്ളപ്പൊക്കംകൊണ്ടുണ്ടായിട്ടുള്ള പല നഷ്ടങ്ങളുടെയും ഒരു സാമാന്യജ്ഞാനം എനിക്കു സിദ്ധിക്കാൻ ഇടയായിട്ടുണ്ട്. ഈ വലിയ വെള്ളപ്പൊക്കം ഉണ്ടായ അവസരത്തിൽ ഞാൻ തിരുവനന്തപുരം പട്ടണത്തിലായിരുന്നു. രണ്ടുദിവസം നല്ല മഴയായിരുന്നു. അതിനുശേഷം രണ്ടുദിവസം മഴ മാറിക്കണ്ടപ്പോൾ ഞാൻ സ്വദേശത്തേക്കു പുറപ്പെട്ടു. കൊട്ടാരക്കര ചെന്നപ്പോൾ ബസ്സ് ഒന്നും വടക്കോട്ടുപോകുന്നതിനു വെള്ളം ഇറങ്ങിയില്ല എന്നറിഞ്ഞു. പുനലൂർ പത്തനാപുരം വഴി പോയതിലും പന്തളത്തിനപ്പുറം പോകാൻ നിവൃത്തിയില്ലാത്ത കൊല്ലത്തേക്കു മടങ്ങിപ്പോന്നു. നീണ്ടകരവഴി ആലപ്പുഴക്കുപോയി. കരുവാററായടുത്തപ്പോൾ വെള്ളപ്പൊക്കംനിമിത്തം റോഡിൽകൂടിപോകാൻ നിവൃത്തിയില്ലെന്നുകണ്ടു, അവിടെനിന്നും വള്ളംവഴി തോട്ടപ്പള്ളിയിലെത്തി വീണ്ടും മോട്ടോർമാർഗ്ഗം ആലപ്പുഴഎത്തി. അവിടെയും റോഡുകളിൽ വെള്ളം ഉണ്ടായിരുന്നു. ആലപ്പുഴ എത്തുന്നതുവരെ വെള്ളപ്പൊക്കത്തിന്റെ വിഷമതകളും നഷ്ടങ്ങളും അധികമായി കണ്ടു. അവിടെനിന്നും അരൂർ എത്തുന്നതുവരെ റോഡിലും മററും വെള്ളപ്പൊക്കത്തിന്റെ ശല്യം കണ്ടില്ല. എന്നാൽ ആററു തീരങ്ങളിൽ ചില നഷ്ടങ്ങൾ നേരിട്ടിട്ടുണ്ട്. മെയിൻറോഡിൽ സഞ്ചാരസൗകര്യമില്ലാതെയായി യാത്രക്കാർക്കു വലിയ വിഷമം നേരിട്ടു മേലാൽ അങ്ങിനെ വരാതെ വെള്ളംപൊങ്ങി മുട്ടുന്ന ഭാഗങ്ങളെ ഉയർത്തണം. അതിലേക്കു ഒന്നോ രണ്ടോലക്ഷംരൂപാ ചിലവു ചെയ്താലും തരക്കേടില്ല.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അങ്ങിനെ റോഡു ഉയർത്തുന്നപക്ഷം റോഡിന്റെ കിഴക്കുഭാഗത്തുള്ള വെള്ളം ഒഴുകിപ്പോകുന്നതിനു പ്രയാസമുണ്ടാകുമെന്നു അറിയാമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അതിലേക്കു ചില വഴികളിട്ടു പാലങ്ങൾ കെട്ടിയാൽമതി. എറണാകുളത്തുനിന്നും വടക്കോട്ടുപോകുന്ന റയിൽപാത വലിയ വെള്ളപ്പൊക്കം വന്നാലും മുങ്ങാറില്ല. റയിൽപ്പാത ഉയർത്തിയതുകൊണ്ടു വലുതായ കൃഷിനഷ്ടം യാതൊന്നുംതന്നെ ഉള്ളതായിട്ടു അറിവില്ല. അതുപോലെ ഇവിടെയും റോഡു ഉയർത്തുന്നതുകൊണ്ടു ഒരു ദോഷവും വരാനില്ല.

എന്റെ താലൂക്കിലും ചില ഭാഗത്തു വെള്ളപ്പൊക്കംനിമിത്തം ഉപദ്രവം ഉണ്ടാകാതിരുന്നിട്ടില്ല. അതു എന്റെ താലൂക്കിന്റെ ഒരുഭാഗവും മി: മാത്യുമുരിക്കന്റെ നിയോജകമണ്ഡലത്തിൽപെട്ടതും ആയ പിറവം മുതലായ ആറ്റുതീരത്തിനു അടുത്ത സ്ഥലങ്ങളിലാണ്. വെള്ളം പൊങ്ങിയാൽ എളുപ്പം പോകാത്തതു കായലിനോടടുത്താണ്. മി: എ. ജി. മേനോൻ പറഞ്ഞതുപോലെ പാറക്കടവു മുതലായ സ്ഥലങ്ങളിലും നഷ്ടമുണ്ടായിരിക്കാം. വെള്ളം ഇറങ്ങിയ ഉടനെ ഞാൻ പാലായിൽ പോയിരുന്നു. അനവധി സാധുക്കളുടെ വീടുകൾ നശിച്ചുകിടക്കുന്നതുകണ്ടു. വലിയവരുടെ വീടുകൾ ഒന്നും നഷ്ടപ്പെട്ടിട്ടില്ല. ഇഞ്ചിനീയർ ഡിപ്പാർട്ടുമെന്റു വേലകളുടെ വൈകല്യം എനിക്ക് അവിടെ കാണാൻ ഇടയായി. ഒരു പാലത്തിന്റെ പകുതിവരെ കെട്ടി. അതിന്റെ ബാക്കി വെള്ളപ്പൊക്കംനിമിത്തം ഇളകി ഇപ്പോഴും അങ്ങിനെതന്നെ ഇരിക്കുന്നു. ധാരാളം പണം ചിലവാക്കിയിട്ടുണ്ടെങ്കിലും ആ പാലം പൊളിച്ചു പണികഴിച്ചാൽ മാത്രമേ ഉപയോഗയോഗ്യമായിട്ടു തീരുകയുള്ളു. അവിടെ വളരെ കൃഷികൾ നശിച്ചിട്ടുണ്ട്. എന്റെ സ്നേഹിതൻ മി: കയ്യാലക്കാസു ഇവിടെ പ്രസ്താവിച്ചതു പരമാർത്ഥമാണ്. മൂവാറ്റുപുഴക്കു ഇപ്പുറവും കൊട്ടാരക്കരക്കു അപ്പുറവും ആണ് വലിയ നഷ്ടം ഇതിലേക്കു വിനിയോഗിക്കുന്നപണം പാഴ്ചിലവായിട്ടുവരാതെ വേണ്ടവിധം ആലോചിച്ചു സാധുക്കൾക്കു ഉപയോഗപ്പെടത്തക്കവണ്ണം വിനിയോഗിക്കേണ്ടതാണ്. മുൻപിലെ വെള്ളപ്പൊക്കകാലത്തിൽ ഗവണ്മെന്റു പണം കുറെഭാഗം അസ്ഥാനത്തു പോയിട്ടുണ്ട്. ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരും മററും കുറെപണം അപഹരിച്ചു എടുക്കതന്നെചെയ്തു. അതിനാൽ ഈ വക ചിലവുകൾ സ്ഥലത്തെ പ്രജാസഭാ മെമ്പർമാരേയോ നിയമസഭാ മെമ്പർമാരെയൊക്കുടി ചുമതലപ്പെടുത്തിയും തഹശീൽദാർചേന്നും ചിലവുചെയ്യാൽ കൊള്ളാം. കോ-ഓപ്പറേററിവ്കാക്കമാത്രം കൊടുത്താൽപോരാ.

വെള്ളപ്പൊക്കമേൽ ഉണ്ടാകാതിരിക്കാൻ വേണ്ടവഴികളും ആലോചിക്കണമല്ലൊ. പ്രകൃതിശക്തിയെ തടയണമെന്നുപറയുന്നില്ല. അതു അസാദ്ധ്യമാണ്. ഇവിടെമുന്നിൽ ഒരുഭാഗം വനമുണ്ട്. ഈ റിസർവ്വ് വനം ഒഴിച്ചാൽ മഴയില്ലാതെയാകുമെന്നാണ് വനവിദഗ്ദ്ധാഭിപ്രായം അതിനാൽ റിസർവിൽനിന്നും ഒരു വലിയ ഭാഗം ഒഴിക്കതന്നെചെയ്യണം. അപ്പോൾ കുറയണമല്ലൊ ഇങ്ങിനെ ഒഴിച്ച ഇപ്പോൾ കഷ്ടപ്പെടുന്ന ജനങ്ങൾക്കു കുറച്ചുകുറച്ചു പതിച്ചുകൊടുത്താൽകൊള്ളാം. ഇങ്ങിനെ കുറെകഴിയുമ്പോൾ അതിവർഷം കുറഞ്ഞുട്ടുണ്ടും. ഫാറസ്റ്റ്കാക്കു തടസ്ഥം പറയാൻ ന്യായമില്ല. ഇത്രയുംപ്രസ്താവിച്ചുകൊണ്ടു മി: പാച്ചുപിള്ളയുടെ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി -പീരുമേട്): ചങ്ങനാശ്ശേരിയിലും വെള്ളപ്പൊക്കംനിമിത്തം കുറെ ഉപദ്രവവും അസൌകര്യങ്ങളും ഉണ്ടായിട്ടുണ്ട്. മറേറാരുസ്ഥലത്തെയും പ്രതിധികരിക്കുന്ന മെംബർമാർ അവരവരുടെ നിയോജകമണ്ഡലത്തിലെ സ്ഥിതിഗതികളെപ്പററി സംസാരിക്കുന്നതുകൊണ്ടു ഞാനും മിണ്ടാതിരിക്കുന്നതു ഔചിത്യമല്ല. ഓരോസ്ഥലങ്ങളിലും പലഉപദ്രവങ്ങളും ഉണ്ടായിട്ടുണ്ട് എന്നുകമ്പികൾമുഖേനയും ഗവമ്മെന്റിന്റെ മറുപടിയിൽനിന്നും മനസ്സിലാകാവുന്നതാണ്. എന്റെ അറിവിൽ പെട്ടിടത്തോളം ഉള്ളവിവരങ്ങൾ അന്നുഞാൻ ഗവമ്മെന്റിനെ അറിയിച്ചിട്ടുണ്ട്. പിന്നീടുള്ള അന്വേഷണത്തിന്റെ ഫലമായി ചിലസ്ഥലങ്ങളിൽ കുറെഅധികം ഉപദ്രവങ്ങൾ ഉണ്ടായിട്ടുണ്ട് എന്നുംഅറിഞ്ഞു അതിലേക്കു മണിമലക്കാർ ഗവമ്മെന്റിലേക്കു ഒരു ഹർജി അയച്ചതിന്റെ പകർപ്പ്എനിക്കും അയച്ചുതന്നിട്ടുണ്ട്. അതിനെപ്പററി ഗവണ്മെന്റു ഗാഢമായിഅന്വേഷണം നടത്തുമെന്നു വിശ്വസിക്കുന്നു. സാധാരണയായി മേലപ്രദേശങ്ങളായ പീരുമേടു കാഞ്ഞിരപ്പള്ളി മുതലായസ്ഥലങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാവുകഎന്നുള്ളതു വളരെ അതിശയോക്തിയായി തോന്നാം. ഏതാണ്ട് 0 ൻ-ലെ വെള്ളത്തിൽ പീരുമേട്ടിലും കാഞ്ഞിരപ്പള്ളിയിലും വെള്ളപ്പൊക്കം ഉണ്ടായോഎന്നു സംശയമാണ്. എന്നാൽ ഈ വഷത്തിൽ കാഞ്ഞിരപ്പള്ളിഎന്നസ്ഥലത്തു വെള്ളപ്പൊക്കംകൊണ്ടു അധികം ഉപദ്രവം ഉണ്ടായിഎന്നു ഞാൻ അറിഞ്ഞു വെള്ളപ്പൊക്കമുള്ള അവസരങ്ങളിൽ കമ്പിയും വത്തമാനപ്പത്രങ്ങളും പോകാൻ സാധിക്കാഞ്ഞതിനാൽ ഓരോദേശങ്ങളിലുമുള്ള ശരിയായവിവരങ്ങൾ അറിയാനും നിവൃത്തിയില്ലായിരുന്നു. കുട്ടനാട്ടിൽ വെള്ളപ്പൊക്കംകൊണ്ടു വളരെ ഉപദ്രവം ഉണ്ടായിട്ടുണ്ട് എന്നു അറിയാം. അവിടെഇതു എല്ലാആണ്ടിലും സാധാരണമാണ് എന്നാൽ അപ്രതീക്ഷിതമായി ഇങ്ങനെ വലിയ വെള്ളപ്പൊക്കം മേലാലുണ്ടാകാതെയായാൻ ഗവമ്മെന്റ് ഏതുവിധത്തിലുള്ള നയം സ്വീകരിച്ചാണ് പ്രവത്തിക്കേണ്ടതെന്നു സജസ്റ്റ്ചെയ്യുന്നതിനുള്ള ത്രാണിഎനിക്കില്ല. ഇവിടെ ചിലർ പറഞ്ഞമാതിരി ഒരുരൂപയോ രണ്ടുരൂപയോ നഷ്ടംനേരിട്ടിട്ടുള്ളവക്കു കൊടുത്താൽ അതുപറയത്തക്ക ആശ്വാസം നല്കുമെന്നോ എല്ലാവക്കും കിട്ടുമൊ എന്നുസംശയം ഉള്ളതുകൊണ്ടു അതിനെ പ്രസംഗിക്കുവാൻ ഞാൻ തുനിയുന്നില്ല. ഏതാണ്ട് 0 ൻ-ൽ കൊടുത്തപോലെ ഓരോരുത്തക്കും ഒന്നോ രണ്ടോരൂപാ കൊടുത്താൽതന്നെയും ദാരിദ്ര്യത്തിൽകിടന്നു കഷ്ടപ്പെടുന്ന സാധുക്കൾക്കു ഗവമ്മെന്റിൽനിന്നും നല്കുന്ന ഭീമമായസംഖ്യയ്ക്കു അനുസരണമായി അതുകൊണ്ടു ഗുണമൊന്നും ഉണ്ടാകയുമില്ല. അതിനാൽ ഗവമ്മെന്റ് ഇതിനെപ്പററി നല്ലവണ്ണംആലോചിച്ചു എന്തെങ്കിലും ചെയ്യണമെന്നു മാത്രമെഎനിക്കു അഭിപ്രായം ഉള്ളു.

മി: എച്ച്. ബി. മഹമ്മദ്രാവുത്തർ (പത്തനാപുരം ചെങ്കോട്ട): എനിക്കും ഈ വെള്ളപ്പൊക്കത്തെപ്പററി രണ്ടുവാക്കു പറയാതിരിപ്പാൻ നിവൃത്തിയില്ല. ചീഫ്സിക്രട്ടറിയുടെ കമ്പി എനിക്കുംകിട്ടി. പത്തനാപുരം താലൂക്കിൽ ഉണ്ടായിട്ടുള്ള നഷ്ടങ്ങളെപ്പററി പൂർണ്ണമായവിവരങ്ങൾ സമ്പാദിക്കണമെന്നും നിശ്ചയിച്ചിരിക്കുന്നതിനാൽ അതു അടുത്തുതന്നെ ഗവമ്മെന്റിലേക്കു സമർപ്പിച്ചുകൊള്ളാം. അതിനാൽ മി: പാച്ചുപിള്ളയുടെ പ്രമേയത്തെ ഞാൻശക്തിയായി അനുകൂലിക്കുന്നു.

മി: കെ ജാർജ്ജ്(ഗവണ്മെന്റു ചീഫ് സിക്രട്ടറി): സർ, മദ്ധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും ഇയ്യിടെയുണ്ടായ വെള്ളപ്പൊക്കം സംബന്ധിച്ചു ഇവിടെ ഒരു ദീർഘമായ വാദപ്രതിവാദം ഉണ്ടായതു കൂടാതെ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും വെള്ളപ്പൊക്കംനിമിത്തം വന്നുകൂടിയ ദോഷങ്ങളുടെ ഒരു വിവരമായ വർണ്ണനയും കേട്ടുവല്ലൊ. ഗവമ്മെന്റു ഈ സംഗതിയിൽ വേണ്ടടത്തോളം അനുഭാവം കാണിക്കുന്നില്ലെന്നു ഇതിനിടയിൽ ചില മെംബർമാർ പ്രസ്താവിക്കയുണ്ടായി. എന്നാൽ അതിനെ ഗവേഷിചിലമെമ്പറന്മാർ

ബദ്ധമായി എടുത്തുകാണുന്നതിൽ സന്തോഷമുണ്ട്. ഇപ്രാവശ്യം ഗവർമ്മെന്റിന്റെ പ്രവൃത്തിയെ ഹൃദയപൂർവ്വം അംഗീകരിക്കുന്നു. ഗവർമ്മെന്റിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള രണ്ടു പ്രസ്നോട്ടുകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അത്ര സൂക്ഷ്മമായവയല്ലെന്നും ഇതിനിടക്കു പറകയുണ്ടായി. എന്നാൽ ഒരുകാര്യം സഭയിൽനിന്നും മനസ്സിലാക്കണം. അതായതു വെള്ളപ്പൊക്കം ബാധിച്ചസ്ഥലങ്ങളിലെ ഉദ്യോഗസ്ഥന്മാരിൽനിന്നും കിട്ടിയിട്ടുള്ള റിപ്പോർട്ടുകളിൽ അടങ്ങിയിട്ടുള്ള അറിവുകളെ അടിസ്ഥാനപ്പെടുത്തിയാണ് രണ്ടുതവണയും പ്രസനോട്ടുകൾ പ്രസിദ്ധപ്പെടുത്തിയതു് എന്നുള്ളതാകുന്നു.

എനിക്കു ഒരുകാര്യം ആദ്യമായി പറയാനുള്ളതു ഇത്തവണത്തെ വെള്ളപ്പൊക്കത്തെയും ആലോചനക്കു സൌകര്യമില്ലാത്തവിധത്തിൽ അത്ര പെട്ടെന്നു ഗവർമ്മെന്റിനു അറിവുകിട്ടിയില്ലെന്നുള്ളതാണ്. ഒന്നാമതായി ലഭിച്ച റിപ്പോർട്ടു ആലുവായിൽനിന്നും ഡിവിഷൻ അസിസ്റ്റന്റ അയച്ച കമ്പിസന്ദേശമാണ്. അതുകിട്ടിയ ഉടനെ ഓരോസ്ഥലത്തെയും സ്ഥിതിഗതികളെ അറിയുന്നതിനു ഉടനടി ഉചിതമായ നടപടികൾ എടുക്കണമെന്നു സ്ഥലംഉദ്യോഗസ്ഥന്മാർക്കെല്ലാം കമ്പിവഴി ഉത്തരവുകൊടുത്തു. സ്ഥലം ഉദ്യോഗസ്ഥന്മാരുമായി ഗവർമ്മെന്റ നിരന്തരം കാര്യങ്ങൾ അറിഞ്ഞുകൊണ്ടിരുന്നിരുന്നു. ഗവർമ്മെന്റ ഉത്തരവനുസരിച്ചു കോട്ടയം കൊല്ലം ഈ ഡിവിഷനുകളിലെ പേഷ്ക്കാരന്മാർതന്നെ ഉടനടി വെള്ളപ്പൊക്കത്തെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഭാരവാഹിത്വം വഹിക്കയും, വെള്ളംകേറികിടന്ന എല്ലാപ്രദേശങ്ങളിലും ചുററിസഞ്ചരിക്കയും ചെയ്തു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ആലുവായിൽ വല്ലപരിഹാരമാർഗ്ഗങ്ങളും എടുക്കയുണ്ടായോ?

മി: കെ. ജാർജ്ജ് (ഗവർമ്മെന്റ ചീഫ് സിക്രട്ടറി): പരിഹാരമാർഗ്ഗങ്ങൾ ആവശ്യമില്ലെന്നു പിന്നിട്ടു ബോദ്ധ്യപ്പെട്ടു. അതുകൂടാതെ തന്നാണ്ടത്തെ വെള്ളപ്പൊക്കം ൯൯-ലേതിനേക്കാൾ കുറവാണെന്നു മനസ്സിലാകകയും ചെയ്തു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): അങ്ങിനെയാണെങ്കിൽ ഡിവിഷൻ അസിസ്റ്റന്റ റിപ്പോർട്ട് അയച്ചതു് എന്തിനാണ്?

മി: കെ. ജാർജ്ജ് (ഗവർമ്മെന്റ് ചീഫ് സിക്രട്ടറി): മഴതുടർന്നുകൊണ്ടിരുന്നാൽ ൯൯-ലെപ്പോലെ ഗൌരവമായ അവസ്ഥകൾ വന്നുചേരുമെന്നുള്ള ഭയംകൊണ്ടാണ് അദ്ദേഹം റിപ്പോർട്ടുചെയ്തതു്. അപ്പോൾ കമ്പിഅയക്കേണ്ട അത്യാവശ്യം ഇല്ലായിരുന്നു. ചീഫ്എൻജിനീയർ തിരുവനന്തപുരത്തുനിന്നും കഴിയുന്നിടത്തോളം വേഗത്തിൽ തിരിച്ചു മെയിൻസെൻട്രൽ റോഡിലും മററുപല പ്രധാനറോഡുകളിലുംകൂടി സഞ്ചരിച്ചു എന്നുള്ള വസ്തുതയും ഇവിടെ ഞാൻപറയാം. സഞ്ചരിക്കാൻ കഴിവുള്ളടത്തോളം ദൂരംവരെ ഈ റോഡുകളിൽ കൂടി സഞ്ചരിച്ചു, ഇപ്രകാരംചെയ്തതു ഗതാഗതങ്ങൾക്കു വെള്ളപ്പൊക്കം കൊണ്ടു എത്രത്തോളം തടസ്സങ്ങൾ പററിയിട്ടുണ്ടെന്നു അറിയാൻവേണ്ടിയാണ്. ഗവർമ്മെന്റിനെ സംബന്ധിച്ചു പറകയാണെങ്കിൽ അവർ സ്ഥലം ഉദ്യോഗസ്ഥന്മാരുമായി എഴുത്തുകുത്തുകൾ നടത്തി പ്രതിദിനമുള്ള വിവരങ്ങൾ അറിഞ്ഞുകൊണ്ടിരുന്നു. ഓരോ താലൂക്കിലെയും കൌൺസിൽമെംബറന്മാർക്കു കമ്പിഅയച്ചു എന്നുള്ള വിവരം മെംബർമാർക്കു തന്നെ അറിയാമല്ലൊ.

എന്നാൽ ഇതിനെപ്പററി ഒരു സംഗതി എനിക്കു പറയാനുള്ളതു വെള്ളപ്പൊക്കംനിമിത്തം ഉണ്ടായ സാക്ഷാലുള്ള അവസ്ഥയെ പർവ്വതീകരിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവും സിദ്ധിക്കുന്നില്ലെന്നുള്ളതാണ്. അതുപോലെതന്നെ ഭയാജനകമായ വർണ്ണനകൾകൊണ്ടും ഒരു പ്രയോജനവും ഇല്ല. സ്ഥലം ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടുകളിൽനിന്നു മാത്രമല്ല ദിവാൻജിതന്നെ കഴിയുന്നിടത്തോളം സ്ഥലത്തുചെന്നു നോക്കി നേരിട്ടറിഞ്ഞിട്ടുള്ള അവസ്ഥകൾകൊണ്ടും വെള്ളപ്പൊക്കത്തിന്റെ സ്ഥിതി ഇവിടെ ചിലർ പ്രസ്താവിച്ചതുപോലെ അത്ര ഗൌരവതരമല്ലായിരുന്നു എന്നു നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഈ ആണ്ടത്തെ വെള്ളപ്പൊക്കം മുൻപിലത്തേതിനേക്കാൾ പ്രായേണ രണ്ടടിമുതൽ ൬ അടിവരെ താണനിരപ്പിലായിരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ൯൯-ലെ വെള്ളപ്പൊക്കത്തിന്റെനിരപ്പാണൊ തോതായി വച്ചിരിക്കുന്നതു?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രിട്ടറി): ൯൯-ാമാണ്ടു നമുക്കുണ്ടായ അനുഭവത്തെപ്പററി മാത്രമെ ഞാൻ പറയുന്നുള്ളു. ൯൯-ലെ വെള്ളപ്പൊക്കം വാസ്തവത്തിൽ ഗൌരവതരമായിരുന്നു. എന്നാൽ ഈ ആണ്ടത്തെ വെള്ളപ്പൊക്കം അത്ര ഗൌരവം കൂടിയതല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ചില മെംബർമാരുടെ നിവേദനങ്ങൾ സാക്ഷാലുള്ളതിനെ പർവ്വതീകരിച്ചിരിക്കുന്നു എന്നാണൊ മെംബർ വിചാരിക്കുന്നതു?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രിട്ടറി) എന്റെ പ്രസംഗം അവസാനിക്കുമ്പോൾ മെംബർക്കു മനസ്സിലാകും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): തങ്ങളുടെ താലൂക്കുകളിൽ ഇയ്യാണ്ടുണ്ടായ വെള്ളപ്പൊക്കം ൯൯-ലെ നിരപ്പിനെ കവിഞ്ഞിരുന്നു എന്നു ചില മെംബർമാർ പറഞ്ഞതല്ലൊ.

മി: കെ ജാർജ്ജ (ഗവണ്മെന്റ് ചീഫ്സെക്രിട്ടറി): അതു തെററാണെന്നു ഞാൻ പറയുന്നില്ല. മീനച്ചിലാററിലും മണിമലയാററിലും ഉള്ള വെള്ളപ്പൊക്കം ഏകദേശം ൯൯-ലെ വെള്ളപ്പൊക്കത്തിന്റെ നിരപ്പിൽ എത്തിയിരുന്നു എന്നു പറയാനാണ് ഞാൻ ഭാവിച്ചതു.

ഈ വെള്ളപ്പൊക്കത്തെപ്പററി പറയാനുള്ള വേറൊരുസംഗതി വെള്ളം അധികനാൾ നിലനിന്നില്ലെന്നുള്ളതാണ്. ൯൯-ലേതിനേക്കാൾ വേഗത്തിൽ വെള്ളം താണുപോയി. ൯൯-ലെ വെള്ളം കുറേദിവസം കെട്ടികിടന്നു. ഉദാഹരണമായിട്ടു ആലപ്പുഴയിൽ ഒരു ആഴ്ചവട്ടംവരെ വെള്ളം നിലനിന്നു. ഈ വെള്ളപ്പൊക്കത്തെ സംബന്ധിച്ചിടത്തോളം, അതു അധികനാൾ നിലനിന്നില്ല. ഇയ്യാണ്ടത്തെ മേൽപ്രദേശങ്ങളിൽ, വെള്ളം ചില മണിക്കൂറുനേരം നിന്നതേയുള്ളു. കിഴക്കൻതാലൂക്കുകളിൽ താണപ്രദേശങ്ങളിൽ, അതു രണ്ടുമൂന്നുദിവസം നിലനിന്നു.

ചില താലൂക്കുകളിൽ സ്ഥലം ഉദ്യോഗസ്ഥന്മാർ ജനങ്ങളെ സഹായിച്ചില്ലെന്നു ഒരു പരാതി പറയുകയുണ്ടായിട്ടുണ്ട്. എന്നാൽ അതിൽ ഞാൻ യോജിക്കുന്നില്ല. ഞങ്ങൾക്കു കിട്ടിയിട്ടുള്ള റിപ്പോർട്ടുകളിൽനിന്നും ഉദ്യോഗസ്ഥന്മാർ പ്രത്യേകം ഉൽസുകരായിരുന്നു എന്നും അവർ ഫാറൻ-ലെ അനുഭവത്താൽ ഉപകൃതരായി എന്നും കാണുന്നുണ്ട്. ചിലസ്ഥലങ്ങളിൽ പ്രത്യേകിച്ചു കാർത്തികപ്പള്ളിൽ തഹശീൽദാരും പൊതുകാര്യപ്രസക്തന്മാരിൽ ചിലരുംകൂടി ചുററിസഞ്ചരിച്ചു ഭക്ഷണങ്ങൾ വിതരണം ചെയ്തു എന്നു കാണുന്നു. അതുപോലെതന്നെ അമ്പലപ്പുഴയിലും ഉദ്യോഗസ്ഥന്മാർ ഉടനടി വേണ്ട സഹായങ്ങൾ ചെയ്യുന്നവിഷയത്തിൽ സന്നദ്ധരായിരുന്നു. ഗവർമെൻറിൽനിന്നും അനുവദിച്ച പണവും മുൻസിപ്പാലിററിയിൽനിന്നും കൊടുത്ത പണവുംകൊണ്ടാണ് കഷ്ടപരിഹാരപ്രവൃത്തികൾ തുടങ്ങിയതു്. പെട്ടെന്നുണ്ടായ എല്ലാ കഷ്ടതകളും പരിഹരിക്കയുംചെയ്തു. ഉദ്യോഗസ്ഥന്മാർ തങ്ങളുടെ പ്രയത്നത്തിൽ ഉത്സുകരായിരുന്നു എന്നും കഷ്ടനിവാരണത്തിനായി അവർ നിർവ്യാജമായി യത്നിച്ചു എന്നും റിപ്പോർട്ടുകളിൽനിന്നും വ്യക്തമാകുന്നു.

വെള്ളപ്പൊക്കംമൂലമുണ്ടായ അവസ്ഥകളെപ്പററി ദീർഘമായി പ്രതിപാദിക്കുന്നതിനു എനിക്കു സമയം മതിയാകയില്ല. എന്നാൽ അതിൽ വച്ചുണ്ടായിട്ടുള്ള കഷ്ടതകളെയും നഷ്ടങ്ങളെയുംപററി ഒന്നുരണ്ടു സംഗതികൾ പറയാം. ഈ കഷ്ടതകളെ സംബന്ധിച്ചിടത്തോളം ഉള്ള ഒരു സംഗതി അതു താൽക്കാലികമായിരുന്നു എന്നുള്ളതാണ്. എന്നാൽ വെള്ളം കേറിവന്നതോടുകൂടി ജനങ്ങൾ ഭയവിഹ്വലരായിഭവിച്ചു എന്നുള്ളതിനു സംശയമില്ല. ഫാറൻ-ലെ അനുഭവം ഹൃദിസ്ഥിതമായിരുന്നു. അതുകൊണ്ടു വെള്ളം വേഗം നിലനില്ക്കുമോ എന്നു ആലോചിക്കാൻ അവർ കാത്തിരിക്കാതെ വേമ്പനാട്ടുകായലിന്റെ തീരങ്ങളിലും കുട്ടനാട്ടിലും മററും പാർക്കുന്നവർ വള്ളങ്ങളിൽ അഭയംപ്രാപിച്ചു പൊക്കപ്രദേശങ്ങളിൽ ചെന്നു പാർത്തു. ഇതു പ്രതീക്ഷിക്കപ്പെടാവുന്നതാണല്ലോ. എന്നാൽ ഭൂരിഭാഗം ആളുകൾ അവരുടെ വീടുകളിൽതന്നെ താമസിക്കയും അവർക്കു വീടുവിട്ടുപോകേണ്ട ആവശ്യം ഉണ്ടാകാതിരിക്കയുംചെയ്തു. ഈ വക ജനങ്ങൾ ഉയർപ്പുള്ളതായ സ്ഥലങ്ങളിൽ ചെന്നുചേർന്നപ്പോൾ അവിടത്തെ പൗരന്മാർ അവരെ സ്വീകരിക്കയും അവരുടെ സങ്കടനിവാരണത്തിനായി കഴിയുന്ന സഹായങ്ങളെല്ലാം ചെയ്യുകയുംചെയ്തു. എന്നാൽ അവരുടെ കഷ്ടതകൾ അതിവേഗം തീർന്നു. വെള്ളപ്പൊക്കം വേഗത്തിൽ ശമിച്ചു. ഈവക ജനങ്ങൾ ഉടൻതന്നെ അവരുടെ വീടുകളിലേക്കു തിരിച്ചുവരികയുംചെയ്തു. അതുകൊണ്ടു സ്വല്പദിവസംകഴിഞ്ഞു ദിവാൻജി സ്ഥലത്തുചെന്നു നോക്കിയപ്പോൾ ജനങ്ങളെല്ലാം തിരിച്ചുപോയതായും ഒഴികിപ്പോയതും നശിച്ചുപോയതും ആയ വീടുകൾ വീണ്ടും കെട്ടപ്പെട്ടതായും കണ്ടു.

പ്രസിഡൻറ്:—മിക്ക വീടുകളും വീണ്ടും കെട്ടപ്പെട്ടു.

മി: കെ. ജാർജ്ജ് (ഗവർമെൻറ് ചീഫ്സെക്രട്ടറി): അതേ, ഒട്ടുമുക്കാലേഅരയ്ക്കാൽഭാഗം വീടുകളും വീണ്ടും കെട്ടപ്പെട്ടിരുന്നു. വെള്ളത്തിൽ ഇടിഞ്ഞുവീണതായ ചില വീടുകൾമാത്രം അവിടവിടെ കെട്ടാതെകിടന്നു. എന്നാൽ അതുകൾ എല്ലാം ചെളികൊണ്ടുണ്ടാക്കിയ കുടിലുകൾ ആയിരുന്നു. ഈ കുടിലുകൾ വീണ്ടുംകെട്ടുന്നതിനു ഉടനടിയായി നടത്തേണ്ട യാതൊരാവശ്യവും കണ്ടതുമില്ല.

എന്നാൽ ചില നഷ്ടങ്ങൾ ഉണ്ടായി എന്നുള്ളതിനു സംശയമില്ല. അതിൽ ഏററവുംകൂടുതലായനഷ്ടം സംഭവിച്ചതു ഗതാഗതവിഷയത്തിലാണ്, അതായതു റോഡുകൾക്കും കലുങ്കുകൾക്കും ആണ്. റോഡുകൾക്കും കലുങ്കുകൾക്കും ഒന്നു രണ്ടു പാലങ്ങൾക്കും വലുതായ കേടുപാടുകൾ ഉണ്ടായതായി ചീഫ്എൻജിനിയർ, അദ്ദേഹത്തിന്റെ സർക്യൂട്ടിൽ കണ്ടിട്ടുണ്ട്. ഉടനടി നടത്തേണ്ടതായ അററകുററപ്പണികൾക്കു അദ്ദേഹം എസ്റ്റിമേററുകൾ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈയ്യാണ്ടത്തെ വെള്ളപ്പൊക്കത്താൽ ഗതാഗതങ്ങൾക്കു സംഭവിച്ചിട്ടുള്ള കേടുകൾ പോക്കുന്നതിനായിട്ടു ബഡ്ജററിൽ പൊതുമരാമത്തുഇനത്തിൽ കുറെ പണം നീക്കിവച്ചിട്ടുണ്ട്.

ഇനി വീടുകൾക്കുണ്ടായിട്ടുള്ള നഷ്ടങ്ങളുടെ വിഷയത്തിൽ പ്രവേശിക്കാം. ചിലസ്ഥലങ്ങളിൽ വീടുകൾക്കു നഷ്ടങ്ങൾ ഉണ്ടായി എന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഇവമിക്കവാറും എളുപ്പത്തിൽ വീണ്ടും ഉണ്ടാക്കാവുന്നതായ ചെറിയകുടിലുകൾ ആകുന്നു. ഇവ മിക്കവാറും വീണ്ടും കെട്ടുകയും ചെയ്തിട്ടുണ്ട്. പാലാ അങ്ങാടിയിൽ കുറെ അധികംവീടുകൾ വെള്ളംകൊണ്ടുപോയി എന്നു മി: കുര്യാക്കോസ് പറകയുണ്ടായി. എന്നാൽ തഹശീൽദാരുടെ റിപ്പോർട്ടുകൊണ്ടു അത്രവളരെ വീടുകൾ ഉണ്ടെന്നു കാണുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ജീവനാശം ഉണ്ടായിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവർമെൻറ് സിക്രട്ടറി): ഞങ്ങൾക്കുകിട്ടിയിട്ടുള്ള റിപ്പോർട്ടുകളിൽനിന്നും ആൾനാശമൊ കന്നുകാലിനഷ്ടമൊ വെള്ളപ്പൊക്കംനിമിത്തം ഉണ്ടായതായികാണുന്നില്ല. അവിചാരിതമായ സംഭവങ്ങൾമൂലം വല്ല ജീവനാശവും ഉണ്ടായിരുന്നിരിക്കാം. മല ഇടിഞ്ഞുവീണു നാലഞ്ചു് ആളുകൾ മരിച്ചതായി പറയപ്പെടുന്നുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): കോട്ടയത്തു വല്ല ജീവനാശവും ഉണ്ടായിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവർമെൻറ് ചീഫ്സിക്രട്ടറി): ഒന്നുരണ്ടുപേർ മരിച്ചതായി പറയപ്പെടുന്നുണ്ട്. എന്നാൽ അതു വെള്ളപ്പൊക്കത്തിന്റെ നേരിട്ടുള്ള ഫലമായില്ല. ചില ചെറുപ്പക്കാരുടെ അപായകരമായ തുനിവുനിമിത്തം ആകുന്നു.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൃഷി നഷ്ടത്തിനെപ്പററി എന്തു പറയുന്നു.

മി: കെ. ജാർജ് (ഗവർമെൻറ് ചീഫ്സിക്രട്ടറി): ദിവാൻജി ചില സ്ഥലങ്ങളിലെല്ലാം സഞ്ചരിക്കയും ചിലസ്ഥലങ്ങളിൽ കൃഷിനഷ്ടം ഉണ്ടായിക്കാണുകയുംചെയ്തു. കൃഷിക്കു എന്തുമാത്രം നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നു ഉടനടി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനു ദിവാൻപേഷ്കാരന്മാർക്കു ഉത്തരവുകൾ അയച്ചിട്ടുണ്ട്. ചില ആളുകളുടെ ഇടയിൽ തൊഴിലില്ലായ്മക്കു ഇടയായിട്ടുണ്ടെന്നും അദ്ദേഹം കണ്ടിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ അവരവരുടെ അധികാരാതൃത്തിസ്ഥലങ്ങളിൽ ഓരോ മരാമത്തുപണികൾ ഉടനടി തുടങ്ങണമെന്നും ആ വിധം ജോലിയില്ലാതെ വലയുന്നപാവങ്ങൾക്കു ജോലികൊടുക്കണമെന്നും ആജ്ഞാപിച്ചിട്ടുള്ളതാകുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്ടം): ഇപ്പോഴത്തെ ചട്ടങ്ങളിൽ ഇപ്രകാരം ഇളവു ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ വല്ലതും ഉണ്ടോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സിക്രട്ടറി): "ഇപ്രകാരമുള്ള ഇളവു ചെയ്യാൻ" എന്നു മെമ്പർ പറഞ്ഞതു എന്തിനെ ഉദ്ദേശിച്ചാണെന്നു എനിക്കു മനസ്സിലാകുന്നില്ല. കരം ഇളവിനെപ്പററി ഞാൻ ഒന്നും പറഞ്ഞില്ല. കരം ഇളവിനെപ്പററി ഗവണ്മെൻറിൽനിന്നും റിപ്പോർട്ടുകൾ ആവശ്യപ്പെട്ടിരിക്കുന്നതും അവ വരുമ്പോൾ ആലോചിക്കുന്നതും ആണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): വിശേഷാലുള്ള കൃഷിവായ്പകൾ കൊടുപ്പാൻ ഗവണ്മെൻറ ആലോചിക്കുന്നുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സിക്രട്ടറി): ആ സംഗതിയെപ്പററി തീർച്ചയായും ആലോചിക്കുന്നതാണ്. അടുത്തയാണ്ടത്തെ ബഡ്ജററിൽ ൫൦,൦൦൦ രൂപാ ഇതിലേക്കു നീക്കിവച്ചിട്ടുണ്ട്. നമ്മുടെ ആവശ്യത്തിനു അതുകൊണ്ടു മതിയാകാത്തപക്ഷം കൂടുതൽ പണം ചിലവാക്കുന്നതിനും ഗവണ്മെൻറ സന്തോഷപൂരസ്സരം വ്യവസ്ഥചെയ്യുന്നതാണ്.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): ഇങ്ങനെ കൂടക്കൂടെ വെള്ളപ്പൊക്കം ഉണ്ടാകുന്നതിനെപ്പററി അന്വേഷണം നടത്തണമെന്നു പറഞ്ഞതിനു ഗവണ്മെൻറ് എന്തു പറയുന്നു എന്നു അറിഞ്ഞാൽ കൊള്ളാം?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സിക്രട്ടറി): അതിനു പെട്ടെന്നുള്ള ഉത്തരം പറയാൻ നിവൃത്തിയില്ല. വെള്ളപ്പൊക്കം പ്രകൃതിസിദ്ധമായകാരണങ്ങളാൽ ഉണ്ടാകുന്നതായിട്ടാണ് എനിക്കു തോന്നുന്നതു. പ്രകൃതിശക്തികളുടെ പ്രവൎത്തനത്തെ ഗവണ്മെൻറിനു എത്രത്തോളം തടയാൻ സാധിക്കുമെന്നുള്ളതു വിദഗ്ദ്ധന്മാർ ആലോചിക്കേണ്ട ഒരു വിഷയമാകുന്നു.

മി: മുരിയേലിൽ പാച്ചുപിള്ള (ചേൎത്തല): കൃഷി തീരെ നശിച്ചുപോയ സ്ഥലങ്ങളിൽനിന്നും അതിനെപ്പററി റിപ്പോർട്ടുചെയ്യുന്നതിനു വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സിക്രട്ടറി: അന്വേഷണംനടത്തി ഗവണ്മെൻറിലേക്കു റിപ്പോർട്ടുചെയ്യുന്നതിനു പേഷ്കാരന്മാൎക്കു നിർദ്ദേശങ്ങൾ അയച്ചിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ വെള്ളപ്പൊക്കങ്ങളുടെ കാരണത്തെപ്പററി അന്വേഷിക്കുന്നതിനുള്ള ആവശ്യകതയെ ഗവണ്മെൻറ അംഗീകരിക്കുന്നുണ്ടോ?

പ്രസിഡൻറ്:—മണി ൫-൩൦-ആയി പ്രമേയം ലാപ്സായിപ്പോയി.

പതിവുപോലെ ൧൧-൩൦-നു നാളെ സഭ കൂടുന്നതാണ്.

പിറെറദിവസം കാലത്തു ൧൧-൩൦-ന് ധൃതം കൂടുന്നതിനായി വൈകിട്ടു ൫-൩൦-നു സഭ പിരിഞ്ഞു.

ടി. പി. രാമസുബ്ബൈയ്യർ,
നിയമസഭാസിക്രട്ടറി.

(A true translation)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ സഭ.

൧൧൦൮-ൽ രണ്ടാമത്തെ യോഗം.

൧൯൩൩ ആഗസ്റ്റ് ൧-ാംനു ൧൧൦൮ കർക്കടകം ൧൭-ാംനു ചൊവ്വാഴ്ച.
അഫിഷ്യൽ റിപ്പോർട്ട.

പകൽ പതിനൊന്നര മണിക്ക സഭ വിക്ടോറിയാ ജൂബിലി ടൌൺ ഹാളിൽ വീണ്ടുംകൂടി, പ്രസിഡണ്ട അഗ്രാസനാധിപത്യം വഹിച്ചു.

മെമ്പർമാർ എല്ലാപേരും ഹാജരുണ്ടായിരുന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും.

കോട്ടയം ഡിസ്ത്രിക്ട്കോടതി കെട്ടിടം.

൯൧. മി. എം. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെണ്ട ദയവായി പറയുമോ?

(എ) കോട്ടയം ഡിസ്ത്രിക്ട്കോടതി കെട്ടിടത്തിനു വല്ല എസ്റ്റിമേറ്റും അവസാനമായി അനുവദിച്ചിട്ടുണ്ടോ?

(ബി) ൧൧൦൭-ലെയും ൧൧൦൮-ലെയും ബഡ്ജറ്റുകളിൽ ഓരോന്നിലും അനുവദിച്ചിരുന്ന ൫,൦൦൦ രൂപാ ആ കാര്യം സംബന്ധിച്ചതായിരുന്നൊ?

(സി) ആ സംഖ്യകൾ അനുവദിച്ചിരുന്നതു എന്തുകാര്യത്തിന്നായിരുന്നു?

(ഡി) അനുവദിച്ച സംഖ്യകൾ ചെലവാക്കാതിരുന്നതിനുള്ള കാരണം.

(ഇ) കൊല്ലത്തെ പബ്ലിക് ആഫീസുകളെല്ലാം ഒരു കെട്ടിടത്തിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നു ഗവണ്മെണ്ടിന്നറിവുണ്ടോ?

മി. ടി. പി രാമസുബ്ബയ്യർ (ഗവണ്മെണ്ട സെക്രട്ടറി):

(എ) മരാമത്ത നിരൂപണത്തിലാണ്.

(ബി) ഉവ്വ്.

(സി) ഡിസ്ത്രിക്ട്കോടതി കെട്ടിടം പണിയുന്നതിനു.

(ഡി) കോട്ടയം ആഫീസ് കെട്ടിടക്കമ്മിററി സമർപ്പിച്ച പദ്ധതിപ്രകാരം ആ നഗരത്തിലെ എല്ലാ പബ്ലിക്ക ആഫീസുകളും ഒരു കെട്ടിടത്തിലാക്കുന്നതിനു വേണ്ടുന്ന പ്ലാനുകളും എസ്റ്റിമേറ്റുകളും ചീഫ് എൻജിനീയർ തയ്യാറാക്കിവരുന്നു. അതു തീർച്ചയാകാത്തതുകൊണ്ടു വേല ആരംഭിച്ചിട്ടില്ല.

(ഇ) ഉണ്ടു.

തെങ്ങു ചെത്തുക.

൯൨. മി. ആർ. രാമൻപിള്ള (കോട്ടയം): താഴെ പറയുന്ന സംഗതികൾ ഗവണ്മെണ്ട ദയവായി പറയുമോ?

(എ) കള്ളഷാപ്പ കൺട്രാക്ടർമാരെ അവരുടെ ഇഷ്ടംപോലെ എത്ര വൃക്ഷങ്ങൾ വേണമെങ്കിലും ചെത്താൻ അനുവദിച്ചിട്ടുണ്ടോ?

(ബി) മാസം നൂറ രൂപാ കിസ്തടയ്ക്കുന്ന ഒരു ഷാപ്പിലേക്ക എത്ര വൃക്ഷങ്ങൾ ചെത്താമെന്നും ഓരോ വൃക്ഷത്തിൽനിന്നും എത്ര ഗാലൻ കള്ള ചെത്താമെന്നും ഡിപ്പാർട്ടമെണ്ട നിർണ്ണയിച്ചിട്ടുണ്ടോ?

(സി) കൺട്രാക്ടർമാരെ തെങ്ങുചെത്താൻ അനുവദിക്കുന്ന കാര്യത്തിൽ ഓരോ എക്സൈസ് ഡിവിഷനിലും സ്വീകരിച്ചിട്ടുള്ള തത്വം ഒന്നുതന്നെയാണോ?

(ഡി) ഈ കാര്യത്തിൽ എക്സൈസ് കമ്മിഷണർ വല്ല ഉപദേശങ്ങളും നൽകിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ ഉപദേശങ്ങൾ എന്താണ്?

മി. കെ. ജാർജ് (ഗവണ്മെണ്ട ചീഫ്സെക്രട്ടറി): (എ) ലൈസൻസു കൊടുത്തിട്ടുള്ള ഷാപ്പുകളിൽ വിൽക്കുന്നതിനു മതിയായ കള്ള കിട്ടാൻ ആവശ്യമുള്ളിടത്തോളം വൃക്ഷങ്ങൾ മാത്രം ചെത്താനേ കള്ളഷാപ്പ കൺട്രാക്ടർമാരെ അനുവദിക്കാറുള്ളു.

(ബി) ഇല്ല. ഓരോ വൃക്ഷത്തിൽനിന്നും ലഭിക്കുന്ന കള്ളിന്റെ അളവു സ്ഥലവും കാലവും അനുസരിച്ചു ഏറിയും കുറഞ്ഞുമിരിക്കും.

(സി) അതെ.

(ഡി) വൃക്ഷങ്ങൾ ചെത്തുന്നതിനെപ്പററിയുള്ള ഉപദേശങ്ങൾ വൃക്ഷനികുതി ചട്ടങ്ങളിൽ കൊടുത്തിട്ടുണ്ടു. വേറെ ഉപദേശങ്ങളൊന്നും എക്സൈസ് കമ്മിഷണർ കൊടുത്തിട്ടില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): ആവശ്യമുള്ള അളവു നിർണ്ണയിക്കുന്നതാരാണ്?

മി. കെ. ജാർജ് (ഗവണ്മെണ്ട ചീഫ്സെക്രട്ടറി): എക്സൈസ് ആഫീസറന്മാർ.

മി. ആർ. രാമൻപിള്ള (കോട്ടയം): എന്തിനെ അടിസ്ഥാനമാക്കിയാണ് നിർണ്ണയിക്കുന്നതു? ആവശ്യപ്പെടുന്നിടത്തോളം കൊടുക്കയാണോ ചെയ്യുന്നതു?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): മുൻ ആണ്ടത്തെ കണക്കുനോക്കി തീരുമാനിക്കും.

മി. ആർ. രാമൻപിള്ള (കോട്ടയം): മുൻ ആണ്ടെത്തെക്കാൾ കൂടുതൽ കൊടുത്തിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): കൊടുത്തിരിക്കാം. അതിനെപ്പറ്റി എനിക്കു സൂക്ഷ്മമായിട്ടറിഞ്ഞുകൂടാ.

മി. ആർ. രാമൻപിള്ള (കോട്ടയം): കൂടുതൽ കൊടുക്കുന്നതിനുള്ള കാരണമെന്താണ്?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): അതിനു തക്കതായ ആവശ്യംകാണും. അതു ഷാപ്പുകളുടെ കണക്കുനോക്കിയാൽ അറിയാം.

മി. ആർ. രാമൻപിള്ള (കോട്ടയം): ആവശ്യപ്പെടുന്നിടത്തോളം കൊടുക്കു എന്നുള്ളതാണോ ഗവൺമെന്റിന്റെനയം?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

കൺട്രാക്ടർക്ക് ചാരായം കൊടുക്കുക.

൯൩. മി. ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന സംഗതികൾ ഗവൺമെന്റ ദയവായി പറയുമോ?

(എ) ചാരായഷാപ്പു കൺട്രാക്ടർമാർക്ക് എത്ര ചാരായം കൊടുക്കാമെന്നു നിശ്ചയിച്ചിട്ടുണ്ടോ?

(ബി) ഏതെങ്കിലും ഷാപ്പിൽനിന്നു കുറഞ്ഞപക്ഷം ഇത്ര ഗാലൻ ചാരായം വിൽക്കണമെന്നു നിശ്ചയിച്ചിട്ടുണ്ടോ?

(സി) കൺട്രാക്ടർമാർ അടയ്ക്കുന്ന കിസ്തനുസരിച്ചു അധികം ചാരായം അവർക്കു കൊടുക്കാറുണ്ടോ?

(ഡി) ഉണ്ടെങ്കിൽ അതു മദ്യനിരോധന തത്വത്തിനുവിരുദ്ധമല്ലയോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി):

(എ)-യും (ബി)-യും മറുപടി നിഷേധത്തിലാണ്.

(സി) ഷാപ്പുകളിലേക്കു ചാരായംകൊടുക്കുന്നതു കിസ്തനുസരിച്ചല്ല. സ്ഥലത്തെ ആവശ്യം അനുസരിച്ചാകുന്നു.

(ഡി) സി-യുടെ മറുപടികൊണ്ടു ഈ ചോദ്യത്തിന്നവകാശമില്ല.

കോട്ടയം കറുകച്ചാൽ റോഡും പുതുപ്പള്ളി റോഡും യോജിപ്പിക്കുന്നതിനുള്ള റോഡുണ്ടാക്കുക.

൯൪. മി. ആർ. രാമൻപിള്ള (കോട്ടയം): താഴെപ്പറയുന്ന സംഗതികൾ ഗവൺമെന്റ ദയവായി പറയുമോ?

(എ) കോട്ടയം-കറുകച്ചാൽ റോഡു രണ്ടാം മൈയിൽനിന്നു പുതുപ്പള്ളിറോഡിനോടു ചെന്നുചേരുന്ന ഒരു റോഡുവെട്ടുന്നതിനു ഗവൺമെന്റ സമ്മതിച്ചിട്ടുണ്ടോ?

(ബി) എ-യുടെ മറുപടി ഉണ്ടെന്നാണെങ്കിൽ ആക്റ്റിംഗ് ചീഫ് എൻജിനീയർ ആ അനുവാദത്തെ കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയരെ അറിയിക്കാത്തതെന്തുകൊണ്ടു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി):

(എ) ആ റോഡു നന്നാക്കുന്നതിനു ഗവൺമെന്റ അനുവാദം കൊടുത്തിട്ടുണ്ടു.

(ബി) എസ്റ്റിമേററ ചീഫ് എൻജിനീയരുടെ ആഫീസിൽ കിട്ടിയതുകൊണ്ടും ആ പണി അടിയന്തിരമല്ലെന്നു ചീഫ് എൻജിനീയർ വിചാരിച്ചതുകൊണ്ടും അങ്ങിനെ ചെയ്യുവാൻ ആവശ്യമുണ്ടായിരുന്നില്ല. ൧൧൨൭-ാമാണ്ടത്തേക്കുള്ള പൊതുമരാമത്തുവക പ്രസംഗബഡ്ജറ്റ രണ്ടാംഭാഗം ൯൯-ാം ഇനമായി ചേർത്തിട്ടുള്ള പണിക്ക് ൧൦൦൦൦ രൂപാ അനുവദിച്ചിട്ടുള്ള സംഗതിയിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): ജനപ്രതിനിധികൾ ആക്റ്റിംഗ് ചീഫ് എൻജിനീയരുടെ അടുക്കൽ എക്സിക്യൂട്ടീവ് എൻജിനീയർക്ക് വേലകൾ ചെയ്യുന്നതിനുള്ള സാങ്ക്ഷൻ കൊടുക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടോ എന്നു ഗവൺമെന്റ അന്വേഷിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): ഗവൺമെന്റിനു അന്വേഷിക്കേണ്ട ആവശ്യമുണ്ടായിട്ടില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): അടിയന്തിരമല്ലഎന്നു ആക്റ്റിംഗ് ചീഫ് എൻജിനീയർ തീരുമാനിച്ചപ്പോൾ അതല്ല അടിയന്തിരമാണെന്നു പലരും അദ്ദേഹത്തോടു ആവശ്യപ്പെട്ടിട്ടുണ്ടെന്നു ഗവൺമെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): ഡിവിഷനാഫീസർക്ക് എന്തുകൊണ്ടു എഴുതിഅയച്ചില്ലെന്നു ചോദിച്ചപ്പോഴാണ് അടിയന്തിരമല്ലെന്നു ആക്റ്റിംഗ് ചീഫ് എൻജിനീയർ മറുപടിഅയച്ചതു.

മി. ആർ. രാമൻപിള്ള (കോട്ടയം): അതു അടിയന്തിരമായിട്ടുള്ളതാണോ അല്ലയോ എന്നുള്ളതിനെപ്പററിയുള്ള കൂടുതൽ നിശ്ചയം സ്വദേശത്തിരിക്കുന്നവർക്കോ ചിദേശത്തിരിക്കുന്നവർക്കാണോ ഉള്ളതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): ചീഫ് എൻജിനീയരുടെ ഉപദേശമനുസരിച്ചാണ് ഈ മാതിരി സംഗതികളിൽ ഗവൺമെന്റ പ്രവർത്തിക്കുന്നതു.

സാനിട്ടറി സർക്കിൾ ആഫീസർമാരേയും സാനിട്ടറി ഇൻസ്പെക്ടർമാരേയുംപററി ചില വിവരങ്ങൾ.

൯൫. മി. ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന സംഗതികൾ ഗവൺമെന്റ ദയവായി പറയുമോ?

(എ) എത്ര ഗ്രേഡു സാനിട്ടറി സർക്കിൾ ആഫീസർമാരും, സാനിട്ടറി ഇൻസ്പെക്ടർമാരും (മുൻസിപ്പാലിററികളിൽ), വാക്സിനേറ്റർമാരും ഉണ്ടു? ഓരോ ഗ്രേഡിലുമുള്ള ശമ്പളം എത്ര?

(ബി) സാനിട്ടറി ഇൻസ്പെക്ടർമാർക്ക് എപ്പോഴെങ്കിലും സാനിട്ടറി സർക്കിൾ ആഫീസർമാരായി ഉദ്യോഗക്കയററം കൊടുത്തിട്ടുണ്ടോ?

(സി) ബി-ഭാഗം ചോദ്യത്തിന് മറുപടി ഉണ്ടെന്നാണെങ്കിൽ അവരുടെ പേരുകളും ഇപ്പോഴത്തെ (൧൧൨൦ ജൂൺ ൨൦) ശമ്പളവും.

(ഡി) വല്ല വാക്സിനേറ്റർമാരെയും സാനിട്ടറി സർക്കിൾ ആഫീസർമാരായി നിയമിച്ചിട്ടുണ്ടോ?

(ഇ) ഡി-ഭാഗത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ അവരുടെ പേരുകളും അവരെ സർക്കിൾ ആഫീസരായി നിയമിച്ചപ്പോൾ അവർക്കുണ്ടായിരുന്ന ശമ്പളവും സർവീസും, അവരുടെ യോഗ്യതകളും, ഇപ്പോൾ (൧൧൨൦ ജൂൺ ൨൦-നു) അവരുടെ ഒട്ടാകെ സർവീസും.

(എഫ്) സാനിട്ടറി ആഫീസർമാരെ സാനിട്ടറി സർക്കിൾ ആഫീസർമാരായി നിയമിക്കുന്ന പതിവു നിറുത്തലാക്കിയതെന്തിനു?

(ജി) ഇപ്പോൾ (൧൧൨൦ ജൂൺ ൨൦-നു) ഉള്ള സാനിട്ടറി ഇൻസ്പെക്ടർമാരുടെ പേരുകളും, ശമ്പളവും, യോഗ്യതകളും ആകെ സർവീസും.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): സാനിട്ടറി സർക്കിൾ ആഫീസർമാരുടേയും വാക്സിനേട്ടർമാരുടേയും പല ഗ്രേഡുകളെപ്പററിയുള്ള വിവരം സിവിൽലിസ്റ്റിൽ കൊടുത്തിട്ടുണ്ടു. മുനിസിപ്പാലിററികളിൽ ജോലിചെയ്യുന്ന സാനിട്ടറി ഇൻസ്പെക്ടർമാരുടെ ഗ്രേഡുകൾ പല മുനിസിപ്പാലിററികളിൽ പല തരത്തിലാണ്. ഇവിടെയുള്ള അനേകം മുൻസിപ്പാലിററികളിലായി താഴെ കാണുന്നപ്രകാരം ശമ്പളംവാങ്ങുന്ന സാനിട്ടറി ഇൻസ്പെക്ടർമാർ ഉണ്ടു.

൫൦—൫/൨—൭൦ രൂപാ
൩൫—൫/൨—൫൦ ടി
൪൦—൬/൩—൬൦ ടി
൨൫—൫/൩—൪൦ ടി
൧൦—൨/൩—൩൦ ടി
൨൦—൧—൩൦ ടി

(ബി) ഉണ്ട്.

(സി) എസ്. രംഗസ്വാമിഅയ്യങ്കാർ—൫൫ രൂപാ.
പി. രാമൻപിള്ള—൬൫ രൂപാ.

(ഡി) ഉണ്ട്.

(ഇ)

പേരു.	ഉദ്യോഗക്കയററം കൊടുത്തപ്പോഴുള്ള ശമ്പളം രൂ.	ഉദ്യോഗക്കയററം കൊടുത്തപ്പോഴുള്ള സർവീസ് വർഷം	യോഗ്യത.	൨൦-൬-൨൦-നു ആകെ സർവീസ് വർഷം.
സി. ജോൺ ജേക്കബ്ബ്	൧൫	൧൧	മദ്രാസു സാനിട്ടറിഇൻസ്പെക്ടർ സർട്ടിഫിക്കററു	൩൩
എ. എസ്. സദായാനം	൨൦	൬	ടി	൨൨
പി. വി. ജേക്കബ്	൧൫	൭	ടി	൨൩
ആർ സുബ്രഹ്മണ്യഅയ്യർ	൩൦	൬	ടി	൨൧
എസ്. ഏ. അഴകിയ നമ്പ്യാംപിള്ള	൩൦	൪	ടി	൨൦
സി. ജേക്കബ്ബ് ജോൺ	൩൩	൮	ടി	൧൧

(എഫ്) അങ്ങനെ പതിവുണ്ടായിട്ടില്ല.

(ജി) ഗവണ്മെൻറുസർവീസിൽ സാനിട്ടറി ഇൻസ്പെക്ടർമാരില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): (എഫ്) വിഭാഗത്തിൽ "അപ്രകാരം ഒരു പതിവില്ല" എന്നു മറുപടി പറഞ്ഞിരിക്കുന്നു. ഇങ്ങനെ ഒരു പ്രാക്ടീസ് അല്ലാതിരുന്നാൽ ഈ മുകളിൽ പേരുപറഞ്ഞവരെ നിയമിക്കാനുള്ള കാരണമെന്താണ്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഒരിക്കൽചെയ്യുന്നതു പ്രാക്ടീസായിട്ടു വിചാരിക്കാൻ പാടില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): ഒരിക്കലല്ല. ആറുപേരെ നിയമിച്ചിട്ടുള്ളതായിട്ടു കാണുന്നുണ്ടു.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അതു് അല്ല. നമ്പർ തെററി പറയുകയാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): രണ്ടുപേരെ നിയമിച്ചിട്ടുള്ളതായിട്ടു കാണുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അതെ, അതു ശരിതന്നെ.

മി. ആർ. രാമൻപിള്ള (കോട്ടയം): സാനിട്ടറി ആഫീസർമാരെ മുൻസിപ്പാലിററിയിൽ നിയമിച്ചിട്ടുള്ളതിനെപ്പററിയാണു ഞാൻ ചോദ്യം ചോദിച്ചതു. ചോദിക്കാത്ത ചോദ്യത്തിനു ഉത്തരം പറഞ്ഞിരിക്കുന്നതിന്റെ അർത്ഥമെന്താണ്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): മുൻസിപ്പാലിററിഎന്നു പ്രത്യേകം പറഞ്ഞിട്ടില്ല-

മി. ആർ. രാമൻപിള്ള (കോട്ടയം): ഉണ്ടു.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ചോദ്യം ബി. യിൽ അങ്ങനെ പറഞ്ഞിട്ടില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): ചോദ്യം പാർട്ടു (എ) യിൽ ഞാൻ വിശദമായിട്ടു പറഞ്ഞിട്ടുണ്ട്.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): ആ ഭാഗം മുൻസിപ്പാലിററി എന്നു വിചാരിക്കാതെ സാനിട്ടറി ഡിപ്പാർട്ടുമെൻറിനെക്കുറിച്ചാണ് എന്നുമനസ്സിലാക്കിയാണു മറുപടി പറഞ്ഞതു്.

ദക്ഷിണതിരുവിതാംകൂറിൽ വിഷൂചികാനിരോധനപ്രവൃത്തികൾ.

൯൬. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ദക്ഷിണതിരുവിതാംകൂറിൽ ഈയിടെ ഉണ്ടായവിഷൂചികാബാധശമിച്ചതിന്റെശേഷം സാനിട്ടറികമ്മിഷണർ അവിടത്തെ താലൂക്കുകൾ എത്രപ്രാവശ്യം സന്ദർശിച്ചിട്ടുണ്ടെന്നും മേലാൽ അങ്ങനെബാധ ഉണ്ടാകാതിരിപ്പാൻവല്ല ശിപാർശകളും അദ്ദേഹം ചെയ്തിട്ടുണ്ടെങ്കിൽ ആ ശിപാർശകളുടെ സ്വഭാവം എന്താണെന്നും ഗവർമ്മെന്റ ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി): ദക്ഷിണതിരുവിതാംകൂറിലെ ചില താലൂക്കുകൾ ഒരിക്കലും മററുചില ഇരണ്ടു പ്രാവശ്യവും സാനിട്ടറി കമ്മിഷണർ സന്ദർശിച്ചിട്ടുണ്ടെന്നും വിഷൂചികബാധിച്ച എല്ലാതാലൂക്കുകളും സന്ദർശിച്ചിട്ടില്ലെന്നും റിപ്പോർട്ടു കിട്ടീട്ടുണ്ട്. സമുദ്രതീരത്തോടടുത്തു രോഗം ബാധിച്ച ഗ്രാമങ്ങളിൽ മേജരും മൈനരും കൺസെർവൻസിസ്റ്റേഷനുകൾ സ്ഥാപിച്ചും കുടിക്കാൻ സംരക്ഷിത ജലം കിട്ടാൻ ഏർപ്പാടുകൾ ചെയ്തും ജനബാഹുല്യം കുറച്ചും ശുചീകരണംസംബന്ധിച്ച നിയമം ഉണ്ടാക്കിയും അവിടെയുള്ള ശുചീകരണന്യൂനതകൾ നീക്കം ചെയ്യുന്നതിനും ശുചീകരണത്തെയും പൊതുജനാരോഗ്യത്തെയും സംബന്ധിച്ച ജനസാമാന്യത്തെ ഉപദേശിച്ചു പഠിപ്പിക്കുന്നതിനും ദക്ഷിണതിരുവിതാംകൂറിൽ വിഷൂചികളുണ്ടാകുന്നതിനുള്ള കാരണങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു വിഷൂചികസംബന്ധിച്ചജോലിയിൽ പരിചയമുള്ള ഒരു മെഡിക്കൽ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനും കമ്മിഷണർ ഒരു പദ്ധതിതയ്യാറാക്കിഗവർമ്മെന്റിലേക്കു സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതി അനുസരിച്ചു തിരുവിതാംകൂറിൽ വിഷൂചികളുണ്ടാകുന്നതിനെ സംബന്ധിച്ച അന്വേഷണങ്ങളും പരിശോധനകളും നടത്തി വിവരമായ ഒരു റിപ്പോർട്ടു തയ്യാറാക്കി സമർപ്പിക്കുന്നതിനു ഡാക്ടർ എം. കെ. ഗോപാലപിള്ളയെ ഗവർമ്മെന്റ നിയമിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ശിപാർശപ്രകാരം തന്നെ, കടൽതീരഗ്രാമങ്ങളിലും മററു സെൻററുകളിലുമുള്ള മദ്ധ്യസ്ഥാനങ്ങളിലും അഞ്ചു കൺസർവൻസിസ്റ്റേഷനുകൾ കൂടുതലായി സ്ഥാപിക്കുന്നതിനും ഏകദേശം പന്ത്രണ്ടു കുഴൽ കിണറുകൾ കുഴിക്കുന്നതിനും ൧൧൦൯-ലെ പ്രാരംഭബഡ്ജററിൽ പണം അനുവദിച്ചിട്ടുമുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ശുചീകരണത്തെയും പൊതുജനാരോഗ്യത്തെയുംപററി ജനസാമാന്യത്തെ പഠിപ്പിക്കേണ്ടതാവശ്യമാണെന്നുള്ള സാനിട്ടറികമ്മിഷണരുടെ ശിപാർശയെ സംബന്ധിച്ച ഗവർമ്മെന്റ എന്തുനടപടികൾ നടത്തിയെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി): ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന പൊതുജനാരോഗ്യഡിപ്പാർട്ടുമെന്റിന്റെ പുനഃഘടനയെ ഗവർമ്മെന്റ പ്രതീക്ഷിച്ചിരിക്കുന്നു.

ആലിഗാർകാളേജിലെ ഒരു മഹമ്മദീയവിദ്യാർത്ഥിയെപ്പററിയുള്ള വിവരങ്ങൾ.

൯൭. മി. പി. എസ്. മഹമ്മദ് (ഗവർമ്മെന്റ നിയമനം): താഴെപറയുന്ന സംഗതികൾ ഗവർമ്മെന്റ ദയവായി പറയുമോ?

(എ) മഹമ്മദീയരുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച ൧൧൦൯-ൽ ഉണ്ടായ ഗവർമ്മെന്റുത്തരവനുസരിച്ച ഒരു മഹമ്മദീയവിദ്യാർത്ഥിയെ ആലിഗാറിലേക്കു ഗവർമ്മെന്റിൽനിന്നും അയച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗത്തെ ന്റെ മറുപടി ഉണ്ട് എന്നാണെങ്കിൽ അയാൾപഠനം പൂർത്തിയാക്കി മടങ്ങിവന്നുവോ?

(സി) അയാളുടെ യോഗ്യതകൾ എന്തെല്ലാം?

(ഡി) ഇപ്പോൾ (൧൧൦൮ മിഥുനം) അയാൾ എന്തുജോലിയിലിരിക്കുന്നു?

(ഇ) ആലിഗാർകാളേജിൽ ബി. എ.-ക്കു പഠിക്കാൻ അനുവദിക്കണമെന്നു അയാൾ ഗവർമ്മെന്റിനോടു അപേക്ഷിച്ചിരുന്നുവോ?

(എഫ്) (ഇ) ഭാഗത്തിന്റെമറുപടി ഉണ്ടെന്നാണെങ്കിൽ ഗവർമ്മെന്റ അയാളുടെ അപേക്ഷപ്രകാരം അനുവദിച്ചുവോ?

(ജി) അയാളുടെ അപേക്ഷപ്രകാരം അനുവദിച്ചില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തു?

മി. കെ. ജാർജ് (ഗവർമ്മെന്റ ചീഫ് സെക്രട്ടറി): (എ)യും (ബി)യും ഉണ്ട്.

(സി) ആലിഗാർമുസ്ലീംസർവ്വകലാശാലയിലെ ഇന്റർമീഡിയെററ് പരീക്ഷ അയാൾ ൧൧൦൭-ൽ മൂന്നാംക്ലാസ്സിൽ ജയിച്ചു.

(ഡി) അയാളിപ്പോൾ ചൊവ്വര ഇംഗ്ലീഷ് ഹൈസ്കൂളിൽ അറബിമുൻഷിയാണ്.

(ഇ) ഉണ്ട്.

(എഫ്) ഇല്ല.

(ജി) അയാളെ അയച്ചപ്പോൾ ഉദ്ദേശിച്ചിരുന്ന ഉദ്യോഗത്തിനു അയാളുടെ യോഗ്യതമതിയാകും. അയാളെ ഗവർമ്മെന്റ ചിലവിന്മേൽ ഉൽകൃഷ്ടവിദ്യാഭ്യാസത്തിനു ആലിഗാറിൽ അയക്കാൻ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി. പി. എസ്. മഹമ്മദ് (ഗവർമ്മെന്റ നിയമനം): ൧൧൦൯-ലെ മഹമ്മദൻ എഡ്യൂക്കേഷൻ ജി. ഒ.-വിൽ ആലിഗാർ കാളേജിൽ ഒരു മഹമ്മദനെ അയച്ചു പഠിപ്പിക്കണമെന്നു പറഞ്ഞിട്ടുള്ളതു അറബിമുൻഷി ഉദ്യോഗത്തെ ഉദ്ദേശിച്ചാണോ?

മി. കെ. ജോർജ് (ഗവർമ്മെന്റചീഫ്സെക്രട്ടറി): ആ ജി. ഒ. നോക്കാതെ അതു പറവാൻ സാധിക്കയില്ല.

മി. പി. എസ്. മഹമ്മദ് (ഗവർമ്മെന്റ നിയമനം): ഉത്തരത്തിൽ അയാൾക്കു കൂടുതൽ വിദ്യാഭ്യാസം ആവശ്യമില്ലെന്നു കാണുന്നു. അയാളെ അയച്ചു പഠിപ്പിച്ചതു അറബി മുൻഷി ഉദ്യോഗത്തിനാണോ?

മി. കെ. ജോർജ് (ഗവർമ്മെന്റചീഫ്സെക്രട്ടറി): അങ്ങനെ മറുപടിയിൽ പറഞ്ഞിട്ടില്ല. ഇപ്പോൾ അയാൾക്കുള്ള ജോലിക്കുള്ള പരീക്ഷായോഗ്യതയുണ്ട്. കൂടുതലായിട്ടു ഉദ്യോഗക്കയററം വേണമെങ്കിൽ സ്വന്തചെലവിൽപോയി പഠിക്കണം.

മി. പി. എസ്. മഹമ്മദ് (ഗവർമ്മെന്റനിയമനം). ജി. ഒ. വിൽ അറബിമുൻഷി ഉദ്യോഗം ലഭിക്കുന്നതിനാണോ ആലിഗാറിൽഅയച്ചു പഠിപ്പിക്കണമെന്നു പറഞ്ഞിട്ടുള്ളത്?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു ജി. ഒ. നോക്കാതെ പറയാൻ സാധിക്കുന്നതല്ലെന്നു മറുപടി പറഞ്ഞുകഴിഞ്ഞല്ലോ.

ഗ്രാന്റു പുതുക്കുന്നതിനുള്ള അപേക്ഷകളുടെ തീർച്ച.

൬൮. മി. എ. എസ്സ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെപ്പറയുന്ന സംഗതികളെപ്പററി ഗവണ്മെന്റിനറിവുണ്ടോ?

(എ) വിദ്യാഭ്യാസകോഡിന്റെ ൧൪൭-ാം വകുപ്പുപ്രകാരം ഗ്രാന്റുപുതുക്കുന്നതിനുള്ള അപേക്ഷകൾ തീർച്ചചെയ്യുന്നകാര്യത്തിൽ വളരെ താമസമുണ്ടാകുന്നു എന്നു.

(ബി) ഈ താമസംനിമിത്തം ഗ്രാന്റുസ്കൂൾ അദ്ധ്യാപകന്മാർ വളരെ കഷ്ടപ്പാടുകൾ അനുഭവിക്കുന്നു എന്നു.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ)യും (ബി)യും ഗ്രാന്റ് പുതുക്കുന്നതിനുള്ള അപേക്ഷകൾ തീർച്ചചെയ്യുന്നകാര്യത്തിൽ ചിലപ്പോൾ താമസം നേരിടാറുണ്ടെന്നു ഗവണ്മെന്റിനറിവുണ്ട്. എന്നാൽ ഗ്രാന്റു അനുവദിക്കുന്നതിനുമുമ്പായി പള്ളിക്കൂടങ്ങൾ ഇൻസ്പെക്ടർമാർ പരിശോധിച്ചു റിപ്പോർട്ടുകൾ അയക്കേണ്ടതാകകൊണ്ടും അങ്ങനെയുള്ള അപേക്ഷകൾ അനേകം ഉള്ളതുകൊണ്ടും അപേക്ഷകൾ തീർച്ചചെയ്യുന്നകാര്യത്തിലും ഗ്രാന്റു കൊടുക്കുന്നതിലും കുറെയൊക്കെ താമസം നേരിടാതെ നിവൃത്തിയില്ല. എന്നാൽ ഗ്രാന്റനുവദിച്ചു ഉത്തരവുകൾ അയച്ചുകഴിഞ്ഞാൽ പിന്നെ ഉത്തരവുകളിലെ നിബന്ധനകൾ അനുസരിച്ചു മാനേജർമാർ പ്രവർത്തിച്ചാൽ ഗ്രാന്റു ക്രമമായി കൊടുക്കുന്നുണ്ട്. ഏതെങ്കിലും പ്രത്യേകസംഗതികളിൽ ഗ്രാന്റുകൊടുക്കുന്നതിനു താമസംനേരിടുന്നുണ്ടെങ്കിൽ അധികാരസ്ഥന്മാരെ അറിയിച്ചാൽ അതിനെപ്പററി അവർ അന്വേഷണം നടത്തും. ഇക്കാര്യത്തിൽ താമസം ഉണ്ടാകാതിരിക്കുന്നതിനു മാർഗ്ഗങ്ങൾ എന്താണെന്നു വിദ്യാഭ്യാസഡയറക്ടർ ആലോചിച്ചുവരുന്നു.

എസ്സ്. എം. ടി. വിദ്യാലയത്തിൽ പ്രവേശനം നൽകുന്നതിനെപ്പററി.

൬൯. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) ശ്രീമൂലം സാങ്കേതിക വിദ്യാലയത്തിൽ പ്രവേശനത്തിനുവന്ന അപേക്ഷകളുടെ എണ്ണം.

(ബി) പ്രവേശനം ലഭിച്ചവരുടെ എണ്ണം.

(സി) ഉപേക്ഷിച്ച അപേക്ഷകളുടെ എണ്ണം.

(ഡി) ആ വിദ്യാലയത്തിൽ പ്രവേശനത്തിനു വേണ്ടുന്നയോഗ്യത.

(ഇ) പ്രവേശനത്തിനു ക്ലിപ്തപ്പെടുത്തിട്ടുള്ള വയസ്സ്.

(എഫ) പ്രവേശനത്തിനുള്ള മററു നിബന്ധനകൾ.

മി. ടി. പി. രാമസുബ്ബയ്യർ ഗവണ്മെന്റു സെക്രട്ടറി); (എ) ൨൭൯.

(ബി) ൯൦.

(സി) ൨൬൯.

(ഡി) (ഇ) (എഫ്) ആവശ്യപ്പെട്ട വിവരങ്ങൾ ആ വിദ്യാലയത്തിന്റെ സ്ഥാപനത്തെയും ഭരണക്രമത്തെയുംപററിയുള്ള ചട്ടങ്ങളിൽ ൧൯-ാം ചട്ടത്തിൽ കൊടുത്തിട്ടുണ്ട്. അതു മേശപ്പുറത്തുവച്ചിരിക്കുന്നു *

സ്കൂൾഫൈനൽ പരീക്ഷാഫലം.

൭൦. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈയാണ്ടിലും കഴിഞ്ഞയാണ്ടിലും സ്കൂൾ ഫൈനൽപരീക്ഷ പാസ്സായ വിദ്യാർത്ഥികളുടെ സപ്ലിമെന്ററി ലിസ്റ്റ് പ്രസിദ്ധപ്പെടുത്താനുണ്ടായ കാരണങ്ങൾ എന്തായിരുന്നു എന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): സർവകലാശാലാ പരീക്ഷകൾക്കു പഠിക്കാൻ നമ്മുടെ ഇംഗ്ലീഷ്സ്കൂൾഫൈനൽ പരീക്ഷ പാസ്സായവരെ അനുവദിക്കുന്നതിനെസംബന്ധിച്ചു ക്ലാസ് സർവകലാശാല ചില ചട്ടങ്ങളും നിബന്ധനകളും ഉണ്ടാക്കീട്ടുണ്ട്. "സങ്കടകേസുകൾ" എന്നു പറയപ്പെടുന്ന വിദ്യാർത്ഥികളുടെ കാര്യത്തെപ്പററി ആലോചിക്കുന്നതിനുസിൻഡിക്കേററുകാർ ഒരു മോഡറേഷൻബോർഡിനെനിയമിക്കുന്നതിനും ഈ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ "സങ്കടക്കാരുടെ" സർവകലാശാലാപ്രവേശനാവകാശം നിർണ്ണയിക്കുന്നതിനു ഈ മോഡറേഷൻബോർഡു പ്രത്യേകചട്ടങ്ങൾ ഉണ്ടാക്കീട്ടുണ്ട്. ഈ ചട്ടങ്ങൾപ്രകാരം പ്രവേശനത്തിന്നർഹന്മാരാകുന്ന വിദ്യാർത്ഥികളുടെപേരുകളടങ്ങുന്ന സപ്ലിമെന്റു ലിസ്റ്റിൽ പ്രസിദ്ധംചെയ്യുന്നു. അങ്ങനെയുള്ള സപ്ലിമെന്ററിലിസ്റ്റുകൾ ഈയാണ്ടിലും കഴിഞ്ഞയാണ്ടിലും പ്രസിദ്ധംചെയ്തിട്ടുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പരീക്ഷാഫലം പ്രസിദ്ധംചെയ്യുന്നതിനുമുമ്പായിതന്നെ ഈ സങ്കടക്കാരുടെ കാര്യം മോഡറേഷൻ ബോർഡിനു ആലോചിച്ചുകൂടയോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): മോഡറേഷൻബോർഡ് ക്ലാസ് സർവകലാശാലവകയാണു ബോർഡുള്ളതു ഇവിടെയല്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പരീക്ഷാഫലംപ്രസിദ്ധംചെയ്യുന്നതിനുമുമ്പായി ഈ "സങ്കടകേസുകൾ" ക്ലാസിലെ മോഡറേഷൻ ബോർഡിന്റെ ആലോചനയ്ക്കു അവിടെ അയച്ചുകൊടുക്കാത്തതു എന്തുകൊണ്ടാണു?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അങ്ങനെ ചെയ്യുന്നകാര്യം അസാദ്ധ്യമായിരുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയുംകുന്നത്തൂരും): ൧൯൩൭-ലും ൧൯൩൮-ലും മുമ്പു മോഡറേഷൻബോർഡു ആലോചിക്കേണ്ടതായ "സങ്കടക്കേസുകൾ" ഉണ്ടായിരുന്നോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ൧൯൩൭-ലും അങ്ങനെയുള്ള കേസുകൾ ഉണ്ടായിരുന്നു എന്നു തോന്നുന്നു.

* അനുബന്ധം ൧൦ നോക്കുക.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതിനുമുമ്പ് ഇങ്ങനെയുള്ള സങ്കടക്കേസുകൾ ഉണ്ടായിരുന്നോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): നോട്ടീസ് കിട്ടണം, അതിനെപ്പറ്റി എനിക്കുവിവരമില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മദ്രാസിൽ ഇങ്ങനെയുള്ള സങ്കടാക്കേസുകൾ ഉണ്ടാകാറുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഉണ്ട് ഉണ്ടാകാറുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈയാണ്ടിൽ ക്രോസിൽ സപ്ലിമെന്ററിലിസ്റ്റ് പ്രസിദ്ധം ചെയ്തിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): പ്രസിദ്ധംചെയ്തിട്ടുണ്ട്.

കൊട്ടാരക്കര കൃഷിഇൻസ്പെക്ടർ.

൭ എ. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായിപറയുമോ?

(എ) കൊട്ടാരക്കര കൃഷിത്തോട്ടത്തിലും കർഷകസ്കൂളിലും അസിസ്റ്റന്റു ഇൻസ്പെക്ടരുടെയും ഹെഡ്മാസ്റ്ററുടെയും ജോലികൾ എന്തു?

(ബി) ജോലിസംബന്ധിച്ച ഇൻസ്പെക്ടരുടെ അധികാരാവൃത്തി.

(സി) ഗ്രാമങ്ങളിൽ അദ്ദേഹം ചെയ്യുജോലിയുടെ മാത്ര.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) കൊട്ടാരക്കര കൃഷിത്തോട്ടത്തിൽ അസിസ്റ്റന്റു ഇൻസ്പെക്ടർ ഇല്ല, കൃഷിത്തോട്ടംചാർജ് വഹിക്കുന്നതും തോട്ടംസംബന്ധിച്ച ജോലികൾനടത്തുന്നതും ഒരു കൃഷി സബ് ഇൻസ്പെക്ടരാണ്. കൃഷിവിദ്യാലയം ഹെഡ്മാസ്റ്ററുടെജോലി അവിടത്തെ വിദ്യാർത്ഥികളെ കൃഷിയെപ്പറ്റി സാങ്കേതികമായും പ്രായോഗികമായും പഠിപ്പിക്കയാകുന്നു.

(ബി) കൊട്ടാരക്കര കൃഷിഇൻസ്പെക്ടർക്കു കൊല്ലം, കൊട്ടാരക്കര, കുന്നത്തൂർ, പത്തനാപുരം, ചെങ്കോട്ട, പത്തനംതിട്ട ഈ താലൂക്കുകളിലും കരുനാഗപ്പള്ളിതാലൂക്കിലെ തെക്കൻപകുതികളിലും ആകുന്നു അധികാരമുള്ളതു.

(സി) ഇൻസ്പെക്ടർ എത്രജോലിചെയ്യുന്നു എന്നു കണക്കാക്കാൻ സാധിക്കയില്ല. അദ്ദേഹം പലഗ്രാമങ്ങൾ സന്ദർശിക്കയും പരിഷ്കൃതമാതിരിയിൽ കൃഷിനടത്തികാണിക്കയും കൃഷിപരിഷ്കാരം സംബന്ധിച്ച ഉപദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കൊട്ടാരക്കര കൃഷിസബ്ഇൻസ്പെക്ടരുടെ ജോലികൾ എന്തെല്ലാമാണു?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അദ്ദേഹത്തിന്റെ അധികാരത്തിലാണു കൃഷിത്തോട്ടം അവിടെ കൃഷിനടത്തിക്കുന്നതും അദ്ദേഹമാണു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും). ആ ജോലികൾ എന്തെല്ലാമാണു ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഒരു കൃഷിസ്ഥലത്തു സാധാരണമായുള്ള ജോലികൾ എന്തെല്ലാമാണെന്നു നമുക്കു സങ്കല്പിക്കാമല്ലോ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കൊട്ടാരക്കര കൃഷിവിദ്യാലയം ഹെഡ്മാസ്റ്റർക്കു എത്രമണിക്കൂർ വേലയുണ്ടെന്നു പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഞാൻ അതിനെപ്പറ്റി അന്വേഷിച്ചിട്ടില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും); സർ, അതൊരു ഉപചോദ്യമാണോ അല്ലോ

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതിനെ സംബന്ധിച്ചു എനിക്കറിവില്ല.

അക്കൌണ്ടാഫീസ് നിയമനങ്ങൾ.

൭൨. മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മികൾ): താഴെപറയുന്ന വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു ദയവായി മേശപ്പുറത്തുവെക്കുമോ?

(എ) ൧൧൦൦ ചിങ്ങം ൧-൩-ാംശേഷം സ്ഥിരമായിട്ടോ ആക്റ്റിങ്ങായിട്ടോ അക്കൌണ്ടാഫീസർ നിയമിച്ചിട്ടുള്ള ബി. എ. ക്കാരുടെ പേരുകൾ.

(ബി) ആദ്യം അവരെ നിയമിച്ചതീയതികൾ.

(സി) സീനിയാറിറ്റിപ്രകാരം അവരുടെ സ്ഥാനം.

(ഡി) ഇപ്പോൾ (൧൯-൧൧-൧൧൦൮) അവർ ഓരോരുത്തർക്കും കിട്ടുന്നശമ്പളം.

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): മെംബർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തുവെച്ചിരിക്കുന്നു.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മികൾ): അക്കൌണ്ടാഫീസിലെ എല്ലാ ഗുമസ്തന്മാരും കമ്മട്ടത്തിൽ കുറെക്കാലം ഗുമസ്തന്മാരായി ജോലിചെയ്യണമെന്നു വല്ല ചട്ടവും ഉണ്ടോ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ഇല്ല.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മികൾ): ചില ഗുമസ്തന്മാരെ അവിടെ അയച്ചതെന്തിനാണെന്നു പറയുമോ?

മി. എസ്. വെങ്കിടരമണയ്യർ (ആക്റ്റിംഗ്ഗവണ്മെന്റു ഫൈനാൻഷ്യൽസെക്രട്ടറി): ഡിപ്പാർട്ടുമെന്റിന്റെ സൌകര്യംനോക്കി ചെയ്യുതാണു.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മികൾ): ദീർഘകാലത്തെ ഒഴിവുണ്ടാകുമ്പോൾ അവരെ തിരികെവിളിക്കുമെന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. എപ്പോൾ ദീർഘകാലത്തെഒഴിവുണ്ടാകുമെന്നു പറയുമോ?

---

* അനുബന്ധം ൧൧ എ, ൧൧ ബി, ൧൧ സി. നോക്കുക.

മി. എസ്. വെങ്കട്ടരമണയ്യർ (ആക്ടിംഗ് ഗവൺമെൻറ് ഫൈനാൻഷ്യൽ സെക്രട്ടറി): അഭിപ്രായം പറയാൻ സാധിക്കയില്ല.

നിയമസഭാമെംബർമാരെ ഗവൺമെൻറ് സെർവീസിൽ എടുത്തതു.

൧൫. മി. വി. കെ. ഉമ്മൻ (വ്യാപാരവും—വ്യവസായവും വടക്ക): ൧൯൫൭-ാമാണ്ടാരംഭംമുതൽ ൧൯൬൦-ാമാണ്ടവസാനംവരെ നിയമസഭാമെമ്പർമാരെ ഗവൺമെൻറ സെർവീസിൽ എടുത്തിട്ടുള്ളതിൻെറ വിവരംകാണിക്കുന്ന ഒരു പട്ടിക ഗവൺമെൻറ ദയവായി മേശപ്പുറത്തുവെക്കുമോ?

മി. കെ. ജാജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ൧൯൫൭-ാമാണ്ടാരംഭംമുതൽ ൧൯൬൦-ാമാണ്ടവസാനംവരെ നിയമസഭയിലെ അനൗദ്യോഗസ്ഥമെമ്പറന്മാരെ ഗസററഡ് ഉദ്യോഗങ്ങളിൽ നിയമിച്ചിട്ടുള്ളതിൻെറ വിവരം കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തുവെച്ചിരിക്കുന്നു**

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ഗുമസ്തന്മാരുടെ ശമ്പളപരിഷ്കരണം.

൧൬. മി. മുറവേലിൽപാച്ചുപിള്ള (ചേർത്തല): താഴെ പറയുന്നസംഗതികൾ ഗവൺമെൻറ ദയവായി പറയുമോ?

(എ) രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ഗുമസ്തന്മാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനു കഴിഞ്ഞ ബഡ്ജററിൽ ൨൫,൦൦൦ രൂപാ അനുവദിച്ചിരുന്നതനുസരിച്ചു ഇന്നേവരെ (൧൯൫൯-൬൦) അവരുടെ ശമ്പളത്തിൽ വല്ല പരിഷ്കാരവും വരുത്തിയോ?

(ബി) (ല്ലെ) ഭാഗത്തിൻെറ മറുപടി നിഷേധത്തിലാണെങ്കിൽ, താമസത്തിനുള്ള കാരണം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറസെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണു.

(ബി) പദ്ധതിയുടെ വിവരങ്ങൾ തയ്യാറാക്കുന്നതിനു അധികസമയം വേണ്ടിവന്നു. ഇപ്പോളതു തയ്യാറായിട്ടുണ്ടു. ൧൯൬൦-ലെ പ്രാരംഭബഡ്ജററിൽ പൂർണ്ണമായ വിവരങ്ങളോടുകൂടെ ആ പദ്ധതി നടപ്പിൽ വരുത്തുന്നതിനാവശ്യമുള്ള സംഖ്യ അനുവദിച്ചിട്ടുമുണ്ടു.

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ശമ്പളച്ചിട്ടവിനുള്ള പദ്ധതിയുടെ വിവരങ്ങൾ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയതു ആരെയാണു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി രജിസ്ട്രേഷൻ ഡയറക്ടർ, അക്കൗണ്ടാഫീസർ എന്നിവരെ ചുമതലപ്പെടുത്തി.

അരൂക്കുററിയിൽ ഒരു മുൻസിഫ്കോടതിയുടെ ആവശ്യം.

൧൭. മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്ന സംഗതികൾ ഗവൺമെൻറ ദയവായി പറയുമോ?

(എ) ചേർത്തല അഡിഷണൽ മുൻസിഫുകോടതിയെ വൈക്കത്തേക്കു മാററിസ്ഥാപിച്ചതു ഗവൺമെൻറിനു അറിയാമോ?

(ബി) കഴിഞ്ഞ കുറെ വർഷങ്ങളായി ഒരു അഡിഷണൽ മുൻസിഫുകോടതി വൈക്കത്തും ചേർത്തലയും ഇടവിട്ടു നടത്തിപ്പോരുന്നു എന്നും അറിയാമോ?

(സി) അങ്ങനെ ചെയ്യുന്നതിനു പകരം വൈക്കവും ചേർത്തലയും താലൂക്കുകളിലെ ചില പകുതികൾ കൂട്ടിച്ചേർത്തു അവയുടെമേൽ അധികാരമുള്ള ഒരു പുതിയ മുൻസിഫുകോടതി അരൂക്കുററിയിൽസ്ഥാപിക്കണമെന്നു ജനങ്ങൾ ഗവൺമെൻറിൽ പലഅവസരങ്ങളിൽ ഹർജികൾ ബോധിപ്പിച്ചിട്ടില്ലയോ?

(ഡി) ഈ സംഗതിയെപ്പററിതന്നെ കഴിഞ്ഞശ്രീമൂലം പ്രജാസഭയിൽ ചേർത്തലതാലൂക്ക വടക്കൻഗ്രൂപ്പിലെ പ്രതിനിധിനിവേദനം ചെയ്തിട്ടില്ലയോ?

(ഈ) ഇക്കാര്യത്തിൽ ഗവൺമെൻറ വല്ല നടപടിയും നടത്തിയോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): (എ) (ബി) (സി) (ഡി) മറുപടി ഉണ്ടെന്നാണ്.

(ഈ) അരൂക്കുററിയിൽ ഒരു മുൻസിഫ്കോടതി ആവശ്യമില്ലെന്നാണു ഹൈക്കോടതിയുടെ അഭിപ്രായം.

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): അരൂക്കുററിയിൽ ഒരു മുൻസിഫ്കോടതി ആവശ്യമില്ലെന്നു ഹൈക്കോടതി അഭിപ്രായപ്പെടുന്നതായിട്ടു പറയുന്നു. ആവശ്യമുണ്ടോ ഇല്ലയോഎന്നുള്ളതിനെപ്പററി ഗവൺമെൻറവല്ല അന്വേഷണവും നടത്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറസെക്രട്ടറി): ഈ മാതിരി സംഗതിയിൽ ഹൈക്കോടതി പുറപ്പെടുവിക്കുന്ന അഭിപ്രായത്തെയാണു സാധാരണ ഗവൺമെൻറ സ്വീകരിക്കാറുള്ളതു.

നാല്പതും അതിലധികവും രൂപാ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ പട്ടിക.

൧൮. മി. തയ്യിൽ കുഞ്ഞികൃഷ്ണമേനോൻ (മൂവാററുപുഴയും തൊടുപുഴയും): നാല്പതുരൂപായും അതിലധികവും ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരിൽ ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, യാക്കോബായക്കാർ, മാർത്തോമാക്രിസ്ത്യാനികൾ, പ്രോട്ടസ്റ്റൻറുകാർ, ഈഴവർ, വെള്ളാളർ, മുഹമ്മദീയർ, മററു സമുദായക്കാർ എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു ജാതിവിവരം പട്ടിക ഗവൺമെൻറ ദയവായി മേശപ്പുറത്തു വെക്കുമോ?

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): ഇങ്ങനെ ഒരു പട്ടികയ്ക്കു വേണ്ടുന്ന വിവരങ്ങൾ ശേഖരിക്കാൻ ആവശ്യമായിവരുന്ന സമയവും അദ്ധ്വാനവും അതുകൊണ്ടുണ്ടാകാവുന്ന ഉപയോഗത്തിനുകേവലം അനുരൂപമായിരിക്കയില്ല എന്നുള്ളതുകൊണ്ടു അങ്ങനെചെയ്യാൻ ഗവൺമെൻറ വിചാരിക്കുന്നില്ല.

കുളത്താട്ടുകുളം പള്ളിക്കു ചന്തയ്ക്കു സമീപം ഒരു കുളം.

൧൯. തയ്യിൽ കുഞ്ഞികൃഷ്ണമേനോൻ (മൂവാററുപുഴയും തൊടുപുഴയും): താഴെപ്പറയുന്ന സംഗതികൾ ഗവൺമെൻറ ദയവായി പറയുമോ?

** അനുബന്ധം ൧൨. നോക്കുക.

(എ) മൂവാററുപുഴ താലൂക്കിൽ മുത്തോലപുരത്തു പബ്ലിക്കു ചന്തയ്ക്കു സമീപം ഒരു കുളം വെട്ടുന്നതിനു ബഡ്ജററിൽ പണം അനുവദിച്ചിട്ടു എത്രവർഷമായി?

(ബി) ആ പണി ആരംഭിച്ചുവോ?

(സി) ഇന്നുവരെ (൧൧൨൫-ൽ) ആ കുളം കുഴിക്കുന്ന പണി ആരംഭിച്ചിട്ടില്ലെങ്കിൽ കാലതാമസംകൂടാതെ അതു വെട്ടുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) ഈ പണിക്കു ബഡ്ജററിൽ ഒരിക്കലും പണം അനുവദിക്കുകയുണ്ടായിട്ടില്ല.

(ബി) ഇല്ല.

(സി) എസ്റ്റിമേററു കിട്ടുമ്പോൾ അതിനെപ്പററി ആലോചിക്കും.

വാരപ്പെട്ടി നെട്ടവക്കാട്ടു റോഡിനു അനുവദിച്ച സംഖ്യയുടെ കാലഹരണം.

൭൨. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) മൂവാററുപുഴ താലൂക്കിൽ വാരപ്പെട്ടിയിൽനിന്നും പൊയ്യാനിക്കാട്ടുവഴി നെട്ടവക്കാട്ടിലേക്കുള്ള റോഡിനു ഏതുവർഷം മുതൽക്കു ബഡ്ജററിൽ പണം അനുവദിച്ചുവരുന്നു?

(ബി) വണ്ടികളുടെ ഗതാഗതത്തിനു യോഗ്യമാംവണ്ണം എത്ര മൈൽ ദൂരം റോഡു ഇപ്പോൾ പൂർത്തിയാക്കിട്ടുണ്ട്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) ൧൧൨൨-ാമാണ്ടുമുതൽ.

(ബി) ഒന്നുമില്ല.

ഈ സംസ്ഥാനത്തെ വണ്ടിപോകുന്ന റോഡുകളും വള്ളംപോകുന്ന തോടുകളും.

൭൩. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ സംസ്ഥാനത്തിലെ ഓരോ താലൂക്കിലും ഓരോ ചതുരശ്രമൈലിന്നും എത്ര മൈൽ വണ്ടിപോകുന്ന റോഡുകളും എത്രമൈൽ വള്ളംപോകുന്ന തോടുകളും വീതം ഉണ്ടെന്നു കാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറു ദയവായി മേശപ്പുറത്തുവെയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ൧൧൨൪ ഡിസംബർ ൧൬-ാം തീയതി നിയമസഭായോഗത്തിൽ മെമ്പർ ചോദിച്ച ൧൪൩-ാം നമ്പർ ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി നിയമസഭാ പ്രൊസീഡിംഗ്സ് ൧൪-ാം വാല്യം ൨൨൨-ാം പുറത്തു അച്ചടിച്ചിട്ടുള്ളതുമായ മറുപടി മെമ്പർ വായിച്ചുനോക്കണം. റോഡുകളുടേയും തോടുകളുടേയും പിന്നീടുള്ള വിവരങ്ങൾ തിരുവിതാംകൂർ സ്ററാറിസ്റ്റിക്സ് പുസ്തകം ഒമ്പതാംപതിപ്പിൽ ൧൧൯-ം ൧൨൦ പുറങ്ങളിൽ കൊടുത്തിട്ടുണ്ട്.

ചിററാർ പദ്ധതി.

൭൪. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ചിററാർ തടാകപദ്ധതിയെ സംബന്ധിച്ചു ചീഫ് എൻജിനീയർ ഒരു എസ്റ്റിമേററു സമർപ്പിച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ ടി ജോലിക്കു പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്നു അദ്ദേഹം ശിപാർശ ചെയ്തിട്ടുണ്ടോ?

(സി) അങ്ങനെയുള്ള ശിപാർശയിന്മേൽ വല്ല ഉത്തരവും പാസ്സാക്കീട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ എങ്ങനെ എപ്പോൾ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി), (സി), (ഡി), (എ) ഭാഗത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യങ്ങൾക്കു സംഗതിയില്ല.

സ്കൂളുകളിലും കാളേജുകളിലും പിഴ വസൂൽ.

൭൫. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൧൧൨൨-ാമാണ്ടും ൧൧൨൩-ാമാണ്ടും സ്കൂൾവിദ്യാർത്ഥികളോടും കാളേജുവിദ്യാർത്ഥികളോടും നിശ്ചിതതീയതി ഫീസ് അടയ്ക്കാത്തതിനു വസൂലാക്കിയ പിഴയുടെ സംഖ്യ എത്രയാണെന്നു ഗവണ്മെൻറു ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ആവശ്യപ്പെട്ടവിവരം ശേഖരിക്കുന്നതിനു വേണ്ടിവരുന്ന സമയവും അദ്ധ്വാനവും അതുകൊണ്ടുണ്ടാകാവുന്ന ഗുണത്തിനനുരൂപമായിരിക്കയില്ലെന്നു ഗവണ്മെൻറു വിചാരിക്കുന്നു.

കരിമ്പുഴപ്പാലം.

൭൬. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) കല്ലടയാററിൽ കരിമ്പുഴപ്പാലത്തിന്റെ പ്ലാനും എസ്റ്റിമേററും തയ്യാറായിട്ടുണ്ടോ?

(ബി) ഈ പാലത്തിന്റെ പ്രാധാന്യം ഗവണ്മെൻറു നോട്ടുചെയ്തിട്ടുണ്ടോ?

(സി) (ബി) ഭാഗത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ ആ പാലം പണിയുന്നതിനുവേണ്ടുന്ന പണം വരുന്നവർഷത്തെ ബഡ്ജററിൽ അനുവദിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി):

(എ) തയ്യാറായിട്ടില്ല.

(ബി) വിവരം നോട്ടുചെയ്തിരിക്കുന്നു.

(സി) ഇല്ല.

൧൧൧൯ മുതൽ ൧൧൨൩ വരെ ഉദ്യോഗസ്ഥന്മാർക്കുകൊടുത്ത ഉപരിവിദ്യാഭ്യാസത്തിനുള്ള അവധി.

൭൭. മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ (൧൧൧൯-൧൧൨൩) ബിരുദധാരികളായ ഉദ്യോഗസ്ഥന്മാരിൽ ഉപരിവിദ്യാഭ്യാസത്തിനു അവധിക്കപേക്ഷിച്ചവരുടേയും ആ അവധി കൊടുക്കപ്പെട്ടവരുടേയും ഒരു ജാതിവിവരപ്പട്ടിക ഗവണ്മെൻറു ദയവായി മേശപ്പുറത്തുവെക്കുമോ?

മി. എസ്. വെങ്കട്ടരാമയ്യർ (ആക്റ്റിംഗ് ഗവമെന്റു ചീഫ് സെക്രട്ടറി): കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ (൧൦൯൯-൧൧൦൩) താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാർ ഉപരിവിദ്യാഭ്യാസത്തിനായി ഗവമെന്റു വക ഒഴിവു കൊടുത്തിട്ടുണ്ട്.

(൧) മി. എ. ഇ. ജാൺ, അസിസ്റ്റന്റുസർജൻ.
(൨) മി. എച്ച്. സുബ്രഹ്മണ്യയ്യർ, ട്യൂട്ടർ.
(൩) മി. എൻ. എസ്. നരസിംഹയ്യങ്കാർ, അസിസ്റ്റന്റുപ്രൊഫസർ.
(൪) മി. എസ്. ജാൺ, അസിസ്റ്റന്റുസർജൻ.
(൫) മി. സി. എൽ. ജേക്കബ്, അദ്ധ്യാപകൻ.
(൬) മിസ്സ് ഗ്ലാഡീസ് തോമസ്, ട്യൂട്ടർ.
(൭) മി. പി. എൻ. വൃദ്ധാചലം, കൃഷിസെക്രട്ടറിയുടെ അസിസ്റ്റന്റ്.

ഇവരുടെ ജാതിയെപ്പററിയുള്ള വിവരം കിട്ടീട്ടില്ല.

൧൧൦൧ മുതൽ ൧൧൦൩ വരെ അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ നിയമിക്കപ്പെട്ടിട്ടുള്ളവരുടെ ജാതിവിവരം പട്ടിക.

൮൪. മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും വടക്ക): കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ (൧൧൦൧-൧൧൦൩) അഞ്ചൽഡിപ്പാർട്ടുമെന്റിൽ നിയമിക്കപ്പെട്ടിട്ടുള്ളവരിൽ ബ്രാഹ്മണൻ, നായർ, കത്തോലിക്കർ, യാക്കോബായക്കാർ, മാർതോമാക്രിസ്ത്യാനികൾ, പ്രോട്ടസ്റ്റന്റുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളന്മാർ, മററുസമുദായക്കാർ എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവമെന്റു ദയവായി മേശപ്പുറത്തുവയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെന്റുസെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടപ്രകാരമുള്ള ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.*

൧൧൦൧ മുതൽ ൧൧൦൩ വരെ സാനിട്ടറി ഡിപ്പാർട്ടുമെന്റിൽ നിയമിക്കപ്പെട്ടിട്ടുള്ളവരുടെ ജാതിവിവരപ്പട്ടിക.

൮൫. മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും വടക്ക): കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ (൧൧൦൧-൧൧൦൩) നിയമിക്കപ്പെട്ടിട്ടുള്ളവരുടെ ജാതിവിവരം കാണിക്കുന്ന ഒരു പട്ടിക ഗവമെന്റു ദയവായി മേശപ്പുറത്തുവയ്ക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവമെന്റുസെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടപ്രകാരമുള്ള ഒരുപട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.‡

പൊലീസ് റിഞ്ചില്ലോക്കേഷൻ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടു.

൮൬. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പൊലീസ്ഡിപ്പാർട്ടുമെന്റിൽ അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ടു ഗവമെന്റിൽ കിട്ടിയോ എന്നും കിട്ടിയെങ്കിൽ അതിന്റെ ഒരു പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ എന്നു ഗവമെന്റു ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവമെന്റുസെക്രട്ടറി): മെമ്പർ പ്രസ്താവിച്ച റിപ്പോർട്ടു ഗവമെന്റിൽ കിട്ടീട്ടില്ല.

വാമനപുരം ആററിലെ പാലം.

൮൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപ്പറയുന്ന സംഗതികൾ ഗവമെന്റു ദയവായി പറയുമോ?

(എ) എം. സി. റോഡിൽ വാമനപുരത്തു വാമനപുരമാററിൽ ഒരു പുതിയപാലം പണിയുന്നതാവശ്യമാണെന്നു ഗവമെന്റിനു ബോദ്ധ്യമായിട്ടുണ്ടോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ അക്കാര്യത്തിൽ എന്തു നടപടി നടത്തി.

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെന്റുസെക്രട്ടറി):

(എ) ഉണ്ട്.

(ബി) പ്ലാനും എസ്റ്റിമേററും തെയ്യാറാക്കിവരുന്നു. അതിനുവേണ്ടുന്നപണം ൧൧൦൯-ലെ പ്രാരംഭ ബഡ്ജററിൽ അനുവദിച്ചിട്ടുമുണ്ട്.

ചിറയിൻകീഴ്തോട്ടിലെ നടപ്പാലം.

൮൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറയിൻകീഴ് തോട്ടിൽ നടപ്പാലങ്ങൾ ഉണ്ടാക്കുന്നതിനെപ്പററി നിവേദനങ്ങൾ ഗവമെന്റിനു കിട്ടീട്ടുണ്ടോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി ഉണ്ട് എന്നാണെങ്കിൽ അക്കാര്യത്തിൽ എന്തു നടപടികൾ നടത്തി?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെന്റുസെക്രട്ടറി):

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ഷൊറണൂർറോഡിന്റെ ൧൩-ാം മൈലിൽ ഒരു നടപ്പാലം പണിയുന്നതിനു എസ്റ്റിമേററു അനുവദിക്കയും ആ പണിക്കായി ൧൧൦൯-ലെ പ്രാരംഭബഡ്ജററിൽ ൧,൨൦൦ രൂപാ അനുവദിക്കയും ചെയ്തിട്ടുണ്ട്.

വാഹനനിയന്ത്രണത്തിനു വെള്ളത്തടയാളങ്ങൾ.

൮൯. മി. എസ്. പിറവികപ്പുരമാംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): താഴെപ്പറയുന്ന സംഗതികൾ ഗവമെന്റു ദയവായി അന്വേഷണം നടത്തിപറയുമോ?

---

*അനുബന്ധം ൧൩ നോക്കുക.

‡അനുബന്ധം ൧൪ നോക്കുക.

(എ) [illegible]പട്ടണത്തിൽ വാഹനസഞ്ചാരം നിയന്ത്രണം ചെയ്യുന്നതിനു സഹായമായി പ്രവർത്തിക്കുന്ന വെളുത്ത അടയാളങ്ങൾ ഉപയോഗിക്കാറുണ്ടോ?

(ബി) അതിനുള്ള ചെലവു പോലീസ് നിയന്ത്രണത്തിനുള്ള ചെലവിനേക്കാൾ കുറവാണോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർണ്മെന്റ സെക്രട്ടറി):

(എ) ട്രാഫിക് പൊയിന്റ പൊലീസിന്റെ മേലന്വേഷണത്തിൽ പരീക്ഷാർത്ഥം ഉപയോഗിക്കുന്നുണ്ട്.

(ബി) ചെലവുവിവരംകണക്ക ഇവിടെയില്ല.

കൊട്ടാരക്കരത്താലൂക്കിലെ റിസർവുവനങ്ങൾ.

൫൦. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും):

(൧) കൊട്ടാരക്കരത്താലൂക്കിൽ വൃക്ഷങ്ങളൊന്നുമില്ലാത്തതും ആദായകരമല്ലാത്തതുമായ റിസർവുവനങ്ങൾ ഉണ്ടെന്നു ഗവർമെന്റിനറിയാമോ?

(൨) അവയെ പതിച്ചുകൊടുക്കാവുന്ന ഇനത്തിൽപ്പെടുത്തുന്നതിനു ഗവർമെന്റ് വല്ല വിരോധവുമുണ്ടോഎന്നു ദയവായി പറയുമോ?

മി. ടി. പി. രാമസ്വാമിഅയ്യർ (ഗവർണ്മെന്റ സെക്രട്ടറി):

(൧) മറുപടി വിഷയത്തിലാണ്

(൨) ഒന്നാമത്തേതിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനു സംഗതിയില്ല.

അനുബന്ധം ൧൦.

൩൯-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

എസ്. എം. ടി. വിദ്യാലയത്തിൽ വിദ്യാർത്ഥികൾക്കു പ്രവേശനം നൽകുന്നതിനെ സംബന്ധിച്ചുള്ള ചട്ടം.

൧൩. (൧) ഓവർസീയർക്ലാസ് (സിവിലും മെക്കാനിക്കലും) അപേക്ഷകന്മാർ കണക്കു പ്രകൃതിശാസ്ത്രമോ ഐച്ഛികവിഷയമായി എടുത്തു വ്യവസായഡയറക്ടർക്കു തൃപ്തികരമാംവണ്ണം ഇംഗ്ലീഷ്സ്കൂൾ ലീവിങ്സർട്ടിഫിക്കേറ്റ പരീക്ഷ ജയിച്ചവരായിരിക്കണം. പ്രവേശനം അപേക്ഷിക്കുന്നയാണ്ടിൽ ജൂൺ ൩൦-നു ൨൦ വയസ്സ് തികഞ്ഞിട്ടില്ലാത്തവരും ആയിരിക്കണം.

ഈ ക്ലിപ്തവയസ്സു കഴിഞ്ഞവരായിരുന്നാലും ക്ലാസിൽ വിദ്യാർത്ഥികളുടെ എണ്ണം കുറവായിരുന്നാൽ മററു യോഗ്യതകളുള്ളവർക്കു പ്രവേശനം നൽകാൻ വ്യവസായഡയറക്ടർക്കു അധികാരമുണ്ടു.

(൨) മേസ്ത്രിക്ലാസ്. അപേക്ഷകന്മാർ ഇംഗ്ലീഷ് ഹൈസ്കൂളിൽ നാലാംഫാറം പരീക്ഷ ജയിച്ചവരായിരിക്കണം, പ്രവേശനം നൽകുന്നയാണ്ടിൽ ജൂൺ ൩൦-നു അവരുടെ വയസ്സ് ൧൮-ൽ താഴെയായിരിക്കണം. മേപ്പടിവയസ്സു കഴിഞ്ഞുപോയിരുന്നാലും, ക്ലാസിൽ വിദ്യാർത്ഥികളുടെ എണ്ണം കുറവായിരുന്നാൽ മററു യോഗ്യതകളും ശരിയായുള്ളവർക്കു പ്രവേശനം നൽകാൻ വ്യവസായഡയറക്ടർക്കു അധികാരമുണ്ടു.

എന്നാലും തൽക്കാലം ക്ലാസിൽ വിദ്യാർത്ഥികളുടെ എണ്ണം കുറവായിരുന്നാൽ മൂന്നാംഫാറം പരീക്ഷ ജയിച്ചിട്ടുള്ളവരെയോ മേപ്പടി ക്ലിപ്തവയസ്സ് തികഞ്ഞുപോയിട്ടുള്ളവരെയോ ക്ലാസിൽ ചേർക്കാൻ വ്യവസായഡയറക്ടർക്കു അധികാരമുണ്ടു.

അനുബന്ധം ൧൧ എ.

൭൨-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

൧൧-൧-൧൧൦൦-നു ശേഷം അക്കൗണ്ടാഫീസിൽ ആക്ടിങ്ങായി നിയമിച്ചിട്ടുള്ള ബി. എ. ക്കാരുടെ പട്ടിക.

നമ്പർ	പേര്	നിയമിച്ച തീയതി	അക്ടിങ് ലിസ്റ്റിൽ സ്ഥാനം	൧൯-൧൧-൧൧൦൪-ൽ ശമ്പളവും അക്ടിംഗ് അലവൻസും റിമാർക്കും
൧	എം. കെ. നീലകണ്ഠമേനോൻ	൫ ൧൦൦	൭ (ലീവ് ഒഴിവുണ്ടാകുമ്പോൾ തിരിച്ചു എടുക്കും)	ഇപ്പോൾ സ്റ്റാമ്പാഫീസിൽ എസ്. പി. ടി. സീനിയർ ക്ലാർക്ക (ശമ്പളം ൨൫ രൂപ)
൨	ജി. പത്മനാഭഅയ്യങ്കാർ	൧-൧൭-൧൧൦൭	...	ആഫീസുവിട്ടുപോയി
൩	ജി. വേലുപ്പിള്ള	൧൮-൮-൧൧൦൧	...	ഇപ്പോൾവക്കീലായി വ്യവഹരിച്ചുവരുന്നു
൪	എൻ. സുന്ദരമയ്യർ	൧൯-൮-൧൧൦൧	.	ഇപ്പോൾരജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ
൫	എൻ. താണുപിള്ള	൨൭-൨-൧൧൦൨	..	സ്റ്റാമ്പ ഡിപ്പോവിൽസ്ഥിരം (ശമ്പളം ൩൫ രൂപ)
൬	ആർ. രാമകൃഷ്ണയ്യർ	൧-൩-൧൧൦൨	..	സ്റ്റാമ്പാഫീസിൽ സ്ഥിരം ഇവിടെ ഇപ്പോൾ അക്ടിംഗ് (ശമ്പളം ൨൫ + അക്ടിംഗ് അലവൻസ് ൮ രൂപ)
൭	ജി. രംഗയ്യർ	൭-൧൦-൧൧൦൨	൧൩	൧൯-ാം ആ. അ. ൪൦ രൂപ അതിനുശേഷം ആ. അ. ൨൫ രൂപ
൮	പൊന്നറ പെരുമാൾനാടാർ	൨൨-൮-൧൧൦൩	൧൬	അക്ടിംഗ് അലവൻസ് ൨൫ രൂപ
൯	ജേംസ് മെടെട്ടഡ്	൧൦-൭-൧൧൦൪	൧൯	ടി ൨൫ രൂപാ
൧൦	എസ്. കൃഷ്ണയ്യർ	൬-൮-൧൧൦൪	...	പിരിച്ചുവിട്ടു
൧൧	എച്ച്. വൈദ്യനാഥയ്യർ	൬-൯-൧൧൦൪	൨൦	ടി. ഷ. ൨൫ രൂപാ
൧൨	കെ. കൃഷ്ണപിള്ള	൬-൯-൧൧൦൪	൨൧	പിന്നീട് പിരിച്ചുവിട്ടു
൧൩	പി. മഹമ്മതുകുഞ്ഞു	൨൮-൮-൧൧൦൪	൨൨	ടി
൧൪	പി. പൌലോസ്	൩൧-൯-൧൧൦൪	൨൩	ടി
൧൫	മുത്തുസ്വാമിഅയ്യർ	൩൧-൯-൧൧൦൪	൨൪	ടി

അനുബന്ധം ൧൧ ബി.

൭൨-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧-൧-൧൧൦൦-ാം തീയതിക്കുശേഷം അക്കൗണ്ടാഫീസിൽ ബി. എ. ക്കാരെ ഹയ്യർഗ്രേഡിൽ ൩-ാംക്ലാസ്സായി സ്ഥിരമായി നിയമിച്ചതിന്റെ വിവരപ്പട്ടിക.

നമ്പർ	പേര്	ആദ്യംനിയമിച്ചതീയതി	സ്ഥാനം	൧൯-൧-൧൦൯൪-ാം തീയതിയിലെ ശമ്പളം
൧	ഡബ്ലിയു. ജെ. വറുഗീസ്	൯-൧-൧൦൯൮	൨൮	൬൫ രൂപ
൨	കെ. നാരായണൻനമ്പ്യാതിരി	൧൩-൧-൧൦൯൭	൩൦	൬൦ ടി
൩	മഹമ്മദ്സാഹിബ്	൧-൭-൧൦൯൮	൩൧	൬൦ ടി
൪	കെ. കെ. ജാൺ	൧-൭-൧൦൯൮	൩൨	൫൫ ടി
൫	സി. രാമസ്വാമിഅയ്യർ	൭-൭-൧൦൯൮	൩൪	൪൫ ടി
൬	കെ. കുഞ്ഞൻനായർ	൧൦-൯-൧൧൦൮	൩൬	൪൦ ടി
൭	പി. സുബ്രഹ്മണ്യയ്യർ	൮-൬-൧൦൯൮	൩൭	൪൦ ടി

അനുബന്ധം ൧൧ സി.

൭൨-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

൧-൧-൧൧൦൦-ാംതീയതിക്കുശേഷം അക്കൗണ്ടാഫീസിൽ ബി. എ. ക്കാരെ ലോവർഗ്രേഡിൽസ്ഥിരമായി നിയമിച്ചതിന്റെ വിവരപ്പട്ടിക.

നമ്പർ	പേര്	ആദ്യംനിയമിച്ചതീയതി	സ്ഥാനം	൧൯-൧-൧൦൯൪-ാം തീയതിയിലെശമ്പളം
൧	സി. എം. ഉമ്മൻ	൧൧-൮-൧൦൯൭	൫൮	൩൦ രൂപ
൨	എം. ചെല്ലപ്പാപിള്ള	൨൧-൬-൧൦൯൯	൬൬	൨൫ ടി
൩	സി. പത്മനാഭപിള്ള	൨൦-൮-൧൦൯൩	൬൮	൨൫ ടി
൪	ജേംസ് ഗബ്രിയേൽ	൨-൯-൧൧൦൯	൬൪	൨൫ ടി
൫	ആർ. ഗോവിന്ദപ്പിള്ള	൨൫-൪-൧൧൦൦	൬൫	൨൫ + പി. എ. ൩ ടി

അനുബന്ധം ൧൨.

൭൩-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരിൽനിന്നു ഗവൺമെന്റുദ്യോഗങ്ങളിൽ നിയമിക്കപ്പെട്ടവരുടെ പട്ടിക.

നമ്പർ	പേര്	ജാതി	ഉദ്യോഗത്തിന്റെപേരും നിയമിച്ച തീയതിയും
൧	മി. ടി. കെ. വേലുപ്പിള്ള ബി. എ., ബി. എൽ.	നായർ	ലാകാളേജ് ജൂനിയർ പ്രൊഫെസർ ൪-൨-൧൦൯൮
൨	,, കെ. സി. രാജരാജവർമ്മ, ബി. എ., ബി. എൽ.	ക്ഷത്രിയൻ	തൽക്കാല ഡിസ്ത്രിക്ട് മുൻസിഫ് ൧൯-൨-൧൦൯൯
൩	,, കയ്യാലംപരമേശ്വരൻപിള്ള ബി. എ., ബി. എൽ.	നായർ	അഡിഷനൽ ഹെഡ് സർക്കാർവക്കീൽ ൧൬-൧൧-൧൧൦൦
൪	,, ശങ്കരവേലിൽ കെ. പരമേശ്വരൻപിള്ള, ബി. എ., ബി. എൽ.	ടി	തൽക്കാല അഡിഷനൽ മുൻസിഫ് ൨൭-൧൧-൧൧൦൦
൫	,, സി. രാമൻതമ്പി, ബി. എ., ബി. എൽ.	ടി	ഡിസ്ത്രിക്ട് ജഡ്ജി ൨൪-൧൧-൧൧൦൦
൬	,, എൻ. രാമകൃഷ്ണപിള്ള, ബി. എ., ബി. എൽ.	ടി	ലാകാളേജ് ജൂനിയർ പ്രൊഫസർ ൨൩-൧൧-൧൧൦൧
൭	,, ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള, ബി. എ., ബി. എൽ.	ടി	തൽക്കാല ഹൈക്കോടതി ജഡ്ജി ൨൩-൧൨-൧൧൦൨
൮	,, ജി. പരമേശ്വരൻപിള്ള, ബി. എ., ബി. എൽ.	ടി	തൽക്കാല രണ്ടാം അഡിഷണൽ സെഷൻജഡ്ജി ൫-൧൨-൧൧൦൨

അനുബന്ധം ൧൩.

൨൪-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ ൧൧൦൧-ാമാണ്ടുമുതൽ ൧൧൦൩-ാമാണ്ടുവരെ നിയമിക്കപ്പെട്ടവരുടെ ജാതിവിവരപ്പട്ടിക.

ജാതിവിവരം	നിയമനങ്ങളുടെ എണ്ണം			
	൧൧൦൧	൧൧൦൨	൧൧൦൩	ആകെ
൧ ഹിന്ദുക്കൾ-ബ്രാഹ്മണർ (മലയാളം)	...	...	...	...
ടി (മററു)	...	...	൨	൨
നാടാർ	...	...	...	...
ഈഴവർ	...	൨	...	൨
കമ്മാളർ	...	...	...	...
ക്ഷത്രിയർ	...	൧	...	൧
നായർ	...	൧	൨	൩
പുലയർ	...	...	...	...
മററു അയിത്തക്കാർ	...	...	...	...
വെള്ളാളർ	...	...	...	...
മററു ഹിന്ദുക്കൾ	...	൧	൧	൨
൨ മുഹമ്മദീയർ.	...	...	...	...
൩ ക്രിസ്ത്യാനികൾ (൧) പ്രൊട്ടസ്റ്റന്റ	...	...	...	...
(൨) റോമൻകത്തോലിക്കർ				
(എ) ലത്തീൻ	...	...	...	...
(ബി) സിറിയൻ	...	...	...	...
(൩) സിറിയൻ				
(എ) യാക്കോബായ	൧	൧	...	൨
(ബി) മാർത്തോമ്മാ	൧	൧	൧	൩
(൪) ആംഗ്ലിക്കൻ	...	...	...	...
ആകെ	൨	൭	൬	൧൫

അനുബന്ധം ൧൪.

൨൫-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൧-ാമാണ്ടു മുതൽ ൧൧൦൩-ാമാണ്ടുവരെ സാനിട്ടറി ഡിപ്പാർട്ടുമെന്റിൽ നിയമിക്കപ്പെട്ടിട്ടുള്ളവരുടെ ജാതിവിവരം പട്ടിക

ഹിന്ദുക്കൾ					മഹമ്മദീയർ	ക്രിസ്ത്യാനികൾ					
						പ്രൊട്ടസ്റ്റന്റ		റോമൻ കത്തോലിക്കർ		സിറിയൻ	
നായർ	ഈഴവർ	കമ്മാളർ	മററു ഹിന്ദു	ക്ഷത്രിയർ		ആംഗ്ലിക്കൻ	മററു	ലത്തീൻ	സിറിയൻ	യാക്കോബായ	മാർത്തോമ്മാ
൧൪	൧	൧	൨	൧	൧	...	...	൧	൧	൫	൩

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): സർ—

പ്രസിഡൻറ: നിങ്ങളുടെ സമയം കഴിഞ്ഞുപോയി, മി. പിറവിപ്പെരുമാൾപിള്ളേ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ബഡ്ജററിനെപ്പററിയുള്ള സാമാന്യവിമർശനം തുടരാമോ?

പ്രസിഡൻറ: നിങ്ങൾ എഴുന്നേററു ഉപചോദ്യങ്ങൾ ചോദിക്കാനാണെന്നു വിചാരിച്ചുപോയി. അവസാനചോദ്യംപോലും തീരുകയും ചെയ്തില്ല. അതിനുമുമ്പുള്ള ചോദ്യം നിങ്ങളുടെ [illegible]ക്കുകയും ചെയ്യുമല്ലോ.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അദ്ധ്യക്ഷൻെറ ഉത്തരവിനായി നടപടിക്രമം സംബന്ധിച്ച ഒരുകാര്യം പറഞ്ഞുകൊള്ളുന്നു. ബഡ്ജററിനെപ്പററിയുള്ള സാമാന്യവിമർശനസമയം ദിവാൻജിയിൽനിന്നുള്ള ആരോപണത്തെപ്പററി വിമർശനംചെയ്യാൻ മെമ്പർമാർക്ക അവകാശമുണ്ടോ എന്നാണ എൻെറ ചോദ്യം. ഇതൊരു പ്രധാനസംഗതിയാണ. അതുകൊണ്ടുതന്നെ ഞാൻ അതിനെപ്പററിയും സംസാരിക്കാൻ ആഗ്രഹമുണ്ട. നിയമസഭാ റെഗുലേഷനിലും അതനുസരിച്ചുള്ള ചട്ടങ്ങളിലുമുള്ള വ്യവസ്ഥകളെ ഞാൻ പ്രസിഡൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചുകൊള്ളുന്നു. ൧൬ (൧)-ാംവകുപ്പാകുന്നു ബഡ്ജററിൻെറ സാമാന്യവിമർശനത്തെപ്പററിയുള്ളതു. അതിൽ പറയുന്നതു സഭ ബഡ്ജററിനെപ്പററി—

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, നടപടിക്രമം സംബന്ധിച്ചു ഒന്നുപറഞ്ഞുകൊള്ളുന്നു. ബഡ്ജററിനെപ്പററി സാമാന്യമായി വിമർശനം ചെയ്യാൻ മി. ആശാനു അവസരം കിട്ടിയിരിക്കുന്നു. ആശാൻ ഈ വാദം ഇപ്പോൾ പുറപ്പെടുവിച്ചു അനൗദ്യോഗസ്ഥമെമ്പർമാരുടെ സമയംനഷ്ടപ്പെടുത്തുകയാണു ചെയ്യുന്നതു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നിയമസഭാചട്ടങ്ങളിൽ ൧൬-ാംചട്ടപ്രകാരം നടപടിക്രമത്തെ സംബന്ധിച്ച ഒരുവാദം എപ്പോഴെങ്കിലും പുറപ്പെടുവിക്കാൻ എനിക്കവകാശമുണ്ട.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മി. ആശാനു സംസാരിക്കാൻ അവസരം കിട്ടിയിട്ടുള്ളതുകൊണ്ടു സാമാന്യവിമർശനത്തിനുള്ള സമയം നഷ്ടപ്പെടുന്നതിനെപ്പററി അദ്ദേഹത്തിനു വിചാരമില്ലെന്നാകുന്നു ഞാൻ പറയുന്നതു.

പ്രസിഡൻറ: നടപടിസംബന്ധിച്ച ഒരുവാദം ഏതുസമയത്തെങ്കിലും പുറപ്പെടുവിക്കാൻ മിസ്റ്റർ ആശാനു അവകാശമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഈ വാദം ബഡ്ജററിൻെറ സാമാന്യവിമർശനത്തിൻെറ സമയം എപ്പോഴെങ്കിലും പുറപ്പെടുവിക്കാവുന്ന ഒന്നാണ. സാമാന്യവിമർശനം അവസാനിച്ചിട്ടുമില്ലല്ലോ. അതുകൊണ്ടു മിസ്റ്റർ ആശാൻെറ വാദം നടപടിക്രമത്തിനു വിരുദ്ധമല്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): റെഗുലേഷൻെറ ൧൬ (൧)-ാംവകുപ്പു ഇപ്രകാരമാണ. വിഷയംസംബന്ധിച്ചു മററും ഈ റെഗുലേഷൻ പ്രകാരം നമ്മുടെ ഗവണ്മെൻറ ഉണ്ടാക്കുന്ന ചട്ടങ്ങളിലെ ക്ലിപ്തങ്ങളനുസരിച്ചു ബഡ്ജററിനെസംബന്ധിച്ചു വിമർശനംചെയ്യാം. ബഡ്ജററിൻെറ സാമാന്യവിമർശനത്തെസംബന്ധിച്ചു ഒരു ചട്ടമേയുള്ളു. അതു ൪൫-ാംചട്ടമാകുന്നു. അതിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. ബഡ്ജററ ഹാജരാക്കിയതിൻെറശേഷം അതിനെപ്പററി സാമാന്യമായിവിമർശനം ചെയ്യുന്നതിനും അതിൽ അടങ്ങിയ തത്വങ്ങളെ സംബന്ധിച്ചു നിരൂപണംചെയ്യുന്നതിനും ദിവാൻ നിശ്ചയിക്കുന്ന ദിവസമോ ദിവസങ്ങളിലോ അങ്ങനെചെയ്യാൻ സഭയ്ക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കും. എന്നാൽ ആസമയം ഏതു പ്രമേയം ഹാജരാക്കാനോ വല്ലവാദത്തെയുംസംബന്ധിച്ചു സഭയെക്കൊണ്ടു വോട്ടുചെയ്യിക്കാനോ യാതൊരു മെമ്പറിനും അവകാശമുണ്ടായിരിക്കയില്ല. ബഡ്ജററിൻെറ സാമാന്യവിമർശനത്തിൽ മെമ്പറന്മാരുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ക്ലിപ്തപ്പെടുത്തുന്ന വ്യവസ്ഥകൾ റെഗുലേഷനിലും ചട്ടങ്ങളിലും ഇവമാത്രമാണ.

ഇനിയൊരു സംഗതിയുള്ളതു സഭയുടെ ചില യോഗങ്ങളിൽ തീവണ്ടിയെസംബന്ധിച്ച ചിലകാര്യങ്ങൾ ഇവിടെ വാദപ്രതിവാദവിഷയമായിട്ടുണ്ടെന്നും അപ്പോൾ ഉദ്യോഗസ്ഥമെമ്പർമാരുടെയാകട്ടെ പ്രസിഡൻറിൻെറയാകട്ടെ യാതൊരുവിരോധവും ഉണ്ടായിട്ടില്ലെന്നുമുള്ളതാകുന്നു. തിരുവിതാംകൂർ നിയമസഭാ പ്രൊസീഡിംഗ്സ് മൂന്നാംവാല്യംനോക്കിയാൽ ബഡ്ജററിൻെറ സാമാന്യവിമർശനത്തിൽ മിസ്റ്റർ ജാൺമാക്കി തീവണ്ടിയെസംബന്ധിച്ചു നടത്തയെപ്പററി മാത്രമേ സംസാരിച്ചുള്ളു എന്നും അദ്ദേഹത്തിൻെറ തീവണ്ടിയെ സംബന്ധിച്ച ആക്ഷേപങ്ങൾക്കു ഗവണ്മെൻറ മെമ്പർ മറുപടിപറഞ്ഞു എന്നും കാണാം. തിരുവിതാംകൂർ നിയമസഭാ പ്രൊസീഡിംഗ്സ് ൩-ാംവാല്യം ൧൯൯ മുതൽ ൨൦൧ വരെപുറങ്ങൾ വായിച്ചാൽ ഇതറിയാം. റെയിൽവെസംബന്ധിച്ചകാര്യങ്ങളെപ്പററി സംസാരിക്കുന്നതു വിരോധിച്ചിട്ടുള്ളതു ൧൬ (൪) വകുപ്പാണ. അതു വരവുചെലവു ചെയ്യുന്നതിനെപ്പററി മാത്രവുമാകുന്നു. വരവുസംഖ്യ എങ്ങനെ ചെലവുചെയ്യണമെന്നുള്ളതു സഭയുടെ വോട്ടിനു വിഷയമാക്കാൻ പാടില്ലെന്നും ബഡ്ജററിനെപ്പററി ആലോചിക്കുമ്പോൾ അതു വാദവിഷയമാക്കാൻ പാടില്ലെന്നും ആകുന്നു ആ വകുപ്പിൽ പറഞ്ഞിട്ടുള്ളതു. ഇങ്ങനെ ആ വകുപ്പു വരവുമുതൽ എങ്ങനെവിനിയോഗിക്കണമെന്ന ഗവണ്മെൻറിൻെറ തീർച്ചയെ മാത്രമേ സംബന്ധിക്കുന്നുള്ളു എന്നു സ്പഷ്ടമാണ. റെഗുലേഷൻ ൧൬-ാംവകുപ്പുപ്രകാരം സഭയുടെ ആലോചനയിൽനിന്നു ഒഴിവാക്കപ്പെട്ടിട്ടുള്ള സംഗതികളിൽ ചെയ്യുന്ന ചെലവുകളെപ്പററിമാത്രമാകുന്നു (൪)-ാംഉപവകുപ്പിൻെറ ൧-ാംഭാഗത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതു. സഭയ്ക്കു ആലോചനാവിഷയമാക്കാൻ പാടില്ലാത്ത ചിലവുകളെമാത്രമേ അതുസംബന്ധിക്കുന്നുള്ളു.

റെഗുലേഷനും ചട്ടങ്ങളുംപ്രകാരം ബഡ്ജററിനെസംബന്ധിച്ചുള്ള സാമാന്യവിമർശനവേളയിൽ റെയിൽവെകാര്യങ്ങളെപ്പററിയും സംസാരിക്കാൻ ഈ സഭാമെമ്പർമാർക്ക പൂർണ്ണാധികാരമുണ്ടെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. സഭയുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും സംബന്ധിച്ചുള്ള ഈ ചട്ടങ്ങളെ മെമ്പർമാരുടെ അവകാശങ്ങൾക്കു ന്യൂനതവരാത്തവണ്ണം ഉദാരമതിയോടെ വ്യാഖ്യാനിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ സഭയുടെ അവകാശങ്ങളുടെ സംരക്ഷകൻ എന്നനിലയിൽ താങ്കൾ മെമ്പർമാർക്ക റെയിൽവെകാര്യങ്ങളെപ്പററിയും വിമർശനംചെയ്യാൻ അവകാശമുണ്ടെന്നസ്ഥാപിച്ചു ഒരുത്തരവു പാസ്സാക്കണമെന്നു അപേക്ഷിക്കയും——

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): മിസ്റ്റർ ആശാൻ കൊണ്ടുവന്നിട്ടുള്ള വാദത്തെപ്പററി മറുപടി തരുവാൻ കഴിയുമെന്നാണെങ്കിലും, അങ്ങനെ തന്നെ ചെയ്യേണ്ടതാകുന്ന അതിനെ ഇവിടെ പ്രസ്താവിച്ചത്, ഈ വിഷയം എത്രയോ മുമ്പ് പ്രെസിഡെന്റ മിസ്റ്റർ രാഘവയ്യാവർകൾ തന്നെ ഈ സഭയുടെ ആലോചനയ്ക്കു വിഷയമായതാകുന്നു എന്നാണു എന്റെ ഓർമ്മ. ഭരണത്തെപ്പറ്റിയുള്ള കാര്യങ്ങളെപ്പററി വാദപ്രതിവാദം ചെയ്യുവാൻ പാടില്ലെന്നും അദ്ദേഹം സ്പഷ്ടമായി തീർച്ചയാക്കിയിട്ടുണ്ട്. മിസ്റ്റർ ആശാൻ ഉദ്ധരിച്ച റഗുലേഷന്റെ ൧൧-ാം വകുപ്പിന്റെ ൪-ാം ഉപവകുപ്പാണു ആ തീർച്ചയ്ക്കു ആധാരം. റഗുലേഷൻ ൧൧-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെസംബന്ധിച്ചുള്ള ചെലവു വാദവിഷയമാക്കാൻ പാടില്ലെന്നു അതിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൧-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഇനത്തിൽനിന്നുള്ള വരവു ഈ സഭയിൽ വാദപ്രതിവാദത്തിനു വിഷയമാക്കാമെന്നു മെമ്പർ സമ്മതിക്കുന്നുണ്ടോ.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല. ൧൧-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ഇനങ്ങളെസംബന്ധിച്ചുള്ള വരവും ഇവിടെ വാദവിഷയമാക്കാൻ പാടില്ലെന്നു ഞാൻ വിചാരിക്കുന്നു

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വരവു ചെലവു ചെയ്യുന്നതിനെമാത്രമേ ൪-ാം ഉപവകുപ്പു ബാധിക്കുന്നുള്ളു എന്നു മെമ്പർ സമ്മതിക്കുന്നുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല. ഞാൻ അതു സമ്മതിക്കുന്നില്ല. ആ വകുപ്പിൽ ഇങ്ങനെ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. "ബഡ്ജറ്റിനെപ്പററി ആലോചിക്കുമ്പോൾ അവ ഈ സഭയിൽ വാദവിഷയമാകാൻ പാടില്ല". ഇപ്പോൾ ബഡ്ജററു ആലോചനയിൽ ഇരിക്കുന്നു. അതുകൊണ്ടു ഈ കാര്യങ്ങൾ വാദവിഷയമാക്കാൻ പാടില്ല.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): "അവ" എന്ന പദം 'ചെലവുകളെ'യാണു സൂചിപ്പിക്കുന്നതെന്നു മെമ്പർക്കു തോന്നുന്നില്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല, ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. ൪-ാം ഉപവകുപ്പു ഇങ്ങനെയാണു "താഴെപറയുന്ന കാര്യങ്ങളെസംബന്ധിച്ചുണ്ടാകുന്ന വരവുകളെയും പണങ്ങളെയും ചെലവുചെയ്യുന്ന കാര്യത്തിൽ ഗവണ്മെന്റിന്റെ ആലോചനകൾ ... ..., ബഡ്ജററിനെപ്പററി ആലോചിക്കുമ്പോൾ അവ ഈ സഭയിൽ വാദവിഷയമാക്കാനും പാടില്ല"

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): "അവ" എന്ന പദം എന്തിനെയാണു സൂചിപ്പിക്കുന്നതു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): "അവ" പ്രത്യക്ഷമായി "താഴെപറയുന്ന കാര്യങ്ങളെ"യാണു സൂചിപ്പിക്കുന്നതു. എന്നാൽ ഇക്കാര്യം ഒരിക്കൽ തീർച്ചയാക്കിയതാകയാൽ വീണ്ടും അതിനെപ്പററി ആലോചിക്കാൻ കാരണമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

പ്രസിഡെന്റ: നിങ്ങൾ പറയുന്നതീർച്ച എവിടെയുണ്ടെന്നു പറഞ്ഞുതരാമോ, മിസ്റ്റർ പരമേശ്വരൻപിള്ളേ.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഉവ്വ്. സർ, അതു ൧-ാം വാല്യം ൧൩൯-ാംപുറത്താണ്. ൪-ാംവാല്യം ൧൨൨-ാംപുറത്തുമുണ്ടു

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മാന്യമെമ്പർ ദയവുചെയ്തു അതു വായിക്കാമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ൪-ാംവാല്യം ൧൨൨-ാം പുറമോ?

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതുസംബന്ധിക്കുന്നതു ... ,,,... ... ...

പ്രസിഡെന്റ: അല്പം ക്ഷമിക്ക മിസ്റ്റർ ആശാൻ, നിങ്ങൾ അതു വായിക്കാൻ അദ്ദേഹത്തോടു ആവശ്യപ്പെട്ടു. അദ്ദേഹം വായിക്കാൻപോകയുമാണു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഒടുവിലത്തെ ഉത്തരവു ൪-ാംവാല്യത്തിലാണു. ൧-ാംവാല്യം ആണല്ലോ മുമ്പുള്ളതു. അതുകൊണ്ടു അതു ആദ്യം വായിക്കാം അതു ഇപ്രകാരമായിരുന്നു.

"മി. വി. സബ്ബയ്യർ: സർ, നടപടിക്രമം സംബന്ധിച്ചു ഒന്നു പറവാൻ അനുവദിക്കുമോ? ദേവസ്വം ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തെപ്പററി മെമ്പർക്കു വിമർശനം ചെയ്യാൻ പാടില്ല.

മി. ജെ. ജാൺനിധീരി: സർ, ഞാൻ ദേവസ്വഭരണത്തെപ്പററി വിമർശനം ചെയ്കയല്ല ചെയ്യുന്നതു.

പ്രസിഡെന്റ: അതിനെപ്പററി യഥേഷ്ടം വല്ലതും സംസാരിക്കാം. എന്നാൽ ആ ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തെപ്പററി വിവരമായി വിമർശനം ചെയ്യരുതു".

ഇനി ൪-ാംവാല്യത്തിൽ പ്രസിഡെന്റ ഒരു സാമാന്യപ്രസ്താവം ചെയ്കയാണു ചെയ്തിട്ടുള്ളത്. അതും ഞാൻ വായിച്ചു കേൾപ്പിക്കാം.

"പ്രസിഡെന്റ: ഒരു സംഗതി സഭയോടു പറയാം. സഭാമുമ്പാകെയുള്ള പ്രമേയത്തെപ്പററിയുള്ള വാദത്തോടു അതിനു തുല്യമായ ഒരു ബന്ധമില്ല. ദേവനെ നിയമിക്കുന്ന കാര്യവും എക്സിക്യൂട്ടീവ് കൌൺസിൽ രൂപീകരിക്കുന്നകാര്യവും രാജാവിന്റെ അധികാരത്തിൽപെട്ടവയാണെന്നു സഭയെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ഇക്കാര്യങ്ങളെസംബന്ധിച്ചുള്ള നിവേദനങ്ങൾ രാജസന്നിധിയിൽ സമർപ്പിക്കയും രാജാവു അവയെപ്പററി ആലോചിക്കയും ചെയ്യരുതെന്നു പറയണമെന്നില്ലല്ലോ. എന്നാൽ അവ ഈ സഭയിൽ വാദപ്രതിവാദത്തിനു വിഷയമാക്കാൻ പാടില്ല. അവയെപ്പററി നിങ്ങൾ മിണ്ടിപ്പോകരുതെന്നല്ല ഞാൻ പറയുന്നതു. അവയെപ്പററി ദീർഘമായി വിമർശനം ചെയ്യുന്നതു ശരിയല്ല. ഒരു എക്സിക്യൂട്ടീവ് കൌൺസിൽ രൂപീകരിക്കുന്നതിനെപ്പററി

ക്കൊണ്ടുവന്ന പ്രമേയങ്ങൾ ഞാൻ അനുവദിക്കാതെ അക്കാര്യം രാജാവിന്റെ അവകാശത്തിൽ പെട്ടതാകകൊണ്ടാകുന്നു."

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മിസ്റ്റർ ആശാൻ ഇപ്പോൾ പുറപ്പെടുവിച്ച വാദത്തെ സംബന്ധിക്കുന്ന ഒരു തീർച്ചയാണോ അതു?

മി. കയ്യാലക്കൽ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതെ, എന്തുകൊണ്ടെന്നാൽ രാജാവിന്റെ അവകാശത്തിൽപെട്ട കാര്യങ്ങളെസംബന്ധിച്ചും റയിൽവേസംബന്ധിച്ചും ഒരു ചട്ടംതന്നെയാണുള്ളതു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നിയമസഭാപ്രൊസീഡിംഗ്സ് ൨-ാംവാല്യം ൩൭൭, ൭൭൮, ൪൭൩, ൩൬൪, ൬൪൩, ൨൦൬ എന്നീ പുറങ്ങൾ മെമ്പർ ഒന്നു വായിക്കുമോ?

മി. കയ്യാലക്കൽ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ആ പുറങ്ങളിൽ വാദസംഗതിയെപ്പറ്റി വല്ല തീർച്ചയും ഉണ്ടെന്നു മിസ്റ്റർ ആശാൻ പറയാത്തപക്ഷം ഞാൻ അങ്ങനെ ചെയ്യാൻ വിചാരിക്കുന്നില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഞാൻ ബോധിപ്പിക്കുന്നതു, —

പ്രസിഡന്റ്. അതു എന്തിനെപ്പറ്റിയാണെന്നു പറയുന്നതിനെന്താവിരോധം മിസ്റ്റർ ആശാൻ;

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അദ്ദേഹം ലാമെമ്പറാകയാൽ അദ്ദേഹത്തിന്നറിയാമെന്നു ഞാൻ വിചാരിച്ചുപോയി.

൨-ാംവാല്യം ൩൭൭ ൭൭൮ പുറങ്ങളിൽ ബഡ്ജറ്റിനെപ്പറ്റി മിസ്റ്റർ ജോൺ ചാക്കോയുടെ പൊതുവിമർശനമാണുള്ളതു. അദ്ദേഹം തീവണ്ടിക്കാര്യത്തെപ്പറ്റിമാത്രമേ സംസാരിക്കുന്നുള്ളു. തീവണ്ടിക്കാര്യം വിമർശനവിഷയമാക്കാൻ പാടില്ലെന്നു ആരെങ്കിലും നടപടിക്രമത്തെ സംബന്ധിച്ചു ആക്ഷേപം ആരോപിച്ചതായികാണുന്നില്ല. മിസ്റ്റർ പത്മനാഭപിള്ള, മിസ്റ്റർ മാധവവാര്യർ മുതലായി വേറെമെമ്പർമാരും തീവണ്ടിയെപ്പറ്റി സംസാരിച്ചു. എന്നിട്ടും നടപടിക്രമത്തിനു വിരുദ്ധമാകുന്നെന്നു ആരും പറഞ്ഞില്ല. പ്രസിഡന്റിന്റെ ഉത്തരവു യഥാർത്ഥത്തിൽ ലാമെമ്പർ ഉത്തരവാദനിരാകരണംചെയ്തിട്ടുള്ള പ്രസ്താവന ഗ്രാന്റു കുറയ്ക്കണമെന്നുള്ള ഒരു ഉപക്ഷേപം കൊണ്ടുവന്നപ്പോളായിരുന്നു. ബഡ്ജറ്റിനെപ്പറ്റിയുള്ള സാമാന്യവിമർശനസമയത്തല്ലായിരുന്നു പാസ്സാക്കിയതു. അതുകൊണ്ടു ആ ഉത്തരവു സാമാന്യവിമർശനസമയത്തു ആ വിഷയത്തെപ്പറ്റി സംസാരിക്കുന്നതിനു ബാധകമല്ല.

മി. കയ്യാലക്കൽ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): മിസ്റ്റർ രാഘവയ്യാ പ്രസ്താവിച്ചതു പ്രമേയങ്ങളെ സംബന്ധിച്ചുമാത്രമല്ല. അപ്പോൾ സഭയിൽ വാദവിഷയമായിരുന്ന പ്രമേയത്തോടു അതിനു പൂർണ്ണസംബന്ധമില്ലെന്നു അദ്ദേഹംതന്നെ പറഞ്ഞു. അദ്ദേഹം പ്രസ്താവിച്ചതു ഒരു സാധാരണ തത്വമായിട്ടായിരുന്നു. ഏതെങ്കിലും ഉപക്ഷേപത്തെപ്പറ്റി പ്രത്യേകമായിട്ടല്ലായിരുന്നു.

പ്രസിഡന്റ്. എന്റെ ഉത്തരവിന്റെസാരം ഇപ്പോൾ പറയാം. ഉത്തരവിനുള്ള കാരണങ്ങൾ നാളെ സവിസ്തരം പ്രസ്താവിക്കാം. നിയമസഭാറഗുലേഷൻ ൧൧-ാംവകുപ്പിൽ ഉൾപ്പെടുത്തിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചു ഈ സഭയിൽ യാതൊരു വിമർശനവും ചെയ്യാതിരിക്കയാണ് ശരിയായനടപടിയെന്നു എനിക്കു തോന്നുന്നു. എന്നാൽ ബഡ്ജറ്റിനെപ്പറ്റിയുള്ള സാമാന്യവിമർശനസമയത്തു അങ്ങനെയുള്ള വിഷയങ്ങളെപ്പറ്റി അല്പമായി സംസാരിക്കാൻ മെമ്പർമാരെ ചിലപ്പോൾ അനുവദിക്കാറുണ്ടെന്നു നിയമസഭാറിപ്പോർട്ടു ൨-ാംവാല്യത്തിലെ ഉത്തരവുകൊണ്ടു കാണുന്നു. എന്നാൽ അതു പ്രസിഡന്റിന്റെ ഉദാരതകൊണ്ടു മാത്രമാണ്. എന്നാൽ ഏതെങ്കിലും മെമ്പർ അങ്ങനെയുള്ള വിഷയത്തെസംബന്ധിച്ചു വാദപ്രതിവാദത്തിന്നാരംഭിക്കുന്നതായികണ്ടാൽ അങ്ങനെയുള്ള വാദം പ്രസിഡന്റ് വിരോധിക്കുന്നതായിരിക്കും. അങ്ങനെയുള്ള വിഷയങ്ങളെപ്പറ്റി പ്രസംഗമദ്ധ്യേ അല്പമായി സംസാരിക്കുന്നതിനു ചിലപ്പോൾ അനുവദിക്കും. വാദപ്രതിവാദം സമ്മതിക്കയില്ല.

മി. മാത്യു മുരിക്കൻ (മീനച്ചിൽ): സർ, ഫൈനാൻഷ്യൽസെക്രട്ടറി ഹാജരാകിയ—

പ്രസിഡന്റ്. ബഡ്ജറ്റിനെപ്പറ്റിയുള്ള സാമാന്യവിമർശനം തുടങ്ങുന്നതിനുമുമ്പായി എനിക്കൊരു ചില്ലറജോലിയുണ്ടു.

സാമാന്യവിമർശനം ആരംഭിക്കുന്നതിനുമുമ്പായി ൧൧൦൭-ലെ സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മിററി മെമ്പർമാരായി മൂന്നു അനുദ്യോഗസ്ഥമെമ്പർമാരെ ഈ സഭ തിരഞ്ഞെടുക്കണമെന്നു ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ആഗസ്റ്റ് ൨൩-നു വ്യാഴാഴ്ച വൈകിട്ടു സഭ പിരിഞ്ഞശേഷം അനുദ്യോഗസ്ഥമെമ്പർമാർ ഡിപ്യൂട്ടിപ്രസിഡന്റിന്റെ അഗ്രാസനാധിപത്യത്തിൽ യോഗംകൂടി ആ കമ്മിററിമെമ്പർമാരായി മൂന്നുപേരെ തിരഞ്ഞെടുക്കണം.

ബഡ്ജറ്റിനെപ്പറ്റിയുള്ള സാമാന്യവിമർശനം സഭ ഇപ്പോൾ വീണ്ടും ആരംഭിക്കാം.

ബഡ്ജറ്റിനെസംബന്ധിച്ചുള്ള സാമാന്യ വിമർശനം.

മി. മാത്യു മുരിക്കൻ (മീനച്ചിൽ): ഫൈനാൻഷ്യൽസെക്രട്ടറി ൨൭൯൨ ലക്ഷം രൂപ വരവും ആ വരവിൽനിന്നു ൨൭൭൯ ലക്ഷം രൂപ ചെലവും ൧൩ ലക്ഷം രൂപ കെട്ടിയിരിപ്പുംകാണിക്കുന്ന ഒരു കണക്കാകുന്നു നമ്മുടെമുമ്പാകെ ഹാജരാക്കിട്ടുള്ളതു. ഡിപ്യൂട്ടിപ്രസിഡന്റ് ഇന്നലെ പ്രസ്താവിച്ചപ്രകാരം ചിലവുകഴിച്ചു കെട്ടിയിരിപ്പുകാണിക്കുന്ന ഒരു ബഡ്ജറ്റിന്റെ ന്യായാന്യായങ്ങളെപ്പറ്റി ഒരു വാദം ആരംഭിക്കാൻ ഞാൻ വിചാരിക്കുന്നില്ല. എന്നാലും അർത്ഥശാസ്ത്രപട്ടന്മാരും പ്രമാണങ്ങളുമനുസരിച്ചു ബഡ്ജറ്റു പരിശോധിച്ചുനോക്കുമ്പോൾ ഫൈനാൻഷ്യൽസെക്രട്ടറിയെ അഭിനന്ദിക്കാൻ ഞാൻ മാർഗ്ഗംകാണുന്നില്ല. ബഡ്ജറ്റിനെപ്പററി വിമർശനംചെയ്യുമ്പോൾ മുഖ്യമായിനോക്കേണ്ടതു സംസ്ഥാനത്തിന്റെ സാധാരണവരവു വർദ്ധിപ്പിക്കാൻ വല്ല മാർഗ്ഗങ്ങളും അതിൽ നിർദ്ദേശിച്ചിട്ടുണ്ടോ, ചെലവുകുറയ്ക്കാൻ വല്ലഉപായങ്ങളും സൂചിപ്പിച്ചിട്ടുണ്ടോ, ആ ചെലവു എന്നു ഇനങ്ങൾക്കായി അവയുടെ പ്രാധാന്യമനുസരിച്ചു ന്യായമായി വിഭജനംചെയ്തിട്ടുണ്ടോ എന്നാകുന്നു. ഈ പ്രമാണമനുസരിച്ചു വീക്ഷണംചെയ്യുമ്പോൾ ഈ ബഡ്ജറ്റു തൃപ്തികരമായി തോന്നുന്നില്ലെന്നു സംശയംകൂടാതെ

ഞാൻ പറഞ്ഞുകൊള്ളുന്നു. ഈ ബഡ്ജറ്റ് തയ്യാറാക്കിയതു ഒരു നയമനുസരിച്ചല്ലെന്നു കാണുന്നതുകൊണ്ടു ഞാൻ വ്യസനിക്കുന്നു. ബഡ്ജറ്റു തയ്യാറാക്കിയവർ ഏതെങ്കിലും പ്രമാണമനുസരിച്ചു അതു തയ്യാറാക്കിയതായി കാണുന്നില്ല. ഈ ബഡ്ജറ്റ് കേവലം അങ്കങ്ങളാണ്. പുതിയ യത്നത്തിന്റെയെങ്കിലും സൂചനപോലും അതിലില്ല. വരുന്നവർഷത്തിൽ ഉണ്ടാകുമെന്നു സങ്കല്പിക്കുന്ന ചിലവു ഈ നാട്ടിലെ ചിലവിനെ തന്നെ അംഗീകരിക്കുന്നതിനാൽ സമാധാനം പറയേണ്ടുന്ന ഇനങ്ങൾ ഒന്നുമില്ല. ഫൈനാൻസ് മെമ്പർ ഈ കാപട്യം കൂടാതെ സമ്മതിക്കുന്നതുകൊണ്ടു അടിസ്ഥാനമില്ലാത്ത അനുമാനങ്ങളെ ... ബഡ്ജറ്റ് കാര്യക്ഷമതയോടു തയ്യാറാക്കി എന്നു പറഞ്ഞു അടിസ്ഥാനമില്ലാത്ത അനുമാനങ്ങൾ ... ബഡ്ജറ്റ് തയ്യാറാക്കിട്ടുള്ളതു ഈ ... ബഡ്ജറ്റിനെ ... വിമർശനത്തിൽ ഈ സാധനിയാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപെടുത്താൻ ആഗ്രഹിക്കുന്നതു. ... രാജ്യത്തിന്റെ പണിവുള്ള വരവുചെലവ് ... ഫൈനാൻസ് സെക്രട്ടറി ... എന്നുള്ള ഒന്നാമത്തെ ചോദ്യം ... സംബന്ധിച്ചു എക്സൈസ് ... കൂടുതൽ പ്രതീക്ഷിക്കാവുന്നതാണെന്നു അദ്ദേഹം പ്രയത്നിച്ചായി പറയുന്നുണ്ടു. എക്സൈസ് വരവിനെ നമ്മുടെ ഗവണ്മെന്റ് പ്രധാനമായി ആശ്രയിച്ചു ... എനിക്കു ലജ്ജതോന്നുന്നു. ദോഷപൂർണ്ണമായ ഈ വരവിനെ നമ്മുടെ ഗവണ്മെന്റ് ... തിരുവിതാംകൂർ ... ലക്ഷങ്ങൾ സമ്പാദിക്കുമായിരുന്നു. മദ്യപാനനിരോധനം എന്നു സ്വീകരിക്കുമെന്നു ഡിപ്യൂട്ടി പ്രസിഡന്റ് ഇന്നലെ പ്രസ്താവിച്ചതുപോലെ നമുക്കൊരു വിചാരവുമില്ല. മദ്യപാനനിരോധനം നാളെത്തന്നെ നടപ്പിൽ വരുത്തണമെന്നു ഞങ്ങൾ ആശിക്കുന്നില്ല. എന്നാൽ ... വർഷം കൊണ്ടെങ്കിലും അതു നടപ്പിൽ വരുത്തണമെന്നായിരിക്കണം നമ്മുടെ ലാക്ക്.

ഇനിയും ചുങ്കംവരവിൽ വർദ്ധനവുണ്ടാകുമെന്നു ഫൈനാൻസ് സെക്രട്ടറി പ്രതീക്ഷിക്കുന്നു. അതിനു അദ്ദേഹം മഴയുടെ ആനുകൂല്യത്തെ ആശ്രയിച്ചു കാണുന്നതു രസം തന്നെ. ഇങ്ങനെയുള്ള അടിസ്ഥാനത്തിന്മേലാണ് അദ്ദേഹം തന്റെ കണക്കുകൾ സ്ഥാപിച്ചിട്ടുള്ളതു.

ഭൂനികുതിവരവിനെപ്പറ്റി ആലോചിച്ചാൽ നികുതിചുമത്താവുന്നതിന്റെ പരമാവധിയെ നാം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു എന്നു ഞാൻ ഗവണ്മെന്റിനെ പ്രബോധിപ്പിച്ചുകൊള്ളുന്നു. ഭൂനികുതി വർദ്ധിപ്പിക്കാൻ നിവൃത്തിയില്ല. ൧൧൨൯-ാമാണ്ടു യഥാർത്ഥവരവു ... രൂപ ആയിരുന്നു. ഈ വർഷത്തിൽ നമ്മുടെ ഗവണ്മെന്റ് പ്രതീക്ഷിച്ചിട്ടുള്ളതു ... രൂപയാകുന്നു. ഈ ഇനത്തിൽ വരവു ചുരുങ്ങിക്കാണുന്നു. ഇതിനെ സംബന്ധിച്ചു ആക്ഷേപിക്കാൻ മാർഗ്ഗമില്ല. ആശ്വാസത്തിനു വഴിയുമില്ല.

ഇനിയത്തെ വിഷയം ചിലവുചുരുക്കാൻ നമ്മുടെ ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് വല്ല മാർഗ്ഗവും കണ്ടുപിടിക്കാൻ ശ്രമിക്കുന്നുണ്ടോ എന്നാണ്. സംഖ്യകൾ നോക്കിയാൽ അനുമാനിക്കാം. നമ്മുടെ ചിലവു ചുരുക്കണമെന്നു, പ്രത്യേകമായി വലിയ ഉദ്യോഗങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കണമെന്നു ഈ സഭയിൽ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ ഈ ഇനങ്ങൾ സഭയ്ക്കു വോട്ടുചെയ്യാൻ അവകാശമില്ലാത്തവയാണ്. നമുക്കവയെ സംബന്ധിച്ചു ഒന്നും ചെയ്യാൻ പാടില്ല, വല്ലതും നാം ചോദിക്കുന്നുമില്ല. എന്നാൽ ബഡ്ജറ്റിലെ വോട്ടുചെയ്യാവുന്ന ഇനങ്ങളെ പരിശോധിച്ചുനോക്കാം. ൧൧൨൩-ാമാണ്ടു ഭൂനികുതിസംബന്ധിച്ചു ചിലവു ... രൂപയാകുന്നു.

൧൧൨൯-ലെ എസ്റ്റിമേററ് ... രൂപയായിരുന്നു.

വനംഇനത്തിൽ ൧൧൨൩-ൽ ചിലവു ... രൂപയാകുന്നു.

൧൧൨൯-ൽ അതു ... രൂപയാകുന്നു.

എക്സൈസ് ഇനത്തിൽ ൧൧൨൩-ൽ ചിലവു ... രൂപയായിരുന്നു.

൧൧൨൯-ൽ അതു ... രൂപാ ആകുന്നു.

രജിസ്ട്രേഷൻ ഇനത്തിൽ ൧൧൨൩-ൽ ചെലവു ... രൂപാ ആയിരുന്നു.

൧൧൨൯-ൽ അതു ... രൂപാ ആകുന്നു.

അഞ്ചൽ ഇനത്തിൽ ൧൧൨൩-ൽ ചെലവു ... രൂപാ ആയിരുന്നു.

൧൧൨൯-ൽ അതു ... രൂപാ ആകുന്നു.

ഈ സംഖ്യകൾ അനുമാനത്തിനു മതിയാകും. ഇതുകൊണ്ടു ആശ്വാസത്തിനൊരു വഴിയും ഇല്ല. എല്ലാ ആണ്ടിലും വരവു വർദ്ധിപ്പിക്കാൻ മാർഗ്ഗമൊന്നും കാണാതെ നമ്മുടെ ചെലവു വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. വരവു വർദ്ധിപ്പിക്കാൻ ഗവണ്മെന്റ് ഒരു മാർഗ്ഗവും കണ്ടിട്ടില്ല. ഗവണ്മെന്റ് എല്ലാ ധനാഗമമാർഗ്ഗങ്ങളേയും പരിശോധിച്ചു ഉപയോഗപ്പെടുത്തേണ്ടതാകുന്നു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. തിരുവിതാംകൂർ പ്രജകളിൽ ഒരാൾ എന്നനിലയിൽ ഈ കാര്യങ്ങൾ പണ്ടത്തേതിലധികം പ്രബലതയോടെ ... ആലോചനയ്ക്കു വിഷയമാകുമെന്നു എനിക്കു നിശ്ചയമുണ്ട്. റെയിൽവേകാര്യങ്ങളെപ്പററി സംസാരിക്കാൻ ഞങ്ങൾക്കു അനുവാദമില്ല. എന്നാൽ അതു ഗാഢമായ ആലോചനയ്ക്കു വിഷയമാകേണ്ടതാകുന്നു. ഭൂനികുതിയെ സംബന്ധിച്ചു ഒരു പുതിയ കണ്ടെഴുത്തും ഗവണ്മെന്റിന്റെ ശ്രദ്ധാവിഷയമാകണം. തൽക്കാലം ചില പ്രയാസങ്ങൾ ഉണ്ടായിരിക്കാം. ഒരു റീ സർവെ വേണ്ടിവരും; അതിനുള്ള ചെലവു ചെയ്യാൻ തയ്യാറായിരിക്കണം. അല്ലാതെ നിവൃത്തിയില്ലല്ലോ. വരവു വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഇവയാണ് എനിക്കു പറയാനുള്ള ചില സംഗതികൾ.

ചെലവു ഇനങ്ങളുടെ പ്രാധാന്യമനുസരിച്ചു വിതരണം ചെയ്യണമെന്നുള്ള കാര്യത്തിൽ നിയമങ്ങളോ ചട്ടങ്ങൾ പ്രകാരം വോട്ടുചെയ്‌വാൻ പാടില്ലാത്ത വിഷയങ്ങളെ സംബന്ധിച്ചു എനിക്കു സംസാരിക്കാൻ പാടില്ലല്ലോ. ബഡ്ജററിനെ വ്യവച്ഛേദം ചെയ്തു അംശാംശമായി പരിശോധിക്കാനോ ആക്ഷേപിക്കാനോ സാധിക്കയില്ലെന്നു എനിക്കു തോന്നുന്നു. വോട്ടു ചെയ്‌വാൻ പാടില്ലാത്ത ഇനങ്ങളെപ്പററി സംസാരിക്കാൻ അനുവാദമില്ലാത്തെടത്തോളം ആക്ഷേപങ്ങൾ പുറപ്പെടുവിക്കാൻ കഴികയില്ല. ഞങ്ങൾ വിദഗ്ദ്ധന്മാരല്ലെന്നുള്ളതു സത്യം തന്നെ, എങ്കിലുമയാലും ഞങ്ങളുടെ ആക്ഷേപം പൂർണ്ണമായിരിക്കയില്ല. പൂർണ്ണപരിശോധനയ്ക്കവകാശമില്ലാത്തതിനാൽ ഞങ്ങളുടെ ആക്ഷേപങ്ങളെ ഉദാരതയോടെ ആലോചിക്കണം. പ്രാഥമികവിദ്യാഭ്യാസത്തിനു അധികം സഹായധനം അനുവദിക്കണമെന്നു എനിക്കു ശിപാർശയുണ്ട്. നാട്ടുഭാഷാവിദ്യാഭ്യാസത്തിനു ഗ്രാൻ

ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. പ്രാഥമികവിദ്യാഭ്യാസത്തിനു ഞാൻ കൂടുതൽ സഹായം അപേക്ഷിച്ചുകൊള്ളുന്നു. തിരുവിതാംകൂറിൽ അജ്ഞതയും അനുഗ്രഹമാണെന്നു ഞങ്ങൾ വിചാരിക്കുന്നുണ്ടെന്നു ചിലർ പറയാറുണ്ട്. ജ്ഞാനം വിപ്ലവകരമായിരിക്കുമ്പോൾ അജ്ഞതയും അനുഗ്രഹമായിരിക്കും. ഇവിടെ അനവധി ജയിലുകൾ ഉണ്ടെന്നും അതു രാജ്യത്തിനു ഭയപ്പെടുവാനുണ്ടെന്നും ഗവർമ്മെന്റു പറയുന്നുണ്ട്. എങ്കിലും സാധുസംരക്ഷണത്തിലേയ്ക്കു യാതൊരു സംഖ്യയും അനുവദിച്ചുകാണുന്നില്ല. രാജ്യത്തിന്റെ സാമ്പത്തികപുനരുദ്ധാരണത്തിനു അതു ആവശ്യമാകയാൽ സാധുസംരക്ഷണത്തിനു ഒരു സംഖ്യ അനുവദിക്കണമെന്നു ഞാൻ ശിപാർശ ചെയ്തുകൊള്ളുന്നു. എന്റെ സ്നേഹിതൻ ഇന്നാൾ പറഞ്ഞപ്രകാരം അനാവശ്യകാര്യങ്ങൾക്കു ചിലവാക്കാൻ വേണ്ട വലിയ സംഖ്യകൾ ഉണ്ട്. എന്നാൽ ഉപയോഗമുള്ള കാര്യങ്ങൾക്കു ചെലവു ചെയ്‌വാൻ ഒട്ടും പണമില്ല. അതുകൊണ്ടു അർത്ഥശാസ്ത്രപ്രമാണങ്ങൾ പ്രകാരം ഫൈനാൻസ് ഡിപ്പാർട്ടുമെന്റ ബഡ്ജറ്റ ശരിയായിട്ടാണ് തയ്യാറാക്കിയിട്ടുള്ളതെന്നു തോന്നുന്നില്ല.

സർ, ഗവർമ്മെന്റ ചെയ്യുന്ന ചെലവു ജനങ്ങളുടെ ക്ഷേമത്തിനു എത്രത്തോളം അനുയോജ്യമാണെന്നു പരിശോധിച്ചു നോക്കാം. പരിപോഷണഡിപ്പാർട്ടുമെന്റുകളുടെ അതായതു കൃഷി, വ്യവസായം, പരസ്പരസഹായസംഘങ്ങൾ എന്നീ മൂന്നു ഡിപ്പാർട്ടുമെന്റുകളുടെ സംരക്ഷണത്തിനു താഴെ പറയുന്ന സംഖ്യകളാണു അനുവദിച്ചിട്ടുള്ളതു.

കൃഷിഡിപ്പാർട്ടുമെന്റ	൨,൩൩,൭൯൦ രൂപ
വ്യവസായഡിപ്പാർട്ടുമെന്റ	൧,൭൯,൩൬൩ ,,
പരസ്പരസഹായസംഘങ്ങൾ	൧൪,൦൩൪ ,,
ഡെവലപ്പുമെന്റ ബോർഡ്	൪,൭൧൦ ,,

ഈ ഡിപ്പാർട്ടുമെന്റുകൾക്കു കൂടുതൽ സംഖ്യ അനുവദിക്കണമെന്നാണു എന്റെ പക്ഷം. എന്നാൽ ഇപ്പോഴുള്ള വിധം ഈ ഡിപ്പാർട്ടുമെന്റുകളെ വെച്ചിരുന്നതുകൊണ്ടു വല്ല ഗുണവും ഉണ്ടോ എന്നാണ്. എന്റെ ആക്ഷേപം ആ സംഗതിയെക്കുറിച്ചു മാത്രമല്ല, വേറൊരു സംഗതിയെക്കുറിച്ചും ഉണ്ട്. ഇന്നാൾ ഒരു സാമ്പത്തികസർവെ നടത്തണമെന്നു മി. ആശാൻ അപേക്ഷിക്കയുണ്ടായി, ആ സംഗതി ഈ സഭയുടെ ആലോചനയ്ക്കു എടുത്തപ്പോൾ ആ പദ്ധതി ഒരു ഗഹനകൃത്യമാണെന്നും അതു നടത്തുന്നതിനു ധീരതയും ദീർഘദൃഷ്ടിയും വേണ്ടിവരുമെന്നും ഗവർമ്മെന്റ ഭാഗം പ്രസംഗിച്ച മെമ്പർ പ്രസ്താവിക്കയുണ്ടായി. ഞാൻ പറഞ്ഞതിൽ നിന്നു നമ്മുടെ ഗവർമ്മെന്റിനു യഥാർത്ഥസ്ഥിതികളറിവാൻ ആഗ്രഹമില്ലെന്നു അനുമാനിക്കാം. അതാണു യഥാർത്ഥപ്രയാസം.

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): എന്നെ സംബന്ധിച്ചു ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. മെമ്പർ സംഗതി ശരിയായി പറഞ്ഞിട്ടില്ല. "പ്രമേയം ഹാജരാക്കിയ രൂപത്തിൽ അതായതു രാജ്യം മുഴുവനും ഉൾപ്പെടുത്തി ഒരു വിശാലമായ ഒരു സർവെ നടത്തണമെന്നുള്ളതിലാണ് പ്രയാസം കിടക്കുന്നതു" എന്നാണു ഞാൻ പറഞ്ഞതു.

മി. മാത്യു മുരിക്കൻ (വൈക്കം): ഞാൻ പറയാൻ ഭാവിച്ചതു മുഴുവനും കേൾക്കാൻ മെമ്പർക്കു ക്ഷമയില്ലാതെപോയതുകൊണ്ടു ഞാൻ വ്യസനിക്കുന്നു. അദ്ദേഹത്തെ അറിയാതെ തോല്പിക്കണമെന്നോ അബദ്ധധാരണയുണ്ടാക്കി കാര്യം നേടണമെന്നോ ഞാൻ വിചാരിച്ചില്ല. എന്റെ സങ്കടത്തിനു പരിഹാരമുണ്ടാക്കണമെന്നല്ലാതെ അദ്ദേഹത്തെ ഒളിയമ്പുപ്രയോഗിച്ചു തോല്പിക്കണമെന്നു എനിക്കാഗ്രഹമില്ല.

പ്രൊഫെസർ പറഞ്ഞതു സർവെ മുഴുവനും—

പ്രസിഡെന്റ: ഇവിടെ അദ്ദേഹത്തെക്കുറിച്ചു പറയുന്നതു മെമ്പർ എന്നുവേണം, പ്രൊഫെസർ എന്നല്ല.

മി. മാത്യു മുരിക്കൻ (വൈക്കം): അങ്ങനെ ചെയ്യാം, സർ, രാജ്യം മുഴുവന്റെയും സാമ്പത്തികസർവെ പ്രായോഗികമല്ലെന്നു പറഞ്ഞു ഞങ്ങളുടെ അഭിപ്രായങ്ങൾ അദ്ദേഹം നിസ്സാരമാക്കിക്കളഞ്ഞു. എന്തായാലും ആ പ്രമേയം ഞങ്ങൾ പാസ്സാക്കി. എങ്കിലും ആ പ്രമേയത്തിന്നാകട്ടെ ധനപരിപോഷണബോർഡിന്റെ അഭിപ്രായത്തിന്നാകട്ടെ ഗവർമ്മെന്റിനെ സ്വാധീനത്തിലാക്കാൻ കഴിഞ്ഞിട്ടില്ല. അജ്ഞതയിൽ എന്തോ വലിയ കാര്യം ഉണ്ടെന്നു ഗവർമ്മെന്റ വിചാരിക്കുന്നതുപോലെ തോന്നുന്നു എന്നാകുന്നു എന്റെ പരാതി. എന്നാൽ അങ്ങനെയല്ല.

ഇനി പ്രധാനമായിട്ടുള്ളതു ഈ രാജ്യത്തെ കൃഷിക്കാരുടെ സ്ഥിതിയാണ്. ഈ രാജ്യത്തെ ജനങ്ങളുടെ പ്രധാനതൊഴിൽ കൃഷിയാണ്. കൃഷിക്കാരുടെ സ്ഥിതി ആലോചിച്ചാൽ അവർ പണമിടപാടുകാരുടെയും അന്യായപലിശക്കാരുടെയും പാവകളാണെന്നുകാണാം. ഭൂസ്വത്തുജാമ്യബാങ്കുകൾ സ്ഥാപിക്കണമെന്നും സംസ്ഥാനസർവെ നടത്തണമെന്നും ചില മെമ്പർമാർ ബലമായി വാദിച്ചിട്ടുണ്ട്. അതു വൻകാര്യമാണെന്നും ആലോചിക്കാൻ നിവൃത്തിയില്ലെന്നും ഗവർമ്മെന്റ വിചാരിക്കുന്നതുപോലെ തോന്നുന്നു. ഈ വൻകാര്യങ്ങൾ പൊതുജനങ്ങൾക്കു ഗുണമുള്ളതാണ്. അതുകൊണ്ടു അവയെപ്പറ്റി ആലോചിക്കുക തന്നെ വേണം. ഇപ്പോഴത്തെ ഭരണാധികാരി ഇങ്ങനെയുള്ള കാര്യങ്ങളെ അനുകൂലഭാവത്തോടെ ആലോചിച്ചുവരുന്നില്ലെങ്കിലും വല്ലതും ചെയ്യാൻ തയ്യാറുള്ളതായികാണുന്നതുകൊണ്ടു എനിക്കു വളരെ സന്തോഷമുണ്ട്. ജന്മികുടിയാൻതർക്കം മുതലായതു തീർക്കുന്നതുകൊണ്ടു നമ്മുടെ പ്രയാസങ്ങൾക്കു അവസാനം ഉണ്ടാകുന്നതാകുന്നു.

വ്യവസായഡിപ്പാർട്ടുമെന്റിനെപ്പറ്റി ആലോചിച്ചാൽ ആ ഡിപ്പാർട്ടുമെന്റുകൊണ്ടു നമുക്കു യാതൊരാദായവും ഇല്ലെന്നുതോന്നും. അതിപ്പോഴും ഒരു പരീക്ഷണനിലയിലിരിക്കുന്നതുകൊണ്ടുള്ള ഗുണമെന്തെന്നു ചോദിക്കാൻ നിവൃത്തിയില്ല. ഈ സംസ്ഥാനത്തിലെ വ്യവസായങ്ങളെ എങ്ങനെ സഹായിക്കുന്നു എന്നാണു നാം ആലോചിക്കേണ്ടതു. അതിനെപ്പറ്റി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ആശാജനകമല്ല.

മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെപ്പറ്റി ആലോചിച്ചാൽ ആ ഡിപ്പാർട്ടുമെന്റിന്റെ ഭരണം ദുഃഖകരമായിട്ടാണുകാണുന്നതു. തിരുവിതാംകൂറിലെ ജനങ്ങൾക്കു പ്രത്യേകമായി കൂലിവേലക്കാർക്കു വൈദ്യസഹായം അത്യാവശ്യവും സർവ്വപ്രധാനവും ആകുന്നു. ആവശ്യമുള്ളടത്തോളം ഔഷധങ്ങൾ കിട്ടാത്ത അനേകം ആസ്പത്രികൾ ഈ സംസ്ഥാനത്തുണ്ട്. ഉദാഹരണമായി വൈക്കം ആസ്പത്രിയിൽ ഞായറാഴ്ചകളിൽ പോകാനിട

യായി, ഈ വൈക്കം ആസ്പത്രിയിൽ മൂന്നുമാസത്തേക്കു മരുന്നൊന്നും ഇല്ലായിരുന്നു. ഡോക്ടർമാരുടെ കൂടക്കൂടെയുള്ള സ്ഥലംമാററംകൊണ്ടും അനുസരണത്തിന്റെ അഭാവംകൊണ്ടും ചില ആസ്പത്രികളുടെ സ്ഥിതി ഇതിലും മോശമാണു. ഞങ്ങൾക്കാവശ്യമുള്ളതു ശരിയായ സാമഗ്രികൾ ഉള്ള ആസ്പത്രികളാണു, സാമഗ്രികളില്ലാത്തതും പ്രയോജനമില്ലാത്തതുമായ ആസ്പത്രികളല്ല.

ഇനിയും സർ, ഇപ്പോഴത്തെ മെഡിക്കൽബോർഡു അതിൽ മൂന്നുമെമ്പർമാർ ഉണ്ടെങ്കിലും അവരുടെ ഉത്തരവാദിത്വം അറിയുന്നുണ്ടെന്നു തോന്നുന്നില്ല. ക്ഷയം ഒരു അപായകരമായരോഗം ആകുന്നു. അതു തിരുവിതാംകൂറിൽ വ്യാപിക്കുന്നുണ്ടെന്നു തോന്നുന്നു. നമ്മുടെ മെഡിക്കൽബോർഡു മൊനപ്പള്ളി [illegible] എഴുത്തുകുത്തുനടത്തിയിരുന്നു. ബോർഡ് പിന്നിട്ടവല്ലതും പ്രവർത്തിച്ചതായിതോന്നുന്നില്ല. [illegible] ബോർഡാണുണ്ടായിരുന്നതു. ബോർഡു വൈദ്യസഹായംചെയ്യുന്നതിനു ഉത്തരവാദപ്പെട്ട [illegible] ഒരു സംഘമാകുന്നു. അവർ ഗൗരവത്തോടും ചെയ്തിട്ടുള്ളതു ഇപ്പോഴത്തെ [illegible].

പ്രസിഡന്റ്: നിങ്ങളുടെ സമയം കഴിയാറായിരിക്കുന്നു.

മി. മാത്യുതരിയൻ (വൈക്കം): ഇനി വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനെ, [illegible] ഗവൺമെന്റു ഗൗരവമായി ചിന്തിക്കേണ്ടതാകുന്നു. ഈ കാര്യത്തിൽ എനിക്കു മുഖ്യമായി പറയാനുള്ളതു പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കാൻ തിരുവിതാംകൂറിനു ഇപ്പോൾതന്നെ തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയെപ്പററിയാണ്. അതു ഒന്നോ രണ്ടോ വർഷംകൊണ്ടു സാധിക്കയില്ല. എന്നാൽ നമ്മുടെ ബഡ്ജററും എസ്റ്റിമേററും അതിനെ ലാക്കാക്കിക്കൊണ്ടു തയ്യാറാക്കേണ്ടതാകുന്നു. ഗ്രാന്റുസ്ക്കൂളുകളുടെ കാര്യത്തിൽ ഗവൺമെന്റു കൂടുതൽ ഔദാര്യവും അനുകമ്പയും പ്രദർശിപ്പിക്കണം. ഗവൺമെന്റുസ്ക്കൂളുകളുടെ കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ പതിയുന്നിടത്തോളം ഗ്രാന്റുസ്ക്കൂളുകളുടെ കാര്യത്തിൽ പതിയുന്നില്ലെന്നാണു എനിക്കു തോന്നുന്നതു്. എല്ലാ ഡിപ്പാർട്ടുമെന്റു സ്ക്കൂളുകളേയും ഡയറക്ടർ സന്ദർശിച്ചു നിവൃത്തിയുള്ളിടത്തോളം സ്ക്കൂളുകളെ പ്രൈവററു മാനേജ്മെന്റിനു ഏല്പിച്ചു കൊടുക്കേണ്ടതാകുന്നു.

മതസംബന്ധമായ വിദ്യാഭ്യാസം നൽകുന്നതും ഒരു മുഖ്യ ആവശ്യമാകുന്നു. മതാഭ്യസനത്തിനുള്ള സമയം കിട്ടത്തക്കവണ്ണം വിദ്യാഭ്യാസഡയറക്ടർ ഒരു സർക്കുലർ ഉത്തരവു അയച്ചിട്ടുള്ളതായി അറിയുന്നു. സ്വഭാവരൂപീകരണത്തിനു മതം അത്യാവശ്യമാണെന്നും വിദ്യാഭ്യാസത്തിൽ സ്വഭാവത്തിനു ഒരു മുഖ്യ സ്ഥാനമുണ്ടെന്നും ഉള്ള സത്യം മെമ്പറിനോടു പറഞ്ഞിട്ടാവശ്യമില്ലല്ലോ.

പ്രെസിഡെന്റ്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ബഡ്ജററിനെപ്പററി ചില വാക്കുകൾ സംസാരിക്കാൻ ഞാൻ എഴുന്നേൽക്കുകൊള്ളുന്നു. സഭയുടെ ശ്രദ്ധയ്ക്കു വിഷയമാകേണ്ടുന്ന അനേകം സംഗതികളില്ലാതെ പുതുതായിട്ടൊന്നും എനിക്കു പറവാനില്ല. തങ്ങളുടെ അനുവാദത്തോടുകൂടെ ഞാൻ അവയെ പ്രസ്താവിക്കാം. നമ്മുടെ രാജ്യം ഒരു കർഷകരാജ്യം ആകുന്നു. നമ്മുടെ ജനസംഖ്യ പെരിയതോതിയിൽ വർദ്ധിച്ചുവരുന്നു. ജീവസന്ധാരണത്തിനുള്ള ആവശ്യങ്ങളും വർദ്ധിച്ചുവരുന്നു. എന്നാൽ ഈ രാജ്യത്തിലെ കൃഷി സ്ഥലങ്ങൾ അധികമാകുന്നില്ല. ജീവസന്ധാരണത്തിനാവശ്യമുള്ള പദാർത്ഥങ്ങൾക്കു നാം വിദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നു എന്നുള്ള സംഗതി നാം വിസ്മരിക്കുന്നതു ആത്മഹത്യയാകുന്നു. കഴിഞ്ഞകൊല്ലത്തിൽതന്നെ മൂന്നുകോടി ഇരുപത്തൊന്നു ലക്ഷം രൂപാ വിലയ്ക്കു നാം വിദേശങ്ങളിൽനിന്നു അരി വരുത്തേണ്ടിവന്നു. ജനസംഖ്യയിൽ പാതിപേരുടെ ശാരീരികാവശ്യങ്ങൾക്കു വേണ്ടുന്ന പദാർത്ഥങ്ങൾ മുഴുവനും തിരുവിതാംകൂറിനു പുറമെനിന്നാകുന്നു നാം വരുത്തിയതു. നമുക്കു [illegible] കോടി രൂപായ്ക്കു കയററുമതിയും [illegible] കോടി രൂപായ്ക്കു ഇറക്കുമതിയും ഉണ്ടായിരുന്നു എന്നുള്ളതു സത്യംതന്നെ. കയററി അയച്ച തേയിലയുടെ വില കുറച്ചാൽ നമ്മുടെ പരവുചിലവുകളുടെ ഇറക്കുമതി കയററുമതികൾ സമമായിരിക്കും. നമ്മുടെ ഭക്ഷണസാധനങ്ങൾക്കുപോലും നാം വിദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നു എന്നുള്ള സംഗതിയാണ് ഞാൻ ബലമായി നിങ്ങളുടെ ദൃഷ്ടിയിൽകൊണ്ടുവരുന്നതു്. ഭക്ഷണസാധനങ്ങൾക്കു അന്യരെ ആശ്രയിക്കുന്നവർ തങ്ങളുടെ പൗരുഷത്തേയും സ്വയാശ്രിതത്വത്തേയും ഉപേക്ഷിക്കയാണു ചെയ്യുന്നതു. നമ്മുടെ ചെറിയ രാജ്യത്തിലെ കൃത്യവിഷയങ്ങൾ, അവയിൽ പാതിയെങ്കിലും, വിദേശസംബന്ധവ്യവഹാരങ്ങളായി ക്ഷണത്തിൽ പരിണമിക്കുന്നു എന്നു നമുക്കു അനുഭവമായിവരുന്നുണ്ടു്. നമ്മുടെ കൃത്യവിഷയങ്ങൾ, പ്രത്യേകമായി കച്ചവടവും പദാർത്ഥവാഹനവും സംബന്ധിച്ചവ, സർവലോകവ്യവഹാരങ്ങളോടു സങ്കലിതമായിവരുന്നു. അതുകൊണ്ടു വിദേശങ്ങളിലെ അർത്ഥസംബന്ധവ്യവഹാരങ്ങൾക്കു അവയെ അനുയോജ്യമാക്കിയില്ലെങ്കിൽ നാം സാമ്പത്തിക ആത്മഹത്യ ചെയ്യുകയായിരിക്കും എന്നു ഞാൻ സഭയെയും പറഞ്ഞുകൊള്ളുന്നു. നമ്മുടെ നികുതിവസൂൽക്രമത്തെ ആധുനിക ശാസ്ത്രാനുരൂപമാക്കാൻ സമയമായിരിക്കുന്നു എന്നാണ് എന്റെ താഴ്മയായ അഭിപ്രായം. ഞാനൊരു വിദഗ്ദ്ധനല്ല, അർത്ഥശാസ്ത്രജ്ഞനുമല്ല. വിദേശങ്ങളിലെ നികുതി വസൂൽ ക്രമങ്ങളോടു നമ്മുടെ രാജ്യത്തിലെ ക്രമങ്ങളെ താരതമ്യപ്പെടുത്തി നോക്കിട്ടുണ്ടെന്നുള്ള യോഗ്യതയേ എനിക്കുള്ളു. നമ്മുടെക്രമം ബ്രിട്ടീഷിൻഡ്യയിലെ ക്രമങ്ങൾക്കനുരൂപമല്ലെന്നാകുന്നു ഞാൻ കണ്ടിട്ടുള്ളതു്. നമ്മുടെ രാജ്യംപോലെയുള്ള ഒരു ചെറിയരാജ്യം മരിച്ചുപോകാതിരിക്കണമെങ്കിൽ വളരണം. നാം വളരണമെങ്കിൽ നമ്മുടെ ധനാഗമമാർഗ്ഗങ്ങളെ പുഷ്ടിപ്പെടുത്തണം. എന്റെ സ്നേഹിതൻ ഫൈനാൻഷ്യൽസെക്രട്ടറി പത്തുകോടി രൂപാ വസൂലാക്കി അതിൽ [illegible] രൂപാ ഒഴിച്ചു ബാക്കിമുഴുവനും ഔദാര്യമായി ചെലവാക്കാൻ വിചാരിക്കുന്നു. എന്നാൽ അദ്ദേഹം കാണിച്ചിരിക്കുന്ന ചെലവു പരിശോധിച്ചാൽ സമയഗതികൊണ്ടുണ്ടായ മാമൂലിൻപടിപോകാൻ, അല്ലെങ്കിൽ പഴയ ഭരണയന്ത്രത്തിനു എണ്ണയും വിറകുമിടാൻ, മാത്രമേ അദ്ദേഹം ശ്രമിച്ചിട്ടുള്ളു എന്നു കാണാവുന്നതാകുന്നു എന്റെ പരമാർത്ഥമായ അഭിപ്രായം. നമ്മുടെ ആധുനിക കൃത്യവിഷയങ്ങളുടെ അരികത്തെങ്ങും അദ്ദേഹം സഞ്ചരിച്ചിട്ടില്ല. ബഡ്ജററു ഗുണാംശം വരുത്തുന്നതായുള്ള അതിൽ നവവിധാനങ്ങളുടെ ലക്ഷണം ഒന്നുമില്ല. അഭിവൃദ്ധിയുടെ നാമ്പുപോലുമില്ല. രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയുടെ പരമാർത്ഥത്തെപ്പററി അശേഷജ്ഞാനമില്ലാതെയാണു ബഡ്ജററു തയ്യാറാക്കിട്ടുള്ളതു്. പരിഷ്കൃതരാജ്യങ്ങൾ അനുകരിക്കുന്ന സാമ്പത്തികതത്വങ്ങളും നയങ്ങളും നോക്കിയാൽ ഇതു കേവലം പരാജയത്തിലാണു കലാശിച്ചിട്ടുള്ളതു്! നമ്മുടെ പരിപാലനത്തിനു എങ്ങനെയായ

ങ്കിലും പണമുണ്ടാക്കണം, നാം വളരണം, വളരാൻ മാർഗ്ഗങ്ങളുണ്ട്. നമ്മുടെ രാജ്യാഭിവൃദ്ധിക്കും സാമ്പത്തികാഭിവൃദ്ധിക്കും പണം വേണം. അതെങ്ങനെയുണ്ടാക്കുന്നു എന്നാണ് ചോദ്യം. നമുക്ക പുതിയ ആദായമാർഗ്ഗങ്ങൾ ഉണ്ടാക്കണം. അല്ലെങ്കിൽ ജനങ്ങൾക്ക അധികം നികുതിഭാരം വഹിക്കാൻ കഴിവുണ്ടാകണം. അല്ലെങ്കിൽ നമ്മുടെ ചെലവു കുറയ്ക്കണം. ഈ കാര്യങ്ങളെല്ലാം ഉടനെതന്നെ വല്ലതും ചെയ്യണം. നികുതിയെസംബന്ധിച്ച നമ്മുടെ സ്ഥിതി എന്താണെന്ന ഈ അവസരത്തിൽ നോക്കാം. തിരുവിതാംകൂറിൽ ആളോഹരി നികുതി ൧൧൨൧-ാമാണ്ട് രൂപാ ൧൮ ലക്ഷം ൧൪ കാശ് ആയിരുന്നിരിക്കെ ൧൧൨൮-ാമാണ്ട് അത് ൪ രൂപാ ൭ ചക്രം ൧൮ കാശ് ആയിരുന്നു. ൧൧൨൫-ാമാണ്ട് അത് ൫ രൂപാ ൫ ചക്രം ൧൨ കാശായി വർദ്ധിച്ചു. മൂന്നുവർഷംകൊണ്ട് ഏകദേശം ൨൦ ചക്രം അധികമായി. തങ്ങളുടെ രാജ്യത്തിലെ കണക്കുകൾ മററു രാജ്യങ്ങളിലെ കണക്കുകളോട താരതമ്യപ്പെടുത്തിനോക്കുക എല്ലാരാജ്യക്കാരുടേയും പതിവാണെന്ന തോന്നുന്നു. ഞാനും അവരുടെ ദൃഷ്ടാന്തം അനുകരിക്കാം. ബ്രിട്ടീഷിൻഡ്യയിൽ ആളോഹരി നികുതി ൧൯൩൮-൯-ൽ ബ്രി. രൂപാ ൩-൧൨-൯ ആയിരുന്നു. ൧൯൪൫-൬-ൽ അത് ബ്രി. രൂപാ ൭-൧൩-൧ ആയിരുന്നു. ൧൯൪൭-൮-ൽ അത് ബ്രി. രൂപാ ൩-൧൨-൧൦ ആയിരുന്നു. അതുകൊണ്ട കഴിഞ്ഞ മൂന്നാണ്ടുകളിൽ ബ്രിട്ടീഷിൻഡ്യയിലെ ആളോഹരി നികുതി വർദ്ധിച്ചിരിക്കെ നമ്മുടേത അധികമായി.

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): സർ, ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യാ, സെൻട്രൽ ഗവണ്മെൻറ, പ്രോവിൻഷ്യൽ ഗവണ്മെൻറ എന്നു വച്ചാൽ എന്താണെന്ന് പറയുമോ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അവയെസംബന്ധിച്ച സ്റ്റാററിസ്റ്റിക്സ് (കണക്കുകൾ) ഉണ്ട്.

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ബ്രിട്ടീഷ് ഇൻഡ്യാ എന്നു പറഞ്ഞാൽ എന്താണെന്നാകുന്നു എനിക്കറിയേണ്ടത്? സെൻട്രൽ ഗവണ്മെൻറാ പ്രോവിൻഷ്യൽ ഗവണ്മെൻറാ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അദ്ദേഹത്തിനത സ്റ്റാററിസ്റ്റിക്സിൽനിന്ന പഠിക്കാം. സർ—അദ്ദേഹം ഈ ചോദ്യം ചോദിച്ചതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. ഇൻഡ്യാഗവണ്മെൻറ പ്രസിദ്ധപ്പെടുത്തീട്ടുള്ള സ്റ്റാററിസ്റ്റിക്സ് പുസ്തകം പാരായണം ചെയ്തിരുന്നുഎങ്കിൽ അദ്ദേഹം എൻെറസമയം നഷ്ടമാക്കുകയില്ലായിരുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ചോദ്യം—

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): നിങ്ങൾ ആ പുസ്തകം പഠിക്കാത്തത് എന്തുകൊണ്ട്?

പ്രെസിഡൻറ: നിങ്ങൾ അദ്ദേഹത്തിൻെറ ചോദ്യം തെററിദ്ധരിച്ചിരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഞാൻ തെററിദ്ധരിച്ചിട്ടില്ല.

പ്രെസിഡൻറ: മിസ്റ്റർ മാധവൻപിള്ളേ, കാര്യംമുഴുവനും പറയാൻ അനുവദിക്കു. മിസ്റ്റർ ജാജിൻെറ ചോദ്യം നിങ്ങൾ തെററിദ്ധരിച്ചിരിക്കുന്നു എന്നു തോന്നുന്നു. നിങ്ങൾ പറയുന്ന സ്റ്റാററിസ്റ്റിക്സ് സെൻട്രൽഗവണ്മെൻറിൻെറ വരവിനെസംബന്ധിച്ച മാത്രമാണോ അതോ ബ്രിട്ടീഷ് ഇൻഡ്യാ ഒട്ടുക്കുള്ളവരവിനെ സംബന്ധിച്ചാണോ എന്നാകുന്നു അദ്ദേഹത്തിനറിയേണ്ടത്? അതുമാത്രമറിവാനാകുന്നു അദ്ദേഹം ആവശ്യപ്പെട്ടത്?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എൻെറ പ്രസംഗത്തിനു മുടക്കംവരുത്താനാണ് അദ്ദേഹം ചോദ്യം ചോദിച്ചതെന്ന ഞാൻ വിചാരിച്ചുപോയി.

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഒരിക്കലുമല്ല. തടസ്സപ്പെടുത്താൻ വിചാരിച്ചിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എന്നാൽ ഞാൻ അദ്ദേഹത്തിൻെറ അജ്ഞതയെപ്പററി പരിതപിക്കുന്നു.

തിരുവിതാംകൂറിൽ ആളോഹരി ഭൂനികുതി ൧൧൨൧-ൽ രൂപാ ൧-൧-൭-൦ ൧൧൨൮-ൽ ൧-൧൬-൦ ൧൧൨൫-ൽ ൧-൫-൫-൦ ആയിരുന്നു.

ബ്രിട്ടീഷിൻഡ്യയിൽ അതു ൧൯൩൮-൯-ൽ ബ്രി. രൂപാ ൧-൭-൦-൦ ൧൯൪൫-൬-ൽ ബ്രി. രൂപാ ൧-൬-൦-൦ ൧൯൪൭-൮-ൽ ബ്രി. രൂപാ ൧-൬-൩-൦ ആയിരുന്നു.

അതുകൊണ്ട ബ്രിട്ടീഷ്ഇൻഡ്യയിൽ ഭൂനികുതിയും ഒരേനിലയിൽ തന്നെയിരുന്നു. എന്നാൽ നമ്മുടെ ഭൂനികുതി അധികമധികമായിവന്നു. എന്നാൽ ജനസാമാന്യത്തിൻെറ ജീവിതരീതി പ്രമാണമായിട്ടെടുക്കാമെങ്കിൽ രാജ്യത്തിൻെറ ഐശ്വര്യത്തിൽ അഭിവൃദ്ധി ഉണ്ടായിട്ടില്ല. ഭൂനികുതി വർദ്ധിച്ചത ജനങ്ങളുടെ സാമ്പത്തികാഭിവൃദ്ധി നിമിത്തമല്ല. വല്ല പുതിയതരം നികുതിചുമത്തൽ സമ്പ്രദായവും കണ്ടുപിടിച്ചിട്ടില്ലെന്ന നമുക്കെല്ലാം അറികയും ചെയ്യാമല്ലൊ. നികുതിചുമത്തുന്ന സമ്പ്രദായം മാമൂൽപ്രകാരം ഉള്ളതുതന്നെ. ഈ കൂടുതലിനു കാരണം ചട്ടങ്ങൾ നിഷ്ഠുരമായി പ്രയോഗിക്കുകകൊണ്ടായിരിക്കാം. ഞാൻ ഈ സംഗതിയെപ്പററിപറയുന്നത് മുൻപു പ്രസ്താവിച്ചപ്രകാരം നികുതിവർദ്ധിപ്പിച്ചിട്ടോ, പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടുപിടിച്ചിട്ടോ, ചെലവുചുരുക്കിയിട്ടോ എങ്ങനെ എങ്കിലും നമുക്ക പണം ഉണ്ടാക്കണമെന്നുള്ളതുകൊണ്ടാണ്. തിരുവിതാംകൂറിൽ ജനങ്ങൾക്ക കരംവഹിക്കാനുള്ള ശക്തി വർദ്ധിപ്പിക്കാതെ കരംകൂട്ടുവാൻ നിവൃത്തിയില്ല. ഇതാകുന്നു എൻെറവാദം. തിരുവിതാംകൂറിൽ കരംചുമത്തുന്നരീതി പരിഷ്കരിച്ച ആധുനികതത്വങ്ങൾക്കനുസരണമാക്കണമെന്ന ഈ സന്ദർഭത്തിൽ ഞാൻ പറഞ്ഞുകൊള്ളുന്നു. അത് ശാസ്ത്രീയമാക്കണം ഇതാകുന്നു എൻെറ വാദം.

നികുതിചുമത്തുന്ന കാര്യവിദഗ്ദ്ധന്മാർക്കുവിട്ടേക്കാം. എന്നാൽ ഇപ്പോഴത്തെ നികുതി ചുമത്തുന്നസമ്പ്രദായം ജനങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നും അതു ജനങ്ങളുടെ ഗുണത്തിനു എങ്ങനെ ഹാനികരമാണെന്നും ചൂണ്ടിക്കാണിക്കുന്നതു ഒരു കൃഷിക്കാരൻെറനിലയിലും ജനപ്രതിനിധിയുടെ നിലയിലും എൻെറ ധർമ്മമാണെന്നു ഞാൻ വിചാരിക്കുന്നു. അതാകുന്നു എൻെറ ഇന്നത്തെ വാദത്തിൻവിഷയം. നികുതി, നേരിട്ടല്ലെങ്കിലും ജനങ്ങൾക്ക പൊതുവെ ഗുണകരമായിരിക്കണം. അതു അവരുടെ ഗുണത്തിനു ഹാനികരമായിരിക്കരുതു. പൊതു

മുട്ട ഇടുന്ന താറാവിനെ കൊല്ലുന്നതുപോലെ ആയിപ്പോകരുതു. ഉദാഹരണമായി ഒരു സംഗതി പറയാം. എനിക്കറിവുള്ളേടത്തോളം കയറുമതിചരക്കുകൾക്കു ചുങ്കം ചുമത്തുന്ന വേറൊരു രാജ്യം ലോകത്തിലില്ല. ബ്രിട്ടീഷിൻഡ്യയിൽ അവിടത്തെ കയറുമതി ചരക്കുകൾക്കു ചുങ്കം ചുമത്തുന്നില്ല. തിരുവിതാംകൂറിൽനിന്നു കയറുമതിചെയ്യുന്നസാധനങ്ങൾക്കെല്ലാം ചുങ്കം ഉണ്ടു. അതു ശരിയാണെന്നോ തെറ്റാണെന്നോ ഞാൻപറയുന്നില്ല. തിരുവിതാംകൂറിനു ബുദ്ധിയില്ലെന്നോ മറ്റുരാജ്യങ്ങൾക്കു ബുദ്ധിക്കുറവാണെന്നോ ഞാൻ പറയുന്നില്ല. ബുദ്ധിക്കുറവു [illegible] ആയിരിക്കാം. ബ്രിട്ടീഷ് ഇൻഡ്യയിലെ നടപ്പും ഇവിടത്തെ നടപ്പും തമ്മിൽ ഈ മാതിരി വ്യത്യാസം ഉണ്ടെന്നേ ഞാൻപറയുന്നുള്ളു. ഇതുനിമിത്തം [illegible] പരിശോധിച്ചറിയേണ്ടുന്ന ഒരു സംഗതിയാകുന്നു. ഞാൻ പറഞ്ഞ പ്രകാരം [illegible] വനം കഴിപ്പാൻ. അതുകൊണ്ടു നമ്മുടെ സാമാനങ്ങൾക്കു കിട്ടാവുന്നിടത്തോളം [illegible] ആകർഷണീയമായിരിക്കും. എന്നാൽ നമ്മുടെ ഭക്ഷണസാധനങ്ങൾക്കു [illegible] യിരിക്കുന്നു. അതുകൊണ്ടു ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്ന [illegible] നിമിത്തം നമുക്കു ദോഷം വരാതിരിക്കേണ്ടതു ആവശ്യമാകുന്നു. കയറുമതിച്ചുങ്കം [illegible] കൃഷിവ്യവസായത്തെ ചവിട്ടിമെതിച്ചുകളയുന്നു എന്നാണു എന്റെ താഴ്മയായ അഭിപ്രായം. [illegible] കൊപ്രായുടെ വില ഇടിഞ്ഞുപോയി. കൊപ്രാവില കുറഞ്ഞുപോയതുകൊണ്ടു ജനങ്ങൾക്കു എത്ര കഷ്ടപ്പാടുണ്ടായി എന്നു [illegible] നിവാസികൾക്കൊക്കെ അറിയാം. (ടി. സി. കേശവപിള്ള: കേൾക്ക, കേൾക്ക)

വേറൊരുസംഗതി ഞാൻ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ഉപ്പിന്റെ കാര്യമാകുന്നു. ഉപ്പിനു ഗവർമ്മെന്റു ചുങ്കംചുമത്തുന്നകാര്യത്തിൽ എനിക്കു യാതൊരാക്ഷേപവും ഇല്ല. അതിന്റെ വില്പനയിൽനിന്നു കുറച്ചുകൂടി ലാഭം ഉണ്ടാക്കാൻ ഗവർമ്മെന്റു ശ്രമിക്കുന്നില്ലെങ്കിൽ ഞാൻ ഇതിനെപ്പറ്റി പറയേണമെന്നും പുറപ്പെടുവിക്കയില്ലായിരുന്നു. എല്ലാക്കാര്യങ്ങളിലും ബ്രിട്ടീഷ് ഇൻഡ്യയിലെനടപ്പു അനുകരിക്കയാണു ഗവർമ്മെന്റിന്റെ നിശ്ചയമെങ്കിൽ ഉപ്പിനെസംബന്ധിച്ചു മാത്രം വ്യത്യസ്തമായ ഒരു നയം അവർ സ്വീകരിച്ചിരിക്കുന്നതു എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഗവർമ്മെന്റു ലാഭമുണ്ടാക്കുന്നതിനെപ്പറ്റി എനിക്കു പരാതിയില്ല. എന്നാൽ ഈ ലാഭം ഉണ്ടാക്കുന്നതിനു ഗവർമ്മെന്റു ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ ഈ നാട്ടിലെ ഉപ്പുവ്യവസായത്തെ നശിപ്പിക്കയാണു ചെയ്യുന്നതു. തിരുവിതാംകൂറിലെ ഉപ്പുവ്യവസായത്തെപ്പറ്റി ഞാൻ സവിസ്തരം പഠിച്ചിട്ടുണ്ടു. ഈ രാജ്യത്തു ഇവിടത്തേക്കാവശ്യമുള്ള ഉപ്പുമാത്രമല്ല വിദേശങ്ങളിലേക്കു ധാരാളമായി കയറ്റി അയയ്ക്കാനും വേണ്ടുന്ന ഉപ്പു കൃഷിചെയ്യാൻ കഴിയുമെന്നു ഞാൻ സഭയോടു ഉറപ്പായി പറഞ്ഞുകൊള്ളുന്നു. ഉപ്പിൽനിന്നു കിട്ടുന്ന ലക്ഷം രൂപായ്ക്കുവേണ്ടി ഗവർമ്മെന്റു ഈ രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിയെ അപകടത്തിലാക്കുകയാണു ചെയ്യുന്നതു.

ഇനി രാജകീയവൃക്ഷങ്ങളുടെ കാര്യം പറയാം. ഒരു പരിഷ്കൃത ഡിപ്പാർട്ടുമെന്റു ജനങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയെ നശിപ്പിക്കുന്നജോലിയും കയ്യേൽക്കരുതു. വനംഡിപ്പാർട്ടുമെന്റു ആറുലക്ഷംരൂപാ രാജഭോഗമായി വസൂലാക്കുന്നു. ഈ വൃക്ഷങ്ങൾ ജനങ്ങൾ വളർത്തി ഗവർമ്മെന്റിനു വിൽക്കുന്നു. ഈ പ്രവൃത്തിയുടെ സാമ്പത്തികഫലം നോക്കുക. ഗവർമ്മെന്റിനു കിട്ടുന്ന ഓരോരൂപായ്ക്കും കുടിയാന്മാർക്കു അനേകംരൂപാ നഷ്ടമാകുന്നു. ഗവർമ്മെന്റു ജനങ്ങളുടെ ഗുണത്തിനുള്ളതാണെങ്കിൽ അവരുടെ ഗുണം സംരക്ഷിക്കണം. [illegible] പതിവുഭൂമികളിൽ വളരുന്ന വൃക്ഷങ്ങളെ, ഗവർമ്മെന്റു അവയെ കണ്ടുപിടിക്കുന്നതിനുമുമ്പായി അവർ വെട്ടിനശിപ്പിച്ചുകളയുന്നു. തങ്ങളുടെ ഭൂമികളിൽ വനംകിങ്കരന്മാരുടെ ശ്രദ്ധ പതിയാതിരിക്കുന്നതിനാണു അവർ ഇങ്ങനെ ചെയ്യുന്നതു. ബ്രിട്ടീഷിൻഡ്യയോ കൊച്ചിയോ വേറെ ഏതെങ്കിലും രാജ്യമോ ഇങ്ങനെ അവകാശപ്പെടാത്ത ആറുലക്ഷം രൂപായ്ക്കുവേണ്ടി, ജനങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയെ ഇവിടങ്ങൾ നശിപ്പിക്കുന്നു. നി [illegible] ങ്ങൾ രാജഭോഗം അവകാശപ്പെടാതിരുന്നാൽ സ്വകാര്യഭൂമികളിൽ ഈവക വൃക്ഷങ്ങളെ നട്ടുവളർത്തുകയും കെട്ടിടംപണികൾക്കു പിലാവു മാവു മുതലായ ഫലവൃക്ഷങ്ങളെ വെട്ടിക്കളയാതിരിക്കയും ചെയ്യുമെന്നു. ഇതു ഭയങ്കരമായ ഒരു സാമ്പത്തികദോഷമാകുന്നു.

എനിക്കിനി പറയാനുള്ളതു പുതുവൽക്കാര്യം ആകുന്നു. കുറേവർഷങ്ങളായി പുതുവൽ പതിച്ചുകൊടുത്തതു വഴിവരവു ഏകദേശം അഞ്ചുലക്ഷം രൂപയാകുന്നു. എങ്ങനെയായാലും ഈ സംഖ്യ ഖജനാവിൽ വന്നുചേരുന്നു. ഇതു മുൻകൂട്ടി കണക്കാക്കുന്നതു എങ്ങനെയാണെന്നു എനിക്കു നിശ്ചയമില്ല. [illegible] തയ്യാറാക്കുന്നതു എങ്ങനെയാണെന്നു എനിക്കറിഞ്ഞുകൂടാ. ഫൈനാൻഷ്യൽ സെക്രട്ടറി ബഡ്ജറ്റിൽ വന്നുചേരണം. എങ്ങനെയെങ്കിലും അഞ്ചുലക്ഷംരൂപാ ഖജനാവിൽ [illegible] എന്നാൽ ഈ അഞ്ചുലക്ഷംരൂപാ സമ്പാദിക്കുന്ന പ്രവൃത്തികൊണ്ടു ഈ രാജ്യത്തിലെ കൃഷിക്കും വ്യവസായങ്ങൾക്കും വലിയദോഷമാണു ചെയ്യുന്നതു. കൃഷിക്കുള്ള കുളങ്ങളെല്ലാം അവർ എങ്ങനെയെങ്കിലും നികത്തിക്കളയുന്നു. തോടുകളും വെള്ളപ്പാത്തികളും അവർ നികത്തിക്കളയുന്നു. വേറെയും പലവിധത്തിൽ ഈ രാജ്യത്തെ കൃഷിക്കും വ്യവസായങ്ങൾക്കും ദോഷം ചെയ്യുന്നുണ്ടു. ഇതിന്റെ ഫലമായിട്ടു നിലങ്ങളൊക്കെ തോട്ടമാകുന്നു. ഇന്നാൾ ഗവർമ്മെന്റിന്റെ പ്രധാന പ്രതിനിധി ഇതിനെപ്പറ്റി പ്രസംഗിച്ചപ്പോൾ കുടിയാന്മാർ നിലങ്ങൾ തോട്ടങ്ങളാക്കുന്നതിനെ സംബന്ധിച്ചു ഗവർമ്മെന്റിന്റെ നയം എന്താണെന്നു ഞാൻ ചോദിച്ചു. അദ്ദേഹത്തിനു യാതൊരു വിവരവും ഉണ്ടായിരുന്നില്ല. തനിക്കറിഞ്ഞുകൂടെന്നു അദ്ദേഹം പറഞ്ഞു. അതിൽപിന്നെ ഇതിനെപ്പറ്റിയുള്ള വിവരം കിട്ടുന്നതിനായി ഞാൻ ഗവർമ്മെന്റിനു ഒരു ചോദ്യം അയച്ചുകൊടുത്തു. ആ നയം പ്രസിദ്ധപ്പെടുത്താൻ ചോദിക്കുന്നതു എന്റെ ജോലിയല്ലെന്നു അവർ മറുപടിപറഞ്ഞു. ചട്ടങ്ങളുടെ വ്യാഖ്യാനത്തെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല; പേരാസ്പദമായ നിയമങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ചട്ടങ്ങളുടെ വ്യാഖ്യാനത്തിൽ ചിലരുടെ ശീലമായി തീർന്നിട്ടുണ്ടു. ആ കാര്യത്തിൽ ഗവർമ്മെന്റിന്റെ നയം എന്താണെന്നു അവർ പറഞ്ഞില്ല. ഞാൻ ചോദിച്ചപ്പോൾ എന്നെ വസ്തിയാക്കിക്കളഞ്ഞു. പുതുവൽപതിക്കുന്നകാര്യത്തിൽ അഞ്ചു ലക്ഷംരൂപായ്ക്കുവേണ്ടി മറ്റുരാജ്യങ്ങളിൽനിന്നു അരിവരുത്തി കോടാനുകോടിരൂപാ പുറമേപോകുന്നു. ഗവർമ്മെന്റു ഈ ഭൂമികൾ പതിച്ചുകൊടുക്കുന്നതിനു എനിക്കു യാതൊരു വിരോധവുമില്ല; എന്നാൽ കുളങ്ങളും തോടുകളും ചാലുകളും നികത്തിക്കളയുന്നതിനെപ്പറ്റി എനിക്കാക്ഷേപമുണ്ടു. കൃഷിയാണു നമ്മുടെ പ്രധാനവ്യവസായവും ജീവിതാധാരവും എന്നുള്ളതു നിങ്ങൾക്കു നിഷേധിക്കാൻ കഴികയില്ല.

എനിക്കു പറയാനുള്ള വേറൊരു വിഷയം —

പ്രസിഡന്റ്: നിങ്ങളുടെ സമയം കഴിഞ്ഞുപോയി.

മി. എസ്. പിറവിടപ്പുത്തമ്പാംപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): സർ, ഈ ബഡ്ജറ്റിനെ സംബന്ധിച്ചു ഫൈനാൻഷ്യൽസെക്രട്ടറിയെ അഭിനന്ദിക്കാൻ ഞാൻ യോഗ്യനാകുന്നില്ല. അതിന്റെ ഉത്തരവാദിത്വം അദ്ദേഹത്തിനല്ലെന്നു എനിക്കറിയാം. ബഡ്ജറ്റ് ഡിപ്പാർട്ടുമെണ്ടുകളുടെ യഥാർത്ഥ ചെലവിനെയും ഡിപ്പാർട്ടുമെണ്ടുകളുടെ പുനഃപരിശോധന ചെയ്യേണ്ടതാക്കിയ ബഡ്ജറ്റിനെയും കേവലം ആശ്രയിച്ചിരിക്കുന്നു. അദ്ദേഹത്തിനു അതിനോടു യാതൊരു ബന്ധവുമില്ല.

ബഡ്ജറ്റിനെയും അതിനെ അവതരിപ്പിക്കുന്ന പ്രസംഗത്തെയും തയ്യാറാക്കുന്നകാര്യത്തിൽ അദ്ദേഹത്തിന്റെ മുൻഗാമിയായിരുന്ന മി. രാമസുബ്ബയ്യർ പല തെളിഞ്ഞ നിയമസഭകളെ അനുകരിക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ ഇവിടത്തെ പഴയ മാതൃകപ്രകാരമുള്ള ഒരു ബഡ്ജറ്റ് തയ്യാറാക്കാനാകുന്നു മി. വെങ്കിട്ടരമണയ്യർ നിശ്ചയിച്ചത്. മറ്റു പ്രദേശങ്ങളിൽ സാധാരണ സ്വീകരിക്കപ്പെട്ടിട്ടുള്ളതും കാര്യങ്ങളുടെ സ്ഥിതി ഗ്രഹിക്കാൻ മെമ്പർമാരെ സഹായിക്കുന്നതുമായ ചിത്രങ്ങളും ഗ്രാഫ്കളും അദ്ദേഹം വേണ്ടെന്നുവെച്ചിരിക്കുന്നു. എന്നാൽ ഭംഗിയായി തയ്യാറാക്കീട്ടുള്ള അപ്രോപ്രിയേഷൻ റിപ്പോർട്ടു നിമിത്തം ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചുകൊള്ളുന്നു.

പ്രസംഗത്തെപ്പറ്റി ആലോചിക്കയാണെങ്കിൽ അതു വളരെക്കാലത്തെ പഴക്കംകൊണ്ടു സുപരിചിതമായ ഒന്നാണ്. ബഡ്ജറ്റിനെപ്പറ്റിയുള്ള സാമാന്യ വിമർശനത്തിൽ സഭയുടെ ഇരുഭാഗത്തുനിന്നുമുണ്ടായിട്ടുള്ള പ്രസ്താവനകളെപ്പറ്റിയെല്ലാം അദ്ദേഹം ആലോചിക്കുമെന്നും ജനങ്ങളുടെ സാമ്പത്തികസ്ഥിതിയെപ്പറ്റിയും അവരുടെ ക്രയശക്തിയെപ്പറ്റിയും ആ പ്രസംഗത്തിൽ വല്ല വിവരണങ്ങളുമുണ്ടാകുമെന്നും ഞാൻ പൂർണ്ണമായി വിശ്വസിച്ചിരുന്നു. ഒരു രാജ്യക്കാരുടെ ഐശ്വര്യം അവരുടെ ക്രയശക്തിയെ മുഴുവൻ ആശ്രയിച്ചിരിക്കുന്നു എന്നു പറയണമെന്നില്ലല്ലോ. ജനങ്ങളുടെ ക്രയശക്തി വർദ്ധിപ്പിക്കാൻ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനു കഴിവുണ്ടാകത്തക്കവണ്ണം ഈ വിഷയത്തെസംബന്ധിച്ച വിവരങ്ങൾ വേണമെന്നു കഴിഞ്ഞയാണ്ടിൽ ഈ സമയം ഞാൻ ഫൈനാൻഷ്യൽസെക്രട്ടറിയോടു പ്രത്യേകം അപേക്ഷിച്ചിട്ടുണ്ടായിരുന്നു. ആ വിവരങ്ങൾ തന്നിട്ടില്ലാത്തതുകൊണ്ടു നമ്മുടെ ജനങ്ങളുടെ ക്രയശക്തി ക്ഷണത്തിൽ കുറഞ്ഞുവരുന്നു എന്നുള്ള എന്റെ വിശ്വാസം സ്ഥിരപ്പെടുന്നു. ഈ സംഗതിയെക്കുറിച്ചു ഞങ്ങൾക്കു ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ കഴിവുണ്ടാകുന്നതിനും ഭാവി ബഡ്ജറ്റ് പ്രസംഗങ്ങളിൽ വേണ്ട വിവരങ്ങൾ തരുമെന്നു വിശ്വസിക്കുന്നു. ബഡ്ജറ്റിൽനിന്നു ഒരു സംഗതി വെളിവാകുന്നുണ്ട്. രാജ്യഭരണം ചെലവുചുരുക്കി നടത്തിവരുന്നു എന്നു ഉദ്യോഗസ്ഥമെമ്പർമാർ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു. അതിനായി ഞാൻ അവരെ അഭിനന്ദിച്ചുകൊള്ളുന്നു.

രാജ്യത്തിന്റെ ഐശ്വര്യം വർദ്ധിപ്പിക്കുന്ന കാര്യങ്ങളിൽ ഗവണ്മെന്റിനോടു സഹകരിക്കുന്നതു എല്ലാ മെമ്പർമാരുടെയും അവകാശമാണെന്നു സഭ ആരംഭിച്ചപ്പോൾ താങ്കൾ പറഞ്ഞിട്ടുണ്ടല്ലോ. ഈ കാര്യത്തിൽ താങ്കളുടെ ദീർഘദൃഷ്ടിയെയും ഞാൻ പ്രശംസിച്ചുകൊള്ളുന്നു.

നമ്മുടെ ചെലവു വർദ്ധിക്കുമെന്നാണു ബഡ്ജറ്റുകൊണ്ടു കാണുന്നതു. കമ്മീഷണരുടെ ഓഫീസിൽ അതുതന്നെയാണല്ലോ. എന്നാൽ ഈ കൂടുതൽ മുതൽ എവിടെ നിന്നാണു വരുന്നതു? മി: ഗോമതിനായകംപിള്ള പറഞ്ഞിരിക്കുന്നു, ജനങ്ങളുടെ ശക്തിയോടു വർദ്ധിപ്പിച്ചുവേണം നമ്മുടെ മുതലെടുപ്പു വർദ്ധിപ്പിക്കുന്നതു. മേലാൽ ഇതുവരെ കാണുമാറുണ്ടോ? ഞാൻ ഒരു ചോദ്യം ചോദിക്കുന്നു. നാം എന്തിനാണു ബഡ്ജറ്റു തയ്യാറാക്കുന്നതു? ജനങ്ങളുടെ ഐശ്വര്യവും ക്ഷേമവും വർദ്ധിപ്പിക്കാൻ ഇടയുള്ള ചെലവുകൾ ചെയ്യാനായിട്ടാണു നാം ബഡ്ജറ്റുണ്ടാക്കുന്നതു. നമുക്കു വേണ്ടതു കൂടുതൽ ഐശ്വര്യവും ക്ഷേമവുമാണു കൂടുതൽ പണമല്ല. ഇപ്പോൾ നമ്മുടെ എക്സൈസ് നയം ജനപ്പെട്ടതാണുള്ളതാണ് അതു ക്രമിച്ചിരിക്കുന്നു. നമ്മുടെ എക്സൈസ് നയം നിമിത്തമുള്ള വരവും വിദ്യാഭ്യാസത്തിനുള്ള ചെലവും ആലോചിക്കുമ്പോൾ മാതാപിതാക്കന്മാർ അവരുടെ മക്കളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു മദ്യപിക്കേണ്ടിയിരിക്കുന്നു എന്നു അനുമാനിക്കേണ്ടതായി തോന്നുന്നു. നമ്മുടെ അടുത്തുള്ള മദ്രാസ് സംസ്ഥാനത്തു ക്രമേണ പൂർണ്ണമദ്യപാനനിരോധനം നടപ്പാക്കുന്നതിനെ സംബന്ധിച്ചു ജനങ്ങളെ അഭ്യസിപ്പിക്കുന്നതിനു ആ ഗവണ്മെന്റു അവരുടെ ബഡ്ജറ്റിൽ പണം അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഇവിടെയും അങ്ങനെ വല്ലതും ചെയ്തില്ലെങ്കിൽ നമുക്കു മദ്യപാനനിരോധനം സംബന്ധിച്ചു യാതൊന്നും ചെയ്യാൻ കഴികയില്ല. ഇതിനെപ്പറ്റി ആലോചിച്ചു വരുന്നയാണ്ടിൽ ഗവണ്മെന്റു വല്ലതും ചെയ്യുമെന്നു വിശ്വസിക്കുന്നു.

റെയിൽവേ ആദായത്തെപ്പറ്റി താങ്കളുടെ അനുവാദത്തോടുകൂടി അല്പം സംസാരിപ്പാൻ ആഗ്രഹിക്കുന്നു. അതിനെപ്പറ്റി ഒരു വാദം നടത്താൻ വിചാരിക്കുന്നില്ല. റെയിൽവേയെ സംബന്ധിച്ചു ഞാൻ രണ്ടുവർഷമായി ചെയ്തുവരുന്ന പ്രവചനം സത്യമായി പരിണമിച്ചിട്ടുണ്ട്. ഈ തീവണ്ടികളെ ഉത്തമമായി നടത്തിയാൽ നമുക്കു കൂടുതൽ ആദായം കിട്ടും. ആ ആദായം വർദ്ധിപ്പിക്കുന്നതിനു കഴിവുള്ളതെല്ലാം ഗവണ്മെന്റു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇനി ചെലവിനെപ്പറ്റി ചിന്തിക്കാം. പൊതുമുതൽ ചെലവുചെയ്യുന്ന കാര്യത്തിൽ അനുസരിക്കേണ്ടുന്ന മുഖ്യതത്വങ്ങളിൽ ഒന്നു പൊതുമുതൽ ഒരു പ്രത്യേക ആളിനെയോ സമുദായത്തെയോ ഉദ്ദേശിച്ചു ചെലവു ചെയ്യരുതെന്നുള്ളതാകുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനു പണം അനുവദിച്ചിട്ടുള്ളതു ഈ പ്രമാണം അനുസരിച്ചാണോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. തിരുവിതാംകൂറിൽ തമിഴ് സംസാരിക്കുന്ന ജനങ്ങളുടെ സംഖ്യ എത്ര? തിരുവിതാംകൂറിലെ തമിഴ് ഡിസ്ട്രിക്ടുകളിലെ മുതലെടുപ്പു എത്ര? വരുന്നയാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ തമിഴ് പ്രാഥമികവിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള സംഖ്യ ജനസംഖ്യക്കു അനുരൂപമാണോ? തമിഴ് സംസാരിക്കുന്ന ജനങ്ങളുടെ മക്കൾക്കു അവരുടെ ഭാഷയിൽ പ്രാഥമികവിദ്യാഭ്യാസമെങ്കിലും ലഭിക്കാൻ അവകാശമില്ലയോ? പ്രാഥമികവിദ്യാഭ്യാസം വിദ്യാർത്ഥികളുടെ മാതൃഭാഷയിൽ പ്രദാനം ചെയ്യേണ്ടതാണെന്നുള്ള പ്രമാണം എല്ലാവരും സമ്മതിക്കുന്നില്ലയോ? നിയമസഭയുടെ കഴിഞ്ഞ യോഗത്തിൽ താഴെ പറയുന്ന ചോദ്യം ചോദിച്ചു.

“തിരുവനന്തപുരം നഗരത്തിൽ ഉള്ള ഡിപ്പാർട്ടുമെന്റുവക പ്രാഥമികസ്കൂളുകളുടെ ആകെ എണ്ണവും തമിഴ്പ്രാഥമികസ്കൂളുകൾ ഉണ്ടെങ്കിൽ അവയുടെ എണ്ണവും ഗവണ്മെന്റു ദയവായി പറയുമോ?”

അതിനുകിട്ടിയ മറുപടി ഇങ്ങനെ ആയിരുന്നു.

ഡിപ്പാർട്ടുമെന്റുവക പ്രാഥമികസ്കൂളുകളുടെ എണ്ണം ൧൦

തമിഴ് പ്രാഥമികസ്കൂളുകൾ ഒന്നുമില്ല.

പ്രാഥമിക വിദ്യാഭ്യാസം സംബന്ധിച്ച ഗവർമ്മെന്റിന്റെ നയം എന്താണെന്നു ഇതിൽനിന്നു സ്പഷ്ടമാകുന്നുണ്ടു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഓരോസ്ഥലത്തും അല്പം ചിലക്കാരായ ഓരോസമുദായത്തിനു പ്രാഥമികവിദ്യാഭ്യാസം നല്കുവാൻ വേണ്ടുന്ന പണം അനുവദിക്കാൻ സാധിക്കയില്ല.

മി. എസ്. പരമേശ്വരൻപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഓരോസമുദായത്തിൽനിന്നും കിട്ടുന്ന മുതലെടുപ്പനുസരിച്ചു അവർക്കുവേണ്ടി പണം ചെലവുചെയ്യണമെന്നു അവർക്കു അധികാരമുണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. തമിഴ് മാതൃഭാഷയായിട്ടുള്ള എന്റെ ജനങ്ങളുടെ ഈ അപേക്ഷ കേവലം വനരോദനമായി പരിണമിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ഞാൻ ആഗ്രഹിക്കുന്ന വേറെ ഒരു സംഗതി പബ്ലിക്ക ലൈബ്രറി (സർക്കാർഗ്രന്ഥശാല)യെ അധികം ഉപയോഗമുള്ളതാക്കണമെന്നാകുന്നു. സ്റ്റേഷനറി സാമാനങ്ങൾ വാങ്ങുന്നതിനു കൂടുതലായി അനുവദിച്ചിട്ടുള്ള ൩൫,൦൦൦ രൂപ പുസ്തകങ്ങളും മാസികകളും വാങ്ങുന്നതിനു വിനിയോഗിച്ചിരുന്നു എങ്കിൽ എത്രനന്നായിരുന്നേനേ. ഈ സ്ഥാപനത്തിന്റെ ഗുണം വർദ്ധമാനമായിരുന്നു.

ഇവിടെ പ്രാതിനിധ്യം ഇല്ലാത്തതും സങ്കടംപറവാൻ കഴിവില്ലാത്തവരുമായ ഒരു ഉദ്യോഗസ്ഥസംഘത്തെപ്പറ്റി രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. ഉദ്യോഗത്തിലിരിക്കുമ്പോൾ മരിക്കുന്നവരും ഉദ്യോഗത്തിൽനിന്നു പിരിഞ്ഞഉടനെ മരിക്കുന്നവരുമായ ഗവർമ്മെന്റുദ്യോഗസ്ഥന്മാർ അവരുടെ കുടുംബങ്ങളെ കഷ്ടതയിലും ദാരിദ്ര്യത്തിലും വിട്ടേച്ചുപോകുന്നതു അസാധാരണമല്ലെന്നു നമുക്കറിയാമല്ലോ. കീഴുദ്യോഗസ്ഥന്മാർ സത്യസന്ധന്മാരായിരുന്നാൽ അവർക്കു സമ്പാദ്യമൊന്നുമുണ്ടായിരിക്കയില്ലെന്നുള്ളതു ഒരു പരസ്യമായ രഹസ്യമാണല്ലോ. തങ്ങളുടെ ജീവിതകാലത്തിന്റെ ഉത്തമഭാഗം രാജ്യസേവനത്തിൽ കഴിച്ചിട്ടു യാതൊന്നും സമ്പാദിച്ചുകൊടുക്കാൻ കഴിയാതെ മരിച്ചുപോകുന്ന ഈ സത്യവാന്മാരുടെ കാര്യം കഷ്ടംതന്നെയാണു. അവരുടെമരണംനിമിത്തം കുടുംബങ്ങൾ പട്ടിണികിടക്കേണ്ടിവരുന്നു. ഈ സംഗതിയെപ്പറ്റി ഗാഢമായി ചിന്തിച്ചു ബ്രിട്ടീഷിന്ത്യയിലെപ്പോലെ വല്ലതും ചെയ്തുകൊടുക്കുന്നതു നീതിയും ന്യായവും ആയിരിക്കുമെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

ഹൈക്കോടതി ജഡ്ജിമാരുടെ നിയമനത്തിലുണ്ടായ താമസത്തെപ്പറ്റി ഇന്നലെ എന്റെ സ്നേഹിതന്മാരിൽ ചിലർ ചെയ്ത പ്രസ്താവനകൾ സംബന്ധിച്ചു [illegible] ഒരുദിവസത്തെ താമസത്തിനിടയായില്ലെന്നുള്ളതുകൊണ്ടു താങ്കളെ ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു.

മി. കെ. ഉമ്മൻമാപ്പിളക്കർ (അമ്പലപ്പുഴ): മഹാറാണീജിന്റെ തിരുമനസ്സുകൊണ്ടു ഭരണാധികാരിയായി താങ്കളെ തിരഞ്ഞെടുത്തതിൽ എല്ലാജനങ്ങൾക്കുമുള്ള തൃപ്തിയെ എന്റെ നിയോജകമണ്ഡലത്തിനുവേണ്ടി ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. വിഭിന്നജനങ്ങളുടെ ഇടയിൽ സമഭാവം പാലിച്ചുകൊണ്ടു പോകയും യഥാർത്ഥാഭിവൃദ്ധിമാർഗ്ഗത്തിൽ പ്രവേശിച്ചിട്ടുള്ള ഈ രാജ്യത്തെ ജനങ്ങളിൽ ഐക്യവിശ്വാസം പ്രദർശിപ്പിച്ചിട്ടുള്ള മഹാറാണിതിരുമനസ്സിലെ ആശയങ്ങൾക്കനുസരണമായി ഇതിലും ഉപരിയായ അഭിവൃദ്ധിമാർഗ്ഗങ്ങളിൽക്കൂടി നയിപ്പിക്കയും ചെയ്യേണ്ടതു താങ്കളുടെ ധർമ്മമായിത്തീർന്നിട്ടുണ്ടു. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തോടുകൂടെ ഞാനും താങ്കൾ ഇതു സാധിപ്പിക്കുമെന്നു വിശ്വസിക്കുന്നു. ഈ സംഗതിയെപ്പറ്റി ഞാൻ ഇത്രയും ചുരുക്കമായി പറഞ്ഞുകൊള്ളുന്നു. ഇനി ബഡ്ജറ്റിനെപ്പറ്റി ചിന്തിക്കാം. ബഡ്ജറ്റിൻപ്രകാരം ഒരു ചെറിയ ബാക്കി ഉണ്ടാകുമെന്നു കാണുന്നു. എന്നാൽ ബഡ്ജറ്റു പുതുക്കി തയ്യാറാക്കുമ്പോൾ മുൻകൊല്ലങ്ങളിലെപ്പോലെ സാമാന്യം വലിയ ഒരു ബാക്കി ഉണ്ടാകുമെന്നാണു എനിക്കു തോന്നുന്നതു.

ജനസാമാന്യത്തിന്റെ ഗുണത്തിനുവേണ്ട നല്ലകാര്യങ്ങൾ ചെയ്യാനുള്ളപ്പോൾ ഒരു ന്യായമായ ബാക്കി ഗവർമ്മെന്റിനെസംബന്ധിച്ചേടത്തോളം ഒരു അന്യായമായ സമ്പാദ്യം ആകുന്നു.

പ്രാചീനകാലങ്ങളിൽ ഉത്കൃഷ്ടമായ തിരുവിതാംകൂറിനു പുരാതനരാജ്യങ്ങളുടെ ഇടയിൽപോലും ഒരു വിശേഷസ്ഥാനമാണുള്ളതു. ൭൬൨൫ ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഈ രാജ്യത്തിലെ ഇടവത്തിലെയും തുലാത്തിലെയും മഴകളും അനേകം ചെറിയനദികളും കൊണ്ടുള്ള കാലാവസ്ഥയും രാജ്യത്തിന്റെ ഭൂമിയുടെ ഗുണവിശേഷങ്ങളും നോക്കുമ്പോൾ ഇതു പ്രധാനമായി കൃഷിക്കനുയോജ്യമായ ഒരു മാതൃകാരാജ്യമാണെന്നു പറയാം. ജനങ്ങൾ കൈവശപ്പെടുത്തി ഉപയോഗിച്ചുവരുന്ന വിസ്തീർണ്ണം ൩൦൦൦ ചതുരശ്രമൈലാകുന്നു. ഈ വിസ്തീർണ്ണം ഭാഗിചെയ്യുമ്പോൾ ജനങ്ങളിൽ ഓരോരുത്തനു ശരാശരി ൧ ഏക്കർ സ്ഥലംവീതം ഉണ്ടു.

ഇവിടെ [illegible] ഏക്കർസ്ഥലത്തു നെൽകൃഷിയും [illegible] ഏക്കർസ്ഥലത്തു തേയിലക്കൃഷിയും [illegible] ഏക്കർ സ്ഥലത്തു തെങ്ങുകൃഷിയും ചെയ്തുവരുന്നു. സർക്കാർഭൂമികളുടെ വിസ്തീർണ്ണം [illegible] ഏക്കറാകുന്നു. മേൽപറഞ്ഞ ൩൦൦൦ ചതുരശ്രമൈൽ മുഴുവനും കൃഷിസ്ഥലങ്ങളാകുന്നതിനു ഇനിയും അധികഭൂമികൾ കൃഷിസ്ഥലങ്ങളാക്കേണ്ടതാണെന്നു സൂക്ഷ്മജ്ഞന്മാർ പറയും. തരിശുകിടക്കപതിച്ചുകൊടുത്തിട്ടുള്ളതു [illegible] ഏക്കറാകുന്നു. ഇതിൽ [illegible] ഏക്കർസ്ഥലം കൃഷിചെയ്യാതെ കിടക്കുന്നു. ന്യായമായ ഒരു കാലത്തിനുള്ളിൽ മുഴുവൻ കൃഷിചെയ്യാൻ സാധിക്കാത്തവരായി ഭാഗ്യക്ഷേമം പ്രതീക്ഷിച്ചുകൊണ്ടു ഭൂമി പതിച്ചുവാങ്ങി കൈവശംവെച്ചുകൊണ്ടിരിക്കാൻ വിചാരിക്കുന്നവർക്കു അങ്ങനെ ഭൂമി പതിച്ചുകൊടുക്കുന്ന ഗവർമ്മെന്റു നയം മാറുന്നു, പതിച്ചുകൊടുക്കുന്ന ഭൂമി മുഴുവൻ ഒരു ക്ലിപ്തസമയത്തിനുള്ളിൽ കൃഷിചെയ്തുകൊള്ളണമെന്നു ഒരു നിബന്ധന ഉണ്ടായിരിക്കണം. ഭൂമികൾ സൂക്ഷിച്ചുവെച്ചുകൊണ്ടിരിക്കുന്നതുള്ള അധികാരം ഗവർമ്മെന്റിനില്ലാതെ യോഗ്യന്മാരായ ചെറുകിടക്കാർക്കും കൃഷിക്കാർക്കും ഉണ്ടായിരിക്കണം. ഒരു ക്ലിപ്തകാലത്തിനുള്ളിൽ കൃഷിചെയ്യാൻ കഴിയുന്നതിലധികം സ്ഥലത്തിനു അപേക്ഷിക്കാൻ ആരെയും അനുവദിക്കരുതു. ഇങ്ങനെ ഒരു നിബന്ധന വെച്ചുവരുന്നതു ജനങ്ങളുടെ അവകാശസംരക്ഷണത്തിനു അത്യാവശ്യം ആകുന്നു. ൧൦൮൬-ൽ ഇവിടത്തെ ജനസംഖ്യ ൩൪ ലക്ഷം ആയിരുന്നു. ആണ്ടുതോറും ൩൦,൦൦൦ ആളുകൾവീതം വർദ്ധനവോടുകൂടി ൧൦ വർഷം കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ കായലുകളും റിസർവ്വനങ്ങളും ഒഴിച്ചു വിസ്തീർണ്ണത്തിൽ ചതുരശ്രമൈലിനു [illegible] ആളുകൾവീതം ഉണ്ടു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ നിബന്ധന രജിസ്റ്റർ ചെയ്തുകൊടുത്തുപോയ ഭൂമികൾക്കും ബാധകമാക്കണമെന്ന മെമ്പർ ശുപാർശചെയ്യുന്നുണ്ടോ എന്നു പറയുമോ?

മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): അതു നിയമാനുസരണമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനു സാധ്യതയുണ്ടാക്കാൻ ഗവർമ്മേന്റിനു കഴിയുമെങ്കിൽ അങ്ങനെ ചെയ്താൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ അറിയാൻ ആഗ്രഹിക്കുന്നതു അങ്ങനെയുള്ള ഒരു നിബന്ധന മേലാൽ പതിച്ചുകൊടുക്കുന്ന ഭൂമികളെസംബന്ധിച്ചുണ്ടാക്കിയാൽപോരാ; അതോ പതിച്ചുകൊടുത്തുപോയ ഭൂമികൾക്കും ബാധകമാക്കണമോ എന്നാണ്.

മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): തീർച്ചയായും അതു നിയമപ്രകാരം സാധ്യമായിരിക്കും.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇതിനുമുമ്പു രജിസ്റ്റർചെയ്തുകൊടുത്തുപോയിട്ടുള്ള ഭൂമികൾക്കും ഈ നിബന്ധന ബാധകമാക്കണമെന്നു മെമ്പർ അഭിപ്രായപ്പെടുന്നുണ്ടോ എന്നാണ് എന്റെ ചോദ്യം.

മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): ഒരിക്കലുമില്ല.

മി. പി. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വളരെക്കാലംമുമ്പു രജിസ്റ്റർചെയ്തുകൊടുത്തിട്ടു ഇപ്പോഴും കൃഷിചെയ്യാതെ കിടക്കുന്ന ഭൂമികൾക്ക ഗവർമ്മേന്റു കരം ചുമത്തി വസൂലാക്കേണ്ടതാണെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): ഈ രാജ്യത്തിന്റെയും ഇവിടത്തെ ജനങ്ങളുടേയും ധനസ്ഥിതി നിങ്ങളെ ഗ്രഹിപ്പിക്കുന്നതിനു ഈ സംസ്ഥാനത്തെ നവ പട്ടണങ്ങളിൽ ൭൨ പരയവീടുകളും നവുൻ൩ ഗ്രാമങ്ങളിൽ ൩൫൪,൮൨൭ വീടുകളും ഉണ്ടെന്നും മഹാരാജ്ഞിറീജന്റ് തിരുമനസ്സിലെ പ്രജകൾ ഈ വീടുകളിലാണ് പാർക്കുന്നതെന്നും നിങ്ങളോടു പറയേണ്ടിയിരിക്കുന്നു. ബ്രിട്ടീഷിൻഡ്യയിലെ ൭൦ ശതമാനം ജനങ്ങൾക്ക വല്ല തൊഴിലുമുണ്ട്. എന്നാൽ നമ്മുടെനാട്ടിൽ ൩൭ ശതമാനംജനങ്ങൾക്കേ എന്തെങ്കിലും തൊഴിലുള്ളു. ഈ തൊഴിലുള്ള ൩൭ ശതമാനത്തിൽ ൪൫ ശതമാനം കൃഷിയിലാണ് ഏർപ്പെട്ടിരിക്കുന്നതെന്നറിയുന്നതു നമുക്കു അധികം രസാവഹമായിരിക്കുമല്ലോ.

ഒരാണ്ടിലുള്ള ൩൬൫ ദിവസങ്ങളിൽ ൧൫൦ ദിവസം മാത്രമേ കൃഷിക്കാർക്ക് വല്ല ജോലിയും ചെയ്യാനുള്ളു എന്നു എല്ലാപേർക്കും അറിയാവുന്നകാര്യം ആകുന്നു. ഇവിടെ തൊഴിലില്ലായ്മ എത്രത്തോളമുണ്ടെന്നു മേൽവിവരിച്ച കണക്കുകൊണ്ടു ഗ്രഹിക്കാം.

കൃഷിവർദ്ധിപ്പിക്കുന്നതിനും ഉൽപന്നങ്ങളുടെ അളവു അധികമാക്കുന്നതിനും ഈ ആനുകൂല്യങ്ങൾ എല്ലാം ഉണ്ടായിരുന്നിട്ടും ജനങ്ങളിൽ ഭൂരിപക്ഷത്തിനും ൭ രൂപാ വിലയുള്ള നെല്ലും അരിയും ഇവിടെ ഇറക്കുമതി ചെയ്യേണ്ടിയിരിക്കുന്നു എന്നുള്ളതു ലജ്ജാകരമായ ഒരു സംഗതിയാകുന്നു. ഈ അതൃപ്തികരമായ സ്ഥിതിക്കു കാരണം ഇക്കാര്യത്തിൽ അധികാരസ്ഥന്മാരുടെ അലസതമാത്രമാകുന്നു.

പാശ്ചാത്യനാടുകളിൽ ഓരോ വ്യക്തിക്കു പ്രതിവർഷമുള്ള ശരാശരി വരവു ൪൯ ഷില്ലിങ്ങും ഗ്രേറ്റ്ബ്രിട്ടനിൽ ൩൦ ഷില്ലിങ്ങും ബ്രിട്ടീഷിൻഡ്യയിൽ രൂപാ ഒരണയും ആകുന്നു. തിരുവിതാംകൂറിൽ ഒരാളുടെ വരവു ബ്രിട്ടീഷിൻഡ്യയിലെ തന്റെ സഹോദരന്റെ വരവിനെക്കാൾ അധികമായിരിക്കാൻ ഇടയില്ല. യുണൈറ്റഡ് പ്രോവിൻസസിൽ ജനങ്ങൾ ൭൫ പലിശയ്ക്കും മദ്രാസിൽ ൨൫ പലിശയ്ക്കും കടംവാങ്ങിട്ടുള്ള ദൃഷ്ടാന്തങ്ങൾ ഉണ്ട്. നമ്മുടെനാട്ടിൽ ൧൨ മുതൽ ൨൪ വരെയുള്ള പലിശനിരക്ക സാധാരണയുമാണ്. സംഗതികൾ ഇങ്ങനെയായിരുന്നാൽ കൃഷി പ്രധാനതൊഴിലായിട്ടുള്ള നമ്മുടെ രാജ്യത്തിനു രക്ഷ എന്തു?

ജർമ്മനിയിലെ ബാങ്കു വ്യവസ്ഥയനുസരിച്ചു കൃഷിക്കാർക്ക് കുറഞ്ഞ പലിശയ്ക്കു പണം കടംകൊടുക്കാൻ ൧൯൧൨ ൽ ബോംബെ സംസ്ഥാനത്തും യുണൈറ്റഡ്പ്രോവിൻസസിലും ബാങ്കുകൾ സ്ഥാപിക്കാൻ ആലോചനയുണ്ടായിരുന്നു. എന്നാൽ എന്തുകാരണത്താലോ ഈ ആലോചനകളൊന്നും നടപ്പിൽ വന്നില്ല. വളരെ കാലമായി നമുക്കുണ്ടായിരുന്ന ഒരാവശ്യം നിവൃത്തിക്ക നമ്മുടെ രാജ്യത്തിപ്പോൾ പരസ്പരസഹായസംഘങ്ങൾ ഉണ്ട്. എന്നാൽകുറഞ്ഞ പലിശയ്ക്കു വലിയ സംഖ്യകൾ കടം കൊടുക്കാൻ ഈ സംഘങ്ങൾക്ക കഴിവില്ല. രാജ്യത്തിന്റെ ഉന്നമനം കൃഷിവായ്പകൾക്ക ഈ സംഘങ്ങൾ കൊടുക്കുന്ന സംഖ്യകൾ തുച്ഛമാണ്. രാജ്യത്തിന്റെ ക്ഷേമം ഉൽകർഷ കൃഷിക്കാരുടെ അഭിവൃദ്ധിക്കു പണവും കൃഷിക്കാരുടെ ആവശ്യങ്ങൾ നിവാരണം ചെയ്യും ഒരു മഹാപ്രവൃത്തിയാകയാൽ കൃഷിയുടെ അഭിവൃദ്ധിക്കു ചെയ്യുന്നതിനും അധികം പണം അനുവദിക്കേണ്ടതാണ്. ഇതിനു അധികം പണം അനുവദിക്കുന്നതു അഭിവൃദ്ധി ചെയ്യുന്നതിനും അധികം പണം അനുവദിക്കേണ്ടതാണ്. നമ്മുടെ രാജ്യം എത്രയോ വലിയ സംഖ്യകൾ വിദേശങ്ങളിൽ നിന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. നമ്മുടെ രാജ്യം എത്രയോ വലിയ സംഖ്യകൾ കുറഞ്ഞപലിശയ്ക്കിട്ടിട്ടുണ്ട്. നമുക്കു നല്ല ഒരു സംഖ്യ ബാക്കിയുംഉണ്ട്. കൃഷിക്കു പണം വായ്പവാങ്ങി നശിച്ചുപോകാതെ നമ്മുടെ ജനങ്ങളുടെ സങ്കടാവസ്ഥഗ്രഹിച്ചു കൃഷിക്കാരുടെ സങ്കടാവസ്ഥയ്ക്കു വല്ല പരിഹാരവും ഉണ്ടാക്കേണ്ടതു അത്യാവശ്യമാകുന്നു. സർ, ഈ വിഷയത്തെപ്പറ്റി അന്വേഷണം നടത്തി നമ്മുടെ കൃഷിക്കാരെ സഹായിക്കുന്നതിനും കുറെ മുമ്പ് ഈ സഭ നിശ്ചയിച്ചതുപോലെ ഒരു ഭൂസ്വത്തുജാമ്യബാങ്ക് സ്ഥാപിക്കുന്നതിനും വേണ്ടകാര്യങ്ങളും വഴികളും കണ്ടുപിടിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

തന്റെ ചുറ്റും സമീപത്തുമുള്ള കാര്യങ്ങളെ ശരിയായി ദർശിക്കുന്നതിനു ഒരാൾ നിൽക്കേണ്ടുന്ന ഉത്തമസ്ഥാനം ആ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി ആകുന്നു.

ഞാൻ എന്റെ താലൂക്കിൽ അധികം താല്പര്യമുള്ളവനാകയാൽ അവിടം സംബന്ധിച്ച ചില അടിയന്തിരകാര്യങ്ങളെ താങ്കളുടെ ദൃഷ്ടിയിൽപെടുത്താൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

ഈ രാജ്യത്തു ഓരോ ചതുരശ്രമൈൽ ഭൂമിക്ക ഒരു മൈൽ ദൂരം റോഡു വീതമുണ്ടെന്നു പറയാറുണ്ട്. എന്റെ താലൂക്കിനെ സംബന്ധിച്ചിടത്തോളം അതു സത്യമോ അസത്യമോ ആയിരിക്കാം. അമ്പലപ്പുഴതാലൂക്കിൽ ൪൦ മൈൽ ൧൯൩ മൈൽ നീളം റോഡുണ്ട്. ഇതിൽ ഭൂരിഭാഗം ൩൦ മൈൽ ആലപ്പുഴ മുൻസിപ്പൽ നഗരത്തിലാണ്. ബാക്കി ആലപ്പുഴനിന്നും കടപ്പുറംവഴി വടക്കോട്ടാണ് പോകുന്നതു, തെക്കോട്ടില്ല. എന്നിരിക്കെ ൧൨൦ ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള കുട്ടനാട്ടിൽ അമ്പലപ്പുഴനിന്നും തകഴിക്കുള്ള ഒരു ചെറിയ റോഡല്ലാതെ ഒരിഞ്ചുപോലും റോഡില്ല. ആ സ്ഥലം വെള്ളംകെട്ടിനിൽക്കുന്ന സ്ഥലമാകയാൽ അവിടെ

റോഡുണ്ടാക്കുന്നതിനു വളരെ പ്രയാസങ്ങൾ ഉണ്ട്. ആ താലൂക്കുകളിലെ തോടുകളുടെ നീളം നോക്കാം. ഞങ്ങൾക്കു ൩൬ നാഴിക ൧൦൦ അടി നീളം തോടുകൾ ഉണ്ട്. അതിൽ പത്തു മൈൽ നീളം തോട് ആലപ്പുഴ മുൻസിപ്പാലിറ്റിയിലാണ്. ചങ്ങനാശ്ശേരിയിൽനിന്നു ആലപ്പുഴയ്ക്കു ഒരു റോഡു വെട്ടാൻ ഞങ്ങൾ ഗവർമ്മെന്റിനോടു അപേക്ഷിച്ചു തുടങ്ങീട്ടു ഏകദേശം ൨൫ വർഷമായിരിക്കുന്നു. ഞങ്ങളുടെ കൂടക്കൂടെയുള്ള അപേക്ഷാനുസരണം ഒരു ലൈൻ തീർച്ചയാക്കി ചില്ലറപണികൾ നടത്തീട്ടുണ്ട്. എങ്കിലും അതു ഇതുവരെ പൂർത്തിയാക്കാതെ കിടക്കുന്നു.

ആലപ്പുഴ മുനിസിപ്പൽ പ്രസിഡണ്ടിന്റെ നിലയിൽ ആ പട്ടണത്തിനു ഒരു ജലസംഭരണപദ്ധതി ഞാൻ തയ്യാറാക്കി അയച്ചിരുന്നു. ഇതിനെ സംബന്ധിച്ചു വേറെ ചില പദ്ധതികൾ ഉണ്ടെങ്കിലും ഞാൻ സമർപ്പിച്ച പദ്ധതി ചിലവു കുറഞ്ഞതാണെന്നുമാത്രമല്ല, അതുകൊണ്ടു മെച്ചങ്ങളും ഉണ്ട്. ആലപ്പുഴ--ചങ്ങനാശ്ശേരി തോടിന്റെ ഒരു വരമ്പു ക്രമേണ ഒരു റോഡാക്കാൻ കഴിയും. അതിൽക്കൂടെത്തന്നെ ആലപ്പുഴയ്ക്കു ചങ്ങനാശ്ശേരിഭാഗത്തുനിന്നു വെള്ളം കൊണ്ടുപോകുവാൻ കുഴൽ വെക്കുകയും ചെയ്യാം. തിരുവിതാംകൂറിലെ പ്രധാന കച്ചവടസ്ഥലമായ ആലപ്പുഴയിലെ ദിനംപ്രതി പെരുകിവരുന്ന ആളുകൾക്കു കുടിക്കാൻ നല്ല വെള്ളം കിട്ടുകയും കുട്ടനാട്ടെ ആളുകൾക്കു കര മാർഗ്ഗം റോഡു കിട്ടുകയും വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ആലപ്പുഴയ്ക്കോ ചങ്ങനാശ്ശേരിയ്ക്കോ ചെന്നുതാനും സാമാനങ്ങൾ വാങ്ങാൻ പോയിവരാനും സൌകര്യങ്ങൾ ഉണ്ടാകയും ചെയ്യും.

കുട്ടനാട്ടെ വെള്ളപ്പൊക്കത്തെപ്പറ്റി ഞാൻ ഇന്നലെ പറഞ്ഞുവല്ലോ. കൊച്ചിത്തുറമുഖത്തിന്റെ കിഴക്കുവശം കായൽ കുത്തി കരയാക്കുന്നതിനെപ്പറ്റിയും ഞാൻ സൂചിപ്പിക്കയുണ്ടായി. കൊച്ചിക്കു കിഴക്കുവശം വേമ്പനാട്ടുകായലിൽ ഉദ്ദേശം ൭൫൦ ഏക്കർ സ്ഥലം ഇപ്പോൾ ഉറച്ച ഭൂമിയാണ്. അതു ഇപ്പോൾ വെള്ളം കടലിലേക്കു ഒഴുകിപ്പോകുന്നതിനു തടസ്സമായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഈ തടസ്സം നിമിത്തം കുട്ടനാട്ടെപ്പോലെ താഴ്ന്ന സ്ഥലങ്ങളിൽ വെള്ളം അധികകാലം കെട്ടിനിൽക്കുന്നതിനിടയാകയും അവിടെയുള്ള ധാന്യങ്ങൾക്കും വൃക്ഷങ്ങൾക്കും ദോഷമായി തീരുകയുംചെയ്യും.

ഈ സങ്കടം വർദ്ധിപ്പിക്കുന്നതിനെന്നു തോന്നുമാറു പൊതുമരാമത്തിലെ ഒരുദ്യോഗസ്ഥൻ കോട്ടയവും ആലപ്പുഴയും വേമ്പനാട്ടുകായലിൽക്കൂടി ഒരു റോഡുമൂലം യോജിപ്പിക്കുന്നതിനു ഒരു പദ്ധതി തയ്യാറാക്കി അയച്ചിട്ടുണ്ട്. ഞാൻ ആ പദ്ധതിയെ ആക്ഷേപിക്കുന്നതു അതിനുവേണ്ടിവരുന്ന ഭീമമായ ചിലവു നിമിത്തമോ അതിന്റെ ആണ്ടുതോറും വേണ്ടിവരുന്ന സംരക്ഷണ ചിലവുവിചാരിച്ചോ അല്ല. കുട്ടനാട്ടെ ജനങ്ങൾക്കു അതുകൊണ്ടുണ്ടാകാവുന്ന ദോഷം ശരിയായി ഗ്രഹിക്കേണ്ടതാണ്. ഈ താണപ്രദേശത്തെ ഏറ്റവും വലിയ തോടുകളും നദീമുഖങ്ങളും ആലോചനയിലിരിക്കുന്ന റോഡിന്റെ തെക്കുഭാഗമാണ്. ഇതു വെള്ളത്തിന്റെ ശരിയായ പോക്കിനു രണ്ടാമത്തെ തടസ്സമാകുന്നു. കുട്ടനാട്ടെ അനേകായിരം ജനങ്ങളുടെ നാമത്തിൽ ഞാൻ ഈ പദ്ധതിയെ ബലമായി എതിർക്കുന്നു. ആലോചിച്ചിട്ടുള്ള ആലപ്പുഴ ചങ്ങനാശ്ശേരി തോട്ടിന്റെ അരികത്തുകൂടെ ഒരു റോഡുണ്ടാക്കിയാൽ ചെലവു കുറഞ്ഞിരിക്കയും ഉപദ്രവം കുറഞ്ഞിരിക്കയും ആലപ്പുഴയ്ക്കു കരമാർഗ്ഗം ഒരു വഴി ലഭിക്കയും ചെയ്യും.

കുട്ടനാട്ടിനെ ബാധിക്കുന്ന വേറൊരു സംഗതിയും എനിക്കു പറവാനുണ്ട്. അതു കൃഷിക്കായിമാത്രം ഉപയോഗിക്കുന്ന വള്ളങ്ങൾക്കു കരം ചുമത്തുന്ന കാര്യമാകുന്നു. ഈ അനിഷ്ടകരനിയമം നടപ്പിൽവരുത്തിയതിനാൽ ഇപ്പോഴെ ദരിദ്രന്മാരായ കൃഷിക്കാരുടെ പണസംബന്ധമായ ബുദ്ധിമുട്ടുകൾ വർദ്ധിച്ചിട്ടുണ്ട്. വെള്ളത്തിലും കരയിലുമായി ജീവിച്ചു അപകടകരമായ പുഞ്ചകൃഷിയിൽ ഏർപ്പെട്ടിരുന്നവരുടെ പണസഞ്ചിയിൽനിന്നു ഇങ്ങനെയും പണം പിടിച്ചെടുക്കുന്നതു എരിയുന്ന തീയിൽ എണ്ണയൊഴിക്കയാകുന്നു. പുഞ്ചകൃഷിക്കാരന്റെ കൃഷി നശിക്കയോ ചിറമുറിഞ്ഞു ഒഴുകിപ്പോകയോ ചെയ്താൽ അവനു കരമെങ്കിലും ഇളവുചെയ്തുകിട്ടുന്നില്ല. എന്നാൽ അവനെക്കാൾ ഭാഗ്യവാനായ തെക്കൻതിരുവിതാംകൂറിലെ അവന്റെ സഹോദരനു അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഗവർമ്മെണ്ട് കരമിളവുചെയ്തു കൊടുക്കുന്നുണ്ട്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): തെക്കൻതിരുവിതാംകൂറിലും കൃഷിപ്പിഴ ഉണ്ടാകാറുണ്ടെന്നു മെമ്പർക്കറിയാമോ?

മി. കെ. പത്മനാഭപ്പണിക്കർ (ആലപ്പുഴ): അറിയാം. ഇതു കേവലം അനീതിയാണ്. താങ്കൾക്കറിയാവുന്നതുകൊണ്ടു ഈ അനിഷ്ടകര നിയമത്തിൽനിന്നു ഞങ്ങളെ രക്ഷിക്കുന്നതു ന്യായവും നീതിയും ആയിരിക്കും.

പൊതുമരാമത്തുവകുപ്പു കൊല്ലംതോറും അനുവദിക്കുന്ന സംഖ്യ ജനങ്ങളിൽ ഓരോ ആൾക്കു എട്ടണവീതമാകുന്നു. ഈ വലിയ സംഖ്യകളിൽനിന്നുണ്ടാകുന്ന ഗുണത്തിനു ഞങ്ങൾക്കു അവകാശമുണ്ടെന്നുള്ള സംഗതി അനേകവർഷങ്ങളായി വിസ്മരിക്കയാണ്. ഉദ്ദേശം കണക്കുകൂട്ടിനോക്കിയാൽ അനേകവർഷങ്ങളായി ഞങ്ങൾക്കു ൭൨,൦൦൦ രൂപാവീതം ആണ്ടുതോറും നഷ്ടമാകുന്നുണ്ടെന്നു കാണാം. ഇപ്പോഴത്തെ അപേക്ഷകൾ കഴിഞ്ഞുപോയ കാര്യങ്ങളെ ബാധിക്കയില്ല. ഭാവിയിലെങ്കിലും ഞങ്ങളുടെ പ്രാഥമികാവശ്യങ്ങളെ നിവർത്തിച്ചുതരേണ്ടതാകുന്നു.

ഗവർമ്മെന്റിനെ ഉപദേശിക്കാനായി ഒരു എക്സിക്യൂട്ടിവ് കൌൺസിൽ സ്ഥാപിക്കണമെന്നു അപേക്ഷിച്ചിട്ടു കുറെക്കാലമായി. എന്നാൽ എത്രയോ ന്യായമായ ഈ അപേക്ഷയെ ഗവർമ്മെന്റു ശ്രദ്ധിച്ചിട്ടില്ല. അങ്ങനെയിരിക്കെ ഇപ്പോൾ ഉത്സാഹവും സാമർത്ഥ്യവും തർക്കമില്ലാത്ത യോഗ്യതയും ഉള്ള ഒരു ഉദ്യോഗസ്ഥന്റെ കീഴിൽ ഇരിക്കുന്ന മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തിനു ഒരു അഡ്മിനിസ്ട്രേറ്റിവ് ബോർഡ് സ്ഥാപിച്ചതു എങ്ങനെയാണെന്നും എന്തിനാണെന്നും എനിക്കു മനസ്സിലാകുന്നില്ല.

അനാവശ്യവും ആരും ആവശ്യപ്പെടാത്തതുമായ ഈ നൂതന ഏർപ്പാടിനെ ഈ സഭ കഴിഞ്ഞയാണ്ടിൽ ആക്ഷേപിക്കയുണ്ടായി. അതു നിറുത്തലാക്കണമെന്നു ഒരു നിശ്ചയവും പാസ്സാക്കി. എങ്കിലും ആ ബോർഡു അനാദരവിനു പാത്രമായി ഇന്നുവരെയും നിലനിന്നുപോരുന്നു. ഈ ബോർഡു നിറുത്തലാക്കിയാൽ ഗവർമ്മെന്റിനു വേറെ വല്ല നല്ലകാര്യത്തിനും ഉപയോഗിക്കാവുന്ന ൧൭,൦൧൦ രൂപാ ലാഭമുണ്ടാകും.

ഈ ബഡ്ജറ്റിനെ ആകപ്പാടെ പരിശോധിച്ചതിൽ ഫൈനാൻഷ്യൽസെക്രട്ടറി പ്രത്യാശാപൂർണ്ണനായി കാണുന്നു. "ഈയാണ്ടത്തെ മഴ അനുകൂലമായിരുന്നതുകൊണ്ടു കുരുമുളകു മുതലായ ഉൽപ്പന്നങ്ങൾ ധാരാളമായിട്ടുണ്ടാകും" എന്നു മെമ്പർ പ്രതീക്ഷിക്കുന്നു. ഈ പ്രതീക്ഷ സ്വപ്നമാണു, യഥാർത്ഥമല്ല. എന്തെന്നാൽ ഈയ്യാണ്ടിലുണ്ടായ മുളകിൻെറ പകുതിഭാഗം കരിഞ്ഞുപോയിരിക്കുന്നു. മുളകിൻെറ വില വർദ്ധിച്ചുവരുന്നു. അതുകൊണ്ടു ഫൈനാൻഷ്യൽസെക്രട്ടറിയുടെ മഴയിൽ മങ്ങിപ്പോയ പ്രതീക്ഷപ്രകാരം സംഭവിക്കുമെന്നു തോന്നുന്നില്ല. ഭൂസ്വത്തുജാമ്യബാങ്കുകൾ സംസ്ഥാനത്തിൻെറ സാമ്പത്തിക സർവെ ഗ്രാമപ്പഞ്ചായത്തുകൾ എന്നിങ്ങനെയുള്ള പ്രധാന വിഷയങ്ങളെപ്പറ്റി മെമ്പർ വായ്മുഖം അടച്ചു മുദ്രവെച്ചുകളഞ്ഞിരിക്കുന്നു.

പൊതുജനാരോഗ്യഡിപ്പാർട്ടുമെൻറിനെ പട്ടിണിയിട്ടിരിക്കയാണു. ക്ഷയം, കൊക്കപ്പുഴുരോഗം, മന്തു, കുഷ്ഠം മുതലായ രോഗങ്ങൾ ജനങ്ങളുടെ ജീവശക്തിയെ ക്ഷയിപ്പിക്കുന്നു. പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെൻറുകൊണ്ടു പ്രത്യേകയോഗ്യതകളൊന്നുമില്ലാത്ത ഒരുദ്യോഗസ്ഥൻെറ കീഴിൽ ഇപ്പോഴുള്ളമാതിരിയിലല്ല റാക്കഫെല്ലർ ഫൌണ്ടേഷനിലെ ഒരുദ്യോഗസ്ഥൻെറ ഉപദേശത്തിൻകീഴിലും മേലന്വേഷണത്തിലും വളരെ ഗുണമുണ്ടാകുമെന്നുള്ള സംഗതി അധികം ഊന്നിപ്പറയാതെതന്നെ നാം സമ്മതിക്കേണ്ടതാകുന്നു. ഈ പ്രധാനവിഷയങ്ങളെപ്പറ്റി അവ താങ്കളുടെ മുമ്പാകെ പതിവിൻപ്രകാരം വരുന്ന ക്രമത്തിലല്ല താങ്കളുടെ ഭരണത്തിൻകീഴിരിക്കുന്ന ജനങ്ങളോടു അവയ്ക്കുള്ള ബന്ധത്തിൻെറ പ്രാധാന്യം അനുസരിച്ചു താങ്കളുടെ ഗാഢമായ ആലോചനയ്ക്കു വിഷയമാക്കേണ്ടതാകുന്നു.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): സർ, കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റുസെഷനിൽ ഒന്നുംതന്നെ സംസാരിക്കണമെന്നു ഞാൻ വിചാരിച്ചില്ല. എന്നാൽ ഇത്തവണ അല്പംകൂടി ആശയോടുകൂടിയാണു ഇവിടെ ഞാൻ സന്നിഹിതനായിട്ടുള്ളതു്. കഴിഞ്ഞ ൧൧൦൩-ലെ പ്രസിഡണ്ടിൻെറ പ്രാരംഭറിമാർക്കുകൾതന്നെ എന്നെ എന്തെങ്കിലും പറയുന്നതിനു പ്രേരിപ്പിക്കുന്നു. ഒരു നിയന്ത്രണംമാതിരി അല്ലെങ്കിലും ഞാൻ നിസ്സഹകരണം അനുഷ്ഠിക്കയാണു കഴിഞ്ഞതവണ ചെയ്തതു്. അതിൻെറ പ്രധാനകാരണം ഈ കൌൺസിലിൽ പല തവണയും പാസായ പ്രമേയങ്ങളും ഉപക്ഷേപങ്ങളും നടപ്പിൽ വരുത്തുന്നതിനു ആലോചിക്കപോലും ഗവൺമെൻറ ചെയ്യുന്നില്ലെന്നുള്ളതാണ്. എന്നാൽ ഇന്നും അതിനു വ്യത്യാസമായ നയം ബഡ്ജറ്റിൽ കാണുന്നില്ല. എങ്കിലും ഇന്നത്തെ പ്രസിഡൻറ ഗവൺമെൻറിൻെറ ഈ ഉദാസീനമായ നയത്തിനു എന്തെങ്കിലും വ്യത്യാസം വരുത്തും എന്നു ആശിക്കുന്നതിനവകാശമുള്ളതുകൊണ്ടാണ് എന്തെങ്കിലും പറയാമെന്നു ഞാൻ ഉദ്ദേശിക്കുന്നതു്. ഭൂരിപക്ഷം മെമ്പർമാരും ബഡ്ജറ്റുവിമർശനംകൊണ്ടു വലിയ പ്രയോജനമില്ലെന്നു പറഞ്ഞു ഒഴിയുന്നതിൽ എനിക്കല്പമായ ചാരിതാർത്ഥ്യമുണ്ട്.

ഈയാണ്ടത്തെ ബഡ്ജറ്റിൽ ജനക്ഷേമത്തെ ഉദ്ദേശിച്ചു ഏതാനംഭാഗം ചിലവുചെയ്യാൻ നിശ്ചയിച്ചിട്ടുള്ളതായി കാണുന്നു. പ്രധാനമായി പൊതുമരാമത്തു വേലകൾക്കു നീക്കിവച്ചിട്ടുള്ളതാണ്. ആളുക അല്പം കുറവെങ്കിലും ഗതാഗതമാർഗ്ഗങ്ങൾ കൃഷിസേചനം എന്നീ ഇനങ്ങൾക്കു ഒരു കൂടുതൽതുക നീക്കിവച്ചിട്ടുണ്ടെന്നു ഫൈനാൻഷ്യൽസെക്രട്ടറിയുടെ പ്രസംഗത്തിൽനിന്നുതന്നെ മനസ്സിലാകുന്നുണ്ടു. പിന്നീടു റാക്കഫെല്ലർ ഫൌണ്ടേഷൻകാരോടു സഹകരിച്ചു പൊതുജനക്ഷേമവകുപ്പിൽ വേലചെയ്യാൻ ഒരു തുക നീക്കിവച്ചിട്ടുള്ളതായി പറയുന്നതും ചാരിതാർത്ഥ്യജനകംതന്നെ. കൂടാതെ പലതവണയായിട്ടുള്ള ഈ കൌൺസിലിലെ മുറവിളിയുടെ ഫലമായിട്ടോ എന്തോ ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ കേസുകളുടെ തീരുമാനത്തിൽ ഉണ്ടാകുന്നതാമസത്തെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു കമ്മീഷനെ നിയമിക്കുന്നതിനു ഏതാനും പണം നീക്കിവച്ചിട്ടുള്ളതും സന്തോഷകരമാണു. ഈ മൂന്നുവിഷയം മാത്രമാണ് ഞാൻ ബഡ്ജറ്റിൽ ഗുണപ്രധാനമായിട്ടു കാണുന്നതു. എന്നാൽ, മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതുപോലെതന്നെ വലിയതകരാർ ഈ ബഡ്ജറ്റിലും കാണുന്നുണ്ടു. അതു് എല്ലാവർഷത്തിലും പൊതുമരാമത്തുവേലകൾക്കായി നീക്കിവച്ചിരിക്കുന്നപണം അതിലേക്കു ചിലവാകാതെ ആണ്ടവസാനത്തിൽ ലാപ്സായിപ്പോകുന്നുണ്ട് എന്നുള്ളതാണ്. ഇതു ജനക്ഷേമത്തിനു വിഘാതമായുള്ള സംഗതിയാണ്. പ്രത്യേകിച്ചും പൊതുമരാമത്തുവേലകൾതന്നെ ഒരുകൊല്ലത്തിൻെറ മദ്ധ്യത്തിൽവച്ചാണ് ഇടുന്നതു. പകുതിവേലചെയ്തുതീരുന്നതിനുമുമ്പു മഴക്കാലം വരുന്നതുകൊണ്ടു ആ ചെയ്തവേലയും നഷ്ടമായിട്ടുതീരുന്നുണ്ട്, അതിനാൽ ഈ വേലകൾ ആണ്ടുവർഷാരംഭത്തിൽ തന്നെ ചെയ്തുതുടങ്ങണം.

കർക്കടകമാസാവസാനത്തിൽ ബഡ്ജറ്റുസ്വീകരിക്കുന്നതുകൊണ്ടു പണംപ്രത്യേകം തിരിച്ചുകൊടുക്കുന്നതിനു താമസം ആണ്ടിൻെറ മദ്ധ്യകാലത്തിൽ വേലതുടങ്ങുന്നതിനെ ഇപ്പോൾ അനുവദിക്കുന്നുള്ളു. അതിനാൽ മേടമാസത്തെ സെഷൻ ബഡ്ജറ്റുസെഷനായി നടത്തുന്നപക്ഷം ഈ ബുദ്ധിമുട്ട് ഏറെക്കുറെ പരിഹരിക്കാവുന്നതാണ്, ൯൯-ാമാണ്ടിൽ ഉണ്ടായ അനുഭവം ഇതിനുത്തമസാക്ഷ്യം വഹിക്കുന്നുണ്ടു. ൧൧൦൦-ൽ രണ്ടുമൂന്നു മാസംകഴിഞ്ഞിട്ടാണ് ചില ഉദ്യോഗസ്ഥന്മാർക്ക് ശമ്പളംകിട്ടിയതു. പക്ഷേ അതു അവിചാരിതമായി വന്നസംഭവമാണ് എന്നുസമാധാനപ്പെടാം. ഇതു ഗവൺമെൻറിൻെറ ആലോചനയിൽ കൊണ്ടുവരുന്നതിനുവേണ്ടി മാത്രം പറഞ്ഞു എന്നേയുള്ളു.

പിന്നീടുവേറെ ഒരുസംഗതിപറയാനുള്ളതു ബഡ്ജറ്റിലെ കണക്കുകളെപ്പറ്റിയാണ്. ൧൧൦൩-ലെ കണക്കും ൧൧൦൪-ലെ എസ്റ്റിമേറ്റും റിവൈസ്ഡ്എസ്റ്റിമേറ്റും ൧൧൦൫-ലെ എസ്റ്റിമേറ്റും ഇങ്ങനെ ൪ കാളം കൊടുത്തിട്ടുണ്ട്. ഇതോടുകൂടി ൧൧൦൩-ലെ റിവൈസ്ഡ് എസ്റ്റിമേറ്റുകൂടി കൊടുത്താൽ തെറ്റുകൾ താരതമ്യവിവേചനംചെയ്തു പഠിക്കാൻ എളുപ്പമുണ്ട്. അപ്രോപ്രിയേഷൻ റിപ്പോർട്ടുള്ളതെങ്കിലും മനസ്സിലാക്കാൻ കുറെ വിഷമമാണു. ബഡ്ജറ്റിൽനീക്കിവച്ചിട്ടുള്ളതുകകൾ അതാതിനുപയോഗിച്ചോ എന്നുസൂക്ഷ്മമായി കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. അതുഗവൺമെൻറ മേധാവികൾക്കുതന്നെ വിഷമമുള്ളഒന്നാണ്. അതിനാൽ അടുത്തതവണത്തെ ബഡ്ജറ്റു തയാറാക്കുമ്പോൾ ഈ സംഗതിയിൽ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

എനിക്കു പലസംഗതികളും പറയാനുണ്ടെങ്കിലും സമയദൌർല്ലഭ്യം നിമിത്തം അധികംപറയുന്നില്ല. എങ്കിലും ഒന്നു രണ്ടു സംഗതികൾകൂടി പറഞ്ഞുകൊള്ളട്ടെ. എനിക്കുപ്രധാനമായിട്ടു പറയാനുള്ളതു കൃഷി, ഡവലപ്പുമെൻറ ഡിപ്പാർട്ടുമെൻറസ് ഇവയെപ്പറ്റിയാണ്. ഇതിനെസംബന്ധിച്ചു പലരും ഇവിടെസംസാരിച്ചുകഴിഞ്ഞു. ഞാൻഅവരോടുപൂർണ്ണമായിയോജിക്കുന്നു. ഇപ്രാവശ്യത്തെബഡ്ജറ്റിൽ കൃഷിഡിപ്പാർട്ടുമെൻറിനു പ്രത്യേകിച്ചും ഡവലപ്പുമെൻറ ഡിപ്പാർട്ടുമെൻറിനു പൊതുവേയും അനുവദിച്ചിരിക്കുന്ന തുക തുലോംതുച്ഛമാണ്.

ഡവലപ്പ്മെന്റ ഡിപ്പാർട്ടുമെന്റിലുള്ള മൂന്നമെമ്പർമാർക്ക ഇവിടെ സ്ഥാനം കൊടുത്തിട്ടുണ്ടെന്നോ; ഗവൺമെന്റ ഈ ഡിപ്പാർട്ടുമെന്റുകളെ വകവച്ചിട്ടുണ്ടോ എന്നുതന്നെ സംശയമാണ്. തിരുവിതാംകൂറിന്റെ അഭിവൃദ്ധിക്കേറ്റവും പ്രധാനമായ സംഗതി ഡവലപ്പ്മെന്റ ഡിപ്പാർട്ടുമെന്റുകളുടെ വളർച്ചയാണ്. ഇന്നിവിടെ സംസാരിച്ച മെമ്പർമാരെല്ലാം ഇവിടത്തെ വരവു വർദ്ധിപ്പിക്കുന്നതിന നിർദ്ദേശിച്ച മാർഗ്ഗം ഡവലപ്പ്മെന്റ ഡിപ്പാർട്ടുമെന്റുകളെ പോഷിപ്പിക്കണമെന്നുള്ളതാണ്. അതിനാൽ അതിലേക്ക കൂടുതൽ പണം അനുവദിക്കണമെന്നു ഞാനും ശക്തമായി അഭിപ്രായപ്പെടുന്നു.

അതുപോലെതന്നെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെപ്പറ്റി ഒരുവാക്കു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇപ്പോൾ ആശുപത്രികളുടെ നടത്തിപ്പിൽ വളരെ പരാതികൾ കേട്ടുവരുന്നുണ്ട്, കാരണമെന്തായിരുന്നാലും. മെഡിക്കൽബോർഡു നിർത്തണമെന്ന ഇവിടെ ഒരു പ്രമേയം പാസായതു നടപ്പിൽവരുത്തിവെച്ച ജാഗ്രതകൾ ചെയ്യുന്നതിനു പുറമെ ഇവിടത്തെ ജനറൽ ആശുപത്രിയെ പരിഷ്കരിക്കേണ്ടതായിട്ടുമുണ്ട്. ഓരോ വിഷയത്തിൽ പ്രത്യേകപാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള വിദഗ്ദ്ധന്മാരെ ഓരോ സ്ഥലങ്ങളിലേക്ക അയക്കുന്നതുനിമിത്തം അവർക്ക ശരിയായി ജോലിചെയ്വാൻ സാധിക്കാതെവരുന്നു. സീനിയോറിറ്റിമാത്രംകൊണ്ടു ഒരാളിന്റെ കീഴിൽ ജോലിചെയ്യണമെന്നു പറയുന്നതു വലിയ കഷ്ടമാണ്. അതിനാൽ ബ്രിട്ടീഷ് ഇൻഡ്യയിലുള്ളതുപോലെ ഓരോ വിഷയത്തിലും പ്രത്യേകം പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ളവർക്ക ഇൻഡിപ്പെൻഡന്റ ചാർജ് കൊടുത്തു എല്ലാപേരുംകൂടി ഒന്നിച്ചു ജനറൽ ആശുപത്രിയിൽ വേലചെയ്യുന്നതായിരിക്കും നല്ലതു.

മി. മാത്യു മുരിക്കൻ ([illegible]): അങ്ങിനെയുള്ള ഡാക്ടർമാർ ഇപ്പോൾ മറ്റു സ്ഥലങ്ങളിൽ ജോലിചെയ്യുന്നതായിട്ടറിയാമോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): ചിലരെയെല്ലാം എനിക്കറിയാം. ഞാൻ ഒരാളിനെ സംബന്ധിച്ചു വ്യക്തിപരമായിട്ട പറയുകയില്ല. ഓരോ വിഷയങ്ങളിലും വിദഗ്ദ്ധ പാണ്ഡിത്യമുള്ളവർ നിശ്ചയമായിട്ടും ജനറൽ ആശുപത്രിയിൽതന്നെ ജോലിചെയ്യണം. മദ്രാസ് മുതലായ ചില ദേശങ്ങളിൽ പോകാതെതന്നെ ഇവിടത്തെ രോഗികൾക്ക ഇവിടംകൊണ്ടുതന്നെ രക്ഷകിട്ടണം.

വേറെ ചില സംഗതികൾകൂടി മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെപ്പറ്റി എനിക്കുപറയാനുണ്ട്. അതിലേക്കു 'മോഷൻസ്' അയച്ചിട്ടുള്ളതുകൊണ്ടു അതുവരുമ്പോൾ പറയുന്നതായിരിക്കും കുറെക്കൂടി നല്ലതെന്നു തോന്നുന്നു. ഇപ്പോൾ പലദിക്കുകളിൽനിന്നും ആശുപത്രികൾ സ്ഥാപിച്ചുതരണമെന്ന അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ആശുപത്രി സ്ഥാപിക്കാൻ പുറപ്പെടുന്നതിൽ ഭേദം 'പാനൽസിസ്റ്റം' ഏർപ്പെടുത്തുന്നതു നന്നായിരിക്കും. ഇതിനെപ്പറ്റി ഗവൺമെന്റ മെമ്പർക്ക നല്ലവണ്ണം അറിവുള്ളതുകൊണ്ടു ഞാൻ ഇപ്പോൾ വിശദീകരിക്കുന്നില്ല. ആയുർവേദാശുപത്രികൾക്കും ഈ സിസ്റ്റം ഏർപ്പെടുത്തുന്നതു ഗ്രാന്റുകൊടുക്കുന്നതിനേക്കാൾ വളരെ നന്നായിരിക്കും.

കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ആഡിററിലുള്ള ന്യൂനതകൊണ്ടു പലകുഴപ്പങ്ങളും ഉണ്ടായിട്ടുണ്ടെന്നു മി. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ പ്രസ്താവിക്കയുണ്ടായി. അതു മേലാലെങ്കിലും വരാതെ സൂക്ഷിക്കുന്നതിനേർപ്പാടു ചെയ്യേണ്ടതാണ്.

റെയിൽവേയെ സംബന്ധിച്ചു പലതും കഴിഞ്ഞതവണയും ഇത്തവണയും ഇവിടെ പ്രത്യക്ഷമാക്കി. അതിൽ ഗവൺമെന്റ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ എന്നറിയുന്നില്ല. ഇതിനെപ്പറ്റി കുറെക്കൂടി നിഷ്കർഷയായിട്ടു നോക്കേണ്ടത്യാവശ്യമാണ്.

ഇനി ഒരു സംഗതികൂടി പറയാനുണ്ട്. ഈ നാട്ടിൽ ഉണ്ടാകുന്ന 'ടിഞ്ചറിനു' ഈയിടെ നികുതി ചുമത്തിട്ടുള്ളതായിട്ടു കാണുന്നു. തന്നിമിത്തം ഇംഗ്ലണ്ടിൽനിന്നു വരുത്തുന്നതിനേക്കാൾ ഇവിടത്തെ ടിഞ്ചറിനു വിലകൂടിയിരിക്കുന്നു. ഇതിനെപ്പറ്റി എന്റെ ഒരു സ്നേഹിതൻ പൂർണ്ണവിവരങ്ങൾ അറിയിച്ചിട്ടുള്ളതു ഇവിടെ പ്രസ്താവിക്കുന്നു. കുടിക്കാൻ ഉപയോഗിക്കുന്നതിനല്ലാതെ ആൽക്കഹാൾ കൊണ്ടുണ്ടാക്കിയതുമാത്രംകൊണ്ടു ഒരു സാധനത്തിനു കരംചുമത്താൻ പാടില്ല. ആസ്ഥിതിക്ക ഔഷധത്തിനായി മാത്രം ഉപയോഗിക്കുന്ന സാധനങ്ങൾക്ക നികുതി ചുമത്തുന്നതു ശരിയല്ല. ഇതിനെസംബന്ധിച്ചു എനിക്കു കിട്ടിയിട്ടുള്ള എഴുത്തിലെ ഭാഗം ഇവിടെ വായിക്കാം.

'ഇൻഡ്യൻമദ്യം കുപ്പിയൊന്നിനു രൂപ ൧-൭-൬ വീതം ഇറക്കുമതിചുങ്കം ചുങ്കസ്ഥലങ്ങളിൽ ചുമത്തിവരുന്നു. കുടിക്കാൻകൊള്ളാത്ത മദ്യസംചേർന്ന ഇൻഡ്യൻദ്രാവകങ്ങളും ഔഷധങ്ങളും ഇൻഡ്യൻമദ്യത്തിൽ ഉൾപ്പെടും, അതുകൊണ്ടു ഇപ്പോൾ അവയ്ക്കും ഇൻഡ്യൻ മദ്യത്തിന്റെ ചുങ്കം കൊടുക്കണം.

	ഇൻഡ്യൻദ്രാവകം. മുമ്പുവില.	ഇൻഡ്യൻദ്രാവകം. ഇപ്പോഴുവില.	ഇംഗ്ലീഷ്ദ്രാവകം. മുമ്പുവില.	ഇംഗ്ലീഷ്ദ്രാവകം. ഇപ്പോഴുവില.
ഡിജിറാലിസ്	[illegible]	[illegible]	[illegible]	[illegible]
ഹിയോസ്യാമസ്	[illegible]	[illegible]	[illegible]	[illegible]

ഇങ്ങനെ ഇൻഡ്യൻ ഉരുപ്പടികളെ ചുങ്കംകൊണ്ടു ഹനിച്ചുകളയുന്നു. അതുപോകണം എന്നുവച്ചാൽ കുടിക്കാൻ കൊള്ളരുതാത്ത ഇൻഡ്യൻദ്രാവകങ്ങൾക്ക ചുങ്കം ഉണ്ടാകരുതു'' ഇങ്ങനെ ഒരു നികുതി ഏർപ്പെടുത്തിയിരിക്കുന്നതു ഈ നാട്ടിൽ ഇങ്ങനെയുള്ള സാധനങ്ങൾ ഉണ്ടാകാൻ പാടില്ലെന്നു തടയുന്നതുപോലെ തോന്നുന്നു. തിരുവിതാംകൂറിൽ ഇങ്ങനെ ഒരു നിയമം ഉണ്ടാക്കുന്നതു ഒട്ടും ആശാസ്യമല്ല. ബ്രിട്ടീഷ് ഇൻഡ്യയിൽ ഏതുവിധം ചെയ്താലും അതിനെ അനുകരിച്ചേതീരു എന്നുള്ള നിർബന്ധമില്ലല്ലോ. ഈ വക സംഗതികൾ ഗവൺമെന്റിന്റെ ഗൗരവമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കുമെന്നു വിശ്വസിക്കുന്നു.

മി. മുളവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, നിയമസഭയുടെ നിരൂപണത്തിനായി ഫിനാൻഷ്യൽ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള ബഡ്ജററ് മുഴുവനും അഭിനന്ദനയോഗ്യമാണെന്നു എനിക്കുതോന്നുന്നില്ല. രാജ്യത്തിന്റെ ഐശ്വര്യത്തിനും ജനങ്ങളുടെ ക്ഷേമത്തിനും നിദാനമായിട്ടുള്ള യാതൊരു ഇനത്തിലേക്കും ബഡ്ജററിൽ ഈ [illegible] പണം ചെലവിട്ടിട്ടുള്ളതായിട്ടു കാണുന്നില്ല. ജനങ്ങളിൽനിന്നും ഈടാക്കാനുള്ള കരംപിരിക്കയും അതിന്റെ നി...

ഫലമോ, ഉദ്യോഗസ്ഥന്മാരുടെ ശമ്പളങ്ങൾക്കും പടിവകയ്ക്കും മററുമായി ചിലവുചെയ്യുകയും മിച്ചമുള്ളതു ഒരുപയോഗവുമില്ലാതെ സൂക്ഷിക്കുകയും ചെയ്യുന്ന സാധാരണ പതിവനുസരിച്ചു ഈ ബഡ്ജററും രൂപീകരിച്ചിട്ടുള്ളതായി കാണും.

സർ, ലോകത്തിൽ എവിടെ നോക്കിയാലും സകല പരിഷ്കൃതഗവണ്മെൻറുകളും ജനങ്ങളുടെ ധനസ്ഥിതി വർദ്ധിപ്പിക്കുന്നതിനും അവരെ ജീവിതായോധനത്തിൽ വിജയം നേടുന്നതിനു പ്രാപ്തന്മാരാക്കുന്നതിനും സദാ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണാം. നമ്മുടെ ഗവണ്മെൻറാകട്ടെ അങ്ങനെയുള്ള നടപടികൾ ഒന്നും അറിഞ്ഞ ഭാവംപോലും കാണിക്കുന്നില്ല. ഇവിടെ ആദ്യമായിട്ട ഗവണ്മെൻറിൻെറ ശ്രദ്ധ പതിയേണ്ടതു ജനങ്ങളുടെയാ സ്ഥിതി നന്നാക്കുന്നതിനാണ്. ഇതിലേക്കു ജനങ്ങളുടെ സ്ഥിതി ഇപ്പോൾ എങ്ങനെയിരിക്കുന്നു എന്നുള്ളതു തന്നെ ആദ്യമായി അന്വേഷിക്കണം. ഇവിടെ ഒരാളിൻെറ ശരാശരി വരുമാനം എന്താണെന്നു പറയാൻ ഒരു ശരിയായ കണക്കില്ല. അതറിയുന്നതിനു വേണ്ടിയാണ് ഒരു സാമ്പത്തിക സർവെ നടത്തണമെന്നു ഈ കൌൺസിൽവഴി ഒരു പ്രമേയം പാസാക്കിയതു്. എത്രയും അത്യാവശ്യമായ ആ സംഗതിയിൽ ഗവണ്മെൻറു എന്തെങ്കിലും പ്രവർത്തിക്കയോ, അതിനെസംബന്ധിച്ചു എന്തെങ്കിലും നടപടി നടത്താൻ ഗവണ്മെൻറു ഉദ്ദേശിക്കയോ ചെയ്യുന്നതായിട്ട ബഡ്ജററുകൊണ്ടു കാണുന്നില്ല. അതുപോലെതന്നെയാണു ഭൂസ്വത്തു ജാമ്യബാങ്കു കാര്യവും. ഇവിടം കൃഷി പ്രധാനമായ ഒരു രാജ്യമാണ്. വിദ്യാഭ്യാസത്തിന്നായിട്ട ഇവിടെ ഒരു വമ്പിച്ച തുക ചിലവിടുന്നുണ്ടെങ്കിലും വാസ്തവത്തിൽ ഇവിടത്തെ വിദ്യാഭ്യാസം ഒരു മനുഷ്യനെ ശരിയായവിധം ജീവിതം നയിക്കാൻ പ്രാപ്തനാക്കുന്നില്ല. ഇവിടത്തെ വിദ്യാഭ്യാസപദ്ധതികൊണ്ടുള്ള പ്രയോജനം സർക്കാർ ഉദ്യോഗത്തിനു മാത്രമാണ്. ഈ സ്ഥിതിക്കു മാററം വരണമെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസപദ്ധതി ഉടച്ചുവാർക്കണം. ഇതിനെസംബന്ധിച്ചു പ്രജാസഭയിലും ഈ നിയമസഭയിലും പല നിവേദനങ്ങളും ഉണ്ടായിട്ടുണ്ടു. ഗവണ്മെൻറു പലപ്പോഴും അതിനനുകൂലമായ അഭിപ്രായവും പുറപ്പെടുവിച്ചിട്ടുണ്ടു. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി മാററുന്നതിനു ഗവണ്മെൻറു വല്ലതും ആലോചിക്കുന്നുണ്ടോ എന്നുള്ളതും ഈ ബഡ്ജററുകൊണ്ടു കാണുന്നില്ല. ഇതിൽനിന്നും മനസ്സിലാക്കേണ്ടതു ഈ പദ്ധതിതന്നെ തുടർന്നുകൊണ്ടു പോകണമെന്നാണ് ഗവണ്മെൻറു വിചാരിക്കുന്നതെന്നാണ്. ഇവിടെ ബി. എ. യോ ബി. എല്ലോ പാസായ യുവാക്കന്മാർ ധാരാളമുണ്ട്. എല്ലാപേർക്കും ഉദ്യോഗം കൊടുക്കാൻ ഗവണ്മെൻറിനു സാധിക്കാത്തവിധം ഉദ്യോഗങ്ങളുടെ എണ്ണം അത്ര പരിമിതമാണ്. തൊഴിലില്ലായ്മ കമ്മററിയുടെ റിപ്പോർട്ടുകൊണ്ടു ഇവിടെയുള്ള വ്യവഹാരത്തിൻെറ സംഖ്യ [illegible] ശതമാനമേ വർദ്ധിക്കുന്നുള്ളു എന്നും നേരെമറിച്ചു വക്കീലന്മാരുടെ സംഖ്യ [illegible] ശതമാനം വർദ്ധിച്ചുവരുന്നു എന്നും കാണാം. അതുകൊണ്ടു വക്കീലുദ്യോഗം നിർവഹിച്ചു ഉപജീവനം കഴിക്കുന്നതിനും പ്രയാസമാണ്. തന്നിമിത്തം ഇവിടത്തെ തൊഴിലില്ലായ്മ വർദ്ധമാനമായി യുവാക്കന്മാരുടെയിടയിൽ വേരാച്ചുവരുന്നു. പരീക്ഷാവിജയികളല്ലാത്തവരുടെയിടയിലും തൊഴിലില്ലായ്മ ധാരാളമായിട്ടുണ്ടു. ഈ നിലയ്ക്കു ഒരു പരിഹാരമുണ്ടാക്കണമെങ്കിൽ കൃഷിവ്യവസായം അഭിവൃദ്ധിപ്പെടുത്താതെ തരമില്ല. അതിലേക്കു ഗവണ്മെൻറു എന്തു ചെയ്യാൻ പോകുന്നു എന്നു ബഡ്ജററുകൊണ്ടു കാണുന്നില്ല. ഇവിടത്തെ കൃഷിക്കാർ വാസ്തവത്തിൽ ദരിദ്രരാണ്. യഥാർത്ഥ കൃഷിക്കാർക്കു അതിലേക്കു വേണ്ട ഉപകരണങ്ങളാകട്ടെ അതിനുള്ള മൂലധനമാകട്ടെ ഇല്ല. അവർ നാൾക്കുനാൾ ക്ഷയിച്ചു വരികയാണ് എന്നു ഡിപ്പാർട്ടുമെൻറുകാർ തന്നെ പ്രസിദ്ധപ്പെടുത്തുന്ന കണക്കുകൊണ്ടു കാണാം. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുകൊണ്ടു കഴിഞ്ഞകൊല്ലത്തിൽ ഭൂസ്വത്തുടമസ്ഥന്മാരായ കൃഷിക്കാർ ഏകദേശം [illegible] ലക്ഷം രൂപയുടെ ഭൂസ്വത്തു കൈമാററം ചെയ്തിരിക്കുന്നതായിട്ട കാണുന്നതു വാസ്തവത്തിൽ വളരെ പരിതാപകരമായ നിലയെയാണു കാണിക്കുന്നതു. ഈ നിലയ്ക്കു കഴിയുകയാണെങ്കിൽ കൃഷിക്കാരുടെ വസ്തു ഒരു നിശ്ചിതകാലത്തിനകം നിശ്ശേഷം നശിച്ചുപോകും. ഈ കൃഷിക്കാരുടെ ബുദ്ധിമുട്ടിനെ പരിഹരിക്കാനുള്ള ഏകോപായം ഭൂസ്വത്തു ജാമ്യബാങ്കിൻെറ സ്ഥാപനമല്ലാതെ മറെറാന്നുമില്ല. ഇതിനെസംബന്ധിച്ചു ഒരു പ്രമേയം ഈ കൌൺസിലിൽതന്നെ പാസാക്കിയതിനുപുറമെ വെളിയിൽനിന്നും അനേകം പരസ്പരസഹായസംഘക്കാരും ഇതേ പ്രമേയം പാസാക്കി. ഗവണ്മെൻറിലേക്കയച്ചിട്ടുണ്ടെങ്കിലും ആ സംഗതി ഗവണ്മെൻറിൻെറ ആലോചനക്കു വിഷയമായിട്ടുള്ളതായിട്ട കാണുന്നില്ല. ജനങ്ങൾക്കത്യന്താപേക്ഷിതമായ കൃഷിമരാമത്തു, ഭൂസ്വത്തുജാമ്യബാങ്കു, ആശുപത്രി ഇങ്ങനെയുള്ള വിഷയങ്ങൾക്കു പണം ചിലവുചെയ്യുന്നതിനു ഗവണ്മെൻറു കടമപ്പെട്ടിട്ടുള്ളവരാണ്. തീവണ്ടി, വാട്ടർസപ്ലൈ, എലക്ട്രിസിററി ഇങ്ങനെയുള്ള റീപ്രൊഡക്ടീവ് ജോലികൾക്കുവേണ്ടി മൂലധനത്തിൽനിന്നും ഗവണ്മെൻറു പണം ചിലവുചെയ്തു കാണുന്നു. അതു അന്യായമാണ്. ഗവണ്മെൻറിനു ആദായം ഉണ്ടാകുമെന്നുള്ള സംഗതികൾക്കെല്ലാം പണം കടം വാങ്ങി ചിലവുചെയ്യണം. സാധാരണ പരിഷ്കൃത ഗവണ്മെൻറുകൾ ചിലവുകഴിച്ചു മിച്ചംവരുന്ന സംഖ്യകൊണ്ടു എത്ര രൂപായുടെ പലിശ കൊടുക്കാൻ സാധിക്കുമോ അത്രയും രൂപാ കടം വാങ്ങി റീപ്രൊഡക്ടീവു വർക്കിനായിട്ട ചിലവാക്കുകയാണു ചെയ്തുവരുന്നതു്. മൂലധനത്തിൽനിന്നും ജനങ്ങൾക്കു കുറേക്കൂടി പ്രയോജനമുള്ള ജോലികൾ ചെയ്യുന്നതിനുവേണ്ടിമാത്രമേ പണം ഉപയോഗിക്കാവൂ. ഇങ്ങനെ ജനങ്ങൾക്കു പൊതുവെ അത്യാവശ്യമായ പുതിയ പുതിയ പദ്ധതികൾ ഒന്നുംതന്നെ ബഡ്ജററിൽ കാണുന്നില്ല.

റീപ്രൊഡക്ടീവ് വർക്ക് ആവശ്യംതന്നെ. പക്ഷേ ഗവണ്മെൻറു അതിലേക്കു കണ്ടുപിടിച്ചിരിക്കുന്ന വഴി പൊതുമരാമത്തു വേലകൾക്കായിട്ട നീക്കിവച്ചിരിക്കുന്ന പണത്തിൽനിന്നും എടുത്തു ചിലവാക്കുക എന്നുള്ളതാണ്, അതു ആക്ഷേപകരമാണ്.

ഗതാഗത സൌകര്യത്തിനുവേണ്ടി ബഡ്ജററിൽ ചേർത്തിട്ടുള്ള സംഖ്യ കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു വളരെ കുറവായിട്ടാണു കാണുന്നതു. ചേർത്തല താലൂക്കിൽതന്നെ കഴിഞ്ഞകൊല്ലം ഏകദേശം ഒരു ലക്ഷത്തോളം രൂപാ ഗതാഗത സൌകര്യത്തിനായിട്ട ചേർത്തിരുന്നു. ഇത്തവണ പുതിയ വേലകൾക്കായി ഗണ്യമായ സംഖ്യ ഒന്നുംതന്നെ ചേർത്തു കാണുന്നില്ല. എന്നാൽ ഏതെങ്കിലും ഒരു തോതിനെ ആസ്പദമാക്കി ആണ്ടോടാണ്ടു ഗതാഗതങ്ങൾക്കു പണം ചിലവാക്കിയാൽ നന്നായിരിക്കും. ഒന്നുകിൽ അതാതു താലൂക്കിൽനിന്നും കിട്ടിക്കൊണ്ടിരിക്കുന്ന ആദായം അനുസരിച്ചു അതിൻെറ ഒരു ശതമാനം ആ താലൂക്കിലെ ഗതാഗതസൌകര്യത്തിനു ചിലവുചെയ്യണം. അല്ലെങ്കിൽ ആകെ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലേക്കു ചിലവുചെയ്യുന്ന പണത്തെ ജന

സംഖ്യ അനുസരിച്ചു വീതിച്ചു ചിലവുചെയ്യണം. ആകെ ൪൦ ലക്ഷം രൂപാ ഈ ഇനത്തിലേക്കു ചിലവുചെയ്തു വരുന്നു. ഇവിടത്തെ ജനസംഖ്യ കണക്കനുസരിച്ചു ഒരാൾക്കു ഒരു രൂപാവീതം ചിലവുചെയ്യാം. അങ്ങിനെയാണെങ്കിൽ അതാതു താലൂക്കിലെ ജനസംഖ്യയനുസരിച്ചുള്ള തുക കിട്ടിയാലുംമതി. ചേർത്തലതാലൂക്കിനെ ഗവൺമെന്റ വളരെക്കാലമായിട്ടു ഉപേക്ഷിച്ചിട്ടിരിക്കയായിരുന്നു. ഇപ്പോൾ ചില റോഡുകൾ വെട്ടിട്ടുണ്ടു. എന്നാൽ ആരംഭിച്ച റോഡുകൾതന്നെ ഇനിയും പൂർത്തിയാകാതെ കിടക്കുന്നു. ഗവൺമെന്റിന്റെ ഈ നിർദ്ദയമായ പെരുമാററവും ആക്ഷേപയോഗ്യമത്രേ.

എന്റെ ചില സ്നേഹിതന്മാർ പറഞ്ഞതുപോലെ റോക്ക്ഫെല്ലർ ഫൗണ്ടേഷൻ സ്കീമിനു ൯൫,൦൦൦ രൂപാ ആവശ്യപ്പെട്ടതിൽ ൩൦,൦൦൦ രൂപാ മാത്രമേ ബഡ്ജററിൽ ചേർത്തു കാണുന്നുള്ളു. ൯൫,൦൦൦ രൂപ തന്നെ ആവശ്യപ്പെട്ടതെന്തിനു്? ആ സ്കീം എന്താണു? വാസ്തവത്തിൽ ൯൫,൦൦൦ രൂപ അനുവദിച്ചുകൊടുക്കേണ്ടതാണോ? അതിൽ ൬൫,൦൦൦ രൂപാ വാരംപിടിച്ചതു എന്തുദ്ദേശത്തിന്മേലാണു? ഈ സംഗതികളെപ്പററി ഒരഭിപ്രായം പറയുവാൻ ആ സ്കീം കാണാതെ ഞങ്ങൾക്കു നിവൃത്തിയില്ല. ആ സ്കീം എന്താണെന്നു അറിയുന്നതിനു ആറുമാസത്തിനു മുമ്പു തന്നെ ഞാൻ അതിനെപ്പററി ചോദ്യം അയച്ചിരുന്നു. ഇനിയും അതിനു മറുപടി കിട്ടിയിട്ടില്ല. ഇപ്പോൾ ഇതിനെപ്പററി കട്ട്മോഷനും അയച്ചിട്ടുണ്ടു. അതുകൊണ്ടു ഇതിനെപ്പററി വാദപ്രതിവാദം നടത്തുന്നതിനുമുമ്പായി ആ സ്കീം ഇന്നതാണെന്നു ഞങ്ങളെ അറിയിച്ചാൽ കൊള്ളാം. തിരുവിതാംകൂറിന്റെ നന്മയ്ക്കായിട്ടാണു റോക്ക്ഫെല്ലർ ഫൌണ്ടേഷൻ ഇവിടെ വന്നതെന്നുള്ളതിനു യാതൊരു സംശയവുമില്ല. അവരെ വേണ്ടവിധം പ്രോത്സാഹിപ്പിക്കയും സഹകരിക്കയും ചെയ്യേണ്ടതാണു്. അതിനു വിപരീതമായിട്ടു ൯൫,൦൦൦ രൂപാ അവർ ആവശ്യപ്പെട്ടതിൽനിന്നും ൬൫,൦൦൦ രൂപാ കുറച്ചതു ഒട്ടും നന്നായില്ല.

ഇനി പറയാനുള്ളതു ഉദ്യോഗത്തിൽ ആളുകളെ നിയമിക്കുന്നതിനെപ്പററിയാണു. ഉദ്യോഗനിയമനം കാലാകാലങ്ങളിൽ ശരിയായവിധത്തിൽ സർവീസും അവകാശവും നോക്കി കൊടുക്കുന്നില്ലെന്നുള്ള പരാതി ധാരാളമുണ്ടു. ഇവിടെ നടക്കുന്നതു ഉദ്യോഗത്തിനു ആളെ നിയമിക്കുക എന്നുള്ളതല്ല. നേരെമറിച്ചു ആളിനു ഉദ്യോഗം സൃഷ്ടിക്ക എന്നുള്ളതാണു. ഇന്നിമിത്തം സമുദായങ്ങൾ തമ്മിൽ മത്സരത്തിനു ഇടയാകുന്നു. അതിനും ക്ലിപ്തമായ ഒരു തത്വം ഗവൺമെന്റു സ്വീകരിച്ചിട്ടില്ല. ചിലപ്പോൾ കാര്യക്ഷമത നോക്കി കൊടുക്കുന്നു. ചിലപ്പോൾ സമുദായപ്രാതിനിധ്യത്തെ അടിസ്ഥാനപ്പെടുത്തി കൊടുക്കുന്നു. ഇതിലേക്കു എന്താണു ഒരു പ്രമാണമായി ഗവൺമെന്റ സ്വീകരിക്കുന്നതെന്നുള്ളതിനു ഒരു നിശ്ചയവുമില്ല. യഥാർത്ഥം തുറന്നുപറയുകയാണെങ്കിൽ ഇതാരുടെയും കുററമല്ല, ഒരധികാരിയാൽമാത്രം ഭരിക്കപ്പെടുന്ന സ്വേച്ഛാധികാരത്തിന്റെ ചിഹ്നങ്ങൾ ആണു. ഇവയെല്ലാം ഈ നിലയെ ഭേദപ്പെടുത്തണം. രാജ്യഭരണകാര്യത്തിൽ ജനപ്രതിനിധികൾക്കു കൂടുതലായ അവകാശവും സ്വാതന്ത്ര്യവും നല്കണം. അങ്ങിനെയുള്ള ഒരു ഭരണരീതി അചിരേണ ഇവിടെ നടപ്പിലാകുന്നതിനു സംഗതിവരട്ടെ എന്നു മാത്രം പറഞ്ഞുകൊണ്ടു എന്റെ പ്രസംഗം ഇവിടെ അവസാനിപ്പിക്കുന്നു.

മിസ്സസ് ഏലിസബെത്ത് കുരുവിള (ഗവൺമെന്റ നിയമനം): സഭാമുമ്പാകെ ഹാജരാക്കീട്ടുള്ള ബഡ്ജററിനെപ്പററി ചില വാക്കുകൾ പറവാൻ ഞാൻ ആഗ്രഹിക്കുന്നു. ധനകാര്യസംബന്ധമായി ഒരു വിദഗ്ദ്ധയാണെന്നു ഞാൻ ഭാവിക്കുന്നില്ല. എന്നാൽ ബഡ്ജററു നോക്കീട്ടു ഗവൺമെന്റിന്റെ നയം ഭരണയന്ത്രം പഴയമാതിരിയിൽതന്നെ നടത്തിക്കൊണ്ടുപോകയാണെന്നു എനിക്കു തോന്നി. ഒരു രാജ്യത്തിന്റെ ബഡ്ജററിൽ ഓരോ ജോലിക്കു ഇത്രയിത്ര പണം അനുവദിച്ചിട്ടുണ്ടെന്നുമാത്രമല്ല ആയാണ്ടിൽ എന്തെല്ലാം ചെയ്വാൻ ഗവൺമെന്റ ഉദ്ദേശിച്ചിട്ടുണ്ടെന്നും കാണണമെന്നാണു് എന്റെ വിചാരം. എന്നാൽ ഈ ബഡ്ജററിൽ ഗവൺമെന്റ മുൻകൊല്ലങ്ങളിൽ ചെയ്തതൊക്കെത്തന്നെയാണു് വരുന്നകൊല്ലവും ചെയ്വാൻപോകുന്നതെന്നു കാണുകയാൽ എനിക്കു ഇച്ഛാഭംഗമാണുണ്ടായതു്. ഗവൺമെന്റിന്റെ ഗതി, പ്രത്യേകമായി സമുദായാഭിവൃദ്ധി സംബന്ധമായഗതി പ്രത്യാശയോടുകൂടിയതോ മുമ്പോട്ടുപോകുന്നതോ ആയി കാണുന്നില്ല. അവയിൽ ചിലതുമാത്രമേ ഇവിടെ പറവാൻ ഞാൻ ആഗ്രഹിക്കുന്നുള്ളു. മദ്യപാനനിരോധത്തെപ്പററി ഈരാജ്യത്തെ ജനങ്ങളുടെ പൊതുവായ അഭിപ്രായം എന്താണെന്നു അവിതർക്കം ഈ സഭയിൽ അനേകപ്രാവശ്യം പ്രസ്താവിച്ചിട്ടുള്ളതാണു്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെനില കേവലം നിരാശാജനകമാകുന്നു. ജനങ്ങൾക്കു സാമുദായികമായും ശാരീരികമായും സാന്മാർഗ്ഗികമായും മദ്യപാനംകൊണ്ടുള്ള ദോഷങ്ങൾ വിസ്തരിക്കാൻ ഞാൻ വിചാരിക്കുന്നില്ല. ഈസംഗതികൾ ഗവൺമെന്റു ഒരു നിമിഷമെങ്കിലും നിഷേധിക്കുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടു ആ ഇനത്തിൽ ഗവൺമെന്റിനു കിട്ടുന്ന വലിയസംഖ്യയെ സംബന്ധിച്ചു ഗവൺമെന്റിനെ അനുമോദിക്കാൻ നിവൃത്തിയില്ല. അതു കളങ്കമുള്ള പണമാണു്. ചങ്ങനാശ്ശേരി മുതലായ ചിലസ്ഥലങ്ങളിൽ ജനഹിതം അനുസരിച്ചു പ്രവർത്തിപ്പാൻ പരീക്ഷാർത്ഥം അനുവദിച്ചിട്ടുണ്ടെന്നു എനിക്കറിയാം. മദ്യപാനം ഈരാജ്യത്തുനിന്നു കേവലം ഒഴിഞ്ഞുപോകുന്നതുവരെ അതിനുള്ള സൌകര്യങ്ങൾ കുറയ്ക്കുന്നതാണെന്നു ഗവൺമെന്റ സ്പഷ്ടമായി പ്രഖ്യാപനംചെയ്യാതെ ഇങ്ങനെയുള്ള പരീക്ഷകൾകൊണ്ടു സ്ഥിരമായ യാതൊരുഗുണവും ഉണ്ടാകയില്ല. ഈ വഴിയിൽ ഒരു ഭരിമാനം മദ്യപാനംകൊണ്ടുള്ള ദോഷങ്ങൾ ജനങ്ങളെ ഗ്രഹിപ്പിച്ചു അവരെ പൂർണ്ണവിരക്തിയിൽ അഭ്യസിപ്പിക്കുന്നതിനു വിനിയോഗിച്ചുകാണ്മാൻ എനിക്കു ആഗ്രഹമുണ്ടു. ഈ പ്രചരണവേല മദ്രാസിലും മററുസ്ഥലങ്ങളിലും ആരംഭിച്ചിട്ടുണ്ടു. ജനങ്ങളുടെ ബലമായ അഭിപ്രായത്തോടു ഗവൺമെന്റ സഹകരിക്കേണ്ടതു അത്യാവശ്യമാകുന്നു.

വിദ്യാഭ്യാസസംബന്ധമായി ഒരു പ്രശംസ്യമായ സംഖ്യ ആണ്ടുതോറും ചെലവാക്കുന്നുണ്ടു്. എന്നാൽ അതു കുട്ടികളുടെ ഗുണകരമായവിധത്തിൽ ചെലവാക്കിയാൽ കൊള്ളാം. ശിശുക്കളുടെ വിദ്യാഭ്യാസാഭിവൃദ്ധിയെ സംബന്ധിച്ചു ഒരു ചെറിയസംഖ്യ അനുവദിച്ചുകണ്ടതു എനിക്കു നല്ല രസമായിതോന്നി. ശിശുവിദ്യാഭ്യാസം ഇത്രത്തോളമേ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ പതിഞ്ഞിട്ടുള്ളു എന്നു കാണിക്കുന്നതായിരിക്കാം. ഇത്ര ചെറിയ ഒരുസംഖ്യ അനുവദിച്ചതു സ്കൂൾവിദ്യാഭ്യാസം ആരംഭിക്കുന്നതിനുമുമ്പായി ശിശുക്കളുടെ മനസ്സിനെ അഭ്യസിപ്പിക്കുന്നതിനു പാശ്ചാത്യരാജ്യങ്ങളിലും ഇൻഡ്യയിൽ മററുഭാഗങ്ങളിലും പല പരീക്ഷണങ്ങൾ നടത്തുകയും പദ്ധതികൾ സ്വീകരിക്കയും ചെയ്തുവരുന്നുണ്ടു. എന്നാൽ ബഡ്ജററു നോക്കിയതിൽ കിണ്ടർഗാർട്ടൻ അഭ്യസനത്തിനു ൫൦൦ രൂപാ അനുവദിച്ചിട്ടുള്ളതായി ബഡ്ജററിൽ

കണ്ടു. വിദ്യാഭ്യാസപ്രദാനത്തിന്റെ ഈ സർവപ്രധാനഭാഗത്തിൽ പതിഞ്ഞിട്ടുള്ള ശ്രദ്ധ എത്ര നിസ്സാരമാകുന്നു ഇതിൽനിന്നു വ്യാഖ്യാനമൊന്നുംകൂടാതെ ഗ്രഹിക്കാം.

വായനശീലം പ്രോത്സാഹിപ്പിക്കുന്നതിനെപ്പററിയും കുട്ടികളുടേയും അദ്ധ്യാപകന്മാരുടേയും ഇടയിൽ വിദ്യാഭ്യാസത്തെപ്പററി ശരിയായ അഭിപ്രായങ്ങൾ പ്രചരിപ്പിക്കുന്നതിനെപ്പററിയും ഇനി പറയാം. പുസ്തകങ്ങൾക്കും പത്രങ്ങൾക്കും മാസികകൾക്കും ഒരു ക്ഷുദ്രമായ സംഖ്യയാണ് അനുവദിച്ചുകാണുന്നതു്. അദ്ധ്യാപകന്മാരുടെ അഭ്യസനത്തിന്നായി ഒരു നവീനമാസിക യോഗ്യമായവിധത്തിൽ ഗവണ്മെൻറു നടത്തുകയോ സഹായധനംകൊടുത്തു നടത്തിക്കയോ ചെയ്യുകയാൽ കൊള്ളാം. ഡിപ്പാർട്ടുമെൻറുവക സ്കൂളുകളിലും പ്രൈവററുസ്കൂളുകളിലും പുസ്തകവായന പ്രോത്സാഹിപ്പിക്കുന്നതിനു ഇപ്പോഴത്തേതിൽ എത്രയോ കൂടുതലായ ഒരുസംഖ്യ അനുവദിക്കേണ്ടതാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു ആധുനികരീതികളിൽ വിദ്യാഭ്യാസം പ്രദാനംചെയ്യാൻ ശ്രമിക്കണം. മററുരാജ്യങ്ങളിൽ പലരീതികൾ പരീക്ഷിച്ചുവരുന്നുണ്ടു്. ഇത്രയധികം വിദ്യാഭ്യാസം പ്രചരിച്ചിട്ടുള്ള ഒരുരാജ്യത്തു വിദ്യാർത്ഥികൾക്കും രാജ്യത്തിന്നും യഥാർത്ഥഗുണം ചെയ്യുന്ന അഭ്യസനരീതികൾ പരീക്ഷാർത്ഥമെങ്കിലും ആരംഭിക്കുമെന്നു പ്രതീക്ഷിക്കുന്നതു അബദ്ധമായിവരികയില്ല. നമ്മുടെ വിദ്യാഭ്യാസരീതികൾ പരിഷ്കരിച്ചു ഉത്തമമാക്കിയാൽ ഇപ്പോഴത്തെ പ്രധാന വാദവിഷയമായ തൊഴിലില്ലായ്മക്കു ഒരുവിധമെങ്കിലും പരിഹാരമുണ്ടാകാതിരിക്കയില്ല.

തൊഴിലില്ലായ്മയെപ്പററി പല പ്രാസംഗികന്മാരും ഇന്നലെ സംസാരിക്കയുണ്ടായി. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മയെപ്പററിയേ ഞാൻ സംസാരിക്കാൻ വിചാരിക്കുന്നുള്ളൂ. സ്ത്രീകളുടെഇടയിൽ ഉള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ഗവണ്മെൻറുദ്യോഗങ്ങൾക്കു വിവാഹിതകളെ നിയമിക്കണമെന്നാകുന്നു എന്റെ ബലമായ അഭിപ്രായമെന്നു ഞാൻപറഞ്ഞാൽ എന്റെ സഹോദരിമാരുടെ ക്രോധത്തിനു ഞാൻ പാത്രമാകുമായിരിക്കും. ഇക്കാര്യത്തിൽ യോഗ്യതയും പ്രമാണമാക്കി സാമ്പത്തികാവശ്യം നോക്കിയാണ് ഗവണ്മെൻറു പ്രവർത്തിക്കേണ്ടതു. ഉയർന്ന ഉദ്യോഗങ്ങളിൽ ചില സ്ത്രീകൾമാത്രമേ പണത്തിന്റെ ബുദ്ധിമുട്ടുനിമിത്തം ജോലിചെയ്യുന്നുള്ളൂ. ഇതിനു സാമുദായികമായ ചില കാരണങ്ങളുണ്ടു. അവയെ ഇവിടെവിസ്തരിക്കാൻ ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു ഉദ്യോഗാർത്ഥികളിൽ വിവാഹിതകളേക്കാൾ അവിവാഹിതസ്ത്രീകളോടാണ് ഗവണ്മെൻറു അധികം ആനുകൂല്യം കാണിക്കേണ്ടതു. ഇതു ഉയർന്ന ഉദ്യോഗങ്ങളെസംബന്ധിച്ചാണ് പ്രത്യേകമായി പറയുന്നതു.

ഇനി മെഡിക്കൽഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചാണു പറയാനുള്ളതു്. ആ ഡിപ്പാർട്ടുമെൻറിനെപ്പററിയുള്ള പ്രത്യേകവിമർശനാവസരത്തിൽ ചിലസംഗതികൾ ഞാൻ സവിസ്തരം പ്രസ്താവിച്ചുകൊള്ളാം. ഇപ്പോൾ ആസ്പത്രികളിലേക്കു മരുന്നുകൾ അയച്ചുകൊടുക്കുന്നതിനെസംബന്ധിച്ചുമാത്രം അല്പം പറഞ്ഞുകൊള്ളുന്നു. ഔഷധങ്ങൾക്കായി കഴിഞ്ഞയാണ്ടിൽ അരലക്ഷംരൂപ കൂടുതലായി അനുവദിച്ചിരുന്നു. ആസ്പത്രികളിൽ ആണ്ടവസാനിക്കുന്നതിനുമുമ്പായി ഔഷധങ്ങൾ തീർന്നുപോകുന്നുഎന്നു ഡിപ്പാർട്ടുമെൻറിനു ഏറക്കുറെ അറിയാമെന്നുള്ളതുകൊണ്ടു പ്രത്യക്ഷമാകുന്നുണ്ടു. ആസ്പത്രികളിൽ ആ അരലക്ഷത്തിന്റെ കൂട്ടൽ കൊണ്ടു മതിയാകുമോഎന്നു ഡിപ്പാർട്ടുമെൻറിനു അന്വേഷണം കഴിക്കാമായിരുന്നു. എന്തെന്നാൽ വേറെമെമ്പർമാർ പ്രസ്താവിച്ചതുപോലെ ആണ്ടവസാനിക്കുന്നതിനു മുമ്പായി ഔഷധങ്ങൾ തീർന്നുപോയിട്ടുണ്ടെന്നു എനിക്കും അറിയാം. പല ആസ്പത്രികളിലും ഔഷധങ്ങൾ തീർന്നുപോയതിനാൽ രോഗികൾക്കു മരുന്നു കൊടുക്കാതിരിക്കയോ വെള്ളം കലക്കിക്കൊടുക്കയോ ചെയ്തിട്ടുണ്ടു. ഒരന്വേഷണം മാത്രം നടത്തിയിരുന്നെങ്കിൽ ഔഷധങ്ങൾക്കു മതിയായ ഒരുസംഖ്യ അനുവദിക്കുമായിരുന്നു.

തിരുവിതാംകൂറിനെപ്പോലെ ഇത്ര പരിഷ്കാരമുള്ള ഒരുരാജ്യത്തു സ്ത്രീകളുടെ ചികിത്സാകാര്യം ഇത്രമോശമായിരിക്കുന്നതിനെപ്പററി എനിക്കാശ്ചര്യംതോന്നുന്നു. സ്ത്രീകൾക്കായുള്ള ചികിത്സാസൌകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഒരുപദ്ധതി ഗവണ്മെൻറിലേക്കു സമർപ്പിച്ചിട്ടു ഇപ്പോൾ നാലുവർഷമായിരിക്കുന്നു. ഇതുവരെ അക്കാര്യത്തിൽ യാതൊന്നും ചെയ്തിട്ടില്ലെന്നാണ് അറിയുന്നതു.

മെഡിക്കൽഡിപ്പാർട്ടുമെൻറുവക ബഡ്ജററ് പ്രത്യേകവിമർശനത്തിനു വരുമ്പോൾ ഈ വിഷയത്തെപ്പററി എനിക്കു വളരെ പറവാനുണ്ടാകും. ഉൾനാട്ടുകളിൽ സ്ത്രീകളുടെ ചികിത്സാസൌകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതു അത്യാവശ്യമാകുന്നു. ഗതാഗതവൈഷമ്യംകൊണ്ടും മററുകാരണങ്ങളാലും രാജ്യത്തിൽ പലസ്ഥലങ്ങളിലും വൈദ്യസഹായം ലഭിക്കുന്നില്ല. ഗവണ്മെൻറിനു ഇതിനെപ്പററി ബോധമുണ്ടായിരുന്നെങ്കിൽ അവരുടെ സഹായത്തിനു ഉൾനാട്ടുകളിൽ അധികം ആസ്പത്രികൾ സ്ഥാപിക്കയും സൂതികർമ്മിണികളേയും പരിചാരികകളേയും നിയമിക്കുകയും കഴിവുണ്ടെങ്കിൽ ഡാക്ടർമാർ ആ പ്രദേശങ്ങൾ സന്ദർശിക്കാനും ഗ്രാമങ്ങളിൽ ക്രമമായിച്ചെന്നു രോഗികളെ ചികിത്സിക്കാനും ആജ്ഞാപിക്കയും ചെയ്യുമായിരുന്നു.

ചില വർഷങ്ങൾക്കു മുമ്പാണെന്നു തോന്നുന്നു. അധഃകൃതവർഗ്ഗക്കാരുടെകാര്യം ആലോചനയ്ക്കെടുക്കയും ഒരു അധഃകൃതസംരക്ഷകനെ നിയമിക്കയും ചെയ്തു. അധഃകൃതസംരക്ഷകന്റെ പ്രവൃത്തികൊണ്ടു അധഃകൃതർക്കു എത്രമാത്രം പ്രയോജനമുണ്ടായിട്ടുണ്ടെന്നു എനിക്കു നിശ്ചയമില്ല. അദ്ദേഹത്തിന്റെ ഒരു റിപ്പോർട്ടുകാണാൻകഴിഞ്ഞിട്ടില്ല. മഹാറാണിതിരുമനസ്സിലെ പ്രജകൾതന്നെയായ നിർഭാഗ്യവാന്മാരായ ആ വർഗ്ഗക്കാരെ സംബന്ധിച്ചു തങ്ങളുടെ ധർമ്മം അനുഷ്ഠിക്കാൻ ഈരാജ്യം തയ്യാറായിരിക്കുമെന്നാണ് എല്ലാവരുടേയും പ്രതീക്ഷ. അവർ പല യോഗങ്ങൾകൂടി ഗവണ്മെൻറുദ്യോഗസ്ഥന്മാർ ആ യോഗങ്ങളിൽ ഹാജരായി അവരുടെ ആവശ്യങ്ങൾ എന്തെല്ലാമെന്നറിഞ്ഞു അവയും കഴിവുള്ളടത്തോളം നിവൃത്തിയുണ്ടാക്കിക്കൊടുക്കേണ്ടതായിരുന്നു. ഒരു രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധി അവിടത്തെ സമുദായക്ഷേമത്തെ ആശ്രയിച്ചിരിക്കുന്നു. ഇവിടെ നടന്നപ്രസംഗങ്ങളിൽ മിക്കതും ഈ രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിയേയും ഐശ്വര്യത്തേയും സംബന്ധിച്ചായിരുന്നു. സാമുദായിക പരിഷ്കാരത്തിനു ഗവണ്മെൻറു മാത്രമല്ല പൊതുജനങ്ങളും ഉത്തരവാദികളാകുന്നു എന്നാണ് എന്റെ അഭിപ്രായം. എന്നാൽ ജനസാമാന്യം പിന്നോക്കംകിടന്നാൽ അവരെ ഉപദേശിച്ചും നിയന്ത്രണംചെയ്തും സഹായിച്ചും അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കയും രാജ്യത്തിന്റെ ക്ഷേമവും ഐശ്വര്യവും വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതു ഗവണ്മെൻറിന്റെ ധർമ്മമാകുന്നു.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും):

സർ, ഇപ്പോൾ നിരൂപണത്തിനു വിഷയമായിരിക്കുന്ന ബഡ്ജറ്റ് തൃപ്തികരമായ നിലയിൽ ആയിരിക്കുന്നില്ലെന്നു പറയേണ്ടിവന്നതിൽ വളരെ മനസ്താപമുണ്ട്. ഏതാനും വർഷങ്ങളായിട്ടു രാജ്യത്തിന്റെ വരവിനങ്ങൾ തൃപ്തികരമായും അതിൽനിന്നും സാരമായ ഒരു സംഖ്യ മിച്ചമായും കാണുന്നു എന്നുള്ളതു സന്തോഷകരമാണ്. ൧൧൦൩-ൽ ൨൪ ലക്ഷം രൂപാ മിച്ചംവന്നു. ൧൧൦൪-ൽ ൨൦ ലക്ഷം രൂപാ മിച്ചം വരുമെന്നു പ്രതീക്ഷിക്കുന്നു. വർഷത്തിന്റെ ആദ്യത്തിൽ ഒരു ബഡ്ജറ്റ് സംഖ്യ കണക്കാക്കി രാജ്യത്തിന്റെ നാനാഭാഗങ്ങളിലെ വിവിധമായ വിഷയങ്ങളിൽ ധനവിനിയോഗം ചെയ്യണമെന്നു ഗവർമ്മെന്റു വ്യവസ്ഥ ചെയ്യുമ്പോൾ ൪–൫ ലക്ഷം രൂപാ മാത്രം ബഡ്ജറ്റിൽ മിച്ചമിരിക്കുന്നതായിട്ടാണു കാണുന്നതു്. അങ്ങിനെ വരുന്നതായ മിച്ചം ഇടയ്ക്കുണ്ടാകുന്ന അപ്രതീക്ഷിതമായ ചിലവുകൾക്കു വിനിയോഗിക്കുന്നു എന്നാണു സങ്കല്പം എന്നത്രേ സാധാരണ വിശ്വസിക്കേണ്ടതു്. വർഷാവസാനത്തിൽ കാണുന്ന ഈ മിച്ചം എങ്ങിനെ ഉണ്ടാകുന്നു എന്നുള്ള അന്വേഷണത്തിൽ ബഡ്ജറ്റിൽ നിശ്ചയിച്ചിരിക്കുന്ന ഓരോ ഇനങ്ങൾക്കും വേണ്ടതുപോലെ പണം വിനിയോഗിക്കാതെ വന്നിട്ടുള്ള ബാക്കിയാണു ഈ വലിയ സംഖ്യയായി പരിണമിക്കുന്നതു എന്നു കാണാൻ കഴിയും. ഈ സംഖ്യ മുതൽമുടക്കിലേക്കു കൂട്ടിച്ചേർക്കയാണു ചെയ്യുന്നതു്. ൧൧൦൩-ൽ ൧൩൪ ലക്ഷം രൂപാ മൂലധനമായി ഉണ്ടായിരുന്നതു ൧൧൦൪ അവസാനത്തിലാകുമ്പോൾ ൧൩൧ ലക്ഷമായി കുറയാൻ ഇടയുണ്ടെന്നും കാണുന്നു. അതിനാൽ പ്രതിവർഷം കാണുന്നതായ മിച്ചം മൂലധനത്തെ വർദ്ധിപ്പിച്ചുകൊണ്ടല്ലവരുന്നതു എന്നു സ്പഷ്ടമാണ്. ഇതിൽനിന്നും ഒരു തുകയെടുത്തു ഇനത്തിനു ചിലവാകുന്നു എന്നുള്ളതു പ്രത്യക്ഷംതന്നെ. ആണ്ടോടാണ്ടു രാജ്യത്തിന്റെ പ്രത്യേകമായ ആവശ്യത്തിനു അവശ്യം സ്ഥാപിച്ചുതീരേണ്ട ചില സ്ഥാപനങ്ങൾക്കായി, എന്നാൽ, അവയുടെ പരിപൂർണ്ണമായ വളർച്ചയിൽ അല്ലെങ്കിൽ പൂർണ്ണനിലയിൽ ഇതു ആദായം വരത്തക്കവണ്ണമുള്ള പദ്ധതിയാണ് എന്നുള്ള സങ്കല്പത്തിൽ, ഗവർമ്മെന്റു ഉപയോഗിച്ചു പോരുന്നതായ മൂലധനം മററുപ്രകാരത്തിൽ സൂക്ഷിക്കണം എന്നോ ചെലവാക്കണമെന്നോ എനിക്കഭിപ്രായമില്ല. തിരുവനന്തപുരം പട്ടണത്തിൽ തന്നെ അടുത്ത ഒരു വർഷത്തിലേക്കു മാത്രമായി മൂലധനത്തിൽനിന്നു ൨൫ ലക്ഷത്തിൽപരം രൂപാ ചിലവുവരുന്നതായ വേലകൾ നിർവഹിക്കാൻ പോകുന്നു എന്നു കാണുന്നു. ൧൯൨൧-ലെ ജനസംഖ്യ കണക്കനുസരിച്ചു തിരുവനന്തപുരം പട്ടണത്തിൽ ആകെ ജനസംഖ്യ ൭൫൭൨൧ ആണ്. കഴിഞ്ഞ പ്രജാസഭയിൽ ദിവാൻജി ചെയ്തതായ പ്രസംഗത്തിൽ രാജ്യത്തിലെ ജനസംഖ്യ ഒട്ടാകെ ൪൪ ലക്ഷം വരുമെന്നു പ്രസ്താവിച്ചിരിക്കുന്നു. ൧൯൨൧-ലെ ജനസംഖ്യ കണക്കനുസരിച്ചു ൪൦ ലക്ഷം ജനങ്ങൾ ഉള്ളതായ തിരുവിതാംകൂർ രാജ്യത്തിൽ ഇപ്പോൾ സ്വാഭാവികമായ വർദ്ധനകൊണ്ടു ൪൪ ലക്ഷം ജനങ്ങൾ ഉണ്ടെന്നുള്ളതു ഒരിക്കലും അസംഭവ്യമല്ല. ഈ ൪൪ ലക്ഷം ജനങ്ങൾ അധിവസിച്ചുപോരുന്ന രാജ്യത്തിൽ ൧൯൨൧-ൽ ൭൨ ആയിരത്തിൽ ചില്വാനം ജനങ്ങൾ മാത്രമേ തിരുവനന്തപുരം പട്ടണത്തിൽ ഉണ്ടായിരുന്നുള്ളു. സ്വാഭാവികമായ വർദ്ധനകൊണ്ടും, സാധാരണ ആളുകൾ നാട്ടിൻപുറങ്ങളിൽ നിന്നു വന്നുകൊണ്ടും പോയിക്കൊണ്ടും ഇരിക്കാവുന്നതുകൊണ്ടും, ഇപ്പോൾ തിരുവനന്തപുരം പട്ടണത്തിൽ ഒരു ലക്ഷം ജനങ്ങൾ ഉണ്ടെന്നു സങ്കല്പിക്കാം. ഈ അവസരത്തിൽ തന്നെ ൪൪ ലക്ഷം ജനങ്ങളും തിരുവിതാംകൂറിലെ നാനാഭാഗങ്ങളിൽ ആണു അധിവസിക്കുന്നതെന്നുള്ളതു ഗവർമ്മെന്റു വിസ്മരിക്കരുതാത്തതാണു. അങ്ങിനെയാണെങ്കിൽ തിരുവിതാംകൂറിലെ ൪൪ ലക്ഷം ജനങ്ങളിൽനിന്നും ഭൂനികുതിയായും മററും പ്രതിവർഷം ഗവർമ്മെന്റിനു ലഭിച്ചുകൊണ്ടിരിക്കുന്നതായ മുതൽ അവരുടെ സംരക്ഷണത്തിനായി വിനിയോഗിക്കാതെ, വ്യാപകമായവിധത്തിൽ സൗകര്യപൂർവമായി പ്രാദേശികങ്ങളായ ആവശ്യങ്ങളെ നിർവഹിക്കുന്നതിനു വിനിയോഗിക്കാതെ, ഒരു പദ്ധതി തുടരുന്നതു ക്ഷേമകരമല്ലെന്നു ഗവർമ്മെന്റു സദയം ആലോചിക്കേണ്ടതാണ്.

സഭ ലഘുഭക്ഷണത്തിന്നായി ൨ മണിക്കു പിരിഞ്ഞു ൨-൩൦ മണിക്കു വീണ്ടുംകൂടി.

മി. എ. സി. കുര്യാക്കോസു (മീനച്ചലും ദേവികുളവും): സർ, മൂലധനത്തിൽനിന്നും ഒരു തുക എടുത്തു പ്രയോജനകരങ്ങളായ വേലകൾ നിർവഹിപ്പിച്ചു, രാജധാനി പട്ടണത്തിന്റെ വലുതായ ആവശ്യങ്ങളെ നിറവേററുകയെന്നുള്ളതു് രാജ്യത്തിന്റെ പൊതുവിഷയമല്ലായ്കയല്ല എന്നു ഞാൻ സമ്മതിക്കുന്നു. ഇതു രാജ്യവാസികൾക്കു പൊതുവിൽ സമ്മതമായ കാര്യമാണ്. എന്തുകൊണ്ടെന്നാൽ, രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും, രാജ്യത്തിലെ വിവിധപട്ടണങ്ങളിൽനിന്നും വന്നുചേരുന്ന ആളുകളുടെ സുഖസൌകര്യങ്ങൾക്കുംകൂടി പര്യാപ്തമായിട്ടുള്ള വേലകളാൽ രാജധാനി പട്ടണത്തെ പലതരത്തിൽ മേന്മപ്പെടുത്തുകയും; കൂടുതൽ സൌകര്യപ്രദമാക്കുകയും ചെയ്യുന്നതു് ഏററവും ശ്രേയസ്കരമാണെന്നുള്ളതിനു തർക്കമില്ല. ആകയാൽ ആ നടപടിയെപ്പററി എനിക്കു യാതൊരാക്ഷേപവുമില്ല. എന്നാൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കും അതാതു വർഷത്തെ വരവിൽ നിന്നു അതാതു വർഷം ചിലവാക്കാനായി നിശ്ചയിക്കുന്ന തുക—അല്പം മാത്രമായിട്ടു നിശ്ചയിക്കാറുള്ള തുക— അതാതു വർഷത്തിൽ ചിലവാക്കി കാര്യം നിർവഹിക്കുന്നതിനു എന്താണ് പ്രതിബന്ധം എന്നു എനിക്കു തീരെ മനസ്സിലാകുന്നില്ല. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പ്രതിവർഷം ഇവിടെവന്നുകൊണ്ടിരിക്കുന്ന ജനപ്രതിനിധികൾ—പ്രജാസഭയിലേയും നിയമസഭയിലേയും സാമാജികന്മാർ—ഒരുപോലെ പ്രാദേശികങ്ങളായ ആവശ്യങ്ങളെപ്പററി ഗവർമ്മെന്റിനെ പ്രബോധിപ്പിക്കാറുണ്ട്. എന്റെ താലൂക്കിൽനിന്നും പ്രതിവർഷം രണ്ടു പ്രജാസഭാ മെമ്പർമാർ വന്നു കൊണ്ടിരിക്കുന്നു. അവർ ഓരോ സമയത്തും ലഭിക്കുന്നതായ പരിമിതമായ സമയംകൊണ്ടു ആ താലൂക്കിലെ വിവിധഭാഗങ്ങളിലേയും ആവശ്യങ്ങളെ ഗവർമ്മെന്റിനെ അറിയിക്കുന്നു. പല കാര്യങ്ങൾ ഏകകാലത്തിൽ ഗവർമ്മെന്റിനെ ധരിപ്പിച്ചാൽ അവ എളുപ്പം ചെയ്തു തീർക്കാൻ പ്രയാസമാണ്. പ്രധാനമായ ഏതാനും കാര്യങ്ങൾ പറഞ്ഞാൽ അവ സാധിച്ചുതരുന്നതിനു കഴിയുന്നതും ജാഗ്രതചെയ്യാം, എന്നിങ്ങനെയും മററും മറുപടി പറഞ്ഞിട്ടുള്ള സന്ദർഭങ്ങൾ ഈ കൂട്ടത്തിൽ പലതുമുണ്ട്. ഗവർമ്മെന്റിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ചു ഇങ്ങിനെ ഗവർമ്മെന്റിനെ പ്രത്യേകാവശ്യങ്ങൾ ധരിപ്പിച്ചിട്ടുള്ള അവസരങ്ങൾ പലതും കഴിഞ്ഞു പോയി. ഈ ഇനത്തിൽപെട്ട അത്യാവശ്യവേലകളുടെ ലിസ്റ്റ് വേണമെങ്കിൽ ഇവിടെ വായിക്കാം. പക്ഷേ അങ്ങിനെ വായിച്ചു ഇവിടെ സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ആകെക്കൂടി ഈ ആണ്ടത്തെ ബഡ്ജറ്റിൽ മീനച്ചിൽ താലൂക്കിൽ പുതിയവേലകൾക്കായി നിക്ഷേപിച്ചിരിക്കുന്ന രൂപായുടെ തുക ൪൦൦൦ ആണ്. ഈ ൪൦൦൦ രൂപാകൊണ്ടു ഒന്നേമുക്കാൽ ലക്ഷം ജനങ്ങൾ അധിവസിച്ചു വരുന്ന ഒരു പ്രദേശത്തു-(ഇതു ൧൦൯൬-ലെ കണക്കനുസരിച്ചാണ്) സ്വാഭാവികമായ വർദ്ധനകൊണ്ടു ന്യായമായി ഇപ്പോൾ രണ്ടുലക്ഷം ജനങ്ങൾ അധിവസിച്ചുവരുന്നു എന്നു വിശ്വസിക്കാവുന്നതായ മീനച്ചിൽ താലൂക്കിൽ തിരുവിതാംകൂറിലെ മുതലെടുപ്പുള്ള താലൂക്കുകളുടെ കൂട്ടത്തിൽ ഒട്ടും പിന്നോക്കമല്ലാത്ത മീനച്ചിൽ താലൂക്കിൽ-പുതിയവേലകൾക്കായി നീക്കിവച്ചിരിക്കുന്ന ഈ തുച്ഛമായ തുകകൊണ്ടു ജനങ്ങളുടെ ആവശ്യം ശരിയായി നിർവഹിച്ചു എന്നഭിമാനിക്കാവുന്നോ, ഏതെങ്കിലും വേല പറയത്തക്ക നിലയിൽ നടത്തുവാനോ കഴിയുന്നതാണോ എന്നു സംശയമാണ്. അനുവദിച്ചിട്ടുള്ള തുക തന്നെയും പുതിയ വേലകൾക്കല്ലതാനും. ഒരു രണ്ടായിരം രൂപായോളം തൊടുപുഴ റോഡിൽ ൭ മുതൽ ൯ മൈൽ വരുന്ന ഭാഗം റീമെററൽ ചെയ്യുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. ബാക്കിയുള്ള തുകയാകട്ടെ അതിരമ്പുഴ-ളാലം റോഡിൽ ൪-ാം മൈലിനു ശേഷമുള്ള ഭാഗങ്ങളിൽ വഴി വിസ്താരപ്പെടുത്തുവാനാകുന്നു. ഇതു പുതിയ വേലകളല്ലല്ലോ. ൧൦൯൯-ൽ ളാലം-തൊടുപുഴറോഡു മെററൽ ചെയ്യുമ്പോൾ അതു വളരെ മോശമായ നിലയിൽ ആയിരിക്കുന്നു എന്നു ഞാൻ പ്രജാസഭാമെമ്പരുടെ നിലയിൽ ചീഫ് എൻജിനീയർക്കു എഴുതി അയക്കയുണ്ടായി. എന്നാൽ എക്സിക്യൂട്ടീവു എൻജിനീയർ വേലശരിയായിട്ടാണ് നടക്കുന്നത് എന്നു എഴുതിയിരിക്കുന്നതായി എനിക്കു മറുപടി കിട്ടുകയാണുണ്ടായത്. ഈ മറുപടിക്കു ശേഷം വീണ്ടും ഞാൻ ചീഫ് എൻജിനീയരുടെ പേർക്കു എഴുതി അയച്ചു. അതു ഏകദേശം ഇതിനുണ്ണമായിരുന്നു. "കീഴിലുള്ള ഉദ്യോഗസ്ഥന്മാർ പറയുന്ന അഭിപ്രായങ്ങളെ വിശ്വസിക്കാതിരിക്കരുത്. അങ്ങിനെ വിശ്വസിക്കാതിരുന്നാൽ ഡിപ്പാർട്ടുമെൻറു കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുവാൻ പ്രയാസമാണ്. എന്നാൽ ജനപ്രതിനിധി എന്ന നിലയിൽ എന്റെ അഭിപ്രായവും വിശ്വസിക്കത്തക്കതും വിശ്വസിക്കേണ്ടതുമാണ്. പിന്നെ ചീഫ് എൻജിനീയരുടെ ഇഷ്ടം പോലെ ചെയ്യാം. എന്നേയുള്ളു. കീഴുദ്യോഗസ്ഥന്മാർ മേലധികാരികളെ ധരിപ്പിക്കുന്ന സംഗതികളുടെ വാസ്തവസ്ഥിതി മനസ്സിലാക്കണമെന്നുണ്ടെങ്കിൽ സ്ഥലം വന്നു സന്ദർശിച്ചെങ്കിൽ മാത്രമേ അതു സാധിക്കയുള്ളു" ഈ ലററിനു മറുപടിയുമില്ല, മേൽ നടപടിയുമുണ്ടായില്ല. ഇപ്പോൾ റീമെററലിനു പണം അനുവദിക്കേണ്ടിവന്നിരിക്കുന്നു. പിന്നീടു ളാലം അതിരമ്പുഴ റോഡിനെ വിസ്താരപ്പെടുത്താനാണ് ൨൦൦൦ രൂപ അനുവദിച്ചിട്ടുള്ളതു. ഇത്ര തുച്ഛമായ നിലയിലാണ് രാജ്യത്തിലെ ഓരോ താലൂക്കുകളിലും നൂതനമായ വേലകൾക്കു പണം അനുവദിച്ചിട്ടുള്ളതു എന്നു പറയേണ്ടിവന്നതിൽ ലജ്ജയും വ്യസനവുമുണ്ട്. പരമാർത്ഥത്തിൽ ഇത്തരത്തിൽ ഒരു ബഡ്ജററ് എവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണ്. മീനച്ചിൽ താലൂക്കിലേക്കു എന്റെ നേരിട്ടുള്ള പരിചയംകൊണ്ടു പലപ്പോഴും ഗവർമ്മെൻറു വാഗ്ദാനം ചെയ്കയും ചിലപ്പോൾ പണം അനുവദിക്കയും ചെയ്തിട്ടുള്ളതല്ലാതെ അവിടെ ഉദ്ദേശിക്കുന്ന വേലകൾ നടക്കുന്നില്ലെന്നു വ്യസനസമേതം ഈ സഭയിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ൧൦ കൊല്ലമായിട്ടു അനേകം ജനങ്ങൾ ഗവർമ്മെൻറിലേക്കു വിവിധവിഷയങ്ങളെപ്പററി ചെയ്തിട്ടുള്ള അപേക്ഷകളെയും നിവേദനങ്ങളേയും സംബന്ധിച്ചു എന്തു നടപടി നടത്തി എന്നു ഞാൻ ചോദിച്ച ചോദ്യത്തിനു ഗവർമ്മെൻറു അവയെപ്പററി ആലോചിക്കുന്നു എന്നു മറുപടി കിട്ടി. മീനച്ചിൽ താലൂക്കിൽ ഒരു പാലത്തിനു ൪,൯൦൦ രൂപാ അനുവദിക്കുന്നു എന്നു ചീഫ് സെക്രട്ടറി ഒരു ഉത്തരവയച്ചിട്ടു മാസം ൩ കഴിഞ്ഞിരിക്കുന്നു എങ്കിലും കടനാട്ടു പാലത്തിന്നായി അനുവദിച്ചിട്ടുള്ള പ്രസ്തുതസംഖ്യപോലും ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. കോട്ടയം എക്സിക്യൂട്ടീവ് ഡിവിഷനെപ്പററി പറയുകയാണെങ്കിൽ മെയിൻറനൻസ് ഇനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ ഏഴായിരത്തിലധികം രൂപാ കുറച്ചു അനുവദിച്ചിട്ടുള്ളതായിട്ടാണ് കാണുന്നത്. പഴയ പണികളുടെ അററകുററം തീർത്തു സംരക്ഷിക്കയെന്നുള്ളതാണല്ലോ മെയിൻറനൻസിന്റെ ഉദ്ദേശം. ഒരു എക്സിക്യൂട്ടീവ് ഡിവിഷനിലെ മെയിൻറനൻസ് ചിലവിനു ഏഴായിരത്തിൽ ചില്വാനം രൂപ കുറച്ചു അനുവദിച്ചിരിക്കുന്നു എന്നു പറയുമ്പോൾ കോട്ടയത്തെ സംബന്ധിച്ചിടത്തോളം ഗവർമ്മെൻറു എന്തു തത്വമാണ് അംഗീകരിച്ചിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. പ്രതിവർഷം പുതിയവേലകൾ നടന്നുകൊണ്ടിരിക്കുന്നു എങ്കിൽ മെയിൻറനൻസ് ഇനത്തിലും പണം കൂടുതൽ അനുവദിച്ചുകൊണ്ടിരിക്കണം. അങ്ങിനെ നടക്കുന്നില്ലാത്തതുകൊണ്ടാണ് മെയിൻറനൻസിന്റെ ചിലവു കുറയ്ക്കാൻ കഴിയുന്നത്. ഇതിന്റെ പ്രത്യക്ഷഫലം ഉള്ളതും ക്രമേണ മോശമാകുകയെന്നുള്ളതാണ്. എല്ലാ താലൂക്കുകളിൽനിന്നും ജനപ്രതിനിധികൾ അറിയിക്കുന്ന നിവേദനങ്ങളെ കേട്ടു അതാതു താലൂക്കിലെ ആവശ്യങ്ങളെ നിർവഹിക്കാൻ വരവിൽ നിന്നും ശരിയായ ഒരംശം അനുവദിച്ചുകൊടുക്കണമെന്നുള്ള ഒരു തത്വം അംഗീകരിച്ചു അതിന്നനുരൂപമായ ഒരു ബഡ്ജററു തയ്യാറാക്കുന്നപക്ഷം ജനങ്ങളുടെ സങ്കടം പരിഹരിക്കപ്പെടുന്നതിനും അവർക്കു ആഹ്ലാദമായിട്ടു കഴിച്ചുകൂട്ടുന്നതിനും ഇടവരുമായിരുന്നു. പൊതുമരാമത്തു വിഷയത്തെപ്പററി ദീർഘമായി പറഞ്ഞുകൊണ്ടിരുന്നാൽ അതിൽ സംബന്ധപ്പെടാത്തതും അത്യാവശ്യമായതുമായ മററു പല സംഗതികളും പറയാൻ അവസരം കിട്ടുകയില്ല. അതുകൊണ്ടു ചുരുക്കമായി പറയാനുള്ളതു ഉത്തരതിരുവിതാംകൂറിലേക്കു പൊതു മരാമത്താവശ്യത്തിന്നനുവദിക്കുന്ന തുക വർഷാവസാനത്തിൽ ലാപ്സായിപ്പോകാതെ അതാതു വേലകൾ നടത്തുന്നതിനു ഉപയോഗിക്കണമെന്നുള്ള സംഗതി ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ വരണം എന്നു മാത്രം ആകുന്നു. രാജധാനിയെ സംബന്ധിച്ചുള്ള കാര്യം എങ്ങിനേയും ഇരിക്കട്ടെ. മുനിസിപ്പാലിററി പട്ടണങ്ങളുടെ അതൃത്തിക്കകത്തുള്ള വേലകൾ നടത്തുന്നതിനു ആ മുനിസിപ്പാലിററിയെ തന്നെ ചുമതലപ്പെടുത്തിക്കൊടുക്കുന്നപക്ഷം ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർക്കു മററു വേലകൾ നടത്താൻ കുറെക്കൂടി കൂടുതൽ സൌകര്യം ലഭിക്കും.

തിരുവിതാംകൂറിലെ മൊത്തവെയുള്ള വരവിൽ മൂന്നിലൊരുഭാഗം പടിയും ശമ്പളവുമായിട്ടു പോകുന്നുണ്ട്. ബാക്കിയുള്ളതിൽ അഞ്ചിലൊരുഭാഗത്തിലധികം വിദ്യാഭ്യാസത്തിനായിട്ടു ചിലവാക്കിവരുന്നു. പിന്നീടു പരിമിതമായ ഒരു സംഖ്യമാത്രമേ ബാക്കിയുള്ളു. കൃഷിഡിപ്പാർട്ടുമെൻറിനു രണ്ടു ലക്ഷം രൂപാ തികച്ചു അനുവദിച്ചുകാണുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ ഉപദേശംകൊണ്ടും ഡിപ്പാർട്ടുമെൻറുകാരുടെ പ്രവർത്തനം-മാതൃകാ യോഗ്യമായ പ്രവർത്തനംകൊണ്ടും ആ ഡിപ്പാർട്ടുമെൻറു കൃഷിക്കാരെ ധാരാളം സഹായിക്കേണ്ടതായിട്ടുണ്ടെന്നുള്ളതു ഒരു പരമാർത്ഥംമാത്രമാണ്. അങ്ങനെയുള്ള ഒരു ഡിപ്പാർട്ടുമെൻറിലേക്കു അനുവദിച്ചിരിക്കുന്നതുകയോ തുച്ഛം. അതിൻവണ്ണംതന്നെ വ്യവസായഡിപ്പാർട്ടുമെൻറിലേക്കു കൂടുതൽ പണം അനുവദിക്കയും വ്യവ

സായോൽക്കർഷത്തിനു ഉതകുന്നതായ പദ്ധതികൾ രൂപീകരിക്കുകയും ചെയ്യാൽ രാജ്യത്തിൽ പല തരത്തിലുള്ള ഐശ്വര്യങ്ങൾ വർദ്ധിച്ചുവരുന്നതാണ്. ഒരു കാലത്തു ഈ നാട്ടുകാർക്കു കച്ചവടത്തിൽ താല്പര്യമില്ലാതിരുന്നപ്പോൾ അന്യരാജ്യത്തിൽനിന്നും കച്ചവടക്കാരെ വരുത്തി ഇവിടങ്ങളിൽ താമസിപ്പിച്ചു കച്ചവടംനടത്തിക്കുകയും അവരെക്കണ്ടു ഈ നാട്ടുകാർ ക്രമേണ കച്ചവടത്തിൽ വൈദഗ്ദ്ധ്യം സമ്പാദിക്കുകയുംചെയ്തു. അതുപോലെതന്നെ നെയ്ത്തിൽ ആളുകൾക്കു താല്പര്യമില്ലാതിരുന്നപ്പോൾ അന്യനാട്ടിൽനിന്നും നെയ്ത്തുകാരെ വരുത്തി ഇവിടെയുള്ള ജനങ്ങളെ പരിശീലിപ്പിച്ചു.

ഇവിടത്തെ വനങ്ങളെ സംരക്ഷിക്കുന്നതിനു പാശ്ചാത്യരാജ്യങ്ങളിൽപോയി പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടെങ്കിലും അവർ യാതൊരു പരിഷ്കാരവും ചെയ്തിട്ടില്ല എന്നുള്ളതു സ്പഷ്ടമാണ്. ഈ വനങ്ങളിലുള്ള മുള മുതലായ വ്യവസായപരമായിട്ടു ഉപയോഗപ്പെടുത്താവുന്ന സാധനങ്ങൾ കാലാകാലങ്ങളിലുള്ള അന്വേഷണക്കുറവുനിമിത്തം തീ പിടിച്ചു നശിച്ചുപോകുന്നുണ്ട്. ഇതിൽനിന്നും ആദായം കിട്ടത്തക്കവണ്ണമുള്ള ഒരു പദ്ധതി ഡിപ്പാർട്ടുമെന്റിൽനിന്നും രൂപീകരിക്കേണ്ടതാണ്.

ജപ്പാൻ മുതലായ രാജ്യങ്ങളിൽനിന്ന് ഈ രാജ്യത്തിലേക്കു നല്ല വിദഗ്ദ്ധന്മാരെ വരുത്തിതാമസിപ്പിക്കണം. അവരെക്കൊണ്ടു ശരിയായ വ്യവസായങ്ങൾ നടപ്പിൽവരുത്തിക്കണം. ജനങ്ങൾ അതുകണ്ടു ആ മാർഗ്ഗത്തിൽ പ്രവർത്തിച്ചുതുടങ്ങുമ്പോൾ രാജ്യത്തിന്റെശ്രേയസ്സ് വളരെ വർദ്ധിക്കും. ഈ വക ആവശ്യത്തിനു മൂലധനത്തിൽനിന്നും ഒരു തുക മുടക്കുന്നപക്ഷം ഇവിടെ എന്തെല്ലാം വ്യവസായങ്ങൾ നടത്താൻകഴിയും എന്നു ശരിയായസ്വരൂപം ഉണ്ടാകും. തീപ്പെട്ടി വ്യവസായംതന്നെ ഇവിടെ എത്രഭംഗിയായിട്ടു നടത്താം. കടലാസിനുപയുക്തമായ പേപ്പർ പൾപ്പ് എത്ര ലഘുവായും സുലഭമായും ഉണ്ടാക്കാമെന്നുള്ളതു ഗവണ്മെന്റു ശ്രദ്ധിച്ചിട്ടേ ഇല്ല.

വനംവക ഡിപ്പാർട്ടുമെന്റിൽനിന്നു ഒരു തുക ആണ്ടുതോറും വരുന്നതായി കാണുന്നു. അതിനെ സംബന്ധിച്ചിടത്തോളം എനിക്കു പറവാനുള്ളതു ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നാട്ടിൻപുറങ്ങളിലുള്ള കുടിവക പുരയിടങ്ങളിൽ നില്ക്കുന്നതേക്കു ഈട്ടി മുതലായവൃക്ഷം അല്ലെങ്കിൽ രാജകീയ വൃക്ഷങ്ങൾ വെട്ടിയിറക്കി അതിൽനിന്നും കിട്ടുന്ന ആദായംകൂടിചേർത്തിട്ടാണു ഇപ്പോഴത്തെ ഫാറസ്റ്റ് റെവന്യൂ ആയിട്ടു കാണിക്കുന്നതു. അഞ്ചോ ആറോ വർഷം കഴിയുമ്പോൾ കുടിവക പുരയിടങ്ങളിൽ നില്ക്കുന്ന രാജകീയവൃക്ഷങ്ങളിൽനിന്നും കിട്ടുന്ന ആദായം കുറഞ്ഞുപോകും. പിന്നീടു തുച്ഛമായ ഒരു തുകയെ കാണുകയുള്ളു. അതിൽനിന്നും കിട്ടുന്ന ആദായംകൊണ്ടു ആ ഡിപ്പാർട്ടുമെന്റിനെ സംരക്ഷിക്കാൻപോലും മതിയാകാതെ വരുന്നതു കഷ്ടമല്ലേ? രാജ്യത്തിലെ മുന്നിലൊരുഭാഗമുള്ളവനങ്ങളിൽപ്രവേശിക്കുന്നതിനു ഒരു മൈൽദൂരംപോലുംറോഡില്ല. സ്ഥിതിവിവരക്കണക്കിൽ ഫാറസ്റ്റ് റോഡുകൾ എന്ന തലക്കെട്ടിൽ ഒരു ഭാഗം കാണുന്നുണ്ട്. അതുകൊണ്ടു ഫാറസ്റ്റ് റോഡുകൾ വേണം എന്നു ഗവണ്മെന്റിനു വിചാരമുള്ളതായിതോന്നുന്നു. എന്നാൽ എത്ര മൈൽ നീളം റോഡുണ്ടെന്നു നോക്കിയതിൽ കണ്ടതു പൂജ്യമാണ്. വിദഗ്ദ്ധതയോടുകൂടി വനം രക്ഷിക്കുന്നപക്ഷം ഇപ്പോഴത്തെ ആദായം വർദ്ധിപ്പിച്ചുകൊണ്ടുപോകാൻ സാധിക്കുന്നതാണ്, അതാണു ചെയ്യേണ്ടതും. കുടിപുരയിടങ്ങളിൽ നില്ക്കുന്ന രാജകീയവൃക്ഷങ്ങളെ കുടികൾക്കുതന്നെ വിട്ടുകൊടുക്കണമെന്നുള്ള ജനപ്രതിനിധികളുടെ അഭിലാഷം അവർ ഒരു പ്രമേയം ഈ കൌൺസിലിൽ പാസാക്കി പ്രകാശിപ്പിച്ചിട്ടുണ്ട്. അതിന്മേൽ ഗവണ്മെന്റു എന്തു ചെയ്യാൻപോകുന്നു എന്നു എനിക്കു അറിഞ്ഞുകൂടാ എങ്കിലും അതിൽപിന്നീടു കുടിവകപുരയിടങ്ങളിൽനിന്നു ചെറുതരം വൃക്ഷങ്ങൾകൂടി മുറിച്ചുകൊണ്ടുപോകുന്നതിൽ ഡിപ്പാർട്ടുമെന്റുകാർ ശ്രദ്ധകാണിക്കുന്നു എന്നിവിടെ പറയാതിരിക്കാൻനിവൃത്തിയില്ല. പ്രമേയത്തിന്റെ തത്വം ഗവണ്മെന്റു അംഗീകരിക്കുമ്പോഴേക്കു കുടിവക പുരയിടങ്ങളിൽ തടികൾ ശേഷിക്കുകയില്ല എന്നാണു വരുന്നതു. ഇതു അഭിലഷണീയമായ നയമല്ല.

പ്രാദേശികാവശ്യങ്ങൾക്കു മതിയാകാവുന്നതായ തുക ഓരോ എക്സിക്യൂട്ടീവ് ഡിവിഷനിലേക്കും അനുവദിക്കണം. പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലെ വേലകൾ മുഴുവനും കൺട്രാക്ട് കൊടുത്താണു ഇപ്പോൾ ചെയ്യിക്കുന്നതു. ഒരു മേൽനോട്ടം മാത്രമേ ഈ ഉദ്യോഗസ്ഥന്മാർക്കുള്ളു. അതിനാൽ അവർക്കു വേണ്ടിടത്തോളം വേലകൾ കൊടുക്കണം.

ആകെ വരവിൽ അഞ്ചിലൊരുഭാഗം വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേക്കു ചിലവാക്കിവരുന്നു എന്നു ഞാൻ മുമ്പു പറഞ്ഞല്ലോ. ഇങ്ങനെ ധാരാളം പണം ചിലവുചെയ്തുകൊണ്ടിരിക്കുന്നതായ ഒരു ഡിപ്പാർട്ടുമെന്റു ഏതെല്ലാം വിധത്തിൽ പരിഷ്കരിക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി ഗവണ്മെന്റു വിദഗ്ദ്ധന്മാരോടു ആലോചിച്ചു പ്രവർത്തിക്കേണ്ടതാണ്. ഇന്നത്തെ ഡയറക്ടർ ഭരണംകയ്യേറ്റതിൽപിന്നീടു ഹൈസ്കൂൾ, കാളേജ് എന്നുള്ള ഭേദംകൂടാതെ അനേകതരത്തിലുള്ള പാഠശാലകൾ പരിശോധിച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ടു അനേകം നാട്ടുഭാഷാ പാഠശാലകൾ നിരാധാരമായിട്ടുകിടക്കുന്നു എന്നദ്ദേഹം അറിഞ്ഞുകഴിഞ്ഞു. വളരെ പണംചിലവുചെയ്താലേ ക്രമത്തിനു നന്നാക്കാൻസാധിക്കയുള്ളു എന്നു അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹം അഭിപ്രായപ്പെടുന്നതുപോലെ ധാരാളം പണം ചിലവുചെയ്യുകയാണെങ്കിൽ ഈ പള്ളിക്കൂടങ്ങളെ ക്രമപ്പെടുത്തികൊണ്ടുപോകാൻ നമുക്കുകഴിയും. പള്ളിവാസൽ-നേര്യമംഗലം റോഡു മുതലായ വമ്പിച്ച വേലകൾക്കു പണം ചിലവാക്കിയാൽ ടോൾഗേറ്റു മുതലായ ഇനത്തിൽനിന്നും അതു തിരിച്ചെടുക്കാൻ കഴിയും. ആ വക ജോലികൾക്കാവശ്യമുള്ള പണം മൂലധനത്തിൽനിന്നുമാണു ചിലവു ചെയ്യേണ്ടതു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനെ പരിഷ്കരിക്കുന്നതിനാവശ്യമുള്ള പണം മൂലധനത്തിൽനിന്നും ചിലവു ചെയ്യണം. ശരിയായ മാനേജ്മെന്റിൽ പള്ളിക്കൂടം നടത്താൻ ത്രാണിയുള്ളവർക്കു അതു വിട്ടുകൊടുക്കുന്നതു നന്നായിരിക്കും. ചിലവുക്രമേണ കുറച്ചു പ്രയാസംകൂടാതെ വിദ്യാഭ്യാസം നിർവഹിച്ചുകൊണ്ടുപോകാൻ ഇതു മാത്രമാണ് ശരിയായമാർഗ്ഗം. ഇതു ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണ്. പക്ഷേ അനുഭവത്തിൽ വരുന്നില്ലാ എന്നേയുള്ളു. രാജ്യത്തെ വിദ്യാഭ്യാസത്തെ പരിഷ്കരിക്കുന്നതിനു സാമർത്ഥ്യമുള്ള ഒരു ഡയറക്ടർ നമുക്കുണ്ടെങ്കിലും അദ്ദേഹം ആവശ്യപ്പെടുന്നതോ അല്ലെങ്കിൽ ആ ഡിപ്പാർട്ടുമെന്റുതന്നെസ്വാഭാവികമായിട്ടു ആവശ്യപ്പെടുന്നതോ ആയ പണം കൊടുക്കാൻ ഗവണ്മെന്റിനു ശക്തിയില്ല. നാട്ടുകാരുടെവിദ്യാഭ്യാസാവശ്യത്തിനു പണം കൊടുക്കാൻ ശക്തിയില്ലാത്ത ഒരു രാജ്യത്തിൽ വിദ്യാഭ്യാസാഭിവൃദ്ധിക്കു ഏതൊരു പദ്ധതിയാണു അനുകരിക്കേണ്ടതു നല്ലതെന്നു നല്ലവണ്ണം ആലോചിക്കണം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക): സമയക്ലിപ്തതിയെക്ക പ്രസിഡണ്ടിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. മെമ്പറിനു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോയിരിക്കുന്നു.

പ്രസിഡണ്ട്: ഇല്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക): ലഘുഭക്ഷണത്തിനു നാം പിരിയുന്നതിനു അഞ്ചു മിനിട്ടിനു മുമ്പാണ് അദ്ദേഹം ആരംഭിച്ചതു.

പ്രസിഡണ്ട്: നാലുമിനിട്ട്.

മി. എ. സി. കയ്യാക്കോസ് (മീനച്ചിലും തൊടുപുഴയും): എനിക്കിവിടെ അധികമായിട്ടു ഒന്നും പറയാനില്ല. പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ ചെലവഴിക്കുന്ന പണം എല്ലാ താലൂക്കിലേക്കും സാമാന്യം സമമായിരിക്കണം. വിദ്യാഭ്യാസത്തെ ക്രമീകരിക്കുന്നതിനു വേണ്ട പദ്ധതി രൂപീകരിക്കണം: കൃഷി, വ്യവസായം എന്നി ഡിപ്പാർട്ടുമെന്റുകളിലേക്ക കൂടുതൽ പണം അനുവദിച്ചുകൂടുതൽ പ്രയോജനകരമാക്കണം. വനംവക ഡിപ്പാർട്ടുമെന്റുകൊണ്ടു രാജ്യനന്മയ്ക്കുപയുക്തമായ വ്യവസായങ്ങൾ പോഷിപ്പിക്കുവാനുള്ള പദ്ധതികൾ സ്വല്പമായ് ഏർപ്പെടുത്തുകയും വേണം. ഈ നിർദ്ദേശങ്ങളോടുകൂടി ബഡ്ജറ്റിനെപ്പറ്റിയുള്ള എന്റെ പൊതുനിരൂപണം അവസാനിപ്പിച്ചുകൊള്ളുന്നു.

മി. ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): സർ, ഞാൻ മലയാളത്തിൽ പ്രസംഗിപ്പാൻ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

പ്രസിഡണ്ട്: നിങ്ങൾ ഇംഗ്ലീഷിലാണ സംസാരിച്ചിരുന്നതു എന്നു തോന്നുന്നു.

മി. ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): അതെ, സർ.

പ്രസിഡണ്ട്: എന്നാൽ ഈ സമയത്തും ഇംഗ്ലീഷിൽതന്നെ സംസാരിക്കണം.

മി. ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): ഈ ഭാഗത്തിരിക്കുന്ന എന്റെ ചില സ്നേഹിതന്മാർ ഗ്രാമപുനരുദ്ധാരണം, കൈക്കൃഷി, ചെലവുചുരുക്കൽ, അനാവശ്യ ഉദ്യോഗസൃഷ്ടി എന്ന വിഷയങ്ങളെപ്പറ്റി സംസാരിച്ചു. ഈ പ്രധാന ആക്ഷേപങ്ങളെപ്പറ്റി ദിവാൻ പ്രസിഡണ്ടായ താങ്കൾ ഗൌരവമായി ആലോചിക്കണമെന്നു ഞാനും ബലമായി അപേക്ഷിച്ചുകൊള്ളുന്നു. ബഡ്ജറ്റിനെപ്പറ്റിയുള്ള വിമർശനങ്ങൾ ചില ഗവണ്മെന്റുകൾ ഒരു ചടങ്ങായിട്ടുമാത്രമാണ വിചാരിക്കുന്നതു. മുൻ പ്രാസംഗികന്മാരിൽ ചിലർ കൈക്കൃഷിയെപ്പറ്റി ഈ സഭാമുമ്പാകെ പ്രസംഗിച്ചതു സ്വഭാവവൈശിഷ്ട്യംകൊണ്ടും കനിവുകൊണ്ടും ഇപ്പോൾ ഈ ഉന്നതപദവി പ്രാപിച്ചിട്ടുള്ള ഞങ്ങളുടെ മാതൃകാദിവാന്റെ ദൃഷ്ടിയിൽ ആക്ഷേപത്തെക്കൊണ്ടുവരുന്നതിനാണ്. ആവശ്യത്തെപ്പറ്റി ഇനിയും സംസാരിച്ചു സമയം നഷ്ടപ്പെടുത്താതെ ഞാൻ കൃഷിസേചനം എക്സൈസ്, വിദ്യാഭ്യാസം, വൈദ്യസഹായം എന്നീവിഷയങ്ങളെപ്പറ്റി സംസാരിക്കുന്നതിനു വിചാരിക്കുന്നു. കൃഷിസേചനത്തെ സംബന്ധിച്ചു പറയാം. എന്റെ മുൻ പ്രാസംഗികന്മാരിൽ ഒരാൾ പറഞ്ഞ കണക്കിൻ പ്രകാരം തിരുവിതാംകൂറിൽ ൨൫,൦൦൦ ലക്ഷം ചാക്കുനെല്ലു ഇറക്കുമതിചെയ്യുന്നുണ്ടു. ഒരുരാജ്യത്തെ നിവാസികൾക്കു അവിടെത്തന്നെ ഭക്ഷണത്തിനു വഴിയില്ലെന്നും ഭക്ഷണസാധനങ്ങൾ എല്ലാം വിദേശങ്ങളിൽനിന്നു വരുത്തണമെന്നും വരുന്നതു വലിയ സങ്കടംതന്നെയാണ്. തിരുവിതാംകൂറിൽ പ്രകൃതിതന്നെ അനുകൂലമാകയാലും രാജ്യത്തിൽ വേണ്ടുന്ന നെല്ലു ഇവിടെത്തന്നെ കൃഷിചെയ്യാനുള്ള സൌകര്യങ്ങൾകൊണ്ടും അങ്ങനെയുള്ള ഒരവസ്ഥ പ്രത്യേകം സങ്കടകരമാകുന്നു. ഇതൊരു ആപൽക്കരസംഗതിയായി ദിവാൻപ്രസിഡണ്ടായ താങ്കൾ ഗൌനിക്കണമെന്നു ഞാൻ ബലമായി അപേക്ഷിക്കുന്നു. ഈ വിഷയം താങ്കൾ പ്രത്യേകമായി ഗൌനിക്കണമെന്നാണ ഞാൻപറയുന്നതിന്റെ അർത്ഥം. ഇങ്ങനെയുള്ള ഒരു കാലത്തിൽ തിരുവിതാംകൂറിലെ ഒരു വ്യക്തിക്കോ പൌരനോ സർവ്വപ്രധാനമായിട്ടുള്ള ഒരുവിഷയം ഇതാകുന്നു. നമ്മുടെ പ്രധാനഭക്ഷണസാധനം സംബന്ധിച്ചു നമ്മുടെരാജ്യം പരാശ്രയം കൂടാതെ കഴിക്കേണ്ടുന്നതിന്റെ പ്രാധാന്യത്തെ അതിന്റെ വിവിധവശങ്ങൾ കാണിച്ചു ഗവണ്മെന്റിന്റെ മുമ്പാകെ സഭയുടെ ഈ ഭാഗത്തിരിക്കുന്ന ഞങ്ങൾ വെച്ചുകൊള്ളുന്നു. മിസ്റ്റർ മഹാദേവയ്യരുടെ റിപ്പോർട്ടിൻ പ്രകാരം കൃഷിക്കുപയുക്തമായി ആറുലക്ഷം ഏക്കർ ഭൂമി തിരുവിതാംകൂറിൽ ഇപ്പോഴുണ്ടു. ഈ രാജ്യത്തിലെ ആവശ്യത്തിനു വേണ്ടുന്ന നെല്ലു കിട്ടുന്നതിനു നാലുലക്ഷം ഏക്കർ കൃഷിസ്ഥലംകൂടെ വേണമെന്നു കണക്കുകൂട്ടിനോക്കീട്ടു കാണുന്നു. ഇതിനു സാധുമാർഗ്ഗങ്ങൾ പറയാം. വനങ്ങൾ കൃഷിക്കു വിട്ടുകൊടുക്ക, കാവൽ പറിക്ക, കൃഷിപരിഷ്കരിച്ചു വിളവുവർദ്ധിപ്പിക്ക, കൃഷിക്കു പൊതുമരാമത്തു വകുപ്പുകാരെക്കൊണ്ടു കൃഷിസേചനപ്രവൃത്തികൾ നടത്തി തോട്ടങ്ങൾ നിലങ്ങളാക്കുക. ഉത്തരതിരുവിതാംകൂറിൽനിന്നു വന്നിട്ടുള്ള എന്റെ സ്നേഹിതന്മാർ കൂടക്കൂടെ വെള്ളപ്പൊക്കം ഉണ്ടാകുന്നതിനെപ്പറ്റി പരാതി പറകയുണ്ടായി. എന്നാൽ ഗവണ്മെന്റു ചെയ്യേണ്ടതു ആ വെള്ളത്തെ തെക്കൻതിരുവിതാംകൂറിനെപ്പോലെ വെള്ളമില്ലാത്ത പ്രദേശങ്ങളിലേക്കു കൊണ്ടുവരാൻ ശ്രമിക്കയെന്നേ. പശ്ചിമഘട്ടത്തിന്റെ അടിവാരത്തിൽ കൂടി മൂന്നുനാലടിയിലധികം ഉയരമുള്ള സ്ഥലങ്ങളിൽ വിശേഷമായ തടാകങ്ങൾ ഉണ്ടാക്കാൻ കഴിയും. പിന്നെ ഉത്തരതിരുവിതാംകൂറിൽനിന്നു ദക്ഷിണതിരുവിതാംകൂറിലേക്ക തോടുവെട്ടി വെള്ളംകൊണ്ടുവരാൻ വലിയ പ്രയാസമുണ്ടാകയില്ല. അങ്ങനെ ഇപ്പോഴുള്ള കുളങ്ങൾക്കുപുറമെ ആ വെള്ളവും കൃഷിക്കുപയോഗമാകും. ഇതൊരു പ്രധാനപദ്ധതിയാകുമെന്നു വിദഗ്ദ്ധന്മാർ പറയുമെന്നു എനിക്കു നിശ്ചയമുണ്ടു. അങ്ങനെ വല്ലതും ചെയ്യുന്നതു അത്യാവശ്യമാണെന്നു ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തണമെന്നേ എനിക്കുദ്ദേശമുള്ളു. മൈനർ ഇറിഗേഷൻപ്രവൃത്തികൾക്കു അനുവദിച്ചിട്ടുള്ള സംഖ്യ എത്രയോ തുച്ഛമാണു. ൭൦,൦൦൦-ൽ ചില്വാനം രൂപയാണ അനുവദിച്ചിട്ടുള്ളതു. ആ സംഖ്യ ഇത്രകുറഞ്ഞുപോയതു സങ്കടകരമാണ. ഇക്കാര്യത്തിൽ ആ പ്രവൃത്തികൾ വേഗം തീർക്കത്തക്കവണ്ണം കാലേകൂട്ടി എസ്റ്റിമേറ്റുകൾ തയ്യാറാക്കി അയക്കാൻ ചീഫ് എൻജിനീയർ അദ്ദേഹത്തിന്റെ കീഴ് ഉദ്യോഗസ്ഥന്മാർക്കു കർശനമായ ഉത്തരവുകൾ അയയ്ക്കുമെന്നു വിശ്വസിക്കുന്നു. കൽക്കുളവും വിളവങ്കോടും താലൂക്കുകൾ സംബന്ധിച്ച അനേകം എസ്റ്റിമേറ്റുകൾ ഗവണ്മെന്റിൽ തീർച്ചചെയ്യാതെ ഇരിക്കുന്നതിനാൽ ഞാൻ വ്യസനിക്കുന്നു. കഴിഞ്ഞയാണ്ടിൽ പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റ മേലധികാരികൾ ഞങ്ങൾക്ക വലിയ ഇച്ഛാഭംഗത്തിനിടവരുത്തി; പ്രത്യേകമായി വകകൊള്ളിച്ചു ൫൪൦൦൦ ആളുകൾ മരിച്ചസമയം—കുളങ്ങൾ പുനരുദ്ധാരണംചെയ്യുന്നതിന് ഒരു നല്ലസംഖ്യ വാഗ്ദാനംചെയ്തിരുന്നു. എന്നാൽ ഞങ്ങളുടെ ദൌർഭാഗ്യംകൊണ്ടു ൫൦൦൦ രൂപയ്ക്കുള്ള വേലപോലും ചെയ്തുതീർത്തിട്ടില്ല. അതുകൊണ്ടു അക്കാര്യത്തിൽ ദിവാൻപ്രസിഡണ്ട പ്രത്യേകം ശ്രദ്ധപതിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ഇനി ഗവൎമ്മെന്റിന്റെ എക്സൈസ്നയത്തെസംബന്ധിച്ചു, തിരുവിതാംകൂറിലെ ഉപ്പുകൃഷി വൎദ്ധിപ്പിക്കണമെന്നു ഞാൻ എക്സൈസ്കമ്മീഷണരോടു അപേക്ഷിച്ചുകൊള്ളുന്നു. കണക്കുകൾകൊണ്ടു ഇവിടെ ആവശ്യമുള്ള ഉപ്പിൽ പാതിയിലധികം വിദേശങ്ങളിൽനിന്നു ഇറക്കുമതിചെയ്യുന്നതായി കാണാം. പരീക്ഷണങ്ങൾ നടത്തീട്ടു ഈ നാട്ടിൽ വിളയുന്ന ഉപ്പു ഇറക്കുമതിചെയ്യുന്ന ഉപ്പിനേക്കാൾ നല്ലതാണെന്നും കണ്ടിട്ടുണ്ടു്. (മിസ്റ്റർ എസ്. പിറവിപ്പെരുമാൾപിള്ള, അല്ല).

വിദ്യാഭ്യാസംസംബന്ധിച്ചു ആരംഭത്തിൽ പ്രസ്താവിച്ചപ്രകാരം പ്രൊഫസർമാരുടെയും പ്രിൻസിപ്പാൾമാരുടെയും സന്മാൎഗ്ഗം ശരിയായി പാലിക്കുന്നകാൎയ്യത്തിൽ ദിവാൻപ്രസിഡന്റും വിദ്യാഭ്യാസഡയറക്ടരും പ്രത്യേകം ദൃഷ്ടിപതിക്കണമെന്നു അപേക്ഷിക്കുന്നു. അവരുടെ സന്മാൎഗ്ഗത്തെപ്പററി ആക്ഷേപകരമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിക്കാണുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): നടപടിസംബന്ധിച്ചു ഒന്നുപറഞ്ഞുകൊള്ളുന്നു. പത്രങ്ങളിൽകാണുന്ന ലേഖനങ്ങളെപ്പററി മെമ്പർ പ്രസ്താവിക്കുന്നതു ക്രമാനുസരണമല്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഗവൎമ്മെന്റു പ്രിൻസിപ്പാൾമാരുടെയും, പ്രൊഫസർമാരുടെയും സന്മാൎഗ്ഗംപാലിക്കുന്നതിനു വേണ്ടപ്രകാരം പ്രവൎത്തിക്കണമെന്നു ഞാൻ നിഷ്കൎഷയായി അപേക്ഷിക്കുന്നു.

ഔഷധങ്ങളുടെകാൎയ്യത്തിൽ കൊയിനാപ്പൊടി വില്പനകൊണ്ടു ൨൦൦ ഉറുപ്പിക വരവുണ്ടാകുമെന്നു പ്രതീക്ഷിച്ചിട്ടുള്ളതായി കാണുന്നു. കാണിക്കാരും അധഃകൃതവൎഗ്ഗക്കാരുമാണു് ഈ സാധനം സാധാരണ ഉപയോഗിക്കുന്നതു്. സഞ്ചാരപ്പടി, പെട്രോൾചെലവു മുതലായവകൾക്കു ലക്ഷോപലക്ഷം ഉറുപ്പിക ചെലവാക്കുന്നതായി എനിക്കറിയാം. പൊതിക്കു ഒരുചക്രം വിലയുള്ള ഈസാധനം വിററു് ഗവൎമ്മെന്റു ആദായമുണ്ടാക്കുന്നതു നീതീകരിക്കാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

അനേകംകാൎയ്യങ്ങൾ ചെയ്യേണ്ടതായി അനുദ്യോഗസ്ഥന്മാരെങ്ങുനിന്നു പ്രസ്താവിക്കാറുണ്ടു്. എന്നാൽ അവയൊന്നും നടപ്പിൽവരുത്താറില്ല. ഉദാഹരണമായി ധനപരിശോധനബോൎഡ് ചെയ്യുന്ന ശിപാൎശകൾ സ്വീകരിച്ചു നടപ്പിൽവരുത്താറില്ല. കൃഷിക്കുപയുക്തമായ കുളങ്ങളും തോടുകളും നന്നാക്കി സൂക്ഷിക്കണമെന്നും അവയെ കൃഷിഡിപ്പാൎട്ടുമെന്റിന്റെ നിയന്ത്രണത്തിൻകീഴിലാക്കണമെന്നും അവർ ശിപാൎശചെയ്തിട്ടുള്ളതായി റിപ്പോൎട്ടിൽ (൮-ാംപുറം നോക്കുക, കാണുന്നു. അതു ഗവൎമ്മെന്റിൽ തീൎച്ചപ്പെടുത്താതെ കിടക്കുന്നതായിട്ടറിയുന്നു. മഹാറാണിറീജന്റുതിരുമനസ്സിലെ പ്രജയായ ഭിടാൻ ഇക്കാൎയ്യത്തിൽ രാജ്യത്തിനു സ്ഥിരമായ ഗുണംചെയ്യുമെന്നു വിശ്വസിക്കുന്നു. ൯൭൦-മാണ്ടു തിരുവിതാംകൂർ മഹാരാജാക്കന്മാർതന്നെ എഴുന്നെള്ളി ഓരോ കൃഷിസേചനപ്രവൃത്തിയും സന്ദൎശിക്കാറുണ്ടായിരുന്നു എന്നുള്ള സംഗതി ഞാനിവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഉദ്യോഗസ്ഥന്മാൎക്കിപ്പോൾ കാറുകളും സഞ്ചാരപ്പടിയും കൊടുത്തുവരുന്നുണ്ടെങ്കിലും ഇക്കാൎയ്യങ്ങളിൽ അവരുടെ ജോലിചെയ്യാൻ അവർ മടികാണിക്കുന്നതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഞങ്ങൾ ഉൾനാട്ടുകളിൽനിന്നു വരുന്നവരാണു്. ഞങ്ങൾക്കു ഉദ്യോഗംവേണ്ടാ. ഉദ്യോഗസ്ഥന്മാർ അവരുടെജോലി ശരിയായി ചെയ്യുന്നുണ്ടോ എന്നു മഹാറാണിറീജന്റു തിരുമനസ്സുകൊണ്ടു നോക്കിക്കൊള്ളുമെന്നാണു ജനസാമാന്യം പ്രതീക്ഷിക്കുന്നതു്. ഞങ്ങൾ സൎവ്വപ്രധാനമായി വിചാരിക്കുന്നതു ജനങ്ങളുടെ സാമ്പത്തികസ്ഥിതിയാകുന്നു. ഗവൎമ്മെന്റിന്റെമുമ്പാകെ ഒരാലോചന ഇപ്പോൾ നിലവിലുണ്ടു്. കൃഷിസേചനപദ്ധതിസംബന്ധിച്ചു പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്നു ചീഫ്എൻജിനീയർ ശിപാൎശചെയ്തിട്ടുണ്ടു്. അതിനെപ്പററി ഞാൻ ഈ സഭയിൽ ചോദ്യംചോദിച്ചു. ഞാൻ ഉപചോദ്യങ്ങൾ ചോദിക്കണമെന്നു വിചാരിച്ചില്ല. എന്നാൽ അതിനെസംബന്ധിച്ചു ബജറ്റിൽ പണം അനുവദിച്ചുകാണുന്നില്ല. ഇങ്ങനെയൊരു ശിപാൎശ ഗവൎമ്മെന്റിൽ എത്തിട്ടുണ്ടോഎന്നു പ്രസിഡന്റു അന്വേഷിച്ചു ഉണ്ടെങ്കിൽ അതിനെപ്പററി ആലോചിച്ചു ശിപാൎശപ്രകാരം അനുവദിക്കുമെന്നു വിശ്വസിക്കുന്നു.

മി. കെ. മാധവൻ (ഗവൎമ്മെന്റു നിയമനം): സർ, ഈവൎഷത്തെ ബജറ്റുമുഴുവനും ഞാൻ വായിച്ചുനോക്കി. വൎഷാപ്രതി തിരിച്ചുവെയ്ക്കുന്ന ൨൦൦൦ ഉറുപ്പിക ഈയാണ്ടിലും തിരിച്ചുവെച്ചിട്ടുള്ളതായി കാണുന്നു. ഇതിനെപ്പററി സങ്കടപ്പെട്ടിട്ടാവശ്യമില്ല. ഈ ൨൦൦൦ ഉറുപ്പികയും തിരികെകിട്ടുമെന്നു അറിയാമല്ലോ. ചില വൎഷങ്ങളായി സാധുക്കൾക്കു കുടിപാൎപ്പിനു സ്ഥലംകൊടുക്കണമെന്നു അസംബ്ലിമെമ്പർമാരും നിയമസഭാമെമ്പർമാരും അപേക്ഷിച്ചിട്ടുള്ളതാണു്. ഇതുവരെ ശരിയായി നടപടികൾ നടത്താത്തതുകൊണ്ടു സങ്കടം ഉണ്ടു്. കഴിഞ്ഞവൎഷം അധഃകൃതവൎഗ്ഗക്കാൎക്കായി യാതൊരുകാൎയ്യവും ചെയ്തിട്ടില്ല. രാജ്യത്തിന്റെ പല ഭാഗങ്ങളിലായി ശോചനീയനിലയിൽ ജീവിക്കുന്ന അധഃകൃതരുടെ കുറവുകൾ തീൎക്കുന്നതിനു ഈ ബജറ്റിൽ യാതൊന്നും കാണുന്നില്ല. ഈ സാധുക്കളുടെ ആവശ്യങ്ങൾക്കു നിവൃത്തിയുണ്ടാക്കേണ്ടതാണു. ഇപ്പോൾ കാണുന്ന ഏഴെട്ടുലക്ഷം ജനങ്ങൾ രാജ്യത്തിനു ഈ മുതലെടുപ്പുണ്ടാക്കുന്നതിനു അതിന്റെ പലഭാഗങ്ങളിൽ പലസ്ഥിതിയിൽകിടന്നു കഷ്ടം അനുഭവിക്കുന്നു. ഇവൎക്കു പാൎക്കാൻ വീടുകളില്ല, അവർ കാടുകളിലും മലകളിലുമാണു നിവസിക്കുന്നതു. ഈ സ്ഥലങ്ങളിൽ അവർ തങ്ങളുടെ കുഞ്ഞുങ്ങളുടെ ഗുണം കരുതാതെ രാപകൽ അദ്ധ്വാനിക്കുന്നു. ഈ സാധുക്കളുടെ സ്ഥിതിയെപ്പററി ആലോചിക്കണമെന്നു ഗവൎമ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതാണു. ഇവർ പാൎക്കുന്ന സ്ഥലങ്ങളുടെസ്ഥിതി ഏററവും പരിതാപകരമാകുന്നു. അവരുടെ സ്ഥിതി വെള്ളത്തിലുള്ള ഒരുതരം പായലിന്റെ സ്ഥിതിയാണു. അതു വെള്ളത്തിൽ മിതെകിടക്കുന്നു. വെള്ളമധികംവരുമ്പോൾ അതു പൊങ്ങും; വെള്ളം താഴുമ്പോൾ അതും താഴും. അതുപോലെ ഇവരും രാജ്യത്തിന്റെ പല ദേശങ്ങളിൽ പാൎത്തു ഒരു നിലയില്ലാത്തമാതിരി അങ്ങുമിങ്ങും അലഞ്ഞു സങ്കടം അനുഭവിച്ചുവരുന്നു. അവർ ഒരിടത്തുപോയി കുടിൽകെട്ടി പാൎക്കും. അവർ അവിടെനിന്നു പോകാൻപറഞ്ഞാൽ പോകണം. ഇവർ ഇങ്ങനെ ഒരിടത്തുനിന്നു മറെറാരിടത്തേക്കു അലഞ്ഞുനടന്നു അനുഭവിക്കുന്ന സങ്കടങ്ങളെപ്പററി ഗവൎമ്മെന്റിനു അറിവുണ്ടു. എന്നാൽ അവർ ഇപ്പോഴും സങ്കടമനുഭവിക്കുന്നതല്ലാതെ ഒരു നിവൃത്തിയും ഉണ്ടായിട്ടില്ല. ഈ സാധുക്കൾക്കു ചില പുറമ്പോക്കുകൾ വിലകൂടാതെ പതിച്ചുകൊടുക്കണമെന്നു ഗവൎമ്മെന്റുത്തരവുണ്ടു. ഈ പുതുവൽഭൂമികൾ

പതിച്ചുവാങ്ങുന്നതിനു അവർ അനുഭവിക്കേണ്ടിവരുന്ന കഷ്ടനഷ്ടങ്ങൾ ഒക്കെ സഹിക്കാൻ കഴികയില്ല. ഇവർ അനുഭവിക്കുന്ന സങ്കടങ്ങൾക്കു കണക്കില്ല. ഇവർ പുതുതായി അപേക്ഷിക്കുന്നു. എന്നാൽ മററുള്ളവർക്കുവേണ്ടി ഇവരുടെ അപേക്ഷകൾ തള്ളിക്കളകയും മററുള്ളവർക്കു പതിച്ചുകൊടുക്കുന്നതിനു ഉത്തരവിടപ്പെടുകയും ചെയ്യുന്നു. വടശ്ശേരിയിൽ കൃഷ്ണസമുദ്രം കുളപ്പുറമ്പോക്കിൽ അനേകം സാധുക്കൾ അപേക്ഷിക്കയും അവിടെ വീടുകെട്ടിപ്പാർക്കുകയും ചെയ്യുന്നു. എന്നാൽ ഒരു വലിയ ജന്മിക്കു അതിൽ ൩൨ സെൻറു സ്ഥലം ശാശ്വതമായി പതിച്ചുകൊടുത്തു. ഈ സ്ഥലത്തു ൨൭ വീട്ടുകാർ പാർത്തിരുന്നു. ജന്മി ഇവരുടെ വീടുകൾ പൊളിച്ചു മേല്പുരയുടെ തടികൾ എല്ലാം എടുത്തുകൊണ്ടു അവരെ വലിയ കഷ്ടസ്ഥിതിയിൽ ആക്കിക്കളഞ്ഞു. ഇവരുടെ കഷ്ടസ്ഥിതികണ്ടു യോഗ്യനായ പാറണിയർ സെർവീസ് മാനേജർ അവർക്കു പാർക്കാൻ ഒരു സ്ഥലം കൊടുത്തു വേണ്ട സഹായം ചെയ്തു. പിന്നെയും ആ പകുതിയിൽ സർവ്വേ ൧൨൨ ൧൦൦-ാം നമ്പരിൽ ൧ ഏക്കർ ൩൫ സെൻറു സ്ഥലം ലക്ഷ്മണശാസ്ത്രികൾ പതിച്ചുകൊടുത്തിട്ടുണ്ടു. ആ സാധുക്കൾക്കു കൊടുത്തില്ല.

ഞാൻ പുനലൂർപോയിരുന്നു. അവിടെ ഒരു സാധുവും അവൻെറ സഹോദരനുംകൂടി അരയേക്കർ സ്ഥലത്തു വീടുകെട്ടി ൯ ൻറു പ്ലാവും, ൩൫ മുളകുകൊടിയും മററു വൃക്ഷങ്ങളും നട്ടുവളർത്തി ആറു വർഷമായി പാർത്തിരുന്നു. അവിടെ വേറെയും പല വൃക്ഷങ്ങളുണ്ടു. മുളകുകൊടി കാച്ചു തുടങ്ങിയിരുന്നു. വളരെക്കാലമായി അവരുടെ അനുഭവത്തിലിരുന്ന ആ പുറമ്പോക്കു അവർക്കു പതിച്ചുകൊടുക്കാതെ പോലീസുകാരോടുകൂടെ വന്നു അവരുടെ വീടുപൊളിച്ചു അവരെ വെളിയിലിറക്കിക്കളഞ്ഞു. ഇപ്പോഴും അവർ ആ സ്ഥലത്തു വീടില്ലാതെ കിടന്നു കഷ്ടപ്പെടുന്നു. പൊളിച്ച വീടിരുന്ന സ്ഥലത്തുതന്നെ വരമ്പോരത്തു ഓലകെട്ടി ഒരു കുടിൽ ഉണ്ടാക്കി മക്കളോടുകൂടെ അതിൽ കിടക്കുന്നു. അന്നു രാത്രിമുഴുവനും ഞാൻ അവിടെയാണു കഴിച്ചുകൂട്ടിയതു. ഇങ്ങനെ അനേകവർഷം കഷ്ടപ്പെട്ടു അനുഭവിച്ചുവരുന്നവരുടെ നിലങ്ങളെ അവർക്കുതന്നെ പതിച്ചുകൊടുക്കേണ്ടതാകുന്നു. വേറെവല്ലവർക്കും പതിച്ചുകൊടുത്താൽ ഈ സാധുക്കൾ അനേകം കഷ്ടങ്ങൾ അനുഭവിക്കേണ്ടിവരും. വള്ളിയൂർക്കാവു രണ്ടാമടപ്പകുതിയിൽ സർവ്വേനമ്പർ ൧൩൨ വു-ൽ ൩൦ വർഷത്തിനു മേലായി പൊന്നംവിളാകം തുള്ളു പതിപ്പിച്ചു കൈവശത്തിൽ അനുഭവിച്ചുവരുന്നവർ അവിടംവിട്ടു ഒഴിഞ്ഞുപോകണമെന്നു ഒരു ഉത്തരവു പുറപ്പെട്ടിട്ടുള്ളതായി അറിയുന്നു. കൊട്ടാരക്കര താലൂക്കു കുളക്കടപ്പകുതിയിൽ ൨ വു/൧, ൨൭/൧ ഈ നമ്പരുകളിൽ കുറെ സാധുക്കൾ താമസിക്കുന്നുണ്ടു. അവർക്കതിൽ ൩൦ വർഷത്തെ ദേഹണ്ഡം ഉണ്ടു. അവർ അവിടെ വൃക്ഷങ്ങൾ നട്ടുവളർത്തിട്ടുണ്ടു. ഇപ്പോൾ ആ സ്ഥലങ്ങൾ അവർ ഒഴിഞ്ഞുകൊടുക്കേണ്ടിവന്നിരിക്കുന്നു. അവർ കുഞ്ഞുങ്ങളേയും എടുത്തുകൊണ്ടു എവിടെ പോകുമെന്നുവെച്ചു വിഷമിക്കുന്നു. അടൂർപകുതിയിൽ ൪൭൩/൧, ൪൭൫ വു, ൪൭൬/൧, ൪൭൭ വു ഈ നമ്പരുകളിൽ ധാരാളം സ്ഥലം കിടപ്പുണ്ടു. ഇവയിൽ അല്പഭാഗമെ ഈ സാധുക്കൾക്കു പതിച്ചുകൊടുത്തിട്ടുള്ളു. ശേഷംഭാഗങ്ങളെ ഇതരജാതിക്കാർക്കു പതിച്ചുകൊടുത്തിട്ടുള്ളതായി അറിയുന്നു. ഇങ്ങനെ ചെയ്തിട്ടുള്ളതു അതിക്രമമാകയാൽ പതിവു ദുർബലപ്പെടുത്തി ചട്ടപ്രകാരം അനുഭവക്കാരായ സാധുക്കൾക്കു കൊടുക്കണം. ഇടക്കോട്ടുപകുതി ൩൯൫ /൧-ാം നമ്പരിൽ ചിലർ വീടുകൾ ഉണ്ടാക്കിയും കിണറുകൾ കുഴിച്ചും പാർക്കുന്നുണ്ടു. ആ സ്ഥലങ്ങൾ പതിച്ചുകൊടുക്കണമെന്നു അവർ അപേക്ഷകൊടുത്തതിനാൽ സ്ഥലം പരിശോധിക്കാൻ പോയവർ സ്ഥലം നല്ലതാണെന്നുകണ്ടു സ്വന്തം ആളുകളുടെപേരിൽ പതിച്ചുകൊടുത്തു. അവരുടെ ൩൦ വർഷത്തെ ദേഹണ്ഡവില ൧൦൦൯ രൂപാ ൧൯ ചക്രം ൩ കാശു കൊടുത്തു ഒഴിപ്പിക്കാൻ ഉത്തരവായിട്ടുമുണ്ടു. ഈ സാധുക്കൾ എവിടെപോകും! ഇങ്ങനെ സാധുക്കൾ എത്രയോ കഷ്ടതയനുഭവിച്ചുവരുന്നു. ഈ സ്ഥലം ദേഹണ്ഡവില കൊടുത്തു ഒരിക്കലും ഒഴിപ്പിക്കരുതു്. അവർക്കുതന്നെ പതിച്ചുകൊടുക്കണം. തറവില കൊടുക്കാൻ ന്യായമെന്താണു്? പാവങ്ങളുടെ ദേഹണ്ഡസ്ഥലം പാവങ്ങൾക്കുതന്നെ പതിച്ചുകൊടുക്കണം. കല്ലിയൽപകുതിയിൽ ൩൨ ൨൨-ാംനമ്പരിൽ ൧൦ വു ഏക്കർ നല്ല സ്ഥലം ഉണ്ടു്. ആ സ്ഥലം അടുത്തകാലത്തു ലേലംചെയ്തിരിക്കുന്നു. ആ സ്ഥലം രണ്ടേക്കറുകളായി ഈ പാവങ്ങൾക്കു പതിച്ചുകൊടുത്താൽ നന്നായിരിക്കും. ൧൨ വർഷം അധഃകൃതരുടെ അനുഭവത്തിലിരുന്നശേഷം വേറെ അപേക്ഷകന്മാർക്കു പതിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള പതിവു ദുർബ്ബലപ്പെടുത്തി മുൻ അനുഭവക്കാർക്കുതന്നെ പതിച്ചുകൊടുക്കണമെന്നു തീരുമാനംചെയ്യണം.

അധഃകൃതസംരക്ഷകൻ.

ഈ സാധുക്കൾക്കു ഒരു സംരക്ഷകനെ നിയമിക്കണമെന്നു മൂന്നു വർഷമായി അപേക്ഷിച്ചുവരുന്നു. അവരുടെ ബുദ്ധിമുട്ടുകളെ കണ്ടുപിടിച്ചു അവയ്ക്കു പരിഹാരമുണ്ടാക്കാൻ ഒരു അധഃകൃതസംരക്ഷകനെ നിയമിക്കുന്നതിനു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യണമെന്നു ഞാൻ ഗവർമ്മെൻറിനോടു അപേക്ഷിച്ചുകൊള്ളുന്നു. ഈ സാധുക്കൾ പന്ത്രണ്ടു വർഷങ്ങൾക്കുമുമ്പു വീടുകെട്ടി അനുഭവിച്ചുവരുന്ന സ്ഥലങ്ങളെ അവർക്കുതന്നെ പതിച്ചുകൊടുക്കുന്നതു വലിയ ഉപകാരമായിരിക്കും. അവർ സാധുക്കളും പാവങ്ങളുമാണു്. അതുകൊണ്ടു ആ സ്ഥലങ്ങളെ അവർക്കുതന്നെ പതിച്ചുകൊടുക്കണമെന്നു ഞാൻ ബലമായി പ്രാർത്ഥിക്കുന്നു.

ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറ്.

ഈ ഡിപ്പാർട്ടുമെൻറിനെപ്പററി എനിക്കു അല്പം സംസാരിക്കാനുണ്ടു്. സാധുക്കൾ തങ്ങളുടെ സുഖം ആലോചിക്കാതെ കൃഷിയുടെ ഗുണംകരുതി ആററോരങ്ങളിലും വയലോരങ്ങളിലും കായലോരങ്ങളിലും വീടുകൾ കെട്ടി താമസിച്ചുവരുന്നു.

മുൻകാലങ്ങളിൽ ഇവർ താമസിക്കുന്ന സ്ഥലങ്ങളിലേക്കുള്ള പോക്കുവരവിനു നല്ല വഴികൾ ഉണ്ടായിരുന്നു. ഇപ്പോൾ നാലുചുററും കൃഷി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ പോക്കുവരവിനു വഴിയില്ലാതെ പല കഷ്ടനഷ്ടങ്ങൾ അവർ അനുഭവിച്ചുവരുന്നു.

മാടുകളും മനുഷ്യരും മററുള്ളവരുടെ സ്ഥലങ്ങളിൽകൂടി പോകേണ്ടിവരുന്നു. അതിനാലും അവർക്കു വളരെ കഷ്ടനഷ്ടങ്ങൾ ഉണ്ടു്. മാടുകളെ പൌണ്ടുകളിൽ കൊണ്ടുപോയി കെട്ടിക്കളയും, ഇങ്ങനെ പലവിധം പോലീസ്കേസുകൾക്കു ഇടയാകുന്നു. ചില സ്ഥലങ്ങളിൽ മാടുകളെ വാകെട്ടി കൊണ്ടുപോയ്ക്കളയുന്നു.

തേപ്പാണ്ടിക്കടുത്തുള്ള പൂത്തനാററിൽനിന്നു ഒരു തോടുണ്ടു്. ആ തോട്ടിൽ എത്രയോ വർഷംമുമ്പുണ്ടാക്കിയ ഒരു മരപ്പാലമുണ്ടു്. അതിൻെറ പലകകൾ ജീർണ്ണിച്ചുപോകയാൽ ആരോരുത്തർ കുറേശ്ശെകുറേശ്ശെയായി

എടുത്തുകൊണ്ടുപോയ്ക്കളഞ്ഞു. അതിനുംകൂടി ൧,൩൦൦ ഏക്കർ നിലങ്ങളിലേക്കുള്ള വെള്ളം കൊണ്ടുപോകേണ്ടതും ജനങ്ങൾ ഗതാഗതം ചെയ്യേണ്ടതും ആററിൽ വെള്ളംവന്നാൽ കുട്ടികൾ പോകേണ്ടതും ആകുന്നു. ഈ പാലം നന്നാക്കിത്തരണമെന്നു പല പ്രാവശ്യം അപേക്ഷിച്ചിട്ടു അതിന്റെ ഒരു പാതിയിൽ പനന്തടി ഇട്ടിട്ടുണ്ട്. എന്തു സങ്കടമാണ്; ഇഞ്ചിനീയർഡിപ്പാർട്ടുമെന്റിനു ഇത്ര മടിയും ആയിപ്പോയോ? ഈ ആണ്ടിൽ ഒരു ലക്ഷത്തിഇരുപത്തയ്യായിരം രൂപാ ചെലവാക്കാൻ കഴിയാതെ സറണ്ടർചെയ്യാൻപോകുന്നതായി അറിയുന്നു. ഈ പാലം ഈ നിലയിൽ വച്ചുകൊണ്ടിരിക്കുന്നതിനെക്കാൾ നല്ലതു മുഴുവനെ പൊളിച്ചുനീക്കിക്കളകയാകുന്നു. തിരുപ്പനംകോട്ടിനുസമീപം പുഴയാററിൽ തെല്ലാതലി പാലം ഉണ്ട്. ആ പാലപ്പണി ആരംഭിച്ചിട്ടു രണ്ടുവർഷമായി എന്നു തോന്നുന്നു. ഇതുവരെ പണി പൂർത്തിയാക്കിട്ടില്ല. പോക്കുവരവിനു ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നു. ഇനിയും കൃഷിക്കുപയോഗമായി എത്രയോ തരിശുകൾ വെട്ടാനുണ്ട്. കൃഷിക്കുവേണ്ടുന്ന സാധനങ്ങൾ കൊണ്ടുപോകാൻ മാർഗ്ഗമില്ലാത്ത കൃഷിക്കാർ എത്രയോ കഷ്ടനഷ്ടം അനുഭവിക്കേണ്ടി വരുന്നു.

അഗസ്തീശ്വരംതാലൂക്കു ഇരവിപുത്തൂർപകുതിയിൽ വഴുക്കംപാറയിൽനിന്നു ... ഗ്രാമത്തിലേക്കു പോകുന്ന ... പഴക്കവാററുകൂടി മരുങ്കൂർഗ്രാമത്തിൽ ചെന്നുചേരുന്നതിനു ഒരു പാതയുണ്ട്. ഈ പാത വണ്ടി ... ത്തിനടുത്താണ പോകുന്നതു. ആ കൃഷിക്കു വളരെ ഉപകാരവും പോക്കുവരവിനു വളരെ ആവശ്യവും ആകുന്നു. ഇങ്ങനെ മുഖ്യമായ എത്രയോ റോഡുകൾ ഉണ്ട്. ഇതര വർഗ്ഗക്കാർക്കു ഉണ്ടാക്കിക്കൊടുക്കുന്നതുപോലെ അധഃകൃതവർഗ്ഗക്കാർക്കും റോഡുണ്ടാക്കിക്കൊടുത്തുവരണം. എന്നാൽ ഇപ്പോൾ പുതുതായി ഒരു ചട്ടം ഏർപ്പെടുത്തീട്ടുണ്ട്. അവിടെയുള്ള അധഃകൃതവർഗ്ഗക്കാർക്കു റോഡു വേണമെങ്കിൽ ... സംബന്ധിച്ചുള്ള മൺവേല മുഴുവനും റോഡിന്നാവശ്യപ്പെടുന്നവർതന്നെ ചെയ്യണമെന്നാകുന്നു. അധഃകൃതർ അന്നന്നു വേലചെയ്തു ഉപജീവിക്കുന്നവരാണ്. റോഡിനു വേലചെയ്തിട്ടു വീട്ടിൽവന്നു പട്ടിണികിടക്കാൻ കഴിയുമോ? ഇതു വലിയ സങ്കടമാണ്. ഇതുകൂടാതെ പല ദിക്കുകളിലും റോഡുകൾ വയലുകളിൽകൂടെ പോകുന്നതിനാൽ മൺവേലക്കാകുന്ന അധിക ചെലവും വേണ്ടിവരുന്നതു. അതുകൊണ്ടു ഈ മൺവേലചെയ്യുന്ന ഏർപ്പാടുമാററി ചെലവു മുഴുവനും ഗവൺമെന്റു വഹിച്ചു റോഡുണ്ടാക്കികൊടുക്കണമെന്നു അപേക്ഷിക്കുന്നു.

കിണറു.

ഗവൺമെന്റുസഹായത്താൽ അനേകം കിണറുകൾ കുഴിച്ചു ജനങ്ങൾ നല്ലവെള്ളം കുടിച്ചുവരുന്നു. ഇങ്ങനെ അനേകം പകർച്ചവ്യാധികളും നീങ്ങി അവർ ജീവിക്കുന്നു.

ഇനിയും പല സ്ഥലങ്ങളിൽ ഈ സാധുക്കൾ ചേറുപ്പാറ ജലവും കുളം, തോടുകളിലെ വെള്ളവും കുടിച്ചു കഷ്ടങ്ങൾ അനുഭവിച്ചുവരുന്നു. കിണറുകൾ വെട്ടുന്നകാര്യത്തിലും പുതിയ ഏർപ്പാടുണ്ടാക്കിയിരിക്കുന്നു. ഒരു കിണറു വെട്ടുന്നതിനുള്ള ചെലവിൽ മുക്കാൽഓഹരി ഗവൺമെന്റു വഹിക്കും. കാൽഭാഗം ചെലവു ജനങ്ങൾ കൊടുക്കണം. ഇതിൽ മുക്കാൽഓഹരി എന്നു പറഞ്ഞതു ചെലവു ൧,൦൦൦ രൂപയിൽ അധികമായിരുന്നാൽ ൧൦൦ രൂപാമാത്രം ഗവൺമെന്റു കൊടുക്കുമെന്നാണ് അർത്ഥം. ഇങ്ങനെയുള്ള ഏർപ്പാടു വലിയ സങ്കടം തന്നെ. സാധുക്കളാണെന്നു നല്ലവണ്ണം അറിഞ്ഞിരുന്നുകൊണ്ടു ഗവൺമെന്റു ഇങ്ങനെയൊരു ചട്ടം ഉണ്ടാക്കിയതു പരിതാപകരംതന്നെ.

ഇതരവർഗ്ഗക്കാർ നല്ലസ്ഥിതിയിൽ ഇരിക്കുന്നു. അവർക്കുവേണ്ടി ആയിരമോ അതിലധികമോ രൂപാ ചെലവുചെയ്യുന്നു. അതായതു മേലേക്കാട്ടുവിളയ്ക്കു ൧൫൩൦ രൂപാ രാമൻപുത്തൂർ ൪൫൦ രൂപാ പിള്ളയാർതട്ട ൧൬൦൦ രൂപാ, വടലിവിള ൭൨൦ രൂപാ, ഇങ്ങനെ ചെലവുചെയ്തു കിണറുകുഴിച്ചുകൊടുക്കുമ്പോൾ സാധുക്കൾക്കു കിണറുകുഴിച്ചുകൊടുക്കാനുള്ള മുഴുവൻചെലവു ഗവൺമെന്റു വഹിക്കയില്ലെന്നു പറയുന്നതു എത്ര സങ്കടം; അതുകൊണ്ടു രാജ്യനിവാസികളായ മററുള്ളവർക്കു ചെലവുചെയ്തു കിണറുവെട്ടിക്കൊടുക്കുന്നതുപോലെ അധഃകൃതവർഗ്ഗക്കാർക്കും കൊടുക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

സർ, അധഃകൃതവർഗ്ഗക്കാരിൽ രണ്ടോ മൂന്നോ ആളുകൾ ഇഞ്ചിനിയർഡിപ്പാർട്ടുമെന്റിൽ വേലചെയ്യുന്നുണ്ട്. നാഗർകോവിൽ ഡിവിഷനിൽ ഇവരിൽ ഒരാൾ ൧൫ വർഷമായി വേലചെയ്തുവരുന്നു. ഇവരോടുകൂടി കയറിയ സർവീസ്സു ഉള്ളവർക്കു സ്ഥിരംജോലി കൊടുത്തിട്ടുണ്ട്. ഇവർക്കുമാത്രം ഇതുവരെ സ്ഥിരംജോലി കൊടുക്കാത്തതു എത്ര സങ്കടമാണ്? ദയവുചെയ്തു ഇനിയെങ്കിലും ഇവർക്കു സ്ഥിരംജോലി കൊടുക്കണമെന്നു അപേക്ഷിക്കുന്നു.

സാനിട്ടറി.

സാനിട്ടേഷൻ (ശുചീകരണം) സംബന്ധിച്ചു അധഃകൃതവർഗ്ഗക്കാർ പലവിധം സങ്കടങ്ങൾ അനുഭവിച്ചുവരുന്നു. ഇവർക്കു കുടിപാർക്കുന്നതിനു ശരിയായ സ്ഥലങ്ങൾ ഇല്ലാത്തതിനാൽ ഞെരുങ്ങിയും ചതുപ്പുപ്രദേശങ്ങളിലും മററു അശുദ്ധ സ്ഥലങ്ങളിലും കുടിപാർത്തുവരുന്നു. ഇങ്ങനെ പാർക്കുന്നതിനാൽ കഴിഞ്ഞവർഷം അനേകം ജനങ്ങൾ വിഷൂചികനിമിത്തം മരിച്ചുപോയി.

ഇനിയെങ്കിലും ഇങ്ങനെയുള്ള ഭയങ്കരമായ രോഗങ്ങൾ പിടിപെടാതിരിപ്പാൻ ഗ്രാമങ്ങളിൽ സഞ്ചരിച്ചു ന്യൂനതകൾ കണ്ടുപിടിച്ചു വേണ്ട മുൻകരുതലുകൾചെയ്താൽ ഉപകാരമായിരിക്കും. സാനിട്ടറികമ്മിഷണർ കടന്നു പോകുന്ന ടങ്ങളിലും റോഡുകളിലും സഞ്ചരിച്ചാൽ പോരാ. ഗ്രാമങ്ങൾതോറും സഞ്ചരിച്ചു പാവങ്ങൾ അനുഭവിക്കുന്ന കഷ്ടങ്ങൾ സ്വന്തകണ്ണാൽകണ്ടു വേണ്ടുന്ന ഏർപ്പാടുകൾചെയ്യണം. ചില ഇൻസ്പെക്ടർമാർ ഗ്രാമങ്ങൾ ശരിയായ സന്ദർശിക്കുന്നില്ല. നാഗർകോവിൽ മുൻസിപ്പൽ അതിർത്തികളിൽ സാധുക്കളുടെ കുടിയിരിപ്പുകാര്യംനിമിത്തമുള്ള സങ്കടങ്ങൾ സാനിറററികമ്മിഷണർ കണ്ടറിഞ്ഞു മുൻസിപ്പാലിററിക്കു അതിനെപ്പററി റിപ്പോർട്ടുചെയ്താൽ ഉപകാരമായിരിക്കും. ഏതായാലും സാധുക്കളുടെ സുഖത്തിന്റെ കാര്യത്തിൽ ശ്രദ്ധപതിച്ചു നല്ല ഏർപ്പാടുകൾ ചെയ്യണമെന്നപേക്ഷിക്കുന്നു.

വനം.

വനങ്ങളുടെ അതിർത്തിക്കടുത്തുള്ള സ്ഥലങ്ങളെല്ലാം പലരും കൈയേറി ഭേദിച്ചും പതിച്ചും തീർന്നുപോയിരിക്കുന്നു.

എന്നാൽ വനം അതിർത്തിക്കുള്ളിൽ വനത്തിന്നുപകാരമില്ലാത്ത സ്ഥലങ്ങൾ പലതുമുണ്ടു്. അവയെ വനം അതിർത്തിക്കു പുറത്താക്കി പാട്ടങ്ങൾക്കു കൊടുത്താൽ ഉപകാരമായിരിക്കും.

ഇതുകൂടാതെ വനം അതിർത്തിക്കുള്ളിൽ മുൻപു ജനങ്ങൾ ദേഹണ്ഡിച്ചു അനുഭവിച്ചിരുന്ന സ്ഥലങ്ങൾ ഉണ്ടു്. അവയെയും വനത്തിൽനിന്നു വേർപെടുത്തി ജനങ്ങൾക്കു അനുഭവത്തിന്നു വിട്ടുകൊടുത്താൽ വലിയ ഉപകാരമായിരിക്കും.

തോവാളത്താലൂക്കിൽ അനന്തപുരം പകുതിയിൽ സർവ്വേ ൭ മുതൽ ൨൭ നമ്പ്ര വരെ സർവ്വേനമ്പരുകളും വനം അതിർത്തിയിൽനിന്നു വേർപെടുത്തേണ്ടവയാണ്. അവയെയും മുമ്പു അനുഭവിച്ചിരുന്നവർക്കോ അവകാശികളിൽനിന്നു അപേക്ഷിക്കുന്നവർക്കോ കൊടുത്താൽ വലിയ ഉപകാരമായിരിക്കും. ഇങ്ങനെയുള്ള സ്ഥലങ്ങൾ പല താലൂക്കുകളിലും ഉണ്ടു്.

പത്മനാഭപുരംതാലൂക്കു പത്മനാഭപുരം പകുതിയിൽ നെൽകൃഷിക്കു ഉപയോഗിക്കാവുന്ന ചില സ്ഥലങ്ങളുണ്ടു്. അവയേയും അങ്ങനെയുള്ള മററു സ്ഥലങ്ങളേയും സാധുക്കളുടെ ഉപയോഗത്തിന്നു ഒഴിപ്പിച്ചുകൊടുത്താൽ വലിയ ഉപകാരമായിരിക്കും. ഇത്രയും പറഞ്ഞുകൊണ്ടു എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

മി. തയ്യിൽ കുഞ്ഞിരാമൻ (മൂവാററുപുഴയും തൊടുപുഴയും): ഭരണവിഷയമായി പൊതുവിലും ഓരോ വകുപ്പുകളിലെ ഭരണവൈകല്യങ്ങളെപ്പററി പ്രത്യേകിച്ചും ജനങ്ങൾക്കുള്ള അഭിപ്രായങ്ങളേയും അവരുടെ കഷ്ടതകളേയും നിവാരണമാർഗ്ഗങ്ങളേയും വ്യക്തമായി ഗവമ്മേണ്ടിനെ മനസ്സിലാക്കുന്നതിന്നു ജനപ്രതിനിധികൾക്കു ലഭിക്കുന്ന പ്രധാനഅവസരം ബഡ്ജററിനെപ്പററിയുള്ള ഈ പൊതു വിമർശനസമയമാണല്ലൊ. ബഡ്ജററിനെപ്പററി വിചിന്തനം ചെയ്യുമ്പോൾ നമ്മുടെ രാജ്യത്തെ പ്രത്യേകമായി സംബന്ധിക്കുന്ന ചില പ്രധാനകാര്യങ്ങളെ വിസ്മരിക്കാൻ പാടില്ലാ. ഈ രാജ്യം കൃഷിക്കാരുടെ രാജ്യമാകുന്നു. ഭൂരിപക്ഷം ജനങ്ങളും കൃഷികൊണ്ടു ഉപജീവനം കഴിക്കുന്നവരാണ്. ഈ രാജ്യത്തെ ജനങ്ങളിൽ പട്ടണവാസികൾ വളരെ കുറവാണ്. രാജ്യത്തെ പ്രധാനതൊഴിലായ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർ മിക്കവാറും എല്ലാവരുംതന്നെ നാട്ടുംപുറങ്ങളിലാണ് താമസിക്കുന്നതു. ഈ രണ്ടവസ്ഥകളേയും പ്രധാനമായി മുൻനിറുത്തി രാജ്യകാര്യം നയിക്കപ്പെട്ടാലേ പൊതുജനസാമാന്യത്തിന്റെ ക്ഷേമവും രാജ്യത്തിന്റെ പൊതുഐശ്വര്യവും ഉൽക്കർഷോന്മുഖമായി തീരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അടുത്തുകഴിഞ്ഞ കാലങ്ങളിൽ ഗവമ്മേണ്ടു ഈ കാര്യങ്ങൾ വേണ്ടപോലെ ഗണിച്ചു പ്രവൃത്തിച്ചുവന്നിട്ടില്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അടുത്ത ബ്രിട്ടീഷ് ജില്ലകളിലും പാശ്ചാത്യരാജ്യങ്ങളിലും കാണുന്ന പട്ടണജീവിതസമ്പ്രദായമല്ല ഇവിടെയുള്ളതു. ബ്രിട്ടീഷ്ജില്ലകളിൽ ജനങ്ങൾ ഗ്രാമങ്ങളിലായിട്ടാണ് താമസിക്കുന്നതു. ഗ്രാമങ്ങൾ ചെറിയപട്ടണങ്ങൾതന്നെ. അവിടെ പട്ടണങ്ങളുടെ വലിപ്പംനോക്കി ജീവിതസൌകര്യത്തിനുവേണ്ടതു ഗവമ്മേണ്ടു ചെയ്താൽ എല്ലാവർക്കുംവേണ്ടതു ലഭിക്കുമെന്നു സമാധാനപ്പെടാം. ഇവിടത്തെജനങ്ങൾ മിക്കതും അവിടവിടെ ഒററ ഒററയായിട്ടാണ് വീടുവച്ചുതാമസിക്കുന്നതു്. ഇവിടത്തെ ഭൂമിയുടെ നിമ്നോന്നതത്വം തൊഴിലും ശില്പശാസ്ത്രവിധികളും അവരെ അതിന്നു പ്രേരിപ്പിക്കുന്നു. വടക്കോട്ടോ കിഴക്കോട്ടോ താണസ്ഥലത്തേക്കു അഭിമുഖമായിട്ടുവേണം വീടുവയ്ക്കാൻ എന്നൊരു വിശ്വാസം ജനങ്ങളുടെ ഇടയിൽ ഉണ്ടു്. കൂടാതെ തങ്ങളുടെ കൃഷിസ്ഥലങ്ങളുടെ സമീപംതന്നെ താമസിക്കണമെന്ന വിചാരവും അവർക്കുണ്ടു്. അതിനാലും വലിയ വ്യവസായങ്ങളും കച്ചവടങ്ങളും അധികമില്ലാത്തതിനാലും പട്ടണജീവിതം ഇവിടെ വളരെ കുറവാണ്. നാലു ചതുരശ്രമൈലിനകത്തു ഇരുനൂറോ മുന്നൂറോ വീടുകൾ വരിയായുണ്ടെങ്കിൽ അവിടെ ആശുപത്രി സ്കൂൾ മുതലായവയെല്ലാം സ്ഥാപിച്ചുകൊടുക്കുന്നുണ്ടു്. മറെറാരിടത്തു നാലു ചതുരശ്രമൈലിനകത്തു ഏർപാടത്തിൽ വളരെ കൂടുതൽ വീടുകൾ ഉണ്ടായിരിക്കയും എന്നാൽ വരിചേർന്നില്ലാതിരിക്കയുംചെയ്താൽ ഉൾനാടുഎന്നു പറഞ്ഞു അവിടെ വേണ്ടതു ചെയ്യാതിരിക്കുന്നു. ഇതുകൊണ്ടു അധികം കഷ്ടതയുള്ളതു ഉത്തര തിരുവിതാംകൂർകാർക്കാണ്. ദക്ഷിണ തിരുവിതാംകൂറിൽ കുറെ ഗ്രാമജീവിത സമ്പ്രദായമുണ്ടു്. ഉത്തരതിരുവിതാംകൂറിൽ അതു തീരെ ഇല്ലെന്നുതന്നെ പറയാം. അതിനാൽ അവിടെ സ്കൂളുകൾ ആശുപത്രികൾ റോഡുകൾ ഇവ കിട്ടുവാൻ പ്രയാസംതന്നെ. ഇപ്പോൾ അവർക്കു വേണ്ടിടത്തോളം റോഡില്ല, സ്കൂളില്ല, ആസ്പത്രിയില്ല, കൃഷിസേചനമാർഗ്ഗങ്ങളില്ല, അവിടെ കൃഷിക്കാരുടെ ജീവിതസൌകര്യത്തിന്നു വേണ്ടതു ചെയ്തുതരുന്നതിന്നു ഗവമ്മേണ്ടു വേണ്ടപോലെ ശ്രദ്ധിക്കുന്നില്ല. ഈവിധത്തിലാണു അവിടത്തെ സ്ഥിതി. സാധുക്കളായ കൃഷിക്കാരുടെ അഭിവൃദ്ധിയെ പ്രധാനമായിക്കരുതി എല്ലാസംഗതികളും നടത്തേണ്ടതു ഗവമ്മേണ്ടിന്റെ കടമയാണു. എന്നാൽ ഇപ്പോൾ ഈ രാജ്യത്തു കൃഷിക്കാരെപ്പോലെ ഉദ്യോഗസ്ഥന്മാരിൽനിന്നു കഷ്ടത അനുഭവിച്ചുകൊണ്ടിരിക്കുന്ന ജനത വേറെയില്ല. അവരെ വിസ്മരിച്ചിട്ടു ഈ കർഷകരാജ്യത്തു യാതൊരഭിവൃദ്ധിയും സാദ്ധ്യമല്ല. ഇത്രയും പൊതുവിൽ പറഞ്ഞുകൊണ്ടു ചില ഡിപ്പാർട്ടുമെന്റുകളെപ്പററി ചിലതു പ്രത്യേകം പറഞ്ഞുകൊള്ളുന്നു. മുമ്പു സംസാരിച്ച പല മാന്യന്മാരും ഗവമ്മേണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതിനെ ഞാൻ ആവർത്തിക്കുന്നില്ല. എങ്കിലും ഞാൻ പറയുന്നതു ഒരാവർത്തനംതന്നെ. പല വർഷങ്ങളിലും ബഡ്ജററവസരത്തിൽ ഗവമ്മേണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും ഗവമ്മേണ്ടു ശ്രദ്ധിക്കാത്ത കാര്യങ്ങളെ വീണ്ടും പറയാതെ വിട്ടുകളയുവാൻ ജനപ്രതിനിധികൾക്കു പാടില്ലല്ലൊ. കഴിഞ്ഞകാലത്തെ അനുഭവം ഇവിടത്തെ ഞങ്ങളുടെ പരിശ്രമംകൊണ്ടു സാരമായ ഗുണമൊന്നുമുണ്ടായില്ലെന്നുപറയുവാൻ എന്നെ നിർബന്ധിക്കുന്നു. യഥാർത്ഥജനപ്രതിനിധികളുടെ കൃത്യം ദുഷ്കരമാണ്. ഉദ്യോഗസ്ഥവൃന്ദത്തിന്നു രസിക്കാത്ത ഭരണവൈകല്യങ്ങളെപ്പററിയ പ്രസ്താവങ്ങൾ ഞങ്ങളിൽനിന്നു വരും. അധികാരമാകുന്ന ആയുധം അവരിലുണ്ടു്. ഞങ്ങൾ അസ്ത്രങ്ങളുടെ മുനമേലാണു തുള്ളുന്നതു. എന്നാൽ മുറിപ്പെടാതിരിക്കുവാൻ പ്രയാസം. പക്ഷേ ജനങ്ങൾക്കു ഗുണമുണ്ടായിരുന്നെങ്കിൽ ഞങ്ങൾ പറയുന്നതിനെ ഗവമ്മേണ്ടു ശ്രദ്ധിച്ചിരുന്നെങ്കിൽ, ഞങ്ങൾക്കു സമാധാനമുണ്ടായിരുന്നു. ഉദ്യോഗസ്ഥവിദ്വേഷവും പ്രതികാരവും മാത്രമാണു ഫലമെങ്കിലും കൃത്യംചെയ്യുന്നുതന്നെ.

ഒന്നാമതായി ലാൻറുറവന്യൂവകുപ്പിനെപ്പററി ചിലതു പറയാം. അതു കൃഷിക്കാരുടെ വകുപ്പാണല്ലോ. ദിവാൻ വി. പി. മാധവരാവുവിന്റെകാലത്തു് സർവ്വേ കാലദൈർഘ്യംകൂടാതെ നടത്തണമെന്നു ഒരു

ആജ്ഞാപുറപ്പെടുവിച്ചു. ഇതിനെ അടിസ്ഥാനപ്പെടുത്തി ഉത്തരതിരുവിതാംകൂറിൽ മുൻ റിക്കാർഡുകൾ ഒന്നും അധികം നോക്കാതെയും ആവലാതികൾ വേണ്ടപോലെ കേൾക്കാൻ സമയം ഇല്ലാതെയും ഉഗ്രഗതിയിൽ സർവ്വെ നടത്തി. കാടും പാറയും കുന്നും തടവുമായിട്ടുള്ള വടക്കൻതാലൂക്കുകളിൽ പാറപുറമ്പോക്ക തോട്ടുപുറമ്പോക്ക ഇങ്ങനെ പതിവുസ്ഥലങ്ങളേയും ഉൾപ്പെടുത്തിതിരിച്ചിട്ടു. നിലങ്ങളുടെ മദ്ധ്യത്തുകൂടിയായിരിക്കും മലയോരങ്ങളിലെ വയലുകളിൽ ചില കാട്ടരുവികൾ ഒഴുകുന്നതു. അതു ചില സ്ഥലങ്ങളിൽ വീതികൂട്ടിയും ചില സ്ഥലങ്ങളിൽ വീതികുറച്ചും പ്ലാനിൽ പുറമ്പോക്കാക്കി എടുത്തിരിക്കും. എന്നാൽ തിരിച്ചറിയാൻ സ്ഥലത്തു ലക്ഷ്യങ്ങൾ ഇല്ലായിരിക്കും. പുറമ്പോക്കാണെന്നറിയാതെ അതിനടുത്തുള്ള നിലമോ പുരയിടമോ സാധുകൃഷിക്കാരൻ തന്നാക്കുമ്പോൾ സ്വല്പം വല്ലതും ആ പുറമ്പോക്കിൽ കടന്നുഎന്നുവരാം. അതുകൊണ്ടു പൊതുജനങ്ങൾക്കു യാതൊരുദോഷവുമില്ല. ഗവണ്മെന്റിനു നഷ്ടവുമില്ല. പതിച്ചുകൊടുക്കേണ്ടതേയുള്ളു. എന്നാൽ കേസെടുത്തു ഭയങ്കരമായ നിരക്കിനുള്ള കരവും കുടിശ്ശികയും പിഴയും ഈടാക്കിപ്പിച്ചുവരുന്നു. നിയമം അനുവദിക്കുന്നതിൽ പലമടങ്ങു കൂടുതലായിരിക്കുന്നുള്ള നിരോധനക്കരമാണ ചുമത്തുന്നതു. ഈ പുറമ്പോക്കുവിഷയത്തിൽ വടക്കൻതാലൂക്കുകളിൽ പൊതുവേയും മൂവാറ്റുപുഴതാലൂക്കിൽ പ്രത്യേകിച്ചും ഭയങ്കരമായവിധമുള്ള പ്രജാപീഡനം റവന്യൂവകുപ്പിൽനിന്നുണ്ടായിക്കൊണ്ടിരിക്കുന്നുഎന്നു ഞാൻ ഇവിടെ തുറന്നുപറഞ്ഞുകൊള്ളുന്നു. ഇപ്പോൾ ക്ഷാമംകൊണ്ടു കൃഷിക്കാർ കഷ്ടപ്പെടുകയാണു. മിഥുനം, കർക്കടകം ഈ മാസങ്ങളിലാണു അധികം ക്ഷാമമുള്ളതു. കഴിഞ്ഞ മകരത്തെ കൊയിത്തുകാലത്തു കിട്ടിയതു മിക്കവർക്കും തീർന്നുപോയി. കന്നിമാസത്തിൽ കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്നതു ഒട്ടേറെ വെള്ളപ്പൊക്കംകൊണ്ടുപോയി. എന്റെ നിയോജകമണ്ഡലത്തിലെ സ്ഥിതി പറയുകയാണെങ്കിൽ നിലംകൃഷിയല്ലാതെ തെങ്ങും മുളകുമയിടെയില്ല. ജനങ്ങൾ വളരെ കഷ്ടപ്പെടുകയാണു. അവരെയാണു റവന്യൂക്കാർ ഇതേ കൃഷിക്കാരുടെ രക്ഷയെ കരുതേണ്ടവർ നിയമവിരോധമായി പീഡിപ്പിക്കുന്നതു. പൊതുജനങ്ങളുടേയോ ഗവണ്മെന്റിന്റെയോ ആവശ്യത്തിനുള്ളതോ പട്ടണത്തിലുള്ളതോ ആയ പുറമ്പോക്കല്ല കൃഷിചെയ്യുന്നതുകൊണ്ടും പതിച്ചുകൊടുക്കുന്നതുകൊണ്ടും വിരോധമുള്ളതു പതിച്ചുകൊടുക്കണമെന്നു ഞാൻ പറയുന്നില്ല. അവ ഒഴിപ്പിച്ചുകൊള്ളട്ടെ. എന്നാൽ നിയമപ്രകാരമുള്ള നിരോധനക്കരവും കുടിശ്ശികയുമല്ലേ ചുമത്തേണ്ടതു. മൂവാറ്റുപുഴതാലൂക്കിൽ നിലങ്ങൾ ൧൨-ം ൧൩-ം തരങ്ങളാണു. അയൽവസ്തുവിന്റെ നിരക്കിൽ അഞ്ചുമടങ്ങു കരമേ വയ്ക്കുന്നതിനു പുറമ്പോക്കചട്ടമനുവദിക്കുന്നുള്ളു. അഞ്ചുമടങ്ങുവരെയാകാം. എന്നല്ലാതെ അഞ്ചുമടങ്ങു ചുമത്തിക്കൊള്ളണമെന്നു നിർബന്ധമില്ല. ഇങ്ങനെ ൧൨-ാംതരത്തിനു ൩ രൂപ ൮ ചക്രമാണു. ഒരേക്കറിനു കരം അഞ്ചുമടങ്ങു കൂട്ടുമ്പോഴും ൧൭ രൂപയിൽ താഴെവരുന്നൊള്ളു. എന്നാൽ മിക്കതിലും ൧൦൦ രൂപയും പലതിലും നൂറിലധികവും രൂപവരെ ചുമത്തുകയും അവയുടെ അഞ്ചിരട്ടി കുടിശ്ശികയോടെ ഈടാക്കുകയുംചെയ്യുന്നു. ഇതു ഞാൻ സൂക്ഷ്മമായി കൃഷിക്കാരിൽനിന്നും നേരിട്ടു അറിഞ്ഞുപറയുന്നതാണു. അവർക്കു വന്നിട്ടുള്ള നോട്ടീസുകളും പണംഅടക്കിരസീതുകളും ചിലർ എന്നെക്കാണിച്ചു. അവ ഞാൻ എഴുതിഎടുത്തിട്ടുണ്ടു. ചില പകുതികളിലെ മൂന്നും നാലും വീതം ഇവിടെ ഞാൻ വായിക്കാം.

പകുതി	കേസ് നമ്പർ	സർവെ നമ്പർ	വിസ്തീർണ്ണം ഏ. സെ.	നിരോധനക്കരം രൂ. ച. കാ.	കുടിശ്ശികവക രൂ. ച. കാ.	പിഴ രൂപ	ആകെ രൂ. ച. കാ.
ഇരമല്ലൂർ	൧൧൦൪/൩൮൬	൬൨/൬-ബി	൩	൪-൧൧-൧൨	൨൨-൧൨-൨	൫	൩൧-൧൪-൮
ടി	൧൧൦൪/൩൮൧	൧൪൪/൨	.൭	൧൦-൮-൧൨	൫൧-൧൫-൧൨	൫	൬൬-൨൪-൮
ടി	൧൧൦൪/൩൮൨	൧൦൪/൨	൧൫	൨൨-൨-൧൨	൧൧൦-൧൩-൧൨	൫	൧൩൭-൧൬-൮
ടി	൧൧൦൪/൩൮൫	൧/൧-എ	൮	൧൧-൨൨-൦	൫൮-൨൬-൦	൧൦	൮൦-൨൦-൦
കോതമംഗലം	൧൧൦൪/൪൮൯	൧൩൮൧/൩-എ	൪൦	൩൯-൮-൦	൧൯൬-൧൨-൦	൩	൨൩൮-൨൪-൦
ടി	൧൧൦൪/൩൩൮	൨൭൮/൧	൧൬	൧൫-൨൦-൦	൪൭-൪-൦	൨൫	൮൭-൨൪-൦
കുട്ടമംഗലം	൧൧൦൪/൩൦൭	൩൮൮/൨	൩൫	൩൪-൧൫-൮	൧൭൧-൨൪-൮	൨൫	൨൩൧-൬-൦
ടി	൧൧൦൪/൨൯൫	൩൭൩/൬	൩൩	൩൨-൧൧-൮	൧൬൧-൧-൮	൧൫	൨൦൯-൧൩-൦
ടി	൧൧൦൪/൩൦൬	൩൮ ൮൨	൩൪	൩൩-൧൧-൦	൧൬൬-൨൭-൦	...	൨൦൦-൧൦-൨൦

ഇങ്ങനെ അനേകം ഉദാഹരിക്കുവാൻ കഴിയും

സെൻറിനു ൫ രൂപ വൃ ചക്രം കരംവച്ചിരിക്കുന്നു. അപ്പോൾ ൫൦൦ സെൻറിനു (ഒരേക്കറിനു) നിരോധനക്കരം ൫൪൦ രൂപയോളം കണക്കാക്കപ്പെടാം. ഇതു വളരെ ഭയങ്കരമായ ഒന്നല്ലയോ? നിയമത്തിൽ നിന്നു എത്ര ദൂരം പോയിരിക്കുന്നു. ഞാൻ വായിച്ചതു ശരിയാണോ എന്നു ഉടനെ അന്വേഷിക്കണം. നോട്ടീസുകളും രസീതുകളുംകൊണ്ടു ശരിയെന്നു ഞാൻ തെളിയിക്കാം. അവ വേണമെങ്കിൽ ഹാജരാക്കിത്തരാം. പലരും പണംകെട്ടാൻ നിവൃത്തിയില്ലാതെ കെട്ടാതിരിക്കയാണു. ജപ്തി കാലിയെ വിററും വീട്ടുംനിലവും പണയപ്പെടുത്തിയുംകെട്ടി. ആകെ ഒന്നിനു ൫൪൦-ം ൨൦൦-ം ൨൪൦-ം രൂപവീതം മിച്ചം കൃഷിക്കാരുംകെട്ടണം.

മി. മാത്യുമുരിക്കൻ (ളാലം): ഏതെങ്കിലും കേസ്സുകളിൽ അപ്പീൽകൊടുത്തിട്ടുള്ളതായറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അപ്പീൽകൊടുക്കാൻ ഈ കൃഷിക്കാരിൽ ആയിരത്തിൽ ഒരാൾക്കു സാധിക്കയില്ല. അവർ അത്രമാത്രം സാധുക്കളാണ്. ഞങ്ങളുടെ താലൂക്കിൽനിന്നും ൪൦,൦൦൦ രൂപയിലധികം പുറമ്പോക്കുകേസ്സുകളിൽ ഈടയാണ്ടു കാണുമെന്നു ഞാൻ വിചാരിക്കുന്നു. കണക്കറിവാൻ ഞാൻ ഈ ഗവർമെണ്ടിനോടു ചോദിച്ചിരിക്കയാണു. ഭയങ്കരമല്ലയോ ഇതു? കൃഷിക്കാർ എന്തു ചെയ്യും?

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പുറമ്പോക്ക പതിച്ചുകൊടുക്കുന്നതിൽ വിരോധമുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പൊതുജനോപയോഗത്തിനാവശ്യമുള്ളവ ഒരിക്കലും പതിക്കരുതു. അങ്ങിനെ അല്ലാത്ത പുറമ്പോക്ക പതിച്ചുകൊടുക്കുകതന്നെ വേണം. അവയാണു ഞങ്ങളുടെ താലൂക്കിലെ അധികവും. എന്നാൽ ഒഴിപ്പിക്കുന്നതിൽ സാധുക്കളായ കൃഷിക്കാരെ നിയമത്തിനപ്പുറമായി ഉപദ്രവിക്കരുതെന്നേ ഞാൻ പറയുന്നുള്ളു. പതിച്ചുകൊടുക്കയില്ലെങ്കിൽ വേണ്ട. റവന്യൂക്കാർ സാധുക്കളും വിദ്യാഭ്യാസമില്ലാത്തവരുമായ കൃഷിക്കാർ അവരുടെ വിലങ്ങളെ നന്നാക്കാൻ ശ്രമിച്ചതുമൂലം സർവസ്വവും അപഹരിച്ചു കുടികെടുത്താതിരുന്നാൽ മതിയായിരുന്നു. ഈവിധ മനോപദ്രവത്തെപ്പററി കഴിഞ്ഞ ധനുമാസത്തിൽ കമ്മീഷണർ സക്കീട്ടുവന്നപ്പോൾ പഴയ മൂന്നു പ്രജാസഭാമെമ്പർമാരും ഇക്കൊല്ലത്തെ പ്രജാസഭാമെമ്പറും ഞാനും ചെന്നു ഒരു മെമ്മോറിയൽ കമ്മീഷണർക്കു കൊടുക്കയും പ്രവേശനമില്ലാതെ കേസെടുത്തു ശിക്ഷിച്ച സ്ഥലം വഴിക്കരികെ ഉള്ളതു നോക്കണമെന്നു പറകയുംചെയ്തു. എന്നാൽ അതു നോക്കിയില്ല. ആ മെമ്മോറിയലിൽ റവന്യൂസംബന്ധമായ പല അനീതികളും ചൂണ്ടിക്കാണിച്ചിരുന്നു. റവന്യൂകമ്മീഷണർ ജനങ്ങളോടു മര്യാദയോടെ അടുത്തു പെരുമാറുന്ന ആളാണ്, ദയാലുവുമാണ്. എങ്കിലും ഗവർമെൻറാദായത്തെസംബന്ധിച്ച കാര്യമാകയാലായിരിക്കാം ജനസങ്കടത്തിനു പരിഹാരം ഉണ്ടാക്കാഞ്ഞതു. ഗവർമെൻറിനു പണം കിട്ടുന്ന കാര്യമാകയാൽ ഉദ്യോഗസ്ഥന്മാർ അതിൽ അനീതിയുണ്ടോ എന്നു നോക്കുക സാധാരണമല്ല. പുതുവൽചട്ടം ൫൨-ാം വകുപ്പിൽ സ്ഥിരദേഹണ്ഡം ഉണ്ടെങ്കിൽ ആ ഭൂമി പതിച്ചുകൊടുക്കണമെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഭൂമികൾക്കുതന്നെ പതിച്ചുകൊടുക്കാമെന്നു വെയ്ക്കുന്നതു നാട്ടുനടപ്പുള്ള വിലയിൽ അഞ്ചോ ആറോ ഇരട്ടി തറവിലവെച്ചും. അപ്പോൾ പതിച്ചേറില്ലെങ്കിൽ ദേഹണ്ഡം ഉപേക്ഷിക്കണം. പതിക്കാമെന്നു വച്ചാൽ ആ സ്ഥലത്തിന്റെ വിലയിൽ പല മടങ്ങു കൂടുതൽ കെട്ടണം. സാധുക്കൾ എന്തുചെയ്യും. ഇങ്ങനെയുള്ള ചില സ്ഥലങ്ങളെ സാധുക്കൾ രണ്ടും മൂന്നും ഏക്കറായി ദേഹണ്ഡിച്ചു കാട്ടുമ്പുറങ്ങളിൽ വീടുവച്ചു താമസിച്ചുവരുന്നതിനു ഏക്കറിനു ൨൦൦ രൂപാ വീതവുംമററും തറവിലവച്ചിരിക്കുന്നതു കമ്മീഷണരെ സക്കീട്ടിൽ ഞങ്ങൾ കാണിച്ചുകൊടുത്തു. തെങ്ങും മുളകും ഉണ്ടാകുന്ന പ്രദേശങ്ങളല്ല മൂവാററുപുഴയും കുന്നത്തുനാടും ഉള്ളതു. അവിടെ ഭൂമിക്കു ൨൪, ൩൪ രൂപയാണ് ഏക്കറിനു ലേലത്തിൽ കിട്ടാറ്. കുടികളുകുടി വിൽക്കുന്ന വിലയും ഏകദേശം ഇതുതന്നെ. എന്നാൽ ദേഹണ്ഡംചെയ്തുപോയാൽ തറവിലവയ്ക്കുന്നതിൽ യാതൊരു ന്യായവുമില്ല. പത്തനാപുരം കുന്നത്തൂർ മുതലായ താലൂക്കുകളിലെ സാധാരണ തറവിലയാണ് മൂവാററുപുഴയുംഉള്ളതു. ഭൂമിയും അതുപോലെതന്നെ. എന്നാൽ ഗവർമെൻറു ചട്ടത്തിൽ വിശ്വസിച്ചു ദേഹണ്ഡിച്ചവർക്കു അന്യായതറവിലയാണ് ഇപ്പോൾ ചുമത്തുന്നതു. തരിശിനെപ്പററി ഞാൻ തറവില കൂടുതലെന്നു പറയുന്നില്ല. അതു ലേലത്തിനു വിററുകൊള്ളട്ടെ. ഈടാക്കാവുന്നിടത്തോളം ഈടാക്കട്ടെ. ദേഹണ്ഡഭൂമിയെ സംബന്ധിച്ചു ഈ വിധം ആയാൽ സാധുക്കൾ കഷ്ടപ്പെടും. ഇപ്പോഴത്തെ വിധമുള്ള പുതുവൽ റൂൾസ് ൫൨-ാം വകുപ്പു സാധുക്കൾക്കു കഷ്ടതയുണ്ടാക്കുന്നു എന്നും അതിൽ പറഞ്ഞിട്ടുള്ളപ്രകാരം ദേഹണ്ഡിച്ചുപോയെങ്കിൽ ഉപേക്ഷിക്കാനും പതിച്ചേൽക്കുവാനും നിവൃത്തിയില്ലാതെ ജനങ്ങൾ കഷ്ടപ്പെടേണ്ടിവരുമെന്നും ഉള്ളതിനു മൂവാററുപുഴതാലൂക്കിലെ വടക്കൻപകുതികളിൽ നടക്കുന്ന സംഭവങ്ങൾ ഉദാഹരണങ്ങളാണ്. ജനങ്ങളെ കഷ്ടപ്പെടുത്തിയും നിയമത്തെ ദുരുപയോഗപ്പെടുത്തിയും റവന്യൂവകുപ്പുകാർ പണം സംഭരിക്കുന്നതിനു ശ്രമിക്കുന്നു. ഗവർമെൻറു ഇതിനെ തടയണം. ഗവർമെൻറുചട്ടത്തെ വിശ്വസിച്ചു അയൽഭൂമിയുടെ തറവിലക്കു പതിച്ചുകിട്ടുമെന്നു വിശ്വസിച്ചു ദേഹണ്ഡിച്ചു സാധുകൃഷിക്കാരെ വീട്ടും ദേഹണ്ഡവുമുപേക്ഷിച്ചിറക്കിവിട്ടു മുതൽ വസൂലിപ്പിക്കുവാൻ റവന്യൂക്കാർ ശ്രമിക്കുന്നതു എന്തൊരു കഷ്ടമാണ്. ഇങ്ങനെ കൃഷിക്കാരെ ബുദ്ധിമുട്ടിച്ചു കിട്ടുന്ന വരുമാനത്തെ ഗവർമെൻറാശിക്കുന്നതു? പണം ഒരു സാധ്യത്തിനുള്ള സാധനമാണെല്ലോ. ജനങ്ങളുടെ ക്ഷേമത്തെ പരിരക്ഷിക്കുന്നതിനുള്ള ഒരു ഉപകരണം മാത്രമാണ് ഗവർമെൻറു ധനം. ജനക്ഷേമം പണത്തിനായി ബലി ചെയ്യരുതു. ഗവർമെൻറു വല്ല കച്ചവടകമ്പനിയോ മററോ ആയിരുന്നാൽ ഇപ്രകാരമുള്ള ധനസമ്പാദനത്തിൽ അധികം ആക്ഷേപിക്കാനില്ല. എങ്കിലും അവിടെയും ന്യായം നോക്കണം.

പകുതിയിലും, താലൂക്കിലും, ഡിവിഷനിലും പല അഴിമതികളും നടന്നുകൊണ്ടിരിക്കുന്നു. ജനങ്ങൾക്കു കൃഷിയല്ലാതെ ഒരു തൊഴിലിനു നിവൃത്തിയില്ല. ജനം വർദ്ധിക്കുന്നതനുസരിച്ചു കൃഷിസ്ഥലം അംശിച്ചാശിച്ചു നാൾക്കുനാൾ ഓരോരുത്തരുടെ പങ്കു കുറഞ്ഞുവരികയാണ്. ദാരിദ്ര്യത്തിലേക്കു തന്നിമിത്തം പോയ്ക്കൊണ്ടിരിക്കുന്ന കൃഷിക്കാരെ ഗവർമെൻറും ഉപദ്രവിച്ചാൽ അവർക്കെന്തുരക്ഷ? ഏററം അഴിമതിനടക്കുന്ന വകുപ്പുകളിലൊന്നാണ് റവന്യൂവകുപ്പ്. എവിടെയും കൈക്കൂലിയും വർഗ്ഗീയപക്ഷപാതവും ഈ വകുപ്പിൽ നഗ്നമായി കാണാം. ഇതിനുപുറമേ ഓരോ തഹശീൽദാരന്മാരും അവരവരുടെ താലൂക്കുകളിൽ കൂടുതൽ ആദായം കാണിച്ചു പ്രമോഷൻ കിട്ടണമെന്നാഗ്രഹിക്കുന്നു. അതിന്നായിട്ടു മഹാരാജാവിൻറ തിരുമനസ്സിലെ രാജഭക്തരായ പ്രജകളെ ക്രമത്തിലധികം ഉപദ്രവിക്കുന്നു. ഈ വകുപ്പിൽ ഉദ്യോഗക്കുത്തുകളിലെന്നപോലെ ഉദ്യോഗനിയമനങ്ങളിലും ഭയങ്കരമായ അഴിമതികൾ നടന്നുവരുന്നുണ്ട്.

ദേവസ്വം റവന്യൂ വിഭജനം നടന്നിട്ട് ഏഴുകൊല്ലക്കാലമായി. ഞാൻ ഉൾപ്പെടുന്ന ജനവിഭാഗം കത്തോലിക്കർ നൂറ്റി ഒരു ലക്ഷത്തോളം ഉണ്ട്. അതിൽനിന്നും ഒരു പ്രവർത്തികാരനാണ് ഈ ഡിപ്പാർട്ടുമെന്റിൽ ഉള്ളത്. അതും ഇന്നുള്ള പേഷ്കാർമാർ ആരും നിയമിച്ചിട്ടുള്ളതല്ല. മഹാദേവയ്യർ ആക്ടിംഗ് പേഷ്കാരായിരുന്നപ്പോൾ നിയമിച്ചതാണ്. ഉദ്യോഗനിയമനവിഷയം ഈ മാതിരിയാണ്. ഇതിനു കമ്മീഷണർതന്നെ ഉത്തരവാദിയാണെന്നു ഞാൻ പറയുന്നില്ല. കീഴിലുള്ളവരാണ് സാധാരണ ഉദ്യോഗനിയമനം നടത്തുന്നത്. അവരെ ശരിയായി നിയന്ത്രിക്കുന്നതിനു അദ്ദേഹം കൂടുതൽശ്രദ്ധ പതിക്കേണ്ടതാണ്.

മരാമത്തുവകുപ്പിനെപ്പററി പറയാനുള്ളതു പബ്ലിക്ക് വർക്ക്സ് വകുപ്പിനെപ്പററിയാണ്. ഗണ്യമായതുകകൾ ഒന്നുംതന്നെ ഈ കൊല്ലത്തിൽ ഞങ്ങളുടെ താലൂക്കിലേക്കനുവദിച്ചിട്ടില്ല. പതിനായിരം പതിനഞ്ചായിരം രൂപായോളം ഞങ്ങൾക്കായിട്ട് ബഡ്ജററിൽ മുമ്പു മൂവാററുപുഴക്കും തൊടുപുഴക്കുംആയി ചേർക്കാറുണ്ട്. എന്നാൽ വർഷാവസാനത്തിൽ ലാപ്സാകയാണ് അതിന്റെ ഗതി. റവന്യൂക്കാർ ഭൂമിവിട്ടുകൊടുക്കാത്തതുകൊണ്ടാണ് വേലകൾ നടക്കാത്തതു എന്നു അവർ പറയുന്നുണ്ട്. സ്ഥലം എടുക്കേണ്ട വിവരങ്ങൾ ശരിയായവിധത്തിൽ എഴുതിഅയയ്ക്കാത്തതുകൊണ്ടാണ് സ്ഥലം ഒഴിപ്പിച്ചുകൊടുക്കാത്തതു എന്നു റവന്യൂഡിപ്പാർട്ടുമെന്റുകാരും പറയുന്നുണ്ട്. ഇതാരുടെ തെററായാലും ഞങ്ങൾക്കു റോഡു കിട്ടുന്നില്ല, ആ തുക ഉപയോഗപ്പെടുന്നുമില്ല.

മൂവാററുപുഴ-തൊടുപുഴ താലൂക്കുകളിലേക്കു റോഡുകൾക്കനുവദിക്കുന്നതുക പല കൊല്ലങ്ങളായി ലാപ്സായിക്കൊണ്ടിരുന്നിട്ടും ഗവണ്മെന്റു ഗൗനിക്കാത്തതു കഷ്ടംതന്നെ. അടുത്തകൊല്ലത്തേക്കു പുതിയറോഡിനു മൂവാററുപുഴ-തൊടുപുഴതാലൂക്കുകൾക്കു ൫൦൦൦ രൂപാ മാത്രമാണ് പുതിയറോഡിനു ചേർത്തിട്ടുള്ളതു. ഇതൊട്ടും പോരാത്തതാണ്. ഇതും മററുള്ളവയോടുകൂടി ഈയാണ്ടു ലാപ്സായിപോകാതിരിക്കാൻ ഗവണ്മെന്റിൽനിന്നും പ്രത്യേകം നിഷ്കർഷിക്കണം. ചീഫ്എൻജിനിയർ നല്ല ഉദ്ദേശമുള്ള ആളാണെന്നാണ് ജനാഭിപ്രായം. ചന്ദ്രനു കളങ്കംഎന്നപോലെ അദ്ദേഹത്തിന്റെ ഗുണങ്ങളെമറയ്ക്കാൻ ഇരിക്കുന്ന കീഴുദ്യോഗസ്ഥന്മാരിൽനിന്നു അദ്ദേഹം ഒഴിയണം. പട്ടിണികിടക്കുന്നവരുടെമുമ്പിൽ അവർക്കായിട്ട് വിളമ്പിവച്ചിരിക്കുന്ന ആഹാരം എടുത്തുകൊണ്ടുപോകുന്നതുപോലെയാണ്, ഞങ്ങൾക്കനുവദിക്കുന്ന റോഡ്‌വെട്ടാനുള്ള പണം ലാപ്സാക്കുന്ന ഉദ്യോഗസ്ഥന്മാർ ചെയ്യുന്നതു.

ഇനിയും പല വിഷയങ്ങളും പറയണമെന്നു വിചാരിക്കുന്നുണ്ട്. അവ ഉപക്ഷേപങ്ങൾവഴിയാകാം. ഉദ്യോഗസ്ഥന്മാരുടെ ജനോപദ്രവം ക്രമത്തിലധികമാണെന്നു ഞാൻ മുമ്പു സൂചിപ്പിച്ചല്ലോ. ജനങ്ങളുടെ ഒന്നാമത്തേയും രണ്ടാമത്തേയും മൂന്നാമത്തേയും നാലാമത്തേയും അപേക്ഷ ഉദ്യോഗസ്ഥന്മാരുടെ അക്രമങ്ങളിൽനിന്നും (വർഗ്ഗീയപക്ഷപാതത്തിലും കൈക്കൂലിയിലും നിന്നും) ഞങ്ങളെ രക്ഷിക്കണേ എന്നാണ്. സകല അധികാരങ്ങളും ഉദ്യോഗസ്ഥന്മാരുടെ കയ്യിലാണ് പരതരത്തിലും അവരെപ്പററി സംസാരിക്കുന്നതിനു സൂക്ഷിക്കണം. പല കഷ്ടതകളും സങ്കടങ്ങളും ചുമലിൽവഹിച്ചുകയററുകയാണ് ജനപ്രതിനിധികൾ കാര്യങ്ങൾ തുറന്നുപറയുന്നതുകൊണ്ടു ചെയ്യുന്നതു. ഇതിൽ പലർക്കും രുചിക്കാത്തതായും ഞങ്ങൾ പറയേണ്ടിവരുന്നു.

"ക്ഷുരസ്യ ധാര നിശിതാദുരത്യയാ
ദുർഗ്ഗം പഥം തൽ കവയോ വദന്തി".

എന്നിങ്ങനെ ആര്യർഷികൾ പറഞ്ഞിട്ടുള്ളതു ജനപ്രതിനിധികളുടെ പ്രവർത്തിമാർഗ്ഗത്തെപ്പററിയാണോ എന്നു തോന്നും. വാളിന്റെ മൂർച്ചയുള്ള വാൾത്തലയിൽക്കൂടി നടക്കുന്നതുപോലെ ദുഷ്കരമായതാണു ആ മാർഗ്ഗം എന്നു പ്രാജ്ഞന്മാർ പറയുന്നു എന്ന ഉപനിഷദ് വാക്യം ഓർമ്മയിൽവരുന്നു. ജനപ്രതിനിധികളായ ഞങ്ങൾക്കു പറയുന്നതിനുമാത്രമേ അധികാരമുള്ളു. അനീതിയെ നിർത്തുവാനില്ല. ഓരോ ഉദ്യോഗസ്ഥന്മാരും ഗവണ്മെന്റിന്റെ അധികാരവാഹികളാണ്. മനുഷ്യസാധാരണമായ വികാരമുള്ളവരുമാണ്. ഞങ്ങളും അധികാരത്തിനു വിധേയരാണല്ലോ. സ്തുതിയാണ് മനുഷ്യർക്കു അധികംഇഷ്ടമുള്ളതെന്നു ഞങ്ങൾക്കറിയാം. എന്നാൽ കൃത്യം എന്നന്നേ ഞങ്ങളെ അതിൽനിന്നു വലിച്ചുമാററുന്നു. ഉദ്യോഗസ്ഥന്മാരിൽ വലിയപങ്കും അഴിമതിക്കാരാണ്. വലിയ ഉദ്യോഗസ്ഥന്മാരിൽ പലരും ഇതു നിർത്തുവാൻ ശ്രമിക്കുന്നില്ല. കൈക്കൂലിവാങ്ങുന്നതു നേരെ അവർ കാണുന്നില്ലായിരിക്കും. എങ്കിലും അവർക്കറിയാം. കണ്ണിനടുത്തിരിക്കുന്ന മൂക്കുകാണാൻവയ്യെങ്കിലും സ്പർശിച്ചറിയാം. കണ്ണാടിയിൽ കാണുകയുംചെയ്യാം. കീഴുള്ളവരുടെ കൈക്കൂലി അവരെ സൂക്ഷിച്ചു പരിശോധിച്ചുകൊണ്ടിരുന്നാൽ നേരിട്ടറിയാം. സർക്കീട്ടിൽ അന്വേഷിച്ചാൽ പൊതുജനാഭിപ്രായമാകുന്ന കണ്ണാടിയിൽ കണ്ടറികയുംചെയ്യാം. ഗവണ്മെന്റിന്റെ ശ്രദ്ധ ഇതിലെല്ലാം പതിയണം.

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും വടക്കു): ൧൧൨൭-ാമാണ്ടത്തെ ബഡ്ജററും ഫൈനാൻഷ്യൽസെക്രട്ടറിയുടെ പ്രസംഗവും ശ്രദ്ധാപൂർവം വായിച്ചു. മിച്ചംകാണിച്ചുള്ള ഒരു ബഡ്ജററാണ് ഫൈനാൻഷ്യൽസെക്രട്ടറി അവതരിപ്പിച്ചിരിക്കുന്നതെങ്കിലും അതു യാതൊരു തരത്തിലും ആശാസ്യമോ തൃപ്തികരമോ ആയിരിക്കുന്നില്ല. ഇതിനുള്ള സർവപ്രധാനമായ ഒരു കാരണം ഉത്തരവാദിത്വത്തോടുകൂടി ചുമതലയേറിയ ഈ കൃത്യം നിർവഹിക്കുവാൻ സ്ഥിരമായി ചുമതലപ്പെട്ട ഒരു ഫൈനാൻഷ്യൽ സെക്രട്ടറി അല്ലെങ്കിൽ അക്കൗണ്ടാഫീസർ ഈ കഴിഞ്ഞ ഏതാനും മാസങ്ങളായി ഈ സംസ്ഥാനത്തില്ലാതിരുന്നതാണെന്നുള്ള ഏററവും ഗൗരവമായ പരമാർത്ഥത്തെ ഇവിടെ തുറന്നുതന്നെ പ്രസ്താവിച്ചുകൊള്ളുന്നു.

അടുത്ത ആണ്ടത്തെ ബഡ്ജററിൽ മൂന്നു ലക്ഷത്തിൽപരം രൂപാ ചിലവുകഴിച്ചു മിച്ചം ഉണ്ടായിരിക്കുന്നതാണെന്നു കാണുന്നു. എന്നാൽ ഇപ്രകാരം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ ഏതാണ്ടു അഭിനന്ദനീയമെന്നവണ്ണം ഒരു മിച്ചം ബഡ്ജററിൽ കാണിച്ചിരിക്കുന്നതു രാജ്യത്തെ വരവു ചിലവിനങ്ങളെ സംബന്ധിച്ചുള്ള പൂർണ്ണമായ ജ്ഞാനത്തെയോ ദീർഘാലോചനയെയോ ഭരണീയരുടെ യഥാർത്ഥമായ ക്ഷേമത്തെയോ ആസ്പദമാക്കിയല്ലെന്നു കാണുന്നതു അത്യന്തം ശോചനീയംതന്നെ. ഗവണ്മെന്റിന്റെ പ്രധാന മുതലെടുപ്പു ഡിപ്പാർട്ടുമെന്റുകളിൽ പലതിലെയും വരവുകൾ കഴിഞ്ഞ ഏതാനും സംവത്സരങ്ങളായി ഒരേനിലയിൽതന്നെ ഇരിക്കുകയും അടുത്ത ഭാവിയിൽ ഈ സ്ഥിതിക്കു എന്തെങ്കിലും അന്തരം ഉണ്ടാകുമെന്നു ആശിക്കുവാൻ തരമില്ലാതിരിക്കുകയും ചെയ്യുന്നു. മാത്രമല്ല ഒരേനിലയിൽ തന്നെ നിൽക്കുന്ന ഈ വരവു ഈടാക്കുന്നതിനുള്ള ചിലവുകളെല്ലാം ആണ്ടുതോറും ഒന്നിനൊന്നു വർദ്ധമാനമായി കൂടിക്കൊണ്ടുതന്നെ ഇരിക്കുന്നു. ഇങ്ങിനെ അവ്യവസ്ഥിതമായി ചില

വാക്കിക്കൊണ്ടിരിക്കുന്നതായാൽ ഏതാനും കൊല്ലങ്ങൾ കഴിയുമ്പോൾ ചിലവു വരവിനോളംതന്നെ അധികരിക്കുകയില്ലയോ എന്നുള്ള ഭീതി ജനിച്ചുപോകുന്നു. ഈ കൂടുതൽ ചിലവിനെ എത്രയും ബുദ്ധിപൂർവ്വം നിയന്ത്രിക്കേണ്ടതു അത്യാവശ്യംതന്നെ. ഇതിനുദാഹരണമായി സംസ്ഥാനത്തെ ഒരു അതിപ്രധാന ധനാഗമമാർഗ്ഗമായ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ എടുക്കാവുന്നതാകുന്നു. പ്രസ്തുത ഡിപ്പാർട്ടുമെന്റിൽ ൧൧൦൮-ലെ വരവു ൧൫,൪൯,൪൪൭ രൂപയും ചിലവു ൭,൮൫,൨൧൦ രൂപയും ആയിരുന്നു. ൧൧൧൭-ൽ യഥാക്രമം വരവും ചിലവും ൧൫,൫൬,൨൦൦ രൂപയും ൮,൨൪,൬൭൧ രൂപയും ആയി കാണപ്പെടുന്നു. ഈ കണക്കിൽനിന്നും ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ വരവു ൧൧൦൮-ലേതിൽനിന്നും ൧൧൧൭ ആയപ്പോൾ സാരമായി വർദ്ധിച്ചിട്ടില്ലെന്നും ചിലവു താരതമ്യേന വളരെ അധികം വർദ്ധിച്ചിട്ടുണ്ടെന്നും മനസ്സിലാക്കാവുന്നതാണ്.

ഗവർമ്മെന്റിന്റെ മുതലെടുപ്പു വിഷയത്തിൽ സർവ്വപ്രധാനമായ മറ്റൊരു വകുപ്പു എക്സൈസ് ഡിപ്പാർട്ടുമെന്റാണല്ലോ. ഈ ഡിപ്പാർട്ടുമെന്റിൽപെട്ട അബ്കാരി ശാഖയുടെ കഥ വളരെ ശോചനീയമെന്നേ പറയേണ്ടതുള്ളു. മദ്യപാനനിയന്ത്രണമാണ് അബ്കാരിവിഷയത്തിലുള്ള ഗവർമ്മെന്റിന്റെ പരമമായ ആദർശവും നയവുമെന്നു പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ ഗവർമ്മെന്റിന്റെ ഈ പ്രഖ്യാപിത നയവും ആദർശവും കടലാസിൽ മാത്രമെ ഉള്ളു എന്നു തെളിയിക്കുവാൻ ഉദാഹരണങ്ങൾ എത്രവേണമെങ്കിലും പറയാനുണ്ട്. കഴിഞ്ഞവർഷം മദ്യഷാപ്പുകൾ എക്സൈസ് കമ്മീഷണർ രാജ്യമൊട്ടുക്കു ചുററിസഞ്ചരിച്ചു ലേലത്തിൽ വിററതിൽ കുരുകുററി എന്ന സ്ഥലത്തു യാതൊരു ഷാപ്പും ഒരുത്തനും ലേലത്തിൽ പിടിക്കുവാൻ തയ്യാറായില്ല. മാത്രവുമല്ല, കള്ളും ചാരായവും ഞങ്ങൾക്കു "വേണ്ട വേണ്ട" എന്നു അവിടത്തെ നിവാസികൾ നമ്മുടെ ഗവർമ്മെന്റിന്റെ നീതിനിപുണമായ സന്നിധാനത്തിൽ ഭക്തിബഹുമാനപുരസ്സരം കിഴിഞ്ഞപേക്ഷിക്കുകയും ചെയ്തതായിട്ടാണ് എന്റെ അറിവ്. എന്നാൽ മദ്യപാനനിയന്ത്രണത്തിൽ ബദ്ധശ്രദ്ധമാണെന്നു എപ്പോഴും അഭിമാനിക്കുകയും പ്രസംഗിക്കുകയും ഉള്ള നമ്മുടെ എക്സൈസ് ഡിപ്പാർട്ടുമെന്റു മനുഷ്യസ്നേഹികളായ ആരാലും അഭിനന്ദനീയമായ ഈ പൊതുജനാഭിപ്രായത്തേയും അഭിലാഷത്തേയും അഭ്യർത്ഥനകളേയും നിശ്ശേഷം അവഗണിച്ചു അവരെ എങ്ങിനേയും ഏതെല്ലാം പ്രലോഭനങ്ങൾ മൂലമായിട്ടെങ്കിലും മദ്യവിധേയരാക്കുവാൻ ഇപ്പോഴും തീവ്രമായ പരിശ്രമങ്ങൾ നടത്തിവരുന്നു. ജനങ്ങളുടെ ആദ്ധ്യാത്മികവും ശാരീരികവും സാമ്പത്തികവുമായ ഉൽകർഷത്തെ അഭിലഷിക്കുന്ന ലോകത്തിലെ ഏതൊരു പരിഷ്കൃത ഗവർമ്മെന്റിനാലും അംഗീകൃതമായ നയത്തിനും തിരുവിതാംകൂർ ഗവർമ്മെന്റിന്റെതന്നെ പലപ്പോഴുമുള്ള പരസ്യ പ്രഖ്യാപനങ്ങൾക്കും കടകവിരുദ്ധമായി ഈ ധർമ്മരാജ്യ ഗവർമ്മെന്റു—പ്രജാവത്സലയും പാവനചരിതയുമായ മഹാറാണി റീജന്റു തിരുമനസ്സിലെ സല്‍ശസ്സിനേയും സർവ്വോപരി പ്രജാക്ഷേമത്തേയും കാര്യമായി പരിഗണിച്ചു ഭരണയന്ത്രനിയന്ത്രണം ചെയ്യേണ്ട ഒരു ഗവർമ്മെന്റു ജനങ്ങളെ മദ്യപാനത്തിനു പ്രേരിപ്പിക്കുകയും ഗൂഢമായി നിർബ്ബന്ധിക്കുകയുംചെയ്യുന്നതു അവരുടെ കേവലം വിചാരശൂന്യമായ ഭണ്ഡാരപോഷണാസക്തിയാലല്ലാതെ മറെറന്തുകൊണ്ടാണെന്നു ഞാൻ ഈ അവസരത്തിൽ ഗവർമ്മെന്റിനോടു തീവ്രമായ മനോവേദനയോടുകൂടി ചോദിച്ചുകൊള്ളുന്നു.

എക്സൈസ്, റവന്യൂ മുതലായ മററു ഡിപ്പാർട്ടുമെന്റുകളോടു താരതമ്യപ്പെടുത്തുമ്പോൾ തൽക്കാലനിലയിൽ അത്ര സാരമായിട്ടുള്ളതല്ലെന്നു തോന്നിയേക്കാമെങ്കിലും ഭാവിയിൽ ഗവർമ്മെന്റിന്റെ ഗണ്യമായ ഒരാദായമാർഗ്ഗമായി പരിണമിക്കുമെന്നു പരിഗണിക്കാവുന്ന ഒരു ഡിപ്പാർട്ടുമെന്റാണു ആദായനികുതിവകുപ്പു. ഈ ഡിപ്പാർട്ടുമെന്റിലെ ഇന്നത്തെ ഉദ്യോഗസ്ഥന്മാരിൽ പലരും കച്ചവടക്കാരുടെ കണക്കുകൾ പരിശോധിക്കുവാനുള്ള ശരിയായ പരിചയമോ പരിശീലനമോ സിദ്ധിച്ചിട്ടുള്ളവരല്ല. ഓരോ കച്ചവടക്കാരന്റേയും വരവു മുന്നാണ്ടത്തേക്കാൾ കൂടുതലായിരിക്കുന്നു എന്നു ഇവർ അകാരണമായും മുൻകൂട്ടിയും തീരുമാനിച്ചുകൊള്ളുകയാണെന്നു തോന്നിപ്പോകുന്നു. ഇപ്രകാരമുണ്ടാകുന്ന അകാരണവും ക്രമവിരുദ്ധവുമായ തീരുമാനങ്ങളെപ്പററി അപ്പീൽകൊടുത്തു ആദായക്കൂടുതൽ ഇല്ലെന്നു ഒരു വിധി സമ്പാദിച്ചുകഴിഞ്ഞാൽ ആ വിധം ഒരു വിധി നൽകിയ ആ അപ്പീലുദ്യോഗസ്ഥനെ ആദായനികുതി കമ്മീഷണർ കഠിനമായി ശാസിച്ചുവരുന്ന സമ്പ്രദായവും മനസ്ഥിതയും അതിനു പ്രേരകമായ സാഹചര്യങ്ങളും നിന്ദ്യവും ഗർഹണീയമായിട്ടുള്ളതാകുന്നു. ഏതൊരു വിധത്തിലെങ്കിലും മുന്നാണ്ടത്തേക്കാൾ ആദായം അധികം കാണിക്കണമെന്നൊരു നോട്ടം മാത്രമേ കമ്മീഷണർ മുതൽ സകല ജീവനക്കാർക്കുമുള്ളു. ഇതു സംബന്ധിച്ചുള്ള റഗുലേഷനിലെ ചില വകുപ്പുകൾ ഓരോരുത്തർ അവരവരുടെ ഹിതാനുസരണം വ്യാഖ്യാനിച്ചുവരുന്നതായ സംഭവങ്ങളും അപൂർവ്വമല്ല. എങ്ങിനെയായാലും രാജ്യഭണ്ഡാരത്തിന്റെ പൂരണത്തിനു തൽക്കാലനിലയിൽ ഒട്ടും ആശാസ്യമല്ലാതെയും ജനക്ഷേമകരമല്ലാതെയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ഡിപ്പാർട്ടുമെന്റിനെ കച്ചവടക്കാർക്കു ഉപദ്രവകരമല്ലാത്ത ഒരു രീതിയിൽ പുനസ്സംഘടിപ്പിക്കേണ്ടതും പ്രസ്തുത ഡിപ്പാർട്ടുമെന്റിൽ നീതിയും നിപുണതയും എങ്ങിനെ എങ്കിലും ഇന്നത്തേക്കാൾ വർദ്ധിപ്പിക്കേണ്ടതും ഏററവും അത്യാവശ്യമാകുന്നു.

സംസ്ഥാനത്തെ വരവിനങ്ങളെ സംബന്ധിക്കുന്ന ഡിപ്പാർട്ടുമെന്റുകളിൽ ചിലതിന്റെ മൊത്തത്തിലുള്ള ഭരണവും സ്ഥിതിയും മേൽപറഞ്ഞ തരത്തിലാണെങ്കിൽ ചിലവിനങ്ങളിൽപെട്ട ഡിപ്പാർട്ടുമെന്റുകളുടെ സ്ഥിതിയും ഭരണവും അതിലധികം ആക്ഷേപാർഹമായിരിക്കുന്നു. ഇവയിൽ ഏററവും പ്രധാനപ്പെട്ട പബ്ലിക്ക വർക്ക്സ് ഡിപ്പാർട്ടുമെന്റിനെത്തന്നെ ഇവിടെ ഒന്നാമതായി എടുക്കാം. കൃഷി, കച്ചവടം, വ്യവസായം ഇവ വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ ഗതാഗതമാർഗ്ഗങ്ങളുടെ നിർമ്മാണവും സംരക്ഷണവും ഈ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയാണല്ലോ. ഈ തിരുവനന്തപുരത്തും വിദേശിയരുടെ രാജ്യമെന്നു വിളിച്ചുവരുന്ന ഹൈറേഞ്ചിലും റോഡുകൾ പണിയിക്കുന്നതിലും നന്നാക്കുന്നതിലുമാണു ഈ ഡിപ്പാർട്ടുമെന്റു അതിന്റെ ശ്രദ്ധ മുക്കാലും വിനിയോഗിച്ചുവരുന്നതു. ഉൾനാട്ടുകളിലെ റോഡുകളുടെ കാര്യത്തിൽ ഇതിൽ പകുതി ശ്രദ്ധപോലും ഡിപ്പാർട്ടുമെന്റു വച്ചിരുന്നു എങ്കിൽ തരക്കേടില്ലായിരുന്നു. ഏതായാലും ഈ ശോച്യമായ സമ്പ്രദായത്തെ നമ്മുടെ ഗവർമ്മെന്റും ഈ ഡിപ്പാർട്ടുമെന്റും അതിന്റെ ആവശ്യത്തിനും ഔചിത്യത്തിനും അനുസരണമായി ഭേദപ്പെടുത്തേണ്ടതുണ്ട്. ആണ്ടുതോറും ഈ ഡിപ്പാർട്ടുമെന്റിലേക്കു അനുവദിക്കുന്ന തുക കൂടിക്കൂടിവരുന്നുണ്ടെങ്കിലും

ആ കൂട്ടത്തെക്കാൾ കൂടുതലായ തുകകൾ ആണ്ടുതോറും ചിലവാകാതെ ലാപ്സായിപ്പോകുന്നുണ്ടെന്നുള്ളത് ഈ ഡിപ്പാർട്ടുമെന്റിന്റെ ആക്ഷേപാർഹമായ ഒരു പ്രത്യേകതയാകുന്നു. ചിലവാക്കാൻ സാധിക്കുന്നില്ലെങ്കിൽ ബഡ്ജററിനെ പൊതുജനദൃഷ്ടിയിൽ ആകർഷണീയമാക്കുവാൻവേണ്ടി മാത്രം ഈ വകുപ്പിലേക്കു പണമനുവദിച്ചിട്ടു ആവശ്യമോ പ്രയോജനമോ ഇല്ല. ഇപ്രകാരം പല തുകകളും ലാപ്സായി പോകുന്നതിനുള്ള കാരണം ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധയും അനാസ്ഥയും ആണെന്നുള്ളതു നിസ്സംശയമാണ്. എങ്ങിനെയായാലും ഈ ഡിപ്പാർട്ടുമെന്റിനോ ഗവർമ്മെന്റിനോ ഇതു ഒരു തരത്തിലും അഭിമാനകരമല്ലെന്നു മാത്രമല്ല ആക്ഷേപകരവുമാകുന്നു.

ഇഞ്ചിനീയർ ഡിപ്പാർട്ടുമെന്റിനെക്കാൾ താരതമ്യേന ഒട്ടും അപ്രധാനമല്ലാത്ത ഒരു ഡിപ്പാർട്ടുമെന്റാണു മെഡിക്കൽ ഡിപ്പാർട്ടുമെന്റ്. ഈ ഡിപ്പാർട്ടുമെന്റിന്റെയും ഇപ്പോഴത്തെ സ്ഥിതി പരിതാപകരം അല്ലെങ്കിൽ പരിഭ്രമജനകം ആയിരിക്കുന്നു. ആശുപത്രികളും ഡിസ്പെൻസറികളും "ഗവർമ്മെന്റ കനിഞ്ഞു ചെയ്തിട്ടുള്ള ഒരു മഹാനുഗ്രഹം തന്നെ. പക്ഷെ അവിടെ എങ്ങും നല്ല മരുന്നുകളൊന്നുമില്ല. അഥവാ ഉണ്ടെങ്കിൽതന്നെയും അവ സാധുക്കളും സാധാരണക്കാരുമായ ജനങ്ങൾക്കു കൊടുക്കുകയോ അവർക്കു കിട്ടുകയോ ചെയ്യുന്നില്ല. ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണം ഇത്രമേൽ ദുർവ്യയവും ഇത്രമേൽ നിഷ്പ്രയോജനവും ആയി തീർന്നിട്ടുള്ളതു ആ ഡിപ്പാർട്ടുമെന്റിൽ ഇപ്പോഴും പ്രാബല്യത്തിലിരിക്കുന്ന ത്രിമൂർത്തിഭരണം മൂലമാണെന്നുള്ളതു ഒരു രഹസ്യമായ പരസ്യമാണ്. നിഷ്പ്രയോജനമായ ഈ ഭരണത്തെ എത്രയുംവേഗത്തിൽ നിർത്തലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കഴിഞ്ഞ കൊല്ലം ഈ സഭ ഒരു പ്രമേയം പാസ്സാക്കി. രാജ്യത്തെ ഏററവും പ്രധാനപ്പെട്ട പൊതുജനപ്രതിനിധിസ്ഥാപനമായ ഈ സഭയുടെ ആ അഭിപ്രായപ്രകടനംകൊണ്ടു എന്തു വിശേഷം ഉണ്ടായി? ഇനിയും ജനങ്ങളുടെ അഭിലാഷം സാധിതപ്രായമായി തീർന്നിട്ടില്ല. ഈ ഡിപ്പാർട്ടുമെന്റിന്റെ അപായം ദിനംതോറും വർദ്ധിച്ചും ദുസ്സഹമായും വരുന്നതേയുള്ളു. മെഡിക്കൽ വകുപ്പിന്റെ ഈ ബോർഡുഭരണം മാററിക്കളയാതെ ആ ഡിപ്പാർട്ടുമെന്റുകൊണ്ടു ഗവർമ്മെന്റിന്റെ സദുദ്ദേശ്യത്തിനോ ജനങ്ങളുടെ ആവശ്യങ്ങൾക്കോ അനുസരണമായ ഫലം ഉണ്ടാകുന്നതല്ലതന്നെ. ഇതിനുപുറമെ രാജ്യത്തെ ആശുപത്രികളിൽ ഉപയോഗത്തിനായി വരുത്തിയിരിക്കുന്ന മരുന്നുകളിൽചിലതു തീരെ താണതരത്തിലുള്ളതും വികാരത്തെയും മനുഷ്യരുടെ ആരോഗ്യത്തിനു ഹാനികരമായിട്ടുള്ളവയുമാണെന്നു ശരിയായ പരിശോധനയ്ക്കുശേഷം ഒരു വൈദ്യവിദഗ്ദ്ധൻ ഗവർമ്മെന്റിനെ അറിയിച്ചിട്ടുള്ളതായും കേൾക്കുന്നു. ഈ കേൾവിയിൽ പരമാർത്ഥം എത്രത്തോളംഉണ്ടെന്നു ഖണ്ഡിതമായിപറയാൻ തൽക്കാലം നിവൃത്തിയില്ലെങ്കിലും ഗവർമ്മെന്റ ഇതേപ്പററി ഉടൻ അന്വേഷണം നടത്തി ഇതിനുത്തരവാദികളായവരെ കഠിനമായി ശിക്ഷിക്കേണ്ടതാണ്.

മി. മുളവേലിൽ പാച്ചുപിള്ള (ചേർത്തല): മരുന്നുവരുത്തേണ്ട ചുമതല മെഡിക്കൽബോർഡുകാർക്കു പൊതുവേയുള്ളതാണോ? അതല്ല അതിലെ ഏതെങ്കിലും ഒരംഗത്തിനു മാത്രമുള്ളതാണോ?

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): മെഡിക്കൽബോർഡിനു പൊതുവേയുള്ള ചുമതലയാണെന്നാണ് എന്റെ അറിവ്.

തിരുവിതാംകൂർ ഉദ്യോഗസ്ഥന്മാരെക്കുറിച്ചു കൈക്കൂലി, വർഗ്ഗീയപക്ഷപാതം ആദിയായ പല ഗൗരവമായ ആക്ഷേപങ്ങളും കേട്ടുതുടങ്ങിയിട്ടു വളരെക്കാലമായല്ലോ. ഇതിനുള്ള പ്രധാനകാരണം ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമത്തിൽ യാതൊരു താരതമ്യവും ക്രമീകരണവും ഇല്ലാത്തതും താഴ്ന്നതരം ജീവനക്കാരുടെ ശമ്പളം അവരുടെ നിത്യവൃത്തിക്കുപോലും മതിയാകാത്തതുമാണ്. ഉദ്യോഗസ്ഥമണ്ഡലത്തിലെ ഈ ഭീമമായ അസമത്വം എത്രയുംവേഗത്തിൽ പരിഹരിക്കേണ്ടതു കാര്യക്ഷമമായ കൃത്യനിർവഹണത്തിനും പബ്ലിക്ക്സർവീസിന്റെ പാവനതയ്ക്കും അത്യാവശ്യമാണ്.

ഈ നാട്ടിലെ ജനങ്ങളുടെ പ്രധാനതൊഴിലുകൾ കൃഷിയും കച്ചവടവും വ്യവസായവും ആണല്ലോ. ഇവയെ നല്ലസ്ഥിതിയിൽ ആക്കുന്നതിനും പരിഷ്കരിക്കുന്നതിനുമായി ഇവിടെ ഒരു കൃഷിഡിപ്പാർട്ടുമെന്റും ഒരു വ്യവസായഡിപ്പാർട്ടുമെന്റും ഉണ്ടെങ്കിലും ആ ഡിപ്പാർട്ടുമെന്റുകളുടെ ശരിയായ കൃത്യനിർവഹണത്തിനു പര്യാപ്തമായ വിധത്തിലുള്ള പ്രോത്സാഹനങ്ങൾ ഗവർമ്മെന്റ നൽകിവരുന്നില്ല. ഇപ്പോഴും ഈ ഡിപ്പാർട്ടുമെന്റുകൾ രണ്ടും മൈനർഡിപ്പാർട്ടുമെന്റുകളായിട്ടാണു ഗവർമ്മെന്റ ഗണിച്ചുവരുന്നത്. ഈ നിലയിൽനിന്നും പ്രസ്തുത ഡിപ്പാർട്ടുമെന്റുകളെ ഉയർത്താത്തകാലംവരെ ഗവർമ്മെന്റ ഉദ്ദേശിക്കുന്ന യാതൊരുപ്രയോജനങ്ങളും ആ ഡിപ്പാർട്ടുമെന്റുകൾകൊണ്ടു ജനങ്ങൾക്കു ലഭിക്കുന്നതല്ല.

ഇനിയും ഈ നിയമനിർമ്മാണസഭയെക്കുറിച്ചു രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. പൊതുജനഹിതമറിഞ്ഞു ഭരണകാര്യങ്ങളെ നിയന്ത്രിക്കണമെന്നുള്ള സദുദ്ദേശത്തെ മുൻനിറുത്തി നടത്തിവരുന്ന ഈ സഭയുടെ യാതൊരു നിർദ്ദേശങ്ങളെയും ഗവർമ്മെന്റ ശരിയായവിധത്തിൽ പരിഗണിച്ചുവരുന്നില്ല. കൌൺസിലിൽ പാസായിട്ടുള്ള പല പ്രമേയങ്ങളെയും ഉപക്ഷേപങ്ങളെയും ത്യാജ്യകോടിയിൽ തള്ളിയിരിക്കുകയാണ്. ചോദ്യങ്ങൾക്കും ഉപചോദ്യങ്ങൾക്കും പലപ്പോഴും തൃപ്തികരമായ മറുപടികൾ നൽകുകയില്ലെന്നു മാത്രമല്ല പലചോദ്യങ്ങളെയും നിശ്ശേഷം ഉപേക്ഷിച്ചുകളയുകയുംചെയ്യുന്നു. പൊതുജനങ്ങളുടെ അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തെ അന്യായമായി നിയന്ത്രിക്കുന്ന വർത്തമാനപത്രറഗുലേഷൻ ഈ രാജ്യത്തിനു ഒരു കളങ്കംതന്നെയാണ്. ഈ മാതിരി പൊതുജനോപദ്രവങ്ങളായ നിയമങ്ങളെ നിർമ്മൂലമാക്കണമെന്നുള്ള ഈ സഭയുടെ പരിശ്രമങ്ങളെ ഗവർമ്മെന്റ തൃണപ്രായം പരിഗണിച്ചുകാണുന്നതെന്നുവരുന്നു. ഈ വക നയങ്ങളും പെരുമാററങ്ങളും എല്ലാം സ്വേച്ഛാപ്രഭുത്വത്തെ പ്രണയിക്കുന്ന ഒരു ഗവർമ്മെന്റിനല്ലാതെ തിരുവിതാംകൂർപോലെയുള്ള ഒരു പരിഷ്കൃതരാജ്യത്തെ ഗവർമ്മെന്റിനു ഒരുകാലത്തും ഒരു കാരണവശാലും യോജിച്ചതല്ല. ഗവർമ്മെന്റിന്റെ ഭരണവിഷയത്തിലുള്ളതും ഉണ്ടാകാവുന്നതുമായ ഈവക ന്യൂനതകളുടെയും വൈകല്യങ്ങളുടെയും ഏകപരിഹാരമാർഗ്ഗം പൊതുജനങ്ങൾക്കു ശരിയായ പ്രാതിനിധ്യം ഉണ്ടാകത്തക്കവിധത്തിൽ സംഘടിതമാകുന്ന ഒരു നിയമസഭയോടു പൂർണ്ണമായി ഉത്തരവാദപ്പെട്ട ഒരു ഭരണം ഏർപ്പെടുത്തുകയാകുന്നു. ഈ വിഷയത്തിൽ പുതിയദിവാൻജി അവർകളുടെ അനുഭാവപൂർവമായ ശ്രദ്ധ കാലതാമസംകൂടാതെ ഉണ്ടാകുമെന്നു വിശ്വസിക്കുന്നു.

മി. കെ. സി. കരുണാകരൻ (ഗവർമ്മെന്റുനിയമനം): സർ, ഫൈനാൻഷ്യൽസെക്രട്ടറി [illegible] ബഡ്ജററ അവതരിപ്പിച്ച പ്രസംഗം ഞാൻ ശ്രദ്ധയോടെകേട്ടു. ബഡ്ജററ പാരായണം ചെയ്തിട്ടു

ഞാൻ അതിൽനിന്നു രണ്ടു കാര്യങ്ങളാകുന്നു അനുമാനിച്ചതു, ഒന്നാമത്തേതു എല്ലാകാര്യങ്ങളും പഴയപടി തന്നെ നടത്തിക്കൊണ്ടുപോകുവാൻ തീർച്ചയാക്കീട്ടുള്ളതായി കാണുന്നു എന്നാണ്. രണ്ടാമത്തേതു ബഡ്ജറ്റു തയ്യാറാക്കുന്നകാര്യത്തിൽ ഈ സഭയുടെ അഭിപ്രായങ്ങളെല്ലാം ഗവർമെന്റു അവഗണിക്കാൻ തീർച്ചയാക്കീട്ടുള്ളതുപോലെ തോന്നുന്നു എന്നുള്ളതാണ്. വല്ല പണവും ബാക്കിവരുന്നുണ്ടെങ്കിൽ അതു രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്കായി ഉപയോഗിക്കേണമെന്നുള്ളപ്പോൾ ആണ്ടുതോറും ബാക്കിവരുന്ന സംഖ്യ കെട്ടിവയ്ക്കുന്ന ഗവർമെന്റുനയത്തെ കഴിഞ്ഞയാണ്ടിൽ ഈ സഭ ഐകകണ്ഠ്യേന ആക്ഷേപിച്ചിട്ടുള്ളതാണ്.

ഈയാണ്ടത്തെ ബഡ്ജറ്റിനെപ്പറ്റി എനിക്കു പറവാനുള്ള വേറൊരാക്ഷേപം അതിൽകാണുന്ന പ്രവചനങ്ങളും എസ്റ്റിമേറ്റുകളും എല്ലാം തെറ്റാണെന്നുള്ളതാണ്. പ്രവചനം എളുപ്പവും എസ്റ്റിമേറ്റുണ്ടാക്കുക സുസാദ്ധ്യവും ആണെന്നു ഫൈനാൻഷ്യൽസെക്രട്ടറി വിചാരിക്കുന്നുണ്ടായിരിക്കാം. ആ അഭിപ്രായപ്രകാരമാകുന്നു വരുന്നയാണ്ടത്തെ ബഡ്ജറ്റു അദ്ദേഹം തയ്യാറാക്കീട്ടുള്ളതെങ്കിൽ അദ്ദേഹം കേവലം തെറ്റിപ്പോയിരിക്കുന്നു. പ്രവചനം എളുപ്പമല്ല, എസ്റ്റിമേറ്റുണ്ടാക്കുന്നതു അദ്ദേഹം വിചാരിക്കുമ്പോലെ സുസാദ്ധ്യവുമല്ല. എസ്റ്റിമേറ്റുകളും പ്രവചനങ്ങളും എല്ലായ്പോഴും കൃത്യമായിരിക്കയില്ലെന്നു എല്ലാവരും സമ്മതിക്കുന്നതാണ്. എന്നാൽ ഫൈനാൻഷ്യൽസെക്രട്ടറിയുടെ എസ്റ്റിമേറ്റിലും പ്രവചനങ്ങളിലും ഞാൻ കണ്ട തെറ്റുകൾ യാതൊരു അർത്ഥശാസ്ത്രജ്ഞനും അനുവദിക്കുന്നവയല്ല. ആ തെറ്റുകൾ കേവലം ഭയങ്കരങ്ങളാണ്. എന്റെ പ്രസ്താവനയെ സാധൂകരിക്കുന്നതിനു ൧൧൦൪-ാമാണ്ടത്തേക്കുള്ള വരവുചെലവും എസ്റ്റിമേറ്റുചെയ്തിട്ടുള്ളതുതന്നെ എടുക്കാം. ൧൧൦൪-ാമാണ്ടത്തേക്കു എസ്റ്റിമേറ്റുചെയ്തിട്ടുള്ള വരവും ഇപ്പോൾ പ്രതീക്ഷിക്കുന്ന വരവും തമ്മിൽ ൬ ലക്ഷംരൂപായുടെ വ്യത്യാസമുണ്ടു. ഇതുപോലെതന്നെ എസ്റ്റിമേറ്റുചെയ്തിട്ടുള്ള ബാക്കിയും ഇപ്പോൾ പ്രതീക്ഷിക്കുന്ന ബാക്കിയും തമ്മിൽ ൧൫ ലക്ഷംരൂപയുടെ വ്യത്യാസമുണ്ടു, ആണ്ടവസാനത്തിൽ കണക്കുകൾ എന്തായിരിക്കുമെന്നു എനിക്കു നിശ്ചയമില്ല. ൧൧൦൪-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ ആണ്ടവസാനത്തെ ബാക്കി ൫ ലക്ഷം രൂപ ആയിരിക്കുമെന്നാണ് കണക്കാക്കിക്കാണുന്നതു. യഥാർത്ഥബാക്കിയുടെ അഞ്ചിലൊരോഹരിമാത്രം ബഡ്ജറ്റിൽ കാണിക്കയാണു ഈ രാജ്യത്തെ ഫൈനാൻഷ്യൽ സെക്രട്ടറിയുടെ മാമൂൽ എന്നു നിശ്ചയമായി പറയാം. കഴിഞ്ഞയാണ്ടിൽ ൪ ലക്ഷം രൂപ ബാക്കിയുണ്ടാകുമെന്നാണു അദ്ദേഹം കണക്കാക്കിയതു. ഇപ്പോൾ ആണ്ടവസാനത്തിൽ ൨൦ ലക്ഷംരൂപ ബാക്കിയുണ്ടാകുമെന്നാണു പ്രതീക്ഷിക്കുന്നതു. ആ തോതനുസരിച്ചു ഈയാണ്ടത്തെ ബാക്കി ഏകദേശം ൨൫ ലക്ഷം രൂപ ആയിരിക്കും. ചെലവുകഴിച്ചു യഥാർത്ഥബാക്കി എന്തായിരിക്കുമെന്നുള്ളതു ഗവർമെന്റോ ഫൈനാൻഷ്യൽ സെക്രട്ടറിയോ ഈ സഭയിൽനിന്നു മറച്ചുവയ്ക്കുന്നതു എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. യഥാർത്ഥബാക്കി കാണിച്ചാൽ ഇവിടത്തെ പരിപോഷണഡിപ്പാർട്ടുമെന്റുകൾക്കു അധികം പണം അനുവദിക്കണമെന്നു ഈ സഭ നിലവിളിക്കുമെന്നു ഫൈനാൻഷ്യൽ സെക്രട്ടറിക്കു ഭയമുണ്ടെന്നു അനുമാനിപ്പാനേ ഈ സഭ വഴി കാണുന്നുള്ളു. ഈ നടപടിയിൽനിന്നു അനുമാനിക്കാവുന്ന ഒരു കാര്യം അതാകുന്നു.

വേറൊരു സംഗതിയെപ്പറ്റിയും സംസാരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബഡ്ജറ്റിൽ പുതിയതായി വല്ല വ്യവസ്ഥയും ആലോചിക്കുന്നതായിട്ടോ അതിനു പണം അനുവദിച്ചിട്ടുള്ളതായിട്ടോ അതിന്റെ ഒരുഭാഗത്തും കാണുന്നില്ല. ജനങ്ങളുടെ വർദ്ധമാനമായ ആവശ്യങ്ങൾക്കനുസരിച്ചു വല്ല ഇനത്തിലും ചെലവു അധികമാക്കീട്ടും കാണുന്നില്ല. കഴിഞ്ഞ പ്രാവശ്യം ഈ രാജ്യത്തു ഒരു സാമ്പത്തികസർവേ നടത്തേണ്ടുന്ന ആവശ്യകതയെപ്പറ്റി ഈ സഭ ഗവർമെന്റിനെ ബോദ്ധ്യപ്പെടുത്തി. "ഇൻ" എന്നും "മൻറ" എന്നും ഉള്ള പ്രത്യയങ്ങൾക്കു വലിയ അർത്ഥവ്യത്യാസം ഇല്ലെന്നു ഗവർമെന്റിനെ ബോദ്ധ്യപ്പെടുത്തുന്നതിനു പ്രമേയത്തിന്റെ അവതാരകനും അനുകൂലികൾക്കും ഏറ്റു പ്രയാസമുണ്ടായി എന്നു സഭയ്ക്കു ഓർമ്മയുണ്ടായിരിക്കുമല്ലോ. നിഷ്പക്ഷനിലയെ അവലംബിച്ച ഒരാളൊഴിച്ചു ഞങ്ങളെല്ലാവരും പ്രമേയത്തിനനുകൂലമായി വോട്ടുചെയ്തു. സർവ്വപ്രധാനമായ ഈ സാമ്പത്തികസർവേയ്ക്കു പണമനുവദിക്കുന്നതിനുള്ള കാരണങ്ങളെ സംബന്ധിച്ചു തന്റെ പ്രസംഗത്തിൽ ഒരക്ഷരംപോലും മിണ്ടാൻ ഫൈനാൻഷ്യൽ സെക്രട്ടറിക്കു ദയ ഉണ്ടായില്ല.

മിസ്റ്റർ തച്ചിൽ കുഞ്ഞിത്തൊമ്മൻ മുതലായ മെമ്പർമാർ അനേകവർഷങ്ങളായി ഈ സഭയിലും ശ്രീമൂലം പ്രജാസഭയിലും അപേക്ഷിച്ചുകൊണ്ടിരിക്കുന്നപ്രകാരം ഒരു ഭൂസ്വത്തുജാമ്യബാങ്ക് സ്ഥാപിക്കുന്നതിനെപ്പറ്റി ഈ സഭ ഒരു മെമ്പർപോലും പ്രതികൂലിക്കാതെ പാസ്സാക്കിയ നിശ്ചയത്തെ സംബന്ധിച്ചാണു ഇനി എനിക്കു പറവാനുള്ളതു. ഇതിനെപ്പറ്റിയും ഫൈനാൻഷ്യൽ സെക്രട്ടറിക്കു ഒരു വാക്കുപോലും പറവാൻ ഉണ്ടായിട്ടില്ല. ഈ സഭയുടെ ആലോചനയ്ക്കു ഒരു ബഡ്ജറ്റോ അതിനെ സംബന്ധിച്ചുള്ള പ്രസംഗമോ തയ്യാറാക്കേണ്ടതു ഇങ്ങനെയല്ല. ജനങ്ങളുടെ ഈ അപേക്ഷകൾ സാദ്ധ്യമാക്കുന്നതിനു പണം അനുവദിക്കാൻ കഴിയാത്തതു എന്തുകൊണ്ടാണെന്നു ഫൈനാൻഷ്യൽ സെക്രട്ടറി സമാധാനം പറയേണ്ടതായിരുന്നു.

ഇനി നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച ചില സംഗതികൾ പറവാനുണ്ട്. പരിപോഷകഡിപ്പാർട്ടുമെന്റുകളെയെല്ലാം ഒരു മേലധികാരിയുടെ കീഴിലാക്കണമെന്നു കഴിഞ്ഞയാണ്ടിൽ ഞാൻ അപേക്ഷിക്കയുണ്ടായി; ശേഷം മെമ്പർമാരെല്ലാവരും എന്നെ അനുകൂലിക്കയുംചെയ്തു.

കഴിഞ്ഞ ബഡ്ജറ്റുയോഗത്തിൽപോലും എല്ലാ പരിപോഷകഡിപ്പാർട്ടുമെന്റുകളെയും ഒരു മേലധികാരിയുടെ കീഴിലാക്കണമെന്നതിലേക്കു യൂറോപ്യൻരാജ്യങ്ങളുടെയും ഇൻഡ്യയുടെ പല ഭാഗങ്ങളുടെയും ഉദാഹരണങ്ങളായി എടുത്തുകാണിച്ചുകൊണ്ടു ഗവർമെന്റിന്റെ ശ്രദ്ധയെ ആകർഷിച്ചു. ഇതിനെ സംബന്ധിച്ചു ഗവർമെന്റു യാതൊന്നും ചെയ്തിട്ടില്ല. എന്റെ ന്യായമായ ഈ അപേക്ഷയെ ഗവർമെന്റു എപ്പോഴെങ്കിലും ആലോചനയ്ക്കെടുക്കുമൊ എന്നും എനിക്കറിവില്ല. എല്ലാ പരിപോഷകഡിപ്പാർട്ടുമെന്റുകളെയും യോജിപ്പിച്ചു ഒരു മേലധികാരിയുടെ കീഴിലാക്കുന്നതിനെ സംബന്ധിച്ചു കഴിഞ്ഞ ബഡ്ജറ്റുയോഗത്തിൽ പറഞ്ഞ എല്ലാവരെയും തൃപ്തിപ്പെടുത്തിയ വാദങ്ങൾ ഇവിടെ ആവർത്തിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഇനി ഈ രാജ്യത്തിന്റെ വ്യവസായനയത്തെപ്പറ്റി പറയാം. നമ്മുടെ ഗവർമെന്റിനു ഇക്കാര്യം സംബന്ധിച്ചു ഒരു നയവുമില്ലെന്നു എന്റെ സ്നേഹിതന്മാർ ആക്ഷേപിച്ചു. അതിനെപ്പറ്റി എന്തെങ്കിലും പറവാൻ ഞാൻ ഭാവിക്കുന്നില്ല. തിരുവിതാംകൂർ ഗവർമെന്റിനു വ്യവസായംസംബന്ധിച്ചും ഒരു നയമില്ലെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. രാജ്യമൊട്ടുക്കു ആവശ്യമുള്ള നെയ്ത്തു മുതലായ വ്യവസായങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ നമ്മുടെ വ്യവസായഡിപ്പാർട്ടുമെന്റു ജാഗരൂകരായിരിക്കുന്നു എന്നു എല്ലായിടത്തും പറഞ്ഞുകേൾക്കു

ന്നു. ഈ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നു ബ്രിട്ടീഷ് ഇൻഡ്യ സമ്മതിച്ചിട്ടുണ്ട്. ഇതു കേവലം വാദമുള്ള ഒരു വിഷയമാണ്. വ്യവസായങ്ങൾ ഓരോ സ്ഥലങ്ങൾ സംബന്ധിച്ചു പ്രോത്സാഹിപ്പിക്കുന്നതിനെയാണു ഈ രാജ്യത്തിൻെറ വ്യവസായാഭിവൃദ്ധി ആശ്രയിച്ചിരിക്കുന്നതു എന്നാകുന്നു എൻെറ ദൃഢമായ വിശ്വാസം. നമ്മുടെ രാജ്യത്തു ഓരോ സ്ഥലത്തേക്കു പ്രത്യേകമായ ഇരുപതിലധികം വ്യവസായങ്ങളുണ്ട്. പാരമ്പര്യമായി ഓരോ സ്ഥലത്തിനു പ്രാതൃകമായി തീർന്നിട്ടുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചു പരിപോഷിപ്പിക്കയാണ് ഗവൺമെൻറു സ്വീകരിക്കേണ്ടുന്ന വ്യവസായികനയം. ദക്ഷിണതിരുവിതാംകൂറിൽ ഉണ്ടിയൽ നെയ്ത്തുണ്ട്. അതിനെ ഗവൺമെൻറു പ്രോത്സാഹിപ്പിക്കണം. തിരുവനന്തപുരത്തു വിസ്മയനീയമായ ദന്തപ്പണി നടക്കുന്നുണ്ട്. അതിനെ ഗവൺമെൻറിനു എന്തുകൊണ്ടു പ്രോത്സാഹിപ്പിച്ചുകൂടാ. വർക്കലച്ചെന്നാൽ വിശേഷമായ ചൂരൽപണി കാണാം. അതിനെ എന്തുകൊണ്ടു ഗവൺമെൻറിനു പ്രോത്സാഹിപ്പിക്കാൻ പാടില്ല. ബ്രിട്ടീഷിൻഡ്യാക്കാരുടെ ബംഗ്ലാവുകളെ അലങ്കരിക്കുന്നതു ഈ ചൂരൽപണികളാണ്. ആറന്മുളയിലും വാഴപ്പള്ളിയിലും ചെന്നാൽ അവിടെ ഓട്ടുവ്യവസായം കാണാം. ഗവൺമെൻറിനു അതിനെ പരിപോഷിപ്പിക്കരുതോ? മദ്ധ്യതിരുവിതാംകൂറിൽ പായ് നെയ്ത്തു അഭിവൃദ്ധിപ്പെടുത്താൻ സൌകര്യങ്ങൾ ഉണ്ട്. ആലുവായിൽ അപ്രകാരംതന്നെ മുളവ്യവസായം ഉണ്ട്. ഈ വ്യവസായങ്ങൾ ഇവിടെ വർദ്ധിപ്പിക്കാൻ മാർഗ്ഗമില്ലെന്നു സഭയുടെ ഈ ഭാഗത്തുള്ള എൻെറ ചില സ്നേഹിതന്മാർ പറയുന്നു. ഗവൺമെൻറിനു ഇവയെ എന്തുകൊണ്ടു പരിപോഷിപ്പിച്ചുകൂടാ എന്നാകുന്നു ഞാൻ ചോദിക്കുന്നതു. വ്യവസായഡിപ്പാർട്ടുമെൻറിനു ക്ലിപ്തനയമൊന്നുമില്ല. ഒരു വ്യവസായികനയം ഗവൺമെൻറിനു രൂപീകരിക്കാൻ പാടില്ലയോ? നമ്മുടെ ധനാഗമമാർഗ്ഗങ്ങളെ ഒരു നിശ്ചിതനയമനുസരിച്ചു പരിപോഷിപ്പിക്കാത്തപക്ഷം ഗവൺമെൻറിനു വേണ്ടപോലെ മുതലെടുപ്പുണ്ടാകയില്ല. അങ്ങനെവരുമ്പോൾ ഒരു ഫൈനാൻഷ്യൽ സെക്രട്ടറിയെക്കൊണ്ടു ആവശ്യമില്ല. അങ്ങനെ കാര്യങ്ങളും കലാശിക്കും. മേലാൽ അനുസരിക്കേണ്ടുന്ന ഒരു ക്ലിപ്തവ്യവസായികനയം ഗവൺമെൻറു സ്വീകരിക്കണം. ഓരോ സ്ഥലങ്ങൾ സംബന്ധിച്ചു വ്യവസായങ്ങൾ പരിപോഷിപ്പിക്കയാകുന്നു ഇതിലേക്കു ആദ്യമായി ചെയ്യേണ്ടതു.

മി. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വ്യവസായിക നയം രൂപീകരിക്കുന്നതിനു കോശംസംബന്ധിച്ചുള്ള നയം ഭേദപ്പെടുത്തേണ്ടായോ?

മി. കെ. സി. കരുണാകരൻ (ഗവൺമെൻറു നിയമിതം): ഉവ്വ്. നാം ഈ വ്യവസായങ്ങളെ പോഷിപ്പിച്ചാൽ ഉണ്ടാകുന്ന സാധനങ്ങളെ ചെലവാക്കുന്നതെവിടെ എന്നു എൻെറ ചിലസ്നേഹിതന്മാർ ഇതിനെസംബന്ധിച്ചു ചോദിക്കയുണ്ടായി. വില്പനസ്ഥലങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നപക്ഷം ഏതുസാധനവും വിൽക്കാനുള്ള സ്ഥലങ്ങൾ കണ്ടുപിടിക്കാൻകഴിയുമെന്നു വ്യാപാരങ്ങളുടെ ചരിത്രം പഠിച്ചാൽഅറിയാം. വേറൊരു സ്ഥാപനത്തിൻെറ ആവശ്യവും ഇവിടെ പ്രത്യക്ഷപ്പെടുന്നു. കഴിഞ്ഞ ബഡ്ജററിനെപ്പററിയുള്ള പ്രസംഗത്തിൽ ഒരു വ്യാപാരവാർത്താവിതരണസ്ഥാപനത്തിൻെറ ആവശ്യത്തെപ്പററി ഞാൻ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട്. വിദേശവ്യാപാരികളുടെ മേൽവിലാസങ്ങൾ ശേഖരിക്കയല്ല ഈ സ്ഥാപനത്തിൻെറ പ്രധമോദ്ദേശം. ഓരോ സാധനവും ആവശ്യമുള്ള വിദേശസ്ഥലങ്ങളെ കണ്ടുപിടിക്കാൻ സഹായിക്കുന്ന അസംസ്കൃതപദാർത്ഥങ്ങളെ ശേഖരിച്ചുതരുന്നതിനു നമുക്കൊരു സ്ഥാപനം ആവശ്യമുണ്ട്. നമുക്കു കിട്ടാനിടയുള്ള വിളവിൻെറ അളവു നിർണ്ണയിക്കുന്നതിനു കണക്കുകൾ ശേഖരിക്കുന്നതിനു ഒരു സ്ഥിരമായ സ്ഥാപനംവേണം. കൃഷി, വ്യാപാരം, വ്യവസായം ഇവയെസംബന്ധിച്ചു ശേഖരിക്കുന്ന വിവരം പ്രസിദ്ധംചെയ്കയാകുന്നു ആ സ്ഥാപനത്തിൻെറ ഒരു ജോലി. നാണയവിധയിൽ ഉണ്ടാകുന്ന കുറവും കൂടുതലും തൊഴിലാളികൾ കൂലി മുതലായവയെപ്പററിയും വിവരങ്ങൾ ആ സ്ഥാപനം പ്രസിദ്ധംചെയ്യണം. ബാംബെഗവൺമെൻറു പ്രസിദ്ധംചെയ്യുന്ന ലേബർഗസററുപോലെയോ ഇംഗ്ലണ്ടിൽ ലേബർ മിനിസ്ടർ പ്രസിദ്ധംചെയ്യുന്ന ലേബർ ഗസററുപോലെയോഉള്ള ഒരു പ്രസിദ്ധീകരണവും വേണം. ഇവയില്ലാതെ വിദേശങ്ങളുമായി വ്യാപാരം സാധിക്കയില്ല, പ്രയോജനമുള്ള ഒരു ജോലിയും നടക്കയില്ല. നമ്മുടെ അസംസ്കൃത സാധനങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് പ്രയാസം. അതിനാകുന്നു ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കേണ്ടതു.

ഒരു വ്യാപാരവാർത്താവിതരണസ്ഥാപനം നിർമ്മിക്കുന്നകാര്യം ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നുഎന്നും ആ സ്ഥാപനം തൻെറ അധീനത്തിൽ വേണമെന്നു എക്സൈസ് കമ്മീഷണർ അപേക്ഷിച്ചിട്ടുണ്ടെന്നും പത്രങ്ങളിൽ ഞാൻ വായിച്ചു. അതു എത്രത്തോളം വാസ്തവമാണെന്നു എനിക്കു നിശ്ചയമില്ല. എക്സൈസ്കമ്മീഷണർ അപേക്ഷിച്ചതിൻെറ ഉദ്ദേശം മനസ്സിലാകുന്നില്ല. പിന്നീടൊരു പത്രത്തിൽ കണ്ടതു ആ പ്രധാന സ്ഥാപനം ആലപ്പുഴ കമേർഷ്യൽ സ്കൂൾ ഹെഡ്മാസ്റ്ററുടെ അധീനത്തിലായിരിക്കണമെന്നു വ്യവസായഡയറക്ടർ ശുപാർശചെയ്തിട്ടുണ്ടെന്നാണ്. ആ സ്കൂളിനെപ്പററിയുള്ള പ്രമേയം വാദത്തിനെടുക്കുമ്പോൾ ഞാൻ അതിനെസംബന്ധിച്ചു കൂടുതൽ പറഞ്ഞുകൊള്ളാം.

സർ, ധനപരിപോഷണബോർഡു ഒരു സ്ഥിരസ്ഥാപനമാക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഇതു സ്ഥിരമാക്കിയശേഷം വ്യാപാരവാർത്താവിതരണസ്ഥാപനത്തെ അതിൻെറ കീഴിലാക്കണം. വിളവു കണക്കെടുക്കുക, വ്യാപാരവിവരങ്ങൾ ശേഖരിക്ക, വ്യാപാരം, വ്യവസായം, കൃഷി, തൊഴിലാളികൾ, കൂലി എന്നിവയുടെ സ്ഥിതിയെപ്പററിയുള്ള വിവരങ്ങൾ മാസംപ്രതി പ്രസിദ്ധപ്പെടുത്തുക എന്നീ ജോലികൾ ആ സ്ഥാപനത്തെ ഭരമേല്പിക്കണം. അങ്ങനെചെയ്താൽ മുതലാളികളും തൊഴിലാളികളും തമ്മിൽ ഇക്കാലത്തുള്ള ഭിന്നതകൾ ഇല്ലാതാകും.

ഇനി തൊഴിൽശാലാവ്യവസായങ്ങളെപ്പററിപ്പറയാം. ഇതിനെസംബന്ധിച്ചു അഭിപ്രായവ്യത്യാസം ഉള്ളതുകൊണ്ടു ഒരു തർക്കവിഷയമാണ്. പത്താമത്തെയോ പതിനൊന്നാമത്തെയോ ശതാബ്ദത്തിലേക്കു തിരിച്ചുപോകാൻ തിരുവിതാംകൂർകാർക്കു ആഗ്രഹമില്ലെന്നു എനിക്കു നിശ്ചയമുണ്ട്. കാലാനുസാരം പ്രവർത്തിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. തൊഴിൽശാലാവ്യവസായങ്ങളെ പരിപോഷിപ്പിക്കണമെന്നാകുന്നു ഞാൻ പറയുന്നതു.

ഗവണ്മെന്റ കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചാൽ മതിയെന്നു സഭയുടെ ഈ ഭാഗത്തുള്ള ചില മെമ്പർമാർ പറയുന്നുണ്ട്. ഗവണ്മെന്റ കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുമ്പോൾ ശാലാവ്യവസായങ്ങളുടെ പരിപോഷണത്തിലും അവരുടെ ശ്രദ്ധ പതിയണമെന്നാകുന്നു ഞാൻ പറയുന്നത്. ശാലാവ്യവസായങ്ങളെ ഗവണ്മെന്റിനു പലവിധത്തിൽ സഹായിക്കാൻ കഴിയും. ൧൧൦൭-ാമാണ്ടത്തെ ബഡ്ജറ്റിൽ ൭൫ ലക്ഷം രൂപാ ഇൻഡ്യാഗവണ്മെന്റിന്റെ സ്റ്റോക്കുകളായിട്ടും മറ്റുമായി നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. ഇതിനു ശരാശരി നൂറ്റിനു മൂന്നേകാൽ പലിശയേ ഉള്ളൂ. ആ സംസ്ഥാനസ്ഥാപനങ്ങൾകൊണ്ടു നല്ലസാമാനങ്ങൾ ഉണ്ടാക്കി വിദേശങ്ങളിലേക്കു കയറ്റുമതിചെയ്യുന്നശാലകൾ ഇവിടെ ഉണ്ട്. ഈ ശാലകൾ ൧൨ മുതൽ ൧൮ വരെ പലിശ കൊടുത്തു വരുന്നു. അവർ മത്സരിക്കേണ്ടതു ൨ മുതൽ ൪ വരെ പലിശയ്ക്കു പണം കടം കിട്ടുന്ന കമ്പനികൾ വളരെക്കാലമായി കെട്ടിത്തിരുത്തു സ്ഥാപിച്ചിട്ടുള്ളവയോടാകുന്നു. ഈ വിദേശിയരോടു എങ്ങനെയാണു മത്സരം നടത്തിക്കൊണ്ടുപോക? ഗവണ്മെന്റുതന്നെ പ്രവേശിച്ച ശാലാവ്യവസായങ്ങളെ എങ്ങനെയെല്ലാം പ്രോത്സാഹിപ്പിക്കാമെന്നു നോക്കാതെ ഈ ശാലാവ്യവസായങ്ങൾക്കു രക്ഷ ഉണ്ടാകയില്ല. ജോലി നടത്തിപ്പിനു കടം വാങ്ങാൻ ഒരുക്കമുള്ളതെങ്കിൽ ശാലഉടമസ്ഥന്മാർ നമ്മുടെ രാജ്യത്തുതന്നെ ഏതിക്കാറിയാം [?]. ൨൫,൦൦൦ രൂപാ കടത്തിനു ൫൦,൦൦൦ രൂപയ്ക്കു ജാമ്യം വാങ്ങിക്കൊണ്ടു ഗവണ്മെന്റു അവർക്കു കടംകൊടുത്താൽ എന്താണ്? ഈ പ്രായോഗികമായ ചില അഭിപ്രായങ്ങളെ ഗവണ്മെന്റിന്റെ ആലോചനയ്ക്കു ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഉദ്യോഗസ്ഥമെമ്പർമാരുടെ മറുപടിക്കു സമയം നിശ്ചയിച്ചിട്ടുള്ളതു എപ്പോഴാണെന്നു പറയുമോ?

പ്രസിഡെന്റ: ബഡ്ജറ്റിനെപ്പറ്റിയുള്ള അനുദ്യോഗസ്ഥമെമ്പർമാരുടെ സാമാന്യനിരൂപണത്തിനു ൪-൩൦ വരെ സമയം അനുവദിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): സർ, എല്ലാ പരിഷ്കൃതഗവണ്മെന്റുകളുടേയും പരമോദ്ദേശം പ്രജകളുടെ ക്ഷേമം ആകുന്നു. തിരുവിതാംകൂർ ഒരു കർഷകരാജ്യമാകുന്നു. അതുകൊണ്ടു ഗവണ്മെന്റിന്റെ ഉദ്ദേശം കഴിയുന്നവിധത്തിലെല്ലാം കൃഷിക്കാരെ സഹായിക്കുക ആയിരിക്കണം. രാജ്യത്തിന്റെ മൂന്നിലൊരുഭാഗം നെൽകൃഷിചെയ്യുന്നസ്ഥലങ്ങളാകുന്നു. അതുകൊണ്ടു നാഞ്ചിനാട്ടെ ഈ കൃഷിക്കാരെ കഴിയുംവണ്ണം സഹായിക്കുക ആയിരിക്കണം ഗവണ്മെന്റിന്റെ ഉദ്ദേശം.

൧൦൩൧-ാമാണ്ടിനുമുമ്പുതന്നെ ധാന്യങ്ങളളവിനു പറയും ഇടങ്ങഴിയും ഉപയോഗിക്കണമെന്നു തിരുവിതാംകൂർ ഗവണ്മെന്റ ഉത്തരവായി. എങ്കിലും അക്കാലത്തു നാഞ്ചിനാട്ടിൽ ഉപയോഗിച്ചുവന്നതു കോട്ടയും മരക്കാലും പടിയും ആയിരുന്നു. അക്കാലത്തു ഉപയോഗിച്ചുവരുന്ന മരംകൊണ്ടുള്ളപറയുടെ ഉള്ളളവു ൩൦൮ ഘനഇഞ്ച് ആയിരുന്നു. ആ പറക്കണക്കിനു തിരുവനന്തപുരം സർക്കാർ നെല്പുരയിൽ സ്വീകരിച്ചുവന്ന ഒരു കോട്ടധാന്യം ൯ പറയും ൩ ൭/൮ ഇടങ്ങഴിയും ആയിരുന്നു. ഇതു ഗവണ്മെന്റുവക കയ്മാറ്റക്കണക്കിൽനിന്നു കാണാവുന്നതാകുന്നു.

൧൦൩൧-ാമാണ്ടത്തെ ക്രമീകരണത്തിലും ധാന്യങ്ങളളവിനു ഗവണ്മെന്റ നിശ്ചയിച്ചതു പറയും ഇടങ്ങഴിയും ആയിരുന്നു. ഈ പറയുടെ ഉള്ളളവു ൮൦൦ ഘനഇഞ്ച് ആകുന്നു. എന്നാൽ നാഞ്ചിനാട്ടെ കൃഷിക്കാർ പണ്ടത്തെപ്പോലെതന്നെ കരത്തിനു കോട്ടയും മരക്കാലും കണക്കനുസരിച്ചു നെല്ലു അളന്നുകൊടുത്തുവന്നു. കഴിഞ്ഞകണ്ടെഴുത്തിൽ കരത്തിൽപാതി നെല്ലു പറയ്ക്കു ആറുചക്രം നിരക്കിനു പണമാക്കിക്കൊടുത്താൽ മതിയെന്നുവച്ചു. അതിനു കോട്ടയ്ക്കു ഏഴുപറ എന്നതിനുപകരം ൯ പറ ൩ ൭/൮ ഇടങ്ങഴി എന്നു നിശ്ചയിച്ചു. നാഞ്ചിനാട്ടെ ജനങ്ങൾ ഇതിനെപ്പറ്റി പരാതിപ്പെട്ടു. എന്നാൽ എങ്ങനെയോ അവരുടെ വായടച്ചുകളഞ്ഞു. ഈ കണക്കിനു നാഞ്ചിനാട്ടു കൃഷിക്കാർക്കു ഏക്കറൊന്നിനു ൨ അര രൂപാവീതം നഷ്ടമുണ്ടു. പഴയതുമക്കെട്ടിൻപ്രകാരം നാഞ്ചിനാട്ടു ൩൦൦൦൦ ഏക്കർ നിലങ്ങളുണ്ടു. ഇങ്ങനെ നാഞ്ചിനാട്ടെ കൃഷിക്കാർക്കു പ്രതിവർഷം ൭൫൦൦൦ രൂപാ നഷ്ടമുണ്ടാകുന്നു.

൧൦൮൧-ാമാണ്ടു നെൽകരത്തിന്റെ രണ്ടാമത്തെ പാതിയും പറ ഒന്നുക്കു ൧൧ ചക്രം വീതംവച്ചു പണമാക്കിക്കൊടുക്കണമെന്നു തീരുമാനിച്ചു. അപ്പോഴും കുടിയാന്മാർ പരാതിപറഞ്ഞു. എന്നാൽ ഗവണ്മെന്റിനു ഒരന്വേഷണം നടത്താൻമാത്രമേ ചെയ്യേണ്ടായുള്ളു. ഗവണ്മെന്റ ഗവണ്മെന്റുകണക്കുകളും ൧൦൩൧-ലെ കണ്ടെഴുത്തുപരസ്യവും നോക്കി കാര്യംതീരുമാനിക്കേണ്ടതിനുപകരം നാഞ്ചിനാട്ടെ പകുതികച്ചേരികളിൽനിന്നു പലതരത്തിലുള്ള മരക്കാലുകൾ ശേഖരിച്ചു അതിൽ ഏറ്റവും ചെറിയതിനെപ്രമാണമാക്കി എടുത്തു ഒരുകോട്ട ൯ എന്നുള്ളതിനുപകരം ൮ പറ ൩ അര ഇടങ്ങഴിക്കു സമമാണെന്നു തീർച്ചയാക്കി. പലതരത്തിലുള്ള അളവുകൾ ഉള്ളപ്പോൾ ഒരു പ്രമാണഅളവുണ്ടാക്കേണ്ടതു ഇങ്ങനെയല്ലെന്നു പറഞ്ഞുകൊള്ളുന്നു. ഈ നടപടിയിൽ തൃപ്തിപ്പെടാതെ ഒരു കുടിയാൻ ഗവണ്മെന്റിന്റെമേൽ ഒരു വ്യവഹാരം കൊണ്ടുവന്നു. എന്നാൽ അയാളുടെ വക്കീൽ ശരിയായി വാദിക്കായ്കയാൽ കേസുജയിച്ചില്ല. ൧൦൮൭-ാമാണ്ടു അളവുകളും തൂക്കങ്ങളും റെഗുലേഷൻ പാസ്സാക്കുകയും ൧൦൮൯-ാമാണ്ടു അതു നടപ്പിൽവരുത്തുകയുംചെയ്തു. അപ്പോഴും കുടിയാന്മാർ പരാതിപറഞ്ഞു. അതിന്റെ ഫലമായി ഒരുമരക്കാൽ ൬ പറയ്ക്കുപകരം ൮ പറ ൩ അര ഇടങ്ങഴിയാണെന്നു തീരുമാനിച്ചു. ഇതുകൊണ്ടു തൃപ്തിപ്പെടാതെ ശ്രീമൂലംപ്രജാസഭായോഗങ്ങളിൽ നിവേദനങ്ങൾചെയ്തു വരുന്നുണ്ടു. എന്നാൽ ഗുണമൊന്നുമുണ്ടായിട്ടില്ല. അക്കാലത്തെ ഭരണാധികാരികൾക്കു ഇതു തെറ്റാണെന്നു ബോദ്ധ്യമായി എങ്കിലും ആ തെറ്റുതിരുത്താൻ അവർക്കു കഴിഞ്ഞില്ല. നാഞ്ചിനാട്ടെ കൃഷിക്കാരുടെ അനേകപ്രാവശ്യത്തെയാചനകൾ ഉണ്ടായിട്ടും ഇപ്പോഴും ഗവണ്മെന്റിനും ആ തെറ്റുതിരുത്താൻ കഴിയുന്നില്ല. അഗ്നിപർവ്വതത്തിന്റെ മുഴക്കംപോലെയുള്ള ഒരു മുഴക്കം അജനിമിത്തം [?] നാഞ്ചിനാട്ടിന്റെ പലഭാഗങ്ങളിലായി കേട്ടുതുടങ്ങീട്ടുണ്ടു; എപ്പോഴാണ് പൊട്ടിത്തെറിക്കയെന്നു നിശ്ചയമില്ല. ഗവണ്മെന്റ തങ്ങളുടെ തെറ്റുതിരുത്തി ഒന്നരലക്ഷം രൂപാ വേണ്ടെന്നു വെക്കാത്തപക്ഷം എന്തുസംഭവിക്കുമെന്നു എനിക്കു പറവാൻ സാധിക്കയില്ല. ഞാനൊരു ശാസ്ത്രജ്ഞനല്ല. ഇതുപിടിച്ചുപറിയാണോ കൂട്ടായ്മകവർച്ചയാണോ എന്നു ഇവിടെയുള്ള എന്റെ വക്കീൽ സ്നേഹിതന്മാരോടു ഞാൻ ചോദിച്ചുകൊള്ളുന്നു. അതുകൊണ്ടു ജനങ്ങൾക്കും

ഗവണ്മെന്റിനും ഉപദ്രവങ്ങൾ ഉണ്ടാകാതിരിക്കേണ്ടുന്നതിനും അടുത്ത ഭാവിയിൽതന്നെ ഗവണ്മെന്റിന്റെ നിഷ്ക്കർഷപ്പെട്ടതാണെന്നു ഞാൻ മുൻകൂട്ടി പറഞ്ഞുകൊള്ളുന്നു.

ഇനി എക്സൈസ്സ് നയത്തിന്റെ കാര്യത്തിൽ ഉപ്പുവ്യവസായത്തെസംബന്ധിച്ചു എനിക്കല്പം പറയാനുണ്ട്. ആണ്ടുതോറും നാം ആറുലക്ഷംമണ്ണുപ്പു തിരുവിതാംകൂറിൽ ഇറക്കുമതിചെയ്യുന്നുണ്ട്. പഴയകരാറനുസരിച്ചുള്ള ഉടമ്പടിപ്രകാരം പുത്തളം അളത്തിൽനിന്നു ഒരുലക്ഷവും പഴയഅളത്തിൽനിന്നു രണ്ടുലക്ഷവും കൊളച്ചൽ അളത്തിൽനിന്നു നാലുലക്ഷവും രാജാക്കമംഗലത്തുനിന്നു നാലുലക്ഷവും മണ്ണുപ്പുകിട്ടിവന്നു. ഇപ്പോൾ ഈ അളങ്ങളെല്ലാററിലും നിന്നു ആറേമുക്കാൽലക്ഷംമണ്ണുമാത്രമേകിട്ടുന്നുള്ളു. അങ്ങനെ ഈ അളങ്ങളിൽനിന്നു നാലുലക്ഷംമണ്ണുപ്പുനഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ അളങ്ങളിൽ ഉപ്പുവെള്ളം കിട്ടാത്തതാണു ഇതിനുകാരണം. ലൈസൻസുകാർക്കും ഡിപ്പാർട്ടുമെന്റിനും നേരിട്ടിട്ടുള്ള ഒരുവലിയപ്രയാസം ആവശ്യമുള്ളഉപ്പുവെള്ളം കിട്ടാത്തതാണെന്നു ഗവണ്മെന്റുതന്നെ പറയുന്നുണ്ട്. ഇതാകുന്നു അളങ്ങളിൽ ഉപ്പിന്റെവിളവിൽ കുറവുണ്ടാകുന്നതിനു കാരണം. ചിലഅളങ്ങളിൽ ഉപ്പുവെള്ളത്തിനു കിണർവെള്ളത്തെ ആശ്രയിക്കേണ്ടിവരുന്നു. ഉപ്പുവെള്ളത്തിന്റെ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധേയവിഷയമായിട്ടുണ്ട്. ഉപ്പുവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി ചീഫ്എൻജിനീയരുടേയും എക്സൈസ്കമ്മീഷണരുടേയും അഭിപ്രായത്തെ പ്രതീക്ഷിക്കുന്നു. ആരംഭത്തിൽ അളങ്ങളിലും ഡിപ്പോകളിലും പാണ്ടികശാലകളിലും ഉണ്ടായിരുന്നതനോട്ടുപ്പിന്റെ തുക ൩൧ ൨൧ ഒന്നു മണ്ണായിരുന്നു. ഇതുഗവണ്മെന്റിന്റെ റിപ്പോർട്ടുകളിൽനിന്നുകാണാം. കഴിഞ്ഞ ൨൫ വർഷമായി കാര്യത്തിന്റെ സ്ഥിതി ഇതുതന്നെയാണു. ഈ നാലുലക്ഷത്തിൽനിന്നു ഗവണ്മെന്റിനു കിട്ടുന്നലാഭംഎന്താണു? ഉപ്പിന്റെവില്പനവില മണ്ണിനു പതിമൂന്നണയാണു. ഗവണ്മെന്റിനു കിട്ടുന്ന ചുങ്കം കുറച്ചാൽ മണ്ണിനു ൨൦ അണവിലമിച്ചമുണ്ടാകും. ലൈസൻസികളുടെ ലാഭം കൊടുത്താൽ ഏഴര അണബാക്കിയുണ്ട്. ഇതിൽനിന്നു മൂന്നണ കടത്തുകൂലിക്കുചെലവായി പോകും. ബാക്കി നാലണയാകുന്നു ഗവണ്മെന്റിന്റെലാഭം. കഴിഞ്ഞ ൨൫ വർഷമായി നമുക്കു ൪ ലക്ഷം മണ്ണു നഷ്ടമാകുന്നുണ്ട്. ഇങ്ങനെ ൨൫ വർഷം ഗവണ്മെന്റിന്റെ ഖജനാവിനു നഷ്ടം ഓരോലക്ഷം രൂപയാണു. ഇതുതന്നെയാണു ലൈസൻസികൾക്കും വേലക്കാർക്കും സംഭവിക്കുന്നതു. തൊഴിലില്ലാത്ത ഇക്കാലത്തു ഗവണ്മെന്റിന്റെ കെട്ടിയിരുപ്പു മുതലിൽനിന്നു് ഒരോഹരി ഈ അളങ്ങളിൽ ഉപ്പുവെള്ളം കൊണ്ടുവരുന്നതിനു ഉപയോഗിച്ചെങ്കിൽ നമുക്കുവളരെ ലാഭം ഉണ്ടാകുന്നതാണു. എന്നാൽ എനിക്കിപ്പോൾ ഒരാശ്വാസം ഉണ്ടു. അളങ്ങളിൽ ഉപ്പുവെള്ളം ശേഖരിക്കുന്നകാര്യത്തിൽ ഇപ്പോഴത്തെ എക്സൈസ്കമ്മീഷണർ ഉത്സാഹം കാണിക്കുന്നുണ്ട്. അതൊരാശ്വാസംതന്നെ. ദക്ഷിണതിരുവിതാംകൂറിലെ ഉപ്പുവെള്ളത്തിന്റെ കാര്യം കുറെ വർഷംകൊണ്ടു ഒരുപഴയകഥയായിത്തീരുമെന്നു വിശ്വസിക്കുന്നു. ഈ വിഷയം ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. ൨൦൧൨-ൽ ഒരുഎക്സിക്യൂട്ടീവ് എൻജിനീയരായിരുന്ന മിസ്റ്റർ ബാഡ്ജ് ശുദ്ധവെള്ളം ചെല്ലാത്തഒരുതടാകം ഉണ്ടാക്കുന്നതിനു ഒരുപദ്ധതി ഗവണ്മെന്റിലേക്കയച്ചിരുന്നു. അതുകൊണ്ടു ഈ വിഷയം ൩൦ വർഷത്തിലധികം ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിച്ചിരുന്ന ഒന്നാണു. അതുകൊണ്ടു കാലതാമസംകൂടാതെ ഇക്കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കണമെന്നുള്ള സംഗതി ഞാൻ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു.

പരസ്പരസഹായസംഘം ഡിപ്പാർട്ടുമെന്റിനെപ്പററി എനിക്കല്പമേ പറയാനുള്ളു. അതിന്റെ അഭിവൃദ്ധി പ്രശംസനീയമാകുന്നു. ഇപ്പോൾഅതിന്റെ ലിസ്റ്റിൽ ൨൧൦൦-ൽ പരം സംഘങ്ങളുണ്ട്, ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു ചെലവാകുന്ന സംഖ്യ മററു സ്ഥലങ്ങളിലെ ചെലവിനോടു ഒത്തുനോക്കുമ്പോൾ വളരെകുറവാണു. ൨൯൨൧-൨൨-ലെ മദ്രാസ് റിപ്പോർട്ടുകൊണ്ടു് ഇതുസ്പഷ്ടമാകും,

മദ്രാസിലെ ചെലവിനെപ്പററി പറയാം. അവിടെ ൨൧൪൩ പ്രാഥമിക സംഘങ്ങൾ ഉണ്ടായിരുന്നപ്പോൾ ആ ഡിപ്പാർട്ടുമെന്റിൽ പ്രൊവിൻഷ്യൽ സർവീസിൽ ഉള്ള ഒരു രജിസ്ട്രാരും ഡിപ്യൂട്ടികലക്ടർ ഉദ്യോഗത്തിൽനിയമിച്ച ആറു അസിസ്റ്റന്റു രജിസ്ട്രാർമാരും പതിനാറു ഇൻസ്പെക്ടർമാരും ഉണ്ടായിരുന്നു. മേലന്വേഷണത്തിനും കണക്കു പരിശോധനയ്ക്കും ഇവരായിരുന്നു ഉത്തരവാദികൾ. സംഘങ്ങൾ വർദ്ധിച്ചപ്പോൾ ൨൯൨൩-൨൯ വരെ അസിസ്റ്റന്റു രജിസ്ട്രാർമാരുടെ എണ്ണവും ആണ്ടുതോറും വർദ്ധിപ്പിച്ചുവന്നു. അപ്പോൾ ൩൪൪൧ സംഘങ്ങളും ൨൨ അസിസ്റ്റന്റു രജിസ്ട്രാർമാരും ൭൫ ഇൻസ്പെക്ടർമാരും ഉണ്ടായിരുന്നു,

ഇതാകുന്നു മദ്രാസിലെ സ്ഥിതി. എന്നാൽ നമുക്കു അത്രയും സംഘങ്ങളുണ്ടെങ്കിലും ഒരു രജിസ്ട്രാരും ഇരുപതു ഇൻസ്പെക്ടർമാരും ആണുള്ളതു. ഇതിൽനിന്നു ഈ സംഘങ്ങളുടെ ജോലിനടത്തിപ്പു എങ്ങനെയായിരിക്കുമെന്നും ഇൻസ്പെക്ടർമാരുടെ ജോലിയുടെ സ്വഭാവം എന്തായിരിക്കുമെന്നും നമുക്കു ഏറെക്കുറെ ഊഹിക്കാമല്ലോ. നാഞ്ചിനാട്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പരസ്പരസഹായസംഘങ്ങൾ അധഃപതിച്ചു വരുന്നു എന്നു ഞാൻ സംശയം കൂടാതെ പറഞ്ഞുകൊള്ളുന്നു. അവിടെയുള്ളതു നാല്പതോ അമ്പതോ സംഘങ്ങളിൽ അഞ്ചെണ്ണമേ ശരിയായി നടക്കുന്നുള്ളു. മേലന്വേഷണത്തിനും സംഘങ്ങൾക്കു സമയോചിതമായ ഉപദേശം കൊടുക്കുന്നതിനും ആളില്ലാത്തതാണു ഇതിനു കാരണം. ഈ നിലയിൽതന്നെ കുറെനാൾ കഴിഞ്ഞാൽ ഈസംഘങ്ങളെയെല്ലാം ലിസ്റ്റിൽനിന്നു തള്ളിക്കളയേണ്ടിവരുമെന്നു എനിക്കു തോന്നുന്നു.

താഴെ ചേർത്തിരിക്കുന്ന പട്ടികയിൽ ഇൻഡ്യയിലെ ഓരോ സംസ്ഥാനങ്ങളിലെ ഇതുസംബന്ധിച്ചു ചെലവുകാണാം.

	പരസ്പരസഹായസംഘം അംഗങ്ങളുടെ ആകെഎണ്ണം	ഗവണ്മെന്റിന്റെ ആകെ ചെലവു	ഗവണ്മെന്റിനു ഓരോ അംഗത്തെ സംബന്ധിച്ചുള്ള ചെലവു		
		ലക്ഷം രൂപാ	രു.	അ.	പൈ.
മദ്രാസ്	൭൩൦,൫൬൬	൧.൩൫	൦	൨൪	൬
ബെംഗാൾ	൫൪൩,൦൦൦	൫.൪൫	൨	൦	൦
ബോംബെ	൪൭൬,൧൩൦	൫.൦൦	൨	൦	൧
പഞ്ചാബ്	൫൦൫,൨൬൬	൭.൧൧	൨	൨൨	൯
സെൻട്രൽ സംസ്ഥാനം	൨൪൦,൩൪൪	൨.൯൧	൨	൩	൫
ഐക്യസംസ്ഥാനം	൨൩൪,൦൦൦	൨.൩൩	൦	൨൩	൩

മൈസൂരിൽ ഒരാൾക്കുള്ള ചെലവു ൧ രൂപ ൨ അണയും കൊച്ചിയിൽ ൧൨ അണയും ആയിരിക്കുമ്പോൾ തിരുവിതാംകൂറിൽ ൮ അണ ൭ പൈ മാത്രമാണ്. ഇതു തിരുവിതാംകൂറിൽ ഏററവും പ്രയോജനമുള്ള ഡിപ്പാർട്ടുമെൻറാണെന്നു ഞാൻ പറഞ്ഞിട്ടാവശ്യമില്ല. ഈ സ്ഥാപനംകൊണ്ടു കൃഷിക്കാർക്കു ഇക്കാലത്തു വളരെ സഹായം ലഭിക്കുന്നു. എന്നിട്ടും നാം ആവശ്യാനുസരണം അതിനെ വീതിച്ചു ചെലവാക്കുന്നില്ല. അതുകൊണ്ടു കൃഷിക്കാരുടെ ഗുണത്തിനുവേണ്ടി ഈ ഡിപ്പാർട്ടുമെൻറിനു ഒരു വലിയസംഖ്യ അനുവദിക്കേണ്ടതാകുന്നു. പരസ്പരസഹായസംഘം രജിസ്ട്രാർ അധികം ഉദ്യോഗസ്ഥന്മാരും അധികം പണവും വേണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആ അപേക്ഷ മൂന്നാലുവർഷമായി ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു എന്നും തോന്നുന്നു. ഇത്ര ഉപയോഗമുള്ള ഒരു ജോലിയിൽ ഇപ്പോഴത്തെ ഗവൺമെൻറു അധികം ശ്രദ്ധ പതിക്കുമെന്നും അങ്ങനെ സംഭവിക്കാനിടയുള്ള ഒരു സങ്കടത്തിനു ഒരു നിവാരണം ഉണ്ടാകുമെന്നും വിശ്വസിക്കുന്നു.

പ്രസിഡൻറ്: ഈ രണ്ടു ദിവസമായി നടക്കുന്ന വിമർശനത്തെ സംബന്ധിച്ചു മറുപടിയായി വല്ലതും പറവാൻ ഉദ്യോഗസ്ഥമെംബർമാർക്കു ഈ സഭ ഒരവസരം കൊടുക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. എന്തു, ഭാഗം മെംബർമാർക്കും സംസാരിക്കാൻ അവസരം കൊടുക്കേണ്ടതാണെന്നു സഭ സമ്മതിക്കുമെന്നും വിചാരിക്കുന്നു. സഭയും അങ്ങനെ വിചാരിക്കുന്നുണ്ടെങ്കിൽ സഭയുടെ ഈ ഭാഗം മെംബർമാരുടെ വിമർശനം ഇപ്പോൾ അവസാനിപ്പിക്കണം. സംസാരിക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥമെംബർമാരെ സംസാരിക്കാൻ അനുവദിക്കയും വേണം.

ഈ ഭാഗത്തു ഇനി സംസാരിക്കാൻ അധികം പേരുണ്ടോ?

മി. രേവതിനാൾ രാമവർമ്മരാജാ (ഏടവക): ഗവൺമെൻറുഭാഗം പറയാനുള്ളതു കേൾക്കാൻ ഞങ്ങൾക്കു ആഗ്രഹമുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇനി മുപ്പതു മിനിട്ടേയുള്ളു. ഉദ്യോഗസ്ഥമെംബർമാർ മറുപടി പറയുകയും വേണം.

പ്രസിഡൻറ്: അതാണ് ഞാനും പറയുന്നതു. ഈ ഭാഗത്തുള്ള മെംബർമാർക്കു സംസാരിക്കാൻ ആഗ്രഹമുണ്ടെങ്കിൽ അവരെ അനുവദിക്കാൻ ഞാൻ തയ്യാറാണ്. മി. കൃഷ്ണപിള്ളയ്ക്കു സംസാരിക്കണമെന്നുണ്ടോ? മി. കൊച്ചുതൊമ്മനും.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പത്തുമിനിട്ടു മതി.

പ്രസിഡൻറ്: പത്തുമിനിട്ടു അധികമായിപ്പോയി എന്നു ഞാൻ വിചാരിക്കുന്നു. നിങ്ങളും മി. കൃഷ്ണപിള്ളയും അഞ്ചു മിനിട്ടുകൊണ്ടു തീർക്കുമെങ്കിൽ അനുവദിക്കാം.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): സർ, ഇക്കൊല്ലത്തെ ബഡ്ജററ് രൂപീകരണത്തിൽ നമ്മുടെ ഫൈനാൻഷ്യൽസെക്രട്ടറി പ്രദർശിപ്പിച്ചിട്ടുള്ള നയത്തെ അഭിനന്ദിക്കുന്നതിനോ ആക്ഷേപിക്കുന്നതിനോ അല്ല ഞാൻ ആരംഭിക്കുന്നതു. അനുദ്യോഗസ്ഥപക്ഷത്തുനിന്നും എൻെറ സ്നേഹിതന്മാർ ബഡ്ജററിനെ ശരിയായിട്ടു വിമർശിച്ചുകഴിഞ്ഞിരിക്കുന്നു. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഒരു ജനസഞ്ചയത്തിൻെറ രണ്ടു വിഭാഗങ്ങളാണ് എന്നുള്ള ബോധത്തോടുകൂടിയായിരിക്കണമെന്നും രാജ്യത്തിൻെറ വരുമാനം രാജ്യത്തിൻെറ അഭിമാനത്തെ രക്ഷിക്കത്തക്കവിധത്തിൽ മാത്രംകരുതിയിരിക്കണമെന്നും ചിലവുചെയ്യുന്നതു ആവശ്യത്തിനല്ലാതെ ആഡംബരത്തിനു പാടില്ലെന്നും ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. വരുമാനം ഒന്നാമതു ഭൂനികുതിയും രണ്ടാമത്തേതു എക്സൈസുമാണ്. എൻെറ ചില സ്നേഹിതന്മാർ വരവു വർദ്ധിപ്പിക്കുന്നതിനുവേണ്ടി നികുതിഭാരം കൂടെക്കൂടി ജനങ്ങളിൽ ചുമത്തുന്നതുകൊണ്ടു വിരോധമില്ലെന്നു ഇവിടെ പ്രസ്താവിക്കയുണ്ടായി. ആ അഭിപ്രായത്തോടു ഒരിക്കലും അനുകൂലിക്കാൻ നിവൃത്തിയില്ല. എക്സൈസ് ഡിപ്പാർട്ടുമെൻറുമുഖേന വരുന്ന ആദായം വളരെ ഭീമമാണെങ്കിലും അതു നീചമായമാർഗ്ഗത്തിൽക്കൂടിയാണ് വരുന്നതെന്നുകൂടി ഓർക്കണം. ചിലവിനങ്ങളിൽ വാദപ്രതിവാദം നടത്താൻ പാടില്ലാത്ത പല അനാവശ്യ ഇനങ്ങളും ഉണ്ടെങ്കിലും അതിനെപ്പററി ഗാഢമായിട്ടു ആലോചിച്ചു ഗവൺമെൻറു പ്രവർത്തിക്കുന്നപക്ഷം നാട്ടിൻപുറങ്ങളിൽ അധിവസിക്കുന്ന സാധുക്കളായ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി പല പ്രവൃത്തികളും ചെയ്യാൻ സാധിക്കും. ഫൈനാൻഷ്യൽസെക്രട്ടറിയുടെ സാമർത്ഥ്യംകൊണ്ടോ അല്ലെങ്കിൽ മററുവല്ല കാരണത്താലോ അടുത്ത കൊല്ലത്തെ ബഡ്ജററിൽ സ്വല്പം നീക്കിയിരിപ്പു കാണുന്നുണ്ട്. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇവിടെ ഉപനിഷദ്‌വാക്യം ഉദ്ധരിച്ചു പ്രസ്താവിച്ചതുപോലെ ഗവൺമെൻറു പ്രവർത്തിക്കുന്നപക്ഷം സാമാന്യജനങ്ങൾക്കു ഇതിൽപരം കൂടുതലായ ഒരുപകാരം ഗവൺമെൻറു ചെയ്യാനില്ല. മററുള്ള വിഷയങ്ങളെപ്പററി കട്ടുമോക്കൻ വരുമ്പോൾ പറയാമെന്നുള്ള സമാധാനത്തോടുകൂടി തൽക്കാലം വിരമിക്കുന്നു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, കീഴ്‌നടപ്പനുസരിച്ചു കൌൺസിലിൻെറ ആലോചനയ്ക്കായി സമർപ്പിച്ചിട്ടുള്ള ബഡ്ജററിനെപ്പററി ഫൈനാൻഷ്യൽ സെക്രട്ടറിയെ അഭിനന്ദിക്കത്തക്കവണ്ണം ഞാൻ ഒന്നുംകാണുന്നില്ല.

൧൧൧൭-ലെ ബഡ്ജററിൽ നീക്കിയിരിപ്പുകാണുമെന്നു ഗവൺമെൻറുദ്ദേശിച്ചിരുന്നതിൽനിന്നും ൧൩ ലക്ഷംരൂപാ കൂടുതൽ നീക്കിയിരിപ്പുള്ളതായിട്ടാണ് കാണുന്നതു. അതുപോലെ ഗവൺമെൻറുദ്ദേശിക്കുന്നതിലധികം നീക്കിയിരിപ്പു കാണുന്നതു ഓരോ ആണ്ടിലും അനുവദിക്കപ്പെട്ടിട്ടുള്ള ജോലികൾ അതതാണ്ടിൽതന്നെ തീർക്കാതെ പണം ലാപ്സാക്കുന്നതുകൊണ്ടാണ്.

ഇപ്രകാരം അനുവദിച്ചിട്ടുള്ള വേലകൾക്കു പണം ചിലവിടാതെ ബഡ്ജററിൽ നീക്കിയിരിപ്പു കാണിക്കുന്നതുകൊണ്ടു ജനങ്ങൾക്കു് എന്തു പ്രയോജനമാണ് ഉണ്ടാകുന്നതെന്നറിയുന്നില്ല.

റോഡുകൾ, പാലങ്ങൾ മുതലായവ പണിയിച്ചു സഞ്ചാരസൌകര്യം ഉണ്ടാക്കിത്തരണമെന്നു ജനങ്ങൾ മുറവിളികൂട്ടുമ്പോൾ ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർ വേലകൾ ചെയ്യിക്കാതെ ആണ്ടവസാനത്തിൽ നീക്കിയിരിപ്പുണ്ടാകുന്ന പണം കുറഞ്ഞ പലിശയ്ക്കു ഇൻഡ്യാ ഗവൺമെൻറിൻെറ പ്രോമിസറിനോട്ടിന്മേലുംമററും നിക്ഷേപിക്കുന്നതിനു ചിലവിടുന്നു. സാധുക്കളായ കൃഷിക്കാർ എല്ലുമുറിയെ വേലചെയ്തുണ്ടാക്കുന്ന പണം കുറഞ്ഞ പലിശയ്ക്കു അന്യരാജ്യക്കാർക്കു കൊടുക്കുന്നതു് അന്യരാജ്യക്കാരുടെ അഭിനന്ദനത്തിനല്ലെങ്കിൽ പിന്നെ എന്തിനാണ്.

മലയാളം സ്ക്കൂൾ അദ്ധ്യാപകന്മാർക്ക് വ്യക്തിഗതം കൌൺസിലിൽവച്ച് ശമ്പളംകൂട്ടൽ കൊടുക്കുന്നതിന്നനുവദിച്ചിട്ടുള്ള പണം ലാപ്സാക്കുകയും അടുത്ത ആണ്ടത്തെ വരവിൽനിന്നും മററു പലയിനങ്ങൾക്കു ചിലവിടേണ്ട പണത്തിൽ ആവശ്യമുള്ള പണം ചിലവാക്കാൻ നിശ്ചയിച്ചിരിക്കയും വി. എം. സ്ക്കൂളുകളിൽ ൫-ം ൬-ം ക്ലാസ്സുകൾക്കു വർദ്ധിപ്പിച്ചിട്ടുള്ള ഫീസ്സ് ഈടാക്കുകയും ചെയ്തിരിക്കുന്നു. ഇതിനെ എങ്ങനെ നീതീകരിക്കുന്നു എന്നു മനസ്സിലാകുന്നില്ല.

കുടികൾ വെട്ടിച്ചിട്ടുള്ള റോഡിൽ ൧൬൧ മൈൽ റോഡ് ൧൧൨൭-ൽ ഗവൺമെൻറ ഏറെറടുത്തിട്ടുണ്ടെങ്കിലും ൧൧൨൮-ൽ ഒററമൈൽപോലും ഏറെറടുത്തിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പത്തനംതിട്ട, തിരുവല്ലാ ഈ താലൂക്കുകളിൽ അനേകം റോഡുകൾ ജനങ്ങൾ വെട്ടിച്ചിട്ടുണ്ട്. ഈ റോഡുകളെ ഗവൺമെൻറ ഏറെറടുത്തു സംരക്ഷിക്കാതിരിക്കുന്നതുകൊണ്ടു ജനങ്ങൾ റോഡുണ്ടാക്കുന്ന കാര്യത്തിൽ നിരുത്സാഹന്മാരായിരിക്കയാണ്.

ഉൾനാടുകളിൽ സഞ്ചാരസൌകര്യം വർദ്ധിപ്പിക്കുന്നതിനു ഗവൺമെൻറനുവദിക്കുന്ന പണം യഥാവസരം ചിലവാക്കുന്നില്ല. രാജ്യത്തു പൊതുവെ ധനസ്ഥിതി നന്നാക്കുന്നതിനുള്ള മാർഗ്ഗങ്ങളിലൊന്ന് ഉൾനാടുകളിൽ സഞ്ചാരസൌകര്യം വർദ്ധിപ്പിക്കയാകുന്നു. ഇതിനെപ്പററി ഗവൺമെൻറ ഗൌരവമായി ആലോചിക്കേണ്ടതാണ്.

കൃഷികാര്യത്തിലും മററു ഇനങ്ങളിലുമായി ഗവൺമെൻറ ആണ്ടുതോറും മുതലെടുപ്പു വർദ്ധിപ്പിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. മദ്ധ്യതിരുവിതാംകൂറിൽ ആണ്ടുതോറുമുണ്ടാകുന്ന വർഷാധിക്യത്താൽ നേരിടുന്ന കൃഷിനഷ്ടത്തെ പരിഹരിക്കുന്നതിനു എന്തെങ്കിലും ഒരു പദ്ധതി ഗവൺമെൻറ ഇതേവരെ ആലോചിച്ചിട്ടുള്ളതായി അറിയുന്നില്ല. വർഷകാലത്തുണ്ടാകുന്ന വെള്ളം കൃഷിക്കു നാശം ചെയ്യാതെ ഒഴിഞ്ഞുപോകത്തക്കവിധത്തിൽ പുറക്കാട്ടു ഒരു അഴി തുറന്നു മദ്ധ്യതിരുവിതാംകൂറിലെ കൃഷിക്കാരെ സംരക്ഷിക്കേണ്ടതാണ്

കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പല മാതൃകാതോട്ടങ്ങളും ധാരാളം പണം ചിലവുചെയ്തു നടത്തുന്നുണ്ടെങ്കിലും ജനങ്ങൾ അതനുസരിച്ചു കൃഷികൾ നടത്തുന്നതിനു അവരുടെ ധനസ്ഥിതി അനുവദിക്കുന്നില്ല. ജനങ്ങൾ ഉപജീവനത്തിനായിട്ടാണ് മാതൃകയ്ക്കായിട്ടല്ലാ കൃഷിചെയ്യുന്നതു.

ആണ്ടുതോറും വിദേശങ്ങളിൽനിന്നുമുള്ള നെല്ല്, അരി ഇവകളുടെ ഇറക്കുമതി വർദ്ധിച്ചുവരുന്നു. ൧൧൨൮-ൽ ൨ കോടി രൂപയ്ക്കു നെല്ലും, അരിയും രാജ്യത്തു ഇറക്കുമതി ചെയ്തിട്ടുള്ളതായി കാണുന്നു. ഇതിനെപ്പററി കൃഷിഡയറക്ടർ പറയുന്ന സമാധാനം ജനസംഖ്യ വർദ്ധിക്കുന്നതുകൊണ്ടാണെന്നാണ്. നെല്ല്, അരി ഇവകളുടെ ഇറക്കുമതി വർദ്ധിക്കുന്നതിനു ഇതുമാത്രം ഒരു കാരണമാണെന്നു ഞാൻ വിചാരിക്കുന്നില്ല. രാജ്യത്തു തുടരെത്തുടരെ ഉണ്ടാകുന്ന കൃഷിപ്പിഴയാണ് ഇറക്കുമതി വർദ്ധിക്കുന്നതിനുള്ള പ്രധാനകാരണം എന്നേ ഞാൻ വിചാരിക്കുന്നുള്ളു. ഓരോ സ്ഥലങ്ങളിലും കൃഷിപ്പിഴയുണ്ടാകുന്ന കാരണങ്ങളെ പരിശോധിച്ചു ഇന്നവിധം പരിഹരിക്കണമെന്നു കൃഷിക്കാരെ ഉപദേശിച്ചുകൊടുക്കേണ്ടതാണ്.

വ്യവസായഡിപ്പാർട്ടുമെൻറ ഇപ്പോഴത്തെ രീതിയിൽ വച്ചുകൊണ്ടിരിക്കുന്നതു നിഷ്പ്രയോജനമാണെന്നു ഞാൻ തീർത്തുപറയും. ഗവൺമെൻറ ചിലവിന്മേൽ വ്യവസായവൈദഗ്ദ്ധ്യം സമ്പാദിപ്പിച്ചുവരുത്തിയ വിദഗ്ദ്ധന്മാരിൽ പലരും ഇന്നു ഈ ഡിപ്പാർട്ടുമെൻറിൽ കാണുന്നില്ല. ഗവൺമെൻറ ചിലവിന്മേൽ ഫാക്ടറി വ്യവസായങ്ങൾ തുടങ്ങുന്നതിനും കുടിൽ വ്യവസായം രാജ്യത്തുഎങ്ങും നടപ്പാക്കുന്നതിനും ഒരു പദ്ധതി രൂപീകരിച്ചു പ്രവൃത്തി തുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പരസ്പരസഹായസംഘങ്ങൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. എങ്കിലും ജനങ്ങളെ തങ്ങളുടെ ഋണബാദ്ധ്യതകളിൽനിന്നും മോചിപ്പിക്കുന്നതിനുപകരം കൂടുതൽ കൂടുതൽ കടക്കാരാക്കി തീർക്കുന്നു. ഈ സംഘങ്ങളുടെ ഇപ്പോഴത്തെ നടത്തിപ്പു തൃപ്തികരമല്ലാതെയാണ് ഇരിക്കുന്നതു. നിർത്തലാക്കപ്പെട്ട സംഘങ്ങളുടെ ഇടപാടുകൾ തീർക്കുന്നതിനു ഇപ്പോൾ ഇരിക്കുന്ന നിയമം പര്യാപ്തമല്ല. അതിനാൽ പൊതുജനാഭിപ്രായം അറിഞ്ഞു നിയമം പരിഷ്കരിക്കേണ്ടതാണ്.

ജനങ്ങളുടെ ഇടയിൽ മദ്യപാനാസക്തി വർദ്ധിച്ചുവരുന്നതു ഗവൺമെൻറിന്റെ അബ്കാരിനയം കൊണ്ടുമാത്രമാണ്. ലഹരി സാധനങ്ങളിൽനിന്നും ഉള്ള വരുമാനം ഉപേക്ഷിക്കുന്നതിൽ ഗവൺമെൻറിനുണ്ടാകുന്ന നഷ്ടം മററു ഇനങ്ങളിൽനിന്നു വരുത്തിയിട്ടെങ്കിലും മദ്യം നിറുത്തേണ്ടതാണ്.

ജനങ്ങൾക്കു പോലീസുഭരണത്തിൽ വിശ്വാസം വർദ്ധിക്കുന്നില്ലെന്നു പറയാനിടവന്നതിൽ വ്യസനിക്കുന്നു. ൧൧൨൭-ൽ ൭൮ കേസുകളിൽ ആയി ൬൬ പോലീസുകാരുടെമേൽ ജനങ്ങൾ കേസു നടത്തിയിരിക്കെ, ൧൧൨൮-ൽ ൭൮ കേസുകളിൽ ആയി ൯൯ പോലീസുകാരുടെമേൽ കേസുകൾ നടത്തിയിട്ടുണ്ട്. പോലീസുകാരുടെമേൽ ജനങ്ങൾക്കു അതൃപ്തി വർദ്ധിക്കുന്നു എന്നുള്ളതിനു ഇതു ഒരു ഉത്തമഉദാഹരണമാണ്. മോട്ടോർവാഹനനിയന്ത്രണത്തിൽ പോലീസുകാരുടെ നടപടി സർവ്വത്ര ആക്ഷേപാർഹമാണ്.

കമ്മീഷണരുടെ പരസ്പരവിരുദ്ധമായ ഉത്തരവുകൾ കൊണ്ടു എത്ര നയൻ സീററർ വണ്ടി ഉടമസ്ഥന്മാർക്കാണ് നഷ്ടം ഉണ്ടായിട്ടുള്ളതെന്നു ഗവൺമെൻറ അറിഞ്ഞിട്ടുണ്ടോ? മോട്ടോർവാഹന നിയന്ത്രണത്തെ സംബന്ധിച്ചു ഇപ്പോഴുള്ള നിയമം മതിയാകാതെയാണ് ഇരിക്കുന്നതെന്നു അനുഭവംകൊണ്ടു മനസ്സിലായിട്ടുള്ളതാണ്. പൊതുജനാഭിപ്രായം അറിഞ്ഞു അവയെ പരിഷ്കരിക്കേണ്ടതാണ്.

ആശുപത്രികളിൽ ൧൧൨൭-ലേക്കാൾ ൧൧൨൮-ൽ ചികിത്സിക്കപ്പെട്ടവരുടെ എണ്ണം ൨൨,൬൦൬ കുറവാണ്. ആശുപത്രികളിൽ രോഗികളുടെ എണ്ണം കുറയുന്നതുകൊണ്ടു ജനങ്ങൾ ആരോഗ്യവാന്മാരായിതീരുന്നു എന്നു ഗവൺമെൻറ ധരിക്കരുത്. പിന്നെയോ, സാധാരണജനങ്ങൾക്കു ഡാക്ടന്മാരെക്കൊണ്ടു ചികിത്സിക്കുവാനുള്ള ത്രാണിയില്ലായ്മ കൊണ്ടു രോഗികൾ നാട്ടുവൈദ്യശാലകളെ അഭയം പ്രാപിക്കയാണ് ചെയ്യുന്നതു.

൧൧൨൭-ലേക്കാൾ ൧൧൨൮-ൽ ഗ്രാൻറുവൈദ്യശാലകളിൽ ചികിത്സിക്കപ്പെട്ടവരുടെ എണ്ണം ൩൨,൮൭൮ കൂടുതൽ ആണ്. ഇതിൽനിന്നും ആയുർവേദവൈദ്യശാലകളെ അഭയം പ്രാപിക്കുന്നതിലാണ് ജനങ്ങൾക്കു കൂടുതൽ വിശ്വാസം എന്നു മനസ്സിലാക്കാവുന്നതാകുന്നു. അതിനാൽ ഇപ്പോഴുള്ള ആയുർവേദവൈദ്യശാലകൾക്കു കൂടുതൽ ഗ്രാൻറ കൊടുക്കുകയും ഗ്രാൻറ വൈദ്യശാലകളെ വർദ്ധിപ്പിക്കയും ചെയ്യേണ്ടതാണ്.

ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ വരവു ആണ്ടുതോറും വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. എങ്കിലും അതിനവശാസ്ത്രീയസിദ്ധാന്തങ്ങളനുസരിച്ചു മുതലെടുപ്പു വർദ്ധിപ്പിക്കുവാൻ കൂടുതൽ ശ്രമിക്കേണ്ടതാണ്.

മി. പി. എസ്. മഹമ്മദ് (ഗവർമ്മെൻറുനിശ്ചയനം): സർ, ഒരു പ്രസംഗം നടത്തി സമയം കളയണമെന്നു ഞാൻ അശേഷം വിചാരിക്കുന്നില്ലെങ്കിലും ഏററവും പ്രധാനമായ ഒരു സംഗതി ഈ കൌൺസിലിൻെറ ശ്രദ്ധയിൽ കൊണ്ടുവരാതിരിക്കാൻ നിവൃത്തിയില്ല. എൻെറ സ്നേഹിതൻ മി. കരുണാകരൻ വ്യവസായത്തിൻെറ സ്ഥിതി വളരെ ആപൽക്കരമായിരിക്കുന്നുഎന്നു ഇവിടെ പ്രസ്താവിക്കയുണ്ടായി. തിരുവിതാംകൂറിലെവ്യവസായങ്ങളിൽ അതിപ്രധാനമായിട്ടുനിൽക്കുന്നതു കയറുപാ വ്യവസായമാണ്. വിദേശങ്ങളിൽ അതിനു കിട്ടിയിട്ടുള്ള മാർക്കററുപോലെ മററൊരു സാധനങ്ങൾക്കും കിട്ടിയിട്ടില്ല. അങ്ങിനെയുള്ള വ്യവസായം നമ്മുടെ നാട്ടിൽനിന്നും യാത്രപറഞ്ഞു പിരിയാനുള്ള ഒരു ഘട്ടം എത്തിയിരിക്കുന്നു. വിദേശങ്ങളിൽ ഈ വ്യവസായം തുടങ്ങീട്ടുണ്ട്. ഇവിടെ ഒരു കണ്ടി കയറിനു ൨൫ രൂപാ വീതം തീരുവയും ൧൭ രൂപാ അതിൻെറകേവുകൂലിയും ൨ രൂപാ ചിലവും ഇങ്ങനെ ൩൫ രൂപായിൽ കൂടുതലായിട്ടു ചിലവുവരികയില്ല. അതുകൊണ്ടു അഞ്ചു പായ്കൾ തീരും, അഞ്ചു പായ്ക്കു കപ്പൽക്കൂലി ൨൫ രൂപായാകും. ഒരു കണ്ടി കയറിനു ൩൫ രൂപാ മാത്രമേയാകുന്നുള്ളു. വിദേശത്തു നെയ്യുന്ന പായ്കൾക്കു ൧൭ രൂപാ നമ്മുടെ അഞ്ചു പായ് അവിടെ ചെല്ലുന്നതിനെക്കാൾ ആദായകരമായിട്ടാണ് ഇരിക്കുന്നതു്. ൭ രൂപാ കൂടുതൽ കൂലിചിലവിലേക്കായി വകവച്ചാലും ൧൦ രൂപാ അവിടെയുള്ളവർക്കു ലാഭം ഉണ്ടാകുന്നു. അതുകൊണ്ടു ഇതിനെപ്പററി ഗവർമ്മെൻറു വ്യവസായ ഡയറക്ടരുമായിട്ടു ആലോചിച്ചു വേണ്ടതു പ്രവർത്തിക്കേണ്ടതാണ്. സ്വദേശത്തെ വ്യവസായം ക്ഷയിക്കാതിരിക്കുന്നതിനു ബ്രിട്ടീഷ് ഗവർമ്മെൻറു ചിലസംഗതികൾ പ്രവർത്തിച്ചിട്ടുണ്ടു. എഫ്. എം. എസ്സിൽ നടക്കുന്ന തകരവ്യവസായം അമേരിക്കയിൽ ആരംഭിച്ചപ്പോൾ അവർ അതിനെ പ്രൊട്ടക്ട് ചെയ്തു. മാഞ്ചെസ്റ്റർ തുണികളുടെ സ്ഥാനമാണ് ഇവിടത്തെ കയറു വ്യവസായത്തിനുള്ള സ്ഥാനം. അതുകൊണ്ടു അതു ക്ഷയിക്കാത്ത വിധത്തിൽ വേണ്ടതു പ്രവർത്തിക്കണമെന്നു ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു.

മി. എ. ജി. മേനോൻ (പറവൂർ): ബഡ്ജററിനെസംബന്ധിച്ചു ഒരു സംഗതിമാത്രമേ എനിക്കു സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാനുള്ളു. ഈ രാജ്യത്തിലെ വരവു ചെലവു കണക്കുകൾ പരിശോധിക്കുന്നതിനു സ്വതന്ത്രനായ ഒരു കണക്കുപരിശോധകനെ നിയമിക്കേണ്ടതു അത്യാവശ്യമാകുന്നു. ഇതുതന്നെ ഞാൻ കഴിഞ്ഞപ്രാവശ്യം പറഞ്ഞിരുന്നു. അതുകൊണ്ടു ഫലമൊന്നുമുണ്ടായില്ല. ഞാൻ കേട്ട വർത്തമാനം ശരിയാണെങ്കിൽ ഇപ്പോഴത്തെ ഫൈനാൻഷ്യൽ സെക്രട്ടറിയുടെ മുൻഗാമി ഞാൻ പറഞ്ഞപ്രകാരമുള്ള സ്വതന്ത്രനായ ഒരു കണക്കുപരിശോധകനെ നിയമിക്കുന്നതിനെപ്പററി ഗവർമ്മെൻറിനു ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടത്രേ. സ്വതന്ത്രനായ കണക്കുപരിശോധകൻ എന്നു ഞാൻ പറയുന്നതിൻെറ അർത്ഥം ആ പരിശോധകനെ രാജാവു നേരിട്ടു നിയമിക്കണമെന്നും രാജാവിനു ഇഷ്ടമുള്ളകാലത്തോളം അദ്ദേഹം ആ ഉദ്യോഗം വഹിക്കണമെന്നും ആകുന്നു. കണക്കുപരിശോധിക്കുന്ന കാര്യത്തിൽ ഭരണാധികാരി ഫൈനാൻഷ്യൽ സെക്രട്ടറിയുടെമേൽ തൻെറ അധികാരം പ്രയോഗിച്ചിട്ടുള്ളതിൻെറ ഉദാഹരണങ്ങൾ ഉണ്ട്. ഉദാഹരണങ്ങൾ എടുത്തുപറവാൻ ഞാൻ വിചാരിക്കുന്നില്ല. പ്രത്യേക ചില ഡിപ്പാർട്ടുമെൻറുകളുടെ കണക്കുകൾ പരിശോധിക്കാൻ അക്കൌണ്ടാഫീസരെ അനുവദിക്കാതിരുന്നിട്ടുള്ള ദൃഷ്ടാന്തങ്ങൾ ഉണ്ട്. മേലാലും ഇങ്ങനെ ആയിരുന്നാൽ ഈ രാജ്യത്തിൻെറ കോശസംബന്ധമായ ഭരണം ഒരിക്കലും ഒരു സുസ്ഥിതിയെ പ്രാപിക്കയില്ല.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, എൻെറ ഡിപ്പാർട്ടുമെൻറ——

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ദയവുചെയ്തു കുറെ ഉറക്കെ.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, എൻെറ ഡിപ്പാർട്ടുമെൻറിനെപ്പററി ചില ആക്ഷേപങ്ങൾ ഇവിടെ പറഞ്ഞിട്ടുള്ളതുകൊണ്ടു അതിനെസംബന്ധിച്ചു ചില വാക്കുകൾ പറവാൻ ആഗ്രഹിക്കുന്നു. എൻെറ ഡിപ്പാർട്ടുമെൻറിൻെറ നയം മദ്യപാനനിവാരണംതന്നെയാണ്; അതായതു് മദ്യങ്ങൾ കിട്ടുന്നതിനുള്ള സൌകര്യങ്ങൾ കുറയ്ക്കുകയും മദ്യപാനത്തിൽ ആസക്തിയുള്ളവരുടെ ആസക്തിയെ കുറയ്ക്കുകയും—ഇതിനു പല മാർഗ്ഗങ്ങൾ നോക്കിവരുന്നു. ഇവയിൽ പ്രധാനമായിട്ടുള്ളതു മദ്യഷാപ്പുകളുടെ എണ്ണം കുറയ്ക്കുകയാകുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിലെ നിവാസികൾ എല്ലാവരും മദ്യം ഉപയോഗിക്കുമ്പോൾപോലും മിതമദ്യപാനനയപ്രകാരം മിതമദ്യപാനം ഇല്ലാതെ വന്നുകൂടയോഎന്നും എക്സൈസ് കമ്മീഷണർ പറഞ്ഞുകേട്ടാൽകൊള്ളാം.

പ്രസിഡെൻറ്: അതൊരു അഭിപ്രായകാര്യമാണ്. അദ്ദേഹത്തിനു അല്പം സമയമേയുള്ളു. അദ്ദേഹം തീർത്തുകൊള്ളട്ടെ.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞാൻ പറഞ്ഞപ്രകാരം മിതമദ്യപാനം പ്രചരിപ്പിക്കുന്നതിനു പല മാർഗ്ഗങ്ങൾ നോക്കുന്നുണ്ട്. അവയിൽ പ്രധാനമായിട്ടുള്ളതു ഷാപ്പുകളുടെ എണ്ണം കുറയ്ക്കയാണ്. ഷാപ്പുകളുടെ എണ്ണം കുറച്ചാൽ മദ്യംകിട്ടുന്നതിനുള്ള സൌകര്യങ്ങൾ കുറയുമെന്നും ഷാപ്പുകൾ ദൂരത്തായാൽ സംശയിച്ചുനിൽക്കുന്നവരെയെങ്കിലും അതിൽനിന്നു വിരമിപ്പിക്കാമെന്നുമുള്ളതിനു തർക്കമില്ലാ. വളരെ വർഷംമുമ്പു ഷാപ്പുകളുടെ എണ്ണം ൬൦൦൦ ആയിരുന്നു. ഇന്നത്തെ സ്ഥിതി എന്തു്? ഇന്നു ഷാപ്പുകളുടെ എണ്ണം ൧൭൩൧ ആകുന്നു. അതായതു മുമ്പുണ്ടായിരുന്നതിൻെറ കാലംശത്തിൽ അല്പം കൂടുതൽ. ലേലം നടക്കുന്ന ഓരോ ഈരണ്ടുവർഷത്തിൽ ഷാപ്പുകളുടെ എണ്ണം അഞ്ചു ശതമാനം കുറയ്ക്കണമെന്നും ഗവർമ്മെൻറു ഉത്തരവായിട്ടുണ്ട്. കാലക്രമേണ എണ്ണം എത്രയോ കുറഞ്ഞുപോകും. മിതമദ്യപാനം പ്രചരിപ്പിക്കുന്നതിനു് ഞങ്ങൾ എടുത്തിട്ടുള്ള ഒന്നാമത്തെ വഴി അതാകുന്നു. രണ്ടാമത്തേതു മദ്യങ്ങൾക്കുള്ള ചുങ്കം വർദ്ധിപ്പിച്ചതാണ്. മദ്യത്തിൻെറ ഉപയോഗം കഴിവുള്ളേടത്തോളം കുറയ്ക്കുന്നതിനു കൊല്ലംതോറും മദ്യത്തിൻെറ ചുങ്കം വർദ്ധിപ്പിച്ചുവരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): എക്സൈസ് നികുതിയുടെ ആൾവീതം ഓഹരി എന്താണെന്നുപറയുമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതിനെപ്പററി പറഞ്ഞുകൊള്ളാം. ഈ മിനാന്ത്യത്തിൽ കണക്കുകൾ പറഞ്ഞു സഭയുടെ സമയം പോക്കാൻ വിചാരിക്കുന്നില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഉപയോഗിക്കുന്ന മദ്യത്തിൻെറ അളവിൽ വല്ല കുറവുമുണ്ടോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതു ഞാൻ പറയാൻ പോകയാണ്. അതൊരു പ്രധാനസംഗതിയാകുന്നു. ഷാപ്പുകളുടെ പാട്ടം [illegible]-ൽനിന്നു [illegible] ശതമാനം ആയി വർദ്ധിച്ചിട്ടുണ്ട്. പാട്ടം വർദ്ധിച്ചിട്ടുണ്ട്. ചുങ്കം വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ടു എൻെറ സ്നേഹിതന്മാർ വിചാരിക്കുന്നതു ഉപയോഗിക്കുന്ന മദ്യത്തിൻെറ അളവും അധികമായിട്ടുണ്ടെന്നാണ്.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): കഴിഞ്ഞയാണ്ടത്തെ ചെലവിനങ്ങൾ ഈ ആണ്ടിൽ [illegible] ഗ്യാലൻ കൂടിയതിനു എന്തു സമാധാനമാണു പറയുന്നത്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): പറയാം, അല്പം ക്ഷമിക്കണം. തീർച്ചയായും അതിനു സമാധാനം പറയാം.

മി: മുതുവെളിപാച്ചുപിള്ള (ചേർത്തല): ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണം കുറയുന്നോ കൂടുന്നോ?

പ്രെസിഡൻറ്: അതിനെപ്പററി പറയുമെന്നു അദ്ദേഹം പറഞ്ഞല്ലോ. അല്പം ക്ഷമിക്കണം. അനാവശ്യമായി അദ്ദേഹത്തിൻെറ പ്രസംഗത്തിനു തടസ്സം ഉണ്ടാക്കരുതു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതൊരു പ്രധാനസംഗതിയാണ്. പലതുംകൂട്ടുമ്പോൾ മദ്യത്തിൻെറ അളവു കുറയുകയാണ്. താരതമ്യപ്പെടുത്തി നോക്കുന്നതിനു ഈ രണ്ടാണ്ടും കഴിഞ്ഞയാണ്ടും അല്ലെങ്കിൽ ഏതെങ്കിലും രണ്ടു വർഷങ്ങൾ എടുത്താൽപോരാ. അതു തെററിദ്ധാരണയുണ്ടാക്കുന്നതും ന്യായരഹിതവും ആകുന്നു. ഇക്കാര്യത്തിൽ നാം അടുത്തുനോക്കിയാൽപോരാ. കഴിഞ്ഞ [illegible] വർഷം ചെലവായ മദ്യത്തിൻെറ കണക്ക എൻെറ പക്കൽ ഉണ്ട്. വേണമെങ്കിൽ മേശപ്പുറത്തു വയ്ക്കാം. [illegible]-ൽ ആകെ ചെലവായ നാട്ടുമദ്യം [illegible] ഗ്യാലൻ ആയിരുന്നു. ഒരാളുടെ ഓഹരി [illegible] ഡ്രാം ആയിരുന്നു. [illegible]-ൽ ചെലവു [illegible] ആയിരുന്നു. അല്ലെങ്കിൽ ഒരാൾക്കു [illegible] ഡ്രാം ആയിരുന്നു. ഈ യാണ്ടുകളിലെ വരവിൻെറയും ജനസംഖ്യയുടെയും കണക്കുകളും രസകരമായിരിക്കും. [illegible]-ൽ വരവു [illegible] ലക്ഷത്തിൽ ചില്വാനം രൂപായും [illegible]-ൽ [illegible] രൂപായും ആയിരുന്നു. [illegible]-ൽ [illegible] ആയിരുന്ന ജനസംഖ്യ [illegible]-ൽ [illegible] ആയി വർദ്ധിച്ചു. പിന്നീടിപ്പോൾ ഏഴുവർഷം കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ ജനസംഖ്യ ഏകദേശം [illegible] ലക്ഷം ആയിരിക്കണം. ഇങ്ങനെ വരവു [illegible] ശതമാനവും ജനസംഖ്യ ഏകദേശം [illegible] ശതമാനവും വർദ്ധിച്ചുണ്ട്. എന്നാൽ നാട്ടുമദ്യത്തിൻെറ ചെലവു [illegible] ശതമാനം അല്ലെങ്കിൽ മൊത്തമായി [illegible] ഗ്യാലൻ കുറഞ്ഞിട്ടുണ്ട്.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): [illegible] വർഷത്തിനുമുമ്പുള്ള കണക്കും ഇപ്പോഴത്തെ കണക്കുംപോലെയാണോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതേ.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): കഴിഞ്ഞ ആണ്ടത്തെക്കാൾ [illegible] ഗ്യാലൻ കൂടീട്ടുണ്ട്. ഇതുപോലെ [illegible] വർഷം കൂടുകയാണെങ്കിൽ എന്തായിരിക്കും മദ്യപാനത്തിൻെറ നിലയെന്നു കമ്മീഷണർ ആലോചിച്ചിട്ടുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അങ്ങനെക്കൂടിവരുമെന്നു എന്താണു ന്യായം?

ഇതാണു ഇവിടത്തെ ഇപ്പോഴത്തെസ്ഥിതി, ഇനി ഇവിടത്തെമദ്യച്ചെലവും അടുത്ത രാജ്യങ്ങളിലെ മദ്യച്ചെലവും താരതമ്യപ്പെടുത്തിനോക്കാം.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മദ്യപാനം കുറയ്ക്കുന്നതിനു എന്തെങ്കിലും പുതിയനയം ഡിപ്പാർട്ടുമെൻറു സ്വീകരിച്ചിട്ടുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉവ്വ്. അതിനെപ്പററി പിന്നീടു പറയാം. ഇവിടത്തെ മദ്യച്ചെലവു ആളൊന്നുക്കു [illegible] ഡ്രാംവീതമാണെന്നു പറഞ്ഞുവല്ലോ. ഇവിടത്തെസ്ഥിതി തന്നെയുള്ള കൊച്ചീസംസ്ഥാനത്തു [illegible]-ൽ ആളൊന്നുക്കു [illegible] ഡ്രാം ആയിരുന്നു. മാതൃകാരാജ്യമായ മൈസൂരിൽ [illegible]-ൽ [illegible] ഡ്രാം ആയിരുന്നു. പ്രധാനമഹമ്മദീയ രാജ്യമായ ഹൈദരബാദിൽ [illegible]-ൽ [illegible] ഡ്രാം ആയിരുന്നു. മദ്രാസ് സംസ്ഥാനത്തു [illegible]-ൽ [illegible] ആയിരുന്നു. ബോംബെ സംസ്ഥാനത്തു [illegible] സിലോണിൽ [illegible] ആകുന്നു. ഇതാണു കാര്യങ്ങളുടെ സ്ഥിതി. അതിന്മേൽ ഞാൻ ബലമായി വാദം സ്ഥാപിച്ചുകൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മൈസൂരിൽ എക്സൈസ് ഏതുവെട്ടുപ്പു ക്രമമായി കുറഞ്ഞുവരുന്നു എന്നു മെമ്പർക്കറിയാമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എങ്ങനെയെങ്കിലും ഇതാകുന്നു ഫലം. മൈസൂരിൽ ആളൊന്നുക്കു മദ്യത്തിൻെറ ചിലവു [illegible] ഡ്രാം ആകുന്നു. ഇവ പ്രത്യക്ഷസംഗതികളാണു, ഞാൻ സങ്കല്പത്തിന്മേൽ ഒന്നും പ്രസ്താവിക്കുന്നില്ല. ഞാൻ വാസ്തവം മാത്രമേ പറയുന്നുള്ളു. എൻെറ വാദങ്ങൾ യഥാർത്ഥസംഗതികളെ അടിസ്ഥാനപ്പെടുത്തിയാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഓരോ ഷാപ്പിലും മദ്യപാനികളുടെ ഒരു രെജിസ്റ്റർ വയ്ക്കണമെന്നു എക്സൈസ് കമ്മീഷണർക്കു അഭിപ്രായമുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): മെമ്പർതന്നെ പറഞ്ഞതു മെമ്പർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ഞാനതിപ്പോൾ ഓർക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മദ്യം വില്ക്കുന്നതു ആർക്കെല്ലാമെന്നു അറിയണമായിരുന്നു.

മി. മുക്കവേലി പാച്ചുപിള്ള (ചേർത്തല): അക്കൂട്ടത്തിൽ ഒരു ഷാപ്പു നടത്തുവാൻ എക്സൈസ് ഇൻസ്പെക്ടർ നിർബന്ധിക്കുന്നു എന്നുള്ളതു ശരിയാണോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ); എന്റെ പ്രസംഗം അവസാനിപ്പിക്കാൻ അധികം സമയം അനുവദിച്ചിട്ടില്ല.

പ്രസിഡന്റ്; ഒരു ചോദ്യമേയുള്ളു. അതിനു മറുപടി പറയാം, ചോദ്യമെന്താ മി. പാച്ചുപിള്ള (അല്പം കഴിഞ്ഞു) അദ്ദേഹത്തിനു മറുപടി വേണ്ടെന്നു തോന്നുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) : ഈ കണക്കുകളിൽ നിന്നു നാം ഈ രാജ്യത്തിൽ മദ്യം ചെലവാകുന്നതു ഇപ്പോൾ പണ്ടത്തേതിൽ വളരെ കുറവാണെന്നും മറ്റേതു സമീപരാജ്യങ്ങളിലേതിലും വളരെ കുറവാണെന്നും അറിയുന്നു. ഞാൻ ഇതുവരെ ഗവണ്മെന്റധീനത്തിലുള്ള മദ്യത്തെക്കുറിച്ചു പറഞ്ഞു. ഇനി വ്യാജമദ്യത്തെപ്പറ്റി അല്പം സംസാരിക്കാം. മദ്യവർജ്ജനത്തിനു എന്തെല്ലാം ഉപായങ്ങൾ നോക്കിയാലും മദ്യവർജ്ജന സംഘക്കാർ എന്തെല്ലാം പ്രവർത്തിച്ചാലും വ്യാജമദ്യം നിരോധമാക്കിയില്ലെങ്കിൽ എല്ലാം നിഷ്ഫലമായിപ്പോകും. മദ്യവർജ്ജനത്തിനു വേണ്ടുന്ന വ്യവസ്ഥ അതാകുന്നു. വ്യാജമദ്യം ഉണ്ടാക്കുന്നവൻ ജാഗ്രതയുള്ളവനായിരുന്നാൽ ഡിപ്പാർട്ടുമെന്റിനെ മറച്ചുവെച്ചു ചെയ്യുന്ന സമ്പ്രദായങ്ങൾക്കു സഹായമുണ്ടാകയില്ല. വ്യാജമദ്യം നിരോധിക്കുന്നതിനു ഡിപ്പാർട്ടുമെന്റു കഴിവുള്ളതെല്ലാം ചെയ്യുന്നുണ്ട്. എത്ര വ്യാജക്കേസുകൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ കണ്ടുപിടിക്കയോ വെളിപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നു ഡിപ്പാർട്ടുമെന്റുവക റിപ്പോർട്ടുകളിൽ കാണാം. കഴിഞ്ഞ കൊല്ലത്തിൽ വന്ന കേസുകളിൽ മുക്കാലിൽ അധികം കേസുകൾ വ്യാജച്ചാരായത്തെ സംബന്ധിച്ചായിരുന്നു. ഇതിനെപ്പറ്റി സംസാരിച്ച മെമ്പർമാരുടെ കൂട്ടത്തിൽ മിസ്റ്റർ രാമൻപിള്ള ഉന്നയിച്ച ആക്ഷേപങ്ങൾക്കു സമാധാനം പറയേണ്ടിയിരിക്കുന്നു. നിർഭാഗ്യവശാൽ അദ്ദേഹം ഇന്നിവിടെ ഇല്ല.

പ്രസിഡന്റ്. അദ്ദേഹത്തിന്റെ ആക്ഷേപങ്ങൾക്കു മറുപടി പറയുന്നതു വേറൊരവസരത്തിലാകാം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) : ഇനി ലോക്കൽ ഓപ്ഷനെ (പ്രാദേശികവികല്പത്തെ) പ്പറ്റിപറയാം. പുതിയ വ്യവസ്ഥകൾ ചെയ്യുന്നതു എന്തെല്ലാമാണെന്നു എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാർ ചോദിക്കയുണ്ടായി. പ്രാദേശികവികല്പം ഒരു പുതിയ വ്യവസ്ഥയാണെന്നു പറഞ്ഞുകൊള്ളുന്നു. അതു ഗവണ്മെന്റുത്തരവിൻപ്രകാരം ചങ്ങനാശ്ശേരിയിൽ പരീക്ഷിച്ചുവരുന്നു. കഴിഞ്ഞ ചിങ്ങത്തിലാണ് അതു ഏർപ്പെടുത്തിയതെന്നും അതു പ്രകാരം ... എല്ലാവരും അറിയുമല്ലോ. ഈ പ്രാദേശികവികല്പം നടപ്പിൽ വരുത്തിയതിനു എത്രയോ മുമ്പായിരുന്നു. അതായതു പുതിയ കരാറു തുടങ്ങിയപ്പോൾ പട്ടണത്തിലെ ഷാപ്പുകളെല്ലാം പൂട്ടിക്കളഞ്ഞു. അപ്പോൾ സമീപത്തുള്ള ഷാപ്പുകളിൽ മദ്യത്തിന്റെ ചെലവു അധികമായി.

മുനിസിപ്പാലിറ്റിവോട്ടെടുത്തതു മീനം അവസാനത്തിലായിരുന്നു. അതുകൊണ്ടു പ്രാദേശികവികല്പം നടപ്പിൽവരുത്തിയതു ഇടവം ഒന്നാംതീയതിയായിരുന്നു. പ്രാദേശികവികല്പം ഏർപ്പെടുത്തുന്നതിനുമുമ്പു ചട്ടങ്ങൾ പ്രകാരം ഒരാൾക്കു ഒരുസമയം ... കൊണ്ടുപോകുന്നതിനു അനുവാദം ഉണ്ടായിരുന്നു. പ്രാദേശികവികല്പം ഏർപ്പെടുത്തിയപ്പോൾ ഒരാൾക്കു ഒരുസമയം കൊണ്ടുപോകാവുന്ന മദ്യത്തിന്റെ അളവു ... ആയി ചുരുക്കി. (പ്രാദേശികവികല്പത്തിന്റെ ഫലം എന്തായിരിക്കുമെന്നറിവാൻ ഞങ്ങൾ ... പരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഈ പരീക്ഷണം വിജയമാകുമോ പരാജയമാകുമോ എന്നു ഇപ്പോൾ ... പറവാൻ നിവൃത്തിയില്ല.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): മുനിസിപ്പാലിറ്റി അതിർത്തിക്കകത്തുള്ള ഷാപ്പു നിർത്തിയശേഷം അതിന്റെ അതിർത്തിയിൽതന്നെ ഷാപ്പുകൾ ... മുനിസിപ്പാലിറ്റിയിൽനിന്നു എഴുതി അയച്ചിട്ടുണ്ടോ ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) : അങ്ങനെ എഴുതിഅയച്ചിട്ടുള്ളതായി ഓർമ്മയില്ല.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും) : ഇപ്പോഴത്തെ പ്രാദേശിക വികല്പത്തിന്റെ ഫലം ഒരുകൊല്ലത്തേയ്ക്കു മാത്രമേ ഉദ്ദേശിച്ചിട്ടുള്ളോ ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) : എത്രകൊല്ലം എന്നു തീർച്ചപറയാൻ സാധിക്കയില്ല.

മി. എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും) : ഇനിയും ഇതിനെപ്പറ്റി പരീക്ഷണം നടത്തണമെന്നാണോ ആലോചന?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) : അതിനെപ്പറ്റിപറയാൻ പ്രയാസമാണ്.

പ്രസിഡന്റ്. ദയവുചെയ്തു ചോദ്യംചോദിക്കാതിരിക്കണം, മിസ്റ്റർ രാജരാജവർമ്മ.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) : നാട്ടുമദ്യം ഉണ്ടാക്കുന്നതിന്റെ അളവു ആണ്ടുതോറും ... കുറയ്ക്കണമെന്നു എന്റെ സ്നേഹിതൻ ഡിപ്യൂട്ടിപ്രസിഡന്റ് പറകയുണ്ടായി. ഉദ്യോഗസ്ഥന്മാരുടെ എതിർപ്പുണ്ടായിരുന്നിട്ടും എക്സൈസ് അഡ്‌വൈസറികമ്മിറ്റി ചെയ്ത ശിപാർശകളിൽ ഒന്നായിരുന്നു. എന്റെ മുൻഗാമി മി. വാൻതാസ് അതിനെ ബലമായി പ്രതിഷേധിച്ചു. എന്നിട്ടും ആ അഭിപ്രായം പാസ്സാകയും അതനുസരിച്ചു കമ്മിറ്റി ശിപാർശചെയ്കയും ചെയ്തു, ആ ശിപാർശയെ സ്വീകരിച്ചു നടപ്പിൽവരുത്താൻ കഴിവില്ലാതെയാണ് വന്നിരിക്കുന്നതെന്നു വ്യസനസമേതം പറഞ്ഞുകൊള്ളുന്നു. എന്റെ അഭിപ്രായത്തിലും അതു പ്രയോഗത്തിൽ കൊണ്ടുവരാൻ പ്രയാസമാണ്. കറുപ്പുസംബന്ധിച്ച ഈ വ്യവസ്ഥയെപ്പറ്റി എനിക്കു കുറെ പരിചയമുണ്ട്. കറുപ്പിനെസംബന്ധിച്ചുള്ള വ്യവസ്ഥ ക്ലിപ്പമായി ഉദാഹരിക്കാവുന്നതല്ലെങ്കിലും ഏതാണ്ടിതിനു സമമാണ്. കറുപ്പിന്റെ കാര്യത്തിൽ ഒരു വലിയവ്യത്യാസം ഉണ്ട്. അതു വ്യാജമായി ഉണ്ടാക്കുന്ന കാര്യം എളുപ്പമല്ല. ഇപ്പോഴത്തെ നിയമങ്ങൾമൂലം അതു മറുരാജ്യങ്ങളിൽനിന്നു കൊണ്ടുവരാനും സാധിക്കയില്ല. എന്നിട്ടും കറുപ്പിനെ സംബന്ധിച്ച ഈ വ്യവസ്ഥ വിജയമല്ല. മദ്യത്തിന്റെ

കാര്യത്തിൽ അത് ഏർപ്പെടുത്തിയെങ്കിലും എക്കാലവും വ്യാജമായി ഉണ്ടാക്കാമെന്നുള്ളതുകൊണ്ട് ആ വ്യവസ്ഥ വിജയകരമായിരിക്കാൻ അശേഷം സംഗതിയില്ല. ക്ലിപ്തഓഹരിവ്യവസ്ഥ പ്രായോഗികമല്ല. വ്യാജച്ചാരായം പഴയിപ്പോഴും ധാരാളമായി നടക്കുന്നുണ്ടെന്ന എന്റെ സ്നേഹിതൻ മിസ്റ്റർ രാമൻപിള്ള ഇന്നലെ നമ്മോടു പറഞ്ഞുവല്ലോ. അതുകൊണ്ടുതന്നെ കറപ്പിന്റെ കാര്യത്തിലേതിനേക്കാൾ നാട്ടുമദ്യത്തിന്റെ കാര്യത്തിൽ ക്ലിപ്തഓഹരി വ്യവസ്ഥ അസാദ്ധ്യമാണെന്ന സ്പഷ്ടമാകുന്നുണ്ട്. സഭാമുമ്പാകെ ഒരു കാര്യംകൂടെ പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നു. ക്ലിപ്തഓഹരിവ്യവസ്ഥ കുറെ വർഷങ്ങളായി ബോംബെയിൽ പരീക്ഷിച്ചുവരുന്നു അതിന്റെ പരിണാമം ബോംബെ സംസ്ഥാനത്തിലെ ഒരു റിപ്പോർട്ടിൽ ഇങ്ങനെയാണ് വിവരിച്ചിരിക്കുന്നത്.

പ്രസിഡേൻറ. അതുവായിച്ചു കേൾപ്പിക്കാതെ അതിന്റെസാരം എന്താണെന്നുപറഞ്ഞാൽ മതിയാകും.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സാരം അതു കേവലം പരാജയത്തിൽ കലാശിച്ചു എന്നാണു.

പ്രസിഡേൻറ: മതി നിങ്ങളതു വായിക്കണോ. ആ റിപ്പോർട്ടിന്റെ ഭാഗങ്ങൾ വായിച്ചുകേൾപ്പിക്കാൻ സമയമുണ്ടെന്ന തോന്നുന്നില്ല.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞാനതു വായിക്കുന്നില്ല. ബോംബെയിൽ അതു പരാജയത്തിൽ കലാശിച്ചു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): മധുവർജ്ജനത്തെ സംബന്ധിച്ചു വ്യക്തികളിലും മേടങ്ങളിലും ഈ സഭ പാസ്സാക്കിയ പ്രമേയങ്ങൾ നടപ്പിൽകൊണ്ടുവരാൻ എന്തെങ്കിലും നടപടികൾ നടത്തിയോ എന്ന എക്സൈസ് കമ്മീഷണർ പറയുമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ആ പ്രമേയങ്ങൾ എന്തുചെയ്യണമെന്നായിരുന്നു എന്നുപറയുമോ?

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ചെത്താനുള്ള വൃക്ഷങ്ങളുടെ എണ്ണം ക്ലിപ്തപ്പെടുത്തുക.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതിനെപ്പറ്റി ഞാൻ പറഞ്ഞതു മെമ്പർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു പ്രമേയം പാസാക്കുന്നതിനു മുമ്പായിരുന്നു. പ്രമേയം പാസ്സാക്കിയതിന്റെശേഷം വല്ലതും നടത്തിയോ എന്നാണിപ്പോൾ അറിയേണ്ടത്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): പ്രമേയങ്ങളിലെ നിശ്ചയങ്ങൾ ഇതുവരെ അംഗീകരിച്ചിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടും): എക്സൈസ്കമ്മീഷണർ ദയവുചെയ്തു എന്റെ ചോദ്യത്തിനു മറുപടിപറയുമോ? തിരുവിതാംകൂറിലെ എക്സൈസ് വരവു ആളോഹരിവീതം എത്രയാണെന്നുപറയുമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഞാൻ കണക്കുകൂട്ടീട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടും): അതു ബോംബെയിലേതിനേക്കാൾ അധികമാണെന്നു അദ്ദേഹത്തിനറിയാമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞാൻ കണക്കുകൂട്ടീട്ടില്ലെന്നു ഇതിനുമുമ്പു തന്നെ പറഞ്ഞുവല്ലോ.

മി. കെ. ജാർജ് (ഗവർമെന്റ ചീഫ്സെക്രട്ടറി): ഇന്നത്തെയാലോചന അവസാനിക്കുന്നതിനുമുമ്പെ ഒന്നുരണ്ടു വാക്കുകൾ പറവാൻ ആഗ്രഹിക്കുന്നു. സഭാമുമ്പാകെ ഹാജരാക്കിയ ബഡ്ജറ്റിനെപ്പറ്റി ഒരുപാടു ആക്ഷേപങ്ങൾ കേട്ടുവല്ലോ. എനിക്കനുവദിച്ചിട്ടുള്ള അല്പസമയത്തിനുള്ളിൽ ആക്ഷേപങ്ങൾക്കെല്ലാം സമാധാനംപറവാൻ സാധിക്കയില്ല. ബഡ്ജറ്റിനെപ്പറ്റി പൊതുവായ ഒരാക്ഷേപം അതിൽ ചെലവുകളിച്ചു കെട്ടിയിരിപ്പുകാണിച്ചിട്ടുണ്ടെന്നുള്ളതാണ്. എന്നാൽ അതിനെപ്പറ്റി വലിയ ആക്ഷേപം പറവാൻ വകയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അതൊരു മാക്കി ബഡ്ജറ്റുതന്നെയാണ്. എങ്കിലും ഗവർമെന്റ എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും അവയുടെ ആവശ്യങ്ങൾ അനുസരിച്ചു മതിയായസംഖ്യകൾ അനുവദിച്ചിട്ടുണ്ട്. ബഡ്ജറ്റ തയ്യാറാക്കിയതിൽ എന്തെങ്കിലും തത്വമൊ നയമൊ അനുസരിച്ചിട്ടില്ലെന്നു പറയുകയുണ്ടായി. അതിനെപ്പറ്റി സമാധാനം പറയേണ്ടതു ഞാനല്ല. അതെന്റെ സ്നേഹിതൻ മി. എസ്. വെങ്കട്ടരമണയ്യർ പറഞ്ഞുകൊള്ളും. ബഡ്ജറ്റിൽ പുതിയപദ്ധതിയൊന്നുമില്ല. നൂതന ഏർപ്പാടുകൾക്കൊന്നും പണം അനുവദിച്ചു കാണുന്നില്ല എന്നാകുന്നു വേറൊരു പൊതുവായ ആക്ഷേപം. ഇതുമുഴുവനും സത്യമല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ബഡ്ജറ്റ സൂക്ഷ്മതയോടെ പരിശോധിച്ചുനോക്കിയാൽ അതിൽ പ്രോത്സാഹജനകമായ ചിലസംഗതികൾ ഉണ്ടെന്നുമനസ്സിലാകും. രണ്ടുമൂന്നു സംഗതികൾ മാത്രംപറയാം. വ്യവഹാരങ്ങളുടെ തീർച്ചകണ്ടാകുന്ന കാലതാമസത്തെപ്പറ്റി ഒരന്വേഷണം വേണമെന്നു കുറെക്കാലമായിട്ടുള്ളപരാതിതന്നെ ഉദാഹരണമായി എടുക്കാം. ആ കാര്യം തീർച്ചയാക്കി അതിനുവേണ്ടുന്ന പണം ഗവർമെന്റനുവദിച്ചിട്ടുണ്ട്. വീണ്ടും വില്ലേജ്യോസ ഡിപ്പാർട്ടുമെന്റിനു കൂടുതൽസംഖ്യ അനുവദിച്ചിട്ടുണ്ട്. അതിൽ ഒരു വലിയ ഭാഗം ഗാട്ടുമാക്കസ്റ്റുകൾ അദ്ധ്യാപകന്മാർക്കു ശമ്പളക്കൂടുതൽ കൊടുക്കുന്നതിനാണ്. ആ ശമ്പളക്കൂടുതൽ ഫ് ഫ റ ര ചിങ്ങം ഫ-നം മുതൽക്കാണു കൊടുക്കാനാണ നിശ്ചയിച്ചിട്ടുള്ളതെന്നു സഭയ്ക്കു അറിയാമല്ലോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു സഭയ്ക്കു പണ്ടെതന്നെ അറിയാം. അതൊരു പുതിയ വ്യവസ്ഥയാണോ?

മി. കെ. ജാർജ് (ഗവർമെന്റ ചീഫ്സെക്രട്ടറി): ഞാൻ പുതിയ വ്യവസ്ഥകളെപ്പറ്റിയല്ലപറയുന്നതു. ബഡ്ജറ്റിന്റെ പ്രോത്സാഹജനകമായ ചില വശങ്ങളെപ്പറ്റിയാണ് പറയുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കുറെപ്പണം കൂടുതലായി അനുവദിക്കുന്നതു ബഡ്ജറ്റ തയ്യാറാക്കുന്ന കാര്യത്തിൽ പ്രോത്സാഹജനകമായ ഒരു സംഗതിയാണോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഒരു പുതിയ ഏർപ്പാടുണ്ടാക്കി ഈ രാജ്യത്തെ ജ്നാരോഗ്യസ്ഥിതിയെപ്പററി ഒരു സർവെ നടത്തുന്നതിന ൯൦,൦൦൦ രൂപാ അനുവദിച്ചിട്ടുണ്ടു. പൊതുമരാമത്തിന്ന അനുവദിക്കുന്ന സംഖ്യ പോരാ എന്നൊരു പരാതിയുണ്ടു. സർ, ൧൧൦൩-ലെ കണക്കും ൧൧൦൪-ലേക്കുള്ള എസ്റ്റിമേററും ഒത്തുനോക്കിയാൽ പൊതുമരാമത്തിന ൧൧൦൩-ാമാണ്ടു ഉണ്ടായ ചെലവു ൪൩,൬൧,൦൦൦ രൂപായാണെന്നും ൧൧൦൪-ാമാണ്ടു ചെലവുചെയ്യാൻ നിശ്ചയിച്ചിട്ടുള്ള സംഖ്യ ൫൬,൩൯,൦൦൦ രൂപായാണെന്നു കാണാം. ഈ ഇനത്തിൽതന്നെ ഏകദേശം ൧൩ ലക്ഷം രൂപാ കൂടുതലുണ്ടു. ഇതിനുംപുറമെ വരുന്നതാണിത് ഗവൺമെൻറിന ചില പ്രത്യേക ചിലവുകൾ ഉണ്ടെന്നും അതിനുംപുറമെയാണ ഈ കൂടുതൽ ചെലവുകൾ അനുവദിച്ചിട്ടുള്ളതെന്നും സഭ മനസ്സിലാക്കേണ്ടതാകുന്നു.

ഇനിയും നോക്കുമ്പോൾ വേറൊരു ഇനത്തിൽ കൂടുതൽ സംഖ്യ അനുവദിച്ചിട്ടുള്ളതായിക്കാണാം. കൃഷിസേചന സംരക്ഷണ (പ്രൊട്ടക്റ്റിവ് ഇറിഗേഷൻ) ത്തെപ്പററിയാണ് ഞാൻപറയുന്നതു. കൃഷിസേചന സംരക്ഷണത്തിന ൧൧൦൩-ാമാണ്ടു ചെലവായസംഖ്യ ൧,൯൦,൦൦൦ രൂപായാകുന്നു. ഇതിന ൧൧൦൪-ാമാണ്ടത്തേക്ക അനുവദിച്ചിട്ടുള്ള സംഖ്യ ൨,൯൨,൦൦൦ രൂപായാകുന്നു. ഈ സംഖ്യകൾ അനുവദിച്ചിട്ടുള്ളതു ഗവൺമെൻറിൻറ നയം എന്താണെന്നു കാണിക്കുന്നുണ്ടല്ലൊ.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൧൦൨-ലെ യഥാർത്ഥ ചെലവിനോടു ഇവയെ മെമ്പർ താരതമ്യപ്പെടുത്തി കാണിക്കാത്തതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ൧൧൦൨-ലെ യഥാർത്ഥ ചെലവിനോടു ഈ സംഖ്യകൾ താരതമ്യപ്പെടുത്തി കാണിക്കുവാൻ ഇപ്പോൾ സാധിക്കയില്ല.

അനുവദിക്കുന്ന സംഖ്യകൾ ലാപ്സ്ചെയ്യുന്നതിനെപ്പററി ഒരു വാക്കു പറയാനുണ്ടു. കഴിഞ്ഞ കൊല്ലത്തിൽ ലാപ്സ്ചെയ്ത സംഖ്യ വലിയതല്ല. എന്നാൽ സംഖ്യകൾ ലാപ്സാകാതിരിക്കുന്നതിന കാര്യങ്ങൾ ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു. ഉദാഹരണമായി ചില കാര്യങ്ങളിൽ ജനങ്ങൾ ഭൂമികൾ കൊടുക്കാമെന്നു വാഗ്ദാനംചെയ്യും. എന്നാൽ അവയെ കൈവശംകിട്ടുന്നതിന വളരെ താമസം ഉണ്ടാകും. ചില കാര്യങ്ങളിൽ നടപടികൾ നടത്തി ഭൂമികൾ സർക്കാരിലേക്കെടുക്കുന്നതിന താമസം ഉണ്ടാകുന്നു. മററുചില കേസുകളിൽ എസ്റ്റിമേററ തയ്യാറാക്കിവരുന്നതായിരിക്കും. പലപ്പോഴും എസ്റ്റിമേററുകൾ തയ്യാറാകുന്നതിന മുമ്പുതന്നെ ബഡ്ജററിൽ പണമനുവദിക്കാറുണ്ടെന്നു മിങ്ങൾക്കറിയാമല്ലൊ. ഇങ്ങനെയാണ ലാപ്സ്കൾ ഉണ്ടാകുന്നതു. ലാപ്സ് വരണമെന്നു കരുതിക്കൂട്ടി പ്രവർത്തിക്കുന്നതല്ല.

മി. ജി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കൃഷിസേചന സംരക്ഷണത്തെ സംബന്ധിച്ച മൈനർ കുളങ്ങളുടെ എസ്റ്റിമേററുകൾ ഗവൺമെൻറിൻറ പക്കൽ അനുവദിക്കാതെ ബാക്കികിടക്കയല്ലായിരുന്നു എന്നും ലാപ്സ്കൾക്കു കാരണം ആ കടലാസുകൾ ഫയലുകളിൽ താമസിപ്പിച്ചതുകൊണ്ടുമാത്രം അല്ലായിരുന്നു എന്നും മെമ്പറിന പറവാൻ കഴിയുമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഏതെങ്കിലും പ്രവൃത്തിക്കു ഫയലിൽനിന്നു എങ്ങനെയെങ്കിലും വിഘ്നംവരുത്തിയതായി എനിക്കറിവില്ല. ഞാൻ പറഞ്ഞപ്രകാരം ഇങ്ങനെ കൂടുതൽ സംഖ്യകൾ അനുവദിച്ചിട്ടുള്ളതു ജനക്ഷേമത്തിന്നായി പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ച ഗവൺമെൻറിൻറ നില എന്താണെന്നു കാണിക്കുന്നു.

വേറൊരു സാധാരണ ആക്ഷേപം ചില കാര്യങ്ങൾക്കു പണം അനുവദിച്ചിട്ടില്ലെന്നാകുന്നു. പ്രധാനമായിപറഞ്ഞതു ലാൻഡ്മോർട്ട്ഗേജ് (ഭൂസ്വത്തുജാമ്യബാങ്കു) ൻറ കാര്യമാണ്. ആ കാര്യം വേണ്ടെന്നുവെച്ചിട്ടില്ലെന്നു ഞാൻ സഭയോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. അതിപ്പോഴും ഗവൺമെൻറിൻറ ഗാഢമായ ചിന്തയ്ക്കു വിഷയമാണ്. അതിൻറ കാര്യത്തിൽ എന്തെങ്കിലും ചെയ്യുന്നതിന അധികതാമസം ഉണ്ടാകയില്ല. അതിനെ സംബന്ധിച്ച പണം ബഡ്ജററിൽ അനുവദിക്കാത്തതു പണത്തിന്നാവശ്യംവന്നാൽ വരുന്നയാണ്ടിൽ എപ്പോഴെങ്കിലും സഭയോടു ചോദിക്കാൻ കഴിയുമല്ലൊ എന്നുവെച്ചാണ്.

റോഡുബോർഡുകളെപ്പററിയും പ്രസ്താവമുണ്ടായി. അതിനെസംബന്ധിച്ചുള്ള ചട്ടങ്ങൾ തയ്യാറാക്കിട്ടുണ്ടു. അവയെ ഗവൺമെൻറ പരിശോധിച്ചുവരുന്നു. അവയെ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന ഒട്ടും താമസമുണ്ടാകയില്ലെന്നു വിശ്വസിക്കുന്നു.

മററുപല സംഗതികളെപ്പററി പറവാൻ സമയമില്ല. റോഡു സംരക്ഷണത്തിന്നു അനുവദിച്ചിട്ടുള്ള സംഖ്യ കുറവായിപ്പോയി എന്നു മി. കുഞ്ഞിക്കോരനാണെന്നു തോന്നുന്നു പറഞ്ഞതു. റോഡുസംരക്ഷണത്തിന ഗ്രാൻറ കൊടുക്കുന്നതിന ൯൦,൦൦൦ രൂപാ വരുന്നയാണ്ടത്തേക്കു അനുവദിച്ചിട്ടുണ്ടു. റോഡുകൾ പാലങ്ങൾ, മററു ഗതാഗതമാർഗ്ഗങ്ങൾ എന്നിവയുടെ കേടുകൾ പോക്കുന്നതിന പൊതുമരാമത്തു ബഡ്ജററിൽ വേറെ പണവും അനുവദിച്ചിട്ടുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വ്യവഹാരങ്ങളുടെ തീർച്ചയ്ക്കുള്ള താമസത്തെപ്പററി അന്വേഷണം നടത്തുന്നവർക്കു കഴിഞ്ഞതിൻറ മുമ്പിലത്തെ വർഷത്തെ ബഡ്ജററിൽ പണം അനുവദിച്ചിരുന്നു എന്നും സഭ അതു തള്ളിക്കളകയാണ ചെയ്തതെന്നും ചീഫ്സെക്രട്ടറിയെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അങ്ങനെയായിരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "ലാസ്ഡിലേസ് കമ്മീഷണർ" എന്നു ബഡ്ജററിൽ അനുവദിച്ചിട്ടുള്ള ഇനം ഒരു പുതിയഇനമല്ലെന്നും മെമ്പറിനോടു പറഞ്ഞുകൊള്ളുന്നു.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഒരു സംഗതികൂടെയേ എനിക്കു പറവാനുള്ളു. പുതുവൽവകവരവിനെപ്പററി സംസാരിച്ചപ്പോൾ ആ വരവിൽ അധികഭാഗവും കുളങ്ങൾ പതിച്ചുകൊടുക്കുന്നതിൽനിന്നുള്ളതായിരിക്കാം എന്നു എൻറ സ്നേഹിതൻ മിസ്റ്റർ മാധവൻപിള്ള പറകയുണ്ടായി. അദ്ദേഹത്തിൻറ പ്രസംഗം എനിക്കങ്ങനെയാണ മനസ്സിലായതു്. കൃഷിസേചനത്തിന ഉപയോഗമുള്ള കുളങ്ങൾ പതിച്ചുകൊടുക്കുന്നതു ഗവൺമെൻറിൻറ നയമല്ല. അങ്ങനെയുള്ള കുളങ്ങൾ പതിച്ചുകൊടുക്കരുതെന്നു റവന്യൂവകുപ്പും പൊതുമരാമത്തുഡിപ്പാർട്ടുമെൻറുകൾക്കു കർശനമായ ഉത്തരവുകൾ അയച്ചിട്ടുമുണ്ടു. പുതുവൽപതിച്ചുകൊടുത്തുകിട്ടുന്ന അഞ്ചു ലക്ഷം രൂപയിൽ ഒരു ചെറിയഅംശമെങ്കിലും കുളം പതിച്ചുകൊടുത്തുകിട്ടുന്നതാ

ണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ഇനത്തിലുള്ള വരവ് അധികവും പുതുവൽദേഹണ്ഡിടക്കുന്ന താലൂക്കുകളിൽനിന്നു കിട്ടുന്നതാണ്.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പുതുവൽ പതിച്ചുകൊടുക്കുന്നതു ബ്ലോക്കുകളായി വേണമെന്നാണോ ഗവണ്മെന്റിന്റെ നയം?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതാകുന്നു പുതുവൽ ചട്ടങ്ങളുടെ സാരം.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതാണോ ഇപ്പോഴും ഗവണ്മെന്റിന്റെ നയം?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അങ്ങനെയല്ലെന്നു വിചാരിപ്പാൻ കാരണമില്ല.

അലിയാർ, പ്രാസംഗികരുടെ പേരെടുക്കാതെ മിസ്റ്റർ മാധവൻപിള്ള പ്രസ്താവിച്ച കരത്തിന്റെ ആളോഹരി വീതമാണോ. മിസ്റ്റർ മാധവൻപിള്ള സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അതു ഗ്രഹിക്കാൻ എനിക്കു കഴിവില്ലായിരുന്നു. ഇവിടത്തെ വീതവും ബ്രിട്ടീഷിൻഡ്യയിലെ വീതവും അദ്ദേഹം താരതമ്യപ്പെടുത്തികാണിച്ചു. അങ്ങനെ താരതമ്യപ്പെടുത്തുന്നതിൽ ഒരു അബദ്ധമുണ്ട്. ബ്രിട്ടീഷിൻഡ്യയിൽ ചില ചെലവുകൾ ലോക്കൽ പ്രദേശങ്ങളിൽ വരികൾ ചുമത്തി വഹിക്കയാണു ചെയ്യുന്നത്. ഇവിടെ ആ ചെലവുകൾ ഗവണ്മെന്റിന്റെ പൊതുമുതലെടുപ്പിൽ നിന്നെടുത്തു ചെയ്യുന്നു. ഉദാഹരണമായി പ്രാഥമിക വിദ്യാഭ്യാസം, റോഡുകൾ, വൈദ്യസഹായം എന്നിവയ്ക്കുള്ള ചെലവുകൾ ബ്രിട്ടീഷ്ഇൻഡ്യയിലും ചില നാട്ടുരാജ്യങ്ങളിലും ചെയ്യുന്നതു അതാതു പ്രദേശത്തു പ്രത്യേകവരികൾ ചുമത്തി വസൂലാക്കീട്ടാണ്. അതുകൊണ്ടു ബ്രിട്ടീഷിൻഡ്യയിലെ കരവും ഇവിടത്തെ കരവും താരതമ്യപ്പെടുത്തിനോക്കുമ്പോൾ ബ്രിട്ടീഷിൻഡ്യയിൽ അതാതു പ്രദേശത്തുനിന്നു വസൂലാക്കുന്ന പ്രത്യേകകരവും കണക്കിൽ ഉൾപ്പെടുത്തുന്നതായിരിക്കും ന്യായം. ഇതു ചെയ്തിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൧൦൯-ലെ കണക്കിൽ മുനിസിപ്പാലിററികളിൽ വസൂലാക്കുന്ന കരവും ഉൾപ്പെടുത്തീട്ടുണ്ടോ എന്നു ചീഫ്സെക്രട്ടറി പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഉൾപ്പെടുത്തീട്ടില്ല.

മുനിസിപ്പാലിററികൾ രണ്ടിടത്തും ഉള്ളതാണ്. ബ്രിട്ടീഷിൻഡ്യയിൽ പലതരം നികുതികളും വരികളും ചുമത്തി വസൂലാക്കുന്ന ഡിസ്ട്രിക്ട് ബോർഡുകളും ലോക്കൽബോർഡുകളുമുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എന്നാൽ തെററിദ്ധാരണയ്ക്കിടയാക്കുന്ന സംഖ്യകൾ കണക്കിൽ ചേർത്തതെന്തിന?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): നമ്മുടെ രാജ്യത്തു നടപ്പുള്ള രീതിയിൽ ഇവിടത്തെ കണക്കു തയ്യാറാക്കിഎന്നേയുള്ളു. ഇവിടെയും ബ്രിട്ടീഷിൻഡ്യയിലുമുള്ള കരം താരതമ്യപ്പെടുത്തി ഒരു ടത്തും കാണിച്ചിട്ടില്ല. അങ്ങനെ താരതമ്യപ്പെടുത്തുമ്പോൾ ഒരിനം വിട്ടുകളയേണ്ടതായിരുന്നു. റോഡുചുങ്കവും പാലച്ചുങ്കവും പൊതുമുതലെടുപ്പിൽ ചേർത്തുകാണാം. തിരുവിതാംകൂറിൽ ആളോഹരിവീതം കരം കണക്കാക്കുന്നതിനു അതും ഉൾപ്പെടുത്തീട്ടുണ്ടു. അതു ബ്രിട്ടീഷിൻഡ്യയിലെ കണക്കിൽ തീർച്ചയായും ഉൾപ്പെടുത്തിട്ടില്ല. എന്തെന്നാൽ അവിടെ ചുങ്കംവരവ് പൊതുമുതലെടുപ്പിൽ ഉൾപ്പെടുത്തിട്ടില്ല. ആ വിഷയത്തെപ്പററി എനിക്കിത്രയേ പറവാനുള്ളു. മിസ്റ്റർ മാധവൻപിള്ളയെ ചോദ്യംചോദിച്ചു വിഷമപ്പെടുത്തുവാൻ ഞാൻ വിചാരിച്ചില്ല. അദ്ദേഹം അങ്ങനെ വിചാരിച്ചതുകൊണ്ടു ഞാൻ വ്യസനിക്കുന്നു.

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ഫൈനാൻഷ്യൽസെക്രട്ടറി): ബഡ്ജററിനെപ്പററിയുള്ള പൊതുവിമർശനത്തിൽ ബഡ്ജററു തയ്യാറാക്കുന്ന രീതിയെപ്പററി ഇവിടെ ചിലർ പ്രസ്താവിച്ചതിനു സമാധാനം പറഞ്ഞുകൊള്ളുന്നു. ൧൧൦൫-ലെയും ൧൧൦൬-ലെയും ചില സംഖ്യകൾ ഉദ്ധരിച്ചുകൊണ്ടു നമ്മുടെ ബഡ്ജററിൽ വരവ് കുറച്ചാണ് കാണിക്കുന്നതെന്നു ചില മെമ്പർമാർ ആക്ഷേപിക്കയുണ്ടായി. അവർ വിവരമായി പരിശോധിച്ചിരുന്നു എങ്കിൽ പ്രതീക്ഷിച്ചസംഖ്യകളും യഥാർത്ഥസംഖ്യകളും തമ്മിലുണ്ടായവ്യത്യാസത്തിനുള്ള കാരണം ഗ്രഹിക്കുമായിരുന്നു. ൧൧൦൫ മുതൽ ൧൧൦൬-ാമാണ്ടുവരെ ഇൻഡ്യാഗവണ്മെന്റു ജാമ്യപത്രങ്ങൾ മേടപ്പെടുത്തിയവകയിൽ ൩൦ ലക്ഷംരൂപാ മുതൽ ൩൫ ലക്ഷം രൂപാവരെ ലാഭം കിട്ടിയതു വരവിൽചേർത്തിട്ടുണ്ട്. ഇനിയും നമ്മുടെ കയററുമതി ഇറക്കുമതിച്ചുങ്കം വരവു കാലാവസ്ഥയെ ആശ്രയിച്ചിരിക്കും. അതു മുൻകൂട്ടി കൃത്യമായി കണക്കാക്കാൻ സാധിക്കയില്ല. അടുത്തകാലത്തു മെമ്പർമാർ അറിയുംപ്രകാരം നായർതറവാട്ടുകളിലും ഈഴവതറവാട്ടുകളിലും ഉണ്ടായ ഭാഗംനിമിത്തം അധികം ആധാരങ്ങൾ രജിസ്റ്റർചെയ്തതുകൊണ്ടു സ്റ്റാമ്പും രജിസ്ട്രേഷനും ഇനങ്ങളിൽ യഥാർത്ഥവരവു പ്രതീക്ഷിച്ചവരവിൽനിന്നു വളരെ ഭേദപ്പെടുകയാണുണ്ടായത്.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ബഡ്ജററു തയ്യാറാക്കുമ്പോൾ ഇതറിഞ്ഞുകൂടയോ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്റ്റിംഗ് ഗവണ്മെന്റുഫൈനാൻഷ്യൽസെക്രട്ടറി): മുൻപറഞ്ഞകാരണങ്ങളാൽ കൃത്യമായി കണക്കാക്കാൻ സാധിക്കയില്ല. എസ്റ്റിമേററും യഥാർത്ഥസംഖ്യയും തമ്മിലുള്ള വ്യത്യാസത്തിനു ശരിയായ സമാധാനമുണ്ടെന്നു ഇതുകൊണ്ടുഗ്രഹിക്കാം. ൧൧൦൫ മുതൽ ൧൧൦൬-ാമാണ്ടുവരെ ഈ വ്യത്യാസം ആശ്ചര്യകരമാംവണ്ണം ഉണ്ടായിരുന്നു. ഇൻഡ്യാഗവണ്മെന്റുവക ബഡ്ജററിലും പ്രതീക്ഷിച്ചവരവിനും യഥാർത്ഥവരവിനും തമ്മിൽ ൩൦ മുതൽ ൩൫ വരെ ശതമാനം വ്യത്യാസം വന്നിട്ടുള്ളതായി കാണാം. ൧൯൩൨-ാമാണ്ടിൽ ൧൧൦ കോടി രൂപാ വരവും ൧൩൪ ലക്ഷം രൂപാ ബാക്കിയും ഉണ്ടാകുമെന്നു അവർ എസ്റ്റിമേററുചെയ്തിരുന്നു. എന്നാൽ യഥാർത്ഥവരവു ൧൩൨ കോടിരൂപയും ബാക്കി ൭ കോടി ൩൫ ലക്ഷം രൂപയും ആയിരുന്നു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ശതമാനം എത്ര ആയിരുന്നു?

മി. എസ്. വെങ്കിട്ടരമണയ്യർ (ആ. ഗവണ്മെന്റു ഫൈനാൻഷ്യൽസെക്രട്ടറി): അതു മുന്നുമുതൽ ആറു ശതമാനംവരെ ഉണ്ടെന്നു ഞാൻ പറഞ്ഞുവല്ലോ. ൧൯൨൭-൨൮-ാമാണ്ടു എസ്റ്റിമേററു ൧൨൭ കോടിരൂപയും യഥാർത്ഥസംഖ്യ ൧൩൦ കോടി രൂപയും ആയിരുന്നു. ബഡ്ജററിൽ വരവ് എസ്റ്റിമേററു ചെയ്യുന്നതിനുള്ള

പ്രകാരം എല്ലാ ഗവണ്മെന്റുകൾക്കും ഒന്നാകയാൽ, അതായതു തന്നാണ്ടത്തെ പുതുക്കിയ എസ്റ്റിമേറ്റുകളെ അടിസ്ഥാനപ്പെടുത്തീട്ടാകയാൽ ചിറെറങ്ങളതൊ സ്ഥിതിഗതികൾ അനുസരിച്ചു അല്ലാതെ ചില വ്യത്യാസങ്ങൾ വരാതെ നിവൃത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിലെയും സെൻട്രൽ ഗവണ്മെന്റിന്റേയും ബഡ്ജറ്റ് എസ്റ്റിമേറ്റുകളിലെ വ്യത്യാസങ്ങൾ തമ്മിൽ വല്ല സാമ്യവും ഉണ്ടോ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവണ്മെന്റുഫൈനാൻഷ്യൽസെക്രിട്ടറി): ബഡ്ജറ്റു തയ്യാറാക്കുന്നരീതി ഒന്നുതന്നെയാണ്. സിങ്കിങ്ങ് ഫണ്ട് (കടംതീർക്കാനുള്ള കരുതൽമുതൽ) വകപണം ഭൂസ്വത്തു ജാമ്യബാങ്കുകളിൽ നിക്ഷേപിക്കുന്നതിന്റെ അഭികാമ്യതയെപ്പററി ഒരു മെമ്പർ പറകയുണ്ടായി. അതു സാധ്യമല്ല. എന്തെന്നാൽ നമ്മുടെ സിങ്കിങ്ങ്ഫണ്ട് മുതൽമുഴുവനും ഡിബെഞ്ച്വർലോൺവക ബ്രിട്ടീഷ്രൂപാ ൧൪,൩൯,൦൦൦-യും റയിൽവെകടം വക ൧൪൦ ലക്ഷം രൂപായും ൧൯൪൮-ലും ൧൯൪൯-ലും കടംവീട്ടിതീർക്കുന്നതിനു ഒന്നായിവേണ്ടിവരും. മേൽപറഞ്ഞ കൊല്ലങ്ങളിൽ ഈ സംഖ്യകൾ പണമായി കൈവശം ഉണ്ടായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെയാണ് ഇൻഡ്യാഗവണ്മെന്റു ജാമ്യപത്രങ്ങളിൽ പണം നിക്ഷേപിക്കുന്നതു. നൂററിപതിനഞ്ചു പലിശയും കിട്ടുന്നുണ്ട്.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇൻഡ്യാഗവണ്മെന്റു കടപ്പത്രങ്ങൾ വാങ്ങാനുപയോഗിക്കുന്ന സംഖ്യകൾ ഭൂസ്വത്തുജാമ്യബാങ്ക് ആരംഭിക്കുന്നതിനു ഉപയോഗിക്കാവുന്നതാണെന്നു മെമ്പർക്കറിയാമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ബഡ്ജററിന്റെ ഏഴാംപുറത്തുള്ള കടംവിവരപ്പട്ടികയിൽ റയിൽവെകടം ഉൾപ്പെടുത്തീട്ടില്ലാത്തതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവണ്മെന്റുഫൈനാൻഷ്യൽസെക്രിട്ടറി): അതു ബുക്കിൽ പെടാത്ത ഒരു കടമാണ്. അതുകൊണ്ടു കണക്കിൽകാണുകയില്ല.

മി. മാത്യു മുരിക്കൻ (വൈക്കം): ഒരു ഭൂസ്വത്തുജാമ്യബാങ്കു സ്ഥാപിക്കുന്നതിനു എത്രരൂപാ വേണ്ടിവരുമെന്നു മെമ്പർക്കു വല്ല അഭിപ്രായവുമുണ്ടോ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവണ്മെന്റുഫൈനാൻഷ്യൽസെക്രിട്ടറി): അതു മേലാൽ ആലോചിക്കേണ്ടുന്ന ഒരു കാര്യമാണ്.

പ്രെസിഡെന്റു, ആ ചോദ്യത്തിനു ഇപ്പോൾ അവകാശമില്ല. അതു ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്ന ഒരു സംഗതിയാണല്ലോ.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതു ഡിബെഞ്ച്വർലോൺപോലെയുള്ള ഒരു കടമാണോ? അതാണ് എനിക്കറിയേണ്ടതു:

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ്ഫൈനാൻഷ്യൽസെക്രിട്ടറി): അതൊരു കടമാണ സംശയമില്ല. എന്നാൽ അതു നമ്മുടെ കണക്കിൽ ഇല്ല.

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): ഈ ബാദ്ധ്യത ബുക്കിലില്ല എന്നുപറഞ്ഞു. പിന്നെ അതെവിടെയാണ കാണേണ്ടതു്?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ്ഗവണ്മെൻഫൈനാൻഷ്യൽസെക്രിട്ടറി): പരിഷ്കരിച്ചസേവിംഗ്സ്ബാങ്കു ചട്ടങ്ങൾ പ്രത്യേകമായി ഗുണമുള്ളതാണ്, സേവിംഗ്സ്ബാങ്കിൽ നിക്ഷേപിക്കുന്നപണത്തിനു പലിശ കണക്കാക്കുന്നതിൽ ഒരു പുതിയരീതി ഏർപ്പെടുത്തിയതിനെപ്പററി പ്രസ്താവിച്ചുവല്ലോ. സേവിംഗ് ബാങ്കിൽ നിക്ഷേപിക്കുന്നപണത്തിനു അനുവദിക്കുന്നപലിശ ഇപ്പോഴത്തെപ്പോലെ നൂററിനു ൩ രൂപ ൧൨ കാശു തന്നെആയിരിക്കും. കണക്കുകൂട്ടാൻ സൌകര്യത്തിനുവേണ്ടി ഏഴു ചക്രത്തിൽകുറഞ്ഞപലിശ ഉപേക്ഷിക്കയും ൭ ചക്രത്തിൽകൂടുതൽ ഉണ്ടാകുന്നപലിശ ൧൪ ചക്രം ആക്കുകയുംചെയ്യും. ഈ പുതിയരീതിയിൽ ഒരു പ്രത്യേകഗുണമുണ്ടു, പലിശയുള്ളബാക്കി.—

മി. എ. താണുപിള്ള (തിരുവനന്തപുരം): കാര്യം എന്താണെന്നു ഫൈനാൻഷ്യൽസെക്രട്ടറി പറഞ്ഞുകേട്ടാൽകൊള്ളാം. അതൊരു കടമാണെന്നു അദ്ദേഹം പറയുന്നു. അപ്പോൾതന്നെ അതു ബുക്കിലില്ലെന്നും പറയുന്നു. അതു കണക്കിൽ ഇല്ലാത്തതു എന്തുകൊണ്ടാണെന്നും ബുക്കിലുള്ളകടവും ബുക്കിലില്ലാത്തകടവും തമ്മിൽവ്യത്യാസം എന്താണെന്നും ഞങ്ങൾക്കു അറിയണം.

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവണ്മെന്റു ഫൈനാൻഷ്യൽസെക്രിട്ടറി): അതു ഇംഗ്ലണ്ടിൽ ബ്രിട്ടീഷ്ഗവണ്മെന്റുവാങ്ങിയ കടമാണ. ഈഗവണ്മെന്റല്ല ആകടം വാങ്ങിയതു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നാം അതു ബ്രിട്ടീഷ്ഗവണ്മെന്റിനു മടക്കികൊടുക്കേണ്ടതല്ലയോ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവണ്മെന്റു ഫൈനാൻഷ്യൽസെക്രിട്ടറി): അതെ ൧൯൪൯-ൽ കാലംതികയുമ്പോൾ അതുമടക്കികൊടുക്കാം.

മി. കെ. സി. കരുണാകരൻ (ഗവണ്മെൻനോമിനേറ്റഡ്): ഡബിൾഎൻട്രിയുടെ (രണ്ടുപ്രാവശ്യംചേർക്കുന്നതു) പ്രമാണം എന്താണ്?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവണ്മെന്റു ഫൈനാൻഷ്യൽസെക്രിട്ടറി): അതു നമ്മുടെ തീരുമാനിക്കു ബ്രിട്ടീഷ്ഗവണ്മെന്റു അഡ്വാൻസുകൊടുത്തസംഖ്യയാണ.

ഞാൻ പറഞ്ഞപ്രകാരം പുതിയവ്യവസ്ഥക്കു ഒരു പ്രത്യേകഗുണമുണ്ടു. ഇപ്പോൾ പലിശയുള്ള ബാക്കി ൨ രൂപയാണ. പുതിയ ചട്ടപ്രകാരംവരുന്നയാണ്ടുമുതൽ അതു ഒരു രൂപാആയിരിക്കും. പുതിയവ്യവസ്ഥകൊണ്ടു ആർക്കും കാര്യമായ ദോഷംഉണ്ടാകയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): \അഞ്ചലാഫീസിലെ കണക്കുകൂട്ടാൻ കഴിയാത്തതുകൊണ്ടാണോ ഈ വ്യവസ്ഥയുണ്ടാക്കിയതു?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവണ്മെന്റു ഫൈനാൻഷ്യൽസെക്രിട്ടറി): അല്ല, അതുഎളുപ്പവും സൌകര്യമുള്ളതും ആകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പുതിയകണക്കയന്ത്രത്തിനു ഇതേവരെയുള്ള പലിശകൂട്ടാൻ കഴിയുമോഎന്നുപറയുമോ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്റ്റിംഗ് ഗവർമെന്റ ഫൈനാൻഷ്യൽസെക്രിട്ടറി): ഉവ്വ് കഴിയും.

ഒരുമെംബർ മിസ്റ്റർ ഇട്ടപ്പു ഇട്ടിച്ചൻ ആണെന്നുതോന്നുന്നു, രാജകീയവൃക്ഷങ്ങൾക്ക കുടിപ്പിഴകൊടുക്കുന്നതിനു പണം അനുവദിച്ചിട്ടുണ്ടോഎന്നു സംശയംപറഞ്ഞു. ബഡ്ജറ്റിൽ ൧൨൦-ാംപുറം നോക്കിയാൽ ൧൦൮൫-ാമാണ്ടത്തേക്ക ആ ഇനത്തിൽ ൧൫൦൦൦ രൂപ അനുവദിച്ചിട്ടുണ്ടെന്നു കാണാം. എനിക്ക ഇതിലധികമൊന്നും പറവാനില്ല സർ.

പ്രെസിഡന്റ. സഭ ഇപ്പോൾ പിരിയുകയും നാളെ പകൽ പതിനൊന്നരമണിക്ക പിന്നെയും കൂടുകയും ചെയ്യും.

സഭ വൈകുന്നേരം അഞ്ചരമണിക്ക പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ(ഒപ്പ്)
നിയമസഭാസെക്രിട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകോട്ടു നിയമസഭ.

മൂന്നാമത്തെ കൌൺസിൽ.

൧൧൦൮-ാമാണ്ടിലെ രണ്ടാമത്തെ സെഷൻ.

൧൯൩൩ ആഗസ്റ്റ് ൧-ാംനു ൧൧൦൮ കർക്കടകം ൧൬-ാംനു ബുധനാഴ്ച.

സഭായോഗം വിക്ടോറിയാ ജൂബിലിടൌൺഹാളിൽ പകൽ പതിനൊന്നരമണിക്കു കൂടി.
പ്രസിഡണ്ട് ആദ്ധ്യക്ഷ്യം വഹിച്ചു.

ചോദ്യങ്ങളും മറുപടികളും.

തഹശീൽദാർ—മജിസ്ട്രേട്ടുമാർ.

൧൭൬. മി. എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): ൧൯൩൨ ആഗസ്റ്റ് ൧-ാംനു നടന്ന സഭായോഗത്തിൽ ൧൮-ാം നമ്പർ ഉപക്ഷേപത്തിനു [illegible] കൂട്ടത്തിലും അവസ്ഥ ഗവണ്മെന്റിനു [illegible] കാര്യത്തെ സംബന്ധിച്ചിടത്തോളം,

(എ) മജിസ്ട്രേട്ടധികാരങ്ങൾകൂടിയുള്ളതായ തഹശീൽദാർമാരുടെ പേരുകളും;

(ബി) അവരെ [illegible] മജിസ്ട്രേട്ടധികാരം വിട്ടിട്ടുണ്ടോ എന്നും;

(സി) (ബി)ക്കുള്ള മറുപടി നിഷേധരൂപത്തിൽ ആണെങ്കിൽ അതിനുള്ള കാരണവും;

ഗവണ്മെണ്ട് പറയുമോ?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രിട്ടറി): (എ) മി. ആർ. ഗോവിന്ദപ്പിള്ള ബി. എ. ബി. എൽ. പത്തനംതിട്ട തഹശീൽദാർ.

മി. എൻ. എസ്. രാമൻപിള്ള ബി. എ., ബി. എൽ. മീനച്ചൽ തഹശീൽദാർ.

,, കെ. എൻ. ഗോവിന്ദൻ ബി. എ., പത്മനാഭപുരം, തഹശീൽദാർ.

,, പി. പരമേശ്വരൻപിള്ള ബി. എ., ബി. എൽ. പീരുമേട്ട തഹശീൽദാർ.

,, കെ. കെ. [illegible] ബി. എ., ബി. എൽ. പറവൂർ തഹശീൽദാർ.

(ബി) ഈ അഞ്ചു തഹശീൽദാർമാരുടെയും മജിസ്ട്രേട്ട അധികാരങ്ങൾ എടുത്തുകളയും എന്നു ഖണ്ഡിതമായിപറഞ്ഞിട്ടില്ല. തഹശീൽദാർമാർക്ക മജിസ്ട്രേട്ട അധികാരം ഉള്ളതു എടുത്തുകളയണമെന്നുള്ള രീതി തത്വത്തെ ഗവണ്മെണ്ട് അംഗീകരിക്കമാത്രമേ ചെയ്തിട്ടുള്ളു.

(സി) (ബി) ഭാഗത്തിനുള്ള മറുപടിയുടെ ദൃഷ്ട്യാ ഇതു ജനിക്കുന്നില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): കഴിഞ്ഞവർഷത്തിൽ ൧൮-ാമത്തെ ഉപക്ഷേപത്തിന്റെ മറുപടിയിൽ ലാന്റ് റവന്യൂ കമ്മീഷണർ അങ്ങനെ വാഗ്ദത്തം ചെയ്തിട്ടില്ലെന്നാണോ മറുപടി?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രിട്ടറി): അങ്ങനെ മറുപടി പറഞ്ഞിട്ടുള്ളതായി തോന്നുന്നില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): ആ ഭാഗം ദയവുചെയ്തു ഒന്നു നോക്കുമോ?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രിട്ടറി): നോക്കാം.

വെടിയായുധങ്ങൾ ഉപയോഗിക്കുന്നതിനുള്ള ലൈസൻസുകൾ:

൧൭൭. മി. ആർ. [illegible] (കോട്ടയം):

(എ) (i) ഇൻഡ്യക്കാരായ തോട്ടകൃഷിക്കാർക്കു ദേവികുളം ഡിസ്ട്രിക്ട് മജിസ്ട്രേട്ട കൊടുത്തിട്ടുള്ള ലൈസൻസുകൾ അവരുടെ സ്വന്തം തോട്ടങ്ങൾക്കു വെളിയിൽ അവർ കൊണ്ടുപോകുന്നതിനു അവരെ അധികാരപ്പെടുത്തുന്നില്ലാ എന്നും;

(ii) സ്വയരക്ഷാ കാര്യത്തിലേക്ക തോട്ടങ്ങൾക്കുള്ളിലേക്കാൾ അധികമായി തോട്ടങ്ങൾക്ക വെളിയിൽ ആണ് വെടിയായുധങ്ങൾ ആവശ്യമായിട്ടുള്ളതെന്നും;

(iii) യൂറോപ്യന്മാരായ തോട്ടകൃഷിക്കാർക്ക കൊടുക്കുന്ന ലൈസൻസുകൾ അവരുടെ തോട്ടങ്ങൾക്കപ്പുറമേയും വെടിയായുധങ്ങൾ കൊണ്ടുപോകുന്നതിനു അവരെ അനുവദിക്കുന്നുണ്ട് എന്നും ഉള്ള സംഗതികൾ ഗവണ്മെണ്ടിനു അറിയാമോ എന്നും;

(ബി) ഇപ്രകാരം ഉള്ള വ്യത്യാസം ഉണ്ടെങ്കിൽ അതിനെ മാറ്റുന്നതിനുവേണ്ടതു ചെയ്യുമോ എന്നും ഗവണ്മെണ്ട് സദയം പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): (എ) (i) (ii) (iii)-ം വെടിയായുധങ്ങൾ തോട്ടാതിർത്തികൾക്കുള്ളിൽ കൈവശംവച്ചുകൊണ്ടിരിക്കുന്നതിനേയും ഉപയോഗിക്കുന്നതിനേയും സാമാന്യേന നിയന്ത്രിക്കുന്ന ൧൮-ാം നമ്പർ ഫാറപ്രകാരമുള്ള ലൈസൻസുകൾ ദേവികുളത്തിലെ ഡിസ്ട്രിക്ട് മജിസ്ട്രേട്ട കൊടുക്കുന്നുണ്ട്. ഇതു അദ്ദേഹം ചെയ്യുന്നതു നിയമത്താൽ അദ്ദേഹത്തിനു സിദ്ധിച്ചിട്ടുള്ള വിവേചനാധികാരത്തെ പ്രയോഗിച്ചും വനത്തിന്റേയും വേട്ടമൃഗങ്ങളുടേയും രക്ഷയ്ക്കായും ആകുന്നു. ഇൻഡ്യാക്കാരായ തോട്ടകൃഷിക്കാർക്കും യൂറോപ്യരായ തോട്ടകൃഷിക്കാർക്കും തമ്മിൽ ഭേദകരമായ യാതൊരു വ്യത്യാസവും ഇക്കാര്യത്തിൽ ചെയ്യാറില്ലാ എന്നും അപേക്ഷകൻ വേട്ടയാടുന്നതിനുള്ള ലൈസൻസ് വനം കൺസർവേറ്ററുടെ പക്കൽനിന്നു വാങ്ങിക്കുന്ന എല്ലാ സംഗതികളിലും ഒരു താലൂക്കിലോ ഡിസ്ട്രിക്ടിലൊ സാധുവായിരിക്കുന്ന ലൈസൻസുകൾ കൊടുക്കാറുണ്ടെന്നും അദ്ദേഹം പറയുന്നു. മേല്പറഞ്ഞ (എ) ഭാഗത്തിനുള്ള മറുപടിയുടെ ദൃഷ്ട്യാ ഇതു ജനിക്കുന്നില്ല.

ചാക്കമുതൽ വേളിവരെയുള്ള തോട്ടിലെ കരകളിൽ കലുങ്കുകൾ കെട്ടുക.

[illegible]. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും):

(എ) തിരുവനന്തപുരം താലൂക്കിൽ ചാക്കനിന്നു വേളിവരെയുള്ള തോട്ടിന്റെ കരകളിൽ എത്ര കലുങ്കുകൾ കെട്ടീട്ടുണ്ട് എന്നും;

(ബി) ഇവയിൽ എത്ര എണ്ണത്തിനു ഷട്ടറുകൾ ഇട്ടിട്ടുണ്ടെന്നും;

(സി) ഷട്ടറുകൾ ഇല്ലാത്തതുകൊണ്ടു തോട്ടിൽനിന്നു ഉപ്പുവെള്ളം കൃഷിസ്ഥലങ്ങളിൽ ഒഴുകിച്ചെന്നു തെങ്ങുവിളവിനെ ദോഷപ്പെടുത്തുന്നു എന്നു ഗവൺമെന്റിനു അറിയാമോ എന്നും;

ഗവൺമെന്റ് സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി): (എ) പതിനൊന്ന്

(ബി) ഒന്ന്

(സി) സാധാരണ വെള്ളപ്പൊക്കത്തിൽ വയലുകളിൽ വെള്ളം കയറുന്നതിനെ തടയുവാനായി വയലുകളിലെ [illegible] മണ്ണുകൊണ്ടു [illegible] ജനങ്ങൾ അടയ്ക്കാറുണ്ട്. നേരെ മറിച്ചു തോട്ടിൽ [illegible] ഉണ്ടായിരുന്നാൽ അതായതു ചാക്കയിൽ [illegible] അര അടിയോ [illegible] അടിയോ വെള്ളം ഉണ്ടായിരുന്നാൽ ഒന്നാമത്തെ ഷട്ടർ ശംഖുംമുഖം മുതൽ കല്ലാലക്കടവിലും വേളിക്കും നടുക്കു [illegible] തോട്ടിന്റെ പടിഞ്ഞാറെകര മൂന്നു മുതൽ നാലുവരെ അടി താഴെയായിരിക്കും. അപ്പോൾ കലുങ്കുകളിൽക്കൂടിയല്ലാതെ വെള്ളം കരകവിഞ്ഞു ഒഴുകുകയാൽ കരകൾ താണ നിരപ്പിൽ ഇരിക്കുന്നിടത്തോളം ഓരുവെള്ളം വയലുകളിൽ കടവുകൂടാതെ ഒഴുകിയെത്തും.

എക്സൈസ് കീഴ്ജീവനക്കാരുടെ സ്ഥലനിർണ്ണയം.

[illegible]. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും—കുന്നത്തൂരും): ഒരു താലൂക്കിൽ [illegible] എക്സൈസ് ഇൻസ്പെക്ടർമാരെയും സബ് ഇൻസ്പെക്ടർമാരെയും ജോലിക്കായി [illegible] കാര്യത്തിൽ ഗവൺമെന്റിനു [illegible] എന്തെങ്കിലും [illegible] ഉണ്ടോ എന്നു ഗവൺമെന്റ് സദയം പറയുമോ?

മി. കെ. ജാർജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): ഈ വിഷയത്തിൽ ഖണ്ഡിതമായ ചട്ടങ്ങൾ ഇല്ല. ഒരു നിയതസ്ഥലത്തുള്ള പ്രവൃത്തിയുടെ സ്വഭാവവും അതിലേക്കു ഉദ്യോഗസ്ഥന്മാർക്കുള്ള വാസനയും [illegible] ഓരോ സ്ഥലത്തേക്കു നിയമിക്കുന്നതിൽ പ്രാധാന്യമായി ആലോചിക്കാറുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും—കുന്നത്തൂരും): മുമ്പിലുള്ള കുറ്റങ്ങളുടെ എണ്ണവും [illegible] കുറ്റങ്ങളുടെ എണ്ണവും ഈ ഉദ്യോഗസ്ഥന്മാരുടെ സ്ഥലനിയമന കാര്യത്തിൽ ആലോചിക്കേണ്ടതാണോ?

മി. കെ. ജാർജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): ആ മറുപടിയിൽനിന്നു ഈ പ്രശ്നം ഉത്ഭവിക്കുന്നതായി തോന്നുന്നില്ല. ഒരു നിയതസ്ഥലത്തുള്ള പ്രവൃത്തിയുടെ സ്വഭാവവും ഉദ്യോഗസ്ഥന്മാർക്കുള്ള വാസനയും ആണു നിയതസ്ഥലങ്ങൾക്കു ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുന്നതിൽ സാധാരണമായി [illegible] എന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും—കുന്നത്തൂരും): ഈ ഉദ്യോഗസ്ഥന്മാർ കുറ്റങ്ങൾ കണ്ടുപിടിക്കേണ്ടതില്ലയോ?

മി. കെ. ജാർജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): അതെ, ചില കേസുകളിൽ; എല്ലായിടത്തും ഇല്ല. ചില സംഗതികളിൽ ഉദ്യോഗസ്ഥന്മാർ ചാവുക്കകളുടെയും ഉപ്പു പണ്ടകശാലകളുടെയും മേൽ വിചാരം വഹിക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും—കുന്നത്തൂരും): കുറ്റങ്ങൾ കണ്ടുപിടിക്കുന്നതു അവരുടെ പ്രധാനപ്പെട്ട ജോലിയുടെ അംശം അല്ലയോ എന്ന മറുപടിയിൽനിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): അതു ഞാൻ പൂർണ്ണമായി സമ്മതിക്കുന്നില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും—കുന്നത്തൂരും): ഒരു നിയതപ്രദേശത്തു നടത്തപ്പെടുന്ന കുറ്റങ്ങൾക്കു ഉദ്യോഗസ്ഥന്മാരുടെ സ്ഥലനിർണ്ണയത്തെ സംബന്ധിച്ചു വല്ല ബന്ധവും ഉണ്ടോ?

മി. കെ. ജാർജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): അതു ആലോചിക്കാറില്ലായിരിക്കാം; എനിക്കു അതു പറയാൻ സാധ്യമല്ല.

ജനനമരണങ്ങൾ രെജിസ്റ്റർചെയ്യൽ.

[illegible]. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "ഈ സ്ഥിതിക്കു ഇപ്പോഴത്തെ കണക്കുകൾ പൊതുജനാരോഗ്യകാര്യങ്ങൾക്കു വല്ല അനുമാനവും അവയിൽനിന്നു ഗ്രഹിക്കാൻ പര്യാപ്തങ്ങൾ അല്ല" എന്നു [illegible] ലെ സാനിട്ടറി ഡിപ്പാർട്ട്മെന്റിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ജനനമരണങ്ങൾ അധികം ഫലവത്തായി രെജിസ്റ്റർചെയ്യുന്നതിനു സാനിട്ടറി കമ്മീഷണർ അയച്ചിട്ടുള്ള പരിഷ്കരണനിർദ്ദേശങ്ങളും അക്കാര്യത്തിൽ ഗവൺമെന്റു നടത്തിയിട്ടുള്ള നടപടിയുടെ സ്വഭാവവും ഗവൺമെന്റ് സദയം മേശപ്പുറത്തു വയ്ക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ് സെക്രട്ടറി): [illegible] ആർ. ഒ. സി. [illegible] ബി. ഏ., നമ്പരായി ഉണ്ടായിട്ടുള്ള ഗവൺമെന്റു പ്രൊസീഡിംഗ്സ് മെമ്പർ നോക്കുക. അതിൽ സാനിട്ടറികമ്മീഷണരുടെ നിർദ്ദേശങ്ങളും അവയിന്മേൽ ഗവൺമെന്റാജ്ഞയും അടങ്ങിയിരിക്കുന്നു. അതു [illegible] ഗസറ്റിൽ I-ാംഭാഗം [illegible] വശങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്ന ഗവൺമെന്റാജ്ഞയുടെ സാരം പറഞ്ഞുതരുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ് സെക്രട്ടറി): അതു ഇതിനുമുമ്പിലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇരിക്കാം. ഗസറ്റിലെ ആ പുറം ഇപ്പോൾ എന്റെ കൈവശം ഇല്ല. അതുകൊണ്ടു പൂർത്തീകരണപ്രശ്നങ്ങൾ ചോദിക്കാൻ ഞാൻ അശക്തൻ ആയിരിക്കുന്നു.

സർ, പ്രശ്നങ്ങൾക്കു മറുപടിപറയുന്നതായ ഈ സമ്പ്രദായത്തെക്കുറിച്ച് ഞങ്ങൾ ഇതിനുമുമ്പിലെ പ്രതിഷേധങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുമ്പോൾ ഗവണ്മെണ്ട് ശരിയായ മറുപടികൾ പറയേണ്ടതാണ്. അതിനുപകരം അവർ ഏതെങ്കിലും ഗസററ് നോക്കിക്കൊള്ളണം എന്നു പറയുന്നു. അതു എവിടെയാണെന്നു കണ്ടറിയുന്നതു സാധ്യം അല്ല.

സാനിട്ടറികമ്മിഷണർ അയച്ച ഉപദേശങ്ങൾ അടങ്ങിയിരിക്കുന്ന ഗവണ്മെൻറാജ്ഞയുടെ സാരം എങ്കിലും പറഞ്ഞുതരുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): ആവശ്യം ഉണ്ടെങ്കിൽ പ്രസ്തുത ഗവണ്മെണ്ടാജ്ഞയുടെ സാരം ഞാൻ പറയാം. പട്ടണങ്ങൾക്കു പുറമെയുള്ള സ്ഥലങ്ങളിൽ ജനനമരണക്കണക്കു ശേഖരിക്കുന്ന പ്രവൃത്തി പകുതിജീവനക്കാർ തൃപ്തികരമായി നടത്താറില്ലെന്നും വല്ലതും വിട്ടുപോയിട്ടുണ്ടോ എന്നു അറിയുന്നതിൽ വല്ല ശ്രമങ്ങളും ചെയ്യുന്നതായാൽ അനേകം ന്യൂനതകൾ കണ്ടുപിടിക്കാറാകും എന്നും സാനിട്ടറി കമ്മിഷണർ എഴുതിബോധിപ്പിച്ചു. അതുകൊണ്ടു സാനിട്ടറി ഡിപ്പാർട്ടുമെൻറിൽ ഉള്ള റേഞ്ച് വാക്സിനേറ്റർമാരെ അവരവരുടെ റേഞ്ചുകളിൽ വല്ലതും വിട്ടുപോയിട്ടുണ്ടോ എന്നു കണ്ടുപിടിക്കാൻ അധികാരപ്പെടുത്തണം എന്നും ഈ കൂടുതൽ ജോലിക്കു വല്ല പ്രതിഫലവും അവർക്കു കൊടുക്കണം എന്നും അദ്ദേഹം ഉപദേശിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ ഉപദേശം ഗവണ്മെണ്ട് സമ്മതിച്ചുവോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): സാനിട്ടറികമ്മിഷണരുടെ ഉപദേശങ്ങളെ ലാൻഡ് റവന്യൂകമ്മിഷണരുടെ അഭിപ്രായത്തിനായി അയച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെന്തെങ്കിലും ആവട്ടെ. ജനനമരണങ്ങളെ സംബന്ധിച്ചു കൂടുതൽ വിശ്വസനീയമായ കണക്കു ജനങ്ങൾക്കു കിട്ടത്തക്കവണ്ണം വല്ല നടപടിയും നടത്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): സാനിട്ടറി കമ്മിഷണർ അയച്ച ഉപദേശങ്ങളെക്കുറിച്ചു ഞാൻ ഇതിനുമുമ്പിലെ പറഞ്ഞുകഴിഞ്ഞു. ഡിവിഷൻപേഷ്കാർമാരുടേയും ചിലകൂട്ടം കമ്മിഷണരുടേയും അഭിപ്രായങ്ങൾ വരുത്തി ലാൻഡ് റവന്യൂകമ്മിഷണർ റിപ്പോർട്ട് അയച്ചു. ഗ്രാമീണപ്രദേശങ്ങളിലെ ജനനമരണക്കണക്കുകളിൽ വല്ലതും വിട്ടുപോയിട്ടുണ്ടോ എന്നു കണ്ടുപിടിക്കുന്ന പ്രവൃത്തി പകുതിയിലെ കീഴ്ജീവനക്കാർ നടത്തേണ്ടതാണെന്നും ഈ കൂടുതൽപണിക്കായി അവർക്കു എന്തെങ്കിലും പ്രതിഫലം കൊടുക്കേണ്ടതാണെന്നും ഈ ഏർപ്പാടു മൂന്നു കൊല്ലത്തേക്കു പരീക്ഷണമായി നടത്തിക്കണം എന്നും ആജ്ഞ ഗവണ്മെണ്ട് അതിന്മേൽ നൽകി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പാർവത്യകാർമാർ തൻെറ കീഴിൽ അല്ലാ എന്നും റവന്യൂഅധികാരസ്ഥരുടെ കീഴിൽ ആണെന്നും അതുകൊണ്ടു ഈ പ്രവൃത്തി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു എന്നും അല്ലയോ സാനിട്ടറികമ്മിഷണരുടെ ഉപദേശത്തിൻെറ സാരം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): അല്ല; ഈ ജീവനക്കാർ തൻെറ കീഴിൽ അല്ലാത്തതുകൊണ്ടല്ല; ഈ പണി ചെയ്യുന്നതിനു അവർക്കു പ്രയാസമായിരിക്കുന്നു എന്നുള്ളതുകൊണ്ടാണ്. അവർ ചെയ്യേണ്ടതായി വേണ്ടിടത്തോളം പ്രവൃത്തിയുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പാർവത്യകാരന്മാർ ഈ പ്രവൃത്തി കൂടുതൽ ഊർജിതത്തിൽ നടത്തണം എന്നു കർശനമായ ഉത്തരവുകൾ ഗവണ്മെണ്ട് അയച്ചിട്ടുണ്ടു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): അതെ. ഈ പണിക്കായി ഏതാനും പ്രതിഫലം അവർക്കു കൊടുക്കണം എന്നും ഉണ്ട്.

ഗ്രാമീണപ്രദേശങ്ങളിൽ പുതിയ പാഠശാലകൾ ആരംഭിക്കൽ.

൯൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ഗ്രാമീണപ്രദേശങ്ങളിൽ ഒരേമാതിരിയിലുള്ള പുതിയ പാഠശാലകൾ ആരംഭിക്കുന്നതിനു അനുമതികൊടുക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ട് വല്ല ഏകരൂപമായ നയവും അനുവർത്തിച്ചുവരാറുണ്ടോ എന്നും ഉണ്ടെങ്കിൽ അതു എന്താണെന്നും,

(ബി) ഒരേ മാതിരിയിലുള്ള രണ്ടു പാഠശാലകൾ തമ്മിൽ ഉള്ള ദൂരം വിദ്യാഭ്യാസകോഡിൻപ്രകാരം എന്താണെന്നും,

ഗവർമെണ്ട് സദയം പറയുമോ?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): (എ) വിദ്യാഭ്യാസകോഡിലെ ഫസ്റ്റ്-ാം ചട്ടത്തിൽ ഏ-യും ബി-യും ഭാഗങ്ങൾ മെംബർ നോക്കിക്കൊള്ളേണ്ടതാകുന്നു.

(ബി) പുതിയ പാഠശാല ആരംഭിക്കുന്നതിൽ ദൂരത്തെ നിയന്ത്രിക്കുന്നതിനായി യാതൊരു ചട്ടവും ഇല്ല. ഓരോ സംഗതിയിലും സ്ഥലത്തെ ആവശ്യങ്ങളെ ഗണിച്ചു അതാതിൻെറ യോഗ്യതാനുസരണം തീർച്ചചെയ്തു വരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുമ്പിലെ ഒരു പാഠശാലയുള്ളതായ ഒരു പ്രദേശത്തു ഒരു പുതിയപാഠശാല ആരംഭിക്കുന്നതിനു ഏതുവിധം ആലോചനകൾ സംബന്ധപ്പെട്ട അധികാരസ്ഥരെ പ്രേരിപ്പിക്കാവുന്നതാണെന്ന് ഈ പ്രശ്നത്തിലെ (ബി) ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചു പറഞ്ഞുതരുമോ?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): വിദ്യാർത്ഥികളെ എല്ലാം അംഗീകരിക്കാൻ രണ്ടു പാഠശാലകൾ ആവശ്യമുള്ളിടങ്ങളിൽ അനുവാദം കൊടുത്തുവരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗ്രാമീണപ്രദേശങ്ങളിലും അങ്ങനെയാണോ?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): അതെ, സർവത്ര.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എൻെറ പ്രശ്നം ഗ്രാമീണപ്രദേശങ്ങളിൽ അനുവാദം നൽകുന്നതിൽ ഗവണ്മെണ്ടിൻെറ നയത്തെക്കുറിച്ചുമാത്രമാണ്. നഗരങ്ങളെ ഞാൻ വിട്ടിരിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി) : ഒരു പ്രത്യേകസ്ഥലത്തു രണ്ടു പാഠശാലകൾക്കു വഴിയില്ലാതിരിക്കാം. അങ്ങനെയുള്ള സംഗതിയിൽ ഒരു പാഠശാലയ്ക്കേ അനുവാദം കൊടുക്കുന്നുള്ളു. രണ്ടു പാഠശാലകൾക്കു ആവശ്യം ഉണ്ടായിരുന്നാൽ രണ്ടിനും അനുവാദം നൽകും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : കുടികൾ സ്വകാര്യസിദ്ധിക്കായി കൂടുതൽ പാഠശാലകൾ ആരംഭിക്കുന്നതിനായി വിദ്യാർത്ഥികൾക്കു ദോഷഫലമായ വിധത്തിൽ, അവർതമ്മിൽ അനാവശ്യമായവിധം മത്സരിച്ചുവരുന്നതു എന്നുള്ള വസ്തുത ഗവണ്മെൻറിനു അറിയാമോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി) : ഗവണ്മെൻറിനു അറിഞ്ഞുകൂടാ.

പണിനടക്കാതെകിടക്കുന്ന കൃഷി മരാമത്തുപണികളുടെ ലിസ്റ്റ്.

൯൭. മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : എസ്റ്റിമേട്ട് തയ്യാറായിട്ടുള്ളതും എന്നാൽ ഇതുവരെ (൧൧൨൮-൨൯-ൽ) വരെ മുതൽ അനുവദിച്ചിട്ടില്ലാത്തതുമായ കൃഷി മരാമത്തുപണികളുടെ ലിസ്റ്റ് ആ എസ്റ്റിമേട്ടുകളിൽ ഓരോന്നും അനുവദിച്ചതായ തീയതിയോടുകൂടി മേശപ്പുറത്തുവയ്ക്കുന്നതിനു ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടു സെക്രട്ടറി) പട്ടിക (അനുബന്ധം XV) മേശപ്പുറത്തു വച്ചിരിക്കുന്നു.

അങ്കമാലിയിൽ ഒരു ഡിസ്പെൻസറിയുടെ ആവശ്യകത.

൯൮. മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്)

(എ) അങ്കമാലിയിൽ മെഡിക്കൽ ഡിസ്പെൻസറി ആരംഭിക്കേണ്ടതായ ആവശ്യകതയെ അറിയിക്കാനായി അവിടത്തെ ജനങ്ങളുടെ ഒരു നിവേദകസംഘം മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡിനെ സമീപിച്ചിട്ടുണ്ടോ എന്നും.

(ബി) (എ) ഭാഗത്തിനു മറുപടി ഭാവാത്മകത്തിൽ ആണെങ്കിൽ അതിന്മേൽ ഗവണ്മെണ്ട് എന്തു നടപടി നടത്തി എന്നും

ഗവണ്മെണ്ട് ദയവു ചെയ്തു പറയുമോ?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) (എ) ഇല്ല. എന്നാൽ ജനങ്ങളിൽനിന്നു ഹർജി ഗവണ്മെൻറിലും മെഡിക്കൽ സെർവിസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡിലും കിട്ടിയിട്ടുണ്ട്.

(ബി) മെഡിക്കൽ സെർവിസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് ഗ്രാമീണ വൈദ്യസഹായം വകുപ്പു അയച്ചിട്ടുള്ള സാമാന്യ പദ്ധതിയോടുകൂടി ആലോചിക്കുന്നതിനായി ഈ പ്രശ്നം ഗവണ്മെൻറു മാററിവച്ചിരിക്കുന്നു.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്) : ചോദ്യത്തിൽ പറയുന്ന ഡെപ്യൂട്ടേഷൻ ഞാൻകൂടി അടങ്ങിയിട്ടുള്ളതായിരുന്നു. ഇപ്പോൾ അങ്ങിനെ ചെന്നിട്ടില്ല എന്നാണ് മറുപടിയിൽ കാണുന്നതു്. ഇതിൽ ഞാൻ എന്താണ് വിശ്വസിക്കേണ്ടതു? ഇല്ലെന്നു വിശ്വസിക്കണോ? ഉണ്ടെന്നു വിശ്വസിക്കണോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി) : അതിനെപ്പററിയുള്ള വിവരങ്ങൾ ഒന്നും ഫയലിൽ കാണുന്നില്ല.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്) : അതിനെപ്പററി അന്വേഷിച്ചു മറുപടി പറയുമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി) : ഏതുസമയത്താണ് ആ ഡെപ്യൂട്ടേഷൻ പോയതെന്നറിഞ്ഞാൽ നോക്കാം.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്) ; കഴിഞ്ഞ വൃശ്ചികത്തിൽ.

മി. കെ. ജാർജ്. (ഗവണ്മെൻറു ചീഫ് സെക്രട്ടറി) : ഡെപ്യൂട്ടേഷൻ പോയതു് ബോർഡിൻെറ മുമ്പിലോ ഗവണ്മെൻറിൻെറ മുമ്പിലോ?

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്) : മെഡിക്കൽ ബോർഡ് ആഫീസിലാണ്. പാർട്ട് ബി. ആ സ്കീം ഗവണ്മെൻറാലോചനയിലിരിക്കുന്നു എന്നു പറഞ്ഞു. ആ സ്കീം സ്വീകരിക്കുന്നതിനു മുൻപായി അടുത്തകാലത്തു് വല്ലസ്ഥലത്തും ഡിസ്പെൻസറി കൊടുത്തിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി) ; ഉണ്ട്.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്) : അങ്കമാലിയിൽ മെഡിക്കൽ ഡിസ്പെൻസറി വേണമെന്നു ആവശ്യപ്പെട്ടപ്പോൾ അവിടെ വേണ്ടെന്നു ഗവണ്മെണ്ട് തീർച്ചപ്പെടുത്തിയതിനുള്ള കാരണമെന്തു?

മി. കെ. ജാർജ. (ഗവണ്മെൻറു ചീഫ് സെക്രട്ടറി) : അങ്ങിനെയാണ് ബോർഡിൻെറ അഭിപ്രായം ചില സ്ഥലങ്ങളിൽ ഉടനെ അനുവദിച്ചു കൊടുക്കണമെന്നു ബോർഡു അഭിപ്രായപ്പെട്ടു. ഉടനെ അതനുവദിച്ചുകൊടുക്കും. ആവശ്യമനുസരിച്ചായിരിക്കും ബോർഡു അഭിപ്രായപ്പെടുന്നതു്.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്) : അങ്കമാലിയിൽ ഒരു ഡിസ്പെൻസറിയുടെ ആവശ്യമില്ലെന്നാണോ ബോർഡിൻെറ അഭിപ്രായം?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി) : മററുള്ള സ്ഥലങ്ങളെപ്പോലെയുള്ള ആവശ്യമില്ലായിരിക്കാം.

൫൦൦ രൂപായ്ക്കു കൂടുതലായി ആദായനികുതി കൊടുക്കുന്നവരുടെ കണക്ക്.

൯൯. മി. പി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും കൊട്ടാരക്കരയും) : ആണ്ടൊന്നുക്കു ൫൦൦ രൂപായും അതിൽ കൂടുതലും ആദായനികുതി കൊടുക്കുന്ന ആളുകളുടെ പേരും മേൽവിലാസവും അവരടച്ചുവരുന്ന തുകയും കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറു മേശപ്പുറത്തുവയ്ക്കുവാൻ ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി) : മെമ്പർ ആവശ്യപ്പെട്ടിരിക്കുന്ന വിവരം ആദായനികുതി റഗുലേഷനിലെ ൪൫ (൧) വകുപ്പു അനുസരിച്ചു രഹസ്യമായുള്ള റെക്കാർഡുകളിൽനിന്നു ഗ്രഹിക്കേണ്ടതായിരിക്കുന്നു. അതുകൊണ്ടു ആ വിവരം തരാൻ പാടില്ല.

പരസ്പരസഹായസംഘം റെഗുലേഷൻ.

൧൦൦. മി. താരേപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പരസ്പരസഹായസംഘങ്ങൾ രെജിസ്ട്രാർ നിർദ്ദേശിച്ചവിധത്തിലും പരസ്പരസഹായസംഘങ്ങളുടെ കണക്കുകൾ പരിശോധിച്ച ഏകീകൃതമാക്കിട്ടുള്ള ഉത്തരവുകൾ ൧൧൨൨-ാമാണ്ടു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പുസ്തകത്തിൽ ൨-ാം ഭാഗത്തു ൨൩-ാം വകുപ്പു പ്രസ്താവിച്ചിട്ടുള്ളതനുസരിച്ചു പരസ്പരസഹായ റെഗുലേഷനു ഭേദഗതികൾ ഉണ്ടാക്കേണ്ടതു ആവശ്യമാണെന്നു ഗവണ്മെന്റിനു ബോദ്ധ്യംവന്നിട്ടുണ്ടോ എന്നു ഗവണ്മെന്റു സദയം പറയുമോ.

മി. കല്ലൂരാം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ൧൧൨൫-ാമാണ്ടത്തെ ൧൦-ാം റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനു ഒരു കരട് ബില്ല് പരസ്പരസഹായസംഘം രജിസ്ട്രാരുടെ പക്കൽനിന്നു കിട്ടിയിട്ടുണ്ട്. അതു ആലോചനയിൽ ഇരിക്കുന്നു.

ആലപ്പുഴ കച്ചവടക്കപ്പൽ പാലങ്ങൾ.

൧൦൧. മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക)

(എ) ആലപ്പുഴയിൽ കപ്പലടുക്കുന്ന സ്ഥലത്ത് എത്ര പാലങ്ങൾ ഉണ്ടെന്നും ൨ പാലങ്ങൾ തമ്മിൽ ദൂരം എത്രയെന്നും,

(ബി) പടിഞ്ഞാറേ പാലം പൊളിച്ചു തുടങ്ങിയത് എന്ന് [illegible]

(സി) [illegible]

(ഡി) [illegible]

(ഇ) [illegible]

(എഫ്) കൊത്തുവാൽചാവടി പാലം [illegible] ദിവസവും,

(ജി) ഈ പാലത്തിന്റെ പണിക്കു [illegible] ചെയ്തിട്ടുണ്ടോ എന്നും,

(എച്ച്) ഈ സ്ഥലത്തു പുതിയ ഒരു പാലം കെട്ടുന്നതിനു പബ്ലിക്ക്വർക്ക്സ് ഡിപ്പാർട്ടുമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്നും,

(ഐ) എച്ച് ഭാഗത്തിനു ഉത്തരം അനുകൂലമെങ്കിൽ അതു പണിയിക്കാൻ എത്രകാലംവേണ്ടിവരും എന്നും,

ഗവണ്മെന്റു സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി)

(എ) പാലങ്ങൾ ൨. ൧ മുതൽ ൩ വരെ ഫർലാംഗ് ദൂരത്തിലിരിക്കുന്നു.

(ബി) ൧൯൪൭ ഫെബ്രുവരി ൧൧-നു.

(സി) ൧൯൪൭ ഫെബ്രുവരി ൨൪-നു.

(ഡി) ആവശ്യപ്പെട്ട ഇരുമ്പുസാമാനങ്ങൾ മിക്കവാറും കിട്ടീട്ടുണ്ട്.

(ഇ) അനുവദിച്ച പ്ലാനിൽ ഏതാനും മാറ്റം ആവശ്യമാണെന്നു കാണപ്പെട്ടു.

(എഫ്) കൊത്തുവാൽ ചാവടിപ്പാലം വഴി പോക്കുവരവു ൧൯൪൮ ജാനുവരിമാസത്തിൽ നിറുത്തി.

(ജി) ഇല്ല.

(എച്ച്) അതെ.

(ഐ) ഒരു എസ്റ്റിമേട് തയ്യാറാക്കിവരുന്നു, എസ്റ്റിമേട് അനുവദിച്ചതിൽപിന്നീടു പണിക്കു ഒരു കൊല്ലത്തോളം വേണ്ടിവരും.

തിരുവല്ലായിൽ മജിസ്ട്രേട്ടുകോർട്ടു ആരംഭിക്കൽ.

൧൦൨. മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): (എ) തിരുവല്ലായിൽ ഒരു മജിസ്ട്രേട്ടുകോടതി ആരംഭിക്കണം എന്നു അപേക്ഷിച്ചു ഹർജികൾ അവിടത്തെ ജനങ്ങളിൽ നിന്നു ഗവർമ്മെണ്ടിൽ കിട്ടീട്ടുണ്ടോ എന്നും

(ബി) ഇക്കാര്യത്തിൽ നടത്തിയ നടപടിയുടെ സ്വഭാവവും

ഗവണ്മെന്റു ദയവുചെയ്തു പറയുമോ?

മി. കെ. ജോർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഈ വിഷയം ഗവണ്മെണ്ട് ആലോചിച്ചുവരുന്നു.

നീതിന്യായ ഭരണത്തിൽ താമസങ്ങൾ.

൧൦൩. മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ൧൯൪൭ ഏപ്രിൽ ൨൯-നു നടന്ന സമ്മേളനത്തിൽ, കോടതികളുടെ അധികാരാതിർത്തികളുടെ പുനർവിഭജനത്തെ സംബന്ധിച്ചു ചോദിച്ച പ്രശ്നത്തിനുള്ള മറുപടിയെ സംബന്ധിച്ചു കേസുകൾ തീർച്ചചെയ്യുന്ന കാര്യത്തിലുള്ള വിളംബത്താൽ ജനങ്ങൾക്കു നേരിടുന്ന വലിയ നഷ്ടവും കഷ്ടവും ഗണിച്ചു, ഹൈക്കോടതി നിർദ്ദേശിച്ചതുപോലെ നിയമ വിളംബത്തെ കുറിച്ചു അന്വേഷിക്കുന്നതിനു ഒരു ജഡ്ജിയെ നിയമിക്കേണ്ടകാര്യം ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

മി. കല്ലൂരാം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): നിയമവിളംബം എന്ന വിഷയത്തെക്കുറിച്ചു അന്വേഷിക്കുവാൻ ഹൈക്കോടതി ജഡ്ജിമാരിൽ ഒരാളെ ആറു മാസത്തേക്കു പ്രത്യേക ജോലിയിൽ നിയമിക്കുന്നതിനു ഉദ്ദേശിച്ചിരിക്കുന്നു. ൧൧൨൩-ാമാണ്ടത്തേക്കുള്ള നക്കൽബഡ്ജറ്റിൽ ഇക്കാര്യത്തിലേക്കു ൹. ൬,൩൫൦ ചിലവിനു വ്യവസ്ഥചെയ്തിട്ടുണ്ട്.

൫൦ രൂപയും കൂടുതലും ശമ്പളം വാങ്ങിക്കുന്നവരായി വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിലെ
ഉദ്യോഗസ്ഥന്മാർ.

൧൦൪. മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ൫൦ രൂപയും കൂടുതലും ശമ്പളം വാങ്ങിക്കുന്നവരായി വിദ്യാഭ്യാസഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള കണക്കു മേശപ്പുറത്തുവയ്ക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഈ വിവരം ശേഖരിക്കുന്നതിലേക്കു വേണ്ടിയിരിക്കുന്ന ശ്രമവും കാലവും ഇതിന്റെ ഉപയോഗത്തിനു തീരെ അനനുരൂപം ആണെന്നു ഗവണ്മെണ്ട് അഭിപ്രായപ്പെടുന്നതുകൊണ്ടു ഇതു ആവശ്യപ്പെടുന്നതിനു ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ല.

മി. എ. സി. കയ്യാലക്കാസ് (മീനച്ചിലും ദേവികുളവും): ഈ സ്റ്റേറ്റുമെണ്ട് വരുത്തുന്നതിലുള്ള കാലതാമസം കൊണ്ടു ഗവണ്മെന്റു വരുത്താതിരിക്കയാണോ ചെയ്തിട്ടുള്ളത്?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതുമാത്രമല്ല വളരെ പ്രയാസം കൂടിയാണ്.

മി. എ. സി. കയ്യാലക്കാസ് (മീനച്ചിലും ദേവികുളവും): കാലതാമസമുണ്ടാകുമെങ്കിലും അങ്ങനെ ഒരു സ്റ്റേറ്റുമെന്റു വരുത്തുന്നതിൽ ഗവണ്മെന്റിനു വിരോധമുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): ഇല്ല.

ചേർത്തല താലൂക്കിൽ കള്ളുഷാപ്പുകൾ

൧൦൬. മി. മുതുകുളത്തിൽ പാച്ചുപിള്ള (ചേർത്തല): (എ) ഇപ്പോൾ (൧൧൦൭-൧൧൦൮) ചേർത്തല താലൂക്കിൽ എത്ര കള്ളുഷാപ്പുകൾ ഉണ്ടെന്നും

(ബി) ഈ കള്ളുഷാപ്പുകൾക്കുള്ള മേൽവാരം എത്രയെന്നും

ഗവണ്മെന്റു പറയുമോ?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): (എ) ൩൬.

(ബി) ൧൭,൭൨൮ രൂ.

പൊലീസ് ഡിപ്പാർട്ടുമെന്റിലെ ഏതാനും ഉദ്യോഗസ്ഥന്മാരുടെ ജാതിവിവരക്കണക്ക.

൧൦൭. മി. വി. ജെ. ഉമ്മൻ (കുന്നത്തുനാടും വ്യവസായവും വടക്ക): ഈ രാജ്യത്തിൽ ഉള്ള പൊലീസ് ഡിസ്ത്രിക്ട് സൂപ്രണ്ടന്മാർ, അസിസ്റ്റണ്ട് സൂപ്രണ്ടന്മാർ, ഇൻസ്പെക്ടർമാർ ഇവരിൽ, ബ്രാഹ്മണർ, നായർ, കത്തോലിക്കർ, യാക്കോബായക്കാർ, മാർത്തോമാ ക്രിസ്ത്യാനികൾ, പ്രാട്ടസ്റ്റണ്ടുമാർ, ഈഴവർ, മഹമ്മദർ, വെള്ളാളർ, മറ്റു ജാതിക്കാർ ഇവരുടെ എണ്ണം കാണിക്കുന്ന ഒരു സ്റ്റേട്ട്മെണ്ട് മേശപ്പുറത്തു സഭയെ വയ്ക്കുമോ?

മി. സി. എൻ. കുഞ്ഞുപിള്ള (ഗവണ്മെണ്ട് സെക്രട്ടറി), പൊലീസ് ഇൻസ്പെക്ടർമാരുടെ വകയ്ക്കു ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റു * മേശപ്പുറത്തു വച്ചിരിക്കുന്നു. ഡിസ്ത്രിക്ട് സൂപ്രണ്ടന്മാർ, അസിസ്റ്റന്റു സൂപ്രണ്ടന്മാർ ഇവരുടെവകയ്ക്കു മിസ്റ്റർ ടി. എം. കുഞ്ഞിത്തൊമ്മന്റെ ൭൭-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിക്കു കൊടുത്തിട്ടുള്ള സ്റ്റേട്ട്മെണ്ട് നോക്കിക്കൊൾക.

അക്കൌണ്ടാഫീസർ ചെയ്തിട്ടുള്ള നിയമനങ്ങൾക്ക ജാതിവിവര സ്റ്റേട്ട്മെണ്ട്.

൧൦൮. മി. വി. ജെ. ഉമ്മൻ (കുന്നത്തുനാടും വ്യവസായവും വടക്ക): അക്കൌണ്ടാഫീസർ മിസ്റ്റർ കെ. എൻ. രാമസ്വാമയ്യർ ആ ഉദ്യോഗത്തിൽ പ്രവേശിച്ചതിൽപിന്നിട്ടു ചെയ്തിട്ടുള്ള നിയമനങ്ങൾക്ക ജാതി തിരിച്ചു ഒരു സ്റ്റേട്ട്മെണ്ട് ഗവണ്മെന്റു സഭയെ മേശപ്പുറത്തു വയ്ക്കുമോ?

മി. എസ്. വെങ്കിടരമണയ്യർ (ആ. ഗവണ്മെണ്ട് ഫിനാൻഷ്യൽ സെക്രട്ടറി): ൧൧൦൪ കന്നി ൧൫-ാം-വരെ ഉണ്ടായിട്ടുള്ള നിയമനങ്ങളുടെ വകയ്ക്കു ൧൯൨൯ ഏപ്രിൽ ൧൭-ാം മിസ്റ്റർ തരിയത്തു കുഞ്ഞിത്തൊമ്മൻ സഭയിൽ ചോദിച്ച ൭൧൦-ാം നമ്പർ പ്രശ്നത്തിനുള്ള മറുപടി മെമ്പർ നോക്കികൊള്ളേണ്ടതാകുന്നു. (കൌൺസിൽ പ്രൊസീഡിംഗ്സ് ൧൪-ാം വാല്യം ൬൪൯-ാം പുറം നോക്കുക) പിന്നീടുണ്ടായ നിയമനങ്ങൾക്ക ജാതി തിരിച്ചുള്ള കണക്ക † മേശപ്പുറത്തു വച്ചിരിക്കുന്നു.

പരസ്പരസഹായസംഘങ്ങളുടെ രജിസ്ത്രാർ ചെയ്ത നിയമനങ്ങളുടെ ജാതി തിരിച്ചുള്ള പട്ടിക.

൧൦൯. മി. വി. ജെ. ഉമ്മൻ (കുന്നത്തുനാടും വ്യവസായവും വടക്ക): പരസ്പരസഹായസംഘങ്ങളുടെ രജിസ്ത്രാർ ആ ഉദ്യോഗത്തിൽ പ്രവേശിച്ചതിൽപിന്നീടു ചെയ്തിട്ടുള്ള നിയമനങ്ങൾക്ക ജാതി വിവരം തിരിച്ചു ഒരു കണക്ക ഗവണ്മെന്റു സഭയെ മേശപ്പുറത്തു വയ്ക്കുമോ?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): അപേക്ഷിച്ച കണക്ക ‡ മേശപ്പുറത്തു വച്ചിരിക്കുന്നു.

മി. വി. ജെ. ഉമ്മൻ (കുന്നത്തുനാടും വ്യവസായവും വടക്ക): കോവാപ്പറേറ്റീവ് ഡിപ്പാർട്ടുമെണ്ടിൽ ക്രിസ്ത്യാനികളെ പ്രവേശിപ്പിക്കരുതു എന്നു വല്ല വ്യവസ്ഥയും ഗവണ്മെണ്ടിൽനിന്നു ചെയ്തിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഇല്ല.

മി. വി. ജെ. ഉമ്മൻ (കുന്നത്തുനാടും വ്യവസായവും വടക്ക): ഇപ്പോഴത്തെ രെജിസ്ത്രാർ ഈ ഡിപ്പാർട്ടുമെന്റിൽ ചാർജ്ജെടുത്തിട്ടു എത്രവർഷമായി?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഉദ്ദേശം ഏഴു വർഷം കാണും.

മി. വി. ജെ. ഉമ്മൻ (കുന്നത്തുനാടും വ്യവസായവും വടക്ക): ഈ ഏഴു വർഷത്തിനിടയ്ക്കു ക്രിസ്ത്യാനികളുടെ അപേക്ഷകൾ വല്ലതും കിട്ടീട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതെനിക്കറിഞ്ഞുകൂടാ.

മി. വി. ജെ. ഉമ്മൻ (കുന്നത്തുനാടും വ്യവസായവും വടക്ക): പിന്നെ ഇതാരോടു ചോദിച്ചാൽ അറിയാം?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): കോവാപ്പറേറ്റീവ് രജിസ്ത്രാരോടു ചോദിച്ചാൽ അറിയാം.

മി. വി. ജെ. ഉമ്മൻ (കുന്നത്തുനാടും വ്യവസായവും വടക്ക): ഗവണ്മെണ്ട് മുഖാന്തരം വേണമല്ലോ രെജിസ്ത്രാരോടു ചോദിക്കേണ്ടതു?

പ്രസിഡെണ്ട്: നിങ്ങളുടെ ചോദ്യത്തിനു ഇതുമായി യാതൊരു ബന്ധവും ഇല്ല. ജാതി വിവരം തിരിച്ചു ഒരു സ്റ്റേട്ട്മെണ്ട് മേശപ്പുറത്തു വയ്ക്കണം എന്നു നിങ്ങൾ ആവശ്യപ്പെട്ടു.

---

* അനുബന്ധം XVI നോക്കുക.

† അനുബന്ധം XVII നോക്കുക.

‡ അനുബന്ധം XVIII നോക്കുക.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): മറുപടികിട്ടിയതിൽ പിന്നീടുമാത്രമെ ഒരു ഉപപ്രശ്നം ചോദിക്കാൻ ഞാൻ ശക്തനാവു.

പ്രെസിഡെണ്ട്. ഇപ്പോഴത്തെ മറുപടിയെ അടിസ്ഥാനപ്പെടുത്തി ഒരു ചോദ്യം നിങ്ങൾക്ക ചോദിക്കാം.

സർവകലാശാലാകമ്മിഷന്റെയും ലാകാളേജ്കമ്മിഷന്റെയും റിപ്പോർട്ടുകൾ.

൧൦൯. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) സർവകലാശാലാ കമ്മിഷന്റെയും ലാകാളേജ്കമ്മിഷന്റെയും റിപ്പോർട്ടുകൾ ഗവർമ്മെന്റിൽ കിട്ടീട്ടുണ്ടോ എന്നും,

(ബി) എ. ഭാഗത്തിനുള്ള മറുപടി ശരിയാണെങ്കിൽ ആ റിപ്പോർട്ടുകൾ ഓരോന്നും ഉടനെ പ്രസിദ്ധപ്പെടുത്തുമോ എന്നും,

ഗവർമ്മെണ്ട് സദയം പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെണ്ട്സെക്രട്ടറി): (എ) സർവകലാശാലാ ഇൻസ്പെക്ഷൻ കമ്മിഷന്റെ റിപ്പോർട്ട് കിട്ടീട്ടില്ല. തിരുവനന്തപുരത്തെ ലാകാളേജിനെ പറ്റി അന്വേഷണം നടത്തി പരിശോധിച്ചകമ്മിഷന്റെ റിപ്പോർട്ട് കിട്ടീട്ടുണ്ട്.

(ബി) റിപ്പോർട്ട് രഹസ്യമായതുകൊണ്ട് അതു പ്രസിദ്ധപ്പെടുത്തു വയ്ക്കാൻ പാടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റിപ്പോർട്ട് രഹസ്യമായുള്ളതാണെന്നുള്ള സംഗതി തിരുവിതാംകോട്ടഗവർമ്മെണ്ട് മദ്രാസ് സർവകലാശാലയുമായി ആലോചിച്ചു തീരുമാനിച്ചിട്ടുള്ള ഉടമ്പടികളിൽ ഉണ്ടോ എന്ന പറഞ്ഞുതരുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെണ്ട്സെക്രട്ടറി): കമ്മിഷന്റെ റിപ്പോർട്ട് രഹസ്യമായുള്ളതു എന്ന അടയാളപ്പെടുത്തിയിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ട് നിയമസഭയിലെ സാമാജികന്മാർക്കു പോലും റിപ്പോർട്ട് വായിച്ചറിയുന്നതിനുള്ള അവസരം നൽകിക്കൂടെന്നോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെണ്ട്സെക്രട്ടറി): കാര്യത്തിന്റെ ഇപ്പോഴത്തെ നിലയിൽ അങ്ങനെ ആ അവസരം നൽകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർവകലാശാലാകമ്മിഷനെസംബന്ധിച്ചിടത്തോളം കമ്മിഷന്റെ ആലോചനയിൽ പങ്കുകൊള്ളുന്നതിനു ഏതാനും പൊതുകാര്യപ്രസക്തരെക്കൂടി ക്ഷണിച്ചിരുന്നു എന്നുള്ള വസ്തുത ഗവർമ്മെണ്ടിനു അറിയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെണ്ട്സെക്രട്ടറി): ഉണ്ടായിരിക്കാം; ഗവർമ്മെന്റിനു അതിനെപ്പറ്റി അറിവില്ല.

രജിസ്റ്റർചെയ്ത ആധാരങ്ങളിൻപടി വിഭാഗംചെയ്തവസ്തുക്കളെസംബന്ധിച്ചുപോക്കുവരവു.

൧൧൦. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): (എ) ഒരു തറവാട്ടിലെ ഓരോ അംഗവും അല്ലെങ്കിൽ അംശം എന്ന അവകാശപ്പെടുന്ന വല്ലവരും ആധാരത്തിൽ കക്ഷിയല്ല എന്നുള്ള കാരണത്തിന്മേൽ രജിസ്റ്റർചെയ്തഭാഗപത്രങ്ങൾ അനുസരിച്ചു വിഭക്തമായവസ്തുക്കളെ പോക്കുവരവുചെയ്യുന്നതിനു റവന്യൂ അധികാരസ്ഥന്മാർ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും

(ബി) ഈ ആക്ഷേപം ആരിൽനിന്നുണ്ടായി ഉത്ഭവിച്ചുവോ അയാളുടെ പേരും,

(സി) ഈ വിഷയം ഗവർമ്മെണ്ട് ആലോചിച്ചിട്ടുണ്ടോ എന്നും

ഗവർമ്മെണ്ട് സദയംപറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട്സെക്രട്ടറി): (എ) ഉണ്ട്.

(ബി) മിസ്റ്റർ ടി. ശങ്കരനാരായണയ്യർ നെയ്യാറ്റിൻകര തഹശീൽദാരായിരുന്നകാലത്തു അദ്ദേഹം ഈ പ്രശ്നത്തെക്കുറിച്ചുള്ള ലേഖനം ആരംഭിച്ചു.

(സി) ഉണ്ട്.

ശ്രീമൂലംപ്രജാസഭാപരിഷ്കാരം.

൧൧൧. മി. എ. ജി. ഗോവിന്ദമേനവൻ (പറവൂർ): ശ്രീമൂലംപ്രജാസഭയുടെ ഘടനയെ ഭേദീകരിക്കയും അതിനെ നിയമഘടിതമാക്കയുംചെയ്യുന്നകാര്യത്തിൽവല്ല നടപടിയും ഗവർമ്മെണ്ട് നടത്തുകയോ നടത്താൻ ഉദ്ദേശിക്കയോ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ സ്വഭാവം എന്തെന്ന ഗവർമ്മെണ്ട് സദയംപറയുമോ?

മി. കെ. ജാർജ് (ഗവർമ്മെണ്ട്ചീഫ്സെക്രട്ടറി): ഇക്കാര്യം ആലോചനയിൽഇരിക്കുന്നു.

ബാലമൂർറോഡ്.

൧൧൨. മി. വി. ചെല്ലംപിള്ള (തോവാള): (എ) നാഗരുകോവിലിനും അഴകിയപാണ്ടിപുരത്തിനും ഇടയ്ക്കു വണ്ടികളുടെപോക്കുവരവു വളരെ കൂടുതലായിരിക്കുന്നതായ ബാലമൂർ റോഡിലെ ചിലഭാഗങ്ങൾ ഏറ്റവും മോശമായസ്ഥിതിയിൽഇരിക്കുന്നുഎന്ന ഗവർമ്മെണ്ടിനു അറിയാമോ?

(ബി) ബാലമൂർറോഡിൽ കരിങ്കല്ലിട്ടുറപ്പിക്കേണ്ടസ്ഥലങ്ങളിൽ കല്ലു ശേഖരിച്ചുവച്ചിട്ടു ആറുമാസത്തിലധികം കാലമായി എന്നരികിലും ആ റോഡിൽ വളരെ ചീത്തയായഭാഗങ്ങളിൽ കല്ലിട്ടുറപ്പിക്കാതിരിക്കുന്നതിനുള്ളകാരണം സദയം ഗവർമ്മെണ്ട് പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട്സെക്രട്ടറി): (എ) നാഗരുകോവിലിനും അഴകിയപാണ്ടിപുരത്തിനും ഇടയ്ക്കുള്ള ബാലമൂർറോഡിലെ ഏതാനുംഭാഗങ്ങൾ ചീത്തസ്ഥിതിയിൽ ഇരിക്കുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(ബി) സ്റ്റീംറോളർ ലഭ്യം അല്ലാതിരുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): "നാഗരുകോവിലിനും അഴകിയപാണ്ടിപുരത്തിനും ഇടയ്ക്കുള്ള ബാലമൂർറോഡിലെ ഏതാനുംഭാഗങ്ങൾ ചീത്തസ്ഥിതിയിൽ ഇരിക്കുന്നതായി റിപ്പോർട്ട്ചെയ്തിരിക്കുന്നു" എന്ന പ്രശ്നത്തിലെ എ-ംഭാഗത്തിനു പറഞ്ഞിട്ടുള്ള മറുപടിയുടെകാര്യത്തിൽ ആ റോഡ് എത്രകാലം ആ സ്ഥിതിയിൽ ഇരിക്കുന്നു എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട്സെക്രട്ടറി) ആ വിവരം ഇപ്പോൾ എന്റെ കൈവശം ഇല്ല.

മി. വി. ചെല്ലംപിള്ള (തോവാള): നാഗരുകോവിലിനും അഴകിയപാണ്ടിപുരത്തിനും ഇടയ്ക്കുള്ളറോഡ

ൽ വണ്ടികളുടെ പോക്കുവരവു വളരെ അധികമായിരിക്കുന്ന ഏതാനും ഭാഗങ്ങൾ അത്യന്തം ചീത്തയായസ്ഥിതിയിലാണെന്നും, എന്ന ആരോപണത്തെ സംബന്ധിച്ചു പറഞ്ഞതെന്തോ? ഈ റോഡിലെ ഏതാനും ഭാഗങ്ങൾ മോശമായ സ്ഥിതിയിലിരിക്കുന്നു എന്നാണ് മറുപടി. ചിലസ്ഥലങ്ങൾ വളരെ മോശമായ സ്ഥിതിയിലാണെന്നു ഗവണ്മെന്റിനു അറിവുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): ഈ റോഡുകൾ ചീത്തയെന്നോ അധികം ചീത്തയെന്നോ അത്യന്തം ചീത്തയെന്നോ പറയുന്നതു പരാപേക്ഷകമായ അഭിപ്രായമാണ്.

മി. പി. ചെല്ലൻപിള്ള (കോവാളം): റോഡുകൾ അത്യന്തം അപകടമായസ്ഥിതിയിൽ ഇരിക്കുന്നുഎന്നു ഗവണ്മെന്റിനു അറിയാമോഎന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): ആ റോഡിൽ അത്യന്തം അപകടനിലയിൽ ഉള്ള ഏതാനും ഭാഗങ്ങൾ ഉണ്ടായിരിക്കണം.

മി. പി. ചെല്ലൻപിള്ള (കോവാളം): അപകടനിലയിൽ ഇരിക്കുന്നു എന്നാണ് മറുപടി.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): അതു പരാപേക്ഷകമായ അഭിപ്രായം ആണെന്നു ഞാൻ മുമ്പും പറഞ്ഞുകഴിഞ്ഞു.

മി. പി. ചെല്ലൻപിള്ള (കോവാളം): ബാംഗ്ലൂർ റോഡിൽ [illegible] മുതൽ [illegible] മൈൽവരെയുള്ള സ്ഥലം വളരെ മോശമായ സ്ഥിതിയിലാണ്. അതിൽ വീണ്ടും കരിങ്കല്ലിടുന്നതിനു പ്രാരംഭബഡ്ജറ്റിൽ വ്യവസ്ഥചെയ്തിട്ടുള്ളതായി ഞാൻ അറിയുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): ഞാൻ പറഞ്ഞതുപോലെ ആ റോഡിൽ ചില ഭാഗങ്ങൾ മറ്റുള്ളവയെ അപേക്ഷിച്ചു കൂടുതൽ മോശമായ സ്ഥിതിയിൽ ആയിരിക്കും.

മി. പി. ചെല്ലൻപിള്ള (കോവാളം): അവ മോശമാണോ അതോ വളരെ മോശമാണോ എന്നാണ് എനിക്കു അറിയേണ്ടിയിരിക്കുന്നത്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്ചീഫ്സെക്രട്ടറി): അതു അഭിപ്രായരൂപമായ കാര്യം ആണ്. റോഡിന്റെ നല്ലസ്ഥിതിയിലാക്കുന്നതിനു ജോലിനടത്തിവരുന്നു.

മി. ചെല്ലംപിള്ള (കോവാളം): "സ്റ്റീം റോളർ ലഭ്യം അല്ലാതിരുന്നു" എന്നാണ് പ്രശ്നത്തിലെ (സി)–ാം ഭാഗത്തിനുള്ള മറുപടി.

ഈ റോഡുകളിൽ വീണ്ടുംകരിങ്കല്ലിട്ടുറപ്പിക്കുന്നതിനു എസ്റ്റിമെട് ൧൧൨൨ അക്ടോബർ ൧൧൨൨– അനുവദിക്കപ്പെട്ടു. അതിൽപിന്നീടു ൮ മാസം കഴിഞ്ഞിരിക്കുന്നു. ചീഫ് എഞ്ചിനീയർക്കു സ്റ്റീം റോളർ കൊടുക്കാൻ കഴിയാത്തതു എന്തുകൊണ്ട്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഏതാനും റോളറുകൾ ഉണ്ട്. അവ രാജ്യത്തിലെ എല്ലാ റോഡുകൾക്കുംകൂടി ഉപയോഗത്തിനായി വച്ചിരിക്കുന്നവയാണ്. തെക്കൻ റോഡിൽ ഇതിനെ അപേക്ഷിച്ചു കൂടുതൽ ആവശ്യം ആയ ഒരു റോഡിൽ പണിക്കായി സ്റ്റീം റോളറുകളിൽ ഒന്നു ഉപയോഗപ്പെടുത്തിയിരുന്നു. അതുകഴിഞ്ഞയുടനെ ആ റോളർ കേടുപറ്റി; അതു കേടുതീർക്കാനായി മടക്കിയയക്കേണ്ടിയിരുന്നു. ഈ പണി ഒരു മാസത്തിനകം പൂർത്തിയാകും എന്നു ചീഫ് എഞ്ചിനീയർ ഇപ്പോൾ അറിയിക്കുന്നു.

രാജാക്കമംഗലം ഇരണിയൽ റോഡ്.

൧൧൨൩. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം):

(എ) രാജാക്കമംഗലം ഇരണിയൽ റോഡിൽ ൧൧൨൧മത്തെ മെയിൽ പന്നിവായ്ക്കാൽ പാലം നശിച്ചുപോയതുവോ,

(ബി) അതു വീണ്ടും പണിയിക്കാൻ വല്ല എസ്റ്റിമേറ്റും തയ്യാറാക്കീട്ടുണ്ടോ എന്നും,

(സി) ബി.ഭാഗത്തിനുള്ള മറുപടി ഭാവാർത്ഥം ആണെങ്കിൽ അക്കാര്യം ഇപ്പോൾ (൧൧൨൩ ജൂലായി ൧൧–ാം) ഏതുസ്ഥിതിയിൽ ഇരിക്കുന്നു എന്നും ഗവണ്മെന്റ് സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി):

(എ) ൧൧൨൧ വൃശ്ചികം,

(ബി) ഉണ്ട്. അതു ൧൧൨൨ ഏപ്രിൽ മാസത്തിൽ ഗവണ്മെന്റ് അനുവദിച്ചു.

(സി) പാലത്തിനു വടക്കേ കടശാരം പൂർത്തിയാക്കിയിരിക്കുന്നു. ഇടത്തെക്കടശാരത്തിനുള്ള അസ്ഥിവാരം ൧൧൨൩ മേടത്തിൽ തുടങ്ങിയിരിക്കുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആ പാലം ആ പ്രദേശത്തിലെ കൃഷിക്കാരായ ജനങ്ങൾ ധാരാളം ഉപയോഗിച്ചുവരുന്നതുതന്നെയോ എന്നു ഗവണ്മെന്റ് സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അങ്ങനെയായിരിക്കാം.

മി. ഡി. ജോസഫ് (അഗസ്തീശ്വരം): എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് പൊതുജനങ്ങളുടെ ആവശ്യങ്ങളെ ഗണിക്കാൻ ബാദ്ധ്യതപ്പെട്ടവരല്ലയോ എന്നു മെമ്പർ പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതിലേക്കായിട്ടാണല്ലോ ആ ഡിപ്പാർട്ടുമെന്റ് ഏർപ്പെടുത്തിയിരിക്കുന്നതു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എസ്റ്റിമേട്ട അനുവദിച്ചു പാലം കെട്ടിപ്പൊക്കുന്ന വകയ്ക്കു ആറുകൊല്ലത്തെ താമസം വന്നതെന്തുകൊണ്ടെന്നു മെമ്പർ പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): കടശാരങ്ങളിൽ ഒന്നു മേലും ഉപയോഗമായിരുന്നുള്ള ഊഹത്തിന്മേൽ ആദ്യം ഒരു അടങ്കൽ തയ്യാറാക്കി. എന്നാൽ പണി തുടങ്ങിയപ്പോൾ ആ കടശാരവും അഴിച്ചുപണിയിക്കേണ്ടതാണെന്നു കാണപ്പെട്ടു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആദ്യത്തെ എസ്റ്റിമെട് എപ്പോൾ തയ്യാറാക്കി എന്നു ഗവണ്മെന്റ് പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതു ൧൯൪൯ മേ ൨-നു അനുവദിക്കപ്പെട്ടു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പിന്നീടുള്ള എസ്റ്റിമേറ്റ് എന്നു തയ്യാറാക്കി എന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതു ൧൯൫൦ ഏപ്രിൽ ൯-നു അനുവദിക്കപ്പെട്ടു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പിന്നീടുള്ള എസ്റ്റിമേറ്റ് എപ്പോൾ തയ്യാറാക്കി എന്ന് എനിക്ക അറിയിക്കേണ്ടിയിരിക്കുന്നു. എസ്റ്റിമേറ്റിനു അംഗീകാരം ൧൯൫൦ ഏപ്രിലിൽ നൽകി എന്നു എനിക്ക അറിയാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ. പണിതുടങ്ങിയപ്പോൾ മാറ്റം കടശാരവും അടച്ചുപണിയിട്ടുള്ളതാണെന്നു അവർകണ്ടു. പുതിയ എസ്റ്റിമേറ്റ് അനുവദിക്കപ്പെട്ടു; പണിയും നടന്നുവരുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എത്ര എസ്റ്റിമേറ്റുകൾ തയ്യാറാക്കപ്പെട്ടു എന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): രണ്ടു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പ്രശ്നത്തിന്റെ (സി) ഭാഗത്തിനുള്ള മറുപടിയുടെ കാഴ്ചയിൽ ഈ പാലം പണി ഇതേവരെ ഉപേക്ഷിക്കപ്പെടാത്തതു എന്തുകൊണ്ട് എന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): പാലത്തിന്റെ വലത്തെ കടശാരം പൂർത്തിയായിട്ടുണ്ടെന്നും ഇടത്തേതിനുള്ള അസ്തിവാരം ആരംഭിക്കപ്പെട്ടിരിക്കുന്നു എന്നും ചീഫ് എഞ്ചിനീയർ ബോധിപ്പിച്ചിരിക്കുന്നു. പണി പൂർത്തിയാകുംമുമ്പേ അതു നടക്കേണ്ടതാകുന്നല്ലോ.

പാഠ്യപുസ്തകങ്ങൾ നിശ്ചയിക്കൽ.

൧൧൪. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം):

(എ) പാഠ്യപുസ്തകങ്ങൾ നിശ്ചയിക്കുന്നതിനു ചുമതലപ്പെട്ടവർ ആരാണെന്നും,

(ബി) ഒരു പാഠ്യപുസ്തകത്തിനുള്ള കാലാവധിയും,

(സി) ഈ കാലാവധിയിൽ വല്ല മാറ്റവും അടുത്തകാലത്തു നടത്തീട്ടുണ്ടോ എന്നും,

ഗവണ്മെന്റ് സദയം പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) വിദ്യാഭ്യാസ ഡയറക്ടർ

(ബി) ഇപ്പോൾ പ്രാബല്യത്തിൽ ഇരിക്കുന്ന ചട്ടം അനുസരിച്ചു പബ്ളിക് പരീക്ഷകൾക്ക നിശ്ചയിച്ചിരിക്കുന്ന പാഠ്യപുസ്തകങ്ങൾ ഒഴികെ മറ്റു പാഠ്യപുസ്തകങ്ങൾക്കുള്ള കാലാവധി മൂന്നുകൊല്ലം ആകുന്നു.

(സി) ഉണ്ട്. കാലാവധിയുടെ കാര്യം വീണ്ടും ഗവണ്മെന്റ് ആലോചിക്കുന്നതിലേക്കായി കാലാവധിയെ നടപ്പുവർഷത്തിൽ ഒരു കൊല്ലത്തേക്കായി മാററിയിരിക്കുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പാഠശാലകൾക്ക പാഠ്യപുസ്തകങ്ങൾ നിശ്ചയിക്കുന്നവകയ്ക്കു ഒരു ടെക്സ്റ്റ്ബുക്ക കമ്മിറ്റി ഉണ്ടോ എന്നു ഗവണ്മെന്റ് പറഞ്ഞുതരുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): നിശ്ചയിക്കുന്നതിനല്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പാഠ്യപുസ്തകങ്ങൾ നിശ്ചയിക്കുന്നതിനു വിദ്യാഭ്യാസഡയറക്ടർ ചുമതലപ്പെട്ടിരിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതേ; പാഠ്യപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനു അധികാരം അദ്ദേഹത്തിനുകൊടുത്തിട്ടുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പാഠ്യപുസ്തകങ്ങൾ നിശ്ചയിക്കുന്ന കാര്യത്തിൽ ടെക്സ്റ്റ് ബുക്ക്കമ്മിറ്റിക്ക വല്ല അധികാരമോ വല്ല കയ്യോ ഉണ്ടോ എന്ന് എനിക്ക അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഡയറക്ടർ അവസാനമായി തെരഞ്ഞെടുക്കുന്നതിലേക്കായി അവർ അംഗീകരിച്ച പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് അയക്കുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇംഗ്ലീഷ്, മലയാളം, തമിഴ് മുതലായി എല്ലാഭാഷകളിലും പാഠ്യപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനു വിദ്യാഭ്യാസ ഡയറക്ടരെ അധികാരപ്പെടുത്തീട്ടുണ്ടോ എന്ന് അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതേ; അങ്ങനെയാണെന്നുതോന്നുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പാഠ്യപുസ്തകങ്ങൾക്ക കാലാവധി എന്ന പ്രശ്നത്തെ സംബന്ധിച്ചു നടപ്പിൽ ഇരിക്കുന്ന ചട്ടങ്ങളെ ഭേദപ്പെടുത്തിയതിനെ കുറിച്ചു വല്ല ഗവണ്മെന്റാജ്ഞയും ഉണ്ടായിട്ടുണ്ടോ എന്നു പ്രശ്നത്തിന്റെ (ബി) ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചു എനിക്ക അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ചട്ടങ്ങളിൽ ഇതിനു വ്യവസ്ഥയുണ്ടു. ചട്ടപ്രകാരം കാലാവധി മൂന്നു കൊല്ലമാണ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആ ചട്ടങ്ങളെ ഇപ്പോൾ ഭേദപ്പെടുത്തീട്ടുണ്ടോ എന്നു മെമ്പർ പറഞ്ഞുതരുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഇല്ല. അവയെ മാററീട്ടില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ചട്ടങ്ങൾ മാറ്റുന്നതിനുള്ള അധികാരം വിദ്യാഭ്യാസ ഡയറക്ടർക്ക് ഉണ്ടു എന്നു ഞാൻ മനസിലാക്കികൊള്ളട്ടെയോ?

മി. കെ. ജാർജ് (ഗവൺമെണ്ട് ചീഫ് സെക്രട്ടറി): അദ്ദേഹത്തിനു അധികാരമില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ചട്ടങ്ങൾ ഭേദപ്പെടുത്തണം എന്നു ഡയറക്ടർ ഗവണ്മെൻറിനോടു ഉപദേശിച്ചിട്ടുണ്ടോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജോർജ് (ഗവൺമെണ്ട് ചീഫ് സെക്രട്ടറി): അതേ; ഉപദേശിച്ചിട്ടുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഗവണ്മെൻറിൻെറ അനുമതി അദ്ദേഹത്തിനു കിട്ടീട്ടുണ്ടോ?

മി. കെ. ജാർജ് (ഗവൺമെണ്ട് ചീഫ് സെക്രട്ടറി): ഈയാണ്ടത്തെ സംബന്ധിച്ചിടത്തോളം അനുമതി അദ്ദേഹത്തിനു കിട്ടീട്ടുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ ചട്ടങ്ങളെ ഇപ്പോൾ ഭേദപ്പെടുത്തുന്നതിനു ആവശ്യകത വല്ലതും ഉണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവൺമെണ്ട് ചീഫ് സെക്രട്ടറി): അത് അഭിപ്രായവിഷയകമായ സംഗതിയാണ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): കാലാവധിയെ സംബന്ധിച്ച ചട്ടം മാറുന്നതായാൽ ജനങ്ങൾക്കു വഴിയബുദ്ധിമുട്ടു ഉണ്ടായിരിക്കും എന്ന് ഗവണ്മെൻറിനു അറിയാമോ?

മി. കെ. ജാർജ് (ഗവൺമെണ്ട് ചീഫ് സെക്രട്ടറി): ഇതും അഭിപ്രായവിഷയകമായ ഒരു സംഗതിയാണ്.

പാലായിൽ തെരുവീഥികളിൽ വിളക്കുവെപ്പ്.

൧൧൭. മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): (എ) കഴിഞ്ഞ ഇരുപതു കൊല്ലങ്ങൾക്കിടയിൽ പാലാനഗരത്തിൽ ജനസംഖ്യ കൂടിട്ടുണ്ടെന്നും കച്ചവടം വർദ്ധിച്ചിട്ടുണ്ടെന്നും ഗവണ്മെൻറിനു അറിയാൻ പാടില്ലയോ എന്നും,

(ബി) അനേകം ജനങ്ങളും മോട്ടാർവാഹനങ്ങളും കച്ചവടക്കാരും യാത്രക്കാരും സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതായ ഈ നഗരത്തിൽ തെരുവീഥിയിൽ വിളക്കുവെപ്പു നടപ്പാക്കുവാൻ വല്ല ഏർപ്പാടും ഗവണ്മെണ്ട് ചെയ്തിട്ടുണ്ടോ എന്നും,

(സി) ഈ പട്ടണത്തിൽ ഇരുപതു കൊല്ലത്തിനുമുമ്പെ തെരുവീഥിയിൽ വിളക്കുവെപ്പു നടപ്പാക്കിയിരുന്നു എന്നു ഗവണ്മെൻറിനു അറിയാൻ പാടില്ലയൊ എന്നും,

(ഡി) പിന്നീടുള്ള രണ്ടുവർഷദശകങ്ങളിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെ ഗണിച്ചതിൽ ഈ നഗരത്തിൽ ഇപ്പോൾ തെരുവീഥികളിൽ വിളക്കുവെപ്പു നടപ്പാക്കാതിരിക്കുന്നതു ജനങ്ങൾക്കു അമിതമായ സങ്കടത്തിനു ഇടയാക്കുന്നുണ്ടു എന്ന് ഗവണ്മെൻറിനു അറിഞ്ഞുകൂടയൊ എന്നും

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെണ്ട് സെക്രട്ടറി):

(എ) അറിയാം.
(ബി) ഇല്ല.
(സി) ഇല്ല.
(ഡി) ഇല്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഡി ഭാഗത്തിൽ വിവരിച്ചിരിക്കുന്നതിനെ സംബന്ധിച്ചു ഗവണ്മെൻറ ഇല്ല എന്നു മറുപടി പറഞ്ഞിരിക്കുന്നു. ൨൦ വർഷമായിട്ടും ആ സ്ഥലത്തെ സംബന്ധിച്ചു ഗവണ്മെൻറിനു യാതൊന്നും അറിവില്ല എന്നാണൊ മനസ്സിലാക്കേണ്ടതു്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): വിളക്കുവെക്കുന്നതിന് ഏർപ്പാടു ചെയ്തിട്ടുണ്ടോ എന്നറിഞ്ഞുകൂടാ.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): അവിടെ എത്ര ആളുകൾ ഉണ്ട്? എത്ര വാഹനങ്ങൾ സഞ്ചരിക്കുന്നുണ്ട്? ൨൦ വർഷമായി എത്ര ആളുകളുടെ കുടിപാർപ്പ് എത്രമാത്രം വർദ്ധിച്ചുവന്നു? ഇതിനെപ്പററിയൊന്നും ഗവണ്മെൻറിനറിഞ്ഞുകൂടാ എന്നാണോ പറയുന്നതു്?

പ്രസിഡണ്ട്: നിങ്ങൾ പറയുന്നതു ബി-ഭാഗമൊ സി-ഭാഗമൊ.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): ബി-ഭാഗം.

പ്രസിഡണ്ട്: (ബി)-ഭാഗം അതല്ലാ;

"അനേകം ജനങ്ങളും മോട്ടാർവാഹനങ്ങളും കച്ചവടക്കാരും യാത്രക്കാരും സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതായ ഈ നഗരത്തിൽ തെരുവീഥിയിൽ വിളക്കുവെപ്പു നടപ്പാക്കുവാൻ വല്ല ഏർപ്പാടും ഗവണ്മെണ്ട് ചെയ്തിട്ടുണ്ടോ എന്താണ് അതിൽ പറഞ്ഞിരിക്കുന്നതു്. മറുപടി 'ഇല്ല' എന്നാണ്;

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): ൨൦ വർഷത്തിനുമുമ്പു വിളക്കുവച്ചിരുന്നില്ലാതിരുന്നെന്നാണോ മറുപടി?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): ഗവണ്മെണ്ടിൽനിന്ന് അവിടെ വിളക്കുവച്ചിരുന്നതായിട്ടറിവില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഗവണ്മെണ്ട് അതിനെപ്പററി അന്വേഷിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): അന്വേഷിക്കാം.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഇപ്പോൾ ആ സ്ഥലത്തു വിളക്കുവയ്ക്കുന്നതിനെപ്പററി ഗവണ്മെൻറു ആലോചിക്കുന്നു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): ഗവണ്മെണ്ട് ചിലവിൽ വയ്ക്കണമെന്നു വിചാരിക്കുന്നില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): മററുസ്ഥലങ്ങളിൽ വയ്ക്കുന്നതായിട്ടറിയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): അതിനെപ്പററി അടുത്ത ചോദ്യത്തിൻെറ മറുപടിയിൽ പറയുന്നുണ്ട്.

മി. എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): ആവിധത്തിൽ ഒരു സ്ഥാനം പാലായിൽ നിന്നും കല്പിക്കുന്നതിൽ ഗവൺമെൻറിനു വിരോധമുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): അതു് ആലോചിക്കേണ്ട സംഗതിയാണ്.

മി. എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): അതിനെപ്പററി ആലോചിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): ആകാം.

കൺസർവൻസി നഗരങ്ങളിൽ തെരുവീഥികളിൽ വിളക്കുവെപ്പ്.

൧൧൩. മി. എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഇപ്പോൾ (൧൧൨൪-൧൧൨൫) തെരുവീഥികളിൽ വിളക്കുവെപ്പു നടന്നുവരുന്നതായി തിരുവിതാംകൂറിലെ കൺസർവൻസി പട്ടണങ്ങളുടേയും ആ നഗരങ്ങൾ കിടക്കുന്ന താലൂക്കുകളുടേയും പേരുകൾ വ്യക്തമായി കാണിക്കുന്ന ഒരു പട്ടിക ഗവൺമെൻറ് സദയം മേശപ്പുറത്തു വയ്ക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ചോദിച്ചപട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

പ്രശ്നങ്ങളെക്കുറിച്ചു നടപടിനടത്തുന്ന മുറ.

൧൧൭. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): നിയമസഭയ്ക്കു അയയ്ക്കുന്ന പ്രശ്നങ്ങളെ നോട്ടീസ്സിൽ ചേർക്കും വിവരമറിയുന്നതിനായി ഓരോ ഡിപ്പാർട്ടുമെൻറിലേക്കും അയക്കയും ചെയ്യുന്നതു് അവ കിട്ടിയമുറയ്ക്കാണോ എന്നു് ഗവൺമെൻറ് സദയം പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): കഴിയുന്നിടത്തോളം അങ്ങനെയാണ് ചെയ്തുവരുന്നതു്?

തമിഴ് ചുരുക്കെഴുത്തിനു ആൾ നിയമിക്കൽ.

൧൧൮. മി. കെ. മാധവൻ (ഗവൺമെൻറു നിയമിച്ചമെംബർ): തമിഴ് ചുരുക്കെഴുത്തിനു ആൾ നിയമിക്കുന്നതിലേക്കു എന്തു് ഏർപ്പാടുചെയ്തിട്ടുണ്ട് എന്നു് ഗവൺമെൻറു സദയം പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): നിയമസഭയ്ക്കു തമിഴ്ചുരുക്കെഴുത്തിനു ആൾനിയമിക്കേണ്ട പ്രശ്നം ഗവൺമെൻറു ആലോചിച്ചിട്ടില്ല. തമിഴ്ചുരുക്കെഴുത്തു അറിയുന്ന ആളിൻെറ സഹായം ലഭ്യമായിരിക്കുമ്പോൾ സഭയിൽ തമിഴ്പ്രസംഗങ്ങൾ എഴുതിയെടുക്കുന്നതിനു ഏർപ്പാടു ചെയ്യുന്നുണ്ട്.

കൺട്രാക്റ്റായി കൊടുക്കുന്ന പണികൾക്കു ദർഖാസ്തുകൾ.

൧൧൯. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) കൺട്രാക്റ്റായികൊടുക്കുന്ന പണികൾക്കു ദർഖാസ്തുകൾ സ്വീകരിക്കുന്നകാര്യത്തിൽ ആ ഡിവിഷൻ മേലധികാരംവഹിക്കുന്ന ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയരും നിഷ്പക്ഷതയും ഏകരൂപവും ആയുള്ള വല്ല തത്വവും അനുവർത്തിക്കാറുണ്ടോ എന്നും,

(ബി) കൺട്രാക്റ്റായി നടത്തിക്കേണ്ട പണികളെ സംബന്ധിച്ച ദർഖാസ്തുകൾ അംഗീകരിക്കുന്ന കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ പരാതികൾ ഉണ്ടായിട്ടുണ്ടോ എന്നും ഗവൺമെൻറു സദയം പറയുമോ

മി. ജി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ഗവൺമെൻറിനു അറിഞ്ഞുകൂടാ.

൧൧൨൧ മുതൽ ൧൧൨൩ വരെ ആണ്ടുകളിൽ ധനപരിപോഷണസംഘം ചെയ്തിട്ടുള്ള

ശുപാർശകൾ.

൧൨൦. മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): (എ) ൧൧൨൧ മുതൽ ൧൧൨൩ വരെയുള്ള ആണ്ടുകളിൽ ധനപരിപോഷണസംഘം ചെയ്തിട്ടുള്ള ശുപാർശകളും,

(ബി) അവയെസംബന്ധിച്ചു ഗവൺമെൻറു നടത്തിയ നടപടികളും,

കാണിക്കുന്ന ഒരു സ്റ്റേറ്റ്മെൻറ് ഗവൺമെൻറു സദയം മേശപ്പുറത്തു വയ്ക്കുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി) : (എ)യും(ബി)യും ൧൧൨൧ മുതൽ ൧൧൨൩ വരെയുള്ള ധനപരിപോഷണ സമിതിയുടെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുകൾ മെംബർ നോക്കേണ്ടതാകുന്നു. ആവശ്യപ്പെട്ടവിവരം അവയിലെ അനുബന്ധങ്ങളിൽ ഉണ്ട്.

അനുബന്ധം XV.

൯൭-ാമത്തെ പ്രശ്നത്തിനു മറുപടി നോക്കുക.

എസ്റ്റിമേറ്റുകൾ തയ്യാറാക്കിട്ടുള്ളതും എന്നാൽ മുതൽ അനുവദിച്ചിട്ടില്ലാത്തതും ആയ കൃഷിമരാമത്തു പണികളുടെ ലിസ്റ്റ്.

൧.	ചേർത്തലതാലൂക്കിൽ അരൂർപകുതിയിൽ അഴിക്കകം കുത്തുകച്ചിറകൾ പരിഷ്കരണം.	അനുവദിച്ചതീയതി ൧൯൨൯-൪-൧൩
൨.	നൂറനാട്ടുപകുതിയിൽ കുരുമ്പാലിച്ചാലിൽ നിന്നു ഒരു കാൽവെട്ടുക	൧൯൨൮-൧-൧൩
൩.	തിരുവനന്തപുരം താലൂക്കിൽ ചെങ്കൽച്ചേരിപകുതിയിൽ കൈതമുള്ളൂർകുളം നന്നാക്കുക	൧൯൨൩-൧൦-൧൦
൪.	നെയ്യാററിൻകരതാലൂക്കിൽ തൊഴുക്കൽ ഏലായിൽ വെള്ളംപാഞ്ഞു പോകാൻ കയ്യാകെട്ടുക	൧൯൨൩-൨-൨൭

* ഇതിലേക്കു ൧൧൦൭-ാമാണ്ടത്തെ ബഡ്ജററിൽ ചിലവിനു് വകകൊള്ളിച്ചിട്ടുണ്ട്.

അനുബന്ധം XVI.

൧൦൩-ാമത്തെ പ്രശ്നത്തിനു മറുപടി നോക്കുക.
ഈ രാജ്യത്തിൽ പോലീസ് ഇൻസ്പെക്ടർമാരുടെ ജാതിതിരിച്ചുകണക്ക്

ജാതി	ഇൻസ്പെക്ടർമാർ
I. ഹിന്ദുക്കൾ	
മലയാളബ്രാഹ്മണർ	൧
മററുബ്രാഹ്മണർ	൧൭
ഈഴവർ	൪
കമ്മാളർ	...
ക്ഷത്രിയർ (മലയാള	...
നാടാർ	...
നായർ	൨൮
പുലയർ	...
വെള്ളാളർ	൩
മററുപതിതവർഗ്ഗക്കാർ	....
മററുഹിന്ദുക്കൾ	൩
II. മുസൽമാൻ	൩
III. ക്രിസ്ത്യാനികൾ	
പ്രോട്ടെസ്റ്റണ്ടു	൧
റോമൻകത്തോലിക്കർ	...
(എ) ലത്തീൻറീത്തുകാർ	...
(ബി) സുറിയാനിറീത്തുകാർ	൩
സുറിയാനികൾ	...
(എ) യാക്കോബാക്കാർ	...
(ബി) മാർത്തോമ്മാ	...
ഇംഗ്ലീഷ് ചർച്ചുകാർ	൩

ഇൻസ്പെക്ടന്മാരിൽ ൩ ഒഴിവുകളുണ്ട്.

അനുബന്ധം XVII.

൧൦൭-ാമത്തെ പ്രശ്നത്തിനു മറുപടിനോക്കുക.
അക്കൗണ്ടാഫീസർ നിയമിച്ച നിയമനങ്ങളുടെ ജാതിവിവരംതിരിച്ചുകണക്ക്.

സ്ഥിരം നിയമനങ്ങൾ.

ബ്രാഹ്മണർ	൨
നായർ	൨
പ്രാട്ടസ്റ്റണ്ടുക്രിസ്ത്യൻ	൨
അമ്പട്ടൻ	൧
വെള്ളാളൻ	൧
ചാന്നാൻ	൧
	൯

പകരം നിയമനങ്ങൾ.

ബ്രാഹ്മണർ	൩
നായർ	൧
മററുപതിതവർഗ്ഗക്കാർ	
അമ്പട്ടസ്ത്രീ	൨
പ്രാട്ടസ്റ്റണ്ടുക്രിസ്ത്യൻ	൧
റോമൻകത്തോലിക്കസുറിയൻ	൧
മഹമ്മദൻ	൧
ആകെ.	൯

അനുബന്ധം XVIII.

൧൦൮-ാമത്തെ പ്രശ്നത്തിനു മറുപടി നോക്കുക.

പരസ്പരസഹായസംഘങ്ങളുടെ രജിസ്ത്രാർ നടത്തിയ നിയമനങ്ങൾക്കു കണക്കു.

		സ്ഥിരം	പകരം
൧.	ഹിന്തുക്കൾ		
	മലയാളബ്രാഹ്മണർ	...	...
	മററുബ്രാഹ്മണർ	...	...
	ഈഴവർ	...	൧
	കമ്മാളർ	...	...
	മലയാളക്ഷത്രിയർ	...	...
	നാടാർ	...	....
	നായർ	...	൩
	പുലയർ	..	...
	വെള്ളാളർ	...	൨
	മററുപതിതസമുദായങ്ങൾ	...	...
	മററുഹിന്തുക്കൾ	...	൧
൨.	മഹമ്മദർ	...	൧
൩.	ക്രിസ്ത്യാനികൾ	...	...
	പ്രാടസ്റ്റണ്ടുകൾ	...	...
	റോമൻകത്തോലിക്കർ	...	...
	(എ) ലത്തീൻറീത്തുകാർ	...	...
	(ബി) സിറിയാൻറീത്തുകാർ	...	...
	സുറിയാനികൾ	...	...
	(എ) യാക്കോബായാക്കാർ	...	...
	(ബി) മാർത്തോമാ	...	...
	ഇംഗ്ലീഷ് ചർച്ച്	...	..

അനുബന്ധം XIX.

൧൧൯-ാമത്തെ പ്രശ്നത്തിനു മറുപടി നോക്കുക,

തെരുവീഥികളിൽ വിളക്കുവെപ്പു നടപ്പാക്കീട്ടുള്ള കൺസർവൻസി നഗരങ്ങളുടെ കണക്കു.

കൺസർവൻസി സ്റ്റേഷൻറ പേര്	അതു കിടക്കുന്ന താലൂക്ക
ശുചീന്ദ്രം	അഗസ്തീശ്വരം
ഇരണിയൽ	കൽക്കുളം
വക്കം	ചിറയിൻകീഴ
ഏററുമാനൂരിൽ അതിരമ്പുഴ	കോട്ടയം
കൊട്ടാരക്കര { ഒരുമുക്കപറവിളക്ക	കൊട്ടാരക്കര

പ്രെസിഡെൻറ, ഞാൻ ചെയ്യുന്നതായ തീർച്ചയ്ക്കുള്ള കാരണങ്ങൾ പറയാം എന്നു ഞാൻ ഇന്നലെ പറഞ്ഞി രുന്നു. ഇവയാകുന്നു എൻറെ കാരണങ്ങൾ. റെഗുലേഷനിലെ ൧൧-ാംവകുപ്പിനാൽ കരുതിവയ്ക്കപ്പെട്ടിരിക്കുന്ന തായകാര്യങ്ങളെ ബഡ്ജററു വാദപ്രതിവാദത്തിനിടക്കു വാദവിഷയമാക്കാമോ എന്നു പര്യാലോചിക്കുന്നതിൽ ഈ സഭയുടെ ഘടനയെ സംബന്ധിച്ചു ഒരു പ്രധാനതത്വത്തെ ഞാൻ ആദ്യമായി പ്രസ്താവിക്കാം, അതു ഏതു സഭയുടെ വ്യാപ്തിയിൽനിന്നു ഖിട്ടത്തപ്പെട്ടിരിക്കുന്നു എന്നുള്ളതാകുന്നു, ബഡ്ജററിൻറവാദ നാസംഗതികൾ സഭയുടെ വ്യാപ്തിയിൽനിന്നു ... അല്ലാതെ ഏതുകാര്യവും സഭാസമക്ഷം പ്രവേശിപ്പിക്കാവുന്നതു്, പ്രതിവാദങ്ങളിലോ അതുവഴിയായോ അല്ലാതെ ഏതുകാര്യവും സഭാസമക്ഷം പ്രവേശിപ്പിക്കാവുന്നതു്,

(൧) നിയമങ്ങൾ
(൨) പ്രശ്നങ്ങൾ
(൩) പ്രമേയങ്ങൾ
(൪) അടിയന്തിരപ്രമേയങ്ങൾ

എന്നീമാർഗ്ഗങ്ങളിൽ ഒന്നു അല്ലെങ്കിൽ മറെറാന്നു വഴിയായിമാത്രമേ ആകാവൂ. നീക്കിവച്ചിരിക്കുന്നകാര്യങ്ങൾ ഈ നാലുമാർഗ്ഗങ്ങളിലുംനിന്നു വ്യക്തമായി ബഹിഷ്കൃതങ്ങളാക്കപ്പെട്ടിരി ക്കുന്നു എന്നുള്ളതിനു സംശയം ഉണ്ടായിരിക്കാൻ ഇടയില്ല. ഈ സ്ഥിതിക്കു ഇക്കാര്യങ്ങൾ ബഡ്ജററുസംബ ന്ധിച്ച വാദപ്രതിവാദങ്ങൾ വഴിയായി ബോധിപ്പിക്കാം എന്നും ഈ ഭരണഘടനയെ രൂപീകരിച്ചവർ ഉദ്ദേശി ച്ചിരുന്നിരിക്കാവുന്നതാണോ?

രണ്ടാമതു, വരവിനും ചിലവിനും തമ്മിൽ വ്യതിരേകത്വം ഉണ്ടു എന്നുള്ളതിനു സംശയം ഇല്ല എന്നാൽ അങ്ങനെ പരിഛിന്നമായ വ്യതിരേകത ബഡ്ജററുവാദങ്ങളിൽ ചിന്തിക്കാവുന്നതാണോ? വരവിനെക്കുറിച്ചുള്ള സാധാരണ വാദപ്രതിവാദം അതേഇനത്തിൽ ഉള്ള ചിലവിൽനിന്നു പൂർണ്ണമായി തിരിച്ചുവച്ചു ആ ചിലവിനെ സംബന്ധിക്കാതെ നടത്താം എന്നുള്ളതു നമുക്കു സാദ്ധ്യമാണോ? അങ്ങനെയുള്ള വാദപ്രതിവാദം സ്വായിക്ക ത്തക്കതായിരുന്നാൽതന്നെ ചിലവിനങ്ങളിൽമാത്രം അഭിപ്രായം പറയാൻ ക്ഷണിക്കപ്പെട്ടിരിക്കുന്ന ഒരു സമിതി അതിനെ ഉപയോഗിക്കുന്നതിനു ഉദ്ദേശിച്ചിരിക്കാൻ ഇടയുണ്ടോ?

ഈ സാമാന്യചിന്തകളോടു കൂടിയാകുന്നു ൧൬-ാംവകുപ്പിലെ (൪)-ാം ഉപവകുപ്പിനെ വ്യാഖ്യാനി ക്കേണ്ടിയിരിക്കുന്നതു്. ഈ വ്യവസ്ഥയുടെ വാക്യരചന സ്പഷ്ടമല്ലാതിരിക്കാം, എന്നാൽ ഈ വ്യവ സ്ഥയുടെ വാസ്തവത്തിൽ ഉള്ള ഉദ്ദേശത്തെക്കുറിച്ചു യാതൊരു സംശയവും എനിക്കു തോന്നുന്നില്ല. വ്യതിരേകിച്ചു

നീക്കിവച്ചിരിക്കുന്നകാര്യങ്ങളെ യാതൊരുവിധത്തിലും വാദപ്രതിവാദത്തിൽ ഉൾപ്പെടുത്തിക്കൂടാ എന്നുള്ളതാകുന്നു ആ ഉദ്ദേശം. മററുവല്ല വ്യാഖ്യാനവും പ്രശ്നങ്ങൾമൂലമായി വിവരങ്ങൾ അറിയുന്നതിനുപോലും ഇക്കാര്യങ്ങളെ നിങ്ങൾക്കു സ്പർശിക്കാൻ പാടില്ലെന്നുവരുകിലും പ്രമേയങ്ങൾവഴിയായി അവയെസംബന്ധിച്ച ഉപദേശങ്ങൾ നൽകിക്കൂടെങ്കിലും അവയെക്കുറിച്ചു നിങ്ങൾക്കു വാദപ്രതിവാദങ്ങൾ നടത്താം, എന്ന അയുക്തികമായ ഫലത്തെ ഉളവാക്കും. നിയമങ്ങളിലോ നിതിസംഘടനകളിലോ ഉള്ള നിബന്ധനകളിൽ ഉപയോഗിച്ചിരിക്കുന്ന വാക്യരചന ആവിധംവ്യാഖ്യാനത്തെ നിസ്സന്ദേഹമായി സമ്മതിക്കാത്തപക്ഷം ആ വിധം വ്യാഖ്യാനിക്കുന്നതു അയുക്തികംഅല്ല. അതിരിക്കട്ടെ ൧൫ (൪) വകുപ്പിൽ നിഷേധിച്ചിരിക്കുന്നതു വാദപ്രതിവാദം ആകുന്നു "വാദപ്രതിവാദം എന്നതിനും "നിവേദനം" അല്ലെങ്കിൽ "ആനുഷംഗികപ്രസ്താപനത്തിനും തമ്മിൽ വ്യതിരേകത കാണിക്കാൻ സാധിക്കുന്നതാണ്. ഏതായാലും ഈ സഭയിലെ പ്രസിഡെണ്ടു എന്നനിലയിൽ മിസ്റ്റർ രാഘവയ്യാ ഈ വിധം വ്യതിരേകത്വം ഉണ്ടാക്കുകയും വാദപ്രതിവാദം പ്രതിഷേധനീയമാണെന്നും എന്നാൽ "ആനുഷംഗികപ്രസ്താവം" സമ്മതിക്കാവുന്നതാണെന്നും വിധിക്കയും ചെയ്തിട്ടുണ്ട്. ആ വ്യതിരേകത്തെയാണ് കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ പരിപാലിക്കാൻ ഞാൻ ശ്രമിച്ചിട്ടുള്ളതും ഈ വ്യതിരേകത്വം അതിലഘുവായിരിക്കാം. എന്നാൽ പ്രസിഡെണ്ടിന്റെ ഉത്തമവിവേചനം അനുസരിച്ചു ഒരു അതിര് ഉണ്ടാക്കേണ്ടതുതന്നെ എന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടാണ് നീക്കിവച്ചിരിക്കുന്ന സംഗതികളെക്കുറിച്ചുള്ള പ്രസ്താവം ഞാൻ ചില അവസരങ്ങളിൽ അനുവദിക്കയും മററുചില അവസരങ്ങളിൽ അനുവദിക്കാതിരിക്കയും ചെയ്തിട്ടുള്ളതു. മിസ്റ്റർ രാഘവയ്യാവും തത്സംബന്ധമായ പ്രസ്താവത്തെ ചില അവസരങ്ങളിൽ അനുവദിക്കയും ചില അവസരങ്ങളിൽ തടയുകയും ചെയ്തിട്ടുള്ളതിനുള്ള കാരണവും അതായിരിക്കണം. അദ്ദേഹം തീർച്ചചെയ്യേണ്ടിയിരുന്നകാലത്തും തീർച്ചചെയ്യാൻ ആവശ്യപ്പെട്ടിരുന്നകാലത്തും ചെയ്തതീർച്ച വ്യക്തമായിരിക്കുന്നു. അതിനു വിരുദ്ധമായ തീർച്ചയൊന്നും എടുത്തു കാണിച്ചിട്ടും ഇല്ല. ഇക്കാരണങ്ങളാലാണു ഞാൻ ഇന്നലെ ചെയ്തതായതീർച്ച ഞാൻ നിശ്ചയിച്ചതു.

മി. എസ്. വെങ്കടരമണയ്യർ (ആ. ഗവർണ്മെണ്ടു ഫിനാൻഷ്യൽസെക്രട്ടരി): സർ, നിങ്ങളുടെ അനുവാദത്തോടുകൂടി ഞാൻ എന്നെസംബന്ധിച്ചിടത്തോളം ഒരു സമാധാനം ബോധിപ്പിക്കാൻ ആഗ്രഹിക്കുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റിലെ ൭-ാം പുറത്തിൽ ചേർത്തിരിക്കുന്ന മുതലും കടവുംവക കണക്കിൽ ചെങ്കോട്ട കൊല്ലം റയിൽവേവകയ്ക്കായി മൂലധനപത്രത്തിൽ ഉള്ള ഗവർണ്മെണ്ടുകടം ചേർക്കാതെ വിട്ടിരിക്കുന്നതിനെക്കുറിച്ചു ഒരു ചോദ്യം മററൊരു കക്ഷിയിലുള്ള ഒരു മെമ്പർ ഇന്നലെ എന്റെ പ്രസംഗം അവസാനിക്കാറായപ്പോൾ ചോദിച്ചു. ഞാൻ ഇന്നലെ പറഞ്ഞ മറുപടി കാര്യത്തെ സ്പഷ്ടമാക്കീട്ടില്ലെന്നു ഞാൻ ശങ്കിക്കുന്നു. സർ, ബഡ്ജറ്റിൽ ചേർത്തിരിക്കുന്ന മുതലുംകടവുംവക കണക്കിൽ ഗവർണ്മെണ്ടിലെ ഇപ്പോഴത്തെ മുതലും കടവും മാത്രമേ ഉൾപ്പെടുന്നുള്ളു. കണക്കിൽ മുതൽ എന്ന ഇനത്തിലുള്ളതുക ഇപ്പോൾ രൊക്കം കയ്യിലുള്ള പണമോ മററുള്ളവർക്കു നാം കൊടുത്തിട്ടുള്ള പണമോ മാത്രമാകുന്നു. ഇതുപോലെതന്നെ ചിലവു എന്ന ഇനത്തിൽ ഉള്ള തുക നാം അംഗീകരിച്ചു കണക്കിൽ ചേർത്തതും നാം മററുള്ളവർക്കു കൊടുക്കേണ്ടിയിരിക്കുന്നതും ആയ തുകകൾ മാത്രമേ ആകുന്നുള്ളു. കൊല്ലം മുതൽ ചെങ്കോട്ടവരെയുള്ള റയിൽവെ പണിയിക്കുന്നതിനായി യാതൊരു തുകയും കടമായി ആരുടെ നിക്ഷേപമായോ നാം വാങ്ങിച്ചിട്ടില്ലാത്തതുകൊണ്ടു പ്രസ്തുത ഇനം ഇപ്പോഴത്തെ കടമല്ല. ഈ ഇനത്തിൽ നമുക്കു കടംബാദ്ധ്യത ഇപ്പോഴത്തെ കരാർ കാലത്തിന്റെ അവസാനത്തിൽ നാം റയിൽവേയെ എടുക്കുമ്പോൾ ഒരു തുക കൊടുക്കണം എന്നേയുള്ളൂ. നമ്മുടെ കണക്കുകൾ പൂർത്തിയായ ഇടപാടുകളെ മാത്രം രേഖയാക്കുകൊണ്ടു ഇതു ഈ കണക്കിൽ ഇപ്പോൾ കാണാവുന്നതായ കടം അല്ല. ൧൯൪൫-ാം വർഷം കഴിഞ്ഞു ഈ ലൈൻ സ്വായത്തം ആക്കുന്നതിനാകുന്നു നാം ജീർണോദ്ധാരക ധനത്തിലേക്കായി ഒരു തുക ഇപ്പോൾ നീക്കി വച്ചു വരുന്നതു.

ചിലവിനുള്ള ഡിമാണ്ടുകൾക്കു വോട്ടിംഗ്.

പ്രസിഡണ്ടു: ഇപ്പോൾ നാം ചിലവിനുള്ള ഡിമാണ്ടുകൾ ആരംഭിക്കാം.

ഡിമാണ്ടു I. ഭൂനികുതി.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂ ഇൻകംടാക്സ് കമ്മീഷണർ): ഡിമാണ്ടു I, ഭൂനികുതി, എന്ന ഇനത്തിൽ ൯,൧൭,൪൭൧ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു.

താഴെചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ അവതരിക്കപ്പെട്ടില്ല.

മി. ആർ. രാമൻപിള്ള:

൧. ജീവനക്കാർക്കായുള്ള ൧൭,൨൫൪ രൂപ നിശ്ചയിച്ചിരിക്കുന്നതിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. ജി. പരമേശ്വരൻപിള്ള:

൨. ജീവനക്കാർക്കായി ൧൭,൨൫൪ രൂപ നിശ്ചയിച്ചിരിക്കുന്നതിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. മുരവേലിപാച്ചുപിള്ള:

൩. സഞ്ചാരപ്പടിക്കായി ൪൦൦൦ രൂപ നിശ്ചയിച്ചിരിക്കുന്നതിൽ ൧ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൪.

മി. കെ. ജി. പരമേശ്വരൻപിള്ള.

സഞ്ചാരപ്പടിക്കു നിശ്ചയിച്ചിരിക്കുന്ന ൪൦൦൦ രൂപയിൽ ൫ രൂപ കുറയ്ക്കണം.

മിസ്റ്റർ കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): സർ, പുതിയ കരംപതിവുപരിശോധന ചട്ടങ്ങളനുസരിച്ചു ഏർപ്പെടുത്തിയിട്ടുള്ള കരം അമിതമായി വർദ്ധിപ്പിച്ചതുകൊണ്ടു ജനങ്ങൾക്കു നേരിട്ടിട്ടുള്ള കഷ്ടതകളെപ്പററി സംസാരിക്കുന്നതിനാകുന്നു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു. പട്ടണമൊഴിച്ചുള്ള സ്ഥലങ്ങളിൽ ഏക്കർഒന്നുക്കു ൭ പണംമുതൽ ൧൫ പണംവരെയാണു കരം നിർദ്ദേശിച്ചിട്ടുള്ളതു. ഇതു അമിതവും സാമാന്യജനങ്ങളെ ഉദ്ദേശിച്ചു സാദ്ധ്യവും ആകുന്നു. പട്ടണത്തിലുള്ള പുരയിടങ്ങളെപ്പററി ചിന്തിച്ചാൽ വിസ്മയനീയവും ആരാലും പതിച്ചുവാങ്ങുവാൻ സാദ്ധ്യമല്ലാത്തവിധം ആകുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. സംഗതിയുടെ വാസ്തവസ്ഥിതി വഴിയാംവണ്ണം മനസ്സിലാക്കാതെ വല്ലസാധുക്കളും പട്ടണത്തിൽപെട്ട വല്ലപുര

വലും ലേലത്തിലെടുത്തുപോയാൽ കരത്തിന്റെ തുക ചട്ടപ്രകാരം കെട്ടേണ്ടിവരുന്ന അവസരത്തിൽ ഉപേക്ഷിച്ചു പോകാതിരിപ്പാൻ യാതൊരു നിവൃത്തിയുമില്ല. ലേലത്തുകകൾ കൂടാതെ സ്ഥലത്തു ചെലവാക്കുന്നതിനോ കുടിൽ കെട്ടുന്നതിനോ വല്ല സംഖ്യയും ചിലവു ചെയ്തിട്ടുണ്ടെങ്കിൽ അതും നഷ്ടപ്പെടുകയും ചെയ്യുന്നു. പട്ടണത്തിലെ കരം പതിവാണെങ്കിൽ ഏക്കർ ൧-ക്കു ൭ രൂപ ൪ ചക്രം മുതൽ ൭൨ രൂപ ൧൮ ചക്രം വരെ ആണ്ടിനാൽ ഒന്നിനു കൊടുക്കേണ്ടതായി വരുന്നു. ഈ വിവരം കേട്ടാൽ സർക്കാരിനു ചിലതൊക്കെ ഇളക്കമൊന്നുമുണ്ടാകാൻ സംഗതിയില്ലെങ്കിലും അവരിൽ ഏതാനും പേരും അനുബന്ധ സ്ഥാപനങ്ങളും അമ്പരന്നുപോകാതിരിക്കയില്ല. തറവിലയോ ഏതാണ്ടു ൩൦ രൂപ മുതൽ ൫,൦൦൦ രൂപ വരെ ഒരേക്കറിനു വരുന്നു. അതായതു സെന്റിനു ൫൦ രൂപ വരെ വിലവരുന്നു. ഈ വിലയും കരവും നിശ്ചയിക്കുന്നതിനു ചില വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു. ഈ വ്യവസ്ഥകളെല്ലാം അവിടെ ഉണ്ടായിരിക്കും. സർക്കാർ വസ്തു വിററിട്ടാകുവാൻ ബഡ്ജറ്റിൽ തിട്ടപ്പെടുത്തുന്ന സംഖ്യ ഓരോ തഹശീൽദാർമാർക്കുമായി യഥാക്രമം വീതിച്ചു കൊടുക്കുന്നു. വീതത്തിൽ കവിഞ്ഞതുക വസൂലാക്കിയില്ലെങ്കിൽ തഹശീൽദാർ അപ്രാപ്തനാകും. പതിച്ചു കൊടുക്കുന്ന വസ്തുവിന്റെ വിസ്തീർണ്ണം പരിമിതമാകുന്നു. അതിനാൽ ഉള്ള വസ്തുവിനെ നല്ല വിലയ്ക്കും തദനുസരണമായ കരത്തിനും വല്ല സാധുക്കളുടേയും തലയിൽ കെട്ടിവച്ചു നശിപ്പിക്കുന്നു. ഇതിനു പരിഹാരം ഉണ്ടാക്കേണ്ടതു ഗവർന്മെണ്ടിന്റെ ചുമതലയാകുന്നു. ഈ വശത്തുള്ള എന്റെ സ്നേഹിതന്മാർ എല്ലാവരും ഒത്തുചേർന്ന് എന്നെ അനുകൂലിക്കുമെന്നു വിശ്വസിച്ചു എന്റെ ഉപക്ഷേപം സഭയുടെ സ്വീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു. ഒരു സംഗതി ഞാൻ മറന്നുപോയി. കുറെ ഇല്ലംതൊടിയൽ തന്നെ പല സ്ഥലങ്ങളും ലേലത്തിൽ കൊണ്ടശേഷം കരം കൊടുക്കാൻ നിവൃത്തിയില്ലെന്നു കണ്ടു ലേലസംഖ്യയും വസ്തുവും ഉപേക്ഷിച്ചു ജനങ്ങൾ പിന്മാറിയിരിക്കുന്നു. ഈ സംഗതി എനിക്കു നേരിട്ടറിയാമെന്നുള്ള വിവരം കൂടി പ്രസ്താവിച്ചുകൊള്ളുന്നു.

മി. ആർ. രാമൻപിള്ള (കൊല്ലം): എന്റെ സ്നേഹിതൻ മി. പരമേശ്വരൻപിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തിനനുകൂലമായി ഞാനും ഒന്നു പറയുന്നു. ഈ ഉപക്ഷേപപാഠത്തിനശേഷം എന്റെ ഉപക്ഷേപംകൊണ്ടുദ്ദേശിച്ചിരുന്നതായ സംഗതികൾകൂടി പറയുന്നതിൽ നിയമസാധുതയുണ്ടോ എന്ന എനിക്കു സംശയമുണ്ട്. അതുകൊണ്ട് ഈ ഉപക്ഷേപത്തെപ്പററി രണ്ടുവാക്കു അനുകൂലമായി പറയാമെന്നു വിചാരിക്കുന്നു.

ഈ തിരുവിതാംകോട്ടുരാജ്യത്തിലെ ഞങ്ങളുടെ പൊന്നുതമ്പുരാക്കന്മാർ തിരുമനസ്സുകൊണ്ട് ഒരുകാലത്തും തങ്ങളുടെ ജനങ്ങളുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചല്ലാതെ യാതൊന്നും പ്രവർത്തിച്ചിട്ടില്ല. ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞു ഒരു സാമാന്യമായ ഒരു സംഖ്യ ഈടാക്കണമെന്നും ഉദ്ദേശം ഉണ്ടായിരുന്നില്ല. അങ്ങിനെ ഉദ്ദേശം ഉണ്ടായിരുന്നെങ്കിൽ പണ്ടാരപ്പാട്ടം വസ്തുക്കളെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ട് ൧൦൪൦-ാമാണ്ടത്തെ തിരുവെഴുത്തുവിളംബരംമൂലം ഞങ്ങൾക്കു പൂർണ്ണ അവകാശമാക്കി തരികയില്ലായിരുന്നു.

അന്നു നിശ്ചയിച്ചിരുന്ന കരം നിസ്സാരമായ ഒന്നാണ്. അതിനുശേഷം കുറേക്കാലം കഴിഞ്ഞു ശരിയായ വിധത്തിൽ ഒരു കണ്ടെഴുത്തു തിരുവിതാംകോട്ടിൽ നടത്തിയാൽ കൊള്ളാമെന്നു ഗവർന്മെന്റിനു താല്പര്യമുണ്ടായി അക്കാലത്തും ഒരുവിധത്തിൽ ചില സർവ്വേയും ഉണ്ടാക്കി നടത്തിയെങ്കിലും അതിൽ ന്യൂനത ഉണ്ടെന്നു കണ്ട് ൧൦൭൧-ൽ ഒരു തിരുവെഴുത്തുവിളംബരം മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചുണ്ടാക്കി. അതിൽ ൧൦൭൧-ാമാണ്ടത്തെ കണ്ടെഴുത്തിലുണ്ടായിരുന്ന കരത്തിൽനിന്നു ഒരുവിധത്തിലും കൂടുതലായി വരുത്തിട്ടില്ല എന്നു മാത്രമല്ല ജനങ്ങൾക്കു ഉപദ്രവകരമായിട്ടും കീഴ്‌സിൽബന്ധികൾ ഉപദ്രവിക്കത്തക്കവിധത്തിലും ഏർപ്പെട്ടിരുന്ന പലവിധമായ കരത്തെ റദ്ദുചെയ്യുകയും ചെയ്തു. തിരുമനസ്സുകൊണ്ട് കല്പിച്ചു പറഞ്ഞിരിക്കുന്നതു "ജനങ്ങളുടെ സംതൃപ്തിയും സമാധാനവും രാജ്യത്തിലെ ഭണ്ഡാഗാരത്തിന്റെ അഭിവൃദ്ധിയെക്കാൾ കൂടുതലായി നാം ആഗ്രഹിക്കുന്നു എന്നാണ്." ഈ വിളംബരത്തിൽതന്നെ തിരുവിതാംകോട്ടിലെ അന്നത്തെ കണ്ടെഴുത്തു അവസാനിക്കുന്ന തീയതിമുതൽ മുപ്പതുകൊല്ലത്തേക്കു വൃക്ഷങ്ങൾ എത്രതന്നെ നട്ടുപിടിപ്പിച്ചാലും യാതൊരുവിധമായ കരക്കൂടുതലും ഏർപ്പെടുത്തുകയില്ലെന്നു കല്പിച്ചിരുന്നു. ഇങ്ങനെ കല്പിച്ചതിനുശേഷം ഹൈക്കോടതിയിൽ ഉണ്ടായിട്ടുള്ള ചില വിധികളാൽ ഗവർന്മെന്റിനു ദുസ്സഹമായ സങ്കടം തോന്നി ഒരു പുതിയ കരംപതിവു റെഗുലേഷൻ ഉണ്ടാക്കി. ഈ റെഗുലേഷൻകൊണ്ടു വലിയ ദോഷം വന്നിട്ടുണ്ടെന്നു പറയാൻ തരമില്ല. ഈ റെഗുലേഷനെ ആസ്പദമാക്കി ചില ചട്ടങ്ങൾ ഏർപ്പെടുത്തി കല്പനകൾക്കു വിരോധമായിട്ടു കരം നിശ്ചയിക്കുന്നതിനു ഒന്നുമുതൽ ഏഴുവരെ തരം വസ്തുക്കൾമാത്രമേ തിരുവിതാംകോട്ടിൽ ഉള്ളു എന്നാക്കി. അതിനു ഒരു നിയമസാധുതയും ഇല്ലെന്നാണ് ഒരു വെറും നാടനായ എന്റെ അഭിപ്രായം. തിരുവിതാംകൂറിലെ മഹാരാജാക്കന്മാർ ഒരിക്കലും ഒന്നും അപഹാരം ചെയ്തതായി ഞാൻ കേട്ടിട്ടില്ല. തിരുവിതാംകോട്ടുമഹാരാജാവു കല്പിച്ചു പ്രജകൾക്കായി തന്നിട്ടുള്ള അവകാശത്തെ അധികൃതർ കല്പനക്കു വിരുദ്ധമായി പിൻവലിച്ചിട്ടില്ല. ഒന്നുമുതൽ പതിനഞ്ചുവരെ തരം അനുസരിച്ചു കരം നിശ്ചയിക്കുമെന്നു കല്പിച്ചിരിക്കുന്ന അതിനു വിപരീതമായി ഒന്നുമുതൽ ഏഴുവരെ തരം ആക്കിയതു നിയമസാധുതയുള്ള ഒരു ഏർപ്പാടല്ല. എന്നുമാത്രമല്ല കോടതിയിൽ വിശേഷവിധിയായിട്ടു ഒന്നുമുതൽ ഇരുപത്തെട്ടുവരെ തരം ആക്കിയിരിക്കുന്നു. ഈ പുതുവൽചട്ടങ്ങൾ ടി വിളംബരത്തിനെ അതിക്രമിച്ചിട്ടുള്ളവ എന്നാണ് ഞാൻ പറയുന്നത്.

തഹശീൽദാരുടെ യുക്തംപോലെയും സമീപവസ്തുക്കളുടെ നിരക്കനുസരിച്ചും ഉദ്ദേശമായ ഒരു വില നിശ്ചയിക്കുക, അതിൽ കാൽഭാഗം ഗവർന്മെന്റിനു തറവിലയായി കൊടുക്കുക, മുക്കാൽഭാഗത്തെ ഇരുപത്തഞ്ചായിട്ടു ഭാഗിക്കുക, അതിൽ ഒരുഭാഗം കരമായിട്ടു നിശ്ചയിക്കുക ഇങ്ങിനെയാണു വ്യവസ്ഥപ്പെടുത്തിയിരിക്കുന്നത്. ഇതു എങ്ങിനെ അതിന്റെ ഒരുഭാഗം കരമായിട്ടു നിശ്ചയിക്കുക ഇങ്ങിനെ സിദ്ധിച്ച അധികാരമാണ് എന്നറിഞ്ഞുകൂടാ. സ്ഥാവരവസ്തുക്കളുടെ വിലയിൽ മൂന്നുശതമാനം കരംകൊടുക്കണമെന്നാണു വച്ചിരിക്കുന്നത്. സ്ഥാവരവസ്തുക്കൾ തിരുവിതാംകോട്ടിൽ സമ്പാദിക്കുന്ന ഒരാളിനു വിലയുടെ മൂന്നുശതമാനത്തിൽകൂടുതൽ ആദായം കിട്ടുമെന്നു എനിക്കു തോന്നുന്നില്ല. പ്രജകൾ വേല ചെയ്തുണ്ടാക്കുന്ന പണം മുഴുവനും ഗവർന്മെണ്ട് ഭണ്ഡാഗാരത്തെ പോഷിപ്പിക്കുന്നതിനു കൊടുക്കണമെന്നാണോ ഇതുകൊണ്ടു ഞാൻ മനസ്സിലാക്കുന്നതു. ഭണ്ഡാഗാരം പരിപൂർണ്ണമായിരിക്കുന്നു എന്നാണ് എന്റെ വിശ്വാസം. സർക്കാർ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു അവരുടെ ശമ്പളം കൊടുക്കുന്നതിനായിട്ടുമാത്രം ഉപയോഗിക്കുന്നതിനുവേണ്ടി ഇത്ര വലിയ സംഖ്യ സാധുക്കളുടെ നട്ടെല്ലുപൊട്ടി ഉണ്ടാക്കിക്കൊടുക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ആ പ്ര

മായതും കൂടിപ്പോകയെന്നെനിക്കറിയാം. അതിനാൽ ആ ഭാഗം ഞാൻ പിൻവലിക്കുന്നു. ഓരോന്നിനു തറവില നിശ്ചയിക്കുന്നതു തഹശീൽദാരാണെന്നു പറഞ്ഞല്ലോ. എന്റെ ഒരു സ്നേഹിതൻ പറഞ്ഞവണ്ണം അഞ്ചുലക്ഷത്തിൽപരം രൂപായ്ക്കു സർക്കാർഭൂമിവിററു പണം ഉണ്ടാക്കണമെന്നു ഗവമെണ്ട് നിശ്ചയിക്കുന്നു. അങ്ങിനെ ഈ ടാക്കേണ്ട ജോലിയെ ഓരോ തഹശീൽദാർക്കായിട്ടു വീതിച്ചുകൊടുക്കുന്നു. ആ വീതത്തിൽ ഒരു പൈ കുറച്ചാണ് ഈടാക്കാൻ ഇടവന്നതെങ്കിൽ തഹശീൽദാർക്ക് ഇരിക്കപ്പൊറുതിയില്ല. പ്രമോഷൻ കിട്ടുകയില്ല. അതുകൊണ്ടു തഹശീൽദാർ ഏതുവിധത്തിലെങ്കിലും പണമുണ്ടാക്കുവാൻ നോക്കും. എന്റെ നിയോജകമണ്ഡലമായ കോട്ടയംടൌണിൽ 8 സെൻറു ഭൂമി ഞാൻ വാങ്ങിയതിനു 880 രൂപയെ കൊടുത്തിട്ടുള്ളൂ. ഇപ്പോഴത്തെ കണക്കിന്റെ കണക്കു വരികയാണെങ്കിൽ ഞാൻ 2500 രൂപാ കരംകൊടുക്കേണ്ടിവരും. ഇതാരും മനസ്സിലാക്കീട്ടില്ല. ഇനിയത്തെ കണ്ടെഴുത്തുവരുമ്പോൾ പട്ടണത്തിലെ വസ്തുക്കൾക്കു ഒന്നുമുതൽ പതിനഞ്ചുവരെ തരം ആക്കുകയില്ലെന്നാരറിഞ്ഞു. ടൌൺവിട്ടുള്ള വസ്തുക്കൾക്കു ഒന്നുമുതൽ ഏഴുവരെ തരമാക്കിയപ്പോൾ ആരും മിണ്ടിയില്ല. അത്ര മിണ്ടാപ്രാണികളാണു നമ്മുടെ നാട്ടിലുള്ള ആളുകൾ. ഇനി അടുത്ത സെററിൽമെൻറുവരുമ്പോൾ ഇങ്ങനെ മിണ്ടാതെയിരുന്നാൽ ഇപ്പോഴത്തെ നടപ്പായിരിക്കും പ്രമാണം. പണം ഗവമെൻറിനു ഉണ്ടാക്കുകയും ചെയ്യാം.

പ്രസിഡണ്ടു: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. രാമൻപിള്ള (കോട്ടയം): രണ്ടു മിനിട്ടുകൂടി കിട്ടിയാൽകൊള്ളാം.

അതുകൊണ്ടു ഇങ്ങിനെ ഉണ്ടായിട്ടുള്ള ചട്ടങ്ങളെ ഗവമെൻറിൽനിന്നും സമയം ഭേദപ്പെടുത്തിത്തരണമെന്നു ഗവമെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഇതിലേക്കു ഒരു കമ്മററി ഏർപ്പെടുത്തണമെന്നു എന്റെ സ്നേഹിതൻ പറഞ്ഞു. എനിക്കു കമ്മററിയോടു അത്രമാത്രമെ ബഹുമാനമുള്ളു. പണം ചിലവുചെയ്താൽ കമ്മററി ഉണ്ടാക്കാം, റൂൾസുണ്ടാക്കാം, ചട്ടം ഉണ്ടാക്കാം. പക്ഷെ അവയെ ഹജൂർക്കച്ചേരി അലമാരിയിൽവെച്ചു ഇരട്ടവാലനു ആഹാരമാക്കാതെ സാധാരണ ജനങ്ങൾക്കു സമാധാനം ഉണ്ടാക്കിക്കൊടുക്കണം. അങ്ങനെ ചെയ്യാത്തപക്ഷം അടുത്തകാലിയിൽ ഉണ്ടാകുന്ന കണ്ടെഴുത്തിൽസാധാരണ ജനങ്ങൾക്കു അസാമാന്യമായ സങ്കടം ഉണ്ടാകുന്നതാണ്. ഗവമെൻറു ഇതെല്ലാം പ്രത്യേകം ദൃഷ്ടിവെക്കണം. ഈ സംഗതിയിൽ എന്റെ സഹോദരന്മാർ മാത്രമല്ല സഹോദരിയും യൂറോപ്യൻമെംബർപോലും നാട്ടുകാർക്കു ഉണ്ടാകുന്ന പരമസങ്കടാവസ്ഥയിൽ അനുകമ്പിച്ചു വോട്ടു ചെയ്യുമെന്നു പൂർണ്ണമായി വിശ്വസിക്കുന്നു. മാന്യനായ അദ്ധ്യക്ഷൻ അവർകളും തിരുവിതാംകോട്ടു സ്വദേശിയായതിനാൽ ഇങ്ങിനെ ഉള്ള അനുഭവം അദ്ദേഹത്തിനും വന്നു കൂടുമെന്നുള്ളതിനാൽ ഇതിനനുകൂലമായിട്ടു ചെയ്യുമെന്നാണ് വിശ്വാസം. പുതുവൽ റൂൾസ് ഭേദപ്പെടുത്താനായി നിയമിക്കപ്പെട്ട കമ്മിററി തയ്യാറാക്കിയ ചട്ടങ്ങളും റിപ്പോർട്ടും ഉടനെ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

റാവുബഹദൂർ കെ. പി. കൃഷ്ണമേനോൻ (ഗവമെണ്ടു നിയമിച്ചമെംബർ ഡെപ്യൂട്ടിപ്രസിഡണ്ടു): ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. പട്ടണങ്ങളിൽ ഉള്ള ഭൂമിയെസംബന്ധിച്ച ചട്ടങ്ങൾ മദ്രാസ്, ബോംബെ, കൽക്കത്താ എന്നിവപോലെ ബ്രിട്ടീഷിൻഡ്യയിൽ ഉള്ള വലിയ നഗരങ്ങളുമായി താരതമ്യപ്പെടുത്തി ഒരുതെററായബോധത്തിന്മേൽ ഉണ്ടാക്കീട്ടുള്ളവയാണ്. റോഡരികെ ഗവമെൻറുവകയായവസ്തുക്കൾ പതിച്ചുകൊടുക്കുന്നതിൽ അതു ഒരു സെൻറിൽകൂടുതൽ വിസ്താരമുള്ളതല്ലാതിരുന്നാലും വളരെവിലപിടിച്ചതായി ഗണിക്കപ്പെടുകയും കൂടുതൽ തറവിലയും കരവും ചുമത്തുകയും ചെയ്യുന്നു. തിരുവിതാംകോട്ടിൽ ഏതാനും സ്ഥലങ്ങൾ നഗരങ്ങൾ ആണെന്നു തരംതിരിക്കാൻ ഇടയായിട്ടുണ്ടായി എന്നുള്ള കാരണത്തെ മാത്രം അടിസ്ഥാനമാക്കി ഗവമെൻറിനു ന്യായമായി കിട്ടാൻ അവകാശം ഉള്ളതിനെക്കാൾ വളരെ കൂടിയ വിലയിൽ പ്രത്യേകം ഉള്ള കൂടുതലും അതിനു ചുമത്തേണ്ട കരത്തിനു ന്യായമായുള്ള കൂടുതലും ഗവമെൻറു നഷ്ടപ്പെടുന്നു എന്നുള്ള ഒരു വിചാരം ഉണ്ടായി. മി. പരമേശ്വരൻപിള്ള കൊല്ലത്തുള്ള കഷ്ടങ്ങളെക്കുറിച്ചു ബോധിപ്പിച്ചതായിരിക്കണം. മി. രാമൻപിള്ള കോട്ടയത്തെ കാര്യങ്ങളെ നല്ലപോലെ അറിയിച്ചു. ആലപ്പുഴയിലെ പൌരൻ എന്ന നിലയിൽ ഈ കാര്യത്തിൽ വലുതായ സങ്കടം ഉണ്ടു എന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ഈ ചട്ടങ്ങളെ അനേകം കാരണങ്ങളാൽ വേഗത്തിൽ പുതുക്കേണ്ടതാകുന്നു. "നിങ്ങളുടെ വസ്തുവിനെ ഗവമെൻറിലേക്കു എടുക്കുമ്പോൾ കൂടുതൽ വില നിങ്ങൾക്കു കിട്ടുന്നില്ലയോ" എന്നു ഒരു ചോദ്യം സ്വാഭാവേന ചോദിക്കപ്പെടുന്നു. ഈ സംഗതി ഇത്രമാത്രമേയുള്ളു എന്നുവരികിൽ ഗവമെൻറു നിശ്ചയിക്കുന്നതായ എത്ര വലിയ തറവിലയും കൊടുക്കുന്നതിൽ യാതൊരാക്ഷേപവും എനിക്കു തീരെ ഇല്ല. നഗരങ്ങളിൽ ഉള്ള വസ്തുക്കൾ കുടികളുടെ പേരിൽ പതിക്കാൻ പ്രയാസമായിരിക്കുമ്പോൾ ഒരു പ്രത്യേക അപേക്ഷകന്റെ പേരിൽ പതിച്ചുകൊടുക്കുന്നതിനു പകരം അതിനെ ലേലത്തിൽ വിൽക്കാത്തതെന്തു? ഗവമെൻറിനു കൂടുതൽ വിലകിട്ടിക്കൊള്ളുമല്ലോ. എന്നാൽ കണ്ടെഴുത്തു തിരുവെഴുത്തുവിളംബരത്തിൽ നിശ്ചയിച്ചിരിക്കുന്ന നിരക്കുകളിൽ നിന്നു തീരെ ഭിന്നമായി ഒരു കരം സകല വെച്ചുപതിവുകാലത്തേക്കുമായി നിശ്ചയിക്കുന്നതു ഇപ്പോൾ പേരിൽപതിച്ചുവാങ്ങിക്കുന്നവന്റെ നേർക്കു കാണിക്കുന്ന ഗൌരവമായ അനീതിയും പുതുതായി കണ്ടെഴുത്തു ആരംഭിക്കേണ്ടിവരുന്നതായ ദൂരസ്ഥമായ കാലങ്ങളിൽ അനുഭവ്യമായ മഹത്തായ ആപത്തിനുള്ള കാരണവും ആയിരിക്കുന്നു. പുതുതായി കണ്ടെഴുത്തുവിളംബരം പ്രസിദ്ധപ്പെടുത്തുമ്പോൾ ഭാവികാലത്തിലെ ഗവമെൻറു ഏതുവിധം നീതികെടുക്കൊള്ളുവാൻപോകുന്നു എന്നറിയാൻ മാർഗ്ഗമില്ല. നഗരങ്ങളിൽ ഉള്ള വസ്തുക്കളെ സംബന്ധിച്ചിടത്തോളം ഗവമെൻറു എത്രയും അടുത്തകാലത്തു നിശ്ചയിച്ചിട്ടുള്ള തരത്തിൽ കരം ചുമത്തേണ്ടതാണെന്നു തിരുവെഴുത്തുവിളംബരത്തിൽ ആജ്ഞാപിക്കുന്നതായാൽ ആലപ്പുഴ പട്ടണത്തിനു മാത്രം അരഡെസൻകോടി രൂപാ കിട്ടും. ഗവമെൻറു ധനസംബന്ധമായ സകല ബാദ്ധ്യതകളിലുംനിന്നു വിമുക്തമാകയും ചെയ്യും. ഈ രാജ്യത്തുള്ള എല്ലാ പട്ടണങ്ങളിലുംകൂടി അനേകം കോടി ഗവമെൻറിനു കിട്ടുകയും ചെയ്യും. ഒരു വസ്തുഉടമസ്ഥൻ എത്രതന്നെ ധനികനായിരുന്നാലും ആ തുകയോടു അതു ഗവമെൻറിനു കൊടുക്കാൻ ശക്തനായിരിക്കയും ഇല്ല. അതു അത്രയധികം വലുതായിരിക്കുന്നു. കാര്യങ്ങൾ ഇപ്രകാരം വരുമെന്നു ഗവമെൻറു മുമ്പിൽകൂട്ടി നിരൂപിച്ചിട്ടുണ്ടെന്നു എനിക്കു വിശ്വസിക്കാൻ പ്രയാസം. എന്നാൽ ഈ പ്രദേശങ്ങളിലെ പൌരന്മാർക്കു അപ്രകാരമുള്ള ഒരു ആശങ്കയുണ്ട്. ഒരു കാര്യം അറിയിക്കാം. നാലരയേക്കറോളം വിസ്താരം ഉള്ള ഒരു പറമ്പു അഞ്ഞൂറു രൂപാ കരവും കൊടുത്തു ഒരാൾ അനുഭവിച്ചുവന്നിരുന്നു.

ആ പാമ്പിന്റെ ഏതോ ഒരു ഭൂമിയിൽ ൩ സെന്റു പുറമ്പോക്കു ചെന്നിരിക്കുന്നതായി കാണപ്പെട്ടു. അതു തന്റെ പേരിൽ പതിച്ചുകിട്ടണം എന്നു അയാൾക്കു ആഗ്രഹമുണ്ടായി. ഈ മൂന്നു സെന്റുകൾക്കും പതിനഞ്ചു രൂപാ കരം കൊടുക്കാൻ അയാളോടു ആവശ്യപ്പെട്ടു. അയാൾ ആക്ഷേപം പറഞ്ഞിരിക്കാം. എന്നാൽ, പട്ടണങ്ങളിൽ വസ്തുക്കളെ സംബന്ധിച്ച ചട്ടങ്ങളെ പുതുക്കുന്നതുവരെ ഇതിനെ ആക്ഷേപിക്കുന്നതു നിഷ്പ്രയോജനമാണ്. മാറിപ്പോയ ദിവാൻജിയുടെ കാലത്തു പട്ടണങ്ങളിൽ ഉള്ള വസ്തുക്കളെ സംബന്ധിച്ച ചട്ടങ്ങളെ പുതുക്കേണ്ടിയിരിക്കുന്നു എന്നു പ്രജാസഭയിൽ ദിവാന്റെ ഉപക്രമപ്രസംഗങ്ങളിൽ ഒന്നിൽ പ്രസ്താവിച്ചിട്ടുള്ളതായി ഓർമ്മതോന്നുന്നു. ആ അനന്തരവും പ്രവേശിപ്പിച്ചതിൽ [illegible] ആ ചട്ടങ്ങളെ കഴിയുന്നതു വേഗത്തിൽ പുതുക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. [illegible] യാതൊന്നും നമുക്കു കിട്ടിട്ടില്ല. ആ ചട്ടങ്ങളെ കഴിയുന്നതു വേഗത്തിൽ പതിച്ചുകൊടുക്കുന്നതിൽ ൧൦൦ രൂപാ പൊന്നുംവില കിട്ടുകയാണെങ്കിൽ അതു നമുക്കു ൧൦൦ രൂപാ ഗവർമ്മെണ്ടിനു കിട്ടിയതാകുമല്ലോ. വസ്തുവിന്റെ വില സ്ഥലത്തിനനുസരിച്ചവണ്ണം വ്യത്യാസപ്പെട്ടിരിക്കും. ആലപ്പുഴ പട്ടണത്തിൽ പ്രധാനപ്പെട്ട കച്ചവടപ്രദേശങ്ങളിൽ ൧൦൦ രൂപാമുതൽ ൭൦൦ രൂപാവരെ വിലയുണ്ട്. സെന്റൊന്നുക്കു ൧൨ രൂപാ വീതം കരം കൊടുക്കണം എന്നു നിർബന്ധിക്കുന്നതു, അങ്ങനെ ചെയ്യുന്നതു ഗവർമ്മെണ്ടു സാധൂകരിക്കാതെ, പട്ടണവാസികളുടെ മിഥ്യാ ഏതെല്ലാം അനർത്ഥങ്ങൾ ഉണ്ടായേക്കാം എന്നു ഗവർമ്മെണ്ടു ആലോചിക്കാതെ ചെയ്യുന്നതായ ഗുരുവായ അനീതിയത്രെ. എന്തുതന്നെയായാലും പട്ടണങ്ങളിൽ പൊതുവെ ഗവർമ്മെണ്ടു ചെയ്യുന്നതാണ്. ചിലതു കച്ചവടത്തോട്ടിന്റെ കയ്യിൽ അട്ടത്തിരിക്കാം. പട്ടണത്തിൽ പതിച്ചുകൊടുക്കാവുന്ന വസ്തു അധികം ഇല്ല. ആലപ്പുഴയുടെ കാര്യം നോക്കുന്ന മററൊന്നു പട്ടണത്തിന്റെ ഉദ്ദേശത്തു ഒരു ഇടവഴിയിൽ ആയിരിക്കാം. ഒരു ചെറിയ തുണ്ടുസ്ഥലം ആലപ്പുഴ മുനിസിപ്പൽ [illegible] തായാൽ പതിച്ചുകൊടുക്കാവുന്ന സ്ഥലം അധികം ഇല്ല. [illegible] അതു പതിച്ചു വാങ്ങിക്കുന്നവനു [illegible] കഴിയുന്നവേഗത്തിൽ വീണ്ടും ആലോചിക്കാതെ [illegible] വന്നിരിക്കുന്നതു. കഴിഞ്ഞ [illegible] ഇതിനെ ഗവർമ്മെണ്ടിനെ [illegible] ആയ കാര്യം ആകുന്നു. [illegible] അവസരം ഉണ്ടായിരുന്നില്ല. അതുകൊണ്ടു [illegible] അറിയിക്കണം എന്നു നിശ്ചയിച്ചിരുന്നു. എന്നാൽ അതിനുള്ള അവസരം ഉണ്ടായിരുന്നില്ല. ഇതിനെ നിർബന്ധമായി അറിയിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു. [illegible] എത്രയും അടുത്തകാലത്തു പരിഹരിക്കേണ്ടതും ആയ അപരാധങ്ങളിൽ ഒന്നാകുന്നു. ഇതു അറിവില്ലാതെ ചെയ്തതും എത്രയും അടുത്തകാലത്തു പരിഹരിക്കേണ്ടതും ആണ്. ബ്രിട്ടീഷ് ഇൻഡ്യയിലെ നഗരങ്ങൾ എല്ലാം സാധാരണമായി പരമ്പരകൾ നിറഞ്ഞ നഗരങ്ങൾ ആണ്. നമ്മുടെ നഗരങ്ങൾ എല്ലാം [illegible] കെട്ടിടങ്ങൾ ആകപ്പെട്ടിട്ടില്ല, ഭാഗത്തിൽ ഗൃഹങ്ങൾ കെട്ടിട്ടുണ്ട്. [illegible] നഗരങ്ങളുടെ വലുതായ തെരുവുകളും മതിയായ പ്രതിഫലവും ഉടമസ്ഥന്മാർക്കു അധികം ലാഭവും കൊടുക്കുന്നു. അതുകൊണ്ടു വലുതായ തെരുവുകളും മതിയായ പ്രതിഫലവും ഉടമസ്ഥന്മാർക്കു [illegible] അത്യാവശ്യമായി തീർന്നിരിക്കുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): സഭാസമക്ഷം ഉള്ള ഉപക്ഷേപത്തിനു അനുകൂലമായി ചിലതെല്ലാം പറവാൻ ഞാൻ ആഗ്രഹിക്കുന്നു. പുതുതായി പതിച്ചുകൊടുക്കുന്ന സ്ഥലങ്ങൾക്കു [illegible] ഈ സംഗതിയുടെ ഏററവും പ്രധാനമായ ഭാഗം നികുതി നിരക്കിനെക്കുറിച്ചുള്ള [illegible] സ്വീകരിച്ചിരിക്കുന്ന രീതിയെ സംബന്ധിച്ചതാകുന്നു. [illegible] കരം പിരിക്കുന്നതിൽ സ്വീകരിച്ചിരിക്കുന്ന രീതി [illegible] കരം ഒടുക്കുന്നവർ കരം ഒടുക്കിയതിനു രസീതു കൊടുക്കുന്നുണ്ട്. സഭയെ അറിയിച്ചാൽമാത്രം മതിയാകും. കരം ഒടുക്കുന്നവർക്കു കരം ഒടുക്കിയതിനു രസീതു കൊടുക്കുന്ന കച്ചേരിയിൽ ഇല്ലാതിരുന്നതുകൊണ്ടു ആ നടപ്പിനെ മാററിക്കൊണ്ടു ആ രസീതിനു പകർപ്പു രസീതുകൊടുക്കുന്ന [illegible] രാജ്യഭരണ റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിരുന്നു. [illegible] നടപ്പാക്കീട്ടുള്ളതായി [illegible] നടപ്പാക്കീട്ടില്ലെന്നും വ്യസനസമേതം പറയുന്നു. ആ ഏർപ്പാടു തുടങ്ങാൻ ഇതേവരെ ശ്രമിച്ചിട്ടില്ലെന്നും നടപ്പാക്കീട്ടില്ലെന്നും [illegible] ഈ ഏർപ്പാടു കഴിയുന്ന വേഗത്തിൽ നടപ്പാക്കുന്നതിൽ കമ്മീഷണർ മേലാൽ ജാഗ്രതയുള്ളവനായിരിക്കും എന്നു വിശ്വസിക്കുന്നു.

അതിനോടുകൂടി മേൽകണമാണം വസ്തുക്കൾ പതിച്ചുകൊടുക്കുന്നതിനെക്കുറിച്ചു സഭയിൽ അറിയിക്കേണ്ടിയിരിക്കുന്നു. ആ വസ്തുക്കളിൽ പലവയും മേൽകണമാണം വസ്തുക്കളായും ചിലവയെ സർക്കാർവസ്തുക്കളായും [illegible] ആയി പതിച്ചുകൊടുത്തിരിക്കയാൽ അവയ്ക്കു സംഭവിച്ചുവരുന്നു. മേൽകണമാണം വസ്തുക്കളെ പണ്ടാരപ്പാട്ടം ആയി പതിച്ചുകൊടുത്തിരിക്കയാൽ [illegible] അതിനെപ്പുറമെ മേൽകണമാണക്കാരൻ കുടിയാനിൽനിന്നു കരം പിരിച്ചു വരുന്നതായിരിക്കെ [illegible] കരം പിരിച്ചുവരുന്നതായി ഉദാഹരണങ്ങൾ എനിക്കറിയാം.

മി. ആർ. രാമൻപിള്ള (കോട്ടയം): ഇപ്പോഴത്തെ ഉപക്ഷേപവുമായി ഇതിനെന്തു സംബന്ധം?

മി. ടി. സി. കേശവപിള്ള (വിളവങ്കോടും-കൽക്കുളവും): എന്റെ സ്നേഹിതന്റെ അറിവില്ലായ്മ സഹായമല്ല: ഈ വരണ്ടും സമ്പ്രദായങ്ങൾ ആയിരിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): അപ്പോൾ പുതുവലുകൾക്കായി [illegible] എന്നു മെമ്പർ പറയുന്നുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അതേ.

മി. ആർ. രാമൻപിള്ള (കോട്ടയം): [illegible]; എന്റെ സ്നേഹിതൻ ഇപ്പോൾ പറയുന്ന സംഗതിക്കു ഇപ്പോഴത്തെ ഉപക്ഷേപവും ആയി യാതൊരു ബന്ധവും ഇല്ല. ഇതെല്ലാം പഴയകാലങ്ങളിൽ നടന്നുവന്നിരുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അദ്ധ്യക്ഷനു തെററിപ്പോയിരിക്കണം. ഈ സർക്കാർവക [illegible] എന്നു പറയാൻകൂടി എനിക്കു കഴിയും. എന്റെ താലൂക്കിൽ കുടിയാൻപക്കൽനിന്നു ഈ വസ്തുക്കൾക്കു കരം സർക്കാരും മേൽകണമാണക്കാരനും പിരിച്ചുവരുന്നു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഇതു കുറയ്ക്കുന്നതിനുള്ള ഉപക്ഷേപം നഗരങ്ങളിൽ പുതുതായി പതിച്ചുകൊടുക്കുന്ന വസ്തുക്കളെ സംബന്ധിച്ചുള്ളതാണെന്നുള്ള വസ്തുതയെ മെമ്പർ ശ്രദ്ധിക്കണം എന്നു ഞാൻ പറയട്ടെയോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഞാൻ ഒരു സംഗതി അടിസ്ഥാനമാക്കിയാണു പറയുന്നതു. ഇത്രയുംപറഞ്ഞു ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): മെമ്പർ പറഞ്ഞ ആക്ഷേപങ്ങൾ എല്ലാം കുറിച്ചുവെച്ചിരിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ച് സ്വീകരിച്ചിരിക്കുന്ന ചട്ടങ്ങളെ പുതുക്കുന്നതിനു ഒരു കമ്മിറ്റി ഏതാനുംകാലം മുമ്പെ രൂപിപ്പിക്കപ്പെട്ടു. അതു സർക്കാർ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ചേർന്നിട്ടുള്ളതായിരുന്നു. അതിൽ ഭൂരിപക്ഷം അനുദ്യോഗസ്ഥരായിരുന്നു എന്നെന്റെ ഓർമ്മ. ആ കമ്മിറ്റിയുടെ ഉപദേശങ്ങളെ ഗവണ്മെന്റിലേക്ക ചട്ടാലോചനയ്ക്കായി അയച്ചിരുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആ റിപ്പോർട്ട് ഗവർമ്മെണ്ടിലേക്ക എപ്പോൾ അയച്ചു എന്നു മെമ്പർ പറഞ്ഞുതരുമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): വിവരം ഇപ്പോൾ എന്റെ കൈവശം ഇല്ല. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ കാര്യത്തിൽ ആകപ്പാടെ ഈ മുഴുവൻസംഗതിയും ഗവണ്മെണ്ട് ആലോചിച്ചുവരുന്നു എന്നു ഗവർമ്മെണ്ടിൽനിന്നു ഒരു കുറിപ്പു ഏതാനും ദിവസത്തിനുമുമ്പാണ് എനിക്ക കിട്ടിയത്. ഇപ്പോഴത്തെ മെമ്പറുടെ ഉപദേശവും നിർദ്ദേശങ്ങളും കുറിച്ചുവെക്കയും ഓർമ്മിക്കയും ചെയ്യുന്നതാണ്. ഈ സ്ഥിതിക്ക മെമ്പർ തന്റെ ഉപക്ഷേപം പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട്സെക്രട്ടറി): പട്ടണങ്ങളിലുള്ള വസ്തുക്കളെസംബന്ധിച്ചിടത്തോളം ഈ വിഷയം ഈ കൌൺസിലിന്റെ ഒരു സെഷനിൽ പറഞ്ഞുവരപ്പെട്ടുഎന്നു മെമ്പർമാർക്ക അറിയാമല്ലോ. പട്ടണങ്ങളിലുള്ള വസ്തുക്കളെസംബന്ധിച്ച ചട്ടങ്ങളെയും പുതുവൽചട്ടങ്ങൾ മുഴുവനും പരിശോധിക്കുന്നതിനും പുതുവൽ ആവശ്യംആണെന്നു കാണുന്നസ്ഥലങ്ങളിൽ പുതുക്കുന്നതിനും ആയി ഒരു കമ്മിറ്റിയെ നിയമിക്കുന്നതാണെന്നു അപ്പോൾ ഗവണ്മെണ്ട് പ്രതിജ്ഞചെയ്തു. (ഉദ്ധരണം) ലാൻഡ്റവന്യൂകമ്മീഷണർ പ്രസ്താവിച്ചതുപോലെ അപ്രകാരമുള്ള ഒരു കമ്മിറ്റി നിയമിച്ചു. ആ കമ്മിറ്റി ആ വിഷയം മുഴുവനും പരിശോധിക്കയും ഗവണ്മെന്റിലേക്ക റിപ്പോർട്ട് അയക്കയുംചെയ്തു. അതിൽ പട്ടണങ്ങളിലുള്ള വസ്തുക്കളെ സംബന്ധിച്ച ചട്ടങ്ങളേയും ചേർത്തിട്ടുണ്ട്. ആ റിപ്പോർട്ട് ഗവർണ്മെന്റിന്റെ സമക്ഷം ഇരിക്കുന്നു. പുതുവൽ ചട്ടങ്ങൾ പുതുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ആ മുഴുവൻ ചട്ടങ്ങളെകുറിച്ചും തീർച്ചയായ ഉത്തരവുകൾ നല്കുന്നതിനു ഏതാനുംകാലം വേണ്ടിവരും എന്നു ഗവണ്മെണ്ട് കണ്ടു. എന്നാൽ പട്ടണങ്ങളിൽ ഉള്ള വസ്തുക്കൾ പതിച്ചുവാങ്ങിക്കുന്ന ജനങ്ങൾക്ക ആ വസ്തുക്കളെ സംബന്ധിച്ച ചട്ടങ്ങൾ ദോഷകരമായി പ്രവർത്തിക്കുന്നു എന്നു ഗവണ്മെണ്ടിന് ബോദ്ധ്യംവന്നതുകൊണ്ടു പട്ടണങ്ങളിലുള്ള വസ്തുക്കളെ സംബന്ധിച്ച ചട്ടങ്ങളെ മുൻപിൽകൂട്ടി പുതുക്കും എന്നു ഗവർണ്മെണ്ട് നിശ്ചയിച്ചു. ആ ഉദ്ദേശത്തോടുകൂടി ലാൻഡ്റവന്യൂകമ്മീഷണരോടു ചോദിച്ചു. പട്ടണത്തിലുള്ള വസ്തുക്കളെ സംബന്ധിച്ചുള്ള ചട്ടങ്ങളിലെ വ്യവസ്ഥകളെ പുതുക്കിഎഴുതുന്നതിനു ഗവണ്മെണ്ട് ഇപ്പോൾ ആലോചിച്ചുവരുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ ആലോചനയ്ക്കു ദീർഘകാലം വേണ്ടിവരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): സംഗതി പ്രധാനപ്പെട്ടതാണ്. അതുകൊണ്ടു ആലോചനയ്ക്കു ഏതാനുംകാലം വേണ്ടിവരും.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ ചട്ടങ്ങൾ പുതുക്കപ്പെടുന്നതുവരെ ഇപ്പോഴത്തെ ചട്ടങ്ങളുടെ പ്രവർത്തനം ഗവണ്മെണ്ട് നിറുത്തിവെക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട്സെക്രട്ടറി): അതു പ്രയാസമായിരിക്കും. ഈകാര്യം സോത്സാഹം ചട്ടാലോചിക്കപ്പെട്ടുവരുന്നു. ഒരു കരടു പരസ്യം തയ്യാറാക്കിവരുന്നു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): റിപ്പോർട്ട് എപ്പോൾസമർപ്പിക്കപ്പെട്ടു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അതു ഇപ്പോൾ ഒന്നരകൊല്ലത്തിനുമേൽ ആയിരിക്കണം.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈകാര്യത്തിൽ സ്വല്പമായ താമസംപോലും കരംകൊടുക്കേണ്ടിയിരിക്കുന്ന ജനങ്ങൾക്ക വളരെ വലിയ സങ്കടം ഉണ്ടാക്കുന്നതായിരിക്കും എന്നു ഗവണ്മെണ്ടിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട്സെക്രട്ടറി): പട്ടണത്തിലുള്ള വസ്തുക്കളെ സംബന്ധിച്ച ചട്ടങ്ങളെ പ്രത്യേകമായി എടുക്കണം എന്നും ചട്ടങ്ങളിൽ ഭേദഗതിക്കുമുമ്പായി തീർച്ചചെയ്യണം എന്നും ഉള്ള ഗവർണ്മെണ്ടിന്റെ തീർച്ച അതു ഗവണ്മെണ്ട് നല്ലപോലെ അറിഞ്ഞിരിക്കുന്നു എന്നു കാണിക്കും. പട്ടണങ്ങളിലെ വസ്തുക്കളെ സംബന്ധിച്ച ചട്ടങ്ങളുടെ പുതുക്കൽമാത്രമാണ് ഇപ്പോൾ ആലോചിച്ചുവരുന്നത്. പുതുക്കിയ ചട്ടങ്ങളെ വളരെ വേഗത്തിൽ പ്രസിദ്ധപ്പെടുത്തും എന്നു ഗവണ്മെണ്ട് വിശ്വസിക്കുന്നു. പട്ടണത്തിലുള്ള വസ്തുക്കൾക്കുള്ള ചട്ടങ്ങൾപ്രകാരം തറവിലയുൾപ്പെടെ ചുമത്തുന്നതിൽ ഗവണ്മെണ്ടിന്റെ പ്രവൃത്തി തിരുവെഴുത്തുവിളംബരത്തിലെ നം ൨-ം വകുപ്പിനു വിരുദ്ധം ആകുന്നു എന്നു മി. രാമൻപിള്ള അദ്ദേഹത്തിന്റെ വാദമദ്ധ്യേ പറഞ്ഞു. പട്ടണത്തിൽ ഉള്ള വസ്തുക്കളെസംബന്ധിച്ചുള്ള ചട്ടങ്ങൾ പതിച്ചുകൊടുക്കുന്ന വസ്തുക്കൾക്ക യോജിപ്പിക്കയല്ലാതെ ഇതിനുമുമ്പിലെ പതിച്ചുകൊടുത്തിട്ടുള്ള ഭൂമികൾക്ക സംബന്ധിക്കുന്നതല്ലാ എന്നും തിരുവെഴുത്തുവിളംബരത്തിൽ പറഞ്ഞിരിക്കുന്ന വാഗ്ദാനം കണ്ടെഴുത്തുകാലത്തിൽ മുമ്പിലെപതിച്ചു കൊടുത്തിട്ടുള്ള വസ്തുക്കൾക്ക മാത്രമേ സംബന്ധിക്കുന്നൊള്ളുഎന്നും അദ്ദേഹത്തിനു മറുപടിയായി ഞാൻ പറഞ്ഞുകൊള്ളട്ടെ.

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാൻ അങ്ങിനെപറഞ്ഞിട്ടില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട സിക്രട്ടറി): സെറ്റിൽമെൻറുപ്രകാരം പതിഞ്ഞിട്ടുള്ള വസ്തുക്കൾക്ക കൂടുതൽകരം ചുമത്തുകയില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): തിരുവെഴുത്തുവിളംബരത്തിലെ ചട്ടപ്രകാരം കരംവർദ്ധിപ്പിക്കാൻ ഗവർമ്മെണ്ടിനധികാരമുണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസിക്രട്ടറി): ഗസററിൽ പരസ്യപ്പെടുത്തിയ നമ്പ്രകാരം പേരിൽ പതിഞ്ഞ വസ്തുക്കളുടെ കരത്തെ ഭേദപ്പെടുത്താൻ അധികാരമില്ല. പുതുതായി പതിക്കുന്ന വസ്തുക്കൾക്കുമാത്രമെ ഭടൌൺ ഫണ്ടു റൂൾസ സംബന്ധിക്കയുള്ളു.

മി. ആർ. രാമൻപിള്ള (കോട്ടയം): രാജകീയവിളംബരത്തിലുള്ളതിനെ ഭേദപ്പെടുത്തി ഒരു ചട്ടമുണ്ടാക്കുവാൻ ഗവർമ്മെണ്ടിനധികാരമുണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസിക്രട്ടറി): പേരിൽപതിഞ്ഞിട്ടുള്ള ഒരുവസ്തുവിനും കരംകൂട്ടുന്നില്ലെന്നാണു പറഞ്ഞതു്. ടൌൺഫാൻഡിനെ സംബന്ധിക്കുന്നതാണു് ഇപ്പോഴത്തെ ചട്ടം.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഒരിക്കൽ പേരിൽ പതിഞ്ഞ ഭൂമിക്കു് കരം വർദ്ധിപ്പിക്കാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസെക്രട്ടറി): മുമ്പെതന്നെ പേരിൽപതിഞ്ഞ ഭൂമിയുടെ കരങ്ങൾ വർദ്ധിപ്പിക്കാൻപാടില്ല.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പതിച്ചുകൊടുത്തഭൂമിയിൽ കൃഷിമാറിച്ചെയ്തു നല്ല ആദായം കിട്ടിവരുന്നു എന്നു കണ്ടാൽ കരം വർദ്ധിപ്പിക്കാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസിക്രട്ടറി): അങ്ങിനെ കൂട്ടാൻപാടില്ലെന്ന തിരുവെഴുത്തുവിളംബരത്തിൽ തന്നെ പറഞ്ഞിട്ടുണ്ടല്ലൊ.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വസ്തുവിൽ എന്തെല്ലാം ദേഹണ്ഡങ്ങൾ ചെയ്താലും കണ്ടെഴുത്തു കാലത്തല്ലാതെ കരംകൂട്ടാൻ പാടില്ലെന്നു പറഞ്ഞിട്ടില്ലേ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസിക്രട്ടറി): കണ്ടെഴുത്തിനുശേഷം ദാനമായി പതിക്കുന്ന വസ്തുക്കൾക്ക വസ്തുപതിക്കുമ്പോൾ ഉടമസ്ഥന്മാർ ആ വസ്തുവിൽ കൂടുതൽ ആദായം കിട്ടത്തക്കവണ്ണം റബ്ബറോ, ഏലമോ കൃഷിചെയ്താൽ കൂടുതൽകരം തന്നുകൊള്ളാമെന്നു് കരുഡിക്ലറേഷൻ എഴുതിവെക്കേണ്ടു്. അങ്ങിനെയുള്ളകേസുകളിൽ മാത്രമെ കരം കൂട്ടുകയുള്ളു.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങിനെ ഇല്ലാത്തതിലും കരംകൂട്ടീട്ടുള്ളതായിട്ടറിയാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസിക്രട്ടറി): അറിഞ്ഞുകൂടാ.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇങ്ങനെ ഒരു പ്രത്യേകപ്പിളംബരം എഴുതി വാങ്ങിച്ചുകൂടാ എന്നു വിളംബരത്തിൽ പറഞ്ഞിട്ടുണ്ടോ.

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസിക്രട്ടറി): ഇല്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വിളംബരത്തിലെ നമ്പ്രം വകുപ്പിൽ ഒരു കാലത്തും കരംകൂട്ടാൻ പാടില്ല എന്നു പറഞ്ഞിട്ടില്ലേ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസിക്രട്ടറി): ഇതു വസ്തുപതിച്ചു വാങ്ങിക്കുന്ന ആളുകൾ സമ്മതിച്ചു എഴുതിവെക്കുന്ന ഒരു കരാറാണ.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൂട്ടാൻപാടില്ല എന്നു വ്യക്തമായിട്ടു രാജകീയവിളംബരത്തിൽ പറഞ്ഞിട്ടില്ലേ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസിക്രട്ടറി): കരംകൂട്ടരുതു എന്നു് പറഞ്ഞിട്ടുണ്ടു്. എന്നാൽ ഈ വ്യവസ്ഥയിന്മേൽ കരംകൂട്ടും. അതായതു പതിച്ചവസ്തുക്കളിൽ റബ്ബർ ഏലം മുതലായ ആദായകരമായ കൃഷി ചെയ്യുന്നപക്ഷം അവർ എഴുതിവെച്ചിട്ടുള്ള സമ്മതപ്രകാരം കൂടുതൽകരം കൊടുക്കേണ്ടിവരും. അങ്ങിനെ അവർ സമ്മതിച്ചുകൊടുക്കുന്നുമുണ്ടു്.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഡിക്ലറേഷൻ ഇല്ലാത്തകേസുകളിൽ ഇങ്ങനെ കരംകൂട്ടുന്നതു ശരിയല്ലെന്നു സമ്മതിക്കുന്നുണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസിക്രട്ടറി): ഇതിനുമുമ്പേതന്നെ മറുപടിപറഞ്ഞുകഴിഞ്ഞു.

സർ ഇക്കാര്യം ഗവർമ്മെണ്ടിന്റെ ഗാഢമായശ്രദ്ധയിൽ ഇരിക്കുന്നു. അതുകൊണ്ടു ഈ ഉപക്ഷേപത്തെ മെമ്പർ പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): കരംകാക്കുന്നതിനു വേണ്ടതുചെയ്യാമെന്നു ഗവർമ്മെണ്ടു സമ്മതിക്കുന്നതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

പ്രെസിഡെണ്ടു്. മെമ്പർ ഈ ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ സമ്മതിക്കുന്നുവൊ?

ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൩.

മി. കെ. മാധവൻ: സഞ്ചാരപ്പടിക്കുള്ള ൫൦൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. കെ. മാധവൻ (ഗവർമ്മെണ്ടു് നിയമിച്ച മെംബർ): സഞ്ചാരപ്പടി ൫൦൦൦ രൂപയിൽ നിന്നു ൧ രൂപ കുറയ്ക്കണം എന്നുള്ളതാണു് എന്റെ ഉപക്ഷേപം.

പുതുവൽകാര്യത്തിൽ പതിത സമുദായങ്ങൾ അനുഭവിക്കുന്ന സങ്കടങ്ങൾ വളരെയുണ്ടു്.

പതിതസമുദായക്കാർക്കു് എന്നുപേരുമാത്രമേയുള്ള വാസ്തവത്തിൽ പലക്കും പതിവും അനുഭവവുംഉണ്ടു്. പ്രത്യേകമായി തിരിച്ചുവച്ച ഭൂമിയിൽ പതിതസമുദായക്കാർ അല്ലാത്തവർക്ക് അവകാശം ഇല്ലാഎന്നുള്ളതിന്നു തടസ്സമില്ല. ഏതാണ്ടുതഹശീൽദാരന്മാരും മേലധികാരികളും ശ്രദ്ധിക്കാ എന്നുവരികിൽ ഇപ്പോൾ സാധുജനങ്ങൾ അനുഭവിക്കുന്ന സങ്കടങ്ങൾ നേരിടുകയില്ല.

പുതുവൽ എന്നുഅറിഞ്ഞു സ്ഥലം ഈ സാധുജനങ്ങൾക്കു ഉപയോഗമുള്ളതൊ ഇല്ലാത്തതൊ എന്നുമേലാവിലുള്ളവർ ശ്രദ്ധിക്കാറില്ല. ശ്രദ്ധിച്ചിരുന്നാൽ പാറകളെയും പതിപ്പിക്കും സ്ഥലങ്ങളേയും പബ്ളിക്കുസ്ഥലങ്ങളേയും പതിതരായ ഈ സാധുക്കൾക്കു കൊടുത്തിരിക്കയില്ല. ഉപയോഗം ഇല്ലാത്തവർ എന്നുവിചാരിച്ചു ഉപയോഗമില്ലാത്ത സ്ഥലങ്ങൾ കൊടുക്കപ്പെടുന്നു, ഈശ്വരൻതന്നെ ഇവരെ സഹായിക്കണം.

പത്തനാപുരം താലൂക്കിൽ പുനലൂർപകുതിയിൽ സർവെ നമ്പ്ര ൫/൧ -ാംനമ്പർ പുതുവൽ വസ്തുവിന്മേൽക്കേസെടുത്തു വീട്ടുകളെ ഇടിച്ചു ജനങ്ങൾ കന്നുകാലികൾ എടുത്തുകൊണ്ടുപോയപ്പോൾ തഹശീൽദാർക്കും പേഷ്ക്കാർക്കും ഹ

മിയമച്ചു അറിയിച്ചതിൽ പേഷ്കാർ മുതലായ അധികാരസ്ഥന്മാർ സ്ഥലം ചെന്നുനോക്കിയിരുന്നാൽ വീടുവെച്ചു,
ക്കാൻ ഇടയാകുമോ? അതുതന്നെയുമല്ല ഇനിയും ആ സ്ഥലം പതിച്ചുകൊടുക്കാതെ കിടക്കുമോ?
ളിക്കാൻ ഇടയാകുമോ? അതുതന്നെയുമല്ല ഇനിയും ആ സ്ഥലം പതിച്ചുകൊടുക്കാതെ കിടക്കുമോ?
ഇനിയും ഇതുപോലുള്ള സങ്കടങ്ങൾ എത്രയോഎണ്ണം നേരിടുന്നുണ്ട്.

ഇനിയും ഇതുപോലുള്ള സങ്കടങ്ങൾ എത്രയോഎണ്ണം നേരിടുന്നുണ്ട്. സെന്റ് വയലായും പുരയിടമായും പതി
വടശ്ശേരിപകുതി കൃഷ്ണസ്വാമിക്കും സർവെ നമ്പർ... ൽ ... സെന്റ് വയലായും പുരയിടമായും പതി
ച്ചുകൊടുത്തിരിക്കുന്നതിനെ ഗവർമെണ്ട് ശ്രദ്ധിച്ചിരുന്നാൽ ജനങ്ങൾ കെട്ടിയിരുന്ന ... വീടുകളെയും ഇടി
ച്ചുമാററി കല്ലുകോൽ ഓല എടുത്തുകൊണ്ടുപോയി സാധുക്കളെ കഷ്ടപ്പെടുത്തിയിരിക്കുമോ?

സാധുജനങ്ങൾക്കായി തിരിച്ചുവച്ചിരിക്കുന്ന സ്ഥലങ്ങളെ അവരുടെ പേരിൽ മാത്രമേ പതിച്ചുകൊടുക്ക
ന്നു എന്നും എത്ര അപേക്ഷകൾ തള്ളപ്പെട്ടു എന്നും തള്ളുന്നതിന് ശരിയായ കാരണങ്ങൾ ഉണ്ടോ എന്നും ഗവ
ർമെണ്ട് ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഞങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന പ്രദേശം മററുള്ളവർക്ക് പതിച്ചുകൊടുക്കാൻ
ഇടയാകുമോ? ഒരിക്കലും ഇടയായിരിക്കയില്ല.

ഞങ്ങളുടെ സമുദായത്തിലുള്ളവരുടെ പേരിൽ പുതുവൽ പതിച്ചുകൊടുക്കുന്നതിനും ഒന്നും രണ്ടും കൊല്ലം
ഞങ്ങളുടെ സമുദായത്തിലുള്ളവരുടെ പേരിൽ പുതുവൽ പതിച്ചുകൊടുക്കുന്നുണ്ട്. അതുമനപ്പകുതിയിൽ സ
ന്നാമസം നേരിടുന്നു. മററു വർഗ്ഗക്കാർക്കായാൽ വളരെ ശീഘ്രം പതിച്ചുകൊടുക്കുന്നുണ്ട്. ചെന്നുപതിച്ചുകൊടുക്കേണ്ടതാണെന്ന്
ർവെ ... ൽ ചിലഭാഗങ്ങൾ ഗവർമെണ്ട്വരെ ചെന്നുപതിച്ചുകൊടുക്കേണ്ടതാണെന്ന്
തീർച്ചപ്പെട്ടിരുന്നിട്ടും ഇനിയും പതിച്ചുകൊടുത്തിട്ടില്ല ഇതെന്തുപരിതാപം?
തീർച്ചപ്പെട്ടിരുന്നിട്ടും ഇനിയും പതിച്ചുകൊടുക്കപ്പെടുമ്പോൾ അതുവാസ്തവത്തിൽ മേച്ചിൽസ്ഥലം തന്നെയോ എ

മേച്ചിൽസ്ഥലം ആണെന്ന് നീക്കിവയ്ക്കപ്പെടുമ്പോൾ അതുവാസ്തവത്തിൽ മേച്ചിൽസ്ഥലം തന്നെയോ എ
ന്നും അതിൽ വല്ലകുടിപാർപ്പും ദേഹണ്ണവും ഉണ്ടോ എന്നും ശ്രദ്ധിക്കാറുണ്ടോ?

പതിതസമുദായക്കാർക്ക് എന്നു പ്രത്യേകമായി തിരിച്ചുവച്ചിരിക്കുന്നസ്ഥലങ്ങളിൽ ആരുതന്നെ പ്രവേശിച്ചി
രുന്നാലും പതിച്ചുകൊടുത്തിരുന്നാലും നിശ്ചയമായി ഒഴിപ്പിച്ചു അവർക്ക് കൊടുപ്പിക്കണം എന്നാണ് എന്റെ ഇള
ക്കമില്ലാത്ത അപേക്ഷ.

പന്ത്രണ്ടു കൊല്ലത്തിനുമുമ്പുതന്നെ ഞങ്ങൾ ദേഹണ്ഡിച്ചു വീടുകെട്ടി താമസിച്ചു അനുഭവിച്ചുവരുന്ന
സ്ഥലങ്ങൾ ഞങ്ങളെ ബലമായി ഒഴിപ്പിച്ചും ഞങ്ങളുടെ അറിവു കൂടാതെയോ ... കൊല്ലം കഴിഞ്ഞതിൽപിന്നീട
പതിച്ചുകൊടുക്കുന്നതായാൽ അങ്ങനെയുള്ള സ്ഥലങ്ങൾ ഞങ്ങൾക്കു തരേണ്ടതാണ്. മററു യാതൊരുത്തർക്കും
മററു യാതൊരു ന്യായത്താലും കൊടുക്കരുതു. ഏതെങ്കിലും പതിവോ കേസോ ഇരുന്നാലും അവയെ ഗവ
ർമെണ്ട് ചിലവിന്മേൽ ഒഴിപ്പിച്ച് തരികയാണം എന്നു അപേക്ഷിക്കുന്നു.

ന്യായമായ കാര്യങ്ങളെ അന്യായമായി ചെയ്തതായി കണ്ടുപിടിക്കയാണെങ്കിൽ അങ്ങനെയുള്ളവരെ ശിക്ഷിച്ചു
ല്ലാതെമേലാൽ സമാധാനം ഉണ്ടാകയില്ല. ഇങ്ങനെയുള്ള ഒരു കേസ് ... പകുതിയിൽ സർവെ നമ്പർ ... ൽ
നടന്നിരിക്കുന്നു. ... ഇപ്പോഴുമേൽ ദേഹണ്ണം കൊടുക്കാം എന്നു സർക്കാരിൽനിന്നു ... വർഷം അനുഭവം
ഉള്ളതായി തിട്ടപ്പെടുത്തി പണം കെട്ടിവച്ചിരിക്കുന്നതായി അറിയുന്നു. ഞങ്ങളുടെ ദേഹണ്ണവും അനുഭവവും
ഞങ്ങൾക്കു തന്നെ കിട്ടണം. ഞങ്ങളുടെ ദേഹണ്ണം മററുള്ളവർക്ക ഞങ്ങൾ വിട്ടുകൊടുക്കയില്ല. ഈവിധം കഷ്ട
ങ്ങളിലും ഗവർമെണ്ട് ഞങ്ങളെ സഹായിക്കേണ്ടതാകുന്നു. ഞങ്ങളുടെ ജനങ്ങൾ കുടിപാർക്കുന്ന സ്ഥലങ്ങളെ
ഞങ്ങളുടെ അനുഭവത്തിൽനിന്നു മാററിക്കൂടാ.

ഇത്യാദി കാര്യങ്ങളുടെ ഞാൻ പ്രസ്തുത അറിയിച്ചുകൊണ്ട് ബലമായി എതിർക്കുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): തിരുവിതാംകോട്ടിലെ പതിത സമുദായക്കാരുടെ പ്രതിനി
ധിയായ മിസ്റ്റർ മാധവൻ കൊണ്ടുവന്ന ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. അദ്ദേഹത്തിന്റെ
നിവേദനങ്ങൾ വാസ്തവത്തിൽ ഉള്ളവയും ഈ സഭയുടെ നിർബന്ധയുക്തവും അനുഭാവസഹിതവുമായ ശ്രദ്ധ
ആവശ്യപ്പെടുന്നതും ആണെന്നു ഞാൻ വിചാരിക്കുന്നു. ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെണ്ടിലെ കീഴ്ജീവനക്കാർ
സ്വല്പം അനുഭാവയുക്തരായിരുന്നാൽ വീടുകെട്ടി പാർക്കുന്നതിനും പറമ്പുകൃഷിക്കും ആയി ഭൂമി പതിച്ചുകിട്ടുന്ന
കാര്യത്തിൽ ഇത്രയധികം കഷ്ടം പതിതസമുദായക്കാർക്ക് ഉണ്ടായിരിക്കുന്നതല്ല. പൊതുവെ ഈ കീഴ്ജീവന
ക്കാർ നിഗിന്മാരും പ്രത്യേകിച്ചും പാർവത്യകാർ പകുതികണക്കന്മാർ ചില ജന്മസ്വാധീനമുള്ള വർഗ്ഗങ്ങളിൽചേ
ർന്ന ആളുകൾ ഇവർ തിരിതിരിയും ഈ സാധുജനങ്ങൾക്ക അവരുടെ സങ്കടങ്ങളെ അറിയിക്കാൻ ഗ
വർമെണ്ട് അവർക്ക് നൽകീട്ടുള്ള ഉദാരമായ പ്രവേശംലഭിക്കുന്നില്ല. അതുകൊണ്ട് കരുണാനിധിയായ ഗവർമെണ്ട്
തിയായ പ്രവേശംലഭിക്കുന്നില്ല. അതുകൊണ്ട് കരുണാനിധിയായ ഗവർമെണ്ട് അവർക്ക് നൽകീട്ടുള്ള ഉദാരമാ
ങ്ങളുടെ കാര്യത്തിൽ ശരിയായ ഉപപത്തി കാണുന്നതിനു അവർക്ക് കഴിയുന്നില്ല. ഇതിനു ഒരു ഉദാഹരണം പ
റയാം. വിളവങ്കോട് താലൂക്കിൽ കഴിഞ്ഞ നാലു കൊല്ലങ്ങൾക്കിടയിൽ ... ഏക്കറോളം പുതുവൽസ്ഥ
ലം ജന്മസ്വാധീനമുള്ള ധനികന്മാരുടെപേരിൽ പതിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ഈ പതിത സമുദായക്കാ
രുടെപേരിൽ ... ഏക്കറോ പതിച്ചുകൊടുത്തിട്ടൊള്ളൂ. ഇവർക്കായി ഏതാനും പ്രദേശങ്ങൾ പ്രത്യേകം തി
രിച്ചുവച്ചിട്ടും ഉണ്ട്. ഈ പ്രദേശങ്ങളെ കാണുന്നതിനുള്ള കണ്ണുള്ളവരും ചെന്നുനോക്കുന്നവരും ആയ ഈ കീ
ഴ്ജീവനക്കാർക്കും തഹശീൽദാർമാർക്കും ഡിവിഷൻപേഷ്കാർമാർക്കും ഈ പ്രദേശങ്ങൾ കൃഷിചെയ്യുന്നതിനോ വീ
ടുകെട്ടുന്നതിനോ യാതൊരു ഉപയോഗത്തിനും തീരെ കൊള്ളുന്നതല്ലാ എന്നു അറിയാം. അങ്ങനെയുള്ള പ്രദേശ
ങ്ങളെയാണ് ഈ രാജ്യത്തിലെ അനേകായിരം സാധുക്കളായ മിണ്ടാപ്രാണികൾക്കായി തിരിച്ചുവച്ചിരിക്കുന്നത്.
അതുകൊണ്ട് ഇപ്പോഴത്തെനില, എന്നുതന്നെയുമല്ലാ പതിതസമുദായക്കാരിൽനിന്നു വല്ല അപേക്ഷയും കിട്ടു
മ്പോൾ അതിനെ യാതൊരുവിധമായ അനുഭാവത്തോടുകൂടിയും ഗണിക്കാറില്ല. ഇതിനു ഒരു ദൃഷ്ടാന്തം പറ
യാം. ഞാൻ വിളവങ്കോട്ട താലൂക്കുകച്ചേരിയിൽ പോകാൻ ഇടയായി. ആ താലൂക്കിൽ എത്ര അപേക്ഷകൾ
തീർച്ചയാകാതെ കിടക്കുന്നു എന്നു അറിയണം എന്നു നിശ്ചയിച്ചു; എനിക്കുകിട്ടിയ വ്യക്തവും ഹാസ്യജനകവും
ആയ മറുപടി യാതൊരു അപേക്ഷയും ഇല്ലാ എന്നായിരുന്നു. എന്തുകൊണ്ടെന്നാൽ താലൂക്കുകച്ചേരിയിലെ
റിക്കാർഡുകൾ ആപിടക്ക തീയിൽപെട്ടു നശിച്ചുപോയിരുന്നു അതുകൊണ്ടു അവർ പറഞ്ഞതു ശരിതന്നെയായി
രുന്നു. ഒരു റെവന്യൂ സൂപ്പർവൈസർ പുതുവൽ സ്വത്തുക്കളിൽനിന്നു തടികൾ വെട്ടി തലസ്ഥാനനഗരത്തി
ൽ ... വീടുകെട്ടിയിരുന്നു എന്നാകട്ടെ ആ താലൂക്കിലെ റിക്കാർഡ്കീപ്പരുടെ പേരിൽ ഏ
കോ മററു പല്ലേടത്തും മറ്റൊ വീടുകെട്ടിയിരുന്നു എന്നാകട്ടെ ആ താലൂക്കിലെ റിക്കാർഡ്കീപ്പരുടെ പേരിൽ ഏ
താനും ഏക്കർ ഭൂമി പതിപ്പിച്ചിരിക്കുന്നു എന്നാകട്ടെ ഞാൻ പറയാൻപോകുന്നില്ല. ലാൻഡ് റവന്യൂ കമ്മീഷ
ണർ ഈ ജനങ്ങളുടെ പ്രതിനിധികളോടു നേർക്ക് അനുഭാവയുക്തനും അവർക്ക് സുപ്രവേശ്യനും ആയിരിക്കുകൊ
ണ്ടു ഈ സങ്കടങ്ങളെ ശ്രദ്ധിക്കേണ്ടതു അദ്ദേഹത്തിന്റെ ന്യായമായ കർത്തവ്യകർമ്മങ്ങളിൽ ഒന്നാണെന്നു അദ്ദേ
ഹത്തെ ധരിപ്പിക്കണം എന്നെ എനിക്കാവശ്യമൊള്ളൂ.

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): തിരുവനന്തപുരത്തു ഏതുഭാഗത്തു ആ സൂപ്പർവൈസർ താമസിക്കുന്നു എന്നോ അയാളുടെ പേരും എന്തെന്നോ പറഞ്ഞുതരുമോ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ വസ്തുതകൾ വെളിവാക്കുവാൻ ഞാൻ ഭാവിക്കുന്നില്ല. എന്നാൽ വല്ലതും ഗൗരവമായി പരിണമിക്കുന്നതായാൽ അതു തെളിയിക്കാൻ ഞാൻ സന്നദ്ധനാണു (കേൾപ്പിൻ കേൾപ്പിൻ). അതുകൊണ്ടു ഈ സഭയിൽ എനിക്കറിയിക്കാനുള്ളതിതാണ്: ലാൻഡ്റെവന്യൂ ഡിപ്പാർട്ടുമെണ്ടിലെ ഈ കീഴ്ജീവനക്കാർ നിമിത്തമാണ്, പ്രത്യേകിച്ചും പാർവത്യകാർ, പകുതിക്കണക്കന്മാർ, തഹശീൽദാരന്മാർ ഇവർ നിമിത്തമാണ്, ഈ സങ്കടങ്ങൾ ഓരോന്നായി ഉണ്ടാകുന്നതും അവ ഈ രാജ്യത്തിൽ സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചിരിക്കുന്നതും. ഈ സാധുജനങ്ങൾ അയച്ചിട്ടുള്ള അപേക്ഷകൾക്കു പ്രത്യേകമായ ശ്രദ്ധ ലാൻഡ്റെവന്യൂ ഡിപ്പാർട്ടുമെണ്ടിലെ മേലധികാരിയായ മിസ്റ്റർ റാബിൻസൺ നല്കും എന്നു ഞാൻ നിശ്ചയമായും വിശ്വസിക്കുന്നു. മിസ്റ്റർ മാധവൻ ചൂണ്ടിക്കാണിച്ചതുപോലെ ഒരു കുളത്തറയിലെ ഒരു ഭൂപ്രദേശം ഈ സാധുജനങ്ങളുടെ പേരിൽ പതിക്കാൻ പാടുള്ളതല്ലാത്തതായിരുന്നാൽ ജനസ്വാധീനമുള്ള ധനികരുടെ പേരിൽ പതിക്കാവുന്നതായതെങ്ങനെ? ഇക്കാര്യങ്ങളെ ലാൻഡ്റെവന്യൂ കമ്മിഷണർ ഗൗരവത്തോടുകൂടി ശ്രദ്ധിക്കേണ്ടതാകുന്നു. ഈ സൂചനകളോടുകൂടി ഞാൻ മിസ്റ്റർ മാധവൻ ബോധിപ്പിച്ച ഉപക്ഷേപത്തെ ബലമായി താങ്ങുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): സഭാസമക്ഷം ഉള്ള ഉപക്ഷേപത്തെ പിൻതാങ്ങുന്നതിൽ പതിതസമുദായക്കാർക്കു ഭൂമി പതിച്ചുകൊടുക്കുന്നതിനെക്കുറിച്ചു ഏതാനും വസ്തുതകൾ എനിക്കു അറിയിക്കാൻ ഉണ്ട്. ഈ സഭയിലെ ഈ കക്ഷിയിലുള്ള എന്റെ സ്നേഹിതന്മാർ വിളവങ്കോട്ടിൽ ഏതാനും സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതിനെക്കുറിച്ചു പ്രസ്താവിക്കയായിരുന്നു. ഇതിലെ ശരിയായ വിവരങ്ങൾ അവർ പൂർണ്ണമായി അറിഞ്ഞിട്ടില്ല എന്നു ഞാൻ അവരോടു ഉറപ്പുപറയുന്നു. വാസ്തവസ്ഥിതികൾ അവർ ഒരിക്കൽകൂടി പരിശോധിച്ചറിയണം എന്നു ഞാൻ അവരോടു അപേക്ഷിക്കുന്നു. വിളവങ്കോട്ടുതാലൂക്കിനെ സംബന്ധിച്ചിടത്തോളം പുലയർ, പറയർ, കാണിക്കാർ എന്നീ സാധുക്കളായ പതിതസമുദായക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു തെററായ അറിവുകിട്ടിയിരിക്കുന്നു. പതിതസമുദായക്കാരുടെ ഇടയിലുള്ള മിഷണറിമാർ—ഉന്നതസ്ഥിതിയിലുള്ള മിഷണറിമാർ അല്ല— ഈ പേരുപെട്ട ജനങ്ങളിൽനിന്നു ചെറിയ തുകകൾ പിരിച്ചു സംഗ്രഹിച്ചുകൊണ്ടു താലൂക്കുകച്ചേരിക്കു ചെല്ലുന്നു; അവർ പണം കണ്ടമാനം ദുർവ്യയം ചെയ്തുകൊണ്ടു ഹർജികൊടുത്തിട്ടുണ്ടെന്നു ഈ സാധുക്കളെ ധരിപ്പിക്കുന്നു. ഈവിധം ഈ സാധുക്കൾ വഞ്ചിക്കപ്പെടുന്നു. പുറമ്പോക്കുകളെ, അതാവിതു പതിച്ചുകൊടുക്കാൻ ലഭ്യമായ വസ്തുക്കളെ, സംബന്ധിച്ചുള്ള കളിയൽ പകുതിയിൽ അനേകം ഏക്കർ സ്ഥലമുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): അവിടെ ലഭ്യമായ ഭൂമി പാർക്കാനും കൈവശംവച്ചിരിക്കാനും തീരെ കൊള്ളുന്നതല്ല എന്നു മെംബർക്കു അറിയാമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതാണ് ഞാൻ പറയാൻപോകുന്നത്. [illegible] പകുതിയിൽ [illegible]-ാംനമ്പർ സർവേയിൽ [illegible] ഏക്കർ സ്ഥലം പതിച്ചുകൊടുക്കാനായി നീക്കിവച്ചിരുന്നു; അതിൽ [illegible] ഏക്കർ [illegible] ഏക്കർ വീതമുള്ള ഖണ്ഡങ്ങളായി അയ്യൻകാളിയുടെ ആളുകൾക്കുമേലും ഏതാനും ക്രിസ്ത്യാനികൾക്കും കൊടുത്തു. നിർഭാഗ്യവശാലോ ഭാഗ്യവശാലോ അവയെല്ലാം ലേലത്തിൽ വിൽക്കപ്പെട്ടുപോയി. തോട്ടക്കാരിൽ ചിലർ അവയെ ലേലത്തിൽക്കൊണ്ടു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ വസ്തുക്കൾ വിൽക്കാൻ ഇടയായ കാരണം പറഞ്ഞുതരുമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അവ പനിപിടിക്കുന്ന സ്ഥലങ്ങളാകകൊണ്ട്. ഈ പതിതസമുദായക്കാർ ഉപേക്ഷിക്കപ്പെട്ട മൃഗങ്ങൾ അല്ലാ എന്നു സഭയിലെ ഈ കക്ഷിയിലുള്ള എന്റെ സ്നേഹിതന്മാർ അറിഞ്ഞിരിക്കണം. അവർക്കു മുൻകാലങ്ങളിൽ ജന്മിമാർ ആശ്രയസ്ഥാനങ്ങളായിരുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ വസ്തുക്കൾ വിററുപോകുവാൻ കാരണമെന്തു്?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അവർക്കു അവിടെച്ചെന്നു കൃഷിചെയ്യാൻ സൗകര്യം ഇല്ലാത്തതുകൊണ്ട്. അവർക്കു പാർക്കാൻ മററു റിസർവുകൾ ഉണ്ട്. ഈ മിഷണറിമാരുടെ പ്രേരണയിന്മേലാണ് ഈ ഹർജികൾ അയക്കപ്പെട്ടതു. എന്റെ സ്നേഹിതൻ മിസ്റ്റർ മാധവൻ ഇന്നലെ അതിനെക്കുറിച്ചു പ്രസ്താവിച്ചിരുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും—തെക്ക്): ഈ പതിതസമുദായക്കാർ യാതൊരു കഷ്ടവും അനുഭവിക്കുന്നില്ല എന്നു അദ്ദേഹം പറയുന്നുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഉയർന്ന വർഗ്ഗത്തിലുള്ളവർ എന്ന നിലയിൽ അവർക്കും പ്രത്യേകം കഷ്ടങ്ങളുണ്ട്. ഇടക്കോട്ടുപകുതിയിൽ സർവെ ന. [illegible]-ാംനമ്പർ വസ്തുവിന്റെ കാര്യത്തിൽ ഞാൻതന്നെയായിരുന്നു എതിർകക്ഷി വക്കീൽ. അവരെ അതിൽനിന്നു ഒഴിപ്പിക്കാൻ ഉത്തരവുകൊടുത്തു. മറെറാരു ഉദ്യോഗസ്ഥൻ ഇതിൽ ദുഷ്പ്രവേശംചെയ്തു എന്നു എന്റെ സ്നേഹിതൻ പറയുകയായിരുന്നു. അദ്ദേഹത്തിനു ശരിയായ വിവരം കിട്ടിയിട്ടില്ല. എന്റെ സ്വന്തം കഥ പറയുന്നതായാൽ ഈ പതിതസമുദായക്കാരെ പ്രതിനിധീകരിക്കുന്നവരോളം ഞാൻ ഇവരിൽ താത്പര്യം ഉള്ളവനാണ്, അതുകൊണ്ടു അവർ വടക്കൻ താലൂക്കുകളിലെ നെയ്യാററിൻകര താലൂക്കിലെ അധികം നല്ല പ്രദേശങ്ങൾ തെരഞ്ഞെടുക്കും എന്നു ഞാൻ വിശ്വസിക്കുന്നു. "സൂപ്പർവൈസരെപ്പററി പറഞ്ഞ കഥയെക്കുറിച്ചു—

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും—തെക്ക്): അദ്ദേഹം ഉപക്ഷേപത്തെ പിൻതാങ്ങുന്നുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഈ വ്യത്യാസത്തോടുകൂടി

മി. മാത്യുമുരിക്കൻ ([illegible]): പതിതസമുദായക്കാർ വടക്കോട്ടുപോകണം എന്നാണോ അദ്ദേഹം പറയുന്നത്?

മി. കെ. മാധവൻ (ഗവണ്മെൻറ നിയമിച്ച മെമ്പർ): ൪൭൯൬, ൪൭൯൭, ൪൮൯൬, ൪൮൯൭ ഈ നമ്പരുകളിൽചേർന്ന സ്ഥലങ്ങൾ പതിതസമുദായക്കാർക്കായി തിരിച്ചുവച്ചിരുന്നവയാണെന്ന മെംബർക്ക അറിയാമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോട്ടും): എനിക്ക അറിഞ്ഞുകൂട.

മി. കെ. മാധവൻ (ഗവണ്മെൻറ നിയമിച്ച മെമ്പർ): സർവെ നമ്പർ ൧൪൩ാംനമ്പർ സ്ഥലത്തു ഈ സാധുജനങ്ങൾ താമസിച്ചിരുന്നു എന്നും അവ വേറൊരാൾക്ക പതിച്ചുകൊടുക്കണം എന്നുകരുതി ഈ സാധുജനങ്ങളെ അവിടെനിന്നോടിച്ച ഹിംസിച്ചു എന്നും പൊന്നുംവില ചുമത്താൻ കാത്തിരിക്കുന്നു എന്നും മെംബർക്ക അറിയാമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോട്ടും): അതു ഒരു സിവിൽ വ്യവഹാരമാണ്. ഞാൻ എതിർകക്ഷിയുടെ വക്കീലായിരുന്നു (ചിരി).

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മിസ്റ്റർ മാധവൻ ബോധിപ്പിച്ച ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. പതിതസമുദായക്കാരുടെപേരിൽ പതിച്ചുകൊടുക്കാനായി തിരിച്ചുവച്ചിട്ടുള്ള ൧൩൦൦ ഏക്കർ സ്ഥലത്തിൽ ൨൦൭ ഏക്കർ സ്ഥലംമാത്രമെ പതിച്ചുകൊടുത്തിട്ടുള്ളു. ഇതു പതിതസമുദായക്കാർക്കുവേണ്ടി ഈ പ്രവൃത്തി നടത്തേണ്ടവരായ അധികാരസ്ഥന്മാരുടെ ഉപേക്ഷനിമിത്തം ഉണ്ടായതാണ്. സ്ഥലം പതിച്ചുകിട്ടണം എന്നുള്ള അപേക്ഷയോടുകൂടി ഈ പതിതസമുദായക്കാർ ഇവരെ അടുക്കുമ്പോൾ എല്ലാം ഇവർ ഒരു ഉദാസീനമായ സമാധാനംപറഞ്ഞു അവരെ അയക്കുന്നു. കീഴുദ്യോഗസ്ഥന്മാർ ഏറക്കുറെ തൈക്കുളക്കാർതന്നെ. (കേൾക്കക, കേൾക്കുക) എന്നു പ്രസംഗസമയം പറയേണ്ടിയിരിക്കുന്നു. ഈ പതിതസമുദായക്കാർ അവരെ അടുക്കുമ്പോൾ അവർ പണം ആവശ്യപ്പെടുന്നു. ഈ സമുദായക്കാർ ഭൂസ്വത്തില്ലാത്തവർ, പണമില്ലാത്തവർ, അതുകൊണ്ടു അവരിൽനിന്നു യാതൊരു ആനുകൂല്യവും ലഭിക്കാതെ ഇവർക്ക മടങ്ങിപ്പോകേണ്ടിയിരിക്കുന്നു. അതാണ് അവർക്ക ഭൂമി പതിച്ചുകിട്ടുന്നതിൽ ഉണ്ടായിരിക്കുന്ന പ്രധാനപ്പെട്ട പ്രതിബന്ധം.

മി. വി. ചെല്ലൻപിള്ള (തോവാള): ആനുകൂല്യമോ ന്യായമോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ന്യായം. നിങ്ങൾ തിരുത്തിത്തന്നതു ഉപകാരമായി. അതുകൊണ്ടു ഈ പതിതസമുദായക്കാരെ സംബന്ധിച്ചിടത്തോളം ഇവരുടെപേരിൽ പുതുവൽ പതിച്ചുകൊടുക്കുന്ന കാര്യത്തിൽ ലാൻഡുറവന്യൂ ഡിപ്പാർട്ടുമെൻറിലെ മേലധികാരി പ്രത്യേകശ്രദ്ധകാണിക്കണം എന്നു ഞാൻ അത്യുഹത്തോടു അപേക്ഷിക്കുന്നു. ഇനി ഒരു നിർദ്ദേശംകൂടി എനിക്ക അറിയിക്കാൻ ഉണ്ട്. അനേകം ഏക്കർ സ്ഥലങ്ങൾ കന്നുകാലി മേച്ചിൽ സ്ഥലങ്ങളാണ്. ഈ പതിതസമുദായക്കാരിൽ അനേകംപേർ ഈ ഭൂമികൾ കൈവശംവച്ചു കൃഷിചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവർ വളരെ വിലപിടിച്ച വിളവുകൾ ഇട്ടിരിക്കുന്നു. സർക്കാരുദ്യോഗസ്ഥന്മാർ അവരുടെ കൈവശസ്ഥലത്തുനിന്നു അവരെ ഓടിക്കാൻ ശ്രമിക്കുന്നു. അതു വളരെ കഷ്ടമാണ്. അതുകൊണ്ടു ഇങ്ങനെയുള്ള പ്രദേശങ്ങളെ കന്നുകാലി മേച്ചിൽ സ്ഥലങ്ങൾ എന്ന ഇനത്തിൽനിന്നു വേർതിരിച്ചു ഈ പതിതസമുദായക്കാരുടെപേരിൽ പതിച്ചുകൊടുക്കണം. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഞാൻ മിസ്റ്റർ മാധവന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. "ദുർബലസ്യബലംരാജാ" സാധുക്കൾക്ക ഗവണ്മെൻറുതന്നെയാണ് വേണ്ട ആനുകൂല്യം ചെയ്യേണ്ടതു. എല്ലാ വർഗ്ഗത്തിലേയും ഭൂമിയില്ലാത്തവരുടെ അവകാശത്തെ മുൻനിറുത്തി ഭൂമി പതിച്ചുകൊടുക്കണം. ഭൂനികുതി ഇല്ലാത്തവരും, ഭൂസ്വത്തില്ലാത്തവരും കിടക്കാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുന്നവരും അധഃകൃതരാണെന്നു പറയേണ്ടതില്ല. അവരോടു കൂടുതൽ ആനുകൂല്യം ഭൂമി പതിച്ചുകൊടുക്കുന്നതിൽ കാണിക്കണം. മററു സമുദായത്തിലുൾപ്പെട്ട ഭൂസ്വത്തില്ലാത്തവരോടു കാണിക്കുന്നതിൽ കൂടുതൽ ആനുകൂല്യം കാണിക്കുന്നതിനുള്ള കാരണം മററുള്ളവർക്ക ഭൂസ്വത്തില്ലാതായതു അവരുടെ പരിശ്രമക്കുറവുകൊണ്ടൊ മററൊ ആണെന്നു പറയാം. ഇവരെപ്പററി അങ്ങനെ പറയാൻ പാടില്ല. ഇവരെ അടിമകളാക്കിവച്ചു ജനങ്ങൾ അവർക്കായി വേലചെയ്യിച്ചിരുന്നതുകൊണ്ടു അവർക്ക യാതൊന്നുംസമ്പാദിക്കാൻ നിവൃത്തിയില്ലാതിരുന്നു. അടിമത്തത്തിൽനിന്നു രക്ഷപ്പെട്ടുകഴിഞ്ഞപ്പോൾ അവർക്ക കിടക്കാൻ ഭൂമിയില്ല. മററു സ്വത്തില്ല. വിദ്യാഭ്യാസമില്ല. ഇപ്പോൾ വിദ്യാഭ്യാസവിഷയത്തിൽ ചില സൌജന്യങ്ങൾ ഗവണ്മെണ്ട് ചെയ്തുവരുന്നുണ്ട്. എന്നാൽ കിടക്കാൻ സ്ഥലം ഉണ്ടാക്കേണ്ടതു കിടക്കാൻ സ്ഥലമില്ലാത്തവർക്കും ആവശ്യമാണ്. മററുള്ളവരുടെ കയ്യിലിരിക്കുന്ന ഭൂമിയെ പൊന്നുംവിലകൊടുത്തു വാങ്ങിക്കണമെന്നു പറയുന്നില്ല. തരിശുഭൂമി അവർക്ക കൊടുത്തു ബാക്കിയെ മററുള്ളവർക്ക കൊടുക്കാവൂ. മൂന്നു ഏക്കർവീതം ഭൂമി അവർക്ക വിലകൂടാതെ പതിച്ചുകൊടുക്കണം എന്നാൽ വിക്രയസ്വാതന്ത്ര്യം കൊടുക്കരുത്. മൈനർമാർക്ക വിക്രയസ്വാതന്ത്ര്യം ഇല്ലല്ലോ. ഇവർ പൌരസഞ്ചയത്തിലെ മൈനർമാരാണ്, വിദ്യാഭ്യാസം ഈ നിലയ്ക്കുപോയാൽ ഒരുപതു ഇരുപതിരണ്ടുകൊല്ലംകൊണ്ടു അവർക്ക അവരുടെ കാര്യംനോക്കുന്നതിനു ശക്തിഉണ്ടാവും, അവർ എവിടെ എവിടെ പുതുവൽ അപേക്ഷിക്കുന്നുവോ അവിടവിടെ അവർക്ക പതിച്ചുകൊടുക്കണം. ബാക്കി ഉണ്ടെങ്കിൽ മററുള്ളവർക്ക പതിച്ചുകൊടുത്താൽ മതി. ഈ രാജ്യത്തെ കാർഷികൈശ്വര്യം അവരുടെ പരിശ്രമത്തിന്റെ ഫലമാണ്. നിലംപുരയിടങ്ങൾ ഈവിധം തിരുത്തിയതവരാണ്. ഇപ്പോൾ ഐശ്വര്യത്തിൽ ഇരിക്കുന്ന സമുദായങ്ങൾക്ക ഐശ്വര്യം ഉണ്ടാക്കിക്കൊടുത്തതും അവരാണ്. ഇന്നു അവർക്കുവേണ്ടി ഐശ്വര്യമുള്ള സമുദായങ്ങൾ വേണ്ടതു ചെയ്യുന്നതിനു കടപ്പെട്ടിട്ടുണ്ട്, ഗവണ്മെൻറുവക തരിശുഭൂമികൾ പതിക്കുന്നതിനു പ്രഥമാവകാശം അവർക്ക കൊടുക്കണം. ഒരു കുടുംബത്തിൽ രോഗികളോ കുഞ്ഞുങ്ങളോ ഉണ്ടായിരുന്നാൽ മററുള്ളവരെ അപേക്ഷിച്ച അവരുടെ കാര്യത്തിലാണല്ലോ കൂടുതൽ ആനുകൂല്യം കാണിക്കേണ്ടതു. രാജ്യമാകുന്ന കുടുംബത്തിലെ രോഗികളായിട്ടോ കുഞ്ഞുങ്ങളായിട്ടോ വേണം ഇവരെ ഗണിക്കാൻ, സാധുക്കളായ ഇവർക്ക ഭൂമി കൊടുത്താൽതന്നെയും ചിലർ വാങ്ങാൻ പുറപ്പെടുകയില്ല. അവർ അത്രമാത്രം അജ്ഞതയിലും ദാരിദ്ര്യത്തിലും മുങ്ങിക്കിടക്കയാണ്. അതിനാൽ അവരിൽ ആരെങ്കിലും ആവശ്യപ്പെട്ടാൽ അവർക്കുതന്നെ അവിടം പതിച്ചു

കൊടുക്കണം. ധനശക്തിയും സ്വാധീനബലവും ഉള്ള ആളുകൾ ഇവരുടെ ഭൂമികൂടി കരസ്ഥമാക്കുവാൻ ശ്രമിക്കുന്നുണ്ടെന്നു മിസ്റ്റർ മാധവൻ ഇവിടെ പ്രസ്താവിച്ചതു ശരിയാണ്. വടക്കൻതാലൂക്കുകളിൽ ചിലേടത്തു അതു നടക്കുന്നുണ്ട്. കീഴുദ്യോഗസ്ഥന്മാരിൽനിന്നും പല ഉപദ്രവങ്ങളും ഇവർക്കു ഭൂമി പതിക്കുന്നതിൽ നേരിടുന്നുമുണ്ട്. അതിനാൽ അങ്ങനെയുള്ള കീഴുദ്യോഗസ്ഥന്മാരെ കണ്ടുപിടിച്ചു ശിക്ഷിച്ചിരുന്നു എന്നുവരികിൽ ഇപ്രകാരം വരികയില്ലായിരുന്നു. അധഃകൃതരുടെ അവകാശത്തെ മുൻനിറുത്തി തറവിലകൂടാതെ ഇവർക്കു ഭൂമി പതിച്ചുകൊടുക്കുന്നതിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിയണമെന്നു പറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): മിസ്റ്റർ മാധവന്റെ ഉപക്ഷേപത്തെപ്പറ്റി ഞാനും രണ്ടുവാക്കു പറയണമെന്നു വിചാരിക്കുന്നു. തിരുവിതാംകൂറിൽ ഇപ്പോൾ അധഃകൃതർ എന്നു വിചാരിക്കുന്ന ആളുകൾ ഒരു കാലത്തു ഇവിടത്തെ ആദിമനിവാസികളായിരുന്നു. അക്കാലത്തു അവർ തിരുവിതാംകോട്ടിലെ വസ്തുഉടമസ്ഥന്മാർകൂടി ആയിരുന്നില്ലേ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ചില സ്ഥലങ്ങളുടെ പേരുകളേയും മററും ആസ്പദമാക്കി നോക്കുന്നപക്ഷം പുലയർ, പറയർ മുതലായവർ ഒരുകാലത്തു നല്ലനിലയിലിരുന്നു എന്നു ഊഹിക്കാൻ ന്യായമുണ്ട്. അങ്ങനെയുള്ളവർക്കു ഇപ്പോൾ കിടക്കുന്നതിനുപോലും ഭൂമിയില്ല. തിരുവിതാംകോട്ടുകാർക്കു സാമാന്യത്തിലധികം ഉപദ്രവം ചെയ്യുന്നതായ ൧൦൯൮-ലെ പുതുവൽ ചട്ടത്തിൽ ഒരുത്തനു അൻപതു ഏക്കറിൽ കൂടുതൽ ഭൂമി പതിച്ചുകൊടുക്കരുതെന്നുള്ള ഭാഗം ഗവണ്മെണ്ട് ഊർജ്ജിതത്തിൽ വരുത്തിട്ടില്ല. ഭൂമി പതിച്ചവർ കൃഷിചെയ്തു അവയെ നന്നാക്കാതെയിരിക്കെ അവർക്കു വീണ്ടും വീണ്ടും ഭൂമി പതിച്ചുകൊടുക്കാതെ കിടക്കാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുന്ന സാധുക്കൾക്ക് മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ പതിച്ചുകൊടുക്കണമെന്നും അൻപതേക്കറിൽ കൂടുതൽ ഭൂമി ആർക്കും പതിച്ചുകൊടുക്കരുതെന്നുള്ള വ്യവസ്ഥയെ ഗവണ്മെന്റു ഊർജ്ജിതത്തിൽ വരുത്തണമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും—തെക്ക്): ഗവണ്മെണ്ടു സമ്പന്നരായ വർഗ്ഗക്കാരും കൂലിവേലക്കാരായ വർഗ്ഗക്കാരുടെ ധനസമ്പാദനശക്തിയെ പോഷിപ്പിക്കുന്നതിനു അവരെ സഹായിക്കാൻ ശ്രമിക്കേണ്ടതാണെന്നു തൊഴിലില്ലായ്മ കമ്മിറ്റിക്കാരും അഭിപ്രായപ്പെട്ടിട്ടുള്ളതായി അവരുടെ റിപ്പോർട്ടിൽ ഉള്ള തീർച്ചകളിൽ കാണുന്നു. ഈ കമ്മിറ്റി ഈ തീർച്ചയിലെത്തിയതു വിശാലമായ അന്വേഷണങ്ങൾ നടത്തിയതിനുപിന്നീടാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു കൂലിവേലചെയ്യുന്ന സമുദായക്കാർക്ക് യാതൊരു പ്രോത്സാഹനവും ഇപ്പോൾ നല്കപ്പെടുന്നില്ല എന്നു വ്യക്തമാകുന്നു. തൊഴിലില്ലായ്മ കമ്മിറ്റി പറഞ്ഞിരിക്കുന്നതു വാസ്തവമാണെന്നു മിസ്റ്റർ മാധവന്റെ പ്രസംഗം കേട്ടതിൽപിന്നീടു ഞാൻ ഉൾപ്പെടെ ഈ സഭ സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു ഞാനും ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുകയും ഈ പതിതസമുദായക്കാർക്ക് എത്രത്തോളം ഭൂമി പതിച്ചുകിട്ടാൻ കഴിയുമോ അത്രത്തോളം കിട്ടുന്നതിനു അവരെ ശക്തരാക്കാൻ കഴിയുന്നതെല്ലാം ചെയ്യണം എന്നു മിസ്റ്റർ റാബിൻസണിനോടു അപേക്ഷിക്കയുംചെയ്യുന്നു.

മി. എൻ. താണുപിള്ള (തിരുവനന്തപുരം): പതിതസമുദായക്കാർക്ക് പുതുവൽ പതിച്ചുകൊടുക്കുന്നതായ വിഷയം സാധിച്ചാലും ഉള്ള സകലതും ഗാഢമായി തീർപ്പുകല്പിക്കേണ്ടതായ ഒന്നാകുന്നു. പതിതസമുദായക്കാർ എന്നു വിളിക്കപ്പെടുന്നവരുടെ എണ്ണം കുറെ. അവർ ധനവിഷയമായോ സാമുദായികമായോ മററുവിധത്തിലോ പതിതരായിരുന്നുകൊള്ളട്ടെ— കഴിയുന്നവേഗത്തിൽ സ്വീകരിക്കേണ്ടതാകുന്നതുള്ളതു ഈ രാജ്യത്തിന്റെതന്നെ പൊതുഗുണത്തിനു ആവശ്യമാകുന്നു.

പതിതസമുദായക്കാർക്കായി നീക്കിവച്ചിട്ടുള്ള മൊത്തം ൧൯,൦൨൭ ഏക്കർ സ്ഥലങ്ങളിൽ ൨,൦൭൫ ഏക്കർ മാത്രമേ ൧൧൦൯-ാമാണ്ടവസാനംവരെ പതിച്ചുകൊടുത്തിട്ടുള്ളതായും അവർ ഇപ്പോൾ വസ്തു പതിച്ചുകിട്ടുന്നതിനായി അപേക്ഷിക്കാറില്ലാ എന്നും കാണുന്നസ്ഥിതിക്കു ശേഷമുള്ള പ്രദേശങ്ങളെ, അതായതു ൧൭,൦൦൦ ഏക്കറോളം സ്ഥലങ്ങളെ, പതിതസമുദായക്കാർക്കായി നീക്കിവച്ചിരിക്കേണ്ടതാണോ എന്നും ഈ ൧൭,൦൦൦ ഏക്കർ പ്രദേശങ്ങളുടെ വസ്തു പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ അധികമായിരിക്കെകൊണ്ട് ഈ പ്രദേശങ്ങളെ മററുള്ളവർക്ക് പതിച്ചുകൊടുക്കാൻ പാടില്ലയോ എന്നും ആലോചിക്കേണ്ടിയിരിക്കുന്നതായും ലാൻഡ്റെവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ൧൧൦൯-ാമാണ്ടത്തെക്കുള്ള ഭരണറിപ്പോർട്ടിൽനിന്നു ഞാൻ കാണുന്നു. ഈക്കാര്യത്തിൽ പതിതസമുദായക്കാരുടെ ആവശ്യങ്ങളെ സാധിപ്പിക്കുന്നതിനു ചെയ്തിട്ടുള്ള വ്യവസ്ഥകളിൽ എന്തോ മൌലികമായ തെററ ഉണ്ട് എന്ന് എനിക്കുതോന്നുന്നു. പതിതസമുദായക്കാർക്കു പതിച്ചുകൊടുക്കുന്നതിനായി നീക്കിവച്ചിട്ടുള്ള ഭൂമികൾ അവർക്ക് വസ്തു വേണം എന്ന ആഗ്രഹം ഇല്ലാത്ത സ്ഥലങ്ങളിലോ വസ്തുക്കൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതിനു സാധിക്കാത്ത പ്രദേശങ്ങളിലോ കിടക്കുന്നവയാണെന്നു എനിക്ക് തോന്നുന്നു.

ഈ പതിതസമുദായങ്ങൾക്കായി തിരിച്ചുവച്ചിട്ടുള്ള സ്ഥലങ്ങൾക്കു വെളിയിൽഉള്ള പ്രദേശങ്ങളിൽ ആയി ഹരിജനങ്ങളുടെ പേരിൽ ൧൯൮ ഏക്കർസ്ഥലങ്ങൾ പതിച്ചുകൊടുത്തിട്ടുണ്ടെന്നും എന്നാൽ അങ്ങനെ തിരിച്ചുവച്ചിട്ടുള്ള പ്രദേശങ്ങൾക്കുള്ളിലായി ൨,൦൦൦ ഏക്കറോളമേ പതിച്ചുകൊടുത്തിട്ടുള്ളു എന്നും ആ റിപ്പോർട്ടിൽനിന്നുതന്നെ കാണുന്നുണ്ട്. ഗവണ്മെണ്ട് ഏതാണ്ടു സ്ഥലങ്ങൾ പ്രത്യേകമായി തിരിച്ചുവയ്ക്കുന്നത് ഇവർക്കായി സ്ഥലം നീക്കിവച്ചിട്ടുണ്ടെന്നു കാണിക്കാൻ മാത്രമായിട്ടാണെന്നു ഇതിൽനിന്നു വ്യക്തം ആകുന്നു. പ്രത്യേകം തിരിച്ചുവയ്ക്കൽ ഇപ്പോൾ നടന്നുവരുന്ന സ്ഥിതിയിൽ നോക്കുന്നതായാൽ അങ്ങനെ തിരിച്ചുവയ്ക്കപ്പെട്ട പ്രദേശങ്ങളെക്കുറിക്കുന്ന ലിസ്റ്റിൽനിന്നു കാണുന്നിടത്തോളം പ്രയോജനകരമോ ഫലവത്തോ ആയിരിക്കുന്നതായി കാണുന്നില്ല. അതുകൊണ്ടു പതിതസമുദായക്കാർ വസ്തു പതിച്ചുകിട്ടുന്നതിനു അയയ്ക്കുന്ന അപേക്ഷകൾക്കു കൂടുതൽ ശ്രദ്ധ നൽകണം എന്നു ഞാൻ നിർദ്ദേശിക്കുന്നു. അവരുടെ അപേക്ഷകളെ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള പരാതികൾ ആകപ്പാടെ നോക്കുകയാണെങ്കിൽ നല്ലകാരണങ്ങളിന്മേൽ ഉത്ഭവിച്ചവയായിരിക്കയില്ലാ എന്നുള്ളവസ്തുത എനിക്കു അറിഞ്ഞുകൂടുന്നില്ല. എന്റെവാദം ഈ സംഗതിക്കു കൂടുതൽശ്രദ്ധ പതിപ്പിക്കണം എന്നാകുന്നു. പതിതസമുദായക്കാരുടെ ഗുണത്തെക്കരുതി മാത്രമല്ല സാമാന്യേന രാജ്യത്തിന്റെ ഗുണത്തെക്കരുതിയും. ഇക്കാര്യത്തിൽ കീഴ്പ്പോട്ടു തഹശീൽദാർവരെയുള്ള ഓരോ റെവന്യൂ ഉദ്യോഗസ്ഥനും കീഴുദ്യോഗസ്ഥന്മാരും കൂടുതൽ താല്പര്യം കാണിക്കേണ്ടതാണെന്നും ആകുന്നു. പതിതസമുദായക്കാർക്കു പതിച്ചുകൊടുക്കാൻ ഉദ്ദേശിച്ചിട്ടുള്ള വസ്തു

ക്കളെ പതിതസമുദായ സംരക്ഷകനും തഹശീൽദാരും ചേൎന്നു ചെന്നുനോക്കുന്നതിനെ സംബന്ധിച്ചും റിപ്പോൎട്ടിൽ പ്രസ്താവം ഞാൻ കാണുന്നു. എന്നാൽ ആമാൎഗ്ഗത്തിൽ വളരെ സ്വല്പം പ്രവൃത്തിയേ ചെയ്തിട്ടുള്ളു എന്നു കാണുന്നുള്ളു. പതിതസമുദായ സംരക്ഷകൻ എന്ന ഒരു ഉദ്യോഗസ്ഥൻ നമുക്ക് ഉള്ളതുകൊണ്ട് ആവിധം ഉന്നിച്ചുചെന്നുള്ള പരിശോധനം നടത്തേണ്ടതാണെന്ന് ഞാൻ ഗവണ്മെന്റിനോട് നിർബന്ധമായി അപേക്ഷിക്കുന്നു. ഉദ്യോഗങ്ങളുടെ ഗുണങ്ങളെ ജനങ്ങൾ അനുഭവിക്കുന്നുണ്ടോ എന്നു നോക്കാതെ കേവലം ഉദ്യോഗങ്ങൾ സൃഷ്ടിക്കയും വെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന നീതിയെ ഗവണ്മെന്റ ദൂരീകരിക്കേണ്ടതാകുന്നു. പതിതസമുദായസംരക്ഷകൻ എന്നതു ഉൽകൃഷ്ടഘോഷമായ ഒരു സ്ഥാനം ആണ്. ഈ രാജ്യത്തിലെ ഗവണ്മെന്റിൽനിന്നു പതിതസമുദായക്കാരിലെ അംഗങ്ങൾക്കു വലുതായ സംരക്ഷണം നൽകിവരുന്നുണ്ടെന്നു ആ പേരുകേൾക്കുന്നവൎക്കു ധരിക്കാൻ ഇടയുണ്ട്. എന്നാൽ അവൎക്കുവേണ്ടി വാസ്തവത്തിൽ ചെയ്തുവരുന്നതു വളരെ ചുരുക്കം ആണെന്ന് നമുക്കറിയാം. ഞാൻ ആ ഉദ്യോഗസ്ഥനെ കുറ്റപ്പെടുത്തുന്നില്ല. ഇപ്പോഴത്തെ സ്ഥിതിക്ക് അദ്ദേഹം ഈ മാൎഗ്ഗത്തിൽ വളരെ പ്രയത്നിക്കും എന്നു പ്രതീക്ഷിക്കാൻ പാടില്ല. മറ്റുമാൎഗ്ഗങ്ങളിൽ അദ്ദേഹം ന്യായമായ ചെയ്യേണ്ടതായ പ്രവൃത്തികൾ തന്നെ പൂൎണ്ണമായി ഉണ്ട്. അതുകൊണ്ട് ഈ കാൎയ്യത്തിനുവേണ്ടി മാത്രമായി പൂൎണ്ണസമയവും വിനിയോഗിക്കുന്ന ഒരുദ്യോഗസ്ഥനെ നിയമിക്കണം എന്നു ഞാൻ ബലമായി നിർബന്ധിക്കുന്നു.

അദ്ദേഹത്തിനു മതിയായിടത്തോളം ചിലവിനു പണവും മതിയായിടത്തോളം ജീവനക്കാരും നല്കണം; ആ ഉദ്യോഗസ്ഥൻ ഈ ജനങ്ങളുടെ നേൎക്ക് വാസ്തവത്തിൽ താല്പൎയ്യം ഉള്ള ആളായിരിക്കണം. അദ്ദേഹം രാജ്യക്ഷേമത്തിൽ താല്പൎയ്യമുള്ള സ്വരാജ്യസ്നേഹിയും പ്രവൃത്തിയിൽ ഉത്സുകതയും ശക്തിയും കാണിക്കുന്ന ആളും തന്റെ മുഴുവൻ സമയവും സ്വപ്രവൃത്തിക്കായി വിനിയോഗിക്കുന്നവനും ആയിരിക്കണം. അപ്രകാരമുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കണം; ആവശ്യമുള്ളമുതൽ അയാൾക്ക് ലഭ്യമായിരിക്കയും വേണം. ഒരാളെ ഇതിനുവേണ്ടി നിയമിച്ച് മാസം ഒന്നുക്ക് [illegible] രൂപായോ [illegible] രൂപായോ [illegible] രൂപാ ശമ്പളമോ അലവൻസ് കൊടുക്കുന്നതുകൊണ്ട് ഫലം ഇല്ല. അയാൾ അനുഷ്ഠിക്കേണ്ടതായി നല്ലവണ്ണം പൎയ്യാലോചിക്കപ്പെട്ടിട്ടുള്ള ഒരു പ്രവൃത്തിപദ്ധതിയും ഉണ്ടായിരിക്കണം. അയാൾക്കു താഴെ വേണ്ടിടത്തോളം ജീവനക്കാരും ഉണ്ടായിരിക്കണം; ഇവ ഗവണ്മെന്റിനു അംഗീകാൎയ്യമായി തോന്നാത്ത നിർദ്ദേശങ്ങൾ ആണ് നിശ്ചയം; എന്തുകൊണ്ടെന്നാൽ ഇപ്രകാരമുള്ള കാൎയ്യങ്ങൾക്കു പണം അനുവദിക്കണം എന്നു നിർദ്ദേശിക്കുമ്പോൾ എല്ലാം ഗവണ്മെന്റിനു അതിനു പ്രയാസം തോന്നുന്നുണ്ട്. എന്നാൽ ജനസാമാന്യത്തിൽ ഒരു ചെറിയവിഭാഗത്തിനു ഗുണം ലഭിച്ചിരുന്ന വിഷയത്തിനു പുറമേ രാജ്യത്തിനു മുഴുക്കെ പൊതുവേയുള്ള ഗുണത്തിനായി ഈ വിഷയത്തെ ആലോചിച്ചു തീൎച്ചചെയ്യേണ്ടതുണ്ടെന്നും അതു വളരെ ഉദാരവും രാജ്യതന്ത്രോചിതവും ആയ നിലയിൽ ആയിരിക്കേണ്ടതാണെന്നും എനിക്കു തോന്നുന്നു.

മി. പി. എസ്. മഹമ്മത് (നിയമിതമെമ്പർ): സർ, മിസ്റ്റർ മാധവന്റെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. മി. മാധവനും മി. മാധവന്റെ സമുദായത്തോടു സഹതാപമുള്ള മറ്റു മെമ്പറന്മാരും അധഃകൃതവൎഗ്ഗക്കാൎക്ക് ഈ രാജ്യത്തിൽ വേണ്ടവിധം സ്ഥലം ലഭിക്കുന്നില്ല എന്ന സംഗതി ഈ കൌൺസിലിൽ പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ ഡിപ്പാർട്ടുമെണ്ടിൽനിന്നും വെളിക്കുവന്നിട്ടുള്ള റിപ്പോർട്ടിൽ അവൎക്ക് വേണ്ടുവോളം സ്ഥലം ഒഴിച്ചിരുന്നിട്ടും അവർ അവയെ ഉപയോഗിച്ചുകാണുന്നില്ലെന്ന് പരാതിപ്പെട്ടുകാണുന്നു. ഇതു രണ്ടും പരമാൎത്ഥം തന്നെയാണ്. ഡിപ്പാർട്ടുമെന്റിൽനിന്നു ഒഴിച്ചിട്ടിരിക്കുന്ന സ്ഥലങ്ങളിൽ അവർക്കുപോയി ദേഹണ്ഡിക്കുന്നതിനോ മറ്റുവല്ലതും ചെയ്യുന്നതിനോ സൌകൎയ്യമുള്ള സ്ഥലമില്ലാത്തതുകൊണ്ടായിരിക്കണം അവർ പോയി പതിച്ചുവാങ്ങാത്തതു. തിരുവിതാംകോട്ടിൽ രണ്ടുവിധ സ്ഥലങ്ങളുണ്ട്. ഒന്നു മൂലധനംകൊണ്ടുമാത്രം വേലചെയ്താൽ പ്രയോജനപ്പെടുന്ന സ്ഥലം. മറ്റൊന്ന് അവരുടെ ശരീരാദ്ധ്വാനംകൊണ്ടുമാത്രം വേലചെയ്തു ഫലമുണ്ടാക്കുന്ന സ്ഥലം. ഇതിൽ ആദ്യം പറഞ്ഞ സ്ഥലം ഈ പാവപ്പെട്ടവൎക്ക് പതിച്ചുകൊടുക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. അവൎക്ക് ശരീരാദ്ധ്വാനംകൊണ്ട് ഫലം ഉണ്ടാകുന്ന സ്ഥലം പതിച്ചുകൊടുക്കുന്നതായാൽ ഇതിനെപ്പറ്റി മേലാൽ ഇങ്ങിനെയുള്ള മുറവിളി ഉണ്ടാകുന്നതല്ല. ഈ സംഗതി പ്രത്യേകമായി ഗവണ്മെന്റ ദൃഷ്ടിവെച്ചു പ്രവൎത്തിക്കുന്നതായാൽ ഇനിമേൽ ഈമാതിരി ഒരു മുറവിളി ഈ കൌൺസിലിൽ ഉണ്ടാകയില്ലെന്ന് വിശ്വസിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാന്റ്‌ഡ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): പതിതസമുദായക്കാരുടെ പേരിൽ വസ്തുക്കൾ പതിച്ചുകിട്ടുന്ന കാൎയ്യത്തിൽ അവർ അനുഭവിച്ചുവരുന്ന കഷ്ടതകൾ ഗവണ്മെന്റിനു അറിഞ്ഞുകൂടാ എന്നില്ല. അവരെ സഹായിക്കുന്നതിനു ഗവണ്മെന്റ ഏതാനും കൊല്ലങ്ങൾക്കുമുമ്പു അവൎക്കായി ഏതാനും പ്രദേശങ്ങൾ നീക്കിവച്ചു. ഓരോ താലൂക്കിലും അവൎക്കായി സ്ഥലം തെരഞ്ഞെടുക്കുന്നതിനു റവന്യൂഡിപ്പാർട്ടുമെന്റിനോടു ആജ്ഞാപിച്ചു. ലഭ്യമായ വസ്തുക്കൾകൊണ്ട് ഞങ്ങൾ കഴിയുന്നതെല്ലാം ചെയ്തു കാലക്രമേണ ഓരോ തരിശുഭൂമിയും ജനങ്ങൾ പതിപ്പിച്ചുകഴിഞ്ഞു. ശേഷിപ്പുള്ള വസ്തുക്കൾ കഴിയുന്നിടത്തോളം ഈ പതിതസമുദായക്കാൎക്കായി ഒഴിച്ചിട്ടിട്ടുണ്ട്.
അതുകൊണ്ടു ഇവൎക്കായി നീക്കിവച്ചിട്ടുള്ള വസ്തുക്കൾ മറ്റു ജനങ്ങൾ മുമ്പിലേ കൈവശപ്പെടുത്തിയിട്ടുള്ളവയോളം നന്മയുള്ളതായിരിക്കാൻ ഇടയില്ലെന്നുള്ളതു സ്വാഭാവികം ആണല്ലോ. അതിൽപിന്നെ അവൎക്കായി മറ്റുവസ്തുക്കളും ഞങ്ങൾ നീക്കിവെച്ചു. ചിലസംഗതികളിൽ അവൎക്കായി തിരിച്ചുവച്ചവസ്തു ഉപയുക്തം അല്ലെന്നു അവർ കണ്ടു. ചില സ്ഥലങ്ങളിൽ അവൎക്കു നല്ലസ്ഥലങ്ങൾ കണ്ടുപിടിക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. അടുത്തകാലത്തു തടിക്കാരൻകോണത്തിനടുത്തു ഒരു വലിയപ്രദേശം റിസർവ്വുവനത്തിൽനിന്നു പിരിച്ചു കുടികൾക്കു പതിച്ചുകൊടുക്കാവുന്ന നിലയിൽ ആക്കപ്പെട്ടു. അതു നല്ല തറയായിരുന്നു. ഈ സമുദായക്കാരെ സഹായിക്കണം എന്നുള്ള ഉദ്ദേശത്തിന്മേൽമാത്രം ഈ വസ്തു അവൎക്കായി തിരിച്ചുവെക്കപ്പെട്ടു. എന്നാൽ അവർ അതു കൈവശപ്പെടുത്തി പാർപ്പു ഉറപ്പിച്ചപ്പോൾ അതു പനിപിടിക്കുന്ന സ്ഥലമാണെന്നു കാണുകയാൽ അവർ അതു ഉപേക്ഷിച്ചുപോകേണ്ടിവന്നു. ഈ വസ്തു കൃഷിചെയ്യുന്നതിനൊഴികെ മറ്റെല്ലാകാൎയ്യത്തിനും വളരെ നല്ലതാണ്. തേ

യിലേയാ, ബ്ലോക്കാ തോട്ടം ഉണ്ടാക്കണംഎന്നു ആവശ്യപ്പെടുന്നവനും ഇല്ല എല്ലതരയാണ്. അതിലെ ഒരേ ന്യൂനത അതു പാക്കാൻകൊള്ളുകയില്ലാഎന്നുള്ളതാണ്. ഞങ്ങറം കഴിയുന്നതെല്ലാം ചെയ്തിട്ടുള്ളതായി മററുസ്ഥലങ്ങളുംഉണ്ടു. എന്നാൽ ഞങ്ങറംക്കു അവരെ സഹായിക്കണംഎന്നു താല്പയ്യംഉള്ളിടത്തോളം അവരെസഹായിക്കാൻ എല്ലാപ്പോഴും ഞങ്ങറം ശക്തരായിരുന്നില്ല. അവക്കായി നീക്കിവച്ചിട്ടുള്ള വസ്തുക്കളുടെ വിസ്തീർണ്ണത്തെപ്പററി ചില മെംബർമാർ പ്രസ്താവിച്ചു. അവർ അവയെ ശരിയായി ധരിച്ചിട്ടില്ലാഎന്നു എനിക്കുതോന്നുന്നു. ആദ്യകാലത്തു പതിതസമുദായക്കാർക്കായി ൭൬൬൯ ഏക്കർസ്ഥലം നീക്കിവച്ചിരുന്നു. അതിൽ പിന്നീടു അവക്കായി നീക്കിവച്ചിരുന്ന സ്ഥലത്തിൽ ഉറംപ്പെടാത്തതായ മററുസ്ഥലങ്ങറം കിട്ടണംഎന്നു അവർ അപേക്ഷിച്ചു. അവർ ആവശ്യപ്പെട്ടസ്ഥലം അവക്കു എവിടെയെല്ലാംകൊടുക്കാൻ കഴിയുമൊ അവിടെയെല്ലാം അവക്കു ഞങ്ങറം കൊടുത്തിട്ടുണ്ടു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ ഭൂമികറം കുടിപാർപ്പിന്നോ കൃഷിക്കോ ഉചിതമായുള്ളവയാണോഎന്നു ശരിയാംവണ്ണംനോക്കി പരിശോധിച്ചതിന്മേൽആണൊ ഇവ പതിതസമുദായക്കാക്കായി തിരിച്ചുവക്കപ്പെട്ടതു.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റെവന്യൂവും ഇൻകംടാക്സും കമ്മിഷണർ): തഹശീൽദാർമാർ ഈ വസ്തുക്കറം ചെന്നുനോക്കീട്ടുണ്ടു. അവർ പതിതസമുദായക്കാരുടെ പ്രതിനിധികളുടെ സഹായത്തൊടുകൂടി അവയെ പരിശോധിക്കണംഎന്നാണ്‌വെപ്പു്. ഞാൻ പ്രസ്താവിച്ച ഭൂമികറം എടുപതിച്ചുകൊള്ളുന്നതിനുമുമ്പ ഞാൻ ഇവിടെ വരുന്നതിനുമുൻപുതന്നെ പതിതസമുദായക്കാക്കായി നീക്കിവച്ചിട്ടുള്ളതാണ്. അതു പതിതസമുദായപ്രതിനിധികളും ആയ ആലോചിച്ചതിൽപിന്നീടു തെരഞ്ഞെടുക്കപ്പെട്ടതായിട്ടുണ്ട് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ വസ്തുക്കളുടെ ഉപയോഗ്യതയെ പതിതസമുദായരക്ഷകൻ വല്ലപ്പോഴും ആലോചിച്ചിട്ടുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർ): അക്കാലങ്ങളിൽ പതിതസമുദായരക്ഷകൻ എന്നൊരാറം ഉണ്ടായിരുന്നതായി എനിക്കു തോന്നുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അദ്ദേഹത്തിനോടു ഇപ്പോറം ഇക്കാര്യത്തെക്കുറിച്ചു ചോദിക്കാറുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർ): ഉചിതമായസ്ഥലങ്ങറം ലഭ്യമായ സ്ഥലങ്ങളിലെല്ലാം അവയെ ഞങ്ങറം പതിതസമുദായങ്ങറംക്കായി പതിച്ചുകൊടുക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതിനുമുമ്പിലെ തിരിച്ചുവച്ചിട്ടുള്ളതും എന്നാൽ പതിച്ചുകൊടുത്തിട്ടില്ലാത്തതുമായ വസ്തുക്കളുടെ കാര്യത്തിൽ അവയുടെ യോഗ്യതയെക്കുറിച്ചു പതിതസമുദായസംരക്ഷകനുംആയി ആലോചിച്ചിട്ടുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർ): അവയിൽ ഏവയോജിച്ചവഎന്നും ഏവയോജിച്ചവയല്ലാഎന്നും നോക്കുന്നതിനായി തഹശീൽദാരോടും ഡിസ്ത്രിക്ട് ആഫീസരോടൊന്നിച്ചു ഈ വസ്തുക്കളെ പുറിനോക്കുന്നതിനു അദ്ദേഹത്തിനോടു അപേക്ഷിക്കാവുന്നതാണെന്നുതോന്നുന്നു.

മി. എസ് പിറവിപ്പെരുമാറംപിള്ള (കച്ചവടവും വ്യവസായവും തെക്കു): ആ വസ്തു കുടിപാർക്കുന്നവകക്കൊഴിച്ചു മറെറല്ലകാര്യത്തിനും യോജിച്ചതാണെന്നു പേഷ്കാരുടെ റിപ്പോർട്ടാണോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർ): അദ്ദേഹം പറയുന്നതു എനിക്കു മനസ്സിലാകുന്നില്ലാ സർ.

പ്രെസിഡെണ്ടു്: നിങ്ങറം സ്വല്പംമുമ്പെ പ്രസ്താവിച്ചതായ തടിക്കാരൻകോണത്തിലെ വസ്തുക്കളുടെകാര്യത്തിൽ ആ ഭൂമി കുടിപാർക്കുന്നവകയ്ക്കൊഴിച്ചു മറെറല്ലകാര്യത്തിനും യോജിച്ചതാണ്എന്നു പേഷ്കാരുടെ റിപ്പോർട്ടാണോഎന്നു അറിയണം എന്നു മിസ്റ്റർ പിറവിപ്പെരുമാറംപിള്ള ആവശ്യപ്പെടുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർ): പേഷ്കാർ യാതൊന്നുംപറഞ്ഞിട്ടില്ലാ. പൊതുജനങ്ങളിൽനിന്നു ഈ വിവരം എനിക്കുകിട്ടി. തടിക്കാരൻകോണംറോഡിൽ ൭൦൦ മൈൽനടുള്ള സ്ഥലത്തുകൂടെ പാർപ്പുറപ്പിയ ഈ ഭൂഗർ, അതിനെഉപേക്ഷിച്ചുപോകേണ്ടിവരത്തക്കവണ്ണം അത്ര പനിപിടിക്കുന്നസ്ഥലം ആണെന്നുകണ്ടതായി എന്നോടു ആളുകറംപറഞ്ഞു.

മി. കെ. മാധവൻ (ഗവണ്മെണ്ടുനിയമിച്ച മെംബർ): ഈ സ്ഥലങ്ങറം സാധുജനങ്ങറംക്കു അനുകൂലമായുള്ളവഎന്നു മെംബക്കു അറിയാമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർ): എനിക്കു അറിഞ്ഞുകൂടാ.

മി. കെ. മാധവൻ (ഗവണ്മെൻറുനിയമിച്ച മെംബർ): കുടിയപട്ടണംപകുതിയിൽ മുട്ടത്തിനടുത്ത മണ്ണേരി ഈ ജനങ്ങറംക്കു കുടിപാർപ്പിനും കൃഷിക്കും ഉചിതമായസ്ഥലംആണെന്നു അറിയാമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർ): നന്നായി അറിയാം.

മി. കെ. മാധവൻ (ഗവണ്മെണ്ട് നിയമിച്ച മെംബർ): തോവാളയിൽ കൊൽക്കൊള്ളുംവെളയിൽ ഈ സാധുജനങ്ങറംക്കായി നീക്കിവച്ചിരുന്ന ൭൦൦ ഏക്കർ സ്ഥലത്തിൽ ദേവസ്വംവക നിലവും ക്ഷേത്രവും വനങ്ങളും ഉറംപ്പെട്ടിരിക്കുന്നുഎന്നു മെംബക്കു അറിയാമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർ): അറിയാം.

പ്രസിഡെണ്ടു: മിസ്റ്റർ റാബിൻസൺ, മി. മാധവൻ എന്തുഅറിയണംഎന്നു ആവശ്യപ്പെട്ടുവോ അതു നിങ്ങറംക്കു വ്യക്തമായി മനസ്സിലായൊ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡുറവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ആ താലൂക്കിൽ അവർക്കായി തിരിച്ചുവച്ചിരിക്കുന്ന വസ്തുക്കൾ കുടിപാർപ്പിനോ കൃഷിക്കോ യോജിച്ചതാണോ എന്നു അദ്ദേഹം ചോദിക്കുന്നു.

പ്രസിഡണ്ട്: അതല്ല അദ്ദേഹം ചോദിക്കുന്നത്. ആ പ്രത്യേക സ്ഥലത്തു പതിതസമുദായക്കാർക്കായി തിരിച്ചുവച്ചിട്ടുള്ള ഭൂമിയിൽ വല്ല നന്താവനമോ ക്ഷേത്രസംബന്ധമായ വസ്തുവോ ഉണ്ടോ എന്നാണു അദ്ദേഹം ചോദിക്കുന്നത്.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അതെനിക്കറിഞ്ഞുകൂടാ, ഞാൻ നാഗരുകോവിലിലേക്കു ചെല്ലുമ്പോൾ ഈ സ്ഥലങ്ങൾ നോക്കാം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പതിതസമുദായക്കാർക്കായി വല്ല സ്ഥലവും പട്ടണങ്ങളിൽ നീക്കിവച്ചിട്ടുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അങ്ങനെയുള്ളവല്ലതും ഉണ്ടോ എന്നു ഇപ്പോൾ എനിക്കു അറിഞ്ഞുകൂടാ.

ശരി; ഞങ്ങൾക്കു കഴിയുന്നതു ഞങ്ങൾ ചെയ്തു. എന്നാൽ അവർക്കായി തിരിച്ചുവച്ചിട്ടുള്ള സ്ഥലങ്ങളിൽ നിന്നു പന്തരൻ ഏക്കർ സ്ഥലത്തേക്കു മാത്രമേ അവർ ഇതേവരെ അപേക്ഷിച്ചിട്ടുള്ളു. ഇതിനുപുറമേയായി പ്രത്യേകം നീക്കിവച്ചിട്ടുള്ള സ്ഥലങ്ങൾക്കു പുറമേ ൨൦൦ ഏക്കർ അവർ അപേക്ഷിച്ചിട്ടുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ വിനിയോഗാധീനത്തിൽപ്പെട്ടതായി ഇപ്പോൾ വളരെ ചുരുക്കം ഭൂമിയേയുള്ളു എന്നു ഞാൻ മുൻപുതന്നെ പറഞ്ഞുവല്ലോ. അതുകൊണ്ടു ഇവർക്കു യോഗ്യമായ സ്ഥലം കിട്ടുന്നതു പ്രയാസം. അവർക്കായി വസ്തുക്കൾ കണ്ടുപിടിച്ചു അവരുടെ പേരിൽ പതിച്ചിട്ടുള്ള മിക്ക സംഗതികളിലും അവർ അവയെ അന്യാധീനപ്പെടുത്തിയിരിക്കുന്നു. ഇതിനു ദൃഷ്ടാന്തം പറയാം. ചെങ്ങന്നൂരിനു വെളിയിൽ താലൂക്കാഫീസിൽനിന്നു മൂന്നു മൈലോളം അകലെയായി ഏതാനും സ്ഥലങ്ങൾ പതിതസമുദായക്കാർക്കായി ഞങ്ങൾ തിരിച്ചുവെച്ചു; ആ സ്ഥലം റോഡിന്റെ ഒരു വശത്തായിരുന്നു. എന്നാൽ അവർ ഞങ്ങൾ നിശ്ചയിച്ചിരുന്ന സ്ഥലത്തിനു എതിരെയുള്ള സ്ഥലത്തുകേറി ആക്രമിച്ചു. ആ സ്ഥലം പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെന്റിന്റെ വകയാണ്. അതുകൊണ്ടു അവരെ അവിടുന്നു ഇറക്കിവിടണം എന്നു ആ ഡിപ്പാർട്ടുമെണ്ടുകാർ ആവശ്യപ്പെട്ടു. ഞങ്ങൾ അവർക്കായി നീക്കിവച്ചിട്ടുള്ള വസ്തുക്കൾക്കു സമീപത്തായി കൂടുതൽ ആയി ഏതാനും സ്ഥലം കൂടി അവരുടെ പള്ളിക്കൂടംവകയ്ക്കു കൊടുക്കാം എന്നു ഞങ്ങൾ പറഞ്ഞു. എന്നാൽ അതിൽ അവർ പാർപ്പു തുടങ്ങിയിട്ടില്ല. അടുത്തകാലത്തു ഞാൻ ചെങ്ങന്നൂരിൽ ചെന്നിരുന്നു. ഈ പതിതസമുദായക്കാരുടെ പേരിൽ ആദ്യമായി പതിച്ചുകൊടുത്ത വസ്തുക്കളിൽ ചില ഭാഗങ്ങൾ അവർ മററുള്ളവർക്കു അന്യാധീനപ്പെടുത്തിട്ടുള്ളതായി ഞാൻ കണ്ടു. വളരെ ബുദ്ധിമുട്ടി ഞങ്ങൾ അവരുടെ പേരിൽ പതിച്ചുകൊടുക്കാൻ സാധിച്ചതായ വസ്തുക്കളെ അവർ അന്യാധീനപ്പെടുത്തിട്ടുള്ളതായി ഓരോ കാലത്തും ഞങ്ങൾ കാണുന്നു. ഇതിനുപുറമേ നാഗരുകോവിലിൽ പട്ടണത്തിന്റെ അതിർത്തിയിൽ ഉള്ള വലിയ കുളത്തിന്റെ കരയിൽ പതിതസമുദായങ്ങളിൽ ഉള്ള ഏതാനുംപേർ ചെന്നു കുളത്തിന്റെ ഒരു ഭാഗത്തു പാർപ്പുതുടങ്ങി. വളരെ കഷ്ടപ്പെട്ടതിൽ പിന്നീടു ഞങ്ങൾ ആ സ്ഥലങ്ങൾ അവരുടെ പേരിൽ പതിച്ചുകൊടുക്കാൻ സാധിച്ചു. അന്നു ഞാൻ അവിടെ ചെന്നിരുന്നപ്പോൾ ഏതാനും മിഷ്യനറിമാർ വന്നു ഈ സ്ഥലത്തു ഈ ജനങ്ങൾ പാർക്കുന്നതുകൊണ്ടു അവർക്കു അനേകം ഉപദ്രവങ്ങൾ ഉണ്ടാകുന്നു എന്നു പരാതിപറഞ്ഞു. ഞാൻ ആ മിഷനറിമാരോടൊന്നിച്ചു ഇവരുടെ അടുത്തെത്തി അവർക്കായി ആദ്യം കൊടുത്ത സ്ഥലം അവർ ഉപയോഗിച്ചതേയില്ലാ എന്നും അപ്പോൾ അവർ ഉപയോഗിച്ചുവന്നിരുന്ന സ്ഥലം പതിച്ചുകൊടുത്ത ഭൂമിക്കു പുറമേയുള്ള പുതിയ സ്ഥലമാണെന്നു ഞാൻ കണ്ടു. ഇതാണു അവർ പതിവായി ചെയ്തുവരുന്നതു.

മി. ഡി. ഡി. ജോസഫ് (അഗസ്തീശ്വരം): ഈ അന്യാധീനപ്പെടുത്തലിനു കാരണം എന്തു?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): സാധാരണമായി ദാരിദ്ര്യം തന്നെ. ചില കാര്യങ്ങളിൽ വലിയാളുകൾ തങ്ങൾക്കു കൂടുതൽ സ്ഥലം കിട്ടുന്നതിനുവേണ്ടി ഈ സാധുക്കളെ അവരുടെ ഒരായുധമായി ഉപയോഗിക്കുന്നതായും ഉണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): പതിതസമുദായക്കാർ അന്യാധീനപ്പെടുത്തിയതായ വല്ല ഭൂമിയും അവരിൽനിന്നു മടക്കിവാങ്ങിച്ചതായി വല്ല സംഗതിയും ഉണ്ടായിട്ടുണ്ടോ എന്നു പറഞ്ഞുതരാമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ഉണ്ട്. വടക്കൻ തിരുവിതാംകോർട്ടിൽ ഏതാനും കേസുകൾ ഉണ്ടായിട്ടുള്ളതായി തോന്നുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ചെങ്ങന്നൂരിൽ അല്ലയോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ആ തർക്കം ഇപ്പോഴും എഴുത്തുകുത്തിൽ ഇരിക്കയാണ്. അവർക്കുവേണ്ടി ചിലതെല്ലാം ചെയ്യാൻ ഞങ്ങൾ ശ്രമിച്ചതായ അനേകം മററു കേസുകൾ പറയാൻ എനിക്കു കഴിയും. അങ്ങനെയുള്ള കേസുകളിൽ അനേകം എനിക്കു തന്നെയും അറിയാം. പീരുമേട്ടിൽ ഒരു വലിയ പ്രദേശം അവർക്കായി ഞങ്ങൾ തിരിച്ചുവച്ചു; അവർ [illegible] കയ്യേറി പാർക്കാൻ തുടങ്ങി. അവർ അവിടെനിന്നു മാറി ഞങ്ങൾക്കായി തിരിച്ചുവച്ചിട്ടുള്ള പ്രദേശങ്ങളിൽ ചെന്നു പാർക്കയില്ല. വസ്തുത പറയുന്നതായാൽ അവർക്കായി നീക്കിവച്ച പ്രദേശം പീരുമേട്ടിൽ ഉള്ള ഏററവും നല്ല പ്രദേശങ്ങളിൽ ഒന്നാണ്. അവർ ആരുംതന്നെ അവിടെ പോവുകയില്ല. അവർക്കുവേണ്ടി കഴിവു [illegible] ഞങ്ങൾ ഓരോ സമയവും ചെയ്യാറുണ്ട്. എന്നാൽ അതിൽനിന്നു വാസ്തവമായിട്ടുള്ള ഗുണം അവർ [illegible] ഞങ്ങൾ വളരെ അപൂർവമായേ കാണുന്നുള്ളു.

മി. [illegible] പ്രസ്താവിച്ച പ്രദേശത്തിന്റെ കാര്യത്തിൽ ആകട്ടെ ഞാൻ അടുത്ത തവണ തെക്കൻ തിരുവി[illegible] ചെല്ലുമ്പോൾ അദ്ദേഹം എന്നോടൊന്നിച്ചു വരാമെന്നു വരികിൽ [illegible] ചെയ്യാൻ ഞാൻ [illegible].

പതിതസമുദായക്കാർക്കുവേണ്ടി പൂർണ്ണസമയം വിനിയോഗിക്കുന്ന സംരക്ഷകനെ നിയമിക്കുന്നവിഷയം ഗവൺമെൻറു ആലോചിച്ചുവരുന്നു. അതു കഴിഞ്ഞസമാധയോഗത്തിൽ പ്രസിഡണ്ടുപറഞ്ഞു എന്നും തോന്നുന്നു. വനത്തിൽനിന്നു വിട്ടൊഴിയതായ പുത്തൻപ്രദേശങ്ങളിൽ എല്ലാം പതിതസമുദായക്കാർക്ക് വസ്തുക്കൾ ഒഴിച്ചുവയ്ക്കുന്നതിനു ഞങ്ങളും ശ്രമിക്കുന്നു. പുയങ്കുടിയിൽ ൧൦൦ ഏക്കർസ്ഥലം അവർക്കായി ഒഴിച്ചിടാൻ നിശ്ചയിച്ചിരിക്കുന്നു. കാരിക്കോട്ടിലും ൧൦൦ ഏക്കർസ്ഥലം അവർക്കായി ഒഴിച്ചുവെക്കാൻപോകുന്നു. റിസർവിൽനിന്നു വിട്ടൊഴിക്കപ്പെട്ടതായ വസ്തുക്കൾമുതലായവ കിട്ടുമ്പോഴെല്ലാം ഇതുപോലെ ചെയ്യാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ടു.

ഈ പതിതസമുദായക്കാർ വസ്തുക്കളെ അന്യാധീനപ്പെടുത്തുന്നതു തടയത്തക്കവണ്ണം ചട്ടങ്ങളെ മാററണമെന്നു ഞാനും വിചാരിക്കുന്നു. അങ്ങനെ ചെയ്യുന്നതിനാൽ അവർ തങ്ങൾക്കുതന്നെ ദോഷംചെയ്യുന്നു എന്നു അറിയാൻ അവർ ഇപ്പോൾ ശക്തരായിരിക്കുന്നില്ല. പതിതസമുദായക്കാരിൽ അനേകംപേർ ഇതിനെക്കുറിച്ച് എന്നോടു സംസാരിക്കയായിരുന്നു അവർ എല്ലാവിധനിർദ്ദേശങ്ങളുംചെയ്തു. അവർ അവരുടെവസ്തുക്കളെ അന്യാധീനപ്പെടുത്താതെയും തങ്ങൾക്കായ കൂടുതൽസമ്പാദിക്കാൻ ശ്രമിക്കുന്ന അന്യന്മാരുടെ ആയുധങ്ങളായി തീരാതെയും തടയുന്നതിനായി ചുരുക്കത്തിലെങ്കിലും ചെയ്യേണ്ടതാണെന്നു എനിക്കുതോന്നുന്നു.

ഈസ്ഥിതിക്കു മെംബർ തൻെറ ഉപക്ഷേപത്തെ പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. മാധവൻ (ഗവൺമെൻറു നിയമിച്ചമെംബർ): പാവപ്പെട്ട ഈയാളുകളുടെ കാര്യങ്ങൾ ഗവൺമെൻറു ശരിയായവിധത്തിൽ ശ്രദ്ധിക്കുമെന്നു പറയുന്നതുകൊണ്ടു ഞാൻ എൻെറ ഉപക്ഷേപം പിൻവലിക്കുന്നു.

ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.
൩ മുതൽ ൧൩ വരെ ഉപക്ഷേപങ്ങൾ,
താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ അവതരിക്കപ്പെട്ടില്ല

മി. എ. സി. കുരിയാക്കോസ്:
൩. ട്രാവലിംഗ് അലവൻസിനായി നീക്കിവച്ചിരിക്കുന്ന ൮,൦൦൦ രൂപയിൽ അഞ്ചു രൂപാ കുറയ്ക്കണം.

മി. കെ. പത്മനാഭപ്പണിക്കർ:
൪. ട്രാവലിംഗ് അലവൻസിനായി നീക്കിവച്ചിരിക്കുന്ന ൮,൦൦൦ രൂപയിൽ അഞ്ചു രൂപാ കുറയ്ക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:
൫. ട്രാവലിംഗ് അലവൻസിനായി നീക്കിവച്ചിരിക്കുന്ന ൮,൦൦൦ രൂപയിൽ അഞ്ചു രൂപാ കുറയ്ക്കണം.

മി. ആർ. കേശവപിള്ള:
൬. ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർക്കായി നീക്കിവച്ചിരിക്കുന്ന ൧ൻ ൭൩൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എ. താണുപിള്ള:
൧൦. ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർക്കായി നീക്കിവച്ചിരിക്കുന്ന ൧ൻ ൭൩൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എ. സി. കുരിയാക്കോസ്:
൧൧. ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർക്കായി നീക്കിവച്ചിരിക്കുന്ന ൧ൻ ൭൩൦ രൂപയിൽ ൭ രൂപ കുറയ്ക്കണം.

മി. മാത്യുമുരിക്കൻ:
൧൨. ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർക്കായി നീക്കിവച്ചിരിക്കുന്ന ൧ൻ ൭൩൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. കെ. മാധവൻപിള്ള:
൧൩. ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർക്കായി നീക്കിവച്ചിരിക്കുന്ന ൧ൻ ൭൩൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൮.

മി. ആർ. രാമൻപിള്ള (കോട്ടയം):
ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മിഷണർക്കായി നീക്കിവച്ചിരിക്കുന്ന ൧ൻ ൭൩൦ രൂപയിൽ ൧൦൦ രൂപകുറയ്ക്കണം.

ലാൻഡുറവന്യൂ ഇൻകംടാക്സ്കമ്മിഷണരുടെ എസ്റ്റാബ്ലിഷ്മെൻറുവകയ്ക്കു ചേർത്തിട്ടുള്ള ൧ൻ ൭൩൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്നാണു എൻെറ ഉപക്ഷേപം. ഈഉപക്ഷേപത്തിൻെറ ഉദ്ദേശം തിരുവിതാംകൂറിലുള്ള നാനാജാതിമതസ്ഥന്മാർക്കും അവരവരുടെ ജനസംഖ്യാനുസരിച്ചു അവകാശപ്പെട്ടേടത്തോളം ഉദ്യോഗങ്ങൾ ലാൻഡുറവന്യൂഡിപ്പാർട്ടുമെൻറിൽ എന്നല്ല സകല ഡിപ്പാർട്ടുമെൻറുകളിലും തന്നെ കിട്ടുന്നില്ലെന്നുള്ളസംഗതി ഗവൺമെൻറിനെ ഉൽബോധിപ്പിക്കണമെന്നുള്ളതാണു.

തിരുവിതാംകൂർരാജ്യത്തിലെ ജനങ്ങളെല്ലാം തിരുവിതാംകൂർകാരാണെന്നു തന്നെ വിചാരിക്കാതിരിക്കുവാൻ തരമില്ല. അവരെല്ലാം തിരുവിതാംകൂറിൽ ജനിച്ചുവളർന്നു ഇവിടെത്തന്നെ ജീവിച്ചുമരിക്കയും ചെയ്യേണ്ടതു അത്യാവശ്യമാണു. അങ്ങനെയല്ലാതെ വഴിയില്ലല്ലോ. ഉദ്യോഗങ്ങൾ കൈവശംവച്ചുകൊണ്ടിരിക്കുന്ന ആളുകൾ മററാർക്കും വിട്ടുകൊടുക്കാതെ വേതാളത്തെപ്പോലെ വച്ചുകൊണ്ടിരുന്നാലും അധികകാലം സമുദായസംഘടനകൂടാതെ മററുള്ളവർക്കു വിട്ടുകൊടുക്കാതിരിക്കാൻ സാധിക്കയില്ല.

മി. എസ്. പിരവിപ്പെരുമാൾപിള്ള (കല്ലുവടവും വ്യവസായവും തെക്ക) എത്രജാതികളുണ്ടെന്നു ഞാൻ ചോദിക്കട്ടെയോ.

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാൻ പറഞ്ഞുകഴിയുമ്പോൾ അതു മനസ്സിലാകും. ഇപ്പോൾ ഇങ്ങനെ മനസ്സിലാക്കുക. ഞാൻ കാസ്റ്റിനെപ്പററിയല്ല പറയുന്നതു സമുദായത്തെപ്പററിയാണു.

മി. പിരവിപ്പെരുമാൾപിള്ള (തെക്കൻകല്ലുവടം): ജാതിയെന്നുപറഞ്ഞാൽ സമുദായമല്ലയോ?

മി. ആർ. രാമൻപിള്ള (കോട്ടയം): സമുദായമെന്നു പറഞ്ഞതു ജാതിയാണെങ്കിൽ ഞാൻ ക്ഷമാപണം ചെയ്യുന്നു. ഞാൻ പറയുന്നതു സമുദായമെന്നാണു. ഇനി അങ്ങനെ മനസ്സിലാക്കുക.

പഴയകാലത്തു ഉൾനാട്ടുകളിൽ പോലും നാനാജാതിമതസ്ഥന്മാർ സന്തോഷമായിട്ടാണു ജീവിച്ചിരുന്നതു. എന്നാൽ ഇപ്പോൾ അങ്ങനെ ജീവിക്കുന്നതിനു ഒരുവിധത്തിലും നിവൃത്തിയില്ല. അതു ഉദ്യോഗമാകുന്ന അപ്പക്കഷണത്തിനുള്ള പിടിവലിയല്ലാതെ മററൊന്നുമല്ല. യോഗ്യതയുള്ള ആളുകൾ എല്ലാസമുദായത്തിലുമില്ലെങ്കിലും മിക്കസമുദായത്തിലുമുണ്ടെന്നാണു എന്റെ അഭിപ്രായം. മുമ്പുമുമ്പെ വിദ്യാഭ്യാസത്തിനു കടന്നുകൂടീട്ടുള്ള ആളുകൾ മുമ്പുമുമ്പെ ഉദ്യോഗങ്ങൾ കൈവശപ്പെടുത്തിയിരിക്കാം. അതിൽ ആരും സങ്കടപ്പെടുന്നില്ല. ഇനിമേലുള്ളതിനെപ്പററി മാത്രമേ പറയുന്നുള്ളു. എല്ലാസമുദായങ്ങളിലും യോഗ്യതയുള്ള ആളുകളുണ്ടെങ്കിൽ ആ സമുദായങ്ങളിലുള്ളവരുടെ എണ്ണമനുസരിച്ചുതന്നെ ഓരോസമുദായത്തിലുള്ള ആളുകൾക്കു കാര്യക്ഷമതയ്ക്കു തടസ്സംകൂടാതെ കൊടുക്കണമെന്നാണു എന്റെ അഭിപ്രായം. അതിൽ അല്പമായ വ്യത്യാസം ചെയ്യാൽകൊള്ളാം. മലയാളബ്രാഹ്മണർ എന്നും ക്ഷത്രിയർ എന്നും രണ്ടുസമുദായങ്ങളുണ്ടു. അവർ തിരുവിതാംകൂറിൽ ഒന്നുകൊണ്ടും അപ്രധാനമല്ലാത്ത ഒരു പരിസ്ഥാനത്തു നിൽക്കുന്നവരാണു. മലയാളബ്രാഹ്മണർ പാശ്ചാത്യവിദ്യാഭ്യാസത്തിൽ പിന്നോക്കമാണു. അവരിൽനിന്നും ഗവണ്മെൻറുസർവീസിൽ പ്രവേശിച്ചവർ കുറവാണു. ക്ഷത്രിയർ വിദ്യാഭ്യാസത്തിൽ പിന്നോക്കമില്ലെങ്കിലും സുഖമായകാലക്ഷേപത്തിനു ബുദ്ധിമുട്ടില്ലാതെ അടുത്തുണ്ടായിരുന്നതുകൊണ്ടു സർക്കാർസേവനത്തിനു പുറപ്പെടാതിരുന്നതാണു സമുദായത്തിലെ ജനസംഖ്യയനുസരിച്ചു ഉദ്യോഗങ്ങൾ കൊടുക്കുമ്പോൾ കാര്യക്ഷമതയെങ്ങനെയെന്നൊരു ചോദ്യമുണ്ടാകും. അതാതുസമുദായത്തിൽപെട്ട പരീക്ഷാവിജയികളെ തനിച്ചു മത്സരപരീക്ഷനടത്തി അവരിൽ മുമ്പന്മാരാണെന്നുകാണുന്നവരെ നിയമിക്കണമെന്നാണു എന്റെ മറുപടി. ഈ രണ്ടുസമുദായങ്ങൾക്കും മററുള്ളവർക്കു തുല്യമായി കൊടുക്കുകയാണെങ്കിൽ അമര്യാദസ്സാപത്തിനുകൂടി കാരണമാകും.

മി. റി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഈ ക്ഷത്രിയന്മാർ എന്നുപറയുന്നതു നാടന്മാരെ ഉദ്ദേശിച്ചാണോ?

മി. ആർ. രാമൻപിള്ള (കോട്ടയം): നാടാന്മാരെ ക്ഷത്രിയന്മാരായി ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ പടക്കനാണു. എന്റെ ഭാഷയും വടക്കനാണെന്നു വിചാരിക്ക. നാടാർ, ചാന്നാർ, ഈഴവർ എന്നൊക്കെ തിരുവിതാംകൂറിൽ ഓരോജാതിക്കാരുണ്ടു. അവരും തിരുവിതാംകൂറിലെ മനുഷ്യർ തന്നെയാണു. അവരിൽ ഓരോ സമുദായത്തിൽനിന്നും കാര്യശേഷിനോക്കി ഉദ്യോഗം കൊടുക്കണമെന്നാണു പറയുന്നതു. വെറും തെമ്മാടിയായി ഉന്നതസ്ഥാനത്തു നിൽക്കുന്ന മലയാളബ്രാഹ്മണരേയും ക്ഷത്രിയരേയും അല്പം ഭേദമായി വിചാരിച്ചു മലയാളബ്രാഹ്മണർ അഞ്ചുണ്ടെങ്കിൽ പത്തായും ക്ഷത്രിയർ അഞ്ചുണ്ടെങ്കിൽ പതിനഞ്ചായും വിചാരിച്ചും കൊടുക്കുന്നതായാൽ അതുവളരെ ഉചിതമായിരിക്കും. അവരെഒഴിച്ചു ശേഷമുള്ള ആളുകളെ മുഴുവൻസമുദായത്തിന്റെ ജനസംഖ്യയനുസരിച്ചു വെന്ന്യൂഡിപ്പാർട്ടുമെൻറിൽ ഉദ്യോഗം കൊടുക്കണം. മലയാളബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും എണ്ണം യഥാക്രമം ഒന്നിനു രണ്ടെന്നും മൂന്നെന്നും കണക്കാക്കി നിയമിക്കുന്നതായാൽ നന്നായിരിക്കും. ഈ ഉപക്ഷേപത്തെ സഭയുടെ പര്യാലോചനക്കായി സമർപ്പിച്ചുകൊള്ളുന്നു.

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): സർ, ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു. ഉദ്യോഗനിയമനവിഷയത്തിൽ സമുദായപ്രാതിനിധ്യമോ, അതല്ല കാര്യക്ഷമതയോ ഏതാണു് ഗവർമെണ്ടു അംഗീകരിച്ചിരിക്കുന്നതു. എന്നുള്ളതിനെപ്പററി കുറെ നാളായി വലിയവാദപ്രതിവാദം നടന്നുവരുന്നു. ഇതു് ഇവിടെമാത്രമല്ല സമീപരാജ്യങ്ങളിലും നാൾക്കുനാൾ വളരെ പ്രബലപ്പെട്ടുവരുന്നതു വിചാരിച്ചാൽ ഒരുവിധത്തിൽ സന്തോഷത്തിനുവകയുണ്ടു. എന്തെന്നാൽ ഗവർമെണ്ടു വിദ്യാഭ്യാസവിഷയത്തിൽ അനേകതോതും ഒരു ധന്യമായതുക ചിലവുചെയ്തുവരുന്നു. ഇതിന്റെ ഫലമായിട്ടു എല്ലാവർഗ്ഗത്തിലുമുള്ള ആളുകൾ ഉദ്യോഗം വഹിക്കുന്നതിനു വേണ്ട യോഗ്യതയും ശക്തിയുമുള്ളവരായിതീർന്നിട്ടുണ്ടു, എന്നുള്ളതിനെ ഈ വാദംതന്നെയാണു ദൃഷ്ടാന്തം എന്നാണു എന്റെ വിശ്വാസം. ഇതിൽ ഗവർമെണ്ടു അംഗീകരിക്കുന്ന നിലഎന്താകുന്നു നോക്കിയാൽ സ്ഥിരമായതു നയവും ഇതുവരെ പ്രഖ്യാപനം ചെയ്തിട്ടില്ലെന്നുകാണാം. എന്നാൽ ഗവർമെണ്ടു ഇതിനുമുമ്പെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രഖ്യാപനങ്ങളെ നോക്കിയാൽ കാര്യക്ഷമതയെയാണു അംഗീകരിച്ചിരിക്കുന്നതു എന്നുള്ളതും കാണാവുന്നതാണു. എന്നാൽ പരസ്യമായി പറഞ്ഞിട്ടുള്ളതു കാര്യക്ഷമതയാണെങ്കിലും പ്രവൃത്തിയിൽ സമുദായപ്രാതിനിധ്യം ധാരാളമായി സ്വീകരിക്കുന്നുണ്ടെന്നുള്ളതിനു ചില ഉദാഹരണങ്ങൾ ഞാൻ പറയാം. മുൻസിഫ്മാരെ റെക്രൂട്ടുചെയ്യുന്നതിൽ ബ്രാഹ്മണർ, നായന്മാർ, മററുള്ളസമുദായങ്ങളും കൂടി ഒന്നു ഇങ്ങിനെ മാറിമാറി ഓരോരുത്തർക്കും കൊടുത്തുകൊണ്ടിരിക്കുന്നു. അതുപോലെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലും ഓരോ സമുദായത്തിലും ഉള്ളവരുടെ അപേക്ഷകളും അധികമായിവന്നപ്പോൾ ആരെയാണു് നിയമിക്കേണ്ടതു എന്നു തീർമാനിക്കുന്നതിനു ഡിപ്പാർട്ടുമെണ്ടു നടപടികളിൽ പരിജ്ഞാനമുള്ളവരെ തിരഞ്ഞെടുക്കണമെന്നു നിശ്ചയിച്ചു് അതിലേക്കു ഡിപ്പാർട്ടുമെണ്ടിൽനിന്നും ഒരു പ്രവേശനപരീക്ഷ ഏർപ്പെടുത്തി അതിൽ വിജയംപ്രാപിക്കുന്ന യുവാക്കന്മാരെ ഉദ്യോഗത്തിൽ നിയമിച്ചുവന്നു. എന്നാൽ ചില പ്രത്യേകസമുദായങ്ങളിലുള്ളവരാണു ഈ പരീക്ഷയിൽ അധികം പാസ്സാകുന്നതെന്നുകണ്ടപ്പോൾ സമീപകാലത്തു ഈ പരീക്ഷ നിർത്തി ആക്ടിംഗായിട്ടു നോക്കിവന്നിരുന്നവരെപ്പോലും പിരിച്ചയച്ചു. വി. എസ്സ്. എൽ. സി, ഇ. എസ്സ്. എൽ. സി. പരീക്ഷകൾമാത്രം പാസ്സായവരെ ധാരാളം നിയമിച്ചുവരുന്നു. ഇതിൽനിന്നും യോഗ്യതയെ വല്ല സമുദായപ്രാതിനിധ്യത്തെക്കൂട്ടിനോക്കിയാണു ഉദ്യോഗനിയമനം നടത്തിവരുന്നതെന്നുകാണാം. അടുത്തകാലത്തുനടന്ന പോലീസ് ഇൻസ്പെക്ടന്മാരെ റിക്രൂട്ടുചെയ്തതുനോക്കിയാലും ഇതിന്റെ പരമാർത്ഥം വെളിപ്പെടുന്നതാണു. ഈ ഡിപ്പാർട്ടുമെണ്ടിലേക്കു ൻ പേരെ പോലീസ് ഇൻസ്പെക്ടന്മാരായി തിരഞ്ഞെടുത്തുവല്ലൊ? ഈ കൂട്ടത്തിൽ വിദ്യാഭ്യാസം

കൊണ്ടും മററു യോഗ്യതകളെക്കൊണ്ടും പ്രാധാന്യം വഹിക്കുന്ന ഒരു സമുദായത്തിൽനിന്നും ഒരാളെപ്പോലും ഈ ഉദ്യോഗത്തിൽ എടുക്കുന്നതിനു ഗവർമ്മെണ്ടിനു കഴിഞ്ഞില്ല. ആ സമുദായം ഏതാണെന്നു വിളിച്ചുപറയണമെന്നു വിചാരിക്കുന്നില്ല. സമുദായപ്രാതിനിധ്യവാദവും, ഉദ്യോഗാവകാശവാദവും മററും നിയമസഭയിൽ കൊണ്ടുവരുന്നതു അനുചിതമാണെന്നാണു എന്റെ വിശ്വാസം. ഇപ്പോൾ ഇത്രയും ചൂണ്ടിക്കാണിച്ചതു സമുദായപ്രാതിനിധ്യം ഗവർമ്മെണ്ടു നോക്കുന്നുണ്ടെന്നു കാണിക്കുവാൻമാത്രമാണ്. ഇതിനെപ്പററി ഒരു സ്ഥിരമായനിശ്ചയം സ്വീകരിക്കുന്നതിനു ഗവർമ്മെണ്ടിനെന്താണു പ്രയാസം. സമീപകാലത്തു മദ്രാസ് ഗവർമ്മെണ്ടിൽനിന്നും ഒരു ഗവണ്മെൻറുത്തരവ് പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഓരോസമുദായത്തിലെ മുറ അനുസരിച്ചു ഓരോരുത്തർക്കും ഉദ്യോഗം കൊടുക്കണമെന്നുള്ളതാണു അതിന്റെ സാരം. ഗവണ്മെണ്ടിനുതന്നെ ഈ ഉദ്യോഗാവകാശം ഒരു ഉപദ്രവമായി തീർന്നിട്ടുണ്ട്. ഏതെങ്കിലും ഒരു സ്ഥിരമായനയം പ്രഖ്യാപനംചെയ്താൽ ഗവർമ്മെണ്ടിനു കൈസൗകര്യമുണ്ടായിരിക്കും. മേൽപറഞ്ഞ ഗവണ്മെൻറുത്തരവിനെ ആസ്പദമാക്കിയോ മററേതെങ്കിലുംവിധത്തിലോ ഈ ഉദ്യോഗനിയമന വിഷയത്തിൽ സ്ഥിരമായ ഒരുനില ഗവർമ്മെണ്ടു ഉടനെ സ്വീകരിക്കണം. എന്റെ സ്നേഹിതൻ പറഞ്ഞതു പോലെ സമുദായത്തിലെ ജനസംഖ്യനോക്കി തൽക്കാലം തിരഞ്ഞെടുപ്പുനടക്കുന്നതു നന്നായിരിക്കുമെന്നാണു എന്റെ അഭിപ്രായം. മേൽപറഞ്ഞവിധം ഒരു ഗവർമ്മെൻറുത്തരവു പ്രസിദ്ധംചെയ്തു ഓരോസമുദായത്തിൽനിന്നും നിയമനംനടത്തുകയും യോഗ്യന്മാർ ഇല്ലാതിരുന്ന സമുദായത്തിൽ പിന്നീടു യോഗ്യന്മാർ ഉണ്ടാകുമ്പോൾ അടുത്തമുറ അവർക്കുകൊടുക്കുകയും രണ്ടുകൊല്ലം ഇവരെ സ്ഥിരപ്പെടുത്താതെവെച്ചുകൊണ്ടു അതിനകം യോഗ്യതായോഗ്യതകൾ അറിയുകയും പിന്നീടു സ്ഥിരപ്പെടുത്തുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നു എനിക്കുതോന്നുന്നു. അതിനാൽ ഈ ഗവണ്മെൻറുത്തരവിന്റെ തത്വത്തെ സ്വീകരിച്ചോ മററേതെങ്കിലും ഉദ്യോഗനിയമനത്തിൽ സ്ഥിരമായ ഒരുനയം ഗവർമ്മെണ്ടു സ്വീകരിക്കേണ്ടതു അത്യാവശ്യമായിരിക്കുന്നു.

മി. പി. എസ്സ്. മഹമ്മദ് ഗവണ്മെണ്ടുനിയമിച്ചമെമ്പർ മി. രാമൻപിള്ള ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചതിലുള്ള അദ്ദേഹത്തിന്റെ വിശാലമനസ്ഥിതിക്കു അദ്ദേഹത്തേയും അദ്ദേഹത്തിന്റെ സമുദായത്തെയും ഞാൻ അനുമോദിക്കയും അഭിനന്ദിക്കയും ചെയ്യുന്നു. മിസ്റ്റർ പാച്ചുപിള്ളയുടെ പ്രസംഗത്തിൽ ഗവർമ്മെണ്ടു മുൻപു ഒരുകാലത്തു യോഗ്യന്മാരെ നോക്കിയാണു നിയമനം നടത്തിവന്നിരുന്നതെന്നും ഇപ്പോൾ അതിനു ഭേദഗതിവരുത്തിയിട്ടു സമുദായപ്രാതിനിധ്യതത്വത്തെ സ്വീകരിച്ചു നിയമനം നടത്തിവരുന്നു എന്നും സൂചിപ്പിച്ചു. എന്നാൽ യോഗ്യതകൂടാതെ സമുദായപ്രാതിനിധ്യതത്വത്തെമാത്രം സ്വീകരിച്ച് നിയമനം നടത്തണമെന്നു പറയുന്നതാണെങ്കിൽ ആ തത്വത്തെ ബലമായി പിൻതാങ്ങുന്നതിനു ഞാൻ സംശയിക്കുന്നു. അങ്ങിനെ അവർ ആവശ്യപ്പെടുന്നുമില്ല. എല്ലാസമുദായക്കാർക്കും ഉദ്യോഗം ലഭിക്കണം. ജനസംഖ്യയുടെ തോതനുസരിച്ചു ഉദ്യോഗം ലഭിക്കണം. ശേഷിയുള്ളവർക്കു അതായതു പരീക്ഷായോഗ്യത ഒരുദ്യോഗത്തിൽ എത്രത്തോളമാണോ വേണ്ടിയിരിക്കുന്നതു അത്രത്തോളം ഉണ്ടെങ്കിൽമാത്രം അവർക്കു കൊടുത്താൽമതി എന്നല്ലാതെ യോഗ്യതയില്ലാത്ത ഒരാളിനു കൊടുക്കണമെന്നെനിയ്ക്കഭിപ്രായമില്ല. അങ്ങിനെ ഗവർമ്മെണ്ടിനോടു ആവശ്യപ്പെടുകയുമില്ല. ഞങ്ങൾക്കു പൊതുവെ ഓരോസമുദായത്തിനു കിട്ടേണ്ട അവകാശം നൽകുന്നതിനു ഗവർമ്മെണ്ടു പ്രത്യേകം ശ്രദ്ധിക്കണം. യോഗ്യതയുള്ള എല്ലാവർക്കും ആ അവകാശം ലഭിക്കണം. എത്രത്തോളം ജനസംഖ്യയുണ്ടോ അതനുസരിച്ചുമാത്രം ഞങ്ങൾക്കു ലഭിച്ചാൽ മതിയെന്നാണു എന്റെ അഭിപ്രായം.

ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെൻറിൽ തന്നെ നോക്കിയാൽ വലിയഉദ്യോഗസ്ഥന്മാരായിട്ടും അവരുടെകീഴിൽ ക്ലാർക്കന്മാരായിട്ടും ചില്ലറ ഉദ്യോഗസ്ഥന്മാരായിട്ടും അനേകംപേർഉണ്ടു. ഇവർക്കു ൧൧,൨൧,൩൯ൻ രൂപാ ഈ ആണ്ടത്തെ ബഡ്ജററിൽ കാണുന്നുണ്ടു. ഇതിൽ ൧,൭൦,൩൫൯ രൂപാ ഒരുവിധം വലിയ ഉദ്യോഗസ്ഥന്മാരായ കമ്മീഷണർ, അസിസ്റ്റൻറ്, എന്നിവരുടെ ശമ്പളത്തിനാണ്. ൭,൭൮,൩൯൧ രൂപാ മററു ചില്ലറ ശമ്പളക്കാർക്കു ചിലവുചെയ്യുന്നു. ഇങ്ങിനെയുള്ള ചില്ലറഉദ്യോഗങ്ങളിൽ ഉദ്യോഗങ്ങൾ ലഭിക്കത്തക്കവണ്ണമുള്ള യോഗ്യന്മാർ തിരുവിതാംകൂറിലുള്ള പലസമുദായങ്ങളിലുമുണ്ടെന്നാണ് എന്റെ വിശ്വാസം. ആ സ്ഥിതിക്കു അവർക്കെല്ലാപേർക്കും ആ സംഖ്യ ലഭിക്കാതിരുന്നുഎങ്കിൽ ഇത്രയും ഭീമമായസംഖ്യ ആണ്ടുതോറും ചിലവുചെയ്തുകൊണ്ടിരിക്കുന്നതു—യഥാർത്ഥത്തിൽ കിട്ടേണ്ടസംഖ്യ കിട്ടാതിരിക്കുന്നതു വളരെ സങ്കടകരമാണ്. ഇങ്ങിനെയുള്ള സമയങ്ങളിൽ കാര്യക്ഷമതഎന്ന പദത്തെമാത്രം മുൻനിറുത്തി അതിനെ തടുക്കുന്നതു നല്ലതല്ല. ഇതിൽ മത്സരപ്പരീക്ഷവച്ചു അതിൽ ജയിക്കുന്നവർക്കുമാത്രം ഉദ്യോഗംകൊടുക്കണമെന്നു വ്യാഖ്യാനിക്കുമ്പോൾ അവർ പാസ്സായ മററുപരീക്ഷകൾക്കു വിലയില്ലെന്നുവന്നില്ലേ. ആളിന്റെ എണ്ണമനുസരിച്ചു യോഗ്യതകളിൽ പരീക്ഷായോഗ്യതക്കു ഇന്നതു എന്നു പറഞ്ഞു. അതു എത്രത്തോളം സാധിക്കുമെന്നുകണ്ടുതന്നെ അറിയണം. പരീക്ഷായോഗ്യതക്കു ഇന്നതു എന്നു പറഞ്ഞു. മററുള്ളവർക്കു കാര്യക്ഷമത ഉണ്ടാക്കിയ പരീക്ഷായോഗ്യതസംബന്ധിക്കാനുണ്ടായകാരണം മനസ്സിലാകുന്നില്ല. യോഗ്യതയെ അനുസരിച്ചുതന്നെ സമുദായപ്രാതിനിധ്യം ആവശ്യപ്പെടുന്നവരേയും അളക്കണമെന്നു മാത്രമാണു ഞാൻ പറയുന്നതു.

മി. മുറിവേലിപാച്ചുപിള്ള (ചേർത്തല): മററുപരീക്ഷകളിൽ ചേരുന്നവരുടെ ഉത്തരക്കടലാസ് നോക്കുന്നതാണ്.

മി. പി. എസ്. മഹമ്മദ് (ഗവണ്മെണ്ടുനിയമിച്ചമെമ്പർ): അവർ ഉദ്യോഗങ്ങളുടെ സ്വഭാവം നോക്കി പ്രത്യേകം നിയമിച്ചിട്ടുള്ളവരല്ല. അതുകൊണ്ടു എത്ര പരീക്ഷപാസ്സായാലും ഉദ്യോഗം ലഭിക്കുന്നതിനു വേറെ പരീക്ഷകൂടി പാസ്സാകണമെന്നു പറയുന്നതു തെററാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): ഐ. സി. എസ്സ്. പരീക്ഷ പാസ്സായവരുടെ ഫലം ഇതു തന്നെയാണോ.

മി. പി. എസ്സ്. മഹമ്മദ് (ഗവർമ്മെണ്ടുനിയമിച്ച മെമ്പർ): എനിക്കറിഞ്ഞുകൂടാ, അതു അവിടെ പോയിനോക്കിയാൽ അറിയാം.

മി. ആർ. രാമൻപിള്ള (കോട്ടയം): മത്സരപ്പരീക്ഷ എവിടെയെങ്കിലും നടക്കുന്നുണ്ടോ?

മി. പി. എസ്സ്. മഹമ്മദ് (ഗവണ്മെണ്ടുനിയമിച്ചമെമ്പർ): മത്സരപ്പരീക്ഷ വല്ലസ്ഥലത്തും നടക്കുന്നുണ്ടെങ്കിൽ അവിടം ജാതിപിശാച്ചുകടന്നിട്ടില്ലാത്തവയായിരിക്കും.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും—പീരുമേടും): മത്സരപ്പരീക്ഷ തിരുവിതാംകൂറിനു വെളിയിൽനിന്നും ആളുകളെ വരുത്തി നടത്താൻ സാധിക്കുന്നതാണോ?

മി. പി. എസ്സ്. മഹമ്മദ് (ഗവർണ്മെണ്ടു നിയമിച്ച മെംബർ): മത്സരപ്പരീക്ഷയെപ്പറ്റി ഇവിടെ വാദം വരുമ്പോൾ എന്റെ അഭിപ്രായം പറയാം. മത്സരപ്പരീക്ഷയെപ്പറ്റി എന്റെ സ്നേഹിതൻ പറഞ്ഞ അഭിപ്രായത്തിനെതിരഭിപ്രായം ഞാൻ പറഞ്ഞു എന്നേയുള്ളു. ഇത്രയും പറഞ്ഞുകൊണ്ടു ഇവിടെ എന്റെ സ്നേഹിതൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഹൃദയപൂർവം പിൻതാങ്ങുന്നു.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സഭാസമക്ഷം ഉള്ള ഉപക്ഷേപത്തെ അനുകൂലിക്കാനായി ഞാൻ എഴുന്നേൽക്കുന്നു. ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതുകൊണ്ടു ഞാൻ നിർദ്ദേശിക്കാൻ ആഗ്രഹിക്കുന്ന തത്വം ഇതാകുന്നു. ഉദ്യോഗങ്ങൾക്കു പുതുതായി ആൾ നിയമിക്കുന്നതു കാര്യക്ഷമതയ്ക്കു വിഘാതം ഇല്ലാതെ, ഈ രാജ്യത്തിലെ വിവിധസമുദായങ്ങളുടെ ജനസംഖ്യയ്ക്കു അനുരൂപമായിരിക്കണം. എന്നാൽ ഈ ഏർപ്പാടുകൊണ്ടു എണ്ണത്തിൽ തീരെ കുറവായുള്ളവരായ സമുദായങ്ങൾക്കു കഷ്ടം നേരിടാതിരിക്കത്തക്കവണ്ണം അവക്കു പ്രത്യേകാനുകൂല്യവും നൽകണം. സർ, ഇതു തിരുവിതാംകോട്ടിൽ ഉള്ള നമ്മെ മാത്രം അല്ല ഇൻഡ്യ ഒട്ടുക്കുള്ള എല്ലാവരേയും ക്ഷോഭിപ്പിക്കുന്ന ഒരു വിഷയം ആണ്. ബ്രിട്ടനിലുള്ള ബുദ്ധിമാന്മാരെപ്പോലും സംക്ഷോഭിപ്പിക്കുന്നതാണ്. സ്വല്പസംഖ്യക്കാരായ നാം ഉൾപ്പെടെ അവരെല്ലാവരും ഈ വിഷയത്തിന് നിവൃത്തി കണ്ടുപിടിപ്പാൻ ശ്രമിച്ചുവരുന്നു. സർക്കാരുദ്യോഗങ്ങൾക്കായുള്ള സാമുദായികവിഷമം കൊണ്ടു നമ്മുടെ രാഷ്ട്രീയദേഹം ക്ഷതമായിരിക്കുന്നകാലത്തോളം നമുക്കു പുരോഗതി ഉണ്ടാക്കാൻ കഴിയുകയില്ല എന്നു നാം കാണുന്നു. ഈ വിഷയം സഭയുടെ ശ്രദ്ധയെ ആകർഷിച്ചുവരുന്നു എന്നു ഞാൻ പറഞ്ഞുവല്ലോ. സമുദായാനുരൂപമായി ഉദ്യോഗങ്ങളിൽ പ്രാതിനിധ്യം ഉണ്ടായിരിക്കണം എന്നുള്ള വിഷയം ഏതാനും കൊല്ലങ്ങൾക്കു മുമ്പെ തന്നെ മദ്രാസ് ഗവർമ്മെന്റു അംഗീകരിച്ചിട്ടുണ്ട്. അപ്രകാരമുള്ള അംഗീകരണം മദ്രാസിൽ രാജ്യഭരണത്തെ വല്ലവിധേനയും ദോഷകരമായി ബാധിച്ചിട്ടില്ലാ എന്നു നാം കാണുന്നു. കാലക്രമേണ മദ്രാസിലെ രാജ്യതന്ത്രകുശലന്മാരും വിവിധ സമുദായങ്ങളും തമ്മിൽ കൂടുതൽ യോജിപ്പുണ്ടാകാൻ ഇടയായിട്ടുണ്ട്. രാജ്യതന്ത്രജ്ഞ സകലം പരാമർശിക്കുന്നതായ വിഷയങ്ങളെ സംബന്ധിച്ചിടത്തോളം സർവസമ്മതമായ ഒരു വ്യവസ്ഥ ഉണ്ടാക്കേണ്ടതു രാജ്യക്ഷേമത്തെ ആകാംക്ഷിക്കുന്ന സകലരുടേയും ഉദ്ദേശ്യം ആയിരിക്കണം. ഈ വളരെ സാരമായ കാര്യത്തിൽ വല്ല യോജിപ്പായ വ്യവസ്ഥയും ഉണ്ടാകാതെ ഈ പ്രശ്നങ്ങളെ പരിശോധിക്കാൻ ഈ രാജ്യത്തിൽ നാം ശക്തരല്ല. ഈ പെരുമാറ്റം ആവശ്യപ്പെടുന്ന സമുദായങ്ങൾ ഇതിലേക്കായി ചോദിക്കുന്നതുകൊണ്ട് അവരെ നാം കുറ്റപ്പെടുത്തീട്ടാവശ്യം ഇല്ല. ഇതേവരെ ഉയർന്നനിലയിൽ ഇരുന്നിരുന്നവരും ഇപ്പോൾ ഉയർന്നനിലയിൽ വന്നിരിക്കുന്ന ജനങ്ങളുടെ ഹിതങ്ങളെ ഉപേക്ഷപ്പെടുത്തത്തക്കവണ്ണം വേണ്ടിടത്തോളം വിശ്വാസം അന്യരിൽ ജനിപ്പിക്കാൻ ശക്തിയുള്ളവരും ആയ സമുദായങ്ങളിൽ ആകുന്നു ഈ കുറ്റം പ്രധാനമായി സ്ഥിതിചെയ്യുന്നതു. ഈ രാജ്യക്ഷേമതൽപരരായ എല്ലായാളുകളുടേയും കൃത്യം ഈ തത്വത്തെ അനുകൂലിക്കുകയാകുന്നു.

ഞാൻ ആദ്യമായിത്തന്നെ ഒരു വ്യത്യാസം കൂടി പറഞ്ഞു. ൫൦൦൦ ജനങ്ങൾ അതല്ലെങ്കിൽ മൊത്തം ജനസംഖ്യയിൽ ആയിരത്തിന് ൧൨ വീതം മാത്രം ജനങ്ങൾ മലയാളബ്രാഹ്മണർപ്പോലെയുള്ള ഏതാനും സമുദായങ്ങൾക്കു അനുകൂലമായി ഒരു വ്യത്യാസം ചെയ്യുന്നതു ജനസാമാന്യത്തിന് പൊതുവെ ദോഷകരമായി ബാധിക്കുന്നതല്ല എന്നു ഏതത്സംബന്ധമായി ഞാൻ പറഞ്ഞുകൊള്ളുന്നു.

ഇതുപോലെതന്നെ ക്ഷത്രിയസമുദായം ഉണ്ട്. സർ, ഞങ്ങൾ പെരുമാറ്റനിയമം വിധിക്കുന്നില്ല. ഈ വിധിയെ നടപ്പിൽ വരുത്തുന്നതിനുള്ള വിവരമായ കാര്യപരിപാടി ഞങ്ങൾ സമർപ്പിക്കുന്നില്ല. അതു ഗവർമ്മെന്റു തീർച്ചയാക്കാവുന്നതാണ്. അല്ലെങ്കിൽ ഞങ്ങളോടു ഇക്കാര്യത്തിൽ ആലോചിച്ചാൽ ഒരു ശരിയായ വ്യവസ്ഥ കണ്ടുപിടിക്കുന്നതിൽ ഞങ്ങൾ ഗവർമ്മെന്റിനെ സഹായിക്കാം. ഈ തത്വത്തെ ഗവർമ്മെന്റു അംഗീകരിക്കുന്നതായാൽ അല്ലാതെ ഗവർമ്മെന്റിനും ജനപ്രതിനിധികൾക്കും ഇരുകൂട്ടക്കാർക്കും ഉണ്ടാകുന്ന ശല്യങ്ങൾ അവസാനിക്കയില്ലെന്നു എനിക്കു തോന്നുന്നു.

സർ, ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ സഭാസമക്ഷം ഉള്ള ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, ഞാൻ ഈ ഉപക്ഷേപത്തിൽ അടിസ്ഥാനമായ തത്വത്തെ അനുകൂലിക്കുന്നു. സർക്കാരുദ്യോഗങ്ങളിൽ പ്രാതിനിധ്യം ഓരോ സമുദായത്തിലേയും ജനസംഖ്യയ്ക്കു അനുരൂപമായി വിഭജിച്ചുകൊടുക്കണം എന്നു വാദിക്കുന്നതു തത്വത്തിൽ ന്യായമായും തെറ്റായിട്ടുള്ളതു തന്നെ. ഈ പ്രമേയം,

പ്രസിഡണ്ട്. ഈ പ്രമേയം അല്ല ഉപക്ഷേപം ആണ്.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഉപക്ഷേപകന്റെ ഉദ്ദേശം സർക്കാരുദ്യോഗങ്ങൾ കാര്യക്ഷമതയ്ക്കു വിഘാതം വരുത്താതെ ഓരോ സമുദായത്തിലേയും ജനസംഖ്യയ്ക്കു അനുരൂപമായി നൽകണം എന്നുള്ളതാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാൻ സംസാരിച്ചതു മെമ്പർ കേട്ടിരിക്കുമല്ലോ.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) എന്നാൽ അതു വെളിവാക്കി വിവരിച്ചിട്ടില്ല. ഇതു ദീർഘകാലമായി അൽഭുതമയ സങ്കടം ആകുന്നു. സർക്കാരുദ്യോഗബന്ധത്തിൽ ഈ രാജ്യത്തിലെ ഓരോ സമുദായത്തിനും ശരിയായ പ്രാതിനിധ്യം ഇല്ല എന്ന് കഴിഞ്ഞ ബഡ്ജററു സെഷനിൽപ്പോലും ഇക്കുറവുകളെ ഉള്ള ഉപക്ഷേപങ്ങളാൽ ഈ സഭയിൽ നിർദ്ദേശിക്കപ്പെട്ടിട്ടു ഉണ്ട്. ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഉള്ള പാർവത്യകാർമാരുടെ കൂട്ടത്തിൽ മൂന്നോ നാലോ ക്രിസ്ത്യാനികളേ ഉള്ളു എന്ന് ഞാൻ അറിയുന്നു. അവരുടെ ഇടയിൽ കത്തോലിക്കാക്രിസ്ത്യൻ ഒരുത്തനേയുള്ളു എന്നും ഞാൻ ഓർക്കുന്നു. ഇതാവശ്യം ചുരുക്കംതന്നെ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക) വല്ല മഹമ്മദീയനും ഉണ്ടോ

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) ഇല്ല; വല്ലവരും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ക്ഷത്രിയരേയും മലയാളബ്രാഹ്മണരേയും ഈ ചട്ടത്തിലെ പ്രവൃത്തനത്തിൽനിന്നു ഏതുകാരണത്താൽ ഒഴിവാക്കിയിരിക്കണം.

എന്ന എനിക്ക് അറിഞ്ഞുകൂട. നിശ്ചയമായും പ്രത്യേകമായി കരുതപ്പെടുന്ന വർഗ്ഗമോ സമുദായമോ ഇവിടെ ഉണ്ടായിരുന്നുകൂടാ. ഈ ചട്ടം പ്രചാരത്തിൽ വരണമെങ്കിൽ അതിനെ എല്ലാ സമുദായക്കാർക്കും ഒന്നുപോലെ സംബന്ധിപ്പിക്കണം. ഇതു ഈ രാജ്യത്തിലെ സകലസമുദായങ്ങൾക്കും ഗുണകരമായിരിക്കും.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മലയാളബ്രാഹ്മണർ തിരുവിതാംകോട്ടിലെ മൊത്തം ജനസംഖ്യയിൽ ൭൦൦൦-ന ൭൫ വീതമെയുള്ളു എന്ന മെമ്പർക്ക അറിയാമൊ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഞാൻ ഒരു സമുദായത്തിലെ ജനസംഖ്യയെ വകവയ്ക്കുന്നില്ല.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതുപോലെ വേറെവർഗ്ഗക്കാരും ഇല്ലേ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): നാം ഒരു പൊതുവായ ചട്ടം ഉണ്ടാക്കുന്നതായാൽ അതു എല്ലാ സമുദായക്കാർക്കും ഒന്നുപോലെ യോജിക്കുന്നതായിരിക്കണം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): ഭൃത്യന്മാരെ വിട്ടുകളഞ്ഞിട്ടില്ലയോ എന്ന പറഞ്ഞുതരുമൊ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഈ രാജ്യത്തിലെ എല്ലാ സമുദായങ്ങളേയും ഉൾപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു സക്കാരുദ്യോഗത്തിൽ ചേർക്കുന്നതിനെ സംബന്ധിച്ചു പൊതുവായ ഒരു ചട്ടം നാം ഉണ്ടാക്കുന്നതായാൽ അതു എല്ലാ സമുദായക്കാർക്കും ഒന്നുപോലെ യോജ്യമായിരിക്കണം. വല്ല ഒരു പ്രത്യേകവർഗ്ഗത്തിനൊ സമുദായത്തിനൊ വല്ല വിശേഷാൽ ആനുകൂല്യവും കാണിക്കുന്നതായിരിക്കരുത്. ഇത്രയും പറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി. കെ. മാധവൻ (ഗവണ്മെണ്ടുനിയമിച്ച മെമ്പർ): മിസ്റ്റർ രാമൻപിള്ള അവർകളുടെ അഭിപ്രായത്തെ ഞാനും പിൻതാങ്ങി പറഞ്ഞുകൊള്ളുന്നു. വളരെ ക്ഷണത്തിൽ അധികമായ പതിതസമുദായക്കാർ ഉള്ള ഈ രാജ്യത്തിൽ ഈ പുതുവൽകാര്യത്തെകുറിച്ചു പേഷ്കാർകച്ചേരികളിലും താലൂക്കകച്ചേരികളിലും വിവരങ്ങൾ ചോദിച്ചാൽ തരൻറ ഹർജി ഇവിടെയില്ല, അപ്പോൾവാ, ഇപ്പോൾവാ എന്നും താലൂക്കകച്ചേരിക്കപൊ, പകുതികച്ചേരിക്കപൊ എന്നും പറഞ്ഞുവരുന്നു. ഇക്കാര്യത്തിനായി താലൂക്കിൽ ചെന്നാൽ കേസ കടലാസുകളുണ്ടു എന്നും ചിലസമയം ബുദ്ധിമുട്ടുണ്ടായാൽ അങ്ങനെ ഒരു ഹർജി ഇവിടെ വന്നിട്ടില്ലെന്നും പറയുന്നു. അതുകൊണ്ടു ഈ ഡിപ്പാർട്ടുമെണ്ടിൽ പതിതസമുദായക്കാരിൽനിന്നും ചിലരെ അവിടവിടെ പകുതികച്ചേരികളിലും താലൂക്കകച്ചേരികളിലും യോഗ്യതാനുസരണം ഉദ്യോഗത്തിൽ നിയമിക്കുന്നതു നല്ലതു എന്ന പറഞ്ഞുകൊണ്ടു ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

പ്രെസിഡെണ്ടു: മണി രണ്ടടിക്കാറായി. സഭ ഇപ്പോൾ ലഘുഭക്ഷണത്തിനായി പിരിഞ്ഞു വീണ്ടും രണ്ടരമണിക്ക കൂടുന്നതാണ്.

സഭായോഗം ൨ മണിഅടിച്ചു ഒന്നു മിനിട്ടായപ്പോൾ പിരിഞ്ഞു. രണ്ടരമണിക്ക കൂടി.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇപ്പോൾ സഭാസമക്ഷം ഉള്ള ഉപക്ഷേപത്തെകുറിച്ചു ഏതാനും വാക്കുകൾ എനിക്ക പറയാനുണ്ടു. തെക്കൻതിരുവിതാംകോട്ടിലെ ക്രിസ്ത്യാനികളേയും നാടാന്മാരേയും സംബന്ധിച്ചിടത്തോളം ലാൻഡ് റെവന്യൂ ഡിപ്പാർട്ടുമെൻറിൽ വർഗ്ഗീയപ്രാതിനിധ്യം ഒഴിച്ചുകൂടാത്തതാണ്. തെക്കൻതിരുവിതാംകോട്ടിലെ ഈ ഭാഗങ്ങളിൽ കൃഷിക്കാർക്ക ലാൻഡ് റെവന്യൂ ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാർ നിമിത്തം ഉണ്ടാകുന്ന കഷ്ടങ്ങളും ഉപദ്രവങ്ങളും വളരെയാണ്. ലാൻഡ് റെവന്യൂ ഡിപ്പാർട്ടുമെണ്ടിൽ മതിയായിടത്തോളം വർഗ്ഗീയപ്രാതിനിധ്യം കൊടുത്തിരുന്നാൽ അല്ലാതെ ഈ കഷ്ടങ്ങളും ഉപദ്രവങ്ങളും ഏർപ്പെട്ടിൽ മാററപ്പെടുന്നതല്ലാ. തെക്കൻതിരുവിതാംകോട്ടിലെ ക്രിസ്ത്യാനികളും നാടാന്മാരും റെവന്യൂഡിപ്പാർട്ടുമെൻറിൽ കീഴ്ജീവനങ്ങളിൽ ഉണ്ടു എന്നു ആ ഡിപ്പാർട്ടുമെൻറിന്ന പറയാൻ കഴിയും എങ്കിൽ തെക്കൻതിരുവിതാംകോട്ടിലെ ക്രിസ്ത്യാനിയായിട്ടോ നാടാരായിട്ടോ യാതൊരു പാർവ്വത്യകാരനും ഇല്ല എന്ന ഞാൻ പറയാം. തെക്കൻതിരുവിതാംകോട്ടിൽ ജലസേചനപദ്ധതിസംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന സങ്കടങ്ങൾ ദിവസേന വർദ്ധിച്ചുവരുന്നു. കൃഷീവലന്മാരുടെ രക്ഷ പാർവ്വത്യകാരേയും പകുതിക്കണക്കന്മാരേയും അതാവിതു ലാൻഡ് റെവന്യൂ ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാരെ ആശ്രയിച്ചിരിക്കുന്നു. കഴിഞ്ഞ ഒന്നു രണ്ടു പൂക്കളിൽ മഴയില്ലാഞ്ഞതുകൊണ്ടു നെൽകൃഷിക്ക ദോഷംതട്ടി. കരം കുറവുചെയ്യുന്നതിനു ചുമതലപ്പെട്ടവർ ലാൻഡ് റെവന്യൂ ഡിപ്പാർട്ടുമെൻറുകാരാണ്. അധികാരസ്ഥന്മാർ ഈ കരിവിനെപ്പററി ശ്രദ്ധിക്കാത്തതുനിമിത്തം കുടികൾക്ക വളരെ നഷ്ടം അനുഭവിക്കേണ്ടിവന്നു. ഓരോ വയലിലും വാസ്തവത്തിൽ എത്രത്തോളം കരിവു ഉണ്ടു എന്ന അറിയാനായി ഈ കീഴ്ജീവനക്കാരെ അവർ അയക്കുന്നു. ഈ പാർവ്വത്യകാരന്മാർ അവിടെ ചെല്ലുന്നു, അവർ വാസ്തവം റിപ്പോർട്ടുചെയ്യുന്നതായാലും ഇല്ലെന്നുവരികിലും കുറവുചെയ്തുകൊടുക്കുന്ന കരം, കുടികൾ അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണ്. അവർക്ക കുടികളുടെനേർക്ക വാസ്തവത്തിൽ അനുഭാവം ഉണ്ടെന്നൊ അവരൊ അധികാരസ്ഥന്മാരോ കാര്യത്തിൻെറ വാസ്തവം അറിയുന്നതിനൊ കുടികൾക്കൊ കൃഷിക്കാർക്കൊ വാസ്തവത്തിൽ ഉണ്ടായിട്ടുള്ള നഷ്ടം മനസ്സിലാക്കാൻ ശ്രമിക്കുന്നു എന്നൊ പറയാൻ എനിക്ക കഴിയുകയില്ല. അവർക്ക ഉണ്ടായിരുന്നാൽ ലാൻഡ് റെവന്യൂ ഡിപ്പാർട്ടുമെൻറിലേയ്ക്ക വെള്ളവരി കൊടുക്കുന്നതിൽ വളരെ കുറവു ഉണ്ടായിരുന്നേനെ. ഒരു വസ്തുവിൽ കരിവു ഉണ്ടായിരുന്നാലും ഇല്ലെങ്കിലും അവർ വെള്ളവരി ആവശ്യപ്പെടുന്നു. കരക്കുറവു അനുവദിക്കുക എന്നുള്ളതു നിരർത്ഥകമായിരിക്കുന്നു. ഒരാൾ ഒരുവസ്തു കൃഷിചെയ്യുന്നതായാലും ഇല്ലെന്നുവരികിലും അയാൾ വെള്ളവരി കൊടുക്കാൻ കടപ്പെട്ടിരിക്കുന്നു; അതുകൊണ്ടു മുനികുതിയും കൊടുക്കേണ്ടിയിരിക്കുന്നു. ചുരുക്കസംഗതികളിൽ കരം കുറവുചെയ്തു എന്നു വന്നേയ്ക്കാം; എന്നാൽ മിക്കസംഗതിയിലും ഇവർ വെള്ളവരി കൊടുക്കേണ്ടതായിതന്നെയിരിക്കുന്നു. അതുകൊണ്ടു കീഴ്ജ്ജോലിസ്ഥന്മാരുടെ ഔദാസീന്യംനിമിത്തം പാവപ്പെട്ട കുടികൾ അല്ലെങ്കിൽ കൃഷിക്കാർ കഷ്ടം അനുഭവിക്കുന്നു. അതുകൊണ്ടു ലാൻഡ് റെവന്യൂ കമ്മീഷണർക്ക തെക്കൻതിരുവിതാംകോട്ടിലെ കൃഷിക്കാരുടെനേർക്ക വല്ല താല്പര്യവും ഉണ്ടെന്നുവരികിൽ ഈ ഡിപ്പാർട്ടുമെണ്ടിൽ ശരിയായ വർഗ്ഗീയപ്രാതിനിധ്യം അനുവദിക്കുന്നതു അഭിലഷണീയമാണെന്നു ഞാൻ അദ്ദേഹത്തിനോടു നിർബന്ധമായി അപേക്ഷിക്കുന്നു. അതുകൊണ്ടു മിസ്റ്റർ രാമൻപിള്ള അവതരിപ്പിച്ചതായ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെന്റുനിയമിച്ചമെംബർ, ഡെപ്യൂട്ടിപ്രെസിഡെന്റ്): സർ, ഈ ഉപക്ഷേപത്തിനു പ്രതികൂലമായി വാദിക്കേണ്ടിയിരിക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു. ഈ ഉപക്ഷേപം സഭാസമക്ഷം അവതരിപ്പിച്ചതായ ഉദ്ദേശത്തെ ഞാൻ പൂർണ്ണമായി അഭിനന്ദിക്കുന്നു. പൊതുജനജീവിതം വർഗ്ഗീയാവകാശങ്ങളാലും ആ അവകാശങ്ങളെ ചിലർ നിഷേധിക്കുന്നതിനാലും ഈയിടെ വിഷദൂഷിതമായിരിക്കുന്നു എന്നുള്ള വസ്തുയെ ഒളിച്ചുവയ്ക്കുന്നതിൽ പ്രയോജനമില്ല. സർക്കാരുദ്യോഗം ഒരു ഉപജീവനമാർഗ്ഗം എന്നാകുന്നു എന്റെമതം. ഏതാനും ശേഷർഷങ്ങളായി അതിനെ ഒരു പ്രത്യേകവർഗ്ഗക്കാർമാത്രം അവരുടെ പൂർണ്ണസ്വത്താക്കി വച്ചുകൊണ്ടിരിക്കുന്നതായാൽ മററുള്ളവരുടെ ഉപജീവനത്തിനായി ന്യായമായ ഒരുഓഹരി വേണമെന്നു ചോദിക്കുന്നതിൽ യുക്തിവിരുദ്ധമോ അധർമ്മമോ ആയി യാതൊന്നുംഇല്ല. അതുകൊണ്ടു ഈ രാജ്യത്തിൽ ഇപ്പോൾ കണ്ടുവരുന്ന ഭിന്നാവസ്ഥയ്ക്കു ഉദ്യോഗങ്ങൾക്കു പുതുതായി ആളുകളെനിയമിക്കുന്നകാര്യത്തിൽ പ്രാതിനിധ്യംഇല്ലാത്തവർഗ്ഗക്കാർക്കു ഏതാണ്ടൊരുവിധം പ്രാഥമ്യം നൽകേണ്ടതു ഗവർമെന്റിന്റെ കടമയാകുന്നു എന്നു എനിക്കു തോന്നുന്നു. പക്ഷേ അതിലേക്കു ഉപദിഷ്ടമായ മാർഗ്ഗം ശരിയായ അടിസ്ഥാനത്തിന്മേൽഉള്ളതാണെന്നുള്ള സംഗതിയിൽ ആകട്ടെ എനിക്കു വളരെ വലിയസംശയമുണ്ട്. ഇൻഡ്യയിൽ ഭിന്നവർഗ്ഗക്കാർ തമ്മിൽഉള്ള ഭിന്നിപ്പിനുഇടയാക്കിയതായ അതിപ്രധാനമായ ഈ വിഷയം ലാൻഡ്റെവന്യൂ ഡിപ്പാർട്ടുമെന്റിലേക്കുള്ള ചിലവിരളകാര്യങ്ങൾചെയ്യുന്നതിലേയ്ക്കുള്ള ഒരു ക്ഷേപ്യാപക്ഷേപത്തിൽ അപ്രധാനമായി തള്ളിവിട്ടിരിക്കുന്നതു കഷ്ടംതന്നെ. ഈ വിഷയത്തെ എല്ലാവിധത്തിലും ആലോചിച്ചു ഗുണദോഷനിരൂപണംചെയ്യണംഎന്നാണെങ്കിൽ—കൂടുതൽ അന്വേഷണംനടത്താതെ ഗവൺമെന്റിനു സ്വീകരിക്കാവുന്നതായ സ്വയംപൂർണ്ണമായ ഒരു വ്യവസ്ഥ ഈ സഭയ്ക്കു നിർദ്ദേശിക്കാൻകഴിയും എന്നു പ്രമേയകർത്താവു പ്രതീക്ഷിക്കുന്നു എന്നുവരികിൽ—എന്റെ സ്നേഹിതനു തെററിപ്പോയി എന്നുതോന്നുന്നു. എന്തുകൊണ്ടെന്നാൽ ഒരു മെമ്പർക്കു സംസാരിക്കാൻഅനുവദിച്ചിട്ടുള്ള സമയം അഞ്ചു മിനിട്ടേയുള്ളു. ആ സമയത്തിനിടയ്ക്കു നമ്മുടെ അഭിപ്രായങ്ങളെ പൂർണ്ണമായി ഗവൺമെന്റിനെ ധരിപ്പിക്കുന്നതു സാധ്യംഅല്ല. സർക്കാരുദ്യോഗത്തിൽ പ്രവേശിക്കുന്നകാര്യത്തിൽ ജനസംഖ്യ ഒരു പ്രധാനഘടകം ആയിരിക്കാം. എന്നാൽ സർവ്വപ്രധാനമായ ഘടകം ആയിരുന്നുകൂടാ. ഈ തത്വം ഈ സഭയിൽ കൊണ്ടുവന്നിട്ടുള്ളതു ആദ്യമായിട്ടില്ല എന്നു എനിക്കുഅറിയാം. ഇതിനുമുമ്പു ഒരവസരത്തിൽ ആദ്യത്തെസഭയിൽതന്നെ ഈ വാദംഉണ്ടായി. പ്രാതിനിധ്യംഇല്ലാത്ത സമുദായങ്ങളുടെ അവകാശങ്ങൾക്കു മതിയായ വ്യവസ്ഥചെയ്യുന്നതു അഭിലഷണീയംആണെന്നുവരികിലും വർഗ്ഗീയാവകാശങ്ങളെ ആലോചിക്കാതെ സർക്കാർസർവീസിൽ പുതുതായി ചേർക്കുന്നതിനു വിപുലമായ ഒരു തത്വം ഗവൺമെന്റ വിധിക്കുന്നതു ഉചിതമായിരിക്കും എന്നായിരുന്നു. പൊതുവെ സർവസമ്മതമായ അഭിപ്രായം ഉണ്ടായതു. ആരംഭത്തിൽതന്നെ വിവാദം ഉണ്ടായേക്കാവുന്ന ഭാഗം ഈ രാജ്യത്തിലുള്ള സമുദായങ്ങളെ നിങ്ങൾ ഏതുവിധം വിഭജിക്കാൻഉദ്ദേശിക്കുന്നു എന്നുള്ളതാകുന്നു. അതിൽ നമുക്കു ഒരു യോജിപ്പുണ്ടായാൽ ഏതാണ്ടൊരു വിജയം സമ്പാദിപ്പിക്കാമായിരുന്നു. ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മഹമ്മദീയർ, പാർസികൾ എന്നു വിഭജിക്കാൻ ഉദ്ദേശിക്കുന്നുവോ; അതല്ല ബ്രാഹ്മണർ, അബ്രാഹ്മണർ എന്നു വിഭജിക്കാൻപോകുന്നുവോ? അതല്ല ബ്രാഹ്മണർ, മലയാളബ്രാഹ്മണർ, തമിഴ്ബ്രാഹ്മണർ, തിരുവിതാംകോട്ടിൽ സ്ഥിരനിവാസികൾആയവർ, മഹാരാഷ്ട്രബ്രാഹ്മണർ, നായർ അവരിൽ അവാന്തരവിഭാഗങ്ങൾ, ക്രിസ്ത്യാനികൾ അവരിൽ അവാന്തരവിഭാഗക്കാരായ റോമ, സുറിയാനി, ലത്തീൻക്രിസ്ത്യാനി, മാർതോമ്മാ സുറിയാനി, യാക്കോബായക്കാർ മുതലായവർ ഇതുപോലെ മററു സമുദായങ്ങൾക്കുംഉള്ള അസംഖ്യം അവാന്തരവിഭാഗങ്ങൾ എന്നിങ്ങനെയോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ഈ വ്യത്യാസങ്ങൾക്കു മദ്രാസ് സംസ്ഥാനത്തുംഉണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെന്റുനിയമിച്ച മെമ്പർ, ഡെപ്യൂട്ടിപ്രെസിഡെണ്ട്): ബ്രിട്ടീഷ് സംസ്ഥാനത്തുംഉണ്ട്. മിസ്റ്റർ രാമൻപിള്ള ആവശ്യപ്പെട്ടതുപോലെ ഒരു കോഴ്സ് അവിടെ ആവശ്യപ്പെട്ടിട്ടില്ല. ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തിയല്ല അവിടെ നടക്കുന്നതു. അതു പറയാനാണു ഞാൻ ഭാവിച്ചതു.

മി. ആർ. രാമൻപിള്ള (കോട്ടയം): ഏതെങ്കിലുംചട്ടം അവിടെ ഏർപ്പെടുത്തിട്ടില്ലേ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെന്റു നിയമിച്ച മെമ്പർ, ഡെപ്യൂട്ടിപ്രെസിഡെണ്ട്): അതു നെപ്പററിപ്പറയാം.

മി. ടി. സി. കേശവപിള്ള (കരുക്കുളവും വിളവംകോടും): ഞാൻ നടപടിക്രമത്തെപ്പററി പറയുന്നതിനായി എഴുനേൽക്കുന്നു. എന്റെ സ്നേഹിതൻ മലയാളത്തിൽ സംസാരിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെന്റുനിയമിച്ച മെമ്പർ, ഡെപ്യൂട്ടിപ്രെസിഡെണ്ട്): സർ, ഞാൻ നിങ്ങൾ പറയുന്നതുപോലെ കേൾക്കാം. തമിഴിലോ ഇംഗ്ലീഷിലോ മലയാളത്തിലോ എനിക്കു സംസാരിക്കാൻകഴിയും. ഞാൻ പറയുന്നതിന്റെ സാരം എന്റെ സ്നേഹിതൻ മി. രാമൻപിള്ള ശരിയായി മനസ്സിലാക്കുന്നതിനായിട്ടാണു ഞാൻ മലയാളത്തിൽ സംസാരിക്കുന്നതു. സ്ഥിരംഉത്തരവുകളെ ഞാൻ ലംഘിക്കുന്നു എന്നുള്ളതിൽ എനിക്കു വ്യസനമുണ്ട്.

പ്രസിഡണ്ട്: അതിനെക്കുറിച്ചു നിങ്ങൾ ഖണ്ഡിക്കേണ്ടാ എന്നു തോന്നുന്നു. ഒരു മെമ്പർ ഒരു ചോദ്യം മലയാളത്തിൽ ചോദിക്കയും അതിനു മലയാളത്തിൽതന്നെ മറുപടി പറഞ്ഞുകേൾപ്പിക്കുന്നതു അധികം നല്ലതെന്നു നിങ്ങൾ കാണുകയും ചെയ്യുന്നതായാൽ അതിനു മലയാളത്തിൽ മറുപടി പറയുന്നതുകൊണ്ടു യാതൊരു ദോഷവും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

റാവ് ബഹദൂർ മി. കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെണ്ടു നിയമിച്ച മെമ്പർ, ഡെപ്യൂട്ടി പ്രെസിഡെണ്ട്): മുൻഅവസരങ്ങളിൽ അദ്ധ്യക്ഷന്റെ ചില തീർപ്പുകളിൽ ഞാൻ സങ്കുചിതമായി ബന്ധിക്കപ്പെട്ടിരുന്നു. ഞാൻ സ്ഥിരാജ്ഞകളേയും ചട്ടങ്ങളേയും ലംഘിച്ചിരുന്നില്ലയോ എന്നു ഭീതനായിരിക്കയായിരുന്നു. അവിടെ ഈ വർഗ്ഗക്കാർ ഇല്ലയോ എന്നുള്ള പ്രശ്നം എന്റെ സ്നേഹിതൻ ചോദിക്കുന്നു. ബ്രിട്ടീഷിൻഡ്യയിൽ ഈ ഭിന്ന സമുദായങ്ങളുടെ അവാന്തര വിഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തി അവകാശങ്ങൾ യാചിച്ചിട്ടുള്ളതായി ഞാൻ ഒരിക്കലും കേട്ടിട്ടില്ല. സബ് രജിസ്ട്രാർ പണിക്കു പുതുതായി ആളെ നിയമിക്കുന്ന കാര്യത്തിൽ മദ്രാസ് ഗവ

ണ്മെൻറ എത്രയും അടുത്ത കാലത്തു ചെയ്തിട്ടുള്ള വ്യവസ്ഥ ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തീട്ടില്ല. ശേഖരവപ്പെട്ട ആവലാതിക്കു വിഷയമായിരുന്ന ഇപ്പോഴത്തെ ദോഷങ്ങൾ ഏതു വിധം പരിഹരിക്കുന്നതിനു താൽകാലിക ഏർപ്പാടായി അവർ തൽക്ഷണം ഉണ്ടാക്കിയ ഏർപ്പാടായിരിക്കണം. അന്ന് മദ്രാസ് ഗവർമ്മെണ്ടിൻറ വിട്ടുകൊടുക്കപ്പെട്ട അധികാരത്തിൽ (ട്രാൻസ്ഫേർഡ് ഹാഫ്) ഉൾപ്പെട്ട നിയമനങ്ങളിൽ ഒരു ചെറിയ വിഭാഗത്തെ സംബന്ധിക്കുന്നു. ഈ വിഷയം ആകപ്പാടെ വിപുലമായ പര്യാലോചന ആവശ്യം ഉള്ളതാണെന്നു എനിക്കുതോന്നുന്നു. ഉദ്യോഗങ്ങൾക്കു പുതുതായി ആൾ നിയമിക്കുന്ന കാര്യത്തിലേക്കു തിരുവിതാംകോട്ടെ ജനസമുദായങ്ങളെ വിഭജിക്കാൻ അദ്ദേഹം ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾതന്നെയും അനാവൃതമാക്കപ്പെട്ടിട്ടില്ലാ എന്നുള്ളതു എൻറ സ്നേഹിതൻറ പര്യാലോചനത്തിനായി ഞാൻ സമർപ്പിക്കുന്നേയുള്ളു. ഞാൻ മുമ്പിൽ പ്രസ്താവിച്ചതായ തത്വത്തെസംബന്ധിച്ചു എനിക്കു ആക്ഷേപം ഇല്ല. സാമർത്ഥ്യമുള്ളവേലക്കാരെ ജോലിക്കാക്കുന്ന മറെറല്ലാവരേയുംപോലെ തന്നെ സർക്കാരുദ്യോഗത്തിനു കാര്യക്ഷമതയാണ ഗവർമ്മെണ്ടിനു പ്രഥമ ഗണനീയമായി കരുതേണ്ടതാകണമെന്നു മാത്രമേ എനിക്കു പറയുവാനുള്ളു. നായന്മാരേയോ ബ്രാഹ്മണരേയോ നിയമിച്ചാൽ മാത്രമേ കാര്യക്ഷമത ഉണ്ടാകയുള്ളു എന്നു ഞാൻ പറയുന്നതായി ധരിച്ചുപോകരുത്. ലോകചരിത്രത്തിൽ ഉള്ള യാദൃച്ഛികസംഭവമായി ഈ സമുദായക്കാർക്കു അനേകം ഉദ്യോഗങ്ങൾ ലഭിച്ചിരിക്കുന്നു. ഈ രാജ്യത്തിൽ ഉള്ള മറെറല്ലാ സമുദായങ്ങളിലും വിശിഷ്ടജ്ഞാനം യോഗ്യത, സ്വഭാവഗുണം സാമർത്ഥ്യം, എന്നീഗുണങ്ങൾ ഉള്ളതായി അംഗീകരിക്കാൻ ഞാൻ സന്നദ്ധൻ ആണ്. അഭിവൃദ്ധിയെപ്രാപിച്ച മററു സമുദായങ്ങളോടൊപ്പം എത്തുന്നതിനായി അവർക്കു ഗവർമ്മെണ്ടു ഉണ്ടാക്കീട്ടുള്ള വിദ്യാഭ്യാസ സൌകര്യങ്ങളേയും അവസരങ്ങളേയും അവർ കഴിഞ്ഞകാലങ്ങളിൽ എന്തു കാരണത്താലോ പ്രയോജനപ്പെടുത്തിയില്ലാ എന്നുള്ളതു കഷ്ടംതന്നെ. ഈ അല്പസംഖ്യാകരമായ സമുദായങ്ങളോ വേണ്ടത്ര അഭിവൃദ്ധിപ്രാപിച്ചിട്ടില്ലാത്ത സമുദായങ്ങളോ സർക്കാരുദ്യോഗത്തെ ഏക കാലക്ഷേപമാർഗ്ഗമായി പ്രതീക്ഷിച്ചിരുന്നില്ല. അവർ അങ്ങിനെ വിചാരിക്കുന്നേയില്ല. അപ്രകാരം തരംതിരിക്കുന്നതിനു മററുസ്ഥലങ്ങളിൽ ശ്രമിച്ചുവരുന്നു എന്നു നമ്മോടു പറയുന്നതുകൊണ്ടു ഉപയോഗമില്ല. ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തിനോക്കുന്നതായാൽ മദ്രാസ് പ്രസിഡൻസിയിൽ ഒട്ടുക്കു നോക്കിയാൽ കീഴുദ്യോഗങ്ങളിൽ ആറിലൊന്നു അംശത്തിനുകൂടി അവർക്കു അവകാശമില്ല അതുകൊണ്ടു സർക്കാരുദ്യോഗത്തിൽ പുതുതായി ആൾ നിയമിക്കുന്നതിനു വേണ്ട മുറയെ തീർച്ചപ്പെടുത്തുന്നതിനു ജനസംഖ്യയെ-യല്ലാ പ്രധാനമായി അടിസ്ഥാനപ്പെടുത്തേണ്ടതു. ഏതാനും പ്രധാനപ്പെട്ട സംഗതികൾ ആലോചിക്കേണ്ടതായിട്ടുണ്ട്. ക്രിസ്ത്യാനിസമുദായം നായർസമുദായം, ബ്രാഹ്മണസമുദായം, ഈഴവസമുദായം എന്നിവ ഈ നാട്ടിൽ ഉണ്ട്. മററു സമുദായങ്ങളും ഉണ്ടു. എല്ലാവർക്കും ന്യായമായ അവസരം നൽകേണ്ടതുതന്നെ. അത്രത്തോളം എൻറ സ്നേഹിതനുമായി യോജിക്കുവാൻ ഞാൻ തയ്യാറുണ്ട്. ഈ രാജ്യത്തിൽ സർക്കാർ ജീവനത്തിനായി കൊതിച്ചുകൊണ്ടിരിക്കുന്ന ബ്രാഹ്മണയുവാക്കൾക്കായുള്ള അവസരങ്ങളുടെ എണ്ണത്തെ കുറയ്ക്കുന്നതായാൽപോലും തരക്കേടില്ല ബ്രാഹ്മണർക്കു വല്ല വിശേഷാൽ സ്വാതന്ത്ര്യത്തിനു വേണ്ടി ഞാൻ വാദിക്കുന്നതായി വിചാരിക്കേണ്ട; ജനനം ഹേതുവായി യാതൊരു ആനുകൂല്യത്തിനും വാദിക്കുന്നില്ല. ഞാൻ ന്യായമായ സന്ദർഭങ്ങൾ നൽകണമെന്നു മാത്രമേ അപേക്ഷിക്കുന്നുള്ളു. ആനുകൂല്യങ്ങൾ വർഗ്ഗരാഷ്ട്രീയമായ ഔചിത്യത്തെ കുറിച്ചുള്ള ആലോചന ഗവർമ്മെണ്ടിൻറ വിവേചനത്തെ വളരെ ബാധിക്കുകതന്നെ ചെയ്യും. സർക്കാരുദ്യോഗത്തിൽ മതിയായിടത്തോളം പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങളുടെ നേർക്കു ഗവർമ്മെണ്ടു വിശേഷാൽ ആനുകൂല്യം കാണിക്കയും ആ വിധത്തിൽ അവരുടെ ബഹുമാനബോധത്തെ പോഷിപ്പിച്ചു ഈ രാജ്യത്തിലുള്ള മററു സമുദായങ്ങളിൽനിന്നു കൂടുതൽ ബഹുമാനം ലഭിക്കുന്നതിനു ഇടയാക്കുകയും ചെയ്യുന്നതു് പൂർണ്ണമായും യുക്തിയുക്തമത്രേ എന്നുമാത്രമേ ഇക്കാര്യങ്ങളിൽ എനിക്കു പറയേണ്ടതായുള്ളു. ഈ പ്രശ്നം വളരെ പ്രയാസപ്പെട്ടതായിരിക്കെ ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിനെ സംബന്ധിക്കുന്ന ഒരു ചോദ്യരൂപേണ ഇതിൽ അങ്ങനെ പ്രതിപാദിക്കേണ്ടിവന്നതിൽ എനിക്കു വിസ്മയംതോന്നുന്നു. ഈ പദ്ധതിയിൽ പറഞ്ഞിരിക്കുന്ന പൂർണ്ണവിവരങ്ങളോടുകൂടി നല്ലവണ്ണം പരിചിന്തനം ചെയ്തിട്ടുള്ള ഒരു പ്രമേയംപോലുള്ള ഏതാണ്ടൊന്നു ഈ സഭയ്ക്കു കുറെക്കൂടി വലിയ സഹായമായിത്തീരാൻ ഇടയുള്ളതും എൻറ സ്നേഹിതനെ തൻറ വാദവിഷയത്തിൽ കുറേക്കൂടി എളുപ്പത്തിൽ ജയം നേടാൻ ഉപകരിക്കുന്നതും ആയിരിക്കുന്നതാണ്. ഇപ്പോഴാകട്ടെ വിവരങ്ങൾ ഒന്നും അറിയപ്പെട്ടിട്ടില്ല. സർ, ഞങ്ങൾ ചിന്തിച്ചുകൊണ്ടിരുന്നതു സർക്കാർ ഉദ്യോഗത്തിൽ കാര്യക്ഷമതയേയും കളങ്കമില്ലായ്മയേയും ഉന്നതനിലയിൽ ഉള്ള ഉത്തരവാദബോധത്തേയും ഉയർത്തുന്നതിനായിട്ടായിരുന്നു എന്നു പഴയ സഭയിൽ മെംബർമാർ അല്ലാതിരുന്ന എൻറ സ്നേഹിതന്മാരെ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. ഒരു മത്സരപരീക്ഷമൂലം നിർണ്ണയിക്കപ്പെട്ട യോഗ്യതായോഗ്യതകളെ അടിസ്ഥാനപ്പെടുത്തി ആൾ നിയമിക്കത്തക്കവണ്ണം സർക്കാർ നിയമങ്ങളിൽ വഴി ഒരു [illegible] മഹാറാണി തിരുമനസ്സിലെ പ്രജകൾ എല്ലാവർക്കും പ്രവേശ്യം ആക്കാവുന്നതാണ്. വിജയവന്മാരായി മത്സരിക്കത്തക്കവണ്ണം ചില സമുദായങ്ങൾ മാനസികമായോ വിദ്യാഭ്യാസത്തിലോ വേണ്ടവണ്ണം പുരോഗമനം പ്രാപിച്ചിട്ടില്ലായിരിക്കാം. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം എൻറ നായർ സ്നേഹിതന്മാർ ആശങ്കിക്കേണ്ട ആവശ്യമില്ല. അവരുടെ സമുദായത്തിൽനിന്നും അനേകംപേർ ഐ. സി. എസ്സിനുള്ള മത്സരപരീക്ഷയിൽ വിജയം പ്രാപിച്ചിട്ടുണ്ട്. വിദ്യാഭ്യാസവിഷയത്തിൽ ബ്രാഹ്മണരും നായന്മാരും ആണ ഏറെറവും മുന്നണിയിൽ ഉള്ളവർ എന്നു പറയാവുന്നതാണ്. വിദ്യാഭ്യാസംകൊണ്ടുള്ള സംസ്കാരത്തിനു സിറിയൻ ക്രിസ്ത്യാനികളും വളരെ പുറകിലല്ല. തങ്ങളുടെ ആളുകൾ ഈ സമുദായങ്ങൾ എത്തീട്ടുള്ള പടിയിൽ എത്തുന്നതുവരെ ഒരു അനിശ്ചിതകാലത്തേക്കു കാത്തിരിക്കാൻ നിവൃത്തിയില്ലാത്തവിധത്തിൽ ഉള്ള മററു സമുദായങ്ങൾ ഉണ്ട്. മതിയാകുംവണ്ണം പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങൾക്കായും മത്സരപരീക്ഷയുടെ ഫലം വെളിപ്പെടുത്തുന്ന ഏതെങ്കിലും അസമത്വങ്ങളെ പരിഹരിക്കുന്നതിനായും ഗവർമ്മെൻറിൽനിന്നും ആൾ നിയമിക്കാവുന്നവണ്ണം ഒരു ഭാഗത്തെ നീക്കിവെക്കാവുന്നതാണ്. ഇതു ബുദ്ധിപൂർവമായ ഒരു നയം ആണെന്നു തോന്നുന്നു. ഇന്നിമിത്തം സ്വാർത്ഥത്തിനായി അനീതിമാർഗ്ഗങ്ങൾ ഉപയോഗിക്കു ഉദ്യോഗദാനാധികാരത്തെ ന്യായരഹിതമായി ഉപയോഗിക്കുക ബന്ധുക്കൾക്കു അന്യായമായി ഉദ്യോഗക്കയറ്റത്തിനു സഹായിക്കുക മുതലായ പരാതികൾ എന്നനേകമായി ഇല്ലാതായി തീരുന്നതും ആകുന്നു. സർക്കാർ ഉദ്യോഗത്തിനു ആൾ നിയമിക്കുന്ന കാര്യത്തിൽ ആ പരാതി മേലാൽ കേൾക്കാതിരിക്കണമെന്നുണ്ടെങ്കിൽ ഗവർമ്മെൻറിനുള്ള ഏകമാർഗ്ഗം സർക്കാർ ഉദ്യോഗത്തിനു ആൾ

എടുക്കുന്നതിൽ അവർ തീരെ സംബന്ധപ്പെടാതെ ഒഴിഞ്ഞിരിക്കയും ഗവൺമെൻറു ഉദ്യോഗത്തിനു ഉള്ള യോഗ്യതകളുടെ തോതനുസരിച്ചു പരീക്ഷകൾ നടത്തുകയോ സർക്കാർ ഉദ്യോഗത്തിനു ആളെ എടുക്കുന്നതിൽ ആളുകളെ നിർദ്ദേശിക്കുകയോ ചെയ്യുന്ന ഒരു സിവിൽ സർവീസ് ബോർഡു ഏർപ്പെടുത്തുകയും മാത്രമായിരിക്കും. ഈ വിഷയത്തെപ്പററി ഞാൻ കുറെ ദീർഘമായി പ്രസംഗിച്ചിട്ടുണ്ടു. ഞാൻ പ്രമേയത്തെ അനുകൂലിക്കയോ പ്രതികൂലിക്കയോ ചെയ്താൽ മാത്രമേ ഈ പ്രമേയം സംബന്ധിച്ചു പ്രസംഗിക്കുന്നതിനുള്ള അർഹത സ്വാഭാവികമായി ഉത്ഭവിക്കയുള്ളു. അതുകൊണ്ടു പ്രമേയം ഏതു രൂപത്തിൽ പുറപ്പെട്ടിരിക്കുന്നുവോ ആ രൂപത്തിൽ ഞാൻ അതിനെ എതിർക്കുന്നു. പറയപ്പെട്ടിരിക്കുന്ന രൂപം വിഷയത്തെ അതിന്റെ എല്ലാ ഭാഗങ്ങളിലും കൂടി ദീപിക്കത്തക്കവണ്ണവും അതിനെപ്പററി വ്യക്തവും വ്യവസ്ഥിതവും ആയ ഒരു രൂപബോധം ഉണ്ടാകത്തക്കവണ്ണവും അല്ലാതെയും വളരെ ബാഹ്യവും സ്ഥൂലവും ആയിട്ടുള്ളതും ആകുന്നു. ആ അർത്ഥത്തിൽ സർ, ഞാൻ പ്രമേയത്തെ എതിർക്കുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നതിനായി എഴുന്നേൽക്കുന്നു. ഡെപ്യൂട്ടി പ്രസിഡന്റിനോടു ന്യായമായുള്ള ബഹുമതിയോടുകൂടി സർക്കാർ ഉദ്യോഗത്തിൽ ന്യായമായ പ്രാതിനിധ്യം കിട്ടുന്നതിനു ചില സമുദായങ്ങളുടെ മുറവിളിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം ചെയ്ത നിരീക്ഷണങ്ങൾക്കു ഞാൻ ആക്ഷേപം പറഞ്ഞുകൊള്ളുന്നു. ആഹാരം സമ്പാദിക്കുക എന്നുള്ളതു പ്രക്ഷോഭണത്തിന്റെ കാരണങ്ങളിൽ ഒന്നുമാത്രമാകുന്നു. നമ്മുടെ ഗവൺമെൻറു നമുക്കു ഒരു പ്രജാസഭയേയും ഒരു നിയമസഭയേയും അനുവദിച്ചുതന്നിട്ടുണ്ടു. ഇവ പ്രതിനിധിസ്ഥാപനങ്ങളാണെന്നും ഈ സ്ഥാപനങ്ങൾ ഗവൺമെന്റിന്റെ ഭരണസമ്പ്രദായത്തെ സഹായിക്കുന്നു എന്നും ഉള്ളതിൽ എനിക്കു സംശയം ഇല്ലാ. ഗവൺമെൻറു യന്ത്രത്തിന്റെ ഘടകങ്ങളായ ഗവൺമെൻറു ഉദ്യോഗസ്ഥന്മാർ മാത്രമല്ല നിയമസഭയിലെ മെംബർമാരായ നാമും പ്രജാസഭയിൽ ഉള്ള ജനപ്രതിനിധികളും കൂടി ആലോചിക്കുകയും സഭ ജോലി നടത്തുകയും ചെയ്യുന്നു. സർ, ഗവൺമെൻറു ഭരണയന്ത്രത്തിന്റെ പ്രവർത്തനത്തിൽ പങ്കുകൊള്ളുന്നതു നിയമസഭയിലെ മെംബർമാരായ ഞങ്ങൾക്കു മാത്രമല്ല പ്രജാസഭയിലെ മെംബർമാർക്കും ഉള്ള ഒരു അവകാശവും അധികാരവും ആകുന്നു. സർ, വാദവിഷയത്തെ ഒരു ആഹാരസമ്പാദനമാർഗ്ഗമായിട്ടല്ല ഒരു അവകാശവും അധികാരവും ആയിട്ടാണ് ഞാൻ വീക്ഷിക്കുന്നതു്. ഡെപ്യൂട്ടി പ്രസിഡന്റിന്റെ സൂചനക്കു എനിക്കു പറയാനുള്ള മറുപടി അതാകുന്നു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറു നിയമിച്ച മെംബർ—ഡെപ്യൂട്ടി പ്രെസിഡന്റു): സർ, ഞാൻ ആ തെററുതിരുത്തലിനെ സന്തോഷമായി സ്വീകരിച്ചുകൊള്ളുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം): അതു ഒരു തെററുതിരുത്തലല്ല. അതു വിഷയത്തിന്റെ ഏററവും പ്രധാനമായ ഭാഗത്തിന്റെ ഒരു വ്യക്തപ്പെടുത്തൽ മാത്രമാകുന്നു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറു നിയമിച്ച മെംബർ—ഡെപ്യൂട്ടി പ്രെസിഡന്റു): എങ്ങനെയായാലും ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം): എന്റെ അടുത്ത ആക്ഷേപം കാര്യക്ഷമതയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനങ്ങളെപ്പററിയാകുന്നു. പ്രമേയത്തിന്റെ ഉദ്ദേശം തീരെ സ്ഥൂലവും ബാഹ്യവും ആയിരിക്കുന്നു എന്നു പണ്ഡിതനായ ഡെപ്യൂട്ടി പ്രസിഡന്റു വിമർശിച്ചു. ജനസംഖ്യക്കു ന്യായമായ പരിഗണനം നൽകി പ്രാധാന്യം കൊടുക്കണം എന്നുമാത്രമേ അതിൽ പറയുന്നുള്ളു. എങ്ങനെയായാലും നിയമനങ്ങളിൽ ഒരു ശതമാനം എല്ലാ സമുദായങ്ങൾക്കുമായി വിട്ടേക്കണം എന്നു വിമർശിച്ചതിൽ ഡെപ്യൂട്ടി പ്രസിഡന്റു വളരെ ദയവു കാണിച്ചു. അദ്ദേഹത്തിന്റെ സൂചനയെ ഞാൻ വേണ്ടുംവണ്ണം അഭിനന്ദിക്കുന്നു. എല്ലാ ഉദ്യോഗങ്ങളേയും എല്ലാ സമുദായങ്ങൾക്കും പ്രവേശ്യമാക്കുന്നതിൽ എന്തു ദോഷമാണുള്ളതു എന്നാണു എനിക്കു ചോദിക്കാനുള്ളതു. കാര്യക്ഷമത എന്നുള്ള പരമാർത്ഥത്തിൽ വളരെ വ്യാപ്തിയുള്ള ഒരു പദം ആകുന്നു. കാര്യക്ഷമത നിർണ്ണയിക്കുന്നതിനു നമുക്കു സാധാരണ തോതുകൾ ഉണ്ടു്. യുക്തിമത്തായ തോതുകൾകൊണ്ടു അതിനെ ഗണിക്കണം എന്നു നാം നമ്മുടെ ഗവൺമെൻറിനോടു ആവശ്യപ്പെടുന്നില്ല. കാര്യക്ഷമത എന്നു അർത്ഥമാക്കുന്നതെല്ലാം സാധാരണ തോതുകൊണ്ടുമാത്രമാണ്. തന്നിമിത്തം കാര്യക്ഷമതക്കു ഹാനിയില്ല എന്നുവരുകിൽ എല്ലാ ഉദ്യോഗങ്ങളേയും എല്ലാ ജനങ്ങൾക്കും പ്രവേശ്യമാക്കുന്നതിൽ യാതൊരു തടസ്ഥവും ഉണ്ടായിരിക്കാവുന്നതല്ല.

പുറപ്പെടുവിക്കപ്പെട്ട മറെറാരു ആക്ഷേപം വിവിധ സമുദായങ്ങളെ യോജിപ്പിക്കുന്നതിൽ കുറെ പ്രയാസം ഉണ്ടെന്നുള്ളതാണ്. സർ, ഇക്കാര്യത്തെ പരിഹരിക്കുന്നതിനു എത്രയോ മാർഗ്ഗങ്ങൾ ഉണ്ടു്. സംഗതികളെ നാം കാര്യമായി എടുക്കുകയാണെങ്കിൽ യാതൊന്നും അസാദ്ധ്യം അല്ല. ഡെപ്യൂട്ടി പ്രസിഡന്റു പറഞ്ഞതുപോലെ ഇതു നിയമസഭയുടെ ആദ്യത്തെസമ്മേളനം മുതൽക്കുതന്നെ ഉള്ള കാലപ്പഴക്കംചെന്ന ഒരു പരാതിയാകുന്നു. ഈ വിഷയം, ഗവൺമെന്റിന്റെയും വർത്തമാനപത്രങ്ങളുടെയും ശ്രദ്ധയിൽ വളരെക്കാലമായി പതിഞ്ഞിരിക്കുന്നു. ഡെപ്യൂട്ടി പ്രെസിഡന്റു പറഞ്ഞതുപോലെ ദോഷങ്ങളെ പരിഹരിക്കുന്നതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. പലതരത്തിലും ഉള്ള കാരണങ്ങളെപ്പററിയും അവയ്ക്കു നിവൃത്തിമാർഗ്ഗങ്ങൾ കണ്ടുപിടിക്കാവുന്നതാണോ എന്നതിനെപ്പററിയും വേണ്ട അന്വേഷണം നടത്തുന്നതിനായി മൈസൂരിലെപോലെ നമുക്കും ഒരു കമ്മിററിയെ രൂപീകരിക്കാം. ഈ പ്രമേയത്തെ തുടർന്നു ഗവൺമെൻറു കൃത്രിമമായ ഒരു വിഭജനം നടത്തണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നില്ല. ഞങ്ങൾക്കു ആവശ്യപ്പെടുന്നതെല്ലാം ഈ വിഷയം ഗവൺമെന്റിന്റെ ഗാഢമായ ശ്രദ്ധയിൽ പതിക്കണം എന്നുള്ളതു മാത്രമാകുന്നു. ഈ വിഷയത്തെ പരിചിന്തനംചെയ്യുകയും വരാവുന്ന സകല പ്രതിബന്ധങ്ങളേയും എതിർക്കുകയും അങ്ങനെ ഒരു നിവൃത്തിയിൽ നാം എത്തുകയും ചെയ്യണം. സർ, ഇന്നലെ പരസ്പരസഹായസംഘം രജിസ്ട്രാർ നടത്തിയ വിവിധനിയമനങ്ങളെപ്പററി ജാതി തിരിച്ചു ഒരു കണക്കു വേണമെന്നുള്ള മിസ്റ്റർ ഉമ്മന്റെ ഒരു പ്രശ്നത്തിനു ഗവൺമെൻറു ചില കണക്കുകൾ നൽകി. ഈ കണക്കുകൾ സ്വയം ബോദ്ധ്യങ്ങളും ഇതു വാസ്തവത്തിലും ചിരകാലമായുള്ള ഒരു അനീതിയാണെന്നു വ്യക്തമായി തെളിയിക്കുന്നവയും ആകുന്നു. ഈ കാര്യത്തെ നിർബന്ധിക്കണമെന്നു എനിക്കു ആഗ്രഹമില്ല. നടത്തിയ നിയമനങ്ങളുടെ ഒരു പട്ടിക സഭാസമക്ഷം വയ്ക്കണമെന്നാണു പരസ്പരസഹായസംഘം രജിസ്ട്രാരോടു ആവശ്യപ്പെട്ടതു്. അതിനു അദ്ദേഹം ക്രിസ്ത്യാനികൾ ആരും ഇല്ല എന്നു മറുപടി പറയുന്നു. പരസ്പരസഹായസംഘം ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം അതിനെ ഒരു ഉദാഹരണമായിട്ടു മാത്രമേ ഞാൻ എടുത്തു പറയുന്നുള്ളു.

പ്രസിഡൻറ്: സൂചനയെ അവിടെ നിർത്തിയേക്കുക. നിങ്ങൾ വിവരങ്ങളിലേക്കു കടക്കുകയാണ്.

മി. മാത്യു മുരിക്കൻ (വൈക്കം): ഞാൻ അങ്ങനെ ചെയ്യുന്നില്ല. ചോദ്യത്തിനുള്ള മറുപടി.

പ്രോട്ടസ്റ്റണ്ടുകാർ	ഇല്ല
റോമൻ കത്തോലിക്കർ	ഇല്ല
മാർത്തോമാക്കാർ	ഇല്ല എന്നാകുന്നു

മി. പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെംബർ): എന്തെങ്കിലും മഹമ്മദീയർ ഉണ്ടോ?

മി. മാത്യു മുരിക്കൻ (വൈക്കം): ഒരു മഹമ്മദീയൻ ഉണ്ടു. നിശ്ചയമായും പൊതുവേരണ്ട വിഷയത്തെപ്പററി നാം വാദം നടത്തുന്നില്ല. മേൽപടി പ്രമേയം സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളെ ഉദാഹരിക്കാൻമാത്രമാകുന്നു. ഇപ്പോഴത്തെ രജിസ്ത്രാർ ഉദ്യോഗം കയ്യേററിട്ടു ഇപ്പോൾ അനേകം കൊല്ലങ്ങൾ ആയിട്ടും ഇതേവരെ അദ്ദേഹം ഒരു ക്രിസ്ത്യാനിയെപ്പോലും നിയമിച്ചിട്ടില്ല. ഈ സമുദായങ്ങളിൽ യാതൊരാളും ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടില്ല എന്നു എനിക്കു വിശ്വസിക്കാൻ നിവൃത്തിയില്ല. ഇപ്രകാരമുള്ള കാര്യങ്ങളാണ് പരാതികൾക്കു ഇടകൊടുക്കുന്നതു.

പ്രസിഡെണ്ടു: അതിനെപ്പററി സംസാരിക്കാൻ നിങ്ങൾക്കു യാതൊരു അവകാശവും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ഇപ്പോൾ നിങ്ങളുടെ ശ്രദ്ധയെ ഭൂനികുതിഡിപ്പാർട്ടുമെൻറിനെപ്പററിമാത്രം പറയുന്നതിൽ ആക്കിയാൽ മതി.

മി. മാത്യു മുരിക്കൻ (വൈക്കം): ഈ വിമർശനങ്ങളോടുകൂടി ഞാൻ പ്രമേയത്തെ പിൻവാങ്ങുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, പിന്നോക്കം ഉള്ള സമുദായങ്ങളിലെ അംഗങ്ങൾക്കു കൂടുതൽ ഉദ്യോഗങ്ങൾ കൊടുക്കുന്നതായ ഈ വിഷയം തിരുവിതാംകൂറിൽ സകലക്കും വിശിഷ്യ ഉദ്യോഗസ്ഥന്മാർക്കു അസാമാന്യമായ മനഃക്ലേശത്തോടുകൂടിയ ചിന്തയ്ക്കും മനഃപീഡയ്ക്കും കാരണമായിതീർന്നിട്ടുണ്ടെന്നു ആദ്യമേതന്നെ ഞാൻ പറഞ്ഞുകൊള്ളട്ടെ. ഇതു പിന്നെയും പിന്നെയും ഈ സഭയിലും ശ്രീമൂലം പ്രജാസഭയിലും കൊണ്ടുവരപ്പെട്ടിട്ടുള്ള ഒരു വിഷയം ആകുന്നു. ഇനിയും ഇക്കാര്യത്തിനു തൃപ്തികരമായ ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുന്നതു വളരെ പ്രയാസമായിട്ടാണിരിക്കുന്നതു. ബ്രിട്ടീഷ് ഇൻഡ്യയിൽ ഒരു തിരഞ്ഞെടുപ്പുബോർഡുവച്ചു അവർ അതിനെ നിവർത്തിപ്പിക്കാൻ ശ്രമിച്ചു എന്നാൽ അതു തൃപ്തികരമായ ഫലങ്ങളെ കൊടുക്കുന്നില്ല എന്നാണു ഞാൻ അറിയുന്നതു.

സർ, നിയമനങ്ങളെ സംബന്ധിച്ചു ഗവണ്മെൻറിൻറെ നയം ഇന്നതാണെന്നു മുമ്പുതന്നെ പ്രഖ്യാപിതമായിരിക്കുന്നു. അതിനെ അനുസരിച്ചു നടത്തുന്നതിനു ഞങ്ങൾ നിവൃത്തിയുള്ളിടത്തോളം ശ്രമിക്കയും തൽവിഷയമായി എത്രമാത്രം ചെയ്യാമോ അത്രയും നടത്തുകയും ചെയ്തുവരുന്നു. കഴിവുള്ളിടത്തോളം പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങളിൽനിന്നു നിയമനങ്ങൾ നടത്തുന്നതിനു ഞങ്ങൾ ശ്രമിച്ചുവരുന്നു. ഒഴിവുകൾ കിട്ടുന്നതു വളരെ പ്രയാസമുള്ള ഒരു സംഗതിയാകുന്നു ഒഴിവുകൾ വരുമ്പോൾ ഭയങ്കരമാംവണ്ണം കൂടുതൽഎണ്ണം അപേക്ഷകന്മാരുംഉണ്ട്. എൻറെ കച്ചേരിയിൽതന്നെ സ്ത്രീകൾ ഉൾപ്പെടെ എല്ലാസമുദായങ്ങളിൽനിന്നുംകൂടി രണ്ടായിരം അപേക്ഷകൾ ഉണ്ട്. ആണ്ടിൽ ഒന്നോ രണ്ടോ ഒഴിവുകൾ വരുമ്പോൾ അവയെ എങ്ങനെ ഭാഗിക്കുക എന്നു ഞാൻ വാസ്തവത്തിൽ അറിയുന്നില്ല.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചില സമുദായങ്ങളിൽനിന്നുംഉള്ള അപേക്ഷകന്മാർക്കു ഉദ്യോഗങ്ങൾ കൊടുക്കാൻപാടില്ല എന്നു ഏതെങ്കിലും സർക്കുലർ അയച്ചിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംകമ്മീഷണർ): ഇല്ല. അങ്ങനെ ഒരു സർക്കുലർ അയച്ചിട്ടില്ല.

ഗവണ്മെൻറിൻറെ നയം രണ്ടു മൂന്നു തവണ പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടുണ്ടു. പ്രഖ്യാപനയം യോഗ്യതകൾ തുല്യമായിരിക്കുമ്പോൾ പ്രാതിനിധ്യം കുറഞ്ഞസമുദായത്തിനു പ്രാതിനിധ്യം നൽകണം എന്നുള്ളതു ആകുന്നു. എല്ലായ്പോഴും ഞങ്ങൾ അതനുസരിച്ചുനടത്താൻ ശ്രമിച്ചിട്ടുള്ളനയവും അതുതന്നെയാണു. മൂന്നുമാസത്തിലൊരിക്കൽ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു കണക്കു എൻറെ ഡിപ്പാർട്ടുമെൻറിൽ അയക്കപ്പെടുന്നുണ്ടു. ഇവയെ സസൂക്ഷ്മം പരിശോധിക്കയും ഗവണ്മെൻറു നിശ്ചയിച്ചിരിക്കുന്ന നയത്തെ തുടരുന്നതിനു വേണ്ട ഏർപ്പാടുകൾഎല്ലാം നടത്തുകയും ചെയ്തുവരുന്നുണ്ട്. ഈ ദുർഘടവിഷയത്തെ പരിഹരിക്കുന്നതിനായി നൽകുന്ന ഉപദേശങ്ങളെ എല്ലാം നിശ്ചയമായും ഞങ്ങൾ ആദരിക്കുന്നുണ്ട്. ഇന്നു ചെയ്യപ്പെട്ട സൂചനോപദേശങ്ങൾ എല്ലാം വാസ്തവത്തിൽ വളരെസഹായമെന്നു ചെയ്യുന്നവയാണെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. നിയമനങ്ങൾ നടത്തുന്നതു സംസ്ഥാനത്തിലുള്ള ഓരോ സമുദായത്തിൻറെയും ജനസംഖ്യക്കു അനുസരിച്ചുള്ളവീതത്തിൻപടി വേണ്ടതാണെന്നു ആവശ്യപ്പെടുന്നതായി ഇവിടെയുള്ള അച്ചടിച്ചനോട്ടീസിൽകാണുന്നരൂപത്തിൽ പ്രമേയത്തെ ഞങ്ങൾക്കു സ്വീകരിക്കാവുന്നതാണെന്നു എനിക്കു തോന്നുന്നില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പണം കുറയ്ക്കുന്നതിനുള്ള പ്രമേയത്തിൽ ഉൾപ്പെട്ട ഉദ്ദേശത്തിലെ പദപ്രയോഗം പ്രയോക്താവിനെയോ പിൻതാങ്ങുന്ന ആളിനെയോ ബാധിക്കുന്നില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംകമ്മീഷണർ): എന്നാൽ ഞങ്ങൾ അനുസരിച്ചുവരുന്നനയം ഇതാകുന്നു.

അതിനെ വ്യതിചലിക്കാൻ പാടില്ലാത്ത ഒരു തത്വമായി വയ്ക്കണമെന്നു തനിക്കു ആഗ്രഹമില്ല എന്നു മിസ്റ്റർ മാത്യു മുരിക്കൻ പറയുകയുണ്ടായി. അതു ഒരു സൂചകോപദേശംമാത്രമാണ്. സൂചകോപദേശമായിതന്നെ ഞാൻ അതിനെ സ്വീകരിച്ചുകൊള്ളുന്നു. ഞങ്ങൾ ഇപ്പോൾ ചെയ്തുവരുന്നതും അതു തന്നെയാണ് ഞാൻ വിവരിച്ചു പറഞ്ഞിട്ടുള്ളസ്ഥിതികളിൽ—

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വിവിധസമുദായങ്ങളിൽനിന്നുംഉള്ള നിയമനങ്ങളുടെ കാര്യത്തിൽ അടിസ്ഥാനതത്വത്തിനു അതു ഏതെങ്കിലും കഴിഞ്ഞ ഒരുകാലം മുതൽ ഊർജിതത്തിൽ ഇരിക്കും എന്നു പറയപ്പെട്ടിട്ടുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഈ തത്വത്തെ ഞങ്ങൾ ഓരോ ദിവസവും അനുസരിക്കാൻതന്നെ ശ്രമിച്ചുവരുന്നു. പലതരത്തിൽ ഉള്ള തന്നെതരംജോലിക്കാർക്കു അതായതു അക്കൌണ്ടന്മാർ, പാർവത്യകാരന്മാർ, ഗ്രാഡുവേറ്റുകൾ, അണ്ടർഗ്രാഡുവേറ്റുകൾ, ഗുമസ്താക്കൾ മുതലായവർക്കു ഞങ്ങൾ പലവിധത്തിൽ ഉള്ള യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്.

ഞാൻപറഞ്ഞ വിവരമായ സ്ഥിതിഗതികളെ അപേക്ഷിച്ചു മെമ്പർ പ്രമേയത്തെ പിൻവലിക്കാൻ സമ്മതമുള്ളവനായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇന്നുനടന്ന വാദത്തിൻറെനിലയ്ക്കു ഈ വിഷയത്തെ ഒന്നാകെപരിശോധിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കുന്നതിൽ ഭൂനികുതികമ്മിഷണർക്കു വല്ല ആക്ഷേപവുമുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംകമ്മിഷണർ): അങ്ങനെ ഒരു കമ്മിറ്റിനിയമിക്കുന്നതിനു എനിക്കു അധികാരമില്ല. അതു എല്ലാഡിപ്പാർട്ടുമെൻറുകളേയും ബാധിക്കുന്ന ഒരു കാര്യമാകുന്നു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഭൂനികുതികമ്മിഷണർ ഭൂനികുതിഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഗവർമ്മെൻറിനുവേണ്ടി സംസാരിക്കുകയാണ്, സർ, നടന്നിട്ടുള്ള വാദങ്ങളുടെ ദൃഷ്ട്യാ ഈ വിഷയത്തെ ഒന്നാകെ ചിന്തനംചെയ്യുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കാൻ അദ്ദേഹം ഒരുക്കമാണോഎന്നു ഗവർമ്മെൻറിനുവേണ്ടി ഭൂനികുതികമ്മിഷണർ ഉറപ്പുപറയുമോ എന്നാണ് ഞാൻ അദ്ദേഹത്തോടുചോദിക്കുന്നതു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ആ കമ്മിറ്റി ഭൂനികുതി ഡിപ്പാർട്ടുമെൻറിനെ മാത്രം സംബന്ധിക്കുന്നതോ അതോ സംസ്ഥാനത്തിൽഉള്ള എല്ലാ ഡിപ്പാർട്ടുമെണ്ടുകളേയുമോ?

പ്രസിഡണ്ട്: കമ്മിറ്റി ഭൂനികുതിഡിപ്പാർട്ടുമെൻറിനെമാത്രം സംബന്ധിക്കുന്നതോ അതോ എല്ലാ ഡിപ്പാർട്ടുമെൻറുകളേയുമോ എന്നാണ് മെമ്പർ ചോദിക്കുന്നതു

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഭൂനികുതിഡിപ്പാർട്ടുമെൻറിനെ സംബന്ധിടത്തോളംമാത്രം എങ്കിലുമാകട്ടെ.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംകമ്മിഷണർ): അതുപോലെയുള്ള വല്ല ബാദ്ധ്യതയുംസ്വീകരിക്കുന്നചുമതല വഹിക്കാൻ എനിക്കു സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. മെമ്പർമാർ സൂചിപ്പിച്ചതിനെ ഞങ്ങൾ അനുകരിക്കയാണെന്നു മാത്രമെ എനിക്കു പറയാൻ കഴികയുള്ളു. എന്നാൽ ഒരു കമ്മിറ്റിയെ നിയമിക്കണമെന്നുള്ളതിനെ എൻറെ സ്വന്തം ചുമതലയിന്മേൽ എനിക്കു സ്വീകരിക്കാവുന്നതാണെന്നു എനിക്കുതോന്നുന്നില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): സർ, മി. രാമൻപിള്ളയുടെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു.

ഈരാജ്യത്തെ വിവിധവിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾക്കു ഗവർമ്മെൻറിനോടുള്ളകടമ ഒരുപോലെയുള്ളതാണ്. ഗവർമ്മെൻറിനു അവരോടുള്ളകടമയും അതുപോലെതന്നെ. രാജ്യമാകുന്ന ഭവനത്തിൽ തുല്യാവകാശമുള്ള സഹോദരന്മാരാണ് ഇവിടത്തെ പൌരന്മാർ. എന്നാൽ ഗവർമ്മെൻറ ഉദ്യോഗനിയമനങ്ങളിൽ ഈതത്വം തീരെ വിസ്മരിച്ചു പ്രവർത്തിച്ചുവരികയും തന്മൂലം ജനങ്ങളുടെ ഇടയിൽ കക്ഷിമത്സരങ്ങളും വഴക്കുകളും രാജ്യത്തു പൊതുവെ അസ്വാസ്ഥ്യവും നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിനെ പരിഹരിക്കുന്നതിനു ജനപ്രതിനിധികളായ ഞങ്ങൾ ഗവർമ്മെൻറിനെ നിർബ്ബന്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ഗവർമ്മെൻറ് ഉദ്യോഗദാന വിഷയത്തിൽ സമഭാവനയോടുകൂടി പ്രവർത്തിക്കുന്നപക്ഷം ജനതതിയുടെ ഇടയിലുള്ള വഴക്കുകൾ ശമിക്കുമായിരുന്നു. ഉദ്യോഗദാനത്തെപ്പറ്റി ഈ ഉദാരമായ സംഗതി പ്രതിനിധിസഭയിൽ എന്തിനാണു പറയുന്നതു. ഇതു രാജ്യകാര്യമാണോ എന്നു ചിലർ ചോദിക്കാം. ഉദ്യോഗസ്ഥന്മാർ അവരുടെ കൃത്യങ്ങൾ, നികുതിപിരിക്കുക, അതുമുഴുവൻ വ്യയംചെയ്യുക, ഗവർമ്മെൻറിൻറെ സകല അധികാരങ്ങളും ജനങ്ങളുടെമേൽ പ്രയോഗിച്ചു അവരെ ഭരിക്കുക ഇവയെല്ലാം നീക്കിയാൽ പിന്നെ രാജ്യകാര്യങ്ങളിൽ എന്താണുള്ളതു? ഒന്നുംതന്നെ ഇല്ല. അതിനാൽ ഉദ്യോഗവിഷയം പ്രധാന രാജ്യകാര്യംതന്നെ.

ലാൻഡുറവന്യൂവകുപ്പിലാണു വർഗ്ഗീയപക്ഷപാതപരമായ നിയമനം ഏറ്റവും നടന്നുകൊണ്ടിരിക്കുന്നതു. ഇതിനൊരു സമാധാനം ഉണ്ടാകണമെങ്കിൽ ഗവർമ്മെൻറ് ഉദ്യോഗനിയമനവിഷയത്തിൽ ശരിയായ ഒരു വ്യവസ്ഥ സ്വീകരിക്കണം. റവന്യൂദേവസ്വം വിഭജനം കഴിഞ്ഞിട്ടു ഏഴുകൊല്ലത്തോളമായി. എന്നിട്ടും പലവർഗ്ഗക്കാർക്കും റവന്യൂഡിപ്പാർട്ടുമെണ്ടിൽ പറയത്തക്ക പ്രവേശനം ലഭിച്ചിട്ടില്ല. അതുമുഴുവൻ ഗവർമ്മെൻറിൻറെ തെറ്റല്ല. റവന്യൂവകുപ്പുകാരുടെ തെറ്റാണ്. അവരെ ഈ വിഷയത്തിൽ ശരിപ്പെടുത്തിവയ്ക്കാത്ത കുറ്റം ഗവർമ്മെൻറിനും ഉണ്ട്. നികുതിപിരിക്കുക, പുതുവൽപതിക്കുക, പുറമ്പോക്കുകേസുകൾ എന്നുവേണ്ട പലതിലും കൃഷിക്കാരോടു നേരിട്ടു ഇടപെടുക ഇവയെല്ലാം ഈ വകുപ്പുകാരുടെ ജോലിയാണ്. പോരെങ്കിൽ ജനപ്രതിനിധിസഭകളിലേക്കു ആളുകളെ തിരഞ്ഞെടുക്കുന്ന ജോലിയും ഇവർക്കുതന്നെ. ഈരാജ്യത്തെ വിവിധവകുപ്പുകളുടെ [illegible]ന്നവണ്ണം സ്ഥിതിചെയ്യുന്ന ഈ ഡിപ്പാർട്ടുമെൻറിൽ രാജ്യത്തെ വിവിധസമുദായങ്ങൾ അടങ്ങിയ [illegible] അസ്പൃശ്യവർഗ്ഗക്കാർക്കു പ്രവേശനം ഇല്ലാതെയാണിരിക്കുന്നതെന്നുള്ളതു വളരെ ലജ്ജാകരമായ ഒരു അവസ്ഥയാണ്. ജനപ്രതിനിധികൾ ഇതിനെപ്പറ്റി പ്രസ്താവിക്കുമ്പോൾ ശ്രദ്ധിക്കാം, ആലോചിക്കാം എന്നിങ്ങനെ ഒഴിയാനുള്ള [illegible] ചെയ്യുന്നതു. ഞാൻ ഉൾപ്പെടുന്ന കത്തോലിക്ക ജനവിഭാഗത്തെത്തന്നെ നോക്കുക. രാജ്യത്തെ ഏതു ജനവിഭാഗത്തെയും കിടപിടിക്കുന്നതും നാലു ലക്ഷം ജനസംഖ്യയുള്ളതുമായ കത്തോലിക്കർക്കു ഈ ഡിപ്പാർട്ടുമെൻറിൽ എന്താണു കിട്ടിയിട്ടുള്ളതു? ഒരു പേഷ്കാരില്ല, ഡിവിഷനസിസ്റ്റൻറില്ല, തഹശിൽദാരില്ല, ഒരു ഹെഡ് അക്കൌണ്ടൻറില്ല, ഹെഡ്ക്ലാർക്കില്ല, ശിരസ്തദാരില്ല, [illegible]ില്ല, അസിസ്റ്റൻറ തഹശിൽദാരുടെ സ്ഥാനത്തിരിക്കുന്ന റവന്യൂസൂപ്രണ്ടുമാരില്ല, ഒരു പാർവത്യകാർ മാത്രമുണ്ട്. ക്ലാർക്കുകളുടെ സ്ഥാനത്തിൽ കത്തോലിക്കരിൽനിന്നും പറയത്തക്കവിധം ആരുംതന്നെയില്ല. ഇങ്ങനെയായിരിക്കാം മററുചില സമുദായങ്ങളുടേയും സ്ഥി

തി. ഈ വകുപ്പിൽ പല സമുദായക്കാർക്ക് പ്രവേശനംനല്കാതെ വെച്ചുകൊണ്ടിരിക്കുന്നതു കാര്യക്ഷമതയ്ക്കുതന്നെ ഹാനികരവും എത്രയും അനീതിയുമാണെന്നുള്ളതു ഖണ്ഡിച്ചുപറയാതെ നിവൃത്തിയില്ല.

മനുഷ്യർക്കു പലവിധ ന്യൂനതകളിൽ ഒരു അസ്ഥാനത്തുള്ള വർഗ്ഗീയപ്രതിപത്തിയാണല്ലോ. ഉദ്യോഗദാനവിഷയത്തിൽ ഈ ഉക്തിച്ച വർഗ്ഗീയപ്രതിപത്തിയുള്ളവർ ഉദ്യോഗകൃത്യങ്ങളിലും ഏറക്കുറെ അതിനു അധീനന്മാരായിരിക്കും. അതു പ്രവൃത്തിയിൽ നല്ലവണ്ണം കാണുന്നുമുണ്ട്. ലോകത്തിൽ എവിടെയും അധികാരങ്ങളും അവകാശങ്ങളും ശരിയായി കിട്ടുന്നതിനു സമുദായങ്ങളുടെ ഇടയിൽ വിവിധമത്സരങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മഹായുദ്ധങ്ങൾക്കു കാരണം ഇതുതന്നെ. അതിന്റെ സ്വഭാവത്തിനുമാത്രം വ്യത്യാസമുണ്ടായിരിക്കും. ചില വർഗ്ഗക്കാർ എന്നും അധികാരംപ്രയോഗിക്കുന്നതിനും മററുവർഗ്ഗക്കാർ എന്നും അതിനു വിധേയമായി കഴിഞ്ഞുകൂടുന്നതിനും സമാധാനത്തെയും, നീതിയെയും കാംക്ഷിക്കുന്ന ഗവണ്മെൻറ് അനുവദിക്കത്തക്കതല്ലാത്തതാണ്. ഉദ്യോഗകൃത്യങ്ങളിൽ കാണിക്കുന്ന പക്ഷപാതം ഉദ്യോഗനിയമനങ്ങളിലെന്നപോലെ കണക്കുകൊണ്ടു കാണാൻ നമുക്കു നിവൃത്തിയില്ലെങ്കിലും അങ്ങിനെ നടക്കുന്നുണ്ടെന്നുള്ള സത്യത്തെ സമ്മതിക്കുന്ന ആർക്കും നിഷേധിക്കാൻ സാധിക്കയില്ല. ഉദ്യോഗമില്ലാത്ത വർഗ്ഗക്കാർ ഉള്ള വർഗ്ഗക്കാരെ പലവിഷയങ്ങളിലും ആശ്രയിച്ചു ദാസ്യനിലയിൽ കഴിക്കേണ്ട ഒരവസ്ഥയാണ് ഇന്നുള്ളതു്. ഇതുമുഴുവൻ ഗവണ്മെൻറിന്റെ തെററല്ല. നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാരുടെ തെററാണെങ്കിലും ഗവണ്മെൻറു പരോക്ഷമായി ഇതിനെ അനുകൂലിക്കുന്നുണ്ടെന്നു തോന്നും. ഈ സംഗതിയെസംബന്ധിച്ചു ഒരു പ്രമേയം പരിഷ്കരിച്ച നിയമസഭയുടെ ആദ്യഘട്ടത്തിൽ ഞാൻതന്നെ ഹാജരാക്കി. അന്നു ഗവണ്മെൻറുഭാഗത്തിൽനിന്നും ഇതു ആലോചിക്കുന്നതാണെന്നും വേണ്ട പ്രതിവിധി ഉണ്ടാക്കാമെന്നും പറഞ്ഞതുകൊണ്ട് ഞാൻ പ്രമേയം പിൻവലിക്കയാണുണ്ടായതു്. അതനുസരിച്ചു മി. രാഘവയ്യയുടെ കാലത്തു ഗവണ്മെൻറ് ഒരു ജി. ഒ. പുറപ്പെടുവിച്ചു. അതായതു ഗവണ്മെൻറുദ്യോഗങ്ങളിൽ പ്രാതിനിധ്യംകുറഞ്ഞ യോഗ്യതയുള്ള വർഗ്ഗക്കാരുടെ അപേക്ഷകൾവന്നാൽ അവർക്കു പ്രാതിമുഖ്യംകൊടുക്കണമെന്നും, ഈ തത്വത്തിനു വിപരീതമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ സമാധാനംതരണമെന്നും മററുമായിരുന്നു ജി. ഒ. ആ ജി. ഒ. ഉണ്ടായിട്ടും ഈ വിഷയത്തിനുണ്ടായിട്ടുള്ള സങ്കടത്തിനു പരിഹാരമുണ്ടായിട്ടില്ല. മദ്രാസ് ഗവണ്മെൻറും, മൈസൂർ ഗവണ്മെൻറും വർഗ്ഗീയപ്രാതിനിധ്യതത്വം സ്വീകരിച്ചു നടപ്പിലാക്കിക്കഴിഞ്ഞിരിക്കുന്നു. തിരുവിതാംകൂർ ഗവണ്മെൻറ് എല്ലാവിഷയത്തിലും അനുകരിച്ചുവരുന്ന ബ്രിട്ടീഷ് ഗവണ്മെൻറുതന്നെയും ഈ നയം സ്വീകരിച്ചുകഴിഞ്ഞിരിക്കെ ജനങ്ങളുടെ ആവശ്യവും, അഭിലാഷവുംഅനുസരിച്ചു നമ്മുടെ ഗവണ്മെൻറ് ഇതുവരെയെങ്കിലും ഈകാര്യത്തിൽ നിഷ്കർഷിച്ചു പ്രവർത്തിക്കാത്തതു കഷ്ടമാണ്. പരിഷ്കൃതഗവണ്മെൻറുകൾ ജനാഭിപ്രായമനുസരിച്ചു ഭരണം നടത്തേണ്ടതാണല്ലോ. രാജ്യത്തുനീതിയും ന്യായവും നടക്കണമെന്നു വിചാരിക്കുന്ന ഏതൊരു പൌരനും ഇതിനായി ഗവണ്മെൻറിനോടാവശ്യപ്പെടും. ഞാൻ ഇക്കാര്യം വളരെനാളായി ഗവണ്മെൻറിന്റെ ശ്രവണപുടങ്ങളിൽ മുഴക്കിക്കൊണ്ടിരിക്കയാണ്. ഇനിയും ഗവണ്മെൻറിതിനെ വിട്ടുകളഞ്ഞാൽ അതു രാജ്യനന്മയെ സാരമായി ബാധിക്കാതിരിക്കയില്ല. രാജ്യത്തെ ധനസ്ഥിതി എത്ര ഉയർന്നാലും എന്തെല്ലാം പരിഷ്കാരങ്ങൾവന്നാലും നീതിയും സമാധാനവും രാജ്യത്തു വളർന്നില്ലെങ്കിൽ എന്തു ഫലം. പേഷ്കാരന്മാരും തഹശീൽദാരന്മാരും നടത്തുന്ന നിയമനങ്ങൾ ശരിയാണോഎന്നു ഗവണ്മെൻറ് പരിശോധിച്ചു തിരുത്തിക്കൊണ്ടിരുന്നാൽ ഈ സങ്കടം ഇവിടെ അറിയിക്കേണ്ട ഇടവരികയില്ലായിരുന്നു. അവരുടെ നിയമനങ്ങളുടെ ലിസ്റ്റ് വരുത്തി ഗവണ്മെൻറു പരിശോധിച്ചു തെററുള്ളപക്ഷം അവരോടു സമാധാനംചോദിച്ച് അവരെ കർശനമായി ശാസിച്ചിരുന്നാൽ റവന്യൂവകുപ്പിലെ നിയമനംസംബന്ധിച്ച അനീതി അവസാനിക്കുമായിരുന്നു. ഈ സംഗതി ഈ കൌൺസിലിൽ കൊണ്ടുവരുന്നതിനു ഞങ്ങൾക്കു സ്വതേ വൈമനസ്യമുണ്ടെങ്കിലും വേറെ ഗത്യന്തരമില്ലല്ലോ. എല്ലാവകുപ്പിലും പ്രത്യേകിച്ചു ലാൻഡുറവന്യൂവകുപ്പിലും ജനസംഖ്യ അനുസരിച്ചു ഓരോവർഗ്ഗത്തിലുംനിന്നു യോഗ്യതയുള്ളവർക്കു വേണ്ടപോലെ ഉദ്യോഗങ്ങൾ നല്കി ഇപ്പോഴത്തെ വർഗ്ഗീയസങ്കടം പരിഹരിക്കണം.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): എല്ലാവകുപ്പിലും ഈ തത്വം സ്വീകരിക്കുന്നതുകൊണ്ടു മെമ്പർക്കു വിരോധമുണ്ടോ?

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എല്ലാവകുപ്പിലും പ്രത്യേകിച്ചു ലാൻഡുറവന്യൂവകുപ്പിലും ഈ തത്വമനുസരിച്ചു പ്രവർത്തിക്കണമെന്നു ഞാൻ വ്യക്തമായി പറഞ്ഞുകഴിഞ്ഞു. പ്രധാനപ്പെട്ട ഈ വകുപ്പിൽ മററുള്ളവയെ അപേക്ഷിച്ചു വിവിധസമുദായക്കാർക്കു പ്രാതിനിധ്യം കുറവാണ്. ഈ ദുഃസ്ഥിതിയെ എത്രയുംവേഗത്തിൽ പരിഹരിക്കണമെന്നുള്ള അഭിപ്രായത്തെ വീണ്ടും പ്രസ്താവിച്ചുകൊണ്ട് ഉപക്ഷേപത്തെ ബലമായി പിന്താങ്ങിക്കൊള്ളുന്നു.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): രാജ്യത്തിന്റെ ഭരണനയത്തെ സർവ്വപ്രധാനമായിട്ടു ബാധിക്കുന്ന ഈ ഉപക്ഷേപത്തെസംബന്ധിച്ചു ഒന്നുംതന്നെ പറയാതെ വോട്ടുചെയ്യുന്നതു ശരിയല്ലെന്നു തോന്നുന്നു. മി. കുഞ്ഞിത്തൊമ്മൻ പരിഷ്കരി'' ക്കപ്പെട്ട കൌൺസിലിന്റെ ആദ്യഘട്ടത്തിൽ ഇതിനെസംബന്ധിച്ചു ഒരു പ്രമേയം അവതരിപ്പിച്ച അവസരത്തിൽ ഞാനും ഉണ്ടായിരുന്നു. അന്നു ആ പ്രമേയം പാസ്സാക്കാൻ സാധിക്കയില്ലായിരുന്നു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഗവണ്മെൻറുഭാഗത്തുനിന്നു വർഗ്ഗീയപ്രാതിനിധ്യതത്വം സ്വീകരിച്ചു നടപ്പിൽവരുത്താമെന്നു പറഞ്ഞതുകൊണ്ടു ആ പ്രമേയം പിൻവലിച്ചതെന്നു മെമ്പർക്ക് ഓർമ്മയുണ്ടല്ലോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): പിൻവലിച്ചു എന്നു ഓർമ്മയുണ്ട്. ഇതിനെപ്പററി ഇന്നും സസമ്മതനായിത്തന്നെയിരിക്കുന്നു. മി. പി. കെ. നാരായണപിള്ള അന്നു പറഞ്ഞതു വിവിധജാതിമതക്കാരാൽ അലങ്കരിക്കപ്പെടുന്ന ഒരു കാഴ്ചബംഗ്ലാവ് ആകും പബ്ലിക്ക് സർവീസ് എന്നാണ്.

മി. മാത്യുമുരിക്കൻ (വയ്ക്കം): ആ അഭിപ്രായംതന്നെയാണോ മെമ്പർക്കുമുള്ളത്?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): അല്പം അഭിപ്രായവ്യത്യാസമുണ്ട്.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പബ്ലിക്ക്സർവീസ് മത്സരം വൃക്ഷങ്ങളും ചെടികളും വളർത്തുന്ന ഒരു നഴ്സറിത്തോട്ടമോ റെയിൽവേത്തോട്ടമോ പോലെയായിരിക്കണമെന്നാണോ മെമ്പർ ഇപ്പോൾ പറയുന്നത്?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): അല്ല. ഇപ്പോഴത്തെ ഗവണ്മെൻറിൻെറ നയംകൊണ്ടു പിന്നോക്കം നിൽക്കുന്ന സമുദായക്കാർ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നു ധ്വനിക്കാറിയാം. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപമാണോ അതിലേക്കു ശരിയായ നിവൃത്തിമാർഗ്ഗം എന്നു സ്വതന്ത്രചിന്തയിൽ ഞാൻ സംശയിക്കുന്നു. ഡപ്യൂട്ടിപ്രെസിഡൻറ് പറഞ്ഞതുപോലെ ഗവണ്മെൻറ് ഭാഗത്തുനിന്നും മിക്കവാറും ഒരു സ്റ്റാൻറിങ്ങ്ബോർഡോ കമ്മിററിയോ ഉണ്ടാകും എന്നാണ് ഞാൻ വിചാരിച്ചിരുന്നത്.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇതിനുമുമ്പുണ്ടായിട്ടുള്ള പല കമ്മിററികൾകൊണ്ടു ഉപയോഗം ഒന്നും ഉണ്ടായിട്ടില്ലെന്നു അറിയാമോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): പല കമ്മിററികളെക്കൊണ്ടു ഉപയോഗം ഉണ്ടായിട്ടില്ലെങ്കിലും ചിലതുകൊണ്ടു ഉപയോഗം ഉണ്ടായിട്ടുണ്ട്.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പലതുകൊണ്ടും പ്രയോജനം ഉണ്ടായിട്ടില്ലാത്ത സ്ഥിതിക്കു ഇതുകൊണ്ടും ഉപയോഗം ഉണ്ടാകയില്ല എന്നുവേണ്ടേ വിചാരിക്കാൻ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഒരു കമ്മിററി വേണമെന്നു എനിക്കഭിപ്രായമില്ല. ഞാൻ പറയുന്നതു ഒരു സെലക്ഷൻ ബോർഡ് വേണമെന്നാണ്. അതായതു അന്യോന്യ സ്പർദ്ധയില്ലാത്ത ഒരു സ്ഥിരമായ ബോർഡ് ഏർപ്പെടുത്തി. പബ്ലിക്ക്സർവീസിനു ആളുകളെ തിരഞ്ഞെടുക്കുന്നതു നന്നായിരിക്കും എന്നാണ് എൻെറ അഭിപ്രായം. അല്ലാതെ ഒരു കമ്മിററി ഏർപ്പെടുത്തി അവർ എന്തെങ്കിലും ഒരു റിപ്പോർട്ടു തയാറാക്കി ഇട്ടിട്ടുപോകണമെന്നു അഭിപ്രായം എനിക്കില്ല. ഗവണ്മെൻറുഭാഗത്തുനിന്നും അങ്ങിനെ ഒരു മറുപടിതരാത്തതുകൊണ്ടു ഏതുവിധം വോട്ടുചെയ്യണമെന്നു ഞാൻ സംശയിക്കുന്നു. ന്യൂനവർഗ്ഗക്കാരുടെ പ്രാതിനിധ്യവും അവരുടെ അവകാശവും സംരക്ഷിക്കേണ്ടതു ഗവണ്മെൻറിൻെറ ചുമതലയാണ്.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതിനു ബാധകമായിട്ടു ഈ ഉപക്ഷേപത്തിൽ വല്ലതുമുണ്ടോ? ജനസംഖ്യയനുസരിച്ചു കൊടുക്കണമെന്നു വ്യക്തമായിട്ടു പറഞ്ഞിട്ടില്ലേ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഉണ്ട്. എന്നാൽ തന്നെയും ഒരു നൂറു കൊല്ലത്തേക്കു ഉദ്യോഗം കിട്ടാൻ സാധിക്കാത്തതായ ചില സമുദായങ്ങളും ഇവിടെ ഉണ്ടെന്നുള്ളകഥ ഓർക്കണം.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും):: സമുദായപ്രാതിനിധ്യതത്വം അംഗീകരിച്ചു നടപ്പിൽവരുത്തിയിട്ടുള്ള മദ്രാസ്സംസ്ഥാനത്തു ഈ വിഷയമുണ്ടോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): മദ്രാസ്ഗവണ്മെൻറു ഈ തത്വം സ്വീകരിച്ചിട്ടുണ്ട് എന്നു ഇവിടെ പ്രസംഗത്തിൽ കേട്ടതല്ലാതെ അതിനെപ്പററി ഒരു വിവരവും എനിക്കറിഞ്ഞുകൂടാ. അതിനാൽ ഇതിനു ഞാൻ മറുപടിപറയുന്നില്ല. ഈ തത്വം അംഗീകരിക്കുന്നതിൽ എനിക്കു വിരോധമുണ്ടോ എന്നുള്ളതു ഞാൻ വോട്ടുചെയ്യുമ്പോൾ അറിയാം. ഞാൻ എൻെറ അഭിപ്രായം രേഖപ്പെടുത്തുകയാണ് ചെയ്യുന്നതു. ഈ ഉപക്ഷേപത്തിൽ പല ന്യൂനതകളും കാണുന്നുണ്ട്. ആകെ ഒന്നു ഉദ്യോഗം കൊടുക്കണമെന്നു പറയുന്നതുകൊണ്ടു പ്യൂൺ ഉദ്യോഗത്തിനു ഒരു ൩ ൦ ൦ പേരെ നിയമിച്ചാൽ ഒരു സമുദായം സമാധാനപ്പെടുമോ എന്നു എനിക്കു സംശയമുണ്ട്.

മി. മാത്യു മുരിക്കൻ (വൈക്കം): പ്യൂൺഉദ്യോഗം എന്നു ഉപക്ഷേപത്തിൽ പറഞ്ഞിട്ടുണ്ടോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഉയർന്ന ഉദ്യോഗം എന്നു പറഞ്ഞിട്ടില്ലാത്തസ്ഥിതിക്കു ഇതും ഉൾപ്പെടുമല്ലോ?

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): രാജ്യത്തിൽ എത്ര പേഷ്കാരന്മാരുണ്ടെന്നറിയാമോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): അറിയാം.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇവിടെ എത്ര ജനവിഭാഗമുണ്ടെന്നറിയാമോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): അതു ഇതുവരെയും തീർച്ചപ്പെടുത്തിട്ടില്ലാത്ത ഒന്നാണ്. ഗവണ്മെൻറിൽനിന്നും തരാറുള്ള സ്റ്റേറ്റുമെൻറ് കൊണ്ട് അവർ അംഗീകരിച്ചിട്ടുള്ള വിഭാഗമല്ലാതെ ഇവിടെ എത്ര വിഭാഗമുണ്ടെന്നു ഈ ചോദ്യകർത്താവിനോ ഇവിടെ ആർക്കുംതന്നെയോ പറയാൻ സാധിക്കയില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): മദ്രാസ്സംസ്ഥാനത്തെക്കാൾ കൂടുതൽ ജനവിഭാഗം ഇവിടെ ഉണ്ടോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): അതു മെമ്പർക്കുതന്നെ അറിയാവുന്ന സംഗതിയാണ്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): പേഷ്കാരന്മാരുടെ ഇടയിൽതന്നെ എല്ലാ ജാതിക്കാർക്കും തുല്യമായ പ്രാതിനിധ്യം കിട്ടത്തക്കവണ്ണം ക്രമീകരിക്കാൻ സാധിക്കുമോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ൫ ൦ കൊല്ലത്തിനിടയ്ക്കു ഒരുപക്ഷേ ഒരു സമുദായത്തിലെ ഒരാൾക്കു കിട്ടി എന്നുവരാം.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എല്ലാവർക്കും പേഷ്കാരുദ്യോഗം കിട്ടുവാൻ സാധിക്കാത്തസ്ഥിതിയിൽ ആ ഉദ്യോഗം അത്ര പരിമിതമായിരിക്കുന്നതുകൊണ്ടു ഒരുവർഗ്ഗക്കാർതന്നെ ആ ഉദ്യോഗം വച്ചുകൊള്ളട്ടെ എന്നു വയ്ക്കുന്നതു നല്ലതാണോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഒരിക്കലും നന്നായിരിക്കയില്ല. അങ്ങിനെ ആരെങ്കിലും പറയുന്നപക്ഷം ഞാൻ ശക്തിയായിട്ടു എതിർക്കും.

മി. രേവതിനാൾ രാമവർമ്മരാജ (ഇടവക): ഇതിലേക്കു ഒരു ഉപപത്തി മെമ്പർക്കു പറയാമോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഒരു സ്റ്റാഫ് സെലക്ഷൻബോർഡു ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ പറഞ്ഞല്ലോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മദ്രാസിൽ സ്റ്റാഫ് സിലക്ഷൻ ബോർഡു നിർത്തുന്നതിനു ആലോചനയുള്ളതായിട്ടറിയാമോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും): എനിക്കറിഞ്ഞുകൂടാ. എന്നാലും മെമ്പർ പറഞ്ഞതുകൊണ്ടു ശരിയായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ സംഗതി ഇന്നു സർവ്വപ്രധാനമായിട്ടു തീർന്നിട്ടുണ്ട്. ഇതിനാൽ കൌൺസിലിൽ ജനപക്ഷത്തുതന്നെയും ഭിന്നിപ്പുണ്ടാകാൻ ഇടയുണ്ടെന്നാണ് എന്റെ അഭിപ്രായം.

മി. മാത്യുമുരിക്കൻ (വയ്ക്കം): ഭിന്നിപ്പുണ്ടായിട്ടില്ലെന്നു അറിയാമോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഉണ്ടായിക്കഴിഞ്ഞില്ല. അങ്ങനെ ഉണ്ടാകാൻ ഇതൊരു വഴിയായിരിക്കുമെന്നാണ് ഞാൻ പറഞ്ഞതു. അതിനാൽ ഗവർമ്മെന്റു ഞാൻ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ശരിയായിട്ടു ഗൌനിച്ചു പ്രവർത്തിച്ചാൽ കൊള്ളാമെന്നു എനിക്കു താല്പര്യമുണ്ട്.

മി. ആർ. രാമൻപിള്ള (കോട്ടയം): സർ, എന്റെ ഉപക്ഷേപത്തെപ്പററി ഞാൻ സംസാരിച്ചതിനു തക്കതായ സമാധാനം റെവന്യൂകമ്മീഷണർ അവർകൾ പറഞ്ഞുകാണുന്നില്ല. പണ്ഡിതനായ ഡിപ്യൂട്ടിപ്രെസിഡണ്ടവർകളുടെ അഭിപ്രായം ദീർഘകാലമായിട്ടു വിലവച്ചുകൊണ്ടിരിക്കുന്ന ഒരുവനാണ് ഞാൻ. എന്നാൽ ഇതിനെസംബന്ധിച്ചു മറിച്ചുപറയേണ്ടിവന്നതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ മുഹമ്മദിന്റെ അഭിനന്ദനത്തെ ഉദ്ദേശിച്ചല്ല ഞാൻ ഈ ഉപക്ഷേപത്തെ ഇവിടെ ഹാജരാക്കിയതു്. എന്റെ നിയോജകമണ്ഡലത്തിന്റെ ആഗ്രഹം എന്റെ ആശയത്തിനു എതിരല്ലാതെയുള്ളതായാൽ അതിനെ ശിരസ്സാവഹിക്കേണ്ടതു എന്റെ ചുമതലയാണ് എന്നു ഞാൻ വിചാരിക്കുന്നു. അവിടത്തെ ആളുകൾ ഈ സംഗതിയിൽ എന്നെ നിർബന്ധിച്ചുകൊണ്ടിരിക്കുന്നതിനാലാണ് ഞാൻ ഇവിടെ ഈ ഉപക്ഷേപം ഹാജരാക്കിയതു. സമുദായമത്സരംനിമിത്തമുള്ള സങ്കടങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നവനാണ് ഞാൻ. ഇതിലേക്കു കാരണം ഉദ്യോഗാപ്പേക്ഷണമല്ലാതെ മററൊന്നുമല്ല. അതിലേക്കു ഗവർമ്മെന്റു സ്ഥിരവും സംസ്ഥാപിതവുമായ ഒരു നയം സ്വീകരിക്കണം. അടുത്തകാലത്തുതന്നെ നായന്മാരേയും ബ്രാഹ്മണരേയും മേലാൽ ലാൻഡുറവന്യൂഡിപ്പാർട്ടുമെന്റിൽ പ്രവേശിപ്പിക്കരുതെന്നു ഒരു സർക്കുലർ പുറപ്പെട്ടിട്ടുള്ളതായി എനിക്കു സൂക്ഷ്മമായിട്ടറിയാം.

പ്രസിഡണ്ട്: അതിനെ ലാൻഡുറവന്യൂ കമ്മീഷണർ ഖണ്ഡിതമായി നിഷേധിച്ചിട്ടുണ്ട്.

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാൻ അതു കേട്ടില്ല. ആകെഗം ഞാൻ പിൻവലിച്ചിരിക്കുന്നു. എങ്കിലും ഉദ്യോഗനിയമനത്തിലുള്ള അനുഭവം കാണുന്നതു ഇങ്ങനെയാണ്. മലയാളബ്രാഹ്മണർ ഒട്ടുംതന്നെ പ്രാതിനിധ്യമില്ലാത്ത സമുദായക്കാരാണ് എന്നുള്ളതിനു സംശയമില്ല. സർക്കാർ ഉദ്യോഗസ്ഥന്മാർക്കോ പട്ടണത്തിൽ നിവസിക്കുന്ന ആളുകൾക്കോ ക്ഷത്രിയർക്കോ ബ്രാഹ്മണർക്കോ ഈ സമുദായമത്സരംനിമിത്തം ഉണ്ടാകുന്ന ദോഷങ്ങളെപ്പററി ലേശവും അറിവില്ല. ഉൾനാട്ടിൽ നിവസിക്കുന്ന ഞങ്ങളെപ്പോലുള്ളവർ ഈ സങ്കടം അനുഭവിക്കുന്നുണ്ട്. അയൽപക്കക്കാർ കണ്ടാൽ സംസാരിക്കുന്നില്ല. ഇതിൽപരം വലിയസങ്കടം മററൊന്നുണ്ടോ? ഗവർമ്മെന്റു ഇതിനു ഒരു സമാധാനം ഉണ്ടാക്കേണ്ടതാണ്. ദീർഘകാലമായിട്ടു നടന്നുകൊണ്ടിരിക്കുന്ന ഈ സങ്കടത്തെ പരിഹരിക്കണമെന്നുള്ള എന്റെ ഉപക്ഷേപത്തെ വോട്ടിനിടണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): മെമ്പർമാരുടെ ഈ ശുപാർശകളേയും സൂചനോപദേശങ്ങളേയും ഗവർമ്മെന്റു ഓർമ്മയിൽ വച്ചിരിക്കും എന്നു മാത്രമേ എനിക്കു പറയാനുള്ളു. എന്നാൽ പ്രമേയത്തെ ഇപ്പോൾ ഇവിടെ കാണുന്നരൂപത്തിൽ സ്വീകരിക്കാൻ നിവൃത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ രാമൻപിള്ള സൂചിപ്പിച്ച ഒരു പരസ്യത്തെ ഭൂനികുതികമ്മിഷണർ നിഷേധിച്ചിരിക്കുന്ന സ്ഥിതിക്കു മുൻപരസ്യത്തിന്റെ അർത്ഥം, അതായതു ആദ്യനിയമനങ്ങൾക്കു മററു ജാതിക്കാർക്കു പ്രധാന്യം നൽകുന്നതിൽനിന്നും ഈ ജാതിക്കാരെ തടയുന്നതായ അർത്ഥം കൊടുക്കുന്നതായ ഏതെങ്കിലും പരസ്യം വെളിപ്പെടുത്തപ്പെട്ടിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം. അങ്ങനെ ഒരു പരസ്യം അടുത്തകാലത്തിൽ എല്ലാവർക്കും അയക്കപ്പെട്ടിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഇല്ല. ഡിപ്പാർട്ടുമെന്റു സ്വീകരിച്ചിട്ടുള്ള ഏകനയം മുൻപു ഒരു അവസരത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സഭയിലെ അംഗങ്ങളുടെ ഇഷ്ടം അനുസരിച്ചുള്ളതുമാത്രമാകുന്നു. അതുകൊണ്ടു പ്രമേയത്തെ അതിനെ പ്രയോഗിച്ചിരിക്കുന്ന രീതിയിൽ സ്വീകരിക്കാൻ എനിക്കു നിവൃത്തിയില്ല എന്നു ഞാൻ ഭയപ്പെടുന്നു. ഈ സ്ഥിതിക്കു മെമ്പർ പ്രമേയത്തെ പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): മേലാൽ സമുദായമത്സരം ഉണ്ടാകാത്തവിധത്തിൽ ഗവർമ്മെന്റു എന്തെങ്കിലും ചെയ്യാൻ തയ്യാറുണ്ടെങ്കിൽ ഞാൻ ഉപക്ഷേപം പിൻവലിക്കാം. ഇല്ലെങ്കിൽ ഇതു വോട്ടിനിടണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പ്രസിഡണ്ട്: ഈ സംഗതിയെ സംബന്ധിച്ചുള്ള വാദപ്രതിവാദത്തെ ഉപസംഹരിക്കുന്നതിൽ ഞാൻ ചില വാക്കുകൾ പറയാൻ ആഗ്രഹിക്കുന്നു. നമ്മുടെ എല്ലാവരുടേയും മനസ്സിനെ ക്ഷോഭിപ്പിക്കുന്ന ഈ സമുദായമത്സരവിഷയത്തിനു ഒരു പരിഹാരം ഉണ്ടാക്കണമെന്നു ഈ സഭയിലെ മെമ്പർമാർ എല്ലാവർക്കും ഉള്ള ആഗ്രഹത്തെ ഗവർമ്മെന്റു സമ്മതിക്കുന്നു. ഗവർമ്മെന്റും ഈ സംഗതിക്കു ഒരു പരിഹാരം കണ്ടുപിടിക്കാൻ ശ്രമിച്ചുകൊണ്ടുതന്നെയിരിക്കുന്നു. മിസ്റ്റർ റാബിൻസൺ പറഞ്ഞതുപോലെ നിവൃത്തിയുള്ളിടത്തോളം ആദ്യനിയമനങ്ങൾക്കു പ്രാതിനിധ്യം ഇല്ലാത്തതോ പ്രാതിനിധ്യം കുറഞ്ഞതോ ആയ സമുദായങ്ങളിൽനിന്നും ഉദ്യോഗത്തിനു യോഗ്യതയുള്ളവർക്കു തന്നെ പ്രാധാന്യംകൊടുക്കുകയും എന്നാൽ അങ്ങനെയുള്ളവരുടെ നിയമനം മൂലം ആരുടെ

ന്റെ കാര്യക്ഷമതയ്ക്കു ഹാനി തട്ടാതിരിക്കുംവണ്ണം ശ്രദ്ധിച്ചും ഇപ്പോഴുള്ള അസമത്വങ്ങളെ നീക്കുന്നതിനു ഗവണ്മെന്റു ശ്രമിച്ചുവരികതന്നെ ചെയ്യുന്നു. ഈ നയത്തെ പ്രയോഗിക്കുന്നതിൽ അവിടേയും ഇവിടേയും ചില ന്യൂനതകൾ ഉണ്ടായിരിക്കാം. ആ കുറവുകളെ തീർക്കുന്നതിനു ഈ ഉപക്ഷേപത്തിന്റെ വാദത്തിൽ ഇന്നു ഈ സഭയിൽ പ്രസ്താവിച്ച പല സൂചനോപദേശങ്ങളേയും പരിചിന്തനം ചെയ്യുന്നതിനും ഈ വിഷയത്തിന്റെ എല്ലാ ഭാവങ്ങളേയും ചിന്തിച്ചതിൽപിന്നെ അവശ്യം എന്നു കാണുന്ന നടപടി നടത്തുന്നതിനും ഗവണ്മെന്റു ഒരുക്കമാണെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഇപ്പോൾ സൂചിപ്പിച്ച നിവൃത്തിമാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നിനെ ശരിയായ നിവൃത്തിമാർഗ്ഗമായി സ്വീകരിക്കാൻ ഗവണ്മെന്റിനു നിവൃത്തിയില്ല. മെമ്പർമാരുടെ സൂചനോപദേശങ്ങളെ എല്ലാം ഗവണ്മെന്റു പര്യാലോചിക്കുമെന്നും എല്ലാവർക്കും തൃപ്തികരമാകുംവണ്ണം ഈ കാര്യം തീർച്ചചെയ്യുന്നതിനു സഭയുടെ സഹായം തന്നെ ആവശ്യപ്പെട്ടേക്കാവുന്നതാണെന്നും മാത്രമെ എനിക്കു പറയാൻ കഴിയുകയുള്ളു.

മി. ആർ. രാമൻപിള്ള (കോട്ടയം): ഗവണ്മെന്റു വേണ്ടുംവണ്ണം പര്യാലോചിക്കാമെന്നു സമ്മതിച്ചിരിക്കുന്നതുകൊണ്ടു തൽക്കാലം ഇതിനെ വോട്ടിനിടണമെന്നു എനിക്കപേക്ഷയില്ല.

പ്രസിഡന്റ്: മെമ്പർ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നുണ്ടോ?

ഉപക്ഷേപം അനുമതിയിന്മേൽ പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൫൭.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തഴെപ്പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ എന്ന ഇനത്തിലേയ്ക്കുള്ള ൫൯, ൧൦൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

സർ, ഉപക്ഷേപത്തിന്റെ ഉദ്ദേശത്തെ ഞാൻ ഏതു മനോഭാവത്തോടുകൂടി ചേർത്തിരിക്കുന്നുവോ ആ ഭാവത്തിൽതന്നെ മനസ്സിലാക്കിക്കൊള്ളണം എന്നു സഭയുടെ ഈ കക്ഷിയിൽ ഉള്ളവരോടു ആദ്യമേതന്നെ ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഏതെങ്കിലും ഒരു പ്രത്യേകവിഷയത്തെപ്പററിയുള്ള ഏതെങ്കിലും ഉദ്ദേശത്തോടുകൂടിയല്ല ഞാൻ ഈ ഉപക്ഷേപം സഭയുടെ പര്യാലോചനക്കായി ചേർത്തിട്ടുള്ളതു. നമ്മുടെ ഗവണ്മെന്റിന്റെ ഭൂമി പതിച്ചുകൊടുക്കുന്ന നയമാകുന്ന ഈ പൊതുവിഷയം കഴിഞ്ഞ അനേകം കൊല്ലങ്ങളായി ഈ സഭയിൽ പലതരത്തിൽ കൊണ്ടുവരപ്പെട്ടിട്ടുള്ളതും ആ കാര്യത്തിന്റെ ഗുണങ്ങളും ദോഷങ്ങളും ഈ സഭാതലത്തിൽ അതിന്റെ എല്ലാ ഭാവങ്ങളിലും അരിച്ചുകടഞ്ഞു കാണിക്കപ്പെട്ടിട്ടുള്ളതും ആകുന്നു. അതുകൊണ്ടു ഭാവിയിൽ തിരുവിതാംകോട്ടു ഭൂമി പതിച്ചുകൊടുക്കുന്ന നയം എന്തായിരിക്കണമെന്നു സഭയുടെ ഈ കക്ഷിയിൽ ഉള്ളവരേയോ മറേറ കക്ഷിയിൽ ഉള്ളവരേയോ ബോദ്ധ്യപ്പെടുത്തുന്നതിനു ഞാൻ വല്ലതും പറയേണ്ട ആവശ്യമില്ല. സർ, തിരുവിതാംകോട്ടുകാരൻ ആയാലും വിദേശിയൻ ആയാലും ആർക്കും ഭൂമി പതിച്ചുകൊടുക്കാൻ പാടില്ല എന്നുള്ളതു അല്ല എന്റെ ഉദ്ദേശം. എന്നാൽ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള ഒരു നയം സ്വീകരിക്കുന്നതിൽ തിരുവിതാംകോട്ടിലെ സമുദായങ്ങളിൽ ചില ഭാഗങ്ങൾക്കു മനോവേദനയുണ്ടാകരുതെന്നു ഗവണ്മെന്റിനെ അറിയിക്കണം എന്നുള്ളതാണ്, സാർ, എന്റെ ഉദ്ദേശം. കുറെക്കൂടി വ്യക്തമായി പറയുകയാണെങ്കിൽ ഭൂമി പതിച്ചുകൊടുക്കുന്നതിൽ ഗവണ്മെന്റിന്റെ നയം നിവൃത്തിയുള്ളിടത്തോളം രാജ്യത്തിലെ ജനങ്ങളുടെ ഗുണത്തെ വർദ്ധിപ്പിക്കണമെന്നുള്ള മനോഭാവത്തോടുകൂടി രൂപീകരിക്കപ്പെടുകയും അതിനെ പ്രായോഗികമാക്കുകയും ചെയ്യണം എന്നുള്ളതാകുന്നു. കഴിഞ്ഞ അനേകം കൊല്ലങ്ങളായി തിരുവിതാംകോട്ടിൽ ഒരു വലിയ കളി നടക്കുന്നു എന്നുള്ളതു സുപ്രസിദ്ധമായ ഒരു പരമാർത്ഥമാണ്. അതു ഗവണ്മെന്റു സമ്മതിക്കുകതന്നെവേണം; ആരും അതിനെ എതിർത്തുപറയുകയുംഇല്ല. എസ്റ്റേറ്റ്, ഓയ്ലോം, ബൈസെഡിനോ, ഭൂമി ആർക്കു പതിച്ചുകൊടുത്താലും ഈ സഭ തീർച്ചയാക്കേണ്ട കാര്യം സംസ്ഥാനത്തിൽ ഏതെങ്കിലും ഒരാൾക്കു പതിച്ചുകൊടുക്കാവുന്ന ഏററവും കൂടിയ വിസ്തീർണ്ണം എത്ര എന്നുള്ളതാണ്. ഭൂമി പതിച്ചുകൊടുക്കുന്നതിൽ ഗവണ്മെന്റിന്റെ ഭാവി നയം ആ മാർഗ്ഗത്തിൽകൂടി വേണ്ടതാണെന്നാണ് സഭയിലെ ഈ കക്ഷിയിലുള്ള മെമ്പർമാരുടെ അഭിപ്രായം എന്നു ഗവണ്മെന്റു മനസ്സിലാക്കിട്ടുണ്ട്. തിരുവിതാംകോട്ടിൽ പുതുവൽ ഭൂമികൾ കുറച്ചുമാത്രമേ ഉള്ളു എന്നുള്ളതുകൊണ്ടു ഒരാൾക്കു ആയാളുടെ ജീവിതകാലത്തിനുള്ളിൽ ൫൦൦ ഏക്കറിൽ അധികം പതിച്ചുകൊടുക്കാൻ പാടില്ലെന്നു ചട്ടം ഉണ്ടാക്കണമെന്നുള്ളതിനെ സഭയുടെ ഈ കക്ഷിയിൽ ഉള്ളവരുടെ ആലോചനയ്ക്കായി സമർപ്പിക്കുകയാണു ഈ ഉപക്ഷേപംകൊണ്ടു ഞാൻ ചെയ്യുന്നതു. കാര്യത്തിന്റെ അഭാവത്തെ സഭയുടെ ആലോചനക്കായി മുഴുവൻശക്തിയോടും ഞാൻ സമർപ്പിക്കുകയാണ്. മേലാൽ പതിച്ചുകൊടുക്കുന്നതിനായി തിരുവിതാംകോട്ടിൽ ലഭ്യമായിരിക്കുന്ന പുതുവൽഭൂമികളുടെ വിസ്തീർണ്ണത്തെപററിയുള്ള കണക്കുകൾ എണ്ണി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതു പത്തോ പതിനായിരമൊ ഏക്കറിൽകൂടുതൽ വരുന്നതല്ല. ആൾ ഒന്നിനു മുപ്പതോ മുപ്പത്തിരണ്ടോ സെന്റു വരാവുന്നതാണ്. ഈ കണക്കുകളിൽനിന്നും കൈവശംവെച്ചു അനുഭവിക്കുന്നതിനും താമസിക്കുന്നതിനോ ചെറു കുടുകൾപോലും ആവശ്യമുള്ള ജനങ്ങൾ ഉണ്ടെന്നുള്ള വസ്തുത ഗവണ്മെന്റു സമ്മതിക്കേണ്ടതാണെന്നു വ്യക്തമാകുമല്ലോ. ആവശ്യക്കാരുടെപേരിൽ ഭൂമി പതിച്ചുകൊടുക്കുന്നതിനു വലിയ ഒരു മുറവിളിയുണ്ട്. അധഃകൃതവർഗ്ഗക്കാർക്കു താമസിക്കുന്നതിനു ഒരു കുടിൽ കെട്ടുന്നതിനുപോലും കുറെ സെന്റുഭൂമി കിട്ടുന്നതിനുകൂടി വളരെ പ്രയാസമുള്ളതായി നാം കാണുന്നുണ്ട്. തിരുവിതാംകോട്ടിൽ ഇന്നത്തെ കാര്യഗതി അങ്ങനെയാകുന്നു. പതിച്ചുകൊടുക്കുന്നതിനു വാസ്തവത്തിൽ നമുക്കു ധാരാളം ഭൂമിയുണ്ടായിരുന്നാൽ ഗവണ്മെന്റു വലിയ വിസ്തീർണ്ണത്തിൽ ഉള്ള ഭൂമികൾ പതിച്ചുകൊടുക്കാൻ ഉത്തരവു ചെയ്യാവുന്നതാണ്. അപ്പോൾ ഒരാളുടെപേരിൽ വലിയവിസ്തീർണ്ണങ്ങൾ പതിച്ചുകൊടുക്കുന്നതിൽ വാസ്തവമായ പരാതി ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ടു ഈ ഉപക്ഷേപം ചേർത്തതിൽ ഉള്ള എന്റെ മുഖ്യമായ ഉദ്ദേശം ഈ കളി ഇനിയും തുടരുന്നതു എന്നുള്ളതാണ്. മുതലാളികളേയും ഭൂമിക്കച്ചവടം നടത്തുന്നവരേയും മേലാൽ അവരുടെതൊഴിൽ തുടരുന്നതിൽനിന്നും തടയേണ്ടതാകുന്നു. എന്റെ പ്രധാനഉദ്ദേശം അതു ആണ്. കുറച്ചുകൂടി വ്യക്തിപരമായ കാര്യങ്ങളിലുവരുന്നതായാൽ എനിക്കു ഗവണ്മെന്റു റെക്കാർഡുകൾ കാണുന്നതിനു ഇടയില്ലാത്തതിനാലും ഞാൻ പറയുന്നതു എനിക്കു കിട്ടാൻ ഇട

ഹായ ചില വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രമാകയാലും തെററു തിരുത്തലിനു ഉൾപ്പെട്ട ഒരു പ്രത്യേക സംഗതിയെപ്പററി സമർപ്പിക്കുന്നതാണെന്നാൽ ഒരൊററയാളുടെ പേരിൽ പതിച്ചുകൊടുക്കുന്നതിനായി മല്യ്രതി രുവിതാംകോട്ടിൽ ഏറക്കുറെ ൫൭൦൦ ഏക്കർ സ്ഥലത്തിന്റെ പ്രാഥമിക സർവ്വെ നടത്താൻ ഉത്തരവുചെയ്തിരിക്കുന്നു എന്നുള്ളതാണ്. അയാൾ എസ്ലോ, ഒയിയ്യോ, ഇസൈഡോ ആയിരിക്കാം. അതല്ല ഇപ്പോൾ എന്റെ കാര്യം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു കോട്ടയം ഡിവിഷനിലൊ മദ്ധ്യതിരുവിതാംകോട്ടിലൊ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കോട്ടയം ഡിവിഷനിൽ തൊടുപുഴതാലൂക്കിൽ ഈ പ്രത്യേക ഉദാഹരണത്തിൽ അന്തർഭവിച്ചിരിക്കുന്ന നയം ഏതെങ്കിലും വീക്ഷണസ്ഥാനത്തിൽനിന്നും ന്യായീകരിക്കത്തക്കതാണോ എന്നു ഗവൺമെന്റിനോടു സഗൌരവം ചോദിച്ചുകൊള്ളുന്നു. അതുകൊണ്ടും; സർ, സഭയുടെ പര്യാലോചനത്തിനായി ഞാൻ നിർബന്ധിക്കണമെന്നു ആഗ്രഹിക്കുന്ന പ്രധാനവിഷയം മേലാൽ യാതൊരാളുടെ പേരിലും അയാളുടെ ജീവിതകാലത്തിനുള്ളിൽ ൫൦൦ ഏക്കറിനുമേൽ പതിക്കാൻ സാദ്ധ്യമായിരിക്കരുതു എന്നുള്ളതാണ്. ഈ ഉപക്ഷേപത്തിൽ തേയിലയും ഏലവും കൃഷിചെയ്യുന്നതിനുമാത്രം യോഗ്യമായ ആ ഉന്നതതടങ്ങളിലെ ഭൂമികളെ ഞാൻ ഉൾപ്പെടുത്തുന്നില്ല. മററു കൃഷികൾക്കു ഉപയോഗമുള്ളതായി താണപ്രദേശങ്ങളായ മദ്ധ്യപ്രദേശങ്ങളിൽ കിടക്കുന്ന ഭൂമികളെപ്പററി മാത്രമേ ഈ ഉപക്ഷേപത്തിൽ പറയുന്നുള്ളു. അതുകൊണ്ടു ഏതെങ്കിലും ഒരാളുടെ പേരിൽ ൫൦൦ ഏക്കറിൽ അധികം പതിച്ചുകൊടുക്കാൻ മേലാൽ സമ്മതിക്കുന്നതല്ല എന്നുള്ള ഒരു നയം ഗവൺമെന്റു കൈക്കൊള്ളേണ്ടതാണ്. ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതിന്റെ പ്രധാനഉദ്ദേശവും അതുതന്നെയാണ്. ഞാൻ സൂചിപ്പിച്ച പ്രത്യേകകാര്യത്തെപ്പററി വീണ്ടും പറയുകയാണെങ്കിൽ സർ, ഏതെങ്കിലും സൂക്ഷ്മമായ ആലോചനകുറവുകൊണ്ടോ ദുർഗതികൊണ്ടോ ഞാൻ സഭയിൽ പറഞ്ഞ കാര്യത്തിൽ ഗവൺമെന്റു ഏതെങ്കിലുംപ്രകാരത്തിൽ അബദ്ധത്തിൽ ചാടിപ്പോയിട്ടുണ്ടെന്നുവരുകിൽ ഈ ഉപക്ഷേപത്താൽ ഗവൺമെന്റു ഇക്കാര്യത്തെ ഒന്നുകൂടി പര്യാലോചിക്കുകയും ഈ പതിച്ചുകൊടുക്കലിനെ സംബന്ധിച്ചിടത്തോളം മേൽ നടപടി ഒന്നും നടത്താതെ നിറുത്തിവയ്ക്കുകയും ചെയ്യണം എന്നു ഞാൻ ഈ ഉപക്ഷേപത്താൽ അപേക്ഷിച്ചുകൊള്ളുന്നു. ഈ പ്രസംഗത്തോടുകൂടി ഞാൻ ഉപക്ഷേപത്തെ സഭയുടെ പര്യാലോചനത്തിനായി സമർപ്പിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, പതിച്ചുകൊടുക്കാൻ ഉത്തരവുചെയ്തിട്ടില്ല എന്നു ആദ്യമേതന്നെ മി. കെ. പി. നീലകണ്ഠപ്പിള്ളയോടു ഉണർത്തിച്ചുകൊള്ളട്ടെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇത്രയുംഭൂമി അയാളുടെപേരിൽ പതിച്ചുകൊടുക്കത്തക്കവണ്ണം അതിനുള്ള സർവ്വെ ചിലവുകൾ കെട്ടിവയ്ക്കാൻ ആരോടെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അങ്ങനെ ചെയ്തിട്ടുണ്ടെന്നു തോന്നുന്നു. പതിച്ചുകൊടുക്കാൻ ഉത്തരവുകൊടുത്തിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, അദ്ദേഹം ദയവുചെയ്തു ചോദ്യത്തിനു മറുപടി പറയുമോ?

പ്രസിഡൻറ്: ഇക്കാര്യത്തെപ്പററി ഞാൻ ഒരു ചെറിയ വിവരണം പറയുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു.

൫൨൦൦ ഏക്കർ വിസ്താരം ഉള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം മി. സുബ്രഹ്മണ്യയ്യരുടെ പക്കൽനിന്നും ഒരപേക്ഷ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരു ഉപക്ഷേപത്തിൽതന്നെ പറഞ്ഞിരിക്കുന്നസ്ഥിതിക്കു അതിനെ വെളിയിൽ പറയാതിരിക്കാൻ കാരണം ഒന്നുമില്ല. അതു പതിച്ചുകൊടുക്കാൻ കൂടുതൽ ഭൂമി ലഭ്യമായേക്കാവുന്നകാറൽഷിവച്ചും വിസ്തീർണ്ണവും കൂടിയ ഒരു പ്രദേശത്തിലെ ഒരു വലിയ മൈനർസക്ക്യൂട്ടിന്റെ ഒരു ഭാഗം ആകുന്നു. ആ മൈനർ സക്ക്യൂട്ടിൽനിന്നും ഭൂമി പതിച്ചു കിട്ടുന്നതിനു വേറെയും ചില അപേക്ഷകന്മാർ ഉണ്ട്. പതിച്ചുകൊടുക്കുന്നതിനു അനുവാദംകൊടുക്കുന്നതിനു മുമ്പിൽ പതിച്ചുകൊടുക്കാവുന്നഭൂമി എത്രയുണ്ടെന്നു അറിയുന്നതിനായി ഒരു സർവ്വെ നടത്തേണ്ടതു ആവശ്യമാണെന്നു ആജ്ഞാപിച്ചു. ആ ഉത്തരവിൽ സർവ്വെ ചെയ്യുന്നതിനുള്ള ചിലവു അപേക്ഷകനിൽനിന്നു ഈടാക്കാവുന്നതാണെന്നു പറഞ്ഞിരുന്നു. പുനരാലോചനയിൽ ആ വലിയ മൈനർ സക്ക്യൂട്ടിൽനിന്നും ചെറുഭാഗങ്ങൾ പതിച്ചുകിട്ടുന്നതിനും അപേക്ഷകന്മാർ ഉണ്ടെന്നു കാണുകയാൽ പതിച്ചുകൊടുക്കാവുന്ന ഭൂമി എത്രയുണ്ടെന്നു അറിയുന്നതിനായി മൈനർ സക്ക്യൂട്ടു മുഴുവനേയും സർവ്വെ ചെയ്യേണ്ടതാവുന്നതാണെന്നും ആരുടെപേരിൽ എങ്കിലും നീക്കിവച്ചോ ലേലംചെയ്തോ ഭൂമി പതിച്ചുകൊടുക്കാൻ ആജ്ഞാപിക്കുമ്പോൾ ചട്ടം അനുസരിച്ചു വീതപ്രകാരംഉള്ള ചിലവു ഈടാക്കിക്കൊള്ളത്തക്കവണ്ണം അങ്ങനെ സർവ്വെചെയ്യുന്നതു ആദ്യമെ ഗവൺമെന്റു ചിലവിൽതന്നെ നടത്തിയേക്കാവുന്നതാകണമെന്നും ഗവൺമെന്റു അഭിപ്രായപ്പെട്ടു. അതിനെസംബന്ധിച്ചിടത്തോളം ഉള്ള നില അങ്ങനെയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) പ്രസിഡന്റുപറഞ്ഞ വിവരങ്ങളെ ഗണിച്ചു ഉപക്ഷേപത്തിന്റെ ഉദ്ദേശത്തെ സംബന്ധിച്ചുള്ള എന്റെ പ്രസംഗത്തിലെ ഒടുവിലത്തെ ഭാഗത്തെ അതായതു മിസ്റ്റർ സുബ്രഹ്മണ്യയ്യരുടെ പേരിൽ ൫൨൦൦ ഏക്കർ പതിച്ചുകൊടുക്കാൻനിശ്ചയിച്ചിരിക്കുന്നതിനെ ഞാൻ പിൻവലിച്ചുകൊള്ളുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): സർ, ഇതിൽ വ്യക്തിപരമായി പറഞ്ഞിട്ടുള്ള ഏതൊന്നിനേയും ഒഴിച്ചു ശേഷംഭാഗത്തെ ഞാനും പിൻതാങ്ങുന്നു. തിരുവിതാംകൂറിൽ ൪൦ ലക്ഷം ജനങ്ങൾ എന്നു പറയുന്നതു ൪൫ ലക്ഷത്തിൽ കുറയാതെയുണ്ട്. ക്രിസ്ത്യാനികൾ പണ്ടേതന്നെ ഭാഗംകൊണ്ടും നായന്മാർ ഈഴവന്മാർ ഇവർ ഇപ്പോഴത്തെ ഭാഗംകൊണ്ടും കൊസൻകാരരായിട്ടാണു തീർന്നിരിക്കുന്നത്. കുറച്ചു സെൻറു സ്ഥലം മാത്രമേ അവർക്കുള്ളൂ; ഇനീട്ടു അധഃകൃതരായ ആളുകൾക്കു ലേശവുംഭൂമിയില്ല. ഇത്രയുംജനങ്ങൾക്കു കിടപ്പിടം ഉണ്ടാക്കിക്കൊടുക്കാനുള്ള ചുമതല ഗവൺമെന്റിനുള്ളതുകൊണ്ടും തിരുവിതാംകൂർ സംസ്ഥാനത്തിന്റെ വിസ്താരം

പരിമിതമായ അവസ്ഥയിലും വർദ്ധിപ്പിക്കാൻ നിവൃത്തിയില്ലാത്ത നിലയിലും ആയിരിക്കുന്നതുകൊണ്ടും ഈ അവസരത്തിൽ തരിശുഭൂമികൾ ബ്ലോക്കുകളായിട്ട ധാരാളം പണമുള്ളവർക്കു പതിച്ചുകൊടുക്കുന്നതിൽ ജനങ്ങൾക്കു വലിയ സങ്കടമുണ്ട്. അതിൽ ഒട്ടും കുറയാത്ത സങ്കടം എനിക്കുമുണ്ട്. അതിനാൽ മേലാൽ ൫൦൦ ഏക്കറിൽ കവിഞ്ഞഭൂമി ആർക്കും പതിച്ചുകൊടുക്കരുത്. ഒരാൾക്കു ൫൦൦ ഏക്കർ കൊടുത്താൽ അതിൽ അയാൾ കൃഷിചെയ്യും എന്നു കണ്ടാൽ കുറച്ചുകൂടി കൊടുക്കുന്നതുകൊണ്ടു വിരോധമില്ല. അല്ലാതെ ആ സ്ഥലം കച്ചവടംചെയ്തു ആദായം ഉണ്ടാക്കാൻ അനുവദിച്ചുകൂടാ.

മി. തറിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): സർ, ഈ ഉപക്ഷേപത്തെപ്പററി ഞാനും രണ്ടുവാക്കു സംസാരിക്കേണ്ടത്യാവശ്യമാണ്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട തൊടുപുഴത്താലൂക്കിൽ ആയിരത്തിലധികം ഏക്കർ ഭൂമി ഒരാൾക്കു ശേഖരമായിട്ടു പതിച്ചുകൊടുക്കുന്നു എന്നും അതു അരുത് എന്നുമാണ് മി. നീലകണ്ഠപ്പിള്ള പറയുന്നതു. എന്നാൽ മൂവാററുപുഴ, തൊടുപുഴ ഈ താലൂക്കുകളിൽ കൃഷിക്കാർക്കു ഭൂമിയില്ലാത്ത ബുദ്ധിമുട്ടു വളരെയുണ്ടു. ചില്ലറയായിട്ടുകൊടുക്കാതെ ഒരാൾക്കുതന്നെ ശേഖരമായിട്ടു കൊടുക്കുന്നതു മററുള്ളവർക്കു ഭൂമികിട്ടുവാൻ വിഷമമുണ്ടാക്കും. പ്രസിഡണ്ടവർകൾ അങ്ങനെ കൊടുക്കുന്നതല്ലെന്നാണല്ലോ മുമ്പു പറഞ്ഞതു.

പ്രസിഡണ്ട്: അതു എങ്ങനെ രജിസ്റ്റർചെയ്യാൻ പോകുന്നു എന്നു ഞാൻ പറഞ്ഞില്ല. അതിനെക്കുറിച്ചു യാതൊന്നും ഞാൻ പറഞ്ഞില്ല.

മി. [illegible] കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാൻ അങ്ങനെയാണു ധരിച്ചതു. ശേഖരമായിട്ടു ഭൂമി പതിച്ചുകൊടുക്കുന്നതു സാധാരണജനങ്ങൾക്കു ഭൂമികിട്ടാതെ കഷ്ടതയുണ്ടാക്കുന്ന കാര്യമായിരിക്കും. മൂവാററുപുഴ, തൊടുപുഴ മുതലായ താലൂക്കുകളിൽ ജനങ്ങൾക്കു കൃഷിയല്ലാതെ മററു തൊഴിലുമില്ല. മുമ്പു മലവാരം കൃഷിചെയ്തുകൊണ്ടിരുന്ന സ്ഥലമെല്ലാം റിസർവാക്കിയതുകൊണ്ടു കൃഷിക്കു സ്ഥലമില്ലാതെ കൃഷിക്കാർ വളരെ ദാരിദ്ര്യത്തിലും കഷ്ടതയിലും കഴിഞ്ഞുകൂടുകയാണ്. അന്നു കൃഷിചെയ്യുന്ന ഭൂമികൾക്കുമാത്രം കരം കൊടുത്താൽ മതിയായിരുന്നു. റവന്യൂക്കാർ മലവിളിപ്പു ഓരോകൊല്ലവും കണ്ടെഴുതി കരംപിരിക്കയായിരുന്നു. അന്നു മലവാരം കൃഷിചെയ്തിരുന്ന സ്ഥലമെല്ലാം ഇന്നു റിസർവാക്കി ത്തീർത്തിരിക്കയാണ്. പേരിൽപതിവുഭൂമി വിഭജിച്ചുവിഭജിച്ചു ആളാംപ്രതി കുറച്ചുചുരുങ്ങി. ഇങ്ങനെ കൃഷിക്കാർ ഭൂമിയില്ലാതെ കഷ്ടപ്പെടുമ്പോൾ തെങ്ങും മുളകും ഉണ്ടാകുന്നതും ഫലപുഷ്ടിയുള്ളതുമായ തൊടുപുഴത്താലൂക്കിലെ മീനച്ചൽ ... ഭൂമികളെ ചിലർക്ക് ശേഖരമായിട്ടു പതിച്ചുകൊടുക്കുന്നതു വലിയ കഷ്ടമാണ്; ഇന്നാർക്ക് എന്നു ഞാൻ പറയുന്നില്ല. ആർക്കായിരുന്നാലുംശരി ഗവണ്മെൻറു അങ്ങനെ പതിച്ചുകൊടുക്കുന്നു എന്നോ കൊടുക്കാൻ പോകുന്നു എന്നോ ഉള്ള അഭിപ്രായം വിശ്വസിക്കുന്നതിനു വേണ്ടടത്തോളം ന്യായം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ചില ഉദ്യോഗസ്ഥന്മാർക്കോ (പെൻഷൻ ഉദ്യോഗസ്ഥന്മാരല്ല) അവരുടെ ചില ചാർച്ചക്കാർക്കോ ഇങ്ങനെ ശേഖരമായി ഭൂമിപതിച്ചുകൊടുക്കാൻ പോകുന്നു എന്നു അവിടെ ജനങ്ങളുടെ ഇടയിൽനിന്നും എനിക്കറിയുന്നതിനിടയായി. അതിനെ ഞാൻ കാര്യമായിട്ടു ഗണിച്ചില്ല. അങ്ങനെ സംഭവിക്കുമെന്നു എനിക്കു വിശ്വാസമില്ലാത്തതിനാൽ ഞാൻ ഗവണ്മെൻറിനെ അറിയിച്ചിട്ടുമില്ല.

ഈ ഭൂമിപതിപ്പിൽ ഗവണ്മെൻറു സുസ്ഥിരമായ ഒരു നയം സ്വീകരിക്കേണ്ടതാണ്. അധഃകൃതവർഗ്ഗക്കാർക്ക് ആളൊന്നിനു ൩ ഏക്കർവീതം തറവിലകൂടാതെ കൊടുക്കയും ബാക്കിയെല്ലാം അംശങ്ങളായിട്ടു ലേലംചെയ്യുകയും വേണം. പുതുവൽ റൂൾസ് ൫൩-ാംവകുപ്പനുസരിച്ചു വിധിപ്പിടിച്ചു വലിയ ഹോൾഡിംഗുകൾ ഉള്ള സ്ഥലം അവർക്കുതന്നെ പതിച്ചുകൊടുക്കണം. സാധുക്കൾക്ക് ഭൂമിപതിച്ചുകൊടുത്താൽ ജനങ്ങൾക്കു സൗകര്യവും ഗവണ്മെൻറിനു ആദായവും. മൂവാററുപുഴ, തൊടുപുഴ ഈ താലൂക്കുകളിലുള്ള തരിശുഭൂമികളെല്ലാം ഇങ്ങനെ കൊടുക്കണം. റിസർവിനകത്തും നെൽകൃഷിക്കും മററു കൃഷികൾക്കും ഉപയോഗിക്കാവുന്ന സ്ഥലങ്ങൾ ധാരാളമുണ്ടു. അവയും പതിച്ചുകൊടുക്കണം. അതു ശേഖരമായിട്ടു ഒരിക്കലും പതിച്ചുകൊടുക്കരുതു. ഇങ്ങനെയുള്ള സംഗതികളിൽ ജനങ്ങളുടെ സങ്കടത്തെ അവഗണിക്കാതെ ഗവണ്മെൻറിനെ ധരിപ്പിക്കേണ്ടതു എന്റെ കടമയാണെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, എന്റെ നിയോജകമണ്ഡലത്തിൽ ശേഖരമായി ഈവിധം ഭൂമിപതിച്ചുകൊടുക്കാൻ പോകുന്നു എന്നറിയാതെ ഇരുന്നതുകൊണ്ടാണ ഞാൻ അങ്ങനെ ചെയ്യരുതു ജനങ്ങൾക്കു സങ്കടമാണെന്നു ഗവണ്മെൻറിനെ പ്രത്യേകം അറിയിക്കാതിരുന്നതു. ഇങ്ങനെ ശേഖരമായിട്ടു പതിച്ചുകൊടുക്കാൻ പോകുന്നു എന്നുള്ളതു വാസ്തവമാണെങ്കിൽ അതിനെ ഞാൻ ശക്തിയായി പ്രതിഷേധിക്കുന്നു.

മി. ഇരുവേലിൽ കൊച്ചുപിള്ള (ചേർത്തല): സർ, ഈ ഉപക്ഷേപത്തെ ഞാൻ ബലമായിട്ടു പിന്താങ്ങുന്നു. ഈ രാജ്യത്തിൽ പുതുവൽപതിവിനെപ്പററി കൂടക്കൂടെ പല പരാതികളും കേൾക്കാറുണ്ടു. മുമ്പുതന്നെ പുതുവൽ പല വലിയ കമ്പനിക്കാർക്കും പതിച്ചുകൊടുത്തുപോയിട്ടുണ്ടു. ഇനി ശേഷിക്കുന്നതു വളരെ കുറച്ചു മാത്രമെയുള്ളു. യൂറോപ്യൻ കമ്പനിക്കാർക്ക് ഈ രാജ്യത്തു അനേകായിരം ഏക്കർസ്ഥലം പതിച്ചുകൊടുത്തു അവർ അതിൽ ഏലം ടീ മുതലായവ വലുതായ തോതിലായിട്ടു കൃഷിചെയ്തുവരുന്നു. കണ്ണൻദേവൻ മലകൾതന്നെ ൯൯ വർഷത്തേക്കു തുച്ഛമായ ഒരു സംഖ്യ പാട്ടത്തിന്മേൽ ഗവണ്മെൻറു എഴുതിക്കൊടുത്തിരിക്കയാണ്. ആ സ്ഥലം ഇപ്പോൾ തിരുവിതാംകൂറിൽ സ്വിററ്സർലണ്ടിനു തുല്യമായിരിക്കുന്നു. ഈ വസ്തുക്കളെല്ലാം തിരികെകിട്ടാൻ ഒരു വഴിയുമില്ല. ഈ രാജ്യം ൭൬൨൫ ചതുരശ്രമൈൽ വിസ്താരമേയുള്ളു. അതിൽ മലയിടങ്ങളും വനവും ഒഴിച്ചാൽ ബാക്കിയുള്ള സ്ഥലത്താണ് ൬൦ ലക്ഷത്തിൽ ചില്വാനം ജനങ്ങൾ അധിവസിച്ചുവരുന്നതു. ഇവിടത്തെ ജനസംഖ്യയനുസരിച്ചു ഒരു ചതുരശ്രമൈലിനു ൭൯൦-ൽ ചില്വാനം ജനങ്ങൾ അധിവസിച്ചുവരുന്നതായിട്ടു കാണാം. മററു രാജ്യങ്ങളുമായി സാപേക്ഷപ്പെടുത്തുമ്പോൾ ഇവിടെ ഒരു ചതുരശ്രമൈലിനകത്തു പാർക്കുന്ന ജനങ്ങൾ ഏറ്റവും അധികമാണെന്നു ബോദ്ധ്യപ്പെടും.

ഇനി ഒരാൾക്കു ശരാശരി കൃഷിസ്ഥലം എത്രയുണ്ടെന്നുനോക്കാം. സർക്കാർ കണക്കിൽനിന്നും മനസ്സിലാകുന്നതു ഒരാളിനുവീതത്തിനു ൪൭ സെൻറു സ്ഥലമേയുള്ളു എന്നാണ്. ഇതാണ് ഇവിടത്തെ ജനങ്ങളുടെ അവസ്ഥ. ഈ സ്ഥിതിക്കു ഒരു ക്ലിപ്തം കൂടാതെ ഇത്രയധികം ഏക്കർസ്ഥലം ഓരോരുത്തർക്കു പതിച്ചുകൊടുത്താൽ വാ

സ്ഥലത്തിൽ ഈ രാജ്യത്തിലെ ജനങ്ങൾക്കും അതുവരെ സങ്കടമായിട്ടുതീരും. പ്രബലവും സ്വാധീനശക്തിയും ഉള്ളവർക്ക് എത്രഏക്കർസ്ഥലം വേണമെങ്കിലും പതിച്ചുവാങ്ങിക്കാൻ കഴിയുമെന്നുള്ള ഇപ്പോഴത്തെ അവസ്ഥയെ ഭേദപ്പെടുത്തേണ്ടതു എത്രയും അത്യാവശ്യകരമായിട്ടുള്ളതാണ്; അതുകൊണ്ടു ൫൦൦ ഏക്കറിൽ കൂടുതൽസ്ഥലം ഒരപേക്ഷകനു ഒരിക്കലും പതിച്ചുകൊടുക്കാൻ പാടില്ലഎന്നുള്ളനയം ഗവണ്മെന്റു സ്വീകരിക്കേണ്ടതാണ്. ഇത്രയുംപറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തിലടങ്ങിയിരിക്കുന്ന തത്വത്തെ ഞാൻ ബലമായിട്ടു പിൻതാങ്ങിക്കൊള്ളുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവുംവിളവങ്കോടും): സർ, ഞാൻ മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ൧൦൯൦-ാമാണ്ടിൽ ഒരു മി. സുബ്രഹ്മണ്യയ്യർക്കു കളിയൽപകുതിയിൽ ഒരു പ്രത്യേകകാര്യമായി ൧൦൦ ഏക്കർസ്ഥലംകിട്ടി

പ്രസിഡണ്ടു: ഒരു ലക്ഷ്യോപക്ഷേപത്തിൽ നയംസംബന്ധമായ കാര്യങ്ങളെപ്പററി വാദം നടത്തുന്നതിനാൽ മി. കേശവപിള്ളെ നിങ്ങൾ വ്യക്തിപരമായ ഉദാഹരണങ്ങളെ എടുത്തുപറയാതിരിക്കുന്നതു നന്നായിരിക്കും.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതേ ആളുതന്നെ തയ്ക്കാറിൻകരതാലൂക്കിലും ധാരേചരയോടുകൂടി ഒരുകാര്യം പ്രവൃത്തിച്ചിട്ടുണ്ടു.

പ്രസിഡണ്ടു: നിങ്ങൾ വ്യക്തികാര്യങ്ങളെപ്പററി തന്നെയാണല്ലോ പിന്നെയുംപറയുന്നതു. അങ്ങനെ പറയാതിരിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻപറഞ്ഞില്ലെ

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുകയും അത്രവലിയഭൂമികളെ ഒരു വ്യക്തിയുടെപേരിൽ പതിച്ചുകൊടുക്കാൻ പാടില്ലെന്നു ശക്തിയായിഅഭിപ്രായപ്പെടുകയും ചെയ്തുകൊള്ളുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്ക്കുളവും വ്യവസായവും-തെക്ക): ഈ ഉപക്ഷേപത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വം ഞാൻ മനസ്സിലാക്കിയടത്തോളം നമ്മുടെ ഭൂമികൾ എല്ലാം പതിച്ചുകൊടുത്തതിൽ പിന്നെ കൃഷിചെയ്യപ്പെടുകയും അവനമ്മുടെ ജനങ്ങൾക്കായിത്തന്നെ വീതിക്കപ്പെടുകയും ചെയ്യണംഎന്നാകുന്നു. ൧൨ മാസത്തിനുമുമ്പു ഇതേതത്വത്തെ ഈസഭാസമക്ഷം കൊണ്ടുവന്ന ഒരാൾ പിറവിയപ്പെരുമാളായ എനിക്കു ഇപ്പോൾ ഈ ഉപക്ഷേപത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ പിൻതാങ്ങുന്നതിൽ വലിയസന്തോഷമുണ്ടു. കഴിഞ്ഞയാണ്ടു എന്റെ ഓർമ്മ ശരിയാണെങ്കിൽ വിദേശികൾക്കു യാതൊരാൾക്കും ൫ ഏക്കറിൽ കൂടുതൽ സ്ഥലം പതിച്ചുകൊടുക്കാൻ പാടില്ല എന്നു എന്റെസ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ ഒരുപ്രമേയം ഹാജരാക്കീട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉദ്ദേശം.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അഞ്ചു ഏക്കറിൽ കൂടുതൽസ്ഥലം ആർക്കും പതിച്ചുകൊടുക്കരുതെന്നു ഞാൻ പ്രമേയം കൊണ്ടുവന്നു എന്നാണോ പറയുന്നതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്ക്കുളവും വ്യവസായവും-തെക്ക): അങ്ങനെതന്നെ.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാൻ അങ്ങനെ കൊണ്ടുവന്നിട്ടില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്ക്കുളവും വ്യവസായവും-തെക്ക): എന്റെ ഓർമ്മശരിയാണെങ്കിൽ അദ്ദേഹത്തിന്റെ പ്രമേയം അങ്ങനെതന്നെയായിരുന്നു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വിദേശികൾക്കു പതിച്ചുകൊടുക്കരുതു എന്നാണു ഞാൻ കൊണ്ടുവന്നിരുന്നതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്ക്കുളവും വ്യവസായവും-തെക്ക): യാതൊരാൾക്കും എന്നു പറയുന്നതിൽ വിദേശികളും ഉൾപ്പെടുന്നു. ഇപ്പോഴും പ്രമേയങ്ങളാവോ പ്രസംഗിച്ചവരിൽ വല്ലവരുമോ തിരുവിതാംകോട്ടുകാരൻ എന്നോ വിദേശി എന്നോ പറഞ്ഞിട്ടില്ല. അന്നു ആ ഭേദഗതി ഞാൻ പ്രയോഗിച്ചതിന്റെ ഉദ്ദേശം ഭൂമികൾ കൃഷിചെയ്യാനായി മാത്രം പതിച്ചുകൊടുക്കണം എന്നും അവ തിരുവിതാംകോട്ടുകാർക്കു മാത്രം ആയിരിക്കണം എന്നും ആയിരുന്നു. അങ്ങനെ പതിച്ചുകൊടുക്കുന്ന ഭൂമികളെ ആർക്കും വിലയ്ക്കു കൊടുക്കാൻ പാടില്ല എന്നുള്ളതിനു നിയമം ഉണ്ടാക്കണം എന്ന ഒരു ഭേദഗതികൂടി ഞാൻ അനുസ്മരിപ്പിച്ചു. എന്നാൽ എനിക്കു തോൽവി പററി. അതുകൊണ്ടു ഉപക്ഷേപത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ പിൻതാങ്ങുന്നതിൽ ഇപ്പോൾ എനിക്കു അതിയായ സന്തോഷം ഉണ്ടു. മിസ്റ്റർ കെ. പി. നീലകണ്ഠപിള്ളയുടെയും മി. രാമൻപിള്ളയുടേയും പ്രസംഗങ്ങളിൽ ഭൂമിയെ വിലയ്ക്കു കൊടുക്കുന്നതിനായി വേണ്ടിമാത്രം ഭൂമി ഒരുകൂട്ടർക്കു പതിച്ചു കിട്ടുന്നതിനെ സൂചിപ്പിക്കുന്നുണ്ടു. ഉദ്ദേശം അതാണെന്നുവരികിൽ ഞാൻ കഴിഞ്ഞയാണ്ടിൽ പോലും പറഞ്ഞതുപോലെ പതിച്ചുകിട്ടിയതിൽപിന്നെ വിലയ്ക്കുകൊടുക്കുന്നതിനായി ലാഭത്തിനായി ഭൂമി പിടിക്കുന്നതിനെ തൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്കു ഭൂമിപതിച്ചുകിട്ടാതിരിക്കാൻ വല്ലതും ഏർപ്പാടുചെയ്യേണ്ടതാണെന്നു ഞാൻ ബലമായി ഉപദേശിച്ചുകൊള്ളുന്നു. ഈ വിമർശനങ്ങളോടുകൂടി പ്രതിപാദിതമായ തത്വത്തെ ഞാൻ പിൻതാങ്ങുന്നു.

മി. എസ്. സി. എച്ച്. റബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, മിസ്റ്റർ കെ. പി. നീലകണ്ഠപിള്ള പറഞ്ഞതിൽനിന്നും അദ്ദേഹത്തിന്റെ പ്രധാനഉദ്ദേശം ഭൂമികളെ രാജ്യത്തിന്റെ ഗുണത്തിനായി കൃഷിചെയ്യുകയും തൊഴിലില്ലായ്മയെ നീക്കുകയും ചെയ്യുന്നതിനു പകരം അവയെ കൃഷിചെയ്യാതെ വെറുതെ ഇട്ടിട്ടുപിന്നീടു അവയെവേറെ വല്ലവർക്കും ലാഭത്തിന്മേൽ വിലയ്ക്കുകൊടുക്കുന്നതിനു ഉദ്ദേശിക്കുന്നവരായി ലാഭത്തിനായിമാത്രം ഭൂമിക്കെമററം ചെയ്യുന്നവരുടെകയ്യിൽ ഭൂമികൾ പെട്ടുപോകുന്നതിനെ തടയുന്നതാകുന്നു എന്നു ഞാൻ ധരിക്കുന്നു. പുതുവൽ ചട്ടങ്ങൾ അനുസരിച്ചു ഭൂമിപതിച്ചുകൊടുക്കുന്നതു എല്ലാവർക്കും അറിയാവുന്നതുപോലെ ഒരു നിയമസംബന്ധമായനടപടിയും ആർക്കെങ്കിലും ഒരാൾക്കു എത്രമാത്രം ഭൂമിപതിച്ചു കൊടുക്കാമെന്നുള്ളതിനെ സംബന്ധിച്ചു ഓരോനടപടിയും ക്ലിപ്തപ്പെടുത്തപ്പെട്ടിട്ടുള്ളതും ആകുന്നു. ഏതെങ്കിലും ഒരാൾക്കു മേലും ചെയ്തു പതിച്ചുകൊടുക്കാവുന്ന ഏററവുംകൂടിയ വിസ്തീർണ്ണം ൫൦ ഏക്കർ ആണെന്നു ൧൩-ാംചട്ടംപറയുന്നു. അതിനു ഇപ്പോൾതന്നെ ചട്ടം ഏർപ്പെടുത്തി കഴിഞ്ഞിരിക്കുന്നു; കൈവശപ്പെടുത്തിയിരിക്കുന്നവസ്തുക്കളെ ഉത്തമവിശ്വാസമായ നന്നാക്കുന്നവർക്കും കൈവശപ്പെടുത്തീട്ടില്ലാത്ത വസ്തുക്കളേയും ഇത്രത്തോളം ഏക്കർ

ഓരോ ഉദ്യോഗസ്ഥന്മാർക്കും വില്ക്കാനുള്ള അധികാരത്തെയും കുറിച്ചിരിക്കുന്നു. തേയിലമുതലായ കൃഷിക്കു പറ്റിയ മേട്ടുപോലുള്ള ഉയർന്ന നിരപ്പുകളിൽ വലിയവിസ്തീർണ്ണ പ്രദേശങ്ങൾ പതിച്ചുകൊടുക്കുന്നതിൽ വിരോധമില്ലെന്നു മി. കെ. പി. നീലകണ്ഠപിള്ള പറഞ്ഞു. അദ്ദേഹം പറഞ്ഞതു ന്യായമായാണെന്നു എനിക്കുതോന്നുന്നു. ഏതാണ്ടു തെറ്റീട്ടുണ്ടെങ്കിൽ തിരുത്തുന്നതിനു വിരോധമില്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഉന്നതപ്രദേശങ്ങളിൽ ൫൦൦ ഏക്കറിനമേൽ പതിച്ചുകൊടുക്കാവുന്നതാണ്. താണപ്രദേശങ്ങളിൽ പാടില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ൨൦൦ ഏക്കറിൽ കുറഞ്ഞു ഒരു തേയിലത്തോട്ടം നടത്താവുന്നതല്ല എന്നു ഞാൻ മനസ്സിലാക്കിയിട്ടുള്ളതുകൊണ്ടു നിശ്ചയമായും അതു ആവശ്യംതന്നെയാണു. ഒരു സംസ്കാരശാല ഏർപ്പെടുത്തുന്നതിൽ ലാഭമില്ല. എന്തെങ്കിലും ഉന്നതതടത്തിൽ വേണ്ടതായ ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ൨൦൦ ഏക്കർ ആകുന്നു. പിന്നെ യാതൊന്നുള്ളതു ഉയർന്ന സ്ഥലങ്ങളിൽ ഉള്ള ഈ ഭൂമികൾ മരച്ചീനി, തെങ്ങു, കമുകു മുതലായവയെപ്പോലുള്ള സാധാരണ കൃഷികൾക്കു ഉപയോഗപ്പെടുന്നവയല്ല എന്നുള്ളതാണു. ചാരിക്കോട്ടപകുതിയിൽ വലിയവിസ്താരത്തിൽ ഉള്ള ഒരു ഭൂമിയുണ്ടു. അതിനെ ൫ ഏക്കർ തുണ്ടുകളായി സർവ്വേചെയ്തുവരുന്നു. ഡാക്ടർ സുബ്രഹ്മണ്യയ്യർ അപേക്ഷിച്ചിട്ടുള്ള സ്ഥലം ൩൦൦൦ അടി ഉയരത്തിൽ ഉള്ളതാകുന്നു. മിസ്റ്റർ ഇട്ടിയും മിസ്റ്റർ മീനച്ചിൽ ജോസഫും മറ്റു ചിലരും അപേക്ഷിച്ചിട്ടുള്ള ഭൂമികൾ മലഞ്ചരിവിൽ കുറെക്കൂടി കീഴ്പ്പോട്ടുള്ളവയാകുന്നു. ഇപ്പോൾ വളരെ ചുരുക്കം തിരുവിതാംകോട്ടുകാർക്കു മാത്രമെ തേയിലത്തോട്ടങ്ങൾ ഉള്ളു എന്നുള്ള സ്ഥിതിക്കു ഏതെങ്കിലും തിരുവിതാംകോട്ടുകാരനെ തേയിലകൃഷിക്കു ഉദ്യമിക്കാൻ പാടില്ല എന്നു തടുക്കാവുന്നതാണൊ എന്നാണു ആലോചിക്കേണ്ടതു.

വണ്ടിപ്പെരിയാറ്റിൽ മി. എസ്. കൃഷ്ണയ്യർ ഉണ്ടു. അദ്ദേഹത്തിനു അവിടെ ഒരു തോട്ടം ഉണ്ടു. കോട്ടയം മി. പി. ജാൺ കരിങ്കുളം തോട്ടത്തിന്റെ ഉടമസ്ഥൻ ആകുന്നു. ദേവികുളത്തു ടൈസൺവാലിത്തോട്ടം ഉണ്ടു. അതു തിരുവനന്തപുരത്തുതന്നെ ഏതൊ മാന്യന്റെവകയാണു. ഇതുകൂടാതെ പുനലൂരിനടുത്തു ൬൦൦ ഏക്കറിനു അപേക്ഷിച്ചിട്ടുള്ള ഒരു മാന്യൻ ഉണ്ടു. അതു പുതുതായി ഒരു വ്യവസായത്തിനാണു. അതു തിരുവിതാംകൂറ്കാർ തന്നെ ആരംഭിക്കുന്ന ഒന്നും വളരെ പ്രചാരത്തിൽ വരാവുന്ന ഒന്നും ആകുന്നു. ൫൦൦ ഏക്കറിൽ കൂടിയ വിസ്തീർണ്ണം ഉള്ള ഭൂമികൾക്കു അനേകം അപേക്ഷകന്മാർ ഉണ്ടു. സർ, ഇപ്പോൾ ഉള്ള ചട്ടങ്ങൾ അനുസരിച്ചു ൫൦ ഏക്കറിൽ കൂടുതൽ ഉള്ള ഭൂമികൾ പതിച്ചുകൊടുക്കുന്നതിനുള്ള ഓരോ അപേക്ഷയും അനുവാദത്തിനായി ഗവർമെന്റിലേക്കയക്കേണ്ടതാണു. അതുകൊണ്ടു ഈ വിഷയത്തിൽ കൂടുതൽ നിയന്ത്രണത്തിനു ആവശ്യം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. എന്നുതന്നെയുമല്ല ഏതെങ്കിലും ഒരാളുടെ പേരിൽ പതിച്ചുകൊടുക്കാവുന്ന ഏറ്റവും കൂടിയ വിസ്തീർണ്ണം എത്രയാകുന്നെന്നു നാം നിശ്ചയിച്ചാൽ തന്നെയും അയാളുടെ വേലക്കാർ ആശ്രിതന്മാർ ബന്ധുക്കൾ എന്നിവരെക്കൊണ്ടു അതിനോടു തൊട്ടുകിടക്കുന്ന ബ്ലാക്കുകൾക്കു അപേക്ഷിപ്പിക്കയും പതിച്ചുകിട്ടിയതിൽപിന്നെ അവയെ അയാൾ തന്റെ പേരിൽ മാറ്റിക്കൊള്ളുകയും ചെയ്യുന്നതിനെ തടുക്കാൻ എന്തെങ്കിലും ഉണ്ടൊ? തിരുവിതാംകോട്ടു ഒട്ടുക്കു കൂട്ടരുടെ ഇങ്ങനെ ചെയ്തുവരുന്നതായി നാം കേൾക്കുന്നുണ്ടു. ഭൂമിയെ അന്യാധീനപ്പെടുത്തുന്നതിനെ തീരെ നിരോധിക്കാതിരുന്നാൽ അല്ലാതെ ഏറ്റവും കൂടിയ വിസ്തീർണ്ണം ഇന്നതാണെന്നുള്ളതിനെ ക്ലിപ്തപ്പെടുത്തുന്നതിനാൽമാത്രം യാതൊരു ഗുണവും ഉണ്ടാകയില്ല എന്നാണു എനിക്കു തോന്നുന്നതു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ഭൂമികളെ അന്യാധീനപ്പെടുത്തുന്നതിനെ നിശ്ശേഷം തടയുന്നതു മെമ്പർക്കു സമ്മതമാണോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ആ വിഷയം കഴിഞ്ഞ കാലങ്ങളിൽ സഭയുടെ അനേകം യോഗങ്ങളിൽ പര്യാലോചിക്കപ്പെട്ടിട്ടുണ്ടു. ഈ വിഷയത്തെപ്പറ്റി ഉൽക്കടമായി വാദം നടത്തീട്ടുമുണ്ടു. അതിൽ നിന്നും വ്യക്തികൾക്കു തങ്ങളുടെ ഭൂസ്വത്തുക്കളിന്മേൽ ഉള്ള അവകാശങ്ങളെ വിശേഷിച്ചും വലിയതറവാടുകളെ ഭാഗിക്കുന്നതുനിമിത്തം അനേകം കേസുകളിൽ അന്യാധീനപ്പെടുത്തലുകൾ അവശ്യമായി തീർന്നിരിക്കുന്നതുകൊണ്ടു തടയുന്നതു വളരെ പ്രയാസമാകുന്നു എന്നു കാണപ്പെട്ടു. അങ്ങനെ അന്യാധീനപ്പെടുത്തലുകളെ തടയുന്നതു നിശ്ചയമായും വ്യക്തികൾക്കുള്ള ഉടമസ്ഥാവകാശങ്ങൾക്കു തീരെ യോജിക്കാത്തതായിരിക്കുകയും ചെയ്യും.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഭാവിയിൽ ഭൂമിപതിച്ചുകൊടുക്കുന്ന ഇക്കാര്യത്തിൽ വലിയതറവാടുകൾ ഭാഗിക്കുന്ന വിഷയം പ്രവേശിച്ചതെങ്ങനെ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഞാൻ കാണിച്ചതുപോലെ ഈ വിഷയം സഭയിൽതന്നെ വാദപ്രതിവാദം നടത്തീട്ടുള്ളതും അന്യാധീനപ്പെടുത്തലിനെ തടുക്കുന്നതു വ്യക്തികൾക്കുള്ള അവകാശങ്ങളുമായി യോജിക്കാത്തതാണെന്നു കാണപ്പെട്ടിട്ടുള്ളതും ആകുന്നു. മൈസൂറിൽ അങ്ങനെ ചെയ്യാൻ നിശ്ചയിച്ചു എന്നും അതു ശരിയായി നടക്കുകയില്ല എന്നു കാണപ്പെട്ടു എന്നും ഞാൻ വിശ്വസിക്കുന്നു. ചില വ്യവസ്ഥകളിന്മേൽ ഭൂമികൾ പതിച്ചുകൊടുക്കപ്പെടുന്ന ചില കാലനികളിൽ ഇതുപോലുള്ള ചില ചട്ടങ്ങൾ ഉണ്ടെന്നു തോന്നുന്നു. ജനങ്ങൾ ഭൂമികളെ നിശ്ചിതകാലങ്ങൾക്കുള്ളിൽ കൃഷിചെയ്യണം എന്നു ഉത്തരവു ചെയ്തിട്ടുണ്ടു. വളരെ സൂക്ഷ്മമായ പരിശോധനയിൽ പിന്നീടു അങ്ങനെയുള്ള വ്യവസ്ഥകൾ തിരുവിതാംകോട്ടിൽ ശരിയായി നടപ്പാകുകയില്ല എന്നു കാണപ്പെട്ടു. ഒരാൾ ഭൂമിപതിച്ചുകിട്ടുന്ന കാലത്തിൽ സമ്പന്നൻ ആയിരിക്കാം. തന്നിമിത്തം അക്കാലത്തു അയാൾ ഒരു ക്ലിപ്തകാലത്തിനുള്ളിൽ ഭൂമിയിൽ കൃഷി ഇറക്കണമെന്നുള്ള വ്യവസ്ഥകൾക്കു സമ്മതിച്ചേക്കാം. കാര്യവശാൽ ഭൂമിപതിച്ചു കിട്ടിയ ഉടനെ അയാൾക്കു [illegible] എന്നുവരാം. നിർഭാഗ്യവശാൽ പിൻകാലത്തു അയാൾ ഒരു ദരിദ്രനായോ രോഗിയായോ തീർന്നു എന്നുവന്നേക്കാം. അങ്ങനെയുള്ള കേസുകളിൽ അങ്ങനെയുള്ള വ്യവസ്ഥകൾ നാം ഏർപ്പെടുത്തുന്നതു വളരെ കഷ്ടമായ ഒന്നായിരിക്കും. അങ്ങനെയുള്ളതിനു വേറെ ഒരാൾ ഭൂമിയുടെ നാലതിരുകളിലും മരച്ചീനി കൂറികൾ നട്ടിട്ടു അതിനെ കൃഷിയാണെന്നു പറഞ്ഞേക്കാം. ഓരോ കേസിലും ഭൂമിയിൽ മുഴുവനും അല്ലെങ്കിൽ കൃഷി എന്നുള്ളതിനെ സംബന്ധിച്ചു അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകും. അതിനെസംബന്ധിച്ചിടത്തോളം പ്രതിവചിക്കാൻ പാടില്ലാതെ ഒരുചട്ടം ഉണ്ടായിരിക്കാവുന്നതല്ല. അതുകൊണ്ടു ഭൂമികളെ അങ്ങനെയുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ഉൾപ്പെടുത്തി പതിച്ചുകൊടുക്കുന്നതു പ്രായോഗികമല്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതെങ്കിലും ഭൂമി പതിച്ചു കിട്ടേണ്ടതായിരിക്കുമ്പോൾ നിങ്ങൾ അതിനെ മതിയാംവണ്ണം പ്രസിദ്ധപ്പെടുത്തുന്നുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അങ്ങനെ ചെയ്യുന്നുണ്ടെന്നു തോന്നുന്നു. ചട്ടപ്രകാരം പ്രസിദ്ധപ്പെടുത്തേണ്ടതായിട്ടുണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മതിയാംവണ്ണം പ്രസിദ്ധപ്പെടുത്തുന്നുണ്ടോ എന്നു ചോദിക്കുന്നതു ധാരാളം എണ്ണം അപേക്ഷകന്മാരെ ആകർഷിക്കത്തക്കവണ്ണം എന്ന അർത്ഥത്തിൽ ആകുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. [illegible] ഇപ്പോൾ ൫൦൦ ഏക്കർ ഭൂമിയെ അധഃകൃതവർഗ്ഗക്കാർക്കായി നീക്കിവച്ചിട്ടും ബാക്കിയുള്ളതിനെ [illegible] ചെയ്യുന്നു. പരസ്യം തിരുവിതാംകൂർ ഗവണ്മെന്റ ഗസറ്റിലും അനേകം പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിട്ടുണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതതു താലൂക്കുകച്ചേരികളിലും പകുതിക്കച്ചേരികളിലും കൂടി പ്രസിദ്ധപ്പെടുത്തീട്ടുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അങ്ങനെ ചെയ്തിട്ടുണ്ടെന്നു തോന്നുന്നു. ചില പ്രാദേശിക പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തപ്പെട്ടിട്ടുണ്ട്. [illegible] ഞാൻ കരുതുന്നു. തേയിലത്തോട്ടങ്ങൾക്കായി ജനങ്ങൾ [illegible] ആവശ്യമുള്ള ഹൈറേഞ്ചുകളിൽ ഈ നിയന്ത്രണത്തെ സംബന്ധിച്ചു [illegible]. ഞാൻ പറഞ്ഞതുപോലെ അങ്ങനെയുള്ള തേയിലത്തോട്ടങ്ങൾ [illegible] താംകോട്ടുകാരെ ഉള്ളൂ. എന്നുതന്നെയുമല്ല ഈ ഉന്നതപ്രദേശങ്ങൾ തേയിലകൃഷിക്കു മാത്രമേ ഉതകുകയുള്ളു. അങ്ങനെയുള്ള നിയന്ത്രണങ്ങൾ നടപ്പാക്കിയാൽ [illegible] പുത്തൻ വ്യവസായ [illegible] യാളള്ളൂ. ഡാക്ടർ സുബ്രഹ്മണ്യയ്യർ അപേക്ഷിച്ചിരിക്കുന്ന ഭൂമി തേയിലകൃഷിക്കല്ലാതെ മറ്റൊന്നിനും കൊള്ളുകയില്ല. അതു സമുദ്രനിരപ്പിൽനിന്നും ൫൦൦൦ അടി ഉയരത്തിലാണ്. അതുകൊണ്ടു അദ്ദേഹത്തിന് അവിടെ വേറെ ഒന്നും കൃഷിചെയ്യാൻ കഴിയുന്നതല്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹത്തിനു കൃഷിചെയ്യാനാണോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): യാതൊരു ഉദ്യോഗം ഇല്ലാതെ ഇരിക്കുന്ന അദ്ദേഹത്തിന്റെ പുത്രന്മാരിൽ ഒരാൾക്കു തേയിലകൃഷി നടത്താനാണെന്നു ഞാൻ അറിയുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹത്തിന്റെ അപേക്ഷയിൽ അങ്ങനെ പറഞ്ഞിട്ടുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഇതു അദ്ദേഹത്തിന്റെ മകൻ പറഞ്ഞതാണ്. ഞാൻ ഇപ്പോൾ വിഷയത്തെ വ്യക്തമാക്കീട്ടുണ്ടെന്നു തോന്നുന്നു. കാര്യങ്ങൾ ഇപ്രകാരം ഇരിക്കെ ഉപക്ഷേപത്തെ പിൻവലിക്കുമെന്നു ഞാൻ ആശിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): സ്വന്തപേരിൽ പുതുവൽഭൂമി പതിച്ചു വാങ്ങിക്കുന്ന ആളുകൾ അവയിൽ കൃഷിയിറക്കി ദേഹണ്ഡം ചെയ്യുന്നതിനെ നിർബന്ധമാക്കാൻ വല്ല ചട്ടങ്ങളോ നിയമമോ നടപ്പാക്കേണ്ട ആവശ്യം ഉണ്ടെന്നു ഗവണ്മെന്റ മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പതിച്ചുകൊടുക്കൽ നടപ്പുവരുത്താൻ ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരെ തനിക്കനുകൂലമായി പ്രേരിപ്പിക്കാൻ ധാരാളം ശക്തിയുള്ള ഏതാളുകൾക്കും തനിക്കു എത്രമാത്രം സ്ഥലം വേണമെങ്കിലും പതിച്ചുവാങ്ങാൻ സാദ്ധ്യമാണെന്നു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും മി. റാബിൻസൺതന്നെയും സമ്മതിച്ചിരിക്കുന്നു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഭൂമി ലേലംചെയ്തു വിൽക്കുകയാണെന്നു വിചാരിക്കുക.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതെ, അങ്ങിനെ ചെയ്യുന്നുവെന്നു വിചാരിക്കുക. പിന്നീടു എന്തുവരുന്നു?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അങ്ങനെയാണെങ്കിൽ ഭൂമികളെ കുറഞ്ഞവിലയ്ക്കു പതിച്ചുകൊടുക്കാൻ ഉദ്യോഗസ്ഥന്മാരെ പ്രേരിപ്പിക്കുന്നതിനു പണംമുടക്കാൻ ശക്തിയുള്ളവർക്ക് എങ്ങനെ സാധിക്കും.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഭൂമി പേരിൽ പതിച്ചുകൊടുക്കുന്നതു പരസ്യമായി ലേലംചെയ്യുന്നതുകൊണ്ടുമാത്രമല്ല അപേക്ഷയിന്മേൽ പതിച്ചുകൊടുക്കുന്നു മററുവിധങ്ങളിലും ഉണ്ടു. അതു എങ്ങിനെയായിരുന്നാലും, എന്റെ വാദം എന്തെന്നാൽ പൊതുജനങ്ങളുടെ ക്ഷേമത്തിനായി ആരുടെ പേരിൽ ഭൂമി പതിച്ചുകൊടുക്കുന്നുവോ അവർതന്നെ ആ ഭൂമിയിൽ കൃഷിചെയ്യുന്നതിനെ നിർബന്ധമാക്കുന്നതിനു വല്ല മാർഗ്ഗവും കണ്ടുപിടിക്കേണ്ടതു അത്യാവശ്യമാണെന്നുള്ളതാകുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും [illegible]): അന്യാധീനപ്പെടുത്തലിനെപ്പററി അദ്ദേഹം എന്തുപറയുന്നു?

മി. എ. താണുപിള്ള (തിരുവനന്തപുരം): തങ്ങളുടെ പേരിൽ ഭൂമി പതിച്ചുകിട്ടുന്ന ആളുകൾ ഈ ഭൂമികളെ അന്യാധീനപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം നമുക്കു അതിനെ തടുക്കാൻ കഴിവില്ലാത്തതാണെന്നു എനിക്കു തോന്നുന്നില്ല. ഗവണ്മെണ്ടു ആ വിഷയത്തിൽ നിസ്സഹായന്മാരാണെന്നു മി. റാബിൻസൺ സൂചിപ്പിക്കുന്നതായി തോന്നുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും [illegible]): നിയമംകൊണ്ടു അതിനെ തടുക്കാവുന്നതല്ലയോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): എന്റെ വാദവും അതുതന്നെയാണ്. ആ വിഷയത്തിൽ ഗവണ്മെന്റ അത്രത്തോളം ശക്തിയില്ലാത്തവരാണെന്നു എനിക്കു തോന്നുന്നില്ല. അങ്ങനെ ചെയ്യണമെന്നു,

വാസ്തവത്തിൽ അവർക്ക് തോന്നുന്നുവെങ്കിൽ ഭൂമികളെ പതിച്ചുവാങ്ങിച്ചവർതന്നെ കൃഷിചെയ്യണമെന്ന് അവർക്ക് നിർബന്ധിക്കാൻ സാധിക്കുന്നതാണ്. അവർ സത്യമായി പൊതുജനക്ഷേമത്തെ കരുതുന്നുണ്ടെന്ന വരികിൽ സ്വപ്രയത്നങ്ങൾക്കിയുള്ളവർ അനേകായിരമേക്കർ ഭൂമി പതിച്ചുവാങ്ങുന്നു എന്നുള്ളതിൽ അർത്ഥമില്ല.

മി. എസ്. ചിറവിളപ്പത്മനാഭൻപിള്ള (കച്ചവടവും വ്യവസായവും തെക്ക്): മുതലാളികൾക്ക് പരസ്യമായ ലേലത്തിൽ വലിയ വിസ്തീർണ്ണമുള്ള ഭൂമികൾ ലഭിക്കുന്നതിൽ മെമ്പർക്ക് വല്ല വിരോധവുമുണ്ടോ?

പി. എ. താണുപിള്ള (തിരുവനന്തപുരം): അതിനും എനിക്ക് ആക്ഷേപമുണ്ട്. എന്തുകൊണ്ടെന്നാൽ സംസ്ഥാനത്തിന് ജന്മമായ ഭൂമി മുതലായതെല്ലാം പണമുള്ള കുറെ ആളുകൾക്കായി വിഭജിച്ചും അങ്ങനെയുള്ള ആളുകൾ അവരായ കൃഷിചെയ്യുന്നതിന് ഉദ്ദേശിക്കാതെ അവരുടെ വിലകൂട്ടുന്നതു തന്മൂലം വലിയലാഭമുണ്ടാക്കാൻ ശ്രമിക്കുന്നതിനിടയാക്കുന്ന പതിവ് നല്ലതല്ല.

മി. എസ്. ചിറവിളപ്പത്മനാഭൻപിള്ള (കച്ചവടവും വ്യവസായവും തെക്ക്): പണമുള്ള ആളുകൾ പരസ്യമായ ലേലത്തിൽ വലിയ സ്ഥലങ്ങൾ വിലയ്ക്കുവാങ്ങുകയും അവയെ കൃഷിചെയ്ത് രാജ്യത്തിലെ ആഹാരസാധനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ട് ആ ആഹാരസാധനങ്ങൾ ഇറക്കുമതിചെയ്യേണ്ട ആവശ്യം ഇല്ലാതാക്കുകയും ചെയ്യുന്നതിൽ മെമ്പർക്ക് വല്ല ആക്ഷേപവുമുണ്ടോ?

പി. എ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിൽ ലഭ്യമായിരിക്കുന്ന ഭൂമി പരിമിതമായിരിക്കയും ജനസംഖ്യ വേഗത്തിൽ വർദ്ധിച്ചുവരികയും ചെയ്യുന്നതിനെകരുതി ഒരേ ആൾക്ക് വലിയ വിസ്തീർണ്ണത്തിലുള്ള ഭൂമികൾ പതിച്ചുകൊടുക്കുന്നതിനെ നിയന്ത്രിക്കുന്നതിൽ മോശം യാതൊന്നും ഇല്ലായെന്നാണ് എനിക്കു തോന്നുന്നത്. അതു എന്റെ സ്വന്തം അഭിപ്രായമാണ്. എങ്ങനെയായാലും കച്ചവടം ചെയ്തു ലാഭം ആർജ്ജിക്കുന്നതിനുവേണ്ടിമാത്രം ഒരാൾ ഭൂമി പതിച്ചുകിട്ടാനാശിക്കുന്നുവെങ്കിൽ അതിനെ കർശനമായി പ്രതിരോധിച്ചും തടയേണ്ടതാണെന്ന് ഞാൻ ബലമായി അഭിപ്രായപ്പെടുന്നു. എത്രത്തോളം കൂടുതൽ എണ്ണം ആളുകൾക്ക് ഭൂമികൾ ലഭ്യമാക്കാമോ അത്രയും നല്ലതാണെന്നും എത്രത്തോളം ഭൂമിയിൽ കൃഷിചെയ്യിക്കാമോ അത്രയും കൃഷിചെയ്യിക്കണമെന്നുമാകുന്നു എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തിന്റെ ഉദ്ദേശം. മി. റാബിൻസൺ സൂചിപ്പിച്ച ഉദ്ദേശം തീരെ മിഥ്യയായിട്ടുള്ളതാണെന്ന് എനിക്കു തോന്നുന്നു. എന്തെന്നാൽ ഗവണ്മെന്റ് ഈ വിഷയത്തിൽ വാസ്തവത്തിൽ വല്ലതും പ്രവർത്തിക്കണമെന്ന് ഉദ്ദേശിക്കുകയാണെങ്കിൽ അങ്ങനെയുള്ള ചൂഷണത്തെ തടയാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ അവർക്കു കഴിയുന്നതും അക്കാര്യത്തിൽ പൊതുജനങ്ങളുടെ ആനുകൂല്യം ഉണ്ടായിരിക്കുന്നതുമാകുന്നു.

ഡാക്ടർ സുബ്രഹ്മണ്യയ്യർക്ക് പതിച്ചുകൊടുക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം അതു ഡാക്ടർ സുബ്രഹ്മണ്യയ്യർക്ക് ആയിരുന്നാലും വേറെ ആർക്കായിരുന്നാലും അന്തർഭവിച്ചിരിക്കുന്ന തത്വത്തെ സംബന്ധിച്ചിടത്തോളം എല്ലാം ഒന്നുതന്നെ ആകയാൽ ആളിന്നാരാണെന്ന് അറിഞ്ഞിട്ട് നമുക്ക് യാതൊരുകാര്യവും ഇല്ലെന്നാണ് എനിക്ക് തോന്നുന്നത്. കുറച്ചുമുമ്പ് പറഞ്ഞതുപോലെ വലിയവിസ്തീർണ്ണങ്ങളുള്ള പ്രത്യേകം ചില വ്യക്തികൾക്കായി പതിച്ചുകൊടുക്കാതിരിക്കുന്നതിനും പതിച്ചുകൊടുത്ത ഭൂമിയെ പതിച്ചുവാങ്ങിച്ചവർതന്നെ കൃഷിചെയ്യുന്നതിന് നിർബന്ധിക്കുന്നതിനും വല്ല ഏർപ്പാടും കണ്ടുപിടിക്കേണ്ടതാകുന്നു. ഈ പ്രസംഗത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. പി. എസ്. മുഹമ്മദ് (ഗവണ്മെന്റിൽനിന്നു നിയമിച്ചമെമ്പർ): സർ, ഈ കൗൺസിലിന്റെ ആലോചനയിലിരിക്കുന്ന ഉപക്ഷേപത്തെ സംബന്ധിച്ചുനടന്നിട്ടുള്ള പ്രസംഗങ്ങൾമുഴുവനും ഞാൻ ശ്രദ്ധയോടുകൂടി കേൾക്കുകയുണ്ടായി. എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉദ്ദേശം ഈ ഉപക്ഷേപംകൊണ്ടു സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. നാട്ടുകാർക്കും ഏതെങ്കിലുമൊരു ക്ലിപ്തനിയമത്തിൽ ൫൦൦ ഏക്കറിൽ കൂടുതൽ ഭൂമി കൊടുക്കാൻ പാടില്ലെന്ന് നിശ്ചയിച്ച്, അതായത് ഈ ഉപക്ഷേപം പാസ്സാക്കുന്നപക്ഷം മി. റാബിൻസൺ പറഞ്ഞപ്രകാരം നാട്ടുകാരിൽ പണമുള്ളവർക്ക് തേയില കൃഷിചെയ്യാൻ നിവൃത്തിയില്ലാതെവരും. നമ്മുടെനാട്ടിൽ പണമുള്ളവർക്ക് കൂടുതൽ ആദായം ഉണ്ടാക്കാനുള്ള സൗകര്യത്തെ തടഞ്ഞു അവരെ മടിയന്മാരാക്കി മറ്റുള്ളവരെപ്പോലെ ദാരിദ്ര്യം അനുഭവിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. നമ്മുടെനാട്ടുകാരിൽ പണമുള്ളവർ ധാരാളം സ്ഥലം പതിച്ചുവാങ്ങി കൃഷിനടത്തുമ്പോൾ മറ്റുള്ളവരുടെഇടയിലുള്ള തൊഴിലില്ലായ്മക്ക് അതൊരു പരിഹാരമായിത്തീരും. പിന്നീട് അനേകം ഏക്കർ പതിച്ചുവാങ്ങി അതിനെ മറ്റാളുകൾക്കുവിറ്റ് പണമുണ്ടാക്കുന്നുവെങ്കിൽ അതിനെ തടയേണ്ടത് ആവശ്യമാണ്. ഈ ഉപക്ഷേപംകൊണ്ടും ആ ഉദ്ദേശം സാധിക്കുന്നതല്ല. ഈ ഉപക്ഷേപത്തിലെ താല്പര്യപ്രകാരം ൫൦൦ ഏക്കറിൽ കൂടുതൽ ഒരാൾക്ക് പതിച്ചുകൊടുക്കാൻ പാടില്ലെന്നിരുന്നാലും സ്വന്തത്തിലുള്ള ഏതാനുംപേരുടെ പേരിൽ ഭൂമി പതിപ്പിച്ചു പിന്നീട് അതിനെ കൈമാറ്റംചെയ്യാനുള്ള ഈ ഉപക്ഷേപം ബാധകമാകുന്നില്ല. അതുകൊണ്ട് ൫൦൦ ഏക്കറിൽ കൂടുതൽ ഭൂമി കൊടുക്കരുതെന്നുള്ളവിധത്തിൽ ഗവണ്മെന്റിന്റെ കൈകളെ ബന്ധിക്കരുത്. ഇതുകൊണ്ട് ധാരാളം പണമുള്ളവർക്ക് കൃഷിചെയ്യണമെന്നുള്ള ആഗ്രഹം ഉണ്ടായിരുന്നാൽ അതിനെ തടയണമെന്നല്ലാതെ നാം ഉദ്ദേശിക്കുന്നഫലം ഉണ്ടാകയില്ല.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, ഈ ഉപക്ഷേപം തേയിലകൃഷിക്ക് വലിയ പ്രതിബന്ധമായിട്ടുള്ളതാണ്. തെക്കൻമലയിലും, റാന്നി, കോന്നി മുതലായ പ്രദേശങ്ങളിലും തേയിലകൃഷി ധാരാളം നടന്നുവരുന്നുണ്ട്. കോന്നിയിൽ ൨൭,൦൦൦ ഏക്കറിൽ മുക്കാൽഭാഗവും തേയിലത്തോട്ടങ്ങളുണ്ട്.

മി. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ ഭാഗങ്ങളിൽ വേറെ വല്ലതും കൃഷിചെയ്യാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ചെയ്യാം. ഒന്നാമത് തേയിലയും കൃഷിചെയ്യുന്നതിനും ൫൦൦ ഏക്കർ സ്ഥലംകൊണ്ട് തീരെ സാധിക്കയില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): ൫ ഏക്കർസ്ഥലംകൊണ്ട് തേയിലകൃഷി നടത്തിവരുന്നതായിട്ട് അറിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഉണ്ടായിരിക്കാം. പക്ഷെ അതിൽനിന്നും ആദായംകിട്ടുവാൻ സാധിക്കയില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): ഹാൻഡ്മില്ല്സിൽകൊണ്ടു ആദായം എടുക്കുവാൻ സാധിക്കയില്ലേ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): തേയിലകൃഷിയിൽനിന്നും ആദായം എടുക്കണമെങ്കിൽ ഫാക്ടറി സ്ഥാപിക്കണം.

മി. ആർ. രാമൻപിള്ള (കോട്ടയം): ടാനിക്കവേൽ എസ്റ്റേറ്ററിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അറിഞ്ഞുകൂടാ.

മി. ആർ. രാമൻപിള്ള (കോട്ടയം): അതു ഫ്യൂഗാപ്പൂർകാരുടെ എസ്റ്റേറ്റാണെന്നറിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അറിഞ്ഞുകൂടാ. കുറഞ്ഞപക്ഷം ഫാക്ടറിക്കു ൫൦,൦൦൦ രൂപവേണം. അതിനാൽ തേയിലച്ചെടി ഇവിടെ കൃഷിചെയ്യുന്നതിനു ൩൦൦ ഏക്കറിൽ കുറയാത്ത സ്ഥലം ആവശ്യമാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): ഫ്യൂഗാപ്പൂർ എസ്റ്റേറ്റ് എത്ര ഏക്കറുണ്ടെന്നറിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ൭൦൦ ഏക്കറുണ്ടെന്നുതോന്നുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): [illegible] ഏക്കറേയുള്ളൂ എന്നറിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അറിഞ്ഞുകൂടാ.

മി. ആർ. രാമൻപിള്ള (കോട്ടയം): മെമ്പർക്കു തേയിലത്തോട്ടംകണ്ടു പരിചയമുണ്ടോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ധാരാളം പരിചയമുണ്ട്. അതുകൊണ്ടു തേയിലകൃഷിക്കു ൩൦൦ ഏക്കറിൽ കുറയാത്ത വിസ്തീർണ്ണമുള്ള സ്ഥലംവേണം. അനേകംതോട്ടങ്ങളുടെ മാനേജ്മെന്റ് ഭരിക്കുന്ന ഒരാളും ഈ കൗൺസിലിലെ ഒരു മെമ്പറുമായ മി. ലാംബാർഡ് ഇതിനെപ്പറ്റി പറയുമെന്നു വിശ്വസിക്കുന്നു.

മി. ഏ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): പുഴവക്ഭൂമിയെല്ലാം തേയിലത്തോട്ടമാക്കിയിടണമെന്നാണോ മെമ്പർ പറയുന്നതു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അല്ല. മറ്റു കൃഷിക്കുപയോഗമില്ലാത്ത സ്ഥലങ്ങൾ തേയിലകൃഷിക്കു കൊടുക്കാമെന്നാണ്.

മി. ഏ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ബ്രിട്ടീഷ്മലബാറിൽ അനേകംപേർ ഭൂമി പതിക്കാൻ ഉത്സാഹിച്ചിട്ടുള്ളതറിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഞാനും കുറച്ചു ഭൂമി പതിപ്പിച്ചിട്ടുണ്ട്.

മി. എസ്. മുഹമ്മദ് (ഗവണ്മെന്റിൽനിന്നുനിയമിച്ച മെമ്പർ): നാട്ടുകാരിൽ പണമുള്ളവർ അന്യദേശത്തുപോയി കൃഷിചെയ്താൽ അവിടെയുള്ള തൊഴിലില്ലായ്മക്കു പരിഹാരമുണ്ടാകുമെന്നല്ലാതെ ഇവിടെ ഉണ്ടാകുമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതേ.

മി. ആർ. രാമൻപിള്ള (കോട്ടയം): പത്തനംതിട്ട മെമ്പറുടെ അറിവിൽ കുടിപാർക്കാൻ സ്ഥലമില്ലാത്ത ആളുകൾ എത്രയുണ്ടു?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ധാരാളംകാണും.

മി. പുറിവേലിൽ പാച്ചുപിള്ള (ചേർത്തല): തൊഴിലില്ലായ്മക്കമ്മറ്റിക്കാർ പരീക്ഷാവിജയികളായ തൊഴിലില്ലാത്തവർക്കു എത്രഏക്കർ ഭൂമിയാണ് പതിച്ചുകൊടുക്കണമെന്നു ശുപാർശചെയ്തിട്ടുള്ളതെന്നറിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതു അവരുടെ ശക്തിക്കനുസരണം പതിച്ചു കൊടുക്കണം.

മി. തരിയത്തുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഭൂമിപതിപ്പുവിഷയത്തിൽ പരീക്ഷാവിജയംഇല്ലാത്ത നിർദ്ധനന്മാരുടെ സംഗതി ഒന്നാമതായിട്ടു ഗൗനിക്കേണ്ടതല്ലേ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതേ.

മി. തരിയത്തുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): മി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തിൽ പറയുന്ന തൊടുപുഴതാലൂക്കിൽ പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി തേയിലകൃഷിക്കുപയോഗമുള്ളതല്ലെന്നറിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അറിഞ്ഞുകൂടാ.

മി. എൽ. എ. ലാംബാർഡ് (പ്ലാന്റേർസ്): സർ, ഭൂമി പതിച്ചുകൊടുക്കൽ എന്നതു പല രൂപങ്ങളിലായി കഴിഞ്ഞ യോഗങ്ങൾ ഓരോന്നിലും ഈ സഭാസമക്ഷം വന്നിട്ടുണ്ട്. എനിക്കു ഓർമ്മയുള്ളിടത്തോളം അതു തിരുവിതാംകോട്ടുകാർക്കു സ്ഥലം പതിച്ചുകൊടുക്കുന്നതിനെ നിയന്ത്രിക്കുന്നതിൽ നിന്നു തുടങ്ങി. അന്നു ഒരാൾക്കു അഞ്ചു ഏക്കറിൽ കൂടുതൽ പതിച്ചുകൊടുക്കാൻ പാടില്ല എന്നുള്ളതിൽനിന്നും ഇപ്പോൾ അതു ൧൦൦ ഏക്കറോളം കൊണ്ടുവരപ്പെട്ടിട്ടുണ്ട്. ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കാനായി മുന്നോട്ടു വന്നിരിക്കുന്നു. അങ്ങനെ ഒരു നിയന്ത്രണത്തിനു ആവശ്യം ഉണ്ടെന്നോ അതു ബുദ്ധിപൂർവ്വം ആണെന്നോ എനിക്കു തോന്നുന്നില്ല. പ്ലാന്റർമാരുടെ അഭിപ്രായങ്ങൾക്കു എതിരായിട്ടുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ തന്നിമിത്തം കുറെ കൊല്ലങ്ങൾക്കുള്ളിൽ വലിയ വിസ്തീർണ്ണം ഉള്ള ഭൂമികളെ കൃഷിചെയ്യാൻ സാധിക്കുകയില്ല എന്നുള്ളതുകൊണ്ടും തിരുവിതാംകോടിന്റെ ഭാവി അഭിവൃദ്ധിയെപ്പറ്റി തീരെ ആശിക്കാവുന്നതല്ല എന്നുള്ളതുകൊണ്ടും തന്നെ. ഭൂമികൾ മുഴുവൻ കൃഷിക്കായി ൫൦ - ൧൦൦ ഏക്കർ പ്ലോട്ടുകളായി തിരിച്ചുകൊടുക്കുന്നതുകൊണ്ടുതന്നെ തിരുവിതാംകൂർ തന്റെ സാമ്പത്തിക സ്ഥിതിയെ നന്നാക്കുന്ന ദിവസം നമുക്കു എപ്പോഴെങ്കിലും കാണാവുന്നതാണ് എന്നു എനിക്കു തോന്നുന്നില്ല.

വളരെ വിസ്തീർണ്ണത്തിൽ ഉള്ള ഭൂമികൾ അഭിവൃദ്ധിപ്പെടുത്തേണ്ടതായി കിടക്കുന്നുണ്ട്. ഈ ഭൂമികളു വലിയ പണക്കാർക്കു മാത്രമേ നന്നാക്കാൻ കഴിയൂ. ഇപ്പോൾ ഭൂമി കൈവശം വച്ചിരിക്കുന്ന വലിയ കമ്പനി

കൾ അങ്ങനെ ചെയ്യുന്നതു അവരെ വിഷമിപ്പിക്കുമെന്നല്ലാതെ വലിയ ലാഭങ്ങൾ ഉണ്ടാകുമെന്നില്ല, എന്നാൽ അവരെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി സമ്പാദിച്ചതാകുന്നു. ഈ അഭിവൃദ്ധിപ്പെടുത്തൽ [illegible] ഒരു പരിഹാരം കണ്ടുപിടിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഒന്നായിരിക്കാം എന്നുകൂടി എനിക്കു തോന്നുന്നു.

തിരുവിതാംകൂർ ഒരു കർഷക രാജ്യമാണെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ ഭൂമി [illegible] കാത്തുവരായി ഈ രാജ്യത്തിൽ അനേകം യുവാക്കൾ ഉണ്ട്. അവർ [illegible], [illegible], അക്കൌണ്ടന്റുകൾ, ക്ലർക്കുകൾ എന്നിങ്ങനെ മററു ജോലികൾക്കു [illegible]

രാജ്യത്തിന്റെ അഭിവൃദ്ധിയെ നോക്കുന്നതായാൽ തോട്ടങ്ങളുടെ വിസ്തീർണ്ണം [illegible] അല്ലെങ്കിൽ പ്രവർത്തകമായ തോട്ടങ്ങൾ ഉണ്ടാക്കാൻ പാടില്ലാത്ത വിസ്തീർണ്ണം [illegible] ചെയ്യുന്നതു തീരെ ബുദ്ധിപൂർവമല്ലായിരിക്കുമെന്നു എനിക്കു തോന്നുന്നു.

തേയില കൃഷിക്കുള്ള ഭൂമിയുടെ ഏററവും കുറഞ്ഞ വിസ്തീർണ്ണം ൨൦൦ ഏക്കർ [illegible] പറഞ്ഞു. ചെറിയ തോട്ടങ്ങളെ അഭിവൃദ്ധമാക്കുന്നതു സാദ്ധ്യമാണെന്നു എനിക്കറിയാം, [illegible] കട്ടപ്പന ഉള്ള ഏകദേശവിസ്താരം ൨൦൦ ഏക്കറോളം ൭൫൦ ഏക്കറോളം [illegible] ഈ കാര്യങ്ങൾ തിരുവിതാംകൂറിൽ ഉള്ള റബ്ബറിനെ സംബന്ധിക്കുന്നു. അതുകൊണ്ടു [illegible] സാമാന്യബുദ്ധിവിഷയമായും ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാൻ [illegible] ഉപക്ഷേപത്തെ സഭാസമക്ഷം ഏറ്റവുമധികം [illegible] എന്നു ഞാൻ മെമ്പർമാരോടു അപേക്ഷിച്ചുകൊള്ളുന്നു. [illegible] വർദ്ധിപ്പിക്കുന്നതിനും ആർക്കും എതിർപ്പു ഇല്ല. ഉന്നത പ്രദേശങ്ങളിൽ [illegible] കൃഷിക്കു എത്ര ഭൂമിവേണമെങ്കിലും പതിച്ചുകൊടുക്കാം എന്നു ഞാൻ സമ്മതിച്ചതായി [illegible]. ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ മറുപടി പറഞ്ഞു. എന്റെ നില [illegible] ഒരു [illegible] ഏക്കർ എന്നു ഗവണ്മെന്റിന്റെ കൈകെട്ടുന്നതു വിഹിതമല്ല എന്നു മററു ചില മെമ്പർമാർ പറഞ്ഞു. [illegible], പരമാർത്ഥം പറയുകയാണെങ്കിൽ താണസ്ഥലങ്ങളിലും മദ്ധ്യപ്രദേശങ്ങളിലും ൫൦൦ ഏക്കറിൽ കൂടുതലായി സ്ഥലം പതിച്ചുകൊടുക്കരുതെന്നു ഗവണ്മെണ്ടിന്റെ കൈകെട്ടണമെന്നാണു എന്റെ [illegible] ഏതെങ്കിലും ഒരു വ്യക്തിയുടെ പേരിൽ പതിച്ചുകൊടുക്കാവുന്ന ഏററവും കൂടിയ വിസ്തീർണ്ണത്തെപ്പററി അനേകം മെമ്പർമാർക്കു അനേകം ഉപക്ഷേപങ്ങൾ ഉണ്ടായിരുന്നു. അവരുടെ നിർദ്ദേശങ്ങൾ ൨൫ ഏക്കർ മുതൽ ൫൦൦ ഏക്കർവരെ ഇരുന്നിരുന്നു. ഒരു വ്യവസായിക്കു ഉദാഹരണമായി ഉന്നതപ്രദേശങ്ങളിൽ തേയില വ്യവസായം ആരംഭിക്കണം എന്നു ആഗ്രഹിക്കുന്ന ഒരാൾക്കു ൫൦൦ ഏക്കറിൽ കുറഞ്ഞ ഭൂമികൾ പ്രയത്നകമായിരിക്കുന്നതല്ല എന്നു മി. ലാമ്പർട്ടു ഇപ്പോൾ സൂചിപ്പിക്കുന്നു. ൫൦൦ ഏക്കറിൽ കുറഞ്ഞ ഒരു വിസ്തീർണ്ണത്തിൽനിന്നും ലാഭംകിട്ടുന്നതല്ല എന്നുള്ള നിർദ്ദേശത്തെപ്പററി എനിക്കു ചിന്തിക്കുകൂടി വഹിയ. ശരിയായ കൃഷിയാൽ ൫൦൦ ഏക്കറിൽ കുറഞ്ഞ വിസ്തീർണ്ണങ്ങളിൽ നിന്നുപോലും ലാഭം കിട്ടുമെന്നാണു എനിക്കു തോന്നുന്നതു. പ്രമേയത്തെപ്പററി പറയുന്നതായാൽ തേയിലയും ഏലവും ഒഴിച്ചുള്ള കൃഷികൾക്കുംകൂടി ഉപയോഗപ്പെടുന്ന താണതും മദ്ധ്യവും പ്രദേശങ്ങളിൽ തേയിലയും ഏലവും കൃഷിക്കുതന്നെയായിരുന്നാലും ൫൦൦ ഏക്കറിനു കൂടുതൽ ഒരാളുടെ പേരിൽ പതിച്ചുകൊടുക്കാൻ പാടില്ല. എന്റെ നിർദ്ദേശം അതാണു. ഉന്നതപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം മാത്രമേ ഞാൻ ഒഴിച്ചിടുന്നതു അനുവദിക്കുന്നുള്ളു. സർ, ഈ പ്രമേയം നിർദ്ദേശത്തിനു അനേകം സൂചനോപദേശങ്ങൾ നൽകപ്പെട്ടു. പതിച്ചുകിട്ടിയ മുഴുവൻ വിസ്തീർണ്ണത്തെയും ഒരു ക്ലിപ്തകാലത്തിനുള്ളിൽ കൃഷിചെയ്യുന്നതിനു പതിച്ചുവാങ്ങിയ ആൾ നിർബന്ധിതൻ അല്ല എന്നും സൂചിപ്പിക്കപ്പെട്ടു, പതിച്ചുകൊടുക്കപ്പെടാവുന്ന പുതുവൽ ഭൂമികളുടെ വിസ്തീർണ്ണം ഇപ്പോൾതന്നെ ൫൦ ഏക്കറായി നിയന്ത്രിക്കപ്പെട്ടിരിക്കുന്നതിനാൽ കൂടുതൽ നിയന്ത്രണത്താൽ വല്ലതും ഗുണമുണ്ടോ എന്നും ചോദിക്കപ്പെട്ടു. ഇവയെല്ലാം, സർ, അവർതന്നെ വിമർശനം ചെയ്തിട്ടുള്ള വിഷയങ്ങൾ ആകയാൽ ഈ വിഷയങ്ങളെപ്പററി ഞാൻ കൂടുതൽ വാദം ചെയ്യേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഭൂമി പതിച്ചുകിട്ടാൻ അനേകം അപേക്ഷകന്മാർ ഉണ്ടെന്നും പതിച്ചുകൊടുക്കപ്പെടാവുന്നതായി ഗവണ്മെന്റിന്റെ അധീനത്തിൽ ഉള്ള ഭൂമി ചുരുക്കമായിരിക്കുന്നു എന്നതിനേയും സംബന്ധിച്ചിടത്തോളം എന്റെ ഉപദേശം ഒരാൾക്കു ൫൦൦ ഏക്കറിൽ കൂടുതൽ പതിച്ചുകൊടുക്കാൻപാടില്ല എന്നുള്ളതാകുന്നു. മെമ്പർമാരിൽ ചിലർ പര്യാലോചിച്ച വേറെ ഒരു വിഷയം പതിച്ചുവാങ്ങിച്ച മുഴുവൻ വിസ്തീർണ്ണത്തെയും കൃഷിചെയ്യുന്നതിനു പതിച്ചുവാങ്ങിച്ച ആൾ നിർബന്ധിതൻ അല്ലായോ എന്നുള്ളതാണ്. മേലാൽ ഗവണ്മെണ്ടു ഭൂമി പതിച്ചുകൊടുക്കുന്നതിൽ ഏതെങ്കിലും നിയന്ത്രണം വേണ്ടിവരുമെന്നു ഞാൻ മുൻകൂട്ടി കരുതിയിരുന്നില്ല. ഒരാൾക്കു ൫൦൦ ഏക്കർ തന്നെ പതിച്ചുകൊടുത്താലും ഒരു ക്ലിപ്തകാലത്തിനിടയിൽ അത്രയും സ്ഥലത്തെ കൃഷിചെയ്യുന്നതിനു അയാളെ നിർബന്ധിക്കുന്നതിനും അങ്ങനെ ചെയ്യാത്തപക്ഷം ഭൂമി തിരികെ ഗവണ്മെണ്ടിനു ചേരുമെന്നും ഒരു വകുപ്പു പുതുവൽ ചട്ടങ്ങളിൽ ഉണ്ടായിരിക്കണം എന്നാണു എനിക്കു തോന്നുന്നതു, ചേർക്കേണ്ടതായ വേറെ ഒരു വകുപ്പു പതിച്ചുകിട്ടിയതിൽപിന്നെ ഒരു നിശ്ചിത കാലത്തിനുള്ളിൽ പതിച്ചുവാങ്ങിച്ച ആൾതന്നെയും ഭൂമിയെ വേറെ ഒരാൾക്കു അന്യാധീനപ്പെടുത്തുന്നതിനെ തടയുന്നതിനായിരിക്കണം. ഇവയെല്ലാം നിശ്ചയിക്കപ്പെടുകയും അവയെല്ലാം പാലിക്കപ്പെടുകയുംചെയ്യു. പതിച്ചുവാങ്ങിച്ച ആൾ ഭൂമിയെ കൃഷിചെയ്തില്ലെന്നുവരുകിൽ ഭൂമി തിരികെ ഗവണ്മെണ്ടിലേക്കുചേരണം, മേലാൽ ഈ പതിവുസ്ഥലങ്ങളെ അന്യാധീനപ്പെടുത്തുന്നതിനെ ഏതെങ്കിലുംപ്രകാരത്തിൽ തടയുന്നതിൽ ഗവണ്മെണ്ടിനും ഒരു കൈ ഉണ്ടായിരിക്കത്തക്കവണ്ണവും ഒരു വകുപ്പു ഉണ്ടായിരിക്കണം. ഇവഎല്ലാം സ്വയം ജനിച്ച അഭിപ്രായങ്ങൾ അല്ല. മററു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരപ്പെട്ടിട്ടുള്ളവയാണ്. മററുള്ള സംസ്ഥാനങ്ങളിൽ, ഉദാഹരണം പറയുകയാണെങ്കിൽ വയനാട്ടിൽ—, നടത്തിവരുന്ന ഭൂമി പതിച്ചുകൊടുക്കൽ നയത്തെ പുനർവിമർശനപ്പെടുത്തുന്നതിൽ യാതൊരു ഹേതുവും ഉണ്ടായിരിക്കാവുന്നതല്ല. അവിടെ ഭൂമി പരിമിതം ആണ്. അന്യാധീനപ്പെടുത്തലിനെ തടുക്കുന്നതായ ഒരു വകുപ്പും ഉണ്ടു. നാം ഇപ്പോൾ തിരുവിതാംകൂറിലെ പ്രവർത്തകമായ രാഷ്ട്ര കാര്യങ്ങളിലേക്കു വരാം. നമുക്കു താരതമ്യം തീരെ ഇല്ലാത്ത മററു രാജ്യങ്ങളെ നോക്കീട്ടു നമുക്കു കാര്യമില്ല. ലഭ്യമായിട്ടുള്ള പുതുവൽ ഭൂമികളെ എല്ലാം തങ്ങളുടെപേരിൽ പതിച്ചുകിട്ടണമെന്നു.

തിരുവിതാംകൂർകാർ ഇന്നു മുന്നോട്ടുവരുന്നില്ലാ എങ്കിൽ നാളെ പുതുവൽഭൂമികൾക്കു ആവശ്യം ഉണ്ടാകുകയില്ലയി എന്നു വാദിക്കാവുന്നതല്ല. ഭൂമികളെ ലേലത്തിൽ വിൽക്കുന്നതായാൽ വിദേശി മുതലാളികൾ അവയെ വാങ്ങിച്ചേയ്ക്കും എന്ന മറെറാ സംഗതിയും ഉണ്ടു്. ൫ാവിയിൽ തിരുവിതാംകൂറിനുള്ളിൽ മുതലാളികളെ കാണാൻ ഇടയാകാതിരിക്കത്തക്കവണ്ണം ഗവണ്മെണ്ടു പ്രവൎത്തിക്കണം എന്നാണു ഞാൻ സൂചിപ്പിക്കുന്നതു. ഇന്നു ഇവിടെ അവരിൽ അനേകംപേർ ഉണ്ടു. തിരുവിതാംകൂറിൽ ഇപ്പോൾതന്നെ ഉള്ള മുതലാളികളിൽനിന്നും ദരിദ്രരും സാധുക്കളും ആയ ജനങ്ങൾ വളരെ ഉപദ്രവങ്ങൾ അനുഭവിച്ചുവരുന്നു. രാജ്യത്തിൽ ഉള്ള ദാരിദ്ര്യത്തിന്റെ അധികഭാഗവും അവർ നിമിത്തം ഉണ്ടായിട്ടുള്ളതാണു്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): സർ, ൫൦൦ ഏക്കറിൽ കൂടുതൽസ്ഥലം കൃഷിചെയ്തു അതിനെ ആദായകരമാക്കാൻ ഒരുക്കമുള്ള ഒരു മുതലാളി തിരുവിതാംകൂറിലുണ്ടെങ്കിൽ അപ്പോൾ ഭൂമിയെ പരസ്യമായി ലേലംചെയ്യരുതോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, പരസ്യമായ ലേലത്തിൽ ൫൦൦൦ മൊ ൨൦൦൦൦ മൊ ഏക്കർ ഉള്ള ഒരു ബ്ളാക്കിനെ വിൽക്കുന്നതായാൽ അതു സാധാരണ നിലയിൽ ഉള്ള ഒരാളുടെ പിടിയിൽ വരുന്നതല്ല. തിരുവിതാംകൂറിൽ സാധാരണയായുള്ള ഒരാൾക്കു ആ പരസ്യമായ ലേലത്തിൽ മത്സരിക്കാൻ കഴിയുന്നതല്ല

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): സർ, ൩൦൦ ഏക്കർ ലേലത്തിൽവിററാൽ അതു് യോജ്യമായിരിക്കുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പതിച്ചുകൊടുക്കാവുന്ന ഏററവും കൂടിയവിസ്തീർണ്ണം ൫൦൫ ഏക്കർ എന്നോ ൫൦൨ ഏക്കർ എന്നോ ഒരുതുക പറയുന്നതിൽ യാതൊരു ഉപയോഗവും ഇല്ല അങ്ങനെയുള്ള തുകകളുടെ ബന്ധിതനാകാൻ ഞാൻ ഒരുക്കമില്ല എന്റെ ഉപക്ഷേപത്തിന്റെ ഉദ്ദേശം ഇന്നതാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. തേയിലയും ഏലവും കൃഷിക്കുകൂടിയും ഒരാൾക്കു ൫൦൦ ഏക്കറിൽ കൂടുതൽ പതിച്ചുകൊടുക്കാൻ പാടില്ല എന്നുള്ളതാണു് എന്റെ ഉദ്ദേശം എന്നു് ഞാൻ പറഞ്ഞുകഴിഞ്ഞു. എന്നാൽ ഗവണ്മെന്റിനു ഇക്കാര്യത്തിൽ ഏതെങ്കിലും യുക്തം അനുവദിക്കുകയാണെങ്കിൽ ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശത്തിനു യോജ്യമാംവണ്ണം തേയിലയോ ഏലമൊ കൃഷിക്കുതന്നെയായിരുന്നാലും പതിച്ചുകൊടുക്കുന്ന വിസ്തീർണ്ണത്തെ ൫൦൦ ഏക്കറിനോടു് അടുപ്പിച്ചുള്ളതാകത്തക്കവണ്ണം അവർ ആ യുക്തത്തെ ശരിയായമാർഗ്ഗത്തിൽ ഉപയോഗിക്കണം. കഴിവുള്ളിടത്തോളം തേയിലയോ ഏലമൊ കൃഷിക്കുതന്നെ ആയാലും ഗവണ്മെന്റ ൫൦൦ ഏക്കറിൽ അധികം പതിച്ചുകൊടുക്കരുതു് എന്നു് നിർബന്ധിക്കണം എന്നുകൂടി ഞാൻ ആഗ്രഹിക്കുന്നു.

മി. എ.സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): ഒരു മുതലാളിക്കു നെൽകൃഷിക്കായി ൩൦ ഏക്കർ വേണമെന്നിരിക്കട്ടെ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ സ്നേഹിതന് ചോദ്യങ്ങളെ വിശേഷപ്പെട്ട രീതിയിൽ ചോദിക്കുന്നതിനു് ഒരു പ്രത്യേകവാസനയുണ്ടു്. പൈസയോ കാശോ കണക്കുവച്ചു പറയുന്നതിനു് ഞാൻ ശീലിച്ചിട്ടില്ല.

അതുകൊണ്ടു് സർ, എല്ലാകാര്യങ്ങളും ഞാൻ പറഞ്ഞുകഴിഞ്ഞു. ഉപക്ഷേപംകൊണ്ടുവന്നതു് ൫൦൦ ഏക്കറിനെ കുറയ്ക്കുന്നതിനാണെന്നുവരികിലും ഉപക്ഷേപത്തിന്റെ ഉദ്ദേശം സാധാരണയായി തെയിലയോ ഏലമൊ കൃഷിക്കുതന്നെയായിരുന്നാലും ഒരാളുടെപേരിൽ ൫൦൦ ഏക്കറിൽ കൂടുതലായി പതിച്ചുകൊടുക്കരുതു് എന്നുള്ളതാണു്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): മിസ്റ്റർ നീലകണ്ഠപ്പിള്ള പറഞ്ഞ ഉദ്ദേശത്തോടുകൂടി നാം പൂർണ്ണമായ അനുഭാവം ഉള്ളവർ ആണെന്നു എനിക്കു തോന്നുന്നു. ഈ അഭിപ്രായങ്ങൾ സഭയുടെവരും ആഗ്രഹിക്കുന്നവയല്ല എന്നു് ആർക്കും പറയാവുന്നതല്ല. അക്കാര്യത്തിൽ നാം എല്ലാവരും യോജിക്കുന്നു. എന്നാൽ ദുർഘടം ഉള്ളതു അതിനെ നടപ്പിൽ കൊണ്ടുവരുന്നതിൽ ആണു്. എന്നു തന്നെയുമല്ല പതിച്ചുവാങ്ങിക്കുന്ന ആളിനു ഭൂമിയെ വേറെ ഒരാൾക്കു വിലയ്ക്കുകൊടുക്കാനുള്ള അവകാശം ഉണ്ടു. അയാളുടെ അവകാശത്തെതടഞ്ഞു "നീ അതിനെ വിൽക്കാൻപാടില്ല" എന്നു നമുക്കു് പറയാവുന്നതല്ല. ജനങ്ങൾ ഭൂമികൾ വിലയ്ക്കുവാങ്ങുന്നതുകൊണ്ടു അവർക്കു അതിനെ വിൽക്കുകയുംചെയ്യാം.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): മെമ്പർ തൊട്ടുമുമ്പിൽ നിശ്ചയിച്ചിരിക്കുന്ന സർവെവിഷയത്തിൽ നിമഗ്നനായി തന്നെത്താൻ മറന്നുപോയിരിക്കുകയാണു്. ആ കാര്യത്തെപ്പററി ക്ലേശപ്പെട്ടിട്ടു യാതൊരുപയോഗവും ഇല്ല. അതിനെ നാം വിട്ടുകളഞ്ഞിരിക്കുന്നു. അതിനെ ഞാൻ ഉദാഹരണമായി എടുത്തു എന്നേ ഉള്ളു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അന്യാധീനപ്പെടുത്തലിനെ തടയുന്നതായി ഒരു വകുപ്പു ഉണ്ടായിരിക്കണം. അല്ലെന്നുവരികിൽ ഭൂമിയെ വിലയ്ക്കുകൊടുക്കാതെ നോക്കുന്നതു സാധ്യമല്ല. കൂടാതെ ഗവണ്മെന്റിൽനിന്നും ഭൂമി പതിച്ചുവാങ്ങിക്കുന്നയാൾ അതിനെ കൃഷിചെയ്യാൻ നിർബന്ധിക്കപ്പെടണം എന്നു ഒരു ഉദ്ദേശം ഉണ്ടു്. അതുവലിയ ഉപദ്രവം ആണു്. ഉദ്ദേശം ആകപ്പാടെ നല്ലതാണു്. പക്ഷേ അതു് നടപ്പാക്കത്തക്കതല്ല എന്നേ ഉള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴുള്ള പുതുവൽചട്ടങ്ങളിൽ ൫൦ ഏക്കറിൽ കൂടുതൽ ലേലത്തിൽവിൽക്കാൻ പാടില്ലെന്നു ഒരു വ്യവസ്ഥയില്ലയൊ.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഉണ്ടു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തുകയെ ൫൦-ൽനിന്നും ൫൦൦ എന്നു മാററുന്നതിൽ നടപ്പിൽവരുത്താൻ പാടില്ലാത്തതു എന്നാണുള്ളതു്.

മി. എ.സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): തെയിലകൃഷിക്കു ഗവണ്മെന്റുഭൂമി പതിച്ചുകൊടുക്കുന്നതു് പുതുവൽചട്ടങ്ങൾ അനുസരിച്ചല്ല. അതു് തരിശുഭൂമികൾക്കുള്ള ചട്ടങ്ങൾ അനുസരിച്ചാണു്. ഭൂമിക്കുള്ള അപേക്ഷകൻ ധനശക്തിയുള്ളവനൊ അല്ലയൊ എന്നുള്ളതിനെ

പററി മുന്നന്വേഷണങ്ങൾ നടത്തേണ്ടതായുണ്ട്. ഭൂമിക്ക് അപേക്ഷകിട്ടിയാൽ ഉടനെ ഒരു തെയിലത്തോട്ടം നടത്തുന്നതിനോ ഭൂമിയിൽ കൃഷിഇറക്കുന്നതിനോ അയാൾക്ക വേണ്ടമുതൽ ഉണ്ടോഎന്ന അയാളുടെ അയൽപക്കക്കാരോടു അന്വേഷണം നടത്തുന്നു. ആ വിവരം ഞങ്ങൾ ഗവണ്മെൻറിനെ അറിയിക്കുന്നു. അപേക്ഷകൻ ഒരു തെയിലത്തോട്ടം തുടങ്ങുന്നതിനു തക്ക ധനസ്ഥിതിയുള്ളവൻ അല്ല എന്നു കണ്ടതുനിമിത്തം പല അവസരങ്ങളിൽ അത്രവലിയ ഭൂമികൾ പതിച്ചുകൊടുക്കുന്നതു അനുവദിക്കാതിരുന്നിട്ടുണ്ട്. കാര്യവശാലും പരമാർത്ഥത്തിലും മിസ്റ്റർ നീലകണ്ഠപ്പിള്ള വാദിച്ചതുപോലെതന്നെ തുടർന്നുവരപ്പെടുന്നു. അതുകൊണ്ട് അദ്ദേഹം ഉപക്ഷേപം പിൻവലിക്കുമെന്നു ഞാൻ ആശിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഉപക്ഷേപത്തെ നിർബന്ധിക്കുന്നു.

മി. എസ്. പി. വിശ്വേശ്വരൻപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): അദ്ദേഹം ഉപക്ഷേപത്തെ നിർബന്ധിക്കുന്നതു് എന്തുസംഗതി തീർച്ചചെയ്യാത്തതിനാൽ ആണെന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി. കല്ലാടം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ആ വാദംസംബന്ധിച്ചു ഞാൻ ഒരു വാക്ക് പറയാൻ ആഗ്രഹിക്കുന്നു. സഭാസമക്ഷം ഇരിക്കുന്ന വാസ്തവമായ ഉപക്ഷേപം ഒരു ലക്ഷ്യാപക്ഷേപംമൂലം ഒരു പ്രശ്നകളുണ്ടെന്നു കുറയ്ക്കുന്നതിനാണ്. സഭാസമക്ഷം ഉള്ള ഉപക്ഷേപം തുക കുറയ്ക്കുന്നതുമാത്രമാണ്. കുറയ്ക്കലിന്റെ ഉദ്ദേശം, ഉള്ളിലുള്ളവിഷയം ഭാവിയിൽ വല്ലകാലത്തും പര്യാലോചനയ്ക്കായി വന്നേക്കാമെന്നുള്ളതിൽ സംശയമില്ല. അതിനുള്ള അവസരം വരുന്നതിനുമുമ്പ് തീർച്ചചെയ്യേണ്ടതായ ഇന്നതാണെന്നു നിശ്ചയിക്കേണ്ട ആവശ്യം ഇല്ല.

പ്രസിഡെണ്ട്: ഉപക്ഷേപത്തിന്റെ സാക്ഷാൽ വ്യാപ്തി എന്താണെന്നു മനസ്സിലാക്കുന്നതു് നന്നായിരിക്കുമെന്നു എനിക്ക് തോന്നുന്നു. ഭാവിയിൽ എപ്പോഴെങ്കിലും അതു് തീർച്ചചെയ്യേണ്ടതായിവന്നാൽ അതെന്താണെന്നു അറിഞ്ഞിരിക്കുന്നതു് ഉപകാരമായിരിക്കും. പ്രയോക്താവിന്റെ ഉദ്ദേശം ഇടക്കാലത്തുണ്ടായ ഒരു സംഭവത്തെ അടിസ്ഥാനപ്പെടുത്തി ഭൂമിപതിച്ചുകൊടുക്കുന്ന നയത്തെപ്പററി വാദംതുടങ്ങുക എന്നുള്ളതു മാത്രമാകുന്നു. അതു് ഒരു ക്ലിപ്തമായ ധാരണയെ നൽകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വാസ്തവമായുള്ള ഉപക്ഷേപത്തിൽ ഞാൻ എന്തുപറയാൻപോകുന്നു എന്ന് പറഞ്ഞുകൊണ്ടു ഉപക്ഷേപത്തിന്റെ ഉദ്ദേശത്തെ സൂചിപ്പിച്ചതുതന്നെ എന്റെ ഒരു വലിയ തെററുമാകുന്നു. അതു് നിയമസംബന്ധമായ ഒരു വ്യവസ്ഥയല്ല. അതു് നാം വാദംതുടങ്ങാൻ പോകുന്ന വിഷയത്തെപ്പററി സഭയുടെ മറുവശത്തുള്ള മെമ്പർമാർക്കു ഒരു അറിയിപ്പുകൊടുക്കൽ മാത്രമാകുന്നു. ആ വിവരമായ പ്രസംഗത്താൽ നാം ബന്ധിതർ ആകുന്നില്ല. ആവിവരങ്ങൾ വെളിപ്പെടുത്തൽ കൂടാതെതന്നെ ഉപക്ഷേപം പ്രയോഗിക്കുന്നതിനു ഞങ്ങൾക്ക് പൂർണ്ണാധികാരം ഉണ്ട്.

പ്രസിഡെണ്ട്: ഈ ഉപക്ഷേപത്തിന്മേൽ നിങ്ങൾക്ക മെമ്പരുടെ സമ്മതിദാനം ആവശ്യമില്ലാഎന്നും ൫൦൦ രൂപ കുറയ്ക്കണംഎന്നുള്ള ഒരു ലക്ഷ്യാപക്ഷേപം അല്ലാതെ ഇതിനു വേറെ അർത്ഥം ഒന്നുംഇല്ല എന്നു ഞാൻ ധരിച്ചുകൊള്ളട്ടെയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തീർച്ചയാക്കേണ്ടവിഷയം പുതുവൽഭൂമികൾ പതിച്ചുകൊടുക്കുന്നതിൽ മേലാൽ ൫൦൦ ഏക്കറിൽ കൂടുതൽ ഒരാളുടെപേരിൽ പതിച്ചുകൊടുക്കരുതു എന്നുള്ളതാണു. "താണപ്രദേശങ്ങളിലും മദ്ധ്യപ്രദേശങ്ങളിലും തെയിലയും ഏലവും കൃഷിചെയ്യുന്നതിന് ഒഴിച്ചു" എന്നുള്ള പദപ്രയോഗത്തിൽ ഞാൻ വളരെ സൂക്ഷിച്ചിട്ടുണ്ട്. ഉന്നതപ്രദേശങ്ങളിൽ തെയിലയോ ഏലമോ കൃഷിചെയ്യുന്നതിന് ഒരാളുടെപേരിൽ ൫൦൦ ഏക്കറിൽ കൂടുതൽ പതിച്ചുകൊടുക്കുന്നതിൽ ഗവണ്മെൻറു അവരുടെ യുക്തം ഉപയോഗിക്കാവുന്നതാണ്, എന്നാൽ ആ യുക്തം ഉപയോഗിക്കുന്നതുതന്നെയും രാജ്യക്ഷേമത്തെ കരുതിയായിരിക്കണം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): മെമ്പർ ഉദ്ദേശിക്കുന്നതു് പുതുവൽചട്ടങ്ങൾ അനുസരിച്ച് ഭൂമികൾ കൊടുക്കുന്നതിനെയോ പതിച്ചുകൊടുക്കുന്നതിനെയോ മാത്രമേഉള്ളോ തരിശുഭൂമിചട്ടങ്ങൾ മുതലായ മററുചട്ടങ്ങൾ അനുസരിച്ചുള്ളവയേയും ഉൾപ്പെടുത്തുന്നുവോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്ക ചട്ടങ്ങൾ ഒന്നും അറിഞ്ഞുകൂടാ. ഈ ഉപക്ഷേപത്തെ അടിസ്ഥാനപ്പെടുത്തി ഗവണ്മെൻറു വേറെ ചട്ടങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കണം. ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു യാതൊരു ചട്ടവും അനുസരിച്ചല്ല.

പ്രസിഡെണ്ട്: അതു ഭൂനികുതി കമ്മീഷണരുടെ ചോദ്യത്തിനു ഒരു മറുപടിയല്ല. നിങ്ങൾ ഇതിനെ പുതുവൽ ചട്ടങ്ങൾ അനുസരിച്ചുള്ള ഭൂമി പതിക്കലായിമാത്രമേ ഉദ്ദേശിക്കുന്നുള്ളോ മററുള്ള ചട്ടങ്ങൾ അനുസരിച്ചുള്ളതിയും ആകണോഎന്നാണു ഭൂനികുതികമ്മീഷണർക്ക അറിയേണ്ടതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതുചട്ടങ്ങൾ അനുസരിച്ചായാലും കൊള്ളാം.

പ്രസിഡെണ്ട്: നിങ്ങൾ അങ്ങനെ ധരിച്ചുകൊള്ളുക. നിങ്ങൾ താണപ്രദേശങ്ങൾ, മദ്ധ്യപ്രദേശങ്ങൾ, ഉന്നതപ്രദേശങ്ങൾ എന്നു പറഞ്ഞുവല്ലോ. താണപ്രദേശങ്ങൾ, മദ്ധ്യപ്രദേശങ്ങൾ, ഉന്നതപ്രദേശങ്ങൾ ഇവ ഓരോന്നിനാലും നിങ്ങൾ അർത്ഥമാക്കുന്നതു വ്യക്തമായിഎന്താണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പണ്ഡിതനായ കൺസർവേറർ അതിനെ വിവരിച്ചുപറയും. വനത്തിൽപെട്ട ഭൂമികളെ താണപ്രദേശങ്ങൾ, മദ്ധ്യപ്രദേശങ്ങൾ, ഉന്നതപ്രദേശങ്ങൾ എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. താണപ്രദേശങ്ങളും മദ്ധ്യപ്രദേശങ്ങളും രാജ്യത്തിൽ ജനങ്ങൾ നിവസിക്കുന്ന ഭാഗങ്ങൾ ആകുന്നു.

പ്രസിഡെണ്ട്: ഞാൻ നിങ്ങളോടു ഒരു ചോദ്യം ചോദിക്കുമ്പോൾ നിങ്ങൾ എന്നെ വേറെ ഒരാളോടു ചോദിക്കാൻ പറയുന്നു. അതു നിങ്ങൾക്ക ന്യായമാണെന്നു തോന്നുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഈ വക കാര്യങ്ങളിൽ ഒരു വിദഗ്ദ്ധൻ അല്ല.

പ്രസിഡെണ്ട്: താണപ്രദേശങ്ങൾ മദ്ധ്യപ്രദേശങ്ങൾ ഉന്നതപ്രദേശങ്ങൾ എന്നുപറഞ്ഞാൽ നിങ്ങൾ അർത്ഥമാക്കുന്നതു എന്താണെന്നു നിങ്ങൾക്കു പറയാൻ കഴിയുകയില്ല അല്ലെ. താണപ്രദേശങ്ങളും മദ്ധ്യപ്രദേശങ്ങളും എന്തു പൊക്കംവരെയുള്ളവ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പൊക്കം ഇന്നതാണെന്നു എനിക്കു അറിഞ്ഞുകൂടാ. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറു അനുസരിച്ചു രാജ്യം മുഴുവനേയും താണപ്രദേശങ്ങൾ, മദ്ധ്യപ്രദേശങ്ങൾ, ഉന്നതപ്രദേശങ്ങൾ എന്നു മൂന്നു പ്രദേശങ്ങളായി ഭാഗിച്ചിരിക്കുന്നു. ഈ ഉപക്ഷേപത്തിൻെറ കാര്യത്തിനായി ഞാൻ ആ വിഭാഗത്തെ സ്വീകരിക്കുന്നു.

പ്രസിഡെണ്ട്: മി. പിറവിപെരുമാൾപിള്ളെ അതു വ്യക്തമാക്കുമെന്നു തോന്നുന്നു.

മി. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും-മതം): തീർച്ചയാക്കേണ്ട കാര്യം ഇന്നതാണെന്നു വായിച്ചുകേട്ടാൽ കൊള്ളാമെന്നുണ്ട്.

പ്രെസിഡെണ്ട്: നിങ്ങൾ എല്ലാവരും അതു കേട്ടിരിക്കുന്നു. മി. നീലകണ്ഠപ്പിള്ളെ നിങ്ങൾ ഉപക്ഷേപം വോട്ടിനിടണമെന്ന് നിർബന്ധിക്കുന്നുണ്ടോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ നിർബന്ധിക്കുന്നു.

ഉപക്ഷേപം ഭൂരിപക്ഷത്താൽ സ്വീകരിക്കപ്പെട്ടു.

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): അനുകൂലിച്ചവരുടേയും പ്രതികൂലിച്ചവരുടേയും പേരുകൾ ഞാൻ ആവശ്യപ്പെടുന്നു.

പേരുകൾ എടുക്കപ്പെട്ടു. ഫലം താഴെപറയുന്നതുപോലെ ആയിരുന്നു.

അനുകൂലിച്ചവർ ൨൭.

൧ മിസ്റ്റർ വി. ചെല്ലംപിള്ള
൨ ,, എ. എസ്. ദാമോദരനാശാൻ
൩ ,, എ. ജി. മേനവൻ
൪ ,, ഇട്ടൂപ്പു ഇട്ടീച്ചൻ
൫ ,, ഡി. സി. ജോസഫ്
൬ ,, കെ. സി. കരുണാകരൻ
൭ ,, കെ. എൻ. കേശവൻനമ്പൂരിപ്പാട്
൮ ,, ആർ. കേശവപിള്ള
൯ ,, ടി. സി. കേശവപിള്ള
൧൦ ,, ഓമരപ്പുള്ളിൽ കൊച്ചുതൊമ്മൻ
൧൧ ,, എൻ. കെ. കൃഷ്ണപിള്ള
൧൨ ,, പി. എസ്. കൃഷ്ണപിള്ള
൧൩ ,, തരിയതു കുഞ്ഞിതൊമ്മൻ
൧൪ ,, എം. സി. കുര്യാക്കോസു
൧൫ മിസ്റ്റർ കെ. മാധവൻപിള്ള
൧൬ ,, എച്ച്. ബി. മഹമ്മദു റാവുത്തർ
൧൭ ,, മാത്യു മുരിക്കൻ
൧൮ ,, ജി. പി. നീലകണ്ഠപ്പിള്ള
൧൯ ,, കെ. പി. നീലകണ്ഠപ്പിള്ള
൨൦ ,, പി. ജെ. ഉമ്മൻ
൨൧ ,, മുരവേലിൽ പാച്ചുപിള്ള
൨൨ ,, കെ. പത്മനാഭപണിക്കർ
൨൩ ,, കെ. ജി. പരമേശ്വരൻപിള്ള
൨൪ ,, എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
൨൫ ,, ആർ. രാമൻപിള്ള
൨൬ ,, രേവതിനാൾ രാമവർമ്മരാജ
൨൭ ,, എ. താണുപിള്ള.

പ്രതികൂലിച്ചവർ ൧൯.

൧ മിസ്റ്റർ എൽ. എ. ലാമ്പാർഡു
൨ റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ
൩ മിസ്റ്റർ പി. എസ്. മഹമ്മദു
൪ ,, എസ്. പിറവിപെരുമാൾപിള്ള
൫ ,, കല്ലറ പരമേശ്വരൻപിള്ള
൬ ,, പി. എൻ. കൃഷ്ണപിള്ള
൭ ,, എസ്. വെങ്കിട്ടരമണയ്യർ
൮ ,, കെ. ജോർജ്
൯ ,, ടി. പി. രാമസ്വാമയ്യർ
൧൦ റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൧൧ മിസ്റ്റർ എസ്. സി. എച്ച്. റാബിൻസൺ
൧൨ ,, ആർ. ധനുക്കോടിപ്പിള്ള
൧൩ ,, ഐ. സി. ചാക്കോ
൧൪ ,, ആർ. വൈദ്യലിംഗംപിള്ള
൧൫ ഡാക്ടർ കെ. രാമൻതമ്പി
൧൬ മിസ്റ്റർ പി. ഗോമതിനായകംപിള്ള
൧൭ ,, എൽ. എ. ബിഷപ്പ്
൧൮ ,, എ. വെപ്പൻ
൧൯ റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള.

നിഷ്പക്ഷനില സ്വീകരിച്ചവർ ൨.

൧ മിസസ്സ് എലിസബെത്തു കുരുവിള
൨ മിസ്റ്റർ കെ. മാധവൻ

പ്രെസിഡെണ്ട്: അനുകൂലിച്ചവരുടേയും പ്രതികൂലിച്ചവരുടേയും കണക്കു എടുത്തതിൽ ഉപക്ഷേപത്തിനു അനുകൂലമായി ൨൭ മെംബർമാരും പ്രതികൂലമായി ൧൯ പേരും നിഷ്പക്ഷക്കാരായി ൨ പേരും ഉള്ളതായി കാണുന്നു.

ഉപക്ഷേപം സ്വീകരിക്കപ്പെട്ടതായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

ഉപക്ഷേപം ൧൬ മുതൽ ൨൨ വരെ താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അവതരിക്കപ്പെട്ടില്ല.

മി. മുരവേലിൽ പാച്ചുപിള്ള

൧൬. ദേവികുളത്തും പീരുമേട്ടും ഉള്ള സിൽവാന്തികൾക്കു ലോക്കൽ അലവൻസിനായി നീക്കിവച്ചിരിക്കുന്ന ൩൫൪൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. മുരവേലിൽ പാച്ചുപിള്ള

൧൭. ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൧൩൫൦൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി. ഡി. സി. ജോസഫ്

൧൮. അലവൻസുകൾക്കായി നീക്കിവച്ചിരിക്കുന്ന ൧൯൫൦൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള

൨൩. സപ്ലൈസർവീസ്, തപാൽവകുപ്പ് ഇവയ്ക്കായി നീക്കിവച്ചിരിക്കുന്ന ൧൭൬൨ രൂപയിൽനിന്നും ൩൩൦ രൂപ കുറയ്ക്കണം.

മി. എ. താണുപിള്ള

൧൦. ഡിവിഷൻകച്ചേരികൾക്കായി നീക്കിവച്ചിരിക്കുന്ന ൧൩൧൯൦ രൂപയിൽനിന്നും ൨ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള

൧൨. ഡിവിഷൻകച്ചേരികൾക്കായി നീക്കിവച്ചിരിക്കുന്ന ൧൩൧൯൦ രൂപയിൽനിന്നും ൨ രൂപ കുറയ്ക്കണം.

മി. മാത്യു മുരിക്കൻ

൧൧. ഡിവിഷൻകച്ചേരികൾക്കായി നീക്കിവച്ചിരിക്കുന്ന ൧൩൧൯൦ രൂപയിൽനിന്നും ൨൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൩.

മി. പി. എസ്. മുഹമ്മദ് (ഗവണ്മെന്റിൽനിന്നും നിയമിച്ചമെംബർ): ഡിവിഷൻകച്ചേരിവകയ്ക്ക് ൧൩,൧൯൦ രൂപ നിശ്ചയിച്ചിരിക്കുന്നതിൽ ൨൦൦ രൂപ കുറയ്ക്കണം.

സർ, ഡിവിഷൻകച്ചേരിക്കായിട്ട് ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള ൧൩,൧൯൦ രൂപയിൽനിന്നും ൨൦൦ രൂപ കുറക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം. ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിന്റെ പ്രധാനഉദ്ദേശം ഈ ഡിപ്പാർട്ടുമെന്റിൽ ഉത്തരവാദിത്വസ്ഥാനത്തിലിരിക്കുന്ന വലിയഉദ്യോഗസ്ഥന്മാർതന്നെയും ഉദ്യോഗനിയമനവിഷയത്തിൽതന്നെയും വലിയ പക്ഷപാതം കാണിക്കുന്നുണ്ടെന്ന ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തുന്നതിനാണ്. ഗവണ്മെന്റു വേണ്ടവിധത്തിൽ സഹതാപം പ്രദർശിപ്പിക്കയും പബ്ലിക്ക സർവീസിൽ പ്രാതിനിദ്ധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളെ പ്രത്യേകം ശ്രദ്ധിക്കണമെന്ന സകല ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കും ഉത്തരവുകൾ അയച്ചിട്ടുണ്ടെങ്കിലും അവർ അവയെ അശേഷം വകവെച്ചിട്ടില്ല എന്നുള്ള സംഗതി പേഷ്കാരന്മാർ നടത്തിയ ഉദ്യോഗനിയമനങ്ങളെക്കുറിച്ചു ചിന്തിച്ചാൽ ഗ്രഹിക്കാവുന്നതാണ്. ലാന്റ് റവന്യൂകമ്മീഷണരുടെകീഴിൽ ഏറ്റവുംഉയൎന്ന ഉദ്യോഗം പേഷ്കാരന്മാരാണ്. അവരുടെ നിയമനങ്ങളിലുള്ള ചില ഭാഗങ്ങളാണ് ഇവിടെ വിസ്തരിക്കാൻപോകുന്നത്. തിരുവനന്തപുരംഡിവിഷനിൽ ൨൧൯ പേരെ ൨൨൦൩-അവസാനംവരെ നിയമിച്ചിട്ടുണ്ട്. അതിൽ ൯൩ നായർ, ൨൩ ബ്രാഹ്മണർ, ൩ മഹമ്മദീയരും ശേഷമുള്ളതു മററുജാതിക്കാരുമാണ്. കൊല്ലം പേഷ്കാർ ൪൮ പേരെ നിയമിച്ചിട്ടുണ്ട്. അതിൽ ൩ മഹമ്മദീയരും ൪ കമ്മാളരും, ൨൬ സിറിയൻക്രിസ്ത്യാനികളും, ൨൨ നായന്മാരും, ൧ ബ്രാഹ്മണരുമുണ്ട്.

മി. കെ. മാധവൻ (ഗവണ്മെന്റിൽനിന്നും നിയമിച്ചമെംബർ): അതിൽ അധഃകൃതരുണ്ടോ?

മി. പി. എസ്. മഹമ്മദ് (ഗവണ്മെന്റിൽനിന്നും നിയമിച്ചമെംബർ): ഇല്ല. കോട്ടയംഡിവിഷനിൽ ൪൨ നിയമനംഉണ്ടായിട്ടുണ്ട്. അതിൽ ഒരു മഹമ്മദീയനെങ്കിലും നിയമിക്കാനുള്ള കരുണ അവിടത്തെ പേഷ്കാർക്കുണ്ടായില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംകമ്മിഷണർ): ഏതുകാലത്തെക്കുറിച്ചാണ് മെംബർപറയുന്നത്.

മി. പി. എസ്. മഹമ്മദ് (ഗവണ്മെന്റിൽനിന്നുംനിയമിച്ചമെംബർ): ൧൧൦൩ വരെ ഉള്ളതാണ്. ഇതിൽ അപേക്ഷകന്മാരില്ലെങ്കിൽ തരക്കേടില്ലായിരുന്നു. അപേക്ഷകന്മാരായി ൨൦ പേർ ഉണ്ടായിരുന്നു. അതുതീതിയിൽതന്നെ കൊല്ലത്തു ൧ പേരും തിരുവനന്തപുരത്തു ൨൬ പേരും അപേക്ഷകന്മാരായിരുന്നു. ഈ രീതിയിലാണ് അസമത്വസമുദായങ്ങൾക്കു പ്രാമുഖ്യം നൽകുന്നത്. ൪൨ നിയമനങ്ങൾ നടത്തിയഅവസരത്തിൽ ൨൦ മുസ്ലീം അപേക്ഷകന്മാരുണ്ടായിരുന്നിട്ടും ഒരാററയെങ്കിലുംപോലും കൊടുക്കാൻ സാധിച്ചില്ല. ഈ മാതിരി സംഗതികൾ വരാതിരിക്കുന്നതിനുവേണ്ടി അതിനെ കൌൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു മാത്രമെ ഈ ഉപക്ഷേപംകൊണ്ടു ഉദ്ദേശിക്കുന്നുള്ളു.

മി. തയ്യിൽ കുഞ്ഞികൃഷ്ണമേനോൻ (ചെറായിപ്പുഴയും തൊട്ടപ്പുഴയും): സർ, ഡിവിഷൻകച്ചേരിക്കുവച്ചിട്ടുള്ള ൧൩,൧൯൦ രൂപായിൽനിന്നും ൨൦ രൂപാ കുറയ്ക്കണമെന്ന എന്റെ മാന്യസ്നേഹിതൻ മി. പി. എസ്. മഹമ്മദ് ഇവിടെ ഹാജരാക്കിട്ടുള്ള ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. അദ്ദേഹം അതിനെപ്പററി ഒരു രീതിയിൽ വിവരിച്ചു ഞാൻ മറെറാരുഭാഗം പറയണമെന്നാണ് വിചാരിക്കുന്നത്. ഡിവിഷൻകച്ചേരിയിലെ നടപടികൾ ഓരോ താലൂക്കിലെയും ജനങ്ങളെ പൊതുവെ സാധാരണയായി ബാധിക്കുന്ന ഒന്നാണ്. പകുതികച്ചേരികളിലെയും താലൂക്കുകച്ചേരികളിലെയും അഴിമതികളെ പരിഹരിക്കേണ്ട പ്രധാനച്ചുമതല ഡിവിഷൻകച്ചേരിക്കുതന്നെ, അതിനുപുറമെ റവന്യൂകമ്മീഷണർ ഉണ്ടെങ്കിലും ശ്രദ്ധിക്കേണ്ട പലകാര്യങ്ങളിലും ഉടനെയുള്ളമേലധികാരം ഡിവിഷൻപേഷ്കാർക്കാണ്. കമ്മീഷണരുടെ അടുക്കൽ താലൂക്കിലെ അഴിമതികൾ ഞങ്ങൾ പറയുമ്പോൾ പല സംഗതികളിലും തനിക്ക അവരുടെമേൽ കാര്യമില്ലെന്നും ഡിവിഷൻകച്ചേരിയിൽനിന്നും നിവൃത്തിഉണ്ടാക്കേണ്ടതാണെന്നുംപറഞ്ഞൊഴിഞ്ഞുകളയാറുണ്ട്. അദ്ദേഹം മനഃപൂർവം ഇങ്ങനെ പറയുകയില്ല. വാസ്തവത്തിൽ പലസംഗതികളും കമ്മീഷണർക്ക് അധികാരമില്ലെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. ഉൾനാട്ടിലെ ജനങ്ങൾ താലൂക്കുകാരിലും പകുതിക്കാരിലുംനിന്നു വളരെ കഷ്ടതകളനുഭവിക്കുന്നുണ്ട്. പലപ്പോഴും പുറമ്പോക്കകേസുകളിൽനിയമത്തിനപ്പുറമായ ശിക്ഷയും അനുഭവിച്ചുവരുന്നു. ഇതിനെപ്പററി കൂടന്തു ജനപ്രതിനിധികൾ സങ്കടം പറഞ്ഞുകൊണ്ടിരിക്കുന്നു. സങ്കടം അനുഭവിക്കുന്നവരുടെ സ്ഥിതിയെന്താണെന്നു ഡിവിഷൻകച്ചേരിയിൽനിന്നന്വേഷിച്ചു നിവൃത്തിമാർഗ്ഗം ഉണ്ടാക്കിയില്ലെങ്കിൽ ജനങ്ങൾക്കു യഥാർത്ഥ രക്ഷയുമില്ല. റവന്യൂവകുപ്പിലെ അഴിമതികളെപ്പററി എനിക്ക പ്രധാനമായിട്ടു പറയാനുള്ളതു എന്റെ നിയോജകമണ്ഡലത്തിലെകാര്യങ്ങളെപ്പററിയാണ്. ബഡ്ജററു പൊതുവിമർശനത്തിൽ അവിടെ നിയമത്തിനപ്പുറമായി പുറമ്പോക്കുകേസുകളെടുത്തു

ഷിക്കുന്നതെന്നും, പരക്കെ ജനങ്ങൾ സങ്കടപ്പെടുന്നു എന്നും ഞാൻ ഉദാഹരണസഹിതം പ്രസ്താവിച്ചിട്ടുണ്ട്. ൫൦,൦൦൦-ൽ അധികം രൂപാ പുറമ്പോക്കുകേസുകളിൽനിന്നു ഈ താലൂക്കിൽനിന്നുതന്നെ കഴിഞ്ഞ ഒരു വർഷത്തിനകം തീരുമാനിച്ചിരിക്കും. കണക്ക ഈ കൌൺസിലിൽ ചോദിച്ചതിൽ കിട്ടാത്തതിനാൽ ക്ലിപ്തം പറയുവാൻ നിവൃത്തിയില്ല. രാജ്യമൊട്ടുക്ക ൨൭,൦൦൦ രൂപയാണ് ഈ വിഷയത്തിൽ ബഡ്ജറ്റു പ്രതീക്ഷിക്കുന്നതെങ്കിലും മൂവാറ്റുപുഴതാലൂക്കിൽനിന്നുമാത്രം ഈടാക്കാൻ നിശ്ചയിച്ചിരിക്കുന്നതു ൫൦,൦൦൦ രൂപ എത്ര ഭയങ്കരം. ഓരോ കൃഷിക്കാരിൽനിന്നും ൧൦൦-ം ൨൫൦-ം രൂപാ വീതം പുറമ്പോക്കുകേസുകളിൽനിന്നു ഈടാക്കിവരുന്നു. കരത്തിന്റെ ൪ മടങ്ങു എന്ന നിയമവും വിട്ടു ൭൦ മടങ്ങിലധികമാണ് നിരോധനക്കരം ഈടാക്കിയിട്ടുള്ളത്. അന്യായമായി അടഹരിച്ചതു അന്വേഷിച്ചറിഞ്ഞു മടക്കിക്കൊടുപ്പിക്കണം. പ്രത്യേകം അന്വേഷണം നടത്തണം. സാധുകൃഷിക്കാരിൽനിന്നു ന്യായരഹിതമായിട്ടു പണം ഈടാക്കണമെന്നു ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ലെന്നു ഞാൻ സമ്മതിക്കുന്നു. പുതുവൽറൂൾസ് ൧൯-ാംവകുപ്പനുസരിച്ചു ദേഹണ്ഡഭൂമി ദേഹണ്ഡക്കാരനുതന്നെ പതിച്ചുകൊടുക്കുന്നതിൽ പല തെറ്റുകളുംചെയ്യുന്നുണ്ട്. ദേഹണ്ഡഭൂമികൾക്ക കീഴുദ്യോഗസ്ഥന്മാർ വലുതായ തറവില ചുമത്തിക്കളയുന്നു. ദേഹണ്ഡിച്ചു നന്നാക്കിവച്ചിരിക്കുന്ന ഭൂമികൾ ആ ദേഹണ്ഡക്കാരനു പതിച്ചുകൊടുക്കുന്നതിൽ കൂടുതൽ തറവില ചുമത്തുന്നതു വലിയകഷ്ടമാണ്.

തിരുവെഴുത്തുവിളംബരത്തിലെ ൧൭-ാംവകുപ്പനുസരിച്ചു കരത്തിനുമേൽപ്പ് യാതൊരു കാരണത്താലും കുറച്ചുകൂട്ടുവാൻ പാടില്ലാത്തതാണ്. എന്നാൽ റബ്ബർകൃഷി ചെയ്തിരിക്കുന്ന ഭൂമികൾക്കു കൂടുതൽ നികുതിയും ൭ വർഷത്തെ കുടിശികയും ഇപ്പോൾ ചുമത്തി ഈടാക്കുവാൻ തുടങ്ങിയിരിക്കുന്നു. റബ്ബർക്കരം കൂട്ടുന്നതു ഇപ്പോൾ റബ്ബർവില കുറഞ്ഞിരിക്കയാൽ ഒട്ടും ശരിയല്ല. അധഃപതിച്ചിരിക്കുന്ന കൃഷിക്കാരോടു ന്യായമായ കൊടുക്കുക തി നികുതിക്കുള്ളതാണ് ഗവണ്മെന്റിന്റെ കടമ. മുമ്പു റാത്തലിനു ൫ രൂപയായിരുന്ന റബ്ബറിന് ഇപ്പോൾ വു അണയാണ്. ആ സ്ഥിതിക്കു ഈ വമ്പിച്ച നികുതി ഏർപ്പെടുത്തിയാൽ കൃഷിക്കാർ എങ്ങിനെ കൊടുക്കും? അതിനെപ്പറ്റി ഗവണ്മെന്റു ഗൗരവമായി ശ്രദ്ധിക്കണം. തിരുവെഴുത്തുവിളംബരത്തിനു യോജിക്കാത്ത വ്യവസ്ഥ കൃഷിക്കാരെ ബാധിക്കരുത്. വിളവിന്റെ നിലയിൽ ശ്രുതിഭാഗം നികുതിയായി ചുമത്താം എന്നാണെങ്കിൽ വിരോധമില്ല. അതാണ നികുതിചുമത്തുന്നതിൽ സ്വീകരിക്കേണ്ട തത്വം. ഇതങ്ങിനെയല്ല. കൃഷിക്കാരുടെ വസ്തു വിററു കരംകൊടുക്കണമെന്നുവന്നിരിക്കുന്നു. ഇതു ഒരു പരിഷ്കൃതഗവണ്മെന്റല്ല, ഒരു അപരിഷ്കൃതഗവണ്മെന്റു കൂടിയും ചെയ്യുന്ന ഒരു നയമല്ല. ഇപ്പോൾ കുരുമുളകുകൃഷിക്കു പ്രത്യേകം കരംകൊടുക്കേണ്ട. അതു ആദായകരമായ ഒരു കൃഷിയാണ്. അതിനു കരം ഏർപ്പെടുത്തണമെന്നല്ല ഞാൻ പറയുന്നത്. അത്രപോലും ആദായമില്ലാത്ത റബ്ബറിനു കൂടുതൽ നികുതിചുമത്തുന്നതെന്താണ്. റബ്ബർകൃഷിക്കാർ നഷ്ടത്തിലായിരിക്കയാണ്. ഞാനും ഒരു കൃഷിക്കാരനാണ്. ഞാനും റബ്ബർകൃഷിക്കാരനായതുകൊണ്ട് ഇതിനെപ്പററിപ്പറയുന്നതു സ്വാർത്ഥമാണെന്നു ആരെങ്കിലും പറയേണ്ടതല്ലാത്ത ഭീരുത്വത്താൽ ഞാൻ ഇതിൽനിന്നും ഒഴിയുന്നതു ഒട്ടും ശരിയല്ലല്ലോ. എന്റെ നിയോജകമണ്ഡലത്തിൽ റബ്ബർകൃഷിക്കാർ വളരെയുണ്ട്. ഡിവിഷനിൽനിന്നും മേൽപറഞ്ഞ സംഗതികൾ ആലോചിക്കേണ്ടതാണ്. ഇല്ലെങ്കിൽ ഗവണ്മെന്റെങ്കിലും ആലോചിക്കണം. അതുകൊണ്ട് എനിക്കു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തുവാനുള്ളതു ഇതാണ്. പുറമ്പോക്കുകേസുകളിൽ ചട്ടത്തിൽ കൂടുതലായി ഈടാക്കിയിരിക്കുന്നതു തിരിയെകൊടുപ്പിക്കണം. അയൽഭൂമി ലേലത്തിൽ വിററിട്ടുള്ളതിലധികമായ തറവില ദേഹണ്ഡംചെയ്തിട്ടുള്ളവസ്തുക്കൾക്ക ദേഹണ്ഡക്കാരനു പുതുവൽറൂൾസ ൧൯-ാംവകുപ്പനുസരിച്ചു പതിച്ചുകൊടുക്കുമ്പോൾ ചുമത്തരുത്. റബ്ബർകരത്തിൽനിന്നും ജനങ്ങളെ രക്ഷിക്കണം. ഈ മൂന്നുസംഗതികളിലും ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിവെക്കണം. ഇക്കാര്യത്തിൽ യോഗ്യനായ ഒരുദ്യോഗസ്ഥനെ അയച്ചു അന്വേഷണംനടത്തി കാര്യത്തിന്റെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കി ജനങ്ങളുടെ കഷ്ടതയും, സങ്കടവും പരിഹരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡുറവന്യൂവും ഇൻകംടാക്സും കമ്മീഷണർ): നിയമനങ്ങളിൽ ഉദ്യോഗസ്ഥന്മാർ പക്ഷപാതംകാണിക്കുന്നു എന്നു മി. പി. എസ്. മുഹമ്മദും, തറവില കൂടിപ്പോയി എന്നു മി. കുഞ്ഞിത്തൊമ്മനും വാദിച്ചു. ഉദ്യോഗസ്ഥന്മാർ നിയമനങ്ങളിൽ പക്ഷപാതം കാണിക്കുന്നു എന്നുള്ള കാര്യത്തിനാകട്ടെ അവരുടെ നിയമനങ്ങളുടെവകയ്ക്കു പാദവർഷംതോറും ജാതിതിരിച്ചു കണക്കാക്കുന്നതി അവരുടെ ആ നിയമനങ്ങളെ ഗവണ്മെന്റും പരിശോധിക്കാറുണ്ട്.

തറവിലയുടെകാര്യത്തിലാകട്ടെ അതു പുതുവൽചട്ടമനുസരിച്ചു നടത്തുകയാണ്. അതു ചട്ടപ്രകാരമുള്ള നടപടിയാണ്. തറവിലയേതുവിധം നിശ്ചയിക്കണമെന്നും തത്സംബന്ധമായ വിഷയങ്ങളെല്ലാം പുതുവൽചട്ടങ്ങളിൽ വിധിച്ചിട്ടുണ്ട്. ഈ ചട്ടങ്ങളുടെ പ്രവൎത്തനത്താൽ വല്ല സങ്കടങ്ങളും നേരിടുന്നതായാൽ സങ്കടപ്പെട്ടവർക്കു ആ ചട്ടമനുസരിച്ചു അപ്പീൽബോധിപ്പിക്കാവുന്നതാണ്.

ഞാൻപറഞ്ഞ സമാധാനം മെമ്പറെ തൃപ്തിപ്പെടുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഒരു ചോദ്യം ചോദിക്കണം.

പ്രസിഡണ്ട്: മെമ്പർ ഇരുന്നുകഴിഞ്ഞു.

ഈ ഉപക്ഷേപത്തിനു നിശ്ചയിച്ചിട്ടുള്ള സമയവും കഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ള ഉപക്ഷേപങ്ങൾക്കുള്ള സമയവും കഴികയാൽ അവ നഷ്ടമായിരിക്കുന്നു. ഡിമാൻഡ I—ലാൻഡുറവന്യൂവിനായി നിശ്ചയിച്ചതു ൯,൫൩,൩൩൫ രൂപയിൽ ൫൦൦ രൂപ കുറച്ചുള്ള തുക സഭ അനുവദിച്ചതായി ഞാൻ വിധിക്കട്ടയോ?

ഉപക്ഷേപം പാസ്സാക്കപ്പെട്ടു. ധനാഭ്യർത്ഥന അനുവദിച്ചു.

ഉപക്ഷേപങ്ങൾ ൨൭ മുതൽ ൩൭ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ നഷ്ടപ്പെട്ടു.

മി. കെ. മാധവൻപിള്ള.

൨൭. ഡിവിഷൻകച്ചേരിവകക്കു ൩൩,൩൭൦ രൂപാ നിശ്ചയിച്ചിരിക്കുന്നതിൽ ൫൦൦ രൂപാ കുറയ്ക്കണം.

മി. കെ. മാധവൻപിള്ള.

൨൫. ഡിവിഷൻകച്ചേരികൾക്കു ൮൬,൮൭൦ രൂപാ നിശ്ചയിച്ചിരിക്കുന്നതിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

൨൬. ട്രഷറികളുടെ ചെലവു നിശ്ചയിച്ചിരിക്കുന്ന ൧൪,൭൯൦ രൂപായിൽ ൧൦൦ രൂപാ കുറക്കണം.

മി. ഏ. താണുപിള്ള.

൨൭. ഡിപ്പ്യൂട്ടിസർവേയർ മുതലായ താൽക്കാലികസ്ഥാപനങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള ൧൫,൧൮൦ രൂപയെ തള്ളണം.

മി. മുരിവേലിൽ പാച്ചുപിള്ള.

൨൮. ട്രാവലിംഗ് അലവൻസിനായി നിശ്ചയിച്ചിട്ടുള്ള ൨൩,൧൦൦ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി. ഏ. താണുപിള്ള.

൨൯. ചന്തകൾ നന്നാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ൪൫,൦൦൦ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി. ഏ. സി. കുരിയാക്കോസ്.

൩൦. ചന്തകൾ നന്നാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ൪൫,൦൦൦ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

൩൧. ചന്തകൾ നന്നാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ൪൫,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി. ആർ. കേശവപിള്ള.

൩൨. വക്കീലന്മാർക്കു ഫീസിനായി നിശ്ചയിച്ചിട്ടുള്ള ൩൦൦ രൂപാ തള്ളണം.

മി. ഏ. താണുപിള്ള.

൩൩. തൊടുപുഴ, കുന്നത്തുനാടു മുതലായ പുതുവൽതാലൂക്കുകളിൽ സബ്ഡിവിഷൻജോലിക്കായി കണ്ടിജൻസിചെലവു നിശ്ചയിച്ചിട്ടുള്ള ൧൦,൦൦൦ രൂപാ തള്ളണം.

മി. ഏ. എസ്. ദാമോദരൻ ആശാൻ.

൩൪. കാപ്പിസ്റ്റുമാരുടെ ശമ്പളച്ചെലവുകൾക്കായി നിശ്ചയിച്ചിട്ടുള്ള ൧൩,൦൦൦ രൂപായിൽ ൫ രൂപാ കുറക്കണം.

മി. എ. താണുപിള്ള.

൩൫. ലാക്കപ്പുചെലവുകൾക്കായി നിശ്ചയിച്ചിരിക്കുന്ന ൧൦,൦൦൦ രൂപയിൽ ൪൦൦൦ രൂപ കുറക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൩൬. താലൂക്കു കച്ചേരികൾക്കായി നിശ്ചയിച്ചിട്ടുള്ള ൩,൧൪,൧൭൩ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള.

൩൭. താലൂക്കുകച്ചേരികൾക്കായി നിശ്ചയിച്ചിട്ടുള്ള ൩,൧൪,൧൭൩ രൂപയിൽ ൧൦ രൂപ കുറക്കണം.

മി. മാത്യു മുരിക്കൻ.

൩൮. താലൂക്കുകച്ചേരികൾക്കായി നിശ്ചയിച്ചിട്ടുള്ള ൩,൧൪,൦൭൩ രൂപയിൽ ൧൦ രൂപ കുറക്കണം.

മി. ആർ. രാമൻപിള്ള.

൩൯. താലൂക്കുകച്ചേരികൾക്കായി നിശ്ചയിച്ചിട്ടുള്ള ൩,൧൪,൧൭൩ രൂപയിൽ ൧൦൦ രൂപ കുറക്കണം.

മി. ആർ. കേശവപിള്ള.

൪൦. താലൂക്കുകച്ചേരികൾക്കായി നിശ്ചയിച്ചിട്ടുള്ള ൩,൧൪,൧൭൩ രൂപയിൽ ൧൦൦ രൂപ കുറക്കണം.

മി. ആർ. രാമൻപിള്ള.

൪൧. പ്രവൃത്തിക്കാരന്മാർക്കായി നിശ്ചയിച്ചിട്ടുള്ള ൧,൦൩,൩൨൨ രൂപയിൽ ൧ രൂപ കുറക്കണം.

മി. മുറിവേലിൽ പാച്ചുപിള്ള.

൪൨. പ്രവൃത്തിക്കാരന്മാർക്കായി നിശ്ചയിട്ടുള്ള ൧,൦൩,൩൨൨ രൂപയിൽ ൧ രൂപ കുറക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

൪൩. പ്രവൃത്തിക്കാരന്മാർക്കായി നിശ്ചയിച്ചിട്ടുള്ള ൧,൦൩,൩൨൨ രൂപയിൽ ൧൦ രൂപ കുറക്കണം.

മി. ആർ. രാമൻപിള്ള.

൪൪. അക്കൌണ്ടന്മാർക്കു നിശ്ചയിച്ചിട്ടുള്ള ൮൫,൪൯൮ രൂപയിൽ ൧ രൂപ കുറക്കണം.

മി. വി. ചെല്ലംപിള്ള.

൪൫. എസ്റ്റാബ്ലിഷ്മെന്റിനായി നിശ്ചയിച്ചിട്ടുള്ള ൨,൮൩,൪൬൦ രൂപയിൽ ൧ രൂപ കുറക്കണം.

മി. ഏ. എസ്. ദാമോദരനാശാൻ.

൪൬. പ്രവൃത്തിക്കച്ചേരികൾക്കായി നിശ്ചയിച്ചിട്ടുള്ള ൩,൦൫,൮൯൨ രൂപയിൽ ൫൦൦ രൂപ കുറക്കണം.

മി. ഏ. എസ്. ദാമോദരനാശാൻ.

൪൭. പ്രവൃത്തിക്കച്ചേരികൾക്കായി നിശ്ചയിച്ചിട്ടുള്ള ൩,൦൫,൮൯൨ രൂപയിൽ ൧ രൂപ കുറക്കണം

മി. മാത്യു മുരിക്കൻ.

൪൮. പ്രവൃത്തിക്കച്ചേരികൾക്കായി നിശ്ചയിച്ചിട്ടുള്ള ൩,൦൫,൮൮൨ രൂപയിൽ ൧൦ രൂപ കുറക്കണം

മി. കെ. മാധവൻപിള്ള.

൪൯. പ്രവൃത്തികച്ചേരികൾക്കായി നിശ്ചയിച്ചിട്ടുള്ള ൩,൦൫,൮൯൨ രൂപയിൽ ൧൦൦ രൂപ കുറക്കണം.

മി. താമരപ്പള്ളിൽകൊച്ചുതൊമ്മൻ.

൧൦. താൽക്കാലിക സർവെ സ്കൂളുകൾക്കായി നിശ്ചയിച്ചിട്ടുള്ള ൬,൯൮൫ രൂപ തള്ളണം.

മി. ആർ. കേശവപിള്ള.

൧൧. എസ്റ്റാബ്ലിഷ്മെന്റുവകക്കായി നിശ്ചയിച്ചിട്ടുള്ള ൪൪,൫൪൩ രൂപയിൽ ൬,൫൦൦ രൂപ കുറക്കണം.

മി. ആർ. കേശവപിള്ള.

൧൨. എസ്റ്റാബ്ലിഷ്മെണ്ടു വകക്കായി നിശ്ചയിച്ചിട്ടുള്ള ൪൪,൫൪൩ രൂപയിൽ ൬,൩൧൦ രൂപ കുറക്കണം.

മി. ഡി. സി. ജോസഫ്.

൧൩. ട്രാവലിംഗ് അലവൻസിനായി നിശ്ചയിച്ചിട്ടുള്ള ൧,൦൦൦ രൂപ തള്ളണം.

മി. ആർ. കേശവപിള്ള.

൧൪. സർവെസാമാനങ്ങൾ വാങ്ങിക്കാനും നന്നാക്കാനുമായി നിശ്ചയിച്ചിട്ടുള്ള ൩,൦൦൦ രൂപയിൽ ൨,൦൦൦ രൂപ കുറക്കണം.

മി. ആർ. രാമൻപിള്ള.

൧൫. ൬-ാമത്തെ ഡിമാണ്ടുവകയിൽ ആകെ നിശ്ചയിച്ചിട്ടുള്ള ൯,൬൧,൧൧൬ രൂപയിൽ ൬ രൂപ കുറക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൧൬. ൬-ാമത്തെ ഡിമാണ്ടുവകയിൽ ആകെ നിശ്ചയിച്ചിട്ടുള്ള ൯,൬൧,൧൧൬ രൂപയിൽ ൬ രൂപ കുറയ്ക്കണം.

മി. എ. താണുപിള്ള.

൧൭. ൬-ാമത്തെ ഡിമാണ്ടുവകയിൽ ആകെ നിശ്ചയിച്ചിട്ടുള്ള ൯,൬൧,൧൧൬ രൂപയിൽ ൬ രൂപ കുറയ്ക്കണം.

മി. റ്റി. സി. കേശവപിള്ള.

൧൮. ൬-ാമത്തെ ഡിമാണ്ടുവകയിൽ ആകെ നിശ്ചയിച്ചിട്ടുള്ള ൯,൬൧,൧൧൬ രൂപയിൽ ൫ രൂപ കുറയ്ക്കണം.

മി. മുടിവലിൽ പാച്ചുപിള്ള.

൧൯. ൬-ാമത്തെ ഡിമാണ്ടുവകയിൽ നിശ്ചയിച്ചിട്ടുള്ള ൯,൬൧,൧൧൬ രൂപയിൽ ൧ രൂപ കുറക്കണം.

മി. വി. എസ്. ദാമോദരൻആശാൻ.

൨൦. ൬-ാമത്തെ ഡിമാണ്ടുവകയിൽ നിശ്ചയിച്ചിട്ടുള്ള ൯൬,൧൧൧ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൨൧. ൬-ാമത്തെ ഡിമാണ്ടുവകയിൽ നിശ്ചയിച്ചിട്ടുള്ള ൯,൬൧,൧൧൬ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മുഹമ്മദ്.

൨൨. ൬-ാമത്തെ ഡിമാണ്ടുവകയിൽ നിശ്ചയിച്ചിട്ടുള്ള ൯,൬൧,൧൧൬ രൂപയിൽ ൬൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൨൩. ൬-ാമത്തെ ഡിമാണ്ടുവകയിൽ നിശ്ചയിച്ചിട്ടുള്ള ൯,൬൧,൧൧൬ രൂപയിൽ ൬൦൦ രൂപ കുറയ്ക്കണം.

൨൪. ൬-ാമത്തെ ഡിമാണ്ടുവകയിൽ നിശ്ചയിച്ചിട്ടുള്ള ൭,൬൧,൧൧൬ രൂപയിൽ ൬൦൦ രൂപ കുറയ്ക്കണം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : സർ, ഞാൻ ഈ പ്രമേയത്തെപ്പറ്റി പറയാനായി ഏഴുന്നേൽക്കുന്ന ഒരു പൂർണ്ണദിവസം എന്നാൽ അഞ്ചുമണിക്കൂർനേരമെന്നു വ്യാഖ്യാനിച്ചിരിക്കകൊണ്ട് മി. രാഘവയ്യായുടെ വ്യാഖ്യാനമനുസരിച്ചു ൧-൩൦ മണിവരെ വാദപ്രതിവാദം നടത്തുന്നതിനു ഞങ്ങൾക്കു അവകാശമുണ്ട്. ലാൻഡുറവന്യൂ ഡിപ്പാർട്ടുമെന്റിനെക്കുറിച്ചുള്ള വാദപ്രതിവാദം ൬-൨ മണിക്കാരംഭിച്ചുള്ളൂ. അരമണിക്കൂർ ഇളവുനേരമുണ്ടായിരുന്നു. അതുകൊണ്ട്, ൧-൩൦ മണിവരെ വാദപ്രതിവാദം തുടരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രസിഡണ്ട്. ൫ മണിക്കൂർ നേരമെന്നു പറഞ്ഞിരിക്കുന്ന ഒരു ദിവസം ചോദ്യോത്തരങ്ങൾക്കുള്ള അരമണിക്കൂർ ഉൾപ്പെടെയാകുന്നു.

നാം ഇന്നുപിരിഞ്ഞു നാളെ ൬-൩൦ മണിക്കു കൂടാം.

൧-൬൦ ആയപ്പോൾ യോഗം പിരിഞ്ഞു.

റ്റി. പി. രാമസുബ്ബയ്യർ,
നിയമസഭാ സിക്രട്ടറി.

(A true translation)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

തൃതീയസഭ,

൧൧൨൨-ലെ ദ്വിതീയസമ്മേളനം.

(അഫിഷ്യൽ റിപ്പോർട്ട്)

൧൧൨൨-കർക്കടകം ൨൯-ാംനു ൧൯൪൭ ആഗസ്റ്റ്

൧൪-ാംനു വ്യാഴാഴ്ച.

വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ ൧൧ അടിച്ചു ൩൦ മിനിട്ടായപ്പോൾ അദ്ധ്യക്ഷന്റെ ആധിപത്യത്തിൽ സഭ വീണ്ടും കൂടി.

ചോദ്യങ്ങളും ഉത്തരങ്ങളും.

പരസ്പര സഹായ ഡിപ്പാർട്ടുമെന്റിലെ നിയമനങ്ങൾ.

൨൨൧. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) പരസ്പരസഹായ സംഘങ്ങളുടെ ഇപ്പോഴത്തെ രജിസ്ട്രാർ ആ സ്ഥാനത്തിൽ പ്രവേശിച്ചതു മുതൽ ൧൧൨൨ മിഥുനം ൩൦-ാംനു വരെ സ്ഥിരമായും, മൂന്നുമാസത്തിൽ കുറയാതെയുള്ള കാലത്തേയ്ക്കു താൽക്കാലികമായും നിയമിച്ചിട്ടുള്ള ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, ജാക്കൊബായിററുകൾ, മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രൊട്ടസ്റ്റന്റുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളർ, മററു വർഗ്ഗക്കാർ എന്നിവരുടെ നിയമനങ്ങൾ എത്രയെന്നു വർഗ്ഗം തിരിച്ചു കാണിക്കുന്ന ഒരു കണക്കും,

(ബി) പരസ്പരസഹായസംഘങ്ങളുടെ ഇപ്പോഴത്തെ രജിസ്ട്രാർ ആ സ്ഥാനത്തിൽ പ്രവേശിച്ചതിനു ശേഷം അദ്ദേഹത്തിന്റെ ശുപാർശ പ്രകാരവും മററു തരത്തിലും ആ ഡിപ്പാർട്ടുമെന്റിൽ ഗവമെന്റിൽ നിന്നും നടത്തിയിട്ടുള്ള നിയമനങ്ങളിൽ ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, ജാക്കൊബായിററുകൾ, മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രോട്ടസ്റ്റന്റുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളർ, മററു വർഗ്ഗക്കാർ എന്നിവരുടെ എണ്ണം എത്രയെന്നു വർഗ്ഗം തിരിച്ചു കാണിക്കുന്ന ഒരു കണക്കും,

(സി) പരസ്പരസഹായ സംഘം ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ ൧൦ രൂപയും അതിൽ കൂടുതലും ശമ്പളമുള്ള നിയമനങ്ങളിൽ ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, ജാക്കൊബായിററുകാർ, മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രോട്ടസ്റ്റന്റുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളർ, മററു വർഗ്ഗക്കാർ എന്നിവരുടെ എണ്ണം എത്രയെന്നു തരം തിരിച്ചു കാണിക്കുന്ന ഒരു കണക്കും മേശപ്പുറത്തുവയ്ക്കുവാൻ ഗവമെന്റിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവമെന്റു ചീഫ് സെക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള എ, ബി, സി എന്നീ സ്റ്റേറ്റുമെന്റുകൾ മേശപ്പുറത്തുവച്ചിട്ടുണ്ട്.

വാവുബലി പ്രദർശനം, കുഴിത്തുറ.

൨൨൨. മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): (എ) കുഴിത്തുറയിൽ വാവുബലി പ്രദർശനം എന്ന പേരിൽ ഏതെങ്കിലും പ്രദർശനം നടത്തുന്നുണ്ടോ എന്നും,

(ബി) അതു ആരംഭിക്കപ്പെട്ടതു എന്നാണെന്നും,

(സി) അതിൽ ഗവമെന്റു ഏതെങ്കിലും പങ്കെടുക്കുന്നുണ്ടോ എന്നും,

(ഡി) പ്രസ്തുത പ്രദർശനത്തിലേക്കു കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നോ, അല്ലെങ്കിൽ വ്യവസായഡിപ്പാർട്ടുമെന്റിൽനിന്നോ, ഏതെങ്കിലും സഹായധനം നല്കുന്നുണ്ടോ എന്നും,

(ഇ) 'ഡി' വിഭാഗത്തിനുള്ള ഉത്തരം ഇല്ല എന്നാണെങ്കിൽ, അപ്രകാരം സഹായധനം നല്കാത്തതു കൊണ്ടാണെന്നും, പറയുവാൻ ഗവമെന്റിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവമെന്റു ചീഫ് സെക്രട്ടറി): (എ) മറുപടി അനുകൂലഭാവത്തിലാകുന്നു.

(ബി) ഗവമെന്റിനു വിവരം ഒന്നും ലഭിച്ചിട്ടില്ല.

(സി) ഉണ്ട്, കഴിഞ്ഞ രണ്ടു മൂന്നുവർഷങ്ങളിലായി കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും വ്യവസായ ഡിപ്പാർട്ടുമെന്റിൽനിന്നും പ്രദർശനത്തിൽ പങ്കെടുക്കുന്നുണ്ട്,

(ഡി) മറുപടി ഇല്ലെന്നാകുന്നു.

(ഇ) ഗവമെന്റിന്റെ സഹായം ലഭിക്കുന്നതിനു കമ്മിററി ഒരിക്കൽ മാത്രമേ അപേക്ഷിച്ചിട്ടുള്ളു. അതു ആലോചനയ്ക്കു കിട്ടിയതു വളരെ താമസിച്ചു ഒരു ഘട്ടത്തിലാണ്.

മീനച്ചിൽ താലൂക്കിലെ റോഡുകൾ.

൨൨൩. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): (എ) മീനച്ചിൽ താലൂക്കിലെ റോഡുകൾ വേണ്ടപോലെ സംരക്ഷിക്കപ്പെട്ടു പോരുന്നില്ലെന്നും,

(ബി) കടനാട്ട-മേലുകാവുറോഡും, അമ്പാറ-മങ്കൊമ്പു റോഡും ഉപേക്ഷിക്കപ്പെട്ട നിലയിലാണു കിടക്കുന്നതെന്നും, ഗവമെന്റിനു അറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവമെന്റു സെക്രട്ടറി): (എ) മറുപടി പ്രതികൂലഭാവത്തിലാണ്.

(ബി) ഇല്ല.

G. P. T. 1122. 24-8-1107

മി: ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറു സെക്രട്ടറി): അതിലേക്ക അനുവദിച്ചിട്ടുള്ള മെയിൻറനൻസു ഗ്രാൻറു കൊണ്ടു എത്രത്തോളം നന്നാക്കാമോ അത്രത്തോളം നന്നാക്കീട്ടുണ്ട്.

മി: ഏ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): ഈ റോഡുകളുടെ സ്ഥിതി നന്നായിരിക്കുന്നില്ലെന്ന അനുഭവത്തിൽ ബോദ്ധ്യപ്പെട്ടിട്ടാണ് ഈ ചോദ്യം അയച്ചിട്ടുള്ളതെന്ന വിശ്വസിക്കാമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറു സെക്രട്ടറി): ആയിരിക്കാം.

മി: ഏ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): ഈ റോഡുകളെ കുറെക്കൂടി നല്ല നിലയിൽ ആക്കിത്തീർക്കേണ്ടതിനെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തുമോ?

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): ഈ താലൂക്കിലെ റോഡുകളുടെ സ്ഥിതി നന്നായിരിക്കുന്നു എന്ന ഉറപ്പു പറയുവാൻ കഴിയുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറു സെക്രട്ടറി): ഇന്ന റോഡിലെ ഇന്ന ഭാഗം നന്നായിരിക്കുന്നില്ലെന്ന പറഞ്ഞാൽ അതിനെപ്പററി അന്വേഷിക്കാം.

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): ബി. ഭാഗത്തിൽ പറഞ്ഞിരിക്കുന്ന റോഡുകളെപ്പററിയാണ് അന്വേഷണം നടത്തേണ്ടത്.

മി: ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറു സെക്രട്ടറി): അന്വേഷിക്കാം.

ചേർത്തല താലൂക്കിലെ തെങ്ങുചെത്തു.

൧൨൮. മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): (എ) ൧൧൦൩-ാമാണ്ടു ചേർത്തലത്താലൂക്കിൽ ചെത്തു നടത്തീട്ടുള്ള തെങ്ങുകളുടെ എണ്ണം എത്രയെന്നും,

(ബി) ഈ മാതിരി കേരവൃക്ഷങ്ങളിൽ നിന്നെല്ലാം ഈടാക്കീട്ടുള്ള വൃക്ഷക്കരത്തിൻെറ തുക എത്രയെന്നും

(സി) ഈ താലൂക്കിൽ ഇപ്പോൾ (൧൯-൧൧-൧൧൦) ചെത്തു നടത്തിവരുന്ന തെങ്ങുകളുടെ എണ്ണം എത്രയെന്നും,

(ഡി) ഇപ്രകാരമുള്ള എല്ലാ കേരവൃക്ഷങ്ങളിൽ നിന്നും കിട്ടിവരുന്ന വൃക്ഷക്കരം എത്രയെന്നും പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): (എ) ൧൨,൯൨൮.

(ബി) രൂ. ൭൮,൩൯൬-൧൧-൮ കാശു.

(സി) ൭,൨൦൦.

(ഡി) രൂ. ൧൩,൦൧൦-൭ ചക്രം.

എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിന്നു ചാർജ്ജ് ചെയ്തിട്ടുള്ള
കേസുകളുടെ നടപടി.

൧൨൯. മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): (എ) എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിന്നു ചാർജ്ജ് ചെയ്തിട്ടുള്ള കേസുകളെ സംബന്ധിച്ച വാദിഭാഗം നടപടികൾ നടത്തുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും,

(ബി) മജിസ്ട്രേട്ടു കോടതിയുടെ അധികാരാതൃത്തിക്കു വെളിയിൽ കിടക്കുന്ന തൻെറ റേഞ്ചിൽനിന്നു കേസുകൾ ചാർജ്ജുചെയ്യുന്ന റേഞ്ചു ഇൻസ്പെക്ടർ തന്നെയാണോ അപ്രകാരമുള്ള കേസുകളുടെ വാദിഭാഗം നടപടികൾ നടത്തുന്നതെന്നും; അല്ലെങ്കിൽ മജിസ്ട്രേട്ടുകോടതി സ്ഥിതി ചെയ്യുന്നറേഞ്ചിലെ ഇൻസ്പെക്ടരാണോ എന്നും,

(സി) ഒരു കേസു ചാർജ്ജുചെയ്യുന്ന ഇൻസ്പെക്ടർ അന്വേഷണങ്ങൾ എല്ലാം നടത്തിയതിനു ശേഷം, വാദിഭാഗം നടപടികൾ നടത്തുന്നതിലേക്കു ഏതെങ്കിലും നിയമമുണ്ടോ എന്നും പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി) : (എ) റേഞ്ചുകളുടെ ചാർജ്ജ് വഹിക്കുന്ന എക്സൈസ് ഇൻസ്പെക്ടർമാർ.

(ബി) മജിസ്ട്രേട്ടുകോടതിയൊന്നുമില്ലാത്ത റേഞ്ചിൽ കണ്ടുപിടിക്കപ്പെട്ട കേസുകൾ മജിസ്ട്രേട്ടു കോടതിയുടെ അധികാരാതൃത്തിയിൽ സ്ഥിതിചെയ്യുന്ന റേഞ്ചിലെ ഇൻസ്പെക്ടരാൽ നടപടിനടത്തപ്പെടുന്നതാകുന്നു.

(സി) മറുപടി പ്രതികൂലഭാവത്തിലാണ്.

ഫാറസ്ററു ഡിപ്പാർട്ടുമെൻറിൽ നടത്തീട്ടുള്ള നിയമനങ്ങളുടെ സ്റ്റേറ്റുമെൻറ്.

൧൩൦. മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്ക്): ഇപ്പോഴത്തെ ഫാറസ്ററു കൺസർവേറർ ഡിപ്പാർട്ടുമെൻറ് ചാർജ്ജു കൈയേററതിനു ശേഷം, ഫാറസ്ററു ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുള്ള ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, ജാക്കൊബായിററുകാർ, മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രൊട്ടസ്റ്റൻറുകാർ, ഈഴവർ, മഹമ്മദീയർ, പുലയർ, മററു സമുദായാംഗങ്ങൾ എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറു മേശമേൽ വയ്ക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറുസെക്രട്ടറി): ആവശ്യപ്പെട്ടവിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറു മേശപ്പുറത്തു വച്ചിട്ടുണ്ട്.

സഞ്ചാരത്തിനിടയിൽ പോലീസുകമ്മീഷണർ നടത്തീട്ടുള്ള ജോലി.

൧൩൧. മി: മാത്യുമുരിക്കൻ (വൈക്കം): (എ) പോലീസുകമ്മീഷണർ ഇനിയും (൧൧൦൮-൧൨-൨) പരിശോധിച്ചിട്ടില്ലാത്ത പോലീസു സ്റ്റേഷനുകൾ തിരുവിതാംകൂറിൽ ഉണ്ടോ എന്നും;

(ബി) തൻെറ ജോലി കൈയേററതിനു ശേഷം പോലീസ് കമ്മീഷണർ ക്യാമ്പിൽ ഇരുന്നിട്ടുള്ള ദിവസങ്ങൾ എത്രയെന്നും;

(സി) അദ്ദേഹം പരിശോധിച്ചിട്ടുള്ള സ്റ്റേഷനുകളുടെ പേരുകൾ ഏതെല്ലാമെന്നും പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി):

(എ) ഉണ്ട്. (ബി) ൧൨൦.

(സി) പരിശോധനനടത്തിയ സ്റ്റേഷനുകളുടെ ഒരു ലിസ്റ്റ് മേശമേൽ വച്ചിട്ടുണ്ട്.

ഒറ്റശ്ശേഖരമംഗലം–മുകുന്തറ റോഡിലുള്ള കലുങ്കുകൾ.

൧൨൭. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഒറ്റശ്ശേഖരമംഗലം–മുകുന്തറ റോഡിലേക്ക അനുവദിച്ചിട്ടുള്ള അഞ്ചു കലുങ്കുകളുടെ പണി ഇനിയും (൨-൧൨-൧൯൫൮) നടത്താതിരിക്കുന്നതിന്റെ കാരണത്തെപ്പറ്റി അന്വേഷിക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മൂന്നു കലുങ്കുകൾ മാത്രമേ പണിയിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ളു. അന്വേഷണം നടത്തുന്നതാണ്.

ഒറ്റശ്ശേഖരമംഗലം–പനച്ചുംമൂട് പാത.

൧൨൮. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): നെയ്യാറ്റിൻകര താലൂക്കിലുള്ള ഒറ്റശ്ശേഖരമംഗലം—പനച്ചുമൂട് പാതയെ സംബന്ധിച്ച്, അതിനെ വിസ്താരപ്പെടുത്തി പരിഷ്കരിക്കേണ്ടതു് ആവശ്യമാണെന്നു ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ എന്നും; ഉണ്ടെങ്കിൽ അതിലേക്ക ഇതുവരെ (൨-൧൨-൧൯൫൮) സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഈ സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വിഷയീഭവിച്ചിട്ടുണ്ട്. ഈ റോഡു് മുഴുവനും സർവ്വേ ചെയ്യുന്നതിന് റവന്യൂ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെടേണ്ടതാണെന്ന് ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിരിക്കുന്നു. സർവ്വേ ജോലി പൂർത്തിയായ ശേഷം അറ്റകുറ്റങ്ങൾ തീർക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): സർവേനടത്തണമെന്ന് ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടതു് എപ്പോളാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ൧൯൫൭-മേയ് ൨൭-ാം തീയതിയാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): റോഡ് വിസ്താരപ്പെടുത്തണമെന്നുകൂടി ചീഫ് എഞ്ചിനീയർ ശുപാർശചെയ്തിട്ടുണ്ടോ എന്ന് പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): റോഡിൽ ചില ഭാഗങ്ങളുടെ സ്ഥിതി മോശമാണെന്നു പറഞ്ഞിട്ടുണ്ട്. സ്ഥലം മുഴുവനും സർവേ ചെയ്ത് പൊന്നും വിലകൊടുത്തെടുപ്പിക്കേണ്ട ഭൂമികളേതെല്ലാമെന്നും, സ്വാധീനത്തിലുള്ള ഗവണ്മെന്റുവക ഭൂമികൾ എത്രമാത്രമുണ്ടെന്നും അറിയണമെന്നാകുന്നു. ഇവയെല്ലാം നിശ്ചിതമായി അറിഞ്ഞതിനു ശേഷം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): റോഡ് വിസ്താരപ്പെടുത്തേണ്ടതാണെന്ന് അദ്ദേഹം കൃത്യമായി ശുപാർശചെയ്തിട്ടുണ്ടോ? അതും ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): റോഡ് നന്നാക്കേണ്ട ആവശ്യം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നിശ്ചിതമായ അഭിപ്രായങ്ങളൊന്നും ലഭിച്ചിട്ടില്ല.

ഈരാറ്റുപേട്ട, രാമപുരം, കുറവിലങ്ങാട്ട് എന്നീ സ്ഥലങ്ങളിലെ ശുചീകരണം.

൧൨൯. മി: ഏ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): (എ) ഈരാറ്റുപേട്ട, രാമപുരം, കുറവിലങ്ങാട്ട് എന്നീസ്ഥലങ്ങൾ മീനച്ചിൽ താലൂക്കിൽ ജനങ്ങൾ തിങ്ങിപാർക്കുന്ന ചന്തസ്ഥലങ്ങളും, വാണിജ്യകേന്ദ്രങ്ങളുമാണെന്നുള്ള വിവരം അറിവില്ലയോ എന്നും;

(ബി) ഈ സ്ഥലങ്ങളിലെ ശുചീകരണത്തിനും അവിടങ്ങളിൽ സാംക്രമികരോഗങ്ങൾ വ്യാപിക്കുന്നതിനെ തടയുന്നതിനും ഏതെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ എന്നും പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) കുറവിലങ്ങാട്ട് എന്ന സ്ഥലത്തു ഒരു ചെറിയ കൺസർവൻസിസ്റ്റേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മൂന്നു സ്ഥലങ്ങളും വാക്സിനേഷൻ സെന്ററുകളാകുന്നു. ഈ മൂന്നു സ്ഥലങ്ങളിലോരോന്നിലും ഒരു വാ. ക്സിനേറ്റർ വീതം നിയമിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ സാംക്രമികരോഗങ്ങൾ ബാധിക്കുമ്പോൾ കോട്ടയത്തുള്ള സാനിറ്ററി സർക്കിൾ ആഫീസർ തന്റെ അധികാരാതൃത്തിയിലുൾപ്പെട്ട ഇടങ്ങളിൽ വേണ്ടതു ചെയ്യുന്നതാകുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): വിവിധ വകുപ്പുകാരാൽ അധിവസിക്കപ്പെട്ടുവരുന്ന എന്ന് മറുപടിയിൽ പറയുന്ന രാമപുരം, ഈരാറ്റുപേട്ട ഈ രണ്ടു സ്ഥലങ്ങളിലും കൂടി കൺസർവൻസിസ്റ്റേഷൻ ഏർപ്പെടുത്തുന്നതു നല്ലതാണെന്നു ഗവണ്മെന്റിനഭിപ്രായമുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഗവണ്മെന്റിൽനിന്ന് ഒരു നടപടി നടത്തണമെന്നുള്ള സംഗതിയെപ്പറ്റിയാണ മെംബർ പറയുന്നതു്. അതിനു ഇപ്പോൾ മറുപടിപറയാൻ നിവൃത്തിയില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഇതിനെപ്പറ്റി വേണ്ട അന്വേഷണം നടത്താൻ ഗവണ്മെന്റിനു വിഷമമുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): അതിനെപ്പറ്റി ആലോചിക്കാം.

൧൯൫൦ മുതൽ ൧൯൫൩ വരെ ബി. എ. ക്കാരെയും, ബി. എം. ക്കാരല്ലാത്തവരേയും സബ്ബ്‌രജിസ്ട്രാരന്മാരായി നിയമിച്ചിട്ടുള്ളതു്.

൧൩൦. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ൧൯൫൦ മുതൽ ൧൯൫൬ വരെയുള്ള മൂന്നു വർഷങ്ങളിൽ സബ്ബ്‌രജിസ്ട്രാരായി നിയമിച്ചിട്ടുള്ള ബി. എക്കാരുടേയും, ബി. എം. ക്കാരല്ലാത്തവരുടേയും, എണ്ണം എത്രയെന്ന് പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ൨൨. ബി. എ. ക്കാരും ൧൪ ബി. എ. ക്കാരല്ലാത്തവരും ആകുന്നു.

൧൯൫൬-നും ൧൯൫൯-നും ഇടയിൽ ഭൂനികുതി കമ്മീഷണർ പരിശോധിച്ചിട്ടുള്ള താലൂക്കുകൾ.

൧൩൨. മി: എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): (എ) ൧൯൫൬-൧൯൫൭-൧൯൫൮ എന്നീവർഷങ്ങളിലോരോന്നിലും ലാൻറുറവന്യൂകമ്മീഷണർ പരിശോധിച്ചിട്ടുള്ള താലൂക്കുകളുടെ പേരുകളും;

(ബി). ഈ ആണ്ടുകളിൽ പേഷ്കാരന്മാരും, ഡിവിഷൻ അസിസ്റ്റൻറന്മാരും അവരുടെ താലൂക്ക പരിശോധനകൾക്കിടയിൽ കണ്ടു പിടിച്ചതിൽ കൂടുതലായി തൻെറ നേരിട്ടുള്ള പരിശോധനയിൽ ലാൻറുറവന്യൂകമ്മീഷണർ ഏതെങ്കിലും ന്യൂനതകൾ കണ്ടുപിടിച്ചിട്ടുണ്ടോ എന്നും;

(സി) ലാൻറുറവന്യൂകമ്മീഷണരുടെ നേരിട്ടുള്ള പരിശോധനയുടെ ഫലമായി പുറമ്പോക്ക്, പുതുവൽ എന്നിവയിൽ കയ്യേററം, തല്ലുല്യങ്ങളായ മററുകേസുകൾ എന്നിപ്രകാരമുള്ള ഏതെങ്കിലും അക്രമങ്ങൾ തെളിയിച്ചിട്ടുണ്ടോ എന്നും; പറയുവാനും,

(ഡി) സി. വിഭാഗത്തിനുള്ള മറുപടി "ഉണ്ട്" എന്നാണെങ്കിൽ, ഈ ക്രമക്കേടുകളുടെ ഒരു സ്റ്റേറമെൻറും, അവക്ക നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പരിഹാരങ്ങളും മേശമേൽ വയ്ക്കുവാനും ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി). (എ) ൧൯൫൬-ൽ ദേവികുളം ഒഴികെയുള്ള എല്ലാ താലൂക്കുകളും, ൧൯൫൭-ൽ ദേവികുളം ഒഴികെയുള്ള എല്ലാ താലൂക്കുകളും, ൧൯൫൮-ൽ തിരുവനന്തപുരം ഒഴികെയുള്ള എല്ലാ താലൂക്കുകളും.

(ബി, സി, ഡി.) ആവശ്യപ്പെട്ട വിവരങ്ങൾ കാണിക്കുന്ന പ്രത്യേക റിക്കാർഡുകളൊന്നും സൂക്ഷിക്കപ്പെട്ടിട്ടില്ല. പ്രസ്തുത റിക്കാർഡുകളെല്ലാം പരിശോധിക്കുന്നതിലും, കണക്കുകൾ ശേഖരിക്കുന്നതിലും, വ്യയം ചെയ്യേണ്ടിവരുന്ന സമയവും പ്രയത്നവും, ഗവണ്മെൻറിൻെറ അഭിപ്രായത്തിൽ അവയിൽനിന്നും ലഭിക്കുന്ന പ്രയോജനത്തോടു താരതമ്യപ്പെടുത്തുന്നപക്ഷം, നിസ്സാരമായിട്ടുള്ളതാണ്.

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): എൻെറ ചോദ്യത്തിൽ സി. ഡി. ഈ വിഭാഗങ്ങളിൽ പ്രത്യേകം പ്രത്യേകം കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെന്നാണ് എൻെറ ബോധം. അതിന് എല്ലാം കൂടി ഒന്നായിട്ടു മറുപടി പറഞ്ഞിരിക്കുന്നു. ഇതിൽ ഡി. ഭാഗത്തിൽ പറഞ്ഞിരിക്കുന്ന മറുപടികൊണ്ടു ലാൻഡ്റവന്യൂകമ്മീഷണരുടെ പരിശോധനയിൽ പ്രത്യേകമായിട്ടു യാതൊന്നും സാധിച്ചിട്ടില്ലെന്നാണോ അർത്ഥമാകുന്നതു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ധാരാളം സാധിക്കുന്നുണ്ട്. ഇൻസ്പെക്ഷൻ നോട്സ് ഓരോന്നും ഗവണ്മെൻറിലേക്കയക്കുന്നുണ്ട് ആ നോട്സിൽ പ്രസ്താവിക്കുന്ന ക്രമക്കേടുകളെ ശരിപ്പെടുത്തുന്നതിനു ഗവണ്മെൻറു അപ്പോഴപ്പോൾ ഉത്തരവുകൾ കൊടുക്കുന്നുമുണ്ട്. ഇപ്പോൾ മൂന്നുകൊല്ലത്തെ നോട്ട്സുകൾ പരിശോധിച്ചു ഏതെല്ലാം ക്രമക്കേടുകളെയാണ് തിരുത്തീട്ടുള്ളതെന്നു ഒരു സ്റ്റേറമെൻറു തയ്യാറാക്കുവാൻ വളരെസമയവും പ്രയാസവും വേണ്ടിവരും.

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): സി വിഭാഗത്തിൽ രേഖപ്പെടുത്തീട്ടുള്ള ഏതെങ്കിലും കേസുകളിൽ അങ്ങനെ കണ്ടുപിടിച്ചിട്ടുള്ളതായിട്ട് ഏതെങ്കിലും പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): എന്തിനെ ഉദ്ദേശിച്ചാണ് ചോദിക്കുന്നതെന്നു വ്യക്തമായിട്ടു പറഞ്ഞാൽ മറുപടി പറയാം.

മി: എ. സി കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഞാൻ വ്യക്തമായിട്ടുതന്നെ പറഞ്ഞിട്ടുണ്ട്. പുറമ്പോക്ക, പുതുവൽ മുതലായ കേസുകളിൽ നടപടി പ്പിക്കയിട്ടു നടത്തീട്ടുള്ളതു കണ്ടുപിടിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): പല ഇൻസ്പെക്ഷൻ നോട്ടിലും കാണുന്നതായിട്ടും ഗവണ്മെൻറ് അതിലേക്ക പ്രത്യേകം ഉത്തരവുകൾ അയക്കുന്നതായിട്ടും അറിയാം.

മി: എ. സി കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): ലാൻഡുറവന്യൂകമ്മീഷണരാൽ കാണുന്നതായ ന്യൂനതകളെപ്പററി വെളിപ്പെടുത്തി പറയാൻ പാടില്ലെന്നു തോന്നുന്നുണ്ടോ?

മി: ടി. പി രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഇല്ല; മൂന്നു വർഷത്തെ അതായതു മുപ്പത്താറുമാസത്തെ നോട്ട്സുകൾ പരിശോധിച്ചു് ഏതെല്ലാം ക്രമക്കേടുകളാണ് ലാൻഡുറവന്യൂകമ്മീഷണർ കണ്ടുപിടിച്ചിട്ടുള്ളതെന്നും അതിൽ ഏതെല്ലാമാണ് തിരുത്തീട്ടുള്ളതെന്നും, അതിന്മേൽ എന്തു നടപടി നടത്തിയെന്നും കണ്ടുപിടിക്കുന്നതു വളരെ ബുദ്ധിമുട്ടുള്ള ഒരു ജോലിയാണ്.

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഈ സ്റ്റേറമെൻറുകൊണ്ട് വല്ല പ്രയോജനവും ഉണ്ടെന്നു വിചാരിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അതുകൊണ്ടു ശരിയായ ഉപയോഗമുണ്ടെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഉപയോഗമുണ്ടെന്നു ബോദ്ധ്യപ്പെടുത്തിയാൽ അങ്ങനെ ഒരു സ്റ്റേറമെൻറു എടുക്കുന്നതിൽ വിരോധമില്ലല്ലോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): വിരോധമില്ല.

ചീഫ് എഞ്ചിനീയറാഫീസിലുള്ള മിനിസ്റ്റീരിയൽ ശാഖയിലെ

ഉദ്യോഗക്കയററങ്ങൾ.

൧൩൩. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കഴിഞ്ഞ ആറുമാസങ്ങളിൽ (൧-൮-൧൯൫൮—൩൧-൧-൧൯൫൯). ചീഫ് എഞ്ചിനീയരാഫീസിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഉദ്യോഗക്കയററങ്ങളുടെ ഒരു സ്റ്റേറമെൻറു താഴെക്കാണുന്ന വിവരങ്ങൾസഹിതം മേശപ്പുറത്തിടുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) ഉദ്യോഗക്കയററം നൽകപ്പെട്ട ആളുകളുടെ പേരുകൾ;

(ബി) അവരുടെ സാധാരണവും, വിശേഷാലുള്ളതും ആയ പരീക്ഷായോഗ്യതകളും, ഏതു ഗ്രേഡിൽനിന്നും ഏതു ഗ്രേഡിലേക്കാണ് കയററം നല്കിയതെന്നുള്ള വിവരവും;

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു. ഈ കേസ്സു് സ്ഥിരമായ ഉദ്യോഗക്കയററങ്ങൾ നല്കിയിട്ടില്ല.

പ്രൈവററു ഏജൻസികളാൽ സംരക്ഷിക്കപ്പെട്ടുപോരുന്ന
വില്ലേജുറോഡുകൾ.

൧൩൭. മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): പ്രൈവററു് ഏജൻസികൾ സംരക്ഷിച്ചുപോരുന്ന പൊതുവില്ലേജു റോഡുകളുടെ നീളവും, എണ്ണവും എത്രയെന്നു പറയുവാൻ ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഗവണ്മെൻറിനു അതു സംബന്ധിച്ചു യാതൊരറിവുമില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): പ്രൈവററു ഏജൻസികൾ സംരക്ഷിച്ചുപോരുന്ന റോഡുകളുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന് അറിവില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): പബ്ലിക്കുവർക്കു് ഡിപ്പാർട്ടുമെൻറിൽനിന്നും സംരക്ഷിച്ചുവരുന്നതും അവരുടെ അധികാരത്തിൻകീഴിലുള്ളതും ആയ റോഡുകളുടെ ലിസ്റ്റു് കൾ മാത്രമേ അവർ സൂക്ഷിച്ചുവരുന്നുള്ളു. അതുകൊണ്ടു് അവരുടെ സംരക്ഷണയിലില്ലാത്ത വില്ലേജ്റോഡുകളെ സംബന്ധിച്ചു യാതൊരു റിക്കാർട്ടും അവരുടെ കൈവശം ഉണ്ടായിരിക്കുന്നതല്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അപ്രകാരമുള്ള റോഡുകൾ സംരക്ഷണത്തിനായി പ്രൈവററു് ഏജൻസികൾക്കു വിട്ടുകൊടുത്തിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനു അറിവുണ്ടോ എന്നു് പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ചിലതുണ്ടായിരിക്കാം; അതിനെപ്പററി എനിക്കു നല്ല നിശ്ചയമില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അപ്രകാരമുള്ള റോഡുകളുടെ സ്ഥിതിയെന്താണെന്നുള്ളവിവരം ഗവണ്മെൻറിനു അറിവുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അപ്രകാരമുള്ള കേസുകൾ ഉണ്ടോ എന്നു എനിക്കു നിശ്ചയമില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ആ വിധത്തിലുള്ള റോഡുകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവ തൃപ്തികരമാകുംവണ്ണം സംരക്ഷിക്കപ്പെടുന്നുണ്ടോ എന്നു് അറിവാൻ എനിക്കു ആഗ്രഹമുണ്ടു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): നിർദ്ദിഷ്ടമായ റോഡുകളെ പ്രത്യേകമായി മെമ്പർ എടുത്തു പറയുന്നതായാൽ ഒരു അന്വേഷണം നടത്താവുന്നതാണു്.

വിളവങ്കോടും കൽക്കുളവും താലൂക്കുകളിലുള്ള റോഡുകളുടെ നീളം.

൧൩൮. മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): വിളവങ്കോടും കൽക്കുളവും താലൂക്കുകളുടെ ക്ഷേത്രഫലത്തോടു താരതമ്യപ്പെടുത്തി അവ ഓരോന്നിലുമുള്ള റോഡുകളുടെ ആകെ നീളം എത്രയെന്നു പറയുവാൻ ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): തിരുവിതാംകൂർ സ്റ്റാററിസ്റ്റിക്സിൻെറ ഒമ്പതാമത്തെ പുസ്തകം ൧൧൦൯-ാം വകവും, ൧൧൦൯-ാമാണ്ടത്തെ തിരുവിതാംകൂർ പഞ്ചാംഗത്തിൻെറ ൨൫൧-ാംവശവും മെമ്പർ നോക്കേണ്ടതാകുന്നു.

കുളച്ചലിൽനിന്നും പൂവാർവരെയും, കന്യാകുമാരിയിൽനിന്നും തിരുവനന്തപുരം
വരെയുമുള്ള കടൽക്കരയിൽകൂടിപോകുന്ന റോഡുകൾ.

൧൩൯. മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കുളച്ചലിൽനിന്നും പൂവാർവരെ കടലോരത്തുകൂടിയുള്ള റോഡു നീട്ടുന്നതിനും, കന്യാകുമാരിമുതൽ തിരുവനന്തപുരംവരെ കടൽ തീരത്തിൽകൂടി ഒരു റോഡു വെട്ടിക്കുന്നതിനും ആലോചിച്ചിട്ടുണ്ടോ എന്നു പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഇല്ല; എന്നാൽ റോഡുവെട്ടുന്നതു സാദ്ധ്യമാണോ എന്നുള്ളതിനെപ്പററി പരിശോധിച്ചുനോക്കുന്നതായിരിക്കും.

പീനൽകോഡിലെ ചില വകുപ്പുകളനുസരിച്ചു ഫയലാക്കീട്ടുള്ള കേസുകൾ.

൧൪൦. മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): (എ) കഴിഞ്ഞ മുപ്പതുവർഷങ്ങൾക്കിടയിൽ യാതൊരുകേസുകളും ഫയലാക്കാത്ത പീനൽകോഡിലെ ഏതെങ്കിലും വകുപ്പുകളുണ്ടോ എന്നും, (ബി) എ. വിഭാഗത്തിനുള്ള മറുപടി "ഉണ്ടു്" എന്നാണെങ്കിൽ ആ വകുപ്പുകൾ എന്തെല്ലാമാണെന്നും പറയുവാൻ ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): (എ) യും (ബി) യും ആ വിവരം ശേഖരിക്കുന്നതിലേക്കായി വേണ്ടിവരുന്ന സമയവും പ്രയത്നവും അതിൽനിന്നും ഉണ്ടായേക്കാവുന്ന പ്രയോജനത്തോടു താരതമ്യപ്പെടുത്തുമ്പോൾ സാരമില്ലാത്തതാകുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കഴിഞ്ഞ മുപ്പതുകൊല്ലങ്ങൾക്കിടയിൽ കേസുകളൊന്നും ഫയലായിട്ടില്ലാത്ത പീനൽകോഡിലെ വകുപ്പുകളെപ്പററി ചോദിച്ചതിനു കിട്ടിയമറുപടി "ആ വിവരം ശേഖരിക്കുന്നതിലേക്കായി വേണ്ടിവരുന്ന സമയവും പ്രയത്നവും അതിൽനിന്നും ഉണ്ടായേക്കാവുന്ന പ്രയോജനത്തോടു താരതമ്യപ്പെടുത്തുമ്പോൾ സാരമില്ലാത്തതാകുന്നു" എന്നാണു്. കേസുകളൊന്നും ഫയലായിട്ടില്ലാത്ത പീനൽകോഡിൽ ഏതെങ്കിലുംവകുപ്പു് ഉള്ളതായി ഗവണ്മെൻറിനു അറിവുണ്ടോ എന്നു് എന്നെ അറിയിക്കാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): മറുപടി അതിൽതന്നെയുണ്ട്.

കൽക്കുളവും വിളവങ്കോടും നിയോജകമണ്ഡലം.

൧൪൧. മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): (എ) ക്ഷേത്രഫലവും, സമ്മതിദായകന്മാരുടെ എണ്ണവും കണക്കാക്കുമ്പോൾ തിരുവിതാംകോട്ടു നിയമസഭയുടെ ഏറ്റവും വലുതും ഏറ്റവും ചെറുതുമായ പൊതുനിയോജകമണ്ഡലങ്ങളേതെല്ലാമെന്നും;

(ബി) തിരുവിതാംകൂർ നിയമസഭാ തിരഞ്ഞെടുപ്പുസംബന്ധിച്ച് കൽക്കുളവും, വിളവങ്കോടും നിയോജകമണ്ഡലങ്ങളെ രണ്ടു പ്രത്യേകവ്യവസ്ഥാപനങ്ങളായി വേർതിരിക്കുവാനുദ്ദേശിക്കുന്നുണ്ടോ എന്നും പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): (എ) (൧) ക്ഷേത്രഫലംസംബന്ധിച്ചിടത്തോളം ഏറ്റവും വലിയ നിയോജകമണ്ഡലം പത്തനംതിട്ടയും, ഏറ്റവും ചെറുതു കരുനാഗപ്പള്ളിയുമാകുന്നു.

(൨) ൧൧൦൨-ലെ എലക്ടോറൽറോൾ അനുസരിച്ച് സമ്മതിദായകന്മാരുടെ മൊത്തം എണ്ണം കണക്കാക്കുമ്പോൾ ഏറ്റവും വലിയ നിയോജകമണ്ഡലം കൽക്കുളവും വിളവങ്കോടും, ഏറ്റവും ചെറുത് ചിറയിൻകീഴും ആകുന്നു.

(ബി) അപ്രകാരമുള്ള ഉദ്ദേശങ്ങളൊന്നും ഇപ്പോൾ ഗവൺമെൻറിനില്ല.

ചവറ,—ശാസ്താംകോട്ടറോഡ്.

൧൪൨. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): (എ) ചവറ,-ശാസ്താംകോട്ടറോഡ് ആദ്യമായി വെട്ടിയതിനുശേഷം പിന്നീടെപ്പോഴെങ്കിലും കല്ലിട്ടുറപ്പിക്കുകയുണ്ടായിട്ടുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ, ഏതുവർഷങ്ങളിലാണെന്നും പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): (എ) ഉണ്ട്; (ബി) ൧൧൦൧-ം, ൧൧൦൨-ം വർഷങ്ങളിൽ.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): പടനായർകുളങ്ങര ശാസ്താംകോട്ടറോഡ് കായൽക്കരയിൽനിന്നല്ല ആരംഭിക്കുന്നതെന്ന ഗവൺമെൻറ് പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): അങ്ങനെയായിരിക്കാം?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): പടനായർകുളങ്ങര, കായലിൽനിന്നും മൂന്നുമൈൽ കിഴക്ക കിടക്കുന്നതായി ഗവൺമെൻറിനു അറിവുണ്ടോ എന്ന് പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): ൧൪൩-ാം ചോദ്യത്തെപ്പറ്റിയാണ് നാം ഇപ്പോൾ പ്രതിവാദിക്കുന്നത്. ചവറ, ശാസ്താംകോട്ടറോഡ് തുറക്കപ്പെട്ടതിനുശേഷം വീണ്ടും കല്ലിട്ടുറപ്പിക്കുകയുണ്ടായോ എന്നുള്ളതാണ് ആലോചനാവിഷയം.

പ്രസിഡണ്ട്: നിങ്ങൾ പറയുന്നത് ൧൪൪-ാം ചോദ്യത്തെപ്പറ്റിയാണ്; അതിലേക്ക നാം എത്തീട്ടില്ല; ൧൪൩-ാം ചോദ്യത്തെപ്പറ്റിയാണ് നാം ആലോചിച്ചുകൊണ്ടിരിക്കുന്നത്. ൧൪൩-ാം ചോദ്യത്തിനു നിങ്ങൾക്ക ഏതെങ്കിലും ഉപചോദ്യങ്ങളുണ്ടോ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, ഇല്ല.

കരുനാഗപ്പള്ളിത്താലൂക്കിലെ റോഡുകൾ.

൧൪൩. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): (എ) കരുനാഗപ്പള്ളിതാലൂക്കിലെ പൂർവഭാഗങ്ങളെ കായലുകളുമായി യോജിപ്പിക്കുന്ന കല്ലുപാകിയ റോഡുകൾ എത്രയുണ്ടെന്നും;

(ബി) ഈ റോഡുകളുടെ പേര് എന്തെന്നും;

(സി) വിവിധങ്ങളായ ഈ റോഡുകളുടെ ഉദ്ദേശം നീളം എത്രയെന്നും, പറയുവാൻ ഗവൺമെൻറിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): (എ)യും, (ബി)യും, (സി)യും; (൧) കരുനാഗപ്പള്ളി മരുതൂർകുളങ്ങരറോഡ് (അടുത്തകാലത്തു കല്ലിട്ടുറപ്പിച്ചതും, പാലങ്ങൾ കെട്ടപ്പെടാത്തതും) ... ... ൨½ മൈൽ നീളം.

(൨) പടനായർകുളങ്ങര—ശാസ്താംകോട്ടറോഡ് ....൩ മൈൽ നീളം.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): മറുപടിയിലെ രണ്ടാംഭാഗംസംബന്ധിച്ചു, പടനായർകുളങ്ങര ശാസ്താംകോട്ടറോഡ് കായൽക്കരയിൽനിന്നും മൂന്നുമൈൽ കിഴക്കാണെന്നുള്ള വിവരം ഗവൺമെൻറിനു അറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): എനിക്കു നിശ്ചയമില്ല; എന്നാൽ ആ വിവരം നോട്ടുചെയ്തിട്ടുണ്ട്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): പടനായർകുളങ്ങര—ശാസ്താംകോട്ടറോഡ് കായൽക്കരയിൽനിന്ന് ആരംഭിക്കുന്നില്ലെന്നും, അതിനുപുറമെ, റോഡിൽ പാലങ്ങൾ പണിയിക്കപ്പെട്ടിട്ടില്ലെന്നും ഉള്ള വിവരം ഗവൺമെൻറിനു അറിവുണ്ടോ എന്ന് പറയുമോ? പടനായർകുളങ്ങര ശാസ്താംകോട്ടറോഡിൽ പാലങ്ങൾ കെട്ടപ്പെട്ടിട്ടില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): മെമ്പർ കൂടുതൽ വിവരങ്ങൾ നൽകുകയാകുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): റോഡിൽ പാലങ്ങൾ കെട്ടപ്പെട്ടിട്ടില്ലെന്നു ഗവൺമെൻറിനു അറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): പ്രധാനചോദ്യത്തിൻെറ മറുപടിയിൽനിന്നും ഉത്ഭവിക്കുന്ന വിവരങ്ങൾ ചോദിച്ചറിയുന്നതിലേക്കായിട്ടാണ് ഉപചോദ്യങ്ങൾ ചോദിക്കേണ്ടത്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): പടനായർകുളങ്ങര-ശാസ്താംകോട്ടറോഡിൽനിന്നും കായലിലേക്ക് ചെന്നുചേരുന്നതായ റോഡ് ഏതെങ്കിലുമുണ്ടോ എന്ന് അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസെക്രട്ടറി): അതു് ചോദിച്ചറിയേണ്ടതായിട്ടാണിരിക്കുന്നതു്.

രാജാക്കമംഗലവും ധർമ്മപുരവും റോഡുകളെ തമ്മിൽ ചേർക്കുന്നറോഡു്.

൫൪൪. മി: ഡി. ഫ്രാൻസിസ് (നിയമിതമെമ്പർ): (എ) രാജാക്കമംഗലംറോഡിൻെറ ഒന്നാംമൈൽക്കററിയിൽനിന്നു ആരംഭിക്കുന്നതും പുറമ്പോക്കായികിടക്കുന്നതുമായ ഇടവഴിയെ ധർമ്മപുരംറോഡിൽ രണ്ടാംമൈൽക്കററിയിൽചെന്നുചേരത്തക്ക ഒരു റോഡാക്കിത്തീർക്കണമെന്നു കാണിച്ചു ൧൦൯൯-ാമാണ്ടു് തൊട്ടു് മി: എസ്. ശ്രീകൃഷ്ണപ്പുതുമാറുനാടാരും, കിഴരാമൻ പുത്തൂരിലും സമീപഗ്രാമങ്ങളിലുമുള്ള മററാളുകളും ഡിസ്ട്രിക്ട് എഞ്ചിനീയർക്കും ചീഫ് എൻജിനീയർക്കു അനേകം ഹർജികൾ സമർപ്പിച്ചിട്ടുണ്ടെന്നുള്ളവിവരം അറിവുണ്ടോ എന്നും;

(ബി) (എ) വിഭാഗത്തിലുള്ള ഉത്തരം അനുകൂലമായിട്ടാണെങ്കിൽ ഹർജിക്കാർ അനുഭവിച്ചുപോരുന്ന സങ്കടങ്ങളെ പരിഹരിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടിയുടെ സ്വഭാവം എന്തെന്നും പറയുവാൻ ഗവർണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ(ഗവർണ്മെൻറുസെക്രട്ടറി): (എ) ൧൧൦൨-വൃശ്ചികം കർക്കടകംഎന്നീമാസങ്ങളിൽ ഹർജികൾ കിട്ടിയിട്ടുള്ളതായി ചീഫ് എഞ്ചിനീയർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

(ബി) ആസ്ഥലങ്ങളിൽ ഏതാകും പുതിയ റോഡുകൾ വെട്ടുന്നതു സംബന്ധിച്ചു് ചീഫ്എഞ്ചിനീയരിൽനിന്നും റിപ്പോർട്ടു ലഭിച്ചതിനുശേഷം റോഡുകളെ സംബന്ധിച്ചു് ആരംഭിക്കുവാനിടയുള്ള ബോർഡിനു ആ വിഷയം വിട്ടുകൊടുക്കേണ്ടതാണെന്ന് ൧൯൨൯ൽ മേ മാസത്തിൽ ഗവർണ്മെൻറിൽനിന്നും ഉത്തരവിട്ടു.

മി: ഡി. ഫ്രാൻസിസ് (നിയമിതമെമ്പർ): ബി. വിഭാഗത്തിനു നൽകിയ മറുപടി സംബന്ധിച്ചു് റോഡ് ബോർഡ് രൂപീകരിക്കുന്നതു് എപ്പോളായിരിക്കുമെന്നു പറയുവാൻ ഗവർണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസെക്രട്ടറി): ആ സംഗതിസംബന്ധിച്ച കരടുനിയമങ്ങൾ ഗവർണ്മെൻറിൻെറ ആലോചനയിലിരിക്കുകയാകുന്നു.

മി: ഡി. ഫ്രാൻസിസ് (നിയമിതമെമ്പർ); ആ നിയമങ്ങൾ നടപ്പിൽ വരുന്നതിനു ഞങ്ങൾ വളരെനാൾ കാത്തിരിക്കേണ്ടിവരുമോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ(ഗവർണ്മെൻറു സെക്രട്ടറി): നിയമങ്ങളെ വേഗം നടപ്പിൽ വരുത്തണമെന്നാണ് ഗവർണ്മെൻറ് ഉദ്ദേശിക്കുന്നതു്.

അക്കൗണ്ടാഫീസിലുള്ള ലത്തീൻ ക്രിസ്ത്യാനികൾ

൫൪൫. മി: ഡി. ഫ്രാൻസിസ് (നിയമിതമെമ്പർ): അക്കൗണ്ടാഫീസിൽ ലത്തീൻക്രിസ്ത്യാനികൾ വഹിക്കുന്ന നിയമനങ്ങളും അവരുടെ പേരുകളും കാണിക്കുന്ന ഒരു സ്റ്റേററുമെൻറ് മേശപ്പുറത്തിടുവാൻ ഗവർണ്മെൻറിനു മനസ്സുണ്ടാകുമോ?

മി: എസ്. വെങ്കിടരമണയ്യർ (ആക്ടിംഗ് ഗവർണ്മെൻറു ഫൈനാൻഷ്യൽസെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങൾ താഴെകൊടുത്തിരിക്കുന്നു.

	പേരു്	നിയമനങ്ങൾ
൧.	എ. രത്നസ്വാമിപ്പിള്ള	ആക്ടിംഗ് സൂപ്രണ്ടു്
൨.	പി.പി. സാൽഡാന	ഫസ്റ്റ്ക്ലാസ് ക്ലാർക്ക്
൩.	എ. എം. കലാസ്	ടി
൪.	എസ്. ചെല്ലക്കൺ	ലോവർഗ്രേഡ്ക്ലാർക്ക്
൫.	എ. ദേവസഹായം	ടി
൬.	ഫ്രാൻസിസ് മൊറീറാ	ശൈപ്പി

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ഗുമസ്താക്കളുടെ ശമ്പളപരിഷ്കാരം

൫൪൬. മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): (എ) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ സിൽബന്തികളുടെ ശമ്പളപരിഷ്കാരത്തിനുവേണ്ടി ൧൧൦൪-ലെ ബഡ്ജററിൽ അനുവദിച്ചിട്ടുള്ളതുക ആ ഡിപ്പാർട്ടുമെൻറിലെ ജീവനക്കാർക്ക് വീതിച്ചു കൊടുക്കപ്പെടുമോ എന്നും?

(ബി) എ. വിഭാഗത്തിനുള്ള മറുപടി പ്രതികൂലമായിട്ടാണെങ്കിൽ അതിനുള്ള കാരണമെന്തെന്നും പറയുവാൻ ഗവർണ്മെൻറിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർണ്മെൻറുസെക്രട്ടറി):(എ)യും, (ബി)യുംമി. മുറവേലിപ്പാച്ചുപിള്ളയുടെ ൭൪-ാംനമ്പർ ചോദ്യത്തിനു നൽകിയ മറുപടിനോക്കേണ്ടതാകുന്നു.

തിരുവിതാംകൂർകാർക്ക് ഏലകൃഷിക്കായിഭൂമിപതിച്ചുകൊടുക്കുക.

൫൪൭. മി: എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): (എ) തിരുവിതാംകൂർകാർക്കു ഏലകൃഷിചെയ്യുന്നതിനായി ഭൂമിപതിച്ചുകൊടുക്കുന്നതിനെ തടയുന്നതും എന്നാൽ ആ സംഗതിയിൽതിരുവിതാംകൂർകാരല്ലാത്തവരെ അനുകൂലിക്കുന്നതുമായ ഏതെങ്കിലും നിയമം ഇപ്പോൾ (൧൧൦൪ ഇടവം) നടപ്പിലിരിക്കുന്നുണ്ടോ? എന്നും;

(ബി) എ, വിഭാഗത്തിനുള്ള മറുപടി "ഉണ്ടു്" എന്നാണെങ്കിൽ ആ നിയമങ്ങളെ റദ്ദുചെയ്തു് തിരുവിതാംകൂർകാർക്കു് കൂടുതൽ സ്വാതന്ത്ര്യം ആ വിഷയത്തിൽ നൽകുന്നതാണോ എന്നും പറയുവാൻ ഗവർണ്മെൻറിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസെക്രട്ടറി): (എ) മറുപടി പ്രതികൂലമായിട്ടാണ്.

(ബി) എ. വിഭാഗത്തിനുള്ള മറുപടിയിൽ നിന്നു ഈ ചോദ്യത്തിന് ആവശ്യമുണ്ടാകുന്നില്ല.

കോട്ടയവും ആലപ്പുഴയും തമ്മിൽയോജിപ്പിക്കുന്ന ഒരു റോഡ്.

൧൯൨. മി: ആർ. രാമൻപിള്ള (കോട്ടയം): കോട്ടയവും ആലപ്പുഴയും തമ്മിൽ യോജിപ്പിക്കുന്ന ഒരു റോഡ് വെട്ടിക്കുന്നതു സംബന്ധിച്ച് കോട്ടയത്തെ പൊതുജനങ്ങൾ ൧൧൦൮-ൽ കർക്കടകമാസത്തിൽ ചീഫ്എഞ്ചിനീയർക്കു സമർപ്പിച്ചിട്ടുള്ള മെമ്മോറിയലിന്മേൽ ഏതുനടപടി നടത്തിയിട്ടുണ്ടെന്നു പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): മെമ്മോറിയൽ സമർപ്പിക്കപ്പെട്ട ചീഫ്എഞ്ചിനീയർക്ക് ആ സംഗതിയെപ്പററി ഒരു റിപ്പോർട്ട് കിട്ടീട്ടുണ്ട് ആ വിഷയം അദ്ദേഹത്തിൻെറആലോചനയിലിരിക്കുകയുമാകുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ റിപ്പോർട്ട് എന്നാണു കിട്ടിയതു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): കൃത്യമായിട്ടു പറവാൻ സാധിക്കയില്ല. ജൂലായി ൨൧-ാനു-ക്കു മുമ്പാണെന്നു തോന്നുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ആലോചനാഘട്ടം എത്രനാളത്തേക്കു നീണ്ടുനില്ക്കുമെന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ആലപ്പുഴവാട്ടർവർക്സിനെ സംബന്ധിച്ചു കായലോരത്തുകൂടി ഒരു റോഡുണ്ടാക്കേണ്ടതായിട്ടുണ്ട് വാട്ടർവർക്സിൻെറ സ്ഥിതിഅറിഞ്ഞിട്ടുവേണം ഈ റോഡിൻെറ എലൈൻമെൻറു തീർച്ചപ്പെടുത്താൻ ഈ സംഗതിഗവണ്മെൻറിൻെറ ആലോചനയിലിരിക്കയാണ്. അതിനോടുകൂടി പ്രസ്താവിച്ചിട്ടുള്ള റോഡിൻെറ കാര്യം തീർച്ചപ്പെടുത്തേണ്ടതാണ്.

നിയമസഭയിൽ പാസ്സാക്കിയ പ്രമേയങ്ങൾ.

൧൯൩. മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): ൧൦൮൫ മുതൽ ൧൧൦൮വരെ നിയമസഭയിൽ നിന്നും പാസ്സാക്കീട്ടുള്ള പ്രമേയങ്ങളുടെ ഒരു ലിസ്ററ് മേശപ്പുറത്തിടുവാൻ ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുചീഫ്സെക്രട്ടറി): മെമ്പർ ആ വർഷങ്ങളിലെ നിയമസഭാനടപടികൾ നോക്കേണ്ടതാകുന്നു. നിയമസഭാനടപടികൾ നിയമസഭവക ലൈബ്രറിയിൽ കിട്ടുന്നതുമാണ്.

മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): ചോദ്യത്തിനു മറുപടി പറയുകാണുന്നില്ല.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): കൌൺസിൽ പ്രൊസീഡിംഗ്സ് മെമ്പർക്കുണ്ടല്ലോ. അതിൽനിന്നും വിവരംനോക്കിയെടുക്കാവുന്നതാണ്.

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): കൌൺസിൽ പ്രൊസീഡിംഗ്സ് നോക്കി എടുക്കാനുള്ള വിഷമം കൊണ്ടാണു ചോദിച്ചതു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ആ വിഷമം ഗവണ്മെൻറിനും ഉള്ളതാണ്.

അനുബന്ധം ൨ എ.

(൧൨൧-ാം ചോദ്യത്തിൻെറ ഉത്തരംനോക്കുക)

൧൧൦൯ മിഥുനം ൧-ാംനു വരെ പരസ്പരസഹായ സംഘങ്ങളുടെ രജിസ്ത്രാർ നടത്തിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക

സമുദായം	സ്ഥിരനിയമനങ്ങൾ	ആക്ടിംഗ്നിയമനങ്ങൾ
ബ്രാഹ്മണർ	,,	,,
നായന്മാർ	,	൧
കത്തോലിക്കർ	,,	,,
യാക്കോബായിററുകാർ	,,	,,
മാർത്തോമ്മാക്രസ്ത്യാനികൾ	,,	,,
പ്രോട്ടസ്റ്റൻറുകാർ	,,	,,
ഈഴവർ	,,	,,
മഹമ്മദീയർ	,,	,,
വെള്ളാളർ	,,	൨
മററുവർഗ്ഗക്കാർ	,,	൨

അനുബന്ധം ൨ (ബി).

(൧൨൧-ാം നമ്പർ ചോദ്യത്തിൻെറ ഉത്തരം നോക്കുക).

പരസ്പരസഹായ ഡിപ്പാർട്ടുമെൻറിൽ ഗവണ്മെൻറിൽ നിന്നും നടത്തീട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

സമുദായം.	സ്ഥിരവും താല്ക്കാലികവുമായ നിയമനങ്ങൾ.	ആക്ടിംഗ് നിയമനങ്ങൾ.
ബ്രാഹ്മണർ	൪	൩
നായന്മാർ	൫	൭
കത്തോലിക്കർ	,,	,,
യാക്കോബായിററുകാർ	൧	,,

സമുദായം.	സ്ഥിരവും താല്ക്കാലികവുമായ നിയമനങ്ങൾ.	ആക്റ്റിംഗ് നിയമനങ്ങൾ.
മാർത്തോമ്മാക്രിസ്ത്യാനികൾ	൨	൧ ക്രിസ്ത്യാനി (സമുദായവിഭാഗം നിശ്ചയമില്ല)
പ്രോട്ടസ്റ്റൻറുകാർ	൨	,,
ഈഴവർ	൨	,,
മഹമ്മദീയർ	,,	,,
വെള്ളാളർ	൬	,,
ക്ഷത്രിയർ	൧	,,
മററുവർഗ്ഗക്കാർ	൨	,,

അനുബന്ധം ൨൦ (സി).

(൧൨൧-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക).

പരസ്പരസഹായ ഡിപ്പാർട്ടുമെൻറിൽ ൧൫-ം അതിൽ കൂടുതലും രൂപാ ശമ്പളമുള്ളവരുടെ ജാതിതിരിച്ചുള്ള പട്ടിക.

സമുദായം.	നിയമനങ്ങളുടെ എണ്ണം.	സമുദായം.	നിയമനങ്ങളുടെ എണ്ണം
ബ്രാഹ്മണർ	൮	ഈഴവർ	൨
നായന്മാർ	൧൨	മഹമ്മദീയർ	,,
കത്തോലിക്കർ	,,	വെള്ളാളർ	൬
ജാക്കോബയിററുകാർ	൧	ക്ഷത്രിയർ	൧
മാർത്തോമ്മാക്രിസ്ത്യാനികൾ	൨	മററുവർഗ്ഗക്കാർ	൧
പ്രോട്ടസ്റ്റൻറുകാർ	൩		

അനുബന്ധം ൨൧.

(൧൨൬-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക).

ഇപ്പോഴത്തെ വനം വക കാൺസർവേറററ് നടത്തിയ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

സമുദായം.	നിയമിച്ച ആളുകളുടെ എണ്ണം.	സമുദായം.	നിയമിച്ച ആളുകളുടെ എണ്ണം.
൧. ഹിന്ദുക്കൾ.		മററുഹിന്ദുക്കൾ	൧
മലയാളബ്രാഹ്മണർ	,,	൨. മുസൽമാന്മാർ	,,
മററുബ്രാഹ്മണർ	൧	൩. ക്രിസ്ത്യാനികൾ	
ഈഴവർ	൧	പ്രോട്ടസ്റ്റൻറുകാർ	,,
കമ്മാളർ	,,	റോമൻകത്തോലിക്കർ	
ക്ഷത്രിയർ	൧	(എ) ലത്തീൻറീത്തുകാർ	൧
നാടാർ	,,	(ബി) സിറിയാക്ക് റീത്തുകാർ	,,
നായന്മാർ	൪	സിറിയൻക്രിസ്ത്യാനികൾ	
പുലയർ	,,	(എ) ജാക്കോബൈററുകാർ	൧
വെള്ളാളർ	,,	(ബി) മാർത്തോമ്മാക്കാർ	,,
മററു അധഃകൃതവർഗ്ഗക്കാർ	,,		

അനുബന്ധം ൨൨.

(൧൨൭-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക).

പോലീസ് കമ്മീഷണർ പരിശോധിച്ച പോലീസ് സ്റ്റേഷനുകളുടെ പേരുകൾ.

൧.	അരുവാമൊഴി	പോലീസ്സ്റ്റേഷൻ	൧൭.	ചെങ്ങന്നൂർ	പോലീസ്സ്റ്റേഷൻ
൨.	ആലപ്പുഴ	ടി	൧൮.	തിരുവട്ടാർ	ടി
൩.	ചേർത്തല	ടി	൧൯.	കുലശേഖരം (ഔട്ടുപോസ്റ്റ്)	ടി
൪.	കോട്ടയം	ടി	൨൦.	തെന്മല (ഔട്ടുപോസ്റ്റ്)	ടി
൫.	വർക്കല	ടി	൨൧.	ചവറ	ടി
൬.	ആററിങ്ങൽ	ടി	൨൨.	കരുനാഗപ്പള്ളി	ടി
൭.	പറവൂർ	ടി	൨൩.	ചങ്ങനാശ്ശേരി	ടി
൮.	കന്യാകുമാരി (ഔട്ടുപോസ്റ്റ്)	ടി	൨൪.	കറുകച്ചാൽ	ടി
൯.	അഞ്ചുഗ്രാമം (ഔട്ടുപോസ്റ്റ്)	ടി	൨൫.	മുണ്ടക്കയം	ടി
൧൦.	കോട്ടാർ	ടി	൨൬.	പീരുമേട്	ടി
൧൧.	തക്കല	ടി	൨൭.	ഏററുമാനൂർ	ടി
൧൨.	ഇരണിയൽ	ടി	൨൮.	കാഞ്ഞിരപ്പള്ളി	ടി
൧൩.	കുളച്ചൽ	ടി	൨൯.	കൺറോൺമെൻറ്	-
൧൪.	നെയ്യാററിൻകര	ടി	൩൦.	വടക്കൻപറവൂർ	ടി
൧൫.	പൂവാർ (ഔട്ടുപോസ്റ്റ്)	ടി	൩൧.	ആലുവാ	ടി
൧൬.	അടൂർ	ടി	൩൨.	ഇടപ്പള്ളി	

അനുബന്ധം ൨൩.

(൧൩൬൩-ാം നമ്പർ ചോദ്യത്തിൻെറ ഉത്തരം നോക്കുക).

൧-൬-൧൧൦൪ മുതൽ ൩൧-൧൧-൧൧൦൪ വരെ ചീഫ് എഞ്ചിനീയർ ആഫീസിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് അനുവദിച്ചിട്ടുള്ള ആക്ടിംഗ് ഉദ്യോഗക്കയററങ്ങളുടെ സ്റ്റേററുമെൻറ്.

നമ്പർ	പേര്	പരീക്ഷായോഗ്യതകൾ	ഇപ്പോഴത്തെ ഗ്രേഡ്	ഉദ്യോഗക്കയററം കൊടുത്ത ഗ്രേഡ്	ഉദ്യോഗക്കയററം കൊടുത്ത കാലാവധി	റിമാർക്ക്
൧	മി: എസ്. നാരായണയ്യർ	പി. ഡബ്ല്യു. ഡി. ഡിവിഷണൽ ടെസ്ററ്	രൂ. ൧൦൦-൧൨൫	ചീഫ് എഞ്ചിനീയർ ആഫീസ് സൂപ്രണ്ട്.	൧൨-൯-൧൧൦൪ മുതൽ ൩൨-൧൦-൧൧൦൪ വരെ	സൂപ്രണ്ടിൻെറ ജോലികൾ സ്വതന്ത്രമായി വഹിക്കുമാറ് കയററം നല്കി
൨.	മി: സി. കെ. പത്മനാഭപിള്ള	ബി. എ., തിരുവിതാംകൂർ അക്കൌണ്ട്. ടെസ്ററ്; പി. ഡബ്ല്യു. ഡി. ഡിവിഷണൽ ടെസ്ററ്	രൂ. ൫൦-൭൦	രൂ. ൭൫-൧൦൦	൨൧-൭-൧൧൦൪ മുതൽ ൨൪-൮-൧൧൦൪ വരെ	നല്കപ്പെട്ട ആക്ടിംഗ് കയററങ്ങൾ അല്പകാലത്തേക്കുമാത്രമുള്ള അവധി ഒഴിവുകളും, മററസ്ഥലങ്ങളിലുള്ള സീനിയർ കാരുടെ അവകാശങ്ങൾക്ക് ബാധകമല്ലാത്തവിധത്തിലും ആകുന്നു.
൩	മി: അനന്തകൃഷ്ണയ്യങ്കാർ	ഇൻടർമീഡിയററ് എക്സാമിനേഷൻ ഇൻ ആർട്ട്സ്; തിരുവിതാംകൂർ അക്കൌണ്ട ടെസററ്, ടൈപ്പ് റൈട്ടിംഗ്, (ഇൻടർ മീഡിയററ്); ചുരുക്കെഴുത്ത് (എലിമെൻടറി)	രൂ. ൩൫-൫൦	രൂ. ൫൦-൭൦	൧-൭-൧൧൦൪ മുതൽ ൨൬-൮-൧൧൦൪ വരെയും ൧൯-൯-൧൧൦൪ മുതൽ ൨൫-൯-൧൧൦൪ വരെയും ൨൮-൯-൧൧൦൪ മുതൽ ൩൨-൧൦-൧൧൦൪ വരെയും ൩-൧൧-൧൧൦൪ മുതൽക്കും	
൪	മി: ജി. ഗോവിന്ദപ്പിള്ള	ബി. എ.	രൂ. ൩൫-൫൦	രൂ. ൫൦-൭൦	൨൧-൭-൧൧൦൪ മുതൽ ൩൦-൮-൧൧൦൪ വരെ	
൫	മി: ടി. എസ്. സീതാരാമയ്യർ	,,	രൂ. ൨൫-൩൫	രൂ. ൩൫-൫൦	൧-൭-൧൧൦൪ മുതൽ ൨൦-൮-൧൧൦൪ വരെയും, ൩-൧൧-൧൧൦൪ മുതല്ക്കും	

അനുബന്ധം ൨൩ (തുടർച്ച).

നമ്പർ	പേര്	പരീക്ഷായോഗ്യതകൾ	ഇപ്പോഴത്തെ ഗ്രേഡ്	ഉദ്യോഗക്കയററം കൊടുത്ത ഗ്രേഡ്	ഉദ്യോഗക്കയററം കൊടുത്ത കാലാവധി	റിമാർക്ക്
൩	മി: കെ. പി. വേലുപ്പിള്ള	എസ്. എസ്. എൽ. സി.	രൂ. ൨൫-൩൫	രൂ. ൩൫-൫൦	൨൪-൭-൧൧൦൮ മുതൽ ൧൩-൭-൧൧൦൮ വരെയും, ൧൯-൯-൧൧൦൮ മുതൽ ൨൫-൯-൧൧൦൮ വരെയും, ൨൭-൯-൧൧൦൮ മുതൽ ൩൨-൧൦-൧൧൦൮ വരെയും	നമ്പർ ൩ ലെ ആക്റ്റിംഗ് കയററങ്ങൾ അല്പകാലത്തേക്കു മാത്രമുള്ള അവധി ഒഴിവുകളും, മററു സ്ഥാനങ്ങളിലുമുള്ള സീനിയർമാരുടെ അവകാശങ്ങൾക്കു ബാധകമല്ലാത്തവിധത്തിലുമാകുന്നു.
൪	മി: റ്റി. ബാലകൃഷ്ണവാര്യർ	എസ്. എസ്. എൽ. സി. തിരുവിതാംകൂർ അക്കൌണ്ട്സ് ടെസ്റ്റ്	രൂ. ൨൦-൨൫	രൂ. ൨൫-൩൫	൨൪-൩-൧൧ ൮ മുതൽ	
൫	മി: പി. ശിവശങ്കരൻനായർ	എസ്. എസ്. എൽ. സി.	രൂ. ൨൦ ൨൫	രൂ. ൨൫-൩൫	൨൧-൭-൧൧൦൮ മുതൽ ൨൦-൭-൧൧൦൮ വരെ, ൧- മുതൽ ൯-൯-൧൧൦൮ വരെ, ൧൯- മുതൽ ൨൫-൯-൧൧൦൮ വരെ, ൨൭-൯-൧൧൦൮ മുതൽ ൩൧-൧൧-൧൧൦൮ വരെ	
൬	കെ. എൻ. നാരായണപിള്ള	ടി	ടി	ടി	൭- മുതൽ ൨൦-൭-൧൧൦൮ വരെ, ൩- ൯-൯-൧൧൦൮ വരെ, ൨൭- മുതൽ ൩-൧൦-൧൧൦൮ വരെ, ൭- മുതൽ ൧൦-൧൦-൧൧൦൮ വരെ, ൧൫-൧൦- മുതൽ ൩-൧൧-൧൧൦൮ വരെ	

അനുബന്ധം ൨൩ (തുടർച്ച).

നമ്പർ	പേര്	പരീക്ഷായോഗ്യതകൾ	ഇപ്പോഴത്തെ ഗ്രേഡ്	ഉദ്യോഗക്കയററം കൊടുത്ത ഗ്രേഡ്	ഉദ്യോഗക്കയററം കൊടുത്ത കാലാവധി	റിമാർക്ക്
൧൦	മി സയദ് മഹമ്മദ്	എസ്സ്. എസ്. എൽ. സി.	രൂ. ൨൦-൨൫	രൂ. ൨൫-൩൫	൬ മുതൽ ൻ വരെയും, ൨൮ മുതൽ ൨൯-൯-൦൪ വരെയും, ൧൮-൧൦ മുതൽ ൩൨-൧൦-൦൪ വരെ; ൩ മുതൽ ൫-൧൧-൦൪ വരെ; ൧൧ മുതൽ ൨൯-൧൧-൦൪ വരെ,	നൽകപ്പെട്ട ആക്ടിംഗ് കയററങ്ങൾ അല്പകാലത്തേക്ക മാത്രമുള്ള അവധിഒഴിവുകളും, മററുസ്ഥലങ്ങളിലുള്ള സീനിയർകാരുടെ അവകാശങ്ങൾക്ക ബാധകമായിത്തീരാത്തതുമാകുന്നു.
൧൧	മി. എൻ. രാഘവപ്പണിക്കർ	സബ്ഓവർസിയർടെസ്ററം, ഡ്രാഫ്റ്റ്സ്മാൻസ് ടെസ്ററം, എഡ്വേർഡ് ടെക്നിക്കൽ ഇൻസ്റ്റിട്ട്യൂട്ട്, തൃച്ചിനാപ്പള്ളിയിലേയും മദിരാശിയിലേയും ഗവർമ്മെന്റ്ടെക്നിക്കൽ പരീക്ഷകൾ.	രൂ. ൩൫-൫൦ (ആക്ടിംഗ്)	രൂ. ൫൦-൭൦ (ആക്ടിംഗ്)	൩ മുതൽ ൧൧-൭-൦൪ വരെ; ൬ മുതൽ ൧൪-൧൦-൦൪ വരെ; ൬-൧൧-൦൪ മുതൽക്കും	
൧൨	മി. ഫിലിപ്പ് ജി. ഡിനെറോ	,,	രൂ. ൨൫-൩൫	രൂ. ൩൫-൫൦	൧൧ മുതൽ ൨൫-൬-൦൪ വരെ, ൩ മുതൽ ൧൧-൭-൦൪ വരെ, ൧൫-൭ മുതൽ ൧൪-൮-൦൪ വരെ, ൬ മുതൽ ൧൪-൧൦-൦൪ വരെ, ൬ മുതൽ ൨൬-൧൧-൦൪ വരെ.	

സഹായധനങ്ങൾക്കായുള്ള ഡിമാൻറുകൾ ഹാജരാക്കുന്നതിനുള്ള സമയം നിശ്ചയിക്കുക.

മിസ്റ്റർ എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, സഭയുടെ ആലോചനക്കായി ഞാൻ ഒരു വിഷയം സമർപ്പിച്ചുകൊള്ളുന്നു. പതിവനുസരിച്ച് ഭൂനികുതി, വിദ്യാഭ്യാസം, പൊതുമരാമത്ത് എന്നിവയ്ക്കു നിങ്ങൾ ഒരുദിവസം നീക്കിവച്ചിട്ടുണ്ട്. ഡിമാൻറുകളെപ്പററി ആദ്യത്തെ യോഗത്തിൽ അഭിപ്രായമറിയാൻ ആവശ്യപ്പെട്ടപ്പോൾ അന്നത്തെ അദ്ധ്യക്ഷനായിരുന്ന മിസ്റ്റർ രാഘവയ്യാ ബഡ്ജററു സംബന്ധിച്ചുള്ള വാദപ്രതിവാദത്തിനു അനുവദിക്കപ്പെടുന്ന സമയം ഒരുദിവസമായിരിക്കുന്നതാകുന്നു, ചോദ്യോത്തരങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നസമയം ഉൾപ്പെടുത്താതെയുള്ള അഞ്ചു മണിക്കൂർസമയം ആയിരിക്കും ഒരു ദിവസം എന്നു പ്രസ്താവിക്കയുണ്ടായി. ഇതു നിയമസഭാനടപടികളുടെ ഒന്നാംവാല്യം ൫൨൨-ാംവശത്തു കാണാവുന്നതാകുന്നു. ഈ അവകാശത്തെ ഏതൽകാലപര്യന്തം ഈയോഗം അനുഭവിച്ചുപോരുന്നുണ്ട്. ഏതെങ്കിലും മെംബർ തന്റെ അവകാശത്തെ ആവശ്യപ്പെടുന്നതായാൽ അതു ഒരിക്കലും അദ്ദേഹത്തിനു നൽകാതിരിക്കയും ചെയ്തിട്ടില്ല. അദ്ദേഹം പറയുന്നതു ഇപ്രകാരമാകുന്നു.

"നാം പതിനൊന്നരമണിക്കു ഇവിടെ കൂടുന്നു. ഏതാണ്ടുസമയം ചോദ്യോത്തരങ്ങൾക്കായും, ഉദ്ദേശം മുക്കാൽ മണിക്കൂർനേരം ലഘുഭക്ഷണത്തിനായും വ്യയംചെയ്യുന്നു. കാലത്തു ൧൧ അരമണിമുതൽ വൈകുന്നേരം ൪-൩൦ മണിവരെ ഇരിക്കുന്നതായാൽ, കൃത്യം ൫ മണിക്കു വാദപ്രതിവാദം അവസാനിപ്പിക്കേണ്ടിവരുന്ന ഒടുവിലത്തെ ദിവസംഒഴിച്ച് മററുദിവസങ്ങളിൽ ഓരോദിവസവും നമുക്ക് ഏകദേശം ൫ മണിക്കൂർ കിട്ടുന്നതാകുന്നു. ഇങ്ങനെ ഒരുദിവസം എന്നതു ൫ മണിക്കൂർസമയവും അരദിവസം എന്നതു രണ്ടരമണിക്കൂർ സമയവും ആയിരിക്കുന്നതാണ്."

അക്കാലങ്ങളിൽ ഓരോ ദിവസവും പത്തോ, പതിനൊന്നോ ചോദ്യങ്ങൾക്കുമാത്രമെ മറുപടി നൾകപ്പെട്ടിരുന്നുള്ളു. ചോദ്യങ്ങൾക്കു മറുപടിനൾകുന്നതിനായി കണക്കാക്കപ്പെട്ടിരുന്ന സമയം ഉദ്ദേശം പതിനഞ്ചു മിനിട്ടും, ലഘുഭക്ഷണംവകയ്ക്കു ചെലവുചെയ്തിരുന്ന സമയം മുക്കാൽ മണിക്കൂറും ആയിരുന്നു. ഇങ്ങനെ ഒരുമണിക്കൂർസമയം തള്ളിയാൽ ഡിമാൻറുകൾ സംബന്ധിച്ചു അഭിപ്രായംപറയാൻ ഞങ്ങൾക്കു ൫ മണിക്കൂർ സമയം പരിപൂർണ്ണമായി ലഭിച്ചിരുന്നു. ചോദ്യോത്തരങ്ങൾക്കായുള്ള സമയം ഉൾപ്പെടെ അഞ്ചുമണിക്കൂർ സമയം മാത്രം ഞങ്ങൾക്കു അനുവദിച്ചുതരുന്നതായാൽ, ഏഴുദിവസങ്ങളിലായി ഡിമാൻറുകളെ സംബന്ധിച്ച് അഭിപ്രായംപറയുന്നതിനു മൂന്നാമണിക്കൂർ സമയം ഞങ്ങൾക്കു നഷ്ടപ്പെടുന്നതാണെന്നു ഞാൻ പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ലല്ലോ. അതിനാൽ ഈ സംഗതിയെപ്പററി വേണ്ടതുപോലെ ആലോചിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ചോദ്യോത്തരങ്ങൾക്കുള്ള സമയത്തിനുപുറമെ, അഞ്ചുമണിക്കൂർനേരം പൂർത്തിയാകുന്നതിലേക്കായി മണി അഞ്ചടിച്ചതിനുശേഷവും സഭപിരിയാതെ ഇരിക്കണമെന്നുള്ളതിലേക്ക് ഏതെങ്കിലും ഒരു നിയമം ഉള്ളതായി മിസ്റ്റർ ആശാനു കാണിക്കുവാൻ കഴിയുമോ? ഞാൻ ഉദ്ദേശിക്കുന്നതെന്താണെന്നു ഞാൻ വിശദമാക്കാം. ഒരു ഡിമാൻറിനെപ്പററി അഭിപ്രായം പറയാൻ അനുവദിക്കപ്പെട്ടിട്ടുള്ള സമയം ൫ മണിക്കൂർ ആയിരിക്കാം. ഒരു ദിവസത്തെ യോഗത്തിൽ ചോദ്യോത്തരങ്ങൾക്കുള്ള സമയംകഴിഞ്ഞു ൫ മണിക്കൂർ കിട്ടുന്നതല്ലെന്നുകണ്ടാൽ ആ ഡിമാൻറു അടുത്തദിവസത്തെക്കു നീട്ടിവയ്ക്കുന്നതാകുന്നു. അതിലേക്കു അനുവാദം നൽകണമെന്നു അപേക്ഷിക്കുവാനും സഭയ്ക്കു സ്വാതന്ത്ര്യമുണ്ട്. അങ്ങിനെയിരിക്കെ ചോദ്യോത്തരങ്ങൾക്കായി എടുക്കപ്പെട്ട സമയം, അഞ്ചുമണിക്കുശേഷം കൂടുതൽ സമയം ഇരുന്നു സഭ പരിഹരിക്കേണ്ടതാണെന്നുള്ളതിലേക്ക് ഏതെങ്കിലും നിയമം ഉണ്ടോ എന്നു ഞാൻ മിസ്റ്റർ ദാമോദരനാശാനോടു ചോദിച്ചുകൊള്ളുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): പ്രസിഡൻറ് പ്രസ്താവിച്ചിട്ടുള്ളതു ഇപ്രകാരമാകുന്നു—

"കാലത്തു പതിനൊന്നരമണിമുതൽ വൈകുന്നേരം ൪-൩൦ മണിവരെ ഇരിക്കുന്നതായാൽ, കൃത്യം ൫ മണിക്കു വാദപ്രതിവാദം അവസാനിപ്പിക്കേണ്ടിവരുന്ന ഒടുവിലത്തെ ദിവസം ഒഴിച്ചു മററുദിവസങ്ങളിൽ ഓരോന്നിലും നമുക്കു ഏകദേശം ൫ മണിക്കൂർ കിട്ടുന്നതാകുന്നു. ഇങ്ങനെ, ഒരുദിവസം എന്നതു അഞ്ചു മണിക്കൂർസമയവും, അരദിവസം എന്നതു രണ്ടരമണിക്കൂർസമയവും ആയിരിക്കുന്നതാണ്."

യോഗം അഞ്ചരമണിക്കു പിരിഞ്ഞു. അന്നേദിവസം ഉപക്ഷേപം ഒന്നും ഉപേക്ഷിക്കേണ്ടതായും വന്നില്ല. അതുകൊണ്ടു മെംബർമാർ ആരും ഈ വിഷയത്തെപ്പററി യാതൊന്നും ചോദിക്കയുണ്ടായില്ല. നിയമപ്രകാരമുള്ള ഒരു അവകാശത്തിലേക്കായി ഞാൻ നിർബന്ധിക്കുകയല്ല ചെയ്യുന്നതു. എന്നാൽ ഏതൽക്കാലപര്യന്തം ഞങ്ങൾ അനുഭവിച്ചുപോരുന്നതും ഇതുവരെ ഉപേക്ഷിക്കപ്പെടാത്തതുമായ ഒരു അവകാശമാകുന്നു ഇതു. ആ അർത്ഥത്തിലാകുന്നു, മൂന്നരമണിക്കൂർനേരത്തേക്കുള്ള വാദപ്രതിവാദാവകാശത്തെ ഞങ്ങൾക്കു ഇല്ലാതാക്കരുതെന്നു ഞാൻ വീണ്ടും പ്രാർത്ഥിക്കുന്നതു. അഞ്ചുമണിക്കു സഭ പിരിയുന്നതായാൽ ഈ ഏഴുദിവസങ്ങളിലായി മൂന്നരമണിക്കൂർ നേരത്തെ വാദപ്രതിവാദത്തിനായുള്ള അവസരം ഞങ്ങൾക്കു നഷ്ടമാകുന്നതാകുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, കഴിഞ്ഞ നാലുവർഷങ്ങളായി, ഞാൻ ഈ സഭയിലെ ഒരു മെംബറായിരുന്നിട്ടുണ്ട്. എനിക്കു ഓർമ്മയുള്ളിടത്തോളം മണി അഞ്ചടിക്കുന്നതുവരെ മാത്രം യോഗം കൂടിയിരിക്കുന്നതാണു പതിവ്. അതിനകം ലഘുഭക്ഷണത്തിനുള്ള അരമണിക്കൂർ സമയം ഉൾപ്പെടുത്തിയും ൧൧-൩൦-മുതൽ ൫ വരെ അഞ്ചുമണിക്കൂർനേരം ആകെ കിട്ടുമെന്നാണു വിശ്വസിച്ചുപോരുന്നതു. ലഘുഭക്ഷണത്തിനായുള്ള സമയം ദീർഘിക്കുന്നതാണെങ്കിൽമാത്രമെ അഞ്ചുമണിക്കുശേഷം ഞങ്ങൾ ഇരിക്കാറു പതിവുള്ളൂ. ചോദ്യോത്തരങ്ങൾക്കായുള്ള സമയം ഉൾപ്പെടുത്താതെ അഞ്ചുമണിക്കൂർനേരം കണക്കാക്കേണ്ടതാണെന്നു ഏതെങ്കിലുംമെംബർ ആവശ്യപ്പെട്ടിട്ടുള്ളപക്ഷം അടുത്തദിവസം ഏതാനും മണിക്കൂറോ മിനിട്ടോ വകവച്ചു അതും ഞങ്ങൾ ചെയ്തി-

ട്ടുണ്ടായിരിക്കാം. എന്നാൽ അതുകൊണ്ട്, ഞങ്ങൾ ഏതെങ്കിലും ദിവസം അഞ്ചുമണിക്കുമേൽ ഇരുന്നു സമയം പൂർത്തിയാക്കിവന്നതായി അർത്ഥമാകുന്നതല്ല. ചോദ്യോത്തരങ്ങൾക്കായുള്ള സമയത്തിനുപുറമെ അഞ്ചുമണിക്കൂർ സമയം കിട്ടണമെന്നാണു സഭയുടെ അഭിപ്രായമെങ്കിൽ അടുത്തദിവസം ചോദ്യോത്തരങ്ങൾക്കുശേഷം ഡിമാൻഡിനെപ്പററി വാദപ്രതിവാദം തുടന്നു നടത്താവുന്നതാകുന്നു. എന്നാൽ, അതുനിമിത്തം അവസാനത്തിൽ മെംബർമാർക്ക് സമയനഷ്ടം സംഭവിക്കുന്നതാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഡിമാൻഡുകളെപ്പററിയുള്ള അഭിപ്രായപ്രകടനംസംബന്ധിച്ച് ഏതെങ്കിലും നടപടികളെ ചൂണ്ടിക്കാണിച്ച് ഈ സഭ അഞ്ചുമണിക്കു പിരിഞ്ഞിട്ടുള്ളതായി സ്ഥാപിക്കുവാൻ നിയമമെംബർ ശ്രമിക്കുമോ? സർ, കാര്യപരിപാടിയിലുള്ള ഏതെങ്കിലും ഒരു ഇനം ഉപേക്ഷിക്കപ്പെടേണ്ടതായി വരുന്ന ഏതെങ്കിലും ഒരുദിവസം സഭ അഞ്ചുമണിക്കു പിരിഞ്ഞിട്ടുള്ളതായി കാണിക്കുവാൻ സാധിക്കുന്നതല്ലെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. കഴിഞ്ഞവർഷം അവസാനദിവസത്തിനു മുൻപുള്ളദിവസത്തിൽ യോഗം അഞ്ചടിച്ചു പതിനേഴുമിനിട്ടായപ്പോൾ പിരിയുകയുണ്ടായി. എന്നാൽ ആ അവസരത്തിൽ അടുത്തദിവസം ൧൧ അടിച്ചു ൧൫ മിനിട്ടിനു സഭ കൂടുന്നതാണെന്നും വിശ്രമത്തിനായുള്ള സമയം കുറയ്ക്കുന്നതാണെന്നും പ്രസിഡണ്ടു പ്രസ്താവിച്ചു. അപ്പോൾ വിശ്രമത്തിനായുള്ള സമയം ൪൫ മിനിട്ടായിരുന്നു. പക്ഷേ ചോദ്യങ്ങൾക്കു മറുപടി പറയുന്നതിനു ചെലവുചെയ്തിരുന്നസമയം ഇപ്പോഴത്തെപ്പോലെയായിരുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ചോദ്യോത്തരങ്ങൾക്കു ചെലവാകുന്ന സമയത്തെ പരിഹരിക്കുന്നതിലേക്കുവേണ്ടി അഞ്ചുമണിക്കുശേഷം ഞങ്ങൾ ഒരിക്കലും ഇരുന്നിട്ടില്ലെന്ന് എനിക്കു നല്ല നിശ്ചയമുണ്ട്. എന്റെ ഓർമ്മ തെററാണെങ്കിൽ എന്നെ തിരുത്തുന്നതിലും എനിക്കു വിരോധമില്ല. ചില അവസരങ്ങളിൽ ൧൧-൩൦ മണിക്കു സഭ കൂടാതെയോ അരമണിക്കൂറിലധികം ലഘുഭക്ഷണത്തിനു സമയം വേണ്ടിവരികയോ ചെയ്തിട്ടുള്ള അവസരങ്ങളിലോ അല്ലെങ്കിൽ, അതുപോലെയുള്ള മററു കാരണങ്ങളാലോ ൧൧-൩൦-മണിക്കും ൫ മണിക്കും മദ്ധ്യേ അഞ്ചുമണിക്കൂർസമയം കിട്ടാതെവന്നിട്ടുള്ളഅവസരങ്ങളിൽ നഷ്ടപ്പെട്ടിട്ടുള്ളസമയത്തെ പരിഹരിക്കുന്നതിലേക്കായി യോഗം നീട്ടുകയും അങ്ങനെ അഞ്ചരമണിവരെ ഞങ്ങൾ ഇരിക്കുവാൻ ഇടയാകുകയും ചെയ്തിരിക്കാം. ആവിധമാണ് സമയം ദീർഘിപ്പിച്ചിട്ടുള്ളത്. ചോദ്യോത്തരങ്ങൾക്കായി വ്യയംചെയ്തിട്ടുള്ള സമയത്തിന്റെ പരിഹാരത്തിനായി അഞ്ചുമണിക്കുശേഷം സഭ കൂടിയിരുന്നിട്ടുള്ളതിന് ഒരു ഒററദൃഷ്ടാന്തമെങ്കിലും മെംബർക്കു പറയുവാൻ സാധിക്കുമോ?

പ്രസിഡണ്ട്: ലഘുഭക്ഷണത്തിനുവേണ്ടിയുള്ള സമയം ൪൫ മിനിട്ടാണെങ്കിൽ അവർ അഞ്ചുമണിക്കുശേഷവും ഇരുന്നിരിക്കണം.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, അതെ അതുതന്നെയാണ് ഞാൻ അഭിപ്രായപ്പെട്ടത്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): നിയമസഭാനടപടികളെല്ലാം പരിശോധിക്കുന്നതിന് എനിക്കു സാധിക്കുന്നതല്ല. സർ, ഈ അവകാശം ഞങ്ങൾ വളരെക്കാലമായി അനുഭവിച്ചുവരുന്നതാകകൊണ്ട് സമയം ഞങ്ങൾക്കു അനുവദിച്ചുതരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സഭ പിരിയാനുള്ളസമയം ൫ അടിച്ച് ൩൦ മിനിട്ടാണെന്നാണ് എനിക്കു തോന്നുന്നത്. ഉപക്ഷേപങ്ങൾ നിർത്തിവയ്ക്കുന്നതുസംബന്ധിച്ചുള്ള നിയമങ്ങളിൽ അതു സ്പഷ്ടമായി കാണിച്ചിട്ടുണ്ട്.

"പെട്ടെന്നു വാദപ്രതിവാദം നടത്തേണ്ടതായ പൊതു പ്രാധാന്യമുള്ള ഒരു ഉപക്ഷേപം ഉച്ചതിരിഞ്ഞ് ൧൨-൩൦-ന് ആരംഭിക്കേണ്ടതും നേരത്തെ അവസാനിക്കാത്തപക്ഷം മുറപ്രകാരം ൫-൩൦-ന് തീരേണ്ടതുമാകുന്നു, അതിനുശേഷം യാതൊരു ചോദ്യവും ചോദിക്കാവുന്നതല്ല."

നിർദ്ദിഷ്ടദിവസം യോഗം പിരിയേണ്ടസമയത്തെ ക്ലിപ്തപ്പെടുത്തുന്ന മറേറതെങ്കിലും നിയമം ഇല്ലാതിരിക്കുകയും ഏറക്കുറെ നടപടി ആ വിധമായിരിക്കുകയും.....

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): എല്ലാ ഡിമാൻഡുകളും അഭിപ്രായത്തിനിട്ടതു് അവസാനദിവസം അഞ്ചുമണിക്കാണെന്നും അഞ്ചടിച്ചു മുപ്പതുമിനിട്ടിനല്ലെന്നും മെംബർ സൂക്ഷിച്ചറിഞ്ഞിട്ടില്ലയോ?

പ്രസിഡണ്ട്: എന്റെ അറിവിൽപ്പെട്ടിട്ടുള്ളിടത്തോളവും ഈ സഭയുമായി വളരെക്കാലം പഴകിട്ടുള്ള മെംബറന്മാരുടെ അഭിപ്രായം കേട്ടിടത്തോളവും ചോദ്യോത്തരങ്ങൾക്കായി നഷ്ടപ്പെട്ടിട്ടുള്ള സമയത്തെ പരിഹരിക്കുന്ന പതിവു ഒരിക്കലും ഉണ്ടായിട്ടില്ല. എന്നാൽ എന്നെസംബന്ധിച്ചിടത്തോളം ഏതാനും മിനിട്ടുകൾ കൂടുതൽ അനുവദിച്ചു കൊടുക്കുന്നതിൽ എനിക്കു വിരോധംമാനുമില്ല. പക്ഷേ ചോദ്യോത്തരങ്ങൾക്കായി വ്യയംചെയ്തിട്ടുള്ളസമയത്തെ ഉൾപ്പെടുത്താതെ അഞ്ചുമണിക്കൂർവീതം കണക്കാക്കി എല്ലാദിവസവും സമയം കിട്ടണമെന്നു നിർബന്ധിക്കുവാൻ മെംബറന്മാർക്ക് അവകാശമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. നിയമമെംബർ അഭിപ്രായപ്പെട്ടപ്രകാരം ഒരു ദിവസം അനുവദിച്ചുകൊടുത്തിട്ടുള്ള ഏതുഡിമാൻഡിനെപ്പററിയുള്ള വാദപ്രതിവാദത്തിനും അഞ്ചുമണിക്കൂർസമയം പൂർത്തിയായി വേണമെന്നു മെംബർമാർ ആവശ്യപ്പെടുന്നതായാൽ അവർക്ക് അതു ലഭിക്കുന്നതാണ്. എന്നാൽ വാദപ്രതിവാദത്തിലേക്കായി അനുവദിച്ചിട്ടുള്ളദിവസങ്ങളുടെ ആകത്തുകയിൽനിന്നും അതു കുറയ്ക്കുന്നതാണ്.

ഇനി ആദായനികുതികൾ എന്ന രണ്ടാംനമ്പർ ഡിമാൻഡിനെപ്പററി ഇപ്പോൾ സഭ ചിന്തിക്കുന്നതാകുന്നു.

സഹായധനങ്ങൾക്കായുള്ള ഡിമാൻഡുകളുടെ അഭിപ്രായപ്രകടനം.

രണ്ടാംനമ്പർ ഡിമാൻഡ്—ആദായനികുതികൾ.

മി: എസ്. സി. എച്ച്. റാബിൻസൻ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, ആദായനികുതികൾ സംബന്ധിച്ചുള്ള രണ്ടാംനമ്പർ ഡിമാൻഡ് ഇനത്തിൽ ൧൭,൨൨൦ രൂപയിൽ അധികമാകാത്ത ഒരു സഹായധനം നൽകണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ഉപക്ഷേപം ൧൮.

ആദായനികുതി ഇൻസ്പെക്ടറന്മാർക്ക് അനുവദിച്ചിട്ടുള്ള ൪,൮൦൦ രൂപയിൽനിന്നും ൫൦ രൂപ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഇൻകംടാക്സ് ഇൻസ്പെക്ടറന്മാക്കു കൊള്ളിച്ചിട്ടുള്ള ൪,൮൦൦ രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കണമെന്നാണ് എന്റെ ഉപക്ഷേപം;

ആദായനികുതി തിട്ടപ്പെടുത്തുന്നതിൽ ആദായനികുതി പരിശോധകന്മാർ കാണിക്കുന്ന അനീതികളെ ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം സഭയിൽ ഹാജരാക്കിയിട്ടുള്ളത്.

ആദായനികുതി കണക്കുകൾ പരിശോധിക്കുന്നതിനായി കച്ചവടക്കാർ തങ്ങളുടെ കണക്കുകളെ ദൂരസ്ഥലത്തുകൊണ്ടുപോയി പരിശോധകന്മാരുടെ അടുക്കൽ ഹാജരാക്കിയാൽ രണ്ടും മൂന്നും ആഴ്ചകൾ കഴിഞ്ഞെ കണക്കുപുസ്തകങ്ങൾ തിരികെ കിട്ടുന്നുള്ളു; കണക്കുപുസ്തകങ്ങൾ വ്യാപാരികൾക്കു ദിവസേന ആവശ്യമുള്ളതാണ്. അവകൾ തിരികെ കിട്ടുന്നതിൽ ഉണ്ടാകുന്ന കാലതാമസംനിമിത്തം പലവിധ നഷ്ടങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയായിത്തീരുന്നു. ഈവക ഏർപ്പാടുകളെ ഭേദപ്പെടുത്തി കണക്കുപുസ്തകങ്ങൾ ഉടനെ തിരികെ കൊടുക്കത്തക്കവണ്ണം വേണ്ട ഏർപ്പാടു ചെയ്യണം.

ഒരാളിന്റെ ആദായം എന്നുപറയുന്നതു ആ ആളിന്റെ ചിലവുനീക്കിയുള്ള മിച്ചം ആണ്. കച്ചവടക്കാരുടെ എസ്റ്റാബ്ളിഷ്മെൻറ ചിലവു മുഴുവൻ വകവച്ചു കൊടുക്കുന്നില്ല. ക്ലാക്കുകളുടെ ശമ്പളങ്ങൾമുഴുവനും വകവച്ചു കൊടുക്കുന്നില്ല. പരിശോധകന്മാരുടെ ഇഷ്ടംപോലെ ഉള്ള ശമ്പളച്ചിലവുകളും മററുമേ വകവച്ചുകൊടുക്കുന്നുള്ളു.

നികുതിദായകന്മാരുടെ സഞ്ചാരച്ചിലവും മോട്ടാർകാർ ചിലവുകൾ കാറ റിപ്പയർമെൻറിന്റെ ചിലവുകൾ ഔഷധങ്ങൾ മുതലായവ വകവയ്ക്കുന്നില്ല. മനുഷ്യരുടെ പ്രയത്നങ്ങൾ അവരുടെ ആവശ്യങ്ങൾക്കാണ്. ചിലവുനീക്കിയുള്ളതാണ് അവരുടെ മിച്ചം. ഇതിന്മേൽ ആണ് ആദായനികുതി ചുമത്തേണ്ടത്. പരിശോധകന്മാരായി താലൂക്കുകളിലും ഡിവിഷനിലും മററുമുള്ള ക്ലാർക്കുകളെക്കാൾ വളരെസാമത്ഥ്യവും പരിചയവും ഉള്ളവരാണ് മിക്ക സർട്ടിഫൈചെയ്യപ്പെട്ടിട്ടുള്ള ആഡിററന്മാരും. അവർ പരിശോധിച്ചു സർട്ടിഫൈചെയ്യുന്ന കണക്കുകളെ പരിശോധനാധികാരികൾ സ്വീകരിക്കണം. വർഷാവസാനക്കണക്കുകൾ തീക്കുന്നതിനു കച്ചവടരീതിക്ക് അനുസരിച്ചു പല കച്ചവടക്കാക്കും രണ്ടു മൂന്നു മാസത്തെ കാലതാമസം വേണ്ടിവരുന്നു. ഡി ഫാറം കൊടുക്കുന്നതു അടുത്തവൃശ്ചികമാസത്തിലോ അതിനുശേഷമൊ ആയിരുന്നാൽകൊള്ളാം. പാർവത്യകാറന്മാർക്കു വല്ല വിരോധവും ഉണ്ടെങ്കിൽ ഡി. ഫാറം ധാരാളം ചിലവാക്കാം; ആദായനികുതി ഈടാക്കിയിട്ടുള്ളടത്തോളമോ അതിനോടു അടുത്തോ ഡി. ഫാറം തള്ളിയിട്ടുണ്ട്. ഇത്രയും തള്ളിക്കണമെങ്കിൽ എത്ര ബുദ്ധിമുട്ടുകളും നഷ്ടങ്ങളും ഡി. ഫാറം കിട്ടിയിട്ടുള്ളവർ സഹിക്കേണ്ടിവരും.

ഡി. ഫാറത്തിനു കൂടുതൽ അവധി ആവശ്യപ്പെട്ടാൽ കോർട്ടുഫീസ്സ്റ്റാമ്പു ആവശ്യപ്പെടുന്നു. ആദായനികുതി കൊടുക്കേണ്ടതിനു സ്റ്റാമ്പു ആവശ്യപ്പെടുന്നതു ന്യായമല്ല. അതിനാൽ ഈ അപേക്ഷകളെ കോർട്ടുഫീസു റഗുലേഷനിൽനിന്നു ഒഴിക്കേണ്ടതാണ്. ഒന്നിലധികം പങ്കുകാരു ചേർന്നു നടത്തുന്ന വ്യാപാരങ്ങളിൽ ഒന്നോ രണ്ടോ അംഗങ്ങൾ മാത്രമെ കൂടുതൽ പ്രയത്നപ്പെട്ടു വ്യാപാരം നടത്തുന്നതിനു സാധിക്കുകയുള്ളു. അതിനേക്കു അവർക്കു പ്രതിഫലമായി റമ്യൂണറേഷൻ കൊടുക്കുന്നതിനു ആദായനികുതി ചുമത്തുന്നു. ഇവയേയും നികുതിയിൽനിന്നു ഒഴിക്കുന്നില്ല.

മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പന്തനാപുരവും-ചെങ്കോട്ടയും): ഈ കച്ചവടക്കണക്കുകൾ പരിശോധിച്ചിട്ടാണൊ ഇൻകംടാക്സ് നിശ്ചയിക്കുന്നത്?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട), അതു അവരുടെ ഇഷ്ടംപോലെയാണ് ചെയ്യുന്നതു.

കച്ചവടക്കാരുടെ കണക്കുകൾ ഹൈക്കോടതിവരെയുള്ള സിവിൽക്കോടതികളും മററും വിശ്വസിക്കുന്നു എങ്കിലും നികുതി പരിശോധകന്മാർക്കു വിശ്വസിക്കുവാൻ നിവൃത്തിയില്ല: ഇതു എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. കണക്കിൽ കാണുന്ന മുടക്കു സംഖ്യകൾക്കും നികുതി ചുമത്തുന്നു. അതിനു അപ്പീൽ കൊടുക്കാമെന്നു വച്ചാലും അതിനുള്ള ബുദ്ധിമുട്ടുകളും നഷ്ടങ്ങളും ഓർത്തു പിൻവലിയുന്നു.

ചിട്ടിയിൽ ചേരുന്ന ചിററാളന്മാർക്കു കിട്ടുന്ന വീതപ്പലിശയ്ക്കും നികുതി ചുമത്തുന്നു. എന്നാൽ ഈ വീതപ്പലിശ മൂന്നാം ചിട്ടി അവസാനത്തിനകം ചിററാളനു കൊടുക്കേണ്ടതാണ്. ചിട്ടി അവസാനിക്കുന്നതിനു മുമ്പായി മുന്നാളനിമിത്തം വല്ല തകരാറും ഉണ്ടാകുകയൊ പാപ്പരാകുകയൊ ചെയ്താൽ ചിററാളിന് വീതപ്പലിശയ്ക്കും പുറമെ മുടക്കിയ മുതലും നഷ്ടപ്പെടുന്നു.

മുന്നാൾ പററിയെടുക്കുന്ന പണത്തിന്റെ പലിശയ്ക്കും ആദായനികുതി ചുമത്തുന്നു. പററിയെടുപ്പു പണത്തിന്റെ പലിശ ചിട്ടിഗഡുക്കളിൽ അതായതു ആറുമാസത്തിലൊരിക്കലൊ മൂന്നുമാസത്തിലൊരിക്കലൊ തവണയായി ഇറക്കിക്കൊടുക്കണം. അതിനാൽ ചിട്ടി അവസാനിച്ചതിൽ പിന്നീടുമാത്രമെ പററിയെടുപ്പു പണത്തിനുള്ള പലിശക്കു നികുതി ചുമത്താവൂ. ഈ വക കാര്യങ്ങളെപ്പററിയും വേണ്ടവിധം ആലോചിച്ചു ജനങ്ങൾക്കു ക്ഷേമകരമായവിധത്തിൽ ആദായനികുതി ചട്ടങ്ങളെ ഭേദപ്പെടുത്തണമെന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): സർ, ഇൻകംടാക്സ് ഈ രാജ്യത്തെ പ്രധാനധനാഗമമാർഗ്ഗങ്ങളിൽ ഒന്നാണ്. എന്നെ പ്രതിനിധീകരിക്കുന്ന കൊല്ലംമുതൽ വടക്കോട്ടുള്ള പതിനെട്ടു താലൂക്കുകളിലെ കച്ചവടക്കാർ ഈ ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാരിൽനിന്നും അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങൾക്കു അതിരില്ല. ഈ ഡിപ്പാർട്ടുമെൻറ മേധാവിത്വം വഹിക്കുന്ന കമ്മിഷണർ പേഷ്കാരന്മാർ ഡിവിഷൻ അസിസ്റ്റൻറന്മാർ തഹശീൽദാരന്മാർ തുടങ്ങിയുള്ള ഉദ്യോഗസ്ഥന്മാരിൽ ഒരൊററ ഒരാൾക്കുപോലും കണക്കുപരിശോധനസംബന്ധമായി യാതൊരു പരിജ്ഞാനവും ഇല്ല.

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): അതുകൊണ്ടു തകരാർ വല്ലതുമുണ്ടോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): അതുകൊണ്ടുള്ള തകരാർ ക്ലാർക്കുകളെ ആശ്രയിക്കേണ്ടിവരുമെന്നുള്ളതാണ്. കച്ചവടക്കണക്കുകളെ സംബന്ധിച്ചേടത്തോളം കീഴുദ്യോഗസ്ഥന്മാർ പറയുന്നതു വിശ്വസിക്കയാണ് മേലധികാരികളുടെ പതിവ്. അതിനാൽ കണക്കു പരിശോധിക്കുന്ന വിഷയത്തിൽ ഇവർക്കുള്ള ആശ്രയം അവരുടെ കീഴിലുള്ള ക്ലാർക്കന്മാരെയാണ്. അവരാകട്ടെ തങ്ങളെ പ്രസാദിപ്പിക്കുന്നവരെ ആദായനികുതിയിൽ നിന്നും ഒഴിവാക്കുകയും അതിനു തയ്യാറില്ലാത്തവരെ മനഃപൂർവ്വം ആദായനികുതി ബാദ്ധ്യതയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഈ കഴിഞ്ഞ നിയമസഭയുടെ ഇലക്ഷനു മുമ്പു കച്ചവടനിയോജകമണ്ഡലത്തിലെ ചില സ്ഥാനാർത്ഥികൾ തങ്ങളുടെ പാർശ്വവർത്തികളുടെ പേരെയും വോട്ടറന്മാക്കിത്തീർക്കാൻ ശ്രമിച്ചക്കൂട്ടത്തിൽ തന്റെ പാർശ്വവർത്തിയാണോ എന്നു അളറിയാതെ വെറുതെ അനേകം ക്ലെയിംസ് ഒപ്പിട്ടു തഹശീൽക്കച്ചേരിയിൽ ഹാജരാക്കീട്ടുണ്ട്. അങ്ങനെ ആരുടെയെല്ലാം ഒപ്പു കണ്ടുവോ അവരിൽനിന്നും ഇൻകംടാക്സ് അസെസ് ചെയ്യുന്നതിനു ഉത്തരവിട്ടു. ഇങ്ങിനെ അളറിയാതെ വെറുതെ ഒപ്പിട്ടവരിലും ഇൻകംടാക്സ് ചുമത്തിയിട്ടുണ്ട്.

പ്രസിഡണ്ട്: അപേക്ഷകന്മാർ വ്യാജപ്രമാണങ്ങൾ ഹാജരാക്കിയിട്ടുണ്ടെന്നാണോ നിങ്ങൾ പറയുന്നതു്?

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): അവരുടെ സ്നേഹിതന്മാർ ചെയ്തിരിക്കാം.

മി: രേവതിനാൾ രാമചന്ദ്രരാജാ (ഇടവകമെമ്പർ): മെമ്പറിന്റെ സ്നേഹിതന്മാർ ആരെങ്കിലും അങ്ങിനെ ചെയ്തിട്ടുണ്ടോ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): എന്റെ സ്നേഹിതന്മാർ അങ്ങിനെ ചെയ്തിട്ടില്ല.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അങ്ങിനെ ചെയ്യുന്ന സ്നേഹിതന്മാർ മെമ്പറിനുണ്ടായിരുന്നോ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും—വ്യവസായവും, വടക്ക): ഇല്ലായിരുന്നു എന്നാണ് എന്റെ വിശ്വാസം. പട്ടണങ്ങളിൽ ഇൻകംടാക്സ് ഇൻസ്പെക്ടറന്മാരും നാട്ടിൻപുറങ്ങളിൽ തഹശീൽദാരന്മാരും, ഓരോ കച്ചവടക്കാരനു, ആണ്ടിനാൽ ഇത്രരൂപാ ആദായമുണ്ടെന്നു് ഡിവിഷൻ അസിസ്റ്റന്റിന്റെ പേർക്ക് എഴുതിഅയക്കുകയും ആ തുകയ്ക്കു നികുതിചുമത്തുകയുമാണ് ഇപ്പോൾ ചെയ്തുവരുന്ന പതിവ്. ഓരോ കച്ചവടക്കാരന്റേയും കണക്കുകൾ മുൻകൂട്ടി പരിശോധിച്ച് ഇത്ര രൂപ ആണ്ടിനാൽ ചിലവുനീക്കി ആദായം കിട്ടുന്നുണ്ടെന്നു കണ്ടുപിടിക്കാതെ തോന്നിയതുപോലെ ആദായനികുതി ചുമത്തുന്നതു് അക്രമവും നീതിവിരുദ്ധവുമാകുന്നു.

കീഴുദ്യോഗസ്ഥന്മാർ ഇപ്രകാരം ചെയ്തുകൊണ്ടിരിക്കുന്നതു ഡിവിഷനസിസ്റ്റന്റന്മാർ, പേഷ്കാരന്മാർ മുതലായവർ തങ്ങളുടെ അതൃത്തികളിൽ പിരിക്കുന്ന ആദായനികുതി തലേത്തുകയേക്കാൾ കൂടുതലല്ലാതെ കുറഞ്ഞുപോകരുതെന്നുള്ള ആദായനികുതി കമ്മീഷണരുടെ കർശനമായ ഉത്തരവുകൊണ്ടാണെന്നാണ് എന്റെ അറിവ്. ഇപ്രകാരം യാതൊരു വ്യവസ്ഥയും ക്ലിപ്തപ്പെടുത്തിട്ടില്ലാത്ത ഈമാതിരി നികുതിപ്പിരിവ് പ്രജാക്ഷേമതൽപരതയോടുകൂടി പ്രവർത്തിക്കുന്ന യാതൊരു ഗവണ്മെന്റും അനുവദിക്കത്തക്കതല്ല. അന്യായമായ നികുതിചുമത്തിയതിനെപ്പറ്റി ആരെങ്കിലും കണക്കു ഹാജരാക്കി അപ്പീൽബോധിപ്പിച്ച് ഏതെങ്കിലും ഡിവിഷനസിസ്റ്റന്റിന്റേയോ പേഷ്കാരുടേയോ കണക്കു പരിശോധനക്കുശേഷം ന്യായമല്ലെന്നു തങ്ങൾക്ക് തോന്നുന്ന ഏതെങ്കിലും തുക കുറച്ചു വിധിയുണ്ടായാൽ അപ്രകാരം ചെയ്തതിനു സമാധാനം ബോധിപ്പിക്കുവാൻ ആദായനികുതികമ്മീഷണർ അവരോട് ആവശ്യപ്പെട്ടുവരുന്നു. പൊതുജനങ്ങളുടെ നന്മയെ ലാക്കാക്കി പ്രവർത്തിക്കേണ്ട ഒരു ഗവണ്മെന്റിന്റെ ഏറ്റവും ചുമതലയുള്ള ഒരുദ്യോഗസ്ഥൻ ചെയ്യുന്ന ഈ അപരാധത്തേയും അക്രമത്തേയും സംബന്ധിച്ചു പൊതുജനപ്രതിനിധികളായ പ്രജാസഭയിലേയും നിയമസഭയിലേയും, മെമ്പറന്മാർ അനേകംതവണയായി മുറവിളികൂട്ടിക്കൊണ്ടിരുന്നിട്ടും ഇതേവരെ പറയത്തക്ക യാതൊരുഫലവും ഉണ്ടായിട്ടില്ല. അതിനാൽ ആദായനികുതിയെ സംബന്ധിച്ചു താഴെപറയുന്ന നിർദ്ദേശങ്ങളെ ഗവണ്മെന്റ് ദയവായി അംഗീകരിച്ചു നടപ്പിൽ വരുത്തേണ്ടതാകുന്നു.

(൧) മുൻകൂട്ടികണക്കുകൾ പരിശോധിക്കാതെ യാതൊരു കച്ചവടക്കാരന്റെപേരിലും ആദായനികുതി ചുമത്തുവാൻ പാടുള്ളതല്ല.

(൨) ഗവണ്മെന്റിനാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള കണക്കു പരിശോധകന്മാരാൽ സർട്ടിഫൈ ചെയ്യപ്പെട്ടിട്ടുള്ള കണക്കിനെ വിശ്വസിച്ചുമാത്രമേ ആദായനികുതി ചുമത്തുവാൻ പാടുള്ളു.

(൩) കച്ചവടക്കാരുടെ സൌകര്യത്തിനുവേണ്ടി ആദായനികുതികൊടുക്കുന്നതായ എല്ലാകച്ചവടക്കാരുടേയും സ്ഥലത്തുപോയി കണക്കുകൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിനു ഗവണ്മെന്റ് വേണ്ട വ്യവസ്ഥ ചെയ്യണം.

മേല്പറഞ്ഞപ്രകാരമുള്ള വ്യവസ്ഥകളെ ഗവണ്മെന്റ് അംഗീകരിച്ചു നടപ്പിൽവരുത്തി തിരുവിതാംകൂറിലെ കച്ചവടക്കാർ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന ഉപദ്രവങ്ങൾക്കു നിവാരണം വരുത്തിക്കൊടുക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി അനുകൂലിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ആദായനികുതി പിരിക്കുന്ന ഇപ്പോഴത്തെ ആ സമ്പ്രദായം കച്ചവടക്കാരെ പലവിധത്തിൽ ഉപദ്രവിക്കുന്ന ഒന്നാണെന്നാണ് എന്റെ അഭിപ്രായം. അവരുടെ കണക്കുപുസ്തകങ്ങൾ രണ്ടും, മൂന്നും, നാലും തവണ കോടതിയിൽ സൂക്ഷിക്കേണ്ടിവരുന്നതുനിമിത്തമുള്ള ബുദ്ധിമുട്ടിനുപുറമെ അവരുടെ കണക്കപ്പിള്ളമാർ ഈ കണക്കുകളെ മനസ്സിലാക്കികൊടുക്കുന്നതിനു മിക്കദിവസവും കോടതിയിൽ ഹാജരാകേണ്ടിയുമിരിക്കുന്നു. കണക്കുകളെ അതാതു ആളുകൾക്ക് മനസ്സിലാക്കികൊടുക്കണമെങ്കിൽ അതു നോക്കുന്നവർക്ക് അറിയാൻപാടില്ലാത്തതുകൊണ്ട് കണക്കു തിരിയെ കിട്ടുന്നതുവരെ ഇവരെ അയക്കേണ്ടിയിരിക്കുന്നു. അതും വളരെ ബുദ്ധിമുട്ടാണ്.

പിന്നെ കച്ചവടക്കാരുടെ എസ്റ്റാബ്ലിഷ്മെൻറ് വകയിലുള്ള ചിലവു പലതും വകവച്ചു കൊടുക്കാതെയാണ് ആദായനികുതി ചുമത്തുന്നതു്. എന്നുമാത്രമല്ല കച്ചവടത്തിൻെറ പ്രചാരത്തിനുവേണ്ടിയും അവരുടെ കസ്റ്റമേർസിനെ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും കച്ചവടത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയും ചെയ്യുന്ന പല പ്രവൃത്തികൾക്കും ചിലവാകുന്ന സംഖ്യയിൽ മിക്കതും വകവച്ചുകൊടുക്കാൻ പാടില്ല എന്ന നിലയിൽ തീർച്ച ഉണ്ടായിട്ടുള്ളതായി എനിക്കു കാണ്മാൻ സാധിച്ചിട്ടുണ്ടു്. അതായതുകച്ചവട ആവശ്യത്തിനായി കച്ചവടക്കാർക്കു ഒരു സ്ഥലത്തുനിന്നു വണ്ടിയിൽ മററൊരു കച്ചവടസ്ഥലത്തേക്കു് പോകേണ്ടിയിരിക്കും. ഇതിലേക്കു് ആലപ്പുഴയിൽ സാധാരണയായി റിക്ക്ഷാവണ്ടിഉണ്ടു്. ഇതു വളരെ ആദായകരവും എളുപ്പത്തിൽ പോകാവുന്നതുമായ ഒരു വാഹനമാണ്. ഈ വാഹനത്തിനു കൊടുക്കുന്ന സംഖ്യ കൂടി വകവച്ചുകൊടുക്കുന്നില്ല. ഈ വണ്ടിയിൽ കച്ചവടക്കാരും അവരുടെ ശമ്പളക്കാരും പോകും. ആണ്ടിൽ രണ്ടായിരംരൂപ സമ്പാദിക്കുന്ന ഒരാൾ നടന്നുപോവുക എന്നുള്ളതു വളരെ പ്രയാസമാണ്. വണ്ടിയിൽമാത്രമേ പോകുകയുള്ളു. ഇങ്ങിനെയുള്ള ചിലവുകൾ ഉൾപ്പെടുത്തുകയില്ല. വകവയ്ക്കുകയില്ല എന്നു പറയുന്നതു വളരെ അക്രമമാണ്. അതിനുപുറമെ കച്ചവടക്കാരുടെ കടകളിൽ പലരും വരും അവർക്കു സ്വല്പം മുറുക്കാനൊ ചായയോകൊടുത്തു് സൽക്കരിക്കേണ്ടതു അത്യാവശ്യമാണ്. യൂറോപ്യന്മാർ അഡ്വർടൈസ്മെൻറ് എന്ന നിലയിൽ വലിയ തുകകൾ ചിലവിട്ടതു് വകവച്ചുകൊടുക്കുന്നുണ്ടു്. കടകളിൽവന്നാൽ അവരെ യഥായോഗ്യം സൽക്കരിക്കേണ്ടതു് കച്ചവടക്കാരുടെ ചുമതലയാണ്. ആ ചിലവു കടയിൽചേർന്നതാണ്, വീട്ടുചിലവല്ല.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ ചിലവുകൾ കച്ചവടത്തിനുള്ള ചിലവായി കണക്കെഴുതുന്നുണ്ടോ?

മി: പി. എസ്സ്. മഹമ്മദ് (നിയമിതമെംബർ): തീർച്ചയായും എഴുതുന്നുണ്ടു്. ഈ ചിലവുകളെ കച്ചവടക്കാർ പ്രത്യേകമായി എഴുതുന്നു. അതിൽ സ്വന്തമായ ചിലവുകൾ ഉണ്ടെങ്കിൽ അതിൽ പ്രത്യേകം ഇനം കുറഞ്ഞെഴുതും.

മി: ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): വട്ടച്ചിലവ് എന്നു ഒന്നുണ്ടോ?

മി: പി. എസ്സ്. മുഹമ്മദ് (നിയമിതമെംബർ): ഉണ്ടു് അതും പ്രത്യേകഇനമായി എഴുതും, ഈ പോൻസുപ്പാരിചിലവ് അനുവദിക്കാൻ പാടില്ലാ എന്ന് ആർഡർ ഉണ്ടു്. കണക്കു പരിശോധിച്ചാൽ അതിൻകാണുന്നനിലയിൽമാത്രമല്ലാ ടാക്സ്ചെയ്യുന്നതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇങ്ങിനെ അനുവദിക്കുന്നില്ല എന്നു മേലധികാരത്തിൽ അപ്പീൽ കൊടുത്തിട്ടുണ്ടോ?

മി: പി. എസ്സ്. മഹമ്മദ് (നിയമിതമെംബർ): കീഴ്കോടതിയിൽ ഈവക ചിലവു വകവച്ചുകൊടുത്തതിനെ മേൽകോടതി സ്വന്തനിലയിൽ അസ്ഥിരപ്പെടുത്തി അതു വകവച്ചുകൊടുക്കാൻ പാടില്ലെന്നു ഉത്തരവുചെയ്തിട്ടുണ്ടു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതിന്മേൽ ഹൈക്കോടതിവരെ പരിശോധന ബോധിപ്പിച്ചിട്ടുണ്ടോ?

മി: പി. എസ്സ്. മഹമ്മദ് (നിയമിതമെംബർ): ഹൈക്കോടതിവരെ ഈ ചായയുടേയും മുറുക്കാൻെറയും കാര്യത്തിനായി പോകേണ്ടിവരുന്ന വിഷയത്തെ ആലോചിച്ചിരുന്നെങ്കിൽ ഈ ചോദ്യം ചോദിക്കുകയില്ലായിരുന്നു.

ഇനി കണക്കു പരിശോധിക്കുന്നതിൽ കാൺഫിഡൻഷ്യൽ ഇൻഫർമേഷൻ എന്നൊരു സമ്പ്രദായമുണ്ടു് അതനുസരിച്ചു ഇത്രആയിരംരൂപാ ഉണ്ടെന്ന് അറിഞ്ഞിരിക്കുന്നതിനാൽ ഇത്രആയിരംരൂപാ നികുതിചുമത്തിയിരിക്കുന്നു എന്നാണ് ഉത്തരവുപുറപ്പെടുവിക്കുന്നതു്. അതിനെ അസ്ഥിരപ്പെടുത്താനും സാധിക്കുകയില്ല. കാൺഫിഡൻഷ്യൽ റിപ്പോർട്ടുചെയ്യുന്നതിനിരിക്കുന്ന ഉദ്യോഗസ്ഥന്മാരെ സന്തോഷിപ്പിക്കാത്തതുകൊണ്ടാണ് ഇപ്രകാരം വരുന്നതു്, കച്ചവടക്കാർക്കു് അധികംപേർക്കും ക്ലാർക്കുമാരെ സന്തോഷിപ്പിക്കാതെഇരിക്കാൻ നിവൃത്തിയില്ല. ഗവൺമെൻറിന് ന്യായമായ ആദായനികുതി ലഭിക്കണമെങ്കിലും അതിൽ ഒരു ഗണ്യമായഭാഗം ക്ലാർക്കുമാരുടെ പോക്കററിൽ പോകാതിരിക്കണമെങ്കിലും കച്ചവടക്കാരെ ബുദ്ധിമുട്ടിക്കാത്തനിലയിൽ ഏതെങ്കിലും ഒരു നില ഏർപ്പെടുത്തേണ്ടതാണ്.

മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഇവിടത്തെ ആദായനികുതിപിരിവിൽ പലകുഴപ്പങ്ങളും ഉണ്ടാകുന്നുണ്ടു് എന്നുള്ളതു് പറയാതിരിക്കാൻ നിവൃത്തിയില്ല. ൧൧൦൮-ലെ ഇൻകംടാക്സ്റിപ്പോർട്ടു പരിശോധിക്കുന്നതായാൽ തന്നെ ഇതിൻെറ ഏകദേശമുള്ള വാസ്തവങ്ങൾ ബോദ്ധ്യപ്പെടുന്നതാണ്. ഡി. ഫാറം നോട്ടീസ് ഡിപ്പാർട്ടുമെൻറുകാർ അയക്കുന്നതുതന്നെ ഒരു അതിരും വ്യവസ്ഥയുമില്ലാതെയാണ്. ചായക്കച്ചവടം ചെയ്യുന്ന ആളുകൾക്കുകൂടിയും ഡി. ഫാറം നോട്ടീസ് അയക്കുന്നുണ്ടു്. താലൂക്കുകച്ചേരിയിൽനിന്നും ഡി. ഫാറം നോട്ടീസ് അയക്കുന്നവർക്കെല്ലാം പിന്നീട് ഈ ഫാറം നോട്ടീസ് അറിക്കുന്നുമില്ല. ആദ്യമായി എല്ലാപേരേയും ഭയപ്പെടുത്തുന്നതിന് ഡി. ഫാറം നോട്ടീസ് അയക്കുന്നു. പിന്നീടു നടക്കുന്നകൂടിക്കാഴ്ചയുടെ ഫലമായിട്ടാണെന്നു തോന്നുന്നു ഈ ഫാറം അയക്കാതെയിരിക്കുന്നതു്. ആദായനികുതി ചുമത്തിയവരുടെ സംഖ്യ ഇത്രയുണ്ടെന്നു പ്രസിദ്ധപ്പെടുത്തീട്ടുള്ള റിപ്പോർട്ടനുസരിച്ചു ൧൧൦൮-ൽ ൨,൫൦൧ പേരും, ൧൧൦൯-ൽ ൨,൨൭൭ പേരുംഉള്ളതായികാണുന്നു. ഈ ഇനത്തിൽനിന്നും കിട്ടികൊണ്ടിരിക്കുന്ന വരവ് ആണ്ടുതോറും ശരാശരി നാലുലക്ഷംരൂപായാണ്, അതുതന്നെ ഉദ്യോഗസ്ഥന്മാരുടെ ശ്രമക്കുറവു മൂലം ഒരാണ്ടിൽ കൂടുതലും ഒരാണ്ടിൽ കുറവുമായിരിക്കും, ഇതിനുകാരണം പ്രധാനമായിട്ടു രണ്ടാണ്. ഒന്നുകിൽ നികുതികൊടുക്കേണ്ട ചുമതലയുള്ളവരെല്ലാപേരേയും ഒരുപോലെ ടാക്സ്ചെയ്യുന്നില്ല. അല്ലെങ്കിൽ ജനങ്ങളുടെ ധനസ്ഥിതി വർദ്ധിക്കുന്നില്ല. ടാക്സ്ചെയ്യേണ്ട ആവശ്യമില്ലാത്ത പലരേയും ടാക്സ്ചെയ്യുന്നുമുണ്ടു്. ഈ വിധത്തിലിരിക്കുന്നതുകൊണ്ടു് ശരിയായി ടാക്സ്ചെയ്യുന്നു എന്നു വിചാരിക്കാൻ മാർഗ്ഗമില്ല. ഇതുമാത്രവുമല്ല ടാക്സ് ചെയ്യുന്നതുതന്നെ ശരിയായി പിരിക്കുന്നില്ല എന്നു റിപ്പോർട്ടുനോക്കിയാൽ കാണാം. കൊല്ലംഡി

വിഷനിലും കോട്ടയംഡിവിഷനിലും വലിയ കുടിശ്ശികബാക്കിയുണ്ടെന്ന് ൧൧൦൯-ലെ റിപ്പോർട്ടിൽ കാണാവുന്നതാണ്. ഇതു് ഒട്ടുംതന്നെ അഭിനന്ദിക്കത്തക്കതായിരിക്കുന്നില്ല. ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിനുവേണ്ടി ഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കുന്നതിൽ ഞങ്ങൾ എല്ലാപ്പോഴും അനുകൂലമുള്ളവരല്ല. ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടുതന്നെ നിവൃത്തിയുള്ളിടത്തോളം ഈ വക ജോലികൾ നടത്തിച്ച് കുഴപ്പം കൂടാതെ കൊണ്ടുപോകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അതിനു നിവൃത്തിയില്ലെങ്കിൽ ഈ ഡിപ്പാർട്ടുമെൻറിലെ ജോലി ശരിയായി നിർവഹിക്കുന്നതിനും ടാക്സ് ഈടാക്കേണ്ട ആളുകളിൽനിന്നും അപ്പഴപ്പോൾ ടാക്സ് ഈടാക്കി പരാതി കൂടാതെ ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനുമായി ഈ ഡിപ്പാർട്ടുമെൻറിനെ പ്രത്യേകം ഒരു ഡിപ്പാർട്ടുമെൻറായി തിരിച്ച് അതിലേക്കു പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതുകൊണ്ടും വിരോധമില്ല. ന്യായമായിട്ടു കിട്ടേണ്ട ആദായം ശരിയായിട്ടു ഈടാക്കുകയും നികുതികൊടുക്കുവാൻ യോഗ്യതയില്ലാത്ത ആളുകളിൽനിന്നും നികുതിപിരിക്കുന്ന എന്നുള്ള ജനസങ്കടത്തെ തടയുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എന്റെ സ്നേഹിതൻ പ്രസ്താവിച്ചപ്രകാരം ആണ്ടുതോറും അയക്കുന്ന ഡി. ഫാറം നോട്ടീസുകളുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ട്. ഉദാഹരണത്തിന് ഈ ആണ്ടിൽ ൩൦൦ നോട്ടീസുകൾ അയക്കുകയാണെങ്കിൽ അടുത്ത വർഷം ൨൦ ആളുകൾക്കു കൂടുതലായി ഈ നോട്ടീസ് അയക്കുന്നതായിരിക്കും. ഇതു് പല ആഫീസുകളിലും പല തരത്തിലായി വ്യത്യാസപ്പെട്ടുകാണുന്നുണ്ട്. ഈ ഇനത്തിൽ കമ്മീഷണർ പ്രത്യേകം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

സഭമുമ്പാകെ പ്രസ്താവിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്ന മറ്റൊരു ന്യൂനത ഇതാകുന്നു. അവധിമാററത്തിനുള്ള കേസുകൾ സംബന്ധിച്ച് ആദായനികുതി കളക്ടർ ശ്രദ്ധിക്കുന്നില്ല. സിവിൽ കേസുകളിലെന്നപോലെ ഈ കാര്യത്തിൽ കേസുസംബന്ധിച്ച ഡയറികൾ ഒന്നും ഇല്ല. കഴിവുള്ളിടത്തോളം അത്തരം കേസുകൾ ആദായനികുതി കളക്ടർ സ്ഥലത്തുണ്ടായിരിക്കുന്ന തീയതികളിലേക്കാണ് അവധിവയ്ക്കാറുള്ളത്. മിക്കവാറും കേസുകൾ തഹശീൽദാരുടെ വിസ്താരത്തിലേയ്ക്കായി വിട്ടുകൊടുക്കുകയും, തഹശീൽദാർ സർക്യൂട്ടിലിരിക്കുന്ന ദിവസങ്ങളിലേക്കു അവധിവയ്ക്കുകയും ചെയ്യുന്നു. ആ ദിവസങ്ങളിൽ ആദായനികുതി കളക്ടർ തീരെ ഉത്തരവാദിത്വമില്ലാത്ത ഒരു ഗുമസ്തനായിട്ടുതീരുന്നു. കക്ഷികൾ കണക്കുകൾ ഹാജരാക്കേണ്ടതായിട്ടുണ്ടെങ്കിൽ, ചിലപ്പോൾ അടയ്ക്കേണ്ട കരത്തുക ഇത്രയെന്ന് അദ്ദേഹം പറയുന്നതല്ല.

വേറൊരു ന്യൂനത ആദായനികുതി ഈടാക്കുന്നവർക്ക് കൊടുത്തിട്ടുള്ള അസാമാന്യമായ അധികാരങ്ങളാകുന്നു.

അക്ഷരജ്ഞാനമില്ലാത്ത വ്യാപാരി പലപ്പോഴും നല്ല ആദായം കിട്ടുന്നവനായിരുന്നാലും കണക്കുകൾ സൂക്ഷിക്കുന്നില്ലെന്നു വന്നേക്കാം. നല്ലസ്ഥിതിയിലുള്ളവനാണെന്നു കാഴ്ചയിൽ തോന്നപ്പെടുന്ന കച്ചവടക്കാരന് വാസ്തവത്തിൽ കിട്ടുന്ന ആദായം വളരെ അല്പമായും വരാം. അങ്ങനെയുള്ള അവസരങ്ങളിൽ അയാളുടെ പേരിൽ വലിയതുക കരം ചുമത്തുന്നു. അതുകൊണ്ട്, യഥാർത്ഥമായ ആദായത്തിന്മേൽ മാത്രമേ കരം ചുമത്തുവാൻ പാടുള്ളു എന്നും അപ്രകാരം മാത്രമേ ചെയ്യുന്നുള്ളു എന്നും ബോദ്ധ്യംവരുവാൻ ഗവൺമെൻറു വളരെ നിഷ്കർഷയോടെ പ്രവർത്തിക്കേണ്ടതാണെന്നും ഞാൻ നിർബന്ധപൂർവ്വം അപേക്ഷിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ട് ഈ സഭമുമ്പാകെ ഹാജരാക്കിയിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും-പീരുമേടും): കച്ചവടക്കാരുകളെ സംബന്ധിച്ചു മാത്രമേ ഇവിടെ ഇതുവരെ പ്രസ്താവിച്ചുകേട്ടുള്ളു. ശരിയായ ആഫീസ് എസ്റ്റാബ്ലിഷ്മെൻറും കണക്കും വച്ചിട്ടുള്ള എല്ലാസ്ഥലങ്ങളിലേ കണക്കുകളും ഓരോരുത്തരും ഡി. ഫാറം റിട്ടേൺസ് ചെന്നു ഉടൻ പരിശോധിക്കണമെന്നും, അപ്പോഴൊക്കെയും ഇൻകംടാക്സ് ആഫീസിൽ കണക്കുകൾ എല്ലാം ഹാജരാക്കണമെന്നും വച്ചിരിക്കുന്നതു് പലതരത്തിലും വിഷമമാണ്. കണക്കുകൾ പോയിപരിശോധിക്കുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ട ആവശ്യമുണ്ടോ എന്നുതന്നെ സംശയമാണ്. ഇൻസ്പെക്ടർമാർക്ക് സാധാരണയായി ഒരു ക്ലിപ്തകാലത്തേക്ക് റിട്ടേൺസിൻെറ ഗഡുവുകൾ ഒഴികെ ബാക്കിയുള്ള സമയം മുഴുവനും ജോലി എന്താണെന്ന് അറിഞ്ഞുകൂടാ. ആദ്യം ഡി. ഫാറം നോട്ടീസ് അയച്ചു കഴിഞ്ഞാൽ പുസ്തകം ഹാജരാക്കാനാണ് എല്ലാവരോടും ആവശ്യപ്പെടുന്നതു്. മുൻകൊല്ലത്തേക്കാൾ ഈ കൊല്ലത്തിൽ ആദായം വരവു ചെലവിൽ വലിയ വ്യത്യാസമില്ലെങ്കിലും എല്ലാ പുസ്തകവും ഹാജരാക്കണമെന്നു പറയുന്നുണ്ട്. ഈ പുസ്തകങ്ങൾ വളരെക്കാലം കഴിഞ്ഞാണ് തിരിച്ചുകൊടുക്കുന്നതു്. മററുകേസുകൾക്കായി കോടതിയിൽ ഹാജരാക്കേണ്ടതും മററുമായ ഈ കണക്കുപുസ്തകങ്ങൾ ആഫീസിൽ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു വളരെ അസൌകര്യം ഉണ്ടാകുന്നുണ്ട്. ഇതിലേക്കു പ്രത്യേകം നിയമിതന്മാരായ ഉദ്യോഗസ്ഥന്മാർ ശരിയായ ആഫീസ് എസ്റ്റാബ്ലിഷ്മെൻറും കണക്കും വച്ചിട്ടുള്ളവരുടെപക്കൽനിന്നും, ഒരു സ്റ്റേറ്റുമെൻറു മേടിച്ചു പരിശോധിക്കുകയും പരിശോധിച്ചകണക്കുകളെ പററി വലിയ സംശയം തോന്നുന്നുണ്ടെങ്കിൽ അതിലേക്കു അയാളോട് എക്സ്പ്ലനേഷൻചോദിക്കുകയും, അതും തൃപ്തികരമല്ലെങ്കിൽ മാത്രം കണക്കുപരിശോധിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നതുനന്നായിരിക്കും. ആഫീസ് എസ്റ്റാബ്ലിഷ്മെൻറും കണക്കും വച്ചിരിക്കുന്ന എല്ലാസ്ഥലങ്ങളിലും ഇതു നടപ്പിൽവരുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ആഡിററുചെയ്തു് സർട്ടിഫൈ ചെയ്ത കണക്കുകളെപോലും ഇന്നു പരിശോധിച്ചുവരുന്നു. ഫലം നിസ്സാരവും ആണ്. ഈ അഭിപ്രായത്തോടു കൂടി ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും, ആദായനികുതിയും കമ്മീഷണർ): സർ, ആദായനികുതി റഗുലേഷൻ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ ഏററവും ബുദ്ധിമുട്ടുള്ള റഗുലേഷനുകളിൽ ഒന്നാകുന്നു. ഒരുത്തരും ഇഷ്ടപ്പെടാത്ത ഒരു നികുതിയാകുന്നു ആദായനികുതി. കരം കൊടുക്കേണ്ടവരായ നമ്മെപ്പോലെയുള്ള ഉദ്യോഗസ്ഥന്മാർക്കുകൂടിയും അതു് ഇഷ്ടപ്പെടുന്നില്ല. എന്നാൽ ഗവൺമെൻറിൻെറയെന്നപോലെ പട്ടയക്കാരന്മാരുടേയും ദൃഷ്ടിയിൽ കഴിയുന്നിടത്തോളം ന്യായമായ രീതിയിൽ അതു് നമുക്ക് ഈടാക്കേണ്ടതായിട്ടുണ്ട്. പൊതുജനങ്ങൾക്കും ഗവൺമെൻറിനും ദോഷമില്ലാതിരിക്കത്തക്കവണ്ണം നാം ശ്രമിക്കുന്നുമുണ്ട്. അതു് ഏററവും പ്രയാസമുള്ളതും വിഷമമേറിയതുമായ ജോലിയാണ്. അതുസംബന്ധിച്ച പ്രവർത്തിക്കുന്നവിഷയത്തിൽ ഏതെങ്കിലും ആദായനികുതി ഉദ്യോഗസ്ഥന ഇഷ്ടമുണ്ടായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

മെംബർമാർ കൊണ്ടുവന്നിട്ടുള്ള ആ പരാതികളെ പരിഹരിക്കുവാൻ എന്നാൽ കഴിയുന്നിടത്തോളം ആവശ്യമുള്ള നടപടികൾ ഞാൻ ചെയ്യുന്നതാണ്.

കച്ചവടക്കാർ സൂക്ഷിച്ചുപോരുന്ന കണക്കുപുസ്തകങ്ങൾ രണ്ടും മൂന്നും ആണ്ടുകൾ വച്ചു താമസിപ്പിച്ചുവരുന്നതായി മി: കൊച്ചുതൊമ്മൻ പരാതിപറയുകയുണ്ടായി. കച്ചവടക്കാരുടെ കണക്കുപുസ്തകങ്ങൾ വച്ചുതാമസിപ്പിക്കരുതെന്നുള്ളതിലേക്ക് എല്ലാ കരംപിരിവുകാർക്കും ഞാൻ ഒരു സർക്കുലർ അയച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ ഒരു പ്രതി, വാസ്തവത്തിൽ ഇവിടെ എന്റെ കൈവശം ഇരിപ്പുണ്ട്. എന്നാൽ വലിയ സ്ഥാപനങ്ങളുടെ വിഷയത്തിൽ അവരുടെ കണക്കുകളെല്ലാം ഒരു ദിവസംകൊണ്ടു പരിശോധിക്കുന്നകാര്യം സാദ്ധ്യമല്ലല്ലോ. അപ്രകാരമുള്ള കേസുകളിൽ, അതുമായി ബന്ധമുള്ള ഉദ്യോഗസ്ഥന്മാരോട് പുസ്തകങ്ങൾ വൈകുന്നേരം തിരിച്ചുകൊടുക്കുന്നതിനും, അടുത്തദിവസം ജോലി വീണ്ടും തുടർന്നുകൊള്ളുന്നതിനും ഞാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്ക്): കണക്കുകൾ ആഡിററു ചെയ്യുന്നതു സംബന്ധിച്ച് മി: റാബിൻസണ് വല്ല അറിവും ഉണ്ടോ എന്ന് അദ്ദേഹത്തിൽനിന്നും എനിക്കു അറിഞ്ഞാൽ കൊള്ളാം?

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും, ആദായനികുതിയും കമ്മീഷണർ): ഉണ്ട് ബ്രിട്ടീഷ് ഇൻഡ്യയിൽ ഞാൻ ബുക്ക് കീപ്പിങ്ങ് പരീക്ഷ പാസ്സായിട്ടുണ്ട്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്ക്): ദിവാൻപേഷ്കാരന്മാരെ സംബന്ധിച്ച് എന്താണാവോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ആ വിഷയത്തെപ്പററി വേണ്ടതെല്ലാം ഇപ്പോൾ അവർ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുമെന്ന് ഞാൻ ഊഹിക്കുന്നു. ആദായനികുതിറഗുലേഷൻ തിരുവിതാംകൂറിൽ നടപ്പായിട്ട് ഇപ്പോൾ ഏകദേശം ഏഴെട്ടുവർഷങ്ങൾ ആയിട്ടുണ്ട്. അതു് ആദ്യമായി പ്രവൃത്തിരൂപത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ പൊതുജനങ്ങൾക്കും, കരം പിരിക്കുന്നവർക്കും, വക്കീലന്മാർക്കും എന്നുവേണ്ട എല്ലാവർക്കുംതന്നെ പുതുതായിരുന്നു. എന്നാൽ ഓരോ ദിവസംകഴിയുംതോറും നാം എല്ലാവരും അതിനെപ്പററി കൂടുതലായി മനസ്സിലാക്കുന്നുണ്ട്.

റാവുസാഹബ് കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഡെപ്യൂട്ടിപ്രസിഡൻറ്): ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമങ്ങളുടെ ചില ഭാഗങ്ങൾ സംശയരഹിതമല്ലെന്നും, നിയമാനുസൃതമായ മാററങ്ങൾ അവയ്ക്ക് ആവശ്യമുണ്ടെന്നും മെംബർ സമ്മതിക്കുന്നുണ്ടോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും, ആദായനികുതിയും കമ്മീഷണർ): പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡൻറ് പ്രസ്താവിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. നാം രൂപീകരിക്കുന്ന നിയമങ്ങളുടെ എല്ലാ ശാഖകളിലും, നാം എത്രതന്നെ സൂക്ഷ്മമായിരുന്നാലും, പ്രയാസങ്ങളും, ക്ലിഷ്ടതകളും ഉണ്ടാകുന്നതു സഹജമാണ്. അവ നമ്മുടെ ദൃഷ്ടിഗോചരമായിത്തീരുമ്പോൾ അതാതു സമയങ്ങളിൽ നാം അവയെ പരിഹരിക്കുന്നുമുണ്ട്. ഈ റഗുലേഷനിൽ എന്തെല്ലാം ന്യൂനതകളുണ്ടോ അവയെയെല്ലാം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ ഗവൺമെൻറ ചെയ്യുന്നതായിരിക്കും.

പ്രവൃത്തിചെയ്യുന്നതിനു പ്രതിഫലമായി ചില ചെലവുകൾക്കൂടെ അനുവദിക്കേണ്ടതാണെന്ന് മി: കൊച്ചുതൊമ്മൻ പരാതിപറയുകയുണ്ടായി. നിർഭാഗ്യവശാൽ, ഈ വിഷയത്തിൽ നമുക്ക് സ്വാതന്ത്ര്യപൂർവ്വകം പ്രവർത്തിക്കുവാൻ നിർവാഹമില്ലാതെയിരിക്കുന്നു. കോടതികളുടെ തീരുമാനങ്ങൾ അനുസരിച്ചു നാം പ്രവർത്തിക്കണം. ഉദാഹരണത്തിന് മോട്ടോർകാർ അലവൻസുകളെപ്പററി അദ്ദേഹം പ്രസ്താവിച്ചു. ആദായമുണ്ടാകുന്നതിനുള്ള കാര്യങ്ങൾക്കായി മോട്ടോർകാറുകൾ ഉപയോഗപ്പെടുത്തുമ്പോൾ ആ ചെലവുകൾ അനുവദിച്ചുകൊടുക്കുന്നതാണ്. യഥാർത്ഥത്തിൽ ഈ പ്രകാരം ഒരു കേസിൽ ഞങ്ങൾ അനുവദിച്ചുകൊടുത്തിട്ടും ഉണ്ട്. പല സ്ഥലങ്ങളിലും തന്റെ സ്വന്തം മോട്ടോർകാറിൽ പോകേണ്ടിയിരുന്ന ഒരു തടി കൺട്രാക്ടർ ആദായകരമായ പ്രവൃത്തിക്കുമാത്രമായി തന്റെ കാറിനെ ഉപയോഗപ്പെടുത്തിയതുനിമിത്തം അയാളുടെ കാറിനുള്ള ചെലവ് അനുവദിച്ചുകൊടുത്തതായി ഞാൻ ഓർമ്മിക്കുന്നുണ്ട്. എന്നാൽ എന്നെപ്പോലെ ആഫീസിൽ ഹാജരാകുന്നതിനുമാത്രമായി കാർ ഉപയോഗപ്പെടുത്തുന്ന എല്ലാവർക്കും അപ്രകാരമുള്ള ചെലവുകൾ ഞങ്ങൾക്ക് അനുവദിക്കാവുന്നതല്ല. ഒരു സ്ഥലത്തും അപ്രകാരമുള്ള ചെലവുകൾ അനുവദിക്കപ്പെടുന്നുമില്ല. അനുവദിക്കുവാൻ സാദ്ധ്യമല്ലാത്തതും, അനുവദിക്കാവുന്നതും ആയ ചെലവുകൾ ഏതെല്ലാമെന്ന് വിവിധങ്ങളായ കോർട്ടു തീരുമാനങ്ങളിലും അവയുടെ സൂചകസംഗ്രഹങ്ങളിലും കാണിച്ചിട്ടുണ്ട്. ആ കമെൻററികളിൽ കോർട്ടു തീരുമാനങ്ങളെല്ലാം ഉദ്ധരിച്ചിട്ടുമുണ്ട്. ഈ വിഷയത്തിൽ ഞങ്ങൾക്ക് സ്വാതന്ത്ര്യം ഇല്ല. നിയമത്തേയോ, വാസ്തവത്തേയോ ആശ്രയിക്കുന്ന ഒരു വിഷയം മാത്രമാകുന്നു അതു്. ഞങ്ങൾ കോടതികളിലെ വിധികളെ അനുകരിക്കുക മാത്രമേ ചെയ്യുന്നുള്ളു.

ഡി. ഫാറം നോട്ടീസുകളെ സംബന്ധിച്ചിടത്തോളം, എനിക്കു പറയുവാനുള്ളതു് ഓരോ കളക്ടറന്മാരാണ് അവ അയയ്ക്കുന്നതു്, അല്ലാതെ പാർവ്വത്യകാരന്മാരല്ല എന്നാകുന്നു. എന്നാൽ ആ നോട്ടീസുകൾ കക്ഷികളുടെ പേരിൽ നടത്തുന്നതു് പാർവ്വത്യകാരന്മാരാകുന്നു. ഇതു സംബന്ധിച്ചുള്ള നടപടി താഴെ കാണുന്നപ്രകാരം ആകുന്നു:—

ആദ്യമായി കളക്ടറന്മാർ കരം ചുമത്തത്തക്ക ആദായം അവരുടെ അധികാരാതിർത്തികളിൽ ആർക്കാണുള്ളതെന്ന് അന്വേഷിച്ചറിയുന്നു. യഥാർത്ഥമോ, അയഥാർത്ഥമോ ആയ ആ വിവരം കിട്ടിയതിനുശേഷം ഈ ആളുകളുടെപേരിൽ അവർ ഡി-ഫാറം നോട്ടീസുകൾ നടത്തുന്നു. കരം ചുമത്തത്തക്ക ആദായം ഡി-ഫാറം നോട്ടീസിൽ കാണിക്കാത്ത ഒരാളെ അവർ കാണുകയും അയാൾക്ക് അപ്രകാരമുള്ള ആദായം ഉള്ളതായി അറിവു ലഭിക്കുകയും ചെയ്യുകയാണെങ്കിൽ കാണിക്കപ്പെടാത്തതോ, തർക്കിക്കപ്പെടുന്നതോ ആയ ഇനങ്ങളെപ്പററി ആ ആളെ അറിയിക്കുവാൻ അവർ കടപ്പെട്ടവരാകുന്നു. കരം കൊടുക്കേണ്ട ആളിനു വിപരീതമായിട്ടുള്ള കാര്യങ്ങളെ അയാളെ അറിയിക്കാതെ ലഭിച്ചിട്ടുള്ള രഹസ്യമായ അറിവിനെ ആധാരമാക്കി അവർക്കു പ്രവർത്തിക്ക

വാൻ കഴിയുന്നതല്ല. ഇതിലേക്ക ഹൈക്കോടതി വിധിയുള്ളതുകൂടാതെ, രഹസ്യമായി ലഭിക്കുന്ന അറിവിനെ മാത്രം ആസ്പദമാക്കി യാതൊരു നടപടിയും നടത്താവുന്നതല്ലെന്നും, കരം കൊടുക്കാനുള്ള ആളിനെ മേലാൽ അവസരങ്ങളിലും ആ വിവരം അറിയിച്ച് അയാൾക്ക് അതിനെ എതിർക്കുവാനോ അസാധുവാണെന്നു തെളിയിക്കുവാനോ സൌകര്യം നല്കേണ്ടതാണെന്നും ഉള്ള വിഷയത്തെ അധികരിച്ച് ഞാൻ പ്രത്യേകം ഒരു സർക്കുലർ അയച്ചിട്ടുണ്ട്.

ഈ ഡി ഫാറം നോട്ടീസുകൾ അവ്യവസ്ഥിതമായ രീതിയിൽ അയക്കുന്നതിനെ സംബന്ധിച്ചും പരിശോധനാവസരങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചുപോരുന്നുണ്ട്. എ ഫാറം എ-ൽ ഒരു കരംപിരിവ് ഉദ്യോഗസ്ഥൻ വ്യവസ്ഥകളുടാതെ ഏകദേശം എണ്ണൂറു നോട്ടീസുകൾ അയച്ചിട്ടുള്ളതായി ഒരു ദിവാൻപേഷ്കാർ കണ്ടുപിടിക്കുകയും, ആ ഏർപ്പാടിനെ നിർത്തൽചെയ്യുന്നതിനായി ഫലപ്രദമായ നടപടികൾ അദ്ദേഹം നടത്തുകയും ചെയ്യുകയുണ്ടായി എന്ന് എനിക്കറിയാം.

ഞാൻ ഇവിടെ ഇതു പ്രസ്താവിച്ചതു്, ഈ വിഷയത്തിൽ സിൽബന്തികൾ നിരുത്തരവാദികളായിത്തീരുന്നതിനെ തടയുന്നതിനുവേണ്ടി ഞങ്ങൾ കഴിയുന്നതും ശ്രമിക്കുന്നുണ്ടെന്നു കാണിക്കുവാൻ മാത്രമാകുന്നു.

കരം ചുമത്തത്തക്ക ആദായം ഉള്ളവർക്കുമാത്രമേ നോട്ടീസുകൾ അയക്കാൻ പാടുള്ളു എന്ന് മി: കൊച്ചുതൊമ്മൻ അഭിപ്രായപ്പെട്ടു. അവർ ഡി ഫാറംനോട്ടീസുകൾ പൂർത്തിയാക്കി തിരിയെ അയക്കുന്നതുവരെ അവർക്ക് കരം ചുമത്തത്തക്ക ആദായം ഉണ്ടോ ഇല്ലയോ എന്നു ഞങ്ങൾക്ക അറിയാവുന്നതല്ല. സമ്മതിക്കപ്പെട്ടിട്ടുള്ള അക്കൌണ്ടൻറുമാരാൽ സർട്ടിഫൈചെയ്യപ്പെട്ടിട്ടുള്ള കക്ഷികളുടെ കണക്കുകൾ എല്ലായ്പ്പോഴും സ്വീകരിക്കപ്പെടുന്നില്ലെന്നുള്ളതാണ് അഭിപ്രായപ്പെട്ട വേറൊരു സംഗതി. ആദായനികുതി അധികാരികൾ അവയെ അവിശ്വസിക്കുകയോ, അവ തെററാണെന്നു പറയുകയോ ചെയ്യുന്നില്ല. ആദായനികുതി നിയമങ്ങൾ അനുസരിച്ച് അനുവദിക്കുവാൻനിവൃത്തിയില്ലാത്ത ഇനങ്ങൾ കൂടക്കൂടെ കണക്കുകളിൽ അടങ്ങിയിരിക്കും. വലിയ വ്യവസായസ്ഥാപനങ്ങളിലും ഇതു കാണാവുന്നതാണ്. ഞങ്ങൾക്ക അവരുടെ കണക്കുകൾ പരിശോധിക്കുകയും, ചില ഇനങ്ങൾ അനുവദിച്ചുകൊടുക്കുകയും, മററുചിലതു അനുവദിക്കാതെതള്ളുകയും, ആദായനികുതി നിയമമനുസരിച്ച് അവ അനുവദിക്കത്തക്കതോ അല്ലാത്തതോ എന്നു നോക്കുകയും, ചെയ്യേണ്ടതായിട്ടുണ്ട്.

ഈയിടെ ഒരു വലിയ വ്യാപാരശാല തേമാനച്ചെലവും നവീകരണച്ചെലവും വകവച്ചുകൊടുക്കണമെന്നു ആവശ്യപ്പെടുകയും അതു് അവരുടെ ആഡിറററുമാർ അനുവദിക്കുകയും ചെയ്തതായിട്ട ഒരു കേസ് ഉണ്ടായി. എന്നാൽ ആദായനികുതി നിയമമനുസരിച്ച് ഇതു അവകാശപ്പെടാൻ പാടില്ലാത്തതാണ്. ഇതുപോലെ ഈ നിയമപ്രകാരം ഉൾഭൂതമാകുന്ന അനേകസംഗതികൾ ഉണ്ട്. അതുകൊണ്ട ഈ കണക്കുകൾ വിവരമായി പരിശോധിക്കേണ്ടതു് ആവശ്യമാകുന്നു. അപ്രകാരം ചെയ്യുന്നതു ഞങ്ങൾ അവയെ വിശ്വസിക്കാത്തതുകൊണ്ടല്ല. ഞങ്ങൾ അവയെ സ്വീകരിക്കുകയും, ആദായനികുതിറഗുലേഷനും, ആ റഗുലേഷൻപ്രകാരമുള്ള നിയമങ്ങളും അനുസരിച്ച് അവയെ പരിശോധിക്കുകയും ചെയ്യുന്നു.

മി: ഉമ്മൻ അദ്ദേഹത്തിൻെറ നിയോജകമണ്ഡലത്തിലുള്ള സിൽബന്തികൾ ജനങ്ങളിൽ ന്യായരഹിതമായി കരം ചുമത്തിവരുന്നുണ്ടെന്ന് പരാതിപ്പെട്ടു. നിയമവിരുദ്ധമായി കരംചുമത്തുന്നുണ്ടെന്നു കാണപ്പെട്ടാൽ അപ്രകാരംചെയ്യുന്ന സിൽബന്ധികളുടെപേരിൽ എല്ലായ്പ്പോഴും കഠിനമായി നടപടിനടത്തുന്നതാണ്. ആദായനികുതിയിൽ കുറവുവന്നാൽ ആ വകുപ്പിലുള്ള ജീവനക്കാരെ കഠിനമായി ശാസിക്കുന്നുണ്ടെന്നും മി: ഉമ്മൻ പ്രസ്താവിക്കുകയുണ്ടായി. കുറവുകാണുമ്പോൾമാത്രമല്ല ക്രമാതീതമായ കൂടുതലുണ്ടാകുമ്പോഴും മേൽഗതിക്കുള്ള കാരണത്തെപ്പററി അന്വേഷിക്കുകയും, അങ്ങനെസംഭവിച്ചിട്ടുള്ളതു സ്വാഭാവികമായ കാരണങ്ങളാലാണോ, അഥവാ, മററുപ്രകാരത്തിലാണോ എന്നു നിർണ്ണയിക്കുകയും ഞങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഇതാണുവാസ്തവം. ആലപ്പുഴയിൽ ഒരാണ്ട് വളരെ ആദായമുള്ളതായിട്ട കാണപ്പെട്ടു. തേയില, കയർ, മുതലായവ ക്രമത്തിലധികം ആ വർഷം കയററുമതിചെയ്യുകയുണ്ടായി. അടുത്തആണ്ടിൽ ആ കയററുമതിഇനത്തിൽവലുതായ കുറവുണ്ടായിരുന്നു. അതുനിമിത്തം ആ വർഷം തീരെ മോശമായ ഒരു വർഷമായിട്ടാണ് നിങ്ങൾ വിശ്വസിക്കുന്നതു്. ആദായനികുതി ക്രമമായരീതിയിൽ ചുമത്തപ്പെടുന്നുണ്ടോ എന്നു നിശ്ചയിക്കുന്നതിനു ഇതു ഞങ്ങളെ സഹായിക്കുന്നുണ്ട്.

ചില സിൽബന്തികൾ കക്ഷികളോടു സൌജന്യംകാണിക്കുന്നതായും മി: ഉമ്മൻ പരാതിപ്പെടുകയുണ്ടായി. അപ്രകാരമുള്ള ഏതെങ്കിലും ഉദാഹരണം ഞങ്ങളുടെ ദൃഷ്ടിയിൽ വിഷയമാക്കുകയാണെങ്കിൽ, ഏററവും കഠിനമായ നടപടി അവരുടെപേരിൽ നടത്തുന്നതായിരിക്കും. കരം ചുമത്തുന്നതു കുറവുചെയ്യുകയോ വർദ്ധിപ്പിക്കുകയോ ചെയ്താൽ അതു ജീവനക്കാരെ ബാധിക്കുന്നതെങ്ങനെയെന്നു എനിക്ക മനസ്സിലാകുന്നില്ല. കക്ഷികളോ അവരുടെ ചാർച്ചക്കാരോ കീഴുദ്യോഗസ്ഥന്മാർക്ക പരിചിതന്മാരായിരിക്കുകയോ അല്ലെങ്കിൽ കരംചുമത്തുന്നതു അവരുടെ സ്വന്തം ആദായത്തെസംബന്ധിച്ചവയായിരിക്കുകയോ ചെയ്തില്ലെങ്കിൽ അതിൽ ഏനക്കേടൊന്നുമുണ്ടാവാനില്ല. കണക്കുകൾ അനുസരിച്ചാകുന്നു കരം ചുമത്തപ്പെടുത്തുന്നതു്. ഒരു കക്ഷിയുടെപേരിൽകരം ചുമത്തുന്നവിഷയത്തിൽ ആദായനികുതി ഉദ്യോഗസ്ഥന്മാർ തന്നാൽ കഴിയുന്നശ്രമംചെയ്യേണ്ടതായിട്ടുണ്ട്. ഒരാളുടെ ആദായം ഇത്രയെന്നു നിർണ്ണയിക്കുന്നതിനു സഹായമായവിധത്തിൽ കണക്കുകൾ സൂക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ തന്നാൽകഴിയുന്നപ്രകാരം മററുള്ളവരിൽനിന്ന് അതു് അറിയുകമാത്രമാണ് അദ്ദേഹത്തിനുള്ള ഏകമാർഗ്ഗം. അതു് സാധാരണയായി ചെയ്തുവരുന്നതു താഴെകാണുംപ്രകാരമാണ്:—

ഒരു കച്ചവടക്കാരൻ ഒരാണ്ടിൽ എത്രമാത്രം പണത്തിനു തൊഴിൽ നടത്തിയിട്ടുണ്ടെന്ന് ഞങ്ങൾ കണക്കാക്കുന്നു. അതിൻശേഷം മററുകച്ചവടക്കാരിൽനിന്ന്, അവർ ഹാജരാക്കുന്നകണക്കുകളിൽനിന്ന് ആദായം ഉദ്ദേശം എത്രമാത്രം ഉണ്ടായിരിക്കുമെന്നു ഞങ്ങൾ നിർണ്ണയിക്കുന്നു. ഒരാളുടെപേരിൽ കരംചുമത്തുന്നതിനു ഉചിതമായ ഏകമാർഗ്ഗം ഇതുമാത്രമാണ്.

കണക്കുകൾ പരിശോധിക്കുന്നതിനായി ആദായനികുതി ഉദ്യോഗസ്ഥന്മാരും ആഡിറ്റർമാരും കക്ഷികൾ താമസിക്കുന്ന ഓരോപ്രദേശങ്ങളിലോ ഗൃഹങ്ങളിലോ പോകണമെന്നുള്ള അഭിപ്രായപ്രായോഗികമായിട്ടുള്ളതല്ല.

തല്ല. കഴിയുന്നിടത്തോളം കക്ഷികളിരിക്കുന്ന സ്ഥലങ്ങളിൽവച്ചുതന്നെ കണക്കുകൾ പരിശോധിക്കുവാൻ ഏർപ്പാടുചെയ്യണമെന്നു കളക്ടറന്മാരോട് ഞങ്ങൾ ആവശ്യപ്പെട്ടുവരികയാകുന്നു. ഉദാഹരണത്തിന്, കോട്ടയം ഡിവിഷൻപേഷ്കാരാക്കോ ഡിവിഷൻ അസിസ്റ്റന്റിനോ അല്ലെങ്കിൽ തഹശീൽദാർക്കോ, ഏറ്റുമാനൂരേപ്പോലെയുള്ള ഒരു ദൂരസ്ഥലത്തുള്ള ചിലരുടെമേൽ കരം ചുമത്തേണ്ടതായിട്ടുണ്ടെന്നു വിചാരിക്കുക. അവിടെയുള്ള കച്ചവടക്കാർ എല്ലാപുസ്തകങ്ങളും കോട്ടയത്തേക്കു കൊണ്ടുപോകണമെന്നുള്ളതു വിഷമംതന്നെയാണ്. അതുകൊണ്ടു ആ വക കണക്കുകൾസംബന്ധിച്ച പരിശോധന ഉദ്യോഗസ്ഥന്മാർ അവരുടെ സർക്കീട്ടുകാലത്തു നടത്തുന്നു. എല്ലാഗ്രഹങ്ങളിലും പോകുന്നകാര്യം തീരെ സാധ്യമായിട്ടുള്ളതല്ല. അപ്രകാരംചെയ്യുന്നതിനു ഒരു വൻപിച്ച സ്റ്റാഫ് ആവശ്യമായിത്തീരുന്നതുമാത്രമല്ല, അവരുടെ ശമ്പളത്തിനുവേണ്ടിയുള്ള നമുക്കു കിട്ടുന്ന ആദായത്തിൽനിന്നു വളരെ അധികമായിത്തീരുന്നതുമാകുന്നു. അതുകൊണ്ടു നമുക്കു സാധ്യമായിട്ടുള്ള ഏകമാർഗ്ഗം കഴിയുന്നിടത്തോളം കക്ഷികൾക്കുണ്ടാകുന്ന അസൌകര്യങ്ങളെ നിവാരണംചെയ്യുകയാകുന്നു. അതിലേക്കു ഞാൻ ഒരു പ്രത്യേകസർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്. അതുകൂടാതെ, അത്യാവശ്യമുള്ളതിൽ കൂടുതലായി കണക്കുപുസ്തകങ്ങൾ വച്ചു താമസിക്കരുതെന്നും, ഒരു നിശ്ചിതദിവസത്തിൽ പരിശോധിക്കുവാൻ സാധിക്കുന്നതിൽ കവിഞ്ഞ് കണക്കുകൾ ഹാജരാക്കുവാൻ അധികം ആളുകളോടു ആവശ്യപ്പെടരുതെന്നും ഞാൻ കളക്ടറന്മാരെ അറിയിച്ചിട്ടുണ്ട്.

ആലപ്പുഴയിൽ റിക്ഷാവകയ്ക്കു വേണ്ടിവരുന്ന ചെലവുകൾ അനുവദിച്ചുകൊടുക്കുന്നില്ലെന്നു മിസ്റ്റർ പി. എസ്. മഹമ്മദ് ആവലാതി പറഞ്ഞു. ഇവിടെ വീണ്ടും ഞങ്ങൾക്കു നിയമനത്തിനു കീഴടങ്ങേണ്ടതുമാത്രമാണ് വേണ്ടിവരുന്നത്. ആദായം വർദ്ധിപ്പിക്കുന്നതിലേക്കായിട്ട് ഏതെങ്കിലും സംഖ്യ ചെലവുചെയ്യുന്നതായാൽ അതു അനുവദിച്ചുകൊടുക്കുന്നതാണ്. എന്നാൽ അതു പൂർണ്ണമായി ആദായത്തെ വർദ്ധിപ്പിക്കുന്നതിനു മാത്രമായിട്ടല്ലാതിരുന്നാൽ ഞങ്ങൾക്കു അനുവദിക്കുവാൻ നിവൃത്തിയില്ല. രഹസ്യമായ വിജ്ഞാപനം എന്ന ഏർപ്പാടു അനുവർത്തിച്ചുപോരുന്നതിനെ സംബന്ധിച്ചും അദ്ദേഹം പരാതിപറയുകയുണ്ടായി. രഹസ്യമായ അറിവിനെ മാത്രം അടിസ്ഥാനപ്പെടുത്തി പ്രവൃത്തി നടത്തരുതെന്നു ഞാൻ ഒരു സർക്കുലർ അയച്ചിട്ടുള്ളതായി പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. ഏതു ആളിന്റെ പേരിലുള്ള കേസും അയാളെ അറിയിക്കുകതന്നെ വേണം. ഒരാൾ പണം കടംകൊടുത്തിട്ടുണ്ടെന്ന് അയാൾക്കു ഒരു നിശ്ചിതസംഖ്യ ഈടാക്കേണ്ടതായുണ്ടെന്നും എത്രയും വാസ്തവമായ അറിവ് നമുക്കു കിട്ടിയേക്കാം, എന്നാൽ തനിക്കു ഈടാക്കേണ്ടപണം കിട്ടിയിട്ടില്ലെന്നു താൻ കടംകൊടുത്ത ആൾ സിവിൽജയിലിൽ പോയിട്ടുണ്ടെന്നും, അല്ലെങ്കിൽ താൻ വാങ്ങിയിട്ടുള്ള സംഖ്യ തന്റെപേർക്കുള്ളതല്ലെന്നും വേറെയാർക്കോ ചെല്ലേണ്ടതാണെന്നും അതു അവർക്ക് താൻകൊടുത്തുകഴിഞ്ഞിരിക്കുന്നു എന്നും അയാൾക്കു നമ്മെ ബോധ്യപ്പെടുത്തുവാൻ കഴിയുമായിരിക്കാം. ഏതായാലും എല്ലാ കേസുകളിലും, കരംചുമത്തപ്പെടേണ്ട ആളുടെ വിപരീതമായുള്ള വിവരങ്ങൾ അയാളെ ഞങ്ങൾക്ക് അറിയിക്കേണ്ടതായിട്ടുണ്ട്.

കരംചുമത്തുന്ന ആളുകളുടെ സംഖ്യയിലും, ആദായനികുതികണക്കുകളിലും ഉള്ള വലുതായ വ്യത്യാസത്തെ സംബന്ധിച്ച് എനിക്കു പറയുവാനുള്ളത്, അവ ഞങ്ങളുടെ നിയന്ത്രണത്തെ അതിക്രമിച്ചതാണെന്നു മാത്രമാകുന്നു. കച്ചവടത്തിലും പലതരത്തിലുള്ള വ്യവസായങ്ങളിലുമുള്ള ഏറ്റക്കുറച്ചിലുകളെ മാത്രമാണ് അതു ആശ്രയിച്ചിരിക്കുന്നതു.

മിസ്റ്റർ ടി. സി. കേശവപിള്ള പുറപ്പെടുവിച്ച അഭിപ്രായം ഉത്തമമായിട്ടുള്ള ഒന്നാണെന്നു ഞാൻ വിചാരിക്കുന്നു. അതായതു ഓരോ നടപടികളും ആരംഭിച്ചതു എപ്പോഴാണെന്നും, അവധിമാറ്റങ്ങൾ അനുവദിക്കപ്പെട്ടതെന്തിനെന്നും കാണിക്കുന്നതിനു സിവിൽകോടതികളിലും ക്രിമിനൽകോടതികളിലും കിട്ടാറുള്ളവപോലെ കേസ് ഡയറികൾ ഉണ്ടായിരിക്കുന്നതു നല്ലതുതന്നെയാണ്. ആ ഏർപ്പാട് നടപ്പിലാക്കുവാൻ ഞാൻ ശ്രമിക്കുന്നതാണ്.

ഇവിടെ പ്രസ്താവിച്ചിട്ടുള്ള എല്ലാ സംഗതികൾക്കും ഞാൻ മറുപടിപറഞ്ഞിട്ടുണ്ടെന്നു വിചാരിക്കുന്നു. ആദായനികുതിറഗുലേഷൻസംബന്ധിച്ച പ്രവൃത്തി എത്രയും അനുകമ്പാപൂർവം നടത്തുന്നതിന് ഞങ്ങൾ കഴിയുന്നവണ്ണം ശ്രമിക്കുന്നതാണ്. പൊതുജനങ്ങൾക്കുണ്ടാകുന്ന അസൌകര്യങ്ങളെ കുറയ്ക്കുന്നതിനും അതേസമയം ഗവണ്മെന്റിനു കഴിയുന്നതും കൂടുതൽ സംഖ്യ മുതലെടുപ്പുണ്ടാക്കുന്നതിനും ശ്രമിക്കുന്നതാണ്. ലോകത്തിലെവിടെയും ഉള്ളതിൽനിന്നും ആദായനികുതിസംബന്ധിച്ചിടത്തോളം പരാതി തിരുവിതാംകൂറിൽ വളരെ കുറവാണെന്നാണ് ഞാൻ വിചാരിക്കുന്നതു. ഇംഗ്ലണ്ടിലോ, ബ്രിട്ടീഷ് ഇൻഡ്യയിലോ ഉള്ളതിൽനിന്നും വളരെ കുറവായിട്ടേ ഇവിടെ പരാതികളുള്ളു എന്ന് എനിക്കു നിശ്ചയമായിട്ടും അറിയാം. അതിനുള്ള ഏകകാരണം റഗുലേഷൻസംബന്ധിച്ചു പ്രവൃത്തിനടത്തുന്ന ഗുമസ്താക്കളുടേയും ഉദ്യോഗസ്ഥന്മാരുടേയും സത്യസന്ധതയാണെന്നുമാത്രമേ എനിക്കു പറയുവാനുള്ളു. ഇതിൽ കൂടുതലായി ഇവിടെ എന്തെങ്കിലും പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. മെംബർ അദ്ദേഹത്തിന്റെ ഉപക്ഷേപം പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ആദായനികുതിയെ സംബന്ധിച്ച് ഇതിനുമുമ്പു [illegible]-ൽ കായംകുളം, കോട്ടയം എന്നീ സ്ഥലങ്ങളിലെ പ്രതിനിധികൾ പലവിധമായ പരാതികൾ പ്രജാസഭയിൽ പ്രസ്താവിക്കുകയും അതുസംബന്ധിച്ചു കമ്മിഷണരോടു ചട്ടംകെട്ടിയാൽകൊള്ളാമെന്നു ആവശ്യപ്പെടുകയും ചെയ്തു. ഇപ്പോൾ [illegible]-ൽ അവസാനിക്കാറായിട്ടും ഒരേർപ്പാടും ചെയ്തതായി കാണുന്നില്ല. ഇതും അതുപോലെ ആകാതിരുന്നാൽ കൊള്ളാം. ഈ രാജ്യത്തുള്ള വ്യാപാരികൾ വെറും വ്യാപാരികൾ മാത്രമല്ല. അവർ കൃഷിയും മറ്റുതൊഴിലുകളും കൂടി സ്വീകരിച്ചു ഉപജീവനം കഴിക്കുന്നവരാണ്. അവർക്കു കൊടുക്കൽവാങ്ങലിൽ കിട്ടാത്തതായ പല ഇനവും കണ്ടേക്കാം. അതിനുംകൂടി ടാക്സ് ചെയ്തുവരുന്നുണ്ട്. ഇതിനെ പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതി താമസംവിനാ ചെയ്യുമെന്നു വിശ്വസിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്: ഉപക്ഷേപം പിൻവലിക്കുവാൻ മെംബർക്കു സഭ അനുവാദം നൽകുന്നുണ്ടോ?

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

താഴെ കാണുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

ൻ മുതൽ ൧൦ വരെയുള്ള ഉപക്ഷേപങ്ങൾ.

മി: ടി. സി. കേശവപിള്ള

൬. ഡിമാൻഡ് ൫ എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുള്ള ആകത്തുകയിൻനിന്നു ൪ രൂപാ കുറയ്ക്കണം.

മി. എ. സി. കുഞ്ചാക്കോസ്:

൭. ഡിമാൻഡ് ൫ എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുള്ള ആകത്തുകയിൽനിന്നും അഞ്ചു രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപിള്ള:

൮. ഡിമാൻഡ് ൫ എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുള്ള ആകത്തുകയിൽനിന്നും ൫ രൂപാ കുറക്കണം.

മി: പി. എസ്. മുഹമ്മദ്:

൯. ഡിമാൻഡ് ൫ എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുള്ള ആകത്തുകയിൽനിന്നും ൪൦ രൂപകുറയ്ക്കണം,

മി: ആർ. കേശവപിള്ള:

൧൦. ഡിമാൻഡ് ൫ എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുള്ള ആകത്തുകയിൽനിന്നും ൪൦൦ രൂപാ കുറയ്ക്കണം.

പ്രസിഡണ്ട്: ഡിമാൻഡ് ൫ ആദായനികുതി എന്ന ഇനത്തിൽ ൪൧,൫൦൦ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നുള്ളതാകുന്നു ആലോചനാവിഷയം.

അനുവാദം നൽകപ്പെട്ടു.

ഡിമാൻഡ് ൬ എക്സൈസ് ഡിപ്പാർട്ടുമെൻറ്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, ഡിമാൻഡ് ൬ എക്സൈസ്ഡിപ്പാർട്ടുമെൻറ എന്ന ഇനത്തിൽ ൬,൪൬,൫൪൮ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

൧൪-ം, ൧൫-ം ഉപക്ഷേപങ്ങൾ.

താഴെ കാണുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മു. ഡി. സി. ജോസഫ്:

൧൪. സമ്മാനപ്പടികൾക്കായി അനുവദിച്ചിട്ടുള്ള ൪൪൦൦ രൂപാ കുറയ്ക്കണം,

മി: എൻ. കെ. കൃഷ്ണപിള്ള:

ഉപ്പുപാണ്ടികശാലകൾക്കായി കൊള്ളിച്ചിട്ടുള്ള ൪൫,൬൨൮ രൂപയിൽനിന്നു ൪ രൂപ കുറയ്ക്കണം,

ഉപക്ഷേപം ൧൬.

മി: വി. ചെല്ലംപിള്ള (തോവാള): സർ, താഴെകാണുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു.

ഉപ്പുപാണ്ടികശാലകൾക്കായി കൊള്ളിച്ചിട്ടുള്ള ൪൫,൬൨൮-രൂപയിൽ നിന്ന് ൪ രൂപകുറയ്ക്കണം.

ഈ ഉപക്ഷേപം ഹാജരാക്കുന്നതിലുള്ള എൻെറ ഉദ്ദേശം, പണ്ടികശാലകൾക്ക് ആവശ്യംപോലെ ശുദ്ധമായ ഉപ്പു കൊടുക്കയും ദക്ഷിണതിരുവിതാംകൂറിലെ കുത്തക ഉപ്പു പണ്ടകശാലകളുടെ ലൈസൻസുകാർക്കു് ന്യായപ്രകാരമുള്ള കമ്മീഷനും, കൂലിയും നൾകുകയും ചെയ്യേണ്ടതിൻെറ ആവശ്യകതയെപ്പററി വാദപ്രതിവാദം നടത്തണമെന്നുള്ളതാകുന്നു. മുൻപു ഒരു ദിവസം ബഡ്ജററ സംബന്ധിച്ചു നടത്തിയ എൻെറ പ്രസംഗത്തിൽ കഴിഞ്ഞ ൫൦ വർഷങ്ങളിലായി ഗവണ്മെൻറിനുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടത്തെപ്പററി പൊതുവായി ഞാൻ ഈ സഭമുമ്പാകെ പ്രസ്താവിച്ചിട്ടുണ്ട്. അതായതു് ആണ്ടൊന്നിക്ക് ഒരു ലക്ഷം രൂപ ഗവണ്മെൻറിനു നഷ്ടമുണ്ടായിട്ടുണ്ട്.

സർ, ദക്ഷിണ തിരുവിതാംകൂറിൽ കടൽവെള്ളം, ഉപ്പളം, പഴയാററിലെ വെള്ളം എന്നീ മൂന്ന് ഉൽപ്പത്തി സ്ഥാനങ്ങൾ മാത്രമേ ഉപ്പ് ഉണ്ടാകുവാനുള്ളു. ഇവ എത്രയും എളുപ്പമായിട്ടുള്ള മാർഗ്ഗവും ഇവയിൽ നിന്നു കിട്ടുന്ന ഉപ്പ് പരിശുദ്ധവും ആകുന്നു. പാത്തികളിൽ കെട്ടിനിറുത്തപ്പെട്ടിട്ടുള്ള ഉപ്പുവെള്ളത്തെ ആവിയാക്കി വററിച്ചാണ് പ്രധാനമായി ഉപ്പ് ഉണ്ടാക്കിവരുന്നതു്. സർ, കടൽ വെള്ളത്തിനു ൬ഡിഗ്രി താരതമ്യഘനവും, കുഴിയുപ്പിനാശരാശരി താരതമ്യഘനം ൬-ഡിഗ്രിയും ഉണ്ട്. പഴയാററിലെ വെള്ളത്തിനാകട്ടെ താരതമ്യഘനം പൂജ്യം ഡിഗ്രിയാകുന്നു. ദക്ഷിണ തിരുവിതാംകൂറിലുള്ള കുത്തക പണ്ടകശാലകളുടെ വിഷയത്തിൽ അവയ്ക്കു പഴയ അളവും, പുത്തളവും ഉണ്ട്. ഉപ്പ് എടുക്കുന്നതിന് അവിടെ കിട്ടുന്ന വെള്ളം ഉപ്പിൻെറ അംശങ്ങളില്ലാത്ത പഴയാർജലം ആകുന്നു. എന്നാൽ ഈ ശുദ്ധജലത്തിൽ നിന്നും അവർ ഉപ്പ് ഉണ്ടാക്കുന്നതെങ്ങനെയെന്നു് അറിയുന്നതിൽ മെംബർമാക്ക് ആശ്ചര്യം തോന്നുമായിരിക്കാം. പഴയ അളത്തിലും പുതിയ അളത്തിലുമുള്ള റിസർവായറുകളിൽ ഈ ജലം ആദ്യം കടത്തിവിടുമ്പോൾ ആ റിസർവായർ ഉപ്പിൻെറ ചില അംശങ്ങളെ വേർതിരിച്ചു ഗ്രഹിക്കുന്നു. ൬ ഡിഗ്രിതാരതമ്യഘനം കിട്ടുന്നതിന് ൪൫ ദിവസത്തോളം അതിനെ വെയിൽകൊള്ളിക്കേണ്ടിവരുന്നുണ്ട്. അതുകൊണ്ട് ശുദ്ധമായ ഉപ്പുവെള്ളത്തിലുള്ള അതിൻെറ അംശത്തിന് സ്ഫടികാകൃതി ധരിക്കുവാൻ ആറോ, ഏഴോ ദിവസം വേണ്ടിവരുന്നു. കുഴിയുപ്പിൻെറ കഥയും ഇതുപോലെ തന്നെയാണ്. അല്പം ചില ഉപ്പു കലർന്നിട്ടുള്ള പഴയാററിലെ വെള്ളവും ഉപ്പായിത്തീരുവാൻ ഏഴുദിവസം വേണ്ടിവരുന്നു. കടൽ വെള്ളത്തിലാകട്ടെ കൂടുതൽ ശതമാനം ഉപ്പ് അടങ്ങിയിട്ടുണ്ട്. അത് ഏകദേശം ൬൦-ശതമാനത്തോളമാണെന്നു പറയാം. കുഴിഉപ്പിലാകട്ടെ അതിലും കുറഞ്ഞ ശതമാനം അതായതു് ൫൦ ശതമാനം മാത്രമേയുള്ളു. ഇങ്ങനെയാകുന്നതായാൽ പഴയാർ ജലത്തിൽ അതിലും കുറവായി അതായതു് ൪൫ ശതമാനം മാത്രമായിരിക്കും.

ഉവർവെള്ളമോ, കടൽവെള്ളമോ കിട്ടുന്ന ഫാക്ടറികളിൽ ഏഴുദിവസം കൊണ്ട് ഉപ്പുണ്ടാക്കാവുന്നതുകൊണ്ട്, വേലക്കാർ ധാരാളമായിപ്പോകുന്നു. എന്നാൽ പഴയാർജലംകൊണ്ട് ഉപ്പ് എടുക്കേണ്ടിയിരിക്കുന്ന പഴയ അളത്തിലും പുത്തളത്തിലും അല്പം ഉപ്പ് വിളയിക്കുവാൻ ൨൫ ദിവസം വേണ്ടിവരുന്നതിനാൽ ഈ കുത്തക ഫാക്ടറികളിൽ വേലക്കാരെ ലഭിക്കുന്ന കാര്യം വളരെപ്രയാസമായിട്ടാണിരിക്കുന്നത്.

ഉദ്ദേശം ൨൫ വർഷങ്ങൾക്കുമുമ്പു മാത്രമാണ് ഈ ഉപ്പ് അളങ്ങൾ കണ്ടുപിടിക്കപ്പെട്ടത്. അവയുടെ താരതമ്യഘനം ഏഴുമുതൽ ഒൻപതുവരെ ഡിഗ്രികളാകുന്നു. ഇപ്പോൾ ആണ്ടുതോറും എന്നുമാത്രമല്ല, ദിവസംതോറും, അതിന്റെ താരതമ്യഘനം കുറഞ്ഞു കുറഞ്ഞു വരുന്നുണ്ടെന്ന് ഞങ്ങൾക്ക് അറിവായിരിക്കുന്നു. ഈ ക്രമത്തിന് പതിനഞ്ചുവർഷം കഴിയുമ്പോൾ അതിന്റെ താരതമ്യഘനം നിശ്ശേഷം ഇല്ലാതാകാനാണ് എളുപ്പമുള്ളത്. അതുകൊണ്ട് ഈ ഉപ്പുവെള്ളത്തിൽ നിന്നുംകൂടി ഉപ്പ് എടുക്കുവാൻ നിവൃത്തിയുണ്ടായിരിക്കുന്നതല്ല.

ഇപ്പോൾ ശുദ്ധമായ രീതിയിൽ കിട്ടത്തക്കവണ്ണം ഉപ്പുവെള്ളം ഉള്ളത് ദക്ഷിണതിരുവിതാംകൂറിലെ വരിയൂർ അളത്തിൽ മാത്രമാകുന്നു. ദൗർഭാഗ്യദോഷത്താൽ ദക്ഷിണതിരുവിതാംകൂറിലെ മററ് അളങ്ങളോട് താരതമ്യപ്പെടുത്തി നോക്കുമ്പോൾ, ൪൦ ഏക്കർ മാത്രം വിസ്താരമുള്ള വളരെ ചെറിയ ഒരു ഭൂഭാഗമാകുന്നു ഇത്. [illegible] ചിലാനം ഏക്കർ വിസ്താരമുള്ള അളങ്ങളും ഉണ്ട്.

ഇതിൽ നിന്നെല്ലാം നാം ധരിക്കുവാനുള്ളത്, ദക്ഷിണതിരുവിതാംകൂറിൽ ഉപ്പ് ഉണ്ടാക്കുവാൻ അവിടെയുള്ള അളങ്ങൾക്ക് ശുദ്ധമായ ഉപ്പുവെള്ളം കിട്ടുന്നില്ലെന്നാകുന്നു. ഇപ്പോൾ ഉപ്പ് വിളയിച്ചു പോരുന്ന ൭൯൦ ഏക്കർ സ്ഥലം ഉണ്ടെങ്കിലും ഇവയെല്ലാം ഉപ്പ് എടുക്കുന്നതിന് ഉവർ വെള്ളത്തെയോ പഴയാർ വെള്ളത്തെയോ ആശ്രയിക്കേണ്ടതായിട്ടാണിരിക്കുന്നത്.

ഉപ്പ് ഉണ്ടാക്കുന്ന വിഷയത്തിലേക്കു കടക്കുമ്പോൾ ആണ്ടുതോറും ശരാശരി ആറുമാസത്തേക്കാവശ്യമുള്ള ഉപ്പ് നമുക്കു കിട്ടുന്നുണ്ട്. നല്ല കടൽവെള്ളത്തിന്റെ സഹായം കൊണ്ട് ആഴ്ചതോറും നാം ഉപ്പു ശേഖരിക്കുന്നു. ഇങ്ങനെ മാസത്തിൽ നാലുപ്രാവശ്യം നമുക്ക് ഉപ്പു കിട്ടുന്നുണ്ട്. അതുകൊണ്ട് ആണ്ടിൽ ഉപ്പു പാത്തികളിൽ നിന്നു ശരാശരി ൨൪ പ്രാവശ്യം ഉപ്പുശേഖരിക്കുവാൻ കഴിയും കടലിലെ ഉപ്പുവെള്ളം കൊണ്ട് ഓരോ സെന്റ് സ്ഥലത്തിൽ നിന്നും മുന്നുമന്നു ഉപ്പ് എടുക്കുവാൻ നമുക്കു സാധിക്കും. ഓരോവർഷത്തിലും ഇങ്ങനെ ഏകദേശം ൩൦ ലക്ഷം മന്ന് ഉപ്പ് ഉണ്ടാക്കുവാൻ നമുക്കു സാധിക്കുന്നതാണ്. കുറവുകളെ എത്രതന്നെ ഗണിച്ചു നോക്കിയാലും എല്ലാക്കാലത്തും ൫൦-ശതമാനം കിട്ടുന്നതിന് വിഷമമില്ല. അപ്രകാരം കിട്ടുന്നതിൽ കുറഞ്ഞപക്ഷം ൧൫ ലക്ഷം മന്നുപ്പ് കിട്ടുന്നതിന് പ്രയാസമൊന്നുമില്ല. നമ്മുടെ ചിലവിലേയ്ക്ക് നമ്മുടെ രാജ്യത്തിൽ ൧൫-ലക്ഷം മന്ന് ഉപ്പു മാത്രമേ ആവശ്യമുള്ളു. എന്നാൽ നാം ഇപ്പോൾ ൯-ലക്ഷം ഉപ്പ് മാത്രമേ ഉണ്ടാക്കുന്നുള്ളു. ബാക്കി ആവശ്യമുള്ളതെല്ലാം അന്യരാജ്യത്തു നിന്നു നമുക്ക് ഇറക്കുമതി ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): കാലാവസ്ഥ വിപരീതമായിരുന്നിട്ടും ഈ ആണ്ട് എട്ടു ലക്ഷം മന്ന് ഉപ്പ് ശേഖരിക്കുവാൻ ഞങ്ങൾക്കു സാധിച്ചു എന്ന് ഞാൻ മെമ്പറെ അറിയിച്ചുകൊള്ളട്ടെ.

മി: വി. ചെല്ലംപിള്ള (തോവാള): പുരട്ടാശി പണിക്കാലത്ത് ഞങ്ങൾക്ക് ധാരാളം ഒഴിവുസമയം ഉണ്ടായിരുന്നു. അത് ഒരു നല്ലകാലമാണ്. സാധാരണയായി പുരട്ടാശി 'പണി' ചിങ്ങമാസം ഒന്നാം തിയതിയോ പതിനഞ്ചാം തിയതിയോ മുതൽ ആരംഭിക്കുന്നു. കഴിഞ്ഞ വർഷം അത് ആരംഭിച്ചത് ൧൧൦൬ കർക്കടകം മുതലായിരുന്നു. അതുകൊണ്ട് കൂടുതൽ സമയം കിട്ടുന്നതിനു സാധിച്ചു.

ആണ്ടുതോറുമുള്ള നമ്മുടെ ആവശ്യങ്ങൾക്കനുസരണമായി ഉപ്പു ഉണ്ടാക്കുന്നതിനും, ഉപ്പു കയററുമതി ചെയ്യുന്നതിനും പകരമായി എല്ലാവർഷവും നാം ആറുലക്ഷം മന്നു ഉപ്പു ഇറക്കുമതിചെയ്യുന്നുണ്ട്. നമ്മുടെ ചെലവിലേയ്ക്കു മതിയാകുവോളം ഉപ്പു ഉണ്ടാക്കുവാൻ എല്ലാസൌകര്യങ്ങളും ഉണ്ടെന്നു നമുക്കു അറിയാം. ഈ സ്ഥിതിക്കു, ഇതുവളരെ ശോചനീയം തന്നെയാകുന്നു. നാം ചെയ്യേണ്ടതായ ഒരു കാര്യം, ഉപ്പുവെള്ളത്തിനു ദൌർല്ലഭ്യമുണ്ടായിരിക്കരുതെന്നുള്ളതു മാത്രമാകുന്നു. ദക്ഷിണതിരുവിതാംകൂറിലുള്ള കുത്തക ഉപ്പുഫാക്ടറികൾക്കു ആവശ്യമുള്ള ഉപ്പുവെള്ളം കൊടുത്തുകൊണ്ടിരിക്കേണ്ടതു ഗവണ്മെന്റിന്റെ കൃത്യമാകുന്നു. ഉടമ്പടി അനുസരിച്ച് അതു കൊടുത്തുകൊണ്ടിരിക്കുവാൻ വളരെ വിഷമമൊന്നുമില്ല. ഇതു കഴിഞ്ഞു നാലുഅഞ്ചു വർഷങ്ങളായി നിലനിന്നുപോരുന്ന ഒരു സങ്കടമാകുന്നു. ൧൧൦൭-ാമാണ്ടിനു മുൻപുതന്നെ കൂടുതൽ ഉപ്പുവെള്ളം നല്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണെന്ന് ഗവണ്മെന്റ് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതുവരെ ആവശ്യമുള്ള ഉപ്പുവെള്ളം കിട്ടുന്നതാണെന്ന് ഉറപ്പു വരത്തക്കവണ്ണം യാതൊന്നും ചെയ്തിട്ടില്ല. ആണ്ടുതോറും മുടക്കം കൂടാതെ ആവശ്യമുള്ള ഉപ്പുവെള്ളം ഉണ്ടായിരിക്കുന്നതിനുള്ള ഉപായങ്ങളും മാർഗ്ഗങ്ങളും കണ്ടുപിടിക്കുവാൻ ഇപ്പോഴത്തെ കമ്മീഷണർ ഗവണ്മെന്റിനോടും ചീഫ് എൻജിനീയരോടും ആവശ്യപ്പെടുമെന്ന് ഞാൻ വിചാരിക്കുന്നു.

എന്നാൽ, ഏതുവിധത്തിലായാലും ആണ്ടൊന്നുക്ക് ഒരുലക്ഷം രൂപായോളം ഗവണ്മെന്റു നഷ്ടപ്പെടുകയും, അതോടുകൂടി തൊഴിലാളിവർഗ്ഗങ്ങളുടെ ഇടയിൽ തൊഴിലില്ലായ്മ സംബന്ധിച്ചു പരാതി ഉണ്ടായിരിക്കയും ചെയ്യുന്നുണ്ട്. ഇവയെല്ലാം ആലോചിക്കുമ്പോൾ കഴിയുന്നതും വേഗത്തിൽ ഉപ്പുവെള്ളം സംഭരിച്ചുകൊടുക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാണെന്നു ഞാൻ വിചാരിക്കുന്നു. ഉപ്പുവെള്ളത്തിന്റെ സംഭരണത്തെപ്പററി ഇത്രമാത്രമെ എനിക്കു പറയുവാനുള്ളു. പിന്നെ കടിവാരംപ്പുന്നവിഷയത്തിലേക്കു കടക്കുകയാണെങ്കിൽ, എനിക്കു വളരെ പറയുവാനുണ്ട്. എന്നാൽ സമയമായിപ്പോയതുകൊണ്ട് അതിനെപ്പററി ഇപ്പോൾ ഞാൻ ഒന്നും പറയുന്നില്ല.

പ്രസിഡണ്ട്: നിങ്ങൾക്ക് ഇനിയും സമയമുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): കുത്തകഫാക്ടറികളുടെ വിശേഷിച്ചും പഴയ അളങ്ങളുടെ ലൈസൻസുകാർക്കു് ഉപ്പു ... വിലയുടെ അഞ്ചിലൊരംശം കൊടുക്കുവാൻ ഗവൺമെൻറു് നിർബന്ധിതരാകുന്നു. ആലപ്പുഴ തിരുവനന്തപുരം എന്നീസ്ഥലങ്ങളിൽ ഇപ്പോൾ ഉപ്പുവിററുവരുന്നതു് മന്നൊന്നിനു് ഏകദേശം ഒന്നു രണ്ടുരൂപാവീതമാകുന്നു. ഫാക്ടറിയിൽ അതു് ഏകദേശം ൫ ൦ അണമാത്രമാണു്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): നികുതിഉൾപ്പെടെ മന്നൊന്നിനു് വില ൧൦-അണവീതമാകുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ഒരു മന്നു് ഉപ്പിനുള്ളവില ൧൦-അണതന്നെയാണു്. അതായതു് രണ്ടു് മന്നിനു് ൧-൪-൫ അണയാകുന്നു. എനിക്കുതെററു പററിപ്പോയി. ഞാൻ നിങ്ങൾക്കു നന്ദിപറയുകൊള്ളുന്നു. ൧൦ അണ കൊടുക്കുകയാണെങ്കിൽ, നിങ്ങൾക്കു് രണ്ടുമന്നു് ഉപ്പുവാങ്ങിക്കാൻ സാധിക്കും. അതുകൊണ്ടു് ഒരുമന്നിനുള്ള വില ൧൦ അണയാകുന്നു.

മി: പി. ഗോമതിനായകം പിള്ള (എക്സൈസ് കമ്മീഷണർ): ഉപ്പുകരം ഉൾപ്പെടെ മന്നിനു ൧൦-അണയാണു് വില.

മി: ചെല്ലംപിള്ള (തോവാള): അതു എനിക്കറിഞ്ഞുകൂടാ. ഞാൻ പറയുന്നതു് ഒരു മന്നു് ഉപ്പു കിട്ടുന്നതിനു് നമുക്കു് ൧൦ അണ ചെലവാക്കേണ്ടതായിട്ടുണ്ടെന്നാകുന്നു. അതു് കരമേർപ്പെട്ടതോ അല്ലയോ ആയിക്കൊള്ളട്ടെ. അതിനെപ്പററി എനിക്കു അറിയേണ്ടതില്ല. പഴയഅളങ്ങളുടെ ലൈസൻസുകാർക്കു് ഉടമ്പടിപ്രകാരം അതിന്റെ അഞ്ചിൽരണ്ടുഭാഗം കിട്ടുവാൻ അവകാശമുള്ളതാകുന്നു. അവർക്കു് ഇതിന്റെ അഞ്ചിൽ രണ്ടുഭാഗം അതായതു് മന്നൊന്നിനു ൫ അണ കിട്ടാൻ അവകാശമുണ്ടു്. അതുകൊണ്ടു് പഴയഅളങ്ങളുടെ ലൈസൻസുകാർക്കു് മന്നൊന്നിനു് ൫ അണ കിട്ടേണ്ടതായുണ്ടു്. അതിനുപകരം അവർക്കു് ഇപ്പോൾ ൧ അരഅണയേ കിട്ടിവരുന്നുള്ളു. ഞാൻ പറഞ്ഞതുപോലെ പഴയാറിലെജലംകൊണ്ടു പഴയഅളങ്ങളിൽ ഉപ്പു് ഉണ്ടാകുന്നതുനിമിത്തം വേലക്കാർക്കു് കൂടുതൽ ആദായം കിട്ടാൻ സാധിക്കുന്നു. അതുകൊണ്ടു ലൈസൻസുകാർക്കു് യാതൊരു തൊഴിലാളികളെയും കിട്ടുന്നതിനു് സാധിക്കുന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): കുത്തകഏർപ്പാടിനെ സംബന്ധിച്ചാണോ എന്റെ സ്നേഹിതൻ വാദിക്കുന്നതു്?

മി: വി. ചെല്ലംപിള്ള (തോവാള): ഞാൻകുത്തക ഏർപ്പാടിനെപ്പററി വാദിക്കുന്നില്ല. ഇപ്പോൾ നടപ്പിലിരിക്കുന്ന ഉടമ്പടിപ്രകാരം കുത്തകഫാക്ടറികളുടെ; അതായതു പഴയഅളങ്ങളുടെ ലൈസൻസുകാർക്കു ഉപ്പിന്റെ വിലയിൽ അഞ്ചിലൊരുഭാഗം കിട്ടുന്നതിനു മാത്രമെ അവകാശമുള്ളു എന്നുമാത്രമാണു ഞാൻ പറയുന്നതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): നിങ്ങൾ വാദിക്കുന്നതു് കുത്തകഏർപ്പാടിനേയോ അല്ലെങ്കിൽ എക്സൈസ് ഏർപ്പാടിനേയോ ഏതിനെ സംബന്ധിച്ചാകുന്നു?

മി: വി. ചെല്ലംപിള്ള (തോവാള): ഈ സമ്പ്രദായത്തെയോ മററുസമ്പ്രദായത്തേയോ പററിപറയുന്നതുകൊണ്ടു എന്തു പ്രയോജനമാണുള്ളതു്? ഞാൻ ആവശ്യപ്പെടുന്നതു ലൈസൻസുകാർക്കു ൧ അരഅണയ്ക്കുപകരം ൫ അണ കൊടുക്കണമെന്നാകുന്നു.

മി: ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ലൈസൻസുകാർക്കു് അവരുടെ അവകാശം നൽകുന്നതായാൽ എന്റെ സ്നേഹിതൻ കുത്തകഏർപ്പാടിനെ അനുകൂലിക്കുന്നതാണോ എന്നു് അദ്ദേഹത്തിൽ നിന്നു് അറിവാൻ എനിക്കു ആഗ്രഹമുണ്ടു്.

മി: വി. ചെല്ലംപിള്ള (തോവാള): ഏതെങ്കിലും ഒരു ഏർപ്പാടുകൊണ്ടു എന്തുപ്രയോജനമാണുള്ളതു കുത്തകഏർപ്പാടോ, മിതമാക്കപ്പെട്ട എക്സൈസ് ഏർപ്പാടോ, അല്ലെങ്കിൽ എക്സൈസ് ഏർപ്പാടു തന്നെയോ നിങ്ങൾക്കു് ഉണ്ടായിക്കൊള്ളട്ടെ. ഞാൻ പറയുന്നതു കുത്തകഏർപ്പാടിൻ പ്രകാരം ലൈസൻസുകാർക്കു് ഇപ്പോൾ വാസ്തവത്തിൽ കിട്ടിവരുന്നതിൽനിന്നും കൂടുതൽ കിട്ടാൻ അവകാശമുണ്ടെന്നാകുന്നു. അതുകൊണ്ടു് നമ്മുടെ ഓഹരിക്കു്, നമുക്കുകിട്ടേണ്ടതായ ഓഹരിക്കു് ഞാൻ പോരാടുന്നു.

മി: ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): അതു് അനുവദിച്ചുതരുന്നുഎന്നിരിക്കട്ടെ. അങ്ങനെയാണെങ്കിൽ കുത്തകഏർപ്പാടു ഇടനന്നതു് നിങ്ങൾക്കു സമ്മതമാണോ?

മി: വി. ചെല്ലംപിള്ള (തോവാള): ലൈസൻസുകാർക്കു മന്നൊന്നിനു് ൫ അണവീതം കൊടുക്കുകയാണെങ്കിൽ, ഇപ്പോൾ നടപ്പിലിരിക്കുന്ന കുത്തകഏർപ്പാടു് ഇടനുകൊണ്ടുപോകുന്നതിനു ആർക്കും വിരോധമൊന്നും ഉണ്ടായിരിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും, കുന്നത്തൂരും) :ഏതാണു് അധികം ഗുണകരമായിട്ടുള്ളതു്?

മി: ചെല്ലംപിള്ള (തോവാള): ഇപ്പോൾ കിട്ടുന്നതിൽ നന്നും കൂടുതൽ നിങ്ങൾ ആവശ്യപ്പെടുന്നു. അതു് നിങ്ങളുടെ അവകാശമാണെന്നു് നിങ്ങൾപറയുന്നു. ആ അവകാശം നിങ്ങൾക്കു നൽകുകയാണെങ്കിൽ പിന്നെഎല്ലാംശരിയായി.

മി: ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): ചെലവുചെയ്യുന്നവർക്കു് ഏതാണു അധികം ഗുണകരമായിട്ടുള്ളതു്?

മി: വി. ചെല്ലംപിള്ള (തോവാള): ചെലവുചെയ്യുന്നവർക്കുഎക്സൈസ് ഏർപ്പാടും, കുത്തക ഏർപ്പാടും എല്ലാം ഒന്നുപോലെതന്നെ നിശ്ചയം ചെയ്യേണ്ടവിഷയം ഗവൺമെൻറിനും ലൈസൻസുകാർക്കും തമ്മിലുള്ള മാത്രമാകുന്നു. കരാറിൻപ്രകാരം ഉപ്പിന്റെ വിലയിൽ അഞ്ചിൽരണ്ടുഭാഗം മാത്രം ലൈസൻസുകാർക്കു കിട്ടുന്നു. തൊഴിൽ കിട്ടുന്നവിഷയത്തിൽ അവർ അനുഭവിച്ചുപോരുന്ന ബുദ്ധിമുട്ടുകളെയും ഉപ്പുവ്യവസായത്തിന്റെ ഇടിവുനിമിത്തം കഴിഞ്ഞകുറെകൊല്ലങ്ങളിലായി ഗവൺമെൻറിനു ഉണ്ടായിക്കൊണ്ടിരുന്ന നഷ്ടത്തെയും പററി ആലോചിക്കുമ്പോൾ ഉപ്പുവിലയിൽ അഞ്ചിൽരണ്ടുഭാഗം അതായതു ൫ അണ അവർക്കനുവദിക്കണമെന്നാണു എന്റെ ആഗ്രഹം.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം). മിസ്റ്റർ വി. ചെല്ലംപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഉപ്പുഫാക്ടറിയിലുള്ള അധികവും എന്റെ നിയോജകമണ്ഡലമായ അഗസ്തീശ്വരം താലൂക്കിലുള്ളതാകകൊണ്ടു അതിനെ അനുകൂലിക്കേണ്ടതു എന്റെ കൃത്യമാകുന്നു. തിരുവിതാംകൂറിലെ ഉപ്പുവ്യവസായത്തിനു ഏററവും വലുതായ ദോഷം ഗവണ്മെന്റു ചെയ്തിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. അതിനു രണ്ടുകാരണങ്ങൾ ഉണ്ട്. ഒന്നാമത്തെകാരണം പഴയാററിന്റെ പാർശ്വത്തിൽ കിടക്കുന്ന ഭൂമികളെ ഭാവികാര്യങ്ങളെപ്പററിയുള്ള വിചാരം കൂടാതെ അധികാരമുള്ള ആളുകളുടെ പേരിൽ പതിച്ചുകൊടുത്തിട്ടുള്ളതാണ്. കഴിഞ്ഞ എന്നുവർഷങ്ങളിലായി വ്യവസായഡയറക്ടർ ഇതുസംബന്ധിച്ചു യാതൊന്നും ചെയ്തിട്ടില്ല.

മി: വി. ചെല്ലംപിള്ള (തോവാള): പഴയാർ നദിയുടെ ഗതിയെയോ മണക്കുടിക്കായലിന്റെ വിസ്തൃതത്തെയോ അവർ ഇടുങ്ങിയതാക്കിത്തീർത്തിട്ടുണ്ടോ എന്നു മെമ്പർ അറിയിക്കുമോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): രണ്ടുപ്രകാരത്തിലും അവർ ഈ കേടുവരുത്തിട്ടുണ്ട്.

മി: ടി. സി. കേശവപിള്ള (കുളക്കുളവും വിളവങ്കോടും): ഈ അനർത്ഥം അവർ ചെയ്യുന്നതെന്തിനാണ്?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഏററവും എളുപ്പമായ മാർഗ്ഗത്തിൽ പണംകിട്ടുവാൻ ഗവണ്മെന്റ് ആഗ്രഹിക്കുന്നതുകൊണ്ടുതന്നെ.

ഈ സംഗതിയാകെ ചെല്ലംപിള്ള സകലതും വിവരമായി പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ആ കാര്യങ്ങളിൽ പ്രവേശിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അവയെപ്പററി ചില നിരീക്ഷണങ്ങൾ ചെയ്വാൻ എനിക്കു മോഹം ഉണ്ട്.

ഫാക്ടറികൾ ഇപ്പോഴും അവിടെത്തന്നെ സ്ഥിതിചെയ്യുന്നുണ്ട്. ഉപ്പുവിളയുന്നതിനുള്ള സ്ഥലത്തിന്റെ വിസ്താരം അവ വർദ്ധിപ്പിച്ചിട്ടുണ്ട്, എന്നാൽ അവയ്ക്കു ഈ ഒരുദോഷം ഉണ്ട്. ഉപ്പുവെള്ളത്തിന്റെ സംഭരണത്തിൽ വർദ്ധനയുണ്ടാക്കുവാൻ ഗവണ്മെന്റു യാതൊരുഏർപ്പാടും ചെയ്തിട്ടില്ല. നിലങ്ങൾ കൃഷിചെയ്യുന്നതിനെ പരിഷ്കരിച്ചതിനുശേഷം ശുദ്ധജലം ഉപ്പുനീരു സാമാന്യത്തിലധികം വർദ്ധിച്ചിട്ടുണ്ട്. അതിനെനിരോധിക്കുന്നതിനു ഗവണ്മെന്റ് യാതൊന്നും ചെയ്തിട്ടില്ല. ഉപ്പുവെള്ളത്തിന്റെ സംഭരണം വർദ്ധിച്ചിട്ടില്ല. പഴയഫാക്ടറികൾക്ക് പ്രത്യേകസ്വാതന്ത്ര്യം പുതിയ ഫാക്ടറികൾക്ക് മററുചിലതും അവർ കൊടുക്കുന്നുണ്ട്. ഇവയെല്ലാം ഉപ്പുനിയമങ്ങൾ അനുവദിക്കുന്നുണ്ടോ എന്നു എനിക്കു അറിഞ്ഞുകൂടാ. ഏതുകൊണ്ടും ഉപ്പുവ്യവസായത്തെ ഗവണ്മെന്റു നശിപ്പിച്ചിട്ടുണ്ടെന്നുവേണം പറയുവാൻ. ഉപ്പുവ്യവസായത്തെ പരിഷ്കരിക്കുന്നതിൽ പ്രായോഗികമായി യാതൊന്നും ചെയ്തിട്ടില്ല. ഈസഭയിലെ ഒരുമെമ്പറായ ഡാക്ടർ, മാധവൻപിള്ള ഈയിടെ ഉപ്പുഫാക്ടറികൾ സന്ദർശിച്ചതായി എനിക്ക് അറിയാം. ഈ ഉപ്പുഫാക്ടറികൾ സന്ദർശിക്കുന്നതായാൽ അവയുടെ സ്ഥിതികാണാതിരിക്കാൻ അദ്ദേഹത്തിനു കഴിയുകയില്ല. പഴയ ഫാക്ടറികളിൽ യാതൊരു മരാമത്തുപണികളും ചെയ്യപ്പെട്ടിട്ടില്ല. പുതിയഫാക്ടറികൾക്കു ചിലതു ചെയ്തുവരുന്നുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): പുതിയ ഫാക്ടറികൾക്കു ചെയ്യപ്പെട്ടുവരുന്ന വേലകൾ ഗവണ്മെന്റാണോ അല്ലെങ്കിൽ ലൈസൻസുകാർ സ്വയമായോ ചെയ്തുവരുന്നതു് എന്നു മെമ്പർ അറിയിക്കുമോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): പുതിയഫാക്ടറികളുടെ ലൈസൻസുകാർക്കു കൂടുതൽ നിരക്കു കിട്ടിവരുന്നതുകൊണ്ട് അതു് അവർ ചെയ്തിരിക്കുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മിഷണർ): അവിടെചെയ്തുവരുന്ന വേലകളുടെ സ്വഭാവത്തെപ്പററി മെമ്പറിനു വല്ല അറിവും ഉണ്ടോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അതിനെപ്പററി എന്റെ അറിവ് വിസ്താരമേറിയതല്ല. ചെയ്യപ്പെടുവാനുള്ള വേല ഇനിയും ഉണ്ടെന്നാണ് തോന്നുന്നതു്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മിഷണർ): ആസ്ഥിതിക്കു മെമ്പർ പ്രസ്താവിച്ച അഭിപ്രായങ്ങൾ ശരിയാണെന്നോ നീതീകരിക്കത്തക്കവയാണെന്നോ അദ്ദേഹം വിചാരിക്കുന്നുണ്ടോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഞാൻ ഇപ്പോഴും എന്റെ അഭിപ്രായത്തെ സാധൂകരിക്കുന്നു. എന്തുകൊണ്ടെന്നാൽ പഴയഫാക്ടറികളിൽ ചെയ്യപ്പെട്ടിട്ടുള്ള മരാമത്തുപണികൾകൊണ്ടു അവ നന്നാക്കപ്പെട്ടിട്ടില്ല.

രാജ്യത്തിനുവെളിയിൽനിന്നും നാം വളരെ ഉപ്പ് ഇറക്കുമതിചെയ്യുന്നുണ്ട്. സർ, നമ്മുടെ ഉപ്പുവ്യവസായത്തെ വേണ്ടവിധം വർദ്ധിപ്പിക്കുന്നതായാൽ പുറമെനിന്നുള്ള ഇറക്കുമതി നിറുത്തലാക്കാവുന്നതാണ്. അതുമാത്രവുമല്ല ഉപ്പുവ്യവസായം നല്ലതുപോലെ വർദ്ധിപ്പിക്കുന്നപക്ഷം പഴയലൈസൻസ്കാർക്ക് അവരുടെ ഫാക്ടറികളെ പരിഷ്കരിക്കുവാനും സാധിക്കും. ഉപ്പുവ്യവസായികളുടെ സങ്കടങ്ങളെ ഈ സഭമുമ്പാകെ ഞാൻ അറിയിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെ ഉപ്പുവ്യവസായത്തെ വർദ്ധിപ്പിക്കുന്നവിഷയത്തിൽ എന്തെങ്കിലും ചെയ്യുമെന്നും ഞാൻ വിശ്വസിക്കുന്നു. ഇത്രയും പ്രസ്താവിച്ചുകൊണ്ട്, എന്റെ സ്നേഹിതൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): പുതളത്തിലുള്ള ലൈസൻസുകാർ ഏതെങ്കിലും മരാമത്തുവേലനടത്തുന്നുണ്ടോ എന്ന് മെമ്പർ പറയുമോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അവർ യാതൊരു മരാമത്തുവേലയും ചെയ്യുന്നില്ല.

മി: മുരക്കേലിൽ പാച്ചുപിള്ള (ചേർത്തല): ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഇതു ഗവണ്മെന്റു വളരെ ശ്രദ്ധിക്കേണ്ട ഒരു സംഗതിയാണ്. പഞ്ചസാരയില്ലാതെ ഒരുമനുഷ്യൻ ജീവിക്കാൻ സാധിക്കും. എന്നാൽ ഉപ്പുകൂടാതെ ഒരുത്തർക്കും ജീവിക്കാൻസാധിക്കുകയില്ല. അത്രത്തോളം പ്രാധാന്യമുള്ള ഈ ആഹാരസാധനത്തിനു നാം അന്യരാജ്യത്തെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈരാജ്യത്തേക്കു ആവശ്യമുള്ള ഉപ്പുമുഴുവനും

ഇവിടെത്തന്നെ ഉണ്ടാക്കുന്നതിനുള്ള സകല സൗകര്യങ്ങളും ഉണ്ടായിരിക്കുമ്പോഴും അന്യരാജ്യത്തെ നാം ആശ്രയിക്കുക എന്നുള്ളതു വളരെ പരിതാപകരമായ ഒരവസ്ഥയാണ്. ഈ കഴിഞ്ഞ ആണ്ടിൽ ഇവിടെ ഉണ്ടായിട്ടുള്ള ഉപ്പിന്റെ കണക്ക് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ വിവരിച്ചുകാണുന്നു. [illegible]-ൽ ഇവിടെ ഉണ്ടാക്കിയിട്ടുള്ള ഹോം സാൾട്ട് [illegible] മണും ബോംബെ സാൾട്ട് [illegible] മണും തിരുനൽവേലി സാൾട്ട് [illegible] മണും ആകുന്നു. കഴിഞ്ഞ കൊല്ലത്തിൽ ആകെ പുറമെ നിന്ന് വരുത്തിയതുൾപ്പെടെ ഈ രാജ്യത്ത് [illegible] മണ് ഉപ്പ് ചിലവായിട്ടുണ്ട്.

മി: പി. [illegible] പിള്ള (എക്സൈസ് കമ്മീഷണർ): കഴിഞ്ഞ ആണ്ടിൽ വരുത്തിയിട്ടുള്ള ഉപ്പ് ഈ ആണ്ടത്തെക്കും കൂടി [illegible] അറിയാമോ?

മി: [illegible] പിള്ള (ചേർത്തല): ഞാൻ പറയുന്നതു [illegible]-ൽ ചിലവായിട്ടുള്ളതിന്റെ കണക്കാണ്. അതിൽ ഹോം സാൾട്ട് [illegible] ഇവിടെ ഉണ്ടായതിനെക്കാൾ [illegible] മണ് കൂടുതൽ ഉണ്ടായിട്ടുണ്ടെന്നു കാണുന്നു. [illegible] ശ്രദ്ധിക്കുകയാണെങ്കിൽ [illegible] ആവശ്യമുള്ള ഉപ്പ് വേണ്ടുവോളം ഇവിടെത്തന്നെ [illegible] സാധിക്കുമെന്ന് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഗവണ്മെന്റു തന്നെ [illegible] താഴെ വിവരിക്കുന്ന ഭാഗം കൊണ്ടു കാണാം. ഉപ്പുവെള്ളം സംഭരിക്കുന്ന [illegible] സംബന്ധിച്ചുള്ള വിഷയത്തിന് [illegible] സാധിക്കുന്നപക്ഷം [illegible] ഫാക്ടറികളിൽനിന്നും [illegible] ഉപ്പ് [illegible] ആവശ്യങ്ങൾക്ക് മതിയായിത്തീരുമെന്ന് എക്സൈസ് കമ്മീഷണർ ഉദ്ദേശിക്കുന്നു. അതിലേക്കു ആവശ്യമുള്ള ഉപ്പുവെള്ളം [illegible] മാർഗ്ഗങ്ങളെപ്പറ്റി ചീഫ് എഞ്ചിനിയർ ആലോചിക്കുന്നുണ്ട്. എന്നാൽ വ്യവസായത്തെ അഭിവൃദ്ധിയിൽ കൊണ്ടുവരുവാൻ [illegible] യാതൊരു [illegible] ഗവണ്മെണ്ട് [illegible].

ഇതിൽനിന്ന് ഇവിടെ [illegible] ഉപ്പ് ഇവിടെത്തന്നെ ഉണ്ടാക്കാൻ സാധിക്കുമെന്നു എക്സൈസ് കമ്മീഷണർതന്നെ [illegible]. [illegible] ശ്രമിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുകയാണെങ്കിൽ ഇവിടെ [illegible] ഉപ്പ് ഇവിടെത്തന്നെ ഉണ്ടാക്കാൻ സാധിക്കുന്നതാണ്. [illegible] ഉപ്പ് [illegible] അന്യരാജ്യത്തുനിന്ന് [illegible] വരുത്തേണ്ടതായിട്ടുള്ളൂ. [illegible] ഇവരെല്ലാം [illegible] ഉപ്പ് [illegible] ചെയ്യേണ്ടിയിരിക്കുന്നു.

മി: [illegible] (കിളിമാനൂരും വിളവങ്കോടും): സർ, [illegible] ഇതുപോലെ [illegible] നിർദ്ദേശങ്ങളും സമർപ്പിച്ചുകാണുന്നു. എക്സൈസ് റിപ്പോർട്ടിന്റെ [illegible] അനുബന്ധത്തിൽ വിവിധ [illegible] കണക്കുകൾ കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ [illegible] കൊടുത്തിട്ടുണ്ട്. ഉപ്പിന്റെ (വീടുകളിൽ ഉപയോഗിക്കുന്ന ഉപ്പിന്റെ) കൃത്യമായ വില്പനവിലയും ആ റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്. [illegible] ആലപ്പുഴയിൽ [illegible] ചക്രവും; തിരുവനന്തപുരം പോർട്ട് സാൾട്ട് ഡിപ്പോവിൽ [illegible] ചക്രവും [illegible] ഉപ്പുഫാക്ടറിയിൽ [illegible] ചക്രം ആകുന്നു. ഈ വിഷയത്തിൽ കഴിയുന്നിടത്തോളം ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കടത്തിക്കൊണ്ടു പോകാൻ വേണ്ടിവരുന്ന ചെലവിനെ സംബന്ധിച്ചിടത്തോളം ആവക ചെലവുകൾ ഗവണ്മെണ്ടുതന്നെ വഹിക്കുകയും, ഈ മൂന്നു സ്ഥലങ്ങളിലും [illegible] ഉള്ള ഉപ്പ് ഒരേ വിലയ്ക്കു വില്ക്കുന്നതിനും ഏർപ്പാടു ചെയ്യുകയും വേണമെന്നാണ് ഞാൻ ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ [illegible]. [illegible] നിർദ്ദേശിക്കുന്നതു വ്യവസായത്തിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ചാകുന്നു.

വ്യവസായത്തിന്റെ അഭിവൃദ്ധിക്ക് ആവശ്യമുള്ള കാര്യങ്ങളെല്ലാം എക്സൈസ് ഡിപ്പാർട്ടുമെന്റും ഗവണ്മെന്റും ചെയ്യുന്നുണ്ട് എങ്കിലും [illegible] അനവധി [illegible] കൊണ്ട് മിസ്റ്റർ വൈപ്പൻ പീഡിതനാകുന്നുണ്ട്. ചീഫ് എൻജിനീയരുടെ അദ്ദേഹത്തിന് [illegible] ചെയ്യാവുന്നതിൽ കൂടുതൽ ചെയ്യേണ്ടതായിട്ടുണ്ട്. അതിനാൽ പ്രയോജനകരമായ ജോലികളൊന്നും ചെയ്യുവാൻ അദ്ദേഹത്തിനു സാധിക്കുന്നതല്ല. ഇതാണ് എന്റെ [illegible]. ജലസേചനം സംബന്ധിച്ചും അതുപോലെയുള്ള ഉപ്പുഫാക്ടറികളുടെ പരിഷ്കരണം മുതലായവയ്ക്കും വേറെ ഒരു എൻജിനിയരെ നിയമിക്കേണ്ടതാണെന്ന് ഞാൻ ഗവണ്മെന്റിനോട് അപേക്ഷിക്കുന്നു. അല്ലാതെ എക്സൈസ് കമ്മീഷണരെ കുറ്റപ്പെടുത്തുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

റിപ്പോർട്ടിന്റെ [illegible] നടത്തപ്പെടേണ്ടതായ എല്ലാ വേലകൾ സംബന്ധിച്ചും മിസ്റ്റർ, വൈപ്പൻ വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്.

സർ, കോതയാർ അണകെട്ടുന്നതിനു മുമ്പ് ഇത്രമാത്രം ഊറലുകൾ ഉണ്ടായിരുന്നില്ല. ഉദാഹരണത്തിന് ഇപ്പോൾ [illegible] ഉപ്പുവിളയുന്ന കുളങ്ങൾ അളത്തിൽ അല്പകാലങ്ങളിൽ ഇപ്പോളുണ്ടാകുന്നതിന്റെ [illegible] ഉപ്പ് ഉണ്ടായിരുന്നു എന്ന് എന്നോടു പ്രായം ചെന്നവർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. കോതയാർ ഭാഗങ്ങളിൽനിന്നും ഊറലുകൾ വരാതിരിക്കത്തക്കവണ്ണം ഏതെങ്കിലും തരത്തിൽ വെള്ളം ഒലിച്ചുപോകുന്ന തോടുകളോ, [illegible], [illegible] അതുപോലെ വല്ലതുമോ ഉടനടി കെട്ടിക്കേണ്ടതാണ്. വലിയ എഞ്ചിനീയറിംഗ് [illegible] അതിന് ആവശ്യമില്ല. ഈ വക സംഗതികൾക്കായി ഒരു പ്രത്യേക എഞ്ചിനീയരെ നിയോഗിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഗവണ്മെന്റ് ആലോചിക്കേണ്ടതാണെന്ന് ഞാൻ എത്രയും ശക്തിയോടുകൂടി പറഞ്ഞുകൊള്ളുന്നു. നമ്മുടെ പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ നമുക്ക് അനേകം എഞ്ചിനീയറന്മാർ ഉണ്ട്. ഈ വക റോഡു തെളിക്കുന്ന ജോലികൾക്ക് വലിയ എഞ്ചിനീയറന്മാരൊന്നും നമുക്ക് ആവശ്യമില്ല (ചിരി)

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): എഞ്ചിനീയറന്മാരാണോ അതു ചെയ്യുന്നത്?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതിനു നമുക്കു പ്രത്യേകഡിവിഷൻ ആഫീസറന്മാരുണ്ട്. ഈ വേലയ്ക്കു അപ്രകാരമുള്ള വിദഗ്ദ്ധന്മാരായ എഞ്ചിനീയറന്മാരെ നമുക്കു നിയോഗിക്കാം. ഗ്രാമവേലയ്ക്കു അപ്രകാരമുള്ള എഞ്ചിനീയറന്മാർ നമുക്കു ആവശ്യമില്ല. അതുകൊണ്ടു ഈ വേലകൾക്കു അപ്രകാരമുള്ള വിദഗ്ദ്ധന്മാരെ നിയമിക്കണമെന്നു ഞാൻ ഗവൺമെന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു. എന്റെ സ്നേഹിതന്മാർ പറഞ്ഞതുപോലെ ഇപ്പോഴത്തെ അധ്യക്ഷൻ ഒരു തിരുവിതാംകൂർ സ്വദേശിയാണ്. അദ്ദേഹത്തോടു പറയാമെന്നു ഞാൻ വിചാരിക്കുന്നു.

പ്രസിഡണ്ട് മി: കേശവപിള്ള, ഏതെങ്കിലും ഒരു പ്രത്യേക ആളിനെ നിർദ്ദേശിച്ചുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ വേണ്ടെന്നുവയ്ക്കുക.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും) ഉപ്പ് ഏററവും പ്രാധാന്യമേറിയ ഒരു സാധനമാകുന്നു. നമുക്കു ആവശ്യമുള്ള ഉപ്പിന്റെ [illegible] ശതമാനം രാജ്യത്തിനു വെളിയിൽനിന്നു ഇറക്കുമതി ചെയ്യുകയാണ്. അതുകൊണ്ടു, പലസ്ഥലങ്ങളിലുമായി നിർമ്മിച്ചുവരുന്ന ഉപ്പു വിച്ഛത്തേക്കുവേണ്ടി ഏർപ്പാടുകൾ ചെയ്തു പാപ്പരായ കണ്ട്രാക്റ്റർമാർക്കു ഏതെങ്കിലും സഹായം ചെയ്തുകൊടുക്കുവാൻ ഗവൺമെന്റിനോടു അഭിപ്രായപ്പെടണമെന്നു ഞാൻ എക്സൈസ് കമ്മീഷണറോടു അപേക്ഷിച്ചുകൊള്ളുന്നു. ബോംബേ, തിരുനൽവേലി മുതലായ അന്യദേശീയരായ കണ്ട്രാക്റ്റർമാർ [illegible] തെരഞ്ഞെടുക്കപ്പെട്ടത്.

മി: എൻ. കെ. കൃഷ്ണപിള്ള ([illegible]): മിസ്റ്റർ ചെല്ലംപിള്ളയുടെ [illegible] സഹിതം [illegible] ഞാൻ [illegible] മി: കേശവപിള്ള അനേകം നിർദ്ദേശങ്ങൾ ചെയ്തുകണ്ടു. എന്നാൽ ഞാൻ [illegible] തുവിക്കുന്നുള്ളു. [illegible] ഉപ്പുഫാക്ടറി [illegible] ഒരു ഉപ്പു വിദഗ്ദ്ധ[illegible]ന്നാകുന്നു. മി: ഗോമതിനായകംപിള്ള ഒരു ഉപ്പുവിദഗ്ദ്ധനാണോ എന്ന എനിക്കു നിശ്ചയമില്ല. [illegible] [illegible] എക്സൈസ് കമ്മീഷണർ ഉപ്പു[illegible] [illegible] ശാസ്ത്രീയമായ യാതൊരു അറിവും സമ്പാദിച്ചിട്ടില്ല.

മി: വി. ചെല്ലംപിള്ള (തോവാള); ഉപ്പുണ്ടാക്കുന്നതിനു [illegible] ഉപകരണങ്ങളില്ലാതെ ഒരു വിദഗ്ദ്ധനെക്കൊണ്ടുള്ള പ്രയോജനം എന്താണെന്നു മെമ്പർ പറയുമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഉപകരണം എന്നു [illegible] മെമ്പർ [illegible] ന്നതു എന്താണെന്നു എന്നെ അറിയിക്കുമോ? അദ്ദേഹം ഉദ്ദേശിക്കുന്നതു ഉപ്പു[illegible] എന്നായിരിക്കുമോ?

മി: വി. ചെല്ലംപിള്ള (തോവാള) അതു മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): [illegible] രിശോധിക്കുവാൻ ഒരു വിദഗ്ദ്ധനെ നിയമിക്കുന്നതായാൽ ഉപ്പുവളം സംഭരിക്കുന്നതിൽ [illegible] ത്തുവാൻ സാധിക്കുമായിരിക്കും. ഇപ്പോൾ ചെയ്തുവരുന്നതു വ്യവസായസംബന്ധിച്ചു സാങ്കേതികമായോ ശാസ്ത്രീയമായോ യാതൊരു അറിവുമില്ലാതെ [illegible] വ്യവസായം [illegible] ഉണ്ടാക്കുന്നവിഷയത്തിൽ ശാസ്ത്രീയമായ [illegible] ഉള്ളതെവിദഗ്ദ്ധനെ [illegible] ക്കുന്നതിനു [illegible] ഉപ്പുവ്യവസായത്തെ പരിഷ്കരിക്കുന്നതിനു നമുക്കു സാധിക്കുന്നതല്ലാ എന്നാണ് എന്റെ അഭിപ്രായം.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഉപ്പുവ്യവസായംസംബന്ധിച്ച് പരിപൂർണ്ണമായ ജ്ഞാനം സമ്പാദിച്ചിട്ടുള്ള ഒരു എക്സൈസ്കമ്മീഷണരെയാണോ മെമ്പർ ആവശ്യപ്പെടുന്നത്? [illegible] ഒരു ഉപ്പുവിദഗ്ദ്ധനെക്കൊണ്ടു അദ്ദേഹം തൃപ്തിപ്പെടുമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര) ബോംബെ, കൽക്കട്ട, മദ്രാസ് അല്ലെങ്കിൽ അതുപോലെ ഉചിതമായ മററുവല്ലസ്ഥലങ്ങളിലുമുള്ള ഉപ്പുവ്യവസായശാലകളിൽ വേണ്ടുവോളം പരിശീലനം സിദ്ധിച്ചിട്ടുള്ള ഒരു എക്സൈസ്കമ്മീഷണരെക്കൊണ്ടും ഞാൻ തൃപ്തിപ്പെടുന്നതാണ്.

മി: വി. ചെല്ലംപിള്ള (തോവാള) ഉപ്പുവ്യവസായത്തിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഉണ്ടോ എന്നു മെമ്പർ പറയുമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇപ്പോൾ അപ്രകാരം ആരും ഉണ്ടെന്നു തോന്നുന്നില്ല. ഉപ്പുവ്യവസായം സംബന്ധിച്ചു അല്പം പരിചയം ഉള്ളതായി പറയപ്പെട്ടിരുന്ന ഒരു മി: നീലകണ്ഠൻ ഉണ്ടായിരുന്നു. അദ്ദേഹത്തിനു ആ വിഷയത്തിൽ ഉചിതമായ പരിശീലനം സിദ്ധിച്ചിട്ടുള്ളതായി തോന്നുന്നില്ല. അദ്ദേഹം ഇപ്പോൾ പെൻഷ്യൻപററി ജോലിയിൽനിന്നും പിരിഞ്ഞുകഴിഞ്ഞിരിക്കുന്നു. ആ ചോദ്യത്തിനു ശരിയായ മറുപടി പറയുവാൻ എന്നേക്കാൾ മി: ഗോമതിനായകംപിള്ളയ്ക്കു കഴിയുമെന്നു ഞാൻ വിചാരിക്കുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ഉപ്പുവ്യവസായത്തിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ഒരു മിസ്റ്റർ, ആറുമുഖംപിള്ളയും, വേറെയൊരു മിസ്റ്റർ നാരായണഅയ്യരും ഇങ്ങനെ രണ്ടുപേർ ഉണ്ടെന്നു ഞാൻ പറയുന്നതു മെമ്പർ വിശ്വസിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അവരുടെ പേർ എന്താണ്?

മി: വി. ചെല്ലംപിള്ള (തോവാള): ആറുമുഖംപിള്ള [illegible] നാരായണഅയ്യർ എന്നും.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര) മി: [illegible]പിള്ള ചില കണക്കുകൾ ഉദ്ധരിക്കുകയുണ്ടായി ഞാനും ചില കണക്കുകൾ ഉദ്ധരിക്കാം. [illegible]-ൽ ആകെ ചെലവായ മൊത്തം ഉപ്പ് [illegible] മണ്ടായിരുന്നു. എന്നാൽ [illegible] മന്ന് ഉപ്പ് ആയിരുന്നു. [illegible]-ഓടുകൂടി അതു [illegible] മണ്ണായിരുന്നു. [illegible]-ൽ ഉണ്ടാക്കിയനാട്ടുപ്പ് [illegible] മണ്ണം, [illegible]-ൽ [illegible] മണ്ണം ആയിരുന്നു. ഉപ്പുണ്ടാക്കുന്നവിഷയത്തിൽ ഗവൺമെന്റു കുറെ ശ്രദ്ധകാണിച്ചിട്ടുണ്ടെന്നു കാണുന്നതു നിശ്ചയമായിട്ടും സന്തോഷകരംതന്നെ. എന്നാൽ ഇതു മതിയാകുന്നതല്ല. രാജ്യത്തിലെ ദ്രവ്യങ്ങളെ വിശേഷിച്ചും ഉപ്പുപോലെയുള്ളവയെ ജനങ്ങളുടെ ആവശ്യത്തിനു മതിയാകത്തക്കവിധത്തിലും അന്യാശ്രയത്തിനു കാരണമാകാതെയും അഭിവൃദ്ധിയിൽ കൊണ്ടുവരേണ്ടതു് എല്ലാ പരിഷ്കൃതഗവൺമെന്റിന്റെയും കടമയാണെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ഇപ്പോൾ ഞാൻ അഭിപ്രായപ്പെട്ടപ്രകാരം ഒരു ഉപ്പുവിദഗ്ദ്ധനെ നിയമിക്കുകയാണെങ്കിൽ കാര്യങ്ങൾ

മിക്കവാറും ശരിയാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ ഉണ്ടാക്കുന്നഉപ്പുമുഴുവനും നാം ചെലവാക്കുന്നില്ലെന്ന് മി: പാച്ചുപിള്ള പറഞ്ഞു. അത് വാസ്തവമാണ്. അതിനുകാരണം ഒരുപക്ഷെ നാം ഇറക്കുമതിചെയ്യുന്ന ബാംബെഉപ്പും തിരുനൽവേലിഉപ്പും നമ്മുടെ നാട്ടുപ്പിനെക്കാൾ നല്ലതായിരിക്കുന്നതായിരിക്കാം. ബാംബെ ഉപ്പിനോട് ജനങ്ങൾക്ക് ഒരു പ്രത്യേകപ്രതിപത്തിയുണ്ടെന്നുള്ളതു സ്പഷ്ടമാണ്.

മി: ടി. സി. കേശവപിള്ള (കരുക്കുളവും, വിളവങ്കോടും) നമ്മുടെ നാട്ടുപ്പ് ബാംബേഉപ്പിനെക്കാളും തിരുനൽവേലിഉപ്പിനെക്കാളും മേന്മകൂടിയതാണെന്നു മെമ്പർക്ക് അറിവുണ്ടോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അതു ജനങ്ങളിൽ ഓരോരുത്തരുടേയും രുചിയെയാണ് ഏറെക്കുറെ ആശ്രയിച്ചിരിക്കുന്നത്. ഈ വിഷയത്തെപ്പറ്റി ശരിയായ ഒരു തീരുമാനമുണ്ടാകണമെങ്കിൽ ഒരു ഉപ്പു വിദഗ്ദ്ധനോടു ചോദിക്കണമെന്നാണ് എന്റെ അഭിപ്രായം. ൧൧൦൮-ാമാണ്ടത്തെ എക്സൈസ് ഡിപ്പാർട്ടുമെന്റുവക രാജ്യഭരണ റിപ്പോർട്ടിൽ രാജാക്കമംഗലം, കുളച്ചൽ എന്നീ സ്ഥലങ്ങളിലെ അളങ്ങളിൽ വേണ്ടപോലെ ശ്രദ്ധപതിപ്പിക്കുന്നതായാൽ അവയിൽനിന്നും നമ്മുടെ രാജ്യത്തേയ്ക്കു ആവശ്യമുള്ള ഉപ്പു മുഴുവനും ഉണ്ടാക്കാവുന്നതാണ് എന്നു കമ്മീഷണർ പറയുന്നു. അതേ റിപ്പോർട്ടിൽ നിന്നു തന്നെ രാജാക്കമംഗലം അളത്തിൽ നിന്നും ഉണ്ടാക്കിയെടുത്ത ഉപ്പു ൧൧൦൮-ൽ ൧,൦൭൧ മന്നു ആയിരിക്കെ ൧൧൦൯-ൽ ൮,൪൪൪ മന്നാണെന്നു കാണുന്നുണ്ട്. കുളച്ചൽ അളത്തിൽ നിന്നും ൧൧൦൯-മാണ്ടു കിട്ടിയ ഉപ്പു ൧൧൦൭ മന്നു ആയിരുന്നു. ഉപ്പ് അളങ്ങളുടെ അഭിവൃദ്ധിയെ പരിഗണിക്കുമ്പോൾ ഈ കണക്കുകൾ വളരെ കുറവാണെന്നാകുന്നു എനിക്കു അറിയിക്കാനുള്ളത്. ജനങ്ങളുടെ ക്ഷേമത്തെ പുരസ്കരിച്ചു ഈ രണ്ടു അളങ്ങളുടേയും അഭിവൃദ്ധിയിൽ വേണ്ടവോളം ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. ഈ കാരണങ്ങളാൽ ഇപ്രകാരമുള്ള എല്ലാ വിഷയങ്ങളുടേയും ഉചിതമായ പരിഹാരത്തിനായി ആദ്യമായി ചെയ്യേണ്ടതു ഒരു ഉപ്പു വിദഗ്ദ്ധനെ നിയമിക്കുകയാകുന്നു. അങ്ങനെ ചെയ്യുന്നതായാൽ ഉപ്പു വെള്ളം വേണ്ടപോലെ സംഭരിച്ചു കിട്ടുന്നതിനു സാധിക്കുന്നതാണ്. ഇത്രമാത്രം പ്രസ്താവിച്ചു കൊണ്ടു എന്റെ സ്നേഹിതൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, താമരക്കുളം എന്ന സ്ഥലത്തിൽ ൧൦ ഫാക്ടറികൾ ഉണ്ട്. അവയിൽ നാലെണ്ണം മണക്കുടി കായലിന്റെ പടിഞ്ഞാറു ഭാഗത്തും, ആറെണ്ണം കിഴക്കു ഭാഗത്തും ആകുന്നു. പടിഞ്ഞാറെ വശത്തുള്ള നാലെണ്ണങ്ങളിൽ ഒന്നു പുത്തളമാകുന്നു. ബാക്കിയുള്ള മൂന്നു ഫാക്ടറികളിലുള്ള നല്ല ഉപ്പു വെള്ളക്കുഴികൾ ഉണ്ട്. അവിടെ ഉപ്പു വെള്ളം ധാരാളമായും മുട്ടു കൂടാതെയും കിട്ടുന്നുണ്ട്. ഫാക്ടറികളിലെ ജോലി നടപ്പും ഉൽപ്പന്നവും നല്ല സ്ഥിതിയിൽ തന്നെയാണ്. എന്നാൽ പുത്തളത്തെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങളെല്ലാം നേരെ മറിച്ചാണ്. അവിടെ ഉപ്പു വെള്ളത്തിന്റെ ദൌർല്ലഭ്യം നല്ല പോലെ അനുഭവപ്പെടുന്നുണ്ട്. ഇതിനു പുറമെ മണക്കുടിക്കായലിന്റെ കിഴക്കു വശത്തു ആറു ഫാക്ടറികൾ ഉണ്ട്. അവ കമ്പനിവക ഫാക്ടറിയും അവധാനികളുടെ ഫാക്ടറിയും ആകുന്നു. അവയിൽ ഉപ്പുവെള്ളക്കുഴികൾ ഉണ്ട്. എന്നാൽ ഉപ്പുവെള്ളത്തിന്റെ സംഭരണം മുട്ടു കൂടാതെയും വേണ്ടവോളവും കിട്ടുന്നില്ലെന്നാണ് അറിയുന്നത്. പിന്നെയുള്ളതാകുന്നു കുത്തക ഫാക്ടറി എന്നു പറയപ്പെടുന്നത്. അവ [illegible]ക്കളും അളവും അതിനോടു തൊട്ടു കിടക്കുന്ന മററു ഫാക്ടറികളും ആകുന്നു. ഈ ഫാക്ടറികളെ സംബന്ധിച്ചിടത്തോളം, ഉപ്പു വെള്ളം കിട്ടുന്നില്ലെന്നു പറയുന്ന പരാതി വാസ്തവം തന്നെയാകുന്നു. എന്നാൽ ശ്രദ്ധിക്കേണ്ട വിഷയം ഇതാകുന്നു. ലൈസൻസുകാർ അല്പമെങ്കിലും താൽപര്യം കാണിച്ചുവെന്നു എല്ലാ ഫാക്ടറികളിലും ഉപ്പു വെള്ളം ഉണ്ട്. ലൈസൻസുകാർ യാതൊരു താല്പര്യവും കാണിക്കാത്ത എല്ലാ ഫാക്ടറികളിലും ഉപ്പു വെള്ളം ലഭിക്കുന്നതിൽ ബലമായ പരാതിയുണ്ടായിട്ടുണ്ട്. താമരക്കുളത്തുള്ള പഴയ അളത്തെ സംബന്ധിച്ചു കുറിയും പരാതി ഇല്ലാതില്ല. അവിടെ അങ്ങുമിങ്ങും ചില ഉപ്പു വെള്ളക്കുഴികൾ ഉണ്ടെങ്കിലും അവയെ പരിഷ്കരിക്കുന്ന വിഷയത്തിൽ ലൈസൻസുകാർ യാതൊരു ശ്രദ്ധയും കാണിക്കുന്നില്ല.

മി: വി. ചെല്ലംപിള്ള (തോവാള): അല്പമായിട്ടെങ്കിലും ഉറവുകളുള്ള എത്ര ഉപ്പുവെള്ളക്കുഴികൾ ഉണ്ട്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): താമരക്കുളം പഴയ അളത്തിലോ?

മി: വി. ചെല്ലംപിള്ള (തോവാള): അതെ.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എത്ര എണ്ണം ഉണ്ടെന്നു എനിക്കു ക്ലിപ്തമായി അറിവില്ല. നാലോ അഞ്ചോ ഉണ്ടെന്നു എനിക്കു നിശ്ചയം ഉണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): താമരക്കുളം പഴയ അളത്തിലുള്ള ഈ കുഴികളുടെ വിസ്തീർണ്ണം എത്രയെന്നു പറയുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ൩൭.൫ ഏക്കർ സർ, തെക്കുവശം നേരെ താഴെയായി പരിയൂർ അളം കിടക്കുന്നു. നാലിൽ ചിലഭാഗം ഏക്കർ ൨൦ത്തോളം വിസ്താരമുള്ള വളരെ ചെറിയ അളമാകുന്നു ഇത്. ഇവിടെ ഉപ്പു വെള്ളം സമൃദ്ധിയായി കിട്ടിവരുന്നു. അവിടെയുള്ള ഫാക്ടറിയും സാമാന്യം നല്ല നിലയിൽ പ്രവൃത്തി നടത്തിവരുന്നുണ്ട്. രാജാക്കമംഗലം അളത്തിലാണെങ്കിൽ കഴിഞ്ഞ കുറെ വർഷങ്ങളിലായി ഉപ്പു വെള്ളം വളരെ കുറവായിട്ടേ കിട്ടുന്നുള്ളു. എങ്കിലും ആ ചെറിയ സംഭരണം കൊണ്ടും ഈ ആണ്ട് ൧,൯൧൨ മന്നു ഉപ്പു വിളയിക്കുവാൻ സാധിച്ചു എന്നു പറയുന്നതിൽ എനിക്കു വളരെ സന്തോഷം ഉണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): കുളച്ചൽ അളത്തിൽനിന്നും കിട്ടുന്ന ഉപ്പു എത്രയെന്നു പറയുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതിലേക്കു തന്നെയാണ് ഞാൻ ഭാവിക്കുന്നത്. ഇപ്പോൾ രാജാക്കമംഗലം ഫാക്ടറികളിൽ ഉപ്പു വെള്ളം കിട്ടുന്ന കാര്യം വളരെ പ്രയാസമായിട്ടാണിരിക്കുന്നത്. പുറമേയും അതിനടുത്തായി ഓരോ റിസർവായർവീതം രണ്ടു റിസർവായർ ഉണ്ട്. അവങ്ങൾ വലിപ്പു ചാലിൽ നിന്നു തടവുകൂടാതെ ഒഴുകിക്കൊണ്ടിരിക്കുന്ന ശുദ്ധജലത്താൽ പുറമേയുള്ള റിസർവായറിലെ ഉപ്പു വെള്ളം ദുഷിപ്പിക്കപ്പെടുന്നു. എല്ലായ്പോഴും അവിടെ ഈ ഉപദ്രവം ഉണ്ടായിക്കൊണ്ടുതന്നെയാണിരി

ക്കുന്നത്. ഈ ശുദ്ധജലം ഒഴുകുന്ന ചാലിനെ തിരിച്ചു മറെറാരു മാർഗ്ഗമായി വിടുവാൻ ശ്രമിച്ചു വരുന്നുണ്ട്. കുറെ ഭൂമി പതിപ്പിച്ചു ആഴങ്ങൾ ചാനലിനെ, അതു പുറമെയുള്ള റിസർവായറിൽ ചെന്നു വീഴത്തക്കവണ്ണം തിരിച്ചു വിടുവാൻ ഒരു ആലോചന നടന്നു വരുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ഇതിനു മുമ്പു എപ്പോഴെങ്കിലും ഈ ആഴങ്ങൾ ചാനലിന്റെ ഗതിയെ തിരിച്ചു വിട്ടിട്ടുണ്ടോ എന്നു പറയുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉണ്ട്. ഒരിക്കൽ അതിന്റെ ഗതിയെ മാററുകയുണ്ടായിട്ടുണ്ട്. എന്നാൽ അതു വിജയപ്രദമായ രീതിയിലല്ല. ആ മാററം പരാജയത്തിലാണ് കലാശിച്ചതു്. ഉന്നതപ്രദേശത്തുനിന്നുള്ള ശുദ്ധജലത്തെയെല്ലാം മറെറാരു മാർഗ്ഗമായികൊണ്ടുപോയി പുറമെയുള്ള ബേസിനിൽ വീഴാൻ അനുവദിക്കാതെ നേരെ സമുദ്രത്തിൽ ചെന്നു ചേരത്തക്കവണ്ണം വേറൊരു ചാനൽകൂടെ വെട്ടാൻ ആലോചനയുണ്ട്. സർ, ഈ മാററം വരുത്തുന്നതിനു സ്വാഭാവികമായി കുറെ സമയം വേണ്ടിവരുന്നതാണ്. അതിലേക്കു ഭൂമി ഒഴിപ്പിച്ചെടുക്കുകയും വളരെ ശ്രമം ചെയ്യേണ്ടതുമായിട്ടുണ്ട്. കുളച്ചൽ അടുത്ത പ്രദേശം കടക്കുമ്പോൾ—

മി: [illegible] സി. [illegible]പിള്ള (കുൽക്കുളവും വിളവങ്കോടും): ആവശ്യം പ്രമാണിച്ചുള്ള വകുപ്പനുസരിച്ചു ഭൂമികൾ ഒഴിപ്പിച്ചെടുക്കാൻ സാധിക്കുന്നതല്ലയോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ആവാം. അതിനെപ്പററി ആലോചന നടന്നുവരുന്നുണ്ട്. കുളച്ചൽ നടത്തിൽ ഈ ആണ്ട് കുറെ ഉപ്പുവെള്ളം ഞങ്ങൾക്കു കിട്ടുകയുണ്ടായി. അതുകൊണ്ട് [illegible] മന്നു ഉപ്പു ഉണ്ടാക്കുവാൻ ഞങ്ങൾക്കു സാധിച്ചു. വാസ്തവത്തിൽ [illegible] അധികമായി ഉപ്പു ഉണ്ടാക്കുവാൻ ഞങ്ങൾക്കു സാധിക്കുമായിരുന്നു. എന്നാൽ ഇടയ്ക്കിടെ [illegible] മഴ അതിനു പ്രതിബന്ധമായിത്തീരുകയും, അതുനിമിത്തം അധികം ശ്രമം ചെയ്യുവാൻ ഞങ്ങൾക്കു സാധിക്കാതെവരികയും ചെയ്തു. സർ, ഈ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ടും, ഞാൻ മുൻപു പ്രസ്താവിച്ചപ്രകാരം, കഴിഞ്ഞ ആണ്ടിൽ [illegible] ലക്ഷം മന്നു ഉപ്പു ഉണ്ടാക്കുവാൻ ഞങ്ങൾക്കു സാധിച്ചു. അതു ഇതുവരെ ഉണ്ടാക്കീട്ടുള്ളതായി റിക്കാർട്ടിൽ നിന്നും തെളിയുന്ന തുകയിൽ നിന്നും ഏററവും കൂടുതലാണ്. ഈ ആണ്ടിലും വളരെ ഉപ്പു വിളയിക്കാമെന്നു ഞാൻ അധികമായി ആശിച്ചിരുന്നില്ല എങ്കിലും, കണക്കു നോക്കുന്നതായാൽ ഏട്ടു ലക്ഷം മന്നുവരെ ഉണ്ടായിട്ടുണ്ടെന്നു കാണപ്പെന്നതാണ്. ഇതു മിഥുനമാസാവസാനം വരെയുള്ള കണക്കാകുന്നു. ഈ മാസത്തിൽ നേരത്തെതന്നെ ഉപ്പു ഉണ്ടാക്കുവാൻ ആരംഭിച്ചിട്ടുണ്ടായിരിക്കണം. അവിടെ കാററുകൂടെ ഉപ്പു ഉണ്ടാക്കാമായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു. ഉപ്പുവെള്ളം സംഭരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം, അതു എന്റെ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് മാത്രം എളുപ്പത്തിൽ പരിഹരിക്കപ്പെടാവുന്ന ഒന്നാണെന്നു തോന്നുന്നില്ല. രാജാക്കമംഗലത്തുള്ള ഒരു ഉപ്പു ലൈസൻസുകാരനായ മിസ്റ്റർ പൊന്നയ്യനാടാർ [illegible] ഒരുതരം യന്ത്രം സ്ഥാപിച്ചു വളരെയൊക്കെ ശ്രമം ചെയ്യുകയുണ്ടായി എങ്കിലും അതു പരാജയത്തിലാണ് കലാശിച്ചതെന്നു ഞാൻ അറിയുകയുണ്ടായി. എന്നാൽ ഇതുമാത്രമല്ല എനിക്കു അതു സംബന്ധിച്ചു പറയുവാനുള്ളതു. ജഫ്‌നായ്ക്കു അടുത്തു എവിടെയോ സിലോണിൽ എലിഫൻറ പാസ്സ് (ആന ഇടുക്ക) എന്നു ഒരു സ്ഥലം ഉണ്ട്. അവിടെ സമുദ്രത്തിൽ നിന്നും നേരിട്ടു ഫാക്ടറികളിലേക്കു വെള്ളം ജലാരോഹണയന്ത്രത്തിന്റെ സഹായത്താൽ കയററിവരുന്നതായി ഞാൻ പറഞ്ഞുകേട്ടിട്ടുണ്ട്. കൃത്രിമമായ മാർഗ്ഗങ്ങൾകൊണ്ട് സമുദ്രത്തിൽനിന്നും ഉപ്പുവെള്ളം ശേഖരിക്കുവാൻ സാദ്ധ്യമാണെന്നുള്ളതിലേക്കു അതു ഒരു പ്രത്യക്ഷമായ തെളിവാകുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): പീമ്പറിന്റെ സഹായത്താൽ സമുദ്രത്തിൽ നിന്നും വെള്ളം കയററുവാൻ സാധിക്കുന്നതല്ലയോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതിലേക്കു തന്നെയാണു ഞാൻ കടക്കാൻ ഭാവിക്കുന്നതു്. സമുദ്രജലം പമ്പുചെയ്തു ഫാക്ടറികളിലേക്കു കടത്തുന്നതു വിജയകരമായിത്തീരുമോ എന്നു പറയേണ്ടതു് ചീഫ്എഞ്ചിനീയരാകുന്നു. എങ്ങനെയായാലും ഫാക്ടറികൾക്ക് നല്ലതും ധാരാളവും ആയ ഉപ്പുവെള്ളം സംഭരിച്ചുകൊടുക്കേണ്ട വിഷയം ഗവണ്മെന്റിന്റെ ഗൌരവമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. ധാരാളം ഉപ്പുവെള്ളം കിട്ടുന്നതിൽ ശ്രദ്ധിക്കേണ്ടതു ഗവണ്മെന്റിന്റേയും ലൈസൻസുകാരുടേയും ഗുണത്തിന് ഒന്നുപോലെ ആവശ്യംതന്നെയാകുന്നു. അന്യരാജ്യങ്ങളിലുള്ള ഉപ്പു ഇറക്കുമതിചെയ്യുന്നതിൽ ആർക്കും താൽപര്യമില്ല.

ലൈസൻസുകാരെപ്പററിയും ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. സഭയുടെ മറുവശത്തുള്ള മെമ്പർമാരുടെ അഭിപ്രായങ്ങളിൽനിന്നു വെളിവാകുന്നതു കുററത്തിനുത്തരവാദി ഗവണ്മെന്റു മാത്രമാണെന്നാകുന്നു; എന്നാൽ എനിക്കു പറയുവാനുള്ളതു് ലൈസൻസുകാർ അവർക്കു കഴിയുന്നതുപോലെയെങ്കിലും ഗവണ്മെന്റുമായി സഹകരിക്കുന്നില്ലെന്നാണ് അവർ കാര്യമൊന്നുമില്ലാതെ തന്നെ തമ്മിൽ തമ്മിലും ഗവണ്മെന്റുമായിട്ടും കലഹിക്കുന്നു. ഞാൻ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് കൈയേററപ്പോൾ ഉപ്പു ലൈസൻസുകാരുടെ സിൻഡിക്കേററ് ഉണ്ടായിരുന്നു. അതു് കുറേകാലത്തേക്ക്, അതായതു്, ഒരു വർഷത്തിലധികം നല്ല ജോലിചെയ്തുകൊണ്ടിരുന്നു. അതിനുശേഷം അതു് ഉടഞ്ഞുപോയി. പിന്നീട് അവർ ഒരു സഹകരണസംഘം രൂപീകരിച്ചു ആ സംഘത്തിൽ അവർ നിർവാഹകാംഗങ്ങളെ തിരഞ്ഞെടുത്തതിനു ശേഷം പിരിഞ്ഞു. അതിൽ പിന്നെ ആ സംഘത്തെപ്പററി യാതൊന്നും ഞാൻ കേട്ടിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപ്പ് ഉണ്ടാക്കുന്നവിഷയത്തിൽ ഈ ലൈസൻസുകാർ പ്രത്യേകമായ താൽപര്യം കാണിക്കാത്തതിനു കാരണമെന്തെന്നു പറയുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): അവർതന്നെയാണ് ആ ചോദ്യത്തിന് ഉത്തരം പറയുവാൻ തക്ക ആളുകൾ എന്നു ഞാൻ വിചാരിക്കുന്നു;

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിപ്പാർട്ടുമെന്റിന്റെ അധികൃതൻ എന്നനിലയിൽ എക്സൈസ്കമ്മീഷണർ ലൈസൻസുകാരുടെ ഈ അലസതയ്ക്കുള്ള കാരണമെന്തെന്ന് അറിവാൻ അന്വേഷണം

നടത്തീട്ടുണ്ടോ എന്നും, അപ്രകാരമുള്ള നിലയ്ക്കു ഏതെങ്കിലും പരിഹാരം വരുത്തുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ടോ? എന്നും അദ്ദേഹം അറിയിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞാൻ അന്വേഷണങ്ങൾ നടത്തീട്ടുണ്ട്. അതിനു അധികവും കാരണമായിട്ടുള്ളത് അവരുടെ സഹതാപമില്ലായ്മയും, ഉദാസീനതയുമല്ലാതെ മറ്റൊന്നുമല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രാദേശികമായ ഉപ്പ് ഉണ്ടാക്കുന്നവിഷയത്തിൽ അവരെ കൂടുതൽ ഉത്സാഹമുള്ളവരാക്കിത്തീർക്കുവാൻ ഏതെങ്കിലും ചെയ്യുവാൻ സാധിക്കുന്നതാണോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അവരെ ഉത്സാഹമുള്ളവരാക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപദേശംകൊണ്ടോ അല്ലെങ്കിൽ പ്രചരണപ്രവൃത്തികൊണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വാരിയൂർ അളംപോലെ അതിന്റെ അയൽപക്കങ്ങളിൽ അതുപോലെയുള്ള അളങ്ങൾ ഏർപ്പെടുത്തുവാൻ ഏതെങ്കിലും നിവൃത്തിയുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അവിടെ ഇപ്പോൾതന്നെ ഒരു ഫാക്ടറി ഉണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവിടെ സമീപസ്ഥലങ്ങളിൽ അതുപോലെ ഫാക്ടറികൾ സ്ഥാപിക്കുവാൻ മാർഗ്ഗങ്ങളുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): [illegible] എന്ന സ്ഥലത്ത് വേറെ ഒരു ഫാക്ടറികൂടിയുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപ്പു[illegible]ളും സംബന്ധിച്ച സാഹചര്യത്തിന്റെ ഇപ്പോഴത്തെ നിലയനുസരിച്ച് വരിയൂർ അളത്തിന് അവിടെ ചെയ്യുന്നതുപോലെ, വരിയൂരിന്റെ പരിസരങ്ങളിലായി ഒന്നോ രണ്ടോ ഫാക്ടറികൾകൂടെ ഉണ്ടാകുന്നതിനു മാർഗ്ഗമുണ്ടോ എന്നാണ് എന്റെ ചോദ്യം?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, ഇല്ല. വരിയൂർനിന്നും കുറെ ദൂരത്തിലായി ഒരു ഫാക്ടറി ഉണ്ടായിരുന്നു. എന്നാൽ അതു ഇപ്പോൾ ഉപേക്ഷിക്കപ്പെട്ടിരിക്കയാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവർമെന്റുവക ഉപ്പു വിൽക്കപ്പെടാതിരിക്കുമ്പോൾ ലൈസൻസുകാർക്ക് ഉപ്പു വിൽക്കാവുന്നതല്ലെന്ന നിയമമില്ലേ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അപ്രകാരം നിയമം ഒന്നും ഇല്ല. സംഗതി ഇതാണ്. ഞങ്ങൾ സാധാരണയായി ഗവർമെന്റുവക ഉപ്പു [illegible] വില്ക്കുന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): എനിക്ക് ഒരു ഉത്തരമെ ആവശ്യമുള്ളു. ഗവർമെന്റുവക ഉപ്പ് സൂക്ഷിച്ചിരിക്കുമ്പോൾ ഒരു വ്യക്തിക്ക് ഉപ്പു വിൽക്കാമോ? ഉപ്പുവിൽക്കുന്നതിൽനിന്നും വ്യക്തിപരമായ വിധം തടസ്സം പുറപ്പെടുവിച്ചിട്ടുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അപ്രകാരം ഒന്നും തടയപ്പെട്ടിട്ടില്ല. ഞാൻ അതു വിവരിക്കാം. പുത്തളം എന്നു പറയപ്പെടുന്ന ഒരു അളം ഉണ്ട്. അവിടെ ഉപ്പിനു വില്പന ഇല്ലാതിരിക്കുമ്പോൾ അവിടെയുള്ളവർക്കു വില്പനയുണ്ടാകുന്നതിനു [illegible] ഫാക്ടറികൾ ഞങ്ങൾക്കു അടയ്ക്കേണ്ടിയിരിക്കുന്നു. അതിൽനിന്നു ഏതുവെങ്കിലും കാലത്തേക്ക് ഞങ്ങൾ ഉപ്പു വില്പനയെ തടയുന്നതായി അർത്ഥമാക്കേണമെന്നില്ല. പുത്തളത്തിലെ വേലക്കാർക്ക് [illegible] ഞങ്ങൾക്കു മറ്റു ഫാക്ടറികൾ അടയ്ക്കേണ്ടിവരുന്നത്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഉപ്പുവില്പനയിലുള്ള മത്സരം നിമിത്തം ലൈസൻസുകാർക്കു ദോഷം പറ്റുന്നില്ലേ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, വളരെയൊന്നും ഇല്ല. അല്പദിവസങ്ങൾക്കു മാത്രമേ ഞങ്ങൾ ഫാക്ടറികൾ അടയ്ക്കുന്നുള്ളു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാടും): വേറൊരു സംഗതികൂടെ ഉണ്ട്. ചാർജ്ജുകൾ എന്ന കണക്കിൻപ്രകാരം ഉപ്പുവക പാട്ടെടുപ്പിൽനിന്നുള്ള ആദായങ്ങളിൽ, മൂന്നുലക്ഷംരൂപ നിങ്ങൾ ബഡ്ജറ്റിൽ കൊള്ളിച്ചുകാണുന്നു; എന്നാൽ ഉപ്പു കടത്തിക്കൊണ്ടുപോകുന്നതിലേക്കുള്ള ചാർജ്ജ് ഇനത്തിൽ ഒരു ലക്ഷം രൂപമാത്രമേ ചിലവാകയുള്ളു എന്നു നിങ്ങൾ വിചാരിക്കുന്നു. അതുകൊണ്ട് ഉപ്പുവില്പനയിൽ 200 ശതമാനം ലാഭം ആണെന്നു നിങ്ങൾ കണക്കാക്കുന്നത്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതു വാസ്തവത്തിൽ ശരിയല്ല. വരവിനത്തിലുള്ള തുക ഒരു സ്ഥലത്തുനിന്നും മറ്റൊരുസ്ഥലത്തേക്കു കടത്തിക്കൊണ്ടുപോകുന്നതിലേക്കുള്ള ചെലവുമാത്രം ഉൾപ്പെട്ടതല്ല. മറ്റ് ഇനങ്ങളിലുള്ളതും ഉൾപ്പെട്ടതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] ചാർജ്ജുകൾ സംബന്ധിച്ച് ഉപ്പുവില്പനയിൽ ചെലവുവന്നിട്ടുള്ള മൂന്നുലക്ഷത്തിലധികം സംഖ്യ ഏതു അടിസ്ഥാനത്തിന്മേലാണ് കണക്കാക്കപ്പെട്ടിട്ടുള്ളതെന്നു പറയുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): മുന്നാണ്ടുകളിൽ ഉപ്പുവില്പന കണക്കാക്കപ്പെട്ടിരുന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതുസംബന്ധിച്ചു കണക്കുകൂട്ടീട്ടുള്ള മറ്റു ഉപാധികൾ ഏതെല്ലാമെന്നു പറയുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞങ്ങൾക്കു ബോംബെ ഉപ്പിനും തിരുനൽവേലി ഉപ്പിനും വില കൊടുക്കേണ്ടതായിട്ടുണ്ട്. അവയെല്ലാംകൂടി ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ൧൧൨൦-ലെ നിങ്ങളുടെ [illegible] ച്ച് ന,൭൨,൩൭൭ രൂപയായിരുന്നു. അടുത്തവർഷം ൩-ലക്ഷം രൂപ ഈടാക്കണമെന്നു മാത്രമാണ് നിങ്ങൾ ആലോചിക്കുന്നത്. ഈ വ്യത്യാസത്തിനുള്ള കാരണം എന്താണ്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): നിങ്ങൾ പറഞ്ഞത് എനിക്കു നല്ലതുപോലെ മനസ്സിലായില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ൧൧൨൦-ൽ നിങ്ങൾ കൃത്യമായി ന,൭൨,൩൭൭ രൂപ ഈടാക്കീട്ടുണ്ട്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): റിക്കവറികൾ എന്ന ഇനത്തിലാണോ?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അതെ, റിക്കവറികൾ എന്ന ഇനത്തിൽതന്നെ. എന്നാൽ അടുത്തവർഷം നിങ്ങൾ ൩ ലക്ഷം രൂപ മാത്രമേ ഈടാക്കാൻ ഉദ്ദേശിക്കുന്നുള്ളു. ഈ വ്യത്യാസത്തിനു കാരണമെന്ത്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): കഴിഞ്ഞവർഷം ഇറക്കുമതിചെയ്തിട്ടുള്ളതുപോലെ അത്രമാത്രം ഉപ്പ് ഇറക്കുമതി ചെയ്യുന്നില്ലെന്നുള്ളതാണ് ആ വ്യത്യാസത്തിനു കാരണം.

സർ, ഞാൻ പറയുകയാണെങ്കിൽ——

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): കൂടുതൽ ഉപ്പ് ഇറക്കുമതി ചെയ്യുന്നില്ലെങ്കിൽ ഒരു ലക്ഷം രൂപ നിങ്ങൾ അടുത്തവർഷത്തേക്ക ആവശ്യപ്പെടുന്നത് എന്തിന്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): കഴിഞ്ഞവർഷത്തിലെന്നപോലെ അത്രമാത്രം ഉപ്പ് ഇറക്കുമതി ചെയ്യുന്നില്ലെന്നു ഞാൻ പറഞ്ഞുവല്ലോ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): പിന്നെ ഉപ്പു കടത്തിക്കൊണ്ടുപോകുന്ന ചെലവിൽ കുറവില്ലാത്തതെന്തുകൊണ്ടാണ്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): റിക്കവറികളിൽനിന്നും വളരെ വ്യത്യാസപ്പെട്ടവയാണ് ട്രാൻസ്പോർട്ടുചെലവുകൾ. ട്രാൻസ്പോർട്ടു ചാർജ്ജുകളുടെ ഉദ്ദേശം നമ്മുടെ വക ഉപ്പുകളെ [illegible] രക്കളത്തുനിന്ന് ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീസ്ഥലങ്ങളിലേക്ക കടത്തിക്കൊണ്ടുപോകുന്നതാണ്. എന്നാൽ റിക്കവറികൾ എന്ന ഇനത്തിൽ ഞാൻ പറഞ്ഞതുപോലെ ഈ ഉപ്പു കടത്തിക്കൊണ്ടുപോകുന്നതിനു വേണ്ടിവരുന്ന ചെലവുമാത്രമല്ല, ബാംബെ, തിരുനൽവേലി എന്നീസ്ഥലങ്ങളിൽനിന്നും [illegible] ന്ന ഉപ്പിന്റെ വിലകൂടി ഉൾപ്പെടുന്നു. ഇപ്പോൾ നിങ്ങൾക്ക ഞാൻ പറഞ്ഞതിന്റെ അർത്ഥം വിശദമായി മനസ്സിലായിട്ടുണ്ടെന്നു വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "ഉപ്പിന്റെ വില്പനയിൽ സംഭവിച്ചിട്ടുള്ള ചെലവു മൂലമുണ്ടായിട്ടുള്ള റിക്കവറികൾ" എന്ന ഇനത്തിൽ ഉപ്പിന്റെ വില്പനകൊണ്ടുണ്ടായിട്ടുള്ള വിലയും ഉൾപ്പെടുന്നുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): [illegible] കൊടുക്കുന്ന വിലയും ഉപ്പുസംബന്ധിച്ചുള്ള ഒരു ചെലവുതന്നെയല്ലയോ? അപ്രകാരമാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ഉപ്പിനുള്ള കുറിവില വളരെ കുറവാണെന്ന് മിസ്റ്റർ ചെല്ലംപിള്ള അഭിപ്രായപ്പെട്ടു.

[illegible] കണക്കുകൂട്ടിയതിൽ വലുതായതെറ്റ് അദ്ദേഹത്തിനു പററിപ്പോയതിൽ ഞാൻ വ്യസനിക്കുന്നു. [illegible] സൻസുകാരനു ചെല്ലേണ്ട ഉപ്പിന്റെ കൃത്യമായ വില മണ്ണൊന്നിന് [illegible] അണ ആകുന്നു. അല്ലാതെ അദ്ദേഹം പറഞ്ഞതുപോലെ [illegible] രൂപ [illegible] അണ അല്ലെങ്കിൽ [illegible] അണ അല്ല. [illegible] രൂപ [illegible] അണ ഉൾപ്പെടെ [illegible] പ്പിലുള്ള നികുതിയാകുന്നു. അത് രാജഭാഗമാണ്. [illegible] ചെല്ലുന്നുള്ള ഭാഗമോ [illegible] ഉപ്പുനി കുതിയെസംബന്ധിച്ച് ഗവണ്മെന്റിനു [illegible] ബാക്കിയുള്ളത് ഉപ്പിന്റെ വിലയാകുന്നു. അത് [illegible] അണയാണ്.

മി: വി. ചെല്ലംപിള്ള (തോവാള): ൧൧൨൦-ലെ രാജ്യഭരണറിപ്പോർട്ടിന്റെ [illegible] തിരുവനന്തപുരം ഡിപ്പോവിലുള്ള ഉപ്പിന്റെ വില [illegible] രൂപ [illegible] അണയായി [illegible] പ്രസ്താവിച്ചിട്ടുണ്ട്. താമരക്കുളത്തുനിന്നും തിരുവനന്തപുരത്തേക്ക് ഉപ്പു കടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടിവരുന്ന ചെലവു മണ്ണൊന്നിന് എന്തായിരിക്കുമെന്ന് അറിവാൻ എനിക്ക് ആഗ്രഹമുണ്ട്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അത് [illegible] രൂപയോളം ആണെന്നാണ് എനിക്കുതോന്നുന്നത്.

മി. വി. ചെല്ലംപിള്ള (തോവാള): അത് മണ്ണൊന്നിന് നാലണ വീതമാകുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): നാലണയിൽ കൂടുതലുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): അഞ്ചണയായിരിക്കട്ടെ. അപ്പോൾ ഉപ്പു [illegible] രൂപ [illegible] അണ ആയിട്ടുതന്നെ വരുന്നു. ഉപ്പുവില്പനയിൽനിന്നും അവർ എത്രതുകവീതം [illegible] എന്ന് അറിവാൻ എനിക്ക് ആഗ്രഹമുണ്ട്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): വളരെ ചുരുക്കം മാത്രമേ ഉള്ളു.

മി: വി. ചെല്ലംപിള്ള (തോവാള): അപ്പോൾ താമരക്കുളത്തുള്ള വില [illegible] രൂപ [illegible] അണയാണെന്നു വരുന്നു.

പ്രസിഡന്റ്: മിസ്റ്റർ ചെല്ലംപിള്ളെ, ഉപ്പിന്റെവില [illegible] അനുഭവിക്കുന്നവർക്ക വില [illegible] വിലയിൽനിന്നും വ്യത്യാസപ്പെട്ടതാണെന്നുള്ള മിസ്റ്റർ ഗോമതിനായകംപിള്ളയുടെ അഭിപ്രായത്തെ നിങ്ങൾ വിലവച്ചതായി തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ [illegible] വിലയിൽ ഗവണ്മെന്റിനു ചെല്ലേണ്ട നികുതി ഉൾപ്പെടുന്നുണ്ട്. ഗവണ്മെന്റിന് അവകാശമുള്ളതായ നികുതി ഉൾപ്പെടാതെയുള്ള ഉപ്പിന്റെ യഥാർത്ഥമായ വില എന്നുപറയുന്നത്, ലൈസൻസുകാരന് അവകാശമുള്ള ഭാഗംകൂടെ ഉൾപ്പെട്ടതാകുന്നു. അദ്ദേഹം ഉദ്ദേശിക്കുന്ന വ്യത്യാസം അതാണെന്നു തോന്നുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): സർ, റിപ്പോർട്ടിൽപറയുന്നതു് ഇപ്രകാരമാകുന്നു. പഴയ ഫാക്ടറികളെ സംബന്ധിച്ചടത്തോളം ലൈസൻസുകാർ ഉണ്ടാക്കുന്ന ഉപ്പിന്റെ വിലയായി അവർക്കു കൊടുത്തുവരുന്നതു് ഉപ്പിൽ അവർക്കുള്ള അംശത്തിന്മേൽ അല്ലെങ്കിൽ കുടിവാരത്തിന്മേൽ മന്നു് ഒന്നിനു് ൧ ചക്രം (൮ അണ) വീതം ആകുന്നു. ലൈസൻസുകാർക്കുള്ള ഉപ്പിന്റെ അംശം അവർ ഉണ്ടാക്കുന്ന ആകെ അളവിന്റെ ൪൦ ശതമാനമാണു്. ബാക്കിയുള്ള ൬൦ ശതമാനവും ഗവണ്മെന്റു് പ്രതിഫലംകൂടാതെ മേൽവാരമായി (നികുതിയായി) എടുക്കുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അപ്രകാരമല്ല. നിങ്ങൾപറയുന്നതിൽനിന്നും വളരെ വ്യത്യാസമുണ്ടു്. നികുതി അതിൽ ഉൾപ്പെടുന്നതേയില്ല.

മി: വി. ചെല്ലംപിള്ള (തോവാള): ഏതായാലും, റിപ്പോർട്ടിൽപറഞ്ഞിട്ടുള്ളതു ബാക്കിയുള്ള ഉപ്പിന്റെ ൬൦ ശതമാനം ഗവണ്മെന്റിൽനിന്നും പ്രതിഫലംകൂടാതെ അവരുടെമേൽ (നികുതി) ആയിട്ടെടുക്കുന്നു എന്നാണു്. അതുകൊണ്ടു മേൽവാരത്തിൽ നികുതിയും ഉൾപ്പെടുന്നുണ്ടു്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): മെംബർ വായിക്കുന്നതു എന്താണെന്നു എനിക്കറിയാമോ ?

മി. വി. ചെല്ലംപിള്ള (തോവാള): ൧൯൦൬-മാണ്ടത്തെ കമ്മീഷണറിപ്പോർട്ട്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): പുറം ഏതാണെന്നു ദയവുചെയ്തു പറയുക.

മി: വി. ചെല്ലംപിള്ള (തോവാള). പുറം ൩൩, ഖണ്ഡിക ൪൧, വരി ൧൧.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, അതിൽ പ്രസ്താവിച്ചിട്ടുള്ളതിനെ ഞങ്ങൾ കാര്യമായി ഗണിക്കുവാൻ നിവൃത്തിയില്ല. പക്ഷെ, സംഗതിയുടെ സ്വഭാവം മെംബർമാരെ ഗ്രഹിപ്പിക്കുവാൻമാത്രമായി അവിടെ അതു പറഞ്ഞിട്ടുള്ളതായിരിക്കാം. അതു ഉപ്പുനിയമമോ അല്ലെങ്കിൽ ഉപ്പിനെസംബന്ധിച്ച റഗുലേഷനോ അല്ല. അതുകൊണ്ടു് ഞങ്ങൾക്കു അതിനെ ആശ്രയിക്കുവാൻ നിവൃത്തിയില്ല. അതിനുംപുറമെ ഉപ്പുസംബന്ധമായിട്ടുള്ള നിയമങ്ങളോ, റഗുലേഷനോ നടപ്പിലാക്കുന്നതിനുമുൻപു് നടന്നിട്ടുള്ള ചില കാര്യങ്ങളെപ്പറ്റിയാണു് സൂചിപ്പിക്കുന്നതു. അല്ലാതെ അതിനുശേഷമുള്ളവയെപ്പറ്റിയല്ല.

മി: വി. ചെല്ലംപിള്ള (തോവാള): ഉപ്പുറഗുലേഷൻ ഏതെങ്കിലുംപ്രകാരത്തിൽ ലൈസൻസുകാർക്കുള്ള ഓഹരിയെ ബാധിച്ചിട്ടുണ്ടോ എന്നു പറയുമോ ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉണ്ടു്. അതു ബാധിച്ചിട്ടുണ്ടു്. ഇപ്പോൾ ഉപയോഗപ്പെടുത്തിപ്പോരുന്നതു ഉപ്പുറഗുലേഷനും നിയമങ്ങളും ആണു, മറ്റൊന്നും അല്ല.

സർ, താമരക്കുളത്തെ ഉപ്പുലൈസൻസുകാർക്കു മുമ്പു് ൧ചക്രം മാത്രമേ കൊടുത്തുവന്നിരുന്നുള്ളൂ. മററു ലൈസൻസുകാരുമായി മിജയകരമായവിധം എതിർത്തുനില്ക്കുവാൻ സാധിക്കുന്നില്ലെന്നുള്ള അവരുടെ പരാതി അനുസരിച്ചു ക്രമേണ ൧ ചക്രത്തിൽനിന്നും ൧ ചക്രമായിട്ടോ മറ്റോ വർദ്ധിപ്പിക്കപ്പെട്ടു, ഇപ്പോൾ അതു ൧ ചക്രമായിത്തീർന്നിരിക്കുന്നു. അങ്ങനെയാണു് ആ സംഗതിയുടെ നില.

മി കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): കമ്മീഷണറിൽനിന്നു ഇതു അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) സർ, ഇടയ്ക്കു തടയുന്നതുകൊണ്ടു എനിക്കു മുഴുവനും പറയുവാൻ സാധിക്കുന്നില്ല.

പ്രസിഡണ്ടു്: മിസ്റ്റർ ഗോമതിനായകംപിള്ള അദ്ദേഹത്തിന്റെ സംഭാഷണാവസാനത്തിൽ ഏതു ചോദ്യത്തിനും മറുപടി പറയുന്നതാണു്.

മി: ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): പല സ്ഥലങ്ങളിലായി വില്ക്കുന്ന ഉപ്പിന്റെ വിലയെപ്പററി മിസ്റ്റർ ടി. സി. കേശവപിള്ള പരാതി പറയുകയുണ്ടായി. തിരുവനന്തപുരം കൊല്ലം ആലപ്പുഴ എന്നിങ്ങനെയുള്ള എല്ലാ സ്ഥലങ്ങളിലും ഒരേ നിരക്കനുസരിച്ചു ഉപ്പു വില്ക്കപ്പെടണമെന്നു അദ്ദേഹം ആവശ്യപ്പെടുന്നു. സർ, താഴെപറയുന്ന കാരണങ്ങളാൽ അതു ശരിയല്ലെന്നാണു എനിക്കു തോന്നുന്നതു്. ഈ സ്ഥലങ്ങളിലേക്കു ഉപ്പു കൊണ്ടുപോകുന്നതിലേക്കായി ഗവണ്മെന്റിനു ഒരു വലിയതുക ചെലവാകുന്നുണ്ടു്. അതുകൂടാതെ അവിടെ ഒരു ഡിപ്പോവും അതിനു വേണ്ട സ്റ്റാഫും സംരക്ഷിക്കുന്നതുകൊണ്ടും മററുപല ഇനങ്ങൾക്കും ആയിട്ടും ചെലവു വേണ്ടിവരുന്നുണ്ടു്. താമരക്കുളത്തുള്ള വിലയ്ക്കുതന്നെ ആലപ്പുഴയും കൊല്ലത്തും ഉപ്പുവില്ക്കുവാൻ ഗവണ്മെന്റിനു സമ്മതം തന്നെയെന്നുള്ളതു പക്ഷത്തിനുവേണ്ടി സമ്മതിക്കുന്നതായാൽതന്നെയും ഉപ്പുലൈസൻസുകാർക്കു നാശം സംഭവിക്കുന്നതാണു. അവർക്കു വളരെ ചെലവുസഹിച്ചു ഈ സ്ഥലങ്ങളിൽ അവരുടെ ഉപ്പുകൊണ്ടുപോയി വില്ക്കേണ്ടിവരുന്നതാണു്. തങ്ങൾക്കു വലുതായ നഷ്ടംവരാതെ മുൻപറഞ്ഞ നിരക്കനുസരിച്ചു അവർക്കു ഇതു ചെയ്യുവാൻ സാധിക്കുന്നതല്ല. അതുകൊണ്ടു ഉപ്പുകൊണ്ടുപോകുന്നതിനു് വേണ്ടിവരുന്ന ചെലവു ഉൾപ്പെടുത്തി കൂടുതൽനിരക്കിനു വില്ക്കേണ്ടിവരുന്നു. അവരോടു മത്സരിച്ചു നാം കുറഞ്ഞ നിരക്കിനു നമ്മുടെ ഉപ്പു വില്ക്കുകയാണെങ്കിൽ ഒരു വർഷത്തേക്കുപോലും ഫാക്ടറികൾ നിലനില്ക്കുമോ എന്നു എനിക്കു സംശയമാണു്. അതുകൊണ്ടു ഞാൻ അറിയിക്കുന്നതെന്തെന്നാൽ ഈ ഡിപ്പോകളിൽ വിററുവരുന്ന ഉപ്പിന്റെവില നല്ലപോലെ ക്രമപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നാകുന്നു. താമരക്കുളത്തു ഉപ്പിന്റെ വില മന്നിനു് ൧ രൂപ ൧൨ അണയും തിരുവനന്തപുരത്തു ൧ രൂപ ൧൩ അണയും ആകുന്നു. അതായതു താമരക്കുളത്തുള്ളതിൽനിന്നും തിരുവനന്തപുരത്തു മന്നൊന്നിനു് ഒരു അണ കൂടുതൽ മാത്രമാകുന്നു. കൊല്ലത്തു ൨ രൂപ ൧ അണ ൬ പൈസയും ആലപ്പുഴയിൽ ൨ രൂപ ൩ അണ ൬ പൈസയും ആണു് വിലയെന്നു ഞാൻ വിശ്വസിക്കുന്നു. മെസേർസ് ടി. സി. കേശവപിള്ളയും എൻ. കെ. കുഞ്ഞുപിള്ളയും ഉപ്പിന്റെ കൃഷിപരിഷ്കരണത്തെപ്പററി അതായതു് അതിന്റെ ഗുണത്തിലും അളവിലും അഭിവൃദ്ധിവരുത്തേണ്ടതിനെപ്പററി വിലയേറിയ അഭിപ്രായങ്ങൾ പറയുകയുണ്ടായി. ഈ അഭിപ്രായങ്ങൾ എന്റെ ഗാഢമായ ആലോചനയ്ക്കു വിഷയമായിത്തീരുന്നതാണു്. അതിനുംപുറമെ ഉപ്പുസംഭരണം സംബന്ധിച്ചടത്തോളം ഈ സംസ്ഥാനം അന്യാശ്രയം കൂടാതിരിക്കത്തക്കവണ്ണം

ഫാക്ടറികളിലെ ഉപ്പുസംബന്ധിച്ച വിളവു വർദ്ധിപ്പിക്കുവാൻ എന്നാൽ കഴിയുന്നിടത്തോളം ഞാൻ ശ്രമിക്കുന്നതുമാകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഒരു നിശ്ചിതകാലം കഴിഞ്ഞതിനുശേഷമല്ലാതെ ഇവിടെ ഉണ്ടാക്കുന്ന ഉപ്പു ഉപയോഗയോഗ്യമല്ലെന്നു കമ്മീഷണർ പറഞ്ഞു. ആ അഭിപ്രായത്തിന് അദ്ദേഹത്തിന് ശാസ്ത്രീയമായ ആധാരം വല്ലതുമുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): സർ, ശാസ്ത്രീയമായ അഭിപ്രായം ഏതെങ്കിലും ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. സമനിരപ്പായ ഉയർന്നസ്ഥലങ്ങളിൽ ഉപ്പു ശേഖരിച്ചു വച്ചിരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. മൂന്നോ നാലോ വർഷങ്ങൾക്കുള്ളിൽ അതു ഭയങ്കരമാകുംവണ്ണം ചീത്തയായിപ്പോകുന്നുണ്ട്.

പ്രസിഡൻറ്: ചോദ്യം അതല്ല. മിസ്റ്റർ മാധവൻപിള്ള നിങ്ങളുടെ ചോദ്യം ഒരിക്കൽക്കൂടെ പറയുക.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഉപ്പു ഉണ്ടാക്കി കുറെക്കാലം കഴിഞ്ഞതിനുശേഷംമാത്രമെ അതു ഉപയോഗിക്കുവാൻ കൊള്ളുകയുള്ളു, എന്നും ഉടനെ ഉപയോഗയോഗ്യമല്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): അതു വാസ്തവമല്ല. അപ്രകാരം ഒന്നും ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രെസിഡൻറ): ഈ ആണ്ട് ഉണ്ടാക്കിയ ഉപ്പ് അടുത്തവർഷം മാത്രമെ പുറത്തെയ്ക്കു അയയ്ക്കുവാൻ സാധിക്കുകയുള്ളു എന്നു അദ്ദേഹം പറഞ്ഞു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഉണ്ടാക്കിയതിന്നു ഉടൻ ഉപ്പു നല്ലപോലെ ഉണങ്ങിയിരിക്കയില്ല. അതിൽനിന്നും അതു ഉപയോഗയോഗ്യമല്ലെന്നു വരുന്നതല്ല. അതു നല്ലതുപോലെ ഉണങ്ങിയതിനുശേഷം ഉപയോഗപ്പെടുത്തുന്നതാണു അധികം നല്ലത്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഉപ്പു ഉണങ്ങുന്നതിന് എത്രകാലം വേണ്ടിവരും.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): അതു കാലസ്ഥിതികളെ ആശ്രയിച്ചിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതിൽനിന്നും വേറെയൊരു ചോദ്യത്തിന് അവകാശം ഉണ്ടാകുന്നു. ൧൧൦൯-ാമാണ്ട അവസാനത്തിൽ ഒരു നല്ല തുക ഉപ്പു സ്റ്റാക്കിൽ ഉണ്ടായിരിക്കവെ ൧൧൦൮-ൽ വേറെ ൭൦൦൦൦ മന്നു ഉപ്പു ഇറക്കുമതി ചെയ്യുന്നതിന്റെ ആവശ്യം എന്തായിരുന്നു. അപ്പോൾ ൧൧൦൯ അവസാനത്തിൽ നിങ്ങൾക്ക് ഏകദേശം ൧൫ ലക്ഷം മന്ന് ഉപ്പ് ഇരിപ്പുണ്ടായിരുന്നു വല്ലൊ.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഇല്ല ഇല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ൧൧൦൯ അവസാനത്തിൽ ബാക്കി ഇരിപ്പുണ്ടായിരുന്ന ഉപ്പിന്റെ അളവ് എന്തായിരുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ൧൦ ലക്ഷം മന്ന് ഉപ്പുണ്ടായിരുന്നു എന്നാണ് എനിക്കു തോന്നുന്നത്. അതു ആ വർഷത്തെ ആകപ്പാടെയുള്ള വിളവായിരുന്നു. അതിൽ ഒരുഭാഗം ആ ആണ്ടുതന്നെ ചെലവായിട്ടുണ്ടായിരിക്കണം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സംസ്ഥാനം മുഴുവനുമുള്ള മൂന്നു വർഷത്തെ ശരാശരി എടുത്തുനോക്കുന്നതായാൽ ആണ്ടുതോറും ചെലവിന് ആവശ്യപ്പെടുന്ന ശരാശരി അളവു എന്തായിരിക്കും.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): അതു ഏതാണ്ടു ൧൧ ലക്ഷം മന്നിനും ൧൨ ലക്ഷം മന്നിനുംമദ്ധ്യേ ആയിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ൧൧൦൯-ാമാണ്ട അവസാനത്തിൽ ആണ്ടുതോറുമുള്ള ചെലവിന് വേണ്ടുവോളം ഉപ്പു ഉണ്ടായിരുന്നില്ലേ.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ). ൧൦ ലക്ഷംമന്ന് ഉപ്പു എല്ലാ ഫാക്ടറികളിലും നിന്ന് മൊത്തമായി കിട്ടിയ ഉപ്പിന്റെ തുകയാണ് അതിൽനിന്നും അടുത്ത ആണ്ടത്തെ ചെലവിന് കൊടുക്കാനുള്ള ഉപ്പു ഉണ്ടായിരുന്നു എന്നു അർത്ഥമാകുന്നമെന്നില്ല. അതിൽ ഒരു നല്ലഭാഗം ആ ആണ്ടിൽതന്നെ ചെലവായിരിക്കണം.

മി: വി. ചെല്ലംപിള്ള (തോവാള): പഴയ അളത്തിലുള്ള എല്ലാ പാത്തികളും തൃപ്തികരമായ വിധത്തിൽ ജോലിനടത്തിപ്പോരുമ്പോൾ അതിന് അകത്തുള്ള റിസർവായർ മാസത്തിൽ എത്രപ്രാവശ്യം നിറയ്ക്കപ്പെടേണ്ടതായിട്ടുണ്ട്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): എനിക്ക് നല്ല നിശ്ചയമില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): തിരുവിതാംകൂറിന്റെ ഏതെങ്കിലും ഭാഗത്തിൽ പുതിയ അളങ്ങൾ ആരംഭിക്കേണ്ട വിഷയത്തെപ്പററി അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെൻറ് ആലോചിച്ചിട്ടുണ്ടോ എന്ന് എന്നെ അറിയിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): എനിക്കു അറിവില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നാടൻ ഉപ്പോ അല്ലെങ്കിൽ വിദേശഉപ്പോ ഏതാണ് അധികം നല്ലത്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): നാടൻഉപ്പ് സാമാന്യം നല്ലതാണെന്നു തോന്നുന്നുണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): വിദേശീയ ഉപ്പിനേക്കാൾ അതു് നല്ലതാണോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതു് അധികം നല്ലതാണെന്നു പറയുവാൻ എനിക്കു നിവൃത്തിയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപ്പ് ചീത്തയായിത്തീരുന്നതു ഉപ്പുവെള്ളത്തിൽ ഉള്ള മാലിന്യംനിമിത്തമോ അതോ അതു കൃഷിചെയ്യുന്നവർ വൃത്തിഹീനമായവിധത്തിൽ കൃഷിചെയ്യുന്നതുകൊണ്ടോ എന്നു പറയുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): നാടൻഉപ്പ് ഒരുതരത്തിൽ മാത്രമല്ല ഉള്ളതു്. പല കാരണങ്ങളും പല ഗുണങ്ങളും ഉപ്പിൽ ആലോചിക്കേണ്ടതായിട്ടുകൂടി ഉണ്ടു്. അതുകൊണ്ടു് ആ ചോദ്യത്തിനു് ഖണ്ഡിതമായി ഒരു ഉത്തരം പറയുവാൻ സാധിക്കുന്നതല്ല. ബാംബേഉപ്പിനേക്കാളും ഉത്തമമായ രീതിയിലുള്ള വളരെ നല്ല ഉപ്പ് കിട്ടത്തക്കവണ്ണം ചില കാര്യങ്ങൾ ഉണ്ടു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്പോൾ, ഓരോ ഫാക്ടറികൾക്കും നല്കിവരുന്ന ഉപ്പുവെള്ളത്തിലും തരഭേദം കാണുന്നുണ്ടായിരിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉണ്ടു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): വിദേശത്തുള്ള ഒരുതരം ഉപ്പുമാത്രമേ ഉള്ളോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞങ്ങൾ പതിവായി ഇറക്കുമതിചെയ്യുന്ന ബോംബെ ഉപ്പ്, തൂത്തുക്കുടിഉപ്പ് എന്നിങ്ങനെ രണ്ടുതരം ഉണ്ടു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): നാടൻ ഉപ്പിലുള്ള ചില തരങ്ങൾ വിദേശീയ ഉപ്പിനേക്കാളും വളരെ നല്ലതായിട്ടുണ്ടെന്നു് എക്സൈസ് കമ്മീഷണർ പ്രസ്താവിക്കുകയുണ്ടായി.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉണ്ടു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): വിദേശീയഉപ്പിൽ അനേകംതരങ്ങൾ ഉണ്ടോ എന്നു് അറിവാൻ എനിക്കു് ആഗ്രഹമുണ്ടു്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉണ്ടു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കഴിഞ്ഞവർഷത്തിൽ മി: ചിറവിള്ളപ്പറമ്പിൽ ചോദിച്ച ചോദ്യത്തിനു് മറുപടിയായി നാടൻഉപ്പ് വിദേശീയഉപ്പിനേക്കാൾ വളരെ നല്ലതാണെന്നു് മെംബർ പറഞ്ഞിട്ടുള്ള വിവരം അദ്ദേഹത്തിനു ഓർമ്മയുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ചോദ്യംകൂടെ എന്നെ കേൾപ്പിക്കാത്തപക്ഷം ഞാൻ പറഞ്ഞിട്ടുള്ളതു് എന്താണെന്നു എനിക്കു ഓർമ്മിക്കുവാൻകഴിയുന്നതല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): പുത്തളത്തിലെ ഉപ്പ് മററു ഫാക്ടറികളിൽനിന്നും എടുക്കുന്ന ഉപ്പിനേക്കാൾ താണതരത്തിലുള്ളതാണോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): പക്ഷെ, രാസപ്രയോഗംകൊണ്ടുള്ള വ്യവഛേദനത്തിൽ വലിയ വ്യത്യാസമൊന്നും കാണുകയില്ലായിരിക്കാം. എന്നാൽ പുത്തളത്തിലെ ഉപ്പ് വ്യാപാരത്തിനു് വേണ്ടുവോളം ആകർഷണീയമല്ല. അതു് നിറത്തിൽ ചുവന്നതും, പൊടിയായിട്ടുള്ളതും ആകുന്നു. അതുതന്നെ വ്യത്യാസം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും, കുന്നത്തൂരും): നാടൻഉപ്പിൽനിന്നും താണതരത്തിലുള്ള ഉപ്പ് നാം ഇറക്കുമതി ചെയ്യാറുണ്ടോ എന്നു പറയുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഒരുതരത്തിലുള്ള ഉപ്പുമാത്രമല്ല നാം ഇറക്കുമതിചെയ്യുന്നതു്. കഴിഞ്ഞവർഷം, തൂത്തുക്കുടിയിൽനിന്നും നാം ഇറക്കുമതിചെയ്ത ഉപ്പിൽ ചിലതു് നല്ലതും, ചിലതു് ചീത്തയും ആയിരുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ചീത്ത ഉപ്പ് ഇറക്കുമതിചെയ്തിട്ടുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എപ്പോഴെങ്കിലും ഇറക്കുമതിചെയ്തിട്ടുള്ള ഉപ്പ് ചീത്തയാണെന്നു അറിയാൻ ഇടയാകുമ്പോൾ കൺട്രാക്ടരുടെ വില ഞങ്ങൾ കുറയ്ക്കുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): എന്നാൽ നമുക്കു് സാമാന്യം നല്ല നാടൻ ഉപ്പു ഉണ്ടല്ലോ.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): നമ്മുടെ സംഭരണം മതിയാകാതെ വരുമ്പോൾമാത്രമേ ഞങ്ങൾ ഇറക്കുമതിചെയ്യുന്നുള്ളു.

റാവുബഹദൂർ കെ. എം. കൃഷ്ണയ്യങ്കാർ (നിയമിതമെംബരും, ഡെപ്യൂട്ടിപ്രസിഡൻറും): ലൈസൻസുകാർ കൃഷിചെയ്യുന്ന ഉപ്പിൻെറ ലാഭങ്ങളിൽ ഒരു ഓഹരി അവർക്കും കൊടുക്കാറുള്ളതല്ലയോ എന്നു് എന്നെ അറിയിക്കുമോ? ഭേദഗതി വരുത്തീട്ടുള്ള ഏർപ്പാടിൽ ഉൾപ്പെട്ട ഫാക്ടറികളിൽ കൃഷിചെയ്യുന്നവർക്കും കൃഷിചെയ്യുന്ന ഉപ്പിൽ ഒരു ഓഹരി കൊടുത്തുവരുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഭേദഗതി വരുത്തീട്ടുള്ള ഫാക്ടറികളിൽ ഗവർമെൻറു ക്ലിപ്തമായ ഒരു അളവുമാത്രമേ എടുക്കുന്നുള്ളു.

റാവുബഹദൂർ കെ. എം. കൃഷ്ണയ്യങ്കാർ (നിയമിതമെംബരും, ഡെപ്യൂട്ടിപ്രസിഡൻറും): അപ്പോൾ, അപ്രകാരമുള്ള കാര്യങ്ങളിൽ അവരുടെ ഓഹരിയിലുള്ള ഉപ്പ് നികുതികൊടുത്തുടൻ സ്വാതന്ത്ര്യമായി കൊണ്ടുപോകുന്നതിനു അവരെ അനുവദിക്കുന്നുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സ്വാതന്ത്ര്യംപോലെ യാതൊരുവിധമായ വിഷമതയുംകൂടാതെ കൊണ്ടുപോകാവുന്നതാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബരും ഡെപ്യൂട്ടിപ്രസിഡന്റും): ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ഒരു ലൈസൻസുകാരന്റെ ഓഹരിയിലുള്ള ഉപ്പുമുഴുവനും യഥാകാലത്തിൽ കൊണ്ടുപോകുവാൻ കമ്മീഷണർ അനുവദിക്കായ്കനിമിത്തം ജലപ്രവാഹത്തിൽ നഷ്ടപ്പെട്ടുപോയതായി ഒരു പരാതി ഞങ്ങൾ കേട്ടിട്ടുണ്ട്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഗവണ്മെന്റിന്റെ ഓഹരിയായിട്ടുള്ള ഉപ്പ് അതു കൃഷിചെയ്തെടുക്കുന്ന വർഷത്തിൽതന്നെ മാററാൻ സാധിക്കുന്നതല്ല. ഈ ആണ്ടത്തെ ഉപ്പു അടുത്ത ആണ്ടിൽമാത്രമേ കടത്തിക്കൊണ്ടുപോകാൻ നിവൃത്തിയുള്ളു. നീക്കംചെയ്യുന്നതിൽ വേണ്ടിവരുന്ന താമസം ഗവണ്മെന്റുവക ഉപ്പിനെ സംബന്ധിച്ചുമാത്രമാകുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പരും, ഡെപ്യൂട്ടിപ്രെസിഡണ്ടും). ഉപ്പുകൃഷിചെയ്യുന്ന ആളിന് അയാളുടെ ഓഹരിയായ ഉപ്പു നികുതി കൊടുത്തതിനുശേഷം യഥാകാലത്തുതന്നെ കൊണ്ടുപോകുന്നതിനു തടസ്സം വരുത്തുന്നതല്ലെന്നുള്ളതിലേയ്ക്കു എക്സൈസ് കമ്മീഷണരിൽനിന്നും ഒരു ഉറപ്പു മാത്രമേ എനിയ്ക്കു ആവശ്യമുള്ളു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞങ്ങൾ അവരെ നികുതികൊടുക്കുന്നതിനുമുൻപുതന്നെയും ഉടമ്പടി എഴുതിവയ്പിച്ചിട്ട് അവരുടെ ഉപ്പ് കൊണ്ടുപോയിക്കൊള്ളുവാൻ അനുവദിക്കുന്നുണ്ട്. ആ സംഗതിയിൽ യാതൊരു ബുദ്ധിമുട്ടും ഇല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ബ്രിട്ടീഷ്ഇൻഡ്യയിൽ കുത്തക ഏർപ്പാടു ഇപ്പോഴും നിലനിന്നുപോരുന്നുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എനിക്കു നല്ല നിശ്ചയമില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഇവിടെ കുത്തക ഏർപ്പാട് തുടരണമെന്ന് എക്സൈസ്കമ്മീഷണർക്ക് അഭിപ്രായമുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതു വളരെ ഗുണകരമായിട്ടുള്ളതാണെന്ന് എനിക്കു തോന്നുന്നില്ല. എന്നാൽ, അതിൽ മുറുകെ പിടിക്കുവാൻ ആവശ്യപ്പെടുന്ന ചില ലൈസൻസുകാരുണ്ട്. ഭേദഗതിയനുസരിച്ചുള്ള ഏർപ്പാടിനുവേണ്ടി, അതായതു് അധികം ഗുണകരമായ ഏർപ്പാടിനുവേണ്ടി അതിനെ ഭേദപ്പെടുത്തണമെന്നില്ലെന്നാണ് അവരുടെ അഭിപ്രായം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഭേദപ്പെടുത്തപ്പെട്ടിട്ടുള്ള ഏർപ്പാടിനെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് ഇൻഡ്യയിൽ ഗവണ്മെന്റ് അതിൽ യാതൊരു പങ്കും വഹിക്കുന്നില്ലെന്ന് മാന്യനായ മെമ്പർക്ക് അറിവുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ബ്രിട്ടീഷ് ഇൻഡ്യയിലും ഉപ്പ് ഉണ്ടാക്കുന്നവർക്ക് അവർ മുഴുവൻ ഉപ്പും കൊടുക്കുന്നില്ല. അവിടെ നടപ്പിലിരിക്കുന്ന ഏർപ്പാടിനും ഇവിടത്തെ ഏർപ്പാടിനും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അവിടത്തെ ഏർപ്പാടു ഗവണ്മെന്റ് യാതൊരു പങ്കും എടുക്കുന്നില്ല എന്നുള്ളതാണ്. ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നും ലഭിക്കുന്നതിനോടു യോജിപ്പില്ലാത്തതായ ഒരു ഏർപ്പാടു നാം സ്വീകരിക്കണമെന്നാണോ എക്സൈസ് കമ്മീഷണർ നിർദ്ദേശിക്കുന്നതു്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഈ പ്രത്യേകമായ സംഗതിയിൽ നമുക്കു അതു ചെയ്യേണ്ടതായിട്ടുണ്ട്; ബ്രിട്ടീഷ്ഇൻഡ്യയിൽ ട്രെയിൻമൂലമായിട്ടുള്ള സൌകര്യം ഉണ്ട്. വളരെ ദൂരെ താമസിക്കുന്ന ജനങ്ങൾക്കുകൂടിയും, കിട്ടുന്ന സ്ഥലങ്ങളിൽനിന്നും എപ്പോൾ വേണമെങ്കിലും ഉപ്പു ലഭിക്കുവാൻ സാധിക്കുന്നതാകുന്നു. ഇവിടെ ഇതു് അത്ര എളുപ്പമല്ല. ഇവിടെ ഒരു സ്ഥലത്തുനിന്നും മററൊരു സ്ഥലത്തേക്കു ഉപ്പു കടത്തിക്കൊണ്ടുപോകുന്നതിന് അവിടത്തെപ്പോലെ സാധിക്കയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ബ്രിട്ടീഷ്ഇൻഡ്യയിൽ, ഇവിടെ ഗവണ്മെന്റ് എടുക്കുന്നതിന് അനുസരണമായ ഭാഗം, ഉപ്പ് ഉണ്ടാക്കുന്ന വ്യക്തികൾക്ക് കൊടുക്കുന്നുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഇല്ല. ഗവണ്മെന്റ് സൂക്ഷിക്കുകയാണ് ചെയ്യുന്നതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അവർ അതു് എടുക്കുന്നില്ല. സൂക്ഷിച്ചുവയ്ക്കുകമാത്രമാണ ചെയ്യുന്നതു്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എന്നാൽ ഇവിടെ ജനങ്ങളുടെ ക്ഷേമത്തിലേയ്ക്കുവേണ്ടി നമുക്ക് അതു് എടുക്കേണ്ടിയിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): പൊതുജനങ്ങളെ തള്ളിവയ്ക്കാം. ഉപ്പ് ഉണ്ടാക്കുന്ന ആളിനെ സംബന്ധിച്ചിടത്തോളം അതു നിശ്ചയമായും അയാൾ ദോഷത്തെത്തന്നെ ചെയ്യുന്നു. അതു് തിരുവിതാംകൂറിലെ ഉപ്പു വ്യവസായത്തെ വർദ്ധിപ്പിക്കുകയാണോ അല്ലെങ്കിൽ കുറയ്ക്കുകയാണോ ചെയ്യുന്നതു്? ഉപ്പ് ഉണ്ടാക്കുന്നവരുടെ ആദായത്തിൽ സിംഹഭാഗം ഗവണ്മെന്റ് എടുത്തുകളയുന്നില്ലയോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഇല്ല. ഞങ്ങൾ എടുക്കുന്നതു് സിംഹഭാഗമാകുന്നതല്ല. വളരെ കുറഞ്ഞ ഒരു ഭാഗം മാത്രമാണ്. ഓരോ ഫാക്ടറിക്കും ഞങ്ങൾ താരതമ്യേന ഒരു ഭാഗം നിശ്ചയം ചെയ്തിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): താരതമ്യേന ഓരോ ഭാഗം നിശ്ചയിക്കുന്നതിനുള്ള തോതു് എന്താണ്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): കിട്ടുന്ന ആദായമാണ് തോതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും); ഓരോ ഫാക്ടറിയുടെ വിഷയത്തിലും ആദായം കണക്കു കൂട്ടുന്നതെങ്ങനെ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): വിസ്താരമനുസരിച്ചു കണക്കു കൂട്ടുന്നു.

മി: വി. ചെല്ലാപിള്ള (തോവാള): ഉപക്ഷേപം ഇനിയും വാദപ്രതിവാദവിഷയമാകണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

പ്രസിഡണ്ട്: മണി രണ്ടടിച്ചു ൨൦ മിനിട്ടായി. നമുക്കു് ഇപ്പോൾ ലഘുഭക്ഷണത്തിനായി പിരിയാം. രണ്ടടിച്ചു ൪൦ മിനിട്ടിനു നമുക്കു വീണ്ടും സഭ കൂടാം.

ലഘുഭക്ഷണത്തിനായി സഭ ൨-൨൦-നു പിരിയുകയും, ൨-൪൦-നു വീണ്ടും കൂടുകയും ചെയ്തു.

ഫൈനാൻസു കമ്മിററിക്കുള്ള മെമ്പർമാരുടെ തിരഞ്ഞെടുപ്പു സമയം നീട്ടിവയ്ക്കുക.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും); സർ, ഫൈനാൻസു കമ്മിററി മെമ്പർമാരെ ഇന്നു വൈകുന്നേരം തെരഞ്ഞെടുക്കുവാൻ ഞങ്ങളോടു ആവശ്യപ്പെട്ടിരിക്കുന്നു. അതു് ആഗസ്റ്റ് മാസം ൨൪-ാംനു ചെയ്യുന്നതിനു ദയവുചെയ്തു ഞങ്ങൾക്കു് അനുവാദം തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ മാധവൻപിള്ളയുടെ അപേക്ഷക്കു സഭയിൽനിന്നു വിപരീതാഭിപ്രായം പുറപ്പെടുവിക്കായ്കയാൽ പ്രസിഡണ്ട് അനുവദിച്ചു.

സഹായധനത്തിനുള്ള ഡിമാൻഡുകൾ (തുടർച്ച)

ഉപക്ഷേപം ൧൮.

താഴെക്കാണുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി: കെ. മാധവൻപിള്ള:

ഉപ്പുഫാക്ടറികൾക്കു് അനുവദിച്ചിട്ടുള്ള ൨൭,൩൪൭ രൂപയിൽനിന്നു ൨൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൯.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർ, താഴെകാണുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു:—

സപ്ലൈകൾ, സർവീസുകൾ കൺട്ടിൻജൻസികൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള ൨,൭൩,൩൯൭ രൂപയിൽനിന്നു ൨൦,൦൦൦ രൂപാ കുറയ്ക്കണം.

നാം ഇറക്കുമതിചെയ്യുന്ന വിദേശീയ ഉപ്പിന്റെ അളവു കുറഞ്ഞു കുറഞ്ഞുവരുന്നതായി എക്സൈസ് കമ്മീഷണർ അല്പനിമിഷങ്ങൾക്കു മുമ്പു മാത്രമാണു പറഞ്ഞതു്. സർ, കഴിഞ്ഞ ആണ്ടു ഈ ഇനത്തിൽ ൮൨,൪൬൯ രൂപക്കുമാത്രമേ അനുവാദം ഉണ്ടായിരുന്നുള്ളു. അളവു കുറഞ്ഞിരിക്കുന്ന ഇപ്പോൾ, ഒരു ലക്ഷത്തിൽ ചില്വാനം ഈ ആണ്ടത്തേയ്ക്കായി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതിന്റെ കാരണം എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു്, അപ്രകാരം അനുവദിച്ചുവച്ചിട്ടുള്ള തുകയിൽനിന്നും ൨൦,൦൦൦ രൂപ കുറയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, ആലപ്പുഴക്കും, കൊല്ലത്തിനും കൂടുതൽ നാടൻ ഉപ്പു് അയക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞിട്ടുണ്ടു്. ഈ ആണ്ടു കൂടുതൽ പണം ആവശ്യമുള്ളതിനു കാരണം അതിൽനിന്നും വ്യക്തമാകുന്നതാണു്. കുറെക്കൂടെ വ്യക്തമായി പറയുന്നതായാൽ മൂന്നുലക്ഷം മന്നു നാടൻ ഉപ്പു ഈ ആണ്ടിൽ മററു സ്ഥലങ്ങളിലേക്കു അയയ്ക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ടു്. കഴിഞ്ഞ വർഷം അയച്ചിട്ടുള്ള ഉപ്പിന്റെ അളവു വളരെ കുറവാണു്. അതുകൂടാതെ ഒരു സംഗതികൂടി മനസ്സിൽ ധരിച്ചിരിക്കേണ്ടതായിട്ടുണ്ടു്. വാസ്തവമായ ചെലവിലേയ്ക്കായി ഉദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത ഒരു ഇനം ആകുന്നു ഇതു്. ആവശ്യപ്പെട്ടിട്ടുള്ളതു് ഒരു അഡ്വാൻസുമാത്രമാണു്. കടത്തിക്കൊണ്ടുപോകുവാൻ സാധിക്കുന്നതിനുമാത്രമേ ഞാൻ പണം ചെലവു ചെയ്യുന്നുള്ളു. ഇതിനെയാണു സർവീസ് ഇനത്തിലുള്ള ചിലവു് എന്നു പറയുന്നതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): നാടൻ ഉപ്പു് കടത്തിക്കൊണ്ടുപോകുന്നതിനുമാത്രമായിട്ടാണോ അനുവദിച്ചിട്ടുള്ള ഈ തുക ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): അതെ, ഈ ആണ്ടു് കയററി അയക്കുന്നതിലേക്കു താമരക്കുളത്തു് കൂടുതൽ ഉപ്പുണ്ടു്. ആലപ്പുഴയ്ക്കാണു് ഞങ്ങൾക്കു കൊണ്ടുപോകുവാനുള്ളതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും); നിങ്ങൾക്കു ആലപ്പുഴയിൽ ഏതെങ്കിലും സ്റ്റോക്ക് ഉണ്ടോ.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഉണ്ടു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അതു മതിയാകുന്നതല്ലെന്നു കണ്ടിട്ടുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ); അതു് മൂന്നോ നാലോമാസങ്ങൾക്കു മാത്രമേമതിയാകയുള്ളു. എല്ലാആണ്ടും ആലപ്പുഴയ്ക്കുമാത്രമായി ഏകദേശം ആറുലക്ഷം മന്നു് ഉപ്പു് ആവശ്യമുണ്ടു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൦ മുതൽ ൨൭ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെകാണുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി: ആർ. മാധവൻപിള്ള:

൨൦. ഉപ്പുസംബന്ധിച്ചുള്ള ജോലികൾക്കായി അനുവദിച്ചിട്ടുള്ള ൨,൭൩,൩൧൦ രൂപയിൽ നിന്നു ൨൦൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൧൭. ഉപ്പ് എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള ൫,൮൫,൪൪൪ രൂപയിൽനിന്നു ൫൰ രൂപ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൧൮. ഉപ്പ് എന്നഇനത്തിൽ അനുവദിച്ചിട്ടുള്ള ൫,൮൫,൪൪൪ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കണം.

മി: ആർ. കേശവപിള്ള:

൧൯. ഉപ്പ് എന്നഇനത്തിൽ അനുവദിച്ചിട്ടുള്ള ൫,൮൫,൪൪൪ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള:

൨൰. ക്ലറിക്കൽസ്റ്റാഫിലേക്കായി അനുവദിച്ചിട്ടുള്ള ൫൬,൮൪൪ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി: തയ്യിലകത്തിൽതൊമ്മൻ:

൨൧. എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിലേക്കായി അനുവദിച്ചിട്ടുള്ള ൫൬,൯൮൮ രൂപയിൽനിന്നു ൬ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൨൫.

എസ്റ്റാബ്ലിഷ്മെൻറ് എന്ന ഇനത്തിലേക്കായി അനുവദിച്ചിട്ടുള്ള ൫൬,൯൮൮ രൂപയിൽനിന്നു ൫൰ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): കമ്മീഷണരുടെ എസ്റ്റാബ്ലിഷ്മെൻറുവകയ്ക്കു ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ൫൬,൯൮൮ രൂപായിൽനിന്നും പത്തുരൂപാ കുറക്കണമെന്നുള്ള എന്റെ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം ഈ കൌൺസിലിൽ അവതരിപ്പിക്കുന്നതിനുള്ള പ്രധാനഉദ്ദേശം ഈ ഇട ബീഡിപ്പുകയിലക്കു കൂട്ടിയിട്ടുള്ള ഡ്യൂട്ടി വളരെക്കൂടുതലാണെന്നും അതിനെകുറയ്ക്കേണ്ടതാണെന്നുമുള്ള സംഗതിയെ ഈ കൌൺസിലിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനു മാത്രമാണ്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): ബീഡിപ്പുകയിലക്കുമാത്രമേ ഡ്യൂട്ടി കൂട്ടീട്ടുള്ളോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അതിനുമാത്രമല്ല. ചുരുട്ട്, സിഗററ് മുതലായവകൾക്കുമുണ്ട്. അവ അന്യസ്ഥലത്തുനിന്നുവരുന്നതുകൊണ്ട് അതിനെപ്പററി നിർബന്ധിച്ചുപറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ബീഡിപ്പുകയില തിരുവിതാംകൂറിൽ വന്നിട്ട് അതിനെ അനേകായിരം ജനങ്ങൾ തൊഴിലായി സ്വീകരിച്ച് ഉപജീവനംകഴിച്ചുവരുന്നു. അതിനു ഏർപ്പെടുത്തീട്ടുള്ള ഡ്യൂട്ടിനിമിത്തം കച്ചവടത്തിനു വലുതായദോഷം സംഭവിക്കുന്നുണ്ടെന്നുമാത്രമല്ല അതുകൊണ്ടു ഉദ്ദേശിക്കപ്പെടുന്നഫലവും കിട്ടുന്നില്ല. ഇപ്രകാരമായാൽ ആ തൊഴിൽ നശിച്ചുപോകുമെന്നുള്ളതിനാൽ അതിനെപ്പററി രണ്ടുവാക്കു പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ ബഡ്ജററിനെപ്പററിയുള്ള പൊതു നിരൂപണത്തിൽ ഈ ഡ്യൂട്ടി നിശ്ചയിക്കുന്നതു് ഒരു തത്വത്തേയും ആശ്രയിച്ചല്ല എന്നു സൂചിപ്പിച്ചു. ഈ തിരുവിതാംകൂറിൽ പുകയിലവർഗ്ഗത്തിൽ വില കൂടുതലായിട്ടു സാധാരണ അറിയപ്പെടുന്നതു് യാഴ്പ്പാണം പുകയിലയാണ്. ഈ പുകയിലയ്ക്കു ൫൫൦ രൂപമാത്രമേ ഡ്യൂട്ടി നിശ്ചയിച്ചിട്ടുള്ളു. അതിന്റെ ആവ്രേജ് മാർക്കററുവില കണ്ടിക്കു ൩൰൦ രൂപയോളം വരും. ഇപ്പോൾ മാർക്കററ് ഞ്ഞ്പ്രെസിൽ ൫൬ മാത്രമേ ഡ്യൂട്ടിയായിട്ടിരിക്കുന്നുള്ളു. ബീഡിപ്പുകയിലക്ക് ഇപ്പോൾ ഡ്യൂട്ടി കൂട്ടിയതിനുശേഷം കച്ചവടക്കാർ വളരെ ശ്രമിച്ചു വില്പനനടത്തിയിട്ടും ൫൰ അണയിൽക്കൂടുതൽ വിലയ്ക്കുവിൽക്കാൻ സാധിക്കുന്നില്ല. കച്ചവടക്കാർ ഈ വിലകൊടുത്തുവാങ്ങിയാലും ജോലി ചെയ്യുന്നവർക്ക് ശരിയായ പ്രതിഫലംകിട്ടാതെയാണിരിക്കുന്നതു്. ആ കണക്കിനു കണ്ടിക്കു ൨൬൰ രൂപാമാത്രമേ വിലയുള്ളു. അതിനുള്ള ഡ്യൂട്ടി കണ്ടിക്ക് ൨൬൰ രൂപയാകുന്നു. അതായതു മാർക്കററുവിലയിൽ ൬/൯ ഭാഗം ഡ്യൂട്ടിയാകുന്നു. എന്നാൽ ഇതിന്റെ ഇൻവായിസ് പ്രകാരമുള്ള വിലനോക്കിയാൽ ൨൦൦ രൂപയിൽ കൂടുതലുള്ള ബീഡിപ്പുകയിലകാണുന്നില്ല. അതിനു താരിപ്പുവില ഇപ്പോൾ നോക്കിയാൽ കണ്ടിക്ക് ൩,൫൬൦ രൂപായുണ്ട്. എന്നാൽ വിദേശീയർ തിരുവിതാംകൂറിൽ കൊണ്ടുവന്നിട്ടുള്ള സിഗററിന്റെ ഇൻവായിസ് വില അനുസരിച്ചു ഡ്യൂട്ടികൊടുത്താൽ മതിയാകും എന്നു വച്ചിട്ടുണ്ട്. സിഗററിന്റെ ജോലി മുഴുവൻ ചെയ്യുന്നതു വിദേശങ്ങളിലാണ്. അതു ഇവിടെ ചിലവാകുന്നതുനിമിത്തം തൊഴിൽവർദ്ധിക്കുന്നതും വിദേശങ്ങളിലാണ്. ഈ ദേശക്കാർക്ക് അതുകൊണ്ടു ദുഃഖമല്ലാതെ ഗുണമൊന്നുമില്ല. ബീഡി ശേഷമുള്ള പുകയിലയെക്കാളും മോശമായതാണ്. ൧൦൯൯ മകരം ൯-ാം ഈ പുകയിലകൾക്കെല്ലാം തീരുവ നിശ്ചയിച്ചിരുന്നു. അക്കാലത്തു ബീഡിപ്പുകയിലക്ക് തീരുവ നിശ്ചയിച്ചിട്ടില്ലായിരുന്നു. അന്നുചുമത്തിയിരുന്ന തീരുവ ബ്രിട്ടീഷ്ഇൻഡ്യൻ ടുബാക്കൊവിനു ൯൰ രൂപായും സിഗാറിനു ൯൰ രൂപായും സിഗററിനും ൯൰ രൂപായും ഉയർന്ന ഇംഗ്ലീഷ് ടുബാക്കൊവിനു ൯൰ രൂപായും സിഗാറിനു ൯൰ രൂപായും സിഗററിനും ൯൰ രൂപായും ആണ്. ഇതിൽനിന്നും ബീഡിപ്പുകയിലക്കു ആ കാലത്തു പ്രത്യേകമായിട്ടു തീരുവ ചുമത്തിയിരുന്നില്ല എന്നു കാണാവുന്നതാണ്. എന്നാൽ അതിനുശേഷം ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥന്മാർ ഇംഗ്ലീഷ്പുകയിലക്കുള്ള ഒരു കരം ഇതിന്മേൽ ചുമത്തിവന്നിരുന്നു. ആ ന്യൂനതയെ പരിഹരിക്കുന്നതിനു ൧൦൯൯-ാം കർക്കടകം ൫-ാംനു പ്രത്യേകം ഒരു സർക്കുലർ ഗസററിൽ പ്രസിദ്ധംചെയ്തു. അതായതു ഇൻഡ്യൻ ടുബാക്കൊവിനു രണ്ടുരൂപാ താരിപ്പുവിലയായിട്ടു പ്രഖ്യാപനംചെയ്തു പ്രത്യേകം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. ആ സർക്കുലർപ്രകാരം നോക്കുകയാണെങ്കിൽ ബീഡിപ്പുകയിലക്കും രണ്ടുരൂപാമാത്രമേ തീരുവ കിട്ടുന്നതിനു ഗവണ്മെന്റിനു ഉദ്ദേശമുള്ളു എന്നുകാണ്മാൻ സാധിക്കുന്നതാണ്. അതിനെ ഡിപ്പാർട്ടുമെന്റ മേധാവികൾ വകവയ്ക്കാതെ [illegible]

മൂന്നുരൂപാ എട്ടണയായി ഉയർത്തിവാങ്ങിക്കൊണ്ടുവരുന്നു. അതിനുപുറമെ റാത്തലിന് ഒന്നേമുക്കാൽരൂപാ കൂടുമ്പോൾ ൫ ൧/൪ രൂപാ ആകുന്നുണ്ട്. ഇത് വളരെ അക്രമമായിട്ടുള്ള തീരുവയാണ്. ഈ തീരുവകൊണ്ട് ഏതുദ്ദേശിക്കുന്നുവോ ആ സംഗതി വേണ്ടവിധത്തിൽ സിദ്ധിക്കുന്നില്ല എന്നുമാത്രമല്ല ഈ നാട്ടിലെ പല തൊഴിലാളികൾക്കും തൊഴിലില്ലാതെയാകുന്നതിന് ഒരു പ്രധാനസംഗതിയായി ഭവിച്ചുതീരുന്നതാണ്. ഇപ്പോഴത്തെ റേറ്റനുസരിച്ച് നോക്കുന്നതായാൽ പതിവിൻപ്രകാരമുള്ള താരിപ്പ് കൂട്ടുകയാണെങ്കിൽ ൧൦൨൫ കർക്കടകം ൧൬-ാം തീയതിയിലെ വിജ്ഞാപനം അനുസരിച്ച് മൂന്നുരൂപായിൽകൂടുതൽ തീരുവവയ്ക്കാൻ പാടില്ലെന്നും രണ്ടുരൂപാമാത്രമേ വിജ്ഞാപനം അനുസരിച്ച് ഡ്യൂട്ടിയായി ഏർപ്പെടുത്താൻ പാടുള്ളു എന്നും കാണാവുന്നതാണ്.

മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): ഇപ്പോൾ ഡ്യൂട്ടികൂട്ടാൻ കാരണമെന്താണ്?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഡ്യൂട്ടികൂട്ടുന്നതിനു രണ്ടുസംഗതികളുണ്ടല്ലോ. ഒന്നാമതു ഇങ്ങിനെയുള്ള സംഗതികളിൽ ഡ്യൂട്ടികൂട്ടുന്നതുകൊണ്ട് അതുനിമിത്തമുള്ള ദുഷ്യങ്ങളെ ഇല്ലായ്മചെയ്യാമെന്നാണ് അതു ഗവൺമെന്റിന്റെ ഒരു പാളിസിയാണ്. രണ്ടാമതു ഗവൺമെന്റിനു കുറെപണം കിട്ടണമെന്നുള്ളതാണ്. അതിൽ ആദ്യത്തെ ഉദ്ദേശം ഇപ്പോഴത്തെകണക്കനുസരിച്ചു ഒരു ബീഡിക്കു ഒരു കാശുകൂട്ടുന്നതുകൊണ്ട് സാധിക്കുകയില്ല. അതിനെക്കാൾനല്ലതു ബീഡിപ്പുകയില എന്ന സാധനം ഇവിടെവരുത്താനെ പാടില്ലെന്നുവയ്ക്കുകയാണ്.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): തീരുവ കുറച്ചാൽ അതിന്റെ വില്പന കുറയ്ക്കാൻ സാധിക്കുമോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): തീരുവ ചുമത്തുന്നതുകൊണ്ടു ആളുകളെ പുകവലിയിൽനിന്നും പിൻവലിക്കാൻ സാധിക്കുകയില്ല. നേരെ മറിച്ചു തൊഴിലാളികളുടെ തൊഴിലിനെമാത്രം ഇല്ലാതാക്കാൻ സാധിക്കും. സിഗററ വലിക്കാതിരുന്നാൽ ഈ നാട്ടിലെ തൊഴിലാളികൾക്ക് തൊഴിലില്ലാതാകുകയില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): സിഗററ്റിന്റെ തീരുവയും ബീഡിയുടെ തീരുവയോടൊപ്പം കൂട്ടീട്ടുണ്ടെന്നോ തുല്യമായി കൂട്ടിയിട്ടില്ലെന്നോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അറിഞ്ഞുകൂടാ.

മി: ആർ. രാമൻപിള്ള (കോട്ടയം): ചുരുട്ടുപുകയിലക്കും വിലകൂട്ടീട്ടുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ചുരുട്ടുപുകയിലയ്ക്കു ബീഡിപ്പുകയിലയോടു തുല്യമായി കൂട്ടിയതായിട്ടറിഞ്ഞുകൂടാ. വടക്കനും യാപ്പാണനും പുകയിലകൾക്കു വിലകൂട്ടീട്ടില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇപ്പോൾ സിഗററിന്റെ വില കൂടുതലുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): സിഗററ്റു പല ജാതിയുണ്ട് കൂടിയും കുറഞ്ഞും ഇരിക്കും.

മി: ആർ. രാമൻപിള്ള (കോട്ടയം): ബീഡി അത്യാവശ്യമായ ഒരു സാധനമാണോ? അതൊരു ലക്സുറിയല്ലേ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ബീഡി അത്യാവശ്യമായ സാധനമെന്ന് ഞാൻ പറയുന്നില്ല. അതു അത്യാവശ്യസാധനമല്ലെന്നും അതിനെ ക്ഷണിച്ചുവരുത്തി ഇവിടെ വച്ചുകൊണ്ടിരിക്കണമെന്നും എനിക്കുദ്ദേശ്യമില്ലെന്നു എന്റെ പ്രസംഗം ശ്രദ്ധിച്ചാൽ മതിയാകും. ബീഡിപ്പുകയില ഇവിടെ വേണ്ടെന്നുവച്ചാൽ ആ തൊഴിൽ മറുരാജ്യക്കാർ സ്വീകരിച്ചു സാമാനം ഉണ്ടാക്കി ഇവിടെ അയക്കും. അതുകൊണ്ടു അതിനെ തടയാൻ സാധിക്കുകയില്ല. ആ സ്ഥിതിക്കു നാട്ടുകാർ ഇതിൽനിന്നുമുള്ള ആദായം എടുക്കരുതോ?

മി. ആർ. രാമൻപിള്ള (കോട്ടയം): അതിന്റെ ഇലയും പുകയിലയും വിദേശങ്ങളിൽനിന്നും വരുന്നതാണെന്നു മെമ്പർക്കറിയാമോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അതിന്റെ ജോലിചെയ്യുന്നതു ഇവിടെയുള്ളവരാണ്.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): ബീഡിപ്പുകയിലക്കുമാത്രം തീരുവകുറയ്ക്കണമെന്നേയുള്ളോ അതല്ലാ മററുപുകയിലയുടേയും തീരുവ കുറയ്ക്കണമോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): എന്റെ മോഷൻ ബീഡിപ്പുകയിലയെ മാത്രമേ ബാധിക്കുന്നുള്ളു. ഇതുനിമിത്തം ജനങ്ങൾക്കു ഒരു തൊഴിലുണ്ടാകുന്നു എന്നുള്ള സംഗതി ആലോചിക്കുമ്പോൾ മററുതരത്തിലുള്ള ദൂഷ്യമുണ്ടെങ്കിൽതന്നെയും അതു സഹിക്കേണ്ടതാണ്. എന്തായാലും ഗവൺമെന്റിനു ഇതിനെ അശേഷം നശിപ്പിക്കാൻ സാധിക്കയില്ല.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): കഞ്ചാവുകൊണ്ടുണ്ടാക്കുന്ന സുഖസാധനങ്ങൾ നമ്മുടെ നാട്ടുകാർ ധാരാളം മുൻപു ഉപയോഗിച്ചിരുന്നില്ലേ? തൊഴിലിനായി അതും വീണ്ടും പ്രചരിപ്പിക്കണമെന്നു അഭിപ്രായമുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): കഞ്ചാവിനെ കുറിച്ചുള്ള ഒരു മോഷൻ ഇവിടെയില്ല. ആ സംഗതിയെക്കുറിച്ചു എനിക്കറിഞ്ഞുകൂടാ.

മി: വി. ജെ. ഉമ്മൻ (കുഞ്ഞുവടവും വ്യവസായ്വും വടക്ക്): അതുപയോഗിച്ചു പരിചയിച്ചവർക്കു അതില്ലാതിരിക്കുവാൻ സാധിക്കുമോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അതിനെപ്പററി അതുപയോഗിച്ചു പരിചയിച്ചവർക്ക് അറിയാൻ പാടുള്ളു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ബീഡിപ്പുകയില തിരുവിതാംകൂറിൽ കൃഷിചെയ്യുന്നതിനു വല്ല വിരോധവുമുണ്ടോ?

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): അങ്ങിനെ ചെയ്യാമോ പാടില്ലയോ എന്നു ഞാൻ ആലോചിച്ചിട്ടില്ല.

അതിനാൽ ഈ നഷ്ടം ഉറപ്പാ വച്ചിട്ടുള്ളതു് ഇംഗ്ലീഷു പുകയിലയുടേയും താരിപ്പനുസരിച്ചാണ് ഡിപ്പാർട്ടുമെൻറു മേധാവികൾ സാധുക്കളായ കച്ചവടക്കാരെ ഈ വിവരം അറിയിക്കാതെ ഇംഗ്ലീഷു പുകയിലയുടെ താരിപ്പുവിധപ്രകാരം ഇതിനു തീരുവ ഈടാക്കിവന്നിരുന്നതു് അശേഷം നീതിയായിരുന്നില്ല എന്നുള്ള അഭിപ്രായത്തെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): മിസ്റ്റർ പി. എസ്. മഹമ്മദിൻെറ ഉപക്ഷേപത്തെ കച്ചവടപ്രതിനിധി എന്ന നിലയിൽ എനിക്കനുകൂലിക്കാതിരിക്കാൻ നിവൃത്തിയില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): സ്വന്ത അഭിപ്രായത്തിൽ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): സ്വന്ത അഭിപ്രായം ഇവിടെ പറയേണ്ട ആവശ്യമില്ല.

പ്രതിനിധി എന്ന നിലയിലാണ് ഇവിടെ അഭിപ്രായം പുറപ്പെടുവിക്കുന്നതു്. ബീഡിപ്പുകയിലയ്ക്കു തീരുവ കൂടിയിരിക്കുന്നതുകൊണ്ടു രണ്ടുപ്രകാരത്തിൽ കച്ചവടക്കാർക്കു നഷ്ടമുണ്ടായിരിക്കുന്നു. കച്ചവടക്കാരധികവും കൺട്രാക്റ്റു് എടുത്താണ് നടത്തുന്നതു്. അപ്രകാരം പതിനായിരംരൂപായുടെ ചരക്കു അന്യദേശത്തുനിന്നും വരുത്തി സ്ഥലത്തെ ഒരു കച്ചവടക്കാരനുമായി ഇന്നവിലയ്ക്കു കൊടുക്കാമെന്നു മുൻകൂട്ടി കൺട്രാക്റ്റ് ചെയ്തിരുന്നു എന്നു വിചാരിക്കുക. ഇങ്ങനെ ഇരിക്കുന്ന സന്ദർഭത്തിൽ ഗവണ്മെൻറു കൂടുതലായി തീരുവ കൂട്ടിയാൽ ആ കൺട്രാക്റ്റുകൾക്കു നഷ്ടം വരാതിരിക്കാൻ നിവൃത്തിയില്ലല്ലോ.

സാധാരണയായി ഭൂരിപക്ഷം കച്ചവടക്കാരും ഫോർവേർഡ് കൺട്രാക്റ്റാണു ചെയ്തുകൊണ്ടിരിക്കുന്നതു്. അതിനാൽ ഇങ്ങിനെയും ഒരു നഷ്ടം അവർക്കുണ്ടാകരുതു്. രണ്ടാമതു ബീഡി ഉപയോഗിക്കുന്നതു് ഭൂരിപക്ഷവും വലിയ സ്ഥിതിയും നിലയുമില്ലാത്തവരാണ്. ഉയർന്നനിലയിലുള്ളവരിൽ ചുരുക്കം ചിലർ ബീഡി ഉപയോഗിക്കുമായിരിക്കാം. എങ്കിലും ഭൂരിപക്ഷവും പാവപ്പെട്ടവരാണ് ഇതു ഉപയോഗിക്കുന്നതു. അങ്ങിനെ ഉള്ളവർക്കു് കൂടുതൽ വിലകൊടുത്തു വാങ്ങിക്കുന്നതിനു സൌകര്യം വരികയില്ല. കൂടാതെ നമ്മുടെ നാട്ടിലുള്ള അനേകംപേരുടെ ഉപജീവനമാർഗ്ഗം ഇല്ലാതാകുകയും ചെയ്യുന്നു. ബീഡിപ്പുകയില വരുത്തി ഇലകൊണ്ടു തെറുത്തുകെട്ടിക്കൊടുക്കുന്നതു ഉപജീവനമാർഗ്ഗമായി അനേകംപേർ സ്വീകരിച്ചിരിക്കുന്നു. തീരുവ കൂട്ടിയിരിക്കുന്നതുകൊണ്ടു അതിൻെറ ചിലവു വളരെ കുറഞ്ഞുപോകുകയും ആ തൊഴിലുകാർക്കു ബുദ്ധിമുട്ടിനു ഇടയാകുകയും ചെയ്യുന്നതാണ്.

മി: എച്ച്. ബി. മഹമ്മദുറാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): ഈ ഡ്യൂട്ടി കൂട്ടുന്നതുകൊണ്ടു ബീഡിവലി കുറയ്ക്കാൻ സാധിക്കുമോ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): ബീഡിപ്പുകയിലയ്ക്കു തീരുവകൂട്ടിയാലും ബീഡിവലികുറയുകയില്ല.

മ: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): ബീഡിപ്പുകയില ഉപയോഗിക്കുന്നതുകൊണ്ടാണോ അധികം ദോഷം, അതല്ലാ സിഗാറെറ്റാണോ ദോഷമധികം?

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): രണ്ടിലും ദോഷമുണ്ടെന്നുതന്നെയാണ് വിദഗ്ദ്ധന്മാരുടെ അഭിപ്രായം.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ പ്രമേയത്തെ പ്രതികൂലിക്കാതിരിക്കാൻ എൻെറ മനസ്സു അനുവദിക്കുന്നില്ല. ബീഡി, ചുരുട്ടു എന്നിവയെ കാലക്ഷേപമാർഗ്ഗമായും തൊഴിലായും സ്വീകരിച്ചിട്ടുള്ള കുറെ ആളുകൾ നമ്മുടെ നാട്ടിലുണ്ടു്. അവർക്കു മറേറതെങ്കിലും ജോലി കൊടുത്തിട്ടെങ്കിലും ബീഡിയെ നമ്മുടെ നാട്ടിൽനിന്നും കളയേണ്ടതിനു നാം ശ്രമിക്കേണ്ടതാണു. ഈ ബീഡിയും ചുരുട്ടും നമ്മുടെ സ്കൂൾകുട്ടികൾപോലും വാങ്ങി ഉപയോഗിച്ചു അവരുടെ ബുദ്ധിയേയും മനസ്സിനേയും ശരീരത്തിനേയും ക്ഷീണിപ്പിച്ചുകളയുന്നു.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): കഞ്ചാവു വലിക്കുന്ന കുട്ടികളും ഉണ്ടോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതും കണ്ടേക്കാം. കഞ്ചാവും ഇവിടെ വരുത്തരുതെന്നാണ് എൻെറ അഭിപ്രായം. എന്നാൽ ഔഷധങ്ങൾക്കുമാത്രം കുറെ വരുത്തിവയ്ക്കുന്നതുകൊണ്ടു വിരോധമില്ല.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക) : കള്ളും ചാരായവും ഉപയോഗിക്കുന്നതിനായി വരുത്താറുണ്ടോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതിനെ സംബന്ധിച്ച് എൻെറ അഭിപ്രായമെന്താണെന്നു് ഇവിടെ ഇരിക്കുന്ന മെമ്പർമാരും എക്സൈസ് കമ്മീഷണരും ഗവണ്മെൻറും അറിഞ്ഞിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്) : അതും നിറുത്തിക്കളയണമെന്നാണോ മെംബർ പറയുന്നതു്?

മി. ആർ. രാമൻപിള്ള (കോട്ടയം) : അതും തടയേണ്ടതാണ്. ഇപ്പോഴും തടഞ്ഞുകൊണ്ടിരിക്കുന്നു എന്നുള്ളതു് ഇന്നത്തെ മെംബറന്മാർക്കു് അറിയാമെന്നാണ് എൻെറ വിശ്വാസം. നാട്ടിൻെറ ശ്രേയസ്സിനുവേണ്ടി അതിൻെറ പ്രചാരത്തെ തടയേണ്ടതു എല്ലാവരുടേയും പ്രത്യേക കടമയാണ്.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): ഏതാണ്ടൊക്കെ കുറയുമെന്നാണ് എൻെറ വിശ്വാസം. അതിൻെറ വിലകൂടുംതോറും ഉപയോഗിക്കുന്നതിനുള്ള സൌകര്യം കുറയുമെന്നാണ് എൻെറ വിശ്വാസം. പതിവായി കണ്ട പണമിടപാടുകാലത്തിനുകിട്ടുംതോറും അതു ഉപയോഗിക്കാനുള്ള ആഗ്രഹവും വർദ്ധിക്കും. പതിവായി ഉപയോഗിക്കുന്ന ആളുകൾ അതിൻെറ വിലകൂടുമ്പോൾ അല്പ്പം അല്പ്പമായേ ഉപയോഗിക്കയുള്ളു.

മി: എ. സി. കുഞ്ചാക്കോസ് (മീനച്ചലും ദേവികുളവും): അതുകൊണ്ട് കറപ്പിന്റെ വില കൂട്ടണമെന്നാണോ പറയുന്നത്?

മി: ആർ. രാമൻപിള്ള (കോട്ടയം): അതേ ക്രമേണ ഈ കറപ്പിനെ ഈ നാട്ടിൽ നിന്നും ഉന്മൂലനം ചെയ്യിക്കണം എന്നാണ് എന്റെ അഭിപ്രായം.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): കള്ളും ചാരായവും പന്തീരായിരം ഗ്യാലൻ ഈ ആണ്ടിൽ കൂടീട്ടുണ്ട് എന്നറിയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതു അതിന്റെ വില കൂടിയതുകൊണ്ടല്ല, നേരെമറിച്ച് ആവശ്യങ്ങൾക്കനുസരിച്ച് സാധനങ്ങൾ കൊടുക്കണമെന്നുള്ള എക്സൈസ് നയത്തിന്റെ ദോഷം കൊണ്ടാണ്. നെല്ലും അരിയും ആവശ്യത്തിനനുസരിച്ച് കൊടുക്കുന്നതിനു പ്രാപ്തിയില്ലാതിരിക്കുമ്പോൾ ഈ വിഷസാധനമായ കള്ളും ചാരായവും ആവശ്യംപോലെ കൊടുക്കുന്നതിന് ശ്രമിക്കുന്ന ഈ നയത്തെ മാറ്റണമെന്ന് എക്സൈസ് കമ്മീഷണരോടു ഞാൻതന്നെ ഉപദേശിക്കയുണ്ടായിട്ടുണ്ട്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): വിദേശമദ്യങ്ങൾക്കുള്ള തീരുവ കുറവോ കൂടുതലോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഞാൻ അതിനെ സംബന്ധിച്ച ചോദ്യം ചോദിച്ചിട്ടുണ്ട്. അതിനു മറുപടി കിട്ടീട്ടില്ല. മറുപടി കിട്ടിക്കഴിഞ്ഞാൽ പറയാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ തീരുവ കൂട്ടിയിരിക്കുന്നതുകൊണ്ട് ബീഡിവലി കുറയുമെന്നു വിചാരിക്കുന്നുണ്ടോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ദീർഘമായിട്ടു ക്രമേണ കുറയുമെന്നാണ് എന്റെ വിശ്വാസം. പക്ഷേ അതു അബദ്ധമായിരിക്കാം എങ്കിലും എന്റെ മനസ്സാക്ഷി അങ്ങനെയാണ് പറയുന്നത്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ തീരുവ വർദ്ധിപ്പിച്ചതു റവന്യൂ കൂട്ടുന്നതിനാണെന്നു മെമ്പർ വിചാരിക്കുന്നില്ലേ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഞാൻ അങ്ങിനെ വിചാരിക്കുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): റവന്യൂ സ്വല്പമെങ്കിലും കൂടുന്നില്ലേ?

മി: ആർ. രാമൻപിള്ള (കോട്ടയം): റവന്യൂ സ്വല്പം കൂടുമായിരിക്കാം. ഇതൊക്കെ ലക്സുറിയായതുകൊണ്ട് വില കൂടണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. അതിനാൽ ബീഡി, ചുരുട്ട്, മുതലായ ലഹരിസാധനങ്ങളെ കഴിയുന്നതും വർജ്ജിക്കുന്നതിന് ഇതു പര്യാപ്തമായിത്തീരും. ഇപ്പോൾ ക്രമവിരുദ്ധമായിട്ടു (ഈ പ്രയോഗം സ്വല്പം കടന്നുപോയിരിക്കാം) തന്നെ ഇപ്പോൾ കൂട്ടിയിരിക്കുന്ന നാളികേരത്തിന്റെ താരീപ്പുവില സാമാന്യജനങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഗവണ്മെന്റു കുറച്ചുകൊടുക്കണം. നാളികേരത്തിന്റെ താരീപ്പുവില കുറയ്ക്കുകയോ അല്ലെങ്കിൽ വെളിച്ചെണ്ണയുടെ താരീപ്പുവില കൂട്ടുകയോ ചെയ്യണമെന്നു അപേക്ഷിച്ചതനുസരിച്ച് റവന്യൂ കൂടുതൽ കിട്ടണമെന്നുള്ള വിചാരത്താൽ മാത്രം നാളികേരത്തിന്റെ താരീപ്പുവില കൂട്ടിയിരിക്കുന്നു. അതുകൊണ്ട് നാളികേരം വിദേശങ്ങളിലേക്ക് പോകുന്നതിലേക്ക് തടസ്ഥം നേരിട്ടിരിക്കുന്നു. വിദേശങ്ങളിലേക്ക് നാളികേരം പോകുന്നതായാൽ സ്വന്തനാട്ടുകാർക്കാണ് ലാഭംകിട്ടുന്നത്.

ബീഡി മുതലായ സുഖസാധനങ്ങൾക്ക് കഴിയുന്നതും ധാരാളം തീരുവ കൂട്ടി അവയെ നിശ്ശേഷം ഇല്ലാതാക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. കൂടാതെ സാമാന്യജനങ്ങൾക്കു ആവശ്യമുള്ള സാധനങ്ങളുടെ തീരുവ കുറച്ചും രാജ്യത്തിന്റെ ഐശ്വര്യത്തെ പോഷിപ്പിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇത്രയും പ്രസ്താവിച്ചുകൊണ്ടു മി: [illegible]ന്റെ ഉപക്ഷേപത്തെ പ്രതിക്ഷേപിച്ചുകൊള്ളുന്നു.

മി: പി. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, അവതാരകൻ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ നിന്നും വ്യത്യസ്തമായ കാരണങ്ങളെ അടിസ്ഥാനമാക്കി ഞാൻ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ഈ സാധനങ്ങളിൽ ചിലതിന്റെ തീരുവ വർദ്ധിപ്പിക്കുന്നതിലോ, അല്ലെങ്കിൽ, താരീപ്പുവില ഭേദപ്പെടുത്തുന്നതിലോ, നിശ്ചിതമായ എക്സൈസ് നയം ഒന്നും ഇല്ലെന്ന് അദ്ദേഹം പ്രസ്താവിച്ചത് ഏറ്റവും വാസ്തവമാകുന്നു. ഈയിടെ ഗവണ്മെന്റിൽ നിന്നും നാളികേരത്തിന്റെയും കൊപ്രായുടേയും താരീപ്പുവില വർദ്ധിപ്പിച്ചിട്ടുണ്ട്. സർ, കഴിഞ്ഞ മുപ്പതിൽപ്പരം കൊല്ലങ്ങളിലായി നാളികേരം, കൊപ്രാ, വെളിച്ചെണ്ണ എന്നിവയുടെ താരീപ്പുവിലയിൽ ഉണ്ടായിട്ടുള്ള ഭേദഗതിയെ പരിശോധിക്കുന്നതായാൽ കൊപ്രായുടെ താരീപ്പുവിലയിൽ ഉണ്ടായിട്ടുള്ള ഈ വ്യത്യാസം ഒട്ടുമിക്ക മില്ലുകൾ ഉള്ളവരും, സ്വന്തം ആദായത്തെ ഉദ്ദേശിച്ചു മാത്രം അവരുടെ [illegible] മിൽ ഉടമസ്ഥന്മാരുടെ നിരന്തരമായ പ്രക്ഷോഭണങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ളതാണെന്നു നമുക്കു കാണാവുന്നതാണ്. [illegible]ൽ കൊപ്രായുടെ താരീപ്പുവില [illegible] രൂപമാത്രവും, വെളിച്ചെണ്ണയുടെ താരീപ്പുവില [illegible] രൂപ, അതായതു കൊപ്രായുടെ താരീപ്പുവിലയിൽ നിന്നു [illegible] രൂപാ കൂടുതലും ആയിരുന്നു. മില്ലുടമസ്ഥന്മാരും, മൂലധനമുള്ളവരും ആയ ഈ വ്യാപാരികളുടെ പ്രക്ഷോഭണത്തിന്റെ ഫലമായി, സാധാരണ കൃഷിക്കാർക്ക് അല്പാല്പമായി കഷ്ടപ്പെടേണ്ടിവന്നിട്ടുണ്ടെന്നും, ഇപ്പോൾ അവരുടെ സ്ഥിതി പരിപൂർണ്ണമായി നിരാശാജനകമായിത്തീർന്നിട്ടുണ്ടെന്നും നമുക്കു കാണാവുന്നതാകുന്നു. വെളിച്ചെണ്ണയുടെ താരീപ്പുവില [illegible]ൽ [illegible] രൂപയിൽ നിന്നും [illegible] രൂപയായും, [illegible]ൽ [illegible] രൂപയായും കുറയ്ക്കപ്പെട്ടു. [illegible]ൽ ചെയ്യപ്പെട്ട ഭേദഗതി അനുസരിച്ച് കൊപ്രായുടെ താരീപ്പുവില [illegible] രൂപയായും, വെളിച്ചെണ്ണയുടെ താരീപ്പുവില [illegible] രൂപയായും വർദ്ധിപ്പിക്കപ്പെട്ടതായും നമുക്കു കാണാം. ഇപ്പ[illegible] കൊപ്രായുടെ താരീപ്പുവിലയിലുള്ള വർദ്ധന [illegible] രൂപയും, വെളിച്ചെണ്ണയുടെ താരീപ്പുവിലയിലുള്ള കുറവ് [illegible] രൂപയും ആകുന്നു എന്നു കാണാവുന്നതാകുന്നു. [illegible]ൽ ഇവ രണ്ടിന്റേയും താരീപ്പുവിലകളിൽ [illegible] ശതമാനം വർദ്ധന വരുത്തുകയുണ്ടായി. ആ നിരക്കിൻപ്രകാരം കൊപ്രായുടെ താരീപ്പുവില [illegible] രൂപാ

വെളിച്ചെണ്ണയുടെ താരിപ്പുവില ൨൫ രൂപയായും വർദ്ധിച്ചു. മിൽ ഉടമസ്ഥന്മാരുടെ നിരന്തരമായ പ്രക്ഷോപണത്തിന്റെഫലമായി, കൊപ്രായുടെ താരിപ്പുവില ൧൮ രൂപയായും, വെളിച്ചെണ്ണയുടേതു ൨൭ രൂപയായും ൧൧൦൨-ൽ വീണ്ടും കുറയ്ക്കപ്പെട്ടു. സർ, ഇതുകൊണ്ടും മിൽ ഉടമസ്ഥന്മാർ തൃപ്തരായിട്ടില്ല. അവർ വീണ്ടും പ്രക്ഷോഭണം ആരംഭിക്കുകയും, സാധുക്കളായ കൃഷിക്കാരെ ദ്രോഹിച്ച് തങ്ങളുടെ ആദായം വർദ്ധിപ്പിക്കുവാൻ ആഗ്രഹിക്കുകയും ചെയ്തു. അതിന്റെ ഫലമായി, തിരുവിതാംകൂർ വ്യാപാര കാര്യാന്വേഷകസഭയിൽ നിന്നും പ്രമേയങ്ങൾ പാസ്സാക്കുകയും, മററു ചില സ്ഥലങ്ങളിൽ നിന്നു വീണ്ടും കൊപ്രായുടെ താരിപ്പുവില വർദ്ധിപ്പിക്കുന്നതിനും വെളിച്ചെണ്ണയുടെ താരിപ്പുവില ക്രമത്തിലധികം കുറയ്ക്കുന്നതിനും ഗവണ്മെന്റിനെ നിർബന്ധിക്കുകയും ചെയ്തു. അതനുസരിച്ച് ഗവണ്മെന്റ് കൊപ്രായുടെ താരിപ്പുവില ൧൮ രൂപയിൽ നിന്നു ൧൦ രൂപയായി ഭേദപ്പെടുത്തി.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): നാട്ടിലെമിൽവ്യവസായം വർദ്ധിപ്പിക്കുന്നതിനാണ് കൊപ്രായുടെ തീരുവ കൂട്ടിയിരിക്കുന്നതെന്ന് അറിയാമോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ പറയുന്നതു മുഴുവനും കേട്ടിട്ട് ചോദ്യംചോദിച്ചാൽ ഉത്തരംപറയാം.

സർ, തിരുവിതാംകൂറിലുള്ള ഒരു പ്രധാനവ്യവസായമാണ് ഈ നാളികേരകൃഷി. ഈ നാളികേരകൃഷികൊണ്ട് നാട്ടിൻപുറങ്ങളിലുള്ള അധികം പേരും നിത്യവൃത്തികഴിച്ചു പോരുന്നുണ്ടെന്ന് നമുക്കുകാണാവുന്നതാണ്. അവരുടെ ആദായത്തിനുള്ള പ്രധാനമായഇനം ഈ നാളികേരകൃഷിയാകുന്നു. ജനങ്ങളിൽ ൯൦ അല്ലെങ്കിൽ ൯൫ ശതമാനത്തിലധികം നാട്ടിൻപുറങ്ങളിൽ താമസിക്കുന്നവരാണ്. അതിനാൽ നാം നോക്കുവാനുള്ളതു നാട്ടെല്ലുമുറിയത്തക്കവണ്ണം പ്രയത്നംചെയ്തു നിത്യവൃത്തികഴിച്ചുകൂട്ടുവാൻ അവരെ അനുവദിക്കണമോ, അല്ലെങ്കിൽ, ഈ കൃഷിക്കാരെ ദ്രോഹിച്ച് മിൽഉടമസ്ഥന്മാരുടെ ആദായം വർദ്ധിപ്പിക്കണമോ ഏതാണ് വേണ്ടതു് എന്നുള്ളതാണ്. ഇതാണ് ആലോചനാവിഷയം. സാധുക്കളായ കൃഷിക്കാരുടെ നിത്യവൃത്തിക്കുള്ള മാർഗ്ഗവും, മിൽഉടമസ്ഥന്മാരുടെ ആദായ വർദ്ധനയ്ക്കുള്ള ഉപായവും, ഏതാണ് വേണ്ടതു എന്നുള്ളതാകുന്നു ചിന്താവിഷയമായിത്തീർന്നിരിക്കുന്നതു്. സർ, ഈ മിൽഉടമസ്ഥന്മാർക്ക് വലുതായ ആദായം ഉണ്ടാകുമ്പോൾ സാധുക്കളായ കൃഷിക്കാർ പരിപൂർണ്ണമായിഅവരുടെ ദയയ്ക്ക് അധീനരായിത്തീരുകയാണ ചെയ്യുന്നതെന്ന് ഞാൻ അറിയിച്ചുകൊള്ളട്ടെ. കൊപ്രായുടെ താരിപ്പുവില ൧൮ രൂപയാണെന്നും, കൊപ്രാവെളിച്ചെണ്ണയായും, പിണ്ണാക്കായും രൂപാന്തരപ്പെടുത്തപ്പെടുന്നു എന്നും നാം കാണുന്നുണ്ട്. ഒരു ഹൺട്രഡ്‌വെയിററ് തൂക്കം കൊപ്രായിൽ നിന്നും ൬൪ ശതമാനം വെളിച്ചെണ്ണയും, ൩൬ ശതമാനം പിണ്ണാക്കും കിട്ടുന്നുണ്ടെന്നുവിചാരിക്കുക. ഈ ൬൪ ശതമാനം വെളിച്ചെണ്ണയ്ക്കു ൨൭ രൂപാനിരക്കനുസരിച്ചും, പിണ്ണാക്കിന് ൪ രൂപാ വീതവും ആയാൽ തീരുവ കെട്ടേണ്ടിയിരിക്കുന്നു. അതുകൊണ്ട് ആദായത്തിന്റെ കണക്ക് ഇപ്പോഴും വളരെ കൂടുതൽതന്നെയാണ്. ഇപ്രകാരമുള്ള പ്രത്യേകവ്യാപാരാധികാരങ്ങൾക്കെല്ലാം പകരമായി ആരാണ കഷ്ടപ്പെടേണ്ടതെന്നു ആലോചിക്കുക. പാവപ്പെട്ടകൃഷിക്കാരനല്ലാതെ മററാരുമല്ല. അവനുപ്രക്ഷോഭണം നടത്തുവാൻ യാതൊരുവഴിയുമില്ല. അധികാരികളായ വലിയആളുകളുടെ ഇടയിൽ അവനു സ്വാധീനശക്തിയുമില്ല. ഇതുസംബന്ധിച്ചു ലാർഡുകർസൻ ചെയ്തിട്ടുള്ള സംഭാഷണത്തിൽ നിന്നുസ്റ്റേററ്മാൻവലിന്റെ ൧൯൨൫-ാംവകുപ്പിൽ ഉദ്ധരിച്ചിട്ടുള്ള ഒരുഭാഗത്തേയ്ക്കു ഞാൻനിങ്ങളുടെശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ.

"ഇൻഡ്യാക്കാരായസാധുക്കൾ' രോഗികളും, അവശന്മാരും, ക്ഷമാശീലന്മാരുമായ ലക്ഷോപലക്ഷംവരുന്ന ഇൻഡ്യാക്കാരായ കൃഷിക്കാർ, ജനങ്ങളിൽ ൯൦ ശതമാനം വരുന്നവർ കൃഷികൊണ്ടുമാത്രം ഉപജീവനം കഴിച്ചുപോരുന്നവർ, നയങ്ങളെപ്പററി യാതൊരറിവില്ലാത്തവർ, അവയുടെ ഫലങ്ങളനുസരിച്ചു സുഖിക്കുന്നവരുമായ ആളുകൾ, മനുഷ്യരുടെ നേത്രങ്ങൾക്കുവിഷയമാകാത്തവർ, സ്വന്തം നാട്ടുകാരാൽ പോലും പലപ്പോഴും മറക്കപ്പെടുന്നവർ ഇവരെപ്പററിയാകുന്നു ഞാൻ പറയുന്നതു. എല്ലാനയങ്ങളേയും സംബന്ധിച്ചടത്തോളം, ബഹിർഭാഗത്തുമാത്രമാണു അവർ നിന്നിട്ടുള്ളതു. അതിൽ ഞാനാണ് ഉത്തരവാദി. നയങ്ങളുടെ വർദ്ധനക്കെല്ലാം സഹായമായിനിന്നിട്ടുള്ളതും ഞാൻ തന്നെയാണ്. കീർത്തിമാന്മാരായോ, ഐശ്വര്യവാന്മാരായോ നാം അവരിൽ ആരേയും കാണുന്നില്ല. വലിയപട്ടണങ്ങളിലുള്ള വൃത്തിഹീനമായ സ്ഥലങ്ങളിലും അവരെ നമുക്കു കാണാൻ കഴിയുന്നതല്ല. വർത്തമാനപ്പത്രങ്ങളൊന്നും അവർ വായിക്കുന്നില്ല. അവർക്കുവായിക്കാൻ പോലും അറിവില്ലെന്നു തന്നെ സാമാന്യമായിപ്പറയാം. രാഷ്ട്രീയചിന്തകൾ അവർക്കില്ല. എന്നാൽ രാജ്യത്തിന്റെ നട്ടെല്ലും മജ്ജയും ആകുന്നു അവർ. ഫലപ്രദേശത്തുള്ള വിയർപ്പുതുള്ളികളോടുകൂടി അവർ നിലം ഉഴുന്നു. അവരുടെ അപ്രകാരമുള്ള പ്രയത്നത്തിൽ നിന്നാണ് രാജ്യത്തിന്റെ ആദായത്തിൽ നാലിലൊരുഭാഗം ഉണ്ടാകുന്നതു്. അവരാകുന്നു എല്ലാവൈസ്രായിമാരുടേയും പ്രഥമവും, പ്രധാനവുമായ ബഹുമാനത്തിനു വിഷയമായിത്തീരേണ്ടതു്."

സർ, നാളികേരവൃക്ഷത്തിൽ നിന്നുകിട്ടുന്ന ഈഅനുഭവത്തിന്റെ താരിപ്പുവിലയെപ്പററി സൂക്ഷ്മമായിപരിശോധിച്ചു നോക്കുകയാണെങ്കിൽ, താരിപ്പുവിലയിലുള്ള ഇപ്പോഴത്തെ വർദ്ധനയ്ക്കുററവും ദോഷകരമായിട്ടുള്ളതാണെന്ന് നിങ്ങൾക്കു ബോധ്യമാകും. കൊപ്രായുടേയും വെളിച്ചെണ്ണയുടേയും താരിപ്പുവില ശരാശരിയിലായിരിക്കേണ്ടതാണ്; അങ്ങനെയാണെങ്കിൽതന്നെയും, പിണ്ണാക്കിന്റെ താരിപ്പുവില കൊപ്രായുടേതിൽനിന്നും കുറവായിരിക്കുന്നതിനാൽ മിൽഉടമസ്ഥന്മാർക്ക് ആദായത്തിന് വഴിയില്ലാതില്ല. അതുകൊണ്ട് ഞാൻ പറയുവാൻ ആഗ്രഹിക്കുന്നതെന്തെന്നാൽ, ഗവണ്മെന്റിൽ നിന്ന് ഈ വിഷയത്തെ എത്രയും ഗൌരവമായവിധത്തിൽ ഗണിക്കുകയും, രാജ്യത്തിലുള്ള തെങ്ങുകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് നിശ്ചിതമായ ഒരു നയം ഗവണ്മെന്റിന് ഉണ്ടെന്നും, രാജ്യത്തിലെ പ്രധാനവ്യവസായത്തെ സംബന്ധിച്ചിടത്തോളം, കൃഷിക്കാരുടെ ലാഭത്തെ നശിപ്പിക്കപ്പെടുത്തിയോ അല്ലെങ്കിൽ, അവർക്ക് നിത്യവൃത്തിക്കു മാർഗ്ഗമില്ലാതാക്കിയോചെയ്തു, പ്രത്യേകതാല്പര്യമുള്ള ആളുകളാൽ ആരംഭിക്കപ്പെടുന്ന പ്രക്ഷോഭണങ്ങൾക്ക് ഗവണ്മെന്റ് വശപ്പെടുന്നതല്ലെന്നും കാണിക്കുകയുംചെയ്യണമെന്നോകുന്നു.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): മി: പി. എസ്സ്. മുഹമ്മദിന്റെ ഉപക്ഷേപത്തെ എനിക്ക് എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. മി: ആശാന്റെ അഭിപ്രായത്തോടു യോജിക്കാം. പൊതുജനക്ഷേമത്തിൽ എത്രയോ താല്പര്യമുള്ള ഇന്നത്തെ ഗവണ്മെന്റും പൊതുജനപ്രതിനിധികൾ എന്നവേഷം കെട്ടിയിരിക്കുന്നതായ ഞങ്ങളും —

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): "ജനപ്രതിനിധികൾ എന്നവേഷം കെട്ടിയിരിക്കുന്ന ഞങ്ങളും" എന്നഭാഗം പിൻവലിക്കേണ്ടതാണ്. (hear hear) ഞങ്ങൾ യഥാർത്ഥ ജനപ്രതിനിധികൾ തന്നെയാണ്.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): മിസ്റ്റർ കുര്യാക്കോസ് പറഞ്ഞതു ശരിയാണ്. ഞാൻ അതിനെ പിൻവലിക്കുന്നു. എന്നാൽ വേഷംകെട്ടിയിരിക്കുന്ന എന്നുപറഞ്ഞതിൽ അല്പം അർത്ഥമില്ലാതില്ല. "വേഷംകെട്ടിച്ചിരിക്കുന്ന" എന്നുവേണം പറയാൻ. അതു എന്തുകൊണ്ടാണെന്നു ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല.

മി: മാത്യുമുരിക്കൻ (വൈക്കം): അതു എന്താണെന്നു കേട്ടാൽ കൊള്ളാം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): ഈ കൗൺസിലിൽ കൊണ്ടുവന്നു പാസ്സാക്കുന്നതായ പ്രമേയങ്ങളിൽ ഒന്നുംതന്നെ ഗവണ്മെന്റു പ്രയോഗത്തിൽ വരുത്താതെ ഇരിക്കുന്നതുകൊണ്ട് ഞങ്ങളെ ജനപ്രതിനിധിവേഷം കെട്ടിച്ചിരിക്കുന്നതു മാത്രമേ ഉള്ളൂ എന്നാണു ഞാൻ വിചാരിക്കുന്നതു (മി. മാത്യുമുരിക്കൻ hear, hear) അതുകൊണ്ടു ജനക്ഷേമത്തിൽ താല്പര്യമുള്ള ഗവണ്മെന്റും ചുമതലയുള്ള ജനപ്രതിനിധികളും നിശ്ചയമായിട്ടും ഈ ഉപക്ഷേപത്തെ പിൻതാങ്ങാൻ നിവൃത്തിയില്ല. എക്സൈസ് പാളിസി തന്നെ പ്രൊഹിബിഷനായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ശക്തിയായി വാദം നടത്തുന്നുണ്ട്. ആ സ്ഥിതിക്കു ജനങ്ങൾക്കു ദോഷം ഉണ്ടാക്കുന്ന, സിഗററ് ബീഡിമുതലായ സുഖസാധനങ്ങളെയും ഈ രാജ്യത്തുനിന്നും ബഹിഷ്കരിക്കേണ്ടതാണ്. എന്നാൽ ബീഡിയെസംബന്ധിച്ചുമാത്രമേ മിസ്റ്റർ മഹമ്മദിന്റെ ഉപക്ഷേപത്തിൽ പറയുന്നുള്ളൂ, യഥാർത്ഥമായി എല്ലാററിനെസംബന്ധിച്ചും ഡ്യൂട്ടികൂട്ടണമെന്നാണ് എന്റെ അഭിപ്രായം. സിഗററിനെക്കാൾ ബീഡിയിൽ അല്ലയോ കൂടുതൽ ഉപദ്രവകരമായ സാധനങ്ങൾ അടങ്ങിയിരിക്കുന്നതെന്ന എനിക്കുബലമായിസംശയമുണ്ട്. വിഷദ്രവ്യമായ "നിക്കോട്ടിൻ" ഏതിലാണു ശതമാനം കൂടുതൽ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): ബീഡികൊണ്ടുദോഷമാണുള്ളതെങ്കിൽ അതു നമ്മുടെ രാജ്യത്തുവരുത്താതിരിക്കയല്ലേ വേണ്ടതു?

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): വരുത്താതിരിക്കണം എന്നു പറഞ്ഞാൽ പ്രയോഗത്തിൽ വരുത്താൻ കുറെ വിഷമമുണ്ട്. വളരെക്കാലമായി ഉപയോഗിച്ചുവരുന്നതിനെ പെട്ടെന്നു നിറുത്തുക എന്നുള്ളതു പ്രയാസമാണ്. അങ്ങനെ ശീച്ചപ്പെടുത്തുന്ന പക്ഷം അതു നടപ്പിൽ കൊണ്ടുവരാൻ നിവൃത്തിയില്ലാതെയും വരും. ഡയറക്ഷനിലുള്ള ഒരു ഉപക്ഷേപത്തിലാണ് ഞാൻ സംസാരിക്കുന്നതെങ്കിൽ എനിക്കു പല സംഗതികളും പ്രസ്താവിക്കാനുണ്ടായിരുന്നു. ഒരു "ജൂവനൈൽസ്മോക്കിങ്ങ് റഗുലേഷൻ" ഇവിടത്തെ ഗസററിൽ പരസ്യപ്പെടുത്തിയെങ്കിലും അതു മിക്ക സ്ഥലത്തും നടപ്പിൽ വന്നിട്ടില്ല. ഇപ്പോൾ പല പള്ളിക്കൂടം കുട്ടികളും ആറും ഏഴും വയസ്സുള്ള ചെറുബാലന്മാരും ധാരാളമായി പുകവലിച്ചു വരുന്നുണ്ട്. സ്കൂളിൽ നിന്നു ഇറങ്ങി വരുമ്പോൾ വഴിക്കു കാണുന്ന കടകളിലെ മനോഹരമായ ഒരുക്കങ്ങൾ അവരെ പല തരത്തിലും ഇന്നു ആകർഷിക്കുന്നുണ്ട്. പത്രങ്ങളും മററും വായിച്ചിട്ടുള്ളവർക്ക് ഇതിൽനിന്നുണ്ടാകുന്ന ദോഷം എന്താണെന്നു ബോദ്ധ്യപ്പെട്ടിരിക്കാം. ഈ നാട്ടിൽ മാത്രമല്ല ലോകം മുഴുവനും അഡ്വർടൈസ്മെന്റു കൊണ്ടു സിഗററു മുതലായ ചില സാധനങ്ങൾ ജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതായിട്ടു കാണുന്നുണ്ട്. ഈ ആകർഷണത്തിനു ചെറിയ കുട്ടികളുടെ ഇടയിൽ കൂടുതൽ ഫലം ഉണ്ടാകും. ഒന്നു രണ്ടു കൊല്ലം മുമ്പു (ആർട്ട്സ് കാളേജും സയൻസ് കാളേജും ഒന്നിച്ചിട്ടിരുന്ന സന്ദർഭത്തിൽ) കാളേജുവിട്ടു വിദ്യാർത്ഥികൾ കൂട്ടമായി വരുന്ന നാലുമണി സമയത്തു ആർട്ട്സ് കാളേജിന്റെ മുൻവശത്തു കൂടെ ആനപ്പുറത്തു കയറി ഒരു സായിപ്പ് ആനമാർക്കു സിഗററു റോഡിന്റെ ഇരുവശങ്ങളിലും വില കൂടാതെ വലിച്ചെറിഞ്ഞു കൊടുത്തുകൊണ്ട് പോയതായി തിരുവനന്തപുരത്തുള്ള മിക്കവാറും ആളുകൾക്കു ഓർമ്മ ഉണ്ടായിരിക്കും. അതു പോലെ ദുർമ്മാർഗ്ഗത്തിലേക്കു ആകർഷിക്കുന്ന ഒരു പ്രചരണ വേല ഗവണ്മെന്റു അനുവദിക്കാമോ എന്നു ചിന്തിക്കേണ്ടതാണ്. ഇതിനെ പ്രതിഷേധിക്കേണ്ടതാണ് നമ്മുടെ ചുമതല. അതുകൊണ്ട് ബീഡിപ്പുകയിലക്കു തീരുവ കൂട്ടിയതു ഒട്ടും അനീതി അല്ല. ഗവണ്മെന്റിനു റവന്യൂ ഉണ്ടായിരിക്കണം. റവന്യൂ കിട്ടാതെ ഒരു കാര്യവും നടത്താൻ സാധിക്കുന്നതല്ല. ജനങ്ങൾക്കു ഉപദ്രവകരമായ വിധത്തിൽ റവന്യൂ കൂട്ടുന്നു എങ്കിൽ അതു തെററാണ്. ന്യായമായ വിധത്തിൽ റവന്യൂ വർദ്ധിപ്പിക്കുന്നതിൽ നാം അനുകൂലിക്കണം. സ്മോക്കിങ്ങ് റെക്വിസിററ്സ് വില്പനയ്ക്കു മുൻസിപ്പാലിററികളിലെങ്കിലും ലൈസൻസ് ഏർപ്പെടുത്തണം. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

മി: കെ. സി. കരുണാകരൻ (നിയമിത മെംബർ): ഈ സഭ മുമ്പാകെ മിസ്റ്റർ പി. എസ്. മഹമ്മദ് ഹാജരാക്കിയ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. നാളികേരത്തിന്റേയും, കൊപ്രായുടേയും താരിഫ് വില ഗവണ്മെന്റിൽ നിന്നും വർദ്ധിപ്പിക്കുന്ന നയത്തെ മിസ്റ്റർ. പി. എസ്സ്. ദാമോദരനാശാൻ നിരൂപണം ചെയ്യുകയായിരുന്നുവല്ലോ. സ്വന്ത അഭിപ്രായമനുസരിച്ചു ആ വിഷയത്തെപ്പററി അദ്ദേഹം നല്ല പോലെ നിവേദനം ചെയ്തിട്ടുണ്ടെന്നുള്ളതു ഞാൻ സമ്മതിക്കുന്നു. ദൗർഭാഗ്യത്താൽ സഭയുടെ ഈ വശത്തുള്ള അനൗദ്യോഗസ്ഥമെംബറന്മാരിൽ അധികം പേരും കൃഷിവക കാര്യങ്ങളിൽ താല്പര്യമുള്ളവരാകുന്നു. താരിഫുവില, ഇറക്കുമതിയും കയററുമതിയും സംബന്ധിച്ച തീരുവ എന്നീ വിഷയങ്ങളെപ്പററി വാദപ്രതിവാദം നടത്തുമ്പോൾ വ്യാവസായികളുടേയും, കച്ചവടക്കാരുടേയും അഭിപ്രായങ്ങളെ അനുകമ്പാപൂർവ്വം കേൾക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാകുന്നു. കൊപ്രായുടെ താരിഫ് വില വർദ്ധിപ്പിക്കുകയും കുറയ്ക്കുകയും ചെയ്യുന്നതിന്റെ ഫലത്തെപ്പററി കഴിഞ്ഞ നാല്പതോ, നാല്പത്തഞ്ചോ വർഷങ്ങളിലായി അനുവർത്തിച്ചു പോരുന്ന താരിഫു നയത്തിൽ ഉണ്ടായിട്ടുള്ള ഭേദഗതികളെ സംബന്ധിച്ച്, മിസ്റ്റർ ദാമോദരനാശാൻ നമ്മോടു പറഞ്ഞിട്ടുണ്ട്. ഇന്നും

ഇന്നലെയും ഏററവും ശോചനീയാവസ്ഥയിൽ തന്നെയിരിക്കുന്നതും, ഇതുവരെ പോന്നതുമായ ഈ വെളിച്ചെണ്ണവ്യവസായത്തെ സംബന്ധിച്ച ഒരു നിശ്ചിതനയം സ്വീകരിക്കുവാൻ ഗവന്മെന്റിനു സാധിക്കുന്നതല്ലെന്നു അതു തന്നെ കാണിക്കുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തിരുവിതാംകൂറിൽ ഈ വ്യവസായം ആരംഭിച്ചിട്ട് എത്ര വർഷമായിട്ടുണ്ടെന്നു മെമ്പർ പറയുമോ?

മി: കെ. സി. കരുണാകരൻ (നിയമിത മെമ്പർ): ഏകദേശം മുപ്പതുമോ നാല്പതോ വർഷം ആയിരിക്കാം.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആലപ്പുഴ നിന്നും ഈ സാമാനങ്ങൾ നേരിട്ടുകൊണ്ട് വരുന്നതിനു സൌകര്യങ്ങളൊന്നുമില്ലെന്നുള്ളതു മെമ്പർക്ക് അറിയാമോ?

മി: കെ. സി. കരുണാകരൻ (നിയമിത മെമ്പർ): മെമ്പർ പറയുന്നതു ഞാൻ വിശ്വസിക്കുന്നു. കഴിഞ്ഞുപോയ മിസ്റ്റർ. പി. ജോൺ ഈ വിഷയം പല തവണയും, ഗവന്മെന്റിന്റേയും, ഈ സഭയുടേയും ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചിട്ടുണ്ട്. ചിലപ്പോൾ, ഗവന്മെന്റ കൊപ്രായുടെ താരിപ്പുവില വർദ്ധിപ്പിയ്ക്കുകയും, മററു ചിലപ്പോൾ വെളിച്ചെണ്ണയുടെ താരിപ്പു വില കറയ്ക്കുകയും ആണ് ചെയ്തിട്ടുള്ളത്. നാളികേരത്തിൽ നിന്നോ, വെളിച്ചെണ്ണയിൽ നിന്നോ ഒരാണ്ടിൽ അവർക്ക് കൂടുതൽ മുതലെടുപ്പ് ഉണ്ടെന്നു കണ്ടപ്പോൾ, മുതലെടുപ്പുണ്ടാകണമെന്നുള്ള ഏക ഉദ്ദേശ്യത്തോടുകൂടി അടുത്ത ആണ്ടിലും അവർ താരിപ്പുവില വർദ്ധിപ്പിച്ചു. മുൻപു ദിവാൻജിയായിരുന്ന മിസ്റ്റർ. വാട്ട്സിന്റെ കാലത്തു അതായതു രണ്ടു വർഷത്തിനു മുമ്പു കൊപ്രായുടെ തീരുവ ൨൨ ക്കു രൂപയിൽ നിന്നും ൧൯ രൂപയായി കുറയ്ക്കപ്പെട്ടു. മിസ്റ്റർ. വാട്ട്സ് ആയിരം നാളികേരത്തിനു ൬൭ ക്കു രൂപയിൽനിന്നും ൪൦ രൂപയായി താരിപ്പു വിലയിലും കുറവു വരുത്തി. താരിപ്പുവിലയിലുള്ള ഈ വർദ്ധനയുടേയും കുറവിന്റേയും ഫലം അദ്ദേഹം വളരെ സൂക്ഷ്മമായി അറിയുകയും, അതു വെളിച്ചെണ്ണ മില്ലിന്റെ ഉടമസ്ഥനു വാസ്തവത്തിൽ വലിയ ഇടിവിനു കാരണമാണെന്നു പിന്നീട് മനസ്സിലാക്കുകയും ചെയ്തു.

സഭയുടെ ദൃഷ്ടിയിൽകൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്ന വേറെയൊരുവിഷയം ഈ സംസ്ഥാനത്തിലുള്ള വെളിച്ചെണ്ണ മിൽവ്യവസായത്തിന്റെ സ്ഥിതിയെപ്പററിയാകുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മിസ്റ്റർ. വാട്ട്സ് ൧൧൦൭-ൽ വെളിച്ചെണ്ണയുടെ താരിപ്പു വിലയും കുറച്ചിട്ടില്ലേ?

മി: കെ. സി. കരുണാകരൻ (നിയമിത മെമ്പർ): ഉണ്ട്. ആലപ്പുഴ മിൽ ഉടമസ്ഥന്റെ അതായതു തിരുവിതാംകൂർ മിൽ ഉടമസ്ഥന്റെ സ്ഥിതിയെ കൊച്ചി മിൽ ഉടമസ്ഥന്റെ സ്ഥിതിയോട് താരതമ്യപ്പെടുത്തി നോക്കുമ്പോൾ അനുകൂലമായിരിക്കുന്നതല്ല. തിരുവിതാംകൂർ ഗവന്മെന്റ ആലപ്പുഴ തുറമുഖത്തെ സാമാനങ്ങൾ കപ്പലിൽ കയററുന്നതിന് സൌകര്യമുള്ളതാക്കിത്തീർത്തിട്ടില്ലെന്നുള്ള വിവരം നിങ്ങൾക്കും അറിയാവുന്നതാണ്. അതുകൊണ്ടു തിരുവിതാംകൂർ മിൽ ഉടമസ്ഥന്, കൊച്ചി, തിരുവിതാംകൂർ എന്നീ രണ്ടു സംസ്ഥാനങ്ങൾക്കും പൊതുവായിട്ടുള്ളതെന്നു ഇപ്പോൾ സമ്മതിക്കപ്പെട്ടു പോരുന്ന കൊച്ചി തുറമുഖത്തിലേയ്ക്ക് തന്റെ എണ്ണ കൊണ്ടുപോകേണ്ടിയിരിക്കുന്നു. എന്നാൽ കൊച്ചിയിലെ മിൽ ഉടമസ്ഥനു പ്രഭാതത്തിൽ കൊപ്രാ ശേഖരിക്കുവാൻ കഴിയുന്നു, നാലുമണിയാകുമ്പോൾ അതു മുഴുവനും ആട്ടിയെടുക്കുവാനും വൈകുന്നേരം എണ്ണവില്ക്കുവാനും അന്നു തന്നെ കൊപ്രായ്ക്കുള്ള വില കൊടുത്തു തീർക്കുവാനും അയാൾക്കു സാധിക്കും. ആലപ്പുഴയിലാകട്ടെ, കൊപ്രാ ശേഖരിച്ചിടുന്നു. അതിനു ശേഷം അതു ആട്ടി എണ്ണയാക്കി കൊച്ചിയിലേയ്ക്കു കൊണ്ട് പോയി വിലയ്ക്കു കൊടുക്കുന്നു, ഇതു നിമിത്തം എട്ടിലധികം ദിവസത്തേയ്ക്കു തിരുവിതാംകൂർ മിൽ ഉടമസ്ഥന് അയാളുടെ പണം മുടക്കേണ്ടതായിവരുന്നു. ഈ കാര്യങ്ങളെല്ലാംകൂടി ആലോചിച്ചു നോക്കുമ്പോൾ, ആലപ്പുഴക്കും കൊച്ചിയ്ക്കും തമ്മിൽ പ്രത്യക്ഷമായി നാലു രൂപാ വ്യത്യാസം ഉണ്ടെന്നു കാണാവുന്നതാണ്. ദയാപൂർവ്വം സ്വീകരിക്കുന്ന ഏതെങ്കിലും ഉപായംകൊണ്ട് താരിപ്പുവിലയിൽ വ്യത്യാസം ഗവന്മെന്റിൽനിന്നും ആലപ്പുഴമിൽ ഉടമസ്ഥന് വകവച്ചുകൊടുക്കാതിരിക്കുന്നിടത്തോളം കാലം, തിരുവിതാംകൂർമിൽ ഉടമസ്ഥന് കൊച്ചിമിൽ ഉടമസ്ഥനോട് മത്സരിക്കുവാൻ ശക്തിയുണ്ടായിരിക്കുന്നതല്ല. തൽഫലമായി തിരുവിതാംകൂറിലുള്ള പന്ത്രണ്ടിലധികം മില്ലുകൾ നിന്നുപോകുവാനും ഇടയായേക്കും. ഏതാനും വർഷങ്ങൾക്കുമുമ്പ് നടപ്പിലിരുന്നിരുന്ന ചേർത്തലയുള്ള നാലുമില്ലുകൾ ഇപ്പോൾതന്നെ നിന്നുപോയിട്ടുണ്ട്.

ഇന്നും ആലപ്പുഴയുള്ള മിൽഉടമസ്ഥന്മാർ അവരുടെ മില്ലുകൾ നടത്തിപ്പോരുന്നത് വലിയനഷ്ടത്തോടുകൂടിയാണെന്ന് എന്റെ സ്നേഹിതന്മാർ നിങ്ങളെ അറിയിക്കുന്നതാണ്. ഗവന്മെന്റു ഈ വിഷയത്തെ എങ്ങനെ ഗണിച്ചാലും വിരോധമില്ല. അതിനെപ്പററി ഞാൻ അത്ര വകവയ്ക്കുന്നില്ല. തിരുവിതാംകൂറിലുള്ളമിൽ ഉടമസ്ഥന്മാർ കൊച്ചിയിലെ മിൽ ഉടമസ്ഥന്മാരുമായി എതിർത്തുനില്ക്കുവാൻ പ്രാപ്തന്മാരാകുന്നു എന്നു കാണുവാൻ മാത്രമാകുന്നു ഞാൻ ആഗ്രഹിക്കുന്നത്. തിരുവിതാംകൂറിലെ മിൽ ഉടമസ്ഥനു ഈ വ്യത്യാസമായ നാലുരൂപയ്ക്കു പരിഹാരമുണ്ടാക്കുവാൻ സാധിക്കാതെ പോകുന്നപക്ഷം ഈ സംസ്ഥാനത്തിലെ വെളിച്ചെണ്ണമിൽ വ്യവസായം ഈ രാജ്യത്തിൽ നിശ്ചയമായും പരാജയത്തിൽ അവസാനിക്കുവാനേ മാർഗ്ഗമുള്ളു. അനവധിപണം ഇതിലും മററു വ്യവസായങ്ങളിലും നിക്ഷേപിച്ചിരിക്കുന്നുണ്ടെന്നുള്ളതു നമുക്കെല്ലാവർക്കും അറിയാവുന്നതും ആകുന്നു. തിരുവിതാംകൂറിലെ ജനങ്ങളും തിരുവിതാംകൂർ വിദഗ്ദ്ധന്മാരും നടത്തിപ്പോരുന്ന ഏകവ്യവസായം——.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൊപ്രാആട്ടുന്നതിൽ ആലപ്പുഴയിലും കൊച്ചിയിലും വല്ല വ്യത്യാസവും ഉണ്ടോ?

മി: കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഉണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്താണു വ്യത്യാസം?

മി: കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഇപ്പോൾ അതു മെമ്പറോടു പറയുവാൻ എനിക്കു നിവൃത്തിയില്ല.

ഞങ്ങളെ സന്ദർശിക്കുന്നതിനായി എക്സൈസ്കമ്മീഷണർ ആലപ്പുഴയ്ക്കുവന്നപ്പോൾ ഞങ്ങൾ ഈ സംഗതി അദ്ദേഹത്തിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ നടപ്പിലിരിക്കുന്നതാരിപ്പുവിലയിൽ ഒരു ഭേദഗതിചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പററി അപ്പോഴത്തെ ദിവാൻജിയേയും ഞങ്ങൾ ബോദ്ധ്യപ്പെടുത്തി

ട്ടുണ്ട്. ഇതിനുശേഷവും പരിസംഖ്യയിച്ചേയ്ക്ക് എക്സൈസ് കമ്മീഷണർ പോയിട്ടില്ലെന്ന ഞാൻ സഭയെ ധരിപ്പിച്ചു കൊള്ളുന്നു.

നാളികേരത്തിന്റെ വില ൱൭൫ രൂപയിൽ നിന്നും ൪൦ രൂപയായി കുറവുചെയ്യുന്നുനിമിത്തം ഈ രാജ്യത്തുനിന്നും അനവധി നാളികേരം ആലുവാമൊഴിവഴിയായും കൊച്ചിവഴിയായും പുറത്തുപോയിട്ടുണ്ടെന്നുള്ളതാണ് വേറൊരുസംഗതി. കൊച്ചിയിലെ മിൽ ഉടമസ്ഥന്മാർ ഈ നാളികേരങ്ങളെ വാങ്ങിച്ച് അവയെ കൊപ്രായാക്കിത്തീർക്കുന്നു. അതിനും പുറമെ അവർക്ക് തൊണ്ടുകളും കിട്ടുന്നു. കണക്കുകൾ പരിശോധിക്കുന്നപക്ഷം അനവധി നാളികേരങ്ങൾ ഇപ്രകാരം രാജ്യത്തിനു വെളിയിൽ അയക്കപ്പെട്ടിട്ടുള്ളതായ് നിങ്ങൾക്കു കാണാം. ഇതു നിമിത്തം രാജ്യത്തിലെ പ്രധാനവ്യവസായങ്ങളായ കയറുപിരിക്കൽ, ചായക്കുത്തു എന്നീ രണ്ടു വ്യവസായങ്ങൾക്കും വലിയ ഇടിവു തട്ടുന്നതാണ്. ഈ രാജ്യത്തുനിന്ന് ഒററത്തൊണ്ടുപോലും വെളിയിൽ പോകാതിരിക്കുവാൻ നാം വേണ്ടുന്നകരുതലുകൾ ചെയ്യേണ്ടതാകുന്നു. ഈ സഭമുമ്പാകെ ഹാജരാക്കുവാൻ ഞാൻ ആഗ്രഹിക്കുന്ന മുഖ്യവിഷയം ഇതാകുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): വ്യവസായത്തിൽ അഭിവൃദ്ധിയ്ക്കുവേണ്ടിയല്ലാതെ, കാലക്ഷേപത്തിനുള്ള മാർഗ്ഗത്തെ ഉദ്ദേശിച്ചല്ലാതെ നട്ടെല്ലുപൊട്ടി വെള്ളംകോരി നാളികേരവൃക്ഷങ്ങൾ വയ്ക്കുന്നതെന്തിനാണെന്നാണ വിചാരിക്കുന്നത്?

മി: കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഈയിടെ നാളികേരത്തിന്റെ വില കുറഞ്ഞിട്ടുണ്ടെന്ന് എനിക്കു അറിയാം. നെല്ല്, മരച്ചീനി, നാളികേരം എന്നിവപോലെ അന്യോന്യം വിലയ്ക്കുമാററം ഉണ്ടായിക്കൊണ്ടിരിക്കുന്ന ചില സാധനങ്ങൾ ലോകത്തിൽ ഉണ്ട്. നെല്ലിന്റേയും മരച്ചീനിയുടേയും വിലകുറഞ്ഞു അതു് സഹതാപരീത്യാ നാളികേരത്തിന്റെ വിലയേയും ബാധിച്ചു.

വേറെയൊരു സംഗതി ആലപ്പുഴയിൽ ഇന്ന് കൊപ്രാകയററുമതി തീരെ ചെയ്യുന്നില്ലെന്നുള്ളതാകുന്നു. ൧൯൧൭-ാമാണ്ടു മെസ്സേർസ് ആസ്പിൻവാൾ കമ്പനിയിൽനിന്നു മാത്രം കയററുമതിചെയ്ത കൊപ്രയ്ക്ക് തീരുവയായി ൮൫,൦൦൦ രൂപകൊടുത്തിട്ടുണ്ട്. സിലോൺ കൊപ്രയ്ക്കും തിരുവിതാംകൂർ കൊപ്രയുടേയും വിലകൾക്കു തമ്മിലുള്ള വ്യത്യാസംകൊണ്ടു—ഈ രണ്ടു രാജ്യങ്ങളിലേയും കൊപ്രായുടെ വിലയ്ക്കു തമ്മിൽ ൫ പവൻമുതൽ ൭ പവൻവരെയുള്ള വ്യത്യാസം എപ്പോഴും ഉണ്ട്—സ്ഥിതിഗതികളുടെ ഇപ്പോഴത്തെ നിലയ്ക്ക് ഇനസ്കൊപ്രാകയററുമതിചെയ്യുന്ന കാര്യം അസാദ്ധ്യമാണ. അപ്പോൾ മാത്രമെ കൊപ്രായുടെവില അസാമാന്യമായ വർദ്ധിക്കുകയും, നാളികേരത്തിന്റെ വിലയെ അതു ബാധിക്കുകയും ചെയ്കയുള്ളു. വ്യാപാരസ്ഥലമായ ആലപ്പുഴയിൽ അപ്രകാരമുള്ള ഒരു നില കാണപ്പെടുന്നില്ല.

ഈ വെളിച്ചെണ്ണ വ്യവസായത്തെ സംബന്ധിച്ച ആലോചന യോഗ്യമായ വേറെയൊരു വിഷയം യുദ്ധകാലത്തും അതിനുശേഷവും യൂറോപ്പിൽ വെണ്ണ വളരെ ചെലവുള്ളതായിത്തീർന്നിട്ടുണ്ടെന്നുള്ളതാകുന്നു. അതിനാൽ ഈ രാജ്യത്തിലെ വെളിച്ചെണ്ണയിൽ അധികം ഭാഗവും മാർഗാരിൻ എന്ന സാധനത്തിനായിട്ട കയററുമതിചെയ്യപ്പെട്ടു. ഇപ്പോൾ മദ്ധ്യ ആഫ്റിക്കയിൽ എണ്ണയെടുക്കുന്നതായ ഒരു തരം ഫലം നല്കുന്ന വനവൃക്ഷം ഉണ്ടു. അതു നാളികേരത്തേക്കാൾ ചെല്ലവു കുറവുള്ളതുമാകുന്നു. ഇതുകൂടാതെ കയററുമതിചെയ്യപ്പെടുന്ന നിലക്കടല എണ്ണയും ഉണ്ടു. പരീക്ഷണങ്ങളിൽനിന്നും ഈ നിലക്കടല മാർഗാരിൻ എന്ന സാധനം തയ്യാറു ചെയ്യാൻ ഉപയോഗപ്പെടുത്താവുന്നതാണെന്നു കാണപ്പെട്ടു. അവർ ചില ഉപായംകൊണ്ടു നിലക്കടയുടെ ദുർഗ്ഗന്ധത്തെ ശുദ്ധീകരിക്കുന്നു. അതിനുശേഷം അതു വെളിച്ചെണ്ണയ്ക്കു തുല്യമായി തീരുന്നുണ്ടു. ഇനിയുള്ളകാലത്തു നമ്മുടെ വിലയേറിയ വെളിച്ചെണ്ണയ്ക്കു യൂറോപ്യർപോലും ആവശ്യപ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് ഈ വിഷയത്തെപ്പററി വേണ്ടവിധം ആലോചിക്കുന്നതിൽ വളരെ ജാഗ്രത പ്രദർശിപ്പിക്കണമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ആ കാരണംകൊണ്ടുതന്നെ കൊപ്രായുടെ താരിപ്പുവില ൨൭ ക്ക രൂപയാക്കിത്തീർക്കണമെന്നും ഞാൻ ഗവർമ്മെൻറിനോട്ട് അപേക്ഷിക്കുന്നു. ആ സംഖ്യയിൽ നിന്നുമാണ് ഗവർമ്മെൻറ് കഴിഞ്ഞ പ്രാവശ്യം അതിനെ ൨൨ രൂപയായി കുറച്ചതു്. ഇപ്പോൾ ഗവർമ്മെൻറിൽനിന്നും ആ നിരക്ക് ൨൦ രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. രാജ്യത്തിൽനിന്നുംകൊണ്ടും നാളികേരവും പുറമേപോകാതെ തടയുന്നതിലേയ്ക്കായി ഞാൻ ഇപ്രകാരം അഭിപ്രായപ്പെടുന്നതാണ്.

വെളിച്ചെണ്ണയുടെ താരിപ്പുവില ൨൫ രൂപയിൽനിന്നു ൨൩ രൂപയായി കുറയ്ക്കുന്നതിനു ഞങ്ങൾ ഗവർമ്മെൻറിനോട്ട അപേക്ഷിക്കാതിരുന്നില്ല. രാജ്യത്തിലെ ഏററവും മുഖ്യമായ ഒരു വ്യവസായത്തിന്റെ അഭിവൃദ്ധിക്കായി ഇത്രവളരെ പണം മുടക്കീട്ടുള്ള ഈ മിൽ ഉടമസ്ഥന്മാർക്കുവേണ്ടി ഞാൻ ഗവർമ്മെൻറിനോടു ഈ വിഷയത്തെപ്പററി ഗാഢമായി ആലോചിക്കേണ്ടതാണെന്നും, കഴിയുന്നതും വേഗത്തിൽ വെളിച്ചെണ്ണയുടെ താരിപ്പുവില ൨൫ രൂപയിൽനിന്നു ൨൩ രൂപയായി കുറയ്ക്കണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

മി: എ. ജി. മേനവൻ (പറവൂർ): ഈ ഉപക്ഷേപത്തെ സംബന്ധിച്ച് എനിക്ക് ഒരു വാക്കു പറയുവാനുണ്ട്. ഞാൻ വരുന്നതു് വടക്കൻ തിരുവിതാംകൂറിൽ നിന്നുമാണ്. മിസ്റ്റർ കരുണാകരൻ പുറപ്പെടുവിച്ച ന്യായങ്ങൾ ഒന്നും എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട സ്ഥലങ്ങളെ ബാധിക്കുന്നതല്ല. അത്രക്കുററിക്ക് വടക്ക് മില്ലുകൾ ഒന്നും ഇല്ല. അവിടെ വെളിച്ചെണ്ണ വ്യവസായവും ഇല്ല. ഞങ്ങൾക്ക് എണ്ണച്ചക്കുകൾ മാത്രമേയുള്ളു. പ്രായോഗികമായിനോക്കുന്നപക്ഷം കയററുമതിത്തീരുവയൊന്നും ഇല്ലാത്ത കൊച്ചിസംസ്ഥാനം ഞങ്ങളെ ചുററി സ്ഥിതിചെയ്യുന്നു. കഴിഞ്ഞകൊല്ലത്തിൽ ഞങ്ങൾക്ക് ൧,൦൦൦ നാളികേരത്തിന് നാല്പതോ നാല്പത്തഞ്ചോ രൂപയിലധികമൊന്നും കിട്ടീട്ടില്ല. ഞങ്ങളുടെ പ്രദേശങ്ങളിൽ വളരെ കൂടുതലായിത്തീർന്നിട്ടുള്ള താരിപ്പുവിലയെ ഇപ്പോൾ വീണ്ടും ൱൦ രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. ഒരു നിരോധകത്തീരുവ എന്ന നിലയിൽ അതു ചുമത്തുവാൻ തീരെ ന്യായമില്ലാത്തതാകുന്നു. വെളിച്ചെണ്ണ വ്യവസായത്തെ സംബന്ധിച്ചുള്ള വിഷയത്തിൽ ഞാൻ വിരുദ്ധാഭിപ്രായക്കാരനല്ല. ഞാൻ പറയുന്നതെന്തെന്നാൽ, മററുതാലൂക്കുകളിൽ എന്തെല്ലാംതന്നെ ചെയ്താലും, അത്രക്കുററിയ്ക്കു വടക്കുള്ള പ്രദേശങ്ങളിൽ ഇപ്പോഴത്തെ സ്ഥിതിയ്ക്കു് ഇപ്രകാരമുള്ള തീരുവ ഒരിക്കലും ചുമത്താവുന്നതല്ല എന്നാകുന്നു.

മി: വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക്): പറവൂർ താലൂക്കിനെ മാത്രം ഇതിൽ നിന്നും ഒഴിവാക്കണമെന്നാണോ മെംബർ പറയുന്നതു്?

മി: എ. ജി. മേനോൻ (പറവൂർ): ഞങ്ങൾ അപ്രകാരമുള്ള ഒരു സ്ഥലത്താണു വസിക്കുന്നതു്. കൊച്ചി സംസ്ഥാനത്താൽ ഞങ്ങൾ ചുററപ്പെട്ടിരിക്കുന്നു. ഏതെല്ലാം നടപടികൾ നിങ്ങൾ നടത്തിയാലും പറവൂരിൽ തീരുവ കൊടുക്കാതെ വ്യാജമായി ചരക്കുകൾ കൊണ്ടു പോകുന്നതു് നിശേഷം തടയുവാൻ നിങ്ങൾക്ക് ഒരിക്കലും കഴിയുന്നതല്ല. തീരുവ ഇനത്തിൽ ഏതാണ്ട് രണ്ടു ലക്ഷം രൂപയോളം അതുമൂലം ലഭിക്കുന്നു. സ്ഥലത്തിന്റെ ആകൃതിയല്ല, അതിൽ നിന്നും ഉണ്ടാകുന്ന മുതലെടുപ്പാകുന്നു കാര്യമായിട്ടുള്ളതു്. ഗവമെന്റിന് പണം വേണമെന്നുണ്ടെങ്കിൽ ഈ പണം നമുക്ക കൊടുക്കാതിരിക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ ഇപ്രകാരമുള്ള വ്യവസായം ഒന്നുമില്ലാത്ത സ്ഥലങ്ങളിൽ ഇപ്രകാരം കൂടുതലായ ഒരു താരിപ്പ നിരക്ക് ചുമത്തുന്നതു് ഒരു പ്രകാരത്തിലും തീരെ നീതീകരിക്കത്തക്കതല്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): തിരുവിതാംകൂറിന്റെ മറു ഭാഗങ്ങളിൽ അധിവസിക്കുന്ന നിങ്ങളുടെ സഹോദരന്മാർക്ക കൂടിയും സഹായമായിത്തീരുന്ന ഒരു നയം നിങ്ങൾക്കു് ഉണ്ടായിരുന്നതെന്തു്?

മി: എ. ജി. മേനോൻ (പറവൂർ): അതിനാൽ ഞങ്ങൾ ശിക്ഷിക്കപ്പെടണമെന്നു വരുന്നില്ല. അതിന്റെ മറുഭാഗത്തു് അവരുടെ നാളികേരങ്ങളെ എറിഞ്ഞു കൊടുക്കുന്നതായാൽ ജനങ്ങൾക്ക് കൂടുതൽ പണം കിട്ടുമെന്നിരിക്കുമ്പോൾ, അതായതു് അവിടെ മൂന്നോ നാലോ രൂപാ അധികം കിട്ടുമെന്നിരിക്കുമ്പോൾ അവർ അതു് നഷ്ടപ്പെടണമെന്നു പറയുന്നതിന് യാതൊരു കാരണവുമില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): മിസ്റ്റർ രാമൻപിള്ളയുടെ ഉപക്ഷേപത്തെ സംബന്ധിച്ചുള്ള വിപരീതാഭിപ്രായത്തെ അനുകൂലിക്കുന്നതിൽ ചില വസ്തുതകൾ എനിക്ക് ഗവമെന്റു മുമ്പാകെ സമർപ്പിക്കേണ്ടതായിട്ടുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടിൽനിന്നും ൨൨ ലക്ഷം രൂപ ബീഡി ഇലയിൽ നിന്നും, ബീഡിപ്പുകയിലയിൽ നിന്നും താരിപ്പായി ഉണ്ടായിട്ടുണ്ടെന്നു കാണുന്നുണ്ട്. തിരുവിതാംകൂറിൽ ബീഡിഇലകൾ കൃഷിചെയ്യാവുന്നതാണോ എന്ന് കൃഷിഡയറക്ടരുടെയോ അല്ലെങ്കിൽ വനം വക കൺസർവേറററുടെയോ വിദഗ്ദ്ധാഭിപ്രായം അറിവാൻ എക്സൈസ് കമ്മീഷണർക്ക് ഉത്സാഹമുണ്ടെങ്കിൽ അതു് രാജ്യത്തിലെ മുതലെടുപ്പ വർദ്ധിക്കുവാൻ സഹായിക്കുമെന്നു് എനിക്കു നിശ്ചയമുണ്ട്. അതു ചെയ്യാതെ ... ...

മി: ആർ. രാമൻപിള്ള (കോട്ടയം): മെംബർ പ്രമേയത്തെ അനുകൂലിക്കുന്നുവോ പ്രതികൂലിക്കുന്നുവോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഞാൻ മിസ്റ്റർ രാമൻപിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അപ്രകാരം ഒരു ഉപക്ഷേപം ഇല്ല (ചിരി).

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഞാൻ എതിർപക്ഷത്തെ അനുകൂലിക്കുകയാണ്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും, വടക്ക്): മെംബർ ഉപക്ഷേപത്തെ എതിർക്കുന്നുവോ അനുകൂലിക്കുന്നുവോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഞാൻ എതിർപക്ഷത്തെ അനുകൂലിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ബീഡിപ്പുകയിലപോലെതന്നെ കൂടുതൽ വിഷമുള്ളതായ കഞ്ചാവുകൂടി കൃഷിചെയ്താൽ ധാരാളമുണ്ടാകുമെന്നു വിചാരിക്കുന്നുണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ആദായമുള്ളതുകൊണ്ട് ഇവിടെ കൃഷിചെയ്യാം.

മി: ആർ. രാമൻപിള്ള (കോട്ടയം): എക്സൈസ് നയവും മെമ്പറിന്റെ നയവുമായിട്ട് വ്യത്യാസമൊന്നുമില്ലേ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): കള്ളുകുടിയേക്കാൾ ബീഡിവലികുറച്ചുകൂടി നല്ലതാണ്.

പുകയില ഇനത്തിൽ കിട്ടുന്ന ൨൨ ലക്ഷം രൂപയിൽ ജാപ്പാണം പുകയിലയിൽ നിന്നും ൭ ലക്ഷവും കോയമ്പത്തൂർ പുകയിൽ നിന്നും ൧൪ ലക്ഷവും ബാക്കിയുള്ളതു് തിരുനൽവേലിപ്പുകയിലയിൽ നിന്നും ആകുന്നു. ഒരു ലക്ഷം രൂപയോളം കിട്ടുന്ന പൊടി എന്ന വേറെയൊരു ഇനം കൂടിയുണ്ട്; പുകയിലയിൽ നിന്നും കിട്ടിവരുന്ന ൨൨ ലക്ഷം രൂപയിൽ ജാപ്പാണം പുകയില മാത്രം ആ സ്ഥലത്തു നിന്നുതന്നെ വരുത്തേണ്ടിയിരിക്കുന്നു: തിരുനൽവേലിപ്പുകയിലയും കോയമ്പത്തൂർപുകയിലയും സംബന്ധിച്ചിടത്തോളം അവ നമ്മുടെ മലകളിൽ കൃഷിചെയ്യുന്നപക്ഷം നമുക്ക് നമ്മുടെ രാജ്യത്തുനിന്നു തന്നെ കിട്ടുന്നതാണ്: തിരുവിതാംകൂർ മലകളിൽ അപ്രകാരമുള്ള പുകയിലകൃഷി ആരംഭിക്കാവുന്നതാണോ എന്ന വിഷയത്തെപ്പററി മുൻപ്രസ്താവിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ വിലയേറിയ അഭിപ്രായം എക്സൈസ് കമ്മീഷണർ അറിയേണ്ടതാണെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

അതു കൂടാതെ കാഡ്ലവർ ഓയിലിനും ഒരു തീരുവ ചുമത്തിവരുന്നുണ്ട്. സമുദ്രതീരങ്ങളിൽ നിന്നും കിട്ടാൻ സാധിക്കുന്ന അപ്രകാരമുള്ള മത്സ്യഎണ്ണശേഖരിച്ച് അതിൽ പരീക്ഷണങ്ങൾ നടത്തിനോക്കുന്നതിന് മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ നിന്നും എക്സൈസ് കമ്മീഷണരെ ഉപദേശിക്കുന്നതാണെന്ന് ഞാൻവിശ്വസിക്കുന്നു. ഇതുനിമിത്തം തൊഴിലില്ലായ്മയ്ക്കു് വലുതായ പരിഹാരം ഉണ്ടാക്കുവാൻ കഴിയുന്നതാകുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബരും, ഡെപ്യൂട്ടിപ്രസിഡണ്ടും): നാളികേരത്തിന്മേൽ കയററുമതി ചുമത്തുന്ന വിഷയത്തിൽ മിസ്റ്റർ ആശാൻ കൈക്കൊണ്ടിരിക്കുന്ന അഭിപ്രായത്തെപ്പററി ഒന്നു രണ്ടു വാക്ക പറയുന്നതിനുമാത്രമായി ഞാൻ മിസ്റ്റർ പി. എസ്. മഹമ്മദിന്റെ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. കണക്കിൽ കൂട്ടേണ്ടതായിട്ടുള്ള മററു സ്ഥിരമായ ആദായങ്ങളെ തള്ളിക്കളയുന്നതായാലും കു-

ഷിക്കാരന്റെ നിലയിൽ നിന്നുമാത്രം നോക്കുമ്പോൾ ഇപ്രകാരം പ്രാധാന്യം ഉള്ള ഒരു വിഷയത്തെ നിങ്ങൾ സ്വീകരിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കഴിഞ്ഞ ൧൦ വർഷങ്ങളിലായി നമ്മുടെ സ്ഥിരമായ ആദായം അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നതു് എങ്ങനെയെന്ന് ഡെപ്യൂട്ടി പ്രസിഡണ്ട് പറയുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബറും ഡെപ്യൂട്ടി പ്രസിഡണ്ടും): തിരുവിതാംകൂർ പോലെയുള്ള ഒരു രാജ്യത്തിന് ഇംഗ്ലണ്ടുപോലെ ഒരു സ്വതന്ത്രവ്യാപാര രാജ്യമായിരിക്കുവാൻ സാധിക്കുന്നതല്ല. ഒരു നാടൻ വ്യവസായത്തിന്റെ പ്രാരംഭഘട്ടത്തിൽ അതിന് ഗവണ്മെന്റിൽനിന്നുമുള്ള പരിരക്ഷണം ആവശ്യമില്ലെന്നുള്ളതു് എല്ലാവർക്കും അറിവുള്ള സംഗതിയാണ്. ആ അഭിപ്രായത്തിൽ യാതൊരുപ്രകാരത്തിലുമുള്ള തെറ്റും ഇല്ലാത്തതാകുന്നു. നിർദ്ദിഷ്ടങ്ങളായ വ്യവസായങ്ങൾക്ക് സ്വന്തമായ ആധാരം ഉണ്ടാകുന്നെങ്കിൽ അവയുടെ ഭാവിശുഭകരമാകുന്നെന്ന് നിശ്ചയം പറഞ്ഞെങ്കിൽ കാലക്രമംകൊണ്ട് സംരക്ഷണംകൂടാതെ കഴിയുവാനും ലോകത്തിലെ വ്യാപാരസ്ഥലങ്ങളിൽ വിജയപൂർവം മത്സരിക്കുവാനും അവയ്ക്ക് ശക്തിയുണ്ടാകത്തക്കവണ്ണം ഏതെങ്കിലും തരത്തിലുള്ള ഒരു നിരോധക നികുതിയാൽ പ്രാരംഭഘട്ടത്തിൽ അവ സംരക്ഷിക്കപ്പെടേണ്ടതു് ആവശ്യമാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം നാളികേരം കൊപ്രാ എന്നിവയുടെ വിഷയത്തിൽ നിരോധനനയം സ്വീകരിക്കേണ്ടതു് ആവശ്യമാണെന്നാണോ ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ അഭിപ്രായം എന്ന് പറയുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബറും, ഡെപ്യൂട്ടിപ്രസിഡണ്ടും): സഭയിൽനിന്നും ആലോചിക്കേണ്ടതായ വിഷയം വെളിച്ചെണ്ണ വ്യവസായത്തിനു സംരക്ഷണം ആവശ്യമുണ്ടോ എന്നാകുന്നു. വിദേശങ്ങളിൽ പാർക്കുന്ന തൊഴിലാളിവർഗ്ഗക്കാരെ കയറ്റിപ്പോററുന്നതിനായി നാം എന്നും നമ്മുടെ അസംസ്കൃതസാധനങ്ങളെ കയറ്റുമതിചെയ്തുകൊണ്ടുതന്നെയിരിക്കണമോ എന്നും, അല്ലെങ്കിൽ കഴിവുള്ളപ്പോഴെല്ലാം അസംസ്കൃതസാധനങ്ങളെ സംസ്കൃതസാധനങ്ങളാക്കുവാൻ ആവശ്യപ്പെടുന്ന പരിശ്രമം ഒരു നാടൻ തൊഴിലാളി, അതായതു്, തിരുവിതാംകൂറിൽ നടത്തുന്ന തൊഴിലായിത്തീരത്തക്കവണ്ണം അവയ്ക്കു നല്ല വിലകിട്ടുമാറ് അവയെ സംസ്കൃതപദാർത്ഥങ്ങളാക്കി രൂപാന്തരപ്പെടുത്തുകയാണോ നാം ചെയ്യേണ്ടതെന്നും, ആകുന്നു നാം ആലോചിക്കുവാനുള്ളതു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): ഈ പരിഷ്കാരത്തിനുമുൻപു നടപ്പിലിരുന്നിരുന്ന ഇപ്പോഴത്തെ താരിപ്പുവിലകൾ മിൽ ഉടമസ്ഥന്മാർ അവരുടെ മില്ലുകൾ ആരംഭിച്ചപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ അവർക്ക് അധികം അനുകൂലയായിട്ടുള്ളതല്ലേ?

റാവുബഹദൂർ. കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബറും, ഡെപ്യൂട്ടിപ്രസിഡണ്ടും): അതു് അഭിപ്രായത്തെ ആശ്രയിക്കുന്ന ഒരു വിഷയമാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): [illegible]-ൽ ഭേദപ്പെടുത്തിട്ടുള്ള ഇപ്പോഴത്തെ വിലകൾ മിൽഉടമസ്ഥന്മാർ മില്ലുകൾ നടപ്പിലാക്കിയപ്പോൾ ഉണ്ടായിരുന്നതിൽനിന്നും അവർക്ക് അധികം അനുകൂലമായിട്ടുള്ളതല്ലേ? ഇതാകുന്നു എന്റെ ചോദ്യം.

റാവുബഹദൂർ. കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബറും ഡെപ്യൂട്ടിപ്രസിഡണ്ടും): അതു് അഭിപ്രായവ്യത്യാസത്തിനു വകയുള്ള ഒരു വിഷയമാണ്, പക്ഷെ എന്റെ സ്നേഹിതൻ ഒരുവശംമാത്രം പഠിച്ചുകൊണ്ടു പറയുന്നതായിരിക്കാം. കാര്യകാരണസഹിതം അതിനെപ്പററി നിങ്ങൾ അന്വേഷിച്ചറിയേണ്ടതായിട്ടുണ്ട്. ഈ മാതിരി കാര്യസംബന്ധമില്ലാത്ത വാദപ്രതിവാദംകൊണ്ടു അതു സാധിക്കുന്നതല്ല. വ്യവസായങ്ങൾക്കു സംരക്ഷണം ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി തുടർച്ചയായിട്ടുള്ള അന്വേഷണങ്ങളും പരീക്ഷണങ്ങളുംകൊണ്ടുവേണം നിങ്ങൾ അതു നിശ്ചയിക്കുവാൻ. സംസ്ഥാനത്തിലുള്ള വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനു ഒരു നിശ്ചിത നയം രാജ്യത്തിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് ഞാൻ പറയുന്നു. കഴിഞ്ഞ മുപ്പതുവർഷങ്ങളിലായി തിരുവിതാംകൂറിൽ നടന്നുപോരുന്നതായ താരിപ്പു നയത്തിനു വൈപരീത്യം വരുത്തുവാൻ എന്റെ സ്നേഹിതൻ ആവശ്യപ്പെടുന്നുവോ? ആ നയത്തിനു വൈപരീത്യം വരുത്തുവാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ലെങ്കിൽ, അസംസ്കൃതപദാർത്ഥങ്ങളുമായി കൈകാര്യംചെയ്യുകയും സംസ്കൃതപദാർത്ഥങ്ങളാക്കി അവയെ പുറമെ അയയ്ക്കുകയും ചെയ്യുന്ന ഒരു വ്യവസായത്തെ ഗവണ്മെന്റു പ്രോത്സാഹിപ്പിക്കുന്നതു് ന്യായമായിട്ടുള്ളതാണെന്നു അദ്ദേഹം സമ്മതിക്കണം. അതുകൊണ്ടു ചില സംഗതികളിൽ സംരക്ഷണം എത്രയും ആവശ്യമായിട്ടുള്ളതാകുന്നു. സർ, ഒരു ചെറിയ ഉദാഹരണം ഞാൻ പറയാം. ഞാൻ വരുന്ന രാജ്യവിഭാഗത്തിലുള്ള ഏററവും പ്രധാനമായ വ്യവസായം പായ് നെയ്ത്തും മിടച്ചിൽപണികളും ആകുന്നു. വളരെ നല്ല തൊഴിലാണ് അവർ ചെയ്യുന്നതു്. അതു വളരെ വലിയ തോതിൽ ആരംഭിച്ചതു യൂറോപ്യൻതൊഴിലാളികളാകുന്നു. തിരുവിതാംകൂർകാർ അതിൽ പ്രവേശിച്ചതു അതിനുശേഷമാണ്. അതു ആ പ്രദേശങ്ങളിലെല്ലാം ഒരു കുടിൽ വ്യവസായമായിത്തീർന്നിട്ടുണ്ട്. ഇതുപോലെയുള്ള വ്യവസായങ്ങൾ ബൽജിയം ജർമ്മനി, അമേരിക്ക എന്നീസ്ഥലങ്ങളിലും ആരംഭിക്കപ്പെട്ടു. ആ സന്ദർഭത്തിൽ രാജ്യത്തിൽനിന്നും കിട്ടുന്ന അസംസ്കൃതസാധനങ്ങളെയെല്ലാം ചെലവാക്കുന്നതിനുള്ള ഒരു നിലയിലായിരുന്നില്ല. ആദ്യകാലങ്ങളിൽ അവയ്ക്കു വലിയ ആവശ്യം ഉണ്ടായിക്കൊണ്ടിരുന്നു. അസംസ്കൃതപദാർത്ഥങ്ങളെ ആംസ്റ്റർഡാം, ഹാംബർഗ്ഗ്, ന്യൂയോർക്ക്, ലണ്ടൻ എന്നിപ്രകാരമുള്ള എല്ലാ വിദേശീയരാജ്യങ്ങൾക്കും കപ്പൽവഴി അയയ്ക്കുകയും, അവിടെനിന്നും അവ വീണ്ടും മററുരാജ്യങ്ങളിലേയ്ക്കു അയക്കപ്പെടുകയും ചെയ്തുവന്നു. ഞങ്ങൾ കപ്പൽമാർഗ്ഗമായി സംസ്കൃതപദാർത്ഥങ്ങൾ അയച്ചതോടുകൂടി പായ്കളും മിടച്ചിൽ സാധനങ്ങളും അയക്കാറുണ്ടായിരുന്നു. അസംസ്കൃതപദാർത്ഥങ്ങൾ ധാരാളമായി രാജ്യത്തിൽ കടത്തത്തക്കവണ്ണം സംസ്കൃതപദാർത്ഥങ്ങളുടെ പ്രവേശനത്തെ തടയുന്നതിനായി കൂടിയ തരിപ്പുനിരക്കു ഏർപ്പെടുത്താതിരുന്നാൽ ഇൻഡ്യയിലെ സംസ്കൃതപദാർത്ഥങ്ങളോടു എതിർത്തുനില്ക്കുവാൻ കഴിയുന്നതല്ലെന്നു ഐക്യസംസ്ഥാനത്തിലെ ഗവണ്മെന്റിനും ജർമ്മനി, ബൽജിയം ഈരാജ്യങ്ങളിലെ ഗവണ്മെന്റിനും തോന്നിത്തുടങ്ങി. ഇൻഡ്യയിൽ വളരെ കുറഞ്ഞകൂലികൊടുത്താൽ വേലക്കാരെ കിട്ടുമെന്നു അവരുടെ സിദ്ധാന്തമാണ്. ന

ളുടെ വ്യവസായവസ്തുക്കളിൽ വലുതായ ഒരു തരിപ്പു തീരുവ ചുമത്തുന്നതുവരെ അമേരിക്കയിലുള്ള വ്യാപാരങ്ങളോടും മത്സരിച്ചുനില്ക്കുവാൻ ഞങ്ങൾക്കു സാധിച്ചിരുന്നു. മിക്കവാറും ൧൦൦ ശതമാനത്തോളം വരുന്ന കയററുമതിത്തീരുവ അമേരിക്കയിൽ ചുമത്തിയതിന്റെ ഫലമായി നമ്മുടെ പായ്കൾക്കു, മിടച്ചിൽ സാമാനങ്ങൾക്കും പ്രായോഗികമായി അവിടെ പ്രവേശനം നിലച്ചു. കാര്യത്തിന്റെ ഈ നിലയിൽതന്നെയും നമ്മുടെ വ്യവസായങ്ങൾക്കു യാതൊരു രക്ഷയും ആവശ്യമില്ലെന്നാണ് എന്റെ സ്നേഹിതൻ വിചാരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അമേരിക്കയെ ഒഴിച്ചാൽ ഇപ്രകാരമുള്ള സംരക്ഷണം ആവശ്യമായി സ്വീകരിച്ചുപോരുന്ന ഏതെങ്കിലും വിദേശങ്ങൾ ഉണ്ടോ എന്ന് എന്നെ അറിയിക്കുമോ?

റാവുബഹദൂർ, കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പറും, ഡെപ്യൂട്ടിപ്രസിഡന്റും): ബൽജിയം. ആ രാജ്യത്തിന് സ്വന്തമായി യന്ത്രംകൊണ്ട് നെയ്യാവുന്ന തറികൾ ഉണ്ട്. നമുക്കു അവരോടു മത്സരിക്കാൻ സാധിക്കുന്നതല്ല. നമുക്കുള്ളതു കൈത്തറികൾ മാത്രം ആകുന്നു. കഴിഞ്ഞ കുറെ ശവർഷങ്ങളായി സമുദ്രതീരത്തിൽ പാക്കുന്ന ജനങ്ങളും ആലപ്പുഴയ്ക്കു സമീപം പാക്കുന്നവരും പായ്നെയ്ത്തും, മിടച്ചിൽസാധനനിർമ്മാണവും ധാരാളമായി നടത്തിവരികയും അവയെല്ലാം യൂറോപ്പിലും അമേരിക്കയിലും സസുഖമായി ചെലവാകുകയും ചെയ്തുവെങ്കിലും മററു ദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തിരുവിതാംകൂറിലെ തൊഴിൽ അത്രമാത്രം സഹായകരമായിരുന്നു. ഈ മാതിരിയിലുള്ള സാമാനങ്ങൾ ശീതാധിക്യമുള്ള രാജ്യങ്ങളിലാകുന്നു അധികം ആവശ്യമുള്ളത്. നമ്മുടേതുപോലെ ചൂടുള്ള രാജ്യങ്ങളിൽ നാം പായ്കളും മിടച്ചിൽസാമാനങ്ങളും ഉപയോഗപ്പെടുത്തിവരുന്നതു ആഡംബരത്തിനുമാത്രമായിട്ടാകുന്നു. കാലക്രമത്തിൽ ആ വ്യവസായം ബൽജിയംരാജ്യത്തിലും ആരംഭിച്ചു. ജർമ്മനിയും അതിലേയ്ക്കു പ്രവേശിച്ചു. ഈ അടുത്ത ആണ്ടുകളിൽ കൊപ്രയുടെ വില വർദ്ധിക്കുവാനുള്ള കാരണം എന്തെല്ലാമാണെന്നു എന്റെ സ്നേഹിതന് അറിയാമോ? സർ, ഞാൻ ൧൦൭൧-ൽ ആലപ്പുഴെ ചെന്നപ്പോൾ നാളികേരം ൧൦൦൦-ന് ൨൫ രൂപായ്ക്കാണ് വിററുവന്നിരുന്നത്. ഒരു രൂപ കൊടുത്താൽ ഞങ്ങൾക്കു ൧൦൦ നാളികേരം കിട്ടിക്കൊണ്ടിരുന്നു. മെഴുകുതിരി, അരക്ക്, വെണ്ണ, വെളിച്ചെണ്ണയിൽനിന്നുംകിട്ടുന്ന ബാക്കിസാധനങ്ങൾ എന്നിവയുണ്ടാക്കുന്നതിന് ജർമ്മനി സ്വന്തമായി വെളിച്ചെണ്ണമില്ലുകൾ നിർമ്മിച്ചു. സാധാരണയായി തിരുവിതാംകൂർ വ്യാപാരസ്ഥലങ്ങളിൽനിന്നും ജർമ്മനി വളരെ അധികമായി സാമാനങ്ങൾ വാങ്ങിച്ചുവന്നു. തൽഫലമായി മത്സരമുണ്ടായി വിലയും വർദ്ധിച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വാങ്ങിയ സാധനങ്ങൾക്കു ജർമ്മനി വിലകൊടുത്തുവന്നതു എങ്ങനെയെന്നു എന്നോടു പറയുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പറും; ഡെപ്യൂട്ടിപ്രസിഡന്റും): ജർമ്മനി കൂടുതൽ വിലയ്ക്കു നമ്മുടെ പക്കൽനിന്നും സാധനങ്ങൾ വാങ്ങിച്ചു യൂറോപ്പിൽ കൊണ്ടുപോയി അധികം ചെലവുകുറഞ്ഞരീതിയിൽ ആധുനികശാസ്ത്രീയരീതിയിലുള്ള ഏററവും പുതിയ മാർഗ്ഗങ്ങൾ പ്രകാരം അവയെ സംസ്കരിക്കുകയും അപ്രകാരം ഉണ്ടാക്കിയ സാമാനങ്ങളെക്കൊണ്ടു നമ്മുടെ സ്വന്തമായ ശാസ്ത്രീയമല്ലാത്ത രീതിയിൽ നമ്മാൽ ഉണ്ടാക്കപ്പെടുന്ന സാമാനങ്ങളുമായി മത്സരിക്കുവാൻ പ്രാപ്തന്മാരായിത്തീരുകയും ചെയ്തു. പൊതുജനങ്ങൾ നിർമ്മിക്കുന്ന സാമാനങ്ങളെ സംബന്ധിക്കുന്ന ഒരു വിഷയമാകുന്നു അത്. അല്പമായ ഒരു ലാഭം കിട്ടുന്നതുകൊണ്ടു അവർ തൃപ്തിപ്പെട്ടിരുന്നു. അവർക്കു അവരുടെ സ്വന്തവകയായി മില്ലുകൾ ഉണ്ടായിരുന്നു. വലിയ ഒരു പണത്തുക അവർക്കു സ്വാധീനമായിരുന്നു. നാമാകട്ടെ ഇപ്പോൾ അനേകം പ്രതിബന്ധങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു. ഒന്നാമതായി വിലകുറവുള്ള അവസരങ്ങളിൽ സാധനങ്ങൾ വാങ്ങിച്ചു ശേഖരിച്ചു വയ്ക്കുവാൻ ആവശ്യമുള്ളടത്തോളം മൂലധനം നമുക്കു ഇല്ല. നമ്മുടെ വ്യവസായങ്ങൾക്കു ആവശ്യംപോലെ പണം ചെലവാക്കുവാൻ നമുക്കു സാധിക്കുന്നതല്ല. അവർക്കു ഏററവും ആധുനികരീതിയിലുള്ള ശാസ്ത്രീയഉപകരണങ്ങൾ ഉണ്ട്; അവരുടെ തൊഴിൽ തിരുവിതാംകൂറിലെ തൊഴിലിനേക്കാൾ എത്രയോ അടങ്ങു പരിചയം കൂടുതലുള്ളതാണെന്നുള്ളതിനും സംശയമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സ്വദേശവ്യാപാരപരിപാലനനയം തൊഴിലുകളുടെ സ്ഥിതിയേയൊ അതല്ലെങ്കിൽ സ്വാതന്ത്ര്യവ്യാപാരനയത്തെയോ പരിഷ്കരിക്കുവാൻ ഉപകരിക്കുമോ എന്നു പറയുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രെസിഡന്റ്): അതു അധികം ബുദ്ധിമുട്ടുള്ള ചോദ്യമാണ്. നമ്മുടെ വ്യവസായങ്ങൾക്കു ഉറപ്പായ സ്ഥാനം ലഭിക്കുന്നതു വരെ സ്വാതന്ത്ര്യവ്യാപാരം വേണമെന്നുള്ള പക്ഷക്കാരനല്ല ഞാൻ. പത്തൊമ്പതാം ശതവർഷത്തിന്റെ ആരംഭത്തിൽ ഇംഗ്ലണ്ടു നെയ്ത്തുവ്യവസായവും ഊനൽവ്യവസായവും നടപ്പിലാക്കിയപ്പോൾ ആ രാജ്യത്തിലെ വ്യവസായങ്ങളുടെ സംരക്ഷണത്തിനായിട്ടു ഇൻഡ്യയിലെ കാലിക്കോ തുണികളിലും മററു തുണിച്ചരക്കുകളിലും ഒരു വലിയ ഇറക്കുമതിത്തീരുവ ചുമത്തുകയുണ്ടായി.

അതു ഇൻഡ്യയിലെ വ്യവസായങ്ങൾക്ക് ഒരു ഇടിവായിട്ടാണു തീർന്നതു; ബോംബേ അതു വീണ്ടും ആരംഭിച്ചപ്പോൾ ഇംഗ്ലണ്ട് സ്വാതന്ത്ര്യവ്യാപാരനയവുമായി മുന്നോട്ടുവന്നു. അപ്പോൾ ഇൻഡ്യയ്ക്കു പ്രതികൂലസംഭാവനാരൂപത്തിലുള്ള ഒരു എക്സൈസ് നികുതി ചുമത്തേണ്ടിവന്നു. അതു എപ്പോൾ എങ്ങനെ നിറുത്തലാക്കപ്പെട്ടു എന്നു നിങ്ങൾക്കു അറിയാവുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എക്സ്ചേഞ്ചിനു അതുമായിഎന്തെങ്കിലും ബന്ധമുണ്ടോ എന്നു പറയുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പറും, ഡെപ്യൂട്ടിപ്രസിഡണ്ടും): അനവധി ഘടകങ്ങൾ ഉണ്ട്. സ്വാതന്ത്ര്യവ്യാപാരം സ്വീകരിക്കണമെന്നാണ് എന്റെ സ്നേഹിതൻ ഇപ്പോൾ ആവശ്യപ്പെടുന്നതു. ആ ഘട്ടത്തിൽ നാം എത്തിട്ടുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിലെ സ്ഥിതികളേയും അന്യരാജ്യങ്ങളുമായുള്ള വ്യാപാരത്തിൽ നമുക്കുള്ള പ്രാമുഖ്യകമായ നിലയേയും പററി മനസ്സിലാക്കിയതിനുശേഷം അസംസ്കൃത

സാധനങ്ങളെ സംബന്ധിച്ചേടത്തോളം സംരക്ഷണനയത്തെയൊ അല്ലെങ്കിൽ സ്വതന്ത്രവ്യാപാരനയത്തെയോ പ്പററി ഈ സഭയിൽ വാദിക്കാവുന്നതാണോ എന്ന് ഡെപ്യൂട്ടിപ്രെസിഡണ്ട പറയുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പരും; ഡെപ്യൂട്ടിപ്രെസിഡൻറും): ഇതു എൻെറ സ്വന്തം അഭിപ്രായം മാത്രമാണ്. ഇതിന നിയമസഭയിലെ ഡെപ്യൂട്ടിപ്രെസിഡൻറ എന്ന എൻെറ സ്ഥാനവുമായി യാതൊരു സംബന്ധവുമില്ല.

പ്രസിഡൻറ്: ഡിമാൻറിന് അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പരും, ഡെപ്യൂട്ടിപ്രെസിഡൻറും). സർ; അവിടത്തെ അനുവാദത്തോടുകൂടി ഞാൻ ഒരു വാക്കു പറഞ്ഞുകൊള്ളുന്നു. ഇതുപോലെയുള്ള ഒരു ടോക്കൺ മോഷൻ ഹാജരാക്കുമ്പോൾ അതിൻെറ ഉപശാഖകളായി ഈ തരത്തിൽ പ്രാധാന്യമുള്ളതും കുഴപ്പമേറിയതുമായ ചോദ്യങ്ങൾ വഹിച്ചിട്ടുന്നതു നന്നല്ലെന്നുള്ളതിനെപ്പററി എൻെറ സ്നേഹിതന്മാർ ആലോചിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. സഹകാരികളായ മെമ്പർമാരിൽനിന്നും അറിവു ലഭിക്കണമെന്നു വാസ്തവമായ ആഗ്രഹം അവക്കുണ്ടെങ്കിൽ അതു ഒരു പ്രമേയത്തിൻെറ ആകൃതിയിലായിരിക്കേണ്ടതാകുന്നു.

പ്രസിഡണ്ട്. ഡിമാൻറുകൾക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നതിനാൽ മററു ഉപക്ഷേപങ്ങളൊന്നും ഹാജരാക്കാവുന്നതല്ല.

ഡിമാൻഡ് ൩. എക്സൈസ്ഡിപ്പാർട്ടുമെൻറ എന്ന ഇനത്തിൽ ൯,൪൩,൨൪൫ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമോ എന്നുള്ളതാണ് ആലോചനാവിഷയം.

സഹായധനം അനുവദിക്കപ്പെട്ടു

ഡിമാൻഡുകൾക്കുള്ള സമയം കഴിഞ്ഞുപോയതിനാൽ താഴെകാണുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

൭൨ മുതൽ ൧൧൩ വരെ ഉള്ള ഉപക്ഷേപങ്ങൾ.

മി: മുരവേലിൽ പാച്ചുപിള്ള

൭൨. സഞ്ചാരപ്പടികൾക്കായി നീക്കിവച്ചിട്ടുള്ള ൩൫൦൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

മി: മാത്യു മരിക്കൻ

൭൩. സഞ്ചാരപ്പടികൾക്കായി കൊള്ളിച്ചിട്ടുള്ള ൩൫൦൦ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണം.

മി: കെ. പത്മനാഭപ്പണിക്കർ

൭൪. സഞ്ചാരപ്പടികൾക്കു കൊള്ളിച്ചിട്ടുള്ള ൩൫൦൦ രൂപയിൽനിന്നും ൧൦ രൂപകുറയ്ക്കണം.

മി: ആർ. രാമൻപിള്ള

൭൫. സഞ്ചാരപ്പടികൾക്കായി നീക്കിവച്ചിട്ടുള്ള ൩൫൦൦ രൂപയിൽ നിന്നും ൧൦൦ രൂപകുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ

൭൬. സഞ്ചാരപ്പടികൾക്കായി നീക്കിവെച്ചിട്ടുള്ള ൩൫൦൦ രൂപയിൽനിന്നും ൧൦൦ രൂപ കുറക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

൭൭. കമ്മീഷണർക്ക് അനുവദിച്ചിട്ടുള്ള ൪൦,൦൫൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൭൮. കമ്മീഷണർക്കായി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ൪൦,൦൫൦ രൂപയിൽനിന്നും ൧ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൭൯. കമ്മീഷണർക്കായി നീക്കിവെച്ചിട്ടുള്ള ൫൦,൦൫൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്:

൮൦. കമ്മീഷണർക്കായി നീക്കിവച്ചിട്ടുള്ള ൪൦,൦൫൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി: എ. താണുപിള്ള:

൮൧. സഞ്ചാരപ്പടികൾ എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൧൦,൦൦൦ രൂപയിൽനിന്നും ൧൦൦൦ രൂപ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൮൨. സഞ്ചാരപ്പടികൾ എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൧൦,൦൦൦ രൂപയിൽനിന്നും ൧൦൦൦ രൂപ കുറയ്ക്കണം.

മി: എം. താണുപിള്ള:

൮൩. വാടകയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ൧൩൩൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

മി: ആർ. കേശവപിള്ള:

൮൪. സപ്ലൈ സർവ്വീസ് കൺടിൻജൻസി എന്നിവയ്ക്കായി നീക്കിവെച്ചിട്ടുള്ള ൯,൫൭൪ രൂപയിൽനിന്നും ൩൦൦ രൂപ കുറയ്ക്കണം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ:

൮൫. എ എസ്റ്റാബ്ലിഷ്മെൻറവകയ്ക്കു നീക്കിവച്ചിട്ടുള്ള ൯,൮൩൩ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി: എ. എസ്. ദാമോദരനാശാൻ:

൮൬. ചില്ലറപ്പണികളും റിപ്പയറും എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുള്ള ൧൦,൫൫൦ രൂപയിൽനിന്ന് ൪൦൦൦ രൂപ കുറയ്ക്കണം.

മി: എ. എസ്. ദാമോദരനാശാൻ:

൯൬. പ്രോവിൻഷ്യൽസ്റ്റാഫ് എന്ന ഇനത്തിലേക്ക് നീക്കിവച്ചിട്ടുള്ള ൨,൦൧,൧൮൫ രൂപയിൽനിന്നും ൯,൯൦൦ രൂപ കുറയ്ക്കണം.

മി: എ. എസ്. ദാമോദരനാശാൻ:

൯൭. പ്രൊവിൻഷ്യൽസ്റ്റാഫ് എന്ന ഇനത്തിലേക്ക നീക്കിവച്ചിട്ടുള്ള ൨,൦൧,൧൮൫ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൯൮. എക്സൈസ് എന്ന ഇനത്തിലേക്ക നീക്കിവച്ചിട്ടുള്ള ൩,൧൫,൯൦൩ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി: എൻ. ആർ. കൃഷ്ണൻ:

൯൯. എക്സൈസ് എന്ന ഇനത്തിലേക്ക നീക്കിവച്ചിട്ടുള്ള ൩,൧൫,൯൦൩ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി: എം. താണുപിള്ള:

൧൦൦. എക്സൈസ് എന്ന ഇനത്തിലേക്ക നീക്കിവച്ചിട്ടുള്ള ൩,൧൫,൯൦൩ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി: എ. സി. കയ്യാക്കോസ്:

൧൦൧. എക്സൈസ് എന്ന ഇനത്തിലേക്ക നീക്കിവച്ചിട്ടുള്ള ൩,൧൫,൯൦൩ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി: മുരിക്കുവേലിൽ പാച്ചുപിള്ള:

൧൦൨. എക്സൈസ് എന്ന ഇനത്തിലേക്ക നീക്കിവച്ചിട്ടുള്ള ൩,൧൫,൯൦൩ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ:

൧൦൩. എ. എക്സൈസ് എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുള്ള ൩,൧൫,൯൦൩ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി: എൻ. കെ. കൃഷ്ണപിള്ള:

൧൦൪. എക്സൈസ് എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുള്ള ൩,൧൫,൯൦൩ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൧൦൫. എക്സൈസ് എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുള്ള ൩,൧൫,൯൦൩ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണം.

മി: വി. എസ്. കൃഷ്ണപിള്ള:

൧൦൬. എക്സൈസ് എന്ന ഇനത്തിലേക്ക കൊള്ളിച്ചിട്ടുള്ള ൩,൧൫,൯൦൩ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ:

൧൦൭. എക്സൈസ് എന്ന ഇനത്തിലേക്ക കൊള്ളിച്ചിട്ടുള്ള ൩,൧൫,൯൦൩ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൧൦൮. എക്സൈസ് എന്ന ഇനത്തിലേക്ക് കൊള്ളിച്ചിട്ടുള്ള ൩,൧൫,൯൦൩ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൧൦൯. എസ്റ്റാബ്ലിഷ്മെൻറ് എന്ന ഇനത്തിലേക്ക കൊള്ളിച്ചിട്ടുള്ള ൧,൫൮൧ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണം.

മി: എ. എസ്. ദാമോദരനാശാൻ:

൧൧൦. ചുങ്കം എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൮൩,൮൯൮ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി: മുരിക്കുവേലിൽ പാച്ചുപിള്ള:

൧൧൧. ചുങ്കം എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൮൩,൮൯൮ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൧൧൨. ചുങ്കം എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൮൩,൮൯൮ രൂപയിൽ നിന്നും ൧൦൦. രൂപ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൧൧൩. ചുങ്കം എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൮൩,൮൯൮ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൧൧൪. ചുങ്കം എന്ന ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൮൩,൮൯൮ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണം.

ഡിമാൻഡ് IV. വനം.

മി: ആർ. ധനകോടിപ്പിള്ള (വനംവക കൺസർവേറ്റർ): സർ, ഡിമാൻസ് IV വനം എന്ന ഇനത്തിൽ ൭,൯൧,൪൭൩ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. താഴെക്കാണുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

൧൧൭-ം ൧൧൮-ം ഉപക്ഷേപങ്ങൾ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ:

൧൧൭. ഗവണ്മെന്റ് ഏജൻസികൾമൂലം വനങ്ങളിൽനിന്നും നീക്കം ചെയ്യപ്പെടുന്ന തടിയും മററ് ഉല്പന്നങ്ങളും എന്ന ഇനത്തിലേക്ക് നീക്കിവച്ചിട്ടുള്ള ൪,൯൯,൨൦൦ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണം.

മി: എ. താണുപിള്ള:

൧൧൮. ആനകളുടെവകക്ക് കൊള്ളിച്ചിട്ടുള്ള ൯,൩൦൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൧൯.

മി: വി. ചെല്ലംപിള്ള (തോവാള): സർ, താഴെകാണുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

പിരയ്ക്കുകയും, നടുകയും ചെയ്യുക എന്ന ഇനത്തിലേക്കായി കൊള്ളിച്ചിട്ടുള്ള ൨൨,൦൦൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

സർ, ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ ഉദ്ദേശം നാഞ്ചിനാട്ടിലുള്ള വനങ്ങളിൽ കന്നുകാലി തീററിക്ക് ഉപയോഗപ്പെടുത്തുന്ന പുല്ലും വളത്തിനു ആവശ്യമുള്ള ഇലകൾ നല്കുന്ന വൃക്ഷങ്ങളും നട്ടുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി വാദപ്രതിവാദം നടത്തണമെന്നുള്ളതാകുന്നു. നാഞ്ചിനാട് എന്ന പദത്തിന്റെ അർത്ഥംതന്നെ കൃഷികാര്യങ്ങൾക്കുള്ള ഭൂമി എന്നാണെന്ന് നമുക്കെല്ലാവർക്കും അറിയാം. പുരാതനകാലംമുതൽക്കുതന്നെ തിരുവിതാംകൂറിലേക്കു ആവശ്യമുള്ള നെല്ലു മുഴുവനും മുഖ്യമായി നാഞ്ചിനാട്ടിൽനിന്നാണ കിട്ടിവന്നിരുന്നതു്. സർ, കോതയാറണ കെട്ടുന്നതിനുമുമ്പ് ൩൦,൦൦൦ ഏക്കറോളം നിലംനെല്ലു കൃഷിചെയ്തുവന്നിരുന്നു. ഈ ൩൦,൦൦൦ ഏക്കർ നിലവും ൨൦,൦൦൦ ഏക്കർ വിസ്താരംവരുന്ന മലംപ്രദേശങ്ങളാണ് ചുററപ്പെട്ടിരുന്നതു്. അവയിൽ കോതയാറണ കെട്ടപ്പെട്ടതിനുശേഷം ൧൫,൦൦൦ ഏക്കർ നെല്ലുകൃഷി ചെയ്യാവുന്ന വയലുകളായി രൂപാന്തരപ്പെടുത്തപ്പെട്ടു. ഇപ്രകാരം രൂപാന്തരപ്പെടുത്തപ്പെട്ട ൧൫,൦൦൦ ഏക്കർ സ്ഥലവും ഒരിക്കൽ വളങ്ങൾക്ക് ആവശ്യമുള്ള ഇലകൾ വളരുവാൻ ഉപയോഗപ്പെടുത്തിവന്നിരുന്നവയാണ്. അതുകൊണ്ട് ഇപ്പോൾ ആകപ്പാടെ ൪൫,൦൦൦ ഏക്കർ സ്ഥലത്തെസംബന്ധിച്ചു കന്നുകാലികൾക്കു തിന്നുന്നതിനുള്ള ഇലയും വളത്തിനും ആവശ്യമുള്ള ഇലയും കൊടുക്കേണ്ടതായി വന്നിട്ടുണ്ട്.

ഇപ്പോൾ അമോണിയം സൾഫേററ്, സൂപ്പർഫാസ്ഫേററ്, അമോഫാസ് മററു പലതരം ഫാസ്ഫേററുകൾ തുടങ്ങിയുള്ള ൬൦,൦൦൦ രൂപയോളം വിലയ്ക്കുള്ള വളങ്ങൾ നാഞ്ചിനാട്ടിലേക്ക് ഇറക്കുമതിചെയ്യുന്നുണ്ട്. എന്നാൽ ഇവയെല്ലാംകൊണ്ട് നമ്മുടെ വയൽക്കണ്ടങ്ങളിൽനിന്ന് അധികമായ ഫലം ഉൽപ്പാദിപ്പിക്കുവാൻ നമുക്കു സാധിക്കുന്നില്ല. അവയിൽ ജീവോൽപന്നസാധനങ്ങൾ കുറവായിട്ടുതന്നെയിരിക്കുന്നു. അതിനാൽ ഏകദേശം ൧൦,൦൦൦ രൂപ വിലയ്ക്ക് ബ്രിട്ടീഷുകാരുടെ വകയായ അയൽരാജ്യങ്ങളിൽനിന്നും അനേകംവണ്ടി ഇലവളം ഇറക്കുമതിചെയ്യുന്നു. ഇങ്ങനെ നോക്കുന്നതായാൽ ആകപ്പാടെ നാം ഇറക്കുമതിചെയ്യുന്ന വളത്തിനു ഏകദേശം ആണ്ടൊന്നിന് ൭൦,൦൦൦ രൂപ വിലവരുന്നുണ്ട്. നമ്മുടെ കന്നുകാലികൾക്കു വേണ്ട മേച്ചിൽസ്ഥലമായി പ്രയോജനീഭവിച്ചിരുന്ന ഭൂമികളും നെല്ലു വിളയിക്കാനുള്ള വയലുകളായി രൂപാന്തരപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഈയിടെ ഏകദേശം ൧,൦൦,൦൦൦ രൂപായ്ക്കു കന്നുകളേയും നാം ഇറക്കുമതിചെയ്യുന്നുണ്ട്. ഇപ്രകാരം വളവും കന്നുകാലികളും വാങ്ങിക്കുന്നതിലേക്കുവേണ്ടി നമ്മുടെ രാജ്യത്തിൽനിന്നും ആകെ ൧,൭൦,൦൦൦ രൂപയോളം അന്യരാജ്യക്കാർക്കുകൊടുക്കുന്നു. ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിൽനിന്നു പല സ്ഥലങ്ങളിലും തേക്കുവൃക്ഷം നട്ടുവളർത്തുന്നുണ്ടെന്നും ആ ഇനത്തിൽ ആ ഡിപ്പാർട്ടുമെൻറിന് ആദായം കിട്ടുന്നുണ്ടെന്നും എനിക്ക് അറിയാം. നാഞ്ചിനാട്ടിൽ ഉദ്ദേശം ൧,൫൦,൦൦൦ ജനങ്ങളോളം അധിവസിച്ചുപോരുന്നു. രാജ്യത്തിൽനിന്നും ഇപ്പോൾ ഒരു വലിയ പണത്തുക പുറത്തുപോകുന്നുണ്ട്. നാഞ്ചിനാട്ടിലുള്ള കാടുകളിൽ പച്ചിലവളത്തിനുള്ള മരങ്ങൾ വനംവക ഡിപ്പാർട്ടുമെൻറിൽനിന്നും നട്ടുവളർത്തുന്നതായാൽ നമുക്ക് പച്ചിലവളവും മററുതരം ഉരങ്ങളും ഇറക്കുമതിചെയ്യേണ്ട ആവശ്യമുണ്ടാകുമെന്നു തോന്നുന്നില്ല. ഇപ്രകാരം വിദേശരാജ്യങ്ങളിലേക്കു പോകുന്ന അനാവശ്യപണം പോകാതെ കഴിക്കാവുന്നതാണ്. ഈ പച്ചിലവളവും, കന്നുകാലികളുടെ തീററിക്കുള്ള പുല്ലും കൃഷിക്കാർക്കു വിററ് ഒരു നല്ല തുക ഗവണ്മെൻറുവക മുതലായി കിട്ടുന്നതിനും സാധിക്കുന്നതാകുന്നു. ഇത്രയും പറഞ്ഞുകൊണ്ട് തുക കുറയ്ക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സർ, കൽക്കുളം, വിളവങ്കോട് എന്നീ രണ്ടു താലൂക്കുകളെ സംബന്ധിച്ചിടത്തോളം, പച്ചിലവളത്തിനും, കൃഷി ആയുധങ്ങൾക്കും വേണ്ടി പ്രത്യേകം നീക്കിവച്ചിട്ടുള്ള സ്ഥലങ്ങളേയും, കന്നുകാലി മേച്ചിലിനുള്ള തറകളേയുംപ്പററി എനിക്കു അറിവുള്ളിടത്തോളം അപ്രകാരമുള്ള കാര്യങ്ങൾക്കായി വേളിമലയും പൊന്മനയ്ക്കു സമീപമുള്ള ചില ഭാഗങ്ങളും ഒഴിച്ചിടപ്പെട്ടിരുന്നു. ഇതു സംബന്ധിച്ചുള്ള മററു വിവരങ്ങൾ അതാതു സ്ഥലങ്ങളിലെ തഹശീൽദാരന്മാരിൽ നിന്നും വനംവക കൺസർവേററർമാരിൽ നിന്നും സിദ്ധിക്കുന്നതാണ്. അപ്രകാരമുള്ള കാര്യങ്ങൾക്കായി സ്ഥലം ഒഴിച്ചിടേണ്ടതിന്റെ അത്യാവശ്യകതയെപ്പററി ഗവണ്മെൻറിനെ അറിയിപ്പു എന്നേ ഉള്ളൂ. മേച്ചിൽ സംബന്ധിച്ചിടത്തോളം ഫ്രീപാസ്സ് എന്നൊരു നിയമം ഇപ്പോൾ ഉള്ളതായി ഒരു പക്ഷെ കൺസർവേററർ പറയുമായിരിക്കാം. അതു കൊണ്ടു ജനങ്ങൾക്കു പ്രായോഗികമായി യാതൊരു ഉപകാരവുമില്ലെന്നുള്ളതിനു ഞാൻ ഒരു ദൃഷ്ടാന്തം ഉദ്ധരിക്കാം. ഈയിടെ ഫ്രീപാസ്സ് ഏർപ്പാടിന്റെ ഫലമായി പൊന്മനയുള്ള കന്നുകാലികൾക്കു ഒരു തരം സാംക്രമിക രോഗം പിടിപെട്ടുകയുണ്ടായി എന്നും അവിടത്തുകാർ പറയുന്നു. അതുകൊണ്ടു ഫ്രീപാസ്സുകൾ നൽകുന്നതായാൽ മൃഗങ്ങൾ ചത്തുപോയേക്കുമോ എന്നു നമുക്കു ഭയപ്പെടേണ്ടതായിട്ടുണ്ട്.

രണ്ടാമതായി പൊന്മനയുള്ള ജനങ്ങൾ ഈയിടെ മാത്രം ഒഴിച്ചിടപ്പെട്ടിട്ടുള്ള സമീപവനങ്ങളിലേക്കാണ് അവരുടെ കന്നുകാലികളെ മേയലിനായി അയച്ചുകൊണ്ടിരിക്കുന്നതു്. എന്നാൽ ഇപ്പോൾ വനംവക

ഡിപ്പാർട്ടുമെൻറിലുള്ള താണതരം ഉദ്യോഗസ്ഥനായ ഒരു ഗാർഡിനു പോലും സ്ഥലത്തെ ഏതൊരാളുമായും കലഹിക്കുവാൻ കഴിയുന്നതാണ്. ജനങ്ങളും, ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാരും തമ്മിൽ പലപ്പോഴും നിസ്സാരങ്ങളായ കലഹങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ള വാസ്തവത്തിനു കാൺസർവേറ്റർ തന്നെയും സാക്ഷിയാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇവയാകുന്ന നിയമത്തിൽ നിന്നും ലഭിക്കുന്ന ഗുണങ്ങൾ. അതുകൊണ്ട് കന്നുകാലി മേച്ചിലിനും, അതു പോലെ തന്നെ പച്ചില വളവും, തൂപ്പിനും, കൃഷിസേചനത്തിനും ആവശ്യമുള്ള ആയുധങ്ങളും ശേഖരിക്കുന്നതിനും പ്രത്യേക ഭാഗങ്ങൾ ഒഴിച്ചിടണമെന്നു ഞാൻ ഗവണ്മെൻറിനോട് അപേക്ഷിച്ചുകൊള്ളുന്നു.

വേളിമലയെ സംബന്ധിച്ചിടത്തോളം, ഇനി എനിക്കു പറയുവാനുള്ളത്, ഈയിടെ ഭൂമി പതിപ്പു സമ്പ്രദായത്തിൽ ആ സ്ഥലത്തു പ്രവേശനം നടന്നിട്ടുണ്ടെന്നും ആ വിവരങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടെന്നും ആകുന്നു. ഈ വസ്തുത ഞാൻ ഭൂനികുതി കമ്മീഷണരുടെ ശ്രദ്ധയ്ക്കു വിഷയമാക്കിത്തീർക്കുകയുണ്ടായി. മേലാലുള്ള ഭൂമിപതിപ്പു സംബന്ധിച്ച നടപടികൾ നിറുത്തിവയ്ക്കണമെന്നു കാണിച്ചു അദ്ദേഹം നിഷ്കർഷാപൂർവ്വമായ ഉത്തരവുകൾ അയച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട്, കാട്ടുമരങ്ങൾ നിബിഡമായി വളരുന്നവയും ഉറവകൾ ഉള്ളവയും ആയ പ്രധാന സ്ഥലങ്ങളിൽ ചിലതു കൃഷിപോഷണാർത്ഥം ഒഴിച്ചിടപ്പെടണമെന്നു ഞാൻ ഗവണ്മെൻറിനോട് അപേക്ഷിച്ചുകൊള്ളുന്നു. മതശ്രേഷ്ഠ്യാ നോക്കുന്നതായാലും ഇപ്രകാരം വൃക്ഷങ്ങൾ തിങ്ങിനിൽക്കുന്ന കാവുകൾ ഒഴിച്ചിടപ്പെടേണ്ടവ തന്നെയാണ്. കന്നുകാലി മേച്ചിലിനായി ഒഴിച്ചിടപ്പെട്ടിട്ടുള്ള ഏവംവിധമായ കാവുകളും, തോട്ടങ്ങളും അതുപോലെയുള്ള മററു സ്ഥലങ്ങളും കഴിയുന്നിടത്തോളം നശിപ്പിക്കാതിരിക്കണമെന്നു ഞാൻ ഗവണ്മെൻറിനോട് അഭ്യർത്ഥിച്ചുകൊള്ളുന്നു.

പിന്നീട്, വിളവങ്കോട് താലൂക്കിലും, മിസ്റ്റർ ചെല്ലംപിള്ള ചെയ്തിട്ടുള്ളതുപോലെ പ്രത്യേകമായ സ്ഥലങ്ങളെ നിർദ്ദേശിക്കുന്നതിനു പകരം, ആദ്യകാലങ്ങളിൽ കന്നുകാലി മേച്ചിലിനായി ഒഴിച്ചിടപ്പെട്ടിരുന്ന പ്രത്യേക സർവെ നമ്പറുകളുടെ ലിസ്ററു വരുത്തുകയും അവയെല്ലാം ആ വക ആവശ്യത്തിനായിട്ടു തന്നെ തിരിച്ചിടുകയും ചെയ്യണമെന്നും ഞാൻ ഗവണ്മെൻറിനോട് അപേക്ഷിക്കുന്നു. ഒരു മൃഗം പുറമ്പോക്കു റോഡിൽക്കൂടി പോകുന്നതായാൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാർ ഒരു തരം ഫീസ് ഈടാക്കിവരുന്നുണ്ടെന്നുള്ള വസ്തുതയും ഞാൻ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളട്ടെ. അതു ഒരു കുററമായിട്ടും അവർ ഗണിച്ചുവരുന്നുണ്ട്, മേച്ചിലിനായിട്ടല്ല അവർ ഫീസ് ഈടാക്കിവരുന്നത്. പ്രസ്തുത അല്പം പുല്ലുപോലും തിന്നാതെ റോഡിൽക്കൂടി പോകുകയോ നടക്കുകയോ മാത്രം ചെയ്യുന്നതിലേക്കാണ് അവർ അതു ഈടാക്കുന്നത്. അതുകൊണ്ട്, ഈവക കാര്യങ്ങളിൽ ഡിപ്പാർട്ടുമെൻറിൽനിന്നും നിഷ്കർഷയോടുകൂടി നടപടികൾ നടത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, മിസ്റ്റർ ചെല്ലംപിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നതോടുകൂടി, ദക്ഷിണതിരുവിതാംകൂറിൽ കോതയാർ പദ്ധതിനടപ്പിൽ വരുത്തിയതു നാഞ്ചിനാട്ടിലുള്ള കൃഷിക്കാർക്ക് ദോഷകരമായി പരിണമിച്ചിട്ടുണ്ടെന്നും ഞാൻ പറഞ്ഞുകൊള്ളട്ടെ. ഉപയോഗയോഗ്യമെന്നു കാണുന്ന എല്ലാ തുണ്ടുപുരയിടങ്ങൾ പോലും നെല്ലുവിളയുന്ന വയലുകളാക്കിത്തീർന്നിട്ടുണ്ട്, കന്നുകാലികൾക്കു മേയുന്നതിന് ഒരു സ്ഥലവുമില്ല. പച്ചിലമരങ്ങൾ നട്ടുവളർത്തുന്നതിനും സ്ഥലം ദുർല്ലഭം തന്നെയാണ്. ഈ കാരണങ്ങളിൽ നെൽകൃഷി വളരെ ചെലവുള്ളതായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു കൃഷിവർദ്ധനയ്ക്കു ഉചിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കപ്പെട്ടില്ലെങ്കിൽ കൃഷിക്കാരുടെ സ്ഥിതി വളരെ കഷ്ടതയിലായിത്തീരുന്നതാണ്. ഈയിടെ നമ്മുടെ ജനങ്ങളുടെ നിലവിളി ഉരം. ഉരം എന്നല്ലാതെ മറെറാന്നുമല്ലാതായിട്ടുണ്ട്. മേച്ചിൽസ്ഥലങ്ങളും വളരെ അപൂർവം തന്നെയാണ് ഈ വിഷയത്തെപ്പററി വനംവക അധികാരികൾ ദയാപൂർവം ആലോചിക്കുകയും, റിസർവ് സ്ഥലങ്ങളിൽ ഏതാനും ഭാഗം കാടുവെട്ടിത്തെളിക്കുകയും ചെയ്യാതിരുന്നാൽ, പച്ചിലമരങ്ങൾ നട്ടുവളർത്തുന്നതിനും പുല്ലോ കന്നുകാലികൾക്കു മേയുന്നതിനുള്ള മററു സാധനങ്ങളോ നട്ടുപിടിപ്പിക്കുവാനും സ്ഥലം ലഭിക്കുന്നതിനു യാതൊരു മാർഗ്ഗമില്ലാതാകുന്നതാണ് ഉരവും, മേച്ചിൽ സ്ഥലങ്ങളും ഇവരണ്ടുമാണ് ദക്ഷിണതിരുവിതാംകൂറിൽ അത്യാവശ്യമായിത്തീർന്നിരിക്കുന്ന രണ്ടു പ്രധാനകാര്യങ്ങൾ വേണ്ടുവോളം മേച്ചിൽ സ്ഥലങ്ങൾ ഇല്ലാത്തതുകൊണ്ട് ഈയിടെ കന്നുകാലികളെ ഫാറസ്ററ് ഡിപ്പാർട്ടുമെൻറിൽനിന്നു അഭിപ്രായപ്പെട്ടതുപോലെ വനാന്തരത്തിലേക്കു കൊണ്ടുപോകേണ്ടിവന്നിട്ടുണ്ട്. എന്നാൽ അവിടെ വനത്തിലുള്ള ജന്തുക്കളുടെ ശല്യം ധാരാളം ഉണ്ട്. വാസ്തവം പറയുകയാണെങ്കിൽ, ഏതാനും കന്നുകാലികൾ കടുവകൾക്കു ഇരയായിത്തീർന്നു. ഈ കാരണങ്ങളാൽ വനംവക അധികാരികൾ ദക്ഷിണതിരുവിതാംകൂറിലെ പാവപ്പെട്ട കൃഷിക്കാരുടെ രക്ഷയ്ക്കു തയ്യാറായില്ലെങ്കിൽ അവരുടെ സ്ഥിതി അസ്ഥിരാവസ്ഥയിലായിത്തീരുന്നതാണ്. അതുകൊണ്ട് ഫാറസ്ററ് ഡിപ്പാർട്ടുമെൻറിൽനിന്നും പച്ചിലവളവും കാട്ടുപുല്ലും ലഭിക്കുന്നതിനു വേണ്ടതുപ്രവർത്തിക്കുകയും അങ്ങനെ കർഷകജനങ്ങളുടെ ബുദ്ധിമുട്ടിനു പരിഹാരം വരുത്തുകയും ചെയ്യണമെന്നാകുന്നു എന്റെ അഭിപ്രായം. ഈ കാരണങ്ങളാൽ ഈ സമേയമായാകെ ഞാൻ ഉപക്ഷേപത്തെ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: ആർ. ധനക്കോടിപ്പിള്ള (വനംവക കാൺസർവേറ്റർ): പച്ചിലവളവും, മേച്ചിൽസ്ഥലങ്ങളും സംബന്ധിച്ച സംഗതിയിൽ ദക്ഷിണതിരുവിതാംകൂറിലെ കൃഷിക്കാർ അനുഭവിച്ചുപോരുന്ന സങ്കടങ്ങളെപ്പററി ഗവണ്മെൻറിന് അറിവില്ലാതില്ല. വേളിമലയിലെ മലഞ്ചരിവുകളിലും തടികാരന്‍ കോണം വനങ്ങളിലും നിന്നും പച്ചിലവളം എടുത്തുകൊള്ളുവാൻ നാഞ്ചിനാട്ടുകാർക്കു ഗവണ്മെൻറ അനുവാദം നൽകീട്ടുണ്ട്. അതുകൂടാതെ ഈയിടെ അല്പം ഉരുക്കളുടെ പ്രവേശിച്ചുകൊള്ളുന്നതിനും ചില വൃക്ഷങ്ങളുടെ ശിഖരങ്ങൾ കൊയ്തു കൊള്ളുന്നതിനും അനുവദിച്ചിട്ടുണ്ട്. പച്ചിലവളം ശേഖരിക്കുന്നതു സംബന്ധിച്ചിടത്തോളം, അവ തലച്ചുമടായി കൊണ്ടുപോകുന്നതായാൽ വിലയൊതുവയോ കൊടുക്കാതെ സ്വാതന്ത്ര്യമായി കൊണ്ടുപോയിക്കൊള്ളുന്നതിനും ജനങ്ങൾക്ക് അനുവാദം കൊടുത്തിട്ടുണ്ട്. വണ്ടിയിൽ കയററി അവ കൊണ്ടുപോകപ്പെടുന്നപക്ഷം വണ്ടിക്കു ഒരു മൊന്നിന് ന്യായമായ കുറഞ്ഞനിരക്കിലുള്ള ഫീസും ചുമത്തപ്പെട്ടിരിക്കുന്നു. മിസ്റ്റർ ചെല്ലംപിള്ളയുടെ പ്രസ്തു-

വിച്ചതിൽ വളരെ വാസ്തവമുണ്ട്. എന്നാൽ പതിനഞ്ചും ഇരുപതും ഏക്കർവിസ്താരമുള്ള സ്ഥലങ്ങൾക്ക് പച്ചിലവളം നൽകത്തക്കവണ്ണം അത്തരം വൃക്ഷങ്ങൾ നട്ടുവളർത്തുന്നകാര്യം ഫാറസ്റ്റ ഡിപ്പാർട്ടുമെൻറിന് സാദ്ധ്യമായിട്ടുള്ളതല്ല.

മി: വി. ചെല്ലംപിള്ള (തോവാള): അവിടെ മറ്റൊന്നുമില്ലെങ്കിലും നട്ടുവളർത്തുന്നകാര്യവും വളരെപ്രയാസമായിട്ടുള്ളതല്ലേ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംവക കാൺസർവേറ്റർ): വനങ്ങൾ മുഴുവനും ഈ പ്രദേശംപോലെ ഏറെക്കുറെ പടർപ്പുകൾ നിറഞ്ഞകാടുകളാണ്.

മി: വി. ചെല്ലംപിള്ള (തോവാള): വൃക്ഷങ്ങൾ സമൃദ്ധമായി വളരുന്ന മററു സ്ഥലങ്ങൾ ഇല്ലേ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംവക കാൺസർവേറ്റർ): ഉണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): തിരുവനന്തപുരം പകുതിയിൽ വൃക്ഷങ്ങൾ സമൃദ്ധമായി വളരുന്ന വേറെ സ്ഥലങ്ങൾ ഇല്ലേ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംവക കൺസർവേറ്റർ): അതു ഏറെക്കുറെ പെട്ടെന്ന് ഇല്ലാതായി തീരുന്ന വനമാണ്. ആ പകുതിയിൽ വൃക്ഷങ്ങളുടെ വളർച്ച അധികമായിരിക്കുന്നതല്ല.

ഡിപ്പാർട്ടുമെൻറിനു ഏതെങ്കിലും ലാഭംകിട്ടാൻ മാർഗ്ഗമില്ലാത്ത കൃഷിയിൽ ആയിരിക്കണം ശ്രമം ചെലവുചെയ്യുന്നതു നിഷ്ഫലമാണ്. ഒരു ചെറിയതോതിൽ അൻപതൊ നൂറൊ ഏക്കർ വിസ്താരമുള്ള സ്ഥലം എടുത്ത് അവിടെ പച്ചിലമരങ്ങൾനട്ടു പരീക്ഷണാർത്ഥം കൃഷിചെയ്തുനോക്കാവുന്നതാണെന്ന് എനിക്കു അഭിപ്രായമുണ്ട്. ആ പരീക്ഷണം വിജയപ്രദമായിത്തീരുന്നതായാൽ പിന്നെ പരസ്പരസഹായസംഘങ്ങളോടു അതിൽ പ്രവേശിച്ചു പ്രവൃത്തിനടത്തുവാൻ ആവശ്യപ്പെടാവുന്നതാകുന്നു. അല്ലെങ്കിൽ ഗവൺമെൻറിനുതന്നെ നേരിട്ടു ഡിപ്പാർട്ടുമെൻറു മുഖാന്തിരം അതു ഏറ്റെടുക്കുകയും ചെയ്യാം.

പിന്നെ, കന്നുകാലികളുടെ മേച്ചിൽവിഷയത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പററി എനിക്കു പറയുവാനുള്ളത്, ഒന്നോ രണ്ടോ സ്ഥലങ്ങൾ ഒഴികെ റിസർവായിട്ടുള്ള സ്ഥലങ്ങളെല്ലാം തിരുവിതാംകൂറിലെ കന്നുകാലികൾക്ക് ഇഷ്ടംപോലെ മേഞ്ഞുകൊള്ളുവാനായി ഞങ്ങൾ വിട്ടുകൊടുക്കപ്പെട്ടിട്ടുണ്ടെന്നാകുന്നു. കന്നുകാലികളെ വനത്തിൽ മേയാൻ അനുവദിക്കുന്നതു് അവയുടെ ആരോഗ്യത്തിന് അനുകൂലമായിരിക്കുന്നതല്ലെന്ന് എൻെറ സ്നേഹിതൻ ഡാക്ടർ കുഞ്ഞൻപിള്ള നിങ്ങളെ അറിയിക്കുന്നതാണ്. അങ്ങനെ ഇരുന്നിട്ടും, വേളിമല കുന്നുകൾതൊട്ടു തെക്കുമലവരെയുള്ള എല്ലാ സ്ഥലങ്ങളിലും ഇഷ്ടംപോലെ സ്വതന്ത്രമായി കന്നുകാലികളെ മേച്ചുകൊള്ളുന്നതിനു ഞങ്ങൾ അനുവദിച്ചിട്ടുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): ഈ മലകളിലെല്ലാം കന്നുകാലികൾ മേയുന്നുണ്ടോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംവക കൺസർവേറ്റർ): എനിക്കറിഞ്ഞുകൂട. തിരുവിതാംകൂറിലുള്ള എല്ലാ കന്നുകാലികൾക്കും ഞങ്ങൾ ഫ്രീപാസ്സുകൾ നൽകീട്ടുണ്ട്. പരിഷ്കൃതരാജ്യങ്ങളിൽ, വനപ്രദേശങ്ങളിൽ മേയുന്ന കന്നുകാലികളുടെ എണ്ണം അവർ ക്ലിപ്തപ്പെടുത്തുന്നുണ്ട്. എന്നാൽ ഞങ്ങൾ അതുപോലെ ചെയ്യുന്നില്ല. നിവൃത്തിയുള്ള സ്ഥലങ്ങളിലെല്ലാം കന്നുകാലികൾക്കു മേയാൻ ഞങ്ങൾ അനുവാദം നൽകുന്നുണ്ട്. കന്നുകാലികളെ ഒരു നിർദ്ദിഷ്ടസ്ഥലത്തുമാത്രമെ കൊണ്ടുപോകാവു എന്നും മററു യാതൊരു സ്ഥലങ്ങളിലും കൊണ്ടുപോകാൻ പാടില്ലെന്നും ഞങ്ങൾ പറയുന്നില്ല.

മി: വി. ചെല്ലംപിള്ള (തോവാള): കന്നുകാലിമേച്ചിലിന് ഉപയോഗമുള്ള വിളവുകൾ നട്ടുവളർത്തുന്നതിനായി റിസർവ്വനങ്ങൾക്കുള്ളിലുള്ള കുറെ ഭാഗം ഗവൺമെൻറിൽനിന്നും പാട്ടത്തിനുകൊടുക്കുമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംവക കൺസർവേറ്റർ): റിസർവുകൾക്കു വെളിയിൽ ഭൂമികൾ ഉള്ളതുകൊണ്ടു റിസർവുകൾക്കകത്തുള്ള സ്ഥലങ്ങൾ പാട്ടത്തിനു കൊടുക്കേണ്ട ആവശ്യമില്ല.

മി: വി. ചെല്ലംപിള്ള (തോവാള): റിസർവു വനങ്ങൾക്കു വെളിയിൽ സ്ഥലങ്ങളുണ്ടെങ്കിൽ ജനങ്ങൾ ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിനോട് പാട്ടത്തിനു കുറെ സ്ഥലംവേണമെന്നു ചോദിക്കുവാൻ ഇടയുന്നതല്ലല്ലോ.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംവക കൺസർവേറ്റർ): റിസർവ് വനങ്ങൾക്കുവെളിയിൽ എടുക്കത്തക്ക ഭൂമികൾ ഉണ്ടെന്ന് എനിക്കു സൂക്ഷ്മമായി അറിയാം.

മി: വി. ചെല്ലംപിള്ള (തോവാള): എന്നാൽ അവ കന്നുകാലിമേച്ചിലിന് ഉപയോഗമുള്ള സാധനങ്ങൾ നട്ടുവളർത്തുവാൻ തീരെ കൊള്ളാവുന്നവയല്ല.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംവക കൺസർവേറ്റർ): അതു് എനിക്കു അറിഞ്ഞുകൂടാ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കൃഷി സംബന്ധിച്ചുണ്ടായ റായൽകമ്മീഷൻ സൌജന്യമായ കന്നുകാലിമേച്ചിലിനെപ്പററി പറഞ്ഞിട്ടുള്ളതു മെംബർ ഓർമ്മിക്കുന്നുണ്ടോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംവക കാൺസർവേറ്റർ): ഉണ്ട്. സൌജന്യപൂർവ്വമായ കന്നുകാലിമേച്ചിൽ ചില സ്ഥലങ്ങളിൽ അനുവദിച്ചുകൊടുക്കേണ്ടതാണെന്ന് അവർ അഭിപ്രായപ്പെട്ടു. റായൽകമ്മീഷനുമുമ്പും ഞങ്ങൾ ചെയ്തുവന്നതും അതുതന്നെയായിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മെംബർ ഡാക്ടർ കുഞ്ഞൻപിള്ളയുടെ പേർ ഉദ്ധരിച്ച് കന്നുകാലികളെ മേയാൻ അനുവദിക്കുന്നതു് അപായകരമാണെന്നു പറയുകയുണ്ടായി എന്നു ഞാൻ വിചാരിക്കുന്നു.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംവക കാൺസർവേറ്റർ): കന്നുകാലികൾ അലഞ്ഞുതിരിഞ്ഞു മേയുന്നതുകൊണ്ടും വളരെയുണ്ട്. അവിടെ ദീനമുള്ള കന്നുകാലികളുമായി അന്യോന്യസ്പർശനത്തിനും മററുകന്നുകാലികൾക്കു സംഗതിയാകും. തന്മൂലം രോഗങ്ങൾ വ്യാപിക്കുന്നതിനും ഇടയായേക്കും. അതാണ് ഈ കാര്യത്തിലുള്ള ആക്ഷേപം.

മി: വി. ചെല്ലംപിള്ള (തോവാള): ഇത്തരം പകർച്ചവ്യാധികൾ തന്റെ കന്നുകാലികൾക്കു പിടിപെടാതെ സൂക്ഷിക്കേണ്ടതു് അവയുടെ ഉടമസ്ഥന്റെ കൃത്യം അല്ലേ?

മി: ആർ. ധനകോടിപ്പിള്ള (വനംവക കൺസർവേറ്റർ): മററു സ്ഥലങ്ങളിൽ ചെയ്യുന്നതുപോലെ അവർ ചെയ്യുവരുന്നില്ല. അങ്ങിനെ ചെയ്യുന്നതുകൊണ്ടു മററു സ്ഥലങ്ങളിൽ കന്നുകാലികൾ, നല്ല ശക്തിയുള്ളവ ആയിരിക്കുന്നു. എന്നാൽ എന്റെ അറിവിൽപ്പെട്ടിട്ടുള്ളിടത്തോളവും, ഞാൻ കണ്ടിട്ടുള്ളിടത്തോളവും തിരുവിതാംകൂറിലെ സ്ഥിതി അങ്ങനെയല്ല.

പിലമേച്ചിൽസ്ഥലങ്ങളെ സംബന്ധിച്ചും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ആളുകൾ പുറപ്പെടുവിച്ച തടസ്ഥങ്ങളെപ്പററിയും മിസ്റ്റർ. ടി. സി. കേശവപിള്ള സൂചിപ്പിക്കുകയുണ്ടായി.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മേച്ചിൽസ്ഥലങ്ങളെപ്പററി മാത്രമല്ല, പച്ചിലവളങ്ങളും കൃഷി ആയുധങ്ങളും ശേഖരിക്കുന്നതിനു വേണ്ടിയുള്ള സ്ഥലങ്ങളെ സംബന്ധിച്ചും ഞാൻ പ്രസ്താവിച്ചു.

മി: ആർ. ധനകോടിപ്പിള്ള (വനംവക കാൺസർവേറ്റർ): അതിനെപ്പററി എനിക്കു പറയാനുള്ളതു്, അതു് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഒരു സ്ഥലമാണെന്നും അപ്രകാരമുള്ള സ്ഥലം പച്ചിലവളങ്ങൾക്കായി വിട്ടുകൊടുക്കുന്നതു് ഫാറസ്റ്റ് കാൺസർവൻസിയുടെയോ ഗവൺമെൻറിന്റെയോ നയത്തിനു് യോജിച്ചതല്ലെന്നും ആകുന്നു. പച്ചിലവളങ്ങൾക്കായി സംസ്ഥാനത്തിന്റെ എല്ലാഭാഗങ്ങളിലും ചില പ്രദേശങ്ങൾ ഞങ്ങൾ ഒരു ഗവൺമെൻറ ഉത്തരവനുസരിച്ചു വിട്ടുകൊടുത്തിട്ടുണ്ടു്. ഇപ്പോൾ ആ ഗവൺമെൻറ് ഉത്തരവു് എന്റെ കൈവശം ഇല്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മിസ്റ്റർ വി. ചെല്ലംപിള്ളയുടെ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. വനങ്ങളുടെ അതിർത്തി പ്രദേശങ്ങളിലുള്ള പിലഭാഗങ്ങളിൽ അധിവസിച്ചുപോരുന്നവരും എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടവരുമായ കൃഷിക്കാർ അനുഭവിക്കുന്ന സങ്കടങ്ങളെപ്പററി പ്രത്യേകം പരിഗണിച്ചു് ഞാൻ മിസ്റ്റർ ചെല്ലംപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഈ ജനങ്ങൾ മിക്കവാറും എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട ചെങ്കൽ, കുന്നത്തുകാൽ എന്നീ പകുതികളിലുള്ളവരാകുന്നു. വനങ്ങൾക്കു അവരുടെ വസതികളിൽ നിന്നും ഏകദേശം നാലോ, അഞ്ചോ മൈൽ ദൂരമേയുള്ളു. വനങ്ങളിലുള്ള പച്ചിലവളത്തിനു അവക്കു് വളരെ ആവശ്യമുണ്ടു്. ഇതിലേക്കായി അവരുടെ വാസസ്ഥലങ്ങളിൽനിന്നു് ൧൨ മൈൽ അകലെ സ്ഥിതിചെയ്യുന്ന കുലശേഖരത്തുള്ള ഫാറസ്റ്റ് റേഞ്ചാഫീസുവരെ അവക്കു് പോകേണ്ടിയിരിക്കുന്നു. കുറച്ചുമുൻപു പണ്ഡിതനായ കൺസർവേറ്റർ പ്രസ്താവിച്ചപ്രകാരം അവിടെനിന്നു ൪ ചക്രംകൊടുത്തു ഒരു പാസ്സ് വാങ്ങേണ്ടതായിട്ടുണ്ടു്. എന്നാൽ ഈ പാസ്സുകൾ ഒന്നോ രണ്ടോ ദിവസത്തെ ഉപയോഗത്തിലേയ്ക്കായിട്ടുമാത്രമേ കൊടുക്കപ്പെടുന്നുള്ളു. ഈ കാലാവധിക്കുള്ളിൽ വനത്തിൽനിന്നും പച്ചിലവളം അവർ കൊണ്ടുപോയിക്കൊള്ളണം. മിക്കവാറും കേസ്സുകളിൽ ഒരാൾക്കു പത്തോ പന്ത്രണ്ടോ വണ്ടിഭാരം വരുന്നവളം ആവശ്യം വരുന്നതാകുന്നു. ഇതു ഒന്നോ രണ്ടോ ദിവസം കൊണ്ടു കൊണ്ടുപോകുന്നതിനു് അവക്കു് സാധിക്കാതെവരാം. അപ്പോൾ ഒന്നോ രണ്ടോ വണ്ടിഭാരം നീക്കംചെയ്യുന്നതിനുശേഷം അവക്കു് കുലശേഖരംവരെ വീണ്ടും പോയി അവരുടെ പാസ്സ് പുതുക്കേണ്ടതായി വരുന്നു. ഇതു് എന്റെ താലൂക്കിൽ അധിവസിക്കുന്ന കൃഷിക്കാർക്കു്, വിശേഷിച്ചും വനത്തിന്റെ അതിർത്തിപ്രദേശങ്ങളിൽ താമസിക്കുന്നവക്കു് വളരെ സങ്കടത്തിനു കാരണമാകുന്നു. അവർ എല്ലാം കൃഷിക്കാരാകുന്നു; ഇതിനെപ്പററി അവർ ബലമായി പരാതി ബോധിപ്പിച്ചിട്ടുണ്ടു്; അവർ ഈ സംഗതി പല സന്ദർഭങ്ങളിലും എന്റെ ശ്രദ്ധയിൽ വിഷയീഭവിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു്, ഈ വിഷയത്തെപ്പററി വേണ്ടപോലെ ആലോചിച്ചു പാവപ്പെട്ടവരായ ഈ കൃഷിക്കാരുടെ സങ്കടത്തെ പരിഹരിക്കുവാനാവശ്യമുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനു ഞാൻ വനംവക കൺസർവേറ്ററോടു് അപേക്ഷിച്ചുകൊള്ളുന്നു. ഈ നിരീക്ഷണങ്ങളോടുകൂടി ഞാൻ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ടു്): സർ, മിസ്റ്റർ ചെല്ലംപിള്ളയുടെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. മിസ്റ്റർ ചെല്ലംപിള്ള റിസർവുകളിൽ പുല്ലുപിടിപ്പിക്കണമെന്നാണു് പറയുന്നതു്. എന്നാൽ എന്റെ അഭിപ്രായം എന്റെ താലൂക്കിനെ സംബന്ധിച്ചിടത്തോളം അങ്ങിനെയല്ല. ഞാൻ പ്രാതിനിധ്യം വഹിക്കുന്ന സ്ഥലത്തുതന്നെ കിരക്കാട്ടുഎന്നൊരു മലനര റിസർവുണ്ടു്. അതു കൃഷിക്കാരുടെ ഉപയോഗത്തിനായിട്ടു ഇട്ടിരിക്കയാണു്. ആ റിസർവിൽ ചെടിയും പടർപ്പും വളർന്നുവരുന്നതുകൊണ്ടു പുല്ലു തീരെ ഉണ്ടാകാതെയാണു ഇരിക്കുന്നതു്. എന്നുമാത്രമല്ല അവിടെ ദുഷ്ടമൃഗങ്ങളും ധാരാളമുണ്ടു്. ഈ മൃഗങ്ങൾ കന്നുകാലി മുതലായവ ചെന്നാൽ കൊന്നുതിന്നുകളയുന്നു. അങ്ങിനെയുള്ള റിസർവുകളെ നാലഞ്ചുകൊല്ലം കഴിയുമ്പോൾ ഒരിക്കൽ വെട്ടിത്തെളിച്ചാൽ പുല്ലു മുളച്ചുവരികയും കന്നുകാലികൾക്കു മേയുകയും ചെയ്യാം. അതിനെപ്പററി ഞാൻ ഒരു പ്രമേയം അയച്ചിരുന്നു. പക്ഷെ ബാലട്ടിൽ കിട്ടിയില്ല. ആ സ്ഥലം ഒരു കൊല്ലം വെട്ടിവിതയ്ക്കുന്നതിനു് ജനങ്ങൾക്കു കൊടുത്താൽ കന്നുകാലികൾക്കു രക്ഷയും ഗവൺമെൻറിനു ലാഭവും കൃഷിക്കാർക്കു ഉപകാരവും ആയിരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ അഭിപ്രായത്തോടുകൂടി ഞാൻ മി: ചെല്ലംപിള്ള ഇവിടെ ഹാജരാക്കിയിട്ടുള്ള ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

പ്രസിഡണ്ടു്: മി: റാവുത്തർ നിങ്ങൾ എഴുന്നേററുവല്ലോ. നിങ്ങൾ വല്ലതും പറയണമെന്നു വിചാരിക്കുന്നുണ്ടോ?

മി: എച്ച്. ബി. റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): ഇല്ല.

മി: വി. ചെല്ലംപിള്ള (തോവാള): സർ, ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡണ്ടു്: ഉപക്ഷേപം പിൻവലിക്കുവാൻ മെമ്പറിനു സഭയുടെ അനുവാദം നൽകുന്നുണ്ടോ?

ഉപക്ഷേപം സഭയുടെ അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

താഴെക്കാണുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

൧൧൭ മുതൽ ൧൨൨ വരെയുള്ള ഉപക്ഷേപങ്ങൾ.

മി: പി. എസ്. മഹമ്മദ്:

൧൧൭. വനങ്ങളെ രൂപീകരിക്കയും പരിഷ്ക്കരിക്കയും വിപുലപ്പെടുത്തുകയും ചെയ്യുന്നതിനു ആകെ കൊള്ളിച്ചിട്ടുള്ള ൩൩,൮൦൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൧൧൮. രണ്ടു താൽകാലികഗുമസ്താക്കളുടെ ശമ്പളംവകയ്ക്കായി കൊള്ളിച്ചിട്ടുള്ള ൩൦൦ രൂപയും കുറവുചെയ്യണം.

മി: തയ്യിലകുഞ്ഞിരാത്താൻ:

൧൧൯. എസ്റ്റാബ്ളിഷ്മെൻറുവകയ്ക്കു കൊള്ളിച്ചിട്ടുള്ള ൧൪,൩൭൫ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൧൨൦. എസ്റ്റാബ്ളിഷ്മെൻറു വകയ്ക്കു കൊള്ളിച്ചിട്ടുള്ള ൧൪,൩൭൫ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണം.

മി: വി. എസ്. കൃഷ്ണപിള്ള:

൧൨൧. എസ്റ്റാബ്ളിഷ്മെൻറുവകയ്ക്കു കൊള്ളിച്ചിട്ടുള്ള ൧൪,൩൭൫ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ:

൧൨൨. സഞ്ചാരപ്പടിയ്ക്കായി കൊള്ളിച്ചിട്ടുള്ള ൩,൫൦൦ രൂപയിൽ നിന്നും ൧൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൨൩.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, പരിപാലനംവകയ്ക്കു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള ൨൩,൩൭൫ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്നുള്ള ഒരു ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

സർ, ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം താഴെക്കൊടുത്തിട്ടുള്ള കുറിപ്പിൽ വിവരിച്ചിട്ടുള്ളതുപോലെ, രണ്ടു്, നിർദ്ദേശങ്ങളെപ്പററി അതായതു്, രാജകീയാവകാശങ്ങളെ നിറുത്തലാക്കുകയും, ഇപ്പോഴത്തെ നിലയിൽ ഫോറസ്റ്റ്ഡിപ്പാർട്ടുമെൻറിൽ നിന്നും ലഭിച്ചുവരുന്ന ഫ്രീപാസ്സ് ഏർപ്പാട് മതിയാക്കുകയും ചെയ്യേണ്ടതിനെ സംബന്ധിച്ചു ഗവമെൻറിന്റെ മുഖ്യമായ ശ്രദ്ധയെ ക്ഷണിക്കണം എന്നുള്ളതാകുന്നു. സർ, ആദ്യത്തെ വിഷയംസംബന്ധിച്ചു രാജാധികാരങ്ങൾ നിറുത്തലാക്കണമെന്നുള്ള ഒരു ഉപക്ഷേപം ഈ സഭയിൽ പാസ്സായിക്കഴിഞ്ഞിട്ടുണ്ടു്. എന്നാൽ സഭയുടെ നിശ്ചയമനുസരിച്ചു ഗവമെൻറിൽനിന്നും അതിന്മേൽ പിന്നീടു് യാതൊരു നടപടിയും നടത്തീട്ടുള്ളതായി തോന്നുന്നില്ല. അതിനാൽ, സഭയുടെ ഈ ഭാഗത്തുള്ളവർ ആ ഉപക്ഷേപത്തെ പുരസ്കരിച്ചു് ഉണ്ടായിട്ടുള്ള പെരുമാററത്തെപ്പററി ശക്തിപൂർവ്വം പ്രതിഷേധം പ്രകടിപ്പിക്കുന്നു. പിന്നീടു രണ്ടാമത്തെ വിഷയത്തിലേക്കു കടക്കുമ്പോൾ, അതായതു്, ഫോറസ്റ്റ്ഡിപ്പാർട്ടുമെൻറിൽനിന്നും ലഭിച്ചിരുന്ന ഫ്രീപാസ്സ് ഏർപ്പാടിനെപ്പററി പറയുകയാണെങ്കിൽ, സർ, ആ വിഷയത്തിനു വളരെ ദീർഘമായ ഒരു പൂർവ്വചരിത്രം ഉള്ളതായിട്ടാണു് അറിവു്. ആണ്ടുതോറും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ സമയത്തിൽ അധികഭാഗവും ഈ വിഷയത്തെപ്പററിയുള്ള ചോദ്യോത്തരങ്ങൾക്കായി വിനിയോഗിക്കപ്പെടുകയും, അപ്പോഴെല്ലാം, അവസ്ഥ പഴയ ഈ ടിരിപ്പുന്യായങ്ങൾകൊണ്ടു മറുപടിനൽകുകയും പതിവാകുന്നു. നൽകാറുള്ള മറുപടികൾ ഇപ്രകാരമെല്ലാമാകുന്നു. "അതു് വനംവകരണത്തിന്റെ കാര്യക്ഷമതയ്ക്കു ഹാനിവരുത്തുന്നതാണു്; സംസ്ഥാനത്തിലെ വനംവകപ്രദേശങ്ങളിൽ സ്വൈരംപോലെ പ്രവർത്തിക്കുന്നതിനും, ന്യായരഹിതമായി ആദായം ഉണ്ടാക്കുന്നതിനും സമ്മതിച്ചു് ആർക്കെങ്കിലും ലൈസൻസ് അനുവദിക്കുന്നതുപോലെയാകുന്നതതു്." ഈ ന്യായവാദങ്ങളെ അടിസ്ഥാനമാക്കി ഇതിനുമുൻപുള്ള സന്ദർഭങ്ങളിൽ പണ്ഡിതനായ വനംവക കൺസർവേററരെ ഞാനും അനുകൂലിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ വിഷയത്തെപ്പററി സൂക്ഷ്മമായി പഠിച്ചതിനുശേഷം ആ സ്ഥിതി സിദ്ധാന്തമനുസരിച്ചും വസ്തുതയനുസരിച്ചും സാധൂകരിക്കത്തക്കതല്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്. സർ, സിദ്ധാന്തപ്രകാരം അപ്രകാരം ഒരു ഏർപ്പാടു് ഇപ്പോഴത്തെ രൂപത്തിൽ തിരുവിതാംകൂറിലല്ലാതെ മററൊരിടത്തും ലഭിച്ചുവരുന്നില്ല. സർ, ഒരു വസ്തു പേരിൽ പതിപ്പിച്ചു സ്വന്തമാക്കി വച്ചുകൊണ്ടിരിക്കുന്ന ഒരാൾക്കു അയാളുടെ വസ്തുവിനേയും അതിലുള്ള ആദായങ്ങളേയും സംബന്ധിച്ചു എന്തുവേണമെങ്കിലും പ്രവർത്തിക്കുവാൻ അധികാരമുണ്ടെന്നു ഗവമെൻറു സമ്മതിച്ചുകൊടുത്തുകഴിഞ്ഞിരിക്കെ അയാളുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുമാറ്, അയാൾക്കു പൂർണ്ണാവകാശമുള്ളതായി ഗവമെൻറു് അംഗീകരിച്ചിട്ടുള്ള അയാളുടെ വസ്തുവിലുള്ള തടികളേയോ മറുസാധനങ്ങളേയോ മുറിച്ചു മാററിക്കൊണ്ടു പോകുന്നതിനു ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിലുള്ള ഒരു കീഴുദ്യോഗസ്ഥന്റെ ഒരു പാസ്സ് വാങ്ങിച്ചുകൊള്ളേണ്ടതാണെന്നു പറയുന്നതിനു ഗവമെൻറിനു എന്തു് അധികാരം ഉണ്ടെന്നാണു ഞാൻ ചോദിക്കുന്നതു്. ഉപക്ഷേപത്തിൽ ഉൾപ്പെട്ടിട്ടുള്ള മൂലതത്വം അതാകുന്നു. ഒരു വസ്തു പേരിൽ പതിപ്പിച്ചു സ്വന്തമാക്കി വച്ചുകൊണ്ടിരിക്കുന്ന ഒരാളിനു് അയാളുടെ വസ്തുവകകളെ സംബന്ധിച്ചു അഭിപ്രായംപോലെ എന്തും ചെയ്യുവാൻ പരിപൂർണ്ണമായ അവകാശവും അധികാരവും ഉള്ളതായി ഗവമെൻറു് ഒരിക്കൽ സമ്മതിച്ചുകഴിഞ്ഞിരിക്കെ സംസ്ഥാനത്തിലെ വനങ്ങളുടെ കാര്യക്ഷമമായ ഭരണത്തിനു പരോക്ഷമായവിധത്തിൽ ഹാനിയുണ്ടാകുമെന്നുള്ള അടിസ്ഥാനത്തിന്മേൽ ഏതെങ്കിലുംപ്രകാരത്തിൽ അയാളുടെ അവകാശത്തെ നിയന്ത്രിക്കുവാനുള്ള അധികാരം ഫാറസ്ററുഡിപ്പാർട്ടുമെൻറിനു ഉണ്ടായിരിക്കാവുന്നതല്ലെന്നുള്ള ഏകകാരണത്താൽ ഈ ഫ്രീപാസ് ഏർപ്പാടു സാധൂകരിക്കത്തക്കതല്ല. സർ, ഇനി വാസ്തവസംഗതികളേപ്പററി ആലോചിക്കുമ്പോൾ വനംവക ഡിപ്പാർട്ടുമെൻറിന്റെ കാര്യക്ഷമമായ ഭരണത്തിനു് ആവശ്യമുള്ള സിബ്ബന്ധികളും പണവും അനുവദിച്ചുകൊടുക്കുവാൻ ഗവമെൻറു തയ്യാറായിരിക്കെ ഈ ഏർപ്പാടു നിറുത്തലാക്കപ്പെടുന്നതായാൽ പ്രത്യേകവ്യക്തികൾ വനംവക പ്രദേശങ്ങളിൽനിന്നും ന്യാ

യരഹിതമായവിധം ആദായം എടുക്കുവാനാരംഭിക്കുന്നതാണെന്നു കാൺസർവേറ്റർ പറയുന്നതു സാധൂകരിക്കാവുന്നതാണോ? അതും സദുദ്ദേശരിക്കത്തക്കതല്ല. ഗവണ്മെന്റിന്റേയും ജനങ്ങളുടേയും ക്ഷേമത്തിന് പ്രതികൂലമായി വനങ്ങളിൽനിന്നും ആരും ന്യായരഹിതമായി ആദായം എടുക്കുന്നില്ലെന്നുള്ളതു തന്റെ കീഴുദ്യോഗസ്ഥന്മാരുടെ സഹകരണത്തോടുകൂടി ഡിപ്പാർട്ടുമെന്റുമേലധികാരി നോക്കേണ്ട ഒരു പ്രധാനകൃത്യമാണ്. അതിനാൽ തനിക്കുവേണ്ടി അനുവദിച്ചിട്ടുള്ള സിൽബന്ധികളും പണത്തുകയും വനംവക ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമമായ ഭരണത്തിനു മതിയായിട്ടുള്ളവയാണെന്നു അദ്ദേഹത്തിനു ശരിക്കു ബോദ്ധ്യപ്പെട്ടുകഴിഞ്ഞിരിക്കെ ഈ ഏർപ്പാടു നിരുത്സാഹപ്പെടുത്തുന്നതായാൽ ഫാറസ്റ്റുഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമമായ ഭരണത്തിന്റെ മുഖച്ഛേദത്തിനു അതു കാരണമായിത്തീരുമെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായം ഗൌരവമായിട്ടുള്ള ഒന്നാണെന്നു മാത്രമല്ല അതു സഭയുടെ ഈ ഭാഗത്തുള്ള മെമ്പർമാർക്കു സ്വീകാര്യമായിരിക്കുന്നതുമല്ല. ഇപ്പോഴുള്ള സിൽബന്ധികളുടെ സഹകരണത്തോടുകൂടി മതിയായ കാര്യക്ഷമത ഉണ്ടായിരിക്കത്തക്കവണ്ണം ഡിപ്പാർട്ടുമെന്റുഭരണം നടത്തുവാൻ പ്രയാസമാണെന്നു പണ്ഡിതനായ കാൺസർവേറ്റർ പ്രസ്താവിച്ചിട്ടുള്ളതായി ഞങ്ങൾ കേട്ടിട്ടില്ല. ഒന്നാമതായി ഒരു പ്രത്യേകവ്യക്തിയുടെ പേരിൽ പതിഞ്ഞിട്ടുള്ള വസ്തുവിന്റെ ഉടമസ്ഥാവകാശത്തിൽ അനാവശ്യമായി കൈകടത്തുന്ന സർവസമ്മതമായ സിദ്ധാന്തം ഉണ്ടാകുന്നതായി ഫാറസ്റ്റുഡിപ്പാർട്ടുമെന്റിൽ നിന്നും ഇപ്പോൾ ലഭിച്ചുവരുന്ന രീതിയിലുള്ള വ്യവസ്ഥയുടെ യോഗ്യത ഈ രണ്ടു കാരണങ്ങളാൽ സഭയിലെ ഈ വശത്തുള്ള മെമ്പർമാരുടെ അഭിപ്രായത്തിൽ അതു ഏററവും ആക്ഷേപകരമായിട്ടുള്ളതാണ്. സംഗതിയുടെ മറുവശം നോക്കുമ്പോൾ ഇപ്പോഴത്തെ രീതിയിൽ ഈ ഏർപ്പാടു തുടരുന്നപക്ഷം ഫാറസ്റ്റുഡിപ്പാർട്ടുമെന്റിനുണ്ടാകുന്ന ഗുണം എന്തെന്നും ജനങ്ങൾക്കു നേരിടുന്ന ദോഷവും സങ്കടവും എത്രയെന്നും ആലോചിക്കേണ്ടതായിട്ടുണ്ട്. കാര്യത്തിന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കുവാൻ ഇവ തമ്മിൽ തുലനംചെയ്തു നോക്കേണ്ടതാകുന്നു. സർ, സഭയുടെ ഈ വശത്തുള്ള മെമ്പർമാർ ഈ ഏർപ്പാടിനെപ്പററി ആവലാതിപറയുന്നതു ആദ്യമായിട്ടല്ല. ഈ അർത്ഥമില്ലാത്ത ഫ്രീപാസ്സ് ഏർപ്പാടിനെ ആധാരമാക്കി പ്രവർത്തിക്കുന്നതുനിമിത്തം പാവപ്പെട്ടവരും അനാഥികളുമായ ഈ രാജ്യവാസികൾ നാനാതരത്തിലുള്ള സങ്കടങ്ങൾ അനുഭവിച്ചുപോരുന്നുണ്ട്. ഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാർക്കു അല്പം എന്തെങ്കിലും അവർ കൊടുക്കാത്തപക്ഷം—ഞാൻ ഈ അഭിപ്രായം വേണമെങ്കിൽ പിൻവലിച്ചുകൊള്ളാം—അവരിൽ ഏതെങ്കിലുംതരത്തിലുള്ള വിശ്വാസം ജനിപ്പിക്കുവാൻ അവർ തയ്യാറില്ലാത്തപക്ഷം അവരുടെ സ്വന്തം വസ്തുവിൽ ഉണ്ടാകുന്ന ഒന്നും അവർക്കു തൊടാൻ സാധിക്കുന്നതല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : അതു തിരുവിതാംകൂറുകാരുടെ ബഹുമാന്യതയ്ക്കു കളങ്കകാരണമല്ലേ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : നിശ്ചയമായിട്ടും. ഉടമസ്ഥാവകാശത്തിൽ ആവശ്യമില്ലാതെ ഇടപെടുന്നു എന്ന സംഗതിയ്ക്കു പുറമെ, ജനങ്ങളുടേയും ഗവണ്മെന്റിന്റേയും ക്ഷേമത്തിന് വിരോധമായി വനത്തിൽനിന്നും ഏതെങ്കിലും പ്രകാരത്തിൽ ന്യായരഹിതമായി ആദായമെടുക്കുവാനുള്ള അവസരം വല്ലതും ലഭിക്കുന്നുണ്ടോ എന്ന് ജനങ്ങൾ എല്ലായ്പ്പോഴും ഉത്സാഹത്തോടും,ശ്രദ്ധയോടും നോക്കിക്കൊണ്ടിരിക്കുന്നതായി പണ്ഡിതനായ ഡാക്ടർ അഭിപ്രായപ്പെട്ടതിന്റെ ഒരു പ്രതിച്ഛായയും അതിൽ നിന്നും വെളിപ്പെടുന്നുണ്ട്. ആ അഭിപ്രായം എന്തോ വല്ലാതെ തോന്നുന്നു. അതിനെപ്പററി ആലോചിക്കേണ്ടതായിട്ടില്ലെന്നു മാത്രമല്ല, ആലോചനാവിഷയമാക്കുവാൻ യോഗ്യമായിട്ടുള്ളതുമല്ല. അതുകൊണ്ട് വനപ്രദേശങ്ങൾക്കു ചുററും സ്ഥലം പതിപ്പിച്ചിട്ടുള്ളവരെ, സംബന്ധിച്ച്, ഈ വിഷയവും, പാവപ്പെട്ടവരായ ജനങ്ങൾ സാധാരണയായി അനുഭവിച്ചുപോരുന്ന പലതരം ബുദ്ധിമുട്ടുകളും പലസന്ദർഭങ്ങളിൽ പല പ്രതിനിധികളാലും വിവരമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെന്ന് ഞാൻ വിചാരിക്കുന്നു. പ്രത്യേകം സ്ഥലങ്ങൾ പതിപ്പിച്ചിട്ടുള്ള ആളുകൾക്കു അവരുടെ പേരിൽ പതിഞ്ഞിട്ടുള്ള സ്വന്തം സ്ഥലങ്ങളിൽ നിന്നും അവരുടെവക അനുഭവങ്ങളെ കൊണ്ടുപോകുന്ന വിഷയത്തിൽ ഫാറസ്റ്റ് അധികാരികളിൽ നിന്നും അവസാനമില്ലാത്ത ഉപദ്രവങ്ങളും അസൌകര്യങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. ഈ കാരണങ്ങളാൽ ഇപ്പോൾ നടപ്പിലിരിക്കുന്ന ഫ്രീപാസ്സ് ഏർപ്പാട് നിർത്തലാക്കണമെന്നും അപ്രകാരം ചെയ്യുന്നതു ഉടനടിതന്നെ വേണ്ടതാണെന്നും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഈ അഭിപ്രായങ്ങളോടുകൂടി, സഭയുടെ ആലോചനയ്ക്കായി ഞാൻ ഉപക്ഷേപത്തെ സമർപ്പിക്കുന്നു.

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്ക്) : സർ, മിസ്റ്റർ നീലകണ്ഠപ്പിള്ള ഇവിടെ പ്രസ്താവിച്ചതിൽ ആദ്യഭാഗമായ റായൽടിയെ സംബന്ധിച്ചിട്ടുള്ള ഭാഗത്തെ ഞാൻ അനുകൂലിക്കുന്നു. ശേഷം ഭാഗത്തെ ഞാൻ അനുകൂലിക്കയോ, പ്രതികൂലിക്കയോ ചെയ്യുന്നില്ല. ഇതിനെ അനുകൂലിക്കുന്നതിനു എന്നെ പ്രേരിപ്പിച്ച പ്രധാനകാരണം രണ്ടു സംഗതിയാണ്. ഒന്നാമത്തെ കാരണം കൺസർവേറ്റർ അടുത്തകാലത്ത് തിരുവിതാംകൂറിലെ പൌരാവലിയോടു ചെയ്ത അക്ഷന്തവ്യമായ അപരാധമാണ്. ഇതിൽ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധവയ്ക്കണം. കുടിപ്പുരയിടങ്ങളിൽ നില്ക്കുന്ന രാജകീയ വൃക്ഷങ്ങൾ കുടികൾക്കുതന്നെ വിട്ടുകൊടുക്കണമെന്നു ഒരു ഉപക്ഷേപം ഈ കൌൺസിലിൽ പാസ്സായശേഷം, സകല കുടിപ്പുരയിടങ്ങളിലുമുള്ള തടികളെ മുറിച്ചുമാററിക്കൊള്ളാമെന്നു കൺസർവേററർ കീഴ് സിൽബന്ധികൾക്കു ഉത്തരവു കൊടുത്തിരിക്കുന്നതായിട്ടു എനിക്കറിയാം.

മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും) : ഏതെല്ലാം താലൂക്കുകളിലുള്ള തടികളെയാണ് മുറിച്ചുമാററണമെന്നുത്തരവുകൊടുത്തിട്ടുള്ളത്?

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്) : എല്ലാ താലൂക്കിലേയും അഴിമതിക്കാരായ കീഴുദ്യോഗസ്ഥന്മാരും അക്രമികളായ ചില കൺട്രാക്റ്റന്മാരും കൂടിച്ചേർന്നു വസ്തു ഉടമസ്ഥന്മാർക്ക് യാതൊരു മുന്നറിവും കൊടുക്കാതെ അഞ്ചുമുതൽ ഏഴുവരെ ഇഞ്ചുവണ്ണമുള്ള തടികളെപ്പോലും വെട്ടിമുറിച്ച് ലേലം ചെയ്തുവരുന്നുണ്ട്. ഇതിൽ കൂടുതലായ ഒരുപദ്രവം ഒരു കുടിയാനവനോട് ഒരു ഡിപ്പാർട്ടുമെന്റിൽ നിന്നും എന്താണ് ചെയ്യാനുള്ളത്?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : മുളകുകൊടി ആ വൃക്ഷങ്ങളിൽപടർന്നു കിടന്നാൽ അതിനെ നശിപ്പിച്ചാണോ തടിമുറിച്ചുകൊണ്ടു പോകുന്നത്?

മി: വി. ജെ. ഉമ്മൻ (കുച്ചുവടവും വ്യവസായവും, വടക്ക്) : മുളകുകൊടി എന്നല്ല അതിന്റെ സമീപം പോലും എന്തെല്ലാം കൃഷികൾ ചെയ്തിട്ടുണ്ടോ അതൊക്കെ നശിപ്പിച്ചാണ് മുറിച്ചുകൊണ്ടു പോകുന്നത്.

സർ, യാതൊരു മുന്നറിവും തരാതെ എന്റെ പുരയിടത്തിൽ നിന്നിരുന്ന ൧൦-൦ ൪-൦ ഇഞ്ചുവണ്ണമുള്ളതും കുറെക്കഴിഞ്ഞാൽ നൂറു രൂപയോളം ആദായം കിട്ടാവുന്നതുമായ തടികളെ മുറിച്ചു കൊണ്ടുപോയിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : കുടിവില എപ്പോഴാണു കിട്ടേണ്ടതു്?

മി: വി. ജെ. ഉമ്മൻ (കുച്ചുവടവും വ്യവസായവും, വടക്ക്) : അഞ്ചോ പത്തോ വർഷം കഴിഞ്ഞിട്ടാണ് കിട്ടുന്നത്.

കഴിഞ്ഞതവണ ഇതിനെപ്പററി ഈ കൌൺസിലിൽ ജനപ്രതിനിധികൾ ശക്തിപൂർവം വാദിച്ച് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

മി: മുരവേലിപാച്ചുപിള്ള (ചേർത്തല): ഇപ്രകാരം ഒരു പ്രമേയം പാസ്സായതിനു ശേഷമാണോ ഈ മാതിരിയിൽ തടിമുറിക്കുവാൻ തുടങ്ങിയിട്ടുള്ളത്?

മി: വി. ജെ. ഉമ്മൻ (കുച്ചുവടവും വ്യവസായവും, വടക്ക്) : അതെ. ഗവണ്മെന്റിൽ നിന്നും ആ പ്രമേയം സ്വീകരിച്ചുപോയാൽ പിന്നെ ഫാറസ്ററഡിപ്പാർട്ടുമെന്റിലേക്കു കിട്ടേണ്ട ആദായം കിട്ടാതെ വന്നേക്കുമല്ലോ എന്നുള്ള ഉദ്ദേശത്താൽ കൺസർവേറ്റർ ചെയ്ത ഒരു വിദ്യയാണിതു്. എന്നാൽ ഇതിൽ നിന്നും ന്യായമായ ഒരാദായം ഗവണ്മെന്റിനു കിട്ടിയാൽ ഞങ്ങൾക്കു സന്തോഷംതന്നെ എന്നാൽ അതിൽ സിംഹഭാഗവും കീഴുദ്യോഗസ്ഥന്മാരുടെയും കൺട്രാക്റ്റർമാരുടേയും പോക്കററിലാണ് പോയിചേരുന്നതു്. തിരെ വണ്ണംകുറഞ്ഞ തടികളെല്ലാം വെട്ടിനശിപ്പിച്ചു. അതുകൂടാതെ വേറെ ഒരു നഷ്ടം കൂടിയുണ്ടു്. വനങ്ങളിൽ നിന്നും തടിവെട്ടിയാൽ അതിന്റെ തലയും നാട്ടുംപുറങ്ങളിൽ കൊണ്ടുവന്നു ഉപയോഗിക്കാൻ സാധിക്കയില്ല. നേരെമറിച്ചു കുടിവക പുരയിടങ്ങളിൽ നിന്നും വെട്ടുന്നതടിയുടെ തലയുംവെട്ടി എടുത്തു് അതുവിററു കൺട്രാക്റ്റർമാർ ആദായം ഉണ്ടാക്കിവരുന്നു. ഇതും ഒരു വലിയ അനീതിയാണ്.

ഇനി എനിക്കു പറയാനുള്ള മറെറാരു സംഗതി ഫാറസ്റ്റിൽ ഉള്ള ചതുപ്പു നിലങ്ങളെ പതിച്ചു കൊടുക്കണമെന്നുള്ളതാണ്. ഈ സംഗതി പൊതുജനങ്ങൾ ഗവണ്മെന്റിനെ പല പ്രകാരത്തിൽ അറിയിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിനു ഗവണ്മെന്റ് ഒരു നിവൃത്തിയും ഉണ്ടാക്കിയിട്ടില്ല. ഫാറസ്റ്റിലെ തടികൾ നശിപ്പിക്കുന്നതായാൽ മഴയ്ക്കു കുറവു വരുമെന്നും തന്നിമിത്തം കൃഷിക്കു സാരമായ ദോഷം വരുമെന്നാണു കൺസർവേറ്റർ അവർകളുടെ അഭിപ്രായം. ഗവണ്മെന്റ അദ്ദേഹം ഒരു വിദഗ്ധനാണെന്ന നിലയിൽ അതു സമ്മതിക്കുന്നപക്ഷം ഇപ്പോഴത്തെ അതിവർഷം ഉണ്ടായ വെള്ളപ്പൊക്കത്തിനും തന്നിമിത്തം കുടിയാനവന്മാർക്കും ഗവണ്മെന്റിനും നേരിട്ട കഷ്ടനഷ്ടങ്ങൾക്കും കൺസർവേറ്റർ അല്ലാതെ മററാരാണ് ഉത്തരവാദി (ചിരി)

പ്രസിഡണ്ട്: ഗ്യാലറിയിൽനിന്നും ക്രമത്തിലധികമായി ഭാവപ്രകടനങ്ങൾ കേൾക്കാനിടയാകുന്നതായാൽ എനിക്കു ഗ്യാലറി ഒഴിവാക്കപ്പെടേണ്ടിവരുമെന്നു സന്ദർശകന്മാരെ ഞാൻ മുൻകൂട്ടി അറിയിച്ചുകൊള്ളുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു. ഇതിലേക്ക് എന്നെ പ്രേരിപ്പിക്കുന്നതു് രണ്ടു പ്രധാനകാരണങ്ങളാണ്. ഫ്രീപാസ്സ്, റായൽട്രീ ഈ രണ്ടു വിഷയവും ഗവണ്മെന്റിനു നഷ്ടവും ജനങ്ങൾക്ക് അസൌകര്യവും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നവയാണ്. ഇതു കാരണസഹിതം ഞാൻ പലപ്പോഴും ഈ സഭയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഒന്നാമതു ഫ്രീപാസ്സിനെപ്പററി തന്നെ പറയാം ഇതു മറെറാരു രാജ്യത്തും നടപ്പുള്ള ഒന്നല്ല. ഫാറസ്ററുകാരുടെ ഒരു പാസ്സോടുകൂടിയേ ഉടമസ്ഥനു സ്വന്തം പുരയിടങ്ങളിലുള്ള തടികൾ വെട്ടി കടത്തിക്കൊണ്ടുപോയി ഉപയോഗിക്കാവൂ എന്നൊരേർപ്പാടു ബ്രിട്ടീഷ്ജില്ലകളിലോ കൊച്ചി സംസ്ഥാനത്തിലോ ഇല്ല. രാജ്യത്തിനു വെളിയിൽ കടത്തികൊണ്ടുപോകണമെങ്കിൽ എക്സൈസുകാരുടെ പാസ്സോ മറേറാ വേണം എന്നു പറയുന്നതു ന്യായമായിരിക്കാം. ഒരു പുരയിടത്തിൽനിന്നും മറെറാരു പുരയിടത്തിൽ കൊണ്ടുപോകുന്നതിനും പാസ്സുവേണമെന്നുള്ള ഒരേർപ്പാടു ഏതു രാജ്യത്തുണ്ട്? അതു ജനസ്വാതന്ത്ര്യത്തെ പ്രധാനമായി തടയുന്ന ഒരേർപ്പാടല്ലേ? ഇതിൽനിന്നും ഗവണ്മെന്റിന് ഒരു ലാഭവും കിട്ടുകയില്ല. കുടി പുരയിടങ്ങളിൽനില്ക്കുന്ന തടികളോ അല്ലെങ്കിൽ അതിന്റെ ഒരു കമ്പെങ്കിലുമോ മുറിച്ചുകൊണ്ടുപോകുന്നുണ്ടോ എന്നു നോക്കുന്നതിനുവേണ്ടി ഫാറസ്ററു ഗാർഡുകൾ കുടിപുരയിടങ്ങൾതോറും നടക്കയായിരിക്കും റിസർവ്വിൽ നോക്കുവാൻ സമയമില്ല. തടി ചിലർക്ക് വിറകിനു ആവശ്യപ്പെടാം. ചിലർക്ക് പുരപണിക്കാവശ്യപ്പെടാം. ഒരാൾ മരിച്ചുപോയാൽ അയാളുടെ അടിയന്തിരസദ്യക്കു വിറകിനാവശ്യമുണ്ടെങ്കിൽതന്നെയും പതിനാറടിയന്തിരത്തിനു ൩മാസം മുൻകൂട്ടി അപേക്ഷിച്ചാലും കൂടി പാസ്സ് കിട്ടുകയില്ല. ഒരാളുടെ വീടു മഴ നനഞ്ഞു ഇടിഞ്ഞുവീഴാൻ പോകുന്നു എന്നുവയ്ക്കുക. അതിലേയ്ക്കു കഴുക്കോലും പട്ടികക്കും വേണ്ടി കുറെ തടി കൊണ്ടുവരുവാൻ ഫ്രീപാസ്സു കിട്ടുമ്പോഴേയ്ക്കു വീടു വീഴാനിടയുണ്ട്. ഒരു ഫ്രീപാസ്സു വേണമെങ്കിൽ ഡിവിഷൻ ആഫീസിൽ അപേക്ഷിക്കണം. ഡിവിഷൻ ആഫീസിൽനിന്നും അതു റയിഞ്ചിലയച്ചു റയിഞ്ചർ കക്ഷിയെ അറിയിച്ചു തടികൾ റയിഞ്ചരെ കാണിച്ചുകൊടുത്താലും വീണ്ടും ഡിവിഷനിലേക്കെഴുതി അവിടന്നു റയിഞ്ചിൽ പാസ്സുവന്നു കക്ഷിയെ അറിയിച്ചു വീണ്ടും പോയി തടി മുദ്രയടിച്ചു പാസ്സു കിട്ടു. ഇതിനിടയിൽ പല ചിലവും ബുദ്ധിമുട്ടും ഉണ്ടാകും. പത്തോ നൂറോ തടി ആവശ്യമുണ്ടെങ്കിൽ ഇത്രയും ബുദ്ധിമുട്ടും ധനവ്യയവും ചെയ്യുന്നതിനു ജനങ്ങൾ ഒരുങ്ങിയേക്കാം. എന്നാൽ കുറച്ചു തടികളുക്കാണെങ്കിൽ ജനങ്ങൾക്ക് ഇതിനു സാധിക്കയില്ല. ഫ്രീപാസ്സ് ഒരിക്കലും ഫ്രീയായിട്ടു ഇപ്പോൾ കിട്ടുന്നില്ല. വൃക്ഷങ്ങൾ ധാരാളമുള്ള ഈ രാജ്യം ഇൻഡ്യയുടെ ആരാമമാണ് എന്നു പറയാറുണ്ട്. വെറും ധാന്യങ്ങൾ മാത്രമല്ല വൃക്ഷങ്ങളും ജനങ്ങളുടെ സമ്പത്താണ്. നികുതി കൊടുക്കുന്ന പുരയിടങ്ങളിൽ എന്തെങ്കിലും ഉണ്ടായാൽ അതു ഉടമസ്ഥന്മാർക്കു സ്വാതന്ത്ര്യമായിട്ടുപയോഗിക്കാൻ പാടില്ലെന്നുവരുന്നതു് വലിയ ക

ഷ്ടമാണ്. തത്വത്തിനും യോജിച്ചതല്ല. ഈ ഏർപ്പാട്ട ഗവൺമെന്റ വേണ്ടെന്നു വയ്ക്കുന്നപക്ഷം ജനങ്ങളുടെ സങ്കടങ്ങളും തീരും. ഉദ്യോഗസ്ഥന്മാർ പാസ്സുകൊടുക്കുന്ന ജോലി കുറയുകയുംചെയ്യും. ഗാർഡുകൾക്ക പുരയിടങ്ങൾതോറും നടക്കാതെ റിസർവ് സൂക്ഷിക്കാതെ പോകയും ചെയ്യാം. ഇനിയും നിർബന്ധമായിട്ട പാസ്സ തന്നെ വേണമെന്നുണ്ടെങ്കിൽ അത് അതാത പകുതികളിലുള്ള റെവന്യൂ ഉദ്യോഗസ്ഥന്മാരുടെ പക്കൽനിന്നും വാങ്ങിക്കണം എന്നു വയ്ക്കുന്നതുകൊണ്ടും വിരോധമില്ല. പകുതി ഉദ്യോഗസ്ഥന്മാർക്ക പട്ടയവും ചിററാപകർപ്പും മററും നോക്കി ഉടമസ്ഥത മനസ്സിലാക്കി പാസ്സുകൊടുക്കുന്നതിന എളുപ്പം കഴിയും. സ്ഥലത്തിന്റെ അതിരും അവർക്കാണ് അറിവാൻ സൌകര്യം. അതുകൊണ്ട് ഒന്നുകിൽ ഫീപാസ്സ നിറുത്തുകയോ അല്ലെങ്കിൽ ഫീ പാസ്സ കൊടുക്കുന്നതിനുള്ള അധികാരം പകുതി ഉദ്യോഗസ്ഥന്മാരിൽ നിക്ഷേപിക്കയോ ചെയ്യേണ്ടതാണ്.

റായൽട്രീ നിറുത്തിക്കളയണമെന്നു പറയുമ്പോൾ അതൊരു വലിയ നഷ്ടമുണ്ടാകുന്ന കാര്യമാണെന്നു പ്രഥമദൃഷ്ടിയിൽ തോന്നാം. ഇപ്പോൾ ഉള്ള റായൽട്രീ കുടിവക പുരയിടങ്ങളിൽനിന്നും മുറിച്ചു കഴിഞ്ഞതിൽപിന്നെ കുടി പുരയിടങ്ങളിൽ ഇവ വളരാൻ സമ്മതിക്കയില്ല. ഒരു ലാഭവുമില്ലാത്തതും എന്നാൽ ആപത്തുള്ളതുമായ ഈ വൃക്ഷങ്ങളെ കൃഷിക്കാർ മുളയിലേതന്നെ നശിപ്പിച്ചുകളയും. വളർന്നതിനുശേഷം നശിപ്പിച്ചാൽ കേസെടുത്തു ശിക്ഷിക്കും. അതിനാൽ വളരാനേ സമ്മതിക്കയില്ല. ഈ സ്ഥിതിക്കു ഇല്ലാത്ത സാധനം ഗവൺമെന്റിന്റെയാണെന്നു പറയുന്നതുകൊണ്ട ഫലമില്ലല്ലോ. എന്നാൽ ഈ അവകാശം കുടികൾക്ക തന്നെ പൂർണ്ണമായിട്ട വിട്ടുകൊടുക്കുന്നപക്ഷം ഗവൺമെന്റിനും ലാഭം ജനങ്ങൾക്കും ലാഭം. കുരുമുളക മുളക മതിശീല ഏർപ്പാടുണ്ടായിരുന്ന കാലത്തു കൃഷിചെയ്താൽ അതെല്ലാം ഗവൺമെന്റിൽ ഏല്പിക്കണം. ദിവാൻ സർ. ടി. മാധവരായരുടെ കാലത്താണ് അതു നിർത്തിയത്. അതിനുമുമ്പ കുരുമുളകിനു ഒരു നേർപ്പിലയേ കൃഷിക്കാരനു കിട്ടിവന്നിരുന്നുള്ളു. അതിന്റെ അവകാശം ഗവൺമെന്റ കുടികൾക്ക പൂർണ്ണമായിട്ട വിട്ടുകൊടുത്തപ്പോൾ അവിടെ വെളിയിൽ കടത്തിക്കൊണ്ടുപോകുന്നതിനു ഒരു തീരുവ ഏർപ്പെടുത്തുകയും ആ വഴി ഗവൺമെന്റിനു ധാരാളം പണം കിട്ടിക്കൊണ്ടിരിക്കയും ചെയ്യുന്നു. കുരുമുളകിൽ ഇത്ര തീരുവ ഈടാക്കിവരുന്നു എന്നോ അത്ര കുറച്ചു വില കിട്ടുന്നുള്ളു എന്നോ കൃഷിക്കാർ ഓർക്കുന്നേയില്ല. ഇവിടത്തുകാർ കുരുമുളക വല്ല മരുന്നിനോ മറേറാ ഉപയോഗിക്കുന്നതു കഴിച്ചു ബാക്കി പുറത്തുപോകയും അവയ്ക്കെല്ലാം തീരുവ കിട്ടുകയും ചെയ്യുന്നു. അതുപോലെ തേക്കുതടിയും പുറമേ കടത്തിക്കൊണ്ടുപോകുന്നതിനു ഒരു നികുതി ചുമത്തി കുടിപുരയിടങ്ങളിൽ നില്ക്കുന്ന തേക്കുതടികളുടെ പൂർണ്ണാവകാശം കുടികൾക്കുതന്നെ വിട്ടുകൊടുക്കുന്നപക്ഷം അവർ ധാരാളമായി അവയെ നട്ടുവളർത്തുകയും അതിൽനിന്നു ഗവൺമെന്റിനു ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ആദായത്തിൽ കൂടുതൽ ആദായം മേലിൽ പ്രതിവർഷം കിട്ടിക്കൊണ്ടിരിക്കയും ചെയ്യും. അതിനു വർദ്ധനയല്ലാതെ കുറവുണ്ടാകയില്ല. ഇപ്പോഴത്തെ നില തുടർന്നുകൊണ്ടുപോകുന്നപക്ഷം കുറേ കഴിയുമ്പോൾ ഗവൺമെന്റിനു ഈ ഇനത്തിൽനിന്നു ഒരു പൈപോലും കിട്ടുകയില്ല.

കാഞ്ഞിരപ്പള്ളി, കോന്നി, റാന്നി, മണിമല മീനച്ചൽ മുതലായസ്ഥലങ്ങളിൽ ആഞ്ഞിലിത്തടി കുടിവക പുരയിടങ്ങളിൽ ധാരാളം നില്ക്കുന്നുണ്ട്. ആഞ്ഞിലി വലിയമരമാകാഞ്ഞാൽ കാതൽ കുറച്ചേകാണുകയുള്ളു, തേക്ക് അങ്ങിനെയല്ല. ചെറിയമരമായാലും കാതൽ അധികംകാണും. വേനൽകാലങ്ങളിൽ ഇലപൊഴിയുന്നതുകൊണ്ട് കുരുമുളകുപടർത്തുന്നതിനു തേക്കിനെപ്പോലെ പററിയവൃക്ഷം മറെറാന്നില്ല. മുളകുവള്ളി ഇലപൊഴിയുന്നവൃക്ഷങ്ങളിൽ പടർത്തിയാൽമാത്രമെ നല്ല ആദായംകിട്ടുകയുള്ളു. ഇങ്ങനെ മുളക തടിപടർത്തിയിരിക്കുന്ന തേക്കുതടികളെക്കൂടി ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റുകാർ നിർദ്ദയം വെട്ടിക്കൊണ്ടു പോകുന്നുണ്ട്. നെടുവങ്ങാടുമുതലായ സ്ഥലങ്ങളിൽ ഇപ്പോഴും അങ്ങനെനടക്കുന്നതായി അറിഞ്ഞു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ സംഗതിയെപ്പററി കഴിഞ്ഞകൊല്ലത്തിൽ ഈ കൌൺസിലിൽ പ്രസ്താവിച്ചശേഷം ഇങ്ങനെനടക്കുന്നുണ്ടോ?

മി: തയ്യത്തുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോഴും നടക്കുന്നുണ്ട്. കൺസർവേററർ അവിടെ വന്നുകാണണം. കുരുമുളകുപടർത്തിയിരിക്കുന്ന തടികളെവെട്ടിമുറിച്ച് അതിനു സമീപം മററുകൃഷികളേയും നശിപ്പിച്ചു കല്ലുകയ്യാലകൾ ഇടിച്ചുകൊണ്ടുപോകുന്നു. ഗവൺമെന്റിനു ചിലവുകഴിച്ച് ഇതിൽ നിന്നുംകിട്ടുന്നതുആദായം വളരെ തുച്ഛമാണ്. ചിലപ്പോൾ തടിമുറിച്ചുകൊണ്ടുപോകാനുള്ള ചെലവിനുപോലും ഉള്ളസംഖ്യകിട്ടുന്നില്ല. അതുകൊണ്ടു റായൽട്രീകളുടെ പൂർണ്ണാവകാശം കുടികൾക്ക വിട്ടുകൊടുത്തു തീരുവ ഏർപ്പാടുവയ്ക്കുന്നതു നന്നായിരിക്കും. കുരുമുളകിന്റെ കാര്യം പറഞ്ഞതുപോലെ തേക്കുതടികളിൽ ഒരു വലിയ പങ്കും വിദേശങ്ങളിലേക്കാണ് പോകുന്നത്. അവിടെ അതിനു നല്ലവിലയും ഉണ്ട്. കൃഷിക്കാർ അവയെവിററു വിലകുറഞ്ഞതും പുരപണിക്ക നല്ലതുമായ ഇരുൾ, കരിമരുതു മുതലായമററുതടികൾ വാങ്ങിപുരപണിക്ക ഉപയോഗിച്ചുകൊള്ളും. അതാണ് അവർക്കുലാഭം.

ഫാറസ്റ്റ് ഗാർഡർമാർ നാട്ടിൻപുറത്തു നികുതികെട്ടുന്ന പുരയിടങ്ങളെല്ലാം കയറിഇറങ്ങി സാധുക്കളായ കൃഷിക്കാരെ ഉപദ്രവിക്കാൻ ഇടകൊടുക്കുന്നതു ശരിയല്ല. അവർ പലഅക്രമങ്ങളും ചെയ്തുവരുന്നുണ്ട്. കൺസർവേററർ ഇതൊന്നും ശരിയായിഅറിയുന്നില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതിനെപ്പററി അന്വേഷിക്കാഞ്ഞതിനു ഉത്തരവാദി ആരാണ്?

മി: തയ്യത്തുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായിട്ട് കൺസർവേററർ ഉത്തരവാദിയാണ്. കൺസർവേറററക്ക് ഒരു നിർബന്ധമുള്ളത് പഴയഏർപ്പാടുകളൊന്നും വ്യത്യാസംവരുത്താതെ പരിരക്ഷിച്ചുകൊണ്ടു പോണം എന്നുള്ളതാണ്. വല്ല വ്യത്യാസവും വരുത്തുന്നതായാൽ ഡിപ്പാർട്ടുമെന്റു ആകപ്പാടെ നശിച്ചുപോയേക്കുമെന്നു അദ്ദേഹം അസ്ഥാനത്തിൽ ഭയപ്പെടുന്നു. മററു ഡിപ്പാർട്ടുമെന്റുകൾ പലതും കാലാനുസൃതം പരിഷ്കരിച്ചുകഴിഞ്ഞു. ആ സ്ഥിതിക്കു ഈ ഡിപ്പാർട്ടുമെന്റു ജനഹിതകരമാംവണ്ണം പണ്ടേതന്നെ പരിഷ്കരിക്കേണ്ടതായിരുന്നു. ഫാറസ്റ്റുകാർ കുടിവക പുരയിടങ്ങളിൽ കയറിഇറങ്ങി ജനങ്ങളെ ഉപദ്രവിക്കുന്നതിനു സൌകര്യം നൽകുന്ന ഈ ഏർപ്പാടുകൾ ഉടനടിനിറുത്തണം. അവരെ ഫാറസ്റ്റിലേക്കുതന്നെവിടണം.

ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാർക്കു സ്വകാര്യമായി പണം ഉണ്ടാക്കുന്നതിനു മാത്രം സൌകര്യമുള്ളതായ ഏർപ്പാടുകളാണിത്. റിസർവ്ഡ് മരങ്ങൾ വിട്ടുകൊടുക്കണമെന്നു ശുപാർശചെയ്യുന്ന ഒരു പ്രമേയം ഞാൻ ഈ കൌൺസലിൽ കൊണ്ടുവന്നപ്പോൾ ഇന്നു ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ച മാന്യൻ അതിനെ എതിർക്കുകയുണ്ടായി. ഇപ്പോൾ അദ്ദേഹംതന്നെ ഇതുകൊണ്ടുവന്നിരിക്കുന്നു. ഇതിൽ നിന്നും ജനങ്ങൾക്കു ബുദ്ധിമുട്ടും സങ്കടവും പൂർവ്വാധികം വർദ്ധിച്ചിട്ടുണ്ടെന്നു വിചാരിക്കണം. ഫ്രീപാസ്, റിസർവ്ഡ് ഈ രണ്ടേർപ്പാടും ഉടനെ നിറുത്തിക്കളയണമെന്നു ഞാൻ പ്രത്യേകം പ്രസ്താവിച്ചുകൊണ്ട് മിസ്റ്റർ നീലകണ്ഠപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): സർ, മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. ഇതിനെസംബന്ധിച്ച് എൻെറ സ്നേഹിതൻ മി: കുഞ്ഞിത്തൊമ്മൻ, വ്യക്തമായിട്ടു പ്രസ്താവിച്ചു കഴിഞ്ഞു. അതിൽ ഒന്നുകൂടി എനിക്കു പറയാനുണ്ട്. ഈ ഡബിൾഡിസ്ട്രിക്റ്റിൻെറ കാര്യങ്ങളിൽ ഒരു ഇരുമുള്ളോ ഒരു തേമ്പാവോ ഉണ്ടായിരുന്നാൽ അതിനെ മുറിച്ച് റോഡിൽക്കൂടി കടത്തിക്കൊണ്ടു പോകണമെങ്കിൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാരുടെ പാസ്സുവേണം. ഈ സ്റ്റേറ്റിൽത്തന്നെ ഈ സ്ഥിതിയാണെങ്കിൽ നാട്ടിൻപുറങ്ങളുടെ സ്ഥിതി എങ്ങനെ ഇരിക്കുമെന്നുള്ളതിനെപ്പററി ഈ സഭതന്നെ ആലോചിച്ചുനോക്കണം. ഒരുവൻ പുരപണിക്കു ആവശ്യപ്പെട്ടു ഫ്രീപാസിനു അപേക്ഷിച്ചാൽ ഏതാണ്ടു ഒരുകൊല്ലം കഴിഞ്ഞേ ഫ്രീപാസ് കിട്ടുകയുള്ളു. അടുത്ത സംസ്ഥാനമായ കൊച്ചിയിലാണെങ്കിൽ ഈ വകയാതൊരു ഉപദ്രവവും ഇല്ല. യഥേഷ്ടം തടി വെട്ടിക്കൊണ്ടുപോയി ഉപയോഗപ്പെടുത്താം. റിസർവ്വിനെസംബന്ധിച്ചിടത്തോളം അറുപത്തു ഇഞ്ച് ചുററളവിൽ കുറഞ്ഞ വണ്ണമുള്ള തടികൾ മുറിച്ചുകൂടാ എന്നു ചട്ടമുണ്ട്. അതിനു വിപരീതമായിട്ടു കുടികളുടെ പുരയിടങ്ങളിൽ ഇരുപതിഞ്ച്, പതിനഞ്ചുഇഞ്ചു ചുററളവുകൾ പോലും ഉള്ള തടികൾ വെട്ടിമുറിച്ചുകൊണ്ടുപോകുന്നുണ്ട്. ഈ അഴിമതികളെപ്പററി കൺസർവേററർക്കു അറിവുണ്ടായിരിക്കയില്ല എന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറഞ്ഞതിനോടു ഞാൻ യോജിക്കുന്നില്ല. അദ്ദേഹം വിചാരിക്കയാണെങ്കിൽ ജനങ്ങൾക്കു ബുദ്ധിമുട്ടുവരാത്ത വിധത്തിൽ പ്രവർത്തിക്കാൻ സാധിക്കുന്നതാണ്. ഇത്രയുംപ്രസ്താവിച്ചുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): രാജകീയവൃക്ഷങ്ങളല്ലാത്ത കുടികൾക്കു വിട്ടുകൊടുക്കണമെന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. എന്നാൽ ഫ്രീപാസ് സിസ്റ്റം നിറുത്തണമെന്നുള്ളതിനോട് എനിക്കു യോജിക്കാൻ നിവൃത്തിയില്ല. ഫ്രീപാസ് സിസ്റ്റം നിമിത്തം, ഗവൺമെൻറിലേക്ക് യാതൊരു ആദായവും കിട്ടുന്നില്ലെങ്കിലും കുടികളുടെ പുരയിടങ്ങളിൽ നില്ക്കുന്ന തടികളെ ഗവൺമെൻറ സംരക്ഷിച്ചു വരികയാണു ചെയ്യുന്നത്. ഒരാൾക്കു ആറു ഏക്കർ സ്ഥലം പുരയിടം ഉണ്ടെന്നു വിചാരിക്കുക. അയാൾ താമസിക്കുന്നതു പുരയിടത്തിൽ നിന്നും വളരെ ദൂരെ ഒരു സ്ഥലത്തായിരിക്കയും ചെയ്യും. ദിവസവും ആ സ്വന്തപുരയിടത്തിൽ ചെന്നു അതിലെ തടികൾ സുരക്ഷിതമായിരിക്കുന്നുണ്ടോ എന്നു നോക്കുന്നതിനു സാധിക്കയില്ല. ഫ്രീപാസ് സിസ്റ്റം നടപ്പിലുണ്ടായിരുന്നാൽ പാസില്ലാതെ തടിവെട്ടിക്കൊണ്ടു പോകാൻ സാധിക്കയില്ലല്ലോ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): മോഷ്ടിച്ചു കൊണ്ടു പോകുന്ന ആളുകൾക്ക് പാസുണ്ടായിരുന്നാലും മോഷ്ടിച്ചു കൊണ്ടു പോകരുതോ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഫ്രീപാസില്ലായിരുന്നാൽ മോഷ്ടിച്ചു കൊണ്ടു പോകാൻ എളുപ്പമുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): റിസർവ്വിനകത്തുനിന്നും തടി മോഷണം പോകുന്നുണ്ടെന്നു അറിയാമോ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതിനെ സൂക്ഷിക്കുന്നതിനു ധാരാളം ആളുകളുണ്ടല്ലോ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): നാം ഉപയോഗിക്കുന്ന ധാന്യങ്ങളും മററും മോഷണം പോകാതിരിക്കുന്നതിന് ആവക ധാന്യങ്ങൾ കൊണ്ടു നടക്കണം എങ്കിൽ. പൊലീസുകാരുടെ പാസു വേണം എന്നു പറയുന്നതു നന്നായിരിക്കുമോ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ധാന്യങ്ങൾ തടിയല്ലല്ലോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഫാറസ്ററ ഡിപ്പാർട്ടുമെൻറിൽ കൺട്രാക്ടറന്മാർ ഇല്ലേ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട). ഉണ്ട്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഫ്രീപാസിനു അപേക്ഷിച്ചിട്ടുള്ളതിൽ ഫ്രീപാസുകിട്ടാതെ വല്ല അപേക്ഷയും കുടിശിഖയായിട്ടു കിടപ്പുണ്ടോ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഒന്നും തന്നെ കാണുകയില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഫ്രീപാസിനു അപേക്ഷിച്ച് ഫ്രീപാസു കിട്ടാതെ തടി എവിടെ നിന്നാണ് വാങ്ങിക്കേണ്ടത്?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അങ്ങനെ കിട്ടാതെവരുമ്പോൾ മതിയല്ലോ. എൻെറ അനുഭവം ആണ് ഞാൻ പറയുന്നത്. എൻെറ താമസം നാട്ടിൻപുറത്തും എൻെറ പുരയിടം വളരെ ദൂരെയും ആണ്. ഫ്രീപാസ് സിസ്റ്റം ഉചിതത്തിൽ ഇരിക്കുന്നതുനിമിത്തം എൻെറ പുരയിടം പുരയിടത്തിൽ നിൽക്കുന്ന തടികൾ സംരക്ഷിക്കപ്പെട്ടുവരുന്നുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): മെംബർക്ക് ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ കൺട്രാക്ട് ഉണ്ടോ?

പ്രസിഡണ്ട്: മിസ്റ്റർ ഇട്ടീച്ചൻ, മെംബറന്മാരിൽ ചിലർക്ക് മററു മെംബറന്മാരോട് അവരുടെ തൊഴിൽ വിഷയമാക്കി പുരുഷപരമായ പ്രസ്താവനകൾ നടത്തുവാൻ താൽപര്യമുള്ളതായി ഞാൻ കാണുന്നുണ്ട്. അതിൽ ഇടപെടണമെന്നുള്ള വിചാരം എനിക്ക് ഉണ്ടായിട്ടില്ല. അതുവളരെ ആക്ഷേപകരമായിട്ടുള്ളതാണ്. മെമ്പറന്മാർ അപ്രകാരം ചെയ്യാതിരിക്കണമെന്ന് ഞാൻ അവരോട് ഉപദേശിക്കുന്നു.

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഞാൻ ആദ്യം പറഞ്ഞതുപോലെ ഗവൺമെൻറിലേക്കുള്ള മാത്രമല്ല കുടിയാനവന്മാരുടെ രക്ഷക്കുകൂടിയാണ് ഈ ഫ്രീപാസു സിസ്റ്റം ഏർപ്പെടുത്തിട്ടുള്ളത്.

അതിനാൽ ഈ ഫ്റീപാസ് സിസ്റ്റം നിർത്താൻ പാടില്ല. ഫ്റീപാസ് ഒരു ക്ലിപ്തകാലാവധികളിൽ ലഭിക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥ ചെയ്യണമെന്ന അഭിപ്രായമാണെങ്കിൽ ഞാൻ അതിനോടനുകൂലിക്കുമായിരുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഒരു നിശ്ചിതകാലാവധികളിൽ ഫ്റീപാസുകൊടുക്കണമെന്ന് ഇപ്പോഴും ഒരു വ്യവസ്ഥയുണ്ടെന്നു മെംബർക്ക് അറിയാമോ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അങ്ങനെ വ്യവസ്ഥയുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതനുസരിച്ചു കിട്ടുന്നില്ലെന്നു മെംബർക്കറിയാമോ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അറിയാം. അതിനു കാരണമുണ്ട്. അപേക്ഷകന്മാർ ബൌണ്ടറികാണിച്ചു കൊടുക്കാറില്ല. അതു കാണിച്ചു കൊടുക്കാതെ റെയിഞ്ചാഫീസർക്കു പാസുകൊടുക്കാൻ നിവൃത്തിയില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ക്ലിപ്തകാലത്തിനകം പാസുകൊടുത്തില്ലെങ്കിൽ അയാൾക്കു പാസുകൂടാതെ തടികൊണ്ടു പോകാമെന്ന വല്ല വ്യവസ്ഥയുമുണ്ടോ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അങ്ങനെ ഒരു വ്യവസ്ഥയുണ്ടെന്നു തോന്നുന്നില്ല. അതിനാൽ ഈ ഫ്റീപാസ് നിർത്തണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ശക്തിയായിട്ടു പ്രതികൂലിക്കുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഫ്റീപാസു ലഭിക്കാത്തതു നിമിത്തം യഥാകാലം തടികിട്ടാതെവരുമ്പോൾ തടിമോഷണം കൂടുമോ കുറയുമോ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മോഷണം കൂടാനാണ് എളുപ്പമെന്ന് ഞാൻ വിചാരിക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബ്രിട്ടീഷ് മലബാറിൽ കുടിയാനവന്റെ പുരയിടത്തിൽ നിൽക്കുന്ന തടികൾമുറിച്ചു മാററിക്കൊണ്ടു പോകുന്നതിനു ഫ്റീപാസ്സു വേണ്ടാ എന്നുവച്ചിട്ടുണ്ടെന്നുള്ള വസ്തുത മെംബർക്കറിവുണ്ടോ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അറിയാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ ഫ്റീപാസ് പട്ടണങ്ങളിലും സമുദ്രതീരങ്ങളിലുള്ള താലൂക്കുകളിലും വേണ്ടെന്നു വയ്ക്കുന്നതിൽ മെംബർക്കു വല്ല വിരോധവുമുണ്ടോ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) ഇല്ല.

മി: ഇട്ടൂപ്പു ഇട്ടിച്ചൻ (കുന്നത്തുനാട്) ഈ ഫ്റീപാസ് കുടികൾതന്നെ വേണ്ടാ എന്നു തീർച്ചയാക്കിയാൽമെംബർക്കു സങ്കടമുണ്ടോ?

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) എനിക്കു സങ്കടമുണ്ട്.

മി: ആർ. ധനക്കോടിപ്പിള്ള (വനംവകകൺസർവേറററ്): സർ. ഉപക്ഷേപത്തിന്റെ ഇപ്പോഴത്തെ രൂപത്തിൽ അതിന് രണ്ടുഭാഗങ്ങൾ ഉണ്ട്. ഒന്ന് രാജകീയവൃക്ഷങ്ങൾ നിരുത്തലാക്കുന്നതുസംബന്ധിച്ചതും, മറേറതു ഫ്റീപാസ് ഏർപ്പാട് നിർത്തലാക്കുന്നതു സംബന്ധിച്ചുള്ളതും ആകുന്നു. സർ, സഭയുടെ മറുഭാഗത്തുള്ള മെംബറന്മാർ, ഫ്റീപാസ്ഏർപ്പാട് തിരുവിതാംകൂറിനുമാത്രം പ്രത്യേകമായിട്ടുള്ളതല്ലെന്ന് അറിഞ്ഞിരുന്നെങ്കിൽ അവരിൽനിന്ന് അധികമായ എതിർവാദം ഉണ്ടാകുകയില്ലായിരുന്നു. എന്നാൽ, അതു തിരുവിതാംകൂറിനു പ്രത്യേകമായിട്ടുള്ളതാണെന്നുള്ളതെററിദ്ധാരണയോടുകൂടി അവർ വിഷമിക്കുകയാണെന്നു തോന്നുന്നു. സർ, അധികംനല്ലകാര്യങ്ങൾ കേൾക്കാമെന്നുള്ള ആശയ്ക്കു വഴിയുണ്ടായിരുന്ന മെംബറന്മാർപോലും ഈ ഏർപ്പാട് മറെറാരുസ്ഥലത്തുമില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. മദ്രാസ് പ്രസിഡൻസിയിൽ നടപ്പുള്ള വനംവക നിയമങ്ങൾ ഇവിടെ എന്റെ കൈവശം ഇരിപ്പുണ്ട്. അവയിൽനിന്നും, നദികൾ, തോടുകൾ, റോഡുകൾ എന്നീമാർഗ്ഗങ്ങളിൽകൂടെ തടികൾ കടത്തിക്കൊണ്ടു പോകുന്നതിനെ നിയന്ത്രിക്കുന്ന നിയമങ്ങൾ ഓരോഡിസ്ട്രിക്ടിനും പ്രത്യേകമായി അവക്ക് ഉണ്ടെന്ന് തെളിയുന്നതാണ്. ഈ നിയമങ്ങളിൽനിന്നും ഈ ഏർപ്പാട് തിരുവിതാംകൂറിനുമാത്രമായിട്ടുള്ളതല്ലെന്ന് കാണാം. അതു മദ്രാസ്പ്രസിഡൻസിമുഴുവനും പ്രചാരത്തിലിരിക്കുന്നുണ്ട്. ബോംബേയിലുള്ള ഫാറസ്റ്റ് നിയമങ്ങൾ പരിശോധിച്ചുനോക്കുന്നതായാൽ പക്ഷെ ഈ ഏർപ്പാട് അവിടെ പ്രചാരത്തിലിരിക്കുന്നുണ്ടെന്ന് നമുക്ക് കാണ്മാൻ സാധിച്ചേക്കും. കൊച്ചിയിലും ഈ ഏർപ്പാടുണ്ട്. കൊച്ചീരാജ്യക്കാർക്കു വാസ്തവത്തിൽ ട്രാൻസ്പോർട്ടുനിബന്ധനകൾ ഉണ്ടായിരിക്കെ ആരാജ്യത്തിന്റെ അതിർത്തിപ്രദേശത്തിനു സമീപം താമസിക്കുന്ന മിസ്റ്റർ ഇട്ടിയച്ചൻ അവിടെ ഈ ഏർപ്പാട് ഇല്ലെന്നു പറഞ്ഞതു എങ്ങനെയെന്നു ഞാൻ അതിശയിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബ്രിട്ടീഷിൽ നടപ്പിലിരിക്കുന്നതു തിരുവിതാംകൂറിലെപ്പോലെയുള്ള ഫ്റീപാസു ഏർപ്പാടുതന്നെയാണോ?

മി: ആർ ധനക്കോടിപ്പിള്ള (വനംവകകൺസർവേറററ്): ഇവിടത്തെ സ്ഥിതികൾക്കു അനുയോജ്യമായിരിക്കത്തക്കവണ്ണം ഞങ്ങൾ അതിനെ ഭേദപ്പെടുത്തീട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബ്രിട്ടീഷഇൻഡ്യയിൽ തടികൾ മുറിച്ചുകൊണ്ടുപോകുന്നതിനെ നിയന്ത്രിക്കുന്ന അധികാരി ആരാണ്?

മി: ആർ. ധനക്കോടിപ്പിള്ള (വനംവക കൺസർവേറററ്): അതുസംബന്ധിച്ചുള്ള നിബന്ധനകൾ ഇവിടെ ഉണ്ട്.

മി: കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്ക് അതു അറിഞ്ഞുകൂടാ. അദ്ദേഹം എന്റെ ചോദ്യത്തിന് മറുപടിനൽകേണ്ടതാണ്.

മി: ആർ. ധനക്കോടിപ്പിള്ള (വനംവകകൺസർവേറററ്): ആസംഗതിയിൽ അധികാരം വഹിക്കുന്നതു വനംവക ഉദ്യോഗസ്ഥന്മാരാകുന്നു. ചന്ദനമരം ഉള്ളചിലസ്ഥലങ്ങളെ സംബന്ധിച്ചു ഉള്ളതുപോലെ കാര്യങ്ങളിൽ പ്രത്യേകം ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കുന്നതാണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): ഒരു പുരയിടത്തിൽനിന്നും തടിമുറിച്ചു മറെറാരു പുരയിടത്തിലേക്കു കൊണ്ടുപോകുന്നതിന് ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാരുടെ പാസ്സുവാങ്ങിക്കാതെ പാടില്ലാഎന്ന് റൂൾസ്സിൽ പറയുന്നുണ്ടോ?

മി: ആർ. ധനക്കോടിപ്പിള്ള (വനംവകകൺസർവേററർ): തടി പൊതുനിലത്തിൽക്കൂടികൊണ്ടുപോകുന്നെങ്കിൽ പാസുവാങ്ങിക്കണം,

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും ,തൊടുപുഴയും) ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ പാസുതന്നെ വേണമോ?

മി: ആർ. ധനക്കോടിപ്പിള്ള (വനംവകകാൺസർവേററർ): പബ്ലിക്കുവഴിയിൽക്കൂടി കൊണ്ടുപോകുന്നെങ്കിൽ പാസുവേണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) പബ്ലിക്കുവഴിയിൽക്കൂടിയല്ലാതെ കടത്തിക്കൊണ്ടുപോകാൻ സാധിക്കുമോ?

മി: ആർ. ധനക്കോടിപ്പിള്ള (വനംവകകൺസർവേററർ): അത് എനിക്ക് അറിഞ്ഞുകൂടാ,

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) പബ്ലിക്കുവഴിയിൽക്കൂടിയല്ലാതെ കടത്തിക്കൊണ്ടുപോകയാണെങ്കിൽ അതിനും പാസ്സുവേണോ

മി: ആർ. ധനക്കോടിപ്പിള്ള (വനംവകകൺസർവേററർ) വേണ്ട.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വേണം എന്നാണല്ലോ റൂൾസ്സിൽ നിർബന്ധിച്ചിട്ടുള്ളതു്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്) കുടിയാനവൻെറ പുരയിടത്തിൽ നില്ക്കുന്ന ഇരുളു വണ്ണത്തിൽ ഉള്ളതടികൾ മാത്രമേ വെട്ടാൻ പാടുള്ളുഎന്ന് കാൺസർവേററർ ഉത്തരവു കൊടുത്തിട്ടുണ്ടോ?

മി: ആർ. ധനക്കോടിപ്പിള്ള (വനംവകകൺസർവേററർ) ഞാൻ ആ വിഷയത്തിലേക്കുവരുന്നുണ്ട്.

പ്രസിഡണ്ട്: നിങ്ങൾ ആ ചോദ്യത്തിനും ഉത്തരംപറഞ്ഞാൽകൊള്ളാം.

മി: ആർ. ധനക്കോടിപ്പിള്ള (വനംവക കൺസർവേററർ): പറയാം. അതിനുതന്നെയാണ് ഞാൻ ഭാവിക്കുന്നതു്.

പ്രസിഡൻറ്: അദ്ദേഹം ഇപ്പോൾ ഫ്രീപാസ് ഏർപ്പാടിനെപ്പററിയാണ് പറഞ്ഞുകൊണ്ടിരിക്കുന്നതു്. മി: ഉമ്മൻ, അദ്ദേഹം രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചുള്ള വിഷയത്തിലേക്കു കടക്കുമ്പോൾ അദ്ദേഹം നിങ്ങളുടെ ചോദ്യത്തിന് മറുപടി പറയുന്നതാണ്.

മി: ആർ. ധനക്കോടിപ്പിള്ള (വനംവക കൺസർവേററർ): സർ, ഫ്രീപാസ് ഏർപ്പാടും, ഇപ്പോൾ നടപ്പിലിരിക്കുന്ന ചട്ടങ്ങളും ജനങ്ങൾക്ക് വലുതായ ഉപദ്രവത്തിനു കാരണമാക്കിത്തീർക്കുന്നുണ്ടെന്ന് മെമ്പറന്മാരിൽ അധികംപേരും പറയുന്നു; എന്നാൽ ഇതു് ൧൦൮൫-ൽ പരിഷ്കരിച്ചു നടപ്പിലാക്കിയതാണ്. അതുമുതൽ ഇതു് നടപ്പിലിരിക്കുന്നുമുണ്ട്. കഴിഞ്ഞവർഷം ൧൨൦൪ അപേക്ഷകൾ ഉണ്ടായിരുന്നതായും, അവയിൽ മൂന്നപേക്ഷകളെ സംബന്ധിച്ചുമാത്രമേ താമസത്തിന് ഇടയായിട്ടുള്ളു എന്നും കണക്കിൽനിന്നും കാണുന്നുണ്ട്. ഈ മൂന്നപേക്ഷകളിൽതന്നെയും, ആറുമാസത്തിലധികം താമസിക്കേണ്ടിവന്നിട്ടുള്ളതു് ഒരു കേസിൽ മാത്രമാണ്. ഇതിനുകാരണം വേറെ ഒരു അവകാശി തടി മുറിച്ചുമാററുന്നതിനെ തടഞ്ഞതിനാലാണ്. ഇപ്രകാരമാകുന്നു ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമപ്രകാരം പ്രവൃത്തി നടത്തിവരുന്നതു്. ഇപ്പോഴത്തെ നിയമങ്ങൾ വളരെ ദോഷകരമായിട്ടാണ് പ്രവൃത്തി നടത്തിപ്പോരുന്നതെന്ന് മെമ്പറന്മാർ ഈ സഭ മുമ്പാകെ പ്രസ്താവിക്കുന്നതു് വിശ്വസിക്കുവാൻ എനിക്കു പ്രയാസമായിരിക്കുന്നു. ഡിവിഷൻ ആഫീസരന്മാരിൽനിന്നും എനിക്കു കിട്ടിട്ടുള്ള അറിവ് ഇതിനു വിപരീതമാണെന്നും തെളിയുന്നു.

പ്രസിഡൻറ്: മി: ധനക്കോടിപ്പിള്ള ഫ്രീപാസിനെപ്പററി മി: കുഞ്ഞിത്തൊമ്മൻ ചോദിച്ച പ്രശ്നത്തിനു മറുപടിപറയുവാൻ നിങ്ങൾക്കു വിരോധം വല്ലതുമുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): പേരിൽപതിഞ്ഞ പുരയിടത്തിൽനിന്നും മറെറാരു സർവേനമ്പരിൽ ഉൾപ്പെട്ട പുരയിടത്തിലേക്കു റോഡുവഴിയോ, ആറുവഴിയോ അല്ലാതെ തടികൾ കടത്തിക്കൊണ്ടുപോകുന്നതിന് ഫ്രീപാസു വാങ്ങണമെന്നുള്ള ചട്ടംകൊച്ചിയിലോ, ബ്രിട്ടീഷുമലബാറിലോ ഉണ്ടോ? ഉണ്ടെങ്കിൽ ആ ഭാഗം ഒന്നു വായിച്ചുകേട്ടാൽകൊള്ളാം.

മി: ആർ. ധനക്കോടിപ്പിള്ള (വനംവക കൺസർവേററർ): സ്ഥലത്തെ സ്ഥിതികൾക്കു യോജിക്കുന്നതിനായി ഞങ്ങൾ വരുത്തീട്ടുള്ള ഭേദഗതികളെ സംബന്ധിച്ച ഭാഗങ്ങൾ ഒഴികെ, നമ്മുടെ മററു ചട്ടങ്ങളെല്ലാം മദ്രാസു ചട്ടങ്ങളെ ആധാരമാക്കിയുള്ളവതന്നെയെന്നു മാത്രമേ ഞാൻ പറയുന്നുള്ളു,

പ്രസിഡൻറ്: മി: കുഞ്ഞിത്തൊമ്മൻെറ ചോദ്യത്തിനുള്ള നിങ്ങളുടെ മറുപടി നിങ്ങൾ നാളെക്കാലത്തേക്കു തയ്യാറാക്കിക്കൊള്ളുമോ?

മി: ആർ. ധനക്കോടിപ്പിള്ള (വനംവക കാൺസർവേററർ), സർ, തയ്യാറാക്കിക്കൊള്ളാം.

പ്രസിഡൻറ്. സഭ ഇപ്പോൾ പിരിയുന്നതും നാളെകാലത്തു് ൧൧-മണിക്കു വീണ്ടും കൂടുന്നതും ആകുന്നു. നാം നാളെ നടപടികൾ ആരംഭിക്കുന്നതു് മിസ്റ്റർ കുഞ്ഞിത്തൊമ്മൻെറ ചോദ്യം മുതല്ക്കായിരിക്കും.

അടുത്തദിവസം ൧൧-മണിക്കു് വീണ്ടും കൂടുന്നതിന് വൈകിട്ടു മണി ൫ അടിച്ചു ൫ മിനിട്ടായപ്പോൾ സഭപിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A True translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ സഭ

൧൧൦൭-ൽ രണ്ടാമത്തെ സമ്മേളനം.

(അഫിഷ്യൽ റിപ്പോർട്ട്)

൧൯൩൨ ആഗസ്റ്റ് ൫-ാംനു ൧൧൦൭ കർക്കടകം ൨൧-ാംനു വെള്ളിയാഴ്ച

സഭ പകൽ ൧൧-നു മണിക്ക് വിക്ടോറിയാജൂബിലിടൌൺ ഹാളിൽ വീണ്ടും കൂടി. പ്രസിഡെന്റ് അഗ്രാസനാധിപത്യം വഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

പുനലൂരെ ആസ്പത്രിയുടെ സ്ഥാനം.

൧൮൧. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (1) പുനലൂരെ ആസ്പത്രി ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ അനൈരോഗ്യത്തെപ്പററി ഗവർമ്മെന്റിനു അറിവുണ്ടോ?

(2) അതിനെ അവിടെനിന്നു മാററി സ്ഥാപിക്കുന്നതിനു ഗവർമ്മെന്റു വല്ല നടപടിയും നടത്തുന്നുണ്ടോ എന്നു ദയവായി പറയുമോ?

മി: കെ. ജാർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): (1) ഗവർമ്മെന്റിനു അറിവില്ല.

(2) ഒന്നാം ഭാഗം ചോദ്യത്തിന്റെ മറുപടി കൊണ്ടു ഈ ചോദ്യത്തിനു സംഗതിയില്ല.

മൂവാററുപുഴസ്റ്റേഷനറി മജിസ്ത്രേട്ട്

൧൮൨. മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെപറയുന്ന സംഗതികൾ ഗവർമ്മെന്റു ദയവായി പറയുമോ?

(എ) മൂവാററുപുഴ മജിസ്ത്രേട്ടിനെ അവിടെ നിന്നു സ്ഥലം മാററീട്ടു ഇപ്പോൾ എത്ര മാസമായി?

(ബി) മൂവാററുപുഴയിൽ അദ്ദേഹത്തിന്റെ സ്ഥാനത്തു ഒരു മജിസ്ത്രേട്ടിനെ നിയമിക്കാത്തതിനുള്ള കാരണം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): (എ) മൂവാററുപുഴസ്റ്റേഷനറി മജിസ്ത്രേട്ട് മി. ജി. ജി. വർഗീസിനെ അവിടെനിന്നു സ്ഥലം മാററീട്ടില്ല. ൧൧൦൭ മേടം ൨൯-ാംനു മുതൽ അദ്ദേഹം അവധിയിലാണു.

(ബി) മജിസ്ത്രേട്ടിന്റെ അവധികാലത്തു മജിസ്ത്രേട്ടിന്റെ ജോലികൂടെ നോക്കാൻ മൂവാററുപുഴ താലൂക്ക് തഹസിൽദാരെ ചുമതലപ്പെടുത്തീട്ടുള്ളതു കൊണ്ടു ഈ ചോദ്യത്തിനു സംഗതിയില്ല.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴയിൽ ഒരു മജിസ്ത്രേട്ടിനെ നിയമിക്കാതിരിക്കുന്നതിന്റെ കാരണമെന്താണു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): തഹസിൽദാർ മജിസ്ത്രേട്ടു ജോലികളിനോക്കി വരുന്നതു കൊണ്ടാണു.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): റവന്യൂ ഉദ്യോഗസ്ഥന്മാർക്കു മജിസ്റ്റീരിയൽ ജോലികൂടി കൊടുക്കാൻ പാടില്ലാ എന്നു കഴിഞ്ഞ കൌൺസിലിൽ ഒരു പ്രമേയം പാസ്സായതായിട്ടു ഗവർമ്മെന്റിനു അറിവില്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): ഇപ്പോൾ മൂവാററുപുഴ തഹസീൽദാർക്കു തല്ക്കാലം മജിസ്ത്രേട്ടധികാരം കൊടുത്തിട്ടുള്ളൂ.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തദ്വിത്തിനു വിപരീതമായിട്ടു പ്രവർത്തിക്കാനുള്ള കാര്യമെന്തു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): തദ്വിത്തിനെ ലംഘിച്ചു ഗവർമ്മെന്റു ഒന്നും പ്രവർത്തിച്ചിട്ടില്ല. ഇപ്പോഴത്തെ വ്യവസ്ഥ താൽക്കാലികം മാത്രമാണു.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കഴിയുന്നതും വേഗത്തിൽ അവിടെ ഒരു സ്ഥിരമായ മജിസ്ത്രേട്ടിനെത്തന്നെ ഗവർമ്മെന്റു നിയമിക്കുമെന്നു വിശ്വസിക്കട്ടെ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): വിശ്വസിക്കാം.

വീരശൈവപണ്ടാരങ്ങൾക്കു ഫീസാനുകൂല്യം.

൧൮൫. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): (1) താഴെപറയുന്ന സംഗതികൾ ഗവർമ്മെന്റിനറിവുണ്ടോ?

(എ) തിരുവിതാംകൂറിൽ വീരശൈവപണ്ടാരം എന്നൊരു സമുദായം ഉണ്ടെന്നു

(ബി) ധനത്തിലും വിദ്യാഭ്യാസത്തിലും ആ സമുദായം പിന്നോക്കമാണെന്നു.

(2) ആ സമുദായത്തെ ഫീസാനുകൂല്യം അനുവദിച്ചിട്ടുള്ള സമുദായങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

മി: കെ. ജാർജ് ഗവർമ്മെന്റു (ചീഫ്സെക്രട്ടറി): (1) (എ)-യും (ബി)-യും ഉണ്ടു

(2) ഉണ്ട്.

ഡിസ്ത്രിക്ട് രജിസ്ത്രാർമാരുടെയും സബ് രജിസ്ത്രാർമാരുടെയും പട്ടിക.

൧൯൦ മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): ഈ സംസ്ഥാനത്തെ സബ് രജിസ്ത്രാർമാരുടെയും ഡിസ്ത്രിക്ട് രജിസ്ത്രാർമാരുടെയും ഇടയിൽ ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, യാക്കോബായക്കാർ, മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രൊട്ടെസ്റ്റന്റുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളർ

G. P. T. 1123. 150. 5-10-107.

മറുവർഗ്ഗക്കാർ എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു മേശപ്പുറത്തുവെയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു*

ഹൈക്കോടതിഗുമസ്തന്മാരുടെ ജാതിവിവരം പട്ടിക.

൧൭൫. മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക) : ഹൈക്കോടതിയിലെ ഗുമസ്തന്മാരുടെ ഒരു ജാതിവിവരപ്പട്ടിക ഗവണ്മെന്റു മേശപ്പുറത്തുവെയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): ആവശ്യപ്പെട്ടപട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു§

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക); ഹൈക്കോടതിയിൽ ക്ലാൎക്കന്മാരെ നിയമിക്കുന്ന വിഷയത്തിൽ സ്ഥിരമൊഴിവുകളിൽ ചില പ്രത്യേകസമുദായക്കാരെ മാത്രം താരതമ്യേന കൂടുതലായി നിയമിച്ചിരിക്കെ ആക്റ്റിങ്ങ് ഒഴിവുകൾ ഉണ്ടായസമയങ്ങളിലും മുൻപറഞ്ഞ പ്രത്യേക സമുദായക്കാരെ മാത്രം വീണ്ടും കൂടുതലായി നിയമിക്കുന്നതിനു വിശേഷാൽ വല്ലകാരണവും ഉണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി) : ഇതു ഒരു ഉപചോദ്യമല്ല. സ്റ്റേറ്റുമെന്റു വേണമെന്നു ചോദിച്ചു. സ്റ്റേറ്റുമെന്റു തന്നിട്ടുണ്ട്.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക്) : തന്നിട്ടുള്ള സ്റ്റേറ്റുമെന്റിലും അങ്ങനെ തന്നെയാണു കാണുന്നതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി) : ഇതു പ്രത്യേകം ആലോചിക്കാനുള്ള സംഗതിയാണു.

എക്സൈസ്കമ്മീഷണർ ചെയ്ത നിയമനങ്ങളുടെ ജാതി വിവരപ്പട്ടിക.

൧൭൬. മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക്) : എക്സൈസ്കമ്മീഷണർ ആ ഡിപ്പാർട്ടുമെന്റു ചാർജ്ജ് ഏറ്റതിന്റെ ശേഷം ചെയ്തിട്ടുള്ള നിയമനങ്ങളുടെ ഒരു ജാതിവിവരം പട്ടിക ഗവണ്മെന്റു ദയവുണ്ടായി മേശപ്പുറത്തു വെയ്ക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) : മെമ്പർ ആവശ്യപ്പെട്ട പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.**

തഹസിൽദാരന്മാരുടെ ശമ്പളവും റവന്യൂ ഡിപ്പാർട്ടുമെന്റു പരിഷ്കാരവും.

൧൭൭. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്) : താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) തഹസിൽദാരന്മാരുടെ ഇപ്പോഴത്തെ ശമ്പളക്രമം നിശ്ചയിച്ച ആണ്ട്.

(ബി) ഈ ആണ്ടത്തെ (൧൧൦൮) ബഡ്ജറ്റ് പരിശോധനയ്ക്കു കൂടിയിരുന്ന ഫൈനാൻസ് കമ്മിററിയുടെ യോഗത്തിൽ വെച്ചു ദിവാൻ പ്രഖ്യാപനം ചെയ്ത റവന്യൂ ഡിപ്പാർട്ടുമെന്റു പുനസ്സംഘടനയെപ്പററി ആലോചിച്ചുവോ എന്നും.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) : (എ) ൧൦൯൬

(ബ) മറുപടി നിഷേധത്തിലാണു്.

കൃഷിസേചനവരി.

൧൭൮. മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും) : കൃഷിസേചനവരി ചുമത്താൻ ഗവണ്മെന്റ് ആലോചിക്കുന്ന കൃഷിസേചനപ്രവൃത്തികളുടെ ഒരു പട്ടിക ഗവണ്മെന്റ് ദയവായി മേശപ്പുറത്തു വെയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി) : കൃഷിസേചനവരി ചുമത്തണമോ എന്നു തീൎച്ചയാക്കുന്നതു് ഒരു കൃഷിസേചന പ്രവൃത്തി പൂൎത്തിയായതിനു ശേഷമാണ്. അതുകൊണ്ടു ആവശ്യപ്പെട്ടവിവരം ഇപ്പോൾ തരാൻ സാധിക്കയില്ല.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും) : കൃഷിസേചനവരി ചുമത്തണമോ എന്നു തീർച്ചയാക്കുന്നതു ഒരു കൃഷിസേചന പ്രവൃത്തിപൂൎത്തിയായതിനുശേഷമാണ്'' എന്നാണു മറുപടി.

കൃഷിസേചനപ്പണികൾ നടത്തുന്നതിനു വിരോധമുണ്ടെങ്കിൽ ഉള്ളവർ തങ്ങളുടെ വിരോധം ബോധിപ്പിച്ചു കൊള്ളണമെന്നു കാണിച്ചു ഇറിഗേഷൻ റെഗുലേഷൻ ൧൧-ാംവകുപ്പുപ്രകാരം ഗവണ്മെന്റുഗസററിൽ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്താറുണ്ടെന്നു ഗവണ്മെന്റിന്നറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതിന്നു ഇതിനോടെന്താണു സംബന്ധം?

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും): ഒരു കൃഷിസേചനപ്രവൃത്തി നടത്തുന്നതിനു ആക്ഷേപങ്ങളും, കൃഷിസേചനവരികൊടുക്കാൻ കഴികയില്ലെന്നുള്ള കാരണത്തിന്മേൽ, വിരോധമുണ്ടെങ്കിൽ ആ പ്രവൃത്തിനടത്തുകയില്ലെന്നല്ലേ ഇതിന്റെ അർത്ഥം.

മി: ടി. പി. രാമസുബ്ബയ്യർ(ഗവണ്മെന്റു സെക്രട്ടറി): ഗവണ്മെന്റുഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള പരസ്യങ്ങളിൽ അങ്ങനെ പ്രസ്താവിച്ചിട്ടില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ(മാവേലിക്കരയും കാൎത്തികപ്പള്ളിയും): പരസ്യം റെഗുലേഷൻ ൧൧-ാം വകുപ്പുപ്രകാരം പ്രസിദ്ധം ചെയ്യുന്നു എന്നാണു പറഞ്ഞിട്ടുള്ളതു. കൃഷിസേചനവരികൊടുക്കുന്നതിനു ആക്ഷേപങ്ങളുംവിരോധം ഉണ്ടോ എന്നറിയിക്കുന്നതിനായി ഗവണ്മെന്റ് പരസ്യം പ്രസിദ്ധപ്പെടുത്താവുന്നതാണ് എന്നാണ് ൧൧-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതു്.

---

* അനുബന്ധം ൨൩ നോക്കുക. § അനുബന്ധം ൨൫ നോക്കുക.

** അനുബന്ധം ൨൪ നോക്കുക

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): വരികൊടുക്കുന്നതിനു ആർക്കെങ്കിലും വിരോധമുണ്ടെങ്കിൽ ആ പ്രവൃത്തി നടത്തുകയില്ലെന്നു പരസ്യത്തിൽ പ്രസ്താവിച്ചിട്ടില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്നാൽ പരസ്യം പ്രസിദ്ധപ്പെടുത്തുന്നതു് ൫-ാം വകുപ്പു പ്രകാരമാണെന്നു പ്രസ്താവിച്ചിട്ടുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): പ്രവൃത്തി നടത്തുന്നതിനെപ്പറ്റി വിരോധമുണ്ടെങ്കിൽ അതു് അറിയിക്കുന്നതിന്നു ക്ഷണിക്കുന്നതാണ്. വരി ചുമത്തണമോ എന്നാലോചിക്കുന്നതു റെഗുലേഷന്റെ ൫-ാം വകുപ്പു പ്രകാരമാണ്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൃഷിസേചനപ്പണികൊണ്ടു ഗുണമുണ്ടാകാവുന്ന ഭൂമിയുടെ ഉടമസ്ഥന്നു വിരോധമുണ്ടെങ്കിൽ ബോധിപ്പിക്കാമെന്നാണ് പരസ്യത്തിൽ പറയുന്നതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അതു പണി നടത്തുന്നതിനെ സംബന്ധിച്ചുള്ള വിരോധത്തെപ്പറ്റിയാണ്. റെഗുലേഷൻ ൫-ാം വകുപ്പിൽ കൃഷിസേചനവരിയെപ്പറ്റി പ്രസ്താവിച്ചിട്ടില്ല. ആ വകുപ്പിൽ വരിയെപ്പറ്റിപ്പറയുന്ന ഭാഗം മെമ്പർ കാണിച്ചുതരുമോ?

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ വകുപ്പ് ഇപ്രകാരമാകുന്നു.

"ഏതെങ്കിലും മൈനർ ഇറിഗേഷൻ പണിയിൽ താല്പര്യമുള്ള ഭൂരിപക്ഷം ഭൂമിയുടമസ്ഥന്മാർ അങ്ങനെയുള്ള സേചനപ്രവൃത്തിയുണ്ടാക്കുകയോ നന്നാക്കുകയോ ചെയ്യണമെന്നു അപേക്ഷിക്കുകയും അതിനുള്ള ചെലവു മടക്കിക്കൊടുക്കാമെന്നു ഉടമ്പടി ചെയ്യുകയും ചെയ്താൽ ദിവാൻ പേഷ്കാരോ മേൽപറഞ്ഞപ്രകാരമുള്ള വേറെ ഉദ്യോഗസ്ഥനോ ശേഷം ഭൂമി ഉടമസ്ഥന്മാർക്കു നോട്ടീസു കൊടുത്ത ശേഷം ആ പ്രവൃത്തിയെപ്പറ്റി അന്വേഷണം നടത്തി അങ്ങനെ ഉണ്ടാക്കുകയോ നന്നാക്കുകയോ ചെയ്യുന്നതു കൃഷിക്കു ഗുണകരമായിരിക്കുമെന്നു കാണുന്നപക്ഷം ദിവാനു അക്കാര്യത്തിൽ ഒരു റിപ്പോർട്ടു സമർപ്പിക്കണം. പ്രവൃത്തിയുടെ സ്വഭാവം, അതുനിമിത്തം ഗുണപ്പെടുന്ന ഭൂമിയുടെ വിസ്തീർണ്ണം, അതിന്മേലുള്ള കരം, വേണ്ടിവരുന്ന ഉദ്ദേശം ചെലവു, അപേക്ഷകന്മാർ ആ ചെലവു എത്ര തവണയായി മടക്കിക്കൊടുക്കുമെന്നു, എന്നീ സംഗതികളും ദിവാൻ ആവശ്യപ്പെടുന്ന മറ്റു വിവരങ്ങളും ആ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കണം. പിന്നെ അപേക്ഷകന്മാർ സമ്മതിക്കുന്ന പ്രകാരമുള്ള നിബന്ധനകൾ അനുസരിച്ചു ആ പണി നടത്താൻ ദിവാൻ അനുമതി കൊടുക്കാവുന്നതാകുന്നു."

ചെലവിനെ സംബന്ധിച്ചു, ആ ചെലവു വസൂലാക്കാനോ ആ സംഖ്യക്കുള്ള പലിശ വസൂലാക്കാനോ ഗവൺമെൻറിനു അധികാരമുണ്ടെന്നു വേറൊരു വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മെമ്പർക്കു അതിനെപ്പറ്റി അറിവില്ലെങ്കിൽ ആ വകുപ്പും ഞാൻ വായിച്ചു കേൾപ്പിക്കാം.

കൃഷിസേചനവരി ചുമത്താൻ ഗവൺമെൻറു വിചാരിക്കുന്ന കൃഷിസേചനപ്രവൃത്തികളുടെ ഒരു പട്ടിക മേശപ്പുറത്തു ഗവൺമെൻറു വയ്ക്കുമോ എന്നായിരുന്നു എന്റെ ചോദ്യം. പണികൾ പൂർത്തിയായ ശേഷമേ അക്കാര്യം തീർച്ചയാക്കാൻ കഴിയൂ എന്നാകുന്നു ഗവൺമെന്റിന്റെ മറുപടി. ശ്രീമൂലം പ്രജാസഭയിൽ നിവേദനങ്ങൾ ചെയ്തപ്പോൾ വരി കൊടുക്കാമെങ്കിൽ മാത്രമേ ആ പണികൾ നടത്തുകയുള്ളൂ എന്നായിരുന്നു ദിവാന്റെ മറുപടി. ശ്രീമൂലം പ്രജാസഭയുടെ [illegible]-ാമത്തെ സമ്മേളന നടപടികൾ മെമ്പർ വായിച്ചു നോക്കിയാൽ ഇതു കാണാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): വലിയ സംഖ്യകൾ ചെലവു ചെയ്യേണ്ടിവരുന്ന പണികളുടെ കാര്യത്തിൽ, അങ്ങനെയുള്ള പണികൾ ചെയ്യുന്നതിനു മുമ്പായി, അങ്ങനെയുള്ള പണികളിൽ താല്പര്യമുള്ള കുടിയാന്മാരോടു വരി കൊടുത്തുകൊള്ളാമെന്നു ഉടമ്പടി വാങ്ങുന്നതു ആവശ്യമായിരിക്കും. പിന്നീടു ഗവൺമെൻറിനു അവരോടു വരി വസൂൽ ചെയ്യാം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കണ്ണമംഗലം പകുതിയിൽ പുത്തൻതോടും പഴയതോടും നന്നാക്കുന്നതിനു അഞ്ഞൂറോ അറുനൂറോ രൂപാ അനുവദിക്കയും വരി കൊടുക്കാമെന്നു കൃഷിക്കാർ ഉടമ്പടി ചെയ്താൽ മാത്രമേ ആ പണികൾ ആരംഭിക്കൂ എന്നും അവരെ അറിയിക്കയും ചെയ്തിട്ടുള്ള സംഗതി മെമ്പർക്കു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി). അതിനു ഞാൻ മറുപടി പറഞ്ഞുവല്ലോ.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൬൦൦ രൂപാ ഒരു വലിയ സംഖ്യയാണെന്നു ഗവൺമെൻറു വിചാരിച്ചുകൊണ്ടാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): കൃഷിക്കാർ ഇങ്ങനെ ഉടമ്പടി ചെയ്യാതെ ആ വേല നടത്താൻ ഗവൺമെൻറു വിചാരിച്ചില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇറിഗേഷൻ റെഗുലേഷന്റെ ൫-ാം വകുപ്പു ഇപ്രകാരമാണ്:—

"ഇതിനു മുമ്പു ചെയ്തിട്ടുള്ള വ്യവസ്ഥകൾ എന്തായിരുന്നാലും, ഈ റെഗുലേഷൻ പാസായതിന്റെ ശേഷം ഗവൺമെൻറിന്റെ മുഴുവൻ ചെലവിന്മേൽ ഉണ്ടാക്കുകയോ നന്നാക്കുകയോ ചെയ്യുന്നതല്ലാതെങ്കിലും വലിയതോ ചെറിയതോ ആയ കൃഷിസേചനപ്രവൃത്തിയെ സംബന്ധിച്ചു ആ പ്രവൃത്തിയുടെ ഗുണം സിദ്ധിക്കുന്ന ഭൂമിയിന്മേൽ അതുമൂലം ഗവൺമെൻറിനു ഒരു വരി ചുമത്തി വസൂലാക്കാവുന്നതാകുന്നു. എന്നാൽ അങ്ങനെ ചുമത്തുന്ന വരിയുടെ ആകെ സംഖ്യ ആ പണിക്കു ചെലവായ ആകെ സംഖ്യയുടെ ആറു വീതം പലിശ സംഖ്യയിൽ കവിയരുതാത്തതും ചില കൃഷിസേചനപ്രവൃത്തികളുടെ കാര്യത്തിൽ ചെലവിന്റെ ഓഹരി കൊടുക്കാനുള്ള ബാധ്യതയിൽ നിന്നും, വരി കൊടുക്കുന്നതുനിമിത്തം കുടിയാന്മാർ ഒഴിവായിരിക്കുന്നതും ൫-ാം വകുപ്പുപ്രകാരം ആ പ്രവൃത്തിയുടെ സംരക്ഷണത്തിനു അവർക്കു ബാധ്യതയില്ലാത്തതും ആകുന്നു."

കൃഷിസേചനവരി കൊടുക്കുന്നതിനെ സംബന്ധിച്ചു ചോദ്യം [illegible]പ്പെടുന്ന പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ

ണ്ടുയോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): പരിചയപ്പെടുത്തുന്നതിനെപ്പററിയുള്ള അന്വേഷണം ചിലസംഗതികളിൽ പണിനടത്തുന്നതിനുമുമ്പായി ആരംഭിക്കും. എന്നാൽ പണിപൂർത്തിയായശേഷമേ വസൂൽ ചെയ്യുകയുള്ളു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പണിനടത്തുന്നതിനുമുമ്പേ അന്വേഷണം നടത്തിയതു ഏതെല്ലാം പണികളെസംബന്ധിച്ചാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): പരിചയപ്പെടുത്തുന്നതിനുള്ള അന്വേഷണം ആരംഭിച്ചിട്ടുള്ള കൃഷിസേചനപ്രവൃത്തികളുടെ ഒരു പട്ടിക കിട്ടണമെന്നാണു മെംബർ ആഗ്രഹിക്കുന്നതെങ്കിൽ, അവയെപ്പററിയുള്ളവിവരം അതിനുചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരോടു ആവശ്യപ്പെട്ടിരിക്കുന്നു. ആ വിവരങ്ങൾ ഇപ്പോഴിവിടെയില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതെല്ലാം പണികൾ അവയിൽ താല്പര്യമുള്ള കൃഷിക്കാർ പരിചയപ്പെടുത്തുമെന്നു സമ്മതിച്ചാൽ മാത്രമേ ചെയ്യുകയുള്ളുവെന്നാണു. ആ വക കൃഷിസേചനപ്രവൃത്തികളുടെ ഒരു പട്ടികയാണു എനിക്കു വേണ്ടതു.

പ്രസിഡെൻറു: തീരാനുള്ള പണികളെപ്പററിയാണോ നിങ്ങൾ പറയുന്നതു?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ചെയ്യാനുള്ള പണികളെപ്പററിയാണു ഞാൻ പറയുന്നതു.

പ്രസിഡെൻറു: ഭാവിയിലേ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഏതെല്ലാം പണികളാണു ചെയ്യാനുള്ളതെന്നു ഞങ്ങളെങ്ങനെ അറിയുന്നു, സർ? ചില കാര്യങ്ങൾ ഗവൺമെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

പ്രസിഡെൻറു: തീർച്ചയാക്കാനുള്ള കാര്യങ്ങളെപ്പററിയാണു നിങ്ങൾ പറയുന്നതു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതെ.

പ്രസിഡെൻറു: നിങ്ങളുടെ ചോദ്യം അവ്യക്തമാണു.

പൊതുമരാമത്തിൽ ൨൫൦ രൂ. അധികവും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിവിവരപ്പട്ടിക.

൩൭൮. മി: കെ. സി. കരുണാകരൻ (ഗവൺമെൻറു നിയമനം): പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽ മാസം ൨൫൦ രൂപായും അതിലധികവും ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ഒരു ജാതിവിവരം പട്ടിക ഗവൺമെൻറു ദയവായി മേശപ്പുറത്തുവെക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ആവശ്യപ്പെട്ടവിവരങ്ങളടങ്ങിയ ഒരു പട്ടിക മേശപ്പുറത്തുവെച്ചിരിക്കുന്നു.*

ആലപ്പുഴ-കൊച്ചി റോഡ്.

൩൭൯. മി: കെ. സി. കരുണാകരൻ (ഗവൺമെൻറു നിയമനം): (എ) ആലപ്പുഴ-അരൂർറോഡും അരൂരിനപ്പുറത്തു കൊച്ചി ഗവൺമെൻറിന്റെ ഭാഗത്തുള്ള റോഡും പൂർത്തിയായി സഞ്ചാരം അനുവദിച്ചിരിക്കുന്നു എന്നു ഗവൺമെൻറിന്നറിയാമോ?

(ബി) ഒന്നാംഭാഗത്തിന്റെ മറുപടി ഉവ്വ് എന്നാണെങ്കിൽ അരൂരും എടക്കൊച്ചിയും മദ്ധ്യേ ചങ്ങാടം ഏർപ്പെടുത്തുന്നതിന്നു എന്തു നടപടികൾ നടത്തിയെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) ഉവ്വ്.

(ബി) കാര്യം ഇപ്പോൾ ഗവൺമെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

അനുവദിക്കാത്ത പൊതുമരാമത്തു ചെലവ്.

൩൮൦. മി: എ. താണുപിള്ള (തിരുവനന്തപുരം): താഴെ പറയുന്ന സംഗതികൾ ഗവൺമെൻറു ദയവായി പറയുമോ?

(എ) ഏതെങ്കിലും എക്സിക്യൂട്ടിവ് ഇഞ്ചിനീയരോ ഇഞ്ചിനീയർമാരോ ൧൧൦൮-ൽ അനുവാദം സിദ്ധിക്കാത്ത വേലകൾക്കായി പണം ചെലവാക്കീട്ടുണ്ടോ?

(ബി) (എ) ഭാഗം ചോദ്യത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ (എ) അങ്ങനെ ചെയ്ത ഇഞ്ചിനീയരുടെയോ ഇഞ്ചിനീയർമാരുടെയോ പേരു (ബി) അനുവാദമില്ലാതെ പണം ചെലവു ചെയ്ത വേലയുടെയോ വേലകളുടെയോ വിവരം.

(സി) അങ്ങനെയുള്ള വേലയോ വേലകളോ ചെയ്തകാലം, തീയതികൾ സഹിതം.

(ഡി) അങ്ങനെ അനുവാദം കൂടാതെ പണം ചെലവു ചെയ്യാൻ ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ?

(ഇ) അങ്ങനെ അധികാരം കൂടാതെ ചെലവു ചെയ്തവിവരം ചീഫ് ഇഞ്ചിനീയരുടെ ദൃഷ്ടിയിൽ വന്ന തീയതിയോ തീയതികളോ,

(എഫ്) ആ വേലകൾ ചീഫ് ഇഞ്ചിനീയർ ചെന്നു പരിശോധിച്ചോ, പരിശോധിച്ചെങ്കിൽ പരിശോധിച്ചതീയതികൾ.

(ജി) ചെയ്തവേലയുടെ വിവരവും ചെലവും കാണിച്ചുള്ള കണക്കുകൾ ഓരോക്ലിപ്ത സമയങ്ങളിൽ എക്സിക്യൂട്ടിവ് ഇഞ്ചിനീയർമാർ ചീഫ് ഇഞ്ചിനീയർക്കു അയക്കാറുണ്ടോ?

(എച്ച്) മേൽ വിവരിച്ച അധികാരമില്ലാത്തവേലയോ വേലകളോ ചെയ്തതിന്റെ കണക്കുകൾ ചീഫ് ഇഞ്ചിനീയർക്കു കിട്ടിയ തീയതികൾ

(ഐ) അങ്ങനെയുള്ള വേലയോ വേലകളോ ചെയ്ത വിവരം ചീഫ് ഇഞ്ചിനീയരിന്റെ ദൃഷ്ടിയിൽ പെട്ടപ്പോൾ അദ്ദേഹം വല്ല നടപടിയും നടത്തീട്ടുണ്ടെങ്കിൽ അതിന്റെ സ്വഭാവം.

---

* അനുബന്ധം ൨൭ നോക്കുക.

(ജെ) അങ്ങനെയുള്ള എക്സിക്യൂട്ടീവ് ഇഞ്ചിനീയരുടെയൊ ഇഞ്ചിനീയർമാരുടെയൊ നടപ്പിനെ സംബന്ധിച്ച് ഇഞ്ചിനീയരും ഗവർമ്മെൻറും വല്ല നടപടിയും നടത്തീട്ടുണ്ടൊ ഉണ്ടെങ്കിൽ അങ്ങനെ നടത്തിയതിയതികൾ.

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറു സെക്രട്ടറി): (എ) മറുപടി ഉണ്ടെന്നാകുന്നു.

(ബി) (1) ആക്ടിംഗ് എക്സിക്യൂട്ടീവ് ഇഞ്ചിനീയർ മി: ജാജ് ഫിലിപ്പ്.

(2) കോട്ടയം മരാമത്തു ഡിവിഷ്യനിലെ റോഡുകൾ നന്നാക്കുകയും വീതികൂട്ടുകയും.

(സി) അധികവും ൧൧൦൭ മേടം ൧-ാം തീയതിക്കു മുമ്പു.

(ഡി) ഇല്ല.

(ഇ) ൧൧൦൮ ജൂൺ ൨൮-ാം൹.

(എഫ്) ഇല്ല.

(ജി) ഉണ്ട്. എന്നാൽ ചെലവു സംരക്ഷണച്ചെലവിൽ തൽക്കാലം ചേർത്തിരുന്നതിനാൽ അധികാരം കൂടാതെ ചെയ്ത വേലകൾ കണക്കിൽ പ്രത്യേകം കാണിച്ചിരുന്നില്ല.

(എച്ച്) (ജി) ഭാഗത്തിന്റെ മറുപടി കൊണ്ടു ചോദ്യത്തിനു സംഗതിയില്ല.

(ഐ) ചെയ്ത വേലകൾ പരിശോധിച്ചു റിപ്പോർട്ട് ചെയ്യുന്നതിനു ചീഫ് ഇഞ്ചിനീയർ ഇപ്പോഴത്തെ കോട്ടയം ആക്ടിംഗ് എക്സിക്യൂട്ടീവ് ഇഞ്ചിനീയർ മി: പി. ഹരിഹരയ്യർക്കു ഉപദേശം കൊടുത്തിട്ടുണ്ട്.

(ജെ) ൧൧൦൮ ജൂൺ ൨൮-ാം൹ മിസ്റ്റർ ജാർജ് ഫിലിപ്പിനോടു സമാധാനം ചോദിച്ചിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): (എ) ഭാഗംചോദ്യത്തിന്റെ മറുപടിസംബന്ധിച്ചു, ആ ഉദ്യോഗസ്ഥൻ അനുവാദംകൂടാതെ ചെലവുചെയ്തതുക എത്രയാണെന്നു പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറുസെക്രട്ടറി): ൩൬,൩൭൫ രൂപാ.

മി: എ. താണുപിള്ള (തിരുവനന്തപുരം): എക്സിക്യൂട്ടീവു ഇൻജിനിയർ ഇങ്ങനെ അനുവാദംകൂടാതെ ഈ പണം ചെലവുചെയ്തതു എത്രകാലംകൊണ്ടാണെന്നു പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറുസെക്രട്ടറി): ഈയാണ്ടുമേടമാസംവരെ ആയിരുന്നിരിക്കണം.

മി: എ. താണുപിള്ള (തിരുവനന്തപുരം): (ജി)യും (എച്ച്)ും ഭാഗംചോദ്യങ്ങളുടെ മറുപടിയെസംബന്ധിച്ചു, ഈ ചെലവുചെയ്തവിവരം ചീഫ്എൻജിനീയർ എങ്ങനെയാണു അറിവാൻ ഇടയായതു എന്നു പറയുമോ?

ചോദ്യത്തിന്റെ ഭാഗങ്ങൾ ഇവയാണ്.

(ജി) ചെയ്തവേലയുടെ വിവരവും ചെലവും കാണിച്ചുള്ളകണക്കുകൾ ഓരോ ക്ലിപ്തസമയങ്ങളിൽ എക്സിക്യൂട്ടീവു് ഇൻജിനീയർമാർ ചീഫ്ഇൻജിനീയർക്കു അയക്കാറുണ്ടൊ?

(എച്ച്) മേൽവിവരിച്ച അധികാരമില്ലാത്ത വേലയോ വേലകളൊ ചെയ്തതിന്റെകണക്കുകൾ ചീഫ് എൻജിനീയർക്കു കിട്ടിയതീയതികൾ.

ചോദ്യത്തിന്റെ മറുപടികൾ ഇങ്ങനെയാണ്:—

(ജി) ഉണ്ട്. എന്നാൽ ചെലവുസംരക്ഷണച്ചെലവിൽ തൽക്കാലം ചേർത്തിരുന്നതിനാൽ അധികാരംകൂടാതെ ചെയ്തവേലകൾ കണക്കിൽ പ്രത്യേകംകാണിച്ചിരുന്നില്ല.

(എച്ച്) (ജി) ഭാഗത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനുസംഗതിയില്ല.

അനുവാദമില്ലാതെ ഈ ചെലവുചെയ്തതിനെപ്പററി ചീഫ്എൻജിനീയർ അറിവാനിടയായതു എങ്ങിനെയാണെന്നു അറിവാൻ ആഗ്രഹിക്കുന്നു.

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറുസെക്രട്ടറി): ചട്ടപ്രകാരം നിയമിച്ചിട്ടുള്ള കണക്കുകൾ ചീഫ്എൻജിനീയർക്കു കിട്ടിയിരുന്നു എന്നാണുമറുപടി. എന്നാൽ അതിലെ ചെലവു അധികാരംകൂടാതെയുള്ളതാണെന്നു അതിൽ ലക്ഷ്യമൊന്നും ഉണ്ടായിരുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): എക്സിക്യൂട്ടീവ് എൻജിനീയർ ഈ ചെലവുചെയ്തു എന്നു ചീഫ്എൻജിനീയർ എങ്ങനെ അറിഞ്ഞു എന്നു മെംബർ പറഞ്ഞുകേൾക്കാൻ ആഗ്രഹിക്കുന്നു.

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറുസെക്രട്ടറി): ബില്ലുകൾ വന്നപ്പോൾ കണ്ടുപിടിച്ചു. ഡിവിഷൻ ഉദ്യോഗസ്ഥൻ കൂടുതൽപണത്തിനു അപേക്ഷിക്കേണ്ടിവന്നു. അപ്പോൾ അന്വേഷണം നടത്തിയതിൽ ഈ പണികളും നടത്തിയതായി കണ്ടു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ബിൽപ്രകാരമുള്ള പണം ഇപ്പോൾ കൊടുത്തുവോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറുസെക്രട്ടറി): പണം കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഏതുസംഖ്യയിൽനിന്നു ഈ ചെലവുകൊടുക്കുമെന്നു പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറുസെക്രട്ടറി): ചീഫ്എൻജിനീയരുടെപക്കൽ ഒരു കരുതൽധനം ഉണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഡിവിഷൻ ഉദ്യോഗസ്ഥന്റെ വല്ല സമാധാനവും കിട്ടിയോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറുസെക്രട്ടറി): ഉദ്യോഗസ്ഥന്റെ സമാധാനം ചീഫ്എൻജിനീയരുടെപക്കൽ കിട്ടീട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സമാധാനത്തിന്റെ സാരംപറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറുസെക്രട്ടറി): അതു ഗവർമ്മെൻറിന്റെ മുമ്പാകെ എത്തിട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): മി: ഹരിഹരയ്യർ റിപ്പോർട്ട് സമർപ്പിച്ചുവോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): ഉവ്വ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു ഗവണ്മെന്റിന്റെ മുമ്പാകെയോ ചീഫ്എൻജിനീയരുടെപക്കലൊ ഉള്ളതു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതും ചീഫ്എൻജിനിയരുടെ പക്കലാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ഉദ്യോഗസ്ഥൻ ഇപ്പോഴും ജോലിയിലിരിക്കുന്നുണ്ടോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): ഉണ്ട്, ജോലിയിലിരിക്കുന്നുണ്ട്.

പൊതുമരാമത്തുദ്യോഗസ്ഥന്മാർക്ക് പൊതുമരാമത്തുകോഡ് വിതരണം.

൧൭൮. മി: എ. താണുപിള്ള (തിരുവനന്തപുരം): താഴെപ്പറയുന്നസംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) ഇപ്പോൾ (൧൧൨൪ കർക്കടകം ൨൦-ാംനു) പ്രാബല്യത്തിലുള്ള പൊതുമരാമത്തുകോഡ് പ്രസിദ്ധീകരണത്തിൽ ഇരിപ്പുണ്ടോ?

(ബി) (എ) ഭാഗത്തിന്റെമറുപടി ഉണ്ടെന്നാണെങ്കിൽ അതിന്റെ പ്രതികൾ എല്ലാഡിവിഷന സബ് ഡിവിഷനു സെക്ഷനും ഉദ്യോഗസ്ഥന്മാർക്ക് കൊടുത്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): (എ)യും (ബി)യും ഉണ്ട്.

വഞ്ചിയൂർ എസ്. എം. വി. സ്കൂളിന്റെ പാർശ്വങ്ങളിലുള്ള ഇടവഴികളുടേയും തോടുകളുടേയും സ്ഥിതി.

൧൭൯. മി: എ. താണുപിള്ള (തിരുവനന്തപുരം): (എ) താഴെപ്പറയുന്നസംഗതികളെപ്പററി ഗവണ്മെന്റിനു അറിവുണ്ടോ?

(എ) തിരുവനന്തപുരത്തു ശ്രീമൂലവിലാസം ഇംഗ്ലീഷ് ഹൈസ്ക്കൂളിന്റെ വടക്കും കിഴക്കും തെക്കും ഭാഗങ്ങളിലുള്ള ഇടവഴികളും തോടുകളും ഏററവും അശുചിയായിരിക്കുന്നുവെന്നു.

(ബി) ഒട്ടുവളരെ വിദ്യാർത്ഥികളും മററുള്ളവരും ഈ ഇടവഴികൾ ഉപയോഗിക്കുന്നുണ്ടെന്നും,

(സി) തോടുകൾ നികത്തി ഈ ഇടവഴികൾ വീതികൂട്ടി നന്നാക്കുന്നതു ആവശ്യമാണെന്നു ഗവണ്മെന്റ ആലോചിച്ചിട്ടുണ്ടോ എന്നു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): (എ) (എ) പ്രസ്താവത്തിലെ ഇടവഴികൾ മുൻസിപ്പാലിററി ഇതു വെടിപ്പാക്കി മലം നീക്കം ചെയ്യുന്നുണ്ടെന്നും എന്നാൽ തോടുകൾനിമിത്തം ഇടവഴികൾ അശുചിയായി പോകുന്നു എന്നും തിരുവനന്തപുരം മുൻസിപ്പൽ സഭാ പ്രെസിഡെന്റ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ബി) മറുപടി ഉവ്വെന്നാണ്.

(സി) ഇക്കാര്യത്തെപ്പററി ആലോചിക്കും.

വഴുതക്കാട്ട നന്ദാവനത്തുനിന്നു തിരുവനന്തപുരം ഡിപ്പോ റോഡിലേക്കു ഒരു റോഡ്.

൧൮൦. മി: എ. താണുപിള്ള (തിരുവനന്തപുരം): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) വഴുതക്കാട്ട നന്ദാവനത്തുനിന്നു തമ്പി ഡിപ്പോ റോഡിലേക്കു ഒരു റോഡുണ്ടാക്കുന്നതിന്റെ ആവശ്യം കാണിച്ചു തിരുവനന്തപുരം വഴുതക്കാട്ടെ നിവാസികൾ ഗവണ്മെന്റിലേക്കോ ചീഫ് എൻജിനീയർക്കോ ഹർജികൾ അയച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗം ചോദ്യത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ എന്തു നടപടി നടത്തിഎന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): (എ) ഉണ്ട്.

(ബി) റോഡ് വെട്ടുന്നകാര്യം ആലോചനയിൽ ഇരിക്കുന്നു.

കല്ലാലക്കടവിൽനിന്നു തെക്കൻ തിരുവിതാംകൂറിലേക്കുള്ള ജലമാർഗ്ഗം.

൧൮൧. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): കല്ലാലക്കടവിൽനിന്നു തുടർച്ചയായി തെക്കൻതിരുവിതാംകൂറിലേക്കു ഒരു തോടില്ലാത്തതുനിമിത്തം പൊതുജനങ്ങൾക്കു സാംപത്തികമായും വ്യാപാരസംബന്ധമായിട്ടും പ്രയാസങ്ങൾ ഉണ്ടെന്നു ഗവണ്മെന്റിന്നറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രിട്ടറി): മറുപടി നിഷേധത്തിലാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): തിരുവനന്തപുരവും തെക്കൻ തിരുവിതാംകൂറും തമ്മിൽ സാമാനങ്ങളുടെ പോക്കുവരവുണ്ടെന്നു മെംബർക്കറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഉവ്വ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): സാമാനങ്ങൾ കരമാർഗ്ഗം കൊണ്ടുപോകുന്നതിനെക്കാൾ ലാഭം ജലമാർഗ്ഗംകൊണ്ടുപോകയാണെന്നു മെമ്പർക്കറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രിട്ടറി): ആയിരിക്കാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): തെക്ക എ. വി. എം. തോട്ട എന്നു പറയുന്നതു ആദ്യം ആലോചിച്ചിരുന്നതു കല്ലാലക്കടവിൽനിന്നു തെക്കുവരെ കൊണ്ടുപോകണമെന്നായിരുന്നു എന്നു മെംബർക്കറിയാമോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രിട്ടറി): അങ്ങനെ ഒരഭിപ്രായം ഉണ്ടായിരുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ആ അഭിപ്രായം ഉപേക്ഷിച്ചതെന്തുകൊണ്ടാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രിട്ടറി): കുറെക്കാലം മുമ്പു അതു വേണ്ടെന്നുവെച്ചു. പിന്നൊന്നും ചെയ്തില്ല. മോട്ടർ വാഹനങ്ങൾ നിമിത്തവും ആലോചിച്ചിട്ടുള്ള തീവണ്ടിനിമിത്തവും സാമ്പ

ങ്ങൾ കൊണ്ടുപോകുന്നതിനു വളരെ സൌകര്യങ്ങൾ ഉണ്ടാകാനിടയുള്ളതുകൊണ്ടു തോടുവെട്ടുന്ന കാര്യം തുടർന്നുകൊണ്ടുപോകണമൊ എന്നുള്ളതു ഗാഢമായി ചിന്തിക്കേണ്ടുന്ന ഒരു കാര്യമാകുന്നു

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): എ. വി. എം. തോടു നന്നാക്കുന്നജോലി എന്നാണു നിറുത്തിവെച്ചതു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ൧൦൯൬-ാമാണ്ടു.

എം. എസ്. റോഡ്.

൫൩൨. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): എം. എസ്. റോഡിൻെറ പ്രത്യേകമായി രണ്ടാംമൈൽ മുതൽ ൧൩-ാം മൈൽവരെയുള്ള ഭാഗത്തിൻെറ സ്ഥിതി എത്രയോ ചീത്തയാണെന്നു ഗവണ്മെൻറിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): റോഡിൻെറ സ്ഥിതി പറയുംപ്രകാരം ചീത്തയല്ലെന്നു ചീഫ് എൻജിനീയർ റിപ്പോർട്ടുചെയ്തിരിക്കുന്നു. ബസ്സുകളുടെയും വണ്ടികളുടെയും ഗതാഗതംകൊണ്ടു ചില ഭാഗങ്ങൾ പൊളിഞ്ഞുപോയിട്ടുണ്ടു്. ൧൧൨൭-ൽ പുതിയ ചരലിട്ടുറപ്പിക്കാൻ ആലോചിച്ചിട്ടുണ്ടു്.

കിടാരക്കുഴിയിൽനിന്നു കാരിച്ചൽചിറയ്ക്കുള്ള റോഡ്.

൫൩൩. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) നെയ്യാററിങ്കര താലൂക്ക കോട്ടുകാൽപകുതിയിൽ കിടാരക്കുഴിയിൽനിന്നു കാരിച്ചൽചിറയ്ക്കുള്ള റോഡ് നന്നാക്കേണ്ടതാണെന്നു കാണിച്ചു തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയരുടെ ഒരു റിപ്പോർട്ടു ഗവണ്മെൻറിനു കിട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എപ്പോൾ?

(ബി) ഇന്നേവരെ (൨-൧൨-൧൧൨൭) അതുസംബന്ധിച്ചു എന്തുനടപടികൾ നടത്തി?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) ൧൧൨൪ നവംബർ ൨൧-ാംനു ചീഫ് എൻജിനീയരുടെ റിപ്പോർട്ടു ഗവണ്മെൻറിൽകിട്ടി.

(ബി.) ആ പണിനടത്തുന്നതിനു ൧൧൨൫ ഫെബ്രുവരി ൭-ാം നു അനുവാദംകൊടുത്തു. ശരിയായ എസ്റ്റിമേററു തെയ്യാറാക്കുകയും ൧൧൨൭-ാം മാണ്ടത്തേക്കുള്ള ബഡ്ജററിൽ പണം അനുവദിക്കുകയും ചെയ്തിട്ടുണ്ടു്.

നാട്ടുഭാഷാസ്കൂൾ അദ്ധ്യാപകന്മാരുടെ ജാതിവിവരം പട്ടിക.

൫൩൪ മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): നാട്ടുഭാഷാസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ഒരുജാതിവിവരം പട്ടിക ഗവണ്മെൻറു ദയവായിതരുമോ?

മി. കെ. ജാജ് (ഗവണ്മെൻറു ചീഫ് സിക്രട്ടറി): അങ്ങിനെയൊരുപട്ടിക തയ്യാറാക്കുന്നതിനു വേണ്ടിവരുന്ന സമയവും അദ്ധ്വാനവും അതുകൊണ്ടുണ്ടാകാവുന്ന പ്രയോജനത്തിനനുരൂപമല്ലായ്കയാൽ അതിനാവശ്യമുള്ള വിവരങ്ങൾ ശേഖരിക്കാൻ ഗവണ്മെൻറു വിചാരിക്കുന്നില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഒരുമെംബർ ചിലവിവരങ്ങൾ അറിവാനായിട്ടു ചോദിക്കുമ്പോൾ അതു ഉപയോഗം കുറഞ്ഞതാണെന്നൊ പ്രയോജനമില്ലാത്തതാണെന്നോ നിർണ്ണയിക്കുന്ന വല്ലപ്രമാണവും ഗവണ്മെൻറു അംഗീകരിച്ചിട്ടുണ്ടൊ?

മി: കെ. ജാജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതു് ഗവണ്മെൻറിൻെറ അഭിപ്രായമാണ്.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഗവണ്മെൻറിൻെറ അഭിപ്രായത്തിൽ ഉത്തരംകൊടുക്കുന്നതിനു അർഹതയില്ലാത്തചോദ്യങ്ങൾ നോട്ടീസിൽ ചേക്കാതെയിരിക്കയല്ലേ നല്ലതു? അങ്ങനെ നോട്ടീസിൽചേർത്തുകഴിഞ്ഞാൽ അതിനുശരിയായിട്ടുള്ള മറുപടിപറയേണ്ടതു ഗവണ്മെൻറിൻെറ ധർമ്മമല്ലേ?

മി: കെ. ജാജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഈചോദ്യത്തിനുഎളുപ്പത്തിൽ മറുപടിപറയാൻ സാധിക്കയില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഈ ചോദ്യത്തിനുമറുപടി പറയാതെയിരുന്നാൽ ഈചോദ്യത്തിൽ ആവശ്യപ്പെടുന്ന വിവരം മെമ്പർ എങ്ങനെ അറിവാൻകഴിയും?

മി: കെ. ജാജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഈരാജ്യത്തിൽ ഏഴായിരത്തിൽ ചില്വാനം അദ്ധ്യാപകന്മാരുണ്ടു. അവരുടെജാതിതിരിച്ചു ഒരുപട്ടിക വരുത്തുകഎന്നുള്ളതു കുറെപ്രയാസമായകാര്യമാണു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ആ ഡിപ്പാർട്ടുമെൻറുമൂലം എളുപ്പത്തിൽ വരുത്തുവാൻ സാധിക്കയില്ലേ?

മി: കെ. ജാജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതു എളുപ്പത്തിൽ സാധിക്കയില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): വേണ്ടസാവകാശം ഉണ്ടായിരുന്നാൽ അതു സാധിക്കരുതോ?

മി: കെ. ജാജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അങ്ങനെയാണെങ്കിൽ ഈചോദ്യത്തിനു ഇപ്പോൾ മറുപടി വരികയില്ലായിരുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഗവണ്മെൻറു മാസംതോറും ശമ്പളംകൊടുത്തു ധാരാളം ആളുകളെ വച്ചിട്ടും ഒരുസ്റ്റേറ്റുമെൻറു എഴുതാൻ പ്രയാസമാണെന്നു പറയുന്നതു വലിയകഷ്ടമാണ്.

പുതുവൽചട്ടം ൧൮-ാം ചട്ടപ്രകാരം ഭൂമികൾപതിച്ചുകൊടുത്തതു്

൫൩൫. മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെകാണിച്ച വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഗവണ്മെൻറു ദയവായി മേശപ്പുറത്തുവയ്ക്കുമോ?

(എ). പത്തനംതിട്ട, കുന്നത്തൂർ, കൊട്ടാരക്കര, മൂവാററുപുഴ, തൊടുപുഴ, കുന്നത്തുനാടു എന്നീ

ഓരോതാലൂക്കിലും ൧൧൨൪ മിഥുനം അവസാനംവരെയുള്ള ൧൨ മാസങ്ങളിൽ പുതുവൽചട്ടങ്ങൾ ൧൯-ാം ചട്ടപ്രകാരം കൈവശക്കാർക്ക് പതിച്ചുകൊടുത്തിട്ടുള്ള ഭൂമികളുടെ വിസ്തീർണ്ണം (ഏക്കറിൽ)

(ബി) ഓരോതാലൂക്കിലും നിലങ്ങൾക്കും കരഭൂമികൾക്കും വസൂലാക്കിയ തറവിലയുടെ ശരാശരി

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): എയും-ബിയും- ഈവിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ടിവരുന്നസമയവും അദ്ധ്വാനവും അതുകൊണ്ടുണ്ടാകാവുന്ന പ്രയോജനത്തിനു അനുരൂപമല്ലായ്കയാൽ അങ്ങനെചെയ്യാൻ ഗവണ്മെന്റ വിചാരിക്കുന്നില്ല.

അശ്വാസയക്കാർ സിണ്ടിക്കേററിന്റെ ബസ്സുകൾ

൧൧൩. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്നവിവരങ്ങൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) അശ്വാസനക്കാർ സിൻഡിക്കേററവക ബസ്സുകൾ പുറപ്പെടുന്നസ്ഥലം, വരുന്നസമയം എന്നിവയെ സംബന്ധിച്ചുള്ള ചട്ടങ്ങൾ അവഗണിച്ചു സഞ്ചരിക്കുന്നുണ്ടോ?

(ബി) ക്ലിപ്തസമയം സഞ്ചരിക്കുന്നഏതെങ്കിലും ഒരു ടൗൺബസ്സ് അതിന്നനുവദിച്ചിട്ടുള്ള സമയം തെററി സഞ്ചരിക്കാൻ സമ്മതിച്ചിട്ടുണ്ടോ?

(സി) (ബി) ഭാഗത്തിന്റെ മറുപടി നിഷേധത്തിലാണെങ്കിൽ ടി. ററി. ആർ. ൧൭൨൨-ാം നമ്പർ ബസ്സ് അതിനു നിശ്ചയിച്ചിട്ടുള്ള സമയംനോക്കാതെ സഞ്ചരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതു നിറുത്തൽ ചെയ്യാൻ എന്തുനടപടിനടത്തി?

മി: പി. ഏൻ. കൃഷ്ണപിള്ള (ഗവണ്മെന്റചീഫ്സെക്രട്ടറി); എയും, ബിയും മറുപടിനിഷേധത്തിലാണ്.

(സി) ടി വി. ആർ. ൧൭൨൨-ാം നമ്പർബസ്സിനു ഇതുവരെ സമയം നിശ്ചയിച്ചിട്ടില്ല അതു ക്ലിപ്തസഞ്ചരിക്കുന്നില്ല

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്റ്റാമ്പുശാലയിലേയ്ക്കു യന്ത്രംമേടിച്ചതു എന്നാണെന്നു പറയുമോ?

പ്രസിഡന്റ: ൧൧൩-ാം നമ്പർചോദ്യത്തിന്റെ സംഗതി തീന്നില്ല.

സ്റ്റാമ്പുശാലയിലെ വാർഫ്ഡെയിൽ അച്ചടിയന്ത്രം

൧൧൪. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്നസംഗതികൾ ഗവണ്മെന്റ ദയവായിപറയുമോ?

(എ) സ്റ്റാമ്പുശാലയിലെ ഉപയോഗത്തിനു എന്നു, എന്തുവിലയ്ക്കാണ്, ഒരുവാർഫ്ഡെയിൽ അച്ചടിയന്ത്രം വാങ്ങിയതു്?

(ബി) ഈ യന്ത്രം വരുത്തിയകാലംമുതൽ ക്രമമായും തൃപ്തികരമായും പ്രവൃത്തിചെയ്തുവരുന്നുണ്ടോ? ഇല്ലെങ്കിൽ, എന്തുകൊണ്ടു?

(സി) ഈ യന്ത്രം കൂട്ടിച്ചേത്തതു പൊതുമരാമത്തുഡിപ്പാർട്ടുമെന്റാണെന്നു പറയുന്നതു സത്യമോ? എങ്കിൽ എന്തുചെലവിന്മേൽ?

(ഡി) ഒരു വാർഫ്ഡെയിൽയന്ത്രം കൂട്ടിച്ചേത്തു അതുകൊണ്ടു ജോലിചെയ്യുന്നതിനു യോഗ്യതയുള്ള ആരെങ്കിലും സ്റ്റാമ്പുനിർമ്മാണശാലയിൽ ഉണ്ടോ?

മി. എ. എസ്. വെങ്കട്ടരമണയ്യർ (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽസെക്രട്ടറി): (എ) യന്ത്രം വാങ്ങിയതു ൧൧൨൬ ആഗസ്റ്റ്മാസത്തിലായിരുന്നു. അതിന്റെ വില ൪൦൦൦ പവൻ അല്ലെങ്കിൽ ൪൭൨൨൭ രൂപ ൧൨ അണ ആണ്.

(ബി) ഇല്ല. ആ യന്ത്രംകൊണ്ടു ജോലിചെയ്യുന്നതിനു വളരെ ആളുകൾ വേണം. വൈദ്യുതശക്തികൊണ്ടു യന്ത്രം നടത്തുന്നതിനു ഏർപ്പാടുചെയ്തുവരുന്നു.

(സി) അതെ. യന്ത്രം ഭാഗങ്ങളായിട്ടാണ കിട്ടിയതു്. അതുകൊണ്ടു തിരുവനന്തപുരത്തു കിട്ടുന്നതിൽ വെച്ചു ഏററവും യോഗ്യനായ ഒരു യന്ത്രശില്പിയെക്കൊണ്ടു കൂട്ടിചേക്കേണ്ടിവന്നു. കാൺക്രീററ് നിലം ഉണ്ടാക്കുന്നതിനും യന്ത്രം ഉറപ്പിക്കുന്നതിനും മറഞ്ഞു ഉണ്ടാക്കുന്നതിനും ഉള്ള ചെലവും കൂട്ടിച്ചേക്കുന്ന കൂലിയും ഉൾപ്പെടെ ആകെ രൂപാ ൧൩൧൨൨ ചെലവായി.

(ഡി) യന്ത്രം കൂട്ടിചേത്തു ജോലിചെയ്യുന്നതിനു പ്രാപ്തിയുള്ള ഒരു കൊല്ലൻ ഇപ്പോൾ സ്റ്റാമ്പുനിർമ്മാണശാലയിൽ ഉണ്ടു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യന്ത്രം വാങ്ങിയശേഷം ഇതുവരെ അതുകൊണ്ടു ജോലിചെയ്യാത്തതിനുള്ള കാരണം പറയുമോ?

മി. എസ്. വെങ്കട്ടരമണയ്യർ (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): മറുപടി അവിടെ തന്നിട്ടുണ്ടു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇവിടെ മറുപടി ഇല്ല.

മി. എസ്. വെങ്കട്ടരമണയ്യർ (ആക്ടിംഗ്ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): യന്ത്രം നടത്തുന്നതിനു വളരെയാളുകൾ വേണം, വൈദ്യുതശക്തികൊണ്ടു യന്ത്രം നടത്താൻ ഏർപ്പാടു ചെയ്തുവരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യന്ത്രം മേടിച്ചതു എന്നാണെന്നു പറയുമോ?

മി. എസ്. വെങ്കട്ടരമണയ്യർ (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽസെക്രട്ടറി): ൧൧൨൬ ആഗസ്റ്റ്മാസത്തിൽ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യന്ത്രം ൧൧൨൬-ൽ മേടിച്ചിട്ടും അതുകൊണ്ടു ജോലിചെയ്യാത്തതു എന്തുകൊണ്ടു?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): വൈദ്യുതശക്തിക്കു ഇലക്ട്രിക്കൽ എൻജിനീയറിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്, വൈദ്യുതശക്തി കിട്ടിയശേഷമേ യന്ത്രം നടത്താൻ സാധിക്കയുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരത്തു വൈദ്യുതശക്തി ഉണ്ടാക്കാൻ ആരംഭിച്ചതു എന്നാണെന്നു പറയുമോ?

മി: എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവൺമെൻറ ഫൈനാൻഷ്യൽസെക്രട്ടറി): ഈയിടയാണു, തിരുവനന്തപുരം പട്ടണത്തിൽ വൈദ്യുതശക്തി നടപ്പാക്കാൻ ആലോചന ഉണ്ടായപ്പോഴെ വൈദ്യുതശക്തി തരാൻ കഴിയുമോ എന്നു ഞാൻ ചോദിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ലാമ്പുനിർമ്മാണശാലയിലേക്ക ഈ യന്ത്രം വരുത്തിയ തു ഈ പട്ടണത്തിൽ വൈദ്യുതശക്തി ഉണ്ടാക്കുമെന്നുള്ള പ്രതീക്ഷയിന്മേലാണൊ എന്നു മെമ്പരോട്ട ചോദിച്ചുകൊള്ളുന്നു.

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവൺമെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): കുറെ ആളുകളെ കൊണ്ടു യന്ത്രം നടത്താൻ കഴിയുമെന്നാണു ആദ്യം വിചാരിച്ചതു. അതു സാധിച്ചില്ല. അതുകൊണ്ടു വൈദ്യുതശക്തിക്ക ഇലക്ട്രിക്കൽ എൻജിനീയരോട്ട ചോദിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യന്ത്രം മേടിച്ചതീയ്യതി പറയുമോ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവൺമെൻറ ഫൈനാൻഷ്യൽസെക്രട്ടറി): യന്ത്രം മേടിച്ച കൃത്യമായതീയ്യതി നിശ്ചയമില്ല. ൧൧൦൯ ആഗസ്റ്റ്മാസത്തിലാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൃത്യതീയ്യതി എനിക്കാവശ്യമില്ല. സ്ലാമ്പുനിർമ്മാണശാലയ്ക്കു ഈ യന്ത്രം മേടിക്കണമെന്നു ശിപാർശചെയ്തതു ആരാണെന്നു പറയുമോ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവൺമെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): അന്നത്തെ ഫൈനാൻഷ്യൽ സെക്രട്ടറി ആയിരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ യന്ത്രം മേടിക്കണമെന്നു ശിപാർശചെയ്തപ്പോൾ അതു നടത്തുന്നതിനു എത്ര ആളുകൾ വേണ്ടിവരുമെന്നു ഗവൺമെൻറിനു അറിയാമായിരുന്നോ എന്നു പറയുമോ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവൺമെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): യന്ത്രം നടത്തുന്നതിനു എത്രയാളുകൾ വേണ്ടിവരുമെന്നു ഫൈനാൻഷ്യൽ സെക്രട്ടറിക്ക നിശ്ചയമില്ലായിരുന്നിരിക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യന്ത്രം ആവശ്യമാണെന്നു ഫൈനാൻഷ്യൽസെക്രട്ടറിയെ ധരിപ്പിച്ചതു ആരാണ് ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവൺമെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): ആവശ്യമാണെന്നു വിചാരിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ അതുകൊണ്ടു ജോലിനടത്താത്തതു എന്തുകൊണ്ട്?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവൺമെൻറ ഫൈനാൻഷ്യൽസെക്രട്ടറി): അധികം ആളുകൾ വേണ്ടിവരുന്നതുകൊണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ യന്ത്രം മേടിച്ചശേഷം അതു നടത്താൻ അധികം ആളുകളെ നിയമിക്കാൻ വല്ല ആലോചനയും ഉണ്ടായിരുന്നോ എന്നു പറയുമോ?

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവൺമെൻറ ഫൈനാൻഷ്യൽസെക്രട്ടറി): വൈദ്യുതശക്തിക്ക ഇലക്ട്രിക്കൽ എൻജിനീയരോട്ട ഫൈനാൻഷ്യൽസെക്രട്ടറി ആവശ്യപ്പെടുകയും വൈദ്യുതശക്തികൊണ്ടു യന്ത്രം നടത്താമെന്നു കാണുകയും ചെയ്തതിനാൽ അതിന്നാവശ്യം ഇല്ലായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, യന്ത്രം നടത്താൻ കഴികയില്ലായിരുന്നെങ്കിൽ വൈദ്യുതശക്തി ഉണ്ടാകുന്നതിനുമുമ്പു യന്ത്രം വാങ്ങിച്ചതെന്തിന്?

സർ, മെമ്പർ പറഞ്ഞ മറുപടികൾ പരസ്പരം വിരുദ്ധമാണ്. യന്ത്രം മേടിച്ചതു ൧൧൦൯-ൽ ആയിരുന്നെന്നും അതു നടത്തുന്നതിനു വേണ്ടുന്ന ആളുകളെ ഇതുവരെ കിട്ടീട്ടില്ലെന്നും മറുപടി കൊണ്ടുവന്നിട്ടുണ്ടു. വേണ്ടുന്ന വൈദ്യുതശക്തി കിട്ടിയാലുടനെ യന്ത്രം നടത്തുമെന്നാണ് ഇപ്പോൾ പറയുന്നതു. യന്ത്രത്തിനു എഴുതി അയച്ചപ്പോൾ അതു നടത്താൻ എത്ര ആളുകൾ വേണ്ടിവരുമെന്ന് ഒരു നിശ്ചയവുമില്ലായിരുന്നു. അധികം ആളുകൾ വേണ്ടിവരുമെന്നു കണ്ടപ്പോൾ ആ ആളുകളെ നിയമിക്കാതെ വൈദ്യുതശക്തി കൊണ്ടു ഈ യന്ത്രത്തിൽ ജോലിനടത്തുന്നതിനു വൈദ്യുതശക്തിക്ക അവർ നോക്കിയിരിക്കയാണ്. ൫,൦൦൦-ൽ ചില്വാനം രൂപാ വിലയുള്ള ഒരു യന്ത്രം വരുത്തണമെന്നു ശുപാർശചെയ്തു. യന്ത്രം വന്നപ്പോൾ അതെങ്ങനെ നടത്തണമെന്ന ഗന്ധംപോലുമില്ല. യന്ത്രം നടത്താനാരുമില്ല. കുടിയാന്റെ പണം ഇങ്ങനെയാണ് ചെലവുചെയ്യുന്നതു. സർ, ആ അഭിപ്രായം താങ്കൾക്ക കിട്ടിയിരിക്കുമല്ലൊ.

സ്ലാമ്പുനിർമ്മാണശാലയിലെ നിയമനങ്ങളും ഉദ്യോഗക്കയററവും.

൧൬൪൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ലാമ്പുനിർമ്മാണശാലയുടെ നടത്തിപ്പിനെ സംബന്ധിച്ചു താഴെപറയുന്ന സംഗതികൾ ഗവൺമെൻറ ദയവായി പറയുമോ?

(എ) സർക്കാർ കമ്മട്ടത്തിൽനിന്നു പിരിച്ചയക്കപ്പെട്ടആളുകൾ ഉപജീവനാംശമായി ശമ്പളത്തിന്റെ മൂന്നിലൊരോഹരി വാങ്ങിക്കൊണ്ടിരിക്കെ പുറമേനിന്നു യോഗ്യതയൊന്നുമില്ലാത്ത പുതിയ ആളുകളെ നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ പുറമേനിന്നുള്ളവരെ എടുത്തതു എന്തുകൊണ്ടാണെന്നും അക്കാരണത്താൽ ഗവൺമെൻറിനു വല്ല നഷ്ടവുമുണ്ടൊ എന്നും

(ബി) സ്ലാമ്പുനിർമ്മാണശാലയിൽ ഉദ്യോഗത്തിനു യോഗ്യതയുണ്ടാകാൻ യോഗ്യതയില്ലാത്ത വല്ലവരും അവരുടെ വി. എസ്. എൽ. സർട്ടിഫിക്കേററുകൾ തിരുത്തീട്ടുണ്ടോ എന്നും തിരുത്തിയതു സൂപ്രണ്ടിന്റെ അറിവോടുകൂടിയൊ അറിവു കൂടാതെയോ എന്നും.

(സി) അതു ശരിയാണെങ്കിൽ അക്കാര്യത്തിൽ എന്തു നടപടി നടത്തി എന്നും.

മി. എസ്. വെങ്കിട്ടരമണയ്യർ (ആക്ടിംഗ് ഗവൺമെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): (എ) ഉവ്വ്. കമ്മട്ടത്തിലെ ആളുകളെ തക്കതായ ഒഴിവുണ്ടാകുമ്പോൾ നിയമിക്കുന്നുണ്ടു, എന്നാൽ ഇവർ കുറെ പ്രായമുള്ളവരാകയാൽ അവർക്ക തൊഴിലിലുള്ള അല്പവ്യത്യാസങ്ങൾ മനസ്സിലാകയില്ല. അതുകൊണ്ടു അവർക്ക അച്ചടിസൂത്രം പഠിക്കാൻ സാധിക്കയില്ല. അതിനാൽ കാര്യക്ഷമത ഉദ്ദേശിച്ചു ചെറുപ്പക്കാരെ പുതുതായി നിയമിച്ചു.

(ബി) വി. എസ്. എൽ. സർട്ടിഫിക്കേററുകളിൽ തിരുത്തിയതായി ഗവണ്മെൻറിനു അറിവില്ല.

(സി) (ബി) ഭാഗത്തിൻെറ മറുപടികൊണ്ടു ഈ ചോദ്യത്തിനു സംഗതി ഇല്ല.

മദ്രാസ് ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ സഞ്ചാരപ്പടി.

൬൯൯. മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): മദ്രാസ് ഗവണ്മെൻറുദ്യോഗസ്ഥന്മാരെ സ്ഥലം മാററുമ്പോൾ അവരുടെ കുടുംബാംഗങ്ങൾക്കും സഞ്ചാരപ്പടി കൊടുക്കാറുണ്ടെന്നു ഗവണ്മെൻറിനു അറിവുണ്ടൊ?

മി: എസ്. വെങ്കിട്ടരമണയ്യർ (ആ. ഗവണ്മെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): അറിവുണ്ട്.

പ്രൊബേഷണറി പൊലീസ് ഇൻസ്പെക്ടർമാരുടെ നിയമനം.

൬൧൦. മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): (ഒ) താഴെ കാണിച്ച വിവരങ്ങളടങ്ങിയ ഒരു പട്ടിക ഗവണ്മെൻറ മേശപ്പുറത്തു വയ്ക്കുമൊ?

(എ) പ്രൊബേഷണറി ഇൻസ്പെക്ടർമാരെ നിയമിക്കുന്ന കാര്യത്തിൽ പൊലീസ് കമ്മീഷണർ തിരഞ്ഞെടുക്കയും ദിവാൻെറ ആഫീസിൽ സിലെക്ഷൻ കമ്മററിബോർഡു മുമ്പാകെ ഹാജരാവാൻ ആജ്ഞാപിക്കപ്പെടുകയും ചെയ്തവരുടെ പേരുകൾ.

(ബി) അവസാനമായി തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ.

(രം) താഴെപറയുന്ന സംഗതികളും ദയവായി പറയുമോ?

(എ) തിരഞ്ഞെടുത്തതു കമ്മീഷണരുടെ ലിസ്റ്റിൽ നിന്നായിരുന്നോ?

(ബി) (രം) (എ) ഭാഗം ചോദ്യത്തിൻെറ മറുപടി നിഷേധത്തിലാണെങ്കിൽ ലിസ്റ്റിൽ ഉൾപ്പെടാത്ത ആളുകളെ തിരഞ്ഞെടുക്കാൻ കാരണമെന്ത്?

(സി) സമുദായപ്രാതിനിധ്യം ആലോചിച്ചാണു നിയമനങ്ങൾ ഉണ്ടാക്കിയതെങ്കിൽ വലിയതുപോലും ചെറിയതുപോലും പരിഷ്കൃതന്മാർപോലും അപരിഷ്കൃതന്മാർപോലും ചില സമുദായങ്ങളിൽ പെട്ട ആളുകളുടെ അവകാശങ്ങൾ അവഗണിച്ചതിനുള്ള കാരണങ്ങൾ.

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി):

(ഒ) (എ) മി: കെ. എസ്. അരുണാചലംപിള്ള
,, കെ. മാധവൻപിള്ള
,, വി. പത്മനാഭൻ
,, കെ. വെള്ളത്തകൊച്ചു
,, പി. പത്മനാഭൻതമ്പി
,, കെ. ശങ്കരവാര്യർ
,, പി. എ. മഹമ്മദ്
മിസ്റ്റർ പി. ഒ. ചെറിയാൻ
,, പി. മരിയാർപുതം
,, ഇ. പി. ഐസക്
,, ചാണ്ടി പി. ആൻഡ്രൂസ്
,, സി. ജെ. തോമസ്
,, കെ. പി. നാരായണപിള്ള
മിസ്റ്റർ പി. മഹമ്മദ്കുഞ്ഞു
,, പി. കുഞ്ഞുകൃഷ്ണൻനാടാർ
,, എം. ദേവസഹായം
,, എൻ. തങ്കസ്വാമിനാടാർ
,, കെ. നാരായണൻ
,, കെ. കുഞ്ഞുരാമൻ
,, സി. ഭാസ്കരൻ

(ബി) മിസ്റ്റർ കെ. മാധവൻപിള്ള
,, പി. പത്മനാഭൻതമ്പി
,, പി. മഹമ്മദ്കുഞ്ഞു
,, എൻ. തങ്കസ്വാമിനാടാർ
,, വി. മരിയാർപുതം
,, പി. വൈദ്യനാഥയ്യർ
,, ജി. രാമൻ
,, പി. ഗോപാലൻ
,, മിഖേൽ വില്യംഡിക്രൂസ്

൨ (എ). (ഒ) (എ)-യും (ബി)-യും ഭാഗങ്ങളുടെ മറുപടി മെമ്പർ വായിച്ചുനോക്കണം.

(ബി)-യും (സി)-യും സമുദായപ്രാതിനിധ്യവും കാര്യക്ഷമതയും നോക്കിയാണ് നിയമനങ്ങൾ ഉണ്ടാക്കിയത്. അതുകൊണ്ടു കമ്മീഷണർ അയച്ച ലിസ്റ്റിൽനിന്നുതന്നെ തിരഞ്ഞെടുപ്പു നടത്താൻ സാധിച്ചില്ല. ഉദ്യോഗങ്ങളുടെ എണ്ണം കുറച്ചായതുകൊണ്ടു എല്ലാ സമുദായങ്ങളിലുംനിന്നും ആളെ തിരഞ്ഞെടുക്കാനും സാധിച്ചില്ല.

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മി): (ബി)-ം (സി)-യും ഭാഗങ്ങളുടെ മറുപടിസംബന്ധിച്ചു വർഗ്ഗീയപ്രാതിനിധ്യം നോക്കിയാണോ ആളെ തിരഞ്ഞെടുത്തതെന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി). കാര്യക്ഷമതയും.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): അങ്ങനെയാണെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരേ സമുദായത്തിൽനിന്നുതന്നെ ഒന്നിലധികം ആളുകൾ ഉണ്ടോ?

മി: കെ. ജാർജ (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഉണ്ട്.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): ഏതു പ്രമാണമനുസരിച്ചാണ് കാര്യക്ഷമത പരിക്ഷിച്ചറിഞ്ഞതെന്നു പറയുമൊ?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): നേരിട്ടു ചോദ്യങ്ങൾ ചോദിച്ചും അവർ ജയിച്ചിട്ടുള്ള പരീക്ഷകൾ നോക്കിയും.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മി): ആളെ തിരഞ്ഞെടുക്കാത്തസമുദായങ്ങളുടെ പേരുകൾ പറയുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഈ സംസ്ഥാനത്തു എത്രയോ അധികം സമുദായങ്ങൾ ഉണ്ട്. തിരഞ്ഞെടുക്കപ്പെട്ട ആളുകൾ ഏതുസമുദായത്തിൽ പെട്ടവരാണെന്നു അടുത്തചോദ്യത്തിൻെറ മറുപടിയിൽ കൊടുത്തിട്ടുണ്ട്. അതിൽനിന്നു തിരഞ്ഞെടുക്കാത്ത സമുദായങ്ങൾ ഏതെല്ലാമെന്നു മനസ്സിലാക്കാം.

പോലീസ് ഇൻസ്പെക്ടന്മാരുടെ നിയമനം.

൬൧൬. മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ ദയവായി പറയുമോ?

(എ) ഈയിട നിയമിച്ച പോലീസ് ഇൻസ്പെക്ടർമാരുടെ പേരുകളും താലൂക്കുകളും സമുദായവും.

(ബി) ചേർത്തലതാലൂക്കിൽനിന്നും ആരെങ്കിലും ആ ഉദ്യോഗത്തിനു അപേക്ഷിച്ചിരുന്നുവോ?

(സി) ചേർത്തലനിന്നുള്ള അപേക്ഷകന്മാരിൽ ആരെയെങ്കിലും തിരഞ്ഞെടുത്തുവോ?

(ഡി) ചേർത്തലതാലൂക്കിലെ ആളുകൾക്കു ഇപ്പോഴും ([illegible]) ഗവണ്മെന്റുദ്യോഗങ്ങളിൽ ശരിയായ പ്രാതിനിധ്യം ഇല്ലെന്നു ഗവണ്മെന്റിനു അറിവുണ്ടോ?

(ഇ) ഈയിട ആളുകളെ നിയമിച്ചതു വർഗ്ഗീയപ്രാതിനിധ്യം നോക്കിയാണോ കാര്യക്ഷമതനോക്കിയാണോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) ഇൻസ്പെക്ടർമാരായി നിയമിച്ച ആളുകളുടെ ലിസ്റ്റ് താഴെ ചേർത്തിരിക്കുന്നു.

	പേരു	സമുദായം	താലൂക്ക്
൧	എൻ. തങ്കസ്വാമിനാടാർ	ഹിന്ദുനാടാർ	അഗസ്തീശ്വരം
൨	കെ. മാധവൻപിള്ള	പട്ടാളി	വടക്കൻപറവൂർ
൩	പി. പത്മനാഭൻതമ്പി	ചെട്ടിയാർ	മീനച്ചൽ
൪	പി. മരിയാർപുത്രം	ലത്തീൻറോമൻ കത്തോലിക് ക്രിസ്ത്യൻ	വിളവങ്കോട്
൫	പി. മുഹമ്മദുകുഞ്ഞ്	മുസ്ലിം	തിരുവനന്തപുരം
൬	മിഖേൽ വില്യം ഡിക്രൂസ്	കത്തോലിക്ക് അരസർ	തിരുവനന്തപുരം
൭	ജി. രാമൻ	ഈഴവൻ	മാവേലിക്കര
൮	പി. ഗോപാലൻ	ഈഴവൻ	നെയ്യാറ്റിൻകര
൯	പി. വൈദ്യനാഥയ്യർ	ബ്രാഹ്മണൻ	ചിറയിൻകീഴ്

(ബി)-ഉണ്ട്.

(സി)-യും (ഡി)-യും ഇല്ല.

(ഇ) വർഗ്ഗീയപ്രാതിനിധ്യവും കാര്യക്ഷമതയും രണ്ടും നോക്കിയാണു ആളെ തിരഞ്ഞെടുത്തുനിയമിച്ചതു്.

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): വർഗ്ഗീയപ്രാതിനിധ്യം അനുസരിച്ചു ആരെയെല്ലാമാണു തിരഞ്ഞെടുത്തിട്ടുള്ളതു്?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): എല്ലാപേരെയും.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): എഫിഷ്യൻസി നോക്കി എത്രപേരെ എടുത്തു?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): എഫിഷ്യൻസിയും വർഗ്ഗീയപ്രാതിനിധ്യവും രണ്ടുംകൂടി നോക്കിയാണു് തിരഞ്ഞെടുത്തതു്.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): വർഗ്ഗീയപ്രാതിനിധ്യം അനുസരിച്ചുകിട്ടാൻ അവകാശമില്ലാത്ത വല്ലവരെയും തിരഞ്ഞെടുത്തിട്ടുണ്ടോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഇല്ല.

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): നായന്മാരിൽ ആരുടെയെങ്കിലും അപേക്ഷ ഉണ്ടായിരുന്നോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അപേക്ഷകൾ ഉണ്ടായിരിക്കാം.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): നായന്മാരിൽ ആരെയെങ്കിലും സിലക്ട്ചെയ്തിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി); ഇല്ല.

മി; മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഇവരെ സെലക്ട്ചെയ്യുന്നതിനു മുമ്പായിട്ടു മെഡിക്കൽ പരിശോധന നടത്തിട്ടുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): നടത്തീട്ടുണ്ട്.

മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): സെലക്ട്ചെയ്യപ്പെട്ടവരിൽ ആരെങ്കിലും ഡ്രിൽസമയത്തു മോഹാലസ്യപ്പെട്ടുവീണതായിട്ടു അറിയാമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അറിഞ്ഞുകൂടാ.

മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ഈ സെലക്ഷൻനടത്തിയതാരാണു?

മി: കെ. ജാർജ്ജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): ഒരു ബോർഡായിരുന്നു.

മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ആ ബോർഡിൽ ആരെല്ലാമുണ്ടായിരുന്നു.

മി: കെ. ജാർജ്ജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): ദിവാൻജി, പോലീസ്കമ്മീഷണർ, ചീഫ്സെക്രട്ടറി.

അനുബന്ധം ൨൪.

(൧൭൦-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.)

രജിസ്ട്രേഷൻഡിപ്പാർട്ടുമെന്റിലുള്ള ഡിസ്ട്രിക്ട് രജിസ്ട്രാർമാരുടെയും സബ് രജിസ്ട്രാർമാരുടെയും ജാതിവിവരം പട്ടിക.

ഉദ്യോഗപ്പേര്	൧. ഹിന്ദുക്കൾ											൨. മുസൽമാൻ	൩. ക്രിസ്ത്യാനികൾ				
	ബ്രാഹ്മണർ													റോമൻ കത്തോലിക്ക്		സിറിയൻ	
	മലയാള	മററ	ഈഴവർ	കമ്മാളർ	ക്ഷത്രിയ (മലയാളി)	നാടാർ	നായർ	പുലയർ	വെള്ളാളർ	മററയിത്തക്കാർ	മററു ഹിന്ദു		പ്രൊട്ടസ്റ്റന്റ്	ലത്തീൻ	സിറിയക്ക്	യാക്കോബായ	മാർത്തോമ്മാ
ഡിസ്ട്രിക്ട് രജിസ്ട്രാർ	...	...	...	...	...	...	൧	...	൨	...	...	...	...	...	....	...	...
സബ് രജിസ്ട്രാർ	...	൧൩	൪	...	൭	...	൨൭	...	൧	...	൩	൧	൭	൨	൨	൧൧	൭

അനുബന്ധം ൨൫.

(൧൭൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.)

ഹൈക്കോടതിയിലെ ഗുമസ്തന്മാരുടെ ജാതിവിവരം പട്ടിക.

ഹിന്ദുക്കൾ											മുസൽമാൻ	ക്രിസ്ത്യാനികൾ					റിമാർക്ക്
													റോമൻകത്തോലിക്ക്		സിറിയൻ		
മലയാളബ്രാഹ്മണർ	മററു ബ്രാഹ്മണർ	നാടാർ	ഈഴവർ	കമ്മാളർ	ക്ഷത്രിയർ (മലയാളി)	നായർ	പുലയർ	മററ അയിത്തക്കാർ	വെള്ളാളർ	മററു ഹിന്ദു		പ്രൊട്ടസ്റ്റന്റ്	ലത്തീൻ	സിറിയക്ക്	യാക്കോബായ	മാർത്തോമ്മാ	
...	൧൩	...	൧	...	...	൨൩	...	...	൧	൨	൨	൨	...	...	൧	...	സ്ഥിരം
...	൪	...	൧	...	...	[illegible]	...	...	...	൨	...	൧	൨	...	...	...	താൽകാലികവും ആക്ടിംഗും

അനുബന്ധം ൨൩.

(൧൫൨-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.)

എക്സൈസ് കമ്മീഷണർ ചെയ്ത നിയമനങ്ങളുടെ ജാതിവിവരം പട്ടിക.

൧.	ഹിന്ദുക്കൾ	
	ബ്രാഹ്മണർ (മലയാള)	൧
	ടി (മററു)	൫
	ഈഴവർ	൧൫
	കമ്മാളർ	൫
	ക്ഷത്രിയർ (മലയാള)	൦
	നാടാർ	൩
	നായർ	൧൦൭
	പുലയർ	൧
	വെള്ളാളർ	൧൧
	മററു അധഃകൃതർ	൬
	മററു ഹിന്ദുക്കൾ	൧൩
൨.	മുസൽമാൻമാർ.	൧൨
൩.	ക്രിസ്ത്യാനികൾ.	
	പ്രൊട്ടെസ്റ്റൻറു	൭
	റോമൻകത്തോലിക്കർ	
	(എ) ലത്തീൻ	൪
	(ബി) സിറിയക്ക്	൯
	സിറിയൻ	
	(എ) യാക്കോബായ	൭
	(ബി) മാർത്തോമാ	൧൧
	ആകെ	൨,൧൭

അനുബന്ധം ൨൭.

൧൩൩-ാം നമ്പർചോദ്യത്തിന്റെ മറുപടിനോക്കുക.

പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ ൨൦൦ രൂപായും അധികവും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതി വിവരം പട്ടിക.

ഹിന്ദുക്കൾ											മുസൽമാന്മാർ	ക്രിസ്ത്യാനികൾ						റിമാർക്ക്സ്
													റോമൻകത്തോലിക്ക		സിറിയൻ			
മലയാളബ്രാഹ്മണർ	മറ്റു ബ്രാഹ്മണർ	ഈഴവർ	കമ്മാളർ	ക്ഷത്രിയർ (മലയാള)	നാടാർ	നായർ	പുലയർ	വെള്ളാളർ	മററ അധഃകൃതർ	മററ ഹിന്ദുക്കൾ		പ്രോട്ടസ്റ്റന്റ്	ലത്തീൻ	സിറിയക്ക്	യാക്കോബായ	മാർത്തോമ	ഇംഗ്ലീഷ് പള്ളി	
...	*൧൧	...	...	൧	...	൭	...	...	...	....	...	...	...	൧	...	൨	*൪	* ഇവരിൽ മൂന്നുപേർ യൂറോപ്യൻ ഉദ്യോഗസ്ഥന്മാരാണ്

14

അഭ്യർത്ഥനകൾ സംബന്ധിച്ച വാദം.

പ്രസിഡണ്ട്: ൧൨൩-ാം നമ്പർ ഉപക്ഷേപത്തെപ്പററിയുള്ള വാദം തുടരാം.

മി: ആർ. ധനക്കോടിപ്പിള്ള (വനംകൺസെർവേറർ): സർ, തടികൾ ഒരു സർവേ നമ്പരിൽ നിന്നു മറെറാരു സർവേ നമ്പരിലേക്കു കടത്തി കൊണ്ടു പോകുന്നതിനു പാസ്സ് വേണമോ എന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ചോദിച്ച അവസരത്തിലാണു ഇന്നലെ വാദപ്രതിവാദം നിറുത്തി വച്ചതു. ഇപ്പോഴുള്ള ചട്ടങ്ങൾ പ്രകാരം പാസ്സുകൾ ആവശ്യമാണെന്നാകുന്നു ആ ചോദ്യത്തിന്റെ മറുപടി. എന്നാൽ അങ്ങിനെയുള്ള കാര്യങ്ങളിൽ ചട്ടങ്ങൾ പ്രകാരം തന്നെ വേണമെന്നു ഞങ്ങൾ നിർബന്ധിക്കാറില്ല. അതു മിക്കവാറും പ്രമാണം മാത്രമാകുന്നു. കാവൽ സ്ഥലങ്ങളിൽനിന്നും പരിശോധനസ്ഥലങ്ങളിൽനിന്നും അതിദൂരത്തുള്ള പബ്ളിക്കു റോഡുകളിൽ കൂടി തടി കടത്തിക്കൊണ്ടു പോകുമ്പോൾ ഞങ്ങൾ ചട്ടങ്ങൾ ഊർജ്ജിതപ്പെടുത്താറില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഒരു പുരയിടത്തിന്റെ ഉടമസ്ഥനു ആ പുരയിടത്തിൽനിന്നും തടിമുറിച്ചു ആറു വഴിയൊ തോട്ടുവഴിയൊ അല്ലാതെ മറെറാരു പുരയിടത്തിൽ കൊണ്ടു പോയി ഉപയോഗിക്കുന്നതിനു പാസ്സു വേണ്ടാ അല്ലേ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറർ): ചട്ടപ്രകാരം പാസ്സു വേണ്ടിവരും. എന്നാൽ സാധാരണ ഡിപ്പാർട്ടുമെന്റു അങ്ങനെ വിരോധിച്ചതായിട്ടു എന്റെ അറിവിൽ പെട്ടിട്ടില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങനെ വിരോധിച്ചു കേസ്സെടുത്തു ശിക്ഷിച്ചിട്ടുള്ളതായിട്ടു അറിവില്ലേ?

മി: ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറർ): അറിഞ്ഞുകൂടാ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അപ്പോൾ ആ വ്യവസ്ഥ ഊർജ്ജിതമായിട്ടു തന്നെ പ്രയോഗിച്ചു കൊണ്ടിരിക്കുന്നു എന്നു വേണ്ടേ വിചാരിക്കുവാൻ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറർ): ഒരു സർവേ നമ്പരിൽ നിന്നും അടുത്ത സർവേ നമ്പരിൽ തടി കൊണ്ടു പോയി ഉപയോഗിക്കുന്നതിനു പാസ്സു വേണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): റോഡു വഴിയൊ ആറുവഴിയൊ അല്ലാത ഒരു പുരയിടത്തിൽ നിന്നും മറെറാരു പുരയിടത്തിലേക്കു ഉടമസ്ഥനു തന്നെ തടിവെട്ടിക്കൊണ്ടു പോകുന്നതിനു തടസ്ഥമില്ലെന്നു ഒരു വ്യവസ്ഥ ചെയ്‌വാൻ വല്ല വിരോധവുമുണ്ടോ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറർ): വിരോധമില്ല.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്കു): കുടിയാനവന്മാരുടെ പുരയിടത്തിൽ നില്ക്കുന്ന തേക്കു തടികൾ ഇത്ര ഇഞ്ചു വണ്ണത്തിലുള്ളവ മാത്രമേ വെട്ടാൻ പാടുള്ളു എന്നു വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറർ): സാധാരണയായി ഒരു ക്ലിപ്തവലിപ്പമുള്ള വൃക്ഷങ്ങൾ മാത്രമേ വെട്ടുന്നതിന് അടയാളപ്പെടുത്താറുള്ളു. വില പോകാത്ത ചെറു വൃക്ഷങ്ങൾ വെട്ടിയെടുത്താൽ കൺട്രാക്ടർമാർക്കു ഡിപ്പാർട്ടുമെന്റിനാകട്ടെ ആദായമൊന്നുമുണ്ടാകയില്ല. എന്നാൽ ഡിപ്പാർട്ടുമെന്റിലെ ചട്ടങ്ങൾ പ്രകാരം ഒന്നാംക്ലാസ്സും രണ്ടാംക്ലാസ്സും മൂന്നാം ക്ലാസ്സും വൃക്ഷങ്ങൾ മാത്രമേ വെട്ടാറുള്ളു.

മി: എം. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വേറെ ക്ലാസ്സു വൃക്ഷങ്ങൾ ഉണ്ടോ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറർ): ചെറു വൃക്ഷങ്ങൾ ഉണ്ടാകും.

പ്രസിഡണ്ട്: മൂന്നാംക്ലാസ്സു പക്ഷം ഏററം കുറഞ്ഞ അളവ് എത്രയാണ്?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറർ): മുപ്പതും മുപ്പത്തൊമ്പതും ഇഞ്ചിന് മദ്ധ്യേ.

പ്രസിഡണ്ട്: മുപ്പത്തഞ്ചു, അല്ലേ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറർ): അതെ, സർ.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്കു): ഡിപ്പാർട്ടുമെന്റിലെ ചട്ടം അനുസരിച്ചു ൩൦ ഇഞ്ചിൽ കുറഞ്ഞ തടികൾ വെട്ടാൻ പാടില്ല അല്ലേ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറർ): അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല. സാധാരണ വെട്ടാറില്ല എന്നാണു പറഞ്ഞതു.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും-വ്യവസായവും, വടക്ക്): ഇപ്പോൾ കുടിയാനവന്മാരുടെ പുരയിടത്തിൽനിന്നും ൩൦ ഇഞ്ചു വണ്ണത്തിൽ കുറഞ്ഞ തേക്കുതടികൾ വെട്ടിക്കൊണ്ടുപോയിട്ടുണ്ടെന്നു കൺസർവേറർക്കറിയാമോ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറർ): കഴിഞ്ഞ മാസം ഞാൻ എല്ലാ ഡിപ്പോകളും പരിശോധിക്കയുണ്ടായി. ൩൦ ഇഞ്ചിൽ കുറഞ്ഞ അളവുള്ള തടികൾ കണ്ടില്ല.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും-വ്യവസായവും, വടക്ക്): എന്റെ ചോദ്യത്തിന്റെ ഉത്തരമല്ലു പറഞ്ഞതു്. മുപ്പതിഞ്ചു വണ്ണത്തിൽ കുറഞ്ഞ തടികൾ, അതായതു അഞ്ചും ആറും ഇഞ്ചു വണ്ണമുള്ള തടികൾ കുടിയാനവന്മാരുടെ പുരയിടത്തിൽനിന്നു വെട്ടിക്കൊണ്ടുപോയിട്ടുണ്ടെന്നറിയാമോ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറർ): ഇപ്പോൾ മെമ്പർ പറഞ്ഞതിൽനിന്നും ഞാൻ അങ്ങനെ മനസ്സിലാക്കുന്നു.

വണ്ണം എന്താണെന്നു് എനിക്കു ശരിയായി മനസ്സിലായിട്ടില്ല. അതൊരു പഴയ അളവാണ്. ഇപ്പോൾ അളവ് അങ്ങനെയല്ല. ഇപ്പോഴത്തെ അളവു പ്രമാണമാക്കി അദ്ദേഹം വിവരിച്ചതനാൽ അദ്ദേഹം ആവശ്യപ്പെട്ടവിവരം പറയാം.

പ്രസിഡണ്ട്: അതിന്റെ നാലിലൊന്നു വണ്ണമായി എടുക്കണം. അതായതു നിങ്ങൾ ൩൦ ഇഞ്ചെന്നു പറഞ്ഞാൽ അതിന്റെ വ്യാസം ഏഴര ആയിരിക്കും. അങ്ങനെ കണക്കാക്കണം.

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറർ): അങ്ങനെയുള്ള വൃക്ഷങ്ങൾ വെട്ടാറില്ല.

പ്രസിഡൻറ്: ഒരു ക്ലിപ്തവണ്ണത്തിൽ കുറഞ്ഞ വൃക്ഷങ്ങൾ വെട്ടരുതെന്ന് നിങ്ങൾ പ്രത്യേക ഉത്തരവുകൾ കൊടുത്തിട്ടുണ്ടോ എന്നാണ് അദ്ദേഹം ചോദിക്കുന്നത്.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): അങ്ങനെ പ്രത്യേക ഉത്തരവുകൾ ഇല്ല.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും-വ്യവസായവും, വടക്ക്): മൂന്നാംക്ലാസ്സ് തടി എന്നു പറഞ്ഞത് എത്ര ഇഞ്ചു വണ്ണമാണ്?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): മുപ്പതുമുതൽ നാല്പതു വരെ വണ്ണമുള്ളത്.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും—വ്യവസായവും, വടക്ക്): മുപ്പതിഞ്ചു വണ്ണത്തിൽ കുറഞ്ഞ തടി വെട്ടിക്കൊണ്ടു പോകയാണെങ്കിൽ അതു സംബന്ധിച്ച ഉത്തരവാദിയാരാണ്?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഉത്തരവാദി ആരുമില്ല. ആവശ്യമുണ്ടായിരുന്നാൽ വെട്ടിക്കൊണ്ടുപോകുമായിരിക്കാം.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും-വ്യവസായവും, വടക്ക്): അഞ്ചും ആറും ഇഞ്ചു വണ്ണമുള്ള തടികൊണ്ടു എന്താണു ആവശ്യം?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): വല്ല ആവശ്യവും ഉണ്ടായിരുന്നാൽ മാത്രമേ മുറിക്കയുള്ളു.

പ്രസിഡൻറ്: ചെറുവൃക്ഷങ്ങൾകൊണ്ടു ചിലപ്പോൾ ആവശ്യമുണ്ടാകും എന്നാണ് അദ്ദേഹം പറയുന്നത്. അവയെക്കൊണ്ടാവശ്യം വരുമ്പോൾ മുറിച്ചെടുക്കാം. എന്നാൽ സാധാരണയായി മുപ്പതിഞ്ചു വണ്ണത്തിൽകുറഞ്ഞ വൃക്ഷങ്ങൾ മുറിക്കുകയില്ല, വണ്ണം കുറഞ്ഞ ചെറുവൃക്ഷങ്ങൾകൊണ്ടു ചിലപ്പോൾ ആവശ്യമുണ്ടാകാം എന്നാണു അദ്ദേഹം പറയുന്നത്.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും-വ്യവസായവും, വടക്ക്): വനത്തിലെ ചെറുപ്പത്തിലുള്ളവ ആണെങ്കിലും പരിചരിച്ചുകൊണ്ടുവരണമെന്നു കൺസർവേറ്റർ ഗവർമെൻറിനോടു ശുപാർശ ചെയ്തിട്ടുണ്ടോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ശുപാർശ ചെയ്തിട്ടില്ല.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും-വ്യവസായവും, വടക്ക്): ശുപാർശ ചെയ്തിട്ടില്ലെന്നാണോ പറയുന്നത്?

പ്രസിഡൻറ്: നിങ്ങൾക്കു ഇംഗ്ലീഷിൽ സംസാരിക്കയാണു സൌകര്യമെങ്കിൽ അങ്ങനെ ചെയ്യാം.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഈ ഉപക്ഷേപത്തെപ്പററിയുള്ള വാദത്തിൽ ആ ചോദ്യത്തിനു സംഗതി എന്താണെന്നറിയുന്നില്ല.

പ്രസിഡൻറ്: തത്സംബന്ധമായ ഉപക്ഷേപവാദത്തിൽ എന്തു ചോദ്യവും ചോദിക്കാം—

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): വാദവിഷയത്തോടു അതിനു സംബന്ധമൊന്നുമില്ല. അങ്ങനെയാണെങ്കിൽ വാദവിഷയത്തോടു സംബന്ധമില്ലാത്ത അനവധി ചോദ്യങ്ങൾ ചോദിക്കാം.

പ്രസിഡൻറ്: അങ്ങനെയാണെങ്കിൽ നിങ്ങൾക്കതിൻെറ വിവരമില്ലെന്നു പറയണം.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): എനിക്കറിഞ്ഞുകൂടാ.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും-വ്യവസായവും, വടക്ക്): റെക്കമെൻറു ചെയ്തിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടത്?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ശുപാർശ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നു നിശ്ചയമായിട്ടു പറവാൻ സാധിക്കയില്ല.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും-വ്യവസായവും, വടക്ക്): കൺസർവേറ്റർ ചെയ്തിട്ടുള്ള പ്രവൃത്തിക്കു കൺസർവേററക്കുതന്നെ നിശ്ചയമില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ആ ചോദ്യത്തിനു മറുപടി പറവാൻ ഞാൻ നിഷേധിക്കുന്നു, സർ—

മി: വി. ജെ. ഉമ്മൻ (വ്യാപാരവും-വ്യവസായവും, വടക്ക്): വല്ല സ്ഥലവും വനത്തിൽനിന്നും ഒഴിക്കാൻ ശുപാർശ ചെയ്തിട്ടുണ്ടോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ചിലപ്പോഴും ശുപാർശ ചെയ്തിട്ടുണ്ട്. ഇന്ന സ്ഥലമെന്നു ക്ലിപ്തം പറവാൻ സാധിക്കയില്ല.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക്): ഇന്ന സ്ഥലമാണെന്നു ചോദിച്ചില്ല. അങ്ങനെ ശുപാർശ ചെയ്തിട്ടുണ്ടോ എന്നു മാത്രമേ ചോദിച്ചുള്ളു.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ധാരാളമുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇന്നലത്തെ എൻെറ ചോദ്യത്തിനു ഉത്തരം പറഞ്ഞിട്ടില്ല. ബ്രിട്ടീഷ്മലബാറിലും കൊച്ചിയിലും ഫ്രീപാസ്സ് സിസ്റ്റം നടപ്പിലിരിക്കുന്നു എന്നു കൺസർവേറ്റർ പറഞ്ഞു. അവിടെ ഒരു കുടിയാനവനു അയാളുടെ തടി മുറിച്ചു മറെറാരു പുരയിടത്തിൽ കൊണ്ടുപോയി ഉപയോഗിക്കുന്നതിനു ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാരുടെ പാസ്സു വാങ്ങിക്കണമെന്നു റൂൾസുണ്ടെങ്കിൽ ആ ഭാഗം വായിച്ചുകേട്ടാൽ കൊള്ളാമെന്നാണു ഇന്നലെ ഞാൻ പറഞ്ഞത്.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): കുറച്ചു ക്ഷമയോടുകൂടി എൻെറ പ്രസംഗം കേട്ടാൽ മനസ്സിലാകും.

[illegible] ഈ പാസ്സുകൾ തടികൾ കടത്തിക്കൊണ്ടുപോകുന്നതിനുള്ള സ്വാതന്ത്ര്യം കുറയ്ക്കുന്നു. ഇതു തിരുവിതാംകൂറിൽ മാത്രമല്ല; കൊച്ചിയിലും മദ്രാസിലും ഇങ്ങനെ തന്നെയാണ്. ഒരുത്തൻെറ സ്വന്തം പുരയിടത്തിൽനിന്നു സ്വന്തം തടികൊണ്ടുപോകുന്നതിനു ഫ്രീപാസ്സ് കൊടുക്കുന്നതിനുള്ള നടപടികളടങ്ങിയ പ്രത്യേക ചട്ടങ്ങൾ മൈസൂരിലും ഉണ്ട്. തിരുവിതാംകൂറിൽ സ്വന്തം ഭൂമികളിൽനിന്നു തടികൾ കടത്തിക്കൊണ്ടു

പോകാനുള്ള അപേക്ഷകളുടെ ബാഹുല്യംനിമിത്തം ഒരു നടപടിക്രമം ഉണ്ടാക്കാൻ ഇടയായില്ല. അതുകൊണ്ടു പല ക്രമക്കേടുകൾ ഉണ്ടായി. ഇങ്ങനെ സ്വകാര്യതടികൾ കടത്തിക്കൊണ്ടുപോകുന്നതിനുള്ള നടപടികൾ നിശ്ചയിച്ചു ഗവൺമെന്റു ചില ചട്ടങ്ങൾ ഏർപ്പെടുത്തി. സ്വകാര്യതടികൾ കടത്തിക്കൊണ്ടുപോകുന്നതിനെ സംബന്ധിച്ചു ഇതുപോലെയുള്ള ചട്ടങ്ങൾ ബ്രിട്ടീഷിൻഡ്യ മുതലായ സ്ഥലങ്ങളിലും ഉണ്ട്. എന്നാൽ രണ്ടിടത്തെയും ചട്ടങ്ങളിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിരിക്കാം. ഉദാഹരണമായി തിരുവിതാംകൂറിൽ—

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എന്റെ ചോദ്യത്തിനുത്തരം മലയാളത്തിലായാൽ കൊള്ളാം.

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേററർ): വിഘ്നംകൂടാതെ സംസാരിപ്പാൻ അനുവദിക്കണമെന്നു ഞാൻ പ്രസിഡന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു. അദ്ദേഹത്തോടു പിന്നീടു ഞാൻ സമാധാനം പറഞ്ഞുകൊള്ളാം.

ഉദാഹരണമായി തിരുവിതാംകൂറിൽ സ്വകാര്യപുരയിടങ്ങളിൽനിന്നു തടികൾ കടത്തിക്കൊണ്ടുപോകേണ്ടുന്നവർ പാസ്സു കിട്ടാൻ വനം ഡിപ്പാർട്ടുമെന്റിനോടു അപേക്ഷിക്കണം.

പ്രസിഡെന്റ: നിങ്ങൾ ഇംഗ്ലീഷിൽ പറയുന്നതു മിസ്റ്റർ കുഞ്ഞിത്തൊമ്മനു മനസ്സിലാക്കാൻ പ്രയാസമുള്ളതുകൊണ്ടു കഴിയുമെങ്കിൽ അതു മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേററർ): ബ്രിട്ടീഷ് മലബാറിലും തിരുവിതാംകൂറിനെപോലെ പാസ്സു കൊടുക്കുന്ന സിസ്റ്റം ഉണ്ട്. എന്നാൽ ഇവിടെ ബ്രിട്ടീഷ് മലബാറിൽ ഉള്ളതുപോലെ അല്ല. തിരുവിതാംകൂറിൽ കുടിപുരയിടങ്ങളിലുള്ള വൃക്ഷങ്ങളെ മുറിച്ചു കൊണ്ടുപോകുന്നമെങ്കിൽ ഫാറസ്റ്റാഫീസരോട് അപേക്ഷിച്ചാൽ പാസ്സ് ഫ്റീ ആയിട്ടു കിട്ടും. ബ്രിട്ടീഷ് മലബാറിൽ അങ്ങനെയല്ല. കുടിപുരയിടങ്ങളിൽ തടി ഉണ്ടായിരുന്നാൽ അതിന്റെ ഉടമസ്ഥൻ അതിന്റെ പ്രാപ്പർട്ടിമാർക്ക് രജിസ്റ്റർ ചെയ്യണം. അതായതു തിരുവിതാംകൂറിൽ കച്ചവടക്കാർ ചെയ്യുന്നതുപോലെ—

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതു പുറത്തു കൊണ്ടുപോയി വില്ക്കുന്നതിനെ സംബന്ധിച്ചല്ലേ? സ്വന്തമായിട്ടുപയോഗിക്കുന്നതിനെപ്പററിയാണ് എന്റെ ചോദ്യം.

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേററർ): അതിലേക്കും സ്വന്തം പാസ് വേണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതിന് ഇവിടെ തടസ്സമില്ലേ? സ്വന്തം ഉപയോഗത്തിനു തടിമുറിച്ചുകൊണ്ടുപോകുന്നതിനു ബ്രിട്ടീഷ് മലബാറിലും കൊച്ചിയിലുമില്ല. വള്ളുവനാടു, വയനാടു മുതലായ പ്രദേശങ്ങളിൽ ഞാൻ സഞ്ചരിച്ചിട്ടുണ്ട്. അവിടെയെങ്ങും ഈ ഏർപ്പാടുള്ളതായിട്ടറിവില്ല. അങ്ങനെ ഉണ്ടെങ്കിൽ ഒന്നു വായിച്ചുകേട്ടാൽ കൊള്ളാം.

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേററർ): ഈ ബുക്കിൽ കടലാസു കുത്തിവച്ചിട്ടുള്ള ഭാഗങ്ങളെല്ലാം അതിനെപ്പററി വിവരിക്കുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബ്രിട്ടീഷ് ഇൻഡ്യയിൽ ഇവിടത്തെപ്പോലെ കുടിപ്പുരയിടങ്ങളിൽ നില്ക്കുന്ന വൃക്ഷങ്ങൾ ഗവർമ്മെന്റുകൾ വിറ്റു അതിന്റെ വില ഉടമസ്ഥന്മാർക്കു കൊടുക്കയാണോ പതിവെന്നു പറയുമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എന്റെ ചോദ്യത്തിനുത്തരം കിട്ടിയില്ല. ബ്രിട്ടീഷ് മലബാറിലും കൊച്ചിയിലും തങ്ങളുടെ പുരയിടങ്ങളിലെ തടി പുറത്തു വില്ക്കുന്നതിനു ഫാറസ്ററുകാരുടെ മുമ്പാകെ ഒരു സമ്മതപത്രം എഴുതിക്കൊടുത്താൽ അതിലേക്കു അനുവാദം കൊടുക്കുമെന്നു ഇവിടെ പ്രസ്താവിച്ചു. എന്നാൽ പുരയിടങ്ങളിൽനില്ക്കുന്ന തടികൾ സ്വന്താവശ്യത്തിനുപയോഗിക്കുന്നതിനു ഫാറസ്ററുകാരുടെ പാസു വേണമെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ ആ വകുപ്പു വായിച്ചാൽ കൊള്ളാം. ൨൦ കൊല്ലമായിട്ടു ഇതു പറഞ്ഞുകൊണ്ടിരിക്കയാണ്. ഇതുവരെ ഒരു നിവൃത്തിയും ഉണ്ടായിട്ടില്ല.

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേററർ): സ്വന്തം പുരയിടങ്ങളിലെ തടി വെട്ടി ഉപയോഗിക്കുന്നതിനു ആരുടെയും അനുവാദം വേണ്ട.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): സ്വന്തം പുരയിടങ്ങളിലെ തടി വേറെ ഒരു പുരയിടത്തിലേയ്ക്കു റോഡുവഴിയോ ആറുവഴിയോ കൊണ്ടുപോകാൻ പാസ് ആവശ്യമുണ്ടോ?

പ്രസിഡന്റ: റോഡുവഴിയും ആറുവഴിയും അല്ലാതെ എങ്ങിനെയാണ് കൊണ്ടുപോകുക?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): തലച്ചുമടായിട്ടു ചുമന്നു പുറത്തുകൊണ്ടുപോകാം.

പ്രസിഡന്റ: അങ്ങിനെയാണെങ്കിലും വഴിയിൽ കൂടിവേണ്ടേ പോകാൻ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഉൾനാട്ടുകളിൽ ചെറിയ മുകൾ ഉണ്ടായിരിക്കും. അവിടെ നിന്നും തടിവെട്ടി സാധാരണ ചുമന്നു കൊണ്ടുപോകാറുണ്ട്. അതിനും ഫ്റീപാസ്സില്ലാതെ സാധിക്കുന്നില്ല. അതുപോലെയുള്ള തടസ്ഥം മററു രാജ്യങ്ങളിലും ഉണ്ടെങ്കിൽ ഞങ്ങളും അനുഭവിക്കാം.

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേററർ): ആ മാതിരി തടസ്ഥം കൊച്ചിയിലും മററുസ്ഥലങ്ങളിലും ഉണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങനെ ഒന്നു വായിച്ചുകേട്ടാൽ കൊള്ളാം. ആ വകുപ്പുമാത്രംമതി;

പ്രസിഡന്റ: റോഡിൽക്കൂടെ കൊണ്ടുപോകയാണെങ്കിൽ പാസ്സുവേണം എന്നുള്ള കാര്യമാണോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഏതുവഴിയെങ്കിലും മറെറാരു പുരയിടത്തിലേക്കു ഉടമസ്ഥനു കൊണ്ടുപോകുന്നതിന്?

പ്രസിഡന്റ: അതിലേക്കു വേണ്ടാ എന്നാണു പറയുന്നതു്.

മി: തയ്യുകുഞ്ഞിരത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : ബ്രിട്ടീഷ് മലബാറിലും ഈ ഏർപ്പാടില്ല. കൊച്ചിയിലും ഇല്ല മൈസൂരിലും ഇല്ല, പിന്നെ എന്തിനാണിവിടെ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ബ്രിട്ടീഷ് ഇൻഡ്യയിൽ സ്വകാര്യ ഭൂമികളിൽ വളരുന്ന വൃക്ഷങ്ങൾ ഉടമസ്ഥൻ മുദ്രവയ്ക്കണമെന്നു നിർബന്ധമുണ്ടോ? ഇതിനെ സംബന്ധിച്ചുള്ള ചട്ടങ്ങൾ ഏതു ഭാഗത്താണെന്നു പറയുമോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറററ്) : അദ്ദേഹത്തിന്റെ പക്കൽ മദ്രാസ് ഫോറസ്റ്റ് കോഡ് ഉണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഉണ്ട്, പുറം?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറററ്): മദ്രാസ്- കൊച്ചിയിലെ ഫോറസ്റ്റ് ചട്ടങ്ങളും എന്റെ പക്കൽ ഉണ്ട്. തടിയുടെകാര്യത്തിൽ—

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും- കാർത്തികപ്പള്ളിയും) : ദയവുചെയ്തു കുറെ ഉറക്കെ.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറററ്) : സ്വകാര്യ ഭൂമികളിലെ തടിയുടെ കാര്യത്തിൽ ഡിസ്ട്രിക്ട് ആഫീസർ നമ്പർ അച്ചടിമാതിരിയിൽ അനുവാദം കൊടുക്കേണ്ടതാകുന്നു. ഇവിടെ ഞങ്ങളും ഫ്രീപാസ്സാണ് കൊടുക്കുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : സ്വകാര്യ ഭൂമികളിൽ നിന്നു തടി നീക്കംചെയ്യുന്നതിനു ബ്രിട്ടീഷിൻഡ്യയിൽ ഫ്രീപാസ്സോ അനുവാദമോ ആവശ്യമാണോ എന്നു പറയുമോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറററ്) : അവിടെ കലക്റ്റർ ഒരു പ്രത്യേകപരസ്യം പ്രസിദ്ധപ്പെടുത്തും. എന്നാൽ തിരുവിതാംകൂറിന്റെ കാര്യത്തിൽ സംസ്ഥാനംമുഴുവനും ഒരു ഡിസ്ട്രിക്ടായിട്ടാണു ഗണിക്കുന്നത്. ഇവിടെ അതല്ലാതെ അവകാശസംകോചനമൊന്നുമില്ല. പട്ടികയിലെ ക്ലിപ്ത സ്ഥലങ്ങളിൽ നിന്നോ അവിടെക്കോ അനുവാദം കൂടാതെ തടികൾകടത്തിക്കൊണ്ടു പോകുന്നതു നിയമവിരുദ്ധം ആയിരിക്കും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും- കാർത്തികപ്പള്ളിയും) : പട്ടികയിലെ ഭൂമികൾ എന്നു പറഞ്ഞതു് എന്താണ്.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറററ്) : അതു ഓരോ ഡിസ്ട്രിക്ടിനും പലതരത്തിലാണു. ആവശ്യം പോലെ ഭേദപ്പെടുത്തുകയും ചെയ്യും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും- കാർത്തികപ്പള്ളിയും) : പ്രഖ്യാപിച്ചതും ഡിസ്ട്രിക്ട് മുഴുവനും ഒന്നു തന്നെയാണോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറററ്) : അതു ഡിപ്പാർട്ടുമെന്റു മേലധികാരിയുടെ നിലയിൽ കലക്ടരുടെ യുക്തംപോലെയിരിക്കും. ഏതെങ്കിലും സ്ഥലം ഉൾപ്പെടുത്തണമെന്നു തോന്നിയാൽ അതു ഒരു പ്രത്യേക പരസ്യത്താൽ ഉൾപ്പെടുത്തും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും- കാർത്തികപ്പള്ളിയും) : തിരുവിതാംകൂറിന്റെ സംഗതിയിൽ സംസ്ഥാനംമുഴുവനും പട്ടികയിൽ ഉൾപ്പെട്ടതാകുന്നു എന്നു വിചാരിക്കുന്നു. ബ്രിട്ടീഷ്ഇൻഡ്യയിലെ കലക്ടരുടെ പരസ്യത്തിലെപ്പോലെ തിരുവിതാംകൂറിൽ വല്ല പ്രത്യേകസ്ഥലവുമുണ്ടോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറററ്) : എല്ലാനടപടികളും നിശ്ചയിച്ചിട്ടുള്ള അച്ചടിമാതിരി ഇവിടെ ഉണ്ട്. ഓരോ സംസ്ഥാനവും ആവശ്യം പോലെ ഭേദപ്പെടുത്തും.

മി: തയ്യുകുഞ്ഞിരത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : മലയാളത്തിൽ മറുപടിപറഞ്ഞാൽ കൊള്ളാം.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറററ്) : എനിക്കുമലയാളത്തിൽ പറയാൻ കഴികയില്ല.

മി. തയ്യുകുഞ്ഞിരത്തൊമ്മൻ (മൂവാററുപുഴയും- തൊടുപുഴയും) : മറുപടി മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

പ്രസിഡെന്റ : ഓരോമെമ്പരും ഇന്നഭാഷയിലെ സംസാരിക്കാവൂ എന്നുള്ളതു അവരവരുടെ സൗകര്യത്തെ അടിസ്ഥാനപ്പെടുത്തിയാണു. നിങ്ങളുടെ സൌകര്യത്തിനു വേണ്ടിമലയാളത്തിൽ സംസാരിക്കാമെന്നു പറഞ്ഞതുപോലെ കൺസെർവേററുക്കു ഇംഗ്ലീഷിൽ സംസാരിക്കുന്നതാകുന്നു സൌകര്യമെങ്കിൽ അതു് അനുവദിക്കാതിരിക്കാൻ തരമില്ല.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറററ്); തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പട്ടിക ഭൂമികളില്ല. ഇപ്പോഴത്തെചട്ടങ്ങൾ സംസ്ഥാനം മുഴുവനും പ്രാബല്യമുള്ളതാകുന്നു. എന്നാൽ പ്രയോഗത്തിൽ അവയ്ക്കു കൊടുക്കേണ്ടുന്നപ്രാബല്യം ഞങ്ങൾകൊടുക്കുന്നില്ല. ഉദാഹരണമായി, തടികൊണ്ടുപോകുന്ന ഒരാൾക്കു ആലപ്പുഴയോ ചേർത്തലയോ പാസ്സെടുത്തിട്ടാവശ്യം ഇല്ല. ഈ ചട്ടങ്ങൾ അനുസരിപ്പിക്കാൻ അവിടെ ആളും ഇല്ല. വനങ്ങൾ അടുത്തുള്ള പ്രദേശങ്ങളിലാണു ചട്ടങ്ങൾ ഊർജ്ജിതത്തിൽ വെച്ചിട്ടുള്ളതു. സാധാരണയായി തടി കാവൽസ്ഥലങ്ങൾ കഴിഞ്ഞു പോയാൻ പിന്നെ ചട്ടങ്ങൾ പ്രകാരം പ്രവർത്തിക്കാറില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): തിരുവിതാംകൂറിൽ പട്ടികഭൂമിഏർപ്പാടു നടപ്പിൽ വരുത്തുന്നതുകൊള്ളാമെന്നു കഴിഞ്ഞയാണ്ടിൽ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഒരു ഉപചോദ്യംമൂലം സൂചിപ്പിച്ചില്ലയോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറററ്): ഞാൻ ഓർക്കുന്നില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും- കാർത്തികപ്പള്ളിയും): മെയിൻ സെൻട്രൽ റോഡിനുകിഴക്കുള്ള ഭാഗങ്ങളിൽ ഈ ചട്ടങ്ങൾ ഊർജ്ജിതത്തിൽ ഇരിക്കട്ടെ എന്നും മററുപ്രദേശങ്ങളെ ഒഴിവാക്കണമെന്നും അന്നഭിപ്രായപ്പെട്ടില്ലയോ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറ്റർ): പാസ്സ് ആവശ്യമില്ലാത്ത സ്ഥലങ്ങൾ ഏതാണെന്നു ചട്ടങ്ങളിൽ ഉണ്ട്. പട്ടികഭൂമികൾക്കു ചില ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. തീരപ്രദേശങ്ങളിൽ റേഞ്ച് ആഫീസർ തന്നെ പാസ്സു കൊടുക്കും. വനം സംബന്ധിച്ച പ്രദേശങ്ങളിൽ റേഞ്ചാഫീസരുടെ ശിപാർശയനുസരിച്ചു ഡിവിഷനിൽ ഫാറസ്റ്റാഫീസർ പാസ്സു കൊടുക്കും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കഴിഞ്ഞയാണ്ടിൽ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറഞ്ഞ അഭിപ്രായം മെമ്പർ ഓർക്കുന്നുണ്ടോ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറ്റർ): പട്ടികപ്രദേശങ്ങളെപ്പററി കഴിഞ്ഞ യാണ്ടിൽ എന്തെങ്കിലും അഭിപ്രായം പറഞ്ഞതായി ഞാൻ ഓർക്കുന്നില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളെ ഫ്റീപാസ്സ് ഏർപ്പാടിൽ നിന്നു ഒഴിവാക്കണമെന്നു പറഞ്ഞതു അദ്ദേഹം ഓർക്കുന്നുണ്ടോ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറ്റർ): ഞാൻ ഓർക്കുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഫ്റീപാസ്സ് കേവലം വേണ്ടെന്നുവച്ചാൽ ഗവൺമെൻറിനു എന്താണു ദോഷം?

മി: ആർ. ധനക്കോടിപ്പിള്ള (വനംകൺസെർവേറ്റർ): കേവലം വേണ്ടെന്നോ? അങ്ങനെ ഗവൺമെൻറു ചെയ്യുന്നതു ആത്മഹത്യയായിരിക്കും.

അധികം വൃക്ഷങ്ങളില്ലാത്ത മദ്രാസ് മുതലായ സ്ഥലങ്ങളിൽ പോലും ഈ വ്യവസ്ഥ ഉണ്ടാക്കീട്ടുണ്ട്. ഓരോരുത്തനും ഇരുന്നൂറോ അഞ്ഞൂറോ ഏക്കർ വിസ്തീർണ്ണമുള്ള വനത്തിന്റെ ഉടമസ്ഥന്മാരുള്ള ഒരു സ്ഥലത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്നു മെമ്പർമാരുടെ സങ്കല്പത്തിനു ഞാൻ വിട്ടുകൊള്ളുന്നു.

പ്രെസിഡൻറും മിസ്റ്റർ കുഞ്ഞിത്തൊമ്മൻ: നിങ്ങൾക്കു ചോദിക്കാനുള്ളതു ഇപ്പോൾ ചോദിക്കാം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഫ്റീപാസ്സ് അതിന്റെ നാമം പോലെ തന്നെ ഫ്റീ ആയി കിട്ടുന്നുണ്ടെന്നു കൺസെർവേറ്റർ വിചാരിക്കുന്നുണ്ടോ?

മി: ആർ. ധനക്കോടിപ്പിള്ള (വനംകൺസെർവേറ്റർ): കൺസെർവേറ്ററുടെ അറിവു അങ്ങിനെ കിട്ടുന്നുണ്ടെന്നാണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഒരു ചെലവും കൂടാതെ ഫ്റീ ആയിട്ടു തന്നെ കിട്ടുന്നുണ്ടോ?

മി: ആർ. ധനക്കോടിപ്പിള്ള (വനംകൺസെർവേറ്റർ): അതെ, കിട്ടുന്നുണ്ട്.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): കുടിപ്പുരയിടങ്ങളിൽ നില്ക്കുന്ന ൩൦ ഇഞ്ചിനു താഴെയുള്ള തടിവെട്ടിക്കൊണ്ടുപോകുന്നതിനു ഉത്തരവാദി ആരാണെന്നു ചോദിച്ചപ്പോൾ അറിഞ്ഞുകൂട എന്നു കൺസെർവേറ്റർ മറുപടി പറഞ്ഞു. കുടിവക പുരയിടങ്ങളിൽ നില്ക്കുന്ന തടികളെ അവകാശം കുടികൾക്കും ഉണ്ടെന്നു വ്യവസ്ഥപ്പെടുത്തിയിരിക്കുമ്പോൾ മേലിൽ നല്ല ആദായം കിട്ടാവുന്ന ആ വൃക്ഷങ്ങളെ ഗവൺമെൻറു ചുമതലപ്പെടുത്തിയിരിക്കുന്നവർ ഉത്തരവാദിത്വം കൂടാതെ മുറിച്ചുകൊണ്ടുപോയാൽ അതിൽ ജനങ്ങൾക്കു സങ്കടമുണ്ടെന്നറിയാമോ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറ്റർ): കൺട്രാക്ട്രന്മാർ സാധാരണ അങ്ങനെ ചെയ്യുംറില്ല. അഥവാ അങ്ങനെ ചെയ്യുന്നപക്ഷം അതു പിശകാണെന്നു പറയുന്നതിനും നിവൃത്തിയില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): കൺട്രാക്ട്രന്മാരാണല്ലോ തടിവെട്ടിക്കൊണ്ടു പോകുന്നതു, അതു പരിശോധിക്കുന്നതിനും അവരുടെ പ്രവൃത്തികളെ അന്വേഷിക്കുന്നതിനും നിയുക്തരായിട്ടുള്ളതു ചുമതലയില്ലാത്ത ചില്ലറ ഉദ്യോഗസ്ഥന്മാരാണെന്നറിയാമോ?

മി: ആർ. ധനക്കോടിപ്പിള്ള (വനം കൺസെർവേറ്റർ): അതിനുത്തരം പറയാൻ ഞാൻ തയ്യാറില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഫ്റീപാസ് ഏർപ്പാടു നിറുത്തലാക്കിയാൽ ഗവൺമെൻറിന് വല്ലദോഷവും തട്ടുമോ?

മി: ആർ. ധനക്കോടിപ്പിള്ള (വനംകൺസെർവേറ്റർ): ചോദ്യം അവ്യക്തമാണ്. ഉദ്യോഗസ്ഥന്മാരുടെ എണ്ണം ശതമടങ്ങു വർദ്ധിപ്പിച്ചാലും അതു സാധിക്കയില്ല. രാജ്യത്തിന്റെ ഒരററം മുതൽ മറെറ അററംവരെയുള്ള വനങ്ങളുടെ സംരക്ഷണത്തിന് മതിയായ ചട്ടങ്ങൾ ഉണ്ട്. ഏതെങ്കിലും പ്രത്യേകസ്ഥലത്തു സാധിക്കുമായിരിക്കും, സംസ്ഥാനം മുഴുവനും സാധിക്കയില്ല.

എനിക്കവസാനമായി പറയാനുള്ളത് ഫ്രീപാസ്സ് ഏർപ്പാട് ഈ രാജ്യത്തിനു പ്രത്യേകമായിട്ടുള്ള ഒന്നല്ലെന്നാണു. അതു മററു രാജ്യങ്ങളിലുള്ളതു പകർത്തിയതാണു. പരിതസ്ഥിതികൾ പലതായിരിക്കും. തിരുവിതാംകൂറിൽ ഈ വ്യവസ്ഥ ഉണ്ടാക്കിയതു് യുദ്ധകാലത്തും അതിനുശേഷവും തടിക്കു അധികം ആവശ്യക്കാർ ഉണ്ടായിരുന്നപ്പോഴാണ്. ഗവൺമെൻറിന്റെ ഗുണത്തിനുമാത്രമല്ല ജനങ്ങളുടെ ഗുണത്തിനും അത്യാവശ്യമാണെന്നു തോന്നിയ ഒരു കാലത്താണു ഈ ഏർപ്പാടുണ്ടാക്കിയതു്. നമ്മുടെ രാജ്യത്തിന്റെ പ്രത്യേകസ്ഥിതിയെപ്പററി അന്നാലോചിക്കേണ്ടി വന്നു. തിരുവിതാംകൂറിൽ പതിച്ചുകൊടുത്ത ഭൂമികളോടു തൊട്ടുതന്നെ ഗവൺമെൻറുവക പതിച്ചുകൊടുക്കാത്ത ഭൂമികളും ഉണ്ടു. പതിച്ചുകൊടുക്കാത്ത ഭൂമികളിൽ നിന്നു തടികൾ വ്യാജമായി മുറിച്ചുകൊണ്ടുപോകാതെ നോക്കേണ്ടതു ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ ചുമതലയാകുന്നു. ഇപ്പോഴത്തെ നിരോധനഉത്തരവുകളും ചട്ടങ്ങളുമില്ലാതെ കാര്യക്ഷമതയോടെ ജോലികൾ നിർവ്വഹിക്കാൻ സാധിക്കയില്ല. ബ്രിട്ടീഷിൻഡ്യയിൽ കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ, ഉദാഹരണമായി ഉടമസ്ഥന്മാർക്കു തന്നെ പാസ്സു കൊടുക്കാനുള്ള അനുവാദം, ഇവിടെയും കൊടുത്താൽ അവർ അടുത്തുള്ള ഗവൺമെൻറു ഭൂമികളിൽ നിന്നും മരങ്ങൾ വെട്ടിയെടുത്തു അവരുടെ സ്വന്തമായി പാസ്സു കൊടുക്കും. അങ്ങനെ സംഭവിക്കാതിരിക്കാനാണ് ഇവിടെ ഈ ചട്ടങ്ങൾ ഉണ്ടാക്കിയതു് എനിക്കു അറിവുള്ളിടത്തോളം ഈ ഭൂമികളിൽ മിക്കതും പതിച്ചുകൊടുത്തുപോയി. ഇപ്പോൾ ഉള്ള ഭൂമികളുടെ വിസ്തീർണ്ണം പണ്ടത്തേതിൽ വളരെ കുറവാകുന്നു.

ഈയിടെ ഈയാണ്ടിൽ കൊടുത്ത പാസ്സുകളുടെ എണ്ണത്തെപ്പററി അന്വേഷിച്ചപ്പോൾ പാസ്സുകളുടെ എണ്ണം കുറഞ്ഞുവരുന്നു എന്നാണറിഞ്ഞതു്. കുറെമുമ്പു് ൨൦൦ മുതൽ ൩൦൦ വരെ അപേക്ഷകൾ ഉണ്ടായിരുന്നു. സെൻട്രൽ ഡിവിഷനിൽ ഇപ്പോൾ വളരെ ചുരുക്കം അപേക്ഷകളേയുള്ളു. ഈ ചട്ടങ്ങൾ ഉദ്ദേശിതത്തിൽ വെക്കുന്നതിനാൽ യഥാർത്ഥസങ്കടമുണ്ടെന്നു മെമ്പർമാർ ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തിയാൽ ചട്ടങ്ങൾ ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് ഭേദപ്പെടുത്താൻ മാത്രമേ കഴികയുള്ളു.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): പതിനഞ്ചുവർഷമായിട്ടു ഇങ്ങനെ പറഞ്ഞുവന്നിട്ടും ഇതുവരെ ഗവണ്മെൻറിനെ കൺവിൻസ് ചെയ്തിട്ടില്ലാ എന്നാണോ പറയുന്നതു്?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): ഇതുവരെ പറഞ്ഞതിൻെറ അർത്ഥം അങ്ങിനെയാണെന്നാണ് എൻെറ അഭിപ്രായം.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇങ്ങിനെ പറഞ്ഞതു് മെമ്പർ ഓർക്കുന്നുണ്ടോ?, "ഈ രാജ്യത്തിൻെറ മലമ്പ്രദേശത്തിൻെറ പടിഞ്ഞാറുഭാഗത്തേക്ക പാസ്സു വേണ്ടെന്നും കിഴക്കുഭാഗത്തുള്ള മലയോരങ്ങളിൽ മാത്രം പാസ്സുമതി എന്നുവെച്ചാലും വിരോധമില്ലായിരുന്നു.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): ഞാൻ ഓർക്കുന്നില്ല.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): വനം ഡിപ്പാർട്ടുമെൻറിൻെറ ഭരണം വാദവിഷയമാകുമ്പോൾ സഭയുടെ ഈ ഭാഗത്തുള്ള മെമ്പർമാർ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ താൻ ഓർക്കേണ്ടതാണെന്നു മെമ്പർ വിചാരിക്കുന്നില്ലേ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): ഓർത്തതിരുന്നില്ല കൺസർവേററുക്ക് ഒരു തലയേ ഉള്ളൂ. മററു ഭാഗത്തുള്ള മുപ്പത്തഞ്ചു തലയിൽ നിന്നുവന്നതെല്ലാം ഓർക്കാൻ അദ്ദേഹത്തിനു സാധിക്കയില്ല.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇതോർക്കാനും വേണ്ടും സ്മരണശക്തി കൺസർവേററുക്കില്ലയോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ); നിയമസഭാനടപടികൾ എല്ലാ പുസ്തകങ്ങളിലുമുള്ളതെല്ലാം മെമ്പർക്കു പറവാൻ കഴിയുമോ എന്നു ചോദിച്ചുകൊള്ളുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ സഭയുടെ നടപടികൾ ഗ്രന്ഥമാകാൻ തക്കതല്ലെന്നാണോ മെമ്പർ വിചാരിക്കുന്നതു്?

പ്രെസിഡൻറ: മി: ധനുഷ്കോടിപ്പിള്ള അങ്ങനെ പറഞ്ഞില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഈ കൌൺസിലിൽ നിന്നും തിരിഞ്ഞെടുത്തയച്ചിരുന്ന റയിൽ ട്രീകമ്മററിയുടെയും ഫീപാസ് കമ്മററിയുടെയും റിപ്പോർട്ടിൽ അനൌദ്യോഗസ്ഥമെമ്പർമാർ രേഖപ്പെടുത്തിയിട്ടുള്ള ഭിന്നാഭിപ്രായ റിപ്പോർട്ടുമേശമേൽ വയ്ക്കുന്നതിൽ കൺസർവേററുക്കു വിരോധമുണ്ടോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): രണ്ടുകമ്മററിയുണ്ടായിരുന്നു, അതിൽ ഏതിനെപ്പററിയാണ് മെമ്പർ പറയുന്നതു്

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): രണ്ടുകമ്മററിയുടെയും റിപ്പോർട്ടുകൾ മേശമേൽ വയ്ക്കുന്നതിൽ വിരോധമുണ്ടോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): ഭിന്നാഭിപ്രായങ്ങളെല്ലാം ഗവണ്മെൻറിലേയ്ക്കയയ്ക്കയും അതിന്മേൽ ഗവണ്മെൻറ ഉത്തരവു പുറപ്പെടുവിക്കയും അതു ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): രണ്ടുറിപ്പോർട്ടുകളും പ്രസിദ്ധപ്പെടുത്തീട്ടില്ലെന്നും അവകൾ മേശമേൽ വയ്ക്കുന്നതിനു കൌൺസിലിൽ ചോദിച്ചതിൽ മേശമേൽ വച്ചിട്ടില്ലെന്നും മെമ്പർക്കറിയാമോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറർ): ആദ്യം മിസ്റ്റർ കുഞ്ഞിത്തൊമ്മൻ റിപ്പോർട്ടുകൾ എല്ലാമെമ്പർമാർക്കും കൊടുക്കണമെന്നു ആവശ്യപ്പെട്ടു. ആ പ്രമേയം പാസ്സായശേഷം റിപ്പോർട്ടു അവർക്കു കൊടുക്കണോ എന്നു അക്കാലത്തെ പ്രസിഡെൻറു കല്പിച്ചു. എന്നെ സംബന്ധിച്ചേടത്തോളം വിരോധമൊന്നുമില്ല. മെമ്പർമാർക്കാവശ്യമെന്നുണ്ടെങ്കിൽ റിപ്പോർട്ടു മേശപ്പുറത്തുവയ്ക്കാം. ഇനി രാജകീയ വൃക്ഷങ്ങളെപ്പററിയും പറയാം. മുറിപ്പെടാത്ത വൃക്ഷങ്ങൾ വെട്ടിക്കളയുന്നു എന്നു ഇന്നലെ മി: ഉമ്മൻ പറഞ്ഞു. ഈ വൃക്ഷങ്ങൾ വെട്ടുന്നതിനെപ്പററി ഞങ്ങൾ ഉത്തരവുകൾ ഒന്നും അയച്ചിട്ടില്ലെന്നാണ് അതിനുമറുപടി. മുളകുകൊടികൾ ഇട്ടു വളർത്തുന്ന വൃക്ഷങ്ങളും വെട്ടിക്കളയുന്നു എന്നു മി: കുഞ്ഞിത്തൊമ്മൻ പറകയുണ്ടായി. അതു എത്രത്തോളം വാസ്തവമാണെന്നു എനിക്കറിഞ്ഞുകൂടാ അതിനെപ്പററി പാലായിൽ നിന്നും എനിക്കൊരു കമ്പികിട്ടി. അതു ഡിവിഷണൽ ആഫീസർക്കു അയച്ചുകൊടുത്തു. തേക്കു മരങ്ങളിൽ കുരുമുളകു മുളകുവള്ളികൾ വളരുന്നുണ്ടെങ്കിൽ മുളകിനു ഇതുവിധ കൂട്ടത്തിൽ ഉള്ള ഈ കാലത്തു അങ്ങനെയുള്ള വൃക്ഷങ്ങൾ വെട്ടരുതെന്നു ഞാൻ അദ്ദേഹത്തോടു മുഖദാവിൽ ആജ്ഞാപിക്കയും ചെയ്തിട്ടുണ്ട്. ഡിവിഷൻ ആഫീസർ എനിക്കു തന്നവിവരം കൊണ്ടു എൻെറ ആജ്ഞപ്രകാരം തന്നെ നടക്കുന്നുണ്ടെന്നാണ് എനിക്കു മനസ്സിലായതു. മി: കുഞ്ഞിത്തൊമ്മൻ പറയും പ്രകാരം ചുമതലയില്ലാത്തവല്ല ഉദ്യോഗസ്ഥന്മാരും ചില വൃക്ഷങ്ങൾക്ക മുദ്രവെക്കയും കൺട്രാക്റ്റർമാർ മുറിക്കയും ചെയ്തിട്ടുണ്ടായിരിക്കാം. അങ്ങനെയുള്ള കേസുകൾ ദുർല്ലഭമാണെന്നാകുന്നു എൻെറ വിശ്വാസം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സാധാരണവണ്ണത്തിൽ കുറഞ്ഞവൃക്ഷങ്ങൾ മുറിച്ചതിനു വല്ല കൺട്രാക്റ്റരുടെ മേലോ കീഴുദ്യോഗസ്ഥന്മാരുടെ മേലോ വല്ലപ്പോഴും വല്ല നടപടിയും നടത്തീട്ടുണ്ടോ?

പ്രസിഡെൻറ: മുളകുകൊടിയുള്ള വൃക്ഷങ്ങളെപ്പററിയാണ് അദ്ദേഹം സംസാരിക്കുന്നതു.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): വൃക്ഷങ്ങൾ വെട്ടുന്നതിനെപ്പററി കർശനമായ ചട്ടങ്ങൾ ഇല്ല. വല്ലപ്രത്യേക ആവശ്യവും ഉണ്ടാകുമ്പോൾ ഉദാഹരണമായി മുറജപത്തിനു നിശ്ചിതവണ്ണമില്ലാത്ത വൃക്ഷങ്ങളും മുറിക്കാറുണ്ട്. ഉരശ്രവണ കനിത്തൂണുകൾക്കു തടി വേണമെന്നു നാഗരുകോവിൽ എക്സിക്യൂട്ടീവ് എൻജിനീയർ ആവശ്യപ്പെട്ടു. അപ്പോൾ നിശ്ചിതവണ്ണമില്ലാത്ത വൃക്ഷങ്ങൾ മുറിക്കേണ്ടിവന്നു. എന്നാൽ സാധാരണയായി അങ്ങനെ ചെയ്യാറില്ല. രാജകീയവൃക്ഷങ്ങളുടെ കാര്യത്തിൽ കമ്മിററിയുടെ റിപ്പോർട്ട് ഗവണ്മെൻറിൻെറ മുമ്പാകെ ഇരിക്കുന്നു. ഗവണ്മെൻറിൻെറ ഗാഢമായ ചിന്ത അതിൽ പതിഞ്ഞിട്ടുണ്ടെന്നാണ് എൻെറ അറിവു. ഇതിലധികം പറവാൻ എനിക്കു പാടില്ല. ഈ സഭയിൽ പ്രസ്താവിച്ചിട്ടുള്ള അഭിപ്രായങ്ങൾ സഭാനടപടികളിൽ ചേർത്തിട്ടുള്ളതും മിസ്റ്റർ ഡൊമിനിക്ക് തൊമ്മനും, മിസ്റ്റർ കുഞ്ഞിത്തൊമ്മനും രേഖപ്പെടുത്തിട്ടുള്ള എതിരഭിപ്രായങ്ങളും ഗവണ്മെൻറിൻെറ ആലോചനയ്ക്കു വിഷയമാകുന്നതാണു. അത്രയും ഉറപ്പു എനിക്കു തരാൻ നിവൃത്തിയുള്ളു.

മി: മാത്യുമുരിക്കൻ (വൈക്കം): സർ, ഈ വാദപ്രതിവാദത്തിൽ പങ്കെടുക്കണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. കൺസർവേറററുടെ നില ഇത്ര നിർദ്ദയമായിരുന്നില്ലെങ്കിൽ ഞാൻ ഇതിൽ ഇടപെടുകയുമില്ലായിരുന്നു. സർ, മൂന്നു കാരണങ്ങളാൽ ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഒന്നാമതു ഈ സംഗതി ഇവിടെ വാദവിഷയമായതു ഇപ്പോൾ ആദ്യമായിട്ടല്ല. കഴിഞ്ഞ പ്രാവശ്യവും ഒരു ഉപക്ഷേപം ഹാജരാക്കിയിരുന്നു. സവിസ്തരം വാദപ്രതിവാദം നടന്നശേഷം അതു പാസ്സാക്കപ്പെട്ടു, എന്നിട്ടും കൺസർവേറ്റർ പറഞ്ഞതു ഇതിനെപ്പററി അന്വേഷണമൊന്നും നടത്തിയില്ലെന്നാണ്. ഒരു തീർച്ചയുണ്ടാകാൻ യാതൊരു നടപടിയും നടത്തിയില്ല. പ്രമേയങ്ങളും വാദങ്ങളും ആവർത്തിച്ചിട്ടാവശ്യം ഇല്ലെന്നു ആരൊ പറഞ്ഞു എന്നു അദ്ദേഹം പറഞ്ഞു. ഇതൊരു വ്യാഖ്യാനമാണു. എന്തായിരുന്നാലും അതു ഈ സഭയിൽ ആർക്കും അഭിമാനകരമല്ല.

പ്രസിഡൻറ്: നിങ്ങൾ എന്താണു പറഞ്ഞതു്? എനിക്കു മനസ്സിലായില്ല.

മി: മാത്യുമുരിക്കൻ (വൈക്കം): ഒരു പ്രമേയം പാസ്സാക്കിട്ടുള്ളതുകൊണ്ടു്, അതു ദീർഘമായി ആലോചിച്ചിട്ടാവശ്യമില്ലെന്നാണു പറഞ്ഞതു്.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഞാൻ അങ്ങനെ പറഞ്ഞില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രമേയം പാസ്സായതുകൊണ്ടു റിക്കാർട്ടുകൾ നോക്കിട്ടാവശ്യം ഇല്ലെന്നു ദിവാൻ കല്പിച്ചു എന്നു കൺസർവേറ്റർ പറഞ്ഞു.

പ്രസിഡൻറ്: അദ്ദേഹം പറഞ്ഞതു് അങ്ങനെയല്ല. കമ്മിററിക്കൽ റിപ്പോർട്ടു മേശപ്പുറത്തു വെക്കണമെന്നു വാദം ഉണ്ടായപ്പോൾ, ഇവിടത്തെ വാദപ്രതിവാദം തീർന്നശേഷം റിപ്പോർട്ടു മേശപ്പുറത്തു വെച്ചിട്ടാവശ്യമില്ലെന്നു ദിവാൻ പറഞ്ഞു. പ്രമേയത്തെപ്പററി ആലോചിക്കണമോ എന്നല്ല പറഞ്ഞതു്, ആരും അങ്ങനെ പറഞ്ഞില്ല. അദ്ദേഹവും പറഞ്ഞില്ല.

മി: മാത്യുമുരിക്കൻ (വൈക്കം): ഏതായാലും സഭാനടപടികളെപ്പററി മിസ്റ്റർ ആശാൻ പറഞ്ഞപ്പോൾ ഈ സഭയിൽ നടന്നതെന്താണെന്നു തനിക്കറിവില്ലെന്നു അദ്ദേഹം പറഞ്ഞു.

പ്രസിഡൻറ്: അദ്ദേഹം അങ്ങനെ പറഞ്ഞില്ല. തനിക്കോർമ്മയില്ലെന്നാണു അദ്ദേഹം പറഞ്ഞതെന്നു തോന്നുന്നു.

മി: മാത്യുമുരിക്കൻ (വൈക്കം): ഈ അവസരത്തിൽ അദ്ദേഹം ഇക്കാര്യം ഓർക്കാഞ്ഞതു ആശ്ചര്യം തന്നെ. അതിനാൽ ഈ ഒരു കാരണത്തിന്മേൽ ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. രണ്ടാമതു് ഇതിൽ അടങ്ങിയിരിക്കുന്ന തത്വം വസ്തുക്കളുടെ പ്രഥമാവകാശത്തെ ബാധിക്കുന്ന ഒന്നാകുന്നു. ആ വസ്തുവിൻെറ ഉടമസ്ഥതയെ ധ്വംസനം ചെയ്യുന്നതാണ്. ഞങ്ങളുടെ വസ്തുക്കളെക്കൊണ്ടു എന്തുചെയ്യാൻ ഞങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ഇതിൽ അടങ്ങിയിരിക്കുന്ന തത്വം സാധാരണ സ്വാതന്ത്ര്യത്തെ തടയുന്നതാകുന്നു. വേറൊരു സംഗതിയും എനിക്കു ഇതിനെ സംബന്ധിച്ചു പറവാനുണ്ടു്. ഇതൊരു പ്രാധാന്യമേറിയ സാമ്പത്തികവിഷയമാകുന്നു. അതിനെ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഭംഗിയായി വിശദീകരിച്ചു. കുറെ വർഷങ്ങൾ കഴിഞ്ഞാൽ ഇങ്ങനെയുള്ള വൃക്ഷങ്ങൾ തിരുവിതാംകൂറിൽ ഉണ്ടായിരിക്കയില്ല. അങ്ങനെയിരിക്കെ കൺസർവേറ്റർ ഇത്ര നിർദ്ദയമായ ഒരു നില അവലംബിച്ചിരിക്കുന്നതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. രാജ്യത്തിൻെറ സാമ്പത്തികാഭിവൃദ്ധിയിൽ ഒരു വനം കൺസർവേറററക്കു ഉണ്ടായിരിക്കേണ്ടുന്ന താല്പര്യം അദ്ദേഹത്തിനുണ്ടെങ്കിൽ അദ്ദേഹമാണു ഈ സഭയിൽ ഒന്നാമതായി എഴുന്നേററുനിന്നു ഇങ്ങനെ പറയേണ്ടതു്. "കൊള്ളാം, രാജ്യത്തിൻെറ സാമ്പത്തികാഭിവൃദ്ധിക്കു ഇതത്യാവശ്യമാകുന്നു. ഈ ചട്ടങ്ങൾ ഊർജ്ജിതത്തിലിരുന്നാൽ ഇങ്ങനെയുള്ള വൃക്ഷങ്ങൾ ഉണ്ടാകയില്ല. നമ്മുടെ ആവശ്യങ്ങൾക്കു വിദേശങ്ങളെ ആശ്രയിക്കേണ്ടിവരും." ഇനി ജനങ്ങളുടെ അസൌകര്യങ്ങളെയും സങ്കടങ്ങളെയുംപററി അദ്ദേഹത്തിനു യാതൊരറിവും ഇല്ലെന്നാണു തോന്നുന്നതു്. അതാകുന്നു ഞങ്ങളുടെ വലിയ സങ്കടം. ഞങ്ങൾ എന്തെങ്കിലും ന്യൂനത ചൂണ്ടിക്കാണിച്ചാൽ അദ്ദേഹത്തിനു അതിനെപ്പററി അറിവില്ലെന്നു പറയും. അതുകൊണ്ടാണു മെമ്പർമാർ പിന്നെയും പിന്നെയും ചോദിക്കുന്നതു്. ഇതിനെ സംബന്ധിച്ചു രണ്ടു കാര്യങ്ങൾ അറിയേണ്ടതായിട്ടുണ്ടു്. കൺട്രാക്ടർമാർ വൃക്ഷം വെട്ടിക്കൊണ്ടു പോകുമ്പോൾ കുടിയാന്മാർക്കു വലിയ സങ്കടത്തിനിടയാകുന്നു. ഗവണ്മെൻറിനു മരാദായവുമില്ലതാനും. വെട്ടുന്ന കൂലിയുംകൊണ്ടു പോകുന്ന കൂലിയും കുറച്ചാൽ ബാക്കിയൊന്നും ഉണ്ടാകുകയില്ല. ഡിപ്പാർട്ടുമെൻറിൻെറ ചിലവു കണക്കാക്കുമ്പോൾ അതിൻെറ വരവു കണക്കാക്കുന്ന നയമാണു ഇവിടെയും കാണുന്നതു്. ഞാൻ ഇന്നാൾ ബഡ്ജററു പരിശോധിച്ചപ്പോൾ ഡിപ്പാർട്ടുമെൻറിൻെറ വരവിനും ചിലവിനും യാതൊരു അനുരൂപ്യവും ഇല്ലെന്നു കണ്ടു. ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചുള്ള സാധാരണ നയം അതാണെന്നു തോന്നുന്നു. ഫ്രീപാസ്സിൻെറ കാര്യത്തിൽ എൻെറ വലിയ സങ്കടം പാസ്സ് "ഫ്രീ" (സൌജന്യം) അല്ലെന്നുള്ളതാണ്. അതാകുന്നു ഞങ്ങൾക്കുള്ള വലിയ പ്രയാസം. വനപ്രദേശങ്ങളിൽമാത്രമേ ചട്ടങ്ങൾ ഊർജ്ജിതത്തിലുള്ളു എന്നു കൺസർവേറ്റർ പറയുന്നുണ്ടു്. ചട്ടങ്ങൾ മററു പ്രദേശങ്ങളിൽ ഊർജ്ജിതത്തിലില്ലെങ്കിൽ അവയെ എന്തിനു വച്ചുകൊണ്ടിരിക്കുന്നു. അവ ഊർജ്ജിതത്തിലില്ലാതാകുമ്പോൾ അവയെ റദ്ദു ചെയ്യണം.

ഈ ചട്ടങ്ങൾ ആവശ്യമില്ലെന്നു അദ്ദേഹം സ്പഷ്ടമായി സമ്മതിക്കുന്നു. അങ്ങനെയാണെങ്കിൽ അവയെ ഒരു ദിവസമെങ്കിലും വച്ചുകൊണ്ടിരിക്കുന്നതിനുള്ള ആവശ്യം ഞാൻ കാണുന്നില്ല. ഈ പ്രസ്താവനകളോടുകൂടെ ഞാൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ ഹാർദ്ദമായി അനുകൂലിച്ചുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വാദവിഷയത്തെ സംബന്ധിച്ച് സഭയുടെ ഈ ഭാഗത്തുള്ളവർക്ക് ഉത്തമമായി തോന്നിയതെല്ലാം കൺസെർവേറററോടു പറഞ്ഞു കഴിഞ്ഞു. അവയെക്കാൾ വിശേഷമായുള്ള വല്ലതും അദ്ദേഹം പ്രതീക്ഷിക്കുന്നുണ്ടായിരിക്കാം. എന്നാൽ ഞങ്ങൾ ഇവിടെ വന്നിരിക്കുന്നതു എല്ലാം ന്യൂനതകളൊന്നുമില്ലാത്ത പൂർണ്ണമാക്കാനോ കൺസെർവേറർ സ്വീകരിക്കത്തക്ക അഭിപ്രായങ്ങൾ പറവാനോ അല്ല. ഞങ്ങൾ സഭ മുമ്പാകെ ചില അഭിപ്രായങ്ങൾ കൊണ്ടു വരുന്നു. കൺസെർവേറററുടെ ഭാഗത്തുള്ള മെമ്പർമാർ ഞങ്ങളുടെ ന്യൂനതകളെ നിഷ്പക്ഷമായി വിചാരിക്കയും അവയെ സംബന്ധിച്ച് കണ്ടുപിടിച്ചു കളയുകയോ ചെയ്യുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. അതുകൊണ്ടു ഈ ഭാഗത്തുള്ള മെമ്പർമാർ വിശിഷ്ടമായ ഒരു സംഗതിയും പ്രസ്താവിച്ചില്ലെന്നു വിലപിച്ചിട്ടാവശ്യം ഇല്ല. തിരുവിതാംകൂറിൽ ഉള്ളതുമാതിരി ഒരു പ്രീപ്പാസ് വ്യവസ്ഥ മറെറാരു രാജ്യത്തും ഇല്ലെന്നു ഇന്നലെ ഞാൻ പറകയുണ്ടായി. എന്നാൽ അതിനെ സംബന്ധിച്ച് അതു മററു സ്ഥലങ്ങളിലും നടപ്പുണ്ടെന്നു മാത്രം കൺസെർവേറർ പറഞ്ഞു. ഈ മാന്വൽ പുസ്തകം വായിച്ചു നോക്കിയതിൽ തിരുവിതാംകൂറിലേതുപോലെയുള്ള ഒരു പ്രീപാസ്സ് ഏർപ്പാടു മറെറാരു സ്ഥലത്തും ഉള്ളതായി കാണുന്നില്ല. ബ്രിട്ടീഷ് ഇൻഡ്യയിൽ കുടിപ്പക പുരയിടങ്ങളിൽ വളരുന്ന വൃക്ഷങ്ങളെ സംബന്ധിച്ച് ആരെങ്കിലും പാസ്സ് വാങ്ങണമെന്നു ഒരു നിയമമില്ല. ചില പ്രത്യേക പുരയിടങ്ങളിൽ നിന്നു തടി നീക്കം ചെയ്യണമെങ്കിൽ അതിനു അപേക്ഷ കൊടുക്കേണ്ടതാണെന്നു, അതിനാവശ്യം വേണ്ടുമ്പോൾ കളക്ടർ ഗവണ്മെൻറു ഗസററിൽ ഒരു പരസ്യം പ്രസിദ്ധപ്പെടുത്തും. ഡിവിഷണൽ ഫാറസ്റ്റ് ആഫീസുകളിലും കളക്ടരുടെ ആഫീസിലും ചട്ടങ്ങളുടെ അച്ചടിച്ച പ്രതികൾ സൂക്ഷിക്കുന്നുണ്ട്. "ഞാൻ ഇന്നയിന്ന നമ്പർ നമ്പരുകളിൽ നിന്നു വൃക്ഷങ്ങൾ നീക്കം ചെയ്യാൻ ആലോചിക്കുന്നു, അതിനു ആറുമാസത്തെ ഇട അനുവദിച്ചു തരണം," എന്നു അച്ചടി മാതിരിയിൽ ചേർത്തു കൊടുത്താൽ മതി. ഉടനെ തന്നെ അതു ഉടമക്കു കൊടുക്കയും ഒരു പകർപ്പു പരിശോധനക്കായി ഡിവിഷണൽ ഫോറസ്റ്റാഫീസിലേക്കു അയക്കയും ചെയ്യും. ബ്രിട്ടീഷ് ഇൻഡ്യയിലെ ചട്ടം അതാണ്. ബ്രിട്ടീഷിൻഡ്യയിലെ ചട്ടത്തിനും തിരുവിതാംകൂർ ചട്ടത്തിനും വല്ല സമത്വവും ഉണ്ടോ എന്നു ഞാൻ ചോദിച്ചു കൊള്ളുന്നു. എന്റെ അറിവു നിസ്സാരവും അടിസ്ഥാനരഹിതവും ആണെന്നു കൺസെർവേറർ പറയുന്നു. അദ്ദേഹം ശരിയായ വിവരം സഭാ മുമ്പാകെ വയ്ക്കുമെന്നു ഞാൻ വിശ്വസിച്ചിരുന്നു. അദ്ദേഹത്തിനുള്ള അറിവു അതിലും തുച്ഛമാണെന്നു കാണുന്നു. പിന്നെയും, സർ, ഒരു ചോദ്യത്തിനു അദ്ദേഹം മറുപടി പറഞ്ഞതു തടിയുടെ ഉടമസ്ഥൻ അതിനു മുദ്രവെക്കാൻ നിർബന്ധിതനാണെന്നാണ്, അദ്ദേഹം മ. ള. വ്യ.-ാം പുറം ആധാരമായി പറകയും ചെയ്തു. അവിടെ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"വടക്കേ മലബാറിന്റെ സംരക്ഷിതഭാഗത്തു കച്ചവടത്തിനായി ഇറക്കുമതി ചെയ്കയോ കയററുമതി ചെയ്കയോ ഒരു ഭാഗത്തു നിന്നു മറെറാരു ഭാഗത്തേക്കു കൊണ്ടു പോകയോ ചെയ്യുന്ന തടികളുടെ ഉടമസ്ഥാവകാശം അതിന്മേൽ ഒരു മുദ്ര കൊണ്ടു അടയാളപ്പെടുത്തണം. തെക്കേ മലബാറിൽ ഒരു ഭാഗത്തുനിന്നു മറെറാരു ഭാഗത്തേക്കു കൊണ്ടുപോകുന്ന തടികളും അങ്ങനെ അടയാളപ്പെടുത്തേണ്ടതാകുന്നു."

തടികൾ അടയാളപ്പെടുത്തുന്നതിന്റെ ഉദ്ദേശം അതിന്റെശേഷം ഇങ്ങനെ വിവരിച്ചിരിക്കുന്നു.

"മുദ്രകൾ ഡിസ്ട്രിക്ട് ഫോറസ്റ്റാഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു. എന്നാൽ ഒരു മുദ്ര ഗവണ്മെൻറു മുദ്രയിൽ നിന്നോ വേറൊരു ഉടമസ്ഥന്റെ മുദ്രയിൽനിന്നോ എളുപ്പത്തിൽ തിരിച്ചറിവാൻ കഴികയില്ലെന്നു അദ്ദേഹം വിചാരിക്കുന്നു എങ്കിലും വേറെവല്ലമതിയായ കാരണമുണ്ടായിരുന്നാലും ഡിസ്ട്രിക്ട് ഫാറസ്റ്റാഫീസർക്കു അതിന്റെ രജിസ്ട്രേഷൻ നിഷേധിക്കയോ റജിസ്റ്റർ ചെയ്തുപോയിട്ടുണ്ടെങ്കിൽ അതിന്റെ രജിസ്ട്രേഷൻ ദുർബ്ബലപ്പെടുത്തുകയോ ചെയ്യാവുന്നതാകുന്നു. എന്നാൽ അങ്ങനെയുള്ള കാരണങ്ങൾ രേഖപ്പെടുത്തി അദ്ദേഹം കളക്ടറിന്റെ അനുമതിക്കു അയച്ചുകൊടുക്കയും വേണം."

കൺസെർവേറർ ചൂണ്ടിക്കാണിച്ചഭാഗം കൊണ്ടുതന്നെ അദ്ദേഹത്തിന്റെ വാദം ശിഥിലമായി പോയിരിക്കുന്നു. മുദ്രയുടെ ആവശ്യം തടികൾ വടക്കെമലബാറിന്റെയും തെക്കെമലബാറിന്റെയും സംരക്ഷിതഭാഗങ്ങളിൽ തടികൾ കച്ചവടത്തിനായികൊണ്ടു പോകുന്നതിനും ഇറക്കുമതിചെയ്യുന്നതിനും കയററുമതിചെയ്യുന്നതിനും ആകുന്നു. അതിന്റെ ഉദ്ദേശം കച്ചവടത്തിനുള്ള ഗവണ്മെൻറുവക തടികളും കുടിയാൻവക തടികളും തമ്മിൽ കുഴപ്പമുണ്ടാകാതിരിക്കണമെന്നും ആകുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആ വകുപ്പുതന്നെ ആധാരമായി കൺസെർവേറർ ഉദ്ധരിച്ചതു ഗ്രഹണശക്തിയുടെ വ്യത്യാസം കൊണ്ടാണോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇവിടെ നടപ്പുള്ളമാതിരി പ്രീപാസേർപ്പാടു മറെറങ്ങുമില്ലെന്നുള്ള എന്റെ വാദം ശരിയല്ലെന്നു കൺസെർവേറർ തെളിയിച്ചിട്ടില്ലാത്തതിനാലും, അതു നിറുത്തലാക്കേണ്ടതാകുന്നു. ഈ പ്രസ്താവനകളോടുകൂടെ പ്രമേയം സഭയുടെ ഗൌരവമായ ആലോചനയ്ക്കു വിടുന്നു.

മി: ആർ. ധനുഷ്ക്കോടിപ്പിള്ള (വനം കൺസെർവേറർ): മ. ള. വ്യ.-ാം പുറത്തുള്ള ചട്ടം ശരിയായി വായിച്ചാൽ അതു വടക്കെ മലബാറിനെ മാത്രം സംബന്ധിച്ചാണെന്നു കാണാമെന്നല്ലാതെ അധികമൊന്നും എനിക്കു പറവാനില്ല. അവകാശമുദ്രരജിസ്റ്റർ ചെയ്തു മേടിക്കുന്നതു കച്ചവടക്കാർ മാത്രമല്ല ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു തടികടത്തിക്കൊണ്ടു പോകാൻ ആവശ്യമുള്ള ഉടമസ്ഥന്മാരും വേണം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഞങ്ങൾ അദ്ദേഹം കേൾക്കുന്നില്ല.

പ്രസിഡൻറ്: ദയവുചെയ്തു കുറേ ഉറക്കെ സംസാരിക്കുക.

മി: ആർ. ധനുഷ്ക്കോടിപ്പിള്ള (വനംകൺസെർവേറർ): പ്രീപാസ്സ് ചട്ടങ്ങളെ സംബന്ധിച്ചു അവ മറെറാരു സ്ഥലങ്ങളിൽ നടപ്പുള്ളതിനെ ഇവിടത്തെ സ്ഥിതിയനുസരിച്ചു ഭേദപ്പെടുത്തി ഉണ്ടാക്കിയതാണെന്നു ഞാൻ ആദ്യം മുതല്ക്കേ പറയുന്നുണ്ട്. വടക്കേമലബാറിലും ഉള്ള ചട്ടങ്ങളെ സംബന്ധിച്ചു മി. നീലകണ്ഠപ്പിള്ള

പരാകുണ്ടായി. എന്നാൽ തിരുവിതാംകൂർ പുറംനോക്കിയാൽ അതാതു പ്രദേശത്തെ സ്ഥിതിയനുസരിച്ചു ഭേദങ്ങൾ വരുത്തി ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു മദ്രാസ് ഗവണ്മെൻറു ഒരു മാതൃകാമാതിരി ഉണ്ടാക്കിയിട്ടുള്ളതായികാണാം. അതിലും ഇങ്ങനെയൊരു വകുപ്പുണ്ട്.

"കച്ചവടത്തിനായി ഇറക്കുമതിചെയ്യുകയൊ കയററുമതിചെയ്യുകയോ സംരക്ഷിതപ്രദേശങ്ങളിൽ ഒരിടത്തുനിന്നു മററൊരിടത്തേക്കു നീക്കംചെയ്യുകയൊ ചെയ്യുന്ന തടികളുടെ ഉടമസ്ഥാവകാശം ഒരു മുദ്രയാൽ അടയാളപ്പെടുത്താവുന്നതാകുന്നു."

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൺസെർവേററർ പറഞ്ഞ വാചകം വീണ്ടും ഉദ്ധരിച്ചു കേൾപ്പിച്ചുകൊള്ളട്ടെ?

"(എ) പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രദേശങ്ങളിൽ ൩-ാം ചട്ടത്തിൽ വിവരിച്ച പ്രകാരമുള്ള അനുവാദപത്രം കൂടാതെ തടികൾ ഇറക്കുമതിചെയ്യുകയോ കയററുമതിചെയ്യുകയൊ ഒരു സ്ഥലത്തുനിന്നു മററൊരു സ്ഥലത്തേക്കു കൊണ്ടുപോകയൊ ചെയ്യുന്നതു നിയമവിരുദ്ധമായിരിക്കും."

മി: ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേററർ): തിരുവിതാംകൂറിനെ സംബന്ധിച്ച സംരക്ഷിതപ്രദേശം രാജ്യം മുഴുവനുമാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): "അടയാളപ്പെടുത്താവുന്നതാകുന്നു" എന്നു മാത്രമേ പറഞ്ഞിട്ടുള്ളു.

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): അടയാളപ്പെടുത്താവുന്നതാകുന്നു. ചട്ടങ്ങൾ ഭേദപ്പെടുത്തണമെന്നൊ പരിഷ്കരിക്കണമെന്നൊ ആയിരുന്നു മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ പ്രമേയം എങ്കിൽ ഞാൻ സന്തോഷത്തോടെ അനുകൂലിക്കുമായിരുന്നു. എന്നാൽ പ്രമേയം ഇപ്പോഴത്തെ മാതിരിയിൽ ഫ്രീപ്പാസ്സ് ഏർപ്പാട് കേവലം നിറുത്തണമെന്നാണ്. അങ്ങനെ ചെയ്യുന്നതു ഞാൻ മുമ്പു പറഞ്ഞപ്രകാരം ഡിപ്പാർട്ടുമെൻറിന്റെ അഭിവൃദ്ധിക്കും ഗവണ്മെൻറിന്റെ ആദായത്തിനും ഹാനികരമായിരിക്കും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ സഭയിൽ നടക്കുന്ന വാദപ്രതിവാദം അനുസരിച്ചു ഫ്രീപാസ് ചട്ടങ്ങൾ ഭേദപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): പ്രമേയം പാസ്സാക്കിയില്ല. ഇവിടെ നടന്ന വാദത്തെപ്പററി ഒരു അവ്യക്താഭിപ്രായം ഉണ്ടാകാനേ തരമുള്ളു. അതുകൊണ്ടു ഇവിടെ പ്രസ്താവിക്കുന്ന എല്ലാം അഭിപ്രായങ്ങളുമനുസരിച്ചു നടപടിനടത്തണമെന്നില്ല.

പ്രെസിഡൻറു: മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞപ്രകാരം ബ്രിട്ടീഷ്ഇൻഡ്യയിൽ സംരക്ഷിതപ്രദേശങ്ങൾ ഉള്ളതുപോലെ ഇവിടെ തിരുവിതാംകൂറിലും ചില പ്രത്യേകപ്രദേശങ്ങൾമാത്രം ഫ്രീപ്പാസ്സ് ചട്ടങ്ങളുടെ വ്യാപ്തിയിൽ വെക്കയും ശേഷം പ്രദേശങ്ങളെ ആ ചട്ടങ്ങളുടെ വ്യാപ്തിയിൽനിന്നു ഒഴിവാക്കുകയും ചെയ്യാൻ കഴികയില്ലയോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): അങ്ങിനെ ചെയ്യാൻ കഴിയും. ബ്രിട്ടീഷ്ഇൻഡ്യയിലെ സംരക്ഷിതപ്രദേശങ്ങൾപോലെ ഇവിടെയും ഉണ്ടാക്കുന്നതിനു ചട്ടങ്ങൾ ഭേദപ്പെടുത്താൻ സഭയുടെ ഈ ഭാഗത്തെ മെമ്പർമാർക്ക് ആഗ്രഹമുണ്ടെങ്കിൽ ഇവിടെ അതു എളുപ്പത്തിൽ ഏർപ്പെടുത്താം. മെമ്പർമാർ അതുകൊണ്ടു തൃപ്തിപ്പെടുമെങ്കിൽ ഗവണ്മെൻറു അക്കാര്യം ആലോചിക്കും. ഇപ്പോഴത്തെ ചട്ടങ്ങളിലും ഒരു പട്ടികയിൽ പെടുത്തിയ പ്രദേശങ്ങൾ ഉണ്ട്. അതിനപുറമേയുള്ള പ്രദേശങ്ങളിൽ മുളയ്ക്കു പാസ്സുകൊടുക്കുന്നതിനു തഹസിൽദാരന്മാരെയും തടിക്കും മററുവനവിഭവങ്ങൾക്കും പാസ്സുകൊടുക്കുന്നതിനു ഫാറസ്റ്റ്റേഞ്ചു ആഫീസർമാരെയും അധികാരപ്പെടുത്തിയിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സംരക്ഷിക്കേണ്ടുന്ന പ്രദേശങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ഈ സഭയോടും ആലോചിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ഇതു സഭയുടെ മുമ്പാകെ എന്തുരൂപത്തിൽകൊണ്ടുവരണമെന്നാണു മെമ്പർ പറയുന്നത്?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അതൊരു പ്രമേയമായിട്ടോ ഒരു വിളംബരത്തിന്റെ രൂപത്തിലൊ കൊണ്ടുവരാമല്ലോ?

മി: ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേററർ): അതാലോചിക്കും. കണിശമായ ഒരു വാഗ്ദാനംചെയ്യാൻ സാധിക്കയില്ല.

പ്രെസിഡൻറു: മി: കെ. മാധവൻപിള്ളയുടെ അഭിപ്രായപ്രകാരം സംരക്ഷിതപ്രദേശങ്ങൾ തിരഞ്ഞെടുക്കുന്നതിനു ചില ഉദ്യോഗസ്ഥമെമ്പർമാരും ചില അനുദ്യോഗസ്ഥമെമ്പർമാരും അടങ്ങിയ ഒരു ചെറിയ കമ്മിററിയെ രൂപീകരിക്കുന്നതിനു ഗവണ്മെൻറു ആലോചിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അനുമതി, സർ.

പ്രസിഡൻറു: നിങ്ങളുടെ ഉപക്ഷേപം വോട്ടിനുവെയ്ക്കണമെന്നു നിർബന്ധമുണ്ടോ മി: കെ. പി. നീലകണ്ഠപ്പിള്ളേ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസിഡൻറിന്റെ പ്രസ്താവനനിമിത്തം ഉപക്ഷേപം പിൻവലിക്കാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൫൨൮.

മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൩,൯൬൮ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും): സർ, രാജകീയവൃക്ഷങ്ങളുടെ കുടിവിലവകയിൽ കുടിശ്ശിഖ കൊടുത്തു തീർത്തുവരുന്ന രീതിയെ പ്രതിപാദിക്കാനായി കൺസർവേറററുടെ ആഫീസിൽ ചിലവിൽ ബഡ്ജറ്റിൽ ചേർത്തിട്ടുള്ള ൨൩,൬൦൦ രൂപയിൽനിന്നും അഞ്ചുരൂപാ കുറയ്ക്കണം എന്നുള്ള ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപംകൊണ്ടു ഞാൻ പ്രതിപാദിക്കാനുദ്ദേശിക്കുന്ന സംഗതി ഒരു പുതിയ കാര്യമല്ല. കുടിവില കൊടുത്തു തീർക്കുന്നതിനു ഗവണ്മെന്റു ഒരു വ്യവസ്ഥ ചെയ്തതിനു ശേഷവും വളരെക്കാലത്തെ കുടിവില കുടിശ്ശിഖയായിട്ടു കൊടുത്തുതീർക്കാൻ ഇരിക്കുന്നുവെന്നുള്ള സംഗതിയാണു ഈ കൗൺസിലിന്റെ ആലോചനയ്ക്കു വിഷയമാക്കുന്നുള്ളതു്. കഴിഞ്ഞ മകരമാസം [illegible] ഈ കൗൺസിലിന്റെ യോഗം നടന്നാൽ കുടിവില വകയിൽ ബാക്കിയുള്ള സംഖ്യ [illegible] കർക്കടകം അവസാനത്തോടുകൂടി കൊടുത്തുതീർക്കണമെന്നു ഒരു പ്രമേയം മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇവിടെ [illegible]ണ്ടായി. അതു സംബന്ധമായ വാദപ്രതിവാദത്തിൽ കുടിവില കൊടുത്തുതീർക്കാനുള്ള പ്രധാന തടസ്സം തഹശീൽദാരുടെ സർട്ടിഫിക്കററു [illegible] കാലങ്ങളിൽ ലഭിക്കുന്നില്ല എന്നുള്ളതാണെന്നു് സ്പഷ്ടമായിപ്പറയുകയുണ്ടായി. തഹശീൽദാർ വാസ്തവത്തിലുള്ള ഉടമസ്ഥൻ ആരാണെന്നറിഞ്ഞു് സർട്ടിഫിക്കററു കൊടുത്താൽ അതിന്മേൽ കൺസർവേറററ് ഗസററിൽ പരസ്യപ്പെടുത്തി തർക്കമുണ്ടെന്നു കാണുന്നപക്ഷം ആ തർക്കം തീരാതെ കുടിവില കൊടുത്തുതീർക്കില്ല. അങ്ങനെ തർക്കമില്ലാത്തവ കൊടുത്തുവരുന്നു എന്നും ഗവണ്മെന്റു് ഭാഗത്തുനിന്നും മറുപടി പറയുകയുണ്ടായി. കൺസർവേറ്റർ ഇതിനെപ്പററിപറഞ്ഞ മറുപടി ആ ദിവസത്തെ കൗൺസിൽ നടപടിയിൽ ൭൩-ാം വശത്തുകാണുന്നുണ്ടു്. ഏതാനും സംഖ്യകൊടുത്തുതീർത്തിട്ടുണ്ടു്, മേലാൽ തർക്കമില്ലാത്ത സംഖ്യ [illegible] ബാക്കി അധികം താമസിക്കാതെകൊടുക്കുന്നതാണെന്നും കൺസർവേറ്റർ മറുപടിപറഞ്ഞു, എന്നാൽ ആ പ്രമേയം ഒരു ചെറിയ വ്യത്യാസത്തോടുകൂടിമാത്രമേ അന്നു പാസാക്കാൻ സാധിച്ചുള്ളു. [illegible] രണ്ടുമാസംകൊണ്ടു കൊടുത്തുതീർക്കാൻ സാധിക്കാത്തതുകൊണ്ടു [illegible] രണ്ടുമാസംകൊണ്ടു് കൊടുത്തുതീർക്കുന്നതിനു എത്രത്തോളം ശ്രമം എടുക്കണമെന്നും ഈ വിഷയം എത്രത്തോളം പ്രാധാന്യമുള്ളതാണെന്നും പ്രത്യേകം പറയേണ്ട ആവശ്യമില്ല. എന്നാൽ [illegible] ഗസററിൽ പരസ്യംചെയ്തു തർക്കം തീർത്തിട്ടുള്ള കേസുകളിൽ പലതിനും ഇനിയും പണം [illegible]യിട്ടുണ്ടു്. തഹശീൽ[illegible]ടെ സർട്ടിഫിക്കററ് ഹാജരാക്കി [illegible] തീർച്ചപ്പെടുത്തിയിട്ടും ഇനിയും കൊടുത്തിട്ടില്ല. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും ബിൽ ഒപ്പിട്ടു വാങ്ങിയ [illegible] ഉടമസ്ഥന്മാർക്കു തന്നെയും ഇനിയും കുടിവില ഇനത്തിൽ ചെല്ലേണ്ട സംഖ്യകൊടുത്തുതീർത്തിട്ടില്ലെന്നു കാണുന്നു. അതുകൊണ്ടും വസ്തു ഉടമസ്ഥന്മാർക്കുള്ള സങ്കടം നിസ്സീമമാണു്. കുടിവകതടികളെ വെട്ടിഇറക്കിക്കൊണ്ടുപോകുന്നതായ സ്ഥലങ്ങളിലെ വസ്തുഉടമസ്ഥന്മാരിൽനിന്നും ഈ സംഗതിയിൽ ഞങ്ങൾക്കു അറിവു കിട്ടിക്കൊണ്ടിരിക്കുന്നു. അതിനാൽ ഗവണ്മെന്റിന്റെ പ്രത്യേകശ്രദ്ധയ്ക്കായി ഈ സഭ മുമ്പാകെ പ്രതിപാദിക്കുന്നു എന്നേയുള്ളു. അതുകൊണ്ടു ഏതെങ്കിലുംതരത്തിൽ പഴയ കുടിവിലയിലുള്ള കുടിശിഖ കൊടുത്തുതീർക്കുന്നതിനു നിഷ്കർഷയായ ഒരു വ്യവസ്ഥയുണ്ടാകണമെന്നുള്ളതു് ഏററവും അത്യാവശ്യമായ ഒരു സംഗതിയാണു്. ഗവണ്മെന്റിൽനിന്നു നിശ്ചയിച്ചതു[illegible] കുടികൾക്കു കൊടുക്കാത്തതുകൊണ്ടു് ഗവണ്മെന്റിനുമേൽതന്നെ കേസുകൊടുക്കുന്നതിനു ആരംഭിച്ചതായും ചിലർ നോട്ടീസുകൊടുത്തശേഷം കേസുകൊടുത്തിട്ടുള്ളതായും എനിക്കറിയാം. പുരയിടത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നു തഹശീൽദാർ സർട്ടിഫൈ ചെയ്തുകഴിഞ്ഞാൽ-കുടിവില ഇനത്തിൽ ചെല്ലേണ്ടതുക ഇത്രയാണെന്നു കൺസർവേറ്റർ ഗസററിൽ പ്രസിദ്ധപ്പെടുത്തി ബിൽ ഒപ്പിടുവിച്ചുകഴിഞ്ഞാൽ പിന്നെയും അഞ്ചും ആറും മാസമല്ല ചില ഘട്ടങ്ങളിൽ അതിലധികവും താമസിച്ചിട്ടു കൊടുത്തുതീർക്കുന്നില്ലെന്നു പറഞ്ഞാൽ അതിൽ [illegible]ക്കുള്ള ബുദ്ധിമുട്ടു എത്രമാത്രമുണ്ടെന്നു ഗവണ്മെന്റു ഊഹിക്കുകയാണു വേണ്ടതു്. ഡിപ്പാർട്ടുമെന്റിന്റെ ഇപ്പോഴത്തെ നടത്തിപ്പിനെപ്പററി ഗവണ്മെന്റു പ്രത്യേകം ഗൗനിക്കേണ്ട ആവശ്യമുണ്ടെന്നുള്ള സംഗതി പ്രത്യക്ഷമാണു്. ഈവക വൃക്ഷങ്ങൾക്കു ഗവണ്മെന്റു കൊടുത്തുതീർക്കാനുള്ള സംഖ്യകഴിയുന്നത്ര വേഗത്തിൽകൊടുത്തുതീർക്കുന്നതിനു ഗവണ്മെന്റു ശ്രദ്ധിക്കണമെന്നു വിശദപ്പെടുത്തുന്നതിനായിട്ടു ഈ ഉപക്ഷേപത്തെ കൗൺസിലിന്റെ മുമ്പാകെ ഹാജരാക്കിക്കൊള്ളുന്നു:

പ്രെസിഡന്റ്: ഈ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോയിരിക്കുന്നു. അതിനാൽ അതിനെസംബന്ധിച്ചുള്ള ഉപക്ഷേപങ്ങളും ദുർബലപ്പെട്ടുപോയിരിക്കുന്നു.

അഭ്യർത്ഥനയ്ക്കു അനുവദിച്ച സമയം കഴിഞ്ഞുപോയതുകൊണ്ടു മേൽപറഞ്ഞ ഉപക്ഷേപവും താഴെപറയുന്ന ഉപക്ഷേപങ്ങളും ദുർബലപ്പെട്ടുപോയി.

ഉപക്ഷേപങ്ങൾ ൫൨ മുതൽ ൫൮ വരെ

മി: കെ. മാധവൻപിള്ള

൫൨. മേൽനോട്ടത്തിന്നനുവദിച്ച ൨൩,൬൦൦ രൂപായിൽ ൫൦൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

൫൩. (a) ഡിവിഷണൽ ആഫീസ് എന്ന ഇനത്തിൽ ● ടെമ്പററി ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്നനുവദിച്ച ൫൨,൦൦ രൂപാവെട്ടിക്കളയണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ

൫൪. അഞ്ചു ടെമ്പററി ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്നനുവദിച്ച ൫,൨൦൦ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: കേശവപിള്ള

൫൫. തൻചിലവു മുതലായവയ്ക്കു അനുവദിച്ചിട്ടുള്ള ൯,൫൦൦ രൂപായിൽ ൫൦൦ രൂപാകുറയ്ക്കണം.

മി: എൻ. കെ. കൃഷ്ണപിള്ള

൫൬. സിൽബന്തിച്ചെലവിന്നനുവദിച്ച ൨,൨൬,൯൦൦ രൂപായിൽ ൫ രൂപാകുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്

൫൭. സിൽബന്തിച്ചെലവിന്നനുവദിച്ച ൨,൨൬,൯൦൦ രൂപായിൽ ൫ രൂപാകുറയ്ക്കണം

മി: മാത്തുമുരിക്കൻ

൫൮. സിൽബന്തിച്ചെലവിന്നു അനുവദിച്ച ൨,൨൬,൯൦൦ രൂപായിൽ ൫൦൦ രൂപാകുറയ്ക്കണം

മി: ഇട്ടപ്പു ഇട്ടീച്ചൻ

൫൯. സിൽബന്തിച്ചെലവിന്നനുവദിച്ച ൨,൨൬,൯൦൦ രൂപായിൽ ൫൦൦ രൂപാകുറയ്ക്കണം.

മി: തമേരപ്പള്ളിൽ കൊച്ചുതൊമ്മൻ

൬൩൩. സിൽബന്തിച്ചെലവിന്നനുവദിച്ച ൩൯൯ രൂപായിൽ ൬൦൦ രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള

൬൩൪. സ്ഞ്ചാർപ്പടിക്കനുവദിച്ച ൩൦൦ രൂപായിൽ ൬൫൦ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള

൬൩൫. വനാക്കണക്കെഴുത്തിന്നനുവദിച്ച ൬൯൯ രൂപായിൽ ൬ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

൬൩൬. നാലാം അഭ്യർത്ഥനസംഖ്യ ൧,൯൬,൩൨൩ രൂപായിൽ ൬ രൂപാ കുറയ്ക്കണം

മി: മുരവേലിൽ പാച്ചുപിള്ള

൬൩൭. നാലാംഅഭ്യർത്ഥനസംഖ്യ ൧,൯൬,൩൨൩ രൂപായിൽ ൬ രൂപാ കുറയ്ക്കണം.

മി: എ. തണുപിള്ള

൬൩൮. നാലാംഅഭ്യർത്ഥനസംഖ്യ ൧,൯൬,൩൨൩ രൂപായിൽ ൬ രൂപാ കുറയ്ക്കണം

മി: എൻ. ആർ. കൃഷ്ണൻ

൬൩൯. നാലാം അഭ്യർത്ഥനസംഖ്യ ൧,൯൬,൩൨൩ രൂപായിൽ ൬ രൂപാ കുറയ്ക്കണം

മി: ടി. സി. കേശവപിള്ള

൬൪൦. നാലാം അഭ്യർത്ഥനസംഖ്യ ൧,൯൬,൩൨൩ രൂപായിൽ ൨ രൂപാ കുറയ്ക്കണം

മി: എ. സി. കുഞ്ചാക്കോസ്

൬൪൬. നാലാം അഭ്യർത്ഥനസംഖ്യ ൧,൯൬,൩൨൩ രൂപായിൽ ൬൦൦ രൂപാ കുറയ്ക്കണം

മി: ആർ. കേശവപിള്ള

൬൪൨. നാലാം അഭ്യർത്ഥനസംഖ്യ ൧,൯൬,൩൨൩ രൂപായിൽ ൬൦൦ രൂപാ കുറയ്ക്കണം

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ

൬൪൩. ൪-ാംഅഭ്യർത്ഥന സംഖ്യ ൧,൯൬,൩൨൩ രൂപായിൽ ൬൦൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

൬൪൪. ൪-ാംഅഭ്യർത്ഥന സംഖ്യ ൧,൯൬,൩൨൩ രൂപായിൽ ൬൦൦ രൂപാ കുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ

൬൪൫. ൪-ാംഅഭ്യർത്ഥനസംഖ്യ ൧,൯൬,൩൨൩ രൂപായിൽ ൬൦൬ രൂപാ കുറയ്ക്കണം.

പ്രെസിഡെണ്ട്: വനംവക ൪-ാംഅഭ്യർത്ഥന ൧,൯൬,൩൨൩ രൂപായ്ക്കുള്ള സമ്മതമ്പാകെ വെയ്ക്കുന്നു. അതു സഭ അനുവദിക്കുന്നു എന്നു സങ്കല്പിച്ചുകൊള്ളുന്നു.

അഭ്യർത്ഥന അനുവദിച്ചു.

പ്രെസിഡെണ്ട്: ഇനി ൫-ാം അഭ്യർത്ഥന സ്റ്റാമ്പിനെപ്പററി ആലോചിക്കാം.

അഭ്യർത്ഥന ൫-സ്റ്റാമ്പ്.

മി: എസ്. വെങ്കിട്ടരമണയ്യർ (ആ. ഗവൺമെൻറു ഫൈനാൻഷ്യൽ സെക്രട്ടറി): സ്റ്റാമ്പുവക ൫-ാം അഭ്യർത്ഥനക്ക ൩൫,൯൧൧ രൂപായിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല:

ഉപക്ഷേപങ്ങൾ ൬൪൩-മുതൽ ൬൫൦ വരെ.

മി: എ. താണുപിള്ള

൬൪൩. തൽചിലവിന്നനുവദിച്ച ൨൦,൦൦൦ രൂപായിൽ ൫൦൦൦ രൂപാ കുറയ്ക്കണം.

മി: ആർ. കേശവപിള്ള

൬൪൭. സ്റ്റാമ്പുനിർമ്മാണത്തിന്നനുവദിച്ച ൬൯,൦൩൭ രൂപായിൽ ൬൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

൬൪൮. ൫-ാം അഭ്യർത്ഥന സംഖ്യ ൩൫,൯൧൧ രൂപായിൽ ൬ രൂപാ കുറയ്ക്കണം.

മി: എ. എസ്. ദാമോദരനാശാൻ

൬൪൯. ൫-ാം അഭ്യർത്ഥന സംഖ്യ ൩൫,൯൧൧ രൂപായിൽ ൫ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

൬൫൦. ൫-ാം അഭ്യർത്ഥന സംഖ്യ ൩൫,൯൧൧ രൂപായിൽ ൬൦൦ രൂപ കുറയ്ക്കണം.

പ്രെസിഡെൻറ്: സ്റ്റാമ്പുവക ൩൫,൯൧൧ രൂപായ്ക്കുള്ള ൫-ാംഅഭ്യർത്ഥന സഭ അനുവദിക്കുന്നു എന്നു സങ്കല്പിച്ചുകൊള്ളുന്നു.

അഭ്യർത്ഥന അനുവദിച്ചു.

പ്രെസിഡെൻറ്: ഇനി രെജിസ്ട്രേഷൻവക ൩-ാം അഭ്യർത്ഥന ആലോചിക്കാം.

അഭ്യർത്ഥന ൩-രെജിസ്ട്രേഷൻ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): സർ, അഭ്യർത്ഥന ൩-രെജിസ്ട്രേഷൻ വകയ്ക്കു ൩,൪൨,൬൬൦ രൂപായിൽ കവിയാതുള്ള ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു,

ഉപക്ഷേപം ൬൫൬

മി: ആർ. രാമൻപിള്ള (കോട്ടയം): താഴെ പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

സിൽബന്തിച്ചെലവിന് അനുവദിച്ച ൻ,൫൩൮ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നതിൻെറ ഉദ്ദേശം ഇതിൽ എഴുതിയിരിക്കുന്നതുമാത്രമല്ല രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന അഴിമതികളെക്കൂടി ഈ കൌൺസിലിൻെറ മുമ്പാകെ പ്രദർശിപ്പിക്കണം എന്നുള്ള ഉദ്ദേശം കൂടിയുണ്ട്. സബ്‌രജിസ്ട്രാർമാരിൽ എഴുപത്തഞ്ചു ശതമാനവും വട്ടപ്പാശി എന്നുപറയുന്ന ഒരിനം കൈക്കൂലി കൊടുക്കാറില്ല, അവരിൽ ൫൦ ശതമാനംപേരും കൈക്കൂലിവാങ്ങിക്കാതെ ആധാരം രജിസ്റ്റാക്കി കൊടുക്കുക എന്നുള്ളതു അസാധ്യമായിട്ടാണ് വന്നിരിക്കുന്നതു. നായന്മാർ, ഈഴവർ മുതലാ

യവരുടെ ഭാഗങ്ങൾ ധാരാളം നടന്നുകൊണ്ടിരിക്കുന്ന ഈ കാലത്തു സ്ത്രീകളും കുട്ടികളും കൂട്ടംകൂട്ടമായിട്ടു സബ് രജിസ്റ്റർ കച്ചേരിയിൽ ചെന്നാൽ കക്ഷികളുടെ എണ്ണത്തിന്റെ ആധിക്യം പോലെ പണംകൊടുക്കാതെ മിക്ക സബ് രജിസ്ട്രാരും ആധാരം രജിസ്ട്രാക്കാറില്ല. ഇതിന് ഒരു പരിഹാരം ഏതെങ്കിലുംതരത്തിൽ ഗവൺമെന്റു തന്നെ ഉണ്ടാക്കേണ്ടതാണ്. അല്ലാതെ കുടിയാനവന്മാർ വിചാരിച്ചാൽ സാധിക്കയില്ല. പത്തും ഇരുപതുംമുപ്പതും ആളുകൾ ഒരുമിച്ചുചെന്നു രജിസ്റ്റർകച്ചേരിയിൽ ചെന്നു അവിടെനിന്നു ബുദ്ധിമുട്ടുന്നതിനെ ഓർക്കുമ്പോൾ ഇവർക്കു വല്ലതും കൊടുത്താലും തരക്കേടില്ല, വല്ലവിധവും ആധാരം രജിസ്ട്രാക്കി ഇവിടെനിന്നു പോയാൽ മതിയെന്നാണ് തോന്നുന്നത്. അതിനാൽ അവസരം കുറക്കപ്പെടുന്നതേ ഇല്ല. ഇതുകൂടാതെ ഒരു ആധാരത്തിന്റെ പകർപ്പു വാങ്ങിക്കാൻ ചെന്നാൽ ആ ആധാരത്തിന്റെ വലുപ്പം പോലെ അരരൂപാ രണ്ടുരൂപാ എന്നിങ്ങനെ ചിലവാക്കാതെ ആ പകർപ്പു കിട്ടുകയില്ല. ഇതിനും പരിഹാരം ഉണ്ടാക്കണം.

സബ് രജിസ്റ്റർകച്ചേരിയിലെ ഗുമസ്തന്മാരുടെ ശമ്പളത്തെ പരിഷ്കരിച്ചു കൂടുതൽകൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കഴിഞ്ഞ ആണ്ടത്തെ ബഡ്ജററിൽ ഇരുപത്തയ്യായിരം രൂപാ അനുവദിച്ചിരുന്നു. ആ പണം അവരുടെ ശമ്പളത്തിനായിട്ടു ഉപയോഗിക്കുകയോ അല്ലെങ്കിൽ തിരുവിതാംകൂറിലെ ജനങ്ങളുടെ മററാവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയൊ ചെയ്യാതെ ഒരുകാലത്തോളം കെട്ടിവച്ചു ലാപ്സാക്കിയ ആ ഉദ്യോഗസ്ഥൻ ആരാണെന്നും അതിന്റെ ചുമതല ആർക്കാണെന്നും ഇങ്ങനെ വരുന്നതിനുള്ള വീഴ്ചക്കാരനാരാണെന്നും കണ്ടുപിടിച്ചു ആ ഉദ്യോഗസ്ഥനെ കഠിനമായി ശിക്ഷിക്കുകയോ സർവീസിൽനിന്നു പിരിച്ചയക്കുകയൊ തന്നെ ചെയ്യണമെന്നു ഗവൺമെന്റിനെ ദൃഢമായി ഉപദേശിക്കാതിരിക്കാൻ നിവൃത്തിയില്ല. സർവ്വവും തന്നിൽതന്നെ ഇരിക്കണമെന്നു വിചാരിക്കുന്നതുപോലെ സർവ്വ അധികാരവും തന്നിൽതന്നെ ഇരിക്കണമെന്നും ഡയറക്ടർ വിചാരിക്കുന്നു. അതു ഇന്നത്തെ കാലസ്ഥിതിക്കു അത്ര ആശാസ്യമാണോ എന്നു എനിക്കു സംശയമുണ്ട്—നമ്മുടെ ഈ രാജ്യത്തു പ്രധാനപ്പെട്ട യോഗ്യന്മാരെക്കൊണ്ടു—ന്യായവും നല്ല അന്തസ്സും ഉള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽ ഓരോഗ്രേഡിലുമുള്ള ആളുകൾക്കു ഓരോ തരക്കാരെ നിയമിക്കയും മാററുകയും ശിക്ഷിക്കയും ചെയ്യുന്നതിനുള്ള അധികാരം ഉണ്ടായിരിക്കത്തക്കവണ്ണമുള്ള ഒരേർപ്പാടാണു വച്ചിട്ടുള്ളത്. ഇതുപോലെ ഓരോ ഡിപ്പാർട്ടുമെന്റിലും ഉണ്ട് എന്നാണെന്റെ വിശ്വാസം. അങ്ങനെയിരിക്കെ ഡയറക്ടർ ഈ പരിഷ്കാരകാലത്തു ഡിസ്ട്രിക്ട് രജിസ്ട്രാരുടെ അധികാരങ്ങളെ കവർന്നെടുത്തു അതുംകൂടെ തന്നിൽതന്നെ നിറുത്തണം എന്നു വച്ചിരിക്കുന്നതു ഒട്ടും ആശാസ്യമല്ല.

ഇരുപതു മുതൽ മുപ്പതുവരെയും ഇരുപത്തഞ്ചുമുതൽ അൻപതുവരെയും മുപ്പത്തഞ്ചുമുതൽ അൻപത്തഞ്ചുവരെയും നാല്പതുമുതൽ എഴുപതുവരെയും ശമ്പളം കൊടുക്കണമെന്നു മററു ഡിപ്പാർട്ടുമെന്റുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന സ്റ്റേയിൽസിസ്ററം അനുസരിച്ചു ഇവരുടെശമ്പളരീതിയിലും ഭേദംവരുത്തണമെന്നാണ് എനിക്കു പറയാനുള്ളത്.

ഈ ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ മോഷൻ അവതരിപ്പിച്ചിട്ടുള്ളത്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ഡിസ്ട്രിക്ട് രജിസ്ട്രാരന്മാർക്കു എത്രരൂപാ വരെ നിയമിക്കാൻ അധികാരമുണ്ടായിരുന്നു?

മി: ആർ. രാമൻപിള്ള (കോട്ടയം): ഡിസ്ട്രിക്ട് രജിസ്ട്രാർക്കു ൧൫ രൂപവരെ നിയമിക്കാൻ അധികാരമുണ്ടായിരുന്നു. ഇപ്പോഴത്തെ രജിസ്ട്രേഷൻ ഡയറക്ടർ തന്നെ ലോകാവസാനംവരെ ഡയറക്ടരായിരിക്കുമെന്നു വിചാരിക്കാൻ തരമില്ല. മേലാൽ വരുന്നവർക്കുകൂടി ഈ അധികാരം ഇരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ സ്കീം തയ്യാറാക്കീട്ടുള്ളത്. അതിനാൽ ഈ സ്കീമിനെ ഭേദപ്പെടുത്തി ഒരു സ്റ്റേയിൽസിസ്ററംമററു ഡിപ്പാർട്ടുമെന്റുകളിലെ രീതിയനുസരിച്ചു ഏർപ്പെടുത്തണമെന്നാണു ഞാൻ പറയുന്നത്. മററു സംഗതികളെപ്പററി പറയാനുള്ളത് ഇവിടെ എന്റെ സ്നേഹിതന്മാർ പറഞ്ഞുകഴിഞ്ഞു. ഈ ഡിപ്പാർട്ടുമെന്റിൽ നടക്കുന്ന അക്രമങ്ങളെ സംബന്ധിച്ചു പ്രമേയം വഴിയായും ഉപക്ഷേപം വഴിയായും പലതും ഈ കൌൺസിലിൽതന്നെ വളരെ വാദപ്രതിവാദങ്ങൾ നടത്തീട്ടുള്ളതുകൊണ്ടു അതു വീണ്ടും പറയണമെന്നുദ്ദേശിക്കുന്നില്ല. ഇതിനെ ഗവൺമെന്റിന്റെ ദൃഷ്ടിയിൽവരുത്തണമെന്നേ ഉദ്ദേശമുള്ളു. പോലീസ് ഡിപ്പാർട്ടുമെന്റിൽനിന്നും ഉപദ്രവം ഉണ്ടാകുന്നതു അക്രമികൾക്കു മാത്രമല്ലാതെ സാമാന്യജനങ്ങളായ യോഗ്യന്മാർക്കു ഉണ്ടാകുന്നില്ല. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ ഉപദ്രവം ഏതുയോഗ്യന്മാർക്കും അനുഭവിക്കുന്നതാണ്. ഈ ഉപദ്രവം ദിവസംപ്രതി നേരിട്ടുകൊണ്ടിരിക്കുന്നതിനാൽ ഗവൺമെന്റിന്റെ ഗാഢമായ ആലോചനയ്ക്കു പാത്രമായിത്തീരേണ്ടതാണ്. കീഴുദ്യോഗസ്ഥന്മാർക്കു ഇപ്പോഴേർപ്പെടുത്തിയിരിക്കുന്ന ശമ്പളക്രമത്തെ ഭേദപ്പെടുത്തി ജുഡിഷ്യൽ റവന്യൂ മുതലായ ഡിപ്പാർട്ടുമെന്റുകളിലുള്ള രീതി അനുസരിച്ചു സ്റ്റേയിൽ സിസ്റ്റം ഏർപ്പെടുത്തുകയും മുഴുവൻ അധികാരവും ഡയറക്ടറിൽതന്നെ നിക്ഷേപിക്കാതെ അദ്ദേഹത്തിന്റെ നേരെകീഴിലുള്ള ഡിസ്ട്രിക്ട് രജിസ്ട്രാർക്കുകൂടി ഒരുവിധം അധികാരം അനുവദിച്ചുകൊടുക്കയും ചെയ്യണം. ശമ്പളരീതി നന്നാക്കണമെന്നുള്ള സംഗതി ഞാൻ ഈ കൌൺസിലിന്റെ സ്വീകരണത്തിനായിട്ടു സമർപ്പിച്ചുകൊള്ളുന്നു. അധികം വിസ്തരിച്ചുപറഞ്ഞു സമയം കളയണമെന്നു വിചാരിക്കുന്നില്ല.

മി: കെ. ജാർജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): മി: രാമൻപിള്ളയുടെ ഉപക്ഷേപത്തെപ്പററി ചില വാക്കുകൾ പറവാൻ ആഗ്രഹിക്കുന്നു. നാലു സംഗതികളാണ് അദ്ദേഹം ഇവിടെ പ്രസ്താവിച്ചതു. ഒന്നാമത്തേതു ഡിപ്പാർട്ടുമെന്റിൽ അഴിമതി നടക്കുന്നു എന്നാണ്. രണ്ടാമത്തേതു ഈയാണ്ടത്തെ ബഡ്ജററിൽ അനുവദിച്ചിരുന്ന ൨൫൦൦൦ രൂപാ ഏതോ ഗവൺമെന്റുദ്യോഗസ്ഥൻ ഉപയോഗിക്കാതെ ലാപ്സാക്കുവാൻ ഇടവരുത്തിയെന്നാണ്. മൂന്നാമത്തേതു അധികാരങ്ങളെല്ലാം തന്റെ കയ്യിൽതന്നെ വെച്ചുകൊണ്ടിരിക്കാൻ രജിസ്ട്രേഷൻ ഡയറക്ടർ ശ്രമിക്കുന്നു എന്നാണ്. അവസാനമായി ഇപ്പോഴത്തെസ്ഥിരശമ്പളത്തിനുപകരം രജിസ്ട്രേഷൻഡിപ്പാർട്ടുമെന്റിലെ ശമ്പളപരിഷ്കാരസമയത്തു സ്റ്റേയിൽസിസ്റ്റം ഏർപ്പെടുത്തേണ്ടതായിരുന്നു. ഈ നാലുസംഗതികളിൽ ഓരോന്നിനെപ്പററിയും പ്രസ്താവിക്കാം.

ഒന്നാമത്തേതു ഡിപ്പാർട്ടുമെൻറിൽ കയ്ക്കൂലി ഉണ്ടെന്നുള്ളതാണ്. ഇത് മുമ്പൊരവസരത്തിൽ ഈ സഭയിൽതന്നെ ദീർഘമായ വാദത്തിനു വിഷയമായിരുന്നു. ഡിപ്പാർട്ടുമെൻറിൽ കയ്ക്കൂലി ഉണ്ടായിരിക്കാം. കയ്ക്കൂലിക്കു സൗകര്യവും പരീക്ഷകളും ഉള്ള ഇങ്ങനത്തെ ഒരു ഡിപ്പാർട്ടുമെൻറിൽ അങ്ങുമിങ്ങും കയ്ക്കൂലി ഉണ്ടായിരിക്കാൻ ഇടയുണ്ട്. എന്നാൽ സംസ്ഥാനംമുഴുവനും അഴിമതികൾ നടക്കുന്നുണ്ടെന്നോ രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരിൽ ഭൂരിപക്ഷവും കയ്ക്കൂലിക്കാരാണെന്നോ പറയുന്നതു അതിശയോക്തിയാണ്. കയ്ക്കൂലി ഇല്ലാതാക്കുന്നതിനു വേണ്ട ശ്രമങ്ങളെല്ലാം രെജിസ്ട്രേഷൻഡയറക്ടർ ചെയ്തുവരുന്നുണ്ട്. അദ്ദേഹം എല്ലാ സബ്‌രെജിസ്ട്രാഫീസുകളും ക്രമമായും ചിലപ്പോൾ മുന്നറിവുകൊടുക്കാതെ പെട്ടെന്നും സന്ദർശിക്കയും പരിശോധിക്കയും ചെയ്തുവരുന്നു; ഒന്നിലധികം ഉദ്യോഗസ്ഥന്മാരെ അദ്ദേഹം പിടിച്ചുകൂടി ശിക്ഷിക്കണമെന്നു ശുപാർശ ചെയ്തിട്ടുണ്ട്. ഗവണ്മെൻറ അവരുടെ കാര്യം തെരഞ്ഞു വേണ്ടപ്രകാരം അവരെ ശിക്ഷിച്ചിട്ടുമുണ്ട്. ഇങ്ങനെയല്ലാതെ ഗവണ്മെൻറിന് കൈക്കൂലി നിറുത്തൽചെയ്യാൻ എങ്ങനെ കഴിയുമെന്നു വ്യക്തമാകുന്നില്ല. കൈക്കൂലി എവിടെയാണുള്ളതെന്നു കണ്ടുപിടിക്കാൻ ജാഗരൂകനായിരിക്കണമെന്നു ഡിപ്പാർട്ടുമെൻറുമേലധികാരിയോടു ആജ്ഞാപിക്കാനേ അവക്കു കഴികയുള്ളു. ക്രമമായി ആഫീസുകൾ പരിശോധിക്കാനും കൈക്കൂലിക്കാരോടു നിഷ്കരുണം പ്രവർത്തിക്കാനും മേലധികാരിയോടു ആജ്ഞാപിക്കാം. കൈക്കൂലി നിറുത്തൽ ചെയ്യുന്നതിന് ഇവയാണ് മാർഗ്ഗങ്ങൾ. ഇവയെല്ലാം കഴിവുള്ളടത്തോളം ചെയ്യുന്നുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഡിപ്പാർട്ടുമെൻറുമേലധികാരിതന്നെ കൈക്കൂലിക്കാരനാണെന്നു വിചാരിക്കുക. അങ്ങനെയുള്ള കൈക്കൂലികാര്യത്തിൽ ഗവണ്മെൻറ എന്തു ചെയ്യുമെന്നു പറയുമോ?

പ്രസിഡെൻറ: കയ്ക്കൂലിക്കാരനായ ഒരു ഡിപ്പാർട്ടുമെൻറു മേലധികാരിയുടെ കാര്യത്തിൽ ഗവണ്മെൻറ എന്തു ചെയ്യുമെന്നു ഒരു സാധാരണ ചോദ്യമായിട്ടാണോ മെമ്പർ ചോദിക്കുന്നതു?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അതേ, സർ.

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നു പിരിച്ചുവിടും.

രണ്ടാമത്തെ ആക്ഷേപം ഡിപ്പാർട്ടുമെൻറിൻെറ പുനസ്സംഘടനയ്ക്കു ഈയാണ്ടത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന സംഖ്യ ലാപ്സാകുവാൻ ഇടവരുത്തിയെന്നും അതിനു ഏതോ ഒരു ഗവണ്മെൻറുദ്യോഗസ്ഥൻ ഉത്തരവാദിയാണെന്നും ആ ഉദ്യോഗസ്ഥനെ ശിക്ഷിക്കേണ്ടതാകുന്നു എന്നുമാണ്. ഒരു ഡിപ്പാർട്ടുമെൻറിൻെറ പുനസ്സംഘടന എളുപ്പമുള്ള ഒരു കാര്യമല്ല. അതിനെ സംബന്ധിച്ചു അനേകസംഗതികൾ ആലോചിച്ചു തീർച്ചയാക്കാനുണ്ടായിരുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സ്കീം തയ്യാറാക്കിയതിൻെറ ശേഷം പണം ബഡ്ജറ്റിൽ ചേർത്താൽ പോരായിരുന്നോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): പണം അനുവദിച്ചതു സഭയാണ്. പണം അനുവദിച്ചപ്പോൾ——

മി: ആർ. രാമൻപിള്ള (കോട്ടയം). ഗവണ്മെൻറിൽനിന്നും ഡിമാൻറ് കൊണ്ടുവന്നിട്ടാണല്ലോ പ്രൊവൈഡ് ചെയ്തതു.

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി); പണം അനുവദിച്ചപ്പോൾ കാര്യങ്ങളെല്ലാം തീർച്ചയാക്കി ഈയാണ്ടിനുള്ളിൽ തന്നെ പരിഷ്കാരം നടപ്പിൽ വരുത്താൻ കഴിയുമെന്നായിരുന്നു വിചാരിച്ചതു.

മി: ആർ. രാമൻപിള്ള (കോട്ടയം): ആലോചിച്ചു മതിയായി പ്രവർത്തിക്കാൻ ശക്തിയും ബുദ്ധിയുമില്ലാത്തവരെ സർവീസിൽ എന്തിനു വച്ചുകൊണ്ടിരിക്കുന്നു?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): അങ്ങനെയല്ല. കാര്യങ്ങൾ അതിസൂക്ഷ്മമായോടെ നോക്കുന്നതുകൊണ്ടാകുന്നു ചില സംഗതികളിൽ ഇങ്ങനെ ചിലപ്പോൾ താമസം നേരിടുന്നതു്. എന്തെങ്കിലും തീർച്ചയായി ചെയ്യുന്നതിനു മുമ്പേ പദ്ധതിയുടെ പല വശങ്ങൾ നോക്കാനുണ്ടായിരുന്നതുകൊണ്ടു പണം ഈയാണ്ടിൽ തന്നെ ഉപയോഗിക്കാൻ കഴിഞ്ഞില്ല. ഗവണ്മെൻറിൽ ആദ്യം സമർപ്പിച്ച പദ്ധതിപ്രകാരം ബഡ്ജറ്റിൽ അനുവദിച്ചതിനെക്കാൾ എത്രയോ വലിയ ഒരു സംഖ്യ ആവശ്യമാണെന്നു കണ്ടു. അതുകൊണ്ടു അതു പുനഃപ്പരിശോധന ചെയ്യുമടക്കി അയക്കുന്നതിനു ഉദ്യോഗസ്ഥനു തിരിച്ചയക്കേണ്ടതായിവന്നു. താമസത്തിനൊരു കാരണം ഇതാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൻെറ പുനസ്സംഘടന ഈയിടെനടപ്പിൽ വരുത്തിയ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ പുനസ്സംഘടനപോലെ പ്രായാസമുള്ളതായിരുന്നോ ?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി: ഇങ്ങനെയുള്ള കാര്യത്തിൽ ഓരോഡിപ്പാർട്ടുമെൻറിനെയും സംബന്ധിച്ചപ്രയാസങ്ങൾ പലവശങ്ങളിൽ നിന്നു വീക്ഷിക്കേണ്ടതാകുന്നു. ഒരു ഡിപ്പാർട്ടുമെൻറിൻെറ ശമ്പളം പരിഷ്കാരം നടപ്പിൽ വരുത്തിയതു മറെറാന്നിൻെറ മുമ്പായിരിക്കാം. ഡിപ്പാർട്ടുമെൻറു മേലധികാരിയോടു നടത്തുന്ന എഴുത്തുകുത്തിൻെറ ദീർഘതയെ അതാശ്രയിച്ചിരിക്കും. രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൻെറ കാര്യത്തിൽ പരിഷ്കാരപദ്ധതി അതിൻെറ അവസാനരൂപത്തിൽ ഗവണ്മെൻറിനു കിട്ടിയതു രെജിസ്ട്രേഷൻ ഡയറക്ടരോടും ഫൈനാൻഷ്യൽ സെക്രട്ടറിയോടും ഒരു യോഗം കൂടി ആലോചിച്ചശേഷമാണ്. അങ്ങനെയാകുന്നു അതു നടപ്പിൽ വരുത്തേണ്ടതു എന്നു തീർച്ചയാക്കിയതു. അതിൻെറ വിവരങ്ങൾ മെമ്പർമാർക്കു ബഡ്ജറ്റിൽകാണാം. ഈ കാര്യത്തിലുണ്ടായ താമസത്തിനു ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥൻ കുററക്കാരനാണെന്നു പറവാൻ സാധിക്കയില്ല. ചിലപ്രധാനകാര്യങ്ങളിൽ അങ്ങനെയുള്ള താമസം അനിവാര്യമാണ്, മററു ചില സ്ഥലങ്ങളിൽ ഡിപ്പാർട്ടുമെൻറുകളുടെ പുനസ്സംഘടന രണ്ടും മൂന്നും വർഷം താമസിച്ചിട്ടുള്ളതായി എനിക്കറിയാം.

മി: ആർ. രാമൻപിള്ള (കോട്ടയം); പണം അനുവദിച്ചു കഴിഞ്ഞു. ഇനിയും എന്താണ് ആലോചിക്കാനുള്ളതെന്നു മനസ്സിലാകുന്നില്ല.

മി: കെ. ജാജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): "ആലോചന" എന്ന മെംബർ പറയുന്നതു എന്താണെന്നു മനസ്സിലാകുന്നില്ല. വളരെ സൂക്ഷ്മതയോടെ പരിശോധിക്കാതെ എല്ലാ ആണ്ടിലും ഉണ്ടാകുന്ന വൻ ചിലവുകൾ അനുവദിക്കാൻ പാടില്ല. ഭരണസംബന്ധമായും കേശസംബന്ധമായും പല കാര്യങ്ങൾ നോക്കാനുണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): അതൊക്കെ നോക്കിക്കഴിഞ്ഞിട്ട പ്രൊവിഷ്യൻ ഉണ്ടാക്കിയിരുന്നാൽ പോരയോ?

മി: കെ. ജാജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഈ കാര്യം ഇത്രമാത്രമെ സിദ്ധിച്ചതിനു സമാധാനമായി എനിക്കിപ്പോൾ പറവാനുള്ളു.

മൂന്നാമത്തെ ആക്ഷേപം രജിസ്ട്രേഷൻ ഡയറക്ടർ എല്ലാ അധികാരങ്ങളും തൻറ കയ്യിൽതന്നെ വെച്ചുകൊണ്ടിരിക്കാൻ ശ്രമിക്കുന്നു എന്നുള്ളതാണ്. അദ്ദേഹം യഥാർത്ഥമായി അങ്ങനെ ചെയ്യുന്നുണ്ടെന്ന എനിക്കു തോന്നുന്നില്ല. അമ്പതുരൂപാവരെ ശമ്പളമുള്ള ഉദ്യോഗങ്ങൾക്കു ആളെ നിയമിക്കാൻ അദ്ദേഹത്തിനു അധികാരമുണ്ട്. ഡിസ്ട്രിക്ട് രജിസ്ട്രാർമാർക്കു ൨൫ രൂപാവരെ ശമ്പളമുള്ള നിയമനങ്ങൾ ചെയ്‌വാൻ അധികാരമുണ്ട്. പൊതുവായി പുനസ്സംഘടന ചെയ്യുമ്പോഴും പുതിയ സബ് രജിസ്ട്രാഫീസുകൾ സൃഷ്ടിക്കനിമിത്തം അനേക നിയമനങ്ങൾ ഒന്നായി ചെയ്യേണ്ടിവരുമ്പോഴും മാത്രമെ ഡയറക്ടർ തന്നെ നിയമനം ചെയ്യാറുള്ളു. സാധാരണ ഉണ്ടാകുന്ന ഒഴിവുകളിൽ ആളെ നിയമിക്കുന്നതിനു ഡിസ്ട്രിക്ട് രജിസ്ട്രാർമാർക്കു അധികാരമുള്ളപ്പോഴൊക്കെ അവർതന്നെ ആളെ നിയമിക്കാൻ അദ്ദേഹം അനുവദിക്കുന്നുണ്ടെന്നാണ് എൻറെ അറിവ്. പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്ന കാര്യങ്ങളിൽ മാത്രമേ ഡിസ്ട്രിക്ട് രജിസ്ട്രാർമാരുടെ അധികാരത്തിൽപെട്ട നിയമനങ്ങൾ രജിസ്ട്രേഷൻ ഡയറക്ടർ ചെയ്യാറുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിസ്ട്രിക്ട് രജിസ്ട്രാർമാർക്കു നിയമനാധികാരങ്ങൾ കൊടുത്തശേഷം അവരുടെ അധികാരത്തിൽപെട്ട നിയമനങ്ങൾ ഒന്നും ഡയറക്ടർ നേരിട്ട ചെയ്തിട്ടില്ലയോ എന്നു ചീഫ് സെക്രട്ടറി പറയുമോ?

മി: കെ. ജാജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഡിസ്ട്രിക്ട് രജിസ്ട്രാർമാരുടെ അധികാരത്തിൽപെട്ട നിയമനങ്ങൾ അദ്ദേഹം നേരിട്ട ചിലപ്പോൾ ചെയ്യാറുണ്ടെന്നു ഞാൻ ഇതിനുമുമ്പ് തന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദേഹം അങ്ങനെ ചെയ്യുന്നതു പുതിയ സബ് രജിസ്ട്രാഫീസുകൾ തുറക്കുമ്പോൾ പുതിയതായി ആളുകളെ നിയമിക്കേണ്ടിവരുമ്പോഴാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സാധാരണ പതിവിൻപ്രകാരം ഡിസ്ട്രിക്ട് രജിസ്ട്രാർമാരുടെ നിയമനാധികാരത്തിൽ പെട്ട നിയമനങ്ങൾ ഒന്നും രജിസ്ട്രേഷൻ ഡയറക്ടർതന്നെ ചെയ്തിട്ടില്ലെന്നു ചീഫ് സെക്രട്ടറിക്കു തീർച്ച പറവാൻ കഴിയുമോ?

മി. കെ. ജാജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): എനിക്കതു പറവാൻ കഴികയില്ല.

ഡിപ്പാർട്ടുമെൻറിലെ ശമ്പളപരിഷ്കാരപ്രകാരം സ്ഥിരശമ്പളം കൊടുക്കുന്നതിൻ പകരം സ്കെയിൽ സിസ്റ്റം ഏർപ്പെടുത്തേണ്ടതായിരുന്നു എന്നാകുന്നു, മി. രാമൻപിള്ളയുടെ ഒടുവിലത്തെ ആക്ഷേപം. ഈ അഭിപ്രായത്തിനു അനുകൂലമായി പറഞ്ഞ ഒരു കാരണം സ്കെയിൽ സിസ്റ്റം ഏർപ്പെടുത്തിയാൽ രെജിസ്ട്രേഷൻ ഡയറക്ടർക്കു എല്ലാ അധികാരങ്ങളും തനിക്കുതന്നെ വെച്ചുകൊണ്ടിരിക്കാൻ കഴികയില്ലെന്നാകുന്നു. അതിൻെറ ഫലം നേരെ മറിച്ചായിരിക്കും എന്നാണ് എനിക്കു തോന്നുന്നതു.

മി. ആർ. രാമൻപിള്ള (കോട്ടയം): അങ്ങിനെയല്ല സ്കെയിൽ സിസ്റ്റം ഏർപ്പെടുത്തേണ്ടിയിരുന്നു എന്നു ഞാൻ പറഞ്ഞതുമുള്ളു, അല്ലാതെ അതുകൊണ്ടു ഡിസ്ട്രിക്ട് രജിസ്ട്രാർമാർക്കു അധികാരമുണ്ടാകുമെന്നു ഞാൻ പറഞ്ഞിട്ടില്ല.

മി. കെ. ജാജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതിനെയ്ക്കുറിച്ചു ഈ വിഷയം മിക്കവാറും സാങ്കേതികമാണ്. സ്കെയിൽ സിസ്റ്റത്തിനും ഗ്രേഡ് സിസ്റ്റത്തിനും ഗുണങ്ങളും ദോഷങ്ങളും ഉണ്ട്. ഓരോന്നിനെയും അനുകൂലിക്കുന്നവർ ഉണ്ട്. പല ഡിപ്പാർട്ടുമെൻറുകളിലും സ്വീകരിച്ചിട്ടുള്ള സ്കെയിൽ ശമ്പളം രൂപാ ൪൦-൫൦, ൨൫-൪൦, ൨൦-൩൦ ഇങ്ങിനെയാണെന്നു മെമ്പർമാർക്കു നോക്കിയാൽ അറിയാം. ഈ സിസ്റ്റത്തിന് പ്രത്യക്ഷമായ ഒരു ന്യൂനതയുണ്ട്. ഈ സ്കെയിലുകൾ ഒന്നിനൊന്നു ഉൾപ്പെട്ടു കിടക്കുന്നു. (മി. എ. എസ്. ദാമോദരൻ ആശാൻ ദയവുചെയ്തു കുറെ ഉറക്കെ): സ്കെയിലുകൾ ഒന്നിനൊന്നു ഉൾപ്പെട്ടുകിടക്കുന്നു, അതു അശേഷം അഭിലഷണീയമല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സ്കെയിലുകൾ ഒന്നിനൊന്നു ഉൾപ്പെട്ടുകിടക്കുന്നു എന്നു ചീഫ് സെക്രട്ടറി പറഞ്ഞതിൻെറ അർത്ഥം പറഞ്ഞുതരുമോ? എനിക്കു അതു മനസ്സിലായില്ല.

മി: കെ. ജാജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഉയർന്ന സ്കെയിൽ രൂപാ [illegible] ആണ്. പിന്നത്തെതു രൂപാ [illegible] അല്ലെങ്കിൽ [illegible] ആകുന്നു. താണ സ്കെയിൽ രൂപാ [illegible] ആകുന്നു. ഇങ്ങനെ ഒരു സ്കെയിലിലെ ഉയർന്ന സംഖ്യ അടുത്ത സ്കെയിലിലെ കുറഞ്ഞ സംഖ്യയിൽ കൂടുതലാകുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒന്നിനൊന്നു ഉൾപ്പെട്ടു കിടക്കാത്ത ഒരു സ്കെയിൽ സിസ്റ്റം ഉണ്ടാക്കാൻ കഴികയില്ലയോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഉണ്ട്. ഇപ്പോൾ ഇവിടെ നടപ്പുള്ള സ്കെയിൽ സിസ്റ്റത്തെപ്പറ്റിയാണു ഞാൻ പറഞ്ഞതു. ഡിപ്പാർട്ടുമെൻറ മേലധികാരി സമർപ്പിച്ച സ്കെയിൽ സിസ്റ്റത്തിൻെറ ഒരു ന്യൂനത ഇതായിരുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഗ്രേഡ് സിസ്റ്റം ഇപ്പോൾ ഏതെല്ലാം ഡിപ്പാർട്ടുമെൻറിൽ നടക്കുന്നുണ്ടു?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): എനിക്കു നിശ്ചയമില്ല. എക്സൈസ്ഡിപ്പാർട്ടുമെൻറിൻെറ ചില ശാഖകളിൽ ഗ്രേഡ്സിസ്റ്റം ഉണ്ടെന്നുതോന്നുന്നു. ചാർത്ത്യക്കാരുടെ സംഗതിയിൽ അതാണ് നടപ്പുള്ളതു്. രണ്ടു സിസ്റ്റങ്ങളുടേയും യോഗ്യതായോഗ്യതകളെപ്പററിയാണ് ഞാൻ സംസാരിക്കുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇപ്പോഠം രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലുള്ള സ്കെയിലുകഠം ഒന്നിച്ചൊന്നു ഉഠംപ്പെട്ടിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതെ, ഇപ്പോഴത്തെ സ്കെയിലുകഠം ഒന്നിലൊന്നു ഉഠംപ്പെട്ടിട്ടുണ്ട്. രൂപാ ൫൦-൭൫, ൭൦-൧൨൦, ൭൫-൧൫൦ ഇങ്ങനെയാണ് ഇപ്പോഴത്തെ സ്കെയിലുകഠം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സ്കെയിലുകഠം ഹെഡ്ക്ലാർക്കുമാർ, സാധാരണക്ലാർക്കുമാർ എന്നിങ്ങനെ ഓരോതരം ഗുമസ്തന്മാർക്കുള്ളതാണ്.

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതെ, അതാകുന്നു സ്കെയിലുകഠം ഒന്നിലൊന്നു അടങ്ങികിടക്കുന്നുഎന്നു പറയുന്നതു. ഒരു സ്കെയിലിലെ ഉയർന്നശമ്പളം അടുത്തസ്കെയിലിലെ കുറഞ്ഞശമ്പളത്തെക്കാഠം കൂടുതലായിരുന്നു കാണാം.

ഇനിയും, സർ, സ്കെയിൽ സിസ്റ്റത്തിനു വേറെദോഷവുമുണ്ട്. രൂപാ ൨൦-൩൦ സ്കെയിലിൽ ഉയർന്നശമ്പളവും കുറഞ്ഞശമ്പളവുംതമ്മിൽ ൧൦ രൂപാ വ്യത്യാസമുണ്ട്. കുറഞ്ഞശമ്പളത്തിൽ ഇരുന്നിട്ടുകൂടിയശമ്പളംകിട്ടുന്നതിനു ൧൦ വർഷംവേണം. സ്കെയിൽ ഇങ്ങനെയാണ്. രൂപാ ൨൦-൨/൩-൩൦-൩ വർഷത്തിൽ ൨ രൂപാ കിട്ടും. ഇങ്ങനെ ൧൦ രൂപാകിട്ടുന്നതിനു ൧൦ വർഷംവേണം. കീഴുദ്യോഗസ്ഥന്മാർക്കു ഗുണകരം സ്ഥിരംശമ്പളമാണെന്നു അഭിപ്രായമുള്ള അനേകരുണ്ട്. സ്കെയിൽ സിസ്റ്റപ്രകാരം കിട്ടുന്നതിൽ അധികംശമ്പളം സ്ഥിരശമ്പളമായാൽ അവർക്കു കിട്ടുമെന്നാണ് എൻെറ അഭിപ്രായം. ൨൦-൩൦ രൂപാ സ്കെയിലിൽ ഒരാൾക്കു ൩൦ രൂപാകിട്ടാൻ ൧൦ വർഷം വേണ്ടിവരുമല്ലൊ. ഇതിനിടയ്ക്കു ഗ്രേഡുകളാണെങ്കിൽ അയാഠംക്കു കൂടുതൽവേഗത്തിൽ കയററംകിട്ടും. അധികം സ്ഥിരശമ്പളമുള്ള ഒരുദ്യോഗം അയാഠംക്കു കിട്ടുന്നതിനു സ്കെയിൽപ്രകാരം ആ ശമ്പളം കിട്ടുന്നതിനുള്ള കാലം വേണ്ടിവരികയില്ല. സ്ഥിരശമ്പളസിസ്റ്റത്തിനു വേറൊരുഗുണംഉണ്ട്. ഡിപ്പാർട്ടുമെൻറിലെ ശമ്പളക്രമം പരിഷ്ക്കരിച്ചു സ്ഥിരശമ്പളമാക്കിയാൽ ദീർഘകാലത്തെസർവീസുള്ള പലർക്കും ഉടൻതന്നെ അതിൻെറ ഗുണംസിദ്ധിക്കും. ഇപ്പോഴത്തെ ശമ്പളത്തെക്കാഠം കൂടുതൽ ശമ്പളം അവർക്കു കിട്ടുമെന്നുനിശ്ചയമാണ്. എന്നാൽ അവർക്കു ഒരു സ്കെയിൽ അനുവദിക്കയാണെങ്കിൽ എത്ര സർവീസുണ്ടായിരുന്നാലും അവർക്കു പുതിയസ്കെയിലിൻെറ കുറഞ്ഞശമ്പളമേ കിട്ടുകയുള്ളു. ഇങ്ങനെ പരിഷ്ക്കാരംകൊണ്ടു അവർക്കു ഉടൻതന്നെ അവരർക്കാരുഗുണവും കിട്ടുകയില്ല. ദീർഘകാലത്തെ സർവീസുള്ളതുകൊണ്ടു അവർക്കു ഗുണമുണ്ടാകയില്ല. സ്കെയിൽ സിസ്റ്റത്തിൻെറ വേറൊരുദോഷം അതു സ്ഥിരശമ്പളസിസ്റ്റത്തെക്കാഠം കൂടുതൽ ചെലവുള്ളതാകുന്നു. ശരാശരി കണക്കാക്കുമ്പോഠം ഇതറിയാം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സ്കെയിൽസിസ്റ്റം ഗ്രേഡ്സിസ്റ്റത്തെക്കാഠം എല്ലായ്പോഴും കൂടുതൽചെലവുള്ളതാണെന്നാണോ ചീഫ്സെക്രട്ടറി പറയുന്നതു്? അനുസ്വീകരിക്കുന്ന സ്കെയിൽ അനുസരിച്ചായിരിക്കയില്ലയോ;

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഗ്രേഡ്സിസ്റ്റത്തിനു അനുരൂപമായ ഒരു സ്കെയിൽ സിസ്റ്റത്തോടു താരതമ്യപ്പെടുത്തിയാണ് ഞാൻ പറയുന്നതു്.

ശമ്പളംനിശ്ചയിക്കുന്നതിന് ഈ സംഗതികളെല്ലാം ആലോചിക്കണം. ചിലവുകുറഞ്ഞ ഒരു സ്കെയിൽ സിസ്റ്റം ഉണ്ടാക്കാൻ കഴിയും. ഡിപ്പാർട്ടുമെൻറു മേലധികാരി ആദ്യം ശിപാർശ ചെയ്തതു് ഒരു സ്കെയിൽ സിസ്റ്റം ആയിരുന്നു. എന്നാൽ അതു നടപ്പിൽ വരുത്തുന്നതിന്നു ൩,൦൦൦ രൂപവേണ്ടിവരുമെന്നാണു കണ്ടതു്.

മി: ആർ. രാമൻപിള്ള (കോട്ടയം): വല്ല ഗ്രേഡിലുള്ളവരേയും നിയമിക്കുന്നതിനുള്ള അധികാരം സ്കെയിൽസിസ്റ്റം അനുസരിച്ചു ഡിസ്ത്രിക്റ്റ്രജിസ്ത്രാർക്കു ലഭിക്കുന്നതുപോലെ ഗ്രേഡ് സിസ്റ്റമനുസരിച്ചു ലഭിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): നേരെമറിച്ചു ഗ്രേഡ്സിസ്റ്റം അക്കാര്യത്തിൽ അധികം ഗുണകരമാണ്. എന്തെന്നാൽ നിയമനങ്ങഠം താണഗ്രേഡിലാണ് ഉണ്ടാകുന്നതു്. അതുകൊണ്ടു ഉദ്യോഗങ്ങളിൽ അധികഭാഗവും ഡിസ്ത്രിക്റ്റ്രജിസ്ത്രാർമാരുടെ നിയമനാധികാരത്തിൽ ഉഠംപ്പെടും.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങിനെ വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഇപ്പോഴത്തെ അനുവാദപ്രകാരം അതു അദ്ദേഹത്തിൻെറ അധികാരത്തിൽപെടും.

മി: ആർ. രാമൻപിള്ള (കോട്ടയം): ൨൫ രൂപാ ശമ്പളമുള്ള ഉദ്യോഗങ്ങളിൽ ആഠംനിയമിക്കുന്നതിനല്ലേ ഡിസ്ത്രിക്റ്റ്രജിസ്ത്രാർക്കധികാരമുള്ളു?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഡിസ്ത്രിക്റ്റുരജിസ്ത്രാർമാർക്കു ൨൫ രൂപാവരെ നിയമിക്കാൻ ഇപ്പോഠം അധികാരമുണ്ടെന്നു തോന്നുന്നു. അതുകൊണ്ടു അവർക്കു ൨൫ രൂപായും അതിൽകുറച്ചും ശമ്പളമുള്ള ഉദ്യോഗങ്ങഠംക്കെല്ലാം ആഠം നിയമിക്കാം. പ്രയോഗത്തിൽ നിയമനങ്ങളെല്ലാം ഇതിൽ ഉഠംപ്പെടും, എന്തെന്നാൽ ചട്ടങ്ങഠംപ്രകാരം പുതിയ നിയമനങ്ങഠം എല്ലാം താണഗ്രേഡിലാകുന്നു ചെയ്യുന്നതു്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ആലോചിച്ചിട്ടുള്ള പരിഷ്കാരം നടപ്പിൽവരുമ്പോഠം ഈ എല്ലാഗ്രേഡുകളിലും നിയമിക്കാനുള്ളഅധികാരം ഡിസ്ത്രിക്റ്റ്രജിസ്ത്രാർമാർക്കുകൊടുക്കാൻ ഗവണ്മെണ്ടു വിചാരിക്കുന്നുണ്ടോ എന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഇല്ല. അവർക്കു ൨൫ രൂപാവരെ അധികാരമുണ്ടല്ലോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അങ്ങനെ അവർക്കിപ്പോഠം ഉള്ളഅധികാരംമാത്രം ഇനിയും ഉണ്ടായിരിക്കും?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതെ, എന്നാൽ അവരുടെ അധികാരത്തിൽപെട്ട ഉദ്യോഗങ്ങളുടെ എണ്ണം അധികമാകും. പുതിയനിയമനങ്ങൾ താണഗ്രേഡുകളിലാണല്ലോ ഉണ്ടാകേണ്ടത്. ൨൫ രൂപാ ശമ്പളത്തിൽ ൧൨൫ ഉദ്യോഗങ്ങളും ൨൦ രൂപാ ശമ്പളത്തിൽ ൧൪൨ ഉദ്യോഗങ്ങളുമുണ്ട്. ഈ ഉദ്യോഗങ്ങളിലെല്ലാം ആളെ നിയമിക്കാനുള്ള അധികാരം ഡിസ്ട്രിക്ട് രജിസ്ട്രാർമാർക്കായിരിക്കും.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): അവർക്കുള്ള അധികാരത്തെ തടഞ്ഞു ഏതെങ്കിലും സർക്കുലർ രജിസ്ട്രേഷൻ ഡയറക്ടർ അയച്ചിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): എനിക്കറിവില്ല. ഞാൻ അങ്ങനെ കേട്ടിട്ടുപോലും ഇല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, സ്ഥിരം അല്ലെങ്കിൽ ഗ്രേഡ് ശമ്പളത്തെക്കാൾ നല്ലതു സ്കെയിൽ ശമ്പളമാണു ഉത്തമം എന്നുള്ള കാരണത്താൽ സഭാസമക്ഷം ചെയ്യുന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. അതൊരു സാങ്കേതിക വാദസംഗതിയാണെന്നു പറഞ്ഞ് ചീഫ്സെക്രട്ടറി അതു ഇവിടെ വാദം നടത്തി തീർച്ചചെയ്യേണ്ടതല്ലെന്നു സൂചിപ്പിച്ചു. സർ, ഈ വാദം ഞാൻ ഫൈനാൻസ് കമ്മിററിയിലും പുറപ്പെടുവിച്ചു. അതു ഫൈനാൻസ് കമ്മിററിയുടെ നടപടികൾ പ്രസിദ്ധപ്പെടുത്തിട്ടുള്ളതിൽ കാണാം. ഈ സംഗതി സഭാസമക്ഷം വയ്ക്കേണ്ടതാണെന്നു ഞാൻ ഫൈനാൻസ് കമ്മിററിയിലും പറഞ്ഞിട്ടുണ്ട്. സർ, ഇതൊരു പ്രധാന സംഗതിയാണ്. അതിപ്പോൾ സ്വീകരിച്ചാൽ മററു ഡിപ്പാർട്ടുമെൻറുകളിലും അതു സ്വീകരിക്കപ്പെടുന്നതാണ്. സ്കെയിൽസിസ്റ്റം രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലും നടപ്പുണ്ടായിരുന്നു. ഒന്നിലൊന്നു ഉൾപ്പെടുന്നതിൻെറ ഉദാഹരണം ഒന്നുമാത്രമേയുള്ളു. അങ്ങനെയൊരു ന്യൂനതയാണല്ലോ ഡിപ്പാർട്ടുമെൻറിലെ സ്കെയിൽസിസ്റ്റം സംബന്ധിച്ചു ചീഫ്സെക്രട്ടറി ചൂണ്ടിക്കാണിച്ചതു. ഒന്നിലൊന്നു ഉൾപ്പെടുന്ന രണ്ടു സ്കെയിലുകൾ ൧൨-൨൪ രൂപായും ൨൦-൩൦ രൂപായും ആകുന്നു. ഇതൊരു ന്യൂനതയായി വിചാരിച്ചിരുന്നു എങ്കിൽ അതു നീക്കംചെയ്വാൻ പ്രയാസം ഉണ്ടായിരിക്കയില്ലായിരുന്നു എന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ചീഫ്സെക്രട്ടറിക്കോ രജിസ്ട്രേഷൻ ഡയറക്ടർക്കോ അതിനു പരിഹാരമുണ്ടാക്കാമായിരുന്നു ഞങ്ങളുടെ സഹായം അവർ ആവശ്യപ്പെട്ടിരുന്നു എങ്കിൽ വേണ്ട മാർഗ്ഗങ്ങൾ ഞങ്ങളും നിർദ്ദേശിക്കുമായിരുന്നു. സർ, ഇപ്പോഴത്തെ വ്യവസ്ഥ ഭേദപ്പെടുത്തണമെന്നു രെജിസ്ട്രേഷൻ ഡയറക്ടർ ആവശ്യപ്പെടുന്നു എങ്കിൽ, സ്കെയിൽസിസ്റ്റം മാററി ഗ്രേഡ്സിസ്റ്റം നടപ്പാക്കണമെന്നു അദ്ദേഹം പറയുന്നു എങ്കിൽ, ആ ഭേദഗതി ആവശ്യമാണെന്നു തെളിയിക്കുന്നതിനുള്ള ഭാരം രെജിസ്ട്രേഷൻ ഡയറക്ടരുടെമേൽതന്നെയാകുന്നു. അതൊരു സാങ്കേതിക വിഷയമാണെന്നും അതിനെപ്പററി അഭിപ്രായവ്യത്യാസം നിശ്ചയമായി ഉണ്ടാകുമെന്നും രണ്ടുപക്ഷത്തിനും അനുകൂലമായി വാദിക്കാമെന്നും ചീഫ്സെക്രട്ടറി ചുരുക്കത്തിൽ പറഞ്ഞുതീർത്തതു ശരിയായില്ല. വിഷയം സാങ്കേതികവും ഇരുപക്ഷത്തും അനുകൂലസംഗതികൾ ഉള്ളതും ആണെങ്കിൽ അതുകൊണ്ടുമാത്രം ഇപ്പോഴത്തെ വ്യവസ്ഥ മാററാൻ ഞാൻ കാരണം കാണുന്നില്ല. ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം നാലു ഗ്രേഡു ഗുമസ്ഥന്മാരുണ്ട്. ആലോചനയിൽ ഇരിക്കുന്ന വ്യവസ്ഥപ്രകാരം അഞ്ചുണ്ടാകും. ഗ്രേഡു വ്യവസ്ഥയെക്കാൾ സ്കെയിൽ വ്യവസ്ഥയാണ് നല്ലതെന്നു കാണിക്കാൻ രണ്ടുമൂന്നു സംഗതികൾ പറയാം. ഒരാൾ സർവീസിൽ പ്രവേശിച്ചാൽ അയാൾ ജോലികൾ ശരിയായി ചെയ്യുന്നപക്ഷം ഒരു ക്ലിപ്തകാലത്തിൽ ശമ്പളത്തിൽ ഒരു ക്ലിപ്തസംഖ്യ കൂടുതൽ കിട്ടേണ്ടതാകുന്നു. അല്ലെങ്കിൽ അയാൾക്കു ഉത്സാഹത്തിനു വഴിയില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): മെമ്പർ സ്കെയിൽ വ്യവസ്ഥയു താല്പര്യപ്രകാരമാണോ എന്നു പറയുമോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതെ.

ഗ്രേഡുവ്യവസ്ഥപ്രകാരം പുതുതായി നിയമിക്കപ്പെടുന്ന ഒരു ഗുമസ്ഥനു ശമ്പളത്തിൽ വല്ല കൂടുതലും കിട്ടണമെങ്കിൽ ഉയന്ന ഗ്രേഡിലേക്കു കയററംകിട്ടണം. എന്നാൽ മേലധികാരി വേറെ വല്ലവരെയും നിയമിച്ചാൽ അയാൾക്കു ഉയന്ന ഗ്രേഡിലേക്കു കയററംകിട്ടാൻ എളുപ്പമല്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): മെമ്പർ—

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ എൻെറ വാചകം പൂർത്തിയാക്കികൊള്ളട്ടയോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഒരു ചോദ്യംമാത്രം. സർ, സ്കെയിൽ ഏർപ്പെടുത്തി സ്വീകരിച്ചാൽ ഗുമസ്തൻ തൻെറ ജോലികൾ ശരിയായി ചെയ്യില്ലെങ്കിലും അയാൾക്കു ശമ്പളക്കൂടുതൽ കിട്ടുകയില്ലേ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ ചോദ്യത്തിനു ഉടനെതന്നെ മറുപടി പറഞ്ഞുകൊള്ളാം.

ഗ്രേഡു വ്യവസ്ഥപ്രകാരം ഉയന്ന ഗ്രേഡിൽ ഒഴിവുണ്ടാകുമ്പോൾ ഡിപ്പാർട്ടുമെൻറു മേലധികാരിയോ നിയമനംചെയ്യാൻ അധികാരമുള്ള ഉദ്യോഗസ്ഥനോ ആ ഉയന്ന ഗ്രേഡിലെ ഒഴിവിൽ പുറമേനിന്നൊരാളെ നിയമിച്ചു എന്നുവരാം. അങ്ങനെ വരുമ്പോൾ താണ ഗ്രേഡിലെ ഗുമസ്തനു കയററംകിട്ടാൻ മാർഗ്ഗമില്ല.

സ്കെയിൽ വ്യവസ്ഥ സ്വീകരിച്ചാൽ തൻെറ ജോലികൾ ശരിയായി ചെയ്യാത്ത ഒരു ഗുമസ്തനും ക്രമപ്രകാരം ഉള്ള ശമ്പളക്കൂടുതൽ കിട്ടുകയില്ലയോ എന്നു മി: എസ്. പിറവിപ്പെരുമാൾപിള്ള ഇപ്പോൾ ചോദിച്ചുവല്ലോ. ആ ഗുമസ്തൻ ജോലിചെയ്യാത്തപക്ഷം അതിനെപ്പററി തീരുമാനിക്കുന്നതിനു ഡിപ്പാർട്ടുമെൻറു മേലധികാരിയോ ആ ഗുമസ്തൻെറ മേലുദ്യോഗസ്ഥനോ ഉണ്ടല്ലോ. ആ ഗുമസ്തനു ശമ്പളക്കൂടുതൽ കിട്ടുകയില്ലെന്നുമാത്രമല്ല, ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടപ്പെടുകയും ചെയ്യും.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഈ വാദം ഗ്രേഡു വ്യവസ്ഥയ്ക്കു പററുന്നതാണല്ലോ,

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഉയന്ന ഗ്രേഡിൽ ഒഴിവുണ്ടാകുമ്പോൾ പുതുതായി നിയമിക്കുന്ന ആളെ താണഗ്രേഡിൽ മാത്രമേ നിയമിക്കാൻ പാടുള്ളു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങനെ ചട്ടമുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഉണ്ട്.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരാളെ ഒന്നാം ഗ്രേഡ് അദ്ധ്യാപകനായി നേരിട്ടു നിയമിക്കാൻ പാടില്ലേ?— ഉദാഹരണമായി പറകയാണ്.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ചട്ടപ്രകാരം പാടില്ല. ഗവണ്മെൻറിന്റെ അനുവാദം വേണം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതുകൊണ്ടു ഗവണ്മെൻറനുവാദത്തോടുകൂടെ അങ്ങനെയാകാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ആകാം. എന്നാൽ മെമ്പറിന്റെ വാദത്തിന്റെ ശക്തിപോകുന്നു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു കൊണ്ടു അങ്ങനെ ചെയ്യാം ഗവണ്മെൻറനുവാദം വേണമെന്നേയുള്ളു.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): സ്കേൽ വ്യവസ്ഥപ്രകാരവും ഒരു കീഴുദ്യോഗസ്ഥന്റെ ശമ്പളക്കൂടുതൽ കൊടുക്കാതിരിക്കാൻ ഗവണ്മെൻറിനു കഴിയും.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉദ്യോഗസ്ഥൻ കാര്യശേഷി ഇല്ലാത്തവനാണെന്നു തെളിവില്ലാതെ ഗവണ്മെൻറിനു ശമ്പളക്കൂടുതൽ നിറുത്തിക്കളവാൻ കഴികയില്ല.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): അങ്ങനെ കാണിക്കാൻ വലിയ പ്രയാസമില്ല. ഗ്രേഡു വ്യവസ്ഥയായിരുന്നാലും താഴെ ഗ്രേഡിൽ സെർവീസിലിരിക്കുന്ന ഗുമസ്തൻ അപ്രാപ്തനാണെന്നും ഉദ്യോഗക്കയററത്തിനു അർഹനല്ലെന്നും ബോദ്ധ്യം വരാതെ പുറമെ നിന്നൊരാളെ ഉയന്ന ഗ്രേഡിൽ നിയമിക്കണമെന്നു ഒരു ഡിപ്പാർട്ടുമെൻറു മേലധികാരി ശിപാർശ ചെയ്യുകയില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരുദ്യോഗസ്ഥന്റെ ശമ്പളക്കൂടുതൽ തടയുന്നതിനായി അയാൾ കാര്യശേഷി ഇല്ലാത്തവനാണെന്നു തെളിയിക്കാൻ പ്രയാസം തന്നെയാണ്. ഗവണ്മെൻറിനൊ ഉദ്യോഗസ്ഥന്മാൎക്കൊ അങ്ങനെ ചെയ്വാൻ സാധിക്കയില്ലെന്നു ഞാൻ പറയുന്നില്ല. ഇതുമാത്രമല്ല, മററു പലകാര്യങ്ങളും ഗവണ്മെൻറിനു ചെയ്വാൻ കഴിയും. എന്നാൽ ഗവണ്മെൻറു അതു നിചമായി പ്രവർത്തിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഒരാൾ ഗവണ്മെൻറുദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ തന്റെ ജോലികൾ ശരിയായി ചെയ്താൽ കാലാന്തരമെങ്കിലും ഒരു ശമ്പളക്കൂടുതൽ കിട്ടുമെന്നു നിശ്ചയമുണ്ടായിരിക്കണമെന്നാകുന്നു എന്റെ വാദം. ഗ്രേഡ് വ്യവസ്ഥപ്രകാരം ഇതു സാദ്ധ്യമല്ല, ഗ്രേഡ്‌വ്യവസ്ഥപ്രകാരം ഒരാൾക്കു ഗ്രേഡിൽ കയററം കിട്ടാതെ ശമ്പളത്തിൽ കൂടുതൽ കിട്ടുകയില്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ ഞാൻ ഒരുദാഹരണം പറകയാണ് ൭ ൰ ഒന്നാം ഗ്രേഡുദ്യോഗങ്ങൾ ഉണ്ട്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി ൮ ൰ ഒന്നാം ഗ്രേഡ് അദ്ധ്യാപകന്മാരെയുള്ളു. എല്ലാവൎക്കും ബാധകമായ ഒരു സ്കേൽ വ്യവസ്ഥ ഉണ്ടായിരുന്നെങ്കിൽ ഇപ്പോഴത്തെപ്പോലെ രണ്ടു ഗ്രേഡിൽ അദ്ധ്യാപകന്മാരുണ്ടായിരിക്കുന്നതിനു പകരം അനേകവർഷത്തെ സർവീസുള്ള തൃപ്തിയില്ലാത്ത പലരണ്ടാം ഗ്രേഡ് അദ്ധ്യാപകന്മാർ ഉണ്ടായിരിക്കയില്ലായിരുന്നു.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലും സ്കേൽ വ്യവസ്ഥയുണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രണ്ടു ഗ്രേഡുകളും ഉണ്ടല്ലോ. അതിനെപ്പററിയാണ് ഞാൻ പറയുന്നതു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ സ്കേൽ വ്യവസ്ഥയും ഏർപ്പെടുത്തിട്ടുള്ളതു കൊണ്ടു ഗ്രേഡു വ്യവസ്ഥയുടെ ന്യൂനത ഒരു വിധം പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ റെജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ഏർപ്പെടുത്താൻ ആലോചിക്കുന്നതു ഗ്രേഡു വ്യവസ്ഥമാത്രമാണ്, സ്കേൽ വ്യവസ്ഥയെ അല്ല. ഇതാകുന്നു എന്റെ വാദസംഗതി. ഇങ്ങനെയൊരു പുതിയ വ്യവസ്ഥ ഏർപ്പെടുത്തണമെന്നു റെജിസ്ട്രേഷൻ ഡയറക്ടർ ശിപാർശചെയ്യുന്ന കാരണങ്ങൾ എന്താണെന്നു ഞാൻ ചോദിച്ചു കൊള്ളുന്നു. ഒരു പുതിയ പദ്ധതി ശിപാർശചെയ്യുമ്പോൾ ആ പുതിയ പദ്ധതികൊണ്ടു ഗുണങ്ങളുണ്ടെന്നു അദ്ദേഹം ഈ സഭയെ ബോദ്ധ്യപ്പെടുത്തേണ്ടതല്ലയോ?

സർ, സാധാരണയായി ഡിസ്ട്രിക്ട് രജിസ്ട്രാരുടെ ആഫീസിലും റെജിസ്ട്രേഷൻ ഡയറക്ടരുടെ ആഫീസിലും ഒന്നാം ഗ്രേഡിൽ ഇത്ര ഗുമസ്തന്മാർ, രണ്ടാംഗ്രേഡിൽ ഇത്ര ഗുമസ്തന്മാർ എന്നിങ്ങനെ പല ഗ്രേഡുകളിൽ ഗുമസ്തന്മാർ ഉണ്ട്. അതു നിമിത്തം ഒരു ഗ്രേഡിൽ നിന്നു മറെറാരു ഗ്രേഡിലേക്കു കയററം കൊടുക്കേണ്ടി വരുമ്പോൾ ഒരാഫീസിൽ ഉദ്യോഗക്കയററത്തിനവകാശമുള്ള ഗുമസ്തനെ ഒഴിവുള്ള മറെറ ആഫീസിൽ സ്ഥലമാററം കൊടുത്തു നിയമിക്കേണ്ടിയിരിക്കുന്നു. ഗ്രേഡ് വ്യവസ്ഥയായിരുന്നാൽ ഇങ്ങനെയുള്ള സ്ഥലം മാററം ഒഴിച്ചുകൂടാത്ത ഒരു സംഗതിയാകുന്നു, കുറഞ്ഞ ശമ്പളക്കാരനായ ഒരു ഗവണ്മെൻറുദ്യോഗസ്ഥനെ ഇങ്ങനെ ബുദ്ധിമുട്ടിക്കുന്നതു എന്തിനാണെന്നാകുന്നു ഞാൻ ചോദിക്കുന്നതു ചീഫ് സെക്രട്ടറിയെ ഞാൻ കണ്ടു സംസാരിച്ചപ്പോൾ ഇങ്ങനെയൊന്നും ഉദ്ദേശിച്ചിട്ടില്ലെന്നു അദ്ദേഹം പറഞ്ഞു. ഇതു സ്വകാര്യമായി വെയ്ക്കേണ്ടുന്ന ഒരു കാര്യമാണെന്നു എനിക്കു തോന്നുന്നില്ല എന്നാലും അദ്ദേഹത്തിനു വിരോധമുണ്ടെങ്കിൽ ഞാൻ അതിനെപ്പററി സംസാരിക്കുന്നില്ല. ഈ ഗ്രേഡു വ്യവസ്ഥ അനാവശ്യമായ സ്ഥലം മാററത്തിനു കാരണമാകുന്നു. ജോലി ഒരു മാതിരി ജോലികൾ ഉദ്യോഗസ്ഥന്മാർ മാതിരി ഉദ്യോഗസ്ഥന്മാരും ആയിരുന്നെങ്കിൽ ഏതെങ്കിലും

പ്രവൃത്തിയെപ്പററി ആക്ഷേപം പറവാൻ ആവശ്യമുണ്ടാകയില്ല. ഉദ്യോഗത്തിലിരിക്കുന്നവർക്ക് ദ്രോഹമായി തീരാത്ത വണ്ണം യുക്തംപോലെ പ്രവർത്തിക്കാൻ ഇടകൊടുക്കാത്തവണ്ണമുള്ള ഒരു വ്യവസ്ഥയാകുന്നു അവശ്യം സ്വീകരിക്കേണ്ടതു. ഒരാൾ ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ വിശ്വസ്തതയോടെ ജോലിചെയ്താൽ ഒരു നിശ്ചകാലം കഴിയുമ്പോൾ ശമ്പളം കൂട്ടികിട്ടുമെന്നു അവനു നിശ്ചയമുണ്ടായിരിക്കണം. ഇപ്പോൾ ശിപാർശചെയ്തിട്ടുള്ള ഗ്രേഡുവ്യവസ്ഥയിൽ അങ്ങനെയൊരു ശമ്പളക്കൂടുതലിനു ഏർപ്പാടൊന്നും ചെയ്തിട്ടില്ല. ഈ പ്രസ്താവനകളോടുകൂടെ ഞാൻ മിസ്റ്റർ രാമൻപിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഗ്രേഡുവ്യവസ്ഥ സ്വീകരിക്കാതെ ഇതിനെക്കാൾ ഉത്തമമായ സ്കേൽ വ്യവസ്ഥയാണു സ്വീകരിക്കേണ്ടതെന്നു ഞാൻ പ്രത്യേകമായി പറഞ്ഞുകൊള്ളുന്നു.

മി: എസ്, പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): സർ, ഗ്രേഡുവ്യവസ്ഥയെയും സ്കേൽവ്യവസ്ഥയെയും പററി ഇവിടെ അധികം വാദം നടന്നുവല്ലോ. ഞാൻ ഗ്രേഡുവ്യവസ്ഥയെ അനുകൂലിക്കുന്നവരിൽ ഒരാളാണു. സ്കേൽ വ്യവസ്ഥപ്രകാരം ൫൦-൭൦ രൂപാ ശമ്പളത്തിലിരിക്കുന്ന ഒരു ഗുമസ്തനു അഞ്ചുവർഷം കഴിഞ്ഞാൽ നിശ്ചയമായും ൭൦ രൂപാ ശമ്പളം കിട്ടും. അവൻ സമയം വെറുതെകളഞ്ഞാലും അഞ്ചുവർഷം കഴിയുമ്പോൾ ൭൦ രൂപാ ശമ്പളം കിട്ടുമെന്നു പ്രത്യാശിക്കാം.

മി: കെ മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സമയം വെറുതെ കളഞ്ഞാൽ അയാളുടെ മേലുദ്യോഗസ്ഥനു അയാളുടെ ശമ്പളക്കൂടുതൽ നിറുത്തിക്കളയാമെന്നു മെമ്പർക്കു അറിവില്ലയോ?

മി: എസ് പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഒരു ഗുമസ്തൻ അയാളുടെ ജോലി ശരിയായി ചെയ്യാതിരുന്നാൽ ഗ്രേഡുവ്യവസ്ഥപ്രകാരമാകുന്നു അയാൾക്കു ശമ്പളക്കൂടുതൽ കൊടുക്കാതിരിക്കാൻ എളുപ്പം. സ്കേൽവ്യവസ്ഥപ്രകാരം ൫൦-൭൦ രൂപാശമ്പളത്തിലിരിക്കുന്ന ഒരു ഗുമസ്തൻ തൃപ്തികരമായി ജോലിചെയ്തില്ലെങ്കിൽ വേറൊരു സ്കേലിലേക്കു കയററം കിട്ടുമെന്നു ആശിക്കാൻ വഴിയില്ലെങ്കിലും ഉള്ള സ്കേലിലെ ഉയർന്നശമ്പളം കിട്ടാതിരിക്കയില്ല. എന്നാൽ ഗ്രേഡുവ്യവസ്ഥയാണെങ്കിൽ ഒഴിവുണ്ടാകുമ്പോൾ ഉദ്യോഗക്കയററം കിട്ടുന്നതിനു അയാൾ എല്ലായ്പോഴും മേലധികാരിക്കു തൃപ്തികരമാംവണ്ണം അയാളുടെ ജോലിചെയ്യേണ്ടതായിരിക്കും.

മി: ആർ. രാമൻപിള്ള (കോട്ടയം): ജോലിഒന്നും ചെയ്തില്ലെങ്കിൽ അവകാശമുള്ള ഇൻക്രിമെൻറു കിട്ടുകയില്ലെന്നറിയാമോ?

മി: എസ്, പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): അയാൾക്കതുകിട്ടും.

മി: ആർ. രാമൻപിള്ള (കോട്ടയം) സ്കേയിൽ തടയാനുള്ള അധികാരം മേലുദ്യോഗസ്ഥനുണ്ടെന്നു അറിയാമോ?

മി: എസ്, പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഗുമസ്ഥനു ഗുണകരം ഗ്രേഡുവ്യവസ്ഥയാണു.

മി. ആർ. രാമൻപിള്ള (കോട്ടയം): സ്കേയിൽ സിസ്റ്റമനുസരിച്ചും ക്ലാർക്കാർ ജോലിശരിയായിട്ടു നിർവഹിക്കുമെന്നറിയാമോ?

മി: എസ്, പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്കു): ഗുമസ്ഥനു ഗുണകരം ഗ്രേഡുവ്യവസ്ഥയാണു.

മി. ആർ. രാമൻപിള്ള (കോട്ടയം): സ്കേയിൽസിസ്റ്റമനുസരിച്ചും ക്ലാർക്കമാർജോലി ശരിയായിട്ടു നിർവഹിക്കുമെന്നറിയാമോ

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഗ്രേഡുസിസ്റ്റമായാൽ ഗുമസ്തനു ജോലിചെയ്യാൻ കൂടുതൽ ഉത്സാഹമുണ്ടാകും.

മി. ആർ. രാമൻപിള്ള (കോട്ടയം): എനിക്കു തോന്നുന്നതു സ്കേയിൽ സിസ്റ്റമാണു നല്ലതെന്നാണു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്കു): ഒരു ഗുമസ്തനെ ജോലിചെയ്യാൻ ഉത്സാഹിപ്പിക്കാൻ പ്രയാസമാണു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ജോലിചെയ്യാത്ത ഒരു ഗുമസ്തനെ കുററപ്പെടുത്താൻ പ്രയാസമാണെന്നാണോ മെമ്പർ വിചാരിക്കുന്നതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്കു): ഒരു ഗുമസ്തനെകൊണ്ടു ജോലിചെയ്യിക്കുമ്പോൾ അവനു പ്രതിഫലവും കൊടുക്കണം. ഇതുകൊണ്ടാകുന്നു ഞാൻ ഗ്രേഡുസിസ്റ്റത്തിനു അനുകൂലിക്കുന്നതു. ഒരു ഗുമസ്തൻെറ ജോലിക്കു കുററംപറഞ്ഞു അയാളെ പിരിച്ചുവിടാൻ എപ്പോഴും എളുപ്പമാണു. കച്ചവടക്കാർ അങ്ങനെ ചെയ്യാറുണ്ടു. നമ്മുടെ ഗവൺമെൻറിനും ആ അഭിപ്രായമുണ്ട്

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു ഗുമസ്തനെപ്രോത്സാഹിപ്പിക്കാത്തപക്ഷം അയാളുടെജോലി അതൃപ്തികരവും കാര്യക്ഷമതയില്ലാത്തതുമായിരിക്കുമെന്നു മെമ്പർ വിചാരിക്കുന്നില്ലയോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഉവ്വ. ഇക്കാരണങ്ങളാൽ സ്ഥിരശമ്പളവ്യവസ്ഥയെ ഞാൻ ബലമായി അനുകൂലിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): സർ ൨൫,൦൦൦ രൂപാ ചെലവാക്കാതെകവണ്ണം.

പ്രസിഡെൻറു. അത്യന്താ ഹാജരാക്കിയ ഉദ്യോഗസ്ഥമെമ്പറിനും സംസാരിക്കാനുണ്ടു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): സർ, ഈ ഉപക്ഷേപത്തിന്നനുകൂലമായി എനിക്കു അല്പം ചില വാക്കുകൾ പറവാനുണ്ട്. കഴിഞ്ഞ പ്രാവശ്യം ഡിസ്ട്രിക്ട് രജിസ്ട്രാറാപ്പീസുകളിൽ നിന്നു പകർപ്പുകൾ കിട്ടാത്തതിനെപ്പററി ഒരു ഉപക്ഷേപം കൊണ്ടുവരികയും ഗവൺമെൻറിൽ അതു സ്വീകരിക്കയും ചെയ്തു. അതിസങ്കാമുമ്പർക്കു വന്നപ്പോൾ ആധാരങ്ങൾ നശിച്ചുപോയതിൻെറയും മററും ഉദാഹരണങ്ങൾ ഇവിടെ പറകയും ചെയ്തു. റിക്കാർട്ടുകൾ പരിശോധിക്കുന്നതിനു ചിലപ്പോൾ ഗുമസ്തന്മാർക്കു ഒരു

ചെറിയ ഫീസും കൊടുക്കണം. ഇതു സംബന്ധിച്ച പഴയ ആധാരങ്ങളിൽ കൃത്രിമം ചെയ്യാൻ ഇടയുണ്ട്. ഈ ദോഷങ്ങൾക്ക നിവാരണമായി ഈ റിക്കാർഡുകളുടെ പകർപ്പുകൾ ഡിസ്ത്രിക്റ്റ്റജിസ്ത്രാർമാരുടെ ആഫീസുകളിൽ സൂക്ഷിക്കയാണു വേണ്ടതു. പകർപ്പുകൊടുക്കുമ്പോൾ അതിന്റെ ചെലവു കക്ഷികളോട്ടു വസൂലാക്കാവുന്നതാണ്. പകർപ്പിന്റെ ഓരോപുറത്തിന്നും ഒന്നോ രണ്ടോ ചക്രംമാത്രമേ ചെലവുള്ളു , അന്നു അനുദ്യോഗസ്ഥമെമ്പർമാരുടെ അഭിപ്രായം സ്വീകരിക്കുന്നതിനു ഗവണ്മെന്റിനു വളരെ വിസമ്മതമായിരുന്നു. എങ്കിലും വോട്ടിടണമെന്നു നിർബന്ധിച്ചപ്പോൾ ഒരു വലിയ ഭൂരിപക്ഷത്തോടുകൂടെ പ്രമേയം പാസ്സാക്കി ഇതിനെപ്പററി രെജിസ്ത്രേഷൻ ഡയറക്ടരോടു യഥേഷ്ടമായി സംസാരിക്കുന്നതിന്നിടയായി. ഈ സഭാമെമ്പർമാർ പറഞ്ഞതിനോടു അദ്ദേഹത്തിനു അശേഷം സഹതാപമില്ലെന്നു കണ്ടു എനിക്കു ആശ്ചര്യമാണുണ്ടായതു.

രെജിസ്ത്രേഷൻ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച്, അവിടത്തെ ജോലിക്കു വിശേഷതനും വിശേഷമില്ലായ്മയും ഇല്ല. അതിന്നുപുറങ്ങൾ എഴുതി എന്നേയുള്ളു. ചിലപ്പോൾ ന്യായമായിട്ടോ ന്യായമില്ലാതെയോ ഒരു ഗുമസ്തന്റെ യോഗ്യത നിർണ്ണയിക്കുന്നതു എഴുതിയപുറങ്ങളുടെ എണ്ണം നോക്കിയാണ്. രെജിസ്ത്രേഷൻ ഡിപ്പാർട്ടുമെന്റിൽ ഒരു ഗുമസ്തന്റെ യോഗ്യതനോക്കുന്നതു അയാൾ അഴിമതിക്കാരനാണോ മേലുദ്യോഗസ്ഥന്മാരെ തക്കം കൂടാതെ അനുസരിക്കുന്നവനാണോ എന്നാണു എന്റെ സ്നേഹിതൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ള പറഞ്ഞതു വിശ്വസിക്കാനോ മിസ്റ്റർ ആശാനോ മിസ്റ്റർ രാമൻപിള്ളയോ പറഞ്ഞ അഭിപ്രായം സ്വീകരിക്കാനോ നിവൃത്തിയില്ല. അതു ഗവണ്മെന്റിന്റെ യുക്തിക്കു വിട്ടുകൊടുക്കാം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും-വ്യവസായവും, തെക്കു): സ്ഥിരശമ്പളം കൊടുക്കയോ കാലംനോക്കി ശമ്പളക്കൂടുതൽ കൊടുക്കയോ ഏതാണുത്തമം എന്നാകുന്നു പ്രധാന വാദവിഷയം.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഡിപ്പാർട്ടുമെന്റു മേലധികാരിക്കു മാത്രമേ നിയമനാധികാരം ഉണ്ടാകാവൂ എന്നാണു മി. രാമൻപിള്ള പറഞ്ഞതെന്നാകുന്നു ഞാൻ മനസ്സിലാക്കിയതു. പണ്ടത്തെപ്പോലെ എല്ലാ ഉദ്യോഗങ്ങൾക്കും ആളെ നിയമിക്കാനുള്ള അധികാരം ദിവാനു വച്ചുകൊണ്ടിരിക്കാം. രെജിസ്ത്രേഷൻ ഡയറക്ടർക്കോ അദ്ദേഹത്തിന്റെ അസിസ്റ്റന്റന്മാർക്കോ, പോലീസ്കമ്മീഷണർക്കോ അദ്ദേഹത്തിന്റെ അസിസ്റ്റന്മാർക്കോ എക്സൈസ് കമ്മീഷണർക്കോ അദ്ദേഹത്തിന്റെ അസിസ്റ്റന്റന്മാർക്കോ ആക്കാനു അധികാരം വേണ്ടതെന്നല്ല. എല്ലാനിയമനാധികാരങ്ങളും തങ്ങൾക്കുണ്ടായിരിക്കുന്നതു നല്ലതല്ലെന്നു എല്ലാഡിപ്പാർട്ടുമെന്റു മേലധികാരികളും ഓർമ്മിച്ചാൽ കൊള്ളാം. അധികാര വിഭജനം ഉണ്ടായിരിക്കുന്നതു നല്ലതാണു. ഡിപ്പാർട്ടുമേലധികാരികൾ സ്ഥലംമാററംപോലെയുള്ള നിസ്സാരകാര്യങ്ങളിലും അധികാരം വെച്ചുകൊണ്ടിരിക്കുന്നതു കഷ്ടമാണു. മേലാലെങ്കിലും ഡിപ്പാർട്ടുമേലധികാരികൾ അവരുടെ ചില അധികാരങ്ങളെങ്കിലും അവരുടെ അസിസ്റ്റന്റന്മാർക്കു വിട്ടുകൊടുക്കണം. കീഴുദ്യോഗസ്ഥന്മാർക്കു സൌകര്യമായതെല്ലാംചെയ്തുകൊടുക്കാൻ അസിസ്റ്റന്റന്മാർക്കു കഴിയും.

അഴിമതികളെ സംബന്ധിച്ച രെജിസ്ത്രേഷൻ ഡയറക്ടർ കീഴുദ്യോഗസ്ഥന്മാരുടെ ഇടയിൽ നിന്നു ആ ദോഷം നീക്കംചെയ്യാൻ ഉത്സാഹവും ജാഗ്രതയും ഉള്ളവനായിരിക്കണം. ഈ വാക്കുകളോടു കൂടി ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇപ്പോഴത്തെ ഡയറക്ടർ ജാഗ്രതയില്ലാത്തവനാണോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതല്ല. റിക്കാർഡുകളുടെ പകർപ്പുകൾ ഡിസ്ത്രിക്റ്റ്റജിസ്ത്രാർമാരുടെ ആഫീസുകളിലും സൂക്ഷിക്കേണ്ടതാണെന്നു കഴിഞ്ഞപ്രാവശ്യം പ്രസ്താവിച്ചുപാസ്സാക്കിയ അഭിപ്രായം ഒരിക്കൽക്കൂടെ ഞാൻ സഭാസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

മി: കെ. മാധവൻ (ഗവണ്മെന്റുനിയമനം): സർ, മിസ്റ്റർ രാമൻപിള്ള അവർകളുടെ ഉപക്ഷേപത്തെ അനുകൂലിച്ചു സംസാരിച്ചുകൊള്ളുന്നു. അതിന്റെ ഒരു ഭാഗം താണജനങ്ങൾക്കു അനുകൂലമായിരിക്കുന്നതിനാലും അങ്ങനെ ചെയ്യേണ്ടിവന്നിരിക്കുന്നു. ഗവണ്മെന്റിന്റെ ഉത്തരവനുസരിച്ചു ഈ താഴ്ന്ന ജനങ്ങൾക്കു ഗവണ്മെന്റു ജോലികൊടുക്കേണ്ടതാണെന്നു അറിയാം.

എട്ടുലക്ഷം ആളുകളുള്ള ഈ അധഃകൃതരിൽ രെജിസ്ട്രാഫീസുകളിൽ ജോലിചെയ്യാൻ പ്രാപ്തിയുള്ള കുറെയാളുകൾ ഉണ്ട്. അങ്ങനെയുള്ളവരുടെ അപേക്ഷകൾ സ്വീകരിച്ചു അവർക്കു ഉദ്യോഗങ്ങൾ കൊടുക്കാതിരിക്കുന്നതിനെ ചൂണ്ടിക്കാണിക്കുന്നതിന്നാകുന്നു ഞാൻ എന്റെ അഭിപ്രായം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നതു. തമിഴും മലയാളവും ഏഴാംക്ലാസ്സുവരെ പഠിച്ചവരും ജയിച്ചവരും സ്കൂൾഫൈനൽ പരീക്ഷവരെ പഠിച്ചവരും ധാരാളം ഉണ്ട്. മററു സമുദായക്കാരെപ്പോലെ ഈ സമുദായക്കാരും അപേക്ഷകൾ കൊടുക്കുന്നുണ്ട്. എന്നാൽ അവരുടെ അപേക്ഷകളെപ്പോലെ ഈ അധഃകൃതരുടെ അപേക്ഷകളെ ഗൌനിക്കാറില്ലെന്നു ഈ കൌൺസിലിൽ പ്രസ്താവിക്കുന്നതു എന്റെ ധർമ്മമാണെന്നു ഞാൻ വിചാരിക്കുന്നു.

സർ, ഈ വിധത്തിൽ പിന്നിൽകിടക്കുന്ന അധഃകൃതവർഗ്ഗക്കാർക്കു ജോലികൾ കൊടുത്തു അവരെ മുമ്പോട്ടു കൊണ്ടുവരുന്നതു ഗവണ്മെന്റിന്റെ ധർമ്മമാകുന്നു. അതു കൊണ്ടു ഈ അധഃകൃതർക്കും ഈ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗങ്ങൾ കൊടുക്കേണ്ടതാണെന്നു മിസ്റ്റർ രാമൻപിള്ളയുടെ അഭിപ്രായത്തെ പിന്താങ്ങിപറഞ്ഞുകൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഗ്രേഡു വ്യവസ്ഥയാണോ സ്കേൽ വ്യവസ്ഥയാണോ ഉത്തമമെന്നുള്ളതിനെ സംബന്ധിച്ചു അല്പം സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതു എല്ലാസർക്കാരുദ്യോഗങ്ങളേയും ബാധിക്കുന്ന ഒരു പൊതുക്കാര്യമായി വിചാരിക്കേണ്ടതാണ്. സ്കേൽ വ്യവസ്ഥയ്ക്കു ചില ന്യൂനതകൾ ഉണ്ടെന്നു ചീഫ്സെക്രട്ടറി പറഞ്ഞു. ഒന്നിലൊന്നു ഉൾപ്പെട്ടുപോകുമെന്നാണു അദ്ദേഹം പറഞ്ഞതു്.

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഒന്നിലൊന്നു ഉൾപ്പെട്ടുപോകുമെന്നല്ല ഇപ്പോഴുള്ള സ്കേൽ വ്യവസ്ഥയിൽ അങ്ങനെയുണ്ടെന്നാകുന്നു ഞാൻ പറഞ്ഞതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ൧൦-൧൫ രൂപാ ൧൫-൨൦ രൂപാ ൨൦-൨൫ രൂപാ എന്നിങ്ങനെ വ്യവസ്ഥയുണ്ടാക്കിയാൽ ഈ പ്രയാസം ഉണ്ടാകും. അതല്ല ശരിയായ വഴി. ഒരേമാതിരിജോലിക്കു

സമനിലക്കിലുള്ള ശമ്പളം അല്ലെങ്കിൽ പ്രതിഫലംകൊടുക്കാൻ ഗവണ്മെന്റ തയ്യാറായിരിക്കണം. ഏതെങ്കിലു ഒരു ഡിപ്പാർട്ടുമെന്റ, ഉദാഹരണമായി ഹജൂർ സെക്രട്ടറിയേററ്, എടുക്കാം. അവിടെ പലതരം സ്കേലുകൾ ഉണ്ട്. ബി. എ. ഗ്രാജ്വേറ്റുകൾക്ക് ൪൦-൭൦ രൂപാ ൭൫-൨൦൦ രൂപാ ൨൦൦-൨൫൦ രൂപാ എന്നിങ്ങനെ മൂന്നു സ്കേലുകൾ ഉണ്ട്. ഇവിടെ ഒന്നിച്ചുലാന്നു ഉൾപ്പെടുന്നില്ല എന്നാൽ അണ്ടർഗ്രാജ്വേററ് ഗ്രാജ്വേറ്റുകൾക്ക് വേറൊരു സ്കേയിൽ ഉണ്ട്. അതാകുന്നു ഉപദ്രവും ഉണ്ടാക്കുന്നതു്. ചില സംഗതികളിൽ അണ്ടർഗ്രാജ്വേററ ഗ്രാജ്വേറ്റുകൾക്ക് ഗ്രാജ്വേററ് ഗ്രാജ്വേറ്റുമാരെക്കാൾ അധികം ശമ്പളമുണ്ട്. ഗ്രാജ്വേററ ഗ്രാജ്വേറ്റുകൾക്ക് സമം യോഗ്യതയുള്ളവൎക്ക സമം ശമ്പളം ഉണ്ടായിരിക്കണം. അതായതു ഒരു സ്കേയിലേ ഉണ്ടായിരിക്കാവു എന്നാണ് ഞാൻ പറയുന്നതു. ഉദാഹരണമായി ൪൫ രൂപാമുതൽ ൨൦൦ രൂപാവരെയോ ൨൫൦ രൂപാവരെയോ. എന്റെ കാരണവും പറയാം. ൪൦-൭൦ രൂപാ സ്കേയിൽ രണ്ടു ഗ്രാജ്വേററ ഗ്രാജ്വേറ്റുമാർ ഒരേദിവസംതന്നെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നു എന്നു വിചാരിക്കുക. പല സ്കേലുകൾ ഉണ്ടായിരുന്നാൽ രണ്ടുപേരും ഒരു ദിവസംതന്നെയാണ് ഉദ്യോഗത്തിൽ പ്രവേശിച്ചതെങ്കിലും അല്പം മുമ്പു പ്രവേശിച്ചയാൾക്കു മേററയാളെക്കാൾ അധികം ശമ്പളവും അതേസമയം കിട്ടിയെന്നുവരാം. ഇങ്ങനെയുള്ള ഒരു വ്യത്യാസം ഉണ്ടായിരിക്കുന്നതു കഷ്ടമാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും-വ്യവസായവും, തെക്ക): അതെല്ലായിടത്തും അങ്ങനെതന്നെയാണല്ലോ.

മി: എ. താണുപിള്ള (തിരുവനന്തപുരം): മെമ്പർ പറഞ്ഞതു ശരിയായി മനസ്സിലായില്ല.

ഒരേമാതിരി ജോലിചെയ്യുന്നവൎക്ക ഒരേസ്കേയിലിൽ ശമ്പളം കൊടുത്താൽ ഇങ്ങനെയുള്ള വ്യത്യാസങ്ങൾ ഉണ്ടാകയില്ല. ഇപ്പോഴത്തെ ഗ്രേഡുവ്യവസ്ഥപ്രകാരം ഒരാൾക്ക ശമ്പളക്കൂടുതൽ കിട്ടണമെങ്കിൽ മരണംനിമിത്തമോ വേറെവിധത്തിലോ ഒഴിവുണ്ടാകണം. ഇപ്പോഴത്തെ ക്രമംകൊണ്ടു വേറെയും പ്രയാസങ്ങൾ ഉണ്ട്. ഉദ്യോഗക്കയററം കൊടുക്കാൻ അധികാരമുള്ളവരെപ്പററി പരാതിയുണ്ട്. ഉദ്യോഗക്കയററം കൊടുക്കുന്നകാൎയ്യത്തിൽ ഡിപ്പാർട്ടുമെന്റ മേലധികാരികൾ അനീതിപ്രവൎത്തിക്കുന്നതു ഒരു സാധാരണ സംഭവമാണ്. ഉദ്യോഗക്കയററം കൊടുക്കാനുള്ള സന്ദൎഭങ്ങൾ കുറഞ്ഞാൽ ഈവക പരാതികൾ ഇല്ലാതെ കഴിക്കാം എന്നാണ് എന്റെ അഭിപ്രായം.

സ്കേൽ വ്യവസ്ഥയായാൽ ജോലിചെയ്വാൻ ഉത്സാഹം കുറയുമെന്നാണ് വേറൊരാക്ഷേപം. എന്റെ അഭിപ്രായം വ്യത്യസ്തമാണ്. ഒരു ഗുമസ്തന കാലംചെല്ലുംതോറും ശമ്പളത്തിൽകൂടുതൽ കിട്ടിക്കൊണ്ടിരിക്കണം. ശമ്പളം കൂടുന്തോറും ചെലവും വർദ്ധിച്ചുകൊണ്ടിരിക്കും. ആ ക്രമം നിശ്ചയമായും ഗ്രേഡുവ്യവസ്ഥയെക്കാൾ നല്ലതാണ്. അതിൻപ്രകാരം ശമ്പളത്തിൽ കൂടുതൽ കിട്ടുന്നതിന്ന ചിലപ്പോൾ അനേകവൎഷം കാത്തിരിക്കേണ്ടിവരും. ൪൦ രൂപാമുതൽ ൨൫൦ വരെയുള്ള ഒരു ശമ്പളസ്കേൽ സ്വീകരിച്ചാൽ ഗവണ്മെന്റിന്ന വളരെ ചെലവുണ്ടായേക്കുമെന്നാണ് ചീഫ്സെക്രട്ടറിയുടെ ഭയമെങ്കിൽ ൪൦ മുതൽ ൨൦൦ രൂപാവരെയുള്ള ഒരു ചെറിയ സ്കേൽ കൊടുത്താലും മതിയാകും. ഒരേമാതിരി ജോലിചെയ്യുന്നവൎക്കെല്ലാം ഒരേശമ്പളക്രമം ആയിരിക്കട്ടെ. ജോലിചെയ്യുന്നവൎക്ക അതായിരിക്കും അധികംപ്രിയം. പരാതികളും കുറയും. ഒരേമാതിരി ജോലിക്ക പലമാതിരി പ്രതിഫലം കൊടുക്കുന്നതിന്ന ഞാൻ വിരോധിയാണ്. രജിസ്ട്രേഷൻഡിപ്പാർട്ടുമെന്റിൽ താഴെപറയുന്ന ഗ്രേഡുകളാണ് ആലോചിച്ചിട്ടുള്ളതു്. ൨൦, ൨൨½, ൨൫, ൨൭½, ൩൦, ൩൫ രൂപയാണു ശമ്പളം. ൨൦ ശമ്പളക്കാരനും ൩൦ രൂപാ ശമ്പളക്കാരനും ചെയ്യുന്നജോലിയിൽ എന്താണ് വ്യത്യാസം എന്നു എനിക്കു മനസ്സിലാകുന്നില്ല. അവർ ഒരേമാതിരി ജോലിചെയ്യുന്നു. അതുകൊണ്ടു ഒരേശമ്പളം കൊടുക്കണം. അതായിരിക്കും ഉത്തമവ്യവസ്ഥ. അഞ്ചാറുതരം ഗുമസ്തന്മാരുണ്ട് എന്നാൽ എല്ലാവരും ചെയ്യുന്ന ജോലി രാവിലെമുതൽ സന്ധ്യവരെ ആധാരം പകൎത്തുകയാണ്. ഇതു വളരെ ഗുമസ്തന്മാരുള്ള ഒരു ഡിപ്പാർട്ടുമെന്റാണ്. ഉദ്യോഗഭാനാവകാശം ഒരാൾക്ക, അതായതു ഡയറക്ടൎക്ക, കൊടുക്കുന്നതു ആപൽകരമാണെന്നു എന്റെ പല സ്നേഹിതന്മാർ പറയുകയുണ്ടായി. ഞാൻ അവരോടു പൂൎണ്ണമായി യോജിക്കുന്നു.

എല്ലാഗുമസ്തന്മാൎക്കും കാലാനുസാരമായ ഒരു സ്കേൽ നിശ്ചയിച്ചാൽ ഉദ്യോഗക്കയററം കൊടുക്കുന്നകാൎയ്യത്തിൽ ഒരു പ്രയാസവും ഉണ്ടാകയില്ല.

മി: കെ. ജോർജ് (ഗവണ്മെന്റചീഫ്സെക്രട്ടറി): അങ്ങനെ ചെയ്യുന്നതിന്റെ കോശസംബന്ധമായ ഫലം എന്തായിരിക്കും?

മി: എ. താണുപിള്ള (തിരുവനന്തപുരം): വലിയവ്യത്യാസം ഉണ്ടാകയില്ല. ഒരാൾക്ക ആരംഭശമ്പളം ൨൦ രൂപായാണ്. ൨൫, ൩൦, ൪൦ എന്നിങ്ങനെ ശമ്പളത്തിൽ ആളുകളുമുണ്ടല്ലോ? എല്ലാഗുമസ്തന്മാൎക്കും കൂടിയശമ്പളം പെട്ടെന്നു കൊടുക്കയില്ലല്ലോ. അവരുടെ സ്കേൽ കണക്കാക്കി എടുക്കണം, സമത്വം ഉണ്ടായിരിക്കട്ടെ. പണത്തിന്റെകാൎയ്യം ഭീതിജനകം ആയിരിക്കയില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാൎത്തികപ്പള്ളിയും): പണത്തിന്റെകാൎയ്യം ഭീതിജനകമായിരിക്കയില്ലെന്നു പറഞ്ഞതു എങ്ങനെയാണെന്നു വിസ്തരിച്ചു പറയുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അല്പം കണക്കറിയാവുന്നവനു കണക്കുകൂട്ടിഎടുക്കാൻ പ്രയാസമുണ്ടാകയില്ല.

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): നിസ്സാരമായ ഒരു സ്കേയിൽ ആണെങ്കിലോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): സ്കേൽ നിസ്സാരമായിരിക്കുമെന്നു ചീഫ്സെക്രട്ടറി പറയുന്നു, ഗ്രേഡ് വ്യവസ്ഥസ്വീകരിച്ചാലും ആഫലം എന്തായിരിക്കും? ചിലൎക്കുനല്ലശമ്പളം കിട്ടുമ്പോൾ അനേകമാളുകൾ ൨൦ രൂപാ ശമ്പളത്തിൽ കിടന്നു നരക്കുകയായിരിക്കും. പ്രതിഫലം സമമാക്കിയാലെന്താണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. മേലധികാരിമാരെ സന്തോഷിപ്പിക്കാൻ കഴിയാതെ ൨൦ രൂപാശമ്പളത്തിൽ കിടന്നു അദ്ധ്വാനിക്കുന്നവരുടെ സ്ഥിതി എന്തായിരിക്കും? അതിനെന്താണു മരുപടി?

മി: കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): കട്ടവിലത്തെ ഗ്രേഡിൽ ൪൨-ം പിന്നത്തെ രണ്ടുഗ്രേഡുകളിൽ ൨൫-ം ൭൬-ം ആളുകൾ ഉണ്ടെന്നുള്ള സംഗതിയിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു നിരുത്സാഹജനകമായ ഒരു പാഠമല്ലയോ?

മി: കെ. ജോർജ്ജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അപ്പോൾ പണത്തിൻെറ കാര്യത്തിൽ ഫലം എന്തായിരിക്കും?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഭീതിജനകമായിരിക്കയില്ല.

മി: കെ. ജോർജ്ജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഗ്രേഡുവ്യവസ്ഥയായാൽ അവസാന ഗ്രേഡിൽ കിടന്നു നരയ്ക്കയില്ലെന്നു പറഞ്ഞുകൊള്ളുന്നു.

മി: എ. എസ് ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതൊരു ശാസ്ത്രീയ വിഷയമോ കോശവിഷയമോ എന്നു ചോദിച്ചുകൊള്ളുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): വിഷയം ശാസ്ത്രീയമാണ്.

ഈ സംസ്ഥാനത്തെ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഗവൺമെൻറ ഒരു കാലാനുസരസ്കെയിൽ ഏർപ്പെടുത്തണമെന്നാണ് എൻെറ വാദം.

കോശം സംബന്ധിച്ച പ്രയാസം സംബന്ധിച്ച, ചെലവുഭീതി ജനകമായിരിക്കും എന്നു പറയുന്നതു ശരിയല്ല. കോശസ്ഥിതി അനുസരിച്ച സ്കെയിൽ നിശ്ചയിക്കണം. ഇതുമൂലം അനേകം പരാതികൾ ഇല്ലാതാകയും ഗവൺമെൻറിനു വലിയ ആശ്വാസം ആയിരിക്കയും ചെയ്യും. സത്യസന്ധന്മാരും ഉത്സാഹികളുമായ അനേകം ആളുകൾക്കു ഉയർന്നശമ്പളം കിട്ടാറില്ലെന്നു തർക്കംകൂടാതെ പറയാം. ഇതാകുന്നു നമ്മുടെ ഇപ്പോഴത്തെ സ്ഥിതി. ഉദ്യോഗക്കയററം കിട്ടുമെന്നു അവരെ പ്രതീക്ഷിപ്പിച്ചിരുത്തുന്നതിനു അർത്ഥമില്ല. ഇക്കാരണങ്ങളാൽ ഈ സംസ്ഥാനത്തെ എല്ലാഡിപ്പാർട്ടുമെൻറുകളിലും ഒരു കാലാനുസാര സ്കെയിൽ വ്യവസ്ഥപ്പെടുത്തേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ഗ്രേഡുവ്യവസ്ഥയേയും സ്കെയിൽ വ്യവസ്ഥയേയും സംബന്ധിച്ചു ചീഫ്സെക്രട്ടറി പറഞ്ഞതിൽ കൂടുതലായി എനിക്കൊന്നും പറയാനില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇക്കാര്യത്തിൽ ഗവൺമെൻറിൻെറ നില എന്താണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): അതു ബഡ്ജറ്റിലെ വിവരങ്ങളിൽ നിന്നു കാണാം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രണ്ടുരീതിക്കും അനുകൂലസംഗതികൾ ഉള്ളതുകൊണ്ടു ഗവൺമെൻറ ഏതെങ്കിലും പ്രത്യേകനില അവലംബിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ബഡ്ജറ്റിൽ കാണിച്ചപ്രകാരമുള്ള വ്യവസ്ഥയാണു ഗവൺമെൻറ സ്വീകരിച്ചിട്ടുള്ളതു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗ്രേഡുവ്യവസ്ഥയാണെന്നാണോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറസെക്രട്ടറി) അതേ.

ഈ ഗുമസ്തന്മാർ ചെയ്യാനുള്ള വേലയെപ്പററി ചില മെമ്പർമാർ സംസാരിച്ചുവല്ലോ. എല്ലാ ഗുമസ്തന്മാരും ഒരേമാതിരി വേല ചെയ്യുന്നു എന്നാണ് ചിലരുടെ അഭിപ്രായം. എന്നാൽ വാസ്തവം അങ്ങനെയല്ലെന്നു പറയേണ്ടിയിരിക്കുന്നു. ചിലർ ഇൻഡെക്സ് (അനുക്രമണിക) തയ്യാറാക്കണം. ചിലർ മെമ്മോ തയ്യാറാക്കണം. ഇങ്ങനെ പലജോലികൾ ഉണ്ടു. ഇവയെല്ലാം സൂക്ഷ്മതയോടും കഴിയുന്നത്ര ശ്രദ്ധപതിച്ചും ചെയ്യേണ്ടതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സൂക്ഷ്മതകൂടാതെ ചെയ്യാവുന്ന ജോലികൾ ഏതുമാതിരിയാണെന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറസെക്രട്ടറി): എല്ലാജോലികളും പ്രത്യേകമാതിരിയിൽ ചെയ്യണം. ഒരു കൂലിക്കാരൻ ഒരുമാതിരിയിൽ അവൻെറ വേലചെയ്യും, ഒരു ഗുമസ്തൻ അയാൾക്കു പററിയമാതിരിയിൽ വേല ചെയ്യും. ഒരു ഹൈക്കോടതിജഡ്ജി ജോലിചെയ്യുന്നതു വേറൊരുമാതിരിയായിരിക്കും. എല്ലാതരം ജോലിയും ശ്രദ്ധപതിച്ചുതന്നെ ചെയ്യണം. എല്ലാ പ്രവൃത്തികളും ഒരേമാതിരിയിൽ ഉള്ളവയല്ല, ചിലർ ചെയ്യാനുള്ളതു മേത്തരമായ ജോലിയായിരിക്കും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കേവലം ബുദ്ധികൊണ്ടുള്ള ജോലിയോ ശരീരംകൊണ്ടുള്ള ജോലിയോ

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ബുദ്ധികൊണ്ടുള്ളതാണ്. മെമ്മോ എഴുതുന്നതു ബുദ്ധിപ്രയോഗിച്ചുള്ള ജോലിയാണ്.

ആധാരങ്ങളുടെ പകർപ്പുകൾ ഡിസ്ട്രിക്ട് രജിസ്ട്രാർ ആഫീസുകളിലും സൂക്ഷിക്കണമെന്നു മി: കേശവപിള്ള പറഞ്ഞു. ആ സംഗതി ഒരിക്കൽ ഈ സഭയുടേയും ഗവൺമെൻറിൻെറയും ആലോചനാവിഷയമായതാണ്. മുമ്പിലത്തെ രജിസ്ട്രേഷൻ ഡയറക്ടറുടെ കാലത്തു അങ്ങനെ വേണമെന്നു ഗവൺമെൻറിൽ ശുപാർശ കിട്ടി. ഗവൺമെൻറ അതിന്മേൽ ഉത്തരവു പാസാക്കീട്ടുണ്ടെന്നു തോന്നുന്നു. അതുകൊണ്ടു ആ വിഷയം പുനരാലോചനചെയ്യാൻ ആവശ്യമില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കഴിഞ്ഞയാണ്ടിൽ ഉപക്ഷേപം പാസാക്കിയശേഷം വല്ലതും ചെയ്തുവോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ ചീഫ്സെക്രട്ടറി): ആ വിഷയം പുനരാലോചന ചെയ്യാൻ ആവശ്യം ഉണ്ടായിരുന്നില്ല.

മി: എ. എസ് ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ സഭ അതിൻെറ അഭിപ്രായം അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചു എങ്കിലും അതു പുനരാലോചനചെയ്യാൻ ആവശ്യം ഉണ്ടായിരുന്നില്ലേ?

പ്രസിഡൻറ: ആ ഉപക്ഷേപം ഏതായിരുന്നു എന്നു പറയുമോ?

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു കഴിഞ്ഞ ബഡ്ജററു യോഗത്തിൽ പാസാക്കിയതാണ്.

മി: വി. ചെല്ലംപിള്ള (തോവാള): സ്കെയിൽസിസ്റ്റം ഏർപ്പെടുത്തിയാൽ ഉദ്യോഗക്കയററം കിട്ടുന്നതിനു സൌകര്യം ആയിരിക്കയില്ലയോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രിട്ടറി): ആയിരിക്കാം.

മി: വി. ചെല്ലംപിള്ള (തോവാള): ഉദ്യോഗസ്ഥന്മാർ മേൽത്തരം ജോലി ചെയ്യാനാളാകുമെന്നു മെമ്പർ പറഞ്ഞുവല്ലോ. അങ്ങനെയായാൽ ഗ്രേഡുവ്യവസ്ഥ ഉണ്ടായിരിക്കുന്നതു ഉദ്യോഗസ്ഥന്മാർക്കു ഗുണകരമല്ലയോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രിട്ടറി): അതാണ് ചെയ്തുവരുന്നതു്?

മി: വി. ചെല്ലംപിള്ള (തോവാള): ഗ്രേഡു വ്യവസ്ഥയോടുകൂടെത്തന്നെ സ്കെയിൽവ്യവസ്ഥയും ഏർപ്പെടുത്തുന്നതിനു എന്താവിരോധം?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ഇപ്പോൾ അങ്ങനെയൊരേർപ്പാടു ചെയ്വാൻ ആവശ്യമുണ്ടെന്നു ഗവൺമെൻറു വിചാരിക്കുന്നില്ല.

അധഃകൃതവർഗ്ഗക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനെപ്പററി മി: മാധവൻ സംസാരിക്കയുണ്ടായി. അപേക്ഷകന്മാർക്ക് ഉദ്യോഗത്തിനു വേണ്ടുന്ന യോഗ്യതകൾ ഉള്ളപ്പോൾ ഡയറക്ടർ കഴിവുള്ളതെല്ലാം ചെയ്യുന്നുണ്ടെന്നാണ് എൻെറ വിശ്വാസം. ഉദ്യോഗസ്ഥന്മാർക്കും സബ് റജിസ്ട്രാർമാർക്കും ഇന്നയിന്ന യോഗ്യതകൾ വേണമെന്നു ഗവൺമെൻറു കല്പിച്ചിട്ടുണ്ട്. ആ വർഗ്ഗത്തിൽപെട്ടവർക്ക് ആ യോഗ്യതകളില്ലെങ്കിൽ അവരെയാരും ആനുകൂല്യം കാണിക്കാൻ ഡയറക്ടർക്കോ ഗവൺമെൻറിനോ സാധിക്കയില്ല.

മി: കെ. മാധവൻ (ഗവൺമെൻറു നിയമനം): പരീക്ഷ ജയിച്ചവർക്കും കൊടുക്കുന്നില്ലല്ലോ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രിട്ടറി): കൊടുത്തിട്ടുണ്ടെന്നാണ് ഗവൺമെൻറിൻെറ അറിവു.

മി: കെ. മാധവൻ (ഗവൺമെൻറു നിയമനം): കൊടുത്തില്ലെന്നുള്ളതാണ് ഈ കാര്യം ഈ സഭയിൽ കൊണ്ടുവന്നതിൻെറ കാരണം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): എല്ലാവർക്കും കൊടുക്കുവാൻ കഴികയില്ല. പരീക്ഷ ജയിച്ചിട്ടുള്ളവരാണെങ്കിൽ കൊടുക്കുകയാണ്.

മി: കെ. മാധവൻ (ഗവൺമെൻറു നിയമനം): മററു വർഗ്ഗക്കാർ ധാരാളം ഉണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രിട്ടറി): അതു നിശ്ചയമില്ല.

മി: കെ. മാധവൻ (ഗവൺമെൻറു നിയമനം): അധഃകൃതരിൽ ഒന്നു രണ്ടുപേർക്കു കൊടുത്തതിനുശേഷം വേണം മററുള്ളവർക്കു കൊടുക്കുവാൻ.

മി: വി. ചെല്ലംപിള്ള (തോവാള) കുറഞ്ഞ ശമ്പളത്തിൽ താണതരം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്ക് എപ്പോഴെങ്കിലും ഉയർന്നഗ്രേഡിൽ പ്രവേശനം കിട്ടുമോ എന്നു പറയുമോ?

മി, പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ഉണ്ട് - ഒഴിവുണ്ടാകുമ്പോൾ

മി: വി. ചെല്ലംപിള്ള (തോവാള): ഉയർന്നഗ്രേഡിലുള്ള ഉദ്യോഗസ്ഥൻ വളരെക്കാലം ജോലിയിലിരുന്നാൽ കയററം കിട്ടാൻ വല്ല വഴിയും ഉണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രിട്ടറി): അതൊരു സങ്കല്പമാണ്. അങ്ങനെ സംഭവിച്ചു എന്നും വരാം സംഭവിച്ചില്ലെന്നും വരാം.

മി: എസ്. പിറവിക്കൽ രാമൻപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): പുതിയ വ്യവസ്ഥപ്രകാരം ആ ഉദ്യോഗസ്ഥൻെറ ശമ്പളം എന്തായിരിക്കും?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രിട്ടറി): അതും അങ്ങനെതന്നെ.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, ഏതെങ്കിലും സബ് റജിസ്ട്രാർ ആഫീസിലെ റിക്കാർഡുകൾ നശിച്ചുപോയാൽ കക്ഷികൾക്കും അവ നഷ്ടപ്പെട്ടുപോകാതെ നിവൃത്തിയില്ലെന്നു ഗവൺമെൻറിനു അറിയാമോ? സബ് രജിസ്ട്രാർ ആഫീസിലല്ലാതെ വേറെ എവിടെയെങ്കിലും പകർപ്പുകൾ സൂക്ഷിക്കുന്നുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രിട്ടറി): അങ്ങനെയൊരു സംഭവം ഉണ്ടായി എന്നും വരാം ഉണ്ടായില്ലെന്നും വരാം.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): പബ്ലിക്ക് ആഫീസുകൾക്കു തീപിടിച്ചിട്ടുള്ളതായി ഗവൺമെൻറിനറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ഉണ്ട്. കഴിത്തുറയിൽ.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): ഉത്തരതിരുവിതാംകൂറിൽ അങ്ങനെ ഉണ്ടായിട്ടുള്ളതായി മെമ്പറിനു അറിവുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ഉണ്ട് കരുനാഗപ്പള്ളിയിലും.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഒരു പകർപ്പു ഡിസ്ട്രിക്ട് റജിസ്ട്രാറാഫീസിൽ സൂക്ഷിക്കുന്നതു അഭിലഷണീയമല്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ഈ കാര്യത്തിൽ ഞാൻ പറഞ്ഞതിലധികം ഒന്നും പറവാനില്ല.

പ്രസിഡണ്ട്: മിസ്റ്റർ രാമൻപിള്ളെ ഈ ഉപക്ഷേപത്തെപ്പറ്റി നിർബന്ധമുണ്ടോ?

മി: രാമൻപിള്ള (കോട്ടയം): പിൻവലിക്കുന്നു. പക്ഷേ രണ്ടുവാക്കു പറഞ്ഞിട്ടായാൽ കൊള്ളാം എന്നുണ്ട്.

പ്രസിഡണ്ട്: മെമ്പർ ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നുണ്ടോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

പ്രസിഡണ്ട്: സഭ ഇപ്പോൾ ലഘുഭക്ഷണത്തിനായി പിരിഞ്ഞു ൨. ൩൦ മണിക്കു വീണ്ടും കൂടും.

സഭ ലഘുഭക്ഷണത്തിനായി ൧. ൧ മണിക്കു പിരിഞ്ഞു; ൨. ൩൦ മണിക്കു വീണ്ടും കൂടി.

ഉപക്ഷേപം ൧൩൨.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മ: തയ്യിൽകുഞ്ഞിത്തൊമ്മൻ: സിൽബന്തിച്ചെലവിന് അനുവദിച്ച ൻ,൫൬൮ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൩൩.

സിൽബന്തിച്ചെലവിന് അനുവദിച്ച ൻ,൫൬൮ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ് (ഗവൺമെൻറു നിയമനം): എസ്റ്റാബ്ലിഷ്മെൻറു ചിലവിലേക്കു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള മൻപതിനായിരത്തിഅഞ്ഞൂററിമുപ്പത്തെട്ടു രൂപയിൽനിന്നു പത്തു രൂപാ കുറയ്ക്കണമെന്നാണ് എൻെറ ഉപക്ഷേപം. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറു ഇരുപതു വർഷത്തിനുമുമ്പായിട്ടു മുസ്ലീമിങ്ങൾക്കു പ്രവേശനം ധാരാളമായിട്ടു ലഭിച്ചുവന്നിരുന്ന ഒരു ഡിപ്പാർട്ടുമെൻറാണ്. ഇരുപതു വർഷത്തിനു മുമ്പായിട്ടു ഒരു സബ്‌രജിസ്ട്രാർ ഉണ്ടായിരുന്നതായിട്ടു എനിക്ക് അറിയാം. അതിനുശേഷം രാജഗോപാലചാര്യർ അവർകൾ ദിവാൻജിയായിരുന്നകാലത്ത് മുസ്ലീമിങ്ങളുടെ സംഖ്യ എസ്റ്റാബ്ലിഷ്മെൻറിലും ഒരു വിധം ന്യായമായിട്ടുണ്ടായിരുന്നു. അതു കഴിഞ്ഞതിനുശേഷം മിസ്റ്റർ കൃഷ്ണൻനായർ ദിവാൻജിയുടെ കാലം മുതൽ ക്രമേണ മുസ്ലീമിങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഡിപ്പാർട്ടുമെൻറിൽ അവരെ കുറയ്ക്കാനുള്ള ശ്രമമാണു കാണുന്നത്. ഇപ്പോൾ ഈ ഡിപ്പാർട്ടുമെൻറിൽ സബ്‌രജിസ്ട്രാർമാരായി പതിനാറു ബ്രാഹ്മണരും, നാലു ഈഴവരും എട്ടു ക്ഷത്രിയരും, ഇരുപത്തെഴു നായന്മാരും ഒരു വെള്ളാളനും, മൂന്നു മററുഹിന്ദുക്കളും, നാലു റോമൻകത്തോലിക്കരും ഇരുപത്തഞ്ചു സിറിയൻക്രിസ്ത്യാനികളും, ഒരു മഹമ്മദീയനും ഉള്ളതായിട്ടു കാണുന്നു. ഈ ഒരു മഹമ്മദീയനെത്തന്നെയും കഴിഞ്ഞ സിവിൽ ലിസ്റ്റ്പ്രകാരം സസ്പെൻറിൽ നിറുത്തിയിരിക്കുന്നു എന്നു കാണുന്നുണ്ട്. ഇങ്ങനെ സസ്പെൻറിൽ നിറുത്തത്തക്കവണ്ണമുള്ള കാരണമെന്താണെന്നു ഇതുവരെ അറിഞ്ഞുകൂടാ. ഒരു കുററവും ചെയ്തിട്ടില്ല എന്നു എനിക്കറിയാം. വേറെ എന്തോകാരണവശാൽ അദ്ദേഹത്തെ സസ്പെൻറിൽ നിറുത്തിയിരിക്കുന്നു എന്നാണ് എൻെറ അറിവ്. അതായതു അയാൾക്കു കുറെ കടം വന്നുപോയി എന്നാണ് കുററം. തിരുവിതാംകൂറിൽ കടം ഇല്ലാത്തവരുടെ സംഖ്യ വളരെ കുറവാണ്. ആ സ്ഥിതിക്കു ഒരു മുസ്ലീം ഉദ്യോഗസ്ഥനു കടം വന്നതുനിമിത്തം അയാളെ സസ്പെണ്ടു ചെയ്യണമെന്നില്ല.

മുസ്ലീമിങ്ങളെ നിയമിക്കാതിരിക്കുന്നതിനുള്ള കാരണം നിയമനങ്ങൾ അതിനുശേഷം നടന്നിട്ടില്ലാത്തതുകൊണ്ടല്ല. ആയിരത്തിനൂററിമുന്നുമുതൽ നൂററിമൂന്നുവരെ ഇരുപത്തിരണ്ടു ഗ്രാഡുവേററിനേയും പതിന്നാലു അണ്ടർ ഗ്രാഡുവേററിനേയും രജിസ്ട്രാരന്മാരായിട്ടു നിയമിച്ചു. ഇതിൽ ഒരൊററ മുസ്ലീമിനെക്കൂടി നിയമിക്കുന്നതിനുള്ള മനസ്ഥിതി ഉണ്ടായിട്ടില്ലാത്തതിൽ ഞാൻ വളരെ പരിതപിക്കുന്നു. ഇതേരീതിയിൽതന്നെ ക്ലാർക്കന്മാരിലും പ്യൂൺസിലും നോക്കിയാലും മുസ്ലീമിങ്ങളുടെ സംഖ്യ മുൻപുണ്ടായിരുന്നതിനേക്കാൾ കീഴ്പ്പോട്ടുവരുന്നു എന്നു കാണാം. ഇവരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനുപകരം ഉള്ളതിൽനിന്നും കുറയ്ക്കുക എന്നുള്ളതു സ്വല്പം കഷ്ടംകയ്യാണെന്നു പറയാതെ നിവൃത്തിയില്ല. മേലാലെങ്കിലും അവരുടെ നേർക്കു ന്യായമായും നീതിയോടും കൂടി പെരുമാറണം എന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): റെജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ മുസ്ലീമിങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നു മി: പി. എസ്. മഹമ്മദു പറഞ്ഞു. യോഗ്യതക്കും കാര്യക്ഷമതക്കും ഹാനികൂടാതെ മഹാറാണിറീജൻറു തിരുമനസ്സിലെ എല്ലാപ്രജകളേയും സമമായി കരുതണമെന്നും പ്രാതിനിധ്യം ഇല്ലാത്തവരോടു പ്രത്യേകം ആനുകൂല്യംവേണമെന്നും എല്ലാഡിപ്പാർട്ടുമെൻറുമേലധികാരികൾക്കും ഗവൺമെൻറു ഉപദേശം കൊടുത്തിട്ടുണ്ട്. ഈ ഉപദേശങ്ങളെ രെജിസ്ട്രേഷൻഡയറക്ടർ അനുസരിക്കുന്നില്ലെന്നു വിചാരിപ്പാൻ കാരണമില്ല. അതുകൊണ്ടു ഈ വിഷയത്തെപററി ഇതിലധികം പ്രസ്താവിപ്പാൻ സാധിക്കയില്ല. പ്രാതിനിധ്യം ഇല്ലാത്ത മററുവർഗ്ഗക്കാരെപ്പോലെ മുസ്ലീമിങ്ങളെയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. സസ്പെണ്ടുചെയ്ത ഒരു സബ്‌രജിസ്ട്രാറെപ്പററിയും അദ്ദേഹം സംസാരിക്കയുണ്ടായി. അതിനുകാരണം അദ്ദേഹത്തിൻെറ കുററം തന്നെയാണ്, മററൊന്നുമല്ല.

മി: പി. എസ്. മഹമ്മദ് (ഗവൺമെൻറു നിയമിതം): അതു അയാളുടെ കുററമാണെന്നാണോ പറയുന്നതു?

പ്രസിഡണ്ട്: അതൊരു വ്യക്തിയുടെ കാര്യമാണ്. അതിനെപ്പററി ഇവിടെ വാദം നടത്തിട്ടാവശ്യമില്ല.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): എനിക്കിത്രയേ ഇപ്പോൾ പറവാനുള്ളു.

മി: പി. എസ്. മഹമ്മദ് (ഗവൺമെൻറു നിയമനം): ഗവൺമെൻറിൽനിന്നും ഡിപ്പാർട്ടുമെൻറുമേലധ്യക്ഷന്മാർക്കു വേണ്ട ഉത്തരവുകൾ കൊടുത്തിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ ഉത്തരവുകളു പാലിക്കേണ്ടതായ ഉദ്യോഗസ്ഥന്മാർ വേണ്ടവിധത്തിൽ പ്രവർത്തിക്കുന്നില്ല എന്നുള്ള സംശയിക്കുന്ന്

ഇപ്പോൾ സങ്കടമുള്ളതു്. അതുകൊണ്ടാണു് ഇപ്പോഴും ഈ സംഗതിയെപ്പററി ഇവിടെ പ്രസ്താവിക്കേണ്ടിവന്നതു. പുതുതായിട്ടുള്ള നിയമനത്തിൽ രണ്ടോ നാലോ മഹമ്മദീയ ഗ്രാഡ്യുവേററുകളെ നിയമിച്ചാലല്ലാതെ അവർക്കു പ്രയോജനമുണ്ടാകുന്നില്ല.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അവരിൽനിന്നും അപേക്ഷകന്മാരുണ്ടോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറുനിയമനം): അപേക്ഷകന്മാർ ധാരാളം ഉണ്ടു്.

മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ഗവണ്മെൻറിനു മുസ്ലിംസമുദായത്തോടുപ്രത്യേകം വിരോധമുള്ളതുകൊണ്ടാണോ നിയമിക്കാതിരിക്കുന്നതു്?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമനം): ഗവണ്മെൻറിനു പ്രത്യേകവിരോധം ഒന്നും ഇല്ല എന്നു ഞാൻ മുമ്പു പറഞ്ഞു കഴിഞ്ഞു. മേലുദ്യോഗസ്ഥന്മാരെ ഇഷ്ടപ്പെടുത്താനുള്ള വശം അറിഞ്ഞില്ലാത്തതുകൊണ്ടു കൊടുക്കാറില്ലെന്നേയുള്ളു. മേലാലെങ്കിലും ഗവണ്മെൻറു ഈ കാര്യത്തിൽ ശ്രദ്ധിക്കാമെന്നുള്ള വിശ്വാസത്തോടുകൂടി ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രസിഡൻറു: തൻെറ ഉപക്ഷേപത്തെ പിൻവലിക്കുന്നതിന് മെമ്പറെ സഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൧൩൨ മുതൽ ൧൩൭ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: വി. എസ്. കൃഷ്ണപിള്ള

൧൩൨. സിൽബന്തികൾക്കു അനുവദിച്ച ൯൩൮൫൨ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി: മാത്യു മുരിക്കൻ

൧൩൩. സഞ്ചാരപ്പടിക്കു അനുവദിച്ച ൨൪൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം

മി: മാത്യുമുരിക്കൻ

൧൩൪. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൨൪൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി: എ. സി. കയ്യാലക്കോസ്

൧൩൭. മേലന്വേഷണത്തിന് അനുവദിച്ചിട്ടുള്ള ൨൦൭൫൩ രൂപ വിട്ടുകളയണം.

ഉപക്ഷേപം ൧൩൭ (എ)

മിസ്സസ് എലിസബത്ത് കുരുവിള (ഗവണ്മെൻറുനിയമനം): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

"മേലന്വേഷണത്തിന് അനുവദിച്ചിട്ടുള്ള ൨൦൭൫൩ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിൻെറ ഏകോദ്ദേശം രെജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിൽ സ്ത്രീകൾക്കും പ്രവേശനം നൽകുന്നതിൻെറ അഭിലഷണീയതയെ ഗവണ്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയമാക്കണമെന്നാകുന്നു. ഈ വിഷയം മുമ്പൊരിക്കൽ ഈ സഭയിൽ ആലോചനാവിഷയമാക്കിയതാണ്. എന്നാൽ അന്നു അതു് സഹതാപം ലഭിക്കാതെപോയി. ഇപ്പോൾ ഞാൻ അപേക്ഷിക്കുന്നതു് പൊതുവായി എല്ലാ ഗവണ്മെൻറു ഉദ്യോഗങ്ങളിലും സ്ത്രീകൾക്കു പ്രവേശനം കൊടുക്കണമെന്നല്ല. എൻെറ അഭിപ്രായത്തിൽ സ്ത്രീകൾക്കു യോഗ്യമായ ഒരു പ്രത്യേകഡിപ്പാർട്ടുമെൻറിൽ അവർക്കു പ്രവേശനം കൊടുക്കണമെന്നാകുന്നു. അവിടത്തെ ജോലിക്ക് ശരീരാദ്ധ്വാനം ആവശ്യമില്ല. യോഗ്യതയുള്ള പുരുഷന്മാരെപ്പോലെതന്നെ നല്ലതായിട്ടും കാര്യക്ഷമതയോടും യോഗ്യതയുള്ള സ്ത്രീകൾക്കും ചെയ്യാവുന്നതുമാകുന്നു. അതുകൊണ്ടു യോഗ്യതയുള്ള സ്ത്രീകളുടെ അപേക്ഷകളെ ഗവണ്മെൻറു കാര്യമായി ആലോചിച്ചു അവർക്കു ആ ഡിപ്പാർട്ടുമെൻറിൽ പ്രവേശനം നൽകണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. സ്ത്രീകളാണെന്നുള്ള സംഗതി അവർക്കൊരു തടസ്സമായിത്തീരരുതു. വല്ല പ്രവേശനപരീക്ഷയോ മത്സരപ്പരീക്ഷയോ ഉണ്ടെങ്കിൽ അതിനു ചേരാൻ അവരെ അനുവദിക്കണം. അവരെ നിയമിച്ചതുകൊണ്ടു ജോലിക്കു ന്യൂനത വരികയില്ല കാര്യക്ഷമത വർദ്ധിക്കുമെന്നാണു എൻെറ വിശ്വാസം. ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കൈക്കൂലിയും അഴിമതിയും ഉണ്ടെന്നു ചില മെമ്പർമാർ പ്രസ്താവിക്കയുണ്ടായി. അങ്ങനെയാണെങ്കിൽ ആ ഡിപ്പാർട്ടുമെൻറിൽ സ്ത്രീകളുടെ സാന്നിദ്ധ്യം ഗുണകരമായിരിക്കും. ഇക്കാരണങ്ങളാൽ യോഗ്യതയുള്ള സ്ത്രീകൾക്കു ഈ ഡിപ്പാർട്ടുമെൻറിൽ പ്രവേശനം അനുവദിക്കണമെന്നു ഞാൻ ഗവണ്മെൻറിനോടു അപേക്ഷിച്ചുകൊള്ളുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇപ്പോൾ സ്ത്രീകൾക്കു പ്രവേശനംകൊടുത്തുകൂടാ എന്നു വല്ല രൂളും ഉണ്ടോ?

മിസ്സസ് എലിസബത്ത് കുരുവിള (ഗവണ്മെൻറു നിയമനം): അങ്ങനെ വല്ല ചട്ടവും ഉണ്ടോ എന്നു എനിക്കു നിശ്ചയമില്ല. ഇപ്പോൾ ഈ ഡിപ്പാർട്ടുമെൻറിൽ സ്ത്രീകളെനിയമിക്കുന്നില്ല. ഈ കാര്യംതന്നെ വേറൊരു ഡിപ്പാർട്ടുമെൻറിൻെറ കാര്യത്തിൽ ഇവിടെ വാദവിഷയമായി. അവിടെ ഒരു തിരഞ്ഞെടുപ്പു പരീക്ഷയ്ക്കു സ്ത്രീകളെ അവർ സ്ത്രീകളാണെന്നുള്ള കാരണത്തിന്മേൽ ചേരാൻ സമ്മതിച്ചിട്ടില്ല. ഈ രാജ്യത്തിൻെറ ഭരണത്തിൽ വേണ്ടുന്ന ജോലികളിൽ സ്ത്രീകളും ഗവണ്മെൻറിനോടു സഹകരിച്ചു അവരാൽ കഴിയുംപ്രകാരം പങ്കെടുക്കുന്നതിൽനിന്നു അവരെ വിരമിപ്പിക്കുന്നതിനു ഞാനൊരുകാരണവും കാണുന്നില്ല.

മി: എ. ജി മേനോൻ (പറവൂർ): എൻെറ സഹോദരി മിസ്സസ് കുരുവിള അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ സസന്തോഷം അനുകൂലിച്ചുകൊള്ളുന്നു. കഴിഞ്ഞയോഗത്തിൽ യോഗ്യതയുള്ള സ്ത്രീകൾക്കു പുരുഷന്മാർക്കുള്ള സൌകര്യങ്ങളെല്ലാം കൊടുക്കേണ്ടതാണെന്നു ഞാനൊരു പ്രമേയം ഹാജരാക്കി. പോലീസ്സും പട്ടാളവും ഒഴികെ മറെറല്ലാഡിപ്പാർട്ടുമെൻറുകളിലും യോഗ്യതയുള്ള സ്ത്രീകളെ കഴിവുള്ളടത്തോളം നിയമിക്കാമെന്നു ഗവണ്മെൻറു വാഗ്ദാനംചെയ്തു. ഇതു രെജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു ഒരു ഉപക്ഷേപംമാത്രമാണ്. പുരുഷന്മാരെപ്പോലെ യോഗ്യതയുള്ള സ്ത്രീകളെ എല്ലാഡിപ്പാർട്ടുമെൻറുകളിലും, പട്ടാളത്തിലും, പോ

പോലീസ്സിലുംപോലും (ചിരി) നിയമിക്കണമെന്നു അന്നു ഞാൻ പറഞ്ഞതുപോലെ ഇന്നും പറയുന്നു. കഴിഞ്ഞപ്രാവശ്യം ഞാൻ പ്രമേയം ഹാജരാക്കിയപ്പോൾ, എതിർകക്ഷികൾ—

പ്രസിഡെണ്ട്: ഇവിടെ എതിർകക്ഷിയെന്നു ഒന്നില്ല.

മി: ഏ. ജീ. മേനോൻ (പറവൂർ): ഗവമ്മെൻറുഭാഗം എന്നാണ് ഞാൻ ഉദ്ദേശിച്ചതു്. ഞാൻ പറഞ്ഞവാക്കു തെററിപ്പോയി, ക്ഷമിക്കണം. ആരെയെങ്കിലും പോലീസ് ഇൻസ്പെക്ടറന്മാരായി നിയമിക്കുന്നതു ബുദ്ധിയായിരിക്കുമോ എന്നു അവർ അന്നു എന്നോടു ചോദിച്ചു. എന്നാൽ ഇംഗ്ലണ്ടിലെ പോലീസുവകുപ്പിന്റെ ഈയിടയുണ്ടായ പുനസ്സംഘടനയിൽ അങ്ങനെ സംഭവിച്ചതായി പത്രങ്ങളിൽ കാണുന്നു. ഉത്തരഇൻഡ്യയിൽ ബ്രിട്ടീഷ് ഗവമ്മെൻറു നടത്തുന്ന രാഷ്ട്രീയധ്വിംസനങ്ങൾ സംബന്ധിച്ചു് ആ കേസുകളിൽ, പ്രത്യേകമായി സ്ത്രീകളും ഉൾപ്പെട്ടിട്ടുള്ള കേസുകളിൽ, ഒരു പോലീസ് ഇൻസ്പെക്ട്രസ്സ് അത്യാവശ്യമാണെന്നു കാണും. സ്ത്രീ തടവുകാരുടെ പരിശോധനയ്ക്കും അവരോടുള്ള പെരുമാററത്തിനും അവർ അത്യാവശ്യമാണ്. ഈ ജോലി പുരുഷന്മാർ ചെയ്യുന്നതു ക്രൂരതയാണ്. മറുഭാഗത്തുനിന്നു കൊണ്ടുവന്ന വാദങ്ങൾ ഖണ്ഡിക്കുന്നതിനു ഞാൻ ഇതു പറഞ്ഞതാണ്. പട്ടാളത്തെ സംബന്ധിച്ചു എനിക്കു പറവാനുള്ളതു ഒരു യുദ്ധം ഉണ്ടാകുന്നപക്ഷം തിരുവിതാംകൂറിലെ സ്ത്രീകൾ ഇംഗ്ലണ്ടിലെ സ്ത്രീകളെപ്പോലെതന്നെ ഉപയോഗമുള്ളവരായിരിക്കും എന്നാണ്.

സ്ത്രീകൾക്കു മുപ്പതുദിവസത്തിൽ മൂന്നുദിവസം ജോലിക്കുഹാജരാകാൻ കഴിയാത്തതുകൊണ്ടു അവരെ സബ് റജിസ്ട്രാർമാരായിട്ടും മററു ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരായിട്ടും നിയമിക്കാൻപാടില്ലെന്നു ചിലർ പറയുന്നുണ്ട്. അതൊരുമാതിരി തടസ്സംതന്നെയാണ്. എന്നാൽ പലപ്പോഴും സബ് റജിസ്ട്രാർമാർ കാഷ്വൽ അവധിയെടുക്കുകയൊ പതിനഞ്ചും ഇരുപതും ദിവസത്തെ അവകാശ അവധി എടുത്തുപോകയോ ചെയ്യുമ്പോൾ, ആ ആഫീസിലെ ഹെഡ്ക്ലാർക്ക് അവരുടെ ജോലിനോക്കുന്നുണ്ട്. അപ്രകാരംതന്നെ മുപ്പതുദിവസത്തിലൊരിക്കൽ മൂന്നുദിവസം ജോലിനടത്താൻ ഹെഡ്ക്ലാർക്കിനു കഴിയും.

ഞാൻ സ്ത്രീകളുടെഭാഗം പ്രത്യേകവക്കാലത്തുപിടിച്ചുകൊണ്ടല്ല പറയുന്നതു്. എന്നാൽ നാം സ്ത്രീകൾക്കായി ഒരു ഒന്നാംഗ്രേഡ്കാളേജ് നടത്തിക്കൊണ്ടുപോകുന്ന അവസ്ഥയ്ക്കു അവർക്കു ഗവമ്മെൻറുസെർവീസിലും പ്രവേശനം കൊടുക്കേണ്ടതാകുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സ്ത്രീകളെ ഗവമ്മെൻറുദ്യോഗങ്ങൾക്കു യോഗ്യതയുള്ളവരാക്കാനാണോ ആ കാളേജ് നടത്തുന്നതു്?

മി: ഏ. ജി. മേനോൻ (പറവൂർ): മഹാരാജാസ്കാളേജ് നടത്തുന്നതു ആ ഉദ്ദേശത്തോടുകൂടെയാണോ? നിങ്ങളെന്തിനാണു സാമുദായികപ്രാതിനിധ്യം ആവശ്യപ്പെടുന്നതു്?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ രാജ്യത്തെ പലഡിപ്പാർട്ടുമെൻറുകളിൽ നമ്മുടെ സ്ത്രീകൾക്കു വേണ്ടുന്നസ്ഥലം ഉണ്ടോ?

മി: ഏ. ജി. മേനോൻ (പറവൂർ): അതു പുരുഷന്മാരുടെ സ്വാർത്ഥബുദ്ധിയാണ്. സ്ത്രീക്കു യോഗ്യതയുള്ളപക്ഷം പുരുഷന്മാർക്കുസമം ജോലികൊടുക്കണം. നാഗരികതയുള്ള ജനങ്ങൾ സ്ത്രീകളോടു പെരുമാറുന്നതുപോലെ നമുക്കും അവരോടു പെരുമാറാൻ മനസ്സില്ലെങ്കിൽ ഇവിടെ ഒരു ഒന്നാംഗ്രേഡുകാളേജ് നടത്തീട്ടാവശ്യം ഇല്ല. എന്റെ ഈ വിശാലാഭിപ്രായം എന്റെ സ്നേഹിതന്മാരിൽ ചിലർക്കു രസിക്കയില്ലെന്നു എനിക്കറിയാം. എന്നാൽ ഇതു് അവരുടെ പുത്രിമാരുടെയൊ ഭാഗിനേയിമാരുടേയൊ കാര്യമായിഭവിച്ചാൽ വിരോധം മിക്കവാറും നീങ്ങിപ്പോകും. നമ്മുടെ സ്ത്രീകൾ അടുക്കളയിൽതന്നെ കിടക്കണമെങ്കിൽ ഈ കാളേജുകൾ ഇന്നുതന്നെ നിറുത്തലാക്കണമെന്നാണു എന്റെ വാദം. നമുക്കു പിന്നെ രണ്ടാംഫോറംവരേയൊ മൂന്നാംഫോറംവരെയൊ പഠിപ്പിക്കുന്ന ലോവർ സെക്കണ്ടറിസ്കൂളുകൾ മതിയാകും. അവിടെ വീട്ടുജോലിചെയ്യുന്ന സ്ത്രീകൾ അറിയേണ്ടുന്ന വിഷയങ്ങൾ പഠിപ്പിച്ചാൽ മതി. ഈ കാരണങ്ങളാൽ ഞാൻ മിസ്സസ് കരുവിളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുകയും അതിലെ അപേക്ഷപ്രകാരമായി യോഗ്യതയുള്ള സ്ത്രീകൾക്കു പുരുഷന്മാരെപ്പോലെതന്നെ പോലീസ്സും പട്ടാളവും ഉൾപ്പെടെ ഗവമ്മെൻറിന്റെ എല്ലാഡിപ്പാർട്ടുമെൻറുകളിലും ജോലികൊടുക്കേണ്ടതാണെന്നു പ്രസ്താവിച്ചുകൊള്ളുകയും ചെയ്യുന്നു.

രാവുബഹദൂർ കെ. എം. കൃഷ്ണയ്യങ്കാർ (ഗവമ്മെൻറുനിയമനം—ഡിപ്യൂട്ടിപ്രെസിഡെൻറു): ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എന്നാൽ മി: ഏ. ജി. മേനോൻ പ്രസ്താവിച്ച വിശാലമായ കാരണങ്ങളാൽ അല്ല, സ്ത്രീകളും സബ് റജിസ്ട്രാർമാരുടെജോലിചെയ്യാൻ കഴിവുള്ളവരാകുന്നു എന്നു ഉപക്ഷേപം ഹാജരാക്കിയ മെമ്പർ പറഞ്ഞ കാരണംനിമിത്തം ആകുന്നു. ഈ ഡിപ്പാർട്ടുമെൻറിന്റെ പരിഷ്കാരത്തിൽ അവർക്കു പ്രത്യേക ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നല്ല, അവർക്കു ന്യായമായ അവകാശം കൊടുക്കണമെന്നു. മെമ്പർ ആവശ്യപ്പെടുന്നുള്ളതു ഈ ഉപക്ഷേപത്തിന്റെ പ്രത്യേകലക്ഷണമാണ്. ഡിപ്പാർട്ടുമെൻറു നിശ്ചയിക്കുന്ന ഏതു ഏതെങ്കിലും മത്സരപ്പരീക്ഷയ്ക്കു അവരേയും ചേർക്കണമെന്നു മാത്രമാകുന്നു അവരുടെ അപേക്ഷ. യോഗ്യത നോക്കുകയല്ലാതെ വല്ല പ്രത്യേക ആനുകൂല്യങ്ങൾ കാണിക്കണമെന്നു അപേക്ഷയില്ലാതെ ഇങ്ങനെയുള്ള അപേക്ഷകൾ വരുമ്പോൾ നമ്മുടെ സഹതാപത്തിനു അവർക്കു അവകാശമുണ്ട്. അതുകൊണ്ടു ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോടു): സർ, ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ സ്ത്രീകൾക്കു ശരിയായ പ്രാതിനിധ്യം ഉണ്ട്. റെജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിൽ പത്തുനൂറുജോലിയെ ഉള്ളു. മഹമ്മദീയർ അധികമായി പാർക്കുന്ന സ്ഥലങ്ങളിൽ സ്ത്രീകളെ സബ് റജിസ്ട്രാർമാരായി നിയമിച്ചാൽ കൊള്ളാം. വീടുകളിൽ റെജിസ്റ്റർചെയ്യുന്ന പുരുഷന്മാരായ സബ് റജിസ്ട്രാർമാർക്കു അവിടെ ന്യായമായ സൌകര്യങ്ങൾ കിട്ടുന്നില്ല. ചിലപ്പോഴൊക്കെ അങ്ങനെയുള്ള സംഭവങ്ങളെപ്പററി പരാതികൾ കേൾക്കാറുണ്ടല്ലൊ. അതുകൊണ്ടു് അധികം സബ് റജിസ്ട്രാർമാരെ നിയമിക്കണമെന്നു ഞാൻ വാദിക്കുന്നില്ല. മഹമ്മദീയർ അധികമുള്ള സ്ഥലങ്ങളിൽ ആ ആനുകൂല്യം ചെയ്തുകൊടുക്കേണ്ടതാണ്. സർ,

ഭായം നോക്കി പ്രാതിനിധ്യം കൊടുക്കണമെന്ന സ്ത്രീമെമ്പർ അപേക്ഷിക്കുന്നില്ല. ഒരു സൎവ്വപരീക്ഷയോ പ്രത്യേകപരീക്ഷയോ രജിസ്ട്രേഷൻ പരീക്ഷയോ അങ്ങനെയുള്ള മററു പരീക്ഷയോ നടത്തി തിരഞ്ഞെടുത്താൽ മതിയെന്നാകുന്നു അവരുടെ അപേക്ഷ, ഇങ്ങനെ ചെയ്യുന്നതായാൽ വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ ഇടയിലെ തൊഴിലില്ലായ്മ വളരെ കുറയും. അതുകൊണ്ടു സഭാമുമ്പാകെയുള്ള ഉപക്ഷേപത്തെ സന്തോഷമായി ഞാൻ അനുകൂലിക്കുന്നു. അതായതു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ കൊടുക്കുന്ന ആനുകൂല്യങ്ങൾ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലും സ്ത്രീകൾക്കു കൊടുക്കേണ്ടതാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർ, ഞാനും സ്ത്രീമെമ്പറിന്റെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എന്നാൽ മി: ഏ. ജി. മേനോൻ പ്രസ്താവിച്ച സംഗതിക്ക് [illegible] ഞാനൊന്നും പറയുന്നില്ല. എന്തെന്നാൽ അവൎക്കു പട്ടാളത്തിലൊ പോലീസിലൊ ജോലിചെയ്യാൻ യോഗ്യതയും പ്രാപ്തിയും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. അവിടെ കായബലം ആവശ്യമാണല്ലോ.

മി: ഏ. ജി. മേനോൻ (പറവൂർ): സ്ത്രീകളുടെ ദേഹപരിശോധനയ്ക്കും സ്ത്രീവൃകാരുടെ കാവലിനും ഒരു പോലീസ് ഇൻസ്പെക്ട്രസ്സിന്റെ ആവശ്യകതയെ പ്പററി മെമ്പർ എന്തുപറയുന്നു?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കുററങ്ങൾ കണ്ടുപിടിക്കുന്നതിനും കുററക്കാരെ ശിക്ഷിപ്പിക്കുന്നതിനും പോലീസ് ഇൻസ്പെക്ടർമാരും കാൺസ്റ്റബിൾമാരും വളരെ അദ്ധ്വാനിക്കണം. അവർ രാത്രിസമയം സഞ്ചരിക്കേണ്ടിവരും. സ്ത്രീകളെ നിയമിച്ചാൽ അങ്ങനെ അദ്ധ്വാനമുള്ള ജോലികൾ ചെയ്യാൻ അവൎക്കു സാധിക്കയില്ല.

മി: ഏ. ജി. മേനോൻ (പറവൂർ): സാധാരണജോലിക്കു ഇൻസ്പെക്ട്രസ്സുമാരെ ആവശ്യമില്ലയോ?

പ്രെസിഡെൻറു: നിങ്ങൾ സംഗതിവിട്ടു അകലെ പോകുന്നു. പോലീസും പട്ടാളവും ഡിപ്പാർട്ടുമെൻറുകളെപ്പററി ഇപ്പോൾ ചിന്തിച്ചിട്ടാവശ്യം ഇല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മററു ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ച് വിദ്യാഭ്യാസം, അഞ്ചൽ എന്നിങ്ങനെയുള്ള ഡിപ്പാർട്ടുമെൻറുകളിൽ ജോലിചെയ്യാൻ അവൎക്കു യോഗ്യതയുണ്ട്. അവിടെ അവരുടെ ജോലികൾ കാര്യക്ഷമതയോടെ നടത്തുവാൻ അവൎക്കു കഴിയും. അവരെ ഇപ്പോൾ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ നിയമിക്കാറുണ്ട്. അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ നിയമിക്കാറില്ല. രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിൽ അവരെ നിയമിക്കുന്നതിനു വിരോധമില്ല. അതുകൊണ്ടു പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാടു (ജന്മികൾ): സഭയുടെ ആലോചനയ്ക്കു കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ അനുകൂലിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ചില കൊല്ലങ്ങൾക്കുമുമ്പ് ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവന്നപ്പോൾ പല മെമ്പറന്മാരും അതിനു വിരോധികളായിരുന്നു. ആ പ്രമേയം ഇതിനെക്കാൾ വിശാലമായിരുന്നു. അവർ അതിനു വിരോധമായി നിന്നതു പ്രമേയത്തിന്റെ സാരത്തോടുള്ള അവർ വിപരീതമായിരുന്നതുകൊണ്ടല്ല, പ്രമേയത്തിന്റെ വാചകം അവൎക്കു രസിക്കാഞ്ഞിട്ടോ അതു അവതരിപ്പിക്കേണ്ടയാൾ അല്ലാ അവതരിപ്പിച്ചതു എന്നു വിചാരിച്ചിട്ടോ ആയിരുന്നു. എന്നാൽ ഇപ്പോൾ അതിന്റെ വാചകം ശരിയായിരിക്കുന്നു. അതു അവതരിപ്പിക്കാൻ ഏററവും യോഗ്യതയുള്ള ആൾതന്നെ അവതരിപ്പിക്കയും ചെയ്തിരിക്കുന്നു. ഈ ഉപക്ഷേപം പാസ്സാക്കിയതുകൊണ്ടു എന്റെ സമുദായത്തിലെ സ്ത്രീകൾക്കു ഗുണമൊന്നും ഉണ്ടാകയില്ലെങ്കിലും അതു സ്വീകരിച്ചാൽ അവൎക്കു ഉത്സാഹം ഉണ്ടാകയും സമുദായോന്നതിക്കു സഹായമായിരിക്കയും ചെയ്യും. ഈ ചിലവാക്കുകളോടുകൂടെ ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഞാൻ മിസ്സസ് കുരുവിളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. പള്ളിക്കൂടം ഡിപ്പാർട്ടുമെൻറിൽ ഇൻസ്പെക്ട്രസ് ആയിട്ടും അസിസ്റ്റൻറ് ഇൻസ്പെക്ട്രസുകളായിട്ടും തിരുവിതാംകൂറിൽ സ്ത്രീകൾ ജോലിവഹിക്കാമെങ്കിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ക്ലാർക്കന്മാരായിട്ടും രജിസ്ട്രാർമാരായിട്ടും എന്തുകൊണ്ട് ജോലി ചെയ്യാൻ പാടില്ല? ഈ പരിഷ്കൃതകാലത്തു സ്ത്രീകളാണു പണം സംബന്ധിച്ചുള്ള ഇടപാടുകൾ അധികവും നടത്തിക്കൊണ്ടിരിക്കുന്നതു. കണക്കുകൾ ശരിയായിസൂക്ഷിക്കുന്നതിലും ഇവൎക്കു വളരെ സാമർത്ഥ്യം ഉണ്ട്. അഞ്ചൽ ഡിപ്പാർട്ടുമെൻറു പണം സൂക്ഷിക്കുന്ന ഏപ്പാടുള്ള ഒരു ഡിപ്പാർട്ടുമെൻറാണ്. വീട്ടിൽതന്നെ പണം സൂക്ഷിച്ചുവയ്ക്കുന്നതിനു അവൎക്കു സാധിക്കുമെങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൌണ്ടുവയ്ക്കുന്നതിനു അവൎക്കു ശക്തിയില്ലാതെ വരുന്നതല്ലല്ലോ. അതുകൊണ്ടു അഞ്ചൽ ഡിപ്പാർട്ടുമെൻറിലും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലും കൂടി സ്ത്രീകൾക്കു പ്രവേശനം കൊടുക്കേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, മിസ്സസ് എലിശബെത്ത് കുരുവിള അവതരിപ്പിച്ച ഉപക്ഷേപത്തെ അനുകൂലിക്കേണ്ടതില്ലെന്നാണു ഞാൻ ആദ്യം വിചാരിച്ചതു. എന്നാൽ അവരുടെ അപേക്ഷ ഇത്രമിതമാകയാൽ യോഗ്യതയുള്ള സ്ത്രീകളെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ പരീക്ഷാർത്ഥം നിയമിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. മി: എ. ജി. മേനോൻ പറഞ്ഞപ്രകാരം നാം ഒരു വിമൻസ് ഗ്രേഡ്യുകാളേജ് സ്ഥാപിച്ചു നടത്തുന്നുണ്ട്. നമ്മുടെ സ്ത്രീജനങ്ങളുടെ ഗുണത്തിൽ നാം വളരെ താല്പൎയ്യമുള്ളവരാണ്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുവാനായി സ്ത്രീകൾ പലപ്പോഴും പോകേണ്ടിവരും. സ്ത്രീ സബ്‌രജിസ്ട്രാർമാർ ഉണ്ടായിരിക്കുന്നതു അങ്ങനെയുള്ള സ്ത്രീകൾക്കു വളരെ സഹായമായിരിക്കും. അതുകൊണ്ടു ഈ അപേക്ഷ ന്യായവും സഭയുടെ ഈ ഭാഗത്തുള്ള മെമ്പർമാർ അനുകൂലിക്കേണ്ടതും ആകുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറു സെക്രട്ടറി): സഭയുടെ അഭിപ്രായത്തെ ഗവർമ്മെൻറു സൂക്ഷ്മതയോടുകൂടെ ആലോചിച്ചു തന്റെ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗത്തിനു അപേക്ഷിക്കുന്ന സ്ത്രീകളുടെ അപേക്ഷകളെപ്പററി ഗൌനിക്കണമെന്നു രജിസ്ട്രേഷൻ ഡയറക്ടരോടു ആജ്ഞാപിക്കുന്നതാകുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമ്മെൻറു നിയമനം-ഡിപ്യൂട്ടിപ്രെസിഡെൻറു): അനുകൂലമായിട്ടോ?

മിസ്സസ് ഏലിശബെത്ത് കുരുവിള (ഗവർണ്മെണ്ട് നിയമനം): ഗവർണ്മെൻറിൻെറ വാഗ്ദാനം അനുസരിച്ചു ഉപക്ഷേപം പിൻവലിക്കാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൧൭൮ മുതൽ ൧൮൦ വരെ

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: എ. എസ് ദാമോദരൻ ആശാൻ

൧൭൮. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൦,൭൮൫ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി: മുതുവേലിൽ പാച്ചുപ്പിള്ള

൧൭൯. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൦,൭൮൫ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ

൧൮൦. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൦,൭൮൫ രൂപായിൽ ൫ രൂപാ കുറയ്ക്കണം

ഉപക്ഷേപം ൧൮൧

മി: എ.ൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര) സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കികൊള്ളുന്നു.

മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൦,൭൮൫ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം

ഈ ഉപക്ഷേപം ഞാൻ ഹാജരാക്കുന്നതിൻെറ ഉദ്ദേശം ഈ ഡിപ്പാർട്ടുമെൻറിൽ നിയമനങ്ങളെ സംബന്ധിച്ചുള്ള ക്രമക്കേടുകൾ ഗവണ്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കണമെന്നാണ്. അല്പസമയം മുമ്പുവരെ ഡിപ്പാർട്ടുമെൻറിലെ ഒടുവിലത്തെ ഗ്രേഡിലുള്ള ഗുമസ്തന്മാരായി ഗവണ്മെൻറു നിയമിച്ചുവന്നതു കുറഞ്ഞ യോഗ്യതയും രെജിസ്ട്രേഷൻ പ്രവേശനപ്പരീക്ഷാവിജയവും ഉള്ളവരെയായിരുന്നു. എന്നാലിപ്പോഴത്തെ രെജിസ്ട്രേഷൻ ഡയറക്ടർ ഉദ്യോഗത്തിൽ പ്രവേശിച്ചതിൽപിന്നീട് അവരെയൊക്കെ പിരിച്ചുവിട്ടിട്ട് അദ്ദേഹത്തിൻെറ മലയാളഭാഷാ പരിജ്ഞാനത്തോളം മാത്രം അവർക്കു ഇംഗ്ലീഷു ഭാഷാ പരിജ്ഞാനം ഉള്ളതുകൊണ്ടായിരിക്കാം കേവലം എ.സ്.— എസ്.— എൽ. സർട്ടിഫിക്കേറുകാരെ അവർക്കുപകരം നിയമിച്ചിരിക്കുന്നു എന്നു ഈ സഭാമുമ്പാകെ പ്രസ്താവിക്കേണ്ടിവന്നതിൽ വ്യസനിക്കുന്നു. ഈ പ്രവേശനപ്പരീക്ഷ ജയിക്കയും ഡിപ്പാർട്ടുമെൻറിൽ അനേകവർഷം ജോലി ചെയ്കയും ചെയ്തിട്ടു അവരിൽ വളരെപ്പേർ ജോലിയൊന്നുമില്ലാതെ പുറത്തു കാത്തു നില്പുണ്ടെന്നും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. സബ്‌രജിസ്ട്രാർ കച്ചേരികളിലെ ജോലിമിക്കവാറും മലയാളം ആധാരങ്ങൾ പകർത്തുകയാണെന്നു മി: താണുപിള്ള മുമ്പിലത്തെ ഉപക്ഷേപത്തെപ്പററി സംസാരിച്ചപ്പോൾ നമ്മോടു പറഞ്ഞിട്ടുണ്ട്. സാധാരണയായി അവർക്കു ഇംഗ്ലീഷുറിക്കാർഡുകളോടു ഇടപെടാനില്ല. മലയാളഭാഷാ പരീക്ഷകൾമാത്രം ജയിച്ചു ഡിപ്പാർട്ടുമെൻറിൽ ആക്ട് ചെയ്തുകൊണ്ടിരിക്കുന്ന ഗുമസ്തന്മാർ, സ്കൂൾഫൈനൽ ക്ലാസിൽ എത്തുമ്പോഴെക്കു തങ്ങൾ അതിനുമുമ്പു പഠിച്ച മലയാളമെല്ലാം മറന്നുപോകുന്ന എ.സ്. എ.സ്. എൽ. സി. ക്കാരെക്കാൾ ഉത്തമമായരീതിയിൽ ഈ ജോലി ചെയ്യുന്നുണ്ടെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ന്യായമില്ലാതെ ജോലിയിൽ നിന്നു പിരിച്ചു വിടപ്പെട്ട ഈ ഗുമസ്തന്മാരുടെ സങ്കടത്തിൽ നാം സഹതപിക്കേണ്ടതും ഒഴിവുകളുണ്ടാകുമ്പോൾ അവരുടെ അവകാശം നോക്കേണ്ടതുമാകുന്നു. എസ്. എസ്. എൽ. സി. പരീക്ഷജയിച്ചവരെ നിയമിക്കാൻ പാടില്ലെന്നു ഞാൻ പറയുന്നു എന്നു വിചാരിക്കരുതു. അവരെ നിയമിച്ചുകൊള്ളട്ടെ. എന്നാൽ മുൻ സർവീസുള്ളവരുടെ അവകാശം പ്രഥമമായി വിചാരിക്കണം. പുതിയ അപേക്ഷകന്മാരെക്കാൾ ഇവരുടെ അവകാശങ്ങൾ മുഖ്യമായി വിചാരിക്കുന്നതു നീതിയും ന്യായവും ആയിരിക്കും.

വേറൊരു സങ്കടമുള്ള സംഗതി സഭാമുമ്പാകെ പ്രസ്താവിപ്പാനുള്ളതു സർവീസിൽ ഇരുന്നു നരച്ചിട്ടുള്ള ഗുമസ്തവർഗ്ഗത്തിൻെറ കാര്യം ആകുന്നു. ഇരുപതിരുപത്തഞ്ചു വർഷത്തെ സർവീസുള്ളവരും വളരെക്കാലമായി അവർക്കു കിട്ടാവുന്ന കൂടിയശമ്പളം വാങ്ങിവരുന്നവരുമായ അവർക്കു മുമ്പവർക്കു ആശിക്കാമായിരുന്ന സബ്‌രജിസ്ട്രാറുദ്യോഗം ഇപ്പോൾ കൊടുക്കയില്ലെന്നാണു പറയുന്നതു. ഇവരിൽ പലർക്കും ഇംഗ്ലീഷറിഞ്ഞു കൂടാ, എന്നാൽ സബ്‌രജിസ്ട്രാറാപ്പീസുകളിൽ എഴുത്തുകുത്തു നടത്തുന്നതു ഇംഗ്ലീഷിൽ അല്ലെന്നു നമുക്കറിയാമല്ലോ. അതുകൊണ്ടു ഇവരിൽ യോഗ്യതയുള്ളവർക്കു സബ്‌രജിസ്ട്രാർമാരായി ഉദ്യോഗക്കയററം കൊടുക്കേണ്ടതാകുന്നു.

ഈ ഉപക്ഷേപം സംബന്ധിച്ചുതന്നെ വേറൊരുസംഗതിയും പറവാനുണ്ട്. സബ്‌രജിസ്ട്രാറുദ്യോഗത്തിനു ഏററവും കുറഞ്ഞയോഗ്യത എസ്. എ.സ്. എൽ. സി. സർട്ടിഫിക്കേററാണെന്നു ഈയിടെ രജിസ്ട്രേഷൻ ഡയറക്ടർ ശിപാർശചെയ്കയും അതനുസരിച്ചു ഗവണ്മെൻറ് ഉത്തരവാകയും ചെയ്തിട്ടുണ്ട്. എത്രയോ ബി. എ—ക്കാർ ഉള്ളപ്പോൾ എസ്. എസ്. എൽ. സി. കാരെ നിയമിക്കുന്നതിൻെറ ആവശ്യം എന്താണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ബി. എ—ക്കാരെ സബ്‌രജിസ്ട്രാർമാരായി നിയമിച്ച് ആ വർഗ്ഗം ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതയെ പാലിച്ചുകൊണ്ടുപോകുന്നതിന് ഗവണ്മെൻറിന് ആകാംക്ഷയില്ലെങ്കിൽ എസ്. എസ്. എൽ. സിക്കാരെക്കൊണ്ടു തൃപ്തിപ്പെട്ടിരിക്കാനാണ അവരുടെ ഭാവമെങ്കിൽ ഞാൻ ഇപ്പോൾ പ്രസ്താവിച്ചപ്രകാരം ഡിപ്പാർട്ടുമെൻറിൽ വളരെക്കാലത്തെ പഴക്കമുള്ള ഗുമസ്തന്മാർക്കു് ആ ഉദ്യോഗം ഭരിക്കാൻ അവസരം കൊടുക്കുന്നതിനു എന്താണു വിരോധമെന്നും ഞാൻ ചോദിച്ചുകൊള്ളുന്നു.

സർ, കഴിഞ്ഞയോഗത്തിൽ ഡിസ്ട്രിക്ട് രജിസ്ട്രാർമാരുടെ ജോലിനിർവഹണത്തെപ്പററി സംസാരമുണ്ടായി. ഡിസ്ട്രിക്ട് രജിസ്ട്രാർമാരുടെ ജോലിയിൽ ഡയറക്ടർ അനാവശ്യമായി ഇടപെടുന്നു എന്നു ഒരഭിപ്രായം പരക്കെ ഉള്ളതായി ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അതിനെപ്പററി നല്ല അറിവുള്ളതു ഡിസ്ട്രിക്ട് രജിസ്ട്രാർമാർക്കും ഡയറക്ടർക്കുംതന്നെയാണ്. എങ്കിലും അതു അന്വേഷണംനടത്തി ശരിയാക്കേണ്ടുന്ന ഒരു വിഷയമാകുന്നു.

ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന അഴിമതിയെപ്പററിയും ഈസഭയുടെ കഴിഞ്ഞയോഗത്തിൽ പ്രസ്താവം ഉണ്ടായി. ഇതിനെപ്പററി എൻെറപക്കൽ കണക്കൊന്നുമില്ല എന്നാൽ ഡിപ്പാർട്ടുമെൻറിൽ അഴിമതികൾ നടക്കുന്നുണ്ടെന്നു പരക്കെ ഒരു ബോധം ഉണ്ടെന്നു ഈ സഭയോടു ഞാൻ ഉറപ്പായി പറഞ്ഞുകൊള്ളുന്നു. ഫി ഡി

പ്പാർട്ടുമെൻറുകളിൽ അഴിമതികൾ ധാരാളം നടക്കുന്നുണ്ടെന്നു ഗവൺമെൻറിനെ അറിയിക്കുമ്പോൾ പ്രത്യേക സംഗതികൾ എടുത്തു പറഞ്ഞില്ലെങ്കിലും ആ കാര്യത്തിൽ അന്വേഷണം നടത്തേണ്ടതു ഗവൺമെൻറിൻെറ ധർമ്മം ആകുന്നു. ഡിപ്പാർട്ടുമെൻറിനെ നന്നാക്കുന്നതും അതിലെ ഉദ്യോഗസ്ഥന്മാരുടെ അഴിപ്പിക്കു പരിഹാരം ഉണ്ടാക്കാനുമായി ഞാൻ പറഞ്ഞ ഈ പ്രസ്താവനകളോടുകൂടി ഈ ഉപക്ഷേപത്തെ സഭയുടെ അംഗീകാരത്തിന്നായി സമർപ്പിച്ചുകൊള്ളുന്നു

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഞാൻ മിസ്റ്റർ കൃഷ്ണപിള്ളയുടെ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു. ഗ്രാഡുവേററ ഒഴിച്ചുള്ള മലയാളം ഏഴാംക്ലാസ്, ഫോർത്ത് ഫോം മുതലായ പരീക്ഷായോഗ്യതയുള്ളവരായ ആളുകളെ അവർ ഡിപ്പാർട്ടുമെൻറൽ പരീക്ഷ പാസായിട്ടുള്ളവരായിരുന്നാൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചുവന്നിരുന്നു. ഗ്രാഡുവേററ്സിനെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറൽ പരീക്ഷ പാസ്സാകണമെന്ന നിർബന്ധമില്ലായിരുന്നു. എന്നാൽ അങ്ങനെ ഗ്രാഡുവേററുകളുടെ കാര്യം വളരെ കഷ്ടമാണ്. ഇപ്പോൾ ഡിപ്പാർട്ടുമെൻറൽ പരീക്ഷയിൽ ജയിച്ചിട്ടുള്ള പലായിട്ടുള്ള അപേക്ഷകന്മാരിൽ നൂറുകണക്കിന് ആളുകൾ യാതൊരു ജോലിയുമില്ലാതെ അലഞ്ഞുനടക്കുകയാണ്. അവരിൽ ചിലർ പ്രായം ആക്ടിംഗ് ജോലിയിൽ ഇതിനുമുമ്പു പ്രവേശിച്ചിരുന്നുവെങ്കിലും അവരുടെ അവകാശവും ഇപ്പോൾ ത്യാജ്യകോടിയിൽ തള്ളിയിരിക്കയാണ്. വഴിയെ പരീക്ഷകൾ ജയിച്ചിട്ടുള്ളവർക്ക് വിജയികൾക്കുപോലും ഗവൺമെൻറ് സർവീസിൽ പ്രവേശിക്കുന്നതിനു യാതൊരു ഗതിയും ഇല്ലാതിരിക്കുന്ന ഈ അവസരത്തിൽ ഈ പാവങ്ങളുടെ കാര്യം ഇങ്ങനെ ഉപേക്ഷിക്കുന്നതു ശരിക്കും ന്യായമല്ല. ഡിപ്പാർട്ടുമെൻറൽ പരീക്ഷകൂടി ജയിച്ചാൽ തീർച്ചയായും പ്രവേശനം കിട്ടുമെന്നുള്ള വിശ്വാസത്തോടുകൂടി വളരെ പ്രയത്നപ്പെട്ടു പരീക്ഷാവിജയികളായിത്തീരുകയും ഉദ്യോഗത്തിന് അപേക്ഷിക്കുകയും ചില ആക്ടിങ്ങ്പോലും കിട്ടുകയും ചെയ്തിട്ടും സ്ഥിരം നിയമനം പരമ്പരാ ഇതെല്ലാം അവഗണിച്ചു പുത്തനായി ആളുകളെ നിയമിക്കുന്നു എന്നുള്ള സംഗതി നിയമസഭയിൽ ചോദിച്ചാൽ കാണാം.

രണ്ടാമതു പറയാനുള്ളത് എൻെറ സ്നേഹിതൻ പറഞ്ഞതുപോലെ മേലുദ്യോഗസ്ഥരുടെ അധികാരദുർവിനിയോഗത്തെപ്പററിയാണ്. ഏതാനും ചില മേലുദ്യോഗസ്ഥന്മാരുടെ അധികാരവും ചുമതലയും വിവരിച്ചു പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ടെങ്കിലും അവയെ അവഗണിച്ചു അപ്പോഴപ്പോഴുണ്ടാകുന്ന ചില പ്രത്യേകകാരണങ്ങളാൽ സ്വന്തമായിട്ടുള്ള ഇഷ്ടാനുസരണം കീഴുദ്യോഗസ്ഥന്മാരുടെ അധികാരമാനം നടത്തുന്നതിനു അവർക്കു നിവൃത്തിയില്ലാത്ത വിധത്തിൽ കൈവശമായി തടഞ്ഞുവയ്ക്കുന്നുണ്ടെന്നുള്ളതു എനിക്കു നല്ലപോലെ അറിയാം. കീഴുദ്യോഗസ്ഥന്മാർക്ക് നിയമനം സംബന്ധിച്ച വിഷയത്തിൽ ഇത്ര രൂപാമുതൽ ഇത്രരൂപാവരെ ഇത്രത്തോളം ആളുകളെ നിയമിക്കുന്നതിനു ഇന്ന ഉദ്യോഗസ്ഥനു അധികാരം ഉണ്ടെന്നു വ്യവസ്ഥ ഉണ്ടെങ്കിലും പുറകെ അയക്കുന്ന ഉത്തരവുകൾ കൊണ്ടു അതുപോലെ നടത്തുന്നതിനു നിവൃത്തിയില്ലാതെയായിതീർന്നിട്ടുണ്ട്. ഇതു മേലധികാരികളുടെ അപ്പോഴപ്പോഴുണ്ടാകുന്ന മരണനയം ആണെന്നു വിചാരിച്ചു കീഴുദ്യോഗസ്ഥന്മാർ ക്ഷമിക്കുന്നു എന്നു മാത്രമേയുള്ളു. ഈ വക കാര്യങ്ങൾ ഈ ഡിപ്പാർട്ടുമെൻറിൽ മററുള്ള ഡിപ്പാർട്ടുമെൻറുകളെ അപേക്ഷിച്ചു സ്വല്പം കൂടുതൽകാണുന്നുണ്ടെന്നു എനിക്കു നല്ലവണ്ണം അറിയാം.

മി. പി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും. വടക്ക): എന്തൊന്നാണ് കാണുന്നതു?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): അതിൻെറ വിവരം ശരിയായിട്ടു ഞാൻ മെംബറിനെ ബോധ്യപ്പെടുത്താം. ഇപ്പോൾ സമയമില്ല. ഇത്രയും സംഗതികൾമാത്രം പ്രസ്താവിച്ചുകൊണ്ടു എൻെറ സ്നേഹിതൻ മിസ്റ്റർ കൃഷ്ണപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ബലമായിപിൻതാങ്ങുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്): ഞാൻ മിസ്റ്റർ കൃഷ്ണപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. രജിസ്ട്രേഷൻ ടെസ്റ്റ്പരീക്ഷയ്ക്കു ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഫീസ് ആറുരൂപായാണ്. ഇതു ഡിപ്പാർട്ടുമെൻറിലെ പരീക്ഷയാകകൊണ്ടു ഈ സംഖ്യ കൂടുതലാണെന്നാണ് എൻെറയും മററു പലരുടേയും അഭിപ്രായം. കാര്യക്ഷമത ഉള്ളവരെ ഡിപ്പാർട്ടുമെൻറിൽ നിയമിക്കണമെന്നുള്ള ഉദ്ദേശംകൊണ്ടാണ് ഈ പരീക്ഷ ഏർപ്പെടുത്തിട്ടുള്ളതു. അതിനാൽ ആ ഉദ്ദേശത്തെമാത്രം കരുതുകയല്ലാതെ ഇതൊരു ലാഭമായിട്ടു ഗവൺമെൻറ് സ്വീകരിക്കാൻ പാടില്ല എന്നാണ് എൻെറ അഭിപ്രായം.

മി: മുവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ പരീക്ഷ ഗവൺമെൻറിൽനിന്ന് നിർത്തിയിട്ടുണ്ട് എന്ന് അറിയാമോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട): ആ വിവരം എനിക്കറിഞ്ഞുകൂട. ആ പരീക്ഷനടത്തുന്നതിലേക്കു മാത്രം വരുന്ന ചിലവു കണക്കാക്കി ഒരു സംഖ്യ ഫീസായി വയ്ക്കുകയും ഇപ്പോഴത്തെസംഖ്യ കുറയ്ക്കുകയും ചെയ്യണമെന്നാണ് എൻെറ അഭിപ്രായം.

മി: മുവേലിൽ പാച്ചുപിള്ള (ചേർത്തല): മി: കൃഷ്ണപിള്ളയുടെ ഉപക്ഷേപത്തെ ഞാനും ബലമായി പിൻതാങ്ങുന്നു. ഈ സംസ്ഥാനത്തുള്ള പ്രധാനഡിപ്പാർട്ടുമെൻറുകളിൽ ഒന്ന് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറാണ്. ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ആണ്ടുതോറും ഒൻപതിനു മേൽ പത്തിനകം ലക്ഷം രൂപാ ഗവൺമെൻറിലേക്കു വരുമാനം ഉണ്ട്. ഈ ഡിപ്പാർട്ടുമെൻറിൽ ആണ്ടുതോറും ചിലവാകുന്ന സംഖ്യ ഏകദേശം മൂന്നരലക്ഷം രൂപായാണ്. ഈ കണക്കുപ്രകാരം ചിലവഴിച്ചു ഒരു വലിയവരുമാനം ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ഗവൺമെൻറിനു ലഭിക്കുന്നുണ്ട്. അതിനാൽ ഈ ഡിപ്പാർട്ടുമെൻറിനെ ഇപ്പോഴത്തെക്കാൾ കൂടുതൽ കാര്യക്ഷമതയോടുകൂടി ഒരുക്കേണ്ടതു എത്രയും അത്യാവശ്യമാണ്. ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗനിയമനത്തെ സംബന്ധിച്ചു വളരെ അഴിമതിനടന്നുവരുന്നു എന്നുള്ളതിനു ഡിപ്പാർട്ടുമെൻറിൽ നടക്കുന്നനിയമനത്തെ സംബന്ധിച്ചു ഇടക്കിടയ്ക്കു ഉണ്ടായിക്കൊണ്ടിരിക്കുന്ന ആവലാതികൾതന്നെ മതിയായ ഒരു തെളിവാണ്. ഈ ഡിപ്പാർട്ടുമെൻറിൽ ക്ലാർക്കുജോലിക്കു പരീക്ഷാവിജയത്തിനുപുറമെ ഹാജരാക്കുന്ന പ്രമാണങ്ങൾ പകർത്തുന്നതിനു നല്ല കൈയക്ഷരത്തിലെഴുതുന്നതിനുള്ള ത്രാണികൂടി വേണ്ടതാണ്. കൂടാതെ ഇവക്സ്റ്റാമ്പ് റഗുലേഷൻ, രെജിസ്ട്രേഷൻ റഗുലേഷൻ മുതലായവകളിൽ ഏറക്കുറെ പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതും ആവശ്യമാണ്. ഈ വകയോഗ്യതകൾ പരീക്ഷിച്ചു നോക്കി നിയമപരിചയവും നല്ല കയ്യക്ഷരത്തിലെഴുതുന്നതിനുള്ള ത്രാണിയുമുള്ളവരെ ഡിപ്പാർട്ടുമെൻറിൽനിന്നു തിരഞ്ഞെടുക്കാമെന്നു വച്ചാണ് ഒരു പ്രവേശനപരീക്ഷ ഏർപ്പെടുത്തിയതു. അല്ലാതെ സ്കൂൾ ഫൈനൽ പരീക്ഷയും സ്കൂൾ ലീവിങ്ങ് പരീക്ഷയും പാസായിവരുന്നവർക്കെല്ലാം യാതൊരു ക്ലിപ്തവുമില്ല.

ത്ത ഉദ്യോഗം കൊടുക്കാൻ സാധിക്കയില്ല. ആണ്ടുതോറും സ്കൂൾ ഫൈനൽ പരീക്ഷയിലും സ്കൂൾ ലീവിങ്ങ് പരീക്ഷയിലും കൂടി മൂവായിരത്തി എണ്ണൂറോളം വിദ്യാർത്ഥികൾ ഇവിടെ പാസാകുന്നുണ്ടെന്നു് കാണുന്നു. ഇവരിൽ പലരും ക്ലാർക്ക് വേലയ്ക്കു അപേക്ഷിക്കുമ്പോൾ ആരെയാണു നിയമിക്കേണ്ടതെന്നുള്ളതിൽ ഡിപ്പാർട്ടുമെൻറു മേലധികാരികൾ വളരെ വിഷമിക്കാൻ ഇടയുണ്ട്. അതിനാൽ യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കുന്നതിനു വേണ്ടി ഈ ഡിപ്പാർട്ടുമെൻറിൽ ഒരു പ്രവേശനപരീക്ഷ വച്ചു അനേകംപേർ ഈ പരീക്ഷയിൽ ചേരുകയും ജയിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ജയിച്ച ആളുകളെ നിയമിക്കാനും ആരംഭിച്ചു. അങ്ങിനെ നിയമനം നടത്തിക്കൊണ്ടിരിക്കുന്ന സമയം ഡിപ്പാർട്ടുമെൻറു മേലധികാരികൾതന്നെ ഈ പരീക്ഷ ആവശ്യമില്ലാ മററു പരീക്ഷാ വിജയം നോക്കിമാത്രം ജോലി കൊടുത്താൽ മതി എന്നു നിശ്ചയിച്ചു. ഇതുനിമിത്തം നല്ലകയ്യക്ഷരത്തിൽ എഴുതുവാൻ കഴിയുന്നവർക്കും ഡിപ്പാർട്ടുമെൻറു നിയമങ്ങളിൽ പരിചയമുള്ളവർക്കും ഇപ്പോൾ വേണ്ടിടത്തോളം പ്രവേശനം ലഭിക്കുന്നില്ല. ഈ പരീക്ഷ നിമിത്തം ചില സമുദായക്കാർക്കു ഈ ഡിപ്പാർട്ടുമെൻറിൽ പ്രവേശിക്കാൻ സാധിക്കാതെ പോകുന്നതിനാലാണു അതു വേണ്ടെന്നു വച്ചതു എന്നു പറയപ്പെടുന്നു. മേലാൽ പരീക്ഷ വേണ്ടെന്നു വച്ചാലും ഇപ്പോളുണ്ടാകുന്ന ഒഴിവുകൾക്കു ഈ പരീക്ഷയിൽ ജയിച്ചവർക്കു പ്രാധാന്യം കൊടുക്കേണ്ടതു് അത്യാവശ്യമാണ്. ഈ പരീക്ഷയിൽ ജയിച്ചവരിൽ ധാരാളം പേർ ആക്ടിംഗായിരുന്നിട്ടുണ്ട്. അവർ ഇരിക്കെ പരീക്ഷ ജയിക്കാത്തവർക്കു പ്രവേശനം കൊടുക്കുന്നു. ഈ പരീക്ഷ പാസായിട്ടുള്ളവർ നാല്പത്തിഎട്ടുപേർ ടെമ്പററിയായും ഇരുപത്തഞ്ചുപേർ ആക്ടിംഗ് ആയും ഉള്ളപ്പോൾ പരീക്ഷ പാസാകാത്തവരെ നിയമിച്ചുവരുന്നു. ഇതിനെപ്പററി ഞാൻ ചോദിച്ച ചോദ്യത്തിനു ഗവണ്മെൻറുതന്നെ മറുപടി പരീക്ഷയിൽ ജയിക്കാത്തവരായി ആക്ട് ചെയ്യുന്നവർ എഴുപത്തിമൂന്നുപേർ ഇപ്പോൾ ഉണ്ട് എന്നാണ്. ഇപ്പോൾ പരീക്ഷ നിറുത്തൽ ചെയ്തു എങ്കിലും അതിൽ പാസായിട്ടുള്ള ആളുകൾക്കു പ്രഥമാവകാശം നല്കേണ്ടതത്യാവശ്യമാണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ പരീക്ഷ ആവശ്യമില്ലെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടല്ലേ നിറുത്തിയതു്?

മി: മാവേലിൽ പാച്ചുപിള്ള (ചേർത്തല): ആവശ്യമില്ലെന്നു ബോദ്ധ്യപ്പെടാനുള്ള കാരണമാണു എനിക്കു മനസ്സിലാകാത്തതു്. ആദ്യം ആവശ്യമുണ്ടെന്നു തോന്നാനും പിന്നീടു ആവശ്യമില്ലെന്നു തോന്നാനും എന്താണു കാരണം? എല്ലാ സമുദായത്തിലുമുള്ളവർക്കും ഒന്നുപോലെ ഈ പരീക്ഷയിൽ പാസാകുവാൻ സാധിക്കാത്തതുകൊണ്ടാണ് പരീക്ഷ നിർത്തിയതെങ്കിൽ ഇവിടെ സമുദായങ്ങൾക്കു തമ്മിൽതന്നെ കാര്യക്ഷമതയുടെ തോതിനു വ്യത്യാസമുണ്ടെന്നു സമ്മതിക്കേണ്ടിവരുന്നു. ഞാൻ ഇപ്പോൾ പറയുന്നതു് ഈ ഡിപ്പാർട്ടുമെൻറിലെ നിയമനത്തെ സംബന്ധിച്ചാണ്. എൻട്രൻസ് പരീക്ഷ പാസായവരെ മാത്രമേ നിയമിക്കാൻ പാടുള്ളു എന്നു് ചട്ടമുണ്ടായിരുന്നകാലത്തു അങ്ങിനെയുള്ള ആളുകളെ സുലഭമായി കിട്ടിക്കൊണ്ടിരുന്ന കാലത്തു, പരീക്ഷ പാസാകാത്ത ആളുകളെ എങ്ങിനെ നിയമിച്ചു എന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ നിയമനങ്ങൾ നടത്തിയതു ഗവണ്മെൻറിൻറെ അനുമതിയോടുകൂടിയാണോ? ഗവണ്മെൻറിൽനിന്നും ഒരു ചട്ടമുണ്ടാക്കിയിരിക്കുമ്പോൾ അതിനെ അതിലംഘിച്ചു ഡിപ്പാർട്ടുമെൻറു മേലധികാരികൾ അവർക്കു തോന്നിയതുപോലെ പ്രവർത്തിക്കുന്നതു യുക്തമാണോ? ഇപ്രകാരം ഡിപ്പാർട്ടുമെൻറു മേലധികാരി ബോധിച്ചതുപോലെ പ്രവർത്തിക്കുന്നതുകൊണ്ടാണ് പ്രവേശനപരീക്ഷ പാസായിട്ടുള്ളവർക്കും ആക്ട് ചെയ്തിട്ടുള്ളവർക്കും ഇപ്പോൾ വേലയില്ലാതെ നില്ക്കുന്നതിനിടവന്നിട്ടുള്ളതു്. പ്രവേശനപരീക്ഷ പാസാകാത്ത ആളുകൾ ഇപ്പോൾ ജോലിയിലും ഇരിക്കുന്നു. ഇതെല്ലാം വാസ്തവത്തിൽ വളരെ അന്യായമായ നടപടികളാണ്.

ഡിപ്പാർട്ടുമെൻറിലെ മററുള്ള സംഗതികളെക്കുറിച്ചു വിശേഷിച്ചൊന്നും എനിക്കു പറവാനില്ല. ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗനിയമനത്തെ സംബന്ധിച്ചു ഇരുപത്തഞ്ചുരൂപാവരെ ശമ്പളമുള്ള ഉദ്യോഗങ്ങൾക്കു ആൾ നിയമിക്കുന്നതിനു ഡിസ്ട്രിക്ട് രജിസ്ട്രാർക്കു നാമമാത്രമായ ഒരധികാരമുണ്ടെന്നു പറയുന്നു. എന്നാൽ ആ അധികാരത്തെ പൂർണ്ണമായി പ്രയോഗിക്കുന്നതിനു അവരെ ഇപ്പോൾ അനുവദിക്കുന്നില്ല എന്നാണു എൻറെ അറിവ്. മിസ്റ്റർ കെ. പി. നീലകണ്ഠപിള്ള ചോദിച്ച ഒരു ചോദ്യത്തിനു ചീഫ്സെക്രട്ടറി പറഞ്ഞ മറുപടി ഡിസ്ട്രിക്ട് രജിസ്ട്രാർക്കു നിയമിക്കാൻ അധികാരമുള്ള ഉദ്യോഗങ്ങൾക്കു ഡയറക്ടർ ആൾ നിയമിക്കാറില്ല എന്നാണ്. എന്നാൽ പുതിയ സബ്ബ്രജിസ്ട്രാർ ആഫീസുകൾ തുറന്നപ്പോൾ ഉണ്ടായ ഡിസ്ട്രിക്ട്രജിസ്ട്രാരുടെ അധികാരത്തിൽപെട്ട നിയമനങ്ങൾ ഡയറക്ടർ നടത്തി എന്നും പറഞ്ഞു. ഈ വ്യത്യസ്ഥം ഒഴിച്ച് ഡിസ്ട്രിക്ട് രജിസ്ട്രാരുടെ അധികാരത്തിൽ പെട്ട സാധാരണ നിയമനങ്ങൾ വല്ലതും ഡയറക്ടർ നടത്താറുണ്ടോ എന്ന ചോദ്യത്തിനു അതു തീർത്തുപറയാൻ സാധിക്കയില്ല എന്നും മറുപടി പറഞ്ഞിരിക്കുന്നു. ഇതു നോക്കുമ്പോൾ തൻറെ കീഴിലുള്ള ഉദ്യോഗസ്ഥനു നിയമനത്തിനു കൊടുത്തിട്ടുള്ള അധികാരത്തിൽപോലും ഡയറക്ടർ കൈകടത്തുന്നുണ്ട് എന്നു് വിചാരിക്കാനാണ് ന്യായമുള്ളതു്. ഈ വക നടപടികൾ ഒട്ടുംതന്നെ ആദരണീയമായിരിക്കുന്നില്ല. അതിനാൽ മേല്പറഞ്ഞ എല്ലാ കാര്യങ്ങളും ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിച്ചു ന്യായമായ പരിഹാരം ഉണ്ടാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ കൌൺസിലിൻറെ മുമ്പാകെ ആലോചനയിലിരിക്കുന്ന ഉപക്ഷേപത്തെ സംബന്ധിച്ച് രണ്ടു വാക്കു എനിക്കും പറയേണ്ടതുണ്ട്. ഇതുവരെ ആക്ടിംഗായി നിയമിച്ചിട്ടുള്ളവരിൽ ഇപ്പോൾ ജോലി ഇല്ലാത്തവരുടെ ലിസ്റ്റ് വരുത്തി ആ ലിസ്റ്റനുസരിച്ചുള്ള ആളുകളെ ഡിസ്ട്രിക്ട് രജിസ്ട്രാരെക്കൊണ്ടു നിയമിക്കണമെന്നു ആവശ്യപ്പെടുകയും അതിനുശേഷമല്ലാതെ പുതിയ ആളുകളെ നിയമിക്കാൻ പാടില്ലെന്നു ഗവണ്മെൻറിൽനിന്നും ചട്ടംകെട്ടുകയും ചെയ്യണം.

പത്തുലക്ഷം രൂപായോളം ആദായം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ ഡിപ്പാർട്ടുമെൻറ് ഇത്രവളരെ ആദായം കൊണ്ടുകൊടുക്കുന്ന ജനങ്ങളെ ആബാലവൃദ്ധം, സ്ത്രീകളേയും പുരുഷന്മാരേയും, ഈ രജിസ്ട്രാർകച്ചേരിയുടെ മുററത്തുള്ള വെയിലിൽ ഇരുത്തി കഷ്ടപ്പെടുത്തുന്ന ദയനീയാവസ്ഥയെപ്പററി ഗവണ്മെൻറു അല്പമൊന്നാലോചിക്കണം. വർഷകാലത്തുണ്ടാകുന്ന കഷ്ടപ്പാടു വളരെ ദുസ്സഹമാണ്. അതിനാൽ തൽക്കാലം വിശ്രമിക്കുന്നതിനു

ഉതകത്തക്കവിധത്തിൽ എന്തെങ്കിലും സ്ഥാപനങ്ങൾ ഓരോ രജിസ്ത്രർകച്ചേരിയോടും ചേർത്തുണ്ടാക്കുന്നതിനു ഗവണ്മെന്റു വേണ്ട വ്യവസ്ഥ ചെയ്യണമെന്നും ഈ വകുപ്പിലെ ശമ്പളപരിഷ്കാരം ഗവണ്മെന്റിന്റെ പര്യാലോചനയ്ക്കു വിഷയീഭവിക്കണമെന്നും ഉള്ള അഭിപ്രായത്തോടുകൂടി മി: കൃഷ്ണപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: താമരപ്പള്ളി കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗദാനവിഷയത്തിൽ നടക്കുന്ന ക്രമക്കേടുകളെപ്പറ്റി പ്രതിപാദിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ബി. എ. യും ഡിപ്പാർട്ടുമെന്റിൽ എൻട്രൻസ് പരീക്ഷയും പാസായി ക്ലാർക്കായിരിക്കുന്നവർ ഉള്ളപ്പോൾ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകൾ പാസായി മററു യോഗ്യതകളൊന്നുമില്ലാത്ത ക്ലാർക്കന്മാരെ സബ് രജിസ്ട്രാർമാരായി നിയമിച്ചിട്ടുണ്ട്. ഈ സംഗതി അസത്യമല്ല. ഇതിനെപ്പററി ഞാൻ ചോദ്യം ചോദിച്ചിട്ടുണ്ട്. മറുപടി കിട്ടിയിട്ടില്ല. അങ്ങിനെ നിയമിച്ചിട്ടുള്ള ഏതാനും രജിസ്ട്രാർമാരുടെ സർട്ടിഫിക്കററു വാങ്ങിച്ചുനോക്കുന്നപക്ഷം അവർ എത്രത്തോളം യോഗ്യന്മാരാണെന്നു അറിയാം. സർട്ടിഫിക്കററു ഹോൾഡേർസ് എന്നു പറയുന്നതു സർട്ടിഫിക്കററു ധരിച്ചിരിക്കുന്നവർ മാത്രമാണെന്നു ബോദ്ധ്യപ്പെടും.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇപ്പോൾ പുതുതായിട്ടു സബ് രജിസ്ട്രാർമാരായി നിയമിച്ചിട്ടുള്ളവരുടെയിടയിലും ഇങ്ങനെ പരീക്ഷായോഗ്യതയില്ലാത്തവരുണ്ടെന്നറിയാമോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അറിയാം. അതു കൊണ്ടു ഗവണ്മെന്റിൽ നിന്നു ഏതാനും രജിസ്ട്രാർമാരുടെയെങ്കിലും സർട്ടിഫിക്കററു വരുത്തി പരിശോധിച്ചാൽ ഡയറക്ടർ കാണിച്ചിട്ടുള്ള അഴിമതികൾ ഗവണ്മെന്റിനു നല്ലവണ്ണം ബോദ്ധ്യം വരുന്നതാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഞാനും ഈ ഉപക്ഷേപത്തെപ്പററി അല്പം സംസാരിക്കാൻ ആഗ്രഹിക്കുന്നു. രജിസ്ട്രേഷൻ ഡയറക്ടർ പുതിയ രജിസ്ട്രാഫീസുകളുടെ അധികാരാതൃത്തി നിർണ്ണയിക്കുന്ന രീതിയെപ്പററിയാകുന്നു എനിക്കു പറവാനുള്ളതു്. ഒരു പ്രത്യേകസ്ഥലത്തെപ്പററി തന്നെ ഉദാഹരണമാക്കി പറയാം. തഴക്കരപകുതി മാവേലിക്കര സബ് രജിസ്ട്രാറാപ്പീസിൽ നിന്നു രണ്ടു ഫർലോങ്ങു് ദൂരത്തു മാത്രമാണു സ്ഥിതിചെയ്യുന്നതു്. കൊല്ലകടവിലെ ജനങ്ങൾ അവരുടെ സൌകര്യത്തിനു ഒരു സബ് രജിസ്ട്രാറാപ്പീസ് വേണമെന്നാവശ്യപ്പെട്ടു. അവരുടെ ആവശ്യത്തിനു സ്ഥാപിക്കുന്ന പുതിയ സബ് രജിസ്ട്രാറാപ്പീസിൽ വേണ്ടുന്ന ജോലി ഉണ്ടാക്കുന്നതിനു രെജിസ്ട്രേഷൻ ഡയറക്ടർ തഴക്കരപ്പകുതിമേലുള്ള അധികാരം മാവേലിക്കര ആഫീസിൽ നിന്നെടുത്തു കൊല്ലകടവാഫീസിനു കൊടുക്കാൻ വിചാരിക്കുന്നു. തഴക്കരപ്പകുതിയിലെ ആളുകൾ കഴിഞ്ഞ നൂറു വർഷക്കാലമായി അവരുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതു മാവേലിക്കര സബ് രജിസ്ട്രാറാഫീസിലാണ്. തഴക്കരപ്പകുതിമേലുള്ള അധികാരം സ്ഥാപിക്കാൻ പോകുന്ന കൊല്ലകടവുസബ് രജിസ്ട്രാറാഫീസിനു കൊടുത്താൽ അവിടെ പോയി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു തഴക്കരപ്പകുതിയിലെ ആളുകൾ ഏഴെട്ടു നാഴിക യാത്രചെയ്യണം. അവർക്കുണ്ടാകുന്ന അസൌകര്യങ്ങൾ ചില്ലറയല്ല. കൊല്ലക്കടവാററിൽ ആണ്ടിൽ ആറുമാസം വെള്ളം പൊങ്ങികിടക്കും. ആ നദിയാണ് രണ്ടു സ്ഥലങ്ങളേയും വേർ പിരിക്കുന്നതു. അതു കൊണ്ടു തഴക്കരപ്പകുതിയിലെ ആളുകൾക്കു കൊല്ലക്കടവിൽ പോയി ആധാരം രജിസ്റ്ററാക്കുന്നതു മിക്കവാറും അസാദ്ധ്യമാണ്. ഇങ്ങനെ കാര്യം സൂക്ഷ്മതയോടെ നോക്കാതെയും ആധാരങ്ങൾ രജിസ്ട്രാക്കാനുള്ള ആളുകളുടെ സൌകര്യം ആലോചിക്കാതെയും രെജിസ്ട്രേഷൻ ഡയറക്ടർ സുഖമായി ആഫീസിൽ ഇരുന്നുകൊണ്ടു തിരുവിതാംകൂർ മാപ്പും നോക്കി സബ് രജിസ്ട്രാറാപ്പീസുകളുടെ അധികാരാതൃത്തി നിർണ്ണയിക്കുന്നു. തഴക്കരപ്പകുതിയിലെ ജനങ്ങൾ കഴിഞ്ഞ നൂറു വർഷക്കാലമായി ഈ സൌകര്യം അനുഭവിക്കുന്നു. ഇപ്പോളൊരു മാററം വരുത്തുകയാണെങ്കിൽ അതവർക്കു ദൂഷ്യകരമായിരിക്കണം. ഈ മാററം വരുത്തി രെജിസ്ട്രേഷൻ ഡയറക്ടർ അവരെ കഷ്ടത്തിലാക്കരുതു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കൊല്ലക്കടവിൽ ഒരു പാലം കെട്ടിയാലും പോരേ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു കൊണ്ടു സ്ഥലങ്ങൾ രണ്ടും അടുത്തുവരികയില്ല. ഈ കാര്യം അനുകൂലമായി തീർച്ചയാക്കിയാൽ ഞാൻ അയച്ചിട്ടുള്ള ഒരു ഉപക്ഷേപം അവതരിപ്പിക്കുന്നതിനാവശ്യം ഇല്ല. അതു കൊണ്ടു് ആ ഉദ്ദേശത്തോടുകൂടി ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രിട്ടറി): സർ, ഈ ഉപക്ഷേപത്തെപ്പററിയുള്ള വാദത്തിൽ മെമ്പർമാർ ഈ ഉപക്ഷേപത്തിലും മററു ഉപക്ഷേപങ്ങളിലും അടങ്ങിയ അനേക സംഗതികളെപ്പററി സംസാരിക്കയുണ്ടായി. മെമ്പർമാർ ആദ്യം പറഞ്ഞ കാര്യം.

പ്രെസിഡെന്റു: ഉറക്കെ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രിട്ടറി): മെമ്പർമാർ ഒന്നാമതായി പറഞ്ഞകാര്യം രെജിസ്ട്രേഷൻ പ്രവേശനപ്പരീക്ഷ ജയിച്ചിട്ടുള്ളവർക്കു ഡിപ്പാർട്ടുമെന്റിൽ ധാരാളം പ്രവേശനം നൽകുന്നില്ലെന്നാണ്. എന്നാലും ബി. എ. പരീക്ഷയോ രജിസ്ട്രേഷൻ പ്രവേശനപരീക്ഷയോ ജയിച്ചിട്ടുള്ള വരെ മാത്രമേ സാധാരണയായി രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നിയമിക്കാറുള്ളു. പബ്ളിക്ക സർവീസിൽ സമുദായിക പ്രാതിനിധ്യം നോക്കണമെന്നു ഈ സഭ നിർബന്ധിക്കുന്നുണ്ട്. ചില അധഃകൃതവർഗ്ഗക്കാരിൽ ഈ യോഗ്യതകളുള്ളവർ ഇല്ല, അല്ലെങ്കിൽ ചുരുക്കമാണ്. രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ വർഗ്ഗീയപ്രാതിനിധ്യം കൊടുക്കുന്നതിനു ആ വർഗ്ഗക്കാരിൽ നിന്നു ഇ. എസ്. എൽ. സി. പരീക്ഷ ജയിച്ചിട്ടുള്ള ചിലരെ രെജിസ്ട്രേഷൻ ഡയറക്ടർ ഡിപ്പാർട്ടുമെന്റിൽ നിയമിച്ചിട്ടുണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇവരുടെ ഉദ്യോഗത്തിനു ബി. എ. ക്കാർ അപേക്ഷകന്മാരായിട്ടുള്ളപ്പോൾ സ്കൂൾ ഫൈനൽകാരെ നിയമിക്കാറില്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രിട്ടറി): ഗവണ്മെന്റിനു അറിവില്ല. ആദ്യത്തെ ചട്ടത്തിൽ നിന്നു ഡയറക്ടർ വ്യതിചലിച്ചതു സാമുദായിക പ്രാതിനിധ്യത്തിനു വേണ്ടിയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സാമുദായികപ്രാതിനിധ്യത്തെ സംബന്ധിച്ചു, പ്രാതിനിധ്യം ധാരാളമുള്ളവരുടെ കാര്യത്തിൽ പോലും ഈ ചട്ടലംഘനം ഉണ്ടായിട്ടില്ലയോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അങ്ങനെയുള്ള ലംഘനത്തെപ്പററി ഗവമ്മെൻറിനു അറിവില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ഗവണ്മെൻറു സെക്രട്ടറി): കഴിഞ്ഞയാണ്ടത്തെ, അതായതു ൧൧൦൯-ലെ, ബഡ്ജററു യോഗത്തിൽ ഈ കാര്യത്തെ സംബന്ധിച്ച തന്നെ വാദപ്രതിവാദം ഉണ്ടായി. ഇങ്ങനെയുള്ള ക്രമക്കേടുകളെ സംബന്ധിച്ച അന്വേഷണം നടത്താമെന്നു ഗവണ്മെൻറു വാഗ്ദാനം ചെയ്കയും ചെയ്തു. അതിനെ സംബന്ധിച്ചു അവർ വല്ലതും ചെയ്തോ എന്നും വല്ല അനീതിയും ചെയ്തു പോയിട്ടുണ്ടോ എന്നു അന്വേഷണം നടത്തിട്ടുണ്ടോ എന്നും അറിവാൻ ആഗ്രഹിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ആ വിഷയം ഇപ്പോഴും സഭാ മുമ്പാകെ ഇല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചില അനീതികൾ നടക്കുന്നുണ്ടെന്നു മെമ്പറെ ഞാൻ ബോദ്ധ്യപ്പെടുത്തിയാൽ, അവയ്ക്കു പരിഹാരമുണ്ടാക്കുമെന്നു മെമ്പർ ഉറപ്പുപറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): സബ്‌രജിസ്ട്രാരുദ്യോഗത്തിനു വേണ്ടുന്ന യോഗ്യത ഇ. എസ്. എൽ. സി. പരീക്ഷയും ഡിപ്പാർട്ടുമെൻറുവക പരീക്ഷയും ജയിക്കയാകണമെന്നു ചില മെമ്പർമാർ പറകയുണ്ടായി. സബ്‌രജിസ്ട്രാരുദ്യോഗത്തിനു അപേക്ഷിക്കുന്നവർ ഈ രണ്ടു യോഗ്യതകളും ഉള്ളവരായിരിക്കണമെന്നു ഗവണ്മെൻറു ഈയിടെ തീർച്ചയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇ. എസ്. എൽ. സി. സെർട്ടിഫിക്കേററു സമ്പാദിച്ചിട്ടില്ലെങ്കിലും ഡിപ്പാർട്ടുമെൻറുവക പരീക്ഷ ജയിച്ചിട്ടുള്ള ചില കീഴുദ്യോഗസ്ഥന്മാർ ഡിപ്പാർട്ടുമെൻറിൽ ഉണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സർ, ഒരു ചോദ്യം. ഈ രജിസ്ട്രേഷൻ പ്രവേശനപ്പരീക്ഷ മറെറതെങ്കിലും ഡിപ്പാർട്ടുമെൻറിൽ പ്രവേശനം ലഭിക്കുന്നതിനു സഹായമായിരിക്കുമോ എന്നു പറയുമോ,

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ആ പരീക്ഷ നിറുത്തിപ്പോയിരിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഈ രണ്ടു യോഗ്യതകളും ഉള്ളവർ ഉണ്ട്. അവർക്കു വേറെ വല്ല ഡിപ്പാർട്ടുമെൻറിലും പ്രവേശനം കൊടുക്കുമോ;

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): മെമ്പർക്കു നല്ലപോലെ അറിയാം. അതവർക്കു സഹായമായിരിക്കയില്ല.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): സമുദായപ്രാതിനിധ്യം വേണ്ട സ്ഥലത്തു പരീക്ഷായോഗ്യതയെ ഗണിക്കേണ്ട ആവശ്യമില്ലെന്നാണോ പറയുന്നതു,

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി); പബ്ളിക്ക സർവീസു നോട്ടീസനുസരിച്ചുള്ള പരീക്ഷായോഗ്യത വേണം.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ)' സമുദായപ്രാതിനിധ്യം വേണ്ടിടത്തു ഡിപ്പാർട്ടുമെൻറൽ പരീക്ഷയെപ്പററി ഗൌനിക്കാതെ ഇരിക്കുന്നുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അങ്ങനെ വന്നിട്ടില്ല.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൊച്ചിയിലോ ബ്രിട്ടീഷ് ജില്ലകളിലോ ഈ വിധം ഡിപ്പാർട്ടുമെൻറിൽ പരീക്ഷകളുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): എനിക്കു നിശ്ചയമില്ല.

മി: മുറുവേലിൽ പാച്ചുപ്പിള്ള (ചേർത്തല): എഫിഷ്യൻസിക്കു ഈ പ്രവേശനപരീക്ഷ കൂടുതൽ പ്രയോജനകരമായിരിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ആ പരീക്ഷ ഇപ്പോഴും നിറുത്തിക്കളഞ്ഞു.

മി: മുറുവേലിൽ പാച്ചുപ്പിള്ള (ചേർത്തല): അതുണ്ടായിരുന്നാൽ നന്നായിരിക്കുമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അതാവശ്യമില്ലെന്നു കണ്ടിട്ടാണ വേണ്ടെന്നു വെച്ചതു്.

മി: മുറുവേലിൽ പാച്ചുപ്പിള്ള (ചേർത്തല): അതു മുമ്പു നടപ്പാക്കിയതുകൊണ്ടു പ്രയോജനം ഉണ്ടായിരിക്കുമെന്നുള്ള ഉദ്ദേശമായിരുന്നോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): എന്തുദ്ദേശമായിരുന്നു എന്നറിഞ്ഞുകൂടാ,

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ): പ്രവേശനപരീക്ഷ നിറുത്തലാക്കിയതു എന്നാണെന്നു പറയുമോ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി); ഈയാണ്ടാരംഭത്തിലോ മറേറാ ആണെന്നു തോന്നുന്നു.

മി: മുറുവേലിൽപാച്ചുപിള്ള (ചേർത്തല): എൻട്രൻസ് പരീക്ഷ നടപ്പിലിരിക്കയാണെങ്കിൽ ചില സമുദായക്കാർക്കു അതു പാസാകാൻ സാധിക്കുന്നില്ലാത്തതുകൊണ്ടു ഡിപ്പാർട്ടുമെൻറിൽ പ്രവേശിക്കുന്നതിനു തടസ്ഥം നേരിടുന്നു എന്നു വിചാരിച്ചാണോ ഇതു നിറുത്തിയതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അങ്ങനെയാണെന്നു തോന്നുന്നില്ല. അതു ആവശ്യമില്ലാത്തതുകൊണ്ടാണു നിറുത്തിയതു്.

മി: മുറുവേലിൽപാച്ചുപ്പിള്ള (ചേർത്തല): എന്തുകൊണ്ടു ആവശ്യമില്ലെന്നു നിശ്ചയിച്ചു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഡിപ്പാർട്ടുമെൻറിൽ വേറെ പരീക്ഷവച്ചിട്ടുള്ള സ്ഥിതിക്കു ഇതിൻെറ ആവശ്യമില്ല.

മി: മുറുവേലിൽപാച്ചുപ്പിള്ള (ചേർത്തല): വേറെ ഒരു പരീക്ഷയുള്ളതു ഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചതിനുശേഷമല്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അതേ.

മി: മുവേലിൽപാച്ചുപ്പിള്ള (ചേർത്തല): വില്ലേജ് ടെസ്റ്റ് പാസ്സാകാത്ത ആളുകൾക്ക പകുതിക്കച്ചേരിയിൽ അക്കൌണ്ടന്റ ജോലി കൊടുക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): അതു വേറെ വിഷയമാണ്. എന്ട്രൻസ് പരീക്ഷ എന്നുള്ളതു ഡിപ്പാർട്ടുമെന്റിൽ കയറുന്നതിനു മാത്രമാണ്. അതുകൊണ്ടു അതിനും ഇതിനും തമ്മിൽ സംബന്ധമില്ല.

ഡിപ്പാർട്ടുമെന്റൽ പരീക്ഷ പാസ്സായിട്ടുള്ളവരും എന്നാൽ ആവശ്യമുള്ള മററു യോഗ്യതയില്ലാത്തവരുമായ ചിലരുണ്ട്. അവരിൽ ചിലരെ സബ് രജിസ്ട്രാർമാരായി നിയമിക്കണമെന്നു ഗവണ്മെന്റ ഈയിടെ കല്പിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റൽ പരീക്ഷമാത്രം പാസ്സായിട്ടുള്ളവരും ഇപ്പോഴും ഉദ്യോഗത്തിലിരിക്കുന്നവരുമായ ആളുകളെ അവർ വേണമെന്നു ഗവണ്മെന്റ ഈയിടെ കല്പിച്ചിട്ടുള്ള പ്രത്യേകതയില്ലാതെ സബ് രജിസ്ട്രാർമാരായി നിയമിക്കാമെന്നാണ കല്പിച്ചിട്ടുള്ളതു്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): സ്കൂൾ ഫൈനൽ പാസ്സായവരാധിരിക്കണമെന്നാവശ്യമില്ലെന്നു വിശ്വസിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): അതതു ഇതു പരീക്ഷയാണ്. വേറൊരു മെമ്പർ ഡിപ്പാർട്ടുമെന്റിൽ അഴിമതിയുണ്ടെന്നു പറഞ്ഞു. ഡയറക്ടരുടെ മുന്നറിവുകൊടുക്കാത്ത സന്ദർശനങ്ങൾകൊണ്ടു അതു അമർച്ചചെയ്തുവരുന്നു. ഇതെല്ലാം ഡയറക്ടർ അദ്ദേഹത്തിന്റെ പരിശോധന റിപ്പോർട്ടുകളിൽ വിവരിക്കയും കുററക്കാരായ കീഴുദ്യോഗസ്ഥന്മാരുടെ നടപ്പിനെപ്പററി വേണ്ടപോലെ ശൌനിക്കയും ചെയ്യുന്നുണ്ട്. വേറൊരു മെമ്പർ രജിസ്ട്രേഷൻ ഡയറക്ടർ ഡിസ്ട്രിക്ട് രജിസ്ട്രാർമാരുടെ നിയമനാധികാരത്തിൽ അനാവശ്യമായി കൈയിടുന്നു എന്നു പറഞ്ഞു. അങ്ങനെ ചെയ്യുന്നതായി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. അങ്ങനെയൊരുകാര്യം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽകൊണ്ടുവന്നാൽ അതിനെപ്പററി അന്വേഷണം നടത്തി അങ്ങനെയുള്ള കാര്യങ്ങളിൽ അദ്ദേഹത്തിന്റെ അനാവശ്യപ്രവേശനം തടയുന്നതാണ്. രെജിസ്ട്രേഷൻ പ്രവേശനപ്പരീക്ഷയെപ്പററി സംസാരിച്ച ഒരു മെമ്പർ ആ പരീക്ഷ ഏകവിധമാകുന്ന സ്റ്റാമ്പ് ഫീസുകൊണ്ടു ഡിപ്പാർട്ടുമെന്റിനു ലാഭമോ നഷ്ടമോ എന്നു ചോദിച്ചു ആ പരീക്ഷ ഇതുവരെ നടത്തീട്ടില്ല അതുകൊണ്ടു അതുനിമിത്തം ലാഭമോ നഷ്ടമോ എന്നു പറവാൻ സാധിക്കയില്ല.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): സ്ത്രീകളെ നിയമിക്കുന്നതു സാമുദായിക പ്രാതിനിധ്യംനോക്കിയാണോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): ഒടുവിൽ പറഞ്ഞ സംഗതി സ്ത്രീകളെ രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നിയമിക്കുന്നകാര്യമായിരുന്നു. ആ കാര്യത്തിൽ ഗവണ്മെന്റിന്റെ അഭിപ്രായം എന്താണെന്നു ഇതിനുമുമ്പുതന്നെ പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

മി. ടി. സി. കേശവപിള്ള കല്ക്കുളവും വിളവങ്കോടും): സ്ത്രീകളെ നിയമിക്കുന്ന കാര്യത്തിൽ സ്വീകരിക്കുന്ന തത്വം സാമുദായിക പ്രാതിനിധ്യമോ പരീക്ഷായോഗ്യതയോ എന്നു അറിവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി) ലേഡീമെമ്പർ അവതരിപ്പിച്ച പ്രമേയത്തിൽ സാമുദായിക പ്രാതിനിധ്യത്തിന്റെ കാര്യമൊന്നുമില്ല.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): സ്ത്രീകളെ നിയമിക്കണമെന്നുള്ള പ്രമാണം ഗവണ്മെന്റ സ്വീകരിച്ചിരിക്കുന്നു. അവരെ നിയമിക്കുന്നതു സാമുദായിക പ്രാതിനിധ്യം നോക്കിയാണോ പരീക്ഷായോഗ്യതനോക്കിയാണോ എന്നാകുന്നു എനിക്കറിയേണ്ടതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): പരീക്ഷായോഗ്യത.

രെജിസ്ട്രേഷൻആഫീസുകളിൽ ഹാജരാകുന്ന കക്ഷികൾക്കു ഇരിക്കാൻ സ്ഥലസൌകര്യങ്ങൾ ഇല്ലാത്തതിനെപ്പററി വേറൊരു മെമ്പർ പറഞ്ഞു. ചില ആഫീസുകളിൽ ഇപ്പോൾതന്നെ കക്ഷികൾക്കിരിക്കാൻ മുറികൾ ഉണ്ടു. കരുനാഗപ്പള്ളി ആഫീസിൽ ഒരു കക്ഷിമുറിയുണ്ടാക്കാൻ ഗവണ്മെന്റ ഈയിടെ അനുവദിച്ചിട്ടുണ്ട്. ചില ആഫീസുകളിൽ കക്ഷികൾക്കിരിക്കാൻ പൂമുഖങ്ങളോ വരാന്തകളോ ഉണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): തിരുവനന്തപുരം ഡിസ്ട്രിക്ട് രജിസ്ട്രാരുടെ ആഫീസിൽ എന്തെങ്കിലും ഉണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): ആ ആഫീസ ഒരു കൂലിവീട്ടിലാണ. അതിനു വരാന്തയും ഉണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): മെമ്പർ ആ വരാന്ത എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): അതു കണ്ടിട്ടുള്ളതായി ഓർക്കുന്നു. ചില ആഫീസുകളിൽ പൂമുഖങ്ങളും ചില ആഫീസുകളിൽ വരാന്തകളും ഉണ്ട്. മററു ചിലേടത്തു കക്ഷി മുറികൾ ഉണ്ടാക്കിട്ടുമുണ്ടു. രെജിസ്ട്രേഷൻ ഡയറക്ടരുടെ ശിപാർശപ്രകാരം ആവശ്യമുള്ള മററു ആഫീസുകളിലും കക്ഷികൾക്കു സ്ഥലസൌകര്യമുണ്ടാക്കാൻ വഴിഎടുക്കുന്നതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അധികാരദുർവിനിയോഗത്തെപ്പററി ഞാൻ പറഞ്ഞതിനു അദ്ദേഹം മറുപടി പറഞ്ഞില്ല.

പ്രെസിഡെന്റ: അദ്ദേഹം ഇരുന്നുകഴിഞ്ഞു.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): മി. ആശാൻ തഴക്കര പകുതി കൊല്ലകടവു സബ് രജിസ്ട്രാർകച്ചേരിയുടെ അതിർത്തിയിലാക്കുന്നതിന്റെ അനൌചിത്യത്തെപ്പററി ഇവിടെ പ്രസ്താവിച്ചു. ഈ പകുതി കൊല്ലകടവു രജിസ്ട്രാർകച്ചേരിയുടെ അതിർത്തിയിൽ ചേർക്കുന്നതു് ബങ്കാൾ പാർട്ടീഷൻപോലെ ഒരു കലാപം വരാനിടയുള്ള ഒന്നാണെന്ന് ഈ കൌൺസിലിൽ പറയാതിരിക്കാൻ നിവൃത്തിയില്ല. (ചിരി) തഴക്കര പക

ിയുടെ മിക്കഭാഗവും മാവേലിക്കര മുൻസിപ്പാലിറ്റി അതൃത്തിയിലാണ് കിടക്കുന്നത്. കുറച്ചുഭാഗം മാത്രമേ അതിനു വെളിയിലുള്ളു. മി: ആശാൻ പ്രതിപാദിച്ചതുപോലെ തഴക്കരനിന്ന് കൊല്ലക്കടവിലേയ്ക്കു പോകുന്നമെങ്കിൽ വലുതായ ഒരാറു കടക്കേണ്ടതുണ്ട്. ഇതു വർഷകാലത്തു ജനങ്ങൾക്കു വലിയ അസൌകര്യമാണ്. അതിനാൽ ഇതിനെപ്പറ്റി ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാനും മി: ആശാന്റെ അഭിപ്രായത്തെ ബലമായിട്ടു പിൻതാങ്ങിക്കൊള്ളുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി) : തഴക്കരപ്പകുതി മുഴുവനും ആററിന്റെ ഒരു ഭാഗത്താണോ എന്നു മെമ്പർ സഭയോടു പറയാമോ?

മി: രേവതിനാൾ രാമവർമ്മരാജാ (എടവക) : തഴക്കരപ്പകുതി ആററിന്റെ മാവേലിക്കര ഭാഗത്താണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : സർ, ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തിന്റെ ഒരു വശത്തെ സവിശേഷം ശ്രദ്ധാവിഷയമാക്കുന്നതിനാണ ഞാൻ ഈ വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നത്. ആ വശത്തെപ്പററി അതിന്നർഹതയുള്ള ആലോചനയുണ്ടാക്കിയിട്ടില്ല. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റു മുഖാന്തരം ഗവണ്മെന്റു ജനങ്ങളോടു ഒൻപതുലക്ഷത്തിലധികം രൂപാ വസൂലാക്കുന്നുണ്ട്. അതിന്റെ നടത്തിപ്പിന്നാവശ്യം ഉള്ളതു ഏകദേശം മൂന്നുലക്ഷം രൂപായാകുന്നു. മൈസൂറിൽ ഗവണ്മെന്റിനുള്ള ലാഭം ൫൨-ശതമാനവും മദ്രാസ് സംസ്ഥാനത്തിൽ ആ ലാഭം ൩൭-ശതമാനത്തിൽ കൂടുതലല്ലാതതുമാകുന്നു. എന്നാൽ ഇവിടെ കണക്കിൻപ്രകാരം ലാഭം വരവിന്റെ ൭൦-ശതമാനം ആകുന്നു. ഗവണ്മെന്റാവശ്യങ്ങൾക്കു പണമുണ്ടാക്കുന്നതിനെപ്പററി എനിക്കു പരാതിയില്ല. എന്നാൽ ഗവണ്മെന്റിനു ലാഭമുണ്ടാക്കാൻ ജനങ്ങളോടു ആളൊന്നുക്കു നാലുചക്രം തലവരി വസൂലാക്കുന്നതു ന്യായമാണോ എന്നാകുന്നു ചോദ്യം. ഇങ്ങനെയുള്ള കാര്യങ്ങളെപ്പററി ആലോചിക്കുമ്പോൾ സാമ്പത്തിക സ്ഥിതിയെപ്പററി ആലോചിക്കാതെ കഴികയില്ല. ഈ ഭാരങ്ങളോടുകൂടെ ഒരു ചക്രം കരം കൂടെ വഹിക്കാൻ ജനങ്ങൾക്കു കഴിയുമോ എന്ന് ആലോചിക്കേണ്ടുന്ന ഒരു സംഗതിയാകുന്നു. ഭൂസ്വത്തുക്കളുടെ തീറാധാരപ്രകാരവും പണയാധാരപ്രകാരവും ഉള്ള വില എട്ടുകോടി രൂപയോളമെന്നു രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുവക കണക്കുകൊണ്ടു കാണുന്നു. എന്നാൽ മദ്രാസ് സംസ്ഥാനത്തുള്ള ഭൂമിസംബന്ധമായ ആധാരങ്ങളുടെ വില നാലുമടങ്ങ് രൂപാ മാത്രമേയുള്ളു. ഇതു ഡിപ്പാർട്ടുമെന്റിൽ നിന്നുതന്നെ തരുന്ന കണക്കുകൾ പ്രകാരമാണ്. തിരുവിതാംകൂറിൽ ഭൂമിക്കു ഏക്കറൊന്നിനുള്ള ശരാശരിവിലയും അവർ തന്നിട്ടുണ്ട്. ഏക്കറൊന്നിനു ശരാശരിവില ൩൭൦-രൂപായായി കണക്കാക്കിയാൽ-ഭൂമിയുടെവില കുറഞ്ഞു കുറഞ്ഞു വരികയാണെന്നും ഓർക്കണം—കൃഷിചെയ്യുന്ന രണ്ടുലക്ഷം ഏക്കർ ഭൂമികൾ ആണ്ടുതോറും കയ്മാററം ചെയ്യപ്പെടുന്നുണ്ടെന്നു കാണാം. ഇതാണിപ്പോഴത്തെ സ്ഥിതി. ഓരോരുത്തരുടെ കൈവശമുള്ള ഭൂമിയിൽ പത്തിലൊരംശം ആണ്ടുതോറും കയ്മാററം ചെയ്യപ്പെടുന്നു. ഇതിൽ കൃഷിക്കാർ കൃഷിക്കാരല്ലാത്തവർക്കു കയ്മാററം ചെയ്തുകൊടുക്കുന്ന ഭൂമിയുടെ ശതമാനം മുൻകൊല്ലങ്ങളിലെ ഭരണറിപ്പോർട്ടുകളിൽ കൊടുത്തുവന്നിരുന്നതു ഈയാണ്ടിൽ രെജിസ്ട്രേഷൻ ഡയറക്ടർ മിസ്റ്റർ. വെങ്കിട്ടറാവു തന്നിട്ടില്ല, ഇതിന്റെ വിവരം നമ്മെ അറിയിച്ചിട്ടില്ല. കഴിഞ്ഞയാണ്ടിൽ അതു തന്നിരുന്നു. അദ്ദേഹം ആ വിവരം ഇതുവരെ തന്നിട്ടില്ല. വസ്തുക്കൾ വിക്രയം ചെയ്യപ്പെടുന്നു എന്നു നമുക്കറിയാം. വില്ക്കുന്നതു കൃഷിക്കാരാണോ കൃഷിക്കാരല്ലാത്തവരാണോ എന്നറിവാൻ നിവൃത്തിയില്ല. ഈ വിവരം ശേഖരിക്കേണ്ടതാണ്. ഗവണ്മെന്റിൽ നിന്നു ആ വിവരം നമുക്കു തരുമെന്നാശിക്കുന്നു. രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റു മുഖാന്തിരം ഗവണ്മെന്റു ഇത്ര അധികം ലാഭമെടുക്കരുതെന്നാണ് ഞാൻ പറയുന്നതിന്റെ സാരം.

വേറൊരു കാര്യവും സഭയുടെ ദൃഷ്ടിയിൽ പെടുത്താനുണ്ട്. സബ്ബ്‌രജിസ്ട്രാറാപ്പീസുകളുടെ അധികാരാതൃത്തി നിശ്ചയിക്കുന്ന കാര്യത്തിൽ പല അബദ്ധങ്ങളും കാണിക്കുന്നുണ്ട്. നെടുമങ്ങാട്ടുതാലൂക്കിൽ പുല്ലമ്പാറപ്പകുതിയിലെ ആളുകൾ അവരുടെ ആധാരങ്ങൾ രെജിസ്റ്റർചെയ്യാൻ ആററുങ്ങൽ സബ്‌രജിസ്ട്രാഫീസിൽ പോകുന്നതു വാമനപുരം സബ്‌രജിസ്ട്രാഫീസു കടന്നിട്ടുവേണം. പരിജ്ഞാനവർദ്ധനയില്ലാതെയുള്ള ഈ വിദേശസഞ്ചാരം എന്തിനാണെന്നു എനിക്കുമനസ്സിലാകുന്നില്ല. ജനങ്ങൾ തങ്ങളുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു ഒരു സബ്‌രജിസ്ട്രാഫീസ് കടന്നു വേറൊരു താലൂക്കിൽ പോകേണ്ടിയിരിക്കുന്നു. നെടുമങ്ങാട്ടുകാർ ആററുങ്ങൽ പോകേണ്ടിവന്നിരിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി) : ആററുങ്ങലും പുല്ലമ്പാറയും തമ്മിൽ എത്ര ദൂരമുണ്ടെന്നു പറയുമോ?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : എനിക്കറിഞ്ഞുകൂടാ. ഏതായാലും അവർ വാമനപുരം സബ്‌രജിസ്ട്രാറാപ്പീസ് കടന്നു പോകണം. അത്രയും പറവാൻ കഴിയും. സബ്‌രജിസ്ട്രാറാപ്പീസുകളുടെ അധികാരാതൃത്തിയിൽ ഇങ്ങനെ കൂടക്കൂടെ മാററങ്ങൾ ഉണ്ടാക്കുന്നതിന്റെ ദോഷം എല്ലായിടത്തെ ജനങ്ങൾക്കും ആധാരങ്ങളുടെ പകർപ്പുകൾ കിട്ടുന്നതിനു വലിയ അസൌകര്യങ്ങൾ നേരിടുന്നു എന്നുള്ളതാണ്. ഇതാണ് ഒരു ദോഷം. ഒരു സബ്‌രജിസ്ട്രാറാഫീസിൽ പകർപ്പിനപേക്ഷിക്കുമ്പോൾ വേറൊരാഫീസിലാണ് അപേക്ഷ അയക്കേണ്ടതെന്നു അവർ പറയും. സബ്‌രജിസ്ട്രാറാഫീസുകളുടെ അധികാരാതൃത്തികൾ പൂർത്തായി നിശ്ചയിക്കേണ്ടതു അത്യാവശ്യമാണ. സബ്‌രജിസ്ട്രാറാപ്പീസുകൾ സൌകര്യമില്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതുകൊണ്ടു ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കാണിക്കുന്നതിന് വേറെയും പല ദൃഷ്ടാന്തങ്ങൾ ഉണ്ട്...

മി: തയ്യിൽപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഞാൻ മിസ്റ്റർ ആശാന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അദ്ദേഹത്തിനു രണ്ടു പ്രാവശ്യം സംസാരിക്കാമോ? അദ്ദേഹം ഇതിനുമുമ്പുതന്നെ സംസാരിച്ചിട്ടുണ്ട്. (ചിരി)

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഗവണ്മെൻറുമെമ്പറിൻെറ മറുപടി എന്നെ തൃപ്തിപ്പെടുത്തുന്നില്ല. ഉദാഹരണമായി പ്രവേശനപ്പരീക്ഷ പാസ്സായി കുറെക്കാലം ആക്ടിംഗായി ജോലിനോക്കിയശേഷം ഇപ്പോഠം ജോലിയില്ലാതിരിക്കുന്നവരെ വീണ്ടും സ്ഥിരമായി നിയമിക്കുന്നകാര്യത്തിൽ അദ്ദേഹം യാതൊരുറപ്പും തന്നിട്ടില്ല. അതിനെപ്പററി വേറൊരവസരത്തിൽ ഒരു പ്രമേയമൊ ഉപക്ഷേപമൊ കൊണ്ടുവന്നുകൊള്ളാം. മററു സംഗതികളെ സംബന്ധിച്ച് അദ്ദേഹം ഉറപ്പുതന്നിട്ടുള്ളതുകൊണ്ടു ഈ ഉപക്ഷേപം പിൻവലിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

താഴെപറയുന്ന ഉപക്ഷേപങ്ങഠം അവതരിപ്പിച്ചില്ല.

ഉപക്ഷേപങ്ങഠം ൧൩൨-ം ൧൩൩-ം

മി: എസ്. പിരപ്പിൻകോട്ടു മാധവൻപിള്ള

൧൩൨. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൦,൭൮൭ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ

൧൩൩. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൦,൭൮൭ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൩൪

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

സിൽബന്തികഠംക്കു അനുവദിച്ചിട്ടുള്ള ൧,൭൮,൦൧൨ രൂപായിൽ ൨൨൦ രൂപാ കുറയ്ക്കണം.

തഴക്കര പ്പകുതിമേലുള്ള രജിസ്ത്രധികാരം മാവേലിക്കരനിന്നും മാററുന്നതു മാവേലിക്കരയിലെ ജനങ്ങഠംക്കു വളരെ അസൌകര്യമാണെന്നു കാണിക്കയാകുന്നു ഈ ഉപക്ഷേപത്തിൻെറ ഉദ്ദേശം. അതിനുള്ള കാരണങ്ങഠം മുമ്പുതന്നെ ഞാൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗവണ്മെൻറുമെമ്പറിനു അതിനെപ്പററി ആലോചിക്കുമെന്നെങ്കിലും പറവാൻ വേണ്ടുന്ന മര്യാദയുണ്ടായില്ല. അദ്ദേഹം അതിനു മറുപടി പറഞ്ഞില്ല. അതുകൊണ്ടു അനുവദിച്ചിട്ടുള്ള സംഖ്യയിൽ നിന്നു ൨൨൦ രൂപാ കുറയ്ക്കണമെന്നുള്ള ഈ ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): മെമ്പർ ഞാൻ മര്യാദ കാണിച്ചില്ലെന്നു ആക്ഷേപിച്ചിരിക്കുന്നു: അതു സഭായോഗ്യമായ ഒരു വാക്കാണൊ എന്നു എനിക്കറിഞ്ഞുകൂടാ. ഞാൻ എല്ലാ സംഗതികളെപ്പററിയും പറഞ്ഞുതീർന്നു എന്നു വിചാരിക്കയും എന്നോടു ഇരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഇക്കാര്യത്തെപ്പററി ഞാനൊന്നും പറയാഞ്ഞതു കേവലമൊരു വീഴ്ചയാണ്.

പ്രസിഡെൻറ്: ആരാണ് നിങ്ങളോടു ഇരിക്കാൻ ആവശ്യപ്പെട്ടതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): എല്ലാ സംഗതികളെപ്പററിയും പറഞ്ഞുതീർന്നു എന്നു ഞാൻ വിചാരിച്ചുപോയി.

പ്രസിഡെൻറ്: അതു നിങ്ങളുടെ കുററമാണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): ഞാൻ അതു വിട്ടുപോയി എന്നേയുള്ളു. അങ്ങനെയൊരു ശുപാർശ രജിസ്ത്രേഷൻ ഡയറക്ടർ ചെയ്തിട്ടുണ്ടെന്നുള്ളതു നേരാണ്. അതിനെ സംബന്ധിച്ചു തീർച്ചയൊന്നും ചെയ്തിട്ടില്ല. തീർച്ചചെയ്യുന്നതിനുമുമ്പ് ഗവണ്മെൻറ അതിനെപ്പററി ആലോചിക്കും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

ഉപക്ഷേപം ൧൩൫

മി. കെ. മാധവൻപിള്ള,

സബ്‌രജിസ്ത്രാർമാക്കു അനുവദിച്ചിട്ടുള്ള ൩,൦൨,൯൫൪ രൂപായിൽ ൧൪,൪൩൨ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൩൬

സബ് രജിസ്ത്രാർമാക്കു അനുവദിച്ചിട്ടുള്ള ൩,൦൨,൯൫൪ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, ഞാൻ ഈ ഉപക്ഷേപത്തെ സന്തോഷപൂർവം അവതരിപ്പിച്ചുകൊള്ളുന്നു. ഞാൻ ഈ ഉപക്ഷേപം അയച്ചിട്ടുള്ളതിൻെറ ഉദ്ദേശം ചേർത്തലത്താലൂക്കിൽ ഒരു സബ് രജിസ്ത്രാർ കച്ചേരികൂടി ഏർപ്പെടുത്തേണ്ട ആവശ്യകതയെപ്പററി കൌൺസിലിൽ പ്രതിപാദിക്കുന്നതിനുവേണ്ടിയാണ്. ചേർത്തല താലൂക്ക് ചേർത്തലയും അതിനുസമീപമുള്ള ചെറുവക്കം അമ്പലപ്പുഴ ഈ താലൂക്ക് അതിർത്തികളിലും ഉഠംപ്പെട്ടതായ നാലു സബ്‌രജിസ്ത്രാർ കച്ചേരിയുടെ അധികാരാതിർത്തിയിൽ ഇപ്പോഠം ഉഠംപ്പെട്ടിരിക്കുന്നു.

ഇതിൽ പകുതിയും അന്യതാലൂക്കുകളിലെ സബ്‌രജിസ്ത്രാർകച്ചേരിയുടെ അധികാരാതിർത്തിയിലാണ്. ചേർത്തലതാലൂക്കിൽ ഇപ്പോഠം രണ്ടുകച്ചേരികഠംമാത്രമേയുള്ളു. അതു കുത്തിയതോടും ചേർത്തലയുമാണ്. അവിടെയുള്ള ആധാരങ്ങളുടെ എണ്ണം സാമാന്യത്തിലധികം വർദ്ധിച്ചു ഒരു കച്ചേരിയിൽ പതിയാനുള്ളതിൽ കൂടുതൽ ആധാരം പതിയുന്നു എന്നു ബോദ്ധ്യപ്പെട്ടിട്ടാണ് ഡയറക്ടരും ഡിസ്ത്രിക്ടുരജിസ്ത്രാരും സ്ഥലത്തുവന്നു പരിശോധിച്ചു ഈ താലൂക്കിൽനിന്നും അടുത്ത താലൂക്കിൽ പതിയുന്ന ആധാരങ്ങളുടെ കണക്കെടുത്തു അവിടെ ഒരു കച്ചേരികൂടി സ്ഥാപിക്കണമെന്നു ശുപാർശചെയ്തിട്ടുള്ളതു. ഇതിനുമുമ്പു ഈ കൌൺസിലിൽതന്നെ വാദം ഉണ്ടായതനുസരിച്ചാണ് അതിനെപ്പററി അന്വേഷണം നടത്താൻ ഇടയായതു. അഞ്ചു കച്ചേരികഠം പുത്തനായി

ട്ടു അനുവദിക്കണമെന്നു ഡയറക്ടർ ശുപാർശചെയ്തു എങ്കിലും മൂന്നു കച്ചേരികൾക്കു മാത്രമെ അനുവാദം നൽകിയൊള്ളു: എന്നാൽ ഒരു കച്ചേരികൂടി ചേർത്തലതാലൂക്കിലേക്കു വളരെ അത്യാവശ്യമാണ്. അതിനെപ്പററിവീണ്ടും അധികം താമസിയാതെ തന്നെ ഗവൺമെൻറു ആലോചിക്കുമെന്നു വിശ്വസിക്കുന്നു.

ചേർത്തല കുത്തിയതോട്ടിൽ ഒരു കച്ചേരി ഉണ്ട്. അതിനു പേരുകൊടുത്തിരിക്കുന്നതു അരൂക്കുററി സബ്‌രജിസ്ട്രാർകച്ചേരി എന്നാണ്, അരൂക്കുററി എന്നു വേറൊരുസ്ഥലമുണ്ട്. അവിടെ അഞ്ചലാപ്പീസും ഉണ്ട്.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക്): അരൂക്കുററി ചേർത്തലത്താലൂക്കിൽതന്നെയാണോ?

മി: മുരുവേലിൽ പാച്ചുപ്പിള്ള (ചേർത്തല): അതെ, സംശയമില്ല. കുത്തിയതോട്ടിലെ കച്ചേരി അവിടെനിന്നും മാററണമെന്നു എനിക്കഭിപ്രായമില്ല. 'കൃഷ്ണപിള്ള, സബ്‌രജിസ്ട്രാർ ആഫീസ്, അരൂക്കുററി എന്നു ഒരു മേൽവിലാസം എഴുതി ഇപ്പോൾ ഒരു കത്തയച്ചാൽ അതു നേരെപോകുന്നതു അരൂക്കുററിയിലാണ്.' മേൽവിലാസക്കാരൻ ഇരിക്കുന്നതു കുത്തിയതോട്ടിലുമായിരിക്കും. അതുകൊണ്ടു ആ പേരുമാററി കുത്തിയതോട്ടസബ്‌രജിസ്ട്രാർകച്ചേരി എന്നാക്കണം. ഇതിനെ സംബന്ധിച്ചു ഞാൻ ഒരു ചോദ്യം അയച്ചിട്ടുണ്ടായിരുന്നു. അതിനു "The member suggests a course of action" എന്നുപറഞ്ഞു മറുപടിതന്നില്ല. ഈ കച്ചേരിയുടെ പേരും അതു സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിൻെറ പേരുംതമ്മിലുള്ള വ്യത്യാസം നിമിത്തം പല കുഴപ്പങ്ങൾക്കും ഇടവരുന്നതാണ്. ഈ പേരുവ്യത്യാസത്തിനുള്ള കാരണം അരൂക്കുററിയിൽ കച്ചേരിസ്ഥാപിക്കണമെന്നു വിചാരിച്ചു ആദ്യം അതിനു അനുവാദംകൊടുത്തു. അനുവദിച്ചുവന്നശേഷം സ്ഥലം തിരഞ്ഞെടുത്തതു കുത്തിയതോട്ടിൽ ആണ്. ഇപ്പോൾ അരൂക്കുററി കച്ചേരി എന്നാണ് മുദ്ര. അതിനാൽ അതിൻെറ പേർ സ്ഥലത്തിനു യോജിക്കത്തക്കവിധത്തിൽ മാററണം. ഇതു എൻെറ വിഷയത്തിനു സംബന്ധമുള്ളതല്ലെങ്കിലും ഗവൺമെൻറിൻെറ ആലോചനയ്ക്കു വിഷയമാകേണ്ട ഒരു കാര്യമാണ്.

ഇനി എനിക്കു പറവാനുള്ള ഒരു കാര്യം ആധാരത്തിൻെറ ഫീസിനെ സംബന്ധിച്ചാണ്. കച്ചേരിയിൽ ഹാജരാക്കുന്നആധാരങ്ങളെ സംബന്ധിച്ചിടത്തോളം ആധാരത്തിൽ കാണുന്ന തുകയുടെ ക്രമമനുസരിച്ചു മുദ്രവിലചുമത്തണമെന്നു പറയുന്നതിൽ ന്യായമുണ്ട്. ൧൦൦ രൂപായ്ക്കു ഇത്രരൂപയുടെ പത്രംകൊള്ളണമെന്നുപറയുന്നതനുസരിച്ചു ഈ ആധാരങ്ങൾക്കെല്ലാം അതിൻെറ തുകയുടെ രീതിഅനുസരിച്ചു ഫീസു ചുമത്തണമെന്നു വച്ചിരിക്കുന്നതിൻെറ അർത്ഥം മനസ്സിലാകുന്നില്ല,

മി: എസ്. പിറവിടപ്പത്മനാഭപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): സർ, ഈ അഭ്യർത്ഥനയ്ക്കനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞു പോയിരിക്കുന്നു.

പ്രെസിഡെൻറ: അര മിനിട്ടു കൂടെയുണ്ട്

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ആധാരത്തുക എത്രയായിരുന്നാലും എല്ലാ ആധാരങ്ങളുടെയും പുറത്തു സബ്‌രജിസ്ട്രാർ എഴുതുന്ന വാചകം ഒന്നു തന്നെയാണ്. ഈ വാചകത്തിനു വ്യത്യാസമില്ല. അതിനാൽ അതിനും ആധാരത്തിലെ തുക വ്യത്യാസമനുസരിച്ചു മുദ്രവിലയ്ക്കു പുറമെ ഫീസും കൂടി ചുമത്തുന്നതു ഒട്ടും ശരിയല്ല. ഈ സംഗതികൾ ഈ സഭയുടെ പര്യാലോചനയ്ക്കു വിഷയീഭവിക്കേണ്ടതു ആവശ്യമായിരിക്കുന്നു.

പ്രെസിഡെൻറ: ഈ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞു പോയിരിക്കുന്നു. മറെറല്ലാ ഉപക്ഷേപങ്ങളും അതു കൊണ്ടു ദുർബലപ്പെട്ടു പോകുന്നു.

മേൽ കാണിച്ച ഉപക്ഷേപവും താഴെ വിവരിക്കുന്ന ഉപക്ഷേപങ്ങളും അഭ്യർത്ഥനയ്ക്കനുവദിച്ച സമയം കഴിഞ്ഞുപോയതിനാൽ ദുർബലപ്പെട്ടുപോയി.

ഉപക്ഷേപങ്ങൾ ൧൧൭ മുതൽ ൧൨൫ വരെ.

മി: ആർ. കേശവപിള്ള;

൧൧൭, സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൩,൪൧൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള;

൧൧൮. ഡിമാണ്ട് ൩-നു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൩,൪൨,൧൧൦ രൂപായിൽ ൨,൦൦൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള;

൧൧൯. ഡിമാണ്ട് ൩-നു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൩,൪൨,൧൧൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: എൻ. ആർ. കൃഷ്ണൻ:

൧൨൦. ഡിമാണ്ട് ൩-നു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൩,൪൨,൧൧൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി. ടി. സി. കേശവപിള്ള;

൧൨൧. ഡിമാണ്ട് ൩-നു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൩,൪൨,൧൧൦ രൂപായിൽ ൨ രൂപാകുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപിള്ള:

൧൨൨. ഡിമാണ്ട് ൩-നു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൩,൪൨,൧൧൦ രൂപായിൽ ൫ രൂപാ കുറയ്ക്കണം,

മി: എ. സി. കത്തോലിക്കോസ്:

൧൨൩. ഡിമാണ്ട് ൩-നു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൩,൪൨,൧൧൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്:

൫൭൧. ഡിമാണ്ടു് ൩-ാം അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൩,൮൨,൫൫൦ രൂപായിൽ ൫൦൦ രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൫൭൨. ഡിമാണ്ടു് ൩-ാം അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൩,൮൨,൫൫൦ രൂപായിൽ ൫൦൦ രൂപാ കുറയ്ക്കണം,

പ്രസിഡെൻറു: ഡിമാണ്ടു ൩-ായ രജിസ്ട്രേഷൻ വകയ്ക്കു ൩,൮൨,൫൫൦ രൂപായുടെ അഭ്യർത്ഥന സഭാ മുമ്പാകെ വയ്ക്കുന്നു. അതു അനുവദിക്കുന്നതായി ഞാൻ സങ്കല്പിക്കുന്നു.

അഭ്യർത്ഥനപ്രകാരം അനുവദിച്ചു,

പ്രസിഡെൻറു: ഡിമാണ്ട് ൭ സാമാന്യഭരണം, അക്കൗണ്ടാഫീസ് ഒഴിച്ചുള്ളതു, എന്ന ഇനത്തെപ്പററി നമുക്കിനി ആലോചിക്കാം.

ഡിമാണ്ട് ൭ സാമാന്യഭരണം അക്കൌണ്ടാഫീസ് ഒഴിച്ചുള്ള ഇനങ്ങൾ.

മി: കെ. ജോർജ്ജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): സർ, ഡിമാണ്ട് ൭ സാമാന്യഭരണം, അക്കൗണ്ടാഫീസ് ഒഴിച്ചുള്ള ഇനങ്ങൾക്ക ൨,൦൫,൩൮൩ രൂപാ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

ഉപക്ഷേപങ്ങൾ ൫൭൩ മുതൽ ൫൭൬ വരെ.

മി: എ. താണുപിള്ള:

൫൭൩. ഉയർന്നതരം ഗുമസ്ഥന്മാർക്ക അനുവദിച്ചിട്ടുള്ള സംഖ്യ ൮൪,൯൩൬ രൂപായിൽ ൪൬൫ രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള:

൫൭൪. ഉയർന്നതരം ഗുമസ്തന്മാർക്ക അനുവദിച്ചിട്ടുള്ള സംഖ്യ ൮൪,൯൩൬ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി ആർ. രാമൻപിള്ള:

൫൭൬. ഉയർന്നതരം ഗുമസ്തന്മാർക്ക അനുവദിച്ചിട്ടുള്ള സംഖ്യ ൮൪,൯൩൬ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൫൭൫.

ഉയർന്നതരം ഗുമസ്തന്മാർക്ക അനുവദിച്ചിട്ടുള്ള സംഖ്യ ൮൪,൯൩൬ രൂപായിൽ ൮ രൂപാ കുറയ്ക്കണം.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചലും ദേവികുളവും): സർ, ഹജൂരിൽ ഹയർ ഗ്രേഡ് ക്ലാർക്കന്മാർക്കായി അനുവദിച്ചിട്ടുള്ള ൮൪,൯൩൬ രൂപായിൽനിന്നും ൮ രൂപാ കുറക്കണമെന്നുള്ള ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു. ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയതിൻെറ ഉദ്ദേശം സെക്രിട്ടറിയേററിലുള്ള ബി. എ; യും ബി. എൽ-ം ബിരുദധാരികളായ ക്ലാർക്കന്മാർക്ക പുറമെയുള്ള മററു ഡിപ്പാർട്ടുമെൻറുകളിലേക്ക ഇപ്പോൾ പ്രവേശനം ലഭിക്കുന്നില്ലെന്നും ഡിപ്പാർട്ടുമെൻറിലെ പ്രമോഷൻ തന്നേയും ലഭിക്കാതിരിക്കുന്നു എന്നും ഉള്ള സംഗതികളെ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ്. കൃഷ്ണൻ നായർ ദിവാൻജി അവർകളുടെ ഉദ്യോഗകാലാവസാനംവരെ ഹജൂരിലുള്ള ഉയർന്ന തരം ക്ലാർക്കന്മാരുടെ കൂട്ടത്തിൽ ഉയർന്ന പദവിയിലിരുന്നിരുന്ന ആളുകളെ അവരുടെ യോഗ്യതക്കനുരൂപമായ വിധത്തിൽ പുറമെ ഇതരഡിപ്പാർട്ടുമെൻറുകളിൽ ഒഴിവു വരുമ്പോൾ നിയമിക്കുക പതിവായിരുന്നു. ഇപ്പോൾ ആ പതിവിനെ നിർത്തലാക്കിയിട്ടുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ. എങ്കിലും എൻെറ അനുഭവത്തിൽ ഏതാനും കൊല്ലങ്ങളായിട്ടു അവരുടെ യോഗ്യതയ്ക്കുതക്കവണ്ണം ഉദ്യോഗകയററം കൊടുത്തു പുറമേ അയക്കുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു. ഇങ്ങനെയിരിക്കുന്നതുകൊണ്ടു വളരെ പോരായ്മയുണ്ട്. കാര്യക്ഷമതെ ഏററവും പ്രാധാന്യമായി കരുതിവരുന്ന ഗവൺമെൻറിൽനിന്നു അതിനെപ്പററി പലപ്പോഴും പറഞ്ഞു വരാവുള്ള സ്ഥിതിക്കു, ഗവൺമെൻറിൻെറ ഒരു പ്രധാനപ്പെട്ട ആഫീസായിരിക്കുന്നതും രാജ്യഭരണത്തിൻെറ വിവിധശാഖകളിൽനിന്നുമുള്ള അറിവുകൾ സംഭരിക്കപ്പെടുകയും ആ അറിവുകളെ വേണ്ടവിധത്തിൽ പ്രയോഗിക്കപ്പെടുകയും ചെയ്യുന്ന ഒരു സ്ഥാനത്തിലിരിക്കുന്ന ഉൽകൃഷ്ട ബിരുദധാരികളെ വിവിധ ശാഖകളിൽ ഉദ്യോഗം വഹിക്കത്തക്കവണ്ണം മുൻപതിവുപോലെ പുറമെയുള്ള ഡിപ്പാർട്ടുമെൻറുകളിൽ അതാതു അവസരങ്ങളിൽ പ്രവേശനം അനുവദിച്ചയക്കാതിരിക്കുന്നതു നിമിത്തം, രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലുമായി സ്ഥിതിചെയ്യുന്ന വിവിധ ശാഖകളുടേയും ക്രമീകരണവും ഭരണവും വിജയപ്രദമായി പര്യവസാനിക്കുമോ എന്നുള്ളതു് സംശയമാണ്. ക്ലാർക്കന്മാരുടെ ന്യായമായ അവകാശങ്ങളെ അവക്കു കൊടുക്കാതിരിക്കുന്നതു ഒരു പോരായ്മയാണെന്നാണ് എൻെറ അഭിപ്രായം. സകല ഡിപ്പാർട്ടുമെൻറുകളിൽനിന്നും സകല പരിജ്ഞാനങ്ങളും സമ്പാദിച്ചു കൊണ്ടിരിക്കുന്ന ഇവക്കു വളരെക്കാലമായിട്ടു അർഹതയുള്ള പ്രമോഷൻപോലും ലഭിക്കാതെയും ചില സംഗതികളിൽ ഇവരെ സ്ഥിരപ്പെടുത്തുകതന്നെ ചെയ്യാതെയും ഇരിക്കുന്നു. ഈ സംഗതി ഗവൺമെൻറ പ്രത്യേകം ശ്രദ്ധയിൽ വെക്കേണ്ട ഒരു വിഷയമാണ്. മിസ്റ്റർ രാഘവയ്യായുടേയും മിസ്റ്റർ വാട്ട്സിൻെറയും ഭരണ കാലത്തു് ഇപ്പോഴത്തെപ്പോലെ ധാരാളമായി ഹജൂരിലും അക്കൌണ്ടാഫീസിലും കാണുന്നതായ ആക്ടിംഗ് ക്ലാർക്കന്മാരെ അതാതു പടിയിലും നിലയിലും ഉറപ്പിക്കത്തക്കവണ്ണം ചില പ്രത്യേകവ്യവസ്ഥകൾ ചെയ്യാൻ മാർഗ്ഗം ഉണ്ടായിരുന്നു എങ്കിലും അങ്ങിനെ ചെയ്തിരുന്നില്ല എന്നു തോന്നുന്നു. എന്നാൽ ഇപ്പോൾ ഇങ്ങനെയുള്ള ക്ലാർക്കന്മാർക്ക താലോചിതമായ് അർഹിക്കുംവണ്ണം പ്രമോഷൻ ലഭിക്കാതെ അവർ വളരെക്കാലം ആക്ടിംഗ് പടിയിൽ തന്നെ ഇരുന്നു പോരുന്നതു കൊണ്ടുള്ള ഫലം എന്താണെന്നു സാമാന്യമായി ഒന്നു ആലോചിക്കേണ്ടതു് ഉണ്ട്. ഒരാൾ ഉൽകൃഷ്ടബിരുദധാരിയായി തീരുന്നത് ഇന്നത്തെ സ്ഥിതിക്കു സാധാരണയായി ഇരുപത്തിമൂന്നോ ഇരുപത്തിനാലോ വയസ്സിലായിരിക്കണം എന്നു വേണം വിചാരിക്കാൻ. അതിൽ പ്രായം കുറഞ്ഞവരും സാമർത്ഥ്യപൂർവ്വം ഉൽകൃഷ്ടബിരുദ് സമ്പാദിക്കുന്നവരും ചിലർ കണ്ടേയ്ക്കാം. അവർ കുറേക്കൂടി ചെറുപ്പത്തിലെ ബിരുദധാരികളായും തീരാം. ഇങ്ങനെ ബിരുദ് സമ്പാദിച്ച ശേഷം ഇരുപത്തഞ്ചു് വയസ്സിനു മുൻപു് സർവീസിൽ പ്രവേശിച്ചിരിക്കണമെന്നു വ്യവസ്ഥയുണ്ട്. ഉദ്ദേശം ചിലക്കു ഈ വ്യവസ്ഥയെ ഭേദപ്പെടുത്തിക്കൊടുക്കാറുമുണ്ട്. ഈ നിലയിൽ ഗവൺമെൻറുസർവീസിൽ പ്രവേശനം വേണമെന്നു ആശിക്കുന്ന ഒരു യുവാവിനു ഉദ്യോഗത്തിൽ പ്രവേശിക്കുവാനുള്ള തിടുക്കംകൊണ്ടു കിട്ടുന്ന

ശമ്പളംകൊണ്ടു തൃപ്തിപ്പെട്ടിട്ടാണ് ക്ലാർക്കന്മാരായിട്ടു പ്രവേശിക്കുന്നതു്. ഇങ്ങനെ പ്രവേശിച്ചു രണ്ടുമൂന്നു വർഷംകഴിയുമ്പോൾ അതാതുഡിപ്പാർട്ടുമെൻറുകളിൽ ഉയർത്തി അവരെ പുറമേ അയക്കാറുണ്ടായിരുന്നു. ഹജൂരിൽനിന്നും ഇപ്രകാരമുള്ള ക്ലാർക്കന്മാരെ നാനാഭാഗങ്ങളിലേക്കും അയച്ചുകൊണ്ടിരുന്ന പതിവു നിറുത്തിയ വിധത്തിലായതിനാൽ അവർ ആദ്യം പ്രവേശിച്ചകാലത്തുണ്ടായിരുന്ന ശമ്പളംമാത്രം വാങ്ങിച്ചുംകൊണ്ടു് ആറും ഏഴുംവർഷങ്ങളോളം ആക്ടിംഗായിതന്നെ ഇരിക്കുന്നതിന് ഇടവരുന്നു. ഈ ആക്ടിംഗ്കാലത്തെ സർവീസ്സ് സ്ഥിരപ്പെടുത്തുന്നകാലത്തു് ഒരിക്കലും വകവച്ചുകൊടുക്കുന്നും ഇല്ല. ഇതിന്റെ ഫലമായി ജോലിക്കാർക്കു് അൻപത്തഞ്ചു വയസ്സുകഴിയുമ്പോൾ പിരിച്ചുവിടുന്നകാലത്തു ഇരുപത്തഞ്ചു വർഷത്തെ സർവീസിന്റെ പരമാവധികാലത്തു് പൂർണ്ണമായി അവർക്കു ലഭിക്കേണ്ടതായ അവരുടെ അടുത്തൂൺ ലഭിക്കുന്നതിന് മാർഗ്ഗമില്ലാതെവരുന്നു. ഇതു് ആറോ ഏഴോവർഷം കഴിഞ്ഞു് സ്ഥിരപ്പെടുത്തുന്ന കാലത്തു് അവർക്കു് ശമ്പളക്കൂടുതൽ കൊടുക്കാതിരിക്കുന്നതുകൊണ്ടാണ്. ഇങ്ങനെ അനുഭവത്തിൽവരുന്ന എല്ലാ ചെറുപ്പക്കാരും ഗവണ്മെൻറിനെ ആശ്രയിക്കുന്നതുകൊണ്ടു ശരിയായ അഭിവൃദ്ധിയുണ്ടാകുമെന്നു വിശ്വസിക്കുന്നവരാണ്. അവർക്കു നിരാശയാണ് ഫലം. അതു ശരിയല്ല. ന്യായമായി അർഹമായതു നൽകിയേ മതിയാവൂ. താമസംവിനാ സ്ഥിരമായ നിയമനവും യഥാർഹമായ കയററവും ശമ്പളവും ലഭിക്കാതെയിരിക്കയില്ല എന്നു വിശ്വസിക്കുന്ന ബിരുദധാരികളായ യുവാക്കന്മാർ നിരാശയിലും കഷ്ടതയിലും ഉൾപ്പെട്ടു് ജീവസന്ധാരണത്തിനുള്ള മാർഗ്ഗങ്ങൾപോലും തെളിഞ്ഞുകാണാതെ വലഞ്ഞുവരുന്നുണ്ടു്. ജാതിമതഭേദം നോക്കാതെ ഇങ്ങനെയുള്ള സകല ആളുകൾക്കും ന്യായങ്ങളും അവകാശങ്ങളും അനുസരിച്ചു അവർക്കു ലഭിക്കേണ്ടിയിരുന്ന ഉദ്യോഗവും ശമ്പളക്കൂടുതലും അവർക്കുകൊടുക്കേണ്ടതാണ്. എപ്പോൾ ആർക്കെങ്കിലും കാരണവശാൽ ഗവണ്മെൻറു ഉദ്യോഗത്തിൽ പ്രവേശനം കൊടുക്കുന്നോ, അപ്പോൾ മുതൽ സർവീസിൽ പ്രവേശിക്കുന്നവർക്കു അവരുടെ അവകാശങ്ങളും വ്യവസ്ഥാനുസരണമുള്ള വേതനങ്ങളും അന്യൂനമായി ലഭ്യമാകത്തക്കവണ്ണം കൊടുക്കുന്നതിനു സന്നദ്ധമാണ് എന്നു് ഗവണ്മെൻറു പ്രത്യക്ഷമായിട്ടു് വാഗ്ദാനം ചെയ്യുകയാണ് ചെയ്യുന്നതു്. ആർക്കായാലും അവരുടെ അർഹതക്കും യോഗ്യതക്കും അനുരൂപമായവിധത്തിൽ ശമ്പളം കൊടുത്തുകൊണ്ടു ഗവണ്മെൻറിന് അവരെക്കൊണ്ടു ശരിയായി ജോലിനടത്താവുന്നതാണ്. അതിന് പ്രതിബന്ധം ഉണ്ടാകുമ്പോൾ ഗവണ്മെൻറു നടപടികളെ ആക്ഷേപിക്കാതിരിപ്പാൻ ന്യായമില്ല. ഈ നിലയിൽ ഹജൂരിലിരിക്കുന്ന ഉയർന്നതരം ക്ലാർക്കന്മാരെ ഗവണ്മെൻറിന്റെ വിവിധശാഖകളിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന ഒഴിവുകളിൽ അയക്കണം. ഗൗരവവും ഉൽകൃഷ്ടവും ആയ ഗവണ്മെൻറാഫീസുകളിൽ ഇരിക്കുന്ന ആക്ടിംഗ് ക്ലാർക്കന്മാരെ അവർക്കർഹമായ വിധത്തിൽ ശരിയായ പ്രമോഷനോടുകൂടി സ്ഥിരപ്പെടുത്തണം. അങ്ങനെ സ്ഥിരപ്പെടുത്തുന്നതിലേക്കുണ്ടാകുന്നകാലതാമസം ആക്ഷേപാർഹമാണ്. സ്ഥിരപ്പെടുത്തുന്നതുവരെ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ശമ്പളം മാത്രം കൊടുത്താൽപോരാ. പ്രതിവർഷം ക്രമമായ കൂടുതലോ ആക്ടിംഗ് അലവൻസോകൂടി കൊടുക്കണം. ഇപ്പോൾ ആക്ടിംഗ് കാലത്തെ സർവീസ വകവച്ചുകൊടുക്കയില്ല. ഈ വ്യവസ്ഥയെ ഭേദപ്പെടുത്തണം. മദ്രാസ്സ് ഗവണ്മെൻറിൽ ആക്ടിംഗായിരിക്കുന്നകാലത്തും അവർക്ക് ന്യായമായ ശമ്പളക്കയററം കൊടുക്കാറുണ്ട്. അങ്ങനെ ഇവിടേയും കൊടുത്തിരുന്നതായി അറിയുന്നു. തിരുവിതാംകൂറിലെ പ്രജകളായ ഏതാനം ആളുകൾക്കും ആക്ടിംഗ്കാലത്തു ശമ്പളം കൂട്ടിക്കൊടുക്കാറുണ്ട്. മുൻസിപ്പന്മാരുടെ സ്ഥിതി ഇപ്പോൾ അങ്ങിനെയാണ്. ഹജൂരിലെ ക്ലാർക്കന്മാർക്കു ധാരാളം ജോലിയുണ്ടെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല. സെക്രട്ടറിയേററിലെ എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഇതു നന്നായിട്ടറിയാം. അവർ ചുമതലയുള്ള ജോലികളിൽ ഇടപെട്ടു പ്രവർത്തിക്കുന്നു. ഈ കൌൺസിലിൽ ഇൻറർപെല്ലേഷൻ അയക്കുന്നതിൻ അനേകം എണ്ണങ്ങളെ സംബന്ധിച്ചുള്ള ഇവരുടെ കൃത്യനിർവഹണം പ്രശംസനീയമായിട്ടാണ് ഇരിക്കുന്നതു്. മററു് അനേകംതരം ചുമതലയുള്ള കൃത്യങ്ങളും ഇവർ ചെയ്യുന്നു. ഇവരുടെകാര്യത്തിൽ വിവരിക്കപ്പെട്ടുവിധം അശ്രദ്ധ ഇടവരുവാൻ പാടില്ല. ഭാവിയിൽ നമ്മുടെരാജ്യത്തിന്റെ ഭരണകർത്താക്കളെ സഹായിക്കുകയും പരിശ്രമിക്കയും ചെയ്യേണ്ടവരായ ഇപ്രകാരമുള്ള ക്ലാർക്കന്മാർക്ക് ന്യായമായിട്ടുള്ളതും അർഹതയുള്ളതുമായ പ്രമോഷൻകൊടുത്തു് പുറമേ അയക്കയും അയക്കാത്തവരായി ആഫീസിൽ സ്ഥിരപ്പെടുത്താത്തവരെ സ്ഥിരപ്പെടുത്തി കയററംകൊടുക്കുകയും ചെയ്യേണ്ടതു എത്രയും ആവശ്യമാണ്. ക്ലാർക്കന്മാർക്കു അർഹതയുള്ള ശമ്പളക്കൂടുതൽകൊടുത്തു അവരെ ഉത്സാഹിപ്പിക്കുകയും ആക്ടിംഗായിട്ടുള്ളവരെ സ്ഥിരപ്പെടുത്തികൊടുക്കുകയും ചെയ്യണമെന്നുള്ള ഈ വിഷയം ഗവണ്മെൻറിന്റെ ഗൗരവമായശ്രദ്ധയിൽ പതിയണം എന്നുള്ള നിർദ്ദേശത്തോടുകൂടി എന്റെ ഉപക്ഷേപത്തെ ഈ സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) : സർ, സഭാമുമ്പാകെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. ഈ സഭയിൽ വാദപ്രതിവാദ വിഷയമാകാൻതക്ക പ്രാധാന്യമുള്ള ഒരു ആഫീസ് ഈ രാജ്യത്തുണ്ടെങ്കിൽ അതു സെക്രട്ടറിയേററാഫീസ് ആകുന്നു. ഡിവിഷൻ ലിസററുനോക്കിയാൽ സെക്രട്ടേറിയററിൽ ഇപ്പോൾ ജോലിനടത്തുന്നതു ഈ ഉയർന്നതരം ഒന്നാംക്ലാസ് ഗുമസ്തന്മാരിൽ പലരും അവിടെയില്ലാതെയാണെന്നുകാണാം. അവരിൽ പലരും മററുജോലിയിൽ ഇരിക്കുന്നു എന്നാണ് അതിൽ കാണിച്ചിട്ടുള്ളതു്. സെക്രട്ടേറിയററാഫീസിന്റെ മേൽ പതിയേണ്ടതായ ശ്രദ്ധ പതിയുന്നില്ലെന്നാണ് ഇതിൽ നിന്നു അനുമാനിക്കേണ്ടതു്. ഇതു ചിലസംശയങ്ങൾക്കു കാരണമാണ്. കാര്യത്തിന്റെ സ്ഥിതി ഇങ്ങനെയിരിക്കുന്നതു തൃപ്തികരമല്ല.

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി) : വേറെജോലിയിലിരിക്കുന്ന ഈ ഗുമസ്തന്മാരുടെ സ്ഥാനത്തു വേറെയാളുകളെ ആക്ടിംഗായി നിയമിച്ചിട്ടുണ്ടെന്നുള്ള സംഗതി മെമ്പറെ അറിയിച്ചുകൊള്ളുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) : ആവിവരം ഇതിൽ ഇല്ല. പുതിയ സിവിൽലിസ്റ്റ് നോക്കിയാണ ഞാൻ പറയുന്നതു്.

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി) : സിവിൽലിസ്റ്റിൽ ആക്ടു് ചെയ്യുന്നവരുടെ പേരും ഉണ്ടു്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) : ഇതിൽ ഒന്നുമില്ല.

പ്രെസിഡെന്റ്: വേറെജോലിയിൽ ഇരിക്കുന്നവർക്കു പകരം വേറെ ആളുകൾ ആക്ട് ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഞാൻ ഇവിടെയൊന്നും കാണുന്നില്ല.

മി: കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): എല്ലാം പുറത്തുകൊടുത്തിട്ടുണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അവിടെ ഞാൻ കാണുന്നതു് സൂപ്രണ്ടന്മാരായി നിയമിക്കപ്പെട്ടവരുടെ പേരുകളാണ്.

വേറൊരു സംഗതിയും സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. സെക്രട്ടേറിയേറ്റിൽ ഇപ്പോൾ പല ആക്ടിംഗ് ഗുമസ്തന്മാർ ഉണ്ട്. അവരിൽ ചിലർ ഏഴുവർഷത്തോളമായി ആക്ട് ചെയ്യുന്നു. ഇപ്പോഴും ആക്ട് ചെയ്യുന്നു. സാധാരണയായി തിരുവിതാംകൂറിലെ പാറിവു ബ്രിട്ടീഷ് ഇൻഡ്യയിലെ പട്ടങ്ങളും നിയമങ്ങളും പകർത്തുകയാണ്. ബ്രിട്ടീഷ് ഇൻഡ്യയിലെ ഗുമസ്തന്മാരുടെ സ്ഥിതിനോക്കിയാൽ സ്ഥിരമായോ ആക്ടിംഗായോ എല്ലാ ഗുമസ്തന്മാർക്കും അവർക്ക് അവകാശമുള്ള ... [illegible] കാണാം. ഇവിടെ ഗുമസ്തന്മാരെ ... [illegible] സ്ഥിരപ്പെടുത്തുന്നില്ല, ... [illegible] ഉണ്ട്. ഈ ഗുമസ്തന്മാർ സെക്രട്ടേറിയേറ്റിൽ ... [illegible] സമയത്തു ... [illegible] മറ്റു ഡിപ്പാർട്ടുമെന്റിൽ പ്രവേശിച്ചവർ ഇവരെക്കാൾ വളരെ മുമ്പു സ്ഥിരപ്പെടുന്നു. സെക്രട്ടേറിയേറ്റിൽ സ്ഥിരപ്പെടുത്താൻ വളരെകാലം കഴിയുന്നു. അവരുടെ സെർവീസു ... [illegible] അവരുടെ ആക്ടിംഗ് ... [illegible] ആണ്. എവിടെയാണു ന്യൂനതയെന്നും കാര്യങ്ങളുടെ ഈ സ്ഥിതിക്കു ഉത്തരവാദി ... [illegible] രണ്ടു ബി. എ. കാർ ഒരേ സമയം ഗവണ്മെന്റുദ്യോഗത്തിൽ പ്രവേശിച്ചാൽ ... [illegible] സെക്രട്ടേറിയേറ്റിൽ പ്രവേശിക്കുന്നവനെ അനേകവർഷത്തേക്കു സ്ഥിരപ്പെടുത്തുകയോ ഉദ്യോഗക്കയറ്റം ... [illegible] ചെയ്യുന്നില്ല. മറ്റു ഡിപ്പാർട്ടുമെന്റിൽ പ്രവേശിക്കുന്ന ... [illegible] മുമ്പുതന്നെ സ്ഥിരപ്പെടുകയും അധികം ഉദ്യോഗക്കയറ്റത്തിനു അവസരം ലഭിക്കുകയും ചെയ്യുന്നു. ഈ സഭയുടെ ശ്രദ്ധപതിയേണ്ടുന്ന ഗൌരവമായ ഒരു വിഷയം ആകുന്നു. ഈ ഗുമസ്തന്മാരെ ... [illegible] ആക്ടിംഗായി വെച്ചുകൊണ്ടിരിക്കുന്നതിനു ന്യായമില്ല. അവർക്കു പ്രോത്സാഹനവുമില്ല. ... [illegible] അവർക്കു ഉദ്യോഗക്കയറ്റത്തിനു വഴിമുടക്കപ്പെടുന്നു. ... [illegible] അല്പകാലം കഴിഞ്ഞാൽ ... [illegible] ട്രേട്ടുമാരായും മറ്റു ഡിപ്പാർട്ടുമെന്റുകളിൽ ഉത്തരവാദിത്വമുള്ള ഉദ്യോഗങ്ങളിലും നിയമിച്ചുവരുന്നു. ഇപ്പോൾ അവർക്കങ്ങനെയുള്ള വഴിയില്ല. അതിനാൽ ഉപേക്ഷിക്കപ്പെട്ടു കിടക്കുന്ന ഈ ഗുമസ്തന്മാരുടെ ... [illegible] ഉടൻ തന്നെ എന്തെങ്കിലും ചെയ്യേണ്ടതാകുന്നു. അവരോടു നാം ചിറ്റമ്മമാരെപ്പോലെ പെരുമാറിയാൽ പോരാ. അവരുടെ സഹോദരന്മാർക്കു മറ്റു ഡിപ്പാർട്ടുമെന്റുകളിൽ എല്ലാ പ്രോത്സാഹനവും ഉള്ള സ്ഥിതിക്കു മറ്റു ഡിപ്പാർട്ടുമെന്റുകൾക്കു മാതൃകയായിരിക്കേണ്ടുന്ന രാജ്യത്തിലെ പ്രധാന ആഫീസിലുള്ളവരോടു ഇങ്ങനെ പെരുമാറുന്നതെന്തിന്? ഗവണ്മെന്റുവക പല ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ ഇങ്ങനെയുള്ള പക്ഷഭേദവും വ്യത്യാസവും എന്തിന്? ഗവണ്മെന്റ ഈ ആക്ടിംഗ് ഗുമസ്തന്മാരെ കഴിയുന്ന വേഗത്തിൽ സ്ഥിരപ്പെടുത്തേണ്ടതാകുന്നു. അവർ ആക്ട് ചെയ്യുന്നകാലം കണക്കാക്കി അതിനു മുൻപ്രാബല്യം കൊടുക്കണം. ഉടൻ തന്നെ എന്തെങ്കിലും ചെയ്യേണ്ടതാകുന്നു. ഈ വാക്കുകളോടു കൂടെ ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന മിസ്റ്റർ കുരിയാക്കോസിന്റെ ഉപക്ഷേപത്തെ പിൻതാങ്ങി രണ്ടു വാക്കു പറയണമെന്ന് ഞാനും വിചാരിക്കുന്നു. ... [illegible] സിലുള്ള ഗ്രാഡുവേറ്റ്സ്, അണ്ടർഗ്രാഡ്വേറ്റ്സ് എന്നീതരത്തിലുള്ള ക്ലാർക്കന്മാർക്കു അതാതുകാലത്തു ശരിയായി കിട്ടേണ്ട പ്രോത്സാഹനം കൊടുക്കുന്നില്ല എന്നു ഞങ്ങൾ പറയേണ്ടിവന്നതിൽ അത്യന്തം മനസ്താപിക്കുന്നു. ... [illegible] ശമ്പളത്തിൽ ഒരു ക്ലാർക്കായിരിക്കേ ... [illegible] കർക്കടകം ... [illegible]-ാംനു- ആക്ടിംഗ് തഹശീൽദാരായിട്ടു നിയമിക്കപ്പെട്ടിട്ടുള്ള ഒരു ബി. എ., ബി. എൽ. ബിരുദധാരിയായ മിസ്റ്റർ പി. ആർ. ശങ്കരനാരായണപിള്ളയെ ഇതുവരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

... [illegible] വൃശ്ചികം ... [illegible]-ാംനു- അതേശമ്പളത്തിലിരുന്നിരുന്ന വെറും ഒരു ഗ്രാഡുവേറ്റായ മി: കെ. പരമേശ്വരൻപിള്ള എന്നൊരാളെ ... [illegible] കന്നി ... [illegible]-ാംനു- സ്ഥിരപ്പെടുത്തിയിരിക്കുന്നു.

പ്രെസിഡെന്റ്: മി: രാമൻപിള്ളേ, ഇതു ഓരോവ്യക്തികളുടെ കാര്യമാണു. വ്യക്തികളുടെ കാര്യം ഇവിടെ ആലോചിക്കണ്ടാ എന്നു ഞാൻ ഇതിനു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. നാം ഇവിടെ തത്വങ്ങളെ പറ്റിയാണു വാദം ചെയ്യേണ്ടതു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇങ്ങനെ ഓരോ ഉദ്യോഗസ്ഥന്മാർ ചെയ്യുന്നതിനെ ദൃഷ്ടാന്തമായിട്ടു ഇവിടെ എടുത്തുപറഞ്ഞു എന്നേയുള്ളു. ഒരു ജാതിക്കാരെമാത്രം ഇങ്ങനെ ചെയ്യു എന്നു സങ്കടംപറയുകയല്ല. എല്ലാജാതിക്കാരുടേയും അവകാശങ്ങളെ ഇങ്ങനെ അവഗണിച്ചിട്ടുണ്ട്. അതുകൊണ്ട് സർവ്വീസിലിരിക്കുന്ന ആളുകൾക്ക് ശരിയായിട്ടും ഉത്തമവിശ്വാസമായിട്ടും അവരുടെജോലി നിർവഹിക്കാൻ സാധിക്കാതെ വരുന്നു. നിരാശ അല്ലെങ്കിൽ പ്രോത്സാഹനം ഇല്ലായ്മ എപ്പോഴും ഉടനു സംഭവിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്ക് അവരുടെജോലി യോഗ്യമായവിധത്തിൽ നിറവേറ്റികൊണ്ടുപോകാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഹജൂരാഫീസിലിരിക്കുന്ന ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ചവരായ ക്ലാർക്കന്മാരെ അതാതുകാലം പ്രോത്സാഹിപ്പിച്ച് അവരെ പുറത്തയച്ചു നാട്ടിനുപകാരമായ ഗുണം ചെയ്യത്തക്കവണ്ണം ഉത്സാഹഭരിതരാക്കിത്തീർക്കണം എന്നുള്ള എന്റെ നിർദ്ദേശത്തെ ഗവണ്മെന്റിന്റെ മുമ്പാകെ സമർപ്പിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്ടു): മി: കുര്യാക്കോസിന്റെ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഏകദേശം അഞ്ചാറു വർഷംകഴിഞ്ഞാലും ഒരു ക്ലാർക്കിനെ ആ ജോലിയിൽ സ്ഥിരപ്പെടുത്താതിരിക്കുന്ന കാലത്തോളം അവർ എന്തു വിശ്വസിച്ചാണ് ആ ജോലിയിൽ ഇരുന്നുകഴിക്കുന്നതു എന്നു ആലോചിക്കേണ്ടതാണ്. അവർ ജോലിചെയ്യുന്നതു് അവർക്കുകിട്ടുന്ന ഉത്സാഹത്തെ ആശ്രയിച്ചിരിക്കുന്നു. അഞ്ചുവർഷം കഴിഞ്ഞാലെങ്കിലും അവരെ ആ ജോലിയിൽ സ്ഥിരപ്പെടുത്തേണ്ടതാണ്.

പിന്നീട് ഏജ്ബാറിനെ സംബന്ധിച്ച് എനിക്ക് രണ്ടുവാക്കുപറയാനുണ്ട്. ഇരുപത്തിഅഞ്ചുവയസ്സു പൂർത്തിയാകുന്നതിനുമുമ്പ് ജോലിക്ക് ആവശ്യപ്പെട്ടില്ലെങ്കിൽ അയാൾക്കു ഒരിക്കലും ജോലിയിൽ പ്രവേശിക്കാൻ അവകാശമില്ല എന്ന് ഒരു നിയമം വച്ചിട്ടുണ്ട്. ഈ വ്യവസ്ഥമൂലം അസമത്വസമുദായത്തിലുള്ളവർക്കു ഒരു സ്ഥാനമുള്ളും ഉദ്യോഗം ലഭിക്കാൻ യാതൊരുമാർഗ്ഗവും ഇല്ല. ഇരുപത്തഞ്ച്വയസ്സ് കഴിയുന്നതിനു മുൻപ് പരീക്ഷ ജയിക്കുന്നെങ്കിൽ സാധ്യക്കളായ അസമത്വ സമുദായത്തിൽപെട്ട ഒരാളിന് വളരെ പ്രയാസമാണ്. അങ്ങിനെയുള്ളവർ ഉദ്യോഗത്തിന് അപേക്ഷകൊടുത്താൽ അവർക്കു ൨൫ വയസ്സു തികഞ്ഞുപോയി, അതുകൊണ്ടു ഉദ്യോഗം കൊടുക്കാൻ പാടില്ലാ എന്നു പറഞ്ഞുതള്ളിക്കളയരുത്. അങ്ങിനെതള്ളിക്കളയുന്നപക്ഷം പിന്നിട്ട് അവർക്ക് ഒരിക്കലും സർക്കാർഉദ്യോഗം ലഭിക്കാൻ സാധിക്കയില്ല. ഇങ്ങനെയുള്ള സംഗതികളിൽ ഗവണ്മെന്റിന്റെ ദൃഷ്ടി ഗാഢമായിപതിയുകയും അവരുടെ ഈ സങ്കടത്തിനു പരിഹാരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിന്താങ്ങിക്കൊള്ളുന്നു.

മി: പി. എസ്. മുഹമ്മദ് (ഗവണ്മെന്റ് നിയമനം): സിക്രട്ടറിയേറ്റിലുള്ള ഗ്രാഡുവേററ് ക്ലാർക്കന്മാരുടെ സങ്കടത്തെ ഏതെങ്കിലും ഒരു രീതിയിൽ പരിഹരിക്കേണ്ടതു് ഏററവും അത്യാവശ്യമെന്നാണ് എനിക്കു തോന്നുന്നതു്. സിക്രട്ടേറിയററിൽ അൻപത്തിഏഴു ഉദ്യോഗസ്ഥന്മാരാണ് ഗ്രാഡുവേററ്സായിട്ടുള്ളതു്. ഇതിൽ ഇരുപത്തൊൻപതുപേരും ആക്ടിംഗ്കാരാണ്. ഇതിൽ പലരും അഞ്ചും ആറും ഏഴും വർഷംവരെ ആക്ററ്ചെയ്യുന്നവരാണ്. അതുകൊണ്ടു ഇത്രത്തോളം ഒരു വലിയ സംഖ്യ വരുന്ന ആളുകൾ സങ്കടപ്പെടുന്നു എന്നുവരികിൽ ഗവണ്മെന്റിന്റെ ശ്രദ്ധ അതിൽ പതിയേണ്ടതാണ്. ഇതിനുപുറമെ സിക്രട്ടേറിയററിലെ ക്ലാർക്കന്മാരെ വെളിയിലുള്ള പല ഡിപ്പാർട്ടുമെന്റുകളിലും ഒഴിവുവരുമ്പോൾ നിയമിച്ച് അവർക്ക് വേണ്ട പ്രോത്സാഹനം നൽകണം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അണ്ടർഗ്രാഡുവേററ്സ് ക്ലാർക്കന്മാർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിൽ മെംബറിനു വിരോധമുണ്ടോ?

മി: പി. എസ്. മുഹമ്മദ് (ഗവണ്മെന്റ് നിയമനം): എനിക്കു വിരോധമില്ല.

എക്സൈസ് ഡിപ്പാർട്ടുമെന്റു തുടങ്ങിയുള്ള പലഡിപ്പാർട്ടുമെന്റുകളിലും ഉത്തരവാദിത്വമുള്ള ജോലികളിൽ അവരെ കയററം ചെയ്തു അയച്ചാൽ അവിടെയും അവർ തൃപ്തികരമാംവണ്ണം ജോലിചെയ്യുമെന്നുള്ളതിൽ രണ്ടുപക്ഷമില്ല. ഇങ്ങനെയുള്ള സ്ഥാനങ്ങളിൽ അവർക്കുവേണ്ട പ്രോത്സാഹനം നൽകണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിന്താങ്ങിക്കൊള്ളുന്നു.

മി: കെ. ജാജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): സർ, സെക്രട്ടറിയററ് ആഫീസ് മേലധികാരി എന്ന നിലയിൽ സെക്രട്ടറിയററിനോടും ഈ സഭയ്ക്കു സഹതാപവും ആനുകൂല്യവും ഉണ്ടെന്നുള്ള സംഗതി എനിക്കു വളരെ സന്തോഷമാകുന്നു. ആ നിലയിൽ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തിനു എന്റെ ആനുകൂല്യവും ഉണ്ടു്. എന്നാൽ ഈ വിഷയത്തെ സംബന്ധിച്ചു ചില തെററിധാരണകൾ ഉണ്ടെന്നു ഞാൻ ഭയപ്പെടുന്നു. മൂന്നു സംഗതികളാണു മിസ്റ്റർ കുര്യാക്കോസ് പ്രസ്താവിച്ചതു്? അദ്ദേഹത്തിന്റെ ആദ്യത്തെവാദം സെക്രട്ടറിയററിലെ സീനിയർ ഗുമസ്തന്മാരെ ഈ രാജ്യത്തെ മററു ഡിപ്പാർട്ടുമെന്റുകളിൽ നിയമിച്ചയക്കണമെന്നാണു.

സിക്രട്ടറിയററിലെ നിയമപ്പരീക്ഷകൾ പാസ്സായിട്ടുള്ള സീനിയർ ഗുമസ്തന്മാരെ ഇപ്പോഴും ഒഴിവുകൾ ഉണ്ടാകുമ്പോൾ മജിസ്ട്രേട്ടന്മാരായി അയക്കുന്നുണ്ടു്. എന്നാൽ അവരെ മററു ഡിപ്പാർട്ടുമെന്റുകളിൽ നിയമിച്ചയക്കുന്നതിനെപ്പററി രണ്ടു അഭിപ്രായങ്ങൾ ഉണ്ടു്. അങ്ങനെയുള്ള ഒരാലോചന ഗവണ്മെന്റിനോ ഇവിടെ ഇരിക്കുന്ന ഡിപ്പാർട്ടുമെന്റ മേലധികാരികൾക്ക് ഹൃദ്യമായിരിക്കുമെന്നു എനിക്കുതോന്നുന്നില്ല. നമ്മുടെ പല ഡിപ്പാർട്ടുമെന്റുകളിലും പ്രവേശനത്തിനും ഉദ്യോഗക്കയററത്തിനും ഉള്ളമത്സരം വളരെഘോരമാകുന്നു എന്നു എല്ലാവർക്കും അറിയാമല്ലോ. അതാകുന്നു സിക്രട്ടറിയററിലെ ഗുമസ്തന്മാരെ മററു ഡിപ്പാർട്ടുമെന്റുകളിൽ അയക്കുന്നതിനുള്ള പ്രയാസം. എന്നാൽ ഇതിൽ അടങ്ങിയിരിക്കുന്ന തത്വം സംബന്ധിച്ചു ഗവണ്മെന്റിനു അനുകൂലാഭിപ്രായമുണ്ടെങ്കിൽ അതിനനുസാരമായിവല്ലതും ചെയ്വാൻ കഴിയുമോ എന്നു നോക്കാം.

വേറൊരു സംഗതി മി: ഡി. സി. ജോസഫ് പറഞ്ഞതു ഗുമസ്തന്മാരെ അനാവശ്യമായി ദീർഘകാലം ആക്ടിങ്ങായി വച്ചുകൊണ്ടിരിക്കുന്നു എന്നാണു. അങ്ങനെ ഉണ്ടായിരിക്കാം എന്നാൽ അതു ആരുടെയും കുററമല്ല. ആക്ടിങ്ങായുള്ളവരെ സ്ഥിരപ്പെടുത്തുന്നതിനു ഒഴിവുകളില്ലാത്തതാണു കാരണം.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അവർക്കു കാലാനുസാരമായ ശമ്പളക്കൂടുതലിനു അവകാശമുണ്ടോ?

മി: കെ. ജാജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): അതിനെപ്പററിഉടനെപറയാം. സ്ഥിരമായ ഒഴിവുകൾ ഉണ്ടാകുമ്പോൾ ആക്ട് ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിനു ഞങ്ങൾക്കു യാതൊരു വിരോധവുമില്ല. ഒരു ആളെ സ്ഥിരപ്പെടുത്തുന്നതിനു ഒന്നാമതായിവേണ്ടതു ഒരു സ്ഥിരംഒഴിവാണ്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇപ്പോൾ ഒഴിവുകൾ ഇല്ലേ?

മി: കെ. ജാജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): ചിലമജിസ്ട്രേട്ടന്മാരെ ഈയിടസ്ഥിരപ്പെടുത്തിയതുകൊണ്ടു ഒന്നുരണ്ടുണ്ടാകാം. ആ ഒഴിവുകളിൽ സ്ഥിരപ്പെടേണ്ടവരെ ഉടനെ തന്നെ സ്ഥിരപ്പെടുത്തുന്നതാണു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സിവിൽലിസ്റ്റിൽ ചേർത്തിട്ടുള്ളതെല്ലാം ഓരോരുത്തരുടെയും ഏതുവശത്തുനിന്നു നോക്കിയാലുംശരിയാണോ?

മി: കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): മെമ്പർഅതിന്റെ ഒരു പ്രത്യേക വശത്തെക്കുറിച്ചു ചോദിച്ചാൽ അതുശരിയോഎന്നു പറവാൻ കഴിയുകയില്ല. അതു പ്രസിദ്ധം ചെയ്യുന്നതു അക്കൌണ്ടാഫീസിൽ ആണു. അദ്ദേഹമാണു അതിനുത്തരവാദിയും.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അതു പോകട്ടെ; സിവിൽലിസ്റ്റിൽ കാണുന്നസംഗതികൾക്കു ഗവണ്മെന്റിനു വല്ല ഉത്തരവാദിത്വവും ഉണ്ടോഎന്നുപറയുമോ?

മി: കെ. ജോർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അതു ശരിയാണെന്നാണസങ്കല്പം.

വേറൊരു സംഗതിയോർമ്മിച്ചതു ആക്ടിങ്ങ്ഉദ്യോഗസ്ഥന്മാർക്കു കാലാനുസാരമുള്ള ശമ്പളക്കൂടുതൽ കൊടുക്കാത്തതെന്തുകൊണ്ടാണെന്നാണ. തിരുവിതാംകൂർ സെർവീസ് റെഗുലേഷൻപ്രകാരം ആക്ടിങ്ങായിട്ടുള്ളവർക്കു ശമ്പളക്കൂടുതൽ കൊടുക്കാൻ പാടില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു സെക്രട്ടറിയേററ് ഉദ്യോഗസ്ഥന്മാർക്കുമാത്രം ബാധകമായിട്ടുള്ളതാണോ?

മി: കെ. ജോർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): എല്ലാഡിപ്പാർട്ടുമെൻറുകളിലും ആക്ടിങ്ങായിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കൊക്കെ ബാധകമാണ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മററുഡിപ്പാർട്ടുമെൻറുകളിൽ ചില ഉദ്യോഗസ്ഥന്മാർക്കു ശമ്പളക്കൂടുതൽ കിട്ടുന്നുണ്ടു. അതെന്തുകൊണ്ടാണു.

മി: കെ. ജോർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അവർ സബ്-പ്രോ-ടം ആകകൊണ്ടായിരിക്കാം.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): "മൂലതത്വങ്ങൾ" വായിച്ചു കേൾപ്പിക്കട്ടയോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അതെനിക്കറിയാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇങ്ങനെയാണ് മൂലതത്വങ്ങളിൽ പറഞ്ഞിരിക്കുന്നതു.

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): നാം പഴയ ബ്രിട്ടീഷ്സർവിസ് റെഗുലേഷനെ അപ്പാടെ പകർത്തിഎടുത്തിട്ടുള്ളതു. നമ്മുടെ ചട്ടങ്ങൾ ഭേദപ്പെടുത്തിട്ടില്ല, കാലാനുസാരണശമ്പളക്കൂടുതലിനെപ്പററിയുള്ള ചട്ടങ്ങൾ ഭേദപ്പെടുത്തുന്നകാര്യം ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആക്ടിങ്ങ്ഉദ്യോഗസ്ഥന്മാർക്കു അതുകിട്ടാനിടയുണ്ടെന്നു വിശ്വസിക്കുന്നു.

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): എനിക്കങ്ങനെ വാഗ്ദാനം ചെയ്യാൻ നിവൃത്തിയില്ല.

അതിൻെറ ഫലം സഭ അറിയണം. അതൊരുപ്രത്യേകകാര്യമായി ചെയ്യാൻ സാധിക്കയില്ല. തിരുവിതാംകൂർ സെർവീസ് റെഗുലേഷൻ സെക്രട്ടറിയേററിനെ മാത്രം ബാധിക്കത്തക്കവണ്ണം ഭേദപ്പെടുത്താൻ കഴികയില്ല. ആക്ടിങ്ങായിട്ടുള്ളവർക്കൊക്കെ കാലാനുസാരണം ശമ്പളക്കൂടുതൽ കൊടുക്കുന്നതു വലിയചെലവായിരിക്കും. വിഷയത്തിൻെറ ആവശ്യവും ആലോചിക്കണം.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഏതായാലും ഇക്കാര്യം ഗവൺമെൻറു സഹതാപത്തോടുകൂടെ ആലോചിക്കുമല്ലോ.

മി: കെ. ജാർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): ഉവ്വ്.

മി: ആർ. രാമൻപിള്ള (കോട്ടയം): രണ്ടു കൊല്ലത്തിനുമേൽ തുടരെ ആക്ട്ചെയ്തുകൊണ്ടിരിക്കുന്ന മുൻസിഫന്മാർക്കു ശമ്പളം കൂടുതലുണ്ടോ?

മി: കെ. ജാർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): ഉവ്വ്. അതു "ടി. എസ്സ്. ആർ"ലെ ചട്ടങ്ങളിൽ ഒരു വ്യത്യസ്തമാണ.

മി: ആർ. രാമൻപിള്ള (കോട്ടയം): രണ്ടുകൊല്ലത്തിനുമേൽ ആക്ട്ചെയ്യുന്ന സർക്കാർ വക്കീലിനും ശമ്പളക്കൂടുതലുണ്ടോ?

മി: കെ. ജാർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): അതു ഒരു വ്യത്യസ്തമാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): രണ്ടു കൊല്ലമായിട്ടു ആക്ട് ചെയ്തുകൊണ്ടിരിക്കുന്ന ടെമ്പററിജഡ്ജിമാർക്കു ശമ്പളക്കൂടുതലുണ്ടോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അതു ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ ചെയ്യുന്നതുണ്ട്. വേറൊരുഡിപ്പാർട്ടുമെൻറിലും അങ്ങനെ ചെയ്യുന്നില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): ആക്ടിങ്ങ്മുൻസിഫിനും സർക്കാർവക്കീലിനും ശമ്പളക്കൂടുതൽ ന്യായിയനുസരിച്ചു കൊടുക്കയും അതുപോലെതന്നെ ജോലിചെയ്യുന്ന ടെമ്പററിജഡ്ജിമാർക്കു കൊടുക്കാതെയും ഇരിക്കുന്നതിനു കാരണമെന്താണു?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അതുകൊടുക്കുന്നുണ്ടു. എല്ലാ ടെമ്പററിരണ്ടാംജഡ്ജിക്കും ശമ്പളക്കൂടുതൽ കൊടുക്കുന്നുണ്ടു.

മി: ആർ. രാമൻപിള്ള (കോട്ടയം): മൂന്നുകൊല്ലമായിട്ടും കൊടുത്തിട്ടില്ല.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): എല്ലാവർക്കും കിട്ടുന്നുണ്ടു.

മി ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ ആക്ടിങ്ങ് ഉദ്യോഗസ്ഥന്മാർക്കു വല്ലശമ്പളക്കൂടുതലും കൊടുത്തിട്ടുണ്ടോ എന്നു ചീഫ്സെക്രട്ടറി പറയുമോ?

മി കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഇല്ല, ചട്ടപ്രകാരം കൊടുത്തിട്ടില്ല.

മി ഡി. സി. ജോസഫ് (അഗസ്തീശ്വരം): അവർക്കു എപ്പോഴെങ്കിലും കിട്ടിയിരുന്നോ?

മി കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ആക്ട്ചെയ്യുമ്പോൾ എങ്ങനെയാണുകിട്ടുന്നത്?

മി: വി. ചെല്ലംപിള്ള (തോവാള): ഏഴുകൊല്ലം തുടരെ ആക്ട് ചെയ്യുന്ന എത്രഉദ്യോഗസ്ഥന്മാർ ഉണ്ടെന്നു പറയുമോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഒന്നോരണ്ടോ, അധികമുണ്ടാകയില്ല.

മി: വി. ചെല്ലം പിള്ള (തോവാള): അഞ്ചുകൊല്ലം തുടരെ ആക്ട്ചെയ്യുന്നഉദ്യോഗസ്ഥന്മാരോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): രണ്ടോമൂന്നോ കൂടെ.

മി: വി. ചെല്ലംപിള്ള (തോവാള): സെക്രട്ടറിയേററിൽ നാലു ഗുമസ്തന്മാർ കൂടുതലായി വേണമെന്നു ഇതുകൊണ്ടു തെളിയുന്നില്ലയോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അങ്ങനെവേണമെന്നില്ല.

മി: വി. ചെല്ലം പിള്ള (തോവാള): അഞ്ചുകൊല്ലം സെർവീസുള്ള നാലഞ്ചുഗുമസ്തന്മാരുണ്ടു, ഇതിൽനിന്നു നാലുഗുമസ്തന്മാർ കൂടുതലായിവേണമെന്നു തെളിയുന്നില്ലയോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അവർ ഓരോ ഒഴിവുകളിൽ ആക്ടുചെയ്യുകയാണു.

നാലുപേരെ നാലുകൊല്ലത്തെ ഇടയെയുള്ള ഒഴിവുകളിൽ ആക്ടുചെയ്യാൻ നിയമിച്ചിട്ടുണ്ടു. അവരുടെ സ്ഥാനത്തു മൂന്നാലു ഗുമസ്തന്മാർ വേണമെന്നു തെളിയുന്നില്ലയോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): കൂടുതലായി ആളുകളെ നിയമിക്കാൻ ആവശ്യമില്ല.

മി: വി. ചെല്ലംപിള്ള (തോവാള): എക്സൈസ്ഡിപ്പാർട്ടുമെൻറിലെപ്പോലെ ഒഴിവു സംഭവിക്കുമ്പോൾ നിയമിക്കുന്നതിനായി ഒരുകൂട്ടം ആളുകളെ നിയമിക്കുന്നതിനു വിരോധമുണ്ടോ?

മി: കെ. ജാർജ് (ഗവൺമെൻറചീഫ്സെക്രട്ടറി): അവധികൊടുക്കുമ്പോഴുണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കുന്നതിനായി ആളെ നിയമിച്ചു നിറുത്തുന്ന കാര്യം ആലോചിക്കാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഒരു പ്രത്യേകസംഗതിയായി ഗണിച്ചു ശമ്പളക്കൂടുതൽ കൊടുത്തുകൂടയോ?

മി: കെ. ജാർജ് (ഗവൺമെൻറചീഫ്സെക്രട്ടറി): ഒരാൾ ൪൦ മുതൽ ൬൦ രൂപ സ്കെയിലിൽ ൫ വർഷം ആക്ററുചെയ്യുകയും ആക്ററുചെയ്യുന്ന കാലം സ്ഥിരപ്പെടുത്തുന്നതിനു കണക്കാക്കുകയും ചെയ്യുമെങ്കിൽ സ്ഥിരപ്പെടുത്തുന്ന തീയതിമുതൽ കൂടുതൽ ശമ്പളം കൊടുക്കും. നാലഞ്ചു വർഷം സെർവീസുള്ള ഒരു ഗുമസ്തനെ സ്ഥിരപ്പെടുത്തിയാൽ അയാൾക്കു മുൻതീയതിവച്ചു ശമ്പളക്കൂടുതൽ അനുവദിക്കാറുണ്ടു. എന്നാൽ സ്ഥിരപ്പെടുത്തിയെങ്കിൽ മാത്രമേ അങ്ങനെ കൊടുക്കാറുള്ളു.

മി: എം. താണുപിള്ള (തിരുവനന്തപുരം): സ്ഥിരപ്പെടുത്താൻ പ്രതീക്ഷിച്ചിരിക്കുന്ന വളരെപ്പേർ ഉണ്ടായിരിക്കെ അവരുടെ അവകാശം ഗണിക്കാതെ പുറമേനിന്നു ചിലരെ ഈയിടെ നിയമിച്ചു എന്നു പറയുന്നതു വാസ്തവമാണോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ആരുടേയെങ്കിലും അവകാശം അവഗണിച്ചു എന്നുപറവാൻ കഴികയില്ല. ആക്ററുചെയ്യുന്നവരുടെ പേരുകൾ അവരുടെ സെർവീസിൻെറ ക്രമപ്രകാരം ഒരു ലിസ്റ്റിൽ ചേർത്തുവെയ്ക്കുന്നുണ്ട്. ഒഴിവുകൾ ഉണ്ടാകുമ്പോൾ അവരുടെ ന്യായമായ അവകാശം നോക്കി നിയമിക്കും.

തൽക്കാലത്തേക്കു പ്രത്യേകമായി ഉണ്ടാക്കിയ ചില ഉദ്യോഗങ്ങൾക്കു ഗവൺമെൻറ പുറമേനിന്നു രണ്ടുപേരെ നിയമിച്ചു. അവർ ആ തൽക്കാല ഉദ്യോഗങ്ങൾക്കു മാത്രമാണ് നിയമിക്കപ്പെട്ടതു്. അവരുടെ പേരുകൾ ആക്ററുചെയ്യുവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയില്ല. ആക്ററുചെയ്തിട്ടുള്ളവർക്കു ദോഷമായി അവരുടെ അവകാശം നോക്കുകയുമില്ല. ലിസ്റ്റിൽപെട്ടവരെ അവരുടെ സർവീസുപ്രകാരം ഒഴിവു വരുമ്പോൾ നിയമിക്കും.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ൨൯ ആക്ടിംഗ്ഗുമസ്തന്മാരുള്ളവരിൽ ഒരാളെ പിരിച്ചുവിട്ടു അയാൾക്കുപകരം പുതുതായി ഒരാളെ നിയമിച്ചുവോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഇല്ല അങ്ങനേ ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ ൨൯ ഗുമസ്തന്മാരും ഇപ്പോൾ ഉദ്യോഗത്തിലിരിപ്പുണ്ടോ എന്നു പറയുമോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): എനിക്കതിപ്പോൾ പറവാൻ സാധിക്കയില്ല.

മി: എം. താണുപിള്ള (തിരുവനന്തപുരം): പ്രത്യേകജോലിക്കുണ്ടാക്കിയ തല്ക്കാലഉദ്യോഗങ്ങൾക്കു ആക്ററുചെയ്യുവരുടെ ലിസ്റ്റിൽ പെട്ടവരെ നിയമിക്കാത്തതു എന്തുകൊണ്ടു?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): തൽക്കാലത്തേക്കുള്ള പ്രത്യേകജോലിക്കു ആളെനിറുത്തിക്കൊണ്ടിരിക്കാൻ സാധിക്കയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സെക്രട്ടേറിയേററിൽ എത്രതരം ലിസ്ററുകൾ വച്ചിട്ടുണ്ട്.

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഒരു സാമാന്യലിസ്ററും പ്രത്യേക ഒഴിവുകൾക്കുള്ള പ്രത്യേകലിസ്ററും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ലിസ്ററുകൾ എല്ലാമായോ?

മി: കെ. ജാർജ് (ഗവൺമെൻറചീഫ്സെക്രട്ടറി): ഉവ്വ്.

വയസ്സുതടസ്സത്തെപ്പററി ആരോ പറകയുണ്ടായി. ടി. എസ്. ആർ-ൽ വയസ്സുക്ലിപ്തം ചെയ്തിട്ടുണ്ട്. അതു ഗവൺമെൻറ നിഷ്കർഷയായി നടത്തുന്നുമുണ്ട്. എന്നാൽ വയസ്സുതടസ്സത്തിൽ നിന്നു ഒഴിവാക്കിക്കിട്ടാൻ പ്രത്യേക അവകാശങ്ങൾ ഉള്ള യുവാക്കന്മാരുടെ കാര്യം ഗവൺമെൻറ എല്ലാപ്പോഴും സഹതാപത്തോടെ ആലോചിക്കാറുണ്ട്. അതു സാധാരണയും അനേകവും ആകുന്നു. അങ്ങനെയുള്ള അപേക്ഷകൾ കിട്ടുമ്പോൾ അനുവദിക്കയാണു സാധാരണ പതിവു.

മി: ഇട്ടൂപ്പു ഇട്ടിച്ചൻ (കുന്നത്തുനാട്ടു): ൨൫ വയസിൽ പരീക്ഷ പാസായ ഒരാൾ ഉദ്യോഗത്തിനപേക്ഷിക്കുമ്പോൾ ഗവൺമെൻറ കൊടുക്കുന്നില്ലെങ്കിൽ അയാൾക്കു വയസു തികയുന്നതു അയാളുടെ കുററമാണോ?

മി: കെ. ജാർജ് (ഗവൺമെൻറചീഫ്സെക്രട്ടറി): ഗവൺമെൻറ അങ്ങനെയാണു കൊടുക്കുന്നതു്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഒഴിവുള്ള സ്ഥാനത്തിനു അപേക്ഷ കൊടുത്താൽ ഗവണ്മെന്റു നിയമിക്കുന്നുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അനേകംപേർ അങ്ങനെ ഒരു സ്ഥാനത്തിന്നപേക്ഷിക്കുന്നുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അനേകംപേർ അപേക്ഷിച്ചാൽ ൨൫ വയസ്സു ഉടനെ തികയുമെന്നുള്ളവക്കു ഗവണ്മെന്റു കൊടുക്കുന്നുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അങ്ങനെയുള്ളവരുടെ അപേക്ഷയെ ഗവണ്മെന്റു വളരെ സഹതാപത്തോടുകൂടിയാണു നോക്കുന്നതു്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): വയസ്സു കൂടിപ്പോയതു അയാളുടെ കുറ്റമാണോ

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി). അതിലേക്കപേക്ഷ വരുമ്പോൾ ഗവണ്മെന്റു എക്സെംപ്ഷൻ കൊടുക്കാറുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): എക്സെംപ്ഷനു അപേക്ഷ കൊടുക്കുന്നതിൽ ഏതെങ്കിലും അനുവദിക്കാതിരുന്നിട്ടുണ്ടോ

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): തക്കതായ കാരണമില്ലെങ്കിൽ കൊടുക്കാതിരുന്നിട്ടുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): തക്കതായ കാരണമെന്താണ്

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): വയസ്സു ക്ലിപ്തനിബന്ധന ലംഘിച്ചു ഗവണ്മെന്റു പ്രവേശിക്കുന്നതിനു തക്കതായ കാരണം വല്ലതുമുണ്ടെങ്കിൽ ഗവണ്മെന്റിനെ ധരിപ്പിക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഗവണ്മെന്റുസർവീസിൽ കയറാതെ എങ്ങിനെ ധരിപ്പിക്കും

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഡിപ്പാർട്ടുമെന്റുമേധാവികൾ വഴി അയക്കാറുണ്ട്. അല്ലാതെ അനേകംപേർ അപേക്ഷ അയയ്ക്കുമ്പോൾ അതിൽ കാണിക്കാറുണ്ട്. അതിനെപ്പററി ഗവണ്മെന്റു അന്വേഷിച്ചു എക്സെംപ്ഷൻ നൽകും.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഡിപ്പാർട്ടുമെന്റുവഴിയായിട്ടു എക്സെംപ്ഷൻ കൊടുക്കേണ്ട ആവശ്യമുണ്ടോ എന്നു അന്വേഷിക്കണമെന്നു ചട്ടമുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): സാധാരണ ആവശ്യക്കാർ ഡിപ്പാർട്ടുമെന്റധികാരികൾക്കു് അവർമൂലമാണ് അപേക്ഷ അയക്കുന്നതു. അങ്ങനെ വരുമ്പോൾ തക്കതായ കാരണം കണ്ടാൽ ഗവണ്മെന്റു അനുവദിക്കും

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): പരീക്ഷയിൽ മാർക്കിന്റെ കുറവാണോ തക്കതായ കാരണം.

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അല്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഒരാൾ അഞ്ചു വർഷം തോററു, ആറാംകൊല്ലം കൂടുതൽ മാർക്കോടുകൂടി പാസാകുന്നു. അയാൾക്കു് എക്സെംപ്ഷൻ കൊടുക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): കൂടുതൽ മാർക്കോടുകൂടി പാസായാലും അഞ്ചുകൊല്ലം തോററതിനു പരിഹാരമാകയില്ലല്ലോ.

എല്ലാ സംഗതികൾക്കും മറുപടി പറഞ്ഞുകഴിഞ്ഞു എന്നു വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഹജൂർ സെക്രട്ടറിയററിലെ ഗുമസ്തന്മാരുടെ ക്ഷേമവും ഉദ്യോഗക്കയററവും തന്റെ അതിയായ സഹതാപത്തിനു വിഷയമാണെന്നു ചീഫ് സെക്രട്ടറി ഈ സഭാമുമ്പാകെ പ്രസ്താവിച്ചുവല്ലോ. എന്നാൽ ഇതിനെ സംബന്ധിച്ച ഗവണ്മെന്റിന്റെയും സഭയുടെ ഈ ഭാഗത്തെ മെമ്പർമാരുടെയും ധർമ്മം ചീഫ് സെക്രട്ടറിയുടെ മധുരവാക്കുകൾ പ്രവൃത്തിയായി പരിണമിക്കുന്നുണ്ടോ എന്നും സെക്രട്ടറിയററ് മേധാവിയുടെ നയംനിമിത്തം ഏതെങ്കിലും വ്യക്തിക്കു, ആ വ്യക്തി എ.യോ ബി.യോ, സി.യോ ആയിരുന്നുകൊള്ളട്ടെ, സങ്കടമുണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിനു ഗവണ്മെന്റു പരിഹാരം ഉണ്ടാക്കിയിട്ടുണ്ടോ എന്നും ആ കാര്യത്തിൽ സഭയുടെ ഈ ഭാഗത്തുള്ള മെമ്പർമാർ തങ്ങളുടെ ശ്രദ്ധ പതിക്കണമോ എന്നും നോക്കുകയാകുന്നു.

സർ, ആക്ടിംഗ് ഗുമസ്തന്മാർക്കു ശമ്പളക്കൂടുതൽ കൊടുക്കുന്ന കാര്യവും സെക്രട്ടറിയററിലെ കാര്യപ്രാപ്തിയുള്ള ഗുമസ്തന്മാരെ മററു ഡിപ്പാർട്ടുമെന്റുകളിൽ ഉദ്യോഗം കൊടുത്തയക്കുന്ന കാര്യവും അങ്ങനെയിരിക്കട്ടെ. എന്നാൽ പബ്ലിക്ക് സർവീസിൽ സ്ഥിരഉദ്യോഗമുള്ള ഒരാളെ ഗവണ്മെന്റിന്റെ നിഷ്കൃഷ്ടയോ അസ്ഥിരതയോ നിമിത്തം അതാതു സമയത്തെ സൌകര്യം അനുസരിച്ചു ഉദ്യോഗത്തിൽനിന്നു പിരിച്ചുവിട്ടു സങ്കടപ്പെടുത്താതിരിക്കേണ്ടതു് അത്യാവശ്യമല്ലയോ? സർ, ഇവിടെ കാര്യങ്ങൾ മറച്ചുവെക്കേണ്ടആവശ്യം ഇല്ല. എന്റെ പ്രസംഗത്തിന്റെ സാരം ഞാൻ ഉദ്ദേശിക്കുന്ന പ്രകാരംതന്നെ മെമ്പർമാർ ഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു. മാറിപോയ ദിവാന്റെ പ്രൈവററു സെക്രട്ടറിയായി ഉദ്യോഗക്കയററം കൊടുക്കപ്പെട്ട ഒരു ഗുമസ്തനോടു ഗവണ്മെന്റു അനുവർത്തിച്ച രീതിയെയാണു ഞാൻ ഇവിടെ പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നതു്. ഇക്കാര്യത്തെപ്പററി ചില മെമ്പർമാർക്കു പരിതാപമുണ്ടാകാം. എന്നാൽ തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു ഗവണ്മെന്റിൽനിന്നും പ്രതീക്ഷിക്കാൻ പാടില്ലാത്തതും സമാധാനമില്ലാത്തതുമായ അവിവേകപ്രവൃത്തിമൂലം എത്ര ഗൌരവമായ ഒരു സ്ഥിതിയാണുണ്ടായിരിക്കുന്നതെന്നു മെമ്പർമാരെ ഗ്രഹിപ്പിക്കാൻ ഒരു ചിത്രം ഞാൻ കാണിക്കുന്നതേയുള്ളൂ. കുറെക്കാലം [illegible] രൂപാ ശമ്പളം വാങ്ങിയിരുന്ന സെക്രട്ടറിയററിലെ ഒരു ഗുമസ്തൻ അദ്ദേഹത്തിന്റെ അഭിമാനസ്ഥിതി കണ്ടിട്ടോ യോഗ്യത കണ്ടിട്ടോ [illegible] ഒരു മജിസ്ട്രേട്ടായിട്ടു ഒരു ഗസററഡ് ഉദ്യോഗസ്ഥനായിട്ടു നിയമിക്കപ്പെട്ടു. പിന്നെയും സർ, സത്യസന്ധമായ ഈ—

പ്രസിഡൻറ: മി: കെ. പി. നീലകണ്ഠപ്പിള്ള, നിങ്ങൾ ദയവുചെയ്തു ഇരിക്കുമോ? പ്രസിഡൻറ സംസാരിക്കാൻ എഴുനേല്ക്കുമ്പോൾ മെമ്പർ ഇരിക്കണമെന്നാണ വ്യവസ്ഥ. നിങ്ങൾ ഒരു പ്രത്യേക ആളെക്കുറിച്ചാണ പറയുന്നതെങ്കിൽ വ്യക്തികളുടെ കാര്യം ഈ സഭയിൽ വാദവിഷയമാക്കാൻ പാടില്ലെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രത്യക്ഷത്തിൽ ഞാൻ യാതൊരു വ്യക്തിയുടെയും പേരു പറഞ്ഞിട്ടില്ല. അതൊരു ദൃഷ്ടാന്തമായി പറഞ്ഞതേയുള്ളു.

പ്രസിഡൻറ: ഒരു വ്യക്തിയുടെ പേരു ദൃഷ്ടാന്തമായി എടുത്താൽ, അതിൽ അടങ്ങിയിരിക്കുന്ന തത്വത്തെപ്പററിമാത്രമേ വാദിക്കാൻ പാടുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പ്രത്യേകവ്യക്തിയെ സംബന്ധിച്ച സംഗതികളാണ ഞാൻ പറയുന്നതു്. ആ വ്യക്തിയുടെ കാര്യം ഞാൻ പ്രസ്താവിച്ചപ്രകാരം ഇങ്ങനെയാണ്. അയാൾ ൨൦൦ രൂപാ ശമ്പളമുള്ള ഒരുദ്യോഗത്തിൽ സ്ഥിരമായിരുന്നു. അയാളെ ൭൦ രൂപ ശമ്പളമുള്ള ഒരു ഗുമസ്തൻ ജോലിക്കു തിരിച്ചയക്കാമോ? ഈ കാര്യത്തിൽ വല്ല അനീതിയും നടന്നിട്ടുണ്ടോ എന്നാണ ഞാൻ ചോദിക്കുന്നതു്. ഉണ്ടെങ്കിൽ അതിന്നു സമാധാനം പറയണം, അതു ഒരു പ്രത്യേകതരം ഉദ്യോഗത്തിലിരുന്ന ഒരു പ്രത്യേക ഉദ്യോഗം സമ്പാദിച്ച ആ ആളോടു കാണിച്ചതു് അനീതിയാണെങ്കിൽ അതിന്നു പരിഹാരം ഉണ്ടാക്കുകയും വേണം.

ഇതാണ ഞാൻ സഭാമുമ്പാകെ പ്രദർശിപ്പിക്കാൻ വിചാരിച്ച ചിത്രം. അതു സ്പഷ്ടമായ ഒരനീതിയാണെന്നു എന്നെപ്പോലെ എല്ലാവരും പറയാതിരിക്കയില്ല. (മി: ടി. സി. കേശവപിള്ള ഹിയർ, ഹിയർ) ഗവൺമെൻറു സെക്രട്ടേറിയററും ഡിപ്പാർട്ടുമെൻറു മേധാവിയും ഈ സെക്രട്ടേറിയററ് ഗുമസ്തന്മാരെ സംരക്ഷിക്കുന്നതു് ഇങ്ങനെയാണെങ്കിൽ, ചീഫ് സെക്രട്ടറി പറഞ്ഞ മധുരവാക്കിനു വല്ല അർത്ഥവുമുണ്ടോ എന്നു ഞാൻ വീണ്ടും ചോദിച്ചുകൊള്ളുന്നു.

സർ, ഇതൊരു ദൃഷ്ടാന്തമാണ്. ഏതെങ്കിലും വ്യക്തിക്കുവേണ്ടി പോരാടുവാൻ ഞാൻ വിചാരിക്കുന്നില്ല. അനീതിയായിചെയ്ത ഈ കാര്യത്തിൽ ഒരു പ്രാധാന്യമേറിയ തത്വം അടങ്ങിയിരിക്കുന്നു. ദിവാന്മാർ വന്നും പോയും ഇരിക്കും. എന്നാൽ തിരുവിതാംകൂർ ഗവൺമെൻറു നിലനില്ക്കേണ്ടതും ഗവൺമെൻറിൻെറ ഉദ്യോഗസ്ഥന്മാർ അവരുടെ ഉദ്യോഗത്തിൽ ഉറപ്പുണ്ടായിരിക്കേണ്ടതും ആകുന്നു. അവർക്ക് ഒരു പ്രത്യേകസ്ഥാനവും സ്ഥിതിയും ഉദ്യോഗസ്ഥന്മാരെന്ന നിലയിൽ ആ സ്ഥാനത്തിൻെറ മാനം പാലിക്കുന്നതിന്നു പ്രത്യേകമാർഗ്ഗവും കൊടുത്തിട്ടുണ്ട്. അതായതു്, ഈ സഭയിലെ അനുദ്യോഗസ്ഥാംഗങ്ങളുടെ ധർമ്മത്തെപ്പററി ചിന്തിക്കാതെതന്നെ ഗവൺമെൻറു തൻെറ ജോലി ശരിയായിചെയ്യുന്ന ഒരുദ്യോഗസ്ഥനെ സംരക്ഷിക്കേണ്ടതായിരുന്നു. താണപടിയിലുള്ള ഒരു പ്രത്യേക ഉദ്യോഗത്തിൽ ഇരിക്കുന്ന ഒരാളോടു മററു രാഷ്ട്രീയകാരണങ്ങളാലും നിസ്സാരകാരണങ്ങൾകൊണ്ടും ചില മുൻവിധിപ്രകാരവും പകരം വീട്ടുന്നതെന്തിന്? അതാണ ഞാൻ സഭാമുമ്പാകെ കൊണ്ടുവരുന്ന കാര്യം. തത്വം നോക്കാതെയും യോഗ്യത ആലോചിക്കാതെയും സെക്രട്ടേറിയററിൻെറ മൂഢനയംകൊണ്ടു ഒരാളോടു അനീതി പ്രവർത്തിച്ചിരിക്കുന്നു എന്നു ഞാൻ ഇവിടെ പ്രസ്താവിച്ച സംഗതികൾകൊണ്ടു സഭയ്ക്കു ബോധ്യം വന്നിട്ടുണ്ടെങ്കിൽ, ആ അനീതിക്കു പരിഹാരം ഉണ്ടാക്കേണ്ടതാകുന്നു. അതാകുന്നു സഭയിലെ അനുദ്യോഗസ്ഥമെമ്പർമാരുടെ ധർമ്മം. ഈ വാക്കുകളോടുകൂടെ ഞാൻ സഭാമുമ്പാകെയുള്ള ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: ടി. സി. കേശവപിള്ള (കല്കുളവും വിളവങ്കോടും): സർ, സഭാമുമ്പാകെയുള്ള ഉപക്ഷേപത്തെ പിൻതാങ്ങുന്നതിൽ മി. നീലകണ്ഠപ്പിള്ള പറഞ്ഞ ഓരോവാക്കും ഞാൻ ശരിവച്ചു കൊള്ളുന്നു. രാജ്യഭരണത്തിൻെറ കേന്ദ്രം ഓരോ ഡിപ്പാർട്ടുമെൻറുകൾക്കും മാതൃകയായിരിക്കണമെന്നു സഭാമുമ്പാകെ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഇതുവരെ നാം രജിസ്ട്രേഷൻ ഡയറക്ടരേയും മററു ഡിപ്പാർട്ടുമെൻറുകളേയും കുററം പറകയായിരുന്നു. മിസ്റ്റർ നീലകണ്ഠപ്പിള്ള പ്രസ്താവിച്ച പ്രകാരം സഭയുടെ ഈ ഭാഗത്തെമെമ്പർമാരിൽ ആരും ഏതെങ്കിലും പ്രത്യേകവ്യക്തിയുടെ കാര്യത്തിൽ താല്പര്യമുള്ളവരല്ല. ഈ മാന്യഗവൺമെൻറിൻെറ ഉത്തമഗവൺമെൻറിൻെറ സൽകീർത്തിയെ പരിപാലിക്കുന്നതിന്നു ഈ രാജ്യഭരണത്തിൽ യാതൊരു കളങ്കവും ഉണ്ടാകാതെ നോക്കേണ്ടതു ഞങ്ങളുടെ ധർമ്മമാകുന്നു. ഇതു ശാശ്വതമായിനില്ക്കുന്ന ഒരു റിക്കാർഡായിരിക്കും, പ്രസിഡൻറും ഔദ്യോഗികമെമ്പർമാരും മറിച്ചുവിചാരിക്കാം. രാജ്യത്തിനുണ്ടാകുന്ന നന്മയേയും തിന്മയേയും പററി ഞങ്ങളും താങ്കളെപ്പോലെതന്നെയാണ വിചാരിക്കുന്നതു. ആരോടെങ്കിലും അനീതിയായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ആ ആളോടു താങ്കൾക്കുള്ള ചേതോവികാരമല്ലാതെ മിസ്റ്റർ നീലകണ്ഠപ്പിള്ളയ്ക്കാകട്ടെ ഈ ഭാഗത്തുള്ള വേറെ ഏതെങ്കിലും മെമ്പർക്കാകട്ടെ മററൊന്നുമില്ല. ഓരോമനുഷ്യനും അവനവൻെറ ധർമ്മം അനുഷ്ഠിക്കണമെന്നാണ ഇംഗ്ലണ്ടിൻെറ പ്രതീക്ഷ എന്നതത്വം ബഹുമാനിച്ചുകൊണ്ടു ഗ്രാമശിപായികൾക്കും ആ തത്വം പ്രമാണമായിരിക്കേണ്ടതാകുന്നു എന്നു പറഞ്ഞുകൊള്ളുന്നു. നിങ്ങൾ ഒരു മാതൃകയായിരിക്കേണ്ടതാണ. ഈ വാക്കുകളോടുകൂടെ മി. കുര്യാക്കോസ് സഭാമുമ്പാകെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): എൻെറ നിർദ്ദേശങ്ങളിൽ എത്ര സംഗതികളെ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടു വരണമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നോ അത്രത്തോളവും എൻെറ ... ചീഫ്സിക്രട്ടറി അവർകളുടെ മറുപടികൊണ്ടു വിവരണത്തിൽ നിന്നു് മനസ്സിലായിരിക്കുമെന്നു് വിശ്വസിക്കുന്നു. ഗവൺമെൻറിനു് സന്നദ്ധതയും ഹജൂരാപ്പീസിലിരിക്കുന്ന ക്ലാർക്കന്മാരുടെ ന്യായമായ അവകാശത്തെ പുലർത്തുന്നതിനു് ഗവൺമെൻറിനു് ... ഉണ്ടെന്നു് സ്പഷ്ടമായിട്ടുണ്ട്. ആ സ്ഥിതിക്ക് ഈ ഉപക്ഷേപത്തെ പരാമർശിച്ചു് മേലിൽ അവരുടെനേർക്ക് അനുഭാവവും ഉണ്ടെന്നു് സ്പഷ്ടമായിട്ടുണ്ട്. അതുകൊണ്ടു് ഗവൺമെൻറു ... മായിട്ടു് എന്തെങ്കിലും വാദപ്രതിവാദം നടത്തണമെന്നു് എനിക്കഭിപ്രായമില്ല. ഗവൺമെൻറു അവരുടെ സംഗതിയിൽ അനുഭാവപൂർവ്വം ശ്രദ്ധിക്കുകയും ന്യായമായി അർഹതയുള്ള അവകാശങ്ങളെ ഇത്തരം ക്ലാർക്കന്മാർക്ക് നൽകുകയും ചെയ്യണം. ഈ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും വിവിധശാഖകളിലും പ്രയോജനകരമാംവണ്ണം വേലചെയ്യുവാൻ വേണ്ടി ഹജൂരാപ്പീസിലെ ക്ലാർക്കന്മാരെ മററു ഡിപ്പാർട്ടുമെൻറുകളിൽ അയച്ചു് പൂർവ്വകാലത്തു് അവരുടെ മുൻഗാമികൾ അനുഭവിച്ചു വന്നിരുന്ന അവകാശത്തെ പരമ്പരയായി അനുഭവിക്കത്തക്കവണ്ണം സ്വീകരിച്ചുകൊണ്ടു് അവരുടെ അവകാശത്തെ സ്ഥാപിക്കുന്നതിലേക്കു് ഗവൺമെൻറു വേണ്ടതുചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ എൻെറ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു് അനുവാദം ചോദിച്ചു കൊള്ളുന്നു.

പ്രസിഡന്റ്: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?
ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൧൮൦ മുതൽ ൧൮൭ വരെ

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.
മി: എ. സി. കയ്യാക്കോസ്
൧൮൦. ഉയർന്നതരം ഗുമസ്തന്മാർക്ക് അനുവദിച്ചിട്ടുള്ള ൫൪,൯൨൮ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.
മി: ആർ. രാമൻപിള്ള
൧൮൧. താണതരം ഗുമസ്തന്മാർക്ക് അനുവദിച്ചിട്ടുള്ള ൨൫,൩൩൮ രൂപായിൽ ൧൮൦൮ രൂപാ കുറയ്ക്കണം.
മി: എ. താണുപിള്ള
൧൮൨. താണതരം ഗുമസ്തന്മാർക്ക് അനുവദിച്ചിട്ടുള്ള ൨൫,൩൩൮ രൂപായിൽ ൧൮൦൮ രൂപാ കുറയ്ക്കണം.
മി: ആർ. രാമൻപിള്ള
൧൮൩. താണതരം ഗുമസ്തന്മാർക്ക് അനുവദിച്ചിട്ടുള്ള ൨൫,൩൩൮ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.
മി: ആർ. രാമൻപിള്ള
൧൮൪. താണതരം ഗുമസ്തന്മാർക്ക് അനുവദിച്ചിട്ടുള്ള ൨൫,൩൩൮ രൂപായിൽ ഒരുരൂപാ കുറയ്ക്കണം.
മി: എ. താണുപിള്ള
൧൮൫. സിൽബന്തികൾക്ക് അനുവദിച്ചിട്ടുള്ള ൧,൨൮,൨൦൨ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.
മി: എ. താണുപിള്ള
൧൮൬. സിൽബന്തികൾക്ക് അനുവദിച്ചിട്ടുള്ള ൧,൨൮,൨൦൨ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.
മി: പി. എസ്. മുഹമ്മദ്
൧൮൭. സിൽബന്തികൾക്ക് അനുവദിച്ചിട്ടുള്ള ൧,൨൮,൨൦൨ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൮൮

മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): സർ,

പ്രസിഡന്റ്: ഈ അഭ്യർത്ഥനയെ സംബന്ധിച്ചു കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപങ്ങളുടെ പട്ടികയിൽനിന്നു ചില മെമ്പർമാർ വേറെ ഇനങ്ങളെ സംബന്ധിച്ചു കൊണ്ടുവരേണ്ടതായ ഉപക്ഷേപങ്ങളെ ഈ ഇനത്തെ സംബന്ധിപ്പിച്ചു കൊണ്ടുവച്ചിട്ടുള്ളതായി കാണുന്നു. ബഡ്ജറ്റിൽ ഒരു പ്രത്യേക ഇനം ഉണ്ടായിരിക്കയും ഒരു ഉപക്ഷേപത്തിന്റെ വിഷയം ആ ഉപക്ഷേപത്തെ സംബന്ധിച്ചായിരിക്കയും ചെയ്യുമ്പോൾ ഉപക്ഷേപം ആ ഇനത്തിൽ കൊണ്ടുവരേണ്ടതാണ്. സാമാന്യഭരണം എന്ന ഇനത്തിൽ കൊണ്ടുവരാൻ പാടില്ല. അങ്ങനെയുള്ള ചില ഉപക്ഷേപങ്ങൾ ഉണ്ട്. ലിസ്റ്റ് വായിച്ചുനോക്കിയപ്പോൾ അങ്ങനെ കാണിരിക്കുന്നു. ആ ഉപക്ഷേപങ്ങൾ എടുക്കുമ്പോൾ അവയെ അവതരിപ്പിക്കണമെന്നാണ് മെമ്പർമാരുടെ ആഗ്രഹമെന്നു കണ്ടാൽ ഈ ഇനത്തിൽ അവയെ അവതരിപ്പിക്കാൻ അനുവദിക്കയില്ല. ഈ ൧൮൮-ം ഉപക്ഷേപം അവതരിപ്പിക്കണമെന്നു നിർബന്ധമുണ്ടെങ്കിൽ അതു അങ്ങനെയുള്ള ഒന്നാണെന്നു പറയേണ്ടിയിരിക്കുന്നു.

മി: കെ. പത്മനാഭപണിക്കർ (അമ്പലപ്പുഴ): ഞാൻ ഉപക്ഷേപം അവതരിപ്പിക്കുന്നില്ല.

ഉപക്ഷേപങ്ങൾ ൧൮൮ മുതൽ ൧൯൨ വരെ

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.
മി: കെ. പത്മനാഭപ്പണിക്കർ:
൧൮൮. സഞ്ചാരപ്പടിക്ക് അനുവദിച്ചിട്ടുള്ള ൧൧൦൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം
മി: കെ. പത്മനാഭപ്പണിക്കർ:
൧൮൯. സഞ്ചാരപ്പടിക്ക് അനുവദിച്ചിട്ടുള്ള ൧൧൦൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം
മി: ആർ. രാമൻപിള്ള:
൧൯൦. സഞ്ചാരപ്പടിക്ക് അനുവദിച്ചിട്ടുള്ള ൧൧൦൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.
മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട്:
൧൯൧. സഞ്ചാരപ്പടിക്ക് അനുവദിച്ചിട്ടുള്ള ൧൧൦൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.
മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ:
൧൯൨. സഞ്ചാരപ്പടിക്ക് അനുവദിച്ചിട്ടുള്ള ൧൧൦൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൯൩.

പ്രസിഡന്റ്: ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശംകൊണ്ടു അതു് ഈ ഇനത്തിൽ വരികയില്ല. ഏതെങ്കിലും ഇനത്തിൽവരുമെന്നാണെങ്കിൽ അതു് പൊതുമരാമത്താണ്.

ഉപക്ഷേപങ്ങൾ ൧൯൪-ം ൧൯൫-ം

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.
മി: കെ. സി. കരുണാകരൻ:
൧൯൪. സഞ്ചാരപ്പടിക്ക് അനുവദിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.
മി: കെ. സി. കരുണാകരൻ:
൧൯൫. സഞ്ചാരപ്പടിക്ക് അനുവദിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൯൬.

പ്രസിഡന്റ്: ഇതും വരേണ്ടതായ ഒരു പ്രത്യേകഇനം ഉണ്ട്. ഒരു ഉപക്ഷേപം നാം മേലാൽ ആലോചനയ്ക്കെടുക്കുന്ന ഒരിനത്തിൽ ന്യായമായിവരുന്നതാണെങ്കിൽ, ആ ഇനത്തിന്റെ ആലോചനസമയം അതു അവതരിപ്പിക്കാൻ നിങ്ങൾക്കു ആഗ്രഹമുള്ളപക്ഷം, അങ്ങനെ ആ ഇനത്തിൽ കൊണ്ടുവരുന്നതിനു വിരോധമില്ല. ആ ഇനത്തിൽ കൊണ്ടുവരേണ്ടതാണെന്നു നിങ്ങൾ നിയമസഭാസെക്രട്ടറിക്കു നോട്ടീസുകൊടുത്താൽമതി. അങ്ങനെചെയ്യുന്നതിനു വിരോധമില്ല.

ഉപക്ഷേപങ്ങൾ ൧൯൫-ം ൧൯൬-ം

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: കെ. സി. കരുണാകരൻ:

൧൯൫. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: കെ. പത്മനാഭപ്പണിക്കർ:

൧൯൬. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൯൭.

പ്രെസിഡെന്റ്: ഈ ഉപക്ഷേപവും ഈ ഇനത്തിൽ വരേണ്ടതല്ല. അതു അവതരിപ്പിക്കണമെങ്കിൽ എക്സൈസ് ഇനംസംബന്ധിച്ച അവതരിപ്പിക്കേണ്ടതാകുന്നു.

ഉപക്ഷേപങ്ങൾ ൧൯൭ മുതൽ ൨൦൫ വരെ
താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി. കെ. സി. കരുണാകരൻ:

൧൯൭. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: കെ. സി. കരുണാകരൻ:

൧൯൮. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: കെ. സി. കരുണാകരൻ:

൧൯൯. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: കെ. സി. കരുണാകരൻ:

൨൦൦. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: കെ. പത്മനാഭപ്പണിക്കർ:

൨൦൧. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: കെ. സി. കരുണാകരൻ:

൨൦൨. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൨൦൩. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൮,൬൪൬ രൂപായിൽ ൧൦൦൦ രൂപാ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ:

൨൦൪. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൮,൬൪൬ രൂപായിൽ ൬൦൦ രൂപാ കുറയ്ക്കണം.

മി: വി. ചെല്ലപ്പിള്ള:

൨൦൫. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൮,൬൪൬ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൦൬.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, താഴെവിവരിക്കുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൮,൬൪൬ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ ഉദ്ദേശം ഗവണ്മെന്റിന്റെ സാമാന്യഭരണനയത്തെ നിരൂപണംചെയ്യുന്നതിനും ഭരണക്രമത്തെ നന്നാക്കുന്നതിനുചില മാറ്റങ്ങൾ സൂചിപ്പിക്കുന്നതിനും ആകുന്നു. സർ ഈ രാജ്യത്തെജനങ്ങളുടേയും ഗവണ്മെന്റുദ്യോഗസ്ഥന്മാരുടേയും ഐശ്വര്യവും രക്ഷയും ഇവിടത്തെ ഭരണനയത്തെയാണ് ആശ്രയിച്ചിരിക്കുന്നതു്. എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും ജനങ്ങളുടെ സാമ്പത്തികവും മാനസികവും ആയ സ്ഥിതിയുടേയും പരിപോഷണത്തെ നിയന്ത്രണംചെയ്യുന്നതു അതാകയാൽ രാജ്യഭരണത്തിൽ സഹായിക്കുന്നതിനു സംസ്ഥാപിതമായ ഈ സഭ രാജ്യഭരണക്രമത്തെ നന്നാക്കുന്നതിനു ക്ലിപ്തവും വിശാലവുമായ ചില മാറ്റങ്ങൾ നിർദ്ദേശിക്കേണ്ടതു അത്യാവശ്യമാകുന്നു.

സർ, ഏഴുവർഷംമുമ്പു ഗവണ്മെന്റു ഈ സഭ സ്ഥാപിച്ചപ്പോൾ അതിന്റെ ഉദ്ദേശം ജനങ്ങളുടെ അഭിപ്രായം അറിഞ്ഞു കഴിവുള്ളടത്തോളം അതനുസരിച്ച ഗവണ്മെന്റിന്റെ ഭരണനയത്തെ ക്രമപ്പെടുത്തുകയാണെന്നു ഗവണ്മെന്റു പ്രഖ്യാപനംചെയ്തു. ഞങ്ങൾ ഇപ്പോഴുള്ള മെമ്പർമാരും മുൻസഭയിലുണ്ടായിരുന്ന മെമ്പർമാരും ഏഴുവർഷമായി ഈ സഭയിൽ ഇരിക്കുന്നു. ഗവണ്മെന്റുസ്വീകരിച്ചു അതുപ്രകാരം പ്രവർത്തിക്കുന്നതിനു പല ശിപാർശകൾ ഞങ്ങൾ ചെയ്തിട്ടുണ്ടു്. ഈ സഭ സ്ഥാപിക്കുന്നതിനുമുമ്പ് ഞങ്ങളുടെ നയത്തെ രൂപീകരിക്കുന്നതിനു രാജ്യത്തിലെ പൊതുവായുള്ള അഭിപ്രായം അറിവാൻമാർഗ്ഗമില്ല എന്നു ഗവണ്മെന്റിനു പറയാമായിരുന്നു. എന്നാൽ ഈ സഭ സ്ഥാപിച്ചതിന്റെശേഷം, സഭാംഗങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തശേഷം ആ അഭിപ്രായപ്രകാരം പ്രവർത്തിക്കയൊ പ്രവർത്തിച്ചില്ലെങ്കിൽ പ്രവർത്തിക്കാത്തതിനു ശരിയായസമാധാനംപറകയോ ചെയ്യേണ്ടതു ഗവണ്മെന്റിന്റെ ധർമ്മമല്ലയോ? രാജ്യത്തിൽ ഉത്തരവാദിത്വമുള്ള ഭരണം ഏർപ്പെടുത്താൻ ഭാവിക്കയാണെങ്കിൽ, ഗവണ്മെന്റു ജനാഭിപ്രായത്തെ ആദരിക്കുന്നുണ്ടെങ്കിൽ, സഭയുടെ ശിപാർശപ്രകാരം പ്രവർത്തിക്കാത്തതിനുള്ള കാരണങ്ങൾ പ്രസിദ്ധപ്പെടുത്തുകയെങ്കിലും ചെയ്യേണ്ടതു ഗവണ്മെന്റിന്റെ ചുമതലയല്ലയോ? ഈ സഭയെ സ്ഥാപിച്ചശേഷം രാജ്യനിവാസികളുടെ അഭിപ്രായം അറിഞ്ഞിട്ട അതിൻപ്രകാരം പ്രവർത്തിക്കാതിരുന്നാൽ ഗവണ്മെന്റിനു ജനങ്ങൾക്ക ഉത്തരവാദികളല്ലെന്നല്ലയൊ വിചാരിക്കേണ്ടതു്. സഭയുടെ ശിപാർശകൾപ്രകാരം പ്രവർത്തിക്കാത്തതിനു മതിയായകാരണം പറയാതിരിക്കുന്നതു പരിഷ്കാരത്തിനു വിപരീതവും അധോഗതിയും അല്ലയോ? സർ, ഞങ്ങൾക്കിപ്പോഴുള്ളതു ഒരു പുതിയ ഭരണമാകയാൽ കഴിഞ്ഞ ഏഴുവർഷക്കാലത്തു ഈ സഭ ചെയ്തിട്ടുള്ള ശിപാർശകളെല്ലാം പ്രവൃത്തിയിൽ കൊണ്ടുവരണമെന്നു ഗവണ്മെന്റിനോടു അപേക്ഷിക്കുന്നതു് ഒരു വലിയ അപേക്ഷയായിരിക്കുമെന്നു എനിക്കറിയാം. അതുകൊണ്ടു സഭയുടെ ശിപാർശകളിൽ വളരെ പ്രാധാന്യമായുള്ളവയെ ഗവണ്മെന്റു തിരഞ്ഞെടുത്തു അവയെ നടപ്പിൽവരുത്തുകയും

ശേഷം ശിപാർശകൾ പ്രകാരം പ്രവർത്തിക്കാത്തതിനു കാരണം പറകയും മേലാൽ ജനപ്രതിനിധികളോടു യോജിച്ചു പ്രവർത്തിക്കയും ചെയ്യേണ്ടതാകുന്നു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇതാണ് ഒന്നാമത്തെ സംഗതി.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ സഭയുടെ ശിപാർശകളെല്ലാം അവയിൻപ്രകാരം പ്രവർത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളവയല്ലെന്നാണോ മെമ്പർ പറയുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവയിൽ പലതും ഹിതാനുസരിച്ചു പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതു സഭ ശിപാർശ ചെയ്തിട്ടുള്ള പ്രകാരം തന്നെ ആയിരിക്കും.

ഇതാകുന്നു സഭയുടെ ശ്രദ്ധാവിഷയമാക്കാനുള്ള രണ്ടാമത്തെ സംഗതി.

സർ, ബഡ്ജറ്റിനെപ്പറ്റിയുള്ള സാമാന്യനിരൂപണത്തിൽ നമ്മുടെ ഭരണയന്ത്രം ശരിയായവിധത്തിൽ നടത്തപ്പെടുന്നില്ല എന്നു ഞാൻ പറഞ്ഞുവല്ലോ. ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള പ്രകാരം സാധാരണജോലികൾ പോലും നിർവ്വഹിപ്പാൻ മതിയായതല്ല. അടിയന്തിരമായി ചെയ്യേണ്ടുന്ന പല സംഗതികളും പല മാസങ്ങൾ മാത്രമല്ല ചില കാര്യങ്ങളിൽ ചില വർഷങ്ങൾ തന്നെ തീർച്ചയാക്കാതെ താമസിപ്പിക്കുന്നു. ബഡ്ജറ്റുനിരൂപണത്തിൽ ഞാൻ പറഞ്ഞപ്രകാരം ഹൈക്കോടതിയിൽ ഉണ്ടായ ഒരു ഒഴിവു, സ്ഥിരഒഴിവായിരുന്നെങ്കിലും ആറുമാസം ആളെ നിയമിക്കാതെ ഇട്ടിരുന്നു. ഇങ്ങനെ ഒരു ഒഴിവുണ്ടാകുമെന്നു ഗവർമെന്റിനു മുമ്പിൽക്കൂട്ടി അറിയാമായിരുന്നു. എങ്കിലും ഇങ്ങനെ ഒരു സംഭവം മുമ്പെപ്പോഴെങ്കിലും ഈ രാജ്യത്താകട്ടെ മറ്റേതെങ്കിലും രാജ്യത്താകട്ടെ ഉണ്ടായിട്ടുണ്ടോ എന്നു ആലോചിച്ചുനോക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. ഈ പ്രകാരം തന്നെ മററു ഡിപ്പാർട്ടുമെന്റുകളിലും ഉള്ള ഒഴിവുകളിൽ ഡിപ്പാർട്ടുമെന്റു മേലധികാരികൾ പലരെയും ആളെ നിയമിക്കാതെ ഇടുന്നു. ചില അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്താത്തതും ചില ഹെഡ്മാസ്റ്റർമാരെ സ്ഥിരമായി നിയമിക്കാത്തതും എന്തുകൊണ്ടാണെന്നു ചോദിച്ചപ്പോൾ അവരുടെ സ്ഥാനം തീർച്ചയാക്കീട്ടില്ലെന്നായിരുന്നു ഞങ്ങൾക്കു തന്ന മറുപടി. ഈ ഒഴിവുകൾക്കു അതാതുസമയം ആളെ നിയമിച്ചിരുന്നു എങ്കിൽ സ്ഥാനം നിർണ്ണയപ്പെടുത്താൻ ആവശ്യം വരുമായിരുന്നോ? സ്ഥാനം നിർണ്ണയിക്കാൻ ആവശ്യം നേരിടുന്നതു് നിയമനം വളരെക്കാലം താമസിപ്പിക്കുമ്പോഴാകുന്നു. ഒന്നോ രണ്ടോ ഡിപ്പാർട്ടുമെന്റുകളിലല്ല, അനേകം ഡിപ്പാർട്ടുമെന്റുകളിൽ ഈ പതിവു കാണുന്നുണ്ട്. ഇതു ന്യായമാകുന്നെങ്കിൽ സാമാന്യഭരണാധികാരികൾ ജാഗ്രതയുള്ളവരായിരിക്കണം. അതുകൊണ്ടു ഉടനടി നടപടികൾ നടത്താവുന്ന കാര്യങ്ങളിൽ അവർ നടപടികൾ നടത്താൻ താമസിക്കാതെ നോക്കേണ്ടതു ഗവർമെന്റിന്റെ ചുമതലയാകുന്നു എന്നിക്കു ഈ സംഗതിയെപ്പററി ബോധിപ്പിക്കാനുള്ളതു്. ഇക്കാര്യത്തിനു താമസം നേരിടുന്നതുകൊണ്ടു ജനങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കും അപരിഹാര്യമായ നഷ്ടവും ബുദ്ധിമുട്ടും ഉപദ്രവും ഉണ്ടാകും.

സർ, ബഡ്ജററ് രൂപീകരിക്കുന്നതിലും സഭാംഗങ്ങളുടെ പൊതുവായ അഭിപ്രായം അറിയുന്നതിനും ഞങ്ങൾ ഗവർമെന്റിനെ സഹായിക്കുന്നു. ഒരു തരവുകൊണ്ടു ഗവർമെന്റു ഒരു ഫൈനാൻസ് (കോശം)/കമ്മററിയെ രൂപീകരിച്ചിട്ടുണ്ട്. ഒരു പബ്ലിക്ക് അക്കൌണ്ട്സ് കമ്മിററിയില്ലാതെ ഫൈനാൻസ് കമ്മിററിയിലെ അനുദ്യോഗസ്ഥമെമ്പർമാർക്കു മനസ്സാക്ഷിക്കനുസരിച്ചു അവരുടെ ജോലികൾ നിർവഹിക്കാൻ സാധിക്കയില്ലെന്നു ഇപ്പോഴത്തെ ഫൈനാൻസ് കമ്മിററിയിലെ ഒരു മെമ്പറിന്റെ നിലയിൽ എനിക്കു മനസ്സിലായിരിക്കുന്നു. തിരുവിതാംകൂറിലെ നിയമസഭയുടെ രൂപം മൈസൂറിലെ സഭയുടേതിനെക്കാൾ കൂടുതൽ പരിഷ്കാരമാണ്. ഭരണാധികാരികളെ നിയമസഭയോടു ഉത്തരവാദികളാക്കാൻ ഗവർമെന്റിനു കഴിയാതിരിക്കുന്നെടത്തോളം ഒരു പബ്ലിക്ക് അക്കൌണ്ട്സ് കമ്മിററിയും മററു ചില കമ്മിററികളും രൂപീകരിച്ചാൽ വേണ്ടുന്ന ശ്രമങ്ങളെങ്കിലും ഗവർമെന്റു ചെയ്യേണ്ടതാകുന്നു. അല്ലാത്തപക്ഷം ഈ സഭ അനുവദിക്കുന്ന സംഖ്യകൾ എന്താവശ്യങ്ങൾക്കായി അനുവദിക്കുന്നുവോ ആവശ്യങ്ങൾക്കായി തന്നെ ഉപയോഗിക്കുന്നുണ്ടോ എന്നറിവാൻ നമുക്കു സാധിക്കയില്ല. അല്ലാത്തപക്ഷം ഇക്കാര്യത്തിൽ ഗവർമെന്റു തങ്ങളുടെ ഉത്തരവാദിത്വം എങ്ങനെ നിറവേറുന്നു എന്നു നിശ്ചയിക്കാനും നമുക്കു സാധിക്കയില്ല. കഴിഞ്ഞയാണ്ടിലും ഈയാണ്ടിലും ഓഡിററ് അപ്രോപ്രിയേഷൻ റിപ്പോർട്ടു നമുക്കു തന്നിട്ടുള്ളതു നേരത്തെതന്നെ. ബഡ്ജററുകൊണ്ടു മാത്രം തൃപ്തിപ്പെട്ടിരിക്കാൻ നമുക്കു കഴിയും. ബഡ്ജററിനെ പൊതുവായി നിരൂപണം ചെയ്യുന്നതിനോ അഭ്യർത്ഥനകളെ സംബന്ധിച്ചു വോട്ടുചെയ്യുന്നതിനോ ആവശ്യവും ഇല്ലായിരിക്കും. സാമ്രാജ്യനിയമസഭയിൽ ഒരു പബ്ലിക്ക് അക്കൌണ്ട്സ് കമ്മിററി ഉണ്ട്. മൈസൂരിൽ പബ്ലിക്ക് അക്കൌണ്ട്സ് കമ്മിററിമാത്രമല്ല, വേറെ അനേകം കമ്മിററികളും ഉണ്ട്, തിരുവിതാംകൂറിൽ ഒരു ഫൈനാൻസ് കമ്മിററിമാത്രമേയുള്ളു. കഴിഞ്ഞയാണ്ടത്തെ ബഡ്ജററുനിരൂപണത്തിൽ ഞാൻ ഒരു ഉപക്ഷേപംമൂലം ഗവർമെന്റിന്റെ ഭരണനയത്തെ സംബന്ധിച്ചു അനുദ്യോഗസ്ഥമെമ്പർമാർക്കു അറിവുലഭിക്കത്തക്കവണ്ണം വേറെയും കമ്മിററികൾ നിയമിക്കണമെന്നു ഗവർമെന്റിനോടു അപേക്ഷിച്ചു, ഞങ്ങളുടെ ആശങ്കകളെയും അപേക്ഷകളെയും പററി ഗൌനിക്കുമെന്നു ദിവാൻപ്രസിഡന്റു വാഗ്ദാനം ചെയ്കയും ചെയ്തു. ആ കാര്യത്തിൽ ഗവർമെന്റു എത്രത്തോളം എത്തി എന്നു എനിക്കറിവില്ല.

സഭയുടെ ശ്രദ്ധയ്ക്കു വിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്ന വേറൊരു സംഗതി പബ്ലിക്ക് അക്കൌണ്ട്സ് കമ്മിററിക്കുപുറമെ പൊതുമരാമത്തുഡിപ്പാർട്ടുമെന്റിനും പരിപോഷണ ഡിപ്പാർട്ടുമെന്റുകൾക്കും വെവ്വേറെ കമ്മിററികൾ വേണമെന്നാകുന്നു. ഗവർമെന്റിന്റെ നയം എന്താണെന്നു മനസ്സിലാക്കുന്നതിനും ഭരണയന്ത്രത്തിന്റെ പ്രയാസങ്ങൾ ഗ്രഹിക്കുന്നതിനും ഗവർമെന്റു ശരിയായി നടത്തപ്പെടുന്നുണ്ടെന്നു ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും ഈ മാർഗ്ഗങ്ങളേയുള്ളു. ഇക്കാര്യത്തിലേക്കു ഗവർമെന്റിന്റെ ശ്രദ്ധയെ ഞാൻ ആകർഷിച്ചുകൊള്ളുന്നു. ഈ പ്രസ്താവനകളോടുകൂടെ സഭയുടെ ആലോചനയ്ക്കായി എന്റെ ഉപക്ഷേപത്തെ സമർപ്പിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: സഭ ഇപ്പോൾ പിരിയുകയും നാളെരാവിലെ ൧൧-ാം മണിക്കു വീണ്ടും കൂടുകയും ചെയ്യും.

പിറേറദിവസം പകൽ ൧൧-ാം മണിക്കു വീണ്ടും കൂടുന്നതിനായി സഭ വൈകിട്ടു ൫-൨ മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ, (ഒപ്പ്)
നിയമസഭാസെക്രട്ടറി.

(A True Translation.)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ സഭ.

൧൧൦൮-ൽ രണ്ടാമത്തെ യോഗം.

അഫിഷ്യൽ റിപ്പോർട്ട്.

൧൯൩൨ ആഗസ്റ്റ് ൧൩-ാംനു-ക്കു ൧൧൦൮ കർക്കടകം ൨൯-ാംനു ശനിയാഴ്ച.

പകൽ ൧൧-൩൦ മണിക്കു വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ സഭ വീണ്ടും കൂടി. പ്രെസിഡെൻറു അഗ്രാസനാധിപത്യം വഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

മീനച്ചൽ താലൂക്കുകച്ചേരി ഉദ്യോഗസ്ഥന്മാർ.

൧൭൨. മി: എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും): ൧൧൦൮-൧൦-൩൨-ാംനു മീനച്ചൽ താലൂക്കുകച്ചേരിയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) രണ്ടുവർഷത്തിലധികം മീനച്ചൽ ഉണ്ടായിരുന്നവരുടെ പേരുകൾ;

(ബി) അവരിൽ ഓരോരുത്തരും മീനച്ചൽ ഇരിക്കുന്ന കാലം;

(സി) മൂന്നുവർഷത്തിലധികം ആരെങ്കിലും അവിടെത്തന്നെ ഇരിക്കുന്നുണ്ടെങ്കിൽ അവരെ അവിടെനിന്നു സ്ഥലംമാററാത്തതിനുള്ള കാരണങ്ങൾ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) കെ. പി. നാരയണപിള്ള ക്ലാർക്കു, നാരായണപിള്ള ഡ്രാപ്പ്

(ബി) കെ. പി. നാരായണപിള്ള ഉദ്ദേശം ൯ വർഷം.

നാരായണപിള്ള ൧൦ വർഷം, ൮ മാസം, ൨൭ ദിവസം.

(സി) ഒരാഫീസിലെ സിൽബന്തികളിൽ ആരെയും മൂന്നുവർഷത്തിലധികം അവിടെത്തന്നെ വെച്ചുകൊണ്ടിരിക്കാൻ പാടില്ലെന്നു ചട്ടമില്ല.

കോട്ടയം താലൂക്കിൽ ൧൧൦൨-ലും ൧൧൦൩-ലും ചെത്തിയെടുത്ത കള്ളിൻെറ വിവരം.

൧൭൩. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ൧൧൦൨-ലും ൧൧൦൩-ലും കോട്ടയം താലൂക്കിലെ കള്ളുഷാപ്പുകാർ അടച്ച കിസ്തിൻെറ ആകെ സംഖ്യ;

(ബി) ആയാണ്ടുകളിൽ ചെത്തിയ തെങ്ങിൻെറയും ചൂണ്ടപ്പനയുടെയും എണ്ണം;

(സി) അവയിൽനിന്നും ദിനമ്പ്രതി കിട്ടാവുന്ന കള്ളിൻെറ അളവ്;

(ഡി) ആ കള്ളു ദിനമ്പ്രതി വിററുകിട്ടാവുന്ന സംഖ്യ.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി):

(എ) ൧൧൦൨ ൧,൦൧,൨൦൩ രൂപാ

൧൧൦൩ ൧,൦൦,൮൭൭ രൂപാ

(ബി)

	൧൧൦൨	൧൧൦൩
തെങ്ങ്	൧൦,൮൨൮	൧൦,൩൨൦
ചൂണ്ടപ്പന	൧,൭൩൮	൧,൭൩൨

(സി)യും (ഡി)യും: മെമ്പറിൻെറ നൂറ-ാം ചോദ്യം (ബി)ഭാഗത്തിനു കൊടുത്ത മറുപടി നോക്കണം. അതിൽ പറഞ്ഞ കാരണത്താൽ (ഡി) ഭാഗത്തിൽ ആവശ്യപ്പെട്ട വിവരം തരാൻ സാധിക്കയില്ല.

പെരുമ്പിടിപ്പാലം.

൧൭൪. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) തിരുവല്ലാ കല്ലൂപ്പാറയ്ക്കു പടിഞ്ഞാറു കവിയൂർ നിന്നു മല്ലപ്പള്ളിക്കു പോകുന്ന റോഡിൽ ഉള്ള പെരുമ്പിടിപ്പാലം പൊളിഞ്ഞു ആപൽക്കരമായ സ്ഥിതിയിലാണോ കിടക്കുന്നതു്?

(ബി) ആ പാലം ഇതുവരെ (൧൯൩൨ ജൂൺ) പൊളിച്ചു നീക്കാത്തതു് എന്തുകൊണ്ടു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) യും (ബി) യും അതെ. ഈയിടെയുണ്ടായ വെള്ളപ്പൊക്കത്തിൽ പലകകൾ ഇളകി വീണുപോയി. ൧൧൦൮ ഇടവം ൨൨-ാംനു-മുതൽ അവിടെ കടത്തുവള്ളം ഏർപ്പെടുത്തിട്ടുണ്ടു്. അവിടെ പാലം പണിയുന്നതിനു ചീഫ് എൻജിനീയർ ഒരു എസ്റ്റിമേററു വിളിപ്പിച്ചിട്ടുണ്ടു്.

ഏററുമാനൂർ പോലീസ് ഇൻസ്പെക്ടർ മി: വി. ജോസഫിൻെറമേൽ അന്വേഷണം നടത്താനുള്ള അപേക്ഷ.

൧൭൫. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) കുറവിലങ്ങാട്ടെയും കോഴയിലെയും ചില ആളുകൾ ഏററുമാനൂർ പോലീസ് ഇൻസ്പെക്ടർ മി: വി. ജോസഫിൻെറമേൽ അന്വേഷണം നടത്താൻ ഗവണ്മെൻറനുവാദത്തിനു അപേക്ഷിച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗത്തിൻെറ മറുപടി ഉണ്ടെന്നാണെങ്കിൽ ആ അപേക്ഷയെ സംബന്ധിച്ചു ഗവണ്മെൻറു എന്തു പ്രവർത്തിച്ചു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറു സെക്രട്ടറി): (എ) ഏറ്റുമാനൂർ പോലീസ് ഇൻസ്പെക്ടർ മി: വി. ജോസഫിൻെറ മേൽ അന്യായം നടത്തുന്നതിനു അനുവാദത്തിന്നായി ഒരു അപേക്ഷഹർജി ഗവമ്മെൻറിനു കിട്ടീട്ടുണ്ട്.

(ബി) ആ ഹർജി റിപ്പോർട്ടിന്നായി പോലീസ് കമ്മീഷണർക്കു അയച്ചുകൊടുത്തു. കമ്മീഷണർ ആ കാര്യത്തിൽ അന്വേഷണം നടത്തിവരുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഗവമ്മെൻറിനു ഹർജി കിട്ടിയതായിട്ടു പറയുന്നുണ്ട്. എപ്പോഴാണു കിട്ടിയതു് എന്നു ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറു സെക്രട്ടറി): ൧൧൦൯-ന്നു-മകരം ൨൦-ാം-യോടടുത്ത ഒരു തീയതി.

മി: ആർ. രാമൻപിള്ള (കോട്ടയം): പോലീസ് കമ്മീഷണരുടെ കയ്യിൽ എപ്പോഴാണു കിട്ടിയതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറു സെക്രട്ടറി): മകരം-൨൯-ാം-ൻ.

൧൧൦൮-ൽ തിരുവനന്തപുരം താലൂക്കിലെ കൃഷിക്കുള്ള കുളങ്ങൾ നന്നാക്കിയ വിവരം.

൧൭൩. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെപ്പറയുന്ന സംഗതികൾ ഗവമ്മെൻറു ദയവായി പറയുമോ?

(എ) തിരുവനന്തപുരം താലൂക്കിൽ ൧൧൦൮-ൽ നന്നാക്കുകയോ പുനരുദ്ധാരണം ചെയ്കയോ ചെയ്തിട്ടുള്ള കൃഷിക്കുള്ള കുളങ്ങളുടെ എണ്ണം;

(ബി) ഈ പ്രവൃത്തികൾ രണ്ടു വർഷക്കാലങ്ങളുടെ മദ്ധ്യേ തന്നെ ആരംഭിച്ച് അവസാനിപ്പിച്ചുവോ?

(സി) ഓരോ കുളവും പുനരുദ്ധാരണം ചെയ്കയോ നന്നാക്കുകയോ ചെയ്യുന്നതിനു വേണ്ടിവന്ന സമയം;

(ഡി) ഈ പണികളുടെ ചെലവിൽ പാതി വഹിക്കുന്ന കൃഷിക്കാർക്കു ആ പണികൾ തൃപ്തികരമായി ചെയ്തിട്ടുണ്ടെന്നു ബോദ്ധ്യമായോ?

(ഇ) പണികൾ പൂർത്തിയായി എന്നുള്ള സർട്ടിഫിക്കേറ്റുകൾ അവയിൽ താല്പര്യം ഉള്ള കൃഷിക്കാർ ആരെങ്കിലും സാക്ഷ്യപ്പെടുത്തിട്ടുണ്ടോ?

(എഫ്); പുനരുദ്ധാരണം ചെയ്കയോ നന്നാക്കുകയോ ചെയ്ത ഈ കുളങ്ങൾ ആർക്കാണ് ഏല്പിച്ചു കൊടുത്തതു്?

മി: ടി. പി. രാമസ്വാമയ്യർ (ഗവമ്മെൻറു സെക്രട്ടറി): (എ) ൬.

(ബി) പണികൾ ൧൧൦൭-ലെ ഇടവപ്പാതിക്കുമുമ്പു തുടങ്ങി ൧൧൦൮-ലെ തുലാവർഷത്തിനുമുമ്പു അവസാനിപ്പിച്ചു.

(സി) ഉദ്ദേശം ൧൦ മാസം.

(ഡി) ഇതുവരെ പരാതിയൊന്നും വന്നിട്ടില്ല. അതുകൊണ്ടു കൃഷിക്കാർക്കു തൃപ്തിയായി എന്നു വിചാരിക്കുന്നു.

(ഇ) ഇല്ല. അങ്ങനെ ചെയ്യണമെന്നു നിർബന്ധമില്ല.

(എഫ്) ആറു കുളങ്ങളിൽ അഞ്ചെണ്ണം കൃഷിക്കാരെ ഏല്പിച്ചു. ആറാമത്തേതു ഒരു മേജർ പണിയാണ്.

തിരുവനന്തപുരവും നെടുമങ്ങാടും താലൂക്കുകളിലെ മേച്ചിൽ സ്ഥലങ്ങൾ.

൧൭൭. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെ പറയുന്ന വിവരങ്ങൾ ഗവമ്മെൻറു ദയവായി പറയുമോ?

(എ) തിരുവനന്തപുരം താലൂക്കിൽ മേച്ചിൽസ്ഥലമായി ഒഴിച്ചിട്ടിരുന്ന സ്ഥലം മുഴുവനും പതിച്ചുകൊടുക്കയോ പാട്ടത്തിനു കൊടുക്കയോ ചെയ്യാൻ ഇടവന്നതിനെപ്പറ്റി ഗവമ്മെൻറു അന്വേഷണം നടത്തിയോ?

(ബി) നെടുമങ്ങാട്ടു താലൂക്കിലെ മേച്ചിൽസ്ഥലങ്ങൾ അനുവാദംകൂടാതെ കൈവശപ്പെടുത്താൻ സമ്മതിച്ച റെവന്യൂഉദ്യോഗസ്ഥന്മാരുടെമേൽ ഗവമ്മെൻറു വല്ല നടപടിയും നടത്തിയോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവമ്മെൻറു സെക്രട്ടറി): (എ) തിരുവനന്തപുരം താലൂക്കിൽ ഭൂമികൾ മേച്ചിൽ സ്ഥലങ്ങളായി ഒഴിച്ചിട്ടിട്ടില്ല. അതുകൊണ്ടു അവയെ പതിച്ചുകൊടുക്കയോ പാട്ടത്തിനേല്പിക്കയോ ചെയ്തതിനെപ്പറ്റി ചോദ്യത്തിന്നവകാശം ഇല്ല.

(ബി) നെടുമങ്ങാട്ടു താലൂക്കിലെ മേച്ചിൽസ്ഥലങ്ങളുടെ കാര്യത്തിൽ അവയെ അങ്ങനെ ഒഴിച്ചിട്ടതു പതിനൊന്നുവർഷം മുമ്പു ആ താലൂക്ക റീസർവേ ചെയ്തപ്പോഴാണ് അന്നത്തെ യഥാർത്ഥസ്ഥിതികൾ ആലോചിക്കാതെയാണ് അവയെ ഒഴിച്ചിട്ടതു്. അങ്ങനെ ഒഴിച്ചിട്ട സ്ഥലങ്ങളിൽ അതിനെത്രയോ മുമ്പു ചിലർ കയ്യേറ്റംചെയ്ത് വളരെ വിലയുള്ള ഉഭയങ്ങൾ ഉണ്ടാക്കീട്ടുള്ള സ്ഥലങ്ങളും ഉൾപ്പെട്ടിരുന്നു. റീസർവേ സംഘക്കാർ അവയെ ക്രമപ്പെടുത്തുന്നതിനു ഒരു ശ്രമവും ചെയ്തിരുന്നില്ല. കുറെക്കഴിഞ്ഞു റെവന്യൂഉദ്യോഗസ്ഥന്മാർ അങ്ങനെയുള്ള കയ്യേറ്റം കണ്ടുപിടിച്ചപ്പോൾ കയ്യേറ്റക്കാരുടെമേൽ പൊറമ്പോക്കുകേസുകൾ എടുത്തു. എന്നാൽ അന്വേഷണം നടത്തിയതിൽ ചില കേസുകളിൽ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതു വലിയ കഷ്ടമായിരിക്കുമെന്നു കാണപ്പെട്ടു. അതുകൊണ്ടു റീസർവേക്കു മുമ്പുതന്നെ ഉത്തമവിശ്വാസത്തോടെ കയ്യേറ്റപ്പെടുത്തി ഉഭയങ്ങളുണ്ടാക്കീട്ടുള്ളവർക്കു അവരുടെ കയ്യേറ്റമുള്ള സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിനേല്പിച്ചുകൊടുത്തു. ശേഷം കേസുകളിൽ എല്ലാവരെയും ഒഴിപ്പിച്ചുവിടുകയും ചെയ്തു. ഈ സ്ഥിതിയിൽ റെവന്യൂഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തി ആക്ഷേപകരമല്ലായിരുന്നു.

തിരുവനന്തപുരത്തും തെക്കൻതാലൂക്കുകളിലും കരിവുനിമിത്തമുള്ള കരമൊഴിവു്.

൧൭൮. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെ പറയുന്ന സംഗതികൾ ഗവമെൻറു ദയവായി പറയുമോ?

(എ) തിരുവനന്തപുരം താലൂക്കിൽ ൧൧൦൩-ലും ൧൧൦൪-ലും കരിവുനിമിത്തം ഇളവുചെയ്ത കരത്തിന്റെ ആകെ സംഖ്യ.

(ബി) ഈ കാലത്തുതന്നെ കോതയാർ അണകൊണ്ടു കൃഷിസേചനം ചെയ്യപ്പെടുന്ന തെക്കൻ താലൂക്കുകളിൽ ഓരോന്നിലും അങ്ങനെ ഇളവുചെയ്തുകൊടുത്തിട്ടുള്ള സംഖ്യ.

(സി) ഈ വർഷങ്ങളിൽ മേല്പടി താലൂക്കുകളിൽ ഇളവുചെയ്തുകൊടുത്തിട്ടുള്ള ജലനികുതി.

മി: ടി. പി. രാമസുബ്ബയ്യർ (ഗവമെൻറു സെക്രട്ടറി): (എ), (ബി), (സി) ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വെച്ചിരിക്കുന്നു.

വിദ്യാഭ്യാസ ഡയറക്ടരുടെ മുന്നറിവു കൊടുക്കാത്ത സന്ദർശനങ്ങൾ.

൧൭൯. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെ പറയുന്ന വിവരങ്ങൾ ഗവമെൻറു ദയവായി പറയുമോ?

(എ) ൧൧൦൨, ൧൧൦൩, ൧൧൦൪ എന്നീ കൊല്ലങ്ങളിൽ വിദ്യാഭ്യാസഡയറക്ടർ മുന്നറിവു കൊടുക്കാതെ വിദ്യാലയങ്ങൾ സന്ദർശിച്ചിട്ടുള്ള അവസരങ്ങളുടെ എണ്ണം.

(ബി) ഈ സന്ദർശനങ്ങളിൽ എത്ര വിദ്യാലയങ്ങളിൽ ക്രമക്കേടുകൾ കാണുകയും അവയ്ക്കു ഉത്തരവാദികളെ ശിക്ഷിക്കയും ചെയ്തിട്ടുണ്ടു്.

മി: കെ. ജാർജ്ജ് (ഗവമെൻറു ചീഫ്സെക്രട്ടറി):

(എ)

ആണ്ടു്.	ഡയറക്ടരുടെപേരു.	സന്ദർശനങ്ങൾ
൧൧൦൨	മി: ജെ. സ്റ്റീഫെൻസൺ	൭൮
൧൧൦൩	ടി (വൃശ്ചികമാസം)	൬൧
൧൧൦൩	റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (൩ മാസം)	൭൨
൧൧൦൪	ടി (വൃ-൧൨-൧൧൦൪ വരെ)	൩൦൪

(ബി) ൧൧൦൨-ലും ൧൧൦൩-ലും ഡയറക്ടരുടെ സന്ദർശനത്തിൽ കണ്ട ക്രമക്കേടുകളെ സംബന്ധിച്ചു വല്ല നടപടികൾ നടത്തിയോ എന്നു അനേകം ദീർഘമായ റിക്കാർഡുകൾ പരിശോധിക്കാതെ പറവാൻ സാധിക്കയില്ലെന്നു റിപ്പോർട്ടു കിട്ടീട്ടുണ്ടു്. എന്നാൽ ഇപ്പോൾ ആക്ട്ചെയ്യുന്ന ഡയറക്ടർ കണ്ടുപിടിച്ച ഓരോ ക്രമക്കേടിനെസംബന്ധിച്ചു നടപടി നടത്തുകയും കുറ്റക്കാരെ അവരുടെ കുറ്റങ്ങളുടെ ഗൌരവം അനുസരിച്ചു ശാസിക്കയൊ പിഴയിടുകയൊ സ്ഥലംമാററുകയൊ സസ്പെണ്ടുചെയ്കയൊ ചെയ്തിട്ടുണ്ടു്.

മെഡിക്കൽ ഉദ്യോഗസ്ഥന്മാരും മുനിസിപ്പൽ സഭകളും.

൧൮൦. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെപറയുന്ന സംഗതികൾ ഗവമെൻറു ദയവായി പറയുമോ?

(എ) പൊതുജനാരോഗ്യശാസ്ത്രത്തിൽ പരിജ്ഞാനമുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ മുനിസിപ്പൽസഭകളിൽ ഉദ്യോഗസ്ഥമെമ്പർമാരായി നിയമിക്കുന്നതിന്റെ അഭിലഷണീയതയെപ്പററി ഗവമെൻറു ആലോചിച്ചിട്ടുണ്ടോ?

(ബി) കഴിഞ്ഞ മൂന്നുവർഷങ്ങളിൽ (൧൧൦൧-൧൧൦൩) തിരുവനന്തപുരം മുനിസിപ്പൽ നഗരത്തെ സാനിട്ടറികമ്മീഷണർ എത്ര പ്രാവശ്യം സന്ദർശിച്ചിട്ടുണ്ടു്.

(സി) ൧൧൦൩-ാമാണ്ടു മററു മുനിസിപ്പൽ നഗരങ്ങളെ അദ്ദേഹം എത്ര പ്രാവശ്യം സന്ദർശിച്ചിട്ടുണ്ടു്?

(ഡി) പൊതുജനാരോഗ്യ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ലാത്ത മുനിസിപ്പൽ സഭകളിലെ മെഡിക്കൽ ഉദ്യോഗസ്ഥന്മാരായ മെമ്പർമാർ അവരവരുടെ മുനിസിപ്പൽ നഗരങ്ങൾ സന്ദർശിച്ചു ക്ലിപ്തസമയങ്ങളിൽ റിപ്പോർട്ടുകൾ സമർപ്പിക്കാൻ ആജ്ഞാപിക്കുന്നതിന്റെയും അവർക്കു മുനിസിപ്പൽ സഭകൾ തക്കതായ പ്രതിഫലം കൊടുക്കണമെന്നു കല്പിക്കുന്നതിന്റെയും അഭിലഷണീയതയെപ്പററി ഗവമെൻറു ആലോചിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെൻറു സെക്രട്ടറി) : (എ) കഴിവുള്ളേടത്തോളം അങ്ങനെ ചെയ്യും.

(ബി) പൂജ്യം.

(സി) രണ്ടെണ്ണം ഒരിക്കൽ

(ഡി) ചോദ്യത്തിന്റെ ആദ്യഭാഗത്തിന്റെ മറുപടി നിഷേധത്തിലാണു.

മുനിസിപ്പൽ റെഗുലേഷൻ ൨൦-ാം വകുപ്പുപ്രകാരം മുനിസിപ്പാലിററിവക പണത്തിൽനിന്നെടുത്തു പ്രെസിഡെൻറിനല്ലാതെ മുനിസിപ്പൽ കൌൺസിലർക്കു യാതൊരു പ്രതിഫലവും കൊടുക്കാൻപാടില്ല.

ഗവമെൻറുകാളേജുകളിൽ വിദ്യാർത്ഥികളുടെ പ്രവേശനം.

൧൮൧. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): താഴെപറയുന്ന സംഗതികൾ ഗവമെൻറു ദയവായി പറയുമോ?

---

* അനുബന്ധം ൨൮ നോക്കുക.

TJ (എ) തിരുവനന്തപുരത്തു മഹാരാജാവു തിരുമനസ്സിലെ സയൻസ് കാളേജിലും ആർട്സ്കാളേജിലും ഉള്ള ജൂനിയർ ഇൻറർമീഡിയേററ് ക്ലാസ്സുകളിൽ പ്രവേശനത്തിനു കിട്ടിയ അപേക്ഷകളുടെ എണ്ണം.

(ബി) പ്രവേശനം കൊടുത്തവരുടെ എണ്ണം.

(സി) ഉപേക്ഷിച്ച അപേക്ഷകളുടെ എണ്ണവും ഉപേക്ഷിക്കുന്നതിനുള്ള കാരണങ്ങളും.

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) (ബി) (സി)-ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വെച്ചിരിക്കുന്നു.

തിരുവനന്തപുരം പട്ടണത്തിലെ വസൂരിബാധ

൧൮൭. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൧൨൪-ാമാണ്ടു തിരുവനന്തപുരം പട്ടണത്തിൽ വസൂരിബാധയുണ്ടായതിനെ സംബന്ധിച്ചു താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ഇന്നുവരെ (൧൦-൮-൧൧൨൪) രോഗംബാധിച്ചവരുടെ എണ്ണവും മരിച്ചവരുടെ എണ്ണവും.

(ബി) തിരുവനന്തപുരം മുനിസിപ്പൽ സഭയും സാനിറററി ഡിപ്പാർട്ടുമെൻറും രോഗനിവാരണവും രോഗചികിത്സയും സംബന്ധിച്ചു ചെയ്ത പ്രവൃത്തികളുടെ സ്വഭാവം.

(സി) ഒരു വസൂരിരോഗി ചെട്ടികുളത്തിൽ ചാടിമരിച്ചു പോയി എന്നു പറയുന്നതു നേരാണോ?

(ഡി) (സി) ഭാഗത്തിൻെറ മറുപടി അതെ എന്നാണെങ്കിൽ ആകുളം ശുചീകരിക്കുന്നതിനു തിരുവനന്തപുരം മുനിസിപ്പൽ സഭയോ സാനിറററി ഡിപ്പാർട്ടുമെൻറോ വല്ലതും ചെയ്തുവോ?

(ഇ) ഈ സംഭവത്തിനുശേഷവും ആ കുളം യഥേഷ്ടം ഉപയോഗിക്കുന്നതിനു പൊതുജനങ്ങളെ അനുവദിച്ചിരുന്നു എന്നു ഗവണ്മെൻറിനു അറിവുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): (എ) ആണ്ടിൻെറ ആരംഭം മുതൽ ൧൧൨൪ മീനം ൧൦-ാനു വരെ ഈ പട്ടണത്തിൽ ൧൦൭ ആളുകളെ വസൂരിബാധിക്കുകയും ൧൮ പേർ മരിക്കയും ചെയ്തു. അവരിൽ ൩൦ പേരെ രോഗം ബാധിച്ചതും ൭ പേർ മരിച്ചതും ഇപ്പോഴുണ്ടായ ബാധയിലാകുന്നു.

(ബി) മുനിസിപ്പൽ നഗരങ്ങളിൽ രോഗനിവാരണം മുനിസിപ്പൽ സഭകളുടെ പ്രവൃത്തിയാകയാൽ സാനിറററി ഡിപ്പാർട്ടുമെൻറു ഒന്നും ചെയ്തില്ല. രോഗം ബാധിച്ചതു പേട്ട ഡിവിഷൻ (എ)-യും (ഇ)-യും വാർഡുകളിലായിരുന്നു. ഈ വാർഡുകളിലെ ഓരോ വീടും സന്ദർശിച്ചു വസൂരി കീറി വെക്കാത്ത കുട്ടികളുടെ ഒരു ലിസ്റ്റുതയ്യാറാക്കി ശരീരസ്ഥിതി കൊണ്ടു വസൂരി കീറിവെക്കാൻ പാടില്ലാത്തവരെ ഒഴിച്ചു ഈ ലിസ്റ്റിൽപെട്ട എല്ലാവർക്കും കീറി വെച്ചു. നഗരത്തിലുള്ള നാലു വാക്സിനേറററന്മാരിൽ മൂന്നുപേരെ വീടുതോറും പോയി വസൂരി കീറൽ വെക്കുന്നതിനു ഈ ഡിവിഷനിലേക്കു നിയമിച്ചയച്ചു. ഈ സ്ഥലത്തുള്ള ഓരോരുത്തരേയും വീണ്ടും വസൂരി കീറിവെപ്പിക്കാൻ ഉപദേശിച്ചു വസൂരി രോഗത്തെപ്പററി മലയാളത്തിൽ ഒരു ലഘുലേഖ ആ സ്ഥലത്തു വിതരണം ചെയ്തു ഹെൽത്താഫീസർ ഓരോ രോഗിയേയും സന്ദർശിച്ചു മനസ്സുള്ളവരെയെല്ലാം ചികിത്സിച്ചു. വസൂരിരോഗത്തിനുള്ള ആധുനിക ചികിത്സാക്രമം പ്രധാന വർത്തമാനപത്രങ്ങളിലെല്ലാം പ്രസിദ്ധം ചെയ്തു. രോഗംബാധിച്ചപ്രദേശത്തുള്ള വീടുകളും സാമാനങ്ങളുമെല്ലാം ശുചീകരണം ചെയ്തു.

(സി) അതെ.

(ഡി) ആ കുളം ഉപയോഗിക്കരുതെന്നു കുളത്തിൻെറ കരയ്ക്കു ബോർഡു സ്ഥാപിച്ചു പ്രസിദ്ധപ്പെടുത്തി ജനങ്ങളെ വിരോധിക്കാൻ അവിടെ ഒരു ശിപായിയെയും നിയമിച്ചു. കുളം മുഴുവനും ഇറച്ചുവാരി നന്നാക്കുന്നതിനു വേണ്ടുന്ന ഏർപ്പാടുകൾ ഉടൻതന്നെ ചെയ്യുകയും മുനിസിപ്പൽ സഭ അതനുവദിക്കയും ചെയ്തു. ഈ പണികൾ ഇപ്പോൾ പൂർത്തിയായി.

(ഇ) മുമ്പു പ്രസ്താവിച്ച പ്രകാരം പ്രസ്താവത്തിലെ സംഭവത്തിനുശേഷം പൊതുജനങ്ങൾ ആ കുളം ഉപയോഗിക്കരുതെന്നു വിരോധിച്ചു.

മഹാരാജാവു തിരുമനസ്സിലെ കാളേജിൽ സംസ്കൃതപ്രൊഫസരുദ്യോഗം.

൧൮൮. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) മഹാരാജാവു തിരുമനസ്സിലെ കാളേജിൽ പ്രൊഫസർസ്ഥാനമുള്ള ഒരദ്ധ്യാപകൻ എത്ര വർഷം സംസ്കൃതം പഠിപ്പിച്ചിരുന്നു?

(ബി) ആ ഉദ്യോഗം നിറുത്തലാക്കി പഠിപ്പിക്കാൻ ഒരു ലെക്ചററെ (പ്രാസംഗികനെ) നിയമിച്ചതു എന്തിനാണു?

(സി) വിദ്യാഭ്യാസത്തിൽ തിരുവിതാംകൂർ ഗവണ്മെൻറും മദ്രാസി സർവ്വകലാശാലയും ഒരു താണസ്ഥാനമാണോ സംസ്കൃതത്തിനു കൊടുത്തിട്ടുള്ളതു.

(ഡി) (സി) ഭാഗത്തിൻെറ മറുപടി നിഷേധത്തിലാണെങ്കിൽ പ്രൊഫസർ എ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻെറ മരണശേഷം സംസ്കൃതപ്രൊഫസർ ഉദ്യോഗം വേണ്ടെന്നു വെച്ചതു എന്തുകൊണ്ടാണു?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) ൧൫ വർഷം.

(ബി) മരിച്ചുപോയ പ്രൊഫസ്സർ എ. ആർ. രാജരാജവർമ്മായെപ്പോലെ സംസ്കൃതത്തിൻെറയും ദ്രാവിഡഭാഷകളുടെയും പ്രൊഫസർ സ്ഥാനം വഹിക്കാൻ യോഗ്യതയുള്ള ഒരാളെ അപ്പോൾ കിട്ടുകയില്ലായിരുന്നു.

---

* അനുബന്ധം ൨൯-നോക്കുക.

(സി) ഇല്ല.

(ഡി) ബിഭാഗത്തിന്റെ മറുപടിനോക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രൊഫെസർ സ്ഥാനത്തിനുയോഗ്യതയുള്ള ഒരാളുമില്ലാത്തിട്ടാണോ ഇപ്പോഴ് പ്രൊഫെസറായി ഒരാളെ നിയമിക്കാത്തതു?

മി: കെ. ജാർജ് (ഗവന്മെന്റ ചീഫ്സെക്രട്ടറി): സംസ്കൃതത്തിന്റെയും ദ്രാവിഡഭാഷകളുടേയും പ്രൊഫെസർ സ്ഥാനം വഹിക്കാൻ യോഗ്യതയുള്ള ഒരാളുമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): രണ്ടുവിഷയങ്ങളിലും പ്രൊഫെസർ സ്ഥാനം വഹിക്കാൻ യോഗ്യതയുള്ള ഒരാളെ ഈ രാജ്യത്തുകിട്ടുകയില്ലേ?

മി: കെ. ജാർജ് (ഗവന്മെന്റ ചീഫ്സെക്രട്ടറി): ഇല്ല?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദ്രാവിഡഭാഷകൾക്ക ഒരു പ്രൊഫെസറെ നിയമിക്കുന്നതിന്റെ ആവശ്യകതയെപ്പററി ഗവന്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദ്രാവിഡഭാഷകൾക്ക ഒരു പ്രൊഫെസറെനിയമിക്കുന്നതിന്റെ ആവശ്യകതയെപ്പററി ഗവന്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ.

മി: കെ. ജാർജ് (ഗവന്മെന്റ ചീഫ്സെക്രട്ടറി): ഇപ്പോഴത്തെ ഏർപ്പാടിൻപ്രകാരം ജോലി ശരിയായി നടക്കുന്നുണ്ടെന്നാണ ഗവന്മെന്റിന്റെ അറിവ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ടു അതാവശ്യമില്ലെന്നാണോ ഗവന്മെന്റ വിചാരിക്കുന്നതു.

മി: കെ. ജാർജ് (ഗവന്മെന്റ ചീഫ്സെക്രട്ടറി): അതാവശ്യമാണെന്നു ഗവന്മെന്റിനു ബോദ്ധ്യമായിട്ടില്ല.

ഇംഗ്ലീഷ്വിദ്യാലയങ്ങളിൽ വ്യാപാരം ഐച്ഛികവിഷയമായി പഠിപ്പിക്കുക.

൧൮൪. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): താഴെപറയുന്ന സംഗതികൾ ഗവന്മെന്റ ദയവായി പറയുമോ?

(എ). ചുരുക്കെഴുത്തും ടൈപ്പ്റൈററിങ്ങും ഇംഗ്ലീഷ്വിദ്യാലയങ്ങളിൽ ഐച്ഛികവിഷയങ്ങളായി പഠിപ്പിക്കുന്നതിനെസംബന്ധിച്ചു നിയമസഭയുടെ ൧൧൦൯ നവംബർ ൨൮-ാംനു-ത്തെ യോഗത്തിൽ (നിയമസഭാ പ്രൊസീഡിങ്സ് വാല്യം ൧൦, പുറം ൨൦൧മുതൽ ൨൦൬വരെ) ചോദിച്ച ൫൪-ാം നമ്പ്രചോദ്യത്തിന്റെ ഉപചോദ്യത്തിന്റെ മറുപടിയിൽ പ്രസ്താവിച്ചപ്രകാരം ഈ സംസ്ഥാനത്തെ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ വ്യാപാരസംബന്ധമായ വിഷയങ്ങൾ ഐച്ഛികവിഷയങ്ങളായി പഠിക്കാൻ മനസ്സുള്ള വിദ്യാർത്ഥികളുടെ ഒരു ലിസ്റ്റ് ഗവന്മെന്റ വരുത്തീട്ടുണ്ടോ?

(ബി). (എ) ഭാഗം ചോദ്യത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ അങ്ങിനെയുള്ള വിദ്യാർത്ഥികളുടെ എണ്ണവും അവർ ആവിഷയങ്ങൾ പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാലയങ്ങളുടെ വിവരവും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തുവെക്കുമോ?

(സി) ഇങ്ങനെ കിട്ടിയലിസ്റ്റ്കൊണ്ടു ഏതെങ്കിലും വിദ്യാലയം പരീക്ഷാർത്ഥം അതു പഠിപ്പിക്കുന്നതിനു യോഗ്യമാണോ എന്നു ഗവന്മെന്റ ആലോചിച്ചുവോ?

മി: കെ. ജാർജ് (ഗവന്മെന്റ ചീഫ്സെക്രട്ടറി): (എ). ഇ. എസ്. എൽ. സി. പാഠപദ്ധതി ഇപ്പോൾ മദ്രാസ്ഗവന്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്ന പരിഷ്കരിച്ച മദ്രാസ് എസ്. എസ്. എൽ. സി. പാഠപദ്ധതിക്കു അനുരൂപമായി ഭേദപ്പെടുത്തേണ്ടിവരുന്നതാകയാൽ മെംബർ ആവശ്യപ്പെട്ട വിവരം വരുത്തിയില്ല. ഇ. എസ്. എൽ. സി. പാഠപദ്ധതിയുടെ പരിഷ്കാരം ആലോചനക്കെടുക്കുമ്പോൾ ചുരുക്കെഴുത്തു, ടൈപ്പ്റൈററിങ്ങ് മുതലായി വ്യാപാരസംബന്ധവിഷയങ്ങൾ ഉൾപ്പെടെ ഐച്ഛികവിഷയങ്ങൾക്ക അതിലുള്ളസ്ഥാനവും ആലോചിക്കുന്നതാകുന്നു.

(ബി) യും (സി) യും (എ) ഭാഗം ചോദ്യത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യങ്ങൾക്ക സംഗതിയില്ല.

ഒരു നാട്ടുവൈദ്യ ഇൻസ്പെക്ടറെ ലാഹോറിലേക്കയക്കുന്നകാര്യം

൧൮൫. മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെ പറയുന്ന സംഗതികൾ ഗവന്മെന്റ ദയവായി പറയുമോ.

(എ) ഒരു നാട്ടുവൈദ്യ ഇൻസ്പെക്ടറെ ചിലവിഷയങ്ങളിൽ പ്രത്യേകപരിശീലനം പ്രാപിച്ചുവരുന്നതിനു അലവൻസോടുകൂടെ ലാഹോറിലേക്ക അയച്ചിട്ടുണ്ടോ?

(ബി). (എ) ഭാഗംചോദ്യത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ അദ്ദേഹത്തിന്റെ പരിശീലനം പൊതുജനങ്ങൾക്ക ഉപയോഗപ്രദമാക്കുന്നതിനു അദ്ദേഹത്തിനു എന്തുസൌകര്യങ്ങളാണ് ഉണ്ടാക്കിക്കൊടുക്കാൻ ഗവന്മെന്റ വിചാരിക്കുന്നതു.

മി: കെ. ജാർജ് (ഗവന്മെന്റ് ചീഫ്സെക്രട്ടറി): (എ) ലാഹോർ മൃഗവൈദ്യശാലയിൽ പരിശീലിക്കുന്നതിനു ഒരു ഉദ്യോഗസ്ഥനെ അലവൻസോടുകൂടെ അയച്ചിട്ടുണ്ടു.

(ബി). താൻ സമ്പാദിക്കുന്ന പുതിയ അറിവു ശരിയായി ഉപയോഗിക്കുന്നതിനു അദ്ദേഹം ഇപ്പോൾ ഇരിക്കുന്നസ്ഥാപനത്തിൽതന്നെ വേണ്ടസൌകര്യങ്ങൾ ഉണ്ടു.

ചെങ്കണ്ണി.

൧൮൬. മി: ശ്രീചതിനാൾ രാമവർമ്മരാജ (എടവക): നിയമസഭയുടെ ൧൧൦൯ ഏപ്രിൽ ൨൮-ാംനു-ത്തെ യോഗത്തിൽ (നിയമസഭാപ്രൊസീഡിങ്സ് ൧൨-ാം വാല്യം ൭൩൨-ാംപുറം) ചെങ്കണ്ണി വരവിനെപ്പററി ചോദിച്ചചോദ്യത്തിന്റെ ഉപചോദ്യത്തിന്റെ മറുപടിസംബന്ധിച്ചു താഴെപറയുന്ന സംഗതികൾ ഗവന്മെന്റ് ദയവായി പറയുമോ?

(എ) ഭാരതസ്ഥാപനങ്ങളിലും സ്ഥലങ്ങളിലും വസൂരിക്കുന്ന ചെങ്കണ്ണിയുടെ വിലക്ക പലവിധമായിരിക്കുന്നതിനുള്ള കാരണം,

(ബി). വലിയക്കുലികൾ കുറച്ചു നാലുചക്രമാക്കി നിരക്കെല്ലാം ഒരേക്രമത്തിലാക്കാൻ സാധിക്കയില്ലയോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറ് സെക്രട്ടറി): (എ)യും (ബി)യും സിവിൽകോടതികളിൽ ഒരു ജപ്തിയോ വില്പനയോ വസ്തുക്കളുടെ കൈവശം എടുക്കയോ ചെണ്ടകൊട്ടി പ്രസിദ്ധപ്പെടുത്തേണ്ടി വരുമ്പോൾ ചെണ്ടക്കൂലിയായി ഓരോ കേസിലും നാലുചക്രം ഫീസ് വസൂലാക്കുന്നുണ്ട്. എല്ലാ വില്പനകളുടെയും വില്പനയില്ലാതിന്റെ തലേദിവസം വില്പനസ്ഥലത്തു പ്രസിദ്ധപ്പെടുത്തും. അതിന്റെ ശേഷം വില്പന ആരംഭിക്കുന്ന ഒരു ദിവസവും കോടതിയിൽ മൂന്നുദിവസവും നടത്തും. ഓരോ ദിവസവും [illegible] വീതം വസൂലാക്കും. ഇങ്ങനെ ഓരോ കേസിൽ വാങ്ങുന്ന ആകെ [illegible] [illegible] ഡിപ്പാർട്ടുമെൻറിൽ വസൂലാക്കുന്ന [illegible] ചക്രം ചെണ്ടകൊട്ടുന്നവന്റെ [illegible] ആണ്. സിവിൽകോടതികളിലെ നടപ്പിനു വ്യത്യസ്തമായി [illegible] വില്പന [illegible] ഇല്ലാ[illegible]ത്തിലും തഹസിൽദാർ ആവശ്യമെന്നു വിചാരിക്കുന്ന സ്ഥലങ്ങളിലും പ്രസിദ്ധപ്പെടുത്തണം. [illegible] ചെയ്യുന്നവനു അദ്ധ്വാനം അധികം ഉണ്ട്. പ്രധാനമുനിസിപ്പൽ നഗരങ്ങളിലും [illegible] കൂലിനിരക്ക മററുതാണ പ്രദേശങ്ങളിലെതിനെക്കാൾ അധികമാണ്. [illegible] പലതരം നിരക്കുകൾ ഉള്ളതിനു ഇതാണു കാരണം. [illegible] ഏകീകരിക്കാൻ സാധിക്കയില്ല.

തിരുവനന്തപുരം മുനിസിപ്പൽസഭയുടെ ജോലി നിർവ്വഹണത്തെപ്പററിയുള്ള റിപ്പോർട്ട്

[illegible] മി: ദേവതിനാൾ രാമവർമ്മരാജ (ഇടവക): തിരുവനന്തപുരം മുനിസിപ്പൽസഭയെ സംബന്ധിച്ചു നിയമസഭയുടെ [illegible] യോഗത്തിൽ ചോദിച്ച ഒരു ചോദ്യത്തിനു മറുപടിയായി മുനിസിപ്പൽ സഭയുടെ ജോലി നിർവ്വഹണത്തെപ്പററി ഒരു പ്രത്യേകറിപ്പോർട്ട് [illegible] പ്രസിദ്ധം ചെയ്യുന്നതാണെന്നു പറഞ്ഞിരുന്നു. ആ മറുപടി പറഞ്ഞിട്ട് ഇപ്പോൾ മൂന്നുമാസം [illegible] റിപ്പോർട്ട് ഇതുവരെയും പ്രസിദ്ധപ്പെടുത്താതിരിക്കുന്നതിനു കാരണമെന്താണെന്നു ഗവർമ്മെൻറ ദയവായി അറിയിക്കുമോ?

മി: എസ്. വെങ്കിട്ടരമണയ്യർ (ഗവർമ്മെൻറ് ആക്ടിംഗ് [illegible] സെക്രട്ടറി): റിപ്പോർട്ട് കിട്ടീട്ടുണ്ട്. അതു ഗവർമ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

ഗ്രാമപ്രദേശങ്ങളിൽ ആസ്പത്രികളുടെ സ്ഥാപനം.

[illegible] മി: മുരവേലിൽ പാച്ചുപ്പിള്ള (ചേർത്തല): താഴെ പറയുന്ന സംഗതികൾ ഗവർമ്മെൻറ ദയവായി പറയുമോ?

(എ) ഈ രാജ്യത്തെ ഗ്രാമപ്രദേശങ്ങളിൽ ആസ്പത്രികൾ സ്ഥാപിക്കുന്നതിനു മെഡിക്കൽസർവീസസ് അഡ്മിനിസ്ട്രേറ്റീവ്ബോർഡ് (വൈദ്യഭരണസമിതി) ഒരു പദ്ധതി ഗവർമ്മെൻറിലേക്കു സമർപ്പിച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗം ചോദ്യത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ അതിനെ സംബന്ധിച്ചു ഗവർമ്മെൻറ വല്ല നടപടിയും നടത്തിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവർമ്മെൻറ ചീഫ്സെക്രട്ടറി): (എ) ഉണ്ട്.

(ബി) കാര്യം ഗവർമ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

ഈ രാജ്യത്തെ മില്ലുകളിലും തോട്ടങ്ങളിലും ജോലിചെയ്യുന്ന കൂലിക്കാർ.

[illegible] മി: മുരവേലിൽ പാച്ചുപ്പിള്ള (ചേർത്തല): ഈ സംസ്ഥാനത്തെ മില്ലുകളിലും കാപ്പി, റബ്ബർ മുതലായ തോട്ടങ്ങളിലും വേലചെയ്യുന്ന കൂലിക്കാരുടെ മെഡിക്കൽ പരിശോധന, ജോലിസമയം, കൂലിനിരക്ക മുതലായവയെ സംബന്ധിച്ചു വല്ല ചട്ടങ്ങളും ഉണ്ടാക്കീട്ടുണ്ടോ എന്നു ഗവർമ്മെൻറ ദയവായി പറയുമോ?

മി: കെ. ജാർജ് (ഗവർമ്മെൻറ ചീഫ്സെക്രട്ടറി): തിരുവിതാംകൂർ തൊഴിൽശാലാ റെഗുലേഷൻ [illegible] വകുപ്പിൽ വിവരിച്ചിട്ടുള്ള തൊഴിൽശാലകളുടെ പരിശോധന, ജോലിസമയം, കൂലിനിരക്ക മുതലായവയേയും മററും സംബന്ധിച്ചു ആ റെഗുലേഷൻ [illegible] വകുപ്പുപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കീട്ടുണ്ട്. ചോദ്യത്തിൽ പറഞ്ഞ തോട്ടങ്ങൾ റെഗുലേഷനിൽ വിവരിച്ചിട്ടുള്ള തൊഴിൽശാലകൾ എന്ന പദത്തിൽ ഉൾപ്പെടുന്നതല്ല.

സയൻസ്കാളേജിൽ ജന്തുശാസ്ത്രപഠനം.

[illegible] മി: മുരവേലിൽ പാച്ചുപ്പിള്ള (ചേർത്തല): താഴെപറയുന്ന സംഗതികൾ ഗവർമ്മെൻറ ദയവായി പറയുമോ?

(എ) ബി. എ. പരീക്ഷക്ക ജന്തുശാസ്ത്രം പഠിപ്പിക്കുന്ന ഏതെങ്കിലും കാളേജ്കൾ ഇപ്പോൾ [illegible] ഈ രാജ്യത്തുണ്ടോ?

(ബി) സയൻസ്കാളേജിൽ ജന്തുശാസ്ത്രം പഠിപ്പിക്കാൻ ഏർപ്പാടുചെയ്യണമെന്നു നിയമസഭയുടെ കഴിഞ്ഞ ബഡ്ജറ്റുയോഗത്തിൽ പല മെമ്പർമാരും നിവേദനം ചെയ്തിട്ടില്ലയോ?

(സി) സയൻസ്കാളേജിൽ ജന്തുശാസ്ത്രം പഠിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ചു ഗവർമ്മെൻറ ആലോചിച്ചുവോ?

(ഡി) ഈ സംസ്ഥാനത്തെ ഏതെങ്കിലും സ്വകാര്യ കാളേജിൽ ജന്തുശാസ്ത്രപഠനം ആരംഭിക്കുന്നതിനെ സംബന്ധിച്ചു കാളേജ്അധികാരസ്ഥന്മാരും സർവ്വകലാശാലയും തമ്മിൽ എഴുത്തുകുത്തു നടക്കുന്നതിനെപ്പററി ഗവർമ്മെൻറിനു അറിവുണ്ടോ?

മി: കെ. ജാർജ് (ഗവർമ്മെൻറചീഫ്സെക്രട്ടറി): (എ) ഉണ്ട്. ചങ്ങനാശേരി സെയിൻറ് ബെർക്ക്മൻസ് കാളേജിൽ ജന്തുശാസ്ത്രം ബി. എ. പരീക്ഷയ്ക്കു ഒരു പ്രധാനവിഷയമായി പഠിപ്പിച്ചുവരുന്നു.

(ബി) നിയമസഭയുടെ [illegible] ആഗസ്റ്റ് [illegible] യോഗപ്രൊസീഡിംഗ്സ് മെമ്പർ വായിച്ചുനോക്കണം.

(സി) ഈക്കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

(ഡി) ഇല്ല.

ചേർത്തല കൊട്ടാരം പെൺപള്ളിക്കൂടം.

൧൯൧. മി: മുരവേലിൽ പാച്ചുപ്പിള്ള (ചേർത്തല): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) ദിവാൻ മിസ്റ്റർ എം. ഈ വാട്സ് ഒരുവർഷം മുമ്പു ചേർത്തലെ സർക്കീട്ടായി വന്നപ്പോൾ അവിടത്തെ കൊട്ടാരം പെൺപള്ളിക്കൂടത്തിനു ഒരു കെട്ടിടം പണിയിച്ചുകൊടുക്കാമെന്നു വാഗ്ദാനം ചെയ്തിരുന്നുവോ?

(ബി) മറുപടി ഉവ്വെന്നാണെങ്കിൽ അക്കാര്യത്തിൽ ഗവണ്മെന്റു എന്തെങ്കിലും നടപടിനടത്തുകയോ നടത്താൻ ഉത്തരവാകയോ ചെയ്തിട്ടുണ്ടോ?

(സി) പള്ളിക്കൂടത്തിനു തക്കതായ ഒരു കെട്ടിടം ഇല്ലാത്തതിനാൽ വിദ്യാർത്ഥിനികൾക്കു വളരെ ബുദ്ധിമുട്ടുകൾ ഉണ്ടെന്നു ഗവണ്മെന്റിനു അറിയാമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) മാറിപ്പോയ ദിവാൻ അങ്ങനെയൊരു വാഗ്ദാനം ചെയ്തതായി യാതൊരു റിക്കാർഡും കാണുന്നില്ല.

(ബി) (എ) ഭാഗത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനു സംഗതി ഇല്ല.

(സി) ഗവണ്മെന്റിനു അറിവില്ല.

കുത്തിയതോട്ട സബ്‌രജിസ്ട്രാഫീസിന്റെ പേരുമാററം.

൧൯൨. മി: മുരവേലിൽ പാച്ചുപ്പിള്ള (ചേർത്തല): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) കുത്തിയതോട്ടിൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള സബ്‌രജിസ്ട്രാഫീസിനു "അരൂക്കുററി സബ്‌രജിസ്ട്രാഫീസ്" എന്നു പേരിടുവാൻ കാരണമെന്ത്?

(ബി) ഈ പേരുമാററംകൊണ്ടു എഴുത്തുകുത്തുകളും മററും കിട്ടുന്ന കാര്യത്തിൽ വലിയ പ്രയാസങ്ങൾ നേരിടുന്നു എന്നു ഗവണ്മെന്റിനറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): (എ) കുത്തിയതോട്ട സ്ഥാപിച്ച ആഫീസിനു "അരൂക്കുററി സബ്‌രജിസ്ട്രാഫീസ്" എന്നു പേരിട്ടതിനു പ്രത്യേകകാരണമൊന്നുമില്ല. ആഫീസ് സ്ഥാപിച്ചതു ൧൦൮൪-ാമാണ്ടാണ്. ആ ആഫീസിന്റെ അധികാരാതിർത്തിയിൽ കുത്തിയതോടാകുന്നു ഏററവും സൗകര്യമുള്ള സ്ഥലമെന്നു അന്നത്തെ ഡയറക്ടർ റിപ്പോർട്ടുചെയ്കയാൽ അതവിടെ സ്ഥാപിച്ചു എന്നേയുള്ളു.

(ബി) മറുപടി നിഷേധത്തിലാണ്.

സർവെഡിപ്പാർട്ടുമെന്റിലെ സർവെയർമാരുടെ ജാതിവിവരം പട്ടിക.

൧൯൩. മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സർവെഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ (൧-൧-൨൯) ഉള്ള സർവെയർമാരിൽ ബ്രാഹ്മണർ, നായർ, കത്തോലിക്കർ, യാക്കോബായക്കാർ, മാർത്തോമാക്രിസ്ത്യാനികൾ, പ്രൊട്ടെസ്റ്റന്റുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളർ മററുസമുദായക്കാർ എന്നിവരുടെ എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു ദയവായി മേശപ്പുറത്തു വെയ്ക്കുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റു സെക്രട്ടറി). മെമ്പർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു.

മുട്ടത്തുനിന്നു അന്തിനാട്ട-മേൽകാവുറോഡിൽ ചേരുന്ന റോഡ്.

൧൯൪. മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) തൊടുപുഴതാലൂക്കിൽ മുട്ടത്തുനിന്നു പുറപ്പെട്ടു മീനച്ചിൽതാലൂക്കിൽ അന്തിനാട്ട-മേൽകാവുറോഡിൽ ചെന്നുചേരുന്ന ഒരു റോഡു വെട്ടിക്കുന്നതിനു കഴിഞ്ഞ മൂന്നുകൊല്ലങ്ങളിലെ ബഡ്ജററിൽ അനുവദിച്ചിരുന്ന സംഖ്യകൾ ആണ്ടുതോറും ചെലവിടാതെ ലാപ്സുചെയ്യാൻ അനുവദിച്ചില്ലയോ?

(ബി) മേൽപറഞ്ഞ മൂന്നുകൊല്ലങ്ങളിൽ ജനങ്ങൾ സ്വമനസ്സാലെ വെട്ടിത്തീർത്ത അല്പമൊഴിച്ചു ഒരു മൈൽ റോഡെങ്കിലും പൊതുമരാമത്തുഡിപ്പാർട്ടുമെന്റിൽനിന്നു വെട്ടീട്ടുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) ഉവ്വ്. റോഡിന്നാവശ്യമുള്ള സ്ഥലം ലാൻഡ്അക്വിസിഷൻ (പൊന്നുംവിലകൊടുത്തെടുക്കുക) റെഗുലേഷൻപ്രകാരം എടുക്കാനുള്ളതാണു കാരണം.

(ബി) ഭൂമി കൈവശം കിട്ടിയശേഷമേ എസ്റ്റിമേററ് അനുവദിക്കാനും പണി ആരംഭിക്കാനും പാടുള്ളു.

തിരുവിതാംകൂറിലെ പ്രദർശനങ്ങൾ.

൧൯൫. മി. ടി. സി. കേശവപിള്ള (കല്ലുകുളവും വിളവംകോടും): താഴെപറയുന്നസംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) തിരുവിതാംകൂറിൽ ആണ്ടുതോറും ഗവണ്മെന്റോ സ്വകാര്യ ആളുകളോ പ്രദർശനങ്ങൾ നടത്തുന്നുണ്ടോ?

(ബി) (എ) ഭാഗം ചോദ്യത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ ആ പ്രദർശനങ്ങളുടെ പേരുകളും എപ്പോൾ എവിടെ അവയെ നടത്തുന്നു എന്നും

(സി) അവയ്ക്കു സഹായധനമായിട്ടോ മററുവിധത്തിലോ കൊടുക്കുന്നതിനു വല്ല പണവും ഗവണ്മെന്റ് നീക്കിവച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) ഗവണ്മെന്റു ആണ്ടുതോറും പ്രദർശനങ്ങൾ നടത്തുന്നില്ല. കഴിഞ്ഞ രണ്ടുമൂന്നുവർഷം സ്വകാര്യആളുകൾ രണ്ടു പ്രദർശനങ്ങൾ നടത്തീട്ടുണ്ട്. പരസ്പരസഹാ

* അനുബന്ധം നം. ൦ നോക്കുക.

യസംഘങ്ങളുടെ ഏകോപിച്ച യോഗങ്ങളെ സംബന്ധിച്ചും പ്രദർശനങ്ങൾ നടത്താറുണ്ട്. അങ്ങനെയുള്ള പ്രദർശനങ്ങളിൽ ഗവൺമെന്റിന്റെ ഉപദേശപ്രകാരവും ചെലവിന്മേലും വ്യവസായം, വനം, കൃഷിഎന്നിഡിപ്പാർട്ടുമെന്റുകളും ഭാഗഭാക്കുകളായിട്ടുണ്ട്.

(ബി) അങ്ങനെയുള്ള പ്രദർശനങ്ങൾ താഴെപറയുന്നവയാണ്.

(൧) കഴിഞ്ഞ രണ്ടുമൂന്നുവർഷങ്ങളായി കർക്കടകമാസത്തിലെ കറുത്തവാവുദിവസം കഴിഞ്ഞുറവച്ചു നടത്തുന്ന വാവുബലി പ്രദർശനം.

(൨) കഴിഞ്ഞ രണ്ടുമൂന്നുവർഷങ്ങളായി നവംബർമാസത്തിലോ ഡിസംബർമാസത്തിലോ നെയ്യാറ്റിൻകരയിൽ ഒരു ദിവസം മാർത്താണ്ഡത്തുവെച്ചു വൈ. എം. സി. ഏ-യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കോഴി പ്രദർശനം.

(൩) ചങ്ങനാശ്ശേരിയിൽവച്ച് ൧൧൦൨-ലും ചേർത്തലവച്ച് ൧൧൦൨-ലും സമസ്തതിരുവിതാംകൂർ പരസ്പരസഹായസംഘങ്ങളുടെ യോഗസംബന്ധിച്ചു നടത്തിയ വ്യവസായവും വിദ്യാഭ്യാസവും കൃഷിയും പ്രദർശനങ്ങൾ.

(സി) ഇങ്ങനെയുള്ള പ്രദർശനങ്ങൾ സംബന്ധിച്ചു കൊടുക്കാനായി ൧൧൦൮-മാണ്ടത്തെക്കുള്ള ബഡ്ജറ്റിൽ ൬൦൦൦ രൂപാ അനുവദിച്ചിട്ടുണ്ട്.

അനുബന്ധം ൨൪.

൧൯൪-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൬-ലും ൧൧൦൭-ലും ചില താലൂക്കുകളിൽ കരിവുനിമിത്തം കൊടുത്തിട്ടുള്ള കരമൊഴിവിന്റെ വിവരം കാണിക്കുന്ന പട്ടിക.

		൧൧൦൬	൧൧൦൭
		രൂ. ച. കാ.	രൂ. ച. കാ.
(എ)	തിരുവനന്തപുരംതാലൂക്കിൽ കരിവു സംബന്ധിച്ചു ഇളച്ചുകൊടുത്തത്	൩൮൦-൨-൧-൨	൨൭൧-൫-൮
(ബി)	കോതയാർഅണക്കു കീഴുള്ള തെക്കൻ താലൂക്കുകളിൽ കരിവുസംബന്ധിച്ചു ഇളച്ചുകൊടുത്തതു		
	തോവാള	പൂജ്യം	൨൩൮-൦-൨
	അഗസ്തീശ്വരം	പൂജ്യം	൨൨൩൮-൯-൧൭
	കല്ക്കുളം	൧൬൨൬-൧൨-൯	൩൦൫൪-൧-൭
	വിളവങ്കോട്	൬൨൨.൧.൪-൯	൭൦൭൫-൧൯-൩

മേൽകാണിച്ച സംഖ്യകളിൽ കൃഷിസേചനനികുതി ഇളവുചെയ്തുകൊടുത്തതും ഉൾപ്പെട്ടും.

(സി) മേല്പടി താലൂക്കുകളിൽ ൧൧൦൬-ലും ൧൧൦൭-ലും ഇളവുചെയ്തുകൊടുത്ത ജലനികുതി

	൧൧൦൬	൧൧൦൭
തോവാള	പൂജ്യം	൯൨൩-൧-൧൨
അഗസ്തീശ്വരം	പൂജ്യം	൧൧൭൦൯-൦-൬
കല്ക്കുളം	പൂജ്യം	൪൯൯൫-൫-൧൧
വിളവങ്കോട്	പൂജ്യം	പൂജ്യം

അനുബന്ധം ൨൫.

൧൪൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

തിരുവനന്തപുരം ആർട്ട്സും സയൻസും കാളേജിലെ ജൂനിയർ ഇന്റർമീഡിയെററ് ക്ലാസ്സുകളിൽ വിദ്യാർത്ഥികൾക്കു പ്രവേശനം കൊടുത്തവിവരം പട്ടിക.

നമ്പർ	കാളേജിന്റെ പേര്	വന്ന അപേക്ഷകളുടെ എണ്ണം	(1) പ്രവേശനം കൊടുത്ത അപേക്ഷകന്മാരുടെ എണ്ണം	(2) യഥാർത്ഥത്തിൽ ക്ലാസിൽ വന്നുചേർന്നവരുടെ എണ്ണം	ഉപേക്ഷിച്ച അപേക്ഷകളുടെ എണ്ണം	ഉപേക്ഷിച്ചതിനു കാരണം
൧	തിരുവനന്തപുരം മഹാരാജാവു തിരുമനസ്സിലെ സയൻസ് കാളേജ്	൬൫൦	൨൭൯	൨൬൧	൧൭൬	സ്ഥലക്കുറവു, തിരുവിതാംകൂർകാരല്ലാത്തവരുടെ അപേക്ഷകളെല്ലാം ഉപേക്ഷിച്ചു
൨	തിരുവനന്തപുരം മഹാരാജാവു തിരുമനസ്സിലെ ആർട്ട്സ് കാളേജ്	൧൯൯	൧൯൨	൧൯൨	൮	ഈ അപേക്ഷകന്മാർഹാജരാകയോ ഇ. എസ്. എൽ. സി. സർട്ടിഫിക്കെറുകൾ ഹാജരാക്കുകയോ ചെയ്തില്ല.

അനുബന്ധം നം ൧.

൧൩-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

സർവെ ഡിപ്പാർട്ടുമെന്റിലെ സർവെയർമാരുടെ ജാതിവിവരം പട്ടിക.

	ജാതി.	എണ്ണം.
൧.	ഹിന്തുക്കൾ:—	
	ബ്രാഹ്മണർ (മലയാള)	
	ടി (മററു)	൨
	ഈഴവർ	൧
	കമ്മാളർ	
	ക്ഷത്രിയർ (മലയാള)	
	നാടാർ	
	നായർ	൧൮
	പുലയർ	
	വെള്ളാളർ	൧
	മററു അധഃകൃതർ	
	മററുഹിന്തുക്കൾ	
൨.	മുസ്സൽമാന്മാർ	
൩.	ക്രിസ്ത്യാനികൾ	
	പ്രൊട്ടസ്റ്റന്റുകാർ	
	റോമൻകത്തോലിക്കാർ	
(എ)	ലത്തീൻ	
(ബി)	സിറിയൻ	
	സിറിയൻ	
(എ)	യാക്കോബായ	
(ബി)	മാർത്തോമാ	
	ആകെ	൨൨

കുറിപ്പ്. ൧-൭-൨൫-ാംനു- ഒരുദ്യോഗം ഒഴിവായിരുന്നു.

അഭ്യർത്ഥനകൾക്കു അനുവദിച്ചിട്ടുള്ള സമയം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, അഭ്യർത്ഥനകളെസംബന്ധിച്ചുള്ള വാദത്തിനു അനുവദിച്ചിട്ടുള്ള സമയത്തിൽനിന്നു ചോദ്യങ്ങൾക്കു മറുപടിപറവാൻവേണ്ടിവരുന്ന സമയം ഒഴിച്ചുകിട്ടുവാൻ മെമ്പർമാക്കു അവകാശമില്ലയോ എന്നു ആലോചിക്കാം എന്നു താങ്കൾ ഇന്നാൾ വാഗ്ദാനം ചെയ്യുകയുണ്ടായി. ഇന്നലെ വനംഡിപ്പാർട്ടുമെന്റിനെസംബന്ധിച്ചുള്ള വാദത്തിനു ചോദ്യങ്ങൾക്കു മറുപടിപറയാനെടുത്ത സമയം കഴിച്ചാൽ ഞങ്ങൾക്കു അവകാശമുള്ള രണ്ടരമണിക്കൂർ കിട്ടിയില്ല. അതുകൊണ്ടു അനൌദ്യോഗസ്ഥമെമ്പർമാക്കു അവക്കുപറയാനുണ്ടായിരുന്ന പ്രധാനസംഗതികളെല്ലാം പറവാൻ സാധിച്ചില്ല. അതിനാൽ ഓരോപ്രത്യേകഡിപ്പാർട്ടുമെന്റിനെസംബന്ധിച്ചു വാദപ്രതിവാദംനടത്താൻ വേണ്ടുന്നസമയത്തിൽനിന്നു ചോദ്യങ്ങൾക്കു മറുപടിപറവാനുള്ള സമയം ഒഴിച്ചുതരത്തക്കവണ്ണം ഏർപ്പെടുത്തണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

വേറൊരുകാര്യംകൂടി പറവാനുണ്ട്. പ്രസിഡെന്റിന്റെ യുക്തംപോലെ ചെയ്യുവാനുള്ള അധികാരം കുറയ്ക്കാനല്ല എന്റെ ഈ നിവേദനത്തിന്റെ ഉദ്ദേശം ഒരുപ്രമേയത്തിന്റെ അവതാരകനു പത്തുമിനിട്ടുംപിന്താങ്ങുന്നവക്കു അനുകൂലിക്കുന്നവക്കും അഞ്ചുമിനിട്ടുവീതവുമാണു സംസാരിക്കാൻ അവകാശമുള്ളത്. മെമ്പർമാരുടെ അവകാശം കുറയ്ക്കാനും എനിക്കുദ്ദേശമില്ല. അവക്കു പത്തുമിനിട്ടു കൂടെസംസാരിക്കാൻ ആവശ്യമുണ്ടെന്നാണു താനും. കഴിഞ്ഞരണ്ടുദിവസങ്ങളായി ഈ സമയം മതിയാകുമെന്നു തോന്നുന്നില്ല. അതുനിമിത്തം പല പ്രധാനപ്രമേയങ്ങളെപ്പററി ഞങ്ങൾക്കു സംസാരിപ്പാൻ കഴിഞ്ഞില്ല. അതുകൊണ്ടു പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനും പിൻതാങ്ങുന്നതിനും അനുകൂലിക്കുന്നതിനും എതിർക്കുന്നതിനും ക്ലിപ്തപ്പെടുത്തിയിട്ടുള്ളസമയവും നിർബന്ധമാക്കണമെന്നു അപേക്ഷിക്കുന്നു?

പ്രസിഡന്റ്: അഭ്യർത്ഥനകളെസംബന്ധിച്ചുള്ള വാദപ്രതിവാദത്തിനു ഒരുദിവസം അനുവദിച്ചിട്ടുള്ള സംഗതികളിലെ അഞ്ചുമണിക്കൂറും ആറുദിവസം അനുവദിച്ചിട്ടുള്ള സംഗതികളിലെ രണ്ടരമണിക്കൂറും കണക്കാക്കുന്നതു ചോദ്യോത്തരങ്ങൾ കൊടുക്കുന്നസമയം ഒഴിച്ചുവേണമെന്നാകുന്നു സഭയുടെ അഭിപ്രായമെന്നാണോ ഞാൻ സങ്കല്പിക്കേണ്ടത്.

(സഭ ഈ അഭിപ്രായത്തോടു യോജിച്ചു.)

പ്രസിഡെണ്ട്: മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ അഭിപ്രായം സ്വീകരിച്ചാൽ, അതുനിമിത്തംഉണ്ടാകുന്ന സമയദീർഘം അഭ്യർത്ഥനകൾക്കു അനുവദിക്കുന്ന ആകെ സമയത്തിൽനിന്നു കുറയുന്നതാണെന്നുംഅക്കാരണത്താൽ നിശ്ചിതസമയത്തിനപ്പുറം സമയം ചോദിക്കുന്നില്ലെന്നും ആകുമെന്നോ ഞാൻ മനസ്സിലാക്കേണ്ടതു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അവസാനദിവസത്തിന്നപ്പുറം.

പ്രസിഡെണ്ട്: അതോ അഭ്യർത്ഥനകൾക്കെല്ലാംകൂടി അനുവദിച്ചദിവസങ്ങളുടെ അവസാനദിവസം അഞ്ചുമണിക്കപ്പുറം അതും സമ്മതിക്കുന്നപക്ഷം മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ അഭിപ്രായം സ്വീകരിച്ചു, ചോദ്യോത്തരത്തിനുള്ളസമയം ഒഴിച്ചു യഥാക്രമം അഞ്ചുമണിക്കൂറോ രണ്ടരമണിക്കൂറോ അനുവദിക്കുന്നതിനു എനിക്കുവിരോധമില്ല.

(സഭ അപ്രകാരം സമ്മതിച്ചു.)

പ്രസിഡെൻറ്: അതനുസരിച്ച് അഭ്യർത്ഥനകളെസംബന്ധിച്ചുള്ള വാദപ്രതിവാദത്തിന സമയം ഞാൻ അനുവദിക്കാം. മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞ [illegible] അനുവദിച്ചിട്ടുള്ള സമയത്തിലധികം ഞാൻ അനുവദിക്കുന്നു എന്ന അദ്ദേഹത്തിനുള്ള ധാരണയെപ്പറ്റി ഞാൻ വ്യസനിക്കുന്നു. ഒരു മെമ്പർ പറയുന്നതിൻെറ ഗൗരവംകൊണ്ടു അല്പംസമയംകൂടെ കേട്ടേക്കുന്നതെന്നല്ലാതെ ഞാൻ യാതൊരു മെമ്പറേയും നിശ്ചയിച്ചിട്ടുള്ളതിലധികം സമയം അനുവദിക്കാറില്ലെന്ന സംഗതി ഉറപ്പിച്ചു പറഞ്ഞുകൊള്ളുന്നു. ഇതാണ് ഞാൻ ചെയ്തുവരുന്നതെന്നും മേലാലും അങ്ങനെയാണ് ചെയ്യാൻ വിചാരിക്കുന്നതെന്നും സഭ വിശ്വസിക്കണം.

അഭ്യർത്ഥന ൧൦ (തുടർച്ച)

ഡിമാന്റ് ൧൦. സാമാന്യഭരണം—അക്കൗണ്ടോഫീസ് ഒഴിച്ചുള്ള ഇനങ്ങൾ.

ഉപക്ഷേപം ൧൦ (തുടർച്ച.)

മി: ജി. പി. നീലകണ്ഠപ്പിള്ള ([illegible]): സർ, [illegible] ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. അവതാരകൻെറ ഉദ്ദേശം ഇപ്പോഴത്തെ [illegible] ചൂണ്ടിക്കാണിക്കുകയാണെന്നു അദ്ദേഹം പറഞ്ഞുവല്ലോ. ഭരണയന്ത്രം ക്രമമായി നടക്കുന്നില്ലെന്നുള്ളതു [illegible] വേലചെയ്യുന്നതിൽ കാലതാമസം ഈ രാജ്യത്തെ എല്ലാഡിപ്പാർട്ടുമെൻറുകളുടേയും [illegible] യായിത്തീർന്നിട്ടുണ്ട്. ഇതു നീതിന്യായക്കോടതികളുടെ കാര്യത്തിൽ ഗവണ്മെൻറു സമ്മതിച്ചിട്ടുണ്ട്. വ്യവഹാരങ്ങളുടെ കാര്യത്തിലുണ്ടാകുന്ന കാലതാമസത്തെപ്പറ്റി അന്വേഷണം നടത്തുന്നതിനു [illegible] അനുവദിച്ചിട്ടുണ്ട്. ഇതിനു [illegible] പ്രത്യക്ഷമാണ്. ഭരണവ്യവസ്ഥ [illegible] ആവശ്യമുള്ളതാണ്. [illegible] ഉദ്യോഗസ്ഥന്മാരുടെ [illegible] കാലതാമസം [illegible] നിയമിക്കുന്നില്ല. [illegible] ഈ സഭയിൽ പ്രസ്താവിച്ചുവല്ലോ. [illegible] അവിടെ [illegible] നിയമിച്ചില്ല. [illegible] കാര്യത്തിൽ ഉദ്യോഗസ്ഥന്മാരുടെ [illegible] ഉദ്യോഗസ്ഥന്മാരുടെ [illegible] കോളേജ് പ്രിൻസിപ്പാളന്മാരിൽ [illegible] ഉദ്യോഗസ്ഥന്മാരുടെ [illegible] ഉദ്യോഗസ്ഥന്മാർ അവരുടെ ഉദ്യോഗങ്ങൾക്കു [illegible] വിചാരിച്ചു വരുന്നതായി കാണുന്നു. തങ്ങളുടെ [illegible] ഈ അനീതിയും [illegible] ചെയ്യുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു [illegible] ചെയ്യുന്നു.

മി: [illegible] ([illegible]): സർ, ടി. [illegible] ഉപക്ഷേപത്തെ [illegible] അനുകൂലിക്കുന്നു. രാജ്യത്തിൻെറ ഭരണത്തിൽ [illegible] ഗവണ്മെൻറിൻെറ [illegible] ഈ ചട്ടങ്ങളും നിയമങ്ങളും [illegible] ആയ രീതികളും ആ ചട്ടങ്ങളും നിയമങ്ങളും പ്രയോഗിക്കുന്ന വിധങ്ങളും [illegible] ധ്വംസിക്കുവാൻ ഗവണ്മെൻറു [illegible] രാഷ്ട്രീയ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനു അനുവാദം [illegible] കാര്യത്തിൽ [illegible] ഗവണ്മെൻറിൻെറ [illegible] വിധേയമാക്കപ്പെടുന്നു. [illegible] പൂർണ്ണമായി സമ്മതിച്ചിട്ടുള്ള ഒരു കാര്യമാണ്. [illegible] സംബന്ധിച്ച് [illegible] സാക്ഷികളായി [illegible] ചെയ്തിട്ടുണ്ട്. [illegible] സ്ഥാപനങ്ങൾ ഉണ്ടാക്കാൻ അനുവാദം [illegible] ഒരു പ്രവൃത്തിയാണ്. [illegible] ഗവണ്മെൻറു റിക്കാർഡുകൾ പരിശോധിച്ചാൽ നിസ്സാര കാരണങ്ങൾ പറഞ്ഞു [illegible] ഉപേക്ഷിച്ചിട്ടുണ്ടെന്നും അനേകം അപേക്ഷകൾ തീർച്ച ചെയ്യാതെ നിറുത്തിവച്ചിട്ടുണ്ടെന്നും കാണാം. ഈ [illegible] ഗവണ്മെൻറിൻെറ ആലോചനയ്ക്കു വരുമ്പോൾ [illegible] ഉദ്ദേശിച്ചിട്ടുള്ളതാണ് [illegible] അതിനെ കരുതുന്നതു്. [illegible] ന്യായമായിട്ടുള്ള [illegible] സങ്കല്പിക്കേണ്ടതു്. ഇപ്പോൾ ഇക്കാര്യം പാർട്ടിക്കാരുടെ അധികാരത്തിനു [illegible] അന്വേഷണം നടത്താൻ അദ്ദേഹത്തോടാജ്ഞാപിക്കുന്നു. [illegible] അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യും. [illegible] പറയുന്ന വിവരങ്ങളെ [illegible] മേലധികാരസ്ഥന്മാർ പ്രവർത്തിക്കുന്നതു്. ഇതു ഞങ്ങളുടെ അന്തഃകരണ സ്വാതന്ത്ര്യത്തെ ധ്വംസനം ചെയ്യുകയാകുന്നു.

വീണ്ടും ഈയിട വേറൊരു നിയമം ഉണ്ടാക്കി ഞങ്ങളുടെ സംഘടനാ സ്വാതന്ത്ര്യത്തെ ഗവണ്മെൻറു ധ്വംസനം ചെയ്തിട്ടുണ്ട്. ഞങ്ങളുടെ വിചാര സ്വാതന്ത്ര്യത്തെയും സംഘടനാസ്വാതന്ത്ര്യത്തെയും തടയുന്ന ഒരു നിയമമായ പത്രറെഗുലേഷനെ സംബന്ധിച്ചു ഈ സഭയിൽ പല പ്രാവശ്യം വാദപ്രതിവാദം നടത്തിയിട്ടുള്ളതും ഞങ്ങളുടെ പ്രതിഷേധം ഗവണ്മെൻറിൻെറ അറിവിൽ കൊണ്ടുവന്നിട്ടുള്ളതും ആകുന്നു. ഈ റെഗുലേഷൻ നടപ്പിൽ വരുത്തിയപ്പോഴത്തെ സ്ഥിതി എന്തായിരുന്നാലും അതിനുണ്ടായ കാരണങ്ങളും എന്തായിരുന്നാലും അതിനെ പുനരാലോചന ചെയ്യേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുന്നു. ഇതിനെപ്പറ്റി വീണ്ടും ആലോചിച്ചു ഇതു ഇനിയും നിയമമായി വച്ചുകൊണ്ടിരിക്കാതിരിക്കയും ഞങ്ങളുടെ മൌലികാവകാശമായ [illegible] സ്വാതന്ത്ര്യം തടസ്സപ്പെടുത്താതിരിക്കയും ചെയ്താൽ ഇപ്പോഴത്തെ ഭരണം ജനസമ്മതിക്കു പാത്രമാകുന്നതാകുന്നു.

എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പായി നമ്മുടെ പ്രതിനിധിസ്ഥാപനങ്ങളെയും രണ്ടാധിപന്മാരെയും പററി അല്പം സംസാരിച്ചുകൊള്ളുന്നു. ഞങ്ങൾക്കു രണ്ടു പ്രതിനിധി സ്ഥാപനങ്ങൾ തന്നിട്ടുണ്ട്; നിയമസഭയും പ്രജാസഭയും. ഇതൊരു കപടവേലയാണെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. ചില അംഗീകൃത ചട്ടങ്ങളനുസരിച്ചാകുന്നു നമ്മുടെ നിയമസഭ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ചട്ടങ്ങളുടെ വിചിത്ര പ്രയോഗം കൊണ്ടും കൌശലവ്യാഖ്യാനം നിമിത്തവും ഞങ്ങളുടെ അനുഭവം കഷ്ടതരമാണ്. ഞങ്ങൾ വല്ല പ്രമേയങ്ങളും അവതരിപ്പിക്കയോ ചോദ്യങ്ങൾ ചോദിക്കയോ ചെയ്യുമ്പോൾ വല്ല വകുപ്പും പ്രയോഗിച്ച് അവയെ തള്ളിക്കളയും. ഈ റഗുലേഷൻ പ്രകാരം ഞങ്ങൾക്കവകാശമുള്ള ഗുണങ്ങളെല്ലാം ഞങ്ങൾക്കു ലഭിക്കുമാറാകണം. ഞങ്ങളുടെ ചോദ്യങ്ങളെ അനുവദിക്കാതിരിക്കുന്നതിങ്കലുള്ള മാർഗ്ഗം അതാകുന്നു. ഞങ്ങളെ പ്രോത്സാഹിപ്പിക്കാതിരിക്കുന്നിടത്തോളം അതു കൊണ്ടൊരു ഗുണവും ഉണ്ടാകയില്ല. പ്രജാസഭയെക്കുറിച്ചും ഇതു തന്നെയാണ് പറയാനുള്ളത്. നമ്മുടെ പഴയ പ്രജാസഭ ഇപ്പോഴും നിലനിന്നു പോരുന്നതു സന്തോഷം തന്നെ. എന്നാൽ ഇപ്പോഴത്തെ മാതിരിയിൽ നിലനിന്നതുകൊണ്ടു പ്രയോജനമില്ല. അതിനെ പരിഷ്കരിക്കണം. പ്രജാസഭയുടെ അടിസ്ഥാനം തന്നെയും പ്രജാസഭയെ ഉപയോഗപ്പെടുത്തുന്ന മാർഗ്ഗങ്ങളും മാറ്റപ്പെടുത്താതെ ഇങ്ങനെയുള്ള പ്രതിനിധീകരണംകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകയില്ല. ഇനി നിയമസഭയും ഗവൺമെന്റും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് അല്പം പറയാം. രാജ്യം പല പ്രദേശത്തിന്മേൽ ഞങ്ങൾക്കൊന്നും നിയന്ത്രണാധികാരം ഉണ്ടെന്നാണു സങ്കല്പം. ചില ചെലവുകൾക്കു പണം അനുവദിക്കണമെന്നു ഞങ്ങളോടു ആവശ്യപ്പെടാറുണ്ട്. ഞങ്ങൾക്കൊരു ഫൈനാൻസ് കമ്മിററിയുണ്ട്. അതിന്റെ ഉദ്ദേശം ഉപദേശങ്ങൾ നല്കുകയാണ്. കമ്മററിയുടെ മുമ്പാകെ ചില പുതിയ ഇനം ചെലവുകളെപ്പററി ആലോചനകൾ കൊണ്ടുവരും. ഞങ്ങൾക്കു ഉപദേശം കൊടുക്കാം. ഉപദേശം സ്വീകരിച്ചാലുമായി സ്വീകരിച്ചില്ലെങ്കിലുമായി. അതു ഗവൺമെന്റിന്റെ സൽബുദ്ധിയെ ആശ്രയിച്ചിരിക്കും. ഞങ്ങളുടെ അവകാശങ്ങൾ വർദ്ധിപ്പിക്കണമെന്നാകുന്നു ഞങ്ങൾ ആവശ്യപ്പെടുന്നത്. മിസ്റ്റർ ആശാൻ ആവശ്യപ്പെട്ടപ്രകാരം ഒരു പബ്ലിക്ക് അക്കൌണ്ട്സ് കമ്മററിയെ നിയമിക്കണമെന്നു ഞാൻ ബലമായി ശിപാർശ ചെയ്തുകൊള്ളുന്നു. ഇതുകൊണ്ടു ഗവൺമെന്റിനു സഹായമല്ലാതെ ഭരണത്തിനു വിഘ്നമുണ്ടാകയില്ല. ഞങ്ങൾ വിദഗ്ദ്ധന്മാരല്ലെങ്കിലും ഞങ്ങൾക്കു രാജ്യത്തിന്റെ സ്ഥിതി അറിയാമെന്നും ജനങ്ങളുടെ ആവശ്യങ്ങൾ എന്തെല്ലാമെന്നു അറിയാമെന്നും അനുഭവങ്ങളുണ്ട്; ഇതു ഗവൺമെന്റിനു സഹായമായിരിക്കുമല്ലോ. ഞങ്ങളുടെ അപേക്ഷ മുഴുവനും മിതമായിട്ടുള്ളതാണ്. മിസ്റ്റർ ആശാന്റെ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ഈ സംഗതികളാണു എനിക്കു പറവാനുള്ളത്.

മി: എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): സഭയുടെ മുമ്പാകെയുള്ള ഉപക്ഷേപത്തെ ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു. ഈ സഭ പാസാക്കുന്ന പ്രമേയങ്ങളെയും ഉപക്ഷേപങ്ങളെയും ഗവൺമെന്റു എത്ര നിസ്സാരമായി കരുതുന്നു എന്നു ഉപക്ഷേപകർത്താവു നമ്മോടു പറഞ്ഞുവല്ലോ. ഹോമിയോപ്പതി ചികിത്സാക്രമത്തെ പ്രോത്സാഹിപ്പിക്കണം എന്നതുപോലെ നിർദ്ദോഷമായ ഒരു പ്രമേയമായിരുന്നാലും അഞ്ചൽ കൂലി കുറയ്ക്കണമെന്നുള്ളതുപോലെ സർവ്വസമ്മതമായ ഗുണകരമായ ഒരു പ്രമേയമായിരുന്നാലും ഗ്രാമപഞ്ചായത്തു റഗുലേഷൻ പോലെ ഗ്രാമീണജനങ്ങൾക്കു ഉപകാരപ്രദമാകണമെന്നുദ്ദേശിച്ചിട്ടുള്ള ഒരു പ്രമേയമായിരുന്നാലും ഗവൺമെന്റിനു എല്ലാം ഒരുപോലെയാണ്. ഗ്രാമപഞ്ചായത്തു റഗുലേഷൻ നടപ്പിൽ വരുത്തുന്ന കാര്യത്തിൽ ഗവൺമെന്റു കാണിക്കുന്ന അനാസ്ഥ മനഃപൂർവ്വമാണെന്നു ആരെങ്കിലും ശങ്കിക്കപോലും ചെയ്യാത്ത നമ്മുടെ ഡിപ്പ്യൂട്ടി പ്രസിഡന്റിന്റെ ആക്ഷേപത്തിനു വിഷയമായി നാം ഇന്നാൾ കണ്ടുവല്ലോ. ഈ വർഷത്തെ പ്രജാസഭയിൽ ദിവാൻജി ചെയ്ത പ്രസംഗത്തിൽ ഇവിടെ ഉടനെതന്നെ ചില ലേബർബോർഡുകൾ സ്ഥാപിക്കുന്നതാണെന്നു പ്രസ്താവിക്കയുണ്ടായല്ലോ. എന്നാൽ ആ കാര്യത്തിൽ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ? അതിന്നായി വരുന്ന ചെലവുകൾക്കുള്ള ബഡ്ജററിൽ വല്ല പണവും അനുവദിച്ചിട്ടുണ്ടോ? ഇല്ല. ലാൻഡ് മോർട്ട്ഗേജ് ബാങ്കിന്റെ കാര്യത്തിൽ അങ്ങനെയൊരു ബാങ്ക് ഏർപ്പെടുത്താൻ ആദ്യമായി ഉദ്യമിച്ചതു ഗവൺമെന്റായിരുന്നു. എന്നാൽ സഭയുടെ കഴിഞ്ഞ യോഗത്തിൽ അതിന്റെ ആവശ്യകതയെപ്പററിക്കൊണ്ടുവരുന്ന ഒരു പ്രമേയം ഗവൺമെന്റിനെക്കൊണ്ടു സ്വീകരിപ്പിക്കാൻ എന്തു പ്രയാസമുണ്ടായിരുന്നു എന്നു നമുക്കു അറിയാമല്ലോ.

സർ, ഈ സഭയിലെ ചോദ്യോത്തരങ്ങളെപ്പററിയും എനിക്കൊരു വാക്കു പറവാനുണ്ട്. ഞങ്ങൾ ഒട്ടു വളരെ ചോദ്യങ്ങൾ അയക്കുന്നു എന്നു ഗവൺമെന്റിനൊരു അഭിപ്രായം ഉള്ളതായി തോന്നുന്നു. അങ്ങനെ ചെയ്യാതെ നിവൃത്തിയില്ലെന്നാണു ഞാൻ ബോധിപ്പിക്കുന്നതു, കാര്യങ്ങളുടെ യഥാർത്ഥസ്ഥിതി അറിവാനാണു ചോദ്യങ്ങൾ ചോദിക്കുന്നത്. അതറിയാതെ ഞങ്ങൾക്കു യാതൊന്നും ചെയ്വാൻ സാധിക്കയില്ല. ചട്ടങ്ങൾ പ്രകാരവും ഓരോ ദിവസത്തെ യോഗത്തിലും ആദ്യത്തെ മണിക്കൂറും ചോദ്യങ്ങൾ ചോദിക്കാനും മറുപടി പറയാനും വിനിയോഗിക്കണമെന്നു വച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ചെയ്യുന്നതു എന്താണ്, മറുപടിക്കു തക്ക കാര്യമുള്ള കുറെ ചോദ്യങ്ങൾ ഗവൺമെന്റു തിരഞ്ഞെടുത്തു മറുപടി പറയുന്നു. അതിനു അരമണിക്കൂറോ അതിൽ കുറവോ മാത്രമേ ആവശ്യമുള്ളു. സഭയുടെ ഈ സെഷനിൽ ഏഴു ദിവസം കഴിഞ്ഞുപോയിരിക്കുന്നു. എങ്കിലും ഞങ്ങൾ ൭൱ ചോദ്യങ്ങൾ അയച്ചിട്ടുണ്ടെങ്കിലും ഇരുനൂറു ഇരുനൂററമ്പതു ചോദ്യങ്ങൾക്കു മാത്രമേ ഗവൺമെന്റു മറുപടിപറകയോ മറുപടി പറയാൻ കഴിയുമെന്നു വിചാരിക്കയോ ചെയ്തിട്ടുള്ളു. ഗവൺമെന്റുദ്യോഗസ്ഥന്മാരുടെ സ്ഥിതി സുരക്ഷിതവും സുഖകരവും ആകുന്നു. അവരുടെ ശമ്പളത്തിൽ ഒരു കാശുപോലും കുറയ്ക്കുവാൻ ഞങ്ങൾക്കു കഴികയില്ല. ഇപ്പോഴത്തെ റഗുലേഷനും ചട്ടങ്ങളും പ്രകാരം ഞങ്ങൾ പാസാക്കുന്ന പ്രമേയങ്ങൾ ശിപാർശകൾ മാത്രമാണെന്നു ഞങ്ങൾക്കറിയാം. ഈ വ്യവസ്ഥയുടെയും ഉദ്യോഗസ്ഥന്മാരുടെയും കുററമാണ്. ഈ സഭയ്ക്കു യഥാർത്ഥമായ അധികാരം ലഭിക്കാത്തപക്ഷം കാര്യങ്ങൾ കുറെക്കാലം കൂടി ഇങ്ങനെതന്നെ നടക്കേണ്ടിവരും. ഈ പ്രസ്താവനകളോടും മിസ്റ്റർ മുതിക്കന്റെ അഭിപ്രായങ്ങളെ പൂർണ്ണമായി അനുകൂലിച്ചുകൊണ്ടു ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): മി. ആശാന്റെ ഉപക്ഷേപത്തെ ഞാൻ ബലമായിട്ടു പിൻതാങ്ങിക്കൊള്ളുന്നു. ഒരു രാജ്യത്തിന്റെ സകലവിധമായ ക്ഷേമൈശ്വര്യങ്ങളും ആ രാജ്യത്തെ ഭരണനയത്തെ ആശ്രയിച്ചിരിക്കുമെന്നുള്ളത് ആരും സമ്മതിക്കുന്ന ഒരു വാസ്തവമാണ്. പൊതുജനങ്ങളുടെ അഭിപ്രായം

ആദരിക്കാതെയും അവരുടെ അനുകൂലത്തോടുകൂടി അല്ലാതെയും നടത്തുന്ന ഭരണം ഭരിക്കപ്പെടുന്നവർക്കു ഹിതകരമായിട്ടു പര്യവസാനിക്കുന്നതല്ല. ഇവിടത്തെ പൊതുജനങ്ങളുടെ അഭിപ്രായം അറിയുന്നതിനു രൂപീകരിച്ചിട്ടുള്ള രണ്ടു ഭരണസ്ഥാപനങ്ങളിൽ ഒന്നു നിയമസഭയും മറെറാന്നു പ്രജാസഭയുമാണ്. ഈ നിയമസഭയിൽ ഞങ്ങളെല്ലാവരും ഞങ്ങളുടെ നിയോജകമണ്ഡലത്തിൽനിന്നും പ്രതിനിധികളായിട്ടു വരികയും പൊതുജനങ്ങൾക്കാവശ്യമുള്ള പല കാര്യങ്ങളെപ്പററിയും ഇവിടെ പ്രതിപാദിക്കുകയും പലപല നിശ്ചയങ്ങളെ പാസാക്കുകയും ചെയ്യുന്നുണ്ട്. അവയിൽ ഒരെണ്ണംപോലും ഇതുവരെ ഗവൺമെൻറ അംഗീകരിച്ചു അതിന്മേൽ യാതൊരു നടപടിയും നടത്തീട്ടുള്ളതായി കാണുന്നില്ല. അപ്രകാരംതന്നെയാണ് ഞങ്ങൾ ചോദിക്കുന്ന ചോദ്യങ്ങളെസംബന്ധിച്ചു ഗവൺമെൻറ നൽകുന്ന മറുപടിയും. അതിനു ഉദാഹരണം പറയുകയാണെങ്കിൽ സർക്കാർ ഉദ്യോഗസ്ഥന്മാരെ പരസ്യമായി അന്വേഷണം നടത്തി സർവീസിൽനിന്നും പിരിച്ചശേഷം അങ്ങിനെ പിരിയാൻ ഹേതുവായ കമ്മീഷണർമാരുടെ റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കുമോ എന്നു ചോദിച്ചതിനു അതു വ്യക്തിപരമായിട്ടുള്ളതാണ് ഞങ്ങളെ കാണിക്കാൻ പാടില്ലാ എന്നാണ് കിട്ടിയ ഉത്തരം. ഈ കുററക്കാരനെ ശിക്ഷിച്ചതിനുശേഷം അതിലേക്കുള്ള ജഡ്ജിമെൻറ തരാൻ പാടില്ല എന്നു പറയുന്നതുപോലെയിരിക്കുന്നു. അപ്രകാരംതന്നെ ഞങ്ങൾ പാസാക്കുന്ന ഉപക്ഷേപങ്ങളെ സംബന്ധിച്ചും ഗവൺമെൻറ യാതൊന്നും നടത്തുന്നില്ല. ഞങ്ങൾ ഇവിടെ വന്നു ഉപക്ഷേപങ്ങൾ ഹാജരാക്കി വാദപ്രതിവാദംചെയ്തു പാസാക്കി തിരിച്ചുപോകുന്നതല്ലാതെ ഞങ്ങൾ ഇവിടെ ചിലവുചെയ്യുന്ന പണംകൊണ്ടു യാതൊരു പ്രയോജനവും സിദ്ധിക്കുന്നില്ല. ഈ നിലയിൽ ഈ കൗൺസിൽ നടത്തിപ്പോകുന്നതിനെക്കാൾ ഇതിനെ നിർത്തൽചെയ്യുകയല്ലയോ നല്ലതു എന്നു തോന്നിപ്പോകുന്നു. കൊച്ചിയിൽ നടന്ന നിയമസഭയിൽ ഭരണത്തിനുള്ള മുഴുവൻ പണവും അനുവദിച്ചില്ല എന്നു അറിയുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം): അയൽരാജ്യമായ കൊച്ചിയിൽ നടക്കുന്ന സംഗതികളെ അനുകരിക്കുന്നതിനു ഇവിടത്തെ പ്രജകൾ അപ്രാപ്തരല്ല എന്നു അറിയാമോ?

മി: മുരവേലിൽപാച്ചുപ്പിള്ള (ചേർത്തല): അതിനെ അനുകരിക്കുന്നതിനു ഈ രാജ്യത്തെ പ്രജകൾ ഒട്ടും അപ്രാപ്തരല്ല എന്ന് എനിക്കു നല്ലവണ്ണം അറിയാം. എന്നാൽ അതിനെ അനുകരിക്കണമെന്നുള്ള വിചാരം ഇപ്പോൾ ഇവിടത്തെ പ്രജകൾക്കില്ലാത്തതുകൊണ്ടുമാത്രം അനുകരിക്കാതിരിക്കയാണ്. ഈ കൗൺസിലിന്റെ ഗാഢമായ ശ്രദ്ധക്കു വിഷയമാകേണ്ടതാണ്. ഞങ്ങൾ ഇവിടെ പാസാക്കുന്ന പ്രമേയങ്ങളെയും ഉപക്ഷേപങ്ങളെയും സംബന്ധിച്ചു ഗവൺമെൻറ യാതൊരു നടപടിയും നടത്തുന്നില്ല എന്നുവരുകിൽ ഞങ്ങൾ ഈ നിയമസഭയിൽ പ്രതിനിധികളായിട്ടു വരുന്നതുകൊണ്ടും ഈ നിയമസഭകൊണ്ടും ഉള്ള പ്രയോജനമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു പൊതുജനങ്ങളുടെ അഭിപ്രായത്തെ ആദരിച്ചു പ്രവർത്തിക്കുന്നതിൽ ഗവൺമെൻറ ഗാഢമായി ശ്രദ്ധിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ഈ രാജ്യത്തെ ഓരോ ഡിപ്പാർട്ടുമെൻറ കാര്യങ്ങളെപ്പററി പറയുകയാണെങ്കിൽ പല ഡിപ്പാർട്ടുമെൻറുകളിലും പല വിധമായ കുഴപ്പങ്ങൾ നടന്നുവരുന്നുണ്ട്. ഇവ എല്ലാം പ്രത്യേകമായിട്ടു ശ്രദ്ധിച്ചു കഴിയുന്നതും വേഗത്തിൽ പരിഹാരമുണ്ടാക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്കു): സർ, മിസ്റ്റർ മാമ്മേൻകുശാൻ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ ഞാനും ബലമായി പിൻതാങ്ങുന്നു. തിരുവിതാംകൂർ രാജ്യഭരണം കാര്യക്ഷമമായി നടക്കാതിരിക്കുന്നതിനു എനിക്കു തോന്നുന്ന ഒന്നുരണ്ടു കാരണങ്ങൾ പറയാം. പൊതുജനദാസന്മാരായ ഉദ്യോഗസ്ഥന്മാർ—പ്രത്യേകിച്ചുമേലുദ്യോഗസ്ഥന്മാർ—ആവിചാരംകൂടാതെ എല്ലാകാര്യങ്ങളിലും എല്ലാസമയങ്ങളിലും ഞങ്ങൾ പൊതുജനമേധാവികളാണെന്നുള്ള ഭാവത്തിൽ ഉദ്യോഗികൃത്യങ്ങൾ ചെയ്തുവരുന്നതുകൊണ്ടു പൊതുജനഹിതമറിഞ്ഞു കാര്യക്ഷമമായ ഭരണം നടത്തുന്നതിനു അവർക്കു സാധിക്കുന്നില്ല. അവരുടെ അധികാരപ്രമത്തതയും ദുഷ്പ്രഭുത്വവും എത്രമാത്രം വർദ്ധിച്ചിട്ടുണ്ടെന്നും തൻമൂലം ജനങ്ങൾ എത്രമാത്രം സങ്കടങ്ങൾ അനുഭവിക്കുന്നുണ്ടെന്നും പറഞ്ഞറിയിക്കുവാൻ പ്രയാസം. ഉദ്യോഗസ്ഥന്മാരെ നേരിട്ടുകണ്ടോ ഹർജികൾമുഖേനയോ സങ്കടനിവൃത്തിവരുത്തുവാൻ കഴിവില്ലാതെയാണിരിക്കുന്നതു്. ഹർജികൾ കൊടുത്താൽ തരമുണ്ടെങ്കിൽ സ്വീകരിക്കയില്ല. സ്വീകരിച്ചാൽ ഗൌനിക്കയുമില്ല. കാണാൻ ചെന്നാൽ അനുവദിക്കയില്ല. കാണ്മാൻ അനുവദിച്ചാൽ സംസാരിക്കാൻ സമ്മതിക്കയുമില്ല. സംസാരിക്കുകയാണെങ്കിൽ അതുമിതും പറഞ്ഞും അപമര്യാദയായി പെരുമാറിയും സങ്കടപ്പെടുത്തിയും അയക്കുന്നു. പ്രജാവത്സലയായ മഹാറാണിജിയുടെ തിരുമേനിയെയോ തിരുവിതാംകൂർ ദിവാൻജി അവർകളെയോ കാണുന്നതിനോ സങ്കടമറിയിക്കുന്നതിനോ ജനങ്ങൾക്കു ഇതുമേൽ വിഷമമില്ല.

ശാന്തമായി ഈ കൗൺസിലിൽതന്നെ ജനപ്രതിനിധികൾ ഭരണവിഷയങ്ങളെപ്പററി പല നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അദ്ധ്യക്ഷനായ ദിവാൻജി അവർകൾ അതെല്ലാം ക്ഷമാപൂർവം കേട്ടു ആവശ്യാനുസരണം തൃപ്തികരമായ മറുപടികൾ നൽകുകയും ചെയ്യുന്നുണ്ട്. എന്നാൽ ഉദ്യോഗസ്ഥന്മാർ ഈ സഭയിൽ അംഗങ്ങളായിരിക്കുന്ന ഉദ്യോഗസ്ഥന്മാർ—അപ്രകാരം ചെയ്യുന്നില്ല. ഉദാഹരണമായിട്ടു ഫാറസ്റ്റ് കൺസർവേററർ അവർകളോടു വനത്തിൽനിന്നും ഏതെങ്കിലും ചതുപ്പു നിലങ്ങൾ ആർക്കെങ്കിലും പതിച്ചുകൊടുക്കുന്നതിനു ഗവൺമെൻറിനോടു ശുപാർശചെയ്തിട്ടുണ്ടോ എന്നു ഞാൻ ഇന്നലെ ചോദിച്ച ചോദ്യത്തിനു "ഞാൻ മറുപടിപറയാൻ നിഷേധിക്കുന്നു" എന്നാണു മറുപടി പറഞ്ഞതു്.

സർ, ആണ്ടിൽ ശരാശരി ഉദ്ദേശം പത്തു രൂപാ ആദായമുള്ള ഓരോ തിരുവിതാംകൂർ പൌരനിൽനിന്നും ഉദ്ദേശം ആറു രൂപാ വീതം രാജ്യഭരണാർത്ഥമെന്ന സങ്കല്പത്തിൽ പിരിച്ചെടുത്തു അതിന്റെ സിംഹഭാഗവും ഉദ്യോഗസ്ഥന്മാരുടെ ഉദരപൂരണാർത്ഥം ചിലവഴിക്കുന്ന തിരുവിതാംകൂർ ഗവൺമെൻറിന്റെ ചുമതലയേറിയ ഒരു ഡിപ്പാർട്ടുമെൻറ് മേധാവിയായ ഫാറസ്റ്റ് കൺസർവേററർ പൊതുജനപ്രതിനിധി സ്ഥാപനമാകുന്ന ഈ നിയമസഭയിൽവച്ചു തിരുവിതാംകൂർ മഹാറാണി റീജൻറ തിരുമനസ്സിലെ ദിവാന്റെമുമ്പിൽ വച്ചു നിയമസഭാ അദ്ധ്യക്ഷന്റെ മുൻപിൽവച്ചു പൊതുജനപ്രതിനിധിയായ ഒരു മെംബറിന്റെ ചോദ്യത്തിനു അഹങ്കാരമായിട്ടും അപമര്യാദയായിട്ടും, അക്രമമായിട്ടും 'എനിക്കു ഉത്തരം പറയാൻ മനസ്സില്ല' എന്നു ധിക്കാരമായി മറുപടി പറയുന്നതിനു ധൈര്യപ്പെട്ട ഈ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അദ്ദേഹത്തെപ്പോലെയുള്ള മററു ഉദ്യോഗസ്ഥന്മാരോ ഈ കൗൺസിലിനു പുറത്തുവച്ചു വെറും സാധാരണജനങ്ങളോടു പെരുമാറുന്ന രീതി എന്തായിരിക്കുമെന്നു ഞാൻ പറയുന്നതിനെക്കാൾ ഭേദം അവിടുന്നു ഊഹിച്ചുകൊള്ളുകയാണ്.

സർ, പൊതുജനങ്ങൾ ഉദ്യോഗസ്ഥന്മാരുടെ അടുത്തുചെല്ലുന്നതു തക്കതായ ആവശ്യത്തിനാണെന്നും അല്ലെന്നും വരാം. തക്കതായ സങ്കടത്തോടുകൂടിയാണെന്നും അല്ലെന്നും വരാം. എന്നാൽ അവർ തിരുവിതാംകൂറിലെ പൌരന്മാരാണ്. മഹാറാണി തിരുമനസ്സിലെ വാത്സല്യപ്രജകളാണ എന്നുള്ളതു ആ ഉദ്യോഗസ്ഥന്മാർക്കു നിഷേധിക്കുവാൻ പാടുള്ളതല്ല. അതുകൊണ്ടു ആ ബോധത്തോടുകൂടി ഉദ്യോഗസ്ഥന്മാർ ജനങ്ങളെ മര്യാദപൂർവ്വം സ്വീകരിക്കയും അവരുടെ സങ്കടങ്ങൾ ശ്രദ്ധാപൂർവം കേൾക്കുകയും ചെയ്യേണ്ടതാണ്. അല്ലാതെ ഇപ്പോഴത്തെ മാതിരി ഉദ്യോഗസ്ഥന്മാരെ സാധാരണ ജനങ്ങൾ കാണാൻചെന്നാൽ അനുവദിക്കയില്ല, സങ്കടം കേൾക്കുകയില്ല, മര്യാദയായി പെരുമാറുകയില്ല, എന്നീ ഭയങ്കരസ്ഥിതിയ്ക്കു അവിടുന്നു ഉടനെ നിവാരണം ഉണ്ടാക്കണം.

സർ, തിരുവിതാംകൂറിലെ ഭരണവൈകല്യങ്ങൾക്കുള്ള ഒരു പ്രധാനകാരണം ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗീയപക്ഷപാതത്തോടുകൂടിയുള്ള പെരുമാറ്റങ്ങളാണ്. തിരുവിതാംകൂറിൽ ഇന്നു കാണുന്ന വർഗ്ഗീയമത്സരങ്ങൾക്കും ഈ ഉദ്യോഗസ്ഥന്മാർതന്നെയാണ ഉത്തരവാദികൾ. ഗവൺമെന്റിനെപ്പറ്റി ജനങ്ങളുടെയിടയിൽ ഉണ്ടായിട്ടുള്ള ഭയങ്കരമായ അതൃപ്തിക്കും അവിശ്വാസത്തിനും കാരണക്കാരും ഇവർതന്നെയാണ്. വർത്തമാനപത്രറെഗുലേഷന്റെ നിർമ്മാണത്തിനു ഗവൺമെന്റിനെ പ്രേരിപ്പിച്ച സാഹചര്യങ്ങളും ഈ ഉദ്യോഗസ്ഥന്മാർതന്നെയാണുണ്ടാക്കിയതു. മിസ്റ്റർ രാഘവയ്യാ ദിവാനായിരുന്നകാലത്തു ഈ വസ്തുത മനസ്സിലാക്കി ഇതിനു ചില പരിഹാരമാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുകയുണ്ടായിട്ടുണ്ട്. ഓരോ ഡിപ്പാർട്ടുമെന്റിലും നടത്തുന്ന നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു വിവരപ്പട്ടിക മൂന്നുമാസത്തിലൊരിക്കൽ ഗവൺമെന്റിലേക്കു അയച്ചുകൊടുക്കണം എന്നു അദ്ദേഹം ആജ്ഞാപിച്ചു. അദ്ദേഹത്തിന്റെ കാലത്തു ഈ നിയമം നടപ്പിൽവന്നിരുന്നു. അതിൽ പിന്നീടു ചില ഡിപ്പാർട്ടുമെന്റുകാർമാത്രം അയച്ചുകൊടുക്കുക എന്നൊരു പതിവാണ വന്നിരിക്കുന്നതു. ഗവൺമെന്റുത്തരവുകളെ അനാദരിക്കുന്നതിൽ കുപ്രസിദ്ധിനേടിയിട്ടുള്ള മെഡിക്കൽബോർഡ് ഈ വിഷയത്തിലും അനാസ്ഥ പ്രദർശിപ്പിക്കുന്നു.

സർ, മഹാനും അതിബുദ്ധിമാനുമായിരുന്ന മിസ്റ്റർ രാഘവയ്യാ ഈ അഴിമതികളെ തീർക്കുന്നതിനു മറ്റൊരു മാർഗ്ഗംകൂടെ സ്വീകരിച്ചിരുന്നു. ഓരോ ഡിപ്പാർട്ടുമെന്റുകളിലുംനിന്നും കിട്ടിയിരുന്ന നിയമനപ്പട്ടികകൾ അദ്ദേഹം ശരിയായി പരിശോധിച്ചു ഗവൺമെന്റിന്റെ തീരുമാനങ്ങൾക്കെതിരായി വർഗ്ഗീയപക്ഷപാതം കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെ കഠിനമായി താക്കീതുചെയ്തും അവരോടു സമാധാനം ആവശ്യപ്പെട്ടുമുള്ള വിമർശനങ്ങളോടുകൂടി അദ്ദേഹം പട്ടികകൾ പ്രസിദ്ധപ്പെടുത്തിവന്നിരുന്നു. മിസ്റ്റർ രാഘവയ്യ ഇതുസംബന്ധമായി ൧൯൨൮ ഏപ്രിൽ ൨൭-ാം നു ൩൮൨ ജി. ഒ. നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള ഗവൺമെന്റു പ്രൊസീഡിംഗ്സ് ഇതിനൊരു ഉത്തമദൃഷ്ടാന്തമാണ്.

സർ, തിരുവിതാംകൂറിൽ നടക്കുന്ന വർഗ്ഗീയമത്സരങ്ങൾക്കും ഉദ്യോഗനിയമനങ്ങളിൽ കാണുന്ന അനീതികൾക്കും ഇതുതന്നെയാണ ശരിയായ പ്രതിവിധി. അതിനാൽ മേലാലെങ്കിലും മൂന്നു മാസത്തിലൊരിക്കൽ നിയമനപ്പട്ടികകൾ വരുത്തണം. ദിവാൻജി അവർകൾ തന്നെ അതു പരിശോധിക്കണം. കുറ്റക്കാരെ മാതൃകായോഗ്യമായി ശിക്ഷിക്കണം. ആ പട്ടികകളും തീരുമാനങ്ങളും അപ്പോഴപ്പോൾ ഗവൺമെന്റു ഗസറ്റിൽ പരസ്യം ചെയ്യണം.

സർ, മേൽ പറഞ്ഞപ്രകാരം അവിടുന്നു ചെയ്യുന്നപക്ഷം തിരുവിതാംകൂറിൽ ഇന്നു കാണുന്ന സർവ്വവർഗ്ഗീയമത്സരങ്ങളും ശമിച്ചു ജനങ്ങൾ ഏകയോഗക്ഷേമമായി ജീവിക്കുന്നതിനിടയാകുന്നതാകുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): മിസ്റ്റർ ആശാൻ അവതരിപ്പിച്ച ഉപക്ഷേപത്തെ അനുകൂലിക്കുന്നതിൽ, ആ വിഷയത്തെ സംബന്ധിച്ചു അല്പം ചില പ്രസ്താവനകൾ ചെയ്യാനേ എനിക്കുള്ളു.

ഈ രാജ്യത്തിന്റെ സാധാരണഭരണം അതൃപ്തികരമാണെന്നുള്ളതു ഒരു പരസ്യമായ രഹസ്യവും എല്ലാവരും സമ്മതിക്കുന്നതും ആകുന്നു. ഡിപ്പാർട്ടുമെന്റുകളുടെ ഭരണം പരാതിക്കും അതൃപ്തിക്കും കാരണമായിട്ടുണ്ട്. ഇതുകൊണ്ടുള്ള സങ്കടം ഗൌരവതരമാണ. ഇതിനു പരിഹാരമായി തൃപ്തികരമായ മാർഗ്ഗം ഉടനെ അവലംബിച്ചില്ലെങ്കിൽ രാജ്യത്തിൽ ക്ഷോഭം വർദ്ധിക്കുകയേ ഉള്ളൂ. ഒരു ദൃഷ്ടാന്തം മാത്രം പറയാം. ഞങ്ങൾ ചോദ്യങ്ങൾ ചോദിച്ചാൽ ഡിപ്പാർട്ടുമെന്റു മേലധികാരികളിൽ നിന്നു ശരിയായ മറുപടികൾ കിട്ടുന്നില്ല. ജനപ്രതിനിധികളായ ഞങ്ങൾ ഗവൺമെന്റിനെ സങ്കടങ്ങൾ അറിയിച്ചാൽ അവയ്ക്കു പരിഹാരമുണ്ടാക്കുകയൊ അവയെപ്പറ്റി ഗൌരവമായി ആലോചിക്കുകയോ ചെയ്യാറില്ല. ഇങ്ങനെ സംസാരിച്ചുകൊണ്ടിരുന്നാൽ എനിക്കു സമയം കിട്ടുകയില്ല. അതുകൊണ്ടു ചുരുക്കത്തിൽ പറഞ്ഞുകൊള്ളുന്നു. ഇവിടത്തെ പ്രധാന കോടതിയായ ഹൈക്കോടതിയിൽ ഒഴിവുകൾ ഉണ്ടായാറെ ആറുമാസക്കാലത്തിലധികം ആളെ നിയമിക്കാതെ ഇട്ടിരുന്നു. ഇതു നിമിത്തം ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടായി. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റും പരാതിക്കു കാരണം കൊടുക്കയും ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പാഠപുസ്തകങ്ങളുടെ തിരഞ്ഞെടുപ്പും ഉദ്യോഗസ്ഥന്മാർക്കു അനാവശ്യ അധികാരങ്ങൾ കൊടുത്തതും മറ്റും നിമിത്തം ജനങ്ങൾക്കു വലിയ പ്രയാസങ്ങൾ നേരിട്ടിട്ടുണ്ട്. ലാന്റുറവന്യൂഡിപ്പാർട്ടുമെന്റിന്റെ കാര്യം ആലോചിച്ചാൽ അതിലെ ഉദ്യോഗസ്ഥന്മാരുടെ സർക്കീട്ടു ഒട്ടും തന്നെ തൃപ്തികരമല്ല. പൊറമ്പോക്കുകളെ സംബന്ധിച്ചു അവരുടെ നടപടികൾ ജനങ്ങളെ അനാവശ്യമായി ഉപദ്രവിക്കുന്നുണ്ട്. സെക്രട്ടേറിയറ്റ് ഭരണത്തെ സംബന്ധിച്ചു ഇന്നലെ വേണ്ടിടത്തോളം പറഞ്ഞുവല്ലോ. അവിടെ ഒഴിവുവന്നാൽ ആളെ നിയമിക്കാതെ ദീർഘകാലം വെച്ചുകൊണ്ടിരിക്കുന്നതാണു ഒരു പ്രധാന സംഗതി. അതും അനാവശ്യപരാതിക്കു ഇടയാക്കീട്ടുണ്ട്. ഇന്നലെ ഞാൻ ചോദിച്ച ചോദ്യത്തിനു സെക്രട്ടേറിയറ്റിൽ ൨൦ ഒഴിവുകൾ ഉണ്ടെന്നും അതിലേക്കു ആക്ട് ചെയ്തിട്ടുള്ളവരെ നിയമിച്ചു എന്നും പറകയുണ്ടായി. ആക്ട് ചെയ്യുന്നവരിൽ മൂന്നു പേർക്കു ഇപ്പോൾ ജോലിയില്ലെന്നും ഈ ൨൦ ഒഴിവുകളിൽ [illegible] നിന്നു ആളുകളെ നിയമിച്ചു എന്നും വിശ്വസിക്കാവുന്ന മാർഗ്ഗങ്ങളൂടെ അറിയുന്നു. ഈ വക കാര്യങ്ങൾ ജനങ്ങളെ അനാവശ്യമായി കഷ്ടപ്പെടുത്തുന്നവയാണ. രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിനെപ്പറ്റി ആലോചിച്ചാൽ, അതിനെ സംബന്ധിച്ചും ഗൌരവമായ പരാതികൾ ഉണ്ട്.

ഈ വക കാര്യങ്ങളെ സംബന്ധിച്ച് ഉടനടി വല്ലതും പ്രവർത്തിച്ച് ഓരോ ഡിപ്പാർട്ടുമെന്റിലെയും ക്രമക്കേടുകൾക്കും അസമത്വങ്ങൾക്കും പരിഹാരമുണ്ടാക്കാത്തപക്ഷം ജനങ്ങൾക്ക് വലിയ കഷ്ടപ്പാടുകളും ബുദ്ധിമുട്ടും ഉണ്ടാകുമെന്നു ഞാൻ ബലമായി ഇവിടെ ബോധിപ്പിച്ചുകൊള്ളുന്നു. ജനപ്രതിനിധികൾ ഇവിടെ നിവേദനം ചെയ്യുന്ന വിഷയങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥന്മാരുടെ പെരുമാററം അശേഷം പ്രോത്സാഹകമല്ല. ഗവണ്മെൻറുദ്യോഗസ്ഥന്മാർ അവരുടെ ധർമ്മം ശരിയായി അനുഷ്ഠിക്കാതിരിക്കയും ജനങ്ങളുടെ സങ്കടത്തെപ്പററി ശരിയായി ഗൌനിക്കാതിരിക്കയും ചെയ്താൽ ജനങ്ങൾക്ക് അവരിൽ വിശ്വാസമില്ലാതെയും അവർ അതിന്റെ ഫലം അനുഭവിക്കേണ്ടിവരികയും ചെയ്യുമെന്നു ഞാൻ മുൻകൂട്ടി അവരെ പ്രബോധിപ്പിച്ചുകൊള്ളുന്നു. ഈ വാക്കുകളോടുകൂടെ മിസ്റ്റർ ആശാൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമനം): സർ, മിസ്റ്റർ ആശാൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ഹൃദയപൂർവ്വം പിൻതാങ്ങുന്നു. അങ്ങിനെ പിൻതാങ്ങുന്നതിനുള്ള പ്രധാനകാരണം ചില സംഗതികളെ പ്രത്യേകം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുദ്ദേശിച്ചിട്ടാണ്. തിരുവിതാംകൂറിലുള്ള സമുദായങ്ങൾക്ക് അവരുടെ അഭിമാനത്തെയും സ്വാതന്ത്ര്യത്തെയും നിലനിർത്തിക്കൊണ്ടുവരേണ്ട ഒരു സൗകര്യം ഓരോ സമുദായത്തിനും ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണെന്നുള്ള സംഗതിയിൽ ആർക്കും അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കാൻ ഇടയില്ലല്ലോ. ഞാൻ മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം നോക്കിയാൽ ഇന്നു തിരുവിതാംകൂറിലുള്ള മറെറാരു സമുദായത്തിനും അപമാനം സഹിച്ചു കഴിയേണ്ടതായ വിധത്തിലുള്ള, അല്ലെങ്കിൽ അവർക്ക് അനുഭവിക്കുന്നതിനു ഇടവരാത്ത വിധത്തിലുള്ള, ഒരു സങ്കടം ഇപ്പോൾ ഈ സമുദായം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതായതു മുസ്ലീം സമുദായത്തിന്റെ സ്ഥാപകനും സമുദായത്തിന്റെ നേതാവുമായ തിരുവിതാംകൂറിലെ മുസ്ലീങ്ങൾ മാത്രമല്ല ലോകമൊട്ടുക്കുള്ള മുസ്ലീങ്ങൾ ഏകോപിച്ചു വിശ്വസിച്ചു വരുന്നതായ മഹമ്മദ് നബിയുടെ ജന്മദിവസത്തെ തിരുവിതാംകൂർ ഗവണ്മെൻറ് പബ്ലിക്ക് ഒഴിവായിട്ട് അനുവദിച്ചിട്ടില്ല.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഇതു ചെയ്തുകഴിഞ്ഞു എന്നു സന്തോഷത്തോടു പറഞ്ഞുകൊള്ളുന്നു. ഒരു പരസ്യം ഉടനെ പ്രസിദ്ധപ്പെടുത്തും. സംസ്ഥാനം മുഴുവനും ബാധകമായ ഒരു അവധി ദിവസമായിട്ടാണു പ്രഖ്യാപനം ചെയ്തിട്ടുള്ളതു.

മി: പി. എസ്. മഹമ്മദ (ഗവണ്മെൻറു നിയമനം): ഈ വിഷയത്തിൽ ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുകയും എന്റെ സമുദായത്തിന്റെ നന്ദിയെ ഈ അവസരത്തിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും-വ്യവസായവും, തെക്ക്): നിങ്ങൾ ഉപക്ഷേപത്തെ പ്രതികൂലിക്കുന്നു, അല്ലേ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമനം): എനിക്കു വേറെ കാര്യങ്ങൾ പറയാനുണ്ട്. ഇനി എനിക്കു പറയാനുള്ളതു് സമുദായസ്വാതന്ത്ര്യത്തെയും മതസ്വാതന്ത്ര്യത്തെയും പററിയാണ്. സമുദായസ്വാതന്ത്ര്യമോ മതസ്വാതന്ത്ര്യമോ പരിപാലിച്ചുകൊണ്ടുവരുന്നതിനു ആ സമുദായക്കാർക്കു ആരാധനാസ്ഥലങ്ങളും ശവസംസ്കാരത്തിനുള്ള സ്ഥലങ്ങളും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ഇതിനെ സംബന്ധിച്ചു പ്രത്യേകമായി മുസ്ലീമിങ്ങൾ അനുഭവിച്ചുവരുന്ന സങ്കടം അത്യധികമാണ്. ചില ഉദ്യോഗസ്ഥന്മാരാണ് ഇതിനെല്ലാം പ്രധാനകാരണക്കാർ എന്നുള്ളതിനു ഈയിടെ പറവൂരിനടുത്തു ഒരു പള്ളി സ്ഥാപിക്കുന്നതിനു ശ്രമിച്ചപ്പോൾ ഉണ്ടായിട്ടുള്ള പ്രതിബന്ധങ്ങൾ ഒരു ദൃഷ്ടാന്തമാണ്. ഗവണ്മെൻറിന്റെ മേലാദ്ധ്യക്ഷ്യം ഇല്ലായിരുന്നുവെങ്കിൽ ഈ പള്ളി കെട്ടാൻ സാധിക്കുകയില്ലായിരുന്നു. അതുപോലെ മൂവാററുപുഴയിൽ വളരെ പ്രയാസപ്പെട്ടശേഷമാണു ഒരു പള്ളി സ്ഥാപിക്കാൻ സാധിച്ചതു്. അവിടെ പള്ളിക്കടുത്തുതന്നെ ശവം അടക്കാൻ ഉള്ള സൗകര്യമുള്ള സ്ഥലങ്ങൾ ലഭിച്ചിട്ടുണ്ട്. അവർക്കു പ്രത്യേകം ഒരു അനുവാദത്തിന്റെ ആവശ്യമേയില്ല. എന്നാൽ ചിലർ എന്തോ ചില കാരണം പറഞ്ഞു അതിനെ ഇല്ലാതാക്കാൻ ശ്രമം ചെയ്യുകയാണ്. ഇതു ഒരു സമുദായത്തിനോടു അനുകമ്പ കാണിക്കുന്ന ഏതിനുള്ളതിനു ലക്ഷ്യമായ ഒരു സംഗതിയല്ല. ജനങ്ങൾക്ക് ദുഷ്പ്രവൃത്തി എങ്കിൽ അങ്ങിനെ അനുവദിക്കാത്തതിൽ യാതൊരു സങ്കടവുമില്ല. മൂവാററുപുഴ പള്ളിക്കടുത്തുള്ള സ്ഥലം ഉൽപ്രദേശമാണ്. അതുകൊണ്ടു വെള്ളം ഊറി വരുമെന്നു പറവാൻ നിവൃത്തിയില്ല. ഈ സംഗതിയിൽ മുസ്ലീമിങ്ങളെ സംബന്ധിച്ചു പ്രത്യേകതരത്തിൽ പെരുമാറുന്നതു് ശരിയല്ല.

സിക്രട്ടേറിയററിൽ എന്നത്തേക്കണക്കനുസരിച്ചു 63 ഗ്രാഡ്വേററു ഉദ്യോഗസ്ഥന്മാരിൽ 15 പേരും മുസ്ലീങ്ങളായിരുന്നു പറകയുണ്ടായി. ഇതിൽ ഒററ ഒരുത്തനെങ്കിലും മഹമ്മദീയനില്ല. അതുകൊണ്ടു ദൗർഭാഗ്യം വന്നു മേലായ ഡിപ്പാർട്ടുമെന്റിൽ കയററം കിട്ടാൻ മാർഗ്ഗമില്ലാ എന്നുള്ളതാണ്. സെക്രട്ടേറിയററിൽ കൂടിവേണം മജിസ്ട്രേട്ടായിട്ടു കയററം കിട്ടാൻ. മജിസ്ട്രേട്ടായിരുന്നാൽ മാത്രമേ തഹശീൽദാരായിട്ടു പോകുന്നതിനു സാധിക്കുകയുള്ളു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ബാറിൽനിന്നും മജിസ്ട്രേട്ടായിട്ടു പോകുന്നില്ലയോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമനം): ബാറിൽനിന്നു ഇതുവരെ ആയിട്ടും മജിസ്ട്രേട്ടാകുന്നതിനോ തഹശീൽദാരാകുന്നതിനോ സാധിച്ചിട്ടില്ല.

ഈ 15 പേരുടെയും അവകാശം കഴിഞ്ഞതിനുശേഷമേ വേറെ ഒരാളിനു പറയാൻ അവകാശമുള്ളു. ഇങ്ങിനെ വരുമ്പോൾ 15 കൊല്ലം കഴിഞ്ഞാലും ഒരു മഹമ്മദീയനു തഹശീൽദാരോ മജിസ്ട്രേട്ടോ ആകുന്നതിനു പ്രയാസമായിരിക്കുന്നു. ഈ സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടേണ്ട ഒന്നാണ്.

എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഒരു കാലത്തു മഹമ്മദീയരിൽ പലരും എക്സൈസ് അസിസ്റ്റൻറ് കമ്മീഷണർവരെയുള്ള ഉദ്യോഗത്തിൽ ഇരുന്നതായിട്ടു ഞാൻ ഓർക്കുന്നുണ്ട്. ഇൻസ്പെക്ടർമാരായിട്ടു പലരും ഉണ്ടായിരുന്നു. സ്വന്തം മഹമ്മദീയർക്ക് പ്രമോഷൻ ന്യായമായി കിട്ടേണ്ട സന്ദർഭം വരുമ്പോൾ എന്തെങ്കിലും ചില പ്രതിബന്ധങ്ങൾ കണ്ടുവരുന്നുണ്ട്. ഈ സ്ഥിതിയിൽ ഇപ്പോൾ ഒരു മഹമ്മദീയനു അവകാശപ്പെട്ട ഒ

ഴിവു വന്നപ്പോൾ അതു ശരിപ്പെടുത്തുന്നതിനു പകരം ആളെ നിയമിക്കാത്ത എന്തോ കാലതാമസം ഉണ്ടെന്നോ എന്തോ ശങ്കിക്കത്തക്കനിലയിൽ പല പ്രസ്താവനകളും കേൾക്കുന്നു. പരീക്ഷപോരാ എന്നു പറയുകയാണെങ്കിൽ അണ്ടർഗ്രാഡ്യുവേററുകാർക്കുകൂടി കമ്മീഷണർവരെയുള്ള സ്ഥാനം ലഭിച്ചിട്ടുണ്ട് എന്നു പറയുവാൻ എനിക്കു സാധിക്കും. ആ സ്ഥിതിയിൽ നോക്കുകയാണെങ്കിൽ അസിസ്റ്റൻറ് കമ്മീഷണർക്കുമാത്രം പ്രത്യേകം ഒരു പരീക്ഷായോഗ്യത വേണമെന്നു ശഠിക്കണമെന്നു തോന്നുന്നില്ല. ഗ്രാഡ്വേററുകളെത്തന്നെ വേണമെങ്കിൽ അങ്ങനെയുള്ളവരും ധാരാളമുണ്ട്. അതിനാൽ യഥാർത്ഥമായ ഒഴിവിൽ ഒരു മഹമ്മദീയനെ തന്നെ നിയമിക്കണം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഹജൂരിലെ പൊതുഭരണത്തെപ്പററി വിമർശിക്കുന്നതിനുദ്ദിഷ്ടമായ മി: ആശാൻെറ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങിക്കൊള്ളുന്നു. ഭരണവിഷയത്തിൽ ഗവമ്മെൻറു പ്രധാനമായി ഗണിക്കേണ്ടതു ജനങ്ങളുടെ ക്ഷേമമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ജനക്ഷേമത്തെ മുൻനിറുത്തി ഓരോ ഡിപ്പാർട്ടുമെൻറിലെ മേലുദ്യോഗസ്ഥന്മാരുടെ നടപടികളിലും ജനങ്ങൾക്കു എത്രമാത്രം സുഖദുഃഖങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നെല്ലാം അന്വേഷിച്ചു വേണ്ടവിധത്തിൽ അവരെ നിയന്ത്രിച്ചു ജനക്ഷേമകരമാംവണ്ണം അവരെ നയിക്കേണ്ടതു ഹജൂരിൽനിന്നാണല്ലോ. ഈവക സംഗതികളെ സംബന്ധിച്ചു പറയുമ്പോൾ ഹജൂർ രാഷ്ട്രീയത്തിൻെറ ശിരസ്സും ഏകദേശം ഹൃദയവുമായി കല്പിക്കുന്നതിൽ യാതൊരാക്ഷേപവുമില്ല. ഇവിടെനിന്നുമാണ് സകലഭാഗങ്ങളിലേക്കും ആജ്ഞകൊടുത്തു സകലരേയും ക്രമപ്പെടുത്തി നടത്തേണ്ടതു്. പ്രത്യക്ഷമായിട്ടല്ലെങ്കിൽ പരോക്ഷമായിട്ടെങ്കിലും ഭരണവിഷയമായ എല്ലാ ഉത്തരവാദങ്ങൾക്കും ഉത്തരവാദം വഹിക്കുന്നതു ഹജൂർവകുപ്പു തന്നെയാണ്. രാജ്യത്തിൻെറ നാനാഭാഗങ്ങളിലേയ്ക്കും, പ്രജകളിലെ എല്ലാവിഭാഗങ്ങളിലേയ്ക്കും, സമഭാവനയോടെ ഗവമ്മെൻറിൻെറ ദൃഷ്ടിപതിയണം. തലസ്ഥാനനഗരത്തിൽ നിന്നധികദൂരത്തു കിടക്കുന്നതിനാൽ ഗവമ്മെൻറു ദൃഷ്ടിവേണ്ടപോലെ പതിയാത്ത ഉത്തരതിരുവിതാംകൂറിലേക്കും സർവീസിൽ അസമത്വമനുഭവിക്കുന്ന സമുദായങ്ങളിലേക്കും ഗവമ്മെൻറിൻെറ ശ്രദ്ധവേണ്ടപോലെ പതിയുന്നില്ല. കഴിഞ്ഞകാലങ്ങളിൽ ഈ വിഷയത്തിൽ സംഭവിച്ച ന്യൂനതകൾക്കു ഇനിയെങ്കിലും പരിഹാരമുണ്ടാക്കണം. ഉത്തരതിരുവിതാംകൂറിലെ ഉൾഭാഗത്തെ താലൂക്കുകൾ ഉപേക്ഷിക്കപ്പെട്ടനിലയിൽ ഗണിക്കപ്പെട്ടുവരുന്നോ എന്നു മററുഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തോന്നും. അവിടങ്ങളിൽ റോഡുകൾ, ആശുപത്രികൾ, പള്ളിക്കൂടങ്ങൾ, കൃഷിസേചനവേലകൾ ഇവയൊന്നും വേണ്ടിടത്തോളമില്ല. ഈ കാര്യങ്ങളിലെല്ലാം ഹജൂരിൽനിന്നുവേണം വേണ്ടതു പ്രവർത്തിക്കാൻ. മദ്ധ്യതിരുവിതാംകൂറിലേയ്ക്കും, തെക്കൻതിരുവിതാംകൂറിലേയ്ക്കും പണ്ടേതന്നെ ഗവമ്മെൻറ ആവശ്യമുള്ള പലതും ചെയ്തുകൊടുത്തിട്ടുണ്ട്. ഞാൻ രാജ്യത്തിൻെറ എല്ലാഭാഗങ്ങളിലും പലതവണ സഞ്ചരിച്ചിട്ടുണ്ട്. എനിക്കു രാജ്യത്തിലെ എല്ലാഭാഗത്തെ സ്ഥിതിയും ഒരുവിധം അറിയാം. ഉത്തരതിരുവിതാംകൂറിൽനിന്നുവന്ന ഒരു ജനപ്രതിനിധിയാകകൊണ്ടു അവിടത്തെ കാര്യങ്ങൾ പ്രത്യേകം എടുത്തു പറയുന്നതല്ല. പരിത്യജിച്ചവണ്ണം കിടക്കുന്ന പ്രദേശങ്ങളിലെ കാര്യങ്ങൾ പറയുകയാണ്. മദ്ധ്യതിരുവിതാംകൂറിലും തെക്കൻതിരുവിതാംകൂറിലും വേണ്ടതുമുമ്പേതന്നെ ഗവമ്മെൻറു ചെയ്യാനിടയായതു് അവിടെനിന്നുള്ള ആളുകൾ ഉദ്യോഗങ്ങളിൽ പണ്ടേ ധാരാളമുള്ളതുകൊണ്ടു കൂടിയാണെന്നു പറയാം. ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറിൽ ഒരുദ്യോഗസ്ഥൻ ഉണ്ടെങ്കിൽ മറെറാരു ഡിപ്പാർട്ടുമെൻറിൽനിന്നു സാധിച്ചുകിട്ടേണ്ട കാര്യമായാലും ആ ഉദ്യോഗസ്ഥൻെറ സ്വദേശത്തെ സംബന്ധിച്ചിടത്തോളം സാധിക്കാൻ കഴിയും. ഉദ്യോഗസ്ഥന്മാർ പ്രായേണ പരസ്പരം സ്നേഹിതന്മാരും പലസ്ഥലങ്ങളിലുംവച്ചു് കണ്ടുമുട്ടുന്നവരുമാണ്. എൻെറ താലൂക്കിൽ ഇന്നസ്ഥലത്തു സ്കൂളില്ല, ഇന്നസ്ഥലത്തു ആശുപത്രിയില്ല, റോഡില്ല, അവ ഉണ്ടാക്കിത്തരണം എന്നു അവർ തമ്മിൽ പറഞ്ഞു കാര്യങ്ങൾ സാധിച്ചുകൊള്ളും. ഇങ്ങനെ ഉദ്യോഗസ്ഥന്മാരുള്ള താലൂക്കുകളിലേക്കു പലസംഗതികളും നിഷ്പ്രയാസം സാധിച്ചുകിട്ടും. ഞങ്ങൾക്കു ആ ഭാഗ്യം ഇനിയും ഉണ്ടായിട്ടില്ല. മോട്ടാറില്ലാതിരുന്ന കാലങ്ങളിൽ ഉദ്യോഗസ്ഥന്മാരുടെ സർക്യൂട്ടും ഉത്തരതിരുവിതാംകൂറിലേക്കു വളരെക്കുറവായിരുന്നു. മററുള്ളസ്ഥലങ്ങളിൽ പല സംഗതികളും ഗവമ്മെൻറു ചെയ്തുകഴിഞ്ഞുവെന്നു ഞാൻ മുമ്പെ പ്രസ്താവിച്ചുവല്ലോ. വടക്കൻ തിരുവിതാംകൂറിൽ ഒരു റോഡുവേണമെന്നു ഗവമ്മെൻറിനോടപേക്ഷിച്ചാൽ ഭൂമി ജനങ്ങൾ കൊടുക്കുന്നതിനും പുറമെ ജനങ്ങൾതന്നെ അതു വെട്ടിക്കൊടുക്കുകയും വേണം. ആശുപത്രിക്കും ജനങ്ങൾതന്നെ കെട്ടിടമുണ്ടാക്കിക്കൊടുക്കണം. ഏകദേശം ഒരു രീതിയിൽ ന്യായമായിട്ടു വേണ്ടതെല്ലാം എല്ലാ താലൂക്കുകൾക്കും കൊടുത്തുകഴിഞ്ഞതിനുശേഷം കൂടുതൽ വേണമെന്നു പറയുമ്പോൾ അവരോടു നിങ്ങളും കുറെഭാഗം വഹിക്കണമെന്നു പറയുന്നതിൽ യാതൊരാക്ഷേപവുമില്ല. തലസ്ഥാനനഗരിയിലും പട്ടണങ്ങളിലും മററും വേണ്ട സുഖസൌകര്യങ്ങൾ ഗവമ്മെൻറുണ്ടാക്കിക്കൊടുത്തിട്ടുള്ളതുകൊണ്ടു ആ സ്ഥലനിവാസികളോടും ഇനിവേണ്ടവക നിങ്ങളും ചെലവുചെയ്യിൻ എന്നു പറയാം. എന്നാൽ ചിരകാലമായി ഉപേക്ഷിക്കപ്പെട്ടനിലയിൽകിടക്കുന്ന വടക്കൻ തിരുവിതാംകൂറിലെ ഉൾഭാഗത്തെ താലൂക്കുകളിൽ നിന്നും ആവശ്യപ്പെടുമ്പോൾ അവിടേയും ജനങ്ങൾതന്നെ വേണ്ടതു ചെയ്യണമെന്നു ഇപ്പോൾ പറഞ്ഞുവരുന്നതു ഒരിക്കലും നീതിയായിട്ടുള്ളതല്ല.

പൊതുഭരണത്തെപ്പററിപ്പിന്നെ പ്രത്യേകമൊന്നു പറയുവാനുള്ളതു് ഹജൂരിൽനിന്നും ബലമായ ഒരുകരം എല്ലാഡിപ്പാർട്ടുമെൻറുകളുടേയും തലക്കൽതന്നെ പിടിച്ചു ശക്തിയായി ഒന്നുകുലുക്കി അതിലെ മാലിന്യങ്ങളെ തെറിപ്പിച്ചു കളയണമെന്നാണ്. മടി, ഔദാസീന്യം, സ്വപക്ഷപ്രഭുത്വം, കൈക്കൂലി ഇവകൾ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ധാരാളമുണ്ട്. അവരിൽ പലരും ജനോപദ്രവത്തിൽ തല്പരന്മാരായി കാണുന്നു. "മേലുദ്യോഗസ്ഥന്മാർ ഗവമ്മെൻറിലേക്കുള്ള മുതലെടുപ്പിനു കുറവുവരാതിരുന്നാൽ മതി, ജനങ്ങളെ ഏതുവിധവും തങ്ങളുടെ കീഴിലുള്ളവർ ഞെക്കിപ്പിഴിഞ്ഞു കൊള്ളട്ടെ എന്നു വിട്ടിരിക്കയാണോ എന്നുതോന്നും. മുതലെടുപ്പു വർദ്ധിപ്പിക്കാൻ ശ്രദ്ധിച്ചാൽ മതി, ജനസാമാന്യത്തിനു എന്തുദോഷം വന്നാലും തരക്കേടില്ല, എന്നു അവർ പറയുന്നതായി അവരുടെ നടത്തകൊണ്ടു തോന്നും. മേലുദ്യോഗസ്ഥൻ മുതലെടുപ്പു കണിക്കേണ്ട കീഴുദ്യോഗസ്ഥൻെറ ആഫീസു പരിശോധിക്കുമ്പോൾ പണത്തിൻെറ കാര്യത്തിലുള്ള വീഴ്ചയെ ഗൌരവമായി ഗണിക്കു എന്നു മനസ്സിലാക്കി മുതലെടുപ്പുണ്ടാക്കേണ്ട തുറകളിലുള്ളവർ നിയമത്തിനപ്പുറമായി ജനങ്ങളെ പീഡിപ്പിച്ചു പണമുണ്ടാക്കാൻ ശ്രമിക്കുന്നു. തന്നിമിത്തം പലവക ജനസങ്കടമുണ്ടായിക്കൊണ്ടിരിക്കുന്നു. ജനക്ഷേമത്തെ സാധിക്കുന്ന

തിനുള്ള ഒരു സാധനം ഗവൎമ്മെണ്ടിന്റെ ധനമെന്നും സാധുജനക്ഷേമമാണെന്നുമുള്ള സംഗതി വിസ്മരിച്ചാണു പലഡിപ്പാർട്ടുമെണ്ടിലെയും ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തി. ഉദ്യോഗസ്ഥന്മാർ സക്കീട്ടുവരുമ്പോൾ ജനങ്ങൾ സങ്കടംപറയാൻ ഒരുമ്പെട്ടാലും പലരും കേൾക്കാൻ തയ്യാറില്ല. കീഴിലുള്ളവർ കേൾപ്പിക്കാതിരിക്കാനും നോക്കും. ഹർജിയോമററൊ കൊടുത്താൽ അതും ഗൌനിക്കുന്നില്ല. ഡിപ്പാർട്ടുമെന്റു മേധാവികൾ കീഴുദ്യോഗസ്ഥന്മാരുടെ വാക്കുകളെമാത്രം വിശ്വസിച്ചു പ്രവർത്തിക്കാതെ ജനങ്ങളുടെ സങ്കടംകൂടിനേരിട്ടുകേട്ട് അവയെ ഗൌനിച്ചു പ്രവർത്തിക്കണം. അതിലേക്കു ഹജൂർ വകുപ്പിൽനിന്നും വേണ്ടചട്ടംകെട്ടുകൾ ചെയ്യണം. ജനങ്ങളുടെ സങ്കടങ്ങൾ നേരിട്ടറിയുന്നതു പോരാത്തതാണെന്നുള്ള ഒരു വിചാരഗതിയാണ് വലിയഉദ്യോഗസ്ഥരുടെയിടയിൽ അധികവും കാണുന്നതു്. കീഴുദ്യോഗസ്ഥന്മാരുടെ കൃത്യമാണ് പരാതിക്കാരെക്കൊണ്ടെന്നും അവർപറയുന്നതിനെകേട്ട് അവരുടെ ഇഷ്ടപ്രകാരം നടന്നുകൊണ്ടാൽ ഗുണങ്ങൾക്കു കുറവൊന്നും വരാനില്ലെന്നും ഇവർകരുതുന്നു. ജനങ്ങളുടെ സങ്കടങ്ങളെപ്പററിയെല്ലാം ഞാനിവിടെ ഈവിധം തുറന്നുപറയാതെയിരിക്കാൻ നിവൃത്തിയില്ല. പബ്ലിക്കിനെ അപമാനിച്ചും ഉപദ്രവിച്ചും അടിമകളെപ്പോലെ പരിചരിച്ചുമാണ് ഓരോ സ്ഥലങ്ങളിലെയും ഉദ്യോഗസ്ഥന്മാർ പ്രായേണ നടത്തുന്നതു്. ക്ഷുദ്രമായ ഉദ്യോഗസ്ഥദാസ്യത്തിലും കഴിച്ചുകൂട്ടുന്ന ജനതതിയിൽനിന്നു എങ്ങിനെയാണു സ്വാതന്ത്ര്യബോധവും ആത്മാഭിമാനവും ദേശാഭിമാനവുമുള്ള പൌരസഞ്ചയം ഉണ്ടാകുന്നതെന്നോക്കുമ്പോൾ ബുദ്ധിശാലികളാരും വ്യസനിക്കാതിരിക്കയില്ല. ഈ രാജ്യത്തെജനങ്ങളുടെ സ്വാതന്ത്ര്യബോധത്തിലും പൌരുഷത്തിലും ദേശാഭിമാനത്തിലുമാണ് ഈരാജ്യത്തിന്റെ ഭാവി ഉന്നമനം ഇരിക്കുന്നതു്. പരിഷ്കൃതരാജ്യങ്ങളിൽ ഒരിക്കലും ഉദ്യോഗസ്ഥന്മാർ ജനങ്ങളെ അടിമകളായിട്ടു വിചാരിച്ചു പെരുമാറുകയില്ല. ഒരു ഭവനത്തിൽ നല്ല ആഹാരസാധനങ്ങളും വിളക്കുകളും പങ്കായും ധാരാളം ഭൃത്യന്മാരും മററു സുഖസൌകര്യങ്ങളും ഉണ്ടായാലും അതിലെ ചെറുകുഞ്ഞുങ്ങളെപ്പോലും സെർവന്റുകൾ ഉപദ്രവിക്കയും അപമാനിക്കയും ചെയ്താൽ ആ ഭവനത്തിൽ എന്തുസുഖമായിരിക്കും? രാജ്യമാകുന്ന ഭവനത്തിലെ സ്ഥിതിയും ഇപ്രകാരംതന്നെ. ഈ സ്ഥിതി ഭേദപ്പെടുത്താൻ ഹജൂരിൽ നിന്നു പ്രത്യേകം ശ്രദ്ധിക്കണം. ചിലവലിയ ഉദ്യോഗസ്ഥന്മാർക്കു ദയവുണ്ട്. അസ്ഥാനത്താണു അവർ ഉപയോഗിക്കുന്നതു്. ആ ദയവു ക്രൂരതയായിട്ടു ഗണിക്കണം. അക്രമംചെയ്യുന്ന ഒരുകീഴ്ഉദ്യോഗസ്ഥനോടു ദയവുകാണിക്കുന്നതു ആയിരത്തിൽപരം ജനങ്ങളോടു കാണിക്കുന്ന ക്രൂരതയാണ്. ചില്ലറഉദ്യോഗസ്ഥന്മാർ അവരുടെ ദാരിദ്ര്യംനിമിത്തമാണു കൈക്കൂലി വാങ്ങിക്കുന്നതു. അവർ സന്തുഷ്ടരല്ലാ എന്നകാരണം പറഞ്ഞു മേലുദ്യോഗസ്ഥന്മാർ ക്ഷമിക്കുന്നുണ്ടു. സ്വല്പശമ്പളക്കാർക്കു ശമ്പളം കൂട്ടിക്കൊടുക്കണം. അവർ ആരോടു കൈക്കൂലി വാങ്ങിക്കുന്നോ ആ ജനങ്ങൾ മുഴുവൻ ദരിദ്രരാണു. ചില്ലറ ഉദ്യോഗസ്ഥന്മാർ ദരിദ്രരായ സാധുക്കളോടാണ് കൈക്കൂലിവാങ്ങുന്നതു എന്നോർക്കണം. വലിയഉദ്യോഗസ്ഥന്മാർ താഴ്ന്നതരക്കാരായ ഉദ്യോഗസ്ഥന്മാരെ ജനങ്ങളിൽനിന്നും കൊള്ളയടിക്കാൻ അനുവദിച്ചുകൊണ്ടിരിക്കയാണെങ്കിൽ വളരെ ആപൽക്കരമായ രീതിയിൽ ഈ രാജ്യം എത്തിച്ചേരുമെന്നുള്ളതിനു യാതൊരുസംശയവുമില്ല. ഈ സംഗതികൾ അധികമായി നടക്കുന്ന ഉൾനാട്ടിലെ ഒരു ജനപ്രതിനിധിഎന്ന നിലയിൽ ഞാൻ ഗവൎമ്മെണ്ടിനോടു ആവൎത്തിച്ചാവൎത്തിച്ചു പറയുന്നതു ഉദ്യോഗസ്ഥന്മാരിൽനിന്നും ജനങ്ങളെ രക്ഷിക്കണമെന്നുതന്നെയാണ്. ഇതു ഗവൎമ്മെണ്ടു പ്രത്യേകം ഗൌനിക്കണം. ഹജൂർവകുപ്പിൽനിന്നും ഈ ഉദ്യോഗസ്ഥന്മാരെ മേലിലെങ്കിലും ശരിയായി നിയന്ത്രിച്ചു ജനക്ഷേമത്തെ പരിപാലിക്കണമെന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

പ്രെസിഡെന്റ്: സമയം കഴിഞ്ഞു, മി: കുഞ്ഞിത്തൊമ്മൻ.

മി: കെ. മാധവൻ (ഗവൎമ്മെണ്ടു നിയമനം): അധഃകൃതവൎഗ്ഗക്കാരുടെ പ്രധാന കാൎയ്യങ്ങളെ ഗവൎമ്മെണ്ടിന്റെ കരുണയ്ക്കു വിഷയമാക്കേണ്ടതുകൊണ്ടു ഞാൻ മിസ്റ്റർ ആശാന്റെ അഭിപ്രായത്തെ പിൻതാങ്ങി സംസാരിച്ചുകൊള്ളുന്നു. ഈ സംസ്ഥാനത്തെ സാധുജനങ്ങൾ വലിയ കഷ്ടങ്ങൾ അനുഭവിച്ചുവരുന്ന എന്നു ഞാൻ പറയണമെന്നില്ല. ഈ സഭയിലെ എല്ലാ മെമ്പർമാൎക്കും അതറിയാം. ഈ സാധുജനങ്ങൾ ഈ നാട്ടിന്റെ പല ഭാഗങ്ങളിൽ നിവസിച്ചു ഇവിടത്തെ കൃഷിക്കാധാരമായി വൎത്തിച്ചുവരുന്നു. ഇവർ വയൽകരകളിലും കായലുകൾ കുളങ്ങൾ എന്നിവയുടെ തീരങ്ങളിലും പാൎത്തുവരുന്നു. ഇങ്ങനെയുള്ളവൎക്കു സഹായിക്കുന്നതു ഗവൎമ്മെണ്ടിന്റെ ധൎമ്മമാകുന്നു. ഈ ബഡ്ജററിൽ ഈ സാധുജനങ്ങൾക്കു എത്രയോ സഹായങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഈ വെള്ളപ്പൊക്കത്തിനാൽ ഉണ്ടായ നഷ്ടങ്ങളുടെ കാൎയ്യത്തിൽ ഗവൎമ്മെണ്ടു മററുള്ളവൎക്കു സഹായം ചെയ്തില്ലെങ്കിലും അധഃകൃതവൎഗ്ഗക്കാൎക്കു സഹായം ചെയ്യേണ്ടതാകുന്നു. എന്നാൽ ഈ സാധുജനങ്ങൾക്കു വെള്ളത്താലുണ്ടായ നഷ്ടങ്ങൾക്കു കണക്കില്ല. അമ്പലപ്പുഴ, മാവേലിക്കര, തിരുവല്ലാ എന്നി സ്ഥലങ്ങളിലെ സാധുജനങ്ങൾക്കു ഈ വെള്ളത്താലുണ്ടായ കഷ്ടങ്ങൾ പലതാണ്. ഇവൎക്കു വീടില്ല. ഓരോ സ്ഥലത്തുമുള്ള ഓരോ സാധുകുടുംബത്തിനും നേരിട്ട നഷ്ടങ്ങളുടെ ഒരു ലിസ്റ്റ് ഇവിടെ ഉണ്ട്. ഈ ലിസ്ററു സഭയെ കാണിക്കാം.

തോവാളത്താലൂക്കിൽ എന്റെ കുടുംബങ്ങളിൽ എട്ടു കുടുംബക്കാരുടെ വീടുകൾ തീപിടിച്ചുപോയി. അവൎക്കു വീടുകൾ ഉണ്ടാക്കിക്കൊടുക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള നഷ്ടങ്ങൾക്കു ഗവൎമ്മെണ്ടു നിശ്ചയമായി സഹായം ചെയ്യേണ്ടതാകുന്നു.

വിദ്യാഭ്യാസം.

ഈ സാധുജനങ്ങൾക്കു അവരുടെ കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നു ആഗ്രഹമുണ്ട്, എന്നാൽ പണമില്ല. പാവങ്ങളേ പാവങ്ങൾ! അവരുടെ ദാരിദ്ര്യംകൊണ്ടു അവരുടെ കുഞ്ഞുങ്ങളെ പള്ളിക്കൂടത്തിലയക്കാൻ നിവൃത്തിയില്ല. ഫീസില്ലെങ്കിലും അവരുടെ പുസ്തകം മുതലായതു ചെലവുചെയ്തു വാങ്ങേണ്ടതാകയാൽ അവൎക്കു മദ്ധ്യാഹ്നഭക്ഷണത്തിനു നിവൃത്തിയില്ല. അതുകൊണ്ടു ഈ കുഞ്ഞുങ്ങൾക്കു മദ്ധ്യാഹ്നഭക്ഷണം കൊടുത്തു സഹായിച്ചാൽ വലിയ ഉപകാരമായിരിക്കും. ഫീസു കുറച്ചു കൊടുത്തിട്ടുണ്ട്. അതിനു ഞങ്ങൾ ഗവൎമ്മെണ്ടിനോടു കൃതജ്ഞതയുള്ളവരാകുന്നു. പുസ്തകങ്ങൾ വാങ്ങണം; എന്നാൽ കയ്യിൽ പണമില്ല. മററു കുട്ടികൾ പുസ്തകങ്ങളോടുകൂടെ പള്ളിക്കൂടത്തിൽ പോകുമ്പോൾ ഇവർ പുസ്തകങ്ങളില്ലാതെ പോകുന്നതു കാണുന്നതു പരിതാപകരമാകുന്നു. ഇവൎക്കു പുസ്തകങ്ങളില്ലാത്തതിനാൽ മററു കുട്ടികളെപ്പോലെ പഠിക്കാനും പരീക്ഷയിൽ ജയിക്കാനും കഴികയില്ല, മുകളിലത്തെ ക്ലാസ്സിൽ കയറാനും സാധിക്കയില്ല.

ഈ സാധുകുട്ടികളിൽ കാളേജ് ക്ലാസുകളിൽ പഠിക്കുന്നവർക്കു ഫീസ് ഒഴിച്ചു കൊടുക്കേണ്ടതാണ്. ദാരിദ്ര്യംകൊണ്ട് അവർക്കു ഫീസ് കൊടുക്കാൻ നിവൃത്തിയില്ല. ഇപ്പോൾ ഒന്നോ രണ്ടോ കുട്ടികൾ മാത്രമേ കാളേജിൽ പഠിക്കുന്നുള്ളു എന്നു തോന്നുന്നു. ഇവരും കഷ്ടപ്പെട്ടാണു പഠിക്കുന്നത്. ഇങ്ങനെയുള്ള സാധുക്കൾക്കു ഫീസ് കുറച്ചു കൊടുക്കണമെന്നും വേതനങ്ങൾ കൊടുക്കണമെന്നും മദ്ധ്യാഹ്നഭക്ഷണം കൊടുക്കണമെന്നും ഗവണ്മെന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു.

പുതുവൽ.

ഈ സാധുജനങ്ങൾക്കു പുതുവൽ പതിച്ചുകൊടുക്കണമെന്നും ഈ സഭയിൽ നിവേദനം ചെയ്തുകൊണ്ടിരിക്കുന്നു. ഇവർ കൃഷിക്കടുത്തുള്ള പുതുവൽ സ്ഥലങ്ങളിൽ പാർക്കുന്നു. ഇവർ സുഖമില്ലാത്ത സ്ഥലങ്ങളിലും കൃഷിക്കുപയോഗമില്ലാത്ത സ്ഥലങ്ങളിലും മൂന്നും നാലും മൈൽ ദൂരത്താണു താമസിക്കുന്നത്. ഈ സ്ഥലങ്ങളെങ്കിലും പതിച്ചുകൊടുക്കുമോ എന്നു ഗവണ്മെന്റിനോടു ചോദിച്ചാൽ പതിച്ചുകൊടുക്കാമെന്നു പറയും. എന്നാൽ അധികം പതിച്ചുകൊടുത്തു കാണുന്നില്ല. അതുകൊണ്ടു സാധുക്കളായ ഇവർക്കു അവിടവിടെ ഉപയോഗമുള്ള ഇടങ്ങളിൽ കൃഷിയുള്ള സ്ഥലങ്ങളിൽ താമസത്തിനു സ്ഥലംകൊടുത്താൽ അവർക്കും കൃഷിക്കാർക്കും വലിയ ഉപകാരമായിരിക്കും. അവർ പാർത്തുവരുന്ന സ്ഥലങ്ങൾ അവർക്കുതന്നെ വിലകൂടാതെ പതിച്ചുകൊടുക്കണം. ഇവർക്കു പതിച്ചുകൊടുക്കുന്ന സ്ഥലങ്ങൾ ഇതരവർഗ്ഗക്കാർ അപഹരിക്കാതെ ഏർപ്പാടുചെയ്താൽ നന്നായിരിക്കും. അതായതു ആരെങ്കിലും ഈ സാധുക്കളുടെ അനുഭവത്തിലുള്ള സ്ഥലങ്ങൾ സ്വല്പമാത്രം പണം കൊടുത്തോ വേറെ വല്ല വഴിയിലോ കവർന്നെടുക്കുന്നതിനെ തടുക്കുന്നതിനായി അധഃകൃതർക്കു പതിച്ചുകൊടുക്കുന്നതിനായി അധഃകൃതർക്കു പതിച്ചുകൊടുക്കുന്ന സ്ഥലങ്ങൾ അധഃകൃതരല്ലാത്തവർഗ്ഗക്കാർ ഏതു കാരണത്താലെങ്കിലും കയ്‌വശപ്പെടുത്തിയാൽ ആ സ്ഥലം ഉടൻതന്നെ ഗവണ്മെന്റിൽ ചേരുന്നതാണെന്നുള്ള നിബന്ധനയോടുകൂടെ പതിച്ചുകൊടുക്കേണ്ടതാകുന്നു. അതുകൊണ്ട് അധഃകൃതരുടെ അനുഭവത്തിലുള്ള സ്ഥലങ്ങൾ മേലാലെങ്കിലും ആരും ഉപായേന അപഹരിക്കാതവണ്ണം നിബന്ധനയുണ്ടാക്കേണ്ടതാകുന്നു.

തൊഴിൽ.

ചൂരൽ, ഈറൽ, കോരപ്പുല്ല്, ഓല, പനമ്പയോല എന്നിവകൊണ്ടു ഈ സാധുക്കൾ തൊഴിൽ നടത്തിവരുന്നു. ഈ തൊഴിലുകൾ അഭിവൃദ്ധിപ്പെടുത്തേണ്ടതു ഗവണ്മെന്റിന്റെ മുറയാകുന്നു. അതുകൊണ്ട് അവരെ സഹായിച്ചു അവരുടെ തൊഴിലുകളെ അഭിവൃദ്ധിപ്പെടുത്തിയാൽ വലിയ ഉപകാരമായിരിക്കും.

സാനിട്ടറി (ശുചീകരണം.)

ശുചീകരണവിഷയത്തിൽ ഈ ഡിപ്പാർട്ടുമെന്റു ഈ സാധുജനങ്ങൾക്കു എന്തുചെയ്തിട്ടുണ്ടെന്നു പറവാൻ സാധിക്കയില്ല. ഇപ്പോൾ അവർക്കു ചികിത്സാസഹായം ഒന്നും ലഭിക്കുന്നില്ലെന്നുവേണം പറയാൻ. അവരുടെ ഇടയിൽ വളരെ ജീവഹാനിയും മുതൽ നഷ്ടവും ഉണ്ടാകാതിരിക്കണമെങ്കിൽ അധഃകൃതരിൽ വൈദ്യവിദ്യാഭ്യാസമുള്ള സ്ത്രീകളെ നിയമിച്ചു അവർ ഓരോ ഗ്രാമത്തിലും പോയി വേണ്ടുന്ന ശുശ്രൂഷകൾ ചെയ്യണമെന്നു ആജ്ഞാപിക്കേണ്ടതാകുന്നു.

ഗ്രേവ് യാർഡ് (ശ്മശാനങ്ങൾ)

അധഃകൃതർക്കു ശ്മശാനങ്ങൾ ഇല്ല. അവർക്കു കൊടുത്ത സ്ഥലങ്ങളെല്ലാം കൃഷിസ്ഥലങ്ങളായിപ്പോയി. അങ്ങനെ അവർക്കു ശ്മശാനങ്ങൾ ഇല്ലാതെ കഷ്ടപ്പെടുന്നു. ഇങ്ങനെ വടശ്ശേരിപ്പകുതിയിൽ കുന്നുവിള എന്ന സ്ഥലത്തുള്ള ജനങ്ങൾ ൧൦൦ വർഷങ്ങൾക്കു മുമ്പുതന്നെ ശ്മശാനമായി ഉപയോഗപ്പെടുത്തുന്ന സ്ഥലത്തു നാഗർകോവിൽ മുനിസിപ്പാലിറ്റിക്കാർ കേസുണ്ടാക്കി പല കഷ്ടനഷ്ടങ്ങൾക്കിടയാക്കിയിരിക്കുന്നു. നാഗർകോവിൽ അതിർത്തിക്കുള്ളിൽ പത്തൊൻപതു ശ്മശാനങ്ങൾ ഉണ്ട്. ഈ സ്ഥലങ്ങളെല്ലാം വിട്ടു ഈ സാധുക്കളെ ഉപദ്രവിക്കുന്നതു വലിയ സങ്കടമാകുന്നു. ഓരോ ശവസംസ്കാരത്തിനും കേസെടുത്തും ഈ സാധുക്കളെ കഷ്ടപ്പെടുത്തിവരുന്നു. ഈ വിഷയത്തിലും ഈ സാധുക്കളുടെ സങ്കടം തീർക്കണമെന്നും മററു അനേകഗ്രാമങ്ങൾക്കു ശരിയായ സ്ഥലങ്ങളിൽ ശ്മശാനങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നും ഉത്തരവുണ്ടാകണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

പ്രധാനഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ സങ്കടങ്ങൾ.

ഈ സാധുക്കൾ അവരുടെ സങ്കടങ്ങളുംകൊണ്ട് ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ അടുക്കൽ ചെന്നാൽ അവർ ഗൌനിക്കാറില്ല. ഈ സാധുജനങ്ങൾക്കുണ്ടാകുന്ന സങ്കടങ്ങളിൽ അവർക്കു ശരിയായ സഹായം ചെയ്യണം. വേണ്ടിയ കാര്യങ്ങൾ ആലോചിച്ചു ചെയ്തുകൊടുക്കണം. സാധുക്കളുടെ സങ്കടം കേൾക്കാതിരുന്നാൽ അവരെക്കൊണ്ടു ആ സാധുക്കൾക്കു എന്താണു പ്രയോജനം. അമ്പതു മൈൽ ദൂരത്തുനിന്നു ഒരു പ്രധാന ഉദ്യോഗസ്ഥനെ കാണാൻ ചെന്നിട്ടു കാർഡു അയച്ചാറെ അത്ര അടിയന്തിരകാര്യമാണെങ്കിൽ മാത്രം വന്നാൽ മതിയെന്നു ശിപായിയോടു പറഞ്ഞയച്ചു. അത്യാവശ്യമില്ലെങ്കിൽ ൫൦ മൈൽ ദൂരത്തുനിന്നു ചെല്ലുമോ? ഒരിടത്തു ഒരു കുട്ടി പാലിനു കരയുന്നു—

മി: ഏ. ജി. മേനോൻ (പറവൂർ): മി: ആശാന്റെ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നു. കാര്യക്ഷമതയോടുകൂടിയ ഭരണത്തിനു ചില കമ്മിററികളെ നിയമിക്കണമെന്നു അദ്ദേഹം ഇന്നലെ പ്രതിപാദിച്ചുവല്ലോ. അവയ്ക്കു പുറമെ പ്രജാസഭാസ്ഥാപനം ഒരു നിയമനിർമ്മാണസ്ഥാപനമാകുന്നതിനു ഒരു സ്വതന്ത്രകമ്മിററിയുടെ രൂപീകരണവും പ്രജാസഭയും നിയമസഭയും സംബന്ധിച്ച കാര്യങ്ങളുടെ നിർവ്വഹണത്തിനു സെക്രട്ടേറിയേററിൽ ഒരു പ്രത്യേക വകുപ്പിന്റെ രൂപീകരണവും ആവശ്യമാണെന്നുകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു. ഇപ്പോഴത്തെ നിയമസഭാസെക്രട്ടറിയെപ്പററി എനിക്കു യാതൊരാക്ഷേപവും ഇല്ല. അദ്ദേഹം തന്നെ ആയിരിക്കാം ആ ജോലിക്കു ഏററവും യോഗ്യൻ. എന്നാൽ അദ്ദേഹം നിർഭാഗ്യവശാൽ രാജ്യത്തിലെ ഏററവും വലിയ ഡിപ്പാർട്ടുമെന്റിന്റെ ഭരണകർത്താവാകുന്നു. അതുകൊണ്ടു അദ്ദേഹത്തിന്റെ സമയത്തിന്റെ ഒരു ശതമാനംപോലും നിയമസഭയെ സംബന്ധിച്ചുള്ള ജോലിക്കു വിനിയോഗിക്കാൻ കഴികയില്ല. ഈ ഗവണ്മെന്റിന്റെ ഒരു ന്യൂനത അധികാരമെല്ലാം ഏകാധീനമാക്കുന്നതാകുന്നു. ഈ ഏകാധീനതയെ ഉപേക്ഷിച്ചു

അധികാരവികേന്ദ്രീകരണം ആരംഭിക്കേണ്ടുന്നകാലം അതിക്രമിച്ചിരിക്കുന്നു. ഈ വികേന്ദ്രീകരണം ഭരണം കാര്യക്ഷമതയുള്ളതും ജനങ്ങൾക്കു ഹിതകരവും ആക്കും. ഏകാധിപത്യത്തിന്റെ ഒരു വ്യസനകരമായ ഫലം കാര്യങ്ങൾ തീർച്ചചെയ്യുന്നതിൽ സെക്രട്ടറിയേററിൽ ഉണ്ടാകുന്ന അസാമാന്യ കാലതാമസം ആകുന്നു. കഴിഞ്ഞ യോഗത്തിൽ ഞാൻ സെക്രട്ടറിയേററിൽ തീർച്ചചെയ്യാതെ ബാക്കി കിടക്കുന്ന കേസുകളുടെ ഒരു പട്ടികവേണമെന്ന് ഒരു ചോദ്യംമൂലം ആവശ്യപ്പെട്ടു. ആ ചോദ്യത്തിനു ഒരു മറുപടി കിട്ടുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. മറുപടി കിട്ടിയുമില്ല. ആ ചോദ്യം ഉപേക്ഷിച്ചില്ലെങ്കിലും ഉപേക്ഷിച്ച ഫലംതന്നെയാണുണ്ടായതു്. ഇപ്പോഴത്തെ വ്യവസ്ഥതന്നെ തുടർന്നുകൊണ്ടുപോകയാണെങ്കിൽ ആ കേസുകൾ ഒരു കാലത്തും തീർച്ചപ്പെടുകയില്ല. കാലക്രമേണ കുടിശിഖ വർദ്ധിച്ചുവർദ്ധിച്ചു വരികയേ ഉള്ളൂ. ഒരു ദിവാൻ ഈ കാര്യങ്ങൾ എല്ലാം നോക്കി, ഉടനടൻ തീർച്ച കല്പിക്കുന്നതു ഒരു മനുഷ്യനെന്ന നിലയിൽ അസാദ്ധ്യമാണെന്നു തങ്ങളുടെ മുൻഗാമി പറഞ്ഞിട്ടുള്ളതു യഥാർത്ഥമാണെങ്കിൽ ഭരണകാര്യങ്ങൾ തീർച്ചചെയ്യുന്നതിനു വേറൊരു വ്യവസ്ഥ ഉണ്ടാക്കാൻ ആലോചിക്കേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുന്നു. ഇന്നു രാവിലെ ഇതിന്റെ ഒരു ഉദാഹരണം വെളിപ്പെട്ടതായി. അഞ്ചാളുകളെ അമേരിക്കക്കും രണ്ടാളുകളെ ഇംഗ്ലണ്ടിനും അയക്കാൻ തീർച്ചയാക്കിട്ടുണ്ടല്ലോ. അവർ നാലാളുകളും കപ്പൽ ശട്ടംകെട്ടുകയും ഇവിടെ നിന്നു പുറപ്പെടാനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിലും അവർക്കിതുവരെയായിട്ടും ഉത്തരവു കിട്ടീട്ടില്ല. ഇതാണിവിടത്തെ സ്ഥിതി. ഏതായാലും സെക്രട്ടറിയേററിൽ കാര്യങ്ങൾ തീർച്ചചെയ്യുന്നതിനു കാലതാമസം നേരിടുന്നുവെന്നുള്ളതിനു സംശയമില്ല. ഗവണ്മെന്റു ഡിപ്പാർട്ടുമെന്റുകളിൽ എത്രയോ ഒഴിവുകൾക്കു ആളെ നിയമിക്കാതെ കിടക്കുന്നു എന്നു പല മെമ്പർമാർ ഇന്നലെതന്നെ പരാതി പറഞ്ഞുവല്ലോ. അതൊരാളിന്റെ കുററമല്ല, വ്യവസ്ഥ ഗവണ്മെന്റിനധീനമായിരിക്കുന്നതിനുപകരം വ്യവസ്ഥ ഗവണ്മെന്റിനെ ഭരിക്കുന്നതാകുന്നു ഇതിനു കാരണം. എനിക്കിത്രയേ പറവാനുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, അതു വ്യവസ്ഥയുടെ കുററമായിരുന്നാലും ഭരണത്തിനുത്തരവാദികളായ ആളുകളുടെ കുററമായിരുന്നാലും ഗവണ്മെന്റു ജനങ്ങളുടെ ഗുണത്തിനായി പ്രവർത്തിക്കുന്നില്ലെന്നു പറയാൻ ഞാൻ നിർബന്ധിതനായിരിക്കുന്നു. പൊതുഗുണത്തിനു വിപരീതമായി ഗവണ്മെന്റു ആളുകളുടെ സ്വകാര്യഗുണം നോക്കുന്നതായിട്ടാണു കാണുന്നതു. എവിടെ നോക്കിയാലും അതുതന്നെ കാണുന്നതു്. ഏതു ഡിപ്പാർട്ടുമെന്റു നോക്കിയാലും ഗവണ്മെന്റിന്റെ ഏതു വിഭാഗം നോക്കിയാലും രാജ്യംഭരിക്കുന്നതു രാജ്യത്തിന്റെ ഗുണം നോക്കിട്ടല്ലെന്നു കാണാം. ബഡ്ജററിനെപ്പററി പൊതുവായി വിമർശനംചെയ്തപ്പോൾ പ്രധാന ഉദ്യോഗങ്ങൾ ഒഴിവാകുമ്പോൾ ദീർഘകാലം ആളെ നിയമിക്കാതിരുന്നതിനെപ്പററിയും ഒടുവിൽ പെട്ടെന്നു നാടകങ്ങളിലെ സംഭവങ്ങൾപോലെ ഗ്രഹിക്കാൻ കഴിയാത്തവിധത്തിൽ നിയമനങ്ങൾ നടത്തുന്നതിനെപ്പററിയും ഞാൻ പറകയുണ്ടായി. നീതിന്യായക്കോടതികളെ സംബന്ധിച്ച ആദ്യത്തെ വാദത്തിനു വരുമ്പോൾ എനിക്കു ആ സംഗതിയെക്കുറിച്ചു വീണ്ടും കുറെ സംസാരിക്കാനുണ്ടാകും. ഇപ്പോഴത്തെ ഭരണത്തിന്റെ പ്രത്യക്ഷലക്ഷണത്തെ ചൂണ്ടിക്കാണിക്കുന്നതിനു മാത്രമായിട്ടാണ് ഞാൻ ഇപ്പോൾ ഈ വിഷയത്തെപ്പററി പറഞ്ഞതു്. അതു വേറെ വഴികളിലും കാണാനുണ്ടു. രാജ്യഭരണത്തിൽ ഗവണ്മെന്റിനു ഒരു നയം ഉള്ളതായി കാണുന്നില്ല. വ്യക്തികളുടെ ഗുണമാണ് പ്രധാനമായി വിചാരിക്കുന്നതു്. ഒരു എൻജിനീയർ ദേവസ്വങ്ങളുടെ മേലധികാരിയായും സർവ്വെ സൂപ്രണ്ടു തൽക്കാലത്തേക്കാണെങ്കിലും ദേവസ്വം മേലധികാരിയായും വരുന്നതുകാണാം. അങ്ങനെയുള്ള വേറെയും പല ഉദാഹരണങ്ങൾ ഉണ്ടു്. ഗവണ്മെണ്ടു രാജ്യത്തിന്റെ നന്മയെ ഉദ്ദേശിച്ചാണ് പ്രവർത്തിക്കുന്നതെങ്കിൽ ഇങ്ങനെ കാണുന്നതിനു സമാധാനം എന്തു്? എല്ലാം അയഞ്ഞുകിടക്കുന്നു. ഭരണകേന്ദ്രാധികാരികൾക്കു ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണം ചെയ്യാൻ ശക്തിയില്ല. പൊതുമരാമത്തിലെ ഒരു കീഴുദ്യോഗസ്ഥൻ മേലധികാരിയുടെ അനുവാദം കൂടാതെ ഒരുലക്ഷം രൂപാ ചെലവു ചെയ്തോ എന്നു ഞാൻ ചോദിച്ച ഒരുചോദ്യത്തിനു അതിനെപ്പററി ചീഫ് എൻജിനീയർക്കു മിഥുനത്തിൽ മാത്രമേ അറിവുകിട്ടിയുള്ളു എന്നു ആശ്ചര്യകരമായ ഒരു മറുപടിയാണ് എനിക്കു കിട്ടിയതു്. ആ ഉദ്യോഗസ്ഥൻ ഈ വലിയ സംഖ്യ വർഷാരംഭംമുതൽ മേടമാസം വരെ ചെലവുചെയ്തുകൊണ്ടിരുന്നെങ്കിലും ചീഫ്എൻജിനീയരാകട്ടെ ഗവണ്മെന്റാകട്ടെ ആ ഉദ്യോഗസ്ഥൻ അങ്ങനെ ഒരു വലിയ സംഖ്യ ചെലവു ചെയ്യുന്നതിനെപ്പററിയാതൊന്നും അറിഞ്ഞില്ലപോലും. ആ ഉദ്യോഗസ്ഥൻ ഇപ്പോഴും ഉദ്യോഗത്തിലിരിക്കുന്നു എന്നാണു കേൾക്കുന്നതു്. ഇതിനെപ്പററി ഞാൻ എന്താണ് പറയേണ്ടതു്? ഗവണ്മെന്റിനു ഉദ്യോഗസ്ഥന്മാരുടെ മേൽ എന്തു പിടിയാണുള്ളതു്. ഇനി വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു നോക്കിയാൽ അവിടത്തെ ഉദ്യോഗസ്ഥന്മാർ പിടിയും വലിയുമായിക്കിടക്കുന്നു എന്നുള്ളതു് പരസ്യമായ ഒരു സംഗതിയാണ്. ഉദ്യോഗസ്ഥന്മാർ തമ്മിൽ അശേഷം ഐക്യതയില്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനെപ്പോലെയുള്ള ഒരു വലിയ ഡിപ്പാർട്ടുമെന്റിൽ ഇങ്ങനെയുള്ള ഒരു സ്ഥിതിയുടെ ഫലം എന്തായിരിക്കുമെന്നു നമുക്കു സങ്കല്പിക്കാമല്ലോ. കാര്യക്ഷമതയില്ലായ്മയുടെ വേറെയും പല ഉദാഹരണങ്ങൾ പറവാൻ കഴിയും. കഴിഞ്ഞയാണ്ടിൽ ഈ സമയം രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ അഴിമതിയെപ്പററി ഈ സഭയിൽ വലിയ പരാതിയുണ്ടായി. എന്നിട്ടും ഈ പന്ത്രണ്ടു മാസവും അതിനെ സംബന്ധിച്ചു ഗവണ്മെന്റു യാതൊന്നും ചെയ്തിട്ടില്ലെന്നു മാത്രമേ ഉദ്യോഗസ്ഥഭാഗത്തു നിന്നു നമ്മോടു പറവാൻ കഴിഞ്ഞുള്ളു. അക്കാര്യത്തിൽ വേണ്ടതെല്ലാം ചെയ്യുമെന്നു അവർ പിന്നെയും പറയുന്നു (കേൾപ്പിൻ കേൾപ്പിൻ) ഇങ്ങനെയാണു ഡിപ്പാർട്ടുമെന്റുകളുടെ ഭരണം നടത്തുന്നതു. ഹജൂർ സെക്രട്ടറിയേററിന്റെകാര്യത്തിൽ അവിടെ ആക്ട് ചെയ്തുകൊണ്ടിരിക്കുന്നവരുടെ അവകാശം നോക്കാതെ അവിടെ ചിലനിയമനങ്ങൾ ഈയിടെ ഉണ്ടാക്കീട്ടുണ്ടെന്നു ചീഫ്സെക്രട്ടറി ഇന്നലെ നമ്മോടു പറയുകയുണ്ടായി. എന്നാൽ അവരെ ആക്റ്റിംഗ് ഒഴിവുകളിലല്ല തല്ക്കാല ഒഴിവുകളിലാണു നിയമിച്ചതെന്നാണ് അതിനുള്ള അത്ഭുതകര സമാധാനം. ആക്ട് ചെയ്തിട്ടുള്ളവർ ഉദ്യോഗത്തിനായി കാത്തു നിൽപുണ്ടു്, ഈ തൽക്കാല ഉദ്യോഗങ്ങൾ സ്വീകരിക്കാൻ അവർ തയ്യാറുമായിരുന്നു. ഗവണ്മെന്റിന്റെ പ്രവൃത്തിയെ നീതീകരിക്കുന്നതിന് ഇത്തരം സമാധാനമാകുന്നു ചീഫ് സെക്രട്ടറിക്കു പറവാനുണ്ടായിരുന്നതു. ഇങ്ങനെയായാൽ കീഴുദ്യോഗസ്ഥന്മാർ ശരിയായും നീതിയായും പ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കാമോ? കഴികയില്ല. രാജ്യത്തിന്റെ പൊതുനന്മയെ മാത്രം

ലാക്കാക്കി, മററുദ്ദേശങ്ങളും ആലോചനകളുമില്ലാതെ, രാജ്യം ഭരിക്കാൻ ഗവൺമെൻറു മനസ്സുറപ്പിക്കാഞ്ഞാൽ ഭരണം നന്നായിരിക്കയോ സ്വദേശീയരുടെയും വിദേശീയരുടെയും ബഹുമതിക്കും അഭിനന്ദനത്തിനും പാത്രമാകയോ ചെയ്കയില്ല.

സർ, എനിക്കു അഞ്ചുമിനിട്ടു സമയമേയുള്ളു. ഈ വിഷയങ്ങളെപ്പററി ദീർഘമായി പ്രതിപാദിക്കാൻ സാധിക്കയില്ല. കഴിഞ്ഞവർഷം ഈ സമയത്താണു ഈ സഭയ്ക്കു ഒരു മന്ദിരം ഉടനെ പണിയും എന്നു പ്രസിഡൻറു എന്നോടു പറഞ്ഞതു്. അതൊരു വലിയകാര്യമല്ലെന്നു പറയുമായിരിക്കാം. എന്നാൽ നാടുനീങ്ങിയ ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ നാമത്തോടുള്ള ബന്ധം നിമിത്തമാണു് ഒരു സഭാമന്ദിരം പണിയിക്കണമെന്നുള്ള പ്രമേയത്തെ ഈ സഭ സ്വീകരിച്ചതു്. വർഷങ്ങൾ പലതു കഴിഞ്ഞിട്ടും സഭാമന്ദിരം പണിതീർന്നിട്ടില്ല. ഗവൺമെൻറു് അവരുടെ മുൻ ഭരണാധികാരികളെ മറന്നു പോകുമായിരിക്കും. എന്നാൽ അനുദ്യോഗസ്ഥ മെംബർമാരായ ഞങ്ങൾക്കു അവരെ വിസ്മരിക്കാൻ കഴിയുകയില്ല. ഇക്കാര്യത്തിൽയാതൊരു നടപടിയും നടത്താതിരിക്കുന്നതു് എന്തുകൊണ്ടാണെന്നു ഗവൺമെൻറു സമാധാനം പറയേണ്ടതാണ്. അവരുടെ ധർമ്മഭ്രംശത്തെ അവർ എങ്ങിനെയാണു നീതീകരിക്കുന്നതു്?

വേറൊരു വിഷയത്തെപ്പററിയും സംസാരിക്കാനുണ്ടു്, അതായതു ഇവിടെ നിന്നു യുദ്ധത്തിനു പോയിവന്നവരോടുള്ള പെരുമാററത്തെപ്പററി. ലോകമഹായുദ്ധത്തിനു പോകുന്നവർക്കു സൌജന്യമായി ഭൂമികൾപതിച്ചു കൊടുക്കുമെന്നു ഗവൺമെൻറു വാഗ്ദാനം ചെയ്തു. യുദ്ധം കഴിഞ്ഞു മടങ്ങിവന്നു ഭൂമിക്കപേക്ഷിക്കുന്നവർക്കു ഭൂമിപതിച്ചു കിട്ടുന്നില്ലെന്നാണു പല അവസരങ്ങളിലും കേൾക്കുന്നതു്. ഗവൺമെൻറു ചില ഉത്തരവുകൾ പുറപ്പെടുവിച്ചു. എന്നാൽ അവ പ്രായോഗികമല്ലായിരുന്നു. അവയെ ഭേദപ്പെടുത്തി ഈ ആളുകൾക്കു ഭൂമി പതിച്ചുകൊടുക്കണമെന്നു റെവന്യൂ ഉദ്യോഗസ്ഥന്മാരോടു ആജ്ഞാപിച്ചു. അതുകൊണ്ടു് ഫലമൊന്നുമുണ്ടായിട്ടില്ലെന്നു ലാൻഡ് റെവന്യൂകമ്മീഷണർ തന്നെ നമ്മോടുപറയും. ആകപ്പാടെ പത്തുനൂറേക്കർ ഭൂമികൾ മാത്രമേ അപ്രകാരം പതിച്ചുകൊടുത്തിട്ടുള്ളു.

ഡിപ്പാർട്ടുമെൻറു മേലധികാരിമാർ ഗവൺമെൻറിൻെറ ഉത്തരവുകൾ അനുസരിക്കാത്തതിൻെറ ഉദാഹരണങ്ങളും എനിക്കറിയാം. യുദ്ധത്തിനുപോയി മടങ്ങിവരുന്ന ഒരാളുടെ മുന്നവകാശം അനുവദിച്ചു. അയാൾക്കു കാലാനുസാരശമ്പളക്കൂടുതൽ കൊടുക്കണമെന്നു ഗവൺമെൻറു ഉത്തരവയച്ചിട്ടു മാസം കുറെയായി. ഡിപ്പാർട്ടുമെൻറു മേലധികാരി ആ ഉത്തരവു ഫലത്തിൽ കൊണ്ടുവരികയോ അതനുസരിച്ചുവല്ലതും പ്രവർത്തിക്കയോ ചെയ്തിട്ടില്ല. ഗവൺമെൻറിൻെറ കാര്യക്ഷമതയില്ലായ്മയുടെ വേറെയും പല ഉദാഹരണങ്ങൾ പറയാൻ കഴിയും. എന്നാൽ മററു മെംബർമാർക്കും സംസാരിക്കാനുള്ളതുകൊണ്ടും ഞങ്ങളുടെ വാദങ്ങളെ സംബന്ധിച്ചു ഗവൺമെൻറുദ്യോഗസ്ഥന്മാർക്കു എന്താണു പറവാനുള്ളതെന്നറിവാൻ ഞങ്ങൾക്കു ആഗ്രഹമുള്ളതുകൊണ്ടും ഈ സഭയുടെ സമയത്തെ ഞാൻ എടുക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവൺമെൻറിൻെറ പൊതുവേയുള്ള ഭരണം കാര്യക്ഷമതയില്ലാത്തതാണെന്നുള്ള സംഗതി പ്രത്യക്ഷമാക്കുന്നതിനു ഞാനും ഉപക്ഷേപത്തെ പിൻതാങ്ങുന്നു. പൊതുവേയുള്ള ഈ കാര്യക്ഷമതയില്ലായ്മയ്ക്കും ആ സ്ഥിതി തുടർന്നുകൊണ്ടുപോകുന്നതിനും ഉത്തരവാദികൾ ആരാണെന്നു ഇവിടെ ചോദ്യം ചോദിക്കാറുണ്ടു്. ആണ്ടുതോറും ഈ സഭയിൽ അതിനെപ്പററി നിവേദനങ്ങൾ ചെയ്യാറും ഉണ്ടു്. സർ, രാജ്യത്തിൻെറ പൊതുഭരണത്തിൽ ഈ കാര്യക്ഷമതയില്ലായ്മ ഇല്ലാതെയാക്കുന്നതിനു ഭരണാധികാരിയുടെ കൈകളെ ശക്തിപ്പെടുത്തണമെന്നാണ് ഞങ്ങളുടെ ഉദ്ദേശം. സംസ്ഥാനത്തുള്ള പല ഡിപ്പാർട്ടുമെൻറുകളിലെയും ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള കാര്യക്ഷമതയില്ലായ്മയ്ക്കും അഴിമതിക്കും കൈക്കൂലിക്കും ഉത്തരവാദിയാക്കുന്നതു ദിവാനെയാണെന്നാണു ഞങ്ങൾ മനസ്സിലാക്കുന്നതു്. ഓരോ ഡിപ്പാർട്ടുമെൻറിൻെറയും ഭരണം കാര്യക്ഷമതയില്ലാത്തതായിപോകുന്നതു എങ്ങിനെയാണെന്നു ഭരണാധികാരി ആലോചിക്കേണ്ടതാണ്. ഒന്നാമതായി ഗവൺമെൻറുതന്നെ നീതീകരിക്കാൻ പാടില്ലാത്ത അനേകം അവസ്ഥകളിൽ ചെന്നു ചാടീട്ടു കീഴുദ്യോഗസ്ഥന്മാർക്കു രാജ്യത്തിന്നു നാശകരവും ജനങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും വിരുദ്ധവുമായ അവരുടെ അനേകം അനീതിയും നിയമവിരുദ്ധവുമായ പ്രവൃത്തികളെ നീതീകരിക്കാൻ മുൻ ഉദാഹരണങ്ങൾ ഉണ്ടാക്കികൊടുക്കുന്നു. യോഗ്യതയില്ലാത്തവന്നു ഉദ്യോഗക്കയററം കൊടുക്കയോ യോഗ്യതയുള്ളവനെ തരംതാഴ്ത്തുകയോ ഗവൺമെൻറു ഒരിക്കൽ ചെയ്താൽമതി. ഭരണസാമർത്ഥ്യത്തിൻെറ നാരായവേരു മുറിച്ചുകളവാൻ ഗവൺമെൻറു കാണിക്കുന്ന ദൃഷ്ടാന്തം അതിനെമാത്രം ആലോചിച്ചാൽ നിസ്സാരവുമായിരിക്കാം. ഉദാഹരണമായി ഉത്തരവാദികളായ ചില ഉദ്യോഗസ്ഥന്മാരുടെ ചരിത്രവും അവർ ചെയ്തിട്ടുള്ള നിയമനങ്ങളും നോക്കിയാൽ അപ്രാപ്തരെന്നും അഴിമതിക്കാരെന്നും റിപ്പോർട്ടു ചെയ്യപ്പെട്ടവരും തരംതാഴ്ത്തപ്പെടുകയൊ സസ്പെണ്ടു ചെയ്യപ്പെടുകയൊ പ്രായശ്ചിത്തമിടപ്പെടുകയൊ ചെയ്തവരുമായ ഉദ്യോഗസ്ഥന്മാർക്കു മേലധികാരികൾ ശേഷിയുള്ളവരും അവകാശമുള്ളവരും ശരിയായി ജോലിചെയ്യുന്നവരുമെന്നു സാക്ഷ്യപ്പെടുത്തീട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ മേൽ കയററംകൊടുത്തിട്ടുള്ളതായികാണാം. ഇങ്ങനെ ചെയ്തിട്ടുള്ളതിൻെറ ഒരൊററ ഉദാഹരണമേയുള്ളു എങ്കിലും അതു ഭരണത്തെ കളങ്കപ്പെടുത്തുകയും കാര്യക്ഷമതയ്ക്കു ഹാനികരമായി തീരുകയുംചെയ്യും. "എന്തൊക്കെയായാലും ഇതുകൊണ്ടെന്താണ് വരാൻപോകുന്നതെന്നു എനിക്കറിയാം. എനിക്കു ഇവിടെ ഇദ്ദേഹം ഉണ്ടു, അവിടെ അദ്ദേഹം ഉണ്ടു്, എനിക്കൊന്നും തട്ടാതെ കാര്യം ശരിയാക്കാൻ എനിക്കറിയാം" എന്നു പറഞ്ഞുകൊണ്ടു ഭരണാധികാരിയുടെ ഉത്തരവുകളെ അനുസരിക്കാതെ അഗണ്യമാക്കിക്കളയുന്ന പല ഉദ്യോഗസ്ഥന്മാരെയും എനിക്കറിയാം. രാജ്യത്തിൻെറ ഭരണത്തിൽ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം ഇതാകുന്നു. അവർക്കു ജോലിചെയ്യാൻ നേരമില്ല, ജോലിക്കു ശേഷിയുമില്ല, ഉത്തരവാദിത്വം വഹിക്കാൻ മനസ്സുമില്ല. നേരെമറിച്ചു തങ്ങളുടെ മോഹങ്ങൾ സാധിപ്പിക്കാനും സ്വാർത്ഥം നേടാനും അവർ കക്ഷിപിടിക്കയും ഉദ്യോഗസ്ഥന്മാരെ തമ്മിൽ കടിപിടികൂട്ടുകയും മററു പലവിധ ദ്രോഹങ്ങൾ ചെയ്കയും ചെയ്യുന്നു. ഇതിൻെറ ഫലമായി ഭരണം മുഴുവനും അഴിഞ്ഞു കാര്യക്ഷമതയില്ലാതാകുന്നു. ഈ ഭരണകാലത്തും ഇങ്ങനെയുള്ള അഴിമതികൾ തുടർന്നുപോകാൻ അനുവദിച്ചാൽ വേറൊരാൾക്കു അദ്ദേഹം എത്ര ശക്തനായാലും എത്ര ബലവാനായാലും, കാര്യങ്ങൾ ശരിപ്പെടുത്താൻ സാധിക്കയില്ല. ഇങ്ങനെ ഭരണം കീഴ്മേൽ മറിഞ്ഞുപോകയും മഹാരാണി തിരുമനസ്സിലെ പ്രജകൾക്കു കഷ്ടവും സങ്കടവും നേരിടുകയുംചെയ്യും.

ഇതിനോടു സംബന്ധിച്ച വേറൊരു സംഗതിയും ചിന്താവിഷയം ആകേണ്ടതായിട്ടുണ്ട്. പല ഡിപ്പാർട്ടുമെൻറുകളിലും ജോലിയിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ യോഗ്യതകളും അയോഗ്യതകളും ഉദ്യോഗക്കയററത്തിനുള്ള അവകാശങ്ങളും ഉത്തമത്വവും അധമത്വവും എന്തു തത്വങ്ങളനുസരിച്ചാണ് ഗവണ്മെൻറ തീർച്ചയാക്കേണ്ടതു? ഒരുദ്യോഗം ഒഴിവായാൽ ആ ഉദ്യോഗം എത്രതന്നെ ഭാരവാഹിത്വമേറിയതായാലും അതിനു അനേകമാസക്കാലം ആളെ നിയമിക്കുന്നില്ല. ഇവിടെ താമസം ഉണ്ടാകുന്നു അവിടെ കാര്യക്ഷമതയില്ല എന്നു ഗവണ്മെൻറ സങ്കടപ്പെടുന്നതെന്തിനു? ഒരു തത്വം അനുസരിക്കാതെയും ആലോചനക്കുറവോടെയും ചെയ്യേണ്ടും കാര്യങ്ങൾ ചെയ്യാതെയും ചെയ്യരുതാത്ത കാര്യങ്ങൾ ചെയ്തും ഗവണ്മെൻറ, കാര്യങ്ങൾ നടക്കുമ്പോലെ നടന്നുകൊള്ളട്ടെ എന്നു വെച്ചിരുന്നാൽ, ഗവണ്മെൻറല്ലാതെ വേറെയാരാണ് ഉത്തരവാദി? ഇപ്പോഴത്തെ സ്ഥിതിതന്നെ പുലർത്തിക്കൊണ്ടുപോയാൽ ഭരണം അസാദ്ധ്യമായിത്തീരുന്നില്ലെങ്കിൽ നമ്മുടെ ഭരണയന്ത്രം പൊളിഞ്ഞുപോകും.

പ്രസിഡൻറ്: നിങ്ങൾ ആറുമിനിട്ടെടുത്തിരിക്കുന്നു. ഇനി എത്ര സമയം വേണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഇരുന്നുകൊള്ളാം.

മി: ഏ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): ഇപ്പോൾ നിരൂപണവിഷയമായിരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു എനിക്കും ഈ സന്ദർഭത്തിൽ രണ്ടു വാക്കു പറയേണ്ടതായിട്ടുണ്ട്. രാജ്യത്തിൽ നടക്കേണ്ട വിവിധ നടപടികളെ പററിയും ഗവണ്മെൻറിന്റെ ഓരോ പ്രവൃത്തികളെപ്പററിയും വേണ്ട നിരൂപണം ചെയ്യുന്നതിനു അവസരം ലഭിച്ചുകൊണ്ടു ധാരാളമായി നിരൂപണം ചെയ്യണമെന്നുള്ള നിർബന്ധത്തോടുകൂടിയ ഒരാളല്ലാ ഞാൻ. എന്നാൽ രാജ്യത്തിൽ നീതി പരിപാലനം ശരിയായി ഉണ്ടാകേണ്ട അവസ്ഥയിൽ, അതിൻവണ്ണംതന്നെ ശരിയായി നടക്കുന്നില്ലെന്നുള്ള സത്യാവസ്ഥയെ കാണിക്കേണ്ടിവരുന്ന അവസരത്തെ നഷ്ടപ്പെടുത്തേണമെന്നു ഞാൻ വിചാരിക്കുന്നില്ലാത്തതുകൊണ്ടു മാത്രമാണ് ഞാനും രണ്ടു വാക്കു പറയാനുദ്ദേശിച്ചതു. തിരുവിതാംകൂറിലെ ഏററവും പ്രബലവും ഏററവും സംബന്ധമുള്ളതുമായ ജോലിയാണ് ലാൻഡു റവന്യൂഡിപ്പാർട്ടുമെൻറ നിർവഹിച്ചുപോരുന്നതു. ആ ഡിപ്പാർട്ടുമെൻറിലെ മേലന്വേഷണം യഥാവിധി നിർവഹിക്കുന്നതു ഹജൂർ വകുപ്പാണെന്നും, അതിൽനിന്നും ഈ ഡിപ്പാർട്ടുമെൻറിലെ നാനാഭാഗങ്ങളിലും നടക്കുന്ന നടപടികളെപ്പററി നല്ല പ്രകാരം അന്വേഷിക്കാതെയും ആലോചിക്കാതെയും ഇരുന്നാൽ പൊതുജനങ്ങൾക്കു നേരിടുന്ന ഉപദ്രവം എത്ര വലുതായിരിക്കുമെന്നും ആലോചിക്കുമെങ്കിൽ, അതിന്റെ ശരിയല്ലാത്ത ക്രമീകരണം വളരെ ഉപദ്രവത്തെ ചെയ്യും എന്നു നിസ്സംശയം അറിയാം. എന്റെ അറിവിൽ പെട്ടിടത്തോളം രണ്ടു സംവത്സരം ജനങ്ങൾക്കു ഉപദ്രവകരമായിട്ടു പ്രവർത്തിക്കുന്നുവെന്നു ജനങ്ങൾ ഇടവിടാതെ സങ്കടം പറഞ്ഞുകൊണ്ടിരിക്കുന്നതും ലാൻഡു റവന്യൂകമ്മീഷണരുടെ ശ്രദ്ധയിൽ പെട്ടില്ലെന്നോ, അഥവാ പെട്ടിരുന്നാൽ തന്നെയും നീതിപരമായിട്ടു തീരുമാനിക്കാനുള്ള ശ്രദ്ധയില്ലെന്നോ, കണ്ടുവരുന്ന കുററങ്ങളെ വ്യക്തിപരമായ വിധയിൽ ആക്ഷേപിച്ചുകൊണ്ടു ഈ സഭയിൽ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. നീതി നടക്കുന്നതായി വിശ്വസിക്കാൻ മാർഗ്ഗം ഉണ്ടാകേണമെന്നു ജനങ്ങൾ ആഗ്രഹിക്കുമ്പോൾ ഗവണ്മെൻറ അതു സാധിച്ചുകൊടുക്കേണ്ടതാണ്. അങ്ങിനെ നടക്കാതെ ഇരിക്കുന്നുവെങ്കിൽ ജനങ്ങൾക്കു സങ്കടമുണ്ടാകുമെന്നുള്ളതു സ്പഷ്ടംതന്നെ. രണ്ടു വർഷത്തിലധികമായി ഗൌരവതരമായ ഒരു പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. തത്സംബന്ധമായ നടപടി ജനങ്ങളേയും ഗവണ്മെൻറിനേയും ഒരുപോലെ ബാധിക്കുന്നതായിരിക്കുന്നു. തുറന്നു പറയാതെതന്നെ ഗവണ്മെൻറിനു കാര്യം ഗ്രഹിക്കാം. ഗവണ്മെൻറിനു നഷ്ടമുള്ളതുമാണ്. എന്നുമാത്രമല്ല ആക്ഷേപാർഹമായ ഈ നടപടിയിൽ ലാൻഡുറവന്യൂഡിപ്പാർട്ടുമെൻറും ഗവണ്മെൻറും ഇടപെടുന്നതായ അഭിലഷണീയവുമല്ല. ജനങ്ങളെ ഉപദ്രവിക്കുന്ന ഡിപ്പാർട്ടുമെൻറധികൃതന്മാരുണ്ട്. അവരെ കാണിച്ചുകൊടുക്കാം. അതിനെപ്പററി അന്വേഷിച്ചു അവരുടെ പ്രവൃത്തി അനീതിപരമായിരുന്നാൽ അവരെ ശിക്ഷിക്കയും അല്ലെങ്കിൽ പരാതിപറയുന്നവരെ ശിക്ഷിക്കയു ചെയ്യണം. ഇങ്ങനെയിരിക്കെ ഇടവിടാതെ രണ്ടു സംവത്സരക്കാലമായിട്ടു ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളെപ്പററി ലാൻഡു റവന്യൂകമ്മീഷണർ എന്തുചെയ്തു എന്നു ഇതുവരെ അറിഞ്ഞുകൂടാ. അതിൻവണ്ണംതന്നെ നാട്ടിന്റെ നാനാഭാഗങ്ങളിലും പുതുവൽ കേസ്സുകളും പുറമ്പോക്കു കേസ്സുകളും തീരുമാനിക്കുന്ന വിഷയത്തിലുണ്ടാകുന്ന കാലതാമസത്തിനും കണക്കില്ല. ഓരോ സ്ഥലത്തെ കീഴ്ജീവനക്കാരാണ് ജനങ്ങളെ വളരെ ബുദ്ധിമുട്ടിക്കുന്നതു. അവരെപ്പററി ഇവിടെ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. മീനച്ചിൽതാലൂക്കിൽതന്നെ പത്തും ഒൻപതും വർഷമായിട്ടു സ്ഥിരമായിട്ടിരിക്കുന്ന ക്ലാർക്കുകളുണ്ട്. അതുപോലെ മററു പല താലൂക്കുകളിലും കാണുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

മി: തയ്യിൽകുഞ്ഞുതൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഡിവിഷനിലും വളരെക്കാലമായി സ്ഥിരമായിട്ടിരിക്കുന്ന ക്ലാർക്കന്മാരില്ലേ?

മി: ഏ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഉണ്ടായിരിക്കാം.

ഇങ്ങനെ എട്ടും പത്തും കൊല്ലം ഒരേ താലൂക്കിൽ സ്ഥിരമായിട്ടിരിക്കുന്ന കീഴ്ജീവനക്കാർ അവിടത്തെ ജനങ്ങളുടെ സ്ഥിതി എന്താണെന്നും അവർക്കു ആവശ്യമുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്നും അറിഞ്ഞു അതു തനിക്കു നിർവഹിച്ചു കൊടുക്കാനുള്ള ത്രാണിയുണ്ടെന്നു ജനങ്ങളെ മനസ്സിലാക്കി അവർക്കു സാധിച്ചുകൊടുക്കുന്നതിനു ബദ്ധശ്രദ്ധന്മാരായി കാണുന്നുണ്ട്. തന്നിമിത്തം ജനങ്ങളെ പലപ്രകാരത്തിലും ഇവർക്കു ഉപദ്രവിക്കാൻ കഴിയും. ലാൻറുവെന്യൂ ഡിപ്പാർട്ടുമെൻറിൽ മലയാളത്തിലെഴുതുന്ന റിക്കാർഡുകൾ പരിശോധിക്കയും എഴുതുകയും ചെയ്യുന്ന ആളുകളുടെ നടപടികളെ നിഷ്കർഷയായിട്ടു പേഷ്കാർ നോക്കണം. "ഇവിടത്തെ ചെസ്തുവില്" എന്നു തുടങ്ങി എഴുതുന്ന ചെസ്റ്റികളെ ക്ലാർക്കുകൾ പറയുന്നതിനേയോ എഴുതുന്നതിനേയോ വിശ്വസിക്കത്തക്കതായിരിക്കാൻ ന്യായകാരണമില്ലാത്ത, ഭാഷാജ്ഞാനം ലേശവുമില്ലാത്ത മേലുദ്യോഗസ്ഥന്മാർക്കു അതിൻവണ്ണം വിശ്വസിക്കയല്ലാതെ തരമില്ല. ഞാൻ ആരെയും കുററപ്പെടുത്തുകയല്ല. പൊതുജനങ്ങളോടു അധികമായി ഇടപെടേണ്ട ക്ലാർക്കുകളിൽനിന്നും ഉപദ്രവം ഉണ്ടാകുന്നു. എന്നും അതിനാൽ അവരെ മൂന്നുകൊല്ലത്തിലധികം ഒരു സ്ഥലത്തു സ്ഥിരമായിട്ടു വച്ചുകൊണ്ടിരിക്കരുതെന്നുള്ള നയം ഡിപ്പാർട്ടുമെൻറംഗീകരിക്കണം. പരാതിക്കാരുടെ അപേക്ഷകൾ അവയെപ്പററി അന്വേഷിച്ചു കുററക്കാരെ നിർദ്ദയം ശിക്ഷിക്കണം. ദീർഘകാലം പ

ഞാതി പാത്രമായിട്ടു തീരാൻ ഇടവരുന്നതാണു്. ഇതിൽ കൂടുതലായിട്ടു പറഞ്ഞു ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ലാത്തതുകൊണ്ടു തൽക്കാലം എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചുള്ള വാദത്തിൽ പല വിഷയങ്ങളെപ്പററി പ്രസ്താവിച്ചിട്ടുണ്ടു് (ചെയ്യുവാൻ ഉറക്കെ) ഇതിനെപ്പററി പ്രസംഗിച്ചവരുടെ പ്രസംഗങ്ങൾ കേട്ടിട്ടു രണ്ടു മൂന്നു സംഗതികൾ അവർ പ്രധാനമായി വിചാരിക്കുന്നതായി കാണുന്നു. ഒന്നാമത്തേതു ഗവണ്മെന്റു സെക്രട്ടറിയേററിൽ കാര്യങ്ങൾ തീർച്ചചെയ്യുന്ന കാര്യത്തിൽ അനാവശ്യതാമസം നേരിടുന്നെന്നും തന്മൂലം ഭരണം തന്നെ അഴിഞ്ഞു കാര്യക്ഷമതയില്ലാതായിപ്പോകുന്നെന്നും ആകുന്നു. ചില കാര്യങ്ങളിൽ താമസം ഉണ്ടാകാറുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അവിടെ അതു ഒരു പഴക്കമായിത്തീർന്നിട്ടില്ലെന്നു പരിശോധിച്ചാൽ പ്രത്യക്ഷമാകും. എന്തെന്നാൽ അപ്പാടെ താമസം വല്ലപ്പോഴും വല്ല അവസരങ്ങളിലും മാത്രമേ ഉണ്ടാകാറുള്ളു. ഈ താമസത്തിനു ചിലപ്പോൾ ചില കാരണങ്ങൾ ഉണ്ടു്. ഒന്നു രണ്ടു കാരണങ്ങൾ അനുവാദമുണ്ടെങ്കിൽ പറയാം. ഒരു കാരണം നിയമസഭയുടേയും പ്രജാസഭയുടേയും യോഗങ്ങൾമൂലവും ജോലിക്കു വിഘ്നം വരുന്നതാകുന്നു. ഞാൻ ആരെയും കുററം പറയുന്നില്ല, കാര്യം പറയുന്നു എന്നേയുള്ളു. അധികാരം ഒരു കേന്ദ്രത്തിൽ വന്നു ചേർന്നിട്ടുള്ളതുകൊണ്ടും താമസം ഉണ്ടാകാറുണ്ടു. അധികാരവിഭജനം സംബന്ധിച്ചു ഗവണ്മെന്റു വളരെ കാര്യങ്ങൾ ചെയ്തിട്ടുണ്ടു. ഇപ്പോഴും ചെയ്തുവരുന്നു. നിസ്സാരകാര്യങ്ങൾ ഗവണ്മെന്റുത്തരവിനായി അയച്ചു കിട്ടുമ്പോൾ ഡിപ്പാർട്ടുമെന്റുമേലധികാരികൾക്കു ആവശ്യമുള്ള അധികാരം കൊടുക്കാൻ വഴി എടുക്കുന്നുണ്ടു.

ഗവണ്മെന്റിന്റെ മേൽ ആരോപിച്ച വേറൊരു കുററം പ്രതിനിധി സഭകളോടു ഗവണ്മെന്റിന്റെ നില തൃപ്തികരമല്ലെന്നും ജനപ്രതിനിധികളുടെ രേഖപ്പെടുത്തിയ അഭിപ്രായങ്ങളെ അവർ വകവയ്ക്കുന്നില്ലെന്നുമാണു. ഗവണ്മെന്റിന്റെ നില സഹതാപമില്ലാത്തതാണെന്നു സ്ഥാപിക്കാൻ ചില കാര്യങ്ങളെ ഉദാഹരണമാക്കി പറകയും ചെയ്തു. പ്രജാസഭയിലെ നിവേദനങ്ങൾതന്നെയാണു ഒരുദാഹരണം. കഴിഞ്ഞ രണ്ടുമൂന്നു സംവത്സരങ്ങളായി നിവേദനങ്ങളുടെ കാര്യത്തിൽ എന്തുചെയ്തു എന്നു കാണിക്കുന്ന ഒരു പട്ടിക പ്രജാസഭാമെമ്പർമാർക്കു കൊടുക്കാറുണ്ടു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): പ്രജാസഭയെ പുനഃസംഘടനം ചെയ്യുന്നതിനെപ്പററി ആലോചിക്കുന്നതിനു ഒരു കമ്മിററിയെ നിയമിച്ചില്ലയോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ്സിക്രട്ടറി): എന്നെ വിഘ്നപ്പെടുത്താതിരുന്നാൽ കൊള്ളാം. എനിക്കു അല്പം സമയമേ ഉള്ളു.

നിവേദനങ്ങളുടെ പട്ടികയിൽ നിന്നു യാതൊരു നടപടിയും നടത്താത്ത നിവേദനങ്ങൾ ഒന്നുപോലുമില്ലെന്നു കാണാവുന്നതാണു്. നിവേദനങ്ങൾപ്രകാരമോ മെമ്പറിന്റെ ആഗ്രഹപ്രകാരമോ പ്രവർത്തിപ്പാൻ എല്ലായ്പ്പോഴും കഴിഞ്ഞിട്ടില്ലെന്നുവരാം. എന്നാൽ യാതൊരു നടപടിയും നടത്താത്ത യാതൊന്നുമില്ല. പ്രജാസഭായോഗം കഴിഞ്ഞാലുടനെ നടപടി നടത്തുന്നുണ്ടു, തങ്ങൾ അതാതു ഭരണാധികാരി തീർച്ച മറുപടി [illegible]ഞ്ഞിട്ടില്ലാത്ത ഇനങ്ങളെല്ലാം തിരഞ്ഞെടുത്തു നിവേദനങ്ങൾപ്രകാരം ചെയ്വാൻ കഴിയുന്ന ശ്രമങ്ങൾ ചെയ്യും.

നിയമസഭയുടെ കാര്യത്തിൽ നിയമസഭാമെമ്പർമാരുടെ ആഗ്രഹങ്ങളെ ഗവണ്മെന്റു നിസ്സാരമാക്കിക്കളയുന്നു എന്നു കൂടക്കൂടെ പറയാറുണ്ടു്. എന്നാൽ സംഗതികൾ അങ്ങനെയല്ല. മെമ്പർമാരുടെ ആഗ്രഹപ്രകാരം പ്രവർത്തിക്കാൻ ഗവണ്മെന്റു കഴിയുംവണ്ണം ശ്രമിക്കുന്നുണ്ടു്.

മി: ടി. സി. ജോസഫ് (അഗസ്തീശ്വരം): ഹെഡ്മാസ്റ്റർമാരുടെ ഒഴിവുകളിൽ ആളെ നിയമിക്കാത്തതു എന്തുകൊണ്ടാണു?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സിക്രട്ടറി): ആ ചോദ്യത്തിനു ഇപ്പോൾ സംഗതിയില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): റോഡുചുങ്കം നിറുത്തുന്ന കാര്യത്തിൽ ഗവണ്മെന്റു എന്തെങ്കിലും നടപടി നടത്തിയോ എന്നു പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നു ഗവണ്മെന്റു ആലോചിക്കുന്നു.

ചില സംഗതികളിൽ ഗവണ്മെന്റിനു ഉടനടി മറുപടി പറവാൻ സാധിക്കയില്ല അതുകൊണ്ടു അവയെപ്പററി വേണ്ടപോലെ ആലോചിക്കുന്നതിനു കുറേക്കാലം നിറുത്തിവയ്ക്കണം. സഭ പാസാക്കിയ ചില നിശ്ചയങ്ങൾ നടപ്പിൽ വരുത്തികഴിഞ്ഞിട്ടുണ്ടു്. ചിലതു ഇപ്പോൾ പലതരത്തിൽ ആലോചനയിൽ ഇരിക്കുന്നു.

സഭ പ്രമേയങ്ങൾമൂലം ശുപാർശചെയ്തിട്ടുള്ള ചില കാര്യങ്ങൾ ഗവണ്മെന്റിനു സ്വീകരിക്കാൻ കഴിയുന്നില്ലെങ്കിൽ അവയെ പശ്ചാത്താപത്തോടുകൂടെയും അവരുടെ അഭിപ്രായപ്രകാരവും ഉത്തരവാദിത്വബോധം നിമിത്തവും സ്വീകരിക്കാൻ പാടില്ലാത്തതുകൊണ്ടുമാണു അവയെ സ്വീകരിക്കാതിരിക്കുന്നതു്.

ചോദ്യങ്ങൾക്കു മറുപടിപറയാനുള്ള താമസത്തെപ്പററിയും ഈ വിധം പ്രസ്താവമുണ്ടായി. ചോദ്യങ്ങളെ സംബന്ധിച്ചു ഞങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നുണ്ടെന്നു സഭയോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. എന്നാൽ മറുപടികൾ പറവാൻ കുറേ സമയം വേണം. ചുരുക്കം ചില ചോദ്യങ്ങളൊഴിച്ചു എല്ലാ ചോദ്യങ്ങളും ഡിപ്പാർട്ടുമെന്റു മേലധികാരിമാർക്കു റിപ്പോർട്ടിന്നയക്കേണ്ടിവരുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം): ഡിപ്പാർട്ടുമെന്റുമേലധികാരിമാർ ചോദ്യങ്ങൾ മടക്കി അയക്കാൻ താമസിക്കുന്നുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി). താമസം വരുത്തരുതെന്നും ചോദ്യങ്ങളുടെ കാര്യം എല്ലായ്പ്പോഴും അടിയന്തിരമായി വിചാരിക്കണമെന്നുമാണു ഉപദേശം കൊടുത്തിട്ടുള്ളതു്. അവ സാധാരണയായി——

(മി: എ. എസ്. ദാമോദരനാശാൻ സംസാരിക്കാനായി എഴുന്നേററു.)

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): ദയവായി ഒരുമിനിട്ടുകൂടെ.

ചില കാര്യങ്ങളിൽ വരുന്ന റിപ്പോർട്ടുകൾ അപൂർണ്ണമായി കാണുമ്പോൾ ചോദ്യങ്ങൾക്കു അപൂർണ്ണമായി മറുപടികൊടുക്കുകയോ മറുപടി നിറുത്തിവെക്കുകയോ വേണ്ടിവരുന്നു. ചിലപ്പോൾ ഞങ്ങൾ പൂർണ്ണവിവരങ്ങൾ കൈവശമില്ലാതെയാണു സഭാമുമ്പാകെ വരുന്നതെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അതു ഞങ്ങളുടെ കുററമാണെന്നു പറയാൻ പാടില്ല. വിവരങ്ങൾ കിട്ടാൻ ഞങ്ങൾ വേണ്ടുന്ന ശ്രമം ചെയ്യുന്നുണ്ട്. ഉദാഹരണമായി ഇന്നുതന്നെ ഉപചോദ്യങ്ങൾക്കു മറുപടിപറയാനായി ഫൻ ൦ വ്യ-ലും ഫൻ ൦ ൻ-ലും പഴയ റിക്കാർട്ടുകൾ നോക്കി തെയ്യാറാക്കി വരേണ്ടിവന്നു. ഓരോ ചോദ്യവും മറുപടിയും സെക്രട്ടറിയും ചീഫ്സിക്രട്ടറിയും ദിവാനും പരിശോധിക്കുന്നുണ്ട്. ചിലപ്പോൾ അവർ മറുപടി പരിശോധിക്കുമ്പോൾ മറുപടി പൂർണ്ണമല്ലെന്നോ ശരിയായി രചിച്ചിട്ടില്ലെന്നോ കാണും. അതുകൊണ്ടാണു ഞങ്ങൾ നോട്ടീസുവേണമെന്നോ ഗവണ്മെൻറിനു വിവരമില്ലെന്നോ ചിലപ്പോൾ പറയുന്നതു. ഇതിനു കാരണം മിക്കകാര്യങ്ങളിലും ഡിപ്പാർട്ടുമെണ്ടു മേലധികാരിമാരോടു വിവരം ചോദിച്ചുവരുത്തേണ്ടിവരുന്നതാകുന്നു. അവർക്കു കീഴുദ്യോഗസ്ഥന്മാരിൽനിന്നും വിവരംവരുത്താതെ ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ഇതാണു സംഗതികളുടെ വാസ്തവസ്ഥിതി. ഇനി ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ കുഞ്ഞിരാമൻ മേനോനാണെന്നു തോന്നുന്നു, ചോദ്യങ്ങൾ മറുപടിപറയാതെ കരുതിക്കൂട്ടി നിറുത്തിവെയ്ക്കുന്നുണ്ടോ അല്ലെങ്കിൽ ഗവണ്മെൻറിന്റെ സൌകര്യംപോലെ അവരെ എടുക്കുന്നതു എന്നു ചോദിക്കയുണ്ടായി. അങ്ങിനെയൊന്നും നടക്കുന്നില്ല. കിട്ടുന്ന ക്രമമനുസരിച്ചുതന്നെയാണു കഴിവുള്ളടത്തോളം അവയ്ക്കു മറുപടി കൊടുക്കുന്നതു്.

പ്രത്യേകപ്രസ്താവത്തിന്നു വിഷയമായ ചിലസംഗതികൾകൂടെ ഉണ്ട്. അതിൽ ഒന്നിനെപ്പററി ഞാൻ മറുപടിപറയേണ്ടതാണെന്നു തോന്നുന്നു. ഞാൻ പറയുന്നതു നിയമസഭാമന്ദിരത്തെപ്പററിയാകുന്നു. അതിനെസംബന്ധിച്ച പ്രമേയം ഗവണ്മെൻറു തക്കാക്കൂടാതെ സ്വീകരിച്ചു. ഒരു സ്ഥലം തിരിഞ്ഞെടുക്കുന്നതിനു ഒരു കമ്മിററിയും ഉടനെതന്നെ നിയമിച്ചു. ആ കമ്മിററി കുറെ അന്വേഷണം നടത്തിയശേഷം ചില ശിപാർശകൾ ചെയ്തു. എന്നാൽ ഏതുസ്ഥലം ഉദ്ദേശമെന്നുള്ളതിനെപ്പററിഗവണ്മെൻറിനു തീർച്ചയാക്കുവാൻ കഴിഞ്ഞില്ല. പിന്നീട്, കഴിഞ്ഞയാണ്ടിലെ മറേറാ, നക്ഷത്രബംഗ്ലാവുകുന്നു കൊള്ളുകയെന്നു ഒരഭിപ്രായം ഉണ്ടായി. ജലവിതരണപദ്ധതിസംബന്ധിച്ച നക്ഷത്രബംഗ്ലാവുകുന്നാണ് ഉപയോഗിക്കാൻ വിചാരിച്ചിരിക്കുന്നതെന്നു മെമ്പർമാർക്കു അറിയാമായിരിക്കുമല്ലോ. നിയമസഭാമന്ദിരവും ആ കുന്നിന്മേൽ സ്ഥാപിക്കുന്നതു നന്നായിരിക്കുമെന്നു മാറിപ്പോയ ദിവാൻ മിസ്റ്റർ വാട്ട്സും വിചാരിച്ചു. അദ്ദേഹം അക്കാര്യത്തിൽ വലിയ താല്പര്യം പ്രദർശിപ്പിക്കയും ചില പ്ലാൻ തെയ്യാറാക്കുകയും ചെയ്തു. എങ്കിലും അവസാനമായി ഒരു തീർച്ചയുണ്ടാക്കാൻ കഴിഞ്ഞില്ല. തക്കതായ ഒരു സ്ഥലം തിരഞ്ഞെടുക്കുന്നതാണ് പ്രധാനസംഗതി. സ്ഥലം നിശ്ചയിച്ചശേഷം പ്ലാനുകളും എസ്റ്റിമേററുകളും തെയ്യാറാക്കുന്നതായിരിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): സ്ഥലം നിശ്ചയിക്കുന്നതുതിരുവനന്തപുരത്തെവിടെയെങ്കിലും ആയിരിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്‌സെക്രട്ടറി): ആ ചോദ്യത്തിൻെറ ഉദ്ദേശം മനസ്സിലാകുന്നില്ല.

പ്രെസിഡൻറ്: ഈ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള സമയംകഴിഞ്ഞുപോയിരിക്കുന്നു. അതുകൊണ്ടു മറെറല്ലാ ഉപക്ഷേപങ്ങളും ദുർബലപ്പെട്ടുപോയി.

അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോകയാൽ താഴെപറയുന്ന ഉപക്ഷേപങ്ങൾ ദുർബലപ്പെട്ടുപോയി.

ഉപക്ഷേപങ്ങൾ ൰൩ മുതൽ ൨൰ വരെ.

മി: എ. എസ്. ദാമോദരൻ ആശാൻ:

൰൩. ഹജൂർകച്ചേരിക്കു അനുവദിച്ചിട്ടുള്ള ൨,൩൨,൩൯൩ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: എൻ. കെ. കൃഷ്ണപിള്ള:

൰൭. ഹജൂർ കച്ചേരിക്കു അനുവദിച്ചിട്ടുള്ള ൨,൩൨,൩൯൩ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:

൰൮. ഹജൂർകച്ചേരിക്കു അനുവദിച്ചിട്ടുള്ള ൨,൩൨,൩൯൩ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മിസ്സസ് എലിശബെത്ത് കുരുവിള:

൰൯. ഹജൂർകച്ചേരിക്കു അനുവദിച്ചിട്ടുള്ള ൨,൩൨,൩൯൩ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്:

൨൰. ഹജൂർകച്ചേരിക്കു അനുവദിച്ചിട്ടുള്ള ൨,൩൨,൩൯൩ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൨൨. ഹജൂർകച്ചേരിക്കു അനുവദിച്ചിട്ടുള്ള ൨,൩൨,൩൯൩ രൂപായിൽ ൨൰ രൂപാ കുറയ്ക്കണം.

മി: മാത്യുമുരിക്കൻ:

൨൧൨. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ:

൨൧൩. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപ്പിള്ള:

൨൧൪. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപ്പിള്ള:

൨൧൫. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപ്പിള്ള

൨൧൬. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപ്പിള്ള:

൨൧൭. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപ്പിള്ള:

൨൧൮. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപ്പിള്ള:

൨൧൯. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: എസ്. പിറവിപ്പെരുമാൾപിള്ള:

൨൨൦. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൨൨൧. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൨൨൨. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൨൨൩. ഹജൂർകച്ചേരിക്ക അനുവദിച്ചിട്ടുള്ള ൧,൬൨,൩൪൩ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൨൨൪. ഡിപ്യൂട്ടിപ്രസിഡെൻറിനു അനുവദിച്ചിട്ടുള്ള പ്രതിഫലസംഖ്യ ൩,൦൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള.

൨൨൫. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൫,൦൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:

൨൨൬. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൫,൦൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:

൨൨൭. തൻചിലവിനു അനുവദിച്ചിട്ടുള്ള ൫,൪൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: എ. എസ്. ദാമോദരൻ ആശാൻ:

൨൨൮. തൻചെലവിനു അനുവദിച്ചിട്ടുള്ള ൫,൪൦൦ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൨൨൯. നിയമസഭയ്ക്കു അനുവദിച്ചിട്ടുള്ള ൨൩,൪൦൦ രൂപായിൽ ൫൦൦ രൂപാ കുറ ണം.

മി: എ. താണുപിള്ള:

൨൩൦. നിയമസഭയ്ക്കു അനുവദിച്ചിട്ടുള്ള ൨൩,൪൦൦ രൂപായിൽ ൫൦൦ രൂപാ കുറയ്ക്കണം.

മി: എ. എസ്. ദാമോദരനാശാൻ:

൨൩൧. നിയമസഭയ്ക്കു അനുവദിച്ചിട്ടുള്ള ൨൩,൪൦൦ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി: മാത്യുമുരിക്കൻ:

൨൩൨. നിയമസഭയ്ക്കു അനുവദിച്ചിട്ടുള്ള ൨൩,൪൦൦ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി. മുറവേലിൽപാച്ചുപ്പിള്ള:

൨൩൩. നിയമസഭയ്ക്കു അനുവദിച്ചിട്ടുള്ള ൨൩,൪൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ:

൨൩൪. നിയമസഭയ്ക്കു അനുവദിച്ചിട്ടുള്ള ൨൩,൪൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്

൨൩൫. നിയമസഭയ്ക്കു അനുവദിച്ചിട്ടുള്ള ൨൩,൪൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: എസ്. പിറവിപ്പെരുമാൾപിള്ള:

൨൩൬. നിയമസഭയ്ക്കു അനുവദിച്ചിട്ടുള്ള ൨൩,൪൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ:

൨൩൭. നിയമസഭയ്ക്കു അനുവദിച്ചിട്ടുള്ള ൨൩,൪൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. കൃഷ്ണപിള്ള:

൨൩൮. നിയമസഭയ്ക്കു അനുവദിച്ചിട്ടുള്ള ൨൩,൪൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മുഹമ്മദ്.

൨൩൯. നിയമസഭയ്ക്കു അനുവദിച്ചിട്ടുള്ള ൨൩,൪൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: മുറിവേലിൽപാച്ചുപ്പിള്ള:

൨൪൦. ശ്രീമൂലം പ്രജാസഭയ്ക്കു അനുവദിച്ചിട്ടുള്ള ൧൫,൩൦൦ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്.

൨൪൧. ശ്രീമൂലം പ്രജാസഭയ്ക്കു അനുവദിച്ചിട്ടുള്ള ൧൫,൩൦൦ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൨൪൨. ഏഴാം അഭ്യർത്ഥനയ്ക്കു ആകെ അനുവദിച്ചിട്ടുള്ള ൨,൦൫,൩൪൩ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി. ആർ കേശവപിള്ള.

൨൪൩. ഏഴാം അഭ്യർത്ഥനയ്ക്കു ആകെ അനുവദിച്ചിട്ടുള്ള ൨,൦൫,൩൪൩ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:

൨൪൪. ഏഴാം അഭ്യർത്ഥനയ്ക്കു ആകെ അനുവദിച്ചിട്ടുള്ള ൨,൦൫,൩൪൩ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: എ. ജി. മേനോൻ:

൨൪൫. ഏഴാം അഭ്യർത്ഥനയ്ക്കു ആകെ അനുവദിച്ചിട്ടുള്ള ൨,൦൫,൩൪൩ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി. എൻ. ആർ. കൃഷ്ണൻ.

൨൪൬. ഏഴാം അഭ്യർത്ഥനയ്ക്കു ആകെ അനുവദിച്ചിട്ടുള്ള ൨,൦൫,൩൪൩ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി. ഡി. സി. ജോസഫ്:

൨൪൭. ഏഴാം അഭ്യർത്ഥനയ്ക്കു ആകെ അനുവദിച്ചിട്ടുള്ള ൨,൦൫,൩൪൩ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി. ഡി. സി. ജോസഫ്:

൨൪൮. ഏഴാം അഭ്യർത്ഥനയ്ക്കു ആകെ അനുവദിച്ചിട്ടുള്ള ൨,൦൫,൩൪൩ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി. മുറവേലിൽ പാച്ചുപ്പിള്ള:

൨൪൯. ഏഴാം അഭ്യർത്ഥനയ്ക്കു ആകെ അനുവദിച്ചിട്ടുള്ള ൨,൦൫,൩൪൩ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി. പി. എസ്. മുഹമ്മദ്:

൨൫൦. ഏഴാം അഭ്യർത്ഥനയ്ക്കു ആകെ അനുവദിച്ചിട്ടുള്ള ൨,൦൫,൩൪൩ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

പ്രെസിഡെന്റ. ഏഴാം നമ്പർ ഡിമാന്റ് അക്കൌണ്ടോഫീസ് ഒഴിച്ചു പൊതുഭരണം എന്ന ഇനത്തിൽ ൨,൦൫,൩൪൩ രൂപാ അനുവദിക്കണമെന്നുള്ള അഭ്യർത്ഥനയെ സഭാ മുമ്പാകെ വയ്ക്കുന്നു.

അഭ്യർത്ഥന അനുവദിച്ചു.

ഡിമാണ്ട് ൮.

പൊതുഭരണം അക്കൌണ്ടാഫീസ്.

പ്രെസിഡെൻറ, ഇനി നമുക്ക എട്ടാം ഡിമാണ്ട് പൊതുഭരണം—അക്കൌണ്ടാഫീസ് എന്ന ഇനത്തെപ്പററി ആലോചിക്കാം.

മി. എസ്. വെങ്കിട്ടരാമയ്യർ (ആക്ടിംഗ് ഗവൺമെൻറ ഫൈനാൻഷ്യൽ സെക്രട്ടറി). സർ, ഡിമാണ്ട് ൮ പൊതുഭരണം, അക്കൌണ്ടാഫീസ്, എന്ന ഇനത്തിൽ ൨,൦൭,൭൨൯ രൂപായിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്ന ഞാൻ, അഭ്യർത്ഥിച്ചു കൊള്ളുന്നു.

ഉപക്ഷേപങ്ങൾ ൨൭൨ മുതൽ ൨൭൬ വരെ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ.

൨൭൨. സിൽബന്തിച്ചെലവിന് അനുവദിച്ചിട്ടുള്ള ൻ൪,൩൯൨ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി. എ. എസ് ദാമോദരൻ ആശാൻ.

൨൭൩. സിൽബന്തിച്ചെലവിന അനുവദിച്ചിട്ടുള്ള ൻ൪,൩൯൨ രൂപായിൽ ൨൫൭ രൂപാ കുറയ്ക്കണം.

മി. എ. താണുപിള്ള.

൨൭൪. സിൽബന്തിച്ചെലവിന അനുവദിച്ചിട്ടുള്ള ൻ൪,൩൯൨ രൂപായിൽ ൨൯൦ രൂപാ കുറയ്ക്കണം.

മി. ആർ. കേശവപിള്ള.

൨൭൫. സിൽബന്തിച്ചെലവിന അനുവദിച്ചിട്ടുള്ള ൻ൪,൩൯൨ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ.

൨൭൬. സിൽബന്തിച്ചെലവിന അനുവദിച്ചിട്ടുള്ള ൻ൪,൩൯൨ രൂപായിൽ അഞ്ചു രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൭൭.

മി. എ. സി. കുര്യാക്കോസ്.

൨൭൭. സിൽബന്തിച്ചെലവിന അനുവദിച്ചിട്ടുള്ള ൻ൪,൩൯൨ രൂപായിൽ അഞ്ച് രൂപാ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും). അക്കൌണ്ടാഫീസിലെ എസ്റ്റാബ്ലിഷ്മെൻറ വകയ്ക്കനുവദിച്ചിട്ടുള്ള ൻ൪,൩൯൨ രൂപായിൽ നിന്ന ൭ രൂപാ കുറയ്ക്കണമെന്നാണ് എൻെറ ഉപക്ഷേപം. ഈ ഉപക്ഷേപത്തിൽ ഞാൻ രണ്ടു സംഗതികളെ പ്രധാനമായി പ്രതിപാദിക്കേണമെന്നുദ്ദേശിച്ചിരുന്നു. എന്നാൽ ഇന്നലെ ഹജൂർകച്ചേരിയെപ്പററി കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തിൽ ഗ്രാഡ്യുവെററ് ക്ലാർക്കന്മാർക്കു വേണ്ട പ്രോത്സാഹനം കൊടുക്കണമെന്ന പ്രതിപാദിച്ചിരുന്നു. ആ ഭാഗം തന്നെയാണ് എനിക്കിവിടെയും പറയാനുള്ള ഒരു സംഗതി.

അക്കൌണ്ടാഫീസിൽ ഇപ്പോൾ നാലു ഗ്രേഡിലായിട്ടാണ് ക്ലാർക്കന്മാർ ഇരിക്കുന്നതു. അവരെ ഓരോ ഗ്രേഡിലും കയററി ഒടുവിലത്തെ ഗ്രേഡിൽ ൨൫ പേരെ കുറവു ചെയ്യുന്നതായിട്ട ബഡ്ജററു കൊണ്ടു കാണുന്നു. ഈ ൨൫ പേരെ പിരിച്ചയക്കയല്ല കയററം കൊടുക്കയാണ് ചെയ്യുന്നതെന്നുള്ളതു പ്രത്യക്ഷം തന്നെ. ഞാൻ ഇന്നലെ ഹജൂർ കച്ചേരിയെ സംബന്ധിച്ചു പ്രതിപാദിച്ചിട്ടുള്ളതു പോലെ തന്നെ കയററം കൊടുക്കുന്ന വിഷയത്തിൽ ആക്ടിംഗായിട്ടുള്ള ബി. എ. ബിരുദധാരികളെ പ്രത്യേകമായിട്ട കരുതണമെന്ന ഇവിടെയും പറയേണ്ടിയിരിക്കുന്നു. അക്കൌണ്ടാഫീസിൽ ൪൦ രൂപാ മുതൽ ൭൦ രൂപാ വരെയുള്ള ശമ്പള സ്കെയിലിൽ ബി. എ. ബിരുദധാരികൾ ദീർഘകാലമായിട്ട എട്ടും ഒൻപതും കൊല്ലം ആക്ടിംഗായിട്ട ജോലിനോക്കിവരുന്നുണ്ട്. അങ്ങിനെയുള്ളവരിൽ പലരേയും അടുത്ത കാലത്തു മുൻ പതിവിന വിരോധമായിട്ട ൨൫ രൂപാ മുതൽ ൭൦ രൂപാവരെയുള്ള ശമ്പളസ്കെയിലിൽ സ്ഥിരപ്പെടുത്തീട്ടുണ്ട്, അതിനാൽ അവർക്ക ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള കയററം കൊടുക്കണം എന്നാണ് എനിക്കിവിടെ പറയാനുള്ളതു. അതു പോലെ തന്നെ ആക്ടിംഗ്കാരായ ബി. എ. ബിരുദധാരികൾ ഇനിയും സ്ഥിരപ്പെടുത്തപ്പെടാതെയുണ്ടെങ്കിൽ അവരെ സ്ഥിരപ്പെടുത്തുകയും വേണം. മററുള്ളവർക്ക കൂടുതൽ ശമ്പളം കൊടുക്കുന്നതിന വിപരീതമായിട്ട ഞാൻ ഒന്നും പറയുകയില്ല. ഈ സംഗതിയിൽ പ്രഥമമായ അവകാശം ആക്ടിംഗായിട്ടിരുന്ന താഴ്ന്ന ഗ്രേഡിൽ സ്ഥിരപ്പെടുത്തിയ ഗ്രാഡ്യുവെററ്സിന നൽകണമെന്നാണ് എൻെറ അഭിപ്രായം. അനന്തരമുള്ള നിയമനങ്ങൾ ഗവൺമെൻറിൻെറ യുക്തം പോലെ ചെയ്യുന്നതിൽ എനിക്ക വിരോധമില്ല. ഈ സംഗതി ഇവിടെ പ്രത്യക്ഷപ്പെടുത്താനാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു. ഫിനാൻഷ്യൽ സെക്രട്ടറിയുടെ ശരിയായ മറുപടി ലഭിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ സഭാ സമക്ഷം അവതരിപ്പിച്ചു കൊള്ളുന്നു.

മി. എസ് വെങ്കിട്ടരാമയ്യർ (ആക്ടിംഗ് ഗവൺമെൻറ ഫൈനാൻഷ്യൽ സെക്രട്ടറി). ഒഴിവുകൾ ഉണ്ടാകയോ ഗ്രേഡുകൾ പുതുതായി തരം തിരിക്കുമ്പോഴൊ ഈ വിഷയത്തെപ്പററി ആലോചിക്കാം.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും). ഉപക്ഷേപത്തെ പിൻവലിക്കുന്നതിന അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രെസിഡെൻറ, ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

ഉപക്ഷേപങ്ങൾ ൨൫൭ മുതൽ ൨൫൯ വരെ.

മി. കെ. പത്മനാഭപ്പണിക്കർ.

൨൫൭. അലവൻസ് ഇനത്തിൽ അനുവദിച്ചിട്ടുള്ള ൩൪൦൦ രൂപായിൽ ൪൦൦ രൂപാ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൨൫൮. ഡിമാണ്ട് ൮-ൽ ആകെ അനുവദിച്ചിട്ടുള്ള ൪,൨൫,൫൪൧ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി. ഏ. സി. കുഞ്ചാക്കോസ്.

൨൫൯. ഡിമാണ്ട് ൮-ൽ ആകെ അനുവദിച്ചിട്ടുള്ള ൪,൦൫,൫൪൧ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

ഉപക്ഷേപം വന്നു.

മി. മുതുമലയിൽ പാച്ചുപ്പിള്ള (ചേർത്തല): ഞാൻ താഴെ വിവരിക്കുന്ന ഉപക്ഷേപം അവതരിപ്പിച്ചു കൊള്ളുന്നു.

ഡിമാണ്ട് ൮-ൽ ആകെ അനുവദിച്ചിട്ടുള്ള ൪,൦൫,൫൪൧ രൂപായിൽ നിന്നു ൪൦ രൂപാ കുറയ്ക്കണം.

ആകയുള്ള സംഖ്യയിൽ നിന്നു പത്തു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ സഭ മുമ്പാകെ ഞാൻ അവതരിപ്പിക്കുന്നു. ഇതിന്റെ പ്രധാനമായ ഉദ്ദേശ്യം ഇപ്പോൾ ഏർപ്പെടുത്തീട്ടുള്ള ഫിനാൻസ് കമ്മിറ്റികൊണ്ടു പറയത്തക്ക പ്രയോജനമില്ലെന്നും അതിനാൽ ഈ രാജ്യത്തെ വരവു ചിലവു കണക്കു ശരിയായി പരിശോധിക്കുന്നതിന് ഒരു പബ്ലിക് അക്കൌണ്ട്സ് കമ്മിറ്റി ഏർപ്പെടുത്തേണ്ടതു ആവശ്യമാകുന്നെന്നും ഗവണ്മെന്റിനെ ധരിപ്പിക്കുന്നതിനാണ്. ഈ ഉദ്ദേശ്യത്തോടുകൂടി കൊണ്ടു വന്നിട്ടുള്ള ഈ ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു.

മി. കെ. ജാജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഒരു പബ്ലിക്ക അക്കൌണ്ട്സ് കമ്മിറ്റിയെ നിയമിക്കുന്നതിന്നനുകൂലമായി മി. ദാമോദരൻ ആശാനും മററു മെമ്പർമാരും സംസാരിച്ചിട്ടുണ്ട്. അതു വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണ്. ഇങ്ങനെയുള്ള ഒരു വിഷയം ഒരു ഉപക്ഷേപം മൂലം വാദവിഷയമാക്കി കൊണ്ടു വരുമ്പോൾ അതിനു ഉടനടി ഒരു മറുപടി പറവാൻ എനിക്കു സാധിക്കയില്ല. കണക്കുകൾ പരിശോധിക്കുന്നതിന് സഭയ്ക്കിപ്പോൾ ഒരു വ്യവസ്ഥിതമാർഗ്ഗം ഇല്ലെങ്കിലും നിയമസഭയുടെ വോട്ടിൻ പ്രകാരം അനുവദിക്കുന്ന സംഖ്യകൾ ഗവണ്മെന്റ് എങ്ങനെ ചെലവാക്കുന്നു എന്നു കാണിക്കുന്ന അപ്രോപ്രിയേഷൻ റിപ്പോർട്ടു എന്ന പേരോടുകൂടി ഒരു പട്ടിക അക്കൌണ്ട്സ് ഡിപ്പാർട്ടുമെന്റുകാർ മെമ്പർമാർക്കു കൊടുക്കുക എന്നൊരു പതിവ് ഈയിട ഉണ്ടായിട്ടുണ്ട്. പബ്ലിക്ക അക്കൌണ്ട്സ് കമ്മിററി കൊണ്ടുള്ള പ്രയോജനം അതു കൊണ്ടുണ്ടാകുന്നില്ലെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ വളരെ ആലോചിക്കേണ്ടുന്ന ഒരു വിഷയമാണെന്നു, അതു കൊണ്ടു അതിനെ സംബന്ധിച്ചു ഉടൻ തന്നെ ഒരു മറുപടി പറവാൻ സാധിക്കയില്ല. ഇപ്പോൾ ഈ വിഷയത്തെപ്പററി ഇത്രത്തോളമേ പറയാൻ കഴികയുള്ളു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ സഭാമുമ്പാകെയുള്ള ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു. പൊതുഭരണത്തെ സംബന്ധിച്ചുള്ള എന്റെ ഉപക്ഷേപകാര്യത്തിൽ ഞാൻ ഇന്നലെ പ്രസ്താവിച്ചതുപോലെ ഒരു പബ്ലിക്ക് അക്കൌണ്ട്സ്കമ്മിററിയുടെ അഭാവംനിമിത്തം ഈ സഭ അനുവദിക്കുന്ന സംഖ്യകൾ എന്തിനെ ഉദ്ദേശിച്ചു അനുവദിക്കുന്നുവോ ആ ഉദ്ദേശത്തിനായിട്ടാണൊ ചെലവുചെയ്യുന്നതെന്നു സഭയ്ക്കു അറിയാൻ മാർഗ്ഗമില്ല. ഒരു പബ്ലിക്ക് അക്കൌണ്ട്സ് കമ്മിററി ഉണ്ടായിരുന്നാൽ ആ കമ്മിററിക്കു ഈ സഭ അനുവദിക്കുന്ന സംഖ്യകൾ എങ്ങനെ ചെലവുചെയ്തു എന്നു പരിശോധിക്കാൻ കഴിയും. അനുവദിച്ച ഉദ്ദേശത്തിനായിട്ടാണൊ ആ സംഖ്യകൾ ചെലവുചെയ്തതെന്നു മെമ്പർമാർക്കു നിർണ്ണയിക്കാനും കഴിയും.

മി: കെ. ജാജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഇപ്പോഴത്തെ ചട്ടങ്ങളും സ്റ്റാൻഡിങ്ങ് ഓർഡറുകളുംകൊണ്ടു ഗവണ്മെന്റുതന്നെ ഒരു ഡിമാൻഡിൽ നിന്നു മറെറാരു ഡിമാൻഡിലേക്കു സംഖ്യകൾ മാററാൻ തങ്ങൾക്കുള്ള അധികാരം എടുത്തുകളഞ്ഞിരിക്കുന്ന സംഗതി മെമ്പരോടു പറഞ്ഞുകൊള്ളുന്നു. അതായതുഡിമാണ്ട് ഒന്നിൽ ഒരു സംഖ്യ സഭ അനുവദിച്ചിട്ടുണ്ടെങ്കിൽ ആ ഡിമാണ്ടിൽനിന്നു അതെടുത്തു വേറൊരു ഡിമാണ്ടിലെ, ഡിമാണ്ട് രണ്ടിലെന്നിരിക്കട്ടെ, ആവശ്യത്തിനു ചെലവുചെയ്യാൻ പാടില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ അധികാരക്കുറവും ഒരു ഡിമാണ്ടിൽ അനുവദിച്ച സംഖ്യ മറെറാരു ഡിമാണ്ടിലേക്കു മാററുന്നതിനെ സംബന്ധിച്ചാണ്. എന്നാൽ ഒരു ഡിമാണ്ടിലുള്ള മറെറാരിനത്തിലേക്കു മാററുവുന്നതാണ്. ഒരു അഭ്യർത്ഥന ഈ സഭ അനുവദിക്കുന്നതു അതിന്റെ ഉദ്ദേശം ആലോചിച്ചശേഷമാണ്. എന്നാൽ ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം ഒരു പ്രത്യേക കാര്യത്തിനു അനുവദിച്ച സംഖ്യ ആ കാര്യത്തിനാണൊ ചെലവുചെയ്തതെന്നറിയാൻ ഞങ്ങൾക്കു നിവൃത്തിയില്ല. കഴിഞ്ഞയാണ്ടിൽ ൫൦,൦൦൦ രൂപാ ചെലവുചെയ്തു ഒരു റോഡുണ്ടാക്കുന്നതിനു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ വിരോധം പറഞ്ഞു. പ്രത്യേക ഇനങ്ങൾ ഉണ്ടാക്കുന്നതിനും അററകുററപ്പണികൾക്കുമാണു പൊതുമരാമത്തുവകയിൽ പണം അനുവദിച്ചതെന്നു ഞങ്ങൾക്കറിയാം. പല ഇനങ്ങൾക്കും അനുവദിക്കുന്ന സംഖ്യകൾ ആണ്ടവസാനത്തിൽ ചെലവാക്കാൻ കഴിയാതെ മുതൽക്കൂട്ടേണ്ടതായിട്ടുവരും. എന്നാൽ അവയെ വേറെവല്ല ഇനങ്ങൾക്കും ഉപയോഗിക്കയും മുതൽക്കൂട്ടേണ്ടുന്ന സംഖ്യ കുറയ്ക്കുകയും ചെയ്യുന്നു. അങ്ങനെ സംഭവിക്കുന്നതു ഗവണ്മെന്റിനു ഇനം മാററാനുള്ള അധികാരം നിമിത്തമാകുന്നു, ഏതെങ്കിലും ഒരു പണിക്കു ഈ സഭ പണം അനുവദിക്കുന്നതു ആ പ്രത്യേകപണി ആവശ്യമാണെന്നു സഭ വിചാരിക്കുന്നതുകൊണ്ടാണു. ഒരു പബ്ലിക്ക് അക്കൌണ്ട്സ് കമ്മിററി ഉണ്ടായിരുന്നാൽ പ്രത്യേക പ്രവൃത്തികൾക്കനുവദിക്കുന്ന സംഖ്യകൾ എത്രത്തോളം ചെലവാകാതെ മുതൽക്കൂട്ടിപ്പോകാൻ ഇടവരുത്തുന്നു എന്നും ഞങ്ങൾക്കു അറിയാൻകഴിയും. ഈ സഭ ശരിയായി സംഗതികൾ ഗ്രഹിക്കണമെങ്കിൽ, ഗവണ്മെന്റിന്റെ പ്രയാസങ്ങൾ ശരിയായി മനസ്സിലാക്കണമെങ്കിൽ, ഞങ്ങൾക്കു ഗവണ്മെന്റിൽ വേണമെന്നു ആഗ്രഹിക്കുന്ന വിശ്വാസം ഉണ്ടാകണമെങ്കിൽ ഒരു പബ്ലി

ക്ക് അക്കൗണ്ട്സ് കമ്മിററി അത്യാവശ്യമാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. അങ്ങനെയുള്ള ഒരു കമ്മിററിയുടെ ആവശ്യം കഴിഞ്ഞ മാസം ഫൈനാൻസ് കമ്മിററിയുടെ യോഗങ്ങളിൽ ഹാജരായപ്പോഴാണു എനിക്കു അനുഭവമായതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറു നിയമനം, ഡിപ്യൂട്ടിപ്രസിഡെൻറു): ഒരു മേജർ ഇനത്തിൽ ഉള്ള സംഖ്യ ആ ഇനത്തിൽ വേറൊരു പ്രവൃത്തിക്കു വിനിയോഗിക്കുമ്പോൾ, അങ്ങനെ ചെലവുചെയ്യുന്നതിനു മുമ്പു, ആ കാര്യം ഫൈനാൻസ് കമ്മിററിയുടെ മുമ്പാകെ കൊണ്ടുവരാറുണ്ടോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എല്ലായ്പോഴും അങ്ങനെ ചെയ്യാറില്ല. ഒരു പുതിയ ഇനത്തിലാണു പണം ചെലവുചെയ്യാൻ ഗവണ്മെൻറു വിചാരിക്കുന്നതെങ്കിൽ ആ കാര്യം ഫൈനാൻസ് കമ്മിററിമുമ്പാകെ ഹാജരാക്കും.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറു നിയമനം, ഡിപ്യൂട്ടിപ്രസിഡെൻറു): ഞാൻ മറുപടി ആവശ്യപ്പെട്ടതു വേറൊന്നിനെ പററിയാണു. ഒരു മേജർ ഇനത്തിൽ ബഡ്ജററിൽ വിവരിച്ചപ്രകാരം ൩ ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ടെന്നു വിചാരിക്കുക. ഈ മേജർഇനത്തിൽ നിന്നു വേറൊരു മേജർ ഇനത്തിലേക്കു ഏതെങ്കിലും സംഖ്യ മാററുന്നതിനു മുമ്പു അതിൻെറ വിവരം കുറിക്കുന്ന ഒരു പട്ടിക ഫൈനാൻസ് കമ്മിററിയുടെ മുമ്പാകെ വെക്കാറുണ്ടോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): അങ്ങനെ സംഖ്യ മാററംചെയ്യുമ്പോൾ കമ്മററിമുമ്പാകെ വെക്കാറില്ല.

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ് സിക്രിട്ടറി): അങ്ങനെ സംഖ്യകൾ ഒരിക്കലും മാററംചെയ്യാറില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ സഭ അനുവദിച്ച ഒരു സംഖ്യ എന്തിനായി അനുവദിച്ചുവോ അതിന്നായി ഗവണ്മെൻറു ചെലവുചെയ്യുന്നോ എന്നു അറിയുന്നതിനും അല്ലെങ്കിൽ അസംഖ്യ ചെലവാകാതെ മുതൽ കൂട്ടിയോ എന്നു അറിയുന്നതിനും കാര്യങ്ങളുടെ യഥാർത്ഥസ്ഥിതി ഗ്രഹിക്കുന്നതിനും നമുക്കു ഒരു പബ്ളിക് അക്കൗണ്ട്സ് കമ്മിററിഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണ്.

മി: മുറിവേലിപാച്ചുപ്പിള്ള (ചേർത്തല): ഈ രാജ്യത്തു പ്രത്യേകം ഒരു പബ്ളിക്ക് അക്കൗണ്ട്സ കമ്മിററി ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമെന്നുള്ള സംഗതിയെ ഈ കൗൺസിലിനെ ബോധ്യപ്പെടുത്താനാണു ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു. ഇപ്പോൾ ഒരു ആഡിററ് ആഫീസർ ഉണ്ടു. ആ ആഡിററ് അക്കൗണ്ടാഫീസർ തന്നെയാണു പത്തിരുപതുലക്ഷം രൂപായുടെ സ്റ്റാമ്പ് അടിച്ചിറക്കുന്ന സ്റ്റാമ്പുനിർമ്മാണശാലയുടെയും മേലധികാരം വഹിക്കുന്നതു എന്നാണു ഇതിനെപ്പററിയുള്ള ഒരു ചോദ്യത്തിനു എനിക്കു മറുപടികിട്ടിയതു. പത്തിരുപതു ലക്ഷം രൂപയുടെ സ്റ്റാമ്പു ആണ്ടുതോറും ഉണ്ടാക്കുന്ന സ്റ്റാമ്പു നിർമ്മാണശാലയുടെ ചുമതലയോടുകൂടി ആഡിററ ജോലിയും ഒരാൾതന്നെ വഹിച്ചുവരുന്നതു വാസ്തവത്തിൽ ഒട്ടും അഭിലഷണീയമല്ല. ഏതുവിധവും ഒരു പബ്ളിക്ക് അക്കൗണ്ട്സ് കമ്മിററി ഇവിടെ സ്ഥാപിക്കേണ്ടകാര്യം ഗവണ്മെൻറിൻെറ പ്രത്യേകമായ ആലോചനയ്ക്കു വിഷയമാക്കേണ്ടതാണെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രസിഡെൻറ്: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൩൬൧൭ മുതൽ ൩൬൧൯ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: എ.സ്. പിറവിപ്പെരുമാൾപിള്ള:

൩൬൧൭. ഡിമാണ്ടു ൮-ൽ ആകെ അനുവദിച്ചിട്ടുള്ള ൭,൦൫,൫൭൯ രൂപായിൽ ൭൦൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മുഹമ്മദ്:

൩൬൧൮. ഡിമാൻറ് ൮-ൽ ആകെ അനുവദിച്ചിട്ടുള്ള ൭,൦൫,൫൭൯ രൂപായിൽ ൭൦൦ രൂപാകുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൩൬൧൯. ഡിമാൻറ് ൮-ൽ ആകെ അനുവദിച്ചിട്ടുള്ള ൭,൦൫,൫൭൯ രൂപായിൽ ൭൦൦ രൂപാ കുറയ്ക്കണം.

പ്രസിഡെൻറ്: ഡിമാൻറ് ൮—പൊതുഭരണം—അക്കൗണ്ടാഫീസ് എന്ന ഇനത്തിൽ ൭,൦൫,൫൭൯ രൂപയ്ക്കുള്ള അഭ്യർത്ഥന സഭാ മുമ്പാകെ വയ്ക്കുന്നു. സഭ അതു അനുവദിക്കുന്നു എന്നു സങ്കല്പിക്കാമോ?

അഭ്യർത്ഥന അനുവദിച്ചു.

ഡിമാൻറ് ൯—നീതിന്യായഭരണം.

പ്രസിഡെൻറ്: ഇനി സഭ ൯-ാം നമ്പർ ഡിമാൻറ്-നീതിന്യായഭരണം-എന്ന ഇനത്തെപ്പററി ആലോചിക്കാം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, ഡിമാൻറ് ൯—നീതിന്യായഭരണം എന്ന ഇനത്തിൽ ൮,൦൭,൭൦൩ രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഉപക്ഷേപങ്ങൾ ൨൪-ം ൨൫-ം.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: ആർ. രാമൻപിള്ള

൨൪. താല്ക്കാലഗുമസ്തന്മാർക്കുംമററും അനുവദിച്ചിട്ടുള്ള ൨,൨൯൯ രൂപാ വിട്ടുകളയണം.

മി: എ. താണുപിള്ള

൨൫. താല്ക്കാലഗുമസ്തന്മാർക്കുംമററും അനുവദിച്ചിട്ടുള്ള ൨,൨൯൯ രൂപാ വിട്ടുകളയണം.

ഉപക്ഷേപം ൨൫.

മി: ആർ. രാമൻപിള്ള (കോട്ടയം): താഴെ പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഹൈക്കോടതി മൂന്നാം ബെഞ്ചിലെ താല്ക്കാലഗുമസ്തന്മാർക്കും മററും അനുവദിച്ചിട്ടുള്ള ൪,൨൫൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഹൈക്കോടതിയിലെ മൂന്നാം ബഞ്ചിലുള്ള ടെമ്പററി ക്ലാക്കന്മാരുടെ ചിലവിലേക്കായി അനുവദിച്ചിട്ടുള്ള ൪,൨൫൦ രൂപായിൽനിന്ന് ഒരു രൂപാ കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം. മററു ചില ഡിപ്പാർട്ടുമെന്റുകളിലെപ്പോലെ ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റിലും ടെമ്പററി ആയിട്ടു പല സ്ഥാനങ്ങളും പല കോടതികളിലുള്ള ജഡ്ജിമാരേയും മുൻസിഫന്മാരേയും സ്ഥിരപ്പെടുത്തീട്ടുള്ളതുകൊണ്ടു അവരുടെ ശമ്പളത്തിൽ യാതൊരു കുറവും ഇല്ല. അതിൽ രണ്ടാംജഡ്ജി അല്ലാത്തവർക്കും കാലക്രമത്തിൽ ഇൻക്രീമെൻറ് ഉണ്ട്.

ടെമ്പററി മുൻസിഫന്മാരുടെ ഗുമസ്താക്കൾ മൂന്നാംകോടതിയിൽചേന്ന് അകപ്പെട്ടതുമൂലം അവർക്കു നിയമിച്ച കാലത്തുള്ള ശമ്പളമല്ലാതെ സ്ഥിരപ്പെടുത്തുന്നതുവരെ കിട്ടുന്നില്ല. ഇതിനിടയ്ക്കു ചിലരെ സ്ഥിരപ്പെടുത്താനായിട്ടു ആ സ്ഥാനത്തുനിന്നു ടെമ്പററി ആയി ജുഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ വേറെ സ്ഥാനങ്ങളിലേക്കു അയക്കുന്നു. ഇവർക്കു ശമ്പളത്തിൽ അഭിവൃദ്ധിയും ഉണ്ടാകുന്നുണ്ട്. ഇങ്ങനെ ടെമ്പററി ഗുമസ്തന്മാർ നിരാശരിതരായിട്ടാണു കഴിച്ചുകൂട്ടുന്നത്. ഈ ഗുമസ്തന്മാരുടെ വയറിനെ ഭയന്ന് അവർ ജോലിചെയ്യുന്നു. എന്നല്ലാതെ തീർച്ചയായിട്ടും ഉത്സാഹത്തോടുകൂടി ജോലി ചെയ്യാൻ സാധിക്കയില്ല. നിയമവിളംബം ഉണ്ടാക്കുന്ന ജഡ്ജിയേയോ മുൻസിഫിനേയോ സഹായിക്കുന്നതിന് ഇവർ ശക്തരാകുന്നില്ല എന്നാണ് എന്റെ വിശ്വാസം. ഒരു ടെമ്പററി മുൻസിഫിനെ സ്ഥിരപ്പെടുത്തേണ്ടതിനു തക്കതായ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഇപ്പോഴത്തെ ടെമ്പററി ഗുമസ്തന്മാരെ ആ സ്ഥാനങ്ങളിൽ സ്ഥിരപ്പെടുത്തി മററു ഗുമസ്തന്മാരെപ്പോലെ ഇവർക്കും ശരിയായ പ്രോത്സാഹനം ശമ്പളവിഷയത്തിൽ കൊടുക്കണമെന്നുള്ള എന്റെ അഭിപ്രായത്തെ കൌൺസിലിന്റെ മുമ്പാകെ കൊണ്ടുവരുന്നതിനാണ് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ സംഗതിയിൽ ഗവൺമെൻറു വേണ്ടതു പ്രവർത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു എന്നുള്ള പ്രസ്താവനയോടുകൂടി എന്റെ ഉപക്ഷേപത്തെ കൌൺസിലിന്റെ സ്വീകരണത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ). സർ, ഈ താല്ക്കാലഗുമസ്തന്മാരെ ഹൈക്കോടതിയിലെ താല്ക്കാല മൂന്നാം ബഞ്ചിനെ സംബന്ധിച്ചു നിയമിച്ചിട്ടുള്ളതാണ്. അതുകൊണ്ടു മൂന്നാം ബഞ്ചു സ്ഥിരമാക്കുമ്പോൾ മാത്രമേ ഈ ഗുമസ്തന്മാരെയും സ്ഥിരപ്പെടുത്താൻ പാടുള്ളു എന്നു അനുമാനിക്കേണ്ടതാകുന്നു. എന്നാൽ എല്ലാം ഇപ്പോൾ ഉരുക്കിവാർക്കുന്ന ഒരു സ്ഥിതിയിലാകയാൽ ആ വിഷയം ഇപ്പോൾ ആലോചനയ്ക്കെടുക്കാൻ പാടില്ല. വ്യവഹാരങ്ങളുടെ തീർച്ചക്കുള്ള കാലതാമസത്തിന്റെയും വ്യവഹാരങ്ങളുടെ വർദ്ധനവിന്റെയും കാരണങ്ങളെപ്പററി ഒരന്വേഷണം നടത്തുന്നതിനു ഒരു നിയമവിളംബഉദ്യോഗസ്ഥനെ നിയമിക്കാൻ ഗവൺമെൻറു ആലോചിക്കുന്നുണ്ടല്ലോ. അതുകൊണ്ടു താല്ക്കാലികബഞ്ചിനെ സ്ഥിരപ്പെടുത്താൻ ഇപ്പോൾ ആലോചിക്കുന്നതു സാഹസമായിരിക്കുമെന്നു എനിക്കു തോന്നുന്നു. അതങ്ങനെയാണെങ്കിൽ ഈ താല്ക്കാലികഗുമസ്തന്മാരെ ഇപ്പോൾ സ്ഥിരപ്പെടുത്താൻ ആലോചിക്കുന്നതും സാഹസമായിരിക്കും.

ആ ഗുമസ്തന്മാർക്കു സ്ഥിരഉദ്യോഗങ്ങൾ കിട്ടാത്തതുകൊണ്ട് അവർക്കു വലിയ ദോഷങ്ങൾ അനുഭവമാകുന്നു എന്നു മിസ്റ്റർ രാമൻപിള്ള പറഞ്ഞ ആക്ഷേപത്തെ ഞാൻ സമ്മതിക്കുന്നു എന്നുള്ളതുകൊണ്ടു അനുമാനിക്കരുത്. അതു് അല്പമൊക്കെ ശരിയായിരിക്കാം. എന്നാൽ ഹൈക്കോടതിയിൽ സ്ഥിരമായ ഒഴിവുകൾ ഉണ്ടാകുമ്പോൾ ഈ താല്ക്കാലഗുമസ്തന്മാർക്കാകുന്നു സ്ഥിരപ്പെടുത്തപ്പെടാൻ പ്രഥമാവകാശം ഉള്ളതെന്നു സഭ മനസ്സിലാക്കിയാൽ അവർ അനുഭവിക്കുന്ന ദോഷം, മിസ്റ്റർ രാമൻപിള്ള വിവരിച്ചപ്രകാരം ഗൌരവമായതല്ലെന്നു സഭ ഗ്രഹിക്കും.

മി. ആർ. രാമൻപിള്ള (കോട്ടയം): എട്ടുപത്തു കൊല്ലമായിട്ടു യാതൊരു പ്രോത്സാഹനവുമില്ലാതെയിരിക്കുന്നവരുണ്ടെന്നു മെമ്പർക്കറിയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഏതെങ്കിലും ഒരു പ്രത്യേകദൃഷ്ടാന്തം എടുത്തു പറവാൻ എനിക്കു സാധിക്കയില്ല. എന്നാൽ ഒരു ആഫീസിൽ താല്ക്കാലഗുമസ്തന്മാർ ഉണ്ടായിരിക്കയും അവിടെ സ്ഥിരമായ ഒരു ഒഴിവു ഉണ്ടാകയും ചെയ്താൽ സ്ഥിരം ഒഴിവിൽ ആദ്യം നിയമിക്കപ്പെടുന്നതു താല്ക്കാലഗുമസ്തന്മാർ ആയിരിക്കും.

മി: ആർ. രാമൻപിള്ള (കോട്ടയം): ൧൦൫ കൊല്ലത്തിനുമുമ്പു ടെമ്പററി ക്ലാർക്കന്മാരായിരുന്ന ആളുകൾക്കു സ്ഥിരമായി യാതൊരു സ്ഥാനവും കൊടുക്കാതെ നിയമനങ്ങൾ നടക്കുന്നതായിട്ടറിയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): പ്രത്യേക ഉദാഹരണങ്ങൾ എടുത്തു പറവാൻ എനിക്കിപ്പോൾ സാധിക്കയില്ല. മിസ്റ്റർ രാമൻപിള്ള ഇതിനെപ്പററി സ്വകാര്യമായി അറിവു തരികയോ ഒരു ചോദ്യംമൂലം വിവരം ചോദിക്കുകയോ ചെയ്തിരുന്നു എങ്കിൽ സംഗതികളെല്ലാം പറയാൻ ഞാൻ തയ്യാറായിരുന്നേനെ. സ്ഥിരം ഒഴിവുകൾ ഉണ്ടാകുമ്പോൾ താല്ക്കാലഗുമസ്തന്മാരുടെ അവകാശം

ണനാക്കുമെന്നു ഞാൻ പറഞ്ഞതു് ഒരു സാധാരണ പ്രമാണമാകുന്നു. ഏതെങ്കിലും ഒരു പ്രത്യേക ആളിൻെറ കാര്യം മിസ്റ്റർ രാമൻപിള്ളയുടെ മനസ്സിൽ ഉണ്ടെങ്കിൽ അതു ഹൈക്കോടതിയുടെ ദൃഷ്ടിയിൽ പെടുത്തിയാൽ അവർ അതിൻെറ യോഗ്യതായോഗ്യതകളെപ്പററി ചിന്തിക്കാതിരിക്കയില്ല.

ഈ താല്ക്കാലികമുന്സിഫന്മാർ അവരുടെ ഉദ്യോഗം താല്ക്കാലികമാകകൊണ്ടുമാത്രം ഗൌരവതരമായ ദോഷങ്ങൾ അനുഭവിക്കുന്നു എന്നു പറയുന്നതു ശരിയല്ലെന്നുള്ള സംഗതിമാത്രം സഭയുടെ ആലോചനയ്ക്കായി ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. അവർ ദോഷങ്ങൾ ഒന്നും അനുഭവിക്കുന്നില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ അതുകൊണ്ടുമാത്രം അവർ മന്ദന്മാരും അലസന്മാരും ആയിരിക്കണം എന്നു അനുമാനിക്കുന്നതു കേവലം ന്യായരഹിതമാണെന്നു് എനിക്കു തോന്നുന്നു.

ഇനിയൊരു വിഷയം ഈ താല്ക്കാലികമുന്സിഫന്മാക്കു് കാലാനുസൃതശമ്പളക്കൂടുതൽ കൊടുക്കണമൊ എന്നുള്ളതാണ്. അതു അതിവിശാലമായ ഒരു ചോദ്യമാണെന്നും ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു അതു തീർച്ചയാക്കാൻ സാധിക്കയില്ലെന്നും ഇന്നലെ പ്രസ്താവിച്ചതാണ്. സംസ്ഥാനത്തെ എല്ലാ താല്ക്കാലികഉദ്യോഗസ്ഥന്മാക്കും മുന്സിഫന്മാക്കും കാലാനുസൃതശമ്പളക്കൂടുതൽ കൊടുക്കുന്ന പൊതുക്കാര്യം തീർച്ചയാക്കി മുതലെടുപ്പിൽ എത്ര സംഖ്യ അതിനായി വിനിയോഗിക്കേണ്ടിവരുമെന്നു നിർണ്ണയിക്കുന്നതുവരെ ഒരു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചുമാത്രം ഒന്നുംചെയ്യാൻ സാധിക്കയില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): സ്ഥിരമായ ഒഴിവുണ്ടാകുമ്പോൾ ടെമ്പററി ക്ലാക്കന്മാക്കുതന്നെ ആ സ്ഥാനം കൊടുക്കണമെന്നു് ഒരു വ്യവസ്ഥ ചെയ്യേണ്ടതു ആവശ്യമാണെന്നു ഗവമെൻറിനു തോന്നുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): ഒരു ചട്ടമാക്കാൻ പാടില്ല. ഡിപ്പാർട്ടുമെൻറു മേലധികാരികൾ സ്വീകരിക്കേണ്ടുന്ന സാധാരണ പ്രമാണം സ്ഥിരഒഴിവുകൾ ഉണ്ടാകുമ്പോൾ താല്ക്കാലികമായി ജോലിനോക്കുന്നവരെ നിയമിക്കണമെന്നാണ്. ആ പ്രമാണം ഡിപ്പാർട്ടുമെൻറുമേലധികാരിമാർ അനുസരിച്ചു പ്രവർത്തിക്കുന്നുണ്ടെന്നാണ് എൻെറ വിശ്വാസം. പ്രത്യേകവ്യക്തികളുടെ കാര്യം ആലോചിക്കേണ്ടുന്ന സന്ദർഭങ്ങൾ ഉണ്ടാകാം. എന്നാൽ അതു വേറൊരു കാര്യമാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): ഇങ്ങിനെ അവ്യവസ്ഥിതമായിരിക്കുന്നതുകൊണ്ടു താഴെ ഇരിക്കുന്ന ആളുകൾക്കു് നിരാശയ്ക്കു ഇടയാകുമെന്നും അങ്ങിനെ വരാതിരിക്കുന്നതിനു വേണ്ടതുചെയ്യണമെന്നും ഗവമെൻറു വിചാരിക്കുന്നുണ്ടോ?

മി. കയ്യാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ്സക്കാർ വക്കീൽ): അതിനു ഞാൻ ഉദ്ദേശിച്ചവിധം മറുപടി പറഞ്ഞാൽ ഇപ്പോൾ ഏതാണ്ടെല്ലാം തകരാറുകൾ ഉണ്ടെന്നു സമ്മതിക്കുന്നതിനായി സങ്കല്പിക്കും. മെമ്പർ അങ്ങനെ വ്യാഖ്യാനിക്കയില്ലെങ്കിൽ ഞാൻ മറുപടി പറയാൻ തയ്യാറാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഹൈക്കോടതിയിലെ താല്ക്കാലിക മുന്സിഫന്മാരെ ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ ആക്ടിംഗ് മുന്സിഫന്മാരെപ്പോലെയാണൊ ഗണിച്ചുവരുന്നതു്?

മി. കയ്യാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സക്കാർ വക്കീൽ): അങ്ങനെതന്നെയാണന്നാകുന്നു എൻെറ വിശ്വാസം.

മി: ആർ. രാമൻപിള്ള (കോട്ടയം) : ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

പ്രെസിഡെൻറു. ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം ൨൩൭.

താഴെ പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ.

൨൩൭. സിൽബന്തിച്ചിലവിനു അനുവദിച്ചിട്ടുള്ള ൪൮,൮൭൬ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൩൮.

മി. പി. എസ്. മഹമ്മതു :

സിൽബന്തിച്ചിലവിന് അനുവദിച്ചിട്ടുള്ള ൪൮,൮൭൬ രൂപായിൽ ൫൦ രൂപാ കുറയ്ക്കണം.

എസ്റ്റാബ്ലിഷ്മെൻറിനത്തിൽ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ൪൮,൮൭൬ രൂപായിൽനിന്നും പത്തു രൂപാ കുറയ്ക്കണമെന്നുള്ള എൻെറ ഉപക്ഷേപത്തെഅവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിനുള്ള പ്രധാനഉദ്ദേശം ഈഡിപ്പാർട്ടുമെൻറിൽ നടന്നുകൊണ്ടിരിക്കുന്നതും, ഡിപ്പാർട്ടുമെൻറുകാർ കൊല്ലംതോറും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ മുൻസീഫ് മജിസ്ട്രേട്ടുകച്ചേരികളെ നിറുത്തൽചെയ്യണമെന്നുള്ള എൻെറ അഭിപ്രായത്തെ രേഖപ്പെടുത്തുന്നതിനുവേണ്ടിയാണ്. ഈ കോടതികളുടെ ഭരണം അശേഷം തൃപ്തികരമല്ലെന്നുമാത്രമല്ല, അതു തൃപ്തികരമായിട്ടുവരുന്നതുമല്ല. ക്രിമിനൽ കേസുകളും സിവിൽകേസുകളും ഒന്നിച്ചു വിസ്തരിക്കേണ്ടതായിട്ടാണിരിക്കുന്നതു്, ഒരുതീയതി കുറെ ക്രിമിനൽകേസുകളും കുറെ സിവിൾകേസുകളും ആയിരിക്കും വിസ്തരിക്കുന്നതു്.

മി: മാത്യൂ മുരിക്കൻ (വൈക്കം): സിവിലും ക്രിമിനലും കേസുകൾ ഒരു ദിവസമൊ?

മി: പി. എസ്. മഹമ്മദ് (ഗവമെൻറുനിയമനം): ഒരു തീയതി അല്ലെങ്കിൽ അതു വേറൊരു തീയതിയിലായിരിക്കും.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): പഞ്ചായത്തുകോടതികളും കൂടെ നിറുത്തണമെന്നാണൊ മെമ്പർ പറയുന്നതു ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റുനിയമനം): അതിനെപ്പറ്റി ഞാനൊന്നും പറയുന്നില്ല. മുൻസിഫ് മജിസ്ട്രേട്ടുകോടതിയെപ്പറ്റിയാണ പറഞ്ഞതു. ക്രിമിനൽകേസു വളരെ വേഗത്തിൽ തീരേണ്ടതായതുകൊണ്ടു സിവിൽകേസുകളെസംബന്ധിച്ചു അവരുടെ ശ്രദ്ധ വളരെ കുറയാനിടയുണ്ട്. ഇതിനുപുറമെ മുൻസിഫും മജിസ്ട്രേട്ടും കൂടിയായിരിക്കുന്ന ഘട്ടത്തിൽ ചില വസ്തുക്കൾസംബന്ധമായ കേസുകളിൽ മജിസ്ട്രേട്ട് എന്നുള്ള നിലയിൽ തീർച്ചപ്പെടുത്തുകയും ചിലപ്പോൾ അതേ വസ്തുവിനെ സംബന്ധിച്ചുതന്നെ സിവിൽക്കേസായി പിന്നിട്ടുവരികയും ചെയ്യേക്കാം. അങ്ങിനെവരുന്ന കേസുകളിൽ മജിസ്ട്രേട്ടായിട്ടിരുന്ന ജഡ്ജുമെന്റെഴുതിയ ആളുതന്നെ ഈ സിവിൾകേസിലും നേരെ വിപരീതമായി ജഡ്ജുമെന്റെഴുതേണ്ടതായിവരും.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം, ഡിപ്യൂട്ടിപ്രസിഡെന്റ): ജഡ്ജി ഉണ്ടായിട്ടു അവകാശംസ്ഥാപിച്ചു ഉത്തരവു റദ്ദാക്കാൻ ഉള്ള വ്യവഹാരം ആ ഉത്തരവു പാസാക്കിയ മുൻസിഫിന്റെമുൻപാകെ ഫയലാക്കേണ്ടതാണെന്നു മെമ്പർക്കറിയാമോ?

മി. പി. എസ്. മഹമ്മദ് (ഗവണ്മെന്റുനിയമനം): ക്ലെയിംകോർട്ടിനെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ അങ്ങനെ വരുന്നതല്ലാം. അവിടെ ഒരു സമ്മറിട്രയലാണ ആദ്യം നടത്തുന്നതു്.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം ഡിപ്യൂട്ടിപ്രസിഡണ്ട്): അതും അതുപോലെ സമ്മറിയാണല്ലോ.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റുനിയമനം): അതിന്റെ ശേഷം ശരിയായ വിധത്തിൽ ഒരു തെളിവെടുത്തുകൊണ്ടു വിധിക്കത്തക്ക ഒരു സൌകര്യം ഇല്ല. ക്രിമിനൽ കേസുകളിൽ അങ്ങനെ അല്ല. വേണ്ടവിധത്തിലുള്ള തെളിവു കിട്ടിയതിനുശേഷമാണ് തീർച്ച ചെയ്യുന്നതു്. ഇതിനു പുറമെ മുൻസിഫ്മജിസ്ട്രേട്ട സിവിൽകേസു വിസ്തരിച്ചുകൊണ്ടിരിക്കുന്ന സമയത്തായിരിക്കും ഒരാളിനെ വെട്ടിക്കൊന്നു ആസ്പത്രിയിൽ കൊണ്ടു് ഇട്ടിരിക്കുന്നതായും ഉടനെ മരണമൊഴി വാങ്ങേണ്ടതായും അറിവു കിട്ടുന്നതു. മജിസ്ട്രേട്ടെന്ന നിലയിൽ അതിലേക്കു പോകാതിരിക്കാൻ നിവൃത്തിയില്ല. ഇതിനു പുറമെ മുൻസിഫ് മജിസ്ട്രേട്ട ഹൈക്കോടതിയുടെയും ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെയും വരുതികൾ അനുസരിക്കണം. ഒരേസമയം രണ്ടു മേലുദ്യോഗസ്ഥന്മാരെ തൃപ്തിപ്പെടുത്തുക എന്നതു സാധ്യമല്ല. ഇങ്ങനെയുള്ള പല ദൂഷ്യങ്ങളും ഇതിൽ ഉള്ളതുകൊണ്ടു മുൻസിഫ് മജിസ്ട്രേട്ട എന്നുള്ള നിലയിൽ ഇപ്പോഴുള്ള കോടതികളെ നശിപ്പിച്ചില്ലെങ്കിലും മേലാൽ കൂടുതൽ കോടതികൾ ഉണ്ടാക്കരുതെന്നാണ എന്റെ അഭിപ്രായം.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഞാൻ മിസ്റ്റർ പി. എസ്സ്. മഹമ്മദിന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. എന്നാൽ അദ്ദേഹം പറഞ്ഞ കാരണങ്ങൾകൊണ്ടല്ല, ഞാൻ മുൻസിഫ്മജിസ്ട്രേട്ടുകോടതി വേർതിരിക്കണമെന്നു പറയുന്നതു്. ഈ സംസ്ഥാനത്തു ഇപ്പോൾ ഈ മാതിരി ആറു മുൻസിഫ്മജിസ്ട്രേട്ടുകോടതികൾ ഉണ്ടു്. ഈ ആറു കോടതികളിലും കൂടി [illegible]-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടനുസരിച്ചു പതിഞ്ഞിട്ടുള്ള ക്രിമിനൽകേസുകൾ [illegible]-ം സിവിൾകേസുകൾ [illegible]-ം ആണ്. രണ്ടുംകൂടി കണക്കുനോക്കുന്നപക്ഷം പതിനായിരത്തിൽ കൂടുതൽ കേസുകൾ പതിഞ്ഞു വരുന്നതായി കാണാം. ശരാശരി ആറു കോടതികൾക്കായി ഈ കേസുകളെ വീതിക്കുകയാണെങ്കിൽ ഏകദേശം രണ്ടായിരംകേസുകൾ ഓരോ കോടതിക്കും വരുന്നുണ്ട്. ഈ കണക്കനുസരിച്ചു മജിസ്ട്രേട്ടധികാരം ഇല്ലാത്ത മുൻസിഫ്കോടതിയിൽ പതിഞ്ഞ കേസുകളുടെ എണ്ണവും മജിസ്ട്രേട്ടധികാരം കൂടിയുള്ള മുൻസിഫ് കോടതിയിൽ പതിഞ്ഞ കേസുകളുടെഎണ്ണവും നോക്കിയാൽ സിവിൾകേസുകളുടെ എണ്ണത്തിൽ വലിയ വ്യത്യാസമില്ല എന്നു കാണാവുന്നതാണ്. അങ്ങിനെ നോക്കുന്നപക്ഷം ഒരു മുൻസിഫ് ചെയ്യുന്ന ജോലിയിൽ കൂടുതൽ മജിസ്ട്രേട്ടധികാരം കൂടിയുള്ള ഒരു മുൻസിഫ് ചെയ്യേണ്ടിയിരിക്കുന്നു. മുൻസിഫ് മജിസ്ട്രേട്ടന്മാർക്കു ഒന്നാംക്ലാസ് മജിസ്ട്രേട്ടിന്റെ അധികാരം കൊടുത്തിട്ടുണ്ട്. രണ്ടാംക്ലാസ് മജിസ്ട്രേട്ടുകോടതി അവരുടെ അധികാരാതിർത്തിയിൽ ഇല്ലാത്തതിനാൽ അവർതന്നെ ആവക കേസുകളും എടുത്തു വിസ്തരിക്കേണ്ടിയിരിക്കുന്നു. ഇനി മജിസ്ട്രേട്ടന്മാരുടെ മററു ജോലികൾ നോക്കാം. ഒന്നാംക്ലാസ് മജിസ്ട്രേട്ടധികാരമുള്ള ഡിവിഷൻ അസിസ്റ്റന്റന്മാർ റവന്യൂജോലികൾക്കുപുറമെ ഇൻകംടാക്സ്ജോലികൂടി ചെയ്യണം. അതിനുപുറമെ രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടന്മാരുടെ വിധിയിന്മേലുള്ള അപ്പീൽ അധികാരംകൂടി ഇവർക്കുണ്ട്. ഉത്സവമഠം മജിസ്ട്രേട്ടിനും മററു പലജോലികളുണ്ട്. പത്മനാഭപുരത്തുള്ളഡിവിഷൻ അസിസ്റ്റന്റിനു ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ അധികാരംകൂടി കൊടുത്തു അഡീഷണൽ ഡിസ്ട്രിക്ടമജിസ്ട്രേട്ടാക്കിയിരിക്കുന്നു. കുററങ്ങളുടെ അമർച്ചക്കുവേണ്ടി സദാനേരവും ശ്രദ്ധിച്ചു പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളാണ്. ഇങ്ങനെയാകിലും അതിനു ഇപ്പോൾ നിവൃത്തിയില്ല. മജിസ്ട്രേട്ടന്മാർ മററു പല ജോലികളോടുകൂടി ഈ ജോലി ചെയ്യുന്നതിനു വ്യവസ്ഥചെയ്താൽ ജനങ്ങൾക്കു സമാധാനവും രക്ഷയും കിട്ടുന്നതിനു സാധിക്കയില്ല. അതിനാൽ മജിസ്ട്രേട്ടന്മാരേയും മുൻസിഫന്മാരേയും പ്രത്യേകം പ്രത്യേകം നിയമിക്കണം. മജിസ്ട്രേട്ടന്മാർ വെറും മജിസ്ട്രേട്ടന്മാർതന്നെ ആയിരിക്കണം. ജുഡിഷ്യൽ വകുപ്പിൽനിന്നും എക്സിക്യൂട്ടീവിനെ വേർതിരിക്കേണ്ടതിനെ സംബന്ധിച്ചു് ഒരു നിശ്ചയം ഈ സഭയിൽ കൊണ്ടുവന്നു പാസ്സാക്കി എങ്കിലും തഹശീൽദാർമാരിൽ ഏതാനുംപേർക്കു കൊടുത്തിരിക്കുന്ന മജിസ്റ്റീരിയൽ അധികാരം ഇനിയും എടുത്തുകളഞ്ഞിട്ടില്ല. എന്റെ നിർബന്ധം മജിസ്ട്രേട്ടന്മാർ വെറും മജിസ്ട്രേട്ടന്മാരായിട്ടുതന്നെ ആയിരിക്കണമെന്നും മററു യാതൊരു ജോലികളും അവരെ ഏല്പിച്ചുകൂടെന്നും ആണ്.

ഇനിയും കൊല്ലംഡിവിഷനിൽ മൂന്നു ഡിവിഷനസിസ്റ്റന്റും കോട്ടയം ഡിവിഷനിൽ രണ്ടു ഡിവിഷനസിസ്റ്റന്റും ഇപ്പോൾ ഉണ്ട്. ഒന്നാംക്ലാസു മജിസ്ട്രേട്ടധികാരത്തിലടങ്ങിയ സകലകേസുകൾക്കും ഇപ്പോൾ ഈ കോടതികളിൽ പോകേണ്ടിയിരിക്കുന്നു. അതുകൊണ്ടു ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ട്. മുൻപറഞ്ഞ ആറു മുൻസിഫ് മജിസ്ട്രേട്ടന്മാരിൽനിന്നും മജിസ്റ്റീരിയൽ അധികാരം എടുത്തു ആവശ്യമുള്ള സ്ഥലങ്ങളിൽ ആറു ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ടുകോടതി പുതുതായി സ്ഥാപിക്കണം. മജിസ്ട്രേട്ടന്മാർക്കു ഇപ്പോൾ [illegible] രൂപയാണ് ശമ്പളം.

ഇനി പറവാനുള്ളതു മജിസ്ട്രേട്ടന്മാരുടെ ശമ്പളത്തെ പററിയാണ്. ഇവരുടെ കോടതികളിൽ പ്രാസി ക്യൂഷൻ നടത്തുന്ന ഇൻസ്പെക്ടർമാർക്കു ഇവരെക്കാൾ കൂടുതൽ ശമ്പളമുണ്ട്. മുൻസിഫ് ചെയ്യുന്ന ജോലിയേക്കാൾ കൂടുതലായി ഒരു മജിസ്ട്രേട്ടിനു ജോലിയുണ്ടെങ്കിലും ശമ്പളം മുൻസിഫിനെ അപേക്ഷിച്ചു മൂന്നിലൊന്നു കുറവാണ്. കുറഞ്ഞപക്ഷം മജിസ്ട്രേട്ടിനു ൧൫൦ രൂപാ ശമ്പളം എങ്കിലും വയ്ക്കണം. മജിസ്ട്രേട്ടന്മാരെ രണ്ടു ഗ്രേഡാക്കി ൨൦൦ രൂപാ ശമ്പളത്തിൽ ഫസ്റ്റ്ക്ലാസ് സ്റ്റേഷനറി മജിസ്ട്രേട്ടന്മാരേയും ൧൫൦ രൂപാ ശമ്പളത്തിൽ രണ്ടാം ക്ലാസ് സ്റ്റേഷനറി മജിസ്ട്രേട്ടന്മാരേയും നിയമിക്കുന്നതു നന്നായിരിക്കും. ഈ സംഗതികൾ ഈ സഭയുടെ ആലോചനക്കു വിഷയമാക്കേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ഞാനും പിന്താങ്ങുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, ഞാനും ഈ ഉപക്ഷേപത്തെ ബലമായി പിന്താങ്ങുന്നു. മുൻസിഫന്മാരിൽനിന്നും മജിസ്ട്രേട്ടധികാരം എടുത്തുകളയുന്നതിന് മിസ്റ്റർ മഹമ്മദ് പറഞ്ഞിട്ടുള്ള കാരണം മതിയാകുന്നതല്ല. മുൻസിഫ് മജിസ്ട്രേട്ടന്മാരെ സൃഷ്ടിക്കുന്നതിനു വേറെ ചില കാരണങ്ങളുംകൂടിയുണ്ട്. ഞങ്ങൾക്കു ഒരു മുൻസിഫ്കോടതിയില്ല. മജിസ്ട്രേട്ടിനു മുൻസിഫിന്റെ അധികാരംകൂടി തന്നാൽ മതിയെന്നു നിവേദിച്ചതിന്റെ ഫലമായിട്ടാണ് ഈ അധികാരം കൊടുത്തിരിക്കുന്നതു്. അതു കിട്ടികഴിയുമ്പോൾ അതു കൊള്ളുകയില്ലെന്നു പറയുന്ന ന്യായം ശരിയല്ല. തിരുവിതാംകൂറിൽ എല്ലാ താലൂക്കുകളിലും തഹശീൽദാരന്മാരും അവക്കു മജിസ്ട്രേട്ടധികാരവും ഉണ്ടായിരുന്നു. ഇപ്പോൾ ഓരോ താലൂക്കിലും ഓരോ മജിസ്ട്രേട്ടുകോടതി പോലുമില്ല. ഇപ്പോൾ ഡിവിഷനസിസ്റ്റന്റിനു ഒന്നാംക്ലാസ് മജിസ്ട്രേട്ടധികാരംകൂടിയിരിക്കുന്നതുകൊണ്ടു് ൧൦വ്വാം വകുപ്പനുസരിച്ചു ജപ്തിചെയ്തശേഷം വസ്തുക്കളെ റിസീവരെ ഏല്പിക്കുന്നതിനു ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതിയിൽ കൊടുക്കുന്ന കേസ് ഏഴും എട്ടും കൊല്ലം അവിടെ കിടക്കുന്നു. റിസീവർ വരുത്തുന്ന നഷ്ടത്തെപ്പററി ഞാൻ ഒന്നും പറയുന്നില്ല. ഇങ്ങിനെ കാലതാമസം നേരിടുന്നതുകൊണ്ടു വസ്തു ഉടമസ്ഥനും കേസിലെ കക്ഷിക്കും നേരിടുന്ന കഷ്ടനഷ്ടങ്ങൾ ചില്ലറയല്ല. ഇവരുടെ ജോലിയെസംബന്ധിച്ചു പറയുകയാണെങ്കിൽ അതു ഒട്ടും കുറവല്ല. ഒരു പരമയോഗ്യനായ സ്റ്റേഷനറി മജിസ്ട്രേട്ടു ചാർജ് എടുത്തശേഷം ൧൧ മണിക്കു വരികയും അഞ്ചുമണിക്കു കണിശമായിപ്പോകുകയും ചെയ്തുവന്നിരുന്നു. അപ്രകാരം ഇരുപതുദിവസംവരെ കഴിഞ്ഞു. ഇപ്പോൾ ഗത്യന്തരമില്ലാതെ രാത്രി ഏഴെട്ടുമണിവരെ ഇരുന്നു ജോലിചെയ്യുന്നു. കക്ഷികളെ ഉപദ്രവിക്കുന്നില്ല. വേണ്ട ഗുണങ്ങൾ ചെയ്യുന്നുണ്ട്. ഇങ്ങനെ മജിസ്ട്രേട്ടന്മാർ കഷ്ടപ്പെട്ടാൽ അവക്കു ശാരീരികമായിട്ടുള്ള ബലത്തെ സംബന്ധിച്ചിടത്തോളം വളരെ ക്ഷയം നേരിടാനിടയുണ്ട്. മജിസ്ട്രേട്ടന്മാരുടെ എണ്ണക്കുറവുകൊണ്ടും ധാരാളം വിഷമങ്ങളും കഷ്ടതകളും കക്ഷികൾക്കു നേരിടുന്നുണ്ട്. ഈ ദോഷത്തെ പരിഹരിക്കുന്നതിനായി സ്റ്റേഷനറി രണ്ടും ഒന്നുംക്ലാസ് മജിസ്ട്രേട്ടന്മാരെ ധാരാളമായി നിയമിക്കേണ്ടതാണ്.

ഇവരുടെ ശമ്പളകാര്യം വളരെ പരിതാപകരമാണ്. എന്റെ സ്നേഹിതൻ പറഞ്ഞതു് ൨൦൦ രൂപാ ശമ്പളം കൊടുക്കണമെന്നാണ്. എന്നാൽ ഞാൻ പറയുന്നതു അതിലും കൂടുതൽ കൊടുക്കണമെന്നാണ്.

പിന്നെ ഒരു സംഗതി പറയാനുള്ളതു് സ്ഥലത്തെ പോലീസ് ഇൻസ്പെക്ടന്മാരുടെ അഭിരുചിക്കനുസരിച്ചു കേസുകൾക്കു ജഡ്ജിമെന്റു എഴുതിയില്ലെങ്കിൽ അവർ വളരെ കുഴപ്പങ്ങൾ വരുത്തിക്കൂട്ടുമെന്നു എനിക്കറിയാം എന്നുള്ളതാണ്. അതുകൊണ്ടു പോലീസ് ഇൻസ്പെക്ടന്മാരുടെ സ്റ്റാററസിൽ കുറഞ്ഞതായ മജിസ്ട്രേട്ടുകേസ് വിസ്തരിക്കുന്നതു നല്ലതല്ല.

മി: എം. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ശമ്പളംകൊണ്ടാണോ അവരുടെ സ്റ്റാററസ് നിശ്ചയിക്കുന്നതു്?

മി: ആർ. രാമൻപിള്ള (കോട്ടയം): അതിനു സംശയമില്ലെന്നാണ് എന്റെ അഭിപ്രായം. ൫൦൦ രൂപാ ശമ്പളമുള്ള ഒരാളെയാണ് തിരുവിതാംകൂറിൽ ദിവാൻജിയായി വയ്ക്കുന്നതെങ്കിൽ നാം ആരും അദ്ദേഹത്തെ ബഹുമാനിക്കുകയില്ല. ഞാൻ തീർച്ചയായും ബഹുമാനിക്കുകയില്ല. (ചിരി) അതുകൊണ്ടു ശമ്പളം കുറയ്ക്കാതെ കൊടുക്കണം. ഈ വക സംഗതികളിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിയണം. എന്റെ അഭിപ്രായങ്ങളെപ്പററി ഗവണ്മെന്റു പര്യാലോചിക്കുമെന്നാണ് എന്റെ വിശ്വാസം.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): ഞാൻ മിസ്റ്റർ മഹമ്മദിന്റെ ഉപക്ഷേപത്തെ എതിർക്കുന്നു. ഇപ്പോൾ ഏതുദേശം ആ മജിസ്ട്രേട്ടു മുൻസീഫ് ഉണ്ടെന്നും അവരുടെ കേസുകളുടെ ശരാശരിഎണ്ണം എത്രയുണ്ടെന്നും എന്റെ സ്നേഹിതൻ ഇവിടെ ചൂണ്ടികാണിച്ചു. ഈ ശരാശരിയെപ്പററി ഗുണദോഷനിരൂപണം ഇങ്ങനെയുള്ള കാര്യങ്ങളിൽ ഒരിക്കലും ചെയ്യാൻപാടുള്ളതല്ല. ഓരോ സ്ഥലത്തിലുമുള്ള ജനസംഖ്യയുടെ കൂടുതൽ കുറവനുസരിച്ചു ഇങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആവശ്യമുണ്ടോ ഇല്ലയോ എന്നു നിർണ്ണയിക്കേണ്ടതാണ്. അങ്ങനെ നോക്കുകയാണെങ്കിൽ ഇപ്പോൾ ഉള്ളിടത്തോളം ഉദ്യോഗസ്ഥന്മാർ ആവശ്യമാണെന്നും ഈ രണ്ടധികാരവുംകൂടി ഒരുദ്യോഗസ്ഥനിൽ നിക്ഷേപിച്ചിരിക്കുന്നതുകൊണ്ടു പൊതുജനങ്ങൾക്കു വളരെ സൌകര്യമുണ്ടെന്നുമാണ് ഇതുവരെയുള്ള എന്റെ അറിവ്. മജിസ്ട്രേട്ടന്മാർക്ക് ആവശ്യമുള്ളിടത്തോളം ക്രിമിനൽകേസുകൾ ഇല്ലാത്ത ഉള്ളിടത്തു മജിസ്ട്രേട്ടധികാരം മാത്രമുള്ള ഉദ്യോഗസ്ഥനെ നിയമിക്കുന്നതു് അനാവശ്യമായിരിക്കും.

മി: ആർ. രാമൻപിള്ള (കോട്ടയം): അതിനുതക്കവണ്ണം അധികാരാതൃത്തിയിൽ ഭേദഗതിചെയ്യാൻ വേണ്ട വ്യവസ്ഥയുണ്ടാക്കാൻ പാടില്ലെന്നുണ്ടോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): അങ്ങനെ ഭേദഗതി ചെയ്യുന്നതു് ക്രിമിനൽ കേസുകളുടേയും സിവിൽ കേസുകളുടേയും കൂടുതൽകുറവിനെ ആശ്രയിച്ചായിരിക്കും. അതാതു സ്ഥലത്തെ ആളുകളുടെ ആവശ്യത്തേയും ആഗ്രഹത്തേയും അനുസരിച്ചു് നിർണ്ണയിക്കേണ്ടതല്ലേ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതാതുസ്ഥലത്തെ ആളുകളുടെ സ്വഭാവമനുസരിച്ചാണോ മജിസ്ട്രേട്ടിന്റെ അധികാരാതൃത്തി നിർണ്ണയിക്കേണ്ടതു്?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): പൊതുജനങ്ങൾക്കു അനാവശ്യമായ നഷ്ടവും ഉപദ്രവവും ഉണ്ടാകാതിരിക്കത്തക്കവിധത്തിലായിരിക്കണം ഈ സംഗതി തീച്ചപ്പെടുത്താൻ.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): മുൻസീഫ് മജിസ്ട്രേട്ടിനു അദ്ദേഹത്തിന്റെ അധികാരാതിർത്തിയിൽ എല്ലാസ്ഥലത്തും സഞ്ചരിച്ചുപോകാമല്ലോ. പത്തു പന്ത്രണ്ടുമൈൽ ദൂരമുള്ള ഒരു സ്ഥലത്തു ഒരാൾ ദേഹോപദ്രവമേററു അവശതയിൽകിടക്കുന്നു എന്നറിഞ്ഞാൽ മജിസ്ട്രേട്ടിന്റെ നിലയിൽ അവിടെ എത്തി മരണവായ്മൊഴി വാങ്ങേണ്ട ആവശ്യമുണ്ടെന്നറിയാമോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): അറിയാം.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): അന്നേദിവസം ഒരു വസ്തു കേലത്തിനവധിവെച്ചിരിക്കയാണെങ്കിൽ ആ ലേലം നടക്കാതെ കക്ഷികൾക്കു പല നഷ്ടത്തിനും ഇടയുണ്ടാകയില്ലേ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): അങ്ങനെ ഒരു ലേലം ഒരു മണിക്കൂറോ അല്ലെങ്കിൽ ഒരു ദിവസമൊ മാററിവെയ്ക്കുന്നതുകൊണ്ടു കക്ഷികൾക്കു വലിയ നഷ്ടമൊന്നും വരാനിടയില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): "താമസിച്ചു ന്യായം നടത്തുന്നതു ന്യായം നടത്താതിരിക്കുന്നതിനു തുല്യമാണു" എന്ന തത്വം കേട്ടിട്ടുണ്ടോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): അതിനെപ്പററി പിന്നെയൊരവസരത്തിൽ പറയാം.

അതുകൊണ്ടു മുൻസിഫ് മജിസ്ട്രേട്ടന്മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ കുറെക്കൂടി ഗവണ്മെന്റു ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം. സിവിൽ അധികാരംമാത്രം കൊടുത്തു് ഒരു മുൻസിഫിനെ നിയമിക്കത്തക്കവണ്ണമുള്ള കേസുകൾ ഒരു സ്ഥലത്തില്ലാതെയിരിക്കാം. അതുപോലെ ഒരു മജിസ്ട്രേട്ടിനെമാത്രം ചെയ്യത്തക്കവണ്ണമുള്ള മജിസ്റ്റീരിയൽജോലിയും ആ സ്ഥലത്തില്ലാതെയിരിക്കാം. എന്നാൽ ഈ രണ്ടു ജോലിയും കൂടി ഒരാൾക്കു ചെയ്യുതീക്കുന്നതിനു തക്കവണ്ണമുണ്ടെന്നു കാണുകയും ജനങ്ങൾ അതിലേക്കു അപേക്ഷിക്കയും ചെയ്യുമ്പോൾ ലേശംപോലും താമസംകൂടാതെ അവിടെ ഒരു മുൻസീഫ് മജിസ്ട്രേട്ടിനെ നിയമിച്ചുകൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഇത്രയും പ്രസ്താപിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോട്ടും): മി: പി. എസ്. മുഹമ്മദ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ൧൧൦൯-ാമാണ്ടത്തെ റിപ്പോർട്ടിൻപ്രകാരം ഈ സംസ്ഥാനത്തു അഞ്ചുതരം കോടതികൾ ഉള്ളതായിക്കാണുന്നു. ഹൈക്കോടതി, ഡിസ്ത്രിക്ട് കോടതികൾ, രണ്ടാം ജഡ്ജിമാരുടെ കോടതികൾ, ഡിസ്ത്രിക്ട് മുൻസിഫ്കോടതികൾ, പഞ്ചായത്തു കോടതികൾ എന്നിവയാണു് ഈ അഞ്ചു. ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുള്ള മറുപടി എന്തായിരിക്കുമെന്നു നമുക്കു് ഏറെക്കുറെ മുൻകൂട്ടി സങ്കല്പിക്കാൻകഴിയും. എങ്കിലും അവരുടെ ആലോചനയ്ക്കു ചില സംഗതികൾ പറകയാണുത്തമം എന്നു ഞാൻ വിചാരിക്കുന്നു. നിയമവിളംബ കമ്മിററിയെ നിയമിക്കാൻ പോകുന്നു എന്നായിരിക്കും ഗവണ്മെന്റു ഭാഗത്തുനിന്നു പറയുന്നതു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നിയമവിളംബ കമ്മിഷണർ എന്നു പറയണം.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോട്ടും): നിയമവിളംബ കമ്മിഷണരെ നിയമിക്കാൻ പോകുന്നു, അദ്ദേഹം ഈ വിഷയങ്ങളെപ്പററി അന്വേഷണം നടത്തും എന്നായിരിക്കും മറുപടി. അതെന്തായാലും, എനിക്കു സഭാമുമ്പാകെ പറയുവാനുള്ളതു പറയാം. ബെഞ്ചുമജിസ്ട്രേട്ടുകോടതികളും ഗ്രാമപ്പഞ്ചായത്തു കോടതികളും ഉണ്ടു്. ഗവണ്മെന്റു തങ്ങളുടെ വാഗ്ദാനം പാസാക്കുകയാണെങ്കിൽ ഗ്രാമപ്പഞ്ചായത്തു റെഗുലേഷൻ നടപ്പിൽ വരുത്താനും ഇടയുണ്ടു്. ഗ്രാമപ്പഞ്ചായത്തു റെഗുലേഷൻ നടപ്പിൽ വരുത്തുന്നതിനുമുമ്പും ഈ സ്ഥാപനങ്ങൾ ഒന്നിച്ചലാനു ലയിപ്പിക്കയോ എന്നു തീർച്ചയാക്കേണ്ടതാകുന്നുവെന്നു ബോധിപ്പിച്ചുകൊള്ളുന്നു. അതായതു ചെറിയ മുനിസിപ്പാലിററികളും ഗ്രാമപ്പഞ്ചായത്തുകളും ബെഞ്ചു മജിസ്ട്രേട്ടുകോടതികളും ഒന്നാക്കത്തക്കവണ്ണം പഞ്ചായത്തു റെഗുലേഷൻ ഭേദപ്പെടുത്തി സഭാമുമ്പാകെ ഹാജരാക്കണം. അങ്ങനെ ചെയ്താൽ അവയുടെ പ്രവൃത്തനരീതി കൂടക്കൂടെ ഭേദപ്പെടുത്തേണ്ടിവരികയില്ല.

മജിസ്ട്രേട്ടന്മാക്കു കൊടുത്തുവരുന്ന കുറഞ്ഞശമ്പളത്തെപ്പററിയും എനിക്കു ഒരു വാക്കുപറവാനുണ്ടു്. എന്നാൽ അതിനെക്കുറിച്ചു മിസ്റ്റർ. പാച്ചുപിള്ള ദീർഘമായി പ്രസംഗിച്ചിട്ടുണ്ടു്.

മൂന്നാമത്തെ സംഗതിമെമ്പർമാക്കു അറിവുള്ളപ്രകാരം ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തെ ഗവണ്മെന്റിന്റെ മുമ്പാകെ ഞങ്ങൾ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചിട്ടാവശ്യം ഇല്ലെന്നുള്ളതാണ്.

കോടതികളുടെ ക്രമീകരണത്തെ സംബന്ധിച്ചു നിയമവിളംബ കമ്മീഷണർ പൊതുജന പ്രതിനിധികളോടും ആലോചിക്കുന്നതു അഭിലാഷണീയമായിരിക്കും. അങ്ങനെ ചെയ്താൽ അദ്ദേഹം റിപ്പോർട്ടു സമർപ്പിച്ച ശേഷം ക്ഷോഭങ്ങളുണ്ടാകയില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മി: പി. എസ്. മുഹമ്മദ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. എന്റെ വാദം വല്ലതത്വങ്ങളേയും ആധാരമാക്കിയല്ല. (ചിരി) അതു ചിലതാലൂക്കിലെ ജനങ്ങൾക്കു അസൌകര്യങ്ങൾ ഉണ്ടാക്കുമെന്നുള്ളതാണ് എന്റെ കാരണം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അതൊരുതത്വമല്ലയോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതൊരു തത്വമല്ലായിരിക്കാം എങ്കിലും ഏറെ വല്ലതുമായിരിക്കും. ഉദാഹരണമായി എന്റെ നിയോജകമണ്ഡലത്തിൽ കുന്നത്തൂരുതാലൂക്കുണ്ടു്. അവിടത്തെ ജനങ്ങൾക്കു അവിടെ അവരുടെ സ്വന്തമായി ഒരു മജിസ്ട്രേട്ടില്ല. ക്രിമിനൽ കേസുകളിൽ ന്യായം കിട്ടുന്നതിനു അവർ ചവറയ്ക്കോ കൊട്ടാരക്കരയ്ക്കോ പോകണം. അതു ജനങ്ങൾക്കു വലിയ അസൌകര്യമാകുന്നു. ആറേഴുവഷമായി ഒരു മജിസ്ട്രേട്ടിനെ നിയമിച്ചുകിട്ടണമെന്നു അവർ അപേക്ഷിച്ചുകൊണ്ടിരിക്കുന്നു. അക്കാര്യത്തിൽ ഗവണ്മെന്റു ശ്രദ്ധിച്ചിട്ടേയില്ല. അതിനു പുറമെ കഴിഞ്ഞ പ്രജാസഭയിലും താലൂക്കു മെമ്പർ അതിനെപ്പററി നിവേദനം ചെയ്കയുണ്ടായി. അതിനെപ്പററി അന്വേഷണങ്ങൾ നടത്തി എന്നും ആവശ്യമുണ്ടോ ഇല്ലയോ എന്നു തീർച്ചയാക്കാൻ കഴിഞ്ഞില്ലെന്നും ഗവണ്മെന്റു മറുപടിപറഞ്ഞു. തങ്ങളുടെ സൌകര്യത്തേയും

അസൌകര്യത്തെയും പരിഹരിച്ചുമാക്കാൻ അധികം കഴിവുള്ളതു ജനങ്ങളാണെന്നും ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറയോ കീഴുദ്യോഗസ്ഥൻെറയോ അഭിപ്രായം മാത്രം ഗവൎമ്മെൻറു വിശ്വസിച്ചാൽ പോരെന്നും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. കുന്നത്തൂർ താലൂക്കിലെ ദൂരത്തുള്ള പകുതി കൊട്ടാരക്കരനിന്നു ഇരുപത്തഞ്ചു നാഴികഅകലെയാണ്. ആപകുതിയായ ശൂരനാട്ടുനിന്നു കൊട്ടാരക്കരയ്ക്കു പോകുന്നവൎക്കു ക്രിമിനൽ കേസുകളിൽ ന്യായം കിട്ടുന്നതിനു വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നു. അട്ടൂർ മുനിസിഫിനു മജിസ്ട്രേട്ടധികാരം കൊടുക്കേണ്ടതാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഗവൎമ്മെൻറു അങ്ങനെ ചെയ്താൽ കുന്നത്തൂരെ ജനങ്ങളുടെ സങ്കടങ്ങൾക്കു അല്പം ശമനം ഉണ്ടാകും.

മി: വി. ചെല്ലംപിള്ള (തോവാള): അട്ടൂർമുൻസിപ്പിനു മതിയായ ജോലിയില്ലായോ എന്നു പറയുമോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഉണ്ട്.

മി: മുറവേലിൽ പാച്ചുപ്പിള്ള (ചേൎത്തല): ഒരു മുൻസിഫ് മജിസ്ട്രേട്ട മജിസ്ട്രേട്ട എന്ന നിലയിൽ ഒരു വസ്തു പ്രതിയുടെ കൈവശമാണെന്നഭിപ്രായപ്പെട്ടു പ്രതിയെ വിടുന്നു. പിന്നീടു ആ കേസിലെ വാദിതന്നെ വസ്തു ഒഴിപ്പിച്ചുതരണമെന്നു കാണിച്ചു മുൻസിഫ് എന്ന നിലയിൽ ആ കോർട്ടിൽ അന്യായംബോധിക്കുമ്പോൾ മജിസ്ട്രേട്ടഎന്ന നിലയിൽ ഒരിക്കൽ വിധി എഴുതിയ ആൾ തന്നെ മുൻസിഫ് എന്ന നിലയിൽ ആദ്യത്തെ വിധിക്കു വിപരീതമായി ഒരു വിധി എഴുതേണ്ടിവന്നാൽ എന്തു ചെയ്യും?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ തത്വത്തിന്മേൽ എതിൎക്കയല്ലെന്നു ആദ്യമേ പറഞ്ഞുകഴിഞ്ഞു. മറ്റനേകം അസൌകര്യങ്ങൾ ഉള്ളതുകൊണ്ടാണ് എതിൎക്കുന്നത്.

മി: ആർ. രാമൻപിള്ള (കോട്ടയം): മുൻസിഫ് മജിസ്ട്രേട്ട് മജിസ്ട്രേട്ട് എന്ന നിലയിൽ വിധിച്ചു കേസു മുൻസിഫ് എന്ന നിലയിൽ വീണ്ടും ഉട്ടിക്കേണ്ടിവന്നാൽ വേറെ കോടതിയിലേക്കു മാററാൻ പാടില്ലന്നുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഹൈക്കോടതിയിൽ കേസുവേറെ കോടതിക്കു മാററിത്തരണമെന്നു അപേക്ഷിച്ചാൽ തക്കതായ തെളിവിന്മേൽ മാററികൊടുക്കും.

മി: എൽ. ആർ. രാജരാജവൎമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരിമേടും): മുൻസിഫ് മജിസ്ട്രേട്ട് —

പ്രസിഡൻറ: അഞ്ചുമണി ഇരുപതുകഴിഞ്ഞു.

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സൎക്കാർവക്കീൽ): ഈ മുൻസിഫ് മജിസ്ട്രേട്ട വ്യവസ്ഥ —

പ്രസിഡൻറ: ലഘുഭക്ഷണംകഴിഞ്ഞു നമുക്കു ആരംഭിക്കാം.

ലഘുഭക്ഷണത്തിനായി ഉച്ചതിരിഞ്ഞു, ൫-൨൫ മണിക്കു സഭ പിരിയുകയും ൬-൨൫ മണിക്കു വീണ്ടും കൂടുകയും ചെയ്തു.

മി: കല്ല്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സൎക്കാർവക്കീൽ): മുൻസിഫ് മജിസ്ട്രേട്ടന്മാരുടെ ഈ വ്യവസ്ഥ അല്ലെങ്കിൽ ഈ മുൻസിഫ് മജിസ്ട്രേട്ടുപായം ആരംഭിച്ചതും പ്രചരിപ്പിച്ചതും പ്രജാസഭയിലും ഈ സഭയിലും ജനപ്രതിനിധികൾ ചെയ്ത പ്രത്യേകാപേക്ഷകൾ പ്രകാരമായിരുന്നു. ആ സംഗതി മിസ്റ്റർ രാമൻപിള്ള ഇന്നുപോലും ഇവിടെ പ്രസ്താവിച്ചുവല്ലോ. കോടതികൾ തമ്മിലുള്ള ദൂരം കുറയുന്നതുകൊണ്ടു കക്ഷികൾക്കു സൌകൎയ്യപ്രദവും ആകുന്നു. അതുകൊണ്ടു ജനങ്ങളുടെ സൌകൎയ്യം നോക്കിയാൽ മുൻസിഫ്മജിസ്ട്രേട്ടന്മാർഉണ്ടാക്കിയിരിക്കുന്നതു ആക്ഷേപരഹിതമാകുന്നു. ഇന്നുതന്നെ അനദ്യോഗസ്ഥമെമ്പർമാരിൽ പലരും ആ ഏൎപ്പാടു നിറുത്തിക്കളയുന്നതിനു വിരോധംപറഞ്ഞതായികാണുന്നു. അതുകൊണ്ടു മുൻസിഫ്മജിസ്ട്രേട്ടന്മാരെ വെച്ചുണ്ടാക്കിയിരിക്കുന്നതിനെപ്പററി ഇതുമാത്രം പറഞ്ഞു ഞാൻനിറുത്തുന്നു. മുൻസിഫ്മജിസ്ട്രേട്ടന്മാരുടെ ജോലിനിൎവ്വഹണത്തെപ്പററി ഉപക്ഷേപാവതാരകനായ മിസ്റ്റർ പാച്ചുപിള്ള പറഞ്ഞതു —

മി. മുറവേലിൽ പാച്ചുപ്പിള്ള (ചേൎത്തല): ഉപക്ഷേപാവതാരകൻ മിസ്റ്റർ പി. എസ്. മുഹമ്മദാണ്. —

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സൎക്കാർവക്കീൽ): ആറു മുൻസിഫ്മജിസ്ട്രേട്ടന്മാൎക്കുംകൂടി ൧൦൦൦ സിവിൽകേസുകൾ വിചാരണയ്ക്കുണ്ടെന്നു മിസ്റ്റർ പാച്ചുപിള്ള പറഞ്ഞു. ഈ കേസുകൾതന്നെ തീൎച്ചചെയ്യുന്നതിനു ആറു മുൻസിഫന്മാർ ആവശ്യമുണ്ടെന്നും അതുകൊണ്ടു ആ മുൻസിഫ് മജിസ്ട്രേട്ടന്മാരെ കേവലം മുൻസിഫന്മാരാക്കേണ്ടതാണെന്നുംകൂടി മിസ്റ്റർ പാച്ചുപിള്ള പറഞ്ഞു എന്നാണ് എനിക്കു മനസ്സിലായതു, മിസ്റ്റർ പാച്ചുപ്പിള്ള പറഞ്ഞ കണക്കിൻപ്രകാരം ഓരോ മുൻസിഫ്മജിസ്ട്രേട്ടിനും വിചാരണ ചെയ്വാൻ ശരാശരി ൪൦൦ കേസുകളെ ഉണ്ടായിരിക്കയുള്ളൂ. എന്നാൽ ൪൪൦൬-ലെ നീതിന്യായ ഭരണറിപ്പോർട്ടിൻപ്രകാരം മുൻസിപ്പുകോടതികളിൽ ഫയൽചെയ്യുന്ന സിവിൽകേസുകളുടെ എണ്ണം ൬൦൦൦-നു മേലും ഏകദേശം ൬൦൦൦-ത്തോളവും ആകുന്നു. ചില കോടതികളിൽ ൬൦൦-ൽ കൂടുതൽ കേസുകളും ഫയലാകുന്നുണ്ട്. നേരെമറിച്ചു മുൻസിപ്പുമജിസ്ട്രേട്ടന്മാരുടെ കോടതികളിൽ ഫയൽചെയ്യുന്ന കേസുകളുടെ എണ്ണം ൪,൫൦൦-നും ൪,൯൦൦-നുംമദ്ധ്യേ ആകുന്നു. മുൻസിഫ്മജിസ്ട്രേട്ടന്മാരുടെ കോടതികളിൽ ഫയൽചെയ്യുന്ന കേസുകളുടെ മിക്കവാറും ഇരട്ടി കേസുകൾ കേവലം മുൻസിഫന്മാരുടെ കോടതികളിൽ ഫയൽചെയ്യുന്നുണ്ട്. അങ്ങനെയാണെങ്കിൽ മുൻസിഫ്മജിസ്ട്രേട്ട വ്യവസ്ഥ വേണ്ടെന്നു വെക്കുന്നതിനുള്ള ഏകമാൎഗ്ഗം മുൻസിഫ്മാരുടെയും മജിസ്ട്രേട്ടന്മാരുടെയും എണ്ണം കുറയ്ക്കുകയാകുന്നു. അതായതു മൂന്നുപേർ കേവലം മുൻസിപ്പന്മാരും മൂന്നുപേർ കേവലം മജിസ്ട്രേട്ടന്മാരുമായിരിക്കണം. അങ്ങനെ ചെയ്യാൻ സാധിക്കുമായിരിക്കും. എന്നാൽ അങ്ങനെ ചെയ്യുന്നതുകൊണ്ടു ജനങ്ങൾക്കു സൌകൎയ്യങ്ങൾ വൎദ്ധിക്കുമോ എന്നാണ് ആലോചിക്കേണ്ടതു. എന്തെന്നാൽ അങ്ങനെ ചെയ്യുമ്പോൾ മുൻസിഫ്കോടതികൾ തമ്മിലുള്ള ദൂരവും മജിസ്ട്രേട്ടുകോടതികൾ തമ്മിലുള്ള ദൂരവും അധികമാകയും സൌകൎയ്യമുള്ള ദൂരങ്ങളിൽ കോടതികൾ ഇല്ലാതാകയുംചെയ്യും.

ഉദാഹരണമായി തിരുവനന്തപുരവും നെടുമങ്ങാടും എടുക്കാം. നെടുമങ്ങാട്ട ഇപ്പോൾ ഒരു മുൻസിഫ്മജിസ്ത്രേട്ടുകോടതിയുണ്ട്. അതു നിറുത്തലാക്കിയാൽ മുൻസിപ്പുകോടതി തിരുവനന്തപുരത്തേക്ക തിരികെ പോകേണ്ടിവരും.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): തീർച്ചചെയ്ത കേസുകളുടെ എണ്ണം മെമ്പർ ദയവായി പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): എന്റെ മുമ്പാകെയുള്ള റിപ്പോർട്ടിൽനിന്ന പറയാം; നാഗർകോവിൽ മുൻസിപ്പുകോടതിയിൽ ൧൧൦൩-ൽ തീർച്ചയാക്കിയ കേസുകളുടെ എണ്ണം ൨൪൧൭ ആയിരുന്നു. ചങ്ങനാശ്ശേരി മുൻസിപ്പു മജിസ്ത്രേട്ടു തീർച്ചയാക്കിയ കേസുകളുടെ എണ്ണം ൧൩൪൪ ആയിരുന്നു. അതായതു ഒരു മുൻസിഫ് തീർച്ചചെയ്യുന്ന കേസുകളുടെ പാതികേസുകളെ ഒരു മുൻസിഫ് മജിസ്ത്രേട്ടു തീർച്ചചെയ്യുന്നുള്ളു. മുൻസിഫ്മജിസ്ത്രേട്ടന്മാർ മുൻസിഫ്മാരുടെ ജോലിമാത്രം ചെയ്യുന്നതായാൽ അവരുടെ എണ്ണം മൂന്നാക്കാൻ കഴിയും. എന്നാൽ അതുകൊണ്ടു ജനങ്ങളുടെ സൌകര്യം വർദ്ധിക്കയില്ല. തിരുവനന്തപുരവും നെടുമങ്ങാടും ദൃഷ്ടാന്തമായി എടുക്കാം. നെടുമങ്ങാട്ട ഒരു മുൻസിപ്പുകോടതി വേണമെന്ന അപേക്ഷയുണ്ടായേക്കാം. എന്നാൽ ഒരു മുൻസിഫിന വേണ്ടുവോളം ജോലി അവിടെ ഇല്ലാതിരിക്കയും ചെയ്താൽ അവിടെ ഒരു മുൻസിഫ്മജിസ്ത്രേട്ടിനെ നിയമിക്കാം. എന്നാൽ അവിടെ ഒരു മുൻസിഫിനെ നിയമിക്കുന്നതിന അവിടെ രണ്ടു മൂവായിരം കേസുകൾ ഉണ്ടാകണമെന്നുവെച്ചു കാത്തിരുന്നാൽ നെടുമങ്ങാട്ട ഒരിക്കലും തീർച്ചയായിട്ട അടുത്തകാലത്തെങ്ങും ഒരു മുൻസിഫിനെ നിയമിച്ചു എന്നു വരികയില്ല. ഒരു മുൻസിഫ്മജിസ്ത്രേട്ടു മരണവായ്മൊഴിയോ മറ്റോ രേഖപ്പെടുത്തുന്നതിന പെട്ടെന്ന പോകേണ്ടിവരികയും തന്മൂലം പരസ്യവില്പനകൾപോലും നിറുത്തേണ്ടിവരികയും ചെയ്യുമെന്നും മിസ്റ്റർ പാച്ചുപിള്ള പറഞ്ഞു എന്നു തോന്നുന്നു. അങ്ങനെ സംഭവിക്കാം. എന്നാൽ ഞാൻ വേറൊരു ചോദ്യം ചോദിച്ചുകൊള്ളുന്നു. ഒരു മുനിസിഫ് ഒരു ദിവസത്തെ കാഷ്വൽഅവധിയെടുക്കയോ സുഖമില്ലാതെ വരികയോ ചെയ്താലും ഒരു ലേലം നിറുത്തിവെക്കേണ്ടിവരും. ഇതു മുൻസിഫ്മാർക്ക കാഷ്വൽ അവധി അനുവദിക്കരുതെന്നു പറവാൻ കാരണമാണോ? അപ്രകാരംതന്നെ എന്തെങ്കിലും അടിയന്തിരകാര്യം ഉണ്ടാകയും പൊതുജനനന്മക്കുവേണ്ടി അതിൽ ഉടൻ പ്രവേശിക്കേണ്ടിവരികയും ചെയ്തിട്ട ഒരു മുൻസിഫ്മജിസ്ത്രേട്ടിന്റെ സിവിൽജോലി നിറുത്തിവയ്ക്കേണ്ടിവന്നേയ്ക്കുമെന്നുള്ളതു മുൻസിഫ്മജിസ്ത്രേട്ടു വ്യവസ്ഥ നിറുത്തലാക്കണമെന്നു പറയാൻ ന്യായമായില്ല.

മി. പി. എസ്. മഹമ്മദ് (ഗവൺമെന്റു നിയമനം): മുൻസിഫ്മജിസ്ത്രേട്ടുകോടതികളെക്കൊണ്ടുള്ള ഉപയോഗവും അതിന്റെ സൌകര്യവും നിമിത്തം ജനങ്ങൾക്ക കൂടുതൽപ്രയോജനമുള്ളതായിട്ട തീർന്നിട്ടുണ്ടെന്നല്ലാതെ അതിന്റെ തത്വം ശരിയായിട്ടുള്ളതല്ലെന്നുള്ളതിനെ സംബന്ധിച്ചു സംസാരിച്ചു എല്ലാമെമ്പറന്മാരും സമ്മതിച്ചുകഴിഞ്ഞു. ഗവൺമെന്റു സൈഡിൽനിന്നും എന്റെ ഉപക്ഷേപത്തിന്റെ തത്വത്തെ എതിർത്തില്ല. സൌകര്യത്തേയും പ്രയോജനത്തെയും മാത്രം അടിസ്ഥാനപ്പെടുത്തി പലവിധത്തിലും ഉപദ്രവം ചെയ്യത്തക്കവിധം പ്രിൻസിപ്പിളിന വിപരീതമായ ഈ സംഗതികളെ പുലർത്തിക്കൊണ്ടുപോകുന്നതിനെക്കാൾ നല്ലതു പ്രിൻസിപ്പിളിന അനുസരണമായ രീതിയും കഴിയുന്നതും ജനങ്ങൾക്ക സൌകര്യം ഉണ്ടാകത്തക്കവിധത്തിലും അവയെ വേർതിരിച്ചു ജനങ്ങൾക്ക ഉപയുക്തമായവിധത്തിൽ കോടതികളെ സ്ഥാപിക്കാൻ സാധിക്കുമെന്നുവരികിൽ അതു പൊതുജനങ്ങൾക്ക പ്രത്യേകിച്ചു ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിലെ തത്വത്തിന വിരുദ്ധമല്ലാത്തനിലയിൽ ഗവൺമെന്റിന മുന്നോട്ടുപോകുവാൻ സാധിക്കും.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോഴുള്ള മുൻസിപ്പു മജിസ്ത്രേട്ടുകോടതികളെ എങ്ങനെ മാറ്റാൻസാധിക്കും?

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റുനിയമനം): ഇപ്പോഴുള്ള ആറുകോടതികൾ ഇല്ലാതിരുന്നകാലത്തും ജനങ്ങൾ അവരുടെ കാര്യങ്ങൾ നടത്തിച്ചുകൊണ്ടുതന്നെ യാണിരുന്നതു. ഇപ്പോൾ രണ്ടുജോലിയും നോക്കിവരുന്നകോടതികളെ സൌകര്യമായ സ്ഥലങ്ങളിൽ ആക്കുന്നപക്ഷം ജനങ്ങൾക്ക വലിയ അസൌകര്യമുണ്ടാകയില്ല. ഈ സംഗതികളെ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശമല്ലാതെ ഈ ഉപക്ഷേപത്തെ പ്രസ്സ്ചെയ്യണമെന്ന ഉദ്ദേശമില്ലാത്തതുകൊണ്ടു അതിനെ പിൻവലിക്കുന്നതിന അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രെസിഡെന്റ: ഉപക്ഷേപത്തെ പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൧൩൯ മുതൽ ൧൭൮ വരെ

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: വി. എസ്. കൃഷ്ണപിള്ള

൧൩൯. സിൽബന്തിചെലവിന അനുവദിച്ചിട്ടുള്ള ൪൮,൯൭൩ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി. ഡി. സി. ജോസഫ്

൧൭൦. സിൽബന്തിച്ചെലവിന അനുവദിച്ചിട്ടുള്ള ൪൮,൯൭൩ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള

൧൭൮. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൪,൦൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൭൯

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സർ, താഴെപ്പറയുന്ന ഉപക്ഷേപത്തെ ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ഹൈക്കോടതിക്ക അനുവദിച്ചിട്ടുള്ള ന്നു,൭൧൪ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഉപക്ഷേപത്തിന്റെ അടിയിൽ തന്നെ വിവരിച്ചിട്ടുള്ള പ്രകാരം അതിന്റെ ഉദ്ദേശം ജുഡിഷ്യൽഡിപ്പാർട്ടുമെന്റിൽ ഒഴിവുകൾ ഉണ്ടാകുമ്പോൾ ആ ഒഴിവുകളിൽ ആളെ നിയമിക്കുന്നതിലുണ്ടാകുന്ന അസാമാന്യകാലതാമസത്തെ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നാകുന്നു. സർ, ഈ വിഷയം അതിന്റെ അനേകവശങ്ങളിൽനിന്നും ഈ യോഗത്തിൽ തന്നെ മെമ്പറന്മാർ പ്രതിപാദിച്ചിട്ടുള്ളതാകുന്നു. സാമാന്യഭരണത്തെപ്പറ്റി പൊതുവേയുള്ള വിമർശനത്തിൽ ചില കാര്യങ്ങളിൽ അനിവാര്യകാരണങ്ങളാൽ കാലതാമസം നേരിട്ടിട്ടുണ്ടെന്നു ചീഫ്സെക്രട്ടറി പൊതുവായി ഒരു സമാധാനം പറഞ്ഞിട്ടുണ്ടെങ്കിലും ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിലുണ്ടായ ഒഴിവുകളിൽ ആളെ നിയമിക്കാനുണ്ടായ അസാമാന്യ കാലതാമസത്തിനു സമാധാനം പറഞ്ഞിട്ടില്ല. ഉയർന്നതരം ഉദ്യോഗങ്ങളിൽ സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഉദ്യോഗങ്ങളിലൊന്നു പറയാം. ആളെ നിയമിക്കുന്ന കാര്യത്തിൽ ഈ അസാധാരണ കാലതാമസത്തിനുള്ള കാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. അതിനു സമാധാനം പറയേണ്ടതാകുന്നു. നമുക്കു പരിചിതമായിട്ടുള്ള പ്രകാരം ഒരുദ്യോഗത്തിന് അനേകമാളുകൾ മത്സരിച്ചുശ്രമിക്കുന്ന കാര്യങ്ങളിൽ ചില പ്രയാസങ്ങൾ ഉണ്ടായേക്കാമെന്നു നമുക്കു ഗ്രഹിക്കാൻ കഴിയും. ഇക്കാലത്തു എല്ലാവരും ഒരുദ്യോഗം സമ്പാദിക്കുവാൻ ന്യായം പറഞ്ഞോ അവകാശം പറഞ്ഞോ യോഗ്യത പ്രസ്താവിച്ചോ മറ്റു വല്ല മാർഗ്ഗങ്ങളുടെയോ പരിശ്രമിക്കുന്നു. ജുഡിഷ്യൽഡിപ്പാർട്ടുമെന്റിൽ ഹൈക്കോടതിയിൽ ഈ രാജ്യത്തുവെച്ചു ഏറ്റവും ഉയർന്ന ഒരുദ്യോഗം ഒഴിവാകുമ്പോൾ ആ ഒഴിവിൽ ഏഴുമാസക്കാലം ആളെ നിയമിക്കാതെ താമസിപ്പിക്കുന്നതിനു ഗവണ്മെന്റു സമാധാനം പറയേണ്ടതാകുന്നു. മറ്റു ഡിപ്പാർട്ടുമെന്റുകളെ അപേക്ഷിച്ചു ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റു യാതൊരു ശങ്കക്കും കാരണമില്ലാത്തതായിരുന്നു. അതുകൊണ്ടു ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽ ഒരൊഴിവുണ്ടാകുമ്പോൾ അതിനെ സംബന്ധിച്ചു ഗവണ്മെന്റു അവലംബിക്കുന്ന നില ജനസാമാന്യത്തിന്റെ മനസ്സിൽ ശങ്കയ്ക്കു കാരണമുണ്ടാകാത്തതായിരിക്കണം. പൊതുജനങ്ങൾക്കു ഗ്രഹിക്കാൻ കഴിയുന്നിടത്തോളം ആളെ നിയമിക്കാൻ പ്രയാസമില്ലാത്ത ഒരുദ്യോഗത്തിനു ആളെ നിയമിക്കാൻ അസാധാരണകാലതാമസം വരുന്നതും ഏഴുമാസക്കാലം ആളെ നിയമിക്കാതിരിക്കുന്നതും എന്തുകൊണ്ട്? ഹൈക്കോടതിയിൽ ഉണ്ടായ ഒഴിവിൽ ഏഴുമാസം ആളെ നിയമിക്കാതിരുന്നതു തിരുവിതാംകൂറിലെ ജനങ്ങളുടെ ഇടയിൽ ഒരു ദുരഭിപ്രായം ജനിപ്പിച്ചിട്ടുണ്ട്. അവർ പലവിധം പിറുപിറുക്കയും തിരുവിതാംകൂറിലെ ജുഡിഷ്യൽ ഭരണത്തിന്റെ ശുദ്ധതയെയും കാര്യക്ഷമതയെയും ശങ്കിക്കയും ചെയ്യുന്നു. ഹൈക്കോടതിയിൽ മാത്രമല്ല സംസ്ഥാനമൊട്ടുക്കു കേസുകൾ തീർച്ചചെയ്യുന്നതിൽ അസാമാന്യതാമസം ഉണ്ടാകുന്നു എന്നു ഇതാദ്യമായിട്ടല്ല ഈ സഭയിൽ കേൾക്കുന്നതു. അതുകൊണ്ടു ഒരു നിയമവിളംബക്കമ്മറ്റി ആവശ്യം തന്നെ. ഗവണ്മെന്റും കക്ഷികളുടെ സങ്കടങ്ങൾ അറിഞ്ഞു അങ്ങനെയൊരു കമ്മിറ്റി വേണമെന്നു വിചാരിച്ചു. എന്നാൽ ഹൈക്കോടതിയിൽ ഉണ്ടാകുന്ന ഒഴിവുകൾക്കു ഇങ്ങനെയാണു ആളെ നിയമിക്കുന്നതെങ്കിൽ ഒരു കമ്മറ്റിയുടെ ആവശ്യം എന്താണു? വ്യവഹാരങ്ങളുടെ തീർച്ചയ്ക്കു താമസം നേരിടുന്നു എല്ലാവരും സമ്മതിക്കുന്നു. അതിനു പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു നിർദ്ദേശിക്കുന്നതിനു ആരെങ്കിലും വേണം താനും. അതും ഗവണ്മെന്റു സമ്മതിച്ചു. ഒരു കമ്മീഷണരെ നിയമിക്കാൻ വിചാരിക്കുന്നു. എങ്കിലും ഹൈക്കോടതിയിൽ ഉണ്ടായ ഒരു ഒഴിവിൽ ഗവണ്മെന്റു ആളെ നിയമിക്കുന്നില്ല. ഇതു സാധാരണക്കാർക്കു ഗ്രഹിപ്പാൻ കഴിയുമോ? എന്താണു ഫലം? അനേകമാസങ്ങളോളം ആ ഒഴിവിൽ ആളെ നിയമിക്കുന്നില്ല. വ്യവഹാരതീർച്ചക്കുള്ള താമസത്തിനും കക്ഷികൾക്കു അവസാനമില്ലാത്ത അസൗകര്യങ്ങൾക്കും ഇതാണു കാരണം, വേറൊന്നുമല്ല. ഒരു ആഫീസിലെ മാനേജരും ആഫീസിലെ ശിപായിയും തമ്മിൽ നടന്ന ഒരു സംഭാഷണം ഞാൻ എവിടെയോ വായിച്ചിട്ടുള്ളതു ഓർമ്മയിൽ വരുന്നു. ശിപായിയോടു മാനേജർ ഇങ്ങനെ ചോദിക്കുന്നു. "ജമ്മി, നാം നമ്മുടെ ഉദ്യോഗങ്ങൾ നാളെ പരസ്പരം മാറിയാൽ നീ എന്തു ചെയ്യും?" ജമ്മിയുടെ മറുപടി "ഞാൻ ഉടൻതന്നെ ശിപായിയെ ജോലിയിൽനിന്നു നീക്കും" എന്നായിരുന്നു. എവിടെയെങ്കിലും ഒരൊഴിവുണ്ടാകുമ്പോൾ തങ്ങൾക്കു കിട്ടുമെന്നു ആശിക്കാമെങ്കിലും ഇല്ലെങ്കിലും ഉദ്യോഗസ്ഥന്മാർ അവലംബിക്കുന്ന നില ഇതാകുന്നു. അങ്ങനെയൊരൊഴിവിൽ ആളെ നിയമിക്കാതിരിക്കും അതിന്നാളെ നിയമിച്ചു ശേഷം വേണം വേറെ അനേകം ഒഴിവുകളിൽ ആളെ നിയമിക്കേണ്ടതെന്നു വരികയും ചെയ്യുമ്പോൾ ജുഡിഷ്യൽഡിപ്പാർട്ടുമെന്റു തന്നെ ആകെ ജോലിക്കു നടപ്പില്ലാതെ വരികയും ചെയ്യുന്നു. ഇതെന്റെ സ്വന്തം അനുഭവത്തിൽനിന്നു പറയുന്നതാണ്. എത്രയോ ആളുകൾ ആ ഉദ്യോഗത്തിനു ആശിച്ചുകൊണ്ടിരുന്നു. സർവീസുകൊണ്ടോ യോഗ്യതകൊണ്ടോ ആ ഉദ്യോഗത്തിന്നവകാശമുണ്ടെന്നു വിചാരിച്ചിരുന്ന അനേകം ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടെ നില ഞാൻ എന്തിനു വിചാരണ ചെയ്യുന്നു ഞാനെന്തിനു വിധി എഴുതുന്നു എന്നായിരുന്നു. അവരുടെ വിചാരം പിറ്റേദിവസം അവരെ ഹൈക്കോടതിയിൽ നിയമിക്കുമെന്നാണു. ഇങ്ങനെയുള്ള ഒരവസ്ഥ വ്യവഹാരികളെ എങ്ങനെ ബാധിക്കുമെന്നു ആലോചിക്ക. വിഷയത്തിന്റെ ഈ വശം അല്ലെങ്കിൽ ഗൗരവം ആകുന്നു ഞാൻ സഭാമുമ്പാകെ ആലോചനക്കു വെക്കാൻ ആഗ്രഹിക്കുന്നതു.

സർ, ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിലെ ഒഴിവുകളിൽ ആളെ നിയമിക്കുന്നകാര്യത്തിലെങ്കിലും ഗവണ്മെന്റിന്റെ നില സംശയം ജനിപ്പിക്കാത്തതായിരിക്കണം. ന്യായാധിപതിമാരുടെ നീതിബോധവും സന്മാർഗ്ഗനിഷ്ഠയും ശങ്കാപാത്രമായിരിക്കുന്നു. അതുകൊണ്ടു ഈ രാജ്യത്തിലെ ജനങ്ങൾക്കു രക്ഷയില്ലാതെയാണു വന്നിരിക്കുന്നതു. ഇതു ഗവണ്മെന്റു സമാധാനം പറയേണ്ടുന്ന ഒരു കാര്യമാണു. ഈ പ്രസ്താവനകളോടുകൂടെ ഞാൻ ഈ ഉപക്ഷേപത്തെ സഭയുടെ ആലോചനക്കായി അവതരിപ്പിച്ചുകൊള്ളുന്നു.

മി: ടി. സി. ജോസഫ് (അഗസ്തീശ്വരം): സർ, മി: കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. ഹൈക്കോടതിയിൽ ഉണ്ടായ ഒരു ഒഴിവിനും ഏഴുമാസക്കാലത്തോളം ഒരാളെ കൊടുക്കാൻ കഴിയാത്തതു തിരുവിതാംകൂറിലെ ലാകാളേജിനു അപമാനം തന്നെയാകുന്നു എന്നു പറയേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ വിദ്യാഭ്യാസത്തിൽ വളരെ അഭിവൃദ്ധിപ്രാപിക്കയും ഉന്നതസ്ഥാനത്തു എത്തുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂറിന്റെ വിദ്യാഭ്യാസനിലയെ സംബന്ധിച്ചു തിരുവിതാംകൂറിൽ മാത്രമല്ല വിദേശങ്ങളിലും ഖ്യാതിയാണുള്ളതു. ഹൈക്കോടതിയിൽ ഒരൊഴിവുണ്ടായപ്പോൾ അതിനു കാര്യക്ഷമമായുള്ള ഒരാളെ തിരുവിതാംകൂറിലെ ന്യായാധിപതിമാരിലാകട്ടെ ഹൈക്കോടതിയിലാകട്ടെ കാണാനില്ലാതെ വന്നതു തിരുവിതാംകൂറിലെ വ്യവഹാരികൾക്കു വലിയ ഉപദ്രവകാരണമായിരുന്നു. ആ ഒഴിവിൽ ആളെ നിയമിക്കാതിരുന്നതുകൊണ്ട് വ്യവഹാരികൾക്കു വലിയ പ്രയാസങ്ങൾ നേരിട്ടു. ഒരൊഴിവുണ്ടാകുമ്പോൾ ജോലിക്കു വിഘ്നം നേരിടുന്നു. ഇതു തിരുവിതാംകൂറിലെ കുടിയാന്മാർക്കു വലിയ നഷ്ടം ആകുന്നു. കേസുകളുടെ തീർച്ചയ്ക്കു

ണ്ടാകുന്ന താമസവും ജനങ്ങൾക്കുണ്ടാകുന്ന സങ്കടവും നിമിത്തം കക്ഷിയാവാക്കുനഷ്ടം ഉണ്ടാകുന്നു. ഇതു ഏറ്റവും ഗൌരവമായ ഒരു സംഗതിയും ഉടനെതന്നെ ശരിപ്പെടുത്തേണ്ടതും ആകുന്നു. എന്നാൽ അതാലോചിക്കാതെ ആ ഒഴിവിൽ ൭ മാസക്കാലം ആളെ നിയമിക്കാതെയിരുന്നു. അല്പം മുമ്പെ ചീഫ് സെക്രിട്ടറി തന്റെ മറുപടിയിൽ ഒഴിവുകൾ ഉണ്ടാകുമ്പോൾ ആളെ നിയമിക്കാൻ താമസമുണ്ടാകയാണെന്നു പറഞ്ഞു. എന്നാൽ ഏഴുമാസത്തെ താമസത്തിനു അദ്ദേഹം എന്തു സമാധാനമാണു പറയുന്നതു? ഗവൺമെന്റു ശരിയായ സമയത്തു ആളെ നിയമിക്കേണ്ടതായിരുന്നു. അവരതു ചെയ്തില്ല. ഇതു തിരുവിതാംകൂറിലെ ഭരണരീതിക്കു അപമാനകരം ആകുന്നു. ഈ കാര്യങ്ങളെല്ലാം തൃപ്തികരമാക്കുന്നതിനും പൊതുജനങ്ങളെ തൃപ്തിപ്പെടുത്തുന്നതിനും എന്തെങ്കിലും ഉടനെതന്നെ ചെയ്യേണ്ടതാകുന്നു. ഈ വാക്കുകളോടുകൂടെ ഞാൻ സഭാമുമ്പാകെയുള്ള ഉപക്ഷേപത്തെ അനുകൂലിച്ചു കൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം). സർ, ഇന്നലെ ഉപക്ഷേപത്തെപ്പറ്റി സഭയുടെ ഈ ഭാഗത്തുള്ള മെമ്പർമാർ ചെയ്ത പ്രസംഗങ്ങൾക്കു മറുപടി പറഞ്ഞതിൽ ചീഫ് സെക്രിട്ടറി ഗവൺമെന്റിന്റെ ജോലിയിൽ ചില അവസരങ്ങളിൽ താമസം വന്നുപോകാറുണ്ടെന്നു സമ്മതിക്കയും ആ താമസത്തിനു ചിലകാരണങ്ങൾ പറകയും ചെയ്തു. ഈ സഭയും പ്രജാസഭയും സംബന്ധിച്ചുള്ള ജോലിയാണു ഒരു കാരണമായി പറഞ്ഞതു. ഗവൺമെന്റു ജോലികൾ നടത്താനുള്ള അധികാരം ഒരു കേന്ദ്രസ്ഥാനത്തിരിക്കുന്നതിനെപ്പറ്റിയും അദ്ദേഹം പറഞ്ഞു. താമസത്തിനു വേറെ കാരണങ്ങളൊന്നും അദ്ദേഹത്തിനു പറവാൻ കഴിഞ്ഞില്ല. ഹൈക്കോടതി ജഡ്ജിമാരുടെ ഒഴിവുകളിലും ഡിസ്ട്രിക്ട് ജഡ്ജിമാരുടെ ഒഴിവുകളിലും ആളെ നിയമിക്കാൻ താമസിക്കുന്നതു നാം ഇവിടെ കൂടക്കൂടെ കൂടുന്നതുകൊണ്ടോ അധികാര വിഭജനം ഇല്ലാത്തതുകൊണ്ടോ ആണെന്നു ചീഫ് സെക്രിട്ടറിയോ ഗവൺമെന്റു ഭാഗത്തുള്ള വേറെ ഏതെങ്കിലും മെമ്പറോ സമാധാനം പറയുമോ എന്നറിവാൻ എനിക്കു ആഗ്രഹമുണ്ട്.

സർ, ഇതു നീതിന്യായഭരണത്തെ സംബന്ധിച്ചുള്ള ഒരുകാര്യമാകയാൽ രാജ്യഭരണത്തെ മുഴുവനും ബാധിക്കുന്നതും ഗൌരവമേറിയ സംഗതിയാകുന്നു. മി. ഭൂതലിംഗമയ്യർ ജഡ്ജി പെൻഷൻ വാങ്ങിപിരിഞ്ഞുപോയ ഒഴിവിൽ ആളെ നിയമിക്കാഞ്ഞതു എന്തുകൊണ്ടാണെന്നു സഭയുടെ കഴിഞ്ഞ യോഗത്തിൽ പോലും ഞാൻ ചോദിച്ചു. അതിനു മറുപടി തരുവാൻ ഗവൺമെന്റിനു കഴിഞ്ഞില്ല. ചോദ്യങ്ങൾക്കു മറുപടി പറവാൻ താമസിക്കുന്നതു ഡിപ്പാർട്ടുമെന്റു മേലധികാരിമാരുടെ റിപ്പോർട്ടുകൾ കിട്ടുന്നതിലുള്ള താമസം കൊണ്ടാണെന്നു ചീഫ് സെക്രട്ടറി സഭയോടു പറയുന്നതുകേട്ടു. ഭൂതലിംഗമയ്യർ ജഡ്ജിയുടെ ഒഴിവിൽ ആളെ നിയമിക്കാത്തതെന്തുകൊണ്ടാണെന്നുള്ള ചോദ്യത്തിനു മറുപടി പറവാൻ ഏതു ഡിപ്പാർട്ടുമെന്റുകളിൽ നിന്നായിരുന്നു റിപ്പോർട്ടു കിട്ടാനുണ്ടായിരുന്നതെന്നു അറിയാൻ എനിക്കാഗ്രഹം ഉണ്ട്. അനൌദ്യോഗസ്ഥന്മാർ പ്രധാനമായ ഒരു ചോദ്യം ചോദിക്കുമ്പോൾ ഗവൺമെന്റിനു ആ ചോദ്യത്തിനു മറുപടി പറവാൻ മനസ്സില്ലെന്നു സ്പഷ്ടമാകുന്നു. ആ ഒഴിവിൽ ആളെ നിയമിക്കാഞ്ഞതിനെപ്പറ്റിയുള്ള ചോദ്യത്തിനു മറുപടി പറയാത്തതു എന്തുകൊണ്ടാണെന്നു വീണ്ടും ഞാൻ ചോദിക്കുന്നു. സർ ഈയാണ്ടിൽ ഹൈക്കോടതിയിലുണ്ടായ മൂന്നു ഒഴിവുകളിൽ ഒന്നിനു ഏഴുമാസക്കാലം ആളെ നിയമിക്കാതെയിരുന്നു; ഒന്നിനു മൂന്നുമാസത്തേക്കു ആളെ നിയമിച്ചില്ല; മൂന്നാമത്തെ ഒഴിവുണ്ടായ അന്നുതന്നെ ആളെയും നിയമിച്ചു; തിരുവിതാംകൂറിലെ ഭരണവ്യവസ്ഥപ്രകാരമുള്ള പതിവു നിയമനങ്ങൾ ചെയ്യുന്നതു ദിവാന്റെ ശിപാർശപ്രകാരമാണെന്നാകുന്നു. ആദ്യത്തെ രണ്ടു ഒഴിവുകളും സംഭവിച്ചപ്പോൾ ഇവിടെ ഒരു ദിവാൻ ആയിരുന്നു. അദ്ദേഹം നാലു വർഷം ദിവാനായിരുന്നെങ്കിലും ആ നിയമനങ്ങൾ ചെയ്വാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇപ്പോഴത്തെ ദിവാൻ ഭരണം കയ്യേറ്റു എന്നു സാക്ഷ്യപ്പെടുത്തിയ അതേസമയം തന്നെ മൂന്നു ജഡ്ജിമാരെയും നിയമിച്ചു ഉത്തരവും ഒപ്പിട്ടു. ഈ നിയമനങ്ങൾക്കു ഉത്തരവാദി ഇപ്പോഴത്തെ ദിവാനാണോ മാറിപ്പോയ ദിവാനാണോ എന്നറിവാൻ എല്ലാവർക്കും അവകാശമുണ്ട്.

ഇതിനു ദിവാനു രാജാനുവാദം കിട്ടിയോ? ഇതിനെപ്പറ്റി ഇവിടെ ചോദ്യങ്ങൾ ചോദിപ്പാൻ ഞാൻ ശ്രമിച്ചു എന്നാൽ ചോദ്യങ്ങൾ നടപടി വിരുദ്ധമാണെന്നു പറഞ്ഞു തള്ളിക്കളഞ്ഞു. ഇക്കാര്യത്തെ സംബന്ധിച്ചുണ്ടായ ചിലചോദ്യങ്ങൾ ആവശ്യപ്പെട്ട വിവരങ്ങൾ പൊതുജനനന്മയെ ഉദ്ദേശിച്ചു പരസ്യമാക്കാൻ പാടില്ലെന്നു പറഞ്ഞു തള്ളിക്കളഞ്ഞു. അങ്ങനെയായിരുന്നു പ്രെസിഡന്റിന്റെ ഉത്തരവു അതിന്റെ പിന്നിലുള്ള രഹസ്യം എന്താണു? രഹസ്യം എന്താണെന്നുപക്ഷെ എല്ലാവർക്കും അറിയാമായിരിക്കും. ഇക്കാര്യത്തെപ്പറ്റി ഇതിലധികം പറവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഹൈക്കോടതിയിൽ മൂന്നാം ബെഞ്ചു അനുവദിച്ചതു അവിടെ ജോലിയുടെ ഭാരം അധികമായിപ്പോയി എന്നുള്ള കാരണത്താലായിരുന്നു. എന്നാൽ അവിടെ ഒരൊഴിവുണ്ടായപ്പോൾ അർദ്ധവർഷം അതിന്നാളെ നിയമിക്കാതെവിട്ടു. ഹൈക്കോടതിയിലെ ഒഴിവുകളിൽ ആളെ നിയമിക്കാനുണ്ടായ താമസം നിമിത്തം ഹൈക്കോടതിയിൽ മാത്രമല്ല സംസ്ഥാനത്തിലെ എല്ലാകോടതികളിലും ഉള്ള ജോലിക്കു ക്ലേശം സംഭവിച്ചു. മദ്ധ്യവേനൽ അവധികഴിഞ്ഞു കോടതികൾ തുറന്നാറു കൂറ ആഴ്ചവട്ടങ്ങളോളം തിരുവനന്തപുരം ഡിസ്ട്രിക്ട് കോടതിയിൽ യാതൊരുജോലിയും നടന്നില്ലെന്നു എന്റെ സ്വന്ത അറിവിൽ നിന്നു എനിക്കു പറവാൻ കഴിയും. ആകോടതിയിൽ മൂന്നു ജഡ്ജിമാരെ അനുവദിച്ചിട്ടുണ്ടെങ്കിലും ഒരാൾ മാത്രമെ കോടതിയിൽ ഹാജരായിരുന്നുള്ളു. മറ്റെ രണ്ടു ജഡ്ജിമാരുടെയും ഉദ്യോഗങ്ങൾ ഒഴിവായിരുന്നു. എന്നിട്ടും ലാസ് ഡിലെസിനെ (വ്യവഹാര തീർച്ചയ്ക്കു കാലതാമസം) പ്പറ്റി നിങ്ങൾ പറയുന്നു. ലാസ്ഡിലെസിനെപ്പറ്റി ഒരന്വേഷണം നടത്താൻ ആളെ നിയമിക്കുന്നതിനു അനുവാദത്തിന്നായി ഗവൺമെന്റു ഒരു അഭ്യർത്ഥനയും കൊണ്ടു വന്നിരിക്കുന്നു. ഗവൺമെന്റിന്റെ കാര്യക്ഷമതയില്ലായ്മയ്ക്കു, ഈ അസഹനീയതാമസത്തിനു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കയാണോ ആ ഉദ്യോഗസ്ഥൻ ചെയ്യേണ്ടതെന്നു ഞാൻ ചോദിച്ചു കൊള്ളുന്നു.

പ്രെസിഡന്റു: നിങ്ങൾക്കനുവദിച്ചിട്ടുള്ളതിൽ രണ്ടു മിനിട്ടധികമായി

മി. എ. താണുപിള്ള (തിരുവനന്തപുരം). എനിക്കു പറവാനുള്ളതു ഇവിടെ മതിയാക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ). കുറെതാമസം ഉണ്ടായിരുന്നുഎന്നുള്ളതു ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ അതിശയോക്തി പ്രയോഗിച്ചു കാര്യങ്ങൾ വലുതാക്കി പറകയാണെന്നു പറയാതെ നിവൃത്തിയില്ല. ജുഡിഷ്യൽ ഭരണം കേവലം നിന്നുപോയി എന്നു ഒരു . . .

പറഞ്ഞതു അവാസ്തവമല്ല. ഈയിടെ നിയമിക്കപ്പെട്ടവരും ഇന്നത്തെ പ്രസ്താവങ്ങൾക്കു വിഷയവുമായ മൂന്നു ഹൈക്കോടതി ജഡ്ജിമാരിൽ ഒരാളുടെ കാര്യത്തിലെ കുറെ താമസം ഉണ്ടായിരുന്നുള്ളു. മററവരുടെ കാര്യത്തിൽ ഒട്ടും താമസം ഉണ്ടായിട്ടില്ല, അല്ലെങ്കിൽ ഉണ്ടായ താമസം പ്രസ്താവയോഗ്യമല്ല. രണ്ടാമത്തെ ഒഴിവിൽ മദ്ധ്യവേനൽ അവധി കഴിഞ്ഞു കോടതി തുറന്നു മൂന്നാഴ്ചയ്ക്കുള്ളിൽ ആളെ നിയമിച്ചു

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മൂന്നാമത്തെ താമസം നിസ്സാരമാണോ?

മി: കല്ല്യാലം പരമേശ്വരൻ പിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അനുസാരമുള്ളതോ നിസ്സാരമായതോ എന്നതിനെപ്പററി അഭിപ്രായവ്യത്യാസം ഉണ്ടാകാം. അതൊരു താമസംതന്നെയാണ്. എന്നാൽ ഇന്നിവിടെ ചിത്രീകരിച്ചുകാണിച്ചപ്രകാരം അതു അസാമാന്യതാമസമാണോ എന്നു സഭതന്നെ ആലോചിച്ചു തീർച്ചയാക്കേണ്ടതാകുന്നു. മൂന്നാമത്തെ ഒഴിവു ഉണ്ടായ അന്നുതന്നെ എത്രയോവേഗത്തിൽ സമ്മതിച്ചപ്രകാരം ആളെയും നിയമിച്ചു. ഒന്നാമത്തെ ഒഴിവിന്റെ സംഗതിയിൽ ആറുമാസത്തെ താമസം ഉണ്ടായി എന്നാണ് ആക്ഷേപം. ഈ ആറുമാസത്തിൽ രണ്ടുമാസം മദ്ധ്യവേനൽ അവധിക്കാലവും രണ്ടാഴ്ച ക്രിസ്തുമസ് അവധിക്കാലവും ആയിപ്പോയി. അതുകൊണ്ടു യഥാർത്ഥത്തിൽ മൂന്നുമാസവും ചിലദിവസവും മാത്രമേ താമസം ഉണ്ടായിട്ടുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഹൈക്കോടതിജഡ്ജിമാർ എത്രദിവസം ജോലിചെയ്യുന്നുണ്ട്? മാസമെങ്കിലും പറഞ്ഞാൽ മതി.

മി: കല്ല്യാലം പരമേശ്വരൻ പിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): എത്രദിവസമെന്നു പറവാൻ കഴികയില്ല. വേണമെങ്കിൽ പുസ്തകം നോക്കി ഇപ്പോൾതന്നെ പറയാം. എന്നാൽ വാദവിഷയത്തിനു അതു ബാധകമല്ല.

ഇതുകൊണ്ടു ജുഡിഷ്യൽ ഭരണകാര്യത്തെസംബന്ധിച്ചേടത്തോളം മൂന്നുമാസത്തെ താമസമേ ഉണ്ടായിരുന്നുള്ളു എന്നു സ്പഷ്ടമാകുന്നു.

ഗവണ്മെന്റിനു പലകാര്യങ്ങൾ ആലോചിക്കാനുണ്ട്. ഈ ഒരു കാര്യത്തിൽ താമസം ഉണ്ടായതുകൊണ്ടു ഈ നിയമനങ്ങൾ വേണ്ടസമയത്തുതന്നെ ചെയ്യുന്നതിന്റെ പ്രാധാന്യത്തെപ്പററി ഗവണ്മെന്റിനു ബോധമില്ലെന്നു പറയരുതാത്തതാകുന്നു. താമസത്തിനുണ്ടായ കാരണങ്ങളെപ്പററി ഞാൻ ഇവിടെ പ്രതിവാദം ചെയ്യാൻ വിചാരിക്കുന്നില്ല. അതു ആലോചനാപൂർവ്വം ചെയ്യേണ്ടുന്ന ഒരുകാര്യവും നിയമനങ്ങൾക്കു മുമ്പു ഗവണ്മെന്റിന്റെ ഗാഢമായ ചിന്തയ്ക്കു വിഷയവുമായിരുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) ഇതിനുമുമ്പുള്ള നിയമനങ്ങൾ ആലോചനകൂടാതെയാണോ ചെയ്തിട്ടുള്ളതു്?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): നിയമനങ്ങളെല്ലാം ആലോചനാപൂർവ്വമാണ് ചെയ്തിട്ടുള്ളതു്. അന്നു ആലോചിച്ച സംഗതികൾ എന്തായിരുന്നെന്നും ഈ പ്രത്യേകകാര്യത്തിലെ ആലോചനകൾ എന്തായിരുന്നു എന്നും ഇവിടെ പ്രതിപാദിക്കാൻ ഞാൻ വിചാരിക്കുന്നില്ല. ഉന്നതരം ഉദ്യോഗങ്ങളുടെ കാര്യത്തിൽ എന്തെല്ലാം സംഗതികളാണ് ആലോചിക്കേണ്ടതെന്നു ഞാൻ ഈ സഭയിൽ പ്രതിപാദിക്കേണ്ടതാണെന്നു സഭ പ്രതീക്ഷിക്കുന്നില്ലെന്നാണ് എന്റെ വിശ്വാസം. അങ്ങനെയുള്ള ഒരു വാദപ്രതിവാദത്തിൽ പ്രവേശിപ്പാൻ ഞാൻ ഒരുക്കമില്ലെന്നും പറഞ്ഞുകൊള്ളുന്നു. ഇത്രയേ എനിക്കു പറവാനുള്ളു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ താമസത്തിനുണ്ടായ കാരണമറിയാൻ സഭയ്ക്കു അവകാശമില്ലയോ?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ട്. താമസത്തിനുള്ള കാരണമറിവാൻ അവർക്കു അവകാശമുണ്ട്. കാരണം കാര്യം ഗവണ്മെന്റിന്റെ ഗാഢമായ ആലോചനയിൽ ഇരുന്നതായിരുന്നെന്നു ഞാൻ പറകയുംചെയ്തു. അത്രത്തോളമേ എനിക്കു സഭയോടു പറവാൻ കഴികയുള്ളു. ഞാൻ പറയുന്നതു സഭ സ്വീകരിക്കേണ്ടതാണെന്നും പറഞ്ഞുകൊള്ളുന്നു. ഇതിനപ്പുറം എന്നോടു ചോദിക്കരുതു. അതിനെപ്പററി പൂർണ്ണമായി വിവരിക്കയോ വാദപ്രതിവാദം നടത്തുകയോ ചെയ്യണമെന്നു എന്നോടാവശ്യപ്പെടുന്നതു ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരോടും ഗവണ്മെന്റിനോടും അന്യായമായിപ്പെരുമാറുകയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റിന്റെ ആലോചനയ്ക്കു വിഷയമായതു എന്തു സംഗതികളാണെന്നു പറയുമോ?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇങ്ങനെയുള്ള ചോദ്യങ്ങളെ സംബന്ധിച്ചാണ് വാദം നടത്താൻ കഴികയില്ലെന്നു ഞാൻ പറഞ്ഞതു. ആ ഉദ്യോഗങ്ങൾ വളരെ പ്രാധാന്യമുള്ളവയായിരുന്നു. അതുകൊണ്ടു പലവശങ്ങളിൽനിന്നും ആലോചിക്കേണ്ടതാണെന്നു പ്രത്യക്ഷമാണല്ലോ. ഈ സഭയിൽ അവയെപ്പററി വാദപ്രതിവാദംചെയ്യുന്നതു ന്യായമൊ പൊതുജനങ്ങളുടെ നന്മയ്ക്കു ഉതകുന്നതൊ അല്ല. ഈ കാര്യം ഗവണ്മെന്റിന്റെ ഗാഢമായ ആലോചനയിൽ ഇരിക്കയായിരുന്നു എന്നും അ[illegible] അനുസാരമില്ലാത്ത ഒരു കാര്യമായി വിചാരിക്കയൊ വൃഥാതാമസം വരുത്തുകയൊ ചെയ്തതല്ലെന്നും ഞാൻ ഉത്തരവാദബോധത്തോടെ പറഞ്ഞുകൊള്ളുന്നു. അതു സഭ സ്വീകരിക്കേണ്ടതുമാകുന്നു. ഗവണ്മെന്റിന്റെ ഉത്തരവാദിത്വത്തിന്മേലാകുന്നു ഞാൻ ഇതു പറയുന്നതു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ സംഗതി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരുന്നപ്പോൾ ചീഫ്ജസ്റ്റിസ് (ഒന്നാംജഡ്ജി) വല്ലജോലിയും ചെയ്തിരുന്നോ.

മി: കല്ല്യാലം പരമേശ്വരൻ പിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ചെയ്തിരുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സിങ്കിൾബെഞ്ചിൽ (ഒററയ്ക്കു) ആയിരുന്നായിരിക്കാം അല്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) : ചിലപ്പോൾ പക്ഷെ അതും ഹൈക്കോടതി ചെയ്യേണ്ടുന്ന ജോലിയാണ്. ആറു ജഡ്ജിമാരുള്ളപ്പോഴും ചിലപ്പോൾ സിങ്കിൾബെഞ്ചു ഉണ്ടാകും

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഹൈക്കോടതിയിൽ ആറു ജഡ്ജിമാർ ആവശ്യമില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അല്ല. നിയമനങ്ങൾ ചെയ്തതുകൊണ്ടുതന്നെ അതു പ്രത്യക്ഷമാകും. മേലാലും ആറു ജഡ്ജിമാർ ആവശ്യമുണ്ടോ എന്നുള്ളതിനെപ്പററി നിപുണന്മാർ ആലോചിച്ചുവരുന്നു. സഭ മുമ്പാകെ വന്നുള്ള വാദവിഷയത്തിന്റെ കാര്യത്തിൽ പൊതുജനങ്ങൾക്കു ദോഷകരമാകത്തക്കവണ്ണം ഗൌരവമായ ഒരു താമസം ഉണ്ടായിട്ടില്ലെന്നുള്ള സംഗതി സഭ ആലോചിക്കണമെന്നു അപേക്ഷിക്കുന്നു. കുറെ സമയം ജഡ്ജിമാർ ഇല്ലാതിരുന്നതുകൊണ്ടു പൊതുജനക്ഷേമത്തിനു വല്ല ഹാനിയും സംഭവിച്ചിട്ടുണ്ടായിരുന്നു എങ്കിൽ ഞാൻ പക്ഷെ അതിനു സമാധാനം പറയേണ്ടതായിരിക്കും. എന്നാൽ ഈ കാര്യത്തിൽ അങ്ങനെ ഒന്നും സംഭവിച്ചിട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിനു പുറമേനിന്നു വല്ല ആളേയും നിയമിക്കണമെന്നു ആലോചനയുണ്ടായിരുന്നോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കയായിരുന്നു എന്നു മാത്രമെ എനിക്കു പറയാൻ സാധിക്കയുള്ളു എന്നു ഞാൻ പറഞ്ഞുവല്ലൊ. ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിച്ചാൽ ഗവണ്മെന്റിന്റെ മുമ്പാകെ ആലോചനയ്ക്കു വന്ന സംഗതികളെല്ലാം ഞാൻ ഇവിടെ പ്രതിപാദിക്കേണ്ടിവരും. ആലോചനകൾ ഒന്നും ഉണ്ടായിരുന്നില്ല എന്നല്ല അതിന്റെ അർത്ഥം. എന്നാൽ ഉണ്ടായിരുന്നവയെപ്പററി ഇവിടെ പ്രതിപാദിക്കാൻ നിവൃത്തിയില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം). എന്തുമാതിരി സംഗതികളാണ് ആലോചനക്കുണ്ടായിരുന്നതെന്നു പറയുമോ? ആളെ തിരഞ്ഞെടുക്കുന്ന കാര്യമൊ മററു വല്ലതുമൊ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). ആളെ നിയമിക്കണമെന്നുള്ള സംഗതിയെപ്പററി സംശയം ഉണ്ടായിരുന്നില്ല. ആരെ നിയമിക്കണം എപ്പോൾ എന്നിത്യാദി കാര്യങ്ങളായിരുന്നു ആലോചനക്കുണ്ടായിരുന്നതു്. അതിനപ്പുറമൊന്നും പറയാൻ സാധിക്കയില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം). ഒഴിവുള്ള ജഡ്ജി ഉദ്യോഗത്തിന് ആളെ നിയമിക്കണമെന്നു ഹൈക്കോടതി ഗവണ്മെന്റിലേക്കു എഴുതിഅയച്ചുവോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). അതിനു മറുപടി പറയാൻ സാധിക്കയില്ല. അതു ഹൈക്കോടതിയും ഗവണ്മെന്റും തമ്മിലുള്ള ഒരു കാര്യമാണ്. അതു ഔദ്യോഗിക എഴുത്തുകുത്തിന്റെ കാര്യമാണു. ഹൈക്കോടതി എഴുതി അയച്ചു എന്നു പറയുന്നതിനു എന്റെ മുമ്പാകെ യാതൊരു കടലാസും ഇല്ല. എഴുതി അയച്ചു എന്നൊ അയച്ചില്ല എന്നൊ ഞാൻ പറയുന്നില്ല: ഇങ്ങനെയുള്ള സംഗതികളെപ്പററി പ്രതിപാദിക്കാൻ എന്നെ പ്രേരിപ്പിക്കരുതെന്നാണ് എനിക്കു പറയാനുള്ളതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്), ഹൈക്കോടതിയിൽ ഉണ്ടായ ഒരു ഒഴിവിൽ ആളെ നിയമിക്കാൻ ഏഴു മാസം താമസിച്ചതു ഗൌരവമായ ഒരു താമസമല്ലെന്നാണ് മാന്യമെമ്പറിന്റെ മറുപടിയിൽ നിന്നു ഞാൻ മനസ്സിലാക്കേണ്ടതു്. "ഗൌരവം" എന്ന പദത്തിന്റെ അർത്ഥം ഈയിടെ ഭേദപ്പെട്ടുപോയിട്ടുണ്ടായിരിക്കാം എന്നായാലും പൊതുജനങ്ങൾക്കു അതു ഗൌരവമായ ഒരു സംഗതിതന്നെയാണു. കാര്യം ചുരുക്കത്തിൽ ഇതാണ്. ഈ സംസ്ഥാനത്തെ ഏററവും ഉയർന്ന ഉദ്യോഗം ഒഴിവായിട്ടു അതിനാളെ നിയമിക്കാൻ അസാമാന്യകാലതാമസം വരുത്തിയതിനു ഉത്തരവാദി ആർ? ആ ചോദ്യത്തിനു തന്ന മറുപടി പൊതുജനങ്ങളുടെ നന്മയെ ആലോചിച്ചു അതിനു മറുപടി പറയാൻ പാടില്ലെന്നായിരുന്നു. പൊതുജനനന്മയല്ലാതെ വേറെ ആരുടേയും നന്മയും നോക്കാനുണ്ടെന്നു ഇതൊരു സമ്മതമാകുന്നു. ഇതാണു ഞങ്ങൾക്കു ഗവണ്മെന്റുമായുള്ള വഴക്കു. ഞങ്ങളുടെ മതം പൊതുജനങ്ങളുടെ നന്മയല്ലാതെ വേറെയാരുടേയും നന്മ നോക്കേണ്ടതെന്നാകുന്നു. പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചു ഒരു കാര്യം ചെയ്യുകയാണെങ്കിൽ അതു പൊതുജനങ്ങളെ ഉദ്ദേശിച്ചു പരസ്യമാക്കാൻ പാടില്ലാത്തതും എന്തുകൊണ്ടു്? ഈ സംഗതിയെപ്പററി ദീർഘവാദം ചെയ്യേണ്ടിട്ടാവശ്യമില്ല. രക്ഷപ്പെടാൻ മാർഗ്ഗമില്ലാതവണ്ണം മാന്യമെമ്പർ ഒരു മൂലയിൽ അകപ്പെട്ടുപോയതിനു ഞാൻ മാന്യമെമ്പറെ കുററപ്പെടുത്തുന്നില്ല.

പ്രസിഡൻറ് (ഗാലറിയിൽ ശ്രോതാക്കളായി വന്നിരിക്കുന്നവരോടു) അവിടെ ഇരിക്കുന്നവർ ചിരിക്കണമെങ്കിൽ പുറത്തിറങ്ങിപ്പോകണം. ഗാലറി ഒരു പ്രകടനസ്ഥലമായിട്ടല്ല ഉദ്ദേശിച്ചിട്ടുള്ളതു. ഗാലറിയിൽ ഇരിക്കുന്നവർ അഭിപ്രായപ്രകടനം ചെയ്യാതിരിക്കാൻ കഴികയില്ലെങ്കിൽ ഗാലറിയിൽനിന്നു എല്ലാവരേയും പുറത്തിറക്കേണ്ടിവരും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഈ കാര്യത്തിൽ പറഞ്ഞ സമാധാനം കേവലം അതൃപ്തികരമാകുന്നെന്നുള്ള എന്റെ ഹൃദയപൂർവ്വമായ അഭിപ്രായം പ്രസ്താവിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ സംബന്ധിച്ചു വാദം ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു. ഇങ്ങനെ മേലാൽ ഉണ്ടാകരുതെന്നും അതിനെ ജനങ്ങൾ പൊതുവായി അഭിനന്ദിക്കുന്നതല്ലെന്നും ഭരണാധികാരിയായ ദിവാനോടു പറയേണ്ടതു ഞങ്ങളുടെ ധർമ്മമാണെന്നു വിചാരിക്കുന്നു. ഈ വാക്കുകളോടുകൂടെ ഉപക്ഷേപത്തെ വോട്ടിനു വെക്കണമെന്നു ഞാൻ നിർബന്ധമായി പ്രസ്താവിച്ചുകൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). സർ, മറുപടിയായി ഒരുവാക്കെ എനിക്കു പറയാനുള്ളു. മി. കെ. പി. നീലകണ്ഠപ്പിള്ള ഏഴുമാസത്തെ താമസത്തെപ്പററി പറകയുണ്ടായി. കക്ഷികളെ സംബന്ധിച്ചേടത്തോളം താമസം ഏഴുമാസത്തേതില്ലായിരുന്നു മൂന്നു മാസത്തേതേ ഉണ്ടായിരുന്നു

ള്ള എന്നു ഞാൻ തെളിയിക്കാൻ ശ്രമിച്ചു. ഈ സംഗതിയെപ്പററി വോട്ടുചെയ്യിക്കണമെന്നു നിർബന്ധിക്കാൻ സഭക്കു അധികാരമുണ്ടെന്നുള്ളതിനു സംശയമില്ല. എന്നാൽ പൊതുജനങ്ങളെ സംബന്ധിച്ചേടത്തോളം താമസം ഗണ്യമാക്കത്തക്കവണ്ണം ഗൌരവമായിരുന്നോ എന്നു ആലോചിക്കണമെന്നു സഭയോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം). ഗവൺമെൻറിനെ സംബന്ധിച്ചേടത്തോളം താമസം എന്തായിരുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ). അതു ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. പൊതുജനങ്ങളെ സംബന്ധിച്ചേടത്തോളം മൂന്നുമാസത്തെ താമസമേ ഉണ്ടായിട്ടുള്ളൂ. ആ താമസം ഒരൊററ ഉദ്യോഗത്തിൻെറ കാര്യത്തിലും ആയിരുന്നു. അതിനെപ്പററി ഇത്ര ഘോഷിക്കുന്നതു ന്യായമാണോ?

മി. എ. താണുപിള്ള (തിരുവനന്തപുരം). ആറു തീരുമാനത്തിനാൽ കോടതിയുടെ രൂപീകരണത്തെപ്പററി വല്ല തക്കവും ഉണ്ടായിരുന്നോ എന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ). ഉവ്വ്, ആ വാദം തുടർന്നുകൊണ്ടു പോകയോ അവസാനിപ്പിക്കയോ ചെയ്തില്ലെന്നു മെമ്പർക്കും അറിവുണ്ടല്ലോ. എന്നാൽ അതു കേവലം വേറൊരു കാര്യമാണ്. താമസത്തിൻെറ വിഷയത്തോടു അതിനു സംബന്ധമൊന്നുമില്ല. എന്തെല്ലാമായാലും പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം താമസം ഏതുമസേരില്ലായിരുന്നു. ആ താമസം ഒരൊററ ഉദ്യോഗത്തെ സംബന്ധിച്ചുമാത്രവും ആയിരുന്നു. സഭ അതു ആലോചിക്കണം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും). ഇതുവരെ ഉദ്യോഗം ഒഴിവായി കിടക്കാൻ അനുവദിച്ച ഏററവും ദീർഘമായ കാലം എന്തായിരുന്നു എന്നു പറയുമോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ) എൻെറ പക്കൽ അതിൻെറ കണക്കില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ഏററവും ദീർഘമായ കാലതാമസം എത്രയായിരുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ) എൻെറ പക്കൽ കണക്കില്ല. മി. ആശാൻ പറയുമെങ്കിൽ ഞാൻ സമ്മതിക്കാം.

പ്രെസിഡൻറ് ഉപക്ഷേപം വോട്ടിനു വെക്കണമെന്നു നിർബന്ധമുണ്ടോ മി. നീലകണ്ഠപ്പിള്ള

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ് ഉണ്ട്, സർ.

ഉപക്ഷേപം വോട്ടിനിട്ടതിൽ തള്ളപ്പെട്ടുപോയി.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആളെണ്ണി വോട്ടെടുക്കണം.

ആളെണ്ണിയതിനെ താഴെ കാണിച്ചപ്രകാരം കണ്ടു.

അനുകൂലം ൨൦.

൧. മി. എ. എസ്. ദാമോദരൻ ആശാൻ
൨. „ എ. ജി. മേനോൻ
൩. „ ഇട്ടൂപ്പ് ഇട്ടിച്ചൻ
൪. „ ഡി. സി. ജോസഫ്
൫. „ കെ. സി. കരുണാകരൻ
൬. „ ആർ. കേശവപിള്ള
൭. „ ടി. സി. കേശവപിള്ള
൮. „ എൻ. കെ. കൃഷ്ണപിള്ള
൯. „ വി. എസ്. കൃഷ്ണപിള്ള
൧൦. „ തയ്യിൽ കുഞ്ഞിത്തൊമ്മൻ
൧൧. മി. എ. സി. കുര്യാക്കോസ്
൧൨. „ കെ. മാധവൻപിള്ള
൧൩. എച്ച്. ബി. മഹമ്മദ് രാവുത്തർ
൧൪. „ മാത്യു മുരിക്കൻ
൧൫. „ ജി. പി. നീലകണ്ഠപ്പിള്ള
൧൬. „ കെ. പി. നീലകണ്ഠപ്പിള്ള
൧൭. „ വി. ജെ. ഉമ്മൻ
൧൮. „ കെ. പത്മനാഭപ്പണിക്കർ
൧൯. „ മുരവേലിൽ പാച്ചുപിള്ള
൨൦. „ എ. താണുപിള്ള

പ്രതികൂലം ൨൧.

൧. മി. വി. ചെല്ലംപിള്ള
൨. „ ഡി. ഫ്റാൻസിസ്
൩. „ എൽ. എ. ലാമ്പാർഡ്
൪. „ കെ. മാധവൻ
൫. „ പി. എസ്. മഹമ്മദ്
൬. „ എസ്. പിറവിപ്പെരുമാൾപിള്ള
൭. „ കയ്യാലം പരമേശ്വരൻപിള്ള
൮. „ പി. എൻ. കൃഷ്ണപിള്ള
൯. „ എസ്. വെങ്കിട്ടരമണയ്യർ
൧൦. „ കെ. ജാർജ്ജ്
൧൧. „ ജി. പി. രാമസുബ്ബയ്യർ
൧൨. റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ
൧൩. മി. എസ്. സി. എച്ച്. റോബിൻസൺ
൧൪. „ ആർ. ധനക്കോടിപ്പിള്ള
൧൫. „ ഐ. സി. ചാക്കോ
൧൬. „ ആർ. വെള്ളപിംഗംപിള്ള
൧൭. ഡാക്ടർ കെ. രാമൻതമ്പി
൧൮. മി. പി. തോമതിനായകംപിള്ള
൧൯. „ എൽ. എ. ബിഷപ്പ്
൨൦. „ എ. വൈപ്പൻ
൨൧. „ റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള

നിഷ്പക്ഷം ൬.

൧. മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്
൨. മിസ്സസ്. എലിസബെത്ത് കുരുവിള
൩. മി. കെ. ജി. പരമേശ്വരൻപിള്ള
൪. മി. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ
൫. „ ആർ. രാമൻപിള്ള
൬. „ രേവതിനാൾ രാമവർമ്മരാജാ

ഉപക്ഷേപം ൨൬൩.

മി. പി. എസ്. മഹമ്മദ് (ഗവൺമെൻറു നിയമനം): താഴെ പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഹൈക്കോടതിക്കനുവദിച്ചിട്ടുള്ള ൨,൭൮ രൂപായിൽ ൭൦൦ രൂപാ കുറയ്ക്കണം.

ഹൈക്കോടതിയിലെ ചിലവിലേക്കായി വച്ചിട്ടുള്ള ൨,൭൮ രൂപയിൽനിന്നു ൭൦൦ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിനുള്ള പ്രധാന ഉദ്ദേശം ഹൈക്കോടതിയിൽ മുസ്ലീം സമുദായങ്ങൾ അനുഭവിച്ചുവരുന്ന ഭയങ്കരമായ അസമത്വത്തെ കാണിക്കുന്നതിനുവേണ്ടി മാത്രമാണ്. ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിന്റെ ഏതു ഭാഗങ്ങളിൽ നോക്കിയാലും ജഡ്ജിയായിട്ട് ഒരു മുസ്ലീമിനെ അല്പംപോലും കാണുന്നതിനു സാധിക്കയില്ല. സർക്കാർ വക്കീലായിട്ടോ അഫിഷ്യൽ റിസീവറായിട്ടോ ലാകാളേജ് പ്രഫസറായിട്ടോ ഒരാളെയും മുസ്ലീം സമുദായത്തിൽനിന്നു കാണാൻ സാധിക്കയില്ല.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ) മുസ്ലീം സമുദായത്തിൽനിന്നും ഒരു മുൻസീഫിനെ നിയമിച്ചിട്ടുണ്ടെന്ന് അറിയാമോ?

മി. പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം) അറിയാം. മുൻസീഫായിട്ട് ഒരാളെ എടുക്കിയിട്ടുണ്ട്. അതിലേക്ക് എന്റെ സമുദായത്തിന്റെ നന്ദിയെ ഞാൻ ഇവിടെ പ്രദർശിപ്പിക്കുന്നു. എന്നാൽ ഒരു മുൻസിഫിനെ തന്നതുകൊണ്ടുമാത്രം ഭയങ്കരമായ അസമത്വം തീരുമെന്ന് ഒരിക്കലും പറയാൻ പാടില്ല. ഇതു് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച സംഗതിയാകുന്നു. ഇനി ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ നോക്കിയാൽ അതായതു് ക്ലാർക്ക് ടൈപ്പിസ്റ്റ് ഇവരെല്ലാംകൂടി നൂറു കാപ്പിസ്റ്റ് ഫ ഫപേരും ഉൾപ്പെടെ ഉദ്ദേശം ൭൦ പേരുണ്ട്. ഇതിൽ അണ്ടർഗ്രാഡ്വേറ്റായിട്ട് വളരെക്കാലംമുമ്പു നിയമിച്ച രണ്ടു മഹമ്മദീയർ മാത്രമേയുള്ളു. ഗ്രാഡുവേറ്റായിട്ട് ആരുംതന്നെയില്ല. വല്ല അഭിവൃദ്ധിയും കിട്ടുമെന്നു ആശ ഉണ്ടാകണമെന്നുവരികിൽ ഗ്രാഡുവേറ്റായിട്ടുള്ള മുസ്ലീമിങ്ങളുടെ നിയമനമാണ് അത്യാവശ്യമായിട്ട് വേണ്ടതു. അവരുടെ സംഖ്യ ഒന്നുംതന്നെ ഇതിൽ ഇല്ല. അവരെ സംബന്ധിച്ചു ശ്രദ്ധിക്കുന്നുമില്ല.

ഇനി ഡിസ്ട്രിക്ട് സെഷൻസ് കോടതികളുടെ എസ്റ്റാബ്ലിഷ്മെന്റു നോക്കാം. ഫ൭൨ പേർ ശിരസ്തദാരന്മാരും ക്ലാർക്കന്മാരും കാപ്പിസ്റ്റന്മാരായിട്ടും ഉണ്ട്. ഇതിൽ ഒന്നോ രണ്ടോ മഹമ്മദീയരിൽ കൂടുതൽ ഉണ്ടായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. മുൻസീഫ്കോടതിയിലെ എസ്റ്റാബ്ലിഷ്മെന്റു നോക്കുകയാണെങ്കിൽ ൫൫ പേർ ഹെഡ്ക്ലാർക്കന്മാരായും നാസർമാരായും ഉണ്ട്. ഫ൯൫ ആമീന്മാരും ൩൨൨ കാപ്പിസ്റ്റർമാരും ഉൾപ്പെടെ ഫ,൦൭൩ ഉദ്യോഗസ്ഥന്മാരുണ്ട്. കീഴ്പ്പോട്ടുള്ള പ്യൂൺസിനെ ഇതിൽ കൂട്ടീട്ടില്ല, അവർ ധാരാളം ഉണ്ട്. ഇത്രയും പേർ ഉള്ളതിൽ എട്ടോ പത്തോ പേരിൽ കൂടുതൽ മുസ്ലീമിങ്ങളായിട്ടില്ല. ഈ സംഖ്യ എത്ര എന്നു തീർച്ചപ്പെടുത്തി കൌൺസിലിൽ കാണിക്കുന്നതിനു ഇതിനെ സംബന്ധിച്ച ഞാൻ അയച്ച ചോദ്യത്തിനു മറുപടി കിട്ടിയിരുന്നാൽ എനിക്കു സാധിക്കുമായിരുന്നു. ഒരു ലിസ്റ്റുവരുത്താൻ പ്രയാസമാണെന്നാണു മറുപടി പറഞ്ഞതു്. അതിന്റെ പ്രയോജനത്തെപ്പറ്റി നോക്കുകയാണെങ്കിൽ കുറെ ബുദ്ധിമുട്ടുണ്ടെങ്കിൽതന്നെയും അതു തയ്യാറാക്കിത്തരേണ്ടതാണ്. അപ്രകാരം ഒരു ലിസ്റ്റ് തന്നിരുന്നാൽ ഇത്ര വലിയ അസമത്വമുള്ള ഈ സംഗതി ഗവണ്മെന്റിനെക്കൂടി മനസ്സിലാക്കാൻ എനിക്കു സാധിക്കുമായിരുന്നു. ഇങ്ങനെ ലിസ്റ്റ് വരുത്താൻ സാധിക്കയില്ല. അതുകൊണ്ടു പ്രയോജനമില്ല എന്നു പറയുന്നതു ഞങ്ങളുടെ കഷ്ടകാലംകൊണ്ടാണെന്നും ഗവണ്മെന്റിനെ ഈ സംഗതി മനസ്സിലാക്കുന്നതിനുള്ള ഭാഗ്യം ഞങ്ങൾക്കില്ലാത്തതുകൊണ്ടാണെന്നും മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. അതുകൊണ്ടു് ഇത്ര ഭയങ്കരമായ അസമത്വത്തെ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിച്ചു അതിനുവേണ്ട പരിഹാരമുണ്ടാക്കിത്തരണമെന്നു പ്രസ്താവിച്ചുകൊണ്ടു് എന്റെ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങളിൽപെട്ടവർക്കു ഉദ്യോഗം കൊടുത്തു പ്രോത്സാഹിപ്പിക്കുന്ന കാര്യം ഗവണ്മെന്റിന്റെയും ഹൈക്കോടതിയുടെ ദൃഷ്ടിയിൽ എല്ലായ്പോഴും ഇരിക്കുന്ന ഒന്നാകുന്നു. മിസ്റ്റർ മുഹമ്മദ് പ്രസ്താവിച്ച ഉദ്യോഗങ്ങളിൽ പലതും ഹൈക്കോടതിയുടെയും മാനാധികാരത്തിൽ ഉള്ളവയാകുന്നു. പ്രാതിനിധ്യമില്ലാത്ത വർഗ്ഗക്കാർക്കു ഉദ്യോഗം കൊടുത്തു പ്രോത്സാഹിപ്പിക്കുന്ന കാര്യം ഹൈക്കോടതിയുടെയും ശ്രദ്ധയെ ആകർഷിച്ചിട്ടുള്ള ഒന്നാണെന്നു എനിക്കു ധൈര്യത്തോടെ പറയാൻ കഴിയും. ഈയിടതന്നെ ഗവണ്മെന്റു ഒരു മുഹമ്മദീയമാന്യനെ മുൻസിഫായി നിയമിച്ചു എന്നു ഞാൻ ചോദിച്ച ഒരു ചോദ്യത്തിനു മറുപടിയായി മിസ്റ്റർ മഹമ്മദ് സമ്മതിക്കുണ്ടായല്ലോ. ആ ഒരു സംഗതിതന്നെ ഈ കാര്യം ഗവണ്മെന്റിന്റെയും ഹൈക്കോടതിയുടെയും ശ്രദ്ധയിൽ ഇരിക്കുന്ന ഒരു കാര്യമാണെന്നു മി. മഹമ്മദിനെ ബോദ്ധ്യപ്പെടുത്തേണ്ടതാകുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽ കൃഷ്ണൻവക സമുദായത്തിലോ ചെട്ടിസമുദായത്തിലോ ഉള്ള വല്ലവരും ഉണ്ടോ?

മി: കല്ലാലം പരമേശ്വരൻ പിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ). എനിക്കറിവില്ല. കൃഷ്ണ വകക്കാരെ നായർ സമുദായത്തിൽ നിന്നു വേർപെട്ട ഒരു സമുദായമായി ഗണിച്ചു വരുന്നുണ്ടോ എന്നു എനിക്കു നിശ്ചയമില്ല. ഏതായാലും എനിക്കു നിശ്ചയമില്ല. അതുകൊണ്ടു ആണെന്നോ അല്ലെന്നോ പറവാൻ നിവൃത്തിയില്ല. മഹമ്മദീയരെ സംബന്ധിച്ചേടത്തോളം അവരുടെ കാര്യം സഹതാപത്തോടെ ആലോചിച്ചുവരുന്നു. അത്രയെ എനിക്കു പറവാനുള്ളു. ഈ ഉറപ്പു സ്വീകരിച്ചു കൊണ്ടു മി. മഹമ്മദ്തന്റെ ഉപക്ഷേപം പിൻവലിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്.

മി. എ. സി. കല്ലാക്കോസ് (മീനച്ചിലും ദേവികുളവും). അസമത്വം അനുഭവിക്കുന്ന മഹമ്മദീയ സമുദായത്തിൽ പെട്ടവരുടെ അപേക്ഷകളെ പ്രത്യേകം ഗൌനിക്കപ്പെടുമെന്നു പറഞ്ഞു. അതുപോലെ തന്നെ അസമത്വം അനുഭവിക്കുന്ന മറ്റു സമുദായക്കാരുമുണ്ടെന്നറിയാമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ). ഉവ്വ്. ഉണ്ടെന്നറിയാം, മി. ജാർജ്ജ് തന്നെ ഇന്നാളങ്ങനെ പറഞ്ഞുവല്ലോ.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ജുഡിഷ്യൽ വകുപ്പിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു വർഗ്ഗീയമായ ഒരു തോതുവച്ചിട്ടില്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): അങ്ങനെയൊരു നിശ്ചയമുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും). അതെങ്ങിനെയാണു? ഏതെല്ലാം സമുദായങ്ങളിൽനിന്നാണു നിയമനം നടത്തുന്നതു്?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): ഇക്കാര്യത്തെപ്പററി നോട്ടീസില്ലാഞ്ഞതിനാൽ അതിനെ സംബന്ധിച്ച കടലാസ്സുകൾ എന്റെ പക്കൽ ഇല്ല. ഒരു നായർ, ഒരു ക്രിസ്ത്യാനി, ഒരു ബ്രാഹ്മണൻ, ഒരു മററു ഹിന്ദു ഇങ്ങനെയാണ് ക്രമം എന്നു തോന്നുന്നു. ഞാൻ പറയുന്നതു തെററായിരിക്കാം, അതിനെപ്പററി എനിക്കു പൂർണ്ണവിവരമില്ല

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതെന്തു നിലയിലുള്ള ഒരു തോതാണെന്നു ഗവൺമെന്റിനു പറയാൻ കഴിയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): അതു പബ്ലിക്ക സർവീസിൽ സമുദായങ്ങളുടെ പ്രാതിനിധ്യം എങ്ങനെ വേണമെന്നുള്ളതിനെ ആശ്രയിച്ചിരിക്കും. ഇതിനെ സംബന്ധിച്ചു മുമ്പൊരിക്കൽ ഒരു പ്രമേയം കൊണ്ടു വരികയും അന്നു ദീർഘമായ വാദപ്രതിവാദം നടത്തുകയും ചെയ്തിട്ടുണ്ട്, സഭ അതു ഓർക്കുന്നുണ്ടായിരിക്കും.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഹിന്ദുമതസ്ഥന്മാരിൽ ബ്രാഹ്മണർ, നായന്മാർ എന്നു വേർ തിരിച്ചിട്ടുള്ളതു പോലെ ക്രിസ്ത്യാനികളുടെ ഇടയിലും കാത്തലിക്, ജക്കൊബൈററ്, മാർത്തോമ്മാ സിറിയൻ എന്നിങ്ങനെ വേർ തിരിക്കേണ്ട ആവശ്യമില്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): അതൊരു പൊതു വിഷയമാണ്. ഞാൻ ഇപ്പോൾ പറഞ്ഞപ്രകാരം മുമ്പിലത്തെ പ്രമേയത്തെ സംബന്ധിച്ച വാദപ്രതിവാദം നടന്നിട്ടുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും); എന്റെ ചോദ്യത്തിനുത്തരമെങ്കിലും മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

മി. കയ്യാലം പരമേശ്വരൻ പിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): അതൊരു പൊതുവിഷയമാണ്.

പ്രെസിഡെന്റ: നിങ്ങൾ മലയാളത്തിൽ പറയണമെന്നു മിസ്റ്റർ: കുഞ്ഞിത്തൊമ്മൻ ആവശ്യപ്പെടുന്നു.

മി കയ്യാലം പരമേശ്വരൻ പിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): പറയാം, സർ.

അതൊരു സാമാന്യ പ്രശ്നമാണ്. ഒരു ഡിപ്പാർട്ടുമെന്റിനെ മാത്രം എടുത്തു പറയാൻ സാധിക്കയില്ല. ഇതിനു മുമ്പു ഇതിനെ സംബന്ധിച്ചു ഇവിടെ ഒരു വാദപ്രതിവാദം നടന്നു. സർക്കാരുദ്യോഗത്തിൽ എല്ലാ സമുദായക്കാരെയും ജനസംഖ്യയനുസരിച്ചു നിയമിക്കണമെന്നു പറഞ്ഞ അവസരത്തിൽ ഗവൺമെന്റു ഭാഗത്തുനിന്നും അഗ്രാസനാധിപതി തന്നെയും പറഞ്ഞതു ഒന്നും സ്വീകരിക്കാൻ നിവൃത്തിയില്ലെന്നും, എന്നാൽ അതിനെപ്പററി ശ്രദ്ധിക്കാമെന്നുമാണ്. ഇതൊരു പ്രത്യേക ഡിപ്പാർട്ടുമെന്റാണ്. ഒരു ചട്ടം ഏർപ്പെടുത്തുന്നതു എല്ലാ ഡിപ്പാർട്ടുമെന്റിനെയും ബാധിക്കുന്ന ഒന്നാണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പ്രാതിനിധ്യം കുറഞ്ഞവരെ സർക്കാർ ഉദ്യോഗത്തിൽ നിയമിക്കണമെന്നു ഒരു പ്രമേയം കൊണ്ടു വരികയും അതിന്മേൽ ഒരു ജി. ഒ. പ്രസിദ്ധീകരിക്കയും അതിൽ ക്രിസ്ത്യാനികളിൽ കത്തോലിക്, ജാക്കബൈററ് എന്നിങ്ങനെ പ്രത്യേകം തിരിച്ചു ഉദ്യോഗനിയമനം നടത്തണമെന്നു വിവരിക്കയും ചെയ്തിട്ടുള്ളതായിട്ടറിയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): അതു റിട്ടേൺസ് അയക്കുന്നതിനെ സംബന്ധിച്ചാണ്. അതിൽ കത്തോലിക്ക, ജാക്കബൈററ് എന്നിങ്ങനെ ക്രിസ്ത്യാനികളുടെ വിഭാഗത്തെ കാണിക്കണമെന്നു പറയുന്നുണ്ട്. ഹൈക്കോടതിയിൽ പ്രത്യേകം പ്രത്യേകമായിട്ടു കാണിച്ചു ഉദ്യോഗം കൊടുക്കണമെന്നു പറയുന്നില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ ജി. ഒ. പുറപ്പെടുന്നതിനു മുമ്പു ബ്രാഹ്മണർ, ക്രിസ്ത്യാനികൾ എന്നിങ്ങനെയുള്ള വിഭാഗം ഉണ്ടായിരുന്നില്ലേ?

മി കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): ആയിരിക്കാം. അതു ഞാൻ സ്വീകരിക്കുന്നില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇങ്ങനെ വേർ തിരിച്ചു ഒരു വ്യവസ്ഥ ഉണ്ടാകുമ്പോൾ ഈ ഡിപ്പാർട്ടുമെന്റിലും കൂടി അതു സ്വീകരിക്കാമല്ലോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): അതു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ തന്നെ ഹൈക്കോടതിയിലേക്ക എഴുതി അയച്ചിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇങ്ങനെ അഭിപ്രായപ്പെടുന്നു എന്നു ഹൈക്കോടതിയെ അറിയിക്കാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതനുസരിച്ചു ഹൈക്കോടതിയിൽ കൊടുക്കണമെന്നു പറയരുതോ?

പ്രെസിഡെന്റ. ഇതിലേക്ക പ്രത്യേകം സമാധാനം പറയാൻ തരമില്ല. വർഗ്ഗീയ പ്രാതിനിധ്യമനുസരിച്ചു ഉദ്യോഗം കൊടുക്കണമെന്നുള്ളതിനെപ്പററി പൊതുവായിട്ടു ഒരു വാദപ്രതിവാദം ഇവിടെ നടന്നു. അതിൽ കൂടുതലായിട്ടു ഇപ്പോൾ പറയാൻ സാധിക്കയില്ല എന്നു ഓ മെമ്പർ പറഞ്ഞതിനെപ്പററി കൂടുതലായിട്ടു ചോദ്യം ചോദിക്കാൻ പാടില്ല.

മി. പി. എസ്. മുഹമ്മദ് (ഗവൺമെന്റ നിയമനം): ഞാൻ ഉപേക്ഷം ചിന്താവിഷയത്തിനു അവാദം ചോദിച്ചു കൊള്ളുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൨൧൮-ം ൨൧൯-ം.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി. എ. താണുപിള്ള.

൨൧൮. അഫിഷ്യൽ റിസീവർമാൎക്ക അനുവദിച്ചിട്ടുള്ള ൧൦൦ രൂപായിൽ നിന്നും ഒരു രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൨൧൯. അഫിഷ്യൽ റിസീവർമാൎക്ക അനുവദിച്ചിട്ടുള്ള ൧൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൨൦.

മെമ്പർ ഹാജരുണ്ടായിരുന്നില്ല.

ഉപക്ഷേപം ൨൨൧.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി: ആർ. രാമൻപിള്ള:

൨൨൧. ടൈപ്പിസ്റ്റിന്ന അനുവദിച്ചിട്ടുള്ള ൨൨൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൨൨.

മി: ആർ. രാമൻപിള്ള (കോട്ടയം): (ഡി) തൽക്കാലസിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൫൨,൨൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഹൈക്കോടതിയിലെ ടെമ്പററി എസ്റ്റാബ്ലിഷ്മെൻറിന നീക്കിവച്ചിട്ടുള്ള ൫൨,൨൦൦ രൂപായിൽ നിന്ന ഒരു രൂപാ കുറയ്ക്കണമെന്നാണ എൻെറ ഉപക്ഷേപം. ടെമ്പററിയായും അഡിഷണലായും ഉള്ള ജഡ്ജിമാർ മുൻസിഫന്മാൎക്കുള്ളതുപോലെ ഉള്ള ഇൻക്രിമെൻറ കിട്ടാത്തതിൽ നിരാശപ്പെട്ടിരിക്കുന്നതുകൊണ്ടു അവർ ജോലിചെയ്യുന്നതിൽ ഉത്സാഹക്കുറവു കാണിക്കയില്ലയോ എന്ന സംഗതിയെ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നാണ എൻെറ ഉദ്ദേശം. ഇന്നലെ ചീഫ് സെക്രട്ടറി അവർകൾ പറഞ്ഞതു മുൻസിഫന്മാരെപ്പോലെതന്നെ ടെമ്പററി ജഡ്ജിമാൎക്കും ശമ്പളക്കൂടുതൽ കിട്ടിവരുന്നു എന്നാണ. പിന്നീടു അവരെപ്പററി പറഞ്ഞപ്പോൾ അവർ ആവശ്യപ്പെട്ടപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നു എന്നാണ്. ൻവ്വ മുതൽ നിയമിച്ചവൎക്ക ഇതുവരെ കൊടുത്തുകാണുന്നില്ല. ആവശ്യപ്പെട്ടാൽ കൊടുക്കുമെന്നുള്ളതിനെപ്പററി അവൎക്ക യാതൊരറിവുമില്ല.

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഉണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങിനെ ഉണ്ടായിരുന്നാൽ അവർ ആവശ്യപ്പെടാതിരിക്കയില്ല. അതുകൊണ്ടു ഇതു ഏതുവിധത്തിലാണ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതെന്നുള്ളതിന ഗവൺമെൻറഭാഗത്തുനിന്നും തൃപ്തികരമായ ഒരു മറുപടി നൽകണമെന്നു ഞാൻ പ്രത്യാശിക്കുന്നു. ഈ സംഗതിയിൽ ഗവൺമെൻറിൻെറ ഗാഢമായ ശ്രദ്ധ പതിയണമെന്നുമാത്രമേ ഞാൻ ഈ ഉപക്ഷേപംകൊണ്ടു ഉദ്ദേശിക്കുന്നുള്ളു. ഈ ഉദ്ദേശത്തോടുകൂടി ഈ ഉപക്ഷേപത്തെ സഭാസമക്ഷം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സൎക്കാർവക്കീൽ): സർ, സെർവിസ് ചട്ടങ്ങൾപ്രകാരം ടെമ്പററി ഉദ്യോഗസ്ഥന്മാൎക്ക ഇൻക്രിമെൻറിന (കാലാനുസാരശമ്പളക്കൂടുതലിന) അവകാശമില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): അതു മുൻസിഫന്മാൎക്ക കൊടുക്കുന്നുണ്ടോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സൎക്കാർവക്കീൽ): മുൻസിഫന്മാരുടെ കാൎയ്യത്തിൽ ഒരു പ്രത്യേക ചട്ടമോ മാമൂലോ ഉണ്ടു. ഒരാൾ രണ്ടുവർഷം ടെമ്പററി മുൻസിഫായി ജോലിചെയ്താൽ അദ്ദേഹത്തിന ഇൻക്രിമെൻറിന അവകാശമുണ്ട്. അതൊരു പ്രത്യേകചട്ടമാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): ടെമ്പററി സൎക്കാർവക്കീലന്മാരായിട്ടും ടെമ്പററിമുൻസിഫന്മാരായിട്ടും ഇരിക്കുന്നവരെക്കാൾ യോഗ്യതകുറഞ്ഞവരാണോ ടെമ്പററി രണ്ടാംജഡ്ജിമാർ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സൎക്കാർവക്കീൽ): ഞാൻ പറഞ്ഞതു മി: രാമൻപിള്ളക്ക മനസ്സിലായിട്ടില്ലെന്ന തോന്നുന്നു. ഒരു മുൻസിഫ് ഏഴുവർഷം ആക്ട് ചെയ്താലും ആ ഏഴുവർഷക്കാലം സ്ഥിരം മുൻസിഫന്മാൎക്കെന്നപോലെ കാലാനുസാരശമ്പളക്കൂടുതൽ കിട്ടുകയില്ല.

പ്രെസിഡൻറ്: നിങ്ങൾ പറഞ്ഞതു ശരിയാണെന്നു തോന്നുന്നില്ല, മിസ്റ്റർ പരമേശ്വരൻപിള്ളെ?

മി: ആർ. രാമൻപിള്ള (കോട്ടയം): മുൻസിഫന്മാൎക്ക കൊടുക്കുന്നതുപോലെ ഇവൎക്കും കൊടുക്കേണ്ടതാവശ്യമാണെന്നു ഗവൺമെൻറ വിചാരിക്കുന്നുണ്ടോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സൎക്കാർവക്കീൽ): ആ ചോദ്യത്തിനു ഇന്നലെ മിസ്റ്റർ ജോർജ് മറുപടി പറഞ്ഞിട്ടുണ്ടെന്നു തോന്നുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇന്നലത്തെ മറുപടി ടെമ്പററിക്ലാൎക്കന്മാരെ സംബന്ധിച്ചതല്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സൎക്കാർവക്കീൽ): ടെമ്പററി എസ്റ്റാബ്ലിഷ്മെൻറിനെസംബന്ധിച്ച മെംബർ പറഞ്ഞതിനെപ്പററി ഗവൺമെൻറ ആലോചിക്കുന്നതാകുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): ടെമ്പററിക്ലാൎക്കന്മാരുടെകൂട്ടത്തിലല്ലേ ഇവരുടെ കാൎയ്യം ആലോചിക്കാൻ ഇടയുള്ളു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സൎക്കാർവക്കീൽ): ജഡ്ജിമാരുടെ കാൎയ്യത്തിൽ ഇൻക്രിമെൻറിന അവകാശപ്പെടാൻ ചട്ടമില്ലെങ്കിലും യഥാൎത്ഥത്തിൽ അവർ അപേക്ഷിക്കുമ്പോൾ ഇൻക്രിമെൻറ കൊടുക്കുന്നുണ്ട്.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): സർ, ഈ കാൎയ്യം വിശദമാക്കുന്നതിന ചില വാക്കുകൾ പറയാമെന്നു വിചാരിക്കുന്നു. ചട്ടങ്ങളും സെർവിസ്റെഗുലേഷൻസുംപ്രകാരം ടെമ്പററി സർവ്വീസ് ഇൻക്രിമെൻറിന കണക്കാക്കാൻ പാടില്ല. എന്നാൽ ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ ഇൻക്രിമെൻറ കൊടുക്ക

ന്നതിന ടെമ്പററിസെർവീസും കണക്കിൽ കൂട്ടുകയാണ ചെയ്യുവരുന്നത്. എന്നാൽ ഒരു സാധാരണ പതിവായിട്ടല്ല. സാധാരണ പതിവു ഉദ്യോഗസ്ഥന്മാർതന്നെ തങ്ങളുടെ കാര്യം ഒരു പ്രത്യേകകാര്യമെന്ന നിലയിൽ ഗവൺമെൻറിനോടു ഇൻക്രിമെൻറ കൊടുക്കണമെന്ന അപേക്ഷിക്കയാണ്. അങ്ങനെയുള്ള ഇൻക്രിമെൻറ ഈയിടതന്നെ രണ്ടുമൂന്ന ഉദ്യോഗസ്ഥന്മാക്ക അനുവദിച്ചുകൊടുത്തതായി ഞാൻ ഓക്കുന്നു. ഉദാഹരണമായി മി: നൈററായ്ക്കു് ഇൻക്രിമെൻറ അനുവദിക്കയുണ്ടായി. മിസ്റ്റർ ഗോപിനാഥനും അതുകിട്ടി. ചട്ടങ്ങളിലും റഗുലേഷൻസിലും അതിന്ന വ്യവസ്ഥചെയ്തിട്ടില്ലാത്തതുകൊണ്ടു ഉദ്യോഗസ്ഥന്മാർതന്നെ അതിന്ന അപേക്ഷിക്കേണ്ടിയിരിക്കുന്നു. ഇതാണ കാര്യത്തിൻെറ സ്ഥിതി. രണ്ടുവർഷത്തിൽ കൂടുതലായി സർവീസിലിരുന്നിട്ടു ഇൻക്രിമെൻറ കിട്ടാത്തവർ സർവീസിലുണ്ടെന്ന കാണുന്നില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): മി: ജി. പരമേശ്വരൻപിള്ള, ഫിലിപ്പോസ് ഇവക്കൊക്കെ കിട്ടീട്ടുള്ളതായിട്ടു കാണുന്നില്ല.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രിട്ടറി): അവക്ക കൊടുത്തിട്ടുണ്ടെന്നാണ എൻെറ വിശ്വാസം. ഉദ്യോഗസ്ഥൻെറ അപേക്ഷകിട്ടിയാൽ അനുവദിക്കയാണ സാധാരണ പതിവു. സർവീസ് ചട്ടങ്ങൾപ്രകാരം കൊടുക്കണമെന്ന വ്യവസ്ഥയില്ലാത്തതുകൊണ്ടു ഗവൺമെൻറ സ്വമേധയായി അനുവദിക്കാറില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): സക്കാർ ഭാഗത്തുനിന്നും പറഞ്ഞിട്ടുള്ള മറുപടിയെ ആസ്പദമാക്കി ഈ ഉപക്ഷേപം പിൻവലിക്കുന്നതിന്ന ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം ൨൭൯.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി. പി. എസ്. മുഹമ്മദ്.

൨൭൯. സിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൭൪൯൯ രൂപായിൽ ൨൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൮൦.

മെമ്പർ ഹാജരുണ്ടായിരുന്നില്ല.

ഉപക്ഷേപം ൨൮൧.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി: ആർ. രാമൻപിള്ള

൨൮൧. (എ) ക്ലാക്കന്മാരും വേലക്കാരും എന്ന ഇനത്തിൽ ടെമ്പററി ഉദ്യോഗസ്ഥന്മാക്ക അനുവദിച്ചിട്ടുള്ള ൩൦൨൦ രൂപാ വിട്ടുകളയണം.

ഉപക്ഷേപം ൨൮൨.

മി. പി. എസ്. മഹമ്മദ് (ഗവൺമെൻറ നിയമനം): (എ) ക്ലാക്കന്മാരും വേലക്കാരും എന്ന ഇനത്തിൽ ടെമ്പററി ഉദ്യോഗസ്ഥന്മാക്ക അനുവദിച്ചിട്ടുള്ള ൩൦൨൦ രൂപായിൽ ൨൦ രൂപാ കുറയ്ക്കണം.

ക്ലെറിക്കലും മീനിയലും ചിലവിലേക്ക ബഡ്ജററിൽചേത്തിട്ടുള്ള ൩൦൨൦ രൂപായിൽനിന്ന പത്തു രൂപ കുറയ്ക്കണം എന്നുള്ള ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിക്കുന്നു. ഇതിൻെറ പ്രധാനഉദ്ദേശം മുൻസിഫ് കോടതിയിലുള്ള ക്ലാക്കന്മാരുടേയും ശിപായിമാരുടേയും ശമ്പളം അല്പമെങ്കിലും കൂട്ടേണ്ടതാണെന്നുള്ള സംഗതി ഇവിടെ പ്രസ്താവിക്കുന്നതിനുവേണ്ടിമാത്രമാണ്. മുൻസീഫ്കോടതികളിൽ പോകുന്ന ഏതൊരുകക്ഷിക്കും അവിടെ പ്രാക്ടീസു ചെയ്യുന്ന ഏതൊരു വക്കീലിനും ആ കോടതിയിൽ നടക്കുന്ന അഴിമതികൾ എന്താണെന്ന മനസ്സിലാക്കാൻ കഴിയും. ഒരു കേസിന്ന ന്യായമായ രീതിയിൽ ചിലവാകുന്ന ഫീസിനത്തിലുള്ള സംഖ്യക്കുടാതെ ഗണ്യമായ ഒരു സംഖ്യ കൂടുതലായി ഈ ഓരോകോടതിയിലും കൊടുക്കാതെ കക്ഷികൾക്ക കേസു സംഗതികളെ ശരിയായവിധത്തിൽ നടത്താൻ സാധിക്കയില്ല. ഇതിനുള്ള ഒരു പ്രധാനകാരണം അവരുടെ ശമ്പളക്കുറവു മാത്രമാണ്. ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചുനോക്കിയാൽ അവിടത്തെ ചിലവു സ്വല്പം കൂടിയിരുന്നാലും ജനങ്ങൾക്ക മററുവിധത്തിലുള്ള ഉപദ്രവം വരാതെ ഇരിക്കത്തക്കനിലയിൽ വേണ്ട ഏർപ്പാടു ചെയ്യേണ്ടതത്രയും അത്യാവശ്യമാണ്. അതിലെ കീഴുദ്യോഗസ്ഥന്മാരുടെ ശമ്പളം അവരുടെ ക്ഷേമത്തിന്ന പര്യാപ്തമായ നിലയിൽ വർദ്ധിപ്പിക്കാതെ തരമില്ല. തിരുവിതാംകൂറിലെ ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ ഇന്നത്തെ നിലയ്ക്ക അതായതു കോർട്ടുഫീസ് സ്റ്റാമ്പു ഇനത്തിലുള്ള വരവും മററുവിധത്തിലുള്ള വരവും ധാരാളമുള്ള സ്ഥിതിക്ക അതിനനുരൂപമായ ഒരു തുക ഈ ശമ്പളക്കാർക്ക് കൂട്ടിക്കൊടുക്കുന്നതിൽ പക്ഷാന്തരത്തിന്നവകാശമുണ്ടെന്ന തോന്നുന്നില്ല.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ശമ്പളത്തിൻെറ കുറവുകൊണ്ടാണോ ഈ അഴിമതികൾ നടക്കുന്നത്?

മി. പി. എസ്. മുഹമ്മദ് (ഗവൺമെൻറനിയമനം): ഒരു മനുഷ്യന ശരിയായ നിലയിൽ ജീവിക്കുന്നതിനാവശ്യമുള്ള സംഖ്യ അവൻെറ തൊഴിലിൽനിന്ന കിട്ടുന്നില്ല എങ്കിൽ ആ സംഖ്യ മററുവിധത്തിൽ ഉണ്ടാക്കി ആവശ്യം നിറവേററുന്നതിന്ന അവൻനിർബന്ധിതനായി തീരുന്നതാണ്. ആ തോതുവച്ചുനോക്കിയാൽ അതുതന്നെ ആയിരിക്കണം ഈ അഴിമതിക്കും കാരണം. അതുകൊണ്ടു ആ വക സംഗതികളെ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള ഈ ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ഈ അഭ്യർത്ഥനയ്ക്ക അനുവദിച്ചിട്ടുള്ള സമയം എത്രയാണെന്ന പറയുമോ, സർ?

പ്രസിഡെൻറ്: ൪-൩൦ മണിവരെ സമയം ഉണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): സർ മി: മഹമ്മദിന്റെ ഉപക്ഷേപത്തോടു സഹതാപം പ്രദർശിപ്പിക്കാൻമാത്രമേ എനിക്കു നിവൃത്തിയുള്ളു എന്നു ഞാൻ ഭയപ്പെടുന്നു. ശിപായിമാർക്കു മതിയായ ശമ്പളം കൊടുക്കുന്നില്ലെന്നു അദ്ദേഹം പരാതിപറയുന്നു. എന്നാൽ അവരുടെ ശമ്പളസ്കെയിൽ പരിഷ്കരിച്ചതു ഈയിടയാണു. ശിപായിമാരോടു ഞാനെത്ര സഹതാപം പ്രദർശിപ്പിച്ചാലും ഗവണ്മെന്റിനു പണം ചെലവാക്കുന്നകാര്യത്തിലുള്ള ഉത്തരവാദിത്വം ആലോചിച്ചാൽ ഇപ്പോൾ അവർക്കു ശമ്പളം കൂട്ടിക്കൊടുക്കാമെന്നു ഒരു വാഗ്ദാനം ചെയ്യാൻ സാധിക്കയില്ല.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): ക്ലാർക്കന്മാരെ സംബന്ധിച്ചു എന്താണു പറയുന്നതു്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഗുമസ്തന്മാരെ സംബന്ധിച്ചും ഉടനെതന്നെ എന്തെങ്കിലും ചെയ്യാമെന്നു വാഗ്ദാനം ചെയ്‌വാൻ സാധിക്കയില്ല.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവങ്കോടും): ശിപായിമാർക്കും എന്തെങ്കിലും ശമ്പളക്കൂടുതൽ കൊടുക്കാൻ സാധിക്കുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല, ഇപ്പോൾ സാധിക്കയില്ല, എന്തെന്നാൽ അവരുടെ ശമ്പളം പരിഷ്കരിച്ചിട്ടു അധികനാളായിട്ടില്ല. ഉദ്ദേശം ആറുവർഷം മുമ്പാണെന്നു തോന്നുന്നു അവരുടെ ശമ്പളം പരിഷ്കരിച്ചതു്. ശമ്പളക്കൂടുതൽ വാങ്ങാനും കൊടുക്കാനും എല്ലാവർക്കും സന്തോഷമുണ്ടാകും. ഞാനും അവരോടു സഹതപിക്കുന്നു. എന്നാൽ തങ്ങൾക്കു കുടിയാന്മാരോടുള്ള ഉത്തരവാദിത്വം മനസ്സിൽ വെച്ചുകൊണ്ടു ഇപ്പോൾ വല്ലതും ചെയ്‌വാൻ ഗവണ്മെന്റിനു സാധിക്കുമോ എന്നാണു ചോദ്യം. അവർക്കു പ്രോത്സാഹമായിവല്ലതും പറവാൻ സാധിക്കയില്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ഇപ്പോഴത്തെ ഗവണ്മെന്റു ശിപായിമാർക്കു ജീവസന്ധാരണത്തിനു മതിയായ ഒരു ശമ്പളമെങ്കിലും കൊടുക്കുമോ എന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ജീവസന്ധാരണത്തിനു മതിയായ ശമ്പളം എന്താണെന്നുള്ളതു ഓരോരുത്തരുടെ അഭിപ്രായം പോലിരിക്കും.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റുനിയമനം): ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രെസിഡെന്റ്: ഉപക്ഷേപം പിൻവലിക്കാൻ മെമ്പരെ സഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: ആർ. രാമൻപിള്ള:

൨൬൨. (ബി) ടെമ്പററി സിൽബന്തികൾ എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള ൩൩൯൨ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള:

൨൬൪. പ്രൊവിൻഷ്യൽ സ്റ്റാഫിനു അനുവദിച്ചിട്ടുള്ള ൧,൯൬,൪൪൪ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:

൨൬൫. പ്രൊവിൻഷ്യൽ സ്റ്റാഫിനു അനുവദിച്ചിട്ടുള്ള ൧,൯൬,൪൪൪ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള:

൨൬൩. പ്രൊവിൻഷ്യൽ സ്റ്റാഫിനു അനുവദിച്ചിട്ടുള്ള ൧,൯൬,൪൪൪ രൂപായിൽ ഒരു രൂപാകുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൨൬൭. മുൻസിഫ്കോടതി എസ്റ്റാബ്ലിഷ്മെന്റിനു അനുവദിച്ചിട്ടുള്ള ൪,൦൯,൭൩൦ രൂപായിൽ ൧൦ രൂപാകുറയ്ക്കണം.

മി: പത്മനാഭപണിക്കർ:

൨൬൬. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൪,൫൦൦ രൂപായിൽ ൧൦ രൂപാകുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൨൬൮. തൻചെലവു മുതലായവയ്ക്കു അനുവദിച്ചിട്ടുള്ള ൪൦,൭൦൩ രൂപായിൽ ൧൦ രൂപാകുറയ്ക്കണം.

ഉപക്ഷേപം ൨൮൦.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

സിവിലും സെഷനും കോടതികൾക്കു അനുവദിച്ചിട്ടുള്ള ൫,൫൦,൭൩൬ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു രണ്ടു മൂന്നു ലഘുവെങ്കിലും പ്രാധാന്യമേറിയ കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു സവിശേഷം വിഷയീഭവിപ്പിക്കുന്നതിനാണു. ഒന്നാമത്തേതു തിരുവനന്തപുരത്തു എല്ലാസിവിലും ക്രിമിനലും കോടതികൾ ഒരു സ്ഥലത്തു കെട്ടിടങ്ങൾ പണിതു സ്ഥാപിക്കണമെന്നാകുന്നു. സർ, ഇതൊരു അത്യാവശ്യകാര്യമാണു. ഇതു ഇതിനു മുമ്പു പല പ്രാവശ്യം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടു. അതിനെപ്പറ്റി ഞാൻതന്നെ ഗവണ്മെന്റിനോടു ചോദ്യം ചോദിച്ചിട്ടുണ്ടു്. എങ്കിലും ഇതുവരെയായിട്ടൊന്നും ചെയ്തിട്ടില്ല. ഇപ്പോഴത്തെ ഡിസ്ട്രിക്ട്കോടതി കെട്ടിടങ്ങൾ എത്ര ജീർണ്ണിച്ച നിലയിൽ കിട

ക്കുന്നു എന്നു ഞങ്ങൾക്കെല്ലാം നല്ലപോലെ താങ്കൾക്കു തന്നെ അറിയാമല്ലോ. ഇങ്ങനെ ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങളിൽ ഡിസ്ട്രിക്ട് കോടതികൾ വെച്ചു നടത്തുന്നതു പൊതുജനങ്ങൾക്കു ആപൽകരവും ഒരു പരിഷ്കൃത ഗവണ്മെന്റിനു തീരാത്ത അപമാനവും ആകുന്നു.

ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്ന വേറൊരു കാര്യം വാറണ്ടിൽ പിടിച്ച വിധികടക്കാർ ന്യായമായ കയ്‌വശം വിട്ടു ഓടിപ്പോയി എന്നുള്ള കേസുകളിൽ വിധികർത്താക്കന്മാർ കാണിക്കുന്ന ഉപേക്ഷയാകുന്നു. ഈയിടെ അങ്ങനെയുള്ള കേസുകളുടെ എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ടു. ചിലപ്പോൾ കടക്കാർ ഓടിപ്പോയി എന്നു പറയുന്നതു പരമാർത്ഥമായിരിക്കാം. പലപ്പോഴും അതു കൌശലമാണ്. ഇങ്ങനെയാണു സാധാരണ ചെയ്തുവരുന്നതു. ഒരു വിധികടക്കാരനെ വാറണ്ടിൽ പിടിക്കണമെങ്കിൽ വിധിയുടമസ്ഥൻ ശിപായിക്കു പണം കൊടുക്കണം. ആ പണം കിട്ടിയ ഉടനെ ആ ശിപായി വിധികടക്കാരന്റെ അടുക്കൽ എത്തി അവനോടും കുറെ പണം വാങ്ങിക്കൊണ്ടു അവൻ തന്റെ കയ്‌വശത്തിൽ നിന്നു രക്ഷപ്പെട്ടുപോയ്ക്കളഞ്ഞു എന്നു കോടതിക്കു ഒരു റിപ്പോർട്ടയക്കും. ന്യായാധിപന്മാർ ഇങ്ങനെയുള്ള റിപ്പോർട്ടുകൾ കിട്ടിയാൽ എന്താണു ചെയ്യുന്നതു. ശിപായിമാർ എളുപ്പത്തിലും ശങ്കകൂടാതെയുമാണു ഇങ്ങനെചെയ്യുന്നതു അറിയുന്നതുകൊണ്ടു, ഇതിന്റെ ഫലമായി വിധിയുടമസ്ഥനു വലിയനഷ്ടവും ബുദ്ധിമുട്ടും സംഭവിക്കുന്നു. വിധിസമ്പാദിച്ചതിന്റെ ഫലം അവനു അനുഭവമാകുന്നില്ല. ഒന്നുമില്ലെങ്കിൽ പണം വസൂലാക്കാൻ ദീർഘകാലം വേണ്ടിവരുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്‌സർക്കാർ വക്കീൽ): അതു പരമാർത്ഥമാണെന്നു സങ്കല്പിക്കാം. എന്നാൽ എന്തു പരിഹാരമാർഗ്ഗമാണു മെമ്പർ നിർദ്ദേശിക്കുന്നത്?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): അങ്ങനെയുള്ള കേസുകളിൽ പ്രത്യേകം ശ്രദ്ധിപതിക്കണമെന്നും തെററുചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ കഠിനമായി ശിക്ഷിക്കണമെന്നും ന്യായാധിപതിമാർക്കു കർശനമായ ഉത്തരവുകൾ കൊടുക്കണം.

ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്ന വേറൊരു വിഷയം ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെമേൽ സമ്പാദിക്കുന്ന വിധികൾ നടത്തിക്കിട്ടാനുള്ള പ്രയാസമാണു. ഇപ്പോൾ വിധികടക്കാർക്കു അവരുടെ ആഫീസ്മേലധികാരി മുഖാന്തരം നോട്ടീസയക്കണം. കടക്കാരനു അറിവു കിട്ടിയാലുടനെ അയാൾ അവധി എടുത്തു മാറിക്കളയും. കോടതികളിൽനിന്നു നോട്ടീസ് കിട്ടിയാലുടനെ കടക്കാരെ വിളിച്ചു അവർ കോടതിയുടെ നോട്ടീസനുസരിക്കണമെന്നു അവരെ താക്കീതുചെയ്യണമെന്ന് ആഫീസ്മേലധികാരിമാരോടു ശരിയായി ആജ്ഞാപിച്ചാൽ വിധിയുടമസ്ഥനു എളുപ്പത്തിൽ തന്റെ പണം വസൂലാക്കാൻ ഇടയുണ്ട്.

വേറൊരുകാര്യം എനിക്കു പറവാനുള്ളതു ജുഡിഷ്യൽ ഡിപ്പോസിററുകളെപ്പററിയാണ്. സർ, വലിയ സംഖ്യകൾ നമ്മുടെ ഖജനാവുകളിൽ നിക്ഷേപിക്കുന്നുണ്ടു. എന്നാൽ അവയുടെ പലിശ അനുഭവിക്കുന്നില്ല. അതുകൊണ്ടു കക്ഷികൾക്കു യാതൊരു ഗുണവും സിദ്ധിക്കുന്നില്ല. ഈ സംഖ്യകളെ അഞ്ചൽ സേവിങ്സ് ബാങ്കുകളിലോ അതുപോലെയുള്ള മററുവല്ല സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ ഏർപ്പാടുചെയ്താൽ കക്ഷികൾക്കു ഗുണകരമായിരിക്കും. ഇപ്പോഴത്തെ നടപടിപ്രകാരം ഈ സംഖ്യകൾ വളരെക്കാലം ഗവണ്മെന്റു ഖജനാവുകളിൽ നിക്ഷേപിച്ചു വെക്കുന്നു. അവയെ തിരിച്ചു വാങ്ങുന്നതു ദീർഘകാലം കഴിഞ്ഞാണ്. മേല്പറഞ്ഞസംഗതികൾ ഈ സഭയുടെയും ഗവണ്മെന്റിന്റെയും ദൃഷ്ടിയിൽകൊണ്ടുവരുന്നതിനു മാത്രമായിട്ടാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളത്. അതു സഭയുടെ സ്വീകാരത്തിന്നായി സമർപ്പിച്ചുകൊള്ളുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, മിസ്റ്റർ കൃഷ്ണപിള്ളയുടെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. അതിനുള്ള പ്രധാനമായ ഉദ്ദേശം സബ്‌രജിസ്റ്റർ ആഫീസ് ഗുമസ്തന്മാർക്ക് മുമ്പേതന്നെ ഒരു നല്ല ശമ്പളം ഉണ്ടായിരുന്നതിനുപുറമെ ഇപ്പോഴത്തെ പരിഷ്കാരംകൊണ്ടും ഒരുനല്ലശമ്പളം കൊടുത്തിട്ടുണ്ട്. എന്നാൽ മുൻസിഫ് കോടതിയിലെയും ജില്ലാക്കോടതിയിലെയും പകർപ്പെഴുതുന്ന ഗുമസ്തന്മാർക്കും സബ്‌രജിസ്ത്രാഫീസിലെ ഗുമസ്തന്മാർക്കും തമ്മിൽ യാതൊരുവ്യത്യാസവും ഇല്ല. രണ്ടുപേരും പകർപ്പെഴുതേണ്ടവരാണ്. സബ്‌രജിസ്ത്രാരാഫീസിലെ ഗുമസ്തന്മാർക്ക് അല്പം ചുമതലകൂടി ഉണ്ടെന്നു ഗവണ്മെന്റ് ഭാഗത്തുനിന്നും പറഞ്ഞു. അതായതു് സൂചകപത്രം മെമ്മോ ഇവകൾ കൂടിതയാറാക്കേണ്ടതുണ്ട് എന്നാണ്. ഈജോലി മുൻസിഫ് കോർട്ടിലെ പകർപ്പ് ഗുമസ്താക്കൾക്കുള്ളതു ജ്ഞാനംപോലും ഇല്ലാത്തവർക്കുകൂടി ചെയ്യാൻ സാധിക്കും. അതുകൊണ്ടു രജിസ്റ്റർകച്ചേരിയിലുള്ള ഗുമസ്താക്കാം കൂടുതൽ സാമർത്ഥ്യമുള്ളവരെന്നോ കൂടുതൽപഠിപ്പുള്ളവരെന്നോ വിചാരിക്കാൻ ന്യായമില്ല. ഒരുഡിപ്പാർട്ടുമെണ്ടിൽ ഇന്നു ജോലിചെയ്യുന്നവർക്കു കൊടുക്കുന്നതുപോലെ ഉള്ള ശമ്പളം, മററുഡിപ്പാർട്ടുമെന്റിലിരുന്ന് അതേജോലിചെയ്യുന്നവർക്കും കൊടുക്കേണ്ടതു് ഗവണ്മെന്റിന്റെ ധർമ്മമാണ്. ആദായത്തെ നോക്കുകയാണെങ്കിൽ തന്നെ ഒരുപതിനായിരത്തിൽ ചില്വാനം രൂപാ പകർപ്പുഗുമസ്താക്കളുടെ ജോലിയിൽനിന്നും മിച്ചമായിവരുന്നുണ്ടെന്നു കണക്കുകൊണ്ടു് കാണാം. അതുകൊണ്ടും അവർക്കു ശമ്പളം കൂട്ടിക്കൊടുക്കുന്നതിൽ ആക്ഷേപമില്ലെന്നുള്ളതു സ്പഷ്ടമാണ്. പകർപ്പുഗുമസ്തന്മാരുടെ അവകാശംവഴി മുന്നോട്ടുപോയാൽ ആമീനാകാമെന്നല്ലാതെ വേറെഒരുവഴിയുമില്ല. അവർ ജീവിതാവസാനംവരെ അല്ലെങ്കിൽ ഉദ്യോഗത്തിൽനിന്നു പിരിയുന്നതുവരെ, ഈനിലയിൽ കഷ്ടപ്പെട്ടു കിടക്കണമെന്ന് ഗവണ്മെന്റോ ഹൈക്കോടതിയോ വിചാരിക്കുന്നുണ്ടെങ്കിൽ അതു് വളരെ കഷ്ടമാണു്. അതുകൊണ്ടു ന്യായമായ വിധത്തിൽ സബ്‌രജിസ്റ്റർ കച്ചേരിയിൽ ഇരിക്കുന്നവർക്ക് കൊടുത്തിരിക്കുന്ന താഴ്ന്ന ശമ്പളം ഇവർക്കും കൊടുത്തു ഇവരെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

മി: കയ്യാലംപരമേശ്വരൻ പിള്ള (അഡിഷനൽ ഹെഡ്‌സർക്കാർവക്കീൽ): കാപ്പീസ്റ്റ്മാർക്കു പ്രമോഷൻ കിട്ടുമ്പോൾ കൂടുതൽശമ്പളം കിട്ടുകയില്ലേ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതും കിട്ടുന്നില്ലല്ലോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്‌സർക്കാർവക്കീൽ): അവരെ ക്ലാർക്കന്മാരായിട്ടു പ്രമോഷൻചെയ്യാറുണ്ടല്ലോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതു് സ്കൂൾഫൈനൽ പാസ്സായവർക്കുമാത്രമേ കിട്ടുകയുള്ളു. സബ്‌രജിസ്ത്രാഫീസിൽ സ്കൂൾലീവിംഗ്കാരാണ് അധികവും. അതുപോലെയുള്ളവർ കാപ്പീസ്റ്റ്മാരായി ഈ

കോടതികളിലുമുണ്ട്. അവർക്കും പ്രമോഷൻകിട്ടുമെന്ന് വിചാരിക്കാമെങ്കിലും അങ്ങിനെ കൊടുക്കുന്നില്ല. മററുള്ളവർക്ക് കൊടുക്കുന്നതനുസരിച്ച് ഇവർക്കും കൊടുക്കേണ്ടതല്ലേ എന്ന് ഗവണ്മെൻറ് ആലോചിക്കേണ്ടതാണ്. ഇത്രയുംപറഞ്ഞുകൊണ്ട് മി: കൃഷ്ണപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): തിരുവനന്തപുരം ഡിസ്ട്രിക്ട് കോടതി കെട്ടിടങ്ങളുടെകാര്യത്തെ സംബന്ധിച്ചു ഈ ഗവണ്മെൻറിൻെറ ആലോചനയിൽ അടിയന്തിരമായ ആലോചനയിൽ ഇരിക്കുന്നു. അവർ അതിനുതക്കതായ ഒരുസ്ഥലംനോക്കിവരികയാണു. ഒരുസ്ഥലം കണ്ടാലുടനെ എസ്റ്റിമേററും പ്ലാനും തയ്യാറാക്കുകയും കെട്ടിടംപണിയിക്കാൻ വേണ്ടുന്ന പണം അനുവദിക്കാൻ ശ്രമിക്കയുംചെയ്യും.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ആലോചന ഏതു പതനത്തിൽ എത്തിയിട്ടുണ്ടെന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരുസ്ഥലം നോക്കി വരികയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരുസ്ഥലം ഇതിനുമുമ്പ് തന്നെ എടുത്തിട്ടില്ലേ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ലാകാളേജിനുസമീപത്തുള്ള സ്ഥലത്തെപ്പററി ആയിരിക്കാം മിസ്റ്റർ താണുപിള്ളപറയുന്നതു. ആ സ്ഥലത്തിനു വിസ്തീർണ്ണം പോരാ എന്നൊരു അഭിപ്രായം പ്രബലമായിട്ടുണ്ട്. വേറെഎതെങ്കിലും സ്ഥലം തീർച്ചയാക്കുന്നതിനുമുമ്പായി ആ സ്ഥലത്തിൻെറ യോഗ്യതയെപ്പററിയും ആലോചിക്കും. എന്നാൽ ആ സ്ഥലം തിരഞ്ഞെടുക്കാൻ ഇടയില്ലെന്നും പറഞ്ഞുകൊള്ളുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ സ്ഥലത്തിൻെറ വിസ്തീർണ്ണം വർദ്ധിപ്പിക്കയല്ലയോ ഉത്തമം?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതും ആലോചിക്കും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കോടതികൾ സ്ഥാപിക്കുന്നതിനു ഇപ്പോൾ തിരഞ്ഞെടുത്തിട്ടുള്ള സ്ഥലം എന്തുചെയ്യാനാണ് വിചാരിക്കുന്നതു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇപ്പോൾ ഒന്നും ചെയ്യുന്നില്ല. ലാകാളേജിൻെറ പറമ്പുവലുതാക്കാൻ ഉപയോഗിക്കുമായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സ്ഥലം എപ്പോൾ തിരഞ്ഞെടുക്കും.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): തീർച്ചപറവാൻ സാധിക്കയില്ല. കുറെസമയംവേണ്ടിവരുമായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എത്രവർഷം വേണ്ടിവരും.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ ഒരു അഭിപ്രായം പറയുന്നതു യുക്തമല്ല.

ഇനി ധിധികടക്കാരെ വാറണ്ടിൽ പിടിച്ചിട്ട മതിയായ കാരണംകൂടാതെ വിട്ടുകളയുന്നു എന്നുള്ള രണ്ടാമത്തെ സംഗതിയെപ്പററി പറയാം. ന്യായാധിപന്മാരുടെ ശ്രദ്ധ ഇക്കാര്യത്തിൽ ശരിയായി പതിയുന്നില്ലെന്നാണ് യഥാർത്ഥകുററാരോപണം. എന്നാൽ മിസ്റ്റർ കൃഷ്ണപിള്ള പ്രത്യേകദൃഷ്ടാന്തങ്ങളൊന്നും പറഞ്ഞിട്ടില്ല ഇവിടെ പ്രത്യേകദൃഷ്ടാന്തങ്ങൾ എടുത്തുപറയാഞ്ഞതു് ശരിയുമാണു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): പല ഉദാഹരണങ്ങൾ പറവാൻ ഞാൻ തയ്യാറുണ്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): മെമ്പർ ആ ഉദാഹരണങ്ങൾ ഇവിടെ ഉദ്ധരിക്കാത്തതു ശരിയാണെന്നു പറഞ്ഞുകൊള്ളുന്നു. മിസ്റ്റർ കൃഷ്ണപിള്ള ചീഫ് ജസ്റ്റിസിനെ കണ്ടിട്ട ആ ഉദാഹരണങ്ങൾ അദ്ദേഹത്തോടു വിവരിക്കയും പക്ഷെ അതിനെപ്പററിയുള്ള തെളിവും പ്രസ്താവിക്കയും ചെയ്താൽ ചീഫ് ജസ്റ്റിസിനു വേണ്ടനടപടികൾ നടത്താൻ കഴിയും. അതുചെയ്യാമെങ്കിൽ പൊതുജനങ്ങളുടെ നന്മയ്ക്കു ഗണ്യമായ ഒരു പുണ്യമായിരിക്കും.

ജുഡിഷ്യൽ ഡിപ്പാസിററുകൾക്ക പലിശ അനുവദിക്കുന്നില്ലെന്നാണ് മി: കൃഷ്ണപിള്ള പറഞ്ഞവേറൊരു സംഗതി. ഈ പണം ഖജനാവുകളിൽ ഗവണ്മെൻറുവെച്ചു സൂക്ഷിക്കുന്നു എന്നേയുള്ളു. തങ്ങളുടെ കാര്യങ്ങൾക്കു ആ പണം ഉപയോഗിക്കുന്നില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ഈഡിപ്പോസിററുകൾ നിമിത്തം ഗവണ്മെൻറിനു വല്ല പലിശയുംകിട്ടുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇല്ല. അവയ്ക്കു പ്രത്യേകമായി ഒന്നുംകിട്ടുന്നില്ല. ഗവണ്മെൻറ അവയെ എപ്പോഴെങ്കിലും ആവശ്യപ്പെടുമ്പോൾ മടക്കികൊടുക്കണം. അതു ബാങ്കിലെ കറൻറ് അക്കൗണ്ടുപോലെയാകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ഗവണ്മെൻറ ഈ പണം ഒരുവിധത്തിലും ഉപയോഗിക്കുന്നില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല. പ്രത്യേകമായി ഉപയോഗിക്കുന്നില്ല. ഈ പണം കക്ഷികൾ എപ്പോൾ ആവശ്യപ്പെടുന്നുവോ അപ്പോൾ കൊടുക്കാൻ തെയ്യാറായിരിക്കണം. അങ്ങനെയിരിക്കെ പലിശകൊടുക്കാൻ കഴിയുന്നതെങ്ങനെ. ഗവണ്മെൻറുപണം വാങ്ങിവെക്കുന്നതു അവരുടെ ആവശ്യങ്ങൾക്കായിരുന്നെങ്കിൽ പലിശകൊടുക്കേണ്ടതാണെന്നു പറഞ്ഞാൽ മനസ്സിലാക്കാം. ഈപണം ഖജനാവിൽ എടുക്കുന്നതു കക്ഷിക്കുവേണ്ടി സൂക്ഷിക്കുന്നതിനായിട്ടാണ്, എന്നുമാത്രമല്ല അതുതിരിച്ചുകിട്ടണമെന്നു അവശ്യപ്പെടുന്ന നിമിഷത്തിൽ കൊടുക്കത്തക്കവണ്ണം സൂക്ഷിക്കേണ്ടതാകുന്നു. ഇങ്ങനെ നിക്ഷേപിച്ചിട്ടുള്ള സംഖ്യകൾക്കു ഗവണ്മെൻറു പലിശകൊടുക്കണമെന്നു പറയുന്നതു ന്യായമാണോ?

ഈ സംഖ്യകൾക്ക പലിശകൊടുക്കയാണെങ്കിൽ അതിന്നായി ചിലവാക്കേണ്ടതു കക്ഷികളുടെ പണമല്ലയോ, അതനാവശ്യച്ചെലവുമല്ലയോ? അങ്ങനെചെയ്യുന്നതു ശരിയായിരിക്കുമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര) : ഈ നിക്ഷിപ്ത സംഖ്യകൾക്ക പലിശകൊടുക്കത്തക്കവണ്ണം വല്ല ഏർപ്പാടും ചെയ്യാൻ സാധിക്കയില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : പണം വല്ലബാങ്കുകളിലും നിക്ഷേപിക്കേണ്ടിവരും. ഇമ്പീരിയൽ ബാങ്കിൽ കറൻറ് അക്കൌണ്ടിന്ന അതായതു പണം നോട്ടീസു കൂടാതെ മടക്കിക്കൊടുക്കേണ്ടതാണെങ്കിൽ, പലിശ കൊടുക്കാറില്ല. അതെനിക്കതന്നെ അറിയാം. പണം വേറെവല്ല ബാങ്കിലും നിക്ഷേപിക്കണമെങ്കിൽ കക്ഷികൾക്ക സമ്മതമാകുമോ എന്ന അവർ തന്നെ ആലോചിച്ചു നോക്കേണ്ടതാണ്.

മി: എസ്. പി. പി. പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും,തെക്ക്) : ഇവിടെ ഉറപ്പുള്ള ബാങ്കു ഇമ്പീരിയൽ ബാങ്കു മാത്രമേയുള്ളോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : അങ്ങനെ ഞാൻ പറയുന്നില്ല. പണം ഉള്ളകക്ഷികളാണ് അതാലോചിക്കേണ്ടത്.

മി: ടി. സി. കേശവപിള്ള (കല്ലുമലവും വിളവങ്കോടും): ഈ സംഖ്യകൾ അഞ്ചൽ സേവിങ്സ്ബാങ്കിൽ നിക്ഷേപിച്ചാൽ പലിശകിട്ടുകയില്ലയോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ) : അവർ ഇത്ര സംഖ്യയിൽ കൂടുതൽ നിക്ഷേപിക്കാൻ പാടില്ലെന്ന നിശ്ചയമുണ്ട്. പണം തിരിയെ വാങ്ങുന്നതിനെപ്പററിയും ക്ലിപ്തങ്ങൾ ഉണ്ട്.

ഇനി ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ പകർപ്പുഗുമസ്തന്മാരുടെ ശമ്പളത്തെപ്പററിപ്പറയാം. ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറ് സിൽബന്തികളുടെ ശമ്പളം പരിഷ്കരിച്ചതു അഞ്ചാറ വർഷംമുമ്പാണ്. ആ സമയം പകർപ്പുഗുമസ്തന്മാരുടെയും ഗുമസ്തന്മാരുടെയും ശമ്പളവും ക്ലിപ്തപ്പെടുത്തി. പകർപ്പുഗുമസ്തന്മാരുടെ ശമ്പളം കൂട്ടണമെന്ന് മി: രാമൻപിള്ള പറയുന്നു. ഒരുതരത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യം മാത്രം ആലോചിച്ച് അവരുടെ ശമ്പളം കൂട്ടിക്കൊടുക്കാൻ സാധിക്കയില്ല. ഒരു കൂട്ടം ഉദ്യോഗസ്ഥന്മാരുടെ ശമ്പളപരിഷ്കാരം ഒരു പൊതുവായ വിഷയമായി ആലോചിക്കേണ്ടതാണ്, ഒരു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്ക ശമ്പളം കൂട്ടിക്കൊടുക്കുമ്പോൾ അതിൻെറ പ്രതിധ്വനി മററ ഡിപ്പാർട്ടുമെൻറുകളിലും ഉണ്ടാകും. മററ ഡിപ്പാർട്ടുമെൻറുകാരും ശമ്പളക്കൂടുതലിന്ന ചോദിക്കും. ജുഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ ശമ്പളം പരിഷ്കരിച്ചതു അഞ്ചുവർഷം മുമ്പുമാത്രം ആകയാൽ ഈ ഗുമസ്തന്മാരുടെ ശമ്പളം കൂട്ടുന്നകാര്യത്തെപ്പററി ആലോചിക്കാൻ സമയമായിട്ടില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര) : ഉപക്ഷേപം ഞാൻ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുമോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം. നം 6.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : താഴെ പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

സിവിലും സെഷ്യനും കോടതികൾക്ക അനുവദിച്ചിട്ടുള്ള 8, 0, വൃന്ദവൃത്രപായിൽ ഒരു രൂപാകുറയ്ക്കണം.

മുൻസിഫന്മാർക്കും ഡിസ്ട്രിക്ട് ജഡ്ജിമാർക്കും ഉദ്യോഗക്കയററം കൊടുക്കുന്നകാര്യത്തിൽ ഇപ്പോൾ നടപ്പു
ള്ള വ്യവസ്ഥ ശരിയല്ലെന്ന ചൂണ്ടിക്കാണിക്കുകയാണ് എൻെറ ഈ ഉപക്ഷേപത്തിൻെറ ഉദ്ദേശം. മുൻസിഫ
ന്മാരെയും ഡിസ്ട്രിക്ട് ജഡ്ജിമാരെയും അപ്പീൽ കോടതിയിൽ നിയമിക്കുന്നതു അവരുടെ സീനിയാറിററിമാത്രം
നോക്കിയാണ്. ഒരാൾ സീനിയർ (കൂടുതൽ സർവീസുള്ളവൻ) ആയിരിക്കാം എങ്കിലും കാര്യക്ഷമതയില്ലാത്ത
വൻ ആയിരിക്കാം. ഉദ്യോഗക്കയററം കൊടുക്കുന്നതിന്ന യോഗ്യതയാണു നോക്കേണ്ടത്. ഈയിട ഉണ്ടായിട്ടു
ള്ള ചില നിയമനങ്ങളുടെകാര്യത്തിൽ ഈ സംഗതി ഗവർമ്മെൻറ ഗൌരവമായി ആലോചിച്ചിട്ടുണ്ടെന്ന തോ
ന്നുന്നില്ല. ഈയിട ഉണ്ടായ നിയമനങ്ങളുടെ കാര്യത്തിൽ മാത്രമല്ല, അഞ്ചാറുവർഷമായി ഇങ്ങനെയാണുകാ
ര്യങ്ങൾ നടക്കുന്നതു നമ്മുടെ മുൻസിഫന്മാരുടെയും ഡിസ്ട്രിക്ട് ജഡ്ജിമാരുടെയും വേലയുടെ അളവും ഗുണവും
കാണിക്കുന്ന കണക്ക നമ്മുടെ ഗസററിൽ പ്രസിദ്ധപ്പെടുത്തികാണാം. അവരുടെ വിധികളിൽ എത്ര സ്ഥിര
പ്പെടുത്തി, എത്ര ഭേദപ്പെടുത്തി, എത്ര ദുർബ്ബലപ്പെടുത്തി എന്ന ആ കണക്ക കൊണ്ടുകാണാം. എന്നാൽ ഈ
കണക്കുകൾക്ക വല്ല വിലയും കല്പിക്കാറുണ്ടോ എന്ന എനിക്കറിവില്ല. ഈ കണക്ക ഗവർമ്മെൻറ പ്രസിദ്ധം
ചെയ്യുന്നതു പണത്തിൻെറയും കടലാസ്സിൻെറയും വെറുംവ്യയമാണ്. ഒരാളിൻെറ യോഗ്യതയും കാര്യക്ഷമത
യും ഗണിക്കേണ്ടതു ഈ കണക്കുകൊണ്ടു വേണം. ആരെക്കിലും ഉദ്യോഗക്കയററം കൊടുക്കുമ്പോൾ ഗവർമ്മെ
ൻറ ആളുടെ കാര്യക്ഷമതയാണ് കാര്യമായിനോക്കേണ്ടതെന്ന ഗവർമ്മെൻറിനോടു ഞാൻ നിർബന്ധപൂർവം
പറഞ്ഞുകൊള്ളുന്നു. ഇതാലോചിക്കാത്തപക്ഷം ഉദ്യോഗസ്ഥന്മാർക്ക ശരിയായി ജോലിചെയ്യാൻ ഉത്സാഹം
ഉണ്ടാകയില്ല. ഉദ്യോഗക്കയററം കൊടുക്കുന്നരീതിയുടെ ഈ ന്യൂനത നിമിത്തമാണ നമ്മുടെ കോടതികളിൽ
വളരെ കേസുകൾ കുടിശ്ശികയായിക്കിടക്കുന്നതു. ശരിയായി ജോലിചെയ്യുന്ന ഒരു ഉദ്യോഗസ്ഥനെ ഉദ്യോഗ
ക്കയററം കൊടുത്തു പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ അയാളുടെ അവസ്ഥത്തിന്ന മുമ്പിലത്തെക്കാൾ നല്ല ജോലിചെയ്യാൻ ഉത്സാ
ഹം ഉണ്ടാകയില്ല. ഈ സംഗതി ഗവർമ്മെൻറ ഗൌരവമായി ആലോചിക്കേണ്ടുന്ന ഒരു കാര്യമാകുന്നു. ഇ
ങ്ങനെ ചെയ്തിരുന്നു എങ്കിൽ അപ്പീൽ കോടതികളായ ഹൈക്കോടതിയിലും ഡിസ്ട്രിക്ട് കോടതികളിലും വ്യ
വഹാരതീർച്ചയ്ക്ക ഇത്രയധികം കാലതാമസം വേണ്ടിവരികയില്ലായിരുന്നു. ഇത്രയധികം ഒന്നാം അപ്പീലുക
ളും രണ്ടാമപ്പീലുകളും ഉണ്ടാകയും ഇല്ലായിരുന്നു.

നമ്മുടെ ഗ്രാമപ്പഞ്ചായത്തു കോടതികളിലും ജഡ്ജിമാരെ നിയമിക്കുന്ന ഇപ്പോഴത്തെ രീതിയും ഒട്ടും തന്നെ തൃപ്തികരമല്ല. ആളെ നിയമിക്കുന്നതു ഇപ്പോൾ ആളുകളെ തിരഞ്ഞെടുത്തിട്ടാണെന്നും യോഗ്യതയുള്ള ആളുകൾ മുമ്പോട്ടു വരാത്തതുകൊണ്ടാണ് ഇപ്പോഴത്തെ രീതിയിൽ നിയമനങ്ങൾ നടത്തുന്നതെന്നും മറുഭാഗത്തിരിക്കുന്ന ഉദ്യോഗസ്ഥമെമ്പർ പറയുമായിരിക്കും. കൊല്ലം ഗ്രാമപഞ്ചായത്തു കോടതിതന്നെ ഒരു ദൃഷ്ടാന്തമായി എടുക്കാം. ആ കോടതിയിലെ ജഡ്ജിമാരിൽ ഒരൊറ്റ വക്കീൽ പോലും ഇല്ല. നീതിന്യായഭരണം സംബന്ധിച്ചിടത്തോളം സാധാരണക്കാരെക്കാൾ വക്കീലന്മാരാണ് ഉത്തമമെന്നു നിങ്ങളെല്ലാവരും സമ്മതിക്കുമല്ലോ. ഗ്രാമപ്പഞ്ചായത്തു കോടതികളിൽ ജഡ്ജിമാരാകാൻ വക്കീലന്മാർ മുമ്പോട്ടുവരാത്തതിനുള്ള കാരണം ഞാൻ പറയാം. ഗ്രാമപ്പഞ്ചായത്തു കോടതിയിൽ അഞ്ചാറുവർഷം ജഡ്ജിമാരായി വേലചെയ്തിട്ടുള്ള നിയമജ്ഞന്മാരുള്ളപ്പോൾ നിയമപരിജ്ഞാനമില്ലാത്ത ഒരു സാധാരണക്കാരനെ ആ കോടതിയിലെ പ്രെസിഡന്റായി നിയമിക്കുമ്പോൾ ...

മി: പിറവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): നിയമജ്ഞന്മാർ എന്നു പറയുന്നതു വക്കീലന്മാരെപ്പറ്റിയാണോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതെ. ഗ്രാമപഞ്ചായത്തു കോടതികളിൽ സിവിലും ക്രിമിനലും വ്യവഹാരങ്ങൾ വിസ്തരിക്കാറുണ്ടെന്ന് നമുക്കറിയാമല്ലോ. വക്കീലന്മാരെ ഗ്രാമപ്പഞ്ചായത്തു കോടതികളിൽ ജഡ്ജിമാരായിനിയമിച്ചാൽ അവർ നീതിന്യായഭരണം സാധാരണക്കാരെക്കാൾ വിശേഷമായി നടത്തുമെന്നു തീർച്ചയായിപ്പറയാം.

മി: പി. എസ്. മുഹമ്മദ് (ഗവണ്മെന്റു നിയമനം): പ്രെസിഡന്റു ലായറായിരുന്നാൽ ശേഷമുള്ള ജഡ്ജിമാരും ലായേഴ്സായിരിക്കണമെന്നു നിർബന്ധമുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതാവശ്യമില്ല. എന്നാൽ വക്കീലന്മാരായിരുന്നാൽ അവർ ചെയ്യുന്നജോലി മെച്ചമായിരിക്കും. എല്ലാവരും വക്കീലന്മാരായിരിക്കണമെന്നു ഞാൻ പറയുന്നില്ല. ജഡ്ജിമാരിൽ ചിലരെങ്കിലും വക്കീലന്മാരായിരിക്കണം. അവരെകിട്ടാത്തപക്ഷംമാത്രമേ അവരെ നിയമിക്കാനധികാരമുള്ളവർ വേറെയുള്ളവരെ നിയമിക്കാവൂ.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): സംഭവങ്ങളുടെ പരമാർത്ഥമല്ലാതെ നിയമസംബന്ധമായ തർക്കങ്ങളാണോ ഗ്രാമപ്പഞ്ചായത്തുകോടതികൾ തീർച്ചചെയ്യാനുള്ളതു്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): തീർച്ചചെയ്യാനുള്ളതു നിയമസംബന്ധമായ ചോദ്യങ്ങൾ മാത്രമാണെന്നു ഞാൻ പറയുന്നില്ല. എന്നാൽ നിയമപരിജ്ഞാനമുള്ള ആളുകളെ കിട്ടുമെങ്കിൽ അവരെ നിയമിക്കയാണു ഉത്തമം. സംഭവങ്ങളുടെ യഥാർത്ഥത്തെപ്പറ്റി തീർച്ചചെയ്യുന്നതിനും നിയമജ്ഞന്മാരാണ് ജഡ്ജിമാരായിരിക്കാൻ അധികം യോഗ്യതയുള്ളവർ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നടപടികൾ നിയമാനുസരണം ആയിരിക്കേണ്ടതല്ലയോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇംഗ്ലണ്ടിൽ സംഭവങ്ങളുടെ യാഥാർത്ഥ്യം തീർച്ചചെയ്യുന്നതു ജൂറിമാർ അതായതു നിയമജ്ഞന്മാരല്ലാത്തവർ അല്ലയോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇംഗ്ലണ്ടിൽ ജൂറിസിസ്റ്റം വളരെക്കാലമായി നടപ്പിൽ ഇരിക്കുന്നു. അവർക്കു നിയമം കുറച്ചെല്ലാമറിയാമെന്നാണ് സങ്കല്പം.

മി: മാത്യുമുരിക്കൻ (വൈക്കം): ജൂറിമാരെ ജഡ്ജിമാർ കുറച്ചൊക്കെ സഹായിക്കാറില്ലയോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അവരെ ജഡ്ജിമാർ സഹായിക്കാറുണ്ട്. അതുകൊണ്ടു ഗ്രാമപ്പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരെ നിയമിക്കുമ്പോൾ കാര്യത്തിന്റെ ഈ വശംകൂടെ ആലോചിക്കണമെന്നു ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചുകൊള്ളുന്നു.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, മി: കേശവപിള്ള പറഞ്ഞ ഒന്നാമത്തെസംഗതി ജുഡിഷ്യൽഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർക്കു ഉദ്യോഗക്കയറ്റംകൊടുക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതയും സാമർത്ഥ്യവും ആലോചിക്കണമെന്നുള്ളതാകുന്നു. ഈ ഗുണങ്ങളെപ്പറ്റി എല്ലായ്പ്പോഴും ആലോചിക്കാറുണ്ടെന്നാണ് എനിക്കു പറവാനുള്ളതു്. സർവീസുമാത്രം നോക്കി യാതൊരാളെയും മുൻസിഫായിട്ടോ രണ്ടാംജഡ്ജിയായിട്ടോ നിയമിക്കാറില്ല. അപേക്ഷകൻ യോഗ്യനും കാര്യക്ഷമതയുള്ളവനും ആണെന്നു ഹൈക്കോടതിക്കു തൃപ്തിയില്ലെങ്കിൽ അവർ ശിപാർശയൊന്നും ചെയ്കയില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉദ്യോഗക്കയറ്റത്തിന്റെകാര്യത്തിൽ ഉദ്യോഗസ്ഥന്മാർചെയ്യുന്ന ജോലിയുടെ അളവുംഗുണവും കാണിക്കുന്ന ഒരു കണക്കുമൂന്നുമാസംകൂടുമ്പോൾ പ്രസിദ്ധംചെയ്യുന്നതിനെ ഗവണ്മെന്റു ഉപയോഗിക്കാറുണ്ടോ എന്നു അറിവാൻ ആഗ്രഹിക്കുന്നു.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ടെന്നാണ് എന്റെ വിശ്വാസം. ജുഡിഷ്യൽഡിപ്പാർട്ടുമെന്റിലെ നിയമനങ്ങളുടെ കാര്യത്തിൽ ഗവണ്മെന്റു അധികവും ഹൈക്കോടതിയുടെ ശിപാർശപ്രകാരമാണ് പ്രവർത്തിക്കുന്നതു്. ഹൈക്കോടതി കാര്യക്ഷമതയും നോക്കും.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉദ്യോഗക്കയറ്റത്തിന്റെ കാര്യത്തിൽ അവർ മേൽപ്പറഞ്ഞ കണക്കുകൾ ഉപയോഗിക്കാറുണ്ടോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ടെന്നാണ് എന്റെ വിശ്വാസം. എനിക്കു തീർച്ചയായി പറയാൻ കഴികയില്ല. എന്തെന്നാൽ ഹൈക്കോടതിയുടെ ഉപദേശം അനുസരിച്ചാണ് ഗവണ്മെന്റു അധികവും പ്രവർത്തിക്കുന്നതു്. ഈ സംസ്ഥാനത്തെ നീതിന്യായഭരണത്തിനു അവരെയാണ് ഉത്തരവാദികളാക്കിയിരിക്കുന്നതു്. ഹൈക്കോടതി ശിപാർശകൾ ചെയ്യുമ്പോൾ അവർ കാര്യക്ഷമതനോക്കും. ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതയെപ്പറ്റി അവരെങ്ങനെയാണ് വിധിക്കുന്നതെന്നു എനിക്കി

പ്പോൾ പറവാൻ സാധിക്കയില്ല. കണക്കുകൾ മാത്രം നോക്കി അതു തീർച്ചയാക്കാൻ ചിലപ്പോൾ സാധിക്കയില്ല. ഉദ്യോഗസ്ഥൻ എഴുതുന്ന ഒററവിധിനോക്കിയും അതു തീർച്ചയാക്കാൻ ചിലപ്പോൾ കഴിയും.

മി: എ. താണുപിള്ള (തിരുവനന്തപുരം): കാര്യക്ഷമതമാത്രം നോക്കി ആർക്കെങ്കിലും ഉദ്യോഗക്കയററം കൊടുത്തിട്ടുണ്ടോ? അങ്ങനെയുള്ള എത്രയാളുകൾ ഉണ്ട്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആളുകളുടെ എണ്ണം പറയാൻ സാധിക്കയില്ല. എന്നാൽ ഉദ്യോഗക്കയററംകൊടുക്കുന്നതു എല്ലായ്പോഴും കാര്യക്ഷമതയുംകൂടെ നോക്കീട്ടാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെ ഏതെങ്കിലും കേസ് ഉണ്ടായിട്ടുണ്ടോ?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): വ്യക്തികളുടെ കാര്യം ഞാൻ പറകയില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉദ്യോഗസ്ഥന്മാർക്കു ഉദ്യോഗക്കയററം കൊടുക്കുമ്പോൾ ആ കണക്കുകൾ നോക്കാറുണ്ടോ എന്നു ഹൈക്കോടതിയോടു ഗവണ്മെന്റു ചോദിച്ചറിഞ്ഞിട്ടുണ്ടോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു എനിക്കിപ്പോൾ പറയാൻ സാധിക്കയില്ല. ഹൈക്കോടതി അവരുടെ ശിപാർശകൾ അയക്കുന്നതിനുമുമ്പേ ഈ കണക്കുകൾ പരിശോധിക്കാറുണ്ടോ എന്നുള്ളവിഷയത്തെപ്പററി മി: കേശവപിള്ള ചോദിക്കാൻപോകുന്നു എന്നു ഞാൻ അറിഞ്ഞിരുന്നില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉദ്യോഗക്കയററംകൊടുക്കുന്നതു എന്തു പ്രമാണം അനുസരിച്ചാണെന്നു ഗവണ്മെന്റു അന്വേഷിച്ചറിഞ്ഞിട്ടുണ്ടോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): എനിക്കിപ്പോൾ പറയാൻ സാധിക്കയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മുൻസിപ്പന്മാർ ചെയ്യുന്ന ജോലിയുടെ വിശേഷം നിമിത്തം അവർക്കു ഉദ്യോഗക്കയററം കൊടുക്കാറുണ്ടോ എന്നു മെമ്പർ പറയുമോ?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അവരുടെ ജോലിയെപ്പററിയും ആലോചിക്കാറുണ്ട്.

കാര്യക്ഷമതയും സാമർത്ഥ്യവും ആലോചിക്കാറുണ്ടെന്നും സെർവീസ് മാത്രംനോക്കി യാതൊരാൾക്കും ഉദ്യോഗക്കയററം കൊടുക്കണമെന്നു ശിപാർശചെയ്കയോ ഉദ്യോഗക്കയററം കൊടുക്കയോ ചെയ്യാറില്ലെന്നും എനിക്കു പറവാൻകഴിയും. കാര്യക്ഷമതയുടെ കാര്യത്തിൽ ഡിപ്പാർട്ടുമെന്റു മേലധികാരിയുടെ അഭിപ്രായവും ഉദ്യോഗക്കയററം ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥന്റെ അഭിപ്രായവും വ്യത്യസ്തമായിരിക്കാം എന്നു സഭ ആലോചിക്കണം. ഉദാഹരണമായി "എ" കാര്യക്ഷമതയില്ലാത്തവനാണെന്നു മേലധികാരി വിചാരിക്കുമ്പോൾ "എ" വേറെ വിധത്തിലായിരിക്കും വിചാരിക്കുന്നതു്. ഈ വിഷയം ഹൈക്കോടതി എല്ലായ്പോഴും ആലോചിക്കാറുണ്ടെന്നും അവരുടെ ശിപാർശകൾക്കടിസ്ഥാനം കാര്യക്ഷമതയും സാമർത്ഥ്യവുംകൂടെയാണെന്നും ബോധിപ്പിച്ചുകൊള്ളുന്നു.

ഇനി ഗ്രാമപ്പഞ്ചായത്തുകളുടെ കാര്യത്തിൽ മി: കേശവപിള്ള പറഞ്ഞതു ശരിയാണെന്നു തോന്നുന്നില്ല. ഗ്രാമപ്പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരായി വ്യവഹാരങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന അധികം വക്കീലന്മാരെ നിയമിക്കുന്നതുകൊണ്ടു നീതിന്യായഭരണം അദ്ദേഹം പറയുംപോലെ നന്നാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ കോടതികൾ സ്ഥാപിച്ചതിന്റെ ഉദ്ദേശം കാര്യങ്ങൾ ക്ഷണത്തിൽ തീർച്ചയാക്കുമെന്നു അതായതു അവരുടെ മുമ്പാകെ ഹാജരാകുന്നസംഗതികളിൽനിന്നു ക്ഷണത്തിൽ ഒരു അഭിപ്രായം പറവാൻ കഴിയുമെന്നുള്ളതാണ്. ആ സംഗതികൾ ലളിതമായിരിക്കും. അവരുടെ തീർച്ചകളിന്മേൽ അപ്പീലോ പുനർശോധനയോ ഇല്ല. അതുകൊണ്ടു പൌരന്മാരുടെ തർക്കങ്ങൾ തീർക്കുന്നതിനു അവരുടെ ഇടയിൽനിന്നുതന്നെ ആളുകളെ തിരഞ്ഞെടുക്കുന്നതായാൽ അവർക്കു ഗുണകരവും വിശ്വാസം ഉണ്ടാക്കുന്നതുമായിരിക്കും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗ്രാമപ്പഞ്ചായത്തുറെഗുലേഷനിൽ ഉള്ള നടപടികളെല്ലാം അവർ അനുസരിക്കേണ്ടതല്ലയോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതെ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗ്രാമപ്പഞ്ചായത്തുറെഗുലേഷൻ വ്യാഖ്യാനിക്കുന്നതിനു നിയമപരിജ്ഞാനം സഹായമായിരിക്കയില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഉവ്വ്. ഗ്രാമപ്പഞ്ചായത്തുകോടതി വക്കീലന്മാരുടെ അധീനത്തിലായിപ്പോകരുതെന്നു മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചില വക്കീലന്മാരെങ്കിലും ഉണ്ടായിരിക്കുന്നതു ഗുണകരമായിരിക്കയില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ജഡ്ജിമാരിൽ ഒരു വക്കീൽപോലും ഉണ്ടായിരിക്കരുതെന്നു ഞാൻ പറയുന്നില്ല. കോടതി വക്കീലന്മാരുടെ അധീനത്തിൽ ആയിട്ടാവശ്യമില്ലെന്നും അങ്ങനെ ആയിപ്പോകരുതെന്നും മാത്രമേ ഞാൻ പറയുന്നുള്ളു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൊല്ലം ഗ്രാമപ്പഞ്ചായത്തുകോടതിയിൽ ഒരു വക്കീൽപോലും ജഡ്ജിയായിട്ടില്ലെന്നു ഗവണ്മെന്റിനു അറിവില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): എനിക്കു പറവാൻ കഴികയില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവിടെ ഒരു വക്കീൽ ഉണ്ടായിരുന്നാൽ അദ്ദേഹം ചട്ടങ്ങൾ മുതലായവ വ്യാഖ്യാനിക്കുന്നതിൽ മററുള്ള ജഡ്ജിമാക്കു ഒരു മാർഗ്ഗദർശിയായിരിക്കയില്ലയോ എന്നു മെംബർ പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): നിയമനങ്ങൾ ഉണ്ടാക്കുന്നതിനുമുമ്പു ഗവർമ്മെൻറ എല്ലാ സംഗതികളും ആലോചിക്കാറുണ്ടെന്നുമാത്രമേ ഞാൻ പറയേണ്ടതുള്ളു. ആളെ നിയമിക്കുമ്പോൾ ജഡ്ജിമാരെ ശരിയായി ഉപദേശിക്കാൻ ആളുണ്ടെന്നു ഗവർമ്മെൻറ തൃപ്തിപ്പെട്ടിരിക്കും. ഏതെങ്കിലും കോടതിയിൽ വക്കീലന്മാരുടെ അഭാവംനിമിത്തം അതായതു നിയമപരിജ്ഞാനമുള്ളവരില്ലാത്തതുകൊണ്ടു ആ കോടതിയിലെ ജോലി ശരിയായി നടക്കുന്നില്ലെന്നു മിസ്റ്റർ ദാമോദരൻ ആശാന്നു തെളിയിക്കാൻ കഴിയുമെങ്കിൽ ഗവർമ്മെൻറ അക്കാര്യത്തെപ്പററി ആലോചിക്കും.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): പഞ്ചായത്തുകോടതി പരിശോധിച്ചു റിപ്പോർട്ടു വരുത്തീട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഉണ്ട്.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): അതിൽ ലായേഴ്സ് ഇല്ലാത്തതുകൊണ്ടു എന്തെങ്കിലും തരക്കേടുവന്നിട്ടുള്ളതായി കണ്ടിട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അങ്ങനെ തരക്കേടുവന്നതായിട്ടറിവില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗ്രാമപ്പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരായി സ്ത്രീകളെ നിയമിക്കുന്നതിനു മെമ്പർക്കു വല്ല വിരോധവുമുണ്ടോ എന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): എനിക്കു വിരോധമില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതു ഗവർമ്മെൻറിൻെറ അഭിപ്രായമാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതിനെപ്പററി ഒരു തീർച്ചകല്പിപ്പാൻ ഗവർമ്മെൻറിനു സംഗതി ഉണ്ടായിട്ടില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അവക്കു വല്ല വിരോധവുമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഞാൻ വിചാരിച്ചിട്ടൊന്നും കാണുന്നില്ല. അതിനെ സംബന്ധിച്ചു ഗവർമ്മെൻറ ഇതുവരെ ഒരു ഉത്തരവും പാസാക്കീട്ടില്ല എന്നേ പറയാൻ കഴികയുള്ളു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അവരെ വിരോധിച്ചു വല്ല ഉത്തരവും പാസാക്കീട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇല്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ജുഡിഷ്യൽ സെർവീസിൽ ഒരു കാര്യക്ഷമതാ തടസ്ഥം ഉണ്ടായിരിക്കുന്നതു അഭിലഷണീയമായിരിക്കുമെന്നു ഗവർമ്മെൻറ വിചാരിക്കുന്നുണ്ടോ? അങ്ങനെയൊരു വ്യവസ്ഥ ബ്രിട്ടീഷ്ഇൻഡ്യയിൽ ഇല്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ബ്രിട്ടീഷ് ഇൻഡ്യയിൽ ഒരു ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലും കാര്യക്ഷമതാതടസ്ഥം ഉണ്ട്. അങ്ങനെയൊരു വ്യവസ്ഥ തിരുവിതാംകൂറിൽ ആവശ്യമില്ലായിരിക്കാം, എങ്കിലും കാര്യക്ഷമത നോക്കാതെ ഉദ്യോഗക്കയററം കൊടുക്കാറില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അങ്ങനെയൊരു വ്യവസ്ഥ ഇവിടെ സ്വീകരിക്കുന്നതിനു ഗവർമ്മെൻറിനു വല്ല വിരോധവുമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): വിരോധമുണ്ടെന്നല്ല, ആ വ്യവസ്ഥതന്നെ ഇവിടെ ഏർപ്പെടുത്തുന്നതിനു ആവശ്യം എവിടെ?

പ്രെസിഡെൻറ്: കാര്യക്ഷമതാതടസ്ഥത്തെ സംബന്ധിച്ചു എന്തെങ്കിലും ചട്ടം എവിടെയെങ്കിലും ഉണ്ടോ എന്നു എനിക്കറിവില്ല. ഒരുത്തൻ ഒരു ഗ്രേഡിലെ കൂടുതൽ ശമ്പളത്തോളം എത്തിയാൽ പിന്നത്തെ ഗ്രേഡിലേക്കു കയററം കൊടുക്കുന്നതിനു ഒരു കാര്യക്ഷമതാതടസ്ഥം പ്രയോഗത്തിൽ ഉണ്ട്. ഒരുയാൾ കാര്യക്ഷമതയുള്ളവനാണെന്നു കണ്ടാൽ മാത്രമേ ഉയർന്നഗ്രേഡിലേക്കു കയററംകൊടുക്കയുള്ളൂ, അല്ലാതെ പതിവുനോക്കി കൊടുക്കയില്ല. അതുകൊണ്ടു ഉദ്യോഗക്കയററം കൊടുക്കുന്ന കാര്യത്തിൽ യഥാർത്ഥത്തിൽ ഒരു കാര്യക്ഷമതാതടസ്ഥം ഉണ്ട്. അയാൾ ഉദ്യോഗക്കയററത്തിനു യോഗ്യനാണെന്നു അധികാരസ്ഥന്മാർ കണ്ടാൽ മാത്രമേ ഉദ്യോഗക്കയററം കൊടുക്കൂ. അതുകൊണ്ടു പ്രയോഗത്തിൽ ഒരു കാര്യക്ഷമതാതടസ്ഥമുണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): ഈ അസമയത്തു ഈ വാദത്തിൽ പങ്കെടുക്കണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്നാൽ ഗ്രാമപ്പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരെ നിയമിക്കുന്നതിനെപ്പററി മിസ്റ്റർ കേശവപിള്ള പറഞ്ഞതു കേട്ടശേഷം അല്പം ചില വാക്കുകൾ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. "നിയമപരിജ്ഞാനമുള്ളവൻ എന്നു അദ്ദേഹം ആരെക്കുറിച്ചാണ് പറഞ്ഞതെന്നു ഞാൻ ചോദിച്ചപ്പോൾ "നിയമങ്ങൾ അറിയാവുന്നവൻ" എന്നു മാത്രമാണ് അദ്ദേഹത്തിൻെറ അർത്ഥമെന്നു ഞാൻ വിചാരിച്ചു. എന്നാൽ "വക്കീലന്മാർ" എന്നാകുന്നു അദ്ദേഹം "നിയമപരിജ്ഞാനമുള്ളവർ"എന്നു പറഞ്ഞതിൻെറ അർത്ഥമെന്നു അദ്ദേഹം പറഞ്ഞപ്പോൾ ഗ്രാമപഞ്ചായത്തുകോടതികളിലെ ജഡ്ജിമാരായി വക്കീലന്മാരെ നിയമിച്ചിട്ടാവശ്യമില്ലെന്നു എനിക്കുതോന്നി. നിയമം ഗ്രഹിക്കാനും ഗ്രാമപ്പഞ്ചായത്തുകോടതികളിൽ ജഡ്ജിവേല ചെയ്യാനും വക്കീലന്മാക്കു മാത്രമേ കഴികയുള്ളൂ എന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാനങ്ങനെ പറഞ്ഞില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): അദ്ദേഹം പറഞ്ഞതു ഞാൻ അങ്ങനെയാണ് ഗ്രഹിച്ചതു. ഗ്രാമപ്പഞ്ചായത്തുകോടതികളിലെ ജഡ്ജിമാരുടെ ജോലി അവരുടെ മുമ്പാകെ ഹാജരാകുന്ന സംഗതികൾ നോക്കി ഒരു തീർച്ച ചെയ്യുകയാണെന്നു ലാമെമ്പർ പറഞ്ഞു, അതുകൊണ്ടു ഗ്രാമപ്പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരായി വക്കീലന്മാരെ നിയമിക്കാനാവശ്യമുണ്ടെന്നു ഞാനും വിചാരിക്കുന്നില്ല.

മി. വി. ചെല്ലംപിള്ള (തോവാള). അഭിഭാഷകപ്രവൃത്തി നിറുത്തിയിരിക്കുന്ന വക്കീലന്മാർക്കു ഗ്രാമപഞ്ചായത്തുകോടതി ജഡ്ജിമാരായി ജോലിചെയ്യാൻ സമയമുണ്ടാകുമോ എന്നു പറയുമോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക): അവർക്കു ധാരാളം കേസുകളുണ്ടെങ്കിൽ ജഡ്ജിമാരായി ജോലിചെയ്യാൻ സാധിക്കയില്ല.

എല്ലാംപറഞ്ഞാലും, സർ, നിയമം സാമാന്യ ബുദ്ധിയല്ലാതെമറ്റൊന്നുമല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സാമാന്യബുദ്ധിയല്ലാത്തതെന്തെങ്കിലുമുണ്ടോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവുംവ്യവസായവും,തെക്ക): അതെന്താണെന്നു പറവാൻ എനിക്കു ആഗ്രഹമില്ല.

മി: ടി. സി. കേശവപിള്ള (കുൽക്കുളവുംവിളവങ്കോടും): എല്ലാനിയമനിർമ്മാതാക്കളും വക്കീലന്മാരല്ലെന്നു മെമ്പർ അറിയുമോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവുംതെക്ക): ഉണ്ടു. മി: കേശവപിള്ളയുടെ പ്രമാണപ്രകാരം ഈ സഭയിൽ തന്നെ നിയമം ഗ്രഹിക്കാൻ കഴിയുന്നവർ നമ്മിൽ എത്രപേരുണ്ടു? നാം ഈ സഭയിൽ നിയമങ്ങളുണ്ടാക്കിയാൽ അവയെ വ്യാഖ്യാനിക്കേണ്ടതു സംസ്ഥാനത്തെ ഹൈക്കോടതിയാണു, അതുകൊണ്ടു നമ്മെപ്പോലെയുള്ളവരെ ജഡ്ജിമാരായിനിയമിച്ചു കൂടാത്തതെന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുന്നു.

മി: എം. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ സഭയിൽ നിയമപരിജ്ഞാനമുള്ള ഒരു മെമ്പരെങ്കിലും, അതായതു ലാമെമ്പർ ഉണ്ടെന്നുള്ളവസ്തുത ഞാൻ മെമ്പറെ അറിയിച്ചുകൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവുംതെക്ക): ഈ സംഗതിയെപ്പറ്റി മി: പി. എസ. മഹമ്മദ് മി: കേശവപിള്ളയോടു ചോദിക്കയുണ്ടായി,

ഈ കോടതികളിലെ ജഡ്ജിമാർ വക്കീലന്മാരായിരിക്കണമെന്നുള്ള മി: കേശവപിള്ളയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഈ പ്രസ്താവനകളോടുകൂടെ ഞാൻ ഉപക്ഷേപത്തെ പ്രതികൂലിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ലാമെമ്പർ പറഞ്ഞ സമാധാനം തൃപ്തികരമല്ല. ഗ്രാമപ്പഞ്ചായത്തുകോടതികളും നീതിപ്രകാരം വിധിക്കണം, അവർക്കു ൫൦ രൂപാവരെ സലയുള്ള കേസുകൾ മാത്രമേ വിസ്തരിക്കാവു എന്നുള്ളതുകൊണ്ടു പണത്തെ സംബന്ധിച്ചു അവരുടെ അധികാരം അത്രവലിയതല്ലെന്നേയുള്ളു. നിയമപരിജ്ഞാനം ഈ കേസുകൾ വിചാരണചെയ്യുന്നതിൽ ജഡ്ജിമാർക്കു സഹായമായിരിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ കോടതികൾ നിറുത്തിക്കളയണമെന്നു മെമ്പർക്കു അഭിപ്രായമുണ്ടോഎന്നുപറയുമോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആ ചോദ്യത്തിനു പെട്ടെന്നൊരു മറുപടിപറവാൻ സാധിക്കയില്ല, അതിനെപ്പറ്റി ആലോചിക്കണം.

ഗവൺമെൻറിനനുകൂലമായി സംസാരിക്കുന്നതു ലാമെമ്പറിന്റെ ധർമ്മമാണു, എന്റെ പരിചയംകൊണ്ടു ലാമെമ്പർപറഞ്ഞതിനോടു യോജിക്കാൻ കഴികയില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു, കാര്യക്ഷമതയെ സംബന്ധിച്ചു ലാമെമ്പർക്കു ഒരു അഭിപ്രായമുണ്ടായിരിക്കും, ജനസാമാന്യത്തിനു വേറൊരു അഭിപ്രായം ആയിരിക്കും. ഇങ്ങനെയുള്ള കാര്യങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാതിരിക്കയില്ല. ഈ വാക്കുകളോടുകൂടെ ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

പ്രെസിഡെൻറ: ഉപക്ഷേപം പിൻവലിക്കാൻ മെമ്പറസഭ അനുവദിക്കുന്നുണ്ടോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൨൯൨ മുതൽ ൨൯൫ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: മുതവേലിൽ പാച്ചുപ്പിള്ള

൨൯൨. സിവിലും സെഷനും കോടതികൾക്കു അനുവദിച്ചിട്ടുള്ള ൭,൫൦,൯൩൯ രൂപായിൽ ൧൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

൨൯൩. സിവിലും സെഷനുംകോടതികൾക്കു അനുവദിച്ചിട്ടുള്ള ൭,൫൦,൯൩൯ രൂപായിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള

൨൯൪. മജിസ്ട്രേട്ടന്മാർക്കു അനുവദിച്ചിട്ടുള്ള ൨൪,൫൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള

൨൯൫. മജിസ്ട്രേട്ടന്മാർക്കു അനുവദിച്ചിട്ടുള്ള ൨൪,൫൦൦ രൂപായിൽ ഒരു രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

൨൯൬. ശമ്പളം വകയ്ക്കു അനുവദിച്ചിട്ടുള്ള ൨൭,൦൦൦ രൂപായിൽ ൧൦ രൂപ കുറയ്ക്കണം

മി: മുഠവെലിൽ പാച്ചുപ്പിള്ള

൨൯൭. തടവുകാരുടെ പടിക്ക അനുവദിച്ചിട്ടുള്ള ൨൨,൪൦൦ രൂപായിൽ ഒരു രൂപ കുറയ്ക്കണം.

മി: എ. പാണ്ടപിള്ള

൨൯൮. വിചാരണത്തടവുകാരുടെ സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു അനുവദിച്ചിട്ടുള്ള ൩,൦൦൦ രൂപായിൽ ഒരു രൂപ കുറയ്ക്കണം

മി: പി. എസ്. മുഹമ്മദ്

൨൯൯. വിചാരണത്തടവുകാരുടെ സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു അനുവദിച്ചിട്ടുള്ള ൩,൦൦൦ രൂപായിൽ ഒരു രൂപ കുറയ്ക്കണം.

ഉപക്ഷേപം നം. ൭

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): താഴെ വിവരിക്കുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു

"ക്രിമിനൽ കോടതികൾക്കു അനുവദിച്ചിട്ടുള്ള ൮൯,൦൨൩ രൂപായിൽ ഒരു രൂപ കുറയ്ക്കണം."

ഈ ഉപക്ഷേപത്തിനുള്ള കാരണങ്ങൾ ഞാൻ മുന്നൊരവസരത്തിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു സഭയുടെ സമയം കളവാൻ ഞാൻ വിചാരിക്കുന്നില്ല. അടൂരിൽ ഞങ്ങൾക്കൊരു മുൻസിഫ് മജിസ്ട്രേട്ടുകോടതി സ്ഥാപിച്ചുതന്നാൽ ഞാൻ തൃപ്തനാകും.

അടൂർ മുൻസിഫകോടതിയിൽ ജോലി വളരെ അധികമല്ലെന്നും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): സർ, അടൂരിൽ ഒരു മജിസ്ട്രേട്ടുകോടതി സ്ഥാപിക്കുന്ന കാര്യം മുന്നവസരങ്ങളിൽ ഗവണ്മെന്റിന്റെ മുമ്പാകെ വന്നിട്ടുള്ളതാണ്. അവിടെ ഒരു മജിസ്ട്രേട്ടിനു ഒരാണ്ടിൽ ഉദ്ദേശം ൨൫൦ കേസുകൾ മാത്രമേ വിചാരണ ചെയ്‌വാൻ ഉണ്ടാകയുള്ളു എന്നാണു കണ്ടതു. അതുകൊണ്ടു അടൂരിൽ ഒരു മജിസ്ട്രേട്ടിനെ നിയമിക്കാൻ അസാദ്ധ്യമാണെന്നു കണ്ടു ഒരു തഹസിൽദാർ മജിസ്ട്രേട്ടിനെ അവിടെ നിയമിക്കണമെന്നും ഒരാലോചന ഉണ്ടായിരുന്നു. അതും അഭിലഷണീയമല്ലെന്നു കണ്ടു.

അടൂരിൽ ഒരു മുൻസിഫ് മജിസ്ട്രേട്ടിനെ നിയമിക്കുന്ന കാര്യം സംബന്ധിച്ചു അങ്ങനെയുള്ള കാര്യങ്ങളിൽ ഹൈക്കോടതിയാണു സാധാരണയായി ആലോചനകൾ പുറപ്പെടുവിക്കുന്നതു. കാര്യങ്ങളെപ്പറ്റി ആലോചിച്ചശേഷം അവിടത്തെ ജോലി നോക്കിയാൽ അങ്ങനെ ഒരു കോടതി അടൂരിൽ സ്ഥാപിക്കാൻ ന്യായമില്ലെന്നു അവർ അഭിപ്രായപ്പെട്ടിരിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ മുൻസിപ്പുകോടതിയിൽ ഒരു മുൻസിപ്പിനു വേണ്ടിടത്തോളം ജോലിയുണ്ടോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അടൂര് ഇപ്പോൾതന്നെയൊരു മുൻസിപ്പുകോടതിയുണ്ട്. അടൂരിൽ ഒരു മുൻസിപ്പുമജിസ്ട്രേട്ടിനെ നിയമിക്കാൻ കഴികയില്ലെന്നാണു ഞാൻ പറയുന്നതു. മുൻസിഫിനു വേണ്ടുവോളം ജോലിയുള്ളതുകൊണ്ടു അദ്ദേഹത്തെ ഒരു മുൻസിഫ് മജിസ്ട്രേട്ടാക്കാൻ നിവൃത്തിയില്ല.

ഈ സംസ്ഥാനത്തെ എല്ലാ കോടതികളുടെയും അധികാരാതൃത്തികൾ പുതുതായി നിശ്ചയിക്കുന്ന കാര്യം ലാസ്ഡിലെസ് കമ്മീഷണർ ആലോചിക്കുന്നതാകുന്നു എന്നു ഞാൻ ഇതിനെ സംബന്ധിച്ചു പറഞ്ഞുകൊള്ളുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ലാസ്ഡിലേസ് കമ്മറ്റിയുടെ അന്വേഷണത്തിൽ ക്രിമിനൽകോടതികളും ഉൾപ്പെടുമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇല്ല. ഇപ്പോഴത്തെ സ്ഥിതിയിൽ അടൂർ മുൻസിപ്പുകോടതിയിലെ ജോലിക്കു വിഘ്നം വരുന്നതാകകൊണ്ടു ആ മുൻസിഫിനെ മജിസ്ട്രേട്ടായി നിയമിക്കാൻ സാധിക്കയില്ലെന്നു ഹൈക്കോടതി പ്രസ്താവിച്ചിരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അടൂർ തഹശീൽദാർക്ക് മജിസ്ട്രേട്ടധികാരം കൊടുത്താലും ഞാൻ തൃപ്തിപ്പെടും.

പ്രെസിഡന്റ്: സഭ തൃപ്തിപ്പെടുമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഒരാൾക്കുതന്നെ തഹശീൽദാർ അധികാരവും മജിസ്ട്രേട്ടധികാരവും കൊടുക്കുന്ന വ്യവസ്ഥയ്ക്കു ഈ സഭ വിരോധമാണെന്നുള്ള സംഗതി ഞാൻ മെമ്പറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ചില തഹസീൽദാരന്മാർക്ക് ഇപ്പോഴും മജിസ്ട്രേട്ടധികാരം കൊടുത്തുകാണുന്നതുകൊണ്ട് ആ തഹസീൽദാർക്ക താല്ക്കാലികമായി മജിസ്ട്രേട്ടധികാരം കൊടുക്കുന്നതിനു വിരോധം ഉണ്ടാകാൻ പാടില്ല. മററു സ്ഥലങ്ങളിൽ തഹശീൽദാരന്മാരുടെ മജിസ്ട്രേട്ടധികാരം എടുത്തുകളയുന്നതുവരെ അടൂർ തഹസീൽദാർക്ക മജിസ്ട്രേട്ടധികാരം കൊടുക്കാവുന്നതാണ്.

ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

പ്രെസിഡെന്റ്: ഉപക്ഷേപം പിൻവലിക്കാൻ സഭ മെമ്പർക്ക് അനുവാദം കൊടുക്കുന്നുവോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം നം. ൮.

മി: മുരവെലിൽ പാച്ചുപ്പിള്ള (ചേർത്തല): ക്രിമിനൽകോടതികൾക്കു അനുവദിച്ചിട്ടുള്ള ൮൯,൦൨൩ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപ്പിള്ള (ചേർത്തല): സർ, ക്രിമിനൽകോടതികളുടെ ചിലവിലേക്കായി വച്ചിരിക്കുന്ന ൮൯,൦൨൮ രൂപായിൽ നിന്നും ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഇവിടെ നടന്നിട്ടുള്ള ചില വാദങ്ങളെക്കൊണ്ടു ചില സ്ഥലങ്ങളിൽ പുതുതായി മജിസ്ട്രേട്ടുകോടതിവേണം, ചിലസ്ഥലങ്ങളിൽ മുൻസിപ്പുകോടതിവേണം എന്നിങ്ങനെ പല അപേക്ഷകളും ഉണ്ടെന്നു കാണുന്നു. എന്നാൽ എന്റെ ഉപക്ഷേപത്താൽ ഞാൻ ഉദ്ദേശിച്ചിരിക്കുന്ന സംഗതി ഇപ്പോൾ ഓരോഡിവിഷനിലും ഡിവിഷൻ അസിസ്റ്റൻറന്മാർക്കുള്ള ഒന്നാംക്ലാസുമജിസ്ട്രേട്ടിന്റെ ജോലിയെ ലഘൂപ്പെടുത്തുന്നതിനുവേണ്ടി ഈ രാജ്യത്തു ഏതാനും ഒന്നാംക്ലാസു സ്റ്റേഷനറി മജിസ്ട്രേട്ടുകോടതികൾ സ്ഥാപിക്കണമെന്നുള്ളതാണ്. മുമ്പു ഇവിടെ ഓരോ താലൂക്കുകളിലും തഹശീൽദാരന്മാരാണ് മജിസ്ട്രേട്ടധികാരം വഹിച്ചിരുന്നത്. ൧൦൮൭-ലെ പരിഷ്കാരത്തിൽ തഹശീൽദാരന്മാരിൽനിന്നും മജിസ്ട്രേട്ടധികാരം എടുക്കയും അതോടുകൂടി ചില സ്ഥലങ്ങളിൽ സ്റ്റേഷനറി മജിസ്ട്രേട്ടന്മാരെ നിയമിക്കുകയും ചെയ്തു. അതിനുശേഷം തിരുവല്ലാ, അടൂർ മുതലായ പലസ്ഥലങ്ങളിലും മജിസ്ട്രേട്ടുകോടതിവേണമെന്നു ഇടക്കിടെക്ക് ഈ കൌൺസിലിലും പ്രജാസഭയിലും അപേക്ഷകൾ വന്നുകൊണ്ടിരിക്കയും അതിനുപുറമെ മെമ്മോറിയൽ വഴിയായും ഡെപ്യൂട്ടേഷൻവഴിയായും ഗവണ്മെൻറിനെ അലട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ൧൦൮൭-ലെ പരിഷ്കാരപ്രകാരം ക്രിമിനൽ ജുറിസ്ഡിക്ഷൻ മാററിയതുകൊണ്ടു ക്രിമിനൽകോടതികളെ സംബന്ധിച്ചു സംസ്ഥാനമൊട്ടുക്കു ആവലാതികൾ ഉണ്ടെന്നുള്ളതിൽനിന്നു അനുമാനിക്കാം. അതിനാൽ ഇതിനെ സംബന്ധിച്ചു ഒരു പുനരാലോചന നടത്തി ഈ സംസ്ഥാനത്തെ ക്രിമിനൽകോടതികളുടെ അധികാരാതിർത്തി ഭേദപ്പെടുത്തുകയും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ കൂടുതൽകോടതികൾ സ്ഥാപിക്കുകയും ഡിവിഷൻ അസിസ്റ്റൻറിനു റവന്യൂജോലി ധാരാളമുള്ളതുകൊണ്ടു് അവരിൽനിന്നും മജിസ്റ്റീരിയൽജോലി വേർപിരിച്ചു അതിനുപ്രത്യേകം ൧-ാംക്ലാസുസ്റ്റേഷനറിമജിസ്ട്രേട്ടുകോടതികൾസ്ഥാപിക്കുകയും ചെയ്യുന്നതുനന്നായിരിക്കും. മുമ്പു് ആലപ്പുഴ, കായംകുളം, കാഞ്ഞിരപ്പള്ളിമുതലായ സ്ഥലങ്ങളിൽ സ്റ്റേഷനറി ൧-ാംക്ലാസ് മജിസ്ട്രേട്ടന്മാരുടെ കോടതികളുണ്ടായിരുന്നു. അതുപോലെ ഇപ്പോഴും ഏതാനും സ്റ്റേഷനറി ൧-ാംക്ലാസ് മജിസ്ട്രേട്ടുകോടതികളെ സ്ഥാപിക്കുകയും ഇപ്പോഴത്തെ അധികാരാതിർത്തിയെ ഭേദപ്പെടുത്തുന്നതിനെ സംബന്ധിച്ചു പുനരാലോചന നടത്തുകയും ചെയ്യേണ്ടതത്യാവശ്യമാണെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ സഭയുടെ പര്യാലോചനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ക്രിമിനൽകോടതികളുടെ സ്ഥാനങ്ങളും അവയുടെ അധികാരാതിർത്തികളും ആകപ്പാടെ പുനഃപരിശോധനചെയ്തു പുതിയതായി നിർണ്ണയിക്കണമെന്നാണു മിസ്റ്റർ പാച്ചുപ്പിള്ള ആവശ്യപ്പെടുന്നതെന്നു ഞാൻ മനസ്സിലാക്കുന്നു. അതു പ്രത്യക്ഷത്തിൽതന്നെ ഒരു വൻകാര്യമാണ്. ഇങ്ങനെയുള്ള ഒരു ഉപക്ഷേപത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദത്തിൽ അതു തീർച്ചചെയ്യാൻ കഴിയുന്നതല്ല.

പരക്കെ—

പ്രസിഡൻറ്: ഈ അദ്ധ്യർത്ഥനയ്ക്കനുവദിച്ചിട്ടുള്ളസമയം കഴിഞ്ഞുപോയിരിക്കുന്നു. അതിനാൽ ബാക്കിയുള്ള ഉപക്ഷേപങ്ങൾ റദ്ദായിപ്പോകുന്നു.

ഉപക്ഷേപങ്ങൾ നം. ൦൨ മുതൽ നം. ൧൨ വരെ.

താഴെപ്പറയുന്ന ഉപക്ഷേപവും താഴെവിവരിക്കുന്ന ഉപക്ഷേപങ്ങളും അദ്ധ്യർത്ഥനക്കനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോകയാൽ റദ്ദായിപ്പോയി.

മി: മുരവേലിൽ പാച്ചുപ്പിള്ള
നം. ൦൨. ക്രിമിനൽകോടതികൾക്കു അനുവദിച്ചിട്ടുള്ള ൮൯,൦൨൮ രൂപയിൽ ഒരു രൂപ കുറയ്ക്കണം.

മി: മാത്യുമുരിക്കൻ
നം. ൦൩. ക്രിമിനൽകോടതികൾക്കു അനുവദിച്ചിട്ടുള്ള ൮൯,൦൨൮ രൂപയിൽ ഒരു രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപ്പിള്ള
നം. ൦൪. ക്രിമിനൽകോടതികൾക്കു അനുവദിച്ചിട്ടുള്ള ൮൯,൦൨൮ രൂപയിൽ ഒരു രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്
നം. ൦൫. ക്രിമിനൽകോടതികൾക്കു അനുവദിച്ചിട്ടുള്ള ൮൯,൦൨൮ രൂപയിൽ ഒരു രൂപാ കുറയ്ക്കണം.

മി. എ. താണുപിള്ള
നം. ൦൬. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൩,൮൭൭ രൂപയിൽ ഒരു രൂപാ കുറയ്ക്കണം.

മി: എം. ജ. കുഞ്ഞാക്കോമ്പ്
നം. ൦൭. ലാക്കാളേജിനു അനുവദിച്ചിട്ടുള്ള ൯,൮൦൬ രൂപയിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്
നം. ൦൮. സർവ്വേ സെർവീസ് തൽചിലവു വകക്കു അനുവദിച്ചിട്ടുള്ള ൩,൨൮൭ രൂപയിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: എൻ. കെ. കൃഷ്ണപിള്ള
നം. ൦൯. ലാക്കാളേജിനും ഹോസ്റ്റലിനും അനുവദിച്ചിട്ടുള്ള ൧൩,൦൬൩ രൂപയിൽ ഒരുരൂപാകുറയ്ക്കണം.

മി: തയ്യിലുകുഞ്ഞുകൊത്താമ്മൻ
നം. ൧൦. ലാക്കാളേജിനും ഹോസ്റ്റലിനും അനുവദിച്ചിട്ടുള്ള ൧൩,൦൬൩ രൂപയിൽ അഞ്ചു രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപ്പിള്ള
നം. ൧൧. ലാക്കാളേജിനും ഹോസ്റ്റലിനും അനുവദിച്ചിട്ടുള്ള ൧൩,൦൬൩ രൂപയിൽ ൧൦ രൂപകുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

നം ൧൨. ലാക്കാളേജിനും ഹോസ്റ്റലിനും അനുവദിച്ചിട്ടുള്ള ൧൩,൦൬൩ ഉറുപ്പികയിൽ ൧൦൦ ഉറുപ്പിക കുറക്കണം.

മി: പി. എസ്. മഹമ്മദ്

നം ൧൩. സിൽബന്തിച്ചെലവിന് അനുവദിച്ചിട്ടുള്ള ൧൫,൪൨൯ ഉറുപ്പികയിൽ ൧൦൦ ഉറുപ്പിക കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

നം ൧൪. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൪,൦൨൦ ഉറുപ്പികയിൽ ൧൦ ഉറുപ്പിക കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

നം ൧൫. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൧൨൦ ഉറുപ്പികയിൽ ൧൦ ഉറുപ്പിക കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

നം ൧൬. പുസ്തകം വാങ്ങാൻ അനുവദിച്ചിട്ടുള്ള ൧൫൦൦ ഉറുപ്പികയിൽ ൧൦ ഉറുപ്പിക കുറയ്ക്കണം.

മി: എ. സ്. പരവിപ്പെരുമാൾപിള്ള

നം ൧൭. ലാ ഉദ്യോഗസ്ഥന്മാർക്കു അനുവദിച്ചിട്ടുള്ള ൩൪,൬൦൫ ഉറുപ്പികയിൽ ൧൦൦ ഉറുപ്പിക കുറയ്ക്കണം.

മി: എ. താണുപിള്ള

നം ൧൮. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൧൩൯൨ ഉറുപ്പികയിൽ ൧ ഉറുപ്പിക കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

നം ൧൯. സിൽബന്തിച്ചെലവിന് അനുവദിച്ചിട്ടുള്ള ൧൩൯൨ ഉറുപ്പികയിൽ ൧൦ ഉറുപ്പിക കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

നം ൨൦. സിവിൽക്കോടതികളിൽ ലാസ്ഡിലെസ് കമ്മീഷണർക്കു അനുവദിച്ചിട്ടുള്ള ൪,൮൯൨ ഉറുപ്പിക വെട്ടിക്കളയണം.

മി: എ. താണുപിള്ള

നം ൨൧. സിവിൽക്കോടതികളിൽ ലാസ്ഡിലെസ് കമ്മീഷണർക്കു അനുവദിച്ചിട്ടുള്ള ൪,൮൯൨ ഉറുപ്പികയിൽ ഒരു ഉറുപ്പിക കുറയ്ക്കണം.

മി: മുതുവേലിൽ പാച്ചുപ്പിള്ള

നം ൨൨. സിവിൽക്കോടതിയിൽ ലാസ്ഡിലെസ് കമ്മീഷണർക്കു അനുവദിച്ചിട്ടുള്ള ൪,൮൯൨ ഉറുപ്പികയിൽ ൫ ഉറുപ്പിക കുറയ്ക്കണം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ

നം ൨൩. സിവിൽക്കോടതികളിൽ ലാസ്ഡിലെസ് കമ്മീഷണർക്കു അനുവദിച്ചിട്ടുള്ള ൪,൮൯൨ ഉറുപ്പികയിൽ ൧൫ ഉറുപ്പിക കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

നം ൨൪. സിവിൽക്കോടതികളിൽ ലാസ്ഡിലെസ് കമ്മീഷണർക്കു അനുവദിച്ചിട്ടുള്ള ൪,൮൯൨ ഉറുപ്പികയിൽ ൧൦ ഉറുപ്പിക കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

നം ൨൫. ഡിമാൻറ് ൯-ൽ അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൮,൦൧,൧൦൬ ഉറുപ്പികയിൽ ഒരു ഉറുപ്പിക കുറയ്ക്കണം.

മി: എ. താണുപിള്ള

നം ൨൬. ഡിമാൻഡ് ൯-ൽ അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൮,൦൧,൧൦൬ ഉറുപ്പികയിൽ ഒരു ഉറുപ്പിക കുറയ്ക്കണം.

മി: എൻ. ആർ. കൃഷ്ണൻ

നം ൨൭. ഡിമാൻഡ് ൯-ൽ അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൮,൦൧,൧൦൬ ഉറുപ്പികയിൽ ഒരു ഉറുപ്പിക കുറയ്ക്കണം.

മി: ടി. സി. ജോസഫ്

നം ൨൮. ഡിമാൻഡ് ൯-ൽ അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൮,൦൧,൧൦൬ ഉറുപ്പികയിൽ ൫ ഉറുപ്പിക കുറയ്ക്കണം.

മി: എ. എസ്. ദാമോദരൻആശാൻ

നം ൨൯. ഡിമാൻഡ് ൯-ൽ അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൮,൦൧,൧൦൬ ഉറുപ്പികയിൽ ൫ ഉറുപ്പിക കുറയ്ക്കണം.

മി: എ. സി. കയ്യാലക്കാസ്

നം ൩൦. ഡിമാൻഡ് ൯-ൽ അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൮,൦൧,൧൦൬ ഉറുപ്പികയിൽ ൧൦൦ ഉറുപ്പിക കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

നം ൩൧. ഡിമാൻഡ് ൯-ൽ അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൮,൦൧,൧൦൬ ഉറുപ്പികയിൽ ൧൦൦ ഉറുപ്പിക കുറയ്ക്കണം.

പ്രെസിഡെൻറ്, നീതിന്യായഭരണംവകയ്ക്കു ൮,൦൧,൧൦൬ ഉറുപ്പികയ്ക്കുള്ള അഭ്യർത്ഥന. ഗൺപതു സ്വീകരണത്തിനായി സഭാസമക്ഷം വെക്കുന്നു.

അഭ്യർത്ഥന അനുവദിച്ചു.

ഡിമാൻഡ് ൧൦ സെൻട്രൽ പ്രിസൺ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമെൻറു സെക്രട്ടറി): സർ, ഡിമാൻഡ് ൧൦ സെൻട്രൽ പ്രിസൺ എന്ന ഇനത്തിൽ ൩൪,൯൭൮ ഉറുപ്പികയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു

ഉപക്ഷേപം ൩൩൨.

താഴെ വിവരിക്കുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി: എ. താണുപിള്ള

സിൽബന്തിക്കുചെലവിനു അനുവദിച്ചിട്ടുള്ള ൫൯,൭൩൮ രൂപയിൽ ൫ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൩൩൩.

മി: എ. സി. കുര്യാക്കോസ്

൩൩൩. സന്മാർഗ്ഗോപദേഷ്ടാവിനു അനുവദിച്ചിട്ടുള്ള പാരിതോഷികം ൩൦൦ രൂപാ വിട്ടുകളയണം.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ, സെൻട്രൽ ജയിലിലെ സന്മാർഗ്ഗോപദേഷ്ടാവിനു അലവൻസ് നൽകുന്നതിനായി നീക്കിവെച്ചിട്ടുള്ള ൩൦൦ രൂപാ കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം. അവിടെ ഇങ്ങിനെ സാന്മാർഗ്ഗികോപദേഷ്ടാവായി ഒരാളുണ്ടോ എന്നതന്നെ എനിക്കു നിശ്ചയമില്ല. സെൻട്രൽ ജയിലിൽ താമസിക്കുന്ന ആളുകൾ പലമതത്തിലുള്ളവരായിരിക്കാം. അവർക്കു സാന്മാർഗ്ഗികബോധം നൽകുന്നതിനു വേണ്ടി ഗവണ്മെന്റു എന്തെങ്കിലും ശ്രമം ചെയ്യുന്നുണ്ടെങ്കിൽ അതു പ്രശംസനീയമാണ്. പ്രായേണ സെൻട്രൽ ജയിലിൽ വരുന്ന ആളുകൾ നല്ലവരായിരിക്കയില്ല എന്നാണ് വിചാരിക്കേണ്ടത്. അങ്ങിനെയുള്ളവരെ പഠിപ്പിക്കുന്നതിനു ഗവണ്മെന്റു ഒരു പദ്ധതി ഏർപ്പെടുത്തീട്ടുള്ളതിനു പ്രതിബന്ധക്കാരനല്ല ഞാൻ. എന്നാൽ ഓരോരുത്തരുടെ ജീവിതരീതിക്കും മതബോധത്തിനും വിഘാതമായ ഒരു സാന്മാർഗ്ഗിക ബോധമാണ് നൽകുന്നതെങ്കിൽ അതു തീർച്ചയായും പരിഹരിക്കപ്പെടണം. ഇങ്ങനെ സെൻട്രൽ ജയിലിൽ സാന്മാർഗ്ഗികബോധനം നൽകുന്നവർ എത്ര പേരുണ്ട്? ഈ തുക ഒരാൾക്കു മാത്രമാണോ നൽകി വരുന്നതു? ഈ സംഗതികളെല്ലാം ഒരിക്കൽ ഈ കൌൺസിലിന്റെ ആലോചനയ്ക്കു വിഷയമായി തീരുകയും ഈ കൌൺസിൽ തന്നെ അങ്ങിനെ ഒരലവൻസ് കൊടുക്കുന്നതിലുള്ള അതൃപ്തിയെ പ്രദർശിപ്പിക്കയും ചെയ്തു എന്നു എനിക്കു തോന്നുന്നുണ്ട്. ആ നിലയ്ക്കു ഇങ്ങിനെ ഒരു തുക അനുവദിച്ചു പ്രത്യേകമായിട്ടു ഒരാളിനെ സഹായിച്ചുകളയാമെന്നു ഗവണ്മെന്റു വിചാരിക്കുന്നതായി കാണുന്നതിൽ ആശ്ചര്യപ്പെടുന്നു. അതിനാൽ ഈ തുക ഗവണ്മെന്റു പിൻവലിക്കേണ്ടതാണെന്നാണു എന്റെ അഭിപ്രായം. ഈ അഭിപ്രായം പ്രത്യക്ഷപ്പെടുത്താനായിട്ടു ഉദ്ദേശിച്ചിട്ടുള്ള ഈ ഉപക്ഷേപത്തെ ഈ സഭ മുമ്പാകെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): സന്മാർഗ്ഗോപദേഷ്ടാവിനു പാരിതോഷികം കൊടുക്കാനായി അനുവദിച്ചിട്ടുള്ള സംഖ്യ മുഴുവനും വിട്ടുകളയണമെന്നാണ് ഈ ഉപക്ഷേപം. അദ്ദേഹം തിരുവനന്തപുരം പട്ടണത്തിലെ ഒരു മാന്യനാണ്. അദ്ദേഹം ജെയിലിൽ കിടക്കുന്ന പുള്ളികൾക്കു സാന്മാർഗ്ഗികോപദേശം കൊടുത്തുവരുന്നു. ഈ ഉപദേഷ്ടാവും ഏതെങ്കിലും പ്രത്യേക മതത്തിന്റെ തത്വങ്ങളൊന്നും പഠിപ്പിക്കുന്നില്ല. സാമാന്യ ഉപദേശങ്ങളും എല്ലാ മതങ്ങളും സ്വീകരിച്ചിട്ടുള്ള സാർവലൌകികതത്വങ്ങളും മാത്രമേ അദ്ദേഹം പഠിപ്പിക്കുന്നുള്ളു. അദ്ദേഹം കൊടുക്കുന്ന ഉപദേശം കേൾക്കാനുള്ള തക്കം എല്ലാ തടവുകാരും ഉപയോഗിച്ചു വരുന്നു എന്നു സെൻട്രൽ ജെയിൽ സൂപ്രണ്ടു റിപ്പോർട്ടു ചെയ്തിരിക്കുന്നു. അദ്ദേഹം ഉപദേശം നൽകുന്നതു എല്ലാ തടവുപുള്ളികളുടേയും സ്വഭാവസംസ്കരണം ഉദ്ദേശിച്ചാണ്. ഏതെങ്കിലും പ്രത്യേകസമുദായത്തിൽ പെട്ടവരുടെ സ്വഭാവം നന്നാക്കുന്നതിനല്ല.

മി: മാത്യു മുരിക്കൻ (വൈക്കം): ഈ ഉപദേഷ്ടാവു വല്ല പരിശീലനവും സിദ്ധിച്ചിട്ടുള്ളയാളാണോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അദ്ദേഹം സ്ഥലത്തുള്ള ഒരു വക്കീലാണ്.

മി: മാത്യു മുരിക്കൻ (വൈക്കം): അദ്ദേഹത്തിനു വല്ല പ്രത്യേകപരിശീലനം ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടായിട്ടുണ്ടെങ്കിൽ എവിടെവച്ചാണെന്നും പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി); അദ്ദേഹത്തിനു ഏതെങ്കിലും കാളേജിൽ പരിശീലനം ഉണ്ടായിട്ടുണ്ടോ എന്നു എനിക്കറിവില്ല.

മി. മാത്യു മുരിക്കൻ (വൈക്കം). ഉപദേശജോലിയിൽ അദ്ദേഹത്തിനു വല്ല പരിശീലനവും ഉണ്ടായിട്ടുണ്ടോ എന്നു മാത്രമേ എനിക്കു അറിയേണ്ടതുള്ളു.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഉണ്ട്. കുറെ പരിശീലനം ഉണ്ടായിട്ടുണ്ട്. അദ്ദേഹം ജീവകാരുണ്യസംഘത്തിലെ ഒരു മെമ്പരും ആറു വർഷമായി ഈ ജോലിചെയ്തുകൊണ്ടിരിക്കുന്നയാളും ആകുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം): ഈ മറുപടികൊണ്ടു കാര്യം എനിക്കു വിശദമാകുന്നില്ല.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഞാൻ അദ്ദേഹത്തെപ്പറ്റി ഇത്രമാത്രമേ അറിയുന്നുള്ളു. അദ്ദേഹം ഒരു ഭക്തനാണ്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അദ്ദേഹം സംഗീതത്തിൽ ഒരു വിദ്വാനും അല്ലയോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): എനിക്കറിവില്ല.

ഉദ്ദേശം ആറു വർഷമായി അദ്ദേഹം ഈ ജോലി ചെയ്യുന്നു. കഴിഞ്ഞ സഭയിലും ഇതിനെപ്പററി വാദമുണ്ടായിട്ടു പാരിതോഷികം കൊടുക്കാൻ പാടില്ലെന്നു സഭ തീർച്ചയാക്കി. ആ സഭ തന്നെ കാര്യം പുനരാലോചന ചെയ്തു പാരിതോഷികം അനുവദിച്ചു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അദ്ദേഹം സൽകീർത്തിയുള്ള ഒരു മനുഷ്യൻ അല്ലേ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അദ്ദേഹം ഒരു മര്യാദക്കാരനും ജോലിയിൽ താല്പര്യം ഉള്ളവനും ആകുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): സെൻട്രൽ ജെയിലിലെ ഉദ്യോഗസ്ഥന്മാർ ഉപദേശം കൊടുക്കുന്നുണ്ടോ എന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഉദ്യോഗസ്ഥന്മാർ വേണമെങ്കിൽ പോയി കേൾക്കാം. ഇപ്പോൾ സന്മാർഗ്ഗികോപദേശം ഉദ്ദേശിച്ചിട്ടുള്ളതു തടവുകാർക്കാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഉപദേശങ്ങൾ ഒരിക്കൽ ലഭിച്ചിട്ടുള്ള തടവുകാർ വീണ്ടും ജയിലിൽ വരാറുണ്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): വരികയോ വരാതിരിക്കയോ ചെയ്യാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): മാസത്തിൽ എത്ര പ്രാവശ്യം അദ്ദേഹം ഉപദേശം കൊടുക്കുന്നുണ്ടു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അദ്ദേഹം എല്ലാ ഞായറാഴ്ചയും അവിടെ പോകുന്നുണ്ട്.

ആദ്യം ഈ സന്മാർഗ്ഗികോപദേഷ്ടാവിനു വണ്ടിക്കൂലിക്കു മാത്രമേ അലവൻസു കൊടുത്തു വന്നിരുന്നു. പിന്നീടതു പാരിതോഷികമാക്കി. അദ്ദേഹം ജയിലിൽ ചെയ്യുന്ന ജോലി നോക്കിയാൽ ഈ പാരിതോഷികം എത്രയോ നിസ്സാരമാണ്. അദ്ദേഹത്തിന്നിതൊരു ലാഭമല്ല. സ്നേഹം നിമിത്തം അദ്ദേഹം ചെയ്യുന്ന ഒരു ജോലിയാണിതു. ജെയിൽ പുള്ളികളെല്ലാം ഇതു കൊണ്ടുള്ള ഗുണം അനുഭവമാക്കുന്നുണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഈ ജോലി രക്ഷാസൈന്യം മിഷണറിമാർ ചെയ്യുന്നതിനു വല്ല വിരോധവുമുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): വിരോധമില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അങ്ങനെയുള്ളവർക്കാർക്കെങ്കിലും അലവൻസു കൊടുക്കുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അലവൻസിനായിട്ടല്ല അവർ വരുന്നതു.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഇപ്പോൾ വരുന്നയാളും അലവൻസിനായിട്ടാണോ വരുന്നതു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഇതിലേക്കു മറുപടി ഇതിനു മുമ്പു തന്നെ പറഞ്ഞിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഒരു ഹിന്ദു സ്ത്രീ അവിടെ സന്മാർഗ്ഗോപദേശം നൽകുന്നില്ലയോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): എനിക്കതിനെപ്പറ്റി വിവരമില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഒരു ബ്രാഹ്മണസ്ത്രീ സെൻട്രൽജയിലിൽ പോയി സന്മാർഗ്ഗോപദേശം നൽകുന്നുണ്ട്. അവർക്കു വല്ല അലവൻസും കൊടുക്കുന്നുണ്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): എനിക്കറിവില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): കഴിഞ്ഞയാണ്ടിൽ ഒരു ബ്രാഹ്മണൻ ആ ഉദ്യോഗത്തിനപേക്ഷിച്ചിരുന്നു. അതെന്തായി?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അങ്ങനെയൊരു അപേക്ഷകൊടുത്തകാര്യം ഞാൻ അറികയില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ, ഈ ഉപക്ഷേപത്തിനു നൽകിയ മറുപടിയിൽ നിന്നും ഞാൻ മനസ്സിലാക്കുന്നതു ഒരു മതത്തെ ആശ്രയിച്ചുള്ള സാന്മാർഗ്ഗികബോധം നൽകുന്നതു, നേരെമറിച്ചു സാർവ്വത്രികമായ ഒരു സാന്മാർഗ്ഗികബോധമാണ് കൊടുക്കുന്നതു് എന്നാണ്. അതിൽ ഒരു അന്തരമുള്ളതു ഗവണ്മെന്റു ധരിച്ചിരിക്കണമെന്നാണു എന്റെ ഉദ്ദേശം. സകല മതത്തിൽ പെട്ടവരും ചില കാരണവശാൽ തടവിൽ വന്നുചേരുന്നു. ഓരോ മതസ്ഥന്മാർക്കും നൽകേണ്ട സാന്മാർഗ്ഗികബോധം ഓരോ പ്രകാരത്തിലായിരിക്കും. ഇങ്ങനെ നാനാ മതസ്ഥന്മാരായ തടവുകാർക്കു വേണ്ട സാന്മാർഗ്ഗികബോധം നൽകുന്നതിനു പ്രാപ്തനായ ഒരാളാണ് ഇപ്പോഴത്തെ സാന്മാർഗ്ഗികോപദേഷ്ടാവ് എന്നു വിചാരിക്കാൻ തരമില്ല. ജയിൽവാസികൾ തടവിൽ ഇരിക്കേണ്ടവരാണ്. അവർക്കു സ്വാതന്ത്ര്യമില്ല. അങ്ങനെയുള്ളവർക്കു ജയിൽവാസകാലത്തു നൽകുന്ന സാന്മാർഗ്ഗികബോധം അവർ തടവുകാലംകഴിഞ്ഞു പുറത്തുപോകുമ്പോൾ അവരുടെ മതവിശ്വാസത്തിനു ബാധകമായിത്തീർന്നേക്കാൻ ഇടയുണ്ട്.

മി. ടി. സി. കേശവപിള്ള (കല്ലൂരും വിളവംകോടും): തിയസഫിമതം പൊതുവേയുള്ള ഒന്നാണെന്നു അറിയാമോ?

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഒരു മതത്തെപ്പറ്റി എനിക്കിവിടെ പറയേണ്ട ആവശ്യമില്ല. സാർവ്വത്രികമായ ഒരു മതബോധം ഉണ്ടാക്കിക്കൊടുക്കേണ്ടതു തടവിൽ കൊണ്ടിട്ടല്ല. സ്വതന്ത്രന്മാരായ ആളുകളുടെ ഇടയിൽ പ്രസംഗിച്ചാണ് ആ ബോധം ഉണ്ടാക്കിക്കൊടുക്കേണ്ടതു്. അതു ഗവണ്മെന്റു മനസ്സിലാക്കണമെന്നാണ് ഞാൻ പറയുന്നതു്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): സന്മാർഗ്ഗികോപദേശം ചെയ്യുന്നതിനു പ്രതിഫലം വാങ്ങിക്കുന്നതു ശരിയാണെന്നു അഭിപ്രായമുണ്ടോ?

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അതിനെപ്പറ്റി ഞാൻ പറയുന്നില്ല. ഒരാൾ അതിലേക്കു വേണ്ടി വ്യയം ചെയ്യുന്നുണ്ടെന്നു കാണുന്നു. അതു ശരിയാണോ എന്നു ഗവണ്മെന്റുതന്നെ ആലോചിക്കേണ്ടതാണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): സാന്മാർഗ്ഗികോപദേശത്തിന എല്ലാപേരുംപോകണമെന്ന നിർബന്ധമില്ല. മനസ്സുള്ളവർ മാത്രം പോയാൽ മതി.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അങ്ങിനെയാണെങ്കിൽ ഗവണ്മെൻറ ഈ ധനവ്യയം എന്തിന നടത്തുന്നു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): ഇഷ്ടമുണ്ടെങ്കിൽ പോയി കേൾക്കാമെന്നല്ലാതെ ഗവണ്മെൻറ ആരേയും നിർബന്ധിക്കുന്നില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അങ്ങിനെയായിരിക്കാം. എന്നാൽ അവർ തടവിൽ കിടക്കുന്നതുകൊണ്ട് അവർ വിചാരിക്കുന്നതുപോലെ പ്രവർത്തിക്കാൻ സാധിക്കയില്ലല്ലോ. എല്ലാ അധികാരികളും ഒരേതരത്തിലുള്ളവരായിരിക്കയില്ല. ഈ വിഷയത്തിൽ ഗവണ്മെൻറ അനുവർത്തിച്ചു വരുന്ന നയം ശരിയാണോ എന്ന ആലോചിക്കണം. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിന അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം നമ്പർ.

താഴെ വിവരിക്കുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി: പി. എസ്. മഹമ്മദ്

നമ്പർ. സന്മാർഗ്ഗോപദേഷ്ടാവിന്ന പാരിതോഷികമായി അനുവദിച്ചിട്ടുള്ള ന ൦ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം നമ്പർ.

മി: മാത്യുമുരിക്കൻ (വൈക്കം): താഴെ വിവരിക്കുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

സെൻട്രൽ പ്രിസൺവകയ്ക്ക് അനുവദിച്ചിട്ടുള്ള ൧൭,൯൧൨ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം:

സർ, ജയിൽഭരണത്തിൽ ഉള്ള ചില ന്യൂനതകൾ ഗവണ്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയമാക്കുകയാകുന്നു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിൻെറ ഉദ്ദേശം. സർ, നമ്മുടെ ജയിൽഭരണത്തെപ്പററി ഒരന്വേഷണം നടത്തേണ്ടതാണ്. ജയിൽ എല്ലാററിൽനിന്നും വേർപെട്ടുകിടക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണെന്നു പറയുന്നതു അതിശയോക്തിയല്ല. കഴിഞ്ഞ നാലഞ്ചുവർഷമായി തടവുകാരുടെ സ്ഥിതി എങ്ങനെയിരിക്കുന്നു എന്നു കണ്ടറിയുന്നതിനായി ഭരണാധികാരി ജയിൽ ഒരിക്കലെങ്കിലും സന്ദർശിക്കാൻ ആവശ്യമുണ്ടെന്നു വിചാരിച്ചതായി തോന്നുന്നില്ല. ഇക്കാര്യത്തെ സംബന്ധിച്ചു പല അഭിപ്രായങ്ങളുണ്ടായിരിക്കാം. എന്നാൽ ഒരു പരിഷ്കൃതഗവണ്മെൻറിൻെറ തത്വങ്ങളാലോചിച്ചാൽ ഈ സംഗതി ഗവണ്മെൻറിൻെറ ശ്രദ്ധാവിഷയമാകേണ്ടതാണ്. പല കാരണങ്ങളാൽ സെൻട്രൽ ജയിലിൻെറ തല്ക്കാലസ്ഥിതിയെപ്പററി ഞാൻ മുമ്പു പറഞ്ഞതുപോലെ ഒരന്വേഷണം നടത്തേണ്ടതു ആവശ്യമാണ്. ജെയിൽസൂപ്രണ്ട് ജയിൽഭരണത്തിൽ പരിശീലനം പ്രാപിച്ചിട്ടുള്ള ഒരാളല്ല. ഈ വിഷയത്തെപ്പററി ആലോചിച്ചിട്ടില്ലാത്ത മെമ്പർമാർ ജയിൽഭരണത്തിന ഒരു വിദഗ്ദ്ധൻ എന്തിനാണെന്നു ചോദിക്കുമായിരിക്കും. വിദഗ്ദ്ധൻ എന്നു ഞാൻ പറയുന്നതിൻെറ അർത്ഥം ജയിൽസംബന്ധിച്ച കാര്യങ്ങളുടെ ഭരണത്തിൽ പരിശീലനം പ്രാപിച്ചിട്ടുള്ള ഒരാൾ എന്നാകുന്നു. എൻെറ മതപടി ഇപ്പോഴത്തെ സൂപ്രണ്ട് തിരുവനന്തപുരത്തിനുപുറത്തെവിടെയെങ്കിലും പോയിട്ടില്ല. എന്നു പറഞ്ഞാൽ ആരെങ്കിലും നിഷേധിക്കുമെന്നു ഭയന്നിട്ടാവശ്യമില്ല. തിരുവിതാംകൂറിന പുറമെയുള്ള ജെയിലുകളുടെ സ്ഥിതി കണ്ടറിഞ്ഞു വരാൻ അദ്ദേഹത്തിന ഒരവസരം കൊടുത്തിട്ടില്ലെന്നു തീർച്ചയായും പറയാം. തിരുവനന്തപുരത്തുതന്നെയും ഒരു സബ്ജയിലോ വിസ്താരത്തടവുകാരെയോ അദ്ദേഹം കണ്ടിട്ടില്ലെന്നുപോലും എനിക്കു പറയാൻകഴിയും. ഇതാണു ഞാൻ പരിശീലനം എന്നു പറഞ്ഞതു്. ഈ പരിശീലനംകൊണ്ടു അദ്ദേഹത്തിന വിദഗ്ദ്ധൻ ആകാൻ കഴിയും.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഇപ്പോഴത്തെ സൂപ്രണ്ടുതന്നെ മററു സ്ഥലങ്ങളിൽ പോയി കണ്ടുവരുന്നതിന മെമ്പറിന്നു വല്ല വിരോധവുമുണ്ടോ?

മി: മാത്യുമുരിക്കൻ (വൈക്കം): അദ്ദേഹത്തെ മററുസ്ഥലങ്ങളിലേക്കയക്കുന്നതു എനിക്കു സന്തോഷം തരുന്നതാണ്. മററുസ്ഥലങ്ങളിലെ സ്ഥിതി കണ്ടറിഞ്ഞുവരുന്നതിനായി അദ്ദേഹത്തെ അയക്കുന്ന കാര്യത്തെ ഞാൻ ശക്തമായി അനുകൂലിക്കുന്നു.

സെൻട്രൽ ജയിലിലെ സ്ഥിതിയും ഇതരപ്രദേശങ്ങളിലെ ജയിലുകളിലെ സ്ഥിതിയും വ്യത്യസ്തമാണ്. മനുഷ്യനും മനുഷ്യനും തമ്മിൽ വ്യത്യാസമുണ്ടാകാൻ പാടില്ല. എന്നാൽ സെൻട്രൽ ജയിലിലുള്ള തടവുകാരോടുള്ള പെരുമാററം സാധാരണ ജയിലിലുള്ള തടവുകാരോടുള്ള പെരുമാററത്തിൽ നിന്നു കേവലം വ്യത്യസ്തമാണ്. ഇതരപ്രദേശങ്ങളിലെ ജയിലുകളിലെ തടവുകാരോടുള്ള പെരുമാററം വിചാരിക്കാൻ കഴിയാത്തവണ്ണം ക്രൂരതരമാണ്. പൊലീസധീനത്തിലിരിക്കുന്നവരെ അവിടെ ൨൪ മണിക്കൂറിലധികം വയ്ക്കാൻ അനുവദിക്കരുത്. അവരെ സ്ഥലത്തുള്ള ജയിലിലേക്കയക്കണം.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറനിയമനം): പൊലീസ സ്റ്റേഷനിൽതന്നെ സബ്ജയിലുണ്ടെന്നറിയാമോ?

മി: മാത്യുമുരിക്കൻ (വൈക്കം): പൊലീസ് അധീനത്തിലിരിക്കുന്നവരെ കണ്ടാൽ വിറച്ചുപോകും. ഒരു കള്ളൻ വിസ്താരത്തിലായാൽ ഉടനെ അവനെ കുററക്കാരനാണെന്നു വിധിച്ചുകഴിയും, അതിൻെറ ശേഷമാണ് അവർ കുററക്കാരനാകുന്നതു്. അങ്ങനെയുള്ളവരെ ൨൪ മണിക്കൂറിലധികം പൊലീസധീനത്തിലിരിക്കാൻ ഒരുനാളും അനുവദിച്ചുകൂടാത്തതാകുന്നു. അവരെ സബ്ജയിലുകളിലേക്കയക്കണം.

ഇപ്പോഴത്തെ സൂപ്രണ്ട് രാജ്യം ചുററിസഞ്ചരിച്ചു എല്ലാ ജെയിലുകളുടെയും ഭേദമന്വേഷണം നടത്താൻ ആജ്ഞാപിക്കണമെന്നാണു എനിക്കു വേറൊരു സംഗതി പ്രധാനമായി പറവാനുള്ളതു്. ഇതു ഗവർമ്മെൻറിൻെറ ഗാഢമായ ചിന്തയ്ക്കു വിഷയമാകേണ്ടതാണു്.

ഈ സൂപ്രണ്ട് കഴിഞ്ഞ എട്ടു വർഷങ്ങളായി സെൻട്രൽജെയിൽ മേലധികാരിയായിരിക്കുന്നു. (ഞാൻ പറഞ്ഞ കണക്കു ശരിയല്ലായിരിക്കാം) എങ്കിലും തൻെറ ഉദ്യോഗനിലയിൽ അദ്ദേഹം ഒരിക്കൽപോലും തിരുവനന്തപുരത്തിനു പുറമെ പോയിട്ടില്ല. അദ്ദേഹത്തെ അങ്ങനെ അയക്കേണ്ടുന്നകാലം അതിക്രമിച്ചിരിക്കുന്നു. ഒരാൾ ഒരു ഉദ്യോഗത്തിൽതന്നെ അഞ്ചുവർഷത്തിലധികം ഇരുന്നു പെൻഷൻ പിടിച്ചു പോകാൻ ഇടയാകരുതെന്നു ജെയിൽകമ്മിററി ശിപാർശചെയ്തതായി ഓർക്കുന്നു. അങ്ങനെയിരിക്കെ സെൻട്രൽജെയിലിൽ ഒരാൾ അഞ്ചു വർഷത്തിലധികം മേലധികാരി ആയിരിക്കുന്നതു ഉത്തമമാകുന്നു. അവിടെ ചലനമില്ലായ്മ സംഭവിച്ചാൽ ജയിലിൻെറ സ്ഥിതി ഒരിക്കലും നന്നാകയില്ല.

മി: എസ്. പിറ പപ്പുമാർപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): മററു സൂപ്രണ്ടന്മാരെയും പരിശീലനത്തിന്നയക്കണമെന്നാണൊ മെംബറിൻെറ അഭിപ്രായം?

മി: മാത്യു മുരിക്കൻ (വൈക്കം): എല്ലാ സൂപ്രണ്ടന്മാരേയും പരിശീലനത്തിന്നയക്കുന്നകാര്യം ഇതിനോടു സംബന്ധമുള്ളതല്ല. കഴിഞ്ഞ എട്ടു വർഷമായി സെൻട്രൽജെയിലിൽ സൂപ്രണ്ടായിരിക്കുന്നയാൾ പരിശീലനം കൂടാതെ ഇനിയും അവിടെ ഇരിക്കാൻ അനുവദിക്കരുതു്. ഈ പ്രസ്താവനകളോടുകൂടെ ഈ ഉപക്ഷേപത്തെ ഞാൻ സഭയുടെ ആലോചനയ്ക്കായി അവതരിപ്പിക്കുന്നു.

മി: മുരവേലി പാച്ചുപിള്ള (ചേർത്തല): സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഇവിടത്തെ ജയിലിൽകിടക്കുന്ന പുള്ളികളോട് ഇപ്പോൾ കാണിച്ചുവരുന്ന പെരുമാററം ഒട്ടുംതന്നെ ആശാസ്യമല്ല. കഴിഞ്ഞ റിപ്പോർട്ടനുസരിച്ചു ജയിലിൽ എഴുപത് അണ്ടർട്രയൽ പ്രിസണേർസ് കിടപ്പുണ്ടായിരുന്നു എന്നു കാണുന്നു. കുററംചെയ്യുന്നതു ഒരു മാനസീകരോഗമായിട്ടാണ് ഇപ്പോൾ വിചാരിച്ചുവരുന്നതു്. ഇതിനെ ചികിത്സിച്ചു ഭേദപ്പെടുത്തത്തക്കവണ്ണമുള്ള എല്ലാവിധ പ്രവൃത്തികളും ചെയ്യേണ്ടതു അധികൃതന്മാരുടെ ചുമതലയാകുന്നു. മർദ്ദനനയം പരിഷ്കൃതഗവർമ്മെൻറുകൾ ഒന്നുംതന്നെ ഇപ്പോൾ ജയിൽവാസികളോടു ഉപയോഗിക്കുന്നില്ല. ജയിലിൽ വച്ചു ചെയ്യുന്ന കുററത്തിനു കൊടുത്തുവരുന്ന അടി ശിക്ഷതന്നെ നിശ്ശേഷം നിറുത്തൽചെയ്യേണ്ടതാണ്. എഴുപതുപേരിൽ ആരുടേയും മേൽ അടിശിക്ഷ നടത്താൻ ഇടവന്നിട്ടില്ല എന്നു റിപ്പോർട്ടിൽ കാണുന്നതു വാസ്തവത്തിൽ സന്തോഷിക്കത്തക്ക ഒരു സംഗതിയാണ്. അടിശിക്ഷ അശേഷം പാടില്ലെന്നുതന്നെ ഒരു വ്യവസ്ഥ ഉണ്ടാകണം. പതിവായി കുററം ചെയ്തുകൊണ്ടിരിക്കുന്നവരേയും, അതായതു, കേഡികളേയും, യാദൃച്ഛികമായി കുററത്തിലുൾപ്പെട്ടുപോകുന്നവരേയും ഒരേമുറിയിലിട്ടു സൂക്ഷിച്ചുവരുന്നു. പതിവായി കുററംചെയ്യുന്നവനു കുററം ചെയ്യുന്നതിനുള്ള ടെൻഡൻസി എപ്പോഴും ഉണ്ടായിരിക്കും. എന്നാൽ യാദൃച്ഛികമായി കുററംചെയ്യുന്നവനു ഇതു കുറയുമെങ്കിലും ഇവർ ഒന്നിച്ചുകിടക്കുന്നതുകൊണ്ടു പല ദോഷങ്ങൾക്കും ഇടയുണ്ട്. അങ്ങിനെയുള്ള സംഗതികളിൽ ജയിൽപുള്ളികളോടു ചില വ്യത്യാസങ്ങൾ കാണിക്കേണ്ടതാണ്.

ജയിൽവാസംകഴിഞ്ഞു അവർ പുറത്തുപോകുമ്പോൾ അവരുടെ സ്വഭാവങ്ങളേയും നടപടികളേയും നന്നാക്കത്തക്കവണ്ണമുള്ള വിദ്യാഭ്യാസം അവർക്കു ജയിലിൽവച്ചുതന്നെ ഉണ്ടാക്കികൊടുക്കണം. ജയിലിൽ താമസിക്കുന്നകാലത്തു അവർക്കു സന്മാർഗ്ഗബോധം നൽകുന്ന രീതിയെപ്പററി മി. കുര്യാക്കോസ് അപേക്ഷിച്ചു എങ്കിലും ആ അഭിപ്രായത്തോടു എനിക്കുയോജിക്കാൻ നിവൃത്തിയില്ല. അവർക്കു ശരിയായ വിദ്യാഭ്യാസവും സന്മാർഗ്ഗബോധവും നൽകേണ്ടതാണ്. പൊതുവെ ഒരു മതത്തെപ്പററി വിമർശിച്ചു ഒരു മതം വിട്ടു മറെറാരുമതത്തിൽ അവരെ ആകർഷിക്കത്തക്കവണ്ണം ഉള്ള മതബോധമൊ പ്രസംഗമൊ കൊടുക്കണമെന്നല്ല ഞാൻ പറയുന്നതു്. അവർക്കു കൊടുക്കുന്ന ബോധം വിദ്യാഭ്യാസപരവും സ്വഭാവസംസ്കരണത്തിനുപയുക്തവുമായ നിലയിലായിരിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഇപ്പോൾ അതിലേക്കു നമ്മുടെ ജയിലിൽ ചെയ്തിട്ടുള്ള ഏർപ്പാടുകൾ വളരെ നന്നായിരിക്കുന്നു എന്നാണ് എൻെറ അഭിപ്രായം.

ജയിൽപുള്ളികൾ ജയിലിൽ താമസിക്കുന്നകാലത്തു നല്ലനിലയിലും നല്ല സ്വഭാവത്തോടുംകൂടി പെരുമാറുകയാണെങ്കിൽ അവർ അനുഭവിക്കേണ്ട ശിക്ഷയിൽ കുറച്ചു ഇളവുചെയ്തുകൊടുക്കുന്നതു നന്നായിരിക്കും.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): ഇപ്പോഴും അപ്രകാരം ചെയ്തുകൊടുക്കുന്നുണ്ടെന്നു അറിയാമോ?

മി: മുരവേലിൽ പാച്ചുപ്പിള്ള (ചേർത്തല): അല്പം ചിലതൊക്കെ ഇപ്പോൾ ചെയ്യുന്നുണ്ട്. കുറച്ചുകൂടി ചെയ്യുന്നതുകൊണ്ടും തരക്കേടില്ല.

അതുകൂടാതെ ജയിലിൽനിന്നും പുറത്തുപോയാൽ ജീവിതരീതി സ്വന്തമായി കഴിക്കത്തക്കവണ്ണമുള്ള ഏതെങ്കിലും ഒരു തൊഴിലിൽ അവരെ ശീലിപ്പിക്കുന്നതു നന്നായിരിക്കും. കൽപ്പണി, മരപ്പണി, മുതലായതൊഴിലുകൾ ഇവരെ പരിശീലിപ്പിക്കാവുന്നതാണ്.

മി: എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): ഇപ്പോൾ ജയിലിൽ നെയ്ത്തു പരിശീലിപ്പിക്കുന്നുണ്ടെന്ന് അറിയാമോ?

മി: മുരവേലിൽ പാച്ചുപ്പിള്ള (ചേർത്തല): അറിയാം. ഇപ്പോൾ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കു ജയിലിൽനിന്നു വേണ്ട ജമക്കാളം കൊടുക്കാൻ ഇടയാകുന്നനിമിത്തം പത്തുപതിനായിരത്തോളം രൂപാ ജയിലിൽ മുതൽവന്നതായിട്ടു കാണുന്നു. ഇത്തരം കുറേക്കൂടി വർദ്ധിപ്പിക്കുകയും ഏതെങ്കിലും തൊഴിൽ നല്ലവണ്ണം പരിശീലിപ്പിക്കുകയും ചെയ്യുന്നതിൽ ഗവർമ്മെൻറ ശ്രദ്ധപതിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: പി. എസ്. മഹമ്മദ് (ഗവർമ്മെൻറുനിയമനം): ഞാനും മിസ്റ്റർ മുരിക്കൻെറ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു. ജയിലിൽ വളരെ അക്രമങ്ങളായ പ്രവൃത്തികൾ നടന്നിട്ടുണ്ടെന്നുള്ളതിന് എനിക്ക് ഈ ഇടയ്ക്കു ഒരു അനുഭവം ഉണ്ടായിട്ടുണ്ട്. ഞാൻ കഴിഞ്ഞ ആഴ്ചക്കുമുമ്പു ഇവിടത്തെ ഭ്രാന്താശുപത്രി കാ

ഞാൻ പോയിട്ടു അവിടെ ചെന്നപ്പോൾ സെൻട്രൽജെയിലിൽനിന്നു കൊണ്ടുവന്നിട്ടുള്ള ഒരു ഭ്രാന്തൻ ഇവിടെയുണ്ടെന്നും അയാൾ വലിയ കേഡിയാണെന്നും പറഞ്ഞു. അതുകൊണ്ട് അയാൾ കിടക്കുന്ന മുറിയുടെമുമ്പിൽ ചെന്നുനിന്നു. അയാൾ ആദ്യം എന്നോടുപറഞ്ഞതു് "ഞാൻ ഭ്രാന്തനാകുവാനുള്ള കാരണം സെൻട്രൽജെയിലിൽ കിടക്കുമ്പോൾ അവിടെവച്ചു എന്നോടുചെയ്തിട്ടുള്ള അക്രമങ്ങൾ എനിക്കു സഹിക്കാൻ പാടില്ലാതായതുകൊണ്ടാണ്. അവിടെവച്ചു എന്റെ ഒരു കൈ മുറിച്ചുകളഞ്ഞു" എന്നാണ്. ഈ ആൾ ഒരു അക്രമിയാണ് എന്നാണ് എനിക്കു അവിടെനിന്നും മനസ്സിലായതു്. എന്തക്രമമാണു ചെയ്തിട്ടുള്ളതെന്നു എനിക്കറിഞ്ഞുകൂടാ. എന്തക്രമംതന്നെ ചെയ്താലും അയാളുടെ കൈ വെട്ടുകയെന്നുള്ളതു് ഈ ധർമ്മരാജ്യത്തിനു യോജിക്കുന്നതാണോ?

മി. മാത്യു മുരിക്കൻ (വൈക്കം): ഇതു ആ ഭ്രാന്തൻതന്നെ മെമ്പറോടു പറഞ്ഞതാണോ?

മി. പി. എസ്. മുഹമ്മദ് (ഗവണ്മെൻറുനിയമനം): എന്റെ അഭിപ്രായത്തിൽ എനിക്കു അയാളിൽ വലിയ ഭ്രാന്തുകാണാൻ സാധിച്ചില്ല. കൈ മുറിച്ചു എന്നുള്ളതു പരമാർത്ഥമാണ്. "മഹാരാണി തിരുമനസ്സുകൊണ്ട് ഇതൊന്നും അറിയുന്നില്ലയോ? അവിടുന്നു ഇതൊന്നു അറിയിക്കുമോ?" ഇത്രയും സംഗതികൾ അയാൾ എന്നോടു പറയുകയുണ്ടായി. ജയിലിനെസംബന്ധിച്ചു സംസാരിച്ചപ്പോഴാണ് ഈ സംഗതി എനിക്കു ഓർമ്മയിൽവന്നതു്.

മി. ഇട്ടൂപ്പു ഇട്ടിച്ചൻ (കുന്നത്തുനാട്): കൈ എവിടെവച്ചാണ് മുറിച്ചുകളഞ്ഞതു് എന്നറിയാമോ?

മി. പി. എസ്. മുഹമ്മദ് (ഗവണ്മെൻറുനിയമനം): സെൻട്രൽജയിലിൽവച്ചു മുറിച്ചു എന്നാണ് എന്റെ അറിവു.

മി. ഇട്ടൂപ്പു ഇട്ടിച്ചൻ (കുന്നത്തുനാട്): അതോ ജനറൽ ആസ്പത്രിയിൽവച്ചോ?

മി. പി. എസ്. മുഹമ്മദ് (ഗവണ്മെൻറുനിയമനം): സെൻട്രൽജയിലിൽവച്ചു ഏതോ ഒരു സംഭവത്താൽ കൈ ഒടിക്കുകയും ജനറൽ ആസ്പത്രിയിൽവച്ചു മുറിക്കുകയുംചെയ്തു. അവർക്കു സഹിക്കാൻപാടില്ലാത്ത അക്രമങ്ങൾ കാണിക്കുമ്പോൾ സാധാരണ ഇങ്ങനെ പ്രവർത്തിക്കാറുണ്ട് എന്നുവേണം വിചാരിക്കാൻ.

മി. മുരുവേലിൽപാച്ചുപ്പിള്ള (ചേർത്തല): ആ ഭ്രാന്തന്റെ പേർ എന്താണ്.

മി. പി. എസ്. മുഹമ്മദ് (ഗവണ്മെൻറുനിയമനം): അലിയാർ എന്നാണ് പേർ (ചിരി).

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): സർ, ഞാൻ മിസ്റ്റർ മുരിക്കന്റെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു. ഇവിടെ അല്പം ചിലതു എനിക്കും പറയേണ്ടതായിട്ടുണ്ട്. സെൻട്രൽജയിലിൽ താമസിക്കുന്നതായ പുള്ളികളുടെ സുഖസൗകര്യങ്ങളെ കഴിയുന്നതും വർദ്ധിപ്പിച്ചു അവർക്കു തൊഴിൽപരമായ പരിശീലനം കൂടുതലായിട്ടു കൊടുക്കുന്നതു നല്ലതുതന്നെ എന്നാണ് എന്റെ അഭിപ്രായം. അവരോടു ഏതുതരം അനുവർത്തനം ഉണ്ടാകുന്നു എന്നോ അവർ എത്രത്തോളം പരിഷ്കരിക്കപ്പെടുന്നു എന്നോ എനിക്കു അറിഞ്ഞുകൂടാ. ഞാൻ അന്വേഷിച്ചിട്ടുമില്ല. എന്നാൽ സെൻട്രൽജയിലിലുള്ളവർ കൂടുതലായിട്ടു തൊഴിൽപരിശീലനം സിദ്ധിച്ചു പുറമേ വരുന്നതുകൊണ്ടു നാട്ടിലുണ്ടാകുന്നതായ കുററങ്ങളുടെസംഖ്യ വർദ്ധിക്കാതിരിക്കുന്നതിനും അവർക്കു പ്രയോജനമായ തൊഴിലിൽ ഏർപ്പെട്ടു കാലയാപനംചെയ്തു സുഖമായി കഴിച്ചുകൂട്ടുന്നതിനും സാധിക്കുമെന്നു എനിക്കറിയാം. മിസ്റ്റർ പാച്ചുപ്പിള്ള സംസാരിച്ചപ്പോൾ ഞാൻ സാന്മാർഗ്ഗികബോധത്തിനു പ്രതിബന്ധമായി സംസാരിച്ചു എന്നു പറഞ്ഞതു തെററിദ്ധാരണകൊണ്ടു പറഞ്ഞതാണ്. സാന്മാർഗ്ഗികബോധമുണ്ടാക്കി അവരെ ഉയർത്തണമെന്നുതന്നെയാണ് ഞാൻ പറഞ്ഞതു്. എന്നാൽ അപ്രകാരം കൊടുക്കപ്പെടുന്ന സാന്മാർഗ്ഗികബോധം ഏതേതുവിധത്തിലായിരിക്കാം. മി. പാച്ചുപ്പിള്ളപറഞ്ഞമാതിരിയുള്ള തെററിദ്ധാരണയെ വിശ്വസിക്കത്തക്കവണ്ണം മാർഗ്ഗമുണ്ടെങ്കിൽ അതും പരിഹരിക്കപ്പെടണം. സെൻട്രൽജയിലിൽ അക്രമം നടക്കുന്നു എന്നുപറഞ്ഞു. അതു സബ്ജയിലുകളിൽ ആകണമെന്നു പറഞ്ഞിരുന്നു എങ്കിൽ അതിനെസംബന്ധിച്ചു കുറേക്കൂടി സംസാരിക്കാമായിരുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം): കൈ ഒടിച്ചു എന്നുപറഞ്ഞതു അക്രമമല്ലേ?

മി. എ. എസ്. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): തിരുവിതാംകൂറിലെ സെൻട്രൽജയിലിൽ വന്നുചേരുന്നവരെ അവർ വീണ്ടും വന്നുചേരാതിരിക്കത്തക്കവണ്ണം തൊഴിൽപരിശീലനം നൽകി പുറമേ അയക്കുന്നതു നന്നായിരിക്കും. ഈവിധത്തിലുള്ള പരിഷ്കാരം ഗവണ്മെൻറു ചെയ്യേണ്ടതാണ്.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): സെൻട്രൽജെയിലിൽ ഭരണം തൃപ്തികരമല്ലെന്നു സഭയുടെ മറുഭാഗത്തുള്ള മെമ്പർമാർ പറഞ്ഞുവല്ലോ. ഭരണത്തിൽ ന്യൂനതകൾ ഉണ്ടത്രെ. മെമ്പറന്മാർ പ്രസ്താവിച്ച ഒരു ന്യൂനത സെൻട്രൽജയിലിൽ സൂപ്രണ്ടു വല്ലപ്പോഴുമായി അവിടെതന്നെ ഇരിക്കുന്നു എന്നും ... എന്നാൽ നാം ആലോചിക്കേണ്ടതു അദ്ദേഹത്തിന് പുറമേപോയി പരിശീലനം ലഭിച്ചിട്ടില്ലെന്നുമാണ്. അദ്ദേഹത്തിന്റെ ജോലിനിർവഹണം അതുനിമിത്തം ചീത്തയായിപ്പോയിട്ടുണ്ടോ എന്നാണു. ജെയിൽഭരണം സംബന്ധിച്ചു സെൻട്രൽജയിലിൽ സന്ദർശകന്മാരായി ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഉണ്ട്. ഈ സന്ദർശകന്മാരെല്ലാം മാന്യന്മാർ ജെയിലിൽ സന്ദർശിച്ചു രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങളും ഉണ്ട്. അവരുടെ അഭിപ്രായവും ജയിൽ ഭരണം തൃപ്തികരവും കാര്യക്ഷമതയോടുകൂടിയതുമാണെന്നു പറയുന്നു. അവരുടെ അഭിപ്രായങ്ങളെ വിശ്വസിക്കാതിരിക്കാൻ കാരണമൊന്നുമില്ല. ഒരു അനുദ്യോഗസ്ഥജെയിൽ സന്ദർശകനും ഇന്നിവിടെ ഹാജരുള്ളവനുമായ ഈ സഭയുടെ ഒരു അനുദ്യോഗസ്ഥമെമ്പർ ജെയിൽഭരണത്തിനു എന്തെങ്കിലും ന്യൂനതയുള്ളതായി ഇന്നിവിടെ പ്രസ്താവിച്ചിട്ടില്ലെന്നുള്ളതും പ്രസ്താവയോഗ്യമാണ്. ഈ സംഗതികളെല്ലാം ജെയിൽഭരണം തൃപ്തികരമാണെന്നുള്ളതിനു സാക്ഷ്യമാകുന്നു.

മി. കെ. മാധവൻ പിള്ള (തിരുവനന്തപുരംവും നെടുമങ്ങാടും): മെമ്പർ എന്നെപ്പററിയാണോ പറയുന്നതു്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): അതെ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വല്ല അഭിനന്ദനവും ഉണ്ടായിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): പ്രായമുള്ളതടവുകാരേയും ഉപദ്രവകാരികളേയും യുവതടവുകാരോടൊന്നിച്ചു സൂക്ഷിക്കുന്നതിനെപ്പററി വേറൊരു മെമ്പർ പറഞ്ഞു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമായ വേറെയുള്ളവരുടെ അഭിപ്രായങ്ങൾ മെമ്പർവായിച്ചിട്ടുണ്ടോഎന്നുപറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൎമ്മെന്റു സെക്രട്ടറി): ഉണ്ട്. സൂപ്രണ്ടുസഞ്ചരിച്ച ഈ രാജ്യത്തെ സബ്ജെയിലുകൾ സന്ദർശിക്കണമെന്നു വേറൊരുമെമ്പർ പറഞ്ഞു. എന്നാൽ നമുക്കീരാജ്യത്തു സബ്ജെയിലുകൾയഥാർത്ഥത്തിൽ ഇല്ല. തടവുകാരെസൂക്ഷിക്കുന്ന ചിലഠാണാവുകളെ ഉള്ളൂ, അവിടെ സൂപ്രണ്ടിനു അധികാരമില്ല.

മി: മാത്യുമുരിക്കൻ (വൈക്കം): ആലപ്പുഴയുള്ള ജയിലിനു മെമ്പർഎന്താണുപേർപറയുന്നതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൎമ്മെന്റു സെക്രട്ടറി): അതൊരു സിവിൽജയിലാണു.

മി: മാത്യുമുരിക്കൻ (വൈക്കം): അവിടെ ക്രിമിനൽതടവുകാരുംഉണ്ട്. മെമ്പർക്കു അതിനെപ്പററി അറിവില്ലായിരിക്കാം, രണ്ടുതരതടവുകാരും അവിടെഉള്ളതുകൊണ്ടു ഞാൻ അതൊരു സബ്ജയിലെന്നാണു പറയുന്നതു.

മി: പി. എൻ. കൃഷ്ണപിള്ള ഗവൎമ്മെന്റുസെക്രട്ടറി): കഴിഞ്ഞവർഷം അവിടെ അടിശിക്ഷകേവലം ഉണ്ടായിട്ടില്ലെന്നു മെമ്പർമാർതന്നെ പറകയുണ്ടായി. വ്യവസ്ഥിതി ശരിയായിട്ടല്ലെന്നു അതുകൊണ്ടുതന്നെ തെളിയുന്നുണ്ടു. തടവുകാർ അധികാരത്തിന്നധീനരാണെന്നും അതുകൊണ്ടു സ്പഷ്ടമാകുന്നുണ്ടു. ജെയിലിൽ ഉണ്ടായഒരു ഭ്രാന്തൻ പറഞ്ഞകഥ മി: പി. എസ്. മഹമ്മദ് ഇവിടെപറകയുണ്ടായി. ആ സംഭവം ഇത്രമാത്രമേയുള്ളു. ഒരു തടവുകാരന്റെ ഒരു കൈക്കുഒരുകേടുതട്ടി, അതുനിമിത്തം ഒരുശസ്ത്രക്രിയ നടത്തേണ്ടിവന്നു. അതിൽ ജെയിൽഉദ്യോഗസ്ഥന്മാർ യാതൊരുകുറവുംചെയ്തിട്ടില്ല. ആ മനുഷ്യൻ യഥാർത്ഥത്തിൽ ഒരുഭ്രാന്തൻതന്നെയാണു. വേറൊരുമെമ്പർ തടവുകാരെവിട്ടയക്കൽചെയ്തുകൊടുക്കുന്നതിനെപ്പററി പറഞ്ഞു. സെൻട്രൽജെയിലിൽ ആ വ്യവസ്ഥ ഇപ്പോൾതന്നെയുണ്ട്, അതു ചട്ടങ്ങളനുസരിച്ചു ക്രമമായി കൊടുത്തുവരുന്നു.

മി: മാത്യുമുരിക്കൻ (വൈക്കം): ദയവുചെയ്തുകാരണം ഉരക്കെ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൎമ്മെന്റുസെക്രട്ടറി): തടവുകാർക്കുജെയിലിൽ വച്ചുവല്ല വ്യവസായപരിശീലനവും നൽകേണ്ടതാണെന്നു വേറൊരുമെമ്പർ പ്രസ്താവിക്കയുണ്ടായി. ഇപ്പോൾതന്നെ അവിടെ ചില വ്യവസായങ്ങൾ പഠിപ്പിക്കുന്നുണ്ടെന്നു ഞാൻ ഉറപ്പായിപറഞ്ഞുകൊള്ളുന്നു, ഇതാണെനിക്കുമറുപടിയായിപറവാനുള്ളതു.

മി: മാത്യുമുരിക്കൻ (വൈക്കം): സർ, രണ്ടു കാരണങ്ങളാൽ എന്റെ സ്നേഹിതന്റെ മറുപടി അശേഷം തൃപ്തികരമല്ല. ഒന്നാമതു അദ്ദേഹം ജയിലിലെ സ്ഥിതികൾ നല്ലതാണെന്നു പറകയും അതിനു ആധാരമായി മി: മാധവൻപിള്ളയുടെ സാക്ഷ്യം ഉണ്ടെന്നു പ്രസ്താവിക്കയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ സാക്ഷ്യം സമ്മതമായിട്ടൊന്നും ഇല്ല. അതുകൊണ്ടു അതു സ്വീകാര്യമല്ല. പിന്നെ ജയിലുകൾ സന്ദർശിക്കുന്നതിനെപ്പററി പറഞ്ഞപ്പോൾ നമുക്കു സബ്ജെയിലുകൾ ഇല്ലെന്നു ഒരു അവാസ്തവമാണു അദ്ദേഹം പറഞ്ഞതു.

ഏതായാലും ഞാൻ ഈസംഗതികളെല്ലാം ഇവിടെ പ്രസ്താവിക്കയും ഈ ഉപക്ഷേപം ഗവൎമ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കയും ചെയ്തു. ഇതെല്ലാം പുതിയ ഭരണാധികാരി ഗാഢമായി ചിന്തിക്കുമെന്നു വിശ്വസിക്കുന്നു. അതുകൊണ്ടു ഉപക്ഷേപം സ്വീകരിക്കണമെന്നു എനിക്കു നിർബന്ധമില്ല.

പ്രസിഡെന്റ്: ഉപക്ഷേപം പിൻവലിക്കാൻ സഭമെമ്പറിനെ അനുവദിക്കുമോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൩൩൩ മുതൽ ൩൩൫ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: മുരവേലിൽ പാച്ചുപ്പിള്ള

൩൩൩. പത്താം അഭ്യർത്ഥനപ്രകാരം അനുവദിച്ചിട്ടുള്ള ൯൮,൫൭൨ രൂപയിൽ ഒരുരൂപ കുറയ്ക്കണം.

മി: മാത്യുമുരിക്കൻ

൩൩൪. പത്താം അഭ്യർത്ഥനപ്രകാരം അനുവദിച്ചിട്ടുള്ള ൯൮,൫൭൨ രൂപയിൽ പത്തു രൂപ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്

൩൩൫. പത്താം അഭ്യർത്ഥനപ്രകാരം അനുവദിച്ചിട്ടുള്ള ൯൮,൫൭൨ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

പ്രസിഡെന്റ്: ൯൮,൫൭൨ രൂപയ്ക്കുള്ള പത്താം അഭ്യർത്ഥന—സെൻട്രൽജയിൽ—സഭയുടെ വോട്ടിന്നായിവയ്ക്കുന്നു.

അഭ്യർത്ഥന അനുവദിച്ചു.

ഡിമാൻഡ് ൧൧ പൊലീസ്.

പ്രസിഡെന്റ്: സഭ ഇനി ഡിമാൻഡ് ൧൧—പോലീസ്—എന്ന ഇനത്തെപ്പററി ആലോചിക്കും.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ). സർ, ๑,൯൦,൨൦൪ രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഉപക്ഷേപങ്ങൾ ൩൩൬-ം ൩൪൦-ം.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി. എ. താണുപിള്ള

൩൩൬. സിൽബന്തിച്ചെലവിനു അനുവദിച്ച ൧൩,൭൨൩ രൂപയിൽ ഒരു രൂപകുറയ്ക്കണം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ.

൩൪൦. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൧൩,൭൨൩ രൂപയിൽ അഞ്ചു രൂപകുറയ്ക്കണം.

ഉപക്ഷേപം നമ്പർ ൧.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും). സർ, താഴെ വിവരിക്കുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൧൩, ൩൫൦ രൂപയിൽ അഞ്ചു രൂപ കുറയ്ക്കണം.

ഈ സംസ്ഥാനത്തെ സഞ്ചാരവാഹനങ്ങളുടെ നിയന്ത്രണം ഇപ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നു നടത്തുന്നതിന്റെ ന്യൂനതകൾ ചൂണ്ടിക്കാണിക്കയാണു ഈ ഉപക്ഷേപം ഞാൻ ഹാജരാക്കുന്നതിന്റെ ഉദ്ദേശം.

സർ, ഈ സംസ്ഥാനത്തെ സഞ്ചാരവാഹനങ്ങളുടെ എണ്ണം അസാമാന്യമായി വർദ്ധിച്ചിട്ടുള്ളതിനാൽ അതിന്റെ നിയന്ത്രണം ശരിപ്പെടുത്തുന്നതിനു ഗവൺമെന്റു വല്ലതും ചെയ്യാനുള്ളകാലം ഏറെറവും അതിക്രമിച്ചിരിക്കുന്നു. വാഹനങ്ങളുടെ നിയന്ത്രണാധികാരം ഇപ്പോൾ പോലീസിന്നാണു കൊടുത്തിരിക്കുന്നതു. ഡ്രൈവർമാരെ പരീക്ഷിക്കുന്നതിനും അവക്കു മുദ്ര (ബാഡ്ജ്) കൊടുക്കണമോ വേണ്ടയോ എന്നു ശിപാർശ ചെയ്യാനുമുള്ള അധികാരം പോലീസ് ഇൻസ്പെക്ടർമാക്കും പോലീസ് അസിസ്റ്റൻറ് സൂപ്രണ്ടിനും അധികാരമുണ്ട്. എന്നാൽ ഡ്രൈവർമാക്കു ഇന്നയിന്ന യോഗ്യതകൾ വേണമെന്നു കല്പിക്കപ്പെട്ടിട്ടില്ല. തനിക്കൊരു മോട്ടാർ വാഹനം ഓടിക്കാൻ കഴിയുമെന്നു പോലീസ് അസിസ്റ്റൻറു സൂപ്രണ്ടിനെ ബോദ്ധ്യപ്പെടുത്തിയാൽ മതിയാകും.

തങ്ങളുടെ സ്വഭാവം, വിവേകം, വിദ്യാഭ്യാസം എന്നിവയെപ്പററി യാതൊരു സാക്ഷ്യപത്രവും ലഭിച്ചിട്ടില്ലാത്ത ഇവരുടെ കയ്യിലാണു മോട്ടാർ വാഹനങ്ങളിൽ സഞ്ചരിക്കുന്ന യാത്രക്കാർ തങ്ങളുടെ ജീവനെ ഭരമേല്പിക്കുന്നതു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും-വ്യവസായവും, തെക്കു): തിരുവിതാംകൂറിൽ ആവശ്യപ്പെടുന്നതിൽ കൂടുതലായി വല്ല യോഗ്യതയും വേറെ എവിടെയെങ്കിലും ആവശ്യപ്പെടുന്നുണ്ടോ എന്നു മെമ്പർ പറയുമോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എനിക്കറിവില്ല. മെമ്പറിനു അതിനെപ്പററി വല്ല വിവരവും ഉണ്ടെങ്കിൽ ദയാപൂർവ്വമാകെ പ്രസ്താവിച്ചാൽ കൊള്ളാം.

൧൯൪൬-ൽ ആഗസ്റ്റ് ൧൨-ാംനു തിങ്കളാഴ്ച വീണ്ടും കൂടുന്നതിനു സഭ വൈകിട്ടു അഞ്ചു മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ, (ഒപ്പ്)
നിയമസഭാ സെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

തൃതീയസമ്മേളനം.

൧൧൨൪-ലെ ദ്വിതീയ യോഗം.

൧൯൪൯ ആഗസ്റ്റ് ൧൫/൧൧൨൪ കർക്കടകം ൩൧ തിങ്കളാഴ്ച.

നിയമസഭാപ്രസിഡണ്ടിന്റെ അഗ്രാസനാധിപത്യത്തിൽ സഭ ഇന്നും വിക്ടോറിയാ ജൂബിലി ടൌൺ ഹാളിൽ വീണ്ടും കൂടി.

ചോദ്യോത്തരങ്ങൾ.

പിറവക കരാറുകൾ.

൧൬൩. മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ കൊല്ലത്തിലും അതായതു ൧൧൨൪-ാം കഴിഞ്ഞകൊല്ലത്തിലും അതായതു ൧൧൨൩-ലും കൊട്ടാരക്കരതാലൂക്കിൽ ഉള്ള ഓരോ പകുതികളിലും നടന്നിട്ടുള്ള പിറവകസംബന്ധമായ കരാറുകൾ ഏതെല്ലാമെന്നു സഭയെ ധരിപ്പിക്കാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്നതായ വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഇതാ സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്നു. (൩൧-ാം അനുബന്ധം നോക്കുക)

കൊട്ടാരക്കരയും കുന്നത്തൂരുമുള്ള കൃഷീവലന്മാരുടെ റോഡുകൾ.

൧൬൪. മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ):

(എ) പാലങ്ങളും കലുങ്കുകളും പണിയുന്നതിലേക്കായി കൊട്ടാരക്കര, കുന്നത്തൂർ ഈ താലൂക്കുകളിലുള്ള കൃഷീവലന്മാരുടെ റോഡിൽ എത്രഭാഗം ഈ ആണ്ടിൽ അതായതു ൧൧൨൪-ൽ ഗവണ്മെന്റിൽനിന്നും എടുത്തിട്ടുണ്ടെന്നും

(ബി) കുന്നത്തൂർ താലൂക്കിലെ ഏനാത്ത-മണ്ണടി റോഡും കൊട്ടാരക്കരതാലൂക്കിലെ വക്കനാട്ട-എഴുകോൺ റോഡും നെടുവത്തൂർ-കൊട്ടാരക്കര റോഡും ഗവണ്മെന്റിൽനിന്നും പരിശോധിച്ചിട്ടുണ്ടോ എന്നും

അറിയിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) കൃഷീവലന്മാരുടെ റോഡിന്റെ യാതൊരു ഭാഗവും വേലക്കായി എടുത്തിട്ടില്ല.

(ബി) റോഡുകൾ പരിശോധിക്കുന്നതു പൊതുമരാമത്തു വകുപ്പിലെ ഉദ്യോഗസ്ഥന്മാരാണ്. മെമ്പർ പറഞ്ഞ മൂന്നു റോഡുകളിൽ ഒന്നാമത്തേതു സ്ഥലം സബ് ഡിവിഷൻ ആഫീസർ പരിശോധിച്ചിട്ടുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): (ബി) മാർഗ്ഗത്തിനു തന്നെ മരപ്പടിയെസംബന്ധിച്ചിടത്തോളം സബ്ഡിവിഷൻ ആഫീസർ അതേസംബന്ധിച്ചു വല്ല ശുപാർശയും ചെയ്തിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഇല്ല. ആ റോഡിലേക്ക് അനുവദിച്ചിട്ടുള്ള മെയിന്റനൻസ് ഗ്രാന്റുകൊണ്ടു നിവൃത്തിയുള്ളിടത്തോളം എല്ലാം ചെയ്യാമെന്നു സബ്ഡിവിഷൻ ആഫീസർ കരാർ ചെയ്തിട്ടുള്ളതായി തോന്നുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ആ റോഡിൽ വല്ല പാലങ്ങളോ കലുങ്കുകളോ പണിയിക്കുന്നതിനെസംബന്ധിച്ചു വല്ല ശുപാർശയും ചെയ്തിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഇല്ല.

ചില ആശുപത്രികളിലെ ആഹാരച്ചിലവു.

൧൬൫. മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായസംഘങ്ങൾവക വടക്കൻമെമ്പർ):

(എ) (൧) തിരുവനന്തപുരം ഗവണ്മെന്റു ആശുപത്രി.

(൨) തിരുവനന്തപുരത്തെ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആസ്പത്രി.

(൩) കൊല്ലം ഡിസ്ട്രിക്ട് ആശുപത്രി,

(൪) ആലപ്പുഴ ,, ,,

ഈ ആസ്പത്രികളിൽ ൧൧൨൩, ൧൧൨൪ ഈ കൊല്ലങ്ങളിൽ കിടത്തിചികിത്സിക്കുന്ന രോഗികൾക്കു ശരാശരി ആളൊന്നുക്കു എത്ര രൂപവീതം ചിലവായിട്ടുണ്ടു എന്നും

(ബി) മേല്പറഞ്ഞ ആസ്പത്രികളിൽ ദിവസംതോറും എത്ര രോഗികൾവീതം ശരാശരി കിടന്നുചികിത്സനടത്തുന്നവരായി ഉണ്ടായിരുന്നു എന്നും

(സി) മുൻപറഞ്ഞ നാലു ആസ്പത്രികളിലും ആളൊന്നുക്കു ഉണ്ടാകുന്ന ചിലവിനു വല്ല വ്യത്യാസങ്ങളും ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്നും

(ഡി) ൧൧൨൩, ൧൧൨൪ ഈ കൊല്ലങ്ങളിൽ മേല്പറഞ്ഞ ആസ്പത്രികളിലേക്കു എത്ര എത്ര രൂപവീതം അനുവദിച്ചിട്ടുണ്ടെന്നും

ഉള്ള സംഗതികൾ അറിയിക്കുന്നതിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

(എ)-യും (ബി)-യും (ഡി)-യും മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഇതാ സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്നു.

(സി) വ്യത്യാസംവന്നിട്ടുള്ളതിനു ഒന്നിലധികം കാരണങ്ങൾ ഉണ്ട്. അതായതു ഓരോ സ്ഥലങ്ങളിലും സാമാനങ്ങൾക്കുള്ള വിലയുടെ വ്യത്യാസം, സൂക്കേടുകളുടെ സ്വഭാവത്തിന്റെ വ്യത്യാസം, ആഹാര

സരിച്ചു ഓരോ സുഖക്കേടിനും നൽകിവരുന്ന ആഹാരത്തിന്റെ പരിമാണത്തിലും ഗുണത്തിലുംഉള്ള വ്യത്യാസം, രോഗികളുടെ ആവശ്യം മുതലായവയും ചില രോഗികൾക്കു ആവശ്യമുള്ള ആഹാരത്തിൽ ഏതാനും ഭാഗം തന്നെത്താൻ കൊണ്ടുവന്നു ഉപയോഗിച്ചുകൊള്ളുവാൻ അനുവദിച്ചിട്ടുണ്ടെന്നുള്ളതും ആണ് ഇതിനുള്ള കാരണങ്ങൾ.

പത്തനാപുരത്തുനിന്നും ചാലിയക്കരക്കുള്ള റോഡ്.

൧൯൯. മി. എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരം—ചെങ്കോട്ട): പത്തനാപുരത്തുനിന്നും ചെങ്കോട്ടക്കു പോകുന്നതും എട്ടു മൈൽ നാലു ഫർലാങ്ങ് നീളമുള്ളതും ആയ ഗ്രാമപാത ഭാരവണ്ടികൾക്കു സഞ്ചാരയോഗ്യമായിട്ടുള്ളതല്ലെന്നു ഗവണ്മെന്റിനു അറിയാമോ?

(ബി) മുൻ ചോദ്യത്തിന്റെ മറുപടി അനുകൂലരൂപത്തിലാണെങ്കിൽ അതിനെ ഭാരവണ്ടികൾക്കു സഞ്ചാരയോഗ്യമാക്കിത്തീർക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) അറിയാം.

(ബി) ആ റോഡ് അത്ര പ്രധാനമല്ലാത്ത ഒന്നായതുകൊണ്ടു ഇപ്പോൾ അങ്ങിനെ ചെയ്യേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെന്റിനു തോന്നുന്നില്ല.

മി. എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരം—ചെങ്കോട്ട): ഈ റോഡ് പ്രാധാന്യമുള്ളതല്ലെന്നു എങ്ങിനെ മനസ്സിലായി.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഇതിനേക്കാൾ പ്രാധാന്യമുള്ള റോഡുകൾ പലതുമുള്ളതുകൊണ്ടു അവയെ അപേക്ഷിച്ചു ഇതു പ്രാധാന്യമുള്ളതായി കരുതുന്നില്ല.

മി. എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരം—ചെങ്കോട്ട): ചീഫ്എഞ്ചിനീയർ ആ സ്ഥലം പോയി കണ്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അറിഞ്ഞുകൂടാ.

ആലപ്പുഴയും മുനമ്പത്തും ഉള്ള ഉപ്പുപണ്ടകശാലകളിലുള്ള കൂടുതൽ ഉപ്പ്.

൨൦൦. മി. വി. ജെ ഉമ്മൻ (വാണിജ്യ വ്യവസായസംഘങ്ങൾവക വടക്കൻ മെമ്പർ): (എ) ആലപ്പുഴയും മുനമ്പത്തും ഉള്ള ഉപ്പുപണ്ടകശാലകളിൽ ൧൧൦൦, ൧൧൦൧, ൧൧൦൨, ൧൧൦൩, ൧൧൦൪ ഈ കൊല്ലങ്ങളിൽ എപ്പോഴെങ്കിലും വില്പനക്കാലം കഴിഞ്ഞ അവസരത്തിൽ ഉപ്പു മിച്ചംവന്നുകിടന്നതായി ഗവണ്മെന്റിനു അറിയാമോ?

(ബി) ഇപ്രകാരം മിച്ചംവന്നിട്ടുള്ള ഉപ്പു ഗവണ്മെന്റുവക കണക്കിൽ കൊള്ളിച്ചിട്ടുണ്ടോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) ൧൧൦൦ മുതൽ ൧൧൦൪ വരെ ഓരോ കൊല്ലത്തിലും ഉപ്പു കൂടുകൾ ഒഴിച്ച അവസരങ്ങളിൽ ഈ രണ്ടു പണ്ടകശാലകളിലും ഉപ്പു കൂടുതൽ ഉണ്ടായിട്ടുണ്ട്.

(ബി) കൂടുതൽവന്ന ഉപ്പിനെ ഗവണ്മെന്റു കണക്കിൽ കൊള്ളിച്ചിട്ടുണ്ട്.

ചുങ്കപ്പാലം.

൨൦൧. മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): (എ) ആലപ്പുഴ ചുങ്കപ്പാലം ഉപയോഗയോഗ്യമല്ലാതെ തീർന്നിട്ടു എത്രമാസംവരെ എന്നും,

(ബി) അതിനെ പൊളിച്ചിട്ടിട്ടു എത്രമാസം ആയി എന്നും,

(സി) ആ പാലം പണിയിക്കുന്നതിലേക്കുള്ള കണക്കു ഏതു കൊല്ലത്തിൽ ഗവണ്മെന്റു അംഗീകരിച്ചു എന്നും,

(ഡി) ആ ജോലി നടത്തുന്നതിനു ഇത്ര താമസം നേരിടുന്നതിനുള്ള കാരണം എന്തെന്നും ഉള്ള സംഗതികൾ അറിയിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) മുതൽ (ഡി) വരെ ചോദ്യങ്ങൾ മിസ്റ്റർ വി. ജെ. ഉമ്മൻ ചോദിച്ച ൧൦൧-ാംനമ്പർ നിവേദനത്തിന്റെ ബി, സി, ഇ. ഈ ഭാഗങ്ങൾക്കു ഗവണ്മെന്റിൽ നിന്നും നൽകിയ മറുപടിയിലേക്കു മെമ്പറുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

ഡിസ്ത്രിക്ട് രജിസ്ത്രാർ ഉദ്യോഗത്തിനും രജിസ്ത്രേഷൻ ഡയറക്ടർ ഉദ്യോഗത്തിനും
ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ യോഗ്യത.

൨൦൨. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഡിസ്ത്രിക്ട് രജിസ്ത്രാരായി ബി. ഏ. ബിരുദധാരിയായ ഒരുവനെ മാത്രമെ നിയമിക്കാവു എന്നു ജി. ഒ. മൂലമോ മററു പ്രകാരത്തിലോ ഗവണ്മെന്റിൽ നിന്നും നിശ്ചയിച്ചിട്ടുണ്ടോ എന്നും,

(ബി) അങ്ങിനെ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആ ഉത്തരവിന്റേയോ റൂളിന്റേയോ തീയതി ഏതെന്നും,

(സി) ഈ വ്യവസ്ഥ രജിസ്ത്രേഷൻ ഡയറക്ടറുദ്യോഗത്തേയും ബാധിക്കുകയില്ലയോ എന്നും ബാധിക്കയില്ലെങ്കിൽ അതു എന്തുകൊണ്ടെന്നും ഉള്ള സംഗതികൾ അറിയിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ) മറുപടി അനുകൂലത്തിൽതന്നെ.

(ബി) ൧൯൧൧ സെപ്റ്റംബർ ൧൩.

(സി) ഇല്ല ആ വ്യവസ്ഥ ഡിസ്ത്രിക്ട് രജിസ്ത്രാരന്മാരെ മാത്രം ബാധിക്കണമെന്നെ ഉദ്ദേശിച്ചിരുന്നുള്ളു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): (ബി) ഭാഗം ചോദ്യത്തിന്റെ മറുപടിയെ സംബന്ധിച്ചിടത്തോളം ൧൯൧൧ സെപ്റ്റംബർ ൧൩-നു-ക്കു ശേഷം ബി. എ. ബിരുദധാരിയല്ലാത്ത ആരെയെങ്കിലും ഡിസ്ത്രിക്ട് രജിസ്ത്രാർ ആയി നിയമിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഇല്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): (സി) ഭാഗത്തിന്റെ മറുപടിയിൽനിന്നും രജിസ്ട്രേഷൻ ഡയറക്ടർ ഉദ്യോഗത്തിനു ഏറ്റവും കുറഞ്ഞ യോഗ്യതയായി യാതൊന്നിനേയും നിശ്ചയിച്ചിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): ആ ഉദ്യോഗത്തെ സംബന്ധിച്ചിടത്തോളം അങ്ങിനെ യാതൊരു നിർബന്ധങ്ങളും ഗവർമ്മെന്റിൽനിന്നും നിശ്ചയിച്ചിട്ടില്ല. ഡിസ്ട്രിക്ട് രജിസ്ട്രാറന്മാരെ സംബന്ധിച്ചുമാത്രമേ ഏറ്റവും കുറഞ്ഞ യോഗ്യത നിശ്ചയിച്ചിട്ടുള്ളു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഡിസ്ട്രിക്ട് രജിസ്ട്രാർ ഉദ്യോഗത്തിനു ഏറ്റവും കുറഞ്ഞ യോഗ്യത ബി. എ. ബിരുദ ആണെന്നു നിശ്ചയിക്കപ്പെട്ടിട്ടുള്ളതു സർവീസിന്റെ കാര്യക്ഷമമായ നടത്തിപ്പിലേക്കു വേണ്ടിയല്ലയോ എന്നറിഞ്ഞാൽ കൊള്ളാം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): ഇതിനെസംബന്ധിച്ചു ആലോചിച്ചതായ അവസരത്തിൽ അങ്ങിനെ ഒരു കാര്യമെ ആലോചനക്കു വിഷയമായരുന്നില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): എങ്ങിനെയായാലും ഡിസ്ട്രിക്ട് രജിസ്ട്രാർ ഉദ്യോഗത്തിനു ഏറ്റവും കുറഞ്ഞ യോഗ്യത ബി. എ. ബിരുദം ആണെന്നു ഗവർമ്മെന്റിൽനിന്നും നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. ഇതിനെ ഏറ്റവും കുറഞ്ഞ യോഗ്യതയായി നിശ്ചയിക്കുന്നതിനു ഗവർമ്മെന്റിനെ പ്രേരിപ്പിച്ചതു എന്തായിരിക്കാം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): ഗവർമ്മെന്റിനെ അതിലേക്കു പ്രേരിപ്പിച്ചതു കാര്യക്ഷമത എന്നുള്ളതുതന്നെ ആയിരുന്നിരിക്കണമെന്നാണു എനിക്കു തോന്നുന്നതു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അപ്പോൾ രജിസ്ട്രേഷൻ ഡയറക്ടർ ഉദ്യോഗത്തെ സംബന്ധിച്ചിടത്തോളം ഇപ്രകാരമുള്ള കാര്യക്ഷമതയൊന്നുംതന്നെ ആവശ്യമില്ല എന്നാണോ ഞാൻ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): ആ ഉദ്യോഗം ഡിസ്ട്രിക്ട്‌രജിസ്ട്രാർ ഉദ്യോഗത്തിൽനിന്നും എത്രയോ ഉയർന്ന ഒരു ഉദ്യോഗം ആണ്. ആ സ്ഥിതിക്കു ശേഷിയും ശേമുഷിയും ഉള്ളവർ എന്നു അനുഭവത്താൽ ഗവർമ്മെന്റിൽനിന്നും അറിഞ്ഞിട്ടുള്ളവരെ മാത്രമേ ആ ഉദ്യോഗത്തിൽ നിയമിക്കാറുള്ളു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അതു പരീക്ഷായോഗ്യതയെ വകവയ്ക്കാതെ യാണെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): ആ ഉദ്യോഗത്തെസംബന്ധിച്ചിടത്തോളം യാതൊരു പരീക്ഷായോഗ്യതകളും നിശ്ചയിച്ചിട്ടില്ല.

മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരം.

൨൦൩. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരത്തെ സംബന്ധിച്ചിടത്തോളം,

(എ) ഗവർമ്മെന്റിൽനിന്നും അതു എപ്പോൾമുതൽ നടപ്പിലാക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നും,

(ബി) ഇത്ര താമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെന്നും,

(സി) വിദ്യാഭ്യാസവകുപ്പു മേലദ്ധ്യക്ഷൻ ഇതുസംബന്ധിച്ചു ഒരു പ്രത്യേക സ്റ്റാഫിനായി ആവശ്യപ്പെട്ടിട്ടുണ്ടോഎന്നും ഉണ്ടെങ്കിൽ അതിന്റെ രൂപീകരണം ഏതുതരത്തിൽ ആണെന്നും ഉള്ള സംഗതികൾ അറിയിക്കുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): (എ)—യും (ബി)—യും കഴിയുന്നിടത്തോളം വേഗത്തിൽതന്നെ ശമ്പളപരിഷ്കാരം നടപ്പിൽവരുത്തണമെന്നാണ് ഗവർമ്മെണ്ടു വിചാരിക്കുന്നതു്.

(സി) ഉണ്ട്. താഴെപറയുന്ന ഉദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു പ്രത്യേകസ്റ്റാഫിനെയാണ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ളതു്.

(ഡി) ഒരു പള്ളിക്കൂടം അസിസ്റ്റന്റു ഇൻസ്പെക്ടറുടെ ഏറ്റവും കുറഞ്ഞശമ്പളത്തിലും അയാൾക്കു സാധാരണയുള്ള ഡെപ്യൂട്ടേഷൻ അലവൻസും മാസം ഒന്നുക്കു ൩൦ രൂപാ കൺസോളിഡേറ്റഡ് സഞ്ചാരപ്പടിയും ഉള്ളതായ ഒരു വിദ്യാഭ്യാസഉദ്യോഗസ്ഥനും,

(ഇ) അക്കൗണ്ടു ആഫീസിൽനിന്നും മാസം ഒന്നുക്കു ൧൦൦ രൂപാവീതം ശമ്പളമുള്ള ഒരു അക്കൗണ്ടന്റും,

(എഫ്) ൪൦ മുതൽ ൭൦ വരെ രൂപാശമ്പളമുള്ള രണ്ടു ഗുമസ്താക്കളും,

(ജി) ൨൫ മുതൽ ൩൦ വരെ രൂപ ശമ്പളത്തിൽ ഒരു ടൈപ്പിസ്റ്റും,

(എച്ച്) ൯-൧/൩-൧൧ രൂപ ശമ്പളത്തിൽ രണ്ടു ശിപായിമാരും അടങ്ങിയ ഒരു സ്റ്റാഫിനെയാണ് ആവശ്യപ്പെട്ടിട്ടുള്ളതു്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): (എ) ഭാഗത്തെ സംബന്ധിച്ചിടത്തോളം ചുരിയപക്ഷം രണ്ടു മാസകാലത്തിനിടയിലെങ്കിലും ശമ്പളപരിഷ്കാരം നടപ്പിൽവരുത്തുന്നതിനു ഗവർമ്മെണ്ടിനു ദയവുണ്ടാകുമോ എന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. ജോർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): അപ്രകാരംചെയ്യുന്നതിനു ഗവർമ്മെണ്ടു ശ്രമിക്കുന്നതായിരിക്കും.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): (സി) ഭാഗത്തെസംബന്ധിച്ചടത്തോളം ഡയറക്ടരുടെ ശുപാർശയെ ഗവർമ്മെന്റിൽനിന്നും അനുവദിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): ഇതേവരെ അനുവദിച്ചിട്ടില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): (സി) ഭാഗത്തെസംബന്ധിച്ചടത്തോളം വീണ്ടും സ്പെഷ്യൽസ്റ്റാഫ് ഒരു സഞ്ചാരക്കമ്മററിയായി കൂടി ഉദ്ദേശിക്കപ്പെട്ടിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): ഇല്ല. അങ്ങിനെ ഉദ്ദേശിച്ചിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): എന്നാൽ സഞ്ചാരപ്പടികൂടി കൊള്ളിച്ചിരിക്കുന്നതെന്തിന്?

മി. കെ. ജാർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): ഉണ്ട്. അതു ഒരാളിനുമാത്രമെ ഉള്ളൂ. ഇൻസ്പെക്ടർക്കുമാത്രമെ ഉള്ളുവെന്നാണ് എന്റെ വിശ്വാസം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അപ്പോൾ ആ ഉദ്യോഗസ്ഥൻ രാജ്യംമുഴുവൻ സഞ്ചരിക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്.

മി. കെ. ജാർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): ധാരണകളുടെ ഇപ്പോഴത്തെ അഭിപ്രായം അങ്ങിനെയാണ്.

കാണപ്പാട്ടം ബിൽ.

൨൦൮. മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): (എ) കാണപ്പാട്ടബിൽ ഈ കൌൺസിലിൽ അവതരിപ്പിക്കുന്നതിനുള്ള അനുവാദം കഴിഞ്ഞ യോഗത്തിന്റെ വൃശ്ചികം സമ്മേളനത്തിൽവച്ചുതന്നെ നൽകുകയുണ്ടായെങ്കിലും കഴിഞ്ഞതവണ നടന്ന സമ്മേളനത്തിൽ നോട്ടീസ് കൊടുത്തതിനെസംബന്ധിച്ച ഏതോ സാങ്കേതികതടസ്സം ഉണ്ടാകയാൽ ആയതു അവതരിപ്പിക്കപ്പെട്ടില്ല എന്നുള്ള വസ്തുത ഗവൺമെൻറിനറിയാമോ?

(ബി) കാണപ്പാട്ടംബിൽ വളരെ ഗൌരവമുള്ളതും വളരെ അത്യാവശ്യമുള്ളതും ആയ ഒരു സംഗതിയാകയാൽ അതു് അവതരിപ്പിക്കുന്നതിലേക്കായി ഇടവത്തിലോ മിഥുനത്തിലോ ഈ കൌൺസിലിന്റെ ഒരു യോഗം വിളിച്ചുകൂട്ടണമെന്നു ആവശ്യപ്പെട്ടുകൊണ്ടു നിയമസഭയിലെ അനൌദ്യോഗസ്ഥാംഗങ്ങളിൽ ൫൦ ശതമാനത്തിൽ കൂടുതൽ ആളുകൾ ഒപ്പിട്ട ഒരു അപേക്ഷ കഴിഞ്ഞസഭയുടെ ഒടുവിലത്തെ ദിവസം ദിവാൻജിഅവർകൾക്കു സമർപ്പിച്ചതായി അറിയാമോ?

(൨) (എ) ഗവൺമെൻറിൽനിന്നും ആ അപേക്ഷയെ അതിന്റെ നാനാമുഖങ്ങളെയും അടിസ്ഥാനപ്പെടുത്തി പരിശോധിച്ചുവൊ എന്നും അപ്രകാരം അതെപ്പററി ആലോചിച്ചു എങ്കിൽ അതിന്മേൽ എന്തുത്തരവ് ഇട്ടു എന്നും,

(ബി) ബഡ്ജററ് സമ്മേളനത്തിൽതന്നെ അനൌദ്യോഗസ്ഥവിഷയങ്ങൾക്കായി കൂടുതൽദിവസം അനുവദിക്കാൻ നിശ്ചയിച്ചിരിക്കയാണോ എന്നും അതല്ല കാണപ്പാട്ടബിൽ അവതരിപ്പിക്കുന്നതിലേക്കായി ചിങ്ങത്തിലൊ കന്നിയിലൊ കൌൺസിലിന്റെ പ്രത്യേക ഒരു യോഗം വിളിച്ചുകൂട്ടുന്നതിനു നിശ്ചയിച്ചിരിക്കയാണൊ എന്നും അറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): കൌൺസിലിന്റെ ൧൧൨൫ വൃശ്ചികത്തിലെ യോഗത്തിൽ കാണപ്പാട്ടബിൽ അവതരിപ്പിക്കാതെ ഇരുന്നതു് ശരിയായ നോട്ടീസ് ഇല്ലാതെ ഇരുന്നതു നിമിത്തമായിരുന്നു.

(൧) (ബി) അനൌദ്യോഗസ്ഥാംഗങ്ങളിൽ ചിലർ ഒപ്പിട്ട് ഒരു എഴുത്തുകിട്ടി.

(൨) (എ) പര്യാലോചിച്ചു. ബഡ്ജററ് സമ്മേളനത്തിനുമുമ്പായി ഒരു പ്രത്യേകയോഗം വിളിച്ചുകൂട്ടുക എന്നതു സാദ്ധ്യമാകയില്ല എന്നു ബില്ലിന്റെ ഭാരവാഹിത്വം വഹിക്കുന്ന മെമ്പറിനെ തെര്യപ്പെടുത്തുകയും ചെയ്തു.

(ബി) മറുപടി നിഷേധരൂപത്തിൽ ആകുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഒന്നാംചോദ്യം ബി. പിരിവിനു തന്ന മറുപടിയെ സംബന്ധിച്ചു സഭാംഗങ്ങളിൽ എത്രപേർ ആ എഴുത്തിൽ ഒപ്പിട്ടിട്ടുണ്ടായിരുന്നു എന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു ചീഫ്സെക്രട്ടറി): ൫൦ ശതമാനത്തോളംഅനൌദ്യോഗസ്ഥാംഗങ്ങൾ ആ എഴുത്തിൽ ഒപ്പിട്ടിട്ടുണ്ട്.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ആ ബിൽ അവതരിപ്പിക്കുന്നതിലേക്കായി ഒരു പ്രത്യേകയോഗം വിളിച്ചുകൂട്ടുവാൻ സാധിക്കയില്ലെന്നാണോ ഗവൺമെൻറിന്റെ അഭിപ്രായം എന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): മേലാലുള്ള കാര്യമാണോ ചോദിക്കുന്നത്.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതെ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ബഡ്ജററ് സമ്മേളനത്തിനുമുമ്പു ഒരു യോഗം വിളിച്ചുകൂട്ടണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നത്.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ചോദ്യത്തിന്റെ രണ്ടാംഭാഗം (ബി) പിരിവിനെപ്പററിയാണ് ഞാൻ ഇപ്പോൾ സംസാരിക്കുന്നത്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അതു ബഡ്ജററ് സമ്മേളനത്തിൽ ഈ കാര്യത്തിലേക്കായി കൂടുതൽദിവസം അനുവദിക്കാൻ സാധിക്കുമോ എന്നുള്ളതിനെക്കുറിച്ചാണല്ലൊ.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി). അല്ലെങ്കിൽ കാണപ്പാട്ടബിൽ അവതരിപ്പിക്കുന്നതിലേക്കായി ചിങ്ങത്തിലൊ കന്നിയിലൊ കൌൺസലിന്റെ ഒരു യോഗം നടത്തുന്നതിനും എന്നുകൂടി അതിൽ പ്രസ്താവിച്ചിട്ടുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അതെപ്പററി ആലോചിക്കുന്നതായിരിക്കും. ഒരു ബില്ലിന്റെ മുഴുവൻസംഗതികളെസംബന്ധിച്ചു പര്യാലോചിക്കുന്നതിനായി ഒരു റൌണ്ടടേബിൾ കോൺഫറൻസ് നടന്നുകൊണ്ടിരിക്കുന്നു എന്നുള്ള സംഗതി മെമ്പറിനും അറിയാവുന്നതാണല്ലൊ. കാൺഫറൻസിലെ വാദപ്രതിവാദത്തിന്റെ തീരുമാനത്തെ അടിസ്ഥാനപ്പെടുത്തി പ്രത്യേകമായി ഒരു വിശേഷാൽ യോഗം വിളിച്ചുകൂട്ടേണ്ട ആവശ്യം ഉണ്ടോ ഇല്ലയോ എന്നു ഗവൺമെൻറു തീരുമാനിക്കുന്നതായിരിക്കും

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഈ കൌൺസിലിലെ അനൌദ്യോഗസ്ഥാംഗങ്ങളിൽ ൯൦ ശതമാനം ആളുകൾക്കും ഇതു ആവശ്യമാണെന്നു തോന്നായ്കയാണ് ഗവൺമെന്റിനോടു ഇപ്രകാരം അപേക്ഷിച്ചതു എന്നാണോ ഗവൺമെന്റിന്റെ അഭിപ്രായം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): ഹർജിയിൽ ഒപ്പിട്ടിരുന്ന അംഗങ്ങൾക്കു അതു ആവശ്യമാണെന്നു തോന്നിയിരുന്നു എന്നുള്ളതിനെ നിഷേധിക്കുന്നില്ല,

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): രാജ്യത്തിനു പൊതുവായി അങ്ങിനെ ഒരു അഭിപ്രായം ഇല്ലാത്തപക്ഷം കൌൺസിലിലെ അനൌദ്യോഗസ്ഥാംഗങ്ങളിൽ ൯൦ ശതമാനം ആളുകൾക്കു അപ്രകാരം ഒരു അഭിപ്രായം ഉണ്ടാകുമെന്നാണോ ഗവൺമെന്റ വിചാരിക്കുന്നതു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): അതിനെയും നിഷേധിക്കുന്നില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഇതേസംബന്ധിച്ചു ഇതുവരെ യാതൊന്നും ചെയ്യാതെ ഇരുന്നതിന്റെ കാരണം എന്തെന്നറിഞ്ഞാൽ കൊള്ളാം.

മി: ടി. പി രാമസുബ്ബയ്യർ (ഗവൺമെന്റസെക്രട്ടറി): ഞാൻമുമ്പു പറഞ്ഞതുപോലെ ഇതിനെപ്പറ്റി ഒരു കാൺഫറൻസിൽ വാദപ്രതിവാദം നടന്നുവരികയാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): എന്റെ ചോദ്യത്തിനു ശരിയായ ഒരു മറുപടി ഗവൺമെന്റിൽനിന്നു നല്കാതെ ഇരിക്കുന്നതു എന്തുകൊണ്ടെന്നറിയുന്നില്ല.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റസെക്രട്ടറി): കാൺഫറൻസ് നടന്നുവരുന്നു എന്നുള്ളതുകൊണ്ടു്, ഇപ്പോൾ യാതൊന്നും തീരുമാനമായി പറയുന്നതിനു തരമില്ല. യഥാർത്ഥത്തിൽ ഒരു വിശേഷാൽ യോഗം വിളിച്ചുകൂട്ടണോ വേണ്ടയോ എന്നുള്ളതിനെപ്പറ്റി കാൺഫറൻസ്തന്നെ ആലോചിച്ചു തീർച്ചയാക്കേണ്ടതായിട്ടാണിരിക്കുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഈ ബിൽ സഭയിൽ അവതരിപ്പിക്കണം എന്നുതന്നെ കാൺഫറൻസ് തീരുമാനിക്കുന്നപക്ഷം വിശേഷാൽയോഗം വിളിച്ചുകൂട്ടുമൊ എന്നറിഞ്ഞാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): ഞാൻ മുമ്പുപറഞ്ഞതുപോലെ ഈസംഗതികളെല്ലാം കാൺഫറൻസിന്റെ ആലോചനയ്ക്കു വിഷയമാകുന്നതാണ്.

നിയമവിളംബക്കമ്മിററി രൂപീകരണം.

൧൦൪. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ കൌൺസിലിന്റെ കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽവച്ചു ഒരു നിയമവിളംബക്കമ്മിററി രൂപീകരിക്കുന്നതാണെന്നു ഗവൺമെന്റ കരാർ ചെയ്തിട്ടുണ്ടോ?

(ബി) എ ഭാഗത്തിനു മറുപടി അനുകൂലമാണെങ്കിൽ ഇതുവരെ അതായതു ൧൧—൭—൧൧ൻ വരെ ആ കമ്മിററി രൂപീകരിക്കാതിരിക്കാനുള്ള കാരണമെന്താണ്?

മി: കല്ലൂർ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): (എ) മറുപടി നിഷേധരൂപത്തിൽ ആകുന്നു.

(ബി) (എ) ഭാഗത്തിന്റെ മറുപടിയുടെ നിലക്കു ഇതിനു മറുപടി പറയേണ്ട ആവശ്യമില്ലല്ലോ.

നിയമവിളംബക്കമ്മിററി.

൧൦൫. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): (എ) നീതിന്യായക്കോടതികളിൽ നീതിന്യായപരിപാലന കൃത്യനിർവ്വഹണത്തിൽ വല്ല താമസവും നേരിട്ടുവരുന്നുണ്ടോ? എന്നും

(ബി) അതേസംബന്ധിച്ചു അന്വേഷണം നടത്തുന്നതിലേക്കായി ഒരു കമ്മിററി രൂപീകരിക്കണമെന്നു ഗവൺമെന്റുദ്ദേശിക്കുന്നുണ്ടോ? എന്നും

ഗവൺമെന്റിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. കല്ലൂർ പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): (എ) മറുപടി അനനുകൂലംതന്നെ.

(ബി) മി: രേവതിന്നാൾ രാമവർമ്മരാജാവു ചോദിച്ച ൧൦൫-ാംനമ്പർ ഉപചോദ്യത്തിനു നല്കിയ മറുപടിയിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

ചീഫ്എഞ്ചിനീയരുടെ സർക്കീട്ടുജോലി.

൧൦൬. മി: മാത്യുമുരിക്കൻ (വൈക്കം): (എ) ൧൦൫-ലും ൧൧൦൪-ലും ചീഫ്എഞ്ചിനീയർ സർക്യൂട്ടിൽ ഇരുന്ന തീയതികൾ എത്ര എന്നും,

(ബി) അദ്ദേഹം സന്ദർശിച്ച സ്ഥലങ്ങൾ ഏതെല്ലാം എന്നും,

(സി) അദ്ദേഹം ഗവൺമെന്റിലേക്കു എത്ര ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും,

ഉള്ള വിവരങ്ങൾ അറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): (എ) ൧൦൫-ൽ ൧൧൫ ദിവസവും ൧൦൪-ൽ ൧൦൪ കർക്കടകം ൧൦-ാംവരെ ൧൦൬ ദിവസവും,

(ബി) രാജ്യത്തുള്ള സകല താലൂക്കുകളും അദ്ദേഹം സന്ദർശിച്ചു.

(സി) പ്രത്യേക സന്ദർഭങ്ങളിൽ അല്ലാതെ സാധാരണയായി ചീഫ്എൻജിനീയർ ഗവൺമെന്റിലേക്കു ഇൻസ്പെക്ഷൻനോട്ടുകൾ അയക്കുക പതിവില്ല.

ചീഫ്എൻജിനീയരുടെ പരിശോധനക്കുറിപ്പുകൾ.

൧൦൭. മി: എ. താണുപിള്ള (തിരുവനന്തപുരം): (എ) ഇപ്പോഴത്തെ ചീഫ് എൻജിനീയർ സാധാരണയായി ഗവൺമെന്റിലേക്കു പരിശോധനക്കുറിപ്പുകൾ അയക്കാറുണ്ടോ? എന്നും,

(ബി) (എ) ഭാഗത്തിന്റെ മറുപടി നിഷേധരൂപത്തിലാണെങ്കിൽ അതിനുള്ള കാരണം എന്തെന്നും അറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): (എ) ഇല്ല.

(ബി) പ്രധാനപ്പെട്ട പരിശോധനകളെ സംബന്ധിച്ചുള്ള കുറിപ്പുകൾ അല്ലാതെ സാധാരണയായി മററു കുറിപ്പുകൾ ഒന്നുംതന്നെ യാതൊരു ചീഫ് എൻജിനീയർമാരും അയക്കാറില്ല.

ചീഫ് എൻജിനീയരുടെ പരിശോധനക്കുറിപ്പുകൾ.

൨൦൯. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): (എ) ഇക്കഴിഞ്ഞ രണ്ടുവർഷങ്ങളിലായി അതായതു ൧൧൨൨-ലും ൧൧൨൩-ലും ചീഫ് എൻജിനീയരുടെ സർക്യൂട്ടുകളിൽ നടത്തിയിട്ടുള്ള പരിശോധനകളുടെ കുറിപ്പുകൾ ഗവമ്മെൻറിലേക്കു അദ്ദേഹം എത്രപ്രാവശ്യം അയച്ചിട്ടുണ്ടെന്നും

(ബി) മൂവാററുപുഴ തൊടുപുഴ ഈ താലൂക്കുകളിൽ ഓരോ കൊല്ലവും തുടരെത്തുടരെ ബഡ്ജററിൽ സംഖ്യകൾ കൊള്ളിച്ചിരുന്നിട്ടും ഇറക്കാത്തവയും മേലാൽ പണം അനുവദിച്ചു തുറക്കേണ്ടിയിരിക്കുന്നവയും ആയ റോഡുകളെപ്പററി ചീഫ് എൻജിനീയർ നടത്തിയിട്ടുള്ള പരിശോധനകളെ സംബന്ധിച്ചു അപ്രകാരം സമർപ്പിച്ചിട്ടുള്ള പരിശോധനാകുറിപ്പുകളിൽ വല്ലതും പ്രസ്താവിച്ചിട്ടുണ്ടോ എന്നും.

(സി) ഉണ്ടെങ്കിൽ ആ വിഷയത്തിൽ ഗവമ്മെൻറിൻെറ ശ്രദ്ധ പതിഞ്ഞിട്ടുണ്ടോ എന്നും

(ഡി) മൂവാററുപുഴയും തൊടുപുഴയും താലൂക്കുകളിലെ റോഡുകളെ സംബന്ധിച്ച ചീഫ്എൻജിനീയർ ഗവമ്മെൻറിലേക്കു സമപ്പിച്ചിട്ടുള്ള പരിശോധനക്കുറിപ്പുകളുടെ ഒരു പ്രതി സഭമുമ്പാകെ ഹാജരാക്കുന്നതിനു ദയവുണ്ടാകുമോ എന്നും,

അറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ് (ഗവമ്മെൻറു ചീഫ് സെക്രട്ടറി): (എ) ൨൦൯-ാം നമ്പർ സി. ചോദ്യത്തിൻെറയും ൨൦൪-ാംനമ്പർ (എ) ചോദ്യത്തിൻെറയും മറുപടികളിലേയ്ക്കു മെമ്പറിൻെറ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

(ബി) ഈ വേലകളെസംബന്ധിച്ചു ചീഫ് എൻജിനീയർ ഗവമ്മെൻറിലേക്കു എഴുതിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) (എ) ഭാഗത്തിനു നൽകിയിരിക്കുന്ന മറുപടിയുടെ നിലയ്ക്കു ഇതിനു ഉത്തരം പറയേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

രാജയക്ഷ്മാവിന് തിരുവിതാംകൂറിൽ ഒരു സുഖവാസസ്ഥലം തുടങ്ങണമെന്നു.

൨൧൦. മി: മാത്യു മുരിക്കൻ (വൈക്കം): (എ) തിരുവിതാംകൂറിൽ ഒരു ക്ഷയരോഗാസ്പത്രി തുടങ്ങുന്നതിലേക്കായി ഒരു പദ്ധതി തയ്യാറാക്കിത്തരണമെന്നായി മദനപ്പള്ളി ക്ഷയരോഗാസ്പത്രിയിലെ അധികാരികളോടു ഗവമ്മെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ളതു പരമാർത്ഥം തന്നെയോ? എന്നും,

(ബി) (എ) ഭാഗത്തിൻെറ മറുപടി അനുകൂലരൂപത്തിലാണെങ്കിൽ മദനപ്പള്ളി ക്ഷയരോഗാസ്പത്രി മേധാവികൾ വല്ല പദ്ധതിയും എഴുതി അയച്ചുതന്നിട്ടുണ്ടെങ്കിൽ ആയതു ഈ സഭമുമ്പാകെ ഹാജരാക്കാമോ എന്നും,

(സി) മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേററീവ് ബോർഡുമായി ഇതുസംബന്ധിച്ചു വല്ല ആലോചനകളും നടത്തുകയുണ്ടായോ എന്നും

(ഡി) (സി) ഭാഗത്തിനുള്ള മറുപടി അനുകൂലരൂപത്തിൽ ആണെങ്കിൽ ബോർഡിൻെറ അഭിപ്രായം എന്തായിരുന്നു എന്നും

(ഇ) അതുസംബന്ധിച്ചു ഗവമ്മെൻറിൽനിന്നും പിന്നീടു എന്തെങ്കിലും ചെയ്തുവോ എന്നും അറിഞ്ഞാൽകൊള്ളാം,

മി: കെ. ജാർജ് (ഗവമ്മെൻറു ചീഫ്സെക്രട്ടറി): എ. മുതൽ ഇ. വരെ മി. ഇട്ടൂപ്പ് ഇട്ടീച്ചൻ ചോദിച്ച ൨൧൧-ാംനമ്പർ ഉപചോദ്യത്തിന് ഗവമ്മെൻറിൽനിന്നും നൽകിയ മറുപടിയിലേക്കു മെമ്പറിൻെറ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

തിരുവിതാംകൂറിൽ ഒരു ക്ഷയരോഗാസ്പത്രി സ്ഥാപിക്കണം,

൨൧൧. മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു):

(എ) ക്ഷയരോഗചികിത്സക്കായി തിരുവിതാംകൂറിൽ ഒരു സുഖവാസസ്ഥലം കണ്ടുപിടിച്ചു ഒരു ആസ്പത്രി തുടങ്ങുന്നതിനുവേണ്ട അന്വേഷണങ്ങൾ നടത്തിയതിനുശേഷം ഒരുകണക്കോടുകൂടി റിപ്പോർട്ടു സമർപ്പിക്കണമെന്നായി മെഡിക്കൽസർവീസസ് അഡ്മിനിസ്ട്രേററീവ് ബോർഡിനോടു ഗവമ്മെൻറു ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ?

(ബി) അതുസംബന്ധിച്ചു ബോർഡ് ഗവമ്മെൻറിലേയ്ക്കു റിപ്പോർട്ടു സമർപ്പിക്കയുണ്ടായോ?

(സി) അങ്ങനെ റിപ്പോർട്ടോ ഒരുപദ്ധതിയോ ഗവമ്മെൻറിൽ വന്നിട്ടുണ്ടെങ്കിൽ അതിൻെറ ഒരു പ്രതി ഈസഭമുമ്പാകെ ഹാജരാക്കാമോ?

(ഡി) മദനപ്പള്ളി ക്ഷയരോഗചികിത്സാലയത്തിലെ ഭാരവാഹികളോടു ഗവമ്മെൻറിൽനിന്നും തിരുവിതാംകൂറിൽ ക്ഷയരോഗചികിത്സക്കു ഒരു ആസ്പത്രിതുടങ്ങുന്നവിഷയത്തിൽ വല്ല സഹായസഹകരണങ്ങളും ചെയ്തുതരണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻെറസ്വഭാവം എന്താണു.

(ഇ) ഗവമ്മെൻറിൻെറ അപേക്ഷയനുസരിച്ചു മദനപ്പള്ളി ആസ്പത്രിയിൽനിന്നും ആരെങ്കിലുംസ്ഥലപരിശോധനക്കുശേഷം ക്ഷയരോഗചികിത്സക്കു തിരുവിതാംകൂറിൽ ഒരു ആതുരാലയം സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു വല്ലപദ്ധതിയും നമ്മുടെഗവമ്മെൻറിനു അയച്ചുകൊടുക്കുകയുണ്ടായിട്ടുണ്ടോ?

(എഫ്). മദനപ്പള്ളി ആതുരാലയമേധാവികൾ അയച്ചുകൊടുത്തിട്ടുള്ള റിപ്പോർട്ടിൻെറയോപദ്ധതിയുടെയോ പകർപ്പു സഭമുമ്പാകെ ഹാജരാക്കുന്നതിനു ദയവുണ്ടാകുമോ?

(ജി) ഈസംഗതിയെസംബന്ധിച്ചു ഗവമ്മെൻറിൻെറ നടപടി ഇപ്പോൾ അതായതു ൧൧൧൯-൧൧൨൦-ൽ ഏതുനിലയിൽ ഇരിക്കുന്നു?

മി. കെ. ജാർജ് (ഗവമ്മെൻറു ചീഫ്സിക്രട്ടറി):

(എ) ഉണ്ടായിരുന്നു,

(ബി) ഉണ്ട്.

(സി) ഗവൺമെൻറിൽനിന്നും റിപ്പോർട്ടിനെ പരിശോധിച്ചുവരികയാണ്, ഈ ഘട്ടത്തിൽ റിപ്പോർട്ട് സഭമുമ്പാകെ ഹാജരാക്കുന്നതു അഭിലഷണീയമായിരിക്കുമെന്ന വിചാരിക്കുന്നില്ല.

(ഡി) ഇല്ല, എന്നാൽ മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡു മറ്റനപ്പള്ളിയിലെ ആശുപത്രിയ മേധാവികളുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരുന്നു.

(ഇ) (എഫ്) (ജി) മറ്റനപ്പള്ളി ക്രിസ്ത്യൻ മെഡിക്കൽ അസോസ്യേഷൻെറ അഗ്രാസനാധിപതി ബോർഡിലേക്ക ഒരപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതു ഗവൺമെൻറിൻെറ പരിശോധനയിൽ ഇരിക്കുകയാണ്.

സംസ്കൃതഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുന്നതിന ക്യൂറേറർ പിരിച്ചെടുക്കുന്നപണം.

൧൧൧. മി. കെ. എൻ. കേശവൻനമ്പൂരിപ്പാട്ട (ജന്മിമെമ്പർ):

(എ) പ്രസിദ്ധംചെയ്യുന്നതിലേക്കായ ക്യൂറേറർ എത്ര സംസ്കൃതഗ്രന്ഥങ്ങൾ തെരഞ്ഞു എടുത്തിട്ടുണ്ടു എന്നും,

(ബി) ൧൧൨൫-൧൧൨൬ വരെ എത്ര സംസ്കൃത പുസ്തകങ്ങൾ പ്രസിദ്ധം ചെയ്തിട്ടുണ്ടുഎന്നും.

(സി) മററു ആളുകൾ പ്രസിദ്ധംചെയ്തിട്ടുള്ള എത്രപുസ്തകങ്ങൾ ക്യൂറേറർ പ്രസിദ്ധം ചെയ്തിട്ടുണ്ടെന്നും,

(ഡി) കേരളീയരായ ഗ്രന്ഥകാരന്മാർ നിർമ്മിച്ചിട്ടുള്ള എത്രഗ്രന്ഥങ്ങൾ ഉണ്ടെന്നും,

(ഇ) ഇതേവരെ കണ്ടുകിട്ടിയിട്ടുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധംചെയ്തുകഴിയുന്നതിന ഇനിയും ഉദ്ദേശം എത്രകാലം വേണ്ടിവരുമെന്നും അറിഞ്ഞാൽകൊള്ളാം.

മി. ജി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി):

(എ) ൧൨൮൭

(ബി) ൻ൭

(സി) ൦

(ഡി) ൧൩

(ഇ) ഇപ്പോഴുള്ള ജോലിക്കാരെക്കൊണ്ടുതന്നെ നടത്തുകയും ഇപ്പോഴത്തെ പ്രസിദ്ധീകരണത്തിൻെറ നിരക്കിനെ അടിസ്ഥാനപ്പെടുത്തിനോക്കുകയും ചെയ്യുന്നപക്ഷം ഇതേവരെകണ്ടുകിട്ടിയിട്ടുള്ള കയ്യെഴുത്തുപ്രതികളെ പ്രസിദ്ധംചെയ്തുകഴിയണമെങ്കിൽ വളരെക്കാലം വേണ്ടിവരുമെന്നാണ തോന്നുന്നതു.

പ്രസിദ്ധീകരണത്തിനായി ഇരവൽവാങ്ങിയിട്ടുള്ള സംസ്കൃതകയ്യെഴുത്തുഗ്രന്ഥങ്ങൾ.

൧൧൨. മി. കെ. എൻ. കേശവൻനമ്പൂരിപ്പാട്ട (ജന്മിമെമ്പർ):

(എ) കുടികളിൽനിന്നും സംസ്കൃതഗ്രന്ഥ പ്രസിദ്ധീകരണത്തിലേക്കായി പകർത്തിഎഴുതുന്നതിന ക്യൂറേറററുടെ ആഫീസിൽ ഇരവൽവാങ്ങിയിട്ടുണ്ടായിരുന്ന കയ്യെഴുത്തുപ്രതികളെ ശരിയായ അവധികളിൽ തിരിച്ചു കൊടുത്തിട്ടുണ്ടോ? എന്നും,

(ബി) ഇങ്ങനെയുള്ള ആളുകളിൽ ആരുടെയെങ്കിലും കയ്യെഴുത്തുപ്രതികൾ തിരിച്ചുകൊടുത്തിട്ടില്ലെന്ന വല്ലപരാതിയും ഗവൺമെൻറിൽ കിട്ടിയിട്ടുണ്ടോ? എന്നും,

അറിഞ്ഞാൽകൊള്ളാം.

മി. ജി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി): കയ്യെഴുത്തുപ്രതികളുടെ ഉപയോഗം മുഴുവനും തീർന്നതിനശേഷം മാത്രമേ അവയെ തിരിച്ചു സാധാരണയായി കൊടുക്കാറുള്ളു എന്നും എന്നാൽ അവയുടെ ഉപയോഗം തീരുന്നതിനുമുമ്പു അവ തിരിച്ചുവേണമെന്ന ഏതെങ്കിലും ഉടമസ്ഥൻ ആവശ്യപ്പെടുന്നപക്ഷം അതു തിരിച്ചുകൊടുത്തുവരുന്നുണ്ടെന്നും ക്യൂറേറർ റിപ്പോർട്ടുചെയ്യുന്നു.

(ബി) മറുപടി ആവശ്യപ്പെടുന്നില്ല.

മി. കെ. എൻ. കേശവൻനമ്പൂരിപ്പാട്ട (ജന്മിമെമ്പർ): ബി ഭാഗത്തിൻെറ മറുപടിയെസംബന്ധിച്ചു ടത്തോളം മലയാളംകയ്യെഴുത്തു പ്രതികളെസംബന്ധിച്ചു വല്ല പരാതികളും കിട്ടിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. ജി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി): ഈ ചോദ്യത്തിന മറുപടിപറയുക ഷിയു

മി. കെ. എൻ. കേശവൻനമ്പൂരിപ്പാട്ട (ജന്മി): അതു സംസ്കൃതഗ്രന്ഥങ്ങളെ സംബന്ധിച്ചായിരുന്നു. മലയാളഗ്രന്ഥങ്ങളെസംബന്ധിച്ചു വല്ല പരാതികളും കിട്ടിയിട്ടുണ്ടോ എന്നാണ ഞാൻ ഇപ്പോൾ അറിയണമെന്ന ആവശ്യപ്പെടുന്നതു.

മി. ജി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി): ആ ചോദ്യത്തെസംബന്ധിച്ചുനോട്ടീസ് ഇല്ലാതിരുന്നതിനാൽ ഇപ്പോൾ മറുപടിപറവാൻ നിവൃത്തിയില്ല.

പ്രസിദ്ധീകരണത്തിനായി സംസ്കൃതഗ്രന്ഥങ്ങളുടെയും മലയാളഗ്രന്ഥങ്ങളുടെയും കയ്യെഴുത്തുപ്രതികൾ തിരഞ്ഞെടുക്കുന്നതിനെപ്പററി.

൧൧൩. മി. കെ. എൻ. കേശവൻനമ്പൂരിപ്പാട്ട (ജന്മിമെമ്പർ): പ്രസിദ്ധീകരണത്തിനായി കയ്യെഴുത്തുപ്രതികൾ തെരഞ്ഞെടുക്കുന്നതു ക്യൂറേറന്മാർ തനിച്ചാണോചെയ്യുന്നതു അതല്ല മറെറതെങ്കിലും ആളുടെയോ ബോർഡിൻെറയോ അനുമതിയോടുകൂടിയാണോ എന്നറിഞ്ഞാൽകൊള്ളാം.

മി. ജി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി): സംസ്കൃതകയ്യെഴുത്തുഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിലേക്കായി പ്രസിദ്ധംചെയ്യാവുന്നപുസ്തകങ്ങൾ ഗവൺമെൻറിൽനിന്നും ഇതിലേക്കായി നിയമിച്ചിട്ടുള്ള ഒരു ഉപദേശകബോർഡിൻെറ അനുമതിയോടുകൂടിയാണ് ക്യൂറേറർ തിരഞ്ഞെടുക്കാറുള്ളതു. എന്നാൽ മലയാളം കയ്യെഴുത്തുഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിലേക്കായി പ്രസിദ്ധംചെയ്യുന്ന പുസ്തകങ്ങൾ ക്യൂറേറർ തന്നത്താൻ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നതു.

പ്രസിദ്ധംചെയ്തിട്ടില്ലാത്ത കയ്യെഴുത്തുപ്രതികളെ സാധാരണജനങ്ങൾക്കു ഇരവൽകൊടുക്കുന്നതിനെ സംബന്ധിച്ചു.

൧൧൪. മി. കെ. എൻ. കേശവൻനമ്പൂരിപ്പാട്ട (ജന്മിമെമ്പർ):

(എ) സംസ്കൃതത്തിലും മലയാളത്തിലുമുള്ള കയ്യെഴുത്തു ഗ്രന്ഥങ്ങളെ പ്രസിദ്ധീകരണത്തിനായി ക്യൂറേറ്റന്മാർ ശേഖരിച്ചിട്ടുള്ളവയെ പ്രസിദ്ധംചെയ്യുന്നതിനുമുമ്പായി സാധാരണജനങ്ങൾക്കു പ്രസിദ്ധീകരണത്തിനായി ഇരവൽകൊടുക്കാറുണ്ടോ എന്നും,

(ബി) അങ്ങനെചെയ്യുന്നതിനു ഗവർമ്മെന്റിനു വല്ലവിരോധവുമുണ്ടോ എന്നുംഅറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസിക്രട്ടറി):

(എ) പ്രസിദ്ധംചെയ്തിട്ടില്ലാത്ത കയ്യെഴുത്തുഗ്രന്ഥങ്ങളിൽ അപൂർവമായിട്ടുള്ളവയെ സാധാരണയായി പ്രസിദ്ധീകരണത്തിനു സാധാരണജനങ്ങൾക്കു ഇരവൽ കൊടുക്കാറില്ല.

(ബി) അതേപ്പററി ആലോചിക്കാം.

സംസ്കൃതമലയാള ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണാധികൃതന്മാരായ് ക്യൂറേറ്റന്മാർ പ്രസിദ്ധംചെയ്യുന്ന പുസ്തകങ്ങളെ പാഠ്യപുസ്തകങ്ങളായി സ്വീകരിക്കണം.

൨൫൮. മി. കെ. എൻ. കേശവൻനമ്പൂരിപ്പാട്ട (ജന്മിമെമ്പർ):

(എ) സംസ്കൃതമലയാള കയ്യെഴുത്തു ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനു ചുമതലപ്പെട്ടവരായ ക്യൂറേറ്റന്മാർ പ്രസിദ്ധംചെയ്തിട്ടുള്ള പുസ്തകങ്ങളിൽ എത്ര എണ്ണം ഈ രാജ്യത്തുള്ള പള്ളിക്കൂടങ്ങളിൽ പാഠ്യപുസ്തകങ്ങളായി എടുത്തിട്ടുണ്ട് എന്നും,

(ബി) തിരുവിതാംകൂറിലെ ക്യൂറേറ്റർ പ്രസിദ്ധംചെയ്യുന്ന അനേകം പുസ്തകങ്ങളെ മദ്രാസും കൊച്ചിയും ഗവർമ്മെന്റുകൾ പാഠ്യപുസ്തകങ്ങളായി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വസ്തുതഗവർമ്മെന്റിനറിയാമോ?

മി. കെ. ജാജ്ജു (ഗവർമ്മെന്റുചീഫ്സെക്രട്ടറി): (എ) കഴിഞ്ഞ ആറു സ്കൂൾ വർഷങ്ങളിലായി ആറു പുസ്തകങ്ങളെ പാഠ്യപുസ്തകങ്ങളായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) മറുപടി നിഷേധരൂപത്തിലാണ്.

ക്യൂറേറ്റന്മാർ ശേഖരിച്ചിട്ടുള്ള കയ്യെഴുത്തു പ്രതികളുടെ ക്യാററിലാഗ്.

൨൫൯. മി. കെ. എൻ. കേശവൻനമ്പൂരിപ്പാട്ട (ജന്മിമെമ്പർ): സംസ്കൃതത്തിലും മലയാളത്തിലും ഉള്ള കൈയെഴുത്തു ഗ്രന്ഥങ്ങളെ പ്രസിദ്ധംചെയ്യുന്നതിലേക്കു ചുമതലക്കാരായ ക്യൂറേറ്റന്മാർ ശേഖരിച്ചിട്ടുള്ള കൈയെഴുത്തു ഗ്രന്ഥങ്ങളുടെ ഇതേവരെയുള്ള അതായതു ൧൧൦൮ മിഥുനം ൩൧-നു-വരെയുള്ള വിവരണമായ ഒരു ക്യാററ്ലാഗ് ഗവർമ്മെന്റിൽനിന്നും പ്രസിദ്ധംചെയ്തിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ക്യൂറേറ്റർ ൧൦൮൧-ാമാണ്ടു അവസാനംവരെ ശേഖരിച്ചിട്ടുള്ള സംസ്കൃത കൈയെഴുത്തു ഗ്രന്ഥങ്ങളുടെ ഒരു ക്യാററലാഗ് പ്രസിദ്ധംചെയ്തിട്ടുണ്ട്. ആ ക്യാററലാഗിനെ പുതുക്കി അച്ചടിപ്പിക്കുന്ന അവസരത്തിൽ ആ തിയതിക്കുശേഷം ശേഖരിച്ചിട്ടുള്ള ഗ്രന്ഥങ്ങളെയുംകൂടി ഉൾപ്പെടുത്തുന്നതായിരിക്കും:

മലയാളം കയ്യെഴുത്തു ഗ്രന്ഥങ്ങളെ സംബന്ധിച്ചു പറകയാണെങ്കിൽ ഇതേവരെ യാതൊരു ക്യാററലാഗും പ്രസിദ്ധംചെയ്തിട്ടില്ല. ഇതേവരെ ശേഖരിച്ചിട്ടുള്ള കൈയെഴുത്തു പ്രതികളുടെ ഒരു ക്യാററലാഗ് കഴിയുന്നതുവേഗത്തിൽ പ്രസിദ്ധംചെയ്യുന്നതാണെന്നു ക്യൂറേറ്റർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

സയൻസ്കാളേജിൽ മൃഗശാസ്ത്രശാഖ ഏർപ്പെടുത്തണം.

൨൬൦. മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായ സംഘങ്ങൾവക വടക്കൻമെമ്പർ):

(എ) സയൻസ്കാളേജിൽ മൂന്നാംഗ്രൂപ്പു (ബി) (മൃഗശാസ്ത്രവും) പ്രകൃതിശാസ്ത്രവും തുടങ്ങണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു തിരുവനന്തപുരത്തെ ചില പൌരന്മാർ ചേർന്നു ദിവാൻജി അവർകൾക്കു സമർപ്പിച്ചിരുന്ന അപേക്ഷയെ സംബന്ധിച്ചു ഗവർമ്മെന്റിൽനിന്നും എന്തുനടപടി നടത്തിഎന്നും,

(ബി) ആ കാളേജിൽ ൩-ാം ഗ്രൂപ്പു ബി ശാഖതുടങ്ങുന്നതിനു മൃഗശാസ്ത്രശാഖയിലും പ്രകൃതിശാസ്ത്രശാഖയിലും ഇപ്പോൾ ഉള്ള ഉദ്യോഗസ്ഥന്മാരിൽ എത്ര ആളുകളെ കൂടുതലായി നിയമിക്കണമെന്നു പ്രിൻസിപ്പാൽ ശുപാർശചെയ്തിട്ടുണ്ടെന്നും,

(സി) ഒരു കാളേജിൽ പ്രൊഫസരായി നിയമിക്കുന്നതിനു എന്തു പരീക്ഷായോഗ്യതയും ഉദ്യോഗത്തിൽ ഇരുന്ന എത്ര ഗുൻസർവീസും ഉണ്ടായിരിക്കണമെന്നാണു മദ്രാസ്സർവകലാശാലയിൽനിന്നും നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥ എന്നും അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാജ്ജു (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): (എ) ഈയിടെഉണ്ടായ യൂനിവേഴ്സിററി പരിശോധനകമ്മീഷന്റെ റിപ്പോർട്ടുവരുന്നതുവരെ ഈ വിഷയത്തെസംബന്ധിച്ചു ആലോചിക്കേണ്ട ആവശ്യമില്ല എന്നാണു തൽക്കാലം ഗവർമ്മെന്റിൽനിന്നും തീരുമാനിച്ചിരിക്കുന്നതു്.

(ബി) ഡിപ്പാർട്ടുമെന്റു മേധാവികളുടേയും കീഴുദ്യോഗസ്ഥന്മാരുടെയും ശുപാർശകൾ വളരെ രഹസ്യമായിട്ടുള്ളവയാകയാൽ നിവേദനങ്ങൾക്കു മറുപടിയായി അവയെ ഈ സഭയിൽ പ്രസ്താവിക്കാൻ നിവൃത്തിയില്ല.

(സി) സാധാരണയായി ആണേഴ്സ് പരീക്ഷയിൽ ഒന്നാംക്ലാസിലോ രണ്ടാംക്ലാസിലോ ജയിക്കയും കാളേജുകളിൽ അതേവിഷയം പഠിപ്പിച്ചു കുറഞ്ഞപക്ഷം നാലു വർഷത്തെയെങ്കിലും പഴക്കം ഉണ്ടായിരിക്കയും ചെയ്യുന്ന ഒരാളിനെ മാത്രമേ പ്രൊഫസരന്മാരായി നിയമിക്കാൻ പാടുള്ളു. എന്നാൽ പ്രത്യേക സംഗതികളിൽ പരിശീലനത്തിൽ ഉള്ള കുറവിനെ പരിഹരിക്കത്തക്കവിധത്തിൽ കൂടുതലായ പരീക്ഷായോഗ്യതകൾ ഉണ്ടെങ്കിൽ അതേപ്പററി സർവകലാശാലാ സിൻഡിക്കേററു പ്രത്യേകമായി ഗൌനിക്കുന്നതായിരിക്കും.

പത്തനാപുരം വി. പി. ആൺപള്ളിക്കൂടം.

൨൬൧. മി. എച്ച്. ബി. മഹമ്മദുറാവുത്തർ (പത്തനാപുരംചെങ്കോട്ട):

(എ) കഴിഞ്ഞകാലത്തു പത്തനാപുരത്തെ വി. പി. ആൺ പള്ളിക്കൂടം എപ്പോഴെങ്കിലും തീ പിടിച്ചിട്ടുണ്ടോ എന്നു,

(ബി) ഇപ്പോഴത്തെ കൂര മാറ്റേണ്ടതാണോ എന്നും,

(സി) വിദ്യാർത്ഥികളുടെ മൂത്രവിസർജ്ജനോപയോഗത്തിനായി വല്ല മറപ്പുരയും പള്ളിക്കൂടവളപ്പിനകത്തു കെട്ടിയിട്ടുണ്ടോഎന്നും,

(ഡി) ആ പള്ളിക്കൂടത്തിനു വിശാലമായ പുരയിടം ഉണ്ടോ എന്നും അറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

(എ) ഉണ്ട്, ൧൦൯൩-ൽ

(ബി) അല്ല.

(സി) ഇല്ല.

(ഡി) ഇല്ല.

മി. എച്ച്. ബി. മഹമ്മത്റാവുത്തർ (പത്മനാഭപുരം ചെങ്കോട്ട): ഇതിനെസംബന്ധിച്ചു വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): എന്തിനെ സംബന്ധിച്ചു?

മി. എച്ച്. ബി. മഹമ്മത് റാവുത്തർ (പത്മനാഭപുരം ചെങ്കോട്ട). പള്ളിക്കൂടം തീ പിടിച്ചതിനെ സംബന്ധിച്ചു വല്ല നടപടിയും നടത്തിയിട്ടുണ്ടോ.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഈ സംഭവം നടന്നതു വളരെക്കാലം മുമ്പായിരുന്നു. എന്തു നടപടി നടത്തി എന്നറിഞ്ഞുകൂടാ.

ചേർത്തല ഇംഗ്ലീഷ് പള്ളിക്കൂടത്തോടു അനുബന്ധിച്ചുള്ള ഓലപ്പുര.

൨൧൮. മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): (എ) ചേർത്തല ഡിപ്പാർട്ടുമെന്റൽ ഇംഗ്ലീഷ് ഹൈസ്കൂൾ കെട്ടിടത്തോടു ചേർന്നുള്ള ഓലപ്പുര വലുതാക്കുന്നതിലേക്കായി ൧൧൦൪-ലെ ബഡ്ജറ്റിൽ വല്ല തുകയും കൊള്ളിച്ചിട്ടുണ്ടായിരുന്നോ എന്നും

(ബി) ആദ്യചോദ്യത്തിന്റെ മറുപടി അനുകൂലമായിട്ടാണെങ്കിൽ കൊള്ളിച്ചിട്ടുണ്ടായിരുന്ന സംഖ്യ എത്രയായിരുന്നു എന്നും

(സി) ആ വേല തുടങ്ങി കുറെ കഴിഞ്ഞപ്പോൾ നിറുത്തിവെച്ചിട്ടുണ്ടോ എന്നും

(ഡി) മുൻ ചോദ്യത്തിന്റെ മറുപടി അനുകൂലമാണെങ്കിൽ അതിനെ നിർത്തുന്നതിനുണ്ടായ കാരണമെന്തെന്നും അറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ൫൦൦൦ രൂപ

(സി) ഉണ്ടായി.

(ഡി) വിദ്യാഭ്യാസ ഡയറക്ടരുടെ അനുമതികൂടാതെ ഗൗരവതരമായ തടസ്ഥമുള്ള ഒരു സ്ഥാനത്തു കെട്ടിടം കെട്ടുവാൻ ആരംഭിച്ചിരുന്നതുകൊണ്ടും അല്പ കാലങ്ങൾക്കുമുമ്പു മാത്രം വളരെ പണം ചിലവാക്കി പുത്തനായി കെട്ടിയിട്ടുള്ള കെട്ടിടങ്ങളെ വഴിയെ പൊളിച്ചു മാററിക്കൊള്ളാമെന്നുള്ള ഉദ്ദേശത്തെ അടിസ്ഥാനപ്പെടുത്തിയാണു ഈ സ്ഥാനത്തെ സ്വീകരിച്ചതു എന്നു തോന്നുവാൻ ഇടയായതുകൊണ്ടും ആ പണി നിർത്തുവാൻ ഇടയായതു.

മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ആദ്യം എസ്റ്റിമേററും പ്ലാനും തയ്യാറാക്കിയ സമയത്തു അതിലേക്കു നിശ്ചയിച്ചിരുന്ന സ്ഥലം ഏതാണ്? അതിനു വിപരീതമായിട്ടു ഈ കെട്ടിടം കെട്ടുന്നതിനു അനുമതി നൽകിയതു ആരാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി) അവിടത്തെ ലോക്കൽ ഇൻസ്പെക്ടരാണു ആദ്യം സ്ഥലം നിശ്ചയിച്ചതു്. അവിടെ കുറെ ജോലികൾ നടത്തുകയും ചെയ്തു.

മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ആദ്യം അംഗീകരിച്ചപ്ലാനിനു വിപരീതമായിട്ടു പ്രവർത്തിക്കാനുണ്ടായ കാരണം എന്താണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതു ഡയറക്ടർ ഗവണ്മെന്റിലേക്കെഴുതിയതിനുശേഷമാണു മനസ്സിലായതു.

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ഇപ്പോൾ അതിലേക്കു എത്രരൂപാ ചിലവുവന്നിട്ടുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ശരിയായിട്ടു പറയാൻ ഇപ്പോൾ സാധിക്കയില്ല.

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ആകെട്ടിടം രണ്ടാമതും പൊളിച്ചു കെട്ടേണ്ടതാവശ്യമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അവിടെ ചെയ്തുകൊണ്ടിരുന്ന വേലകൾ ഇപ്പോൾ നിർത്തിവച്ചിരിക്കയാണ്.

മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അതിനുള്ള കാരണമെന്തു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): കാരണം മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ആദ്യം നിശ്ചയിച്ചിരുന്ന സ്ഥലത്തുതന്നെ കെട്ടിടംകെട്ടുന്നതെന്നു തീർച്ചയാക്കിയാൽ കെട്ടിടം പൊളിച്ചുപണിയുന്നതിനുള്ള നഷ്ടത്തിനു ആരാണു ഉത്തരവാദി?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റുസെക്രട്ടറി): ഇപ്പോൾ ഇങ്ങനെ ഒരു തക്കം വന്നിരിക്കുന്നതുകൊണ്ടു ആ കെട്ടിടംപണി മുഴുവനും തീർക്കാമോ പാടില്ലയോ എന്നസംഗതി ആലോചനയിൽ ഇരിക്കുന്നു.

കന്യാകുമാരിയിലെ പഴത്തോട്ടം.

൨൨൦. മി. പി. ജെ. ഉമ്മൻ (വാണിജ്യവ്യവസായ സംഘങ്ങൾ വക വടക്കൻ മെമ്പർ):

(എ) കന്യാകുമാരിയിലെ പഴത്തോട്ടം എന്നാണു ആരംഭിച്ചതു എന്നും.

(ബി) ൧൧൦൪ ഇടവം ൧൫-നു-വരെ ആ തോട്ടത്തിലേക്കായി എത്രരൂപ ചിലവായിട്ടുണ്ടു എന്നും

(സി) പഴങ്ങൾവിററും മറുപ്രകാരത്തിലും അതിൽനിന്നും എത്രരൂപ കിട്ടിയിട്ടുണ്ടു എന്നും ഉള്ള സംഗതികൾ അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

(എ) ൧൦൯൮ മകരം ൨൦-നു.

(ബി) രൂപ ൩൪൩൪൨-ചക്രം ൨൦-കാശ ൧൦.

(സി) രൂപ ൩൨൨-ചക്രം ൨൭-കാശ ൨.

കന്നുകാലിത്തോട്ടം, തിരുവനന്തപുരം.

൨൨൧. മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായസംഘങ്ങൾ വക വടക്കൻ മെമ്പർ):

(എ) തിരുവനന്തപുരത്തെ കന്നുകാലിതോട്ടം എന്നാണ് തുടങ്ങിയതു എന്നും,

(ബി) ൧൧൦൪ ഇടവം ൧൫-നു-വരെ അതിലേക്ക എത്രരൂപാ ചിലവായിട്ടുണ്ടു എന്നും,

(സി) ൧൧൦൪ ഇടവം ൧൫-നു-വരെ അതിൽനിന്നും കിട്ടിയിട്ടുള്ള ആദായം എന്തെന്നും അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവമ്മെന്റ ചീഫ്സെക്രട്ടറി):

(എ) ൧൦൨൫ ധനു.

(ബി) ൨,൧൪,൩൩൩ രൂപ ൧൫ ചക്രം ൧൫ കാശ.

(സി) ൩൩,൬൫൭ രൂപ ൨ ചക്രം ൧൪ കാശ.

ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

൨൨൨. മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായസംഘങ്ങൾവക വടക്കൻമെമ്പർ): ഇപ്പോഴത്തെ ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ ആ ജോലിയിൽ പ്രവേശിച്ചതിൽപിന്നീട ഇതേവരെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ച ഒരു പട്ടിക സഭമുമ്പാകെ ഹാജരാക്കുന്നതിനു ഗവമ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവമ്മെന്റ ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട പട്ടിക ഇതാ സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്നു.

(൩൩-ാം അനുബന്ധം നോക്കുക)

൧൯൨൯ ഏപ്രിൽമാസത്തിൽ നടന്ന ബി. എൽ. പരീക്ഷയിൽ ചേന്നും ജയിച്ചും ആയ ആളുകളുടെ ജാതിതിരിച്ച പട്ടിക.

൨൨൩. മി. ആർ. രാമൻപിള്ള (കോട്ടയം):

(എ) ൧൯൨൯ ഏപ്രിൽ മദ്രാസ് സർവകലാശാലയിൽനിന്നും നടത്തിയ ബി. എൽ. പരീക്ഷയിൽ ചേന്നിരുന്നവരിൽ എത്ര നായന്മാർ, ക്രിസ്ത്യാനികൾ, തിരുവിതാംകൂർ തമിഴ്ബ്രാഹ്മണർ, ഈഴവർ, മററുജാതിക്കാർ, മദ്രാസ്ബ്രാഹ്മണരും മററു തിരുവിതാംകൂർ കാരല്ലാത്തവരും ഉണ്ടായിരുന്നു എന്നും,

(ബി) മേൽപറഞ്ഞ ഓരോജാതികളിലും എത്ര എത്ര ആളുകൾവീതം ഈ പരീക്ഷയിൽ ജയിച്ചിട്ടുണ്ടെന്നും ഉള്ള സംഗതി അറിഞ്ഞാൽകൊള്ളാം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവമ്മെന്റസെക്രട്ടറി):

ജാതി	ചേന്നവരുടെ എണ്ണം	ജയിച്ചവരുടെ എണ്ണം.
(എ)യും ബി(യും) നായന്മാർ	൩൧	൩
ക്രിസ്ത്യാനികൾ	൨൨	൫
തിരുവിതാംകൂർ തമിഴബ്രാഹ്മണർ	൨	൪
ഈഴവർ	൫	൨
മററുജാതിക്കാർ	൩	൦
മദ്രാസ് ബ്രാഹ്മണർ	൭൫	൨൦
തിരുവിതാംകൂർ കാരല്ലാത്ത മററാളുകൾ	൩൧	൧൦

മലയാളം കയ്യെഴുത്തു ഗ്രന്ഥങ്ങൾ പ്രസിദ്ധംചെയ്യുന്നതിനുള്ള ക്യൂറേറർ.

൨൨൪. മി. എ. സി. കുര്യാക്കോസ (മീനച്ചിൽ—ദേവികുളം): നാട്ടുഭാഷാകയ്യെഴുത്തുഗ്രന്ഥങ്ങൾ പ്രസിദ്ധംചെയ്യുന്നതിലേക്കുള്ള ക്യൂറേറർ ഉദ്യോഗത്തിൽ മി. പരമേശ്വരയ്യരുടെ പിൻഗാമിയായിവന്നതു ഡാക്ടർ ശങ്കരമേനോൻ അല്ലയോ എന്നു ഗവമ്മെന്റിൽനിന്നും ദയവായി പറഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവമ്മെന്റ ചീഫ്സെക്രട്ടറി):

അതെ.

മി. എ. സി. കുര്യാക്കോസ് (മീനച്ചിൽ—ദേവികുളം): ഇപ്പോൾ ആ ജോലി നിർവഹിക്കുന്നതു ആരാണെന്നു പറയാമോ?

മി. കെ. ജാർജ്ജ് (ഗവമ്മെന്റ ചീഫ്സെക്രട്ടറി): സംസ്കൃത ക്യൂറേറർ.

മി. എ. സി. കുര്യാക്കോസ് (മീനച്ചിൽ-ദേവികുളം): അദ്ദേഹത്തിനു മലയാളഭാഷയിൽ വൈദഗ്ധ്യം ഉണ്ടെന്നാണോ ഗവമ്മെന്റിന്റെ അഭിപ്രായം.

മി. കെ. ജാർജ് (ഗവമ്മെന്റ ചീഫ്സെക്രട്ടറി): വൈദഗ്ധ്യം ഉണ്ട്.

അനുബന്ധം ൩൧.

൧൯൩-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൩-൧൧൦൪ ഈ കൊല്ലങ്ങളിൽ കൊട്ടാരക്കര താലൂക്കിലെ ഓരോപകുതിയിലും പിറവക സംബന്ധമായി നടന്നിട്ടുള്ള കുററങ്ങൾ.

പകുതി	൧൧൦൩-ൽ ചെയ്ത കുററങ്ങൾ: ന്യായരഹിതമായി കള്ളചെത്തിയതു്	ന്യായരഹിതമായി കള്ളകടത്തിക്കൊണ്ടുപോയതു്	കരുപ്പു ഇറക്കുമതിചെയ്തതു്	ന്യായരഹിതമായി ചാരായംവാററിയതു്	ചാരായംവാററുന്നതിനുള്ള സാമഗ്രികൾ കൈവശം വച്ചുകൊണ്ടിരുന്നതു്	പൊകയില കയററുമതിചെയ്തതു്	അബ്കാരി ലൈസൻസിലെ വ്യവസ്ഥകൾക്കു വിപരീതമായി പ്രവർത്തിച്ചതു്	൧൧൦൪-ൽ ചെയ്ത കുററങ്ങൾ: ന്യായരഹിതമായി തെങ്ങുചെത്തിയതു്	ന്യായരഹിതമായി കള്ള കൈവശം വച്ചുകൊണ്ടിരുന്നതു്	ന്യായരഹിതമായി ചാരായം കൈവശം വച്ചുകൊണ്ടിരുന്നതു്	ന്യായരഹിതമായി കഞ്ചാവു് കൈവശം വച്ചുകൊണ്ടിരുന്നതു്	ന്യായരഹിതമായി കള്ള കടത്തിക്കൊണ്ടുപോയതു്	ന്യായരഹിതമായി ചാരായംവാററിയതു്	വാററുസാമഗ്രികൾ കൈവശം വച്ചുകൊണ്ടിരുന്നതു്	ന്യായരഹിതമായ കഞ്ചാവില്ലന
കൊട്ടാരക്കര	൧	...	൨	...	...	൧	...	൨	...	൧	൧	൧	...	...	...
വെട്ടിക്കവല	...	...	...	...	...	...	...	൧	...	...	൧	...	൧	...	...
മേലില	...	...	...	...	...	...	...	...	...	...	...	...	...	൧	...
കുളക്കട	൨	...	...	൧	...	...	...	൧	൧	൧	...	...	...	...	...
എഴുകോൺ	൭	...	...	...	൧	...	...	൯	...	...	൧	...	...	൨	...
വെളിയം	൪	൨	...	...	...	...	...	൨	...	൧	൧	൧	...	...	൧
വെളിനല്ലൂർ	...	...	...	൨	...	...	൧	൪	...	...	...	...	...	...	...
കുമ്മിൾ	...	...	...	...	...	...	...	൧	...	...	൧	൧	...	...	...
ഉമ്മന്നൂർ	...	...		...	൧	...	...	...	...	...	...	...	...	...	...
ചടയമംഗലം	...	...	...	...	...	...	...	...	...	...	...	...	൧	...	...
ആകെ	൧൪	൨	൨	൩	൨	൧	൧	൨൦	൧	൩	൫	൩	൨	൩	൧

൩൨-ാം അനുബന്ധം.

൧൯൮-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ചില ആസ്പത്രികളിൽ ആഹാരത്തിനു ചിലവാകുന്നതുക മുതലായവയെ കുറിക്കുന്ന പട്ടിക.

ഇനം	ജനറൽ ആസ്പത്രി ൧൧൦൩	ജനറൽ ആസ്പത്രി ൧൧൦൪	സ്ത്രീകളുടെയും കുട്ടികളുടെയും ആസ്പത്രി ൧൧൦൩	സ്ത്രീകളുടെയും കുട്ടികളുടെയും ആസ്പത്രി ൧൧൦൪	കൊല്ലം ഡിസ്ട്രിക്ട് ആസ്പത്രി ൧൧൦൩	കൊല്ലം ഡിസ്ട്രിക്ട് ആസ്പത്രി ൧൧൦൪	ആലപ്പുഴ ഡിസ്ട്രിക്ട് ആസ്പത്രി ൧൧൦൩	ആലപ്പുഴ ഡിസ്ട്രിക്ട് ആസ്പത്രി ൧൧൦൪
ഒരാളിനു ശരാശരി ചിലവായിട്ടുള്ളതു	ച. ൪ കാ. ൧	ച. ൪ കാ. ൩	ച. ൩ കാ. ൧൩	ച. ൪ കാ. ൦	ച. ൩ കാ. ൧൫	ച. ൩ കാ. ൪	ച. ൪ കാ. ൧൫	ച. ൫ കാ. ൧൪
കിടന്നുചികിത്സ നടത്തിയ രോഗികളുടെ ശരാശരിഎണ്ണം	൧൩൬·൩	൧൪൩·൪൪	൧൧൭·൨	൧൨·൦൫	൫൮·൪൨	൫൨·൦൯	൬൫·൭	൭൩·൦൨
ആഹാരംവകക്കു ആകെ അനുവദിച്ചിട്ടുള്ള സംഖ്യ	രൂ. ൭൧൦൦	രൂ. ൮൮൦൦	രൂ. ൫൮൦൦	രൂ. ൬൦൦൦	രൂ. ൩൦൦൬	രൂ. ൩൧൦൦	രൂ. ൩൦൬൪	രൂ. ൩൪൮൬

അനുബന്ധം ൩൩.

൮൮൮-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൨-൭-൧൧൦൧ മുതൽ ൧൦-൧൮-൧൧൦൪ വരെ ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതി തിരിച്ച പട്ടിക.

ജാതി.	എത്രപേരെ നിയമിച്ചു എന്ന്
ബ്രാഹ്മണർ (മറവുള്ളവർ)	൯
കമ്മാളർ	൧
നായന്മാർ	൧൨
വെള്ളാളർ	൪
മററു താണജാതിക്കാർ	൧
മററുഹിന്ദുക്കൾ	൩
ജാക്കോബയിററു സിറിയൻ ക്രിസ്ത്യൻ	൧
ആകെ	൩൧

ഗ്രാൻറുകൾക്കുള്ള ഡിമാൻറുകൾ (തുടർച്ച)

പ്രസിഡണ്ട്. മിസ്റ്റർ ദാമോദരൻ ആശാൻ അവതരിപ്പിച്ചിട്ടുള്ള ൩൪ ൧-ാം നമ്പർ ഉപക്ഷേപത്തെസംബന്ധിച്ചുള്ള വാദപ്രതിവാദം തുടരുകയാണു ഇനി സഭയുടെ കൃത്യം.

ഉപക്ഷേപം നം ൪൧ (തുടർച്ച)

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): സർ, മോട്ടോർ ഉപയോഗം പ്രാധാന്യത്തിലും വലിപ്പത്തിലും വളരെ വർദ്ധിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങളുടെ രക്ഷക്ക അതിനെ കാര്യക്ഷമമായ രീതിയിൽ നിയന്ത്രിച്ചുകൊണ്ടു പോരേണ്ടതു ഏററവും അത്യന്താപേക്ഷിതമായിരിക്കുന്നു എന്നാണല്ലോ ഞാൻ ഇന്നലെ പറഞ്ഞുകൊണ്ടിരുന്നതു്. ഇപ്പോൾ നടപ്പിലിരിക്കുന്ന സമ്പ്രദായത്തിന്റെ ഒന്നാമത്തെ ദോഷം മോട്ടോർഡ്രൈവറന്മാരായിരിക്കുന്നതിനു തീരെ മനസ്സിന് യോഗ്യതയില്ലാത്ത ആളുകൾക്ക മോട്ടോർവാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസ് നൽകിവരുന്നു എന്നുള്ളതാകുന്നു. രണ്ടാമതായി നല്ലനിലയിൽ ഇരിക്കുന്നവയല്ലാത്ത അതായതു നല്ല ബ്രേക്കുകളോ വിളക്കുകളോ ഇല്ലാത്തതായ മോട്ടോർവാഹനങ്ങളെ റോഡുകളിൽക്കൂടി ഓട്ടിച്ചുകൊണ്ടുപോകുവാൻ അനുവദിക്കുന്നു എന്നുള്ളതാകുന്നു. മൂന്നാമതായി പോലീസ്ഡിപ്പാർട്ടുമെൻറിൽനിന്നും മോട്ടോർ സവാരിയെ ഇപ്പോൾ പരിശോധിച്ചു നിയന്ത്രിച്ചുവരുന്നതു ഒട്ടും തൃപ്തികരമായിരിക്കുന്നില്ല എന്നുള്ളതാകുന്നു.

മോട്ടോർഡ്രൈവറന്മാരെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഡ്രൈവറന്മാരെ പരിശോധിച്ചു അവർക്ക ലൈസൻസു കൊടുക്കുന്നതിനു ശുപാർശചെയ്യുന്നതിനു ഇപ്പോൾ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ ഏ. എസ്. പി. യോ ഡി. എസ്. പി. യോ ആകുന്നു. മോട്ടോർ ഓടിക്കുന്നതിനെ സംബന്ധിച്ചോ മോട്ടോറിന്റെ യന്ത്രങ്ങളെ സംബന്ധിച്ചോ എ. എസ്. പിക്കോ ഡി. എസ്. പിക്കോ വിദഗ്ദ്ധമായ അറിവുണ്ടായിരിക്കാൻ ഇടയില്ല എന്നുള്ളതാണ് ഞാൻ ഇവിടെ പ്രത്യേകം എടുത്തുപറയണമെന്നു വിചാരിക്കുന്നതു. ലൈസൻസിനായി അപേക്ഷിക്കുന്ന ഒരുവനു ലൈസൻസ് നൽകുന്നതിനു മുമ്പായി അവന് മോട്ടോറിനെ ഓടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ട പരിജ്ഞാനം സിദ്ധിച്ചിട്ടുണ്ടോ എന്ന് തീർച്ചപ്പെടുത്തേണ്ടതു ഏററവും അത്യന്താപേക്ഷിതമായിട്ടുള്ളതാകുന്നു. അതിനു ഡ്രൈവറന്മാരെ പരിശോധിച്ചു അവർക്ക ലൈസൻസ് കൊടുക്കുന്നതിനു ശുപാർശചെയ്യുന്ന ഉദ്യോഗസ്ഥന്മാർ മോട്ടോർ ഓടിക്കുന്ന വിഷയത്തിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവർ ആയിരിക്കേണ്ടതാകുന്നു.

മി. എസ്. പിറവിപ്പെരുമാൾ പിള്ള (വാണിജ്യ വ്യവസായസംഘങ്ങൾവക തെക്കൻമെമ്പർ): ഇപ്പോൾ ലൈസൻസ് നൽകിവരുന്നതു് ലൈസൻസിനു അപേക്ഷിച്ചിട്ടുള്ള ഡ്രൈവർക്കുള്ള ശേഷിയെ സംബന്ധിച്ചു പരിശോധിക്കുന്ന ഉദ്യോഗസ്ഥനു പൂർണ്ണബോദ്ധ്യം വന്നതിനു ശേഷംമാത്രമല്ലേ എന്നു മെമ്പറിനു അറിയാമോ?

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അറിയാം. എന്നാൽ ഡ്രൈവർക്ക വേണ്ടത്ര ശേഷിയുണ്ടോ ഇല്ലയോ എന്നു തീർച്ചപ്പെടുത്തുന്നതിനു വേണ്ടത്ര അറിവു ഈ വിഷയത്തിൽ ഡ്രൈവറന്മാരെ പരിശോധിക്കുന്ന ഉദ്യോഗസ്ഥനു് ഇല്ല എന്നാണ് ഞാൻ പറയുന്നതു.

മി. എസ്. പിറവിപ്പെരുമാൾ പിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക തെക്കൻമെമ്പർ): ഒരു ഡ്രൈവർക്ക ശരിയായി മോട്ടോർ ഓട്ടിക്കാൻ അറിയാമോ പാടില്ലയോ എന്നു കണ്ടുപിടിക്കുന്നതിനു ആ വിഷയത്തിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചു എങ്കിൽമാത്രമേ സാധിക്കുകയുള്ളു എന്നാണോ മെമ്പറുടെ അഭിപ്രായം എന്നു അറിഞ്ഞാൽകൊള്ളാം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): പരിശോധിക്കുന്ന ഉദ്യോഗസ്ഥനു് പരിശോധിക്കുന്നതിനുള്ള ത്രാണി ഉണ്ടായിരിക്കണമെന്നാണ് ഞാൻ പറയുന്നതു്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ ശരിയായി പരിശോധനനടത്തണമെന്നുണ്ടെങ്കിൽ ആ ഉദ്യോഗസ്ഥനു ആ വിഷയത്തിൽ വിദഗ്ദ്ധമായ അറിവു ഉണ്ടായിരിക്കണമെന്നു മിസ്റ്റർ ആശാൻ പറയുന്നതിനെ ഒരു പ്രത്യേകം ഉദാഹരണംമൂലം തെളിയിക്കുന്നതിനു ആശാനു ദയവുണ്ടാകുമോ?

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): എന്തുദാഹരണം ആണ്, ചോദ്യം എനിക്കു മനസ്സിലാകുന്നില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഉദാഹരണം ഞാൻ പറയാം. ഡ്രൈവർക്ക ശരിയായി ചക്രം പിടിക്കാൻ അറിയാമോ പാടില്ലയോ എന്നു പരിശോധകനു അറിയണമെന്നിരിക്കട്ടെ. ഡ്രൈവർ വണ്ടി ഓടിക്കുന്നതിനെ നോക്കിക്കൊണ്ടിരിക്കമാത്രം ചെയ്യുന്ന ഏവനും ഇതു മനസ്സിലാക്കാൻ

കഴിയുമെന്നുള്ളതാകുന്നു. അയാൾ റോഡിന്റെ ശരിയായ ഭാഗത്തുകൂടിയാണോ വണ്ടി കൊണ്ടുപോകുന്നതു എന്നും വണ്ടിയെ വേണ്ടുംവണ്ണം നിയന്ത്രിക്കുന്നുണ്ടോ എന്നും നമുക്കെല്ലാംപേക്കാംകണ്ടു മനസ്സിലാക്കാൻ കഴിയുമെന്നുള്ളതാകുന്നു. ഇതിനു പരിശോധകനു വല്ല വിദഗ്ദ്ധമായ അറിവും ഉണ്ടായിരിക്കേണ്ട ആവശ്യം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): സർ, ഇതിൽ ശ്രദ്ധിക്കേണ്ടതായി പലഭാഗങ്ങളുമുണ്ട്. പെട്ടെന്നു ബ്രേക്കു ഇടുന്നവിഷയത്തിൽ ഡ്രൈവർ പൂർണ്ണ സാമർത്ഥ്യവും ഉള്ളവൻ ആയിരിക്കണം. കൂർത്തകോണായിട്ടുള്ള തിരിവുകളിൽ വണ്ടി തിരിക്കുന്നതു എങ്ങിനെയെന്നു അയാൾക്കു അറിയാമായിരിക്കണം. മറ്റൊരു കാറോ മറ്റൊരുവാഹനമോ അയാളുടെ കാറിനു എതിരായി വരുമ്പോഴും റോഡിൽകൂടി നടന്നുപോകുന്ന വല്ലവരും കാറിന്റെ മുമ്പിൽകൂടി റോഡിനെ കുറുകെ കടക്കുമ്പോഴും മററും യാതൊരുവിധമായ അപകടവും ഉണ്ടാകാതെ സൂക്ഷിക്കുന്നതിനുള്ള ത്രാണി അയാൾക്കുണ്ടായിരിക്കണം. ഈ സംഗതികളെഎല്ലാം പരിശോധിച്ചു അറിയണമെന്നുണ്ടെങ്കിൽ പരിശോധകനു ഈ വിഷയത്തിൽ വിദഗ്ദ്ധമായ അറിവുണ്ടായിരിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): മിസ്റ്റർ ആശാൻ എന്റെ ചോദ്യം ശരിയായി മനസ്സിലാക്കിയില്ല എന്നാണ് എനിക്കു തോന്നുന്നതു്. മോട്ടോർ ഓടിക്കണമെങ്കിൽ ശരിയായ പരിശീലനം വേണമെന്നു എനിക്കറിയാം. ഒരു ഡ്രൈവർക്കു മോട്ടോർ ഓടിക്കുന്നതിനുള്ള ലൈസൻസ് കൊടുക്കത്തക്കയോഗ്യത ഉണ്ടോ ഇല്ലയോ എന്നു നിർണ്ണയിക്കണമെങ്കിൽ പരിശോധകനുണ്ടായിരിക്കണമെന്നു മിസ്റ്റർ ആശാൻ പറയുന്നതായ വിദഗ്ദ്ധമായ അറിവുകൾ എന്തെല്ലാമാണെന്നാണ് ഞാൻ മിസ്റ്റർ ആശാനോടു ചോദിക്കുന്നതു്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ബഹുമാനപ്പെട്ട ഹാ മെമ്പർ അവർകൾ ചോദിക്കുന്ന ചോദ്യത്തിനു ശരിയായ മറുപടി പറയത്തക്കവണ്ണം മോട്ടോർ ഓടിക്കുന്ന വിഷയത്തിൽ ഞാൻ ഒരു വിദഗ്ദ്ധൻ അല്ല. എന്നാൽ ഇപ്പോൾ ലൈസൻസ് ലഭിച്ചിട്ടുള്ള അനേകം ആളുകളും അതു യാതൊരുപ്രകാരത്തിലും ലഭിക്കാൻ പാടില്ലാത്തവരാണ് എന്നു എനിക്കു എന്റെ അനുഭവംകൊണ്ടു മനസ്സിലായിട്ടുള്ളതിനെ ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇത്രയുംമാത്രമേ എനിക്കു പറവാൻ സാധിക്കയുള്ളൂ. ബഹുമാനപ്പെട്ട ഹാ മെമ്പർ അവർകൾ അദ്ദേഹത്തിന്റെ സമയംവരുമ്പോൾ ഇതിനെപ്പററിയെല്ലാം കൂടുതലായി വിവരിച്ചുകൊള്ളാം.

മി. മാത്യു മുരിക്കൻ (വൈക്കം): ഡ്രൈവർമാരെ ഇപ്പോൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാർ അതിനു പോരുന്നവർ അല്ല എന്നാണോ മിസ്റ്റർ ആശാൻ സൂചിപ്പിക്കുന്നതു്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതെ, അതുതന്നെയാണു ഞാൻ പറയുന്നതു്,

ഇതിനുംപുറമെ ലൈസൻസുവാങ്ങുന്നവൻ നല്ലനടപടിയും, സൽസ്വഭാവഗുണവും, മനോഗുണവും വിദ്യാഭ്യാസവുമുള്ളവനാണോ അല്ലയോ എന്നുകൂടി പരിശോധകന്മാർ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. സർ, ഇപ്പോൾ നാം കാണാറും കേൾക്കാറുമുള്ള അപകടങ്ങളിൽ അധികംഎണ്ണവും ഡ്രൈവറന്മാരുടെ ആത്മനിയന്ത്രണത്തിന്റെ കുറവുകൊണ്ടുണ്ടാകുന്നവയാണെന്നുള്ളതു ഒരു പച്ചപരമാർത്ഥം ആകുന്നു. ഡ്രൈവറന്മാരിൽ അധികംപേരും എന്തും പ്രവർത്തിപ്പാൻ മടിയില്ലാത്ത പ്രകൃതക്കാരും തീരെ സൂക്ഷ്മം ഇല്ലാത്തവരും ആകുന്നു. വണ്ടിയിൽ ആളുകളെയോ സാമാനങ്ങളെയോ കൂടുതൽ കേററുന്നു എന്നുള്ളതിനെക്കാൾ ഡ്രൈവറന്മാരുടെ ലക്കില്ലായ്മയും സൂക്ഷ്മക്കുറവും കൊണ്ടാണ് അപകടങ്ങൾ ഉണ്ടാകുന്നതു്. ഈ സംഗതിയിൽ പോലീസ്ഡിപ്പാർട്ടുമെന്റ വേണ്ടപോലെ ശ്രദ്ധപതിപ്പിച്ചുവരുന്നതായി കാണുന്നില്ല. സർ, കുടിയന്മാരെയോ വേണ്ടിടത്തോളം ബുദ്ധിക്കു വെളിവൊ ഇല്ലാത്തവരെ മോട്ടോർവണ്ടികൾ ഓടിക്കുന്നതിനു അനുവദിച്ചുകൂടാ എന്നു് ഇംഗ്ലണ്ടിലുള്ള ഒരു ജഡ്ജി പറഞ്ഞിട്ടുണ്ട്. പോലീസ്ഡിപ്പാർട്ടുമെന്റിൽനിന്നും മോട്ടോർനിയന്ത്രണം നടത്തണമെന്ന വിചാരിക്കുന്നപക്ഷം ഈ സംഗതികളെസംബന്ധിച്ചു അവർകുറെക്കൂടി ശ്രദ്ധയുള്ളവരായിരിക്കയും കുടിയന്മാരായിട്ടുള്ള ആളുകളെ ഒരിക്കലും മോട്ടോർവാഹനങ്ങളെ ഓടിക്കാൻ അനുവദിക്കാതിരിക്കയും ചെയ്യേണ്ടതാകുന്നു. ഇങ്ങിനെയുള്ള മോട്ടോർ ഡ്രൈവറന്മാർ അവർ ഓടിക്കുന്നവണ്ടികളിൽ ഇരിക്കുന്ന ആളുകൾക്കുമാത്രമല്ല മററുവണ്ടികളിൽഇരിക്കുന്നആളുകൾക്കും ആ സമയത്തു റോഡിൽകൂടി നടക്കുന്നആളുകൾക്കുംകൂടി ദോഷത്തെചെയ്യുന്നു. സർ, റോഡുകളുടെ മൈലേജ് കൂട്ടുന്നതോടുകൂടിതന്നെ സാധാരണജനങ്ങൾക്കു ഉണ്ടാകാവുന്ന അപകടത്തേയും കൂടി വർദ്ധിപ്പിക്കാൻ നാം അനുവദിക്കുന്നതു വളരെ കഷ്ടമല്ലയോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): മോട്ടോർഡ്രൈവറന്മാർക്കു ഒരു പ്രായപരിധി വയ്ക്കുന്നതിനെപ്പററി സൂചിപ്പിക്കാൻ ആശാനു സാധിക്കുമോ?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ അങ്ങിനെ പറഞ്ഞില്ലല്ലോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): മോട്ടോർഡ്രൈവറന്മാർക്കു ഒരു പ്രായപരിധിവയ്ക്കുന്നതിനെസംബന്ധിച്ചു ആശാൻ അനുകൂലാഭിപ്രായക്കാരനാണോ എന്നാണ് ഞാൻ ചോദിക്കുന്നതു്.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക തെക്കൻമെമ്പർ): ഇപ്പോൾതന്നെ ഒരു പ്രായപരിധിയുണ്ടെന്നുള്ളസംഗതി ബഹുമാനപ്പെട്ട ഹാമെമ്പർ അവർകളുടെ ഓർമ്മയിൽ കൊണ്ടുവന്നുകൊള്ളട്ടെ.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): പ്രായപരിധിയുണ്ടെങ്കിൽ അതു നല്ലതുതന്നെ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): മിസ്റ്റർ ആശാന്റെ അഭിപ്രായംഅനുസരിച്ചു പ്രായപരിധി എന്തായിരിക്കണം.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഇതിൽ വൈദഗ്ദ്ധ്യം ഉള്ളവർ പ്രായപരിധി ആവശ്യമാണെന്ന അഭിപ്രായപ്പെടുന്നുഎങ്കിൽ എനിക്ക അതിൽ യാതൊരു അഭിപ്രായവ്യത്യാസവുംഇല്ല. ഈ വിഷയത്തിൽ ഞാൻ വിദഗ്ദ്ധൻഅല്ല. ശരിയായ യോഗ്യതയുള്ള ആളുകൾക്കമാത്രമെ മോട്ടാർ ഓടിക്കുന്നതിനുള്ള ലൈസൻസു കൊടുക്കകയുള്ളഎന്നും ശരിയായവിധത്തിലുള്ള മോട്ടാർകാറുകളെ മാത്രമെ അതായത്തു നല്ല ബ്രേക്കുകൾ, നല്ല വിളക്കുകൾ, മറ്റുനല്ല സാമാനങ്ങൾ ഇവയുള്ള മോട്ടാർകാറുകളെമാത്രമെ റോഡുകളിൽക്കൂടി ഓട്ടവാൻ അനുവദിക്കയുള്ള എന്നും നിർബന്ധിതമാക്കുന്നവിഷയത്തിൽ പരിശോധനനടത്തുന്നതിനു വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള പരിശോധകന്മാർ ഉണ്ടായിരിക്കണംഎന്നു എനിക്ക ആഗ്രഹംഉണ്ട്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): പരിശോധിക്കാൻകൊണ്ടുവരുമ്പോൾ നല്ല ബ്രേക്ക ഇട്ടു കൊണ്ടുവരികയും പരിശോധിച്ചുകഴിഞ്ഞാൽപിന്നീട്ട അതിനെ മാററുകയും ചെയ്യുന്നുണ്ടെന്ന് മെമ്പർക്ക അറിയാമോ?

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഇവർ എന്തെല്ലാം ചെയ്യാറുണ്ടെന്ന എനിക്കറിഞ്ഞുകൂടാ. ശരിയായവിധത്തിൽ കാര്യങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല എന്നു എനിക്കറിയാം. ഓരോമോട്ടാർവാഹനങ്ങളേയും ഒരു ക്ലിപ്തകാലത്തു പരിശോധനനടത്തി അവ ശരിയായിതന്നെഇരിക്കുന്നുഎന്നു ബോദ്ധ്യപ്പെടുത്തുന്നതിലേക്കായി വിദഗ്ദ്ധനായ ഒരു മോട്ടാർഎഞ്ചിനീയരെ നിയമിച്ചാൽകൂടി തരക്കേടില്ലഎന്നുപോലും ഞാൻ ഇവിടെ പ്രസ്താവിക്കാൻ ഒരുക്കമാണ്. ഇപ്പോഴാകട്ടെ ഈ സംഗതികളെല്ലാം, മോട്ടാർകാറിൻെറ യന്ത്രത്തെപോലും പരിശോധിക്കുന്നതിനു അധികാരം നൽകിയിരിക്കുന്നതു, ഈവക സംഗതികൾ ധാരാളമായ അറിവൊന്നും ഇല്ലാത്തവരായ പോലീസ്കാർക്കാണ് മോട്ടറിൻെറ യന്ത്രത്തെസംബന്ധിച്ചു അറിയാവുന്നവരായി ഒന്നോ രണ്ടോ ആളുകൾ അവരുടെ ഇടയിൽഇല്ല എന്നു ഞാൻ വാദിക്കുന്നില്ല. എന്നാൽ സാധാരണയായി പോലീസ്ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്ക ഈ സംഗതികളിൽ വളരെ പരിമിതമായ ജ്ഞാനംമാത്രമെ ഉണ്ടായിരിക്കയുള്ള എന്നു നാം വിചാരിക്കുന്നു എങ്കിൽ ആയതു വലിയ പിശകായിവരാൻ ഇടയില്ലാത്തതാണല്ലോ.

ഈ മോട്ടാർകാറുകളുടെ നിയന്ത്രണത്തെപററി പറകയാണെങ്കിൽ ഇപ്പോൾ ആകൃത്യം നിർവഹിക്കുന്നതു ചില നിശ്ചിതസ്ഥലങ്ങളിൽ നിർത്തിയിട്ടുള്ള പോലീസ്കാൺസ്റ്റബിൾമാരാകുന്നു. കൂടുതൽ ആളുകളെ കയററുന്നുണ്ടോഎന്നും, കൂടുതൽ വേഗത്തിൽ വണ്ടി ഓടിക്കുന്നുണ്ടോഎന്നും, സൂക്ഷ്മംകൂടാതെ വണ്ടിഓടിക്കുന്നുണ്ടോഎന്നും, മററുമുള്ള സംഗതികൾ മേൽപ്രകാരം റോഡിൻെറ നിശ്ചിതസ്ഥാനങ്ങളിൽനിൽക്കുന്ന പോലീസ്കാൺസ്റ്റബിൾമാരാണ് കണ്ടുപിടിച്ചു നിയന്ത്രിക്കേണ്ടതു്. സർ, ഇങ്ങിനെ നിശ്ചിതസ്ഥാനങ്ങളിൽ നില്ക്കുന്ന കാൺസ്റ്റബിൾമാർ എങ്ങിനെയാണ് കൂടുതൽ ആളുകളെ വണ്ടികളിൽ കയററിയിട്ടുണ്ടോ എന്നോ കൂടുതൽവേഗത്തിൽ വണ്ടി വിടുന്നുണ്ടോ എന്നോ സൂക്ഷ്മംകൂടാതെ വണ്ടി ഓടിക്കുന്നുണ്ടോഎന്നും മററും കണ്ടുപിടിക്കുന്നതുഎങ്ങിനെഎന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരു മോട്ടാർലോറിക്ക വണ്ടിയിൽ കൂടുതലായി ആൾ കയററിയിട്ടുള്ളതിനെ പോലീസ്കാരൻ കാണാതെ കഴിച്ചുകൂട്ടണമെന്നു താല്പര്യമുള്ളപക്ഷം പോലീസ്കാൺസ്റ്റബിൾമാർ നിൽക്കുന്നസ്ഥലത്തിനു ഏതാനും വാരഅകലെവച്ചു കൂടുതലുള്ള ആളുകളോടു ഇറങ്ങിനടക്കാൻ പറഞ്ഞിട്ടു പോലീസ്കാരൻ നിൽക്കുന്നസ്ഥലം കടന്നു അല്പദൂരം വണ്ടിപോയതിനുശേഷം അവരെ വീണ്ടും വണ്ടിയിൽകയററിയാൽമാത്രം മതിയാകുന്നതാണല്ലോ. ഇതിൽനിന്നും മോട്ടാർവാഹനനിയന്ത്രണത്തിനു കുറെക്കൂടി കാര്യക്ഷമമായ ഏതെങ്കിലും ഒരു മാറ്റം കണ്ടുപിടിക്കേണ്ടആവശ്യമുണ്ടെന്നു വെളിവാകുന്നുണ്ടല്ലോ. അങ്ങനെ ചെയ്യാത്തപക്ഷം ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ ഈ ബസ്സുകളിൽ സവാരിചെയ്യുന്ന ആളുകൾക്ക മാത്രമല്ല ആ റോഡുകളിൽകൂടി കടന്നുപോകുവാൻ ഇടയാകുന്ന മററു ആളുകൾക്കും റോഡിൽ അപ്പോൾ ഉണ്ടായിരിക്കാൻ ഇടയുള്ള മൃഗങ്ങൾക്കുകൂടിയും അപകടത്തിനു ഇടയാകുമെന്നുള്ളതാകുന്നു. സർ, ഇതു വളരെ പ്രധാനമായ ഒരു സംഗതിയാകുന്നു. കഴിഞ്ഞ മൂന്നുനാലു വർഷങ്ങളായി ഈ ഇനത്തിൽ ഗവൺമെൻറിലെക്കുള്ള വരവു നാലിരട്ടി ആയിട്ടുണ്ടെന്നുള്ളതിൽനിന്നുതന്നെ ഈ രാജ്യത്തെ മോട്ടാർസഞ്ചാരം സീമാതീതമായി വർദ്ധിച്ചുവരികയാണെന്നുള്ള വസ്തുത ഗവൺമെൻറിനു ബോദ്ധ്യമാകേണ്ടതാണ്. അതിനാൽ ഗവൺമെൻറിൻെറ ശ്രദ്ധ ഗാഢമായി പതിക്കേണ്ടതാണെന്നു ഞാൻ ആഗ്രഹിക്കുന്ന ഏററവും പ്രധാനപ്പെട്ട ഒരു സംഗതിയാണു ഇതു്. ഈ ഉപക്ഷേപത്തെ ഈ സഭ അംഗീകരിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കയുംചെയ്യുന്നു.

മി. മുട്ടപ്പള്ളിട്ടീച്ചൻ (കുന്നത്തുനാട്ടു): മിസ്റ്റർ ആശാൻെറ ഉപക്ഷേപത്തെ ഞാൻ ഏറെപൂർവം അനുകൂലിച്ചുകൊള്ളുന്നു. ഇന്നു തിരുവിതാംകൂറിൽ ഓടിവരുന്ന കാറുകളുടേയും ബസ്സുകളുടേയും കണക്ക നോക്കിയാൽ ൩,൫൦൦-ൽ കൂടുതൽ എണ്ണം ഈ രാജ്യത്തുണ്ടെന്നു ടി. വി. ആർ. നമ്പരുകളെകൊണ്ടു ഏകദേശം അറിയാവുന്നതാണ്. പരിശോധിക്കുന്നതിനു നിയമത്താൽ ആവശ്യമില്ലാത്തതായ കാറുകളേയും ലറികളേയും മോട്ടാർ സൈക്കിളുകളേയും നീക്കി കണക്കുനോക്കിയാൽ ഏകദേശം രണ്ടായിരത്തോളം ബസ്സുകൾ ഉണ്ടെന്നു കാണാം. ഇവയെ ആണ്ടിൽ രണ്ടു തവണ പരിശോധിക്കണമെന്നുവച്ചിട്ടുണ്ട്. പരിശോധിക്കുന്നതിനു ബസ്സുകൾക്കു ൨൦ രൂപായും എയിററ്സീററർകൾക്ക ൧൫ രൂപയും ആണു ഫീസ്. ഈ പരിശോധിക്കുന്നതിനു നിന്നു ലഭിക്കുന്നതായ പണത്തിൻെറ കണക്ക നോക്കിയാൽ ആണ്ടുതോറും ൭൫,൦൦൦ രൂപായോളം തിരുവിതാംകൂർ ഗവൺമെണ്ടിലേക്ക മുതൽവരേണ്ടതാണെന്നു കാണാം. ഈ ബസ്സുകൾ പരിശോധിക്കുന്നതു ഗവൺമെണ്ടിനാൽ നിയുക്തരായ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരൊ അല്ലെങ്കിൽ റിട്ടയാർഡ് ഉദ്യോഗസ്ഥന്മാരോ ആണ്. പരിശോധിച്ചുകിട്ടുന്നതിൽ പകുതി ഈ ഉദ്യോഗസ്ഥന്മാർക്ക കൊടുക്കണം. പകുതിമാത്രമെ ഗവൺമെൻറിനു കിട്ടുന്നുള്ളു. എന്നാൽ റിട്ടയാർഡ ഉദ്യോഗസ്ഥന്മാരിൽനിന്നും പകുതിസംഖ്യ കിട്ടുന്നുണ്ടോ എന്നു എനിക്കു സംശയമാണ്. അതിനാൽ മോട്ടാർ സംബന്ധിച്ചുള്ള മെക്കാനിസം പരിചയമുള്ള രണ്ടോ മൂന്നോ ഉദ്യോഗസ്ഥന്മാരെ ഇതിലേക്ക നിയമിക്കുന്നതായിരുന്നാൽ ഗവൺമെണ്ടിനു ഒരു വലിയസംഖ്യ ഇതുനിമിത്തം കൂടുതൽ കിട്ടുന്നതാണ്. എന്നാൽ ഈ ഇനത്തിൽ കിട്ടണമെന്നു പ്രതീക്ഷിച്ചു ബഡ്ജററിൽ കാണിച്ചിരിക്കുന്നതു ൫൦,൦൦൦ രൂപയാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഇതിൽകൂടുതൽ കിട്ടണമെന്നാണോ മെമ്പറുടെ അഭിപ്രായം,

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): എന്റെ കണക്കുകൊണ്ടു കൂടുതൽ വരുമെന്നാണ് ഞാൻ വിചാരിക്കുന്നതു.

ഇപ്പോൾ പരിശോധിച്ചുവരുന്നതു തൃപ്തികരമായിട്ടുള്ള ഒരു നിലയിലല്ല. എന്നാൽ മോട്ടാർ വാഹനനിയന്ത്രണത്തിൽ നിയുക്തരായിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ സ്ഥിതി ആലോചിച്ചാൽ അവരും അതിലേക്കു പ്രാപ്തന്മാരല്ലെന്നു കാണാം. ട്രാഫിക്ക് ഇൻസ്പെക്ടർമാരിൽ പലർക്കും മോട്ടാർ സംബന്ധിച്ചുള്ള യാതൊരറിവും ഇല്ല. ടൈംഷീററ് എല്ലാ ഡിസ്ട്രിക്ട് സൂപ്രണ്ടാഫീസിലും കൊടുക്കുന്നുണ്ടെങ്കിലും അതു ജനങ്ങൾക്കു തീരെ സൗകര്യപ്രദമല്ല എന്നു പല ബസ്സുടമസ്ഥന്മാരിൽനിന്നും എനിക്കറിയാൻ ഇടയായിട്ടുണ്ട്. അതുകൂടാതെ ഒരു ഡിസ്ട്രിക്ട് സൂപ്രണ്ടിനു ടൈംഷീററ് കൊടുക്കാൻ അധികാരംതന്നെയില്ലെന്നാണ് എന്റെ അറിവിൽപെട്ടിടത്തോളം സംഗതികളിൽ നിന്നു ഞാൻ മനസ്സിലാക്കുന്നതു. എന്നാൽ അവർ കൊടുത്തുവരുന്നുണ്ട്. ആ പതിവിനുമാററി കമ്മീഷണരാഫീസിൽവച്ചുതന്നെ ടൈംഷീററ് കൊടുക്കുന്നതായാൽ ബസ്സുടമസ്ഥന്മാർക്കു സൗകര്യപ്രദമായിരിക്കും.

ഇപ്പോൾ മോട്ടാർ വാഹനങ്ങൾ ഓടിക്കുന്ന വഴികളിൽ പലസ്ഥലത്തും ചെക്കിംഗ് സ്റ്റേഷൻ ഉണ്ട്. ഓരോ ചെക്കിംഗ് സ്റ്റേഷനിലും വച്ചിരിക്കുന്ന ടൈംപീസ് ഒന്നിനൊന്നു വിപരീതമായിട്ടാണ് സമയം കാണിക്കുന്നതു എന്നു എനിക്കുതന്നെ അനുഭവമുണ്ട്. ഞാൻ ഒരിക്കൽ കോട്ടയത്തുനിന്നും മൂന്നുമണിക്കു ബസ്സിൽകയറി ചങ്ങനാശ്ശേരിയിൽ വന്നപ്പോൾ രണ്ടേമുക്കാൽ മണിയായി. (ചിരി) ഈ സ്ഥിതിക്കു ടൈംലിമിററനുസരിച്ചു ഒരു ഡ്രൈവർക്കു എങ്ങിനെയാണ് മോട്ടാർ ഓടിക്കാൻ സാധിക്കുന്നതു? ഇതിനെസംബന്ധിച്ചു പല വാദപ്രതിവാദവും നടന്നു. അരമണിക്കൂറിലധികം ഞങ്ങൾ അവിടെതന്നെ ഇരിക്കേണ്ടതായിവന്നു. പിന്നീടുമാത്രമേ ആ ബസ്സു വിടാൻ സാധിച്ചുള്ളു.

ടൈംലിമിററനുസരിച്ചു വണ്ടിഓടിക്കാൻ സാധിക്കുന്നില്ലെന്നു ഞാൻ പറഞ്ഞല്ലോ. ഹൈറേഞ്ചിൽ ഒരു ബസ്സിനു എന്നു മൈൽ സ്പീഡാണ് വച്ചിട്ടുള്ളതു. ആസ്പീഡനുസരിച്ചു ഓടിച്ചാൽ തന്നെയും ഹൈറേഞ്ചിൽ ഒരു മണിക്കൂറിനു ഏഴും എട്ടും മൈലിൽ കൂടുതൽ പോകാൻ സാധിക്കയില്ല. ഈ ടൈംലിമിററനുസരിച്ചുതന്നേ എത്താൻ അയാൾക്കു സമയം കാണുകയില്ല. ഇതാണു ഇപ്പോഴത്തെ സ്പീഡ്‌ലിമിററിന്റെ അവസ്ഥ.

ഒരു ഡ്രൈവർ മൂന്നുപ്രാവശ്യം കുററംചെയ്താൽ അയാളുടെ ബാഡ്ജും ലൈസൻസും ആറു മാസത്തേക്കു സസ്പെൻസ് ചെയ്യുമെന്നും മൂന്നുപ്രാവശ്യത്തിൽ കൂടുതൽ കുററംചെയ്താൽ ഒരു കൊല്ലത്തേക്കു സസ്പെൻസ് ചെയ്യുമെന്നും കമ്മീഷണരുടെ ഉത്തരവുകളിൽ പറഞ്ഞുകാണുന്നു. ടൈംഷീററിന്റെ രീതിയും പ്രകൃതിയും സ്വഭാവവും അനുസരിച്ചു നോക്കുന്നതായാൽ ഒരു ഡ്രൈവറെ ശിക്ഷയിൽ വരുത്താൻ പോലീസിനു വളരെ എളുപ്പമുണ്ട്.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഡ്രൈവറന്മാരുടെമേൽ കേസെടുക്കേണ്ടതു ആരാണ്?

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഏഴോ എട്ടോ രൂപാ ശമ്പളമുള്ള ഒരു വെറുംപോലീസ്കാരന് എടുക്കാൻ സാധിക്കും. കോഴിക്കോട്, മദ്രാസ് മുതലായ സ്ഥലങ്ങളിൽ ചെക്കിംഗ് സ്റ്റേഷനിലുള്ള ഉദ്യോഗസ്ഥന്മാർക്കു വിസിൽ കൊടുത്തിട്ടുണ്ട്. അവർ വിസിൽ ഊതിയാൽ പോകേണ്ടവണ്ടി ഉടനെ പോകണം എന്നു നിർബന്ധിച്ചിട്ടുണ്ട്.

മി. എച്ച്. ബി. മഹമ്മദുറാവുത്തർ (പത്തനാപുരം-ചെങ്കോട്ട), മെംബർ മദ്രാസിൽപോയിട്ടുണ്ടോ (ചിരി)

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഉണ്ട്. ഇന്നത്തെ മോട്ടാർവാഹന നിയന്ത്രണം തൃപ്തികരമല്ലാ എന്നു പറയാൻ എനിക്കു അശേഷം മടിയില്ല. അതിനെ ശരിപ്പെടുത്തുന്നതിനു ഗവണ്മെണ്ടിൽ നിന്നും ഒരു കമ്മിററി സ്ഥാപിച്ചു വേണ്ട ചട്ടങ്ങളുണ്ടാക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായസംഘങ്ങൾ വക വടക്കൻമെംബർ): ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ൧൧൦൯-ൽ ആലപ്പുഴ കച്ചവടക്കാരുടെ പ്രതിനിധിയായി ഞാൻ പ്രജാസഭയിൽ വന്നിരുന്ന അവസരത്തിൽ എന്റെ നിവേദനവിഷയങ്ങളിൽ ഒന്നു മോട്ടാർവാഹന നിയന്ത്രണത്തെപ്പററി ആയിരുന്നു. ഇതിനെസംബന്ധിച്ചു മെമ്പറന്മാരിൽ പലരും വേണ്ടവിമർശനങ്ങൾ ഇന്നു ഇവിടെ കഴിച്ചിരിക്കുന്നതായ ഈ അവസരത്തിൽ വീണ്ടും അതിനെസംബന്ധിച്ചുതന്നെ വിമർശനം ചെയ്യാതെ അവരിൽ പലരും വിട്ടുപോയ ഒന്നുരണ്ടു സംഗതികളെപ്പററി പറയാമെന്നു ഞാൻ വിചാരിക്കുന്നു. ഒന്നാമതായി ഇപ്പോഴത്തെ കാർ ടെസ്റ്റിംഗ് സമ്പ്രദായത്തെക്കുറിച്ചാണ് എനിക്കു പറയുവാനുള്ളതു. ഇപ്പോൾ ഡിപ്പാർട്ടുമെന്റിൽ നിന്നും ഇതിലേക്കായി എക്സിക്യൂട്ടിവ് എഞ്ചിനീയറന്മാർ, അസിസ്റ്റന്റ് എഞ്ചിനീയറന്മാർ, പെൻഷൻസ് ഉദ്യോഗസ്ഥന്മാർ, ചില പ്രൈവററ് കമ്പനികൾ എന്നിങ്ങനെ പലരെ അധികാരപ്പെടുത്തി നിയമിച്ചിട്ടുണ്ട്. ഓരോ കൊല്ലവും ഓടിക്കൊണ്ടിരിക്കുന്നതായ കാറുകൾ ആറുമാസം കൂടുമ്പോൾ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ടെസ്റ്റ്ചെയ്യിച്ചു സർട്ടിഫിക്കററു വാങ്ങിച്ചുകൊള്ളണമെന്നാണ് ഗവണ്മെണ്ടിൽ നിന്നും ഏർപ്പാടു ചെയ്തിരിക്കുന്നതു. ഇതിലേക്കു ടെസ്റ്റ്ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ ഓരോ പ്രാവശ്യവും ൫ മുതൽ ൧൦ വരെ രൂപാ പ്രീതം പ്രതിഫലം വാങ്ങിക്കൊള്ളുന്നതിനും ഗവണ്മെന്റിൽനിന്നും അനുമതിനൽകിയിട്ടുണ്ട്. ടെസ്റ്റിംഗിനു അധികാരപ്പെടുത്തിയിട്ടുള്ള ആളുകൾക്കു ഇന്നഇന്ന സ്ഥലങ്ങളിൽപെട്ട കാറുകളെ ടെസ്റ്റ്ചെയ്യാവു എന്നു അതൃത്തി ക്ലിപ്തപ്പെടുത്തിക്കൊടുത്തിട്ടില്ല. അതിനാൽ നാമമാത്രമായി ടെസ്റ്റ്ചെയ്യുന്ന എന്നുള്ള പേരുവരുത്തുകയല്ലാതെ സാക്ഷാൽ ഗവണ്മെണ്ടു ഉദ്ദേശിക്കുന്നതുപോലെയുള്ള ഫലം ഇതുകൊണ്ടു സിദ്ധിക്കുന്നില്ല. കുറെക്കാലങ്ങളായിട്ടു പണത്തെമാത്രം മോഹിച്ചിട്ടു ആലുവായിൽ അധികാരപ്പെടുത്തിയിട്ടുള്ള ആൾ നാഗർകോവിലിലും നാഗർകോവിലിൽ അധികാരപ്പെടുത്തിയിട്ടുള്ളയാൾ തിരുവനന്തപുരത്തും തിരുവനന്തപുരത്തു അധികാരപ്പെടുത്തിയിട്ടുള്ള ആൾ കോട്ടയത്തും കോട്ടയത്തു അധികാരപ്പെടുത്തിയിട്ടുള്ള ആൾ ആലപ്പുഴയും വേണ്ടി ഓരോരുത്തർക്കു. തോന്നുന്ന സ്ഥലത്തു വേറൊരുത്തന്റെ അതൃത്തിയിൽകടന്ന് കാറുകൾ ടെസ്റ്റ്ചെയ്യുവെന്നുള്ള നാട്യത്തിൽ സർട്ടിഫിക്കററുകൾ കൊടുത്തുവരുന്നു. കൂടാതെ ഇവക്കു ചില ഏജന്റന്മാരും ഉണ്ട്. ഈ ഏജന്റന്മാർ ടെസ്റ്റ്ചെയ്യേണ്ടകാറുകൾ എല്ലാം ചേർത്തുവച്ചിട്ട് ഒരുകമ്പിയടിച്ചു ടെസ്റ്റ്ചെ

ല്ലാത്ത ആളുകളെ വരുത്തി പണംവാങ്ങി സർട്ടിഫിക്കററു കൊടുത്തു പോകുന്നുണ്ട്. ഈ പ്രകാരമുള്ള അനീതിയെ തടയുന്നതിനു ഗവണ്മെന്റു ഇതേവരെ യാതൊരുവ്യവസ്ഥയും ചെയ്തിട്ടില്ല. ഇപ്രകാരമുള്ള മത്സരംവർദ്ധിച്ചു ഒരുത്തന്റെ അതിർത്തിയിൽ വേറൊരുത്തൻപ്രവേശിച്ചു ടെസ്റ്റിംഗ് നടത്തിവരുന്ന കാരണംകൊണ്ടും ഗവണ്മെന്റിൽനിന്നും പ്രതിഫലമായി നിശ്ചയിച്ചിരിക്കുന്ന 5 ക. ഫീസിൽനിന്നും കുറഞ്ഞു പത്തുരൂപ അഞ്ചുരൂപ ഈ ക്രമത്തിന് വാങ്ങിച്ചുകൊണ്ടു സർട്ടിഫിക്കററുകൾ കൊടുത്തുവരുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): ടെസ്റ്റ്ചെയ്യുന്ന ഇനത്തിൽ നിന്നും കിട്ടുന്ന ആദായത്തിൽ ഏതാനുംസംഖ്യ ഗവണ്മെന്റിനു കൊടുക്കണമെന്ന ഒരു ഏർപ്പാടുണ്ടെന്നറിയാമോ?

മി. പി. ജെ. ഉമ്മൻ (വാണിജ്യവ്യവസായസംഘങ്ങൾവക വടക്കൻമെമ്പർ): ഗവണ്മെന്റുദ്യോഗസ്ഥന്മാർ കൊടുക്കണമെന്നറിയാം.

മി. ആർ. രാമൻപിള്ള (കോട്ടയം): അതിനാൽ നിശ്ചയിച്ചിട്ടുള്ള റേററിൽ കുറഞ്ഞസംഖ്യയ്ക്കു ടെസ്റ്റ്ചെയ്യുമോ?

മി. പി. ജെ. ഉമ്മൻ (വാണിജ്യവ്യവസായസംഘങ്ങൾവക വടക്കൻമെമ്പർ): ഗവണ്മെന്റുദ്യോഗസ്ഥന്മാരല്ല അങ്ങിനെ ചെയ്യുന്നതു്. മററുള്ളവർ ടെസ്റ്റ്ചെയ്യുന്നതിനു ഗവണ്മെന്റധികാരം കൊടുത്തിട്ടുള്ള അനുദ്യോഗസ്ഥന്മാർ ധാരാളം അങ്ങിനെചെയ്യുന്നുണ്ട്.

ഇപ്രകാരം യാതൊരു വ്യവസ്ഥയും ഇല്ലാതെയിരിക്കുന്ന കാരണത്താൽ പല പഴയകാറുകളും ടെസ്റ്റിംഗിന്റെ ആവശ്യത്തിലേക്കു മാത്രമായി പുതിയകാറുകളുടെ ബ്രേക്ക് മുതലായസാധനങ്ങൾ എടുത്തിട്ടുഫിററുചെയ്തു സർട്ടിഫിക്കററു വാങ്ങുകയും പിന്നീടു ഇത്തരം കാറുകളുമായി ഓരോസ്ഥലങ്ങളിലേക്കും യാത്രക്കാരെ കയററിക്കൊണ്ടുപോയി വഴിയിൽവച്ചു പലതകരാറുകളും സംഭവിച്ചു യാത്രക്കാർക്കു പലവിധബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള അനീതികളേയും അഴിമതികളേയും തടയുന്നതിനു മോട്ടോർവാഹനങ്ങൾ സംബന്ധിച്ചു ഞാൻപറയുന്ന നിർദ്ദേശങ്ങൾ ഗവണ്മെന്റു നടപ്പിൽവരുത്തണമെന്നു ആഗ്രഹിക്കുന്നു.

(ക) മോട്ടോർ മെക്കാനിസം സംബന്ധിച്ചു നല്ലപരിജ്ഞാനം ഇല്ലാത്ത ആളുകളെകാർടെസ്റ്റിംഗിനധികാരപ്പെടുത്തരുത്.

(ഖ) ഡിപ്പാർട്ടുമെന്റിനെ പോലീസ്ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഒരു പ്രത്യേകവകുപ്പായി വേർതിരിക്കണം.

(ഗ) ഇതിന്റെമേലാവായി ഒരുപോലീസ് ഡിസ്ട്രിക്ട്സൂപ്രണ്ടിന്റെ ഗ്രേഡിൽ കുറയാത്ത ഒരാളിനെനിയമിക്കണം.

(ഘ) ഈ ഉദ്യോഗസ്ഥൻ മെക്കാനിസം സംബന്ധിച്ചു നല്ല പരിശീലനം സിദ്ധിച്ചിട്ടുള്ള ആളായിരിക്കണം.

(ങ) പരിശീലനം കഴിഞ്ഞിട്ടില്ലാത്ത ആളാണെങ്കിൽ ഗവണ്മെന്റിൽനിന്നും അയച്ചു പരിശീലനം കഴിച്ചു വരുത്തണം.

(ച) കൂടുതലായി പരിശീലനം സിദ്ധിച്ചിട്ടുള്ള നാലു ട്രാഫിക് ഇൻസ്പെക്ടർമാരെ കൂടിനിയമിച്ചു ഇവർക്കെല്ലാം പ്രത്യേകം അതിർത്തി ക്ലിപ്തപ്പെടുത്തിക്കൊടുക്കണം.

ഇനിയും എനിക്കു പറവാനുള്ളതു ഓവർലോഡിംഗ്, ഓവർസ്പീഡിംഗ് ഇവയെപ്പററി ആണ്. ഇപ്പോൾ ട്രാഫിക്ഇൻസ്പെക്ടർമാരും പോലീസ്ഇൻസ്പെക്ടർമാരും ഇടക്കിടെ ചെക്കിംഗ് സ്റ്റേഷനുകളും ഉണ്ടെങ്കിലും നിരുത്തരവാദികളായ ഡ്രൈവർമാരിൽ പലരും അവർക്കു തോന്നിയതുപോലെ ആളുകളെ കയററുകയും യാതൊരു ക്ലിപ്തവും ഇല്ലാതെ വേഗത്തിൽ കാറോടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഡ്രൈവർമാരിൽ മര്യാദക്കാരില്ലെന്നു ഞാൻപറയുന്നില്ല. എന്നാൽ അവിവേകികളായ ഡ്രൈവർമാരെ നിയന്ത്രിക്കുന്നതിന് ഇതുവരെ ഡിപ്പാർട്ടുമെന്റിനാൽ സാധിച്ചിട്ടില്ല. ഇപ്പോഴത്തെ നിയന്ത്രണം പോലീസുകാരെ കൈക്കൂലിക്കു ഒരുമാർഗ്ഗമെന്നല്ലാതെ മററുയാതൊരു പ്രയോജനവും ഉണ്ടെന്നുള്ളതായി ഞാൻ കരുതുന്നില്ല.

ഇനിയും അവസാനമായി എനിക്കു പറവാനുള്ളതു ബോട്ടുട്രാഫിക്കിനെ സംബന്ധിച്ചാണ്. പബ്ലിക്കുവർക്ക്സ്ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഇതിന്റെ ഭരണവും തൃപ്തികരമായി നടക്കുന്നില്ല. അതിനാൽ ഇതിന്റെ ഭരണവുംകൂടി പോലീസ്ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വിട്ടുകൊടുത്താൽ രണ്ടും ഒരുഡിപ്പാർട്ടുമെന്റു മേധാവിയുടെ മേൽനോട്ടത്തിൽ ആകുന്നതും തന്മൂലം ഇവരണ്ടിനേയും കൂടുതൽ കാര്യക്ഷമമായും ഉപകാരപ്രദമായും ജനങ്ങൾക്കു സൌകര്യപ്പെടുത്തിക്കൊടുക്കുന്നതിനു സാധിക്കുമെന്നുള്ള എന്റെ ഈ അഭിപ്രായം ഗവണ്മെന്റിന്റെ വേണ്ടവിധത്തിലുള്ള പര്യാലോചനയ്ക്കു വിഷയീഭവിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): സർ, ഞാനും മി. ആശാന്റെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മോട്ടോർ ഡ്രൈവുചെയ്യുന്ന ആളുകൾക്കു വിശേഷവിധിയായ വൈദഗ്ദ്ധ്യമൊന്നുമില്ലെന്നും ഇപ്രകാരം ഒരുജ്ഞാനവുമില്ലാതെ ഡ്രൈവുചെയ്യുന്നതു ശരിഅല്ലെന്നും എന്റെമാന്യസ്നേഹിതൻ മി. ആശാൻ ഇവിടെ സമർപ്പിച്ചു. ഇതിനെപ്പററി പണ്ഡിതനായ ലാമെമ്പർ ചോദിച്ചചോദ്യത്തിനു ആശാൻ ഉത്തരംപറയേണ്ടതായിട്ടുണ്ട്. ഒരുമോട്ടോർഡ്രൈവർക്കു ഏതുവിധമായ വിശേഷജ്ഞാനമാണുണ്ടായിരിക്കേണ്ടതു എന്നാണുപണ്ഡിതനായ ലാമെമ്പരുടെ ചോദ്യം. ഡ്രൈവർമാർക്കു വണ്ടിശരിയായി ഓടിക്കുന്നതിനും, വഴിക്കു വണ്ടിക്കു അപകടമൊന്നും ഉണ്ടാകാതെ സൂക്ഷിക്കുന്നതിനും, അഥവാ വല്ലഅപകടവും നേരിട്ടാൽ അതിനെ ശരിപ്പെടുത്തിക്കൊണ്ടുപോകുന്നതിനും ഉള്ളജ്ഞാനമുണ്ടായിരിക്കേണ്ടതു. അങ്ങിനെയുള്ള ഡ്രൈവർമാർ ഉണ്ടോഎന്നു ഞാൻ വളരെസംശയിക്കുന്നു. വണ്ടിടെസ്റ്റുചെയ്യുന്നതിനുള്ള ചുമതല സർക്കാരുദ്യോഗസ്ഥന്മാർക്കല്ലാതെ മററുക്കും പാടില്ലെന്നും അതിലേക്കു ഓരോദേശത്തേക്കു പ്രത്യേകം പ്രത്യേകം ആളുകളെ നിശ്ചയിക്കേണ്ടതാണെന്നും എന്റെസ്നേഹിതൻ പറകയുണ്ടായി,

ഡ്രൈവറന്മാരെ വിളിച്ചുനിർത്തി ബസ്സിൽകയറി ഗിയർ ഒന്നു പിടിച്ചുനോക്കും. അപകടം ഒന്നുമില്ലല്ലോ എന്നു ഡ്രൈവരോടു ചോദിച്ചു സമാധാനപ്പെടും. നമ്പർ ചോദിച്ചു പണംവാങ്ങി രസീതുകൊടുത്തുപോകും. പരിശോധനയും കഴിഞ്ഞു. ഇതാണു ഇന്നത്തെ പരിശോധന. ഈ പരിശോധനാരീതിയെ പാടേ ഭേദപ്പെടുത്തണം. സർക്കാർ ഉദ്യോഗസ്ഥന്മാർതന്നെ പരിശോധിക്കണം. വണ്ടികൾ നിശ്ചിതദിവസങ്ങളിൽ പരിശോധകന്മാരുടെ ആഫീസിൽ കൊണ്ടുചെല്ലുന്നതിനു വ്യവസ്ഥചെയ്യണം.

മി. മാത്യുമുരിക്കൻ (വയ്ക്കം): മോട്ടോർകാറിനു അകത്തു എന്താണുള്ളതെന്നു പറവാൻ മെമ്പറിനു കഴിയുമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): അതിന്റെ ഇഞ്ചിൻ, യന്ത്രം, യന്ത്രനിയന്ത്രണം ചെയ്യുന്നതിനുള്ള സാമർത്ഥ്യം, സ്റ്റീയർ പിടിക്കുന്നതിലും കാലുകൊണ്ടു ചവിട്ടുന്നതിലും മാത്രമാണെന്നു വിചാരിക്കാൻ പാടില്ല. അതിന്റെ മെക്കാനിസം ഏതുവിധം ഇരിക്കുന്നു എന്നു മനസ്സിലാക്കണം. ഇപ്പോൾ ഒന്നോ രണ്ടോ ട്രാഫിക് ഇൻസ്പെക്ടറന്മാർ ഉണ്ട്. അതിലേയ്ക്കു കൂടുതൽ ആളുകളെ നിയമിക്കണമെന്നും അവരെ ഭരിക്കുന്നതിനു പ്രത്യേകമായിട്ടു ഡിസ്ട്രിക്ട് സൂപ്രണ്ടിന്റെ സ്റ്റാറസിൽ ഒട്ടും കുറവില്ലാത്ത നിലയിലുള്ള ഒരു മേലധികാരി ഉണ്ടായിരിക്കണമെന്നുമുള്ള എന്റെ സ്നേഹിതന്റെ അഭിപ്രായത്തോടു ഞാൻ വിയോജിക്കുന്നു. ട്രാഫിക്ക് ഇൻസ്പെക്ടറന്മാർക്ക് സ്ക്കാളർഷിപ്പുകൊടുത്തു അവരെ വെളിയിൽ അയച്ചു മെക്കാനിസം പഠിപ്പിച്ചുവരുത്തി മോട്ടോർവാഹനങ്ങളേയും ഡ്രൈവറന്മാരേയും ടെസ്റ്റ് ചെയ്യാനുള്ള അധികാരം അവരിൽ സ്ഥാപിക്കണം. ഇപ്പോൾ കാൺസ്റ്റബിൾമാർ കൊടുക്കുന്ന ചാർജ്ജിന്മേൽ അനേകം ഡ്രൈവറന്മാർ ശിക്ഷിക്കപ്പെടുന്നു. ഈ കാൺസ്റ്റബിൾമാരുടെ ഇടയിൽ എന്തെങ്കിലും കിട്ടണമെന്നുള്ള താല്പര്യമുള്ളവരല്ലാതെ മോട്ടോർസംബന്ധിച്ചോ ഡ്രൈവിംഗ് സംബന്ധിച്ചോ പരിചയമുള്ളവർ തുലോം ചുരുക്കമാണ്. മോട്ടോർസ്റ്റാർട്ടിംഗ് പായിന്റിൽനിന്നു നിയന്ത്രിക്കുന്നതിനുള്ള അധികാരമല്ലാതെ ഡ്രൈവറന്മാരോടു എന്തെങ്കിലും ചോദിക്കുന്നതിനോ അവരെ തടയുന്നതിനോ ഉള്ള അധികാരം ഈ കാൺസ്റ്റബിൾമാരിൽനിന്നെടുക്കണം. മോട്ടോർവാഹനങ്ങളുടെ നിയന്ത്രണത്തിനു യോഗ്യന്മാരും പ്രാപ്തന്മാരുമായ ഹെഡ്കാൺസ്റ്റബിൾമാരെക്കൂടി ചുമതലപ്പെടുത്തുന്നതുകൊണ്ടു ദോഷമില്ല. ട്രാഫിക്ക് ഇൻസ്പെക്ടറന്മാർക്കും ഹെഡ്കാൺസ്റ്റബിൾമാർക്കും ഗവണ്മെന്റിൽനിന്നുതന്നെ മോട്ടോർസൈക്കിൾ വാങ്ങിച്ചുകൊടുക്കണം.

സാധാരണ മോട്ടോർവാഹനങ്ങൾ സ്റ്റാർട്ടിംഗ്പായിന്റിൽനിന്നു വിടുമ്പോൾ ശരിയായിരിക്കും. അതു കഴിഞ്ഞാൽ ധാരാളം ആളുകളെ ഓവർലോഡായിട്ടു കയററാറുണ്ട്. ചെക്കിംഗ്സ്റ്റേഷനു ഒരു ഫർലാംഗ് ദൂരത്തുവച്ചു ഈ കൂടുതലായ ആളുകളെ ഇറക്കിവിടും. അവിടെനിന്നും ഒരു ഫർലാംഗ് കൂടി പോയി ഇറക്കിവിട്ടവരെ തിരിയെ കയററും. ഇത്രയുംദൂരം അവർ നടന്നുവേണം പോകാൻ. ശരിയായി സൂക്ഷിച്ചുനോക്കുന്നപക്ഷം ചെക്കിംഗ്സ്റ്റേഷനിൽ ഇരിക്കുന്നവർക്ക് ഇതു കാണാൻ സാധിക്കും. അതുകൊണ്ടു ഈമാതിരി അഴിമതികളെ തടയുന്നതിനു മോട്ടോർസൈക്കിളിൽ ട്രാഫിക്ക് ഉദ്യോഗസ്ഥന്മാർ കയറി സഞ്ചരിച്ചു വഴിയിൽവച്ചു ബസ്സുകളെ ചെക്കുചെയ്താൽമാത്രമേ സാധിക്കയുള്ളു.

കാൺസ്റ്റബിൾമാരുടെ ചെക്കിംഗ് തീരെ നിറുത്തണം. സ്റ്റാർട്ടിംഗ്പായിന്റിൽ ഇരുന്ന് സമയത്തിനു പോകുന്നുണ്ടോ എന്നു നോക്കുക, സമയത്തിനുമുമ്പു പോകുന്നുവെങ്കിൽ അതിനെ തടയുക, ഈ അധികാരമേ കാൺസ്റ്റബിൾമാർക്ക് കൊടുക്കാൻ പാടുള്ളു.

ഈവിധത്തിൽ ഒരു വ്യവസ്ഥ ചെയ്യാതെ മോട്ടോർട്രാഫിക്ക് ഈ രാജ്യത്തു ജനങ്ങൾക്കു പ്രയോജനകരമായ വിധത്തിൽ വരികയില്ല. ഒരു മോട്ടാറിൽകയറി സഞ്ചരിക്കുന്നതിന്റെ ഉദ്ദേശം നിശ്ചിതസ്ഥലത്തു കഴിയുന്നതും വേഗത്തിൽ എത്തണമെന്നുള്ളതാണല്ലോ. അതിൽ തന്റെയോ അന്യമനുഷ്യരുടേയോ ജീവനു അപകടം ഉണ്ടാകരുതു എന്നുള്ള വിചാരം സാധാരണ എല്ലാപേർക്കും ഉണ്ടായിരിക്കും. അങ്ങനെ ഇപ്പോൾ നിർഭയം സഞ്ചരിക്കാൻ നിവൃത്തിയില്ല. അതിനെപ്പററി ഗവണ്മെന്റോ കമ്മിഷണരോ പ്രത്യേകം ശ്രദ്ധിക്കണം.

പിന്നെയൊന്നു പറവാനുള്ളത് കമ്മിഷണർ അടുത്തകാലത്തു പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിനെപ്പററിയാണ്. ഇത്ര തവണ കുററംചെയ്തിട്ടുള്ളവരുടെ ബാഡ്ജും ലൈസൻസും സസ്പെൻറുചെയ്യപ്പെടുമെന്നാണ് സർക്കുലർ. നിയമപ്രകാരം കർത്തവ്യമായതു ചെയ്യാതിരിക്കയോ അല്ലാത്തതു ചെയ്കയോ ആണല്ലോ കുററം. എന്നാൽ ഈ നിയമം ഉണ്ടാകുന്നതിനുമുമ്പു ചെയ്തിട്ടുള്ള കുററങ്ങളെക്കൂടി ഉൾപ്പെടുത്തി ശിക്ഷിക്കുന്നതു അനുചിതമല്ലേ എന്നാണ് എന്റെ ചോദ്യം. ഒരു നിയമം ഉണ്ടാകുന്നതിനുമുമ്പു അതിലടങ്ങിയ വല്ല കുററവും ചെയ്തിട്ടുണ്ടെങ്കിൽ അതു ചെയ്തിട്ടില്ലാത്തവണ്ണം ഗണിക്കണം.

മി. ഇട്ടൂപ്പു ഇട്ടീച്ചൻ (കുന്നത്തുനാട്): വല്ല സ്റ്റേഷനിലും ചെല്ലേണ്ട സമയത്തിന് ൫ മിനിട്ടിനുമുമ്പു ഒരു വണ്ടിവന്നാൽ അതു കുററകരമാണോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ഒരു മിനിട്ടിനുമുമ്പു ചെന്നാലും കുററകരമാണ്.

മി. ഇട്ടൂപ്പു ഇട്ടീച്ചൻ (കുന്നത്തുനാട്): എല്ലാ സ്റ്റേഷനിലും ഇരിക്കുന്ന ടൈംപീസ് ശരിയാണോ,

മി. ആർ. രാമൻപിള്ള (കോട്ടയം): അതിനെപ്പററി മിസ്റ്റർ ഇട്ടീച്ചൻ പറഞ്ഞുകഴിഞ്ഞതുകൊണ്ടു ചർവിതചർവ്വണം ചെയ്യണമോ എന്നു വിചാരിച്ചാണ് ഞാൻ ഒന്നും പറയാത്തതു.

നിയമമുണ്ടാക്കുന്നതു ജനങ്ങളെ നിയന്ത്രിക്കാനാണ്. എന്നാൽ ആ നിയമം ഉണ്ടാകുന്നതിനുമുമ്പു ചെയ്തിട്ടുള്ള കുററങ്ങൾക്കുകൂടി ശിക്ഷിക്കപ്പെടുമെന്നാണെങ്കിൽ അതു ദുസ്സഹമായ സങ്കടമാണ്. ഇതിനെ പോലീസു കമ്മിഷണരോ ഗവണ്മെന്റോ ഉടനടി പരിഹരിക്കേണ്ടതാണ്. ഇവിടത്തെ ഡ്രൈവറന്മാർ ധനവാന്മാരല്ല. മറെറാരുവിധത്തിലും കാലക്ഷേപംചെയ്യാൻ മാർഗ്ഗമില്ലാത്തവരായിരിക്കും ഇവരിൽ നല്ല ശതമാനവും. ആറുമാസത്തേയ്ക്കു ബാഡ്ജ് സസ്പെൻഡ് ചെയ്തുപോയാൽ അവരുടേയും അവരെ ആശ്രയിച്ചുനിൽക്കുന്ന കുടുംബങ്ങളുടേയും സ്ഥിതി എന്തായിരിക്കുമെന്നു ഗവണ്മെന്റു വിചാരിച്ചുനോക്കേണ്ടതാണ്.

ടൈമിനെ സംബന്ധിച്ചു മിസ്റ്റർ ഇട്ടീച്ചൻ പറഞ്ഞുകഴിഞ്ഞതുകൊണ്ടു ഞാൻ ഒന്നും പറയണ്ടാ എന്നാണ് വിചാരിച്ചിരുന്നത്. മദ്രാസിൽ ഒരു സ്റ്റാൻഡാർഡ് ടൈം ഉണ്ട്. ആ സമയം എല്ലാ ആഫീസുകളിലും അറിവുകൊടുക്കുന്നതുപോലെ നമ്മുടെ ഗൺ ടൈം ഓരോ ആഫീസിലേക്കും അറിവുകൊടുക്കാതെ വച്ചുകൊണ്ടിരി

ക്കുന്നതു വലിയ കഷ്ടമാണ്. സാധാരണ ചെക്കിംഗ് സ്റ്റേഷനിലിരിക്കുന്ന മണി പോലീസ ഇൻസ്പെക്ടർ പൂട്ടി താക്കോൽ കയ്യിൽ കൊണ്ടുപോകും. രണ്ടാളു മൂന്നാളു കഴിഞ്ഞാണ് അദ്ദേഹം വരുന്നതു്. പിന്നീടുമാത്രമേ അതിന്റെ താക്കോൽകൊടുക്കാൻ നിവൃത്തിയുള്ളു. ഇങ്ങനെ ഒരു പതിവു കോട്ടയത്തുണ്ടായിരുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായ സംഘങ്ങൾവക മെമ്പർ): ഇൻസ്പെക്ടർ രണ്ടാളുവരെ സ്റ്റേഷനിൽ ഇല്ലാതിരിക്കുമോ.

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാൻ പറയുന്നതു ചെക്കിംഗ് സ്റ്റേഷനിൽ ഉള്ള മണിയെപ്പറ്റിയാണ്.

ഞാൻ കോട്ടയത്തുള്ള ഒരു കാൺസ്റ്റബിളിനോടു എന്താണ് ഈ മണി നിന്നിരിക്കുന്നതു് താക്കോൽ കൊടുക്കാത്തതോ എന്നു ചോദിച്ചപ്പോൾ ഇൻസ്പെക്ടർ യജമാനന്റെ കയ്യിലാണ് താക്കോലിരിക്കുന്നതു എന്നു പറഞ്ഞു ഒടുവിൽ ഇതു ഇൻസ്പെക്ടരെ കണ്ടുപറയുന്നതിനിടയാകയും അദ്ദേഹം അതു ശരിപ്പെടുത്തിവയ്ക്കുകയുംചെയ്തു. അതുകൊണ്ടു ചെക്കിംഗ് സ്റ്റേഷനിലിരിക്കുന്ന മണി കാൺസ്റ്റബിൾമാരുടെ അധീനത്തിൽതന്നെ വിട്ടുകൊടുക്കണം.

മി. ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ചെക്കിംഗ് സ്റ്റേഷനിൽ കാൺസ്റ്റബിൾമാർ ഇരുന്നാൽ മതി എന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി. ആർ. രാമൻപിള്ള (കോട്ടയം): മതി എന്നാണ് എന്റെ അഭിപ്രായം. ചെക്കിംഗ് സ്റ്റേഷനിൽ തന്നെ ആവശ്യമില്ല. സ്റ്റാർട്ടിംഗ് പായിന്റിൽ ഇരുന്നാൽ മതി. അനേകം സ്ഥലങ്ങളിൽ—

പ്രസിഡണ്ട്: നിങ്ങൾക്കു അനുവദിച്ചിട്ടുള്ള സമയത്തെ കവിഞ്ഞു നിങ്ങൾ സംസാരിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): രണ്ടു മിനിട്ടുകൂടി തന്നാൽകൊള്ളാം.

പ്രസിഡണ്ട്. നിങ്ങൾ ഇപ്പോൾതന്നെ എട്ടു മിനിട്ടുനേരം സംസാരിച്ചിരിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): സർ, ഞാൻ ഇവിടെ ഇപ്പോൾ എഴുന്നേറ്റുനിൽക്കുന്നതു ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നതിലേക്കായിട്ടാകുന്നു. സർ, മിസ്റ്റർ ആശാൻ ഈ വിഷയത്തെപ്പറ്റി വിപുലമായി ചർച്ചചെയ്തുകഴിഞ്ഞിരിക്കുന്നു. മോട്ടോർവാഹനനിയന്ത്രണത്തെ സംബന്ധിച്ചിടത്തോളം മററനേകം പ്രാസംഗികന്മാരും ഓരോരോ സൂചനകളെപ്പററി ഇവിടെ പ്രസ്താവിച്ചതും നാം കണ്ടുവല്ലോ. വളരെ പ്രാധാന്യമുള്ളവയെന്നും ഗവൺമെൻറിന്റെ ഗാഢമായ ശ്രദ്ധക്കു വിഷയീഭവിക്കേണ്ടതു എന്നും എനിക്കു തോന്നുന്നതായ ഒന്നുരണ്ടു സംഗതികളെപ്പററിമാത്രം ഞാൻ ഇവിടെ സംസാരിക്കണമെന്നു വിചാരിക്കുന്നു. സർ, ഈയിടെയായി നടന്നുവരുന്ന മോട്ടോർകേസുകളിൽ മിക്കവയും കള്ളങ്ങൾ ആണെന്നും ചാർജ്ജുചെയ്യപ്പെടുന്ന കുററക്കാർ യഥാർത്ഥത്തിൽ കുററക്കാർ അല്ലെന്നും ഉള്ളതു നമുക്കു എല്ലാപേർക്കും അറിയാവുന്ന ഒരു വസ്തുതയാണല്ലോ. ചെക്കുചെയ്യുന്ന കാൺസ്റ്റബിൾമാരുടെ ആവശ്യത്തെയും അത്യാഗ്രഹത്തെയും ഇവർ തൃപ്തിപ്പെടുത്തുകയും സാരവേറുകയും ചെയ്യുന്നില്ല എന്നുള്ളതുകൊണ്ടുമാത്രമാണ് ഇവരെ ചാർജ്ജുചെയ്യാൻ ഇടയാകുന്നതു്. കാൺസ്റ്റബിൾമാർ ചാർജ്ജുചെയ്യുന്നതായ കേസിൽ ഡ്രൈവറന്മാർ ആദ്യവിചാരണയുടെ അന്നുതന്നെ മജിസ്ട്രേട്ടു കോടതിയിൽ ഹാജരായി അവർക്കു ശിക്ഷയായി കോടതിയിൽനിന്നുംവിധിക്കുന്ന ചെറിയ പിഴയെ ഉടൻതന്നെ ഒടുക്കിയിട്ടുപോകുകയാണു സാധാരണയായി ചെയ്തുവരുന്നതായി നാം കണ്ടുവരാറുള്ളതു്. തക്കിച്ചു തെളിവു കൊടുക്കുന്നതിനു വലിയ ബുദ്ധിമുട്ടും വളരെ പണച്ചിലവും ഉള്ളതുകൊണ്ടു് അവർ തക്കിക്കാൻപോകാറില്ല. സർ, മോട്ടോർസംബന്ധമായ ഈവക കുററങ്ങൾ കണ്ടുപിടിക്കുന്ന അവസരത്തിൽതന്നെ ഡ്രൈവരുടെയും ആ അവസരത്തിൽ ബസ്സിൽ ഉണ്ടായിരിക്കാൻ ഇടയുള്ള ഒന്നോ രണ്ടോ മാന്യന്മാരുടെയും ഒപ്പു് ഉടനടിതന്നെ അതേസംബന്ധിച്ചു വാങ്ങണമെന്ന് ഈ ജോലി ചുമതലയായി നിർവഹിക്കുന്ന കാൺസ്റ്റബിൾമാരോടും മററു പോലീസുദ്യോഗസ്ഥന്മാരോടും പോലീസ്കമ്മീഷണർ ആജ്ഞാപിക്കുന്നതു ആശാസ്യമായിരിക്കുമെന്നു എനിക്കു തോന്നുന്നു. ഇങ്ങിനെചെയ്താൽ അതു ശരിയായും വിശ്വാസയോഗ്യമായും ഉള്ള തെളിവായിരിക്കുമെന്നുള്ളതുകൊണ്ട് ഇപ്പോൾ നടപ്പിലിരിക്കുന്ന കള്ളക്കേസുകൾക്കു ഒരു ശരിയായ പ്രതിവിധിയായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

ഞാൻ ഇവിടെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്ന മററൊരുസംഗതി കൂലിയെപ്പററി നിശ്ചിതമായ ഒരു റേറ്റ ഉണ്ടായിരിക്കണമെന്നുള്ളതാകുന്നു. ഇപ്പോഴത്തെനിലക്കു ബസ്സുടമസ്ഥന്മാരുടെ അപ്പോഴപ്പോഴത്തെ ഇഷ്ടത്തെയും സന്മനസ്സിനെയും ആശ്രയിച്ചാണ് കൂലിയുടെനിരക്കു സ്ഥിരീകരിക്കുന്നതു്. ധാരാളം പണം ഇല്ലാത്തവരും വളരെ സാധുക്കളുമായ ആളുകൾ ദൂരസ്ഥലങ്ങളിൽ തങ്ങൾ കേട്ടിട്ടുള്ള കൂലിയനുസരിച്ചുള്ള പണംമാത്രം കരുതിക്കൊണ്ട് വഴിയാത്രക്കായി പലപ്പോഴും വന്നുചേരാറുള്ളതായി എനിക്കറിയാം. എന്നാൽ ഈ യാത്രക്കാരിൽനിന്നും മുൻപറഞ്ഞ സ്ഥലങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ളതായ കൂലിയിൽനിന്നും കൂടുതലായ ഒരു കൂലി പലപ്പോഴും കണ്ടക്ടറോ ഡ്രൈവറോ ആവശ്യപ്പെടുന്നു. ഈവിധം നിശ്ചയമില്ലാത്തതും ന്യായരഹിതമായും കൂലിചോദിച്ചുവരുന്നതുകൊണ്ടു പൊതുജനങ്ങൾക്കു വളരെ കഷ്ടനഷ്ടങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയാകുന്നുണ്ടെന്നുള്ളതിനാൽ കൂലിയെസംബന്ധിച്ചു ഒരു നിശ്ചിതമായ റേറ്റ് ഉണ്ടായിരിക്കുന്നതും അതു ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നതും വളരെ ആശാസ്യമായിരിക്കുമെന്നാണ് എനിക്കു സ്ഥാപിക്കുവാനുള്ളതു്. എനിക്ക് ഇപ്പോൾ ഈ രണ്ടുകാര്യങ്ങൾമാത്രമേ ഇവിടെ പ്രസ്താവിക്കുവാൻ ഉള്ളു. ഇവ ഗവൺമെൻറിന്റെ ഗാഢമായ ശ്രദ്ധക്കു വിഷയീഭവിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇത്രയുംപറഞ്ഞുകൊണ്ടു് ഈ സഭമുമ്പാകെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന പ്രമേയത്തെ ഞാൻ പിൻതുണക്കുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, ഈസഭമുമ്പാകെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള പ്രമേയത്തെ ഞാനും അനുകൂലിക്കുന്നു. ഈരാജ്യത്തു ഒരു ഭയങ്കരമായ രോഗം കടന്നുകൂടിയിരിക്കുന്നു. അതു യാതൊരു നിയന്ത്രണത്തിന്റെ വേഗതയോടുകൂടി രാജ്യത്തിന്റെ ഒരു കോണിൽനിന്നും മറേറകോണിലേക്കു സഞ്ചരിക്കുകയും ഇരകളെ കൊല്ലുകയും ചെയ്യുന്നു. ഈ നാശത്തെ നിയന്ത്രിക്കുന്നതിനുള്ള ശക്തി പോലീസിനും മജിസ്ട്രേട്ടുകൾക്കുമല്ലാതെ മറ്റാർക്കും ഇല്ലതാനും. കാളറാ എന്ന മഹാമാരി തെക്കൻതിരുവിതാംകൂറിൽ നൃത്തംചെയ്തുകൊണ്ടിരുന്നപ്പോൾ ജനങ്ങളുടെ ജീവനു യാതൊരു രക്ഷയും ഇല്ലായിരുന്നു. യാതൊരുപ്രകാരത്തിലും ഒഴിച്ചുവയ്ക്കുവാൻ നിവൃത്തി

യില്ലാത്തതായ ആ വിധിക്ക ജനങ്ങൾ ഇരയായി തീരുകയും ചെയ്യു. സ്വാഭാവികമായ ഒരു മരണത്തെ അവർ വരിക്കേണ്ടിവന്നു. ഇന്നത്തെനിലയൊ ഒരുവൻ ഒരു മോട്ടാറിൽ കയറിക്കഴിഞ്ഞാൽ ഇറങ്ങിക്കഴിഞ്ഞാൽമാത്രമെ ഇറങ്ങി എന്നു പറവാൻ നിവൃത്തിയുള്ള എന്നുള്ള നിലയിലായിട്ടുണ്ട്. ഒരാൾ ഇപ്പോൾ നാഗരുകോവിലിൽനിന്നും തിരുവനന്തപുരത്തേക്ക പുറപ്പെട്ടാൽ അയാൾക്ക തീർച്ചയായും ഈ സഭയിൽ എത്തിക്കൊള്ളാം എന്നു വിചാരിക്കാമൊ ഉറയ്ക്കാമൊ യാതൊരു നിവൃത്തിയും ഇല്ലാതെയാണിരിക്കുന്നതു്. എന്നാൽ അപായകരമായ ഒരു മരണത്തെ വരിക്കാൻ കഴിയും എന്നൊരു സമാധാനം മാത്രമാണ് പിന്നെ ഉള്ളതു്. സംഗതികൾ ഈ സ്ഥിതിയിൽ കഴിഞ്ഞുകൊണ്ടുപോകുവാൻ ഒരിക്കലും അനുവദിക്കാൻ പാടുള്ളതല്ല. മോട്ടാർ കാറുകൾ ഓടിച്ചുപോകുന്ന കണ്ടമാനമുള്ള വേഗതയും യാതൊരു നിയന്ത്രണവും ഇല്ലാത്തതായ സമ്പ്രദായവും കാണുമ്പോൾ കൊച്ചുകുട്ടികളെയും മററും പള്ളിക്കൂടത്തിൽ അയച്ചുംവച്ചു മനസ്സമാധാനത്തോടുകൂടി മാതാപിതാക്കന്മാർ എങ്ങിനെയാണു സ്വഗൃഹങ്ങളിൽ അടങ്ങിപ്പാർക്കുക. ഒരുവൻ അയാളുടെ സ്വന്തഭവനം വിട്ടു അന്യസ്ഥലത്തേക്ക പോകയാണെങ്കിൽ അയാൾ തിരിച്ചുവരുന്ന അവസരത്തിൽ ഇന്നിന്ന സ്നേഹിതന്മാരെഎല്ലാം യാതൊരു അപകടവും വരാത്തവരായി കാണാൻകഴിയും എന്നൊ എത്ര അപകടങ്ങളും എത്ര ഭയങ്കരമരണങ്ങളും ഉണ്ടാകുമെന്നൊ പറവാൻ യാതൊരു നിർവാഹവുമില്ല. നാം പരിഷ്കാരത്തിൽ മുന്നണിയിലേയ്ക്കു വന്നുകൊണ്ടിരിക്കുന്നു. അതു ഒരു നല്ല ലക്ഷണംതന്നെ. എന്നാൽ നമ്മുടെ രക്ഷയ്ക്കും നമ്മുടെ നന്മയ്ക്കും നേരെ വിപരീതമായി ഇരിക്കുന്ന വസ്തുക്കളെ നാം ശരിയായി വേണ്ടുംവണ്ണം നിയന്ത്രിക്കാത്തപക്ഷം അങ്ങിനെയുള്ള ഏർപ്പാടുകളെ ഉടനടി നിറുത്തുന്നതിനു വേണ്ട ശ്രമം ചെയ്യുകയെന്നുള്ളതു ഗവണ്മെൻറിൻെറയും ഭരണഭാരവാഹികളുടേയും പ്രധാന ചുമതലയാകുന്നു. മോട്ടാർവാഹനങ്ങൾകൊണ്ടു വഴിയാത്രക്കാർക്ക വളരെ ഗുണങ്ങളും വലിയ യാത്രാസൌകര്യങ്ങളും മററു വേണ്ട സഹായങ്ങളും ഉണ്ടാകുന്നുണ്ടെന്നുള്ളതിൽ രണ്ടുപക്ഷമില്ലാ. എന്നാൽ ഈ കാറുകളെ ഓടിക്കുന്നതിൻെറയും നിയന്ത്രിക്കുന്നതിൻെറയും മററും സമ്പ്രദായം നിശ്ചയമായും പരാതിക്ക് ഇടം കൊടുക്കുന്നുണ്ട്. മുമ്പു പ്രസംഗിച്ച അനേകംപേരും പറഞ്ഞതുപോലെ ചെക്കിംഗ് സ്റ്റേഷനുകളിലല്ലാതെ മററാരിടത്തും യാതൊരുവിധമായ നിയന്ത്രണവും ഇവയെസംബന്ധിച്ചു ഇല്ല. ഒരു ഡ്രൈവർ ഒരു സ്ഥലത്തോ ഒരു പ്രത്യേക സ്റ്റേഷനോ വിട്ടുകഴിഞ്ഞാൽ അടുത്ത ചെക്കിംഗ്സ്റ്റേഷനിൽ എത്തുന്നതുവരെ അയാൾക്ക യാതൊരുത്തരേയും ഭയപ്പെടേണ്ട ആവശ്യമില്ല. സമയത്തെസംബന്ധിച്ചും അയാളുടെ ഇഷ്ടംപോലെഎല്ലാം ചെയ്യാം. അയാളുടെ കാറിനു എതിരായി മററാരുകാർ വരുന്നതുകണ്ടാൽ അയാളുടെ കാറിൻെറ വേഗം അയാൾ കുറയ്ക്കുന്നില്ല. ഞാൻ മോട്ടാറിനെ സംബന്ധിച്ച ഒരു വിദഗ്ദ്ധൻ അല്ല. എന്നാലും [illegible] ഒരു കാർകണ്ടാൽ ഡ്രൈവർ തൻെറകാറിൻെറ വേഗംകുറക്കയൊ നിറുത്തുകയൊ ചെയ്യാറില്ല എന്നു എനിക്കറിയാം. ഈ സംഗതികൾ എല്ലാംതന്നെ പരാതിക്ക കാരണമായിട്ടുണ്ട്. യഥാർത്ഥംപറകയാണെങ്കിൽ ചില ഡ്രൈവറന്മാരുടെ പ്രവൃത്തികണ്ടാൽ അവർ ജീവനെ പണയംവച്ചുകൊണ്ടു ചൂതുകളിനടത്തുകയാണൊഎന്നു തോന്നിപോകും. ഈ ഡ്രൈവറന്മാരുടെ നിരുത്തരവാദമായ നടപടികൾകൊണ്ട് നമുക്ക കഠിനതരങ്ങളായ ബുദ്ധിമുട്ടുകൾ നേരിടുവാൻ ഇടയാകുന്നപക്ഷം ആയതു നേരമ്പോക്കായി തള്ളിക്കളയാവുന്ന ഒരു സംഗതിയല്ലെന്നു മാത്രമല്ല അതെസംബന്ധിച്ചു നാം ഗൌരവമായി നടപടിനടത്തേണ്ടതും ആകുന്നു. പോലീസ് കമ്മീഷണർ ഇതെസംബന്ധിച്ചു ഗൌരവമായി വിചാരിക്കുന്നപക്ഷം ഈ ദൂഷ്യത്തെ എളുപ്പത്തിൽ പരിഹരിക്കുന്നതിനും സാധുക്കളായ വഴിയാത്രക്കാർക്ക നേരിടാവുന്നതായ ഇത്തരം ഗൌരവതരമായ അപകടങ്ങളെ കുറയ്ക്കുന്നതിനും ഇല്ലാതാക്കുന്നതിനും വളരെ എളുപ്പത്തിൽ സാധിക്കുമെന്നുള്ളതാകുന്നു. വളരെ ആളുകളുടെ ജീവനെ സംബന്ധിക്കുന്ന ഒരു സംഗതിയായതുകൊണ്ടു ഈ പ്രധാനപ്പെട്ട വിഷയത്തെ ഒരു പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടിൻെറയൊ തത്തുല്യമായ ചുമതലയുള്ള വേറൊരു ഉദ്യോഗസ്ഥൻെറയൊ ഉത്തരവാദിത്വത്തിൻകീഴിൽ ആക്കേണ്ടതാണ്. അഥവാ അദ്ദേഹത്തിനുതന്നെ സമയവും സൌകര്യവും കിട്ടുമെന്നുള്ളപക്ഷം അദ്ദേഹംതന്നെ നേരിട്ടു ഈ സംഗതികളുടെ ചുമതലവഹിക്കുന്നതും നന്നായിരിക്കും. എന്നാൽ രാജ്യത്തിൻെറ ഒരററം മുതൽ മറെറഅററംവരെ ഈ വിഷയത്തിൽ അദ്ദേഹത്തിൻെറ മേൽനോട്ടം വച്ചുകൊണ്ടിരിക്കുക എന്നുള്ളതു അസാദ്ധ്യം ആകയാൽ ഒരു പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടിൻെറ നിലയിൽനിന്നും ഒട്ടും താണതല്ലാത്ത ഒരു ഉദ്യോഗസ്ഥൻെറ ചുമതലയിൽ ഇതിനെ പോലീസ് കമ്മീഷണർ വിടേണ്ടതാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഈ സഭമുമ്പാകെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ വളരെ ബലമായി പിൻതാങ്ങുന്നു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, മോട്ടാർവാഹനങ്ങളിൽ ഓവർലോഡു് കയറുന്നതുകൊണ്ടാണു അധികം ദോഷങ്ങൾ നേരിടുന്നതെന്നു ചില സാമാജികന്മാർ ഇവിടെ പ്രസ്താവിക്കയുണ്ടായി. എന്നാൽ ഓവർലോഡുകൊണ്ടു യാത്രക്കാർക്ക പറയത്തക്ക ദോഷമൊന്നുമില്ല. അതിൽനിന്നും ഉണ്ടാകുന്ന ദോഷം അതിൻെറ ഉടമസ്ഥനാണ്. അതുകൊണ്ടു അതിലേക്കായിട്ടു ഡ്രൈവർമാരെ ശിക്ഷിക്കാൻപാടില്ല. സമയംതെററി ഓടിക്കയും റോഡിൽ സൈഡ് കൊടുക്കാതെ ഓടിക്കയും ചെയ്താൽ അതിനു കേസെടുക്കാം. എന്നാൽ അങ്ങിനെ ചെയ്തുവരുന്നതായി കാണുന്നില്ല. സ്റ്റാർട്ടിംഗ് പായിൻറിൽനിന്നും തിരിച്ചു പല സ്റ്റേഷനും കടന്നു ചെല്ലുമ്പോൾ ഓരോ സ്റ്റേഷനിലേയും മണി പോലീസുകാരുടെ ഇഷ്ടംപോലെ തിരിച്ചുവയ്ക്കുന്നുണ്ട്. അതു വലിയ അക്രമമാണ്.

ചെക്കിംഗ് സ്റ്റേഷൻ ഇപ്പോൾ ടോൾഗേററുപോലെ ആയിട്ടുണ്ട്. ചെക്കിംഗ് സ്റ്റേഷൻ കടക്കണമെങ്കിൽ ഫീ. ഒരണ അവിടെ നില്ക്കുന്ന കാൺസ്റ്റബിളിനു കൊടുക്കണം. അതു കൊടുത്തില്ലെങ്കിൽ ഓവർലോഡില്ലെങ്കിലും ഓവർലോഡ് കയററിയിരിക്കുന്നതായി എഴുതി അയച്ചു പല ബുദ്ധിമുട്ടുകളും ഉണ്ടാക്കും. അതുകൊണ്ടു ഈ സംഖ്യ കൊടുക്കുന്നതിനു ഡ്രൈവറന്മാർ നിർബന്ധിതരായി തീരുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഓവർലോഡുകൊണ്ടു മെക്കാനിസത്തിനു വലിയദോഷമില്ലേ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): യാത്രക്കാർക്ക ഒരു തരക്കേടുമില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): യന്ത്രങ്ങൾക്ക കേടുവരികയില്ലയൊ.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): വരും.

ഈ പോലീസുകാർക്ക് പണം എന്തിനുകൊടുക്കുന്നു എന്നുള്ളതിനെപ്പറ്റി ഞാൻ അന്വേഷിച്ചതിൽ ഡ്രൈവർമാർ പറയുന്ന സമാധാനം ഇതാണ്. "ഞങ്ങൾ ഇതു കൊടുത്തില്ലെങ്കിൽ ഓവർലോഡിനു കേസെടുക്കും, അപ്പോൾ ഉത്തരം പറയണം. അതുകൊണ്ടാണ് ഇതു കൊടുക്കുന്നതു" ഇതാണ് ഡ്രൈവർമാർ പറയുന്നതു. ഇങ്ങിനെ ചെക്കിംഗ് സ്റ്റേഷനിലുള്ള കാൺസ്റ്റേബിൾമാരെ തൃപ്തിപ്പെടുത്തുന്നതുകൊണ്ടു ഡ്രൈവർമാർക്കു കൂടുതൽ അക്രമങ്ങൾ കാണിക്കുന്നതിനും സാധിക്കുന്നുണ്ട്.

മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായ സംഘങ്ങൾവക വടക്കൻ മെമ്പർ): ഈ ചെക്കിംഗ് സ്റ്റേഷൻ നിറുത്തണമെന്നാണോ മെമ്പർ പറയുന്നതു്.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതേ.

അതുകൊണ്ടു ട്രാഫിക് ഇൻസ്പെക്ടർമാർക്ക് മോട്ടോർസൈക്കിൾകൊടുത്തുവഴിയിൽവച്ചു മോട്ടോർ ചെക്കുചെയ്യുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യണം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഓവർലോഡിനെ നിയന്ത്രിക്കാൻ വ്യവസ്ഥവേണ്ടേ?

മി. താമരപ്പള്ളിൽകൊച്ചുതൊമ്മൻ (പത്തനംതിട്ട): അതിനു വ്യവസ്ഥ ഉണ്ടായിരിക്കുന്നതു കൊള്ളാം. പക്ഷെ അതുകൊണ്ടു വലിയ അപകടം യാത്രക്കാർക്കില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ചെക്കിംഗ് സ്റ്റേഷൻ നിറുത്തിവരുന്നതായിട്ടറിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട); അറിഞ്ഞുകൂടാ.

പബ്ലിക്റോഡിൽ എല്ലാപേർക്കും സ്വാതന്ത്ര്യമായി സഞ്ചരിക്കാവുന്നതാണ്. ചില ജംഗ്ഷനിൽ നാലും അഞ്ചും പേർ കൂട്ടംകൂടി നില്ക്കുന്നതു ഡ്രൈവന്മാർക്കു പലപ്പോഴും ബുദ്ധിമുട്ടിനിടയാകുന്നു. എത്ര ഹാറൺ അടിച്ചാലും അവർ വഴിമാറിക്കൊടുക്കയില്ല. അതുപോലെതന്നെ വഴിയിൽക്കൂടി സഞ്ചരിക്കുന്നവരും മോട്ടോറിന്റെ മുമ്പെ എടുത്തു ചാടാറുണ്ട്. ഇതിൽനിന്നും ഉണ്ടാകുന്ന അപായങ്ങൾക്കും അവർ ഉത്തരവാദികളായിത്തീരുന്നു. അതിനാൽ പ്രാഥമിക വിദ്യാലയങ്ങളിൽ റോഡിൽക്കൂടി സഞ്ചരിക്കേണ്ടവിധം മുതലായവയെപ്പററി പഠിപ്പിക്കണം.

മി. ഏ. സി. കുര്യാക്കോസ് (മീനച്ചൽ—ദേവികുളം); ഇങ്ങിനെറോഡുകളിൽക്കൂട്ടംകൂടി നില്ക്കുന്നതു കുട്ടികളോ പ്രായമായ ആളുകളോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): യുവാക്കന്മാരായിരിക്കും അധികവും.

[illegible] ജൂലായി [illegible]-ലെ ഗസററിൽ ഒരു കൊല്ലത്തിൽ ൩ തവണ ശിക്ഷ അനുഭവിച്ചവരുടെ ലൈസൻസ് ൩ മാസത്തേക്കും നാലിൽ കൂടുതൽ ശിക്ഷ അനുഭവിച്ചിട്ടുള്ളവരുടെ ലൈസൻസ് ഒരു കൊല്ലത്തേക്കും സസ്പെൻഡ് ചെയ്യപ്പെടുമെന്നും കാണുന്നുണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായ സംഘങ്ങൾവക തെക്കൻമെമ്പർ): ഹാറൺഅടിച്ചാലുംകൂടി കുററകരമായിട്ട പോലീസുകാർക്ക് ചാർജ്ജുചെയ്യാൻ അധികാരമുണ്ടോ?

മി. താമരപ്പള്ളിൽകൊച്ചുതൊമ്മൻ (പത്തനംതിട്ട): അനാവശ്യമായി ഹാറൺഅടിച്ചാൽ ചാർജ്ജ് ചെയ്യാം.

ഈ ചട്ടം ഗസററിൽ പരസ്യംചെയ്ത തീയതിക്കുമുമ്പു ചെയ്തിട്ടുള്ള കുററത്തെ ഇതിൽനിന്നും ഒഴിവാക്കേണ്ടതാണ്. ഇങ്ങനെ ചെയ്യാത്തപക്ഷം ഈ തിരുവിതാംകൂറിൽ മോട്ടോർ ട്രാഫിക്കുകൂടിനിന്നുപോകാൻ ഇടയുണ്ട്. അതിനാൽ ഈ റൂൾസിനെ ഒന്നുകൂടി പരിഷ്കരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. പി. ചെല്ലംപിള്ള (തോവാള): സർ, മിസ്റ്റർ ദാമോദരൻ ആശാൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ അനുകൂലിക്കുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. പോലീസുകാർ ജനങ്ങളുടെ ബന്ധുക്കൾ ആണെന്നും അവരുടെ ദേഹത്തിന്റെയും സ്വത്തിന്റെയും രക്ഷാകേന്ദ്രങ്ങളാണെന്നും സാധാരണയായി പറഞ്ഞുവരാറുണ്ട്. എന്നാൽ ഇക്കാലത്താകട്ടെ ആയതു നേരെമറിച്ചാണു കാണപ്പെടുന്നതു്. മോട്ടോർവാഹന സഞ്ചാരവിഷയത്തെ സംബന്ധമാക്കി നോക്കുമ്പോൾ അവർ പൊതുജനങ്ങളുടെ ഏററവും വലിയ ശത്രുക്കളാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ചില കമ്പനിക്കാർക്ക് സമയം ക്ലിപ്തപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. മററു ചില കമ്പനികളും സിൻഡിക്കേററുകളും ടൈമിംഗിനു അപേക്ഷിക്കയും അതുഅനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള ടൈമിംഗിനെ എത്രമാത്രം അവർ ആചരിച്ചിട്ടുണ്ടെന്നോ ആചരിച്ചു വരുന്നുണ്ടെന്നോ ഉള്ള സംഗതിയെപ്പററി ആലോചിച്ചുനോക്കേണ്ടതാണ്. ഈ കമ്പനിക്കാർക്കുവേണ്ടിടത്തോളം യാത്രക്കാരെ കിട്ടാത്തഅവസരങ്ങളിൽ ചില ബസ്സ്കളെ ഓടിക്കേണ്ട എന്നു നിശ്ചയിക്കും. അവരുടെ എല്ലാ ബസ്സുകളെയും അവർ ഉപയോഗിക്കുന്നില്ല. ചില ക്ലിപ്തസമയങ്ങളിൽ യാത്ര പുറപ്പെടേണ്ട ആളുകൾ ആ സമയത്തുള്ള ബസ്സുകൾ നിർത്തിയതുനിമിത്തം വളരെ വലിയബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടതായിവന്നുചേരുന്നു. ഈ കാരണത്താൽ ചില ആളുകൾക്കു ചിലപ്പോൾ കഠിനമായ നഷ്ടങ്ങൾക്കുകൂടി ഇടയാകുന്നു. പുത്തൻ കമ്പനികൾ വല്ലതും തുടങ്ങുകയും അവ ടൈമിംഗിനായി ആവശ്യപ്പെടുകയും ചെയ്യുന്ന അവസരത്തിൽ ടൈം ഇല്ലാത്തതിനാൽ തരാൻ നിവൃത്തിയില്ല എന്നു പോലീസുകാരായ ഉദ്യോഗസ്ഥന്മാർ മറുപടിപറകയും ഈ വഴിക്കുകൂടി വഴിയാത്രക്കാർക്ക് ക്രമത്തിലധികമായ ബുദ്ധിമുട്ടുകൾക്കു കാരണമാക്കിത്തീർക്കുകയും ചെയ്യുന്നു.

ഓവർലോഡിനെപ്പററി പറകയാണെങ്കിൽ ആയതു കമ്മീഷണരുടേയും ജനങ്ങളുടേയും ശ്രദ്ധക്കു വിഷയമായിട്ടുള്ള ഏററവും ഗൌരവതരമായ ഒരു സംഗതിയാണ്. യാത്രക്കാരെ കിട്ടുന്ന അവസരങ്ങളിലെല്ലാം നിവൃത്തിയുള്ളിടത്തോളം ഓവർലോഡ് ചെയ്യുക എന്നുള്ളതു ഇപ്പോഴത്തെ ഒരു നടപ്പായിത്തീർന്നിരിക്കയാണ്. ഒന്നോ രണ്ടോ പ്രാവശ്യം ബസ്സുകളുടെ ടാപ്പിൽക്കൂടി യാത്രക്കാരെ കയററി ഇരുത്തിയിരുന്നതായി എനിക്കറിയാം. അതും രാത്രിയിൽ ഇരുട്ടിയതിനുശേഷമായിരുന്നു. ബസ്സുകളെ ഓവർലോഡ് ചെയ്തിരുന്നാൽ അവയുടെ ബ്രേക്കുകൾ ശരിക്കു പിടിക്കയില്ല. എന്റെ സ്നേഹിതൻ മിസ്റ്റർ ദാമോദരൻ ആശാൻ പറഞ്ഞതുപോലെ ഡ്രൈവറന്മാരിൽ മിക്കവരും തീരെ ലക്കില്ലാത്തവരും പലപ്പോഴും ലഹരി സാധനങ്ങൾ ഉപയോഗിക്കുന്നവരുംകൂടി ആകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബസ്സുകളുടെ മുകളിൽ യാത്രക്കാരെ കയറ്റിയിരുത്തുന്നതു അവരുടെ ഇഷ്ടത്തിനു വിപരീതമായിട്ടാണോ എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. വി. ചെല്ലംപിള്ള (തോവാള): പലപ്പോഴും അങ്ങിനെതന്നെയാണ്. ജനങ്ങളുടെ സമ്മതത്തോടുകൂടിയാണ് ചെയ്യുന്നതു എന്നുവരികിൽ ഒരു ബസ്സിൽ കയറാവുന്ന ആളുകളുടെ എണ്ണത്തേയോ അതു ഓടിച്ചുപോകാവുന്ന വേഗത്തെയോ സംബന്ധിച്ചു ഗവൺമെൻറിൽനിന്നും യാതൊരു നിയന്ത്രണവും ചെയ്യേണ്ടതാവശ്യമില്ലാത്തതാണല്ലോ. എന്നാൽ യഥാർത്ഥത്തിൽ ഗവൺമെൻറിൽനിന്നും ഓരോ ബസ്സുകളിൽ ഇത്ര ഇത്ര ആളുകൾ വീതം മാത്രമേ കയറാൻ പാടുള്ളു എന്നു ഒരു നിശ്ചയം ചെയ്തിട്ടുള്ളതുമാണല്ലോ. ഇതാണ് എനിക്കു മനസ്സിലാക്കാൻ കഴിയാത്തതു്. സാധുക്കളായ ജനങ്ങൾക്കു വലിയ കഷ്ടപ്പാടും ബുദ്ധിമുട്ടുംകൂടാതെ രക്ഷിക്കേണ്ടതു ഗവൺമെൻറിൻെറ ചുമതലയാകുന്നു. ഈ സിദ്ധാന്തത്തെ സംബന്ധിച്ചു കഴിഞ്ഞ ആണ്ടിൽ വാദപ്രതിവാദം നടന്ന അവസരത്തിൽ വണ്ടിയിലുള്ള സീറ്റുകളെ നിവൃത്തിയുള്ളിടത്തോളം കമ്പാർട്ടുമെൻറുകളായി തിരിച്ചിരിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ സൂചിപ്പിക്കയുണ്ടായല്ലോ. ഇത്തരത്തിൽ ഒരു ശുപാർശ കമ്മീഷണർ ഗവൺമെൻറിലേക്കു അയച്ചിട്ടുള്ളതായും ഞാൻ അറിയുന്നു. അതനുസരിച്ചു പ്രവർത്തിക്കാൻ പാടില്ലാത്തതു എന്തുകൊണ്ടെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): കമ്മീഷണർ ശുപാർശ ചെയ്തിട്ടുള്ളതു എങ്ങിനെയല്ലാമാണെന്നു മെമ്പറിനു അറിയാമോ?

മി. വി. ചെല്ലംപിള്ള (തോവാള). എൻെറ അറിവു എത്തിയിടത്തോളം സീറ്റുകളെ കമ്പാർട്ടുമെൻറുകളായി തിരിക്കണമെന്നു കമ്മീഷണർ ശുപാർശചെയ്തിട്ടുള്ളപ്രകാരമാണു ഞാൻ അറിയുന്നതു്. ഈ പദ്ധതിയെ അനുവദിച്ചു അതനുസരിച്ചു കുറേനാളെങ്കിലും പ്രവർത്തിച്ചുനോക്കണമെന്നു ഞാൻ ഗവൺമെൻറിനോടു പ്രത്യേകമായി അപേക്ഷിച്ചുകൊള്ളുന്നു. ഒരു സംഗതിമാത്രമേ എനിക്കു ഇനി ഇവിടെ പ്രസ്താവിക്കേണ്ടതായുള്ളു. ഇവിടെയുള്ള എൻെറ മാന്യസ്നേഹിതന്മാരിൽ ചിലർ പൊലീസ് കാൺസ്റ്റബിൾമാർ കൈക്കൂലി വാങ്ങിവരുന്നു എന്നു പരാതി പറയുകയുണ്ടായല്ലോ, കൂടെമിങ്ങും ഓവർലോഡിങ്ങും ചെക്കുചെയ്യുന്നതിനു നല്ല സ്വഭാവഗുണം സിദ്ധിച്ചിട്ടുള്ളവരെ മാത്രമെ നിയമിക്കാൻ പാടുള്ളു എന്നുമാത്രമാണ് ഞാൻ ഇവിടെ പറയണമെന്നു വിചാരിക്കുന്നതു്. ചില ഇൻസ്പെക്ടറന്മാർക്കുകൂടി കൈക്കൂലി വാങ്ങിവരുന്നതായി ഇന്നാൾ ഒരുദിവസം എൻെറ സ്നേഹിതൻ മിസ്റ്റർ വട്ടപ്പറമ്പിൽ രാമൻപിള്ള എന്നോടു പറകയുണ്ടായി. ഇത്തരക്കാരായ ഇൻസ്പെക്ടറന്മാരെ നിയമിക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്താണ്. കുറ്റങ്ങളുടെ സംഖ്യ വർദ്ധിച്ചുവരും. കുറ്റം ചെയ്യുന്നവർ ഒരു നിലയിൽ ഉള്ളവരാണെങ്കിൽ അവരെ ആരുംതന്നെ സംശയിക്കയും ഇല്ല. അതിനാൽ ഈ വകക്കു നല്ല സ്വഭാവഗുണമുള്ളവരെ മാത്രമേ നിയമിക്കാൻ പാടുള്ളു എന്നു ഞാൻ ഒരിക്കൽകൂടി പറഞ്ഞുകൊള്ളട്ടെ.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവ്യവസായ സംഘങ്ങൾവക തെക്കൻ മെംബർ): കണ്ടക്ടറന്മാർക്കു ഈ ഇൻസ്പെക്ടറന്മാരുടെ പക്കൽനിന്നും ഒരു ക്യാരക്ടർ സർട്ടിഫിക്കേറ്റ് വാങ്ങേണ്ടതായിട്ടുണ്ടെന്നുള്ള സംഗതി മെംബറിനു അറിയാമോ എന്നു ഞാൻ മെംബറിനോടു ചോദിച്ചുകൊള്ളട്ടെ.

മി. വി. ചെല്ലംപിള്ള (തോവാള): അറിയാം. പല ഡ്രൈവറന്മാർക്കും ക്യാരക്ടർ സർട്ടിഫിക്കേറ്റുകൾ ഉണ്ട്. പക്ഷെ ഈ സർട്ടിഫിക്കേറ്റുകൾകൊണ്ടുള്ള ഉപയോഗം എന്താണ്? വണ്ടിയിൽ സ്ഥലംഉള്ളപ്പോൾ സ്ഥലം ഇല്ലെന്നു യാത്രക്കാരോടു പറയുന്നവരും യാത്രക്കാരോടു വളരെ ഹീനമായ നിലയിൽ പെരുമാറുന്നവരും ആയ അനേകം ഡ്രൈവരന്മാരേയും കണ്ടക്ടറന്മാരേയും എനിക്കറിയാം. അല്ലെങ്കിൽ തന്നെ ചോദിക്കുന്നവരിൽ അവർ ടിക്കറ്റ് കൊടുക്കുകയേ ഇല്ല.

മി. വി. ജെ. ഉമ്മൻ (വാണിജ്യ വ്യവസായ സംഘങ്ങൾവക വടക്കൻ മെമ്പർ): ഇവരുടെ സ്വഭാവഗുണത്തെ പള്ളിക്കൂടങ്ങളിൽവച്ചു പരിശോധിക്കുന്നതിൽ മെമ്പറിനു വല്ല വിരോധമുണ്ടോ?

മി. വി. ചെല്ലംപിള്ള (തോവാള): അതിനെ വിരോധിക്കുന്നവരിൽ ഞാൻ ഒടുവിലത്തവൻ ആയിരിക്കും.

എൻെറ സ്നേഹിതന്മാർ ഇപ്പോൾ ഇവിടെ പ്രസ്താവിച്ചതും പൊലീസ് കമ്മീഷണർ ഈയിടെ പരസ്യം ചെയ്തിട്ടുള്ളതും മൂന്നു പ്രാവശ്യത്തിൽ കൂടുതൽ ശിക്ഷ അനുഭവിക്കുന്ന ഡ്രൈവറന്മാർക്കു അവരുടെ ലൈസൻസു നഷ്ടപ്പെടുമെന്നു പ്രസ്താവിക്കുന്നതും ആയ നോട്ടീസിനെപ്പറ്റി പറകയാണെങ്കിൽ കാൺസ്റ്റബിൾമാർ കൈക്കൂലി വാങ്ങുന്നുണ്ടെന്നു സ്ഥായിയായ ഒരു അഭിപ്രായം അനുദ്യോഗസ്ഥന്മാരുടെ ഇടയിൽ ബലമായി കാണുന്ന സ്ഥിതിക്കു മോട്ടോർ ട്രാഫിക്കിനെ നിയന്ത്രിക്കുന്നതിലേക്കായി നല്ല സ്വഭാവഗുണമുള്ള ഇൻസ്പെക്ടറന്മാരെ നിയമിച്ചതിനുശേഷം മാത്രമെ ഈ വ്യവസ്ഥ നടപ്പിൽ വരുത്തുവാൻപാടുള്ളു എന്നുള്ള സംഗതി ഗവൺമെൻറിൻെറ ശ്രദ്ധക്കു ഞാൻ വിഷയീഭവിപ്പിച്ചുകൊള്ളുന്നു.

മി. പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): സർ, മോട്ടോർവാഹന നിയന്ത്രണത്തെപ്പറ്റി പല പ്രസംഗങ്ങളും ഇവിടെ ഉണ്ടാകയും ഓരോരുത്തരും ഇവിടെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തുകഴിഞ്ഞു. എന്നാൽ ഒന്നു രണ്ടു കാര്യങ്ങൾകൂടി എനിക്കും പ്രസ്താവിക്കേണ്ടതായുണ്ട്. എൻെറ സ്നേഹിതൻ മിസ്റ്റർ ഉമ്മൻ മോട്ടോർ വാഹനങ്ങളെ പരിശോധിക്കുന്നതിനുള്ള അധികാരം കൊടുത്തിട്ടുള്ള ആളുകളുടെ ജൂറിസ്ഡിക്ഷൻ ക്ലിപ്തപ്പെടുത്തിട്ടില്ലാത്തതുകൊണ്ടുണ്ടാകുന്ന ഉപദ്രവങ്ങളെക്കുറിച്ചു പറയുകയുണ്ടായി. അദ്ദേഹം പ്രധാനമായിട്ടു പറഞ്ഞതു ടെസ്റ്റ്ചെയ്യുന്നതിനുള്ള ഫീസ് ടെസ്റ്റ്ചെയ്യുന്ന ആളുകൾക്കുള്ള മത്സരം നിമിത്തം കുറക്കുന്നു എന്നുള്ളതാണ്. ഇതിനുപുറമെ ഇവക്കു പ്രത്യേകാധികാരാതൃത്തി നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ടുള്ള ദൂഷ്യത്തേയും എടുത്തു പ്രസ്താവിച്ചു. അതായതു ഒരുവിധം ഉത്തരവാദിത്വബോധത്തോടുകൂടി കണിശമായിട്ടു ടെസ്റ്റ് ചെയ്യുന്ന ആളുകളുടെ അടുക്കൽ ബസ്സുടമസ്ഥന്മാർ കൊണ്ടുപോകാതിരിക്കുന്നതിനു ഇതു കാരണമാകുന്നു. ആലപ്പുഴയുള്ള ഒരു മോട്ടോർ ഉടമസ്ഥൻ അവിടത്തെ പരിശോധകൻ കണിശമായിരുന്നാൽ അവിടെ ടെസ്റ്റ്ചെയ്യാൻ കൊണ്ടുപോകയില്ല. കണിശമായിട്ടിരുന്നാൽ പണം കിട്ടുകയില്ലെന്നുള്ള വിചാരത്തോടുകൂടി സൌജന്യം കാണിച്ചുകൊണ്ടിരിക്കുന്നവരുടെ അടുക്കൽ പോയി ഇവർ ടെസ്റ്റ്ചെയ്തു സർട്ടിഫിക്കേറ്റു മേടിക്കുന്നു. ഇ

അങ്ങനെ സർട്ടിഫിക്കററ കൊടുക്കുന്നവർ ഈ പണത്തെ മാത്രം വിചാരിച്ചു പരിശോധന ശരിയായി നടത്തുകയില്ലെന്നുള്ളതും തീർച്ചതന്നെ. ആ സ്ഥിതിക്കു ഗണ്യമായ ഒരു തുക ഗവണ്മെൻറു ഖജനാവിൽനിന്നു ഇങ്ങനെ ഒന്നും കൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾതന്നെ ഇവിടെ ധാരാളം ഉദ്യോഗസ്ഥന്മാരുണ്ടു്. അവരെ മോട്ടോർ നിയന്ത്രണവിഷയത്തിൽ പരിശീലിപ്പിച്ചുവരുത്തുകയോ അല്ലെങ്കിൽ പരിശീലനം നടത്തിയിട്ടുള്ളവരെ നിയമിക്കുകയോ ചെയ്താൽ അതു നന്നായിരിക്കും. മററുള്ളവർക്കു ധനം കൊടുക്കേണ്ട ഒരു ആവശ്യവും ഇല്ല.

പിന്നെ ഒന്നു മുതലാളി പറഞ്ഞതുപോലെ ചെക്കിംഗ് സ്റ്റേഷൻകൊണ്ടു ഇവിടെയുള്ള പോലീസുകാരുടെ പോക്കററു നിറക്കാമെന്നല്ലാതെ മററു യാതൊരു പ്രയോജനവും ഉണ്ടാകയില്ല. ഇതിനു പുറമെ ഇവിടെയുള്ള ചെക്കിംഗ് സ്റ്റേഷൻെറ എണ്ണം വളരെ കൂടുതലാണു്. ആലപ്പുഴ മുതൽ കൊല്ലംവരെ ഒൻപതു ചെക്കിംഗ് സ്റ്റേഷൻ ഉണ്ടു്. കുറഞ്ഞതു 5 മിനിട്ടെങ്കിലും ഓരോ ചെക്കിംഗ് സ്റ്റേഷനിലും കാർ നിൽക്കണം. വണ്ടി നിറുത്തിയാൽപോരാ, ഡ്രൈവറും കണ്ടക്ടറും ഇറങ്ങണം. ചെക്കിംഗ് സ്റ്റേഷനുള്ളിൽ പോകണം. അവിടെയിരിക്കുന്ന പുസ്തകം ഒപ്പിട്ടുകൊടുക്കണം. ചുരുക്കിപ്പറകയാണെങ്കിൽ കുറഞ്ഞതു ഏഴു മിനിട്ടു സമയമെങ്കിലും ഇതിലേക്കു വേണം. ഇങ്ങിനെ ഒൻപതു സ്റ്റേഷനിലുംകൂടി 45 മിനിട്ടു താമസം വേണ്ടിവരുന്നു. ആലപ്പുഴനിന്നും കൊല്ലത്തേക്കു മോട്ടോറിൽ പോകുന്നതിനുള്ള സമയത്തിൽ മൂന്നിൽ ഒരു ഭാഗം സമയം ഇതിന്നായിട്ടു ചിലവാകുന്നു.

മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായസംഘങ്ങൾ വകവടക്കൻ മെമ്പർ): ഓവർലോഡിംഗിനെ ഉദ്ദേശിച്ചുമാത്രമല്ല ഈ ചെക്കിംഗ്സ്റ്റേഷൻ വച്ചിട്ടുള്ളതെന്നറിയാമോ?

മി. പി. എസ്. മുഹമ്മദ് (നിയമിതമെമ്പർ): ഓവർലോഡിനെമാത്രമല്ല ടൈമിനെക്കൂടി ഉദ്ദേശിച്ചായിരിക്കാം. ടൈമിനെപ്പററി എൻെറ സ്നേഹിതൻ മിസ്റ്റർ ഇട്ടിച്ചൻ പറഞ്ഞുകഴിഞ്ഞു. ഇനിയും അതിനെപ്പററി ആവർത്തിച്ചുപറഞ്ഞു സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

അതിനാൽ കൊല്ലത്തിനും ആലപ്പുഴക്കുംമദ്ധ്യേ ഒന്നോ രണ്ടോ ചെക്കിംഗ്സ്റ്റേഷൻ ഉണ്ടായിരുന്നാൽ ധാരാളം മതിയാകും. എന്നാൽ ഈ ചെക്കിംഗ്സ്റ്റേഷനിൽ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരെത്തന്നെ പരിശോധിക്കാൻ ആക്കണം. അവർമുഖേനമാത്രമെ ചാർജ്ജുചെയ്യാൻ പാടുള്ളു. അല്ലെങ്കിൽ കമ്മീഷണരുടെ പുതിയ ആർഡർ അനുസരിച്ചു സാധുക്കളായ ഡ്രൈവർമാർ അവരുടെ സ്വഭാവം നല്ലതോ ചീത്തയോ ഏതു രീതിയിലായാലും വളരെ സങ്കടം അനുഭവിക്കേണ്ടതായിട്ടുവന്നുകൂടും. യോഗ്യന്മാരായ ഡ്രൈവർമാർ ഈ ജോലികൊണ്ടു ഉപജീവനംകഴിച്ചുകൂട്ടാമെന്നുള്ളവരാണു്. അവർ ഈ പോലീസുകാർക്കു പണം കൊടുക്കാതെ കഴിക്കും. പോലീസുകാർക്കു പണംകൊടുക്കുന്ന തോതനുസരിച്ചു ആണു് ഡ്രൈവർമാരുടെ മേൽ കേസുകൾ ഉണ്ടാകുന്നതു. അതിനാൽ ഇങ്ങനെയുള്ള സംഗതികൾ ചാർജ്ജുചെയ്യുന്നതിനു ഉത്തരവാദിത്വമുള്ളവരെത്തന്നെ നിയമിക്കണം. ഈ അഭിപ്രായങ്ങളോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. എ. സി. കയ്യാലക്കോസ് (മീനച്ചിൽ—ദേവികുളം): സർ, മിസ്റ്റർ ആശാൻെറ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു എനിക്കും ഇവിടെ ചില നിർദ്ദേശങ്ങൾ ചെയ്യാനുണ്ടു്. മോട്ടോർവാഹനങ്ങളുടെ നിയന്ത്രണത്തെ സംബന്ധിച്ചുള്ള വാഗ്ദ്വിവാദത്തിൽ അതിൻെറ ദോഷവശങ്ങളെപ്പററി എൻെറ സ്നേഹിതന്മാർ പലതും പ്രസ്താവിച്ചുകഴിഞ്ഞു. അതുകൊണ്ടു അവയെല്ലാം പുനരുക്തിന്യായേന എടുത്തുപറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എനിക്കു ചെയ്യാനുള്ള നിർദ്ദേശങ്ങൾ വളരെ ചുരുക്കമാണു്. ഒന്നാമതായിട്ടും പ്രധാനമായിട്ടും ജനങ്ങളും ഗവണ്മെൻറും ഉത്തരവാദിത്വമില്ലാത്ത ഏതാനും ജനങ്ങളെ വിശ്വസിച്ചു വളരെ ഉത്തരവാദിത്വത്തോടുകൂടി നടത്തേണ്ട കാര്യങ്ങളെ നിർവഹിക്കുന്നതിനു ചുമതലപ്പെടുത്തുന്നതിനെപ്പററിയാണു് എനിക്കു പറയേണ്ടതു്. ഡ്രൈവർക്കു പരിശീലനമുണ്ടെന്നു സർട്ടിഫിക്കററ കാണിക്കുമ്പോൾ ഗവണ്മെൻറു അവർക്കു ലൈസൻസ് കൊടുത്തുവരുന്നു. ഇങ്ങനെയുള്ള ഡ്രൈവർമാർ വണ്ടിനടത്തുമ്പോൾ അവർക്കു എത്രമാത്രം പരിശീലനം ഉണ്ടു്, എത്രമാത്രം യോഗ്യതയുണ്ടു്, എന്നിവകളൊന്നും ഗണിക്കാതെ, ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു പോകേണ്ടിവരുന്ന ആളുകൾ വണ്ടിയിൽ പോയി കയറുന്നു. ഈ ആളുകളെല്ലാം യാതൊന്നും ആലോചിക്കാതെ ആയുസ്സിനെ അല്ലെങ്കിൽ ജീവനെ ഈ ഡ്രൈവർമാരുടെ കയ്യിൽ സമർപ്പിക്കയാണു ചെയ്യുന്നതു്. ഡ്രൈവർമാർ ഉത്തരവാദിത്വത്തോടുകൂടിയല്ലാതെ വണ്ടിനടത്തിയാൽ നിശ്ചയമായിട്ടും മനുഷ്യർക്കുണ്ടാകുന്ന ഉപദ്രവം എത്രമാത്രം ഭയങ്കരമായിരിക്കുമെന്നുള്ളതു ഇവിടെ പറയേണ്ട ആവശ്യമില്ല. അതുപോലെതന്നെ ഈ വണ്ടി നടത്തുന്നവരുടെ ഉദ്ദേശം ആദായം ലഭിക്കണമെന്നുള്ളതാണെങ്കിലും ഈ വണ്ടിയിൽ യാത്രചെയ്യുന്ന ആളുകൾ സമയലാഭത്തെ ഉദ്ദേശിച്ചുപോകുന്നവരാണു്. അവരെ അന്യായമായിട്ടു താമസിപ്പിക്കുന്നതു ശരിയല്ല. ഡ്രൈവർമാരെ ഏതെങ്കിലും തരത്തിൽ കുററക്കാരാക്കണം അല്ലെങ്കിൽ തനിക്കു അല്പം ആദായം കിട്ടണം എന്നുള്ള ഉദ്ദേശത്തോടുകൂടി പോലീസുകാർ സമയം നഷ്ടപ്പെടുത്താൻ ബദ്ധശ്രദ്ധരായി കാണാറുണ്ടു്.” ഡ്രൈവറെ ശിക്ഷിപ്പിക്കുന്നതിനുള്ള സാഹചര്യം അവരിൽ ഇരിക്കുന്നതുകൊണ്ടു അവർ അങ്ങിനെയും ചെയ്യാറുണ്ടു. അതിനാൽ ഡ്രൈവർമാരെ ചാർജ്ജുചെയ്യുന്ന സന്ദർഭത്തിൽ ആ വാഹനത്തിൽ ഉണ്ടായിരിക്കുന്നവരിൽ ഏതെങ്കിലും ചില വ്യക്തികളുടെ ഒരു സാക്ഷ്യംകൂടാതെ ആ കേസു പ്രമാണത്തിൽ അംഗീകരിക്കപ്പെടുന്നതല്ല എന്നു തീർച്ചപ്പെടുത്തേണ്ടതാണു്. അങ്ങനെ ചെയ്താൽ മാന്യന്മാരുടെ സഹായംകൊണ്ടു പോലീസുകാരുടെ യോഗ്യത വേണ്ടവിധത്തിൽ വെളിപ്പെടുത്തുന്നതിനു ഇടവരുമെന്നുള്ളതു പ്രത്യക്ഷംതന്നെ. ക്രമമായ വിധത്തിൽ കൃത്യം നിർവഹിച്ചുപോരുന്ന ഡ്രൈവർമാരുടെ മേൽ അക്രമമായി പോലീസുകാർ കേസെടുക്കുന്നു എങ്കിൽ ഞാൻ മേൽപ്രസ്താവിച്ച വ്യവസ്ഥ ഉണ്ടാകുന്നപക്ഷം ഈ ഡ്രൈവർമാർക്കു കോടതിയെ അവരുടെ നിർദ്ദോഷിത്വത്തെ ധരിപ്പിക്കാൻ സാധിക്കും. ഇവിടെ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചു അനേകം പരിഷ്കാരങ്ങൾ ചെയ്യുകയെന്നുള്ളതു ക്ഷണസാധ്യമല്ല. ഈ വിഷയത്തിൽ എൻെറ അഭിപ്രായത്തോടുകൂടി എൻെറ സ്നേഹിതൻെറ അഭിപ്രായവുംകൂടി അംഗീകരിക്കുന്നതു നന്നായിരിക്കും.

പട്ടണങ്ങളിലും മററും അനേകം വഴികൾ ഒരുമിച്ചു ചേരുന്നസ്ഥലത്തു ആളുകൾ ഒന്നിച്ചുനിന്നുകൊണ്ടു വാഹനങ്ങൾക്കു വഴിമാറി കൊടുക്കുന്നില്ലെന്നുള്ളതു ഇവിടെ പ്രതിപാദിച്ചു. അതു പരമാർത്ഥമാണു്. ഇങ്ങനെ

വഴികൾ ഒരുമിച്ചു ചേരുന്നസ്ഥലങ്ങളിൽ അനേകം ആളുകൾകൂടിനിൽക്കുകയും അവിടെ മിനിട്ട് ഇടവിട്ടുമോട്ടോർ വാഹനങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കയും ചെയ്യുന്നുഎന്നുള്ളത സാധാരണയാണ്. ഇങ്ങിനെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങളുടെ രക്ഷക്കും ആളുകളുടെ രക്ഷക്കും മററപ്രകാരത്തിലും വേണ്ട നിയന്ത്രണം ഉണ്ടായിരിക്കേണ്ടതത്യാവശ്യമാണ്. അതിലേക്ക തിരുവനന്തപുരം പട്ടണത്തിൽ ഇപ്പോൾ കാണുന്നതുപോലെ ട്രാഫിക് പോലീസുകാരെ നിർത്തിനിയന്ത്രിക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): വണ്ടിനിർത്തുന്ന സ്ഥലങ്ങളിൽ പ്രയോജനകുളള ഷെഡ്ഡ് ഉണ്ടായിരിക്കുമെന്നറിയാമോ?

മി. എ. സി. കയ്യൂരോസ് (മീനച്ചിൽ ദേവികുളം): എനിക്കറിഞ്ഞുകൂടാ. ഞാൻ സാധാരണ എന്റെ യാത്രാഗതിയിൽ വണ്ടിനിർത്തുന്നസ്ഥലംമാത്രമേ ശ്രദ്ധിക്കാറുള്ളു. മിസ്റ്റർ കൃഷ്ണപിള്ള പറയുന്നതുപോലെയുള്ള ഒരു സ്ഥലം ഞാൻ കണ്ടിട്ടില്ല. അപ്രകാരമുള്ള സ്ഥലങ്ങൾ ഉണ്ടായിരുന്നാൽതന്നെ വണ്ടിയിൽ യാത്രചെയ്യുന്നവർക്ക അതുകൊണ്ടു ഗുണമോ ക്ഷേമമോ ഉണ്ടാകുമെന്നുതന്നെയും ഞാൻ ചിന്തിച്ചിട്ടില്ല.

ഈ പാളയത്തിൽതന്നെ വണ്ടി കടന്നുപോകുന്ന പ്രദേശങ്ങളിൽ ആളുകൾ ധാരാളം നിൽക്കുന്നതു കാണാം. അവിടെയും കുഴപ്പമുള്ളതായി എനിക്കറിവില്ല. ആവശ്യവുമില്ല.

അതുപോലെ പോലീസ്കാരെ നിർത്തിയിട്ടുള്ള സ്ഥലങ്ങളിലൊക്കെ നിയന്ത്രിക്കുന്നതിനു ഏർപ്പാടുചെയ്യുന്നത് നന്നായിരിക്കും. തിരുവനന്തപുരത്തു ഇപ്പോഴുള്ളതുപോലെ മററുസ്ഥലങ്ങളിലും എപ്പോഴും നിയന്ത്രിക്കണമെന്നു ഞാൻ പറയുന്നില്ല. അവർ രാപകൽ ഈ വെയിലത്തും മഴയത്തും നിന്ന് എത്രമാത്രം ജനരക്ഷചെയ്യുന്നു. നിസ്സാരമായ ശമ്പളംവാങ്ങിക്കൊണ്ടു ജോലിചെയ്യുന്ന പോലീസ്കാരെ കുററംപറഞ്ഞാൽ പോരാ. അവരുടെ ഉപജീവനമാർഗ്ഗംകൂടി ആലോചിക്കണം. അവർക്ക ആണ്ടിൽ നാലോ അഞ്ചോ രൂപാ പിരിച്ചുവാങ്ങിക്കൊടുക്കണം. അവർ ഉച്ചവെയിലത്തു ചെയ്യുന്നജോലിയെ പരിഗണിച്ച് മനുഷ്യസാധാരണമായി അനുകമ്പവച്ചുകൊണ്ട് അവരുടെസ്ഥിതിയിൽ നാം അനുഭാവം കാണിക്കണം. അതുപോലെയുള്ള നിയന്ത്രകന്മാരെ വേണ്ടപോലെ പരിശീലിപ്പിക്കയും അവർക്ക അവരുടെ ശമ്പളത്തിൽ പകുതിയെങ്കിലും കുറഞ്ഞതു അലവൻസായി കൊടുക്കയും ചെയ്യണം.

മോട്ടോർഡ്രൈവർമാരെ സംബന്ധിച്ചിടത്തോളം അതാതുസ്ഥലത്തുള്ള മാന്യന്മാരുടെ സർട്ടിഫിക്കററുകളെ വിശ്വസിക്കയും അങ്ങിനെയുള്ള മാന്യന്മാരുടെ സർട്ടിഫിക്കററുകൾ ഹാജരാക്കുന്ന ഡ്രൈവർമാരുടെമേൽ ഉണ്ടാകുന്ന കേസുകളിൽ കൂടുതൽശ്രദ്ധ പതിപ്പിക്കയും വേണം.

നാലുപ്രാവശ്യത്തിൽ അധികം കുററംചെയ്തിട്ടുള്ള ഡ്രൈവർമാരുടെ ലൈസൻസും ഒരുകൊല്ലത്തേക്ക സസ്പെൻഡ് ചെയ്തു അവരെ പിരിച്ചുവയ്ക്കണമെന്നുള്ളത് ഇപ്പോഴത്തെനിയമം. ഇങ്ങനെ പിരിച്ചുവച്ചാൽ പുതിയപുതിയ ഡ്രൈവർമാർക്ക് ജോലികിട്ടുമെങ്കിലും പഴയ ഡ്രൈവർമാർക്ക് പോലീസുകാരുടെ വിരോധംനിമിത്തം ജോലികിട്ടുന്നകാര്യത്തിൽ ബുദ്ധിമുട്ടിനു ഇടവരുമെന്നുള്ളതു പ്രത്യേകം ചിന്തിക്കേണ്ട വിഷയമാണ്. ഇത്രയും നിർദ്ദേശങ്ങളോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): വെയിലത്തു നിൽക്കുന്ന പോലിസുകാർക്ക എന്തുശമ്പളം ഉണ്ട്.

മി. എ. സി. കയ്യൂരോസ് (മീനച്ചിൽ-ദേവികുളം): എന്തുശമ്പളമുണ്ടെന്നോ അല്ലെങ്കിൽ എന്തുശമ്പളം കൊടുക്കണമെന്നോ ഞാൻ പറയുന്നില്ല. അവർക്കുനൽകുന്ന ശമ്പളത്തിൽ പകുതിയെങ്കിലും അലവൻസായി കൊടുക്കണമെന്നേ പറഞ്ഞുള്ളു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): മി. ആശാന്റെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. ഡ്രൈവർമാരുടെ സ്ഥിതിയെപ്പററി ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ചട്ടത്തിൽ വരുത്തേണ്ട ഭേദഗതികളെപ്പററിയും എന്റെസ്നേഹിതന്മാർ പലരും ഇവിടെ പ്രതിപാദിക്കയുണ്ടായി. എന്നാൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുമുമ്പായി അതിനെ ശരിയായി അനുഷ്ഠിക്കുന്നുണ്ടോ എന്നു നോക്കേണ്ടതാണ്. ഇപ്പോൾ ചെക്കിംഗ്സ്റ്റേഷൻ ഉണ്ട്. ഇന്നസമയത്തു വണ്ടി സ്റ്റാർട്ടുചെയ്യണമെന്നും ഇന്നയിന്നസ്റ്റേഷനിൽ വണ്ടി നിൽക്കണമെന്നും ഇത്രയിത്രമിനിട്ടു നിൽക്കണമെന്നും ഇന്നപ്പോൾ ഇന്നസ്ഥലത്തു ചെന്നുചേരണമെന്നും ചട്ടത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ചു യാതൊന്നുംതന്നെ അനുഷ്ഠിക്കുന്നില്ലെന്നുള്ളതു ബസ്സിൽ യാത്രചെയ്യുന്ന ആരും സമ്മതിക്കുന്നതാണ്. ചെക്കിംഗ്സ്റ്റേഷനിൽ വച്ചിരിക്കുന്ന സമയത്തെപ്പററി എന്റെ സ്നേഹിതൻ ഇവിടെ പറകയുണ്ടായി. ഓരോസ്ഥലത്തും വച്ചിരിക്കുന്നസമയം ഓരോമാതിരി. നമുക്ക ഇവിടെ റെയിൽവേടൈം ഉണ്ട്. ഗവർമെന്റ് ടൈം ഉണ്ട് എന്നാൽ ബസ്സ്ടൈമിനു യാതൊരു ഐകരൂപ്യവും ഇല്ല. ചെക്കിംഗ്സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്ന ടൈം ഇഷ്ടംപോലെ തിരിച്ചുവയ്ക്കാറുണ്ട്.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ടൈം ശരിയല്ലാതിരിക്കുമ്പോൾ ഡ്രൈവർക്ക നിയമത്തെ അനുഷ്ഠിക്കാൻ സാധിക്കുമോ?

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): സാധിക്കും. ടൈംശരിയായിട്ടു പോകുന്നതിനു പോലീസ്ഉദ്യോഗസ്ഥന്മാരും ഡ്രൈവർമാരും തമ്മിൽ യോജിച്ചാൽ ഒരുപ്രയാസവുമില്ല.

മി. ഇട്ടൂപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): എന്റെചോദ്യം അതല്ല. മോട്ടോർ വാഹനനിയന്ത്രണറൂൾസനുസരിച്ചുള്ള ചട്ടത്തെ അനുഷ്ഠിക്കുന്നതിന് ഈ സമയവ്യത്യാസംകൊണ്ടു ഒരുഡ്രൈവർക്ക സാധിക്കുമോ എന്നാണു ചോദ്യം.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): ഡ്രൈവർമാരല്ല സാധിക്കേണ്ടതു്. ഇവകളെല്ലാം ശരിക്കുന്നതായ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരാണ ചട്ടംശരിയായി അനുഷ്ഠിക്കുന്നുണ്ടോഎന്നു സൂക്ഷിക്കേണ്ടതു. ഡ്രൈവർമാരോടു "നിങ്ങളോട്ടുപോ" എന്നുപറഞ്ഞാൽ അങ്ങോട്ടുപോകുന്നതിനും "ഇങ്ങോട്ടുപോ" എന്നുപറഞ്ഞാൽ ഇങ്ങോട്ടുപോകുന്നതിനും അല്ലാതെ ഈ ഉത്തരവാദിത്വം അവർക്കില്ല.

മി. ഇട്ടൂപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): ഒരുസ്റ്റേഷനിൽനിന്നും വണ്ടിപുറപ്പെട്ടു അടുത്തസ്റ്റേഷനിൽ ചെല്ലുമ്പോൾ അവിടത്തെസമയം ശരിയല്ലെങ്കിൽ ഈ ഡ്രൈവർ നിയമപ്രകാരം കുററക്കാരനാണോ?

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): നിയമപ്രകാരം കുറക്കാനാകാതിരിക്കുന്നതിനു പോലീസ് ഉദ്യോഗസ്ഥന്മാരും അവിടെചെന്നു ചേരുന്ന ഡ്രൈവർമാരും യോജിച്ചുപ്രവർത്തിക്കണം.

മി. പി. എസ്. മുഹമ്മദ് (നിയമിതമെമ്പർ): അങ്ങിനെയോജിക്കണമെങ്കിൽ പോലീസ്കാർക്കു ഈ ഡ്രൈവർമാർ എന്തെങ്കിലുംകൊടുക്കണ്ടേ?

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): ആ ഭാഗത്തെപ്പററി വിമർശിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഈ ട്രാഫിക് വകുപ്പിനെപ്പററി അധികമൊന്നും എനിക്കുപറയാനില്ല. അതതുകാലം ഏർപ്പെടുത്തീട്ടുള്ള ചട്ടങ്ങൾ ശരിയായി അനുഷ്ഠിക്കുന്നുണ്ടോ എന്നുള്ള സംഗതിയിൽ പോലീസ് കമ്മീഷണർ പ്രത്യേകം ശ്രദ്ധവയ്ക്കണം. പോലീസ് കമ്മിഷണരുടെ താഴെ ഡിസ്ട്രിക്ട് സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട്, ഇൻസ്പെക്ടറന്മാർ ഇവരെല്ലാം ഉണ്ടെങ്കിലും ചട്ടംഅനുസരിച്ചു പ്രവർത്തിക്കുന്നില്ലെന്നു അനുഭവംകൊണ്ടറിയാം. അതിനാൽ ഇപ്പോഴത്തെ ചട്ടംശരിയായി അനുഷ്ഠിക്കുന്നതിനും അതിൽജനങ്ങൾക്കു ഉപദ്രവമുള്ള വല്ലഭാഗവും ഉണ്ടായിരുന്നാൽ അതിനെ പരിഹരിക്കത്തക്കവിധത്തിൽ ഏതാനും ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ആ ചട്ടത്തെ പരിഷ്കരിക്കുന്നതിനും അതിനെ നടപ്പിൽ കൊണ്ടുവരുന്നതിനും കീഴ്ഉദ്യോഗസ്ഥന്മാരെ നിഷ്കർഷിക്കുന്നതിനു വേണ്ടനടപടി നടത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മി. എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): സർ, ട്രാഫിക്കിനെ നിയന്ത്രിക്കുന്നതിനെ സംബന്ധിച്ചു ചില മെംബർമാർ സംസാരിക്കയുണ്ടായല്ലോ. അമേരിക്കയിലും മററുരാജ്യങ്ങളിലും ഇതു ഇന്നും ചിന്താവിഷയമായിട്ടുള്ള ഒരുസംഗതിയാണ്. ഇവിടെ തിരുവിതാംകൂറിൽ ൨൦൦൦ ആളുകൾക്കു ഒരുമോട്ടോർകാർവീതം ആണുള്ളതു. അമേരിക്കയിലാകട്ടെ നാലുപേർക്ക് ഒരുകാർവീതമുണ്ട്. എന്നിട്ടുംഅവിടെ ഇതിനെപ്പററി ഒരുതീരുമാനവും ഇതേവരെ ഉണ്ടായിട്ടില്ല. ഈ രാജ്യത്തു ആകെക്കൂടി വളരെകുറച്ചു മോട്ടോർവാഹനങ്ങൾ മാത്രമുണ്ടായിരുന്നകാലത്തുണ്ടായിരുന്ന പോലീസുകാരെമാത്രം വച്ചുകൊണ്ടാണ് നാംഇപ്പോഴത്തെകാര്യംനിർവഹിച്ചുപോരുന്നതെന്നുള്ള വസ്തുത ഞാൻ മെമ്പറന്മാരെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. തിരുവനന്തപുരം ഡിസ്ട്രിക്ടിൽ തന്നെ ൧൧ ഹെഡ്കാൺസ്റ്റബിൾമാരെയും ൧൧൦ ഓളം കാൺസ്റ്റബിൾമാരെയും അവരുടെ സാധാരണജോലികളായ [illegible], പ്രാസസ്സർവീസ്, പെട്രോൾ, കേസന്വേഷണം മുതലായ ജോലികൾക്കയക്കാതെ ഈ ജോലിക്കായി പ്രത്യേകം തിരിച്ചുവിട്ടിട്ടുണ്ട്.

തിരുവിതാംകൂറിന്റെ ഗതാഗതസ്ഥിതി വളരെ അപായകരമായ ഒരു നിലയെ പ്രാപിച്ചിട്ടുള്ളതായി ഈ സംസാരിച്ച മെമ്പറന്മാരിൽനിന്നും ഞാൻ മനസ്സിലാക്കുന്നു. അവർ പറയുന്നതു മുഴുവൻ ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ലോകത്തിന്റെ മററു ഭാഗങ്ങളിലുള്ളതിനെക്കാൾ കൂടുതൽ മോശമായ ഒരു സ്ഥിതിയാണു ഇവിടെയുള്ളതു എന്നു ഞാൻ വിചാരിക്കുന്നില്ല. ഈ തിരുവനന്തപുരത്തു ഇക്കഴിഞ്ഞ പന്ത്രണ്ടുമാസക്കാലത്തിനിടയ്ക്കു മോട്ടോർ അപകടത്താൽ ൨ പേർക്കുമാത്രം മരണം സംഭവിക്കയും ൧൨ പേർക്കുമാത്രം പരുക്കുകൾ പററുകയും ചെയ്തിട്ടുള്ളു. തിരുവിതാംകൂറിലെ ട്രാഫിക് ഇന്ത്യയിൽ മററുവിടെയുംഉള്ളതിനെക്കാൾ വളരെ കൂടുതലാണ്. ഇന്ത്യയിലുള്ള ഏതു റോഡിലുംവച്ചു നാഗർകോവിൽ-തിരുവനന്തപുരം റോഡിലാണു ഏററവും കൂടുതൽ ട്രാഫിക് ഉള്ളതും. ഒരു ദിവസം ബസ്സുകൾ ആകെ ഓടിയിട്ടുള്ള മൈലേജുകണക്കാക്കി നോക്കുന്നപക്ഷം ആകെ ൧൨൫൦ മൈൽ വരുമെന്നുള്ളതാകുന്നു. എന്നിട്ടും കഴിഞ്ഞ പന്ത്രണ്ടു മാസങ്ങളിലായി അഞ്ചു പേർമാത്രം മരിക്കയും ൧൪ പേർക്കുമാത്രം പരുക്കുകൾ പററുകയും ചെയ്തിട്ടുള്ളു. അഞ്ചുപേർ മരിക്കുന്നതു ഒന്നനിന്ദ്യമായും സങ്കടകരമായിട്ടുള്ളതാണെന്നുള്ളതു എനിക്കു അറിയാം. എന്നാൽ ഈ റോഡിലുള്ള മോട്ടോർ ട്രാഫിക്കിന്റെ കാഠിന്യം ഓർക്കുമ്പോൾ കൂടുതൽ അപകടങ്ങൾ ഉണ്ടായില്ലല്ലോ എന്നു അതിശയിക്കാൻ മാത്രമേ വഴിയാണുള്ളു. ഇവിടത്തെ പ്രധാനകച്ചവടസ്ഥലമായ ചാലയിലുള്ള റോഡിൽകൂടി വൈകുന്നേരം അഞ്ചുമണിക്കും ആറുമണിക്കും മദ്ധ്യേ ഒന്നു നടക്കുന്നപക്ഷം മദ്ധ്യത്തിലും വശങ്ങളിലും കുറുകെയും കാൽനടയായി ആളുകൾ ധാരാളം നടന്നുപോകുന്നതായി കാണാം. മോട്ടാറിന്റെ ഹാറൺ ഇടവിടാതെ അടിച്ചുകൊണ്ടിരിക്കേണ്ടിയിരിക്കുന്നു. അമേരിക്കയിൽ ക്രാസിംഗ് ഇല്ലാത്ത സ്ഥലങ്ങളിൽ റോഡുകളുടെ കുറുകെ പോകുന്നതായിരുന്നാൽ കാൺസ്റ്റബിൾമാർ ഉടൻതന്നെ നിങ്ങളെ പിടിച്ചു ലാക്കപ്പിൽ അടച്ചു നിങ്ങളെ ചാർജ്ജുചെയ്യുന്നതായിരിക്കും. ഇവിടെയാകട്ടെ മോട്ടോർഡ്രൈവറെയാണ് പിടിച്ചു ലാക്കപ്പിലിട്ടു ചാർജ്ജു ചെയ്യുന്നതു: (ചിരി)

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക തെക്കൻമെമ്പർ). ഇവിടെ കാൽനടയായി നടക്കുന്നവരെ ആരെയെങ്കിലും ഇതേവരെ റോഡുകളിൽ കുറുകെക്കടന്നുവെന്നു ചാർജ്ജുചെയ്തിട്ടുണ്ടോഎന്നു പോലീസ്കമ്മിഷണരിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. എൽ. എ. ബിഷപ്പ് (പോലീസ്കമ്മിഷണർ): ഇല്ല.

സർ, ശിക്ഷിക്കപ്പെട്ട ഡ്രൈവർമാരുടെ ബാഡ്ജുകൾ സസ്പെൻഡ് ചെയ്യപ്പെടണമെന്നുംമററും കാണിച്ചു ഞാൻ പ്രസിദ്ധം ചെയ്തിരുന്ന സർക്കുലറിനെ സംബന്ധിച്ചിടത്തോളം ഞാൻ തീരെ ന്യായമായല്ല പ്രവർത്തിച്ചിട്ടുള്ളതുഎന്നു ചില മെമ്പർമാർ ഇപ്പോൾ ഇവിടെവച്ചു പ്രസ്താവിക്കയുണ്ടായല്ലോ. ഗതകാലത്തെക്കൂടി ബാധിക്കുന്നതായ ഈ സർക്കുലറിനെ നടപ്പാക്കിയിടത്തോളം ഞാൻ പ്രവർത്തിച്ചതു ഒട്ടുംതന്നെ ശരിയായില്ലഎന്നാണു ഈ മെമ്പറന്മാർ പറയുന്നതു. എന്നാൽ അതേ സമയംതന്നെ ഞാൻ ഈ ഡ്രൈവറന്മാരോടു വളരെ കർശനമായും നിർദ്ദാക്ഷിണ്യമായും പെരുമാറണമെന്നും അവർ പറയുന്നുണ്ട്.

ഒരു ചെറിയ പിഴയോടുകൂടി കാര്യം അവസാനിപ്പിച്ചു കോടതിയിൽനിന്നും പോകണമെന്നുദ്ദേശിച്ചു അവർ കുററം സമ്മതിച്ചു മൊഴികൊടുത്തുവരുന്നതായി എനിക്കറിയാം. ഇംഗ്ലണ്ടിലും ഞങ്ങൾ അങ്ങിനെതന്നെയാണ് ചെയ്യാറുള്ളതു. തെററെന്നു വച്ചിട്ടുള്ള ഒരു കാര്യം ഞങ്ങൾക്കു അതു ശരിയാണെന്നുള്ള ബോദ്ധ്യം ഉണ്ടെന്നിരുന്നാലും ഞങ്ങൾ സാധാരണ കുററം സമ്മതിച്ചു മൊഴികൊടുക്കുകയും ഒരു ചെറിയ പിഴ കൊടുത്തു കേസ് അവസാനിപ്പിക്കയുംആണ് ചെയ്തുവരാറുള്ളതു. ഞങ്ങൾ കുററം സമ്മതിക്കാത്തപക്ഷം മജിസ്ട്രേട്ടിനു നീരസം ഉണ്ടാകയും ഞങ്ങൾ കഠിനമായ പിഴ ഒടുക്കേണ്ടതായിവരികയുംചെയ്യുന്നു. എന്നാൽ അവിടെയും ഇങ്ങിനെയുള്ള പിഴയുടെ എണ്ണം വർദ്ധിച്ചുവരുമ്പോൾ ആയതു ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനും ഒടുവിൽ അതു റദ്ദുചെയ്യുന്നതിനുംകൂടി കാരണമായിത്തീരുന്നു.

ഞാൻ ഇവിടെ വന്നുകഴിഞ്ഞ ഉടൻതന്നെ കാൺസ്റ്റബിൾമാരുടെ മൊഴിമാത്രം അടിസ്ഥാനപ്പെടുത്തി ഒററ സ്വതന്ത്ര തെളിവുകൾ യാതൊന്നുംകൂടാതെ യാതൊരു കേസും നടത്തിക്കൂടാ എന്നു ഞാൻ ഒരു ആജ്ഞ നൽകുകയുണ്ടായി. ആ ഉത്തരവനുസരിച്ചു പ്രവർത്തിച്ചുവരുന്നതായി നിങ്ങൾക്കു കാണാൻ കഴിയും. അങ്ങിനെ ചെയ്യുന്നില്ല എന്നുള്ള പക്ഷം അങ്ങിനെ ചെയ്യാതിരിക്കുന്ന കേസുകൾ എന്നെ അറിയിച്ചാൽ എനിക്കു വളരെ സന്തോഷം ആയിരിക്കുന്നതാണ്. ആ സ്ഥിതിക്കു എൻഡ്രൂസ് മെൻറ ഫാറത്തിൽ എഴുതിയിട്ടുള്ള കുററം യഥാർത്ഥത്തിൽ പ്രവർത്തിച്ചിട്ടുള്ളതും കുററംതന്നെ ആയിരിക്കുമെന്നുള്ളതാകുന്നു. എന്നാൽ കഴിവുള്ളിടത്തോളം നല്ലവണ്ണം മോട്ടോർ ട്രാഫിക്കു നിയന്ത്രിച്ചാൽ കൊള്ളാമെന്നാണ് എൻെറ താല്പര്യം. ക്ലീന വിപരീതമായി പ്രവർത്തിക്കുന്ന ഡ്രൈവർമാരെ നല്ല പാഠം പഠിപ്പിക്കാതെ തരമില്ല. ഡ്രൈവർമാരോട് ദയ കാണിക്കുക എന്നുള്ളതല്ല എൻെറ ചുമതല. ഡ്രൈവന്മാരെ ശിക്ഷിക്കുകയാണ് എൻെറ ചുമതല. പൊതുജനങ്ങൾക്കു കൂടുതൽ രക്ഷ കിട്ടുമെന്നുള്ളപക്ഷം ഒരു ഡ്രൈവരോടു ഒരു പക്ഷേ കുറെ ന്യായരാഹിത്യം കാണിച്ചുപോയി എന്നു വന്നാലും തരക്കേടില്ല എന്നാണ് എൻെറ അഭിപ്രായം.

ഈ ഡ്രൈവന്മാർ യാതൊരു യോഗ്യതയുംകൂടാതെയാണ് മോട്ടോർ ഓടിക്കുവാൻ വരുന്നതെന്നും അവരുടെ സ്വഭാവത്തിൻെറ മനതിനെയെ സംബന്ധിച്ചു വേണ്ടതുപോലെ അന്വേഷിച്ചു മനസ്സിലാക്കുന്നില്ല എന്നും മിസ്റ്റർ ദാമോദരൻ ആശാൻ ഇവിടെ പറകയുണ്ടായി. എന്നാൽ എനിക്കു ഒരു അരിവെയ്പുകാരനെ കിട്ടിയാൽ അയാൾക്കു നല്ലപോലെ അരിവെയ്ക്കാൻ അറിയാമോ പാടില്ലയോ എന്നു അറിയുന്നതിനുള്ള ഏററവും നല്ലവഴി ഏതാണ്. അയാളെക്കൊണ്ടു ഭക്ഷണസാധനങ്ങൾ പാകം ചെയ്യിച്ചു അവയെ ഭക്ഷിച്ചു നോക്കുകതന്നെയാണ്. ഞാൻ ചത്തുപോകുകയാണെങ്കിൽ അയാൾ നല്ല പാചകനല്ല എന്നുതന്നെ ഊഹിക്കേണ്ടതായിരിക്കുന്നു. പരീക്ഷിച്ചുനോക്കുന്നതുതന്നെയാണ് ഏററവും നന്നായവഴി (ചിരി)

ഏററവും നല്ല പരിശോധനാമാർഗ്ഗം ഒരുവനെ കാറിൽകയററി ഇരുത്തി കച്ചവടസ്ഥലങ്ങളും ഗതാഗത ബാഹുല്യവും ഉള്ളതും ദുർഘടമായ തിരിവുകൾ തിങ്ങിഞെരുങ്ങിപോകേണ്ടതും ആയ ഒരു മാതൃകാ റോഡിൽകൂടി വണ്ടി ഓടിച്ചു പോകണമെന്നു ഡ്രൈവരോടു ആവശ്യപ്പെടുക എന്നുള്ളതാകുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ പരിശോധിച്ചുവന്നിരുന്നതു ഞാൻ തന്നെ ആയിരുന്നു. അതാണ് ടെസ്റ്റ് ചെയ്യുന്നതിനുള്ള ഏററവും നല്ല വഴി എന്നാണ് എനിക്കു ഇപ്പോഴും തോന്നുന്നതു. എന്തെല്ലാം തന്നെ പറഞ്ഞാലും ഒരു പ്രജയുടെ സ്വാതന്ത്ര്യത്തിൽ ന്യായരഹിതമായി കൈകടത്താൻ പാടുള്ളതല്ലെന്നു നമുക്കു എല്ലാപേർക്കും അറിയാവുന്നതാണല്ലോ. ഒരു അതിരുകവിഞ്ഞു നാം ഒരിക്കലും കൈകടത്താൻ പാടുള്ളതല്ല. സ്വഭാവഗുണം നടപടിഗുണം ഇങ്ങിനെയുള്ള സംഗതികളെസംബന്ധിച്ചുകൂടി രഹസ്യമായ അന്വേഷണം ഞാൻ നടത്തുന്നതായിരുന്നാൽ എൻെറ ആ വക പ്രവൃത്തികളെ ഈ സഭ ഒരിക്കലും അഭിനന്ദിക്കയില്ല എന്നു എനിക്കു നിശ്ചയമുണ്ട്. ഞങ്ങൾ ഇപ്പോൾ ചെയ്തുവരുന്നതു എന്തെന്നാൽ പോലീസ് റിക്കാർഡുകൾ നോക്കി ഈ അപേക്ഷകൻ ഒരു റൗഡിയാണോ, മുമ്പു ശിക്ഷകൾ അനുഭവിച്ചിട്ടുള്ളവനാണോ നടപടിയും സ്വഭാവവും നല്ലതാണോ അല്ലയോ എന്നെല്ലാം നിശ്ചയിക്കുന്നു. നല്ലതല്ലെന്നു കാണുന്നപക്ഷം അയാൾക്കു ലൈസൻസ് കൊടുക്കുന്നില്ല. വണ്ടി ഓടിക്കാൻ പഠിക്കുന്നവരെങ്കിൽതന്നെ അങ്ങിനെയുള്ള ഒരുവനു ഒരു താൽക്കാലിക ലൈസൻസ് കൂടിയേ കഴിയൂ. അങ്ങിനെയുള്ള ഒരുവൻ ഓടിച്ചു പഠിക്കുന്ന അവസരത്തിൽ സ്ഥിരം ലൈസൻസുള്ള ഒരു ഡ്രൈവർ അയാളുടെ സമീപത്തിൽ ഉണ്ടായിരിക്കേണ്ടതും ആകുന്നു. ആറുമാസക്കാലത്തിനുശേഷം അയാളെ എ. എസ്. പി. യോ ഡി. എസ്. പിയോ ഇവർ രണ്ടുപേരും ഇല്ലാതെ വരുന്നു പക്ഷം ചില സന്ദർഭങ്ങളിൽ ട്രാഫിക് ഇൻസ്പെക്ടരോ ടെസ്റ്റ് ചെയ്യുന്നു. ഇതിനേക്കാൾ കാര്യക്ഷമമായ ഒരു വഴിയോ ഒരു ടെസ്റ്റോ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അമേരിക്കയിൽ എങ്ങിനെയാണു നടത്തിവരുന്നതു?

മി. എൻ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): എനിക്കു പറവാൻ സാധിക്കയില്ല. ഇംഗ്ലണ്ടിൽ നിങ്ങൾ ഒരു ആഫീസിൽ ചെല്ലുന്നു. നിങ്ങൾ കുരുടനോ, ചെകിടനോ, അംഗവിഹീനനോ ആയിരുന്നാലും തരക്കേടില്ല. കൌണ്ടറിൻെറ മുകളിൽകൂടി അഞ്ചുഷില്ലിംഗ് കൊടുത്തുകഴിഞ്ഞാൽ നിങ്ങൾക്കു നിങ്ങളുടെ ലൈസൻസ് കിട്ടിക്കഴിഞ്ഞു. തിരുവിതാംകൂറിൽ നാം അപ്രകാരമല്ല ചെയ്തുവരുന്നതു. അമേരിക്കയിൽ എങ്ങിനെയാണു കാര്യം നടക്കുന്നതു എന്നു എനിക്കറിഞ്ഞുകൂടാ.

പൊതുജനങ്ങളെ മോട്ടോർ വാഹനങ്ങളിൽ കയററി ഓടിച്ചുകൊണ്ടുപോകുന്നതിനെ സംബന്ധിച്ചു പറകയാണെങ്കിൽ വണ്ടി ഓടിച്ചു ആറു മാസത്തെ പഴക്കവും പരിചയവും ഉണ്ടെങ്കിൽ മാത്രമേ അങ്ങിനെ ചെയ്യാൻ പാടുള്ളു. അതു മതിയായ കാലമാണെന്നാണ് എനിക്കു തോന്നുന്നതു. കൊച്ചിയിൽ ഇതു മൂന്നു വർഷക്കാലമാണ്. അതു അനാവശ്യമായി ദീർഘമായ ഒരു കാലമാണെന്നാണ് എനിക്കു തോന്നുന്നത്.

മി. വി. ചെല്ലംപിള്ള (തോവാള): ചെക്കുചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്കെല്ലാം ഡ്രൈവിംഗിനുള്ള ലൈസൻസ് ഉണ്ടോ എന്നു പോലീസ് കമ്മീഷണരിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി. എൻ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ചിലർക്കു ഉണ്ട്. മററു ചിലർക്കില്ല.

മി. വി. ചെല്ലംപിള്ള (തോവാള): ലൈസൻസ് സിദ്ധിച്ചിട്ടില്ലാത്തവർക്കു ദൂഷ്യങ്ങൾ കണ്ടുപിടിക്കാൻ സാധിക്കുമോ?

മി. എൻ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): അപേക്ഷകൻ ഓട്ടിക്കുന്ന രീതിയിൽനിന്നും പരിശോധകോദ്യോഗസ്ഥനു പറയാൻ കഴിയും. വണ്ടി ഓടിച്ചു മതിലിന്മേലോ മററോ കയറുകയോ തിരിവുകൾ തിരിക്കുന്നതു വളരെ മോശമായിരിക്കുകയോ ചെയ്യുന്നപക്ഷം അയാൾക്കു ശരിയായി വണ്ടി ഓടിക്കാൻ അറിഞ്ഞുകൂടാ എന്നു ഊഹിക്കാവുന്നതാണ്. റോഡിൽകൂടി നേരെ വണ്ടി ഓടിക്കയും നേരാംവണ്ണം സ്റ്റീയറിംഗ് പിടിക്കയും ധാരാളം ഗതാഗതം ഉള്ള സ്ഥലങ്ങളിൽ വണ്ടി ശരിയായി വിട്ടുപോകുകയും ചെയ്യുന്നു എങ്കിൽ അയാൾ വണ്ടി ഓടിക്കുന്നതിൽ നല്ല സാമർത്ഥ്യം ഉണ്ടെന്നും ഊഹിക്കാവുന്നതാകുന്നു. (ചിരി) വാദപ്രതിവാദമധ്യേ മററനേകം വാദമുഖങ്ങൾ പുറപ്പെടുവിക്കയുണ്ടായി. ചെക്കിംഗ് സ്റ്റേഷൻ വളരെ കൂടുതലാണെന്നും അവയെ കുറയ്ക്കണമെന്നും ചില മെമ്പറന്മാർ പറയുണ്ടായി. ഇപ്പോൾ ചെക്കുചെയ്തുവരുന്നതു ആകപ്പാടെ നന്നായി

ട്ടില്ല എന്ന് എനിക്കും അറിയാം. ഹൈക്കോടതിയിൽനിന്നും ഒരു വിധിയും സസ്പെൻഡു ചെയ്തിട്ടില്ല എന്നുള്ള കാരണത്താൽ സ്റ്റാർട്ടിംഗ് പോയിൻറിലും അറൈവൽ പോയിൻറിലും ഉള്ള ടൈമിംഗിനെ സംബന്ധിച്ചിടത്തോളം ചെക്കുചെയ്യപ്പെടുന്നതു നിയമമനുസരിച്ചു യഥാർത്ഥത്തിൽ യാതൊരു വിലയുമില്ലാത്തതാണെന്നു എനിക്കറിയാം. പരീക്ഷണാർത്ഥം ഞാൻ ചെക്കിംഗ് സ്റ്റേഷൻറെ എണ്ണം ഇപ്പോൾതന്നെ കുറച്ചിരിക്കയാണ്. കാലക്രമംകൊണ്ടു വണ്ടി പുറപ്പെടുന്ന സ്ഥലങ്ങളിലും അവസാനമായിചെന്നു നിൽക്കുന്ന സ്ഥലങ്ങളിലും പ്രധാനപ്പെട്ട ജംഗ്ഷൻ സ്ഥലങ്ങളിലുംമാത്രം ചെക്കിംഗ്സ്റ്റേഷൻ ഉണ്ടായിരിക്കയുള്ളു എന്നു വിചാരിക്കുന്നതാണ്. അങ്ങിയാകുമ്പോൾ ബസ്സുടമസ്ഥന്മാർക്കും യാത്രക്കാർക്കും ഉണ്ടാകാവുന്ന അസൌകര്യങ്ങൾ വളരെ കുറയുമെന്നുള്ളതാണല്ലോ.

ഓരോ കമ്പനിക്കാർ ഓരോ തരത്തിൽ കൂലി വാങ്ങിവരുന്നതുകൊണ്ടു പൊതുജനങ്ങൾക്കു ഉണ്ടായിക്കൊണ്ടിരിക്കുന്ന അസൌകര്യത്തെ സംബന്ധിച്ചിടത്തോളം ഓരോ ബസ്സിലും ഓരോ വഴിക്കുമുള്ള കൂലി കാണാൻ കഴിയത്തക്കവണ്ണം കൂലി വിവരങ്ങളോടു കൂടി ഒരു പട്ടിക വയ്ക്കത്തക്കവണ്ണം ഒരു ഏർപ്പാടു ചെയ്യണമെന്നു ഞാൻ ആലോചിച്ചു വരികയാണ്.

ഈ പരാതികളെപ്പററിയെല്ലാം ഗവൺമെൻറ് ആലോചിച്ചുവരികയാണ്. ഇപ്പോൾ നമ്മുടെ ആലോചനയ്ക്കു വിഷയമായിരിക്കുന്ന ഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അനേകം കേസുകൾ ഇവിടെ കൊണ്ടുവരപ്പെട്ടിട്ടുണ്ട്. പുതിയ ട്രാഫിക് ഏർപ്പാടു നടപ്പിലായതിനുശേഷം ട്രാഫിക്കിനെ വേണ്ടുംവണ്ണം നിയന്ത്രിക്കുന്നതിനു തക്കവിധം വേണ്ടതെല്ലാം ശ്രമിച്ചിട്ടുണ്ടെന്നു ഈ സഭക്കും പൊതുജനങ്ങൾക്കും മനസ്സിലാകുമെന്നുള്ളതാകുന്നു. ഞാൻ ഇത്രയും പറഞ്ഞതിൽനിന്നും മെമ്പർ അദ്ദേഹത്തിൻറെ ഉപക്ഷേപത്തെ പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഈയ്യിടെയായി പണ്ടുണ്ടായിരുന്ന ചെക്കിംഗ്സ്റ്റേഷനിൽ ചിലതു ഈയ്യിടെയായി നിർത്തിയിട്ടുണ്ടെന്നുള്ളതു മെമ്പറിനു അറിയാമോ?

മി. എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): അറിയാം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഈയ്യിടെയായി മോട്ടോർ സംബന്ധമായുള്ള ക്രിമിനൽകേസുകൾ കൂടിവരുന്നോ കുറഞ്ഞുവരുന്നോ എന്നറിഞ്ഞാൽ കൊള്ളാം.

മി. എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): കണക്കുകൾ യഥാസമയംതന്നെ എൻറെ കൈവശം ഇല്ലാത്തതിനാൽ എനിക്കു പറയാൻ നിവൃത്തിയില്ല.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): പോലീസ്കമ്മീഷണർ പറഞ്ഞതിനെ മനസ്സിലാക്കുവാൻ ഞാൻ വിചാരിച്ചിട്ടു സാധിച്ചിട്ടില്ല എന്നു എനിക്കു തുറന്നു സമ്മതിക്കാതെ യാതൊരു നിവൃത്തിയുമില്ല. എങ്കിലുമൊരുവിധം എൻറെ മറുപടിയിൽ ഏതാനും സംഗതികൾമാത്രം കൂടുതലായി പറയണമെന്നു വിചാരിക്കുന്നു. കുററങ്ങൾചെയ്യുവരെ പ്രോസിക്യൂട്ടു ചെയ്യുന്ന വിഷയത്തിൽ ആത്മാർത്ഥമായി മുന്നിട്ടിറങ്ങി പ്രവർത്തിക്കേണ്ടതു പോലീസുകാരാണെന്നുള്ള സംഗതി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായല്ലോ. എന്നാൽ പോലീസുകാർ വലിയ കൈക്കൂലിക്കാരാണെന്നുള്ള സംഗതിയും അനേകംപ്രാവശ്യം ഈ സഭയുടെ ശ്രദ്ധക്കു വിഷയമാക്കിയിട്ടുള്ള ഒരു സംഗതിയാകുന്നു.

പ്രസിഡണ്ട്. മി ആശാൻ! പോലീസ്കമ്മീഷണർ പറഞ്ഞതു ശരിയായി മനസ്സിലാക്കാൻ നിങ്ങൾക്കു സാധിച്ചില്ല എന്നു നിങ്ങൾ പറഞ്ഞുവല്ലോ. മിസ്റ്റർ ബിഷപ്പ് ഇങ്ങിനെയാണ് പറഞ്ഞത്. പോലീസുകാരുടെ തെളിവിനെമാത്രം അടിസ്ഥാനപ്പെടുത്തി മററു യാതൊരു കൂടുതൽതെളിവും ഇല്ലാത്തപക്ഷം കേസു നടത്താൻ പാടില്ലെന്നു ഒരു സർക്കുലർ അദ്ദേഹം പുറപ്പെടുവിച്ചിട്ടുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഇങ്ങിനെ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഈ സർക്കുലർനടപ്പിൽ വരുന്നതിനു മുമ്പായി ഉണ്ടായിട്ടുള്ള ശിക്ഷകളെ സംബന്ധിച്ചിടത്തോളം. അവരുടെ കുററങ്ങളായി തെളിച്ചുവരുന്നുഎന്നും ശക്തമായി ഡ്രൈവറന്മാരുടെ ബാഡ്ജുകൾ സസ്പെൻഡ് ചെയ്യപ്പെട്ടിരിക്കുന്നുവെന്നാണ് എൻറെ സ്നേഹിതന്മാർ ഇവിടെ പറകയുണ്ടായതു. ഈ ഭാഗത്തെ സംബന്ധിച്ചു ട്രാഫിക്കിനെപ്പററി രാജ്യരക്ഷണറിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ഒരു വാചകത്തിലേക്ക് ഗവൺമെൻറിൻറെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളാമെന്ന് ഞാൻ വിചാരിക്കുന്നു. ആ വാചകം ഇതാണ്. "മോട്ടോർവാഹനങ്ങൾമൂലമുള്ള വിപരീതമായുണ്ടാകുന്ന കുററങ്ങൾ ജീവാപായത്തിനു കാരണഭൂതങ്ങളായതാണെന്നുള്ളതുകൊണ്ടു മജിസ്ട്രേട്ടന്മാർ കുററക്കാർക്ക് മതിയായ ശിക്ഷകൾ നൽകി ഭാവിയിൽ ഇത്തരം കുററങ്ങൾ പ്രവർത്തിക്കാതിരിപ്പാൻ അവരെ നല്ലപാഠം പഠിപ്പിക്കുന്ന വിഷയത്തിൽ ജാഗരൂകന്മാരായിതന്നെ എല്ലായ്പ്പോഴും ഇരിക്കുമെന്നു ഗവൺമെൻറു പൂർണ്ണമായി വിശ്വസിക്കുന്നു.

പ്രസിഡണ്ട്. ഏതുകൊല്ലത്തെ രാജ്യരക്ഷണറിപ്പോർട്ടാണെന്നു ദയവുചെയ്തു പറഞ്ഞാൽകൊള്ളാം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): 1114-ലെ രാജ്യരക്ഷണറിപ്പോർട്ടിലാണ്. ഈ വാചകത്തിൽനിന്നും മജിസ്ട്രേട്ടന്മാർ ഈ കേസുകളെ സംബന്ധിച്ചിടത്തോളം കൂടുതൽ കണിശമായോ വളരെ കടുപ്പമായോ ഇരിക്കുന്നതിനു നിർബന്ധിതരാകുമെന്നുള്ളതാകുന്നു. ഈ കേസുകളെ സംബന്ധിച്ചു ഏതുവിധമാണ് പ്രവർത്തിക്കേണ്ടതു എന്നു മജിസ്ട്രേട്ടന്മാർക്ക് നല്ലപോലെ അറിയാം. അഥവാ അവർക്ക് വല്ല പിശകുംവന്നുപോകയാണെങ്കിൽതന്നെയും ഏതുതരത്തെ അടിസ്ഥാനപ്പെടുത്തിയാണ് ശിക്ഷനൽകേണ്ടതു എന്നുള്ളതിനെ സംബന്ധിച്ചു ഹൈക്കോടതി അവർക്ക പറഞ്ഞുകൊടുക്കുകയും ചെയ്യുമെന്നുള്ളതാകുന്നു. കാൺസ്റ്റബിൾമാർ ഈ സാധുക്കളായ ഡ്രൈവറന്മാരുടെമേൽ കേസു ചാർജ്ജുചെയ്തു നടത്തുന്നതായ അവസരത്തിൽ രാജ്യരക്ഷണറിപ്പോർട്ടിലുള്ള ഈ വാചകത്തിനു ക്രമത്തിലധികമായ ശക്തി ഉണ്ടായിരിക്കുന്നതാകുന്നു.

അമേരിക്കയിൽ മോട്ടോർട്രാഫിക്കു ഇവിടത്തെക്കാൾ വളരെ കൂടുതലായിട്ടുണ്ടെന്നും മററും പോലീസ്കമ്മീഷണർ പറകയുണ്ടായി. എന്നാൽ അമേരിക്കായിൽ മോട്ടോർഡ്രൈവറന്മാരെ ടെസ്റ്റ്ചെയ്യുന്നതു എങ്ങിനെയാണെന്നു പറയുവാൻ അദ്ദേഹത്തിനു സാധിക്കുന്നില്ല. മററവിടെയുമുള്ള നടപടിയെപ്പററി അദ്ദേഹം സൂചിപ്പിക്കയുണ്ടായി. ഇംഗ്ലണ്ടിൽ എന്താണുചെയ്തുവരുന്നതുഎന്നും അദ്ദേഹംപറഞ്ഞു. അദ്ദേഹം ഒന്നിനേയും താരതമ്യപ്പെടുത്തുന്നില്ല.

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): അമേരിക്കയിൽ നടപ്പിലിരിക്കുന്ന സമ്പ്രദായത്തെ പറ്റി എനിക്കറിവില്ല എന്നു ഞാൻ പറയുകയുണ്ടായല്ലോ.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇവിടെയുള്ള ട്രാഫിക്ക ഇന്ത്യയിലെ മറ്റെല്ലാ ദേശങ്ങളിലും ഉള്ളതിനേക്കാൾ വളരെ കൂടുതലാണെന്നും അമേരിക്കയിലെ കഥകൾ ഉദ്ധരിച്ചു അമേരിക്കയിലേക്കാൾ ഇവിടത്തെ ട്രാഫിക്കിന്റെ സ്ഥിതി കുറെക്കൂടി മോശമാണെന്നു പ്രസംഗം ചെയ്യുന്ന സ്ഥിതിക്ക് ആ താരതമ്യത്തിനെ സംപൂർണ്ണമാക്കണമെന്നുണ്ടെങ്കിൽ ഡ്രൈവറന്മാരുടെ ശേഷിയെ പരിശോധിച്ചറിയുന്നതിനു അമേരിക്കയിൽ സ്വീകരിച്ചിട്ടുള്ള മാർഗ്ഗം എന്താണെന്നുകൂടി പറയാൻ അറിയാമായിരിക്കേണ്ടതായിരുന്നു എന്നാണ് എനിക്കു തോന്നുന്നത്. മോട്ടാർ ഗതാഗതത്തെ സംബന്ധിച്ചും റോഡുകളിൽക്കൂടി നടക്കുന്നതിനെപ്പറ്റിയുള്ള ചട്ടങ്ങളെ സംബന്ധിച്ചു ജനങ്ങൾക്കുള്ള അജ്ഞതയാണ് ഈ വിധം ഉണ്ടാകുന്ന അപകടങ്ങളിൽ ചിലതിന്റെ കാരണം എന്നുള്ളതുകൊണ്ടു മോട്ടോർട്രാഫിക് അധികമായുള്ള പബ്ലിക് റോഡിൽക്കൂടി സഞ്ചരിക്കുമ്പോൾ ഏതു പ്രകാരം പെരുമാറണം എന്നുള്ളതിനെ സംബന്ധിച്ചു ലഘുലേഖകൾ ധാരാളമായി അച്ചടിച്ചു ജനങ്ങളുടെ ഇടയിൽ പൊഴിയുന്നിടത്തൊക്കെയും വിതരണം ചെയ്യുന്നതു നന്നായിരിക്കുമെന്നാണ് എനിക്കു തോന്നുന്നത്. അങ്ങിനെ ചെയ്യുന്നതായിരുന്നാൽ ഇപ്പോൾ ഉണ്ടാകുന്ന അപകടങ്ങളിൽ ഏറിയ കൂറും ഉണ്ടാകാതെ കഴിക്കാവുന്നതാണ്.

ട്രാഫിക്കിനെ നിയന്ത്രിക്കുന്നതിനു ഒരു പുതിയ പദ്ധതി പ്രവർത്തിച്ചുവരുന്നുവെന്നും അതു താമസിയാതെ നടപ്പിൽ വരുത്തുന്നതാണെന്നും എന്റെ സ്നേഹിതൻ മി. [illegible] പറഞ്ഞുവല്ലോ. ട്രാഫിക്കിനെ നിയന്ത്രിക്കുന്ന സമ്പ്രദായത്തെ [illegible] ഏറ്റവും [illegible] വല്ല ഭേദഗതിയും നടപ്പിൽ വരുത്തുന്നു [illegible] ഈ സഭയുടെ [illegible] മാത്രമേ പാടുള്ളു എന്നും [illegible] ഈ സഭ [illegible] എന്നു മാത്രമാണ് എനിക്കു പറവാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ പിൻവലിച്ചു കൊള്ളുന്നു.

പ്രസിഡണ്ട്. ഈ ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നോ?

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൩൪൨.

താഴെ പറയുന്ന ഉപക്ഷേപം അവതരിപ്പിക്കപ്പെട്ടില്ല.

മി. പി. എസ്. മഹമ്മദ്

എസ്റ്റാബ്ലിഷ്മെന്റിനു അനുവദിച്ചിട്ടുള്ള ൭൩൬൪൦ രൂപയിൽ ൫൦ രൂപ കുറക്കണം.

ഉപക്ഷേപം ൩൪൩.

എസ്റ്റാബ്ലിഷ്മെന്റിനു നീക്കിവച്ചിട്ടുള്ള ൭൩൬൪൦ രൂപയിൽ നിന്നു ൫൦൦ രൂപ കുറക്കണം.

മി. പി. എസ്. കൃഷ്ണപിള്ള (തിരുവല്ല): സർ, പോലീസ് വകുപ്പിന്റെ ദുർനടത്തയെപ്പറ്റി രണ്ടു പ്രധാനസംഗതികൾ ഇവിടെ ചൂണ്ടിക്കാണിക്കാൻ വേണ്ടിമാത്രമാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ ഹാജരാക്കിട്ടുള്ളത്. ൧൧൦൯-ാമാണ്ടത്തെ രാജ്യഭരണറിപ്പോർട്ടു ൯൦-ാം പുറം ൭-ാം പാരാവിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

൧൧൦൯-ലെ ഭരണറിപ്പോർട്ടിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "പോലീസുകാർ ൩൮൩ ആളുകളെ അറസ്റ്റ് ചെയ്യുകയും അവരിൽ ൭൦ൻ പേരെ ശിക്ഷിക്കയും ചെയ്തിട്ടുണ്ട്".

വീണ്ടും ഇങ്ങിനെ പറഞ്ഞിരിക്കുന്നു "കഴിഞ്ഞ കൊല്ലം ഈ ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്ന മറ്റൊരു പ്രധാനപ്പെട്ട വിശേഷം പോലീസുസൈന്യത്തിലുള്ള എല്ലാ അംഗങ്ങൾക്കും എഴുതുവാനും വായിക്കുവാനും അറിയാമായിരുന്നു എന്നുള്ളതാകുന്നു".

ഈ രാജ്യത്തു ൩൮൩ നിരപരാധികളായ ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ അതിൽ കൺവിക്റ്റ് ചെയ്തിട്ടുള്ളതു ൭൦ൻ പേരെമാത്രമാണ്. ഇപ്രകാരം ൩൧൩-ഓളം ചില പാവങ്ങളെ ഈ വിധത്തിൽ അറസ്റ്റ് ചെയ്തു ആ കേസുകളുടെ അവസാനംവരെ ചിലർ ജാമ്യം അനുവദിക്കാതെയും വച്ചു സങ്കടപ്പെടുത്തിപ്പോന്നതായി കാണുന്നുണ്ട്. ഈ ഡിപ്പാർട്ടുമെന്റിൽ എഴുതാനും വായിക്കാനും അറിയാൻപാടില്ലാത്തവരായി ആരുമില്ലെന്നു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഭാഗം വായിച്ചുനോക്കിയാൽ അതിന്റെ ഔകപ്പാടെയുള്ള സ്വഭാവം ആരും പറയാതെതന്നെ വെളിവാകുന്നതാണ്. സാധാരണ ഉൾനാടുകളിൽ ഈ പോലീസ് സൈന്യം പ്രജാരക്ഷകന്മാരാണെന്നുള്ള തത്വത്തിനു വിപരീതമായി പ്രവർത്തിക്കുന്നില്ലെങ്കിലും അവരുടെ ആകപ്പാടെയുള്ള നടപടികൊണ്ടു അവർ ഏതോ ഒരു ഭയങ്കരപ്രാപികളാണെന്നും അവരുടെ കയ്യിൽ അകപ്പെട്ടുപോയാൽ ന്യായമെന്നും അന്യായമെന്നും ഉള്ള ഭേദം അവർ ചിന്തിക്കയില്ലെന്നും അതിനാൽ അക്ഷരംപ്രതി അവരുടെ കല്പനകളെ അനുസരിക്കയല്ലാതെ ഗത്യന്തരമില്ലെന്നുമാണ് ഉൾനാട്ടിലെ ജനങ്ങളുടെ വിശ്വാസം. ൫൦൦-൬൦൦-ൽ രൂപ ശമ്പളം വാങ്ങിയ്ക്കുന്ന ഒരു കാളേജുപ്രൊഫസറോ ഏഴോ എട്ടോ രൂപ ശമ്പളം വാങ്ങിക്കുന്ന ഒരു പൊലീസ് കൺസ്റ്റബിളും കൂടി ഒരു നാട്ടിൻപുറത്തു ചെന്നാൽ ഈ പോലീസുകാരനെയാണ് അവിടത്തെ ജനങ്ങൾ വലിയ ഉദ്യോഗസ്ഥനായി വിചാരിച്ചു ഉപചരിക്കുന്നത്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര) : അതു് അവരുടെ കുറ്റമാണ്. നാട്ടിൻപുറത്തുകാരുടെ തെറ്റല്ലേ?

മി. പി. എസ്. കൃഷ്ണപിള്ള (തിരുവല്ല) : നിരക്ഷരകുക്ഷികളായ ആളുകളെ ഡിപ്പാർട്ടുമെന്റിൽ സ്വീകരിക്കുന്നതുകൊണ്ടു ഏതെല്ലാംവിധത്തിലുള്ള തന്ത്രങ്ങൾ പ്രയോഗിച്ചാൽ നാട്ടിൻപുറത്തുള്ള ജനങ്ങളുടെ ബുദ്ധിയെ ചലിപ്പിക്കാൻ സാധിക്കുമെന്നുള്ളതു അവർക്കു നല്ലവണ്ണം അറിയാം. ആ തന്ത്രങ്ങളെ സൌകര്യംപോലെ സമയാസമയം പ്രയോഗിക്കുന്നതിനു ഡിപ്പാർട്ടുമെന്റിലെ പരിചയംകൊണ്ടു അവർ വിദഗ്ദ്ധന്മാരായി തീർന്നിട്ടുണ്ട്. പോലീസ് ചട്ടം നോക്കിയാൽ ആക്ഷേപയോഗ്യമായിട്ടു അതിൽ ഒന്നുംതന്നെ ഇല്ലെന്നു കാണാം. എന്നാൽ ചട്ടങ്ങൾ ചായിച്ചു രസിക്കുന്നതിനുള്ള പയറല്ലെന്നും അനുഭവത്തിൽ വരുത്തേണ്ടവയാണെന്നും കൂടി ഓർക്കണം.

൩,൦൦൦-ൽ ചില്വാനം പേരെ അറസ്റ്റ് ചെയ്തതിൽ ൨,൦൦൦-ൽ ചില്വാനം പേരെ നിരപരാധികളായിട്ടു വിട്ടിരിക്കുന്നു. ഇത്രയും ആളുകളെ ആ കേസുകൾ തീരുന്നതുവരെ ലാക്കപ്പിൽ അടച്ചു സൂക്ഷിക്കുന്നതിനാൽ ഏതെല്ലാം തരത്തിലുള്ള ഉപദ്രവങ്ങളാണു സഹിക്കേണ്ടതായി വന്നിട്ടുള്ളത്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ) : ലാക്കപ്പിൽ സൂക്ഷിക്കുന്നതു ആരുടെ വക തീരുമാനം അനുസരിച്ചാണ് പോലീസ് ഉദ്യോഗസ്ഥന്റെയോ മജിസ്ട്രേട്ടിന്റെയോ

മി. വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ലാ) പോലീസുകാർ റിമാൻഡ് അനുവദിച്ചു തരണമെന്നു അപേക്ഷിക്കും. അവർ ൧൫ ദിവസത്തേക്കാപേക്ഷിച്ചാൽ മജിസ്ട്രേട്ട് ഒരാഴ്ചക്കു അനുവദിക്കാറുണ്ട്. പിന്നെയും ആവശ്യപ്പെട്ടാൽ പിന്നെയും അതുപോലെ അനുവദിക്കാറുണ്ട്.

മി. എസ്. പരമേശ്വരൻപിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക മെമ്പർ) സർ, ഈ നടപടി നിയമവിരുദ്ധമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു, മജിസ്ട്രേട്ടന്മാരുടെ തീരുമാനത്തെ സംബന്ധിച്ചാണു മെമ്പർ ഇപ്പോൾ സംസാരിക്കുന്നതു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ) സർ, ഞാൻ പറഞ്ഞതു ബഹുമാനപ്പെട്ട മെമ്പർ ശരിയായി മനസ്സിലായില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ഞാൻ ആരെയും പേരെടുത്തു വിളിച്ചല്ല സംസാരിക്കുന്നതു്. റിവിഷനപേക്ഷയോ മജിസ്ട്രേട്ടിന്റെ നടപടികളെപ്പറ്റിയോ ഞാൻ സംസാരിക്കുന്നില്ല. പോലീസുകാർ പുള്ളികളെ ലാക്കപ്പിൽ സൂക്ഷിക്കുന്നതു സ്വയമായിട്ടോ മജിസ്ട്രേട്ടിന്റെ വരുതിയോടുകൂടിയോ എന്നുള്ള ചോദ്യത്തിനു ഉത്തരം പറയുകയാണു ചെയ്തതു. മി. പരമേശ്വരൻപിള്ള ഇതു ശ്രദ്ധിച്ചിരിക്കുന്നുവെങ്കിൽ അനാവശ്യമായി എന്റെ സമയത്തെ നഷ്ടപ്പെടുത്തുകയില്ലായിരുന്നു.

മി. ഇട്ടൂപ്പു ഇട്ടീച്ചൻ (കുന്നത്തുനാടു) മജിസ്ട്രേട്ടിന്റെ അനുമതികൂടാതെതന്നെ ൨൪ മണിക്കൂർനേരത്തേക്കു പോലീസുകാർക്കു പുള്ളിയെ ലാക്കപ്പിൽ സൂക്ഷിക്കുന്നതിനു അധികാരമില്ലേ?

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ) അങ്ങിനെവച്ചാലും, ഇങ്ങനെ നിരപരാധികളും യോഗ്യതയുള്ളവരുമായ സാധുജനങ്ങളെ വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത ഒരുകൂട്ടം ആളുകളുടെ കയ്യിൽ അകപ്പെടുത്തുന്നതിനും അകപ്പെട്ടുപോയാൽ മനുഷ്യസാധാരണമല്ലാത്ത സങ്കടങ്ങൾ അനുഭവിപ്പിക്കുന്നതിനു ഇടവരുത്താതിരിക്കുന്നതിനും ഏതെങ്കിലും ഒരു രക്ഷാമാർഗ്ഗം ഗവൺമെന്റു കണ്ടുപിടിക്കേണ്ടതാണ്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര) : കൂടുതൽ വിദ്യാഭ്യാസം ഉള്ളവരെ കാൺസ്റ്റബിൾമാരായിട്ടു നിയമിക്കണമെന്നോ ബഹു. മെമ്പരുടെ അഭിപ്രായം.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ) : കൂടുതൽ വിദ്യാഭ്യാസമുള്ളവരെമാത്രമേ കാൺസ്റ്റബിൾമാരായി നിയമിക്കാൻ പാടുള്ളു എന്നു ഞാൻ പറയുന്നതായാൽ അതിനു അർത്ഥമില്ല. ഞാൻ ഇവിടെ ഉദ്ധരിച്ചപ്രകാരം എഴുതാനും വായിക്കാനും അറിഞ്ഞുകൂടാത്തവർ ഈ ഡിപ്പാർട്ടുമെന്റിൽ ഇല്ലെന്നു വളരെ അഭിമാനമായിട്ടും അഭിമാനമായിട്ടും ഗവൺമെന്റു പറയേണ്ട ആവശ്യമില്ല. ഒരാൾ "ഞാൻ ജനിച്ചതിൽപിന്നെ ഇതുവരെ മോഷണം ചെയ്തിട്ടില്ല" എന്നു അഭിമാനമായി പറയേണ്ടആവശ്യമില്ല. സാമാന്യവിദ്യാഭ്യാസമെങ്കിലും ഉള്ളവരെമാത്രമെ ഈ ഡിപ്പാർട്ടുമെന്റിൽ പ്രവേശിപ്പിക്കാവൂ. സ്വല്പം ആത്മാഭിമാനം ഉള്ള ആളുകൾക്കു ഏതെങ്കിലും ഒന്നോരണ്ടോ നിരപരാധികളായ ആളുകളുടെ മേൽ ഒരു അഭിമാനപ്പെടുത്തി ലാക്കപ്പിൽ ആകത്തക്കവിധത്തിൽ വന്നുപോയാൽ അവർ അതിൽനിന്നും രക്ഷപ്രാപിക്കുന്നതിനു ശ്രമിക്കുമെന്നുള്ളതു മനുഷ്യസാധാരണമാണ്. നിയമവിരുദ്ധമായ നടപടികൾക്കു കൂടിയും ഇതുകാരണമായി തീരുന്നുണ്ട്. ഈ നടപടിയുടെ എന്തൊക്കെയാണെന്നു ഇവിടെ വിവരിച്ചുപറയാൻ സമയമില്ല. തന്റെ അഭിമാനരക്ഷക്കുവേണ്ടി അവർക്കു എന്തെങ്കിലും കൊടുക്കുന്നതിനു അയാൾ തയ്യാറാവുകയും അയാളെ ഭയപ്പെടുത്തി എന്തെങ്കിലും മേടിക്കുന്നതിനു സ്വല്പശമ്പളക്കാരായ പോലീസുകാർ തുനിയുകയും ചെയ്യുമെന്നുള്ളതും സാധാരണമാണ്. ഇതിനെക്കുറിച്ചു ഏതെങ്കിലും ഒരു ദൃഷ്ടാന്തം ഇവിടെ ഉദ്ധരിക്കേണ്ടആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നുമാത്രമല്ല പോലീസുകാർ നാലോ അഞ്ചോ രൂപകൈക്കൂലിവാങ്ങിയെന്നുള്ളതിനു കേസ് കൊടുത്തു തെളിവിൽ കൊണ്ടുവരണമെങ്കിൽ അതിനുകുറഞ്ഞപക്ഷം ൭൫൦, ൨൦൦ രൂപവരെ ചിലവാക്കിയെങ്കിൽ മാത്രമേ സാധിക്കയുള്ളു എന്നുള്ളതുകൊണ്ടു ഇതിൽ ഒരുത്തനും ശിക്ഷിക്കപ്പെടുന്ന പ്രവൃത്തിയല്ല. അതിനാൽ പൊതുജനങ്ങൾ അനുഭവിക്കുന്ന സങ്കടങ്ങൾ ഡിപ്പാർട്ടുമെന്റിൽനിന്നും എന്തെങ്കിലുംതരത്തിൽ ഒരു നിവൃത്തിയുണ്ടാക്കണമെന്നു പറയുന്നതിനാണു ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു.

മി. ആർ. രാമൻപിള്ള (കോട്ടയം) : സർ, ഞാൻ എന്റെ സ്നേഹിതൻ മി. കൃഷ്ണപിള്ളയുടെ ഉപക്ഷേപത്തെ പിന്താങ്ങുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ പല അഭിപ്രായങ്ങളോടും ഞാൻ യോജിക്കുന്നു. ഇപ്പോഴത്തെ കമ്മീഷണർ ചാർജ്ജെടുത്തതിനുശേഷം പോലീസ്സൈന്യത്തിൽ ആൾ എടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചുവരുന്നതായി എനിക്കറിവുണ്ട്. കഴിയുന്നേടത്തോളം വിദ്യാഭ്യാസമുള്ള ആളുകളെത്തന്നെ കാൺസ്റ്റബിൾമാരായിട്ടു തെരഞ്ഞെടുക്കുന്നതിൽ അദ്ദേഹം കാണിക്കുന്ന ശ്രദ്ധയാലോചിച്ചാൽ അദ്ദേഹത്തിന്റെ പ്രവൃത്തിയെ അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല. പഴയ ആളുകളിൽ ചിലർ ഡിപ്പാർട്ടുമെന്റിൽ കടന്നുകൂടിപ്പോയിട്ടുണ്ട്. നമുക്കവരെ പിരിച്ചയയ്ക്കാൻ സാധിക്കയില്ല. അതിനാൽ അചിരേണ ആ ഡിപ്പാർട്ടുമെന്റിനെ നന്നാക്കാൻ അദ്ദേഹം മനഃപൂർവ്വം ശ്രമിക്കുമെന്നു നമുക്കു വിശ്വസിക്കാം. ഏകദേശം എട്ടോ രൂപാമുതൽ പത്തോ പതിമൂന്നോ രൂപാവരെ ശമ്പളം പത്തോ മുപ്പതോ കൊല്ലംകൊണ്ടു കിട്ടത്തക്കവണ്ണമുള്ള വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അവർക്കു ജീവിക്കാൻ സാധിക്കുമെന്നു പോലീസുകമ്മീഷണർതന്നെ ആലോചിക്കേണ്ടതാണ്. വലിയ ഉദ്യോഗസ്ഥന്മാരുടെ എണ്ണം കൂടിയിരിക്കുന്നതുകൊണ്ടു അവർക്കു ശമ്പളം കൂട്ടിക്കൊടുക്കാൻ മടിയില്ല. എന്നാൽ താഴ്ന്നശമ്പളക്കാരുടെ എണ്ണം അധികമുള്ളതുകൊണ്ടു ഒരു രൂപാവീതം കൂട്ടിക്കൊടുത്താലും ഒരുവലിയ സംഖ്യ ചിലവാക്കേണ്ടിവരുമെന്നു എല്ലാവർക്കും അറിയാം. ഉപജീവനം എന്നുള്ളതു എല്ലാവർക്കും ഒരുപോലെയാണ്. വസ്ത്രാലങ്കാരങ്ങളിലോ സമ്പ്രദായങ്ങളിലോ വ്യത്യാസം കാണിക്കാമെന്നല്ലാതെ മറ്റുസംഗതികളിൽ വലിയവ്യത്യാസം ചെയ്യാമെന്നു എനിക്കു തോന്നുന്നില്ല.

ആഹാരവിശേഷങ്ങളുടെ രീതിയിൽ വ്യത്യാസം വരുത്താം. അരവയറെങ്കിലും ആഹാരം കഴിക്കാതെ ജോലിചെയ്യാൻ നിവൃത്തിയില്ലല്ലോ. തിരുവിതാംകൂറിലെ താഴ്ന്നശമ്പളക്കാരുടെ അവസ്ഥ വളരെ ശോചനീയമാണ്. വലിയ ഉദ്യോഗസ്ഥന്മാരുടെ വീടുകളെയും കച്ചേരികളെയും എപ്പോഴും ചുററിനോക്കി പ്രയാസപ്പെട്ടു രാത്രികൾ കഷ്ടപ്പെട്ടു കാത്തുജീവിക്കുന്ന കാൺസ്ററബിൾമാരുടെയും ശിപായിമാരുടെയും അവസ്ഥ പരമസങ്കടകരമായിട്ടുള്ളതാണു.

പോലീസുസൈന്യത്തിൽ ഡി. എസ്. പി. എ. എസ്. പി. എന്ന് രണ്ടുതരം ഉദ്യോഗസ്ഥന്മാരുണ്ടു. സാധാരണയായിട്ടു ഇപ്പോൾ കണ്ടുവരുന്നതു ഇങ്ങിനെയാണു. എ. എസ്. പി. ഒരുവഴിക്കുപോയാൽ ഡി. എസ്. പി. മറെറാരുവഴിക്കുപോകും. ഇങ്ങിനെയായാൽ പോലീസുഭരണത്തിൽ കൂടുതൽ കുഴപ്പത്തിനെ വകയുള്ളു. ഇപ്പോൾ മൂന്നു ഡി. എസ്. പി. മാരുള്ളതിനെ ഒന്നുകുറച്ചു രണ്ടാക്കുകയും ആറു എ. എസ്. പി. മാരെ സെക്കൻഡുഗ്രേഡ് ഡി. എസ്. പി. മാരാക്കുകയും അവർക്കു ഓരോ സ്ഥലം തിരിച്ചുകൊടുത്തു അവരുടെ അധികാരാതൃത്തി നിർണ്ണയിക്കുകയും ചെയ്താൽ പോലീസുഭരണം നന്നായിരിക്കുമെന്നാണു എനിക്കു തോന്നുന്നതു. ഇങ്ങിനെ ഭരണം നടത്തിയാൽ കീഴുദ്യോഗസ്ഥന്മാരുടെ അക്രമങ്ങൾക്കു കുറവുവരുത്താം. കാൺസ്റ്റബിൾമാരുടെ ശമ്പളം കുറഞ്ഞതു ൧൫ ഉറുപ്പികയാക്കണം. ഹെഡ്കാൺസ്റ്റബിൾമാരുടെ ശമ്പളം കുറഞ്ഞതു ൨൦ ഉറുപ്പികമുതൽ ൩൫ വരെ ആക്കണം. ഇൻസ്പെക്ടർമാരുടെ ശമ്പളം ഇപ്പോഴത്തേതിൽ കൂടുതൽ കൊടുക്കേണ്ട ആവശ്യമില്ല. ഇത്രയും അഭിപ്രായങ്ങൾ നിർദ്ദേശിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

മി. തയ്യിൽകുഞ്ഞിതൊമ്മൻ (മൂവാററുപുഴ—തൊടുപുഴ) : സർ ഈ രാജ്യത്തിലെ പലവകുപ്പുകളിലെയും ഉദ്യോഗസ്ഥന്മാർ പ്രായേണ കൈക്കൂലിക്കാരും ജനോപദ്രവികളുമാണു.

അതിലൊക്കെവെച്ചു കൂടുതൽ ഉപദ്രവകാരികൾ പോലീസുവകുപ്പിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരാണ്. മററുവകുപ്പിലുള്ള ഉദ്യോഗസ്ഥന്മാർ ജനങ്ങളുടെ ധനത്തെയാണ് മിക്കവാറും അപഹരിക്കുന്നതു. ഇവർ അഭിമാനത്തെയും ധനത്തെയും ആരോഗ്യത്തെയും ജീവനെത്തന്നെയും നശിപ്പിക്കുന്നതിനു പ്രാപ്തന്മാരാണ്. പോലീസിലെ ചില ഉദ്യോഗസ്ഥന്മാരും സ്ഥലത്തെ ഒരു ഡാക്ടരുംകൂടിചേർന്നാൽ മനുഷ്യരെ കൊന്നുകളഞ്ഞാൽകൂടി ഒന്നുമില്ലെന്നാണു ജനങ്ങൾ പറയുന്നതു. ജനങ്ങളുടെ ജീവനെക്കൂടി കാക്കേണ്ട ചുമതല ഉള്ളവർ വളരെ ഉത്തരവാദിത്വബോധത്തോടുകൂടി പ്രവർത്തിച്ചില്ലെങ്കിൽ ജനങ്ങളുടെ സ്ഥിതി എന്തായിരിക്കും?

കാൺസ്റ്റബിൾമാർക്കു ശമ്പളം തീരെ കുറവാണെന്നുള്ളതു വാസ്തവം തന്നെ. ശമ്പളം കൂട്ടിക്കൊടുക്കണം. എന്നാൽ ശമ്പളക്കൂടുതൽ കൊടുത്തും പിന്നെയും ജനങ്ങളെ ഉപദ്രവിക്കാൻ ഇടയാക്കരുതു. എല്ലായിടത്തും അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർ തിങ്ങിക്കയറിയിട്ടുണ്ട്. യോഗ്യന്മാരും ചിലരുണ്ട്; എങ്കിലും അവർ കീഴിലുള്ളവരെ നിയന്ത്രിക്കുന്നതിനു ഉത്സുകന്മാരല്ല. ഇതിനുകാരണം ഇവരിൽചിലരുടെ അസ്ഥാനത്തുള്ള ദയയും അപ്രാപ്തിയുമാണ്. അസ്ഥാനത്തു കാണിക്കുന്ന ദയ കാഠിന്യമായി പരിണമിക്കുന്നു. മേലുദ്യോഗസ്ഥന്മാർ കീഴിലുള്ളവരിൽ കാണിക്കുന്ന ദയനിമിത്തം ചിലപ്പോൾ ആയിരക്കണക്കായ ജനങ്ങൾ കഷ്ടതഅനുഭവിക്കേണ്ടതായിവരുന്നു എന്നു ഞാൻ കഴിഞ്ഞദിവസം പ്രസ്താവിച്ചുവല്ലോ. മററുചില ഉദ്യോഗസ്ഥന്മാർ നേരെ വിപരീതമായിട്ടു അഴിമതിക്കാരായ കീഴുദ്യോഗസ്ഥന്മാരോടുചേർന്നു പ്രവർത്തിക്കുന്നു. നല്ലയാളുകൾ ഇവരുടെയിടയിൽവന്നാൽ പ്രായേണ അവരും ചീത്തയായികാണുന്നു. ആററിലെ ശുദ്ധജലവും സമുദ്രത്തോടുചേർന്നാൽ ഉപ്പുരസമാകുമല്ലോ.

ഇതിനെല്ലാം നിവൃത്തി ശമ്പളക്കൂടുതൽ നൽകുന്നതുകൊണ്ടുമാത്രം ഉണ്ടാകുന്നതല്ല. തലസ്ഥാനത്തിൽനിന്നും ശരിയായ കൺട്രോൾ ഉണ്ടാകണം. കുറെക്കാലങ്ങൾക്കുമുമ്പ് ഇവിടെ മിസ്റ്റർ ജാർജ്ജ് പോലീസുകമ്മീഷണർ ആയിരുന്നു. ജനങ്ങൾക്കു ഇന്നും അദ്ദേഹത്തെപ്പററി വലിയ ബഹുമതിയാണ്. അക്രമങ്ങളെയും അഴിമതികളെയും നിർത്തുന്നതിനു അദ്ദേഹം വളരെ ശ്രമിച്ചിട്ടുണ്ടു. കീഴിലുള്ളവരുടെ അഭിപ്രായങ്ങളെമാത്രം ഗണിച്ചല്ലായിരുന്നു അദ്ദേഹത്തിന്റെ പ്രവൃത്തി. ഒരുവശത്തുനിന്നുമാത്രം ഗുണവും ദോഷവും അറിയാൻ സാധിക്കയില്ലല്ലോ. രണ്ടുവശവും നോക്കണം. കീഴിലുള്ളവരുടെ അഭിപ്രായംമാത്രം കേട്ടു അവരുടെ പ്രവൃത്തിയെമാത്രം വിശ്വസിച്ചും ഭരണം നടത്തുന്നതായാൽ യഥാർത്ഥസംഗതികൾ ഗ്രഹിക്കുവാനും ജനങ്ങളുടെ ഇടയിൽ സമാധാനവും ക്ഷേമവും പരിപാലിക്കുവാനും സാധിക്കയില്ല.

മേലുദ്യോഗസ്ഥന്മാരുടെ സർക്കീട്ടിൽവേണം അഴിമതികളെ പ്രധാനമായി കണ്ടുപിടിച്ചൊതുക്കുവാൻ. അധികം അഴിമതിനടക്കുന്നതായി കേൾക്കുന്ന ഓരോ സ്ഥലത്തും ചെല്ലണം. ഒരു സ്ഥലത്തു ഉടൻ ചെല്ലണമെന്നു ചുമതലയുള്ള ജനങ്ങളുടെ കമ്പിയോ ഹർജിയോ കിട്ടിയാൽ ഉടനെ ആ സ്ഥലത്തെത്തി അതിനെപ്പററി അന്വേഷണം നടത്തുമ്പോൾ പലസംഗതികളും വെളിപ്പെടും. അങ്ങിനെയായിരുന്നു മിസ്റ്റർ ജാർജ്ജ് ചെയ്തുവന്നിരുന്നതു. അദ്ദേഹം ഓരോസ്ഥലത്തും സർക്കീട്ടുവന്നു ജനങ്ങളെ നേരിട്ടുകണ്ടു ഇവിടത്തെ ഇൻസ്പെക്ടർ എങ്ങിനെയിരിക്കുന്നു; അഴിമതിക്കാരനാണോ എന്നെല്ലാം അവരോടു ചോദിച്ചും അന്വേഷിച്ചും വാസ്തവം അറിയുക പതിവുണ്ടായിരുന്നു. അങ്ങിനെ അറിഞ്ഞു അഴിമതിക്കാരെ എല്ലാം ഒതുക്കി. അതുകൊണ്ടാണു ജനങ്ങൾ അദ്ദേഹത്തെ ഇന്നും ബഹുമാനിക്കുന്നതു. ഒരു സംഗതിയെപ്പററി കീഴുദ്യോഗസ്ഥന്മാരോടു എഴുതിചോദിക്കമാത്രം ചെയ്താൽ അവർ വാസ്തവം മറച്ചു ഒരുവിധം എഴുതിയേക്കും. എ. എസ്. പി., ഡി. എസ്. പി. ഇവരുടെ കയ്യിലെല്ലാം അതു കടന്നു കമ്മീഷണരുടെ കയ്യിൽ എത്തുമ്പോൾ ആ സംഗതി ഏതെല്ലാംതരത്തിലാണ് വാസ്തവസ്ഥിതിയിൽനിന്നു രൂപാന്തരപ്പെട്ടുവന്നിട്ടുള്ളതെന്നു കമ്മീഷണർക്കറിയാൻ തരമില്ല. ഒരു തുണികൊണ്ടു കണ്ണുമൂടിയാൽതന്നെ ശരിയായി കണ്ടുകൂടാ. ആ സ്ഥിതിക്കു പടിപ്പടിയായിട്ടു രണ്ടുമൂന്നു തുണിയിട്ടു കണ്ണുമൂടുമ്പോൾ എങ്ങിനെയാണു പരമാർത്ഥം കാണുന്നതു. പലപ്പോഴും ഇവർ സത്യാവസ്ഥയെ മറിച്ചുമറിച്ചു ധരിപ്പിച്ചുകളയുന്നു. അതുകൊണ്ടു ഗൗരവമുള്ള ഒരുകാര്യത്തെസംബന്ധിച്ചു ഒരു ഹർജിയോ കമ്പിയോ ജനങ്ങളിൽനിന്നും കിട്ടിയാൽ കമ്മീഷണർ ഉടൻതന്നെ നേരിട്ടുചെന്നു അന്വേഷണം നടത്തണം. എപ്പോഴും ഓരോ സ്ഥലങ്ങളിലും സർക്കീട്ടുപോകയും ആഫീസിൽ ഇരുന്നു ജോലിനടത്തിക്കയും ചെയ്യുന്നതിനു സാദ്ധ്യമല്ലെ എന്നു എനിക്കുതന്നെ അറിയാം. എപ്പോഴും പോകണ്ട. ഗൗരവമുള്ള അഴിമതിനടക്കുന്ന സ്ഥലത്തെത്തണമെന്നു ചുമതലയുള്ളവർ അറിയിച്ചാൽ ഉടൻ സ്ഥലത്തെത്തി വേണ്ട അന്വേഷണം നടത്തുമ്പോൾ അഴിമതിക്കാരായ കീഴുദ്യോ

ഗസ്ഥന്മാർക്കുതന്നെ ഒരു ഭയം പരക്കെയുണ്ടാകും. മുന്നറിവുകൊടുക്കാതെ സർക്കീട്ടുപോകണം. ജനങ്ങളോടു നേരിട്ടു ചോദിക്കണം. ജനങ്ങൾതന്നെ കമ്പിയോ ഹർജിയോ അയക്കാൻ വളരെ ഭയപ്പെടും. എന്തെന്നാൽ പോലീസുകാർ പരാതിക്കാരെ വെറുതെവിടുകയില്ല. ഗത്യന്തരമില്ലാത്ത നിലവന്നാലേ പോലീസുകാരുടെപേരിൽ പരാതിഹർജി അയക്കുവാൻ ജനങ്ങൾ ഒരുമ്പെട്ടു. അപ്പോഴും അതിന്മേൽ മേലാവു് നിർദ്ദാക്ഷിണ്യമായ ഒരു ഗവേഷണം നടത്തിയില്ലെങ്കിൽ പോലീസുകാരുടെ വിരോധം വർദ്ധിക്കും. സാധുജനങ്ങളുടെ പിന്നത്തെ സ്ഥിതി എന്തായിരിക്കും. പോലീസുദ്യോഗസ്ഥന്മാർക്ക് വേണമെങ്കിൽ ജനങ്ങളെ ഉപദ്രവിക്കാൻ ധാരാളം കാരണമുണ്ടാക്കാം. ജനപ്രതിനിധികൾക്കും ഈ സംഗതി തുറന്നുപറയാൻ വളരെ വിഷമിക്കേണ്ടതുണ്ട്. അവർ ത്യാഗികളാണെങ്കിൽതന്നെയും ത്യാഗികൾക്കും ജീവൻ അപകടത്തു വെടിയാൻ മടികാണും. മറ്റുള്ളവരുടെ കഥ പറയാനുമില്ല.

നാൾക്കുനാൾ അഴിമതിയും കുഴപ്പവും ഈ ഡിപ്പാർട്ടുമെൻറിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ശസ്ത്രക്രിയ നടത്തുന്ന ഒരു ഡാക്ടർ നിർദ്ദയം രോഗിയുടെ ദേഹത്തിൽ മൂർച്ചയുള്ള കത്തിപ്രയോഗിക്കുന്നതു ആ രോഗിയുടെ ഗുണത്തിനാണ്. അതുപോലെ ഞാൻ ഈ സംഗതി ജനക്ഷേമത്തെ ഉദ്ദേശിച്ചുമാത്രം ഈ സഭാസമക്ഷം പ്രസ്താവിക്കുന്നതാണ്. നിർദ്ദാക്ഷിണ്യമായി ജനങ്ങൾക്കുവേണ്ടി കാര്യംപറയേണ്ടതു ജനപ്രതിനിധികളുടെ കടമയാണല്ലോ. അക്രമികളുടേയും അക്രമിക്കപ്പെടുന്നവരുടേയും സാക്ഷാൽ ഗുണത്തിനും അനേകം ജനങ്ങളുടെയും ക്ഷേമത്തിനുംവേണ്ടി ജനങ്ങൾ അനുഭവിക്കുന്ന സങ്കടങ്ങളെ ഇവിടെ പറയാതിരിക്കാൻ എനിക്കു നിവൃത്തിയില്ല. മിസ്റ്റർ ജാർജ്ജിൻെറ കാലത്തു അദ്ദേഹം ഈ ഡിപ്പാർട്ടുമെൻറിനെ നന്നാക്കുവാൻ ശ്രമിച്ചിരുന്നപ്പോൾ ഞാൻ പ്രജാസഭാമെമ്പറായിരുന്നു. പലസംഗതികളും ജനക്ഷേമത്തിനായി ഞാൻ അദ്ദേഹത്തെ അറിയിക്കയും അദ്ദേഹം അതനുസരിച്ചു അന്വേഷിച്ചു ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ നിർത്തുകയുംചെയ്തിട്ടുണ്ട്. അഴിമതിക്കാരെ കഠിനമായി ശിക്ഷിച്ചുവന്നിരുന്നു. എന്നാൽ ജനപ്രതിനിധികൾ പറയുന്നതുകേട്ട് ഒരുദ്യോഗസ്ഥനെ ഉടനെ ശിക്ഷിക്കണമെന്നു ഞാൻപറയുന്നില്ല. അതിനെപ്പററി വേണ്ട അന്വേഷണം നടത്തണം. ഉദ്യോഗസ്ഥന്മാരിൽനിന്നും കിട്ടുന്ന അറിവിനെമാത്രം നോക്കാതെ സ്ഥലത്തുചെന്നു നേരിട്ടറിഞ്ഞു് വീഴ്ചക്കാരെന്നുകാണുന്നവരെ നിർദ്ദാക്ഷിണ്യം ശിക്ഷിച്ചാൽമതി. കാര്യങ്ങൾ ക്രമേണ ശരിയായിക്കൊള്ളും. കീഴുദ്യോഗസ്ഥന്മാരെപ്പററിയുള്ള പരാതിയെക്കുറിച്ചു അവരോടുതന്നെ ചോദിക്കുന്നപക്ഷം സ്വാർത്ഥത്തിനു വഴിപ്പെടാതിരുന്നതിനാൽ ചിലർ കള്ളമായി പരാതികൊടുത്തിരിക്കയാണെന്നോ ഒത്തുപോലെ മറെറന്തെങ്കിലുമൊക്കെ കീഴുദ്യോഗസ്ഥന്മാർ പറഞ്ഞുകഴിയും. അതിനെമാത്രം വിശ്വസിക്കരുത്. രണ്ടുവശത്തെ കാര്യവും അറിയണം. എന്നാലേ സത്യം മനസ്സിലാകൂ. പോലീസ്കമ്മീഷണർ നല്ല ഉദ്ദേശമുള്ള ആളാണ്. പക്ഷെ കീഴുദ്യോഗസ്ഥന്മാരിൽനിന്നു അദ്ദേഹം സൂക്ഷിക്കണം. അല്ലെങ്കിൽ അദ്ദേഹത്തിൻെറ ഉദ്ദേശം ഫലത്തിൽവരികയില്ല. കമ്മീഷണർ ഡിപ്പാർട്ടുമെൻറിലെ അഴിമതിക്കാരുടെമേൽ പ്രത്യേകം ശ്രദ്ധപതിക്കണമെന്നു വീണ്ടും പ്രസ്താവിച്ചുകൊണ്ടു വിരമിക്കുന്നു.

മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, പോലീസ് ഡിപ്പാർട്ടുമെൻറിനെ വളരെ ഭംഗിയായിട്ട് ഭരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അതിൻെറ ഇപ്പോഴത്തെ മേലദ്ധ്യക്ഷൻ വളരെ ജാഗ്രതയായി പ്രവർത്തിക്കുന്നുണ്ടെന്നുകാണുന്നതിൽ പ്രത്യേകം സന്തോഷിപ്പിക്കേണ്ടതാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ–തൊടുപുഴ): അതിൻെറഫലമായിട്ടു അഴിമതിക്കു വല്ല കുറവും ഉണ്ടോ?

മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): അഴിമതി കുറയ്ക്കുവാനായി കമ്മീഷണർ വളരെ ശ്രദ്ധിക്കുന്നുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ–തൊടുപുഴ):

(ഒരു ചോദ്യംചോദിക്കുവാനായി എഴുന്നേററു)

പ്രസിഡണ്ട്: അദ്ദേഹം ഒരു വാചകം പറഞ്ഞതു പൂർത്തിയാക്കിക്കൊള്ളട്ടെ. അതിനുശേഷം നിങ്ങൾക്കു ചോദിക്കുവാനുള്ള ചോദ്യംചോദിക്കാമല്ലോ.

മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): പോലീസുകാർ നടത്തുന്ന അഴിമതി കമ്മീഷണർമാത്രം വിചാരിച്ചാൽ നിർത്താൻപ്രയാസമാണ്. അഴിമതികളെ നിർത്തുന്നതിനു കമ്മീഷണരോടു സഹകരിച്ചു പ്രവർത്തിക്കേണ്ടതു ജനങ്ങളുടേയും ചുമതലയാണ്.

മി. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക തെക്കൻമെമ്പർ): എക്സൈസ് ഡിപ്പാർട്ടുമെൻറു നിർത്തണമെന്നാണോ പറയുന്നതു്?

മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ചോദ്യത്തിനും ഇപ്പോൾ ഞാൻ സംസാരിക്കുന്ന വിഷയത്തിനുംതമ്മിൽ എന്തു ബന്ധമാണുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. പോലീസ്ഡിപ്പാർട്ടുമെൻറിനെപ്പററി പറയുമ്പോൾ എക്സൈസ് ഡിപ്പാർട്ടുമെൻറു നിർത്തണമെന്നാണോ പറയുന്നതു എന്നുള്ള ചോദ്യത്തിൻെറ അർത്ഥം എന്താണെന്നും എനിക്കു മനസ്സിലാകുന്നില്ല.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): പോലീസുകാരോടു ജനങ്ങൾ എങ്ങിനെയാണ് സഹകരിക്കേണ്ടതു്?

മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ഓരോസ്ഥലത്തും നടത്തുന്ന അഴിമതികളെ അപ്പഴപ്പോൾ കമ്മീഷണർക്കു അറിവുകൊടുക്കുക. അതിലേക്കു വേണ്ടുന്ന തെളിവുകൾകൊടുത്തു അഴിമതിക്കാററരായ ഉദ്യോഗസ്ഥന്മാരെ ശിക്ഷയിൽ കൊണ്ടുവരുന്നതിനുത്സാഹിക്കുക. പോലീസുകാർക്കു ആരും കൈക്കൂലികൊടുക്കരുതെന്നു ജനസാമാന്യത്തെ ഉപദേശിക്കുക. കൊടുക്കാതെ നിവൃത്തിയില്ലെന്നുവരുന്ന കാര്യങ്ങളിൽ പോലീസുകാരോടു എതിർത്തുനിന്നു ന്യായം പുലർത്തുന്നതിനു ശ്രമിക്കുക. മോഷണം കൊല മുതലായ കേസുകളിൽ കുററക്കാരെ കണ്ടുപിടിക്കുന്നതിനും ശിക്ഷയിൽ വരുത്തുന്നതിനും പോലീസുകാരെ സന്ദർഭോചിതമായിട്ടു സഹായിക്കുക. ഒളിച്ചുപോകുന്ന കുററക്കാരെ കണ്ടുപിടിക്കുന്നതിനു പോലീസുകാർക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുക. ഇങ്ങനെയുള്ള പല സഹായങ്ങൾ ജനങ്ങളും ജനപ്രതിനിധികളും ചെയ്തുകൊടുക്കേണ്ടതാണ്. അങ്ങിനെ യാ

തൊന്നും ചെയ്യാതെ പോലീസുകാർ കൈക്കൂലി വാങ്ങിക്കുന്നുവെന്നോ അഴിമതികാണിക്കുന്നുവെന്നോ പറഞ്ഞതുകൊണ്ട് ഗണ്യമായ യാതൊരു ഫലവും ഉണ്ടാകാനിടയില്ല. എന്നാൽ ഗവണ്മെണ്ടിൻെറയും ഡിപ്പാർട്ടുമെൻറിൻെറയും ഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകേണ്ട ഏതാനും സംഗതികൾ ഈ സന്ദർഭത്തിൽ ഇവിടെ പ്രസ്താവിക്കുന്നതു ഉചിതമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പോലീസുകാർ സാധാരണ കേസു രജിസ്റ്റർചെയ്താൽ ഉടൻതന്നെ ഫസ്റ്റ് ഇൻഫർമേഷൻറിപ്പോർട്ട് മജിസ്ട്രേട്ടിനയക്കണമെന്നും അതിന്മേൽ ഇത്ര വാരത്തിനകം ഫയിനൽ റിപ്പോർട്ടയക്കണമെന്നു മജിസ്ട്രേട്ട് ഉത്തരവയക്കണമെന്നും ഇപ്പോൾ വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ പോലീസുദ്യോഗസ്ഥന്മാർ അത്രതന്നെ ശ്രദ്ധിക്കുന്നില്ല. ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട് അയച്ചുകഴിഞ്ഞിട്ടുള്ള ഒരു കേസ്സിൻെറ അന്വേഷണം പൂർത്തിയാക്കി നിശ്ചിതസമയത്തിനകം ഫയിനൽറിപ്പോർട്ട് സമർപ്പിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ള സംഗതിയിൽ മേലധികാരികളുടെ ശ്രദ്ധ വേണ്ടപോലെ പതിഞ്ഞുകാണുന്നില്ല. ചിലപ്പോൾ പോലീസുകാർ അന്വേഷണം പൂർത്തിയാക്കി ഫയിനൽറിപ്പോർട്ട് അയക്കുന്നതുവരെ ഈവക കേസുകൾ പോലീസിൽ കിടന്നു പോകുന്നുണ്ട്. ഇതു വളരെനാൾ പോലീസുദ്യോഗസ്ഥന്മാരെപ്പററി ജനങ്ങളുടെ ഇടയിൽ അഭിപ്രായവ്യത്യാസത്തിനും അഴിമതിനടത്തുന്നതിനു പോലീസുകാർക്കു സൗകര്യം കിട്ടുന്നതിനും ഇടയാകുന്നു. അതിനാൽ ഇത്ര വാരത്തിനകം ഫയിനൽറിപ്പോർട്ട് അയക്കണമെന്ന് ഉത്തരവുകൊടുത്താൽ അതനുസരിച്ചു നടക്കുന്നതിനു വേണ്ട നിഷ്കർഷ മേലധികാരികൾ ചെയ്യണം. അസിസ്റ്റൻറസൂപ്രണ്ടോ ഡിസ്ട്രിക്ട്സൂപ്രണ്ടോ പരിശോധനയ്ക്കു പോകുമ്പോൾ ഫസ്റ്റ് ഇൻഫർമേഷൻറിപ്പോർട്ട് അയച്ചതിനുശേഷം ഫയിനൽറിപ്പോർട്ട് അയക്കാത്തതായി പോലീസിൽകിടപ്പുള്ള കേസുകളെ പരിശോധിക്കയും താമസത്തിനുള്ള കാരണം തൃപ്തികരമല്ലെന്നു കാണുന്നപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനോടു സമാധാനം ചോദിച്ച് ശിക്ഷാർഹനാണെന്നു കാണുന്നപക്ഷം ശിക്ഷിക്കയും ചെയ്യേണ്ടതാണ്. പോലീസ് ഡിപ്പാർട്ടുമെൻറിൻെറ നടപടികളെപ്പററി കഴിഞ്ഞകൊല്ലത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"പോലീസുകാർ മജിസ്ട്രേട്ടന്മാർക്കു റിപ്പോർട്ടുകൾ അയച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ചുള്ള അവസാനറിപ്പോർട്ട് സമർപ്പിക്കുന്ന വിഷയത്തിൽ കണ്ടുവരാറുള്ള അമാന്തവും താമസവും സംബന്ധിച്ചുള്ള പരാതികൾ ഇപ്പോഴും ധാരാളമായി ഉണ്ടായിക്കൊണ്ടുതന്നെ ഇരിക്കുന്നു".

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഏതുതാമത്തെ പുറത്താണ് ഇങ്ങിനെ പറഞ്ഞിരിക്കുന്നതു എന്നറിഞ്ഞാൽകൊള്ളാം.

മി. മുളവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ൧൧൨൨-ൽ പോലീസ് ഡിപ്പാർട്ടുമെൻറിൻെറ ഭരണറിപ്പോർട്ടിനെ സംബന്ധിച്ചുണ്ടായിട്ടുള്ള ഗവണ്മെൻറുത്തരവാണ്. അതിൽ ൧-ാംപുറത്തു ഏട്ടാം ഖണ്ഡികയാണ്. ഗവണ്മെൻറുത്തരവിൻെറ ൭-ാം ഖണ്ഡികയിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

"മുമ്പിലത്തെ വിമർശനങ്ങളിൽ വളരെ കർശനമായ അഭിപ്രായങ്ങൾ ഗവണ്മെൻറിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നിട്ടും പോലീസുകാർ മജിസ്ട്രേട്ടുകോടതികളിൽ ചാർജ്ജുചെയ്തിരുന്ന കേസുകളെ തീർക്കുന്നതിനു ശരാശരി ൧൧൦൦-ൽ ൪൭-ം ൧൧൦൧-ൽ ൫൯-ം ൧൧൦൨-ൽ ൭൪-ം ദിവസങ്ങൾ എടുത്തുവന്നിരുന്നതു ഇക്കൊല്ലം ൮൧-ാം ദിവസങ്ങൾ ആയി പരിണമിച്ചുകാണുന്നതിൽ ഗവണ്മെൻറിനുണ്ടായിട്ടുള്ള കഠിനമായ അതൃപ്തിയെ ഇവിടെ രേഖപ്പെടുത്തുന്നു. മജിസ്ട്രേട്ടന്മാരുടെ ജോലിതീർപ്പിൽ ഇപ്രകാരം ക്രമേണ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവിനെ എത്രതന്നെ അധിക്ഷേപിച്ചാലും അധികമായി പോകുന്നതല്ല. ഈ സംഗതിയിൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർ അവരുടെ പ്രത്യേകശ്രദ്ധയെ ആനയിക്കുകയും ന്യായരഹിതമായി കാലതാമസം നേരിടുന്ന വിഷയത്തിൽ അവരെ സംബന്ധിച്ച കർശനമായ നടപടികൾ നടത്തുന്നതിലേക്കായി ഗവണ്മെൻറിലേക്കു റിപ്പോർട്ടു ചെയ്തുകൊള്ളണമെന്നു അവരോടു താല്പര്യപ്പെട്ടുകൊള്ളുന്നു.

അതിനാൽ പോലീസുദ്യോഗസ്ഥന്മാർ കേസുകൾ അന്വേഷണംനടത്തി പൂർത്തിയാക്കി മജിസ്ട്രേട്ടിൽ ചാർജ്ജുചെയ്തുകഴിഞ്ഞാൽ നിവൃത്തിയുള്ളിടത്തോളം വേഗത്തിൽ മജിസ്ട്രേട്ടന്മാർ ആ കേസുകളെ തീരുമാനിക്കുന്നതിനെ സംബന്ധിച്ചും പ്രത്യേകിച്ചു ശ്രദ്ധവയ്ക്കേണ്ടതാണ്. ഈ കാലതാമസത്തിനുള്ള ഒരു പ്രധാനകാരണം ചില മജിസ്ട്രേട്ടുകോടതികളിൽ ഇപ്പോൾ ഫയലായിക്കൊണ്ടിരിക്കുന്ന കേസുകളുടെ എണ്ണം കൂടുതലായിരിക്കുന്നുള്ളതാണ്.

അതിലേയ്ക്കു വേണ്ടിയിരുന്നാൽ ക്രിമിനൽകോടതികളുടെ അധികാരാതൃത്തി ഭേദപ്പെടുത്തുകയും ആവശ്യം വേണമെന്നുതോന്നുന്ന സ്ഥലങ്ങളിൽ കൂടുതൽ കോടതികൾ വേണ്ടിവന്നാൽ ഏർപ്പെടുത്തുകയും ചെയ്യണം. ഈ കാലതാമസം അധികവും ഇപ്പോൾ ഡിവിഷൻ അസിസ്റ്റൻറന്മാരുടെ ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതികളിലാണ് കണ്ടുവരുന്നതു്. ഇതിലേക്കു സ്റ്റേഷനറി ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ടുകോടതികൾ അത്യാവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കണം. ചേർത്തലതാലൂക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഒന്നാംക്ലാസ് മജിസ്ട്രേട്ടധികാരത്തിലുള്ള കേസുകൾക്കായി ചേർത്തലക്കാർ ഇപ്പോൾ കോട്ടയത്തേക്കു പോകേണ്ടിയിരിക്കുന്നു. വേമ്പനാട്ടുകായൽകടന്നു കോട്ടയത്തു പോകുന്നതിലുള്ള വൈഷമ്യവും ബുദ്ധിമുട്ടും വിചാരിച്ചു പോലീസുകാർ പൊലും ഇങ്ങിനെയുള്ള കേസുകൾ എടുക്കുന്നതിൽ ഇപ്പോൾ അമാന്തിക്കുന്നുണ്ട്. ഇതു ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്.

ഇനി എനിക്കു പറവാനുള്ളതു പോലീസ് ഇൻസ്പെക്ടർമാരുടെ നിയമനത്തെപ്പററിയാണ്. ഇൻസ്പെക്ടർമാരായിട്ടു സാധാരണ ഇപ്പോൾ റിക്രൂട്ടുചെയ്യുന്നതു് ബി. എ. പാസായിട്ടുള്ളവരെയാണ്. എന്നാൽ ഡിപ്പാർട്ടുമെൻറിൽതന്നെ അതിലേയ്ക്കു പ്രാപ്തിയുള്ള ഹെഡ് കാൺസ്റ്റബിൾമാരിൽ ചിലർ അയോഗ്യരായിരിക്കാം. എന്നാൽ അവരെ എല്ലാപേരെയും ഒരേതരത്തിൽ എണ്ണുവാൻ പാടില്ല. എല്ലാകൂട്ടത്തിലും എല്ലാതരത്തിലുമുള്ള ആളുകൾ ഉണ്ടായിരിക്കും. ഇക്കൂട്ടത്തിൽ ഡിപ്പാർട്ടുമെൻറിൽ വളരെ ശേഷിയോടും സാമർത്ഥ്യത്തോടുംകൂടി ജോലിചെയ്യുന്ന ഹെഡ്കാൺസ്റ്റബിൾമാരുണ്ട്. അവരെ ഇൻസ്പെക്ടർമാരായിട്ടു കയററം ചെയ്യണം.

മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായസംഘങ്ങൾവക വടക്കൻമെമ്പർ): അനേകംതവണ ഇൻസ്പെക്ടർമാരായിട്ടു ആക്ട് ചെയ്തവർതന്നെ ധാരാളം ഇല്ലയോ?

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ധാരാളമുണ്ട്. അവർക്ക് പ്രൊമോഷൻ കൊടുക്കേണ്ട അവസരം വരുമ്പോൾ അങ്ങനെ ചെയ്യാതെ ഗ്രാഡ്വേറ്റ്സിനെ നിയമിക്കുന്നുണ്ട്. അതു പാടില്ല. അവരിൽ യോഗ്യതയുള്ളവർക്കുകൂടി പ്രൊമോഷൻ കൊടുക്കണം എന്നാണ് ഞാൻ പറയുന്നത്.

പ്രധാനപ്പെട്ട പട്ടണങ്ങളിലല്ലാതെയുള്ള ഉൾനാടുകളിൽ ചാർജിംഗ് സ്റ്റേഷൻ ധാരാളമുണ്ട്. അങ്ങനെയുള്ള സ്റ്റേഷനിൽ ഈ ഹെഡ്കോൺസ്റ്റബിൾമാരെ സബ്ഇൻസ്പെക്ടർമാർ എന്നുള്ള പേരുകൊടുത്തു [illegible] രൂപാ മുതൽ [illegible] രൂപാ വരെ ശമ്പളത്തിൽ നിയമിക്കുന്നതു നന്നായിരിക്കും. ഡി. എസ്. പി. മാരെ കുറക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ യോജിക്കുന്നില്ല. എ. എസ്. പി. മാർ ആറുള്ളതിനെ പത്താക്കുകയും മൂന്നുതാലൂക്കുകൾവീതം അവരുടെ അധീനതയിൽവയ്ക്കുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പോലീസുകാരെ പ്രതിയാക്കിക്കൊടുത്തിട്ടുള്ള കേസുകൾ [illegible]-ൽ അതിനുമുമ്പിലത്തെ വർഷത്തെക്കാൾ കൂടുതലാണെന്നുള്ളഭാഗം മെമ്പർ വായിച്ചിട്ടുണ്ടോ?

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): അതു മെമ്പർതന്നെ വായിച്ചുനോക്കാവുന്നതാണ്, ഞാൻ പറയണമെന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ വായിച്ചിട്ടുണ്ട്. പോലീസുകാരെ പ്രതിയാക്കിയുള്ള കേസുകൾ കൂടുന്നതിന്റെ കാരണം ജനങ്ങളുടെ ഉപേക്ഷകൊണ്ടോ അതല്ല പോലീസുകാരുടെ ഇടയിലുള്ള അക്രമംകൊണ്ടോ?

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ഈ മാതിരികേസുകളുടെഎണ്ണം കൂടിയാലും അവരിൽ ശിക്ഷിക്കപ്പെടുന്ന പോലീസുകാർ എത്രയാണെന്നു മെമ്പർക്ക് അറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദിച്ചചോദ്യത്തിനു മറുപടിപറയുന്നതിനുപകരം ഒരു മറുചോദ്യം മെമ്പർ ചോദിക്കുന്നതു നിയമവിരുദ്ധമാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): പോലീസുകാർ പ്രതികളായുള്ള കേസുകളുടെ എണ്ണം പ്രസ്തുതവർഷത്തിൽ കൂടുതൽ ആയിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ [illegible]-ാമത്തെ പാരാവിൽ ഉള്ളഭാഗം മെമ്പർ വായിച്ചിട്ടുണ്ടല്ലോ? പോലീസുകാർ കോർട്ടിൽനിന്നും കൊടുക്കുന്ന സമൻസും വാറണ്ടും നടത്താതെ റിട്ടേൺചെയ്യുന്നതു കൂടുതലാണെന്നറിയാമോ?

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): പോലീസുകാർക്ക് പലജോലികളിലും ശ്രദ്ധിക്കേണ്ടതായിട്ടുള്ളതുകൊണ്ട് പ്രാസസ്സ് മുഴുവനും അപ്പഴപ്പോൾ നടത്തിക്കൊടുക്കാൻ സാധിച്ചില്ലെന്നു വന്നേയ്ക്കാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): പോലീസുകാർ ചീത്തയായിരിക്കുന്നതു ജനങ്ങളുടെ സഹായംഇല്ലാത്തതുകൊണ്ടാണെന്നു പറഞ്ഞല്ലോ. ജനങ്ങൾ എങ്ങിനെയാണു സഹായിക്കേണ്ടതു?

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): പോലീസുകാർ ചീത്തയാകുന്നതു ജനങ്ങളുടെ സഹായം ഇല്ലാത്തതുകൊണ്ടാണെന്നു ഞാൻ പറഞ്ഞില്ല. അവരുടെ ഉദ്യോഗസംബന്ധമായ നടപടികളിൽ അവരെ സഹായിക്കയും സഹകരിക്കയും ചെയ്യേണ്ട ചുമതല ജനങ്ങൾക്കുണ്ടെന്നാണു ഞാൻ പറഞ്ഞതു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): പോലീസുകാരെ ജനങ്ങൾ സഹായിക്കാത്തതുകൊണ്ടാണു ചീത്തയാകുന്നു എന്നു മെമ്പർ പറഞ്ഞതുകൊണ്ടാണു ഞാൻ ഈ ചോദ്യം ചോദിച്ചതു.

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ഞാൻ പറഞ്ഞതിനെ എന്റെ സ്നേഹിതൻ ശരിയായി മനസ്സിലാക്കാതെയാണു ഈ ചോദ്യം ചോദിക്കുന്നതു. അതിനു ഞാൻ ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല.

മി. കെ. മാധവൻ (നിയമിതമെമ്പർ): സർ, എനിക്കു മുമ്പു സംസാരിച്ച ആളുകളുടെ അഭിപ്രായത്തെ പിൻതാങ്ങി ചില സംഗതികൾ പറഞ്ഞുകൊള്ളട്ടെ.

പോലീസുദ്യോഗസ്ഥന്മാർക്ക് കുറഞ്ഞശമ്പളം കൊടുക്കുന്നതുകൊണ്ടു കാലക്ഷേപത്തിനു അവർക്കു വലുതായ ബുദ്ധിമുട്ടു നേരിടുന്നു. അല്പശമ്പളക്കാർക്കും ഈ ശമ്പളക്കുറവുകൊണ്ടു വലുതായ സങ്കടം നേരിടുന്നുണ്ട്. കേസ് സംബന്ധമായി പോലീസുകാരോടു വല്ല സഹായവും ആവശ്യപ്പെടുന്നതായിരുന്നാൽ ഉയർന്ന ഉദ്യോഗസ്ഥന്മാരിൽനിന്നും യാതൊരു സഹായവും ലഭിക്കുന്നില്ല. കുറഞ്ഞശമ്പളക്കാരുടെ പക്കൽ ഏതെങ്കിലും ഹർജികിട്ടിയാൽ കക്ഷികളെ കഷ്ടപ്പെടുത്തി അവരിൽനിന്നും പണംവാങ്ങിക്കുന്നു. ഇപ്രകാരം അവർ ചെയ്യുന്നതു അവരുടെ ബുദ്ധിമുട്ടുകൊണ്ടാണെന്നുള്ളതിനാൽ പോലീസുകാർക്കു ശമ്പളം കൂട്ടിക്കൊടുത്താൽ ആ വകുപ്പുകാരുടെ സങ്കടം തീരുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇതുകൂടാതെയും പോലീസുകാർ പുതുവൽസ്ഥലങ്ങൾ ഒഴിപ്പിച്ചുകൊടുക്കാനും തുടങ്ങിയിട്ടുണ്ട്. അതായതു ഒരു സാധുവാണു പുറമ്പോക്കോ പുതുവലോ കണ്ടുപിടിച്ചു കാടുവെട്ടി ദേഹണ്ഡം ചെയ്തു മരങ്ങൾ നട്ടു നല്ലനിലയിൽ കൊണ്ടുവരുമ്പോൾ ടി സ്ഥലത്തിന്മേൽ അടുത്തുള്ള ഒരു അയൽപക്കക്കാരൻ ആശവച്ചു ആ സ്ഥലത്തെ തനിക്കു അപഹരിക്കാൻ നിശ്ചയിച്ചു ചില തന്ത്രങ്ങൾ ഏർപ്പാടുചെയ്തു പോലീസുകാരുടെ സഹായത്തെ അപേക്ഷിക്കുന്നു. അപ്പോൾ പോലീസുകാർ ആദായത്തെമാത്രം കരുതി ബലാൽക്കാരമായി സാധുക്കളെ അവർ ദേഹണ്ഡത്താൽ വീടുകെട്ടി താമസിക്കുന്ന പുതുവലോ പുറമ്പോക്കോ സ്ഥലങ്ങളിൽനിന്നു ഇറക്കാൻ സഹായികളായിത്തീരുന്നു. ഇപ്രകാരം ഉണ്ടാകാതെ ഇരിക്കുന്നതിനു മേലാവിൽനിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): വലിയ ഉദ്യോഗസ്ഥന്മാർ പതിച്ചിട്ടുണ്ടോ?

മി. കെ. മാധവൻ (നിയമിതമെമ്പർ): പല ഉദ്യോഗസ്ഥന്മാരും പതിച്ചിട്ടുണ്ട്.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ); ഇതിനെസംബന്ധിച്ച മേലുദ്യോഗസ്ഥന്മാരോടു ആലോചിച്ചിട്ടുണ്ടോ?

മി. കെ. മാധവൻ (നിയമിതമെമ്പർ): ഇതിനെപ്പററി മേലുദ്യോഗസ്ഥന്മാരോടു പറഞ്ഞിട്ടുണ്ട്. പ്രയോജനം ഇല്ല. അവർ അവരുടെ കീഴുദ്യോഗസ്ഥന്മാർ പറയുന്നതിനെമാത്രമേ കേൾക്കുന്നുള്ളു.

ട്രാഫിക് ഇൻസ്പെക്ടർ.

ബസ്സുകളെയും കാറുകളെയും പരിശോധിച്ചു കുറവുകളെ കണ്ടുപിടിക്കുന്നതിനു വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു. അതു വളരെ ശരിയായിരിക്കുന്നില്ല എന്നാണു എനിക്കു തോന്നുന്നതു. അതായതു ട്രാഫിക് ഇൻസ്പെക്ടർ യാത്രചെയ്യുന്നതായ ഒരു ബസ്സിന്റെയോ കാറിന്റെയോ മുൻവശത്തിരുന്നുകൊണ്ടു പരിശോധിച്ചുകൊണ്ടുപോകുകയാണ് ചെയ്യുന്നതു. എന്നാൽ മുമ്പുംപിമ്പും കടന്നുപോകുന്ന ആളുകൾ അറിവുകൊടുത്തിട്ടാണ് പോകുന്നതു. ഇതിനാൽ ബസ്സുകളിലോ കാറുകളിലോ നടക്കുന്ന കുററങ്ങൾ കണ്ടുപിടിക്കുന്നതു സാദ്ധ്യമായിരിക്കുന്നില്ല. അതിനാൽ പ്രത്യേകമായി ഒരു കാറിലോ ബസ്സിലോ മോട്ടോർസൈക്കിളിലോ ഇൻസ്പെക്ടർമാർ പോകുന്നതുതന്നെയാണ് ശരിയായവഴി എന്നാണ് എന്റെ അഭിപ്രായം.

ചെക്കിംഗ് സ്ഥലങ്ങൾ.

ചെക്കിംഗ്സ്ഥലങ്ങൾ ഏർപ്പെടുത്തിയും ചെക്കിംഗ് ആഫീസറന്മാരെ നിയമിക്കുന്നതുകൊണ്ടു ഡ്രൈവറന്മാർ ഈ സ്ഥലങ്ങൾ വരുമ്പോൾ തങ്ങളുടെമേൽ കുററം ഇല്ലാത്തവണ്ണംതന്നെ വന്നുചേരുന്നു. അതിനാൽ ചെക്കിംഗ്സ്ഥലത്തുനിന്നു മുൻഅറിവുകൂടാതെ അവരെ പരിശോധിക്കത്തക്കവണ്ണം ഏർപ്പാടുചെയ്യുന്നതായിരുന്നാൽ കൺട്രാക്ടരന്മാർ തങ്ങൾക്കു ഏതുപ്രകാരവും കുററംകൂടാതെ ഇരിക്കുന്നതിനു പ്രത്യേകം ശ്രദ്ധവയ്ക്കുന്നതായിരിക്കും.

ഡ്രൈവർമാർ.

ഡ്രൈവർമാർക്കു ഇപ്പോൾ നേരിട്ടിരിക്കുന്ന സങ്കടം മൂന്നുപ്രാവശ്യം ഒരു ഡ്രൈവർ ചാർജ്ജുചെയ്യപ്പെട്ടു ശിക്ഷ അനുഭവിക്കുന്നതായിരുന്നാൽ അവരുടെ ലൈസൻസ് സസ്പെൻഡ്ചെയ്യപ്പെടുന്നതാണെന്നു ഒരു നിയമം പുതിയതായി ഏർപ്പെടുത്തപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. ഈ ഏർപ്പാടു വളരെ സങ്കടകരമായ ഒന്നാണ്, വെറും പോലീസുകാർ ആണ് കേസ് ചാർജ്ജുചെയ്യുന്നതു. ഈരണ്ടുചക്രം കാപ്പികുടിക്കാൻ ഇവർക്കുകൊടുക്കാത്തപക്ഷം ഉടൻ അവർ ചാർജ്ജുചെയ്യുന്നു. ഇങ്ങിനെയുള്ളചാർജ്ജ് [illegible] തള്ളപ്പെടുന്നു. ഇപ്രകാരമുള്ള ഉദ്യോഗസ്ഥന്മാർ കൊടുക്കുന്നതായ ചാർജ്ജിനെ അടിസ്ഥാനപ്പെടുത്തി ഡ്രൈവറന്മാർക്കു ശിക്ഷചെയ്യുന്നതു എത്രമാത്രം സങ്കടമായിട്ടുള്ളതാണെന്നു ഞാൻ പറയാതെതന്നെ അറിയാമല്ലോ, അതിനാൽ ഇൻസ്പെക്ടർ തുടങ്ങി ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർ കണ്ടുപിടിക്കുന്നചാർജ്ജിനോ പെട്ടെന്നുസൂക്ഷ്മക്കുറവുകൊണ്ടുണ്ടാകുന്ന കേസുകൾ സംബന്ധിച്ചുണ്ടാകുന്ന ചാർജ്ജിനോ ശരിയായവിലകല്പിച്ചു അവയെ അടിസ്ഥാനപ്പെടുത്തി എന്തെങ്കിലും തീരുമാനം ചെയ്യാമെന്നല്ലാതെ പോലീസുചാർജ്ജിനെ അടിസ്ഥാനപ്പെടുത്തി ഡ്രൈവറന്മാരെ ഉപദ്രവിക്കാൻ പാടുള്ളതല്ല.

കൌൺസിൽ ലഘുഭക്ഷണത്തിനായി ഉച്ചതിരിഞ്ഞു ൨-൨-നു പിരിഞ്ഞു. ൨-൩൫-നു വീണ്ടുംകൂടി.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സർ, ഇപ്പോൾ ഈ സഭമുമ്പാകെ വാദപ്രതിവാദത്തിനു വിഷയമായിരിക്കുന്ന ഉപക്ഷേപത്തിന്റെ പ്രയോക്താവായ പണ്ഡിതമാന്യൻ പോലീസ്ഡിപ്പാർട്ടുമെന്റിൽ ആരോപിക്കുന്ന പ്രധാനപ്പെട്ട കുററം ആ ഡിപ്പാർട്ടുമെന്റിൽ മുഴുവനുംതന്നെ പടർന്നുപിടിച്ചിട്ടുള്ള സർവസാധാരണമായ അഴിമതിയെപ്പററിയാണ്. സർ, പോലീസ് കമ്മീഷണരുടെ ഉദ്ദേശശുദ്ധി ഏതെല്ലാം തരത്തിൽ ഇരുന്നാലും രാജ്യഭരണ റിപ്പോർട്ടിൽനിന്നും നാം ഗ്രഹിക്കുന്ന സംഗതികളിൽ നിന്നും നാം ഒരു തരത്തിലെല്ലാം ഊഹിക്കാൻ നിർബന്ധിതരാകുന്നു. സർ, പോലീസ് ഉദ്യോഗസ്ഥന്മാരുടെ അഴിമതികളും അവരിൽനിന്നും പൊതുജനങ്ങൾക്കു ന്യായരഹിതമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളും ആണ്ടുകൾ ചെല്ലുംതോറും ഇങ്ങിനെ വർദ്ധിച്ചുവരുന്നതു പൊതുജനങ്ങൾ ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്തതുകൊണ്ടാണെന്നും പണ്ഡിതനായ പ്രയോക്താവു പറകയുണ്ടായല്ലോ. ഈ സഭ മുമ്പാകെ പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നസംഗതികൾ ഇവയാണ്. പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ൧൧൦൯-ലെ ഭരണറിപ്പോർട്ടിന്മേൽ ഗവർമെന്റിൽനിന്നും പാസാക്കിയിട്ടുള്ള ഉത്തരവു നോക്കുന്നതായാൽ പോലീസ്കാർ പ്രതിയായിട്ടുള്ള ക്രിമിനൽ കേസുകൾ മുൻകൊല്ലങ്ങളെ അപേക്ഷിച്ചു തൽകൊല്ലത്തിൽ കൂടുതലായിരുന്നു എന്നു കാണുന്നതാണ്. മേലുദ്യോഗസ്ഥന്മാർ നൽകുന്ന ആജ്ഞകൾ അനുസരിച്ചു പ്രവർത്തിക്കുന്ന വിഷയത്തിൽ ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ വലിയ അലസന്മാരായിരിക്കുന്നു എന്നും ആ ഗവർമെന്റുത്തരവിൽനിന്നും കാണുന്നതാണ്. ഈ രണ്ടു സംഗതികളെമാത്രം അടിസ്ഥാനപ്പെടുത്തി നോക്കുന്നതായിരുന്നാൽ കുററം ചെയ്യുന്നവരായ പോലീസ് ഉദ്യോഗസ്ഥന്മാരുടെമേൽ ശരിയായ നടപടി നടത്തുന്ന വിഷയത്തിൽ മുൻകൊല്ലത്തെ അപേക്ഷിച്ചു തൽകൊല്ലത്തിൽ പൊതുജനങ്ങൾ കൂടുതൽ ശ്രദ്ധാലുക്കളായിരുന്നു എന്നല്ലാതെ മറെറാരു ഊഹത്തിനും വഴികാണുന്നില്ല. സർ, മുൻകാലങ്ങളിലുള്ളതിനേക്കാൾ എത്രയോ വളരെ കൂടുതൽ പോലീസ് ഉദ്യോഗസ്ഥന്മാരെ പ്രതിയാക്കി പൊതുജനങ്ങൾ അനേകം ക്രിമിനൽ കേസുകൾ ഫയലാക്കുന്നുണ്ടെന്നുള്ള ഒററസംഗതിയിൽ നിന്നുതന്നെ അഴിമതിക്കാരായ പോലീസുദ്യോഗസ്ഥന്മാരിൽ നിന്നും പൊതുജനങ്ങൾക്കു വളരെ കൂടുതലായ ബുദ്ധിമുട്ടുകൾക്കും കഷ്ടപ്പാടുകൾക്കും ഇടയാകുന്നുണ്ടെന്നു പ്രസ്പഷ്ടമാകുന്നുണ്ടല്ലോ. എനിക്കു ഇങ്ങിനെ ഒരു ഊഹത്തിനുമാത്രമേ വഴിയുള്ളു എന്നാണ് തോന്നുന്നതു. വീണ്ടും സമൻസ്, വാറണ്ടു മുതലായവ നടത്താതെ മടക്കി ഹാജരാക്കി എന്നുള്ളതിനും തത്സംബന്ധമായ ആളുകൾ അവരെ ന്യായരഹിതമായവിധത്തിൽ സന്തോഷിപ്പിച്ചിട്ടുണ്ടെന്നുള്ളതും നിർവിവാദമായ ഒരു സംഗതിയാണല്ലോ. അതിനാൽ ഇപ്പോൾ കാണുന്നതായ ഈ ദൂഷ്യത്തിന്റെ പ്രധാന കാരണം സ്വാർത്ഥമൂർത്തികളായ ഏതാനും ജനങ്ങൾ അവരുടെ സ്വാർത്ഥലാഭത്തിനെമാത്രം ലാക്കാക്കി ഈ പോലീസ്കാരെ ന്യായരഹിതമായി സന്തോഷിപ്പിക്കുന്നതിനു മുതിർന്നുവരുന്നു എന്നുള്ളതാകുന്നു. ഇപ്രകാരം സുസ്ഥാപിതമായ ഈ രണ്ടു സംഗതികളേയും ആസ്പദമാക്കി ഇപ്പോഴത്തെ സ്ഥിതികളെ വിശകലനംചെയ്തു സൂക്ഷ്മമായി പ

ശ്രദ്ധിച്ചുനോക്കുന്നപക്ഷം മുൻകാലത്തെ അപേക്ഷിച്ച് അഴിമതികളും ന്യായരഹിതമായ അധികാരപ്രമത്തതയും ഈ ഡിപ്പാർട്ടുമെൻറിൽ വളരെ അധികം വർദ്ധിച്ചിട്ടുണ്ടെന്ന മാത്രമല്ലാതെ മറെറാരു ഊഹത്തിനും ഈ സഭയ്ക്കു വഴിയുണ്ടാകുമെന്ന എനിക്ക് തോന്നുന്നില്ല. പോലീസ് ഡിപ്പാർട്ടുമെൻറിൽ ഏതാനും പരിജ്ഞാനം സിദ്ധിച്ചിട്ടുള്ള അണ്ടർ ഗ്രാഡ്യുവേററ ഇൻസ്പെക്ടറന്മാരെ തൽസ്ഥാനങ്ങളിൽ സ്ഥിരപ്പെടുത്തി നിയമിക്കേണ്ടതാണെന്ന ഈ ഉപക്ഷേപത്തെ അനുകൂലിച്ചു പ്രസംഗിച്ച മാന്യനും പ്രസ്താവിക്കയുണ്ടായല്ലോ. സർ, ഞാൻ പക്ഷപാതരഹിതമായാണ് സംസാരിക്കുന്നതു. പോലീസ് കമ്മീഷണർ തദ്ദേഹത്തിൻെറ ഡിപ്പാർട്ടുമെൻറിൽ അഴിമതിയുടെ കേന്ദ്രം എവിടെയാണെന്നുള്ളതിനെപ്പററി കണ്ടുപിടിക്കണമെന്ന പ്രത്യേകം താല്പര്യമുള്ളപക്ഷം അഴിമതിക്കാരും പഴമക്കാരും ആയ ഈ ഡിപ്പാർട്ടുമെൻറിലെ അണ്ടർ ഗ്രാഡ്യുവേററുകളാണു് അഴിമതിയുടെ കേന്ദ്രങ്ങൾ എന്ന ഈ സഭ മുമ്പാകെ വച്ചു അദ്ദേഹത്തോടു ഞാൻ പറഞ്ഞുകൊള്ളുന്നു. അതിനാൽ ഈ ഡിപ്പാർട്ടുമെൻറിൽ അനേകം വർഷക്കാലത്തെ സർവീസുള്ളവരായ ഈ അണ്ടർഗ്രാഡ്യുവേററുകാരെ ചാർജ്ജുചെയ്യുന്നതിനുള്ള പൂർണ്ണാധികാരം ഉള്ളവരായ പോലീസ് ഇൻസ്പെക്ടരന്മാരായി സ്ഥിരമായി നിയമിക്കാൻ പാടില്ല എന്നാണ് എൻെറ അഭിപ്രായം. ഇവർ ഈ ഡിപ്പാർട്ടുമെൻറിൽ വളരെനാളത്തെ പരിചയം ഉള്ളതുകൊണ്ടു ഒരു കേസുണ്ടായാൽ അതിനെ ഏതു പ്രകാരത്തിലാണ് കൊണ്ടുപോകേണ്ടതു എന്നും ഏതുപ്രകാരം കൊണ്ടുപോയാൽ പൊതുജനങ്ങളെ ഉപദ്രവിക്കാൻ സാധിക്കുമെന്നും മററും നല്ലപോലെ അറിയാം. ആ ഉപദ്രവത്തിൻെറ ഫലമായി പൊതുജനങ്ങൾക്ക് പണനഷ്ടം, മാനനഷ്ടം, സ്വാതന്ത്ര്യനാശം എന്നുവേണ്ട സകല നഷ്ടങ്ങളും നേരിടുന്നു. പണ്ഡിതനായ പോലീസ് കമ്മീഷണർ ഈ വിഷയത്തിൽ പ്രത്യേകം താല്പര്യമുള്ളപക്ഷം അദ്ദേഹം സക്കീളായി പോയി അണ്ടർ ഗ്രാഡ്യുവേററുകൾ ചാർജ്ജിംഗ് ഇൻസ്പെക്ടരന്മാരായുള്ള സ്റ്റേഷൻ പരിശോധിക്കുന്നപക്ഷം ഈ കാര്യങ്ങളെപ്പററി യഥാർത്ഥമായ അന്വേഷണം നടത്തുന്ന വിഷയത്തിൽ അദ്ദേഹം പ്രത്യേകം ജാഗരൂകനാണെന്നാകിൽ പോലീസ് ഡിപ്പാർട്ടുമെൻറിലെ അഴിമതികളിൽ അധികം ഭാഗവും പ്രധാനമായി ഈ ഉദ്യോഗസ്ഥന്മാരിലാണ് ലയിച്ചിരിക്കുന്നതു എന്നു അദ്ദേഹത്തിനു ബോദ്ധ്യമാകുമെന്നുള്ളതാകുന്നു. സർ, വക്കീലെന്നുള്ള നിലയിൽ ഞാൻ പല സംഗതികളും അറിവാൻ ഇടയായിട്ടുണ്ട്. യാതൊരുനിയമവും വിലയും ഇല്ലാത്തതായ ഈ പോലീസുകാർ നടത്തിവരുന്ന വിദ്യ എന്താണെന്നുവച്ചാൽ ഇതരാളുകളുടെ കയ്യിൽനിന്നും ധാരാളമായി പണം വാങ്ങുകയും തന്മൂലം പൊതുജനങ്ങൾക്ക വലിയ ദ്രോഹത്തെ ചെയ്യുകയും ചെയ്യുക എന്നുള്ളതാകുന്നു. ഈ സഭയിലെ അനുദ്യോഗസ്ഥമെമ്പരുമാർക്ക വിസ്തരിക്കാൻ സാധിക്കയില്ലതന്നെ. പണ്ഡിതനായ പോലീസ്കമ്മീഷണർക്ക ആവശ്യമെന്നു തോന്നുന്ന പക്ഷം അദ്ദേഹം വേണ്ട അന്വേഷണങ്ങൾ നടത്തിക്കൊള്ളട്ടെ. കൊലപാതകക്കേസുകളിൽ തെളിവു ശേഖരിക്കുന്ന വിഷയത്തിലും ശരിയായ അന്വേഷണങ്ങൾ നടത്തുന്നവിഷയത്തിലും കേസുകൾ ചാർജ്ജുചെയ്യുന്ന വിഷയത്തിലും രാജ്യം ഒട്ടുക്ക ഒരു വലിയ അമാന്തം കാണുന്നുണ്ടു. ഒരു കൊലപാതകക്കേസ് പോലീസ്കാർക്ക കിട്ടുന്ന അവസരങ്ങളിലെല്ലാം ഒക്സാക്ഷികളെക്കൊണ്ടു ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ടു തയ്യാറാക്കിക്കഴിഞ്ഞതിനുശേഷം എത്ര സാക്ഷികളെ വേണമെങ്കിലും അവർ ഉണ്ടാക്കുന്നു. എന്നാൽ ഈ സാക്ഷികൾക്ക യാതൊരു വിലയും ഇല്ലെന്നു വക്കീലന്മാർ എന്ന നിലയിൽ ഞങ്ങൾക്കറിയാം. ഈ സാക്ഷികൾക്ക മജിസ്ട്രേട്ടു യാതൊരു വിലയും കല്പിക്കയുമില്ല. പോലീസ് ഡിപ്പാർട്ടുമെൻറിലെ മുഴുവൻ അഴിമതിയും ഇവിടെയാണ് സ്ഥിതിചെയ്യുന്നതു്. സാധാരണയായി പോലീസ്കാർ അല്പ താമസം നേരിടുവിക്കും. ഇതു സർവസാധാരണമാണ്. അതു അത്ര സാരമുള്ളതുമല്ല. എന്നാൽ കൊലക്കേസുകളെ സംബന്ധിച്ചിടത്തോളം ഇതു വളരെ ഗൗരവമായ ഒരു സംഗതിയാണ്. ഇതേ സംബന്ധിച്ച പരമാർത്ഥം അറിയണമെന്ന കമ്മീഷണർക്ക താല്പര്യമുള്ളപക്ഷം അരഡസനോളം കൊലക്കേസുകളിൽ തെളിവു മുഴുവൻ ശേഖരിക്കയും അന്വേഷണങ്ങൾ പൂർത്തിയായി നടന്നിരിക്കയും ചെയ്യുന്ന എങ്കിലും പോലീസ്കാർക്ക വല്ലതും കിട്ടണമെന്നുള്ളതിനെമാത്രം അടിസ്ഥാനപ്പെടുത്തി ടി കേസുകളിലെ ചാർജ്ജുഷീററു കോടതികളിൽ ഹാജരാക്കാതെ ഇരിക്കുന്നതായി എത്തിക്കറിയാമെന്നുള്ള സംഗതി ഞാൻ അദ്ദേഹത്തോടു പറഞ്ഞുകൊള്ളുന്നു. ഇപ്രകാരമുള്ള ഒരു കേസ് വളരെ ദീർഘിപ്പിക്കുന്നതായ അവസരത്തിൽ കക്ഷികൾ മുഷിയുമെന്നും പലതിലും പ്രതികൾ കടന്നുകളയുന്നതിനു ഇടയാകുമെന്നും നമുക്ക എല്ലാപേർക്കും അറിവാണെന്നുള്ളതാകുന്നു. വീണ്ടും മാന്യന്മാരായ പൊതുജനങ്ങളോടു ഈ പോലീസുകാർ പെരുമാറിവരുന്ന രീതിയും ഒരുപ്രകാരത്തിലും ആശാസ്യമായിട്ടുള്ളതല്ല. അവർ ഒന്നുപറകയും മററൊന്നു പ്രവർത്തിക്കയും ആണ് ചെയ്യുന്നതു്. ഇപ്രകാരം അവർ ചെയ്യുന്നതു അവരുടെ സ്വന്തവും സ്വാർത്ഥപരവും ആയ കാര്യത്തെ ഉദ്ദേശിച്ചുമാത്രമാണ്. അല്ലാതെ പൊതുജനങ്ങളുടെ സൌകര്യത്തിനുവേണ്ടിയോ സ്വത്തിൻെറ രക്ഷക്കുവേണ്ടിയോ രാജ്യത്തിൻെറ പൊതുരക്ഷക്കുവേണ്ടിയോ അല്ല. സർ, ഈ സഭമുമ്പാകെ ഒരു മെമ്പർ ഒരു ആളിൻെറ കഥ പ്രത്യേകമായി എടുത്തുപറഞ്ഞ സംഗതി നമുക്ക നല്ലപോലെ ഓർമ്മയുള്ളതാണല്ലോ. ആ പ്രത്യേക ചാർജ്ജിനു പണ്ഡിതനായ കമ്മീഷണർക്ക എന്തുമറുപടിയാണ് പറവാനുള്ളതെന്നു എനിക്കു അറിവാൻ വളരെ ആഗ്രഹം ഉണ്ട്. അതിനാൽ പോലീസ് ഡിപ്പാർട്ടുമെൻറിലുള്ള അഴിമതികളെ നശിപ്പിക്കണമെന്നു കമ്മീഷണർക്ക താല്പര്യമുള്ളപക്ഷം അഴിമതികളുടെ ഉദാഹരണങ്ങൾക്ക യാതൊരു കുറവും ഇല്ല. ഉദാഹരണങ്ങൾ ഇല്ലാത്ത കുറവല്ല പൊതുജനങ്ങൾ അവരുടെ ചുമതലയെ വേണ്ടപോലെ അറിയുന്നില്ല എന്നുള്ള കുറവുമല്ല. എന്നാൽ പോലീസ് ഡിപ്പാർട്ടുമെൻറിലുള്ള താണതരം ഉദ്യോഗസ്ഥന്മാരുടെ ഹീനമായ പ്രവൃത്തികളെ എതിർത്തുനിന്നു ജയിക്കുന്നതിനു പൊതുജനങ്ങൾക്ക സാധിക്കയില്ല എന്നുള്ളതാകുന്നു. ഇങ്ങിനെയാണ് ഇന്നു സംഗതികൾ യഥാർത്ഥത്തിൽ ഇരിക്കുന്നതു്. ഞങ്ങളുടെ പ്രധാന പരാതി അതെസംബന്ധിച്ചുള്ളതു. ഉത്തരവാദിത്വം ഉള്ള ഉദ്യോഗസ്ഥന്മാർ പോലീസ് ഡിപ്പാർട്ടുമെൻറിൻെറ മേൽ ഭരണം നടത്തുന്നുണ്ട്. അവരെ സംബന്ധിച്ചു ഞങ്ങൾക്ക യാതൊരു പരാതിയും ഇല്ല. എന്നാൽ പൊതുജനങ്ങളുമായി സാധാരണ ഇടപെടുന്ന ഉദ്യോഗസ്ഥന്മാർക്ക വേണ്ട യോഗ്യതകൾ ഇല്ലാതിരിക്കുന്നപക്ഷം ചില നല്ല ഉദ്യോഗസ്ഥന്മാർ ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തിൽ പൊതുവായ മേൽനോട്ടം നടത്തുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുവാൻ ഇടയില്ല. ചികിത്സ വല്ലതും നടത്തണമെങ്കിൽ അതു ഡിപ്പാർട്ടുമെൻറിലെ താണതരം ഉദ്യോഗസ്ഥന്മാരുടെ ഇടയിലാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

പ്രസിഡണ്ട്: ഈ ഡിമാൻഡിനു അനുവദിച്ചിട്ടുള്ള സമയം 4-30-ന് അവസാനിക്കുന്നു എന്നും അതിലേക്കു ഇനി 8 മിനിട്ടു ഉള്ളൂ എന്നും ഉള്ള സംഗതികൾ ഈ സഭയെ ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ സഭ മുമ്പാകെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. പൊതുജനങ്ങളുടെ ജീവന്റേയും സ്വത്തിന്റേയും രക്ഷകർത്താക്കൾ എന്നാണ് പോലീസ്കാരെപ്പറ്റി സാധാരണയായി പറഞ്ഞു വരാറുള്ളതു്. എല്ലാ ഗവണ്മെന്റിലും ഭരണവിഷയത്തിൽ ഇവർക്കു പ്രധാനമായ ഒരു സ്ഥാനം നൽകപ്പെട്ടിട്ടും ഉണ്ടു്. ബ്രിട്ടീഷ് ഇന്ത്യയിൽതന്നെ ഈ ഡിപ്പാർട്ടുമെന്റിനെ "റിസർവ്ഡ് സബ്ജക്ട്സ്" എന്ന ഇനത്തിൽപ്പെടുത്തിയിരിക്കുന്നതായി നമുക്കറിയാം. എല്ലാപേരുടെയും ജീവൻ പോലീസുകാരുടെ കരുണാമസൃണവും ധൈര്യപൂർവ്വവുമായ രക്ഷയിലാണ് സ്ഥിതിചെയ്യുന്നതു. പൊതുജനങ്ങളുടെ ജീവനേയും സ്വത്തിനേയും കാത്തുരക്ഷിക്കുന്നതിനുപകരം അവർ നേരെ വിപരീതമായി പ്രവർത്തിക്കുന്നതിനാണ് തുടങ്ങിയിരിക്കുന്നതു. ജീവന്റേയും സ്വത്തിന്റേയും നാശത്തെ കഴിയുന്നത്ര സഹായിപ്പാനാണ് അവർ തുടങ്ങിയിരിക്കുന്നതു. ആറുമാസക്കാലത്തോളം തുടർച്ചയായി പോലീസുകാർ യാതൊരുനടപടിയും നടത്താതെ ഇരുന്നിട്ടുള്ള കേസുകളെപ്പറ്റി എനിക്കറിയാം. ഒരു കൊലപാതകക്കേസിൽ പ്രതിയെ കണ്ടുപിടിക്കുവാൻപോലും അവർ യാതൊരുശ്രമവുംചെയ്തിട്ടില്ല. മറ്റൊരുകേസിൽ പ്രതിയെ പിടിച്ചതിനുശേഷം അയാളുടെപേരിൽ കേസ് ചാർജ്ജ്ചെയ്യുന്നതിനു ശ്രമിച്ചില്ല. ഇതിനെല്ലാംകാരണം ഡിപ്പാർട്ടുമെന്റിൽ സർവ്വസാധാരണമായി നടപ്പുള്ള അഴിമതിയാണെന്നാണ് എനിക്കു തോന്നുന്നതു. എന്റെ സ്നേഹിതന്മാർ അഴിമതി താഴ്ന്നശമ്പളക്കാരുടെ ഇടയിൽ മാത്രമെ നടപ്പുള്ളു എന്നു സൂചിപ്പിക്കയുണ്ടായല്ലോ. എന്നാൽ ഞാൻ അവരോടു യോജിക്കുന്നില്ല. വലിയ ഉദ്യോഗസ്ഥന്മാരിൽ എ. എസ്. പി. കളും ഡി. എസ്. പി. കളും കൂടി കൈക്കൂലി വാങ്ങിച്ചിട്ടുള്ളതായി എനിക്കറിയാം. എന്നാൽ ഞാൻ

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ) സർ, അദ്ദേഹത്തിനു അതു എങ്ങിനെയാണ് മനസ്സിലായതു എന്നു എനിക്കു പറഞ്ഞുതന്നാൽ കൊള്ളാം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സ്വകാര്യമായി ചെയ്ത അന്വേഷണങ്ങൾ നടത്തിയതിൽനിന്നുമാണ് ഞാൻ മനസ്സിലാക്കിയതു.

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): മെമ്പർ നേരിട്ടാണോ അന്വേഷണം നടത്തിയതു്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതേ.

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): സർ, അദ്ദേഹം അതു എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ആ സംഗതി ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധക്കു വിഷയീഭവിപ്പിച്ചിട്ടില്ല. ഡിസ്ട്രിക്ട്പോലീസുകാർക്കും ഇൻസ്പെക്ടർമാർക്കും സീമാതീതമായ അധികാരങ്ങൾ നൽകിയിട്ടുണ്ടു. അവർ ആയതിനെ കണക്കമാനം ദുർവിനിയോഗിക്കുന്നുമുണ്ടു. പോലീസുകാർക്കു "കാഗ്നൈസബിൾ അഫൻസസ്" എന്ന ഇനത്തിൽപ്പെട്ട കേസുകളിൽമാത്രമെ വാറണ്ടുകൂടാതെ പ്രതിയെ പിടിക്കുന്നതിനുള്ള അധികാരമുള്ളുഎന്നു എനിക്കറിയാം. ആ ഇനത്തിൽപെടാത്ത കേസുകളിൽപോലും അവർ മജിസ്ട്രേട്ടന്മാരുടെ വാറണ്ടുകൂടാതെ ആളുകളെ അറസ്റ്റ്ചെയ്തു അവരിൽനിന്നും പണം പിടിച്ചുപറിച്ചുവരുന്നു. ഈ താണതരം ഉദ്യോഗസ്ഥന്മാരുടെ നടപടിയെ പരിശോധിച്ചു അന്വേഷണംനടത്തുന്നവിഷയത്തിൽ തീരെ ശ്രമിക്കുന്നില്ല. അവർ മിണ്ടാതിരുന്നു ഈ താണതരം ഉദ്യോഗസ്ഥന്മാരുടെ ദുഷ്പ്രവൃത്തികളിൽ സഹായിക്കമാത്രമാണ് ചെയ്തുവരുന്നതു. കൊട്ടാരക്കരയുള്ള മജിസ്ട്രേട്ടും പോലീസുകാരുംതമ്മിൽ തീരെ യോജിപ്പില്ല ഇരിക്കുന്നതു എന്നു എല്ലാപേർക്കും അറിയാവുന്നതാണല്ലോ. ആ സംഗതി ഞാൻ പോലീസ് കമ്മീഷണരുടെശ്രദ്ധയിൽ കൊണ്ടുവന്നുഎങ്കിലും അദ്ദേഹം ആ വിഷയത്തിൽ ഇതേവരെ യാതൊരുനടപടിയും നടത്തിക്കാണുന്നില്ല എന്നതന്നെ വ്യസനസമേതം ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കൊട്ടാരക്കരയുള്ള മജിസ്ട്രേട്ടും പോലീസുകാരും തമ്മിലുള്ള വിരോധത്തിന്റെഫലമായി ക്രിമിനൽകേസുകളെസംബന്ധിച്ചുള്ള നീതിന്യായപരിപാലനം അവിടെ തീരെ മോശമായിട്ടാണ് ഇരിക്കുന്നതു. പ്രതികളെ ജാമ്യത്തിനായി മജിസ്ട്രേട്ടിന്റെമുമ്പാകെ ഹാജരാക്കുമ്പോൾ കൂടുതൽ തെളിവു ശേഖരിക്കുന്നതിനായി അവരെ ലാക്കപ്പിൽ വച്ചുകൊണ്ടിരിക്കണമെന്നായി പോലീസുകാർ ആവശ്യപ്പെടുന്നതായിരുന്നാൽതന്നെയും മജിസ്ട്രേട്ടിനും പോലീസുകാർക്കുംതമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മയുടെഫലമായി പ്രതികളെ മജിസ്ട്രേട്ട ജാമ്യത്തിൽവിട്ടുകളയുന്നു. പോലീസുകാരെ സംബന്ധിച്ചും കഥ ഇതുതന്നെ. ഏതെങ്കിലും പരിശോധനയോ അന്വേഷണംനടത്തണമെന്നുള്ള സംഗതികളിൽ അവരോടു അതിനു മജിസ്ട്രേട്ട ആവശ്യപ്പെടുന്നപക്ഷം അവർ ആ ഉത്തരവനുസരിച്ചു ഉടൻതന്നെ പ്രവർത്തിക്കുന്നതിൽ വൈമുഖ്യമാണ് പ്രദർശിപ്പിക്കുന്നതു. സെഷ്യൻകേസുകളിലെ ജഡ്ജിമെന്റുകളും മജിസ്ട്രേട്ടന്മാർ തുറന്നകോടതികളിൽ പ്രസ്താവിക്കുന്ന ജഡ്ജ്മെന്റുകളും പോലീസ്കമ്മീഷണർ ശ്രദ്ധാപൂർവ്വം വായിച്ചു നോക്കിയിരുന്നുഎങ്കിൽ പോലീസ്ഡിപ്പാർട്ടുമെന്റിൽ വളരെ ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരായിട്ടുണ്ടെന്നു അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിയുമായിരുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അങ്ങിനെയുള്ള ജഡ്ജ്മെന്റുകൾ സാധാരണയായി പോലീസ്കമ്മീഷണർക്കു അയച്ചുകൊടുക്കുന്ന പതിവില്ലയോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ(: അയച്ചുകൊടുക്കുന്ന പതിവുണ്ടു. കൊല്ലം സെഷ്യൻകോടതിയിൽ മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള വിധികളെ പോലീസ്കമ്മീഷണർ തേടിപിടിച്ചു പോലീസ്കമ്മീഷണർ നോക്കുന്നപക്ഷം ഇങ്ങനെയുള്ള ചില ഉദാഹരണങ്ങൾ അദ്ദേഹത്തിനുകാണാൻ സാധിക്കുമെന്നുള്ളതാകുന്നു.

മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായസംഘങ്ങൾക്കു വടക്കൻമെമ്പർ) വേറെ ഒരു കോർട്ടിലും അങ്ങനെ ഇല്ലേ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കൊല്ലം സെഷ്യൻകോടതിയെ സംബന്ധിച്ചിടത്തോളം

പ്രസിഡണ്ട്: ഈ ഡിമാൻഡിനു അനുവദിച്ചിട്ടുള്ളസമയം തീർന്നുപോയി. മററുള്ള ഉപക്ഷേപങ്ങൾ ലാപ്സായിപ്പോയിരിക്കുന്നു.

മുമ്പിലത്തെ ഉപക്ഷേപവും താഴെപ്പറയുന്ന മററു ഉപക്ഷേപങ്ങളും ഈ ഡിമാൻഡിനു അനുവദിക്കപ്പെട്ടിരുന്നസമയം തീർന്നുപോയി എന്നുള്ളകാരണത്താൽ ലാപ്സായിപ്പോയി.

൩൪൪ മുതൽ ൩൮൫ വരെ നമ്പർ ഉപക്ഷേപങ്ങൾ.

മി. കെ. പത്മനാഭപ്പണിക്കർ.

൩൪൪. സഞ്ചാരപ്പടിക്ക നീക്കിവച്ചിട്ടുള്ള ൨൦൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള.

൩൪൫. സഞ്ചാരപ്പടിക്ക നീക്കിവച്ചിട്ടുള്ള ൨൦൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം

മി. കെ. പത്മനാഭപ്പണിക്കർ.

൩൪൬. സഞ്ചാരപ്പടിക്ക നീക്കിവച്ചിട്ടുള്ള ൨൦൦൦ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. ശ്ശൂകുഞ്ഞിത്തൊമ്മൻ.

൩൪൭. സഞ്ചാരപ്പടിക്ക നീക്കിവച്ചിട്ടുള്ള ൨൦൦൦ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ.

൩൪൮. സഞ്ചാരപ്പടിക്ക നീക്കിവച്ചിട്ടുള്ള ൨൦൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൩൪൯. സഞ്ചാരപ്പടിക്കനീക്കിവച്ചിട്ടുള്ള ൨൬൦൦ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ.

൩൫൦. സഞ്ചാരപ്പടിക്കനീക്കിവച്ചിട്ടുള്ള ൨൦൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൩൫൧. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൨൦൦൦ രൂപയിൽനിന്നു ൧൦ രൂപകുറയ്ക്കണം.

മി. മാത്യു മുരിക്കൻ.

൩൫൨. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൨൦൦൦ രൂപയിൽനിന്നും ൧൦൦ രൂപകുറയ്ക്കണം.

മി. ആർ. കേശവപിള്ള.

൩൫൩. ഫയർഎഞ്ചിൻവാങ്ങുന്നതിനും നന്നാക്കുന്നതിനുംആയി അനുവദിച്ചിട്ടുള്ള ൩൦൦ രൂപയെ വേണ്ടെന്നുവയ്ക്കണമെന്നു.

മി. പി. എസ്. മഹമ്മദ്.

൩൫൪. മോട്ടോർകാർ വച്ചുകൊണ്ടിരിക്കുന്നവർക്കു അനുവദിച്ചിട്ടുള്ള ൭൫൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം

മി. ആർ. കേശവപിള്ള.

൩൫൫. വക്കീലന്മാർക്ക ഫീസ്കൊടുക്കുന്നവകക്കായി നീക്കിവച്ചിട്ടുള്ള ൫൦൦ രൂപയും കുറയ്ക്കണം.

മി. വി. ചെല്ലംപിള്ള.

൩൫൬. കമ്മീഷണർക്ക അനുവദിച്ചിട്ടുള്ള ൬൦൭൯൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള.

൩൫൭. കമ്മീഷണർക്ക അനുവദിച്ചിട്ടുള്ള ൬൦൭൯൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. എസ്. പിരവിപ്പെരുമാൾപിള്ള.

൩൫൮. കമ്മീഷണർക്ക അനുവദിച്ചിട്ടുള്ള ൬൦൭൯൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി. എസ്. പിരവിപ്പെരുമാൾപിള്ള.

൩൫൯. കമ്മീഷണർക്ക അനുവദിച്ചിട്ടുള്ള ൬൦൭൯൦ രൂപയിൽനിന്നു ൧൦൦ രൂപകുറയ്ക്കണം.

മി. എസ്. പിരവിപ്പെരുമാൾപിള്ള.

൩൬൦. കമ്മീഷണർക്കഅനുവദിച്ചിട്ടുള്ള ൬൦൭൯൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടിച്ചൻ.

൩൬൧. കമ്മീഷണർക്ക അനുവദിച്ചിട്ടുള്ള ൬൦൭൯൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൩൬൨. ട്രാഫിക്ക് ഇൻസ്പെക്ടറന്മാരുടെ ഡ്യൂട്ടിഅലവൻസിലേക്കായി നീക്കിവച്ചിട്ടുള്ള ൧൮൦൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൩൬൩. ട്രാഫിക്ക് ഇൻസ്പെക്ടറന്മാരുടെ ഡ്യൂട്ടിഅലവൻസിനായി അനുവദിച്ചിട്ടുള്ള ൧൮൦൦ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണം.

മി. മാത്യുമുരിക്കൻ.

൩൬൪. ട്രാഫിക്ക് ഇൻസ്പെക്ടറന്മാരുടെ ഡ്യൂട്ടിഅലവൻസിനായി അനുവദിച്ചിട്ടുള്ള ൧൮൦൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം

മി. ആർ. കേശവപിള്ള.

൩൬൫. ഡിസ്ട്രിക്ട് പോലീസ്സൂപ്രണ്ടാഫീസുകളിലെ സ്ഥിരഉദ്യോഗസ്ഥന്മാർക്കായി അനുവദിച്ചിട്ടുള്ള ൧൮൧൫൭ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

ന.ന്നു. ഡിസ്ട്രിക്ട് പോലീസ്‌സൂപ്രണ്ടാഫീസുകളിലെ സ്ഥിരം ഉദ്യോഗസ്ഥന്മാർക്കായി അനുവദിച്ചിട്ടുള്ള ൧൮൧൮൧ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

ന.ന്നു൧. ഡിസ്ട്രിക്ട്‌സൂപ്രണ്ടആഫീസുകളിലെ താൽക്കാലികക്ലാർക്കുകൾക്കായി അനുവദിച്ചിട്ടുള്ള ൧൨൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള.

ന.ന്നു൨. അസിസ്റ്റന്റുസൂപ്രണ്ടന്മാരുടെ ആഫീസിലെ എസ്റ്റാബ്ലിഷ്മെന്റിനു അനുവദിച്ചിട്ടുള്ള ന൦൨ന രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള.

ന.ന്നു൩. അസിസ്റ്റന്റുസൂപ്രണ്ടന്മാരുടെ ആഫീസിലെ എസ്റ്റാബ്ലിഷ്മെന്റിനു അനുവദിച്ചിട്ടുള്ള ന൦൨ന രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള.

ന൧൦. ഹെഡ്‌കാൺസ്റ്റബിൾമാർക്കു അനുവദിച്ചിട്ടുള്ള ൮൨ന്നന൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള.

ന൧൧. കാൺസ്റ്റബിൾമാർക്കു അനുവദിച്ചിട്ടുള്ള ൨൫൦൧൨൨ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. തയ്യിൽകുഞ്ഞിതൊമ്മൻ.

ന൧൨. എസ്റ്റാബ്ലിഷ്മെന്റിനു അനുവദിച്ചിട്ടുള്ള ന൨൨൨൧ൻ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള.

ന൧ന. സഞ്ചാരപ്പടിക്കു നീക്കിവച്ചിട്ടുള്ള ൧൮൧ന്നു൦ രൂപയിൽ നിന്നും ൨൧ന്നു൦ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള.

ന൧൮. വാടകവകക്കു അനുവദിച്ചിട്ടുള്ള ന൧൮൨ രൂപയിൽനിന്നും ൧൦൦൦ രൂപ കുറയ്ക്കണം.

മി. വി. ജെ. ഉമ്മൻ.

ന൧൫. ഡിസ്ട്രിക്ട്‌പോലീസിനു അനുവദിച്ചിട്ടുള്ള ൫൧ൻ൮൨൮ രൂപയിൽനിന്നും ൫൦൦൦ രൂപ കുറയ്ക്കണം.

മി. വി. ചെല്ലംപിള്ള.

ന൧ന്നു. ഡിസ്ട്രിക്ട്‌പോലീസിനു അനുവദിച്ചിട്ടുള്ള ൫൧ൻ൮൨൮ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

ന൧൭. ഡിസ്ട്രിക്ട് പോലീസിനു അനുവദിച്ചിട്ടുള്ള ൫൧ൻ൮൨൮ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

ന൧൨. ൧൧-ാംനമ്പർ ഡിമാൻഡിനു അനുവദിച്ചിട്ടുള്ള ൫൨൦൨൦൮ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. എ. ജി. മേനോൻ.

ന൧ൻ. ൧൧-ാംനമ്പർ ഡിമാൻഡിനു അനുവദിച്ചിട്ടുള്ള ൫൨൦൨൦൮ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. മുറിവേലിൽ പാച്ചുപിള്ള.

ന൨൦. ൧൧-ാംനമ്പർ ഡിമാൻഡിനു ആകെ അനുവദിച്ചിട്ടുള്ള ൫൨൦൨൦൮ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണം.

മി. എൻ. ആർ. കൃഷ്ണൻ.

ന൨൧. ൧൧-ാംനമ്പർ ഡിമാൻഡിനു ആകെ അനുവദിച്ചിട്ടുള്ള ൫൨൦൨൦൮ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി. ടി. സി. കേശവപിള്ള.

ന൨൨. ൧൧-ാംനമ്പർ ഡിമാൻഡിനു ആകെ അനുവദിച്ചിട്ടുള്ള ൫൨൦൨൦൮ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണം.

മിസസ് എലിസബത്ത് കുരുവിള.

ന൨ന. ൧൧-ാംനമ്പർ ഡിമാൻഡിനു ആകെ അനുവദിച്ചിട്ടുള്ള ൫൨൦൨൦൮ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണം.

മി. പി. എസ്. മുഹമ്മദ്.

ന൨൮. ൧൧-ാംനമ്പർ ഡിമാൻഡിനു ആകെ അനുവദിച്ചിട്ടുള്ള ൫൨൦൨൦൮ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

മി. ഡി. സി. ജോസഫ്.

ന൨൫. ൧൧-ാംനമ്പർ ഡിമാൻഡിനു ആകെ അനുവദിച്ചിട്ടുള്ള ൫൨൦൨൦൮ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം.

പ്രസിഡണ്ട്: ൧൧-ാംനമ്പർ ഡിമാൻഡായ പോലീസ്‌വകുപ്പിലേക്കുള്ള ൫൨൦൨൦൮ രൂപയെ ഈ

സഭയുടെ അനുവാദത്തിനായി സമർപ്പിക്കുന്നു. ആയതു പാസാക്കപ്പെട്ടതായി ഞാൻ വിശ്വസിക്കുന്നു.

ഗ്രാൻറു അനുവദിക്കപ്പെട്ടു.

പ്രസിഡണ്ടു: ഇനി ഈ സഭ ൫-ാം നമ്പർ ഡിമാൻഡായ വിദ്യാഭ്യാസത്തിലേക്ക് പ്രവേശിക്കാം.

ഡിമാൻഡു ൫. വിദ്യാഭ്യാസം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഞാൻ ഇവിടെ എഴുന്നേറ്റു നിൽക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർ നിയമാനുസൃതമല്ല, അദ്ദേഹത്തിൻെറ ഇരിപ്പിടം മാറിയാണു ഇരിക്കുന്നതു.

പ്രസിഡണ്ടു: അദ്ദേഹം പറയുന്നതു സഭാംഗങ്ങൾക്ക് ശരിയായി കേൾക്കുന്നതിലേക്ക് വേണ്ടി എൻെറ അനുവാദത്തോടുകൂടിയാണു അദ്ദേഹം സ്ഥാനം മാറിയിരിക്കുന്നതു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ൫൦൦൦-ലെ വരവുകളിൽനിന്നും വിദ്യാഭ്യാസത്തിലേക്കായി ൭൩൮ ലക്ഷൻ രൂപയിൽ കവിയാതെയുള്ള ഒരു സംഖ്യ അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഉപക്ഷേപം ൩൩൮.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിക്കപ്പെട്ടില്ല.

൩൩൮. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ:

എസ്റ്റാബ്ലിഷ്മെൻറിനു അനുവദിച്ചിട്ടുള്ള ൫൭൨൮൨ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണം:

ഉപക്ഷേപം ൩൩൮ എ.

മി. എ. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ താഴെപറയുന്ന ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

എസ്റ്റാബ്ലിഷ്മെൻറിനു അനുവദിച്ചിട്ടുള്ള ൫൭൨൮൨ രൂപയിൽ നിന്നും ൫ രൂപ കുറയ്ക്കണം.

ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിൽ എനിക്കുള്ള ഉദ്ദേശം ഗവണ്മെൻറിൻെറ ഇപ്പോഴത്തെ വിദ്യാഭ്യാസനയത്തിൽ ഒരു ഭേദഗതിവരുത്തേണ്ടതിൻെറ ആവശ്യകതയെ ഈ സഭയുടെ ശ്രദ്ധയ്ക്കു വിഷയമാക്കുന്നതിലേക്ക് വേണ്ടി മാത്രമാകുന്നു. സർ, ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസനയത്തിൽ ഒരു ഭേദഗതിവരുത്തേണ്ടതു അത്യന്താപേക്ഷിതമായിരിക്കുന്നു എന്നുള്ളതിനെ സ്ഥാപിക്കുവാൻ വളരെ ദീർഘമായ ഒരു പ്രസംഗം ചെയ്കയോ വളരെ വാദമുഖങ്ങളെ പരാമർശിക്കയോ ചെയ്യേണ്ട ആവശ്യമുണ്ടെന്നു എനിക്കുതോന്നുന്നില്ല. ആ ഭേദഗതി അനല്പോദ്യോഗസ്ഥന്മാരും ഗവണ്മെൻറും സമ്മതിക്കുന്നുണ്ടു. ഈ വിഷയത്തെസംബന്ധിച്ചു ഉണ്ടായ അന്വേഷണങ്ങൾ ഇനിയും പല ഭേദഗതികൾ വരുത്തുന്നതാണെന്നു ഗവണ്മെൻറു അനേകം പ്രാവശ്യം വാഗ്ദാനം ചെയ്തിട്ടുണ്ടു. സർ, അനേകവർഷങ്ങൾക്കുമുമ്പു ഗുമസ്താപ്പണിക്ക് ആളുകളെ പരിശീലിപ്പിക്കുന്നതിലേക്ക് വേണ്ടിമാത്രം ബ്രിട്ടീഷ് ഇൻഡ്യയിൽ നടപ്പാക്കിയിരുന്ന ഒരു വിദ്യാഭ്യാസപദ്ധതിയെ അനുകരിച്ചും അടിസ്ഥാനപ്പെടുത്തിയും രൂപീകരിക്കപ്പെട്ടിട്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിയാണു തിരുവിതാംകൂറിൽ ഇന്നു നടപ്പിലിരിക്കുന്നതെന്നു എല്ലാപേർക്കും നല്ലപോലെ അറിയാവുന്നതാകുന്നു. ഒരു ശതാബ്ദത്തിനുമുമ്പു നമ്മുടെ ഗവണ്മെൻറു ഈ രാജ്യത്തിൻെറ ആവശ്യത്തിലേക്കായി അടിസ്ഥാനമായി സ്വീകരിച്ചിരുന്ന വിദ്യാഭ്യാസസമ്പ്രദായം അതായിരുന്നു. ഇപ്പോഴാകട്ടെ ആഡിസ്റ്റാർട്ടമെൻറു അപ്പോൾ ആരംഭിക്കപ്പെട്ടതു വളരെവളർന്നിട്ടുണ്ടു. എന്നല്ല പലേപരിധികളിലും വളരെവളരെ വളർന്നിട്ടുണ്ടെന്നുള്ളതിനു യാതൊരുസംശയവുമില്ല. സമുദായത്തിൻെറ വളർച്ചയ്ക്കു അനുസരണമായവിധത്തിൽ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ മൂലമായ അടിസ്ഥാനത്തിനു യാതൊരു ഭേദഗതിയും ഇതേവരെ ഉണ്ടായിട്ടുമില്ല. ഇക്കഴിഞ്ഞ ൫൦ കൊല്ലവും അതിൽകൂടുതലും കാലമായിട്ടു നമ്മുടെ പൊതുസ്വത്തിൽനിന്നും വളരെവളരെ പണം നമ്മുടെ ആൺകുട്ടികളേയും പെൺകുട്ടികളേയും പഠിപ്പിക്കുന്നതിലേക്കായിട്ടാം ചിലവാക്കിവന്നിട്ടുണ്ടു. അതിൻെറ എല്ലാം ഇന്നത്തെഫലം വളരെതൃപ്തികരമോ അഭിലഷണീയമോ അല്ല എന്നുതന്നെ വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഒരു വ്യത്യാസം വരുത്തേണ്ടതു ഏററവും അത്യന്താപേക്ഷിതമാകണമെന്നുതന്നെ തോന്നുന്നു. നമ്മുടെ വിദ്യാഭ്യാസത്തിനു രണ്ടുമുഖങ്ങളിലാണു മാററം വരുത്തേണ്ടതു അത്യാവശ്യമായിരിക്കുന്നതു. അതായതു പാണ്ഡിത്യത്തെസംബന്ധിച്ചും ഔദ്യോഗികമായുമുള്ള മുഖങ്ങളിലാകുന്നു. നമ്മുടെ വിദ്യാഭ്യാസപദ്ധതിയിൽ പാണ്ഡിത്യത്തെസംബന്ധിച്ചുള്ള ഭാഗത്തെപ്പററി കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നുള്ളതിനെ തെളിയിക്കുന്നതിനു ഞാൻ ഈ സഭമുമ്പാകെ സമർപ്പിച്ചിരുന്ന നിവേദനങ്ങളിൽ ഒന്നിനു മുമ്പു കാളേജിൽ പ്രൊഫസറായിരുന്ന രാജരാജവർമ്മകോയിത്തമ്പുരാൻ അവർകൾ അന്തരിച്ചുപോയ അവസരത്തിൽ ആ ഉദ്യോഗം നിർത്തലാക്കിയതായി ചീഫ്സിക്രട്ടറി എന്നോടു പറഞ്ഞതിനെ അതായതു നാട്ടുഭാഷകളിലും ക്ലാസിക്കൽഭാഷകളിലും പ്രൊഫസർ എന്ന ഉദ്യോഗത്തിനുതക്ക യോഗ്യതയുള്ള ഒരു പുരുഷനെ കിട്ടാത്തതുകൊണ്ടു ഗവണ്മെൻറിൽനിന്നും ആ ഉദ്യോഗം നിർത്തൽചെയ്യേണ്ടതായിവന്നു എന്നു ചീഫ്സിക്രട്ടറി നൽകിയ മറുപടിയെ ഇവിടെ ഉദ്ധരിച്ചാൽമാത്രം മതിയാകുമെന്നാണ് എനിക്ക് തോന്നുന്നതു. സർ, തിരുവിതാംകൂറിനെപോലെയുള്ള ഒരു രാജ്യത്തു ആ രാജ്യത്തിൽ സർവ്വസാധാരണമായുള്ള ഭാഷകളിൽ പ്രൊഫസർ ഉദ്യോഗം വഹിക്കത്തക്കയോഗ്യതയുള്ള ഒരു മനുഷ്യനെ കിട്ടാൻ വിഷമമാണെന്നുവന്നാൽ അതു നമുക്ക് സിദ്ധിക്കുന്ന വിദ്യാഭ്യാസത്തിനു പാണ്ഡിത്യപരമായി എന്തുനിലയും വിലയുമാണുള്ളതെന്നുള്ളതിലേക്ക് മതിയായ ഒരു സൂചികയാണെന്നുതന്നെയാണു എനിക്ക് തോന്നുന്നതു. നമ്മുടെ വിദ്യാഭ്യാസത്തെ തീരെ യോഗ്യമല്ലാത്ത മറുനാട്ടുകാരുടെ ഒരുമാതൃകയിൽ അടിസ്ഥാനപ്പെടുത്തിയും അവരുടെ പാണ്ഡിത്യത്തെ മാതൃകയാക്കിയും അവരുടെ പരിഷ്കാരത്തെ ആദർശമായി സ്വീകരിച്ചും അവരുടെ വീക്ഷണത്തെ അനുകരിച്ചും ആണു നാം രൂപീകരിച്ചിട്ടുള്ളതു. ഈ വിഷയത്തിൻെറ ഈ ഭാഗത്തെസംബന്ധിച്ചു ഇതിൽ കൂടുതലായി വല്ലതുമൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ ഈ ഭാഗത്തെ ഞാൻ ഇവിടെ നിറുത്തുന്നു. ഔദ്യോഗികഭാഗത്തെ സംബന്ധിച്ചാണെങ്കിൽ അവിടെയും ഞാൻ അധികമൊന്നും പറയേണ്ട ആവശ്യമുണ്ടെന്നു എനിക്ക് തോന്നുന്നില്ല. ആണ്ടോടാണ്ടു നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നും അനേകായിരവും പതിനായിരവും കണക്കിനു നമ്മുടെ ആൺകുട്ടികളും പെൺ

കുട്ടികളും വിജയികളായി പുറത്തുവരുന്നുണ്ട്. വിദ്യാഭ്യാസത്തിനുവേണ്ടി നമ്മുടെ ഗവൺമെന്റിൽനിന്നും ശരിയായി പണം ചിലവാക്കുന്നില്ല എന്നു ആർക്കുംതന്നെ പരാതിപറവാനും നിവൃത്തിയില്ല. എന്നാൽ ഇതിന്റെ എല്ലാംഫലം എന്താണ്. ഫലം തീരെ സുഖപ്രദമായുള്ളതല്ല. നമ്മുടെ യുവാക്കന്മാരും യുവതികളും [illegible] മറ്റേതുസ്ഥലത്തെയും ഉദ്യോഗസ്ഥന്റെ പടിവാതുക്കൽനിന്നും മറ്റൊരുദ്യോഗസ്ഥന്റെ പടിവാതുക്കലേയ്ക്കും ഹർജികളും പരാതികളും കൊണ്ടുഅലഞ്ഞുതിരിയുന്നു. എന്തിനു? എല്ലാം ആ യുവാവിനോ യുവതിക്കോ ചെയ്യാൻകഴിയുന്നതായവേല അതായതു നമ്മുടെ പള്ളിക്കൂടങ്ങളും കലാശാലകളും നമ്മുടെ യുവാവിനേയും യുവതിയേയും ഏതുജോലിചെയ്യുന്നതിനു സാമർത്ഥ്യമുള്ളവരാക്കി വിട്ടിരിക്കുന്നുവോ ആ വേല അതായതു തൂവൽകൊണ്ടു എഴുതുകഎന്നുള്ളവേലചെയ്തു വല്ലവിധത്തിലും കാലയാപനംചെയ്യുന്നതിനുള്ള ഒരു മാർഗ്ഗാന്തരത്തിൽ പ്രവേശിക്കുന്നതിനുമാത്രമാണ്. നമുക്കാകട്ടെ ഇത്രവളരെ എഴുത്തുകാരുടെ ആവശ്യമില്ല. പുരുഷനായാലും സ്ത്രീയായാലും ആവശ്യമില്ല. ഇതിന്റെഫലമായി രാജ്യത്തിൽ തൊഴിലില്ലായ്മ ദിനംപ്രതി വർദ്ധിച്ചുവരുന്നു. ഇന്നു ഗവൺമെന്റും ജനങ്ങളും വേണ്ടപോലെ ഒരു രക്ഷാമാർഗ്ഗം കണ്ടുപിടിക്കേണ്ട ഒരു പ്രധാനവിഷയം ഇതുതന്നെയാണ്. ഇതിനു നാം ഏതുപ്രകാരത്തിലാണ് രക്ഷ കണ്ടുപിടിക്കുവാൻപോകുന്നത്. ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസപദ്ധതിയെ മാറ്റുന്നതുമൂലമായിരിക്കും ഇതിനു ഒരു രക്ഷ ലഭിക്കുന്നതു എന്നാണ് ഞാൻപറയുന്നതു. നിശ്ചയമായും ഇതു സുലഭമായ ഒരു സംഗതിയല്ല എന്നു മറ്റുപലരും പറയുമെന്നു എനിക്കറിയാം. ഇതുവളരെപ്രയാസമേറിയ ഒരുസംഗതിയാണെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഈ സഭമുമ്പാകെ പറയുന്നതു എന്താണെന്നുവച്ചാൽ ഇതു സർവ്വപ്രധാനമായ ഒരു സംഗതിയായതുകൊണ്ടു യാതൊരുതാമസവും കൂടാതെ തന്നെ ആവശ്യമെന്നുതോന്നുന്ന മാറ്റങ്ങൾ വരുത്തേണ്ടതാണെന്നാണ്. സർ, കഴിഞ്ഞ ആണ്ടിൽ ഈ സമയത്തു ഇൻസ്പെക്ടറായ ഒരു ഡയറക്ടരെ നിയമിക്കേണ്ട ആവശ്യകതയെ പുരസ്കരിച്ചു ഞാൻ പ്രസംഗിക്കയുണ്ടായി. അപ്പോൾ ഞാൻ അതിന്റെ കാരണങ്ങളെസംബന്ധിച്ചും വിശദപ്പെടുത്തുകയുണ്ടായി. ഈസഭയുടെ അനുഗ്രഹത്തെ അനുകൂലിച്ച് സർവ്വപ്രധാനമായ ഈ വിഷയത്തിൽ എന്തെങ്കിലും രക്ഷാമാർഗ്ഗം കണ്ടുപിടിക്കുന്നവിഷയത്തിൽ ഏറിയഭാഗവും പ്രവർത്തിക്കുമെന്നു ഞങ്ങൾ എല്ലാപേരും പൂർണ്ണമായി വിശ്വസിക്കുന്ന ഒരു മഹാനും യോഗ്യനും പ്രധാനിയും ആയ ഒരു ഇന്ത്യനും ആയ ഒരാളിനെ വിദ്യാഭ്യാസവകുപ്പിന്റെ മേലദ്ധ്യക്ഷനായി നിയമിച്ചുഎന്നുള്ളതിൽ എനിക്കു ചാരിതാർത്ഥ്യത്തിനു വകയുണ്ടു തന്നെ. ഈ പ്രാധാന്യമേറിയ ഡിപ്പാർട്ടുമെന്റിൽ അദ്ദേഹം ചാർജ്ജ് എടുത്തതിനുശേഷം അദ്ദേഹത്തിന്റെ കീഴിലുള്ള എല്ലാസ്ഥാപനങ്ങളിലും ഒരു പുതിയജീവൻ അദ്ദേഹം പ്രദാനംചെയ്തിട്ടുണ്ടെന്നുള്ളതിൽ ഞങ്ങൾക്കെല്ലാപേർക്കും അതിയായ സന്തോഷമുണ്ട്: ഇതേവരെയുള്ള അദ്ദേഹത്തിന്റെ പ്രയത്നത്തെ സംബന്ധിച്ചിടത്തോളം ഇത്രയും നമുക്കു അനുമോദനാർഹമായി കാണുന്നുണ്ട്. ഇത്രവളരെ യോഗ്യതയുള്ളവനും ഇത്രവളരെ പ്രാധാന്യമുള്ളവനും ആയ ഒരു വിദ്യാഭ്യാസധുരന്ധരന്റെ സമയം കേവലം വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരിശോധിച്ചു അവിടവിടെ കാണുന്ന പിശകുകളെ ശരിപ്പെടുത്തുന്നതിലും മാത്രം വിനിയോഗിച്ചാൽ പോരാ എന്നാണ് എനിക്കു പറവാനുള്ളതു. ജോലിയുടെ ഈഭാഗം അദ്ദേഹം ചെയ്യുന്നതിനേക്കാൾ അദ്ദേഹത്തിന്റെ ആജ്ഞപ്രകാരം അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാർ ചെയ്താൽ മതിയാകുമെന്നാണ് എനിക്കു തോന്നുന്നതു. അദ്ദേഹത്തിന്റെശ്രദ്ധ കുറെക്കൂടി വിപുലമായതും കുറെക്കൂടി ഗൌരവമേറിയതും ആയ ഈ രാജ്യത്തെ വിദ്യാഭ്യാസപദ്ധതിയിൽ വരുത്തേണ്ടമാറ്റങ്ങൾ എന്നവിഷയത്തിൽ പതിയേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ വിദ്യാഭ്യാസനയം നമുക്കു കാണാൻകഴിയുന്നിടത്തോളം സാവധാനമായ ഒരു പോക്കിനെയോ ഒരു ഉദ്ദേശമില്ലാത്തതായ പോക്കിനെയോ അവലംബിച്ചിരിക്കുന്നു എന്നുവേണം പറയുവാൻ. നാം ഒരു സർവ്വകലാശാല ഏർപ്പെടുത്തണമെന്നു വിചാരിച്ചു. ആ ഉദ്ദേശത്തോടുകൂടി രണ്ടുപ്രാവശ്യം കമ്മിഷൻ ഏർപ്പെടുത്തുകയും അവർ റിപ്പോർട്ടു തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനപ്പുറം ഇതേവരെ യാതൊന്നുംതന്നെ ചെയ്യുന്നതിനു നമുക്കു സാധിച്ചിട്ടില്ല. അതുകൊണ്ടു ഈ വിഷയത്തെപ്പറ്റി ഗവൺമെന്റു ഗൌരവമായ ശ്രദ്ധപതിപ്പിക്കുന്നതിനും രാജ്യത്തിന്റെ നന്മക്കുവേണ്ടി ഈസംഗതിയിൽ എന്തെങ്കിലും രക്ഷാമാർഗ്ഗം കണ്ടുപിടിക്കുന്നതിനും ഉള്ളകാലം അതിക്രമിച്ചിരിക്കുന്നു എന്നാണു ഞാൻ പറയുന്നതു. ഇതേപ്പറ്റി കൂടുതൽ സൂക്ഷ്മമായി പ്രതിപാദിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ മുമ്പേപറഞ്ഞിട്ടുള്ളതുപോലെ നമ്മുടെ വിദ്യാഭ്യാസരീതിയുടെ ഔദ്യോഗികമൂലത്തെസംബന്ധിച്ചു ശ്രദ്ധാപൂർവ്വം പര്യാലോചിക്കേണ്ടതാണെന്നു മാത്രം ഞാൻ തൽക്കാലം സൂചിപ്പിച്ചുകൊള്ളുന്നു.

ഇനി സ്ത്രീവിദ്യാഭ്യാസം എന്ന സർവ്വപ്രധാനമായ വിഷയവും നമ്മുടെ ആലോചനയ്ക്കു വിഷയമാകേണ്ടതായിരിക്കുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസസംഗതിയും അവരെ സർവീസിൽ നിയമിക്കുന്നസംഗതിയും സാധാരണ ജനങ്ങൾ വിചാരിക്കാൻ ഇടയുള്ളതുപോലെ അത്ര നിസ്സാരമായ ഒരുസംഗതിയാണെന്നു എനിക്കു തോന്നുന്നില്ല. ഇതു നമ്മുടെ സാമുദായികസംഘടനയെ ആകമാനം ബാധിക്കുന്നതായ ഒരു സംഗതിയാകുന്നു. ഓരോപ്രത്യേകസമ്പ്രദായത്തെ നാം സ്വീകരിച്ചു പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുതരം വിദ്യാഭ്യാസത്തെ നാം നൽകുന്നതായിരുന്നാൽ രാജ്യത്തുള്ള ഉദ്യോഗങ്ങളിൽ ഒരുഭാഗം തങ്ങൾക്കുവേണമെന്നു സ്ത്രീകൾ ആവശ്യപ്പെടുന്നതിൽ ഒട്ടും അതിശയിപ്പാനില്ലല്ലോ. അവരോടു ഇല്ലഎന്നു നമുക്കു പറയാൻപാടില്ല. ഇതിന്റെഎല്ലാം പുറകിൽ വിശാലമായ മറ്റൊരുസംഗതി ഒളിഞ്ഞുകിടപ്പുണ്ട്. അതായതു നാം പുരുഷന്മാർക്കു നൽകുന്ന വിദ്യാഭ്യാസംതന്നെ സ്ത്രീകൾക്കും നൽകാൻ പാടുള്ളതാണോ അല്ലയോ എന്നുള്ളതാകുന്നു. ഇതെല്ലാം വളരെ വിപുലമായ വിഷയങ്ങൾ ആകുന്നു. ഞാൻ അവയെപ്പറ്റി പ്രസ്താവിച്ചുകഴിഞ്ഞു. ഇവയെപ്പറ്റി വേണ്ടപോലെ ആലോചിക്കേണ്ടതാണ്. ഇത്രയുംപറഞ്ഞുകൊണ്ടു ഈവിഷയത്തെ ഈ സഭയുടെ ശ്രദ്ധയ്ക്കായി വിഷയീഭവിപ്പിച്ചുകൊള്ളുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): സർ, വിദ്യാഭ്യാസനയത്തിൽ വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിനുദ്ദേശിച്ചിട്ടുള്ള ഈ ഉപക്ഷേപത്തെ ഞാൻ ബലമായി പിന്താങ്ങിക്കൊള്ളുന്നു. ഇവിടത്തെജനങ്ങളുടെ ജീവിതരീതി, തൊഴിൽസമ്പ്രദായം, ദേശസ്ഥിതി ഇവയ്ക്കനുസരണമായ ഒരു വിദ്യാഭ്യാസമാണ് ജനങ്ങൾക്കു നൽകേണ്ടതു്. ഇവിടത്തെ ഭൂരിപക്ഷക്കാരായ കൃഷിക്കാരുടെ സന്താനങ്ങളുടെ അഭിപ്രായങ്ങളിലധികമുള്ളതു. കൃഷിയിൽ പ്രായേണ ജ്ഞാനമില്ലാത്തവരും ഉത്സാഹമില്ലാത്തവരും വാസന

യില്ലാത്തവരുമായിട്ടാണ് വിദ്യാഭ്യാസം കഴിഞ്ഞുവരുന്ന ഇവിടത്തെ യുവജനങ്ങളെ പ്രായേണ കാണുന്നത്. അതു ഈ കർഷകരാജ്യത്തിനു വലിയ ആപത്തായിത്തീരും. കൃഷിയല്ലാതെ മററു തൊഴിലായിട്ടുള്ളതു സർക്കാരുദ്യോഗം വക്കീൽജോലി മുതലായവയാണ്. എന്നാൽ അവ വളരെ പരിമിതമാണ്. വ്യവസായമോ കച്ചവടമോ ഇവിടെ സാരമായവിധം അഭിവൃദ്ധിപ്പെടാൻ മാർഗ്ഗം കാണുന്നില്ല. ഇവിടത്തെക്കയററുമതിക്കച്ചവടം മുഴുവൻ കാർഷികസാധനങ്ങളാണ്. അതിനാൽ കൃഷി വർദ്ധിക്കാതെ കച്ചവടം വർദ്ധിക്കുന്നതല്ല. ഗവണ്മെൻറിൻെറ മുതലെടുപ്പും വക്കീലന്മാരുടേയും ഡാക്ടർമാരുടേയും മററുള്ളവരുടെ ആദായവും എല്ലാം പ്രായേണ കൃഷിയെ ആശ്രയിച്ചാണ് ഇരിക്കുന്നതു്. വിദ്യാഭ്യാസം സിദ്ധിച്ചു ജീവിതരംഗത്തു പ്രവേശിക്കുന്ന യുവാക്കന്മാർക്ക് കൃഷിയിൽ അഭിരുചിയില്ലെങ്കിൽ ഈ കർഷകരാജ്യത്തിൻെറ സ്ഥിതി ആപൽക്കരമായിട്ടു പരിണമിക്കും. വിദ്യാഭ്യാസകാലത്തുതന്നെ ബാലന്മാർക്ക് കാർഷികമായ ജ്ഞാനവും വാസനയും അഭിരുചിയും നല്കുന്നതിന് ഉപകരിക്കുന്നവിധമുള്ള വിദ്യാഭ്യാസമാണ് ഇവിടെ നൽകേണ്ടതു്. വിദ്യാർത്ഥികൾ പാഠശാലവിട്ടു വെളിയിൽവരുമ്പോൾ ശീതോഷ്ണങ്ങളും അധികംസഹിച്ചു കല്ലിലും മുള്ളിലും ചെളിയിലുംനടന്നു ചെയ്യേണ്ട കൃഷിത്തൊഴിലിനു ഇഷ്ടപ്പെടുന്നില്ല. അതിനുപുറമെ കൃഷിക്കാരെ പലവിധത്തിലും ഉദ്യോഗസ്ഥന്മാർ ഉപദ്രവിക്കുന്നതും അവരുടെ മാസസ്ഥിതിയും പലവിധക്ലേശങ്ങളും വിദ്യാഭ്യാസം ചെയ്തിട്ടുള്ള യുവാക്കന്മാർക്ക് കൃഷിയോടു വെറുപ്പുണ്ടാക്കുന്നു. ബാല്യത്തിലെ പഠനവിഷയങ്ങളിലോ പാഠശാലയിലെ പരിശീലനത്തിലൊ നിന്ന് കൃഷിയിലുള്ള അഭിരുചിയുണ്ടാകുന്നതിനു തീരെമാർഗ്ഗമില്ല. അതുകൊണ്ടു ഈ ദോഷങ്ങൾക്ക പരിഹാരമുണ്ടാക്കുവാൻ ഒന്നാമതായിട്ടുള്ളതു പ്രാഥമികപാഠശാലകളിൽ കൃഷിവിഷയംകൂടി പഠിപ്പിക്കയും പ്രധാനപാഠശാലകളോടു ഓരോ ചെറുതോട്ടംകൂടി സംഘടിപ്പിക്കയും അവിടെ ഒരു ക്ലിപ്തസമയം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും ആണ്. എല്ലാ താലൂക്കുകളിലും പ്രധാന മലയാളം സ്കൂളുകളോടുചേർന്നു ഓരോ ചെറിയ കൃഷിത്തോട്ടങ്ങൾകൂടിവേണം. പാഠശാലയോടു അടുത്തു വല്ല തരിശുഭൂമിയും ഉണ്ടെങ്കിൽ അവിടെയൊ അല്ലെങ്കിൽ കുറെ സ്ഥലം പാട്ടത്തിനെടുത്തൊ കൃഷിനടത്താം. പത്തോ പന്ത്രണ്ടോ ഏക്കർ സ്ഥലംവീതം മതി. മാതൃകാകൃഷികൾ അവരെ പ്രായോഗികമായിട്ടുതന്നെ പഠിപ്പിക്കണം. ഒരു ക്ലിപ്തസമയം അതിലേക്കുതന്നെ വിനിയോഗിക്കണം. സസ്യങ്ങളും ധാന്യങ്ങളും അവിടെ മുളച്ചുവരുന്നതും പൂക്കുന്നതും ഫലിക്കുന്നതും അവർ സൂക്ഷിച്ചു മനസ്സിലാക്കട്ടെ. പ്രകൃതിയോടും കൃഷിത്തൊഴിലിനോടും ബാല്യത്തിലെ അവർ അടുത്തുപെരുമാറുകയും അവക്കു അവയിൽ അഭിനിവേശം ജനിക്കുകയും ചെയ്യട്ടെ. ഇങ്ങനെയായാൽ ക്രമേണ ഈ വിദ്യാർത്ഥികൾക്ക കൃഷിയിൽ അഭിരുചിയും വാസനയും ഉണ്ടാകുകയും രാജ്യം ശ്രേയസ്കരമായ നിലയിൽ എത്തുകയും ചെയ്യുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

മി. മാത്യുമുരിക്കൻ (പക്ഷം): ഇതു എല്ലാ പള്ളിക്കൂടങ്ങളിലും സാധിക്കുമോ?

മി. തയ്യിൽ കുഞ്ചിരാമൻ (മൂവാററുപുഴ—തൊടുപുഴ): എല്ലാ പള്ളിക്കൂടങ്ങളിലും സാധിക്കയില്ല. താലൂക്കു തലസ്ഥാനത്തെ മററൊ ഓരോ പള്ളിക്കൂടങ്ങളിൽമാത്രം തൽക്കാലം ഏർപ്പെടുത്തിയാൽ മതി. ഇതു വളരെ അത്യാവശ്യമാണ്. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി പൂർവികന്മാരുടെ തൊഴിലിനെ ഉപേക്ഷിച്ചു ഉദ്യോഗാർത്ഥിയായി അലഞ്ഞുതിരിയുന്നതിനു പര്യാപ്തമാകുന്നല്ലാതെ തൊഴിൽ ചെയ്യുന്നതിനു യുവാക്കന്മാരെ സഹായിക്കുന്നതോ പ്രേരിപ്പിക്കുന്നതോ അല്ല. ഇന്നത്തെ വിദ്യാർത്ഥികളാണല്ലൊ നാളത്തെ പൌരസഞ്ചയം. അതുകൊണ്ടു ഒന്നാമതായി പാഠശാലകളോടുചേർന്നു മാതൃകാകൃഷിത്തോട്ടങ്ങൾ ഏർപ്പെടുത്തി വിദ്യാർത്ഥികളെ കൃഷിയിൽ അഭിരുചിയുള്ളവരാക്കിത്തീർക്കണം.

രണ്ടാമതായി വേണ്ടതു സ്കൂളുകളിൽ സർവേയുംകൂടി പഠിപ്പിക്കണം. തങ്ങളുടെ നിലംപുരയിടങ്ങളെ അളന്നു തിട്ടപ്പെടുത്താൻ അവക്ക് വശം ഉണ്ടായിരിക്കണം. റവന്യൂക്കാർ പുറമ്പോക്കാണെന്നു കേസെടുത്താൽ അതു പുറമ്പോക്കല്ല പേരിൽപതിഞ്ഞിട്ടുള്ള ഭൂമിയാണ് ഇതു വിസ്തീർണ്ണമുണ്ടെന്നെല്ലാം അവരോടു പറഞ്ഞുനിൽക്കാൻ സർവേ പഠനം അത്യന്താപേക്ഷിതമാണ്. സാധാരണ കൃഷിക്കാരുടെ നിലംപുരയിടങ്ങളുടെ അതിരുകൾ സംബന്ധിച്ചുള്ള തക്കങ്ങളിലും കേസുകളിലും കൃഷിക്കാർക്ക് സർവേജ്ഞാനം വളരെ ഉപയോഗപ്പെടും. കണക്കുകൾ പലതും ഇപ്പോൾതന്നെ പഠിക്കുന്നുണ്ട്. യൂക്ലിഡിൻെറ ക്ഷേത്രവ്യവഹാരവും ചിലരെ പഠിപ്പിക്കുന്നുണ്ടെങ്കിലും അവരേയും ജീവിതവൃത്തിയിൽ ഉപയോഗമുള്ള സർവേ പഠിപ്പിക്കുന്നില്ല. കണക്കു ഈവിധം പഠിച്ചിട്ടുള്ളവക്ക് സർവേ കുറെക്കാലത്തെ പരിശീലനംകൊണ്ടു പഠിക്കാവുന്നതാണ്. അതുകൊണ്ടു ഈ സംഗതിയിലും ഗവണ്മെൻറു പ്രത്യേകം ദൃഷ്ടിവയ്ക്കണം.

ഇതിനുപുറമെ വിദ്യാഭ്യാസം എല്ലായിടത്തും പ്രചരിക്കുന്ന ഒരു നയം സ്വീകരിക്കണം. നിർബന്ധിതവിദ്യാഭ്യാസം വേണമെന്നു നിയമസഭയിലും പ്രജാസഭയിലും വാദിച്ചുവരുന്നുണ്ട്. എന്നാൽ പ്രാഥമികവിദ്യാലയങ്ങൾ കുറവുള്ളിടത്തു കൂടുതലായിനൽകിയും ദരിദ്രരായ അധഃകൃതവർഗ്ഗത്തിലെ കുട്ടികൾക്ക പുസ്തകങ്ങളും ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ട വകയും നൽകിയും സഹായിക്കാതെ എല്ലാപേരും പഠിച്ചുകൊള്ളണം അല്ലെങ്കിൽ ശിക്ഷിക്കുമെന്നു ഒരാജ്ഞ പുറപ്പെടുവിച്ചാൽ അതിനു സൌകര്യമില്ലാത്തവർ ശിക്ഷ അനുഭവിക്കയെ തരമുള്ളു. പുലയർ, പറയർ മുതലായവർ വളരെ ദാരിദ്ര്യത്തിൽ കഴിഞ്ഞുകൂടുന്നവരാണ്. പുസ്തകങ്ങൾ വാങ്ങുന്നതിനുപോലും അവക്ക് നിവൃത്തിയില്ല. ൫൮,൦൦൦-ത്തോളം പുലയരുടേയും പറയരുടേയും കുട്ടികൾ വിദ്യാഭ്യാസം ചെയ്തുവരുന്നുണ്ട്. അവക്ക് മൂന്നു രൂപാവീതം പുസ്തകം വാങ്ങുന്നതിനു കൊടുക്കുന്നപക്ഷം അതിനുതന്നെ ൧൭൪,൦൦൦ രൂപയെ ആണ്ടിൽ വരാനുള്ളു. ഇപ്പോൾ ഇങ്ങനെ കൊടുത്താൽ അടുത്ത കൊല്ലം കൂടുതലായിട്ടു കുട്ടികൾ ഉണ്ടാകും. അപ്പോഴും കൊടുക്കണം. ഇങ്ങനെ വർദ്ധിക്കുന്നപക്ഷവും രണ്ടോ മൂന്നോ ലക്ഷം രൂപ മാററിവച്ചാൽ മതിയായേക്കും. ഇവിടത്തെ വിദ്യാഭ്യാസച്ചിലവു ആളൊന്നിനു ഒരു രൂപായിലധികമുണ്ട്. ഇവിടെ പുലയരും പറയരുംകൂടി ൩൦൦,൦൦൦ പേരുണ്ട്. മററു അധഃകൃതരെക്കൂടി ഉൾപ്പെടുത്തുന്നപക്ഷവും താലൂക്കു വരുമായിരിക്കും. അവർക്കും ഒരാളൊന്നിനു ഒരു രൂപാവീതം വിദ്യാഭ്യാസത്തിനായി ഗവണ്മെൻറു ചിലവാക്കണം. ഇപ്പോൾ അങ്ങനെ ചിലവാക്കിവരുന്നില്ല. അവരുടെ ജനസംഖ്യയനുസരിച്ചു ഇപ്പോഴത്തെ വിദ്യാഭ്യാസച്ചിലവിൽ അവക്ക് ന്യായമായിട്ടു എത്ര ചെല്ലേണ്ടതായിട്ടുണ്ടോ അത്രയും കൊടുത്താൽമതി. പക്ഷേ അതു കൊടുക്കേണ്ട രീതിയിൽമാത്രം വ്യത്യാസമുണ്ട്. പുസ്തകങ്ങൾക്കായി മൂന്നു രൂപ

വീതം കൊടുക്കണം. ഉച്ചക്ഷേണത്തിനോ അല്ലെങ്കിൽ ലഘുക്ഷേണത്തിനോ ഭക്ഷണവീതം കൊടുത്താലും നരക്കേടില്ല. ഇങ്ങനെ ചെയ്യും കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിച്ചും പരക്കെ വിദ്യാഭ്യാസത്തിനുള്ള സൌകര്യം വരുത്തിയശേഷം നിർബന്ധിതവിദ്യാഭ്യാസം ഏർപ്പെടുത്തിയാൽ തരക്കേടില്ല. നിർബന്ധവിദ്യാഭ്യാസത്തിലേക്കുള്ള പ്രഥമപടിയാണ് ഞാൻ പറഞ്ഞതു. അതിലേയല്ലാതെ ഒന്നായി ചാടണമെന്നു പറഞ്ഞാൽ ഇവിടത്തെ സ്ഥിതിക്കു അനീതിയും അസാദ്ധ്യവുമായിരിക്കും.

പല താലൂക്കുകളിലും സ്കൂളുകൾ കൂടുതലായി സ്ഥാപിച്ചുകൊടുക്കണം. ചില താലൂക്കുകളിൽ സ്കൂളുകൾ വളരെ കുറവാണ്. ൩൯൨ സ്കൂളുകൾ ആണ് രാജ്യത്തു ആകെയുള്ളതു്. തൊടുപുഴതാലൂക്കിൽ ഗ്രാന്റു സ്കൂളുകളും ഡിപ്പാർട്ടുമെന്റൽ സ്കൂളുകളും ഉൾപ്പെടെ ൩൨-ം മൂവാറ്റുപുഴതാലൂക്കിൽ ൧൨-ം മാത്രമാണുള്ളതു്. തിരുവല്ലായിൽ ൩൪൦-ം ചങ്ങനാശേരിയിൽ ൫൯൪-ം കോട്ടയത്തു ൨൦൩-ം ഉണ്ട്. നെയ്യാറ്റിൻകര ൨൨൪ സ്കൂളുകൾ ഉണ്ട്. ജനസംഖ്യയിൽ ഒട്ടും കുറവല്ലാത്ത മൂവാറ്റുപുഴതാലൂക്കിൽ ൧൨ സ്കൂളുകൾമാത്രം, തൊടുപുഴയിൽ ൩൨-ം മേല്പറഞ്ഞ പട്ടം തമ്മിൽ ഒരു സാമ്യവുമില്ല. ഈ വിധത്തിലാണ് വിദ്യാലയങ്ങളുടെ സ്ഥിതി. അതുകൊണ്ടു വിദ്യാലയങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ ഉണ്ടാക്കിക്കൊടുക്കണം. ആദ്യകാലത്തു ഗവൺമെന്റിൽനിന്നുതന്നെ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ കെട്ടിടങ്ങൾ കെട്ടിച്ചു സ്കൂളുകൾ സ്ഥാപിച്ചുവന്നിരുന്നു. ഇപ്പോൾ ഒരു സ്കൂൾ വേണമെന്നു ആവശ്യപ്പെട്ടാൽ ജനങ്ങൾതന്നെ കെട്ടിടംകെട്ടി കൊടുക്കണമെന്നാണ് ആജ്ഞ. എല്ലാ താലൂക്കിലും സാമാന്യമായിട്ടു കൊടുത്തുകഴിഞ്ഞിട്ടു കൂടുതൽ വേണമെന്നു ആവശ്യപ്പെടുമ്പോൾ ജനങ്ങൾതന്നെ കെട്ടിടം കെട്ടിത്തരണമെന്നു പറഞ്ഞാൽ തരക്കേടില്ലായിരുന്നു. എല്ലാ സ്ഥലങ്ങളിലും ധാരാളം വിദ്യാലയങ്ങൾ സ്ഥാപിച്ചുനടത്തുന്നതിനു ഗവൺമെന്റിനു സ്വാതന്ത്ര്യമല്ല. അതിനാൽ നിവൃത്തിയുള്ളിടത്തോളം ഗ്രാന്റു സ്കൂളുകളെ പ്രോത്സാഹിപ്പിക്കണം. ഇക്കാര്യത്തിൽ ഡയറക്ടർ കൂടുതൽ ആനുകൂല്യം കാണിക്കുമെന്നാണ് ജനങ്ങളുടെ വിശ്വാസം.

ഇൻസ്പെക്ടറന്മാരുടെ സ്ഥിതി ഇക്കാര്യത്തിൽ അത്ര അനുകൂലമാണെന്നു പറയാൻ തരമില്ല. അവരാണ് പ്രൈവറ്റു സ്കൂൾമാനേജർമാരുമായി അധികം നേരിട്ടു ഇടപെടുന്നതു്. അവരുടെ പ്രവൃത്തിയുടെ ഫലമായിട്ടുവേണം വിദ്യാഭ്യാസവിഷയത്തിൽ മാനേജരന്മാരുടെ ഉത്സാഹം വർദ്ധിക്കാൻ. ജനങ്ങളുടെ വിദ്യാഭ്യാസത്തിനായി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരോട് ഇൻസ്പെക്ടർമാർ കേവലം നികൃഷ്ടമായ നിലയിൽ പെരുമാറിവരുന്നതു ഒട്ടും ആശാസ്യമല്ല. ഇൻസ്പെക്ടർമാരുടെ ദാസന്മാരെന്നോ കേവലം കീഴിലുള്ളവരെന്നോ ഉള്ള നിലയിൽ ഇവരോടു പെരുമാറിക്കൊണ്ടിരിക്കയാണെങ്കിൽ എങ്ങിനെയാണ് ഗ്രാന്റുസ്കൂൾ കാര്യത്തിൽ ജനങ്ങൾ മുമ്പോട്ടുവന്നു പ്രവർത്തിക്കുന്നതു്?

മി. എ. സി. കത്തുക്കോസ് (മീനച്ചിൽ-ദേവികുളം): ഇപ്പോഴത്തെ വെർണാക്കുലർസ്കൂൾ ചീഫ് ഇൻസ്പെക്ടരെക്കുറിച്ചാണോ പറയുന്നതു്?

മി. തൊമ്മൻ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): പൊതുവിൽ ഇൻസ്പെക്ടർമാരുടെ സ്ഥിതിയെക്കുറിച്ചാണ് പറയുന്നതു്. ഇപ്പോഴത്തെ മലയാളം ചീഫ് ഇൻസ്പെക്ടരെ ഞാൻ അറിയുകയില്ല. ഈയിടെയാണ് അദ്ദേഹം ചാർജ്ജെടുത്തതു്. എങ്കിലും ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടരെ സംബന്ധിച്ചാണ് വലിയ പരാതി. ഉത്തരതിരുവിതാംകൂറിൽ ഇംഗ്ലീഷ്സ്കൂൾ വളരെ കുറവാണ്. അതുകൊണ്ടു വല്ല ഉദാരമതികളും ഇംഗ്ലീഷ് ഗ്രാന്റുസ്കൂളുകൾ നടത്താൻ ഉത്സാഹിക്കയാണെങ്കിൽ അവർക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണം. അതിനു അനുരൂപമായ ഒരു നയമല്ല ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ ഇപ്പോൾ അനുവർത്തിച്ചുവരുന്നതു്. മാനേജർമാർക്കു ഇൻസ്പെക്ടർമാർ വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടോ എന്നു ഡയറക്ടർ അന്വേഷിക്കണം.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): സർ! ഇപ്പോൾ ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ൯൦-ാമാണ്ടു രാജ്യഭാരംചെയ്തിരുന്ന ഗൌരിപാർവ്വതിഭായി മഹാറാണിതിരുമനസ്സുകൊണ്ട് ഒരു തിരുവെഴുത്തുവിളംബരം പ്രസിദ്ധംചെയ്തിട്ടുണ്ടായിരുന്നു. അതിവിടെ വായിക്കാം.

"പ്രജകളുടെഇടയിൽ വിദ്യാഭ്യാസത്തിനു യാതൊരുകുറവും ഉണ്ടാകാതെ ഇരിക്കുന്നതിനുവേണ്ടി ജനങ്ങളുടെ വിദ്യാഭ്യാസത്തിനു വേണ്ടിവരുന്ന ചിലവു മുഴുവനും ഗവൺമെന്റിൽനിന്നുതന്നെ ചിലവാക്കേണ്ടതാണെന്നും, അതിനാൽ വിദ്യാഭ്യാസപ്രചാരംകൊണ്ട് അവർ കൂടുതൽ യോഗ്യന്മാരായ പ്രജകളും പൊതുജനസമ്മതരും ആയിത്തീരുവാൻ ഇടയാകുമെന്നുള്ളതാണെന്നും, ആ വഴിക്കു ഈ രാജ്യത്തിന്റെ സമ്പൽസമൃദ്ധിയെ വർദ്ധിപ്പിക്കേണ്ടതാണെന്നും......".

ആ തിരുമനസ്സുകൊണ്ടു എന്തുദ്ദേശിച്ചിരുന്നോ ആ ഉദ്ദേശം ൧൦൦ കൊല്ലമായിട്ടും തൃപ്തികരമായ നിലയിൽ പ്രായോഗികമാക്കുന്നതിനു ഈ ഡിപ്പാർട്ടുമെന്റിനു സാധിച്ചിട്ടില്ല. ഇതിനെപ്പറ്റി എത്രതന്നെ ഈ സഭയിൽ വിമർശനംചെയ്താലും മതിയാകുന്നതല്ല. എന്റെ സ്നേഹിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുള്ളപ്രകാരം പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞു വെളിയിൽവരുന്ന കുട്ടികൾക്ക് എന്തെങ്കിലും ഒരു തൊഴിലിൽപ്രവേശിച്ചു കാലക്ഷേപം ചെയ്യുന്നതിനു ഇപ്പോൾ തീരെ നിവൃത്തിയില്ല. ഉദ്യോഗം ലഭിക്കുമെന്നു സ്വപ്നത്തിൽപോലും വിചാരിക്കാനിടയില്ല. ഇവിടത്തെ പ്രധാനതൊഴിലായ കൃഷിയെപ്പറ്റി നോക്കുന്നപക്ഷം അതിനു യാതൊരു സൌകര്യവും ഗവൺമെന്റു ചെയ്തുകൊടുക്കുന്നില്ല. ഇപ്പോഴത്തെ പാഠപദ്ധതിയനുസരിച്ചു ഡ്രായിംഗ് മുതലായ വിഷയങ്ങളെപ്പറ്റി പഠിപ്പിക്കുന്നതിന് ശമ്പളംകൊടുത്തു വാദ്ധ്യാന്മാരെ ആക്കീട്ടുണ്ട്. എന്നാൽ കൃഷിയെപ്പറ്റി പ്രായോഗികമായ ജ്ഞാനം വിദ്യാർത്ഥികൾക്കുണ്ടാക്കിക്കൊടുക്കുന്നതിന് വേണ്ട ഏർപ്പാടു ചെയ്യുന്നപക്ഷം അതു ഡ്രായിംഗ് മുതലായവ പഠിപ്പിക്കുന്നതിനെക്കാൾ ഏറ്റവും പ്രയോജനകരമായിരിക്കും. അതിനാൽ കൃഷിയെപ്പറ്റി പ്രായോഗികമായ ജ്ഞാനം വിദ്യാർത്ഥികൾക്കുണ്ടാക്കുന്നതിനു കഴിയുന്നിടത്തോളം എല്ലാ സ്കൂളുകളിലും അതിനോടുചേർത്തു ഏതാനും സ്ഥലംവാങ്ങി മാതൃകാതോട്ടങ്ങൾ ഏർപ്പെടുത്തി വിദ്യാർത്ഥികളെ പഠിപ്പിക്കണം. ഇപ്പോൾ ഗവൺമെന്റു ഏർപ്പെടുത്തിയിട്ടുള്ള കൃഷിപാഠശാലയിൽനിന്നും വിജയികളായി വരുന്ന യുവാക്കന്മാർക്ക് പുരുവൽ പതിച്ചുകൊടുത്തു പ്രോത്സാഹിപ്പിക്കുന്നതിനെക്കാൾ ഇവരെ ഈ പാഠശാലകളിൽ കൃഷിവിഷയം പഠിപ്പിക്കുന്നതിന് നിയമിക്കുന്നതു നന്നായിരിക്കുമെന്നാണു എന്റെ അഭിപ്രായം. എന്നുമാത്രമല്ല ഉന്നതപരി

ക്ഷാമവിജയികളായി വെളിയിൽവരുന്നവർക്കു ചെളിയിലും മണ്ണിലും ശരീരത്തെപ്പിരട്ടി രാപകൽ വേലചെയ്യുന്നതിനു മടിയുണ്ടാകുമെന്നുള്ളതു സാധാരണമാണ്. എന്നാൽ ഇങ്ങനെ വേലചെയ്യുന്നതിനുള്ള സമ്പ്രദായം അവരെ മനസ്സിലാക്കി അവയിൽ അഭിരുചി വിദ്യാലയങ്ങളിൽവച്ചുതന്നെ അവർക്കുണ്ടാക്കിക്കൊടുക്കുന്നപക്ഷം ഈ മടി ഉണ്ടാകാൻ ഇടയില്ല. കൂടാതെ പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിലും കുറെക്കൂടി ശ്രദ്ധപതിപ്പിക്കണം. കേവലം ഗ്രന്ഥകർത്താക്കന്മാരുടെ ധനസമ്പാദനത്തിനുമാത്രം ഉപകരിക്കത്തക്കവിധത്തിലുള്ള പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കാതെ വിദ്യാർത്ഥികൾക്കു കൂടുതൽ പ്രയോജനം ഉണ്ടാകത്തക്കവിധത്തിലുള്ള പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കേണ്ടതിൽ നിഷ്കർഷിക്കേണ്ടതു അത്യാവശ്യമാണ്. ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ വളരെ തൃപ്തികരമായ നിലയിൽ ഇരിക്കുന്നില്ലെങ്കിലും അതുമൂലമായും നമുക്കു കിട്ടുന്ന പരീക്ഷാഫലംകൊണ്ട് അതിനു വളരെ ദൂഷ്യമുണ്ടെന്നു പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എനിക്കു പ്രധാനമായിട്ടു പറയാനുള്ളതു ജീവസന്ധാരണത്തിനു ഉപകരിക്കത്തക്കവിധത്തിൽ വിദ്യാർത്ഥികളെ തൊഴിൽ അഭ്യസിപ്പിക്കുന്നതിനു വേണ്ട പാഠപദ്ധതി നിശ്ചയിക്കുന്നതിൽ ശ്രദ്ധപതിക്കണമെന്നുള്ളതാണ്. ഗവർമെന്റിന്റെ സഹായം വേണ്ടിടത്തോളം എയിഡഡ് സ്കൂളുകളിൽ ഉണ്ടെന്നുപറയാൻ തരമില്ല. അനേകം സ്ഥലങ്ങളിൽ കുടികൾതന്നെ സ്കൂളിനാവശ്യമുള്ള കെട്ടിടങ്ങൾ ഉണ്ടാക്കി ഗവർമെന്റിനെ ഏല്പിച്ചുകഴിഞ്ഞു. എവിടെയെങ്കിലും ഒരു സ്കൂൾ ആവശ്യമുണ്ടെന്നുപറഞ്ഞാൽ ആ ആവശ്യത്തെപ്പററി നിർണ്ണയിക്കേണ്ടതു അധികാരികളാണെന്നു വച്ചിരിക്കുന്ന നയം അത്ര ആശാസ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

പ്രസിഡണ്ട്: മിസ്റ്റർ കൃഷ്ണപിള്ളേ! നിങ്ങൾ വളരെ കൂടുതൽസമയം എടുക്കുന്നല്ലോ.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): സർ! പുതിയഡയറക്ടർ അവർകളുടെ ആഗമനത്തോടുകൂടി വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനു വലിയ ഉണർവുണ്ടായിട്ടുണ്ടെന്നുള്ള എന്റെ സ്നേഹിതന്റെ അഭിപ്രായത്തോടു ഞാൻപൂർണ്ണമായിട്ടു യോജിച്ചുകൊള്ളുന്നു. വിദ്യാഭ്യാസവിഷയത്തിൽ തിരുവിതാംകൂർ മററു പരിഷ്കൃതസംസ്ഥാനങ്ങളുടെ മുന്നണിയിൽ നിൽക്കുന്നുഎന്നു നാം അഭിമാനിക്കുന്നതായ സന്ദർഭത്തിൽതന്നെ തൊഴിലില്ലാത്തവരും മടിയന്മാരുമായ ഒരു വലിയ സംഘം യുവാക്കന്മാരെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു രാജ്യവും തിരുവിതാംകൂർ തന്നെയാണെന്നു നമുക്കു തലകുനിച്ചു സമ്മതിക്കേണ്ടതായും വരുന്നുണ്ട്. അതിനുള്ള കാരണം നമ്മുടെ വിദ്യാഭ്യാസരീതിയിലുള്ള അല്ലെങ്കിൽ അതിന്റെ നയത്തിലുള്ള ഒരു ദൂഷ്യം മാത്രമാണ്. അതുകൊണ്ട് ഇന്നു നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസത്തിന്റെ രീതിയെ മാററേണ്ടതു ഏററവും അത്യാവശ്യമാകുന്നു. ഇന്നത്തെ വിദ്യാഭ്യാസംനിമിത്തം നമ്മുടെ യുവാക്കന്മാർക്കു ജീവസന്ധാരണത്തിനു ഏററവും അത്യന്താപേക്ഷിതമായിരിക്കുന്ന കൃഷി, കൈത്തൊഴിൽ മുതലായവ ചെയ്യുന്നതു അപമാനകരമാണെന്നുള്ള ഒരു ബോധം കൂടി ഉണ്ടെന്നുപറയാതിരിക്കാൻ നിവൃത്തിയില്ല. ഇങ്ങനെ ഒരു വെറുപ്പുതോന്നുന്നതിനു കാരണം വിദ്യാഭ്യാസകാലത്തുതന്നെ അതിൽ അഭിരുചി തോന്നത്തക്കവണ്ണമുള്ള പാഠപദ്ധതി ഇല്ലാത്തതുകൊണ്ടാകുന്നു. അതിനാൽ എന്റെ സ്നേഹിതൻ അഭിപ്രായപ്പെട്ടതുപോലെ വിദ്യാലയങ്ങളോടുചേർത്തു മാതൃകാകൃഷിത്തോട്ടങ്ങളുണ്ടാക്കി വിദ്യാർത്ഥികൾക്കു വേണ്ട പരിശീലനം പ്രായോഗികമായിതന്നെ നൽകണം. എന്നാൽ അതിനുപുറമെ ഈ രാജ്യത്തു ചെയ്യാൻ സൗകര്യമുള്ളതും പ്രധാനവുമായ വ്യവസായത്തെക്കൂടി പരിശീലിപ്പിക്കണം. ഒരു മണിക്കൂറോ അരമണിക്കൂറോ സമയം ഇതിലേക്കു വിനിയോഗിച്ചാൽമതി. ഇങ്ങനെ ഏർപ്പെടുത്തുന്നപക്ഷം തീർച്ചയായിട്ടും നമ്മുടെ യുവാക്കന്മാർ തൊഴിലില്ലാത്തവരായി ഓരോ ഉദ്യോഗസ്ഥന്മാരുടെയും പടിക്കൽ കാത്തുനിൽക്കുന്നതായിട്ടു നമുക്കു കാണാൻ സംഗതിയാകയില്ല.

കുറേകാലത്തിനുമുമ്പുവരെയും നമ്മുടെ സ്ത്രീകൾ ധാരാളം ജോലിയുള്ളവരായിട്ടും തൊഴിലില്ലാ എന്നുള്ള പരാതികേൾക്കാതെയുമാണ് ഇരുന്നിരുന്നതു. ഇപ്പോൾ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ദൂഷ്യംകൊണ്ടുമാത്രം അവരുടെ ഇടയിലും തൊഴിലില്ലായ്മ ധാരാളം വർദ്ധിച്ചിരിക്കുന്നു. ഈ തത്വത്തെ സഹോദരി മെമ്പർതന്നെ ഇവിടെ പ്രസ്താപിച്ചതിൽനിന്നും മനസ്സിലാകുന്നുണ്ട്.

മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായസംഘങ്ങൾവക വടക്കൻമെമ്പർ): അതുകൊണ്ടു സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിക്കാൻ പാടില്ലെന്നാണോ മെമ്പരുടെ അഭിപ്രായം?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ) പുരുഷന്മാരേയും വിദ്യാഭ്യാസം ചെയ്യിക്കണം സ്ത്രീകളേയും വിദ്യാഭ്യാസം ചെയ്യിക്കണം. എന്നാൽ വിദ്യാഭ്യാസത്തിന്റെ രീതി മാററണമെന്നേ ഞാൻ പറയുന്നുള്ളു. സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതില്ലെന്നു ഞാൻ ഇതേവരെ പറഞ്ഞിട്ടില്ല. അങ്ങിനെ എന്റെ സ്നേഹിതൻ മനസ്സിലാക്കിയതിൽ ഞാൻ വ്യസനിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ന്യൂനതകൊണ്ടു പുരുഷന്മാരുടെ ഇടയിൽ മാത്രമല്ല സ്ത്രീകളുടെ ഇടയിലും തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നു എന്നാണ് ഞാൻ പറയുന്നതു.

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): ഉദ്യോഗം കിട്ടാത്തവിധത്തിലുള്ള വിദ്യാഭ്യാസമാണി സ്ത്രീകളുടെ ഇടയിൽ വേണ്ടതെന്നാണോ പറയുന്നതു.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): തൊഴിൽ ചെയ്യുന്നതിനുപകരിക്കത്തക്കവിധത്തിലുള്ള വിദ്യാഭ്യാസം ചെയ്യിക്കണമെന്നാണു പറയുന്നതു. അങ്ങിനെയുള്ള വിദ്യാഭ്യാസം ഇപ്പോഴില്ലാത്തതിനാലാണ് തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നതു.

മിസ്സസ് എലിസബെത്ത് കുരുവിള (നിയമിതമെമ്പർ): അല്പമായ ഒരു സമാധാനം എനിക്കു പറവാനുണ്ട്. വിദ്യാഭ്യാസം ഒന്നുമാത്രമാണു സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മയ്ക്കു കാരണമായിട്ടുള്ളതു എന്നു ഞാൻപറഞ്ഞതായി ഓർമ്മിക്കുന്നില്ല.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): എന്നു എന്റെ സഹോദരി പറഞ്ഞിട്ടില്ല. ഇന്നു സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുണ്ട്. അവർക്കും ഉദ്യോഗം നൽകണംഎന്നു പറയുകയുണ്ടായി. ഇതിൽനിന്നും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചതു് വിദ്യാഭ്യാസത്തിന്റെ ദൂഷ്യമാണ് ഈ മുറവിളി

ക്കകാരണമെന്നുള്ളതാണ്. ഇതു പരമാൎത്ഥമാണെന്നു ഇവിടെതന്നെ പല മെമ്പ്രന്മാരും പറഞ്ഞതിൽനിന്നും മനസ്സിലായി. അതുകൊണ്ടു ഇന്നത്തെ വിദ്യാഭ്യാസരീതി മാററണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ എന്റെ സ്നേഹിതൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ബലമായി പിന്താങ്ങിക്കൊള്ളുന്നു.

മി. മാത്യുമുരിക്കൻ (വൈക്കം): സർ, മിസ്റ്റർ താണുപിള്ള അവതരിപ്പിച്ചിട്ടുള്ള ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതോടുകൂടിതന്നെ അല്പം സംസാരിച്ചാൽ കൊള്ളാമെന്നുകൂടി ഞാൻ വിചാരിക്കുന്നു. നൂതനമായ വല്ല സൂചനകളുംകൂടി അവതരിപ്പിക്കുമെന്നു വിചാരിച്ചു അത്യുൽക്കണ്ഠയോടുകൂടി ഞാൻ പ്രയോക്താവിന്റെ പ്രസംഗത്തെ ശ്രദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു. ഒരു മാററം വരുത്തുന്നതു ആശാസ്യമായിരിക്കുമെന്നുതന്നെയല്ല അങ്ങിനെ ഒരു മാററം വരുത്തേണ്ടതു ഏററവും അത്യന്താപേക്ഷിതമായിരിക്കുന്നു എന്നുതന്നെയാണു അദ്ദേഹം പറഞ്ഞതു്. അതിനു യാതൊരു സംശയവുമില്ല. സർ, ഇന്നു തിരുവിതാംകൂറിൽ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായത്തെ പുതുക്കേണ്ടതു അത്യന്താപേക്ഷിതമായിരിക്കുന്നു എന്നുള്ള സംഗതി നിർവിവാദമാണ്. ഇപ്പോഴത്തെ വിദ്യാഭ്യാസ സമ്പ്രദായം അതായതു വിദ്യാഭ്യാസ സമ്പ്രദായത്തെ ഇപ്പോൾ പ്രയോഗിക്കുന്ന രീതി തിരുവിതാംകൂറിൽ ചലനരഹിതമായിരിക്കുകയാണ് എന്നു ഞാൻ ഇവിടെ അഭിപ്രായപ്പെടുന്നതായിരുന്നാൽ ആ അഭിപ്രായപ്രകടനത്തിൽ വലുതായ അതിശയോക്തിപ്രകടനം ഉണ്ടെന്നു ആരുംതന്നെ ഗണിച്ചുപോകയില്ല എന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ താണുപിള്ള സൂചിപ്പിച്ച മാൎഗ്ഗത്തിൽ ഒരു ഭേദഗതിവരുത്തുന്നതു സാദ്ധ്യമാകയില്ല എന്ന ഒരു സമാധാനം ഞാൻ മുമ്പിൽകൂട്ടിതന്നെ പറഞ്ഞുകൊള്ളട്ടെ. വിദ്യാഭ്യാസസമ്പ്രദായത്തെതന്നെ അടിമുടി മാററുക എന്നുള്ളതു യഥാൎത്ഥത്തിൽ സൎവ്വപ്രധാനമായ ഒരു സംഗതിയാകുന്നു. ഇന്ത്യയെ ഒട്ടുക്കു ബാധിച്ചിരിക്കുന്ന ഒരു സംഗതിയാണിതു. തിരുവിതാംകൂറിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായത്തിൽ പാടെയുള്ള മാററങ്ങൾ വരുത്തുക എന്നുള്ളതു തിരുവിതാംകൂറുകാരായ നമുക്കുമാത്രം ചെയ്യാൻ സാധിക്കുന്ന ഒരു സംഗതിയാണെന്നു എനിക്കു തോന്നുന്നില്ല. നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം ബ്രിട്ടീഷ്ഇന്ത്യയിൽ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായവുമായി പലപ്രകാരത്തിലും വളരെ അടുത്തു യോജിപ്പുള്ളതായിരിക്കുന്നതുകൊണ്ടു ഇപ്പോൾ പെട്ടെന്നു എന്തെങ്കിലും ഭേദഗതികൾ ചെയ്യുന്നതിനെ സംബന്ധിച്ചു നമുക്കു ആലോചിക്കുവാൻപോലും നിവൃത്തിയില്ലാതെ ഇരിക്കുന്നതു്. എന്നാൽ നമ്മുടെ രാജ്യത്തിനുള്ളിൽമാത്രം ബാധിക്കുന്നതായ ഏതാനും ഭേദഗതികൾ വരുത്തുന്നതിനു നമുക്കു ശ്രമം ചെയ്യാവുന്നതാകുന്നു. നമ്മുടെ പണ്ഡിതമാന്യനായ വിദ്യാഭ്യാസഡയറക്ടർ അവർകൾ ചാൎജ്ജെടുത്തതായ അവസരത്തിൽ ദീൎഘമായ ഏതോ ചില മാററങ്ങൾ എല്ലാം അദ്ദേഹം വരുത്തിക്കൂട്ടുവാൻ പോകുന്നതായി എല്ലാപേരും വിചാരിച്ചിരുന്നതു പരമാൎത്ഥംതന്നെ. അതിൽ രണ്ടുപക്ഷമില്ല. അദ്ദേഹം നമ്മെ നിരാശരാക്കി എന്നു ഞാൻ പറയുന്നില്ല. അദ്ദേഹത്തിനു വ്യയംചെയ്യാൻ സൌകൎയ്യം കിട്ടിയതായ ഇത്രകുറച്ചുസമയത്തിനുള്ളിൽ ഈ വിഷയത്തിൽ അദ്ദേഹത്തിനു യാതൊന്നുംചെയ്യാൻ സാധിച്ചില്ലെന്നേയുള്ളു. അതെങ്ങിനെയായാലും ചുററുപാടുംനോക്കി ചിലസംഗതികളെപററി വേണ്ടപോലെ ആലോചിച്ചു തിരുവിതാംകൂറിൽ നമ്മുടെ ആവശ്യത്തിനു ഉപയോഗമായിതീരത്തക്കവണ്ണം ഇവിടെ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായത്തിൽ ചിലഭേദഗതികൾ വരുത്തുന്നതിലേക്കായി വേണ്ടതു പ്രവൎത്തിക്കുന്നതിനുള്ള സമയം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വളരെ അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

സർ, വിദ്യാഭ്യാസസമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം എന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽതന്നെ ഏതുപ്രകാരത്തിൽ മാററങ്ങൾ വരുത്തണമെന്നുള്ളതിനെപററി ചില സൂചനകൾ ഈ സഭമുമ്പാകെ അവതരിപ്പിച്ചാൽ കൊള്ളാമെന്നു ഞാൻ വളരെ ആഗ്രഹിക്കുന്നു. ഈ വിഷയത്തിൽ ഞാൻ ഒരു വിദഗ്ദ്ധൻ അല്ല. എന്നാലും ഞാൻ ഒന്നുരണ്ടു സൂചനകൾ ഇന്നിന്നപ്രകാരത്തിലാണു ഭേദഗതികൾ വരുത്തേണ്ടതു എന്നുള്ളതിനെ സംബന്ധിച്ചു എന്റെ എളിയ ബുദ്ധിയിൽ തോന്നിയിട്ടുള്ളവയെ ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. അവയ്ക്കു എന്തുവില കല്പിക്കാമോ ആ വിലമാത്രം കല്പിച്ചാൽ മതിയാകുന്നതാണ്. എന്തെങ്കിലും ഭേദഗതികൾ വരുത്തുന്നതിനു മുമ്പായി ഇപ്പോഴത്തെ നിലയെ അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം ചില ഉദ്യോഗസ്ഥന്മാരും ചില വിദഗ്ദ്ധന്മാരും മെമ്പറന്മാരായുള്ള ഒരു കമ്മിററിയുടെ സഹായം അപേക്ഷിക്കേണ്ടതു ഏററവും അത്യന്താപേക്ഷിതമായിട്ടുള്ളതാണെന്നു എനിക്കു തോന്നുന്നു. നമ്മുടെ ഇപ്പോഴത്തെ യഥാൎത്ഥ നിലയെ എല്ലാ മുഖങ്ങളിലും വീക്ഷിച്ചു ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നതിനും അല്ലാതെ കണ്ടമാനം ഇതേപ്പററി ധൃതഗതിയിൽ ഒരു ആലോചന നടത്തി വല്ലവിധത്തിലും ഒരു അഭിപ്രായം പുറപ്പെടുവിക്കാതിരിക്കുന്നതിനു ഒരു കമ്മററി അത്യന്താപേക്ഷിതമാണെന്നാണു എന്റെ അഭിപ്രായം. അങ്ങിനെയാണെങ്കിൽ മാത്രമേ മേലാൽ ഏതുപ്രകാരത്തിൽ എല്ലാം ആണു ഭേദഗതികൾ വരുത്തേണ്ടതെന്നുള്ളതിനെസംബന്ധിച്ചു ഒരു പദ്ധതി എഴുതിയുണ്ടാക്കുവാൻ സാധിക്കയുള്ളു. ഇതാണു എനിക്കു ആദ്യമായി ഇവിടെ പ്രസ്താവിക്കുവാനുള്ള സംഗതി.

സർ, ഇവിടെ നാം നടപ്പിൽ വരുത്തേണ്ടതായ ചില ഭേദഗതികളെ സംബന്ധിച്ചു ഞാൻ ഒന്നുരണ്ടു പ്രധാനപ്പെട്ട പായിന്റുകളെ സംബന്ധിച്ചു മാത്രം പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു.

നമ്മുടെ പഴക്കമുള്ള കൃഷിക്കാരനായ തയ്യിൽ കുഞ്ഞിതൊമ്മൻ നമ്മുടെ സ്കൂളുകളിൽ കൃഷിസംബന്ധമായ വിദ്യാഭ്യാസം വിദ്യാൎത്ഥികൾക്കു നൽകേണ്ടതാണെന്നു ഇവിടെ അല്പം മുമ്പു ചൂണ്ടിക്കാണിക്കയുണ്ടായല്ലോ. അദ്ദേഹം സൂചിപ്പിച്ച വഴി സ്വീകാൎയ്യം ആണെന്നു പറവാൻ ഞാൻ ഒരുക്കമില്ലെന്നുവരികിലും ഈ സഭയിലെ അനുദ്യോഗസ്ഥാംഗങ്ങളിൽ അനേകം ആളുകളും പല പ്രാവശ്യവും ചൂണ്ടിക്കാണിച്ചിട്ടുള്ളതനുസരിച്ചും തിരുവിതാംകൂറിലെ ജനങ്ങൾ പൊതുവായി അഭിപ്രായപ്പെട്ടിട്ടുള്ളതനുസരിച്ചും നമ്മുടെ കാലക്ഷേപത്തിനുള്ള പ്രധാനമാൎഗ്ഗം കൃഷിയാണെന്നും നമ്മുടെ കാൎഷികമായ നിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു വല്ലതും ചെയ്യുന്നതുവരെ നമുക്കു യാതൊരു രക്ഷയും ഇല്ലെന്നും ഉള്ള സംഗതികൾ സുസ്ഥാപിതമായിരിക്കുന്ന നിലക്കു അദ്ദേഹത്തിന്റെ സൂചനയിൽ ഞാൻ ഹാൎദ്ദമായി അനുമോദിക്കതന്നെ ചെയ്യുന്നു. കൃഷിപാഠശാലകൾ വഴിക്കു ഈ പരിഷ്കാരം നടപ്പിലാക്കുക എന്നുള്ളതു നമുക്കു സാദ്ധ്യമായിട്ടുള്ളതല്ല. അതു സാധിക്കയില്ല. പിന്നെ നാം ആലോചിക്കുവാനുള്ളതു നമ്മുടെ ഇടയിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായത്തിൽ വല്ല ഭേദഗതിയും

നടപ്പിൽ വരുത്തിയാൽ ഇതു വഴിക്കു ഈ വിഷയത്തിൽ വല്ല പ്രയോജനവും ഉണ്ടാക്കാൻ സാധിക്കുമോ എന്നുള്ളതാകുന്നു. ഈ വിഷയത്തിൽ പണ്ഡിതനായ വിദ്യാഭ്യാസഡയറക്ടരുടെ ശ്രദ്ധ പതിപ്പിക്കണമെന്നാണ് ഞാൻ അദ്ദേഹത്തോടു ആവശ്യപ്പെട്ടുകൊള്ളുന്നത്. ഗാർഹികവ്യവസായങ്ങൾ, കൃഷിമുതലായുള്ള ചില വിഷയങ്ങൾ നമ്മുടെ പ്രൈമറി സ്കൂളുകളിലും മലയാളം മിഡിൽസ്കൂളുകളിലും സെക്കൻഡറിസ്കൂളുകളിലും പഠിപ്പിക്കത്തക്കവിധത്തിൽ ഒരു കാര്യപരിപാടി അദ്ദേഹത്തിനു രൂപീകരിക്കാമെന്നുള്ളതാകുന്നു. പ്രാഥമിക സർവെ പഠിപ്പിക്കണമെന്നു മിസ്റ്റർ കണ്ണമ്പിള്ളത്തറമ്മൻ പറഞ്ഞതിനെ സംബന്ധിച്ചിടത്തോളം ആക്ഷേപമെന്യേ ഞാനും അനുകൂലിക്കുകതന്നെ ചെയ്യുന്നു. എന്നാൽ ഇപ്പോൾതന്നെ നമുക്കു ധാരാളം സർവെയരന്മാർ ഉണ്ട്. ഇനിയും ആയിരക്കണക്കിനു കൂടുതൽ സർവെയരന്മാരെ നാം സൃഷ്ടിച്ചു വിടുന്നപക്ഷം അവരുടെ തൊഴിലില്ലായ്മയെ പരിഹരിക്കുക എന്നുള്ളതു നമ്മുടെ ഗവണ്മെന്റിനു പിന്നെ ഒരു ജോലിയായിത്തീരുമെന്നുള്ളതാകുന്നു. അല്പം പ്രാഥമിക സർവെമാത്രമേ അതിനാൽ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ പാടുള്ളു. നമ്മുടെ വിദ്യാഭ്യാസപരിപാടിയിൽ കുടിൽവ്യവസായവും കൃഷിയുംകൂടി ചേർക്കുന്നതു വളരെ ആശാസ്യമായിരിക്കും. കായികപരിശീലനം നൽകുന്ന വിഷയത്തിലും ഞാൻ അല്പം ശ്രദ്ധ പതിപ്പിക്കണമെന്നുതന്നെ പറയും. നാം എല്ലാവരും പട്ടാളക്കാർ ആവണമെന്നല്ല ഞാൻ പറയുന്നത്. എന്നാൽ ഞാൻ പറയുന്നതു നമ്മുടെ കുട്ടികൾ പ്രായപൂർത്തിവന്ന യുവാക്കന്മാരായിത്തീരുമ്പോഴേക്കു സംഗതികളെ യോജനാവിന്റെ നിലയിൽ വീക്ഷിക്കുന്നതിനു തക്ക യോഗ്യന്മാരാക്കിത്തീർക്കത്തക്കവണ്ണം അവരുടെ മനസ്സിൽ കായികവിനോദങ്ങളിൽ ഒരുമാതിരി താല്പര്യം ഈ യുവഹൃദയങ്ങളിൽ അങ്കുരിക്കത്തക്കവണ്ണം നമ്മുടെ വിദ്യാഭ്യാസത്തെ അങ്ങിനെയുള്ള ഒരു രീതിയിൽ രൂപീകരിക്കണമെന്നാണ്. സർ, ഇനിയും എനിക്കു ഒരു വാക്കുകൂടി പറയുവാനുണ്ട്.

പ്രസിഡണ്ട്: നിങ്ങൾക്കു ഇനി ഒരു മിനിട്ടുമാത്രമേയുള്ളു.

മി: മാത്യു മുരിക്കൻ (വൈക്കം): സർ, പ്രാഥമികവിദ്യാഭ്യാസത്തിനു കൂടുതൽ പ്രചാരം നൽകുന്ന വിഷയത്തിൽ പണ്ഡിതനായ വിദ്യാഭ്യാസഡയറക്ടരുടെ ശ്രദ്ധ പതിയണമെന്നു ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു. ബഡ്ജറ്റിനെ സംബന്ധിച്ചുള്ള എന്റെ പ്രസംഗത്തിൽ ഈ സഭയുടെ ശ്രദ്ധയെ ഞാൻ ആകർഷിച്ചതു ഈ മറ്റുവിഷയത്തിലേക്കു മാത്രമായിരുന്നു. പ്രായംചെന്ന കുട്ടികളിൽ മിക്കവാറും എല്ലാവരുംതന്നെ നമ്മുടെ രാജ്യത്തു വിദ്യാഭ്യാസം ചെയ്തുവരുന്നുണ്ടെന്നു പണ്ഡിതനായ വിദ്യാഭ്യാസഡയറക്ടർ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. ഞാൻ പറയുന്നതിൽ വല്ല പിശകും ഉണ്ടെങ്കിൽ തിരുത്തുന്നതിനു വിരോധമില്ല. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അവസാനഭാഗത്തു പറഞ്ഞിട്ടുള്ളതിന്റെ പോക്കു ഏകദേശം ഇങ്ങിനെയാണ്.

ഇപ്പോഴത്തെ അനുപാതംകൊണ്ടു പള്ളിക്കൂടത്തിൽ പോകത്തക്ക പ്രായമുള്ള തിരുവിതാംകൂറിലെ മിക്കവാറും എല്ലാ ബാലന്മാരുംതന്നെ ഇപ്പോൾ പഠിച്ചുവരുന്നുണ്ടെന്നും വിദ്യാഭ്യാസം ചെയ്തുവരുന്ന പെൺകുട്ടികളുടെ ശതമാനവും അതേ കണക്കിനുതന്നെ വേഗത്തിൽ ആയിത്തീരുന്നുണ്ടെന്നും ആണു വിദ്യാഭ്യാസധുരന്ധരന്മാരുടെ അഭിപ്രായം.''

നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ ഒരു പ്രധാനപ്പെട്ട ഘട്ടത്തിൽ നാം എത്തിയിരിക്കയാണ്. നമ്മുടെ ഇപ്പോഴത്തെ നിലയെന്താണെന്നു വീക്ഷിക്കുന്നതിനുള്ള കാലം ആയിരിക്കുന്നു; അങ്ങിനെ നമ്മുടെ നിലയെ നാം പരിശോധിക്കുന്ന കൂട്ടത്തിൽ ഇവിടെയുള്ള പ്രാഥമികപാഠശാലകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുള്ള സംഗതിയിലേക്കു നമ്മുടെ ശ്രദ്ധ പ്രത്യേകമായി പതിയേണ്ടതാണെന്നു മാത്രം ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. അങ്ങിനെ ചെയ്യുന്നതായിരുന്നാൽ ആവഴിക്കു നാം ചിലവിനെ വർദ്ധിപ്പിക്കയായിരിക്കും ചെയ്യുന്നതു എന്നു ഗവണ്മെന്റു പറയുമായിരിക്കാം. മിഡിൽസ്കൂളുകളിൽ ചിലതിനെ നമുക്കു വേണ്ടെന്നുവയ്ക്കാമെന്നുള്ളതാകുന്നു. അങ്ങിനെ വേണ്ടെന്നുവയ്ക്കുന്നതു സർവ്വപ്രകാരത്തിലും നമ്മെ സഹായിക്കുന്നതായിരിക്കും. സർ, അതുകൊണ്ടു നമ്മുടെ ചിലവും കുറയുന്നതിന്നിടയാകുന്നതാണ്. ഇപ്രകാരം പ്രൈമറിസ്കൂളുകൾ വേണ്ടെന്നുവയ്ക്കുന്നതുകൊണ്ടു ഇവിടെയുള്ള തൊഴിലില്ലായ്മയെ നാം കുറക്കുകയും നമ്മുടെ ചിലവിനെയും കുറക്കുകയും ചെയ്യുകയായിരിക്കും ചെയ്യുന്നത്. പ്രാഥമികവിദ്യാലയങ്ങൾ വർദ്ധിപ്പിക്കുന്നതുകൊണ്ടു നമ്മുടെ പ്രജകളെ കൂടുതൽ അക്ഷരജ്ഞാനമുള്ളവരാക്കിത്തീർക്കയും അങ്ങിനെ ഭരണസംബന്ധമായ കാര്യങ്ങളിലും മറ്റു പ്രധാനകാര്യങ്ങളിലും വളരെ സഹായികളാക്കിത്തീർക്കുകയും ചെയ്യുന്നതിന്നിടയാകുന്നു. സർ, ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു ഞാൻ എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളാം. പ്രൈവറ്റുസ്കൂളുകളെ സംബന്ധിച്ചിടത്തോളം കൂടുതൽ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്ന വിഷയത്തിൽ ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയെ ഒന്നുകൂടി ക്ഷണിച്ചുകൊള്ളുന്നു. ഇതുസംബന്ധിച്ചു ഞാൻ ഒരു മറ്റൊരു ഉപക്ഷേപം അയച്ചിട്ടുണ്ട്. അതിനെപ്പറ്റി പ്രതിപാദിക്കുമ്പോൾ ശേഷം ഭാഗത്തെപ്പറ്റിയും ഞാൻ പറഞ്ഞുകൊള്ളാം.

മി. കെ. മാധവൻ (നിയമിതമെംബർ): മി. തങ്കപ്പിള്ള അവർകളുടെ അഭിപ്രായത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. ഈ രാജ്യത്തിൽ ആറിൽ ഒന്നുഭാഗത്തിൽ അധികം താഴ്ന്നജാതിക്കാരാണ്. ഈ ജനങ്ങളെ മുമ്പോട്ടു കൊണ്ടുവരുന്നതിനു ഗവണ്മെന്റു വിദ്യാഭ്യാസവിഷയമായിട്ടും ഉദ്യോഗവിഷയമായിട്ടും വളരെ സൌകര്യങ്ങളെല്ലാം ചെയ്തുകൊടുത്തിട്ടുണ്ട്. ഈ ഏർപ്പാടുകളെ സംബന്ധിച്ചു ഞങ്ങൾ വളരെ നന്ദിയുള്ളവരായിരിക്കുന്നു.

താണജാതിക്കാർ നല്ലനിലയിൽ വരുന്നതിനു പ്രയാസമായ കാരണങ്ങളിൽ ഒന്നു വിദ്യാഭ്യാസം. താണജാതിക്കാർ അവരുടെ കുട്ടികൾക്കു വിദ്യാഭ്യാസം നൽകി മുന്നോട്ടു കൊണ്ടുവരണമെന്നു ആഗ്രഹിച്ചു പാഠശാലകളിലേക്കു അയക്കുന്നു. എന്നാൽ ദാരിദ്ര്യം സമുദായത്തെ മുമ്പോട്ടുപോകുവാൻ അനുവദിക്കുന്നില്ല. പഠിക്കാൻ പുസ്തകം ഇല്ല. ഉച്ചക്കു ആഹാരം ഇല്ല. എങ്ങിനെയാണ് ഇത്ര വളരെ കഷ്ടപ്പെട്ടു മുമ്പോട്ടുവരുന്നത്. അതിനാൽ ഗവണ്മെന്റു സാധുക്കളുടെ മേൽ ദയവുതോന്നി അവർക്കു ഉച്ചഭക്ഷണവും പുസ്തകവുംകൊടുത്തു സഹായിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഉദ്യോഗം താണജാതിക്കാർക്കു കൊടുക്കണമെന്നു ആലോചിച്ചു താണജാതിക്കാരുടെ അപേക്ഷയെ ആദ്യമായി ഗണിക്കണമെന്നാണല്ലോ ഒരു ഏർപ്പാടു വച്ചിട്ടുള്ളതു. എന്നാൽ ഇപ്പോഴത്തെ നടപ്പനുസരിച്ചു അനേക ഡിപ്പാർട്ടുമെന്റുകളിൽ താണജാതിക്കാരുടെ അപേക്ഷയെ

പ്പററി ഗൌനിക്കുന്നതേ ഇല്ല. ഗൌനിക്കുന്നില്ല എന്നുള്ളതു നിശ്ചയമായും പറയാവുന്നതാകുന്നു. ദയവുചെയ്തു സാധുക്കളുടെ അപേക്ഷയെ മേലാലെങ്കിലും ഗൌനിച്ചു അവക്കു ഉദ്യോഗങ്ങൾ കൊടുത്തു സഹായിക്കണമെന്നു അപേക്ഷിക്കുന്നു.

കൃഷി.

സംസ്ഥാനത്തിൽ അധികഭാഗവും മുൻകാലത്തെ സമ്പ്രദായങ്ങൾ അനുസരിച്ചുതന്നെയാണു കൃഷി നടത്തിവരുന്നതു. കൃഷിഡിപ്പാർട്ടുമെൻറുകാർ കാണിച്ചുകൊടുക്കുന്ന സമ്പ്രദായം എല്ലാടത്തും വേണ്ടപോലെ നടപ്പുവരുന്നില്ല. കൃഷിയെ പാഠശാലകളിൽ പഠിപ്പിക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യേണ്ടതാണ്. അല്ലെങ്കിൽ പ്രത്യേകം സൌകര്യം ഏർപ്പെടുത്തി കൃഷിയെ മുന്നോട്ടു കൊണ്ടുവരേണ്ടതാണ്.

സ്ത്രീവിദ്യാഭ്യാസം.

സ്ത്രീകൾ ഇപ്പോൾ ധാരാളം വിദ്യാഭ്യാസം സിദ്ധിച്ചു മുമ്പോട്ടുപോരുന്നുണ്ട്. ഇങ്ങനെ മുൻപോട്ടു വരുന്നതു നമ്മുടെ സംസ്ഥാനത്തിനു വലിയ കാര്യമായിട്ടുള്ള ഒരു സംഗതിയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ സ്ത്രീകൾക്കു നൽകിവരുന്ന വിദ്യാഭ്യാസത്തിൽ അവരുടെ വീട്ടുവേലയെസംബന്ധിച്ചു മനസ്സിലാക്കേണ്ട ഭാഗങ്ങളേയുംകൂടി പഠിപ്പിച്ചുകൊടുക്കുന്നതു നന്നായിരിക്കുംഎന്നു വളരെ വലിയ ആളുകൾ കൂടി അഭിപ്രായപ്പെട്ടിട്ടുള്ളതാകുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, നമ്മുടെ വാദപ്രതിവാദത്തിന്റെ ആദ്യഘട്ടത്തിൽതന്നെ ഈ സർവപ്രധാനമായ വിഷയത്തെ ഇവിടെ അവതരിപ്പിച്ചതിൽ ഞാൻ മി. താണുപിള്ളയോടു വളരെ കൃതജ്ഞതയുള്ളവനായിത്തന്നെ ഇരിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഞങ്ങളിൽപലർക്കും ഇനിയും സംസാരിക്കേണ്ടതായിട്ടുണ്ടല്ലോ.

പ്രസിഡൻറ്: അദ്ദേഹം അല്ല ഒടുവിൽ സംസാരിക്കുവാൻ പോകുന്നതു.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സംസാരിച്ചുവരുന്തോറും എന്റെ ഒച്ച പൊങ്ങിവരുന്നതാണ്.

സർ, നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽവരുത്തേണ്ട ഭേദഗതിയെസംബന്ധിച്ചും നമ്മുടെവിദ്യാഭ്യാസനയത്തെ നമ്മുടെ ആവശ്യങ്ങൾക്കു അനുരൂപമായവിധത്തിൽ രൂപീകരിക്കുന്നതിനെസംബന്ധിച്ചും നമ്മുടെ വാദപ്രതിവാദത്തിന്റെ ആരംഭത്തിൽതന്നെ നമ്മുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു വിദ്യാഭ്യാസബഡ്ജറ്റിനെ സംബന്ധിച്ചു അവതരിപ്പിക്കപ്പെട്ടിട്ടുള്ള പല മാതൃകാ ഉപക്ഷേപങ്ങളെപററി വാദപ്രതിവാദം ആരംഭിക്കുന്നതിനു ഇടയാക്കിയതിൽ ഞാൻ മി. താണുപിള്ളയോടു വളരെ കൃതജ്ഞതയുള്ളവനായിരിക്കുന്നതാണെന്നു ഞാൻ പറഞ്ഞുവല്ലോ. ഈ പ്രധാനപ്പെട്ട സംഗതിയെക്കുറിച്ചു മററൊരു സന്ദർഭവശാൽ മുൻ പ്രസംഗിച്ചവരിൽ ഒരാൾ നമ്മുടെ വിദ്യാഭ്യാസസംബന്ധമായ വീക്ഷണത്തെ പരിഷ്കരിക്കണമെന്നു പറയുന്നസംഗതി ഇന്ത്യയിലും അതേ മാതിരി പരിഷ്കാരം വരുത്തണമെന്നുള്ളതുമായി വളരെ സംബന്ധപ്പെട്ടാണു ഇരിക്കുന്നതു എന്നു അല്പം മുമ്പു ഒരു അവസരത്തിൽ പ്രസ്താവിക്കയുണ്ടായല്ലോ. ലീഗ് ആഫ് നേഷൻസിൽ വിദ്യാഭ്യാസസംബന്ധമായ വിഷയങ്ങളെപ്പററിയുള്ള വാദപ്രതിവാദങ്ങൾ ശ്രദ്ധിച്ചിട്ടു തിരിച്ചു വന്നിട്ടുള്ള ഒരു ദേഹവും ഇദാനീന്തന വിദ്യാഭ്യാസതത്വങ്ങളിൽ പരിശീലനം സിദ്ധിച്ച ഒരു ധുരന്ധരനും ആയ ഒരു ആൾ പ്രാസംഗികനായി കോട്ടയത്തുവച്ചു നടന്ന ഒരു യോഗത്തിലെ അഗ്രാസനാധിപതി എന്ന നിലയിൽ ഞാൻ പ്രസംഗിച്ചഅവസരത്തിൽ വിദ്യാഭ്യാസപരിഷ്കാരം എന്ന സംഗതി ഒരു നിലയിൽ വീക്ഷിക്കുന്നതായിരുന്നാൽ ഒരു രാജ്യത്തെ ബാധിക്കുന്നതോ അല്ലെങ്കിൽ ഇന്ത്യയെ മാത്രം മൊത്തമായി ബാധിക്കുന്നതോ ആയ ഒരു സംഗതിയല്ല ലോകത്തെ മുഴുവൻ ഒന്നുപോലെ ബാധിക്കുന്നതായ ഒരു സംഗതിയാണു എന്നു ഞാൻ ചൂണ്ടിക്കാണിക്കയുണ്ടായി എന്നു ഇവിടെ പ്രസ്താവിക്കുന്നതിനു എന്നെ അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ആ നിലയിൽ നോക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ നാം നടപ്പിൽവരുത്തുന്ന ഏതൊരു പരിഷ്കാരവും അതേസംബന്ധിച്ചുള്ള ആധുനികാഭിപ്രായത്തിനു ഏററവും അനുയോജ്യമായിട്ടുള്ളതും ലോകത്തിൽ മററു ദേശങ്ങളിൽ ഉണ്ടാകുന്ന വിദ്യാഭ്യാസാഭിവൃദ്ധിക്കു ഉതകത്തക്കവണ്ണമുള്ളതും ആയിരിക്കേണ്ടതാണെന്നു കാണുന്നു. നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിലും നമ്മുടെ വീക്ഷണത്തിലും വേണ്ട ഭേദഗതികൾ വരുത്തേണ്ടതാണെന്നു വളരെ നാൾ ഒരു ഉപാധ്യായനെന്നനിലയിൽ ജോലി നോക്കി സ്വാനുഭവംകൊണ്ടു തീർച്ചപ്പെടുത്തിവച്ചിരിക്കുന്ന എന്നെ ബോദ്ധ്യപ്പെടുത്താൻ പ്രയത്നിച്ചിട്ടുള്ള മെമ്പറന്മാരുടെ ശ്രമം മുമ്പേതന്നെ മാർഗ്ഗംകൂടിയ ഒരുവനെ മാർഗ്ഗംകൂട്ടാൻ ശ്രമിക്കുന്നതുപോലെ ആവശ്യമില്ലാത്ത ഒരു പ്രവൃത്തിയായിരുന്നു എന്നു ഈ സഭയോടു ഞാൻ ഉറപ്പുപറയേണ്ട യാതൊരു ആവശ്യവുമുണ്ടെന്നു എനിക്കു തോന്നുന്നില്ല. കഴിഞ്ഞ ആണ്ടത്തെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിന്റെ ഭരണറിപ്പോർട്ടിന്റെ അവസാനഭാഗത്തു ഞാൻ ചേർത്തിട്ടുള്ളതായ ഏതാനും വാചകങ്ങളിലേക്കു ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കമാത്രമേ ഈ സന്ദർഭത്തിൽ ചെയ്യേണ്ടതായിട്ടുള്ളു എന്നാണു എനിക്കു തോന്നുന്നതു. അതിൽ ഞാൻ ഇങ്ങിനെയാണു പറഞ്ഞിരിക്കുന്നതു.

''മാനസികമായും സാമ്പത്തികമായും ഉള്ള ഉന്നതിയെ വിദ്യാഭ്യാസത്തിലേക്കായി കണക്കിലധികമായി ചിലവാക്കുന്ന പണത്തിന്റെ പ്രതിഫലമായി കരുതുന്നതിനുള്ള കാലംവന്നുകഴിഞ്ഞിരിക്കുന്നു. ഇതു സിദ്ധിക്കുവാനുള്ളതു മുൻകാലങ്ങളിൽ വെട്ടിത്തെളിച്ചിട്ടുള്ള വഴികളിൽകൂടി തന്നെ സഞ്ചരിക്കുന്ന ഒരുപാന്ഥന്റെ രീതിയിലുള്ള സഞ്ചാരപ്രവർത്തനംകൊണ്ടോ അനേകം വർഷങ്ങൾക്കുമുമ്പു സ്ഥാപിച്ചിട്ടുള്ള പാഠപദ്ധതികൾ, നയങ്ങൾ, മാർഗ്ഗങ്ങൾ ഇവയെ ബലമായി പിടിക്കുന്നതുകൊണ്ടോ സിദ്ധിക്കുന്നതല്ല നേരെമറിച്ചു നമ്മുടെ വീക്ഷണം, നമ്മുടെനയം, നമ്മുടെ അഭ്യസനരീതി, നമ്മുടെ രൂപീകരണം, നമ്മുടെ മുദ്രകൾ, നമുക്കു സിദ്ധിക്കുന്ന ഫലങ്ങൾ ഇവയെ പരിഷ്കാരത്തിൽ ഏററവും മുന്നണിയിൽനിൽക്കുന്ന ഇതരരാജ്യങ്ങളിൽ ഉള്ളവയോടു സാമ്യമുള്ളവയാക്കിത്തീർക്കത്തക്ക ഏർപ്പാടുകൾ നടപ്പിലാക്കിയാൽ മാത്രമേ സാധിക്കയുള്ളു. ജീവനത്തിന്റെ മററു ചില വകുപ്പുകളിലെന്നപോലെ വിദ്യാഭ്യാസത്തിലും മുമ്പോട്ടുപോകാതെ ഇരിക്കുന്നതു പുറകോട്ടു പോകുന്നതിനു തുല്യമായിരിക്കുക സർവ്വസാധാരണയാണ്''.

ഞാൻ ഈ ഭാഗത്തെ ഇവിടെ ഉദ്ധരിച്ചതു പരിഷ്കാരം നടപ്പിൽ വരുത്തുക എന്നുള്ളതു അത്യാവശ്യമായിട്ടുള്ളതാണെന്നുള്ളതിലേക്കു എന്റെ ശ്രദ്ധയെ പ്രത്യേകമായി ആകർഷിക്കേണ്ട ആവശ്യമില്ലായിരുന്നു എന്നു തെളിയിക്കുന്നതിലേക്കുവേണ്ടി മാത്രമായിരുന്നു. എന്നാൽ അതേസമയംതന്നെ ഇന്നഇന്ന രൂപത്തിൽ പരിഷ്കാരങ്ങൾ നടപ്പിൽവരണമെന്ന പ്രോത്സാഹനം ഈ സഭയുടെ ഗൌരവമായ ആലോചനയ്ക്കു വിഷയമാക്കേണ്ടതു വിമർശകന്മാരുടെ ചുമതലയാണെന്നുള്ളതിനെയും ഞാൻ സമ്മതിക്കുന്നു. മിസ്റ്റർ ...പിള്ള ഇതെങ്ങിനെയോ സ്വാഭാവികമായവസാനിക്കേണ്ടതാണെന്നപോലെ അറിഞ്ഞിരിക്കുന്നു. ജീവിതകാലംമുഴുവനും പഠിക്കുക പഠിപ്പിക്കുക എന്നീ രണ്ടു വിഷയങ്ങൾക്കുവേണ്ടി മാത്രം വ്യയംചെയ്തിട്ടുള്ള ഒരുവൻ എന്ന നിലയിൽ വിദ്യാഭ്യാസസംബന്ധമായ വിഷയങ്ങൾക്കു ഒരു വിശിഷ്ടപ്രാധാന്യം എന്നെസംബന്ധിച്ചിടത്തോളം ഉണ്ടു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. നമ്മുടെ വീക്ഷണത്തെ മാറേണ്ടതു എങ്ങിനെയെന്നുള്ളതിനെ സംബന്ധിച്ചു ഞാൻ അനേകവർഷക്കാലമായി ആലോചിച്ചു വരികയാണ്. ഞാൻ ഈ ഡിപ്പാർട്ടുമെന്റിൽ ചാർജ് എടുത്ത ആ നിമിഷംമുതൽതന്നെ ഈ വിഷയത്തിൽ എന്റെ ഉൽക്കണ്ഠാപൂർവ്വമായ ശ്രദ്ധ പതിഞ്ഞിട്ടുമുണ്ട്. എന്നാൽ ഇതിൽ കഠിനമായ ഒരു പ്രയാസമുണ്ട്. ആലോചിച്ചു തീർച്ചയാക്കി രൂപപ്പെടുത്തിവച്ചിരുന്ന അനേകം പദ്ധതികൾ പല സന്ദർഭങ്ങളിലായി പലരും സൂചിപ്പിച്ചിട്ടുണ്ടായിരുന്നവയെ പ്രായോഗിക രൂപത്തിൽ കൊണ്ടുവന്നു നോക്കിയപ്പോൾ ഉപയോഗശൂന്യങ്ങളായി കാണപ്പെട്ടു. വേറെ ഒരു അപകടംകൂടി ഉണ്ടാകാതെ നാം സൂക്ഷിക്കേണ്ടതായുണ്ട്. നമ്മുടെ ഈ രാജ്യത്തെ പരിതസ്ഥിതികളുടെ നിലക്കു കാര്യമായ യാതൊരു പ്രയോജനം ഉണ്ടാകാത്തതോ സജ്ജീകരണം ഇല്ലാത്തതോ ആയ യാതൊരുവിധമായ അനാവശ്യപദ്ധതികളും നമ്മുടെ നാട്ടിൽ നാം ഇറക്കുമതിചെയ്യാൻ പാടില്ല എന്നുള്ളതാണ് അത്. എന്നാൽ ഈ സഭയിലെ അനുദ്യോഗസ്ഥാംഗങ്ങൾ ഇന്നു ഇവിടെ പുറപ്പെടുവിച്ചിട്ടുള്ള റിമാർക്കുകളിൽനിന്നു ചില ഭാഗങ്ങളെ സംബന്ധിച്ചിടത്തോളം സംസാരിച്ചതായ മെമ്പറന്മാർ നമ്മുടെ രാജ്യത്തിൽ വിദ്യാഭ്യാസ സംബന്ധമായി നാളിതുവരെ യഥാർത്ഥമായുണ്ടായിട്ടുള്ള പ്രകർഷത്തെ സംബന്ധിച്ചുവേണ്ടിടത്തോളം വില കല്പിച്ചില്ല എന്നു പറയുന്നതിൽ എനിക്കു യാതൊരു മടിയുമില്ല. നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം ഒരേനിലയിൽതന്നെ നിൽക്കുന്നു എന്നും അതു ആയിരിക്കേണ്ട സ്ഥിതിയിൽ അല്ല ഇപ്പോൾ ഇരിക്കുന്നതു എന്നും മററും വാദപ്രതിവാദം മദ്ധ്യേ പ്രസ്താവിക്കയുണ്ടായല്ലോ. ഇതു വളരെ ശരിയായ ഒരു പ്രസ്താവനയല്ല. തിരുവിതാംകൂറിലെ വിദ്യാഭ്യാസത്തിന്റെ ചരിത്രംനോക്കിയിട്ടു ആ ചരിത്രപ്രകാരം മൂന്നു പ്രധാനപ്പെട്ട ഘട്ടങ്ങളിൽ വിദ്യാഭ്യാസം മുന്നോട്ടു വന്നിട്ടുള്ളതായി ഞാൻ കാണുന്നുണ്ട്. ഒന്നാമത്തെഘട്ടം ഇപ്പോൾ നമ്മുടെ രാജ്യത്തെ രണ്ടാമത്തെ മാതൃഭാഷയായി തീർന്നിട്ടുള്ള ഇംഗ്ലീഷ് ഭാഷയെ വിദ്യാഭ്യാസത്തിൽ ഒരു പഠിതവ്യവിഷയമായി പ്രവേശിപ്പിച്ചഘട്ടമാണ്. ഇന്ത്യയിൽ ആകമാനം ഭാരോ പ്രാവിശ്യകൾതമ്മിൽതമ്മിൽഉള്ളയോജിപ്പിനു ഇതുംകൂടി ഒരു മാർഗ്ഗമായിത്തീർന്നിട്ടുള്ള ഈ സംഗതി തീർന്നിട്ടുണ്ടെന്നുള്ള വസ്തുതയും നാം മറക്കാൻപാടുള്ളതല്ല.

മി. മാത്യു മുരിക്കൻ (വൈക്കം): നാം ആ ഘട്ടം കഴിഞ്ഞുപോയിരിക്കുന്നു എന്നാണോ മെമ്പർ പറയുന്നതു?

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഞാൻ ആ വാദമുഖത്തെ രൂപീകരിച്ചുകൊണ്ടുവരുന്നതിൽ വ്യാപൃതനായിരിക്കയാണ്. മിസ്റ്റർ മുരിക്കൻ അല്പനേരത്തേക്കു സമാധാനത്തോടുകൂടി കേട്ടുകൊണ്ടിരിക്കുകയും എന്നെ എന്റെ വിചാരവീഥിവഴിയെ പ്രയാണം ചെയ്യുന്നതിനു അനുവദിക്കയും ചെയ്യുന്നപക്ഷം അദ്ദേഹം ആവശ്യപ്പെടുന്നതായ വിവരം അദ്ദേഹത്തിനു അറിയാൻ ഇടയാകുമെന്നുമാത്രമല്ല ഈ വാദത്തെ മുന്നോട്ടുപോകുന്നതിനു സഹായിച്ചതായിത്തീരുകയുംചെയ്യും.

സർ, രണ്ടാമത്തെഘട്ടം ഒരു അന്യഭാഷയായ ഇംഗ്ലീഷിനു വിദ്യാഭ്യാസത്തിനുള്ള ഒരു വിഷയമെന്നുള്ള നിലയെ കവിഞ്ഞു വിദ്യ അഭ്യസിപ്പിക്കുന്നതിനുള്ള ഭാഷ എന്നുള്ളനിലയിൽക്കൂടിയുള്ള ഒരു പ്രാധാന്യം ധാൎമ്മികമായ ഭാഷക്കു ന്യായരഹിതമായ ഒരു പ്രാമാണ്യം നാം നൽകിയിരിക്കയാണെന്നു നാം കണ്ടുപിടിക്കയും ജീവൻഭാഷകളായ നമ്മുടെ മാതൃഭാഷകളോടു നമ്മുടെ ചുമതലകളെ നിറവേററുന്നവിഷയത്തിൽ നാം ഇതേവരെ യാതൊന്നുംതന്നെ ചെയ്തിട്ടില്ല എന്നു നാം മനസ്സിലാക്കുകയും ചെയ്തതായ ആ കാലഘട്ടമാകുന്നു.

മൂന്നാമത്തെഘട്ടം ബുദ്ധിയെമാത്രം വികസിപ്പിക്കുന്നതിനു ഉപയുക്തമായിട്ടുള്ളതും എന്നാൽ അതേസമയംതന്നെ ശരീരത്തേയോ നയനങ്ങളേയോ ഹസ്തങ്ങളേയോ പോഷിപ്പിക്കുന്നതിനു ഉപയുക്തമല്ലാത്തതും ആയ ഒരു വിദ്യാഭ്യാസരീതി തീരെ പ്രയോജനശൂന്യമായിട്ടുള്ളതാണെന്നു കണ്ടുപിടിച്ചകാലഘട്ടമാണ്. ഇരുപതു വർഷങ്ങൾക്കുമുമ്പ് ഈ ഡിപ്പാർട്ടുമെന്റിന്റെ മേധാവികളായിരുന്നിട്ടുള്ളവരിൽ ഏററവും യോഗ്യനായിരുന്ന ഡാക്ടർ മിച്ചൽസായ്പവർകൾ മാനുവൽട്രെയിനിംഗിനെ കായികപരിശീലനത്തെ ഈ രാജ്യത്തെ വിദ്യാഭ്യാസപദ്ധതിയിൽ ഒരു അംശമായി ചേർക്കുകയുണ്ടായി. ആ ഒരു ഒററ പ്രവൃത്തിമൂലം ഇപ്പോഴത്തെ അഭിപ്രായഗതിയനുസരിച്ചു വളരെ പിന്നോക്കമായ ഒരു നിലയിൽ സ്ഥിതിചെയ്തിരുന്നതായ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തെ ആധുനികാഭിപ്രായത്തിനു യോജ്യമായ ഒരു നിലയിൽആക്കിത്തീർത്തു. ഉദ്യോഗാർത്ഥമായ വിദ്യാഭ്യാസത്തെസംബന്ധിച്ചു വളരെയെല്ലാം വാദപ്രതിവാദമദ്ധ്യേ പ്രസ്താവിക്കയുണ്ടായല്ലോ. എന്നാൽ ഉദ്യോഗാർത്ഥമായ വിദ്യാഭ്യാസം എന്നുംമററും പറയുന്നതിനു എളുപ്പംആയിരിക്കുന്നതുപോലെതന്നെ നമ്മുടെ സ്കൂളുകളിൽ വിജയകരമായി പര്യവസാനിക്കത്തക്കവിധത്തിൽ ഉദ്യോഗാർത്ഥമായ വിദ്യാഭ്യാസത്തിന്റെ പ്രായോഗികമായ എന്തെങ്കിലും സമ്പ്രദായം കണ്ടുപിടിക്കുന്നതു അത്ര ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമായി എനിക്കു തോന്നുന്ന അഭിപ്രായത്തെ വളരെ താഴ്മയായി ഞാൻ ഈ സഭയിൽ പ്രസ്താവിച്ചുകൊള്ളട്ടെ. മററുരാജ്യങ്ങൾക്കു ഉദ്യോഗാർത്ഥമായ വിദ്യാഭ്യാസം നടത്തുന്നതിനെസംബന്ധിച്ചു വളരെ പണം ചിലവാക്കി പരീക്ഷകൾ നടത്തുന്നതിനുള്ള നിലയുണ്ട്. എന്നാൽ മററനേകസംഗതികളിൽ വലിയമാഹാത്മ്യമുള്ള ഒരു രാജ്യമാണെന്നഭിമാനിക്കാനുള്ള ഒരു യോഗം തിരുവിതാംകൂറിനുണ്ടെന്നിരുന്നാലും താരതമ്യേന പണം വളരെ കുറവായിട്ടുള്ള ഒരു രാജ്യമാണെന്നുള്ള വസ്തുതയെ നാം ഒരു കാലത്തും വിസ്മരിക്കാൻ പാടുള്ളതല്ല. ഭയത്തിൽതന്നെ കലാശിക്കുമെന്നു നിശ്ചയമില്ലാത്തതും ലോകത്തിൽ മററുഭാഗങ്ങളിൽ വിജയകരമായി പരിണമിച്ചിട്ടില്ലാത്തതുംആയ പ-

രീക്ഷണങ്ങൾ നടത്തുന്നതിനു അനാവശ്യമായി പണം വലിച്ചെറിഞ്ഞു കളയത്തക്കവണ്ണം ഉള്ള ഒരു ധനസ്ഥിതി നമുക്ക ഇല്ലതന്നെ.

വീക്ഷണത്തെ മററുക എന്നുള്ളതിനെ സർവപ്രധാനവും അത്യന്താപേക്ഷിതവുമായുള്ള ആവശ്യമായിക്കരുതി അതിനെപ്പററിമാത്രം പ്രതിപാദിക്കാൻവേണ്ടി മിസ്റ്റർ താണുപിള്ള അവതരിപ്പിച്ചിട്ടുള്ള ഈ ഉപക്ഷേപത്തിന്റെ വാദപ്രതിവാദമദ്ധ്യേ വിദ്യാഭ്യാസനയത്തിലുള്ള ഭേദഗതി എന്നുള്ളതിൽ താണജാതിക്കാർക്ക വേതനങ്ങൾ കിട്ടുന്നതിനുവേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക മുതലായ നിസ്സാരസംഗതികൾകൂടി ഉൾപ്പെടുത്തിയ ഒരു വ്യാഖ്യാനം അനേകമെമ്പർമാർ നൽകുകയുണ്ടായി. സർ, പ്രധാനപ്പെട്ട വിഷയവുമായി ഇതിനു യാതൊരു ബന്ധവുമില്ല. വേണ്ടതായ സന്ദർഭങ്ങളിൽ വേണ്ടപോലെ വരുത്തേണ്ടതായ ഭേദഗതികളെ സംബന്ധിച്ചു ചെയ്യുന്ന വിമർശനങ്ങളെ സന്തോഷപൂർവം സ്വീകരിക്കുന്നതിനു ഒരുമേധാവിയായിരിപ്പാൻ എനിക്ക ഭാഗ്യം സിദ്ധിച്ചിട്ടുള്ള ആ ഡിപ്പാർട്ടുമെന്റു എല്ലായ്പോഴും ഒരുക്കമാകുന്നു എന്നു ഞാൻ ഈ സഭയോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. വാദപ്രതിവാദമദ്ധ്യേ ഈ ഘട്ടത്തിൽ ഞാൻ കടന്നു ഇത്രയും പറയണമെന്നു വിചാരിച്ചത് ഇങ്ങിനെ അനാവശ്യമായി വിഷയം തെററി അർത്ഥം ശരിയായി മനസ്സിലാക്കാതെ കാര്യമില്ലാത്ത സംഗതികളെപ്പററിസംസാരിച്ചു സമയം കളയരുതെന്നു അപേക്ഷിക്കുന്നതിനും ഈ ഡിപ്പാർട്ടുമെന്റിന്റെ നയത്തേയും വീക്ഷണത്തേയും പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്ന വിഷയത്തിൽ ഓരോ മെമ്പറുമായി യോജിച്ചു പ്രവർത്തിക്കുന്നതിനുള്ള എന്റെ ഹൃദയപൂർവമായ സന്നദ്ധതയെ ഈ സഭമുമ്പാകെ പരസ്യപ്പെടുത്തുന്നതിനും നമുക്ക പൊതുവായുള്ള ഈ ഉദ്ദേശസാദ്ധ്യത്തിനു ഉപയോഗപ്രദമായിത്തീരാവുന്ന വഴികളെയും മാർഗ്ഗങ്ങളേയും സംബന്ധിച്ചു ഈ സഭയിലെ അംഗങ്ങൾ പ്രത്യേകം പ്രത്യേകമായും കൂട്ടായും കണ്ടു സംസാരിച്ചോ മററുപ്രകാരത്തിലോ എനിക്ക മനസ്സിലാക്കിത്തരുന്ന എനിക്കുള്ള സന്നദ്ധതയെ ഇവിടെ രേഖപ്പെടുത്തുന്നതിനുംവേണ്ടിമാത്രമാണ്. സർ, എന്നാൽ ഒരു മാതൃകാഉപക്ഷേപത്തെവെച്ചുകൊണ്ടുള്ള വാദപ്രതിവാദംകൊണ്ടു ഇത്രഗൌരവമുള്ളതും ഭയങ്കരവുമായ സംഗതിയെ പ്രതിവാദിച്ചു ഏതെങ്കിലും ഒരു തീരുമാനം ഉണ്ടാക്കുക എന്നുള്ളതു സാദ്ധ്യമല്ല എന്നു എനിക്ക തോന്നുന്ന അഭിപ്രായത്തെ ഇവിടെ പ്രസ്താവിക്കുന്നതിനു ഞാൻ ധൈര്യപ്പെട്ടുകൊള്ളുന്നു. ഈ വാദപ്രതിവാദം ഒന്നോ രണ്ടോ ദിവസത്തേക്ക ദീർഘിപ്പിച്ചാൽതന്നെയും അതുകൊണ്ടു വല്ല പ്രയോജനവും ഉണ്ടാകുമോ എന്നു എനിക്ക സംശയമാണ്. അതിനാൽ ഇങ്ങിനെയുള്ള വിഷയത്തെസംബന്ധിച്ചു വേണ്ടപോലെ തന്നത്താൻ ആലോചിച്ചതിനുശേഷം ഈ സഭയിലെ മെമ്പർമാരും ഈ രാജ്യത്തുള്ള വിദ്യാസമ്പന്നന്മാരും പ്രധാനികളുമായ മററാളുകളുമായി അഭിമുഖമായി ഇതിനെയും ഇതിനോടുചേർന്നുള്ള മററു സംഗതികളെയുംപററി ആലോചിച്ചു കൂലങ്കഷമായി ചർച്ചചെയ്തു പരിഷ്കാരം നടപ്പിൽവരുത്തേണ്ടതു ഇന്നരീതിയിലാണെന്നുള്ളതിനെ സംബന്ധിച്ചു ഒരു നിശ്ചിതരൂപത്തോടുകൂടി ഈ സഭമുമ്പാകെ ഇനിയൊരവസരത്തിൽ ഹാജരാകത്തക്കവണ്ണം വേണ്ട സാവകാശം എനിക്ക തരുന്നതു ന്യായമായിരിക്കുമെന്നുമാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളു.

സർ, ചില അപ്രധാനങ്ങളായസംഗതികളെപ്പററിയും ഇന്നിവിടെ പ്രതിപാദിക്കയുണ്ടായി. മിസ്റ്റർ താണുപിള്ളയുടെ ഉപക്ഷേപത്തിലെ വാക്യഘടനയുടെ രീതിഅനുസരിച്ചു ഈ സംഗതികളും പ്രതിപാദ്യങ്ങളാണെന്നുള്ളതിനാൽ അവയെസംബന്ധിച്ചും അല്പം ചിലതു പറയേണ്ടതു എന്റെ ചുമതലയാണെന്നു ഞാൻ വിചാരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസസമ്പ്രദായംകൊണ്ടു ആ വിദ്യാഭ്യാസം സിദ്ധിക്കുന്ന ആളുകളിൽ കായികവ്യാപാരങ്ങളോടുനേർക്കും ഒരു വെറുപ്പും നീരസവുമോ ഉണ്ടാകുന്നതിനിടയാകുന്നു എന്നും അങ്ങിനെ ഉണ്ടാകാതിരിക്കുവാൻതക്കവണ്ണം നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തെ പരിഷ്കരിക്കേണ്ടതാണെന്നും മററുമുള്ള ഒരു അഭിപ്രായമാണു ഇന്നിവിടെ പുറപ്പെടുവിച്ചിട്ടുള്ളവയിൽ പ്രധാനമായിട്ടുള്ളതു. ഇതൊരു പ്രധാനമായ വിഷയം തന്നെയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. നമ്മുടെ വിദ്യാർത്ഥികൾ ഗ്രാമീണജീവിതത്തിലും കായികവ്യാപാരങ്ങളിലും തീരെ അഭിരുചി ഇല്ലാത്തവരായിത്തീർന്നിരിക്കുന്ന ഇക്കാലത്തു ഇതു ഒരു വലിയ അപകടം തന്നെയാകുന്നു. ഞാൻ കഴിഞ്ഞതവണ മൈസൂർരാജ്യം സന്ദർശിച്ചഅവസരത്തിൽ ആ രാജ്യത്തെ ഗവർമ്മെന്റു ഈ ദൂഷ്യം പരിഹരിക്കുന്നവിഷയത്തിൽ പ്രവർത്തിച്ചുതുടങ്ങിയതായി ഞാൻ കാണുകയുണ്ടായി. ഇന്നത്തെ നമ്മുടെ സ്കൂളുകളിലെ വിദ്യാർത്ഥികളെ നാം സാധാരണയായി കാക്കകൾ എന്നു പറഞ്ഞുവരാറുള്ള പറവകളെപ്പോലെ അനുകരിക്കയാണ് ചെയ്യുന്നതു എന്നുള്ളതു തർക്കവാദത്തിനു ഒരു പരമാർത്ഥമാണ്. അവർക്ക കൃഷിയെസംബന്ധിച്ചിച്ചു യാതൊന്നും അറിഞ്ഞുകൂടാ എന്നുമാത്രമല്ല അതിനെസംബന്ധിച്ചുവല്ലതും അറിയണമെന്നുള്ള താല്പര്യവും അവർക്കില്ല. ഇംഗ്ലീഷുകാരുടെ മേന്മക്കുള്ള പ്രധാനകാരണം ഗ്രാമീണജീവിതത്തിന് അവർക്കുള്ള താല്പര്യത്തിന്റെ ഫലമാണെന്ന് പറയപ്പെടുന്നു. ഈ ഒരു മനസ്ഥിതിയെയാണ് നാം നമ്മുടെ വിദ്യാർത്ഥികളിൽ ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതു. നമ്മുടെ വിദ്യാർത്ഥികളിൽ ഭൂമിയെപ്പററിയുള്ള സ്നേഹവും കായികവൃത്തികളിൽ അഭിരുചിയും അങ്കുരിച്ചുവളരുന്നതിനു വഴിയുണ്ടാക്കിക്കൊടുക്കണം. മൈസൂറിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ നടപ്പിൽവരുത്തിയിട്ടുള്ള നവീനപദ്ധതിയനുസരിച്ചു കഴിഞ്ഞവർഷത്തിൽ ഏഴു പള്ളിക്കൂടങ്ങളോടുചേർത്തു തൊഴിൽശാലകളോ അല്ലെങ്കിൽ കൃഷിത്തോട്ടങ്ങളോ കൂടി സ്ഥാപിച്ചു അഭ്യസനം നടത്തിപ്പള്ളിക്കൂടത്തിൽ നൽകിവരുന്ന വിദ്യാഭ്യാസത്തിനു ഒരു പ്രായോഗിക പരിശീലനം കൂടി നൽകത്തക്കവണ്ണം വേണ്ടവ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഒരു കൃഷിത്തോട്ടംകൂടി ചേർന്നതായ പള്ളിക്കൂടം നോക്കിമനസ്സിലാക്കുന്നതിനു എനിക്ക സാധിച്ചു. മററു ആറുപള്ളിക്കൂടങ്ങളുടെ വിവരങ്ങൾ ഗ്രഹിക്കുന്നതിനും എനിക്കസാധിച്ചു. ഈ വിഷയത്തെസംബന്ധിച്ചു ഞാൻ വേണ്ടപോലെ പര്യാലോചിച്ചതിനുശേഷം എനിക്കതോന്നുന്ന അഭിപ്രായം ഗവർമ്മെന്റിനു സമർപ്പിക്കണമെന്ന് ഞാൻവിചാരിച്ചിരിക്കയാണ്. വേണ്ടസൌകര്യങ്ങൾ ഉണ്ടാക്കിത്തരുന്നപക്ഷം ഈവഴിക്ക പരീക്ഷണം നടത്തുന്നതിനു എനിക്ക യാതൊരുമടിയും ഇല്ല. എന്നാൽ ആരംഭത്തിൽ വളരെസൂക്ഷിച്ചു മാത്രമേ പ്രവർത്തിക്കാവൂ എന്നും വളരെ ചെറുതായ തോതിയിൽമാത്രമേ നാം പരീക്ഷണങ്ങൾ നടത്താൻ പാടുള്ളു എന്നാണു എന്റെ അഭിപ്രായം. വളരെ പണം ചിലവാക്കി പരീക്ഷണങ്ങൾ നടത്തിയിട്ടു അവസാനത്തിൽ അവ ഉപയോഗപ്രദങ്ങളല്ലെന്നു കാണുന്നപക്ഷം പൊതുസ്വത്തിൽ ഏതാനും ഭാഗത്തെ ഉപയോഗശൂന്യമായി ചിലവാക്കി എന്നുള്ളഫലംമാത്രം വരുത്തിക്കൂട്ടുന്നതു തീരെയുക്തിപൂർവമല്ലാത്ത

ഒരു പ്രവൃത്തിയായിരിക്കും എന്നാണ് എനിക്കു തോന്നുന്നതു്. മൈസൂർപോലും സാവധാനമായി മുന്നോട്ടുപോകണമെന്നു വിചാരിക്കുന്ന സ്ഥിതിയ്ക്കു നാം ഈ രാജ്യത്തു ധൃതഗതിയിൽ യാതൊന്നും പ്രവർത്തിക്കുന്നതു് ഒട്ടുംതന്നെ നന്നായിരിക്കയില്ല. വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളിൽ നാം സാവധാനത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടു നമുക്കു യാതൊരു ദോഷവും വരുവാൻ ഇടയില്ല എന്നാണ് എനിക്കു അന്നും ഇന്നും എല്ലായ്പോഴും തോന്നിയിട്ടുള്ളതും തോന്നുന്നതും ആയ അഭിപ്രായം. അതിനുള്ള സമയം വരുമ്പോൾ ഗവണ്മെന്റിന്റെ അനുമതിയോടുകൂടി ഈ പരീക്ഷ നടത്തിനോക്കുന്നതിനു എനിക്കു സാധിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

താണ ജാതിക്കാരും പിന്നണിയിൽ നിൽക്കുന്നവരും ആയ ചിലരുടെ കാര്യത്തിൽ ഈ ഡിപ്പാർട്ടുമെന്റു ചില പ്രത്യേകതകൾ കാണിക്കേണ്ടതാണെന്നു മി. കുഞ്ഞിത്തൊമ്മൻ സൂചിപ്പിച്ചിട്ടുള്ളതിനെ സംബന്ധിച്ചിടത്തോളം ഇതു സംബന്ധിച്ചു വല്ല സൂചനകളും നൽകാൻ ത്രാണിയുള്ളവരാണെന്നു ബോദ്ധ്യമുള്ള ഏതു മെമ്പറെങ്കിലും എന്തെങ്കിലും സൂചനകൾ തരുന്നതായാൽ ആയതിനെ സന്തോഷസമേതം അനുസരിപ്പാൻ ഞാൻ എല്ലായ്പോഴും ഒരുക്കമാണെന്നുള്ള സംഗതിയെ ഞാൻ ഇപ്പോൾതന്നെ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അടുത്ത ഏതാനും കാലത്തേക്കു ഇപ്പോൾ ഇവിടെ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസനയം അതേരീതിയിൽതന്നെ തുടർന്നു കൊണ്ടുപോകണമെന്നുതന്നെയാണോ പണ്ഡിതനായ വിദ്യാഭ്യാസഡയറക്ടരുടെ അഭിപ്രായം എന്നറിഞ്ഞാൽ കൊള്ളാം.

രാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഈ ചോദ്യം എന്നെ ഞാൻ സ്വീകരിച്ചിട്ടുള്ള പന്ഥാവിൽ നിന്നും വ്യതിചലിപ്പിക്കാൻ ശ്രമിക്കുന്ന ഒന്നാണെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതിനാൽ ആദ്യമായി ഞാൻ പറഞ്ഞുകൊണ്ടുവന്നതിനെ അവസാനിപ്പിച്ചുകൊള്ളട്ടെ.

സർ, ഞാൻ മുമ്പു പറഞ്ഞുകൊണ്ടിരുന്നതിനെ തുടർന്നു പറകയാണെങ്കിൽ പിന്നണിയിൽ നിൽക്കുന്ന സമുദായങ്ങൾക്കു വിദ്യാഭ്യാസവിഷയമായി ചെയ്തുകൊടുക്കേണ്ട സഹായങ്ങളെ സംബന്ധിച്ചെന്നു മാത്രമല്ല മറ്റു സംഗതികളിൽ കൂടിയും ന്യായമായ സൂചനകളെ അനുസരിക്കുന്നതിനു ഞാൻ സദാ ഒരുക്കമാണെന്ന് ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഈ ഡിപ്പാർട്ടുമെന്റു മറ്റൊരുപ്രകാരത്തിലുള്ള ഗുണദോഷനിരൂപണങ്ങൾക്കു തക്ക സൌകര്യമുള്ള ഒരു നിലയിൽ ഇരിക്കുന്ന മെമ്പറന്മാരിൽ നിന്നും അപ്രകാരമുള്ള സഹായത്തെയും ഞാൻ സന്തോഷപുരസ്സരം സ്വീകരിക്കുന്നതാണ്. ഇതു നാം ഇപ്പോൾ നടത്തിപ്പോരുന്നതായ പള്ളിക്കൂടങ്ങൾ ചില ഇടങ്ങളിൽ എണ്ണത്തിൽ കൂടുതലായും ചില ഇടങ്ങളിൽ എണ്ണത്തിൽ വളരെ കുറവായും വരത്തക്കവണ്ണം വിതരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നുള്ളതിനെപ്പററിയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ചോദ്യത്തിനു മറുപടി പറകയാണെങ്കിൽ ഇൻഡ്യയിൽ ആകമാനം നമ്മുടെ ചുററും നാം കാണുന്നതായ സാമ്പത്തികവും മാനസികവും ആയ സകലവിധ അഭ്യുന്നതിക്കും ഹേതുഭൂതമായിരിക്കുന്നതും, യാതൊരു വിദ്യാഭ്യാസത്തിന്റെ ശ്രേയഫലങ്ങളും ശാശ്വതയശഃസ്ഥാപനങ്ങളുമായി മി. കെ. പി. നീലകണ്ഠപ്പിള്ള തുടങ്ങിയുള്ള യോഗ്യന്മാരായ നേതാക്കന്മാർ പരിലസിക്കുന്നതിനിടയായിരിക്കുന്നുവോ അങ്ങിനെയുള്ള വിദ്യാഭ്യാസസമ്പ്രദായത്തെ ആകമാനം ഉപേക്ഷിക്കുന്നതു ഒട്ടുംതന്നെ നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല എന്നുള്ള എന്റെ വിനീതമായ അഭിപ്രായത്തെ ഞാൻ ഇവിടെ ജല്പിച്ചുകൊള്ളട്ടെ. ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസരീതി പരിഷ്കരിക്കപ്പെടാവുന്ന ഒന്നാണെന്നു സമ്മതിക്കുന്നതിനു ഞാൻ എപ്പോഴും ഒരുക്കമാണ്. എന്നാൽ ഈ രീതിയിൽ അഭ്യസനം നടത്തി ഉന്നതനിലയെ പ്രാപിച്ചിട്ടുള്ളവർ അതു തീരെ ഉപയോഗശൂന്യവും മേലാൽ ഒട്ടുംതന്നെ വച്ചുകൊണ്ടിരിക്കാൻ പാടില്ലാത്തതും ആണെന്നും മററും പറഞ്ഞു അതിനെ അപലപിക്കുവാൻ തുടങ്ങിയാൽ ആ പ്രവൃത്തിയെ കേവലം നന്ദികേടെന്നു മാത്രമേ മററുള്ളവർക്കു തോന്നുകയുള്ളു എന്നു പറയാതെ തരമില്ല. സർ, എങ്ങിനെയായാലും എന്റെ അഭിപ്രായം ഇങ്ങിനെയാണ്.

സർ, ശരിയായ വിധത്തിൽ പാഠപുസ്തകങ്ങളെ നിശ്ചയിക്കുന്നതിനെക്കുറിച്ചും കായികവിനോദങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും മററും ഇവിടെ പ്രസ്താവിക്കയുണ്ടായി. ഒന്നാമത്തെ സംഗതി അത്ര പ്രാധാന്യമുള്ളതല്ലെങ്കിലും രണ്ടാമത്തേതു അതിനെക്കാൾ കുറെ കൂടി പ്രാധാന്യമുള്ള ഒന്നാണു എന്നുള്ളതിനു യാതൊരു സംശയവുമില്ല. രണ്ടാമത്തേതിനെ സംബന്ധിച്ചിടത്തോളം ആധുനിക വിദ്യാഭ്യാസം പ്രാചീനവിദ്യാഭ്യാസത്തെപ്പോലെതന്നെ എല്ലാ വഴിക്കും ഒരേസമയത്തുതന്നെ പോഷണം വരുത്തേണ്ടതാണെന്നു, അതായതു മനസ്സിനും ദേഹത്തിനും ആത്മാവിനും ഒരേസമയത്തുതന്നെ വളർച്ചയുണ്ടാകത്തക്കവണ്ണമുള്ള വിദ്യാഭ്യാസം വേണം വിദ്യാർത്ഥികൾക്കു നൽകുവാൻ എന്നാണു കരുതിയിട്ടുള്ളതെന്നു മാത്രമേ എനിക്കു സമാധാനം പറയുവാനുള്ളു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നമ്മുടെ സ്കൂളുകളിൽ ഏതാനും നാളുകൾക്കു മുമ്പു നടപ്പിൽവരുത്തിയ ഡൽട്ടൺപ്ലാൻ എന്ന വിഷയത്തിൽ ഇപ്പോൾ അല്പമായ ശ്രദ്ധമാത്രം പതിപ്പിച്ചുവരുന്നതായോ അല്ലാത്തപക്ഷം ഒട്ടും ശ്രദ്ധ പതിപ്പിക്കാത്തതായോ പണ്ഡിതനായ ഡയറക്ടർ അവർകൾക്കു അറിയാമോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളുന്നു.

രാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, അറിയാം. വേണ്ടിടത്തോളം ഉള്ള ശ്രദ്ധയോ താല്പര്യമോ കൂടാതെ പ്രവർത്തിച്ചതുകൊണ്ടു ഈ പരീക്ഷണം ഒട്ടുംതന്നെ വിജയകരമായി പര്യവസാനിച്ചില്ല എന്നു ഏതാണ്ടു അല്പമായ ജാള്യതയോടും മനസ്താപത്തോടും ഇച്ഛാഭംഗത്തോടുകൂടിതന്നെ ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഞാൻ ഇപ്പോൾ ശ്രദ്ധപതിപ്പിക്കുന്ന പ്രധാന സംഗതികളിൽ ഒന്നു ഈ പരീക്ഷണത്തെ പുനരാരംഭം ചെയ്തു മനഃപൂർവ്വമായി ഒന്നു ശ്രമിച്ചുനോക്കുക എന്നുള്ള വിഷയത്തിലാകുന്നു. (മി. ടി. സി. കേശവപിള്ള: കേൾക്കുക, കേൾക്കുക.)

വീണ്ടും കായികപരിശീലനത്തെ സംബന്ധിച്ചു പറകയാണെങ്കിൽ ഇങ്ങിനെയുള്ള പരിശീലനം നൽകേണ്ടതാണെന്നുള്ള സംഗതിയെപ്പററി ഗവണ്മെന്റു ഒട്ടുംതന്നെ അറിയാതെ ഇരിക്കുന്നില്ല എന്നും ഇപ്പോൾ വിദ്യാഭ്യാസം ചെയ്യുന്നതായ ഓരോ ശിശുവിനെയും ശക്തിയുള്ള ഒരു മനസ്സിനെ വഹിക്കുവാൻ കരുത്തുള്ള ഒരു ശരീരം ഉള്ളവരാക്കി തീർക്കണമെന്നുള്ള വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയെ അതു ഒട്ടുംതന്നെ

മന്നിട്ടില്ലെന്നും മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളു. ഇതു നടപ്പിൽ വരുത്തേണ്ടതിനെപ്പററിയുള്ള വഴികളെപ്പററി ആലോചിച്ചുവരികയാണ്. കാളേജുകളെ സംബന്ധിച്ചിടത്തോളം രണ്ടു ഗ്രാഡ്വേററ് സിസ്റ്ററ ആധുനിക സമ്പ്രദായങ്ങളിൽ പരിശീലനം സിദ്ധിക്കുവാനായി എടുത്തു അയച്ചുകഴിഞ്ഞിരിക്കുന്നു എന്നും മൂന്നാമത്തെ ഒരു സ്ത്രീയെ ബാലികാപാഠശാലയ്ക്കു തെരഞ്ഞെടുത്തു വരുന്നതായും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. നമ്മുടെ പള്ളിക്കൂടങ്ങളിൽ പരിഷ്കൃത നിലയിൽ മെഡിക്കൽ പരിശോധന നടത്തുന്നതിനെ സംബന്ധിച്ചു ഒരു സ്കീം സമർപ്പിക്കണമെന്നു ഗവമെന്റു എന്നോടു അടുത്തകാലത്തുതന്നെ ആജ്ഞാപിച്ചിട്ടുണ്ടെന്നുള്ള സംഗതിയും പ്രസ്താവ്യമത്രേ.

മി. മാത്യു മുരിക്കൻ (വൈക്കം): കായികപരിശീലനം എന്ന വിഷയം ഏറെ പ്രാധാന്യം കുറഞ്ഞ ഒന്നെന്നാണോ മെമ്പറിന്റെ അഭിപ്രായം എന്നറിഞ്ഞാൽ കൊള്ളാം.

റാവു ബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): സർ, ഒരിക്കലും ഞാൻ അങ്ങിനെ വിചാരിച്ചിട്ടില്ല. പ്ലേറേറാവിന്റെയും അരിസ്റ്റോട്ടലിന്റെയും കാലം മുതൽക്കുതന്നെ ഇപ്പോൾ ഈ ഡിപ്പാർട്ടുമെന്റിനെ ഭരിക്കുന്നതായ ഈ സാധുജീവിയുടെ കാലംവരെ വിദ്യാഭ്യാസ ധുരന്ധരന്മാരുടെ അഭിപ്രായം മനസ്സിനേയും ദേഹത്തിനേയും ആത്മാവിനേയും എല്ലാം ഒരു സമയത്തും ഒരേ രീതിയിലു പോഷിപ്പിക്കേണ്ടതാണെന്നാണ് എന്നുള്ള സംഗതി ഞാൻ ഇവിടെ വേണ്ടുംവണ്ണം വിശദീകരിച്ചു കഴിഞ്ഞതായിട്ടാണു ഞാൻ വിചാരിച്ചുപോയതു്. സർ, ഈ സംഗതി ഞാൻ ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞിരുന്നു എന്നാണ് ഞാൻ ധരിച്ചിരുന്നതു.

മാനസിക വിദ്യാഭ്യാസം നടപ്പിൽ വരുത്തണമെന്നു ഇവിടെ ആരോ പറയുകയുണ്ടായി. ഇതു വളരെ ബുദ്ധിമുട്ടുള്ള ഒരു സംഗതിയാണെന്നു മാത്രമേ എനിക്കു പറയുവാൻ കഴിയുകയുള്ളു. മാനസിക വിദ്യാഭ്യാസത്തെ അതേ രീതിയിൽതന്നെ നടത്തിയിട്ടുള്ളിടത്തൊന്നും അതു വിജയകരമായി പരിണമിച്ചിട്ടില്ല. വിശേഷ്ടാഭിപ്രായം അനുസരിച്ചു് ഇങ്ങിനെ ഒന്നു പരീക്ഷിച്ചുനോക്കേണ്ട ആവശ്യമില്ല. എല്ലാ വിദ്യാഭ്യാസത്തിനും മാനസികമായ ഒരു പ്രയോജനം ഉണ്ടല്ലോ. ഇനി നാം നടപ്പിൽ വരുത്തേണ്ടതായ പദ്ധതിയനുസരിച്ചു കൈത്തൊഴിൽ വർദ്ധിപ്പിച്ചു നമ്മുടെ സ്കൂളുകളിലെ ഉദ്ദേശിക്കുന്ന ഒരു പ്രായോഗികത്വം വരുത്തി ഏററവും പരിഷ്കൃതമായ രീതിയിൽ കായിക പരിശീലനം നടത്തി നമ്മുടെ വിദ്യാർത്ഥികളുടെ ശരീരത്തെ പോഷിപ്പിച്ചു ശക്തിയെ വർദ്ധിപ്പിച്ചു സ്ഥായിയിൽ നിർത്തി നമ്മുടെ പാഠപദ്ധതി രൂപീകരിക്കുന്ന വിഷയത്തിലും നമ്മുടെ സ്കൂളുകളിൽ നൽകിവരുന്ന അദ്ധ്യാപനരീതിയുടെ വിഷയത്തിലും ഇതെന്നിനെ മാനസിക ശാസ്ത്രതത്വത്തെ ശരിയായി മനസ്സിലാക്കി പ്രവർത്തിക്കുന്നുണ്ടോ എന്നു പരീക്ഷിച്ചു കണ്ടുപിടിക്കുകയാകുന്നു നാം ചെയ്യേണ്ടതു. (കേൾക്കുക. കേൾക്കുക) കഴിഞ്ഞ കുറെ മാസങ്ങളായി ഈ സംഗതികളെയെല്ലാം സംബന്ധിച്ചു ഡിപ്പാർട്ടുമെന്റിന്റെ ഗാഢമായ ശ്രദ്ധ പതിഞ്ഞുകൊണ്ടിരിക്കയാണ്. ഇക്കാലമത്രയും ഞാനും ഇവയെപ്പററി പഠിച്ചു മനസ്സിലാക്കുന്നതിനു എന്റെ ഗാഢമായ ശ്രദ്ധയെ പതിപ്പിച്ചുവരുന്നതിനും പുറമെ എന്റെ സഹകാരികളായ ഉപാദ്ധ്യായന്മാരുമായി ഈ സംഗതികളിൽ ഭേദപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി വേണ്ട ആലോചനകൾ നടത്തിവരുന്നതും ആകുന്നു. സർ, ഇതേവരെ ചെയ്തുകഴിഞ്ഞിട്ടുള്ളതും ഇപ്പോൾ ചെയ്തുവരുന്നതും ആയ ഭേദഗതികളെ അടിസ്ഥാനപ്പെടുത്തിയും ഞാൻ ഇപ്പോൾ ഇവിടെ നൽകിയിട്ടുള്ള സമാധാനത്തെ സ്വീകരിച്ചും മെമ്പറന്മാർ നേരിട്ടോ മററുപ്രകാരത്തിലോ കാര്യമായ സൂചനകളും വിമർശനങ്ങളും നൽകണമെന്നും അങ്ങിനെ നൽകുന്ന സൂചനകളേയും വിമർശനങ്ങളേയുംപററി ഞാൻ ഗാഢമായി ശ്രദ്ധിക്കുന്നതാണെന്നും ഉറപ്പു പറഞ്ഞിട്ടുള്ളതിനേയും വിശ്വസിച്ചും ഈ വാദപ്രതിവാദം ഇനി അധികം ദീർഘിപ്പിച്ചുകൊണ്ടു പോകേണ്ടതായ ആവശ്യമില്ല എന്നു ഈ സഭ മനസ്സിലാക്കിയിരിക്കുമെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): നമ്മുടെ പ്രാഥമിക വിദ്യാലയങ്ങളിൽ നാം സാധാരണയായി "ഹാഫ് ടൈം സിസ്റ്റം" അല്ലെങ്കിൽ അർദ്ധകാലസമ്പ്രദായം എന്നു പറഞ്ഞുവരുന്നതായ നടപടി നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ചു പണ്ഡിതനായ വിദ്യാഭ്യാസ ഡയറക്ടരുടെ അഭിപ്രായം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

റാവു ബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): അദ്ദേഹം പറയുന്നതിനെ കുറെക്കൂടി വിശദമായി പറഞ്ഞാൽകൊള്ളാമെന്നു ഞാൻ അദ്ദേഹത്തോടു അപേക്ഷിക്കുന്നു.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): പ്രാഥമിക വിദ്യാലയങ്ങളിൽ ൧-ം, ൨-ം, ൩-ം ക്ലാസുകളിലും ൪-ാം ക്ലാസിൽക്കൂടിയും പള്ളിക്കൂടമുള്ള ദിവസങ്ങളിൽ രാവിലെ രണ്ടോ മൂന്നോ മണിക്കൂർ ഒരു കൂട്ടം വിദ്യാർത്ഥികൾക്കു വാദ്ധ്യാർ പഠിപ്പിക്കണമെന്നും അതേ വാദ്ധ്യാർതന്നെ മറെറാരുകൂട്ടം വിദ്യാർത്ഥികൾക്കു അന്നേദിവസം വൈകുന്നേരവും അത്രയും സമയം പഠിപ്പിക്കണമെന്നും ഒരു ഏർപ്പാടു നടപ്പിൽ വരുത്തുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു. ഇതേ സമ്പ്രദായംതന്നെ നമ്മുടെ അയൽരാജ്യമായ കൊച്ചിയിൽ നടന്നുവരുന്നതായിട്ടും എനിക്കു തോന്നുന്നു. മററു സ്ഥലങ്ങളിലും ഇപ്രകാരം നടക്കുന്നുണ്ടെന്നു എനിക്കു തോന്നുന്നു.

റാവു ബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): ഇതു "ഡബിൾ ഷിഫ്ററ് സിസ്റ്റം" എന്നു സുപ്രസിദ്ധമായിട്ടുള്ള സമ്പ്രദായം ആണ്. ആയതു ഇവിടെ പരീക്ഷിച്ചുനോക്കി ഭയങ്കരമായ തോൽവിയെന്നു നാം കണ്ടുകഴിഞ്ഞിട്ടുള്ള ഒരു സമ്പ്രദായം ആകുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പണ്ഡിതനായ ഡയറക്ടർ അവർകൾ വളരെ ഗൗരവതരങ്ങളായ തത്വങ്ങളെപ്പററി പ്രതിവാദിച്ചു എന്നുവരികിലും തിരുവിതാംകൂറിലെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനെ ആകമാനം ഒന്നു ഒച്ചവയ്ക്കാതെ തരമില്ല എന്നാണു എനിക്കു തോന്നുന്നതു്. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യം മുന്നണിയിൽ നിൽക്കുകയാണെന്നും മററും നമ്മുടെ ഗവമെന്റു അഭിമാനിക്കാറുള്ളതു ഒരു പദവിയായിത്തീർന്നിരിക്കുന്നു. മററു വ്യക്തികളുടെ സഹായത്തോടുകൂടി ഗവമെന്റു സമ്പാദിച്ചിട്ടുള്ള ഔന്നത്യത്തെപ്പററി കണക്കെടുത്തു നോക്കുന്നതായിരുന്നാൽ വിദ്യാഭ്യാസ സംബന്ധമായി നമ്മുടെ രാജ്യം വളരെ ഉന്നതമായ ഒരു നിലയെ പ്രാപിച്ചിട്ടുണ്ടെന്നുതന്നെ നാം തീരുമാനിക്കേണ്ടതായി കാണാവുന്നതാണ്.

വിദ്യാഭ്യാസം പ്രചുരപ്രചാരത്തെ പ്രാപിച്ചുവരുന്നു. വിദ്യാഭ്യാസഡയറക്ടർ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ഇരിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചു യാതൊരു ശ്രദ്ധയും പതിപ്പിക്കുന്നില്ലെന്നു ഞാൻ ഇവിടെ ഇന്നു പ്രസ്താവിച്ചുകൊള്ളുന്നു. ഹെഡ്മാസ്റ്റരന്മാരുടേയും, ഒന്നാം ഗ്രേഡ് ഉപാദ്ധ്യായന്മാരുടേയും ഒഴിവുകളിൽ ആളുകളെ നിയമിക്കുന്ന വിഷയത്തിൽ ഇപ്പോഴത്തെ ഡയറക്ടർ അദ്ദേഹത്തിന്റെ ശ്രദ്ധ പതിക്കുന്നില്ലെന്നു സിവിൽലിസ്റ്റ് നോക്കിയതിൽനിന്നും എനിക്കു മനസ്സിലാകുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡന്റ): നാം ഇപ്പോൾ ഇവിടെ സംസാരിക്കുന്നതു ഭാവയിൽ നാം അനുകരിക്കേണ്ടതായ വിദ്യാഭ്യാസനയത്തെ സംബന്ധിച്ചാണ്. അതിനിടയിൽ ഒഴിവുവന്ന ജോലികളിൽ ആളുകളെ നിയമിക്കുന്നതിനെപ്പറ്റിയും ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാററത്തെപ്പറ്റിയും മററും മെമ്പർ സംസാരിക്കുന്നതു നിയമാനുസൃതമാണോ എന്നറിയുന്നില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): അതിനുള്ള സമാധാനം ഞാൻ അല്പം കഴിഞ്ഞിട്ടു പറയാം.

മി. മാത്യു മുരിക്കൻ (വൈക്കം): ഇതൊരു ഖണ്ഡ്യോപക്ഷേപം മാത്രമാകുന്നു. അതേസംബന്ധിച്ചു പ്രതിപാദിക്കുമ്പോൾ അനുഭ്യോഗസ്ഥാംഗങ്ങൾക്കു ഏതു വിഷയത്തെപ്പററിയും സംസാരിക്കാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിത മെമ്പർ, ഡിപ്യൂട്ടി പ്രസിഡന്റ): ഇതു ഒരു ഖണ്ഡ്യോപക്ഷേപം തന്നെന്നുവരികിലും പ്രയോക്താവിന്റെ ഉദ്ദേശം എന്താണെന്നു അതിൽ യാതൊരു സംശയവുംകൂടാതിരിക്കത്തക്കവിധം വിശദമായി വിളിച്ചുപറഞ്ഞിട്ടുണ്ട്.

മി. മാത്യു മുരിക്കൻ (വൈക്കം): അതിനെ സ്വീകരിക്കേണ്ടതു പ്രയോക്താവാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടി പ്രസിഡന്റ്): ഇപ്പോൾ നാം സവിപ്രധാനമായി പ്രതിപാദിക്കുവാനുള്ളതു ആ വിഷയത്തെ സംബന്ധിച്ചാണ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എനിക്കു ഇപ്പോൾ ഇവിടെ പറയാനുള്ള മറെറാരു സംഗതി ഇപ്പോഴുള്ള ഹെഡ്മാസ്റ്റരന്മാർ ആരുംതന്നെ യാതൊരു ക്ലാസ്സുകളിലും പഠിപ്പിക്കുന്നില്ല എന്നുള്ളതാകുന്നു. പരിശോധനജോലി ചെയ്യുന്നതിൽ മാത്രമാണു അവർ ഏർപ്പെട്ടിരിക്കുന്നതു്. ഹെഡ്മാസ്റ്റരന്മാർ പഠിപ്പിക്കുന്നജോലിയിലേക്കു നോക്കാൻ ഇടങ്ങാത്തപക്ഷം നമ്മുടെ വിദ്യാർത്ഥികൾക്കു തന്മൂലം വലിയ നഷ്ടത്തിനിടയാകുമെന്നുള്ളതാകുന്നു.

ഇംഗ്ലീഷ്പള്ളിക്കൂടം ഇൻസ്പെക്ടരന്മാർ പള്ളിക്കൂടങ്ങളെ വേണ്ടപോലെ പരിശോധിച്ചുവരുന്നില്ല. വാദ്ധ്യാന്മാരെ പരിശോധിക്കാനായി മുന്നറിവു കൊടുക്കാതെ പരിശോധനകൾ നടത്തുന്നു. പോലീസ് ഇൻസ്പെക്ടരന്മാരെപ്പോലെ ഇവരും വളരെ ആരാഞ്ഞുള്ള പരിശോധനകൾ ആണ് നടത്തുന്നതു്. വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ടവരായ ഉപാദ്ധ്യായന്മാരെ മാതൃകാപാഠങ്ങൾ പഠിപ്പിക്കുന്നതിനു ഈ ഇൻസ്പെക്ടരന്മാരെക്കൊണ്ടു സാധിക്കുന്നില്ല. ഈ വിഷയത്തിൽ അനുകൂലമായവിധം എന്തെങ്കിലും പ്രവർത്തിക്കുവാൻ ഡയറക്ടർക്കു സാധിക്കുമോ എന്നു എനിക്കറിഞ്ഞുകൂടാ. ഇൻസ്പെക്ടരന്മാരുടെ വേലതീരെ തൃപ്തികരമായിരിക്കുന്നില്ല എന്നു വിദ്യാഭ്യാസഡയറക്ടർ റിപ്പോർട്ടുചെയ്യുന്നു. കണക്കുകളെസംബന്ധിച്ചോ ഗ്രാൻറസംബന്ധമായോ മററുവല്ലതുമോ ആയ റിക്കാർട്ടുകളെ പരിശോധിക്കണമെന്നു ഇൻസ്പെക്ടർക്കു തോന്നുന്നപക്ഷം അദ്ദേഹത്തിന്റെ ഹെഡ്ക്ലാർക്കിനോടോ സക്ഷൻക്ലാർക്കിനോടോ ആ ജോലിചെയ്യണമെന്നു ആജ്ഞാപിക്കാവുന്നതാകുന്നു. ഇൻസ്പെക്ടരുടെ ഉദ്ദേശം വിദ്യാർത്ഥിലോകത്തിന്റെ നന്മക്കു വേണ്ടതു ചെയ്യണമെന്നുള്ളതായിരിക്കണം.

വളരെനാൾ ഈ ഡിപ്പാർട്ടുമെൻറിൽ പഠിപ്പിക്കുന്നതൊഴിൽ നടത്തിയതിൽശേഷം വിശ്രമം അനുഭവിക്കുന്നതിനുവേണ്ടിയാണ് ഒരുവനെ ഹെഡ്മാസ്റ്റരായി നിയമിക്കുന്നതു എന്നുള്ളതു പരമാർത്ഥംതന്നെ. ഹെഡ്മാസ്റ്റരന്മാരിൽ ഭൂരിപക്ഷം ആളുകളും അവരുടെ പള്ളിക്കൂടങ്ങളിലുള്ള യാതൊരു ക്ലാസുകളിലും പഠിപ്പിക്കുന്നില്ല എന്നുള്ള പരമാർത്ഥം വളരെ വ്യസനസമേതം ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. പള്ളിക്കൂടങ്ങളിൽ അവർക്കുള്ള അധികാരം പ്രദർശിപ്പിക്കണമെന്നുമാത്രം അവർക്കു ഉദ്ദേശമുള്ളതായി കാണപ്പെടുന്നു. പഠിപ്പിക്കുന്നവിഷയത്തിൽ അവരുടെ സമയത്തെ അവർ വിനിയോഗിക്കേണ്ടതാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): മിസ്റ്റർ ജോസഫ് എന്റെ സഞ്ചാരജോലി വളരെ തൃപ്തികരമായിരിക്കുന്നില്ല എന്നും മററുമാണെങ്കിൽ അതിൽ എനിക്കു വലിയവിരോധമൊന്നുമില്ല. എന്നാൽ ഹെഡ്മാസ്റ്റരന്മാരേയും അവരുടെ വേലക്കുറവിനേയും പററി പറകയാണെങ്കിൽ ആ ഭാഗത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹംപറയുന്നതു അത്രശരിയല്ല എന്നുതന്നെ ഞാൻ പറഞ്ഞുകൊള്ളുന്നു. എന്റെ കീഴിലുള്ള എല്ലാ ഹെഡ്മാസ്റ്റരന്മാർക്കും കൂടുതൽ ഭരണമണിക്കൂറുകൾ ജോലിയുണ്ടു. അത്രയും സമയം അവർ പഠിപ്പിക്കുന്നുമുണ്ടെന്നാണ് എനിക്കു തോന്നുന്നതു്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം); ആവശ്യമെന്നു കാണുന്നപക്ഷം ഞാൻ ശരിയായ തെളിവു് കൊടുക്കാൻ ഒരുക്കമാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചാൽ കൊള്ളാമെന്നു ഞാൻ മെമ്പറിനോടു അപേക്ഷിക്കുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഹെഡ്മാസ്റ്റരന്മാർ ഒരുപക്ഷേ അവരുടെ ടൈംടേബിളിനെ അങ്ങിനെ രൂപപ്പെടുത്തിവെച്ചിരിക്കുമായിരിക്കാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ സത്യത്തെസംബന്ധിച്ചു പരാമർശിക്കുന്ന ഒരു ഭാഗമാണു മെമ്പർ ഇപ്പോൾ ഇവിടെ പ്രസ്താവിച്ചിരിക്കുന്നതു് എന്നുള്ളതിനാൽ അദ്ദേഹത്തിനു അറിവുള്ള സംഗതികളെപ്പററി പ്രസ്താവിക്കുന്നതിനു യാതൊരു അമാന്തവും കാണിക്കാതെ ഉടൻതന്നെ ആയതിനെ ഈ സഭമുമ്പാകെ പറയേണ്ടതാകുന്നു എന്നു ഞാൻ ആവശ്യപ്പെടുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം). അഗ്രാസനത്തിൽ നിന്നും എന്നോടു ആവശ്യപ്പെടുന്നപക്ഷം ഞാൻ ആ കാര്യം പറയാൻ തയ്യാറാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ). മെമ്പർ പറയുന്നതിൽ അടിസ്ഥാനമില്ല എന്നു പറഞ്ഞതിനുശേഷവും ഉദാഹരണങ്ങൾ പറവാൻ മെമ്പർ ഒരുക്കമില്ലാത്തപക്ഷം അദ്ദേഹത്തിന്റെ പ്രസ്താവനകൾ യാതൊരു വിഷയമില്ലാത്തതാണെന്നല്ലാതെ മററുപ്രകാരത്തിൽ ഊഹിക്കുന്നതിനു സംഗതി ന്യായങ്ങൾക്കു ഗത്യന്തരമില്ലാതെ വന്നുചേരുന്നതാണെന്ന് ഞാൻ എത്രയും താഴ്മയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

പ്രസിഡണ്ട്. പറയാം, മിസ്റ്റർ ജോസഫ് ഉദാഹരണം ചൂണ്ടിക്കാണിച്ചു പറയുന്നതിൽ യാതൊരു വിരോധവുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). പ്രത്യേകമായി ഏതെങ്കിലും ഒരാളിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഒരു ഉദാഹരണം മെമ്പറിനു പറയാമോ?

പ്രസിഡണ്ട്. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ നടപടിയെസംബന്ധിച്ചു പൊതുവായി ഒരു കുററാരോപണം ചെയ്തു മെമ്പർ സംസാരിക്കയും ഡയറക്ടർ ആയതിനെ ഖണ്ഡിതമായി നിഷേധിക്കയും ചെയ്തിരിക്കുന്നസ്ഥിതിക്കു ആളുകളുടെ പേരുകളോടുകൂടിത്തന്നെ ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നതിൽ യാതൊരു വിരോധവും ഇല്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം). ഈ സംഗതിക്കു കോട്ടാർ ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ഒരു ഉദാഹരണമാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ). ഈ പറഞ്ഞതു ശരിയല്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഞാൻ പറഞ്ഞതിനു അനുകൂലിച്ചു മൊഴികൊടുക്കുന്നവരായ അനേകം സാക്ഷികളെ ഹാജരാക്കുവാൻ ഞാൻ തയ്യാറുണ്ട്.

പ്രസിഡണ്ട്. നിങ്ങൾക്കു ഈ ഒരു ഉദാഹരണം മാത്രമേ ചൂണ്ടിക്കാണിക്കാൻ കഴിയുകയുള്ളോ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം). പഠിപ്പിക്കുന്നതിനെസംബന്ധിച്ചു പറകയാണെങ്കിൽ ഹെഡ്മാസ്റ്റരന്മാർ കുട്ടികളെ എല്ലാം കൂടിവിളിച്ചുകൂട്ടി എന്തൊക്കെയോ ചിലതു പഠിപ്പിച്ചുവരുന്നുണ്ടെന്നാണ് എന്റെ അറിവ്. ഇതു വിദ്യാർത്ഥിലോകത്തിനു എത്രയോ ദോഷകരമായ ഒരു പ്രവൃത്തിയാണ്. പ്രത്യേകിച്ചും അനേകം ക്ലാസുകൾ യോജിച്ചിട്ടു രസതന്ത്രം മുതലായ ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്നതു എത്രയോ ഹാനികരമായിട്ടുള്ളതാകുന്നു. ഇതിനുപുറമെ ഇങ്ങിനെ പഠിപ്പിക്കുന്നതുകൊണ്ടു അവരുടെ ഹൃദയത്തിൽ അതു യാതൊരു പ്രകാരത്തിലും പതിയുന്നതിനു ഇടയാകുന്നില്ല. സെക്കന്ററിസ്കൂൾലീവിംഗ് സർട്ടിഫിക്കേറ്റ് പരീക്ഷാസമ്പ്രദായത്തെപ്പററി നോക്കുന്നപക്ഷം ഈ പരീക്ഷയിൽ അനേകം വിദ്യാർത്ഥികൾ വിജയികളായി വരുന്നുണ്ടെന്നുവരികിലും വളരെ ദോഷയുക്തമായ ഒരു സമ്പ്രദായം ആണ് അതു എന്നു പറയാതെ തരമില്ല.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ കഴിഞ്ഞകൊല്ലത്തെ റെണറിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള സംഗതികളെപ്പററി പറകയാണെങ്കിൽ നമ്മുടെ ശ്രദ്ധയെ വിശേഷിച്ചു ആകർഷിക്കുന്നതിനുള്ള യോഗ്യതയുള്ളതായി ഒരേ ഒരു സംഗതിപോലും അതിൽ ഉള്ളതായി എനിക്കു തോന്നുന്നില്ല. ഇതിന്റെ കാരണം നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനു യാതൊരു നിശ്ചിത നയവും ഇല്ല എന്നുള്ളതാകുന്നു. കാളേജുകളിലെ പ്രിൻസിപ്പാളന്മാരെയാണു സാധാരണയായി ഡയറക്ടരന്മാരായി നിയമിച്ചുവരാറുള്ളത്. ഈ പ്രൊഫസരന്മാരും പ്രിൻസിപ്പാളന്മാരും ഡയറക്ടരന്മാരായി എങ്ങിനെയെല്ലാം ഉദ്യോഗം വഹിച്ചു എന്നുള്ള സംഗതി എനിക്കു നല്ലപോലെ അറിയാം. പള്ളിക്കൂടങ്ങൾ തുടങ്ങുന്നതിനു കുടിയാനവരിൽനിന്നും ചെയ്തുവരുന്ന ശ്രമങ്ങളെ ഗവണ്മെന്റിൽനിന്നും വേണ്ടപോലെ പ്രോത്സാഹിപ്പിക്കുന്നില്ല എന്നു വ്യസനസമേതം എനിക്കു ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി ദേവികുളത്തു ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ സംബന്ധിച്ചു യാതൊരു ശ്രദ്ധയും പതിച്ചുകാണുന്നില്ല. സ്ഥലത്തെ വിദ്യാഭ്യാസം അധോഗതിയെ പ്രാപിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു എന്നാണ് കണക്കുകളിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത്. കണ്ണൻദേവൻ മലകളിൽ ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ തുടങ്ങണമെന്നായി അവിടത്തെ യൂറോപ്യന്മാർ ആവശ്യപ്പെടുകയുണ്ടായി. അങ്ങിനെ ഒരു സ്കൂൾ തുടങ്ങുന്നതിന് ഇതേവരെ അനുവാദം നൽകിക്കാണുന്നില്ല. ആ സ്ഥലം ഡയറക്ടർ പോയി പരിശോധിച്ചിട്ടുണ്ടോ എന്നുതന്നെ എനിക്കു സംശയമാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഒരു പള്ളിക്കൂടം തുടങ്ങുന്നതിനുമുമ്പായി ഏതൊക്കെ വ്യവസ്ഥകൾ അനുസരിക്കേണ്ടതായുണ്ടെന്നുള്ള വസ്തുത മെമ്പറിനു അറിയാമോ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): അതു എനിക്കു അറിയാം. ചിലസ്ഥലങ്ങളിൽ ചില പള്ളിക്കൂടങ്ങൾ തുടങ്ങുന്നതിനുള്ള അനുവാദം കിട്ടണമെന്നു ചിലരുടെ അപേക്ഷിച്ചിരുന്നതായിക്കൂടി ഞാൻ ഈ സഭയിൽ പ്രസ്താവിച്ചുകൊള്ളട്ടെ. മൂന്നാർ ഇതിനു മറെറാരു ഉദാഹരണമാണ്. ൪ ൦ ൦ ൦ രൂപ കെട്ടിടം മററു ആവശ്യമായ സാമാനങ്ങൾ ഇവയും ൫ ൦ ൦ ൦ അക്കാമഡേഷൻ ഗ്രാൻറും കളിസ്ഥലം, ഫർണിച്ചർ മററു ആവശ്യമായസാമാനങ്ങൾ ഇവയും ... രൂപയുടെ ഗ്രാൻറും നൽകി ഒരു സ്കൂൾ തുടങ്ങുന്നതിനു ഉള്ള അനുവാദം കിട്ടണമെന്നു ആ സ്ഥലവാസികൾ അപേക്ഷിച്ചിരുന്നു. ഡയറക്ടർ ആ സംഗതിയിൽ യാതൊരു ശ്രദ്ധയും പതിപ്പിച്ചില്ല. ഇപ്രകാരം കുടിയിടപെട്ടുകൊണ്ടുള്ള പരിശ്രമങ്ങളെപ്പററി ഡിപ്പാർട്ടുമെന്റ യാതൊരു അനുഭാവവും പ്രദർശിപ്പിച്ചുകാണുന്നില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): മൂന്നാറിൽ ഒരു സ്കൂൾ തുടങ്ങുന്നതിനു തൽക്കാല അംഗീകരണം നൽകിയിട്ടുണ്ടെന്നു ഞാൻ മെമ്പറിനോടു പറഞ്ഞുകൊള്ളട്ടെ.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഒരു വർഷത്തേയ്ക്കു യാതൊരു അനുവാദവും നൽകിയിരുന്നില്ല. ഈയിടെയോ മറെറാ ഡയറക്ടർ അംഗീകരണ ഉത്തരവു അയച്ചിട്ടുണ്ടായിരിക്കാം.

പ്രസിഡണ്ട്: നിങ്ങളുടെ സമയം മുഴുവൻ തീർന്നിരിക്കുന്നു.

മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, ഈ രാജ്യത്തെ വിദ്യാഭ്യാസരീതിയിൽ കാലോചിതമായ പരിഷ്കാരങ്ങളെ നിർദ്ദേശിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിന് എനിക്കു അനല്പമായ സന്തോഷമുണ്ട്.

ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിൽവച്ചു വിദ്യാഭ്യാസവിഷയത്തിൽ മുന്നണിയിൽനിൽക്കുന്ന ഒരുരാജ്യമാണു് തിരുവിതാംകൂർ എന്നുള്ളതിനു യാതൊരുസംശയവുമില്ല. ഇതുവാസ്തവത്തിൽ നമുക്കു അഭിമാനകരമായ ഒരു കാര്യമാണു. ഉന്നതപരീക്ഷയിൽ ഇവിടെ ആണ്ടുതോറും വിജയികളാകുന്ന യുവാക്കന്മാരുടെ സംഖ്യ ഒട്ടുംചില്ലറയല്ല. അതുപോലെതന്നെ സാമാന്യവിദ്യാഭ്യാസമായ വി. എസ്. എൽ. സി., ഇ. എസ്. എൽ. സി. മുതലായ പരീക്ഷകളിലും അനേകം യുവാക്കന്മാർ ആണ്ടുതോറും വിജയം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചുപുറത്തുവന്നുകൊണ്ടിരിക്കുന്ന സ്ത്രീകളുടെ സംഖ്യയും ഒട്ടുംകുറവല്ല. ഇങ്ങിനെയൊക്കെ ഇരുന്നിരുന്നാലും ഇന്നത്തെവിദ്യാഭ്യാസത്തിന്റെ രീതികൊണ്ടു ജീവിതമത്സരത്തിൽ വിജയം നേടുന്നതിനു സാധിക്കുമെന്നുതോന്നുന്നില്ല. ഒരുവനെ അവന്റെ ജീവിതായോധനത്തിൽ വിജയംപ്രാപിക്കത്തക്കവണ്ണം യോഗ്യനാക്കിത്തീർക്കുന്നതിനുപകരിക്കുന്ന ഒരുവിദ്യാഭ്യാസമാണു ഇന്നത്തെ കാലസ്ഥിതിയ്ക്കു ഏറ്റവും അത്യാവശ്യമായിട്ടുള്ളതു. അതിനു ഇന്നത്തെവിദ്യാഭ്യാസം പര്യാപ്തമാകുന്നില്ല. ഇതിനെപരിഹരിക്കുന്നതിനുള്ള വഴി വിദ്യാഭ്യാസത്തിൽ വിദഗ്ദ്ധന്മാരായ യോഗ്യന്മാർചേർന്നു ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

ഇന്നത്തെ വിദ്യാഭ്യാസരീതി സാമാന്യമായിട്ടുള്ള അറിവും സാമാന്യബോധവും ഉണ്ടാക്കിത്തീർക്കുന്നതിനു ആണു അധികമായി ഉപകരിക്കുന്നതു. കർഷകപ്രധാനമായ ഈ രാജ്യത്തു കൃഷിത്തൊഴിലിനു മുൻതിയ്ക്കി ഇവിടത്തെ വിദ്യാഭ്യാസരീതിയെ പരിഷ്കരിക്കേണ്ടതാവശ്യമാണു്. തൊഴിൽവിദ്യാഭ്യാസം ഇവിടെ ഏർപ്പെടുത്തുന്നപക്ഷം ആ തൊഴിലിൽ യുവാക്കന്മാർക്കു പ്രവേശിക്കുന്നതിനുള്ള സൌകര്യംകൂടി ഉണ്ടായിരിക്കേണ്ടതാണു്. അല്ലാത്തപക്ഷം തൊഴിൽ പരിശീലിച്ചിട്ടുള്ളവരുടെ ഇടയിലും തൊഴിലില്ലായ്മ വന്നുകൂടും. അതോടുകൂടിത്തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിനും കുറെക്കൂടിപ്രചാരം നൽകണം. പള്ളിക്കൂടത്തിൽ പോകേണ്ടപ്രായമുള്ള കുട്ടികളുടെ സംഖ്യനോക്കിയാൽ വളരെകുറച്ചുമാത്രമേ പ്രാഥമികവിദ്യാലയങ്ങളിൽ പോകുന്നുള്ളു എന്നുകാണാം. ൧൦൯൯-ാമാണ്ടു മുതൽക്കുള്ള വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ ഭരണറിപ്പോർട്ടു നോക്കിയാൽ ൧൦൯൯-ൽ ൧-ാംക്ലാസിൽ പഠിച്ചിരുന്ന കുട്ടികളെക്കാൾ കൂടുതലായിട്ടു ൧൧൦൦-ാമാണ്ടു ൨-ാംക്ലാസിൽ കുട്ടികൾപഠിച്ചിരുന്നതായിട്ടും അതിനുശേഷം മൂന്നു, നാലു ഈ ക്ലാസുകളിൽ പഠിക്കുന്നകുട്ടികളുടെസംഖ്യ ൧൦൯൯-ൽ ൧-ാംക്ലാസിൽ പഠിച്ചിരുന്നതിൽനിന്നു ഇരട്ടിയോളംകുറവായിട്ടും കാണാവുന്നതാണു്. ൧൧൦൦-ൽ രണ്ടാംക്ലാസിൽമാത്രം കുട്ടികളുടെസംഖ്യ സ്വല്പംകൂടിയിരുന്നതായിട്ടുകാണുന്നു. ഇതുകൊണ്ടു പ്രാഥമികവിദ്യാഭ്യാസത്തിനു കുറെക്കൂടിപ്രചാരം സിദ്ധിക്കേണ്ടതാണെന്നു വെളിവാകുന്നു. അതിലേക്കുമിസ്റ്റർ മുരിക്കൻ നിർദ്ദേശിച്ചതുപോലെ ഇപ്പോൾ മിഡിൽസ്കൂൾ എന്ന രീതിയിൽ നടത്തിവരുന്ന മലയാളംപള്ളിക്കൂടങ്ങളുടെ എണ്ണം കുറച്ചു ഈ ക്ലാസുകളിലെ പഠിത്തം ഇംഗ്ലീഷ്സ്കൂളിൽ ഒന്നാംഫാറംമുതൽ മൂന്നാംഫാറംവരെയുള്ള ക്ലാസുകളുമായിട്ടു യോജിപ്പിച്ചു നടത്തുവാൻ സാധിക്കുമോ എന്നു നോക്കേണ്ടതാണു്. എങ്ങിനെയായിരുന്നാലും ഇവിടത്തെ വിദ്യാഭ്യാസ രീതിയെ കാലോചിതമായി ഒന്നുപരിഷ്കരിക്കേണ്ടതിനുള്ള കാലംഅതിക്രമിച്ചിരിക്കുന്നു. അതിലേക്കു ഗവൺമെന്റിന്റെ ശ്രദ്ധ സത്വരമായിട്ടുപതിയണം.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷൻ ഒരു ഇന്ത്യൻആയിരിക്കണമെന്നു ഞങ്ങൾ ഈകൌൺസിലിൽ നിർദ്ദേശിച്ചതിനെ ഗവൺമെന്റ് സ്വീകരിച്ചു പ്രവർത്തിക്കയും അതുകൊണ്ടു ഗണ്യമായഗുണങ്ങളുള്ളയാളെ അദ്ധ്യക്ഷംവരിക്കയും ചെയ്തിരിക്കുന്നതിനാൽ ഞങ്ങൾസന്തോഷിക്കുന്നു. ഇപ്പോഴത്തെ ഡയറക്ടർ ചാർജ്ജെടുത്തതിനുശേഷം ഈ ഡിപ്പാർട്ടുമെന്റിൽ ഒരുപുതിയജീവൻ വീണിട്ടുണ്ടെന്നു നിസ്തർക്കം സകലരും സമ്മതിക്കുന്നതാണു. ഈ അഭിപ്രായങ്ങളോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. എ. സി. കുര്യാക്കോസ് (മീനച്ചിൽ-ദേവികുളം): സർ, ഈ വിഷയത്തെപറ്റി എനിക്കു അല്പംപറയേണ്ടതുണ്ടു്. നമ്മുടെവിദ്യാഭ്യാസം എല്ലാപേരുടെയും ശ്രദ്ധക്കു ഒരുപ്രധാനവിഷയമായിട്ടുതീർന്നിരിക്കുന്നതു. ഇവിടത്തെവിദ്യാഭ്യാസം അഭിമാനകരമായ നിലയിൽ നടത്തപ്പെടുന്നതുകൊണ്ടു് നമ്മുടെരാജ്യം വിദ്യാഭ്യാസത്തിൽ വളരെ ഉയർന്നുനിൽക്കുന്നു എന്നുകാണുന്നതു സന്തോഷാർഹംതന്നെ. എന്നാൽ വിദ്യാഭ്യാസംകഴിഞ്ഞശേഷം അനേകം യുവജനങ്ങൾ തൊഴിലില്ലാതെ കഷ്ടപ്പെടുന്നു എന്നുള്ള വസ്തുത എല്ലാപേർക്കും ചിന്താവിഷയമായിത്തീർന്നിട്ടുണ്ടു്. ഇങ്ങിനെ എല്ലാവരുടെയും ശ്രദ്ധാവിഷയമായിത്തീർന്നിരിക്കുന്ന ഈ സംഗതിയെ പുരസ്കരിച്ചുഇവിടെ സംസാരിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ എനിക്കു പ്രത്യേകമായ ചിലനിർദ്ദേശങ്ങൾ ഈ സഭയുടെ പര്യാലോചനക്കു വിഷയീഭവിപ്പിക്കാനുണ്ടു്, തിരുവിതാംകൂറിലെ വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കേണ്ടതാണെന്നും കുറെക്കൂടി പ്രായോഗികജ്ഞാനം വിദ്യാർത്ഥികൾക്കുണ്ടാക്കി കൊടുക്കത്തക്കവണ്ണം വിദ്യാഭ്യാസപദ്ധതി രൂപീകരിക്കേണ്ടതാണെന്നും ജനപക്ഷത്തുനിന്നും പറയുമ്പോൾ വിദഗ്ദ്ധരായവിദ്യാഭ്യാസ ഡയറക്ടർ അവർകൾ ഈ വകദോഷങ്ങളെ വേണ്ടവിധത്തിൽ പരിഹരിക്കുന്നതിലേക്കു ഉപകരിക്കത്തക്കവണ്ണമുള്ള പരിപാടി പലതും ആലോചനക്കു വിഷയമാക്കിട്ടുണ്ടെന്നും വിദ്യാഭ്യാസത്തിൽ ഇപ്പോൾകാണുന്ന ന്യൂനതകൾവന്നുകൂടിയതു ഏതുവശത്തുനിന്നു എന്തൊക്കെകാരണങ്ങളാലാണെന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു എന്നും ഇങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെല്ലാം തരത്തിലുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കാമെന്നു ആലോചിച്ചും നിർദ്ദേശിച്ചുംവരുന്നുഎന്നും വിദ്യാഭ്യാസത്തെ കഴിയുന്നതും പ്രയോജനകരമാക്കിത്തീർക്കാൻ ഒരുപദ്ധതി തയ്യാറാക്കേണ്ടതാവശ്യമാണെന്നും വ്യക്തമായി സമ്മതിക്കയുണ്ടായി.

ഈ നിലയിൽജനങ്ങളുടെപക്ഷത്തുനിന്നും ഡിപ്പാർട്ടുമെന്റദ്ധ്യക്ഷനിൽ നിന്നുംവരുന്നതായ അഭിപ്രായങ്ങളെ തമ്മിൽയോജിപ്പിച്ചു ഒരുപദ്ധതിയെരൂപീകരിക്കേണ്ട ഗവൺമെന്റിനെതന്നെയും ഇതുചിന്താവിഷയമായിത്തീർന്നിട്ടുണ്ടായിരിക്കണം. ഇന്നുവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ ഇടയിൽ തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുന്നതിനു് ഒരു പരിഹാരം ഉണ്ടാകുവാൻ ഈ കൌൺസിലിൽനിന്നും തന്നെ ഒരുകമ്മിററി ഏർപ്പെടുത്തുകയും പ്രസ്തുതകമ്മിററിയുടെ ശുപാർശ വരുത്തിവിവരണംചെയ്യുകയും ചെയ്തുകഴിഞ്ഞു. പക്ഷെതൊഴിലില്ലായ്മക്കമ്മിററിയുടെ നിർദ്ദേശങ്ങൾ നടപ്പിൽവരുത്തുവാൻ ഒന്നുംചെയ്തിട്ടില്ലാഎന്നു പറയേണ്ടിയിരിക്കുന്നു. ഈ രാജ്യത്തു ഇപ്പോൾ വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്നവരുടെ സംഖ്യ വർദ്ധിക്കുന്നതെങ്കിൽ തൊഴിലില്ലാത്തവരുടെ സംഖ്യയും വർദ്ധിക്കുമെന്നു നിശ്ചയമാണു്. വിദ്യാഭ്യാസത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനു ഇപ്പോഴുള്ള പദ്ധതി ദോഷമായിരിക്കുന്നതുകൊണ്ടു് ദോഷരഹിതമായ ഒരുപദ്ധതിയെയുടൻ കൊണ്ടുപോകുന്നതിനു

അടുത്ത ആണ്ടത്തെ ബഡ്ജറ്റിൽ ഏതാനും സംഖ്യ വിനിയോഗിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടെന്ന് എനിക്കറിവുണ്ട്. ഈ ആണ്ടത്തെബഡ്ജറ്റിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേക്കു നാല്പത്തിമൂന്നുലക്ഷം രൂപയിൽ അധികം ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു ഗവർമ്മെന്റ ഈ വിഷയത്തിൽ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ടെന്നുള്ളതു പ്രത്യക്ഷവുമാണു.

ഈ അവസരത്തിൽ എന്റെ സ്നേഹിതന്മാർ പലരും വിദ്യാഭ്യാസത്തിൽ വരുത്തേണ്ട പരിഷ്കാരത്തെ പറ്റി പ്രസ്താവിച്ചു. പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നും ഇപ്പോഴുള്ള സ്ഥാപനങ്ങളിൽ പലതരം പരിഷ്കാരങ്ങൾ ഏർപ്പെടുത്തണമെന്നും കൂടി പ്രതിപാദിക്കുകയുണ്ടായി. വിദ്യാഭ്യാസം ഇല്ലാത്തവരും വിദ്യാഭ്യാസത്തിൽ മുന്നോട്ടു വരണം എന്നുള്ളതു നമ്മുടെ നാട്ടിലുള്ള എല്ലാവരും പൂർണ്ണമായി സമ്മതിക്കുന്നു. വിദ്യാഭ്യാസം ഇല്ലാത്തതായി ഒരു ഒറ്റ ബാലൻപോലും ഉണ്ടായിരിക്കരുതു് എന്നാണ് ന്യായമായി ആഗ്രഹിക്കേണ്ടതു്, ജനങ്ങൾ സാർവ്വത്രികമായി ആഗ്രഹിക്കുന്ന വിദ്യാഭ്യാസംനിമിത്തം തൊഴിലില്ലാതെയായി കഷ്ടപ്പെടുന്നതിനു ഇടയാകയുമരുതു്. ഇതൊരു വിഷമമായ വിഷയമാണ്. തൊഴിലിൽ പരിശീലനത്തെപ്പറ്റി ചിന്തിക്കുന്നതേയില്ല. സാഹിത്യപരമായ വിദ്യാഭ്യാസമാണ് നൽകപ്പെട്ടുപോരുന്നതു്. ഇങ്ങനെ തൊഴിലില്ലാത്ത യുവതീയുവാക്കന്മാരെക്കൊണ്ടു നാട്ടിനെങ്ങിനെ ഉപകാരമുണ്ടാകും? ഈ സങ്കടത്തെ പരിഹരിക്കുന്നതിനു ഗവൺമെന്റ എന്താണു ചെയ്യാൻപോകുന്നതു്? അല്ലെങ്കിൽ എന്തുചെയ്യാനാണ് നിശ്ചയിച്ചിട്ടുള്ളതു്? ഇതു ഇതരവിഷയങ്ങളെക്കാൾ വളരെ ശ്രദ്ധാർഹമായ ഒരു കാര്യമാണ്.

പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതിനു കൂടുതൽ പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തണം. ഇപ്പോഴുള്ള പള്ളിക്കൂടങ്ങളെ ശരിയായ രീതിയിൽ ഗവൺമെന്റ നിശ്ചയിക്കുന്ന പദ്ധതിയനുസരിച്ചു നടത്തണം. ഇതിലേക്കുവേണ്ടി കുറെ ദ്രവ്യം അധികം ചിലവായാലും തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം. ഗവർണ്ണമെന്റ പ്രൈമറിസ്കൂൾമുതൽ കാളേജ് വരെയുള്ള സ്ഥാപനങ്ങളെ പരിശോധിച്ചിട്ടുള്ള ഡയറക്ടർ അവർകൾ ഈ വിഷയത്തെസംബന്ധിച്ചു ശരിയായി അറിഞ്ഞിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ ഇപ്പോഴത്തെസ്ഥിതി വളരെ കഷ്ടമാണ്. ചിലസ്ഥലങ്ങളിൽ അതിനു തക്ക കെട്ടിടങ്ങളില്ല. അകസാമാനങ്ങൾ ഇല്ല. വേണ്ട ഉപകരണങ്ങളില്ല. ഈ സംഗതികളിൽ ഞാൻ ദൃക്സാക്ഷിയാണ്. ഇങ്ങനെ കിടക്കുന്ന പള്ളിക്കൂടങ്ങൾക്കുവേണ്ടി പെട്ടെന്നു വലിയതുക ചിലവുചെയ്യാൻ സാധിച്ചില്ലെങ്കിലും ക്രമേണ അവർ ആവശ്യപ്പെട്ടിട്ടുള്ളിടത്തോളം തുക ചിലവുചെയ്യണം. ഇപ്പോഴത്തെ രീതിയിലുള്ള വിദ്യാഭ്യാസം പ്രയോജനമുള്ളതാണെന്നു ആരും പറയാൻ കഴികയില്ല. അതതവസരത്തിൽ വിദ്യാഭ്യാസത്തെ പരിഷ്കരിക്കുന്നതിനു ആലോചിക്കുമ്പോൾ രണ്ടു മൂന്നു സംഗതികൾ പ്രധാനമായിട്ടു ആലോചിക്കണം. അതിൽ ഒന്നാമതായിട്ടും പ്രധാനമായിട്ടും വേണ്ടതു ഏതാനും വർഷങ്ങൾക്കു മുമ്പു ഏർപ്പെടുത്തിയ പദ്ധതിയനുസരിച്ചു ഇരുപതു വർഷത്തിനിപ്പുറമായി ഉള്ള ബാലികാബാലകന്മാരിൽ എത്രപേർ വിദ്യാഭ്യാസമുള്ളവരെന്നും അതിൽ എത്രപേർ നിരാശയോടുകൂടി ഇരിക്കുന്നു എന്നും മനസ്സിലാകും. ഇനിയും നൂതനപദ്ധതി ഏർപ്പെടുത്തുന്നതുനിമിത്തം ഇതിനുശേഷം പഠിക്കുന്നവർക്കു നിരാശപ്പെടുവാൻ ഇടവരരുതു്. ഗ്രാന്റു സ്കൂളുകളെ ഗവൺമെന്റ കഴിയുന്നതും നന്നാക്കാൻ ശ്രമിക്കണം. നാട്ടിൽ ഗവൺമെന്റവക കൂടുതൽ പള്ളിക്കൂടങ്ങൾ ഉണ്ടാക്കുന്നതിനു ഗവൺമെന്റ അനുവദിക്കരുതു്. ഇപ്പോൾതന്നെ അനാഥമായുള്ള അനേകം ഗവൺമെന്റ സ്കൂളുകളുണ്ടു്. ഈ പള്ളിക്കൂടങ്ങൾ യോഗ്യതയുള്ള മാനേജർമാരെക്കൊണ്ടു നടത്തിക്കണം. മാനേജ്മെന്റിൽ നടത്തുന്ന സ്കൂളുകളിൽ സ്കൂൾഡിപ്പാർട്ടുമെന്റ അദ്ധ്യക്ഷൻ കാണിക്കുന്ന അധികാരം തൽക്കാലത്തേക്കെങ്കിലും കുറയ്ക്കണം. ഞാനിതു പറഞ്ഞതുപോലെയുള്ള പദ്ധതി സ്വീകരിക്കുന്നവെങ്കിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റും കൃഷിഡിപ്പാർട്ടുമെന്റും വ്യവസായ ഡിപ്പാർട്ടുമെന്റും യോജിച്ചു പ്രവർത്തിക്കണം. ഇതുകൊണ്ടു വലിയ ചിലവൊന്നും വരികയില്ല. ഇതിനെ സംബന്ധിച്ചു വിദ്യാഭ്യാസമുള്ള ചിന്തകന്മാരും വിദ്യാഭ്യാസപ്രവർത്തകന്മാരും വൈദഗ്ദ്ധ്യമുള്ള ഏതാനും ആളുകളും നല്ലവണ്ണം ആലോചിച്ചുകഴിഞ്ഞിട്ടു പ്രയോജനകരമായ ഒരു പദ്ധതി സൃഷ്ടിച്ചു അതിനനുസരിച്ചു ഉണ്ടാകുന്ന വ്യവസ്ഥയനുസരിച്ചു് സാഹിത്യപരമായ വിദ്യാഭ്യാസത്തിനു പ്രത്യേകം ഒരു സ്ഥാനം നൽകിക്കൊണ്ടു സാങ്കേതികമായ പല വിദ്യാഭ്യാസപദ്ധതികളിലും കൂടുതലായി ശ്രദ്ധിക്കണം.

എനിക്കു ഒരു കാര്യംകൂടി പറയാനുണ്ടു്. നമ്മുടെനാട്ടിനു യോജിച്ചതായ അനേകം വ്യവസായങ്ങൾ നടപ്പിൽവരുത്തിയാൽ നന്നായിരിക്കും. അസംസ്കൃതങ്ങളായ അനേകം സാധനങ്ങൾ ഇവിടെയുണ്ടു്. ആ അസംസ്കൃതങ്ങളായ സാധനങ്ങളെക്കൊണ്ടു പൌരസ്ത്യർതന്നെ പലഉപകരണങ്ങളും ഉണ്ടാക്കാൻ സാധിക്കും. ജപ്പാൻമുതലായ പൌരസ്ത്യരാജ്യങ്ങളിൽ അങ്ങിനെ ചെയ്തുവരുന്നുണ്ടു്. ഇവിടെ തൊഴിലില്ലാതെ അനേകം യുവാക്കന്മാർ കഷ്ടപ്പെടുന്നു. ഇവരിൽനിന്നു അതിസമർത്ഥന്മാരായ ഏതാനും യുവാക്കന്മാരെ തിരഞ്ഞെടുത്തു അവരെ ജപ്പാനിലയച്ചു അവിടെയുള്ള തൊഴിൽസമ്പ്രദായങ്ങളെ പഠിപ്പിച്ചു വരുത്തണം. ഇവിടെ ഞാൻ ജാതിയേയോ മതത്തേയോ നോക്കുന്നില്ല. ഇങ്ങനെ അയക്കപ്പെടുന്ന യുവാക്കന്മാർ ബുദ്ധിനന്മയിൽ കാംക്ഷയുള്ള സമർത്ഥന്മാരായിരിക്കണം. എന്നുമാത്രമെ അഭിപ്രായപ്പെടുന്നുള്ളു. അപ്രകാരം അയച്ചു വരുത്തിയ അവരുടെ അഭിപ്രായംകൂടി അറിഞ്ഞശേഷം വിദ്യാഭ്യാസപദ്ധതിയെ പരിഷ്കരിക്കുന്നതായാൽ അതു ജനങ്ങൾക്കു അധികം പ്രയോജനപ്പെടുന്നതാണ്. ഈ നാട്ടിൽ ഇപ്പോൾ നടപ്പിൽഇരിക്കുന്ന തൊഴിലുകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പണച്ചിലവിന്റെ കൂടുതൽനിമിത്തം അത്ര ക്ഷണസാദ്ധ്യമല്ല. ആസ്ഥിതിക്കു വേണ്ടതരത്തിലുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിനു ഡിപ്പാർട്ടുമെന്റ് അദ്ധ്യക്ഷന്മാരും ഗവൺമെന്റും യത്നിക്കുന്നുണ്ടോ എന്നു നാട്ടുകാർ ഉൽക്കണ്ഠയോടുകൂടി നോക്കിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസവിഷയത്തിൽ അവശ്യം വേണ്ട പരിഷ്കാരങ്ങൾ അചിരേണ വരുത്തേണ്ടതാണെന്നുള്ള എന്റെ അഭിപ്രായത്തെ പ്രകാശിപ്പിച്ചുകൊണ്ടു മിസ്റ്റർ [illegible]പിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി. താഴപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): തിരുവിതാംകൂർ വിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഇപ്പോഴത്തേതിൽ ചില ഭേദഗതികൾ വരുത്തണം എന്ന് ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. ജീവസംരക്ഷണത്തിനു ആവശ്യപ്പെട്ടതായ കൃഷി, കൈത്തൊഴിൽ എന്നീവിഷയങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി, വ്യവസായം ഈ ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ ഘടിപ്പിക്കണം എന്നു ചിലർ പറഞ്ഞുകഴിഞ്ഞു. എന്റെ അഭി

പ്രായത്തിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ ഇതൊന്നും ചെയ്യേണ്ട ആവശ്യം ഇല്ലെന്നാണ്. കാരണം നമ്മുടെരാജ്യം കൃഷിക്കാരെക്കൊണ്ടു നിറഞ്ഞതും നാം അവരുടെ സന്താനങ്ങളും ആണ്. നമുക്കു കൃഷിസംബന്ധിച്ചു പല വിശ്വാസങ്ങളും ഉണ്ട്. അതു വളരെമുമ്പുമുതലെ ഉള്ളതുമാണ്.

പിന്നെ പാചകത്തെ സംബന്ധിച്ചാണെങ്കിൽ അതിനെസംബന്ധിച്ചു നമ്മുടെ നാട്ടുകളിൽ നിന്നുതന്നെ ധാരാളം പരിചയം കിട്ടുന്നതാണ്. പിന്നെ വ്യവസായവും കൈത്തൊഴിലും ഉണ്ട്. ഇവ പഠിച്ചതുകൊണ്ടുമാത്രം ഒന്നും സാദ്ധ്യമല്ല. ഈ നാട്ടിൽ വ്യവസായവും കൈത്തൊഴിലും അഭിവൃദ്ധിപ്പെടുത്തുന്നതിന് ഒന്നോ രണ്ടോ ഫാക്ടറികൾ ഏർപ്പെടുത്തിയതുകൊണ്ടുമാത്രം സാധിക്കയില്ല. അതുകൊണ്ടു മനുഷ്യർ എല്ലാപേർക്കും തൊഴിൽകിട്ടണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. കൈത്തൊഴിലുകൾ പഠിപ്പിക്കുന്നതിനായി പ്രത്യേകം സ്കൂളുകൾ സ്ഥാപിക്കണം. തെക്കൻതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും വടക്കൻ തിരുവിതാംകൂറിലും വ്യവസായശാലകൾ സ്ഥാപിച്ചു ജനങ്ങളെ വ്യവസായം പരിശീലിപ്പിക്കണം. ഇതിനുപുറമെ ആവശ്യപ്പെടുന്നവർക്കു കുറഞ്ഞപലിശയ്ക്കു ഗവർമെൻറു കരാറിൽ പണം കടംകൊടുക്കുന്നതിനു പകരം ഈ വ്യവസായാഭിവൃദ്ധിക്കുവേണ്ടി കൊടുക്കണം. അല്ലാതെ വ്യവസായം അഭിവൃദ്ധിപ്പെടുകയില്ല. കൃഷിപാഠശാല ഏർപ്പെടുത്തിയാലും ധാരാളം വെള്ളം ഉണ്ടെങ്കിലേ കൃഷിചെയ്യാൻ സാധിക്കയുള്ളു. നല്ലഭൂമിയും നല്ലവളവും ഉണ്ടെങ്കിൽ കൃഷിഡിപ്പാർട്ടുമെൻറിലെ ഇപ്പോഴത്തെ മാതൃകാതോട്ടങ്ങളെക്കാൾ വളരെ മെച്ചമായ തോട്ടങ്ങൾ ഉണ്ടാക്കാൻസാധിക്കും. പക്ഷെ അതിനു ആവശ്യമുള്ളപണം കൃഷിക്കാരുടെ കയ്യിലില്ല. വ്യവസായശാലയും കൈത്തൊഴിൽശാലയും മാതൃകയായിട്ടും മററുള്ളവർക്കു പഠിക്കുന്നതിനും വേണ്ടി ഗവർമെൻറുപണം ചിലവുചെയ്തു രാജ്യത്തിൻെറ ഏതാനംഭാഗങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. അതിൽ ജനങ്ങളെ പരിശീലിപ്പിക്കയുംവേണം. വ്യവസായശാല സ്ഥാപിക്കുന്നതിനു അവർ ആവശ്യപ്പെടുന്ന പണം കുറഞ്ഞ പലിശയ്ക്കോ പലിശകൂടാതെയോ കൊടുത്തു വ്യവസായങ്ങൾ സംരക്ഷിച്ചാൽമാത്രമെ അവ അഭിവൃദ്ധിപ്പെട്ടുവരികയുള്ളു. അല്ലാതെ പള്ളിക്കൂടം ഏർപ്പെടുത്തിയതുകൊണ്ടും മാതൃകാതോട്ടം ഉണ്ടാക്കിയതുകൊണ്ടും വലിയപ്രയോജനംകിട്ടുമെന്നു തോന്നുന്നില്ല. ഭൂമിയുണ്ടെങ്കിൽ അവിടെ രണ്ടു വാഴയെങ്കിലും കുഴിച്ചുവയ്ക്കാം. അതിലേയ്ക്കു നമ്മുടെനാട്ടിലുള്ള കുട്ടികൾക്കു ധാരാളം അറിയാം. ആവശ്യത്തിനുള്ള പണവും കൂടുതൽ വളവുമുണ്ടെങ്കിൽ നല്ല കൃഷിചെയ്യാം. ഇതൊന്നുമില്ലാത്തതിനാൽ അവർ മടിയന്മാരായിനടക്കുന്നു. അവർക്കു തൊഴിലില്ലാതെ മുറവിളികൂട്ടുന്നു. അവർ ഇപ്രകാരം മടിയന്മാരായി നടക്കാതിരിക്കാൻ എന്തെങ്കിലും പദ്ധതി ഏർപ്പെടുത്തിയാൽകൊള്ളാം. അല്ലാതെ പ്രസംഗിച്ചതുകൊണ്ടു ഫലംഇല്ല.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അവർ വിദ്യാഭ്യാസംചെയ്തുകഴിഞ്ഞാൽ അവർക്കു ഇങ്ങനെയുള്ള പ്രവൃത്തികൾചെയ്യുന്നതിനു ഉത്സാഹംതോന്നുമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അങ്ങനെതോന്നണമെല്ലാ, ഇല്ലെങ്കിൽ അവരുടെ അച്ഛനമ്മമാർ അതിലേക്കു പ്രേരിപ്പിക്കണം.

സ്വല്പം ഭൂമിയെങ്കിലും കൈവശമില്ലാത്തവർ വളരെചുരുക്കമാണ്. മടിയന്മാരെ കൃഷി, കൈത്തൊഴിൽ ഇവയുടെ പരിശീലനംകൊണ്ടു ഗവർമെണ്ടു നന്നാക്കണം.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): മടിയന്മാരെ ശിക്ഷിക്കാൻ അവരുടെ മാതാപിതാക്കന്മാർ ഇല്ലേ? അവരെ ഗവർമെൻറു നിർബന്ധിക്കേണ്ട ആവശ്യമുണ്ടോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതിലേക്കു ഗവർമെൻറുതന്നെ പ്രവൃത്തിചെയ്യണം. നല്ല പരിശീലനത്തിനുമുമ്പ് ഇവർക്കു ബന്ധുക്കളാരെങ്കിലും പണം കൊടുക്കയാണെങ്കിൽ അതിനെ പല വിധത്തിലും ദുരുപയോഗപ്പെടുത്തിക്കളയും. അതുകൊണ്ടു ഗവർമെൻറിൽനിന്നു അതിലേയ്ക്കു ഒരു പദ്ധതി രൂപീകരിക്കണം. പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കുകയുംവേണം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറ്). സർ, ഈ സഭയുടെ ആലോചനയ്ക്കായി മിസ്റ്റർ താണുപിള്ള അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ അനുകൂലിക്കുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. ഞാൻ ഇതേപ്പററി മനസ്സിലാക്കിയേടത്തോളം ഈ ഉപക്ഷേപം അവിശ്വാസപ്രമേയത്തിൻെറ ഫലം സാധിക്കണമെന്നുദ്ദേശിച്ചു അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഒരു മറുകാലുപക്ഷേപം അല്ല ഇതു എന്നാണ് എനിക്കു തോന്നുന്നത്. അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഈ ഉപക്ഷേപം അവതരിപ്പിച്ചതിൽ അദ്ദേഹത്തിനുള്ള ഉദ്ദേശം നമ്മുടെഇടയിൽ ഇപ്പോൾ നടപ്പിൽഇരിക്കുന്നതായ വിദ്യാഭ്യാസരീതിയെസംബന്ധിച്ചു നമുക്കുള്ള അല്പജ്ഞാനത്തെ ഏതാണ്ടു നമ്മുടെ രാജ്യത്തിലെ നിലയ്ക്കും സ്ഥിതിക്കും അനുരൂപമായ ഒന്നാക്കിത്തീർക്കണമെന്നുള്ളതു ഏററവും അത്യാവശ്യമായിരിക്കുന്നുഎന്നുള്ള സംഗതി ഈ സഭയുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുക എന്നുള്ളതാണല്ലോ. സർ, ഒരു രാജ്യത്തിൻെറ മാനസികമായും സാമ്പത്തികമായുമുള്ള നിലയും ശരിയായ വഴികളിൽകൂടിയുള്ള ആ രാജ്യത്തിൻെറ പുരോഗമനവും ആ രാജ്യത്തു അനുകരിച്ചുവരുന്ന വിദ്യാഭ്യാസരീതിയെയാണ് ഏറിയകൂറും ആശ്രയിച്ചിരിക്കുന്നതു എന്നുള്ളതിനാൽ എല്ലാ ഭരണകർത്താക്കന്മാരുടേയും എല്ലാ രാജ്യഭരണതന്ത്രജ്ഞന്മാരുടേയും ശ്രദ്ധയെ ഹഠാൽ ആകർഷിക്കേണ്ടതും ഏററവും പ്രയത്നപ്പെട്ടിട്ടും എന്നാൽ അതേസമയംതന്നെ രക്ഷാമാർഗ്ഗം കണ്ടുപിടിക്കുന്നതിനു ഏററവും പ്രയാസമേറിയതുമായ ഒരു വിഷയം വിദ്യാഭ്യാസം ആണെന്നുള്ളതിനു രണ്ടുപക്ഷം ഉണ്ടാകാൻ ഇടയില്ലാത്തതാണല്ലോ. മിസ്റ്റർ താണുപിള്ള അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഇൻഡ്യയും തിരുവിതാംകൂറും ഇൻഡ്യയിലുള്ള മററു രാജ്യങ്ങളും അനേകവർഷക്കാലമായി തുടർന്നുകൊണ്ടുവന്നതായ വിദ്യാഭ്യാസരീതിയും മെക്കാളെപ്രഭു രൂപീകരിച്ചിട്ടുള്ള രീതിയാണല്ലോ. ഉൽകണ്ഠാപൂർവ്വമായി വളരെ ആലോചിച്ചതിൻെറഫലമായി ഇൻഡ്യയ്ക്കു ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് ആവശ്യമായിട്ടുള്ളതെന്നു തീർച്ചപ്പെടുത്തി. ആ ഉദ്ദേശത്തോടുകൂടി ശിപായിലഹള അവസാനിച്ചഉടൻതന്നെ കൽക്കട്ടാ, ബോംബെ, മദ്രാസ് എന്നീ മൂന്നു സ്ഥലങ്ങളിൽ മൂന്നു സർവ്വകലാശാലകൾ ഏർപ്പെടുത്തി. ഗവർമെൻറിലെ രാജ്യകാര്യങ്ങൾ നിർവഹിക്കുന്നവിഷയത്തിൽ 'വേണ്ടപോലെ സഹായിക്കുന്നതിലേക്കായി വിശ്വസ്തന്മാരായ ഒരുകൂട്ടം ഗുമസ്താക്കളെ സൃഷ്ടിക്കണമെന്നുള്ള ഏകഉദ്ദേശത്തോടുകൂടിയാണ് ഗവർമെൻറു ഈ സർവ്വകലാശാലകൾ ഏർപ്പെടുത്തിയതു എന്നായി പ്രസംഗമണ്ഡപങ്ങളിൽനിന്നുള്ള പ്രസ്താവന ഇന്നു ആ

ശ്യമായിട്ടല്ല നാം കേൾക്കുന്നത്. പൊട്ടുന്ന സാധിക്കണമെന്നു ഉദ്ദേശിച്ചിരുന്നതു അതുതന്നെയായിരുന്നു. എങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ടു ഇൻഡ്യയുടെ വീക്ഷണത്തിലും രാജ്യത്തിന്റെ ഉള്ളിലുള്ള പല വിഷയങ്ങളിലും ആയതു ഗുരുതരങ്ങളായ ഭേദഗതികൾ വരുത്തിക്കൂട്ടിയിട്ടുണ്ടെന്നുള്ളതും നിർവിവാദമാണല്ലോ. കഴ്സൺപ്രഭുവിന്റെ കാലത്തുള്ള ഈ പഴയ സർവകലാശാലകളെ ഒന്നു പുതുക്കി നമ്മുടെ ഇക്കാലത്തു റസിഡൻഷ്യൽ ടീച്ചിംഗ് യൂണിവേഴ്സിറ്റികളുമായി. അക്കാലംവരെ ആ സർവകലാശാലകൾ കേവലം പരിശോധന ജോലിമാത്രം നടത്തുന്ന വ്യക്തികൾ ആയിരുന്നു. സർ, നമുക്കു സിദ്ധിച്ചുകൊണ്ടിരിക്കുന്നതായ വിദ്യാഭ്യാസം അടുത്തുവരാൻപോകുന്ന കാലത്തെ ആവശ്യങ്ങൾക്കു നമുക്കു പ്രയോജനപ്പെടത്തക്കതായ ഒന്നാണോ എന്നുള്ള ചോദ്യത്തിനെ സംബന്ധിച്ചു ശരിയായ ഒരു മറുപടി പറയുന്നതിനു വിദ്യാഭ്യാസവിദഗ്ദ്ധന്മാരായവർപോലും ധൈര്യമായി തയ്യാറാവുമെന്നു എനിക്കു തോന്നുന്നില്ല. മുപ്പതു വർഷത്തിൽകൂടുതൽകാലം ഇംഗ്ലണ്ടിൽ ഒരു പള്ളിക്കൂടം ഇൻസ്പെക്ടരായിരുന്ന ഒരു മഹാൻ എഴുതിയിട്ടുള്ള ഒരു പുസ്തകം ഞാൻ ഏതാനും വർഷങ്ങൾക്കുമുമ്പു വായിച്ചിട്ടുള്ളതായി ഓർക്കുന്നു. ഇംഗ്ലണ്ടിലുള്ള ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുവേണ്ടിയി ആ രാജ്യക്കാർ ധാരാളം പണം ചിലവാക്കിവരുന്നു എന്നുള്ളതു എല്ലാപേരും സമ്മതിക്കുന്ന ഒരു സംഗതിയാണല്ലോ. ഞാൻ മുമ്പുപറഞ്ഞതായ ആ ഗ്രന്ഥകാരൻ വളരെ ആലോചിച്ചതിന്റെശേഷം അദ്ദേഹത്തിനു ഉറപ്പായിതോന്നിയ അഭിപ്രായം "ഇംഗ്ലണ്ടു ഈ വിഷയത്തിൽ ചിലവാക്കിയിട്ടുള്ള പണത്തിനു അവിടത്തേക്കു ലഭിച്ചിട്ടുള്ള പ്രതിഫലത്തെപ്പറ്റി പറകയാണെങ്കിൽ ആ പണം അത്രയും അററ്ലാൻറിക്ക് മഹാസമുദ്രത്തിൽ എറിഞ്ഞിരുന്നതിനു തുല്യമാണ്" എന്നാണ്. ഇംഗ്ലണ്ടിൽ അക്കാലത്തു നടപ്പിലിരുന്നിരുന്ന വിദ്യാഭ്യാസത്തിന്റെ ഫലം എന്തെന്നറിയുന്നതിലേക്കായി അതുമായി വളരെ അടുത്തു പരിചയം ഉള്ള ഒരു പുരുഷായുസ്സുതന്നെ കഴിച്ചുകൂട്ടിയ ഒരു മനുഷ്യന്റെ ആലോചനാപൂർവ്വവും ധൈര്യസമേതവും ആയ അഭിപ്രായപ്രകടനം ഇങ്ങനെയായിരുന്നു.

മി. മാത്യൂമുരിക്കൻ (വൈക്കം): പേരു ദയവുചെയ്തു മെമ്പർ ഒന്നു പറയുന്നതുകൊള്ളാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡണ്ട്): ആ പള്ളിക്കൂടം ഇൻസ്പെക്ടരുടെ പേരാണോ നിങ്ങൾ ആവശ്യപ്പെടുന്നത്?

മി. മാത്യൂമുരിക്കൻ (വൈക്കം): നിങ്ങൾ വായിച്ച പുസ്തകത്തിന്റെ പേര്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡണ്ട്): ഇംഗ്ലണ്ടിൽ അനേക വർഷക്കാലം ഒരു പള്ളിക്കൂടം ഇൻസ്പെക്ടർ ആയിരുന്ന ഒരാൾ എഴുതിയ ഒരു പുസ്തകമാണ്. അദ്ദേഹത്തിന്റെ പേര് ഞാൻ ഇപ്പോൾ ഓർമ്മിക്കുന്നില്ലാത്തതിനാൽ ക്ഷമിക്കണം. എന്നാൽ എന്റെ ഓർമ്മയിൽ യാതൊരു പിശകും ഇല്ല എന്നു ഞാൻ ധൈര്യമായി ഉറപ്പുപറയുന്നതിനെ നിങ്ങൾക്കു വിശ്വസിക്കാം.

ശരി. ആ മഹാനു ബലമായി തോന്നിയിരുന്ന അഭിപ്രായം അതായിരുന്നു. അതുകൊണ്ടു ഇന്നു നടപ്പിൽ ഇരുന്നുവരുന്നതായ വിദ്യാഭ്യാസപദ്ധതിയുമായുള്ള സകല ബന്ധങ്ങളും അറുത്തുകളഞ്ഞിട്ടു നൂതനമായ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ തുടങ്ങുന്നതു ശരിയായിരിക്കുമോ? അതാണു നമുക്കു ഇപ്പോൾ തീരുമാനിക്കാനുള്ളത്. ലൌകീക സംബന്ധമായ വിഷയങ്ങളിലുള്ള ആസക്തി തന്നെത്രപമായ അഭിപ്രായങ്ങളും നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായ ഒരു സമുദായത്തെക്കാൾ ഉന്നതമായ ഒരു സമുദായത്തെയോ, ജീവിതത്തെസംബന്ധിച്ചുള്ള നമ്മുടെ വീക്ഷണപരിധി കേവലം ഇടുങ്ങിയതാക്കുന്നതായ ഒരു വിദ്യാഭ്യാസപദ്ധതി, കാലക്ഷേപത്തിനു യാതൊരു മാർഗ്ഗവും കണ്ടുപിടിക്കാൻ നിവൃത്തിയില്ലാതെ യാതൊരു ജോലിയും കൂടാതെ ഉഴലുന്ന അനേകം ആളുകളെ സൃഷ്ടിച്ചുവിടുന്ന ഒരു വിദ്യാഭ്യാസപദ്ധതിയെക്കാൾ മേന്മയായ ഒരു വിദ്യാഭ്യാസപദ്ധതിയെയോ ലഭിക്കുന്നതിനുള്ള യോഗം ഉണ്ടാകാത്തതിൽവച്ചു അദ്ദേഹത്തിനുണ്ടായ നിരാശയുടെ ഒരു പ്രതിഫലനംമാത്രമാണ് ഇതു എന്നു ആണ് എനിക്കു അതേപ്പറ്റി തോന്നിയിട്ടുള്ളത്. അതേവരെയും ഇംഗ്ലണ്ടിൽ നടപ്പിൽ ഇരുന്ന വിദ്യാഭ്യാസസമ്പ്രദായത്തിൽ ഇത്തരത്തിലുള്ള അനേകം ബുദ്ധിമുട്ടുകളും കുഴപ്പങ്ങളും കാണുവാൻ ഇടയായതിനെസംബന്ധിച്ചു അദ്ദേഹത്തിനു കഠിനതരമായി തോന്നിയിരുന്ന വെറുപ്പിനെ രേഖപ്പെടുത്തുന്നതിനുവേണ്ടിമാത്രമാണ് അപ്പോൾ നടപ്പിലിരുന്ന വിദ്യാഭ്യാസനയം ഇംഗ്ലണ്ടിനു ചെയ്തിട്ടുള്ള ഗുണത്തെപ്പറ്റി ആലോചിച്ചുനോക്കുന്നതായാൽ അതിനുവേണ്ടി ചിലവാക്കിയിരുന്ന പണം അത്രയും അററ്ലാൻറിക് മഹാസമുദ്രത്തിൽ വലിച്ചെറിയുകയായിരുന്നു ഭേദം എന്നു ഒരു അഭിപ്രായം അദ്ദേഹത്തിനു ഉറപ്പായി തോന്നിയിരുന്നതിനെ ഒരു വാദത്തിന്റെരൂപത്തിൽ പ്രത്യക്ഷപ്പെടുത്തിയതായിട്ടുമാത്രമേ എനിക്കു തോന്നുന്നുള്ളു. നമ്മുടെ പ്രത്യേക ചിന്തയായി വിഷയമാകേണ്ട രണ്ടു സംഗതികളിൽ പ്രധാനമായതു നാം എങ്ങിനെയാണു കാലക്ഷേപം കഴിക്കുവാനുള്ളതു എന്നതാണ്. സർ, നാം ജീവിക്കുന്നതു ഭക്ഷിക്കുന്നതിനായിട്ടല്ല നേരെമറിച്ചു നാം ഭക്ഷിക്കുന്നതു ജീവിക്കാനായിട്ടാകുന്നു. നമുക്കു ആഹാരസാധനങ്ങളെ ഏതുവിധമാരം സമ്പാദിക്കാമെന്നുള്ളതാണു പ്രധാനപ്പെട്ട സംഗതി. എന്നാൽ ആഹാരംകൊണ്ടുമാത്രം മനുഷ്യർക്കു ജീവസന്ധാരണം ചെയ്തുകൊണ്ടുപോകുവാൻ സാധിക്കുന്നതല്ല എന്നും സാധാരണയായി പറഞ്ഞുവരാറുള്ളതു നാം കേട്ടിട്ടുണ്ടല്ലോ. തന്മൂലം നമുക്കു ആവശ്യമുള്ള ആഹാരസാധനങ്ങൾ സംഭരിക്കുന്നതിനും തക്കതായ ഉപജീവനമാർഗ്ഗം നേടുന്നതിനും സഹായിക്കുന്നതോടുകൂടി അതേസമയംതന്നെ നമ്മുടെ ബുദ്ധിക്കു കൂടുതൽ വികാസം നൽകി നമ്മെ കുറേക്കൂടി ഉന്നതമായ ഒരു ജീവിതചര്യയെ അനുഷ്ഠിക്കുന്നതിനു പ്രേരിപ്പിക്കുന്ന ഒരു വിദ്യാഭ്യാസപദ്ധതി, ജീവിതായോധനത്തിൽ നമുക്കു യാതൊരു തോൽവിയുംകൂടാതെ നമ്മെ കാത്തുരക്ഷിക്കുന്ന ഒരു വിദ്യാഭ്യാസപദ്ധതി, രാജ്യത്തിൽ ഒന്നിനൊന്നു ഭിന്നാഭിപ്രായങ്ങളോടുകൂടി ഭിന്നമായ ആദർശങ്ങളോടുകൂടി തങ്ങളിൽതല്ലി വഴക്കുകൂട്ടിക്കൊണ്ടിരിക്കുന്ന ഭിന്നവ്യക്തികൾ തമ്മിൽ ഐകരൂപ്യം വരുത്തുന്നതിനുള്ള ഒരു മനസ്ഥിതിയെ നമുക്കു പ്രദാനംചെയ്യത്തക്കവണ്ണം ഉള്ള ഒരു വിദ്യാഭ്യാസപദ്ധതി, ആധുനികപരിഷ്കാരത്തിന്റെ തള്ളലിന്റെ ഫലമായി നാം ഇപ്പോൾ നയിച്ചുവരുന്ന ജീവിതത്തെക്കാൾ കുറേക്കൂടി പരിശുദ്ധവും കുറേക്കൂടി മിതവും കുറേക്കൂടി ആരോഗ്യപരവും ആയ ഒരു ജീവിതരീതിയെ അംഗീകരിക്കുന്നതിനു നമ്മെ സഹായിക്കുന്ന ഒരു വിദ്യാഭ്യാസപദ്ധതി, ഇങ്ങിനെയുള്ള ഒരു മാതൃകാവിദ്യാഭ്യാസം ഉണ്ടെങ്കിൽമാത്രമേ ഇപ്പോൾ നമുക്കു നേരിട്ടുകൊണ്ടിരിക്കുന്ന കഷ്ടതകളെ നീക്കി രക്ഷപ്രാപിക്കുന്നതിനു നമുക്കു സാധിക്കയുള്ളു. വിദ്യാഭ്യാസനയത്തിൽ വരുത്തേണ്ടതായ പരിഷ്കാരത്തെ സംബന്ധിച്ചു ഞാൻ ആലോചിച്ചുറച്ചിട്ടുള്ളതു ഇപ്രകാരമാണ്.

ക്കൊള്ളാം. സർ, ഞാൻ ഇപ്പോൾ പറഞ്ഞതുപോലെയുള്ള വിദ്യാഭ്യാസപദ്ധതി പ്രായോഗികമാക്കുന്നതിന് അസാദ്ധ്യമായിട്ടുള്ള ഒരു മാതൃകയാണെന്നോ ന്യായമായ ഒരു കാലത്തിനിടയിൽ നടപ്പിൽവരുത്തുവാൻ സാധിക്കാത്ത ഒരു മാതൃകയെന്നോവച്ചു തള്ളിക്കളയത്തക്കതായ ഒരു പദ്ധതിയല്ലെന്നാണു എനിക്കു തോന്നുന്നത്. ഞാൻ മുമ്പു പറഞ്ഞതുപോലെ ജീവിതകാലം മുഴുവനും ഈ വിഷയത്തെപ്പറ്റി മനസ്സിലാക്കുന്നതിലേക്കുവേണ്ടി മാത്രം വ്യയംചെയ്തിട്ടുള്ള വിദഗ്ദ്ധന്മാർക്കുപോലും ശരിയായപ്രകാരത്തിൽ ഒരു തീരുമാനംചെയ്യുന്നതിനു സാധിച്ചിട്ടില്ലാത്ത ഒരു സംഗതിയാണു ഇതു്. മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ മുമ്പുപറഞ്ഞതുപോലെ പലസ്ഥലങ്ങളിലും പല പദ്ധതികളും പരീക്ഷിച്ചുവരുന്നുണ്ട്. നമ്മുടെ ധനസ്ഥിതി നോക്കുന്നതായിരുന്നാൽ നാം നിശ്ചയമില്ലാതെ വല്ലതും ഒന്നു പ്രവർത്തിക്കുന്നതിനുമുമ്പായി ലോകത്തിലുള്ള മററു രാജ്യങ്ങളിൽ, പ്രത്യേകിച്ചു ഇന്ത്യയിലുള്ള മററു സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള അന്വേഷണങ്ങളും പരിശോധനകളും നടത്തുന്നതിന്റെ ഫലം എന്താണെന്നു അറിഞ്ഞതിനുമേൽ പ്രവർത്തിക്കുന്നതു നന്നായിരിക്കുമെന്നും അഭിപ്രായം പറകയുണ്ടായല്ലോ. അതു വളരെ ശരിയാണെന്നാണു എന്റെ അഭിപ്രായം. മററുരാജ്യക്കാർക്കു അനുയോജ്യമെന്നു കാണുന്നതായ ഒരു വിദ്യാഭ്യാസപദ്ധതിയെ നാമും സ്വീകരിക്കാൻ ചെയ്യുന്ന പരിശ്രമത്തിനിടക്കു നമ്മുടെ പാണ്ഡിത്യപരമായ നിലയെ തീരെ ഹനിക്കത്തക്കവിധത്തിൽ നാം പ്രവർത്തിക്കുവാൻ ഇടയായിപ്പോകരുതെന്നുമാത്രമെ എനിക്കു ഇതേസംബന്ധിച്ചു ഗുണദോഷരൂപമായി രണ്ടുവാക്കു പറവാനുള്ളു. അനേകശതാബ്ദകാലമായി കേരളത്തിന്റെ ഒരു ഭാഗമെന്നനിലയിൽ തിരുവിതാംകൂറിലും അനേകം പണ്ഡിതകേസരികൾ ഉണ്ടായിരുന്നു എന്നുള്ളതു സാഭിമാനം നമുക്കു കൊണ്ടാടാവുന്ന ഒരു പരമാർത്ഥമാകുന്നു. കേരളമൊട്ടുക്കു ഈ പാണ്ഡിത്യവിഷയത്തിലുള്ള ഐകമത്യത്തിന്റെ ഫലമായിട്ടാണ് കഴിഞ്ഞ തിരുവിതാംകൂർ സർവകലാശാലാക്കമ്മററിക്കാർ ഒരു കേരളസർവകലാശാല സ്ഥാപിക്കുക എന്നുള്ളതാണു നാം സാധിക്കേണ്ടതായ ആദർശം എന്നു അഭിപ്രായപ്പെട്ടതിനു. അതു കമ്മിററിക്കാരെ പ്രേരിപ്പിച്ച പ്രധാനകാരണങ്ങളിൽ ഒന്ന്. അതുകൊണ്ടാണ് പാശ്ചാത്യരാജ്യങ്ങളിലെ എന്നുവേണ്ട ഇന്ത്യയിലെ മററുരാജ്യങ്ങളിലെയും അഭിപ്രായങ്ങളേയും മാതൃകകളേയും നാം ഇപ്പോൾ ഇങ്ങോട്ടേയ്ക്കു പകർത്തുന്നതിനുമുമ്പായി നാം നമ്മുടെ വിദ്യാഭ്യാസനയത്തെ രൂപീകരിച്ചു ഈ പഴയരാജ്യത്തു ഏററവും നല്ലവയായുള്ള ഗുണങ്ങളെ ഉന്മൂലനാശംചെയ്യാതെ സൂക്ഷിക്കണം എന്നു ഞാൻ മുമ്പു പറയുവാനുണ്ടായ കാരണവും ഇതുതന്നെയാകുന്നു. തിരുവിതാംകൂറിൽ പ്രതിഭാവിലാസമൊ കുശാഗ്രബുദ്ധിയൊ പിന്നത്തെ കാലങ്ങളിലും, ഈ രാജ്യത്തിന്റെ സ്ഥിതിയിൽനിന്നും തെല്ലും പിരിയുന്നകാലത്തു അതിന്റെ സ്ഥിതി വളരെ നന്നായി കാണണമെന്നുള്ള അഭിപ്രായമാ ഉള്ള ആരെങ്കിലുംതന്നെ ഇന്നു ഈ തിരുവിതാംകൂറിൽ ഉണ്ടെന്നു വിചാരിക്കുന്ന പക്ഷം കേവലം വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളിൽ തിരുവിതാംകൂറിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ചുക്കാൻപിടിക്കുന്ന ആ മാന്യദേഹത്തെക്കാൾ കൂടുതൽ യോഗ്യനായ ഒരു വിദഗ്ദ്ധനെ കണ്ടുപിടിപ്പാൻ സാധിക്കയില്ല എന്നുതന്നെയാണു ഞാൻ ധൈര്യമായിപറയുന്നതു്. സർ, മി: രങ്കസ്വാമിഅയ്യങ്കാർ, മി: ഹാഡ്സൺ, ഡാക്ടർ മത്തായി ഇതുപോലെ മററു ചിലരും അംഗങ്ങളായുള്ള യൂനിവേഴ്സിററിക്കമ്മിഷൻ എന്നെപ്പോലെ യാതൊരു വിശേഷാൽ ജ്ഞാനവും ഇല്ലാത്തൊരു ഒരുവനെ പ്രസിഡണ്ടായിനിയമിക്കുവാൻ ഇടയാകയും അതുസംബന്ധിച്ചു ഈയിടെ എനിക്കു മി: രങ്കസ്വാമിഅയ്യങ്കാരുമായി പരിചയപ്പെടുന്നതിനു ഇടയായിഎന്നു ഞാൻ അഭിമാനസമേതം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ സംഗതിയെസംബന്ധിച്ചു ഞാൻ ഇപ്പോൾ ഇവിടെ എടുത്തു പ്രസ്താവിക്കാൻ ഇടയായതു തിരുവിതാംകൂറിലെ വിദ്യാഭ്യാസസംബന്ധമായ സംഗതികളെ സംബന്ധിച്ചു ഒരു തീരുമാനംവരുത്തുന്ന വിഷയത്തിൽ വിദഗ്ദ്ധനായ ഈ പ്രൊഫസരുടെ ഉത്തമവിശ്വാസവും ആത്മാർത്ഥതയും വിചാരശക്തിയും എത്രയുണ്ടെന്നു മനസ്സിലാകുന്നതിനുള്ള സൌകര്യങ്ങൾ എനിക്കു ധാരാളമായി ഉണ്ടായിരുന്നുഎന്നു ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിമാത്രമായിരുന്നു. കേരളത്തിലെ പാണ്ഡിത്യപരമായ ഐകമത്യത്തെ വിട്ടുകളയാതെയും നിലനിർത്തിക്കൊണ്ടുപോകുന്നവകയ്ക്കു കൂടുതൽ ചിലവുതന്നെ ചെയ്യേണ്ടതാണെന്നു വന്നാൽപ്പോലും അതിനു ചിലവുചെയ്യുന്നവിഷയത്തിൽ യാതൊരുമടിയും കാണിക്കാൻ പാടില്ല എന്നുപോലും കമ്മിററി അഭിപ്രായപ്പെടുകയുണ്ടായി. പാണ്ഡിത്യപരമായും ഉദ്യോഗപരമായുമുള്ള രണ്ടു നൂതനപന്ഥാക്കളിൽ ഒരുപുതിയ പദ്ധതി രൂപീകരിക്കണമെന്നാണല്ലോ മി. തമ്പി ഇവിടെ ആവശ്യപ്പെട്ടതു്. ഈ വാക്കുകളിലുള്ള സ്വാരസ്യത്തെ ഞാൻ ഒട്ടുപരക്കെ എടുത്തുകളഞ്ഞിരിക്കാം. ഞാൻപറഞ്ഞതിൽ ഒട്ടും കവിതയില്ലായിരുന്നുഎന്നും പറഞ്ഞേക്കാം. ഇന്ത്യയിൽ ആകമാനമുള്ള ഇല്ലാ ഗവണ്മെന്റിന്റേയും വിശേഷിച്ചു നമ്മുടെ ഇടയിലുള്ള വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടേയും ശ്രദ്ധയെ പ്രത്യേകമായി ആകർഷിക്കേണ്ട വിഷയങ്ങളാണ് ഇവയെല്ലാം. യാതൊരു അനുഭവവും ശേഷിയുമില്ലാത്ത വിദ്യാഭ്യാസധുരന്ധരന്മാർ ആരെന്നു ഒരുദ്ദേശ്യം സമ്പാദിക്കുന്നതിനിടയുണ്ടായിരുന്നാൽപോലും ആയതിനെ ഒട്ടുംതന്നെവകവയ്ക്കാതെ ഭാവികാലങ്ങളിൽ വളരെ പ്രാധാന്യം ഉണ്ടാകാൻ ഇടയുള്ളതായ ഇത്തരം പ്രാധാന്യമേറിയ സംഗതികളെ സംബന്ധിച്ചു ശ്രദ്ധയോടും സമാധാനത്തോടുംകൂടി വേണ്ട പര്യാലോചനങ്ങൾ നടത്തേണ്ടതു മി. രങ്കസ്വാമിഅയ്യങ്കാരുടെ ഒരുചുമതലയാണെന്നുമാത്രം ഞാൻ തൽക്കാലം പ്രസ്താവിച്ചുകൊള്ളുന്നു. ഒടുവിലത്തെ സംഗതികൾ മുൻപറഞ്ഞ ഒരു അനാശാസ്യനിലയെ പ്രാപിക്കുന്നതിനിടയായാൽതന്നെയും അതിനെയെല്ലാം അദ്ദേഹത്തിൽ സഹജമായി കണ്ടുവരാറുള്ള ഉത്തമവിശ്വാസത്തിന്റെ ശക്തിയാൽ സഹിച്ച് തിരുവിതാംകൂറിലെ എല്ലാജനങ്ങളും മനംപോലെ ഉടൻതന്നെ അനുഭവിക്കുന്നതായ ഒരു വിദ്യാഭ്യാസപദ്ധതി രൂപീകരിച്ച് ഈ സഭയിലേക്കും ഗവണ്മെന്റിലേക്കും അവതരിപ്പിക്കേണ്ടതാണെന്നാണ് ഞാൻ അദ്ദേഹത്തോടു പറയുന്നതു്. നമ്മുടെ ബഡ്ജററുയോഗങ്ങളിലെല്ലാം സാധാരണയായി നമ്മളെ പൊതുവായി ബാധിക്കുന്ന സംഗതികളെസംബന്ധിച്ചു് സാധാരണയായി വാദപ്രതിവാദം നടത്തിവരുന്നതു് പതിവാണെന്നിരുന്നാലും വിദ്യാഭ്യാസകാര്യത്തിൽ കൂടുതൽപ്രാധാന്യമുള്ള ഒരു വിഷയമുള്ളതായി എനിക്കു വിചാരിക്കുവാൻ നിവൃത്തിയില്ലെന്നുള്ളതുകൊണ്ടു ഈ വിഷയത്തിലുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ പരിപൂർണ്ണവിജയങ്ങളായി കലാശിച്ചാൽകൊള്ളാമെന്നു ഞാൻ ഹൃദയപൂർവ്വമായി ആഗ്രഹിക്കുന്നു. ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതിൽ എനിക്കു അതിയായ സന്തോഷം ഉണ്ടു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, നമ്മുടെരാജ്യത്തു ഇപ്പോൾ അനുവർത്തിച്ചുവരുന്ന വിദ്യാഭ്യാസനയത്തിൽ ഒരു ഭേദഗതി വരുത്തേണ്ടതു എത്രയും അത്യാവശ്യമായിരിക്കുന്നു എന്നുള്ളവിഷയത്തിലേക്കു ഈസഭയിലെ അംഗങ്ങളുടെ ശ്രദ്ധയെ ആകർഷിക്കണമെന്നുള്ളതാണ് ഇന്നു ഇപ്പോൾ വാദപ്രതിവാദ

ത്തിനു വിഷയമായിരിക്കുന്ന ഉപക്ഷേപത്തിന്റെ ഉദ്ദേശം. നമ്മുടെ രാജ്യത്തു ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം ആകപ്പാടെ ഒന്നുടച്ചുവാർക്കേണ്ടതു ആവശ്യമായിരിക്കുന്നു എന്നുള്ളസംഗതി എല്ലാവരും സമ്മതിക്കുന്നുണ്ട്. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജുവഹിക്കുന്ന പണ്ഡിതനായ മെമ്പരും ആ സംഗതിയെ സമ്മതിക്കുന്നു. അദ്ദേഹത്തിന്റെ ഉൽക്കണ്ഠാപൂർവമായ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം ഈ സഭമുമ്പാകെ പറകയുണ്ടായല്ലൊ. തിരുവിതാംകൂറിലെ വിദ്യാഭ്യാസനയത്തെ മാത്രമായി മാററാൻ പാടില്ല എന്നും ഇതു് ഇന്ത്യയെ ഒന്നായി ബന്ധിക്കുന്ന ഒരു വിഷയമാണെന്നും അതിനാൽ നമ്മുടെരാജ്യത്തെ വിദ്യാഭ്യാസനയത്തെ മെച്ചപ്പെടുത്തുന്നതിൽ ധൃതഗതിയിൽ കണ്ടമാനം യാതൊന്നും ചെയ്യാൻ പാടുള്ളതല്ലെന്നും അദ്ദേഹം പറകയുണ്ടായി. സർ, ഇപ്പറഞ്ഞവയെല്ലാം പരമാർത്ഥംതന്നെഎന്നു ഞാനുംസമ്മതിക്കാം. ഈരാജ്യത്തെ വിദ്യാഭ്യാസത്തെ അഴിച്ചു ശുദ്ധീകരിച്ചു് ഈരാജ്യത്തിനു സ്വീകാര്യവും ജനങ്ങളുടെ ധനസ്ഥിതിക്കു അനുയോജ്യവും ആയ ഒരു നൂതനരീതിയിലുള്ള നയം നടപ്പിലാക്കുക എന്നുള്ളതു ശ്രേഷ്ഠപ്രയത്നമാണെന്നു ഞാനും സമ്മതിക്കുന്നു. സർ, ഈ സംഗതികൾ എല്ലാം ഞാൻ സമ്മതിക്കുന്നുണ്ടെങ്കിലും അവിതർക്കിതമായ ഏതാനും ചിലസംഗതികളെ സംബന്ധിച്ചുകൂടി ഞാൻ ഈ സഭമുമ്പാകെ ശ്രദ്ധാപൂർവം പ്രസ്താവിക്കണമെന്നു വിചാരിക്കുന്നു. സർ, ഈ പറഞ്ഞതിനെയെല്ലാം ഞാൻ സമ്മതിക്കുന്നു. തിരുവിതാംകൂറിലെ വിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന മേലധികാരിയുടെ ഗുണദോഷത്തോടുകൂടി ഇപ്പോൾ തുടർന്നുവരുന്ന വിദ്യാഭ്യാസനയത്തിന്റെ പ്രധാനപ്പെട്ട ഉദ്ദേശം അല്ലെങ്കിൽ ലാക്കു് എന്താണെന്നുള്ളചോദ്യം ഞാൻ ഇവിടെ ചോദിച്ചുകൊള്ളുന്നു.

സർ, നിർബന്ധിത പ്രാഥമികവിദ്യാഭ്യാസത്തെയാണൊ നാം ലാക്കാക്കിവച്ചിട്ടുള്ളതു്, അല്ല നിർബന്ധിത ഇംഗ്ലീഷ് വിദ്യാഭ്യാസമാണൊ നാം ലാക്കാക്കിവച്ചിട്ടുള്ളതു്, അല്ല നിർബന്ധിത കാളേജുവിദ്യാഭ്യാസമൊ സർവകലാശാല വിദ്യാഭ്യാസമൊ ആണൊ നാം ലാക്കാക്കിവച്ചിട്ടുള്ളതു് എന്നും നമ്മുടെ വിദ്യാഭ്യാസാധികൃതന്മാരും മേലധികാരികളും ഉദ്ദേശിച്ചിരിക്കുന്നതു് ഇതിൽ ഏതിനെയാണോ എന്നും ഉള്ള ചെറിയചോദ്യം ഞാൻ ഇവിടെ ചോദിച്ചുകൊള്ളുന്നു. നമുക്കു എല്ലാപേർക്കുംതന്നെ നിഷ്പക്ഷനിലയിൽ പര്യാലോചിക്കാവുന്ന ഒരു ലഘുവായ വിഷയമാണല്ലൊ ഇതു്. തിരുവിതാംകൂറിലെ ആയവ്യയത്തിൽ വിദ്യാഭ്യാസവകുപ്പു ഒരു ഭയങ്കരമായ ഇനമായിത്തീർന്നിട്ടുണ്ടെന്നുള്ളതിനാൽ ഈ വിഷയത്തെസംബന്ധിച്ചുള്ള സാമ്പത്തികവശത്തെപ്പററി നാം പര്യാലോചിക്കുന്നപക്ഷം ഈ ചോദ്യത്തിനു കുറേക്കൂടി പ്രാധാന്യമുള്ളതാണെന്നു വെളിവാകുന്നതാണ്. സർ, നമുക്കു എത്രത്തോളം വിദ്യാഭ്യാസം ജനതതിയിലെത്തു ആവശ്യമായിട്ടുണ്ടൊ അത്രയും വിദ്യാഭ്യാസം തിരുവിതാംകൂറിന്റെ ആവശ്യങ്ങളേയും നമ്മുടെ പരിതസ്ഥിതികളേയും അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം നമുക്കുണ്ടെന്നു എല്ലാപേരും സമ്മതിക്കുന്നു എന്നുവരികിൽ ദോഷദുഷ്ടമെന്നു തെളിഞ്ഞിട്ടുള്ള ഒരു മാർഗ്ഗത്തിലൂടെ നമ്മുടെ വിദ്യാഭ്യാസത്തെ നാം എന്തിനായി പ്രചരിപ്പിക്കുന്നു എന്നുള്ള രണ്ടാമത്തെ ചോദ്യത്തിനു ആവശ്യമുണ്ടാകുന്നു. പിന്നെയും ഈ സംഗതിയെപ്പററി വേണ്ടുംവണ്ണം ആലോചിച്ചു തീർച്ചചെയ്യുന്നതിനു ധാരാളം സമയം ആവശ്യമായിരിക്കുന്നുഎന്നും അധികാരസ്ഥാനങ്ങളിൽ ഇതേസംബന്ധിച്ചു ഉൽക്കണ്ഠാപൂർവമായ ആലോചന നടന്നുവരുന്നുണ്ടെന്നും വളരെ താമസിയാതെതന്നെ എന്തെങ്കിലും ഭേദഗതികൾ ചെയ്യുന്നതാണെന്നും മററും ഒരുപക്ഷെ ഈ ചോദ്യങ്ങൾക്കു മറുപടി പറയുമായിരിക്കാം. നാം എത്രനാളാണ് ഇപ്രകാരം കാത്തിരിക്കേണ്ടതു എന്നറിയുന്നില്ല. ഇവിടത്തെ വിദ്യാഭ്യാസസമ്പ്രദായം ദോഷദുഷ്ടമാണെന്നും അതിനാൽ ആ സംഗതിയെപ്പററി വേണ്ട അന്വേഷണങ്ങൾനടത്തി ഈ രാജ്യത്തെ വിദ്യാഭ്യാസനയത്തെ ഒന്നു് പരിഷ്കരിച്ചു് ഭേദഗതിചെയ്യുന്നതിനായി ഒരുസമിതിയെ രൂപീകരിക്കണമെന്നു വിചാരിക്കുന്നുഎന്നും ഗവണ്മെന്റു പ്രഖ്യാപനംചെയ്തതു ഇന്നൊ ഇന്നലെയൊ അല്ല. "സമാധാനമായി കാത്തിരിക്കുക" എന്നവാചകം കേട്ടുകേട്ടു് ഞങ്ങൾ മുഷിഞ്ഞു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. സർ, ഞങ്ങൾ എത്രകാലമാണ് ഇങ്ങിനെ കാത്തിരിക്കേണ്ടതു്? പണ്ഡിതനായ ഡയറക്ടർ അവർകൾക്കുപോലും എളുപ്പം പറവാൻ നിവൃത്തിയില്ലാത്തതായ ചിലസംഗതികൾ ഞാൻ സഭമുമ്പാകെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നു. സർ, ഓരോവർഷവും നാം ഗ്രാന്റുസ്കൂളുകളുടെ ആവശ്യത്തിലേക്കു എന്നുപറഞ്ഞു വിദ്യാഭ്യാസവകുപ്പിൽ നീക്കിവയ്ക്കുന്നസംഖ്യയെ അതിലേക്കായി എന്താവശ്യത്തിനു നാം പണം നീക്കിവച്ചിട്ടുണ്ടായിരുന്നുവൊ ആ ആവശ്യത്തിലേക്കായിതന്നെ ചിലവിട്ടുവരുന്നുണ്ടൊഎന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഞാൻ ഈ ചോദ്യത്തിനു "ഇല്ല" എന്നാണ് മറുപടി പറയുന്നതു എങ്കിൽ എന്റെ മറുപടിയെ ആരെങ്കിലും എതിർക്കാൻ തയ്യാറുണ്ടോ?

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): മെമ്പർപറയുന്നതിനെ കുറെക്കൂടി വിശദപ്പെടുത്തിപറഞ്ഞാൽ കൊള്ളാമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗ്രാന്റുവിദ്യാലയങ്ങൾവഴിക്കു വിദ്യാർത്ഥികൾക്കു് നൽകിവരുന്ന വിദ്യാഭ്യാസത്തിലേക്കായി നാം ധാരാളംപണം ചിലവാക്കിവരുന്നുണ്ടു. ഇതിലേക്കു് നീക്കിവയ്ക്കുന്നസംഖ്യ അതായതു മുഴുവൻസംഖ്യയും ഏതാവശ്യത്തിലേക്കു നീക്കിവയ്ക്കപ്പെട്ടിരിക്കുന്നുവോ അതിലേക്കുതന്നെ വിനിയോഗിക്കപ്പെടുന്നുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എനിക്കു നല്ലപോലെ മനസ്സിലാകുന്നില്ല. ഒരുസ്ഥാപനത്തിൽനിന്നും ലഭിക്കുന്നതായ ഫീസുകളും അതിനുതന്നെ നൽകിവരികയാണുചെയ്യുന്നതു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു യാതൊരുഫീസും കരസ്ഥമാക്കിവച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുവളരെ സമർത്ഥമായ ഒരുമറുപടിതന്നെ. ബഡ്ജററിൽ ഒരുവ്യവസ്ഥയുണ്ട്. സംഖ്യ ലാപ്സായിപ്പോകുന്നതിനു അനുവദിക്കാറുണ്ടോഎന്നു അറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): മെമ്പരുടെചോദ്യം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഏതെങ്കിലും ഒരുവകുപ്പിനു പ്രത്യേകമായി നിർദ്ദേശിച്ചു നീക്കിവച്ചിട്ടുള്ളസംഖ്യ അതിലേക്കു വിനിയോഗം ചെയ്യുന്നുണ്ടോ എന്നുള്ളതാണു മെമ്പരിന്റെ ചോദ്യമെന്നുവരികിൽ ഉണ്ടെന്നുതന്നെ ഞാൻ അതിനു മറുപടിപറയും. ഗ്രാന്റുകൾ പള്ളിക്കൂടങ്ങൾ തുടങ്ങുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാകുന്നു. സ്കൂളുകൾക്കു് ഗ്രാന്റുനൽകുകയും അതു സ്കൂളുകൾ നടത്തിപ്പോരുകയും ചെയ്യുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ മെമ്പർ വളരെ ചുരുക്കിയതാണ്. ചില സംഖ്യകൾ ഏതാണ്ട് ചില പ്രത്യേക കാര്യങ്ങൾക്കുതന്നെ ചിലവാക്കണമെന്നുള്ള മനഃപൂർവ്വകമായ ഉദ്ദേശത്തോടുകൂടി അവ [illegible]ായി നാം നീക്കിവയ്ക്കുന്നു. ഇങ്ങനെ വിപുലമായ ഒരു വ്യവസ്ഥ ചെയ്യുന്നതുകൊണ്ട് ഈ വ്യവസ്ഥയ്ക്കനുസരണമായ വിധത്തിൽ ഒരു ഗുണം രാജ്യത്തിനു അതിൽനിന്നും സിദ്ധിക്കുന്നുണ്ടോ എന്നുള്ള ചോദ്യമാണ് ഞാനിപ്പോൾ ചോദിക്കുന്നതു. സർ, ഞാൻ പറയുന്നതു വിശദമാകുന്നുണ്ടോ? സാമുദായികമായിട്ടുള്ള ഐക്യബോധം ഉണ്ടാക്കത്തക്ക വിധത്തിൽ വല്ലതും നമ്മുടെ വിദ്യാഭ്യാസപദ്ധതിയിൽ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുള്ള ചോദ്യമാണ് അടുത്തതായി ഞാൻ ചോദിക്കുന്നതു. ഭിന്നസമുദായങ്ങൾ തമ്മിലുള്ള മൈത്രിയെസംബന്ധിച്ചു യാതൊന്നും തൽക്കാലം പറയുന്നില്ല. ഈ വിഷയത്തിൽ വല്ലതും പ്രവർത്തിക്കുന്നതിനു ദൂരക്കാഴ്ചാപൂർവ്വമായ വല്ല ആലോചനയുടേയും ആവശ്യമുണ്ടോ? സർ, ഇപ്പറഞ്ഞതു തെറ്റാണെന്നു പറവാൻ ആർക്കെങ്കിലും കഴിയുമോ?

മി. ചാക്കോ മുരിക്കൻ (വയ്ക്കം): അത്തരത്തിലുള്ള വിദ്യാഭ്യാസത്തിനു പ്രചാരം വരുത്തുന്നതിനുള്ള മാർഗ്ഗം എന്താണെന്നു എന്റെ സ്നേഹിതനു ഒന്നു സൂചിപ്പിക്കാൻ കഴിയുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർവ്വകലാശാല ബിരുദങ്ങൾ നേടുന്നതിനുവേണ്ട വിദ്യാഭ്യാസം കരസ്ഥമാക്കുന്നവർക്കുപോലും തിരുവിതാംകൂറിലെ ഗ്രാമങ്ങളുടെ പേരും ചിലപ്പോൾ അറിഞ്ഞുകൂടാ. ബി. എ. പരീക്ഷ പാസ്സായിട്ടുള്ള ഒരുവനു തിരുവിതാംകൂറിന്റെ രാഷ്ട്രീയ ഘടനയെപ്പറ്റിയോ ചരിത്രത്തെപ്പറ്റിയോ വല്ലതും അറിയാമോ? എന്നും പഴയകാലത്തു തിരുവിതാംകൂറിന്റെ നില എന്തായിരുന്നുവെന്നും ഇന്നു നാം കാണുന്ന തിരുവിതാംകൂറിന്റെ നില എന്താണെന്നും നാം എന്തെല്ലാം ഘട്ടങ്ങളിൽകൂടി കടന്നുവന്നുവെന്നും ഉള്ള ചോദ്യങ്ങൾക്കു മറുപടി പറവാൻ സാധിക്കുമോ എന്നു ഞാൻ ചോദിക്കുന്നതായിരുന്നാൽ അതിനും എതിർവാദം ഉണ്ടാകുമോ?

മി. ചാക്കോ മുരിക്കൻ (വയ്ക്കം): പള്ളിക്കൂടങ്ങളിൽ തിരുവിതാംകൂർ ചരിത്രം പഠിപ്പിച്ചു വരുന്നുണ്ടെന്നുള്ള സംഗതി മെമ്പറിനു അറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചില മലയാളം മിഡിൽസ്കൂളുകളിൽ മൂന്നാംക്ലാസ്സിനു താഴെയുള്ള ക്ലാസ്സുകളിൽ ഒരുപക്ഷേ പഠിപ്പിക്കുന്നുണ്ടായിരിക്കാം എന്നാണ് എന്റെ മെമ്പർ. അതും ഉടൻതന്നെ മറന്നുപോകത്തക്ക വിധത്തിലാണ് പഠിപ്പിക്കുന്നതു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): മിസ്റ്റർ ശങ്കുണ്ണിമേനോൻ എഴുതിയിട്ടുള്ള തിരുവിതാംകൂർചരിത്രം ഇല്ലയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിങ്ങളുടെയും എന്റെയും കൈവശം അതിന്റെ ഓരോ പ്രതിയുണ്ടായിരിക്കാം. എന്നാൽ അതിനെ പഠിപ്പിച്ചുവരുന്നുണ്ടോ എന്നാണ് എന്റെ ചോദ്യം. സർ, പിന്നെയും വേറൊരു ചോദ്യംകൂടി എനിക്കു ചോദിക്കുവാനുണ്ട്. വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളെല്ലാം കുറവറ്റരീതിയിലാണു പ്രദാനംചെയ്തുവരുന്നതെന്നു പണ്ഡിതനായ ഡയറക്ടർ ഒരുപക്ഷെ പറയുമായിരിക്കാം. എന്നാൽ രാജ്യത്തിലുള്ള പൊതുജനങ്ങൾക്കു അതിനെപ്പറ്റി തോന്നിയിട്ടുള്ള അഭിപ്രായം അതു തന്നെയാണോ?

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): അങ്ങനെ ഒന്നും പ്രസ്താവിച്ചതായി ഓർക്കുന്നില്ല. ഞാൻ എപ്പോഴാണു അപ്രകാരം പ്രസ്താവിച്ചതു എന്നു അറിഞ്ഞാൽ കൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ ഡി. സി. ജോസഫിന്റെ പ്രസ്താവനയ്ക്കു മറുപടി പറഞ്ഞ അവസരത്തിലാണ്. മിസ്റ്റർ ഡി. സി. ജോസഫ് പറഞ്ഞതിനെ ഞാൻ കുറെക്കൂടി പരമാർത്ഥപരമായി വിശകലനംചെയ്തു എന്നേ ഉള്ളു.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ അങ്ങനെയല്ല പറഞ്ഞതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പണ്ഡിതനായ പ്രൊഫസർ.

പ്രസിഡണ്ട്: ദയവുചെയ്തു അദ്ദേഹത്തെപ്പറ്റി പറയുമ്പോൾ പണ്ഡിതനായ മെമ്പർ എന്നോ മെമ്പർ എന്നോ പറഞ്ഞാൽക്കൊള്ളാം, അല്ലാതെ പ്രൊഫസർ എന്നു പറയാതിരിക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഗവണ്മെന്റുവകയും പ്രൈവറ്റായിട്ടുള്ളവയും ആയ സ്ഥാപനങ്ങൾ ഓരോ സ്ഥലങ്ങളിലെ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണോ വിതരണം ചെയ്തിരിക്കുന്നതു എന്ന ചോദ്യം ചോദിച്ചുകൊള്ളുന്നു. അല്ല എന്നു ഞാൻ പറയുന്നതായിരുന്നാൽ അതിനെ ആരെങ്കിലും നിഷേധിക്കുമോ? സർ, ഇന്നു തുടങ്ങുന്നതും നാളെ നിർത്തുന്നതുമായി അനേകം സ്കൂളുകൾ ഉണ്ടെന്നു ഞാൻ പറയുന്നതായിരുന്നാൽ അതിനെ നിഷേധിക്കുന്നതിനു ആരെങ്കിലും ഒരുങ്ങുമോ? നൂതനമായി പള്ളിക്കൂടങ്ങൾ തുടങ്ങുന്നതിനെസംബന്ധിച്ചു ഭിന്നസമുദായങ്ങൾ തമ്മിൽ വലിയ വഴക്കുകളായിക്കൊണ്ടിരിക്കുന്നു. നൂതനവിഷയങ്ങൾ ഇന്നു പഠിപ്പിക്കുവാൻ തുടങ്ങുകയും നാളെ വേണ്ടെന്നുവയ്ക്കുകയും ചെയ്യുന്നതും ഉദ്യോഗപരമായ വിഷയങ്ങൾ ഇന്നു തുടങ്ങി നാളെ അവസാനിപ്പിക്കുന്നതും ചിന്തകർശങ്ങളോടുകൂടി ഓരോ സ്ഥലങ്ങളിൽ നൂതനമായി സ്കൂളുകൾ തുടങ്ങി നാളെ അവസാനിപ്പിക്കുന്നതും. തീരെ അനാശാസ്യമായ ചില സ്ഥാപനങ്ങൾ ഇന്നു തുടങ്ങി നാളെ നശിക്കുവാൻ അനുവദിക്കുന്നതും മററും കാണുമ്പോൾ വിദ്യാഭ്യാസ വിഷയകമായി വിദ്യാഭ്യാസ മേധാവികൾ കണ്ണും അടച്ചുകൊണ്ടുള്ള ഒരു നയത്തെയാണ് അനുകരിച്ചുവരുന്നതു എന്നു ഞാൻ പറയുന്നതായിരുന്നാൽ ആരെങ്കിലും അതിനെ എതിർക്കുവാൻ ഒരുങ്ങുമോ? ഈ സഭയ്ക്കു സമ്മതിച്ചുതരുവാനല്ലാതെ ഗത്യന്തരമില്ലാത്തതും എതിർവാദത്തിനു വകയില്ലാത്തതും ആയ സംഗതികൾ അല്ലയോ ഇവയെല്ലാം. വിദ്യാഭ്യാസസമ്പ്രദായത്തെ ആകമാനം ഉടച്ചുവാർക്കുന്നതിനു കുറെ കാലവും കുറെ കാര്യമായ ആലോചനയും വേണ്ടിവരുമെന്നിരുന്നാലും ഈ സംഗതികൾ എല്ലാം വലിയ ആലോചനകൾ ഒന്നുംകൂടാതെതന്നെ ചെയ്യാൻ പാടുള്ളതല്ലയോ. പള്ളിക്കൂടത്തിൽ പോകുന്ന വിദ്യാർത്ഥി ലോക-

ണ്ടിവരേണ്ട വിദ്യാഭ്യാസം നാം നൽകിവരുന്നതെന്നും ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം ദോഷമയമായിട്ടുള്ളതാണെന്നും മേലാൽ ഈ സമ്പ്രദായം വച്ചുനടത്തിക്കൊണ്ടുപോകുവാൻ പാടില്ലാത്തതാണെന്നും നാം സമ്മതിക്കുന്നപക്ഷം നാം ഇനിമേലാൽ നൂതനമായി പള്ളിക്കൂടങ്ങൾ തുടങ്ങുന്നതിനെങ്കിലും അനുവദിക്കാതെ ഇരിക്കേണ്ടതല്ലയോ? തിരുവിതാംകൂറിനെ പ്രത്യേകമായി എന്തെങ്കിലും നാം ചെയ്യുവാൻ തുടങ്ങുമ്പോൾ നമ്മെ പുറമെ ഉള്ളവർ പരിഹസിക്കാതെ കണ്ടിരിക്കുന്നതിലേക്കായി ഇപ്പോഴുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെ എല്ലാം ഗവൺമെന്റുവകയും പ്രൈവറ്റും ആയുള്ള എല്ലാ സ്ഥാപനങ്ങളേയും കാര്യക്ഷമതയെ സംബന്ധിച്ചിടത്തോളം ഒരു നിശ്ചിത സ്റ്റാൻഡാർഡിൽ ആക്കിവയ്ക്കുന്ന വിഷയത്തിൽ വേണ്ട ശ്രമം ചെയ്യേണ്ടതല്ലയോ? ആസ്ഥിതിക്ക ഈ സംഗതികളെ എല്ലാംപറ്റി ആരെങ്കിലും എവിടെയെങ്കിലും സൂക്ഷ്മമായി പര്യാലോചിക്കുന്നുണ്ടെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്? ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. തിരുവിതാംകൂറിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ കണക്കില്ലാത്തവിധം വർദ്ധിച്ചിട്ടുണ്ട്. അവയിൽ മിക്കവയുംവകക്കൊള്ളരുതാത്ത സ്ഥാപനങ്ങളുമാകുന്നു. അതു ആരുടേയും കുറ്റവും അല്ലതാനും. ജനങ്ങൾ ഈ സ്ഥാപനങ്ങൾക്കു വേണ്ടി മുറവിളികൂട്ടുന്നതുകൊണ്ട് ജനങ്ങൾക്കു അവയെ അനുവദിച്ചുകൊടുക്കുന്നു. അതുകൊണ്ട് ഈ സംഗതിയുടെ നാനാമുഖങ്ങളെപ്പറ്റിയും ആലോചിച്ചുനോക്കുകയും നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികനിലയെ ഓർമ്മിക്കുകയുംചെയ്യുന്ന അവസരത്തിൽ ഒരു നൂതന വിദ്യാഭ്യാസനയം രൂപീകരിക്കുന്നതിനു ഇന്നു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജുവഹിക്കുന്ന പണ്ഡിതനായ മെമ്പറെപ്പോലെയുള്ള ഒരു ആളിനെത്തന്നെയാണ് നമുക്ക ആവശ്യമായിരിക്കുന്നത്. എന്നാൽ അദ്ദേഹത്തിന്റെ ഇപ്പോഴത്തെനിലയ്ക്കു അങ്ങനെയൊന്നു ചെയ്യുവാൻ സാധിക്കുന്നുണ്ടോ? ഡിപ്പാർട്ടുമെന്റിലെ സാധാരണജോലിതന്നെ അദ്ദേഹത്തിനു വളരെ കഠിനമായിത്തീർന്നിരിക്കുന്നു. മേലാൽ അനുസരിക്കേണ്ടവിധത്തിലുള്ള ഒരു നൂതനപദ്ധതി രൂപീകരിച്ചു പ്രവർത്തിച്ചുതുടങ്ങുന്നതിനുള്ള സമയവും സൗകര്യവും അദ്ദേഹത്തിനു എവിടെ ഉണ്ടാകാൻപോകുന്നു. അദ്ദേഹത്തിനു ഒട്ടും സമയമില്ല. അതിനാൽ അദ്ദേഹത്തിനു എത്രതന്നെ സ്നേഹപൂർവ്വമായ താല്പര്യമുണ്ടായിരുന്നാലും എത്രതന്നെ ഹൃദയപൂർവ്വമായി ആശിച്ചിരുന്നാലും തിരുവിതാംകൂറിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിയന്ത്രണാധികാരി എന്നുള്ളനിലയിൽ അദ്ദേഹം ഇരിക്കുന്നിടത്തോളംകാലം അദ്ദേഹത്തിനു ഈ വിഷയത്തിൽ യാതൊന്നും തന്നെ ചെയ്യാൻ സാധിക്കയില്ല.

മി. മാത്യുമുരിക്കൻ (വൈക്കം): അതുകൊണ്ട് അദ്ദേഹത്തെ തിരുവിതാംകൂറിനു വെളിയിൽ പഠിക്കുന്നതിനായി അയക്കണമെന്നാണോ മെമ്പറിന്റെ അഭിപ്രായം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, അല്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): സർ, പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡണ്ട് സമ്മതിച്ചതുപോലെ വിദ്യാഭ്യാസം എന്നവിഷയം വളരെ വിപുലമായ ഒന്നായിത്തീർന്നിട്ടുണ്ട്. ഒന്നോ രണ്ടോ ദിവസംകൊണ്ട് ഒരു തീരുമാനം ഉണ്ടാക്കാവുന്നതായ ഒരു സംഗതിയല്ല അത്. വളരെ പ്രശസ്തന്മാരും വിദഗ്ദ്ധന്മാരും ആയ ആളുകളുടെ ശ്രദ്ധ ഈവിഷയത്തിൽ പതിയേണ്ടതായിട്ടാണു ഇരിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഇൻഡ്യാഗവൺമെന്റ കുറെ വർഷങ്ങൾക്കുമുമ്പു അറിഞ്ഞു. അതിന്റെ ഫലമായിട്ടാണ് കൽക്കത്തായിലെ സർവ്വകലാശാലക്കമ്മീഷൻ അതിനെപ്പറ്റി ആലോചിക്കുന്നതിനായി കൂടിയത്. ഇതിനെപ്പറ്റി അവർ ദീർഘമായി ആലോചിച്ചു. ഏതുവഴിക്കാണ് മുന്നോട്ടുപോകേണ്ടത് എന്നുള്ളതിനെസംബന്ധിച്ച് അവർ ഇതേവരെ യാതൊന്നുംതന്നെ തീരുമാനിച്ചിട്ടില്ല. സർവ്വകലാശാലക്കമ്മീഷന്റെ റിപ്പോർട്ടു ഏതോ മൂലയിൽകിടന്നു പൊടിക്കൂട്ടുകയാണ്. ആസ്ഥിതിക്ക ഇപ്പോൾ പെട്ടെന്നു ഈവിഷയത്തെസംബന്ധിച്ചു വേണ്ട ആലോചനകൾ നടത്തണമെന്നു മുറവിളികൂട്ടിയാൽ ആയതു തീരുമാനം അസാദ്ധ്യമായിരിക്കുമെന്നാതന്നെ ഞാൻ പറഞ്ഞുകൊള്ളുന്നു. മറ്റുസ്ഥലങ്ങളിൽ അനേകം കമ്മിറ്റികൾ ഇതുപോലെ കൂടിആലോചിച്ചിട്ടുള്ള സ്ഥിതിക്കും അവരുടെ റിപ്പോർട്ടുകൾ നമുക്കു ഉപയോഗപ്പെടുത്താമെന്നുള്ളനിലക്കും ഇവിടെയും ഒരു കമ്മിറ്റി രൂപീകരിക്കണമെന്നു നാം ആവശ്യപ്പെടുന്നതു ഒട്ടുംതന്നെ ശരിയായിരിക്കയില്ല. ഈ വിപുലമായസംഗതിയെ പറ്റി വേണ്ടപോലെ ആലോചിച്ചു എന്തെങ്കിലും കണിശമായ ഒരു തീരുമാനം ഉണ്ടാക്കുന്നതിനു നമ്മുടെ പണ്ഡിതനായ ഡയറക്ടർ അവർകളെ ചുമതലപ്പെടുത്തുന്നതുതന്നെ ഉത്തമമായിരിക്കും എന്നാണ് എനിക്കുതോന്നുന്നത്. അദ്ദേഹം ഒരു റിപ്പോർട്ടു തയ്യാറാക്കി വിദഗ്ദ്ധന്മാരുടെ ഒരു കമ്മിറ്റിമുമ്പാകെ അദ്ദേഹം അതിനെ സമർപ്പിക്കുന്ന അവസരത്തിൽ നമുക്കും അതിനുള്ള മാർഗ്ഗങ്ങളെസംബന്ധിച്ചും ഈ പ്രധാനപ്പെട്ട വിദ്യാഭ്യാസവിഷയത്തെസംബന്ധിച്ചും ഒരു തീരുമാനം ചെയ്യുന്നതിനെസംബന്ധിച്ചും ഉള്ള സൂചനകൾ നൽകുകയും ചെയ്യാം. ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായത്തെ പരിഷ്കരിക്കുന്നതിനു ഏതാണ്ടു ചിലമാർഗ്ഗങ്ങൾ എന്റെ സ്നേഹിതന്മാർ ഇവിടെ സൂചിപ്പിക്കയുണ്ടായി. അവയിൽ ഒന്നു മലയാളവും ഇംഗ്ലീഷും മിഡിൽസ്കൂളുകളെ യോജിപ്പിക്കുക എന്നുള്ളതാകുന്നു. ആ അഭിപ്രായത്തോടുകൂടി ഞാനും യോജിക്കുന്നു. കൊച്ചിയിലും മൈസൂരിലും പ്രത്യേകം പ്രത്യേകമായി നാട്ടുഭാഷാ മിഡിൽസ്കൂളുകളും ഇംഗ്ലീഷ് മിഡിൽസ്കൂളുകളും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ഇവയെ ഒന്നായി യോജിപ്പിക്കുന്നപക്ഷം അനാവശ്യമായ ധാരാളം ചിലവിനെ കുറയ്ക്കുന്നതിനും തന്മൂലം വളരെ ഗുണമുണ്ടാകുന്നതിനും ഇടയാകുമെന്നുള്ളതാകുന്നു. വിദ്യാഭ്യാസത്തെ ഇപ്പോൾ കാലക്ഷേപത്തിനുള്ള ഒരു മാർഗ്ഗമായിട്ടു മാത്രമായിട്ടാണ് ജനങ്ങൾ കരുതിവരുന്നത്. ഇപ്പോൾ ആരും തന്നെ വിദ്യാഭ്യാസത്തെ വിദ്യാഭ്യാസത്തിനുവേണ്ടി ആശിക്കുന്നില്ല. ആനിലയിലാണ് നാം വിദ്യാഭ്യാസത്തെ വീക്ഷിക്കേണ്ടത്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): മലയാളംപള്ളിക്കൂടങ്ങൾ നിർത്തി അവയെ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളോടു യോജിപ്പിക്കണമെന്നാണോ മെമ്പറിന്റെ അഭിപ്രായം.?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): മലയാളം മിഡിൽസ്കൂളുകൾ നിർത്തണമെന്നുമാത്രമേ ഞാൻ പറഞ്ഞൊള്ളു. പ്രാഥമിക വിദ്യാലയങ്ങൾ നിർത്തണമെന്നു ഞാൻ സൂചിപ്പിച്ചേ ഇല്ല. പ്രാഥമികവിദ്യാഭ്യാസം ഈ രാജ്യത്തുള്ള ഓരോ ആളിനും അത്യന്താപേക്ഷിതമായിട്ടുള്ളതാകുന്നു. ജീവിതത്തിലുള്ള യാതൊരു ഉദ്യോഗത്തിനുംതന്നെ ഇതുകൂടാതെ കാര്യക്ഷമതയുണ്ടാകുന്നതല്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): മെമ്പർ പറഞ്ഞതിൽ ഒരു പായിന്റ് എനിക്കു വിശദമായി മനസ്സിലായില്ല. മലയാളം മിഡിൽസ്കൂളുകളെ നിശ്ശേഷം നിറുത്തൽചെയ്തു അവയ്ക്കുപകരം മററു പള്ളിക്കൂടങ്ങൾ തുടങ്ങണമെന്നാണൊ അതല്ല മലയാളംപള്ളിക്കൂടങ്ങളും ഇംഗ്ലീഷ്പള്ളിക്കൂടങ്ങളും ഒന്നുചേർക്കണമെന്നാണൊ മെമ്പർ പറയുന്നതെന്നു അറിഞ്ഞാൽകൊള്ളാം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര–കുന്നത്തൂർ): ഞാൻ പറഞ്ഞതു മലയാളം മിഡിൽസ്കൂളുകളും ഇംഗ്ലീഷ്മിഡിൽസ്കൂളുകളും യോജിപ്പിക്കണമെന്നാണ് ഞാൻ പറഞ്ഞതു്. സർ, നമ്മുടെ ഇടയിലുള്ള താണജാതിക്കാർക്കു നാം വേണ്ടിടത്തോളം വിദ്യാഭ്യാസം നൾകിവരുന്നില്ല. നാം വിദ്യാഭ്യാസം നൾകുന്നതു ഫീസുകൂടാതെ ആയിരിക്കാം. എന്നാലും അതിനെ ഈ താണജാതിക്കാർ വേണ്ടപോലെ സ്വീകരിച്ചുപയോഗപ്പെടുത്തുന്നില്ല. ഇത്തരത്തിലുള്ള വിദ്യാഭ്യാസം സ്വീകരിക്കത്തക്കവണ്ണമുള്ള ധനസ്ഥിതികൾ അവർക്കില്ല. അവർക്കു ആഹാരംപോലും ഇല്ല. അവർക്കു പുസ്തകങ്ങൾ ഇല്ല. അവർക്കു വേണ്ടിടത്തോളം വസ്ത്രങ്ങൾപോലുമില്ല. ഈ ആവശ്യങ്ങൾഎല്ലാം അവർക്കു നൾകുന്നുഎങ്കിൽ മാത്രമേ അവർക്കു പള്ളിക്കൂടങ്ങളിൽപോകുവാൻ സാധിക്കയുള്ളൂ. താണജാതിക്കാരിൽ ൯൦ ശതമാനവും എഴുതുവാനും വായിക്കുവാനും അറിയാൻ പാടില്ലാത്തവരാണ്. അവരെ നാം പഠിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നതു്, നമ്മുടെ പള്ളിക്കൂടങ്ങളിൽ വിദ്യാഭ്യാസം ചെയ്യുന്നതിനു അവർക്കു സാധ്യമാകത്തക്കവണ്ണം വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതു നമ്മുടെ ഒഴിച്ചുകൂടാൻപാടില്ലാത്ത കർത്തവ്യമാകുന്നു. ഗ്രാൻറു പള്ളിക്കൂടങ്ങൾക്കു അനുവദിക്കുന്ന പണത്തെസംബന്ധിച്ചു എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള എന്തോ ചിലതു പറയുകയുണ്ടായി. ഞാനും അദ്ദേഹത്തോടുകൂടി യോജിക്കുന്നു. പ്രൈവററ് സ്കൂൾമാനേജരന്മാർ ഈ തുകകളെ വേണ്ടുംവണ്ണം ഉപയോഗിക്കുന്നില്ല. എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഈ പള്ളിക്കൂടങ്ങളിലെ ഉപാധ്യായന്മാർക്കുള്ള ശമ്പളം അവർക്കു നൾകാതിരുന്നിട്ടുള്ള ഉദാഹരണങ്ങളും ഉണ്ടു്, വെക്കേഷൻകാലത്തേക്കുള്ള ശമ്പളം മാനേജരന്മാർതന്നെ അപഹരിച്ചെടുക്കുകയാണ് ചെയ്തുവരുന്നതു്. അതുകൊണ്ടു ഈ ഗ്രാൻറുകൾ ഉപാധ്യായന്മാർക്കു നേരിട്ടുകൊടുക്കുന്നതു നന്നായിരിക്കുമെന്നാണ് ഞാൻ സൂചിപ്പിക്കുന്നതു്. മദ്രാസിൽകൂടി ഈവിധത്തിലുള്ള ദൂഷ്യം ഉള്ളതായി കണ്ടിരിക്കുന്നു. ടീച്ചേഴ്സ്ഗിൽഡിന്റെ ഒരു യോഗം മദ്രാസിൽവച്ചു കൂടിയപ്പോൾ ഈ ഗ്രാൻറുകളെ നേരിട്ടു അദ്ധ്യാപകന്മാർക്കു് കൊടുക്കണമെന്നു ബലമായി വാദിക്കുകയുണ്ടായി എന്നാണ് എനിക്കു് തോന്നുന്നതു്.

പ്രസിഡൻറ്. നിങ്ങൾക്കു് ൫ മിനിട്ടുസമയം കൂടിയേഉള്ളൂ. ഉച്ചതിരിഞ്ഞു ലഘുഭക്ഷണം കഴിഞ്ഞു നാം കൂടിയപ്പോൾ ൫ മിനിട്ടു താമസിച്ചാണല്ലോ കൂടിയതു്. മിസ്റ്റർ താണുപിള്ളക്കു സമ്മതമുള്ളപക്ഷം മറുപടി പ്രസംഗംതുടങ്ങാം. ൫ മിനിട്ടുനേരത്തേക്കു സമയം ഇനിയുംഉണ്ടു്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നാളെ രാവിലെ ഇതിനെ തുടങ്ങുന്നതായിരിക്കും.

പ്രസിഡൻറു. എന്നാൽ ഈ സഭ ഇപ്പോൾപിരിഞ്ഞു് വീണ്ടും നാളെ രാവിലെ ൧൧ അര മണിക്കു കൂടുന്നതായിരിക്കും.

വൈകുന്നേരം ൫ അടിച്ചു ഒരു മിനിട്ടായപ്പോൾ യോഗംപിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

ശ്രീമൂലം കൌൺസിൽ.

൧൧൨൪-ാം ആണ്ടേയ്ക്കുള്ള യോഗം.

(ഔദ്യോഗിക റിപ്പോർട്ട്.)

൧൧൨൪ കർക്കടകം ൨൬-ാം/൧൯൪൯ ആഗസ്റ്റ് ൧൧-ാം ചൊവ്വാഴ്ച.

പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൌൺസിൽ [illegible] ഹാളിൽ വീണ്ടും കൂടി.

ചോദ്യങ്ങളും ഉത്തരങ്ങളും.

കെ. കെ. റോഡിലെ [illegible] ബസ്സുകൾ.

൫൫൭. മി. ആർ. രാമൻപിള്ള (കോട്ടയം): [illegible] കൂടിയ കൌൺസിൽ യോഗത്തിൽ കോട്ടയം [illegible] റോഡിലെ [illegible] ബസ്സുകളെ സംബന്ധിച്ച് ചോദിച്ച ഉപചോദ്യത്തിനു മറുപടി [illegible] പ്രസ്താവിച്ചതിനെ സംബന്ധിച്ച് (തിരുവനന്തപുരം [illegible]) ഗവൺമെന്റു താഴെപ്പറയുന്ന വിവരങ്ങൾ തരുമോ?

(എ) ഉത്തരത്തിൽ പറഞ്ഞ കാര്യം ശേഖരിച്ചശേഷം ഈ സംഗതിയിൽ അവർ എന്തു പ്രവർത്തിച്ചു എന്നും;

(ബി) (i) കോട്ടയം മോട്ടോർട്രാൻസ്പോർട്ടും ഏറിയൽറോപ്പ്‌വേ കമ്പനി ക്ലിപ്തത്തിന്റെ നമ്പ്രിയും [illegible] ലോറികൾക്ക് കണ്ടക്ടർ ആണെന്നും [illegible] ലോറികൾക്ക് ന്യൂമാറ്റിക്ക് ടയർ ആണെന്നും

(ii) കൂടുതൽ ഭാരവും [illegible] കണ്ടക്ടർ [illegible] ലോറികൾ [illegible] ന്യൂമാറ്റിക്ക് ടയർ ഉള്ള ലോറികളെ [illegible] റോഡിനു കൂടുതൽ നാശം ചെയ്യുന്നുവെന്നും

(iii) [illegible] ലോറികൾ റോഡിനു വളരെ നാശം ചെയ്തിട്ടുണ്ടെന്നും ചെയ്തുവരുന്നുണ്ടെന്നും കെ. കെ. റോഡിൽ [illegible] പാലത്തിനു കേടു വരുത്തിട്ടുണ്ടെന്നും ഈ പാലത്തിൽ കൂടി പ്രസ്തുത ലോറികൾ കൊണ്ടുപോകുന്നതിനു സമ്മതിക്കാൻ പാടില്ലെന്നും പി. ഡബ്ലിയു. ഡി. മേസ്ത്രി മേലാവിലേക്കു റിപ്പോർട്ടു ചെയ്തിട്ടില്ലെന്ന് അവർക്ക് അറിയാമോ എന്നും

(സി) അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ഈ കാര്യത്തിൽ അവർ എന്തു നടപടി എടുക്കുവാൻ നടത്തിട്ടുണ്ടെന്നും

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): (എ) മേൽപ്പറഞ്ഞ ലോറികളുടെ കാര്യത്തിൽ നിരക്കുകൾ അനുപാതക്രമത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) (i) അറിയാം.

(ii) അറിയാം.

(iii) ഗവൺമെന്റിനു അറിഞ്ഞുകൂടാ.

(സി) (ബി) ഭാഗം മൂന്നിന്റെ ഉത്തരത്തിനിന്ന് ഇതു ഉത്ഭവിക്കുന്നില്ലെന്നു കാണാം.

മി. ആർ. രാമൻപിള്ള (കോട്ടയം): പാട്ട എ. ലോറികൾക്ക് മുമ്പിലത്തേക്കാൾ ഇപ്പോൾ റേറ്റു കൂട്ടിട്ടുണ്ടോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): ലോറികൾക്ക് ഒരു ദിവസത്തേക്ക് [illegible] രൂപാ ആക്കിട്ടുണ്ട്. മറ്റുള്ള ബസ്സുകളെപ്പോലെ കൂടക്കൂടെ കടന്നുപോകയാണെങ്കിൽ ഒരു ട്രിപ്പിനു [illegible] രൂപാവീതം കൊടുക്കണം.

മി. ആർ. രാമൻപിള്ള (കോട്ടയം): പോകുമ്പോഴും തിരിയെ വരുമ്പോഴും കൊടുക്കണമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): ഏതു പ്രാവശ്യം പോയാലും മറ്റുള്ള ബസ്സുകളെപ്പോലെ തന്നെ രണ്ടുരൂപാവീതം കൊടുക്കണം.

മി. ആർ. രാമൻപിള്ള (കോട്ടയം): എന്റെ ചോദ്യത്തിൽതന്നെ കോട്ടയം-കുമരകം റോഡു എന്നു എഴുതിയിരിക്കുന്നു. അങ്ങനെ വണ്ടി പോകത്തക്കതായ ഒരു റോഡില്ല. അതിനെ കോട്ടയം-കുമിളിറോഡ് എന്നു തിരുത്തണം.

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): തിരുത്തിക്കൊള്ളാം.

മി. ആർ. രാമൻപിള്ള (കോട്ടയം): കോട്ടയം-കുമിളിറോഡിൽ ൧൭-ാമത്തെ മൈലിലുള്ള ഒരു പാലം കേടുവന്നിട്ടുണ്ടെന്നു റിപ്പോർട്ടുചെയ്തിട്ടുണ്ടോ എന്നുള്ള എന്റെ ചോദ്യത്തിനു ഗവൺമെന്റിനറിവില്ലെന്നു മറുപടി പറഞ്ഞിരിക്കുന്നു. ഞാൻ പറഞ്ഞ അറിവിനെ അടിസ്ഥാനമാക്കി മറുപടി പറയേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നുണ്ടോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): മേസ്ത്രി അറിവുതന്നിട്ടുണ്ടോ എന്നു ചോദിച്ചു. അതിലേക്കു അറിവുതന്നിട്ടില്ലെന്നു മറുപടി പറഞ്ഞു.

മി. ആർ. രാമൻപിള്ള (കോട്ടയം): ഈ തിനെപ്പറ്റി അന്വേഷിക്കേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നുണ്ടോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): അന്വേഷിക്കേണ്ട ആവശ്യമില്ല. ലോറികൾക്ക് റേറ്റു കൂട്ടിയതുകൊണ്ടു മറ്റുള്ള ബസ്സുകളെപ്പോലെ റേറ്റു വാങ്ങിക്കുന്നുണ്ട്.

മി. ആർ. രാമൻപിള്ള (കോട്ടയം): പരാതിയിലെ കാര്യത്തെക്കുറിച്ച് അന്വേഷിക്കേണ്ട ആവശ്യമുണ്ടെന്ന ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അന്വേഷിച്ചുകൊള്ളാം.

നിയമസഭാതിരഞ്ഞെടുപ്പിൽ മി. വി ജോസഫ് ഇടപെട്ടത്.

൨൨൩. മി. ആർ. രാമൻപിള്ള (കോട്ടയം): കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനെസംബന്ധിച്ച ചില ഉദ്യോഗസ്ഥന്മാരുടെപേരിലുള്ള പരാതികളെപ്പററി ഇരുപത്തിരണ്ടാമത്തെ ചോദ്യത്തിന് ൧൧൨൮ ഏപ്രിൽ ൨൩-നു കൂടിയ നിയമസഭായോഗത്തിൽ നൽകിയ മറുപടിയെസംബന്ധിച്ച് ഏററുമാനൂർ പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ വി. ജോസഫ് കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ ഇടപെട്ടു എന്ന പരാതിയെപ്പററി പോലീസ്കമ്മീഷണർ നടത്തിയ അന്വേഷണത്തിന്റെ ഫലമെന്താണെന്ന ഗവണ്മെൻറു ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): ഏററുമാനൂർ പോലീസ് ഇൻസ്പെക്ടർ മി. വി. ജോസഫിന്റെപേരിലുള്ള കുററാരോപണങ്ങൾക്ക യാതൊരു അടിസ്ഥാനവുമില്ലെന്ന അന്വേഷണത്തിൽ കണ്ടിരിക്കുന്നുഎന്ന് പോലീസ്കമ്മീഷണർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): അന്വേഷണം നടത്തിയതിൽ പോലീസ് ഇൻസ്പെക്ടർ കുററക്കാരനല്ലെന്ന കണ്ടിരിക്കുന്നതായി പറഞ്ഞിരിക്കുന്നു. സങ്കടക്കാരനെക്കൂടെവെച്ചുകൊണ്ടാണോ അന്വേഷണം നടത്തിയത്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): സാധാരണ സങ്കടക്കാരനെക്കൂടെ വച്ചുകൊണ്ടാണ് അന്വേഷണം നടത്തുകപതിവ്. അതിനാൽ ഈ കേസിലും അങ്ങിനെ ചെയ്തിരിക്കണമെന്ന വേണം ഊഹിക്കാൻ.

മി. ആർ. രാമൻപിള്ള (കോട്ടയം), സങ്കടക്കാരൻ ഞാൻതന്നെയാണ്. അങ്ങിനെ ചെയ്തിട്ടില്ലെന്ന ഞാൻ പറയുന്നു. അതിനാൽ സങ്കടക്കാരനെ കൂടെവച്ചുകൊണ്ടു അന്വേഷണം നടത്തുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): അതിനെപ്പററി പോലീസ്കമ്മീഷണരോടു അറിയിക്കുന്നതു നന്നായിരിക്കും.

പുതിയ സബ് രജിസ്ട്രാർ ആഫീസുകൾ തുറക്കുന്നതിന്റെ ആവശ്യകത.

൨൨൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവണ്മെൻറു താഴെപ്പറയുന്ന വിവരങ്ങൾ ദയവുചെയ്തു തരുമോ?

(എ) ഒരുവർഷത്തിൽ ആയിരത്തിലധികം രജിസ്ട്രേഷനുകൾ നടക്കുന്ന രജിസ്ട്രാധാരങ്ങൾ അയ്യായിരത്തിൽ കവിഞ്ഞിട്ടുള്ളതോ അതിൽ കവിയാൻ ഇടയുള്ളതോ ആയ സ്ഥലങ്ങളിൽ അഡിഷണൽ സബ് രജിസ്ട്രാരന്മാരെയോ, ജായിൻറ് സബ് രജിസ്ട്രാരന്മാരെയോ നിയമിക്കുന്നതിന്റെ ആശാസ്യതയെപ്പററി അവർ ആലോചിച്ചിട്ടുണ്ടോ എന്ന്;

(ബി) ൧൧൨൬-ലും ൧൧൨൭-ലും സബ് രജിസ്ട്രാരന്മാരുടെ അധികാരാതൃത്തി ഭേദപ്പെടുത്തുന്നതിനെ സംബന്ധിച്ച ഗവണ്മെൻറിനും രജിസ്ട്രേഷൻഡയറക്ടർക്കും കിട്ടിയിട്ടുള്ള ഹർജികളുടെ എണ്ണം;

(സി) ഈ കാലത്തു എത്രസബ് രജിസ്ട്രാരന്മാരുടെ അധികാരാതൃത്തി ഭേദപ്പെടുത്തിയിട്ടുണ്ടെന്നും;

(ഡി) അയൽപക്കത്തുള്ള താലൂക്കുകളിൽ സ്ഥിതിചെയ്യുന്ന സബ് രജിസ്ട്രാഫീസുകളുടെ അധികാരാതൃത്തിയിൽപെട്ട നെടുമങ്ങാട്ടുതാലൂക്കിലെ പകുതികൾ.

മി. പി. എൻ കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): (എ) രജിസ്ട്രേഷൻഡയറക്ടരുടെ റിപ്പോർട്ടിന്മേൽ സംസ്ഥാനത്തു അഡിഷണൽ സബ് രജിസ്ട്രാരന്മാരെയോ ജോയിൻറുസബ് രജിസ്ട്രാരന്മാരെയോ നിയമിക്കുന്ന ഏർപ്പാടു സ്വീകരിക്കുന്നതു ആവശ്യമോ ആശാസ്യമോ അല്ലെന്ന ഗവണ്മെൻറു തീരുമാനിച്ചിരിക്കുന്നു. ഇക്കാര്യം വീണ്ടും പരിശോധിക്കുന്നതാകുന്നു.

(ബി ൧൧൨൬-ലും ൧൧൨൭-ലും രജിസ്ട്രേഷൻഡയറക്ടർക്ക് കിട്ടിയ ഹർജികളുടെ എണ്ണം യഥാക്രമം ൮-ം ൭-ം ആകുന്നു. ഗവണ്മെൻറിനും അത്രയുംതന്നെ കിട്ടിട്ടുണ്ട്.

(സി) നാല്.

(ഡി) അപ്രകാരമുള്ള ഒരു പകുതിമാത്രമെയുള്ളു. അതായത് പുല്ലമ്പാറ, അതു ചിറയിൻകീഴുതാലൂക്കിൽ ആററിങ്ങൽസബ് രജിസ്ട്രാരുടെ അധികാരാതൃത്തിയിലാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ചോദ്യത്തിന്റെ (ഡി) ഭാഗത്തിനുള്ള മറുപടിയെസംബന്ധിച്ച ഈ പകുതി നെടുമങ്ങാട്ടുതാലൂക്കിൽ വാമനപുരംപകുതിയിലെ സബ് രജിസ്ട്രാറിന്റെ അധികാരാതൃത്തിയിൽ ആക്കുന്നതിന ഗവണ്മെൻറിന എന്തെങ്കിലും തടസ്സമുണ്ടോ എന്ന പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അതു രജിസ്ട്രേഷൻ ഡയറക്ടരുടെ അഭിപ്രായത്തിനുശേഷമെ ആലോചിക്കാൻ നിവൃത്തിയുള്ളു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഗവണ്മെൻറു ഈ കാര്യം അദ്ദേഹവുമായി ആലോചിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ആ കാര്യം ആലോചിക്കുന്നതായിരിക്കും.

സബ് രജിസ്ട്രാരന്മാരുടെ സ്ഥലംമാററം.

൨൨൫. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ഥലംമാററപ്പെട്ട സബ് രജിസ്ട്രാർമാർ, അവരുടെ മാറുന്നസ്ഥലങ്ങളിൽ എത്രകാലം ജോലിയിൽ ഇരുന്നിട്ടുണ്ടെന്നും അവരുടെ സ്ഥലംമാററത്തിനുള്ള കാരണങ്ങളും കാണിച്ചുകൊണ്ടു, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്ക് അധികാരങ്ങൾ നൽകിയതിനുശേഷം ഇപ്പോഴത്തെ രജിസ്ട്രേഷൻ ഡയറക്ടർ സ്ഥലംമാററിയിട്ടുള്ള സബ് രജിസ്ട്രാരന്മാരുടെ ഒരു ലിസ്റ്റ് ഗവണ്മെൻറു സഭയുടെ മേശപ്പുറത്തു വയ്ക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): നിയമസഭ പ്രൊസീഡിംഗ്സ് ൧൧൨൮-ാം വാല്യം ൭൨ ൭-ാംവാരം ൧൧൨ ൭-ാംനമ്പർ ചോദ്യവും ൭൨൭ മുതൽ ൭൨൯ വരെ വശങ്ങളിൽ ൭ എ മുതൽ ൭ സി വരെ അനുബന്ധങ്ങളും മെമ്പർ നോക്കിയാൽ അറിയാവുന്നതാണ്. അതിനുശേഷം ചെയ്തിട്ടുള്ള സബ് രജിസ്ട്രാരന്മാരുടെ സ്ഥലംമാററങ്ങളെപ്പററി കൂടുതലായിട്ടുള്ള ഒരുപട്ടിക *മേശപ്പുറത്തു വച്ചിരിക്കുന്നു.

---

* XXXIV എ-യും XXXIV ബി-യും അനുബന്ധങ്ങൾ നോക്കുക.

സബ്ബ് അസിസ്റ്റൻറ സർജന്മാരുടെ നിയമനം.

൬൯. മി. മുട്ടപ്പ ഇട്ടിച്ചൻ (കുന്നത്തുനാട്): താഴെപ്പറയുന്ന കാര്യങ്ങൾക്ക ഗവൺമെൻറ സദയം മറുപടിപറയുമോ?

(എ) എം. ബി. ബി—എസ്സോ, എൽ. എം—എസ്സോ, പരീക്ഷ ജയിച്ചിട്ടുള്ളവരെ സബ്ബ്അസിസ്റ്റൻറ സർജന്മാരായി നിയമിച്ചുകൂടാ എന്ന മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ വല്ലചട്ടവുമുണ്ടോ എന്നും;

(ബി) ഇതുവരെ (൩-൯-൧൯൫൭) അവരിൽ ആരെയെങ്കിലും സബ്ബ്അസിസ്റ്റൻറ സർജനായി നിയമിച്ചിട്ടുണ്ടോ എന്ന്;

(സി) അപ്രകാരം യാതൊരു ചട്ടവും ഇല്ലെങ്കിൽ അവരെ എന്തുകൊണ്ടാണ് സബ്ബ് അസിസ്റ്റൻറസർജന്മാരായി നിയമിക്കാത്തതെന്നും;

(ഡി) അവരിൽ സബ്ബ് അസിസ്റ്റൻറ സർജന്മാരായി നിയമിക്കണമെന്ന അപേക്ഷിച്ചിട്ടുള്ളവരുടെ പേരുകൾ;

(ഇ) എം. ബി. ബി.-എസ്സോ, എൽ. എം. എസ്സോ പരീക്ഷ ജയിച്ചിട്ടുള്ളവരെ സബ്ബ് അസിസ്റ്റൻറ സർജന്മാർക്ക നിശ്ചയിച്ചിട്ടുള്ള ശമ്പളത്തിന്മേൽ അവർ ജോലിചെയ്യാൻ സമ്മതമാണെങ്കിൽ സബ്ബ്അസിസ്റ്റൻറ സർജന്മാരായി നിയമിക്കുന്നതു ഗവൺമെൻറിന ആദായകരവും ജനങ്ങൾക്ക കൂടുതൽ ഉപയോഗപ്രദവും അല്ലേ എന്ന്;

(എഫ്) ഈ കാര്യം ഗവൺമെൻറ ആലോചിക്കുമോ എന്ന്,

മി. കെ. ജാജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): (എ) അപ്രകാരം ചട്ടമില്ല; എന്നാൽ പതിവനുസരിച്ച അപ്രകാരമുള്ള ആളുകളെ സബ്ബ് അസിസ്റ്റൻറ സർജന്മാരായി നിയമിക്കാറില്ല.

(ബി) ആരുമില്ല.

(സി) ആ തൊഴിലിൻെറ നിലയ്ക്ക ഹാനിതട്ടുന്നതുകൊണ്ടും അപ്രകാരം നിയമിച്ചിട്ടുള്ള ആളുകൾക്ക കാലക്രമേണ അതൃപ്തി ഉണ്ടാകുന്നതുകൊണ്ടും എൽ. എം. പി. പരീക്ഷായോഗ്യതയുള്ളവരെ ഈ ജോലിയിൽ നിയമിക്കാൻ സാധിക്കാതെവരുന്നതിനാലും വൈദ്യപരീക്ഷാ ബിരുദധാരികളെ സബ്അസിസ്റ്റൻറ സർജന്മാരായി നിയമിക്കുന്നതു ആശാസ്യമല്ലെന്നു ഗവൺമെൻറ വിചാരിക്കുന്നു.

(ഡി) മി. എം. മമ്മൻ എം. ബി. ബി. എസ്സ്.

(ഇ)-യും (എഫ്)-ം (സി) ഭാഗത്തിനുള്ള ഉത്തരത്തിൽനിന്നും ഇതു ഉത്ഭവിക്കുന്നില്ലെന്നു കാണാം.

പരസ്പരസഹായസംഘങ്ങൾ പിരിച്ചുവിടുക.

൭൦. മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): താഴെപ്പറയുന്ന കാര്യങ്ങൾക്ക ഗവൺമെൻറ സദയം മറുപടി പറയുമോ?

(എ) സംസ്ഥാനത്തു പരസ്പരസഹായ ഡിപ്പാർട്ടുമെൻറ തുടങ്ങിയതിനുശേഷം എത്ര പരസ്പരസഹായ സംഘങ്ങൾ പിരിച്ചുവിട്ടിട്ടുണ്ടെന്നു,

(ബി) ഇവയിൽ എത്ര സാമുദായികസംഘങ്ങളാണെന്നും, എത്ര സാമുദായിക സംഘങ്ങളല്ലാത്തവയാണെന്നും,

(സി) ഇതുവരെ (൩൦-൯-൧൯൫൭) പിരിച്ചുവിട്ടിട്ടുള്ള സംഘങ്ങളുടെ മുതലും ബാദ്ധ്യതകളും കാണിക്കുന്ന ഒരുപട്ടിക മേശപ്പുറത്തു വയ്ക്കുമോഎന്നു,

(ഡി) അവയുടെ മുതലിനേയും, ബാദ്ധ്യതകളേയും സംബന്ധിച്ച തൃപ്തികരമായ പട്ടികകൾ തന്നിട്ടും ഇതേവരെ (൩൦-൯-൧൯൫൭) അപ്രകാരമുള്ള എത്രസംഘങ്ങളെ പിരിച്ചുവിടണമെന്നു ആജ്ഞാപിച്ചിട്ടുണ്ടെന്നും,

മി. കെ. ജാജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): (എ) ൯൭.

(ബി) ൭൦ സാമുദായികസംഘങ്ങളും ൨൭ സാമുദായികങ്ങളല്ലാത്ത സംഘങ്ങളും,

(സി) ൧൯൫൬-ൽ പിരിച്ചുവിടപ്പെട്ട സംഘങ്ങളുടെ മുതലിൻെറയും, ബാദ്ധ്യതകളുടെയും പട്ടിക ആ വർഷത്തേക്കുള്ള ഡിപ്പാർട്ടുമെൻറിൻെറ വാർഷികറിപ്പോർട്ടിൽ കൊടുത്തിട്ടുണ്ടു. ൧൯൫൭-ൽ റദ്ദുചെയ്തു വന്ന സംഘങ്ങളുടെ കണക്കുകൾ അടുത്ത ആണ്ടത്തെ വാർഷികറിപ്പോർട്ടിനുള്ള കണക്കുകൾ കൂട്ടുമ്പോഴെ കിട്ടുകയുള്ളു.

(ഡി) മുതലിൻെറയും ബാദ്ധ്യതകളുടേയും, തൃപ്തികരമായപട്ടിക ഹാജരാക്കിയിട്ടില്ല എന്ന ഏകകാരണത്തിന്മേൽ യാതൊരുസംഘത്തെയും പിരിച്ചുവിടണമെന്നു ആജ്ഞാപിച്ചിട്ടില്ല.

കൊല്ലത്തും ആലപ്പുഴയുംഉള്ള ഡിസ്ട്രിക്ട് ആശുപത്രികൾ.

൭൧. മി. വി. കെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): താഴെപ്പറയുന്ന കാര്യങ്ങൾക്ക ഗവൺമെൻറ സദയം മറുപടിപറയുമോ?

(എ) ആലപ്പുഴയും കൊല്ലത്തുംഉള്ള ഡിസ്ട്രിക്ട് ആശുപത്രികളിലെ കീഴ്ജീവനക്കാരുടേയും, യാത്രികളുടേയും എണ്ണത്തിൻെറയും, ഓരോ ആശുപത്രിയിലും ഉള്ള രോഗികളുടെ എണ്ണത്തിൻെറയും അനുഗുണ്യം ഒന്നുതന്നെയാകണോ എന്നും,

(ബി) അപ്രകാരമല്ലെങ്കിൽ വ്യത്യാസത്തിന കാരണമെന്തെന്നും,

മി. കെ. ജാജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): (എ)-യും (ബി)-യും ആലപ്പുഴയും കൊല്ലത്തും ഉള്ള ഡിസ്ട്രിക്ട് ആശുപത്രികളിലെ കീഴ്ജീവനക്കാരുടേയും യാത്രികളുടേയും സംഖ്യ അപ്പോഴപ്പോഴുള്ള ആവശ്യങ്ങളനുസരിച്ചു ക്ലിപ്തപ്പെടുത്തിയിട്ടുള്ളതും അതു മിക്കവാറും ഓരോ ആശുപത്രിയിലും നൽകിവരുന്ന വൈദ്യസഹായത്തിൻെറ അനുഗുണ്യം അനുസരിച്ചും ആകുന്നു. രണ്ടു ആശുപത്രികളിലും ഉള്ള സിബ്ബന്ധികളുടെ ഒരുപട്ടിക *മേശപ്പുറത്തു വച്ചിരിക്കുന്നു.

---

* അനുബന്ധം XXXV നോക്കുക.

ആലപ്പുഴ കൊമേർഷ്യൽ കനാലിലെ ചുങ്കവും കൊത്തുവാൾചാവടിയും പാലങ്ങൾ.

൩൩൨. മി. പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): (എ) കല്ലുപാലം ഒഴികെ കൊമേർഷ്യൽ കനാലിലുള്ള എല്ലാ പാലങ്ങളും കേടുവന്നു കിടക്കുകയാണെന്നും,

(ബി) ചുങ്കവും, കൊത്തുവാൾചാവടിയും പാലങ്ങൾ പണിയിക്കുന്നതിനുള്ള താമസംനിമിത്തവും മറ്റു പാലങ്ങൾ കേടുവന്നു കിടക്കുന്നതുകൊണ്ടും ജനങ്ങൾക്കു വളരെ അസൗകര്യമുണ്ടെന്നും ഗവർമ്മെന്റിനു അറിയാമോ?

മി. റ്റി. പി. രാമസ്വബയ്യർ (ഗവർമ്മെന്റുസിക്രട്ടറി): (എ) കൊത്തുവാൾ ചാവടിപ്പാലവും കണ്ണൻവക്കിപ്പാലവും ഒഴികെ കൊമേർഷ്യൽകനാലിലുള്ള മറ്റെല്ലാപ്പാലങ്ങളും നല്ലസ്ഥിതിയിലാണെന്നാണ് റിപ്പോർട്ടുചെയ്തിരിക്കുന്നതു.

(ബി) കൊത്തുവാൾ ചാവടിപ്പാലം കേടുവന്നിരിക്കയാണെന്നാണ് ഗവർമ്മെന്റു മനസ്സിലാക്കിയിരിക്കുന്നത്. കണ്ണൻവക്കിപ്പാലവും നല്ല സ്ഥിതിയിലല്ല. അതു നന്നാക്കാനും മറ്റും പണിചെയ്യേണ്ടിയിരിക്കുന്നു. ഈ രണ്ടുപാലങ്ങളും വീണ്ടും പണിചെയ്യുന്നതിനായി അടങ്കലുകൾ തയ്യാറാക്കിവരുന്നുണ്ട്.

കന്യാകുമാരിയിൽ അവർണ്ണർക്കായി പ്രത്യേകമൊരു സത്രം പണിയേണ്ടതിന്റെ

ആവശ്യകത.

൩൩൩. മി. ഡി. ഫ്രാൻസിസ് (നിയമിതമെമ്പർ): എ. (എ) പ്രധാനമായി മദ്ധ്യവേനൽ ഒഴിവു, ക്രിസ്തുമസ്സ് ഒഴിവു മുതലായ കാലങ്ങളിൽ തിരുവിതാംകൂറിലെ എല്ലാ സമുദായങ്ങളിലും മതങ്ങളിലുംപെട്ട ആളുകൾ കന്യാകുമാരി സന്ദർശിക്കുന്നുഎന്നും,

(ബി) കന്യാകുമാരിയിലുള്ള മുസാവരിബംഗ്ലാവു താമസത്തിനു കിട്ടാത്തപക്ഷം താമസിക്കുന്നതിനു വീടുകൾ ഇല്ലാതെ ക്രിസ്ത്യാനികളും മറ്റു അവർണ്ണരും വളരെ അസൗകര്യങ്ങൾ അനുഭവിക്കുന്നുണ്ടെന്നും ഗവർമ്മെന്റിനറിയാമോ?

ഛ. (എ) കന്യാകുമാരിയിൽ അവർണ്ണരുടെ ഉപയോഗത്തിനായി ഒരു പ്രത്യേകസത്രം പണിയിക്കാൻ എന്തെങ്കിലും നിർദ്ദേശമുണ്ടോ എന്നും,

(ബി) ഛ എ ഭാഗത്തിനുത്തരം അനുസരണപ്രകാരത്തിലാണെങ്കിൽ നിർദ്ദേശം അനുസരിച്ചു ഉടനെ പ്രവർത്തിക്കാൻ വല്ല ഉദ്ദേശം ഉണ്ടോ എന്നും ഗവർമ്മെന്റു സദയം പറയുമോ?

മി. റ്റി. പി. രാമസ്വബയ്യർ (ഗവർമ്മെന്റുസെക്രട്ടറി): എ. (എ)-യും (ബി)-യും അറിയാം.

ഛ. (എ)-യും (ബി)-യും ഇപ്പോൾ അപ്രകാരമുള്ള യാതൊരു നിർദ്ദേശങ്ങളുംഇല്ല. ആ കാര്യം ഗവർമ്മെന്റ് ആലോചിക്കുന്നതാണ്.

മി. ഡി. ഫ്രാൻസിസ് (നിയമിതമെമ്പർ): ചോദ്യത്തിന്റെ ഛ (എ) (ബി) എന്നീ ഭാഗങ്ങൾക്കുള്ള മറുപടിയെസംബന്ധിച്ചു കന്യാകുമാരിയിൽ ഒരു സത്രം പണിയിക്കുന്നകാര്യത്തെപ്പറ്റി അടുത്ത ആണ്ടാരംഭത്തിൽ ആലോചിക്കുമോ എന്നു മെമ്പർ സദയം പറയുമോ?

മി. റ്റി. പി. രാമസ്വബയ്യർ (ഗവർമ്മെന്റുസെക്രട്ടറി): ആലോചന ഉടനെതന്നെ തുടങ്ങുന്നതാണ്. അതിനായി അടുത്ത ആണ്ടുവരെ കാക്കണമെന്നില്ല.

ചേർത്തലഡിസ്ട്രിക്ട് ആശുപത്രി.

൩൩൪. മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപറയുന്നകാര്യങ്ങൾക്കു ഗവർമ്മെന്റു സദയം മറുപടിപറയുമോ?

(എ) ചേർത്തല ഡിസ്ട്രിക്ട് ആശുപത്രി ഏതാണ്ടെന്നാണ് ആരംഭിച്ചതെന്ന്,

(ബി) ആ കാലത്തു പണിയിച്ചിട്ടുള്ളതിനപ്പുറമെ ഈ ആശുപത്രിക്കായി ഏതെങ്കിലും കെട്ടിടങ്ങൾ പണിചെയ്യിപ്പിച്ചിട്ടുണ്ടോ എന്ന്,

(സി) ശസ്ത്രക്രിയകൾ നടത്തുന്നതിനും സ്ത്രീകളും പുരുഷന്മാരുമായ രോഗികളെ കിടത്തിചികിത്സിക്കുന്നതിനും ഈ ആശുപത്രിയിൽ സ്ഥലം പോരാ എന്ന് അവർക്ക് അറിയാമോ എന്ന്,

(ഡി) ഈ സ്ഥലക്കുറവിനെ പരിഹരിക്കുന്നതിനായി ശ്രീമൂലം പ്രജാസഭയിലും നിയമസഭയിലും നിവേദനങ്ങൾ ഉണ്ടായിട്ടില്ലേ എന്ന്,

(ഇ) (ഡി) ഭാഗത്തിനുള്ള ഉത്തരം അനുസരണപ്രകാരത്തിലാണെങ്കിൽ ആ കാര്യത്തിൽ അവർ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ എന്ന്,

മി. കെ. ജാർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): (എ) ൧൦൯൨ മുതൽ ആശുപത്രി നടത്തിവരുന്നുണ്ട്.

(ബി) അതിനുശേഷം താൽക്കാലികമായി ഒരു ഷെഡ് കെട്ടിയിട്ടുണ്ട്.

(സി) ആശുപത്രിക്കു കൂടുതൽ സ്ഥലം ആവശ്യമാണെന്നു മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് റിപ്പോർട്ടുചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) രോഗികൾക്കു ഡിസ്പെൻസറിക്കായി ഒരു കെട്ടിടം പണിയിക്കണമെന്നും ഈ ആശുപത്രിയിലെ ഇപ്പോഴുള്ള കെട്ടിടങ്ങളിൽ കൂടുതലായ ചില പണികൾ നടത്തണമെന്നു മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡു നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ ഗവർമ്മെന്റിന്റെ ആലോചനയിൽ ഇരിക്കയാണ്.

മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): (സി) ഭാഗത്തിനുള്ള മറുപടിയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ആശുപത്രിക്കു കൂടുതൽസ്ഥലം ആവശ്യമാണെന്നു മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് റിപ്പോർട്ടുചെയ്തിട്ടുണ്ട്" ഈ റിപ്പോർട്ടു കിട്ടിയിട്ടു എത്രനാളായി?

മി. കെ. ജാർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): സൂക്ഷ്മമായിട്ടു പറയാൻ നിവൃത്തിയില്ല.

മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ സംഗതി പ്രജാസഭയിൽ എത്രതവണ നിവേദനംചെയ്തിട്ടുണ്ടെന്നു അറിയാമോ?

മി. കെ. ജാർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): പലപ്രാവശ്യം ഇതിനെസംബന്ധിച്ചു നിവേദനം പ്രജാസഭയിൽ ഉണ്ടായിട്ടുണ്ട്.

വെർണ്ണാക്കുലർ അക്കൗണ്ട്ടെസ്റ്റ് പരീക്ഷകൾ.

൧൬൩. മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപറയുന്ന കാര്യങ്ങൾക്കു സമാധാനം സർക്കാർ തരുമോ?

(എ) ഈ സംസ്ഥാനത്തു ഇപ്പോൾ (൧൧൨൫-൧൧൨൬) വെർണ്ണാക്കുലർ അക്കൗണ്ട്ടെസ്റ്റ് പരീക്ഷകൾ ഏതുഭാഷയിലാണ് നടത്തുന്നതെന്ന്,

(ബി) ഈ പരീക്ഷകൾ ആദ്യമായി ഏതുവർഷത്തിലാണ് ഏർപ്പെടുത്തിയതെന്ന്,

(സി) ഈ പരീക്ഷകൾ ഏർപ്പെടുത്തിയകാലത്തു വിവിധതാലൂക്കു കച്ചേരികളിൽ ഇംഗ്ലീഷറിഞ്ഞുകൂടാത്ത എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നുഎന്നു,

(ഡി) അപ്പോൾ ഇംഗ്ലീഷ് അറിയാമായിരുന്ന എത്രഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു എന്ന്,

(ഇ) ൩൫ രൂപയും അതിലധികവും ൪൦ രൂപയും ശമ്പളമുള്ള ഉദ്യോഗങ്ങൾ ലഭിക്കുന്നതിനു ക്രമപ്രകാരം അക്കൗണ്ടും വെർണ്ണാക്കുലർ ടെസ്റ്റ്പരീക്ഷകൾ പാസാകണമെന്ന് ഇപ്പോൾ (൧൧൨൫-൧൧൨൬) നിർബന്ധമില്ലെഎന്ന്,

(എഫ്) അപ്രകാരമാണെങ്കിൽ ഇതു ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തവരും എന്നാൽ കൂടുതൽ സർവീസുള്ളവരും ആയ ക്ലാർക്കുകളുടെ ഉദ്യോഗക്കയറ്റത്തിനു ബാധകമായി തീർന്നിട്ടില്ലെഎന്ന്,

(ജി) ഈ പരീക്ഷകൾമൂലം അവ ഏർപ്പെടുത്തിയകാലത്തു കൂടുതൽശമ്പളം കിട്ടിയിരുന്ന ക്ലാർക്കുമാർക്കു ഇപ്പോൾ (൧൧൨൫-൧൧൨൬) കുറഞ്ഞശമ്പളം കിട്ടിവരുന്നില്ലേഎന്നും മറ്റുചിലരുടെ കാര്യത്തിൽനേരെ മറിച്ചല്ലെ എന്നും,

(എച്ച്) വിവിധ്യതാലൂക്കു കച്ചേരികളിൽ വെർണ്ണാക്കുലറുകളുമായിസംബന്ധിച്ചു നടപടി, വിസ്താരം, എഴുത്തുകുത്തുമുതലായ കാര്യങ്ങളിൽ അധികമായി ഉപയോഗിക്കുന്നതു മലയാളമോ ഇംഗ്ലീഷോഎന്ന്,

(ഐ) ലാൻഡ് റവന്യൂ മാന്വൽ സർവീസ് റെഗുലേഷൻ അക്കൗണ്ട്കോഡ്, ട്രഷറിമാന്വൽ, എന്നിവ മലയാളത്തിൽ തർജിമ ചെയ്തു അച്ചടിച്ചിട്ടുണ്ടോ എന്ന്,

(ജെ) ഈ രണ്ടുപരീക്ഷകളും മലയാളത്തിൽക്കൂടി നടത്തണമെന്നും അല്ലാത്തപക്ഷം ൪൦ രൂപവരെ ഉദ്യോഗക്കയറ്റം കിട്ടുന്നതിനു ഈ പരീക്ഷകൾ പാസാവണമെന്നു നിർബന്ധം ഇല്ലെന്നു പ്രഖ്യാപനം ചെയ്യണമെന്നു ആവശ്യപ്പെട്ടുകൊണ്ട് അവർക്കു ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന്,

(കെ) അപ്രകാരം നിശ്ചയിക്കുന്നതായാൽ ഇംഗ്ലീഷ്അറിഞ്ഞുകൂടാത്തവരും ഇംഗ്ലീഷിൽമാത്രം നടത്തപ്പെടുന്ന മേൽപറഞ്ഞ പരീക്ഷകൾ ജയിച്ചാൽ മാത്രമേ ഉദ്യോഗക്കയറ്റം കിട്ടുകയുള്ളു എന്നുള്ളതുമായ അനേകം ക്ലാർക്കുകളുടെ സങ്കടങ്ങൾ അപ്രകാരമുള്ള ഒരുതീർച്ചകൊണ്ടു പരിഹരിക്കപ്പെടുകയില്ലേഎന്ന്,

മി. ററി. പി. രാമസുബയ്യർ (ഗവണ്മെൻറു സിക്രട്ടറി): (എ) ഇപ്പോൾ വെർണ്ണാക്കുലർ അക്കൗണ്ട്ടെസ്റ്റ് പരീക്ഷകൾ ഇംഗ്ലീഷിലാണ് നടത്തിവരുന്നതു.

(ബി) (എ)യും (ബി)യും എന്നീരണ്ടു ഭാഗങ്ങളോടുകൂടി ൧൦൯൨ നവംബർ മാസത്തിൽ വെർണ്ണാക്കുലർടെസ്റ്റ് ഏർപ്പെടുത്തി ഇതിൽ (എ) ലാൻഡ്റവന്യൂഭാഗവും (ബി) അക്കൗണ്ടു ഭാഗവുമായിരുന്നു. അതിന്റെശേഷം ൧൦൯൮-ൽ വെർണ്ണാക്കുലർടെസ്റ്റിന്റെ അക്കൗണ്ടു ഭാഗത്തിനുപകരം എല്ലാഡിപ്പാർട്ടുമെൻറുകളേയും സംബന്ധിക്കുന്ന സാമാന്യമായ അക്കൗണ്ട്ടെസ്റ്റ് പരീക്ഷഏർപ്പെടുത്തി.

(സി)യും (ഡി)യും ൧൦൯൨ ചിങ്ങത്തിൽ അക്കൗണ്ട്ടെസ്റ്റ് ഏർപ്പെടുത്തിയപ്പോൾ റവന്യൂഡിപ്പാർട്ടുമെൻറിൽ ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തവരായി ൩൫ രൂപയും അതിലധികവും ശമ്പളമുള്ളവരായി ൧൧൨ ആളുകൾ ഉണ്ടായിരുന്നു. മററുള്ള ഉദ്യോഗസ്ഥന്മാർക്കു ഇംഗ്ലീഷ് അറിയാമായിരുന്നു.

(ഇ) ഓരോസംഗതിയിലും ഉത്തരം അനുസരണരൂപത്തിലാണ്.

(എഫ്) സർക്കാർ സർവീസിനെ സംബന്ധിച്ചുള്ള പരസ്യത്തിൽ ൪൦ രൂപായ്ക്കുമേൽശമ്പളമുള്ള ഒരുഉദ്യോഗത്തിനു ആദ്യമായിനിയമിക്കുന്ന ആൾ ഒരുഗ്രാഡ്വേററ് ആയിരിക്കണമെന്ന് നിർണ്ണയിച്ചിരിക്കുന്നു. അതുകൊണ്ടു ഈ പരീക്ഷകൾ സർക്കാർസർവീസിനെ സംബന്ധിച്ച പരസ്യത്തിന്റെ തീയതിക്കുമുമ്പു സർക്കാർ ജീവനത്തിൽ പ്രവേശിച്ചവരുടെ ഉദ്യോഗക്കയറ്റങ്ങളെ മാത്രമേബാധിക്കയുള്ളു. അപ്രകാരമുള്ള ഉദ്യോഗങ്ങൾ വളരെകുറച്ചു ഉണ്ടായിരിക്കയുള്ളു. അവരുടെകാര്യത്തിൽ വെർണ്ണാക്കുലർടെസ്റ്റ് ചട്ടങ്ങളിലെ ൧൦-ാംചട്ടത്തിൽ അർഹതയുള്ള സംഗതികളിൽ ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകളുമുണ്ട്. അക്കൗണ്ട്ടെസ്റ്റ് പരീക്ഷയെ സംബന്ധിച്ച അക്കൗണ്ടു ടെസ്റ്റ് ചട്ടങ്ങളിൽ ൧൦-ാംചട്ടത്തിൽ ഇംഗ്ലീഷ്അറിഞ്ഞുകൂടാത്തവരായി ൩൫ രൂപയോ അതിലധികമോ ശമ്പളമുള്ളവരുമായ ഉദ്യോഗസ്ഥന്മാരെ അക്കൗണ്ടു കോഡിന്റെയും സർവീസ്റെഗുലേഷന്റെയും സബ്ട്രഷറിമാന്വലിന്റെയും മലയാളതർജിമ ലഭ്യമാകുന്നതുവരെയും അക്കൗണ്ട്ടെസ്റ്റ് മലയാളത്തിൽക്കൂടി നടത്തുന്നതുവരെയും ഒഴിവാക്കുന്നതിനുള്ള ഒരുവ്യവസ്ഥയുണ്ട്.

(ജി) ഈ ടെസ്റ്റുകൾ ബാധിച്ച യാതൊരു ക്ലാർക്കിന്റെയും ശമ്പളം കുറച്ചിട്ടില്ല. ചിലക്ലാർക്കുമാരുടെ കാര്യത്തിൽ അവരുടെ ജൂനിയർമാരെ സ്റ്റീനിയർമാരെ അവർ ഈ ടെസ്റ്റുകൾ പാസാകാത്തതുകൊണ്ടു അവരുടെമുകളിൽ ആയിട്ടുണ്ടായിരിക്കാം.

(എച്ച്) രണ്ടുഭാഷകളും ഉപയോഗിക്കുന്നുണ്ട്.

(ഐ) ഉത്തരം നിഷേധരൂപത്തിലാണ്.

(ജെ) ഉത്തരം നിഷേധരൂപത്തിലാണ്.

(കെ) അറിയാം. ഈ കാര്യം പരിശോധിക്കുന്നതാണ്.

ചേർത്തലതാലൂക്കിലെ മത്സ്യഷാപ്പുകൾ.

൧൬൪. മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്ന കാര്യങ്ങൾക്കു സമാധാനം ദയവുചെയ്തു മറുപടി പറയുമോ?

(എ) ൧൧൨൨, ൧൧൨൩, ൧൧൨൪, ൧൧൨൫ എന്നീ വർഷങ്ങളിൽ ചേർത്തലതാലൂക്കിൽ ലേലത്തിൽ വിട്ടിട്ടുള്ള മത്സ്യഷാപ്പുകൾ,

(ബി) ഈ [illegible] എത്ര [illegible] ചേർത്തിട്ടുണ്ടെന്നും,

(സി) ഈ [illegible] വെളിപ്പെടുത്താമോ.

മി. [illegible] (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ)-യും (ബി)-യും (സി)-യും മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വച്ചിട്ടുണ്ട്.

[illegible] രജിസ്റ്റർ ചെയ്തിട്ടുള്ള [illegible] വിസ്തീർണ്ണമുള്ള ഭൂമികളുടെ പട്ടിക.

[illegible] മി. വി. ജെ. മാത്യു ([illegible]):

(എ) [illegible] അവസാനിക്കുന്ന കഴിഞ്ഞ [illegible] മാസങ്ങളിൽ [illegible] ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള [illegible]

(ബി) അവർ [illegible] വസ്തുവിന്റെ വിസ്തീർണ്ണവും,

(സി) ഭൂമികൾ ഉൾപ്പെട്ടിട്ടുള്ള [illegible] ഒരു പട്ടിക [illegible] മേശപ്പുറത്തു വയ്ക്കുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ)-യും (ബി)-യും (സി)-യും ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയിട്ടുള്ള ഒരു പട്ടിക† മേശപ്പുറത്തു വച്ചിരിക്കുന്നു.

പുളിമൂട്ടിൽനിന്നും തിരുവനന്തപുരം എസ്. എം. വി. ഹൈസ്കൂളിലേക്കുള്ള
ഇടവഴിയുടെ വീതികൂട്ടുക.

മി. എ. താണുപിള്ള (തിരുവനന്തപുരം):

(എ) തിരുവനന്തപുരത്തു പുളിമൂട്, പുത്തൻചന്ത എന്നീ സ്ഥലങ്ങളിൽനിന്ന് എസ്. എം. വി. ഹൈസ്കൂളിലേക്കുള്ള ഇടവഴിയുടെ വീതി വർദ്ധിപ്പിക്കുന്നതിനെപ്പറ്റി അവർ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ നിർദ്ദേശപ്രകാരം പ്രവർത്തിക്കാത്തത് എന്തെന്നും,

(സി) അനേകം വിദ്യാർത്ഥികൾ ഈ ഇടവഴി ഉപയോഗിക്കുന്നുണ്ടെന്നുള്ള കാര്യം അവർക്ക് അറിയാമോ എന്നും ഗവണ്മെന്റ് ദയവുചെയ്തു പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ആസ്ഥലത്തു ഒരു വലിയ കേറ്റമുള്ളതുകൊണ്ട്.

(സി) അറിയാം. അതിനുപകരം പുളിമൂട്ടിൽനിന്നും കൈതമുക്കിലേക്കുപോകുന്ന റോഡിൽനിന്നു പിരിഞ്ഞു പഞ്ചിയൂർകുളത്തിന്റെ പടിഞ്ഞാറെ കരയിൽക്കൂടി [illegible] വഞ്ചിയൂർകുളത്തിൽ വന്നുചേരുന്ന ഇടവഴിയുടെ വീതികൂട്ടിയാൽ മതിയെന്ന് ചീഫ് എൻജിനീയർ നിർദ്ദേശിച്ചിട്ടുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇടവഴിയുടെ വീതികൂട്ടി അതിനെ നന്നാക്കുന്നതിനു ഗവണ്മെന്റിനു വല്ല തടസ്ഥവുമുണ്ടോ എന്ന് മെമ്പർ എന്നോടു പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഏതു ഇടവഴി?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതിനെ ഒരു റോഡാക്കുന്നതിനു വിഷമമുണ്ടായിരിക്കാം. എന്നാൽ കുളത്തിന്റെ അരികിലായി പടിഞ്ഞാറെ അറ്റത്തു നടക്കല്ലുകൾ കെട്ടുന്നതിനു അവർക്ക് ഏതെങ്കിലും തടസ്ഥമുണ്ടോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതു പുളിമൂട്ടിൽനിന്നു എസ്. എം. വി. സ്കൂളിലേക്കുള്ള റോഡിലോ, അതോ ഗവണ്മെന്റ് നന്നാക്കണമെന്നുള്ള മറ്റൊരു റോഡിലുമാണോ? മെമ്പർ ഏതു റോഡിനെപ്പറ്റിയാണ് പറയുന്നതു?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ പറയുന്നതു പുളിമൂട്ടിൽനിന്നു എസ്. എം. വി. സ്കൂളിലേക്കുള്ള ഇടവഴിയെപ്പറ്റിയാണ്.

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതിനെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

മരങ്ങാട്ടുപള്ളി—ഉഴവൂർറോഡ്.

റ. നമ്പർ. മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): മരങ്ങാട്ടുപള്ളി—ഉഴവൂർറോഡ് പൂർത്തിയാക്കുന്നതിനുള്ള വേല ഇതുവരെ (ഫെബ്രുവരി ൧൧ ൹ [illegible]) ഇടക്കാത്തതിനുള്ള കാരണം ഗവണ്മെന്റ് സദയം പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): മറ്റുസ്ഥലങ്ങളിൽ കൂടുതൽ ആവശ്യമുള്ള വേലകൾ ഉള്ളതുകൊണ്ട്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഇതിനേക്കാൾ പ്രാധാന്യമുള്ള മറ്റുവേലകൾ ഉണ്ടെന്നു പറയുന്നു. ആ പ്രാധാന്യമുള്ള വേലകൾ എന്നുപറയുന്നതു മീനച്ചിൽതാലൂക്കിലുള്ള മറ്റുവേലകളെ ഉദ്ദേശിച്ചാണോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): രാജ്യംമുഴുവനുമുള്ള വേലകളാണ്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): മീനച്ചിൽതാലൂക്കിനെസംബന്ധിച്ചിടത്തോളം ഇതു പ്രാധാന്യമുള്ളതായിട്ടു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഓരോ താലൂക്കുകളിലും പ്രാധാന്യമുള്ള വേലകൾ മുമ്പേചെയ്തുതീർക്കുന്നുണ്ട്. അക്കൂട്ടത്തിൽ മീനച്ചിൽതാലൂക്കിൽ ഈ വേല പ്രാധാന്യമുള്ളതാണെങ്കിൽ അതിന്റെ മുറവരുമ്പോൾ ചെയ്തുതീർക്കും.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഇതര ആവശ്യങ്ങളെക്കാൾ ഇതു താഴെയാണെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

---

*XXXVI-ാം അനുബന്ധം നോക്കുക.

†XXXII-ാം അനുബന്ധം നോക്കുക.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): [illegible] ആവശ്യമായ വേലകളെ അടക്കംചെയ്യുന്ന [illegible].

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): [illegible] പരമാർത്ഥമായി ഒരു [illegible] കളും ഉണ്ടാക്കുന്നില്ലെന്നു ഗവണ്മെൻറിന്നറിയാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ഉണ്ടാക്കുന്നുണ്ട്.

ഗവണ്മെൻറുകെട്ടിടങ്ങൾ പണിയിക്കുന്നതിനു ഓടുകളും ഇഷ്ടികകളും വാങ്ങുന്നു.

൮൯൦. മി. കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം):

(എ) (ഐ) എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഗവണ്മെൻറുകെട്ടിടങ്ങൾ പണിയിക്കുന്നതിനു [illegible] ഗിക്കുന്ന പല തരത്തിലുള്ള ഓടുകൾ, ഇഷ്ടികകൾ മുതലായവ കൊല്ലത്തുള്ള മെസേഴ്സ് ഹാരിസൺസ് ആൻഡ് ക്രോസ്ഫീൽഡ് ലിമിറ്റഡ് കമ്പനിയിൽനിന്നോ മറ്റുവല്ല പ്രത്യേക കമ്പനിയിൽനിന്നോ വാങ്ങിക്കണമെന്നു അവർ വല്ല ഉത്തരവും ചെയ്തിട്ടുണ്ടോ എന്നു,

(ബി) (എ) ഭാഗത്തിനുള്ള മറുപടി അനുകൂലമാണെങ്കിൽ അപ്രകാരമുള്ള ഒരു ഉത്തരവു [illegible]യക്കുന്നതിനുള്ള കാരണങ്ങൾ എന്തെന്നും,

(സി) മേൽഭാഗത്തേക്കുള്ള മറുപടി നിഷേധരൂപത്തിലാണെങ്കിൽ,

(i) [illegible] ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ, വിശേഷിച്ചു പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ മേല്പറഞ്ഞ സാധനങ്ങൾ കൊല്ലത്തുള്ള മെ: ഹാരിസൺസ് ആൻഡ് ക്രോസ്ഫീൽഡ് ലിമിറ്റഡ് കമ്പനിയിൽനിന്നു വാങ്ങണമെന്നു നിർബന്ധിക്കുന്നതു എന്തുകൊണ്ടാണെന്നും,

(ii) ഈ ഉദ്യോഗസ്ഥന്മാർ, അവർ ഗവണ്മെൻറിനെ [illegible] ആക്കിയിരിക്കുന്ന അടങ്കലുകളിൽ അപ്രകാരം ക്ലിപ്തപ്പെടുത്തിപ്പറയുന്നതു എന്താണെന്നും,

(iii) അപ്രകാരമുള്ള അടങ്കലുകൾ ഗവണ്മെൻറു സ്വീകരിക്കുന്നതു എന്തുകൊണ്ടാണെന്നും ഗവണ്മെൻറു സദയം പറയുമോ?

(ഡി) മെ: ഹാരിസൺസ് ആൻഡ് ക്രോസ്ഫീൽഡ് ലിമിറ്റഡ് ഉണ്ടാക്കുന്നവയെക്കാൾ നല്ലതല്ലെങ്കിലും അത്രത്തോളംതന്നെ നന്മയുള്ള ഓടുകളും ഇഷ്ടികകളും ഉണ്ടാക്കുന്നവയായ അനേകം ഓട്ടുവ്യവസായശാലകൾ കൊല്ലത്തും മറ്റുസ്ഥലങ്ങളിലും ഉണ്ടെന്നുള്ളകാര്യം ഗവണ്മെൻറിന്നറിഞ്ഞുകൂടയോ,

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി):

(എ) (ഐ) ഇല്ല,

(ബി) (എ) ഭാഗത്തിനുള്ള മറുപടിയിൽനിന്നും ഇതു ഉത്ഭവിക്കുന്നില്ലെന്നുകാണാം.

(സി) (i) പൊതുമരാമത്തുഡിപ്പാർട്ടുമെൻറിൽ ഏറ്റവും കുറഞ്ഞ വിലക്കു ഏറ്റവും നല്ലസാമാനങ്ങൾ തിരഞ്ഞെടുക്കുന്നകാര്യം ചീഫ് എൻജിനീയർക്ക് വിട്ടുകൊടുത്തിരിക്കയാണ്. അദ്ദേഹം സ്റ്റോർചട്ടങ്ങൾ അനുസരിച്ചു പ്രവർത്തിക്കേണ്ടതാണ്.

(ii) പൊതുമരാമത്തുവേലകൾക്കുള്ള അടങ്കലുകളിൽ ചീഫ് എൻജിനീ[illegible] മാനങ്ങളുടെപേരുമാത്രമേ പ്രസ്താവിക്കാറുള്ളു.

(iii) (സി) ഭാഗം (i)-നുള്ള മറുപടിയിൽനിന്നു ഇതു ഉത്ഭവിക്കുന്നില്ലെന്നുകാണാം.

(ഡി) കൊല്ലത്തും മറ്റുസ്ഥലങ്ങളിലും മറ്റു ഓട്ടുവ്യവസായശാലകൾ ഉണ്ടെന്നുള്ളകാര്യം ഗവണ്മെൻറിന്നറിയാം. എന്നാൽ മെ: ഹാരിസൺസ് ആൻഡ് ക്രോസ്ഫീൽഡ് ഉണ്ടാക്കുന്നതായ സാധനങ്ങൾ മറ്റു സ്ഥലങ്ങളിൽ ഉണ്ടാക്കുന്ന സാധനങ്ങളെക്കാൾ ഗുണം കൂടിയതാണെന്നു ചീഫ് എൻജിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

൧൧൦൮-ൽ ആദായനികുതി കമ്മീഷണർ മീനച്ചിൽതാലൂക്കിൽ ചെയ്തിട്ടുള്ള സർക്കീട്ടുകൾ.

൮൯൧. മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും) താഴെപ്പറയുന്ന കാര്യങ്ങൾക്കു ഗവണ്മെൻറു സദയം മറുപടി പറയുമോ?

(എ) ൧൧൦൮-ൽ ആദായനികുതി കമ്മീഷണർ മീനച്ചിൽതാലൂക്കിൽ എത്രപ്രാവശ്യം സർക്കീട്ടു പോയിട്ടുണ്ടെന്നും

(ബി) ഈ സർക്കീട്ടുകളുടെ പ്രധാന ഉദ്ദേശങ്ങൾ മീനച്ചിൽ തഹശീൽദാരെക്കുറിച്ചുള്ള പരാതികളേയും ഹർജികളേയുംസംബന്ധിച്ചു എന്തു തെളിവു ശേഖരിച്ചിട്ടുണ്ടെന്നും അതു ആരിൽനിന്നും ശേഖരിച്ചുഎന്നും,

(ഡി) തഹശീൽദാരുടെ കീഴ്ജീവനക്കാരിൽനിന്നും കിട്ടിയിട്ടുള്ള തെളിവിനെമാത്രം ആസ്പദമാക്കിയും താലൂക്കുകച്ചേരികളിൽ സൂക്ഷിച്ചിട്ടുള്ള മലയാളം റിക്കാർഡുകൾ നോക്കുകപോലും ചെയ്യാതെയുമാണ് ആദായനികുതികമ്മീഷണർ മേല്പറഞ്ഞ ഹർജികളെയും പരാതികളേയും സംബന്ധിച്ചുള്ള അന്വേഷണവും പരിശോധനയും അവസാനിപ്പിച്ചതെന്നു അറിയുന്നതു വാസ്തവമാണോഎന്നും,

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) രണ്ടുപ്രാവശ്യം.

(ബി) താലൂക്കു ആഫീസിലെ പരിശോധനയും സ്ഥലത്തെ തഹശീൽദാരെ സംബന്ധിച്ചുള്ള ഒരു പരാതിയെ സംബന്ധിച്ച അന്വേഷണവും.

(സി) ഹർജിക്കാരനും, മറ്റനേകം ആളുകളും ഒന്നിച്ചു സ്ഥലം പരിശോധിച്ചു ഒരു മഹസ്സർ തയ്യാറാക്കുകയും കക്ഷികളുടെയും, മറ്റു ആളുകളുടെയും മൊഴികൾ വാങ്ങുകയും ചെയ്തു.

(ഡി) ഇല്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഡി വിഭാഗത്തിനു പറഞ്ഞിരിക്കുന്ന മറുപടി കൊണ്ട് മലയാളം റിക്കാർഡുകൾ വായിച്ചു മനസ്സിലാക്കാൻ കഴിയുമെന്നാണോ വിചാരിക്കേണ്ടത്?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): മലയാളം റിക്കാർഡുകൾ വായിച്ചു കേൾപ്പിച്ചാൽ മനസ്സിലാകും. കൂടാതെ അത്യാവശ്യമുള്ള റിക്കാർഡുകൾ തർജ്ജമചെയ്തുകൊടുക്കും.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): വായിച്ചുകേൾക്കയും തർജ്ജമചെയ്തു കൊടുക്കയും ചെയ്യുന്നതു ഡിപ്പാർട്ടുമെൻറിലെ സാധാരണഗതിയിലുള്ള ഉദ്യോഗസ്ഥന്മാരല്ലയോ?

മി. റ്റി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതെ.

മി. എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): ഈ ചോദ്യത്തിൽ പറഞ്ഞിരിക്കുന്ന മറുപടിയുടെ സ്വഭാവംകൊണ്ടു ഈ വിചാരണ ഇപ്പോഴും ആലോചനയിൽ ഇരിക്കുന്നു എന്നു മേലാൽ മനസ്സിലാക്കാമോ?

മി. റ്റി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതെ.

കോട്ടയം ഡിസ്ട്രിക്ട് കോടതിവളപ്പ്.

[illegible]. മി. എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): കോട്ടയത്തെ ഇപ്പോഴത്തെ ഡിസ്ട്രിക്ട് കോടതി വളപ്പിന്റെ വിസ്തീർണ്ണവും, അതിനു കൊടുത്ത വിലയും, ആരിൽ നിന്നു വിലയ്ക്കുവാങ്ങിയെന്നും ഗവണ്മെന്റ സദയം പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): കോട്ടയം ഡിസ്ട്രിക്ട് കോടതിവളപ്പിന്റെ വിസ്തീർണ്ണം [illegible] സെന്റാണ്. അതിനു [illegible] രൂ. [illegible] കൊടുത്തു [illegible] വാങ്ങി.

മി. എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): സ്ഥലം എടുത്തിട്ടു ൧൦ വർഷത്തിലധികമായിട്ടുണ്ടെന്നു കാണുന്നുണ്ട്. അതിൽനിന്നുവല്ല ആദായവും ഗവണ്മെന്റിനു കിട്ടുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): അതിനെപ്പറ്റി അന്വേഷിച്ചിട്ടില്ല.

മി. എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): അടിയന്തിരകാര്യമായിട്ടു അരലക്ഷം രൂപായിലധികം ചിലവുചെയ്തു ൧൦ വർഷമായിട്ടു സ്ഥലം എടുത്തിട്ടുണ്ടെന്നു കാണുന്നുണ്ട്. അതിൽ ഗവണ്മെന്റ വല്ലതും ചെയ്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): കോട്ടയം ഡിസ്ട്രിക്ട് കോർട്ടിന്റെ ആവശ്യത്തിനാണ് സ്ഥലം എടുത്തിട്ടുള്ളത്. ഇപ്പോൾ അതു കുത്തകപ്പാട്ടത്തിനു കൊടുക്കുന്നുണ്ട്.

മി. എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): അൻപതിനായിരം രൂപായിലധികം വിലയുള്ള പുരയിടം വാങ്ങിയിട്ടു ൧൦ കൊല്ലത്തിലധികമായിട്ടും അതിൽനിന്നു വല്ല ആദായവും കിട്ടുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): ഇപ്പോൾ ഇല്ല.

തൊഴിലാളികളുടെ കൂലി, സർവീസ്, മുതലായവയെ നിയന്ത്രിക്കുന്നതിനുള്ള ചട്ടങ്ങൾ.

[illegible]. മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): (എ) വ്യവസായശാലകളിലും മറ്റു വ്യവസായം നടത്തുന്ന സ്ഥലങ്ങളിലും, ജോലിക്കേർപ്പെടുന്ന തൊഴിലാളികളുടെ കൂലിനിരക്കു നിയന്ത്രിക്കുന്നതിനു [illegible] ഏർപ്പാടു ഒന്നും ഇല്ലെന്നും,

(ബി) തൊഴിലാളികൾക്കു യാതൊരു മുന്നറിവും കൊടുക്കാതെ മുതലാളികളുടെ ഇഷ്ടം പോലെ തൊഴിലാളികളുടെ കൂലി കുറയ്ക്കുന്നുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

(സി) തൊഴിലാളികളെ ഡിസ്മിസ് ചെയ്യുന്നതിനെയും, സസ്പെന്റ ചെയ്യുന്നതിനെയും നിയന്ത്രിക്കുന്ന എന്തെങ്കിലും ചട്ടങ്ങൾ ഇപ്പോൾ ([illegible]) ഉണ്ടോ എന്നു അവർ ദയവുചെയ്തു പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): (എ) (എ) മറുപടി അനുസരണരൂപത്തിലാണ്.

(ബി) ഗവണ്മെന്റിനറിഞ്ഞുകൂടാ.

(സി) മറുപടി നിഷേധരൂപത്തിലാണ്.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഇന്നത്തെ മുതലാളികളും തൊഴിലാളികളും തമ്മിൽ ചില സന്ദർഭങ്ങളിലുണ്ടാകാറുള്ള സൌഹാർദ്ദമില്ലായ്മയെ പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും വ്യവസ്ഥയുണ്ടായിരിക്കേണ്ടതല്ലേ.

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇപ്പോൾ അതു അത്യാവശ്യമായ ഒരു സംഗതിയാണോ എന്നു സംശയമാണ്.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ) ഈയിടെ ആലപ്പുഴയിൽ ചില കമ്പനികളിൽ ഫാക്ടറികളിൽ സ്ട്രൈക്ക് ഉണ്ടായിട്ടുണ്ടെന്നുള്ളതറിയാമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): സ്വല്പകാലത്തേക്കു അങ്ങനെ ഒരു സ്ട്രൈക്ക് ഉണ്ടായിരുന്നു. ഉടനെ തന്നെ അതു രമ്യമായിത്തീരുകയും ചെയ്തു.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): മേലാൽ അങ്ങനെയുള്ളവ ഉണ്ടാകാതിരിക്കാൻ എന്തെങ്കിലും ഒരു വ്യവസ്ഥ ചെയ്യേണ്ടതല്ലേ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതിനെപ്പറ്റി ആലോചിക്കേണ്ട ഒരു സംഗതിയാണ്.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ആലോചിക്കുന്നതിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതു ആലോചനയിൽ ഇരിക്കയാണ്.

൧൧൦൮-ൽ മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ ആഫീസ്സിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ.

[illegible]. മി. ഇട്ടൂപ്പ് [illegible] (കുന്നത്തുനാട്): (എ) ൧൧൦൮-ൽ മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ ആഫീസിൽ ക്ലാർക്കിംഗും സ്ഥിരവുമായ ഒഴിവുകളുടെ എണ്ണം ഗവണ്മെന്റ സദയം പറയുമോ?

(ബി) ആ ഒഴിവുകളിൽ നിയമിച്ചിട്ടുള്ള ആളുകളുടെ ഒരു ലിസ്റ്റ് അവർ ദയവുചെയ്തു മേശപ്പുറത്തു വയ്ക്കുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): (എ) ൧൦ ക്ലാർക്കിന്റെ ഒഴിവുകൾ മാത്രം.

(൨) ലീക്കിംഗ് ഒഴിവുകളിൽ താഴെപറയുന്ന ആളുകളെ നിയമിച്ചു.
(൧) കെ. എസ്. വെങ്കിടാചലയ്യർ
(൨) കെ. രാമൻനായർ
(൩) ചിദംബരൻപിള്ള
(൪) കെ. അച്യുതകർത്താ
(൫) പി. ആർ. ശ്രീധരൻനായർ
(൬) ഇ. കൃഷ്ണയ്യർ
(൭) ലക്ഷ്മിനാരായണൻപോററി

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ശിപായിമാർക്ക് സഞ്ചാരപ്പടി അനുവദിക്കൽ.

൨൪൫. മി. ഇട്ടൂപ്പ്ഇട്ടീച്ചൻ (കുന്നത്തുനാട്): താഴെപറയുന്നകാര്യങ്ങൾക്കു ഗവണ്മെൻറുസമക്ഷം മറുപടിപറയുമോ?

(എ) സ്റ്റേഷനറിസാമാനങ്ങൾ കൊണ്ടുവരുന്നതിനും ഖജനാവിൽ പണം അടയ്ക്കുന്നതിനും നിയോഗിക്കുന്ന രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ശിപായിമാർക്കു സഞ്ചാരപ്പടി അനുവദിക്കുന്നുണ്ടോ എന്നും,

(ബി) (എ) ഭാഗത്തിനുള്ള മറുപടി നിഷേധരൂപത്തിലാണെങ്കിൽ അതിനുള്ള കാരണം,

(സി) സ്റ്റേഷനറിസാമാനങ്ങൾ കൊണ്ടുവരുന്നതിനും, ഖജനാവിൽ പണം അടയ്ക്കുന്നതിനും മററു ഡിപ്പാർട്ടുമെൻറുകളിൽനിന്നും നിയുക്തരായവർക്ക് സഞ്ചാരപ്പടി അനുവദിക്കുന്നുണ്ടോ എന്നും,

(ഡി) സി ഭാഗത്തിനുള്ള മറുപടി അനുസരണരൂപത്തിലാണെങ്കിൽ അതിനുള്ള കാരണം,

(ഇ) പല ഡിപ്പാർട്ടുമെൻറുകളിലും സാധാരണനടപടി സംബന്ധിച്ചു അനുവർത്തിക്കുന്ന പെരുമാററത്തിൽ വ്യത്യാസമുണ്ടോ എന്നും അപ്രകാരമുണ്ടെങ്കിൽ അതിനുള്ള കാരണവും.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): (എ)-യും (ബി)-യും സ്റ്റേഷനറി സാമാനങ്ങൾ കൊണ്ടുവരുന്നതിനും ഖജനാവുകളിൽ പണം അടയ്ക്കുന്നതിനും ൧൧൦൦-ാമാണ്ടുമുമ്പു ഡിപ്പാർട്ടുമെൻറിലെ ശിപായിമാർക്കു സഞ്ചാരപ്പടി നൽകി വന്നിരുന്നു എന്നും ആ വർഷത്തിൽ പണം ഇല്ലാത്തതിനാൽ അതു നിറുത്തിയെന്നും രജിസ്ട്രേഷൻ ഡയറക്ടർ റിപ്പോർട്ടു ചെയ്തിരിക്കുന്നു. എന്നാൽ ഈ ആണ്ടിൽ ഒരുവിധമായി സ്റ്റേഷനറി സാമാനങ്ങൾ കൊണ്ടുപോകുന്നതിനു സഞ്ചാരപ്പടി അനുവദിച്ചുവരുന്നുണ്ട്.

(സി) ഈ ഇനങ്ങളിൽ ജുഡീഷ്യൽഡിപ്പാർട്ടുമെൻറിലും വനം, എക്സൈസ്, പോലീസ് ആദായനികുതി എന്നീഡിപ്പാർട്ടുമെൻറുകളിലും സഞ്ചാരപ്പടി അനുവദിച്ചിട്ടുണ്ട്.

(ഡി) ഗവണ്മെൻറിനു വേണ്ടിയാണു ജോലി ചെയ്യുന്നത്. അതിനാൽ സഞ്ചാരപ്പടി അനുവദിക്കേണ്ടതാണ്.

(ഇ) സ്വീകരിച്ചിട്ടുള്ള തത്വത്തിൽ വ്യത്യാസം ഒന്നുമില്ല. എന്നാൽ അനുവദിക്കപ്പെട്ടിട്ടുള്ള പരിധികളിൽ ഡിപ്പാർട്ടുമെൻറു മേധാവികളുടെ യുക്തത്തിനനുസരിച്ചു ഓരോഡിപ്പാർട്ടുമെൻറും അനുവദിക്കുന്നസംഖ്യകൾ വ്യത്യസ്തപ്പെട്ടിരിക്കാം.

രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിലെ ശിപായികൾക്കുള്ള ബാററ.

൨൪൬. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെ പറയുന്നകാര്യങ്ങൾക്കു ഗവണ്മെൻറു സമക്ഷം മറുപടിപറയുമോ?

(എ) സബ് രജിസ്ട്രാർ ആഫീസുകളിൽനിന്നും ദൂരസ്ഥലങ്ങളിലുള്ള ഗവണ്മെൻറു ഖജനാവുകളിലേക്കു പണം കൊണ്ടുപോകുന്ന ശിപായികൾക്കു കൊടുക്കാറുള്ള ബാററ ഇപ്പോൾ (൧൧൧൪) നിർത്തിയോ എന്നും,

(ബി) എ ഭാഗത്തിനുള്ള മറുപടി അനുസരണരൂപത്തിലാണെങ്കിൽ എന്തുകൊണ്ടാണെന്നും, ഏതു തീയതിമുതലാണെന്നും.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): (എ)-യും (ബി)-യും മി. ഇട്ടൂപ്പ് ഇട്ടീച്ചൻെറ ൨൪൫-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരത്തിൻെറ (എ)-യും (ബി)-യും ഭാഗങ്ങൾ മെമ്പർ നോക്കുക.

ശവക്കോട്ട പാലത്തിനുസമീപമുള്ള ശ്മശാനം.

൨൪൭. മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപറയുന്ന കാര്യങ്ങൾക്കു ഗവണ്മെൻറു സമക്ഷം മറുപടിപറയുമോ?

(എ) ശവക്കോട്ടപാലത്തിൻെറ വടക്കു, റോഡരികിലായി ഒരു ശ്മശാനം ഉള്ളതുകൊണ്ടു ആലപ്പുഴ-ചേർത്തല റോഡിൽക്കൂടി ഗതാഗതം ചെയ്യുന്ന ആളുകൾക്കു വളരെ അസുഖവും [illegible] ഉണ്ടായിക്കൊണ്ടിരിക്കുന്നുള്ളസംഗതി ഗവണ്മെൻറിനു അറിയാമോ എന്നും,

(ബി) ചേർത്തല-ആലപ്പുഴ റോഡു വെട്ടുന്നതിനുമുമ്പായിട്ടല്ലേ ഈ ശ്മശാനം അതിൻെറ ഇപ്പോഴത്തെ സ്ഥാനത്തു ([illegible]) ഏർപ്പെടുത്തിയതെന്നും,

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): (എ) അറിഞ്ഞുകൂടാ.

(ബി) അതേ.

മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ശ്മശാനം ഇപ്പോളിരിക്കുന്ന സ്ഥലത്തുനിന്നും മാററി സ്ഥാപിക്കേണ്ടതാണെന്ന വല്ല റിപ്പോർട്ടും ഗവണ്മെൻറിനു കിട്ടീട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഉണ്ട്.

മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ആ റിപ്പോർട്ട് എന്തുനിലയിലിരിക്കുന്നു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ആലോചനയിലിരിക്കുന്നു.

വനങ്ങളുടെയുംമററും അററത്തു കിടക്കുന്ന പുറമ്പോക്കുകളുടെ അതിർത്തിതിരിക്കുക.

൨൪൮. മി. [illegible] കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വനങ്ങളിലുള്ള അരുവികളുടെ അടുത്തും കുന്നുകളുടെഅടുത്തു സ്ഥിതിചെയ്യുന്ന വയലുകളോടും പുരയിടങ്ങളോടും ചേർന്നുകിടക്കുന്ന പാറകളുടേയും സമീപത്തായികിടക്കുന്ന പുറമ്പോക്കുഭൂമികളുടെ അതിരുകൾ ഇപ്പോൾതിരിച്ചറിയുന്നതിനു പ്രയാസ

മായിരിക്കുന്നതുകൊണ്ടു [illegible] കരയിലുള്ള കൃഷിക്കാർ അവരുടെ നിലങ്ങളിലും പുരയിടങ്ങളിലും ദേഹണ്ഡംചെയ്യുമ്പോൾ ചില്ലറ [illegible] നടത്തിവരുന്നുഎന്നും തൽസംബന്ധമായി അവർക്ക് [illegible] ബുദ്ധിമുട്ടുകളും നഷ്ടങ്ങളും ഉണ്ടാകുന്നുണ്ടെന്നും ഗവണ്മെന്റിനറിയാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അങ്ങനെയുള്ള ഉപദ്രവങ്ങൾ ഗവണ്മെന്റിന്റെ അറിവിൽപെട്ടിട്ടില്ല.

തഹശീൽദാരന്മാർ തറവിലനിശ്ചയിക്കുന്നത്.

വ. [illegible]. മി. [illegible] (കൂവാററുപുഴയും തൊടുപുഴയും): ദേഹണ്ഡം നടത്തിയിട്ടുള്ള [illegible] തീപ്പുകൽപനപ്രകാരം [illegible] ഒരേ [illegible] വള ഒരു വ്യത്യസ്തമായിട്ടുള്ള തറവില [illegible] തഹശീൽദാരന്മാർ നിശ്ചയിക്കുന്നുഎന്ന ഗവണ്മെന്റിന് അറിവുണ്ടോ എന്നും അപ്രകാരമാണെങ്കിൽ അതിനുള്ള കാരണമെന്തെന്നും ഗവണ്മെൻറ് സദയം പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): [illegible] പുതുവൽ ചട്ടങ്ങളിലെ [illegible] റോഡുകൾ, നദികൾ, ചന്തകൾ മുതലായവയുടെ അടുപ്പം മുതലായ സ്ഥിതിചെയ്യുന്നതിനെ [illegible] പുതുവൽഭൂമികളുടെ തറവില നിശ്ചയിക്കുന്നതു. ഒരേ [illegible] മുള്ള ഭൂമികൾ [illegible] ഒരുപോലെയാണെങ്കിൽ തഹശീൽദാരന്മാർ [illegible] തറവില നിശ്ചയിക്കാനിടയില്ല. [illegible] സ്ഥിതി, വിളവുമുതലായവ ഒരുതരത്തിൽ അല്ലെങ്കിൽ നിരക്കുകൾ ചിലപ്പോൾ വ്യത്യസ്തപ്പെട്ടിരിക്കാം.

തൃക്കോട്ടപട്ടണത്തിലെ ജലദൌർല്ലഭ്യം

വ. [illegible]. മി. എച്ച്. ബി. മാഹമ്മദ്റാവുത്തർ (പത്തനാപുരവും കൊല്ലവും): കൊല്ലം നഗരസഭയിൽനിന്നും ആ പട്ടണത്തിലുള്ള ജലദൌർല്ലഭ്യത്തെ പരിഹരിക്കുന്നതിനു ഏതെങ്കിലും പദ്ധതി ഗവണ്മെൻറിലേയ്ക്കു അയച്ചുതന്നിട്ടുണ്ടോഎന്ന ദയവായി പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഇല്ല. ആ പട്ടണത്തിലേയ്ക്കു ആവശ്യമുള്ള പാനയോഗ്യമായ ശുദ്ധജലം പ്രദാനംചെയ്യേണ്ടതിനെപ്പററി സഭ [illegible] പദ്ധതി [illegible] എത്തിക്കഴിഞ്ഞിട്ടില്ലെന്നും അതു അവരുടെ ഗൌരവമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കയാണെന്നും കൊല്ലം നഗരസഭാപ്രസിഡണ്ടു അറിയിക്കുന്നു.

രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിൽ ഗുമസ്തന്മാരുടെ നിയമനം.

വ. [illegible]. മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല):

(എ) രജിസ്ട്രേഷൻപ്രവേശനപ്പരീക്ഷ ജയിച്ചിട്ടുള്ളവരും ഇപ്പോൾ ([illegible]) രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിൽ പകരംജോലിനോക്കുന്ന ഗുമസ്തന്മാരുടെ എണ്ണവും;

(ബി) ഈ പരീക്ഷ ജയിച്ചിട്ടുള്ളവരും ഗുമസ്തന്മാരായി പകരംജോലിനോക്കിയിട്ടുള്ളവരും എന്നാൽ ഇപ്പോൾ ([illegible]) ഉദ്യോഗമില്ലാത്തവരുമായുള്ളവരുടെ എണ്ണവും;

(സി) ഇപ്പോൾ ([illegible]) ഗുമസ്തന്മാരായി പകരംജോലിനോക്കുന്നവരും എന്നാൽ ഈ പരീക്ഷയിൽ വിജയികളായിട്ടില്ലാത്തവരുടെ എണ്ണവും;

(ഡി) മുൻപറഞ്ഞ പരീക്ഷയിൽ വിജയംനേടീട്ടുള്ളവരും മുൻപു പകരംജോലിനോക്കീട്ടുള്ളവരുമായ ആളുകളെ കിട്ടുമെന്നിരിക്കെ പരീക്ഷാവിജയികളല്ലാത്തവരെ സ്ഥിരമായോ പകരമായോ ഗുമസ്തന്മാരായി നിയമിച്ചിട്ടുണ്ടോഎന്നും:

(ഇ) ഉണ്ടെങ്കിൽ ഓരോരുത്തരും ജോലിയിലിരിക്കുന്നവരുടെ എണ്ണവും,

(എഫ്) അപ്രകാരം നിയമനങ്ങൾ നടത്തുന്നതിനുള്ള കാരണവും ഗവണ്മെൻറു ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി):

(എ) [illegible].

(ബി) [illegible].

(സി) [illegible].

(ഡി) ഉണ്ട്. തൽക്കാലം ഗുമസ്തന്മാരായിട്ടുമാത്രം.

(ഇ) [illegible]. തൽക്കാലം ജോലിനോക്കുന്നവർ.

(എഫ്) ഈ ഡിപ്പാർട്ടുമെൻറിൽ വർഗ്ഗീയപ്രാതിനിധ്യത്തിനുള്ള അപേക്ഷയെ നിറവേററുന്നതിനുവേണ്ടി ചില പ്രത്യേകവർഗ്ഗങ്ങളിൽ രജിസ്ട്രേഷൻ പ്രവേശനപ്പരീക്ഷ ജയിച്ചിട്ടുള്ളവർ ഇല്ലാതിരുന്നതിനാൽ ഇംഗ്ലീഷ് സ്കൂൾലീവിംഗ് സർട്ടിഫിക്കററു പരീക്ഷായോഗ്യതയോടുകൂടിയിട്ടുള്ളവരെ തിരഞ്ഞെടുക്കേണ്ടതായിവന്നിട്ടുണ്ട്.

നെൽകൃഷിക്കുള്ള നിലങ്ങളെ പുരയിടങ്ങളായി പരിവർത്തനംചെയ്യുക.

വ. [illegible]. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കുടിയാനവന്മാർ നെൽകൃഷിക്കുള്ള നിലങ്ങളെ പുരയിടങ്ങളായി പരിവർത്തനംചെയ്യുന്നതിനുള്ള കാരണങ്ങളെപ്പററി ഗവണ്മെൻറിൽനിന്നും എന്തെങ്കിലും അന്വേഷണങ്ങൾനടത്തിയിട്ടുണ്ടോ എന്ന് സദയംപറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മറുപടി നിഷേധാത്മകമാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ പ്രശ്നം ഗവണ്മെൻറിനാൽ അന്വേഷണാർഹമാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഉണ്ട്. അവർ കണ്ണൂകൃഷിനിലങ്ങളെ സംബന്ധിച്ചു അപ്രകാരം ചെയ്തിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എനിക്കു അതേപ്പററി അറിയേണ്ട ആവശ്യമില്ല. ഉത്തരം നിഷേധാത്മകമാണ്. ആളുകൾ നെൽകൃഷിക്കുള്ള നിലങ്ങളെ പുരയിടങ്ങളാക്കി പരിവർത്തനംചെയ്യുന്നതിനുള്ള കാരണങ്ങളെപ്പററി സൂക്ഷ്മാന്വേഷണംചെയ്യേണ്ടതു ആവശ്യമാണെന്നു ഗവണ്മെൻറിനു തോന്നിയോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അതിനുള്ള ആവശ്യം ഉണ്ടായിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെയ്യാററിൻകരയും): അതിൻെറ കാരണങ്ങളെപ്പററി അന്വേഷണം നടത്തേണ്ടത് ആവശ്യമാണെന്നു ഗവൺമെൻറ വിചാരിക്കുന്നുണ്ടോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അതു അത്യാവശ്യമാണ്. അതു വളരെ പ്രധാനമായിട്ടുള്ള ഒരു സംഗതിയുമാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെയ്യാററിൻകരയും): അവർ അതിനെപ്പററി അന്വേഷണം നടത്താൻ ഇടയുണ്ടോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ഗവൺമെൻറ അതിനെപ്പററി വിചിന്തനംചെയ്യുന്നതായിരിക്കും.

പണിമുടക്കവും ലോക്കൗട്ടും തടയുന്നതിനുള്ള മാർഗ്ഗങ്ങൾ.

൨൭൩. മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട സഭാംഗം): (എ) ൧൯൫൨–ൽ കൊല്ലത്തും ആലപ്പുഴയിലുമുള്ള ചില ഫാക്ടറികളിലെ കൂലിവേലക്കാരുടെ പണിമുടക്കത്തെപ്പററി ഗവൺമെൻറിനു അറിയാമോ?

(ബി) ഈ സംഭവത്തിനുള്ള മറുപടി അറിയാമെന്നാണെങ്കിൽ, കൂലിവേലക്കാരുടെ വാദങ്ങളും തർക്കങ്ങളും പണിമുടക്കത്തിലും ലോക്കൗട്ടിലും അവസാനിക്കുന്ന വിധമുള്ള അവസ്ഥ ഉള്ള പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനു ഗവൺമെൻറിൽനിന്നും ആവശ്യം വേണ്ട നടപടികൾ നടത്തുന്നുണ്ടോ എന്നു ദയവായി പറയുമോ?

മി. കെ. ജോർജ്ജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): (എ) അറിയാം.

(ബി) ഈ പ്രശ്നം ഗവൺമെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കയാണ്.

ഉത്തരതിരുവിതാംകൂറിലെ ചില റോഡുകൾ ഉണ്ടാക്കുന്നതിനെപ്പററി.

൨൭൪. മി. എ. ജി. മേനോൻ (പറവൂർ): താഴെപ്പറയുന്ന വേലകളെപ്പററി ഗവൺമെൻറിൽ നിന്നും എന്തു പ്രവർത്തിച്ചിട്ടുണ്ടോ അല്ലെങ്കിൽ എന്തു പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നു എന്നോ ദയവായി പറയുമോ?

(എ) അയിരൂർ–പുത്തൻവേലിക്കര വില്ലേജ് റോഡു (പുത്തൻവേലിക്കര വില്ലേജ് റോഡു) ഉണ്ടാക്കുന്നതിനെ സംബന്ധിച്ചു.

(ബി) തടിക്കക്കടവും അയിരൂരുമുള്ള അങ്കമാലി–മഞ്ഞാലി റോഡും കൂടി യോജിപ്പിക്കുന്ന ഒരു വണ്ടി പോകത്തക്ക റോഡു ഉണ്ടാക്കുന്നതിനെപ്പററി.

(സി) ആലുവാ–പെരുമ്പാവൂർ റോഡിൽ ഏഴാംമൈലിങ്കൽ നിന്നും പുക്കാട്ടുപടിയിൽ കൂടി ക്രിസ്ത്യൻ മഹിളാലയം ഗേൾസ് ഹൈസ്കൂളിലേക്കു വണ്ടിപോകത്തക്ക ഒരു റോഡു ഉണ്ടാക്കുന്നതിനെപ്പററി.

(ഡി) എം. സി. റോഡിൽ കുറുമശ്ശേരി റെയിൽവെസ്റ്റേഷനു കിഴക്കു ഒരു സ്ഥലത്തുനിന്നും മൂഴിക്കുളം വഴി അയിരൂരിൽ അങ്കമാലി–മാഞ്ഞാലി റോഡിൽ ചേരുന്നതായി അയിരൂരേക്കു വണ്ടി പോകത്തക്ക ഒരു റോഡു ഉണ്ടാക്കുന്നതിനെപ്പററി.

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): (എ)യും (ബി)യും (സി)യും വേലകൾ നടത്തുന്നതിനു ഗവൺമെൻറ അനുമതി നല്കുകയും ൧൧൨൮–ലെ പ്രാരംഭ ബഡ്ജററിൽ പണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (അനുബന്ധം ബി. ൨–ാം ഭാഗത്തിൽ ൧൭–ാം വകുപ്പ് ൭ൻ–ാം അക്കങ്ങൾ നോക്കുക) (ബി) ഭാഗത്തിൽ പറഞ്ഞ റോഡിനു ആവശ്യമുള്ള സ്ഥലം ഗവൺമെൻറിലേക്കു കരമൊഴിവായി വിട്ടുകൊടുക്കുന്നെങ്കിൽ മാത്രമേ അതിൻെറ ജോലി ആരംഭിക്കുകയുള്ളു.

(ഡി) ഇതു ചീഫ് എൻജിനീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

പറവൂർ ഡിസ്ട്രിക്ട് ആശുപത്രിയിൽ താമസിക്കുന്ന രോഗികൾക്കുള്ള സ്ഥലച്ചുരുക്കത്തെപ്പററി.

൨൭൫. മി. എ. ജി. മേനോൻ (പറവൂർ): (എ) പറവൂർ ഡിസ്ട്രിക്ട് ആശുപത്രിയിൽ രോഗികൾക്കു താമസിക്കുന്നതിനുള്ള സ്ഥലക്കുറവിനെപ്പററി പൊതുജനങ്ങളിൽനിന്നോ ഗവൺമെൻറ ഉദ്യോഗസ്ഥന്മാരിൽനിന്നോ എന്തെങ്കിലും അപേക്ഷ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ ഈ സ്ഥലക്കുറവിനെ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെൻറിൽനിന്നും എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ അല്ലെങ്കിൽ പ്രവർത്തിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ എന്നു ദയവായി പറയുമോ?

മി. കെ. ജോർജ്ജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): (എ) മറുപടി നിഷേധാത്മകമാണ്.

(ബി) ഏ ഭാഗത്തിനുള്ള മറുപടികൊണ്ടു ഈ ചോദ്യം അസംഗതമാണ്.

തിരുവനന്തപുരം പട്ടണത്തിലുള്ള റോഡുകളുടെ അവസ്ഥയെപ്പററി.

൨൭൬. മി. എ. താണുപിള്ള (തിരുവനന്തപുരം): (എ) തിരുവനന്തപുരം പട്ടണത്തിനുള്ള മിക്ക റോഡുകളും ഏറെവും ഉപയോഗശൂന്യമായ നിലയിലാണെന്നും തൻനിമിത്തം യാത്രക്കാർക്കു വർഷകാലത്തിൽ വലിയ അസൗകര്യങ്ങളും ഉണ്ടെന്നുംഉള്ളവസ്തുത ഗവൺമെൻറിനു അറിയാമോ?

(ബി) (എ) കഴിഞ്ഞ വർഷക്കാലത്തു ചീഫ് എൻജിനീയരും ഡിവിഷൻ ആഫീസരും സബ് ഡിവിഷൻ ആഫീസന്മാരും പരിശോധിച്ച തിരുവനന്തപുരം പട്ടണത്തിലെ റോഡുകളുടെ പേരും അപ്രകാരം പരിശോധിച്ച തീയതികളും;

(ബി) കേടുതീർന്ന നന്നാക്കേണ്ടതായിക്കണ്ട റോഡുകൾ ഉണ്ടെങ്കിൽ അവയും;

(സി) അതനുസരിച്ചു നന്നാക്കിട്ടുള്ള റോഡുകളും ഏതു പ്രകാരമുള്ള ജോലിയാണ് അവിടെ ചെയ്തതെന്നും;

(ഡി) വർഷകാലത്തിൽ പ്രത്യേക ശ്രദ്ധയെ അർഹിക്കുന്ന റോഡുകൾ പട്ടണത്തിൽ ഏതെല്ലാം എന്നും;

ഗവണ്മെന്റിൽനിന്നും സമയം പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഈയാണ്ടത്തെ അസാധാരണവും അതികഠിനവുമായ വർഷം നിമിത്തം പട്ടണത്തിലുള്ള ചല്ലിയിടാത്ത മിക്ക റോഡുകളും ചളിയാകുകയും, ചുരുക്കം ചിലവ ഗതാഗതത്തിനു അസൗകര്യപ്പെടുകയും ചെയ്തു.

(2) (എ) സെക്ഷൻ ആഫീസറന്മാർ എല്ലാ റോഡുകളും, സബ്‌ഡിവിഷൻ ആഫീസറന്മാരും, ഡിവിഷൻ ആഫീസരും, ചീഫ് എൻജിനീയരും മിക്ക റോഡുകളും പരിശോധിച്ചു. അവരുടെ പരിശോധനയുടെ തീയതികൾ അറിയാറായിട്ടില്ല.

(ബി) ചല്ലിയിടാത്ത മിക്ക റോഡുകളും.

(സി) പ്രശ്നത്തിന്റെ (ബി) ഭാഗത്തിൽ പ്രതിപാദിച്ച എല്ലാ റോഡുകളും മതിയായ സാമഗ്രികൾകൊണ്ടു നന്നാക്കി. ചിലതിൽ ചല്ലി വിരിക്കയും ശേഷമുള്ളതിൽ മണൽ വിരിക്കയും ചെയ്തു.

(ഡി) ഈ പ്രകാരമുള്ള റോഡുകൾ നന്നാക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നു. ഇനിയും അപ്രകാരമുള്ള റോഡുകളുടെ ഒരു ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ചീഫ് എൻജിനീയർ പറയുന്നു.

തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ പകുതിയിലുള്ള ഒരു കുളം പതിച്ചുകൊടുത്തതിനെപ്പറ്റി.

*49. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്):

(എ) തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ പകുതിയിൽ സർവ്വേ ... നമ്പരിൽ പെട്ടതും ഉള്ളൂർ ക്ഷേത്രത്തിനു സമീപം സ്ഥിതിചെയ്യുന്നതുമായ വില്ലീട്ടുകുളം കുടിയാനവന്മാരുടെ കൈവശത്തിൽനിന്നു പതിച്ചുകൊടുത്തിട്ടുണ്ടോ പാട്ടത്തിനുകൊടുത്തിട്ടുണ്ടോ എന്നും;

(ബി) പതിച്ചുകൊടുക്കുന്നതിനോ, പാട്ടത്തിനുകൊടുക്കുന്നതിനോ ഉത്തരവിടുന്നതിനുമുമ്പു ചീഫ് എൻജിനീയരോടോ കൃഷിഡയറക്ടരോടോ ആലോചിച്ചിട്ടുണ്ടോ എന്നും;

(സി) ഈ കുളം പതിച്ചുകൊടുക്കുന്നതിനോ, പാട്ടത്തിനുകൊടുക്കുന്നതിനോ, ദിവാൻപേഷ്കാർ അവസാനഉത്തരവു നൽകിയതു എന്നാണെന്നും;

ഗവണ്മെന്റിൽനിന്നും ദയവായിപ്പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി):

(എ) മെമ്പർ മുൻപ്രസ്താവിച്ച തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ പകുതിയിലുള്ള കുളം ഉണക്കനിലമാക്കിയുള്ള ഒന്നാന്തരം പാട്ടം നിരക്കായതു കുത്തകപ്പാട്ടത്തിനു കൊടുക്കണമെന്നുള്ള വ്യവസ്ഥയോടുകൂടി ഉള്ളൂർ ഇംഗ്ലീഷ് മിഡിൽസ്കൂളിലെ മാനേജർക്കു കാലാവധിക്കു കുത്തകപ്പാട്ടത്തിനു കൊടുത്തിരിക്കുകയാണ്. കൂടാതെ അതു പള്ളിക്കൂടത്തിലെ ആവശ്യത്തിലേക്കു ഒരു കളിസ്ഥലമായി ഉപയോഗിക്കണമെന്നും ഏതെങ്കിലും കാരണവശാൽ പള്ളിക്കൂടം നിറുത്തുന്നതിനു ഇടയാകുന്നപക്ഷം ആ സ്ഥലം ഗവണ്മെന്റിലേക്കു വിട്ടുകൊടുക്കണമെന്നുമുള്ള വ്യവസ്ഥയോടുംകൂടിയാണ് കൊടുത്തിരിക്കുന്നതു.

(ബി) പുതുവൽചട്ടങ്ങൾ 6-ാം വകുപ്പനുസരിച്ചു പി. ഡബ്ല്യു. ഡി-ക്കാരോടു ആലോചിച്ചു. പുതുവൽ ചട്ടങ്ങൾ അനുസരിച്ചു കൃഷിഡയറക്ടരോടു ആലോചിക്കണമെന്നില്ലാത്തതുകൊണ്ടു അപ്രകാരം ചെയ്തിട്ടില്ല.

(സി) കുളം കുത്തകപ്പാട്ടത്തിനു കൊടുക്കുന്നതിനുള്ള അവസാനഉത്തരവു ഗവണ്മെന്റിൽനിന്നും നൽകിയതു ... ആണ്. പേഷ്കാരല്ല ഉത്തരവുകൊടുത്തതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): പ്രശ്നത്തിന്റെ (ബി) ഭാഗത്തിനുള്ള മറുപടിയെക്കുറിച്ചു ചീഫ് എൻജിനീയരോടു ആലോചിച്ചോ [illegible]?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഉവ്. പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റു ആ സ്ഥലം രജിസ്റ്റർചെയ്തുകൊടുക്കുന്നതിനു ശുപാർശചെയ്തു. എന്നാൽ ഗവണ്മെന്റിൽനിന്നും എപ്പോഴെങ്കിലും തിരിച്ചെടുക്കത്തക്കനിലയിൽ പാട്ടത്തിനുമാത്രമേ കൊടുത്തിട്ടുള്ളു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഈ കുളം കൃഷിക്കു ആവശ്യമുള്ളതല്ലയോ എന്നു ആ സ്ഥലം പരിശോധിച്ചു റിപ്പോർട്ടുചെയ്യുന്നതിനു കൃഷിഡയറക്ടരോടും റെവന്യൂകമ്മീഷണരോടും ഗവണ്മെന്റിൽനിന്നും ദയവായി ആവശ്യപ്പെടുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): കൃഷികാര്യങ്ങൾക്കു ഉപയോഗപ്രദമല്ലെന്നാണു റിപ്പോർട്ടുകാണുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഇപ്പോഴും നിറഞ്ഞുകിടക്കുന്ന ഈ കുളം കൃഷികാര്യങ്ങൾക്കു ആവശ്യമില്ലയോ എന്നു റിപ്പോർട്ടുചെയ്യുന്നതിനു കൃഷിഡയറക്ടരോടും ചീഫ് എൻജിനീയരോടും ഗവണ്മെന്റിൽനിന്നും ദയവായി ആവശ്യപ്പെടുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി). കൃഷിഡയറക്ടരോടും ചീഫ്എൻജിനീയരോടും മാത്രമോ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): അതേ.

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ആ സ്ഥലം ഒന്നുകൂടി പരിശോധിക്കുന്നതിനു ഗവണ്മെന്റിലേക്കു യാതൊരു വിരോധവുമില്ല.

പൂവാറിൽ ഒരു പാലത്തിന്റെ ആവശ്യകത.

*50. മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര):

(എ) നെയ്യാറ്റിൻ പൂവാർ എന്ന സ്ഥലത്തു ഒരു പാലം പണിചെയ്യിക്കേണ്ട ആവശ്യം ഗവണ്മെന്റിൽ ഉണ്ടെന്നും,

(ബി) മുമ്പിരുന്ന ദിവാൻജി കഴിഞ്ഞവർഷം ആ സ്ഥലം സന്ദർശിച്ചപ്പോൾ അതിന്റെ ആവശ്യകതയെപ്പറ്റി ഉദ്ദേശമായി ധരിച്ചിട്ടുണ്ടെന്നും അക്കാര്യത്തിൽ കഴിയുന്നതു സഹായം ചെയ്യാമെന്നു ജനങ്ങളോടു വാഗ്ദത്തം ചെയ്തിട്ടുണ്ടെന്നും,

(സി) ശ്രീമൂലം പ്രജാസഭയിലും നിയമസഭയിലും ഇക്കാര്യത്തെസംബന്ധിച്ചു നിരന്തരമായ പ്രതിഷേധങ്ങൾ ഉണ്ടായിട്ടുണ്ടെന്നും,

ഗവണ്മെന്റിനു അറിയാമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): എ-യും സി-യും ൧൧൨൫ ഡിസമ്പർ ന്നു-നടന്ന നിയമസഭായോഗത്തിൽ മെമ്പരുടെ ൧൯൦-ാംനമ്പർ പ്രശ്നത്തിനു നല്കിയ മറുപടി നോക്കുക.

(ബി) ഗവണ്മെന്റിനു യാതൊരറിവുമില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ജനപ്രതിനിധികളോടുകൂടി ആലോചിച്ചു അക്കാര്യത്തിൽ ഗവണ്മെന്റിൽനിന്നും ശരിയായി വീണ്ടും ഒരു അന്വേഷണങ്ങൾ നടത്തുമോഎന്നു പറയുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): ഏതുഭാഗത്തെ സംബന്ധിച്ചാണ് ഈ ചോദ്യം ചോദിക്കുന്നതു?

മി. എൻ. കെ. കൃഷ്ണപിള്ള(നെയ്യാറ്റിൻകര):

(എ) ഭാഗം.

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): മെമ്പറിനുതന്നിട്ടുള്ള മറുപടിനോക്കുക. ഇതേ സംബന്ധിച്ചു നിങ്ങൾ മുമ്പു ഒരവസരത്തിൽ ചോദിച്ചു അതിനുള്ള മറുപടി താഴെ പറയുംപ്രകാരമായിരുന്നു.

ഒരു അന്വേഷണംനടത്തുകയും പാലവും അതിന്റെ പാർശ്വങ്ങളും പണിയിക്കുന്നതിനു ൬൦൦൦൦ രൂപയിൽകൂടുതൽ ചിലവാകുമെന്നു റിപ്പോർട്ടുചെയ്യുകയുംചെയ്തിട്ടുണ്ടു. ഇപ്പോഴത്തെ ഗതാഗതങ്ങളുടെ ആവശ്യകത ഒരുചങ്ങാടംകൊണ്ടു നിർവഹിക്കുന്നു. ഗതാഗതം വർദ്ധിക്കുന്നതുവരെ പാലംപണി താമസിപ്പിക്കണമെന്നാണ് ചീഫ്എൻജിനീയരുടെ അഭിപ്രായം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ജനപ്രതിനിധികളോടുകൂടി ആലോചിച്ചു ഗവണ്മെന്റിൽനിന്നും വീണ്ടും അന്വേഷണംകൂടി നടത്തുമോ? എന്നാണു എന്റെഇപ്പോഴത്തെ ചോദ്യം.

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): ചീഫ് എൻജിനീയരുടെ സിൽബന്തികൾ ഇനിയും ആ സ്ഥലം പരിശോധിക്കുമ്പോൾ ജനങ്ങളോടു ആലോചിക്കുന്നതിനു അവരോടു ആജ്ഞാപിക്കവാൻ അദ്ദേഹത്തോടുപറയാം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ചീഫ്എൻജിനീയർതന്നെ കഴിയുന്നതുവേഗത്തിൽ ജനപ്രതിനിധികളോടാലോചിച്ചു വീണ്ടും അന്വേഷണം നടത്തുന്നതിനു ഗവണ്മെന്റിൽനിന്നും ശരിയായി പറയുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): ഗവണ്മെന്റിന്റെ ഇപ്പോഴത്തെനിശ്ചയം ഒരു പ്രശ്നത്തിനു മറുപടിയായി മെമ്പറിനോടു പറഞ്ഞിട്ടുണ്ടു. മുൻപു പറഞ്ഞതുപോലെ ആ സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാർ ആ സ്ഥലം പരിശോധിക്കാൻ പോകുമ്പോൾ അവിടെയുള്ള ജനപ്രതിനിധികളോടൊന്നിച്ചു ഇതെപ്പറ്റി വേണ്ടപോലെ ആലോചിക്കുന്നതിനു പറയാം.

മീനച്ചൽതാലൂക്കിലെ പുതുവലും പുറമ്പോക്കും കേസുകളുടെവിസ്താരം.

*൧൧൬. മി. എ. സി കുഞ്ഞാക്കോസ്സ് (മീനച്ചലും തൊടുപുഴയും): ൧൧-൧൧-൧൧൦൯-ൽ വിധിപറയുന്നതിനായി വിസ്താരത്തിൽ ഇരിക്കുന്ന മീനച്ചൽതാലൂക്കിലെ പുതുവലും പുറമ്പോക്കും കേസുകളുടെ എണ്ണവും അവ ആദ്യം ഫയലിൽചേർത്ത തീയതിയും അവയുടെതീരുമാനത്തിന്റെ താമസത്തിനുള്ള കാരണങ്ങളും കാണിക്കുന്ന ഒരുസ്റ്റേറ്റുമെന്റു ഗവണ്മെന്റിൽനിന്നും ശരിയായി മേശമേൽവയ്ക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി): ൧൯൬ പുതുവൽകേസുകളും ൧൭ പുറമ്പോക്കു കേസുകളുമുണ്ടു. അവയെല്ലാം ൧൧൦൯-ൽ ഫയലിൽചേർത്തു. അവയെല്ലാം വിസ്താരത്തിന്റെ പലഘട്ടങ്ങളിലായിട്ടിരിക്കുകയാണ്. അത്യാവശ്യമായി ഒന്നുംതന്നെ താമസിച്ചിട്ടില്ല.

നിയമസഭാംഗങ്ങൾക്കു അഡ്മിനിസ്ട്രേഷൻറിപ്പോർട്ടു വിതരണംചെയ്യുന്നതിനെപ്പറ്റി.

*൧൧൭. മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക): (എ) ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിലെ അഡ്മിനിസ്ട്രേഷൻറിപ്പോർട്ടു സഭാംഗങ്ങൾക്കു അയച്ചുകൊടുത്ത തീയതികളും,

(ബി) മറ്റുള്ള ഡിപ്പാർട്ടുമെന്റുകളിലെ റിപ്പോർട്ടുകളെ അപേക്ഷിച്ചു ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടിന്റെ പ്രതികൾമാത്രം അയക്കുന്നതിനു താമസിച്ചതു എന്താണെന്നും ഗവണ്മെന്റിൽനിന്നും ശരിയായിപറയുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസിക്രട്ടറി):

(എ) മെമ്പർ*ആവശ്യപ്പെട്ട സംഗതികൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തുവച്ചിരിക്കുന്നു.

(ബി) ൧൧൦൮-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിന്റെകൂടി അച്ചടിക്കേണ്ടതായ ജി. ഒ. മറ്റുള്ള ഡിപ്പാർട്ടുമെന്റുകളിലെ ജി. ഒ. യെക്കാൾ താമസിച്ചയച്ചതുകൊണ്ടാണ് ആ അഡ്മിനിസ്ട്രേഷൻറിപ്പോർട്ടയക്കുന്നതിനു താമസംനേരിട്ടതു,

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുമാത്രം ഇത്ര താമസിച്ചയയ്ക്കാനുള്ള കാരണമെന്തു?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ആ റിപ്പോർട്ടു പരിശോധിക്കുന്നതിൽ കുറേ താമസംനേരിടുവന്നതുകൊണ്ടാണ് താമസിച്ചയയ്ക്കാൻ ഇടയായതു്.

കോതയാർപ്രോജക്റ്റ് ഡിവിഷനിലുള്ള റോഡുകൾ.

*൧൧൮. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) കോതയാർ പ്രോജക്റ്റ് ഡിവിഷനിലെ റോഡുകൾക്കു ൧൧൦൮-ലെ ബഡ്ജറ്റിൽ എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും;

---

* അനുബന്ധം നം. ൭ നോക്കുക

(ബി) അതിൽനിന്നും ൧൧൦൯ കോതയാർ പ്രോജക്ട് ഡിവിഷനിലേക്ക എത്രരൂപ കൊടുത്തിട്ടുണ്ടെന്നും;

(സി) കോതയാർ പ്രോജക്ട് ഡിവിഷൻ ചീഫ് എഞ്ചിനീയർ എത്ര പ്രാവശ്യം സന്ദർശിച്ചിട്ടുണ്ടെന്നും ആ ഡിവിഷനിലെ റോഡുകളുടെ സ്ഥിതിയെപ്പററി അദ്ദേഹത്തിന്റെ റിപ്പോർട്ടുകൾ ഉണ്ടെങ്കിൽ അവയുടെ എണ്ണവും;

ഗവണ്മെന്റിൽനിന്നും ദയവായി പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) ൯൯൯൯൯൦ രൂപ.

(ബി) ൭൫൮൦ രൂപാ.

(സി) ഏതാണ്ടത്തെ സംഗതികൾ ആണ് അറിയേണ്ടതെന്ന മെമ്പർ ക്ലിപ്തപ്പെടുത്തിയിട്ടില്ല. ചീഫ് എഞ്ചിനീയർ ൧൧൦൯-ൽ നാഗർകോവിൽ (കെ. പി.) ഡിവിഷൻ നാലു പ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്. ആ ഡിവിഷനിലെ റോഡുകളുടെ സ്ഥിതിയെപ്പററി അദ്ദേഹം യാതൊരു റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല.

മി. ഡി. സി. ജോസഫ് (അഗസ്ത്യീശ്വരം): (ബി) ഭാഗം ചോദ്യത്തിനുള്ള മറുപടിയെ സംബന്ധിച്ച്, എന്തുകൊണ്ടാണ് ആ തുക കൊടുത്തതെന്നു പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അതിനു പ്രത്യേകകാരണമൊന്നുമില്ല. വേലകൾ ചെയ്യുമ്പോൾമാത്രമേ പണം ചിലവാക്കുക പതിവുള്ളു.

പെരിയാററിലുള്ള ഒരു കടത്തിനെസംബന്ധിച്ചും കുന്നത്തുനാട്ടിലുള്ള രണ്ടു വില്ലേജു

റോഡുകളെ വണ്ടിപോകത്തക്ക റോഡുകൾ ആക്കുന്നതിനെപ്പററിയും ഉള്ള നിവേദനം.

൨൩൪. മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട): (എ) കോട്ടയത്തിൽനിന്നും തണ്ണീർപ്പുഴ കടവിലേക്ക (ചേരാനല്ലൂർവഴിപോകുന്ന മെയിൻസെൻട്രൽറോഡിൽ ൧൯ ൭-ാം മൈൽകുററിക്കടുത്തു പെരിയാററിലുള്ള കടത്തു) പോകുന്നതും ചേരാനല്ലൂർ പള്ളിക്കുസമീപമുള്ള കടവിൽനിന്നും കൂവപ്പാടി-പെരുമ്പാവൂർ റോഡിലേക്ക പോകുന്നതും ആയ വില്ലേജുറോഡുകൾ വണ്ടിപോകത്തക്ക റോഡുകൾ ആക്കണമെന്നും പെരിയാററിലുള്ള ചേരാനല്ലൂർകടത്തു ഒരു ഗവണ്മെൻറു കടത്തായി ഗണിക്കണമെന്നുള്ള ഒരു അപേക്ഷ ആ സ്ഥലവാസികളിൽനിന്നും ഗവണ്മെൻറിലേക്കോ ചീഫ് എഞ്ചിനീയർക്കോ കിട്ടിയിട്ടുണ്ടോ എന്നും;

(ബി) (എ) ഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ ഗവണ്മെൻറിൽനിന്നും ആ സംഗതിയെപ്പററി എന്തു പ്രവർത്തിച്ചിട്ടുണ്ടെന്നും;

ഗവണ്മെൻറിൽനിന്നും ദയവായിപ്പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) അതുസംബന്ധിച്ച ഒരു ഹർജി ഗവണ്മെൻറിലേക്കും ഒന്ന് ചീഫ് എഞ്ചിനീയർക്കും കിട്ടിയിട്ടുണ്ട്.

(ബി) ഈ സംഗതികളെപ്പററി ചീഫ് എഞ്ചിനീയർ അന്വേഷിച്ചുവരികയാണ്.

൧൧൦൯-ലെ അഞ്ചൽ ടെസ്റ്റിനു അപേക്ഷക്കാരായ സ്ത്രീകൾ.

൨൩൫. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ൧൧൦൯-ൽ നടത്തിയ അഞ്ചൽഡിപ്പാർട്ടുമെൻറൽ പരീക്ഷയെ സംബന്ധിച്ച്;

(എ) ആ പരീക്ഷക്ക അപേക്ഷക്കാരായി സ്ത്രീകൾ ആരെങ്കിലും ഉണ്ടായിരുന്നോ എന്നും, ഉണ്ടായിരുന്നെങ്കിൽ അവരുടെ പേരുകളും;

(ബി) പരീക്ഷയ്ക്കുള്ള അവരുടെ അപേക്ഷകളും പരീക്ഷഫീസും വാങ്ങിയതിനുശേഷം അവരെ ആ പരീക്ഷക്ക ചേരുന്നതിനു നിരസിച്ചോ എന്നും, അപ്രകാരം നിരസിച്ചെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്നും;

(സി) അഞ്ചൽ ഡിപ്പാർട്ടുമെൻറൽ പരീക്ഷയെസംബന്ധിച്ച ഗവണ്മെൻറുഗസററിൽ പരസ്യംചെയ്തിരുന്ന പദ്ധതി അനുസരിച്ചു ഒരു സ്ത്രീ ആ പരീക്ഷക്ക ഇരിക്കുന്നതിനു അയോഗ്യയാണോ എന്നും;

ഗവണ്മെൻറിൽനിന്നും ദയവായി പറയുമോ?

മി. കെ. ജാഷ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): (എ) അപേക്ഷക്കാരായിട്ടു മൂന്നു സ്ത്രീകൾ ഉണ്ടായിരുന്നു. അവരുടെ പേരുകൾ (൧) ശ്രീമതി ജി. കമലാക്ഷിഅമ്മ. (൨) ശ്രീമതി കെ. പാറുക്കുട്ടി. (൩) ശ്രീമതി കെ. ലക്ഷ്മിക്കുട്ടി.

(ബി) ഉവ്വ്, അഞ്ചൽഡിപ്പാർട്ടുമെൻറുൾപ്പെടെ രാജ്യത്തുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളിലും സ്ത്രീകളെ നിയമിക്കുന്ന കാര്യംതന്നെ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

(സി) ൧൧൦൭ നവംബർ ൧൬-ാം തീയതിയിലെ ഗസററിലാണ് ആ പദ്ധതി പ്രസിദ്ധീകരിച്ചിരുന്നതു. അക്കാലത്തു അഞ്ചൽഡിപ്പാർട്ടുമെൻറിൽ സ്ത്രീകളെ നിയമിക്കണമെന്നുള്ള കാര്യം അത്ര പ്രാധാന്യത്തിൽ വന്നിട്ടില്ലാത്തതുകൊണ്ടു ആ പദ്ധതിയിൽ സ്ത്രീകളുടെ കാര്യത്തെപ്പററി ചിന്തിച്ചിട്ടില്ലെന്നാണ് ഊഹിക്കേണ്ടതു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എന്റെ ചോദ്യത്തിന്റെ (സി) ഭാഗം താഴെപറയും പ്രകാരമാകുന്നു:—

"അഞ്ചൽഡിപ്പാർട്ടുമെൻറൽ പരീക്ഷയെ സംബന്ധിച്ച ഗവണ്മെൻറു ഗസററിൽ പ്രസിദ്ധം ചെയ്തിരുന്ന പദ്ധതികൾക്കുൾപ്പെട്ട ആ പരീക്ഷയ്ക്കു ചേരുന്നതിനു ഒരു സ്ത്രീ അയോഗ്യയാണോ?"

മറുപടി താഴെ പറയുംപ്രകാരമാകുന്നു:—

"൧൧൦൭ നവംബർ ൧൬-ാം തീയതിയിലെ ഗസററിലാണ് ആ പദ്ധതി പ്രസിദ്ധീകരിച്ചിരുന്നതു. അക്കാലത്തു സ്ത്രീകളെ അഞ്ചൽഡിപ്പാർട്ടുമെൻറിൽ നിയമിക്കണമെന്നുള്ള കാര്യം അത്രപ്രാധാന്യത്തിൽ വന്നിട്ടില്ലാത്തതുകൊണ്ടു ആ പദ്ധതിയിൽ സ്ത്രീകളുടെ കാര്യത്തെപ്പററി ചിന്തിച്ചിട്ടില്ലെന്നാണ് ഊഹിക്കേണ്ടതു"

എന്നാൽ എന്റെ ചോദ്യം ആ പദ്ധതികൾക്കുൾപ്പെട്ടു ആ പരീക്ഷക്ക ചേരുന്നതിനു സ്ത്രീകൾ അയോഗ്യകളാണോ എന്നാണ്?

മി. കെ. ജാജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): അവക്കു നിശ്ചിതമായ അയോഗ്യത ഒന്നുമില്ല. എന്തുകൊണ്ടെന്നാൽ ആ കാര്യം അന്നു ഗവണ്മെൻറിൻെറ വിചിന്തനത്തിനു വിഷയീഭവിച്ചിട്ടില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇപ്പോഴുള്ള പദ്ധതി അനുസരിച്ചു ആ പരീക്ഷയ്ക്കു ചേരുന്നതിനു ഒരു സ്ത്രീ അയോഗ്യയല്ലന്നു ഞാൻ മനസ്സിലാക്കുട്ടയോ?

മി. കെ. ജാജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): അക്കാലത്തു ഈ ചോദ്യം വന്നിട്ടില്ലായിരുന്നതുകൊണ്ടു അവക്കു പ്രത്യേകമായിട്ടു അയോഗ്യതകളൊന്നുമില്ല. ഇങ്ങനെ ഒരു ചോദ്യം വന്നപ്പോൾ അഞ്ചൽ സൂപ്രണ്ടു ഈ കാര്യം ഗവണ്മെൻറിനെ അറിയിക്കയും, പൊതുവായുള്ള ഈ കാര്യത്തിനു ഒരു തീരുമാനം ഉണ്ടാകുന്നതുവരെ ആ ചോദ്യത്തിൻെറ മറുപടിക്കുവേണ്ടി താമസിക്കണമെന്നു അദ്ദേഹത്തിനു മറുപടി കിട്ടുകയുംചെയ്തു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എനിക്കു നിശ്ചിതമായ ഒരു ഉത്തരംവേണം. അവ അയോഗ്യകളല്ലെന്നു ഞാൻ മനസ്സിലാക്കട്ടയോ? അവർ യോഗ്യകളാണോ അയോഗ്യകളാണോ എന്നു ചട്ടം പറയുന്നില്ല.

മി. കെ. ജാജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): എന്തുകൊണ്ടെന്നാൽ ആ ചട്ടം ഉണ്ടാക്കിയപ്പോൾ ഇപ്രകാരമുള്ള ഒരു സന്ദർഭത്തെപ്പററി ആലോചിച്ചില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എനിക്കു അതുകൊണ്ടു തൃപ്തിയായില്ല.

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതു വളരെ വ്യത്യാസപ്പെട്ടതാണ് ർ

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഒരു സ്ത്രീ ആ പരീക്ഷയ്ക്കു ചേന്നു ജയിക്കുന്നതിനു അനുവദിക്കുന്നതിലേക്കു എന്തു തടസ്സമാണുള്ളതെന്നു എനിക്കു മെംബറടെ അടുക്കൽനിന്നും അറിയാമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ആ മുഴുവൻ സംഗതികളും ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സ്ത്രീകൾക്കു ആ ഡിപ്പാർട്ടുമെൻറിൽ ജോലി കൊടുത്താലും ഇല്ലെങ്കിലും ഒരു സ്ത്രീ ആ പരീക്ഷയ്ക്കു ചേന്നു ജയിക്കുന്നതിലേക്കു ഗവണ്മെൻറിന് എന്തു തടസ്സമാണുള്ളത്?

മി. കെ. ജാജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഒരു സ്ത്രീ അഞ്ചൽടെസ്റ്റ് പരീക്ഷക്കുചേന്നു ജയിക്കുന്നതു ആ ഡിപ്പാർട്ടുമെൻറിൽ പ്രവേശനം ലഭിക്കുന്നതിനല്ലെങ്കിൽപിന്നെ എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ആ ഡിപ്പാർട്ടുമെൻറിൽ പ്രവേശിക്കണമെന്നു ആശയില്ലെങ്കിൽ ആ പരീക്ഷ ജയിക്കുന്നതിൻെറ ഗുണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഒരു സ്ത്രീക്കു ആ പരീക്ഷയിൽ ജയിക്കണമെന്നു ഒരു ആശ ഉണ്ടാകുന്നു എന്നു വിചാരിക്കുക. അവളെ ആ പരീക്ഷക്കു ചേർക്കാൻ അനുവദിക്കുന്നതിനു ഗവണ്മെൻറിനു എന്തു തടസ്സമാണുള്ളത്?

മി. കെ. ജാജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഒരിക്കൽ അവർ ആ പരീക്ഷ പാസ്സായാൽ അവരെ ആ ഡിപ്പാർട്ടുമെൻറിൽ നിയമിക്കണമെന്നുള്ള ഒരു കടമ ഗവണ്മെൻറിനുണ്ടു എന്നുള്ള തടസ്സത്തെപ്പററി ഗൌനിക്കേണ്ടതായിട്ടുണ്ട്.

കഴിത്തുറ ചുങ്കസ്ഥലത്തുനിന്നുമുള്ള ചുങ്കപ്പിരിവ്.

൨൩൪. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും):

(എ) ൧൧൦൮ വരെ ഓരോ ആണ്ടിലും കഴിത്തുറ ടോൾഗേററിൽനിന്നും പിരിച്ചിട്ടുള്ള ചുങ്കത്തിൻെറ തുകകളുടെയും;

(ബി) ആ തുക എന്താവശ്യത്തിലേക്കായി പിരിച്ചു എന്നും,

(സി) ശ്രീമൂലംപ്രജാസഭയിൽ കഴിത്തുറയിലും അതിനോടുചേന്നുംഉള്ള ടോൾഗേററുകൾ മാററുന്നതിനേയും നിറുത്തുന്നതിനേയുംപററി നിവേദനങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ എന്നും,

(ഡി) സി ഭാഗത്തിനുള്ള ഉത്തരം ഉണ്ടെന്നാണെങ്കിൽ ഗവണ്മെൻറിൽനിന്നും കഴിഞ്ഞയാണ്ടിൽ കൊടുത്ത മറുപടി എന്താണെന്നും,

(ഇ) ഡിപ്പാർട്ടുമെൻറിൽനിന്നും ആ ഉത്തരവിനെ നടപ്പിൽവരുത്തീട്ടുണ്ടോ എന്നും;

ഗവണ്മെൻറിൽനിന്നും സദയം പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി):

(എ) ൧൦൭൯ൽ (അതു സ്ഥാപിച്ചആണ്ട്) മുതൽ ൧൧൦൮ വരെ ആണ്ടുതോറും കഴിത്തുറ ടോൾഗേററിൽനിന്നുള്ള പിരിവിൻെറ തുകകളെകാണിക്കുന്ന ഒരു സ്റ്റേററുമെൻറു * മേശപ്പുറത്തു വച്ചിരിക്കുന്നു,

(ബി) റോഡുകളും പാലങ്ങളും ഉണ്ടാക്കുന്നതിനും സംരക്ഷിക്കുന്നതിനും ചിലവായിട്ടുള്ള വൻപിച്ചതുകയുടെ ഒരു ഭാഗമെങ്കിലും ലഭിക്കുന്നതിലേക്ക്.

(സി) ഉണ്ട്.

(ഡി) ശ്രീമൂലംപ്രജാസഭയുടെ കഴിഞ്ഞയോഗത്തിൽ വിളവങ്കോടുതാലൂക്കിലെ പ്രതിനിധിയായ മിസ്റ്റർ ആർ. നാരായണപിള്ളയുടെ നിവേദനത്തിനു മറുപടിയായി കഴിത്തുറയിലുള്ള രണ്ടു ടോൾഗേററുകളെ ഒന്നാക്കാൻ സാധിക്കുമോ എന്നുള്ള കാര്യത്തെപ്പററി പര്യാലോചിക്കുന്നതിനു ചീഫ് എൻജനീയരോടു ആജ്ഞാപിക്കാമെന്നു ദിവാൻജി പറഞ്ഞു.

(ഇ) അതേപ്പററി ചീഫ് എൻജനീയരോടു പറഞ്ഞിട്ടുണ്ട്.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): പ്രശ്നത്തിൻെറ (സി) ഭാഗത്തിനുള്ള മറുപടിയെസംബന്ധിച്ചു ചീഫ് എൻജനീയരോടു ഏതുപ്രകാരത്തിലാണ് ആജ്ഞാപിച്ചിരിക്കുന്നതു എന്നു പറയുമോ? ടോൾഗേററു നിറുത്തുന്നതിനാണോ അതോ മാററുന്നതിനാണോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): പ്രജാസഭയിൽ പ്രതിപാദിച്ചു നിവേദനത്തെപ്പററി റിപ്പോർട്ടുചെയ്യുന്നതിനു ചീഫ് എൻജനീയരോടു ആജ്ഞാപിച്ചിട്ടുണ്ട്

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും):

(സി) ഭാഗത്തിൽ ഞാൻ ചോദിച്ചതു ശ്രീമൂലംപ്രജാസഭയിൽ ഈ വിഷയത്തെപ്പററി നിവേദനങ്ങൾകൊണ്ടുവന്നിട്ടുണ്ടോ എന്നാണ്. അതിനുള്ള മറുപടി ശ്രീമൂലംപ്രജാസഭയിൽ ഇതേപ്പററി ഒരു നിവേദനംകൊണ്ടു വന്ന എന്നും കുഴിത്തുറയിലുള്ള രണ്ടു ടോൾഗേററുകൾക്കുപകരം ഒരു ടോൾഗേററ് ആക്കാൻ സാധിക്കുമോ എന്നുമുള്ള കാര്യത്തെപ്പററി പര്യാലോചിക്കുന്നതിനു ചീഫ് എൻജനീയരോടു ആജ്ഞാപിക്കാമെന്നു ദിവാൻജി മറുപടി പറഞ്ഞിട്ടുണ്ടെന്നുംആണ്. ആ ഉത്തരവു നടപ്പിൽവരുത്തീട്ടുണ്ടോ എന്നു പറയുമോ? ഉണ്ടെങ്കിൽ ഉത്തരവിൻെറ പ്രകൃതം എന്താണ്?.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഈമാതിരി സംഗതികളിൽ സാധാരണചെയ്യാറുള്ളതു പ്രജാസഭയിൽ കൊണ്ടുവന്നിട്ടുള്ള നിവേദനത്തിലും അതിനു ദിവാൻജി കൊടുത്തിട്ടുള്ള മറുപടിയിലും ഡിപ്പാർട്ടുമേലദ്ധ്യക്ഷൻെറ ശ്രദ്ധപതിപ്പിക്കയും അതേസംബന്ധിച്ചു റിപ്പോർട്ടുചെയ്യുന്നതിനു അദ്ദേഹത്തോടാജ്ഞാപിക്കയുംആണ്. അതേപ്പററി ക്ലിപ്തമായി യാതൊന്നും പറഞ്ഞിട്ടില്ല.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ചീഫ് എൻജനീയരുടെ റിപ്പോർട്ടിൽ അടങ്ങീട്ടുള്ള സംഗതികൾ എന്തെല്ലാമാകുന്നു ഗവണ്മെൻറിനറിയാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഗവണ്മെൻറിലേക്കു റിപ്പോർട്ടു കിട്ടിയിട്ടില്ല.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഗവണ്മെൻറിൽനിന്നും ചീഫ് എൻജിനീയരോടു ഇതേപ്പററി പ്രതിപാദിച്ചിട്ടുണ്ടെന്നു മെമ്പർ പറഞ്ഞു. ആ പ്രതിപാദനത്തിൻെറ പ്രകൃതം ടോൾഗേററു നിറുത്തുന്നതിനാണോ മാററുന്നതിനാണോ എന്നു പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): പ്രശ്നത്തെപ്പററി ചീഫ് എൻജനീയർ തന്നെ സൂക്ഷ്മംകഷമായി ചിന്തിച്ചു റിപ്പോർട്ടുചെയ്യണം. അപ്പോൾ ഗവണ്മെൻറിൽനിന്നും അതേപ്പററി ആലോചിക്കും.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കുഴിത്തുറയിൽ എത്ര ടോൾഗേററുകൾ ഉണ്ടെന്നു പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): രണ്ടെന്നാണ് എനിക്കു തോന്നുന്നതു്. യഥാർത്ഥത്തിൽ അതാണു ഇവിടെ വാദവിഷയമായിരിക്കുന്നതു്.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കുഴിത്തുറയിൽ മൂന്നു ടോൾഗേററുകളുണ്ടു്.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഇപ്പോൾ ലഭിച്ച അറിവിനെ നോട്ടുചെയ്തിരിക്കുന്നു.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കഴിഞ്ഞതിൻെറ മുൻപിലത്തെ ആണ്ടിൽ ഒന്നും, കഴിഞ്ഞാണ്ടിൽ രണ്ടും ഇയ്യാണ്ടിൽ മൂന്നു ടോൾഗേററുകളും ഉണ്ടെന്നുള്ള വസ്തുതയെ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നേ എനിക്കുണ്ടായിരുന്നുള്ളു.

അദ്ധ്യക്ഷൻ: അതൊരു പ്രശ്നമല്ല. നിങ്ങൾ പ്രസംഗിക്കുകയാണ്.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ടോൾഗേററു നിറുത്തുന്നതിനെപ്പററിയോ മാററുന്നതിനെപ്പററിയോ ചീഫ് എൻജനീയരോടു ഗവണ്മെൻറിൽനിന്നും പ്രതിപാദിച്ചിട്ടുണ്ടോ എന്നുള്ള എൻെറ ചോദ്യത്തിനു മെമ്പർ സൂക്ഷ്മമായ ഒരു മറുപടി പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഗവണ്മെൻറിൽനിന്നും ചീഫ് എൻജനീയരോടു ആജ്ഞാപിച്ചിട്ടുണ്ടെന്നു ഞാൻ മുൻപുതന്നെ പറഞ്ഞുകഴിഞ്ഞതല്ലോ.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ആ ഉത്തരവിൻെറ പകർപ്പു ഗവണ്മെൻറു ഫയലിൽ ഉണ്ടോ എന്നു പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഇല്ല, അതു എൻെറമുൻപിൽ ഇല്ല.

അദ്ധ്യക്ഷൻ: കുഴിത്തുറയിലുള്ള രണ്ടു ടോൾഗേററുകൾക്കുപകരം ഒന്നുമാത്രമാക്കുന്നതിനു സാധിക്കുമോ എന്നുള്ള കാര്യത്തെപ്പററി പര്യാലോചിക്കുന്നതിനു ചീഫ് എൻജനീയരോടു ആജ്ഞാപിക്കാമെന്നു ദിവാൻജി പറഞ്ഞിട്ടുണ്ടെന്നും ചീഫ് എൻജനീയരോടു അതേപ്പററി പ്രതിപാദിച്ചിട്ടുണ്ടെന്നും (ഡി) യും (ഇ) യും ഭാഗങ്ങൾക്കുള്ള മറുപടിയിൽനിന്നു നിങ്ങൾക്കു കാണാമല്ലോ. അതു വിശദമായിട്ടുണ്ടെന്നാണു എനിക്കു തോന്നുന്നതു്.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, ഞാൻ ഇപ്പോഴത്തെ സ്ഥിതി ഒന്നുകൂടി വിശദമായി പ്രതിപാദിക്കാം. ഞങ്ങളുടെ സങ്കടം ടോൾഗേററുകളുടെ എണ്ണത്തെക്കുറിച്ചു ആയിരുന്നു. കുഴിത്തുറയിൽ ഇപ്പോൾ മൂന്നു ടോൾഗേററുകളുണ്ടു്. മൂന്നു ടോൾഗേററുകളുള്ളതുകൊണ്ടു ഞങ്ങൾ സഹിച്ചുവരുന്ന കഷ്ടപ്പാടുകളെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നേ എനിക്കു ആവശ്യമുള്ളു. ഉദ്യോഗസ്ഥന്മാരെ കുററപ്പെടുത്തണംഎന്നുള്ള ഒരു ഉദ്ദേശത്തോടുകൂടി ഞങ്ങൾ ഇവിടെ വരുന്നില്ല. ഞങ്ങളുടെ ബുദ്ധിമുട്ടുകളെ ഗവണ്മെൻറുമുൻപാകെ കൊണ്ടുവരണമെന്നുമാത്രമേ എനിക്കാവശ്യമുള്ളു. ഞങ്ങൾ ഈ സംഗതിയെപ്പററി പ്രജാസഭയിൽ പ്രതിപാദിച്ചു.

അദ്ധ്യക്ഷൻ: മൂന്നു ടോൾഗേററുകളെപ്പററി നിങ്ങൾ പറയുന്നതു ഒരു പുതിയ സംഗതിയാണ്.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, അതു ഇതിൽ അന്തർഭവിച്ചിരിക്കുന്നതാണ്. സർ, എൻെറ ചോദ്യത്തിൻെറ (സി) ഭാഗത്തിൽ ടോൾഗേററു നിറുത്തുന്നതിനെപററിയും ടോൾഗേററു മാററുന്നതിനെപററിയും ഞാൻ വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്. അതിനുള്ള മറുപടി ചീഫ് എൻജനീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു് എന്നാണ്. എൻെറ വാദം ടോൾഗേററുകളുടെ എണ്ണം കുറയ്ക്കുന്നതിനെപററിമാത്രമായിരുന്നു.

* മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മൂന്നു ടോൾഗേററുകൾ ഉണ്ടെന്നു മെമ്പർ പറഞ്ഞതിനെ നോട്ടുചെയ്തിട്ടുണ്ടു്. അതു ചീഫ് എൻജനീയരെ അറിയിക്കുകയും ചെയ്യാം.

---

* അനുബന്ധം ൩൨ നോക്കുക.

അനുബന്ധം XXXIV എ.

൨൨൮-ാം നമ്പർ ചോദ്യത്തിന് മറുപടി നോക്കുക.

സർവീസിലെ അത്യാവശ്യപ്രകാരമില്ലാതെ ൧൧-൮-൧൯൨൮ മുതൽ ൨൯-൭-൧൯൨൯ വരെ രജിസ്ട്രേഷൻ ഡയറക്ടർ നടത്തിയ സബ്‌രജിസ്ട്രാറന്മാരുടെ സ്ഥലംമാററങ്ങൾ.

നമ്പർ	സബ്ബ്‌രജിസ്ട്രാരുടെ പേര്	എവിടെനിന്നും സ്ഥലംമാററിയോ ആ സ്ഥലത്തിന്റെ പേര്	സ്ഥലംമാററത്തിന ഉത്തരവയച്ച തീയതി	സ്ഥലംമാററിയ തീയതിവരെ എത്രകാലം അവിടെ ഇരുന്നു — ആണ്ട്	മാസം	സ്ഥലം മാററപ്പെട്ടത് എവിടേക്കാണ്
൧	ജി. കൃഷ്ണപിള്ള	മാന്നാർ	൧൬-൮-൧൯൨൮	൨	൧	തിരുവനന്തപുരം അഡീഷണൽ
൨	പി. ശിവരാമകൃഷ്ണയ്യർ	അത്രക്കുറി	൫-൧൨-൧൯൨൮	൨	൪	ഭരണങ്ങാനം
൩	ജോർജ് പണിക്കർ	ഭരണങ്ങാനം	ടി	...	൩	അത്രക്കുറി
൪	വി. എസ്. കൃഷ്ണയ്യർ	അരുമന	൧൭-൧൨-൧൯൨൮	...	൮	തോവാള
൫	എ. ജ്ഞാനപ്പാവുനാടാർ	തോവാള	ടി	...	൩	അരുമന
൬	കെ. പി. സുബ്രഹ്മണ്യയ്യർ	മൂവാററുപുഴ	ടി	...	൨	അതസ്സീശ്വരം
൭	എം. ആർ. കേരളവർമ്മരാജാ	തിരുവല്ലാർ	൨൭-൫-൧൯൨൯	൨	൧൦	മുഞ്ചിറ
൮	പി. എ. പത്മനാഭയ്യർ	മുഞ്ചിറ	ടി	൨	൧൦	തോവാള
൯	കെ. ജി. നീലകണ്ഠപ്പിള്ള	കുന്നത്തുകാൽ	ടി	...	൧൧	തിരുവല്ലാർ
൧൦	ബി. എ. ഫർണാൻഡസ്	തിരുവനന്തപുരം പ്രിൻസിപ്പൽ	൧൩-൬-൧൯൨൯	൧	൭	തിരുവനന്തപുരം അഡീഷണൽ
൧൧	ജി. കൃഷ്ണപിള്ള	ടി അഡീഷണൽ	ടി	...	൯	തിരുവനന്തപുരം പ്രിൻസിപ്പാൾ
൧൨	ജെ. ഐ. മനോരോഞ്ഞാ	കാഞ്ഞിരപ്പള്ളി	൩-൭-൧൯൨൯	൧	൫	കൊളച്ചൽ

അനുബന്ധം XXXIV. ബി.

൨൨൮-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

സബ്ബ്‌രജിസ്ട്രാറന്മാരുടെ ആവശ്യപ്രകാരം ൧൧-൮-൧൯൨൮ മുതൽ ൨൯-൭-൧൯൨൯ വരെ രജിസ്ട്രേഷൻ ഡയറക്ടർ നടത്തിയ സബ്ബ്‌രജിസ്ട്രാറന്മാരുടെ സ്ഥലംമാററങ്ങൾ.

നമ്പർ	സബ്ബ്‌രജിസ്ട്രാറന്മാരുടെ പേര്	എവിടെനിന്ന സ്ഥലംമാററി എന്ന	സ്ഥലംമാററാൻ ഉത്തരവയച്ചതീയതി	ആ സ്ഥലത്തു ജോലിയിൽ ഇരുന്നകാലം — ആണ്ട്	മാസം	എവിടത്തേക്കു സ്ഥലംമാററി
൧	എം. സി. ജോസഫ്	കുന്നത്തുകാൽ	൧൭-൮-൧൯൨൮	...	൮	കിടങ്ങൂർ
൨	ടി. സി. കോശി	പത്തനംതിട്ട	ടി	...	൮	മാന്നാർ
൩	എം. രാമവർമ്മരാജാ	കിടങ്ങൂർ	ടി	൧	൧	പത്തനംതിട്ട
൪	സി. എം. മാത്യു	നെയ്യാററിൻകര അഡീഷണൽ	൧൭-൧൨-൧൯൨൮	൨	൧	മൂവാററുപുഴ
൫	വി. ഹരിഹരയ്യർ	അതസ്സീശ്വരം	ടി	൧	൩	വെള്ളനാട്
൬	പി. രാമൻനായർ	വെള്ളനാട്	ടി	...	൧൦	വിളവങ്കോട്
൭	വി. എസ്. കൃഷ്ണയ്യർ	തോവാള	൨൭-൫-൧൯൨൯	...	൫	കുന്നത്തുകാൽ
൮	റ്റി. ഡി. ദേവസ്യാ	കുളച്ചൽ	൩-൭-൧൯൨൯	൧	൧	കാഞ്ഞിരപ്പള്ളി

അനുബന്ധം XXXV.

൨൩൧-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

ആലപ്പുഴയും കൊല്ലത്തുമുള്ള ആശുപത്രികളിലെ നർസ്കളുടെയും താഴ്ന്ന ശമ്പളക്കാരുടെയും എണ്ണംകാണിക്കുന്ന സ്റ്റേറ്റുമെന്റ്.

സ്റ്റാഫ്	ആലപ്പുഴ		കൊല്ലം	
പെൻഷൻ ഉള്ളവർ				
ആയ		൨		൧
ട്രെയിൻഡ് നർസ്	൨		...	
ട്രെയിനിംഗ് ഇല്ലാത്ത നർസ്	൧	൬	൨	൬
നർസിംഗ് സിസ്റ്റേർസ്	൩		൪	
വാർഡന്മാർ — പുരുഷന്മാർ	൩	൪	൪	൬
വാർഡന്മാർ — സ്ത്രീകൾ	൧		൨	
ശിപായിമാർ		൨		൨
ആകെ		൧൪		൧൫
പെൻഷൻ ഇല്ലാത്തവർ				
മസൂരസ്സു ശുശ്രൂഷിക്കുന്നവർ		൧		...
പട്ടർമെൻ		൨		൧
അരിവെപ്പുകാർ		൨		൩
തോട്ടക്കാരൻ		൧		...
ഇഷ്ടികാർ		൨		൨
തോട്ടികൾ		൩		[illegible]
അലക്കുകാർ		൧		൨
വാച്ചർ		...		൧
ആകെ		൧൨		൧൩

അനുബന്ധം XXXVI.

൨൩൬-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

ചേർത്തലതാലൂക്കിലുള്ള ചാരായഷാപ്പുകളെ സംബന്ധിച്ചുള്ള സ്റ്റേറ്റുമെന്റ്.

ആണ്ട്	ഷാപ്പുകളുടെ എണ്ണം	വില്ക്കുന്നചാരായത്തിന്റെ അളവ്	വാങ്ങിക്കുന്നനികുതി
		ഗ്യാലൻസ്	രൂ.
൧൧൦൦	൩൨	൯൩൯	൬,൦൬൯
൧൧൦൧	൩൨	൯൨൪	൫,൯൧൦
൧൧൦൨	൨൮	൮൨൬	൧൯,൨൫൮
൧൧൦൩	൨൮	൮൦൦	൫,൮൧൨

അനുബന്ധം XXXVII.

൨൩൭-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

൧൯൨൯ ജൂലായി ൧൦-നു- അവസാനിക്കുന്ന ൧൨ മാസക്കാലത്തിനിടയിൽ ൧൫ ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള സ്ഥലങ്ങൾ പതിച്ചുകൊടുത്തിട്ടുള്ളതിനെ കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

സീരിയൽനമ്പർ	ആളിന്റെ പേര്	പതിച്ചുകൊടുത്ത വിസ്തീർണ്ണം ഏ.	പതിച്ചുകൊടുത്ത വിസ്തീർണ്ണം സെ.	ആ സ്ഥലം കിടക്കുന്ന താലൂക്ക
൧	എം. കെ. ഗോപാലപിള്ള, വട്ടപ്പറമ്പുബംഗ്ലാവ്, പുത്തൻചന്ത, വഞ്ചിയൂർ, തിരുവനന്തപുരം	൩൩	൧൧	നെടുമങ്ങാട്
൨	എം. കെ. കൃഷ്ണൻനായർ ടി ടി	൩൯	൨൮	ടി
൩	പത്മനാഭൻ കുഞ്ഞൻ, തെപ്പേവിളാകത്തുവീട്ട്, തെനാകുടിമുറി, വാമനപുരം	൧൯	൬	ടി
൪	ജെ. രാജാരാമറാവു	൩൩	[illegible]	പത്മനാഭപുരം
൫	ചാക്കോ ഫിലിപ്പോസ്	൩൮	[illegible]	ടി
൬	കൃഷ്ണപിള്ള നാരായണപിള്ള	൧൯	൭൭	പത്തനംതിട്ട
൭	മത്തായി കെടററസ്സ്	൨൫	[illegible]	ടി
൮	സി. സചറിയാൻ	൨൪	...	ടി
൯	മാനേജർ, ലാഹ എസ്റ്റേറ്റ്	൮൭	൮൭	ടി
൧൦	മാത്തൻ ജോസഫ്, മാസത്തിൽചേരിന്, രാമൻകരി	൧൮	൬൪	ചങ്ങനാശ്ശേരി
൧൧	ഇട്ടിയചിരാ നിക്കോലാസ്, പുള്ളിവാതുക്കൽ, കാഞ്ഞിരപ്പള്ളി	൨൫	൯൩	ടി
൧൨	ശങ്കരപ്പിള്ള ശങ്കരപ്പിള്ള, കട്ടക്കയത്തിൽവീട്ട്, കൊണ്ടൂർ പകുതി	൪൯	൬൩	മീനച്ചിൽ
൧൩	പരമേശ്വരൻപിള്ള ഗോവിന്ദപ്പിള്ള, മേച്ചേരിവ കൊണ്ടൂർ	൪൯	൮൦	ടി
൧൪	വക്കി ഔസേഫ്, വെള്ളക്കുന്നേൽ, കൊണ്ടൂർ	൩൪൮	൯൮	ടി
൧൫	തൊമ്മൻ കുരുവിള, തോണിക്കുഴി, ളാലം	൪൨	൮൨	ടി
൧൬	മത്തായി ജോസഫ്, മങ്ങാട്ട്	൨൨	൭൨	മൂവാററുപുഴ
൧൭	പാലയത്തിൽ നീലകണ്ഠൻ നാരായണൻ മുതൽപേര്	൧൫	൧൫	തൊടുപുഴ
൧൮	കാദിർകുട്ടി പച്ചു, തൊടിപറമ്പിൽ	൧൭	൭൪	ടി
൧൯	കെ. ജെ. തോമസ്സ്, കല്ലാർതോട്ടം	൧൮൦	൫൫	പീരുമേട്
൨൦	ട്രാവൻകൂർ ററീ എസ്റ്റേററ്സ് കമ്പനി ലിമിററഡ്	൯൮	൪൦	ടി
൨൧	എസ്സ്. ഡി. മാറിസ്സ്, കൊല്ലം	൪൪	൬൩	ടി

അനുബന്ധം XXVIII.

൨൬൦-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

നിയമസഭാംഗങ്ങൾ അഡ്മിനിസ്ട്രേഷൻറിപ്പോർട്ട് അയച്ചുകൊടുത്തതിനെ സംബന്ധിച്ച സ്റ്റേറ്റുമെന്റ്.

ഏതു ഡിപ്പാർട്ടുമെന്റിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് എന്ന്	അയച്ച തീയതി
മലയാളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്ന ഡിപ്പാർട്ടുമെന്റ്	൨൧-൧-൧൯൨൯
ക്രിമിനൽ പ്രിസൺ	൨൮-൧-൧൯൨൯
മരാമത്തു ഡിപ്പാർട്ടുമെന്റ്	൪-൨-൧൯൨൯
നക്ഷത്രബംഗ്ലാവ്	൧൧-൨-൧൯൨൯
പബ്ലിക്ക് ലൈബ്രറി	൧൩-൨-൧൯൨൯
രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്	൧൬-൨-൧൯൨൯
അഞ്ചൽ ഡിപ്പാർട്ടുമെന്റ്	൧൮-൨-൧൯൨൯
നാവിക ഡിപ്പാർട്ടുമെന്റ്	൧൯-൨-൧൯൨൯
നക്ഷത്രബംഗ്ലാവ്—മീറ്ററിയോളജിക്കൽവകുപ്പ്	൨൮-൨-൧൯൨൯
ആയുർവേദഡിപ്പാർട്ടുമെന്റ്	൨-൩-൧൯൨൯
ആദായനികുതി ഡിപ്പാർട്ടുമെന്റ്	൬-൩-൧൯൨൯
എക്കണോമിക്ക ഡെവലപ്പ്മെന്റ ബോർഡ്	൭-൩-൧൯൨൯
സാനിറററി ഡിപ്പാർട്ടുമെന്റ്	൭-൩-൧൯൨൯
വ്യവസായഡിപ്പാർട്ടുമെന്റ്	൮-൩-൧൯൨൯
ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റ്	൮-൩-൧൯൨൯

അനുബന്ധം XXXVI (തുടർച്ച)

മെഡിക്കൽ ഡിപ്പാർട്ടുമെൻറ്	൮-൩-൧൯൨൯
എക്സൈസ് ഡിപ്പാർട്ടുമെൻറ്	൧൧-൩-൧൯൨൯
ജെയിൻസ്റ്റോക്കു കമ്പനികൾ	൧൫-൩-൧൯൨൯
സംസ്കൃതഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്ന ഡിപ്പാർട്ടുമെൻറ്	൧൬-൩-൧൯൨൮
ഭൂനികുതി ഡിപ്പാർട്ടുമെൻറ്	൧൬-൩-൧൯൨൯
പോലീസ് ഡിപ്പാർട്ടുമെൻറ്	൨[illegible]-൩-൧൯൨൯
ദേവസ്വം ഡിപ്പാർട്ടുമെൻറ്	൨൧-൩-൧൯൨൯
ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറ് (ക്രിമിനൽ ജസ്റ്റിസ്)	൨൫-൩-൧൯൨൯
പരസ്പരസഹായ ഡിപ്പാർട്ടുമെൻറ്	൨൫-൩-൧൯൨൯
ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറ് (സിവിൽ ജസ്റ്റിസ്)	൧൬-൪-൧൯൨൯
വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ്	൧൯-൪-൧൯൨൯
ഗവർമ്മെൻറ് അച്ചുകൂടം	൩൧-൫-൧൯൨൯
ഗവർമ്മെൻറ കാഴ്ചബംഗ്ലാവും പബ്ലിക്ക് ഗാർഡനും	൨-൭-൧൯൨൯
വനം ഡിപ്പാർട്ടുമെൻറ്	൧൧-൭-൧൯൨൯
ലാ കാളേജ്	൨൫-൭-൧൯൨൯

അനുബന്ധം XXXIX.

൨൩-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയാകുന്നു.

൧൦൮൯ മുതൽ ൧൧൦൪ വരെ കഴിഞ്ഞ ടോൾഗേറ്റിൽനിന്നും ഉള്ള പിരിവ്.

ആണ്ട്	തുക രൂപാ
൧൦൮൯	൧൩,൪൩൩
൧൦൯൦	൧൪,൫൫൦
൧൦൯൧	൧൨,൮൦൦
൧൦൯൨	൧൩,൦൨൦
൧൦൯൩	൧൩,൨൧൫
൧൦൯൪	൧൩,൫൧൦
൧൦൯൫	൧൩,൯൩൫
൧൦൯൬	൧൪,൦൦൦
൧൦൯൭	൨൯,൧൯൫
൧൦൯൮	൨൩,൧൫൦
൧൦൯൯	൨൯,൪൫൦
൧൧൦൦	൩൫,൨൦൫
൧൧൦൧	൪൪,൧൫൦
൧൧൦൨	൫൫,൫൦൦
൧൧൦൩	൭൩,൦൦൦
൧൧൦൪	൯൫,൦൦൦

പണം അനുവദിക്കുന്നതിനുള്ള അപേക്ഷകൾ.

അദ്ധ്യക്ഷൻ: ൮൩ എ നമ്പർ ഉപക്ഷേപത്തിന്റെ വാദപ്രതിവാദം സഭ ഇപ്പോൾ തുടരും.

മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട സഭാംഗം): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ താണുപിള്ള സഭ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന ഉപക്ഷേപം പിൻതാങ്ങുന്നതിനായിട്ടാണ് ഞാൻ എഴുന്നേൽക്കുന്നത്. വിദ്യാഭ്യാസവകുപ്പിന് അഭിമുഖീകരിക്കേണ്ടതായിട്ടുള്ള ഏററവും പ്രധാനമായിട്ടുള്ളതും അത്യാവശ്യമായിട്ടുള്ളതും ആയ കാര്യങ്ങളിൽ ഒന്ന് രാജ്യത്തു നടപ്പിലിരിക്കുന്ന വിദ്യാഭ്യാസരീതിയിൽ അവശ്യം വേണ്ടതായ ഒരു മാററമാകുന്നു എന്റെ ഓർമ്മയിൽ വരുന്നിടത്തോളം, സഭയുടെ ഈ ഭാഗത്തുള്ള എന്റെ സ്നേഹിതന്മാരിൽ ആരും തന്നെ ഈ പ്രധാനസംഗതിയെക്കുറിച്ച് സാരഗർഭമായ യാതൊരു അഭിപ്രായവും പുറപ്പെടുവിച്ചിട്ടില്ല. ഏതെങ്കിലും പുതിയ പദ്ധതികളെ രൂപവൽക്കരിക്കുന്നതിനുള്ള എന്റെ അശക്തതയും ഞാൻ സമ്മതിക്കുന്നു. എന്നാൽ എനിക്കുള്ള ചില അഭിപ്രായങ്ങൾ സഭ മുമ്പാകെ സമർപ്പിക്കുന്നതിനായിട്ടുണ്ട്. ഇതു് തിരുവിതാംകൂറിനെമാത്രം ബാധിക്കുന്നതല്ലാ. ലോകം മുഴുവൻ സംബന്ധിക്കുന്ന ഒരു വിഷയമാണെന്ന് ആ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷൻ തന്നെ സമ്മതിച്ചിട്ടുണ്ട്. ഇപ്രകാരം പ്രാധാന്യമേറിയ ഒരു വിഷയത്തെക്കുറിച്ച് പര്യാലോചിക്കുന്നതിന് വിദ്യാഭ്യാസമേലദ്ധ്യക്ഷനും, കൃഷി, വ്യവസായം, പരസ്പരസഹായം ഈ വകുപ്പുകളുടെ മേലുദ്യോഗസ്ഥന്മാരും, രാജ്യത്തുള്ള ഒന്നോ രണ്ടോ മററു വിദ്യാഭ്യാസവിദഗ്ദ്ധന്മാരും അടങ്ങിയ ഒരു ബോർഡ് ഗവർമ്മെൻറിൽ നിന്നു തന്നെ നിയമിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. ഇപ്പോഴത്തെ വിദ്യാഭ്യാസമേലദ്ധ്യക്ഷൻ പലരെ സമസ്ഥാനങ്ങളും അദ്ദേഹത്തിന് തന്നത്താൻ തന്നെ രാജ്യത്തിലേക്കാവശ്യമുള്ള വിദ്യാഭ്യാസപദ്ധതി രൂപീകരിക്കാൻ സാധിക്കുമെന്നും ഞാൻ സമ്മതിക്കുന്നുണ്ട്. അദ്ദേഹം ജോലിത്തിരക്കുള്ള ഒരാളാണെന്ന് എനിക്കറിയാം. അതുകൊണ്ട് എന്റെ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ബോർഡ് രാജ്യത്തിന് അനുയോജ്യമായ വിദ്യാഭ്യാസപദ്ധതി രൂപവൽക്കരിക്കുന്നതിനു അദ്ദേഹത്തെ സഹായിക്കും.

എന്റെ ചില സ്നേഹിതന്മാർ പള്ളിക്കൂടങ്ങളിൽ പ്രായോഗികവും ഉപയുക്തവുമായിട്ടുള്ള വിദ്യാഭ്യാസരീതി നടപ്പിൽ വരുത്തുന്നതിനു അഭിപ്രായപ്പെട്ടു. ഡെവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറുകളുടെ മേലദ്ധ്യക്ഷന്മാരോട്ട ഒരുമിച്ചു ജോലി ചെയ്യുന്നതു് ഒരു വിദ്യാഭ്യാസരീതി രൂപവൽക്കരിക്കുന്നതിനു വിദ്യാഭ്യാസമേലദ്ധ്യക്ഷനു വലിയ സഹായമായിരിക്കും. വിദ്യാർത്ഥികൾക്ക് വ്യാവസായികം മാത്രമല്ലാ വാണിജ്യസംബന്ധമായിട്ടുള്ള

പരിശീലനവും നാം കണ്ടമെന്നുള്ള വസ്തുത ഞാൻ ഗവണ്മെൻറിനെ ഓർമ്മപ്പെടുത്തുന്നു. അവർ വാണിജ്യവിദ്യാഭ്യാസത്തിനും അധികം പ്രാധാന്യം നൽകണം. വാണിജ്യവിദ്യാഭ്യാസസംബന്ധമായ ഒരു വിശാലമായ പദ്ധതി നടപ്പിൽ വരുത്തണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ ഉള്ളതുപോലെ ഇ. എസ്സ്. എസ്സ് എൽ. സി. ക്ലാസ്സുകളിൽ ഐച്ഛികവിഷയങ്ങളായി ചുരുക്കെഴുത്തു, ടൈപ്പ്റൈറ്റിംഗ് മുതലായ പ്രാഥമിക വിഷയങ്ങൾ കൂടി വിദ്യാഭ്യാസവകുപ്പിൽ ഏർപ്പെടുത്തുകയാണെങ്കിൽ കാലേക്കൂട്ടി വിദ്യാഭ്യാസം തുടർന്നുകൊണ്ടുപോകുന്നതിനു നിവൃത്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് വല്ല വാണിജ്യശാലകളിലും ജോലി ചെയ്തു ഉപജീവനം കഴിക്കുന്നതിനു ഒരു വലിയ സഹായമായിത്തീരും.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസമേലധ്യക്ഷൻ): ഇ. എസ്സ് എൽ. സി. ക്ലാസ്സിലെ ഐച്ഛികവിഷയങ്ങളുടെ കൂട്ടത്തിൽ ചുരുക്കെഴുത്തു ഉൾപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടെന്നു മെമ്പരുടെ അറിവിലേക്കായി ഞാൻ പറയട്ടെയോ?

മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട സഭാംഗം): എന്നാൽ ചുരുക്കെഴുത്തും ടൈപ്പ്റൈറ്റിംഗും പഠിപ്പിക്കുന്നതിനായി ആലപ്പുഴ ഒരു കമേർഷ്യൽസ്കൂൾ ഉള്ളതിന്റെ ആവശ്യം എന്താണെന്നു ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമേലധ്യക്ഷനോടു ചോദിച്ചുകൊള്ളട്ടെയോ?

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസമേലധ്യക്ഷൻ): ആ ചോദ്യം എന്നോടു ചോദിക്കേണ്ടതല്ലെന്നാണ് എനിക്കു തോന്നുന്നതു്. ആരുടെ അധികാരത്തിൻ കീഴിലാണോ ആ സ്കൂൾ ഇരിക്കുന്നതു് ആ മെമ്പറിനോടു ആയിരുന്നു ചോദിക്കേണ്ടതു്.

മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട സഭാംഗം). നമ്മുടെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ബുദ്ധിയും കൈയും ഒരുമിച്ചു ഉപയോഗിക്കേണ്ടതായ വിദ്യാഭ്യാസരീതിയാണ് ഇന്നു ആവശ്യമുള്ളതു്.

ഈ അഭിപ്രായപ്രകടനങ്ങളോടു കൂടി ഞാൻ മി. താണുപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം) സർ, ഈ ഉപക്ഷേപം കൊണ്ടുവന്നതിൽ എനിക്കുള്ള ഉദ്ദേശം വിദ്യാഭ്യാസകാര്യങ്ങളെ സംബന്ധിച്ചു ഒരു പുതിയ പദ്ധതിയുടെ ആവശ്യകതയെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു മാത്രമേയുള്ളു. എനിക്കു അതിന്റെ സൂക്ഷ്മവിഭാഗങ്ങളിലേക്കു കടക്കണമെന്നു ആവശ്യമേ ഇല്ല. ഈ വിഷയത്തിൽ ചില്ലറ ചില്ലറയായിട്ടുള്ള ഭേദഗതികൾ അധികം പ്രയോജനകരമായിരിക്കയില്ലെന്നാണ് എനിക്കു തോന്നുന്നതു്. നമ്മുടെ വിദ്യാഭ്യാസരീതിയിൽ വലിയ മാറ്റങ്ങൾ വരുത്തേണ്ട ആവശ്യകതയെ വിദ്യാഭ്യാസധ്യക്ഷൻ ഇന്നു സമ്മതിച്ചതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. ഇപ്പോൾ നടപ്പിലിരിക്കുന്ന രീതിയിൽ ഉള്ള ചില ഗൗരവതരങ്ങളായ പോരായ്മകളെ അദ്ദേഹം തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പോരായ്മകളെ പരിഹരിക്കുന്നതിനു അദ്ദേഹം കഴിയുന്നതു പരിശ്രമിക്കുന്നതാണെന്നുള്ളതു തൃപ്തികരം തന്നെയാണ്.

സർ, ഈ വിഷയം തിരുവിതാംകൂറിനെ എന്നല്ല, അഖിലഭാരതത്തെ എന്നല്ല, ലോകത്തെ മുഴുവനും സംബന്ധിക്കുന്നതാണെന്നു വിദ്യാഭ്യാസമേലധ്യക്ഷനും വേറെ ചില മെമ്പറന്മാരും നിരീക്ഷണം ചെയ്തിട്ടുണ്ട്.

മി. മാത്യു മുരിക്കൻ (വൈക്കം): ഇതു [illegible] സംബന്ധമായ ഒരു വിഷയമാണെന്നു മറ്റു മെമ്പറന്മാരിൽ ആരും തന്നെ പറഞ്ഞിട്ടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇതു ഇൻഡ്യ മുഴുവനുമുള്ള ഒരു പ്രധാന പ്രശ്നമാണെന്നു ചിലർ പറയുന്നതു ഞാൻ കേട്ടു.

മി. മാത്യു മുരിക്കൻ (വൈക്കം): ഇതു് ലോകത്തോടെയുള്ള ഒരു പ്രധാന വിഷയമാണെന്നാണ് ഞാൻ പറഞ്ഞതു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഒരു തരത്തിൽ ഇതു ലോകത്തോടെയുള്ള ഒരു പ്രധാന സംഗതിയാണ്. ഈ വിഷയത്തിന്റെ ചില വശങ്ങൾ ഇതിനെ ഒരു ലോകപ്രധാനസംഗതിയാക്കിത്തീർക്കുന്നുണ്ട്. എന്നാൽ നമ്മുടെ രാജ്യത്തേക്കു പ്രത്യേകമായിട്ടുള്ളതും നാം പരിഗണിക്കേണ്ടതുമായിട്ടുള്ള പല സംഗതികളുമുണ്ടെന്നുള്ള വസ്തുത ഇതിനിടയിൽ നാം വിസ്മരിച്ചുകളയരുതു്. ഇൻഡ്യയിൽ പോലും പല പ്രവിശ്യകളിലും മിക്കവാറും അവരുടെ സ്ഥിതിക്കു അനുയോജ്യമായ രീതിയിലേക്കു അവരുടെ ശ്രദ്ധയെ നയിക്കാൻ തുടങ്ങിയിട്ടുണ്ട്. [illegible] ഇൻഡ്യയിൽ [illegible] ഓരോ ഭാഷ സംസാരിക്കുന്ന സ്ഥലത്തേക്കും പ്രത്യേകം സർവ്വകലാശാലകൾ ഉണ്ടാകുന്നുണ്ട്. ഓരോ സ്ഥലത്തും അവിടെ നടപ്പിലിരിക്കുന്ന രീതിയേയും അതിനു പ്രത്യേകമായുള്ള അഭിരുചിയേയും ആണ് അവർ പരിഗണിക്കുന്നതു്. പിന്നീടു അവർ അവരുടെ അഭ്യസനരീതി അവരുടെ ആവശ്യത്തിനു ഉപയുക്തമാകത്തക്കവണ്ണം ആക്കുന്നതിനു ശ്രമിക്കുന്നു.

അതായതു് നാം ഉപാദ്ധ്യക്ഷൻ പറഞ്ഞതുപോലെ കേരളത്തിന്റെ ഒരു വിഭാഗമാകുന്നു. അതുകൊണ്ടു നമുക്കു് സഹജമായ പരിഷ്കാരവും ഉണ്ടു്. നാം നമ്മുടെ രീതിയിൽ തന്നെ അതു വ്യവസ്ഥയെ [illegible]ക്കണം. രാജ്യത്തെ സംബന്ധിക്കുന്ന [illegible]യിൽ നാം ശ്രദ്ധ പതിപ്പിക്കണം. ഇതു ഒരു സർവ്വപ്രധാന സംഗതിയല്ലെങ്കിൽ ഒരു സർവ്വലോകപ്രശ്നമാണെന്നുള്ള വസ്തുത ഈ വിഷമമേറിയ വിഷയത്തെ പറ്റി ചിന്തിക്കുന്നതിൽ നമുക്കു് ഒരു മാർഗ്ഗതടസ്ഥമായി തീരരുതു്. അതിപ്രധാനമായ ചില കാര്യങ്ങളിൽ നമുക്കു ബ്രിട്ടീഷ് ഇൻഡ്യയോടും ലോകത്തിന്റെ മറ്റു ഭാഗങ്ങളോടും അഭിപ്രായ[illegible] ഉണ്ടു്. നമുക്കു നമ്മുടെ സ്വന്തമായിട്ടു തന്നെ വിഷമമേറിയ പ്രശ്നങ്ങൾ ഉണ്ടു്. നമ്മുടെ സ്വന്തമായ സ്ഥിതിഗതികൾ നമുക്കു ഉണ്ടു്. സർ, നമ്മുടെ മാർഗ്ഗത്തിൽ പല തടസ്ഥങ്ങളും വിദ്യാഭ്യാസധുരന്ധരന്മാർ ചൂണ്ടിക്കാണിച്ചു. എന്റെ അഭിപ്രായം ശരിയാണെങ്കിൽ, ഇതു് വളരെ വിഷമമേറിയ ഒരു വിഷയമാണെന്നും നമ്മുടെ മാർഗ്ഗത്തിൽ പല തടസ്ഥങ്ങളും ഉണ്ടായിരിക്കാമെന്നും പറഞ്ഞതാണ് ഞാൻ ആക്ഷേപിച്ചതു്. [illegible] താൻ പോകുമോ എന്നാണ് ഞാൻ ചോദിക്കുന്നതു്. ഈ മുഴുവൻ സംഗതികളെയും [illegible] ആലോചിക്കുന്നതിനു വിദ്യാഭ്യാസമേലധ്യക്ഷനും മറ്റു [illegible] അദ്ധ്യാപകന്മാരും നിയമസഭയിലെ ചില അംഗങ്ങളും അടങ്ങിയ ഒരു കമ്മിറ്റിയെ നിയമിക്കാൻ സാധിക്കുമെന്നുള്ള സംഗതിയെപ്പറ്റി പ്രസ്താവിച്ചു കഴിഞ്ഞു. [illegible] ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതിനുള്ള ഒരു മാർഗ്ഗമായിരിക്കും. എന്റെ യഥാർത്ഥ ആശയം പ്രയോജനകരമായ എന്തെങ്കിലും ചെയ്യണമെന്നും നമുക്ക് ഇതുവരെ സംഗതികൾ കാലവിളം[illegible]

ത്തിൽ ഇടാൻ സാധിക്കയില്ലെന്നതാണ്. പ്രത്യേകം ചില ആളുകളുടെ അഭിപ്രായം ഗവണ്മെൻറ ആവശ്യപ്പെട്ടതെന്നും ഏതു പദ്ധതി ഗവണ്മെൻറിൽ നിന്നും അംഗീകരിച്ചാലും ആ മാററങ്ങൾ നടപ്പിലാക്കുന്നതിനു മുമ്പ് ഈ സഭക്ക് അതിനെപ്പററി വാദപ്രതിവാദം നടത്തുന്നതിനു ഒരു അവസരം നൽകുമെന്നും ആണ് ഞാൻ ആശിക്കുന്നതു്. സന്ദർഭാനുസരണം പ്രവർത്തിക്കുന്നതിനും നിറവേററിയുള്ളതുപോലെ എന്തെങ്കിലും ചെയ്യുന്നതിനും ഡയറക്ടർ ഉൽസുകനായിരിക്കുന്നതുകൊണ്ട് ഞാൻ എൻെറ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ). അദ്ദേഹത്തിൻെറ ഉപക്ഷേപം പിൻവലിക്കുന്നതിന് മുമ്പ് നാലുവാക്കു പറയുന്നതിനു എനിക്കു അനുവാദം തരുമോ?

അദ്ധ്യക്ഷൻ: മിസ്റ്റർ താണുപിള്ളേ ഡയറക്ടർ അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ പറയുന്നതിൽ നിങ്ങൾക്കു വിരോധമില്ലെന്നു ഞാൻ വിചാരിക്കുന്നു.

മിസ്റ്റർ എ. താണുപിള്ള (തിരുവനന്തപുരം): സർ എനിക്കു യാതൊരു വിരോധവും ഇല്ല.

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഈ വാദപ്രതിവാദത്തിൻെറ ഭൂരിഭാഗവും ഈ പ്രധാനവിഷയത്തിനുവേണ്ടി ഉപയോഗിച്ചതിൽ എൻെറ സഹാദ്ധ്യാപകന്മാർക്കുള്ള കൃതജ്ഞതയെ ഞാൻ ഇവിടെ പ്രദർശിപ്പിച്ചുകൊള്ളുന്നു. ഈ വിഷയത്തിൻെറ പ്രാധാന്യത്തെക്കുറിച്ചു മി. താണുപിള്ളക്കും ഇതേപ്പററി സംസാരിച്ച മററംഗങ്ങൾക്കും ഉള്ള അഭിപ്രായം തന്നെയാണു എനിക്കുമുള്ളതു്. എന്നാൽ ഇപ്പോഴത്തെ അവസ്ഥയെ പ്രസ്പഷ്ടമാക്കുന്നതിനുവേണ്ടി ഈ വാദപ്രതിവാദം തീരുന്നതിനും മി. താണുപിള്ള ദയവായി സമ്മതിച്ചിട്ടുള്ളതുപോലെ അദ്ദേഹത്തിൻെറ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു മുമ്പായിട്ട എനിക്കു ഒന്നു രണ്ടു ഭാഗങ്ങൾ വിശദീകരിക്കുന്നുള്ളതിനു അനുവാദം നൽകിയാൽ കൊള്ളാം. ചില സന്ദർഭങ്ങളിലേക്കു ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. വിദ്യാഭ്യാസത്തെ സംബന്ധിച്ചേടത്തോളം ഇൻഡ്യയിൽ മററുള്ള ഭാഗത്തിൽ നിന്നും ലോകത്തിൻെറ മററുള്ള ഭാഗത്തിൽ നിന്നും വ്യത്യസ്തമായിട്ട നമുക്കു സ്വന്തമായിട്ട ഒരു രീതിയെ അംഗീകരിപ്പാൻ സാദ്ധ്യമല്ല.

അദ്ധ്യക്ഷൻ: മദ്ധ്യത്തു ഇരിക്കുന്ന അംഗങ്ങൾക്കു നിങ്ങൾ പറയുന്നതു കേൾക്കാൻ സാധിക്കുന്നില്ല.

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എനിക്കു അതിൽ വലിയ മനസ്താപമുണ്ടു്. ഞാൻ മാപ്പു ചോദിച്ചുകൊള്ളുന്നു.

ഞാൻ ഉച്ചത്തിൽ സംസാരിക്കാം. ഈ രാജ്യത്തിനു എല്ലാ തരത്തിലും പ്രത്യേകമായിട്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിയുണ്ടാക്കുന്നതു സാദ്ധ്യമല്ല. എന്നാൽ അതു ഇൻഡ്യയുടെ മററു ഭാഗങ്ങളുടേയും എന്നു മാത്രമല്ല ലോകത്തിൻെറ മററു ഭാഗങ്ങളുടേയും രീതിയേ അനുകരിക്കേണ്ടതായിട്ടുണ്ട്. ഏന്നു ഞാൻ പറഞ്ഞപ്പോൾ നമ്മുടെ പൂർവാചാരങ്ങളിൽ നിന്നുന്നല്ലാ നവീനോദ്ദേശങ്ങളിൽ നിന്നും നമുക്കു നിശ്ശേഷം വേർപെടാൻ സാധിക്കയില്ലെന്നു മാത്രമാണ് ഞാൻ ഉദ്ദേശിച്ചതു്. ഡിപ്പാർട്ടുമെൻറിൽ സ്ഥാപിതമായിരിക്കുന്ന അതിൻെറ ധർമ്മങ്ങളിൽ ഒന്നു് ഏററവും പരിഷ്കാരം സിദ്ധിച്ചിട്ടുള്ള വിദ്യാഭ്യാസാവേക്ഷണങ്ങളോടും ഏററവും നല്ല നവീനവിദ്യാഭ്യാസോദ്ദേശങ്ങളോടും കിടപിടിയ്ക്കുക എന്നുള്ളതാണെന്ന് ഞാൻ സമർപ്പിച്ച എൻെറ സ്വന്തം റിപ്പോർട്ടിൽ നിന്നും ആണ് ഞാൻ ഉദ്ധരിച്ചതു്. ഈ പ്രശ്നത്തെപ്പററി പര്യാലോചിക്കുന്നതിനെ മാററി വയ്ക്കുന്നതു നല്ല ഒരു കാരണമായിട്ട ഇതിനെ കരുതണമെന്നു ഞാൻ ആശിക്കുന്നില്ല. ഈ പ്രശ്നത്തെപ്പററി പര്യാലോചിക്കുന്നതിനും ഇതിൻെറ പ്രായോഗികവശങ്ങളോട് മല്ലിടുന്നതിനും ഉള്ള വിഷമങ്ങളുടെ വിപുലതയാണു് ഞാൻ ഭയപ്പെടുകയില്ലെന്നു മി. താണുപിള്ളയും മററംഗങ്ങളും വിചാരിക്കുമെന്നാണു എനിക്കു തോന്നുന്നതു്. വാദപ്രതിവാദമദ്ധ്യേ പൊങ്ങിവന്നിട്ടുള്ള ഒന്നു രണ്ടു സംഗതികളെ വിശദമാക്കിയാൽ നന്നായിരിക്കുമെന്നാണു എനിക്കു തോന്നുന്നതു്. നമ്മുടെ വിദ്യാഭ്യാസരീതിയെ നന്നാക്കുന്നതിനും വിദ്യാഭ്യാസത്തിന്റെ നവീനോദ്ദേശങ്ങളെ അംഗീകരിക്കുന്നതിനും ധാരാളം അവകാശമുണ്ടെന്നു ഞാൻ നിഷ്കളങ്കമായി സമ്മതിച്ചപ്പോൾ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസരീതിയെ അപലപിക്കണമെന്നു ഒരു നിമിഷം പോലും ഞാൻ ഉദ്ദേശിച്ചില്ല. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി ഏററവും ദോഷകരമായിട്ടുള്ളതാണെന്നു, അതായതു് സാധാരണമായി പറകയാണെങ്കിൽ ദുഷിച്ചതാണെന്നു, നാം വിചാരിക്കയാണെങ്കിൽ അതു കൃതഘ്നവും നാം സൂക്ഷ്മഗ്രഹണശക്തിയില്ലാത്തവരും ആകുന്നു, വാദപ്രതിവാദമദ്ധ്യേ എന്നോടു ചോദിച്ച ഒരു ചോദ്യത്തിനു മറുപടിയായി ഞാൻ വിശദമാക്കീട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെയ്യാററിൻകരയും): ഇതുവരെ നമുക്കു ഒരു ദോഷവും വന്നിട്ടില്ല.

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അതു ശരിയാണു. വളരെക്കാലത്തെ പരിചയത്തിൻെറ സല്ഫലത്തെ പ്രതിനിധീകരിക്കുന്ന ഒന്നാണു നമ്മുടെ വിദ്യാഭ്യാസപദ്ധതി. മററുള്ളവരുടെ ചിന്തകളുടേയും തത്വങ്ങളുടേയും, പരിചയങ്ങളുടേയും ഫലമായിട്ടുള്ള വിദ്യാഭ്യാസപദ്ധതിയോടു പല വിധത്തിലും സദൃശമല്ലാത്ത ഒരു വിദ്യാഭ്യാസപദ്ധതി ലോകത്തിലെ ഒരു രാജ്യത്തും ഇല്ല. എല്ലാം ശരിയാണെന്നും എല്ലാം തികച്ചും ശരിയായിരുന്നു എന്നും നാം വിചാരിക്കുന്നപക്ഷം ഇതിനുവേണ്ടി പ്രയത്നിച്ചിട്ടുള്ള ആളുകളോടു നാം കൃതജ്ഞതയില്ലാത്തവരായിരിക്കുന്നു മാത്രമല്ല, എന്നാൽ നമുക്കു ശരിയായി അനുപാതം നിർണ്ണയിക്കാനുള്ള ശക്തി ഇല്ലാത്തവരും ആയിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ഒരു പുതിയ വിദ്യാഭ്യാസഡയറക്ടർ വന്നു ജോലിയിൽ പ്രവേശിക്കുമ്പോൾ പുതിയ ഒരു ഭൂമിയും ഒരു സ്വർഗ്ഗവും ഉൽഭൂതമാകുമെന്നു നാം വിചാരിക്കുകയാണെങ്കിൽ, ഏതെങ്കിലും ഒരു അംഗത്തിൻെറ ആശയം ഇതാണെങ്കിൽ, എന്നെ സംബന്ധിച്ചിടത്തോളം ആ അഭിപ്രായത്തോടു എനിക്കു അനുകമ്പയില്ലെന്നു ഞാൻ താഴ്മയായി പറഞ്ഞുകൊള്ളുന്നു. ആ വിധത്തിൽ എനിക്കു എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല. അതേ സമയം തന്നെ പാശ്ചാത്യരാജ്യങ്ങളിലെ വിദ്യാഭ്യാസോദ്ദേശ്യങ്ങളേയും പദ്ധതികളേയും സംബന്ധിച്ച നല്ല ആശയങ്ങളെ വിശദീകരിക്കുന്നതു വളരെ പ്രയോജനകരമാണെന്നു ഞാൻ പറയും. വിദ്യാഭ്യാസസംസ്ഥാപനത്തിലും വിദ്യാഭ്യാസോദ്ദേശങ്ങളിലും ലോകത്തിൻെറ മററു ഭാഗങ്ങളുമായി സംബന്ധമുള്ളതാണെന്നു മാത്രമല്ല ഇൻഡ്യയുടെ മററു പ്രവിശ്യകളെക്കാൾ പോലും ചില സംഗതികളിൽ നാം മുമ്പോട്ടാണെന്നു ഞാൻ ഉടനെ സമ്മതിക്കാം. ഇതു എനിക്കു വളരെ അസംതൃപ്തിയുള്ള ഒരു കാര്യമാണ്. ...ക്രമമായി വിദ്യാഭ്യാസകാര്യങ്ങളിൽ ജോലി ചെയ്യുന്ന ഒരുവനാണെന്നിരിക്കെ, രാജ്യം വിദ്യാ-

ഭ്യാസത്തിൽ ഉയർന്ന നിലയെ പ്രാപിച്ചിട്ടുണ്ടെങ്കിലും മററു ചില സംഗതികളിൽ, ഇൻഡ്യയിൽ മുന്നണിയിൽ നിൽക്കുന്ന പ്രവിശ്യകളേക്കാൾ പിന്നോക്കമാണെന്നുള്ള സംഗതി എതാണ്ട് അവിതർക്കിതമായ സാർവത്രികസ്വീകരണമർഹിക്കുന്നതാണെന്നാണ് എനിക്കു തോന്നുന്നത്. എന്നാൽ അവസരം നൽകുന്നപക്ഷം ഈ വിദ്യാഭ്യാസാഭിവൃദ്ധിയുടെ ഇൻഡ്യയിലെ മുന്നണിയിൽ നിൽക്കുന്ന പരിഷ്കൃതപ്രവിശ്യകളോടും നാട്ടുരാജ്യങ്ങളോടും കിടപിടിക്കത്തക്ക നിലയിൽ കൊണ്ടുവരുന്നതിനു ഞാൻ യത്നിക്കാം. അർവാചീനകാലത്തെ ഏററവും വലുതായ കണ്ടുപിടിത്തം വിദ്യാഭ്യാസോദ്ദേശ്യങ്ങളെ സംബന്ധിച്ചുള്ള പഴയ അഭിപ്രായങ്ങൾ തീർച്ചയായും മാററണമെന്നാണ്. ഒരു നൂററാണ്ടിനു മുൻപു നാടുനീങ്ങിയ മഹാറാണി ഗൌരി പാർവതീബായി തിരുമനസ്സിലെ രാജകല്പനയിൽ നിന്നും ഒരു ഉദ്ധരണം കഴിഞ്ഞ രണ്ടറിപ്പോർട്ടിൽ ഞാൻ മനഃപൂർവമായി ഉദ്ധരിച്ചിട്ടുണ്ട്. ലണ്ടൻ ടൈംസിലുള്ള വാദപ്രതിവാദങ്ങളെ ഏകോപിപ്പിക്കുന്നതിനു സമർത്ഥരായ വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ എന്നല്ല, പ്രസിദ്ധന്മാരായ ചിന്തകന്മാരുടെ പോലും ധാരാളം അഭിപ്രായപ്രകടനങ്ങൾ അതിലുണ്ട്. വിദ്യാഭ്യാസത്തിന്റെ ഉപകാരപ്രദമായ ഉദ്ദേശത്തെപ്പററി ചിന്തിക്കുമ്പോൾ പഴയ അഭിപ്രായമാണ് വളരെ യഥാർത്ഥമായിട്ടുള്ളത്. എന്നാൽ ഇപ്പോൾ, വിദ്യാഭ്യാസം അതിന്റെ നിലയിൽ തന്നെ പരിഗണിക്കുകയാണെങ്കിൽ, വിദ്യാഭ്യാസത്തിന്റെ പ്രധാനമായിട്ടുള്ള ലക്ഷ്യം ഉപാദ്ധ്യായന്മാരെ സൃഷ്ടിച്ചു, എന്തെങ്കിലും നിശ്ചിതവും ഉപയോഗപ്രദവുമായിട്ടുള്ള ഉദ്ദേശസാദ്ധ്യമാർഗ്ഗമായിട്ടല്ല, എന്നാൽ വിദ്യാഭ്യാസം വിദ്യാഭ്യാസത്തിനുമാത്രമായിട്ടാണെന്നു ഗണിക്കുകയാണ്, എന്നുള്ള യാഥാർത്ഥ്യത്തെ അർവാചീനാഭിപ്രായം കൂടുതൽകൂടുതലായി അംഗീകരിച്ചുവരുന്നതായി നമുക്കു കാണാം. വിദ്യാഭ്യാസസംബന്ധമായസകലജോലികളുടെയും മുഖ്യോദ്ദേശം പ്രത്യേകതയെ അഭിവൃദ്ധമാക്കുകയാണ്. ഈ ആശയം മാനസികവികാസം എന്നുള്ള അർത്ഥത്തിലല്ല ഉപയോഗിച്ചിരിക്കുന്നത്. ഇപ്പോൾ വിദ്യാഭ്യാസവിദഗ്ദ്ധന്മാർ ശരീരവും മനസ്സുമായിട്ടുള്ള അടുത്ത ബന്ധത്തെ സമ്മതിക്കുന്നുണ്ട്. കൂടാതെ അവർ മനസ്സിന്റെ പ്രത്യേകമായിട്ടുള്ള വികാസത്തെമാത്രമല്ല, ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും വളർച്ചയെക്കുറിക്കുന്നുണ്ട്. ഇതുകൊണ്ടാണ് മനസ്സിന്റെ വികാസത്തിനും, ഇവിടെയുള്ള ചില അംഗങ്ങൾ മനുഷ്യന്റെ സദാചാരപ്രകൃതി എന്നു പറയുമായിരുന്ന മനുഷ്യന്റെ ആത്മികപ്രകൃതിയുടെ വളർച്ചയ്ക്കും ശരിയായ മാർഗ്ഗത്തിൽ കൂടി പുരോഗമനം നൽകുന്ന ഒരു വിദ്യാഭ്യാസകാര്യപരിപാടി രൂപീകരിക്കണമെന്നു ഞാൻ ഇന്നലെ അഭിപ്രായപ്പെട്ടത്. ഇവയാണ് അംഗീകരിച്ചിട്ടുള്ള അഭിപ്രായങ്ങൾ. നമ്മുടെ പദ്ധതികളെ മാററി, പഴയമാതിരി ശ്വാസം മുട്ടിക്കുന്ന വിദ്യാഭ്യാസാന്തരീക്ഷത്തിനു പകരം "വിദ്യാഭ്യാസസ്വാതന്ത്ര്യം" സ്ഥാപിച്ചാൽ മാത്രമേ ഇതിനെ സാധിതപ്രായമാക്കുവാൻ സാധിക്കയുള്ളു.

അദ്ധ്യക്ഷൻ: സമയമാകാറായി.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എന്റെ അഭിപ്രായപ്രകടനങ്ങളെ ചുരുക്കേണ്ടിവന്നതിൽ എനിക്കു മനസ്താപമുണ്ട്. നാം തുടരേണ്ടതായ മുഖ്യമാർഗ്ഗം ഇതാണ്. നാം അതിനെ ഇതേ മാതിരിയിൽ സ്വീകരിക്കുകയാണെങ്കിൽ നമുക്കു വളരെ വിഷമമേറിയ വിഷയങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതായിട്ടുണ്ടെന്നു നമുക്കു കാണാം. നിശ്ചയമായും ഒരു പ്രധാനവിഷയം ഉണ്ട്, അതായതു ജീവിതം, വിദ്യാഭ്യാസവും ഉദ്യോഗവും തമ്മിലുള്ള ബന്ധം എന്ന വിഷയത്തെപ്പററി എനിക്കിവിടെ പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. അനേകം ആളുകൾക്കു ജീവിതമാർഗ്ഗം ഉണ്ടാക്കുന്നതിനു വിദ്യാഭ്യാസം സഹായിക്കുന്നില്ലെന്ന് എനിക്കറിയാം. വിദ്യാഭ്യാസം ഒരു മനുഷ്യന്റെ ജീവിതാവകാശത്തിന്റെ ഒരു ഭാഗമായി അവശ്യം ഉണ്ടായിരിക്കേണ്ട പല സംഗതികളിൽ ഒന്നാണെന്നും അത് ഒരു ഉപജീവനമാർഗ്ഗമായി ആർക്കെങ്കിലും ഉപയോഗിക്കാൻ സാധിക്കുന്നുണ്ടെങ്കിൽ അതു ഒരു ഉപസംതൃപ്തിമാത്രമായി കരുതിയാൽ മതി എന്നുമാണ് എനിക്കു പറയാനുള്ളത്. ... കുട്ടികളെ പല തൊഴിലുകൾക്കു പരിശീലിപ്പിക്കുക എന്നുള്ളതല്ല വിദ്യാഭ്യാസത്തിന്റെ പ്രഥമപ്രവൃത്തി. അതു വിദ്യാഭ്യാസത്തിന്റെ പല ഉപഫലങ്ങളിലൊന്നാണ്. എന്നാൽ പാഠശാലകളിൽ നൽകുന്ന സാധാരണ വിദ്യാഭ്യാസം ഈ ഉദ്ദേശത്തെ സാധിക്കുന്നില്ല. നാം ഔദ്യോഗികവിദ്യാഭ്യാസത്തെപ്പററിയാണ് സംസാരിച്ചുവരുന്നത്. എന്നാൽ ആ വിഷയത്തെപ്പററി അനേകം പുസ്തകങ്ങൾ വായിച്ചിട്ടും ... ഒരു കാര്യപരിപാടി എങ്ങും കാണുന്നതിനു എനിക്കു സാധിച്ചില്ല. ... ചെയ്യിട്ടുള്ളതു ... സംയോജിപ്പിക്കേണ്ടതായിട്ടുണ്ട്. പിന്നീട് ഒരു പുസ്തകം ... ഇത്തരം ... ഉപയുക്തമാക്കുന്നതിനു മുമ്പായിട്ടു നമുക്കു കാട്ടുകൾ വെട്ടിത്തെളിക്കേണ്ടതായിട്ടുണ്ട്. ... എന്റെ വിദ്യാഭ്യാസവകുപ്പിൽ ചില വിദഗ്ദ്ധന്മാരെ ചേർത്ത് ആദ്യമായി അതിനെ പററി ... ചെയ്തിട്ടുണ്ട്. അതു ചെയ്തതിനുശേഷം ഈ സാധനം കൂട്ടിക്കലർത്തി ആലോചിക്കുന്നതിനും സാധ്യമെങ്കിൽ ചില ചില്ലറ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനും എനിക്കു സന്തോഷമാകും.

മി. മാത്യു മുരിക്കൻ (വൈക്കം): അതിലേക്കു ഉദ്ദേശം എത്ര സമയം വേണ്ടിവരുമെന്നു പറയാമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അതു യോഗ്യനായ മിസ്റ്റർ മുരിക്കൻ ഏതൊക്കെയാണ് നല്ല ഒരു ദീർഘദർശിയായിരിക്കുന്നതെന്ന് എനിക്കു തോന്നുന്നു. ... ഞാൻ കുറേക്കാലം ഒരു പള്ളിക്കൂടം അദ്ധ്യാപകനായിട്ടുമാത്രം ഇരുന്നിട്ടുള്ളു.

മി. മാത്യു മുരിക്കൻ (വൈക്കം): ഞാൻ ഒരു പള്ളിക്കൂടം അദ്ധ്യാപകനായിട്ടു കുറച്ചുകാലം മാത്രമേ ഇരുന്നുള്ളു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇദ്ദേഹം ഒരു പള്ളിക്കൂടം അദ്ധ്യാപകനായിട്ടു ഇരുന്നതുകൊണ്ടു ഈ കാര്യത്തെപ്പററി പ്രവചിക്കുന്നതിനു ഞാൻ തീരെ അശക്തനാണെന്നാണ് എനിക്കു തോന്നുന്നത്.

അതുകൊണ്ടു ജോലിയാക്കു സാധാരണയായി പറയാറുള്ളതുപോലെ തങ്ങളിൽ തീരെ ചെറുപ്പക്കാർക്കു പോലും ചിലപ്പോൾ തെററുവരാതിരിക്കയില്ല. ഈ പ്രത്യേകസംഗതിയിൽ ഒരു പള്ളിക്കൂടം അദ്ധ്യാപകനായിട്ടു എന്റെ അനേകകാലത്തെ പരിചയം ഈ സംഗതിയിൽ ഒരു പ്രവാചകനാകുന്നതിനു എന്നെ അപ്രാപ്തനാക്കുകയാണു ചെയ്തിട്ടുള്ളത്.

മി. എ. നാണുപിള്ള (തിരുവനന്തപുരം): സർവകലാശാലകളെപ്പററിയുള്ള പ്രശ്നവും അങ്ങേയുടെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടോ എന്നു പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഇല്ല. ഇപ്പോൾ എന്റെ സങ്കല്പങ്ങളും അടിസ്ഥാനങ്ങൾ ഇടുന്നതിലാണ പതിഞ്ഞിരിക്കുന്നത്. ഇപ്പോൾ ഞാൻ മുഖ്യമായി ശ്രദ്ധിക്കുന്നതു പ്രാഥമികവിദ്യാഭ്യാസത്തിലും സെക്കണ്ടറി വിദ്യാഭ്യാസത്തിലും തൃപ്തികരമായ ഫലങ്ങൾ ലഭിക്കുന്നതിനാണ്. ഈ സമയത്തു പ്രാഥമികവിദ്യാഭ്യാസത്തിന്റെയും സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെയും നിലയിൽ സംതൃപ്തി ഉണ്ടാകുന്നതുവരെ അതിന്റെ നടപ്പിലേക്കുള്ള സംഗതികളിൽ ഒഴികെ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ആലോചന എന്റെ ഉദ്ദേശങ്ങളിൽനിന്നു വിദൂരമായിരിക്കും. പരിഷ്കാരത്തിനുശേഷം വിദ്യാഭ്യാസപദ്ധതിയെപ്പറ്റി വീണ്ടും വാദപ്രതിവാദം നടത്തുമ്പോൾ നമ്മുടെ വിദ്യാഭ്യാസനയത്തിന്റെ കുറവുകളെന്തൊക്കെയാണെന്നു മനസ്സിലാക്കി അവയെ നിരാകരിക്കുന്നതിനു മാത്രമേ എനിക്കാഗ്രഹമുള്ളൂ. സംഗതികൾ നടപ്പിലാക്കുന്നതിനു ഞാൻ കഴിയുന്നത്ര ശ്രമിക്കാമെന്നുമാത്രമേ എനിക്കിപ്പോൾ പറയുവാൻ സാധിക്കയുള്ളൂ. വിദ്യാഭ്യാസപുരോഗമനത്തിന്റെയും വിദ്യാഭ്യാസോദ്ദേശ്യങ്ങളുടെയും ഗതിവിഗതികളെ നാം കഴിയുന്നത്ര ഗ്രഹിപ്പാൻ ശ്രമിക്കുകയാണ്. അതേസമയംതന്നെ കേരളത്തിന്റെ ഒരു ഭാഗമായ കൊച്ചിയിൽ തിരുവിതാംകൂറിന്റെ പരിഷ്കാരവിശേഷങ്ങളെ ഞാൻ മറക്കുന്നതിനു ഇടയില്ല. ഹെഡ്മാസ്റ്റർമാരുടെ കഴിഞ്ഞയോഗത്തിൽ അവർ പല പ്രധാനവിഷയങ്ങളെപ്പറ്റി പ്രതിപാദിച്ചപ്പോൾ അതു മറന്നിട്ടില്ല. അതേസമയംതന്നെ വിദ്യാഭ്യാസത്തിന്റെ ആവശ്യസംബന്ധമായ വശവും എളുപ്പത്തിൽ മറക്കത്തക്കതല്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): സർ, എന്റെ ഉപക്ഷേപത്തെ പിൻവലിക്കാൻ എനിക്കു അനുവാദംതരണം.

അദ്ധ്യക്ഷൻ: മെമ്പർ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു സഭയുടെ അനുവാദം ഉണ്ടോ? അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം നമ്പ്ര ൭.

മി. എ. സി. കുരിയാക്കോസ്

നമ്പ്ര ൭ എസ്റ്റാബ്ലിഷ്മെന്റുവകയ്ക്കു ബഡ്ജറ്റിൽ ചേർത്തിട്ടുള്ള ൧൭,൭൯൩ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണം എന്ന്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ, എസ്റ്റാബ്ലിഷ്മെന്റുവകക്കു ബഡ്ജറ്റിൽ ചേർത്തിട്ടുള്ള ൧൭,൭൯൩ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്നുള്ളതാണു എന്റെ ഉപക്ഷേപം. ഇതുകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു ഇംഗ്ലീഷ് ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരെയും അസിസ്റ്റന്റുമാരെയും സ്ഥിരപ്പെടുത്തേണ്ടതിനെപ്പറ്റി പ്രസ്താവിക്കണമെന്നുള്ളതാണ്.

ഈ പ്രധാനവിഷയത്തെപ്പറ്റി പലതും പറയുന്നതിനുള്ള ഈ സഭയിൽ പ്രസ്താവിക്കാനുള്ള സ്ഥിതിക്ക സമയം അധികം നഷ്ടപ്പെടുത്താതെ ഗവണ്മെന്റിന്റെയും കൌൺസിലിന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ട ചില സംഗതികൾമാത്രം വളരെ ചുരുക്കമായിട്ടു പറയണമെന്നുമാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ.

ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്റർമാരായിട്ടും അസിസ്റ്റന്റ അദ്ധ്യാപകന്മാരായിട്ടും വളരെ അധികംപേർ ആക്ടിംഗായിട്ടു ജോലി നിർവഹിച്ചുവരുന്നുണ്ടെന്നുള്ള സംഗതി ഇവിടെ ഇരിക്കുന്ന സാമാജികന്മാർക്കെല്ലാവർക്കും അറിയാവുന്ന ഒരു വാസ്തവമാണ്. മൂന്നു മാസത്തിലൊരിക്കൽ ഗവണ്മെന്റു പ്രസിദ്ധീകരിക്കുന്ന സിവിൽലിസ്റ്റു നോക്കിയാൽ ആക്ടിംഗ്കാരുടെ സംഖ്യ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലുള്ളതുപോലെ മറ്റൊരു ഡിപ്പാർട്ടുമെന്റിലും ഇല്ലെന്നുകാണാം. ഇപ്രകാരം ആക്ടിംഗായി ജോലിനോക്കി ക്ഷീണിച്ചുകൊണ്ടിരിക്കുന്ന ഇവരെ കാര്യക്ഷമതയെ സ്നേഹിക്കുന്ന എന്നഭിമാനിക്കുന്ന ഗവണ്മെന്റോ ഡിപ്പാർട്ടുമെന്റോ കാര്യക്ഷമതയെയാണ് സ്നേഹിക്കേണ്ടതെന്നു പറഞ്ഞുകൊണ്ടിരിക്കുന്നടത്തോളംകാലം സ്ഥിരപ്പെടുത്താതെ വച്ചുകൊണ്ടിരിക്കുന്നതു പോരായ്മയാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഡിപ്പാർട്ടുമെന്റിലെ വിവിധ സ്ഥിരം ഒഴിവുകൾക്കു ആളുകളെ നിയമിക്കുന്നതിൽ പല വൈഷമ്യങ്ങളുംവരാം. പല ഗ്രേഡുകളിൽ സ്ഥിരപ്പെടുത്താതെയിരിക്കുന്ന ആളുകളുടെ ഗ്രേഡു ക്രമപ്പെടുത്തി സ്ഥിരപ്പെടുത്തത്തക്ക യോഗ്യതയുള്ളവരെ സ്ഥിരപ്പെടുത്തേണ്ടതാണെന്നുള്ള വിഷയത്തെപ്പറ്റി ചിന്തിക്കേണ്ടതാവശ്യമാണ്. ആ വിഷയത്തെ കഴിയുന്നതും പരിഹരിച്ചു കാര്യക്ഷമതയെ മുൻനിറുത്തി, ഓരോരുത്തർക്കും ന്യായമായിട്ടു കിട്ടേണ്ട അവകാശത്തെ ക്രമപ്പെടുത്തി ഡിപ്പാർട്ടുമെന്റു ഭരണം നടത്തിയാൽമാത്രമേ അതു ശരിയായിട്ടുവരികയുള്ളൂ എന്നാണ് എന്റെ അഭിപ്രായം. ഈ അഭിപ്രായത്തെ പുറപ്പെടുവിച്ചു ആക്ടിംഗായി ജോലിനോക്കുന്നവരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു.

വിവിധവകുപ്പുകളാണ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ അധീനതയിൽ സ്ഥിതിചെയ്യുന്നതു. ഹൈസ്കൂൾ, കാളേജ് മുതലായ ഉയർന്ന വകുപ്പുകളിലുള്ള ന്യൂനതകളെപ്പറ്റി പറയുമ്പോൾ എലിമെന്ററി വിദ്യാഭ്യാസവകുപ്പിലുള്ള ന്യൂനതയും ഒട്ടും കുറവല്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ മേൽതരത്തിലുള്ള ഒരു മാറ്റത്തിലുള്ള ന്യൂനതനീക്കി ശരപ്പെടുത്തു പക്ഷം കാളേജുമുതൽ ഹൈസ്കൂൾവരെയുള്ള വകുപ്പുകളിൽ കാണുന്ന കുറവുകൾക്കുകൂടാതെ കഴിക്കാവുന്നതാണ്.

ഇതുകൂടി കഴിഞ്ഞാൽ നാട്ടുഭാഷാവിദ്യാഭ്യാസവകുപ്പിനെ ശരിപ്പെടുത്താൻ സാധിക്കും. ഡയറക്ടർ അവർകൾ നാട്ടുഭാഷാവിദ്യാഭ്യാസവകുപ്പിനെ ശരിപ്പെടുത്താൻ ശ്രമിക്കുന്നു എന്നു പറയുന്നതു സന്തോഷാവഹംതന്നെ. ഗ്രാന്റ്സ്കൂളുകളിൽ ജോലിനോക്കുന്ന അദ്ധ്യാപകന്മാരെ പരിഷ്കരിക്കുന്നതു എത്രയായാലും കാര്യക്ഷമതയ്ക്കു ഹാനികരമായിട്ടേ തീരുകയുള്ളൂ. അതിനാൽ അവരുടെ സ്ഥിരമായ ശമ്പളം വർദ്ധിപ്പിച്ചു ആക്ടിംഗായിട്ടു ജോലിനോക്കുന്നവർക്കു ഒഴിവുകളിലുള്ളിടത്തോളം സ്ഥിരപ്പെടുത്തിക്കൊടുത്തും അതിനു നിവൃത്തിയില്ലാത്തവർക്കു ഒരു അലവൻസുകൂടി കൊടുത്തും പ്രോത്സാഹിപ്പിക്കണമെന്നുള്ള പ്രസ്താവനയോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ മേമ്പാടെ അവതരിപ്പിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇപ്രകാരമുള്ള ഉപക്ഷേപങ്ങളുടെ വാദപ്രതിവാദത്തിൽ മെമ്പർ ഉപക്ഷേപം അവതരിപ്പിച്ചു കഴിയുന്ന ഉടൻതന്നെ അവയുടെ

കന്റെ പ്രസംഗത്തിൽ പ്രധാനപ്പെട്ടതായുള്ള ചില ഭാഗങ്ങളെ വിശദീകരിച്ചു ഞാൻ സംസാരിക്കയും മറ്റുഭാഗങ്ങളെ എനിക്ക അവസാനത്തിൽ പറയേണ്ട മറുപടിക്കായി മാററിവയ്ക്കയും ചെയ്യുന്നതു സൌകര്യമായിരിക്കുമെന്ന എനിക്ക തോന്നുന്നു. മി. കുര്യാക്കോസ് ഉപക്ഷേപം അവതരിപ്പിച്ചപ്പോൾ ഈ ഡിപ്പാർട്ടുമെൻറിന്റെ ഇംഗ്ലീഷ്ശാഖയിൽ വളരെക്കാലമായി നിലനിന്നുപോരുന്ന സ്ഥിരം ഒഴിവുകളിൽ ആളുകളെ സ്ഥിരമായി നിയമിക്കാത്തതിനെപ്പററി പ്രസ്താവിക്കയും അതു അനേകം ഉദ്യോഗസ്ഥന്മാൎക്ക തീരെ നിരാശക്കു കാരണമാക്കീട്ടുണ്ടെന്നും ഈ പകരനിയമനങ്ങൾ വളരെക്കാലത്തേക്ക തുടർന്നുകൊണ്ടുപോകുന്നതു ആശാസ്യമല്ലെന്നും അതിലേക്ക സ്ഥിരമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഏതൊരവസ്ഥയിലും ഈ നിയമനങ്ങൾ ഒഴിവാക്കിയിട്ടിരിക്കുന്നതിൽ എനിക്കും അതിയായ മനസ്താപമുണ്ടെന്നു ഞാൻ സഭയോടു പറഞ്ഞുകൊള്ളട്ടെയോ. ഹെഡ്മാസ്റ്റരന്മാരുടെ ഒഴിവുകളിൽ ആളുകളെ നിയമിക്കുന്നതിൽ വന്നുകൂടുന്ന താമസം മുഴുവനേ മാററത്തക്കതല്ല. അതിലേക്ക വിദ്യാഭ്യാസ വകുപ്പുമാത്രം ഉത്തരവാദിയുമല്ല. കുറച്ചുകാലത്തേക്ക ഞാൻ അതിനു ഉത്തരവാദിയായിരുന്നു. എന്തുകൊണ്ടെന്നാൽ വളരെ ആളുകളുടെ ഒന്നിനൊന്നു വിരോധമായ അവകാശങ്ങളെപ്പററി തീരുമാനിക്കേണ്ടതായിട്ടുണ്ടായിരുന്നു. നിയമനങ്ങൾ സാധാരണയായി ഉദ്യോഗപ്പേരുകളെ മാത്രം അടിസ്ഥാനപ്പെടുത്തിയല്ല നടത്താറുള്ളത്. ഹെഡ്മാസ്റ്റരന്മാരെ നിയമിക്കുക എന്നുള്ളതു വളരെ പ്രധാനമായ ഒരു സംഗതിയാണ്. ഒരു മോശമായ ഹെഡ്മാസ്റ്റൎക്ക വളരെ ഉപദ്രവം ചെയ്യാൻ കഴിയുമെന്നുള്ളതുകൊണ്ടു ആ സംഗതികൾ എല്ലാം മുഴുവനായി മനസ്സിലാക്കേണ്ടതു എന്റെ ചുമതലയായിവന്നു. ഞാൻ ഇപ്പോൾ തയാറായി. അധികം താമസിയാതെ മുകളിലുള്ള ഒഴിവുകളിൽ ആളുകളെ നിയമിക്കാൻ തുടങ്ങാമെന്നാണ് ഞാൻ ആശിക്കുന്നതു. ഒരിക്കൽ അതു ചെയ്തുകഴിഞ്ഞാൽ പിന്നെ മററുള്ള സംഗതികൾ വളരെ എളുപ്പമാണ്.

രണ്ടാംഗ്രേഡിലുള്ള അദ്ധ്യാപകന്മാരുടെ ഒഴിവുകളെ സംബന്ധിച്ചേടത്തോളം അതു മൈസൂർരാജ്യത്തു നാം കാണുന്നതുപോലെ ഈ രാജ്യത്തും ഏതാണ്ടു അക്രമമായുള്ള ഒരുമാതിരി പരിശോധനയില്ലാത്ത അവസ്ഥകൊണ്ടു ഉണ്ടായിട്ടുള്ളതാണ്. നിയമനങ്ങളുടെ സംഖ്യയെ സംബന്ധിച്ചു വിദ്യാഭ്യാസവകുപ്പിനു പ്രവൃത്തിക്കേണ്ടതുപോലെ അതിനു യാതൊരു വിവരങ്ങളും അറിയാൻ പാടില്ല. ഇപ്പോൾതന്നെ ആളുകളെ സ്ഥിരപ്പെടുത്താവുന്ന നിയമനങ്ങളുടെ സംഖ്യയെപ്പററി ആഡിററവകുപ്പും വിദ്യാഭ്യാസവകുപ്പും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ട്. ആ സംഗതി തീരുമാനിക്കുന്നതുവരെ എത്ര ഒഴിവുകൾ ഉണ്ടെന്നും അതിൽ എത്ര എണ്ണത്തിൽ ആളുകളെ നിയമിക്കാമെന്നും നമുക്കറിയാൻ പാടില്ല. അതിനു വേഗം തീരുമാനം ഉണ്ടാകുമെന്നും പിന്നീടു സംഗതികൾ ശരിയായി തുടർന്നുകൊണ്ടുപോകാൻ സാധിക്കുമെന്നുമാണ് ഞാൻ ആശിക്കുന്നത്.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഡയറക്ടർ ആ ഡിപ്പാർട്ടുമെൻറിനുവേണ്ടിയാണോ ഗവമ്മെൻറിനുവേണ്ടിയാണോ സംസാരിക്കുന്നതു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എനിക്കുള്ളേടത്തോളമുള്ള പരിജ്ഞാനം അനുസരിച്ചാണ് ഞാൻ സംസാരിക്കുന്നതു.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മെമ്പർ ഗവമ്മെൻറിനുവേണ്ടിയാണോ സംസാരിക്കുന്നത്?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അതു മെമ്പറിനു തന്നെ ഊഹിക്കാം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്നാൽ നിങ്ങൾ പുറപ്പെടുവിച്ച അഭിപ്രായത്തിനു ഗവമ്മെൻറ ബാദ്ധ്യസ്ഥരാണോ എന്നറിയുന്നതിനു ഞങ്ങൾക്കവകാശമുണ്ട്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സംഗതികളെസംബന്ധിച്ചിടത്തോളമുള്ള നിലയെ ഞാൻ വിശദമാക്കുകമാത്രമാണു ചെയ്യുന്നതു. ഡിപ്പാർട്ടുമെൻറ എന്തു ചെയ്യുന്നു എന്നു കാണിക്കണമെന്നുള്ളതാണ എന്റെ പ്രധാനഉദ്ദേശം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്നാൽ ഗവമ്മെൻറിന്റെ നിലയെപ്പററി അറിയാൻ ഞങ്ങൾക്കവകാശമുണ്ട്.

അദ്ധ്യക്ഷൻ: ഈ സംഗതിയിൽ അദ്ദേഹം ഗവമ്മെൻറിനെ പ്രതിനിധീകരിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഏതൊരുമാതിരി അഭിപ്രായത്തിനും ഗവമ്മെൻറിനെ ബാദ്ധ്യസ്ഥരാക്കാതെ ഞാൻ അറിവിനെ പ്രദാനം ചെയ്യുകമാത്രം ചെയ്യുന്നു. ഏതിനെസംബന്ധിച്ചേടത്തോളം സംഗതികൾക്ക വേഗം തീരുമാനം ഉണ്ടാക്കുന്നതിനു ഞാൻ ശ്രമിക്കാം. സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ പരിഷ്കാരത്തെസംബന്ധിച്ചുള്ള പ്രശ്നം ആദ്യമായി എടുത്തിരിക്കും. ഹെഡ്മാസ്റ്റരന്മാരുടെ ഒരു സമ്മേളനം ഈ ഉദ്ദേശത്തെമാത്രം അടിസ്ഥാനമാക്കി ഈയിടെ നടത്തുകയും സെക്കണ്ടറിവിദ്യാഭ്യാസത്തെസംബന്ധിച്ചുള്ള പ്രശ്നം അതിന്റെ സർവമുഖങ്ങളേയും ആസ്പദമാക്കി വാദപ്രതിവാദം നടത്തുകയും ചെയ്തു എന്നു ഞാൻ സഭയെ ഓർമ്മപ്പെടുത്തട്ടെയോ? സമ്മേളനത്തിന്റെ റിപ്പോർട്ടു ഗവമ്മെൻറിന്റെ പക്കൽ ഇരിക്കുന്നു. ഡിപ്പാർട്ടുമെൻറിൽനിന്നു കുറെക്കാര്യങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുന്നു. മിസ്റ്റർ കുര്യാക്കോസിന്റെ അഭിപ്രായപ്രകടനങ്ങൾ ഗവമ്മെൻറിൽനിന്നും മുൻകൂട്ടിത്തന്നെ മനസ്സിലാക്കി ആ മാർഗ്ഗത്തിൽകൂടി ഈ സംഗതികൾ പ്രവർത്തിച്ചിട്ടുണ്ടെന്നു അദ്ദേഹത്തിനു മനസ്സിലാക്കാം. വിദഗ്ദ്ധന്മാരെയും രാജ്യത്തുള്ള പുരുഷന്മാരും സ്ത്രീകളും ഉൾപ്പെട്ട പരിശോധന ഉദ്യോഗസ്ഥന്മാരെയും ഒരുമിച്ചുകൂട്ടി പ്രാഥമികവിദ്യാഭ്യാസത്തെസംബന്ധിച്ചു ഒരു സമ്മേളനം നടത്തുന്നതിനും അവരുടെ അഭിപ്രായങ്ങൾ നിർണ്ണയിക്കുന്നതിനുംവേണ്ട പ്ലാൻ ഞാൻ തയ്യാറാക്കികഴിഞ്ഞിട്ടുണ്ടെന്നുകൂടി പറയാം. ഈ രണ്ടു നിരൂപണങ്ങളും നേരത്തെതന്നെ ഊഹിച്ചു അതിലേക്കുവേണ്ടതു പ്രവർത്തിച്ചു വരുന്നുണ്ടെന്നു കാണാം.

മി. എം. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഞാൻ എന്റെ ഉപക്ഷേപം ഹാജരാക്കിയ ആ ഉദ്ദേശത്തിന്റെ നിർവഹണത്തിനു പ്രാപ്തമായ പല വാഗ്ദാനങ്ങളും ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷൻ ചെയ്തിട്ടുള്ളതുകൊണ്ടു ഈ ഉപക്ഷേപം പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ. ഈ ഉപക്ഷേപം പിൻവലിക്കുന്നതിലേക്കു സഭ അനുവദിക്കുന്നോ?

അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം ൩൮൪.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): എസ്റ്റാബ്ലിഷ്മെൻറുവകയ്ക്കു ബഡ്ജററിൽചേർത്തിട്ടുള്ള ൧൩൪൮൪ രൂപയിൽനിന്നും ൧൦ രൂപാ കുറയ്ക്കണമെന്നു.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ, എസ്റ്റാബ്ലിഷ്മെൻറുവകയ്ക്കു ബഡ്ജററിൽചേർത്തിട്ടുള്ള ൧൩൪൮൪ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണമെന്നാണ് എൻെറ ഉപക്ഷേപം. ഈ ഉപക്ഷേപംകൊണ്ടുവന്നിട്ടുള്ളതിൻെറ പ്രധാനഉദ്ദേശം ഡിപ്പാർട്ടുമെൻറു ഭരണത്തെപ്പററിയും അതിലെ ഉദ്യോഗസ്ഥന്മാരെപ്പററി [illegible] വിദ്യാഭ്യാസ [illegible] പറയുമ്പോൾ പലകാര്യങ്ങളേയും ഗവൺമെൻറിലെ [illegible] വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ ഇപ്പോഴത്തെ ഘടനയേയും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറദ്ധ്യക്ഷൻെറ വാദമുഖങ്ങളേയുംപററി അല്പം ചിന്തിക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ കാളേജ് വിദ്യാഭ്യാസം ഒരു ഭാഗമായിരിക്കുന്നു, ഹൈസ്ക്കൂൾ വിദ്യാഭ്യാസം വേറൊരുഭാഗമായിരിക്കുന്നു. ഈ ഓരോ വകുപ്പിനും പ്രത്യേകം പ്രത്യേകം ഓരോ അദ്ധ്യക്ഷനുമുണ്ടു്. അതുപോലെ നാട്ടുഭാഷാവിദ്യാഭ്യാസവകുപ്പിനെ എടുത്തുനോക്കുകയാണെങ്കിൽ അതിനും ഒരു ഇൻസ്പെക്ടറും മലയാളവും ഇംഗ്ലീഷും പാഠശാലകളുടെ മേല്വിചാരണത്തിനു ഒരു ഗേൾസ്കൂൾ ഇൻസ്പെക്ട്രസും ഉണ്ടു്. ഈ വകുപ്പുകളെയെല്ലാം ഒരു ഡയറക്ടരുടെ മേൽനോട്ടത്തിൽ വച്ചിരിക്കുന്നു. ഇത്രയും വിപുലമായ ഒരു ഡിപ്പാർട്ടുമെൻറിൽനിന്നും നൽകുന്നതായ വിദ്യാഭ്യാസത്തെപ്പററിനോക്കുമ്പോൾ പൊതുജനങ്ങൾക്കു ഏററവും ഉപകാരപ്രദവും അത്യന്താപേക്ഷിതവുമായ നാട്ടുഭാഷാവിദ്യാഭ്യാസത്തിനു ഒരു ഉപരിയായസ്ഥാനം നൽകണം. പക്ഷേ ഡയറക്ടരുടെശ്രദ്ധ പ്രാഥമികവിദ്യാഭ്യാസവകുപ്പിൽ വളരെ അപൂർവമായിട്ടേ പതിഞ്ഞിരിക്കയുള്ളു. അടുത്ത കാലത്തു ആ സ്ഥിതിക്കു അല്പം മാററം വന്നിട്ടുണ്ടെന്നു സമ്മതിക്കുന്നു. എന്നാൽ പ്രാഥമിക വിദ്യാഭ്യാസവിഷയത്തിനു കുറെക്കൂടി ശ്രദ്ധിക്കേണ്ടതായി പലകാര്യങ്ങളുമുണ്ടു്. പൊതുവിൽ ഈ ഡിപ്പാർട്ടുമെൻറിൻെറ ഘടനയെപ്പററി ചർച്ചചെയ്തു ഒരു ദീർഘമായ പ്രസംഗംകൊണ്ടു ഗവൺമെൻറിനെ മനസ്സിലാക്കാൻ ഇപ്പോൾ സാധിക്കയില്ല.

നാട്ടുഭാഷാപള്ളിക്കൂടങ്ങളുടെസ്ഥിതി വളരെ ശോചനീയമാണെന്നു ഞാൻ മുമ്പു പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. ഈ വകുപ്പിൽ അനവധി അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തേണ്ടതായിരിക്കുന്നു. പകരം നോക്കിക്കൊണ്ടിരിക്കുന്ന അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തുന്നതിലുള്ളതാമസം എന്താണെന്നു ചോദിയ്ക്കുയാണെങ്കിൽ അനേകം കാര്യങ്ങളെപ്പററിയുള്ള തർക്കങ്ങൾ തീർന്നുവന്നശേഷംവേണം സ്ഥിരപ്പെടുത്താൻ എന്നു സമാധാനം പറയും. നാട്ടുഭാഷാപള്ളിക്കൂടങ്ങളുടെ വിഷയത്തിൽ ഇത്രപ്രയാസമേറിയ ഒരു സ്ഥിരപ്പെടുത്തൽനയം മറെറങ്ങുമില്ലെന്നു സൂക്ഷ്മമായി അന്വേഷിച്ചാൽ അറിയാം. അനേകം ആക്റ്റിംഗ്കാരുണ്ടു്. സ്ഥിരഒഴിവുണ്ടു്. അവകളിൽ ഇവരെ സ്ഥിരപ്പെടുത്തുന്നില്ല. ഇവരെ കാലതാമസംകൂടാതെ സ്ഥിരപ്പെടുത്തേണ്ടതാണ്.

അദ്ധ്യാപകന്മാർ അവധി എടുക്കുമ്പോൾ രണ്ടും മൂന്നും ക്ലാസ് ഒരദ്ധ്യാപകൻ നടത്തുന്നതായിട്ടു കണ്ടുവരുന്നുണ്ടു്. കാര്യക്ഷമത ഗവൺമെൻറും ജനങ്ങളും താല്പര്യപ്പെടുന്നഒന്നാണ്. അങ്ങിനെയിരിക്കുമ്പോൾ ഈ നാട്ടുഭാഷാപള്ളിക്കൂടങ്ങളുടെകാര്യം ഇത്രമാത്രം അവഗണിക്കുന്നതു നന്നല്ലല്ലോ. രണ്ടുമൂന്നു ക്ലാസുകൾ ഒരദ്ധ്യാപകനാൽ നടത്തപ്പെടുക എന്നുള്ളതു തൃപ്തികരമാണോ? കാര്യങ്ങളെല്ലാം ഒരുതരത്തിൽ ഭേദപ്പെടുത്താൻകഴിഞ്ഞാലും എത്രതന്നെ കൃതാർത്ഥത നാം അനുഭവിച്ചാലും എത്രപണം നാം ചിലവുചെയ്തുപോയാലും ഈ വിദ്യാഭ്യാസത്തിനു വിനിയോഗിച്ചുവരുന്ന പണം വേണ്ടവിധം ശരിയായി ഉപയോഗപ്പെടുന്നില്ലാ അല്ലെങ്കിൽ ഉപയോഗപ്പെടുത്തുന്നില്ല എന്നാണു വന്നുകൂടുന്നതു്. നാട്ടുഭാഷാപള്ളിക്കൂടങ്ങളെ സംബന്ധിച്ചിടത്തോളം അടുത്തഭാവിയിൽതന്നെ ഈ രണ്ടു ന്യൂനതകൾ പരിഹരിക്കപ്പെടണം. ഒരു പള്ളിക്കൂടത്തിലേക്കു എത്ര അദ്ധ്യാപകന്മാർ വേണമെന്നു നിശ്ചയിച്ചു കഴിഞ്ഞാൽ അത്രയും അദ്ധ്യാപകന്മാരെ കാര്യക്ഷമമായിട്ടു ഭരണം നടത്തത്തക്കവണ്ണം ഏർപ്പെടുത്തേണ്ടതത്യാവശ്യമാണെന്നാണ് എനിക്കു പറയാനുള്ളതു്.

സഹായധനം വാങ്ങിനടത്തപ്പെടുന്ന നാട്ടുഭാഷാപള്ളിക്കൂടങ്ങളുടെ സ്ഥിതി പറയുകയാണെങ്കിൽ ഇതിൽനിന്നും തുലോം വ്യത്യസ്ഥമാണ്. അതും രണ്ടുതരം ഉണ്ടു്. എല്ലാക്ലാസുകളിലും അദ്ധ്യാപകന്മാർ ഉണ്ടായിരുന്നാൽ മാത്രമേ എല്ലാക്ലാസുകൾക്കും ഗ്രാൻറു കൊടുക്കുകയുള്ളു എന്നുണ്ടു്. അതു നല്ല ഏർപ്പാടാണ്, അതനുസരിച്ചു ശരിയായിട്ടു നടത്തപ്പെടുന്ന ഗ്രാൻറുസ്കൂളുകൾ ധാരാളം ഉണ്ടുതാനും. ഡിപ്പാർട്ടുമെൻറു അംഗീകരിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചു നന്നായും തൃപ്തിയായും നടത്തപ്പെടുന്ന ഗ്രാൻറു പള്ളിക്കൂടങ്ങളുടെ സ്ഥിതിശോച്യമല്ല. ഇനി വേറെ ഒരുതരം ഗ്രാൻറുസ്കൂളുകൾ ഉണ്ടു്. അദ്ധ്യാപകന്മാർ വളരെ ചുരുക്കമാണെങ്കിലും ഗ്രാൻറുബില്ലിൽ അയക്കുമ്പോൾ നല്ല സമർത്ഥന്മാരായ അദ്ധ്യാപകന്മാരുടെ പേരുകൾ കണ്ടേയ്ക്കും. ഇങ്ങിനെ രണ്ടുതരം സ്കൂളുകൾ ഉള്ളതിൽ രണ്ടാമത്തേതിനെ ശരിപ്പെടുത്താൻനോക്കാതെ പാടെ ഇല്ലായ്മചെയ്യണം. ഡിപ്പാർട്ടുമെൻറിനേയും ഗവൺമെൻറിനേയും തൃപ്തിപ്പെടുത്താൻ മാത്രമായി ഒരു പള്ളിക്കൂടത്തിൻെറ ആവശ്യമില്ല. ശരിയായ ഉത്തരവാദിത്വത്തോടുകൂടി ജനങ്ങളുടെ അഭ്യുദയത്തിൽ കാംക്ഷയുള്ളവരായിട്ടു വിദ്യാലയങ്ങൾ നടത്താൻ താല്പര്യവും സന്നദ്ധതയുമുള്ളവരായ ആളുകൾ ധാരാളമുണ്ടു്. അവർക്കാണു പള്ളിക്കൂടം അനുവദിച്ചുകൊടുക്കേണ്ടതു്. അപേക്ഷകരു പള്ളിക്കൂടങ്ങൾ നടത്താൻ ശക്തിയുണ്ടോ? ശക്തിയുണ്ടെങ്കിൽ ശരിയായി നടത്തുമോ? എന്നീകാര്യങ്ങൾനോക്കി ശരിയായിട്ടും തൃപ്തിയായിട്ടും പള്ളിക്കൂടങ്ങൾ നടത്തുന്നവർക്കു ഗ്രാൻറു കൊടുക്കണം. ഗ്രാൻറിൻെറ വിഷയത്തിലും രണ്ടുവാക്കു പറയാനുണ്ടു്. പത്തുരൂപാ ഗവൺമെൻറദ്ധ്യാപകന്മാർക്കുള്ളപ്പോഴാണ് ആ ഗ്രേഡിൽ ഗ്രാൻറുസ്കൂൾ അദ്ധ്യാപകനു ൯ രൂപാ കൊടുത്തുവന്നതു്. പിന്നീടു അതു ൭ രൂപയാക്കി. ഇപ്പോൾ ൧൨ രൂപാശമ്പളമുള്ള അദ്ധ്യാപകൻെറ ഗ്രേഡിൽ ഗ്രാൻറുസ്കൂൾ അദ്ധ്യാപകനു എട്ടുരൂപാഗ്രാൻറു എന്നുവച്ച പ്രമാണം തീരെ ശരിയല്ല. ഇക്കാര്യം പ്രത്യേക ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്. കൊച്ചി വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു ഇപ്പോൾ ഗ്രാൻറു കൊടുത്തുവരുന്നതുപോലെ സർക്കാർസ്കൂൾ അദ്ധ്യാപകന്മാ-

ക്ക് എന്തു ശമ്പളമുണ്ടോ അതിന്റെ ഒരു ശരിയായ ശതമാനം വരുന്നസംഖ്യ ഗ്രാൻറസ്സായി അദ്ധ്യാപകനു ഗ്രാൻറായികൊടുക്കണം. ഒന്നാംക്ലാസിലേക്ക് നൂറുരൂപാ എന്നുവച്ചതു ഇടക്കാലത്തുണ്ടായ പരിഷ്കാരത്തിൽ പത്തു ശതമാനം കൂട്ടിക്കൊടുക്കുക എന്നുവച്ചു. അദ്ധ്യാപകന്മാർക്ക് നൾകിവരുന്ന ശമ്പളം അവരുടെ ആഹാരത്തിനു മതിയാകാത്ത നിലയിലാണ് ഇരിക്കുന്നതു് എന്നു സകലരും സമ്മതിച്ചുകഴിഞ്ഞു. എന്നിട്ടും പരിഷ്കാരം നടപ്പിൽ വരുന്ന കാലത്തിനുമുമ്പു കിട്ടിക്കൊണ്ടിരുന്ന തുകതന്നെയാണ് ഇപ്പോഴും ഗ്രാൻറസ്സായി അദ്ധ്യാപകന്മാർക്ക് കിട്ടിവരുന്നതു എന്നുപറയാം. ചില ക്ലാസിലേക്കും ഗ്രേഡിലേക്കും അതിലും കുറവുവരുന്നുണ്ട്. ഇതു ശരിയല്ല; ഗ്രാൻറു വർദ്ധിപ്പിക്കണം.

ഇത്രയുംകാര്യങ്ങൾ ഗവൺമെൻറു പ്രത്യേകം ശ്രദ്ധിക്കണം. ഈ ഉദ്ദേശത്തോടുകൂടി ഞാൻ ഈ ഉപക്ഷേപം ഈ സഭയുടെ പര്യാലോചനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, മിസ്റ്റർ കുറിയാക്കോസ് തുക കുറയ്ക്കണം എന്നുള്ള അദ്ദേഹത്തിന്റെ ഉപക്ഷേപംമൂലം നമ്മുടെമാതൃഭാഷാവിദ്യാഭ്യാസത്തിൽഉണ്ടെന്നു അദ്ദേഹം വിചാരിക്കുന്ന ചില ദൂഷ്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ ആകർഷിച്ചു. ആദ്യമായി അദ്ദേഹം മലയാളംപള്ളിക്കൂടങ്ങളിൽ പ്രത്യേകിച്ചു പ്രാഥമിക വിദ്യാശാലകളിൽ സ്ത്രീപുരുഷന്മാരടങ്ങിയ അനേകം ആക്റ്റിംഗ് അദ്ധ്യാപകന്മാർ ഉണ്ടെന്നുള്ള സംഗതിയെക്കുറിച്ചു പ്രസ്താവിച്ചു. ചില സ്കൂളുകളിൽ അതായതു സ്കൂളുകളിലേക്ക് അനുവദിച്ചിട്ടുള്ള അദ്ധ്യാപകന്മാരുടെ സംഖ്യയോടൊപ്പം വാദ്ധ്യാന്മാരില്ലെന്നും, അതുകൊണ്ട് ശരിയായ പഠിപ്പിക്കലിനു ഹാനിതട്ടത്തക്കവണ്ണം ചിലപ്പോൾ ഒരാൾ ഒന്നിൽകൂടുതൽ ക്ലാസുകളിൽ പഠിപ്പിക്കേണ്ടതായിവരുന്നു എന്നും അദ്ദേഹം പറഞ്ഞു. സംഗതികളുടെ നില എന്താണെന്നു ചുരുക്കത്തിൽ ഞാൻ ഈ സന്ദർഭത്തിൽ പറയട്ടെയോ? അദ്ദേഹം പറഞ്ഞിട്ടുള്ളതു മുഴുവൻ ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പത്തുനൂറു വിദ്യാലയങ്ങളിൽ കൂടുതൽ കണ്ടിട്ടുണ്ട്. എന്നാൽ അവയിൽ ഒരു വാദ്ധ്യാർക്ക് രണ്ടോ മൂന്നോ ക്ലാസുകൾ പഠിപ്പിക്കേണ്ടതായി വന്നിട്ടുള്ള സ്കൂളുകളുടെ സംഖ്യ വളരെ ചുരുക്കമാണ്. വാസ്തവം പറയുകയാണെങ്കിൽ ഒരാളെ നിയമിച്ചിട്ടില്ല എന്നുള്ള കാരണംകൊണ്ടു മാത്രം ഒരാൾക്കു പകരം വേറൊരാൾ ഒന്നു പഠിപ്പിക്കേണ്ടതായിട്ടുള്ള യാതൊരു സ്കൂളും ഞാൻ കണ്ടിട്ടുള്ളതായി ഓർക്കുന്നില്ല. വർണാക്യുലർ ഡിപ്പാർട്ടുമെൻറിൽ ഒഴിവുകളിൽ ആളുകളെ നിയമിക്കാതെ ഇരിക്കുന്നുഎന്നുള്ള കേസ്സല്ല വാസ്തവത്തിൽ ഉള്ളതു്. എന്നാൽ സംഗതികൾ അതിനു വിപരീതമാണ്. അതായതു മേലാവികൾ ഒഴിവുകളിൽ പെട്ടെന്നു ആളുകളെ നിയമിക്കുന്നതിനുള്ള ധൃതിയിൽ കൂടുതൽ അവകാശമുള്ള ഒരാൾക്കു പകരം പലപ്പോഴും അവകാശംകുറഞ്ഞ ആളുകളെ നിയമിക്കുന്നുഎന്നുള്ളതാണ്. ഇപ്പോൾ വർണാക്യുലർ ഡിപ്പാർട്ടുമെൻറു യാതൊരു ഒഴിവുംഇല്ലാത്ത ഒരു സ്ഥലം ആക്കിട്ടുണ്ട്. അതിനെപ്പററി പത്രങ്ങളിൽ വളരെ വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ട്. അതേപ്പററി ഞാൻ ഇവിടെ പറയേണ്ടയാവശ്യമില്ല. അതിന്റെ ഫലമായി ചിലരുടെ അവകാശങ്ങളെ അവഗണിച്ചുഎന്നും മുൻപു പകരം ജോലിനോക്കീട്ടില്ലാത്ത അനേകംആളുകളെ ജോലിയിൽ നിയമിച്ചിട്ടുണ്ടെന്നും പലപരാതികളും മുറവിളികളും അനേകം ആളുകളിൽനിന്നും ഉണ്ടായിട്ടുണ്ട്. ആ സംഗതി എഴുത്തുകുത്തിലിരിക്കയാണ്. ആ സംഗതിയ്ക്ക് ഗവൺമെൻറിൽനിന്നും ഉത്തരവുകൾ നൽകിയിട്ടുണ്ട്. തന്നിമിത്തം ആ പ്രശ്നത്തിനു വളരെ വേഗത്തിൽ തീരുമാനം ഉണ്ടാകുമെന്നാണ് ഞാൻ വിചാരിക്കുന്നതു. ഈ മാതിരിസംഗതികൾക്ക് അവസാനം ഉണ്ടാകുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തുവരികയാണ്. അതുകൊണ്ടു മി. കുറിയാക്കോസിനു തൃപ്തിയാകുമെന്നു ഞാൻ വിചാരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മേലാൽ ഹാനിതട്ടാതിരിക്കത്തക്കവണ്ണം നിയമനങ്ങൾ ശരിയായും വേണ്ടസമയത്തും നടത്തുന്നതിനു ഇനിയും വേണ്ടഏർപ്പാടുകൾ ചെയ്യുംചെയ്യും. പരിശോധനോദ്യോഗസ്ഥനും ഞാനും ഗവൺമെൻറു ശ്രദ്ധപതിപ്പിച്ചുകൊണ്ടിരിക്കുന്ന വേറൊരു സംഗതി, അദ്ധ്യാപകന്മാരെ നിയമിക്കുന്നതിൽ എവിടെങ്കിലും താമസം നേരിടുന്നുണ്ടോഎന്ന് നോക്കുകയും അദ്ധ്യാപകന്മാരെ നിയമിക്കുന്നതിൽ ഉണ്ടാകുന്നതാമസത്തിനു ഉത്തരവാദികളായിരിക്കുന്ന ഉദ്യോഗസ്ഥന്മാരെ വേണ്ടതുപോലെ താക്കീതുചെയ്യുകയും ആണ്. വിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാരെ നിയമിക്കാതിരിക്കുന്നതിൽ നിയമനത്തിനു ഉത്തരവാദികളായിരിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ യാതൊരു തെററും ഇല്ലഎന്നുള്ള എന്റെ വാദത്തെ മി. കുറിയാക്കോസും സഭയും സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പകരം ജോലിനോക്കുന്നആളുകളെ സ്ഥിരപ്പെടുത്തുന്നതിൽ ആരെല്ലാമാണ് കൂടുതൽ അവകാശികൾ എന്നു ഞങ്ങൾക്കു നിശ്ചയിക്കേണ്ടതായിട്ടുണ്ട്. ഈ ആക്റ്റിംഗ് ഒഴിവുകളിലെല്ലാം അടുത്ത ഭാവിയിൽതന്നെ ആളുകളെ നിയമിക്കാൻസാധിക്കുമെന്നാണ് ഞാൻ ആശിക്കുന്നതു്.

മി. കുറിയാക്കോസു പ്രതിപാദിച്ച രണ്ടാമത്തെ സംഗതി തൃപ്തികരമല്ലാത്ത കുറെ പ്രാഥമികവിദ്യാലയങ്ങളെ ഞങ്ങൾ നന്നാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതു ഏതു വിധത്തിലാണെന്നുള്ളതിനെ സംബന്ധിച്ചാണ്. മി. കുറിയാക്കോസു ഈ മാതിരി വിദ്യാലയങ്ങളേയും വളരെ ശരിയായിട്ടു രണ്ടായി വിഭാഗിച്ചു. മാതൃകയായിട്ടുള്ളതു, സാധാരണയായിട്ടുള്ളതു, തീരെമാതൃകയാകാൻ പാടില്ലാത്ത രണ്ടുംതൊട്ടുകൂടിയതു എന്നിങ്ങനെ ഞാൻ അവയെ മൂന്നായി തരംതിരിക്കും. മാതൃകാരണ്ടുംതൊട്ടു കൂടിയതിനെക്കാൾ തീരെ മാതൃകയാകാൻപാടില്ലാത്ത രണ്ടുംതൊട്ടുകൂടിയ വിദ്യാലയങ്ങളാണ് രാജ്യത്തു വളരെ അധികമായിട്ടുള്ളതു. മാതൃകാരണ്ടുംതൊട്ടുകൂടിയവ അദ്ധ്യാപകന്മാരുടെ ശമ്പളമായിട്ടു മിക്കഅവസരങ്ങളിലും ഗവൺമെൻറു ഗ്രാൻറിനെക്കാൾ കൂടുതൽ കൊടുക്കുന്നു. സാധാരണയായിട്ടുള്ളവ ഗവൺമെൻറുഗ്രാൻറിനെമാത്രം കൊടുക്കുന്നു. മാതൃകയാകാൻ പാടില്ലാത്ത രണ്ടുംതൊട്ടുകൂടിയവ ഗവൺമെൻറു ഗ്രാൻറിന്റെ ഒരംശംമാത്രമേ കൊടുക്കുന്നുള്ളു. ഞങ്ങൾക്കു തെളിവുകൾ ഇല്ലാത്തതുകൊണ്ടു ഡിപ്പാർട്ടുമെൻറുമാത്രമാണു നിസ്സഹായമായി തീർന്നിരിക്കുന്നതു. ഞങ്ങൾക്കു തെളിവുകിട്ടുമെങ്കിൽ ഈ മാതിരിസ്ഥാപനങ്ങളെ നിശ്ശേഷം നശിപ്പിക്കാൻ ഞങ്ങൾക്കു സാധിക്കുമായിരുന്നു. രണ്ടോ മൂന്നോ ദുഷിച്ചവിദ്യാലയങ്ങളെ നിറുത്തുന്നതിനു ഇതിനകംതന്നെ ഇടയായിട്ടുണ്ട്. ശരിയായിട്ടുള്ള തെളിവുകൂടാതെ ഡിപ്പാർട്ടുമെൻറിൽനിന്നും യാതൊന്നും പ്രവൃത്തിക്കാൻ സാധിക്കയില്ല. സഭാംഗങ്ങൾ പൊതുജനാഭിപ്രായങ്ങളെ ശരിയായി രൂപീകരിച്ചു പ്രത്യേകം സ്കൂളുകളെ സംബന്ധിച്ചു ശരിയായ തെളിവു തരുന്നെങ്കിൽ ഈ മാതിരി സ്ഥാപനങ്ങളോടു ലേശംപോലും ദയവു കാണിക്കാതെ ഇപ്രകാരമുള്ള കാര്യങ്ങൾക്കു അവസാനംവരുത്താം. ഇപ്രകാരമുള്ള സ്കൂളുകൾ നിലനിന്നുപോരുന്നുണ്ടെങ്കിൽ ഈ പള്ളിക്കൂടങ്ങൾ തീരെ തൃപ്തികരമല്ലാത്ത നിലയി

ചാണ നടത്തിക്കൊണ്ടുപോകുന്നതെന്ന മി. കുരിയാക്കോസിനെ എന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ സാധിക്കുമെങ്കിൽ അവയെ ഒന്നുകിൽ ശരിയായി നടത്തുകയോ അല്ലെങ്കിൽ നിറുത്തിക്കളയുകയോ ചെയ്യാം. ഡിപ്പാർട്ടുമെന്റിന്റെ നയത്തെ നടപ്പിൽ കൊണ്ടുവരുന്നതിൽ ഞാൻ വ്യതിചലിക്കുകയോ മടിയനായിരിക്കുകയോ ചെയ്യുകയില്ലെന്ന വാഗ്ദത്തം ചെയ്യാം.

മി. കുരിയാക്കോസിന്റെ മൂന്നാമത്തെ സംഗതി എന്റെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതാണ്. ഞാൻ അതിനെ ശരിയായി മനസ്സിലാക്കിയിട്ടില്ലെന്ന ഞാൻതന്നെ സമ്മതിക്കാം. മലയാളംപള്ളിക്കൂടം അദ്ധ്യാപകന്മാരുടെ ശമ്പളഗ്രാന്റിനെ വർദ്ധിപ്പിക്കണമെന്നുള്ള പ്രശ്നത്തെ —

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): ൧൦൧൩ മുമ്പു നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ആക്ടിംഗായിരുന്ന അദ്ധ്യാപകന്മാരെ പിരിച്ചയക്കണമെന്ന വിചാരിക്കുന്നുണ്ടോ?

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): ഒരു മിനിട്ടിനകം മിസ്റ്റർ ഇട്ടിയച്ചൻ പറയുന്നതിനെ ഞാൻ ശ്രദ്ധിക്കാം. ഞാൻ കുറച്ചുകൂടി പ്രധാനമേറിയ വിഷയത്തെപ്പറ്റി പ്രതിവാദിക്കയാണ്. ഞാൻ ഇപ്പോൾ വ്യത്യസ്ഥമായ ഒരുവിഷയത്തിലേക്ക കടന്നിരിക്കയാണ്. അദ്ദേഹം അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിലേക്ക പോകുകയാണ്. ഞാൻ ഇപ്പോൾ പരിഷ്കരിച്ച പദ്ധതി അനുസരിച്ച മി. കുര്യാക്കോസിന്റെ ഗ്രാന്റിനെപ്പററിയുള്ള പ്രശ്നത്തെപ്പററി പ്രതിപാദിക്കയാണ്.

അദ്ധ്യക്ഷൻ: പ്രസംഗംകഴിഞ്ഞിട്ട ഉത്തരം പറയാമെന്ന ഡയറക്ടർ പറയുന്നുണ്ട്. മി. രങ്കസ്വാമിഅയ്യങ്കാർ, നിങ്ങൾക്ക തുടരാം.

റാവു ബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): ചില വിദ്യാലയങ്ങൾക്ക മററുള്ളതിനേക്കാൾ കുറച്ച ഗ്രാന്റ മാത്രമേ കിട്ടുകയുള്ളു. മി. കുരിയാക്കോസിന്റെ അപേക്ഷണങ്ങളെപ്പററി മറുപടിപറഞ്ഞതിനുശേഷം മി. ഇട്ടിയച്ചൻ പറയുന്നതിനെ ശ്രദ്ധിക്കാം. മി. കുര്യാക്കോസ ഒരു വാദമുഖത്തെപ്പററി പ്രസ്താവിച്ചു. പുതിയപദ്ധതി അനുസരിച്ച ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകന്മാരുടെ സ്ഥിതിയെ നന്നാക്കുകയും ഗ്രാന്റ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ നില സ്പഷ്ടമായി മോശമാക്കുകയും ചെയ്യുമെന്നുള്ളതാണ് ആ വാദമുഖം. ഇങ്ങനെ ഉദ്ദേശിച്ചു കാണാൻ ഇടയില്ലെന്ന മി. കുര്യാക്കോസ അഭിപ്രായപ്പെട്ട ഗ്രാന്റ പള്ളിക്കൂടം അദ്ധ്യാപകന്മാരുടെനില മുമ്പിലത്തേതിനേക്കാൾ മോശമാക്കുന്നതിന എന്തെങ്കിലും ഉദ്ദേശമുണ്ടായിരുന്നതായി ഞാൻ വിചാരിക്കുന്നില്ല. ഈ പ്രശ്നം വാദപ്രതിവാദത്തിന്റെ ആരംഭത്തിൽ ഉത്ഭവിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ കണക്കനുസരിച്ചു അപ്രകാരം എങ്ങനെ സംഭവിക്കാൻപോകുന്നുവെന്ന എനിക്ക മനസ്സിലാക്കാൻ സാധിക്കുന്നില്ല. ആ കാര്യത്തെക്കുറിച്ച ശോധനചെയ്യുന്നതിന ഞാൻ സന്നദ്ധനാണ്. മി. കുര്യാക്കോസ തന്നെ ഗ്രാന്റ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തെപ്പററി സംസാരിച്ചിട്ടുണ്ട്. ഗവണ്മെന്റിന്റെ ഉദ്ദേശം ഗ്രാന്റ പള്ളിക്കൂടങ്ങളിലും ഡിപ്പാർട്ടുമെന്റൽ പള്ളിക്കൂടങ്ങളിലേയും അദ്ധ്യാപകന്മാരുടെ നില നന്നാക്കണമെന്നുള്ളതാണെന്ന ഞാൻ അദ്ദേഹത്തിനോട്ട പറയാം; എന്തുകൊണ്ടെന്നാൽ എല്ലാ പള്ളിക്കൂടങ്ങളും ഗവണ്മെന്റ പള്ളിക്കൂടങ്ങളാണ്. ഡിപ്പാർട്ടുമെന്റിന രണ്ടിലും ഒരുപോലെ ശ്രദ്ധയുണ്ട്; അദ്ധ്യാപകന്മാർക്ക കിട്ടുന്ന ഗ്രാന്റിനെ എടുത്തുകളയണമെന്ന ഗവണ്മെന്റിനോ ഡിപ്പാർട്ടുമെന്റിനോ ഉദ്ദേശമുണ്ടായിരുന്നില്ല. ഏതെങ്കിലും തരത്തിൽ യഥാർത്ഥവിഷമമുണ്ടെന്ന അദ്ദേഹം കാണിക്കുന്നപക്ഷം ശരിയായ ഉത്തരവുകൾ ലഭിക്കുന്നതിന അവയെ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടത എന്റെ കടമയായിരിക്കും. ഞാൻ പറഞ്ഞതുപോലെ ആ അവസ്ഥ ഒരു യഥാർത്ഥമാണ്. 'അല്ലാതെ വെറും ശങ്കമാത്രമല്ല' എന്ന മി. കുര്യാക്കോസ പറഞ്ഞതു എനിക്ക മനസ്സിലാകുന്നില്ല. എന്തെങ്കിലും അനീതി പ്രവർത്തിക്കുന്നുണ്ടെന്ന ഞാൻ കാണുന്നപക്ഷം ആ സംഗതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതു ആദ്യമായി ഞാൻതന്നെ ആയിരിക്കും. മി. കുര്യാക്കോസ പ്രതിപാദിച്ചിട്ടുള്ള വാദമുഖങ്ങൾ ഇവ മാത്രമാണ്. ഞാൻ ഇപ്പോൾ മി. ഇട്ടിയച്ചന്റെ ചോദ്യങ്ങൾക്ക മറുപടി പറയാൻ തയ്യാറാണ്.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): ൧൦൧൩ മുമ്പു നാട്ടുഭാഷാ പള്ളിക്കൂടത്തിൽ ആക്ടിംഗായി ജോലിനോക്കിവന്നിരുന്ന അദ്ധ്യാപകന്മാരെ പിരിച്ചുവിടണമെന്ന വിചാരിക്കുന്നുണ്ടോ?

റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): മേലാൽ കൊണ്ടുവരാൻപോകുന്ന പണം കുറയ്ക്കണമെന്നുള്ള ഒരു ഉപക്ഷേപത്തിലുൾപെട്ട ഒരു വിഷയമാണ് ഇത്! അതിനിപ്പോൾ ഒന്നോ രണ്ടോ വാക്കുകൾ മറുപടി പറയാൻ സാധിക്കയുമില്ല. ഉപക്ഷേപംകൊണ്ടുവരുമ്പോഴൊ അല്ലെങ്കിൽ അവതാരകൻ ഈ പ്രശ്നത്തെപ്പററി ചോദിക്കുമ്പോഴോ മി. ഇട്ടിയച്ചനെ തൃപ്തിപ്പെടുത്തുമെന്നുള്ള ഒരു മറുപടി ഞാൻ പറയാം. താഴെയായിട്ട ഈ വിഷയത്തെ സംബന്ധിച്ച ഒരു ഉപക്ഷേപം ഉണ്ട്.

മി. ഏ. സി. കുര്യാക്കോസ (മീനച്ചലും ദേവികുളവും): ഞാൻ ഏതുദ്ദേശത്തോടുകൂടി ഈ ഉപക്ഷേപം ഹാജരാക്കിയോ ആ ഉദ്ദേശത്തിന്റെ നിർവഹണത്തിന പര്യാപ്തമായ പല വാഗ്ദാനങ്ങളും ഡിപ്പാർട്ടുമെന്റദ്ധ്യക്ഷൻ ചെയ്തിട്ടുള്ളതുകൊണ്ട ഉപക്ഷേപം പിൻവലിക്കുന്നതിന അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഉപക്ഷേപം പിൻവലിക്കുന്നതിന അദ്ദേഹത്തിന സഭയുടെ അനുവാദമുണ്ടോ?

അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം നമ്പർ

എസ്റ്റാബ്ലിഷ്മെന്റ വകയ്ക്കു ൧൭,൩൪൪ രൂപാ അനുവദിച്ചിട്ടുള്ളതിൽനിന്നും പത്തു രൂപാ കുറയ്ക്കണമെന്നു:

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): എസ്റ്റാബ്ലിഷ്മെന്റ വകയിലേക്ക തിരിച്ചുവച്ചിട്ടുള്ള ൧൭,൩൪൪ രൂപയിൽ നിന്ന പത്തുരൂപാ കുറയ്ക്കണമെന്നുള്ള ഈ ഉപക്ഷേപത്തെ സഭാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിന്റെ പ്രധാന ഉദ്ദേശം വിദ്യാഭ്യാസ വിഷയത്തിൽ മുസ്ലീങ്ങൾക്ക വേണ്ടത്ര പ്രോത്സാഹനം മുഴുവനും ലഭിക്കുന്നില്ല എന്ന ഗവണ്മെന്റിനെ ധരിപ്പിക്കുന്നതിന വേണ്ടിയാകുന്നു. മുസ്ലിമിങ്ങളുടെ അസമത്വത്തെക്കുറിച്ച യഥാർത്ഥമായി മനസ്സിലാക്കിട്ടുള്ള ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റുണ്ടെങ്കിൽ അതു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു മാത്രമാകുന്നു. ഈ ഡിപ്പാർട്ടുമെന്റ

ങ്ങളുടെ എല്ലാ അശക്തികളേയും മനസ്സിലാക്കീട്ടുണ്ട്. വിദ്യാഭ്യാസത്തിൽ ഈ സമുദായം പിന്നണിയിൽ നിൽക്കുന്നു എന്നു കണ്ടതിന്റെ ഫലമായിട്ടാണ് ആ സമുദായത്തിനു ഗവൺമെന്റിൽനിന്നും, ഡിപ്പാർട്ടുമെന്റിൽനിന്നുതന്നെയും പല ആനുകൂല്യങ്ങളും ചെയ്തുതന്നിട്ടുള്ളതു. എന്നാൽ ഇനിയും പല സംഗതികൾ അവരുടെ വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിക്കായിട്ടു ചെയ്യേണ്ടതായിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളതിനെ ഞാൻ ഇവിടെ പ്രസ്താവിക്കാം. പരീക്ഷാവിജയികളായി വെളിയിൽവരുന്ന മുസ്ലീം വിദ്യാർത്ഥികളുടെ സംഖ്യ വളരെ ദുഃഖമാണ്. ഇങ്ങനെ ഒരു ദുഃഖമായ സംഖ്യയേ പാസ്സായി വെളിയിൽ വരുന്നുള്ളു എങ്കിലും അതിൽ എത്ര പേർക്കു ഉദ്യോഗം നൽകീട്ടുണ്ടെന്നുള്ള സംഗതി ആലോചിക്കേണ്ടതാണ്. ഇന്നലെയും ഇന്നും ഇവിടെ നടന്നിട്ടുള്ള പ്രസംഗങ്ങളിൽനിന്നു, ഇന്നത്തെ വിദ്യാഭ്യാസം ഉദ്യോഗത്തിനു ആളുകളെ സംഭരിക്കുന്നതിനുവേണ്ടി മാത്രം ഏർപ്പെടുത്തീട്ടുള്ളതാണെന്നു മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു. സാധാരണമായിട്ടു പാസ്സായിട്ടുള്ള ആളുകൾക്കു ഉദ്യോഗം ലഭിക്കുന്നില്ല എന്നുള്ളതു അവരുടെ പ്രോത്സാഹനത്തിനു ഏറ്റവും തടസ്ഥമായിട്ടു തീരുന്ന ഒരു സംഗതിയാണ്. എന്നാൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ നോക്കിയാൽ മുസ്ലീം സമുദായത്തിൽനിന്നും പാസ്സായിവരുന്നവർക്കെല്ലാം ആ ഡിപ്പാർട്ടുമെന്റിൽതന്നെ ഉദ്യോഗം കൊടുത്താലും, മറ്റുള്ള ഉദ്യോഗങ്ങളുടെ സംഖ്യയുമായി തുലനംചെയ്തുനോക്കുമ്പോൾ അതു ഒരിക്കലും കൂടിപ്പോയി എന്നു വരുന്നതല്ല. കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷയിൽ ഇതിനുമുമ്പു ഒരിക്കലും പാസ്സായിട്ടില്ലാത്തവിധം മുസ്ലീമിങ്ങൾ പാസ്സായിട്ടുണ്ട്. ആകപ്പാടെ ൨൩൩൨ പേർ പാസ്സായകൂട്ടത്തിൽ മുസ്ലീമിങ്ങൾ ൪൮ പേർ മാത്രമേ ഉള്ളു. ഇംഗ്ലീഷ് വിദ്യാഭ്യാസവകുപ്പിനെമാത്രം നോക്കിയാൽ—അതായതു പുരുഷന്മാർക്കായിട്ടുള്ള വിദ്യാഭ്യാസവകുപ്പിനെമാത്രം നോക്കിയാൽ—പ്രിൻസിപ്പാൾ ആയിട്ടും പ്രൊഫസർമാരായിട്ടും കാളേജിൽ ൩൯ ഉദ്യോഗങ്ങൾ ഉണ്ട്. ഹൈസ്കൂൾ ക്ലാസുകളിൽ അദ്ധ്യാപകന്മാരും മുൻഷിമാരും (അറബിക്ക മുൻഷിമാർ ഇതിൽ ഉൾപ്പെടുകയില്ല), ഡ്രായിംഗ്മാസ്റ്റർമാരും ഡ്രിൽമാസ്റ്റർമാരും എല്ലാവരുംകൂടി ൧൦൩ ആളുകൾ ഉണ്ട്. എന്നാൽ മുസ്ലീം സമുദായത്തിൽനിന്നും പരീക്ഷയിൽ ൪൮ പേരെ ജയിച്ചിട്ടുള്ളു. അതിൽ പകുതിയിലധികവും കാളേജിൽ പോയിട്ടുണ്ട്.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മികൾ): കയററവും മറ്റുതന്നെ അതിസ്ഥാനപ്പെടുത്തിവേണമെന്നാണോ മെമ്പർ പറയുന്നതു?

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): പ്രമോഷൻ സംബന്ധിച്ചു ഞാൻ സംസാരിച്ചിട്ടില്ല. അതിനെക്കുറിച്ചു സംസാരിക്കുമ്പോൾ പറയാം.

അങ്ങിനെ നോക്കുകയാണെങ്കിൽ ഇരുപതു ആളുകൾ മാത്രമേ ജയിച്ചവരിൽ ഉദ്യോഗാർത്ഥികളായിട്ടു അലഞ്ഞുതിരിഞ്ഞു നടക്കാനുള്ളു. പാസ്സായവരിൽ അധികം ആളുകളും ഉദ്യോഗംഇല്ലാതെ ഇരിക്കയാണ്. മുസ്ലീം സമുദായത്തെ വിദ്യാഭ്യാസത്തിലേക്കു പ്രോത്സാഹിപ്പിക്കേണ്ട ആ ഡിപ്പാർട്ടുമെന്റു വേണ്ടപ്രകാരത്തിൽ പ്രോത്സാഹിപ്പിച്ചിരുന്നു എങ്കിൽ ഇത്ര വലുതായ സങ്കടം ഇവർ അനുഭവിക്കേണ്ടിവരികയില്ലായിരുന്നു.

മലയാളം വിദ്യാലയങ്ങളെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ ഹൈസ്കൂളുകളിലും മിഡിൽസ്കൂളുകളിലും ഉള്ള ഡ്രായിംഗ്മാസ്റ്റർമാർ ഡ്രിൽമാസ്റ്റർമാർ ഉൾപ്പെടെ (അറബിക്ക മുൻഷികൂടാതെ) ൨൨൭ പേരുണ്ട്. പ്രൈമറിസ്കൂളുകളിൽ ൩൩൨ പേരുണ്ട്. ഇത്ര വലുതായ ഒരു സംഖ്യ ഉള്ള ഈ ഡിപ്പാർട്ടുമെന്റിൽ മുസ്ലീമിങ്ങളുടെസംഖ്യ കണ്ടിച്ചു ൧൦-തിൽ കൂടുതൽവരികയില്ല. അതുകൊണ്ടു ഈ ഒരു ഡിപ്പാർട്ടുമെന്റുമാത്രം വേണ്ടവിധത്തിൽ ശ്രദ്ധിക്കയാണെങ്കിൽ വിദ്യാഭ്യാസവിഷയത്തിൽ മുസ്ലീമിങ്ങൾക്കു കുറേക്കൂടി മുന്നോട്ടുവരുന്നതിനു കഴിയും. മറ്റുള്ള ഡിപ്പാർട്ടുമെന്റുകളിലും ഇവർക്കു കേറാൻ സാധിക്കും. ഇവർക്കു കൊടുക്കേണ്ട സംഖ്യമാത്രം കൊടുത്താൽമതി. ഒരുസംഗതി പ്രത്യേകം ഞാൻ ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇപ്പോൾ ഡയറക്ടർ ഏർപ്പെടുത്തിയിട്ടുള്ള പുതിയ സർക്കുലർ അനുസരിച്ചു ആക്ടിംഗ് നോക്കിയിട്ടുള്ളവരുടെ ലിസ്റ്റ് എടുത്തിട്ടുണ്ട്. ആ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കു ഉദ്യോഗം കിട്ടിക്കഴിഞ്ഞിട്ടുമാത്രമേ മറ്റുള്ളവർക്കു ഉദ്യോഗം കിട്ടാൻ സാധിക്കയുള്ളു. ആക്ട്ചെയ്തിട്ടുള്ളവരുടെ അവകാശം തീരെ അവഗണിക്കണം എന്നു ഞാൻ പറയുന്നില്ല. ഈ ആക്ട്ചെയ്യുന്നവരുടെ കൂട്ടത്തിൽ മുസ്ലീമിങ്ങളുടെ സംഖ്യ വളരെ ദുഃഖമാണ്. അതു ഒരു സംഖ്യ എന്നുകൂടി പറയാൻപാടില്ലാത്തവിധം അത്ര ദുഃഖമാണ്. ഈ ആക്ടിംഗ് അദ്ധ്യാപകന്മാരെ തന്നെ നിയമിച്ചിട്ടുള്ളതു ഇന്നത്തെ മേലദ്ധ്യക്ഷന്റെ കാലത്തല്ല. ഇതിനുമുമ്പിരുന്ന മേലദ്ധ്യക്ഷന്റെ കാലത്താണ്. ഇപ്രകാരം ആക്ടിംഗ് നോക്കീട്ടുള്ളവരെ സ്ഥിരപ്പെടുത്തിയശേഷം അല്ലാതെ ഈ അസമത്വം അനുഭവിക്കുന്ന മുസ്ലീംസമുദായക്കാർക്കു ഒരു ഗുണവും ലഭിക്കാൻമാർഗ്ഗമില്ല. അതുകൊണ്ടു ആ ലിസ്റ്റിനെ സംബന്ധിച്ചു ഡയറക്ടർ പ്രത്യേകം ശ്രദ്ധിക്കണം. അന്നു ഉദ്യോഗത്തിനപേക്ഷിച്ചിരുന്ന മുസ്ലീമിങ്ങൾക്കു ശരിയായി ഉദ്യോഗം നൽകിയിരുന്നു എങ്കിൽ ഈ ആക്ടിംഗ് ലിസ്റ്റിലും മുസ്ലീമിങ്ങളുടെ പേരു കാണുമായിരുന്നു.

മി. മുതുവേലിൽ പാച്ചുപിള്ള (ചേർത്തല): അന്നു അപേക്ഷിച്ചതിൽ ആർക്കെങ്കിലും കിട്ടാതിരുന്നിട്ടുണ്ടോ?

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): പലരും അപേക്ഷിച്ചിരുന്നു. ഇന്നേവരെ കിട്ടീട്ടില്ല.

മി. മുതുവേലിൽ പാച്ചുപിള്ള (ചേർത്തല): എത്രപേർ അപേക്ഷ അയച്ചിട്ടുണ്ടു?

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): അൻപതുപേരോളം അപേക്ഷിച്ചിട്ടുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആക്ടിംഗ്കാരുടെ അവകാശത്തെ അവഗണിക്കണമെന്നാണോ മെമ്പർ പറയുന്നതു?

മി. പി. എസ്. മഹമ്മദ (നിയമിക്കപ്പെട്ട സഭാംഗം): അവരുടെ അവകാശങ്ങളെ ന്യായമായിട്ടു പരിഗണിക്കണം. എന്നാൽ അതിനു സൌകര്യം ലഭിക്കാത്തവരുടെ കാര്യത്തിൽ ഡയറക്ടർ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് ഞാൻ പറയുന്നതു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇതു രണ്ടുംകൂടെ സാധിക്കുന്നതാണോ?

മി. പി. എസ്സ് മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): രണ്ടും സാധിക്കും. വിശാലഹൃദയത്തോടുകൂടി പെരുമാറിയാൽ ധാരാളം സാധിക്കും.

ഗവൺമെന്റ് അദ്ധ്യാപകന്മാരുടെ ശമ്പളക്കുടിശ്ശികയെസംബന്ധിച്ച ഒന്നും ഈ ആണ്ടത്തെ ബഡ്ജറ്റിൽ കാണുന്നില്ല. പത്തുരൂപായാണ് അവർക്ക് ഇപ്പോൾ കൊടുത്തുവരുന്നത്. പതിന്നാലുരൂപാ കിട്ടേണ്ടുന്ന അദ്ധ്യാപകന്മാർ പട്ടിണികിടക്കുന്നു എന്ന കൌൺസിലിലെ മുറവിളികൂട്ടിയതുനിമിത്തം അതിനു പരിഹാരമുണ്ടാക്കാൻ വിചാരിച്ച ഗവണ്മെന്റ് ഈ പത്തുരൂപാക്കാരുടെകാര്യം എന്തുകൊണ്ടു ആലോചിച്ചില്ല എന്നുള്ളതു പരിതാപകരമായ ഒരു സംഗതിയാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഒരു ദിവസത്തിൽ ഈ അറബിക്ക മുൻഷിമാർക്ക് എത്ര മണിക്കൂർ ജോലിയുണ്ടെന്നറിയാമോ?

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): അവർ കൂടുതൽ സമയം ജോലിചെയ്യാൻ തയ്യാറാണ്. അവർക്ക് കൂടുതൽ ജോലികൊടുക്കാത്തതു അവരുടെ കുറ്റമല്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള ([illegible]): കാളേജിൽ പ്രൊഫസർമാർക്ക് ഒരു ദിവസം എത്രമണിക്കൂർ ജോലിയുണ്ടെന്നറിയാമോ?

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): അവർക്ക് ഈ അറബിക്കമുൻഷിമാരേക്കാൾ ജോലി കുറവാണെന്നറിയാം.

ഈ മുൻഷിമാർ മറ്റദ്ധ്യാപകന്മാർ വരുന്നതിനു ഒരുമണിക്കൂർമുമ്പു വരണം. ശേഷമുള്ള [illegible] അരമണിക്കൂർ [illegible] ഇതിനിടയ്ക്ക സമയമുണ്ടെങ്കിൽ അതു മറ്റു ജോലികൾ ചെയ്യാൻ സാധിക്കാത്തതാണ്. സാധാരണ പത്തുമണിക്കുമേൽ മൂന്നുമണിക്കകം ഒരു ജോലിയും അങ്ങിനെ ചെയ്യാൻ സാധിക്കയില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ ഒരു മഹമ്മദൻ ഇൻസ്പെക്ടർ ഉണ്ടല്ലോ. അദ്ദേഹം അറബിക്കമുൻഷിമാരുടെ കാര്യത്തെപ്പറ്റി എന്തെങ്കിലും ഗവണ്മെന്റിലേക്കു എഴുതിയിട്ടുണ്ടോ?

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): അങ്ങിനെ ചെയ്തിരിക്കണം എന്നാണു എന്റെ അഭിപ്രായം. ഗവണ്മെന്റും ഡിപ്പാർട്ടുമെന്റും ഇതിൽ എന്തു ചെയ്യുന്നു എന്നു ഞാൻ അന്വേഷിച്ചിട്ടില്ല. ഈ സംഗതിയിൽ വേണ്ട അനുകൂല്യം ചെയ്തുകൊടുക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഞാൻ മിസ്റ്റർ പി. എസ്സ്. മഹമ്മദിന്റെ ഉപക്ഷേപത്തിനുള്ള നോട്ടീസു കണ്ടപ്പോൾ അദ്ദേഹം എന്താണു പറയാൻപോകുന്നതു എന്നു മനസ്സിലാക്കുന്നതിനു എനിക്കു കുറെ വിഷമമുണ്ടായിരുന്നു. എന്നാൽ ഞാൻ അദ്ദേഹവുമായി പരിചയിക്കാൻ ഇടയായിട്ടുള്ള വളരെ ചുരുക്കം സന്ദർഭങ്ങളിൽനിന്നും മി. മഹമ്മദ് വളരെ വിവേചനാശക്തിയുള്ള ഒരു മാന്യനാണെന്നു ഞാൻ മനസ്സിലാക്കുകയും, അദ്ദേഹം മഹമ്മദീയരുടെ വിദ്യാഭ്യാസത്തെസംബന്ധിച്ചു എനിക്കറിയാൻപാടില്ലാത്തതും ഞാൻ ശ്രദ്ധപതിപ്പിക്കേണ്ടതും ആയിട്ടുള്ള ചില സങ്കടങ്ങളെക്കുറിച്ചു പ്രതിപാദിക്കുമെന്നു വിചാരിക്കുകയും ചെയ്തു. എന്നാൽ ഈ സന്ദർഭത്തിൽ വിദ്യാഭ്യാസവകുപ്പിനെക്കുറിച്ചു എന്റെ താഴ്മയായ അഭിപ്രായത്തിൽ വിദ്യാഭ്യാസവകുപ്പു അർഹിക്കാത്തതും മറ്റുള്ള ഡിപ്പാർട്ടുമെന്റുകളോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ വളരെ ശക്തിമത്തായതും ആയ ദോഷാരോപണങ്ങൾ മി. മഹമ്മദ് ചെയ്തിട്ടുണ്ടെന്നു അദ്ദേഹത്തോടു വളരെ വണക്കമായി പറയാതിരിക്കാൻ നിവൃത്തിയില്ല. മറ്റുള്ള ഡിപ്പാർട്ടുമെന്റുകളോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ മഹമ്മദീയരുടെ നന്മയെപ്പറ്റി തീരെ ശ്രദ്ധപതിപ്പിക്കാത്ത ഒറ്റ ഒരു ഡിപ്പാർട്ടുമെന്റ വിദ്യാഭ്യാസവകുപ്പു മാത്രമേയുള്ളു എന്നു അദ്ദേഹം പറഞ്ഞു.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം): ഞാൻ അങ്ങിനെ പറഞ്ഞില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ അങ്ങയോടു ക്ഷമ ചോദിച്ചുകൊള്ളുന്നു. അതു എനിക്കു മലയാളം മനസ്സിലാകുന്നതിനുള്ള അശക്തതകൊണ്ടു ആണെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ എനിക്കു അതിൽ സന്തോഷമുണ്ട്. മറ്റുള്ള ഡിപ്പാർട്ടുമെന്റുകൾക്കു എത്രമാത്രം ഔദാര്യം കാണിക്കാമെന്നു എനിക്കറിയാൻ പാടില്ല. എന്നാൽ മഹമ്മദീയരുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഈ ഡിപ്പാർട്ടുമെന്റ ചെയ്തിട്ടുള്ളതുനോക്കുമ്പോൾ ഈ ഡിപ്പാർട്ടുമെന്റ മഹമ്മദീയരോടു വളരെ കരുണയായിട്ടാണു പെരുമാറുന്നതെന്നാണു ഞാൻ വിചാരിക്കുന്നതു്. ഞാൻ അതിനെപ്പറ്റി ശഠിക്കുന്നില്ല. അതു അങ്ങിനെയാണല്ലോ എന്നോർത്തു എനിക്കു വളരെ സന്തോഷമേയുള്ളു. മഹമ്മദീയരുടെ വിദ്യാഭ്യാസകാര്യം വളരെ പിന്നോക്കമാണെന്നു സുസമ്മതമായിട്ടുള്ളതാണ്. മഹമ്മദൻവിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ പ്രവേശിച്ചു വിദ്യ അഭ്യസിക്കുന്നതിനു മറ്റവയെങ്കിലും സ്വഭാവത്തിലുള്ള ചില പ്രേരണകൾ ഇല്ലെങ്കിൽ നമുക്കു ഒരു ശരിയായ ശതമാനം വിദ്യാർത്ഥികളെ ലഭിക്കുന്നതു സാദ്ധ്യമല്ല. ഉദാഹരണമായി എല്ലാകാര്യങ്ങളിലും മതസംബന്ധമായ നിഷ്പക്ഷപാതിത്വം വളരെ കണിശമായി അനുഷ്ഠിച്ചുപോരുന്ന ഗവണ്മെന്റിന്റെ നില മഹമ്മദീയരുടെ വിദ്യാഭ്യാസകാര്യത്തിൽമാത്രമേ വ്യതിചലിച്ചിട്ടുള്ളു എന്നും ആലപ്പുഴപട്ടണത്തിൽ രണ്ടു വളരെ നല്ല പ്രൈവറ്റുവിദ്യാലയങ്ങൾ ഉള്ളതിൽ ഒന്നിൽ മഹമ്മദീയമാതാപിതാക്കന്മാർ അവരുടെ കുട്ടികളെ ഇപ്പോഴും അയച്ചു വിദ്യാഭ്യാസം ചെയ്യിക്കുന്നുണ്ടെങ്കിലും ആലപ്പുഴയിലുള്ള ഈ ഒരു വർഗ്ഗക്കാരുടെ ആവശ്യത്തിനുവേണ്ടിമാത്രം ഒരു പള്ളിക്കൂടം—അതിലുള്ള ആളുകളേയും അതിൽ നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടേയും സംഗതി നോക്കുമ്പോൾ വളരെ പണച്ചെലവുള്ളതായ ഒരു പള്ളിക്കൂടം—ഗവണ്മെന്റിൽനിന്നും നടത്തിപ്പോരുന്നുണ്ടെന്നും കാണാം. അവിടെയുള്ള [illegible] വിദ്യാർത്ഥികൾക്കായിമാത്രം സകല അനുസാരികളോടുകൂടിയതും എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകന്മാരോടുകൂടിയതും ഏകദേശം ൯൦൦൦ രൂപയോളം നഷ്ടത്തെ ഉണ്ടാക്കുന്നതും ആയ ഒരു ഇംഗ്ലീഷ്ഹൈസ്കൂൾ ഞങ്ങൾ അവിടെ നടത്തുന്നുണ്ട്. മറ്റൊരു പള്ളിക്കൂടവും എത്രതന്നെ വലുതായിരുന്നാലും ഇത്രയും നഷ്ടമുണ്ടാക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതു മഹമ്മദീയവർഗ്ഗത്തോടുള്ള അശ്രദ്ധയുടെ ലക്ഷണമാണോ?

മി. റ്റി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ആ മഹമ്മദീയരായ ആൺകുട്ടികൾക്കാണോ പെൺകുട്ടികൾക്കുകൂടിയാണോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): ആൺകുട്ടികൾക്കുമാത്രം. മഹമ്മദീയസ്ത്രീകൾ മിശ്രവിദ്യാഭ്യാസത്തിനു സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. റ്റി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): വിദ്യാഭ്യാസഡയറക്ടർ—

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): നയത്തെ സംബന്ധിച്ചു ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഒരു പ്രശ്നത്തെപ്പററി വാദപ്രതിവാദം ചെയ്യാനാണ് എന്നോടു ആവശ്യപ്പെട്ടതെന്നു ഞാൻ വിചാരിക്കുന്നില്ല.

തിരുവിതാംകൂർ ഗവണ്മെന്റിൽനിന്നും തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പിൽനിന്നും ഇതുമാതിരി അനുകമ്പയാണു മഹമ്മദീയരുടെ വിദ്യാഭ്യാസത്തോടു പ്രദർശിപ്പിച്ചിട്ടുള്ളത്. മറെറതെങ്കിലും ഒരു വർഗ്ഗക്കാർക്കുവേണ്ടി ഒരു പ്രത്യേക പള്ളിക്കൂടം ഏർപ്പെടുത്തുകയും വിദ്യാഭ്യാസകാര്യത്തിനുവേണ്ടി മഹമ്മദീയർക്കു ചെയ്തുകൊടുത്തിട്ടുള്ളപോലെ പല ഒത്താശകൾ ചെയ്യുകയും മതസംബന്ധമായ നിഷ്പക്ഷപാതിത്വം അനുഷ്ഠിക്കുന്ന ഗവണ്മെന്റു മഹമ്മദീയരെ പള്ളിക്കൂടങ്ങളിൽ കൊറാൻ പഠിപ്പിക്കാൻ അനുവദിച്ചതുപോലെ മറെറതെങ്കിലും ഒരു വർഗ്ഗക്കാർക്കു ഈ പ്രത്യേക സ്വാതന്ത്ര്യം നൽകുകയും ചെയ്തിരുന്നു എങ്കിൽ ആ വർഗ്ഗക്കാർ തന്നെത്താൻ ഒരു ഭാഗ്യമുള്ള വർഗ്ഗക്കാരായി കരുതുമെന്നാണു ഞാൻ വിചാരിക്കുന്നത്. ബ്രിട്ടീഷിന്ത്യയിൽ മഹമ്മദീയർ വളരെ കൂടുതലുള്ള പ്രവിശ്യകളിൽപോലും ഇപ്രകാരമുള്ള സൌജന്യം നൽകാറില്ലെന്നാണ് എനിക്കു തോന്നുന്നത്. ഓരോ മഹമ്മദൻ വിദ്യാർത്ഥിക്കും, അയാൾ തിരുവിതാംകൂറിലെ ഏററവും വലിയ ധനികന്റെ മകനായിരുന്നാൽപോലും സാധാരണയായി പകുതിഫീസു സൌജന്യമായി കൊടുക്കുന്നുണ്ട്. മഹമ്മദീയരുടെ ഇടയിൽ ധാരാളം ധനികന്മാരുണ്ട്, എന്തുകൊണ്ടെന്നാൽ അവർ മററുള്ളവരെക്കാൾ ബുദ്ധിമാന്മാരാണ്. മഹമ്മദീയവർഗ്ഗക്കാർക്കു ഈ പകുതിഫീസു സൌജന്യമായിട്ടു കിട്ടുന്നു. പള്ളിക്കൂടങ്ങളിലെന്നല്ല കാളേജുകളിൽപോലും മഹമ്മദീയവിദ്യാർത്ഥിനികൾക്കു മുഴുവൻഫീസും സൌജന്യമാണ്. ഏററവും നിർദ്ധനനായിട്ടുള്ളവനും പരീക്ഷയുടെ മേന്മകൊണ്ടു വേതനത്തിനു അർഹനായിട്ടുള്ളവനും ആയിരുന്നാൽപോലും അയാൾ കാളേജിൽ പ്രവേശിക്കയാണെങ്കിൽ ഫീസു സൌജന്യമായിട്ടു അനുവദിച്ചുകൊടുക്കയില്ല. അധഃകൃതവർഗ്ഗത്തിൽപെട്ട അംഗങ്ങൾ അവർക്കു ഫീസിൽ ഈ സൌജന്യം ലഭിക്കുന്നില്ല എന്നുള്ള സംഗതിയിൽ പലപ്പോഴും പരാതിപ്പെടുന്നുണ്ട്. ഏററവും ധനികനായിട്ടുള്ള മഹമ്മദീയനുപോലും അയാൾ കാളേജിൽ പ്രവേശിക്കുമ്പോൾ ഈ സൌജന്യം ലഭിക്കുന്നുണ്ട്. അയാൾക്കു ഒരു മകൾ ഉണ്ടെങ്കിൽ അവളെ ഫീസുകൂടാതെ വിദ്യാഭ്യാസം ചെയ്യിക്കാം. കൂടാതെ അവർക്കു വേതനവും ലഭിക്കുന്നുണ്ട്. മഹമ്മദീയർക്കും വേതനത്തിനുവേണ്ടിയുള്ള മത്സരപരീക്ഷയിൽ ചേരാം. അവരുടെ ഇടയിൽ സമർത്ഥന്മാരായ അനേകം ആളുകളുണ്ട്. അല്ലെങ്കിൽ അവർ നമ്മുടെ കച്ചവടത്തെ കൈവശപ്പെടുത്തുകയും രാജ്യത്തെ 800 വർഷത്തിനുമേൽ ഭരിക്കയും ചെയ്യുകയില്ലായിരുന്നു. വിദ്യാഭ്യാസകാര്യത്തിൽ മഹമ്മദീയരോടു ഗവണ്മെന്റിൽനിന്നും ന്യായമായി പെരുമാറുന്നില്ലെന്നുള്ള പരാതിക്കു എന്തെങ്കിലും ന്യായമുണ്ടോ എന്നു തീരുമാനിക്കുന്നതിനു സഭയെ ശക്തമാക്കുന്ന വാദമുഖങ്ങളിൽ ചിലതു ഇവയാകുന്നു. ഇനിയും മഹമ്മദീയരുടെ ഉദ്യോഗനിയമനത്തെപ്പററിയുള്ള മറെറാരു പ്രശ്നം ഉണ്ട്. വിദ്യാഭ്യാസവകുപ്പിൽ മഹമ്മദീയരെ ശരിയായി പ്രതിനിധീകരിക്കുന്നില്ല എന്നു കാണിക്കുന്നതിലേക്കു മി. മഹമ്മദ് ചില കണക്കുകൾ കൊണ്ടുവന്നിട്ടുണ്ട്. അതു എന്റെ കുററമാണോ? ഞാൻ ഒരു പ്രതിനിധി എന്നുള്ള നിലയിൽ സംസാരിക്കുകയാണ്. അതു ആ ഡിപ്പാർട്ടുമെന്റിന്റെ കുററമാണോ? യഥാർത്ഥം പറയുന്നതായാൽ ഒരു മഹമ്മദീയൻ പരീക്ഷയിൽ ജയിച്ചുകഴിഞ്ഞാലുടനെ അയാളെ ഒരു അപൂർവജീവിയായി കരുതുകയും അപ്പോൾ ഞങ്ങളാൽ കൊടുക്കാൻ സാധിക്കുന്ന ചെറിയ ഉദ്യോഗങ്ങൾ അയാൾ സാധാരണയായി നിരസിക്കുകയും ചെയ്യുന്നു. 20 രൂപാ ശമ്പളത്തിൽ ഇരുന്ന ഒരു ക്ലാർക്കിനെ ബി. എൽ. പരീക്ഷ ജയിച്ചുകഴിഞ്ഞഉടനെ ഒരു സ്റ്റേഷനറി മജിസ്ട്രേട്ടായി നിയമിച്ചു. മഹമ്മദീയവർഗ്ഗത്തോടു സൌജന്യം കാണിക്കുന്നതിലേക്കു ഓരോ ഡിപ്പാർട്ടുമെന്റും തമ്മിൽ മത്സരം ഉണ്ട്. തൽഫലമായി വിദ്യാഭ്യാസവകുപ്പിലും ഒരു മഹമ്മദീയനെ ട്യൂട്ടറായി നിയമിക്കുന്നതിനു കിട്ടുന്നില്ല. നിർഭാഗ്യവശാൽ ആവശ്യം വേണ്ടതായ പരീക്ഷായോഗ്യതകളോടുകൂടിയ ഒരാളെ എനിക്കു കിട്ടുന്നില്ല. തിരഞ്ഞെടുപ്പുമൂലം ഉദ്യോഗം ലഭിക്കുന്നതിനുള്ള അവകാശം അവർക്കുണ്ട്. കൂടാതെ മററുവർഗ്ഗങ്ങൾക്കു ആവശ്യപ്പെടാൻ അവകാശമില്ലാത്തവിധത്തിൽ വർഗ്ഗീയാവകാശങ്ങളെ ആസ്പദമാക്കി അവർക്കു മത്സരപരീക്ഷകൾക്കു അപേക്ഷിക്കുകയും ചെയ്യാം. പരീക്ഷായോഗ്യതയുള്ള മഹമ്മദീയരെ ഞങ്ങൾക്കു ലഭിക്കാൻ അസാദ്ധ്യമാണ്. ഇതാണു ഞങ്ങളുടെ വിഷമവും. മഹമ്മദീയവിദ്യാർത്ഥികൾക്കുമാത്രം ക്ലാസുകയററം ലഭിക്കുന്നതിലേക്കു ഒരു കുറഞ്ഞ ശതമാനം ക്ലിപ്തപ്പെടുത്തണമെന്നായി ആരെങ്കിലും ആവശ്യപ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല. മഹമ്മദീയരുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള ഗവണ്മെന്റുത്തരവിന്റെ താല്പര്യത്തിനുള്ള മുഴുവൻ വ്യാപ്തിയും നടപ്പിൽകൊണ്ടുവരുന്നതിനു കഴിയുന്നതെല്ലാം ചെയ്തുവരികയാണെന്നു കാണിക്കുന്നതിനു മാത്രമാണു ഞാൻ ഇതുപറഞ്ഞത്. മഹമ്മദീയവർഗ്ഗത്തിൽപ്പെട്ട പരീക്ഷായോഗ്യതയുള്ള ആളുകളെ കിട്ടുന്ന അവസരങ്ങളിലെല്ലാം നിയമനകാര്യത്തിലും മഹമ്മദീയർക്കുവേണ്ടി കഴിയുന്നതെല്ലാം ചെയ്യുന്നതിനു എന്റെ ഡിപ്പാർട്ടുമെന്റ എല്ലായ്പോഴും ഉൽകണ്ഠയോടുകൂടിയാണിരിക്കുന്നത്. എന്നാൽ എന്റെ ഡിപ്പാർട്ടുമെന്റിലെ നിയമനകാര്യത്തിൽ പരീക്ഷായോഗ്യതയുള്ള മഹമ്മദീയരെ ലഭിക്കുന്നില്ല എന്നുള്ള ഒരു വിഷമം മാത്രമേയുള്ളു.

മി. മഹമ്മദ് വ്യക്തമായ ഒരു അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ട്. അതെന്തെന്നാൽ മലയാളംപള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തുന്നകാര്യത്തിൽ മഹമ്മദീയരുടെ വർഗ്ഗീയാവകാശങ്ങളെക്കൂടി ഗൌനിക്കണമെന്നാണ്. നിശ്ചയമായും അതിനെ ഗൌനിക്കും. എന്നാൽ മററുവർഗ്ഗക്കാരുടെ ക്ലിപ്തമായും ന്യായമായും ഉള്ള അവകാശങ്ങൾക്കു എതിരായി അവരുടെ അവകാശങ്ങളെ ഗൌനിക്കാമെന്നു എനിക്കു വാഗ്ദാനം ചെയ്യാൻ സാധിക്കയില്ല. വിദ്യാഭ്യാസത്തിൽ പിന്നോക്കമാണെന്നു ഗണിച്ചുവരുന്ന ഒരു വർഗ്ഗക്കാർ മഹമ്മദീയർമാത്രമല്ല. അതുകൊണ്ടു പലവർഗ്ഗക്കാരുടേയും അവകാശങ്ങളെ ഞങ്ങൾക്കു തുല്യമായി ഗണിക്കേണ്ടതായുണ്ട്. എവിടെ ക്ഷീണമുണ്ടോ അവിടെ ഞങ്ങൾ സഹായം നൽകുന്നതിനു ശ്രമിക്കുന്നു. എവിടെ ശരിയായ പ്രാതിനിധ്യം ഇല്ലയോ അവരുടെ അവകാശങ്ങളെ ഞങ്ങൾ ആദ്യമായി ഗൌനിക്കുകയും മതിയായ പ്രാതിനിധ്യം ഉള്ള വർഗ്ഗക്കാരേക്കാൾ അവർക്കു കൂടുതൽ പ്രാതിനിധ്യം നൽകുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ മഹമ്മദീയരുടെ കാര്യത്തിൽ ചിലപ്പോൾ ചട്ടങ്ങളെക്കൂടി വിഗണിച്ചുപോലും അവർക്കുവേണ്ടി കഴിയുന്നതു ശ്രമിക്കുന്നുണ്ട്. സർ മഹമ്മദീയസ്ത്രീകളുടെ വേതനങ്ങളെ സംബന്ധിച്ചു പ്രത്യേക അപ്പീലുകൾ എന്റെ അടുക്കൽ വന്നിട്ടുള്ള ഒന്നോരണ്ടോ കേസുകൾ ഉണ്ടായിട്ടുണ്ട്. അതിൽ എന്റെ പ്രത്യേക വിവേചനാശക്തിയെ ഉപയോഗിച്ചു ചട്ടങ്ങൾക്കു വിപരീതമായി പരീക്ഷയിൽ തോററുപോയിട്ടുള്ള മഹമ്മദീയസ്ത്രീകളുടെ കാര്യത്തിൽപോലും അവർക്കു കിട്ടിക്കൊണ്ടി

ടുന്ന വേതനത്തെ തുടൎന്നുകൊണ്ടുപോകുന്നതിന്നു ഞാൻ അനുവദിച്ചിട്ടുണ്ട്. ഞാൻ മനഃപൂൎവ്വമായിട്ടാണു അപ്രകാരം ചെയ്തിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ മഹമ്മദീയസ്ത്രീകളുടെ വിദ്യാഭ്യാസം പ്രത്യേകശ്രദ്ധയെ അൎഹിക്കുന്നുവെന്നാണ് എന്റെ അഭിപ്രായം. മഹമ്മദീയരുടെ കാൎയ്യത്തിൽ ഡിപ്പാൎട്ടുമെന്റിൽനിന്നും അനുവൎത്തിച്ചുപോരുന്നതിലെ ഇതാണു്. മേലിലും ഇതേനിലയിൽതന്നെ ഡിപ്പാൎട്ടുമെന്റിൽനിന്നും പ്രവൎത്തിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അതുകൊണ്ടു സഭയോടും മി. മഹമ്മദിനോടും ഞാൻ പറയുന്നതു മഹമ്മദീയരുടെ കാൎയ്യം ഈ ഡിപ്പാൎട്ടുമെന്റു വിസ്മരിച്ചുകളഞ്ഞു എന്നുള്ള കുറ്റാരോപണം നീതിയില്ലെന്നാണ്. പക്ഷെ പ്രത്യേകഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അതു യഥാൎത്ഥമായിരിക്കാം. എന്നാൽ ഈ വൎഗ്ഗത്തിലെ അംഗങ്ങൾ ന്യായമായി അൎഹിക്കുന്ന പ്രത്യേകസൌജന്യങ്ങൾ ഡിപ്പാൎട്ടുമെന്റു മേധാവി എല്ലായ്പോഴും നൽകുന്നുണ്ട്. അവരുടെ ന്യായമായ അവകാശങ്ങളെ വിഗണിച്ചുകളഞ്ഞതായിട്ടുള്ള ഏതെങ്കിലും കേസ്സു മി. മഹമ്മദ് എന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നപക്ഷം ഞാൻ അതിനെപ്പറ്റി വേണ്ടുന്ന അന്വേഷണങ്ങൾ നടത്തി ആവശ്യമുള്ളതു പ്രവൎത്തിക്കാം എന്നു അദ്ദേഹത്തോടു വാഗ്ദാനം ചെയ്വാൻ മാത്രമേ എനിക്കു സാധിക്കുകയുള്ളു. അതിൽ കൂടുതൽ ചെയ്വാൻ എന്നെക്കൊണ്ടു സാധിക്കുകയില്ല. സർ, ഒരു വ്യക്തിപരമായ സ്റ്റേറ്റുമെന്റു നൽകുന്നതിന്നു എന്നെ അനുവദിക്കുകയാണെങ്കിൽ ഇപ്പോൾ രാജ്യത്തു മഹമ്മദീയവിദ്യാഭ്യാസത്തിന്നുവേണ്ടി പ്രവൎത്തിക്കുന്നതു വളരെ മെച്ചമായിട്ടാണെന്നു ഞാൻ പറയാം. ഇതുപോലെ പിന്നോക്കം നിൽക്കുന്ന മറ്റു വൎഗ്ഗക്കാരോടും ഒരുപോലെ നല്ലതും ന്യായവുമായി പെരുമാറണമെന്നു മിസ്റ്റർ മഹമ്മദു സമ്മതിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. അതുകൊണ്ടു മഹമ്മദീയരുടെ കാൎയ്യത്തിൽ മാത്രം ഇതിനെക്കൂടുതലായി നീട്ടിക്കൊണ്ടുപോകുകയാണെങ്കിൽ തീരെ യാതൊരു ന്യായവുമില്ലായിരിക്കും. മഹമ്മദീയസഹോദരന്മാൎക്കുവേണ്ടി ചെയ്തുപോരുന്നതിനെക്കുറിച്ചു എനിക്കു യാതൊരു അസൂയയും ഉണ്ടായിട്ടല്ല ഇതു പറയുന്നതു. ഇതുപോലെ മറ്റുള്ളവൎഗ്ഗക്കാരുടെ ന്യായമായ അവകാശങ്ങളെ ഇതോടുകൂടെ ഒരുപോലെ ന്യായമായി പരിഗണിക്കണമെന്നുമാത്രമാണു എന്റെ വാദമുഖം.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്കു): ഞാൻ മിസ്റ്റർ പി. എസ്സ്. മഹമ്മദിന്റെ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഞാൻ ഇതിനെ അനുകൂലിക്കാൻ ഉദ്ദേശിക്കുന്നതു രണ്ടു സംഗതികളെപ്പറ്റി പറയാനാണ്. അതിലൊന്നു മലയാളം പള്ളിക്കൂടം അദ്ധ്യാപകന്മാരായി പകരംനോക്കിയിരുന്ന ആളുകളിൽ എ. എ. ഠ പാ. പാസ്സായിട്ടുള്ളവരെ മാത്രമേ സ്ഥിരപ്പെടുത്താൻ ആലോചിക്കുന്നുള്ളു എന്നും അതിനുമുമ്പു പകരംനോക്കിയിരുന്ന ആളുകളുടെ അവകാശങ്ങളെ ഗവണ്മെന്റു അവഗണിച്ചിരിക്കുന്നു എന്നും ആണു എന്റെ അറിവു. ഗവണ്മെന്റുദ്യോഗത്തിൽ മുമ്പിൽകൂട്ടി കയറിപ്പോയതു ഒരു അയോഗ്യതയായിട്ടു ഗണിച്ചിരിക്കുന്നു എന്നാണ് തോന്നുന്നതു്. ഇതു വളരെ സങ്കടകരവും, ഒരിക്കലും നീതീകരിക്കത്തക്കതും അല്ല. ആകയാൽ മുൻകൂട്ടി ആക്ടചെയ്തവരുടെ അവകാശത്തെക്കൂടി ഗണിച്ചു ഇതരനിയമനങ്ങൾ ചെയ്യണമെന്നു അപേക്ഷിക്കുന്നു.

രണ്ടാമതു ഇന്നലെയുള്ള ചോദ്യോത്തരം വന്നപ്പോൾ ഇൻസ്പെക്ടർ അവൎകൾ അദ്ദേഹം ഡിപ്പാൎട്ടുമെന്റിൽ ചാൎജ്ജെടുത്തതിൽപിന്നെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ പട്ടിക ആവശ്യപ്പെട്ടിരുന്നതിന്നു നൽകിയ ഉത്തരത്തെക്കുറിച്ചാണു എനിക്കു പറയാനുള്ളതു്. അദ്ദേഹം ഡിപ്പാൎട്ടുമെന്റിൽ ചാൎജ്ജെടുത്തതിൽപിന്നീടു പല നിയമനങ്ങൾ നടത്തീട്ടുണ്ട്. ഈ നിയമനങ്ങളെസംബന്ധിച്ചു അദ്ദേഹം വൎഗ്ഗീയപക്ഷപാതത്തോടുകൂടി പ്രവൎത്തിക്കുന്നു എന്നല്ലാതെ അതിൽ ഓരോന്നും ഈ സഭാസമക്ഷം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു ആ ലിസ്റ്റിനെ ഡയറക്ടർ അവൎകളും പ്രത്യേകിച്ചു ദിവാൻജി അവൎകളും ഒന്നു പരിശോധിച്ചു മേലാൽ വൎഗ്ഗീയപക്ഷപാതംകൂടാതെ ഇരിക്കുന്നതിന്നു ഡിപ്പാൎട്ടുമെന്റു മേധാവികൾക്കുവേണ്ട ഉപദേശങ്ങൾ കൊടുക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ടു): ഞാനും മിസ്റ്റർ പി. എസ്സ്. മഹമ്മദിന്റെ ഉപക്ഷേപത്തെ പിന്താങ്ങുന്നു. എ. എ. ഠ പാ.-നുമേൽ ആക്ടിംഗ് അദ്ധ്യാപകന്മാരായിട്ടുള്ളവൎക്കുമാത്രമേ സൎവ്വീസിൽ പ്രവേശനം കൊടുക്കാൻ ഇടയുള്ളു എന്നാണു തീൎച്ചപ്പെടുത്തിയിരിക്കുന്നതു്. അതിനുമുമ്പു ആക്ടിംഗ് ആയിരുന്നവരുടെ സൎവ്വീസിനെ അവഗണിച്ചു പ്രവൎത്തിക്കുന്നതു നീതിയല്ലെന്നുമാത്രമല്ല അതു അക്രമവും അനീതിയും ആണെന്നു ഈ സഭാസമക്ഷം പറഞ്ഞുകൊള്ളുന്നു. എന്നുതന്നെയല്ല ഈ അദ്ധ്യാപകന്മാരെ നിയമിച്ചതു ഇന്നത്തെ എഡ്യൂക്കേഷൻ ഡിപ്പാൎട്ടുമെന്റിലെ ഡയറക്ടരേയും ചീഫ് ഇൻസ്പെക്ടരേയുംപോലെ അന്നു ഈ ഡിപ്പാൎട്ടുമെന്റിൽ ഉണ്ടായിരുന്നിട്ടുള്ള പരാക്കന്മാർ. അതിനാൽ പിരിച്ചുവിടാനുദ്ദേശിക്കുന്ന അദ്ധ്യാപകന്മാരുടെ കടത്തെപ്പറ്റി ഗണിച്ചു ആയതിന്നു ഡിപ്പാൎട്ടുമെന്റും ഗവണ്മെന്റും പരിഹാരമുണ്ടാക്കിക്കൊടുക്കണമെന്നുള്ള എന്റെ അഭിപ്രായത്തെ ഈ സഭാസമക്ഷം അറിയിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. കെ. മാധവൻ (നിയമിക്കപ്പെട്ട സഭാംഗം): സർ, മിസ്റ്റർ പി. എസ്സ്. മഹമ്മദു അവൎകളുടെ അഭിപ്രായത്തെ ഞാനും പിന്താങ്ങുന്നു. താഴ്ന്നജാതിക്കാരായ ജനങ്ങൾ വാസ്തവത്തിൽ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കം നിൽക്കുന്നു എന്നതു ഞാനായിട്ടു ഗവണ്മെന്റിനോടു പറയണമെന്നില്ലല്ലോ. ഈ പിന്നോക്കം നിൽക്കുന്ന ജനങ്ങൾ ഉയൎന്നുവരുന്നതിന്നു വളരെ വിഷമമായിരിക്കുന്നു. അവർ സാധുക്കളാണ്. അവൎക്കു പണമില്ല. അവൎക്കു ഗവണ്മെന്റിന്റെ സഹായംകൊണ്ടുമാത്രമേ മുന്നോട്ടുവരാൻ സാധിക്കയുള്ളു. ഈ താഴ്ന്നജാതിക്കാരുടെ വിദ്യാഭ്യാസനിലയേയും മറ്റുള്ളവരുടെ വിദ്യാഭ്യാസനിലയേയും താരതമ്യപ്പെടുത്തിനോക്കുന്നതായാൽ ഇവരുടെനില വളരെ പരിതാപകരമായിരിക്കുന്നു. അതിനാൽ ഇവൎക്കു ഏതെങ്കിലും സഹായം ചെയ്തുകൊടുക്കണമെന്നാണ് ഞാൻ പറയുന്നതു. ഒന്നു രണ്ടു വൎഗ്ഗക്കാർ മുന്നോട്ടുവരുമ്പോൾ താഴ്ന്നവൎഗ്ഗക്കാർ വിദ്യാഭ്യാസം ചെയ്യുന്നതിന്നു ശക്തിയില്ലാത്തവരായിത്തീരുന്നു. ഗവണ്മെന്റു ഈ താഴ്ന്നജാതിക്കാൎക്കു എത്രമാത്രം സഹായം ചെയ്യാമോ അത്രയും ചെയ്തുകൊടുക്കണമെന്നുകൊണ്ടു തരക്കേടില്ലെന്നു പറയാം. ഇന്നലെ വൈകുന്നേരം ചെങ്ങന്നൂർ... യിൽനിന്നും ഒരു ബാലൻ അവന്റെ പഠിത്തം വിട്ടുപോകേണ്ടതായി വന്നിരിക്കുന്നു എന്നു സങ്കടത്തോടെ എന്റെ അടുക്കൽ പറയുന്നതിന്നായി വന്നു. ഗവണ്മെന്റിൽനിന്നും എന്നെ സഹായിക്കുന്നതിന്നു നിങ്ങൾ വല്ല ഏൎപ്പാടും ചെയ്തില്ലെങ്കിൽ എന്റെ പഠിത്തം നിറുത്തേണ്ടതായിവന്നിരിക്കുന്നു എന്നു ആ ബാലൻ എന്റെ അടുക്കൽ

കണ്ണുനീരോടുകൂടിപറഞ്ഞു. എത്രസങ്കടകരമായിരിക്കുന്നു. ഈ സാധുജനങ്ങൾക്കു ഇത്രമാത്രം സങ്കടമേ വരാമോ? ഈ സാധുജനങ്ങൾക്കു വേതനങ്ങൾ കൊടുക്കണമെന്നു ഞാൻ ഗവണ്മെൻറിനോടു അപേക്ഷിക്കുന്നു. ഡയറക്ടർ അവർകൾ ഒരു മാസത്തിനുമുമ്പു [illegible] സക്കീർത്തനപ്രകാരം താഴ്ന്നജാതിക്കാരുടെ കുട്ടികൾ പഠിക്കുന്ന പള്ളിക്കൂടം സന്ദർശിച്ചതിനു ഞാൻ അദ്ദേഹത്തിനു നന്ദിപറഞ്ഞുകൊള്ളുന്നു. അവിടെ നാലു പള്ളിക്കൂടങ്ങളുണ്ട്. അവയിൽ [illegible] വാദ്ധ്യാന്മാരുണ്ട്. ഇവയിൽ ഒന്നോ രണ്ടോ താഴ്ന്നജാതിക്കാർമാത്രമേ ഉള്ളു. വേറെ ഇല്ല, ഈ അവസ്ഥയെപ്പററി ഡയറക്ടർ ശ്രദ്ധിച്ചുവരുന്നുണ്ട്, അതിനാൽ ഈ താഴ്ന്നജാതിക്കാർക്കു വേണ്ടസഹായം ചെയ്തുകൊടുത്തും, വേതനങ്ങൾ കൊടുത്തും, ഫീസ് ഇല്ലാതെയും ഇവരെ എടുക്കണമെന്നു ഗവണ്മെൻറിനോടു അപേക്ഷിച്ചുംകൊണ്ടു എൻെറ വിഷയത്തെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം), സർ, എൻെറ പ്രസംഗത്തിൽ ചിലഭാഗങ്ങളും ഡയറക്ടർ അവർകൾ തെററിദ്ധരിച്ചിരിക്കയാണെന്നാണ് എനിക്കു തോന്നുന്നതു. വിദ്യാഭ്യാസത്തെ സംബന്ധിച്ചു മുസ്ലീംസമുദായത്തിനു ഡിപ്പാർട്ടുമെൻറിൽനിന്നു ചെയ്തതൊന്നും [illegible] ഞാൻ അവഗണിച്ചിട്ടില്ല. വേണ്ടവിധത്തിൽ ചെയ്തതൊന്നുമില്ല എന്നു പരാതിയും പറഞ്ഞിട്ടില്ല. എന്നാൽ ആ കാര്യത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ നല്ലവണ്ണം പതിഞ്ഞിട്ടുണ്ടു എന്നുതന്നെയാണ് ഞാൻ പറഞ്ഞതു. അതിനുള്ള പ്രധാനകാരണം മഹമ്മദീയർ ഒരുകാലത്തു വിദ്യാഭ്യാസാദികാര്യങ്ങൾ [illegible] ഒരു മതവിരോധംപോലെയാണ് പലരും വിചാരിച്ചിരുന്നതു. ഇന്നു സ്ത്രീകളുടെ വിദ്യാഭ്യാസത്തെപ്പററി ഏതുരീതിയിൽ വിചാരിച്ചിരുന്നുവോ ആ രീതിയിലാണ് അന്നു ഈ സമുദായത്തിലെ പുരുഷന്മാരുടെ വിദ്യാഭ്യാസത്തെപ്പററിയും വിചാരിച്ചിരുന്നതു. ഇംഗ്ലീഷ് വിദ്യാഭ്യാസം ഇവിടെ പ്രവേശിച്ചകാലത്താണ് മുസ്ലീങ്ങളെ വിദ്യാഭ്യാസത്തിൽ പിന്നോക്കമാക്കിയതു. ആരംഭത്തിൽ മുസ്ലീംസമുദായത്തിലെ മതാചാര്യന്മാരുടെ ഇടയിൽ ഈ വിദ്യാഭ്യാസത്തിനെതിരായി ജനിച്ചവെറുപ്പു അധികകാലം നിലനിന്നതുകൊണ്ടും തന്നിമിത്തം ഈ സമുദായം വിദ്യാഭ്യാസം ഇല്ലാതായിത്തീരുകയും ചെയ്തു. അതിൻെറ ഫലമായിട്ടാണ് മഹമ്മദീയരുടെയിടയിൽ വിദ്യാഭ്യാസം മുന്നോട്ടു [illegible]. ഈ ഘട്ടത്തിൽ, നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സുകൊണ്ടു ആയില്യംതിരുനാൾ അവസരത്തിൽ ഞങ്ങൾ ഒരു ഡിപ്പ്യൂട്ടേഷൻപോയി തിരുമനസ്സിനെ സങ്കടമറിയിച്ചതിൽ തിരുമനസ്സുകൊണ്ടു ഇങ്ങനെ മറുപടിനൽകി, മുസ്ലീങ്ങൾ കച്ചവടക്കാർ എന്നനിലയിലും വ്യവസായികൾ എന്നനിലയിലും ഭടന്മാർ എന്നനിലയിലും രാജ്യത്തിൻെറ പല ഭാഗങ്ങളിലും സാരതരമായി പ്രവർത്തിച്ചിട്ടുണ്ടെന്നു നമുക്കറിയാം. അതുകൊണ്ടു നിങ്ങളുടെ വിദ്യാഭ്യാസത്തെസംബന്ധിച്ചു വേണ്ടതു പ്രവർത്തിക്കാൻ ഞാൻ എൻെറ ദിവാൻജിയോടു ആജ്ഞാപിക്കാം. അതിനുശേഷം കൃഷ്ണൻനായർ ദിവാൻജി അവർകളുടെ കാലത്തു അന്നത്തെ ഡയറക്ടർ ആയിരുന്ന മിസ്റ്റർ ഹഡ്സൺ മുസ്ലീങ്ങളുടെ പല കേന്ദ്രസ്ഥലങ്ങളിലും സഞ്ചരിക്കയും അവരുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നു മനസ്സിലാക്കുകയും ചെയ്തു. അദ്ദേഹം മഹമ്മദീയരുടെ പല പ്രധാനസ്ഥലങ്ങളിലുംപോയി പലവിധമായി അന്വേഷണം നടത്തിയതിൻെറ ഫലമായി [illegible] ഗവണ്മെൻറു ഒരു ജി. ഒ. പുറപ്പെടുവിച്ചു. ഇവിടത്തെ മുസ്ലീങ്ങളുടെ വിദ്യാഭ്യാസത്തെസംബന്ധിച്ചിടത്തോളം വേണ്ട പ്രോത്സാഹനം നൽകുന്നതിനെ നിർദ്ദേശിച്ചു എന്നുള്ള സംഗതി ഞങ്ങൾ മറക്കുന്നില്ല. അതിൽ വേണ്ടകാര്യങ്ങൾ മിക്കവാറും എല്ലാഭാഗങ്ങളിലും നടപ്പിൽ വരുത്തി. [illegible] അന്നത്തെ ഡയറക്ടർ അവർകളായിരുന്നു. അതുപോലെ ഇന്നിരിക്കുന്ന ഡയറക്ടർ അവർകളും ഈ സംഗതിയിൽ പ്രത്യേകം ശ്രദ്ധിക്കുമെന്നാണ് ഞാൻ പറയുന്നതു.

പരീക്ഷയിൽ പാസ്സായവർ ഏററവും കുറഞ്ഞസംഖ്യയാണെങ്കിലും അവർക്കും വേണ്ടവിധം ഉദ്യോഗം ലഭിക്കുന്നില്ല. വിശേഷിച്ചും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ കിട്ടുന്നില്ല. മററു ഡിപ്പാർട്ടുമെൻറുകളിലും വിദേശങ്ങളിൽനിന്നുവരുന്ന ഈ സമുദായത്തിൽപ്പെട്ട യോഗ്യന്മാരായ ആളുകൾ അതായതു ഗ്രാഡ്യുവേറ്റുകൾക്കു ഉദ്യോഗം ലഭിക്കാതെ അലഞ്ഞു നടക്കുന്നുണ്ടു എന്നുള്ളതു പരമാർത്ഥമാണ്. അതു് ചെയ്തിട്ടുള്ളവരുടെ അവകാശത്തെ അവഗണിച്ചു പ്രവർത്തിക്കണമെന്നല്ല എൻെറ ഉദ്ദേശം. മുസ്ലീങ്ങൾക്കു മാത്രം [illegible] എന്നും ഞാൻ പറയുന്നില്ല. [illegible] സമുദായങ്ങൾക്കുകൂടി പ്രാതിനിധ്യം ലഭിക്കത്തക്കനിലയിൽ [illegible] ജി. ഒ. അനുസരിച്ചു പ്രവർത്തിക്കുന്നതായാൽ അസമാധാനം [illegible] അതിനെപ്പററി പ്രത്യേകം ശ്രദ്ധിച്ചു പ്രവർത്തിക്കണമെന്നുമാത്രമേ എനിക്കു പറയാനുള്ളു എന്നു പ്രസ്താവിച്ചുകൊണ്ടു ഈ [illegible] പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

റാവുസാഹേബ് [illegible] (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, [illegible] ഞാൻ ഒരു [illegible] പറഞ്ഞുകൊള്ളട്ടെയോ?

മി. മഹമ്മദ് [illegible] ഞാൻ അദ്ദേഹത്തിനു [illegible] മനസ്സിലായി [illegible] ഞാൻ [illegible] എന്നു പറഞ്ഞു. [illegible] മനസ്സായുണ്ടു. [illegible] സഹായിക്കുന്ന [illegible] പ്രവർത്തിക്കുന്നതിനെസംബന്ധിച്ചതാണ്. [illegible] മി. മഹമ്മദ പറയുന്നു.

മി. [illegible] (നിയമിക്കപ്പെട്ട [illegible]): സർ, ഉപക്ഷേപം പിൻവലിച്ചുകഴിഞ്ഞിരിക്കുന്നു.

അദ്ധ്യക്ഷൻ: ഇപ്പോൾ മി. [illegible] ഉപക്ഷേപം [illegible].

റാവുസാഹേബ് [illegible] (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, [illegible] പഠിക്കുന്ന [illegible] കരുതാമോ എന്നു അദ്ദേഹം ചോദിച്ചു. ഇപ്പോഴത്തെ നില എന്താണെന്നു എനിക്കു [illegible] പറയാനുള്ളു. [illegible] ശമ്പളം [illegible] കുട്ടികളുടെ [illegible] കുറ്റത്തിനെപ്പററി പര്യാലോചിക്കുന്നതിനു നിയമിച്ച കമ്മററി ഈ പ്രശ്നത്തെപ്പററി ആലോചിച്ചിട്ടുണ്ട്. [illegible] അദ്ധ്യാപകന്മാർ കാര്യസമയത്തു മാത്രം പഠിപ്പിക്കുന്നവരാണെങ്കിൽ അതുകൊണ്ടു അവർക്കു [illegible] അവരുടെ കുറച്ചു സമയത്തെ [illegible] അവസാനത്തെ [illegible]

ആ കമ്മററിയുടെ അഭിപ്രായം. അവക്ക് ആദ്യംകൊടുത്തിരുന്ന അലവൻസ് ൩ രൂപ മാത്രമാണ്. ഈ സ്വല്പസമയത്തെ ജോലിക്ക അലവൻസായി ൨൦ രൂപ കൊടുക്കുന്നതിന ആ കമ്മററി ശുപാർശചെയ്യുകയും ആ ശുപാർശയെ അംഗീകരിക്കുകയുംചെയ്തു. ഇപ്പോഠം ഈ മാന്യന്മാർ ചെയ്യുന്ന ജോലിയെപ്പററിയും അവരുടെ യോഗ്യതയെക്കുറിച്ചും എനിക്ക ലഭിച്ചിട്ടുള്ള അറിവുകൊണ്ടു നോക്കുന്നതായാൽ അവരുടെ ഈ കുറച്ചുസമയത്തേക്കുള്ള ജോലിക്ക അവക്കുകൊടുത്തുവരുന്ന ൨൦ രൂപ അലവൻസ് ഒരു ചുരുങ്ങിയസംഖ്യയാണെന്ന ഞാൻ വിചാരിക്കുന്നില്ല.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം). അവക്ക വേറെജോലിചെയ്യാൻ സൌകര്യമില്ലെന്നുള്ളതുകൊണ്ട ഈ ൨൪ രൂപ അവക്കുകൊടുക്കാൻസാധിക്കയില്ലയോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, നാം മാസാപ്പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാക്ക ഉപജീവിക്കാൻ തക്കതുപോലുള്ള ശമ്പളംകൊടുക്കണമെന്ന ഞാൻ അപ്പോഠം ശക്തിയായി വാദിച്ചു. എന്റെ ആ വാദം എല്ലാ അദ്ധ്യാപകന്മാക്കും ഒരുപോലെ സംബന്ധിക്കുന്നതാണ്. ഈ കൊറാൻ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ ജീവിതം വളരെകഷ്ടമായിട്ടുള്ളതാണെന്നും അവക്ക ഇപ്പോഠം കൊടുത്തുവരുന്ന അലവൻസ് കൂട്ടുന്നതിന അവർ അർഹരാണെന്നും എനിക്ക ബോദ്ധ്യംവരികയാണെങ്കിൽ ഞാനും മി. മഹമ്മദിന്റെ അഭിപ്രായത്തോട യോജിച്ചു ആകാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കുന്നതിനുള്ള മാർഗ്ഗത്തെപ്പററി ചിന്തിക്കുന്നതിന എന്നാൽകഴിയുന്നതെല്ലാം ചെയ്യാൻതയ്യാറാണ്. സർ, അദ്ധ്യാപകന്മാർ എല്ലാവരും കൂടുതൽജോലിചെയ്യുന്നതിന തയാറാണെന്നിരിക്കെ അവക്ക യഥാർത്ഥത്തിൽ കൂടുതൽജോലി കൊടുക്കുന്നില്ലഎന്നുള്ളതുകൊണ്ടുമാത്രം അവരുടെ ശമ്പളം ഒരു കുറഞ്ഞനിരക്കിൽ ക്ലിപ്തപ്പെടുത്തരുതെന്നുള്ള മി. മഹമ്മദിന്റെ അഭിപ്രായമാണ് എനിക്കും എല്ലായ്പോഴുമുള്ളത്. എന്റെ ഈ അഭിപ്രായം വിശേഷിച്ചും കൊറാൻ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരേയുംസംബന്ധിക്കുന്നതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ കൊറാൻ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാക്ക എന്തെങ്കിലും സാമാന്യപരീക്ഷായോഗ്യതയുണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അവക്ക സാമാന്യപരീക്ഷായോഗ്യതകൾ ഒന്നുമില്ല. മിക്കപ്പോഴും ഒരുപള്ളിയിൽ മററുള്ള വിഷയങ്ങൾ പഠിപ്പിക്കുന്നതോടുകൂടെ കൊറാനും പഠിപ്പിക്കാൻ യോഗ്യതയുള്ളവരെ നിയമിക്കയും അവരുടെ ശമ്പളത്തിനുപുറമെ അവക്ക ഈ ൨൦ രൂപ അലവൻസുകൂടി കൊടുക്കുകയുംചെയ്യുന്നതുകൊണ്ടും അവക്ക സാമാന്യ പരീക്ഷായോഗ്യതകൾ ഉണ്ടായിരിക്കണമെന്ന നമുക്ക നിർബന്ധിക്കേണ്ടതായും വരും. സർ, ഞാൻ മുമ്പുപറഞ്ഞതുകൾ പോലെ ഈ കൊറാൻ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ ജോലിയുടെ പ്രകൃതം എനിക്ക മനസ്സിലായിട്ടുള്ളതിൽനിന്നും അവരുടെ കുറച്ചുസമയത്തെ ജോലിക്ക അവക്കിപ്പോഠം കൊടുത്തുവരുന്ന ൨൦ രൂപ അലവൻസ് ഒരു വളരെചെറിയ സംഖ്യ അല്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. ഈ അലവൻസ് മതിയായിട്ടുള്ളതല്ലെന്ന എനിക്കെപ്പോഴെങ്കിലും ബോദ്ധ്യംവരുന്നഎങ്കിൽ കമ്മറ്റിയിൽ കഴിച്ചുകൂട്ടുന്ന ഏതെങ്കിലും ഒരുമനുഷ്യന്റെ കായ്യംപിടിച്ചുപറയുന്നതിന ഞാൻ എപ്പോഴും ഇഷ്ടപ്പെടുന്നതുപോലെ ഈ കൊറാൻ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെകായ്യവും ഞാൻ ബലമായി പറയുമെന്ന വാഗ്ദാനംചെയ്യാം.

അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം നം ൨൦.

മി. ആർ. രാമൻപിള്ള:

സഞ്ചാരപ്പടിക്കുള്ള ൩൦൦൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. ആർ. രാമൻപിള്ള (കോട്ടയം): സർ, അർദ്ധപ്പട്ടിണിക്കാരായ അദ്ധ്യാപകന്മാരുടെ ശമ്പളത്തെ വർദ്ധിപ്പിക്കുന്നതിനവേണ്ടി കഴിഞ്ഞ വ്യാഴവട്ടത്തിൽ ഈ സഭ അനുവദിച്ചിട്ടുള്ള പണം ചിലവാക്കാതെ—പട്ടിണിക്കാരുടെ ആഹാരത്തിനായി കൊടുക്കാതെ—ലാപ്സാക്കിയതിനെപ്പററിയുംമററും സംസാരിക്കുന്നതിനാണ ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. രജിസ്ട്രേഷൻഡിപ്പാർട്ടുമെന്റിലെ പരിഷ്കാരത്തെപ്പററി പറഞ്ഞപ്പോഠം ഗവർമെന്റുഭാഗത്തുനിന്നും നൽകിയ മറുപടികൊണ്ടു ലാപ്സായവിഷയത്തെപ്പററി സംസാരിക്കണമെന്ന എനിക്ക തോന്നുന്നില്ല.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, മെമ്പർ ഉപക്ഷേപം അവതരിപ്പിച്ചിട്ടില്ല.

അദ്ധ്യക്ഷൻ: അതാണ് അദ്ദേഹം ചെയ്യുന്നത്.

മി. ആർ. രാമൻപിള്ള (കോട്ടയം): വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ കാണുന്നതായ ചില നടപടികളെപ്പററിയാണ് എനിക്ക സംസാരിക്കാനുള്ളത്. പ്രഥമത പ്രതിപാദിക്കുന്നതിന ഞാൻ ഉദ്ദേശിച്ചിരിക്കുന്നത് പാഠശാലകളിലെ ഫീസപിരിവിനെസംബന്ധിച്ചാണ്. കണിശമായട്ട ൧൦-ാം ഫീസു കൊടുക്കണം. ഒന്നാംതീയതി മുതൽ ഒൻപതാം തീയതി വരെ ആരു ഫീസ് കൊണ്ടുചെന്നാലും വാങ്ങിക്കയില്ല. ൧൦-ാം തീയതിക്കകം കൊടുത്തില്ലെങ്കിൽ ൨൦-ാംതീയതിക്കകം നാലു ചക്രം പിഴയോടുകൂടി കൊടുക്കണം. പത്തും അഞ്ചും രൂപ കരം കെട്ടേണ്ടുന്നവർ സമയത്തു കൊടുത്തില്ലെങ്കിൽ ഡിമാൻഡു നോട്ടീസയക്കും. അതിനും നാലു ചക്രമേ പടിയുള്ളൂ. ആ സ്ഥിതിക്ക രണ്ടോ മൂന്നോ രൂപ ഫീസ് കൊടുക്കുന്ന വിദ്യാർത്ഥികഠം സമയത്തു കൊടുക്കാഞ്ഞാൽ അതിനും ൪ ചക്രം ഡിമാൻഡുനോട്ടീസ്പടിപോലെ പിഴകൊടുക്കണമെന്നുപറയുന്നതു വലിയ സങ്കടമാണ്. പള്ളിക്കൂടത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും സാധുക്കളും ദരിദ്രന്മാരുമായുള്ള സാധുക്കളുടെ കുട്ടികളാണ്. ഫീസ്കൊടുക്കുന്നതിന വല്ല ദിക്കുത്തുനിന്നും പണം കടം വാങ്ങിച്ചുകൊണ്ടുവച്ചിരുന്നാൽ ക്ലിപ്തതീയതിയിലല്ലാതെ ഫീസുവാങ്ങിക്കാത്തതുകൊണ്ട ഒഴിച്ചുകൂടാത്തതായ മറു ആവശ്യങ്ങഠം നേരിടുമ്പോഠം എടുത്തുചിലവാക്കി സമയത്തിന കൊടുക്കാൻ സാധിക്കാതെവരും. അതിനാൽ ഇപ്പോഴത്തെ ഫീസപിരിവിൽവച്ചിരിക്കുന്ന ഏർപ്പാട ഉസ്സഹമാണെന്നുപറയാതിരിക്കാൻ നിവൃത്തിയില്ല. ഇതിന കഴിയുന്നതുംവേഗത്തിൽ ഒരു നിയമമുണ്ടാക്കി വേണ്ട ഭേദഗതിചെയ്യണമെന്ന ഞാൻ അഭിപ്രായപ്പെടുന്നു. ൧-ാം മുതൽ ൨൦-ാം വരെ ഏതു ദിവസത്തിലും ആരു ഫീസു കൊണ്ടുചെന്നാലും വാങ്ങിക്കണമെന്ന കർശനമായ ഉത്തരവുകൊടുക്കണം. ഒരു ചക്രത്തിൽകൂടുതൽ പിഴയും ഈടാക്കരുത്.

പിന്നീട് എനിക്കു പറയാനുള്ളതു സഹായധനം വാങ്ങിക്കുന്ന പള്ളിക്കൂടങ്ങളെപ്പററിയാണ്. ഇങ്ങനെയുള്ള പാഠശാലകൾ ഈ നാട്ടിൽ ധാരാളം വർദ്ധിച്ചിട്ടുണ്ട്. ഇംഗ്ലീഷ് മിഡിൽസ്കൂളുകൾ നടത്തുന്നവരുടെ പ്രധാനഉദ്ദേശം കുട്ടികളെ വിദ്യാഭ്യാസംചെയ്യിക്കണമെന്നുള്ളതുമാത്രമല്ല. ഇതിനെ ഒരു ആദായകരമായ തൊഴിലായിട്ടുകൂടി സ്വീകരിച്ചു നടത്തിവരുന്നതായിട്ടാണ് അനുഭവംകൊണ്ടു കാണുന്നതു. ൫൦ രൂപ ഫീസ് പിരിയുന്ന ഒരു പള്ളിക്കൂടത്തിൽ ൧൦ രൂപയും ൫ രൂപയും മാത്രം അദ്ധ്യാപകന്മാരെവെച്ചു ആണ്ടിൽ ൬൦ രൂപ മാത്രമേ ചിലവാകുന്നുള്ളു എന്ന സംഗതി എനിക്കു ഏറെക്കുറെ അറിയാം. ഈ തുകകഴിച്ചു ബാക്കിയുള്ള തുക മുഴുവനും ഗ്രാൻറുകിട്ടുന്നസംഖ്യയും മാനേജർ ലാഭമായിട്ടു എടുത്തുവരുന്നു. ഇത്രയും ഭീമമായ ഒരു സംഖ്യ ലാഭമായിട്ടു എടുത്തുവരുന്ന മാനേജർ ശേഷിയുള്ള അദ്ധ്യാപകന്മാരെവെച്ചു കുട്ടികളെ അഭ്യസനം നടത്തുന്നില്ലെന്നുള്ളതാണ് എന്റെ വ്യസനത്തിനു കാരണം. ലാഭംഎടുത്തുകൊള്ളട്ടെ. അതിൽ എനിക്കു സങ്കടമില്ല. ഇംഗ്ലീഷ് സ്കൂളുകളിൽ ൧൦ ൧൫ രൂപ ശമ്പളം ഇങ്ങനെയാണ്. "ഗംഗാമത്തൻ എന്നുള്ള പദത്തിനു പരമേശ്വരൻ" എന്നു അർത്ഥംപറഞ്ഞുകൊടുക്കുന്ന അദ്ധ്യാപകന്മാരെയാണ് പള്ളിക്കൂടങ്ങളിൽ വച്ചുകൊണ്ടിരിക്കുന്നതു് (ചിരി) ഗംഗാമത്തൻ എന്നുള്ളതു ഗംഗാധരൻ എന്നു അദ്ധ്യാപകൻ ഗ്രഹിച്ചുപോയി. എത്രകഷ്ടം.

ഇനി മലയാളംപള്ളിക്കൂടങ്ങളുടെ കഥനോക്കാം. പള്ളിക്കൂടമാകട്ടെ അദ്ധ്യാപകന്മാരാകട്ടെ വിദ്യാർത്ഥികളാകട്ടെ ഇല്ലാത്തതും സഹായധനംവാങ്ങിക്കുന്നതുമായ പള്ളിക്കൂടങ്ങൾ ഉണ്ടെന്നാണു ഞാൻ കേട്ടിട്ടുള്ളതു. അതിനെപ്പററി പൂർണ്ണമായിട്ടു മനസ്സിലാക്കാൻ എനിക്കുസാധിച്ചിട്ടില്ല. ആലുവായിലും, തിരുവല്ലായിലും ഇങ്ങനെ പല പള്ളിക്കൂടങ്ങളുംഉണ്ടെന്നു പലരുംപറഞ്ഞു എനിക്കു കേൾക്കാൻ ഇടയായിട്ടുണ്ടു. ആ പള്ളിക്കൂടങ്ങളിലെ മാനേജരന്മാർ അയക്കുന്ന ശമ്പളബില്ലുകളെ ശരിയായിട്ടുപരിശോധിച്ചെന്നറിയുന്നതിനു സാമർത്ഥ്യമുള്ള ഇൻസ്പെക്ടറന്മാരും ഉണ്ടെന്നാണു കേൾക്കുന്നതു. അതിന്റെ പരമാർത്ഥം ഡയറക്ടർ ഏറെക്കുറെ കണ്ടുപിടിച്ചിരിക്കുമെന്നാണു എന്റെ വിശ്വാസം. അല്ലെങ്കിൽ അദ്ദേഹം അതു കണ്ടുപിടിച്ചുകൊള്ളും. ൭ അര രൂപയോ ൮ രൂപയോ ഗ്രാൻറുകിട്ടുന്നതിൽ ൩ രൂപയിൽ കൂടുതലായിട്ടു അദ്ധ്യാപകന്മാർക്കു ശമ്പളംകൊടുക്കാത്ത മാനേജരന്മാരാണുള്ള ശതമാനവും എന്നു പറയുന്നതിനു എനിക്കു സംശയം മടിയില്ല. ഏട്ടാംതരം പരീക്ഷ ജയിച്ചു. ഒരു പുസ്തകവും കൈയിലുണ്ട്. മൺപലകയോ തൂമ്പായോ കൈയിലെടുക്കുന്നതു മടിയും അപമാനവുമാണ്. ഇങ്ങനെയുള്ളവരാണു ഗ്രാൻറുസ്കൂളുകളിൽ അദ്ധ്യാപകവൃത്തിക്കു വന്നുചേരുന്നതും. അവർക്കു കുട്ടികളുടെ അറിവുവർദ്ധിയിൽ യാതൊരു താല്പര്യവുമില്ലെന്നു അവരുടെ അദ്ധ്യയനരീതി കണ്ടാൽ മനസ്സിലാക്കാം.

ഇവർ ൧൦ മണിക്കു ൧൧ മണിക്കോ സ്കൂളിൽവരും. തിരിയെ മൂന്നു മണിയാകുമ്പോൾ പോകുകയും ചെയ്യും. ഇതാണു ഇന്നു കണ്ടുവരുന്നതു്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അതുകൊണ്ടു പ്രൈവററസ്കൂൾ നിറുത്തണമെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നതു?

മി. ആർ. രാമൻപിള്ള (കോട്ടയം): എന്റെ പ്രസംഗംതീരുമ്പോൾ മനസ്സിലാകും. ഒടുവിൽ മനസ്സിലായില്ലെങ്കിൽ അപ്പോൾചോദിച്ചാൽ മറുപടിപറയാം.

ഗ്രാൻറുപള്ളിക്കൂടങ്ങൾ വർഗ്ഗംതിരിച്ചു സ്ഥാപിക്കുന്നതായിട്ടാണ് കണ്ടുവരുന്നതു. ഇങ്ങനെ വർഗ്ഗംതിരിച്ചു പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതുതന്നെ മനുഷ്യർതമ്മിലുള്ള യോജിപ്പിനും അവരുടെ അഭിവൃദ്ധിക്കും വലിയ തടസ്സമായിട്ടു തീർന്നിരിക്കുന്നു.

മി. എ. സി. കുറിയാക്കോസ് (മീനച്ചലും ദേവികുളവും): വർഗ്ഗംതിരിച്ചു—

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാൻ സംസാരിച്ചുകഴിഞ്ഞിട്ടു ചോദ്യംചോദിച്ചാൽ മറുപടിപറയാമെന്നു പറഞ്ഞുകഴിഞ്ഞു. എനിക്കു പരിമിതമായ സമയമേഉള്ളു.

ഇപ്രകാരം വർഗ്ഗംതിരിച്ചു ഓരോരുത്തർ മാനേജരായി സ്ഥാപിക്കുന്ന പള്ളിക്കൂടങ്ങൾക്കു ഗ്രാൻറുകൊടുക്കാൻപാടില്ല. നായന്മാരുടേതായാലും ക്രിസ്ത്യാനികളുടേതായാലും ഈഴവന്മാരുടേതായാലും വർഗ്ഗീയമായ സ്കൂൾ ഏതുകൂട്ടരുടെ മാനേജ്മെൻറിൽ സ്ഥാപിച്ചാൽ ഗ്രാൻറുകൊടുക്കരുതു. ഇംഗ്ലീഷ് ഹൈസ്കൂളോ കോളേജോ സ്ഥാപിക്കണമെന്നു അപേക്ഷിക്കുന്നപക്ഷം ഗ്രാൻറുകൊടുക്കാം. എനിക്കതിനു വിരോധമില്ല. അതിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മിക്കവാറും പ്രായപൂർത്തിയുള്ളവരും അദ്ധ്യാപകന്മാർ നല്ല മനസ്സംസ്കാരം സിദ്ധിച്ചവരും ആയിരിക്കും. അതുകൊണ്ടു അങ്ങനെ നടത്തപ്പെടുന്ന പള്ളിക്കൂടങ്ങൾ ഏതുവർഗ്ഗക്കാർ കൂട്ടമായോ ഒറ്റയായോ നടത്തിയാലും എത്ര വേണമെങ്കിലും സഹായധനംനൽകാം. താഴ്ന്ന ക്ലാസ്സുകളുള്ള പാഠശാലകളിലെ മാനേജരന്മാർ ഒരുതരം വക്രമനസ്ഥിതിയുള്ളവരായിട്ടു ഞാൻ കണ്ടിട്ടുള്ളതു. ഇവരിൽ പലരുമായി എനിക്കു നേരിട്ടുതന്നെ പരിചയമുണ്ടു. ഇങ്ങനെ മനസ്സംസ്കാരം സിദ്ധിച്ചിട്ടില്ലാത്ത മാനേജരന്മാരാൽ നടത്തപ്പെടുന്ന വിദ്യാലയങ്ങളിൽ മററു വർഗ്ഗത്തിലുള്ള വിദ്യാർത്ഥികൾ അനുഭവിച്ചുവരുന്ന ഫലം എന്താണെന്നു മകുടിയും ബുക്കാനാൻസ്കൂളിലെയും തിരുവനന്തപുരം സെനാനാസ്കൂളിലെയും സംഭവങ്ങൾ ധാരാളം തെളിയിക്കുന്നുണ്ട്. വർഗ്ഗീയമാത്സര്യം വർദ്ധിക്കാതിരിക്കുന്നതിനു ഇത്തരംപള്ളിക്കൂടങ്ങൾ സ്ഥാപിക്കാൻ അനുവാദംകൊടുക്കാതിരിക്കുന്നതു നന്നായിരിക്കും. ഈ വിദ്യാലയങ്ങൾ ഏതെങ്കിലുംവർഗ്ഗത്തിലെ മാനേജരന്മാരുടെ അധീനതയിൽ ഇരിക്കുന്നപക്ഷം ആ വർഗ്ഗത്തിൽ ഉൾപ്പെടാത്ത അദ്ധ്യാപകന്മാർ ആരെങ്കിലും ഉണ്ടായിരുന്നാൽ അവരെ യാതൊരു കാരണവുംകൂടാതെ പിരിച്ചുവിട്ടുകളയുന്നുണ്ട്. ഇങ്ങനെ പിരിച്ചുവിടുന്നതിനുള്ള മാനേജരന്മാരുടെ അധികാരത്തെ നിശ്ചയമായും ഗവർണ്മെൻറു നിയന്ത്രിക്കേണ്ടതാണ്. ഇപ്രകാരം പിരിച്ചുവിട്ടാൽ അതിന്മേൽ അപ്പീൽകൊടുക്കുന്നതിനുള്ള അധികാരം ഡയറക്ടർക്കു കൊടുക്കുന്നതിനുള്ള അവകാശം അദ്ധ്യാപകനും ഉണ്ടായിരിക്കണം.

ഓരോ ബോർഡിന്റെ അധീനതയിൽ ഓരോ താലൂക്കിലെയും എലിമെൻററി വിദ്യാഭ്യാസം മുഴുവൻ വിട്ടുകൊടുക്കണം. ആ ബോർഡിനു ഇതിന്റെ ഭരണത്തിനുവേണ്ട ഗ്രാൻറു നൽകണം. എന്നാൽമാത്രമേ ഇവിടെ ശരിയായ വിദ്യാഭ്യാസം (രാഷ്ട്രീയ വിദ്യാഭ്യാസ) ഉണ്ടാകുകയുള്ളു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സർ, അദ്ദേഹത്തിന്റെ സമയം കഴിഞ്ഞില്ലേ?

അദ്ധ്യക്ഷൻ: ഇല്ല; ഇതുവരെ ഇല്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): തിരുവിതാംകൂറിൽ വർഗ്ഗീയമായി സ്ഥാപിച്ചു നടത്തപ്പെടുന്ന പള്ളിക്കൂടങ്ങൾ എത്രയുണ്ട്?

മി. ആർ. രാമൻപിള്ള (കോട്ടയം): ധാരാളമുണ്ട്. നായന്മാരുടെ പള്ളിക്കൂടങ്ങളുണ്ട്. ക്രിസ്ത്യാനികളുടേതുണ്ട്. ഈഴവരുടേതുണ്ട്. ഇങ്ങനെ പലതുമുണ്ട്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): വർഗ്ഗീയപള്ളിക്കൂടം എന്ന് മെമ്പർ ഉദ്ദേശിച്ചതു് ഏതിനെയാണ്?

മി. ആർ. രാമൻപിള്ള (കോട്ടയം): ഒരു വർഗ്ഗത്തിലെ ഏജന്റന്മാർ നടത്തപ്പെടുന്ന പള്ളിക്കൂടം എന്നുള്ള അർത്ഥമാണ് ഞാൻ അതിനു കൊടുത്തിരിക്കുന്നതു്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അങ്ങിനെ നടത്തപ്പെടുന്ന ഏതെങ്കിലും പള്ളിക്കൂടങ്ങളിൽ ഇന്നവർഗ്ഗക്കാർക്കു മാത്രമേ പഠിക്കാവൂ എന്നുവല്ല വ്യവസ്ഥയുമുണ്ടോ?

മി. ആർ. രാമൻപിള്ള (കോട്ടയം): അങ്ങിനെ ഒരു വ്യവസ്ഥയില്ലാത്തതാണു് അപകടം. പല സംഗതികളും എടുത്തിട്ടുള്ളതുകൊണ്ടാണു ഞാൻ ഇതു പറയുന്നതു്. ഒരു വർഗ്ഗത്തിലെ ഏജന്റന്മാർ നടത്തപ്പെടുന്ന പള്ളിക്കൂടങ്ങൾക്കു അംഗീകാരം കൊടുക്കുന്നതിൽ എനിക്കു വിരോധവുമില്ല. പക്ഷേ മറുവർഗ്ഗക്കാരെ ചേർത്തു പഠിപ്പിക്കണമെന്ന ഒരു വ്യവസ്ഥകൂടി ഉണ്ടായിരിക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഈ പള്ളിക്കൂടങ്ങളെ ഇൻസ്പെക്ടർമാർ പരിശോധിക്കുന്നില്ലേ?

മി. ആർ. രാമൻപിള്ള (കോട്ടയം): ധാരാളം പരിശോധിക്കുന്നുണ്ട്. പക്ഷേ ഈ സംഗതിയിൽ അവരുടെ ശ്രദ്ധ പതിയുന്നില്ല.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മാനേജർമാരുടെ മേലുള്ള പരിശോധന മതിയാകുന്നോ?

മി. ആർ. രാമൻപിള്ള (കോട്ടയം): എന്താണു മനസ്സിലാക്കിയിരിക്കുന്നതെങ്കിൽ ഞാൻ മറുപടി പറയേണ്ട ആവശ്യമില്ല.

പള്ളിക്കൂടങ്ങൾക്കു സഹായധനം കൊടുക്കുന്നതു പൊതുമുതലിൽനിന്നാണ്. അല്ലാതെ ഒരു വർഗ്ഗക്കാരുടെ സ്വന്തമുതലിൽനിന്നല്ല. അങ്ങിനെ പൊതുമുതലിൽനിന്നും ചിലവുചെയ്യുമ്പോൾ അതു കിട്ടുന്നതിനു എല്ലാ സമുദായക്കാർക്കും അവകാശമുണ്ട് (മി. പിറവിപെരുമാൾപിള്ള കേൾക്കുവിൻ, കേൾക്കുവിൻ) അതിനാൽ ഗവൺമെന്റു സഹായധനം നൽകുന്ന എല്ലാപള്ളിക്കൂടങ്ങളിലും എല്ലാ സമുദായത്തിൽപെട്ട അദ്ധ്യാപകന്മാർക്കും പ്രവേശനം ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. ഈ സംഗതികളെക്കുറിച്ചു ഗവൺമെന്റും വിദ്യാഭ്യാസഡയറക്ടരും പ്രത്യേകം ശ്രദ്ധിക്കണം. ഉത്സാഹശീലന്മാരും സമർത്ഥന്മാരുമായ ഇൻസ്പെക്ടറന്മാരുടെ സഹായസഹകരണങ്ങളോടുകൂടി നമ്മുടെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനെ രാജ്യപൗരന്മാരെ ജീവിതമത്സരത്തിൽ വിജയികളാകത്തക്കവണ്ണം ശക്തിമത്താക്കി തീർക്കുന്നതിനു വിദ്യാഭ്യാസഡയറക്ടരുടെ മനസ്സും ആത്മാവും മേറ്റവും ശ്ലാഘനീയമായ രീതിയിൽ ഉപയുക്തമായി വർത്തിക്കുമാറാകട്ടെ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, മി. രാമൻപിള്ള വളരെ കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം പറഞ്ഞിട്ടുള്ള സംഗതികളിൽ ചിലതെല്ലാം ഞാൻ ഇവിടെ നോട്ടു ചെയ്തിട്ടുണ്ട്. സമ്മതിച്ചിട്ടുള്ള കാര്യത്തെക്കുറിച്ചല്ലാതെ വിസമ്മതിച്ചിട്ടുള്ള കാര്യങ്ങളെ അടിസ്ഥാനമാക്കിയ ഏർപ്പാടുകൾ നടക്കത്തക്കവണ്ണം ഞാൻ അതിനെപ്പറ്റി പൂർണ്ണമായി പ്രതിപാദിക്കാം. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ഫീസിനെക്കുറിച്ചുള്ള ചട്ടങ്ങളെ നടപ്പിലാക്കുന്നതിനെപ്പറ്റിയാണു അദ്ദേഹത്തിന്റെ ആദ്യത്തെ ആക്ഷേപം. വലിയ പ്രായമുള്ളവരും പഠിക്കുന്നുണ്ടെന്നു മേരെക്കുറിച്ചു ഫീസുകൊടുക്കേണ്ട തീയതികളെപ്പറ്റിയും ഫീസു കൊടുത്തശേഷം പഠിക്കുന്നില്ലെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി. ഫീസുചട്ടങ്ങൾ ഞാൻ വായിച്ചുനോക്കിയതിൽ ഫീസു കൊടുക്കേണ്ടതായ തീയതിക്കുമുമ്പുള്ള ദിവസങ്ങളിൽ ആരെങ്കിലും ഫീസുകൊടുക്കയാണെങ്കിൽ അതു വാങ്ങിക്കേണ്ടതാണെന്നാണു എനിക്കു തോന്നുന്നതു്.

മി. [illegible] പിള്ള (തിരുവനന്തപുരം): അങ്ങിനെയാണോ ഇപ്പോൾ നടക്കുന്നതു്?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അറിഞ്ഞുകൂടാ.

മി. ആർ. രാമൻപിള്ള (കോട്ടയം): കഴിഞ്ഞ സ്കൂൾ വർഷത്തിൽ എത്രയുടെ പ്രായപരിധി തെറ്റി വാങ്ങിയിട്ടുണ്ടെന്നു മെമ്പർക്കു പറയാൻ സാധിക്കുമോ എന്ന ചോദ്യം പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ അതിനു മറുപടി പറയാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ): കിട്ടുമെന്നുള്ള ഉറപ്പായിട്ടുള്ള ഒരു സ്ഥാപനത്തിന് ഫീസ് കൊടുക്കേണ്ടതിനു നിർബന്ധിക്കുന്ന ഡയറക്ടർ പല സ്കൂളുകളിലും ഒരേ ഭാരമായി തീരുന്നില്ലേ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ ഞാൻ അതിനെപ്പറ്റി എന്റെ സ്വന്തം അസിസ്റ്റന്റുമാർക്കു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അദ്ദേഹം അതിനെപ്പറ്റി ശ്രദ്ധിക്കും.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സർ, മെമ്പറന്മാർ തമ്മിലുള്ള സംഭാഷണം നടക്കുന്നു.

അദ്ധ്യക്ഷൻ: അവർ അദ്ധ്യക്ഷനെ നോക്കി സംസാരിച്ചു. അംഗങ്ങളെല്ലാം അദ്ധ്യക്ഷനോടായിട്ടു സംസാരിക്കണമെന്നു ഞാൻ ഓർമ്മിപ്പിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ സഭയോടു തർക്കിക്കുകയല്ല. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ഫീസുചട്ടങ്ങൾ പുതുക്കേണ്ട ആവശ്യമുണ്ടെന്നു ഗവൺമെന്റിനെ സമ്മതിപ്പിക്കുന്നതിനുള്ള ക്രമീകരിക്കേണ്ടതായ ചില ഉപാധികളെ ഉണ്ടാക്കുന്നതിന് സമ്മതിക്കുന്നു എന്നു പുനരപി വാഗ്ദത്തം ചെയ്യുന്നതിനു വേണ്ടി ഞാൻ താഴ്മയായി സഭാസമക്ഷം പ്രസ്താവിക്കാം.

ആർട്ട്സ് കാളേജിലെ പ്രിൻസിപ്പാൾ എന്ന നിലയിൽ ഞാൻ ഇതു കണ്ടുപിടിക്കുകയും അതേപ്പററി ചോദിക്കുകയുംചെയ്തിട്ടുണ്ട്. ഞാൻ ഈ സംഗതിയെപ്പററി പര്യാലോചിക്കുകയും മി. രാമൻപിള്ള പ്രസ്താവിച്ചിട്ടുള്ള സംഗതികളെപ്പററി ഓർമ്മിക്കുകയും കൂടുതൽ പ്രായശ്ചിത്തം വാങ്ങിക്കാതിരിക്കാൻ ശ്രദ്ധിക്കയും സാധുക്കളായ കുട്ടികൾക്കു കഴിയുന്നത്ര ഫീസു കൊടുക്കുന്നതിനു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യാമെന്നു വിചാരിക്കുന്ന മെംബരുടെ അഭിപ്രായം അനുകമ്പാപൂർവ്വമായ വിചിന്തനത്തിനു ഇടയാകുമെന്നു ഞാൻ വിചാരിക്കുന്നു.

മി. രാമൻപിള്ള പ്രതിപാദിച്ച രണ്ടാമത്തെ സംഗതി പണംസമ്പാദിക്കുന്ന ഇംഗ്ലീഷ് മിഡിൽസ്കൂളുകളുടെ ഒരു ഭീമമായ സംഖ്യയെപ്പററിയാണു. മി. രാമൻപിള്ള പറഞ്ഞ ഒരു ഉദാഹരണത്തിനു പകരം എന്റെ പരിചയത്തിൽനിന്നും ഇതുമാതിരി ഒരു ഡസൻ പള്ളിക്കൂടങ്ങളുടെ പേരു പറയാം. ഇപ്പോഴുള്ള എല്ലാ പള്ളിക്കൂടങ്ങളിൽവെച്ചും ഇംഗ്ലീഷ്മിഡിൽസ്കൂളുകളാണു മാനേജർക്കു സ്ഥിരമായ ഒരു ആദായം ലഭിക്കുന്നതിനു ഉപയുക്തമായി തീരുന്നതു. തന്നിമിത്തം മററുള്ള വിദ്യാലയങ്ങളെ അപേക്ഷിച്ചു ഇംഗ്ലീഷ്മിഡിൽസ്കൂളുകളിലാണു കാര്യക്ഷമത വളരെ കുറവായിക്കാണുന്നതു. കൂടുതൽ അധികം ഇംഗ്ലീഷ്മിഡിൽസ്കൂളുകളിലെ പരിശോധനയ്ക്കിടയിൽ ഈ ഒരു സംഗതിയാണു എന്റെ ഹൃദയത്തിൽ ദൃഢമായി പതിഞ്ഞിട്ടുള്ളതു. ഇപ്പോൾ ഇപ്രകാരമുള്ള സ്കൂളുകളെ അപ്പഴപ്പോൾ താക്കീതുചെയ്യുകയും ഉപദേശിക്കുകയും നിറുത്തുകയും ചെയ്യുകയല്ലാതെ കൂടുതലായി ഞങ്ങൾക്കു ഒന്നുംചെയ്യാൻ സാധിക്കുകയില്ല. ഈ പള്ളിക്കൂടങ്ങൾ കൂടിയ നിരക്കിലുള്ള ഫീസു പിരിക്കുകയും ഒരു മാതിരിക്കുറഞ്ഞ ശമ്പളത്തിലുള്ള ഉദ്യോഗസ്ഥന്മാരെ വെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതു നിമിത്തം പണം ഉണ്ടാക്കുന്ന സ്ഥാപനങ്ങളാകാൻ അനുവദിക്കുന്നതു വളരെ സങ്കടകരമായ ഒരു സംഗതിയാകുന്നു. അതു വളരെ വിഷമമേറിയ ഒരു പ്രശ്നമാണ്. എനിക്കു ഇക്കാര്യം ധൈര്യമില്ല തെററില്ല. അദ്ധ്യാപകന്മാർക്കു മതിയായ ശമ്പളംകൊടുത്തു ഈ മാതിരി സ്കൂളുകളുടെ നില തൃപ്തികരമാക്കുന്നതിനു പ്രേരണയ്ക്കു ഞാൻ ശ്രമിക്കുകയാണ്. അടുത്തു കഴിഞ്ഞ ഹെഡ്മാസ്റ്റരന്മാരുടെ യോഗത്തിൽ ഈ മാതിരി മിഡിൽസ്കൂളുകൾ വർദ്ധിപ്പിക്കരുതെന്നു പറഞ്ഞു. ഈ മിഡിൽസ്കൂളുകളിൽ ആകെയുള്ള കുട്ടികളുടെ എണ്ണം ഏകദേശം ഒരേനിലയിൽതന്നെ നില്ക്കുന്നു. കൂടുതൽ കുറെ മിഡിൽസ്കൂളുകൾ ഒരു ആദായമാർഗ്ഗമായി ഫീസു പിരിക്കയും സാധാരണയായി ക്രമാനുസരണം അതിൽനിന്നു ഇംഗ്ലീഷ്ഹൈസ്കൂളുകൾ നടത്തുകയും ചെയ്യുന്നു.

ധാരാളം ഫണ്ടുള്ളവർക്കുമാത്രമെ ഒരു ഇംഗ്ലീഷ്ഹൈസ്കൂൾ നടത്താൻസാധിക്കുകയുള്ളു. അതു ശരിയായിട്ടു നടത്തുന്നതായാൽ അതിൽനിന്നു ഒരു വലിയ നഷ്ടം ഉണ്ടാകും. അതുകൊണ്ടു ഈ ഇംഗ്ലീഷ്മിഡിൽസ്കൂളുകളുടെ വർദ്ധനവാണു ഏതെങ്കിലും ഒരു തരത്തിൽ ഹൈസ്കൂളുകളുടെ കാര്യക്ഷമതക്കുറവിനു കാരണമായിത്തീരുന്നതു. ഹെഡ്മാസ്റ്റരന്മാരുടെ അഭിപ്രായത്തിൽ—അതു എനിക്കും ശരിയായി ന്യായമാണെന്നാണു തോന്നുന്നതു—ഇംഗ്ലീഷ് ഹൈസ്കൂളുകളുടെ കാര്യക്ഷമതക്കുറവു ഗുണദോഷംവിചാരിക്കാതെ സ്ഥാപിക്കപ്പെടുന്ന അനേകം സ്കൂളുകളെ നടത്തിക്കൊണ്ടുപോകാൻ അനുവദിക്കുന്നതിനാലാണെന്നാണ്. അവയെനന്നാക്കുക മാത്രമാണു ഞങ്ങൾക്കു ഈ കാര്യത്തിൽ ചെയ്യാൻസാധിക്കുന്നതു. ഈ വിദ്യാലയങ്ങളെ നന്നാക്കുന്നതിനുവേണ്ട പരിശ്രമങ്ങൾ ഞങ്ങൾ ചെയ്തുവരികയാണെന്നു മി. രാമൻപിള്ളയോടും സഭയോടും ഞാൻ തീർച്ചയായി പറഞ്ഞുകൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ സംഗതിയിൽ ഗവർമ്മെണ്ടിനും ഒരു പങ്കില്ലയോ എന്നു പറയുമോ?

രാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അതാണു സാധാരണയായി പറഞ്ഞുവരുന്ന ഒരു കാരണം. സ്കൂളുകളുടെ സ്ഥാപനത്തിനു ഗ്രാൻറുമാത്രം എല്ലായ്പോഴും തൃപ്തികരമായ ഒരു കാരണമല്ല. ശരിയായി വിദ്യാഭ്യാസംചെയ്യിക്കാത്ത ചില വിദ്യാലയങ്ങളുടെ നടത്തിപ്പിന്റെ രീതിയിൽ എനിക്കു അതിയായ വെറുപ്പുണ്ട്. ഈമാതിരി വിദ്യാലയങ്ങളുടെ കാര്യത്തിൽ വേണ്ട നടപടികൾ നടത്തുന്നതിനു ഡിപ്പാർട്ടുമെൻറിൽനിന്നും ഒട്ടും അമാന്തിച്ചിട്ടില്ല.

ഇതുമാതിരി ചില സ്കൂളുകൾ കണ്ടുപിടിച്ചു അവയെ നിറുത്തൽചെയ്തു എന്നു മിസ്റ്റർ രാമൻപിള്ള പറഞ്ഞതിൽ വലിയ തെററില്ല. എന്നിട്ടും കടലാസ്സിൽമാത്രം ഉള്ളതായ വിദ്യാലയങ്ങളെ നടത്തിക്കൊണ്ടുപോകുന്നതിനെ തടയുന്ന വിദ്യാഭ്യാസഡയറക്ടരുടെ കഠിനമായ വിധികളെപ്പററി മാനേജർമാർ ഉടനെ അപ്പീൽ ബോധിപ്പിച്ചുകൊണ്ടിരിക്കയാണ്. ഇൻസ്പെക്ടരന്മാരും ഡിപ്പാർട്ടുമെൻറും ഉണർവോടുകൂടി പ്രവർത്തിക്കുന്നതുവരെ അപ്രകാരമുള്ള സംഗതികൾ ഉണ്ടായിക്കൊണ്ടിരിക്കും. സഭയിലെ അംഗങ്ങളുടെ സഹായസഹകരണത്തോടുകൂടി വേണ്ട വിവരങ്ങൾ അറിയിക്കുന്നതിനും ജനങ്ങളുടെ പ്രബുദ്ധമായ ബോധത്തിൽനിന്നും വേണ്ട വിവരങ്ങൾ അറിയിക്കുന്നതു അവരുടെ അവകാശവും ചുമതലയും ആണെന്നു അവർ മനസ്സിലാക്കുമ്പോൾ സാധാരണ ജനങ്ങളോടു പെരുമാറിവരുന്നതായ ഇപ്രകാരമുള്ള ചതിപ്രയോഗങ്ങളെ നിശ്ശേഷം നിറുത്താൻ സാധിക്കുമെന്നാണു ഞാൻ ആശിക്കുന്നതു്. ഈപ്രകാരം അനാശ്യാസ്യരീതിയിലുള്ള പള്ളിക്കൂടങ്ങളെ നിറുത്തൽചെയ്യുകയാണു നമുക്കാവശ്യമായിട്ടുള്ളതു്. അദ്ധ്യാപകന്മാരുടെ ഹാജരെപ്പററി പറയുകയാണെങ്കിൽ അടുത്തുള്ള സബ്‌രജിസ്ത്രാരുടെ കച്ചേരിയിൽ എന്തെങ്കിലും ജോലി ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ അവർ സ്വന്തമായി ചെയ്യേണ്ടതല്ലാത്ത മറേറതെങ്കിലും ജോലി ചെയ്യേണ്ടതായിട്ടുണ്ടായിരിക്കുകയോ ഉണ്ടെങ്കിൽ പിന്നീടു ഒപ്പിടത്തക്ക ഒപ്പിടാത്ത ഏതാനും അവധിക്കുള്ള അപേക്ഷാഫാറങ്ങൾ എഴുതിവെച്ചിട്ടു പോകുക എന്നുള്ളതു അനേകം പള്ളിക്കൂടങ്ങളിലെയും അദ്ധ്യാപകന്മാരുടെ സാധാരണമായ ഒരു പതിവാണെന്നു എനിക്കറിയാം. ഇൻസ്പെക്ടർ പള്ളിക്കൂടം പരിശോധിക്കുമ്പോൾ ഈ അപേക്ഷാഫാറങ്ങളെ പൂരിപ്പിക്കുകയും അവ പരമാർത്ഥത്തിലുള്ള അപേക്ഷാഫാറങ്ങളാണെന്നു തോന്നുകയും ചെയ്യുന്നു. വിദ്യാർത്ഥികളുടെ ഹാജരിന്റെ സംഗതിയിൽ ഈ നീചവൃത്തി ഇയ്യാണ്ടിൽ ശരിപ്പെടുത്തീട്ടുണ്ട്. എല്ലാ പള്ളിക്കൂടങ്ങളിലേക്കും ടൈംപീസുകൾ കൊടുക്കുന്നതിലേക്കു ബഡ്ജററിൽ പണം അനുവദിച്ചിട്ടുണ്ടെന്നു നമുക്കു കാണാം. ഞാൻ പള്ളിക്കൂടത്തിൽചെന്നു ഹെഡ്മാസ്റ്റരന്മാരും അദ്ധ്യാപകന്മാരും കുഴങ്ങി തിരിഞ്ഞുനടക്കുന്നതു കാണുമ്പോൾ അവർ സാധാരണയായി പറയാറുള്ള സമാധാനം സ്വാമിഅവർകളുടേതുപോലെ ഒരു നല്ല വാച്ചു് അവർക്കില്ലെന്നാണ്. ഡിപ്പാർട്ടുമെൻറിലുള്ള അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം കണിശമായ നടപടികൾ നടത്തുകയാണെന്നും, ഓരോ അദ്ധ്യാ

പകരം അയാൾ ശരിയായസമയത്തു പള്ളിക്കൂടത്തിൽ ഹാജരാകുന്നില്ലെങ്കിൽ നിർബന്ധമായി ജോലിയിൽനിന്നും പിരിഞ്ഞുപോകുന്നതിനെപ്പററി ആലോചിക്കുന്നതിനു അവസരം നൽകുകയാകണമെന്നും ഞാൻ സഭയോടു പറയാം. സഹായധനം നൽകുന്ന പള്ളിക്കൂടങ്ങളെ സംബന്ധിച്ചു അവരുടെ വേതനം നിൎത്തൽചെയ്യുകയാണു പതിവു്.

പിന്നീടു മിസ്റ്റർ രാമൻപിള്ള അഭിപ്രായപ്പെട്ടതു സാമുദായിക സ്കൂളുകൾ നിൎത്തുന്നതിനു ഡിപ്പാർട്ടുമെൻറിൽനിന്നും തീർച്ചപ്പെടുത്തണമെന്നാണു. മിസ്റ്റർ രാമൻപിള്ളയുടെ ഈ വിമർശനങ്ങളെപ്പററി പറയുന്നതായാൽ ഡിപ്പാർട്ടുമെൻറൽ സ്ഥാപനങ്ങളാൽ സാധിക്കാത്തതായുള്ള ചില ജോലികൾ ചെയ്യുന്നതിനുവേണ്ടി ഈ സ്ഥാപനങ്ങൾ ആവശ്യമാണെന്നാണു എന്റെ അഭിപ്രായം.

മി. ആർ. രാമൻപിള്ള (കോട്ടയം): പ്രയോഗത്തിൽ എങ്ങിനെയാണു്? ഒരു സമുദായംവക സ്കൂൾ ഉള്ള സ്ഥലത്തു വേറൊരു സമുദായം സ്കൂളിനപേക്ഷിച്ചാൽ അനുവാദം കൊടുക്കുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): മിസ്റ്റർ രാമൻപിള്ള തന്നെ അതൊന്നു പരീക്ഷിച്ചുനോക്കണം. ഈ സംഗതിക്കു അനുയോജ്യമായ ഒരു ചൊല്ലു് ഫാറസിനുമേലുയിലുണ്ടു്.

മി. ആർ. രാമൻപിള്ള (കോട്ടയം): പരിശ്രമിച്ചിട്ടു കിട്ടാതെയിരുന്നതുകൊണ്ടാണു ഞാൻ ചോദിക്കുന്നതു്.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): മിസ്റ്റർ രാമൻപിള്ള പലപ്പോഴും പറയാൻ സാധിക്കുന്നതുപോലെ ഖണ്ഡിതമായ ഉദാഹരണങ്ങൾ പറയാമെങ്കിൽ ഞാൻ അതിനെപ്പററി ശ്രദ്ധിക്കാം. വിദ്യാഭ്യാസത്തിന്റെ യോഗ്യത അനുസരിച്ചാണു് സ്കൂളുകളെപ്പററി തീരുമാനിക്കുന്നതു്. സാമുദായികബന്ധമില്ലാത്ത യാതൊരു പ്രൈവററുസ്കൂളുകളും ഉണ്ടാകാൻ സാധിക്കയില്ലെന്നാണു എനിക്കു തോന്നുന്നതു്. നിശ്ചയമായും അവ എല്ലാവൎഗ്ഗക്കാൎക്കും ഒരുപോലെ പ്രവേശനം നൽകണമെന്നുള്ള വ്യക്തമായ ധാരണയോടുകൂടിയാണു നടത്തപ്പെടുന്നതു്. എല്ലാ വൎഗ്ഗക്കാൎക്കും ഒരുപോലെ പ്രവേശനം നൽകാത്ത യാതൊരു സ്കൂളിനും സഹായധനം നൽകുകയോ അംഗീകരണം കൊടുക്കുകയോ ചെയ്യുന്നില്ല. ഈ പള്ളിക്കൂടങ്ങളിൽ മതോപദേശം നടത്തുന്നതിൽനിന്നും സാമുദായികബന്ധം ഉണ്ടായിരിക്കുന്നതിൽനിന്നും പള്ളിക്കൂടം മാനേജരന്മാരെ തടയുന്നതിനു ഞങ്ങൾക്കു സാധിക്കുകയില്ല. വിദ്യാഭ്യാസവകുപ്പിൽനിന്നും ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന നയം അനുസരിച്ചു ഈ സംഗതികൾ ഇടവിടാതെ പരിശോധിക്കുകതന്നെ ചെയ്യും.

മി. ആർ. രാമൻപിള്ള (കോട്ടയം): വൎഗ്ഗീയപരമായ സ്കൂളുകളിൽ മതപഠനംകൂടി നടത്തുന്നുണ്ടെന്നുള്ള വിവരം അറിവുകിട്ടീട്ടുണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): നിശ്ചയമായും യഥാൎത്ഥത്തിൽ ഞാൻ പുതുതായി അയച്ചതായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഒരു സർക്കുലരിനെപ്പററി കഴിഞ്ഞദിവസം മിസ്റ്റർ മുരിക്കൻ പ്രസ്താവിച്ചു. നേരെമറിച്ചു ആ സർക്കുലർ എന്റെ മുൻഗാമികളിൽ ഒരാളാൽ അയയ്ക്കപ്പെട്ടിട്ടുള്ളതാണു്. അതു 1944-ലെ ഇംഗ്ലണ്ടിലെ വിദ്യാഭ്യാസചട്ടത്തെയും നമ്മുടെ വിദ്യാഭ്യാസകോഡിനേയും അടിസ്ഥാനപ്പെടുത്തിയാണു്. മതപഠനം ശ്രദ്ധിക്കുന്നതിനാഗ്രഹമില്ലാത്ത വിദ്യാൎത്ഥികൾക്കു വീട്ടിൽപോകുകയോ ഭക്ഷണംകഴിക്കുന്നതിനു പോകുകയോ ചെയ്യുന്നതിനു സൌകര്യപ്പെടുത്തുകയോ വേണം. മതപരമായ വിദ്യാഭ്യാസം നൽകുന്ന പരിശീലനങ്ങൾ ആദ്യത്തിലോ അവസാനത്തിലോ എപ്പോഴാണു് നടത്തേണ്ടതെന്നു ഞങ്ങളോടു ചോദിച്ചിട്ടുണ്ടു.

മി. മാത്യുമുരിക്കൻ (വൈക്കം): കഴിഞ്ഞവൎഷത്തിൽ ഈ നയം നടപ്പിൽ ഉണ്ടായിരുന്നോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇതു മുമ്പുമുതൽക്കേ നടപ്പിലിരിക്കുന്നതാണു്. ഡിപ്പാർട്ടുമെൻറിലുള്ള കീഴുദ്യോഗസ്ഥന്മാരുടെ സമ്മതത്തോടുകൂടിയോ അല്ലെങ്കിൽ അവരുടെ ഉദാസീനതനിമിത്തമോ അല്ലെങ്കിൽ സ്കൂളിലെ മാനേജരന്മാർ ചട്ടങ്ങളെ അതിക്രമിച്ചു പ്രവൎത്തിക്കുന്നതുകൊണ്ടോ ആണു് ഈ നിയമത്തെ ലംഘിച്ചിട്ടുള്ളതു്. അതു മിക്കപ്പോഴും രഹസ്യമായിട്ടാണു ചെയ്യുവാറുള്ളതു്. ഡിപ്പാർട്ടുമെൻറു സ്ഥാപിച്ചിരിക്കുന്നതു രഹസ്യമായ നടപടികളെ നിൎത്തൽചെയ്യുന്നതിനാണു്. ചട്ടം ഉണ്ടു്. ചട്ടം അവിടെ ഉണ്ടെന്നതുതന്നെയല്ല ചട്ടത്തെ ഊൎജ്ജിതത്തിൽ കൊണ്ടുവരേണ്ടതു ഡിപ്പാർട്ടുമെൻറിന്റെ ചുമതലയുമാണു്. എന്റെ ആദ്യത്തെ യത്നം ആ ചട്ടത്തെ ഊൎജ്ജിതത്തിൽ കൊണ്ടുവരികയാണു്. ഫിബ്രവരി മുതൽ ഈ ചട്ടം നടപ്പിലിരിക്കുന്നു.

അദ്ധ്യക്ഷൻ: നിശ്ചിതമായുള്ള സമയം കഴിഞ്ഞുപോയി.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഉവ്വ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർ ഈ ഉപക്ഷേപത്തെ എതിർക്കുകയാണോ അനുകൂലിക്കുകയാണോ എന്നു മനസ്സിലാകുന്നില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇതാണു് എന്റെ ആദ്യത്തെ പ്രസംഗം.

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാൻ ഈ സമയംവരെ പ്രതിപാദിച്ചിട്ടുള്ള ചില സംഗതികളെല്ലാം ഡയറക്ടർ അവർകൾ സമ്മതിക്കയും അതിന്നനുസരണമായുള്ള നടപടി പറയുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ മറുപടി മിക്കവാറും തൃപ്തികരമായിരിക്കുന്നതുകൊണ്ടു ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപക്ഷേപം പിൻവലിക്കുന്നതിനു ഞാൻ വിസമ്മതിക്കുന്നു. (ചിരി)

അദ്ധ്യക്ഷൻ: ഉപക്ഷേപം പിൻവലിക്കുന്നതിനു വിസമ്മതിച്ചതുകൊണ്ടു ഉപക്ഷേപം പിൻവലിക്കുന്നതിനു അനുവദിക്കണമോ എന്നു ഞാൻ സഭയോടു ചോദിക്കുന്നു.

ആ അഭിപ്രായപ്രകടനത്തെ, സഭ ആ ഉപക്ഷേപത്തെ പിൻവലിക്കാൻ സമ്മതിക്കാൻ പാടില്ല എന്നുള്ളതിനെ വോട്ടിനിടുകയും അംഗീകരിക്കുകയും ചെയ്തു.

അദ്ധ്യക്ഷൻ: അതുകൊണ്ടു മെമ്പർ ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ വിസമ്മതിച്ചു. അതു കൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ വോട്ടിനിടാം.

സഭമുമ്പാകെ ഉണ്ടായിരുന്ന ഉപക്ഷേപം സഞ്ചാരപ്പടിക്കുള്ള ൩൦൦൦ രൂപായിൽ നിന്നും ൫ രൂപാ കുറയ്ക്കണമെന്നാണ്.

ഉപക്ഷേപം വോട്ടിനിടുകയും തള്ളപ്പെടുകയും ചെയ്തു.

മി. മാത്യു മുരിക്കൻ (നോമിനേറ്റഡ്): സർ, ഞാൻ ഒരു പോളിനു ആവശ്യപ്പെടുന്നു

അദ്ധ്യക്ഷൻ: യാതൊരുത്തരും ഉപക്ഷേപത്തെ അനുകൂലിക്കുന്നില്ല.

ഉപക്ഷേപം നം ൫ മുതൽ നം ൮ വരെ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി. കെ. മാധവൻ:

നം ൫. ട്രാവലിംഗ് അലവൻസിനുള്ള ൩൦൦൦ രൂപായിൽ നിന്നും ൫ രൂപാ കുറയ്ക്കണമെന്ന്.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

നം ൬. ട്രാവലിംഗ് അലവൻസിനുള്ള ൩൦൦൦ രൂപായിൽ നിന്നും ൫൦൦ രൂപാ കുറയ്ക്കണമെന്ന്.

മി. എ. സി. കുര്യാക്കോസ്:

നം ൭. ട്രാവലിംഗ് അലവൻസിനുള്ള ൩൦൦൦ രൂപായിൽ നിന്നും ൫൦൦ രൂപാ കുറയ്ക്കണമെന്ന്.

മി. ഡി. സി. ജോസഫ്:

നം ൮. നടത്തിപ്പിനുള്ള ൨൦,൭൩൭ രൂപായിൽനിന്നും ൫൬,൪൪൪ രൂപാ കുറയ്ക്കണമെന്ന്.

ഉപക്ഷേപം നം ൯.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സർ, നടത്തിപ്പിനു (ഡയറക്ഷൻ) അനുവദിച്ചിട്ടുള്ള ൨൦,൭൩൭ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

സർ, ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിൽ എനിക്കുള്ള ഉദ്ദേശം നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ പകരം ജോലി നോക്കിക്കൊണ്ടിരുന്ന അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തുന്നതിനെസംബന്ധിച്ചു ഗവണ്മെന്റു ഗസററിൽ വിദ്യാഭ്യാസഡയറക്ടർ പ്രസിദ്ധംചെയ്തിരുന്ന ഒരു നോട്ടീസിൽ അടങ്ങിയിരുന്ന അനീതിയെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു മാത്രമാണ്. മുമ്പു ഒരു ഉപക്ഷേപത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾക്കിടയിൽ എന്റെ സ്നേഹിതന്മാരായ മെസ്സേഴ്സ് ഇട്ടിയച്ചനും ഉമ്മനും ഈ കാര്യത്തെസംബന്ധിച്ചു പ്രസ്താവിച്ചിട്ടുണ്ട്. മുൻപറഞ്ഞ നോട്ടീസ് ൧൧൦൩ മേടം ൧൫-നു-ലെ ഗവണ്മെന്റു ഗസററിന്റെ ൨൩-ാംവാള്യത്തു പ്രസിദ്ധംചെയ്തിട്ടുണ്ട്. അതു താഴെ പറയുംപ്രകാരം ആകുന്നു:—

"ആൺകുട്ടികൾക്കുള്ള ഡിപ്പാർട്ടുമെന്റുവക നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ഒഴിവുകളിൽ ൧൧൦൦ ചിങ്ങം മുതൽ ൧൧൦൨ മീനം വരെ (രണ്ടുമാസങ്ങളും ഉൾപ്പെടെ) ആൺകുട്ടികൾക്കുള്ള ഡിപ്പാർട്ടുമെന്റുവക നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ പകരം നോക്കിയിട്ടുള്ള ഉപാദ്ധ്യായന്മാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തെപ്പററി ആലോചിക്കുന്നതായിരിക്കും. അങ്ങിനെയുള്ള ആളുകൾ ഈ നോട്ടീസിന്റെ തീയതിമുതൽ ൧ മാസത്തിനകം അവരവരുടെ ഈ ഡിപ്പാർട്ടുമെന്റിലെ സർവീസിനെപ്പററിയുള്ള വിവരങ്ങൾ താഴെ കാണുന്ന ഫാറത്തിൽ ഈ ആഫീസിലേക്കു നേരെ അറിയിച്ചുതരണമെന്നു അപേക്ഷിക്കുന്നു."

സർ, ഈ നോട്ടീസു യാതൊരു നിയമത്തെയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ല എന്നാണ് ഒന്നാമതായി പറയാനുള്ളതു. രണ്ടാമതായിട്ടു ഈ നോട്ടീസും അതിൽ അടങ്ങിയിട്ടുള്ള സംഗതികളും മനസ്സിലാക്കുന്നതിനു വളരെ വിഷമമാണ്. അതിന്റെ കർത്താവിന്റെ അസ്ഥിരമായ മനഃസ്ഥിതിയെ പ്രതിബിംബിച്ചുകാണിക്കത്തക്കവണ്ണം അതു അത്ര അനിശ്ചിതമാണ്. രണ്ടുകൊല്ലത്തോളമുള്ളതു ൧൧൦൦ ചിങ്ങം മുതൽ ൧൧൦൨ വരെ തുടർച്ചയായുള്ള സർവീസാണോ അതോ എപ്പോഴെങ്കിലും പകരം ജോലിനോക്കിയിട്ടുണ്ടെന്നുള്ളതാണോ എന്നു അറിയാൻ പാടില്ല. ഈ നോട്ടീസു അനേകം നിരപരാധികളായ പകരം ജോലിനോക്കുന്ന വാദ്ധ്യാന്മാരുടെ ശിരസ്സിൽ ഇടിവാൾ വീഴുന്നതുപോലെയായിരുന്നുവെന്നാണ് എനിക്കു പറയാനുള്ളതു. അതുമല്ല അതു പലരുടെയും ഉൽക്കണ്ഠാജനകമായ ഉദ്ദേശങ്ങൾക്കു ഏററവും ഒരു ശാപമായിട്ടാണ്. സർ, ചിലരുടെ കാര്യങ്ങളിൽ അതു അങ്ങിനെ സംഭവിച്ചുകാണുമെന്നതന്നെയല്ല യഥാർത്ഥത്തിൽ ൧൦൯൮-ൽ പകരം ജോലിനോക്കിയിരുന്ന വാദ്ധ്യാന്മാർ എന്നു പറയുന്ന ആളുകൾക്കും ൧൦൯൮ മുതൽ ൧൦൯൯ വരെ പകരം ജോലിനോക്കിയിരുന്നവർക്കും, അവരുടെ പേരിൽ യാതൊരു കുററവും ഇല്ലാതിരുന്നിട്ടും ൧൧൦൦ ചിങ്ങത്തിനുശേഷം അവർക്കു ഉദ്യോഗം ലഭിച്ചിട്ടില്ലെന്നുള്ളതു എനിക്കു അറിയാം. മുൻപു പകരം ജോലി നോക്കിയിട്ടുള്ളവരും കുറച്ചുകൂടുതൽകാലത്തെ സർവീസുള്ളവരും ആയ ഈ ആളുകളുടെ അവകാശങ്ങളെ വിഗണിച്ചു അവർക്കുശേഷം നിയമിക്കപ്പെട്ടവരും കുറച്ചുകാലത്തെ സർവീസുള്ളവരും ആയ ആളുകളെ ജോലിയിൽ നിയമിക്ക എന്നുള്ളതു വെറും അനീതിയാണെന്നല്ലാതെ എന്താണു പറയേണ്ടതു. തിരുവിതാംകൂർ ഡയറക്ടരുടെ താല്പര്യാനിത്യം എന്നല്ലാതെ ഈ നോട്ടീസിൽ എന്തുരസമോ അർത്ഥമോ ഉണ്ടെന്നു എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഈ പ്രത്യേകകാലത്തെ പ്രാധാന്യമായിട്ടുള്ള ഗുണമോ യോഗ്യതയോ ഉണ്ടെന്നു എനിക്കു മനസ്സിലാക്കുന്നതിനു വളരെ വിഷമമുണ്ട്. അതുകൊണ്ടു ഡയറക്ടരുടെ അടുക്കൽനിന്നും ശരിയായ ഒരു സമാധാനം കിട്ടുന്നതിനും ഈ നോട്ടീസിന്റെ നടത്തിപ്പിൽ ഉണ്ടായിട്ടുള്ള അനീതിയെ ഗവണ്മെന്റിന്റെ ശ്രദ്ധയെ വിഷയീഭവിപ്പിക്കുന്നതിനും വേണ്ടി ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു. ഇത്രയും പറഞ്ഞുകൊണ്ടു സഭയുടെ അംഗീകരണത്തിനുവേണ്ടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

റാവു ബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): ഒരു പ്രധാനസംഗതിയിലേക്കു ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനാണ് മിസ്റ്റർ കൃഷ്ണപിള്ള ഈ ഉപക്ഷേപം ഹാജരാക്കീട്ടുള്ളതു. കുറച്ചുകാലം മുമ്പു മി. ഇട്ടപ്പു ഇട്ടിച്ചൻ എന്നോടു ചോദിച്ച ഒരു പ്രത്യേക സംഗതിയെ കുറിച്ചുമാത്രം ആണ് ഇപ്പോൾ അദ്ദേഹം പ്രതിപാദിക്കുന്നതു എന്നുള്ളതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഇപ്രകാരമുള്ള സംഗതികളിൽ ഒരു സർക്കുലർ അയക്കുന്നതിനു ഇടയായതു ഡയറക്ടരുടെ താല്പര്യാനിത്യം അല്ല എന്നു വിശദമാക്കുന്നതിനു അവസരം ലഭിക്കുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഇതിലേക്കു ഒരു പ്രത്യേകകാരണം ആരോപിക്കുന്നതിനു മി. കൃഷ്ണപിള്ളയ്ക്കു സാധ്യമല്ല എന്നതന്നെയല്ല ഇതു തീരെ യുക്തിക്കു അടുത്തതല്ലാത്തതുമല്ല. സർ, അതു ഇവിടെ താഴെ പറയുംപ്രകാരം ആകുന്നു:—

ഡിപ്പാർട്ടുമെൻറുവക പള്ളിക്കൂടങ്ങളിൽ അനേകം വാദ്ധ്യാന്മാർ പലപ്പോഴും പകരം ജോലിനോക്കുകയും പിരിഞ്ഞുപോകുകയും ചെയ്തുകൊണ്ടിരിക്കയായിരുന്നു. മലയാളം പള്ളിക്കൂടത്തിലെ വാദ്ധ്യാന്മാർ ജോലിയിൽ പ്രവേശിച്ചു പെൻഷൻപററി പിരിഞ്ഞുപോകുന്നതുവരെയും അതു ഉറപ്പുള്ള ഒരു സങ്കേതമായി ഒരുത്തൻ കരുതുന്നില്ല. ഒരാൾ സാധാരണ വിചാരിക്കുന്നതു, ആധാരമെഴുത്തുകാ ഏജൻറായിരിക്കുക, തിരഞ്ഞെടുപ്പു നടത്തുക മുതലായ ജോലികൾക്കായി ആദായകരമായുള്ള ജോലിയിൽ പ്രവേശിച്ചു വേല ചെയ്യാൻ അയാൾക്കു സാധിക്കുമെന്നാണ്.

അവർക്കു അവരുടെ പഴയ സ്ഥാനങ്ങളിലേക്കു പോകുന്നതിനു വഴിയ ഉൽക്കണ്ഠയില്ലാത്തതുകൊണ്ടാണ് ഇപ്പോഴത്തെ നില. ഗവൺമെൻറിന്റെ ഫലമായി മലയാളം പള്ളിക്കൂടങ്ങളിൽ പ്രവേശിക്കുകയും പലപ്പോഴും അവരുടെമേൽവിലാസമോ മററു വിവരങ്ങളോ പരിതസ്ഥിതികളോ യാതൊന്നും അറിയിക്കാതെ മറഞ്ഞുപോകുന്ന ഒരു കൂട്ടം ആളുകളുണ്ട്. നേരമെറിച്ചു അവർ ഈ ഡിപ്പാർട്ടുമെൻറിലും മലയാളം പള്ളിക്കൂടങ്ങളിലും ഉദ്യോഗം ലഭിക്കുന്നതിനു നിരന്തരം പരിശ്രമംചെയ്തുകൊണ്ടിരുന്നവരായിരുന്നു. കുറെക്കാലംമുമ്പു വിദ്യാഭ്യാസ വകുപ്പിൽ ഒരു ഉപദ്രവം ഉണ്ടായി. അതു ഇപ്രകാരം ആയിരുന്നു. മദ്ധ്യവേനൽ ഒഴിവുകാലത്തു ഡിപ്പാർട്ടുമെൻറിലെ മുൻപതിവനുസരിച്ചു പകരംജോലിനോക്കിക്കൊണ്ടിരുന്ന അനേകം ആളുകളെ ജോലിയിൽനിന്നും പിരിച്ചുവിട്ടു. അവധികഴിഞ്ഞു പള്ളിക്കൂടംതുറക്കുമ്പോൾ അവരെ വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കുകയായിരുന്നു സാധാരണ പതിവു. ആ ആണ്ടിൽ പള്ളിക്കൂടം തുറന്നപ്പോൾ കുറെ പുതിയ ആളുകളെ ജോലിയിൽ നിയമിച്ചു. അപ്പോൾ ഒരു കുഴപ്പം അല്ലെങ്കിൽ അന്നു പറയപ്പെട്ടതുപോലെ ഒരു ബഹളം ഉണ്ടായി.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതെന്തായിരുന്നു?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഏതുകൊല്ലം മുതലെന്നോ ഏതു കൊല്ലം മുൻപു സൂക്ഷ്മമായ തീയതി പറയാൻ എനിക്കു നിവൃത്തിയില്ല. എന്നെ നിയമിക്കുന്നതിനു വളരെ മുമ്പാണെന്നാണു എനിക്കു തോന്നുന്നതു. അതു ഡയറക്ടരുടെ താന്തോന്നിത്വം ഉത്തരവാദിയായിട്ടുള്ള സംഗതികളിൽ ഒന്നല്ല. ഏതുവിധമായാലും ആ സംഗതിയെപ്പററി ഡിപ്പാർട്ടുമെൻറിൽനിന്നും ഗൗനിക്കുകയും അതിനെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തുകയും യാതൊരു എഴുത്തുകുത്തുകൾ നടക്കുകയും ചെയ്തിട്ടുണ്ട്. അതിനെസംബന്ധിച്ചു ഡിപ്പാർട്ടുമെൻറിന്റെ ഭാഗത്തിൽ യാതൊരു ക്രമക്കേടുകളും പ്രവർത്തിച്ചിട്ടില്ലെന്നാണു എനിക്കു തോന്നുന്നതു. ഒരു തീവ്രമായ അന്വേഷണം നടത്തുകയും അക്കൗണ്ടാഫീസരോടും മററു വിദഗ്ദ്ധന്മാരോടും ആലോചിക്കുകയും ചെയ്തതിന്റെശേഷം അതിൽ ഒരു തീരുമാനമുണ്ടായി. ആ വിഷയം ഏതാണ്ടു പ്രയാസമായിരുന്നു എന്നാണു എനിക്കു തോന്നുന്നതു. ഗവൺമെൻറിൽനിന്നും ആദ്യ തീയതി എന്നു ക്ലിപ്തപ്പെടുത്തിയ ൧൧൦൧-നു മുമ്പു ഏതെങ്കിലും അവസരത്തിൽ പകരം ജോലി നോക്കിയിട്ടുള്ള കുറെ ആളുകളുണ്ട്. ഒരുത്തൻ ൧൦൯൮-ൽ പകരം ജോലിനോക്കുകയും പിന്നീടു പിരിഞ്ഞുപോകുകയും പിന്നീടു വീണ്ടും ജോലിക്കു ഡിപ്പാർട്ടുമെൻറിൽ അപേക്ഷകൊടുക്കുകയും ചെയ്തിട്ടുണ്ടായിരിക്കാം. ൧൧൦൧-നു ശേഷം പകരം ജോലി നോക്കിയിട്ടുള്ളവരും ഏതെങ്കിലും കാരണവശാൽ ജോലിയിൽനിന്നു പിരിച്ചുവിട്ടിട്ടുള്ള വേറെ ആളുകളും ഉണ്ടായിരിക്കാം. ൧൧൦൧-നു മുമ്പു പകരംജോലിനോക്കിയിട്ടുള്ളവരും ഇപ്പോഴും പകരം ജോലിനോക്കുന്നവരും ആയ ആളുകളും ഉണ്ടായിരിക്കാം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇതു എന്നാണുണ്ടായതു?

റാവുബഹദൂർ, കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ൧൧൦൧-നുശേഷം ആണ്. ഇതുകൂടാതെ ഡിപ്പാർട്ടുമെൻറിലേക്കു പുതിയ ആളുകളെ റിക്രൂട്ടുചെയ്യുകയും അവർക്കു ഉദ്യോഗം നൽകുകയും ചെയ്തിട്ടുണ്ട്. ഗവൺമെൻറിന്റെ ആലോചനയ്ക്കു വിഷയീഭവിച്ച സംഗതി ഈ മൂന്നുതരം ആളുകളുടെ അവകാശങ്ങളിൽ ന്യായമായിട്ടുള്ളതു ആരുടേതാണെന്നായിരുന്നു. ആ കാര്യത്തെപ്പററി കുറെ എഴുത്തുകുത്തുകൾ നടന്നശേഷം പുതിയ ആളുകൾക്കു കുറെ സർവീസാകുകയും സർവീസിൽ പ്രവേശിക്കുന്നതിനു കുറെ അവകാശം ലഭിക്കുകയുംചെയ്തിട്ടുള്ള ആളുകളെ പിരിച്ചുവിടുന്നതു അന്യായമാണെന്നു വരികയും ചെയ്തു. അപ്പോൾ ഡിപ്പാർട്ടുമെൻറിൽ ജോലിക്കായി കുറെ ആളുകൾ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ഇവയെല്ലാമായിരുന്നു പ്രശ്നങ്ങൾ. അവ ആലോചനയ്ക്കു വിഷയീഭവിക്കുകയുംചെയ്തു. കഴിഞ്ഞ അക്കൗണ്ടാഫീസരുടെ അതായതു ഇപ്പോൾ വേറെ ജോലിയിൽ ഇരിക്കുന്ന അക്കൗണ്ടാഫീസരുടെ അഭിപ്രായം ഇതിനു എവിടെ എങ്കിലും ഒരു തീർച്ച നിശ്ചയിക്കണമെന്നായിരുന്നു എന്നാണു എനിക്കു തോന്നുന്നതു. പകരം ഒഴിവുകളിൽ ആളുകളെ നിയമിക്കുന്നതിനെപ്പററിയല്ലായിരുന്നു പ്രശ്നം. എന്നാൽ ഡിപ്പാർട്ടുമെൻറിൽ ചില അവകാശങ്ങളെ സമ്പാദിച്ചു കഴിഞ്ഞിട്ടുള്ള ആളുകളുടെ അവകാശങ്ങളെ വിഗണിച്ചു അങ്ങുമിങ്ങും ചില ആളുകളെ സ്ഥിരപ്പെടുത്തുന്നതിനെപ്പററിയായിരുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മെമ്പർ പ്രസ്താവിച്ച മൂന്നുതരം ആളുകൾ ആരെല്ലാമാണെന്നു എനിക്കു നല്ലപോലെ മനസ്സിലാകുന്നില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ പറഞ്ഞതെല്ലാം വീണ്ടും പറയുകയാണെങ്കിൽ അതിനു കുറെ സമയംകൂടി എടുക്കും.

അദ്ധ്യക്ഷൻ: സഭ ഇപ്പോൾ ലഘുഭക്ഷണത്തിനായി പിരിഞ്ഞിട്ടു വീണ്ടും ഉച്ചക്കു ൨. അര മണിക്കു കൂടാം.

ധനപരിശോധനബോർഡിലെ അംഗങ്ങളെ തിരഞ്ഞെടുക്കൽ.

അദ്ധ്യക്ഷൻ: ഈ മലയാളം ആണ്ടിന്റെ അവസാനത്തോടുകൂടി ഇപ്പോഴുള്ള ധനപരിശോധനബോർഡിന്റെ കാലാവധി തീരുന്നു. നാളെ അതായതു ആഗസ്റ്റ് ൧൪-നു നാളത്തെ ജോലി തീർന്നതിനുശേഷം അനൗദ്യോഗസ്ഥാംഗങ്ങൾ ഉപാദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽകൂടിയവരായി ബോർഡിലേക്കു നാലംഗങ്ങളെ തിരഞ്ഞെടുക്കുമെന്നു വിശ്വസിക്കുന്നു. തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങൾ സഭയിലെ അനൗദ്യോഗസ്ഥാംഗങ്ങളോ സഭാംഗങ്ങളല്ലാത്തവരോ ആയിരിക്കാം.

പണം അനുവദിക്കുന്നതിനുള്ള അപേക്ഷകൾ (തുടർച്ച.)

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, വിശ്രമാവസരത്തിൽ എനിക്കു മി. കൃഷ്ണപിള്ളയോടു സംസാരിക്കുന്നതിനും മി. കൃഷ്ണപിള്ളക്കു വേറെ ചില ആശങ്കകൾക്കും

ഉള്ള വിഷമം എന്താണെന്നു മനസ്സിലാക്കുന്നതിനും സൗകര്യംലഭിച്ചു. ൧൧൦൧-നു മുമ്പു പകരംജോലി നോക്കിയിട്ടുള്ള ആളുകൾ വെറുതെ പോകാൻ അനുവദിക്കുന്നതു ന്യായമാണോ എന്നാണു ഇവിടെ വാദവിഷയമായിരിക്കുന്നതു.

മി. എം. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ൧൧൦൦-നുമുമ്പു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): വാദമുഖം ഇതുമാത്രമാണ്. മി. കൃഷ്ണപിള്ള പ്രസ്താവിച്ച സർക്കുലർ ൧൧൦൧-ന്റെ മദ്ധ്യകാലത്തെതാണ്. ചില പ്രത്യേക ഒഴിവുകളിൽ ആളുകളെ നിയമിച്ചിട്ടുള്ളതിനെപ്പററിയാണ്. ആ സന്ദർഭത്തിൽ ചില ആളുകളുടെ കാര്യംഗണിച്ചിരിക്കുന്നതായി വിചാരിക്കാമോ എന്നാണു ഇപ്പോഴത്തെ പ്രശ്നം. ഒരു കാലാവധി നിശ്ചയിക്കേണ്ടതായിട്ടുണ്ടെന്നും ഏതൊ ഒരുദ്യോഗസ്ഥന്റെ ചില നിയമനങ്ങൾ അടിസ്ഥാനമാക്കിയാണു അങ്ങിനെ ക്ലിപ്തപ്പെടുത്തിയിട്ടുള്ളതെന്നും ഞാൻ പറയാം. എന്റെ മുൻഗാമിയുടെ കാലത്തു ഈ ആളുകളെ പിരിച്ചു വിട്ട തീയതിക്കു ഇരുപതുമാസങ്ങൾ മുമ്പുള്ള ഒരു കാലംവരെ ഞങ്ങൾ പരിശോധിച്ചുനോക്കി. അങ്ങിനെ ഇതിൽ യുക്തിക്കനുസരിച്ചു ഏതാണ്ടു ചില ന്യായങ്ങൾ ഉണ്ട്. കുറെ ആളുകളുടെ കാര്യം അവരുടെ ഉദാസീനതകൊണ്ടോ അജാഗ്രതകൊണ്ടോ വിഘ്നിച്ചുപോയിട്ടുണ്ടെന്നു സമ്മതിക്കുന്നതിനു ഞാൻ സന്നദ്ധനാണ്. ഡിപ്പാർട്ടുമെന്റിലെ സംഗതിക്കും ഇന്നു ആലോചനക്കു വിഷയമാക്കേണ്ട വാദമുഖം ചില ആളുകൾ അവർക്കു ഡിപ്പാർട്ടുമെന്റിലുള്ള അവകാശങ്ങളെ ഒഴിവുകൾ വന്നപ്പോൾ പരിഗണിക്കുമായിരുന്ന ൨൦ മാസക്കാലത്തിനിടയിൽ അവരുടെ അവകാശങ്ങളെപ്പററി നിർബന്ധിച്ചിട്ടില്ലെന്നോ അല്ലെങ്കിൽ രേഖയില്ലാത്ത എന്തെങ്കിലും ന്യായമായ കാരണത്താൽ വിട്ടുപോയിട്ടുണ്ടെന്നോ ഉള്ള സംഗതിയാണ്. ൨൦ മാസക്കാലത്തേക്കു അവർ യാതൊരു പരാതിയും കൊണ്ടുവന്നിട്ടില്ല.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു അവരുടെ അവകാശങ്ങളെപ്പററി അശ്രദ്ധതയല്ല എന്നാൽ അവരുടെ സംഗതികൾ ഡിപ്പാർട്ടുമെന്റിൽനിന്നും ആലോചിച്ചിട്ടില്ല എന്നുള്ളതാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): അതങ്ങിനെ സംഭവിച്ചേക്കാം എന്നാൽ അതിനു രേഖയില്ല. ഡിപ്പാർട്ടുമെന്റു പിന്നീടു നിയമിച്ചിട്ടുള്ള ആളുകളെക്കാൾ മുൻപേ നിയമിക്കേണ്ടതു പഴയ അവകാശങ്ങളോടുകൂടിയ ആളുകളെയാണെന്നു സമ്മതിക്കുന്നതിനു ഞാൻ സന്നദ്ധനാണ്. എന്നാൽ പരിശുദ്ധവും വിഷമമില്ലാത്തതുമായ നിലയിതാണ്. ഞങ്ങൾ ഈ അവകാശങ്ങൾ പറയുന്ന ചില ആളുകളുടെ സങ്കടങ്ങളെപ്പററി ചിന്തിക്കുകയും അവരെ അന്യായമായി പിരിച്ചുവിട്ടതാണെന്നു പറയുകയും ചെയ്യുന്നുണ്ട്. ഇവരെപ്പററി ചിന്തിക്കുന്നതിൽ ഞങ്ങൾ എന്റെ മുൻഗാമി ഉദ്യോഗത്തിലിരുന്നകാലവും ന്യായമായ ദൈർഘ്യത്തോടുകൂടിയതും ആയ ഇരുപതുമാസക്കാലംകൂടി കണക്കാക്കിയിട്ടുണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): പകരം ജോലി നോക്കിയിരുന്നവരും പിരിച്ചുവിട്ടവരും ആയിട്ടുള്ള ആളുകളുടെ അവകാശങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനു അവരെ അറിയിക്കുന്നതായ ഒരു സർക്കുലർ ഗവണ്മെന്റു ഗസററിൽ പ്രസിദ്ധംചെയ്തിട്ടുണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എനിക്കു യാതൊരറിവുമില്ല. ഞാൻ ആ സംഗതിയെക്കുറിച്ചു നോക്കിയിട്ടില്ല. മിക്കവാറും ഒരു സർക്കുലറും പ്രസിദ്ധപ്പെടുത്തിയിട്ടില്ലായിരിക്കാം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എന്നാൽ ഈ ആളുകളുടെ കാര്യത്തിൽ അവരുടെ അവകാശങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനു ഒരു വാദതടസ്സം ഉണ്ടാകുന്നതെങ്ങിനെയാണ്?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ വാദതടസ്സത്തെക്കുറിച്ചല്ല സംസാരിക്കുന്നതു. എല്ലാ പ്രായോഗികസംഗതികൾക്കും ഒരു ക്ലിപ്തകാലാവധി നിശ്ചയിക്കേണ്ടതു ആവശ്യമാണെന്നുമാത്രം ഞാൻ പറയുകയായിരുന്നു. ൧൦൯൭-ൽ ജോലിയിൽ നിയമിച്ചിരുന്നവരും ൧൧൦൧ വരെ അവരുടെ അവകാശങ്ങളെപ്പററി യാതൊന്നും പറയാതെ ഇരുന്നവരും ആയിട്ടുള്ള ആളുകളെ എല്ലാം എടുക്കുന്നതിനു ഞങ്ങൾക്കു സാധിക്കയില്ലെന്നു സഭാംഗങ്ങൾ സമ്മതിക്കും. ൨൦ മാസക്കാലം യുക്തിക്കനുസരിച്ചു ഒരു ദീർഘകാലമാണ്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൦൯൯ വരെ പകരം ജോലിനോക്കിയിട്ടുള്ള ആളുകൾക്കു ൧൧൦൧-ൽ ജോലികൊടുത്തില്ലെങ്കിൽ അവരുടെകാര്യം മെമ്പർ അനുകൂലമായി വിചിന്തനംചെയ്യുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ശരി, ൧൧൦൧-ൽ വിട്ടുപോയവരും അവരുടെ അവകാശങ്ങൾ അവർ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഞങ്ങൾ ക്ലിപ്തപ്പെടുത്തിയിട്ടുള്ള തീയതിക്കു ൨൦ മാസംമുൻപുള്ള കാലത്തിനിടയിൽ ഒരുദിവസമെങ്കിലും ജോലിനോക്കിയിട്ടുള്ളവരും ആയ ആളുകൾ ഉണ്ടെങ്കിൽ അവരുടെ കാര്യത്തെപ്പററിയാണു ഞങ്ങൾ ഇപ്പോൾ ആലോചിക്കുന്നതു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ പ്രത്യേകതീയതിക്കു മുൻപു ചില കുഴപ്പങ്ങൾ ഉണ്ടായിരുന്നുവെന്നും എല്ലാം ശരിയായിട്ടല്ല നടന്നുകൊണ്ടിരുന്നതു എന്നും ആണോ അതുകൊണ്ടു ഡയറക്ടർ വിചാരിക്കുന്നതു?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അങ്ങിനെയാണു ന്യായമായ ഊഹം. വ്യക്തമായും സ്വഛതയോടും പറയുന്ന മെമ്പറിന്റെ സ്വഭാവമനുസരിച്ചു അതിനെക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്. അതാണു ഇപ്പോഴത്തെഅവസ്ഥ. ൧൦൯൯-ൽ പകരം ജോലിനോക്കിയിരുന്നവരും, പിന്നീടു ഡിപ്പാർട്ടുമെന്റു വിട്ടുപോയവരും ഞങ്ങൾ ഇപ്പോൾ ഗണിക്കാത്തുള്ളവരും ആയിട്ടുള്ള ആളുകളോടു എനിക്കു അനുകമ്പയുണ്ടെന്നു ഞാൻ പറയാം. ഇപ്രകാരം സോഫാനുസരണം കാലാവധികൾ ക്ലിപ്തപ്പെടുത്തുന്നതുകൊണ്ടു ചില സംഗതികളിൽ അർഹിക്കാത്തതായ കഷ്ടതകൾ അനുഭവിക്കുന്നതിനു എല്ലായ്പോഴും ഇടയാകുന്നു. ഇപ്രകാരമുള്ള സംഗതികളിൽ ഞാൻ നിശ്ചയിച്ചിരിക്കുന്നതു ഈ ആളുകളുടെ അവകാശങ്ങളെപ്പററി തീർച്ചചെയ്തതിനുശേഷം മററുള്ളവരുടെ അവകാശങ്ങളെ കണ്ടുപിടിക്കുന്നതിനാണ്. ഈ ക്ലിപ്തപ്പെടുത്തിയി

ട്ടുള്ള റിയതിക്കുമുമ്പ് പകരം ജോലിയാക്കിയിട്ടുള്ളവർ എനിക്കും എന്റെ സിൽബന്ധികൾക്കും അപേക്ഷകളും അയക്കുന്നുണ്ടെന്നും ഇപ്പോഴുള്ളവരെ നിയമിച്ചുകഴിഞ്ഞതിനുശേഷം ഈ അപേക്ഷകരെ മുട്ടിയ്ക്കുള്ള അവരുടെ അവകാശങ്ങളെപ്പററി നിശ്ചയമായും ഗൌരവമായി ആലോചിക്കേണ്ടതാണെന്നും [illegible] ഞാൻ പറയാം. ഒരു തരത്തിലും അനീതി പ്രവർത്തിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. [illegible] ട്ടുവിട്ടിട്ടുള്ളവരായ ആളുകളുടെ അപേക്ഷകളെപ്പററി തീർച്ചചെയ്യുന്നതിനുമുമ്പ് [illegible] മിയ ആളുകളുടെ കാര്യത്തെപ്പററി യാതൊന്നും [illegible] ആണ്. [illegible] രവരെ [illegible] യിൽ ഉദ്ദേശിച്ചിട്ടുള്ളവരായ ആളുകൾ, അവരെക്കൂടാതെ [illegible] പക്ഷം [illegible] ആളുകളെ [illegible] ത്തിൽ [illegible] ഒഴിവുകളിൽ നിയമിക്കുന്നതുവരെ [illegible] ത്തിൽ അവർ രണ്ടു പീരിയഡ് ഇൻസ്പെക്ടറന്മാരുടെ കാലം മുഴുവൻ [illegible] അതു ന്യായത്തിനും ധർമ്മത്തിനും [illegible] യിരിക്കാം. എന്നാൽ പ്രായോഗികമായിട്ടുള്ളതും പ്രയോഗിക്കുന്നതും അതുമാത്രമാണ്. [illegible] ഉപേക്ഷിക്കണമെന്നു യാതൊരു ഉദ്ദേശവുമില്ല. എന്നാൽ പ്രായോഗികമായിട്ടുള്ളതിനെ ചെയ്യുവാനാണ്. [illegible] മാക്കിയതുകൊണ്ടു മെമ്പർ അദ്ദേഹത്തിന്റെ ഉപക്ഷേപത്തിനുവേണ്ടി ഇനിയും നിർബന്ധിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മെമ്പരുടെ പ്രസ്താവനയും വാഗ്ദാനവും അടിസ്ഥാനപ്പെടുത്തി ഉപക്ഷേപം പിൻവലിക്കുന്നതിനു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

അദ്ധ്യക്ഷൻ: മെമ്പർ ഉപക്ഷേപം പിൻവലിക്കുന്നതിനു സഭയുടെ സമ്മതമുണ്ടോ?

അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം നം. ൯.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി. ആർ. കേശവപിള്ള.

പരിപാലനത്തിനുള്ള ൨൦ ൭ ന്നുര രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണമെന്ന്.

ഉപക്ഷേപം നം. ൭.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, പരിപാലനത്തിനുള്ള ൨൦ ൭ ന്നുര രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഞാൻ ഈ വിഷയത്തെക്കുറിച്ച് പലപ്രാവശ്യം സംസാരിക്കണമെന്ന് വിചാരിക്കുന്നില്ലാത്തതുകൊണ്ട് സൂചകത്തിൽകണ്ടതിൽ കൂടുതലായി വിസ്തരിച്ചു ഇപ്പോൾ സംസാരിക്കണമെന്നു വിചാരിക്കുന്നു. സർ, ഈ ഉപക്ഷേപം അവതരിപ്പിച്ചതിൽ എനിക്കുള്ള ഉദ്ദേശം രാജ്യത്തുള്ള വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിനുവേണ്ടി നിരന്തരം പരിശ്രമിക്കുന്ന ഒരു പ്രത്യേകവർഗ്ഗം ഉപാദ്ധ്യായന്മാരുടെകാര്യം ഡിപ്പാർട്ടുമെന്റിന്റെയും ഗവർമെന്റിന്റെയും ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ്. ഞാൻ ഉദ്ദേശിക്കുന്നതു രാജ്യത്തുള്ള സഹായധനം വാങ്ങുന്ന വിദ്യാലയങ്ങളിൽ, പ്രത്യേകിച്ചു മലയാളം പ്രൈമറി സ്കൂളുകളിൽ നിയമിതരായിരിക്കുന്ന ഉപാദ്ധ്യായന്മാരുടെകാര്യം ആണ്. സർ, ഈ അദ്ധ്യാപകന്മാർക്ക് ട്രെയിനിംഗ് ജയിച്ചിട്ടുള്ള അദ്ധ്യാപകന്മാരെന്നും ഹെഡ്മാസ്റ്റരന്മാരെന്നും ഒരു പുതുക്കിയചട്ടം അനുസരിച്ചു വ്യത്യസ്ത രൂപായാണ് സഹായധനമായി നൽകിവരുന്നതു. ഈ ഉപാദ്ധ്യായന്മാരുടെ നിലയെ നന്നാക്കുന്നതിനു മാനേജരന്മാർ എന്തെങ്കിലും നൽകുന്നുണ്ടോ എന്നു ഡിപ്പാർട്ടുമെന്റ് വിചാരിക്കുന്നുണ്ടോ എന്നു ഞാൻ അറിയാനാഗ്രഹിക്കുന്നു. അപ്രകാരം വിചാരിക്കുന്നുണ്ടെങ്കിൽ മാനേജരന്മാർ എന്റെ അറിവിൽ എത്തിയിടത്തോളം ഈ സഹായധനത്തോടുകൂടി മററു യാതൊന്നും നൽകുന്നില്ലെന്നു മാത്രമല്ല ചിലപ്പോൾ നമുക്കു ഏററവും ആക്ഷേപകരമായ വിധത്തിൽ അവർ അതിൽനിന്നും ഒരു ഭാഗവും എടുക്കുന്നുണ്ടെന്നു ഞാൻ ധൈര്യത്തോടു ഉറപ്പായി പറയാം. സർ, മാനേജരന്മാർ അനീതിയായി പ്രവർത്തിക്കുന്നു എന്നു ഞാൻ പറയുന്നതു യോഗ്യമായിട്ടുള്ളതല്ലെന്നു എന്റെ സ്നേഹിതന്മാരിൽ ചിലർ എന്നോടുപറഞ്ഞു. ചില ആളുകൾ, അവർ ഉദ്യോഗസ്ഥന്മാരായിരുന്നാലും അനുദ്യോഗസ്ഥന്മാരായിരുന്നാലും, തെററായിപ്രവർത്തിക്കുന്നതിനെ ധൈര്യപൂർവ്വം ഗവർമെന്റിനെയും ചൂണ്ടിക്കാണിക്കേണ്ടതു എന്റെ ധർമ്മമാകുന്നു. ഉദ്യോഗസ്ഥന്മാർ അനീതിപ്രവർത്തിക്കുന്നതാണെങ്കിൽ അതു അനുദ്യോഗസ്ഥന്മാരുടെ ദൃഷ്ടിയിൽ ഞാൻ കൊണ്ടുവരികയും അനുദ്യോഗസ്ഥന്മാർ തെററായി പ്രവർത്തിക്കയാണെങ്കിൽ അതിനെ തടയുന്നതിനു മററു അനുദ്യോഗസ്ഥന്മാരോടും ഉദ്യോഗസ്ഥന്മാരോടും ഞാൻ അപേക്ഷിക്കുകയും ചെയ്യും. അതുകൊണ്ടു എനിക്കു പറയാനുള്ളതു് എന്റെ അറിവിൽപെട്ടിടത്തോളം സഹായധനമായി നല്കുന്നതുക മുഴുവനും വാദ്ധ്യാന്മാർക്കു ലഭിക്കയില്ലെന്നാണ്. അതു മാനേജരന്മാരുടെ‑നേക്ക പല ഉപാദ്ധ്യായന്മാരും കൊണ്ടുവന്നിട്ടുള്ള പരാതിയാണെന്നു മാത്രമല്ല വാദ്ധ്യാന്മാർക്കു ലഭിക്കുന്ന ആ ചെറിയ തുകതന്നെ മാനേജരന്മാരുടെ കരുണകൊണ്ടുമാത്രം ലഭിക്കുന്നതുമാണെന്നാണ്. ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷൻ‌ന്മാരുടെയും ഗവർമെന്റിന്റെയും ഈ മാനേജരന്മാർക്കു വിപരീതമായി പരാതികൊണ്ടുവരുന്നതിനു അവർ ഇഷ്ടപ്പെടുന്നില്ല. ഇതാണു യഥാർത്ഥത്തിലുള്ള നില. ഈ കുറവു ഇല്ലായ്മ ചെയ്യുന്നതിനു ഡിപ്പാർട്ടുമെന്റിൽനിന്നും കഴിയുന്നതുശ്രമിക്കണം. പണ്ഡിതനായ ഡയറക്ടർ അദ്ദേഹത്തിന്റെ വാർഷികത്തിലെ പ്രസംഗത്തിൽ, ൨ ലക്ഷം രൂപാകൂടുതലായി അനുവദിക്കണമെന്നാവശ്യപ്പെട്ടപ്പോൾ ഡിപ്പാർട്ടുമെന്റിൽ സ്കൂളുകളിൽ നിയമിതരായിരിക്കുന്നവാദ്ധ്യാന്മാർക്ക് ഇപ്പോൾ നൽകിവരുന്നശമ്പളം കുറവായതുകൊണ്ടു മാസം ൧ രൂപാവീതം കൂട്ടിക്കൊടുക്കണമെന്നു അദ്ദേഹംപറഞ്ഞു. ഈവാദ്ധ്യാന്മാർക്കു വ്യത്യസ്ത രൂപാവീതം കിട്ടുമെന്നു വിചാരിക്കുന്നതു തന്നെ മുഴുവൻ കിട്ടാതെയിരിക്കുന്നു എങ്കിൽ അവരുടെ നിലയെ നന്നാക്കുന്നതിനുവേണ്ടി ഗവർമെന്റിൽനിന്നും ഡിപ്പാർട്ടുമെന്റിൽനിന്നും എന്തെങ്കിലും ചെയ്യുന്നതുയോഗ്യമായിരിക്കയില്ലയോ എന്നാണു ഞാൻ ചോദിക്കുന്നതു. ഗവർമെന്റിൽനിന്നും ഈ അദ്ധ്യാപകന്മാർക്കുള്ള സഹായധനം വർദ്ധിപ്പിക്കണമെന്നല്ല ഞാൻ പറയുന്നതു. എന്തുകൊണ്ടെന്നാൽ അതിനുള്ള അവസരം ഇതല്ല. സഹായധനം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിപ്പിച്ചു നാം തർക്കമായിട്ടല്ലാണു പ്രതിപാദിക്കേണ്ടതു അല്ലാതെ അതൊന്നുമായിട്ടല്ല.

അതുകൊണ്ടു ഞാൻ അപേക്ഷിക്കുന്നതെന്തെന്നാൽ അദ്ധ്യാപകന്മാർക്ക് സഹായധനമായി അനുവദിച്ചു കൊടുക്കുന്ന തുക യാതൊരുവിധത്തിലും അതിൽനിന്നു ഒരു മിച്ചം എടുക്കാതിരിക്കത്തക്കവണ്ണം മാനേജരന്മാർക്കു പകരം അവർ തന്നെയോ ഹെഡ്മാസ്റ്റരന്മാരോ ഖജനാവിൽനിന്നും കൈപ്പറ്റിവാങ്ങിക്കുന്നതിനു ധാരാളം ഗവണ്മെന്റു വേണ്ടതു പ്രവർത്തിക്കണമെന്നാണ്.

സർ, ഈ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണമെന്നു ഞാൻ ആഗ്രഹിക്കുന്ന മറ്റൊരു വാദമുഖം ഇതാണ്. ചില ശമ്പളം കിട്ടുമെന്നു ഉദ്ദേശിച്ചിരിക്കുന്ന അദ്ധ്യാപകന്മാർക്ക് അവിടെ സർവീസിനു യാതൊരു രക്ഷയുമില്ല. അതു നാട്ടുഭാഷാസ്ഥാപനമായ നമുക്കുതന്നെ അദ്ധ്യാപകരായിട്ടുള്ള ഒരു സംഗതിയാണ്. അതുകൊണ്ട് ന്യായമായ കാരണങ്ങൾകൂടാതെ അവരെ പിരിച്ചു വിടാതിരിക്കുന്നതിനു ഡിപ്പാർട്ടുമെന്റിൽനിന്നും വേണ്ടതു ചെയ്യേണ്ടതാണ്. രക്ഷയില്ലാത്തവരും തെററു പ്രവർത്തിക്കുന്നവരും ആയുള്ള ആളുകളെ നിഷ്കാസനം ചെയ്യുന്നതിൽ മാനേജർക്കുള്ള എല്ലാ അധികാരങ്ങളെയും ഡിപ്പാർട്ടുമെന്റ് നിരാകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. അവരുടെ ഇഷ്ടാനുസരണം അവർ അദ്ധ്യാപകന്മാരെ സർവീസിനിന്നും പിരിച്ചുവിടുന്നതിനെ തടയണമെന്നുമാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു.

ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിച്ച പ്രധാനമായ മറ്റൊരു സംഗതി ഡിപ്പാർട്ടുമെന്റ നാട്ടുഭാഷാ അദ്ധ്യാപകന്മാരുടെ കമ്മററിയും അതിന്റെ പ്രാധാന്യത്തെ കുറിച്ചു വളരെ ഊന്നി പ്രതിപാദിച്ച നിർബന്ധിതമായ പ്രോവിഡന്റ ഫണ്ടിന്റെ കാര്യമാണ്. സർ, ഫ എം വ -യിലെ വിദ്യാഭ്യാസത്തിന്റെ അഡ്മിനിസ്ട്രേഷൻ നിർബന്ധിതമായ പ്രോവിഡന്റ ഫണ്ടിന്റെ പ്രാധാന്യത്തെക്കുറിച്ചു പല ആളുകൾ വിശദമായി പ്രസ്താവിച്ചിട്ടുള്ള ഒരു പ്രത്യേകപ്രസ്താവനയിലേക്കു ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നത്.

"പ്രൈവറ്റു സ്കൂളുകളിലെ ഉദ്യോഗസ്ഥന്മാരുടെ മാററം മുൻപുണ്ടായിരുന്നതുപോലെ അത്ര സാധാരണമല്ലെന്നു ഇൻസ്പെക്ടർ റിപ്പോർട്ടു ചെയ്യുന്നു. അംഗീകരണം സിദ്ധിച്ചിട്ടുള്ള എല്ലാ സ്കൂളുകളിലും പ്രോവിഡന്റ ഫണ്ട് നിർബന്ധമാക്കുകയും ഐക്യസംസ്ഥാനങ്ങളിൽ ഉള്ള എല്ലാ പ്രൈവററു സ്കൂളുകളും ഇപ്പോൾ നടക്കുന്നതുപോലെ നിയമനകാര്യങ്ങളിൽ മാനേജരും ഉപാദ്ധ്യായനും തമ്മിൽ ഒരു ഉടമ്പടി ഉണ്ടാക്കുകയും ചെയ്യുകയാണെങ്കിൽ മാത്രമേ തൃപ്തികരം സ്ഥിരമായിരിക്കുന്നവരും ആയ ഉദ്യോഗസ്ഥന്മാരെ പ്രൈവററു സ്കൂളുകളിലേക്കു ലഭിക്കുകയുള്ളു എന്നാണു അദ്ദേഹത്തിന്റെ അഭിപ്രായം. ഈ സംഗതി പ്രത്യേകം ചിന്താവിഷയമായി തീരുന്നതാണ്."

ഈ പ്രസ്താവന ഇംഗ്ലീഷ് പള്ളിക്കൂടങ്ങളെ സംബന്ധിച്ചാണെങ്കിലും അതു കൂടുതൽ ശക്തിയോടുകൂടി മലയാളം പള്ളിക്കൂടങ്ങളെ സംബന്ധിച്ചും അനുയോജ്യമാകുന്നു. നിർബന്ധിതമായ പ്രോവിഡന്റ ഫണ്ടിന്റെ കാര്യം മലയാളം പള്ളിക്കൂടം വാദ്ധ്യന്മാരുടെ കമ്മിററിയും ശുപാർശ ചെയ്യുന്നുണ്ട്. തിരുവിതാംകൂറിൽ ജോലി ചെയ്യുന്ന ഈ ആളുകൾക്കു പ്രോവിഡന്റ ഫണ്ടു നൽകേണ്ടതു ഒരു പ്രധാനസംഗതി ആണെന്നു ദിവാനും അദ്ദേഹത്തിന്റെ വൃശ്ചികമാസത്തിലെ പ്രസംഗത്തിൽ പ്രത്യേകമായി പ്രസ്താവിച്ചിട്ടുണ്ട്. ഈ സംഗതിയിലേക്കാണു ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കാൻ ആഗ്രഹിക്കുന്നതു. സർ, എന്റെ അഭിപ്രായപ്രകാരം ഞാൻ നിർദ്ദേശങ്ങളെ ഫലപ്രദമാക്കുന്നതിനു ഗവണ്മെന്റ ഡിപ്പാർട്ടുമെന്റും കഴിയുന്നതെല്ലാം പ്രവർത്തിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈ ചെറുപ്രസംഗത്തോടുകൂടി ഈ ഉപക്ഷേപത്തെ സഭയുടെ അംഗീകരണത്തിനായി ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു,

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, മി. ആശാൻ ഈ ഡിപ്പാർട്ടുമെന്റിനുള്ളതായി അദ്ദേഹം കണ്ടുപിടിച്ചിട്ടുള്ള മൂന്നു പ്രത്യേക കുറവുകളെ സംബന്ധിച്ചു അദ്ദേഹത്തിന്റെ സൂക്ഷ്മമായ വിമർശനങ്ങൾ ഞാൻ സന്തോഷത്തോടുകൂടി ശ്രദ്ധിച്ചു. ഇവയെ സംബന്ധിച്ചു ഏതാണ്ടു ചില നടപടികൾ നടത്തിവരികയാണെന്നും അല്ലെങ്കിൽ നടത്തുന്നതിനു ആലോചിക്കുകയാണെന്നും ഞാൻ പറയാം. അദ്ദേഹം അവസാനമായി പറഞ്ഞതു പ്രോവിഡന്റ ഫണ്ടിനെക്കുറിച്ചാണ്. ആ സംഗതിയിൽ മുമ്പുതന്നെ ചില നടപടികൾ നടത്തിയിട്ടുണ്ട്. സഭയുടെ അറിവിലേക്കായി മി. ആശാൻ ഉദ്ധരിച്ച ഫ എം വ -യിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിന്റെ ചില ഭാഗങ്ങളിൽകാണുന്ന ഡിപ്പാർട്ടുമെന്റിന്റെ സാധാരണ നയത്തിൽനിന്നും ഡിപ്പാർട്ടുമെന്റ വ്യതിചലിച്ചിട്ടില്ല. ഇംഗ്ലീഷ് സ്കൂളുകളെ സംബന്ധിച്ചു പ്രവർത്തിച്ചിട്ടുള്ളതെല്ലാം എല്ലാ സ്കൂളുകളേയും സംബന്ധിക്കുന്നതാണ്.

മി. എൻ. എസ്. രാമനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വർണാക്കുലർസ്കൂളുകൾക്കു പ്രോവിഡന്റഫണ്ട് നടപ്പാക്കുന്നതിനെപ്പററി ഒരു റിപ്പോർട്ടിലും യാതൊരു പ്രസ്താവവുമില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അതിപ്പോൾ നടപ്പിൽ ഇരിക്കുന്നില്ലെന്നുള്ള ഏക കാരണം കൊണ്ടാണ്. ആ സംഗതിയെപ്പററി ചില അഭിപ്രായങ്ങൾ സമർപ്പിക്കുകയും ആ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധക്കു വിഷയീഭവിച്ചിരിക്കയുമാണ്. ഹെഡ്മാസ്റ്റരന്മാരുടെ യോഗത്തിൽ സന്നിഹിതരായിരുന്ന സഹായധനംവാങ്ങുന്ന പള്ളിക്കൂടങ്ങളിലെ ഹെഡ്മാസ്റ്റരന്മാർ എല്ലാരോടു പ്രസ്താവിക്കുകയും അവരുടെ അഭിപ്രായങ്ങൾ അതിനനുസരിച്ചു ശുപാർശകളോടുകൂടി ഗവണ്മെന്റിലേക്കു അയച്ചുകൊടുക്കുകയും ചെയ്തിട്ടുള്ള ഒരു കാര്യമാണ് അത്. ഈ പ്രധാനപ്പെട്ട സംഗതി കൊണ്ടുവരുന്നതിനു വേണ്ട നടപടികൾ നടത്തുകയും ചെയ്തിട്ടുള്ള കാര്യത്തിൽ ഡിപ്പാർട്ടുമെന്റിൽനിന്നും നിഷ്ക്രിയമായ അവലംബിക്കുകയില്ലെന്നു ഞാൻ സഭയോടു ഉറപ്പായിപ്പറയാം. അതേപ്പററി വേണ്ട നടപടികൾ നടത്തിവരികയാണ്. ആ സംഗതി തീരുമ്പോൾ ഭിക്ഷപോലെ സഭയുടെ ബഹുമാനപ്പെട്ട അംഗങ്ങൾ അതിന്റെ തീരുമാനം തൃപ്തികരം ആയിട്ടുണ്ടെന്നു മനസ്സിലാക്കുമെന്നാണ് എനിക്കുതോന്നുന്നതു.

മി. ആശാൻ രണ്ടാമതായി പ്രസ്താവിച്ചിട്ടുള്ള സംഗതിയും ഒട്ടും അപ്രധാനമായിട്ടുള്ളതല്ല. യഥാർത്ഥത്തിൽ അതു ഇതിനേക്കാൾ കൂടുതൽ പ്രാധാന്യം ഉള്ളതാണ്. സഹായധനംവാങ്ങുന്ന സ്ഥാപനങ്ങളിലെ അവർ വളരെക്കാലത്തെ സർവീസ് കഴിഞ്ഞാൽ സ്കൂൾ കാര്യാലയത്തിൽ ഉറപ്പില്ലായ്മയെപ്പററി അദ്ദേഹം പ്രസ്താവിച്ചു. വളരെക്കാലത്തെ സർവീസിനുശേഷം സ്കൂളുകളിൽനിന്നും പിരിച്ചുവിട്ട അദ്ധ്യാപകന്മാരുടെ ദയനീയമായ അപ്പീലുകൾ ദിവസംപ്രതി ലഭിക്കുന്നതുകൊണ്ടു എന്റെ ഹൃദയം തകർന്നിരിക്കുകയാണ്. പിരിച്ചുവിട്ട ഒരു വാദ്ധ്യാരെ വീണ്ടും ജോലിയിൽ ഏർപ്പെടുത്തുന്നതിനുള്ള അധികാരം നിർഭാഗ്യവശാൽ ഇപ്പോൾ ഡിപ്പാർട്ടുമെന്റിനില്ല. കൊച്ചിയിൽ ആ അധികാരം ഡിപ്പാ

വിദ്യാഭ്യാസ മേലദ്ധ്യക്ഷന്മാരാണുള്ളത്. കൊച്ചിയിലെ വിദ്യാഭ്യാസഡയറക്ടരായ മി. സി. മത്തായിയോടു ഞാൻ ഈ സംഗതിയെപ്പററി പര്യാലോചിച്ചു. അദ്ദേഹത്തോടു ചോദിച്ചതിൽ അദ്ദേഹത്തിനു ആ അധികാരം ഉണ്ടെന്നു പറഞ്ഞു. തക്കതായ കാരണംകൂടാതെ ഒരു വിദ്യാലയത്തിൽനിന്നും ഒരു ഉപാദ്ധ്യായനെ പിരിച്ചുവിട്ടാൽ ആ ആളെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ പറയുന്നതിനുള്ള അധികാരം ഡയറക്ടർക്കുണ്ട്. ഈ സ്വഭാവത്തിലുള്ള ഒരു നിയമം സ്വീകരിക്കുന്നതിന് ഇവിടെ പ്രായോഗികമായ പ്രതിബന്ധങ്ങൾ ഉണ്ട്. എന്തുകൊണ്ടെന്നാൽ അതിന് പ്രതിഷേധം ഉണ്ടാകും. സഹായധനം വാങ്ങുന്ന വിദ്യാലയങ്ങളും ഗവൺമെന്റ് സ്ഥാപനങ്ങളും തമ്മിൽ ഗവൺമെന്റിനു യാതൊരു വ്യത്യാസവും വരുത്താൻ സാധിക്കുന്നില്ലല്ലോ എന്നുള്ളതുകൊണ്ടു അതിനെ കുറെ ശക്തിയോടുകൂടി പ്രതിഷേധിക്കുമെന്നാണ് എനിക്കു തോന്നുന്നത്. ഈ കാര്യത്തിൽ ഞങ്ങൾക്കു വളരെ ജാഗ്രതയോടും സൂക്ഷ്മതയോടും പെരുമാറേണ്ടതായിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ സ്വകാര്യ സ്ഥാപനങ്ങളെ ഡിപ്പാർട്ടുമെന്റിന്റെ അധീനത്തിലാക്കി ഒരു കേന്ദ്രീകൃതമായ ഭരണത്തിൻകീഴിലാക്കാൻ ഞങ്ങൾ ശ്രമിക്കുന്നു എന്നുള്ള സംശയം ഒരിക്കലും ഉണ്ടായിരിക്കരുത്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഉപാദ്ധ്യക്ഷൻ): ഈ അദ്ധ്യാപകന്മാരുടെ സർവീസിന്റെ ദൈർഘ്യം അടിസ്ഥാനപ്പെടുത്തി സഹായധനം നൽകുന്നതുകൊണ്ടു ഈ ദുഷിച്ച നടപടിക്കു ഒരു പരിഹാരം ഉണ്ടാക്കാൻ സാദ്ധ്യമല്ലയോ എന്നു ഞാൻ വിദ്യാഭ്യാസഡയറക്ടരോടു ചോദിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഉപാദ്ധ്യക്ഷൻ പറഞ്ഞതു വിലയേറിയ ഒരു അഭിപ്രായമാണ്. അതെനിക്കു മുൻപുതന്നെ തോന്നീട്ടുള്ളതാണ്. മാനേജരന്മാരും വാദ്ധ്യാന്മാരും തമ്മിൽ അഞ്ചുകൊല്ലത്തിൽകുറയാത്ത ഒരു കാലത്തേക്കു ഒരു ഉടമ്പടി ഉണ്ടാക്കാൻ ആജ്ഞാപിക്കുന്നതിനാണ് ഞങ്ങൾ ഇപ്പോൾ ശ്രമിക്കുന്നത്. അതു ഹെഡ്മാസ്റ്ററന്മാരുടെ യോഗത്തിൽ സന്നിഹിതരായിരുന്ന സഹായധനംവാങ്ങുന്ന വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്ററന്മാരുടെ ശുപാർശകളിൽ ഒന്നാണ്. അതു ഇപ്പോൾ ഗവൺമെന്റിലേക്കു സമർപ്പിച്ചിരിക്കയാണ്. വിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാർ ശരിയായി ജോലി ചെയ്യുന്നതിനു അവരുടെ ഉദ്യോഗകാര്യത്തിൽ രക്ഷയുണ്ടായിരിക്കേണ്ടതു ആവശ്യമാകയാൽ നിസ്സാര കാര്യങ്ങൾക്കുവേണ്ടി അദ്ധ്യാപകന്മാരെ പിരിച്ചുവിടരുതെന്നു പറഞ്ഞ മി. ആശാന്റെയും മററുള്ളവരുടെയും അഭിപ്രായമാണ് എനിക്കും ഉള്ളതെന്നു ഞാൻ പറയാം. മാനേജരെ ദൃഢമായി പ്രേരിപ്പിക്കുകയും സഹായധനം നിർത്തിക്കളയുമെന്നു ഭയപ്പെടുത്തുകയും ചെയ്യുന്നതുകൂടാതെ ഇപ്പോൾ ഡിപ്പാർട്ടുമെന്റിനു യാതൊരധികാരവുമില്ല. വടക്കൻതിരുവിതാംകൂറിലെ ഒരു വിദ്യാലയത്തിൽ അപ്രകാരം ചെയ്തു. ഒരു വാദ്ധ്യാരോടു വളരെ അന്യായമായി പെരുമാറിയകാര്യത്തിൽ എന്റെ അസിസ്റ്റന്റു ഇൻസ്പെക്ടരന്മാരിൽ ഒരാൾ ഇടപെട്ടു. മാനേജർ എന്റെ അടുക്കൽ അപ്പീൽ ബോധിപ്പിച്ചപ്പോൾ പള്ളിക്കൂടം അസിസ്റ്റന്റു ഇൻസ്പെക്ടർ ആ വാദ്ധ്യാരെ തിരിച്ചു ജോലിയിൽ പ്രവേശിപ്പിക്കണം എന്നാജ്ഞാപിച്ചതു അദ്ദേഹത്തിന്റെ അധികാരസീമ കടന്നാണെന്നു എനിക്കു ബോദ്ധ്യംവന്നു. ഞാൻ മാനേജർക്കു അനുകൂലമായി തീർച്ചചെയ്തു. വിദ്യാലയത്തിന്റെ അംഗീകരണം എടുത്തുകളയണമെന്നു അസിസ്റ്റന്റു ഇൻസ്പെക്ടർ ശുപാർശചെയ്തു. മാനേജർ എന്റെ അടുക്കൽ അപ്പീൽ ബോധിപ്പിച്ചപ്പോൾ ഞാൻ പള്ളിക്കൂടം അസിസ്റ്റന്റു ഇൻസ്പെക്ടരോടു അനുകൂലിക്കയും തൽഫലമായി മാനേജർക്കു ആ വാദ്ധ്യാരെ തിരിച്ചു ജോലിയിൽ പ്രവേശിപ്പിക്കേണ്ടതായി വരികയുംചെയ്തു. അതു ഡിപ്പാർട്ടുമെന്റിൽനിന്നും നിസ്സാരമായും സാധാരണയായും ഉപയോഗിക്കാൻ പാടില്ലാത്ത വളരെ ചുററിവളഞ്ഞ ഒരു വഴിയാണ്. ഞാൻ ഈ പ്രശ്നത്തെ ഗവൺമെന്റുമുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റിൽനിന്നും ഉത്തരവു ലഭിക്കുമ്പോൾ, ഇപ്പോഴത്തെനിലയിൽനിന്നും കുറെ പരിഷ്കാരങ്ങൾ വരുത്താൻ സാധിക്കുമെന്നു ഞാൻ ഉറപ്പായി പറയാം.

രാജ്യത്തെ അദ്ധ്യാപകന്മാർ ഘടിക്കുമ്പോൾ, അവരുടെ ഇപ്പോഴത്തെനിലയെ നന്നാക്കാൻ അവർ ശക്തരാകുമെന്നാണു എനിക്കു തോന്നുന്നത്. എല്ലാ ഔദ്യോഗികസംഘങ്ങളിലുംവെച്ചു അദ്ധ്യാപകന്മാർ മാത്രമാണു യഥാർത്ഥത്തിൽ ഒരു സംഘടനയുമില്ലാതിരിക്കുന്നത്. ഇതിനുള്ള ശരിയായപരിഹാരം, അദ്ധ്യാപകന്മാർ ഒരു കച്ചവടസംഘമായി രൂപീകരിക്കുകയും, അവരിൽ ചില അംഗങ്ങളെ മാനേജരന്മാർ പിരിച്ചുവിടാൻ അസാദ്ധ്യമാക്കുകയും ചെയ്യുകയാണു. ഒരു അദ്ധ്യാപകനോടു അനീതിയായി പെരുമാറിയാൽ ചില വിദ്യാലയങ്ങൾക്കു അവർ ബ്ലാക്കുമാർക്കു കൊടുക്കണം. ഡിപ്പാർട്ടുമെന്റിൽനിന്നും ഇടപെടുന്നതിനെക്കാൾ അതാണ് വളരെ കൂടുതൽ ഫലപ്രദമായിരിക്കുന്നത്.

മാനേജരന്മാർ വാങ്ങിക്കുന്ന മുഴുവൻതുകയും ശമ്പളം കൊടുക്കാത്തതിനെപ്പററിയാണ് മി. ആശാൻ മൂന്നാമതായി പ്രസ്താവിച്ചത്. വാദ്ധ്യാന്മാർ അവരുടെ ശമ്പളം തന്നെത്താൻ നേരെവാങ്ങുന്നതിനു അനുവദിക്കുകയാണെങ്കിൽ അതു കൂടുതൽ ഫലപ്രദമായിരിക്കുമെന്നു മി. ആശാൻ വിചാരിക്കുന്നു. മുൻപു ഒരുദിവസം ഈ മലയാളം സ്കൂളുകളിൽ ഒരേരീതിയിൽ പ്രത്യേകജോലിയുള്ള ദിവസങ്ങളും പ്രത്യേക ഒഴിവുദിവസങ്ങളും ഉണ്ടായിരിക്കണമെന്നു ഞാനാവശ്യപ്പെട്ടപ്പോൾ അവർക്കു ഖജനാവിൽ ഹാജരായി അവരുടെ ശമ്പളംവാങ്ങേണ്ടതുപക്ഷം അവരുടെ ശമ്പളംകിട്ടാൻ സാധിക്കയില്ലെന്നുള്ളതുകൊണ്ടു, ആദിവസം ഒരു ഒഴിവുദിവസമായിരിക്കണമെന്ന്, എന്റെ അസിസ്റ്റന്റു ഇൻസ്പെക്ടരന്മാരിൽ ഒരാൾ എന്നോടുപറഞ്ഞു. ഇതിന്റെകാരണം അറിയുന്നതിനു ഞാൻ ആവശ്യപ്പെട്ടു. മാനേജരോടു ബില്ലുമാറുന്നതിനാവശ്യപ്പെട്ടാൽ വാദ്ധ്യാന്മാരുടെ മാസശമ്പളത്തിന്റെ ഒരംശംപോലും ലഭിക്കുന്നതിനു യാതൊരു മാർഗ്ഗവുമില്ലെന്നു അദ്ദേഹം പറഞ്ഞു. അതുകൊണ്ടു അദ്ധ്യാപകന്മാർ തന്നെത്താൻപോയി അവരുടെ പണംവാങ്ങുന്നു. എന്നാൽ ഞാൻ പറയുന്നതു ബില്ലു മാറുന്നതിനുമുൻപോ മാറിയതിനുശേഷമോ കമ്മീഷൻ എടുക്കാൻ സാധിക്കുമെന്നാണ്. മാനേജർക്കു വാദ്ധ്യാരെ ജോലിയിൽനിന്നും പിരിച്ചുവിടുമെന്നുപറഞ്ഞു ഭയപ്പെടുത്താൻ സാധിക്കും. കൂടാതെ അയാൾ മേലാവിൽചെന്നു അവരെക്കൂടി ഇതിൽ ഉൾപ്പെടുത്തരുതെന്നുപറയാൻ സാധിക്കുകയുംചെയ്യും. അതുകൊണ്ടു നിങ്ങൾ അഭിപ്രായപ്പെട്ട പരിഹാരം പ്രായോഗികമാണെന്നു എനിക്കു തോന്നുന്നില്ല. ഒരു ശരിയായ പരിഹാരം നമുക്കു ലഭിക്കുന്നതുവരെ—

മി. എം. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഹെഡ്മാസ്റ്ററന്മാരുടെ പക്കൽ സഹായധനം കൊടുക്കുകയാണെങ്കിൽ ഇതിനു ഒരു പരിഹാരം ഉണ്ടാക്കാൻ സാധിക്കയില്ലയോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസ ഡയറക്ടർ): ഞങ്ങൾ സഹായധനം നൽകേണ്ടതു മാനേജരുടെ അടുക്കലാണ്; ഹെഡ്മാസ്റ്റരുടെ അടുക്കൽ അല്ല. എന്നുള്ളതുകൊണ്ടു അതു ന്യായമായിട്ടുള്ളതല്ല. മിക്കവാറും വിഷമം ഇതാണ്. ഈ വിധയിൽ ആവശ്യത്തിനു ഔചിത്യവുമില്ല. പട്ടിണികിടക്കുന്നവർക്കു നീതിയുമില്ല. അതിന്റെ ഫലം എന്തെന്നാൽ നമ്മുടെ ആളുകൾ ഇപ്പോൾ ആ മാതിരി നിലയിലാണ്. അവർ രഹസ്യമായി നമ്മളോടു പറയുന്നതു പരസ്യമായി സമ്മതിക്കുന്നതിനു അവർ തയ്യാറല്ല. ശക്തിമത്തായ ഒരു പൊതുജനാഭിപ്രായത്തിന്റെ വളർച്ചയാണ് ഞാൻ ഇതിനു ഏക പരിഹാരമാർഗ്ഗമായി കാണുന്നതു. വ്യവസ്ഥാപിതമായ ഒരു പൊതുജനാഭിപ്രായം ഇല്ലെങ്കിൽ നാം ഏതു പരിഹാരമാർഗ്ഗം ഉണ്ടാക്കിയാലും അതു ഫലപ്രദമായിരിക്കയില്ല. ഇത്രയും വിശദമാക്കിയതുകൊണ്ടു മി. ആശാൻ തൃപ്തിപ്പെട്ടുവെന്നും അദ്ദേഹത്തിന്റെ ഉപക്ഷേപത്തിനുവേണ്ടി നിർബന്ധിക്കയില്ലെന്നും ഞാൻ വിചാരിക്കുന്നു.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: മെമ്പരുടെ ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുമോ?

അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം നം. 9.

മി. മാത്യു മുരിക്കൻ (വൈക്കം): സർ, താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു:—

പരിപാലനത്തിനുള്ള ൨,൪൭,൧൫൭ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണമെന്നു.

സർ, ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിൽ എനിക്കുള്ള ഉദ്ദേശം സഹായധനംവാങ്ങുന്ന വിദ്യാലയങ്ങളെസംബന്ധിച്ചു ഗവർമ്മെന്റു അവരുടെപ്രവൃത്തികളിൽ കൈക്കൊണ്ടിരിക്കുന്ന നിലയെക്കുറിച്ചുള്ള ചില പ്രധാനസംഗതികളിലേക്കു ഗവർമ്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനാണ്. പ്രത്യേകിച്ചു വിദ്യാഭ്യാസഡയറക്ടരുടെ അഭിപ്രായങ്ങളെ ആസ്പദമാക്കിയും നാം മുമ്പുനടത്തിയ വാദപ്രതിവാദത്തെ അടിസ്ഥാനമാക്കിയും ഈ വ്യവഹാരം ഏററവും അത്യാവശ്യമാണെന്നാണു ഞാൻ വിചാരിക്കുന്നതു.

സർ, സഹായധനം നൽകുന്ന വിദ്യാലയങ്ങളെസംബന്ധിച്ചുള്ള ഗവർമ്മെന്റിന്റെ നയം ൧൦൯൫-ലെ വിദ്യാഭ്യാസ ചിലവിലേക്കുള്ള കമ്മററിയുടെമേൽ പാസ്സാക്കിയിട്ടുള്ള ഗവർമ്മെന്റുത്തരവിൽ പറഞ്ഞിട്ടുണ്ട്. സഹായധനംവാങ്ങുന്ന വിദ്യാലയങ്ങളെ സംബന്ധിച്ചു നമ്മുടെ ഗവർമ്മെന്റിനുള്ള നയത്തിന്റെ കാതലായ ഭാഗം പ്രകൃതത്തിൽ കാണിക്കുന്നവാചകം ഞാൻ വായിക്കാം:

"ഈ കാര്യത്തിൽ കമ്മററി പ്രസ്താവിച്ച സൂക്ഷ്മമായ ആദർശങ്ങളോടു അനുകൂലിച്ചു പ്രവർത്തിക്കുന്നതിനു ഗവർമ്മെന്റിനു മനസ്സില്ലെങ്കിലും അവരുടെനയം ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ സംബന്ധിച്ചു മുഖ്യമായിട്ടും, സ്വകാര്യപരിശ്രമത്തെ ആശ്രയിക്കയാണെന്നും ഈ മാററംകൊണ്ടു കാര്യക്ഷമതയ്ക്കു ഹാനിവരികയില്ലെന്നു അവർക്കു തൃപ്തിയാകുന്നപക്ഷം എല്ലാസന്ദർഭങ്ങളിലും ഡിപ്പാർട്ടുമെന്റൽ ഇംഗ്ലീഷ്സ്ക്കൂളുകളെ സ്വകാര്യസംഘങ്ങൾക്കായി വിട്ടുകൊടുക്കാൻ അവർ തയാറാണെന്നും ഒന്നുകൂടിപ്രസ്താവിക്കുന്നതിനു ഈ സന്ദർഭത്തെ അവർ ഉപയുക്തമാക്കും.

ഇപ്പോൾനമുക്കു ആലോചനാവിഷയമായിരിക്കുന്ന സംഗതി ഗവർമ്മെന്റിന്റെ നയം പ്രസ്താവിച്ചതിനുശേഷം ഗവർമ്മെന്റിൽനിന്നും ഡിപ്പാർട്ടുമെന്റിൽനിന്നും അംഗീകരിച്ചിരിക്കുന്നനയം ഈ നയത്തിന്റെ ഭാവത്തോടു അനുയോജ്യമായിട്ടുള്ളതാണെന്നാണു. സർ, ഞാൻ ഒന്നോരണ്ടോ ചോദ്യംചോദിക്കാം. സ്വകാര്യ സംഘങ്ങൾ മുന്നണിയിൽ വരുന്നതിനു പൂർണ്ണമനസ്സോടുകൂടിയിരിക്കുമ്പോൾ ഡിപ്പാർട്ടുമെന്റുവക സ്ക്കൂളുകൾ ഏതെങ്കിലും സ്വകാര്യസംഘങ്ങൾക്കു വിട്ടുകൊടുത്തിട്ടുണ്ടോ എന്നു ഞാൻ ആദ്യമായിചോദിക്കാം. പുതിയവിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു വരുന്ന അപേക്ഷകളെ ഗവർമ്മെന്റിൽനിന്നും അനുകമ്പാപൂർവ്വം ആലോചിക്കുന്നുണ്ടോഎന്നാണ് ഞാൻ രണ്ടാമതായി ചോദിക്കുന്നതു. എല്ലാഅപേക്ഷകളും വളരെ അനുകമ്പയോടുകൂടിയാണ് ഡിപ്പാർട്ടുമെന്റിൽനിന്നും ആലോചിക്കുന്നതെന്നു പണ്ഡിതനായ ഡയറക്ടർ നിശ്ചയമായും എന്നോടുപറഞ്ഞേക്കാം. സർ, കീർത്തിമാനായ ഡാക്ടർ മിച്ചലിന്റെ വിദ്യാഭ്യാസ കോഡിന്റെ ആത്മാവുനമ്മെ സൂക്ഷ്മാവേക്ഷണംചെയ്യുന്നു. ബഡ്ജററിന്റെ പൊതുവേയുള്ള വാദപ്രതിവാദത്തിനിടയിൽ ഞാൻപ്രസ്താവിച്ചതുപോലെ നാം ഈ ചട്ടത്തിന്റെ അടിമകളാകുന്നു. ചിലപ്രയോജനങ്ങൾക്കായിട്ടു ചിലചട്ടങ്ങൾ ഉണ്ടാക്കി എന്നാൽ ആ ചട്ടങ്ങളെ അനുസരിച്ചു നടക്കുന്നതിനു ചിലപ്രാദേശിക വ്യവസ്ഥകളെക്കുറിച്ചു പര്യാലോചിക്കേണ്ടതായിട്ടുണ്ട്. നിർഭാഗ്യവശാൽ ഗവർമ്മെന്റിൽനിന്നും നൽകുന്നസഹായധനത്തിനു ക്ലിഷ്ടമായ വ്യവസ്ഥകളെ പ്രതിപാദിക്കുന്ന ചിലചട്ടങ്ങളുണ്ട്. കെട്ടിടം കെട്ടുകമുതലായതിനും ചിലനിയമങ്ങളുണ്ട്. ഈ നിയമങ്ങൾ എല്ലാംവെറുംതടസ്സങ്ങൾ മാത്രമാണ്.

അതുകൊണ്ടു എന്റെ വാദമുഖം എന്തെന്നാൽ സഹായധനം നൽകുന്ന വിദ്യാലയങ്ങളെ സംബന്ധിച്ചുള്ള നയം ഗവർമ്മെന്റിൽ നിന്നും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെന്നാണു. എന്നാൽ ഈ ചട്ടങ്ങൾ പ്രയോഗിക്കുന്നതിലുള്ള തത്വത്തെ പററിയാണു ഞാൻസൂക്ഷ്മമായി പ്രതിപാദിക്കുന്നതു.

വിദ്യാലയങ്ങൾക്കു നൽകുന്ന സഹായധനത്തിന്റെ കുറവിനെസംബന്ധിച്ചു എനിക്കു ഒരുവാക്കുകൂടി പറയുവാനുണ്ട്. ഇപ്പോൾ ചിലവിദ്യാലയങ്ങൾക്കു മതിയാകാതെ വരുന്ന പണത്തിന്റെ ദുസ്സഹമായ അനുഭവം അനുഭവിച്ചു വരുന്നു. ഇപ്പോൾ നൽകിവരുന്ന സഹായധനം കാര്യക്ഷമതയോടുകൂടി ഈ വിദ്യാലയങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനു മതിയാകുമോ എന്നു ഞാൻ ചോദിക്കുന്നു. കാര്യക്ഷമതയോടുകൂടി പള്ളിക്കൂടങ്ങൾ നടത്തിക്കൊണ്ടു പോകുന്നില്ലെങ്കിൽ അതിനുസഹായധനം നൽകേണ്ടതാണ് ഞാൻപറയുന്നതു. സഹായധനം വാങ്ങുന്നപള്ളിക്കൂടങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു ഗവർമ്മെന്റു തയാറാണെങ്കിൽ ഈ പള്ളിക്കൂടങ്ങളെ കാര്യക്ഷമതയോടുകൂടി നടത്തുന്നുണ്ടോ എന്നു അവർ നോക്കണം. ഈ പള്ളിക്കൂടങ്ങളെ ശരിയായി നടത്തുന്നില്ലെന്നും അവയ്ക്കു നൽകുന്ന സഹായധനംകൊണ്ടു അവയെശരിയായി നടത്താൻ സാധിക്കയില്ലെന്നും ഡയറക്ടർ എന്നോടു പറയുകയാണെങ്കിൽ ഈ പള്ളിക്കൂടങ്ങൾക്കു സഹായധനം ഒട്ടുംതന്നെ കൊടുക്കേണ്ടയാവശ്യമില്ല.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പോരാതെവരുന്ന പണത്തിന്റെ എന്തംശമാണു ഇപ്പോൾ ഗവർമ്മെന്റിൽനിന്നും കൊടുക്കുന്നതെന്നു സദയംപറയുമോ?

മി. മാത്യു മുരിക്കൻ (വൈക്കം): പോരാതെവരുന്ന പണത്തിന്റെ ന്യായമായ ഒരംശം കൊടുത്തുവരുന്നുണ്ടെന്നു വിദ്യാഭ്യാസഡയറക്ടർപറയും.

ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തിവരുന്ന മേലധികാരത്തെ സംബന്ധിച്ചു മറ്റേതെങ്കിലും സംഗതികളെ കൂടി പ്രതിപാദിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ നടത്തിവരുന്ന മേൽവിചാരത്തിന്റെ മാതിരി മിക്കവാറും ഒരുപോലെയാണ്. എല്ലാ ഡിവിഷനുകളിലുമായി വിദ്യാഭ്യാസഡയറക്ടറുണ്ട്. കൂടാതെ അനേകം ഇൻസ്പെക്ടറന്മാരുമുണ്ട്. ഡയറക്ടർക്കു പള്ളിക്കൂടങ്ങളുടെമേൽ അധികാരമുണ്ട്. ഇൻസ്പെക്ടർക്കും ഒരുവിധം അധികാരമുണ്ട്. ഡയറക്ടറുടേയും ഇൻസ്പെക്ടറുടേയും അധികാരങ്ങളെ നിയന്ത്രിക്കുന്ന നയങ്ങൾ എനിക്കറിയാൻ പാടില്ല. ഇൻസ്പെക്ടറും ഡയറക്ടറും ഒരുമിച്ചുചെന്നു പരിശോധനകൾ നടത്തുന്നു. അപ്രകാരം ചെയ്യുന്നതു നേരത്തെ ഉള്ള ഏർപ്പാടനുസരിച്ചാണോ എന്നു എനിക്കറിയാൻ പാടില്ല. അപ്രകാരം യോജിച്ചുള്ള പരിശോധനകൾക്കു യാതൊരാവശ്യവുമില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എന്റെ ഓർമ്മയിൽ അപ്രകാരം പരിശോധന നടത്തിയിട്ടില്ല.

മി. മാത്യുമുറിക്കൻ (വൈക്കം): ഡയറക്ടറും ഇൻസ്പെക്ടറും ഒരുമിച്ചു ഒരു പള്ളിക്കൂടത്തിൽ ചെന്നസന്ദർഭം എനിക്കറിയാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞങ്ങൾ അവിടെ പോയിരുന്നതു ഒരു വാർഷികാഘോഷത്തിനാണ്. ഞാൻ അവിടെ ചെന്നപ്പോഴേക്കും ഇൻസ്പെക്ടർ അദ്ദേഹത്തിന്റെ പരിശോധന കഴിച്ചിരുന്നു.

മി. മാത്യുമുറിക്കൻ (വൈക്കം): ഡയറക്ടർ ഒരുവാതിലിൽകൂടി കയറിയപ്പോൾ ഇൻസ്പെക്ടർ മറ്റൊരു വാതിലിൽകൂടി കയറിച്ചെന്നതായിരുന്നു എന്റെ അറിവു. (ചിരി) അതായിരുന്നു എന്റെ അറിവു. അതു ഒരു വാർഷികാഘോഷത്തിനാണോ പരിശോധനക്കാണോ എന്നു എനിക്കറിയാൻ പാടില്ല. അതു ഒരു പരിശോധനയല്ലായിരുന്നുഎങ്കിൽ എനിക്കതേപ്പറ്റി ഒന്നും പറയാനില്ല.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇൻസ്പെക്ടറും ഡയറക്ടറും കൂടിഒരുമിച്ചു ഒരു പള്ളിക്കൂടം പരിശോധിക്കുന്നതിൽ മെംബർക്കുള്ള തടസ്സം എന്താണെന്നു ദയചെയ്തുപറയുമോ?

മി. മാത്യുമുറിക്കൻ (വൈക്കം): ആ പള്ളിക്കൂടത്തിലെ ജോലിക്കു വല്ല നഷ്ടമുണ്ടാകും.

അതു ഒരു വാർഷികാഘോഷാവസരത്തിൽ ആയിരുന്നു എന്നു ഡയറക്ടർ പറയുകയാണെങ്കിൽ——

ഏ. താണുപിള്ള (തിരുവനന്തപുരം) ആ പള്ളിക്കൂടത്തിനു എത്രവാതിൽ ഉണ്ടായിരുന്നു.

മി. മാത്യുമുറിക്കൻ (വൈക്കം): ഒരു ഹയ്യർഗ്രേഡ് സെക്കണ്ടറിസ്ക്കൂളിനു എത്രവാതിൽ ഉണ്ടായിരിക്കാമെന്നു എന്റെ സ്നേഹിതനായ മി. താണുപിള്ളക്കു തന്നെ ഊഹിക്കാം. (ചിരി)

അതുകൊണ്ടു ആ ചോദ്യം മറുപടിയെ അർഹിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ആ വിദ്യാലയം നടത്തിക്കൊണ്ടുപോകേണ്ടതുപോലെ തൃപ്തികരമായവിധത്തിൽ നടത്തുകയാണെങ്കിൽ ഡയറക്ടറും അസിസ്റ്റന്റ് ഇൻസ്പെക്ടറന്മാരും ഒരേസമയത്തു ആ പള്ളിക്കൂടം പരിശോധിക്കുന്നതിനുള്ള തടസ്സംഎന്താണ്?

മി. മാത്യുമുറിക്കൻ (വൈക്കം): ദിവാൻജിതന്നെവന്നു ആ വിദ്യാലയം സന്ദർശിക്കയാണെങ്കിലും എനിക്കു യാതൊരുതടസ്സവുമില്ല. എന്നാൽ അതിന്റെ ഫലം ഒന്നും കാര്യക്ഷമമാക്കുകയായിരിക്കണം. ഈ മാതിരിപരിശോധന വിദ്യാലയത്തിന്റെ ശിക്ഷണത്തെ ബാധിക്കുന്നുഎന്നാണു എന്റെ അഭിപ്രായം. അപ്രകാരമുള്ള സംഭവങ്ങൾ ആശാസ്യമല്ല. അതാണു എന്റെ അഭിപ്രായം.

സർ, ഈ വിദ്യാലയങ്ങളെ ഭരിക്കുന്നതിനുവേണ്ടി നാംവളരെ അധികം പണം ചിലവാക്കുന്നു. ഈ പള്ളിക്കൂടങ്ങളിലെ കാര്യക്ഷമത പ്രത്യക്ഷമാക്കുന്നതിനു എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ എന്നു ഞാൻ മാന്യനായ ഡയറക്ടരോടു ചോദിക്കുന്നു.

മി. എ. എസ്സ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉദ്യോഗം ഒട്ടുംതന്നെ സുരക്ഷിതവും അല്ല. മാനേജരന്മാർ പണമെടുക്കുകയും ചെയ്യുന്നു.

മി. മാത്യുമുറിക്കൻ (വൈക്കം): വിദ്യാലയങ്ങൾ വർഗ്ഗീയമായിട്ടാണു നടത്തിക്കൊണ്ടുപോകുന്നതു.

മി. എ. എസ്സ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വിദ്യാലയങ്ങൾ ഒരിക്കലും വർഗ്ഗീയമായി നടത്തുന്നില്ല.

മി. മാത്യുമുറിക്കൻ (വൈക്കം): ഉദ്യോഗത്തിനു രക്ഷയില്ലായ്മ ധാരാളമുണ്ടെന്നു മി. ദാമോദരനാശാനും വർഗ്ഗീയമായ വിദ്യാലയങ്ങൾ ഇല്ലെന്നു മി. രാമൻപിള്ളയും പറഞ്ഞു. ഈ പ്രസ്താവനകളെ എല്ലാം ഞാൻ എതിർക്കുന്നു. എന്റെ നിലയെ വ്യക്തമാക്കേണ്ട ആവശ്യം എനിക്കുണ്ട്. സാധുക്കളായ വാദ്ധ്യാന്മാരിൽനിന്നും കൈക്കൂലിയെടുക്കുന്ന മാനേജരന്മാർ രാജ്യത്തുണ്ടെങ്കിൽ അവരെ കുറ്റപ്പെടുത്തുന്നതിനു ഞാൻ തയാറാണ്. ഒരു മാനേജർ ഒരു വാദ്ധ്യാരെ ഏറ്റവും തോന്ന്യാസമായി ജോലിയിൽനിന്നും പിരിച്ചുവിടുന്നു എങ്കിൽ അയാളുടെ പ്രവൃത്തിയെ ന്യായീകരിക്കുന്നതിനു നിവൃത്തിയില്ല. കാര്യക്ഷമതയോടുകൂടി ഭരിക്കപ്പെടാത്ത വിദ്യാലയങ്ങൾ നാട്ടിലുണ്ടെങ്കിൽ അവയ്ക്കു ആണ്ടുതോറും നൽകിവരുന്ന സഹായധനം എല്ലാവിധത്തിലും നിഷേധിച്ചിരിക്കണം. എന്നാൽ ആ കാര്യത്തിൽ ഡിപ്പാർട്ടുമെന്റിൽനിന്നും അനാവശ്യമായി ഇടപെടണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. വാദ്ധ്യാന്മാരും മാനേജരന്മാരും തമ്മിൽ ഉടമ്പടി ഉണ്ടാക്കുന്നതിനു വേണ്ട വ്യവസ്ഥകളെപ്പറ്റി ഡയറക്ടർ ആലോചിക്കുന്നുണ്ടെന്നു അദ്ദേഹം പറഞ്ഞു. ഒരു വാദ്ധ്യാർ പ്രാപ്തിയില്ലാത്തവനാണെന്നു മാനേജർക്കു മനസ്സിലാകുകയാണെങ്കിൽ ആയാളെ പിരിച്ചുവിടുന്നതിനു മാനേജർക്കു അധികാരമില്ലയോ? ഉടമ്പടിയുടെ സാധുതയെപ്പറ്റി ഞാൻ വലുതായി സംശയിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ധ്യാപകന്റെ ശേഷിയെപ്പറ്റി അറിയേണ്ടതു മാനേജരാണോ ഡിപ്പാർട്ടുമെന്റാണോ?

മി. മാത്യുമുറിക്കൻ (വൈക്കം): ഈ അദ്ധ്യാപകന്മാരെ നിയമിക്കുന്നതു ഡയറക്ടറാണെന്നും അവർ യോഗ്യതയുള്ളവരാണെന്നു ഡയറക്ടർ സാക്ഷിപ്പെടുത്തണമെന്നും ഞാൻ വിചാരിക്കുന്നില്ല. അവരെ നിയമിക്കുന്നതു മാനേജർതന്നെയാണ്. മാനേജരുടെ അധികാരങ്ങളെ കുറയ്ക്കണമെന്നു ഞാൻ പറയുന്നില്ല.

അദ്ധ്യക്ഷൻ: നിങ്ങളുടെ സമയം തീർന്നുപോയി.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): മി. മുരിക്കൻെറ പ്രസംഗത്തിലെ ഒരു ഭാഗം ഞാൻ കേട്ടില്ല. അദ്ദേഹത്തെ പ്രതിപാദിച്ചതു പ്രൈവററ വിദ്യാലയങ്ങളോടുള്ള ഗവൺമെൻറ നയത്തെ സംബന്ധിച്ചാണ്. അദ്ദേഹത്തിൻെറ പ്രസ്താവനയെ ഞാൻ നിരസിക്കുന്നു.

മി. മുരിക്കൻ ഒരു പള്ളിക്കൂടത്തിൻെറ മാനേജരല്ല. അദ്ദേഹം മാനേജർമാരുടെ പേരിൽ സംസാരിക്കുന്നതെങ്കിൽ യാതൊരു സഹതാപവും അർഹിക്കാത്ത ഒരു വർഗ്ഗക്കാർക്കു വേണ്ടിയാണ് അദ്ദേഹം പ്രസംഗിക്കുന്നതെന്ന ഞാൻ പറയുന്നു.

മി. മാത്യുമുരിക്കൻ (വൈക്കം): ഇപ്പോഴുള്ള നിലയെപ്പററിമാത്രമേ ഞാൻ പറഞ്ഞുള്ളു. ഇപ്രകാരം എന്നെ തെററിദ്ധരിക്കണമെന്ന ഞാൻ ആഗ്രഹിക്കുന്നില്ല.

അദ്ധ്യക്ഷൻ: "വർഗ്ഗം" എന്നുവച്ചാൽ "മാനേജരന്മാരുടെ വർഗ്ഗം" എന്നാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): അവർ രഹസ്യമായി പരാതിപറയുന്നതിന തയാറാണെന്നും എന്നാൽ പരസ്യമായി അവയെ തെളിയിക്കുന്നതിന തയാറല്ലെന്നും ഞാൻ പറകയായിരുന്നു.

ഗവൺമെൻറു ഉത്തരവിൻെറ തത്വം അനുസരിച്ചു യാതൊരു ഗവൺമെൻറു വിദ്യാലയങ്ങളും പ്രൈവററു ഏജൻസികൾക്കു വിട്ടുകൊടുത്തിട്ടില്ലെന്നാണ് അദ്ദേഹം പ്രസ്താവിച്ച രണ്ടാമത്തെ വാദമുഖം. ഗവൺമെൻറു ഉത്തരവിൻെറ തത്വം അനുസരിച്ചു ചില അപേക്ഷകളെപ്പററി പര്യാലോചിച്ചിട്ടുണ്ടെന്നു ഞാൻ പറയാം. എന്നാൽ സക്കാർ വസ്തുക്കൾ കയ്യിലാക്കുന്നവർക്കു വിട്ടുകൊടുക്കാൻ ഗവൺമെൻറിൽനിന്നും ഉദ്ദേശിക്കുന്നില്ലെന്ന അവക്കു മനസ്സിലായപ്പോൾ അവർ എല്ലാവരും പിന്മാറുകയാണ് ചെയ്തിട്ടുള്ളത്.

മി. മാത്യുമുരിക്കൻ (വൈക്കം): സർ,—

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): സർ, എന്നെ ഇപ്രകാരം ഇടയ്ക്കു തടയരുത്. ഞാൻ മി. മുരിക്കനെ തടസ്സപ്പെടുത്തിയില്ല. അദ്ദേഹം പൊതുവെ ഒരഭിപ്രായം പറയുന്നതല്ലാതെ അതിനെ തെളിയിച്ചു സ്ഥാപിക്കുന്നതിന സന്നദ്ധനാകുന്നില്ല.

മി. മാത്യുമുരിക്കൻ (വൈക്കം): എൻെറ അഭിപ്രായം മാന്യനായ മെമ്പരുടെ അടുക്കൽ പറയണമെന്ന സഭാനിയമങ്ങൾ എന്നോടു ആജ്ഞാപിക്കുന്നില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): സർക്കാർ വസ്തുക്കൾ വിട്ടുകൊടുക്കുന്നതിന ഗവൺമെൻറു ഉദ്ദേശിക്കുന്നില്ലെന്നു പ്രൈവററു ഏജൻസികൾ കണ്ടപ്പോൾ അപേക്ഷകന്മാർ പിന്മാറി. ഇപ്പോൾ വന്നതുപോലെ ഒരാൾവന്നു വഞ്ചിയൂർ സ്കൂൾ അയാൾക്കു വിട്ടുകൊടുക്കണമെന്ന അപേക്ഷിക്കയാണെങ്കിൽ ഞാൻ ഉടൻതന്നെ അതിലേക്കു ശുപാർശ ചെയ്യണമെന്നാണോ ഗവൺമെൻറിൻെറ ഉദ്ദേശം എന്ന എനിക്കറിയാൻ പാടില്ല. ഞാൻ ആ ഗവൺമെൻറുത്തരവ് ആ അർത്ഥത്തിൽ മനസ്സിലാക്കുന്നില്ല.

മൂന്നാമതായി ഗ്രാൻറു നൽകുന്നതിൻെറ കുറവിനെപ്പററിയാണ് മെമ്പർ പ്രതിപാദിക്കുന്നത്. ഇത്ര പ്രസംഗപാടവപ്രകടനത്തിന ഉപയോഗിക്കേണ്ട ഒരു സംഗതിയല്ല. ഞാൻ ഈ പ്രശ്നത്തെപ്പററി ഉത്തരവാദിത്വമുള്ള മാനേജരന്മാരിൽനിന്നും അറിവുശേഖരിക്കുകയും ചിന്തിക്കുകയുമാണ്. വിദ്യാലയങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന ഒരു കൂടുതൽ നിരക്കു സഹായധനം ആവശ്യമുണ്ടെന്നു മാനേജരന്മാർ എൻെറ അടുക്കൽ പറഞ്ഞു എന്നെ ബോദ്ധ്യപ്പെടുത്തുകയാണെങ്കിൽ അതേപ്പററി യുക്തമായ അഭിപ്രായങ്ങൾ ഗവൺമെൻറിൽ സമർപ്പിക്കുന്നതു എൻെറ കടമയായിരിക്കും. എന്തുകൊണ്ടെന്നാൽ ഈ കാര്യത്തിൽ ഗവൺമെൻറു വിദ്യാലയങ്ങളും സഹായധനം വാങ്ങുന്ന വിദ്യാലയങ്ങളും തമ്മിൽ വ്യത്യസ്തമായി ഗണിക്കുന്നില്ല.

അവസാനമായി അദ്ദേഹം പ്രസ്താവിക്കുന്നതു ഡിപ്പാർട്ടുമെൻറിൽനിന്നും പ്രൈവററു സ്ഥാപനങ്ങളുടെമേൽ നടത്തുന്ന ഭരണാധികാരരീതി വളരെ ചീത്തയായ നിലയിലാണെന്നാണ്. കൌൺസിലിൽ നടക്കുന്ന സംഗതികളെപ്പററി മി. മുരിക്കൻ പ്രത്യക്ഷമായി അശ്രദ്ധനായിട്ടാണ് കാണുന്നതു. മററുള്ളവരുടെ അവകാശങ്ങളിൽ ഇടപെടണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

മി. മാത്യുമുരിക്കൻ (വൈക്കം): ഈ നിലയിൽ എന്നോടു പെരുമാറണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ അശ്രദ്ധനായിരുന്നു എന്നു മാന്യനായ ഡയറക്ടർ പറയുന്നു. എനിക്കാവശ്യമുള്ളിടത്തോളം ഞാൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എന്നോടു ഈവിധത്തിൽ പെരുമാറണമെന്നു ഞാൻ ആശിക്കുന്നില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): മി. മുരിക്കൻ ശ്രദ്ധിക്കുകയായിരുന്നോ അല്ലയോ എന്നു സഭ തീർച്ചപ്പെടുത്തും. മാനേജരന്മാരുടെ അവകാശങ്ങളിൽ ഞാൻ ഇടപെടാൻ ആഗ്രഹിക്കുന്നില്ലെന്നു മി. ഭദ്രാക്കൻെറ പ്രശ്നത്തിന മറുപടിയായി ഞാൻ പ്രസ്താവിച്ചു. ഞാൻ പറഞ്ഞതിൻെറ അർത്ഥം മാന്യനായ മെമ്പർക്കു മനസ്സിലാക്കാൻ സാധിക്കാതെ വീണ്ടും ആ കുററാരോപണംതന്നെ ചെയ്യുകയാണെങ്കിൽ —

അദ്ധ്യക്ഷൻ: നിങ്ങളുടെ സമയം കഴിഞ്ഞുപോയി.

മേൽപറഞ്ഞതും താഴെ പറയുന്നവയും ആയ ഉപക്ഷേപങ്ങൾ ആ അപേക്ഷകർക്കുള്ള സമയം തീർന്നുപോയതുകൊണ്ടു റദ്ദായിപ്പോയി.

ഉപക്ഷേപങ്ങൾ ൩൯൯ മുതൽ ൪൦൩ വരെ.

മി. ആർ. രാമൻപിള്ള:

൩൯൯. ട്രാവലിംഗ് അലവൻസിനുള്ള ൧൨,൦൦൦ രൂപായിൽനിന്നും ൩,൦൦൦ രൂപാ കുറയ്ക്കണമെന്ന്.

മി. ഏ. സി. കുര്യാക്കോസ്:

൪൦൦. ട്രാവലിംഗ് അലവൻസിനുള്ള ൧൨,൦൦൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണമെന്ന്.

മി. മുരിങ്ങോലിൽ പാച്ചുപിള്ള:

൪൦൧. ഇൻസ്പെക്ടർമാർക്കുള്ള ൮൪,൮൭൦ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണമെന്ന്.

മി. കെ. പി. നീലകണ്ഠപ്പിള്ള:

൪൦൨. കൺട്രോളിംഗ് ഏജൻസികൾക്കുള്ള ൧,൨൪,൩൪൨ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണമെന്ന്.

മി. മാത്യു മുരിക്കൻ:

൪൦൩. കൺട്രോളിംഗ് ഏജൻസികൾക്കുള്ള ൧,൨൪,൩൮൨ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണമെന്ന്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള:

൪൦൪. കൺട്രോളിംഗ് ഏജൻസികൾക്കുള്ള ൧,൨൪,൩൪൨ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണമെന്ന്.

മി. പി. എസ്സ്. മഹമ്മദ്:

൪൦൫. മഹാരാജാസ് സയൻസ്കാളേജിനുള്ള ൫൨,൯൯൨ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണമെന്ന്.

മി. മുറിവേലിൽ പാച്ചുപിള്ള:

൪൦൬. ആർട്ട്സ് കാളേജിനുള്ള ൧൬,൧൪൪ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണമെന്ന്.

മി. മുറിവേലിൽ പാച്ചുപിള്ള:

൪൦൭. ഡിമോൺസ്ട്രേറ്ററന്മാർക്കുള്ള ൨,൦൯൬ രൂപായിൽനിന്നും ൯൦ രൂപാ കുറയ്ക്കണമെന്ന്.

മി. ആർ. കേശവപിള്ള:

൪൦൮. ശമ്പളത്തിനുള്ള ൪,൭൭൪ രൂപായിൽനിന്നും ൯൦൦ രൂപാ കുറയ്ക്കണമെന്ന്.

മി. എ. സി. കുരിയാക്കോസ്.

൪൦൯. ട്രാവലിംഗ് അലവൻസിനുള്ള ൨൭൦ രൂപ കുറയ്ക്കണമെന്നും

മി. കെ. പി. നീലകണ്ഠപ്പിള്ള.

൪൧൦. സാമാനങ്ങൾവാങ്ങിക്കുന്നതിനും നന്നാക്കുന്നതിനുമുള്ള ൩൭൦൦ രൂപയിൽനിന്നും ൩൦൦൦ രൂപകുറയ്ക്കണം.

മി. എസ്. കൃഷ്ണപിള്ള.

൪൧൧. കാളേജ് വിദ്യാഭ്യാസത്തിനുള്ള ൧,൧൮,൨൧൮ രൂപയിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണമെന്നു.

മി. പി. എസ്. മഹമ്മദ്.

൪൧൨. കാളേജ്വിദ്യാഭ്യാസത്തിനുള്ള ൧,൧൮,൨൧൮ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കണമെന്നു,

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

൪൧൩. വാദ്ധ്യാന്മാർക്കുള്ള ൯൯൭൪൨ രൂപായിൽ നിന്നും ൧ രൂപ കുറയ്ക്കണമെന്നു.

മി. എ. താണുപിള്ള.

൪൧൩. (എ) എസ്റ്റാബ്ലിഷ്മെൻറിനുള്ള ൧൬൭൭൨ രൂപായിൽ നിന്നും ൧ രൂപാ കുറയ്ക്കണമെന്നു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

൪൧൪. പെൺകുട്ടികളുടെ ഇംഗ്ലീഷ് ഹൈസ്കൂളിനുള്ള ൧൪,൨൦൯ രൂപായിൽനിന്നു ൧ രൂപകുറയ്ക്കണമെന്നു.

മി. മുറിവേലിൽ പാച്ചുപിള്ള,

൪൧൫. പെൺകുട്ടികളുടെ ഇംഗ്ലീഷ് മിഡിൽസ്കൂളിനുള്ള ൨൬,൩൮൯ രൂപായിൽനിന്നും ൧ രൂപ കുറയ്ക്കണമെന്നു,

മി. മുറിവേലിൽ പാച്ചുപിള്ള.

൪൧൬. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള ൭,൩൬,൨൬൨ രൂപായിൽ നിന്നും ൭ രൂപാ കുറയ്ക്കണമെന്നു.

മി. പി. എസ്. മഹമ്മദ്,

൪൧൭. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള ൭,൩൬,൨൬൨ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കണമെന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൪൧൮. പുസ്തകങ്ങൾക്കും വർത്തമാനപ്പത്രങ്ങൾ മുതലായതിനുമുള്ള ൧,൨൨൭ രൂപായിൽനിന്നും ൩൨൭ രൂപ കുറയ്ക്കണമെന്നു,

മി. എ. സി. കുരിയാക്കോസ്.

൪൧൯. പെൺകുട്ടികളുടെ മലയാളം ഹൈസ്കൂളിനും മിഡിൽസ്കൂളിനുമുള്ള ൨,൨൭,൨൦൩ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണമെന്നു.

മി. എ. താണുപിള്ള.

൪൧൯. (എ) ആൺകുട്ടികളുടെമലയാളം പ്രൈമറിസ്കൂളുകൾക്കുള്ള ൮,൬൬,൨൭൯ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്നു.

മി. തയ്യിലകണ്ടത്തിൽ തൊമ്മൻ.

൪൨൦. എസ്റ്റാബ്ലിഷ്മെൻറിനുള്ള ൧,൯൧,൨൪൪ രൂപയിൽ നിന്നും ൭ രൂപ കുറയ്ക്കണമെന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൪൨൧. പുസ്തകങ്ങൾ വാങ്ങിക്കുന്നതിനുള്ള ൧,൨൬൦ രൂപയിൽ നിന്നും ൩൦൦ രൂപ കുറയ്ക്കണമെന്നു.

മി. എ. സി. കുറിയാക്കോസ്.

൪൨൨. ആൺകുട്ടികളുടെ മലയാളം സ്കൂളുകളിൽ കൂടുതൽ വാദ്ധ്യാന്മാരെ നിയമിക്കുന്നതിനുള്ള ൧൫,൦൦൦ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണമെന്ന്.

മി. മുറിവേലിൽ പാച്ചുപിള്ള.

൪൨൩. നാട്ടുഭാഷാ വിദ്യാഭ്യാസത്തിനുള്ള ൧൯,൩൦,൮൦൧ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. എസ്. പിറവിപ്പെരുമാൾപിള്ള.

൪൨൪. നാട്ടുഭാഷാ വിദ്യാഭ്യാസത്തിനുള്ള ൧൯,൩൦,൮൦൧ രൂപയിൽ നിന്നും ൧൦ രൂപ കുറയ്ക്കണമെന്ന്.

മി. ഇട്ടൂപ്പ് ഇട്ടിച്ചൻ.

൪൨൫. നാട്ടുഭാഷാവിദ്യാഭ്യാസത്തിനുള്ള ൧൯,൩൦,൮൦൧ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്ന്.

മി. പി. എസ്. മുഹമ്മദ്.

൪൨൬. നാട്ടുഭാഷാ വിദ്യാഭ്യാസത്തിനുള്ള ൧൯,൩൦,൮൦൧ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്ന്.

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്.

൪൨൭. സംസ്കൃതകാളേജിനുള്ള ൧൯,൩൯൭ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. എ. രാമൻപിള്ള.

൪൨൭. (എ) ടെക്സ്റ്റ്ബുക്ക കമ്മറ്റിക്കുള്ള ൧,൯൭൧ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൪൨൮. സഹായധനത്തിനുള്ള ൧൨,൮൦,൦൦൦ രൂപയിൽ നിന്നും ൪൨,൦൦൦ രൂപ കുറയ്ക്കണമെന്ന്.

മി. എ. സി. കുറിയാക്കോസ്.

൪൨൯. സഹായധനത്തിനുള്ള ൧൨,൮൦,൦൦൦ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മിസ്സസ് എലിസബത്ത് കുരുവിള.

൪൩൦. സഹായധനത്തിനുള്ള ൧൨,൮൦,൦൦൦ രൂപയിൽനിന്നും ൧൦ രൂപ കുറയ്ക്കണമെന്ന്.

മി. പി. എസ്. മുഹമ്മദ്.

൪൩൧. സ്കാളർഷിപ്പിനും സ്റ്റൈപ്പൻഡിനുമുള്ള ൯൩,൫൦൦ രൂപയിൽ നിന്നും ൧൦ രൂപ കുറയ്ക്കണമെന്ന്.

മി. കുറിയാക്കോസ്.

൪൩൨. വാദ്ധ്യാന്മാരുടെ പ്രോവിഡന്റ ഫണ്ടിനുള്ള ൫൫,൦൦൦ രൂപയിൽ നിന്നും ൫ രൂപ കുറയ്ക്കണമെന്ന്.

മി. എ. സി. കുറിയാക്കോസ്.)

൪൩൩. മലയാളം പാഠപുസ്തകങ്ങളും കാപ്പിപുസ്തകങ്ങളും അച്ചടിക്കുന്നതിനുള്ള ൫൫൦൦൦ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കണമെന്ന്.

മി. പി. എസ്. മുഹമ്മദ്.

൪൩൪. പലവകകൾക്കുള്ള ൧൫,൪൮,൦൦൧ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്ന്.

മി. എ. ജി. മേനോൻ.

൪൩൫. ൧൨-ാം നമ്പർ ഡിമാൻറിനു ആകെ അനുവദിച്ചിട്ടുള്ള ൪൩,൨൫,൩൯൯ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. എൻ. ആർ. കൃഷ്ണൻ.

൪൩൬. ൧൨-ാം നമ്പർ ഡിമാൻറിനുള്ള ൪൩,൨൫,൩൯൯ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. മുറിവേലിൽ പാച്ചുപിള്ള.

൪൩൭. ഡിമാൻഡു ൧൨-നു ആകെയുള്ള ൪൩,൨൫,൩൯൯ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. മുറിവേലിൽ പാച്ചുപിള്ള.

൪൩൮. ഡിമാൻഡു ൧൨-നു ആകെയുള്ള ൪൩,൨൫,൩൯൯ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. മുറിവേലിൽ പാച്ചുപിള്ള.

൪൩൯. ഡിമാൻഡു ൧൨-നു ആകെയുള്ള ൪൩,൨൫,൩൯൯ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. മുറിവേലിൽ പാച്ചുപിള്ള.

൪൪൦. ഡിമാൻഡു ൧൨-നു ആകെയുള്ള ൪൩,൨൫,൩൯൯ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. ആർ. കേശവപിള്ള.

൪൪൧. ഡിമാൻഡു ൧൨-നു ആകെയുള്ള ൪൩,൨൫,൩൯൯ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണമെന്ന്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ.

൨൨൪. ഡിമാൻഡു ൧൨-ാം ആകെയുള്ള ൨൩,൪൭,൩൯൯ രൂപയിൽ നിന്നും ൭ രൂപ കുറയ്ക്കണമെന്നു.

മി. മത്തായി മുരിക്കൻ.

൨൨൫. ഡിമാൻഡു ൧൨-ാം ആകെയുള്ള ൨൩,൪൭,൩൯൯ രൂപയിൽ നിന്നും ൧൦ രൂപ കുറയ്ക്കണമെന്നു്.

മി. എ. എസ്. ദാമോദരൻ ആശാൻ.

൨൨൬. ഡിമാൻഡു ൧൨-ാം ആകെയുള്ള ൨൩,൪൭,൩൯൯ രൂപയിൽ നിന്നും ൧൦൦ രൂപ കുറയ്ക്കണമെന്നു.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ.

൨൨൭. ഡിമാൻഡു ൧൨-ാം ആകെയുള്ള ൨൩,൪൭,൩൯൯ രൂപയിൽ നിന്നും ൧൦൦ രൂപ കുറയ്ക്കണമെന്നു്.

ഒ. പി. എസ്. മഹമ്മദ്.

൨൨൮. ഡിമാൻഡു ൧൨-ാം ആകെയുള്ള ൨൩,൪൭,൩൯൯ രൂപയിൽ നിന്നും ൧൦൦ രൂപ കുറയ്ക്കണമെന്നു്.

അദ്ധ്യക്ഷൻ. ഡിമാൻഡു ൧൨—വിദ്യാഭ്യാസത്തിനുള്ള ൨൩,൪൭,൩൯൯ രൂപ ഞാൻ സഭയുടെ വോട്ടിനായി ഇടുന്നു.

പണം അനുവദിച്ചു.

ഡിമാൻഡു ൧൩—കൃഷിയും മത്സ്യവ്യവസായവും.

അദ്ധ്യക്ഷൻ. സഭ ഇനിയും ഡിമാൻഡു ൧൩— കൃഷിയും മത്സ്യവ്യവസായവും— ലേക്കു പ്രവേശിക്കാം:

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷി മത്സ്യവ്യവസായഡയറക്ടർ): ഡിമാൻഡു ൧൩ കൃഷിമത്സ്യവ്യവസായ—ലേക്കു ൧,൪൨,൦൪൭ രൂപ അനുവദിക്കുന്നതിനു ഞാൻ അപേക്ഷിക്കുന്നു.

ഉപക്ഷേപം ൨൨൯.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

എസ്റ്റാബ്ലിഷ്മെൻറിനുള്ള ൪൩,൦൭ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്നു്.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കൃഷിഡിപ്പാർട്ടുമെൻറിലെ എസ്റ്റാബ്ലിഷ്മെൻറു വകയ്ക്കു ചേർത്തിട്ടുള്ള ൪൩,൦൭ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്നുള്ളതാണ് എൻെറ ഉപക്ഷേപം.

കൃഷിഡിപ്പാർട്ടുമെൻറിലെ സ്ഥിതിഗതികളെപ്പററി പറയാനാണ ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. ഗവൺമെൻറു പല മാതൃകാതോട്ടങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ജനങ്ങൾക്കു അതു കണ്ടുപഠിക്കുന്നതിനോ അതനുസരിച്ചു പ്രവർത്തിക്കുന്നതിനോ അവരുടെ ധനശക്തി അനുവദിക്കുന്നില്ല. ജനങ്ങൾ മാതൃകയ്ക്കല്ല ആദായത്തിനാണ കൃഷിചെയ്യുന്നതെന്നുള്ള തത്വം ഡിപ്പാർട്ടുമെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൃഷിഡിപ്പാർട്ടുമെൻറിലെ ഉപദേശം അനുസരിച്ചു ധാരാളം വളം ചേർത്തു കൃഷിചെയ്യുന്നുണ്ടു്. എന്നാൽ മദ്ധ്യതിരുവിതാംകൂറിൽ അതു ഉപയോഗപ്പെടുന്നില്ല, കാരണം വെള്ളപ്പൊക്കംമൂലം ഈ ചേർക്കുന്ന വളം മുഴുവനും ഒഴുകിപ്പോകുന്നു എന്നുള്ളതാണ്. വെള്ളത്തിൻെറ കുറവുകൊണ്ടല്ല മദ്ധ്യതിരുവിതാംകൂറിൽ കൃഷിപ്പിഴ നേരിടുന്നതു, നേരേമറിച്ചു ആ വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ഡ്രെയിനേജ് (മാർഗ്ഗം) ഇല്ലാത്തതുകൊണ്ടാണ് കൃഷിക്കു ദോഷം സംഭവിക്കുന്നതു്. അതിനാൽ അതിലേക്കുവേണ്ടി നിവാരണമാർഗ്ഗം ഉണ്ടാക്കിയരണം.

കുംഭം മകരം ഈ മാസങ്ങളിൽ മഴയുടെ കുറവുകൊണ്ടും കൃഷിക്കു ന്യൂനത സംഭവിക്കുന്നുണ്ടു്. അതിനാൽ വേണ്ടസ്ഥലത്തു ജലസേചന ഏർപ്പാടു നടപ്പിൽവരുത്തി തരികയും ജലനിർഗ്ഗമനമാർഗ്ഗം വേണ്ടസ്ഥലത്തു അതു ഉണ്ടാക്കിത്തരികയുംവേണം.

ഇന്നയിന്ന സ്ഥലത്തു ഇന്നയിന്ന രീതിയിൽ കൃഷിചെയ്യണമെന്നു കൃഷിക്കാരെ ഉപദേശിക്കാത്തതുകൊണ്ടാണ് അധികവും കൃഷിക്കു ദോഷം നേരിടുന്നതു. അതിനാൽ സ്ഥലകാലം അനുസരിച്ചു കൃഷിക്കാർക്കുവേണ്ട ഉപദേശം നൽകുന്നതിനു കൃഷിഡിപ്പാർട്ടുമെൻറുകാർ പ്രത്യേകം ശ്രദ്ധിക്കണം.

വർഷം കുറവുള്ള സമയത്തു ആററിൽനിന്നും വെള്ളം നിലങ്ങളിൽ കയററുന്നതിനും നിലങ്ങളിൽ വെള്ളം കെട്ടിനിൽക്കുമ്പോൾ അതിനെ തിരികെ ആററിലേക്കുതന്നെ തിരിച്ചുവിടുന്നതിനും ഏതെങ്കിലും ഏർപ്പാടുചെയ്യുതരാത്തപക്ഷം മദ്ധ്യതിരുവിതാംകൂറിൽ കൃഷിക്കു വലുതായ നഷ്ടം സംഭവിക്കുന്നതാണ്.

മദ്ധ്യതിരുവിതാംകൂറിൽ കുറേസ്ഥലം എടുത്തു ഡിപ്പാർട്ടുമെൻറിൽനിന്നും നെൽകൃഷി മാതൃകയായി ചെയ്തു ജനങ്ങളെ പഠിപ്പിച്ചുകൊടുക്കണം. ഇതുയും സംഗതികൾ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്.

മി. റി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): മി. കൊച്ചുതൊമ്മൻെറ ഉപക്ഷേപം പിൻതാങ്ങുന്നതിനുകൂടാതെ എനിക്കു ചിലസംഗതികൾ ഗവൺമെൻറിൻെറ അടുക്കൽ പ്രസ്താവിക്കേണ്ടതായുംഉണ്ട് തിരുവിതാംകൂറിലുള്ള കൃഷിക്കാർക്കും തിരുവിതാംകൂർ ഗവൺമെൻറിനും ജലസേചനം എന്നും കൃഷിയെന്നുംഉള്ളതു ഇതുവരെ യഥാർത്ഥത്തിൽ എന്താണെന്നു മനസ്സിലായിട്ടില്ല. കൃഷിസംബന്ധമായ ജോലികൾ പി. ഡബ്ലിയു. ഡി. ഡിപ്പാർട്ടുമെൻറുകാരെക്കൊണ്ടുള്ള പരണേ ചെയ്യുന്നതെങ്കിലും നിർഭാഗ്യവശാൽ കൃഷി പി. ഡബ്ലിയു ഡി. കാരോടു ചേർന്നിട്ടുള്ളതല്ല.

(ഗ്യാലറികളിൽ ശബ്ദം)

അദ്ധ്യക്ഷൻ: ഗ്യാലറികളിലെ ശബ്ദം കുറയ്ക്കുമോ?

മി. റി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): സഭയുടെ ഈ ഭാഗത്തുനിന്നും ശക്തിമത്തായ വാദപ്രതിവാദങ്ങളും വിമർശനങ്ങളും കൃഷിഡിപ്പാർട്ടുമെൻറിനെക്കുറിച്ചു പല മെമ്പർമാർക്കും ഇടയായിട്ടുണ്ട്. സർ, കൃഷിയെ സംബന്ധിച്ചിടത്തോളം ഇറിഗേഷൻെറ ആവശ്യകതകളും രാജ്യത്തിൻെറ സമ്പ.

ത്തികനിലയെ അഭിവൃദ്ധിപ്പെടുത്തേണ്ടതിനുള്ള മാർഗ്ഗങ്ങളും പരസ്പരബന്ധമുള്ളതാകയാൽ കഴിവുള്ളതുപോലെ അങ്ങിനെയുള്ള ഡിപ്പാർട്ടുമെൻറുകളെ, അവയുടെ ജോലി രാജ്യത്തിനു ഉപയോഗപ്രദമാകത്തക്കവണ്ണം തമ്മിൽ ബന്ധിക്കേണ്ടതു ഗവൺമെൻറിൻെറ ചുമതലയാണ്. മുൻപുള്ള അവസരങ്ങളിൽതന്നെ ഈ സംഗതിയെപ്പററി അതായതു ഇറിഗേഷൻ വർദ്ധിപ്പിക്കുന്നതിനെപ്പററി ഞാൻ സഭയിൽ ശക്തിമത്തായി പ്രതിവാദിക്കുന്നുണ്ടായിരുന്നു. ഈ ആണ്ടിൽ കൃഷിഡിപ്പാർട്ടുമെൻറിലേക്കു ലക്ഷത്തിൽ ചില്വാനം രൂപാമാത്രമേ അനുവദിച്ചിട്ടുള്ളു. എന്നാൽ മുന്നാണ്ടുകളിൽ ഇതിൽ കൂടുതലായ ഒരു സംഖ്യ ഡയറക്ടർ അനുവദിപ്പിക്കുമായിരുന്നു. നാം കാണുന്ന എല്ലാ ഫലങ്ങളും, നാം ഗവൺമെൻറിലേക്കു കൊടുക്കുന്ന എല്ലാപണവും നാം കാണുന്നതെല്ലാം, നമുക്കു മാതൃരാജ്യത്തിനു ലഭിക്കുന്ന സൌകര്യങ്ങളെല്ലാം കൃഷിസേചനവും അതുപോലെയുള്ള മററു മാർഗ്ഗങ്ങളുംമൂലവും ആണ്. അതുകൊണ്ടു തിരുവിതാംകൂറിലെ ആദായത്തിൻെറ ഒരു ഭാഗം ഇറിഗേഷൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകം തിരിച്ചുവക്കേണ്ടതായിട്ടുണ്ട്. നമുക്കു കൃഷിസേചനത്തിനുള്ള സൌകര്യമുണ്ടാകുമ്പോൾ രാജ്യത്തിൻെറ ഫലപ്രാപ്തിക്കുള്ള ശക്തിയെ വർദ്ധിപ്പിക്കേണ്ടതു കൃഷിഡിപ്പാർട്ടുമെൻറിൻെറ ചുമതലയാണ്. ഇതുവരെ നമുക്കു കൃഷിഡിപ്പാർട്ടുമെൻറിനെപ്പററി വിമർശിക്കേണ്ടയാവശ്യമില്ല. സർ, എൻെറ സ്നേഹിതനായ മി. കൊച്ചുതൊമ്മൻ നദികളുടെ തീരങ്ങളിലുള്ള തടങ്ങളിൽ ഇടുന്ന കൃത്രിമബണ്ടുകൾ ഒലിച്ചുപോകുന്നു എന്നു ഇപ്പോൾ പരാതിപറയുകയായിരുന്നു, അതു കൃഷിഡിപ്പാർട്ടുമെൻറിൻെറ കുററമല്ല. അതു ഗവൺമെൻറിൽനിന്നും അനുസരിച്ചുപോരുന്ന ഭരണനയത്തിൻെറ വിഴ്ചയാണ്. അങ്ങിനെയുള്ള വെള്ളത്തെ തടഞ്ഞുനിറുത്തി കൂടുതൽ പ്രയോജനമുള്ള കാര്യങ്ങൾക്കുപയോഗിക്കേണ്ടതും, വെള്ളപ്പൊക്കം ഉണ്ടായി വിളവുകളെ നശിപ്പിക്കുകയും അങ്ങിനെ [illegible]ളത്തെ അടിച്ചുകൊണ്ടു പോകുകയും ചെയ്യാതിരിക്കുന്നതിനും ഗവൺമെൻറു ഗാഢമായി ശ്രദ്ധിക്കേണ്ടതാണ്. ഇതു വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണ്. അതേപ്പററി വിവരമായി പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ജലസേചനവും കൃഷിയും ഒരാളുടെ അധികാരസീമയിൽ വെയ്ക്കുന്നതിനു [illegible] ധനപരിശോധന ബോർഡിൻെറ റിപ്പോർട്ടിൽ ശിപാർശചെയ്തിട്ടുള്ളതു ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു മാത്രമേ ഞാൻ ഉദ്ദേശിച്ചുള്ളു.

മി. പി. എസ്സ്. മുഹമ്മദ (നിയമിക്കപ്പെട്ട സഭാംഗം): സർ, മാതൃകാതോട്ടങ്ങൾകൊണ്ടു എന്തുദ്ദേശിച്ചിരിക്കുന്നുവോ ആ ഫലം തികവായി കൃഷിക്കാർക്കു കിട്ടുന്നില്ലെന്നുപറയാതിരിക്കാൻ നിവൃത്തിയില്ല. ഏററവും ചുരുങ്ങിയ ചിലവിൽ കൂടുതൽ ആദായം കിട്ടത്തക്കനിലയിൽ ഉള്ളമാർഗ്ഗങ്ങളെ കാണിച്ചുകൊടുക്കുകയാകുന്നു കൃഷിഡിപ്പാർട്ടുമെൻറു പ്രധാനമായി ചെയ്യേണ്ട പ്രവൃത്തി. കൂടുതൽ ചിലവുചെയ്തു കൂടുതൽ അനുഭവം കിട്ടത്തക്കവിധത്തിലുള്ള പ്രവൃത്തികളിൽ സാധാരണ ജനങ്ങൾക്കു ആഗ്രഹം ഉണ്ടാകുമെന്നു തോന്നുന്നില്ല. നല്ല ആദായം ലഭിക്കുന്ന പ്രവൃത്തികളിൽ ശ്രദ്ധയോടുകൂടി ചിലവഴിക്കുന്ന ഇന്നത്തെ മാതൃകാതോട്ടങ്ങളുടെ കണക്കു പരിശോധിച്ചു നോക്കുകയാണെങ്കിൽ മിക്കവാറും നഷ്ടത്തിലല്ലയോ കലാശിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങിനെയുള്ള മാതൃകയെ അടിസ്ഥാനമാക്കി ജനങ്ങൾ കൃഷിയടങ്ങൾ മുന്നോട്ടു വരുമെന്നു വിചാരിക്കാൻ തരമില്ല.

മാതൃകാകൃഷിത്തോട്ടങ്ങൾ കാണുന്നതിനു വളരെ ഭംഗിയായിരിക്കുമെങ്കിലും അതുകൊണ്ടു പ്രയോജനമൊന്നുമില്ല. അതു ശരിയായി പ്രയോജനപ്പെടുത്തണമെങ്കിൽ അതിൽനിന്നും ആദായംലഭിക്കുന്നുണ്ടെന്നുകൂടി ജനങ്ങളെ മനസ്സിലാക്കി കൊടുക്കണം. ഇത്രയുംമാത്രം പറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാനും ബലമായി പിൻതാങ്ങുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സർ, ഈ ഉപക്ഷേപം അവതരിപ്പിച്ചതിൽ മി. കൊച്ചുതൊമ്മൻെറ ഉദ്ദേശം വെള്ളപ്പൊക്കംകൊണ്ടും ഉണക്കുകൊണ്ടും കൃഷികൾ നശിച്ചുപോകുന്നു എന്നും വെള്ളപ്പൊക്കത്തേയും ഉണക്കിനേയും തടയുന്നതിനു കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നും യാതൊന്നും ചെയ്യുന്നില്ലെന്നും ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ്. സർ, ഈ കാര്യത്തിൽ യാതൊന്നും എൻെറ ഡിപ്പാർട്ടുമെൻറിൽനിന്നു ചെയ്തിട്ടില്ലെന്നു ഞാൻ സമ്മതിക്കുന്നു. ഡിപ്പാർട്ടുമെൻറിൽനിന്നും എന്തെങ്കിലും ചെയ്യുന്നതിനു സാധിക്കുമോ എന്നും എനിക്കു സംശയമാണ്.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രായോഗികമായിട്ടുള്ള വിഷമങ്ങൾ എന്തെല്ലാമാണെന്നു സമയം പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഞാൻ വിശദമായി പറയാം.

എൻെറ ഡിപ്പാർട്ടുമെൻറിൻെറ അധികാരസീമയിൽപെടാത്ത ചില സംഗതികൾ ഉണ്ട്. അവയിൽ ഒന്നു വരുണനെ സന്തോഷിപ്പിക്കുകയും വിരോധമാക്കുകയും ചെയ്യുന്ന സംഗതിയാണ്. ഈ ദേവതയെ സന്തോഷിപ്പിക്കുന്നതിനോ വിരോധമാക്കുന്നതിനോ ഉള്ള ഒരു മാർഗ്ഗം കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നും ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. ചിലപ്പോൾ നമുക്കു മഴ ആവശ്യമുള്ള അവസരങ്ങളിൽ മഴ പെയ്യാതിരിക്കുകയും മഴ ആവശ്യമില്ലാത്തപ്പോൾ മഴ പെയ്യുകയും ചെയ്യുന്നു.

മി. എസ്സ് പിറവിപ്പെരുമാൾപിള്ള ([illegible]): അതിലേക്കു വഴിപാടുകഴിക്കാത്തതു എന്താണ്?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഇയ്യാണ്ടിൽ പുഞ്ചകൃഷിക്കാർ വളരെ കഷ്ടതകൾ അനുഭവിച്ചു എന്നു എനിക്കറിയാം. അവരുടെ വിളവു വളരെ നന്നായിരുന്നു. എന്നാൽ മീനത്തിലും മേടത്തിലും ഉള്ള മഴകൊണ്ടു അതു കൊയ്തെടുക്കുന്നതിനു സാധിച്ചില്ല. ഇങ്ങിനെയുള്ള ഒരു സന്ദർഭത്തിൽ കൃഷിഡിപ്പാർട്ടുമെൻറിനു എന്തുചെയ്യുവാൻ കഴിയും എന്നാണ് ഞാൻ ചോദിക്കുന്നതു? അതിനുശേഷം വിളവുകൾക്കു വളരെ നഷ്ടംവരുത്തിയ വലിയ വെള്ളപ്പൊക്കംഉണ്ടായി. ഈ കാര്യത്തിൽ കൃഷിഡിപ്പാർട്ടുമെൻറിനു എന്തു ചെയ്യാൻ കഴിയും എന്നു ഞാൻ ചോദിക്കുന്നു. ഉണക്കിനെപ്പററി പ്രസ്താവിച്ചപ്പോൾ മി. കൊച്ചുതൊമ്മൻ ജലസേചനത്തെപ്പററി പ്രസ്താവിച്ചു. ഉണക്കുകാലത്തു വിളവുകളെ രക്ഷിക്കുന്നതിനുവേണ്ടി ഇറിഗേഷനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതുകൊണ്ടു വളരെ ഒക്കെ പ്രവൃത്തിക്കാമെന്നു ഞാൻ സമ്മതിക്കുന്നു. ജലസേചനത്തിനുള്ള മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനു ഗവൺമെൻറിനാൽ ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യു

അങ്ങനെയാണ് ഞാൻ വിശ്വസിക്കുന്നത്. 7,000 ഏക്കർ സ്ഥലങ്ങളിൽ കൂടുതൽ നനയ്ക്കുന്നതിനുപയുക്തമായ കോതയാർ ഇറിഗേഷൻ പ്രോജക്ട് അവർ പൂർത്തിയാക്കി. ചെമനർ ഇറിഗേഷന്റെ കാര്യവും അവരുടെ ശ്രദ്ധയെ ആകർഷിച്ചിരിക്കയാണ്. അവയെ വർദ്ധിപ്പിക്കുന്നതിനായി ആണ്ടോടാണ്ടു കൂടുതലായി പണവും അനുവദിക്കുന്നുണ്ട്?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഇറിഗേഷനും കൃഷിയും സംഘടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ഗവണ്മെന്റിന്റെ ആലോചനാവിഷയമായിത്തീർന്നിട്ടുണ്ടോ എന്നു സദയം പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എനിക്കു പറയാൻ നിവൃത്തിയില്ല.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇറിഗേഷൻ കൃഷിഡയറക്ടറുടെ ഭരണാധികാരത്തിൻകീഴിൽ കൊണ്ടുവരണമെന്നു അദ്ദേഹം ഗവണ്മെന്റിനോടു അഭിപ്രായപ്പെട്ടിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ആ വിഷയത്തെക്കുറിച്ചു ധനപരിപോഷണബോർഡു ഒരു പ്രമേയം പാസ്സാക്കുകയും ആ പ്രമേയം ഗവണ്മെന്റിന്റെ ആലോചനക്കായി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇറിഗേഷനുള്ള മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സൗകര്യം ഡയറക്ടർക്കു കൊടുക്കുകയാണെങ്കിൽ അതുകൊണ്ട് കൃഷി നന്നാക്കാമെന്നു അദ്ദേഹം വിചാരിക്കുന്നുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഇറിഗേഷൻ ഏതു ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തിൻകീഴിൽ ആയിരിക്കണമെന്നുള്ള സംഗതി ഗവണ്മെന്റിന്റെ നയം ആശ്രയിച്ചാണിരിക്കുന്നത്. അതിനു എനിക്കു മറുപടി പറയാൻ നിവൃത്തിയില്ല.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇറിഗേഷന്റെ ഭരണത്തെസംബന്ധിച്ചു ഡയറക്ടരുടെ അഭിപ്രായം എന്താണെന്നു സദയം പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഞാൻ ആ ചോദ്യത്തിനു മറുപടി പറഞ്ഞുകഴിഞ്ഞു.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ സംഗതിക്കുവേണ്ടി അദ്ദേഹം എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു ദയവായി പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഏതു സംഗതിക്കു?

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇറിഗേഷനുള്ള മാർഗ്ഗങ്ങളെ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ആ പ്രശ്നത്തെ സംബന്ധിച്ചുള്ള കാര്യം ഗവണ്മെന്റിന്റെ നയം അനുസരിച്ചാണിരിക്കുന്നത്.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇറിഗേഷൻ ജോലികളുടെ ഭരണാധികാരം നിങ്ങൾക്കു തരികയാണെങ്കിൽ ഇതിലും നല്ലതുപോലെ പ്രവർത്തിക്കാമെന്നു നിങ്ങൾ ഗവണ്മെന്റിനോടു അഭിപ്രായപ്പെട്ടിട്ടുണ്ടോ?

അദ്ധ്യക്ഷൻ. അതു ഗവണ്മെന്റിന്റെ നയത്തെ ആശ്രയിച്ചുള്ള ഒരു സംഗതിയാണെന്നു അദ്ദേഹം മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ധനപരിപോഷണബോർഡും ബോർഡിന്റെ പ്രസിഡന്റ എന്ന നിലയിൽ ഞാനുംകൂടി ഒരു പ്രമേയം പാസ്സാക്കി ഗവണ്മെന്റിന്റെ ആലോചനക്കായി അവരുടെ അടുക്കലേക്കു അയച്ചു.

ഇറിഗേഷനുള്ള സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുകൊണ്ടു വിളവു വർദ്ധിപ്പിക്കാമെന്നു ഞാൻ സമ്മതിക്കുന്നു. ഈ വസ്തുത ഗവണ്മെന്റിനറിയാൻ പാടില്ല എന്നുള്ളതാണ് ഞാൻ തെളിയിക്കുവാനായി ആഗ്രഹിക്കുന്നതു ഇറിഗേഷൻ പ്രേലകം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ പണം അനുവദിക്കുന്നതുകൊണ്ടു അവരാൽ ചെയ്യുവാൻകഴിയുന്നതെല്ലാം ചെയ്യുന്നു. ശരിയായി പറയുകയാണെങ്കിൽ മി. കൊച്ചുതൊമ്മൻ ഈ വിഷയം പൊതുമരാമത്തു ഡിമാൻഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

വെള്ളപ്പൊക്കം തടയുന്നതിനെക്കുറിച്ചും മി. കൊച്ചുതൊമ്മൻ പ്രസ്താവിച്ചു. ഇപ്പോഴത്തെ നിലയ്ക്കു വെള്ളപ്പൊക്കം തടയുന്നതിനായി കൃഷിഡിപ്പാർട്ടുമെന്റിൽനിന്നും ഒന്നും ചെയ്യേണ്ടതായിട്ടില്ല. ഈ സംഗതിയും പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽപെട്ടതാണ്.

ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഉൽപാദിപ്പിച്ചിട്ടുള്ള മറ്റൊരു ഏകവാദമുഖം മി. മഹമ്മദ് പ്രസ്താവിച്ചതാണ്. മാതൃകാ കൃഷിതോട്ടങ്ങൾ കൃഷിക്കാരാൽ മാതൃകയാക്കി അനുകരിക്കാൻ സാധിക്കാത്തവയാണെന്നു അദ്ദേഹം പറഞ്ഞു. അവ വളരെ പണച്ചിലവുള്ളതും കൃഷിക്കാർക്കു അതിനു തക്കതായ ആദായം ലഭിക്കാത്തവയുമാണ്: ഞങ്ങൾ മാതൃകാ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുന്നില്ലെന്നു ആദ്യമായിത്തന്നെ എന്റെ സ്നേഹിതനോടു ഉറപ്പായി പറയാം. കൃഷി ഡിപ്പാർട്ടുമെന്റിൽനിന്നും ഉണ്ടാക്കിയിരിക്കുന്ന തോട്ടങ്ങളെസംബന്ധിച്ചു ഒരു തെറ്റിദ്ധാരണയുണ്ട്. ചില പ്രത്യേക അവസ്ഥകൾക്കു യോജിച്ചു എന്താണ് കൃഷി ചെയ്യേണ്ടതെന്നും അവയ്ക്കു ഉപയോഗിക്കേണ്ട ഏറ്റവും നല്ല വളം ഏതാണെന്നും കണ്ടുപിടിക്കുന്നതിന് പരീക്ഷണങ്ങൾ നടത്തുന്നതിനു ഞങ്ങൾ പരീക്ഷണാർത്ഥം ചില തോട്ടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അപ്രകാരമുള്ള അര ഡസ്സൻ തോട്ടങ്ങൾ ഉണ്ട്. ഈ തോട്ടങ്ങളിലെല്ലാം ഞങ്ങൾ പരിശോധനകൾ നടത്തുന്നു. ഞങ്ങൾ നടത്തുന്ന പരീക്ഷകളെല്ലാം വിജയപ്രദമാകണമെന്നില്ല. അവയിൽ ധാരാളം തെറ്റിപ്പോകാം, തെറ്റിപ്പോകുന്നുമുണ്ട്. എന്നാൽ പലതിൽ ഒരെണ്ണം വിജയപ്രദമാകുകയാണെങ്കിൽ അതു എല്ലാ പരിശോധനകളുടെയും ചിലവുകളെ ധാരാളമായി തീർക്കുന്നു. വിജയപ്രദങ്ങളായ പരീക്ഷണങ്ങളുടെ ഫലങ്ങളെ കൃഷിക്കാരുടെ വസ്തുക്കളിൽ ഞങ്ങൾ പരീക്ഷിച്ചുകാണിക്കുന്നു. ഭരണറിപ്പോർട്ടുകൾ എന്റെ ഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടുസമാഹാരങ്ങൾ വായിക്കുകയാണെങ്കിൽ പരിശോധനയ്ക്കുള്ള തോട്ടങ്ങളുടെയും പരിശോധനാഫലങ്ങൾ തെളിയിക്കുന്നതിനായി ഉള്ള തോട്ടങ്ങളുടെയും വ്യത്യാസം ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതു അതിന്റെ ഉ വ്യ—മത്തെ വശത്തു അവർക്കു കാണാം. ഇൻഡ്യാ ഒട്ടുക്കു

അംഗീകരിച്ചിരിക്കുന്നനയം കുടിയാനവന്മാരുടെ വസ്തുക്കളിൽ പരീക്ഷിച്ചു കാണിക്കുന്നതിനായി കൃഷി ചെയ്യുകയാണ്. ഈ നയംകൃഷിയെസംബന്ധിച്ചുള്ള രാജകീയ കമ്മീഷന്റെ റിപ്പോർട്ടിലുംരേഖപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ അനേകംവർഷങ്ങളായിട്ടു കുടിയാനവന്മാരുടെ വസ്തുക്കളിൽ ഞങ്ങൾ അവക്കു തെളിയിച്ചുകൊടുക്കുന്നതിനായി കൃഷിചെയ്യുകയായിരുന്നു. ഒരു പക്ഷേ ഞങ്ങൾ നല്ല വേലചെയ്തുകൊണ്ടിരുന്നതായ ഈ മാതിരി കൃഷിസ്ഥലങ്ങൾ എന്റെ സ്നേഹിതനായ മി. മഹമ്മദ് കണ്ടിട്ടില്ലായിരിക്കാം. ൧൯൩൩-ലെ റിപ്പോർട്ടിന്റെ ൧൪-ാം വശം നോക്കുന്നതിനു ഞാൻ അദ്ദേഹത്തോടു ഉപദേശിക്കുന്നു. അതിൽ പരിഷ്കൃതരീതിയിലുള്ള നെല്ലു കൃഷി ൨൧ സ്ഥലങ്ങളിൽ കൃഷിചെയ്തു കാണിച്ചിരിക്കുന്നതായി കാണാം. ഓരോ ഉല്പാദന സ്ഥലങ്ങളുടെ അടുത്തും കൃഷിക്കാർ സാധാരണയായി തുടർന്നുകൊണ്ടിരുന്ന രീതിയിൽ കൃഷി ചെയ്തിട്ടുള്ള നിയന്ത്രണസ്ഥലവുമുണ്ട്. ഉല്പാദന സ്ഥലങ്ങളിലും നിയന്ത്രണ സ്ഥലങ്ങളിലും ചെയ്തിട്ടുള്ള എല്ലാ വേലകളും ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ഉപദേശംഅനുസരിച്ചും മേൽനോട്ടത്തിലും കൃഷിക്കാർതന്നെ ചെയ്തിട്ടുള്ളതാണ്. ഉല്പാദന സ്ഥലങ്ങളിൽ ഉപയോഗിച്ചിട്ടുള്ള വളത്തിന്റെ നിരക്കുവില ഏക്കർ ഒന്നിനു ഉദ്ദേശം ൨൫ രൂപായും നിയന്ത്രണസ്ഥലങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതിനു ഏക്കറൊന്നിനു ൫ രൂപായും ആണ്. ഉല്പാദനങ്ങളിൽ ഏക്കറൊന്നിനു ശരാശരി ൫൭൨൭ റാത്തൽ നെല്ലു വിളഞ്ഞു. നിയന്ത്രണസ്ഥലങ്ങളിൽ വിളഞ്ഞതിനേക്കാൾ ൭൫൪ റാത്തൽകൂടുതലായി ഉണ്ടായി, അല്ലെങ്കിൽ ഏകദേശം ൨൦ പറ നെല്ലു, പറയ്ക്കു ൫ രൂപാ വിലവച്ചുനോക്കുമ്പോൾ ഏക്കറൊന്നിനു ൨൦ രൂപാ കൂടുതലായി ലഭിച്ചു. ഈ ഫലത്തിന്റെ ശരിയായിട്ടുള്ള വില മനസ്സിലാക്കുന്നതിനു ഇരാജ്യത്തു അങ്ങുമിങ്ങുമായി ചിതറിക്കിടക്കുന്ന ൨൧ ഭിന്നസ്ഥലങ്ങളിൽനിന്നും കൃഷിക്കാർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ഉപദേശമനുസരിച്ചും മേൽനോട്ടത്തിലും തന്നെതാൻ കൃഷിചെയ്തതിന്റെ ശരാശരി നിരക്കാണെന്നുള്ള വസ്തുത ഓർത്തിരിക്കേണ്ടതാണ്. ശാസ്ത്രീയമായ രീതിയിൽ നെൽകൃഷി ചെയ്യുന്നതിന്റെ ഗുണങ്ങൾ കൃഷിക്കാരെ മനസ്സിലാക്കുന്നതിനു ഇതിൽ കൂടുതൽ തെളിവു ആവശ്യമില്ല. മി. പി. എസ്സ്. മഹമ്മദിനെപ്പോലുള്ള ആളുകളാണ് പരീക്ഷണാർത്ഥം ഈ കൃഷികൾ നടത്തി ഞങ്ങൾക്കു ഈ ഫലം പ്രദാനംചെയ്യുന്നത്. അതുകൊണ്ടു മാതൃകാ കൃഷിത്തോട്ടങ്ങൾ എന്നു പറയുന്നവയെക്കുറിച്ചു ഒരു തെറ്റിദ്ധാരണയും ഉണ്ടായിരിക്കരുത്. ഞങ്ങൾ സാധാരണയായി പരിശോധനക്കായുള്ള കൃഷിത്തോട്ടങ്ങളെ മാത്രമേ വച്ചുകൊണ്ടിരിക്കുന്നുള്ളു. ഉല്പാദനത്തിനായി ചെയ്യുന്ന കൃഷികൾ എല്ലാം നിവൃത്തിയുള്ളിടത്തോളം കുടിയാനവന്മാരുടെ വസ്തുക്കളിലാണ്. കൃഷിസേചനത്തിന്റെയും ജലനിർഗ്ഗമനത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു ഈ ഉപക്ഷേപത്തിന്റെ അവതാരകൻ ശക്തിയായി പ്രതിപാദിച്ചു. ഈ വിഷയങ്ങളെക്കുറിച്ചു എനിക്കിതിൽകൂടുതലായി ഒന്നും പറയാനില്ല.

മി. കൊച്ചുതൊമ്മൻ ഈ വിഷയങ്ങൾ പൊതുമരാമത്തു ഡിമാൻറിന്റെ കീഴിൽ ഉൾപ്പെടുത്തിയാൽ നന്നായിരിക്കും.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കൃഷിസേചനവും ജലനിർഗ്ഗമനവും പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ നിന്നും ചെയ്യേണ്ടതാണെന്നു പറകയുണ്ടായി. അതിനാൽ ഈ സംഗതി പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു ബഡ്ജറ്റു വാദപ്രതിവാദത്തിനെടുക്കുമ്പോൾ പറഞ്ഞുകൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ ഉപക്ഷേപം പിൻവലിക്കുന്നു.

അദ്ധ്യക്ഷൻ: ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നോ?

അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം ൨൫൧ എ.

താഴെ പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി. എ. താണുപിള്ള,

എസ്റ്റാബ്ലിഷ്മെന്റിനുള്ള ൨൩൦൭ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണമെന്ന്.

ഉപക്ഷേപം ൨൫൨.

മി. എ. സി. കുര്യാക്കോസ്:

എസ്റ്റാബ്ലിഷ്മെന്റു വകയ്ക്കുള്ള ൨൩൦൭ രൂപായിൽനിന്നും ൭ രൂപാ കുറയ്ക്കണമെന്നു.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ, എസ്റ്റാബ്ലിഷ്മെന്റു വകയ്ക്കു നിശ്ചയിച്ചിട്ടുള്ള ൨൩൦൭ രൂപായിൽ നിന്നും അഞ്ചു രൂപാ കുറയ്ക്കണമെന്നാണ് എന്റെ ഉപക്ഷേപം. ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിരിക്കുന്നതു കൃഷി ഡിപ്പാർട്ടുമെന്റിലെ പൊതുഭരണത്തിൽ വരുത്തേണ്ടതായ ചില പരിഷ്കാരങ്ങളെ സംബന്ധിച്ചു നിർദ്ദേശിക്കുന്നതിനാണ്. കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെന്റിനുവേണ്ടി ഇപ്പോൾ ഡയറക്ടറാവശ്യപ്പെട്ടിരിക്കുന്ന തുക ൨,൩൩,൭൭൦ രൂപായാണ്. ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളെ ഭരിക്കയും സംരക്ഷിക്കയും ചെയ്യുന്നതിനു ഗവൺമെന്റിൽനിന്നും ഇപ്പോൾ അനുവദിക്കാൻ നിശ്ചയിച്ചിരിക്കുന്ന തുകകൊണ്ടു മതിയാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങനെയാണെങ്കിൽ ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളുടെയും വളർച്ചയിൽ ഡയറക്ടർ പ്രവർത്തിക്കേണ്ടതായ പദ്ധതികളെ വേണ്ടവിധത്തിൽ രൂപീകരിച്ചു നിർദ്ദേശിച്ചു നടത്തിക്കൊണ്ടുപോകുന്നതിലേക്കു ഗവൺമെന്റു എത്രത്തോളം അനുവദിക്കുന്നുണ്ടെന്നുള്ളതിനു ഒരു ലക്ഷ്യമായിട്ടു ഈ തുക നിർദ്ദേശിച്ചിരിക്കുന്നു എന്നാണ് എന്റെ അഭിപ്രായം.

തിരുവിതാംകൂറിലെ കൃഷി ഡിപ്പാർട്ടുമെന്റു ഇവിടത്തെ പൌരാവലിക്കു എത്രമാത്രം സഹായമായിട്ടു തീരാവുന്ന ഒരു ഡിപ്പാർട്ടുമെന്റാണെന്നു ഒന്നാമതായി ചിന്തിക്കണം. തിരുവിതാംകൂറിലെ പ്രധാന തൊഴിൽ കൃഷിയാണ്. ഇവിടത്തെ കൃഷി പരിഷ്കൃതമായ രീതിയിൽ നടത്തപ്പെടുന്നില്ല. പല പ്രദേശങ്ങളെ സംബന്ധിച്ചും പരിഷ്കൃതമായ കൃഷിസമ്പ്രദായം ഏർപ്പെടുത്തുകയും നടപ്പിൽവരുത്തുകയും ചെയ്യുകയാണെങ്കിൽ ആ വിഷയത്തിൽ അവയ്ക്കു അഭിവൃദ്ധിയുണ്ടാകുമെന്നു ജനങ്ങൾ പറയുന്നുണ്ട്. ഗവൺമെന്റും അങ്ങനെതന്നെ പറയുന്നു. കൃഷിയിൽ അഭിവൃദ്ധിയുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു കൃഷി ഡിപ്പാർട്ടുമെന്റു സ്ഥാപിച്ചി

ട്ടുള്ളൂ. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഈ ഡിപ്പാർട്ടുമെന്റു സ്ഥാപിച്ചിട്ട് ൨൦ കൊല്ലത്തോളംവരും. ഇത്രയുംകാലംകൊണ്ടു ഈ ഡിപ്പാർട്ടുമെന്റിൽനിന്നും എന്തെല്ലാം പരിഷ്കാരങ്ങൾ ചെയ്യാൻ സാധിക്കുമായിരുന്നു എന്നുള്ളതും ഇവിടെ ചിന്താവിഷയമായിത്തീരേണ്ടതാണ്. ഈ സാഹചര്യങ്ങളെപ്പറ്റി ആലോചിക്കുന്ന അവസരത്തിൽ ഡിപ്പാർട്ടുമെന്റിന്റെ പരിഷ്കാരംകൊണ്ടും കാര്യക്ഷമമായ നടത്തിപ്പുകൊണ്ടും രാജ്യത്തിനു ഐശ്വര്യംവരുന്ന ഏതെല്ലാം മാർഗ്ഗങ്ങളിൽകൂടി പ്രവർത്തിക്കാമെന്നുള്ളതിനെപ്പറ്റി ആലോചിക്കേണ്ടതു ഈ കൗൺസിലിന്റെ മുഖ്യമായ ചുമതലയാകുന്നു എന്നാണ് എനിക്കു തോന്നുന്നതു. ഇപ്പോൾ കൃഷിഡിപ്പാർട്ടുമെന്റിൽ അനുവദിച്ചുപോരുന്ന തുക കേവലം തുച്ഛമാണെന്നാണ് എന്റെ അഭിപ്രായം. ദക്ഷിണതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലുമായി പല സ്ഥലങ്ങളിലും ഈ ഡിപ്പാർട്ടുമെന്റു ചുമതലയിലും ജനങ്ങളുടെ സംരക്ഷണയിലും ചില സംരക്ഷിത സ്ഥലങ്ങളും ചില പരിശോധനസ്ഥലങ്ങളും ഉദ്ദേശം ചില പരീക്ഷണസ്ഥലങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടു. അവയെ നോക്കാനും അന്വേഷിക്കാനും ഏതാനും ഉദ്യോഗസ്ഥന്മാരെയും അതിന്റെ നിർദ്ദിഷ്ടമായ മാർഗ്ഗങ്ങളിൽകൂടി പ്രവർത്തിക്കാൻ ഏതാനും ചില പദ്ധതികളേയും ഡയറക്ടർ നിർദ്ദേശിച്ചിട്ടുമുണ്ട്. ഈ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നതിനോ അവരുടെ പ്രവൃത്തിമൂലം കൃഷിക്കാരായ ജനങ്ങൾക്കു അഭിവൃദ്ധിയുണ്ടാകുന്നതിനോ ഉപയോഗപ്രദമാകത്തക്ക നിലയിൽ അല്ല ഡിപ്പാർട്ടുമെന്റിന്റെ നടത്തിപ്പിൽ ഗവൺമെന്റിന്റെ ഇപ്പോഴത്തെ നയം. അതിനെപ്പറ്റി പ്രതിപാദിക്കുന്നതിനു ഈ സന്ദർഭം പറ്റിയതല്ലാത്തതുകൊണ്ടു ആ ഭാഗം ഞാൻ വിട്ടുകളയുന്നു.

ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം കൃഷി ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം തൃപ്തികരമാകുന്നില്ല എന്നു കഴിഞ്ഞയാണ്ടിൽ ബഡ്ജറ്റു നിരൂപണാവസരത്തിൽ ഞാൻതന്നെ പറയുകയുണ്ടായി. കൃഷി ഡയറക്ടർ കൃഷി പരിഷ്കരണവിഷയത്തിൽ വേണ്ടതരത്തിലുള്ള ഉത്സാഹങ്ങൾ ചെയ്തു കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനു സന്നദ്ധനാണെന്നു മറുപടിയും പറഞ്ഞു. അതിന്റെശേഷം ഉത്തരതിരുവിതാംകൂർ അദ്ദേഹം സന്ദർശിക്കുകയും എന്റെ നിയോജകമണ്ഡലമായ മീനച്ചിൽതാലൂക്കിൽ സാർവത്രികമായിട്ടു ചുറ്റിസഞ്ചരിക്കാൻ അദ്ദേഹത്തിനു സംഗതിയാകുകയുംചെയ്തു. ഈ സർക്യൂട്ടിലും കൃഷിവിഷയകമായ ഡയറക്ടരുടെ അന്വേഷണത്തിന്റെയും താല്പര്യത്തിന്റെയും ഫലമായി മീനച്ചിൽതാലൂക്കിൽ ഒരു കൃഷി ഇൻസ്പെക്ടറെ നിയമിച്ചിട്ടുണ്ടു എന്നു ഇന്നു പറയാം. എന്നാൽ മീനച്ചിൽതാലൂക്കിലേക്കു നിയമിക്കപ്പെട്ടിട്ടുള്ള ഇൻസ്പെക്ടർക്കു കൃഷിവിഷയത്തിൽ വേണ്ട ഉപദേശങ്ങൾ നൽകുന്നതിനോ വേണ്ട അന്വേഷണം നടത്തുന്നതിനോ സൗകര്യമില്ലാത്തവിധത്തിലാണ് ഇപ്പോൾ ഇരിക്കുന്നതു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ആലുവായിൽ ഒരു കൃഷി പാഠശാലയുണ്ടെന്നു അറിയാമോ?

മി. ഏ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഉണ്ട്. എനിക്കു ഓർമ്മയുമുണ്ടു. അതിനെപ്പറ്റിപ്പറയാം.

ഉത്തരതിരുവിതാംകൂർ സംബന്ധിച്ചു കൃഷിയുടെ അഭിവൃദ്ധിക്കു പര്യാപ്തമായ വിധത്തിൽ ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുന്നില്ല എന്നു കഴിഞ്ഞ അസംബ്ലി ബഡ്ജറ്റു യോഗത്തിൽ ഞാൻ പ്രതിപാദിച്ചതിന്റെ ശേഷമാണ് മീനച്ചിൽ താലൂക്കിലേക്കു ഒരു ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതു. എന്നാൽ ഏതാനും ഇൻസ്പെക്ടറന്മാരേയും ഏതാനും സബ് ഇൻസ്പെക്ടറന്മാരേയുംകൊണ്ടു ഈ രാജ്യത്തുള്ള കൃഷിക്കാരുടെ സ്ഥിതിഗതികൾ അന്വേഷിച്ചു അവർക്കു വേണ്ട ഉത്സാഹങ്ങൾ ചെയ്തുകൊടുക്കാൻ എത്രത്തോളം കഴിവുള്ളതാണ് എന്ന സംഗതിയെപ്പറ്റി ഒന്നാമതായി ആലോചിക്കേണ്ടതാണ്. ഏതാനും താലൂക്കുകളെ ചേർത്തു അവിടത്തെ കർഷകന്മാർക്കു വേണ്ട ഉപദേശങ്ങൾ നൽകാൻ ഒരു ഇൻസ്പെക്ടറേയും ഇൻസ്പെക്ടരുടെ താഴെ ഈരണ്ടു താലൂക്കുകളിലായി ഓരോ സബ് ഇൻസ്പെക്ടർമാരേയും നിയമിച്ചിട്ടുണ്ടു. അക്കൂട്ടത്തിൽ ഞങ്ങൾക്കും ഒരു സബ് ഇൻസ്പെക്ടറുണ്ടു. ആ സബ് ഇൻസ്പെക്ടർക്കു മീനച്ചിൽ കോട്ടയം ഈ രണ്ടു താലൂക്കുകളിലേയും കാര്യങ്ങൾ അന്വേഷിക്കണം. കുറഞ്ഞ ശമ്പളംമാത്രമേ കൊടുക്കുകയുള്ളു. ധാരാളം സർക്യൂട്ട സഞ്ചരിക്കയുംവേണം. ആഫീസു ഉണ്ടു. പക്ഷേ ആഫീസിൽ ഒരു ക്ലാർക്കുപോലും ഇല്ല. ആഫീസുജോലികൾക്കു പുറമേ മീനച്ചിൽ കോട്ടയം ഈ രണ്ടു താലൂക്കുകളിലും സഞ്ചരിച്ചു കൃഷിവിഷയത്തിൽ ജനങ്ങൾക്കു വേണ്ട ഉപദേശങ്ങൾ നൽകണമെന്നാണ് ഡിപ്പാർട്ടുമെന്റു നിർദ്ദേശിച്ചിട്ടുള്ളതു. ആഫീസു ജോലികൾതന്നെ ചെയ്തുതീർക്കുന്നതിനു അവർക്കു സമയം പോരാതെയാണിരിക്കുന്നതു. അതിനുപുറമെ ഈ താലൂക്കുകളുടെ നാനാഭാഗങ്ങളിലും ചുറ്റിസഞ്ചരിക്കണം. കൃഷിക്കാർക്കു വേണ്ട ഉപദേശങ്ങൾ കൊടുക്കണം. ജനങ്ങൾക്കു മാതൃകായോഗ്യമായ കൃഷികൾ ചെയ്തുകാണിച്ചുകൊടുക്കണം. ഇതെല്ലാമാണു ഒരു കൃഷി സബ് ഇൻസ്പെക്ടരുടെ ഉദ്യോഗാവസ്ഥയും ഉദ്യോഗകൃത്യങ്ങളും. തിരുവിതാംകൂറിനെപ്പോലെ കർഷകപ്രധാനമായ ഒരു രാജ്യത്തു ഓരോ താലൂക്കിനേക്കും ഓരോ ഇൻസ്പെക്ടറെ കൊടുക്കുന്നതിനു നമ്മുടെ ഗവണ്മെന്റിനോ ഡിപ്പാർട്ടുമെന്റിനോ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നുവരുന്നതു ആക്ഷേപകരമായ ഒരവസ്ഥയാണ്. അങ്ങിനെ കഴിഞ്ഞിരുന്നുവെങ്കിൽ നമ്മുടെ രാജ്യത്തു ഇങ്ങനെ ഒരു ഡിപ്പാർട്ടുമെന്റുണ്ടെന്നു കൃഷിക്കാർ മനസ്സിലാക്കുകയും അതിനെ ആശ്രയിച്ചു കൃഷിവിഷയമായ ഉപദേശങ്ങൾ ചോദിക്കുകയും അതു കൊടുക്കാനുള്ള ശക്തി ഡിപ്പാർട്ടുമെന്റിനുണ്ടായിരിക്കുകയും ചെയ്യുമായിരുന്നു. നേരെമറിച്ചു രണ്ടോ മൂന്നോ താലൂക്കുകളിൽ ചുറ്റിസഞ്ചരിച്ചു ആളുകളെ സഹായിച്ചു കൃഷിവിഷയത്തിൽ വേണ്ട ഉപദേശങ്ങൾ നൽകാൻ ഒരു ഇൻസ്പെക്ടറെ നിയമിച്ചാൽ എത്രത്തോളം അതു പ്രായോഗികമായിരിക്കുമെന്നു ഇപ്പോഴത്തെ അനുഭവംകൊണ്ടു പ്രത്യക്ഷവുമാണ്.

അതുപോലെതന്നെ ഒന്നോ രണ്ടോ കൃഷിപാഠശാലകൾ ഈ രാജ്യത്തുണ്ടു. ഈ രാജ്യത്തെ [illegible] കൃഷിവിഷയത്തിൽ വേണ്ട ജ്ഞാനം ഉണ്ടാക്കികൊടുത്തു കൃഷിയെ പോഷിപ്പിക്കണമെന്നുള്ളതാണു ഈ സ്ഥാപനത്തിന്റെ ഉദ്ദേശം. രാജ്യത്തു ഒന്നോ രണ്ടോ ഭാഗത്തുമാത്രം പരിമിതമായ വിദ്യാർത്ഥികൾക്കു പ്രവേശനം നൽകത്തക്കവിധത്തിൽ പാഠശാലകൾ സ്ഥാപിച്ചിരിക്കുന്നതുകൊണ്ടു ഒരു വിശേഷവുമില്ല. ഈ പാഠശാലകളിൽനിന്നും പുറത്തുവരുന്ന വിദ്യാർത്ഥികൾക്കു കൃഷിചെയ്യുന്നതിനു സ്വന്തമായി ഭൂമിയില്ല. മൂലധനം മുടക്കാൻ മുതലില്ല. നിസ്സാരമായ ശമ്പളത്തിൽ എങ്കിലും ഇവരെ നിയമിച്ചു കൃഷിവിഷയം പഠിപ്പിക്കുന്നതിനു ഏർപ്പാടുചെയ്യാമെന്നുവച്ചാൽ അതിനു പര്യാപ്തമായ പാഠശാലകളും ഇല്ല. അതിനാൽ ഓരോ താലൂ

ക്കിലും കുറഞ്ഞപക്ഷം ഓരോ മലയാളം മിഡിൽസ്കൂളുകളോടു കൃഷിപാഠശാലകൂടി യോജിപ്പിച്ച് കൃഷിസംബന്ധമായ പരിജ്ഞാനം ഉണ്ടാക്കിക്കൊടുക്കുന്നതിനെസംബന്ധിച്ച് കൃഷിഡയറക്ടർ വിദ്യാഭ്യാസഡയറക്ടരുമായി ആലോചിച്ചു പ്രവർത്തിക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇങ്ങിനെ ചെയ്യുന്നപക്ഷം രണ്ടു ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരുടെ മേലന്വേഷണത്തിലിരിക്കുന്ന ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ വിഷമം നേരിടാം എന്നൊരാക്ഷേപം ന്യായമായി ഉണ്ടാകാവുന്നതാണ്. എന്നാൽ സാഹിത്യപരമായ വകുപ്പിന്റെ മേലന്വേഷണം വിദ്യാഭ്യാസഡയറക്ടരും സാങ്കേതികമായ വിദ്യാഭ്യാസവകുപ്പിന്റെ മേലന്വേഷണം കൃഷിഡയറക്ടരും നടത്തണമെന്ന ഒരു വ്യവസ്ഥചെയ്താൽ ധാരാളം മതിയാകുന്നതാണ്.

മൈനർ ഇറിഗേഷൻ വകുപ്പുകൂടി ഡയറക്ടരുടെ അധീനതയിൽ ആക്കണമെന്ന ഇവിടെ ഒരു സ്നേഹിതൻ അഭിപ്രായപ്പെടുകയുണ്ടായി. അങ്ങിനെ വ്യവസ്ഥചെയ്യുന്നപക്ഷം ഡയറക്ടർക്കു എന്തുചെയ്യാൻ സാധിക്കുമെന്നുള്ളതിനെപ്പററി ഞാനധികം ചിന്തിച്ചിട്ടില്ല. മൈനർ ഇറിഗേഷൻവേലകൾ കൃഷിക്കു വളരെ ആത്യാവശ്യമാണെന്നുള്ളതു എല്ലാപേരും സമ്മതിക്കുന്ന ഒരു വാസ്തവമാണ്, അതിലേക്കു ഒരു അസിസ്റ്റൻറ് എഞ്ചിനിയർ കൃഷിഡയറക്ടരുടെ കീഴിൽ ഉണ്ടായിരുന്നാൽ മതിയാകും. ഓരോ സ്ഥലത്തും കൃഷിഡയറക്ടർതന്നെ സഞ്ചരിച്ചു ഇന്ന ഇന്ന സ്ഥലങ്ങളിൽ ഇറിഗേഷൻജോലി നടത്തണമെന്ന കണ്ടുപിടിച്ചു താന്റെ താഴെയുള്ള എഞ്ചിനീയരെക്കൊണ്ടു നടത്തിക്കണം.

ഈ നിർദ്ദേശങ്ങൾ കൂടാതെ എനിക്കു അനേകം സംഗതികൾ പറയാനുണ്ടു. അധികം സംഗതികൾ ഒരേസമയത്തു പ്രതിപാദിക്കുന്നതുകൊണ്ടു പ്രയോജനമുണ്ടാകുമോ എന്നു എനിക്കു തന്നെ സംശയമാണ്.

കൃഷിഡിപ്പാർട്ടുമെൻറിലേക്കു അനുവദിച്ചിട്ടുള്ള സംഖ്യ വളരെ കുറവാണെന്നു ഞാൻ മുമ്പു പ്രസ്താവിച്ചല്ലോ. അതിനാൽ കൂടുതൽ സംഖ്യ നൽകണം. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കൃഷിഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധ പതിയത്തക്കവണ്ണം കുറഞ്ഞപക്ഷം ഒരു താലൂക്കിൽ ഒരു ഇൻസ്പെക്ടരെവീതമെങ്കിലും നിയമിക്കണം. ഒന്നോ രണ്ടോ കൃഷിപാഠശാലകൾ ഉള്ളതുകൊണ്ടു മാത്രം ഉദ്ദേശിക്കുന്ന ഫലം സിദ്ധിക്കയില്ല. മിഡിൽസ്കൂളുകളോടു ചേർത്തു കൃഷിപാഠശാലകൾകൂടി നടത്തണം. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു ഇന്ന ഇന്ന കൃഷി ഇന്നയിന്ന സ്ഥലത്തു ചെയ്യാമെന്നു കണ്ടുപിടിച്ചു ജനങ്ങളെ ഉപദേശിക്കുന്നതിൽ ഡിപ്പാർട്ടുമെൻറു കൂടുതൽ ശ്രദ്ധിക്കണം.

ഇത്രയും നിർദ്ദേശങ്ങളെപ്പററി ഗവൺമെൻറു പര്യാലോചിച്ചു വേണ്ടതു പ്രവർത്തിക്കുന്നപക്ഷം ഈ രാജ്യം ശ്രേയസ്കരമായ നിലയിൽ എത്തുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ അഭിപ്രായത്തോടുകൂടി ഞാൻ എന്റെ ഉപക്ഷേപത്തെ സഭയുടെ പര്യാലോചനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ മിസ്റ്റർ കുര്യാക്കോസിന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഈ ഡിപ്പാർട്ടുമെൻറിന്റെ ശരിയായ നടത്തിപ്പിനുവേണ്ടി അദ്ദേഹം അഭിപ്രായപ്പെട്ടതിനുപുറമെ ഒന്നുരണ്ടു നിർദ്ദേശങ്ങൾകൂടി എനിക്കു പറയാനുണ്ട്. കുറച്ചുമുമ്പു ഡയറക്ടർ അദ്ദേഹത്തിനു മഴപെയ്യിക്കാൻ സാധിക്കയില്ലെന്നും തിരുവിതാംകൂറിലെ കൃഷിക്കാർക്കു ഫലപ്രദമായി കൃഷിനടത്താൻ സാധിക്കാത്തതിന്റെ ഒരു കാരണം അതാകണമെന്നും പറഞ്ഞു. ഇറിഗേഷൻവേലകൾ കഴിയുന്നത്രയും കൃഷിഡയറക്ടരുടെ അധീനതയിൽ ആക്കണമെന്ന പലപ്രാവശ്യവും നിർദ്ദേശിച്ചിട്ടുണ്ടു. കൃഷിഡയറക്ടർ പല പുതിയമാതിരിവളം നടപ്പാക്കുന്നതിനു ശ്രമിക്കുകയാണെന്നും, ഡിപ്പാർട്ടുമെൻറിലെ തോട്ടങ്ങളിൽ പരിശോധനകൾ നടത്തുകയാണെന്നും, പരീക്ഷണാഫലമായി പ്രത്യേകജാതി വളങ്ങളെ ഉപയോഗിക്കുന്നതിനെപ്പററി ശരിയായഫലം ലഭിക്കുന്നുണ്ടെന്നും കൃഷിക്കാർ അവരുടെ കൃഷികൾക്കു ഈവളം ഉപയോഗിക്കുന്നതിനു അവരെ പ്രേരിപ്പിക്കുകയാണെന്നും പറഞ്ഞു. എന്നാൽ വളം ഉപയോഗിക്കുന്നകാര്യത്തിൽ പ്രധാനമായിട്ടുള്ള ഒരുസംഗതി തിരുവിതാംകൂറിലെ കൃഷിക്കാർ ഈവളം ധാരാളമായി ഉപയോഗിക്കുന്നില്ല എന്നുള്ളതാണ്. ഈവളം ഉപയോഗിക്കുന്നതിന്റെ വ്യാപ്തിയെ അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം പരീക്ഷണാഫലങ്ങൾ തൃപ്തിയാംവണ്ണം പ്രയോജനകരമാണെന്നു പറയാൻ നിവൃത്തിയില്ല. അതുകൊണ്ട്, കൃഷിക്കാർക്കു വളം ആവശ്യമുള്ളപ്പോൾ അതുപയോഗിക്കുന്നതിനു അവരെ ശക്തരാക്കത്തക്കവണ്ണം ഈ ഡിപ്പാർട്ടുമെൻറു ക്രമീകരിക്കണമെന്നും, കൂടാതെ കൃഷിക്കാരെ അവരുടെ കൃഷിജോലിയിൽ പൊതുവെ സഹായിക്കത്തക്കവണ്ണവുമായിരിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു. അതോടുകൂടി കൃഷിവായ്പകൾ കൊടുക്കുന്നതിനുള്ള അധികാരം കൃഷിഡിപ്പാർട്ടുമെൻറിനായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. സർ, റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നും കൃഷിവായ്പ നൽകുന്നതു ക്രമവിരുദ്ധമാണെന്നാണ് എനിക്കു തോന്നുന്നതു. തൽഫലമായി കൃഷിക്കു ഉപയോഗപ്പെടുത്തുന്നതിനായി നൽകുന്ന വായ്പകളുടെ ഭൂരിഭാഗവും യഥാർത്ഥത്തിൽ കൃഷികാര്യങ്ങൾക്കല്ല ഉപയോഗപ്പെടുത്തുന്നതെന്നു നമുക്കു കാണാം. അ... വക്കീലന്മാരും, കച്ചവടക്കാരും, തൊഴിലാളികളും കൃഷിക്കു ഉപയോഗപ്പെടുത്തുന്നതിനെന്നുള്ള വ്യാജേന കൃഷിവായ്പകൾ വാങ്ങുന്നുണ്ടെന്നുള്ളതു സർവ്വവിദിതമായിട്ടുള്ളതാണ്.

മി. മാത്യു മുരിക്കൻ (വൈക്കം): അവക്കു കൃഷിക്കായി ഉപയോഗപ്പെടുത്താൻ പാടില്ലയോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): അവക്കു കഴിയും. അതിൽ ഒരംശം കൃഷിക്കായി ഉപയോഗപ്പെടുത്തിയേക്കാം. കടംകൊടുക്കുന്ന എല്ലാപണവും യഥാർത്ഥത്തിൽ കൃഷികാര്യങ്ങൾക്കാണോ ഉപയോഗപ്പെടുത്തുന്നതു എന്നുള്ളകാര്യം വളരെ സംശയാസ്പദമായിട്ടുള്ളതാണ്. അതുകൊണ്ടു ഞാൻ അഭിപ്രായപ്പെടുന്നതു കൃഷിവായ്പകാര്യങ്ങളിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെൻറു കൃഷിഡിപ്പാർട്ടുമെൻറുതന്നെ ആയിരിക്കണമെന്നാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഉപാദ്ധ്യക്ഷൻ): റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നും വായ്പകൾ അനുവദിക്കുന്നതിനുമുമ്പായി കൃഷിഡിപ്പാർട്ടുമെൻറുകാരോടു ആലോചിക്കാറില്ലയോ എന്നു ദയവായി പറയുമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ആ ഡിപ്പാർട്ടുമെൻറിനോടാലോചിക്കാറില്ലെന്നാണ് എനിക്കുതോന്നുന്നതു. കൃഷിഡയറക്ടർ മറുപടിപറയുമ്പോൾ ഞാൻതന്നെ അതിൽനിന്നു മനസ്സിലാക്കാമെന്നാണു വിചാരിക്കുന്നതു. എന്റെ അറിവിൽപെട്ടിടത്തോളം ആ ഡിപ്പാർട്ടുമെൻറിനോടു തീരെ ആലോചിക്കുന്നില്ല.

മി. പി. ചെല്ലംപിള്ള (തോവാള): കൃഷിവായ്പ കൊടുക്കുന്നതിനുള്ള അധികാരം റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നും കൃഷിഡിപ്പാർട്ടുമെൻറിലേക്കു മാററണമെന്നുള്ള നിർദ്ദേശം എങ്ങിനെയാണു ആ കുറവിനെ പരിഹരിക്കുന്നതെന്നു സദയം പറയുമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതായതു, ഒരു കൃഷിനടത്തുന്നതിനു എത്രപണം ആവശ്യമുണ്ടെന്നു കൃഷിഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു കണ്ടുപിടിക്കുന്നതിനു സാധിക്കും. ഒരു ഏക്കർസ്ഥലം കൃഷിചെയ്യുന്നതിനു ഒരാൾ ൧൦൦൦ രൂപായ്ക്കു അപേക്ഷിച്ചു എന്നുവിചാരിക്കുക. കൃഷിഉദ്യോഗസ്ഥൻ ആ സ്ഥലത്തുപോയിനോക്കി അത്രയുംപണം ആവശ്യമുണ്ടോഎന്നു അറിഞ്ഞു തന്നെത്താൻ തൃപ്തിപ്പെടുന്നതിനും അതു് ഒന്നായിട്ടോ പലതവണയായിട്ടോ കൊടുക്കേണ്ടതു് എന്നു നിശ്ചയിക്കുന്നതിനും സാധിക്കും. ആ പണം യഥാർത്ഥത്തിൽ ഏതു് ഉപയോഗത്തിനായി വാങ്ങിയോ, അതിനുതന്നെയാണോ ഉപയോഗിച്ചതു എന്നും, ആ വാങ്ങിയപണംകൊണ്ടു കൃഷിചെയ്തു ഉണ്ടായ വിളവുകാണോഎന്നും പറയുന്നതിനു അയാൾക്കു സാധിക്കും. ഇതെല്ലാം ഒരു പാർവ്വത്യകാരനോ തഹശീൽദാർക്കോ ചെയ്വാൻ സാധിക്കുന്നതിൽ നല്ലവണ്ണം ഒരു കൃഷിഉദ്യോഗസ്ഥനു ചെയ്വാൻസാധിക്കും. ഇതു് ഒരു തഹശീൽദാർക്കു ന്യായമായി ചെയ്യേണ്ട ജോലിയുടെ ഒരുഭാഗമല്ല, അതുകൊണ്ടു അത്രശ്രദ്ധിക്കുന്നില്ല. കൂടാതെ പണംമാത്രമല്ലാ കടമായി കൊടുക്കാവുന്നതു്, വിത്തും കടംകൊടുക്കുന്നതിനും വിളവെടുക്കുമ്പോൾ അതിന്റെവില ഈടാക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ഒരു കൃഷിഡയറക്ടർക്കു ചെയ്യാം.

കൃഷിഡിപ്പാർട്ടുമെൻറിനെ ഈജോലി ചുമതലപ്പെടുത്തിയെങ്കിൽമാത്രമേ ഇതെല്ലാം ചെയ്വാൻ സാധിക്കയുള്ളു. ഇങ്ങനെചെയ്യുന്നതു എന്റെ അഭിപ്രായത്തിൽ സാധുക്കളായ കൃഷിക്കാർക്കു വലിയസഹായവും ആയിരിക്കും. ഇപ്പോഴത്തെനിലയിൽ സാധുക്കളായ കൃഷിക്കാർക്കു യഥാർത്ഥത്തിൽ യാതൊരുസഹായവും ലഭിക്കുന്നില്ല. ഇറിഗേഷനും കൃഷിഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ആക്കുന്നതിനുള്ള നിർദ്ദേശവും വളരെ നല്ലതാണ്. അതുകൊണ്ടു ഞാൻ നിർദ്ദേശിക്കുന്നതു രാജ്യത്തുള്ള കൃഷിയുടെ അഭിവൃദ്ധിക്കു വാസ്തവത്തിൽ ഉത്തരവാദികൾ കൃഷിഡിപ്പാർട്ടുമെൻറുകാരായിരിക്കണമെന്നാണ്. ചിലപരിശോധനകൾ നടത്തുന്നതിനും അങ്ങുമിങ്ങും പരീക്ഷണാർത്ഥം ചിലവേലകൾ ചെയ്യുന്നതിനുംമാത്രം കൃഷിഡിപ്പാർട്ടുമെൻറുകാരോടു ആജ്ഞാപിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. കൃഷിഡിപ്പാർട്ടുമെൻറു ആ ഡിപ്പാർട്ടുമെൻറിൽനിന്നും സഹായം ആവശ്യപ്പെടുന്ന കൃഷിക്കാർക്കു യഥാർത്ഥത്തിൽ ഒരുസഹായം ചെയ്യത്തക്ക നിലയിലായിരിക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): വ്യവസായവായ്പകളെ സംബന്ധിച്ചിടത്തോളം വ്യവസായഡയറക്ടറല്ലയോ വായ്പകൾ നൽകുന്നതു്?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതേ. അതുകൊണ്ടു, ഇത്രയുംപറഞ്ഞു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്കു): സർ, മിസ്റ്റർ കുഞ്ഞാക്കോസ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാനും ബലമായി പിൻതാങ്ങിക്കൊള്ളുന്നു. കൃഷിഡിപ്പാർട്ടുമെൻറുമൂലം ഈ രാജ്യത്തേക്കുണ്ടായിക്കൊണ്ടിരിക്കുന്ന ഉപയോഗത്തേയും, മേലാൽ അതിനെ കൂടുതൽ പ്രയോജനകരമാക്കിത്തീർക്കേണ്ട ആവശ്യകതയേയുംപററി എന്റെ സ്നേഹിതൻ ഇവിടെ പ്രതിപാദിച്ചുകഴിഞ്ഞു. അതിനാൽ അദ്ദേഹം പറയുന്നതിനു വിട്ടുപോയ ചിലസംഗതികളെപ്പററി പ്രതിപാദിക്കാനാണു ഞാൻ ആഗ്രഹിക്കുന്നതു്.

ഈരാജ്യത്തു പ്രതിവർഷം ഏകദേശം മൂന്നുകോടിരൂപയുടെ നെല്ലുംഅരിയും പുറരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്തുവരുന്നതായിട്ടു കണക്കുകൊണ്ടു കാണുന്നുണ്ടു്. ബർമ്മാ, രംഗൂൺ മുതലായരാജ്യങ്ങളിൽ ഈയാണ്ടത്തേപ്പോലെയോ അല്ലെങ്കിൽ ൯൯-ൽ ഇവിടെ ഉണ്ടായതുപോലെയോ ഒരു വെള്ളപ്പൊക്കം ഉണ്ടാകുന്നപക്ഷം നിശ്ചയമായിട്ടും തിരുവിതാംകൂറിലെ ജനങ്ങൾ പട്ടിണികിടക്കുകയല്ലാതെ വേറെ ഒരുനിവൃത്തിയുമില്ല.

ആഹാരസാധനങ്ങൾക്കുവേണ്ടി അന്യരാജ്യത്തെ നാം ആശ്രയിച്ചുകഴിച്ചുകൂട്ടേണ്ടിവരുന്നു എന്നുള്ളസംഗതി നമുക്കു ഒട്ടും അഭിമാനകരമല്ല. അതുകൊണ്ടു തിരുവിതാംകൂറിലെ നെൽകൃഷിയെ അഭിവൃദ്ധിപ്പെടുത്തേണ്ടതു എത്രയും അത്യാവശ്യമാണ്. അതിലേക്കു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ഏതെല്ലാംതരത്തിലുള്ള സഹായങ്ങൾ ചെയ്തുകൊടുക്കാമോ ആ തരത്തിലുള്ള സഹായങ്ങൾ എല്ലാം ചെയ്തുകൊടുക്കുകയും വേണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നിലംനികത്തി തെങ്ങു വെച്ചുവരുന്നതായിട്ടറിയാമോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്കു): അങ്ങിനെചെയ്യുന്നില്ലഎന്നു് ഞാൻപറയുന്നില്ല. കൂടുതൽ ആദായമുണ്ടെങ്കിൽ മാത്രമേ അങ്ങിനെചെയ്യാറുള്ളു.

അതിനാൽ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനു വനത്തിനകത്തുള്ള ചതുപ്പുനിലങ്ങൾ എത്രയുംവേഗത്തിൽ ചില്ലറ ചില്ലറയായിട്ടു പതിച്ചുകൊടുക്കണം. അതിലേക്കു കൺസർവേറററ് തടസ്സംപറയുന്നപക്ഷം ഗവൺമെൻറു അതിന്റെ ഉപയോഗത്തേയും പ്രയോജനത്തേയും മനസ്സിലാക്കി തീർച്ചചെയ്യണം. അങ്ങിനെയുള്ള സ്ഥലങ്ങൾ ഒരുക്ലിപ്തകാലത്തിനകത്തു കൃഷിചെയ്യില്ലെങ്കിൽ ഗവൺമെൻറിൽനിന്നു അതു തിരികെ എടുക്കുന്നതാണെന്നുള്ള വ്യവസ്ഥയോടുകൂടി കുടിയാനവന്മാർക്കു പതിച്ചുകൊടുക്കണം.

ഇവിടത്തെ കർഷകവൃത്തിക്കു് അത്യന്താപേക്ഷിതമായിരിക്കുന്ന ഭൂസ്വത്തു ജാമ്യബാങ്ക് എത്രയുംവേഗത്തിൽ ഏർപ്പെടുത്തണമെന്നു് ശുപാർശചെയ്യുന്ന ഒരുപ്രമേയം ഈ സഭ പാസ്സാക്കുകയുണ്ടായി. ഇവിടത്തെകൃഷിയെ അഭിവൃദ്ധിപ്പെടുത്തണമെന്നു് ഉദ്ദേശം ഗവൺമെൻറിനുണ്ടെങ്കിൽ ഈ ബാങ്ക് എത്രയുംവേഗത്തിൽ നടപ്പിൽ വരുത്തുകയാണ് വേണ്ടതു. കൃഷിഡയറക്ടരുടെ ശുപാർശഅനുസരിച്ചു ശരിയായ ജാമ്യത്തിന്മേൽ പണം കൊടുക്കുകയും ആ പണം കൃഷിക്കായിഉപയോഗിച്ചില്ലെങ്കിൽ തിരികെ ഈടാക്കത്തക്കനിലയിലുള്ള വ്യവസ്ഥ ഉണ്ടായിരിക്കുകയും ചെയ്യുന്നതുനന്നായിരിക്കുമെന്നാണ് എന്റെഅഭിപ്രായം.

ഈ ഡിപ്പാർട്ടുമെൻറിലേക്കു ഇപ്പോൾചിലവാക്കിവരുന്ന തുക തീരെ തുച്ഛമാണ്. നാലോ അഞ്ചോ ലക്ഷംരൂപ ചിലവാക്കിയാലും ഒരുദോഷവും വരുവാനില്ല. കൃഷി, വ്യവസായം, ഈ ഡിപ്പാർട്ടുമെൻറുകളിൽനിന്നും ഗവൺമെൻറു ആദായം ഇച്ഛിക്കരുതു. റവന്യൂ, എക്സൈസ് ഇങ്ങിനെയുള്ള ഡിപ്പാർട്ടുമെൻറുകൾ ആദായത്തെ ഉദ്ദേശിച്ചും, മെഡിക്കൽ, കൃഷി, വ്യവസായം എന്നിങ്ങനെയുള്ള ഡിപ്പാർട്ടുമെൻറുകൾ ജനങ്ങളുടെ ആരോഗ്യം സാമ്പത്തികസ്ഥിതിയുടെ അഭിവൃദ്ധി എന്നിവയെ ഉദ്ദേശിച്ചുമാണ് പ്രവർത്തിക്കേണ്ടതു. അതിനാൽകൃഷിഡിപ്പാർട്ടുമെൻറിലേക്കു കൂടുതൽ പണം അനുവദിച്ചു കൂടുതൽ ആളുകളേയും നിയമിച്ചു കൂടുതൽജനങ്ങൾക്കു് ഈ ഡിപ്പാർട്ടുമെൻറിനെ ഉപയോഗയോഗ്യമാക്കിത്തീർക്കണം.

പട്ടുപ്പു് കൃഷിഡിപ്പാർട്ടുമെൻറു നടത്തിയാൽ കൊള്ളാമെന്നും റിസർവിൽനിന്നും അതിലേക്കു കുറെസ്ഥലം പതിച്ചുകിട്ടേണമെന്നും ഡയറക്ടർ ആവശ്യപ്പെട്ടതായി കേട്ടിട്ടുണ്ട്. എന്നാൽ ഇതുവരെ അതു നടപ്പിലായി കാണുന്നില്ല. പട്ടുനൂൽ വ്യവസായം സംബന്ധിച്ചു വേണ്ട പരിശീലനം സിദ്ധിച്ചിട്ടുള്ളവനാണ് ഞാൻ. ഇതു അനേകംപേർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനു ഉതകുന്ന ഒരു വ്യവസായമാണ്. തൊഴിൽപട്ടുനൂൽ വ്യവസായപരിശീലനം നടത്തിയ മൈസൂർ രാജ്യത്തു സാധാരണജനങ്ങൾ ഈ വ്യവസായം കൊണ്ടാണ് കഴിച്ചുകൂട്ടുന്നതു. വീട്ടിലുള്ള സ്ത്രീകൾക്കുകൂടിയും നടത്താവുന്ന ഒരു കുടിൽവ്യവസായമാണിതു. മൈസൂർ ഗവണ്മെൻറു ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തുകൊടുക്കുന്നുണ്ട്. ടാറാസിൽക്ക് വ്യവസായശാലയ്ക്കു [illegible] രൂപാ അവിടത്തെ ഗവണ്മെൻറു ഗ്രാൻറു കൊടുക്കുന്നുണ്ട്.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (ചെങ്കോട്ടയും പത്തനാപുരവും): മൈസൂർ ഗവണ്മെൻറു ഇതിലേക്കു ധാരാളം പണം ചിലവുചെയ്യുന്നുണ്ടോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): ധാരാളം പണം ചിലവുചെയ്യുന്നുണ്ട്. അവിടങ്ങളെയുള്ള പരിശ്രമത്തിന്റെ ഫലമായി ഏഴെട്ടുതാലൂക്കുകളിൽ ഈ വ്യവസായംകൊണ്ടുമാത്രം കാലയാപനംചെയ്യുന്ന ആളുകൾ ധാരാളം ഉണ്ടു. അതിനാൽ ഡയറക്ടറുടെ ശുപാർശ അനുസരിച്ചു ഇതുവരെ സ്ഥലം പതിച്ചുകൊടുത്തിട്ടില്ലെങ്കിൽ പത്തോ ഇരുപതോ ഏക്കർസ്ഥലം ഇതിലേക്കു പതിച്ചുകൊടുക്കുകയും ജനങ്ങളെക്കൂടെ ഈ വ്യവസായത്തിൽ പ്രേരിപ്പിക്കുന്നതിനുവേണ്ട സൌകര്യങ്ങൾ നൽകുകയും ചെയ്യണം. കൂടാതെ പലതരത്തിലുള്ള കൃഷി ഇവിടെ നടപ്പാക്കുന്ന വിഷയത്തിൽ കൃഷിഡിപ്പാർട്ടുമെൻറു പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, മിസ്റ്റർ കയ്യാക്കോസിന്റെ ഉപക്ഷേപത്തെ ഞാനനുകൂലിക്കുന്നു. ഈ രാജ്യത്തു കൃഷിഡിപ്പാർട്ടുമെൻറു ഏർപ്പെടുത്തിയിട്ട് ഇപ്പോൾ ഇരുപത്തഞ്ചുകൊല്ലത്തോളമായിരിക്കുന്നു. എന്നാൽ അതിനനുസരണമായിട്ടുള്ള അഭിവൃദ്ധി ഈ ഡിപ്പാർട്ടുമെൻറിൽ ഇതുവരെയായിട്ടും ഉണ്ടായിട്ടില്ല. ഈ ഡിപ്പാർട്ടുമെൻറു സ്ഥാപിച്ചകാലത്തുണ്ടായിരുന്ന ഉദ്ദേശം ഇവിടെ ശാസ്ത്രീയമായ കൃഷിയിൽ ജനങ്ങൾക്കഭിരുചി ഉണ്ടാക്കണമെന്നും ആ വിധത്തിൽ ഈ രാജ്യത്തെ കൃഷി ക്രമേണ അഭിവൃദ്ധിയെ പ്രാപിക്കണമെന്നും തന്നിമിത്തം പൊതുവേ കൃഷിക്കാരുടെയിടയിൽ ക്ഷേമമുണ്ടാകണമെന്നും ഉള്ളതായിരുന്നു. ആ ഉദ്ദേശം ഇതുവരെ സാധിച്ചിട്ടുണ്ടെന്ന് പറയുവാൻ നിവൃത്തിയില്ല. ഇവിടത്തെ ജനങ്ങൾക്കു ആവശ്യമുള്ള ആഹാരസാധനങ്ങൾപോലും ഇവിടെ ഉണ്ടാക്കാൻ സാധിക്കുന്നില്ലെന്നുള്ളതു വാസ്തവത്തിൽ വളരെ പരിതാപകരമായ ഒരു സംഗതിയാണ്. ഇവിടെ ആണ്ടുതോറും ഇറക്കുമതിചെയ്തുകൊണ്ടിരിക്കുന്ന നെല്ലിന്റെയും അരിയുടേയും കണക്കുനോക്കിയാൽ അതു ആണ്ടുതോറും വർദ്ധിച്ചുവരുന്നതായിട്ടു കാണുന്നുണ്ട്. നമ്മുടെരാജ്യത്തു ദൈവാനുഗ്രഹത്താൽ നെല്ലു കുരുമുളകു മരച്ചീനി മുതലായ പലതരംകൃഷിയും നടത്തുന്നതിനുള്ള സൌകര്യങ്ങളും പ്രകൃതി നമുക്കു നൽകിയിട്ടുണ്ട്. ആ സ്ഥിതിക്കു ഇവിടത്തെ കൃഷി അഭിവൃദ്ധിയിൽ വരാതിരിക്കുന്നതിനു കാരണം ഒരു സ്ഥിരമായ നയത്തോടുകൂടി അല്ലെങ്കിൽ ക്ലിപ്തമായ കാര്യപരിപാടി അനുസരിച്ചു കൃഷിനടത്തത്തക്കവണ്ണം കൃഷിഡിപ്പാർട്ടുമെൻറു വേണ്ട പ്രോത്സാഹനം നൽകുന്നില്ലെന്നുള്ളതാണ്.

മി. വി. ചെല്ലംപിള്ള (തോവാള): ഗവണ്മെൻറു സ്കോളർഷിപ്പു കൊടുത്തു അമ്പതോ എഴുപതോ പേരെ കൃഷി വിദ്യാഭ്യാസം പരിശീലിപ്പിച്ചുവരുത്തീട്ടുണ്ടെന്ന മെമ്പർക്കു അറിയാമോ?

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഒരു കൃഷിസ്കൂൾ ഏർപ്പെടുത്തി കുറെപ്പേരെ വിദ്യാഭ്യാസംചെയ്യിക്കുന്നുണ്ടു.

മി. വി. ചെല്ലംപിള്ള (തോവാള): ഗവണ്മെൻറു സ്കോളർഷിപ്പു കൊടുത്തു കോയമ്പുത്തൂർ മുതലായസ്ഥലങ്ങളിൽ അയച്ചു പഠിപ്പിച്ചു വരുത്തീട്ടുള്ള ചിലരെ ഇൻസ്പെക്ടർമാരായി നിയമിച്ചിട്ടുണ്ടെന്നറിയാമോ?

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): അറിയാം. കുറെപ്പേരെ അങ്ങനെ അയച്ചു പഠിപ്പിച്ചുവരുത്തിയതുകൊണ്ടുമാത്രം ഉദ്ദേശം പൂർണ്ണമായിട്ടു സാധിക്കയില്ല.

മി. വി. ചെല്ലംപിള്ള (തോവാള): അങ്ങിനെ അയച്ചു പരിശീലിപ്പിച്ചുവരുത്തീട്ടുണ്ടോ എന്നാണു ചോദിച്ചതു്?

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): വരുത്തീട്ടുണ്ട്. അതുകൊണ്ടു ഉദ്ദേശിക്കുന്ന പ്രയോജനം ഇല്ല.

ഈ ഡിപ്പാർട്ടുമെൻറിലെ ചിലവിനു ഇപ്പോൾ അനുവദിച്ചിരിക്കുന്ന സംഖ്യ വളരെ കുറവാണ്. ബറോഡാ ഗവണ്മെൻറിൽനിന്നും തന്നെ ഇരുപത്തഞ്ചുലക്ഷം രൂപായോളം കൃഷിഡിപ്പാർട്ടുമെൻറിലേക്കു നീക്കിവെച്ചിട്ടുള്ളതായികാണുന്നു. അതായതു ആണ്ടുതോറും ൫ ലക്ഷം രൂപാവീതം ൫ കൊല്ലംകൊണ്ടു ൨൫ ലക്ഷം രൂപാ ചിലവുചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ളതായിട്ടാണ് കാണുന്നതു്. അതിനാൽ രാജകീയകമ്മീഷൻ ശുപാർശചെയ്തിട്ടുള്ളതുപോലെയോ മറ്റോ ഒരു ശരിയായ കാര്യപരിപാടി തയാറാക്കി ഈ രാജ്യത്തെ എല്ലാവിധത്തിലുമുള്ള കൃഷിസമ്പ്രദായങ്ങളെ വർദ്ധിപ്പിക്കത്തക്കവണ്ണം വേണ്ടസംഖ്യ കൃഷിഡിപ്പാർട്ടുമെൻറിലേക്കു നീക്കിവെക്കുന്നതു് നന്നായിരിക്കും.

കൃഷിവായ്പയെസംബന്ധിച്ചുള്ള ചുമതല റവന്യൂഡിപ്പാർട്ടുമെൻറുകാർക്കാണ് ഇരിക്കുന്നതു്. വായ്പവേണമെന്നു ആവശ്യപ്പെടുന്നവരുടെ സ്ഥിതി എന്താണെന്നോ, അവരുടെ വസ്തുക്കളുടെ സ്ഥിതി എന്താണെന്നോ പാർവത്യകാർക്കാണ് അറിയുന്നതിനു കൂടുതൽ സൌകര്യങ്ങളുള്ളതു. അതുപോലെതന്നെ കടം തിരികെ ഈടാക്കുന്നതിനുള്ള കൂടുതൽ സൌകര്യങ്ങളും അവർക്കുണ്ട്. എന്നാൽ ഈ കടം കൃഷി ആവശ്യത്തിനായിട്ടു ഉപയോഗിക്കുന്നുണ്ടോ, അത്രയുംപണം ആവശ്യമുണ്ടോ, ആവശ്യപ്പെട്ടിട്ടുള്ളതു ഒന്നിച്ചുതന്നെ ചിലവാക്കേണ്ട ആവശ്യമുണ്ടോ, അതോ പല തവണകളായി ചിലവുചെയ്താൽപോരയോ, എന്നെല്ലാം അന്വേഷിക്കുന്നതിനും നിശ്ചയിക്കുന്നതിനും ഉള്ള ചുമതലയും ഇപ്പോൾ റവന്യൂഡിപ്പാർട്ടുമെൻറുകാർക്കാണ്. ഈവക ജോലികൾ മേലാൽ കൃഷിഡയറക്ടരുടെ ചുമതലയിൽ വിട്ടുകൊടുക്കുന്നതു നന്നായിരിക്കും. കൃഷിവായ്പയ്ക്കുള്ള അപേക്ഷവന്നാൽ കൃഷിഡയറക്ടരോടുകൂടി ആ സ്ഥലം പരിശോധിച്ചു അദ്ദേഹത്തിന്റെ അഭിപ്രായം അനുസരിച്ചു വായ്പകൊടുക്കുന്നതു കുറെക്കൂടി നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ കാലാകാലം പരിശോധനനടത്തി കൃഷിവായ്പകൊടുക്ക-

ത്ത പണം അതിലേക്കുതന്നെ ചിലവുചെയ്തിട്ടുണ്ടോ, ചെയ്യുന്നുണ്ടോ, കൃഷിയിൽ അഭിവൃദ്ധിവരുത്തുന്നുണ്ടോ എന്നുള്ള സംഗതികളെപ്പററി കൃഷിഡയറക്ടർ പരിശോധിച്ചു ഗവൺമെൻറിലേക്കു റിപ്പോർട്ടുചെയ്യുന്നതിനും [illegible] ചെയ്യണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): കൃഷിവായ്പ ഈടാക്കുന്നതു റവന്യൂക്കാരാണ് [illegible] എന്നു പറഞ്ഞല്ലോ. അതുപോലെ മററു ഡിപ്പാർട്ടുമെൻറിലേക്കു ഈടാക്കാനുള്ള പണവും റവന്യൂ ഡിപ്പാർട്ടുമെൻറുകാരാണ് ഈടാക്കിവരുന്നതെന്നറിയാമോ?

മി. മുതുവേലിൽ പാച്ചുപിള്ള ([illegible]): [illegible] ഇപ്പോഴും ഇരിക്കുന്നരീതിയിൽതന്നെ [illegible] സൌകര്യത്തെ പററിയാണ് ഞാൻ പറഞ്ഞത്. പണം കൊടുക്കണോ വേണ്ടയോ [illegible] ഉള്ള പരിതോയനജോലികളും കൃഷിഡയറക്ടർ [illegible]. [illegible] ഈടാക്കലും [illegible] കൃഷിഡിപ്പാർട്ടുമെൻറിനെ ഏൽപ്പിക്കണം [illegible] തോന്നുന്നില്ല.

ഇവിടെ [illegible] കൃഷിക്കാരുടെ [illegible] കർമ്മകുശലതയും [illegible] ധാരാളമുണ്ട്. അവർക്കാവശ്യമായ സൌകര്യം ലഭിക്കാത്തതുകൊണ്ടു മാത്രം അവർ പെരുമാറാതിരിക്കുകയാണ്. ഈ ഡിപ്പാർട്ടുമെൻറിലേക്കു വേണ്ട പണം ചിലവുചെയ്യുന്നവിഷയത്തിൽ ഗവൺമെൻറിൻറെ ശ്രദ്ധ ധാരാളമായി പതിയേണ്ടതാണ്. ജനങ്ങൾക്കു പൊതുവെ ക്ഷേമമുണ്ടാകണമെങ്കിൽ കൃഷി അഭിവൃദ്ധിപ്പെടുത്താതെ തരമില്ല. ഇത്രയും സംഗതികളെ ഈ സഭയുടെ പരിഗണനയ്ക്കായിട്ടു സമർപ്പിച്ചുകൊള്ളുന്നു.

മി. കെ. മാധവൻ (നിയമിക്കപ്പെട്ട സഭാംഗം): സർ, ഈ കൃഷിഡിപ്പാർട്ടുമെൻറിൽ കൃഷിഡയറക്ടർ മുതലായവർ ശരിയായവിധത്തിൽ വേണ്ട സമയത്തിൽ ചെയ്യേണ്ടതായ ജോലികളെ ചെയ്യുന്നില്ല എന്നാണ് എൻറെ അഭിപ്രായം. നാഞ്ചിനാടു, തോവാള, അഗസ്തീശ്വരം ഈ സ്ഥലങ്ങൾ ഈ സംസ്ഥാനത്തിൽ കൃഷികൾ അധികമുള്ളവയാണ്. ഇതിനടുത്തുള്ള സ്ഥലങ്ങളിൽ ഗോട്ടുകാട്ടുവിട്ടി ഈ തരം അനേകംസ്ഥലങ്ങളിലും കൃഷിചെയ്തുവരുന്നു. ഈ വയലുകൾക്കു ശരിയായവിധത്തിൽ [illegible] വളരെ വിഷമമായിട്ടാണ് ഇരിക്കുന്നതു. ഈ സ്ഥലങ്ങൾ ശരിയായവിധത്തിൽ കൃഷിചെയ്യാത്തതുകൊണ്ടു [illegible] ശരിയായവിധത്തിൽ ഫലം ലഭിക്കുന്നില്ല. ഇതുവരെയും ശരിയായനിലയിൽ ഉപയോഗപ്പെടുന്നതിനു മാതൃകാകൃഷിസ്ഥലങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ മാതൃകാകൃഷിസ്ഥലങ്ങൾ കൃഷിക്കാർക്കു യാതൊരു പ്രയോജനവും ഇല്ല. എന്തുകൊണ്ടെന്നാൽ അവ അത്യുന്നതമേൽതരത്തിലാണ് ഇരിക്കുന്നതു്. ഇവകൾ ഇരിക്കുന്നതുകൊണ്ടും ജനങ്ങൾക്കു കൃഷിചെയ്യുന്നതിനു പ്രയോജനപ്പെടുന്നില്ല എന്നാണ് എൻറെ അഭിപ്രായം. തെക്കൻ തിരുവിതാംകൂറിൽ ഓരോ സമീപ സ്ഥലങ്ങളിലും മാതൃകാകൃഷിസ്ഥലങ്ങൾ സ്ഥാപിച്ചു കൃഷിക്കാർക്കു എങ്ങിനെ കൃഷിചെയ്യണമെന്നു കാണിച്ചുകൊടുക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു. അങ്ങിനെയാണെങ്കിൽ അവർ അതു മനസ്സിലാക്കി അധികംവിളവു ലഭിക്കത്തക്കവിധത്തിൽ അവർ കൃഷിചെയ്യും.

കൃഷിവായ്പ.

കൃഷിക്കായി കടംകൊടുക്കുന്നുണ്ട്. ധാരാളമായി സ്ഥലങ്ങൾ ശരിയായവിധത്തിൽ കൃഷിചെയ്യുന്നില്ല കൃഷിക്കായി കടംവാങ്ങുന്നവർ, അതായതു വസ്തുഉടമസ്ഥന്മാർ, അവർ വാങ്ങിക്കുന്നപണം വേറെവിധത്തിൽ ചിലവുചെയ്യുന്നു. കൃഷിക്കായിട്ടു ചിലവുചെയ്യുന്നില്ല, നിലം ഉടമസ്ഥന്മാരുടെഅടുക്കൽനിന്നും മററുള്ളവർ നിലം പാട്ടത്തിനുവാങ്ങിച്ചു കൃഷിചെയ്യുന്നു. വാസ്തവത്തിൽ ഇവർക്കു കടം ലഭിക്കുന്നില്ല, നിലംഉടമസ്ഥന്മാർ അവർ വാങ്ങിക്കുന്നപണത്തിൽ മുക്കാൽഭാഗവും വേറെവിധത്തിൽ ചിലവുചെയ്യുന്നു. അതിനാൽ ഇവർക്കു കടംകൊടുക്കുന്നതിൽ യാതൊരു പ്രയോജനവുമില്ല.

മി. വി. ചെല്ലംപിള്ള (തോവാള): നാഞ്ചിനാട്ടിൽ പരസ്പരസഹായസംഘം ഈവിധമുള്ള കാര്യങ്ങൾക്കു പണം ചിലവുചെയ്യുന്നതായി അറിയാമോ?

മി. കെ. മാധവൻ (നിയമിക്കപ്പെട്ട സഭാംഗം), അറിയാം.

മി. വി. ചെല്ലംപിള്ള (തോവാള): പരസ്പരസഹായസംഘങ്ങളുള്ള സ്ഥലങ്ങളിൽ പണം കടംകൊടുക്കുന്നുണ്ടോ?

മി. കെ. മാധവൻ (നിയമിക്കപ്പെട്ട സഭാംഗം): കൃഷിക്കായി ആ പണം ഉപയോഗപ്പെടുത്തുന്നില്ല. ഇതിനുമുമ്പേ എങ്ങിനെ കൃഷിചെയ്തുവോ അതുപോലെ ഇപ്പോഴും കൃഷിചെയ്തുവരുന്നു. കൊടുക്കുന്നപണം എല്ലാം ആ വസ്തുഉടമസ്ഥന്മാർ അവരുടെ സ്വന്ത ആവശ്യങ്ങൾക്കു ഉപയോഗിച്ചുവരുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): ഈമാതിരികാര്യങ്ങളിൽ വേലചെയ്യുന്നതിനു നാഞ്ചിനാട്ടിൽ ഒരു പരസ്പരസഹായസംഘം സ്ഥാപിച്ചിട്ടുള്ളതായി അറിയാമോ?

മി. കെ. മാധവൻ (നിയമിക്കപ്പെട്ട സഭാംഗം): അറിയാം, കൃഷിക്കായി കടംകൊടുക്കുന്ന പണം കൃഷിക്കായിട്ടുതന്നെ ഉപയോഗപ്പെടുത്തുന്നോഎന്നു നോക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. നാഞ്ചിനാട്ടിൽ ഇതിനുമുമ്പു ഏതുവിധത്തിൽ വളം ഉപയോഗിച്ചുകൊണ്ടുവന്നുവോ അതേവിധത്തിൽതന്നെ ഇപ്പോഴും ഉപയോഗിച്ചുവരുന്നു. അതുകൊണ്ടു കൃഷിഡയറക്ടർ അതാതുസ്ഥലങ്ങളിൽപോയി അവിടെ കൃഷിചെയ്യുന്നമാതിരിയെ നോക്കി കൃഷിക്കാർക്കു പുതിയമുറകളെ പറഞ്ഞു മനസ്സിലാക്കികൊടുക്കണം. നാഞ്ചിനാടു പുരാതനകാലംമുതൽക്കുതന്നെ നെൽകൃഷിക്കു പേരുകേട്ടസ്ഥലമാണ്. നാഞ്ചിനാട്ടുകാർ ഇതിനുമുമ്പിൽ നെല്ലോ അരിയോ വിലയ്ക്കു വാങ്ങി കാലക്ഷേപംചെയ്തതായി കേട്ടിട്ടില്ല. കൃഷിക്കായിട്ടാണ് ഈ രാജ്യത്തിൽ ഒരു വലിയഡിപ്പാർട്ടുമെൻറു സ്ഥാപിച്ചിരിക്കുന്നതു്. ഡിപ്പാർട്ടുമെൻറിനു പണംവേണമെങ്കിൽ ഈ കൃഷിയിൽനിന്നുതന്നെയാണ് ഉണ്ടാകേണ്ടതു. അതിനാൽ കൃഷിഡിപ്പാർട്ടുമെൻറിനെ അഭിവൃദ്ധിപ്പെടുത്തേണ്ടതു ഗവൺമെൻറിൻറെ ചുമതലയാണ്.

ഇത്രവലിയ കൃഷിസ്ഥലമായ തെക്കൻ തിരുവിതാംകൂറിൽ ഒരു കൃഷിപാഠശാലപോലുമില്ല. വടക്കൻതിരുവിതാംകൂറിൽ ഏതോ ഒരു പാഠശാലയുണ്ട്. അതുകൊണ്ടു യാതൊരു പ്രയോജനവുമില്ല, അതിനാൽ തെക്കൻതിരുവിതാംകൂറിൽ ഒരു കൃഷിപാഠശാലസ്ഥാപിച്ചു ജനങ്ങളെ പഠിപ്പിക്കണം.

തെക്കൻതിരുവിതാംകൂറിൽ ഒരു മാതൃകാ കൃഷിത്തോട്ടം ഉണ്ട്. അതു മലയുകടകളിൽ ഉ മൈൽ ദൂരെയാണു സ്ഥിതിചെയ്യുന്നതു്. അതു മലമ്പനിയുള്ള സ്ഥലമാണു്. ആ സ്ഥലത്തേക്കു പോകുന്നതു വളരെ വിഷമമാണു്. അതു അടുത്ത സ്ഥലത്തിൽ ഇരുന്നാൽ ജനങ്ങൾ അതു കണ്ടു മനസ്സിലാക്കിക്കൊണ്ടു കൃഷിചെയ്താൽ വളരെ ഉപകാരമായിരിക്കും. എതിനാൽ അവർ കൃഷിയിൽ നന്നായി പരിചയംവരുത്തിയാൽ വളരെ ഉപകാരമായിരിക്കും. അതുകൊണ്ടു ഞാനും മിസ്റ്റർ കുര്യാക്കോസിന്റെ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മ. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി ഉം പീടികട്ടം). സർ, ഞാനും മി. കുര്യാക്കോസിന്റെ ഉപക്ഷേപത്തെ പിന്താങ്ങിക്കൊള്ളുന്നു. ഈ കൃഷിഡിപ്പാർട്ടുമെന്റ് ഇവിടെ സ്ഥാപിച്ചിട്ട് വളരെ കാലമായെങ്കിലും അതിനെക്കൊണ്ടുള്ള ഒരു വളർച്ച് ഉണ്ടായിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു്. അതായതു കാലത്തിന്റെ സ്ഥിതിഗതികൾ അനുസരിച്ചുള്ള അഭിവൃദ്ധിയുണ്ടായിട്ടില്ല. രണ്ടരക്കോടി രൂപായ്ക്കുമേൽ ആദായം ഉള്ള ഈ നാട്ടിൽ, കൃഷിസർവ്വപ്രധാനമായ ഈ നാട്ടിൽ ഒന്നേമുക്കാൽ ലക്ഷം രൂപയാണ് കൃഷിഡിപ്പാർട്ടുമെന്റിലേക്ക അനുവദിച്ചിട്ടുള്ളതു. അതിനെ കണ്ട്രോളർ അഹിംസർ്സിന്റെ ശമ്പളം കഴിച്ചാൽ യഥാർത്ഥ ചെലവു് പറയത്തക്കതായിട്ടില്ല. കൃഷിഡിപ്പാർട്ടുമെന്റിന്റെ ഉപദേശങ്ങൾ പ്രായോഗികമായിട്ടു വരണമെങ്കിൽ നിയമമായിട്ടും കൃഷിക്കാരെ പണം കടം കൊടുത്തു സഹായിച്ചാൽ മാത്രമേ സാധിക്കയുള്ളൂ. തിരുവിതാംകൂറിലെ കൃഷിക്കാർക്ക കൃഷിഡിപ്പാർട്ടുമെന്റിൽനിന്നും നൽകുന്ന ഉപദേശങ്ങൾ അനുസരിച്ചു ശാസ്ത്രീയമായ കാർഷികതത്വത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കാനുള്ള വിഷമം മൂലധനത്തിന്റെ കുറവാണ് അതിനാൽ ഗവണ്മെന്റിൽനിന്നും കൃഷിക്കാർക്ക പണംകടംകൊടുത്ത് അവരെ പ്രോത്സാഹിപ്പിക്കേണ്ടതു അത്യാവശ്യമാണ്.

വളരെ നാളായിട്ടു ഒരു ഭൂസ്വത്തു ബാങ്ക് ഇവിടെ സ്ഥാപിക്കണമെന്ന ജനങ്ങൾ മുറവിളികൂട്ടിക്കൊണ്ടിരിക്കയാണ്. അതു സ്ഥാപിക്കുന്നതിനു വല്ല കാരണവശാലും താമസംവരുന്നു എങ്കിൽ കൃഷിവായ്പയെങ്കിലും ജനങ്ങൾക്ക സൗകര്യമാക്കിക്കൊടുക്കേണ്ടതാണ്. കൃഷിവായ്പനൽകുന്ന രീതിയെ സംബന്ധിച്ചു ഇവിടെ പലതും അഭിപ്രായപ്പെടുകയുണ്ടായി. തൊഴിലില്ലായ്മ കമ്മററിയിൽ ഇതിനെ സംബന്ധിച്ച മൊഴികൊടുത്തിട്ടുള്ളവരിൽ പലരും കൃഷിവായ്പയെ സംബന്ധിച്ച ഗവണ്മെന്റു സ്വീകരിക്കുന്ന നയം തെററാണെന്നു കാണിച്ചിട്ടുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റുകാർക്കാണ് കൃഷിവായ്പനൽകുന്നതിനുള്ള അധികാരം നൽകപ്പെട്ടിരിക്കുന്നതു്. പ്രമാണം വാങ്ങാനും, കൊടുക്കാനും, തിരികെ വാങ്ങാനുമുള്ള അധികാരം അവർക്ക ഇരുന്നുകൊള്ളട്ടെ. ആവശ്യമാണോ എന്നും ഇന്നപ്പോൾ കൊടുക്കണമെന്നും നിശ്ചയിക്കാൻ കൃഷിഡിപ്പാർട്ടുമെന്റാണ വേണ്ടതു. പിന്നീട ഇപ്പോൾ നൽകുന്ന കൃഷിവായ്പ കൃഷി, ആവശ്യത്തിനായി ഉപയോഗിച്ചു വരുന്നില്ല എന്നുള്ളതിനെ പററി പലരും പറഞ്ഞു കഴിഞ്ഞതുകൊണ്ടു ഞാൻ ഒന്നും പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. കൃഷിവായ്പ മററാവശ്യങ്ങൾക്കാണു സാധാരണ ഉപയോഗിച്ചു വരുന്നതു എന്നു തൊഴിലില്ലായ്മ കമ്മററിയിൽ ഞാൻ തന്നെ മൊഴികൊടുത്തിട്ടുണ്ട്. അതിനാൽ കൃഷിവായ്പക്കപേക്ഷിക്കുമ്പോൾ ഇന്ന ആവശ്യങ്ങൾക്കാണ് കടം ആവശ്യപ്പെടുന്നതു എന്നൊരു സ്റ്റേറ്റുമെന്റു ഗവണ്മെന്റിലേക്ക സമർപ്പിക്കുകയും അതു ശരിയാണോ എന്നു കൃഷിഡയറക്ടർ പരിശോധിക്കുകയും ചെയ്തതിനുശേഷം മാത്രമേ കടം കൊടുക്കാവു എന്നൊരു നിർബന്ധം വയ്ക്കണം. ഉപയോഗം ശരിയാണോ എന്നു കൃഷിഡിപ്പാർട്ടുമെന്റു പരിശോധിച്ചു ക്ലിപ്തകാലങ്ങളിൽ സാക്ഷിപത്രം നൽകണം.

കൃഷിവായ്പ തവണകളായി കൊടുക്കണമെന്നു ആരോ ഇവിടെ പറയുകയുണ്ടായി ആ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നില്ല. ചിലപ്പോൾ പണം ഒന്നിച്ചുതന്നെ കൃഷിക്കാർക്ക ചിലവിടേണ്ടതായി വന്നേക്കാം. അങ്ങിനെ വരുന്ന സന്ദർഭങ്ങളിൽ പണം ഒന്നിച്ചുതന്നെ കൊടുക്കണം. ആവശ്യമനുസരിച്ചു കൊടുക്കുന്ന രീതിനിശ്ചയിക്കണം.

കൃഷിപാഠശാലകൾ മററു പാഠശാലകളോടുകൂടി യോജിപ്പിച്ചു നടത്തണമെന്നു ഇവിടെ നിർദ്ദേശിക്കയുണ്ടായി അതു തൊഴിലില്ലായ്മ കമ്മററിയിൽ ആലോചിച്ച ഒരു സംഗതിയാണ്. ഇതിനെയും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തുവരാമെന്നല്ലാതെ ശരിയായ ഒരു നിർദ്ദേശം നൽകുന്നതിനു ഇപ്പോൾ നിർവാഹമില്ല, അതിന്റെ വിവരങ്ങൾ ഗവണ്മെന്റുതന്നെ രൂപീകരിച്ചു ചെയ്യണമെന്നാണ എന്റെ അഭിപ്രായം.

ജലസേചനത്തെ സംബന്ധിച്ചു ഇവിടെ നിർദ്ദേശിച്ച സംഗതികളും ഗവണ്മെന്റിന്റെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്. ഈ കൗൺസിലിൽതന്നെ പലസന്ദർഭങ്ങളിലും ഇതിനെപ്പററി വിമർശനം ചെയ്തുകഴിഞ്ഞിട്ടുണ്ട്. നാല്പതു ലക്ഷത്തോളം രൂപാ ആണ്ടുതോറും ചിലവാക്കിവരുന്ന പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു ഈ വിഷയത്തിൽ ചെയ്യുന്നതിനെക്കാൾ അധികം നിഷ്പ്രയാസം ഒന്നു മുക്കാൽലക്ഷം രൂപാ ചിലവാക്കിവരുന്ന കൃഷിഡിപ്പാർട്ടുമെന്റിനു ചെയ്യാൻ സാധിക്കുമെന്നാണ എന്റെ അഭിപ്രായം. പൊതുമരാമത്തിലെ അപ്രധാനപ്പെട്ട കൃഷിഡിപ്പാർട്ടുമെന്റിൽ വന്നാൽ ഒരു പ്രധാനപ്പെട്ടതായിതീരും. പൊതുമരാമത്തുഡിപ്പാർട്ടുമെന്റു ഈ വിഷയത്തിൽ പ്രവർത്തിക്കുന്നതിനു മററുപല പ്രധാനജോലികളും ഉള്ളതുകൊണ്ടു പ്രായേണ ഉദാസീനന്മാരായിരിക്കും. കൃഷിഡിപ്പാർട്ടുമെന്റിലേക്കനുവദിച്ചിട്ടുള്ള സംഖ്യക്കുള്ള വേല പരിമിതമാകയാൽ കൃഷിസേചനജോലികൂടി അവരെ ഏല്പിക്കുന്നപക്ഷം ശരിയായിട്ടു ചെയ്തു തീർക്കാൻ സാധിക്കും.

മററു പല ഡിപ്പാർട്ടുമെന്റുകളിലും കാണാറുള്ള ന്യൂനതപോലെ കൃഷിഡിപ്പാർട്ടുമെന്റിലും കാണുന്നതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഒരു ക്ലിപ്തനയമോ, വേലക്ക കാര്യപരിപാടിയോ ഇല്ല. അതിൽ ഗവണ്മെന്റു പ്രത്യേകം ഉടനെ ശ്രദ്ധിക്കണം. അങ്ങുമിങ്ങും ഓരോരുത്തരുടെ അഭിപ്രായങ്ങൾ പലപ്പോഴും സ്വീകരിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു ഞാൻ മി. കുര്യാക്കോസിന്റെ ഉപക്ഷേപത്തെ പിന്താങ്ങിക്കൊള്ളുന്നു.

മി. ററി. സി. കേശവപിള്ള (കരുനാഗപ്പള്ളിയും വിളവംകോട്ടും); സർ, നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾക്കു പുറമേ, തെക്കൻതിരുവിതാംകൂറിൽ അതായതു എന്റെ നിയോജകമണ്ഡലത്തിൽ ശംഖിനെകുത്തകകൊടുക്കുന്നുണ്ടെന്നുള്ള വിവരം എനിക്ക കൃഷിഡയറക്ടരുടെ ദൃഷ്ടിയിൽകൊണ്ടുവരേണ്ടതായിട്ടുണ്ട്. അതു ശരിയായിട്ടു നടത്തുന്നില്ലെങ്കിൽ അതിനെ നന്നാക്കണം. കൂടാതെ യൂറോപ്യൻ കമ്പനികൾ തിരുവിതാംകൂറിൽനിന്നും എല്ലുകൾ കൊണ്ടുപോകുന്നുണ്ട്. ഡിപ്പാർട്ടുമെന്റിൽനിന്നും ഒന്നുകൂടി ശ്രദ്ധിക്കയും കുറെ സഹായധനം നൽകുകയും

ചെയ്യുകയാണെങ്കിൽ അതു ആ കാര്യത്തിന് ഒരു വലിയസഹായമായിത്തീരും. അന്യരാജ്യങ്ങളിൽനിന്നും ഇപ്പോൾ ഇറക്കുമതിചെയ്യുന്ന എല്ലുപൊടിയും മററു സാമാനങ്ങളും ഇവിടെ കുറേക്കൂടി സഹായവിലയ്ക്കു കിട്ടും.

വിളവംകോട്ടതാലൂക്കിനെ സംബന്ധിച്ചടത്തോളം വസ്തുവിന്റെ കരത്തിന്റെ ൩൦ ശതമാനവും വസ്തുക്കൾ ചേർത്തിൽ ചിലവാണ ഈടാക്കുന്നതെന്ന ഗവൺമെന്റിനറിയാമല്ലോ. ആ സ്ഥലത്തു പനി ധാരാളമായി ഉള്ളതുകൊണ്ടു സാധാരണകലപ്പകൾ ഉപയോഗിക്കാൻ നിവൃത്തിയില്ല. ഇരുമ്പു കലപ്പകൾപോലും ഉപയോഗിക്കാൻ നിവൃത്തിയില്ലെന്നും ആ താലൂക്കിലെ ചെമ്പനിയുള്ള സ്ഥലങ്ങളിലെ മോട്ടാർ കലപ്പകളുടെ ആവശ്യകതഞാൻ ഡയറക്ടരുടെ ദൃഷ്ടിയിൽപെടുത്തി വന്നിട്ടുണ്ട്.

മി. എസ്സ്. ചിദംബരംപിള്ള (കാർത്തികപ്പള്ളിയും മാവേലിക്കരയും തെക്ക്): സാധാരണകലപ്പകൾക്കും പകരം വരാവുന്നതോ?

മി. റ്റി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ചിലപ്പോൾ.

അദ്ധ്യക്ഷൻ: മി. കേശവപിള്ള പുറകിൽനിന്നുള്ള ഒരു മെമ്പരുടെ ചോദ്യത്തിന നിങ്ങൾ മറുപടി പറയുമ്പോഴൊക്കെയും നിങ്ങൾ പുറകോട്ടു തിരിയേണ്ടയാവശ്യമില്ല. എന്തുകൊണ്ടെന്നാൽ അപ്പോൾ സഭയുടെ ഈ ഭാഗത്തിരിക്കുന്ന അംഗങ്ങൾക്ക നിങ്ങൾ പറയുന്നതു കേൾക്കാൻ നിവൃത്തിയില്ല.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സർ, ഞാൻ ഈ ഉപക്ഷേപത്തെപ്പററി അധികം പറയണമെന്ന വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഈ ഭാഗത്തുള്ള എന്റെ സ്നേഹിതന്മാർ പ്രസംഗിച്ചതിൽ മിക്കവരും എന്റെ ഡിപ്പാർട്ടുമെന്റിന്റെ അധീനതയിൽ കൂടുതൽ പണം അനുവദിച്ചുതരേണ്ടതിനെപ്പററി വാദിച്ചിട്ടുണ്ട്. അതിനുവേണ്ടി ഞാൻ അവർക്ക വന്ദനം പറയേണ്ടതായിട്ടു മാത്രമേയുള്ളു.

എന്നാലും അംഗങ്ങളിൽ ചിലർ പ്രതിപാദിച്ച വാദമുഖങ്ങളുടെ മറുപടിയായിട്ട ഞാൻ രണ്ടുവാക്ക പറയുന്നു.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ഡിപ്പാർട്ടുമെന്റിലേക്കനുവദിച്ചിട്ടുള്ള പണം ശരിയായിട്ടു ഉപയോഗിക്കണമെന്ന മെമ്പർ വിചാരിക്കുന്നില്ലയോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഉണ്ട്. മേലാൽ പണം എങ്ങിനെയാണ് ഉപയോഗിക്കേണ്ടതു എന്നുള്ള പ്രശ്നത്തെപ്പററി ഞാൻ പ്രതിപാദിക്കാം. സർ, ഡിപ്പാർട്ടുമെന്റിനെപ്പററി പൊതുവേയുള്ള ഒരു പരാതി കൃഷിയുടെ വർദ്ധനയ്ക്കുവേണ്ടി ഡിപ്പാർട്ടുമെന്റിൽനിന്നും യാതൊന്നും കാര്യമായി ചെയ്തിട്ടില്ലെന്നാണ്. സർ, സഭയുടെ മറുഭാഗത്തുള്ള അംഗങ്ങളോടു താഴ്മയായി ഞാൻ പറയുന്നതു ഈ പ്രസ്താവനമുഴുവനും സ്വീകരിക്കാൻ പാടില്ലാത്തതാണെന്നാണ്. ഡിപ്പാർട്ടുമെന്റിനെപ്പററി പൊതുവേയുള്ള വാദപ്രതിവാദത്തിനിടയിൽ, ഗ്രാമങ്ങളിലുള്ള ആളുകൾ ഇങ്ങിനെ ഒരു ഡിപ്പാർട്ടുമെന്റ ഉണ്ടെന്നുതന്നെ കേട്ടിട്ടില്ലെന്ന ആരോപ്രസ്താവിച്ചു. ഇങ്ങിനെ ഒരു ഡിപ്പാർട്ടുമെന്റുള്ളതിനെപ്പററി രാജ്യത്തുള്ള ഗ്രാമങ്ങളിലെ എല്ലാ ആളുകളും കേട്ടിട്ടില്ലെന്നുവന്നേക്കാം. എന്നാൽ ഇങ്ങിനെ ഒരു ഡിപ്പാർട്ടുമെന്റുണ്ട് എന്നുള്ളതിനെപ്പററി പല ഗ്രാമങ്ങളിലുമുള്ള അനേകം ആളുകളും കേട്ടിട്ടുണ്ടെന്നും അനേകംപേർക്ക അതിന്റെ ഉപദേശംകൊണ്ടു പ്രയോജനം ഉണ്ടായിട്ടുണ്ടെന്നും ഞാൻ പറയാം. എന്റെ പ്രസ്താവനയെ തെളിയിക്കുന്നതിനായി ഞാൻ അനേകം ഉദാഹരണങ്ങൾ പറയാം, തെക്കൻതിരുവിതാംകൂറിൽ ആരുംതന്നെ പുതിയവളവും പരിഷ്കരിച്ച കൃഷിരീതിയിലും ഉപയോഗിക്കുന്നില്ലെന്ന മി. മാധവൻ പറഞ്ഞു. സർ, മി. ചെല്ലംപിള്ളയുടെ ബഡ്ജററിനെപ്പററിയുള്ള വാദപ്രതിവാദത്തിനിടയിൽ നാഞ്ചിനാട്ടിലുള്ള ആളുകൾ പതിനയ്യായിരം രൂപായ്ക്കുവരെ അമോഫോസ്, ബൂണോഫോസ് മുതലായസാധനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന അദ്ദേഹം പറഞ്ഞു. അതിനേക്കാൾ കൂടുതൽ കെമിക്കൽവളങ്ങൾ തെക്കൻതിരുവിതാംകൂറിലുള്ള കൃഷിക്കാർ ഉപയോഗിച്ചുവരികയാണെന്ന എനിക്കറിയാം. ൫൦൦൦൦ രൂപാവിലവരുന്ന കെമിക്കൽവളങ്ങൾ അവർ ഈയാണ്ടിൽ വാങ്ങിയിട്ടുണ്ടെന്നും ഈ വളംവിൽക്കുന്ന ഏജന്റന്മാർ അടുത്തയാണ്ടത്തേക്ക അവരുടെ ജോലി ക്രമാതീതമായി വർദ്ധിക്കുമെന്ന അവർ ആശിക്കുന്നുഎന്നും അവർ എന്നോടുപറഞ്ഞു. തെക്കൻതിരുവിതാംകൂറിൽ കെമിക്കൽവളങ്ങൾ സാധാരണമായിവരികയാണെന്ന ഇതു സ്പഷ്ടമായിക്കാണിക്കുന്നുണ്ട്. സാധാരണവളത്തിന്റെ വിലയും പ്രാധാന്യവും ഞാൻ തള്ളിക്കളയുന്നില്ല. അവ കഴിയുന്നത്രയും ഉപയോഗിക്കണമെന്ന ഞാൻ നിശ്ചയമായി ശുപാർശ ചെയ്യും. സാധാരണവളങ്ങൾ ഇല്ലാത്തടത്തോളംകാലം കൃഷിക്കാർ ചെയ്യേണ്ടതും ചെയ്യുന്നതും അതിന്റെ കൂടെ കെമിക്കൽവളം ചേർക്കുകയാണ്. നാഞ്ചിനാട്ടിലുള്ള കൃഷിക്കാർ ചെയ്യുന്നതും അതാണ്. തെക്കൻതിരുവിതാംകൂറിൽ കെമിക്കൽവളങ്ങൾകൊണ്ടുവന്നതിനും സാധാരണമാക്കിയതിനും ഉള്ള ബഹുമതി നിശ്ചയമായും കൃഷിഡിപ്പാർട്ടുമെന്റുകാർക്കുതന്നെയാണ്.

മി. കെ. മാധവൻ (നിയമിക്കപ്പെട്ടസഭാംഗം): പരസ്പരസഹായസംഘത്തിൽനിന്നും കൊടുക്കുന്ന പണം മുഴുവനും കൃഷിക്കായിട്ടുതന്നെയാണോ ഉപയോഗപ്പെടുത്തുന്നതെന്ന അറിയാമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സാധാരണയായിട്ടു എല്ലാവളങ്ങളും അവിടെയുള്ളവർ ഉപയോഗിക്കുന്നുണ്ട്. പരസ്പരസഹായസംഘത്തിൽനിന്നും കടംവാങ്ങിക്കുന്നപണം കൃഷിക്കുതന്നെ ഉപയോഗിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി ഞാൻ അന്വേഷിച്ചിട്ടില്ല. പക്ഷേ എല്ലാം അതിലേക്കുപയോഗിക്കുന്നില്ലെങ്കിലും ധാരാളം ഉപയോഗിക്കുന്നുണ്ടെന്ന് അന്വേഷണത്തിൽ കാണാമായിരിക്കും. സർ, പിന്നീട് ഡിപ്പാർട്ടുമെന്റിൽനിന്നും വളരെ കുറച്ചുതോട്ടങ്ങൾമാത്രമേ കൃഷിചെയ്യുന്നുള്ളു എന്നും കുടിയാനവന്മാരുടെ സ്ഥലങ്ങളിൽ പരീക്ഷണാർത്ഥം കൃഷി തീരെ നടത്തുന്നില്ലെന്നും മി. മാധവൻ പറഞ്ഞു. മെമ്പർ ഗ്രാമങ്ങളിൽപോയി നോക്കിയിരുന്നെങ്കിൽ കുടിയാനവന്മാരുടെ സ്ഥലങ്ങളിൽ ഡിപ്പാർട്ടുമെന്റിൽനിന്നും പരീക്ഷണത്തിനായി കൃഷിചെയ്യുന്നുണ്ടെന്ന അറിയാമായിരുന്നു. ൧൧൦൯-ൽ ഡിപ്പാർട്ടുമെന്റിൽനിന്നും ൮൩ സ്ഥലങ്ങളിലായി പരിഷ്കൃതരീതിയനുസരിച്ചുള്ള നെൽകൃഷിചെയ്തു. പരീക്ഷണത്തിനായുള്ള ഈ കൃഷി ൮൩ കുടിയാനവന്മാരുടെ സ്ഥലങ്ങളിലാണ് ചെയ്തത്.

ഡിപ്പാർട്ടുമെൻറിൽനിന്നും നടപ്പാക്കിയ മറെറാരു പരിഷ്കാരം പുഞ്ചനിലങ്ങളിൽ കുമ്മായം ഉപയോഗിക്കയാണ്. പുഞ്ചകൃഷിക്കാർ അവരുടെ നിലങ്ങളിൽ കുമ്മായം ഉപയോഗിക്കുന്നതിനു വളരെ എതിർപ്പുള്ള ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഡിപ്പാർട്ടുമെൻറു കൊണ്ടു നടത്തിയ പരീക്ഷണത്തിൻെറ ഫലമായി പുഞ്ചനിലങ്ങളിലെ ദോഷങ്ങൾ പരിഹരിക്കുന്നതിനു കുമ്മായം ഉപയോഗിക്കുന്നതു ഒരു സാധാരണപതിവായി.

കൂടാതെ ഇപ്പോൾ പലസ്ഥലങ്ങളിലും മാരകമായ ഇരുമ്പുകലപ്പ സാധാരണമായിത്തീർന്നിട്ടുണ്ട്. കായംകുളത്തിനടുത്തു പ്രാബല്യമുള്ള ഒരു കൃഷിക്കാരൻ നാട്ടിലുള്ള കൊല്ലന്മാർ ഉണ്ടാക്കിയ ഇരുമ്പുകലപ്പകൾ വരുത്തി പത്തും നൂറും കണക്കിനു വിററുവരുന്നുണ്ട്. ഡിപ്പാർട്ടുമെൻറു മടിപിടിച്ചിരിക്കയില്ലെന്നുള്ളതിനു ഇവയാണ് ഉദാഹരണങ്ങൾ. ഇനിയും കൂടുതൽ ഉദാഹരണങ്ങൾ പറയുകയും ചെയ്യാം. ഡിപ്പാർട്ടുമെൻറിൽനിന്നും കൃഷിയുടെ വർദ്ധനവിനുവേണ്ടി യാതൊന്നും കാര്യമായി ചെയ്തിട്ടില്ലെന്നുള്ള സഭയുടെ ഒരുഭാഗത്തുള്ള അംഗങ്ങളുടെ പ്രസ്താവന ന്യായീകരിക്കത്തക്കതല്ലെന്നുള്ളതിനെ തെളിയിക്കുന്നതിനായി ഇനിയും ധാരാളം സംഗതികളുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): ഈയാണ്ടിലും മെമ്പർ കൂടുതലായി പരീക്ഷണാർത്ഥം കൃഷിചെയ്യുന്നുണ്ടോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഉണ്ട്. എൻെറ അധീനതയിലുള്ള ആളുകളും പണവും അനുവദിക്കുന്നേടത്തോളം പരിക്ഷണങ്ങളുടെ എണ്ണംകൂട്ടുന്നതിനു ഞാൻ ഉദ്ദേശിക്കുന്നുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): ഈ ആണ്ടിൽ പരിക്ഷണങ്ങളുടെ ചിലവിലേക്കായി കൂടുതൽപണം ആവശ്യപ്പെട്ടിട്ടുണ്ടോ എന്നു ഈ അവസരത്തിൽ മെമ്പർ പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ); ഗവൺമെൻറും ഞാനുംതമ്മിൽ എന്തെല്ലാം നടന്നു എന്നു പറയാൻ നിവൃത്തിയില്ലെന്നു പറയേണ്ടതിൽ എനിക്കു വളരെ മനസ്താപമുണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര) തെക്കൻതിരുവിതാംകൂറിലുള്ള ഒരു കൃഷിവിദ്യാലയത്തെപ്പററി മെമ്പർ എന്തുപറയുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): എൻെറസമയം മിക്കവാറും തീരാറായി. അതുകൊണ്ടു എൻെറ ഇപ്രകാരം തടസ്ഥപ്പെടുത്തുകയാണെങ്കിൽ എനിക്കു പറയാനുള്ളതു മുഴുവൻ പറഞ്ഞുതീർക്കാൻ സാധിക്കയില്ല.

അദ്ധ്യക്ഷൻ: ഞാൻ നിങ്ങൾക്കു കൂടുതൽസമയം അനുവദിക്കാം. ഉപക്ഷേപത്തിൽ പറഞ്ഞിട്ടില്ലാത്ത സംഗതികളെക്കുറിച്ചു അംഗങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ടു ഞാൻ നിങ്ങൾക്കു കൂടുതൽസമയംതരാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): സർ, നിങ്ങൾക്കു വന്ദനം പറഞ്ഞുകൊള്ളുന്നു. ഈ ഉപക്ഷേപം അവതരിപ്പിച്ച മി. കുരിയാക്കോസ് ഒരുകൂട്ടം താലൂക്കുകളിലേക്കു ഒരു സബ്ബ് ഇൻസ്പെക്ടർമാത്രമേയുള്ളു എന്നു പറയുകയും കുറഞ്ഞപക്ഷം ഓരോതാലൂക്കിലേക്കും ഓരോരുത്തരെങ്കിലും വേണമെന്നു നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ അതു സമ്മതിക്കുന്നു. സർ, അതാണെന്റെ അവസാനമായി ഉദ്ദേശിക്കേണ്ടതു. ഇപ്പോൾ രണ്ടോ മൂന്നോ താലൂക്കുകൾക്കുംകൂടി ഒരു സബ്ബ് ഇൻസ്പെക്ടരോ ഇൻസ്പെക്ടരോ മാത്രമേയുള്ളു. ഡിപ്പാർട്ടുമെൻറു ക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചുവരികയാണ്. അധികം താമസിയാതെ ഓരോ താലൂക്കിലേക്കും ഓരോ കൃഷിഉദ്യോഗസ്ഥനെ നിയമിക്കുന്നതിനു നമുക്കുസാധിക്കും. രാജ്യത്തുള്ള ഓരോതാലൂക്കിലും ഓരോ ഇൻസ്പെക്ടരും ഈ രണ്ടു ഫീൽഡുമെനും ഉണ്ടാകുമെന്നാശിക്കുന്നു എന്നു ഈയിടെ മൈസൂരിലെ കൃഷി ഡയറക്ടർ പറയുകയുണ്ടായി. കാലക്രമേണ തിരുവിതാംകൂറിലും ഈനിലവരുത്തുന്നതിലേക്കാണു ഞാൻ വേലചെയ്യുന്നതു.

മി. വി. ചെല്ലംപിള്ള (തോവാള): ഡിപ്പാർട്ടുമെൻറിൽ കൂടുതലായി ഇൻസ്പെക്ടർമാരെ നിയമിക്കേണ്ട അത്യാവശ്യം ഉണ്ടോ എന്നു മെംബർ സദയം പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): നിശ്ചയമായിട്ടും എന്നാൽ അതിനെ നിയന്ത്രിക്കുന്ന ഒരുസംഗതി നമുക്കു ലഭിക്കാവുന്ന പണത്തിൻെറ തുകയാണ്.

മി. വി. ചെല്ലംപിള്ള (തോവാള): കൂടുതൽപണം അനുവദിക്കുന്നതിനു ഗവൺമെൻറു ഉദ്ദേശിക്കുന്നില്ലെന്നാണോ പറയുന്നതു?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഗവൺമെൻറു കൂടുതൽപണം എനിക്കു തരികയാണെങ്കിൽ ഞാൻ സന്തോഷമുള്ളവനായിരിക്കും. എന്നാൽ ഗവൺമെൻറു അങ്ങിനെ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു എനിക്കു പറയാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ അതു ഗവൺമെൻറിൻെറ നയത്തെ ആശ്രയിച്ചിരിക്കുന്ന ഒരു സംഗതിയാണ്.

കൃഷിവായ്പകളെപ്പററിയുള്ള പ്രശ്നത്തെ സംബന്ധിച്ച വാദപ്രതിവാദത്തിനിടയിൽ ചോദിച്ചചോദ്യങ്ങൾക്കു മറുപടി പറയുന്നതിനു ഞാൻ അശക്തനാണ്. എന്തുകൊണ്ടെന്നാൽ ഈ വായ്പകളുടെകാര്യത്തിൽ എൻെറ ഡിപ്പാർട്ടുമെൻറിനു ഇപ്പോൾ യാതൊന്നും പ്രവർത്തിക്കേണ്ടതായിട്ടില്ല. വായ്പകൾ നൽകുന്നതിനുള്ള അധികാരം ലാൻഡുറവന്യൂഡിപ്പാർട്ടുമെൻറിൽ നിക്ഷേപിച്ചിരിക്കയാണു. അതുകൊണ്ടു ആ ചോദ്യം ലാൻഡുറവന്യൂവിലേക്കു പണം അനുവദിക്കുന്നതിനുള്ള വാദപ്രതിവാദത്തിൽ ചോദിക്കേണ്ടതാണ്. ചട്ടങ്ങളനുസരിച്ചു പണം കടംകൊടുക്കുന്നതിനു കൃഷിഡയറക്ടരോടു ആലോചിക്കേണ്ടതായിട്ടുള്ള ഒരുസംഗതി കൃഷിയന്ത്രങ്ങൾ വാങ്ങിക്കുന്നതിനു പണംകടംകൊടുക്കാൻ അപേക്ഷകൾ കൊടുക്കുന്നതിനെ സംബന്ധിച്ചുമാത്രമാണ്. എന്നാൽ സാധാരണമായി ആ കാര്യം എന്നോടാലോചിക്കാറില്ല. ആരാണ് കൃഷിവായ്പനൽകേണ്ടതെന്നുള്ള പ്രശ്നം ഗവൺമെൻറിൻെറ നയത്തെ ആശ്രയിച്ചിരിക്കുന്ന ഒരു സംഗതിയായതുകൊണ്ടു അതു പൊതുഭരണത്തിനു പണം അനുവദിക്കുന്നതിനുള്ള അപേക്ഷയെക്കുറിച്ചു ആലോചിച്ചപ്പോൾ ചോദിക്കേണ്ടതായിരുന്നു.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): വാസ്തുക്കൾ കൊടുക്കേണ്ടതു ആരാണെന്നു സദയം പറയുമോ?

അദ്ധ്യക്ഷൻ: ഈ പ്രശ്നം ഇതര വകുപ്പുകളിൽ വരേണ്ടതാണെന്നു മെംബർ പറഞ്ഞുകഴിഞ്ഞു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): രാജ്യത്തേക്കു നെല്ലു ഇറക്കുമതി കൂടുതലായി വരുന്നതു ഈ നാട്ടിലെ കൃഷിയുടെ അഭിവൃദ്ധിക്കുറവിന്റെ ഒരു ലക്ഷണമാണെന്നു ചില സാമാജികന്മാർ ചൂണ്ടിക്കാണിച്ചു. സർ, എന്റെ അഭിപ്രായത്തിൽ നെല്ലിന്റെ ഇറക്കുമതിയുടെ വർദ്ധന കൃഷിയുടെ പൊതുവെയുള്ള അഭിവൃദ്ധിക്കുറവുനിമിത്തം ആയിരിക്കണമെന്നു അർത്ഥമാക്കേണ്ടതില്ല എന്നാണ്. ചില സ്ഥലങ്ങളിൽ കുറവുവന്നിട്ടുണ്ടായിരിക്കാം. എന്നാൽ രാജ്യം ഒന്നായിട്ടെടുക്കുന്നതായാൽ കൃഷി അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടു. അല്ലാതെ കുറയുന്നില്ല എന്നു കാണിക്കുന്നതിനു തെളിവുകൾ ഉണ്ട്.

റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ): ഇംഗ്ലണ്ടിനു അവിടെ ആവശ്യമുള്ള ഭക്ഷണസാധനങ്ങളുടെ ഏറിയ അംശത്തിനും അന്യരാജ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നില്ലയോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെയോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഇംഗ്ലണ്ടിനു മാത്രമല്ല, എന്നാൽ പരിഷ്കാരത്തിന്റെ പരിപൂർണ്ണദശയെ പ്രാപിച്ചിട്ടുള്ള മറ്റു രാജ്യങ്ങളും അവിടത്തെ ആഹാരസാധനങ്ങൾക്കുവേണ്ടി അത്രയും പരിഷ്കാരം സിദ്ധിച്ചിട്ടില്ലാത്ത രാജ്യങ്ങളെ ആശ്രയിക്കുന്നു. ഇതിനുള്ള കാരണം ആ രാജ്യങ്ങളിൽ ഭക്ഷണസാധനങ്ങളെ ഉണ്ടാക്കുന്നതിലുള്ള വർദ്ധന അവിടത്തെ ജനസംഖ്യയുടെ വർദ്ധനയോടു തുല്യമായിരിക്കുന്നില്ല എന്നുള്ളതു മാത്രമാണ്. ഉദാഹരണമായി ജപ്പാനെ നോക്കുക. ജപ്പാൻ നെല്ലധികമായി കൃഷിചെയ്യുന്നതും നെല്ലധികമായി ഉപയോഗിക്കുന്നതുമായ ഒരു പ്രധാനപ്പെട്ട രാജ്യമാണ്. കുറച്ചു സ്ഥലങ്ങളിൽ നല്ലതുപോലെ കൃഷിചെയ്യുന്ന രീതി അനുകരിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു അവിടത്തെ നെൽകൃഷിക്കു വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ൧൮൯൩-നു ശേഷം ജപ്പാനിലേക്കുള്ള നെല്ലിന്റെ ഇറക്കുമതി നിരന്തരമായി വർദ്ധിച്ചുവരികയാണ്. ജപ്പാനിലെ ജനസംഖ്യ ൧/൩ അംശം വർദ്ധിക്കുമ്പോൾ അവിടത്തെ നെൽകൃഷി ൧/൩ മാത്രമേ വർദ്ധിക്കുന്നുള്ളു. എന്നുള്ള സംഗതിയാണ് ഇതിനു കാരണമായിരിക്കുന്നതു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും, കുന്നത്തൂരും): ആരോഗ്യത്തോടും ഉപയോഗിക്കുന്ന നെല്ലിന്റെ ശരാശരികണക്കു തിരുവിതാംകൂറിൽ വർദ്ധിച്ചുവരികയാണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ജീവിതരീതി പരിഷ്കാരദശയെപ്രാപിച്ചു വരുംതോറും ആളുകൾ ഉപയോഗിക്കുന്ന നെല്ലിന്റെ ശരാശരികണക്കും അതിനനുസരിച്ചു ക്രമപ്രവൃദ്ധമാകണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിൽ ആകെ എന്തുവിളവുണ്ടാകും എന്നു കാണിക്കുന്നതിനു കണക്കുകൾ ഉണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഈ കണക്കുകളുണ്ടാക്കുന്നതു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. രാജ്യത്തെ നെല്ലിന്റെ വിളവുവർദ്ധിച്ചിട്ടുണ്ടെന്നു കാണിക്കുന്നതിലേക്കു എന്റെ പക്കൽ ചില കണക്കുകൾ ഉണ്ടു. അതു ഞാൻ സമ്മുഖമാക്കി സമർപ്പിക്കാം. ഒരുനാഴി അരി അല്ലെങ്കിൽ ഇരുനാഴി നെല്ലാണ് ഒരാൾക്കു ഒരുദിവസത്തേക്കുള്ള ഭക്ഷണത്തിനു ശരാശരി ആവശ്യമുള്ളതെങ്കിൽ ഒരാണ്ടത്തേക്കു ഒരാൾക്കു ആവശ്യമുള്ള നെല്ലു ൧൮ പറ അല്ലെങ്കിൽ ൩൧/൪ ഹണ്ട്രഡ്‌വെയിറ്റു അതായതു ഏകദേശം ഒരു ടണ്ണിന്റെ ൧/൬ അംശമാണ്. ഒരു ടൺ ഏകദേശം ൧൧൦ പറ നെല്ലാണ്. നമുക്കു ൧൯൦൧ മുതൽ ൧൯൧൦ വരെയുള്ള നിലയെ ൧൮൯൧ മുതൽ ൧൯൦൦ വരെയുള്ള നിലയോടു താരതമ്യപ്പെടുത്തിനോക്കാം. ഈ വിചിന്തനത്തിൽനിന്നും ൧൧൦൩-ാമാണ്ടു ഞാൻ വിട്ടുകളഞ്ഞു, എന്തുകൊണ്ടെന്നാൽ രാജ്യത്തിന്റെ മിക്കഭാഗങ്ങളിലും രണ്ടു കൃഷികളും മിക്കവാറും ഒരുപോലെ നശിച്ചതുകൊണ്ടു അതു ഒരു അസാധാരണമായിട്ടുള്ളതാണ്. അപ്രകാരമുള്ള ഒരു സംഭവം വളരെ ചുരുക്കം കാലങ്ങളിൽ മാത്രമേ ഉണ്ടാകാറുള്ളു. ൧൮൯൧ മുതൽ ൧൯൦൦ വരെയുള്ള വർഷത്തിൽ തിരുവിതാംകൂറിലെ ജനസംഖ്യ ഏകദേശം ൩൭ ലക്ഷവും ഇറക്കുമതിചെയ്ത നെല്ലു ൧൭൨,൦൦൦ ടണ്ണും ആണ്. ൧൯൦൧ മുതൽ ൧൯൧൦ വരെ ജനസംഖ്യ ൪,൪൭,൦൦൦ ലക്ഷവും ഇറക്കുമതിചെയ്ത നെല്ലു ൧൭൪൦൦൦ ടണ്ണും ആണ്. ൧൯൦൧ മുതൽ ൧൯൧൦ വരെ ജനസംഖ്യയുടെ വർദ്ധന ൭ ലക്ഷവും ഇറക്കുമതിചെയ്ത നെല്ലിന്റെ കൂടുതൽ ൨൨൦൦൦ ടണ്ണും ആണ്. എന്നാൽ ൭൦൦൦൦൦ ജനങ്ങൾക്കു ആവശ്യമുള്ള നെല്ലിന്റെ തുക ൪൧൦൦൦൦ ടണ്ണാണ്. എന്നാൽ ഇറക്കുമതിയുടെ വർദ്ധന യഥാർത്ഥത്തിൽ ൨൨൦൦൦ ടൺ മാത്രമാണ്. അതുകൊണ്ടു ബാക്കിയുള്ള ൯൪൦൦൦ ടൺ നിശ്ചയമായും സ്ഥലത്തെ കൃഷിയുടെ വർദ്ധനനിമിത്തം ഉണ്ടായതായിരിക്കണം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും, കുന്നത്തൂരും): ഈ വർദ്ധന വളരെ സ്ഥലം കൃഷിചെയ്തതുകൊണ്ടു ഉണ്ടായിട്ടുള്ളതാണോ അതോ കുറച്ചുസ്ഥലം നല്ലതുപോലെ കൃഷിചെയ്തതുകൊണ്ടു ഉണ്ടായിട്ടുള്ളതാണോ എന്നു സദയം പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): സർ, രണ്ടുംകൊണ്ടും ഉണ്ടായിട്ടുള്ളതാണ്. കുറച്ചുസ്ഥലം നല്ലതുപോലെ കൃഷിചെയ്യുക എന്നുള്ള രീതി രാജ്യം ഒട്ടുക്കു വ്യാപിച്ചുവരികയാണ്. ഈ ആണ്ടിൽ നാട്ടുകാർ ഒന്നിച്ചു ൧൦൦൦൦ രൂപാ വിലയ്ക്കുള്ള കെമിക്കൽ വളങ്ങൾ ഉപയോഗിച്ചിട്ടുണ്ടെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിലേക്കു ഇറക്കുമതി ചെയ്യുന്ന ഗോതമ്പിന്റെ പരിമാണം കുറഞ്ഞിട്ടുണ്ടോ കൂടിയിട്ടുണ്ടോ എന്നു മെംബർ സദയം പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഗോതമ്പിന്റെ ഇറക്കുമതിയെക്കുറിച്ചു ഞങ്ങൾക്കു അറിയേണ്ട ആവശ്യമില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): നെൽകൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി കൃഷിഡിപ്പാർട്ടുമെന്റിൽനിന്നും എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഉണ്ട്. കെമിക്കൽവളങ്ങൾ സാധാരണമാക്കുക, പരിഷ്കരിച്ച വിത്തുകൾ വിതരണംചെയ്ക, ഭാരം കുറഞ്ഞ ഇരുമ്പുകലപ്പകൾ നടപ്പാക്കുക, നിലത്തിലെ ഉറവുകൾ പരിഹരിക്കുന്നതിനു കുഴായും ഉപയോഗിക്കുന്നതിനു് ആളുകളെ പ്രേരിപ്പിക്കുക എന്നിങ്ങനെ പലതും ഡിപ്പാർട്ടുമെൻറിൽനിന്നും ഇതിലേക്ക വേണ്ടിചെയ്തിട്ടുണ്ട്.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): തെങ്ങുരോഗം ഇപ്പോഴുള്ളതിൽ വരുന്നോ കുറഞ്ഞുവരുന്നോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സാധാരണ കുറഞ്ഞുവരുന്നു.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (കാർത്തികപ്പള്ളിയും മാവേലിക്കരയും): കാടുകളെ വെട്ടിതെളിച്ചു നെൽകൃഷിക്കുള്ള സ്ഥലം വർദ്ധിപ്പിക്കുന്നതിനെപ്പററിയുള്ള പ്രശ്നം സംബന്ധിച്ചു കൃഷിഡയറക്ടർ ആലോചിച്ചിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): റിസർവ്വനങ്ങൾ വനം കൺസർവേറററുടെ അധീനതയിൽ ആയിരിക്കുമ്പോൾ ഞാൻ എങ്ങിനെയാണ് ആ പ്രശ്നത്തെപ്പററി ആലോചിക്കുന്നതു്? റിസർവിലുള്ള സ്ഥലങ്ങൾ കൃഷിക്കായി വിട്ടുകൊടുക്കുന്നതിനു് അദ്ദേഹം സമ്മതിക്കണം. കൺസർവേറററുകൂടാതെ എനിക്കിതെപ്പററി ആലോചിക്കുന്നതിനു നിവൃത്തിയില്ല.

മി. എ. സി. കുഞ്ചാക്കോസ് (മീനച്ചിലും ദേവികുളവും): എല്ലാതാലൂക്കുകളിലും കൃഷിപാഠശാല ഏർപ്പെടുത്തുന്നതിനെപ്പററി ഞാൻ സംസാരിച്ചതിനു മറുപടിപറഞ്ഞില്ല.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതിനെപ്പററിപറയാം.

സർ, ആണ്ടുതോറും ഇറക്കുമതിനെല്ലിൻെറ പരിമാണം ധാരാളമായി വർദ്ധിക്കുന്നുണ്ടെങ്കിലും രാജ്യത്തിലെ നെൽകൃഷിയും അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെന്നു് ഞാൻ മുൻപുതന്നെ പ്രസ്താവിച്ചുകഴിഞ്ഞല്ലോ. നാം കയററി അയയ്ക്കുന്ന കൃഷിയുടെ മററഫലങ്ങളിൽനിന്നും കിട്ടുന്നപണം കൊണ്ടാണ് വർദ്ധിച്ചുവരുന്ന ഇറക്കുമതിനെല്ലിനു് നാം കൊടുക്കുന്നതെന്നും ഈ കയററുമതിക്കു സ്ഥിരമായ വർദ്ധനയുണ്ടെന്നും ധരിച്ചിരിക്കേണ്ടതാണു. തിരുവിതാംകൂറിലെ സാധാരണ കൃഷിക്കാരുടെ പ്രധാനകൃഷിഫലങ്ങളുടെ കയററുമതിയെ സംബന്ധിച്ചുള്ള കണക്കുകൾകൊണ്ടു് എൻെറ പ്രസ്താവനയെ ഞാൻ ഉദാഹരിക്കാം. താരതമ്യപ്പെടുത്തി നോക്കുന്നതിനു നെല്ലിൻെറ ഇറക്കുമതിയെപ്പററി താരതമ്യപ്പെടുത്തി നോക്കുന്നതിനു ഞാൻ എടുത്ത ആണ്ടുകളെത്തന്നെ എടുക്കാം, അതായതു ൧൦൯൧-൧൦൯൨-ം, ൧൧൦൧-൧൧൦൨-ം, ൧൦൯൭-൧൦൯൮-ൽ കൊപ്രയായിട്ടും എണ്ണയായിട്ടും നാളികേരമായിട്ടും നമ്മുടെ കയററുമതി ൨,൯൦,൦൦൦,൦൦൦ നാളികേരവും, ൧൧൦൧-൧൧൦൨-ൽ, ൩,൧൦,൦൦൦,൦൦൦ നാളികേരവും ആണ്. ൧൦൯൧-൧൦൯൨-ൽ നാം ൨൧,൯൦൦ കണ്ടി കുരുമുളകും ൧൧൦൧-൧൧൦൨-ൽ ൪൦,൦൦൦ കണ്ടി കുരുമുളകും നാം കയററിമതിചെയ്തു. ൧൦൯൧-൧൦൯൨-ൽ ൭൩,൦൦൦ ഹണ്ട്രഡ്വെയിററ്സ് ഇഞ്ചിയും ൧൧൦൧-൧൧൦൨-ൽ ൮൨,൦൦൦ ഹണ്ട്രഡ്വെയിററ്സ് ഇഞ്ചിയും നാം കയററിഅയച്ചു. ൧൦൯൧-൧൦൯൨-ൽ നാലര ലക്ഷം ത്രാസ്സു ഏലത്തരിയും ൧൧൦൧-൧൧൦൨-ൽ ൩൧ ലക്ഷം ത്രാസ്സു ഏലത്തരിയും കയററിഅയച്ചു. ൧൦൯൧-൧൦൯൨-ൽ ൧൮൦൦ ഹണ്ട്രഡ്വെയിററ്സ് പുൽതൈലം കയററിഅയച്ചതു ൧൧൦൧-൧൧൦൨-ൽ ൭൯൦൦ ഹണ്ട്രഡ്വെയിററ് ആയിവർദ്ധിച്ചു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഈ വർദ്ധനയെല്ലാം നിമിത്തം കൃഷിഡിപ്പാർട്ടുമെൻറാണോ എന്നു് ദയവായിപറയുമോ (ചിരി)

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): കൃഷിയുടെഫലങ്ങളിൽ ഉള്ള വർദ്ധനകുറച്ചു സ്ഥലം നല്ലതുപോലെ കൃഷിചെയ്തു ഉണ്ടായിട്ടുള്ളതാണെങ്കിൽ അതിനു നിമിത്തം കൃഷിഡിപ്പാർട്ടുമെൻറാണ്.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഏലംകൃഷിചെയ്യുന്നവർക്കു ഡിപ്പാർട്ടുമെൻറിൽനിന്നും എന്തെങ്കിലും സഹായം ചെയ്തുകൊടുത്തിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ), അവർക്കു ആവശ്യമുള്ള നിർദ്ദേശങ്ങളെല്ലാം കൊടുക്കുന്നുണ്ട്.

എനിക്കു ഒരു സംഗതിയെപ്പററിക്കൂടി മാത്രമേ പ്രസ്താവിക്കുന്നതിനുള്ളു. അതു കൃഷിപാഠശാലകളെസംബന്ധിച്ചാണ്. ഞങ്ങൾ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള മാതിരി കൃഷിപാഠശാലകളുടെ കാര്യത്തിൽ മി. കുഞ്ചാക്കോസു തൃപ്തിപ്പെടുന്നില്ല. നേരെമറിച്ചു് ആ മാതിരി പാഠശാലകൾ ഒരുക്കുതിരുവിതാംകൂറിൽ സ്ഥാപിക്കണമെന്നു് മി. മാധവൻ ആവശ്യപ്പെടുന്നു. സഭയുടെ രണ്ടു വശത്തുമുള്ള അംഗങ്ങൾ തമ്മിൽ അങ്ങിനെ ഒരു അഭിപ്രായവ്യത്യാസമുണ്ട്. പ്രായോഗികകൃഷിക്കാരെ ഉണ്ടാക്കേണ്ടതിനു ഇപ്പോൾ ആലുവായിലും കൊട്ടാരക്കരയുമുള്ള പാഠശാലകൾ മാതിരിപാഠശാലകൾ കൂടുതൽ ഉണ്ടായിരിക്കണം. അതേസമയംതന്നെ സാധാരണ വിദ്യാഭ്യാസത്തോടുകൂടി കൃഷിയോടും ഒരു പ്രതിപത്തി ഉണ്ടാകുന്നതിനു് സാധാരണ വിദ്യാലയങ്ങളിൽ കൃഷിയും ഉൾപ്പെടുത്തുന്നതു് ആശാസ്യമായിരിക്കാം. സാധാരണ വിദ്യാലയങ്ങളിൽ കൃഷികൂടി പഠിപ്പിക്കുന്നതുകൊണ്ടു് കുട്ടികളെ പ്രായോഗിക കൃഷിക്കാരാക്കുകയും തൻമൂലം വിദ്യാഭ്യാസമുള്ള യുവാക്കന്മാരുടെ ഇടയിലുള്ള തൊഴിലില്ലായ്മക്കു ഒരു പരിഹാരമാർഗ്ഗം ആവുകയും ചെയ്യുമെന്നു് സഭയുടെ രണ്ടുഭാഗത്തുമുള്ള അംഗങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ അവർക്കു തെററിപ്പോയിഎന്നു് ഞാൻ പറയും. മററു പലരാജ്യങ്ങളിലും ഈ പരീക്ഷയും ഉണ്ടായി. പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. സാധാരണവിദ്യാഭ്യാസത്തോടു കൂടി കൃഷികൂടി ഉൾപ്പെടുത്തി പരീക്ഷണങ്ങളിൽ വിജയത്തിൻെറ ചിഹ്നങ്ങൾ കണ്ടിട്ടുള്ള ഏകസ്ഥലം പഞ്ചാബുമാത്രമാണ്. അവയുടെ ഉദ്ദേശം പ്രായോഗിക കൃഷിക്കാരെ ഉണ്ടാക്കുന്നതല്ല; എന്നാൽ വിദ്യാഭ്യാസത്തിനു ഒരു കാർഷികരീതി കൊടുക്കുന്നതിനു മാത്രമാണ്. അവിടെതന്നെയും ഈ പരീക്ഷണം പരിപൂർണ്ണവിജയമായി എന്നു പറയുന്നതിനു് സമയം ഇനിയും ആയിട്ടില്ല. പഞ്ചാബിലെ സ്ഥിതി നമ്മുടേതിൽ നിന്നും വ്യത്യസ്ഥമായിട്ടുള്ളതാണ്. തിരുവിതാംകൂറിൽനിന്നു പഞ്ചാബിൽ ജനങ്ങൾ കൂട്ടമായി ഗ്രാമങ്ങളിൽ താമസിക്കുന്നു, തിരുവിതാംകൂറിൽ അവർ അങ്ങുമിങ്ങുമായിട്ടാണു

താമസിക്കുന്നത്. കൃഷിപഠിപ്പിക്കുന്നതുകൊണ്ടു എന്തെങ്കിലും പ്രയോജനമുണ്ടാകണമെങ്കിൽ അതു പ്രായോഗികമായിരിക്കണം. പ്രായോഗികമായിട്ടുള്ള പരിശീലനം കൃഷിസ്ഥലങ്ങളിൽനിന്നു മാത്രമേ കൊടുക്കാൻ സാധിക്കയുള്ളു. സാധാരണ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളെക്കൊണ്ടു കൃഷിസ്ഥലങ്ങളിൽ വേലചെയ്യിക്കുന്നതിനു ഒന്നുകിൽ രാവിലെ ക്ലാസിലെ പാഠങ്ങൾ തുടങ്ങുന്നതിനുമുമ്പ് അല്ലെങ്കിൽ വൈകിട്ടു പള്ളിക്കൂടംവിട്ടതിനുശേഷമോ മാത്രമേ സാധിക്കയുള്ളു. ഈ രാജ്യത്തു ചിലപ്പോൾ കുട്ടികൾക്കു അവരുടെ വീടുകളിൽനിന്നും പള്ളിക്കൂടത്തിലേക്കു രണ്ടോ മൂന്നോ മൈൽദൂരങ്ങളെതായിട്ടു വരുമെന്നുതന്നെയില്ല, വല്ലപ്പോഴും ഉച്ചക്കക്ഷണവുംകൂടി ഇല്ലായിരിക്കും. അങ്ങിനെയുള്ള കുട്ടികളെ രാവിലെയോ വൈകിട്ടോ പറമ്പുകളിൽ വേലചെയ്യിക്കുന്നതു വളരെ നിഷ്ഠൂരമായിരിക്കും. പഞ്ചാബിൽ ഇപ്രകാരം ഒരു വിഷമം ഉണ്ടാകുന്നില്ല. എന്തുകൊണ്ടെന്നാൽ ആളുകൾ ഒരുമിച്ചു ഗ്രാമങ്ങളിൽ താമസിക്കയും വിദ്യാലയങ്ങൾ അവരുടെ ഗ്രാമങ്ങളുടെ മദ്ധ്യത്തിലായിരിക്കയും ചെയ്യുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): തെക്കൻതിരുവിതാംകൂറിൽ ഗ്രാമങ്ങൾ ഇല്ലയോ എന്നു ദയവായി പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഉണ്ട്, എന്നാൽ ഞാൻ തിരുവിതാംകൂറിനെപ്പററി പൊതുവെ പറയുകയായിരുന്നു. സാധാരണവിദ്യാഭ്യാസത്തിനു ഒരു കാർഷികരീതി നൽകുന്നതിനു സാധാരണ വിദ്യാലയങ്ങളിൽ കൃഷിപഠിപ്പിക്കാൻ ശ്രമിക്കുന്ന ആശയത്തെ ഞാൻ അധിക്ഷേപിക്കുന്നില്ല. എന്നാൽ അങ്ങിനെ പ്രവൃത്തിക്കുന്നതിൽ പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ടെന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): അതിനു നിവൃത്തിമാർഗ്ഗം ഇല്ലേ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഉണ്ട്. ആ മാർഗ്ഗം ഞാൻ സമ്മതിക്കുന്നുണ്ട്. ഈ കുട്ടികൾക്കു പ്രായോഗികജ്ഞാനം ഉണ്ടാക്കിക്കൊടുക്കണമെങ്കിൽ അതിലേക്കു അവർ രാവിലെ ഏഴുമണിക്കുതന്നെ പള്ളിക്കൂടത്തിൽ വരണം. രണ്ടോ മൂന്നോ നാഴികദൂരത്തുനിന്നും മിക്കപ്പോഴും ആഹാരംപോലും കഴിക്കാൻ നിവൃത്തിയില്ലാത്ത കുട്ടികളെ രാവിലെ ഏഴുമണിക്കു പള്ളിക്കൂടത്തിൽ വരണമെന്നു പറയുന്നതു വലിയകഷ്ടമാണ്. ഉച്ചയ്ക്കു വേലചെയ്യാൻ സാധിക്കയുമില്ല.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടസഭാംഗം): മൂന്നുമണിമുതൽ നാലുമണിവരെയുള്ള സമയത്തു ജോലിചെയ്തുകൂടേ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അതെനിക്കറിഞ്ഞുകൂടാ. ഒരു ഡാക്ടർ അങ്ങിനെ പറയുകയാണെങ്കിൽ എനിക്കു വിരോധമില്ല.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): ഇപ്പോൾ പഠിപ്പിച്ചുവരുന്ന ഏതാനുംവിഷയങ്ങൾ കുറച്ചു ഈ കൃഷി നിർബന്ധിതമായിട്ടു പഠിപ്പിക്കരുതോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതിലേക്കു ഇപ്പോഴത്തെ പാഠപദ്ധതി മാററണ്ടിവരും.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മലയാളംസ്കൂളുകളിൽ മനസ്സുള്ളവരെ പഠിപ്പിക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

റാവുസാഹിബ ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): എനിക്കൊരുവിരോധവുമില്ല. നിവൃത്തിയുണ്ടെങ്കിൽ അങ്ങിനെ പഠിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): ഇപ്പോൾ കൃഷിപാഠശാലകളിൽചേർന്നു പഠിക്കുന്നതിനു അപേക്ഷകന്മാർ ധാരാളമുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഉണ്ട്. ആലുവായിൽ ൧൯ പേരോളമുണ്ട്. ൩൦ പേരോളം കൊട്ടാരക്കര സ്കൂളിലുമുണ്ട്. കൊട്ടാരക്കരസ്കൂളിൽചേർന്നു പഠിക്കുന്നതിനു ൧൦൦ അപേക്ഷകന്മാർ വന്നിരുന്നതിൽ, നിങ്ങൾ മൺവെട്ടി എടുത്തു വെട്ടണം കലപ്പ എടുത്തു ഉഴണം എന്നു പറഞ്ഞപ്പോൾ ഏഴാംക്ലാസുപാസ്സായ പലരും അതുകഴികയില്ല എന്നു പറഞ്ഞു പോയി. ഒടുവിൽ ൩൦ പേരോളമേ ശേഷിച്ചുള്ളു. ഈ മുപ്പതുപേരും മൺവെട്ടി എടുത്തു വെട്ടുന്നതും മററു കൃഷിജോലികൾ ചെയ്യുന്നതും അവിടെച്ചെന്നാൽ കാണാം. ഏഴുമണിമുതൽ—

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഈ തൊഴിൽ ശീലിക്കുന്നതിനു ആളുകൾക്കു രസമില്ലെന്നു വിചാരിക്കുന്നുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ); വളരെ ആളുകൾക്കു അതിൽ രസമില്ലാതെയിരിക്കുന്നുണ്ട്.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും): കൃഷിവിഷയത്തിൽ കൂടുതൽപഠിച്ചാൽ പ്രയോജനം ഉണ്ടാകുമെന്ന് അവർക്കു ബോധംവന്നാൽ ആളുകൾ ഇതിൽകൂടുതൽ ശ്രദ്ധിക്കുമെന്നു വിശ്വസിക്കാമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): വളരെ പ്രയാസമാണ്. അതിനു ജനങ്ങളുടെ മനസ്ഥിതി മാറേണ്ടതായിട്ടാണിരിക്കുന്നത്. ഇന്നു നമ്മുടെരാജ്യത്തു തന്റെ മകൻ ബി. എ. ജയിക്കണം, അയാൾക്കു ദിവാൻജിഉദ്യോഗം കിട്ടണംഎന്നു ആഗ്രഹിക്കുന്നവരേയുള്ളു (ചിരി) ഇങ്ങനെയുള്ള ഒരു മനസ്ഥിതി ഇരിക്കുന്നിടത്തോളംകാലം ആളുകൾ കൃഷിവിഷയത്തിൽ അഭിരുചിയുള്ളവരായിരിക്കുമോഎന്നു സംശയമാണ്. ഇതു തിരുവിതാംകൂറിൽമാത്രമല്ല, ഇൻഡ്യ ഒട്ടുക്കുള്ള അനുഭവമാണ്.

ഇൻഡ്യയിലെ കൃഷിയെസംബന്ധിച്ചുള്ള രാജകീയകമ്മീഷൻ ഈ പ്രശ്നത്തെപ്പററി ഇങ്ങനെയാണു പറയുന്നത്:—

“ ഇപ്പോഴുള്ളതിൽ ഉയർന്നതായ ഒരു ജീവിതരീതിയെ പ്രാപിക്കുന്നതിനു കൃഷിക്കാരനു മനസ്സും, ശാസ്ത്രവും ബുദ്ധിപൂർവകമായ ചട്ടങ്ങളും, സൽഭരണവും നൽകുന്ന അവസരങ്ങൾക്കു അനുയോജ്യമായ മാനസികവും കായികവുമായ ശക്തിയും പ്രവൃദ്ധമായ കൃഷിക്കു വേണ്ടതായ മറെറല്ലാകാര്യങ്ങളും ഇല്ലെങ്കിൽ സാക്ഷാൽ അഭിവൃ-

ഉദ്യോഗസ്ഥന്മാരില്ലെന്നുള്ള ഞങ്ങളുടെ വിശ്വാസത്തെ സ്പഷ്ടമാക്കുന്നതിനു ഞങ്ങൾ ആ റിപ്പോർട്ടിൽ അത്യന്തം പരിശ്രമിച്ചിട്ടുണ്ട്. എല്ലാററിലും പ്രധാനമായിട്ടുള്ളതു കൃഷിക്കാരന്റെ സ്ഥിതിയാണ്."

കാർഷികവിദ്യാഭ്യാസത്തിന്റെ നേക്കുള്ള കൃഷിക്കാരന്റെ മനസ്ഥിതി മാററുന്നതുവരെ ഏതുതരത്തിലുള്ള കൃഷിവിദ്യാഭ്യാസവും വിജയപ്രദമാക്കുന്നതിനു സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും): അങ്ങനെ ഒരു മനസ്സ് ഉണ്ടാക്കേണ്ടതു് ഇപ്പോൾ തിരുവിതാംകൂറിലുള്ള കൃഷിക്കാർ കൃഷിയിൽ ശ്രദ്ധയില്ലാത്തിരിക്കുന്നു എന്നാണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഇപ്പോൾ കൃഷിചെയ്യുന്നവർ കുറഞ്ഞിട്ടില്ല. ചെറുപ്പക്കാരുടെ ഇടയിൽ ശ്രദ്ധ കുറഞ്ഞുകാണുന്നുണ്ട്.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും): അതിലേക്ക പള്ളിക്കൂടങ്ങളിൽതന്നെ കൃഷിവിഷയം പഠിപ്പിക്കുന്നതല്ലേ യുക്തം?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതു പാടില്ലെന്നു ഞാൻ പറയുന്നില്ല. അതിനു പ്രായോഗികമായ പല വൈഷമ്യങ്ങളുമുണ്ട്, അതിനെ പരിഹരിക്കുന്നതിനുവേണ്ട പദ്ധതി കണ്ടുപിടിക്കണമെന്നാണു ഞാൻ പറയുന്നതു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): മനസ്ഥിതി മാററുന്നതിനുള്ള മാർഗ്ഗത്തെപ്പററി ഡയറക്ടർ ആലോചിച്ചിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഞാൻ ആലോചിച്ചിട്ടുണ്ടു, ഇപ്പോഴും ആലോചിക്കുകയുമാണ്, എന്നാൽ അതു എങ്ങിനെ സാധിക്കാമെന്നുള്ളതിനെക്കുറിച്ചു ഒരു തീരുമാനവും ഉണ്ടായിട്ടില്ല.

മി. തര്യതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സർ, കൃഷിവിഷയത്തെ പരാമർശിച്ചു എനിക്കും ചില അഭിപ്രായങ്ങൾ ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ രാജ്യത്തെസ്ഥിതിക്കു കൃഷിപ്രധാനമായിട്ടു ഗണിക്കേണ്ടതാണ്. ഈ അഭിപ്രായത്തോടുകൂടി ഗവണ്മെന്റു ഒരു നല്ല വിദഗ്ദ്ധനെ കൃഷിഡിപ്പാർട്ടുമെന്റിലെ മേലദ്ധ്യക്ഷനായിട്ടു നിയമിക്കയും പ്രതിവർഷം ആ ഡിപ്പാർട്ടുമെന്റിലേക്കു ഒരു സംഖ്യ അനുവദിച്ചു കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ട പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കയും ചെയ്യുന്നുണ്ടു. എന്നാൽ കൃഷിഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്റെ പരിശ്രമങ്ങളേയും അദ്ദേഹത്തിന്റെ പാണ്ഡിത്യത്തേയും, കൃഷിക്കാരോടുള്ള പെരുമാററത്തിനുള്ള സന്നദ്ധതയേയും ആക്ഷേപിക്കാൻ പാടുള്ളതല്ല. അദ്ദേഹം വളരെ പരിശ്രമിക്കുന്നുണ്ടു. കീഴിലുള്ള ഉദ്യോഗസ്ഥന്മാരും ശ്രമിക്കുന്നുണ്ട്. ഇങ്ങനെയെല്ലാം ആയാലും ഈ വകുപ്പുകൊണ്ടു സാരമായ ഗുണങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. ഞാനും ഒരു കൃഷിക്കാരനും കൃഷിക്കാരുടെ പ്രതിനിധിയുമാണല്ലോ. ഈ ഡിപ്പാർട്ടുമെന്റിനെസംബന്ധിച്ചു ഞങ്ങൾക്കു ഒരു സമാധാനമുണ്ടു. അതായതു മററു പല ഡിപ്പാർട്ടുമെന്റുകളെ അപേക്ഷിച്ചു ഈ ഡിപ്പാർട്ടുമെന്റിൽനിന്നും ജനങ്ങൾക്കു കിട്ടുന്ന ഗുണം ഉദ്യോഗസ്ഥന്മാർ ജനങ്ങളെ ഉപദ്രവിക്കുന്നില്ല എന്നുള്ളതാണ് (ചിരി).

കൃഷിഡിപ്പാർട്ടുമെന്റിലെ പ്രവൃത്തിപദ്ധതികളേയും അതിലുള്ള ദൂഷ്യങ്ങളേയുംപററി ഞാൻ പല ആവൎത്തി ഇവിടെ മുടക്കം പറഞ്ഞിട്ടുണ്ട്. ഇതു ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്.

മി. വി. ജെ. ഉമ്മൻ (കൊച്ചുവടവും വ്യവസായവും വടക്ക): ഈ ഡിപ്പാർട്ടുമെന്റിലേക്കു കൂടുതൽ പണം അനുവദിക്കുന്നതിൽ മെമ്പർക്കു സങ്കടമുണ്ടോ?

മി. തര്യതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മററു ഡിപ്പാർട്ടുമെന്റുകളെ അപേക്ഷിച്ചു വലിയസങ്കടമില്ല. എന്നാൽ ഇവിടത്തെ ശീതോഷ്ണസ്ഥിതിക്കനുരൂപമായ ശീതോഷ്ണസ്ഥിതിയോടുകൂടിയ സ്ഥലങ്ങളിൽപോയി അവിടെനടത്തപ്പെടുന്ന ആദായകരമായ കൃഷികളേയും കൃഷിസമ്പ്രദായങ്ങളേയും മനസ്സിലാക്കി ഇവിടെ ആ മാതിരി കൃഷികളെ പ്രചരിപ്പിക്കാൻ വേണ്ട ഏർപ്പാടുകൾ ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തണം. മലയാ, സിലോൺ, ബോർണിയോ മുതലായ സ്ഥലങ്ങൾ ഇവിടത്തെ ശീതോഷ്ണസ്ഥിതിക്കു അനുരൂപമായിട്ടുള്ളവയാണ്. ബ്രിട്ടീഷ് ഇൻഡ്യയിലുള്ള മററു പലപ്രദേശങ്ങളിലേയും കൃഷിസമ്പ്രദായം ഇവിടത്തേക്കു പററിയതല്ല. ഇവിടെ മരച്ചീനികൃഷി വിദേശത്തുനിന്നും കൊണ്ടുവന്നിട്ടുള്ളതാണ്. അതിൽനിന്നും നല്ല ആദായം ജനങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുപോലെ ഇതുപോലെയും ജനങ്ങൾക്കു ആദായകരവും ആയ കൃഷികളേയും കൃഷിസമ്പ്രദായങ്ങളേയും കണ്ടുപിടിച്ചു ജനങ്ങളെ കാണിച്ചുകൊടുത്താൽമാത്രമേ ഡിപ്പാർട്ടുമെന്റിലേക്കുവേണ്ടി ചിലവുചെയ്യുകൊണ്ടിരിക്കുന്ന പണത്തിനു പ്രതിഫലമാകയുള്ളു.

ഇപ്പോഴത്തെ കൃഷിഇൻസ്പെക്ടർമാർ കൃഷിക്കാർക്കു പല ഉപദേശങ്ങളും ചെയ്യുന്നതിനു ശ്രമിക്കുന്നുണ്ട്. എന്നാൽ അതുകൊണ്ടു പറയത്തക്ക പ്രയോജനമൊന്നുമില്ല. അതു് ജനങ്ങളുടെ കുററമോ ഡിപ്പാർട്ടുമെന്റിന്റെ കുററമോ ഏതായാലും അനുഭവം ഇങ്ങനെയാണ്.

കൃഷിക്കാർ എത്ര വിദ്യാഭ്യാസമില്ലാത്തവരാണെങ്കിലും ആദായകരമായ പുതിയ കൃഷികളോ കൃഷിസമ്പ്രദായങ്ങളോ അവർക്കു കാണിച്ചുകൊടുത്താൽ അവർ രാജ്യം ഒട്ടുക്കു പ്രചരിപ്പിക്കും. അങ്ങിനെ കാണിച്ചുകൊടുക്കാത്തതുകൊണ്ടാണ് ജനങ്ങളുടെയിടയിൽ പുതുതായ കൃഷിയും പരിഷ്കൃതമായ കൃഷിസമ്പ്രദായവും അധികം പ്രചരിക്കാത്തതെന്നാണ് എന്റെ അഭിപ്രായം.

കൃഷിക്കാരുടെ കാര്യം ഗവണ്മെന്റു വളരെ ജാഗ്രതയോടുകൂടി നോക്കേണ്ടതാണ്. അവരാണ് ഈ രാജ്യത്തിലെ ഐശ്വര്യത്തിനു കാരണക്കാർ. കൃഷിസ്ഥലം വർദ്ധിപ്പിക്കാത്തതുകൊണ്ടു ജനങ്ങൾ നാൾക്കുനാൾ ദാരിദ്ര്യത്തിൽ ആണ്ടുപോയിക്കൊണ്ടിരിക്കുന്നു. ഇപ്പോഴുള്ള കൃഷിസ്ഥലങ്ങൾതന്നെ വിഭജിച്ചു വിഭജിച്ചു ഒരാൾക്കു ആളൊന്നിനു അഞ്ചു സെന്റുസ്ഥലംപോലും ഇല്ലാത്തനിലയിലാണ് ഇരിക്കുന്നതു. ഇങ്ങനെ കൃഷിസ്ഥലങ്ങൾ വളരെ പരിമിതമായി തീർന്നതുനിമിത്തം കൃഷികൊണ്ടു കാലക്ഷേപം കഴിക്കുന്നതിനു വളരെ പ്രയാസമായിട്ടുണ്ട്. അതിനാൽ കൃഷിസ്ഥലങ്ങളെ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. റിസർവിനകത്തു കൃഷിക്കു ഉപയുക്തമായ സ്ഥലങ്ങൾ ധാരാളം ഉണ്ടു. അങ്ങനെയുള്ള സ്ഥലങ്ങളെ കൃഷിക്കായി വിട്ടുകൊടുക്കണമെന്നു പറയുമ്പോൾ റിസർവിനുവെളിയിൽ ധാരാളം സ്ഥലം ഉണ്ടു, അതിൽ കൃഷിചെയ്തതിനുശേഷംമാത്രമേ റിസർവിനകത്തുള്ള സ്ഥലങ്ങൾ വിട്ടുകൊടുക്കാൻ പാടുള്ളു എന്നു കൺസർവേറർ മറുപടിപറഞ്ഞുവരുന്നു. എന്നാൽ റിസർവിനു പുറത്തു

ഇനിയും കൃഷിചെയ്യാതെ കിടക്കുന്നവ മിക്കവാറും ഒരു കൃഷിക്കും ഉപയോഗപ്പെടാത്ത മേച്ചിൽപ്പുറങ്ങളാണ്. മരച്ചീനി കൃഷിചെയ്താൽപോലും ഒരു കൊല്ലം ആദായം കിട്ടുമെന്നല്ലാതെ പിന്നീട് ഗുണം കിട്ടത്തക്കവിധമുള്ള ഫലപ്രദശക്തി ആ ഭൂമിക്കില്ല. ഇങ്ങനെയുള്ള മേച്ചിൽപ്പുറങ്ങൾ മെയിൻസെൻട്രൽറോഡിന്റെ ഇരുഭാഗങ്ങളിലും അവിടവിടെ ധാരാളമുണ്ട്. എന്നാൽ നല്ല സ്ഥലങ്ങൾ കൃഷിചെയ്യാതെ കിടപ്പില്ല. അതിനാൽ റിസർവിലെ ചുറ്റുപാടിലെങ്കിലും ഉടനെ കൃഷിക്കു വിടണം.

ഇതിനും പുറമേ കൂടുതൽ ആദായകരമായ വിധത്തിൽ കൃഷിചെയ്യുന്നതിനു ഈ സമ്പ്രദായങ്ങൾ ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുക ഉള്ള സ്ഥലത്തുനിന്നും ഇപ്പോഴത്തേതിനേക്കാൾ കൂടുതൽ വിളവുണ്ടാകുന്നതിനും ഡിപ്പാർട്ടുമെന്റു വേണ്ടവിധം പരിശ്രമിക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കൃഷിഡിപ്പാർട്ടുമെന്റിനു കൂടുതൽപണവും കൂടുതൽ ഉദ്യോഗസ്ഥന്മാരേയും കൊടുക്കുന്നപക്ഷം കൂടുതൽ പ്രയോജനമുണ്ടാകുമെന്നു മെമ്പർ വിശ്വസിക്കുന്നുണ്ടോ?

മി. തയ്യിൽ കുഞ്ഞിരാമമേനോൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോഴത്തെ നിലയ്ക്കുതന്നെ ഡിപ്പാർട്ടുമെന്റു ഭേദമാകുന്നപക്ഷം കൂടുതൽ പ്രയോജനമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇവിടത്തെ ശീതോഷ്ണസ്ഥിതിയോടിണങ്ങിയ മററു രാജ്യങ്ങളിൽ പോയി പരിഷ്കൃതവും ആദായകരവുമായ കൃഷിസമ്പ്രദായങ്ങളേയും പുതിയകൃഷികളേയും കണ്ടുമനസ്സിലാക്കി അതു ഇവിടത്തെ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനു വേണ്ട ശ്രമം ചെയ്താൽമാത്രമേ ഫലമുണ്ടാകയുള്ളു.

റിസർവിനകത്തു നെൽകൃഷി ചെയ്യത്തക്കവണ്ണം അനേകം സ്ഥലങ്ങളുണ്ട്. അവകൾ മുമ്പു ജനങ്ങൾ കൃഷിനടത്തിവന്നിരുന്നതാണെന്നുള്ളതിനു പല ലക്ഷ്യങ്ങളുമുണ്ട്. ആ സ്ഥലങ്ങളെ ജനങ്ങൾക്കു വിട്ടുകൊടുക്കണം. അതിനായി ഒരു പ്രമേയം പാസ്സാക്കീട്ടുണ്ട്. ജനങ്ങൾക്കായിട്ടു റിസർവ് എന്നല്ലാതെ റിസർവിനായിട്ടു ജനങ്ങൾ എന്നല്ലല്ലോ. ജനങ്ങൾക്കു കൃഷിക്കു വേണ്ട സ്ഥലമില്ല. പടിഞ്ഞാറോട്ടുപോയാൽ അറബിക്കടൽ, കിഴക്കോട്ടുപോയാൽ റിസർവുബൌണ്ടറി, കൃഷിക്കാർ എവിടെപ്പോകും. വർദ്ധിച്ചുവരുന്ന ജനങ്ങൾക്കു കൃഷിസ്ഥലം വർദ്ധിപ്പിക്കാൻ ഒരു നിവൃത്തിയുമില്ല. ഉൾനാട്ടിലെ ജനങ്ങളുടെ കാര്യം അധികം കഷ്ടമാണ്. അവിടെ കൃഷികൊണ്ടുമാത്രംവേണം ജനങ്ങൾ കാലക്ഷേപംചെയ്യാൻ, അതിനു സ്ഥലവും തീർന്നു, റിസർവു തുറക്കുകയുമില്ല. ഇതു ഗവൺമെന്റു പ്രത്യേകം മനസ്സിലാക്കേണ്ട ഒരു സംഗതിയാണ്.

റിസർവിലുള്ള ചതുപ്പുനിലങ്ങളെല്ലാം ഉടനെ കൃഷിക്കു പതിച്ചുകൊടുക്കണം, കരപ്രദേശങ്ങളും കുറെയെല്ലാം കൊടുക്കണം. ഇതൊരു ധനവിഷയമായ കാര്യമാണല്ലോ, അതിനാൽ ആഹാരസാധനം വിളയിക്കുന്നതിനുള്ള സ്ഥലങ്ങൾമാത്രമേ കൊടുക്കൂ എന്നു നിർബന്ധംപിടിക്കരുത്. ഒരു ഏക്കറിൽനിന്നു എത്ര രൂപായുടെ ആദായം ഉണ്ടാക്കാമോ അത്രയും ഉണ്ടാക്കണം. നെല്ലായാലും, മരിച്ചീനിയായാലും ഇവിടെ ആഹാരസാധനം അല്ലാത്തതും അന്യദേശങ്ങളിലയച്ചു പണം വരുത്തേണ്ടതുമായ സാധനങ്ങളായാലും തരക്കേടില്ല. ഒരു ഏക്കറിൽ [illegible] രൂപായ്ക്കുള്ള ആഹാരസാധനങ്ങൾ കൃഷിചെയ്യുന്നതിനേക്കാൾ [illegible] രൂപ വിലയ്ക്കുള്ള ആഹാരസാധനങ്ങൾ അല്ലാത്ത മററു സാധനങ്ങൾ അന്യരാജ്യങ്ങളിലേക്കു അയക്കേണ്ടവയായാലുംശരി കൃഷിചെയ്യാൻ സാധിക്കുമെങ്കിൽ അതിനെയാണു ഇവിടെ കൃഷിചെയ്യേണ്ടത്. അതാണ് സാമ്പത്തികാഭിവൃദ്ധിക്കുതകുന്നതു. സാമ്പത്തികമായി കൃഷിസംബന്ധിച്ചു പ്രധാനമായി നോക്കേണ്ടതു വിളവിന്റെ വിലയേയാണ്, ഇനത്തെയല്ല. അതിനാൽ റിസർവിലെ ചതുപ്പുനിലമല്ലാത്ത ഭാഗങ്ങളേയും ഏലം, കുരുമുളക്, തേയില മുതലായി അധികം ആദായമുള്ള കൃഷികൾ ചെയ്യുന്നതിനു ഒട്ടേറെ ജനങ്ങൾക്കു പതിച്ചുകൊടുക്കണം. ഇപ്പോൾ തെങ്ങിൽനിന്നും കിട്ടുന്ന വിഭവങ്ങളെല്ലാം നാം അന്യരാജ്യങ്ങളിലേക്കു കയററുമതിചെയ്തുകൊണ്ടിരിക്കുന്നു, അതുപോലെതന്നെയാണ് കുരുമുളകും. ഈമാതിരിയുള്ള കൃഷികൾ ചെയ്യാൻ ഇനി സ്ഥലമില്ല. ഇവയുടെ കയററുമതികൊണ്ടാണ് ഇറക്കുമതിചെയ്യുന്ന ആഹാരസാധനങ്ങൾ വാങ്ങിക്കാൻ ജനങ്ങൾക്കു സാധിക്കുന്നതു, ഉദ്യോഗസ്ഥന്മാർക്കു ശമ്പളമുണ്ട്, വക്കീലന്മാർക്കു ഫീസുകിട്ടുന്നുണ്ട് എന്നൊക്കെപ്പറയാം. ഈ പണം ഒക്കെ എവിടെനിന്നാണ് വരുന്നതു? കൃഷിയിൽനിന്നുവേണംവരാൻ. ഇവിടത്തെ കാർഷികവൃക്ഷത്തിന്റെ വേരു പാറയിൽചെന്നു മുട്ടിക്കഴിഞ്ഞു.

കൂടുതൽ കൃഷിസ്ഥലം ഇല്ലാത്തതുകൊണ്ടു കൃഷിയുടെ അഭിവൃദ്ധി മുഴുവനും തടഞ്ഞിരിക്കുന്നു. അതിനാൽ റിസർവിനകത്തുള്ള സ്ഥലം കൃഷിക്കു വിട്ടുകൊടുക്കണം. റിസർവിനകത്തുതന്നെ കുരുമുളക്, ഏലം, തേയില മുതലായവ കൃഷിചെയ്യാവുന്ന സ്ഥലങ്ങൾ ധാരാളം ഉണ്ട്. അവക സ്ഥലങ്ങളെ കുറച്ചുകുറച്ചായിട്ടു ജനങ്ങൾക്കു പ്രതിവത്സരം വിട്ടുകൊടുത്താൽ കൃഷിയുടെ അഭിവൃദ്ധിക്കു ഈവിധം പ്രതിബന്ധം നേരിടുകയില്ലായിരുന്നു. ഭാവിയിൽ ഉണ്ടാകുന്ന ജനങ്ങൾക്കുവേണ്ടി ഇത്രയേറെ സ്ഥലം റിസർവായി സൂക്ഷിക്കണമെന്നു പറയുന്നതു ഇപ്പോഴുള്ള ജനങ്ങൾ പട്ടിണികിടന്നുകൊള്ളട്ടെ എന്നു പറയുന്നതിനു തുല്യമാണ്. ഒരു കുട്ടിക്കു [illegible] വയസ്സു കഴിഞ്ഞതിന്മേൽ ഒരു തൊഴിൽചെയ്യുന്നതിനു വേണ്ട പണം ഒരു ഗൃഹനായകൻ ആ കുട്ടിക്കു ആഹാരത്തിനുപോലും വേണ്ട ചിലവു തികയാതെ സമ്പാദിക്കുവാൻ തുടങ്ങിയാൽ കുട്ടി മേജരാകുന്നതിനുമുമ്പേ മരിച്ചുപോയി എന്നുവരാം.

ഭാവിയിലെ ജനതതിക്കു റിസർവുവനം സൂക്ഷിച്ചുവയ്ക്കേണ്ട ആവശ്യമില്ല എന്നു ഞാൻ പറയുന്നില്ല. എന്നാൽ കുറെഭാഗം ഇപ്പോൾ ജനങ്ങൾക്കു വിട്ടുകൊടുക്കണം. ഏലം, കുരുമുളക് മുതലായവ കച്ചവടംചെയ്യുന്നതിനാണ് യൂറോപ്യന്മാർ ഈ നാട്ടിലേക്കു വന്നതു. അവക വിലപിടിച്ച കൃഷികൾക്കു ഉതകുന്ന സ്ഥലങ്ങൾ ആവോളം കൃഷിചെയ്യിക്കുവാൻ ഗവൺമെന്റു ശ്രമിക്കണം. എന്നാലേ നാട്ടിലെ സാമ്പത്തികസ്ഥിതി നന്നാവൂ. ഒന്നിനും ഉപയോഗമില്ലാതെ റിസർവിൽ ... ഇട്ടിരിക്കയാണ്. ജനങ്ങൾക്കും ഗവൺമെന്റിനും ആദായമുണ്ടാകണമെങ്കിൽ കൃഷിക്കുകൊടുക്കണം. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: നാം ഇപ്പോൾ പിരിയുന്നു. വീണ്ടും നാളെ രാവിലെ [illegible] മണിക്കു കൂടാം.

പിറെറ ദിവസം കാലത്തു [illegible] മണിക്കു വീണ്ടും കൂടുന്നതിനായി സഭ [illegible] മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ കൌൺസിൽ.

൧൧൨൪-ലെ രണ്ടാമത്തെ സമ്മേളനം

(ഔദ്യോഗിക റിപ്പോർട്ട്.)

൧൯൪൯ ആഗസ്റ്റ് ൧൭-ാംനു-ക്കു ശരിയായ ൧൧൨൪ കർക്കടകം ൩൨-ാംനു- ബുധനാഴ്ച.

സഭ മണിപതിനൊന്നടിച്ചു മുപ്പതുമിനിട്ടു ആയപ്പോൾ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ വീണ്ടുംകൂടി.

ചോദ്യങ്ങളും ഉത്തരങ്ങളും.

൨൩൦. മി. ആർ. രാമൻപിള്ള (കോട്ടയം): കഴിഞ്ഞ അഞ്ചുകൊല്ലങ്ങളിൽ (൧൧൧൯ മീനം ൧-ാംനു- മുതൽ ൧൧൨൪ മീനം ഒന്നാംതീയതി വരെ വക്കീലന്മാരുടെ ഇടയിൽനിന്നു മുൻസിപ്പന്മാരായി തിരഞ്ഞെടുത്തിരിക്കുന്നവരുടെ വർഗ്ഗം തിരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റുസെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.—

തിരുവനന്തപുരം ഡിവിഷനിലും കൊല്ലംഡിവിഷനിലും ഭൂനികുതി പിരിവു കുടിശിഖ

വരുന്നതു് ഈടാക്കുന്നതിനായി ജനങ്ങളുടെ സ്ഥാവരവസ്തുക്കൾ വിററിട്ടുള്ളതു്.

൨൩൩. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുന്നതിനു് ഗവർമ്മെന്റിനു് ദയവുണ്ടാകുമോ?

(എ) കഴിഞ്ഞരണ്ടുകൊല്ലങ്ങളിലും (൧൧൨൨-ലും ൧൧൨൩-ലും) തിരുവനന്തപുരം ഡിവിഷനിൽ ഭൂനികുതി കുടിശിഖവന്നതിനു ഏററവും കൂടുതലായ കണക്കിനു് സ്ഥാവരവസ്തുക്കൾ വിൽക്കുന്നതിനുണ്ടായ കാരണങ്ങൾ എന്തെല്ലാം?

(ബി) ആയിരത്തി ഒരുനൂററിൽ ഇപ്രകാരം സ്ഥാവരവസ്തുക്കൾ കരംകുടിശിഖയ്ക്കു ഏററവും കൂടുതലായി വിററിട്ടുള്ളതു് കൊല്ലം ഡിവിഷനിൽ ആയിരുന്നു എന്നുള്ള വസ്തുതയെപ്പററി ഗവർമ്മെന്റു ശ്രദ്ധിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി): (എ) മെമ്പർ ഇവിടെ പ്രസ്താവിച്ചസംഗതികൾ വാസ്തവമായിട്ടുള്ളതല്ല. ൧൧൨൨-ൽ കരംകുടിശിഖയ്ക്കു സ്ഥാവരവസ്തുക്കൾ ഏററവും കൂടുതലായി വിൽക്കുന്നതിനു ഇടയായിട്ടുള്ളതു കൊല്ലംഡിവിഷനിലാണു്. തിരുവനന്തപുരം ഡിവിഷനിലല്ലാ അപ്രകാരം സ്ഥാവരവസ്തുക്കൾ ഏററവും കൂടുതലായി വിററിട്ടുള്ളതു്. ൧൧൨൩-ൽ തിരുവനന്തപുരംഡിവിഷനിലാണു് സ്ഥാവരവസ്തുക്കൾ ഏററവും കൂടുതലായി വിൽക്കുന്നതിനു ഇടയായിട്ടുള്ളതു്. വസ്തുക്കൾ വിൽക്കുന്നതിന്റെ എണ്ണത്തെ സംബന്ധിച്ചു ഈ വിധത്തിൽ വ്യത്യാസങ്ങൾ സംഭവിച്ചിട്ടുള്ളതിനു പ്രത്യേകമായി യാതൊരു കാരണവും ചൂണ്ടിക്കാണിക്കുന്നതിനു സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ നിർബന്ധിത നടപടികൾ നടത്തേണ്ടതിന്റെ തോതു പിരിഞ്ഞുകിട്ടുവാനുള്ള കുടിശിഖ തുകയെ ആശ്രയിച്ചിരിക്കും. കൂടാതെ നിർബന്ധിത നടപടികൾ സ്വീകരിക്കേണ്ടിവരുന്നതു കരംകുടിശിഖ റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു പ്രവർത്തിക്കേണ്ട യഥാർത്ഥ ആവശ്യകതയെ ആസ്പദമാക്കിയും സ്ഥിതിചെയ്യുന്നതാണു്.

(ബി) മറുപടി അനുകൂലരൂപത്തിലാകുന്നു.

വനംവക സെററിൽമെന്റു ഉദ്യോഗസ്ഥന്റെ മുമ്പിൽ ബോധിപ്പിച്ചിട്ടുള്ള കേസുകൾ.

൨൩൭. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും, കുന്നത്തൂരും): താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടിതരുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

(എ) കരണ്ടുതീ നിർണ്ണയിക്കുന്നതിനു വനംവകസെററിൽമെന്റു ഉദ്യോഗസ്ഥന്റെപേർക്കു അയച്ചുകൊടുത്തിട്ടുള്ള കേസുകളുടെ ആകെയുള്ള കണക്കെത്രയാണു്?

(ബി) ആയിരത്തിഒരുനൂററിരുപത്തിമൂന്നു അവസാനംവരെ തീരുമാനിക്കപ്പെട്ടിട്ടുള്ള കേസുകളുടെ സംഖ്യ എത്രയാണു്?

(സി) ഉണ്ടെങ്കിൽ, അതായതു, ആയിരത്തിഒരുനൂററിനാലിൽ തീരുമാനിക്കപ്പെട്ടിട്ടുള്ള കേസുകളുടെകണക്കെത്രയാണു്?

(ഡി) തീരുമാനിക്കപ്പെടാതെ ഇപ്പോൾകിടക്കുന്നകേസുകളുടെ എണ്ണംഎത്ര?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസിക്രട്ടറി):

(എ) ൩൦൦.

(ബി) ൨൦൯.

(സി) ൮൮.

(ഡി) ൩.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വനംവക കരണ്ടുതീറു ആഫീസരുടെ രാജിവച്ചെങ്കിലും സിൽബന്ധികളെ മേൽപറഞ്ഞ മൂന്നുകേസുകളേയും സംബന്ധിച്ച തീരുമാനങ്ങൾ കല്പിക്കുന്നതിനു ഇനി ഒരുമാസത്തേക്കുകൂടി തുടർന്നുവെച്ചുകൊള്ളേണ്ട ആവശ്യമേതെങ്കിലും ഉണ്ടോഎന്നു പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെൻറുസെക്രട്ടറി) : കേസുകളെസംബന്ധിച്ചുള്ള [illegible] കല്പിക്കുന്നതിനും പുറമെ, കേസുകളിലുള്ള എല്ലാറിക്കാർഡുകളുടേയും [illegible] ആയി അധികാരികളുടെ പക്കൽ ഏല്പിച്ച [illegible] ചെയ്യേണ്ടതായിട്ടുണ്ട്. [illegible] ഒരു മാസത്തെക്കു പ്രസ്തുത [illegible] സംബന്ധിച്ചു [illegible] പട്ടികയിൽ വ്യവസ്ഥചെയ്തിട്ടുള്ള. മെമ്പറിനു മേൽപ്രസ്താവിച്ച [illegible] നിന്നും മനസ്സിലാക്കാവുന്നതാണു. ആഫീസുസംബന്ധിച്ച കാര്യങ്ങളെല്ലാം [illegible] വ്യവസ്ഥചെയ്തിട്ടുള്ളു.

താൽക്കാലിക രജിസ്ട്രാർമാരുടെ നിയമനം

൮൬൨. മി. ഇട്ടൂപ്പ ഇട്ടിയച്ചൻ (കുന്നത്തുനാട്) : ഗവണ്മെൻറു സർവീസിലെ [illegible] ഇടയിലുംനിന്ന് ൧൧൦൦ ചിങ്ങം മുതൽ ഇതുവരെ (൮-൧൧-൧൧൦൬) വരെ [illegible] ആരെ ഏതു താൽക്കാലിക രജിസ്ട്രാർമാരെ നിയമിച്ചിട്ടുണ്ടെന്നും, അവരെ [illegible] നായന്മാരും, റോമൻകത്തോലിക്കരും, യാക്കോബായിറുകാരും, മാർത്തോമാ ക്രിസ്ത്യാനികളും, പ്രോട്ടസ്റ്റൻറുകാരും, ഈഴവരും [illegible] ഉണ്ടെന്നുംപറയുമൊ?

മി. പി. എസ്. കൃഷ്ണപിള്ള (ഗവണ്മെൻറുസിക്രട്ടറി) : മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള [illegible] അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

ഏറാമാന്മാർ പോലീസുഇൻസ്പെക്ടരുടെപേരിലുള്ള പരാതി.

൮൬൩. മി. ആർ. രാമൻപിള്ള (കോട്ടയം) : താഴെപറയുന്നചോദ്യങ്ങൾക്കു [illegible] മറുപടിപറയുമോ?

(എ) [illegible] തിരുവനന്തപുരം [illegible] കുറവായ [illegible] ചെയ്തിട്ടുണ്ടെന്നുകാണിച്ചുള്ള ഒരു പരാതി കൊല്ലത്തോട്ടു, [illegible] ഏറാമാന്മാർ പോലീസുഇൻസ്പെക്ടരെ സംബന്ധിച്ചു ബോധിപ്പിച്ചിട്ടുള്ളതു ഗവണ്മെൻറിനോ പോലീസുകമ്മീഷണർക്കോ കിട്ടിയിട്ടുണ്ടോ?

(ബി) (എ) ഭാഗം ചോദ്യത്തിനുള്ള മറുപടി അനുകൂലമാണെങ്കിൽ, അതിനെസംബന്ധിച്ചു അവർ ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും, അപ്രകാരം അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിൻെറ ഫലം എന്താണെന്നും പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസിക്രട്ടറി) : (എ)യും(ബി)യും ഉണ്ട്. മെമ്പർപ്രസ്താവിച്ചസംഗതിയെ സംബന്ധിച്ചു തനിക്കു ഒരു ഹർജി കിട്ടിയിട്ടുണ്ടെന്നു പോലീസ്കമ്മീഷണർ പറഞ്ഞിരിക്കുന്നു. കൂടാതെ അസിസ്റ്റൻറുപോലീസുസൂപ്രണ്ട് പ്രസ്തുതഹർജിയെ സംബന്ധിച്ചു അന്വേഷണം നടത്തിയതിൽ പരാതിക്കു ഇടയായകാര്യങ്ങളെപ്പററി യാതൊരുതെളിവും ലഭിക്കുന്നതിനു ഇടയായിട്ടില്ലെന്നും പോലീസുകമ്മീഷണർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

ചേർത്തലയിൽ ഒഴുവ എന്നസ്ഥലത്തുള്ള നാട്ടുഭാഷാ മിഡിൽസ്കൂൾ.

൮൬൪. മി. മുരവേലിൽപാച്ചുപിള്ള (ചേർത്തല) : താഴെപറയുന്നചോദ്യങ്ങൾക്കു ഗവണ്മെൻറുദയവുചെയ്തു മറുപടിപറയുമോ?

(എ) ചേർത്തലയിൽ ഒഴുവ എന്നസ്ഥലത്തു സ്ഥാപിച്ചിരിക്കുന്ന നാട്ടുഭാഷാ മിഡിൽസ്കൂൾ നടത്തിവരുന്നകെട്ടിടം ചേർത്തലയിലെ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറു സെക്ഷനാഫീസറും ഓവർസീയരും പരിശോധിച്ചിട്ടുണ്ടോ?

(ബി) ഈ വിദ്യാലയകെട്ടിടത്തിനെ സംബന്ധിച്ചു മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം എന്താണ്?

(സി) ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ ഈ കെട്ടിടം പരിശോധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഈ കെട്ടിടത്തിനെസംബന്ധിച്ചു അദ്ദേഹത്തിനുള്ള അഭിപ്രായം എന്താണു?

(ഡി) ഈ വിദ്യാലയകെട്ടിടം പൊളിച്ചു പുതുതായി പണിയിക്കേണ്ടതു അത്യാവശ്യമാണെന്നുള്ള സംഗതി ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

(ഇ) ഡി ഭാഗം ചോദ്യത്തിനുള്ള മറുപടി അനുകൂലമായിരിക്കുന്നെങ്കിൽ, പ്രസ്തുതകാര്യത്തെസംബന്ധിച്ചു ഗവണ്മെൻറു ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നും, അല്ലെങ്കിൽ ഏതെങ്കിലുംനടപടി നടത്തുന്നതിനു ഉത്തരവുകൊടുത്തിട്ടുണ്ടോ എന്നും പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെൻറുസിക്രട്ടറി) :

(എ) ഉണ്ട്.

(ബി) വിദ്യാലയം ഇരിക്കുന്നകെട്ടിടം നന്നാക്കേണ്ടതു ആവശ്യമായിട്ടുള്ളതാണെന്നു ഗവണ്മെൻറു വിചാരിക്കുന്നു.

(സി) ഉണ്ട്. വിദ്യാഭ്യാസഡയറക്ടരും അതേഅഭിപ്രായം തന്നെയാണ് സ്വീകരിച്ചിരിക്കുന്നതു.

(ഡി)യും(ഇ)യും ഈ സ്കൂൾ വിഷയത്തെക്കുറിച്ചു വിവരമായ നിർദ്ദേശങ്ങൾ ഗവണ്മെൻറിലേക്കു സമർപ്പിക്കുന്നതിനു വിദ്യാഭ്യാസഡയറക്ടരോടു ആജ്ഞ [illegible] ആണ്.

ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ നടത്തിയിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ ജാതിക്രമമനുസരിച്ചുള്ള പട്ടിക.

൮൬൫. മി. തട്ടുമ്മൽകുഞ്ഞിരാമൻ (മൂവാററുപുഴയും-തൊടുപുഴയും) : ഇപ്പോഴത്തെ നികുതിയും ആദായനികുതിയും കമ്മീഷണർ ആ സ്ഥാനത്തുവന്നതിനുശേഷം ൧൧൦൪ മിഥുനം ൧-ാംനു-വരെ, അദ്ദേഹം നേരിട്ടു ഉദ്യോഗത്തിനു നിയമിച്ചിട്ടുള്ളതോ, അദ്ദേഹം ഗവണ്മെൻറിലേക്കു ശിപാർശചെയ്തിട്ടുള്ളതനുസരിച്ചു ഉദ്യോഗത്തിൽനിയമിക്കപ്പെട്ടിട്ടുള്ളതോ ആയ ബ്രാഹ്മണരുടേയും നായന്മാരുടേയും, റോമൻകത്തോലിക്കരുടേയും, യാക്കോബായിറുകാരുടേയും, മാർത്തോമാക്രിസ്ത്യാനികളുടേയും, പ്രോട്ടസ്റ്റൻറുകാരുടേയും, ഈഴവരുടേയും, മുഹമ്മദീയരുടേയും, വെള്ളാളരുടേയും, മറവർഗ്ഗക്കാരുടേയും, എണ്ണം പ്രത്യേകമായികാണിക്കുന്ന ഒരുപട്ടികയെയുകചെയ്തു മേശമേൽ വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി) : മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

കുമളം-തൊടുപുഴ റോഡ്.

൧൭൬. മി. എ. സി. ചാക്കോ ജോസ് (മീനച്ചിലും-ദേവികുളവും) : കുമളം-തൊടുപുഴ റോഡിനെ സംബന്ധിച്ചു താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറ് ദയവുചെയ്തു മറുപടി നൽകുമോ?

(എ) ഗതാഗതകാര്യങ്ങൾ മതിയാകുന്ന വിധത്തിൽ നടക്കുന്നതിനു പ്രസ്തുത റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി പര്യാപ്തമായിരിക്കുന്നുണ്ടോ?

(ബി) ഈ റോഡിൽ കൂടി മുറയ്ക്കു ഇപ്പോൾ (൧൯൭൮-ൽ) എത്ര ബസ്സുകളാണു ജനസഞ്ചാരത്തിനായി സർവീസ് നടത്തിവരുന്നതു?

(സി) അനുദിനയാത്രക്കാരും വാഹനങ്ങളും ഉപയോഗപ്പെടുത്തിവരുന്ന ഈ റോഡിനെ ശരിയായ വിധത്തിൽ സംരക്ഷിക്കുന്നതിനു ഇപ്പോൾ ഏതെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി) :

(എ) ഭാരംകൂടിയ ബസ്സുകളുടെ ഗതാഗതം നടത്തുന്നതിനു റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി അനുവദിക്കുന്നില്ല.

(ബി) രണ്ടു.

(സി) ഉണ്ടു. റോഡിലെ ഒരു ഭാഗത്തു മെൽമാർഗ്ഗത്തിൽ വീണ്ടും ചല്ലിയിട്ടുറപ്പിച്ചിട്ടുണ്ടു. ഈ റോഡിന്റെ ആദ്യത്തെ മൂന്നു മൈൽ വരെ ഉള്ള ഭാഗങ്ങളിൽ ചല്ലിയിട്ടു ഉറപ്പിക്കുന്നതിനുള്ള ഒരു അടങ്കൽ ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു. പ്രസ്തുത റോഡിന്റെ ഏഴാമത്തെയും മറ്റും പതിനാലാമത്തെ മൈൽ വരെ ഉള്ള ഭാഗങ്ങൾ ഏറ്റവും ശോചനീയമായ നിലയിൽ സ്ഥിതിചെയ്യുന്നു. അവയുടെ അറ്റകുറ്റങ്ങൾ തീർക്കുകയും റോഡിന്റെ ഈ ഭാഗങ്ങളിൽ ചല്ലിയിട്ടു ഉറപ്പിക്കുകയും ചെയ്തിട്ടുണ്ടു.

ചേർത്തല താലൂക്കിൽ അഫീനും കഞ്ചാവും ഇനത്തിൽ ഉണ്ടായിട്ടുള്ള മുതലെടുപ്പു.

൧൭൭. മി. മുവേലിൽ പാച്ചുപിള്ള (ചേർത്തല) : താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറ് ദയവുചെയ്തു മറുപടി നൽകുമോ?

(എ) ൧൯൭൮-ൽ എക്സൈസ് ലേലം നടത്തിയ അവസരത്തിൽ ചേർത്തല താലൂക്കിൽനിന്നു കഞ്ചാവിനത്തിലും അഫീൻ ഇനത്തിലും ഈടായിട്ടുള്ള മുതലെടുപ്പു എത്രയാണു?

(ബി) ൧൯൭൯-ാമാണ്ടു നടന്നിട്ടുള്ള എക്സൈസ് ലേലത്തിൽ അഫീൻ ഇനത്തിലും കഞ്ചാവിനത്തിലുമായി ഈടായിട്ടുള്ള മുതലെടുപ്പു എത്രയാണു?

(സി) ചേർത്തല പട്ടണത്തിലെ മുട്ടത്തങ്ങാടി എന്ന സ്ഥലത്തു തുറന്നിട്ടുള്ള കഞ്ചാവും അഫീനും കടകൾക്കായി ൧൯൭൮-ലും ൧൯൭൯-ലും ലേലത്തിൽ നിർണ്ണയിച്ചിട്ടുള്ള തുകകൾ എത്രയാണു?

മി. കെ. ജോർജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി),

(എ)യും (ബി)യും ൧൯൭൮-ാമാണ്ടും ൧൯൭൯-ാമാണ്ടും ചേർത്തല താലൂക്കിലെ അഫീൻകടകളും കഞ്ചാവുകടകളും ലേലംവിളിയിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ലേലത്തുകകൾ യഥാക്രമം ... രൂപയും ... രൂപയുമാകുന്നു.

(സി) ൧൯൭൮-ാമാണ്ടത്തേക്കും ൧൯൭൯-ാമാണ്ടത്തേക്കും അഫീനും കഞ്ചാവിനുമുള്ള ലേലത്തുകകൾ യഥാക്രമം മുവായിരത്തിഇരുനൂറ്റിപതിനഞ്ചു രൂപയും അയ്യായിരം രൂപയുമാകുന്നു.

എക്സൈസ് അസിസ്റ്റൻറ് കമ്മീഷണർമാരുടെ എക്സൈസ് ഡിവിഷനുകൾ.

൧൭൮. മി. മുവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ദയവുചെയ്തു ഗവൺമെൻറ് മറുപടി പറയുമോ?

(എ) ഈ സംസ്ഥാനത്തിൽ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാരുടെ കീഴിലുള്ള ഡിവിഷനുകളുടെ എണ്ണം എത്ര?

(ബി) ഈ ഡിവിഷനുകളിൽ ഏതെങ്കിലും ഡിവിഷൻ നിറുത്തലാക്കുന്നതിനു എക്സൈസ് കമ്മീഷണർ ഗവൺമെൻറിലേക്കു ശിപാർശ ചെയ്തിട്ടുണ്ടോ?

(സി) (ബി) ചോദ്യത്തിനുള്ള മറുപടി അനുകൂലമായിട്ടാണെങ്കിൽ നിറുത്തലാക്കുന്നതിനു ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള ഡിവിഷനുകളുടെ പേരുകൾ ഏതെല്ലാം?

(ഡി) പ്രസ്തുത ശുപാർശയെ സംബന്ധിച്ചു ഗവൺമെൻറ് ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

(ഇ) (ഡി) ചോദ്യത്തിനുള്ള മറുപടി അനുകൂലമായിട്ടാണെങ്കിൽ അവർ എന്തു നടപടിയാണു നടത്തിയിട്ടുള്ളതെന്നു പറയുമോ?

മി. കെ. ജോർജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി):

(എ) രണ്ടു.

(ബി) മറുപടി അനുകൂലമായിട്ടാണ്.

(സി) കായംകുളവും സൗത്ത് ഡിവിഷനും.

(ഡി) നിർദ്ദേശം ആലോചനയിൽ ഇരിക്കുന്നു.

(ഇ) അതിനെപ്പറ്റി ഗവൺമെൻറ് ചിന്തിച്ചുവരുന്നു.

ഈ സംസ്ഥാനത്തിലെ അഫീനും കഞ്ചാവും ഷാപ്പുകളെയും ചാരായഷാപ്പുകളെയും സംബന്ധിച്ചുള്ള സംഗതികൾ.

൧൭൯. മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

(എ) ൧൧൨൫-ാമാണ്ടും ൧൧൨൬-ാമാണ്ടും ൧൧൨൭-ാമാണ്ടും ഈ സംസ്ഥാനത്തുണ്ടായിരുന്ന കള്ളുഷാപ്പുകളുടെ എണ്ണം എത്ര?

(ബി) ൧൧൨൫-ാമാണ്ടും ൧൧൨൬-ാമാണ്ടും ൧൧൨൭-ാമാണ്ടും ഈ സംസ്ഥാനത്തുണ്ടായിരുന്ന ചാരായഷാപ്പുകളുടെ സംഖ്യ എത്ര?

(സി) ൧൧൨൫-ാമാണ്ടിലും ൧൧൨൬-ാമാണ്ടിലും ൧൧൨൭-ാമാണ്ടിലും ഈ സംസ്ഥാനത്തുണ്ടായിരുന്ന അഫിൻകടകളുടെയും കഞ്ചാവുകടകളുടെയും എണ്ണം എത്ര?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ സെക്രട്ടറി):

(എ)യും (ബി)യും (സി)യും മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളടങ്ങിയ ഒരു * പട്ടിക മേശമേൽ വച്ചിരിക്കുന്നു.

കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറിൽ നടത്തിയിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ പട്ടിക.

൯൪൬. മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക) ൧൧൨൭ ഇടവം ൧൫-നു വരെ കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെൻറിൽ നടത്തിയിട്ടുള്ള നിയമനങ്ങളിൽ എത്ര ബ്രാഹ്മണരും നായന്മാരും റോമൻകത്തോലിക്കരും ജാക്കോബായിററ ക്രിസ്ത്യാനികളും മർത്തോമ്മാ ക്രിസ്ത്യാനികളും പ്രോട്ടസ്റ്റൻറ ക്രിസ്ത്യാനികളും ഈഴവരും മഹമ്മദീയരും വെള്ളാളരും മററു വർഗ്ഗക്കാരും ഉണ്ടെന്നു വിവരിക്കുന്ന ഒരു സ്റ്റേററുമെൻറ ദയവുചെയ്തു മേശമേൽവയ്ക്കുമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ചുള്ള † പട്ടിക മേശമേൽ വച്ചിരിക്കുന്നു.

വ്യവസായഡയറക്ടർ നടത്തിയിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ വർഗ്ഗംതിരിച്ചുള്ള പട്ടിക.

൯൪൭. മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): വ്യവസായഡിപ്പാർട്ടുമെൻറിലെ ചാർജ്ജുവഹിക്കാൻതുടങ്ങിയതുമുതൽ വ്യവസായഡയറക്ടർ നടത്തിയിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ ജാതിക്രമമനുസരിച്ചുള്ള ഒരു സ്റ്റേററുമെൻറ മേശമേൽവയ്ക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളടങ്ങിയ ഒരു ‡പട്ടിക മേശമേൽവച്ചിരിക്കുന്നു.

തിരുവനന്തപുരത്തുള്ള അഫിഷ്യൽറസീവർസ്ഥാനം ഒഴിവുവന്നതിൽ ആളെനിയമിക്കുക.

൯൪൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) തിരുവനന്തപുരത്തുള്ള അഫിഷ്യൽറസീവരുടെ ഉദ്യോഗം ഒഴിവുവന്നിട്ടു ഇപ്പോൾ എത്ര കാലമായി എന്നു പറയുമോ?

(ബി) അഫിഷ്യൽറസീവർ ചെയ്യേണ്ടുന്ന ജോലികൾ ഇപ്പോൾ (൨൮-൧൧-൧൧൨൭) ആരെങ്കിലും നോക്കിവരുന്നുണ്ടോ?

(സി) അഫിഷ്യൽറസീവരുടെ ഒഴിവിൽ ഇതുവരെ ആളിനെ നിയമിക്കാത്തതു എന്തുകൊണ്ടാണ്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി):

(എ) ൧൧൨൭ മിഥുനം ൧൫-നു മുതൽ അഫിഷ്യൽറസീവർ ഉദ്യോഗസ്ഥാനം ഒഴിവുവന്നിരിക്കയാണ്.

(ബി) നോക്കിവരുന്നുണ്ട്. സ്ഥലത്തുള്ള ഡിസ്ട്രിക്ട്കോടതിയിലെ ശിരസ്തദാരാണ് ആ ജോലികൾ നോക്കിവരുന്നതു്.

(സി) ഒഴിവു വളരെ കുറച്ചുകാലത്തേക്കുമാത്രമേ നിലനിൽക്കുകയുള്ളു. സ്ഥിരമായ അഫിഷ്യൽ റസീവർ ദീർഘാവധിയായി പകരംജോലിനോക്കുന്ന ഒഴിവു ൧൧൨൮ ചിങ്ങം ൧൬-നു അവസാനിക്കുന്നതുമാകുന്നു. ഈ കാരണങ്ങൾകൊണ്ടാണ് ഈ ഉദ്യോഗത്തിൽ പകരം ആളിനെ നിയമിക്കാതിരുന്നിട്ടുള്ളതു.

നാട്ടുഭാഷാവിദ്യാലയങ്ങളിലെ അസിസ്റ്റൻറ ഇൻസ്പെക്ടർമാർ.

൯൪൯. മി. വി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെൻറ ദയവുചെയ്തു മറുപടിപറയുമോ?

(എ) നാട്ടുഭാഷാപള്ളിക്കൂടങ്ങളെസംബന്ധിച്ച അസിസ്റ്റൻറുഇൻസ്പെക്ടർമാർക്ക് അവരുടെ നിയന്ത്രണത്തിൻകീഴിലുള്ള സഹായധനംവാങ്ങുന്ന വിദ്യാലയങ്ങളുടെകാര്യത്തിൽ ഉള്ള അധികാരത്തിൻെറ സ്വഭാവം എന്താണ്?

(ബി) അധ്യാപകന്മാരെനിയമിക്കുകയും ഡിസ്മിസ്സ്ചെയ്യുകയുംചെയ്യുന്ന കാര്യങ്ങളിൽ അപ്രകാരമുള്ള വിദ്യാലയങ്ങളുടെ മാനേജർമാരുടെ നടപടികളിൽ ഇടപെടുന്നതിനു അസിസ്റ്റൻറുഇൻസ്പെക്ടർമാർക്ക് അധികാരം നൽകപ്പെട്ടിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി):

(എ)യും (ബി)യും എഡ്യൂക്കേഷൻഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ഷൻകോഡിലെ ൬൦-ാം ചട്ടത്തിലേക്കു മെമ്പറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഇൻസ്പെക്ഷൻകോഡിലെ ഈ ചട്ടത്തിൻെറ ഒരു *പ്രതി മേശമേൽവച്ചിരിക്കുന്നു.

മടയൻതോടസംബന്ധിച്ചുള്ള കൂടുതൽപണികൾ നിർവഹിക്കുക.

൯൫൦. മി. പി. എസ്സ്. മഹമ്മദ് (ഗവണ്മെൻറ നിയമിച്ചമെമ്പർ): താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടിനൽകുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

---

*അനുബന്ധം XLIII പുറം
†അനുബന്ധം XLIV പുറം
‡അനുബന്ധം XLV പുറം
*അനുബന്ധം XLVI പുറം

(എ) മടയൻതോട്ടസംബന്ധിച്ചിട്ടുള്ള കൂടുതൽ പണികഠം ആരംഭിക്കപ്പെട്ടിട്ടുള്ളത് ഏതു കൊല്ലത്തിലാണ്

(ബി) മേൽപറഞ്ഞ തോട്ടിൻെറ പണികഠംനടത്തുന്നതിന ചിലവാക്കീട്ടുള്ള തുക എത്രയാണ്;

(സി) ഈ തോട്ടിൻെറപണി എന്നു അവസാനിക്കുന്നു;

(ഡി) കഴിഞ്ഞ ഏതാനും കൊല്ലങ്ങളായിട്ടു ഈ പണി നടത്താതിരുന്നതിനുള്ള കാരണങ്ങഠം എന്തെല്ലാം;

(ഇ) മേൽപറഞ്ഞ തോട്ട വീട്ടുന്നതിനുള്ള കൂടുതൽ പണികഠം ഗവണ്മെൻറ ഉപേക്ഷിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി):

(എ) ൧൦൯൬-ാമാണ്ടാണ് തോട്ടിൻെറ കൂടുതൽ പണി ആരംഭിക്കപ്പെട്ടിട്ടുള്ളത്.

(ബി) മേൽപറഞ്ഞ പണിക്ക ൫൯൦൬൭ രൂപാ ൧൪ ചക്രം ൧൨ കാശു ഭൂമിഎടുക്കുന്നതിനുള്ള ചെലവുകളുംപ്പെടെ ചെലവായിട്ടുണ്ട്.

(സി) തേവള്ളതോടിൻെറ നിരപ്പിനുകളിലായി ൯൦ മൈൽദൂരംവരെ തോട്ട കുഴിച്ചിട്ടുണ്ട്.

(ഡി) തോട്ടിൻെറ ആവശ്യത്തിലേക്ക വേണം മണ്ണെടുത്തിട്ടുള്ള ഭൂമികഠംക്ക പൊന്നുംവില കൊടുക്കുന്നതിനുള്ളതിനെസംബന്ധിച്ച കാര്യങ്ങഠം തീരുമാനിക്കപ്പെട്ടിട്ടുള്ളതു അടുത്തകാലത്തുമാത്രമാണ്. ഇതിനുപുറമെ, ഗവണ്മെൻറ എടുത്തിട്ടുള്ള ഈ ഭൂമികളിൽ മുൻപുതന്നെ പ്രവേശനംനടത്തുന്നതു സാദ്ധ്യമല്ലായിരുന്നു. ഈ കാരണങ്ങഠംകൊണ്ടാണ് കഴിഞ്ഞ ഏതാനുംകൊല്ലങ്ങളിൽ ഈ പണിനടത്തുന്നതിന ഇടയാകാതിരുന്നിട്ടുള്ളത്.

(ഇ) ഗവണ്മെൻറ ഈ പണി ഉപേക്ഷിച്ചിട്ടില്ല.

മീനച്ചിൽതാലൂക്കിനെസംബന്ധിച്ച ചില പുറമ്പോക്ക കേസുകഠം.

൨൮൧. മി. എ. സി. കയ്യാലക്കോസ് (മീനച്ചിലും ദേവികുളവും): താഴെപറയുന്ന ചോദ്യങ്ങഠംക്ക മറുപടി നല്കുന്നതിന ഗവണ്മെൻറിന ദയവുണ്ടാകുമൊ;

(എ) മീനച്ചിൽ താലൂക്കകച്ചേരിയിൽ ബോധിപ്പിച്ചിട്ടുള്ള ൧൧൦൯-ലെ ൧൭൦-ം, ൧൭൨-ം, ൧൭൯-ം നമ്പർ പുറംപോക്കുകേസുകളിൽഉള്ള ചാർജ്ജുകളുടെ സ്വഭാവം എന്താണെന്ന പറയുമോ;

(ബി) മേൽപറഞ്ഞ കേസുകളെസംബന്ധിച്ച ഉണ്ടായിട്ടുള്ള തീരുമാനങ്ങഠം എന്തെല്ലാം;

(ഡി) മേൽപറഞ്ഞ കേസുകഠം വൃക്ഷങ്ങളെസംബന്ധിച്ചുള്ളതാണെങ്കിൽ, ഇപ്രകാരമുള്ള വൃക്ഷങ്ങഠം ഏതുവിധത്തിലാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളതെന്നും, അതിൽ ഓരോന്നിൽനിന്നും ഗവണ്മെൻറിന ഉണ്ടായിട്ടുള്ള ആദായം എന്തെന്നും പറയുമോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി):

(എ) ഗവണ്മെൻറവക പുറമ്പോക്ക ഭൂമികളിൽ നിന്നിരുന്ന വൃക്ഷങ്ങളെ യാതൊരു അധികാരവും കൂടാതെ വെട്ടിമാററി എന്നുള്ളതാണ് മേൽപറഞ്ഞ കേസിലെ ചാർജ്ജിൻെറ സ്വഭാവം.

(ബി) ഈ വൃക്ഷങ്ങൾ നിന്നിരുന്നത് ഗവണ്മെൻറവക ഭൂമികളിൽ അല്ലെന്ന പിന്നീടുകാണപ്പെട്ടു. അതിനാൽ ഈ കേസുകഠം പ്രതികളായ കക്ഷികളെ ശിക്ഷിക്കാതെ വിടുകയാണ് ചെയ്തിട്ടുള്ളതു. കേസുകളുടെ തീരുമാനം ഈ വിധത്തിലാണ് ചെയ്യപ്പെട്ടിട്ടുള്ളത്.

(സി) പുറമ്പോക്കകേസുകളെസംബന്ധിച്ച തടികഠം അതാതു കക്ഷികഠംക്ക തിരിച്ചുകൊടുക്കുന്നതിന ഉത്തരവായിട്ടുണ്ട്. അതിനാൽ ഈ തടികളുടെ കാര്യത്തിൽ ഗവണ്മെൻറിന യാതൊരു ആദായവും ഉണ്ടായിട്ടില്ല.

മി. എ. സി. കയ്യാലക്കോസ് (മീനച്ചിലും ദേവികുളവും): കാരണക്കാരുടെപേരിൽ അല്ലായിരുന്നുവോ കേസു ചാർജ്ജുചെയ്തിരുന്നത്.

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി): ആരംഭത്തിൽ പുറമ്പോക്കാണെന്ന വിചാരിച്ചു നടപടിനടത്തി സ്ഥലം അളന്നു നോക്കിയപ്പോഠം പുറമ്പോക്കല്ല; പതിവുഭൂമിയാണെന്നുകണ്ടു.

മി. എ. സി. കയ്യാലക്കോസ് (മീനച്ചിലും ദേവികുളവും): ഇങ്ങനെ സംശയത്തിന്മേൽ കേസെടുത്താൽ കക്ഷികഠംക്ക വലിയ കഷ്ടനഷ്ടങ്ങഠം നേരിടയില്ലേ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി): പതിവുഭൂമികഠം പുറമ്പോക്കോടുചേർന്നുകിടക്കുമ്പോഠം ചിലപ്പോഠം ഈ സംശയം വരാവുന്നതാണ്.

മി. എ. സി. കയ്യാലക്കോസ് (മീനച്ചിലും ദേവികുളവും): സർവ്വേചെയ്യുന്നതിന പരിശീലിച്ചിട്ടുള്ള പ്രവൃത്തിക്കാരല്ലേ ഈ സ്ഥലങ്ങഠം അളവിൽപെട്ടതാണെന്നുകണ്ടു കേസെടുക്കുന്നത്?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി): അതെ.

മി. എ. സി. കയ്യാലക്കോസ് (മീനച്ചിലും ദേവികുളവും): ഇങ്ങനെ തെററായിട്ട് അളന്നു നിർണ്ണയിക്കുന്നതും കേസെടുക്കുന്നതും, രക്ഷക ഉപദ്രവികരമല്ലേ? അതിനെ പരിശോധിക്കുവാൻ ആരെങ്കിലുമുണ്ടോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി): അതിന്മേൽ റവന്യൂ സൂപ്രണ്ടിൻെറ പരിശോധനകാണും.

മി. എ. സി. കയ്യാലക്കോസ് (മീനച്ചിലും ദേവികുളവും): അങ്ങനെ പരിശോധിച്ചിട്ടാണൊ ഇങ്ങനെ പതിവുഭൂമിയാണെന്നു കണ്ടതു?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി): സംഗതിയതാണൊ എന്ന അറിഞ്ഞുകൂടാ. ആ വസ്തുക്കഠം പതിവാണെന്ന അറിഞ്ഞിരുന്നെങ്കിൽ കേസെടുക്കാൻ പാടില്ലാത്തതായിരുന്നു.

മി. എ. സി. കയ്യാലക്കോസ് (മീനച്ചിലും ദേവികുളവും): അങ്ങനെ പരിശോധന കഴിഞ്ഞതിൽ പിന്നീടാണൊ ഈ കേസുകഠം തീരുമാനിച്ചതു?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി): കേസു പരിശോധനയിന്മേൽതന്നെ തീർച്ചചെയ്തു.

മി. എ. സി. കയ്യാലക്കോസ് (മീനച്ചിലും ദേവികുളവും): പരിശോധനയിന്മേൽ ഗവണ്മെൻറ ഈ കേസുകളെ പിൻവലിച്ചു അല്ലേ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് സെക്രട്ടറി): കേസ് ഫയലുകളില്ല.

മി. എ. സി. കുഞ്ചാക്കോസ് (മീനച്ചിലും മേവിക്കളവും): അങ്ങനെയാണോ ഗവൺമെൻറിനു കിട്ടിയിരിക്കുന്ന അറിവ്?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് സെക്രട്ടറി): ലാൻഡ് റവന്യൂ കമ്മീഷണരുടെ റിപ്പോർട്ടിൽ അങ്ങനെയാണ് പറയുന്നത്.

ചില പുരയിടങ്ങളെസംബന്ധിച്ച് ചുമത്തപ്പെട്ടിട്ടുള്ള കരം.

൨൭൨. മി. ആർ. രാമൻപിള്ള (കോട്ടയം): തേയില, റബ്ബർ, നാളികേരം, കുരുമുളക് ഇവ കൃഷിചെയ്യുന്നതിനു ഉപയോഗപ്പെടുത്തുന്ന ഒരേക്കർഭൂമിക്കു എന്തുകരം വീതമാണ് അടയ്ക്കേണ്ടത് എന്നസംഗതി പറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് സെക്രട്ടറി):

തേയില, ഏക്കർഒന്നിനു ഒരു ബ്രിട്ടീഷ്‌രൂപാ നികുതി

റബ്ബർ, ഗവൺമെൻറ് ഭൂമി പതിച്ചുകൊടുക്കുന്ന ആദ്യത്തെ അഞ്ചുകൊല്ലങ്ങളിൽ ഒരേക്കർ ഭൂമിക്കു ആറു അണ കണക്കുവീതവും, ആറാമത്തെകൊല്ലത്തിന്റെ ആരംഭംമുതൽ ഒരേക്കർഭൂമിക്കു ൨ രൂപാ കണക്കിനു വീതവും ആണ് നികുതി അടയ്ക്കേണ്ടത്.

കുരുമുളക്.

കുരുമുളകു കൃഷിചെയ്യുന്ന ഭൂമികളെസംബന്ധിച്ചിടത്തോളം ആ ഭൂമികളുടെ തരം അനുസരിച്ച് പുതുവൽചട്ടങ്ങളിലെ ൨൦-ാം ചട്ടപ്രകാരം ഒരേക്കർ ഭൂമിക്കു സാധാരണചുമത്തിവരുന്ന നികുതിയുടെ നിരക്കു ൭ പണം മുതൽ ൧൪ പണം വരെ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. കുരുമുളകുകൃഷിചെയ്തുവരുന്ന ഭൂമികളെസംബന്ധിച്ചിടത്തോളം ഒരു നികുതി ചുമത്തുന്നതിനു പ്രത്യേകമായ യാതൊരുനിരക്കുമില്ല.

നാളികേരം.

നാളികേരം കൃഷിചെയ്യുന്ന ഭൂമിക്കു ചുമത്തിവരുന്നകരം ഈ ഭൂമിയുടെ തരത്തിനേയും ആ ഭൂമിയിൽനിൽക്കുന്ന കായ്ക്കുന്ന വൃക്ഷങ്ങളുടെസംഖ്യയേയും അവയുടെ തരത്തിനേയും അടിസ്ഥാനപ്പെടുത്തി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ഗവൺമെൻറ് തീർച്ചപ്പെടുത്തിയിട്ടുള്ള പുതുവൽചട്ടങ്ങളിലെ ൨൧-ാം ചട്ടത്തിലെ വ്യവസ്ഥകൾഅനുസരിച്ചാണ് നാളികേരം കൃഷിചെയ്യുന്ന ഭൂമിക്കുള്ള കരം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. പൂർണ്ണമായവിധത്തിൽ തെങ്ങുംതൈകൾ വച്ചിട്ടുള്ള ഒരു ഏക്കർ വിസ്തീർണ്ണത്തിലുള്ള തോപ്പിനു ചുമത്തുന്ന ഏറ്റവും കൂടുതൽ നികുതി ൧൪ രൂപാ ൫ ചക്രമാണ്. ഇപ്രകാരമുള്ള സംഗതിയിൽ കായ്ക്കുന്ന വൃക്ഷങ്ങളുടെസംഖ്യ ൧൦൦-ം ആണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): തേയിലകൃഷിയുള്ള ഒരേക്കർസ്ഥലത്തുനിന്നു ആണ്ടിൽ എന്തു് ആദായം കിട്ടുമെന്നു ഗവൺമെൻറിൽ വല്ലവിവരവുമുണ്ടോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് സെക്രട്ടറി): സർ, മെമ്പർ ചോദിച്ചിട്ടുള്ളചോദ്യം സഭാനടപടികൾ യോജിക്കുന്നവിധത്തിൽ ഉള്ളതാണോഎന്നു ചോദിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. മെമ്പർ ഇപ്പോൾ ചോദിച്ചിട്ടുള്ളചോദ്യം അദ്ദേഹത്തിന്റെ മുൻചോദ്യത്തിന്റെ ഒരുഭാഗം ആയിരുന്നു. ആ ചോദ്യം അദ്ധ്യക്ഷൻതന്നെ തള്ളുകയാണ് ചെയ്തിട്ടുള്ളതു്. ഇപ്പോഴത്തെ ചിന്താവിഷയമിതാണ്, അതായതു, മെമ്പർ ചോദിച്ച ചോദ്യം ഒരു ഉപചോദ്യമായി ചോദിക്കുകയും അതിനു മറുപടി നൽകുകയും ചെയ്യാമെന്നുള്ളതാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): ഇപ്പോൾ ആ നിലയില്ലല്ലോ ഞാൻ ചോദിക്കുന്നതു്. ആദായം എന്തുകിട്ടുംഎന്നു അറിയാമോ എന്നാണ് ചോദ്യം.

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് സെക്രട്ടറി): ഈ സംഗതി ഒരാളിന്റെ അഭിപ്രായത്തിനനുസരിച്ചാണ് സ്ഥിതിചെയ്യുന്നത്. ചോദ്യം അദ്ധ്യക്ഷൻ തള്ളിക്കളകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇപ്പോൾ ആ ചോദ്യത്തിനെതന്നെവീണ്ടും ഒരു ഉപചോദ്യമെന്നമട്ടിൽ മെമ്പർ കൊണ്ടുവരികയാണ് ചെയ്യുന്നത്.

അദ്ധ്യക്ഷൻ. അതിനെസംബന്ധിച്ചുള്ളവിവരം നിങ്ങളുടെപക്കൽ ഉള്ളപക്ഷം നിങ്ങൾക്കു മറുപടി നൽകാവുന്നതാണ്.

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് സെക്രട്ടറി): തേയിലകൃഷിയുള്ള ഒരു ഏക്കർസ്ഥലത്തുനിന്നു ഒരാണ്ടിൽകിട്ടുന്നആദായം വ്യത്യാസപ്പെട്ടിരിക്കുന്നതാണ്.

നൂറ്റിഅൻപതുരൂപയ്ക്കുമേൽ ഇരുനൂറ്റിഅൻപതുരൂപവരെ ഒരേക്കറിൽ ആദായംകിട്ടുന്നതാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): റബ്ബർകൃഷിചെയ്യുന്ന ഒരു ഏക്കറിൽ എന്തു ആദായം കിട്ടുമെന്നു അറിയാമോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് സെക്രട്ടറി): ൫൦ രൂപാ മുതൽ ൭൫ രൂപാവരെ കിട്ടുമെന്നു നിശ്ചയമുണ്ട്.

മി. ആർ. രാമൻപിള്ള (കോട്ടയം): തെങ്ങുകൃഷിചെയ്യുന്ന ഒരേക്കറിൽനിന്നു എന്തു് ആദായം കിട്ടുമെന്നു അറിയാമോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് സെക്രട്ടറി): അതും റബ്ബർപോലെതന്നെയാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): ൫൦ രൂപാ മുതൽ ൭൫ രൂപാ വരെ ആദായം കിട്ടുന്നസ്ഥലങ്ങൾക്കു ൧൨ രൂപാ മുതൽ ൧൪ രൂപാവരെ കരവും ൧൦൦ രൂപാ മുതൽ ൨൫൦ രൂപാ വരെ കിട്ടുന്നസ്ഥലങ്ങൾക്കു ഒരുരൂപാ കരവും ഏർപ്പെടുത്തിയിരിക്കുന്നതു എന്തു തത്വത്തെ ആസ്പദമാക്കിയാണെന്നു പറയുമോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് സെക്രട്ടറി): തേയിലയെസംബന്ധിച്ചിടത്തോളം ആ കൃഷിചെയ്തു ഫലം സിദ്ധിക്കുന്നതിന് തെങ്ങുകൃഷിയേയും റബ്ബർകൃഷിയേയും അപേക്ഷിച്ച് വളരെയധികം പണം ചെലവുചെയ്താൽ മാത്രമേ സാധിക്കയുള്ളു.

മി. ആർ. രാമൻപിള്ള (കോട്ടയം): മുടക്കിയിട്ടുള്ളമുതലിന്റെ പലിശകഴിച്ചിട്ടല്ലേ ആദായം നിശ്ചയിക്കുന്നതു്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ആയിരിക്കാം. കൂടുതൽ റെയിറ്റ്. ഇപ്പോഴുള്ള കരം കുറെ കൊല്ലങ്ങൾക്കുമുമ്പ് അതായത് ൧൦൮൯-ൽ നിശ്ചയിച്ചതാണ്. അതു മതിയാകുമോ പോരയോ എന്നുള്ളതാണ് ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നത്.

ഒഴുകണശ്ശേരിയിൽ ഹിന്ദുക്കൾ അല്ലാത്തവർക്കും അവർണ്ണഹിന്ദുക്കളിൽപെട്ടവർക്കുംവേണ്ടി ഒരു സത്രം സ്ഥാപിക്കേണ്ടതിൻെറ ആവശ്യകത.

൨൮൯. മി. ഡി. ഫ്രാൻസിസ് (ഗവണ്മെൻറു നിയമിച്ച സാമാജികൻ):

൧. താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെൻറു ദയവുചെയ്തു മറുപടി പറയുമോ?

(എ) ഹിന്ദുക്കൾ അല്ലാത്തവരും അവർണ്ണവർഗ്ഗത്തിൽപെട്ട ഹിന്ദുക്കളും ഉൾപ്പെടെ പൊതുജനങ്ങളുടെ ഉപയോഗത്തിനായി ഒഴുകണശ്ശേരിയിൽ ഉള്ള സത്രം തുറന്നുകൊടുത്തിട്ടുണ്ടോ, എന്നുള്ള വിവരം ഗവണ്മെൻറിനു അറിയാമോ?

(ബി) വഴിയാത്രക്കാരായി അവിടെ ചെല്ലുന്ന സവർണ്ണജാതിയിൽപെട്ട ഹിന്ദുക്കൾക്കുപോലും താമസിക്കുന്നതിനു വേണ്ട സ്ഥലസൌകര്യങ്ങൾ നൽകുന്നതിനു ഇപ്പോൾ അവിടെയുള്ള സത്രം നടത്തിവരുന്ന കെട്ടിടം പര്യാപ്തമല്ലായിരിക്കുന്നു എന്നും തൽകാരണത്താൽ സത്രത്തിൽ പോയി താമസിക്കുന്ന കാര്യത്തിൽ ഹിന്ദുക്കൾ അല്ലാത്തവരും അവർണ്ണവർഗ്ഗത്തിൽപെട്ട ഹിന്ദുക്കളും പലപ്പോഴും അസൌകര്യങ്ങൾ അനുഭവിച്ചുവരുന്നു എന്നും ഉള്ള വിവരങ്ങൾ ഗവണ്മെൻറിനു അറിയാമോ?

൨. ഒന്നാമത്തെ ചോദ്യത്തിൻെറ (എ)യും (ബി)യും ഭാഗങ്ങൾക്കുള്ള മറുപടി അനുകൂലരൂപത്തിലാണെങ്കിൽ താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) ഇപ്പോൾ ഒഴുകണശ്ശേരിയിലുള്ള സത്രക്കെട്ടിടത്തിനു സ്ഥലസൌകര്യം കൂടുതലായി നൽകുന്നതിനുള്ള ഉദ്ദേശത്തോടുകൂടി ഏകദേശം ൬ കൊല്ലങ്ങൾക്കുമുമ്പ് ആരംഭിക്കപ്പെട്ടിട്ടുള്ളതും അതിൻെറ അടിസ്ഥാനവും ബേസ്മെൻറും പണിതീർത്തിട്ടുള്ളതും ആയ കെട്ടിടത്തിനെ സംബന്ധിച്ച പണികൾ തീർക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നു പറയുമോ?

(ബി) ഹിന്ദുക്കളല്ലാത്തവർഗ്ഗങ്ങളിൽപ്പെട്ടവരും അവർണ്ണജാതിയിൽപെട്ട ഹിന്ദുക്കളും ആയ വഴിയാത്രക്കാർ താമസിക്കുന്നതിനു ആവശ്യമുള്ള സ്ഥലസൌകര്യങ്ങൾ നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആരംഭിക്കപ്പെട്ടിട്ടുള്ളതും ആകെയുള്ള ചെലവിൻെറ ഏകദേശം മൂന്നിൽ ഒരു ഭാഗം ചെലവുചെയ്തു കഴിഞ്ഞിട്ടുള്ളതും ആയ കെട്ടിടത്തിൻെറ പണി പൂർത്തിയാക്കുന്നതിനെ സംബന്ധിച്ചു ഗവണ്മെൻറു എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി):

൧. (എ) ഒഴുകണശ്ശേരിയിലുള്ള സത്രം അവർണ്ണഹിന്ദുക്കൾക്കും ഹിന്ദുവർഗ്ഗത്തിൽപെടാത്തവർക്കുമായി തുറന്നുകൊടുത്തിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനു അറിയാം.

(ബി) വഴിയാത്രക്കാർക്കു പ്രസ്തുതസത്രത്തിൽ താമസിക്കുന്നതിനുള്ള സ്ഥലസൌകര്യത്തെ സംബന്ധിച്ചിടത്തോളം അവിടെ സ്ഥലക്കുറവുണ്ടായിരിക്കുന്നു എന്നുള്ളതിനെപ്പറ്റി ഇതേവരെ യാതൊരു പരാതിയും കിട്ടുന്നതിനു ഇടയായിട്ടില്ല.

൨. (എ)യും (ബി)യും. സത്രത്തിനു കൂടുതൽ സ്ഥലസൌകര്യമുണ്ടാക്കുന്നതിനു ആരംഭിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിൻെറ പണി പൂർത്തിയാക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു ഈ വിഷയത്തിൽ അന്വേഷണം നടത്തുന്നതാണ്.

മദ്യഷാപ്പുകൾക്കു കള്ളും ചാരായവും നൽകുന്നത്.

൨൮൪. മി. ആർ. രാമൻപിള്ള (കോട്ടയം): ൧൯൩൯ ഏപ്രിൽ മാസം ൨൭-ാം തീയതി നടന്ന നിയമസഭായോഗത്തിൽ കൺട്രാക്ടർമാർക്കു കള്ളും കഞ്ചാവും നൽകുന്നതിനെ സംബന്ധിച്ചു ചോദിച്ച ചോദ്യത്തിനു ഗവണ്മെൻറു നൽകിയ മറുപടിയെ സംബന്ധിച്ചു താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) കഴിഞ്ഞ രണ്ടുകൊല്ലങ്ങളിലും ഓരോ മദ്യഷാപ്പിനും വിൽക്കുന്നതിനു നൽകപ്പെട്ടിട്ടുള്ള ചാരായത്തിൻെറ ശരാശരി പരിമാണത്തെയും, ഓരോഷാപ്പും ചെത്തി മദ്യം എടുക്കുന്നതിനു അനുവദിച്ചിട്ടുള്ള വൃക്ഷങ്ങളുടെ ശരാശരി എണ്ണത്തിനെയും അപേക്ഷിച്ചു, ഓരോ മദ്യഷാപ്പിലും വിൽക്കുന്നതിനു നൽകേണ്ട ചാരായത്തിൻെറ അളവും, ഓരോഷാപ്പിലും മദ്യംചെത്തിയെടുക്കുന്നതിനനുവദിച്ചിട്ടുള്ള വൃക്ഷങ്ങളുടെ എണ്ണവും ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ?

(ബി) മുൻ കൊടുത്തിട്ടുള്ള എ ഭാഗംചോദ്യത്തിൻെറ മറുപടി പ്രതികൂലഭാവത്തിലാണെങ്കിൽ, അപ്രകാരം ചാരായത്തിൻെറ അളവും മദ്യം ചെത്തിയെടുക്കുന്നതിനു അനുവദിക്കപ്പെട്ടിട്ടുള്ള വൃക്ഷങ്ങളുടെ എണ്ണവും ക്ലിപ്തപ്പെടുത്താതിരിക്കുന്നതിനുള്ള കാരണമെന്തെല്ലാം?

മി. കെ. ജാർജ് (ഗവണ്മെൻറുചീഫ്സിക്രട്ടറി): വിൽക്കുന്നതിനു നൽകപ്പെട്ടിട്ടുള്ള ചാരായത്തിൻെറ അളവിലും ചെത്തുന്നതിനനുവദിച്ചിട്ടുള്ള വൃക്ഷങ്ങളുടെ എണ്ണത്തിലും രണ്ടുകൊല്ലത്തെ അപേക്ഷിച്ചു ക്ലിപ്തംവരുത്തുന്നതിനു സാധിച്ചിട്ടില്ല.

(ബി) അപ്രകാരം പ്രവർത്തിക്കുന്നതു സാധ്യമല്ലെന്നു കണ്ടിരിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): കള്ളും കഞ്ചാവും ഇന്നക്രമത്തിനേ കൊടുക്കാൻപാടുള്ളു എന്നു വ്യവസ്ഥചെയ്തിരിക്കെ ചാരായംമാത്രം ഒരു വ്യവസ്ഥയില്ലാതെ കൊടുക്കുന്നതു എന്തുതത്വത്തെ ആസ്പദമാക്കിയിട്ടാണ്?

മി. കെ. ജാർജ് (ഗവണ്മെൻറുചീഫ്സിക്രട്ടറി): കള്ളും കഞ്ചാവും സാധാരണ നമ്മുടെ ഭക്ഷണത്തിനുള്ള ആരോഗ്യകരമോ വളർത്തുകയോചെയ്യുന്ന ഒരു സാധനമല്ല. ചാരായവും കള്ളും ഇവിടെ ധാരാളം ലഭിക്കുന്നുണ്ട്.

മി. ആർ. രാമൻപിള്ള (കോട്ടയം): അങ്ങനെ സൌകര്യമുള്ളതുകൊണ്ടു ധാരാളം കൊടുക്കണമെന്നാണോ വിചാരിക്കുന്നതു?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സിക്രട്ടറി) : എനിക്കതിൽ പറയാനില്ല. ചോദിച്ച കാര്യത്തിനാണ് മറുപടി പറഞ്ഞത്?

മി. ആർ. ശങ്കരൻപിള്ള (കോട്ടയം) : ഈ വിഷസാധനം ഇവിടെ സുലഭമായി കിട്ടുന്നതുകൊണ്ട് യാതൊരു [illegible] ചെയ്യണമെന്നാണോ വിചാരിക്കുന്നത്?

മി. കെ. ജാർജ (ഗവണ്മെന്റ ചീഫ്സിക്രട്ടറി): [illegible] ആ അർത്ഥമാകുന്നില്ല.

മി. ആർ. ശങ്കരൻപിള്ള (കോട്ടയം) : സുലഭമായി [illegible] എന്നാണു പറഞ്ഞത്.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സിക്രട്ടറി): അതെ, അതുകൊണ്ട് അതിനെ നിയന്ത്രിക്കാൻ കുറെക്കൂടി പ്രയാസമുണ്ടെന്നാണ് അർത്ഥം.

അധഃകൃതവർഗ്ഗങ്ങളിൽപ്പെട്ട ആളുകളുടെ ഉപയോഗത്തിനായി കിണറുകൾ കുഴിക്കുക.

൨. വ്യന്ത. മി. കെ. മാധവൻ (ഗവണ്മെന്റ നിയമിച്ച അംഗം) : അധഃകൃതവർഗ്ഗങ്ങളിൽപ്പെട്ട ആളുകളുടെ ഉപയോഗത്തിനായി ഈ [illegible] നാം മാസം പണിപൂർത്തിയാക്കിയിട്ടുള്ള കിണറുകളുടെ എണ്ണം എത്രയെന്നു പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാഘവയ്യർ (ഗവണ്മെന്റസിക്രട്ടറി) : [illegible] മാസമാണ് അധഃകൃതവർഗ്ഗങ്ങളിൽപ്പെട്ട ആളുകളുടെ ആവശ്യത്തിലേക്കായി പണിതീർത്തിട്ടുള്ള കിണറുകളുടെ സംഖ്യ [illegible] ആണ്.

പോലീസ്സ്റ്റേഷനുകളിലുള്ള ലാക്കപ്പുകളിലെ സ്ത്രീകളായ തടവുപുള്ളികളെ സംബന്ധിച്ചുള്ള വാർഡർമാർ.

൩. വ്യന്ത. മിസ്സസ്സ്. ഏലിസബത്ത് കുരുവിള (ഗവണ്മെന്റ നിയമിച്ച മെമ്പർ) : ലാക്കപ്പുകളിൽ തടവുകാരായി കിടക്കുന്ന സ്ത്രീകളുടെ കാര്യങ്ങൾ നോക്കിവരുന്നത് പുരുഷന്മാരായ വാർഡർമാർ ആണെന്നുള്ള വിവരം ഗവണ്മെന്റിനു അറിയാമോ എന്നു ദയവുചെയ്തു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസിക്രട്ടറി) : തടവിൽകിടക്കുന്ന സ്ത്രീകളെസൂക്ഷിക്കയും അവരെസംബന്ധിച്ചകാര്യങ്ങൾ ചെയ്കയും ചെയ്തുവരുന്നതു പുരുഷന്മാരായ വാർഡർമാരാണെന്നുള്ളതു ഗവണ്മെന്റിനറിയാം. സെൻട്രൽജയിലിലുള്ള സ്ത്രീകളായ തടവുകാരെയും സംബന്ധിച്ചകാര്യങ്ങൾ നോക്കിവരുന്നതു സ്ത്രീകളായ വാർഡർമാരാണ്.

മിസ്സസ്സ്. ഏലിസബത്ത് കുരുവിള (നിയമിക്കപ്പെട്ട മെമ്പർ) : പോലീസ്സ്റ്റേഷനുകളിലെ ലാക്കപ്പുകളിലുള്ള തടവുകാരായസ്ത്രീകളെക്കുറിച്ചാണ് ഞാൻ ചോദ്യം ചോദിച്ചിട്ടുള്ളത്. പോലീസ്സ്റ്റേഷനുകളിലെ ലാക്കപ്പുകളിൽ സ്ത്രീകളുടെ കാര്യങ്ങൾ സ്ത്രീകളായ വാർഡർമാരെ നടത്തുന്നതിനു ഏതെങ്കിലും ഏർപ്പാടുകൾ ചെയ്യുന്നതിനു സാധിക്കുമോ എന്നു ഗവണ്മെന്റ ദയവുചെയ്തു പറയുമോ? ഈ അവസരത്തിൽ, വിചാരണചെയ്യപ്പെടാതിരിക്കുന്ന കേസുകളിൽ സംബന്ധപ്പെട്ട തടവുകാരെ കുറിച്ചാണ് ഞാൻ പറഞ്ഞിട്ടുള്ളത്.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസിക്രട്ടറി): ഇവിടെ നൽകിയിട്ടുള്ള മറുപടി മെമ്പറിനു കൂടുതൽ വിവരം നൽകുന്നതായിരിക്കുമെന്നു ചെയ്യുന്നു. സ്ത്രീകളായ തടവുകാരുടെ കാര്യത്തിൽ മെമ്പർ ആവശ്യപ്പെടുന്ന യാതൊരു ഏർപ്പാടും ഗവണ്മെന്റിനു ആലോചനയിൽ ഇരിക്കുന്നില്ല. ഈ വിഷയത്തെ സംബന്ധിച്ചു ഗവണ്മെന്റ പരിശോധിക്കുന്നതായിരിക്കും.

കുറ്റംചെയ്തിട്ടുള്ള കുട്ടികളെയും പ്രായംചെന്ന ആളുകളെയും കാര്യത്തിൽ സ്വീകരിച്ചുവരുന്ന സമ്പ്രദായം.

൪. വ്യന്ത. മിസ്സസ്സ്. ഏലിസബത്ത് കുരുവിള (ഗവണ്മെന്റ നിയമിച്ച മെമ്പർ) : കുറ്റംചെയ്തിട്ടുള്ള പ്രായപൂർത്തിവന്ന ആളുകളെ സൂക്ഷിച്ചിരിക്കുന്ന അറകളിൽ തന്നെയാണോ കുറ്റക്കാരായ കുട്ടികളെയും അടച്ചിരിക്കുന്നത്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസിക്രട്ടറി) : സാധാരണയായി കുറ്റംചെയ്തിട്ടുള്ള കുട്ടികളെ ദുർഗ്ഗുണപരിഹാര പാഠശാലയിലേക്കയയ്ക്കുന്നതാണ്. എന്നാൽ ഏതെങ്കിലും അവസരത്തിൽ കുറ്റംചെയ്തിട്ടുള്ള കുട്ടികളെ സെൻട്രൽജയിലിൽ അയയ്ക്കുന്ന അവസരത്തിൽ പ്രായപൂർത്തിവന്ന തടവുകാരായ ആളുകളെ സൂക്ഷിക്കുന്ന അറകളിൽ അവരെ ഇടുന്നതല്ല. പോലീസ്സ്റ്റേഷനുകളിൽ വെവ്വേറെ വിധത്തിലുള്ള സ്ഥലസൗകര്യമില്ലാതിരിക്കുന്ന അവസരങ്ങളിൽ പ്രായപൂർത്തിയുള്ള കുറ്റക്കാരായ തടവുകാരെ സൂക്ഷിച്ചിരിക്കുന്നമുറിയിൽ അവരെ സൂക്ഷിക്കുന്നതാണ്.

ശുചീന്ദ്രം-തിരുവനന്തപുരം റൂട്ടിൽ മോട്ടോർബസ്സുകൾ സർവീസ് നടത്തുന്നതിനെ സംബന്ധിച്ചുള്ള സമയപ്പട്ടിക നിശ്ചയിക്കുക.

താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെന്റ ദയവുചെയ്തു മറുപടി നൽകുമോ.

(എ) ശുചീന്ദ്രം-തിരുവനന്തപുരം റൂട്ടിൽ സർവീസ് നടത്തിവരുന്ന മോട്ടോർബസ്സുകളുടെ ഉടമസ്ഥന്മാരെ സംബന്ധിച്ചു, അനുവദിക്കപ്പെട്ടിട്ടുള്ള സമയകണക്കുകൾ അനുസരിച്ചു ക്രമപ്രകാരം സർവീസ് നടത്തിവരുന്നുണ്ടോ?

(ബി) (എ) ഭാഗം ചോദ്യത്തിനുള്ള മറുപടി നിഷേധരൂപത്തിലാണെങ്കിൽ [illegible] മാസം [illegible] കഴിഞ്ഞ [illegible] മാസങ്ങളിൽ ശുചീന്ദ്രം-തിരുവനന്തപുരം റൂട്ടിൽ സമയകണക്കുകൾ അനുസരിച്ചു സർവീസുകൾ നടത്താതിരുന്ന ബസ്സുടമസ്ഥന്മാരുടെ പേരും സമയക്കണക്കുകളുടെ എണ്ണവും അപ്രകാരം അവർ പ്രവർത്തിക്കുന്നതിനു ഏതെങ്കിലും കാരണങ്ങൾ ഉള്ളപക്ഷം അവയും പറയുമോ?

(സി) തിരുവനന്തപുരം [illegible] സർവീസ് നടത്തുന്നതിനുള്ള സമയങ്ങൾ വ്യവസ്ഥചെയ്യുന്നതു [illegible] കാരണത്താൽ, രജിസ്റ്റർചെയ്തിട്ടുള്ള മോട്ടോർബസ്സുകളുടെ അപേക്ഷപ്രകാരം സർവീസ് നടത്തുന്നതിനു സമയങ്ങൾ [illegible] ഗവണ്മെന്റിനു അറിയാമോ?

(ഡി) തിരുവനന്തപുരത്തിനും നാഗർകോവിലിനും മദ്ധ്യേ സർവീസ് നടത്താവുന്ന മോട്ടോർബസ്സുകളുടെ എണ്ണത്തിൽ [illegible] ഗവണ്മെന്റ [illegible] ഉദ്ദേശിക്കുന്നുണ്ടോ?

(ഇ) ശുചീന്ദ്രം-തിരുവനന്തപുരം റൂട്ടിലുള്ള ബസ്സുകൾക്കു അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സമയം സർവീസ്സ് നടത്തുന്നതിനു അവർ [illegible] എന്നു ഗവണ്മെന്റിനു അറിയാമോ?

(എഫ്) ചോദ്യം ബസ്സുകൾ സർവീസ് നടത്തുന്നതിനു അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സമയം സർവീസിനായി അവർ എടുക്കുന്നപക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): (എ)-യും (ബി)-യും ഉണ്ട്. തെക്കൻ തിരുവിതാംകൂറിൽ സർവീസുകൾ നടത്തുന്നതിനു മോട്ടോർബസ്സുടമസ്ഥന്മാൎക്കു അനുവദിച്ചിട്ടുള്ള സമയവിവരം അനുസരിച്ചു അവർ മുറയ്ക്കു ഇപ്പോൾ സർവീസു നടത്തിവരികയാണ്. എന്നാൽ മോട്ടോർബസ്സുകളുടെ യന്ത്രങ്ങൾക്കു സംഭവിക്കാവുന്ന ന്യൂനതമൂലം ചില അവസരങ്ങളിൽ ഏതെങ്കിലും മോട്ടോർബസ്സിനു ഒന്നോ രണ്ടോ ദിവസത്തേക്കു സർവീസുനടത്തുന്നതിനു സാധിച്ചില്ലെന്നുവന്നേക്കാം. സ്ഥിരമായ വിധത്തിൽ യാതൊരു മോട്ടോർബസ്സും അതിനനുവദിക്കപ്പെട്ടിട്ടുള്ള സമയത്തിനനുസരണമായ വിധത്തിൽ സർവീസു നടത്താതിരിക്കുന്നില്ല.

(സി) തിരുവനന്തപുരം-നാഗർകോവിൽ ലൈനിൽ സർവീസുനടത്തുന്നതിനു രജിസ്റ്റർചെയ്തിട്ടുള്ള മോട്ടോർബസ്സുകൾക്കു ക്ലിപ്തസമയങ്ങൾ നിശ്ചയിച്ചു നൽകാതിരിക്കുന്നില്ല.

(ഡി) തിരുവനന്തപുരത്തിനും നാഗർകോവിലിനും മദ്ധ്യേ സർവീസുനടത്തുന്ന മോട്ടോർബസ്സുകളുടെ എണ്ണം തിട്ടപ്പെടുത്തണമെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

(ഇ) ദക്ഷിണതിരുവിതാംകൂറിൽ സർവീസുനടത്തുന്ന ബസ്സുകൾ അവയ്ക്കനുവദിച്ചിട്ടുള്ള സമയങ്ങളിൽ കൂടുതലായി സർവീസുനടത്തുന്നതിനു ഏടുത്തുവരുന്നു എന്നുള്ള വിവരം ഗവണ്മെൻറിനു ബോദ്ധ്യമായിട്ടില്ല.

(എഫ്) ഈ ചോദ്യം ചോദിക്കുന്നതിനു സന്ദർഭം അനുവദിക്കുന്നില്ല.

മി. വി. ചെല്ലംപിള്ള (തോവാള): സർ, മേൽചോദിച്ച ചോദ്യത്തിൻെറ (ഇ) ഭാഗത്തിനുള്ള മറുപടിയെസംബന്ധിച്ചിടത്തോളം, ഈ സംഗതിയിലുള്ള റിക്കാർഡുകളെസംബന്ധിച്ചു യഥാർത്ഥത്തിൽ നടത്തിയ പരിശോധനയെ അടിസ്ഥാനപ്പെടുത്തിയാണോ, അല്ലെങ്കിൽ ഇക്കാൎയ്യത്തിലുള്ള റിപ്പോർട്ടുകളേയും അന്വേഷണങ്ങളേയും അടിസ്ഥാനപ്പെടുത്തിയാണോ മറുപടി നൽകിയിട്ടുള്ളതു്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഈ ചോദ്യത്തിനുള്ള മറുപടി, ഈ വിഷയത്തിൽ പോലീസുകമ്മീഷണർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് നൽകിട്ടുള്ളതു്. നിശ്ചയമായും അദ്ദേഹം അന്വേഷണം നടത്തിയിരിക്കണം. പോലീസുകമ്മീഷണർ ഈ വിഷയത്തിൽ അന്വേഷണംനടത്തിയിട്ടുണ്ടോ ഇല്ലയോ എന്നുള്ളതിനെസംബന്ധിച്ചു മറുപടിപറയുന്നതിനു ഈ അവസരത്തിൽ ഗവണ്മെൻറിൻെറ കൈവശം യാതൊരു വിവരവുമില്ല.

പാപ്പനംകോട്-കൊററാമൂർറോഡിനെസംബന്ധിച്ചുള്ള അററകുററപ്പണികൾ നിർവഹിക്കുക.

൨൯൯. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെൻറു ദയവുചെയ്തു മറുപടി പറയുമോ:

ചോ. (എ) നെയ്യാററിൻകരത്താലൂക്കിലുള്ള പാപ്പനംകോട്-കൊററാമൂർ റോഡിൻെറ ഒന്നാമത്തെ മൈൽ സ്ഥലംമുതൽ അഞ്ചാമത്തെ മൈൽകുററിവരെ ഏകദേശം ൪ മൈൽ ദൂരമുള്ള സ്ഥലത്തെ സ്ഥിതി വളരെ ശോചനീയമായ നിലയിലാണെന്നു അറിയാമോ?

(ബി) മേൽപ്പറഞ്ഞ റോഡിനെ കാൽനടയായിപ്പോകുന്ന അനവധി യാത്രക്കാരും സാമാനങ്ങൾ കൊണ്ടുപോകുന്ന അനവധി വാഹനങ്ങളും ഉപയോഗിച്ചുവരുന്നു എന്നുള്ളതു ഗവണ്മെൻറിനു അറിയാമോ?

ഉ. താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെൻറു മറുപടി ദയവുചെയ്തു നൽകുമോ?

(എ) മേൽപ്പറഞ്ഞ റോഡിൻെറ അററകുററങ്ങൾ ഉടൻതന്നെ തീർക്കുന്നതിനും പുറമെ, റോഡിൽ ചല്ലിയിട്ടു ഉറപ്പിക്കണമെന്നും വിളവൂക്കൽ എന്ന സ്ഥലത്തുള്ള പൊളിഞ്ഞു ജീർണ്ണംഭവിച്ചുകിടക്കുന്ന പഴയ മരപ്പാലം നന്നാക്കണമെന്നും കാണിച്ചു വിളപ്പിൽ, വിളവൂക്കൽ, മറുകിൽ, മലയിൻകീഴ്, കാട്ടാക്കട മുതലായ സ്ഥലങ്ങളിൽ അധിവസിക്കുന്ന ആളുകൾ അയച്ചിട്ടുള്ള ഹർജികൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

(ബി) അടുത്തകാലത്തുനടന്ന ശ്രീമൂലംപ്രജാസഭാസമ്മേളനത്തിൽവച്ചു നെയ്യാററിൻകര പ്രതിനിധി ഈ സംഗതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളവിവരം അറിയാമോ?

(സി) രണ്ടാംഭാഗം (ബി) ചോദ്യത്തിനുള്ള ഉത്തരം അനുകൂലഭാവത്തിലാണെങ്കിൽ, അതിനെ സംബന്ധിച്ചു ഗവണ്മെൻറു നടത്തീട്ടുള്ള നടപടി എന്താണ് ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി):

ചോ. (എ) പാപ്പനംകോട്-കൊററാമൂർ റോഡു ചല്ലിയിട്ടിട്ടുള്ള ഒരു റോഡല്ല. അതിൻെറ സംരക്ഷണത്തിനു ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള പണം വിനിയോഗിച്ചു അററകുററങ്ങൾ തീക്കാവുന്നിടത്തോളം തീർത്തിട്ടുണ്ട്. ഈ റോഡിൻെറ അററകുററങ്ങൾ തീർത്തിട്ടുണ്ടെങ്കിലും ഒന്നാമത്തെ മൈൽകുററിയുടെ മറുവശത്തുള്ള ഭാഗങ്ങൾ ചല്ലിയിട്ടവ അല്ലാത്തതിനാൽ ക്രമത്തിലധികമായ മഴമൂലം റോഡു ഇളകി ചെളിയായി കിടക്കുന്നു. ചീഫ് എഞ്ചിനീയർ ഈ വിഷയത്തെ സംബന്ധിച്ചു റിപ്പോർട്ടു ചെയ്തിട്ടുള്ളതു ഈവിധത്തിലാണ്.

(ബി) ധാരാളം ആളുകൾ ഗതാഗതംചെയ്തുവരുന്നതും വാഹനങ്ങൾ പോക്കുവരവുള്ളതുമായ ഒരു റോഡാണ് ഇതു എന്നു ഗവണ്മെൻറിനറിയാം.

ഉ. (എ) വിളവൂക്കലുള്ള ജീർണ്ണംഭവിച്ച പാലം നന്നാക്കുന്നതിനും മേൽപ്പറഞ്ഞ റോഡിൻെറ അററകുററങ്ങൾ വേഗത്തിൽ തീർക്കുന്നതിനും ആയിട്ടുള്ള ജനങ്ങളുടെ ഹർജി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്. നെയ്യാററിൻകര പ്രതിനിധിയും ഈ വിഷയത്തെസംബന്ധിച്ചു ശ്രീമൂലംപ്രജാസഭയിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(സി) ഗവണ്മെൻറു ഈ കാൎയ്യത്തിൽ നിർവഹിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ചിടത്തോളം ഏററവും ശോചനീയമായ നിലയിൽ സ്ഥിതിചെയ്യുന്ന റോഡിൻെറ ഭാഗങ്ങൾ അതായതു്, ൩ മുതൽ ൫വരെ മൈൽ ഉള്ളവ ചല്ലിയിട്ടുറപ്പിച്ചുവരുന്നു. ഈ ജോലി നിർവഹിച്ചതിൻെറശേഷം അററകുററങ്ങൾ തീർക്കുന്നതിനു മററുഭാഗങ്ങളെ സംബന്ധിച്ചു പണി തുടങ്ങുന്നതായിരിക്കും.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സീ ഭാഗത്തിനെ സംബന്ധിച്ചടത്തോളം, എൻെറ ചോദ്യം ഇപ്രകാരമായിരുന്നു—

"രണ്ട് (ബി) ഭാഗത്തിനുള്ള മറുപടി അനുകൂലഭാവത്തിലാണെങ്കിൽ, അതിനെസംബന്ധിച്ചു ഗവണ്മെൻറു നടത്തീട്ടുള്ള നടപടിയുടെ സ്വഭാവം എന്താണെന്ന് പറയുമോ? അതിനുള്ള മറുപടി ഗവണ്മെൻറു ഇ

പ്രകാരമാണ് പറയുന്നത്'''. റോഡിന്റെ ഏററവും മോശമായ സ്ഥിതിയിൽ ഉള്ള ഭാഗങ്ങൾ അതായത് ൩-ാമത്തെ മൈൽകുററിമുതൽ ൻ-ാമത്തെ മൈൽകുററിവരെ ഉള്ള ഭാഗങ്ങളിൽ ചല്ലി ഇട്ടുവരുന്നു, മററു ഭാഗങ്ങളുടെ പണി പിന്നീട്ടു തുടങ്ങുന്നതായിരിക്കും.

പാപ്പനംകോട്ട- നേമം റോഡിന്റെ ൧-ാമത്തെ മൈൽകുററിമുതൽ ൩-ാമത്തെ മൈൽകുററിവരെയുള്ള ഭാഗങ്ങളെസംബന്ധിച്ചടത്തോളം, ജനങ്ങൾ ഗവർമ്മെൻറിൽ ബോധിപ്പിച്ച അപേക്ഷയിന്മേൽ ഗവർമ്മെൻറ് യാതൊരുനടപടിയും നടത്തിയിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറ് സെക്രട്ടറി): മേൽപറഞ്ഞ റോഡിന്റെ ഒന്നാമത്തെ മൈൽകുററിമുതൽ ൭-ാമത്തെ മൈൽകുററിവരെയുള്ള ഭാഗങ്ങൾ ചല്ലിയിട്ടുറപ്പിക്കുന്നതിനു ഒരടങ്കൽ അയക്കുന്നതിന് ചീഫ്എൻജിനീയർ അദ്ദേഹത്തിന്റെ കീഴ്ജീവനക്കാരോട്ട ആവശ്യപ്പെട്ടിട്ടുണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): രണ്ടാംഭാഗം (എ) യിൽ നിർദ്ദേശിച്ചിട്ടുള്ള എന്റെ ചോദ്യത്തിൽ വിളവൂർക്കൽഉള്ള പഴയ ജീർണ്ണിച്ച് ഇടുങ്ങിയിരിക്കുന്ന മരപ്പാലത്തിന്റെ അററകുററങ്ങൾ തീർക്കണം എന്നുള്ള ഉദ്ദേശത്തിലാണ് ഞാൻ ചോദിച്ചിട്ടുള്ളത്. അതിനു മറുപടി കിട്ടിയിട്ടില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറ് സെക്രട്ടറി): ചോദ്യത്തിന്റെ രണ്ടു ഭാഗങ്ങളേയും സംബന്ധിച്ചാണ് മറുപടി നൽകപ്പെട്ടിട്ടുള്ളത്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): പാലത്തിനെസംബന്ധിച്ചുകൂടിയാണോ മറുപടി നൽകിയിട്ടുള്ളത് എന്നുള്ളത് ഞാൻ അറിയുന്നതിനു ആഗ്രഹിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറ് സെക്രട്ടറി): "(ബി) ഭാഗം ചോദ്യത്തിനുള്ള മറുപടി അനുകൂലഭാവത്തിലാണെങ്കിൽ" എന്നാണ് ചോദ്യംചോദിച്ചിട്ടുള്ളത്. "(എ) ഭാഗം ചോദ്യത്തിനുള്ള മറുപടി അനുകൂലഭാവത്തിലാണെങ്കിൽ' എന്നല്ല ചോദ്യംചോദിച്ചിട്ടുള്ളത്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): രണ്ട് (എ) ഭാഗം ചോദ്യത്തിനെ അടിസ്ഥാനപ്പെടുത്തിയാണോ മറുപടി നൽകിയിരിക്കുന്നത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറ് സിക്രട്ടറി). ൨ (ബി) ഭാഗം ചോദ്യത്തിനുപററിമാത്രമാണ് മറുപടി നൽകപ്പെട്ടിരിക്കുന്നത്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): (സി) ഭാഗം ചോദ്യത്തിനെ സംബന്ധിച്ചടത്തോളം, "നിവേദനത്തെസംബന്ധിച്ച് എന്തു നടപടിയാണ് നടത്തീട്ടുള്ളത്" എന്നതു് അറിയുന്നതിനാണ് ഞാൻ ആവശ്യപ്പെടുന്നത്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറ് സിക്രട്ടറി): പാലത്തിനേയും റോഡിനേയും സംബന്ധിച്ചുള്ള നിവേദനത്തിന്മേൽ നടത്തിയ നടപടിയാണോ?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അതേ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറ് സിക്രട്ടറി): എന്റെ കൈവശം ഇപ്പോൾ ഉള്ള റിക്കാർഡുകളിൽ ഈ വിഷയത്തെസംബന്ധിച്ച കൃത്യമായ യാതൊരുവിവരവും ഉണ്ടായിരിക്കുന്നില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇക്കാര്യത്തിനെക്കുറിച്ചുള്ളവിവരങ്ങൾ അയച്ചുതരുന്നതിന് ആവശ്യപ്പെടാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറ് സിക്രട്ടറി): അപ്രകാരംചെയ്യാം.

മീനച്ചിൽതാലൂക്കിലുള്ള കൊല്ലപ്പള്ളി, വൈക്കം, മുതലായസ്ഥലങ്ങളെ സംബന്ധിച്ച വിവരങ്ങൾ.

൨൯൦. മി. ഐ. സി. ചാക്കോ (മീനച്ചിലും ദേവികുളവും): മീനച്ചിൽതാലൂക്കിലുള്ള കൊല്ലപ്പള്ളി, വൈക്കം, കിടങ്ങൂർ, കൊഴുവനാൽ, കോഴവ്വർ, ചേർപ്പുങ്കൽ, പിറവിത്താനം, കുറുമണ്ണൂർ, ഈ സ്ഥലങ്ങൾ ജനങ്ങൾ നിബിഡമായി അധിവസിക്കുന്ന കേന്ദ്രങ്ങളാണെന്നും, അവിടങ്ങളിൽ വ്യാപാരങ്ങളും ചന്തകളും നടന്നുവരുന്നുണ്ടെന്നും ഉള്ളവിവരം ഗവർമ്മെൻറിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറ് സെക്രട്ടറി): മീനച്ചിൽതാലൂക്കിൽ ഉള്ള റോഡിന്റെ സമീപത്തായി, കൊല്ലപ്പള്ളി, വൈക്കം, കിടങ്ങൂർ, കൊഴുവനാൽ, ഉഴവൂർ, ചേർപ്പുങ്കൽ, പിറവിത്താനം, കുറുമണ്ണൂർ, ഈ സ്ഥലങ്ങളിൽ ഓരോ ചെറിയ ചന്തവീതം ഉണ്ടെന്നു ഗവർമ്മെൻറിനു റിപ്പോർട്ടു കിട്ടിയിരിക്കുന്നു. ഈസ്ഥലങ്ങളിൽ ജനങ്ങൾ ഏതാണ്ടു നിബിഡമായിട്ടാണ് അധിവസിക്കുന്നത്. എന്നാൽ ഉള്ളിലേക്കു ചെല്ലുംതോറും ജനങ്ങൾ അവിടെ അത്ര തിങ്ങിവസിക്കുന്നതായികാണുന്നില്ല.

അഞ്ചൽഡിപ്പാർട്ടുമെൻറിലെ സിൽബന്ധികളുടെ ശമ്പളം പരിഷ്കരിക്കുന്നതിന് ആയവ്യയ ഗണനപ്പട്ടികയിൽ കൊള്ളിച്ചിട്ടുള്ള തുക.

൨൯൧. മി. ഐ. സി. ചാക്കോ (മീനച്ചിലും ദേവികുളവും): താഴെപറഞ്ഞിരിക്കുന്ന ചോദ്യങ്ങൾക്ക ഗവർമ്മെൻറിൽനിന്ന് ദയവുചെയ്തു മറുപടിനൽകുമോ?

(എ) അഞ്ചൽഡിപ്പാർട്ടുമെൻറിലുള്ള സർക്കാർജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് ഇതേവരെയായി അനുവദിച്ചിട്ടുള്ള തുക തൽക്കാര്യാർത്ഥം ചിലവാക്കീട്ടുണ്ടോ?

(ബി) (എ) ഭാഗം ചോദ്യത്തിനുള്ള മറുപടി നിഷേധ രൂപത്തിലാണെങ്കിൽ അതിനുള്ള കാരണം എന്താണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറ് സിക്രട്ടറി): (എ) അഞ്ചൽഡിപ്പാർട്ടുമെൻറിലെ സിൽബന്ധികളുടെ ശമ്പളം പരിഷ്കരിക്കുന്നതിനായിട്ടു ബഡ്ജററിൽകൊള്ളിച്ചിട്ടുള്ള തുക അതിനായി ചിലവാക്കീട്ടില്ല.

(ബി) ആയിരത്തിഒരുനൂററി അമ്പത്തഞ്ചാമാണ്ടത്തെ ആയവ്യയ ഗണനപ്പട്ടിക സഭയിൽ അവതരിപ്പിച്ച അവസരത്തിൽ ഫിനാൻഷ്യൽസിക്രട്ടറി ചെയ്ത പ്രസംഗത്തിലെ ൨൮-ാമത്തെ ഖണ്ഡികയിലേക്ക് മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

കാപ്പിയുടെ വില.

൨൯൨. മി. ഐ. സി. ചാക്കോ (മീനച്ചിലും ദേവികുളവും): (എ) താഴെപ്പറയുന്ന ചോദ്യങ്ങൾക്ക ദയവുചെയ്തു ഗവർമ്മെൻറ് മറുപടി തരുമോ?

(എ) ഈ സംസ്ഥാനത്തിൽ കറുപ്പ് ഒരു ലഹരിപദാർത്ഥമായിട്ടല്ലാ ജനങ്ങൾ ഉപയോഗിച്ചു വരുന്നതെന്നും, അതിനെ ജനങ്ങൾ ഒരു ഔഷധമെന്ന നിലയിൽ ആണ് ഉപയോഗിച്ചുവരുന്നതെന്നും ഗവണ്മെന്റിന് അറിയാമോ?

(ബി) കൂലിവേലക്കാരുടെ ഇടയിലും, സാധുക്കളുടെ ഇടയിലും, ഭിക്ഷ ചെയ്തു ഉപജീവിക്കുന്നവരുടെ ഇടയിലും ആണ് ഈ ഔഷധം കൂടുതൽ പ്രചാരത്തിലിരിക്കുന്നതെന്ന് ഗവണ്മെന്റിന് അറിയാമോ?

(സി) കറുപ്പിന്റെ വിലക്കൂടുതൽകൊണ്ട് തിരുവിതാംകൂറിലെ സാധുക്കളായ ജനങ്ങൾക്കാണ് ബുദ്ധിമുട്ടു നേരിട്ടിട്ടുള്ളതെന്ന് ഗവണ്മെന്റിന് അറിയാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): (എ) കറുപ്പിനെ ഔഷധമെന്നനിലയിലാണ് ജനങ്ങൾ അധികമായിട്ട ഉപയോഗിച്ചുവരുന്നത്.

(ബി)-യും (സി)-യും മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ ഗവണ്മെന്റിന്റെ പക്കലില്ലാ.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): (ബി) (സി) ഭാഗങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം കിട്ടീട്ടില്ല എന്നാണല്ലോ മറുപടി. എ. വിഭാഗത്തിന് പറഞ്ഞിരിക്കുന്ന മറുപടികൊണ്ടുതന്നെ ഈ വിവരങ്ങൾ അവശ്യം സമ്പാദിക്കേണ്ടതാണെന്ന് ഗവണ്മെന്റിനു തോന്നുന്നില്ലേ.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അത്ര ആവശ്യമാണെന്നു തോന്നുന്നില്ല. കറുപ്പു തിന്നുന്നതിൽ ഉത്സാഹമുള്ളവർ കുറെ കുറയുമായിരിക്കാം.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഇങ്ങനെ കറുപ്പു തിന്നുന്നവർ ഏതു തരക്കാരാണെന്നു തിരക്കം ചെയ്തിട്ടാണോ പറയുന്നത്?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി) തിരക്കം ചെയ്തിട്ടില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അത് ഒരു ഔഷധമായി സ്വീകരിക്കുന്നു എന്നു സമ്മതിക്കുന്ന സ്ഥിതിക്ക് ആ വിധത്തിൽ വേണ്ടസഹായം ചെയ്തു കൊടുക്കേണ്ട ചുമതല ഗവണ്മെന്റിനില്ലയോ?

മി. കെ ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതിനെപ്പററി അന്വേഷിച്ചിട്ടില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അത് അന്വേഷിക്കുന്നതിനു ഗവണ്മെന്റ സമയം വേണ്ട വ്യവസ്ഥകൾ ചെയ്യുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): എക്സൈസ് കമ്മീഷണരോട് അതിനെപ്പററി ആലോചിക്കാം.

മിത്തിലേറഡ് സ്പിരിററ ഇറക്കുമതി ചെയ്യുന്നതിനെ സംബന്ധിച്ച പെർമിററുകൾ സൌജന്യമായി നല്കുക.

൨൦൩. മി. വി. ജെ. ഉമ്മർ (കച്ചവടവും വ്യവസായവും വടക്ക്)

(എ) മിത്തിലേററഡ് സ്പിരിററ ലഹരിപദാർത്ഥം എന്ന നിലയിൽ കുടിക്കുന്നതിന് ഉപയോഗിക്കുവാൻ സാധിക്കയില്ലെന്നുള്ള വിവരം ഗവണ്മെന്റിനു അറിയാമോ?

(ബി) സ്റ്റൌവുകളേയും ഇൻകാൻഡിസന്റ് വിളക്കുകളേയും ഉപയോഗിക്കുന്നതിനു പുറമെ മാത്രം പൂശുന്നതിനു ഉപയോഗിക്കുന്ന ഏതാനും ഔഷധങ്ങൾ പാകം ചെയ്യുന്നതിനും ആയിട്ടാണ് അതു ഉപയോഗിച്ചുവരുന്നത് എന്നുള്ള വിവരം ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ?

(ഡി) ഇപ്പോൾ അതായതു് ഫെബ്രുവരി ൧൦-ാം തീയതി, മദ്യനിരോധത്തിന് എക്സൈസ് ഡിപ്പാർട്ടുമെന്റുകാർ ഈ സാധനത്തെ ഉൾപ്പെടുത്തിയിരിക്കുന്നു എന്നും വിദേശമദ്യങ്ങൾ വില്ക്കുന്നതിനു ലൈസൻസു വാങ്ങീട്ടുള്ള ആളുകൾ മാത്രമേ അതു ഇറക്കുമതി ചെയ്യുവരുന്നുള്ളൂ എന്നും ഗവണ്മെന്റിനു അറിയാമോ? ഒരു ഔൺസു കൊള്ളുന്ന സ്പിരിററിനു ഉള്ള വില ഇപ്പോൾ ബ്രിട്ടീഷ് ഇൻഡ്യയിലും മററു ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിലും ൨-൧൨ അണ മുതൽ ൩-൧൨ അണവരെ ആയിരിക്കെ, തിരുവിതാംകൂറിൽ അതിനുള്ള വില ൧൨ അണ ആണെന്ന് ഗവണ്മെന്റിനു അറിയാമോ?

(ഇ) വിദേശമദ്യങ്ങൾ വില്ക്കുന്നതിനു ലൈസൻസു വാങ്ങിയിട്ടുള്ള ആളുകൾക്കു മാത്രമേ ഈ സ്പിരിററ വില്ക്കുവാൻ പാടുള്ളൂ എന്നുള്ള വിവരം ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ?

(എഫ്) കെമിസ്റ്റ് സ്റ്റോറുകളുടേയും ഔഷധസ്റ്റോറുകളുടേയും ഉടമസ്ഥന്മാർ ൨൫ രൂപാ ലൈസൻസു ഫീസ് അടയ്ക്കുന്നപക്ഷം ഔഷധങ്ങൾ ചേർത്തിട്ടുള്ള വീഞ്ഞു ഈ നാട്ടിൽ ഇറക്കുമതിചെയ്യുന്നതിനു അവർക്കു ലൈസൻസു നല്കിവരുന്ന വിവരം ഗവണ്മെന്റിനറിയാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): (എ)-യും (ബി)-യും, ഇവയ്ക്കുള്ള ഉത്തരം അനുകൂലഭാവത്തിലാണ്.

(സി) ഇപ്പോൾ മിത്തിലേററഡ് സ്പിരിററിനെ മദ്യം എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കയാണ്. എന്നാൽ അതിനെ വിദേശമദ്യങ്ങൾ മൊത്തമായി വില്ക്കുന്നതിനു ലൈസൻസുകൾ വാങ്ങിയിട്ടുള്ള ആളുകൾ മാത്രമല്ല ഇറക്കുമതിചെയ്യുന്നതു്. ഉത്തമവിശ്വാസത്തിന്മേൽ തനതാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായിട്ട കുടിയാക്കു ജനങ്ങളും ഈ സാധനങ്ങളെ ഇറക്കുമതിചെയ്തുവരുന്നുണ്ട്.

(ഡി) മിത്തിലേററഡ് സ്പിരിററിനെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിലുള്ള കൂടുതൽ വിലയെപ്പററി ഗവണ്മെന്റിനു യാതൊരുവിവരവുമില്ല.

(ഇ) വിദേശമദ്യങ്ങൾ മൊത്തമായ തോതിൽ വില്ക്കുന്നതിനു ലൈസൻസുപ്രകാരം അധികാരം സിദ്ധിച്ചിട്ടുള്ള ആളുകൾക്കുമാത്രമേ ഈ സ്പിരിററ വില്ക്കാൻ പാടുള്ളൂ.

(എഫ്) കെമിസ്റ്റ് സ്റ്റോറുകളുടേയും ഔഷധസ്റ്റോറുകളുടേയും ഉടമസ്ഥന്മാർക്കു ൨൫ രൂപ ലൈസൻസു ഫീസിന്മേൽ ഔഷധങ്ങൾചേർത്ത വീഞ്ഞുവരുത്തുന്നതിനു ലൈസൻസുകൾ നല്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാം.

കൺസ്ട്രക്ഷൻ ഡയറക്ടർ കൽക്കുളംതാലൂക്കിലും വിളവംകോട്ടതാലൂക്കിലും
നടത്തിയിട്ടുള്ള സന്ദർശനങ്ങൾ.

൨൯൮. മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെന്റ ദയവുചെയ്തു മറുപടിതരുമൊ:

(എ) കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ അതായതു ൧൧൨൯ മുതൽ ൧൧൩൧ വരെ കൺസ്ട്രക്ഷൻഡയറക്ടർ എത്രതവണ കൽക്കുളംതാലൂക്കും വിളവങ്കോട്ടതാലൂക്കും സന്ദർശിച്ചിട്ടുണ്ടെന്ന പറയുമൊ?

(ബി) അദ്ദേഹം അപ്രകാരം സന്ദർശനങ്ങൾ നടത്തിയിട്ടുള്ള തീയതികൾ ഏതെല്ലാം?

(സി) എന്തു കാര്യത്തെ ആസ്പദമാക്കിയാണ് ഓരോ സന്ദർശനവും നടത്തിയിട്ടുള്ളത്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ സെക്രട്ടറി):

(എ)-യും (ബി)-യും (സി)-യും മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

നിയമസഭാ നടപടികൾ ഗവൺമെന്റ ഗസററിൽ പ്രസിദ്ധംചെയ്യുക.

൨൯൯. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): നിയമസഭാ നടപടികളെ സംബന്ധിച്ച വിവരങ്ങൾക്ക ശരിയായ പ്രസിദ്ധീകരണം നൽകുന്നതിന നടപടികളെ തിരുവിതാംകൂർ ഗവൺമെന്റ ഗസററിൽ പരസ്യംചെയ്യുന്നതിന ഗവൺമെന്റ ഉദ്ദേശിക്കുന്നു എന്നുള്ള വിവരം ദയവുചെയ്തു പറയുമൊ?

മി. കെ. ജാജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): അങ്ങനെ ചെയ്യണമെന്ന ഗവൺമെന്റ ഉദ്ദേശിക്കുന്നില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): നിയമസഭാനടപടികൾ ഗവൺമെന്റ ഗസററിൽ പരസ്യംചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം അതു് ആവശ്യമുള്ള സംഗതി അല്ലെന്നാണോ ഗവൺമെന്റ വിചാരിക്കുന്നതു എന്ന പറയുമൊ?

മി. കെ. ജാജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): അതിനുള്ള ഉത്തരം നിഷേധരൂപത്തിലാണ്, അതിനുള്ള കാരണം അപ്രകാരം നടപടികൾ പ്രസിദ്ധീകരണം ചെയ്യേണ്ട ആവശ്യമില്ലെന്ന ഗവൺമെന്റ വിചാരിക്കുന്നതുതന്നെയാണ്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഇപ്രകാരമുള്ള നടപടികൾ ഗവൺമെന്റ ഗസററിൽ പ്രസിദ്ധംചെയ്യുന്നതു ജനങ്ങൾക്ക ഗുണകരമായിരിക്കുമെന്ന ഗവൺമെന്റ വിചാരിക്കുന്നില്ലേ?

മി. കെ. ജാജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): സഭാനടപടികൾ പുസ്തകരൂപത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധംചെയ്യുന്നതിന വ്യവസ്ഥചെയ്തിട്ടുണ്ട്, വളരെ കുറഞ്ഞ വിലപ്രകാരം അവയെ വിറവവരുന്നുമുണ്ട്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഈ നടപടികൾ ഗസററിൽ പ്രസിദ്ധംചെയ്യുന്നകാര്യത്തിൽ ഗവൺമെന്റിന ഏതെങ്കിലും ആക്ഷേപം പറയുവാനുണ്ടോ?

മി. കെ. ജാജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): ഗവൺമെന്റിന് ആക്ഷേപം പറയുവാനുണ്ട്. ഈ കാര്യത്തിൽ അധികമായിട്ടുള്ള ചിലവുനേരിടുന്നതാണ്. ഓരോദിവസത്തെ നടപടികൾതന്നെ ഏകദേശം നൂറു പുറത്തിൽ കുറയാതെ വരുന്നതാകുന്നു.

വിളവങ്കോട്ടതാലൂക്കിൽ ഒരു സത്രം സ്ഥാപിക്കുക.

൩൦൦. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെന്റ മറുപടി ദയവുചെയ്തു നൽകുമോ:

(എ) വിളവങ്കോട്ടതാലൂക്ക തഹശീൽദാർ ഒരു സത്രം സൂക്ഷിപ്പുകാരന ശമ്പളം നൽകിവരുന്നുണ്ടോ?

(ബി) (എ) ഭാഗം ചോദ്യത്തിനുള്ള മറുപടി അനുകൂലത്തിലാകുന്നെങ്കിൽ വിളവങ്കോട്ടതാലൂക്കിൽ ഒരു സത്രം ഇപ്പോൾ നടപ്പിച്ചിരിക്കുന്നുണ്ടോ?

(സി) പഴയസത്രംകെട്ടിടത്തിൽ സ്ഥാപിച്ചിരിക്കുന്ന ഇപ്പോഴത്തെ മജിസ്ട്രേട്ടുകോടതി, പുതുതായി പണികഴിപ്പിച്ചിരിക്കുന്ന കെട്ടിടത്തിൽ മാററി സ്ഥാപിക്കുമ്പോൾ ഈ സത്രംകെട്ടിടത്തിൽതന്നെ സത്രം ഇടുന്നതിന ഗവൺമെന്റ ആലോചിച്ചുവരുന്നുണ്ടോ?

മി. കെ. ജാജ്. (ഗവൺമെന്റ ചീഫ് സിക്രട്ടറി): (എ) വിളവങ്കോട്ടതാലൂക്ക തഹശീൽദാർ സത്രംസൂക്ഷിപ്പുകാരന് ശമ്പളംനൽകിവരുന്നില്ല.

(ബി) (എ)ഭാഗം ചോദ്യത്തിന മേൽകൊടുത്തിട്ടുള്ള മറുപടിയെസംബന്ധിച്ചു നോക്കുന്നപക്ഷം ഈ ചോദ്യത്തിന സന്ദർഭംകാണുന്നില്ല.

(സി) പഴയസത്രത്തിൽതന്നെ സത്രം സ്ഥാപിക്കുന്നതിന ഗവൺമെന്റ ആലോചിച്ചിട്ടുണ്ട്.

൧൧൨൯-ൽ അഗസ്തീശ്വരംതാലൂക്കിൽ പണികഴിച്ചിട്ടുള്ള റോഡുകൾ.

൩൦൧. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): അഗസ്തീശ്വരംതാലൂക്കിൽ ആയിരത്തി ഒരുനൂററി നാലാമാണ്ടു വെട്ടിയിട്ടുള്ള പുതിയ റോഡുകളുടെ പേരുകൾ ഏതെല്ലാമാണെന്ന പറയുന്നതിന് ഗവൺമെന്റിന ദയവുണ്ടാകുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സിക്രട്ടറി): (എ) കൊട്ടാരത്തിൽനിന്നും ഈത്താമൊഴി കോട്ടാർറോഡിൽ നാലാം മൈൽകുററിവരെ ഉള്ള ഒരു റോഡ്.

(ബി) കന്യാകുമാരിറോഡിൽ കക്കാട്ടുഗ്രാമത്തിൽ ശുചീന്ദ്രത്തുള്ള പാലംനിൽക്കുന്ന സ്ഥലത്തുനിന്ന പോകുന്ന റോഡ്.

(സി) മരങ്ങൂർപകുതിയിൽ വഞ്ചിമാർത്താണ്ഡനല്ലൂരുമായി സംഘടിപ്പിക്കുന്ന ഒരു ശാഖറോഡ്,

(ഡി) ധർമ്മപുരംറോഡു നാലാമത്തെ മൈൽകുററിയിൽനിന്നും കൊട്ടാരംഗ്രാമത്തിലേക്കു പോകുന്ന വണ്ടികളുടെ ഗതാഗതത്തിനുള്ള റോഡ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എപ്പോഴാണ് മേൽപറഞ്ഞ നാലു റോഡുകളെയും സംബന്ധിച്ച പണികൾ നടത്തുന്നതിൽ ഗവണ്മെന്റു അനുവാദം നൽകപ്പെട്ടിട്ടുള്ളതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): ഇതിന്റെ മറുപടി പറയുന്നതിനു സാധിക്കയില്ല. എന്തെന്നാൽ ഇതിനുള്ള വിവരം ശേഖരിക്കുന്നതിനു ചോദ്യം മുൻകൂട്ടി അറിയിക്കേണ്ടതായിരുന്നു

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആയിരത്തി ഒരുനൂററിനാലിൽ കന്യാകുമാരിറോഡിൽ ശുചീന്ദ്രത്തുള്ള പാലം സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്ന് ഏതെങ്കിലുംറോഡു വെട്ടിയിട്ടുണ്ടോഎന്ന് എന്നെ അറിയിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): സർ, മെംബർ ചോദിച്ച പ്രധാനചോദ്യത്തിന്റെ മറുപടിയിൽ ഇതിനുള്ള മറുപടിയും പറഞ്ഞിട്ടുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം) മേൽ പറഞ്ഞിട്ടുള്ള റോഡു വെട്ടിച്ചിട്ടുള്ളതു ആയിരത്തി ഒരുനൂററി നാലാമാണ്ടാണോ എന്നതു അറിയുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): ഈ ചോദ്യത്തിന് മറുപടിപറയുന്നതിനു നിവൃത്തിയില്ലാ. അതിനുള്ള വിവരം ഗ്രഹിക്കേണ്ടതായിട്ടുണ്ട്. ഈ ചോദ്യത്തിനെക്കുറിച്ച് മുന്നറിവു ലഭിക്കുന്നതിനു എനിക്കു അവകാശമുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): വിവരമായി തയ്യാറാക്കപ്പെട്ടിട്ടുള്ള ആയവ്യയ ഗണനപ്പട്ടികയിൽ ഈ പ്രത്യേകമായ ജോലി നടത്തുന്നതിന് ഏതെങ്കിലും വ്യവസ്ഥചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): ഏതുകൊല്ലത്തിലെ ബഡ്ജററിലാണ് വ്യവസ്ഥചെയ്തിട്ടുള്ളതെന്നാണ് ചോദിക്കുന്നതു?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ൧൧൦൪-ലെ ആയവ്യയ ഗണനപട്ടികയിൽ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): ആയവ്യയ ഗണനപട്ടികയിൽനിന്നു മെംബറിന് ഇതിനെസംബന്ധിച്ച വിവരം എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആയവ്യയ ഗണനപട്ടികയിൽ മേൽപറഞ്ഞ പണി നടത്തുന്നതിനു യാതൊരു വ്യവസ്ഥയും ഉൾപ്പെടുത്തീട്ടില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): ഈ സ്ഥിതിക്കു ഈ വിഷയത്തെ സംബന്ധിച്ച വിവരങ്ങൾ മെംബറിന് അറിയാവുന്നതാണല്ലോ.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആയിരത്തി ഒരുനൂററിനാലിൽ ഒരു പുതിയറോഡു വെട്ടണമെന്ന് ഉദ്ദേശിച്ചിരിക്കുന്നുഎന്നാണോ ഇതിൽനിന്നു മനസ്സിലാക്കേണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം അതു ഒരു പുതിയ പണിയാണ് എന്നോ അല്ലെങ്കിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു പണിയാണ് എന്നോ ഉള്ള കാര്യം ആയവ്യയ ഗണനപട്ടികയിൽനിന്നു കാണാവുന്നതാണല്ലോ.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എന്റെ ചോദ്യം ഇപ്രകാരമായിരുന്നു. "ആയിരത്തി ഒരുനൂററി നാലിൽ പുതുതായി വെട്ടീട്ടുള്ള റോഡുകളുടെ പേരുകൾ പറയുന്നതിന് ഗവണ്മെന്റിനു ദയവുണ്ടാകുമോ" ആയിരത്തി ഒരുനൂററിനാലിൽ വെട്ടീട്ടുള്ള പുതിയ റോഡുകളുടെകൂട്ടത്തിൽഉള്ള ഒന്നാണോ ഇതു എന്നുള്ളതു് അറിയുന്നതിനാണ് ഞാൻ ആവശ്യപ്പെടുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): കാര്യത്തിന്റെ സ്ഥിതി ഇപ്രകാരമാണെന്ന് ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ശുചീന്ദ്രത്തുള്ള പുതിയ സെക്ഷനാഫീസർ.

൨൯൭. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ശുചീന്ദ്രത്തുള്ള പൊതുമരാമത്തു സെക്ഷനാഫീസ് വാടകയ്ക്കെടുത്തിട്ടുള്ള ഒരു കെട്ടിടത്തിൽ സ്ഥാപിച്ചിരിക്കുന്നതു എന്തുകൊണ്ടാണെന്നുള്ള വിവരം പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): പൊതുമരാമത്തു സെക്ഷനാഫീസ സ്ഥാപിക്കുന്നതിനു ഗവണ്മെന്റുവക യാതൊരു കെട്ടിടങ്ങളും ശുചീന്ദ്രത്തു ഉണ്ടായിരിക്കുന്നില്ല. അതുകൊണ്ടാണ് ഇപ്രകാരം സമ്മതിച്ചിട്ടുള്ളതു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): മേൽപറഞ്ഞ പൊതുമരാമത്തു സെക്ഷന്റെ അധികാരത്തിൽപെട്ട ഏതെങ്കിലുംസ്ഥലത്തു ലഭിക്കാൻ സാധിക്കുന്ന സർക്കാർവകയായ ഏതെങ്കിലും കെട്ടിടമുണ്ടോഎന്നുള്ളവിവരം ദയവുചെയ്തു എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): മേൽപറഞ്ഞ സെക്ഷനാഫീസ് ശുചീന്ദ്രത്താണ്. പ്രസ്തുതസ്ഥലത്തു ഗവണ്മെന്റുവകയായി യാതൊരു കെട്ടിടങ്ങളും ഇല്ല. ഗവണ്മെന്റിനു കിട്ടീട്ടുള്ള റിപ്പോർട്ടിൽ അപ്രകാരമാണ് പറയുന്നതു്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പൊതുമരാമത്തുസെക്ഷന്റെ അതിർത്തിയിൽപ്പെട്ട ഏതെങ്കിലും സ്ഥലത്തു സർക്കാർവകയായ കെട്ടിടം കെട്ടുന്നതിനു സാധിക്കുമോ എന്നുള്ളതു അറിയുന്നതിനാണ് ഞാൻ ആവശ്യപ്പെടുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): ഇതിനു മറുപടിപറയുന്നതിനു നിവൃത്തിയില്ലാ. ഇതിനെക്കുറിച്ചുള്ള വിവരം ഗ്രഹിക്കേണ്ടതായിട്ടുണ്ടു. ഈ ചോദ്യത്തിനെപ്പററി മുൻ അറിയിപ്പു ലഭിക്കുന്നതിനു എനിക്കവകാശമുണ്ട്.

മോട്ടോർബസ്സുകളിൽ കൂടുതല് ആരോഹകരെ കയററുക.

൨൯൮. മി. വി. ചെല്ലംപിള്ള (തോവാള): കഴിഞ്ഞകാലത്തിൽ ആധുനികമായ പരിഷ്കാരങ്ങളോടുകൂടിയ ... സഞ്ചാരിവ്യയം അധികരിച്ചിട്ടുള്ള ൻ പേർക്ക കേറാവുന്ന മോട്ടോർബസ്സു ഉടമസ്ഥന്മാരുടെയും പൊതുവെ യാത്രചെയ്യുന്ന പൊതുജനങ്ങളുടെയും ക്ഷേമത്തെപ്പററിഗണിച്ചു തന്നാണ്ടിൽ അതായതു (ആയിരത്തി ഒരുനൂററി നാലാമാണ്ടു) ൨൫ പേർക്ക കേറാവുന്ന വലിയ മോട്ടോർബസ്സുകളിലും മററുവലിയ മോട്ടോർബസ്സുകളിലും കൂടുതൽആളെ കയററി ഓടിക്കുന്ന സമ്പ്രദായത്തെ തടയുന്നതിനു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു പറയുന്നതിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): മോട്ടോർവണ്ടികളിൽ കൂടുതൽഭാരം കയററുക എന്നതു് മോട്ടോർ വാഹന ഗ്ഗുലേഷൻ അനുസരിച്ചു കുററകരമായിട്ടുള്ളതാണ്. മോട്ടോർവാഹനറഗ്ഗുലേഷനനുസരിച്ചു ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലും മേൽപറഞ്ഞ കൃത്യം കുററകരമായി ഗണിക്കപ്പെട്ടിട്ടുണ്ടു. ഇപ്രകാരം ചെയ്യുന്ന കുററക്കാരെ ചട്ടപ്രകാരം പ്രോസിക്യൂട്ടുചെയ്യുകയോ അല്ലെങ്കിൽ അവർ വാങ്ങിയിട്ടുള്ള ലൈസൻസുകളെ ഡിപ്പാർട്ടുമെന്റുമുഖാന്തിരം റദ്ദാക്കപ്പെടുകയോ സസ്പെൻറുചെയ്യുകയോ ചെയ്യുവാനുണ്ടു. അവർക്കു നല്കുന്ന ശിക്ഷ ഈ വിധമാണു്.

മി. വി. ചെല്ലംപിള്ള (തോവാള): എന്റെ ചോദ്യത്തിനുള്ള മറുപടി ഈ വിധത്തിലാണ് നൽകപ്പെട്ടിട്ടുള്ളതു്.

"മോട്ടോർ വാഹനറഗ്ഗുലേഷൻ അനുസരിച്ചും പ്രസ്തുത റഗ്ഗുലേഷൻപ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളനുസരിച്ചും കൂടുതൽ ഭാരം കയററുക എന്നുള്ളതു കുററകരമായി ഗണിക്കപ്പെട്ടിട്ടുണ്ടു".

മോട്ടോർ വണ്ടികളിൽ കൂടുതൽ ഭാരം കയററുന്നതിനെ തടയുന്നതിനു തന്നാണ്ടിൽ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാകുന്നു എന്നു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): കൂടുതൽഭാരം കയററുന്നതിനെ തടയുന്നതിനു സ്വീകരിക്കപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങൾ മേൽപറഞ്ഞവയാണ്.

മി. വി. ചെല്ലംപിള്ള (തോവാള): ഈ ചട്ടം നിയമപുസ്തകത്തിൽ കാണുന്നുണ്ടു. ഈ നിയമം ഉണ്ടാക്കീട്ടു വളരെ കൊല്ലങ്ങൾ ആയിട്ടുണ്ട്. മോട്ടോർവണ്ടികളിൽ കൂടുതൽ ഭാരം കയററുന്നതിനെ തടയുന്നതിനു ഗവണ്മെന്റു മററു നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്നുള്ള വിവരം അറിയുന്നതിനാണ് ഞാൻ ആവശ്യപ്പെട്ടതു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): നിയമത്തിലുള്ള വ്യവസ്ഥകൾ അനുസരിച്ചു നടപടികൾ നടത്തപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവണ്മെന്റ് കുററകരമായി ഗണിച്ചു നടത്തീട്ടുള്ള കേസുകളുടെ സംഖ്യ കാണിക്കുന്ന ഒരു സ്റ്റേറമെന്റു ഹാജരാക്കുന്നതിനു മെമ്പർ ആവശ്യപ്പെട്ടിട്ടില്ല.

മി. വി. ചെല്ലംപിള്ള (തോവാള): ഈ വർഷത്തിൽ ആയിരത്തി ഒരുനൂററി നാല്പതാമാണ്ടു ഗവണ്മെന്റു നടത്തീട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നുള്ളതു അറിയുന്നതിനു ഞാൻ ആവശ്യപ്പെടുന്നു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ചോദ്യത്തിനു നൽകീട്ടുള്ള മറുപടിയിൽ ഗവണ്മെന്റു നടത്തീട്ടുള്ള നടപടികളെപ്പററി പ്രസ്താവിച്ചിട്ടുണ്ടു.

മി. വി. ചെല്ലംപിള്ള (തോവാള): അപ്രകാരം ഉള്ള നടപടികൾ നടത്തപ്പെട്ടിട്ടുള്ളതു ഈ കൊല്ലത്തിൽതന്നെ ആണോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഈ കൊല്ലത്തിലാണു അവ നടത്തപ്പെട്ടിട്ടുള്ളതു്.

മി. വി. ചെല്ലംപിള്ള (തോവാള): ഇപ്രകാരമുള്ള നടപടികൾ ഗവണ്മെന്റ് എല്ലാക്കാലവും നടത്തുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഗവണ്മെന്റ് ഇപ്രകാരം നടത്തുന്നുണ്ട്. നിയമവും നിയമത്തിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടവും അനുസരിച്ചു ഡിപ്പാർട്ടുമെന്റിനു പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): ഇപ്പോൾ ആലോചനയിലിരിക്കുന്ന വിഷയത്തെ സംബന്ധിച്ചു തന്നാണ്ടിൽ ഗവണ്മെന്റ് ഏതെങ്കിലും നടപടികൾ നടത്തീട്ടുണ്ടോ എന്ന സംഗതി അറിയുന്നതിനാണ ഞാൻ ആവശ്യപ്പെട്ടതു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഗവണ്മെന്റ് നടപടി നടത്തീട്ടുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): വളരെ കൊല്ലങ്ങളായിട്ടു മേൽപ്പറഞ്ഞ ചട്ടം പ്രവർത്തിച്ചിരിക്കയാണല്ലോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഏതെങ്കിലും ചട്ടം നിലവിൽ ഇരിക്കുമ്പോൾ, എല്ലാക്കാലവും അതനുസരിച്ചു പ്രവർത്തിക്കേണ്ടതാണല്ലോ?

മി. വി. ചെല്ലംപിള്ള (തോവാള): ഈ കാര്യത്തിൽ നടപ്പുകൊല്ലത്തിൽ ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ? ഇതാണ് ഞാൻ ആവശ്യപ്പെടുന്നതു്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ചട്ടങ്ങളനുസരിച്ചു ഞങ്ങൾ നടപടികൾ നടത്തിയിട്ടുണ്ടു.

മി. വി. ചെല്ലംപിള്ള (തോവാള): അതു ഞങ്ങൾക്കു അറിയാമെന്നുള്ള സംഗതിയാണ്.

മോട്ടോർ ബസ്സുകളിൽ യാത്രക്കാർക്കു ഇരിക്കുന്നതിനുള്ള സൗകര്യങ്ങൾ.

നം. ൭൦൦. മി. വി. ചെല്ലംപിള്ള (തോവാള); ഏതാണ്ടുവിധത്തിൽ കാര്യക്ഷമതയോടുകൂടി, കൂടുതൽ ഭാരം കയററുന്നതിനെ തടയുന്നതിനു മോട്ടോർ ബസ്സുകളിൽ യാത്രക്കാർക്കിരിക്കുന്നതിനുള്ള സൗകര്യങ്ങളെ ആസ്പദമാക്കി, വണ്ടികളിലുള്ള സീററുകളെ തമ്മിൽ വേർതിരിക്കുന്ന അഴികളോ, ഇരുമ്പു അഴികളോ, വച്ചു കഴിയുന്നിടത്തോളം കമ്പാർട്ടുമെന്റുകൾ (മുറികൾ) ആക്കി തിരിക്കുന്നതിൽ, ഈ നിയമസഭയുടെ കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ ഒരു സാമാജികൻ സമർപ്പിച്ച നിർദ്ദേശം ഗവണ്മെന്റ് നടപ്പിൽ വരുത്തി പരീക്ഷിച്ചുനോക്കിയോ എന്നുള്ള വിവരം പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഈ വിഷയത്തെ സംബന്ധിച്ചു പോലീസ് കമ്മീഷണർ ഒരു നിർദ്ദേശം ഗവണ്മെന്റിൽ അയച്ചിട്ടുണ്ടു. അതിനെപ്പററി ഗവണ്മെന്റ് ഇപ്പോൾ പര്യാലോചിച്ചുവരുന്നു.

എക്സൈസ് കാര്യങ്ങളെസംബന്ധിച്ചു തിരുവിതാംകൂർ പടം.

നം. ൭൦൧. മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ സംസ്ഥാനത്തുള്ള ചാരായഷാപ്പുകളും കള്ളുഷാപ്പുകളും സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങൾ, അവ തമ്മിലുള്ള ദൂരങ്ങൾ മുതലായവ കാണിക്കുന്ന ഈ സംസ്ഥാ

ത്തിന്റെ ഒരു എക്സൈസ് പടം തയ്യാറാക്കുന്നതിനു കഴിഞ്ഞ നിയമസഭായോഗത്തിൽ എക്സൈസ് കമ്മീഷണർ സമ്മതം പ്രദർശിപ്പിച്ചിരുന്നതനുസരിച്ച്, അതു തയ്യാറാക്കുന്ന കാര്യത്തിൽ ഏതുവരെയും ഇപ്പോൾ ([illegible])-ൽ ആരംഭിച്ചിട്ടുണ്ടോ എന്നും, പടം എന്നത്തേക്കു പൂർത്തിയാകുമെന്നും ഉള്ള വിവരങ്ങൾ പറയുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്‌സിക്രട്ടറി): ഒരു എക്സൈസ് മാപ്പ് തയ്യാറാക്കുന്ന കാര്യത്തിൽ യാതൊരു വാഗ്ദാനവും ചെയ്തിട്ടില്ല. തന്റെ ആപ്പീസിൽ ഒരു പടം തയ്യാറാക്കണമെന്നു വിചാരിക്കുന്നു എന്നുമാത്രമേ എക്സൈസ് കമ്മീഷണർ പ്രസ്താവിച്ചിട്ടുള്ളു. ഓരോ പുതിയ എക്സൈസ് കണ്ട്രാക്ടു നടക്കുന്ന അവസരത്തിൽ ഷാപ്പുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾക്കു മാറ്റം വരുന്നതിനു ഇടയുണ്ട്. മേൽപ്പറഞ്ഞവിധത്തിലുള്ള ഒരു പടംകൊണ്ടു യാതൊരു പ്രയോജനവും സിദ്ധിക്കുവാനില്ലെന്നു കമ്മീഷണർ തീരുമാനിച്ചിരിക്കുന്നു. അതിനാൽ ഇതുവരെ പടം തയ്യാറാക്കപ്പെട്ടിട്ടില്ല. പടം തയ്യാറാക്കപ്പെടുന്നപക്ഷവും ശരിയായ വിവരങ്ങൾ ലഭിക്കുന്നതുകൊണ്ടു തന്നെയും ചിലപ്പോഴും പടത്തിനെ ഭേദപ്പെടുത്തേണ്ടതായിട്ടുണ്ട്.

സർക്കാർ സർവീസിലുള്ള തിരുവിതാംകൂർകാരല്ലാത്ത ആളുകൾ.

നം. [illegible]. മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ഇപ്പോൾ ([illegible]) ഗവൺമെന്റ സർവീസിൽ [illegible] രൂപായും അതിൽകൂടുതലും ശമ്പളം ഉള്ള ഉദ്യോഗങ്ങളിലിരിക്കുന്ന തിരുവിതാംകൂർകാരല്ലാത്ത ഓരോ ഉദ്യോഗസ്ഥന്മാരുടെയും പേരും ശമ്പളവും അവർ ജോലിചെയ്യുന്ന ഡിപ്പാർട്ടുമെന്റുകളുടെ പേരും കാണിക്കുന്ന വർഗ്ഗം തിരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റ മേശമേൽ വയ്ക്കുന്നതിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്‌സിക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള സ്റ്റേറ്റുമെന്റിൽ അടങ്ങുന്ന സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കണമെന്നു ഗവൺമെന്റ ഉദ്ദേശിക്കുന്നില്ല. അവ ശേഖരിക്കുന്നതിനു വളരെ ബുദ്ധിമുട്ടും സമയച്ചിലവും ഉള്ള ഒരു കാര്യമാണ്. കൂടാതെ, അപ്രകാരം ചെയ്യുന്നതിനുണ്ടാകാവുന്ന പ്രയോജനത്തെപ്പറ്റി ചിന്തിക്കുന്നപക്ഷം, അത്ര വളരെ സമയം ചിലവാക്കുകയും ബുദ്ധിമുട്ട സഹിക്കുകയും ചെയ്യുന്നതു അസ്ഥാനത്തിലായിരിക്കുന്നതാണ്.

പുതിയ ദിവാൻജി ഉദ്യോഗം കയ്യേറ്റതു.

നം. [illegible]. മി. ഡി. സി. ജേക്കബ് (അഗസ്തീശ്വരം): പുതിയ ദിവാൻജി അദ്ദേഹത്തിന്റെ കൃത്യങ്ങളുടെ ചാർജ് കയ്യേറ്റ തീയതിയും സമയവും പറയുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്‌സിക്രട്ടറി) [illegible] ജൂൺമാസം [illegible]-ാംതീയതിക്കു ശരിയായ [illegible] മിഥുനം [illegible]-ാംതീയതി ഉച്ചക്കു [illegible] അടിച്ചു [illegible] മിനിട്ടു ആയപ്പോൾ അദ്ദേഹം ചാർജെടുത്തു.

പുതിയ ദിവാൻജിയുടെ നിയമനത്തെ പ്രഖ്യാപനംചെയ്യുന്ന പരസ്യം.

നം. [illegible]. മി. സി. സി. ജോസഫ് (അഗസ്തീശ്വരം): പുതിയ ദിവാൻജിയുടെ നിയമനത്തെ പ്രഖ്യാപനംചെയ്യുന്ന പരസ്യം തിരുവിതാംകൂർ ഗവൺമെന്റ ഗസറ്റിൽ തമിഴിൽ പ്രസിദ്ധപ്പെടുത്താത്തതു എന്തുകൊണ്ടാണെന്നു ഗവൺമെന്റ ദയവുചെയ്തു പറയുമോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്‌സിക്രട്ടറി): ദിവാൻജിയുടെ നിയമനത്തെസംബന്ധിച്ചു മുൻകാലങ്ങളിൽ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന സമ്പ്രദായത്തെ അനുസരിച്ചാണ് പുതിയ ദിവാൻജിയുടെ നിയമനത്തെ സംബന്ധിച്ച പരസ്യവും ഗവൺമെന്റ ഗസററമൂലം പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടുള്ളതു.

മി. സി. സി. ജോസഫ് (അഗസ്തീശ്വരം): ഗവൺമെന്റ ഈ കാര്യത്തിൽ ഇതേവരെ അനുവർത്തിച്ചുവന്ന സമ്പ്രദായം ഗവൺമെന്റ തുടരണമെന്നുണ്ടോ എന്നുള്ളതു പറയുന്നതിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്‌സിക്രട്ടറി): ഈ ചോദ്യം മുൻചോദിച്ചിട്ടുള്ള ചോദ്യത്തിൽതന്നെ ഉൾപ്പെട്ടിട്ടുള്ളതല്ല.

അനുബന്ധം XL.

മുൻകൊടുത്തിട്ടുള്ള [illegible]-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.

[illegible] മീനം [illegible] മുതൽ [illegible] മീനം [illegible] വരെ വക്കീലന്മാരുടെ ഇടയിൽനിന്നു സർവീസിൽ നിയമിച്ചിട്ടുള്ള മുൻസിഫന്മാരുടെ വർഗ്ഗം തിരിച്ചുള്ള പട്ടിക.

ഹിന്ദുക്കൾ												ക്രിസ്ത്യാനികൾ					
													റോമൻ കത്തോലിക്കർ		സുറിയാനിക്കാർ		
ബ്രാഹ്മണർ (മലയാളി)	ബ്രാഹ്മണർ (മറുനാട്ടുകാർ)	ഈഴവർ	കമ്മാളർ	ക്ഷത്രിയർ (മ-ന-മ)	നാടാന്മാർ	വാത്തിമാർ	പുലയർ	വെള്ളാളർ	മറ്റു അമ്പലവാസികൾ	മറ്റു ഹിന്ദുക്കൾ	മുഹമ്മദീയർ	പ്രൊട്ടസ്റ്റന്റുകാർ	ലത്തീൻകത്തോലിക്കർ	സുറിയാനിക്കത്തോലിക്കർ	യാക്കോബായക്കാർ	മാർത്തോമാക്കാർ	മറ്റുള്ളവർ
...	൨	...	...	൧	...	൨	...	൧	...	...	...	...	...	൧	...	൧	[illegible]

അനുബന്ധം XLI.

മുൻകൊടുത്തിട്ടുള്ള ൨൩൯-ാംനമ്പർ ചോദ്യത്തിന്റെ മറുപടി,

൧൧൦൦ ചിങ്ങമാസംമുതൽ ൧൧൦൪ മിഥുനമാസം ൨൯-ാം-വരെ ഡിസ്ട്രിക്ട് കോടതികളിൽ ഗവർമ്മെന്റുസർവീസിലും വക്കീലന്മാരുടെ ഇടയിലുംനിന്ന് നിയമിച്ചിട്ടുള്ള താൽക്കാലിക രണ്ടാംജഡ്ജിമാരുടെ വർഗ്ഗംതിരിച്ചുള്ള പട്ടിക.

എവിടെനിന്നു നിയമിച്ചുഎന്ന്	ഹിന്ദുക്കൾ													ക്രിസ്ത്യാനികൾ					റിമാർക്ക്
														റോമൻകത്തോലിക്കർ		സുറിയാനികൾ			
	ബ്രാഹ്മണർ (മലയാളി)	ബ്രാഹ്മണർ (പരദേശി)	ഈഴവർ	കമ്മാളർ	ക്ഷത്രിയർ (മലയാളി)	നാടാർ	നായർ	പുലയർ	വെള്ളാളർ	മററു അധഃകൃതവർഗ്ഗക്കാർ	മററു ഹിന്ദുക്കൾ	മഹമ്മദീയർ	പ്രൊട്ടസ്റ്റന്റുകാർ	ലാററിൻകാരൻ	സുറിയാനിക്കാരൻ	യാക്കോബായക്കാർ	മാർത്തോമ്മക്കാർ	മററുള്ളവർ	
സർവീസിൽനിന്ന്	...	൧	...	...	...	...	൧	...	൧	...	൧	...	൧	൧	...	...	൨	...	൧൧, താൽക്കാലിക രണ്ടാംജഡ്ജിമാരിൽ സീനിയർമുൻസിഫന്മാരായിരുന്നവർക്ക് പ്രമോഷൻ കൊടുത്തു ൮ പേരെ നിയമിച്ചു. മററുള്ള ൩പേരേയും വക്കീലന്മാരുടെ ഇടയിൽനിന്നും നേരിട്ടു നിയമിച്ചിട്ടുള്ളതാണ്.
ബാറിൽനിന്ന്	...	...	൧	...	...	...	൧	...	...	...	...	...	...	...	...	൧	...	...	
ആകെ	...	൧	൧	...	...	...	൨	...	൧	...	൧	...	൧	൧	...	൧	൨	...	

അനുബന്ധം XLII.

മുൻകൊടുത്തിട്ടുള്ള ൨൭൧-ാംനമ്പർ ചോദ്യത്തിന്റെ മറുപടി,

ഇൻക്വയറികമ്മീഷൻ നടത്തിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ ജാതിക്രമമനുസരിച്ചുള്ള സ്റ്റേറ്റുമെന്റ്.

ഹിന്ദുക്കൾ										മുസൽമാന്മാർ	ക്രിസ്ത്യാനികൾ					റിമാർക്ക്
												റോമൻകത്തോലിക്കർ		സുറിയാനികൾ		
ബ്രാഹ്മണർ (മലയാളി)	ബ്രാഹ്മണർ മററുള്ളവർ	ഈഴവന്മാർ	[illegible]	കമ്മാളർ	ക്ഷത്രിയർ (മലയാളി)	നായന്മാർ	പുലയന്മാർ	മററു അധഃകൃതവർഗ്ഗക്കാർ	*വെള്ളാളർ	മററുഹിന്ദുക്കൾ		പ്രൊട്ടസ്റ്റന്റുകാർ	ലത്തീൻകാർ	സുറിയാനികൾ	യാക്കോബായക്കാർ	മാർത്തോമ്മാക്കാർ	
൫	൨	൨	...	൫	൭	...	...	൩	൫*	൩	൨	...	൯	൩	൫	* മറവ

അനുബന്ധം XLIII.

മുൻകൊട്ടത്തിട്ടുള്ള ൨൭൮-ാംനമ്പർ ചോദ്യത്തിന്റെ മറുപടി.

ഈ സംസ്ഥാനത്തുള്ള ചാരായഷാപ്പുകൾ, അഫീൻകടകൾ, കഞ്ചാവുകടകൾ ഇവയെ സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു.

കൊല്ലം	കള്ളുഷാപ്പുകളുടെ എണ്ണം	ചാരായഷാപ്പുകളുടെ എണ്ണം	അഫീനും കഞ്ചാവും കടകളുടെ എണ്ണം
൧൧൦൨	൧,൨൫൦	൮൬൭	൧൨൯
൧൧൦൩	൧,൨൮൯	൮൬൫	൧൨൯
൧൧൦൪	൧,൨൦൬	൮൩൫	൧൩൧

അനുബന്ധം XLIV.

മുൻകൊട്ടത്തിട്ടുള്ള ൨൭൫-ാംനമ്പർ ചോദ്യത്തിന്റെ മറുപടി.

൧൧൦൨-ാമാണ്ടുമുതൽ ൧൧൦൪-ാമാണ്ടുവരെ കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെന്റിൽ നടത്തിയിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ വർഗ്ഗംതിരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റു.

നമ്പർ	വർഗ്ഗം	നിയമിച്ചിട്ടുള്ളവരുടെ എണ്ണം	റിമാർക്ക്
൧	ഹിന്ദുക്കൾ	...	
	ബ്രാഹ്മണർ (മലയാള)	...	
	ടി (മറ്റുള്ളവർ)	൩	
	ഈഴവർ	൨	
	കമ്മാളർ	...	
	ക്ഷത്രിയർ (മലയാള)	...	
	നാടാർ	...	
	നായർ	൧൭	ഇവരിൽ ൬ പേർ ശിപായികളാണ്
	പുലയർ	൨	
	വെള്ളാളർ	...	
	മറ്റു അധഃകൃതവർഗ്ഗങ്ങൾ	൩	
	മറ്റു ഹിന്ദുക്കൾ	...	
൨	മഹമ്മദീയർ	൨	
൩	ക്രിസ്ത്യാനികൾ	...	
	പ്രോട്ടസ്റ്റന്റുകാർ	൧	
	റോമൻകത്തോലിക്കർ	൨	
	സിറിയൻക്രിസ്ത്യാനികൾ	...	
എ	ജാക്കോബൈറ്റ ക്രിസ്ത്യാനികൾ	൧	
ബി	മാർത്തോമാ ക്രിസ്ത്യാനികൾ	...	
	ചർച്ച് ഓഫ് ഇംഗ്ലണ്ടുകാർ	...	

അനുബന്ധം XLV.

മുൻകൊട്ടത്തിട്ടുള്ള ൨൭൭-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.

വ്യവസായ ഡയറക്ടർ നടത്തീട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ വർഗ്ഗം തിരിച്ചുള്ള പട്ടിക.

ഉദ്യോഗപ്പേര്	ഹിന്ദുക്കൾ												ക്രിസ്ത്യാനികൾ					
														റോമൻകത്തോലിക്കർ		സുറിയാനിക്കാർ		
	ബ്രാഹ്മണർ (മലയാളി)	ബ്രാഹ്മണർ (മററുള്ളവർ)	ഈഴവർ	കമ്മാളർ	ക്ഷത്രിയർ (മലയാളി)	നാടാന്മാർ	നായന്മാർ	പുലയർ	വെള്ളാളർ	മററു സ്പൃശ്യജാതിക്കാർ	മററഹിന്ദുക്കൾ	മഹമ്മദീയർ	പ്രോട്ടസ്റ്റൻറുകാർ	ലാററിൻകാർ	സുറിയാനിക്കാർ	യാക്കോബായക്കാർ	മാർത്തോമ്മാക്കാർ	ഇംഗ്ലീഷ്ചർച്ചുകാർ
അദ്ധ്യാപകൻ	...	...	...	...	...	...	...	...	...	...	...	...	൧	...		...	...	...
ഗൃഹസ്ഥന്മാർ	...	൨	൧	൧	...	...	൪	...	൪	൧	൧	...	൧	൨	...	...	൧	...
അക്കൌണ്ടൻറുമാർ	...	൧	...	...	...	...	...	...	...	...	...	...	...	...	൩	...	...	...
സർവ്വയർമാർ	...	൧	...	...	...	...	...	...	...	...	...	...	൧	...	...	...	...	...
ടൈപ്പിസ്റ്റുമാർ	...	൧	...	...	...	...	൨	...	...	...	...	...	...	൧	...	...	...	...
നെയിത്തുകാർ	...	...	൨	൧	...	...	...	...	...	...	൧	൧	...	൧	...	...	...	...
ഡ്രാഫ്റ്റ്സ്മാന്മാർ	...	൧		...	...	...		...	...	...	...	...	...	...	...	...	൧	...
മെക്കാനിക്സ്	...	...	...	...	...	...	൩	...	...	...	...	...	...	...	...	...	...	...
ടെഫ്റൈറിംഗ് അസിസ്റ്റൻറ്	...	൧	...	...	...	...	...	...	...	...	...	...	...	...	...	...	...	...
ഫോർമാൻ	...	...	...	...	...	...	൧	...	...	...	൧	...	...	...	...	...	...	...
ഡ്രായിംഗ് മാസ്റ്റർമാർ	...	...	...	൧	...	...	൧	...	...	...	...	...	൧	...	...	...	...	...
ഇൻജൻഡ്രൈവർമാർ	...	...	...	...	...	...	൧	...	...	...	...	...	...	...	...	...	...	...
സ്റ്റോർകീപ്പർമാർ	...	...	...	...	...	...	...	...	൨	...	...	...	...	...	...	...	...	...
അററൻഡർമാർ	...	...	...	...	...	...	൧	...	...	...	...	൧	—	൧	...	...	...	...
ആശാരികൾ	...	...	...	൨	...	...	...	...	...	...	...	...	...	...	...	...	...	...
ക്ലീനർമാർ	...	...	...	...	...	...	൧	...	...	...	...	൧	...	...	...	...	...	...
ശിപായികൾ	...	...	[illegible]	...	...	൨	൧൨	...	൧	൧	൨	൩	൧	൪	...	൧	...	...

അനുബന്ധം XLVI.

൯൬ൻ കൊല്ലത്തിലുള്ള ൨൧൯-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.
ഇൻസ്പെക്ഷൻ കോഡിലെ ൨൦-ാം ചട്ടം.

പരിശോധന നടത്തുന്ന ഓരോ ഉദ്യോഗസ്ഥനും താഴെപറയുന്ന കൃത്യങ്ങൾ നിർവഹിക്കേണ്ടതാകുന്നു.

(൧) ഇൻസ്പെക്ഷൻ കോഡിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളും കാലാകാലങ്ങളിൽ നടപ്പിൽ ഇരിക്കാവുന്ന മേൽ പറഞ്ഞപ്രകാരത്തിലുള്ള മററു നിർദ്ദേശങ്ങളും അല്ലെങ്കിൽ ഉത്തരവുകളും അനുസരിച്ചു തന്റെ അധികാരസീമയിലുള്ള വിട്ടിരിക്കുന്നതും തന്റെ ഉത്തരവാദിത്വത്തിൻകീഴിൽ ഏല്പിച്ചിരിക്കുന്നതും ആയ എല്ലാ വിദ്യാലയ സ്ഥാപനങ്ങളേയും നിയന്ത്രിക്കുകയും അവയുടെ പ്രവർത്തനകാര്യക്ഷമമായ വിധത്തിൽ നടത്തുന്നതിനു നേരിട്ടുള്ള തന്റെ മേലധികാരിയോടു ഉത്തരവാദിയായിരിക്കുകയും ചെയ്യുക;

(൨) തന്റെ കീഴിലിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥന്മാരുടേയും എല്ലാ ഭൃത്യജനങ്ങളുടേയും ജോലികളുടെ മേലന്വേഷണം നടത്തുകയും അപ്രകാരമുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും ഭൃത്യന്മാരും കാര്യക്ഷമതയോടുകൂടി ജോലികൾ നിർവഹിക്കുന്നതിനെ സംബന്ധിച്ചു നേരിട്ടുള്ള തന്റെ മേലധികാരിയോടു ഉത്തരവാദിയായിരിക്കുകയും മേൽപറഞ്ഞപ്രകാരത്തിലുള്ള ഉദ്യോഗസ്ഥന്മാരോ ഭൃത്യന്മാരോ തങ്ങൾ ചെയ്യാനുള്ള കൃത്യങ്ങൾ തൃപ്തികരമായവിധം നടത്തുന്നതിൽ ഉദാസീനത കാണിക്കുന്ന എല്ലാ സംഗതികളേയുംപററി തന്റെ അടുത്ത മേലധികാരിയുടെ അറിവിൽ കൊണ്ടുവരികയും ചെയ്യേണ്ടതാകുന്നു.

(൩) തന്റെ അധികാരപരിധിയിൽ സ്ഥിതിചെയ്യുന്ന ഓരോ സ്ഥലത്തേയും സമുദായത്തേയും സംബന്ധിച്ച വിദ്യാഭ്യാസസ്ഥിതികളേയും പരിതസ്ഥിതികളേയും ആധാരമാക്കി പൂർണ്ണമായ വിവരങ്ങൾ അറിഞ്ഞിരിക്കുകയും മേൽപറഞ്ഞ വിദ്യാഭ്യാസസ്ഥിതികളേയും പരിതസ്ഥിതികളേയുംപററി വിദ്യാഭ്യാസത്തിന്റെ പുരോഗതിയെ ബാധിക്കത്തക്കവിധത്തിൽ നേരിടുന്ന ഏതെങ്കിലും മാററങ്ങളെപ്പററി തന്റെ അടുത്ത മേലധികാരിയെ അറിയിക്കേണ്ടതും ആകുന്നു.

(൪) തന്റെ നിയന്ത്രണത്തിൻകീഴിൽ സ്ഥിതിചെയ്യുന്ന വിദ്യാലയങ്ങളിൽ കുട്ടികൾക്കു അഭ്യാസം നൽകിവരുന്ന വിഷയങ്ങളെ സംബന്ധിച്ചും അപ്രകാരമുള്ള വിഷയങ്ങളിൽ അദ്ധ്യേതാക്കൾക്കു അഭ്യാസം നൽകുന്നതിനു സ്വീകരിച്ചിട്ടുള്ള പല സമ്പ്രദായങ്ങളേയും സംബന്ധിച്ചു ശരിയായ ജ്ഞാനം അദ്ദേഹത്തിനു ഉണ്ടായിരിക്കേണ്ടതും അപ്രകാരം സ്വീകരിച്ചിട്ടുള്ള സമ്പ്രദായങ്ങളിൽ വരുത്തുന്ന മാററങ്ങളെപ്പററി ശ്രദ്ധിക്കേണ്ടതും ആകുന്നു.

(൫) ഈ ഇൻസ്പെക്ഷൻകോഡിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളുംനേരിട്ടുള്ള തന്റെ മേലുദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നൽകാവുന്ന പ്രകാരമുള്ള മററു സാമാന്യ നിർദ്ദേശങ്ങളും അല്ലെങ്കിൽ മററു പ്രത്യേകനിർദ്ദേശങ്ങളും അനുസരിച്ചു തന്റെ നിയന്ത്രണത്തിൻകീഴിൽ സ്ഥിതിചെയ്യുന്ന വിദ്യാലയങ്ങൾ പരിശോധിക്കുകയും റിപ്പോർട്ടുകൾ അയയ്ക്കുകയും ചെയ്യുക.

(൬) വിദ്യാലയങ്ങളുടെ മാനേജർമാർക്കും ഹെഡ്മാസ്റ്റർമാർക്കും അദ്ധ്യാപകന്മാർക്കും വിദ്യാലയഭരണവും, നടത്തിപ്പും, അഭ്യസനവും, ഡിസിപ്ലിനും ഉപകരണവും, സ്ഥലസൌകര്യവും സംബന്ധിച്ച എല്ലാ കാര്യങ്ങളിലും വിദ്യാലയങ്ങളുടെ മാനേജർമാർക്കും ഹെഡ്മാസ്റ്റർമാർക്കും, അദ്ധ്യാപകന്മാർക്കും, എല്ലാ കാര്യങ്ങളിലും ഉപദേശം നൽകുകയും സാമാന്യമായി അവർക്കു സഹായം പ്രദാനം ചെയ്യുകയും ചെയ്യേണ്ടതും കൂടാതെ മാതൃകാപാഠങ്ങൾ നൽകി ഏററവും ഉത്തമമായ വിധത്തിലുള്ള അഭ്യസന ആശയങ്ങൾ അവർക്കു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.

(൭) സ്കൂളിനെ സംബന്ധിച്ച അംഗീകരണത്തിനുള്ള അപേക്ഷകളുടേയും സഹായധനത്തിനുള്ള അപേക്ഷകളുടേയും എല്ലാ കാര്യങ്ങളിലും വിദ്യാലയമാനേജർമാർക്കു അറിയിപ്പും ഉപദേശവും നൽകുകയും സാമാന്യനിലയിൽ അവരെ സഹായിക്കുകയും ചെയ്യേണ്ടതാകുന്നു.

(൮) ഉത്തമമായവിധത്തിലുള്ള വിദ്യാഭ്യാസസമ്പ്രദായത്തിനു അഭിവൃദ്ധി നൽകണമെന്നുള്ള സംഗതി മനസ്സിലാക്കി ഒന്നാക്കി പ്രവർത്തിക്കുന്ന വ്യക്തിസമൂഹങ്ങളോ സംഘങ്ങളോ ഉണ്ടെങ്കിൽ അവയ്ക്കു ഉപദേശവും പ്രോത്സാഹനവും സഹായവും നൽകി അവയുമായി യോജിച്ചു പ്രവർത്തിക്കുക.

(൯) തന്റെ അധീനത്തിൽക്കൂടി പോകുന്ന എല്ലാ ബില്ലുകളും കണക്കുകളും സൂക്ഷ്മതയോടുകൂടി പരിശോധിക്കുകയും സർക്കാർവക പണം അനാവശ്യമായികളോ ഉപയോഗശൂന്യമായിട്ടോ ചിലവിടുന്നതിനിടയാകുന്നതിനെ തടയുകയും ചെയ്യേണ്ടതാകുന്നു.

(൧൦) ക്ലിപ്തകാലങ്ങളിലോ, മററു അവസരങ്ങളിലോ അയയ്ക്കുന്നതിനു ആവശ്യപ്പെടാവുന്ന റിട്ടേണുകളും കാര്യങ്ങളുടെ വിവരങ്ങളും നേരിട്ടുള്ള തന്റെ മേലധികാരിക്കോ അല്ലെങ്കിൽ അപ്രകാരം ആവശ്യപ്പെടാവുന്ന മററു ഏതെങ്കിലും ഉദ്യോഗസ്ഥനോ ഉടനടി അയച്ചുകൊടുക്കേണ്ടതാകുന്നു.

(൧൧) ധൈര്യത്തോടുകൂടിയും, ന്യായപരമായ വിധത്തിലും നിഷ്പക്ഷപാതത്തോടുകൂടിയും ഡിപ്പാർട്ടുമെന്റു സംബന്ധിച്ചുള്ള ചട്ടങ്ങൾ നടപ്പിൽ കൊണ്ടുവരികയും തന്നെക്കൊണ്ടു നടത്തിക്കുന്നതിനു ന്യായമായ കാര്യങ്ങളുള്ള എല്ലാ ആളുകൾക്കും തന്നേകണ്ടു ഇപ്രകാരമുള്ള സംഗതികൾ നിർവഹിക്കുന്നതിനു അവസരം നൽകേണ്ടതും ആകുന്നു.

(൧൨) നേരിട്ടുള്ള തന്റെ മേലധികാരിയുടെ ഉത്തരവുകൾ അനുസരിച്ചു ഇവിടെ പറഞ്ഞിരിക്കുന്നതോ അല്ലെങ്കിൽ മററുതരത്തിൽ കൃത്യമായ വിധത്തിൽ വ്യവസ്ഥപ്പെടുത്തീട്ടില്ലാത്തതോആയ സംഗതികളെ സംബന്ധിച്ച കാര്യങ്ങൾ നടത്തുക.

അനുബന്ധം XLVII.

മുൻകൊട്ടത്തിട്ടുള്ള ൨൪-ാംനമ്പർ ചോദ്യത്തിന്റെ മറുപടി.
ആയിരത്തി ഒരുനൂററി ഒന്നാമാണ്ടുമുതൽ ആയിരത്തി ഒരുനൂററി മൂന്നാമാണ്ടുവരെ കൽക്കുളം
വിളവങ്കോട്ട ഈ താലൂക്കുകളിൽ രജിസ്ട്രേഷൻ ഡയറക്ടർ നടത്തിയിട്ടുള്ള പരിശോധനകളുടെ പട്ടിക.

വർഷം	താലൂക്ക	നടത്തിയിട്ടുള്ള സന്ദർശനങ്ങളുടെ എണ്ണം	സന്ദർശനങ്ങൾ നടത്തിയ തീയതി	ഓരോ സന്ദർശനങ്ങളുടേയും ഉദ്ദേശങ്ങൾ
൧൧൦൧	കൽക്കുളം	൨	൧൧൦൧ മിഥുനം ൨൭-ാം തീയതി മുതൽ ൧൧൦൧ മിഥുനം ൩൧-ാം തീയതിവരെ	കുളച്ചൽ, ഇരണിയൽ, ആളൂർ. ഈ സ്ഥലങ്ങളിലുള്ള സബ്‌രജിസ്ത്രാർ കച്ചേരികളുടെ പരിശോധന നടത്തുക.
			൧൧൦൧ കർക്കടകം ൧൩-ാം തീയതിയും ൧൧൦൧ കർക്കടകം ൧൪-ാം തീയതിയും	കൽക്കുളം, തിരുവട്ടാർ, കൽക്കുളം അഡീഷനൽ ഈ സ്ഥലങ്ങളിലുള്ള സബ്‌രജിസ്ത്രാർകച്ചേരികളുടെ പരിശോധന നടത്തുക.
	വിളവങ്കോട്ട	൧	൧൧൦൧ കർക്കടകം ൧൬-ാം തീയതിമുതൽ ൧൧൦൧ കർക്കടകം ൧൭-ാം തീയതിവരെ.	വിളവങ്കോട്ട, മുഞ്ചിറ, അരുമന, കൊല്ലങ്കോട്ട ഈ സ്ഥലങ്ങളിലുള്ള സബ്‌രജിസ്ത്രാർകച്ചേരികളുടെ പരിശോധന നടത്തുക.
൧൧൦൨	കൽക്കുളം	൩	൧൧൦൨ തുലാം ൨൪-ാംതീയതിമുതൽ ൧൧൦൨ തുലാം ൨൯-ാംതീയതിവരെ.	കൽക്കുളം, ഇരണിയൽ ഈ സ്ഥലങ്ങളിലുള്ള സബ്‌രജിസ്ത്രാർ കച്ചേരികളുടെ പരിശോധന നടത്തുക.
			൧൧൦൨ മിഥുനം ൨൨-ാം തീയതിയും ൧൧൦൨ മിഥുനം ൨൪-ാം തീയതിയും	തിരുവട്ടാർ, കുളച്ചൽ, ആളൂർ ഈ സ്ഥലങ്ങളിലുള്ള സബ്‌രജിസ്ത്രാർ കച്ചേരികളുടെ പരിശോധന നടത്തുക.
			൧൧൦൨ കർക്കടകം ൧൦-ാം തീയതി	കൽക്കുളത്തുള്ള അഡീഷണൽ സബ്‌രജിസ്ത്രാർകച്ചേരി മുൻ അറിവു കൊടുക്കാതെ പരിശോധിക്കുക.
			൧൧൦൨ മേടം ൨൭-ാംതീയതി	കൊല്ലങ്കോട്ടുള്ള സബ്‌രജിസ്ത്രാർകച്ചേരി മുൻഅറിവുകൊടുക്കാതെ പരിശോധിക്കുക.
	വിളവങ്കോട്ട	൩	൧൧൦൨ മിഥുനം ൯-ാംതീയതി	അരുമന ഉള്ള സബ്‌രജിസ്ത്രാർകച്ചേരി മുൻ അറിവുകൊടുക്കാതെ പരിശോധിക്കുക.
			൧൧൦൨ മിഥുനം ൨൨-ാം തീയതിയും ൧൧൦൨ മിഥുനം ൨൩-ാം തീയതിയും	മുഞ്ചിറ, വിളവങ്കോട്ട ഈ സ്ഥലങ്ങളിലുള്ള സബ്‌രജിസ്ത്രാർ കച്ചേരികൾ പരിശോധിക്കുക.
൧൧൦൩	കൽക്കുളം	൪	൧൧൦൩ കന്നി ൧-ാം തീയതി	ഇരണിയൽ സബ്‌രജിസ്ത്രാർ കച്ചേരി മുൻ അറിവുകൊടുക്കാതെ പരിശോധിക്കുക.
			൧൧൦൩ തുലാം ൧൧-ാം തീയതി	കൽക്കുളം സബ്‌രജിസ്ത്രാർകച്ചേരി മുൻ അറിവുകൊടുക്കാതെ പരിശോധിക്കുക.
			൧൧൦൩ മീനം ൪-ാം തീയതിമുതൽ ൧൧൦൩ മീനം ൭-ാം തീയതിവരെ	ആളൂർ, കുളച്ചൽ, തിരുവട്ടാർ ഈ സ്ഥലങ്ങളിലുള്ള സബ്‌രജിസ്ത്രാർകച്ചേരി പരിശോധിക്കുക.

അനുബന്ധം (തുടർച്ച) XLVII.

വർഷം	താലൂക്ക	നടത്തിയിട്ടുള്ള സന്ദർശനങ്ങളുടെ എണ്ണം	സന്ദർശനങ്ങൾ നടത്തിയ തീയതി	ഓരോ സന്ദർശനങ്ങളുടെയും ഉദ്ദേശങ്ങൾ
൧൧൦൩	വിളവങ്കോട	൫	൧൧൦൩ മേടം ൧൯-ാം തീയതി	കൽക്കുളത്തുള്ള അഡീഷനൽ സബ്‌രജിസ്ട്രാർകച്ചേരി മുൻഅറിവുകൊടുക്കാതെ പരിശോധിക്കുക.
			൧൧൦൩ വൃശ്ചികം ൨൭-ാം തീയതി	അരുമന സബ് രജിസ്ട്രാർകച്ചേരി മുൻഅറിവു കൊടുക്കാതെ പരിശോധിക്കുക.
			൧൧൦൩ മീനം ൩-ാം തീയതി	വിളവങ്കോട സബ്‌രജിസ്ട്രാർകച്ചേരി പരിശോധനക്കിടയിൽ പരിശോധിക്കുക.
			൧൧൦൩ ഇടവം ൨൭-ാം തീയതി	കൊല്ലങ്കോട സബ്‌രജിസ്ട്രാർകച്ചേരി മുൻ അറിവുകൂടാതെ പരിശോധിക്കുക.
			൧൧൦൩ മിഥുനം ൩-ാം തീയതി	പരിശോധനമദ്ധ്യേ മുഞ്ചിറ സബ്‌രജിസ്ട്രാർകച്ചേരി പരിശോധിക്കുക.

പണം അനുവദിക്കുന്നതിനെ സംബന്ധിച്ചുള്ള ഡിമാൻറുകളെപ്പററി വോട്ടെടുക്കുക.

അദ്ധ്യക്ഷൻ: ഡിമാൻഡു ൧൩-ാം നമ്പർ പ്രകാരമുള്ള ൫൫-ാം നമ്പർ ഉപക്ഷേപത്തിനെക്കുറിച്ചു സഭ ഇപ്പോൾ വാദപ്രതിവാദം നടത്തുന്നതാണ്.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്), സർ, തിരുവിതാംകൂർ ഗവൺമെൻറിൽനിന്നും കാർഷികാഭിവൃദ്ധിക്കായി യാതൊന്നും ശരിയായി ഇതുവരെ പ്രവർത്തിച്ചുകാണുന്നില്ലെന്നുള്ള വിവരം ജനങ്ങൾ എത്രതന്നെ മുറവിളി കൂട്ടിയിട്ടും ഇക്കാര്യത്തിൽ ഗവൺമെൻറു മൌനം ദീക്ഷിക്കുകയാണു ചെയ്തുവരുന്നത്. എന്നുതന്നെയല്ല കൃഷിഡിപ്പാർട്ടുമെൻറിനെ അടുത്ത കൊല്ലത്തെ ചില ചെലവുകൾക്കായി കൊള്ളിച്ചിട്ടുള്ള സംഖ്യ ഈ കൊല്ലത്തെക്കാൾ അൻപതിനായിരത്തിൽപരം കുറവുവരുന്ന ഒരു തുകയാണെന്ന സംഗതി വ്യസനസമേതം പ്രസ്താവിക്കാതെ ഇരിക്കുന്നതിനു ഗത്യന്തരവുമില്ല.

അമേരിക്ക, ബെൽജിയം, ഹാളൻറ് മുതലായ രാജ്യങ്ങളിലെ കർഷകസമ്പ്രദായങ്ങളേയും, തദ്ദേശഗവൺമെൻറുകൾ അവിടത്തെ കൃഷീവലന്മാർക്ക് ചെയ്തുകൊടുക്കുന്ന സഹായങ്ങളേയുംപററി നമ്മുടെ ഗവൺമെൻറു ഒന്നു നിരീക്ഷണംചെയ്തു പ്രവൃത്തിച്ചില്ലെങ്കിൽ നമ്മുടെ തിരുവിതാംകൂറിലെ സാമ്പത്തികാവസ്ഥ ഭാവിയിങ്കൽ വളരെ ശോചനീയമായ ഒരു സ്ഥിതിയെ ക്രമേണ പ്രാപിക്കുമെന്നുള്ള പരമാർത്ഥം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

സർ, ൭൬൨൫ ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഈ രാജ്യത്തിന്റെ സ്ഥിതികൾ ഒട്ടുംതന്നെ മനസ്സിലാക്കാതെ അവിടവിടെ ചില ചില പ്രോത്സാഹനപ്രസംഗങ്ങൾ നടത്തുകയും, ഒന്നുരണ്ടു ചില മാതൃകാകൃഷിത്തോട്ടങ്ങളും, കൃഷിപാഠശാലകളും തുറക്കുകയും കുറെ ലഘുപത്രികകൾ വിതരണം ചെയ്കയും ചെയ്തിട്ടുള്ളതല്ലാതെ കൃഷിപരിഷ്കാരത്തിനു എന്തൊന്നാണ് ഈ വിഷയത്തിൽ സാരമായി പ്രവർത്തിച്ചിട്ടുള്ളത്?

തിരുവിതാംകൂറിൽ അപ്പോഴപ്പോൾ വന്നുകൊണ്ടിരിക്കുന്ന ഡയറക്ടർമാരും ഉത്തരവാദിത്വമുള്ള മററു ഉദ്യോഗസ്ഥന്മാരും അവരിൽ ഇനിയും പലമാതിരിയിലുള്ള പല പുതുമകളും കിടപ്പുണ്ടെന്ന് അറിയേണ്ടതാണ്.

നമ്മുടെ രാജ്യത്തെ ഇന്നത്തെ കൃഷിസമ്പ്രദായത്തെ പരിഷ്കരിച്ചു വിളവിനെ വർദ്ധിപ്പിക്കുവാൻ ഗവൺമെൻറും കൃഷിഡിപ്പാർട്ടുമെൻറും ഏതെങ്കിലും തരത്തിൽ ഉദ്ദേശിക്കുന്നുണ്ടോ? അങ്ങിനെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അമേരിക്കയെപ്പോലുള്ള ഇതരരാജ്യങ്ങളെ മാതൃകയാക്കിക്കൊണ്ടു പ്രവർത്തിക്കയും അതുപോലെ ധാരാളം പണം ചിലവുചെയ്യുകയും വേണം, അല്ലാതെ ഞാൻ മുൻപറഞ്ഞ തരത്തിലുള്ള മാതൃകാതോട്ടങ്ങളെക്കൊണ്ടും ലഘുപത്രികകളെക്കൊണ്ടും മതിയാകുന്നതല്ലെന്ന ഗവൺമെൻറും കൃഷിഡിപ്പാർട്ടുമെൻറും പ്രത്യേകിച്ചും അറിഞ്ഞിരിക്കേണ്ടതാണ്.

കൃഷിയെമാത്രം ആശ്രയിച്ചിരിക്കാതെ വ്യവസായപരമായും മററും പലവിധ പ്രോത്സാഹനങ്ങളെയും നടത്തി രാജ്യത്തിന്റെ ക്ഷേമത്തെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഓരോ ഇതരരാജ്യങ്ങളിലും കൃഷിപരിഷ്കരണത്തിനായി എത്രയോ അധികം പണമാണ് ചെലവുചെയ്തുകൊണ്ടിരിക്കുന്നത്. ആ സ്ഥിതിക്ക് ദിവസവൃത്തിക്കു കഴിക്കുവാൻ കൃഷിയെ ആശ്രയിച്ചു ജീവിക്കേണ്ടതായ ഈ തിരുവിതാംകൂർ രാജ്യത്തെ ഇതര രാജ്യങ്ങളെ അപേക്ഷിച്ചു കൃഷിപരിഷ്കരണത്തിനായി എത്രയോ പണം ഈ വിഷയത്തിൽ കൂടുതലായി ഗവൺമെൻറു ചിലവുചെയ്യേണ്ടതാണ്. എന്നാൽ ഈ കാര്യത്തിൽ നമ്മുടെ ഗവൺമെൻറു കൂടുതൽ ശ്രദ്ധപതിപ്പിക്കുമെന്നുള്ള പ്രത്യാശക്കു യാതൊരു വഴിയും കാണുന്നില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ഗവൺമെൻറു ഇങ്ങനെയുള്ള സംഗതികളിൽ മൌനം ദീക്ഷിച്ചുകളയുകയാണ് സാധാരണ ചെയ്തുവരുന്നത്.

സർ, നമ്മുടെ കൃഷിക്കാർ എത്രയോ കാലങ്ങളായി ചെയ്തുവരുന്ന ആ കൃഷിസമ്പ്രദായങ്ങളെത്തന്നെ ആശ്രയിച്ചാണ് ഇപ്പോഴും കൃഷിനടത്തിവരുന്നത്. അങ്ങനെ നയിച്ചുവരുന്ന കൃഷിക്കാരെ ഉയർത്തണമെന്നു ഗവ

ണ്മെൻറിന്റെ യഥാർത്ഥമായ ഉദ്ദേശമുണ്ടോ? ഉണ്ടെങ്കിൽ കൃഷിശാസ്ത്രതത്വങ്ങൾപ്രകാരമുള്ള കൃഷിപരിഷ്കരണ സമ്പ്രദായം അവരിൽ നടപ്പാക്കുന്നതിനു ഒരോരുത്തരേയും പ്രേരിപ്പിക്കതന്നെ ചെയ്യണം. ഇത്രയും വിശാലമായ ഒരു രാജ്യത്തു കൃഷി പരിഷ്കരണത്തിനായി ഊർജ്ജിതമായ പ്രചരണവേല നടത്തുവാൻ അതിനനുസരിച്ചു ലക്ഷക്കണക്കായി തന്നെ പണം ചിലവുചെയ്യേണ്ടതാണ്. ഇത്രയും വലിയൊരു സംഖ്യ ഗവണ്മെൻറു ചിലവു ചെയ്യാൻ വിചാരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ താഴെ പറയുന്ന സംഗതികളെ ഗവണ്മെൻറു പ്രത്യേകം ഗൗനിക്കേണ്ടതാണ്.

ഒന്നാമതായി കൃഷിഡിപ്പാർട്ടുമെൻറിനു ഇരുപത്തൊന്നു വയസ്സിലധികം പ്രായമുള്ളതും രാജ്യത്തിലെ വളരെ പ്രധാനമായതുമായ ഈ ഡിപ്പാർട്ടുമെൻറ് ഇപ്പോഴും ഒരു മൈനർ ഡിപ്പാർട്ടുമെൻറായിട്ടിരിക്കുന്നു. ഇതിനെ മേജർ ഡിപ്പാർട്ടുമെൻറു ആക്കേണ്ടതായ സമയം അതിക്രമിച്ചിരിക്കുന്നു. ഇതിലെ മേധാവി ഒരു പാശ്ചാത്യസർവകലാശാലാ ബിരുദധാരിയും ഒരു വിദഗ്ധനും ആയിരിക്കേണ്ട ആവശ്യം അവഗണിക്കാൻ പാടില്ലാത്തതായ ഒരു സംഗതിയാകുന്നു.

രണ്ടാമതായി പറയാനുള്ളത്, മുല്ലപ്പെരിയാർ അണയെപ്പറ്റിയാണ്. മുല്ലപ്പെരിയാററിൽ ഏതാനും സ്ഥലം തിരുവിതാംകൂറിൽ നിന്നു ബ്രിട്ടീഷ് ഗവണ്മെൻറു പാട്ടമായി എടുത്തു ഒരു നിസ്സാരമായ സംഖ്യ ചിലവുചെയ്തു അവിടെ ഒരു അണകെട്ടി തിരുനെൽവേലി, മധുര മുതലായ ബ്രിട്ടീഷ് ഡിസ്ട്രിക്റ്റുകളിലെ കൃഷിഉപയോഗത്തിനുവേണ്ടി വെള്ളം ധാരാളം ശേഖരിച്ചു ആവശ്യാനുസരണം വിട്ടുകൊടുത്തു ധാരാളം ജനങ്ങളുടെ ക്ഷേമത്തെയും ഗവണ്മെൻറിൻെറ ഭണ്ഡാരപോഷണത്തെയും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതു ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടില്ലേ?

മുല്ലപ്പെരിയാറു അണമുതൽ കീഴോട്ടു പോകുന്നതായ വെള്ളം എത്രയോ ലക്ഷം ഏക്കർ സ്ഥലത്തേക്കു വലിയ പണച്ചിലവുകൾ കൂടാതെ ഗവണ്മെൻറിൽ നിന്നു ശ്രദ്ധിക്കുന്നപക്ഷം നടത്താമെന്നിരുന്നിട്ടും പെരിയാററിലെ ഒരു തുള്ളിവെള്ളംപോലും കൃഷിക്കു ഉപയോഗത്തിനായി ഉപകരിക്കുന്നതിലേക്കു ഗവണ്മെൻറു ശ്രദ്ധിച്ചിട്ടുണ്ടോ?

അതിരപ്പള്ളി വെള്ളച്ചാട്ടത്തിൽനിന്നും നിഷ്പ്രയാസം വെള്ളം കൃഷികൾക്കു ഉപയോഗപ്പെടുത്താമെന്നിരുന്നിട്ടും, ഒന്നുരണ്ടു തവണ അവിടെ എത്തിനോക്കിയതല്ലാതെ ആ സംഗതിയെ പിന്നീടു യാതൊന്നും ഗൗനിച്ചിട്ടില്ല.

പെരിയാററിലുള്ള ദേവികുളം മുതലായ സ്ഥലങ്ങളിൽ കൃഷിക്കുപയോഗത്തിനായി ധാരാളം വെള്ളം സൌകര്യമായ നിലയിൽ ഉപയോഗപ്പെടുത്താവുന്നതാകുന്നു. ഈ പറഞ്ഞ സ്ഥലങ്ങളേയും ഞാൻ നേരിട്ടു കണ്ടിട്ടുള്ളതുകൊണ്ടു ഉപയോഗപ്പെടുത്താമെന്നു ധൈര്യസമേതം പ്രസ്താവിക്കുന്നു.

അവിടത്തെ പുരോഗാമികളും തിരുവിതാംകൂർ സ്വദേശികളുമായ രാമയ്യൻദളവാ, രാജാകേശവദാസൻ മുതലായ ദിവാൻജിമാർ രാജ്യത്തിനും രാജ്യത്തിലെ ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടി അനുഭവിച്ചിട്ടുള്ള ബുദ്ധിമുട്ടുകളെപ്പററി ഞാൻ പറയണമെന്നില്ലല്ലോ.

സർ, അവിടുന്നും തിരുവിതാംകൂർ സ്വദേശിയാണ്. ഇന്നത്തെ ഓരോ ഭരണ വകുപ്പുകളുടെ കാര്യക്ഷമമായ നടപടികളിൽ അവിടത്തെ ഭരണവും അകപ്പെട്ടുപോകുന്നതായാൽ ജനങ്ങളുടെ ക്ഷേമത്തെപ്പററി ഉദ്ദേശിച്ചിട്ടു ഫലമൊന്നുമില്ലെന്നു പ്രകടിപ്പിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ സഭയുടെ ആലോചനയിലിരിക്കുന്ന വിഷയത്തെസംബന്ധിച്ച വാദപ്രതിവാദത്തിൽ പങ്കെടുക്കണമെന്നു ഞാൻ ആരംഭത്തിൽ ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ ഗവണ്മെൻറു ഭാഗത്തുള്ള സാമാജികൻെറ പ്രസംഗം തീരെ അതൃപ്തികരമായിരിക്കയാൽ എനിക്കും ഈ വാദപ്രതിവാദത്തിൽ ചേരേണ്ടതായിരിക്കുന്നു എന്നുള്ളതു അത്യന്താപേക്ഷിതമത്രേ. തിരുവിതാംകൂർ, കൃഷിയെ തൊഴിലായി അധികംപേർ സ്വീകരിച്ചുവരുന്ന ഒരു രാജ്യമാണ്. ജനങ്ങളിൽ ഭൂരിപക്ഷവും അല്ലെങ്കിൽ ജനസാമാന്യത്തിൽ 80 ശതമാനവും കൃഷിയെ ആശ്രയിച്ചാണ് ഉപജീവനം കഴിച്ചുവരുന്നതു. ഇതു എല്ലാവരും സമ്മതിച്ചിട്ടുള്ള ഒരു കാര്യമാണ്. കൃഷിയുടെ സ്ഥിതിയെ പരിപോഷിപ്പിക്കുന്നതിനും, പാവങ്ങളുടെ സ്ഥിതികളെ നന്നാക്കുന്നതിനും, ഗവണ്മെൻറു കേവലമെണ്പതിനായിരം രൂപാ ചിലവാക്കിവരുന്നുണ്ടു. കൃഷികാര്യങ്ങളെ സംബന്ധിച്ച ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള നയത്തെപ്പററി വാദപ്രതിവാദങ്ങൾ ഈ സഭയിൽ നടത്തുന്നതിനു സാമാജികന്മാരായ നാം ഓരോ ഉപക്ഷേപങ്ങൾ സഭയിൽ അവതരിപ്പിക്കാറുമുണ്ടു. എന്നാൽ ഇപ്രകാരമുള്ള ഉപക്ഷേപങ്ങൾക്കു അനുസരണമായി പ്രവൃത്തികൾ നടക്കുന്ന കാര്യത്തിൽ ഗവണ്മെൻറു ഇതേവരെ ശരിയായി കാര്യങ്ങൾ നിർവഹിച്ചിട്ടില്ലെന്നുള്ളതു വ്യസനസമേതം ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സർ, ഈ രാജ്യത്തിലെ ജനങ്ങൾക്കു കൃഷിക്കു കൂടുതലായി കൃഷിഭൂമിയും മററു സൌകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതു ആവശ്യമാകുന്നു എന്നു എൻെറ സ്നേഹിതൻ മിസ്റ്റർ [illegible] ഇവിടെ പ്രസ്താവിച്ചു. വരുണദേവനെ നിയന്ത്രിക്കുന്നതിനു കൃഷിക്കാർക്കു സാധിക്കയില്ലെന്നു അദ്ദേഹം ഇവിടെ പറഞ്ഞിട്ടുണ്ടല്ലോ. അതു വാസ്തവമായിട്ടുള്ള ഒരു കാര്യമാണ്. എന്നാൽ, നമുക്കു വേണ്ട ഏതെങ്കിലും സംഗതികൾ നടത്തിത്തരുന്നതിനു നാം വരുണദേവനോടോ, മററു ആരോടെങ്കിലുമോ, അപേക്ഷിക്കുന്നില്ലാ. ഗവണ്മെൻറു ഈ കാര്യത്തിൽ ഏതു വഴിക്കാണ് പ്രവർത്തിക്കുന്നതു എന്നുള്ളതിനെപ്പററി ഗവണ്മെൻറാണ് നമുക്കു ഉത്തരം പറയേണ്ടതു.

കൃഷിമരാമത്തു പണികൾ നടത്തുന്നതിനുള്ള ഡിപ്പാർട്ടുമെൻറിനെ കൃഷിഡിപ്പാർട്ടുമെൻറുമായി സംയോജിപ്പിക്കേണ്ടതാണെന്നുള്ള സംഗതി പല അവസരങ്ങളിലും ആവർത്തിച്ചു പറഞ്ഞിട്ടുള്ള ഒരു കാര്യമാണ്. പല സമയങ്ങളിലും ഈ വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. എന്നാൽ ഈ കാര്യത്തിൽ ഗവണ്മെൻറു യാതൊരു മറുപടിയും നൽകീട്ടില്ല. കൃഷിയുടെ പ്രോത്സാഹനത്തിൽ ബന്ധപ്പെട്ട പല കാര്യങ്ങൾ കൃഷിഡിപ്പാർട്ടുമെൻറു മുഖാന്തരം നടക്കപ്പെടേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, ഈ രാജ്യത്തെ കൃഷിയുടെ പരിപോഷണത്തിനു ഗവണ്മെൻറിനോടു, അല്ലെങ്കിൽ, ഈ സഭയോടു ഉത്തരവാദിത്വം നേരിട്ടു വഹിക്കുന്ന ഡിപ്പാർട്ടുമെൻറു കൃഷിഡിപ്പാർട്ടുമെൻറു മാത്രമാണ്. കഴിഞ്ഞ ആണ്ടത്തെ ഒരു നിയമസഭായോഗത്തിൽ

വച്ച് ഒരു ടോക്കൺ ഉപക്ഷേപംമൂലം ഈ വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നിട്ടുള്ളതാണ്. എന്നാൽ ഈ ഉപക്ഷേപത്തിനുതന്നെയും ഗവൺമെൻറ യാതൊരു മറുപടിയും നൽകീട്ടില്ല. ചതുപ്പായ ഭൂമികൾ നെല്ലു കൃഷിചെയ്യുന്നതിനു ജനങ്ങൾക്കു നിർബാധമായവിധം തുറന്നുകൊടുക്കണമെന്നു കാണിക്കുന്ന ഒരു പ്രമേയം മിസ്റ്റർ തയ്യിൽ കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചിട്ടുള്ളതും, അതു ഈ സഭയിൽ പാസ്സായിട്ടുള്ളതും ആകുന്നു. ഈ പ്രമേയത്തിൻെറ സംഗതിയിലും ഗവൺമെൻറ യാതൊന്നും നിർവഹിച്ചിട്ടില്ല. ഇപ്രകാരമുള്ള കാര്യങ്ങളിൽ കൃഷിഡയറക്ടരോടു ചോദിക്കുമ്പോൾ, അദ്ദേഹം ഞങ്ങൾ ചീഫ് ഇഞ്ചിനീയരുടേയോ വനം കൺസർവേറററുടേയോ അല്ലെങ്കിൽ ചീഫ് സെക്രട്ടറിയുടേയോ മുമ്പാകെ ചെല്ലേണ്ടതാണെന്നു പറയുന്നു. ഇപ്രകാരം ഞങ്ങളെ സ്ഥിരത ഇല്ലാത്തവിധത്തിൽ അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞയക്കുന്നതു ഇനി സമ്മതിക്കാൻ പാടുള്ളതല്ല. ഇപ്പോൾ വാഗ്ദത്തത്തിലിരിക്കുന്ന സംഗതിയിൽ കൃഷിഡയറക്ടർക്കു യാതൊരു സംബന്ധവുമില്ല. ഈ സഭയിലെ അനുദ്യോഗസ്ഥ സാമാജികന്മാർ നിർദ്ദേശിച്ചിട്ടുള്ള നയങ്ങൾപ്രകാരം ഗവൺമെൻറ എത്രമാത്രം പ്രവർത്തിക്കാൻ പോകുന്നു എന്നുള്ളതു അറിയുന്നതിനാണ് ഞങ്ങൾ ആവശ്യപ്പെടുന്നതു. കൃഷിമരാമത്തു നടത്തുന്ന ഡിപ്പാർട്ടുമെൻറിനേയും, കൃഷിവായ്പകൾ നൽകുന്നതിനേയും, വിട്ടുകൊടുക്കുന്ന കാര്യത്തിൽ ഗവൺമെൻറ ഏതു രീതിയിലാണ് പ്രവർത്തിക്കാൻ പോകുന്നതു എന്നുള്ള സംഗതി ഗവൺമെൻറ ഈ സഭയിൽ നല്ലതുപോലെ തുറന്നു പ്രസ്താവിക്കേണ്ടതാണ്. ഇതാണ് എനിക്കു ഈ കാര്യത്തിൽ ബോധിപ്പിക്കാനുള്ളതു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഡാക്ടർ എൻ. കുഞ്ഞൻപിള്ള ഗവൺമെൻറിനെ പ്രതിനിധീകരിക്കുന്നില്ലയോ എന്നു പറയുമോ?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): ഞാൻ അതിനെപ്പററി പിന്നീടു പ്രസ്താവിക്കുന്നതാണ്. കൂടാതെ കൃഷിചെയ്യുന്നതിനു ചതുപ്പുപ്രദേശങ്ങൾ വനത്തിൽനിന്നു ഒഴിവാക്കി പൊതുജനങ്ങൾക്കു വിട്ടുകൊടുക്കുന്നതിനായി കൃഷിഡിപ്പാർട്ടുമെൻറിനെ ഏല്പിക്കുന്ന സംഗതിയെ കുറിച്ചും ഞാൻ പ്രസ്താവിക്കുന്നതാണ്.

മിസ്റ്റർ കൃഷ്ണപിള്ള ചോദിച്ച ചോദ്യത്തിനു മറുപടിയായി എനിക്കു പറയാനുള്ളതു, ഇതാണ്: ഇന്നലെ വിദ്യാഭ്യാസം എന്ന വിഷയത്തെ സംബന്ധിച്ചു വിദ്യാഭ്യാസഡയറക്ടർ പ്രസംഗിച്ചുകൊണ്ടിരുന്ന അവസരത്തിൽ അദ്ദേഹം പ്രസംഗിക്കുന്നതു ഗവൺമെൻറിനുവേണ്ടിയോ ഡിപ്പാർട്ടുമെൻറിനുവേണ്ടിയോ എന്നു വിശദമായി ഞാൻ അദ്ദേഹത്തിനോടു ചോദിക്കുകയുണ്ടായി. അദ്ദേഹം ഗവൺമെൻറിനുവേണ്ടിയാണ് പ്രസംഗിച്ചതെന്നു നിങ്ങൾ ഞങ്ങളെ ധരിപ്പിച്ചിട്ടുണ്ട്. സർ, എന്നാൽ അദ്ദേഹം ഗവൺമെൻറിൻെറ അധീനത്തിലുള്ള മററൊരു ഡിപ്പാർട്ടുമെൻറിനെ കുററം ആരോപിക്കയാണ് ചെയ്തിട്ടുള്ളതെന്നു അദ്ദേഹത്തിൻെറ പ്രസംഗത്തിൽനിന്നു ഏവർക്കും മനസ്സിലാക്കാവുന്നതാണ്. ഒഴിവുവന്ന ചില ഉദ്യോഗങ്ങൾക്കു ആളുകളെ നിയമിക്കുന്നകാര്യത്തിൽ നേരിട്ടിട്ടുള്ള കാലതാമസത്തിനു വിദ്യാഭ്യാസഡയറക്ടർ മാത്രമല്ലാ, അതിനു ഉത്തരവാദിയെന്നും, അതിനു അക്കൌണ്ടാഫീസരും ഉത്തരവാദിയാണെന്നും അദ്ദേഹം പറകയുണ്ടായി. ഈ കാര്യത്തെ സംബന്ധിച്ചു ഗവൺമെൻറിൻെറ അഭിപ്രായം എന്താണെന്നു പറയുന്നതിനു ഞാൻ ഇന്നലെ ഡാക്ടർ കുഞ്ഞൻപിള്ളയോടു ആവശ്യപ്പെട്ടു. അതു ഗവൺമെൻറിൻെറ നയത്തെ സംബന്ധിക്കുന്ന ഒരു വിഷയമാകയാൽ അക്കാര്യത്തിൽ ചീഫ് സെക്രട്ടറിയോടു ചോദിക്കേണ്ടതാണെന്നു അദ്ദേഹം മറുപടി പറഞ്ഞു. കാര്യങ്ങളുടെ സ്ഥിതി ഇപ്രകാരമാണെങ്കിൽ, ഡിപ്പാർട്ടുമെൻറിലേക്കു കൂടുതൽ പണം അനുവദിക്കേണ്ടതാണെന്നു നാം അഭിപ്രായപ്പെടുമ്പോൾ ഗവൺമെൻറിനുവേണ്ടി മെമ്പർ നമുക്കു നന്ദിപറയുന്നതിൻെറ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഞാൻ സാമാജികന്മാർക്കു നന്ദിപറഞ്ഞിട്ടുള്ളതു എൻെറ സ്വന്തനിലയെ ആസ്പദമാക്കിയാണ്, ഗവൺമെൻറിനുവേണ്ടിയല്ല അപ്രകാരം ഞാൻ പ്രവർത്തിച്ചിട്ടുള്ളതു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞങ്ങൾ ചെയ്തിട്ടുള്ള നിർദ്ദേശങ്ങളെ സംബന്ധിച്ചു ഗവൺമെൻറ നടത്തിയിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും നിർവഹിക്കാൻ പോകുന്ന സംഗതികൾ എന്തെല്ലാമെന്നും ഉള്ളതു ഗവൺമെൻറ വിശദമായി നമ്മെ ധരിപ്പിക്കേണ്ടതാണ്. ഇതാണ് ഞാൻ പറയുന്നതു.

സർ, ഈ അവസരത്തിൽ ഈ രാജ്യത്തിലെ കൃഷീവലന്മാർക്കു നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ചാണ് ഇവിടെ നാം പ്രസ്താവിക്കുന്നതു. അതിനിടയിൽ ഡിപ്പാർട്ടുമെൻറ മേലധികാരിക്കും ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കും നേരിട്ടിട്ടുള്ള വിഷമതകളെപ്പററി അദ്ദേഹം പ്രസ്താവിക്കുന്നു. സർ, ഗവൺമെൻറിനുവേണ്ടി സംസാരിക്കുന്നതിനു പല ഡിപ്പാർട്ടുമെൻറുകളുടേയും മേലധികാരികൾക്കു അധികാരങ്ങൾ നൽകാത്തപക്ഷം, ഗവൺമെൻറിനുവേണ്ടി ഞങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനു ഗവൺമെൻറ ചീഫ് സെക്രട്ടറിയേയോ മററതെങ്കിലും ഉദ്യോഗസ്ഥനേയോ നിയമിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. സർ, കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനെ സംബന്ധിച്ചു ഈ സഭയിലെ അനുദ്യോഗസ്ഥ സാമാജികന്മാർ ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾ കൃഷിഡയറക്ടർ സ്വീകരിച്ചിട്ടില്ല. ഒരു കാര്യത്തെപ്പററി ചോദിച്ച അവസരത്തിൽ പൊതുമരാമത്തുഡിപ്പാർട്ടുമെൻറിനോടു ആ കാര്യം ചോദിക്കണമെന്നു അദ്ദേഹം മറുപടി നൽകുകയുണ്ടായി. മററൊരു കാര്യത്തിലാകട്ടെ, വനം കൺസർവേറററോടു ആ സംഗതി ചോദിക്കണമെന്നു അദ്ദേഹം മറുപടിയായി പറഞ്ഞിരിക്കുന്നു. സർ, ഈ രാജ്യത്തിൽ കാർഷികവിദ്യാലയങ്ങൾ തുറക്കണമെന്നു മി. കുഞ്ഞിത്തൊമ്മൻ നിർദ്ദേശിച്ചു. ആ അവസരത്തിൽ, കൃഷിവിദ്യാലയങ്ങൾ ഏർപ്പെടുത്തുന്നതു പ്രായോഗികമല്ലെന്നു ഡയറക്ടർ മറുപടി പറഞ്ഞിരിക്കുന്നു. കാർഷികവിദ്യാലയങ്ങളെ സംബന്ധിച്ചു ലോകത്തിലെ മററു രാജ്യങ്ങളിൽ പരീക്ഷണങ്ങൾ നടത്തിട്ടുണ്ടെന്നും അവ പരാജയത്തിൽ പരിണമിച്ചിട്ടുണ്ടെന്നും ഉള്ള കാരണങ്ങളാണ് മേൽപ്പറഞ്ഞ നിർദ്ദേശത്തിനു മറുപടിയായി അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഞാൻ പറഞ്ഞിട്ടുള്ളതു ഒരു യഥാർത്ഥസംഗതിയാണ്. മററു രാജ്യങ്ങളിൽ ഈ വിഷയത്തിൽ രണ്ടു പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ഈ പരീക്ഷണങ്ങൾ പരാജയത്തിലാണ് കലാശിച്ചിട്ടുള്ളതു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അന്യ മററു രാജ്യങ്ങളിൽ വിജയപ്രദമായിട്ടില്ലെന്നു വന്നേയ്ക്കാം. എന്നാൽ ഭാവിയെ അവ ഫലപ്രാപ്തിയിൽ വന്നേക്കാവുന്നതാണ്. മററു രാജ്യങ്ങളിൽ പരീക്ഷണങ്ങൾ വിജയപ്രദമല്ലെന്നു കണ്ടിരിക്കുന്നു എന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): സർ, പരീക്ഷണം ഇവിടെ നടത്താൻ പാടില്ലെന്നു ഞാൻ പറഞ്ഞില്ല. ഈ സംഗതി ഞാൻ ചൂണ്ടിക്കാണിച്ചതേയുള്ളു. ഇവിടെ വരുത്തിക്കുന്ന രീതിക്കനുസരണമായുള്ള കാർഷിക വിദ്യാഭ്യാസ പദ്ധതി വിജയപ്രദമായ വിധത്തിൽ നടപ്പിലാക്കുന്നതിനു ചില പ്രായോഗിക വിഷമതകൾ ഉണ്ട്. ഇത്രമാത്രമാണ് ഞാൻ പറഞ്ഞത്. അവയെ തരണംചെയ്യുന്നതിനു നമുക്കു സാധിച്ചേക്കാം. നാം പരീക്ഷണങ്ങൾ നടത്താൻ പാടില്ലെന്നു ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോൾ നമ്മുടെ ആലോചനയിലിരിക്കുന്ന വിഷയത്തെസംബന്ധിച്ച പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടെന്നും അവ പരാജയത്തിൽ കലാശിച്ചിട്ടുണ്ടെന്നും പറഞ്ഞ് ഈ സഭയിലെ അനൗദ്യോഗസ്ഥ സാമാജികന്മാരെ നിരാശപ്പെടുത്തേണ്ട ആവശ്യമില്ലാ.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): വാസ്തവമായ ഒരു കാര്യത്തെപ്പററി ഞാൻ പറഞ്ഞതേയുള്ളു.

അദ്ധ്യക്ഷൻ: ഒരു യഥാർത്ഥസംഗതി വാസ്തവംതന്നെയാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ രാജ്യത്തിൽ കാർഷികവിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും പഞ്ചാബിൽ ഈ കാര്യത്തെസംബന്ധിച്ചുള്ള പരീക്ഷണം നടത്തിവരുന്നസ്ഥിതിക്കു മനസ്സിലാക്കുന്നതിനു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽനിന്നോ, അല്ലെങ്കിൽ, കൃഷിഡിപ്പാർട്ടുമെന്റിൽനിന്നോ ഒരു ഉദ്യോഗസ്ഥനെ അങ്ങോട്ടയക്കണമെന്നും മററുമുള്ള കാര്യങ്ങൾ അഖിലഭാരത റിപ്പോർട്ടിലെ പത്താം ഖണ്ഡികയിൽ ഉൾപ്പെട്ട ഒന്നാംഉപവകുപ്പിൽ തൊഴിലില്ലായ്മക്കമ്മിററി നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ത്യാരാജ്യത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള രാജകീയകാർഷികകമ്മിഷൻ സമർപ്പിച്ചിട്ടുള്ളറിപ്പോർട്ടിനെ വിശ്വസിക്കാവുന്നതാണെങ്കിൽ, മേൽപറഞ്ഞ സമ്പ്രദായം പഞ്ചാബിൽ വളരെ ഗുണകരമായവിധത്തിൽ നടപ്പിലിരിക്കുന്നുവെന്നും ഈ സമ്പ്രദായമനുസരിച്ചു മററു പ്രാവിൻസുകൾക്കും കാര്യങ്ങൾ നിർവഹിക്കാവുന്നതാണെന്നും പറഞ്ഞിരിക്കുന്നു. അഭിജ്ഞനായ ഡയറക്ടർക്കു ഈ കാര്യത്തിൽ ഏതെങ്കിലും സംശയമുണ്ടെങ്കിൽ.—

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): രാജകീയ കാർഷികകമ്മിഷന്റെ റിപ്പോർട്ടു ഞാൻ വായിച്ചിട്ടുള്ളതുതന്നെയാണ്. അതിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളെപ്പററി എനിക്കു യാതൊരു സംശയവുമില്ല.

അദ്ധ്യക്ഷൻ: പഞ്ചാബിൽ ഈകാര്യത്തിൽ നടത്തിവരുന്ന പരീക്ഷണങ്ങൾ ഭിന്നമായ നിലയിലുള്ളതാണെന്നു കൃഷിഡയറക്ടർതന്നെ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. എന്നാൽ ഈ പരീക്ഷണങ്ങൾ ഇവിടെ സ്വീകരിക്കാൻ സാധിക്കയില്ലെന്നു അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ട്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആലോചനയിലിരിക്കുന്ന പ്രസ്തുതപദ്ധതി പ്രായോഗികമല്ലെന്നുള്ളതിനു ഡയറക്ടർ പറഞ്ഞ കാരണങ്ങളിൽ ഒന്നു ഇതാണ്. രാവിലെ പത്തുമണിക്കും വൈകുന്നേരം നാലുമണിക്കും മദ്ധ്യേ ജോലിചെയ്യുന്നതിനു പത്തുവയസ്സിൽകുറഞ്ഞ കുട്ടികളെ ഉപയോഗിക്കാൻ പാടില്ല. കൂടാതെ, അവർ വളരെ വിസ്തൃതമായ പ്രദേശങ്ങളിൽനിന്നാണ് വരുന്നത്. ഇതും മററൊരു കാരണമായി ഡയറക്ടർ പറയുന്നു. സർ, ഇപ്രകാരമുള്ള ജോലിചെയ്യുന്നതിനു പത്തുവയസ്സിൽകുറഞ്ഞ അദ്ധ്യേതാക്കളോടു പറയേണ്ടആവശ്യമില്ലെന്നും, അതു നിർവഹിക്കുന്നതിനു അവർക്കു പ്രാപ്തിയില്ലെന്നും, ഈ സമ്പ്രദായം പ്രൈമറി വിദ്യാലയങ്ങളിൽ നടപ്പിൽവരുത്താൻ പാടില്ലെന്നും ഉള്ള കാര്യങ്ങൾ രാജകീയകാർഷികകമ്മിഷൻ അവരുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ സമ്പ്രദായം നടപ്പിൽ വരുത്തേണ്ടതു മിഡിൽസ്കൂളുകളിലാണെന്നാണു കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. രാജകീയകമ്മിഷൻ ചെയ്തിട്ടുള്ള ഈ ചെറിയ ശിപാർശയെ സ്വീകരിക്കുന്ന വിഷയത്തിൽ കൃഷിഡയറക്ടർ വളരെ വൈമനസ്യം പ്രദർശിപ്പിച്ചുകാണുന്നു.— ഇൻഡ്യയിലെ കാർഷികസ്ഥിതികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനു കൃഷിഡിപ്പാർട്ടുമെന്റും കൃഷിമരാമത്തു ഡിപ്പാർട്ടുമെന്റും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റും അന്യോന്യം ഒത്തൊരുമിച്ചു പ്രവർത്തിക്കണം എന്നുള്ള സംഗതിയും ഇൻഡ്യയിലെ രാജകീയ കാർഷികകമ്മിഷൻ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടു വായിക്കുന്നപക്ഷം ഡയറക്ടർക്കു പൂർണ്ണമായി ബോദ്ധ്യമാകുന്നതാണ്. ഇതിനുമുൻപു പല അവസരങ്ങളിലും ഈ സഭ ഗവർണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചിട്ടുള്ള വിവിധ വിഷയങ്ങളെയും സംബന്ധിച്ച്, ഗവർണ്മെന്റു സ്വീകരിച്ചിരിക്കുന്ന മനോഭാവം ഗവർണ്മെന്റു വിശദമായി വെളിപ്പെടുത്തേണ്ടതാണ്. എനിക്കു ബോധിപ്പിക്കാനുള്ളതു ഇത്രമാത്രമാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഈ സഭയുടെ ആലോചനയിലിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും); ഈയോഗത്തിൽ ഹാജരാക്കിയിരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനു ഞാനും എഴുന്നേററുകൊള്ളുന്നു. കൃഷിഡിപ്പാർട്ടുമെന്റു കൃഷികാര്യങ്ങളെ സംബന്ധിച്ചു മതിയായവിധത്തിൽ പ്രചാരണവേല നടത്തിവരുന്നില്ല. കൂടാതെ വേണ്ടിടത്തോളം ഉപവാദങ്ങൾനടത്തി കൃഷിസമ്പ്രദായങ്ങൾ ജനങ്ങൾക്കു കാണിച്ചുകൊടുക്കുന്നുമില്ല. കൃഷിഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തിലും ഭരണത്തിലുമുള്ള പ്രധാന രണ്ടു ന്യൂനതകൾ മേൽപറഞ്ഞവയാണ്. ഡിപ്പാർട്ടുമെന്റിനു വേണ്ടടത്തോളം പണം അനുവദിച്ചുകൊടുക്കുന്നില്ലെന്നുള്ളതാണ് മേൽപറഞ്ഞ ന്യൂനതകൾക്കു കാരണം എന്നു പറയുന്നു. ഈ രാജ്യത്തിൽ ഉപവാദനം നടത്തിവരുന്ന പല തോട്ടങ്ങളും ഉപവാദന പ്ലാട്ടുകളും ഉണ്ട്. എന്നാൽ സാമാന്യജനങ്ങൾ അവരുടെ രീതികൾക്കു മനസ്സിലാക്കുന്നതിനു സാധിക്കാത്ത വിധത്തിൽ ഈ സ്ഥലങ്ങളിലാണ് പ്രസ്തുത ഉപവാദനപ്ലാട്ടുകളും, ഉപവാദനതോട്ടങ്ങളും സ്ഥിതിചെയ്യുന്നത്. ഇതിനൊരുദാഹരണം പറയാം. കൊട്ടാരക്കരയിൽ ഇപ്രകാരമുള്ള ഒരു തോട്ടം നടത്തിവരുന്നുണ്ട്. എന്നാൽ പൊതുജനങ്ങൾ സഞ്ചാരംചെയ്യുന്നസ്ഥലത്തും, പട്ടണത്തിലും റെയിൽവേസ്റ്റേഷൻ സ്ഥിതിചെയ്യുന്നസ്ഥലത്തും

പ്രധാനറോഡുകളുടെ വശങ്ങളിൽനിന്നു വളരെ വിദൂരമായ ഒരു പ്രദേശത്താണ് തോട്ടം സ്ഥാപിച്ചിരിക്കുന്നത്. കച്ചേരിക്കു സമീപത്തിലോ, റയിൽവേ സ്റ്റേഷൻ സമീപത്തിലോ കൊട്ടാരക്കര ഉള്ള തോട്ടം സ്ഥാപിക്കുന്നപക്ഷം അത് ഇപ്പോൾ ഉള്ളതിൽ കൂടുതൽ ജനങ്ങൾക്ക് ഈ വിഷയത്തിൽ ആകർഷണം നൽകുമായിരുന്നു. കൂടാതെ അത് കൃഷിയെ സംബന്ധിച്ച പ്രചരണവേലയെ വളരെ ലഘൂകരിപ്പെടുത്തുകയും ചെയ്യുമായിരുന്നു. കരമനയും ഒരു കൃഷിത്തോട്ടം ഉണ്ട് ഈ തോട്ടം—

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഈ തോട്ടം വളരെക്കാലം മുൻപുതന്നെ നിറുത്തലാക്കിയിട്ടുണ്ട് എന്നുള്ള വസ്തുത ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-പത്തനാപുരം): ഈ അവസരത്തിൽ ഇതാണ് എനിക്കു പറയുവാനുള്ളത്. തിരുവനന്തപുരംപട്ടണത്തിന്റെ ഒരു മദ്ധ്യഭാഗത്തു ഒരു പുതിയ കൃഷിത്തോട്ടം ഏർപ്പെടുത്തുന്നപക്ഷം, ഈ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് ഇവിടെ വന്നുചേരുന്ന അനവധി ആളുകൾ പ്രസ്തുത തോട്ടം സന്ദർശിക്കുന്നതിന് ഇടയാകുന്നതാണ്. ഉൾനാട്ടുകളിൽനിന്നും പൗരന്മാർ തിരുവനന്തപുരം പട്ടണത്തിലേക്കു വരുന്നു. ഈ തോട്ടം ശരിയായവിധത്തിൽ ആകർഷണീയമായിരിക്കുന്നപക്ഷം, നിശ്ചയമായും അവർ സന്ദർശിക്കുന്നതാണ്. അതിനാൽ പട്ടണത്തിന്റെ ഒരു മദ്ധ്യഭാഗത്തു പുത്തൻകച്ചേരിക്കുസമീപത്തിലോ, അല്ലെങ്കിൽ, ഈ ഹാളിനു സമീപത്തുള്ള ഏതെങ്കിലും സ്ഥലത്തോ (ചിരി) ഒരു തോട്ടം ഏർപ്പെടുത്തണമെന്ന് ഞാൻ ഗവൺമെന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു. കഴിയുന്നത്ര വളരെ കൂടുതൽ ജനങ്ങളെ ഇക്കാര്യത്തിൽ ആകർഷിക്കുന്നതിനായിട്ടാണ് ഇപ്രകാരം ചെയ്യുന്നതിനു ഞാൻ അപേക്ഷിക്കുന്നത്. എന്റെ നിർദ്ദേശം ഏതാണ്ടു ബുദ്ധിപൂർവ്വമല്ലാത്ത ഒന്നാണെന്നു സാമാജികന്മാർക്കു തോന്നിയേക്കാം. എന്നാൽ ഇപ്രകാരം ചെയ്യുന്നപക്ഷം കൃഷിയെസംബന്ധിച്ചും ഉല്പാദനങ്ങളെസംബന്ധിച്ചും ഉള്ള പ്രചരണവേലകൾ ലഘൂകരിപ്പെടുത്തുന്നതിനുപുറമെ, വളരെക്കൂടിയ തോതിൽ ജനങ്ങൾക്കു ഈ കാര്യത്തിൽ അറിവും ആകർഷണവും നൽകുന്നതിനു ഇതു് ഉപകരിക്കുന്നതുമാണ്. ഈ വസ്തുതയെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ ഈ നിർദ്ദേശം ചെയ്തിട്ടുള്ളത്. ഈ സംഗതികൾ പ്രസ്താവിച്ചുകൊണ്ടു് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ എന്റെ ഉപക്ഷേപംകൊണ്ടു കൌൺസിലിന്റെ ശ്രദ്ധയെ എങ്ങിനെ ആകർഷിക്കണമെന്നു ഉദ്ദേശിച്ചിരുന്നുവോ ആ വിധത്തിൽതന്നെ എനിക്കു അതു നിർവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ മാന്യസ്നേഹിതന്മാർ കൃഷിഡിപ്പാർട്ടുമെന്റിന്റെ പ്രാധാന്യത്തെയും അതിനെ ജനങ്ങൾക്കു ഉപയോഗയോഗ്യമാക്കിത്തീർക്കേണ്ട ആവശ്യകതയെയുംപറ്റി നാനാമുഖങ്ങളായ നിരൂപണങ്ങൾ ഇവിടെ ചെയ്തുകഴിഞ്ഞു. ഗവൺമെന്റുമെമ്പർ തത്സംബന്ധമായി പറഞ്ഞ മറുപടി ഞങ്ങളെ പരിപൂർണ്ണമായി തൃപ്തിപ്പെടുത്തുന്നതല്ലായിരുന്നു. എങ്കിലും അദ്ദേഹത്തിനു ഡിപ്പാർട്ടുമെന്റിന്റെ അഭിവൃദ്ധിയിൽ താല്പര്യമുണ്ടെന്നു വ്യക്തപ്പെടുത്താതിരുന്നില്ല. ഞാൻ നിർദ്ദേശിച്ചതും എന്റെ സ്നേഹിതന്മാർ പ്രതിവാദിച്ചതും ആയ പല വിഷയങ്ങളെപ്പറ്റിയും ഡയറക്ടർക്കു അദ്ദേഹത്തിന്റെ നിലയിൽ നേരിട്ടു ഒരു അഭിപ്രായം പറയാൻ കഴികയില്ല എന്നുള്ളതു ഞങ്ങൾക്കും അറിയാം. ഗവൺമെന്റു നേരിട്ടു ഇടപെട്ടു ഈ ഡിപ്പാർട്ടുമെന്റു മാത്രമായി നിർവഹിക്കേണ്ട പരിഷ്കാരങ്ങളെപ്പറ്റിയാണ് ഞങ്ങൾ ഇവിടെ പറഞ്ഞിട്ടുള്ളതു്.

ഗവൺമെന്റിന്റെ ചുമതല ഏതുപ്രകാരത്തിൽ നിർവഹിക്കപ്പെടുന്നു എന്നുള്ളതു ഗവൺമെന്റുമെമ്പർക്കു വ്യക്തപ്പെടുത്താൻ സാധിക്കാത്തതുകൊണ്ടു് ഞങ്ങൾക്കു ആ വിഷയത്തിൽ ഒരു പരാതിയും പറയേണ്ടതായിട്ടില്ല. കൃഷിഡിപ്പാർട്ടുമെന്റിന്റെ അഭിവൃദ്ധിക്കു് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ എങ്ങനെ സാധിതപ്രായമാക്കാമെന്നുള്ളതിനെപ്പറ്റി ഗവൺമെന്റു അദ്ധ്യക്ഷനു പറയാൻ നിവൃത്തിയില്ലെന്നുവരികിലും ആ വിഷയത്തിൽ യന്ത്രപരിശോധനക്കമ്മറ്റിയിൽനിന്നു ചെയ്തിട്ടുള്ള നിർദ്ദേശങ്ങളിൽ ഗവൺമെന്റു കൂടുതൽ ശ്രദ്ധപതിപ്പിച്ചാൽ പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്താൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

മറ്റു പാഠശാലകളോടുചേർത്തു കൃഷി പാഠശാലകൂടി നടത്തുന്നതു നല്ലതാണെന്നു ഡയറക്ടർ സമ്മതിക്കുന്നുണ്ടെങ്കിലും അതു നടത്തുന്നതിനുള്ള പ്രയാസത്തെപ്പറ്റി അദ്ദേഹം സംശയിക്കുന്നു. എത്ര പ്രയാസമേറിയ സംഗതികളാണെങ്കിലും ജനങ്ങൾക്കു അതു പ്രയോജനകരമായിരിക്കുമെന്നു തോന്നുന്നു എങ്കിൽ ആ മാറ്റങ്ങളിൽകൂടി പ്രവർത്തിക്കുന്നതിനു ഡിപ്പാർട്ടുമെന്റും ഗവൺമെന്റും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഈ അഭിപ്രായത്തെ വിശദപ്പെടുത്തിക്കൊണ്ടു ഈ ഉപക്ഷേപത്തിൽ ഞാൻ ഉദ്ദേശിക്കുന്നതായ സംഗതികൾ കൌൺസിലിന്റെ ശ്രദ്ധയിൽ ധാരാളമായി പതിഞ്ഞിട്ടുണ്ടെന്നുള്ള കൃതാർത്ഥതയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ തൽക്കാലം പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: സഭയുടെ പര്യാലോചനയിൽ ഇരിക്കുന്ന ഉപക്ഷേപം പിൻവലിക്കുന്നതിനുള്ള അനുവാദം നൽകുന്നതിനു സാമാജികന്മാർക്കു സമ്മതമായിരിക്കുമോ?

ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

൨൨൯ മുതൽ ൨൭൫ വരെ ഉള്ള ഉപക്ഷേപങ്ങൾ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ സഭയിൽ ഹാജരാക്കപ്പെട്ടില്ല.

മി. എ. സി. കുര്യാക്കോസ്.

൨൨൯. ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപ്പടിക്കു നീക്കിവച്ചിരിക്കുന്ന ൩൨൦൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്നുള്ള അപേക്ഷ

മി. എൻ. രാജരാജവർമ്മകോയിത്തമ്പുരാൻ:

൨൭൦. വിത്തുകൾ, വളം, പണിആയുധങ്ങൾ, മുതലായവ വിലയ്ക്കു വാങ്ങുന്നതിനു കൊള്ളിച്ചിട്ടുള്ള ൩൦൦ രൂപായിൽനിന്നു ഒരു രൂപാ കുറയ്ക്കണം.

മി. എൻ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ.

൨൭൧. വിത്തുകാളയുടെ സംരക്ഷണത്തിനു സഹായധനം നൽകുന്നതിനു നീക്കിവച്ചിട്ടുള്ള ൫൦൦൦ രൂപയിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ:

൪൬൨. നിയന്ത്രണം നടത്തുന്നതിനായി നീക്കിവച്ചിട്ടുള്ള ൨,൨൬൭ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ:

൪൬൩. നിയന്ത്രണം നടത്തുന്നതിനായി നീക്കിവച്ചിട്ടുള്ള ൨,൨൬൭ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

൪൬൪-ാം നമ്പർ ഉപക്ഷേപം.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): സർ, താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നതിനു അനുവദി നൽകണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

നിയന്ത്രണം നടത്തുന്നതിനു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള ൨,൨൬൭ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

സർ, തിരുവനന്തപുരം ഡിവിഷനിൽ ഒരു കാർഷികവിദ്യാലയം സ്ഥാപിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ മേലാവിലേയ്ക്കു അയയ്ക്കാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നു ഇപ്പോൾ അന്വേഷിച്ചറിയുന്നതിനായിട്ടാണു ഈ ഉപക്ഷേപം ഞാൻ ഹാജരാക്കീട്ടുള്ളതു. ഉപക്ഷേപത്തെ സംബന്ധിച്ചുള്ള എന്റെ ഉദ്ദേശം ഉപക്ഷേപസഹിതം തന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്.

കഴിഞ്ഞകൊല്ലത്തിൽ കോട്ടയം ഡിവിഷനിൽ ആലുവായിലും കൊല്ലം ഡിവിഷനിൽ കൊട്ടാരക്കരയിലും ഓരോ കാർഷികവിദ്യാലയങ്ങൾ നടത്തിവന്നിരുന്ന അവസരത്തിൽ തന്നെ ഫിനാൻസ്‌കമ്മിറ്റിയുടെ യോഗത്തിൽ മൂന്നാമതായി ഇപ്രകാരമുള്ള ഒരു വിദ്യാലയം തുറക്കുന്നതിനെസംബന്ധിച്ച വിഷയം പര്യാലോചനയ്ക്കു എടുക്കുക ഉണ്ടായി. തിരുവനന്തപുരം ഡിവിഷനിൽ യാതൊരു കൃഷിവിദ്യാലയങ്ങളും ഇപ്പോൾ ഇല്ലാതിരിക്കുന്നു. അതിനാൽ തുറക്കുന്നതിനുദ്ദേശിക്കുന്ന പുതിയവിദ്യാലയം തിരുവനന്തപുരം ഡിവിഷനിൽ സ്ഥാപിക്കേണ്ടതാണെന്നു ഫിനാൻസ് കമ്മിറ്റിയുടെ യോഗത്തിൽ നിർദ്ദേശിക്കപ്പെട്ടു. കോന്നിയിൽ ഒരു വിദ്യാലയം ഏർപ്പെടുത്തുന്നതിനു ചില ഏർപ്പാടുകൾ ചെയ്യുന്നതാണെന്നു അദ്ധ്യക്ഷൻതന്നെ ആ അവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു കൃഷിഡയറക്ടരോടു അദ്ദേഹം ആവശ്യപ്പെടുമെന്നു ഈ സഭയുടെ യോഗത്തിൽവെച്ചു ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുമുണ്ട്. അദ്ധ്യക്ഷൻ പ്രസ്താവിച്ചിട്ടുള്ളതു താഴെപറയുംപ്രകാരമാണ്.

"ഇതിനു തുല്യമായ ഒരു വിദ്യാലയം ദക്ഷിണതിരുവിതാംകൂറിൽ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു കൃഷിഡയറക്ടരോടു ആവശ്യപ്പെടുന്നതാണെന്നു അദ്ധ്യക്ഷൻ പ്രസ്താവിച്ചിട്ടുണ്ട്"

സർ, ഫിനാൻസ് കമ്മിറ്റിയുടെ യോഗത്തിൽവച്ചു അദ്ധ്യക്ഷൻ ഈ കാര്യത്തെ ഖണ്ഡിതമായ വിധത്തിൽ മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയവ്യയഗണനപട്ടികയിൽ ഇതിനു യാതൊരു തുകയും ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഇപ്രകാരം പ്രവർത്തിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നുള്ളതു അറിയുന്നതിനു ഞാൻ ആവശ്യപ്പെടുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ആയിരത്തി ഒരുനൂറ്റിനാലാമാണ്ടേക്കുള്ള ആയവ്യയഗണനപട്ടിക നിയമസഭയുടെ മുമ്പാകെ ഹാജരാക്കുന്നതിനു മുൻപുതന്നെ കോന്നിയിൽ ഒരു പുതിയ കാർഷികവിദ്യാലയം ഏർപ്പെടുത്തണമെന്നുള്ള വിഷയം ആലോചിച്ചുതീരുമാനിച്ചിട്ടുള്ള ഒന്നുതന്നെയാണ്. എന്നാൽ ഇതുവരെ പ്രസ്തുതവിദ്യാലയം ഏർപ്പെടുത്തുന്നതിനു സാധിച്ചിട്ടില്ല. ആയിരത്തി ഒരുനൂറ്റിനാലാമാണ്ടിടക്കു ഈ വിദ്യാലയം തുറക്കണമെന്നു ഗവണ്മെന്റു നിശ്ചയിച്ചിരുന്നു. പ്രസ്തുതസംഗതി നിർവഹിക്കുന്നതിനു ആയവ്യയഗണനപട്ടികയിൽ പണം കൊള്ളിച്ചിട്ടുമുണ്ടായിരുന്നു. എന്നാൽ കെട്ടിടങ്ങൾ പണിയിക്കുന്നതിൽ നേരിട്ട കാലവിളംബംമൂലം ഇതുവരെ പള്ളിക്കൂടം തുറക്കുന്നതിനു സാധിക്കാതെ വന്നിട്ടുള്ളതാണ്. എന്റെ സ്നേഹിതൻ മിസ്റ്റർ പിള്ളയുടെ സഹായംകൂടി ആയിരത്തിഒരുനൂറ്റിഅഞ്ചാമാണ്ടേയ്ക്കു പ്രസ്തുതവിദ്യാലയം ഏർപ്പെടുത്തുന്നതിനു കഴിയുമെന്നു ഞാൻ ആശിക്കുന്നു. പ്രസ്തുതവിദ്യാലയം ആരംഭിച്ചതിനുശേഷം ബഹുമാനപ്പെട്ട മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ അഭിപ്രായപ്പെട്ടതുപോലെ ദക്ഷിണതിരുവിതാംകൂറിൽ ഒരു കാർഷികവിദ്യാലയം സ്ഥാപിക്കേണ്ട ആവശ്യകതയെ സംബന്ധിച്ചു ആലോചിക്കാവുന്നതാണല്ലോ. ഈ വിദ്യാലയം തിരുവനന്തപുരം ഡിവിഷനിൽ ഒരുവരും ദക്ഷിണതിരുവിതാംകൂറിൽ സ്ഥാപിക്കുന്നതായിരിക്കും.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): കോന്നിയിൽ ഏർപ്പെടുത്തുവാനായിരിക്കുന്ന വിദ്യാലയം ആരംഭിച്ചതിനുശേഷം ദക്ഷിണതിരുവിതാംകൂറിൽ ഒരു കാർഷിക വിദ്യാലയം ആരംഭിക്കുമെന്നാണോ ഇവിടെ പറഞ്ഞതിൽനിന്നു ഞാൻ മനസ്സിലാക്കേണ്ടതു്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): പ്രസ്തുതവിഷയത്തിൽ ഈ വിധം ഖണ്ഡിതമായി പറയുന്നതിനു എനിക്കു സാദ്ധ്യമില്ല. എന്നാൽ കോന്നിയിലുള്ള വിദ്യാലയം ആരംഭിച്ചതിനുശേഷം രണ്ടാമത്തെ കാർഷികവിദ്യാലയം തുറക്കുന്നതിനു ദക്ഷിണതിരുവിതാംകൂറിനുള്ള അവകാശങ്ങളെ സംബന്ധിച്ചു പര്യാലോചിക്കുന്നതായിരിക്കും.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): കഴിഞ്ഞ ഫിനാൻസ്‌കമ്മിറ്റിയുടെ യോഗത്തിൽ അദ്ധ്യക്ഷൻ ഈ കാര്യത്തിൽ ഖണ്ഡിച്ചുപറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹം അപ്രകാരം പറഞ്ഞതിനെസംബന്ധിച്ചു എന്താണു പറയുന്നതു്?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഞാൻ അതിനെപ്പറ്റി കേട്ടിട്ടില്ല. അദ്ധ്യക്ഷൻ അപ്രകാരം ഖണ്ഡിച്ചുപറഞ്ഞിട്ടുണ്ടെന്നുള്ള സംഗതി ആദ്യമായിട്ടാണു ഞാൻ കേൾക്കുന്നതു്. ഈ കാര്യത്തെ സംബന്ധിച്ചു എനിക്കു യാതൊരുവിവരവും ലഭിച്ചിട്ടില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): സർ, ഈ വിഷയത്തിൽ ഡയറക്ടർ നൽകിയ മറുപടി തൃപ്തികരമാണെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ ദക്ഷിണതിരുവിതാംകൂറിൽ

ഒരു കാർഷികവിദ്യാലയം തുറക്കണമെന്നുള്ള വിഷയത്തെപ്പററി അദ്ദേഹം പരിഗണിക്കുന്നതാണെന്നു പറഞ്ഞിട്ടുള്ളസ്ഥിതിക്കു, എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുമതി നൽകണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഈ സഭയിൽ ഹാജരാക്കിയ ഉപക്ഷേപം പിൻവലിക്കുന്നതിനുള്ള അനുമതി നൽകുന്നതിനു സാമാജികന്മാർക്കു സമ്മതമുണ്ടോ?

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൭൫ മുതൽ ൨൭൬ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ സഭയിൽ ഹാജരാക്കപ്പെട്ടില്ല.

൨൭൫. മി. ഇട്ടൂപ്പു ഇട്ടിയച്ചൻ: നിയന്ത്രണം നടത്തുന്നതിനു ബഡ്ജററിൽ കാണിച്ചിട്ടുള്ള ൨൮,൨൭൫ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

൨൭൬. മി. പി. എസ്. മഹമ്മദ്: ശമ്പളം നൽകുന്നതിനു ബഡ്ജററിൽ കാണിച്ചിട്ടുള്ള ൨,൭൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

൨൭൭-ാംനമ്പർ ഉപക്ഷേപം.

മി. എ. സി. കുര്യാക്കോസ്: തൻചിലവു സിൽബന്ധികൾക്കു ബഡ്ജററിൽ നീക്കിവെച്ചിട്ടുള്ള ൩൦,൭൭൬ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): എസ്റ്റാബ്ലിഷ്മെൻറു വകയ്ക്കു നിശ്ചയിച്ചിരിക്കുന്ന ൩൦,൭൭൬ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു മീനച്ചിൽതാലൂക്കിൽ കൃഷിവിഷയകമായി ഗവണ്മെൻറുചെയ്യേണ്ട പ്രത്യേക ആവശ്യങ്ങളെപ്പററി പ്രസ്താവിക്കുന്നതിനാണ്. ഈ താലൂക്കിൽ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും കൃഷിസംബന്ധമായി അധികമൊന്നും ചെയ്തിട്ടില്ല. ഈ താലൂക്കിൽ ഭയങ്കരമായ തെങ്ങുരോഗം പിടിപെട്ടിരിക്കുന്നു എന്നുള്ള പരമാർത്ഥം ഡയറക്ടർ അവർകൾക്കും അറിയാമെന്നുള്ളതാണ്. ഇതിലേയ്ക്കായി തൽക്കാലം ഒരു സബ് ഇൻസ്പെക്ടരെ ഈ ഇടയ്ക്കു ആക്കിയിട്ടുണ്ട്. അദ്ദേഹം നിർവ്വഹിക്കേണ്ട വേലകളുടെ വലിപ്പത്തേയും സമ്പ്രദായത്തേയും പററിയുള്ള വാസ്തവസ്ഥിതികൾ ഇന്നലെ പറഞ്ഞുകഴിഞ്ഞു. ഇതു പോലെയുള്ള ചില ഉദ്യോഗസ്ഥന്മാരുടെ അന്വേഷണംകൊണ്ടുമാത്രം മതിയാകാത്തനിലയിൽ വളരെ ആവശ്യങ്ങൾ ഓരോതാലൂക്കിലും ഉണ്ട്. മീനച്ചിൽതാലൂക്കിലെ തെങ്ങുരോഗത്തിന്റെ സ്ഥിതികളെ ശരിയായി അന്വേഷണംചെയ്തു പരിഹാരം കണ്ടുപിടിക്കുന്നതിനു ഗവണ്മെൻറിൽനിന്നു കൂടുതൽ ശ്രദ്ധ എടുക്കേണ്ടതാണ്. ഈ താലൂക്കിനെ സംബന്ധിച്ചിടത്തോളം ശരിയായ ആദായമെടുപ്പിനുള്ളമാർഗ്ഗം തെങ്ങുകൃഷിമാത്രമാണ്. അതു സുലഭമായി ഉണ്ടായിരുന്നകാലത്തു മീനച്ചിൽതാലൂക്കിനെ സംബന്ധിച്ചു ഗവണ്മെൻറും ജനങ്ങളും ഏതുപ്രകാരത്തിൽ വിചാരിച്ചിരുന്നുവൊ അതിൽനിന്നും ഒട്ടേറെ അധഃപതിച്ചാണ് ഇന്നത്തെ സ്ഥിതിയിരിക്കുന്നതു. അതിനാൽ ഈ രോഗത്തിന്റെ നിവാരണത്തിനുവേണ്ടി ഗവണ്മെൻറു കൂടുതൽ ശ്രദ്ധിക്കയും ഈ രോഗത്തിന്റെ നിവാരണത്തിനായി കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു വേണ്ട അന്വേഷണം നടത്തിച്ചു പരിഹാരങ്ങൾ നിർദ്ദേശിക്കയും ചെയ്യേണ്ടതു അത്യാവശ്യമാണെന്നു ഗവണ്മെൻറും ഡിപ്പാർട്ടുമെൻറും സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. എല്ലാ പകുതികളിലും കൃഷിയുടെ ആവശ്യത്തിനു വളം വിതരണം ചെയ്യുന്നതിനുവേണ്ട നിർദ്ദേശങ്ങൾകൊടുത്തു തെങ്ങുരോഗത്തിനു ഒരു പരിഹാരം ഉണ്ടാക്കണം. മററുകൃഷികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും, ഡിപ്പാർട്ടുമെൻറു പ്രവർത്തിക്കുന്നതിലും ഗവണ്മെൻറു സഹായം ചെയ്തു കൊടുക്കുന്നില്ല. ഇങ്ങനെ കണക്കാക്കപ്പെടുമ്പോൾ ഉത്തരതിരുവിതാംകൂറിൽ കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി അധികമൊന്നും ഡിപ്പാർട്ടുമെൻറിൽനിന്നും പ്രവർത്തിച്ചിട്ടില്ലെന്നും അതിലേക്കു ഗവണ്മെൻറു സന്ദർഭം കൊടുത്തിട്ടില്ല എന്നും കാണാവുന്നതാണ്.

ആലുവായിൽ ഒരു കൃഷിപാഠശാല ഉള്ളതുകൊണ്ടു ഉത്തരതിരുവിതാംകൂറിലാണ് കൃഷിഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധമുഴുവൻ പതിച്ചിരിക്കുന്നതെന്നു ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു തെററാണ്. ഉത്തരതിരുവിതാംകൂറിൽ പാടശേഖരങ്ങളായ ആവശ്യങ്ങൾക്കും പ്രാദേശികങ്ങളായ നഷ്ടങ്ങൾക്കും പരിഹാരം സൗകര്യമുള്ളിടത്തോളം ചെയ്യുന്നില്ലെന്നുതന്നെ പറയാം. മീനച്ചിൽതാലൂക്കിൽ ഒരു ഡിപ്പോ സ്ഥാപിച്ചു അവിടെ സാർവ്വത്രികമായിട്ടുള്ള തെങ്ങുരോഗത്തിനു പരിഹാരം വരുത്തുന്നതിനും ശ്രദ്ധാപൂർവ്വമായ അന്വേഷണവും പരിഹാരകൃത്യങ്ങളും നടത്തി അതിനെ ഫലപ്രദമാക്കിത്തീർക്കുവാനുള്ള സകലവേലകളേയും നിർവഹിക്കയും അതേഅവസരത്തിൽ അവിടെ മാതൃകായോഗ്യമായ കൃഷിചെയ്തു കാണിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കുന്നതിനു ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധപതിക്കയും ചെയ്യണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഈ കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തണമെന്നുള്ള എന്റെ ആഗ്രഹത്തെ പ്രത്യക്ഷപ്പെടുത്തികൊണ്ടു ഈ ഉപക്ഷേപത്തെ സഭാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): സർ, കഴിഞ്ഞകൊല്ലം ഈ അവസരത്തിൽതന്നെ മീനച്ചൽതാലൂക്കിലേക്കു കൃഷിസംബന്ധമായ ഒരു ഉദ്യോഗസ്ഥനെ പ്രത്യേകമായി നിയമിക്കേണ്ടതാണെന്നു ഈ സഭയുടെ ശ്രദ്ധയിൽ വെച്ചു മി. കുര്യാക്കോസു നിർബന്ധമായി പ്രതിവാദിക്കയുണ്ടായി. ഈ സംഗതി നടന്നതിനുശേഷം മീനച്ചിൽ താലൂക്കിൽ കൃഷിഡിപ്പാർട്ടുമെൻറിലുള്ള ഒരു സബ് ഇൻസ്പെക്ടരെ നിയമിക്കുന്നതിനു ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥനെ ഇവിടെ നിയമിച്ചിട്ട് ഇപ്പോൾ ഏതാനും മാസങ്ങളിലധികമായിട്ടില്ല എന്റെ ഒരു ഈ വിധത്തിലാണ് ... ഞാൻ പ്രസ്തുതതാലൂക്കിനെ നിയമസഭയിൽ പ്രതിനിധീകരിക്കുന്ന സാമാജികനുമൊരുമിച്ചു താലൂക്കിന്റെ പല ഭാഗങ്ങളിലും ചുററിസഞ്ചരിക്കയും, പ്രധാനസ്ഥലങ്ങളിൽ കൃഷിയെ സംബന്ധിച്ചു ഉപവാദങ്ങൾ നടത്തുന്നതിനു യോജിച്ചസ്ഥലങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്തു. ... ഞാൻ ഈ ഉദ്യോഗസ്ഥനു പ്രത്യേകനിർദ്ദേശങ്ങൾ നൽകീട്ടുണ്ട്. ജനങ്ങൾക്കു പ്രയോജനകരമാകുന്ന ഏതെങ്കിലും ജോലികൾ ചെയ്യുന്നതിനു ഈ ഉദ്യോഗസ്ഥനു സാധിച്ചിട്ടുണ്ടെന്നുള്ളസംഗതി നിർണ്ണയിക്കുന്നതിനുള്ള

കാലം ആയിട്ടില്ല. അയാൾ ഒരു കാർഷികവിദ്യാലയത്തിൽ സാധാരണ നൽകിവരുന്നതനുസരിച്ചുള്ള പരിശീലനം സിദ്ധിച്ച ഒരു കൃഷി സബ് ഇൻസ്പെക്ടർ മാത്രമാണ്. കൃഷിയെസംബന്ധിച്ചു പൊതുജനങ്ങളുടെ ഇടയിൽ പ്രചരണപരിപാടികൾ സാമാന്യമായവിധം നടത്തുകയും, കൃഷിഡിപ്പാർട്ടുമെൻറുവകയായിട്ടുള്ള പരീക്ഷണതോട്ടങ്ങളിൽ വിജയകരമാംവണ്ണം നടത്തിയിട്ടുള്ള സമ്പ്രദായങ്ങൾ ഉപവാദനങ്ങൾ നടത്തി ജനങ്ങൾക്കു കാണിച്ചുകൊടുക്കയും ചെയ്യുന്നതിനു അയാളെ നിയോഗിക്കണമെന്നു ഞാൻ വിചാരിച്ചിരിക്കുന്നു. ഈ വിധത്തിൽ ഈ പ്രസ്തുത സബ് ഇൻസ്പെക്ടരുടെ നിയമനം പൊതുജനങ്ങൾക്കു പ്രയോജനകരമായിത്തീരുന്നതാണ്.

തെങ്ങിനു ബാധിച്ചിട്ടുള്ള രോഗം, എന്നുള്ളവിഷയം വളരെ പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നാണ്. മീനച്ചിൽ നിയമിച്ചിട്ടുള്ള ഗ്രേഡിലുള്ള ഒരാളെക്കൊണ്ടു പരിഹാരമാർഗ്ഗം കണ്ടുപിടിപ്പാൻ സാധിക്കുന്ന ഒരു വിഷയമല്ല ഇത്. തെങ്ങിനു ബാധിച്ചിട്ടുള്ള രോഗത്തിനേയും മററുമരങ്ങളുടേയും സംബന്ധിച്ചു, ഒരു വിദഗ്ദ്ധൻ—മി. കാളെജസ്സ്, ഇപ്പോൾ പരീക്ഷണങ്ങൾ നടത്തിവരികയാണ്. അദ്ദേഹത്തിനെ കായംകുളത്താണ് നിയമിച്ചിട്ടുള്ളത്. എന്നാൽ, ഈ രോഗം ബാധിച്ചിട്ടുള്ള മീനച്ചിൽതാലൂക്കു, മററുപ്രദേശങ്ങളും അദ്ദേഹം സന്ദർശിക്കുന്നുണ്ട്. ഇപ്രകാരമുള്ള രോഗങ്ങളെസംബന്ധിച്ചു, അന്വേഷണങ്ങൾ നടത്തുന്ന കാര്യത്തിൽ വളരെ ജാഗ്രതയോടുകൂടി അദ്ദേഹം പ്രവർത്തിച്ചുവരികയാണ്.

സിലോണിലും, മററുരാജ്യങ്ങളിലും ഇതിനു തുല്യമായ രോഗങ്ങൾ ബാധിച്ചിരിക്കുന്നു. സിലോണിൽ അനുവർത്തിച്ചുവരുന്ന പരീക്ഷണസമ്പ്രദായങ്ങൾ അവിടെ ഈ ബാധയെ പരിഹരിക്കുന്നതിനു യോജിച്ച ഏതെങ്കിലുംമാർഗ്ഗങ്ങൾ കണ്ടുപിടിച്ചിട്ടുള്ളപക്ഷം അവയും കണ്ടുമനസ്സിലാക്കുന്നതിനു കായംകുളത്തു സംക്രുമിക്കുന്ന ഡിപ്പാർട്ടുമെൻറിലുള്ള മൈക്കോളജിസ്റ്റിനെ സിലോണിലേക്കു പ്രത്യേകമായി നിയമിക്കണമെന്നു ഗവർമെൻറു പ്രത്യേകമായി ആലോചിച്ചിരിക്കുന്നു. തെങ്ങിനു ബാധിച്ചിട്ടുള്ള പലവിധത്തിലുള്ള രോഗങ്ങളെയുംപററി അന്വേഷണങ്ങൾ നടത്തുന്നകാര്യത്തിൽ തൻറെസമയത്തിൽ ഏറിയഭാഗവും അദ്ദേഹം വിനിയോഗിച്ചുവരുന്നു എന്നുള്ള വസ്തുത ഈ അവസരത്തിൽ നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ഒന്നൊഴിച്ചു എല്ലാരോഗങ്ങൾക്കും നിവാരണമാർഗ്ഗങ്ങൾ അദ്ദേഹം ഇപ്പോൾതന്നെ കണ്ടുപിടിച്ചിട്ടുണ്ട്. കാലക്രമത്തിൽ വളരെ നാശകരമായിട്ടുള്ള ഈ രോഗത്തെ തടയുന്നതിനു യോജിച്ചതും, ഫലവത്തായുമായ നിവൃത്തിമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിനു വിജയം സിദ്ധിച്ചേക്കാം. തിരുവിതാംകൂറിൽ മേല്പറഞ്ഞവിധത്തിൽ തെങ്ങിനു ബാധിച്ചിരിക്കുന്നരോഗം പ്രാരംഭത്തിൽ തുടങ്ങിയതു മീനച്ചിലാണ്. രോഗത്തിൻെറ മദ്ധ്യസ്ഥലം ഈതാലൂക്കാണു. അവിടെ ബാധിച്ചിരിക്കുന്നരോഗം വളരെ ഹാനികരമായിട്ടുള്ള ഒരുതരം രോഗമാണെന്നുള്ളതിനു ഒരു സംശയവുമില്ല. അതിനാൽ കഴിയുന്നതും വേഗത്തിൽ മീനച്ചിൽ സർക്കിട്ടായിട്ടു്വാക്കുകയും, അവിടത്തെ സ്ഥിതിഗതികൾ മനസ്സിലാക്കുകയും, പ്രസ്തുതരോഗത്തെ നശിപ്പിക്കുന്നതിനു യോജിച്ചമാർഗ്ഗങ്ങൾ ഏതെങ്കിലും കണ്ടുപിടിക്കയും ചെയ്യുന്നതിൽ ശ്രമിക്കുന്നതിനു ഞാൻ ഈ വിദഗ്ദ്ധനോടാജ്ഞാപിക്കുന്നതാണ്. മി. കുര്യാക്കോസു ഇന്നും കഴിഞ്ഞദിവസവും ഇവിടെ ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിൽവരുത്തുന്നകാര്യത്തിൽ നിശ്ചയമായും ഞാൻ ശ്രദ്ധിക്കുന്നതാണെന്നു പറഞ്ഞുകൊള്ളുന്നു. മീനച്ചിൽ നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻെറ അധികാരത്തെയെ സംബന്ധിച്ചു മെമ്പർ ഇന്നലെ പ്രസ്താവിക്കയുണ്ടായി. ഈ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുള്ളതു മീനച്ചിൽതാലൂക്കിനെ ഉദ്ദേശിച്ചുമാത്രമാണ്. എൻെറധാരണ തെററല്ലെങ്കിൽ കാര്യത്തിൻെറസ്ഥിതി ഈ പ്രകാരമാണ്. കോട്ടയത്തേയോ മററുഏതെങ്കിലും താലൂക്കിനേയോ സംബന്ധിച്ചു യാതൊരുകൃത്യങ്ങളും അയാൾ ചെയ്യേണ്ടതായിട്ടില്ല. എന്നാൽ മേല്പറഞ്ഞ ഉദ്യോഗസ്ഥനെ മററുതാലൂക്കുകളിലും പ്രവൃത്തി നടത്തേണ്ടതായിവരുന്നു എന്നു ഞാൻ കാണുന്നപക്ഷം, അങ്ങിനെ ഞാൻ തടയുന്നതാണ്. അയാൾ മീനച്ചിൽ താലൂക്കിൽമാത്രം ജോലിചെയ്യത്തക്കവിധത്തിൽ വേണ്ടതു ഞാൻ പ്രവർത്തിക്കുന്നതാണ്. ഈ അഭിപ്രായങ്ങളെ പരിഗണിച്ചു ഇവിടെ ഹാജരാക്കിയിരിക്കുന്ന ഉപക്ഷേപത്തെ പാസ്സാക്കുന്നതിനു മെമ്പർ നിർബന്ധിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ, തെങ്ങുരോഗത്തിൻെറ ഭയങ്കരതയെപ്പററി നല്ലവണ്ണം ഡയറക്ടർഅവർകൾ മനസ്സിലാക്കിട്ടുണ്ടെന്നും ഞാൻ പ്രസ്താവിച്ചതായകാര്യങ്ങളിൽ അദ്ദേഹത്തിനു അനുഭാവം ഉണ്ടെന്നുമററും അദ്ദേഹത്തിൻെറ പ്രസ്താവനയിൽനിന്നു മനസ്സിലാകുന്നതുകൊണ്ടു, ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഇവിടെ ഹാജരാക്കിട്ടുള്ള ഉപക്ഷേപം പിൻവലിക്കുന്നതിനുള്ള അനുമതി നൽകുന്നതിനു സാമാജികന്മാർക്കു സമ്മതമായിരിക്കുമോ?

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൩൭൭ മുതൽ ൩൯൩ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ സഭയിൽ ഹാജരാക്കപ്പെട്ടില്ല.

മി. പി. എസ്സ്. മഹമ്മദ്.

൩൭൮. തൻചിലവു സിൽബന്ധികൾക്കു ആയവ്യയ ദണ്ഡനപ്പട്ടികയിൽ കൊള്ളിച്ചിരിക്കുന്ന ൧൭,൩൦൭ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ.

൩൭൯. കന്നുകാലികളെ വാങ്ങുന്നതിനു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള ൧൦൦൦ രൂപയിൽനിന്നു ഒരു രൂപ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ.

൩൮൦. വിത്തുകൾ വളങ്ങൾ, പണിആയുധങ്ങൾ, മുതലായവ വാങ്ങുന്നതിനു ആയവ്യയ ദണ്ഡനപ്പട്ടികയിൽ കൊള്ളിച്ചിട്ടുള്ള ൭൦൦൦ രൂപയിൽനിന്നു ഒരുരൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്.

൩൮൧. വിത്തുകൾ, വളങ്ങൾ, പണിആയുധങ്ങൾ മുതലായവ വാങ്ങുന്നതിനു ആയവ്യയ ദണ്ഡനപ്പട്ടികയിൽ കൊള്ളിച്ചിട്ടുള്ള ൭൦൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. വി. ചെല്ലംപിള്ള.

൪ന്ന. പരീക്ഷണത്തോട്ടങ്ങൾക്കും, വളഡിപ്പോകൾക്കും, ആയി ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന ൧൧൨൫൩൪ രൂപയിൽ ഒരുരൂപ കുറയ്ക്കണം.

മി. വി. ചെല്ലംപിള്ള.

൪ന്ന. കൃഷിസംബന്ധമായ വിദ്യാലയങ്ങൾക്കു ആയവ്യയ ഗണനപ്പട്ടികയിൽ കൊള്ളിച്ചിട്ടുള്ള ൧൨൫൬൧ രൂപയിൽനിന്നു ഒരുരൂപ കുറയ്ക്കണം.

മി. എസ്. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ.

൪ന്ന. കൃഷിവിദ്യാലയങ്ങൾക്കു ആയവ്യയ ഗണനപ്പട്ടികയിൽ നീക്കിവച്ചിട്ടുള്ള ൧൨൫൬൧ രൂപയിൽനിന്നു ഒരുരൂപ കുറയ്ക്കണം.

ഉപക്ഷേപം ൪ന്ന൭.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കണമെന്നു ഞാൻ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു.

തൻചിലവു സിൽബന്ധികൾക്കു നീക്കിവച്ചിട്ടുള്ള ൨൦൭൪ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

സർ, ജനങ്ങൾ അധികമായവിധം ഒരുമിച്ചുകൂടുന്ന തിരുവനന്തപുരവും, കൊല്ലവും, കോട്ടയവും, ആലപ്പുഴയുംപോലെ ഉള്ള പ്രധാന മധ്യസ്ഥലങ്ങളിൽ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കേണ്ടതാണെന്നുള്ള നിർദ്ദേശം ഞാൻ മുമ്പൊരവസരത്തിൽ ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതു കൃഷിസംബന്ധിച്ച പ്രചരണവേല സഫലമായവിധത്തിൽ നടത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണ്. ഈ നിർദ്ദേശത്തെസംബന്ധിച്ച കൃഷിമത്സ്യവ്യവസായ ഡയറക്ടർക്കുള്ള അഭിപ്രായം എന്താണെന്നുള്ളത് അറിയുന്നതിനായിട്ടാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിട്ടുള്ളത്. മേൽപറഞ്ഞസ്ഥലങ്ങളിൽ നടത്തുന്ന ഉപപാദനസമ്പ്രദായങ്ങളിലേക്കു പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അവിടെ ഉപപാദനതോട്ടങ്ങൾ സ്ഥാപിക്കുന്നതിനു ആവശ്യപ്പെട്ടിട്ടുള്ളത്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): സർ, ഏതുവിഷയത്തെസംബന്ധിച്ചാണ് മെമ്പർ ഇപ്പോൾ പ്രതിപാദിക്കുന്നത്.

അദ്ധ്യക്ഷൻ: ൪ന്ന൭-ാംനമ്പർ ഉപക്ഷേപത്തെപ്പറ്റിയാണ് പ്രസംഗിക്കുന്നത്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മൃഗചികിത്സയെ സംബന്ധിച്ച ചിലവുകൾ എന്ന ഇനത്തിൻകീഴിൽ വരുന്ന ഉപക്ഷേപമാണ് അത്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): തിരുവനന്തപുരം കൊല്ലം മുതലായി മേല്പറഞ്ഞ പ്രധാന മധ്യസ്ഥലങ്ങളിൽ ഇപ്രകാരമുള്ള കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതായാൽ, കോടതികളിൽ ഹാജരാകുന്നതിനോ, അങ്ങാടികളിൽനിന്നു സാമാനം വാങ്ങുന്നതിനോ, ആയി പലപല ദിക്കുകളിൽനിന്നു അവിടങ്ങളിലേക്കു ജനങ്ങൾ യാത്രതിരിക്കുന്നതും ഈതോട്ടങ്ങൾ നടത്തുന്ന പ്രവൃത്തികളിലേക്കു അവരുടെ ശ്രദ്ധയെ ആകർഷിക്കപ്പെടുന്നതുമാകുന്നു. അപ്രധാനവും ഉള്ളിലേക്കു കയറികിടക്കുന്നതുമായ സ്ഥലങ്ങളിൽ ഇപ്രകാരമുള്ള തോട്ടങ്ങൾ സ്ഥാപിക്കുന്നതായാൽ അവ പോകുന്നതിൽ ഈ ആളുകൾ ഒരു ശ്രദ്ധകാണിക്കുന്നതല്ല. മധ്യസ്ഥലങ്ങളിൽ ഈവിധമുള്ള തോട്ടങ്ങൾ സ്ഥാപിക്കുന്നപക്ഷം നിശ്ചയമായും അവമൂലം പ്രയോജനംസിദ്ധിക്കുന്നതിനു ജനങ്ങൾക്കു സാധിക്കുന്നതാണ്. അപ്രകാരമുള്ള കൃഷിത്തോട്ടങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ആശാസ്യതയെസംബന്ധിച്ച മെമ്പറിന്റെ അഭിപ്രായം എന്താണെന്നതു സൂക്ഷ്മമായി അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ). സർ, നഗരങ്ങളുടെ മധ്യഭാഗങ്ങളിൽ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നസംഗതിയിൽ, പ്രായോഗികമായ വിഷമതകൾ ഉണ്ട്. (ചിരി) ഇതാണ് എന്റെ വിശ്വാസം. ഇതിനു തിരുവനന്തപുരത്തിന്റെ സ്ഥിതിതന്നെ നമുക്കു ഉദാഹരണമായി എടുക്കാം. തിരുവനന്തപുരം നഗരത്തിന്റെ മധ്യസ്ഥാനം പുത്തൻകച്ചേരികെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ സമീപത്തിലാണ്. കൃഷിത്തോട്ടം അവയുടെ അടുത്തു ഏതെങ്കിലുംസ്ഥലത്തു സ്ഥാപിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. നഗരങ്ങളിൽ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കാൻ സാധിക്കുന്നപക്ഷം, ഇപ്പോൾ നടപ്പിലിരിക്കുന്ന തോട്ടങ്ങളെ അപേക്ഷിച്ച്, അവ സന്ദർശകന്മാരെ കൂടുതലായ തോതിൽ ആകർഷിക്കുന്നതാണ്. അതിനു യാതൊരു സംശയവുമില്ലാ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): തിരുവനന്തപുരം പട്ടണത്തിൽ പുത്തരിക്കണ്ടം എന്നുപറയുന്ന സ്ഥലം ലഭിക്കുന്നതിനു നമുക്കു സാധിക്കുന്നതാണല്ലൊ.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഈ സ്ഥലത്തിനെസംബന്ധിച്ചിടത്തോളം, ബാലന്മാർക്കു കളിസ്ഥലമായി ഉപയോഗിക്കുന്നതിനു അതിനെ വിനിയോഗിക്കണമെന്നും, ഈ ഉദ്ദേശത്തോടുകൂടി അതിനെ നീക്കിവയ്ക്കണമെന്നും നഗരസഭ നിർദ്ദേശിച്ചിരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടിയാണ് പുത്തരിക്കണ്ടത്തിന്റെ നികത്തി എടുത്തുവരുന്നത്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കൃഷിസംബന്ധമായ പ്രചരണവേല ഫലമായരീതിയിൽ നടത്തുന്നതിനു അതു ഉപകരിക്കുമോ എന്നുള്ളസംഗതി എന്നെ അറിയിക്കുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): പ്രചരണവേലയുടെ കാര്യത്തിൽ അതു സാധിച്ചേക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ പട്ടണങ്ങളിലുള്ള മധ്യസ്ഥലങ്ങളിൽ തോട്ടങ്ങൾ സ്ഥാപിക്കുന്നതിനു യോജിച്ച ഭൂമികൾ ലഭിക്കുന്നതിനു വളരെ വിഷമതകൾ ഉണ്ട്. ഈ പ്രായോഗികവിഷമതകളെ തരണംചെയ്യുന്നതിനു നമുക്കു എങ്ങനെസാധിക്കും. ഈസ്ഥലത്തു യോജിച്ചഭൂമികൾ ലഭിക്കുന്നവിഷയത്തിൽ പ്രായോഗിക വിഷമതകൾ ഉണ്ടല്ലോ. ഇതിനുപുറമേ കടിവകഭൂമികൾ ഇതിനു ലഭിക്കുമെങ്കിലും, അവയെ വിലയ്ക്കുവാങ്ങുന്നതിനു വളരെ ഭീമമായതുക പ്രതിഫലം നൽകേണ്ടിവരുന്നതാണ്.

പട്ടണങ്ങളിൽ നടത്തിവരുന്നതിനെക്കാളും കൂടിയതോതിൽ ഉൾനാടുകളിലാണ് കൃഷിചെയ്തുവരുന്നത്. ഈവസ്തുത വിസ്മരിക്കാൻ പാടുള്ളതല്ലാ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കൃഷിതോട്ടങ്ങൾ പട്ടണങ്ങളുടെ മധ്യഭാ
ഗങ്ങളിൽ ഏർപ്പെടുത്തുന്നപക്ഷം കൂടുതൽ ജനങ്ങൾ അവിടെപ്പോയി കൃഷിസമ്പ്രദായങ്ങൾ കാണുന്നതിനിടയാ
കുകയും, തൻമൂലം അവർക്ക് ഗുണം സിദ്ധിക്കുകയും ചെയ്യുകയില്ലേ? നാം ഇപ്പോൾ പരിഗണിക്കുവാനുള്ള സം
ഗതി ഇതാണ്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഇപ്രകാരം സംഭവി
ക്കും. വെളിയിൽനിന്നു വരുന്ന ആളുകൾപോലും ഈതോട്ടം സന്ദർശിക്കുന്നതാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) എന്നാൽ ഗ്രാമീണപ്രദേശങ്ങളിൽനിന്നു വ
രുന്ന അനവധിജനങ്ങൾ ഈതോട്ടങ്ങൾ നിത്യമായും സന്ദർശിക്കുന്നതാണ്. ഇപ്പോഴാകട്ടെ, അവർ ഈ
അവസരത്തിൽ നടത്തിവരുന്ന ഉല്പാദനത്തോട്ടങ്ങൾ സന്ദർശിക്കുന്നകാര്യത്തിൽ അശ്രദ്ധ പ്രദർശിപ്പിച്ചു
വരുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): എന്നാൽ മറ്റുമാർഗ്ഗ
ങ്ങൾമുഖേന ഈ കൃഷിതോട്ടങ്ങളിലേക്കു ജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനു ഞങ്ങൾ യത്നംചെയ്തുവ
രികയാണ്.

കൊട്ടാരക്കരതോട്ടത്തിൽ ഞങ്ങൾ അടുത്തകാലത്തു തോട്ടംസംബന്ധിച്ച ഒരു ആഘോഷം നടത്തി;
ഒരുദിവസം മുഴുവനും ആഘോഷത്തിനായി ഞങ്ങൾ വിനിയോഗിച്ചിരുന്നു. രാവിലെ ഉല്പാദനങ്ങൾ കാ
ണിച്ചുകൊടുത്തു. വൈകുന്നേരം വളരെ ആളുകൾ ചേർന്നു ഒരു യോഗംനടത്തി. അതിനുശേഷം സന്ദർശക
ന്മാർക്ക് ലഘുഭക്ഷണവും നൽകപ്പെട്ടു. അനന്തരം മായാദീപപ്രദർശനത്തോടുകൂടി പ്രസംഗവും നടത്തപ്പെട്ടു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അവിടെ കൂടിയിരുന്ന ജനങ്ങളെ തോട്ടം
സന്ദർശിതിചെയ്യുന്ന സ്ഥലത്തേക്കു ആകർഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണോ ലഘുഭക്ഷണം നൽകപ്പെട്ട
തെന്നു പറയുമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ജനങ്ങൾ തോട്ട
ത്തിലേക്കുവരികയും, നേരം വൈകുന്നേരം ആയതുവരെ അവർ അവിടെ താമസിക്കയുംചെയ്തു. അവർക്ക്
വെള്ളം സോഡായും ബിസ്കറ്റ് എങ്കിലും നൽകാതിരിക്കുന്നതു വളരെ കഷ്ടമായിരിക്കുമെന്നു എനിക്കുതോന്നി.
അതിനാൽ അവർക്ക് അല്പം ലഘുഭക്ഷണം നൽകേണ്ടിവന്നു.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): കഴിഞ്ഞ വെള്ള
പ്പൊക്കം മൂർദ്ധന്യത്തെ പ്രാപിച്ചിരുന്നപ്പോഴാണ് ഈ മീററിംഗ് ഉണ്ടായതെന്നറിയാമോ? മീററിംഗി
ലേയ്ക്കുള്ള ക്ഷണക്കത്തുപോലും മീററിംഗ് കഴിഞ്ഞു അടുത്തദിവസമാണ് കിട്ടീട്ടുള്ളതെന്നറിയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അവിടെ അങ്ങ
നെ ഒരു ഹാർവെസ്റ്റ് സെലബ്രേഷൻ നടത്തണമെന്ന് തീർച്ചപ്പെടുത്തിയതു രണ്ടുമൂന്നു മാസത്തിനുമുമ്പ ആയിരുന്നു.
മീററിംഗ് സമയത്തു വെള്ളപ്പൊക്കമുണ്ടായതുകൊണ്ടു എനിക്കു വലിയ മനസ്താപമുണ്ട്.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): മീററിംഗ് കഴി
ഞ്ഞു രണ്ടുമൂന്നു ദിവസം കഴിഞ്ഞതിൽപിന്നീടാണ് ക്ഷണക്കത്തു പലർക്കും കിട്ടിട്ടുള്ളതെന്നു അറിയുമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ); ഈ വെള്ളപ്പൊക്കസ
മയത്തുതന്നെ മീററിംഗ് നടത്തണമെന്നുള്ള ഉദ്ദേശമില്ലായിരുന്നു എന്നു മെമ്പർക്കുതന്നെ അറിയാമല്ലോ?

ഇപ്പോൾ നടത്തിവരുന്ന കൃഷിതോട്ടങ്ങളിലേയ്ക്കു ജനങ്ങളെ ആകർഷിക്കുന്നതിനു തക്കവിധം എല്ലാവും
കഴിയുന്നത്ര വിധത്തിൽ പ്രവർത്തിച്ചുവരികയാണ്. ഇനിമേൽ തോട്ടങ്ങൾ ഏർപ്പെടുത്തുന്ന അവസരത്തിൽ
മി. കേശവപിള്ള ഇവിടെ കൊണ്ടുവന്ന നിർദ്ദേശങ്ങൾ ഞങ്ങളുടെ ഓർമ്മയിലിരിക്കുന്നതാണ്. പ്രസ്തുത
വിഷയത്തെ സംബന്ധിച്ചു കൂടുതലായി എനിക്കു യാതൊന്നും പറയുവാനില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മെമ്പർ ഈ വിഷയത്തിൽ ഇവിടെ പ്രസ്താ
വിച്ചിട്ടുള്ള കാര്യങ്ങളെപ്പററി പരിഗണിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഇവിടെ ഞാൻ ഹാജരാക്കീട്ടുള്ള ഉ
പക്ഷേപം പിൻവലിക്കുന്നതിനു എനിക്കനുവാദം തരണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഈ സഭയിൽ ഹാജരാക്കീട്ടുള്ള ഉപക്ഷേപം പിൻവലിക്കുന്നതിനു മെമ്പറിനു അനുവാ
ദം നൽകുന്നതിനു സഭയ്ക്കു സമ്മതമാണോ?

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

അദ്ധ്യക്ഷൻ: ഈ ഡിമാൻഡിനു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോയിരിക്കുന്നു. മററുള്ള ഉപ
ക്ഷേപങ്ങൾ സാധുവായിപ്പോയി.

൩൩ മുതൽ ൩൯ വരെയുള്ള ഉപക്ഷേപങ്ങൾ.

ഡിമാൻഡിനു നീക്കിവച്ചിരുന്നസമയം കഴിഞ്ഞുപോയതിനാൽ താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ
അസാധുവായി ഗണിക്കപ്പെട്ടു.

മി. വി. ചെല്ലംപിള്ള.

൩൩. വെറററിനറി ചെലവുകൾക്ക ബഡ്ജററിൽ നീക്കിവച്ചിട്ടുള്ള ൨൭൭൩൩ രൂപയിൽനിന്നു ൧
രൂപ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ;

൩൪. വെറററിനറി ചിലവുകൾക്ക ആയവ്യയഗണന പട്ടികയിൽ ചേർത്തിട്ടുള്ള ൨൭൭൩൩ രൂപ
യിൽനിന്നു ഒരു രൂപ കുറയ്ക്കണം.

മി. മുറിവേലിൽ പാച്ചുപിള്ള.

൩൫. ഡി. ൩൫-ാം നമ്പരിൻകീഴിൽ കൊള്ളിച്ചിട്ടുള്ള ആകെത്തുകയായ ൧൮൮൦൭൭ രൂ
പയിൽനിന്നു ൧ രൂപ കുറയ്ക്കണം

മി. പി. എസ്. മഹമ്മദ്.

൩൬. ഡിമാൻഡു ൧൫-ാം നമ്പരിൻകീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൧൮൮൦൭൭ രൂപയിൽനി
ന്നു ൧൦൦ രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ: കൃഷിതേ്യവ്യവസായ ഡിപ്പാർട്ടുമെൻറിലേക്കായി ൫൮-ാം നമ്പർ ഡിമാൻഡിൻെറ കീഴിൽ ൩൨,൫൮൭൦൮൧ രൂപ അനുവദിക്കണമെന്നു സഭയോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. സഭ ഇതു അനുവദിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു.

പ്രസ്തുത ഗ്രാൻറു അനുവദിക്കപ്പെട്ടു.

ഡിമാൻഡു ൫൯ വ്യവസായം.

മി. കെ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): സർ, ൫൯-ാം നമ്പർ ഡിമാൻഡു അനുസരിച്ചു വ്യവസായങ്ങൾക്കായി ൫൨,൩൦൦൫ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

൯൧൦-ാം നമ്പർ ഉപക്ഷേപം.

മി. പി. എസ്. മഹമ്മദ്.

ആഫീസുവക തൻചിലവു സിൽബന്ധികൾക്കു നീക്കിവച്ചിട്ടുള്ള ൩൫൦൩ രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ് (നോമിനേറഡ്): സർ, ഡയറക്ടരുടെ ആഫീസ എസ്റ്റാബ്ലിഷ്മെൻറിലേയ്ക്കു വേണ്ടി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള ൩,൫൦൩ രൂപയിൽനിന്നു പത്തു രൂപ കുറയ്ക്കണമെന്നുള്ള എൻെറ ഉപക്ഷേപത്തെ ഈ സമുന്മാനക അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിൻെറ പ്രധാന ഉദ്ദേശം ഇവിടത്തെ വ്യവസായം അഭിവൃദ്ധിയിൽ വരുന്നില്ലെന്നും, അതിലേക്കു നിയമിച്ചിട്ടുള്ള ഡിപ്പാർട്ടുമെൻറു വേണ്ടവിധം പ്രവർത്തിക്കുന്നില്ലെന്നും ഈ കൌൺസിലിൻെറ മുമ്പാകെ കൊണ്ടുവരുന്നതിനുവേണ്ടി ആകുന്നു. ഒരു രാജ്യത്തിൻെറ സാമ്പത്തികമായ ഔന്നത്യം ആ രാജ്യത്തിലെ വ്യവസായത്തിൻെറ അഭിവൃദ്ധിയെ ആശ്രയിച്ചിരിക്കുന്നു എന്നുള്ളതിൽ രണ്ടുപക്ഷമില്ല. അമേരിക്കയിലും അതുപോലുള്ള മററു രാജ്യങ്ങളിലും ഉള്ള കോടീശ്വരന്മാരുടെ സംഖ്യ എത്രമാത്രമാണെന്നു ഇവിടെ പറഞ്ഞു അറിയിക്കേണ്ട ആവശ്യമില്ല. എന്നാൽ തിരുവിതാംകൂറിൽ ഇങ്ങനെ ഉള്ള കോടീശ്വരന്മാരുടെ അല്ലെങ്കിൽ അതിനോടടുത്തുള്ളവരുടെയോ സംഖ്യ എത്ര ശുഷ്കമായിട്ടേ ഉള്ളു എന്നും അറിയാം. കഴിഞ്ഞ ഒരു ദിവസം ബഹുമാനപ്പെട്ട ഡപ്യൂട്ടി പ്രസിഡൻറു അവർകൾ സാമ്പത്തികനിലയിൽ ഉയർന്നിരിക്കുന്ന അമേരിക്കയോടു നമ്മുടെ രാജ്യത്തെ സാദൃശ്യപ്പെടുത്തുന്നതു സാഹസമെന്നു പറയുകയുണ്ടായി. ഒരു വ്യവസായ രാജ്യവുമായി നമ്മുടെ രാജ്യത്തെ താരതമ്യപ്പെടുത്തി നോക്കിയാൽ എത്ര നിസ്സാരമായ ഒരു സ്ഥാനത്താണ് സ്ഥിതിചെയ്യുന്നതു് എന്നു കാണാവുന്നതാണ്. നമ്മുടെ രാജ്യം ഒരു കാർഷിക രാജ്യമാകണമെന്നുള്ളതിൽ അഭിപ്രായവ്യത്യാസത്തിനു വകയില്ല. കേവലം കൃഷികൊണ്ടുതന്നെ നമ്മുടെ ജീവിതം മുഴുവൻ കഴിക്കാമെന്നു വിചാരിക്കുന്നപക്ഷം, നാം എത്രതന്നെ പരിശ്രമിച്ചാലും നമ്മുടെ ജീവിതം ഒരുവിധം സുഖമായി കഴിച്ചുകൂടാം. എന്നല്ലാതെ നമ്മുടെ രാജ്യത്തിൻെറ സാമ്പത്തികമായ നില വേണ്ടവിധത്തിൽ ഉയർത്തുന്നതിനു സാധിക്കുന്നതല്ല. അതിനു എന്തെങ്കിലും ചെയ്യണം എന്നു ആലോചിച്ചാൽ ഒന്നാമതായിട്ടു കാണുന്നതു നമ്മുടെ വ്യവസായം അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളതാണ്. നമ്മുടെ രാജ്യം കാർഷികരാജ്യമായതുകൊണ്ടു ഇങ്ങനെ ഉള്ള പ്രവൃത്തികളിൽ മുന്നോട്ടുവരുന്നതിനു നമുക്കുള്ളതുപോലെ ഉള്ള സൌകര്യം മററു രാജ്യക്കാർക്കു ഇത്ര സുലഭമായി കിട്ടിയിട്ടുണ്ടോ എന്നു എനിക്കു സംശയമാണ്. എന്നാൽ പൊതുവെ ജനങ്ങളും ഗവർമ്മെണ്ടും വേണ്ടവിധത്തിൽ ശ്രദ്ധ പതിപ്പിക്കാത്തതിൻെറ ഫലമായിട്ടാണ് നമ്മുടെ രാജ്യം വ്യവസായത്തിൽ ഇനിയും അനാശാസ്യമായി കാണപ്പെടുന്നതു്. ഈ രാജ്യത്തു മരച്ചീനി ധാരാളം ഉണ്ടാകുന്നുണ്ട്. ഡാക്ടർ ബാർക്കറുടെ ഇൻഡസ്ട്രിയൽ സർവെ റിപ്പോർട്ടിൽ മരച്ചീനികൊണ്ടുള്ള വ്യവസായം നടത്തുന്നതിനു ഇവിടെ ധാരാളം സൌകര്യം ഉണ്ടെന്നു കാണുന്നുണ്ട്. അതുപോലെ പെൻസിൽ വ്യവസായത്തിനു പററിയ മരങ്ങളും എന്നു പറയുന്ന സ്ഥലത്തു വളരെ സൌകര്യം ഉണ്ടെന്നു പറയുന്നു.

മി. എസ്. പരവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും മെമ്പർ): ഡാക്ടർ ബാർക്കർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന സംഗതികൾ വാസ്തവമാണെന്നു വിചാരിക്കാൻ നിവൃത്തിയില്ല. ഈ റിപ്പോർട്ടിൻപ്രകാരം പ്രവർത്തിക്കുന്നതു നന്നല്ലെന്നു കാണിച്ചു ധനപരിശോധന ബോർഡു ഒരു പ്രമേയം പാസ്സാക്കിട്ടുണ്ട്. ഈ വിവരം മെമ്പറിനു അറിയാമോ?

മി. പി. എസ്. മഹമ്മദ് (നോമിനേറഡ്): അവർ നല്ലവണ്ണം പരിശോധിച്ചതിൻെറ ശേഷമാണോ ഇപ്രകാരം അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു് എന്നു എനിക്കു സംശയമാണ്. ഡാക്ടർ ബാർക്കറുടെ റിപ്പോർട്ടിനെ പഠിച്ച ആളുകൾ ഉണ്ടായിരുന്നു എന്നുവരികിൽ തീർച്ചയായും ഇങ്ങനെ ഒരഭിപ്രായം പുറപ്പെടുവിക്കയില്ലാ എന്നാണു എൻെറ വിശ്വാസം.

ഡാക്ടർ ബാർക്കറുടെ റിപ്പോർട്ടനുസരിച്ചു ഒരു കൃഷ്ണപിള്ളയെ പെൻസിൽ വ്യവസായം പഠിക്കുന്നതിനു നിയോഗിക്കുകയും അദ്ദേഹം പഠിച്ചു തിരികെ വരികയുംചെയ്തു എന്നാണ് എൻെറ അറിവു. ഇപ്പോൾ ഒന്നുംതന്നെ ആ മനുഷ്യനെക്കുറിച്ചു അറിയുന്നതിനു സാധിക്കുന്നില്ല.

ഇവിടത്തെ ശർക്കർവ്യവസായഫാക്ടറി തൃപ്തികരമായനിലയിലല്ല നടക്കുന്നതു്. അതുപോലെ പട്ടുനൂൽ നെയിത്തിനെ സംബന്ധിച്ചു നോക്കിയാലും ജനങ്ങളുടെ ആഗ്രഹത്തിനു അനുസരണമായ നിലയിൽ അതും അഭിവൃദ്ധിപ്പെട്ടുവരുന്നില്ല. ഇങ്ങനെ ഒരുസ്ഥാപനം തിരുവിതാംകൂറിൽ ഉണ്ടോ എന്നുകൂടി പലർക്കും അറിയുന്നതിനു സാധിച്ചിട്ടില്ല. ഈ സംഗതിയിൽ ഗവർമ്മെണ്ടു പ്രത്യേകം ശ്രദ്ധിവയ്ക്കേണ്ടതിനു പുറമെ, ഗവർമ്മെൻറിൻെറ സഹായം കൂടാതെയും ഡിപ്പാർട്ടുമെൻറിൻെറ പ്രോത്സാഹനം കൂടാതെയും ഈ രാജ്യത്തുവേണ്ടവിധത്തിൽ അഭിവൃദ്ധിപ്പെട്ടുവന്നിട്ടുള്ള ചിലവ്യവസായങ്ങളും ഉണ്ട് എന്നുകൂടി ഗവർമ്മെണ്ടു ആലോചിക്കണം. ഈവ്യവസായങ്ങളിൽ പ്രധാനമായുള്ളതു രാജ്യത്തിൻെറ സാമ്പത്തിക[illegible] വളരെ ഉയർത്തിക്കൊണ്ടുവരുന്നതും അനേകായിരം തൊഴിലില്ലാത്ത ആളുകൾക്കു തൊഴിൽ ഉണ്ടാക്കി[illegible]കൊണ്ടിരിക്കുന്നതുമായ കയററുപിരിക്കുന്നതുവ്യവസായമാണ്. ഈ വ്യവസായത്തിനെ വേണ്ടവിധത്തി[illegible]ിച്ചുകൊണ്ടുവരുന്നതിനു് ഗവർമ്മെൻറും ഡിപ്പാർട്ടുമെൻറും വേണ്ടവിധത്തിൽപ്രവർത്തിക്കുന്നില്ലന്നാണ്[illegible] വിശ്വാസം.

ഒരു കാലത്തു അവരുടെ സ്വന്തപരിശ്രമത്തിന്റെ ഫലമായി വിദേശങ്ങളിൽ ഇതിന് സുസ്ഥിരമായ ഒരു മാർക്കറ്റ് കണ്ടുപിടിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ മിക്കവാറും ദേശങ്ങളിൽ നമ്മുടെ ഈ ചരക്കുകൾക്ക് ചിലവില്ലാതായിത്തീർന്നതു ഒന്നും ആ സ്ഥലങ്ങളിൽ തന്നെ കയറ്റുതൊഴിലുകൾക്കും വളരെ ആദായകരമായരീതിയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ഇങ്ങനെ വളരെ ആദായകരമായ രീതിയിൽ പ്രവർത്തിക്കുന്നു എന്നു എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസിഡന്റ് അവർകൾ അനുവദിച്ചതന്ന മൂന്നുമിനിട്ടു സമയംകൊണ്ടു ഞാൻ വളരെ സാഹസപ്പെട്ടു പ്രസ്താവിക്കുകയുണ്ടായി.

അമ്പുപായ് ഉപയോഗത്തിന് അമേരിക്കായിലേക്കോ ജർമ്മനിയിലേക്കോ കൊണ്ടുപോകുന്നതിനും അമ്പുപായുണ്ടാക്കുന്നവർ കൊണ്ടുപോകുന്നതിനും തമ്മിലുള്ള വ്യത്യാസം ... രൂപയാണെന്നു കാണുന്നു. ഇപ്രകാരം ... പായുണ്ടാക്കി അയക്കുന്നതിലും ... പാ ഉണ്ടാക്കുന്നവർ കയറുണ്ടാക്കുന്നതിലും വ്യത്യാസംവരുന്നതായ ... രൂപയിൽ ... രൂപ ... കൂലികൊടുക്കുന്നതിന് മാററിവെച്ചാലും ... രൂപാ ലാഭംകിട്ടുന്നുണ്ട്. ഇതുകൂടാതെ ഒരു പായ്ക്കു രണ്ടുരൂപാവീതം കുറച്ചു അവർക്കു ഇവിടെ വില്ക്കാൻസാധിക്കുന്നു.

ഇതേരീതിയിൽതന്നെ ഇവിടെനിന്നും ചകരിയുററി അയക്കുന്നുണ്ടെന്ന് മി. കരുണാകരൻപറകയുണ്ടായി, കയറിനെക്കാൾ മാർക്കറ്റും ചിലവുകുറച്ചും ചകരിമേടിക്കാൻ സാധിക്കും കയറിനെക്കാൾ ടണ്ണേജ് ചകരിക്കുകുറവായിരിക്കും. ഇതുകൊണ്ടു അവർക്കു കയറുപായിനെയിതുണ്ടാക്കാൻ കൂടുതൽ സൌകര്യമുണ്ടാകുന്നു എന്നുമാത്രമല്ല കയറുപിരിക്കുന്നതൊഴിലുകൾ അന്യദേശങ്ങളിലേക്കു അപഹരിച്ചുകൊണ്ടുപോകാനും ഇടയാകുന്നു. ഈ പിധത്തിലായാൽ തൊഴിലില്ലാതെ എന്നേക്കുംസമ്പ്രദായമല്ലാതെ നമുക്കു മററൊന്നുമില്ലാതെവരും, അതിന്റെ ഫലം മുഴുവനും അന്യദേശക്കാർ അനുഭവിക്കയും ചെയ്യും.

സ്ക്രൂ ഫയിൻ്റിനെ സംബന്ധിച്ചു അതിലേക്കു മാർക്കറ്റ് കണ്ടുപിടിച്ചു കൊടുത്തില്ലെന്ന ഡയറക്ടരെ മി. ജി. പി. നീലകണ്ഠപ്പിള്ള ഇവിടെ കുററപ്പെടുത്തുകയുണ്ടായി. എന്നാൽ ഈ വിഷയത്തിൽ മാർക്കററ് കണ്ടുപിടിച്ചു അതിനെ സംരക്ഷിക്കേണ്ടുന്ന ചുമതല കൂടി ഗവർമ്മെന്റിനും ഡിപ്പാർട്ടുമെന്റിനും ഉണ്ടെന്നുള്ള സംഗതി ഞാൻ ഗവർമ്മെന്റിനെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

ഇതുകൂടാതെ മററു പലവ്യവസായങ്ങളും ഇവിടെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. അതിലേക്കു ഗവർമ്മെന്റും ഡിപ്പാർട്ടുമെന്റും കുറെക്കൂടി ശ്രദ്ധിച്ചാൽ മതിയാകുമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. മുരുവേലിൽ പാച്ചുപിള്ള (ചെർത്തല): സർ, രാജ്യത്തു നാൾക്കുനാൾ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനും ജനങ്ങളുടെ സാമ്പത്തികസ്ഥിതിയെ ... ത്തുന്നതിനും പ്രയോജനപ്പെടേണ്ടുന്നൊന്നു് വ്യവസായഡിപ്പാർട്ടുമെന്റു. ഈ ഡിപ്പാർട്ടുമെന്റിലേക്കുവേണ്ടി അടുത്തകൊല്ലത്തിലേക്കു ബഡ്ജററിൽ ... രൂപാ ചിലവുചെയ്യുന്നതിന് നീക്കിവെച്ചിരിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റുകൊണ്ടു ഇപ്പോൾ രാജ്യത്തിനു ... അംഗീകരിക്കുന്നതാണും ഈ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളംകൊണ്ടു് ... ഈ ഡിപ്പാർട്ടുമെന്റുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. എന്നു സംശയംകൂടാതെ പറയാം. ഈ ഡിപ്പാർട്ടുമെന്റിലുള്ള ... എക്സ്പെർട്ട്സും അസിസ്റ്റന്റു എക്സ്പെർട്ട്സും വേറെ ഒരു ഡിപ്പാർട്ടുമെന്റിലും ഇല്ലാ. ഇതു് ഒരു എക്സ്പെർട്ട്സ് ഡിപ്പാർട്ടുമെന്റാണെന്നുകൂടി വേണമെങ്കിൽ പറയാം. ഈ എക്സ്പെർട്ട്സിൽ നല്ലപേരെ ഗവർമ്മെന്റിൽനിന്നും സഹായധനംകൊടുത്തു വിദേശങ്ങളിലേക്കയച്ചു പഠിപ്പിച്ചു വരുത്തിയിട്ടുള്ളവരാണ്.

മി. എച്ച്. ബി. മഹമ്മദുറാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ഈ ഡിപ്പാർട്ടുമെന്റുകൊണ്ടു ഉപയോഗമില്ലെങ്കിൽ നിറുത്തിക്കളയരുതോ?

മി. മുരുവേലിൽ പാച്ചുപിള്ള (ചെർത്തല): ഇപ്പോഴത്തെരീതിയിൽ ഈ ഡിപ്പാർട്ടുമെന്റു നടത്തിക്കൊണ്ടുപോകുന്നതിനെക്കാൾ നിർത്തുന്നതുതന്നെയാണ് ഭേദം.

ഈ നാലുപേരെയും പഠിപ്പിച്ചുവരുത്തുന്നതിനു ഏകദേശം ഒരുലക്ഷം രൂപയോളം ചിലവുവന്നിട്ടുണ്ട്. ഇവരുടെ പഠിപ്പുകഴിഞ്ഞു ഇവിടെ വന്നപ്പോൾ ഓരോരുത്തർക്കും ... രൂപമുതൽ ... രൂപാവരെ ശമ്പളം നൽകി. അതിലേക്കു ആണ്ടിൽ ... രൂപയോളം ഇപ്പോൾ ചിലവുവരുന്നുണ്ട്. എന്നാൽ അതിനനുസരണമായി ഈ എക്സ്പെർട്ട്സുകളെക്കൊണ്ടും അസിസ്റ്റന്റുകളെക്കൊണ്ടും യാതൊരുപ്രയോജനവും ഈ രാജ്യത്തിനോ ജനങ്ങൾക്കോ സിദ്ധിക്കുന്നില്ല.

മി. മാത്യുമുരിക്കൻ (...). ഈ എക്സ്പെർട്ട്സ്കളെ ഡിപ്പാർട്ടുമെന്റിൽനിന്നു കളഞ്ഞാൽ ഈ ഡിപ്പാർട്ടുമെന്റു നന്നാകുമെന്നു വിചാരിക്കുന്നുണ്ടോ?

മി. മുരുവേലിൽ പാച്ചുപിള്ള (ചെർത്തല): ഈ എക്സ്പെർട്ട്സുകളെ കളയണമെന്നല്ലാ ഞാൻപറയുന്നതു. യാതൊരുപണംചിലവുചെയ്തു വിദേശങ്ങളിലയച്ചു പഠിപ്പിച്ചുവരുത്തി അവരെ ഡിപ്പാർട്ടുമെന്റിൽ അവരുടെനിലയിൽ പ്രവർത്തിക്കാനുപയോഗിക്കുന്നതിൽ ഗവർമ്മെന്റു അല്ലെങ്കിൽ ജനങ്ങൾ ഇച്ഛിക്കുന്ന പ്രയോജനം ഉണ്ടാകുന്നുണ്ടോ എന്നസംഗതി ഇവിടെ ആലോചിക്കേണ്ട വിഷയമാകണമെന്നാണ് എന്റെ ഉദ്ദേശം.

മി. എസ്. പരമശിവംപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ജനങ്ങൾക്കു ഈ ഡിപ്പാർട്ടുമെന്റുകൊണ്ടു് ഉപയോഗപ്പെടുന്നില്ലന്നാണോ പറയുന്നതു്?

മി. മുരുവേലിൽ പാച്ചുപിള്ള (ചെർത്തല): ജനങ്ങൾക്കു ഉപയോഗപ്പെടുന്നില്ലെന്നു മാത്രമല്ലാ, ജനങ്ങൾക്കു ഉപയോഗപ്പെടത്തക്കവണ്ണം ഡിപ്പാർട്ടുമെന്റു് ഒന്നും പ്രവർത്തിക്കുന്നുമില്ല.

എന്റെ സ്നേഹിതന്മാർക്ക് ഇതിനെസംബന്ധിച്ചു എന്തെങ്കിലും ചോദ്യം ചോദിക്കാനുണ്ടെങ്കിൽ എന്റെ പ്രസംഗം അവസാനിക്കുന്നതുവരെ ക്ഷമിച്ചിരിക്കയും അതിനുശേഷം ചോദിച്ചാൽ അവരോടു ഉത്തരംപറയുകയും ചെയ്യാമെന്നു വാഗ്ദാനംചെയ്തുകൊണ്ടു് എന്റെ പ്രസംഗം തുടരുന്നതിന് അനുമതി ചോദിച്ചുകൊള്ളുന്നു.

ഇവിടെ ടെക്നിക്കൽ എക്സ്പെർട്ട് എന്നൊരു ഉദ്യോഗസ്ഥൻ ഉണ്ട്. ഈ രാജ്യത്തിലെ ... സിന്റെ സഞ്ചി, ... പോലീസുകാരുടെ ..., മിലിട്ടറിക്ക് ആവശ്യമുള്ള സാമാനങ്ങൾ മുതലായി അനേകം തോൽസാമാനങ്ങൾ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇതെല്ലാം ഇപ്പോൾ പുറദേശങ്ങളിൽനിന്നുമാണ് വരുത്തി

കൊണ്ടിരിക്കുന്നതു്. ഇവിടെയുള്ള തോൽഎല്ലാം മദ്രാസ്, ഡിൻഡിഗൽ, തൃശ്ശിനാപ്പള്ളി മുതലായ വിദേശങ്ങളിലേയ്ക്കു കയററി അയച്ചുകൊണ്ടിരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിൽനിന്നു നടത്തിവരുന്ന പരീക്ഷണങ്ങൾകൊണ്ടു് വാസ്തവത്തിൽ ജനങ്ങൾക്കു യാതൊരുവിധത്തിലുള്ള പ്രോത്സാഹനവും ലഭിക്കുന്നില്ല. തോൽവ്യവസായത്തിനും തോൽസമ്പാദനങ്ങളുടെ പ്രചരണത്തിനും വേണ്ട വ്യവസ്ഥകൾചെയ്യുന്നതിനൊ പ്രോത്സാഹനങ്ങൾ നൽകുന്നതിനൊ ഈ തോൽവിദഗ്ദ്ധനൊ ഡിപ്പാർട്ടുമെൻറിനൊ സാധിക്കുന്നതല്ല. എത്രലക്ഷം രൂപായുടെ തോൽ ആണ്ടുതോറും ഈരാജ്യത്തു ഇറക്കുമതിചെയ്തുകൊണ്ടിരിക്കുന്നു. എത്രലക്ഷ രൂപായുടെ റാമെറ്റീരിയൽസാണ് അന്യരാജ്യങ്ങളിലേയ്ക്കു കയററുമതിചെയ്തുകൊണ്ടിരിക്കുന്നതു്. ഇതിനെപ്പററി ആലോചിക്കുമ്പോൾ തോൽവിദഗ്ദ്ധനെക്കൊണ്ടോ, ആ വകുപ്പിനെക്കൊണ്ടോ ഈ രാജ്യത്തേയ്ക്കു യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ലെന്നു കാണാം. തോൽ ഊറയ്ക്കിടുന്നതിന് മരത്തിന്റെ പട്ട, ഇല മുതലായതു വേണം. ഈവക സകല സൌകര്യങ്ങളും ഇവിടെ കിട്ടത്തക്കവണ്ണം പ്രകൃതി നമ്മെ അനുഗ്രഹിച്ചിട്ടുണ്ടു്. നമ്മുടെ വനങ്ങളിൽ ഇതിലേക്കു സകല സാമാനങ്ങളും ഉണ്ടു്. ഇതിലേക്കു് ഡിപ്പാർട്ടുമെൻറിൽ താല്പര്യവും, അതിനെ ശരിപ്പെടുത്തിക്കൊണ്ടുവരാൻ തക്ക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥന്മാരും ഉണ്ടെങ്കിൽ ഈ തോൽവ്യവസായം വളരെ പ്രചാരത്തിൽവരുത്താൻ കഴിയുന്നതാണ്. ഈ രാജ്യത്തിനു വേണ്ടിടത്തോളമുള്ള തോൽമുഴുവനും ഈ രാജ്യത്തുതന്നെ ഉണ്ടാക്കാൻ കഴിയും. കുറഞ്ഞവിലയ്ക്കു ധാരാളം തോൽ അന്യരാജ്യങ്ങളിലേക്കു കയററി അയക്കേണ്ട ആവശ്യമില്ല. ഇതിൽനിന്നും തോൽവകുപ്പുകൊണ്ടാകട്ടെ യാതൊരു പ്രയോജനവും ജനങ്ങൾക്കില്ലെന്നു മനസ്സിലാക്കാം.

ഇനി ഇൻഡസ്ട്രിയൽ കെമിസ്റ്റ് എന്നൊരു വിദഗ്ദ്ധനുണ്ടു്. ഈ വിദഗ്ദ്ധന്റെ മേൽനോട്ടത്തിലിരിക്കുന്ന വകുപ്പിന്റെ പ്രധാനജോലി മഷി ഉണ്ടാക്കുക, ഇലക്ട്രോ പ്ലേററിംഗുകൊണ്ടു് സ്വർണ്ണം വെള്ളി ഇവ പൂശുക, മുതലായവയാണ്. ഇൻഡസ്ട്രിയൽ കെമിസ്റ്റ് ഉണ്ടാക്കീട്ടുള്ള മഷിയിൽമുക്കിയ പേനയെ ഉടൻ വെള്ളംഒഴിച്ചു് കഴുകിയില്ലെങ്കിൽ പിന്നെ ഉപയോഗിപ്പാൻസാധിക്കയില്ല. മഷിമുക്കണം, പേന കഴുകണം, പിന്നെയും മഷിമുക്കണം, കഴുകണം. എന്നുവേണ്ട മഷിമുക്കുമ്പോൾ എല്ലാപ്പേനയും കഴുകണം. ഈമാതിരി മഷികൊണ്ടു് എത്രമാത്രം എഴുതുവാൻ സാധിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇതുപോലെ പൂച്ചുവേലകൾകൊണ്ടും പ്രയോജനമുണ്ടാകുന്നില്ല. യഥാർത്ഥം പറയുകയാണെങ്കിൽ ഈ ഡിപ്പാർട്ടുമെൻറു വെറും പൂച്ചുവേലകൾകൊണ്ടു കഴിച്ചുകൂട്ടുകയാണ്. അല്ലാതെ ഇതുകൊണ്ടു് ഒരു പ്രയോജനവുമില്ല. സ്വർണ്ണവും വെള്ളിയും പൂശുന്നതിന് ഇവിടെ എത്രപേർ പഠിച്ചിട്ടുണ്ടു? അതിനെ തൊഴിലാക്കി സ്വീകരിച്ചു് അതുകൊണ്ടു കാലക്ഷേപംചെയ്യുന്നവർ എത്രയുണ്ടു് എന്നന്വേഷിക്കുമ്പോൾ ഇതിന്റെ പരമാർത്ഥം ബോധ്യപ്പെടും.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇൻഡസ്ട്രിയൽഡിപ്പാർട്ടുമെൻറിൽ നടത്തുന്ന സകലസംഗതികളും എക്സ്പേരിമെൻറൽ സ്റ്റേജിലാണ ഇരിക്കുന്നതെന്നു് അറിയാമോ?

മി. മുരിങ്ങവേലിൽ പാച്ചുപിള്ള (ചേർത്തല): എക്സ്പേരിമെൻറൽ സ്റ്റേജിൽ ഇനി എത്രകാലം ഇരിക്കണം? ഈ സ്റ്റേജ് കഴിഞ്ഞു മുന്നോട്ടുവരുന്നതിനു് ഇനി എത്രകാലം വേണം? എല്ലാകാലത്തും എക്സ്പേരിമെൻറൽസ്റ്റേജിൽ കഴിഞ്ഞാൽപോരല്ലോ.

അതുപോലെതന്നെ ഇൻഡസ്ട്രിയൽ എൻജിനീയർ എന്നൊരു ഉദ്യോഗസ്ഥനുണ്ടായിരുന്നു. അദ്ദേഹം ഡിപ്പാർട്ടുമെൻറിൽനിന്നും ഒരുവിധം പുറത്തുകടന്നു നല്ല ജോലിചെയ്യത്തക്കവണ്ണം ഇലക്ട്രിക്കൽ ഇഞ്ചിനീയർ ആയിത്തീർന്നു. ഇപ്പോൾ അദ്ദേഹത്തിനു് ഈ ഡിപ്പാർട്ടുമെൻറിൽനിന്നു മോക്ഷംകിട്ടി എന്നു പറയാം.

ഇനി ടെക്സ്റ്റയിൽ എക്സ്പർട്ടും ആ ഉദ്യോഗസ്ഥനു് ഒരു അസിസ്റ്റൻറും ഉണ്ടു്. ഇവിടെ ധാരാളം വീവിംഗ്സ്കൂളുകളുണ്ടു്. നമുക്കാവശ്യമുള്ള വസ്ത്രങ്ങൾ ഇവിടത്തന്നെ ഉണ്ടാക്കുക, നെയ്യുന്നതിന് ആളുകളെ പരിചയപ്പെടുത്തുക, നെയ്ത്തിനുവേണ്ടി പ്രചാരമുണ്ടാക്കുക, ഈവക സംഗതികൾ ഒന്നുംതന്നെ നടത്തുന്നതിന് ഡിപ്പാർട്ടുമെൻറിനൊ നെയ്ത്തുവിദഗ്ദ്ധനൊ സാധിക്കുന്നില്ല. ഇതിനുള്ള പ്രതിബന്ധങ്ങൾ എന്തെല്ലാമാണെന്നു് പ്രത്യേകം അന്വേഷിക്കേണ്ടതാണ്.

ഇനി കാട്ടേജ് ഇൻഡസ്ട്രിയെസംബന്ധിച്ച ഡിപ്പാർട്ടുമെൻറിന്റെ സ്ഥിതി എങ്ങനെഇരിക്കുന്നു എന്നു നോക്കാം. മരച്ചീനി അരിയുന്നതിനുവേണ്ടി ഒരു യന്ത്രം ഡിപ്പാർട്ടുമെൻറിൽനിന്നു കണ്ടുപിടിച്ചു പുറത്തുവരുത്തിയിട്ടുണ്ടു്. അതിനുവേണ്ടി ചിലവുചെയ്ത സംഖ്യ നിരുപയോഗമാണ്. യന്ത്രത്തിന്റെ ഭാരത്തിനനുസരിച്ചു വണ്ണമുള്ള കിഴങ്ങു ഇടുകയാണെങ്കിൽ അരിഞ്ഞുവീഴും. കിഴങ്ങിന്റെവണ്ണം കുറഞ്ഞുപോയാൽ ആ കിഴങ്ങു് അരിയാതെതന്നെ താഴെവീഴും കിഴങ്ങിനു വണ്ണംകൂടിയാൽ അരഞ്ഞുപോകും. ഈമാതിരി യന്ത്രംകൊണ്ടു് എന്താണു പ്രയോജനം? ഇതിനുപകരം പണ്ടുപേരെ നിർത്തി കിഴങ്ങിനെ അരിയിച്ചാൽ അവർക്കുകൊടുക്കുന്ന കൂലികളും ആ പണ്ടുപേരുടെ ചിലവുനടക്കുകയും, യന്ത്രത്തിൽ അരിയുന്നതിനേക്കാൾ കൂടുതൽകിഴങ്ങു അരിയുകയുംചെയ്യുമായിരുന്നു. തിരുവിതാംകൂറിലെ മരച്ചീനി മുഴുവനും എല്ലാം ഒരേതരത്തിലിരിക്കുമെന്നു വിചാരിച്ചാണ് ഈ യന്ത്രം വരുത്തിയതു എന്നു തോന്നിപ്പോകുന്നു.

അതുപോലെതന്നെ "കടകൾക്കുട്ടക്" എന്നതിലേക്കു ഇരുമ്പു്, കമ്പി, കാലു് ഇതൊക്കെ വിദേശങ്ങളിൽനിന്നും വരുത്തണം. ഇതെല്ലാംചേർത്തു കൂട്ടിക്കെട്ടി കഴിയുമ്പോൾ ഒരുകുട്ടയ്ക്കു നാലു രൂപാ വിലവരും. പന്ത്രണ്ടു രൂപാ വിലകൊടുത്തു ആ കുട മേടിക്കാൻ ആളുകൾ ഉണ്ടായിരിക്കയില്ല.

മി. രേവതിനാൾ രാമവർമ്മരാജ (ഇടവക): കോഴിക്കോട്ട ഇങ്ങനെ വരുത്തി അസംബിൾചെയ്തു വില്പിക്കുന്നതിൽ വളരെ ആദായംകിട്ടുന്നു എന്നു അറിയാമോ?

മി. മുരിങ്ങവേലിൽ പാച്ചുപിള്ള (ചേർത്തല): ഉണ്ടായിരിക്കാം. ഇവിടത്തെസ്ഥിതിയാണ് ഞാൻ പറയുന്നതു്.

പ്രസിഡൻറ്: നിങ്ങളുടെസമയം കഴിഞ്ഞതിനുശേഷവും നിങ്ങൾ പ്രസംഗിക്കയാണ്.

മി. മുരിങ്ങവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ നിലയിൽ പ്രയോജനമില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറിനെ നിറുത്തൽചെയ്യുന്നതാണ് ഉത്തമം.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു ഏതുതരത്തിൽ പ്രയോജനപ്പെടുത്താമെന്നു ഒരു നിർദ്ദേശം മെമ്പർ പറഞ്ഞതായികേട്ടില്ല.

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു എന്തെല്ലാം പ്രയോജനമുണ്ടാക്കാൻ കഴിയുമെന്നുള്ളതിലേയ്ക്കുവേണ്ട പദ്ധതികൾ നിർദ്ദേശിക്കാനാണ് നല്ലസംഖ്യ ശമ്പളംകൊടുത്തു വ്യവസായഡയറക്ടരെ നിയമിച്ചിരിക്കുന്നതു, ഡയറക്ടർകൊടുക്കുന്ന നിർദ്ദേശങ്ങളെന്തെല്ലാമാണ് എന്നു പരിശോധിക്കുമ്പോഴാണ് യാതൊന്നും ഡയറക്ടർ കാര്യമായിചെയ്യുന്നില്ലെന്നു മനസ്സിലാകുന്നതു്. ഞാൻ വിദഗ്ദ്ധനല്ല. ഈ ഡിപ്പാർട്ടുമെൻറുനിമിത്തം യാതൊരുപ്രയോജനവും ഇപ്പോൾ ജനങ്ങൾക്കില്ലെന്നു കാണിക്കാനാണ് ഞാൻ ഈ വിമർശനംനടത്തിയതു്.

മി. എ. സി. കണ്ണാക്കോസ് (മീനച്ചിലും ദേവികുളവും): ഡയറക്ടരെപ്പററിയല്ലല്ലോ ഡിപ്പാർട്ടുമെൻറിനെപ്പററിയല്ലേ സംസാരിക്കുന്നതു?

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഡയറക്ടർഭരിക്കുന്ന ഡിപ്പാർട്ടുമെൻറിനെപ്പററിയാണ്.

മി. ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാടു): ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു ജനങ്ങൾ ഉദ്ദേശിക്കുന്നപോലെയുള്ള ഗുണങ്ങളൊന്നും കിട്ടുന്നില്ലാഎന്ന് മെമ്പർ ഇവിടെ പറയുകയുണ്ടായി. എന്നാൽ ജനങ്ങൾ ഉദ്ദേശിക്കുന്നപോലെയുള്ള ഗുണംകിട്ടുന്ന ഒരു ഡിപ്പാർട്ടുമെൻറു ഏതാണെന്നുപറഞ്ഞാൽ കൊള്ളാം.

മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഒരു ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചു പറയുമ്പോൾ പ്രയോജനത്തെസംബന്ധിച്ചു മററു ഡിപ്പാർട്ടുമെൻറുകളുമായി ഒരു താരതമ്യവിവേചനമുണ്ടെന്നു എനിക്കു തോന്നുന്നില്ലാ. എല്ലാ ഡിപ്പാർട്ടുമെൻറുകൊണ്ടും പ്രയോജനപ്പെടുത്തിയാൽ ധാരാളം പ്രയോജനമുണ്ടാകുവാൻകഴിയും. ഈ സംഗതി ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരുടെ വൈദഗ്ദ്ധ്യത്തെ ആശ്രയിച്ചിരിക്കുന്നു.

മി. ഡി. ഫ്രാൻസിസ് (ഗവർണ്മെൻറുനിയമനം): കൃഷിഡിപ്പാർട്ടുമെൻറു ഇപ്പോൾ അതിൻെറ മേലധ്വമയിലാണ് സ്ഥിതിചെയ്യുന്നതു എന്നവിവരം മെമ്പറിനു അറിയാമോ?

അദ്ധ്യക്ഷൻ: മെമ്പർ പ്രസംഗം അവസാനിപ്പിച്ചു സ്വസ്ഥാനത്തെ പ്രാപിച്ചുകഴിഞ്ഞു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സഭയുടെ പര്യാലോചനയ്ക്കായി ഇവിടെ അവതരിപ്പിക്കുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനു ഞാനും ആഗ്രഹിക്കുന്നു. വ്യവസായഡിപ്പാർട്ടുമെൻറു ഇപ്പോൾ നടപ്പിലിരിക്കുന്നതുകൊണ്ടു സിദ്ധിക്കുവാൻ സാധിക്കുന്ന ഗുണങ്ങളെക്കുറിച്ചു സാമാജികന്മാർക്കു വല്ലതും സംശയമാണ് നേരിട്ടിരിക്കുന്നതു്. അവർ ഇന്നിവ സ്വീകരിച്ചിരിക്കുന്നസ്ഥിതിയ്ക്കു ഈ ഉപക്ഷേപത്തെസംബന്ധിച്ചു മി. പാച്ചുപിള്ള പ്രസംഗിച്ചത നെല്ലുടൻ പ്രസംഗിക്കണമെന്നു ഞാനും വിചാരിക്കുന്നു. ൧൧൦൯-ാമാണ്ടുമുതൽ-൧൧൨൫ വരെ-ഇക്കഴിഞ്ഞകാലംവരെ-പ്രസിദ്ധംചെയ്തിട്ടുള്ള ഡിപ്പാർട്ടുമെൻറുവകയായ വാർഷികറിപ്പോർട്ടുകളിലെ നിങ്ങളുടെ ശ്രദ്ധയെ വിഷയീഭവിപ്പിച്ചു പ്രസംഗം ഞാൻ നടത്തുന്നതാണ്. ഡിപ്പാർട്ടുമെൻറു നടത്തുന്ന പ്രവർത്തനങ്ങൾ അറിയുന്നതിനു ഡിപ്പാർട്ടുമെൻറിലെ റിപ്പോർട്ടുകൾ പരിശോധിക്കേണ്ടിയിരിക്കുന്നു. ഞാൻ നടത്തുന്നതിനു ഇരിയുന്ന ഈ പരിശോധനയിൽനിന്ന് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെ സംബന്ധിച്ചു ഏതാനുംവിവരങ്ങൾ ഈ സഭയിലെ ഈ കക്ഷിയിലുള്ള അനേകം ബഹുമാനപ്പെട്ട സാമാജികന്മാർക്കു സിദ്ധിക്കുന്നതാണ്. സർ, അപ്രകാരം ചെയ്യുന്നതിനുമുമ്പു ഈ ഡിപ്പാർട്ടുമെൻറു സ്വീകരിച്ചുവന്നിരുന്ന നയം എന്താണെന്നുള്ളതു ഞാൻ പറയാം. യാതൊരുനയവും അതു സ്വീകരിച്ചുവന്നിരുന്നില്ലാ അതിനു ഇപ്പോൾ യാതൊരു പ്രവർത്തനപദ്ധതിയുമില്ല. ഇടച്ചുവായ ഒരു നയം ഡിപ്പാർട്ടുമെൻറു സ്വീകരിച്ചിട്ടില്ല. ഡിപ്പാർട്ടുമെൻറു എന്തുചെയ്യാൻപോകുന്നു എന്നും യഥാർത്ഥത്തിൽ അവർ നിർവഹിച്ചിട്ടുള്ള പ്രവൃത്തി എന്താണെന്നും അവർക്കു സാധിക്കുവാനുള്ളതു എന്താണെന്നും പ്രയോഗിച്ചുവരുന്ന സമ്പ്രദായങ്ങൾ ഏതെല്ലാമാണെന്നുമുള്ള സംഗതികൾ യാതൊന്നും നമുക്കറിയുന്നതിനു നിവൃത്തിയില്ല. ഈ കാര്യങ്ങൾ മറച്ചിരുന്നെന്നിരിക്കുന്നു. അവ ഡയറക്ടർക്കുപോലും സാധിക്കുന്നില്ല. ഈ അവസരത്തിൽ മറെറാരു നിർദ്ദേശംകൂടി ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നു. വ്യവസായ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെസംബന്ധിച്ചു, ഗവർണ്മെൻറു അനുവർത്തിച്ചുവരുന്ന മനോഭാവമാണു ഇതു. ൧൧൦൯ മുതൽ ൧൧൨൫ വരെ ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തെപ്പററിയുള്ള ഗവർണ്മെൻറുത്തരവുകൾ പുറപ്പെടുന്ന അവസരത്തിൽ ഒട്ടുംതന്നെ തൃപ്തികരമല്ലാത്ത ഒരു സമ്പ്രദായമാണു അവർ സ്വീകരിച്ചുവന്നിട്ടുള്ളതു്. ഡിപ്പാർട്ടുമെൻറു നിർവഹിച്ചിട്ടുള്ള പ്രവൃത്തികളെ സംബന്ധിച്ചു പര്യാലോചിച്ചതിൻെറശേഷം ൧൧൦൯-ാമാണ്ടു മുതൽ ഡിപ്പാർട്ടുമെൻറിൻെറ നടത്തിപ്പിനെ സംബന്ധിച്ചു ഗവർണ്മെൻറു ഏതാനും നിരീക്ഷണങ്ങൾ ആണു ചെയ്തുവന്നിട്ടുള്ളതു്. തിരുവിതാംകൂറിലെ പൊതുജനങ്ങൾക്കു ഈ ഡിപ്പാർട്ടുമെൻറുമൂലം കൂടുതൽ പ്രയോജനം സിദ്ധിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കുറച്ചുംകൂടെ മുൻപു ഒരു പ്രത്യേകമാർഗ്ഗത്തിൽക്കൂടി പ്രവൃത്തി തുടങ്ങുന്നതിനു ഡയറക്ടരോടു ആവശ്യപ്പെട്ടിരുന്നു. അടുത്ത കൊല്ലത്തെ റിപ്പോർട്ടിൽ ആ കാര്യത്തെക്കുറിച്ചു യാതൊന്നും പറയുന്നതിനു ഡയറക്ടർക്കു ഉണ്ടായിരുന്നില്ല. ഈ വിഷയത്തിൽ ഗവർണ്മെൻറും മൌനം ദീക്ഷിക്കുകയാണു ചെയ്തിട്ടുള്ളതു്. അതിനടുത്താകൊല്ലത്തെ വാർഷികറിപ്പോർട്ടിൽ അതായതു ൧൧൧൦-ാമാണ്ടത്തെ റിപ്പോർട്ടിൽ ഗവർണ്മെൻറു മുൻകാര്യം ആവർത്തിച്ചുപറഞ്ഞിട്ടുണ്ട്. ഈ സംഗതി ഡയറക്ടരെ സംബന്ധിച്ചിടത്തോളം സ്മൃതിപഥത്തിൽനിന്നു മാഞ്ഞുപോയിരിക്കുന്നു. ഗവർണ്മെൻറു ബലഹീനതയെന്നനിലയിൽ ഈ കാര്യംതന്നെ വിസ്മരിച്ചുപോയിരിക്കുന്നു, വ്യവസായഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തിലുള്ള ഉദാസീനതയേയോ കാര്യനടത്തിപ്പിലുള്ള അപാകതയേയോ സംബന്ധിച്ചു ഗവർണ്മെൻറു ഏതെങ്കിലും നടപടിനടത്തിയുമില്ല. സർ, ൧൧൦൯-ാമാണ്ടു മുതൽ ഡിപ്പാർട്ടുമെൻറു നടത്തിയിട്ടുള്ള പല പരീക്ഷണങ്ങളുടേയും ചുരുക്കമായ ഒരു ചരിത്രം ഞാൻ ഇവിടെ പ്രസ്താവിക്കാം. ഇഞ്ചിസത്തു ഉണ്ടാക്കുക, റബ്ബർ പരിശോധനം, പൈനാപ്പിൾ (നമ്മുടെ സംസ്ഥാനത്തിൽ ലഭിക്കാൻ സാധിക്കുന്ന ഒരു പ്രത്യേക തരത്തിലുള്ളതല്ല) ടിന്നിംഗ്, ഡിപ്പാർട്ടുമെൻറിൽനിന്നു സംഘടിക്കപ്പെട്ടിട്ടുള്ള പേപ്പർ ഉണ്ടാക്കുന്നതിനു ഏർപ്പെടുത്തപ്പെട്ടിട്ടുള്ള വ്യവസായവും, വിദ്യാലയവും ഒട്ടു വ്യവസായം ഇവയുടെ അടിയിലുള്ള ജലസംഭരണത്തെ സംബന്ധിച്ചു ഈ സംസ്ഥാനത്തെ ജലക്ഷാമം ഒഴിക്കുമായ സ്ഥലത്തെ സ്ഥിതി മനസ്സിലാക്കുക, വ്യാപാരസമ്പ്രദായത്തെ ആസ്പദമാക്കി ജോലി നടത്താവുന്നതും ഈ രാജ്യത്തെ വനങ്ങളിൽനിന്നു ലഭിക്കാൻ സാധിക്കുന്നതുമായ ചെറിയ തോതിലുള്ള വിഭവങ്ങളെക്കുറിച്ചുള്ള പരീക്ഷണങ്ങൾ, കരി ഉണ്ടാക്കുക, കൊല്ലത്തും അതിൻെറശേഷം തെക്കേകോട്ടയ്ക്കും കണ്ടുപിടിക്കപ്പെട്ട ചുണ്ണാമ്പുകല്ലു തട്ടിൻെറ ആഴവും വീതിയും എത്രയെന്നുള്ളതിനെ സംബന്ധിച്ചു അന്വേഷണം, തെക്കൻതിരുവിതാംകൂറിൽ നടത്തിയ പ്രകൃതിദത്തമായ കിണറുകളെസം

-ബന്ധിച്ച പരീക്ഷണങ്ങൾ, ഇവയാണ് വ്യവസായഡിപ്പാർട്ടുമെൻറ നടത്തിയിട്ടുള്ള പരീക്ഷണങ്ങൾ. പരീക്ഷണത്തിൻെറ പട്ടികയിൽ ഉൾപ്പെട്ട എല്ലാ കാര്യങ്ങളേയുംപററി ഞാൻ പ്രസ്താവിച്ചിട്ടില്ല. ഡയറക്ടരും അദ്ദേഹത്തിൻെറ കീഴിലുള്ള ഉദ്യോഗസ്ഥന്മാരും നടത്തുന്ന പരീക്ഷണങ്ങളുടെ കാര്യത്തിൽ അത്യധികം ശ്രദ്ധയും താല്പര്യവും പ്രദർശിപ്പിച്ചുവരുന്നു എന്നുള്ളതു എല്ലാ കൊല്ലത്തേയും ഭരണറിപ്പോർട്ടിൽ അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ഈ പരീക്ഷണങ്ങളെ സംബന്ധിച്ചുള്ള വിവരണങ്ങൾ ഭരണറിപ്പോർട്ടിൽ രണ്ടു മൂന്നു പുറങ്ങളിൽ ഉൾപ്പെടുത്തി ഗവർമ്മെൻറിനും പൊതുജനങ്ങൾക്കും അദ്ദേഹം ഈ കാര്യങ്ങളിൽ ആശ നൽകിയിട്ടുണ്ട്. കൂടാതെ പരീക്ഷണങ്ങളിൽനിന്നു പ്രയോജനകരമായ ഫലങ്ങൾ ലഭിക്കുമെന്നും റിപ്പോർട്ടുകളിൽ അദ്ദേഹം സൂചിപ്പിച്ചിരിക്കുന്നു, സർ, ഏതായാലും രാജ്യത്തിനോ ഡിപ്പാർട്ടുമെൻറിനോ സാരമായവിധം പ്രയോജനം സിദ്ധിക്കത്തക്കവണ്ണത്തിൽ ഈ പരീക്ഷണങ്ങളുടെ ഫലങ്ങൾ പര്യാപ്തമായിട്ടില്ല. ശനയിണ്ണും ലേസ് ഉണ്ടാക്കുന്ന വ്യവസായവും ആദായകരമായ വ്യവസായമാണെന്നും അവ വിററഴിക്കുന്നതിനു കമ്പോളങ്ങൾ ലഭിക്കാൻ സാധിക്കുമെന്നും ഡയറക്ടർ ഒരിക്കൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ കഴിയുന്നതു എല്ലാ വിധത്തിലുമുള്ള പ്രോത്സാഹനങ്ങൾ നൽകുന്നതിനു ഗവർമ്മെൻറു സമ്മതിച്ചിട്ടുണ്ട്. ഈ സാധനങ്ങൾ ആദായകരമാംവണ്ണം വിററഴിക്കുന്നതിൽ ഡയറക്ടർ ശ്രദ്ധിക്കണമെന്നു ഗവർമ്മെൻറു അദ്ദേഹത്തിനു നിർദ്ദേശം നൽകിയിട്ടുമുണ്ട്, ഈ സാധനങ്ങൾ വിററഴിക്കുന്നതിനുള്ള കമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിനു ഡയറക്ടർ ൧൦൯൨-മാണ്ടു മുതൽ നു കൊല്ലക്കാലത്തേക്കു എഴുത്തുകുത്തുകൾ നടത്തി, ഈ സംഗതി ഈ യോഗത്തിൽ പറയുന്നതിൽ എനിക്കു മനസ്താപമുണ്ട്. ഇപ്രകാരം എഴുത്തുകുത്തുകൾ നടത്തിയതിൽ യാതൊരു കമ്പോളവും കണ്ടുപിടിക്കുന്നതിനു സാധിച്ചില്ല. എഴുത്തുകുത്തിൻെറ ഫലം പ്രസിദ്ധപ്പെടുത്തിയതു ൧൧൦൨-മാണ്ടാണെങ്കിലും പ്രസ്തുതവിഷയത്തിനു നൽകിവന്നിരുന്ന സഹായധനം നിറുത്തൽ ആക്കിയതുമൂലം ഈ വ്യവസായത്തെ അദ്ദേഹം ഉപേക്ഷിക്കുകയും ചെയ്തു. ഞാൻ ൧൦൯൨-മാണ്ടത്തെ ഭരണറിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണു ഇപ്പോൾ ഈ സംഗതി പ്രസ്താവിക്കുന്നതു. ആദ്യം നൽകിവന്നിരുന്ന സഹായം ഡയറക്ടർ നിറുത്തലാക്കിയതിനാൽ ലേസ് ഉണ്ടാക്കിവന്നിരുന്ന വ്യവസായം അവസാനിപ്പിക്കേണ്ടതായിവന്നു.

സർ, ഇനി എനിക്കു പ്രസ്താവിക്കാനുള്ളതു ഇതാണ്, ഓരോ കൊല്ലത്തിലും (൧൦൯൯-ലും ൧൧൦൦-ലും) തിരുവിതാംകൂറിലെ ഭൂമിക്കടിയിലുള്ള ജലസംഭരണത്തോതിനെ സംബന്ധിച്ചു ഒരു സർവെ നടത്തുന്നതിനു വ്യവസായഡയറക്ടർക്കു നിർദ്ദേശങ്ങൾ നൽകിവരുന്നതാണ്. ൧൧൦൨-ൽ പരീക്ഷണം വീണ്ടും നടത്തപ്പെട്ടു. അഭിലഷണീയമായവിധം ഫലസിദ്ധിയും ഉണ്ടായി. ൧൭ കിണറുകൾ കുഴിക്കപ്പെട്ടു എന്നും കൂടുതൽ ആഴത്തിൽ കുഴിക്കുംതോറും ജലത്തിൻെറ ഗുണം കൂടിയിരിക്കുന്നു എന്നുള്ളതു നടത്തിയിട്ടുള്ള പരീക്ഷണങ്ങളിൽനിന്നു കണ്ടു എന്നും (ചിരി) അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. കൊല്ലത്തു കണ്ടുപിടിച്ചിട്ടുള്ളതും അതിൻെറശേഷം വടക്കേകൊല്ലത്തു ഏതോ സ്ഥലത്തു കണ്ടുപിടിച്ചിട്ടുള്ളതും ആയ ചുണ്ണാമ്പുകല്ലു തട്ടിൻെറ ആരംഭം കണ്ടുപിടിക്കുന്നതിൽ ഡിപ്പാർട്ടുമെൻറു പ്രവർത്തനം നടത്തിയിട്ടുണ്ട്. അതിനെപ്പററി കൂടുതലായി യാതൊരു പരീക്ഷണവും നടത്തി എന്നു തോന്നുന്നില്ല. ഈ പരീക്ഷണങ്ങളുടെ ഫലങ്ങൾ എന്തെല്ലാമെന്നു അറിയുന്നതിനു ജനങ്ങൾക്കു ഇതുവരെ സാധിച്ചിട്ടില്ല.

ഇനി പ്രസ്താവിക്കുവാനുള്ളതു, താഴെ പറയുന്ന സംഗതിയാണ്. ഈ സംസ്ഥാനത്തെ വനങ്ങളിലുള്ള വിഭവങ്ങളുടെ സാമ്പത്തിക വിലയെ സംബന്ധിച്ചു പല പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. തമ്പകത്തിൻെറ തൊലി ഊറയ്ക്കിടുന്നതിനു യോജിച്ച ഒരു സാധനം ആണെന്നുകാണുന്നു എന്നു ഡയറക്ടർ ഇപ്പോൾ പറഞ്ഞേക്കാൻ ഇടയുണ്ട്. ഈ കണ്ടുപിടുത്തത്തിൽ കൂടുതലായി ഈ വിഷയത്തിൽ യാതൊന്നും പ്രവർത്തിച്ചിട്ടില്ല, "ഞാൻ പല നിർദ്ദേശങ്ങളും ചെയ്യുന്നു" എന്നു ഡയറക്ടർ പറയുമായിരിക്കും. എന്നാൽ ഇതുവരെ യാതൊരു കാര്യവും നിർവഹിച്ചിട്ടില്ല. ഓരോ ഇനത്തെയും ഗവർമ്മെൻറു ഡയറക്ടർക്കു ഉപദേശങ്ങൾ നൽകിവരികയാണ്. തുകൽ ഊറയ്ക്കിടുന്ന വ്യവസായത്തിനോടുചേർന്ന ഉപദേശം നൽകുന്ന ഒരു വകുപ്പുകൂടി ഏർപ്പെടുത്താത്തപക്ഷം ഈ ഡിപ്പാർട്ടുമെൻറിനെവച്ചുകൊണ്ടിരിക്കുന്നതുമൂലം യാതൊരു പ്രയോജനവും സിദ്ധിക്കുന്നതല്ല. ഈ സംഗതിയെ സംബന്ധിച്ചു എന്തു പ്രവർത്തിചെയ്തിട്ടുണ്ടെന്നുള്ളതു എനിക്കറിയാൻ പാടില്ല. പരമാർത്ഥത്തിൽ പറയുകയാണെങ്കിൽ യാതൊരു കാര്യവും നടന്നിട്ടില്ല. ഈ വിഷയത്തിൽ ഗവർമ്മെൻറു യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല,

വടക്കേഎന്ന സ്ഥലത്തു പൈറോലൈററു കണ്ടുപിടിച്ച ഭൂമി തുരക്കുന്നതിനു വളരെ ചിലവുള്ള ഒരു യന്ത്രം വരുത്തി വളരെക്കൂടിയ ചിലവിന്മേൽ പല പരീക്ഷണങ്ങളും നടത്തി. അതിൽനിന്നു യാതൊരു ഫലവും സിദ്ധിച്ചിട്ടില്ല. അതിനാൽ അവസാനത്തിൽ ഈ പ്രവൃത്തികൾ ഡിപ്പാർട്ടുമെൻറു ഉപേക്ഷിച്ചു.

ഇനി അടുത്തതായി പ്രസ്താവിക്കുവാനുള്ള സംഗതി താഴെപ്പറയുന്നതാണ്. പനാമാഹാററുകൾ തിരുവിതാംകൂറിൽ ഉണ്ടാക്കുവാൻ സാധിക്കുമെന്നു ൧൦൯൨-മാണ്ടത്തെ വാർഷിക ഭരണറിപ്പോർട്ടിൽ ഡയറക്ടർ പറഞ്ഞിട്ടുണ്ട്. ഈ തരത്തിലുള്ള ഹാററു ഉണ്ടാക്കുന്നതിനു ആവശ്യമായ നാർ ഇവിടെ കിട്ടുമെന്നുള്ളതാണു ഇതിനൊരു കാരണമായിപ്പറയുന്നതു. പനാമാഹാററുകൾ ഉണ്ടാക്കുന്നകാര്യത്തിൽ ഡിപ്പാർട്ടുമെൻറു പരീക്ഷണങ്ങൾ നടത്തി. എന്നാൽ ഈ നിമിഷംവരെ യാതൊരുഫലസിദ്ധിയും ഉണ്ടായിട്ടില്ല.

സർ, എനിക്കു പ്രസംഗിക്കുന്നതിനുള്ളസമയം വളരെ കുറച്ചുമാത്രമാണ്, ൧൧൦൧-ലും ൧൧൦൨-ലും ൧൦൯൩-ലും ഈ ഡിപ്പാർട്ടുമെൻറിൽ നടത്തിയിട്ടുള്ള പ്രവൃത്തികളിലേക്കു ഈ സഭയിൽ എതിർപക്ഷത്തുള്ള സാമാജികന്മാരുടെ ശ്രദ്ധയെ ക്ഷണിക്കണമെന്നു ഞാൻ വിചാരിക്കുന്നു, ഇതുവളരെ ഗൌരവമുള്ള ഒരു കാര്യമാണ്. ഡിപ്പാർട്ടുമെൻറിൻെറ പൊതുവെ ഉള്ള പ്രവർത്തനംമുഴുവനും താഴെ പറയുന്നതിനു തുല്യമായിട്ടുള്ളതാണ്. മകൻെറ കാര്യസ്ഥൻ ഭിക്ഷകൊടുക്കുന്നതിനോ നൽകുകയില്ലെന്നു പറയുന്നതിനോ അധികാരമില്ല. ഭിക്ഷക്കാരനോടു അവൾ ഭിക്ഷ നൽകുകയില്ലെന്നു പറഞ്ഞ അവസരത്തിൽ അതുകേട്ടു കോപിച്ചു തൻെറ ഭർത്താവിൻെറ മാതാവു ഭിക്ഷക്കാരനെതിരിച്ചു വിളിക്കുകയും ഭിക്ഷകൊടുക്കുകയില്ലെന്നു നേരിട്ടു ആ സ്ത്രീ തന്നെ അയാളോടു പറയുകയുംചെയ്തു. ഇതുപോലെതന്നെ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം ഡയറക്ടർ തന്നെ ഗുണകരമായ വിധത്തിൽ നടത്തുകയില്ല. അപ്രകാരം നടത്തുന്നതിനു മററുള്ളവരെ അദ്ദേഹം

സമ്മതിക്കയുമില്ല. ഡിപ്പാർട്ടുമെന്റിന്റെ പ്രവൎത്തനം ഏതുവിധത്തിൽ നടന്നുവരുന്നു എന്നുള്ള വിവരം അദ്ദേഹത്തിനുമില്ല. യാതൊരു നയവും സ്വീകരിക്കാതെയും ഏതെങ്കിലും ഉദ്ദേശത്തെ മുൻനിറുത്താതെയും ആണ് അതു ഇപ്പോൾ നടത്തിവരുന്നതു്. ജീവനില്ലാത്ത ഒരു സമ്പ്രദായത്തെ അടിസ്ഥാനപ്പെടുത്തി ഡിപ്പാർട്ടുമെന്റു ഇടറിപ്പോരുകയാണ് ചെയ്യുന്നതു. ഈ ഡിപ്പാർട്ടുമെന്റു വച്ചുകൊണ്ടിരിക്കുന്നതായാൽ എന്തു പ്രയോജനമാണ് സിദ്ധിക്കാൻ പോകുന്നതു്?

സർ, നമുക്കു പല വിദഗ്ദ്ധന്മാരുമുണ്ട്. ഈ വിദഗ്ദ്ധന്മാരെക്കൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകുന്നില്ല. സഭയിലെ ഉദ്യോഗസ്ഥസാമാജികന്മാർക്കു ബോദ്ധ്യം വരുന്നതിനായിട്ടു ഒരു ചോദ്യം ഞാൻ ചോദിക്കാം. ഡിപ്പാർട്ടുമെന്റു നടപ്പിലിരുന്ന കഴിഞ്ഞ അഞ്ചു കൊല്ലങ്ങളിൽ ഡിപ്പാർട്ടുമെന്റു എന്തു കാര്യമാണ് നടത്തീട്ടുള്ളതു്. വിദ്യാഭ്യാസവിഹീനനായ സാധാരണക്കാരനായ ഒരാളെ ഈ സ്ഥാനത്തു നിയമിക്കുന്നപക്ഷം തിരുവിതാംകൂറിൽ ചുരുങ്ങിയപക്ഷം അര ഡസൻ കുടിൽവ്യവസായങ്ങൾ ഏർപ്പെടുത്തുന്നതിനു അയാൾക്കു സാധിക്കും. എന്നാൽ ഈ വിദഗ്ദ്ധന്മാർ ഈ രാജ്യത്തെ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു യാതൊരു കാര്യവും നടത്തീട്ടില്ല. തിരുവിതാംകൂറിലെ പൊതുജനങ്ങൾക്കു ഈ ഡിപ്പാർട്ടുമെന്റു ഒരു ഭാരം ഉണ്ടാക്കുന്നതിനുമാത്രം കാരണമായിത്തീർന്നിരിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഈ യോഗത്തിൽ ഹാജരാക്കീട്ടുള്ള ഉപക്ഷേപത്തെ ഞാനും അനുകൂലിച്ചുകൊള്ളുന്നു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, ഇവിടെ ഹാജരാക്കീട്ടുള്ള ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനു ഞാനും എഴുന്നേറ്റുകൊള്ളുന്നു. വ്യവസായഡിപ്പാർട്ടുമെന്റു രൂപീകരിച്ചിട്ടു ഇപ്പോൾ അഞ്ചു കൊല്ലമായിരിക്കുന്നു. പരീക്ഷണങ്ങൾ നടത്തുന്നസ്ഥിതിയിൽ മാത്രമേ അതു വരുത്തിയിട്ടുള്ളു.

സർ, കൂടുതലായി പരീക്ഷണങ്ങൾ നടത്തുന്നതിനുമുമ്പു കുടിൽവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധ പതിയ്ക്കേണ്ടതാണെന്നുള്ള നിർദ്ദേശമാണ് എനിക്കു ഇപ്പോൾ ചെയ്യാനുള്ളതു്. ഓരോ താലൂക്കിലെയും സ്ഥിതികൾ നാം പരിശോധിച്ചുനോക്കുന്നപക്ഷം അവിടെ ഓരോ സ്ഥലത്തും പ്രത്യേകമായ ഒരു വ്യവസായം ഉള്ളതായി നമുക്കു കാണാൻ കഴിയുന്നതാണ്. തിരുവിതാംകൂറിന്റെ വടക്കേ അറ്റംമുതൽ തെക്കേ അറ്റംവരെ നാം പരിശോധിച്ചുനോക്കുന്നപക്ഷം ഈ രാജ്യത്തിന്റെ പലഭാഗങ്ങളിലും പല വ്യവസായങ്ങൾ നടത്തുന്നുണ്ടെന്നു നമുക്കു അറിയാൻ സാധിക്കുന്നതാണ്. പരിഷ്കാരസമ്പ്രദായങ്ങളെ ആസ്പദമാക്കി പ്രസ്തുത വ്യവസായങ്ങളെ പോഷിപ്പിക്കുന്നകാര്യത്തിൽ ഡിപ്പാർട്ടുമെന്റു പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയും അവയ്ക്കു പ്രോത്സാഹനം നൽകുകയുംചെയ്യുന്നപക്ഷം ഈ സംസ്ഥാനത്തിന്റെ സാമ്പത്തികപരമായ ഉന്നമനത്തിനു വ്യവസായഡിപ്പാർട്ടുമെന്റു വളരെ സഹായമായിരിക്കുകയും ചെയ്യുന്നതാണ്. എന്റെ അഭിപ്രായം ഇതാണ്, മറ്റു പരീക്ഷണങ്ങൾ നടത്തുകയും മുൻകാലങ്ങളിൽ സംഭവിച്ചിട്ടുള്ളതുപോലെ അവ പരാജയത്തിൽ കലാശിക്കയും ചെയ്യേണ്ട ആവശ്യമില്ല. അതിനാൽ പുതിയ പരീക്ഷണങ്ങൾ നടത്തുന്നകാര്യത്തിൽ പണം ചിലവാക്കാൻ പാടില്ലെന്നു ഡയറക്ടറോടു ഞാൻ നിർദ്ദേശിക്കുന്നു. അതിനുപകരം ഈ സംസ്ഥാനത്തു ഇപ്പോൾ നടപ്പിലിരിക്കുന്ന വ്യവസായങ്ങളുടെ കാര്യത്തിൽ അദ്ദേഹം ശ്രദ്ധ പതിപ്പിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ൧൧൦൮-ലെയും ൧൧൦൯-ലെയും ഡിപ്പാർട്ടുമെന്റിലെ ഭരണറിപ്പോർട്ടുകൾ പ്രസിദ്ധം ചെയ്തിട്ടുണ്ടല്ലോ. കാര്യങ്ങളുടെ യഥാർത്ഥസ്ഥിതി അവമൂലം വെളിപ്പെടുത്തുന്നതിനു ഡയറക്ടർ ശ്രമിച്ചിരിക്കുന്നു എന്നാണ് ഈ റിപ്പോർട്ടുകളിൽനിന്നു ഞാൻ വിചാരിക്കുന്നതു്. കടങ്ങളെ സംബന്ധിച്ചിടത്തോളം ഇതു ആവശ്യമില്ലാത്ത ഒരു കാര്യമാണ്. ഇതിനു ഒരു ഉദാഹരണം പറയാം. ൧൧൦൮-ൽ നൽകിയ വായ്പകളിൽനിന്ന് ഒരു കാര്യം കാണാവുന്നതാണ്. അതു റൊട്ടി ഉണ്ടാക്കുന്നതിനു ഡയറക്ടർ വായ്പനൽകീട്ടുണ്ടെന്നുള്ളതാണ്. തന്നെയുമല്ല ഒരു മോട്ടോർവൎക്ക്ഷാപ്പിനു അദ്ദേഹം ഒരു വായ്പ നൽകീട്ടുണ്ട്. മോട്ടർ വ്യവസായത്തിനും മറ്റുവ്യവസായങ്ങൾക്കും ഇതുപോലെ വായ്പകൾ നൽകിയിരിക്കുന്നു. ഒരു വസ്തുത ഈ സഭയെ അറിയിക്കുന്നതിനു മാത്രമായിട്ടാണ് ഇവ പ്രസ്താവിക്കുന്നതു്. രാജ്യത്തിനു ക്ഷേമകരമായ കാര്യങ്ങൾ എന്താണെന്നുള്ളതു് അറിയുന്നതിന് ഡയറക്ടർ ശക്തനായിരിക്കുന്നില്ല. ഇതിനുംപുറമേ സഹായം നൽകേണ്ട അവസരം ഏതാണെന്നുള്ളതും അറിയുന്നതിന് അദ്ദേഹത്തിന് സാധിക്കുന്നില്ല. കൽക്കുളംതാലൂക്കിൽ ഇപ്പോൾ നടത്തിവരുന്ന വ്യവസായത്തെ ഡിപ്പാർട്ടുമെന്റിലെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ കണ്ടിട്ടുണ്ടോ എന്നു എനിക്കു അറിയാൻ പാടില്ല. പനയോലകൊണ്ടും പുല്ലുകൊണ്ടും കൽക്കുളത്തും തക്കലയിലും അധിവസിക്കുന്ന സാധുക്കളും അർദ്ധപട്ടിണിക്കാരുമായ ഘോഷാസമ്പ്രദായത്തിൽ ജീവിക്കുന്ന ഈ സ്ഥലത്തെ സാധുസ്ത്രീകൾ ചെയ്തുവരുന്ന മനോഹരമായ ഈ വ്യവസായം ഡിപ്പാർട്ടുമെന്റിലുള്ള ഒരു ഒറ്റ വിദഗ്ദ്ധനും കണ്ടു അഭിനന്ദിക്കുന്നതിനു ഇടയായിട്ടില്ല. ഇതു തീർച്ചയാണെന്നു വിചാരിക്കുന്നു. സർ, പരസ്പരസഹായഡിപ്പാർട്ടുമെന്റും വ്യവസായഡിപ്പാർട്ടുമെന്റും ഈ വ്യവസായത്തിനു പ്രോത്സാഹനം നൽകിവരുന്നില്ല. ഈ വ്യവസായങ്ങൾ ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഇതു ആക്ഷേപകരമായ ഒരു സംഗതിയാണെന്നു പറയേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിയുകയും അവർക്കു വേണ്ടസഹായവും പ്രോത്സാഹനവും നൽകുകയും ചെയ്യേണ്ടതു ഡിപ്പാർട്ടുമെന്റിന്റെ കർത്തവ്യമാകുന്നു.

പുതിയതരത്തിൽ ചേരുവകൾ ചേർത്തു ഓട്ടുണ്ടാക്കുന്ന യാതൊരു സമ്പ്രദായവും നമുക്കിപ്പോൾ സ്വീകരിക്കേണ്ട ആവശ്യമില്ല. ആറന്മുള ഓട്ടു നമ്മുടെ സ്വാധീനത്തിലുണ്ടല്ലോ. ഇതിനുപുറമെ പലതരം ഓട്ടുകളും ഇവിടെ ഉണ്ടാക്കിവരുന്നുണ്ട്. സാധാരണ അല്ലാത്തവിധം ചേരുവകൾ ചേർത്തു ഉടച്ചുവാർക്കുന്ന ഓട്ട്. ഉണ്ടാക്കുന്ന സമ്പ്രദായം ആ കാര്യത്തിൽ നമ്മുടെ പൂർവികന്മാർക്കുണ്ടായിരുന്ന സാമർത്ഥ്യത്തെ വെളിപ്പെടുത്തുന്നുണ്ട്. ഈ നാട്ടിലുള്ള വ്യവസായങ്ങൾക്കു പ്രോത്സാഹനം നൽകുകയും ഇപ്പോൾ വ്യവസായം നടത്തിവരുന്ന ജനങ്ങളുടെ ശ്രേയസ്സിനെ അഭിവൃദ്ധിപ്പെടുത്തുകയും ആണ് ഡിപ്പാർട്ടുമെന്റു ചെയ്യേണ്ട കൃത്യം. അവ നിർവഹിക്കുന്നതിനാണ് നാം ഡിപ്പാർട്ടുമെന്റിനോടു ആവശ്യപ്പെടുന്നതു്. താഴെപറയുന്നകാര്യങ്ങൾക്കു ഡയറക്ടറുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ദക്ഷിണതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഇവിടെ നടത്തിവരുന്ന ചായം കയറ്റുകയും നെയ്ത്തുനടത്തുകയും ചെയ്തുവരുന്ന സമ്പ്രദായങ്ങളെ പരിഷ്കരിക്കുന്നതിനു ജനങ്ങൾക്കു ഉപദേശം നൽകേണ്ടതാണ്. ഡിപ്പാർട്ടുമെന്റിൽനിന്നും ഉപദേഷ്ടാക്കളെ അയച്ചു.

ജനങ്ങൾക്കു ഈ കാര്യത്തിൽ നിർദ്ദേശങ്ങൾ നൽകുന്നതിനു ഏർപ്പാടുകൾചെയ്യണം. അവിടെ വ്യവസായം നടത്തുന്നജനങ്ങൾക്കു ഡിപ്പാർട്ടുമെന്റ ധനസഹായം ചെയ്യണം. പനയോലകൾക്കു ചായം കൊടുക്കുകയും നിറംകൊടുക്കുകയും ചെയ്യുന്നതിനു ആവശ്യമായ പരീക്ഷണങ്ങൾ ഡിപ്പാർട്ടുമെന്റിൽനിന്നു നടത്തണം.

ബ്രഷ് ഉണ്ടാക്കുന്നവ്യവസായം നടപ്പിലാക്കുന്നതിനു നമുക്കു വളരെ സൌകര്യങ്ങളുണ്ട്. ബ്രഷ്കൾക്കുള്ള പിടികൾ ഉണ്ടാക്കുന്നതിനു യോജിച്ചതടി നമ്മുടെ അധീനത്തിൽ ധാരാളമുണ്ടെന്നുമാത്രമല്ല. ബ്രഷുകൾ ഉണ്ടാക്കുന്നതിനുള്ള പനയോലയും ഇവിടെ ധാരാളം കിട്ടുന്നതാകുന്നു. പനയോലകൾ ഇപ്പോൾ അന്യരാജ്യങ്ങളിലേക്കു കയററുമതിചെയ്തുവരികയാണ്. ബെൽജിയം രാജ്യത്തുള്ള ഒരു വിദഗ്ദ്ധന്റെ അഭിപ്രായം അറിയുന്നതിനു ഡയറക്ടരോടു ഞാൻ അപേക്ഷിക്കുന്നു. ഈ കാര്യത്തെസംബന്ധിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ എന്റെ പക്കലുണ്ട്. ഈ പ്രകാരമുള്ളവിവരങ്ങൾ ഡയറക്ടരെ ധരിപ്പിക്കുന്നതിനു തയ്യാറുമാണ്. ഈ വ്യവസായത്തെ ഡിപ്പാർട്ടുമെന്റ പ്രോത്സാഹിപ്പിക്കണമെന്നു ഒരിക്കൽകൂടെ ഞാൻ ഇവിടെ പ്രസ്താവിക്കുന്നതാണ്. ഈക്കാര്യത്തിൽ ൧൦൦൦ രൂപയിൽകൂടുതൽ ചിലവുവരുന്നതല്ലാ. അതു വിററഴിക്കുന്നതിനുള്ള കമ്പോളം ലഭിക്കുന്നതിനും എളുപ്പത്തിൽ സാധിക്കുന്നതാണ്. അതിനാൽ അപ്രകാരമുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതു ആവശ്യമാണ്. വ്യവസായഡയറക്ടരെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ ശ്രേയസ്സിനു ഈ വ്യവസായങ്ങൾ കാരണമായിത്തീരുമെന്നുള്ളതിനു രണ്ടുപക്ഷമില്ല.

ഭൂഗർഭപരമായ വിഭവങ്ങളെ സംബന്ധിച്ചിടത്തോളം അഭ്രത്തെയും മററുലോഹങ്ങളെയുംപററി ഡയറക്ടർ പര്യാലോചിക്കുന്നതാണല്ലോ. ഇത്രയുംപറഞ്ഞുകൊണ്ടു ഈ യോഗത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

ടി. എ. താണുപിള്ള (തിരുവനന്തപുരം): സർ, ഇവിടെ ഹാജരാക്കിട്ടുള്ള ഉപക്ഷേപത്തെപ്പററി ഒരു വാക്കു പറയുന്നതിനു എനിക്കു അനുമതിനൽകണം. ഉദ്ദേശരഹിതമായവിധം പ്രവൃത്തിനടത്തുകയും പരാജയം സംഭവിക്കുകയും ചെയ്യുക എന്നുള്ളസംഗതികൾ വ്യവസായഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം സ്വഭാവപരമായ അതിന്റെ രണ്ടു ലക്ഷണങ്ങളാകുന്നു. ഈ ഡിപ്പാർട്ടുമെന്റിന്റെ വാർഷികറിപ്പോർട്ടുവായിക്കുന്ന ഏതൊരുവനും കാര്യത്തിന്റെ ഈ സ്ഥിതിബോദ്ധ്യമാകുന്നതാണ്. എന്റെ സ്നേഹിതൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ ചൂണ്ടികാണിച്ചിട്ടുള്ളതുപോലെ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തിൽനിന്നു യാതൊരുഉദ്ദേശത്തേയും മുൻനിറുത്തിയല്ല പ്രവർത്തിച്ചുവരുന്നതു് എന്നുള്ളതു് കാണാൻ സാധിക്കുന്നതാണ്. സർ, കാര്യങ്ങൾ ഈ സ്ഥിതിയിൽ പരിണമിച്ചതിനു ഗവർമ്മെൻറിനെതന്നെയാണ് കുററം പറയാനുള്ളതു്.

ഏതാനും കൊല്ലങ്ങൾക്കുമുമ്പു് ഗവർമ്മെൻറ നാലോ ഏതാനും അദ്ധ്യേതാക്കളെ ഡിപ്പാർട്ടുമെന്റിൽ നിന്നു യൂറോപ്പിലേക്കും മററുസ്ഥലങ്ങളിലേക്കും അയയ്ക്കുകയുണ്ടായി. ഏതെങ്കിലും വ്യവസായത്തിലോ, മറെറതെങ്കിലും പണിനടത്തുന്നതിലോ പരിശീലനം സിദ്ധിക്കുന്നതിനായിട്ടാണ് അവരെ അങ്ങോട്ടു അയച്ചിട്ടുള്ളതു്. അവർ മടങ്ങിവരികയും ചെയ്തു അവർക്കു ഉദ്യോഗങ്ങൾ നൽകുന്ന കാര്യത്തിൽ ഗവർമ്മെൻറ നിർബന്ധിതരായിത്തീരുകയും ചെയ്തു. അവർക്കു ഇപ്പോൾ സാമാന്യം നല്ല ശമ്പളം ലഭിച്ചുംവരുന്നുണ്ട്. എന്നാൽ അവരെക്കൊണ്ട് ഗുണകരമാംവണ്ണം ജോലിചെയ്യിക്കുന്നതു് ഏതുവിധത്തിലാണെന്നുള്ളതു് അറിയുന്നതിന് ഗവർമ്മെൻറിന് സാധിച്ചിട്ടില്ല. ഗവർമ്മെൻറിന്റെ നടപടിയെപ്പററി ചിന്തിക്കുന്നപക്ഷം, ആയതു ഞാൻ പറഞ്ഞ വാദത്തെ ബലപ്പെടുത്തുന്നതിനു ഉതകുന്നതാണ്. മുൻപു് ഭൂഗർഭശാസ്ത്രത്തിൽ പരിശീലനം സിദ്ധിച്ച രണ്ടുപേർ ഇവിടെ ഉണ്ടായിരുന്നു. അവരിൽ ഒരാൾ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞുപോയി അതിന്റെശേഷം ഒരാളിന്റെ പ്രവൃത്തികൊണ്ടുമാത്രം ഗവർമ്മെൻറ തൃപ്തിപ്പെട്ടിരിക്കുന്നു. വ്യവസായഡിപ്പാർട്ടുമെന്റിലെ ഡയറക്ടരുടെ ഉദ്യോഗം ഒഴിവുവന്നതു പിന്നീടാണ്. ഈ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് അദ്ദേഹത്തിൽ ചുമത്തപ്പെട്ടു. മുഴുവൻ സമയവും ജോലിയ്ക്കായി വിനിയോഗിക്കുന്ന ഒരു ഭൂഗർഭശാസ്ത്രജ്ഞന്റെ സർവീസ് അന്നു ഗവർമ്മെൻറിനു ആവശ്യമായിരുന്നില്ല. വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ഒരു അസിസ്റ്റന്റിന്റെസഹായത്തിനായി ഗവർമ്മെൻറ് അദ്ദേഹത്തിന് നൽകി. ഒടുവിൽ പറഞ്ഞ ഈ ഉദ്യോഗസ്ഥന്റെ സ്ഥാനം പിന്നീടു ഒഴിവുവന്നു. എന്നാൽ ഈ ഒഴിവിൽ ആളിനെ നിയമിക്കുന്നതിന് യാതൊന്നും ചെയ്തിട്ടില്ല. ഭൂഗർഭശാസ്ത്രപരമായ കാര്യങ്ങളിൽ ഗവർമ്മെൻറ് എന്താണ് പ്രവർത്തിക്കുന്നതു് എന്നുള്ളതും ഞാൻ പറഞ്ഞതിൽനിന്ന് പൂർണ്ണമായി. കാണാൻ സാധിക്കുന്നതാണ്.

ടി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവർ പരീക്ഷണങ്ങൾ നടത്തിവരികയാണ് എന്നുള്ള സംഗതി മെമ്പറിനു അറിയാമോ?

ടി. എ. താണുപിള്ള (തിരുവനന്തപുരം): അവർ അങ്ങനെ ചെയ്തുവരുന്നില്ലെന്നുള്ളതു് എനിക്കറിയാം. അതിനാൽ വ്യവസായഡിപ്പാർട്ടുമെന്റിലുള്ള രസതന്ത്രശാസ്ത്രജ്ഞന്മാരോ, നെയ്ത്തു വിദഗ്ദ്ധന്മാരോ, തുകൽ വിദഗ്ദ്ധന്മാരോ, മറെറതെങ്കിലും വിദഗ്ദ്ധന്മാരോ, ജോലിയിൽനിന്ന് പിരിയുന്നതിനിടവരുന്നപക്ഷം അവരുടെ പിൻഗാമിയെ നിയമിക്കുന്ന കാര്യത്തിൽ ഗവർമ്മെൻറ വൈമനസ്യം കാണിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഡിപ്പാർട്ടുമെന്റവകയായിട്ടുള്ള റിപ്പോർട്ടുകളിൽനിന്നും വളരെ വിശദമായ വിധത്തിൽ കാണാൻ സാധിക്കുന്ന ഈ സംഗതിയുടെ ഒരു അവസ്ഥാന്തരമാണ് ഇതു്. ഭൂമി തുരക്കുന്നതിനുള്ള ഒരുയന്ത്രം ഡിപ്പാർട്ടുമെന്റവകയായിട്ടുണ്ട്. അതു പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലേക്കു കടം കൊടുത്തിരിക്കയാണ്. ഈ യന്ത്രംകൊണ്ടു വ്യവസായഡിപ്പാർട്ടുമെന്റിന് എത്രമാത്രം ആവശ്യമുണ്ടെന്നുള്ളതു ഈ വസ്തുതയിൽനിന്നും വെളിവാകുന്നതാണ്. ചിലമുഖ്യകുടിൽ വ്യവസായങ്ങളെപ്പററി കുടിൽ വ്യവസായഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടിൽ കാണുന്നു. ഇവയിലോരോന്നിനേയുംപററി ഞാൻ എടുത്തെടുത്തു പ്രസ്താവിക്കാം. കൂടാതെ, ഈ വ്യവസായങ്ങളെസംബന്ധിച്ചു ഡിപ്പാർട്ടുമെന്റ് എത്രമാത്രം വിജയകരമാംവണ്ണം ജോലി നിർവഹിച്ചിട്ടുണ്ടെന്നുള്ളതും ഞാൻ പ്രസ്താവിക്കാം. ൧൧൦൮-ാമാണ്ടത്തെ ഡിപ്പാർട്ടുമെന്റ ഭരണറിപ്പോർട്ടിനെ പററിയാണ് ഞാൻ ഇപ്പോൾ സൂചിപ്പിക്കുന്നതു്. ലേസ് ഉണ്ടാക്കുന്ന വ്യവസായത്തെ കുറിച്ചാകട്ടെ, തിരുവിതാംകൂറിലുണ്ടാകുന്ന ലേസ് വിററഴിക്കുന്നതിനു കമ്പോളങ്ങൾ കണ്ടുപിടിക്കുന്ന കാര്യം പരാജയത്തിൽ കലാശിച്ചു. തിരുവിതാംകൂറിലുണ്ടാക്കിവരുന്ന ഓട്ടുവ്യവസായത്തിന്റെ സ്ഥിതിയും ഇതിനു തുല്യമത്രേ. കുട്ടകൾ ഉണ്ടാക്കുന്ന വ്യവസായത്തെ സംബന്ധി

ച്ചിടത്തോളം മനോഹരമായ വിധത്തിൽ കൈതയുടെ സാധനങ്ങൾകൊണ്ടു ഉണ്ടാക്കിവരുന്ന സാമാനങ്ങൾ ഇംഗ്ലണ്ടിലും, സ്കോട്ട്ലൻഡ്, അയർലൻഡ് ഈ രാജ്യങ്ങളിൽ ചിലവാകുന്നതിനു തക്കവണ്ണം കമ്പോളം ലഭിക്കുന്നതിനു അവിടെ സൗകര്യമില്ലെന്നു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. അതിനാൽ ഇക്കാര്യത്തിൽ പ്രയോജനം സിദ്ധിക്കുന്ന വിധത്തിൽ കൂടുതലായി യാതൊന്നും ചെയ്വാൻ സാധിക്കയില്ലെന്നും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു, ചെട്ടിമാരുടെ ഇടയിൽ ചണനൂൽ ഉണ്ടാക്കിവരുന്ന പരിഷ്കൃതസമ്പ്രദായങ്ങൾക്ക പ്രചാരം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി നൂൽ ഉണ്ടാക്കുന്ന ഒരു യന്ത്രസഹിതം നൂൽനൂൽക്കുന്ന ഒരാളിനെ ആയക്കുടിയിൽ അയച്ചിട്ടുണ്ട്. പൂർവ്വകാലം മുതൽ തങ്ങൾ സ്വീകരിച്ചുവന്ന തൊഴിലിൽ അന്യന്മാർ പ്രവേശിക്കുന്നു എന്നു ചെട്ടിമാർക്ക് തോന്നുന്നതിനു മേൽപറഞ്ഞ കാരണമായിത്തീർന്നു, അതിനാൽ അവർ അയാളുമായി യാതൊരിടപാടും ചെയ്തില്ല. നൂൽനൂൽക്കുന്നതിനുള്ള പരിഷ്കൃതസമ്പ്രദായം അഭ്യസിക്കുന്നതിനു ആയക്കുടിയിൽ അയച്ച ആളിനെ തിരിച്ചു വിളിക്കുന്നതു ആശാസ്യമെന്നു തോന്നത്തക്കവണ്ണം അവർ അയാളുമായി നിസ്സഹകരണം തുടങ്ങി. തൽഫലമായി ഈ ആളിനെ തിരിച്ചു വിളിക്കുന്നതു യോഗ്യമെന്നു തോന്നി. തൊഴിൽ വ്യവസായത്തിനു പ്രോത്സാഹനം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി, നെയ്ത്തുനൂൽനൂൽപ്പ്, ദന്തത്തിലുള്ള കൊത്തുവേല, ഈ വിഷയങ്ങളിൽ മത്സരപ്പരീക്ഷകൾ നടത്തുന്നതിനു ൧൧൦൯-ൽ അനുവാദം നൽകപ്പെട്ടു. എന്നാൽ ഈ കാര്യത്തിൽ ജനങ്ങളുടെ സഹകരണം വളരെ മോശമായ നിലയിൽ ആയിരുന്നു, അതിനാൽ ഈ പരീക്ഷകൾ നടത്തുന്നതുകൊണ്ടു പ്രയോജനമില്ലെന്നു തോന്നുന്നു.

ഉകൾ വിശേഷനെ സംബന്ധിച്ചു ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞല്ലോ: വ്യവസായഡിപ്പാർട്ടുമെൻറിൻെറ ഈ ശാഖയിലുള്ള പ്രവർത്തനത്തെ സംബന്ധിച്ചു പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഒരു കാര്യത്തിൽ ഡയറക്ടറുടെ സമാധാനം അറിയുന്നതിനാഗ്രഹിക്കുന്നു. ഡിപ്പാർട്ടുമെൻറിൻെറ ഭരണം നടത്തിവരുന്നസമ്പ്രദായം എന്താണെന്നുള്ളതു ഈ സംഗതിയിൽനിന്നും നല്ലതുപോലെ വെളിവാകുന്നതാണ്. ൧൧൦൦-ാമുതൽ ൧൧൦൯-വരെ ഉകൾ വ്യവസായശാലയുടെ ഉത്തരവാദിയായിരുന്ന വിദഗ്ദ്ധൻ ൧൦൦൦൦ രൂപായിൽ കൂടുതൽ വിലയുള്ള ഉകൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ അതിൽനിന്നും ൫൦൦൦ രൂപാവിലയുള്ള ഉകൾമാത്രമാണു വിററിട്ടുള്ളതു. ൧൧൦൦ മുതൽ ൧൧൦൯-ാമാണ്ടുവരെ ഡിപ്പാർട്ടുമെൻറു റിപ്പോർട്ടുകളിൽനിന്നും ആണു ഈ സംഗതി അറിയുന്നതിനു എനിക്കു ഇടയായിട്ടുള്ളതു. പണത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും പട്ടികയോ, സ്റ്റാക്കിലുള്ള ഉരുപ്പടികളെ സംബന്ധിച്ച ഏതെങ്കിലും പട്ടികയോ റിപ്പോർട്ടുകളിൽ ചേർത്തു കാണുന്നില്ല. വ്യവസായശാലക്കാർ ഉകൾശേഖരിച്ചു വരികയാണോ എന്നുള്ളതു അറിയുന്നതിനു ഞാൻ ആവശ്യപ്പെടുന്നു. ൫൦൦൦ രൂപായോളം വിലയുള്ള ഉകൾ അവരുടെ അധീനത്തിലുള്ള സ്റ്റാക്കിൽ ഇപ്പോൾ ഉണ്ടായിരിക്കണം. ഡിപ്പാർട്ടുമെൻറിനു അതു ലഭിച്ചിട്ടുണ്ടോ എന്നുള്ളതു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു, റിപ്പോർട്ടുകളിൽ വ്യക്തമായ പട്ടികയുടെ ഒരു അഭാവം കാണുന്നു. കണക്കുകൾ ഏതുവിധമാണു സൂക്ഷിച്ചുവരുന്നതെന്നും അവ എപ്രകാരമാണ് പരിശോധിച്ചു വരുന്നതെന്നും ഉള്ള സംഗതി ഇതിൽനിന്നും കാണാവുന്നതാണ്. ഈ റിപ്പോർട്ടുകളെ സൂക്ഷ്മമായ വിധത്തിൽ നാം പരിശോധിച്ചു നോക്കുന്നപക്ഷം മററുപല കാര്യങ്ങളും ഇവയിൽനിന്നു നമുക്കു കാണാനിടയുണ്ട്.

ഡിപ്പാർട്ടുമെൻറു നിയന്ത്രണം നടത്തിവരുന്ന ഏതാനും നെയ്ത്തു വിദ്യാലയങ്ങൾ ഉണ്ട്. ഈ വിദ്യാലയങ്ങളെ വിദ്യാഭ്യാസഡയറക്ടരുടെ അധീനത്തിൽവിട്ടു കൊടുക്കാവുന്നതുമാണു. ഒരുതരം വ്യവസായപരമായ വിദ്യാഭ്യാസം നൽകുന്ന രണ്ടു വിദ്യാലയങ്ങൾ ഉണ്ടു. ഇവിടെ ശ്രീമൂലം ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ടുണ്ടു, ഇതിനു തുല്യമായി ഒന്നുരണ്ടു വിദ്യാലയങ്ങൾ മററു സ്ഥലങ്ങളിലുമുണ്ട് ഇപ്പോൾ ഉള്ളതിൽ കൂടുതൽ കാര്യക്ഷമതയോടുകൂടി ഈ വിദ്യാലയങ്ങളെപ്പോലുമരാമത്തു ഡിപ്പാർട്ടുമെൻറുകൾനടത്താവുന്നതാണ്.

നെയ്ത്തു പരിശീലനം നൽകുന്ന മററൊരു വിദ്യാലയവുംകൂടെ ഒരു നെയ്ത്തുവിദഗ്ദ്ധനും ഒരു അസിസ്റ്റൻറും നമ്മുടെ അധീനത്തിൽ ഉണ്ട്. ടെക്സ്റ്റൈൽ കോളേജിക്കൽ സ്ഥാപനത്തിൽവച്ച് രണ്ടുപേർക്ക് അവർ പരിശീലനം നൽകീട്ടുണ്ട്. അതിനോടുകൂടി മിക്കവാറും അവരുടെ പ്രവൃത്തി അവസാനിച്ചിരിക്കുന്നു. യാതൊരു ഹാനിയും കൂടാതെ ഈ സ്ഥാപനത്തെ നിർത്തലാക്കാവുന്നതോ, അല്ലെങ്കിൽ വിദ്യാഭ്യാസഡയറക്ടരുടെ അധീനത്തിലേക്കുവിട്ടുകൊടുക്കാവുന്നതോ ആകുന്നു. വ്യവസായഡിപ്പാർട്ടുമെൻറുകൊണ്ടു ജനങ്ങൾക്ക് പ്രയോജനം സിദ്ധിക്കത്തക്കവണ്ണം ഗവണ്മെൻറു പ്രവർത്തിക്കയും ഗവണ്മെൻറു നിയമിച്ചിട്ടുള്ള വിദഗ്ദ്ധന്മാരെക്കൊണ്ട് ഗുണകരമായ ഏതെങ്കിലും പ്രവൃത്തിനടത്തിക്കയും ചെയ്യാത്തപക്ഷം അപ്രകാരമുള്ള ഒരു ഡിപ്പാർട്ടുമെൻറു വച്ചുകൊണ്ടിരുന്നിട്ട് യാതൊരു ഉപയോഗവുമില്ല. ഇതാണ് എൻെറ വാദവിഷയം.

മി. ഏ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വ്യാപാരസംബന്ധമായ കാര്യങ്ങളിൽ പരിശീലനം നൽകുന്നതിനു ആലപ്പുഴ സ്ഥാപിച്ചിട്ടുള്ള വിദ്യാലയത്തിൻെറ കാര്യത്തിൽ ഏതു വിധത്തിലാണു പ്രവർത്തിക്കേണ്ടതെന്നു മെമ്പർ പറയുമോ?

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ഈ വിദ്യാലയത്തെ വിദ്യാഭ്യാസഡയറക്ടരുടെ കീഴിൽ ആക്കാവുന്നതാണ്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ചുരുക്കെഴുത്തു ടൈപ്പ്റയിററിംഗ് ഈ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക അഭ്യസനം നൽകുന്നതിനു കടികൾ നടത്തുന്ന സ്ഥാപനങ്ങൾ ഇല്ലേ?

മി. ഏ. താണുപിള്ള (തിരുവനന്തപുരം): നിശ്ചയമായിട്ടും ഉണ്ട്.

അതിനാൽ ഇതുപോലെയുള്ള ഒരു ഡിപ്പാർട്ടുമെൻറും സംരക്ഷിക്കേണ്ട ആവശ്യമില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (തെക്കുംഭാഗം): മേൽ സൂചിപ്പിച്ച പ്രകാരമുള്ള വിദഗ്ദ്ധന്മാരെ പിരിച്ചുവിടുന്ന കാര്യത്തിൽ മെമ്പറിനു എന്തു നിർദ്ദേശമാണ് ചെയ്യാനുള്ളതു?

മി. ഏ. താണുപിള്ള (തിരുവനന്തപുരം): അതു വളരെ എളുപ്പമുള്ള ഒരുകാര്യമാണ്, അവരെ ജോലിയിൽ വച്ചുകൊള്ളാമെന്നു ഉടമ്പടിപ്രകാരം ഗവണ്മെൻറു സമ്മതിച്ചിരുന്ന കാലാവധികഴിഞ്ഞിട്ടുള്ളപക്ഷം അവരെ സർവീസിൽനിന്നും ഗവണ്മെൻറു പിരിച്ചുവിടുകയോ അല്ലെങ്കിൽ ഗുണകരവും ഉപകാരപ്രദവുമായ ഏതെങ്കിലും വേല അവരെക്കൊണ്ടു ചെയ്യിക്കയോ ചെയ്യാവുന്നതാണ്, അവരെക്കൊണ്ടു പ്രയോജനകരമായ വേല അന്വേഷിച്ചു ചെയ്യിക്കേണ്ടതാണ്, സർ, ഇത്രയും പറഞ്ഞുകൊണ്ടു ഈ യോഗത്തിൽ ഹാജരാക്കിയിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു,

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): സർ, ഈ യോഗത്തിൽ ഹാജരാക്കിയിരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനു സാധിക്കാത്തതിൽ എനിക്കു മനസ്താപമുണ്ട്. സർ, ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു പലഗുണങ്ങളും സിദ്ധിച്ചിട്ടുണ്ട്, അനുദ്യോഗസ്ഥഭാഗത്തുനിന്നു സംസാരിച്ച ഈ സഭയിലെ അംഗങ്ങൾപോലും ഈ കാര്യം സമ്മതിച്ചിട്ടുള്ളതാണ്. എന്നാൽ ഭാവിയിൽ ഡിപ്പാർട്ടുമെൻറിൻെറ പ്രവൃത്തനം എപ്രകാരം നടത്തണമെന്നുള്ള വിഷയത്തിൽ ഡയറക്ടർക്കു സഹായം നൽകുന്നതിനു യാതൊരു നിർദ്ദേശവും അവരിൽ ആരുംതന്നെ ചെയ്തിട്ടില്ല. സർ, കുടിൽവ്യവസായങ്ങൾക്കു കൂടുതൽ സൌകര്യങ്ങൾ നൽകുകയും വ്യവസായശാലകൾ നടത്തിവരുന്ന വ്യവസായങ്ങൾക്കും അതുപോലെയുള്ള മററുള്ളവയ്ക്കും കൂടുതൽ ധനസഹായം നൽകുകയും ചെയ്യുന്നതിനു ഗവൺമെൻറിനോടു അഭ്യർത്ഥിക്കുന്ന പല ഉപക്ഷേപങ്ങളും ഇവിടെ ഹാജരാക്കീട്ടുണ്ട്, മോഷൻപേപ്പറിൽനിന്നു ഈ സംഗതി കാണാവുന്നതാണു. ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു പ്രയോജനമൊന്നുമില്ലെന്നു എൻെറ സ്നേഹിതൻ മി. പാച്ചുപിള്ള അഭിപ്രായപ്പെട്ടു. എന്നാൽ അദ്ദേഹത്തിൻെറ അഭിപ്രായത്തിനോടു യോജിക്കുന്നതിനു എനിക്കു നിവൃത്തിയില്ല. സർ, ഭൂമി ഉഴുകുന്നതിനു വരുത്തിയ യന്ത്രം പൊതുമരാമത്തുഡിപ്പാർട്ടുമെൻറ ഏറെറടുത്തിരിക്കുന്നുഎന്നും ഡിപ്പാർട്ടുമെൻറിനു അതുകൊണ്ടുള്ള ആവശ്യം എത്രമാത്രമുണ്ടെന്നുള്ളതു മേൽപറഞ്ഞ കാര്യത്തിൽനിന്നു വെളിവാകുന്നുഎന്നും എൻെറ സ്നേഹിതൻ മി. താണുപിള്ള പ്രസ്താവിച്ചു. ഇൻഡസ്ട്രിയൽഡിപ്പാർട്ടുമെൻറ ഉണ്ടായിരുന്നില്ലെങ്കിൽ ഇവിടെ ഭൂമിഉഴുകുന്നതിനുള്ള യന്ത്രം വരുത്തുകയില്ലായിരുന്നു. സർ, വ്യവസായഡിപ്പാർട്ടുമെൻറിൻെറ അധീനത്തിലിരുന്ന ഭൂമിഉഴുകുന്നതിനുള്ള യന്ത്രത്തെ പൊതുമരാമത്തുഡിപ്പാർട്ടുമെൻറിലേക്കു ഇപ്പോൾ വിട്ടുകൊടുത്തിരിക്കുന്നു. ഏററവും കൂടുതലായി ഗുണംസിദ്ധിക്കത്തക്കവിധത്തിൽ ആ യന്ത്രത്തെ മി. മെവപ്പൻ വിനിയോഗിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. തമ്പകത്തോടി ഉൗക്കിടുന്ന കാര്യങ്ങൾക്കു ഉപയോഗിക്കാൻ യോജിച്ചതാണെന്നു എൻെറ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള സമ്മതിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിൽനിന്നും വിജയകരമായ വിധംനടത്തിയിട്ടുള്ള പരീക്ഷണങ്ങൾഅനുസരിച്ചു കാര്യങ്ങൾനടത്തേണ്ടതു വ്യവസായംനടത്തേണ്ട ആളുകളാണ്. ഈ പരീക്ഷണങ്ങൾമൂലം ഗുണംസിദ്ധിക്കേണ്ടതു വ്യവസായംനടത്തേണ്ടവർക്കാണ്. സർ, ബൂട്ട്സുകൾ ബെൽട്ടുകൾ ഇവയും മററുസാമാനങ്ങളും ഉണ്ടാക്കുന്നതിനു പട്ടാളക്കാർക്ക് ഡിപ്പാർട്ടുമെൻറ [illegible] നൽകിവരുന്നില്ലെന്നു മി. പാച്ചുപിള്ള പ്രസ്താവിച്ചു. എന്നാൽ തിരുവിതാംകൂറിൽ മൂലധനമുള്ള ആളുകൾക്കോ വ്യവസായികൾക്കോ ഉതകൽനൽകാൻസാധിക്കുമെന്നുള്ള വസ്തുത വ്യാവസായികഡിപ്പാർട്ടുമെൻറ മനസ്സിലാക്കീട്ടുണ്ട്. ഇതു തന്നെ ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചിടത്തോളം വിജയകരമായ ഒരുസംഗതിയാണ്. സർ, ചെയ്യാൻസാധിക്കുന്ന കാര്യങ്ങളെല്ലാം യഥാർത്ഥത്തിൽ ഡിപ്പാർട്ടുമെൻറ ചെയ്യുന്നുണ്ടോ എന്നുള്ള ചോദ്യം ചോദിക്കുന്നതിനു അവകാശമുണ്ട്. ഇതു തർക്കത്തിനുകാരണമായ ഒരുസംഗതിയാണു. എനിക്കനുവദിച്ചിട്ടുള്ള ൫ മിനിട്ടിനകത്തു അതിനെപ്പററി പ്രതിപാദിക്കുന്നതിനു സാധിക്കുന്നതല്ല. സർ, വേണ്ടിടത്തോളം പണം കൈവശമുള്ളപക്ഷം മൂലധനമുള്ള വ്യവസായികൾ നടത്തിവരുന്നപ്രവൃത്തികൾ കൂടുതൽ ഗുണകരമാകത്തക്കവണ്ണം ഡിപ്പാർട്ടുമെൻറിനെക്കൊണ്ടു പ്രവൃത്തിനടത്തിക്കാവുന്നതാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഉപക്ഷേപത്തെ പ്രതികൂലിച്ചുകൊള്ളുന്നു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സൃഷ്ടിപരമായ ഏതെങ്കിലും നിർദ്ദേശങ്ങൾ മെമ്പറിനു ചെയ്യാനുണ്ടോ എന്നു പറയുമോ?

മി. പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): സർ, ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. എൻെറ മാന്യസ്നേഹിതന്മാരിൽ പലരും പത്തുപതിനഞ്ചു കൊല്ലങ്ങൾക്കുമുമ്പു സ്ഥാപിച്ചിട്ടുള്ള നമ്മുടെ വ്യവസായഡിപ്പാർട്ടുമെൻറുമൂലം തിരുവിതാംകൂറിനു പറയത്തക്ക പ്രയോജനമൊന്നും ഉണ്ടായിട്ടില്ലഎന്നും ടെക്സ്റ്റയിൽ എക്സ്പെർട്ട് കെമിക്കൽ എക്സ്പെർട്ട് ഇങ്ങനെ പല ആളുകളെ ഗവൺമെൻറുചിലവിന്മേൽ വിദേശരാജ്യങ്ങളിലയച്ചു ബിരുദസമ്പാദിച്ചുവരുത്തിയിട്ടുണ്ടെന്നും അതിലേക്കു ഗവൺമെൻറ വളരെഅധികം രൂപ ചിലവാക്കിട്ടുണ്ടെന്നും കഴിഞ്ഞഅനേകവർഷങ്ങൾ ഈവക ഓരോ പരീക്ഷണങ്ങൾനടത്തിയിട്ടു തിരുവിതാംകൂറിൽ ഒരൊററ വ്യവസായമെങ്കിലും അഭിവൃദ്ധിപ്പെടുത്തുവാൻ ഇവരാൽസാധിച്ചിട്ടില്ലെന്നും അതിനാൽ ഇത്ര നിഷ്പ്രയോജകമായ ഈ ഒരു ഡിപ്പാർട്ടുമെൻറ നടത്തിക്കൊണ്ടുപോകേണ്ട ആവശ്യമില്ലെന്നും അതു എത്രയുംവേഗത്തിൽ നിർത്തിക്കളയുകയാണ് വേണ്ടതെന്നു് അഭിപ്രായപ്പെടുകയുണ്ടായി.

സർ, തിരുവിതാംകൂറിലെന്നല്ല പരിഷ്കാരത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ള പാശ്ചാത്യരാജ്യങ്ങളിലോ ബ്രിട്ടീഷ് ഇൻഡ്യയിലെ ഏതെങ്കിലും നാട്ടുരാജ്യങ്ങളിലോ വ്യവസായഡിപ്പാർട്ടുമെൻറ സ്ഥാപിച്ചു ഇരുപതൊ മുപ്പതൊ കൊല്ലംകൊണ്ടുപെട്ടെന്നുവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തിയിട്ടുള്ളതായിഞാൻകേട്ടിട്ടില്ല. ഭൂലോകത്തിലെ യാതൊരുഗവൺമെൻറും വ്യവസായംമൂലം ഗവൺമെൻറിനു ആദായമുണ്ടാക്കണമെന്നുദ്ദേശിച്ചിട്ടില്ല, ഈ ഡിപ്പാർട്ടുമെൻറ സ്ഥാപിച്ചിട്ടുള്ളതു. ജപ്പാൻ, യൂറോപ്പ്, അമേരിക്ക മുതലായ രാജ്യങ്ങളിലെ ഗവൺമെൻറുകൾ വ്യവസായത്തിനുവേണ്ടി കോടിക്കണക്കിനു പണം ചിലവുചെയ്തു അനേകായിരം പരീക്ഷണങ്ങൾനടത്തി അവകളിൽ ഫലപ്രദമായിക്കണ്ടതിനെ രാജ്യത്തുള്ള ആളുകളെ മനസ്സിലാക്കി വേണ്ടവിധത്തിൽ ധനസഹായം ചെയ്തു അവയെ പുലർത്തിക്കൊണ്ടുവന്നതിൻെറ ഫലമായിട്ടാണ് ആരാജ്യങ്ങളിൽ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെട്ടിട്ടുള്ളതു.

സർ, നമ്മുടെഗവൺമെൻറാകട്ടെ ഈ ഡിപ്പാർട്ടുമെൻറിനെ വെറും ആഡംബരത്തിനായിമാത്രം സ്ഥാപിച്ചിരിക്കുന്നതോഎന്നു തോന്നുമാറു മെററർഡിപ്പാർട്ടുമെൻറുകളുടെ കൂട്ടത്തിൽ തള്ളിയിട്ടിരിക്കയാണു. ഇതിൻെറമേധാവിയായ ഡയറക്ടരെയോ അദ്ദേഹത്തിൻെറ കീഴുദ്യോഗസ്ഥന്മാരായ എക്സ്പർട്ടുമാരെയോ കുററംപറയേണ്ടആവശ്യം ഞാൻകാണുന്നില്ല. നമ്മുടെഗവൺമെൻറ ഈ ഡിപ്പാർട്ടുമെൻറുമൂലം രാജ്യത്തെവ്യവസായം വർദ്ധിപ്പിച്ചു തന്മൂലം രാജ്യത്തു ഇന്നുകാണുന്ന തൊഴിലില്ലായ്മയ്ക്കു നിവാരണമുണ്ടാക്കണമെന്നുവിചാരിക്കുന്നുണ്ടെങ്കിൽ ലക്ഷക്കണക്കിനു പണം ചിലവാക്കി ഈ ഡിപ്പാർട്ടുമെൻറുമൂലം പലവ്യവസായങ്ങൾ പരീക്ഷണാർത്ഥം നടത്തി അതിൽ ഫലപ്രദമായും ആദായകരമായും കാണുന്നതിനെ രാജ്യവാസികൾക്കു മനസ്സിലാക്കിക്കൊടുത്തു ഗവൺമെൻറിൽനിന്നും അങ്ങനെയുള്ളവർക്കു ധനസഹായംചെയ്തും വളരെയധികംപണം ചിലവുചെയ്തു നടത്തേണ്ടവയെ ഗവൺമെൻറ ഉത്തരവാദിത്വത്തോടുകൂടി കമ്പനികൾസ്ഥാപിച്ചു സാധാരണക്കാരെക്കൊണ്ടു ഓഹരികൾ

എടുപ്പിക്കേണ്ടതും സിംഹഭാഗമോഹരികൾ കമ്പനി വക്കരെ ആദായകരമാണെന്ന പൊതുജനങ്ങൾക്ക വിശ്വാസംവരുന്നകാലംവരെ ഗവണ്മെൻറ സ്വാധീനത്തിൽതന്നെ ഇരിക്കേണ്ടതും ജനങ്ങൾക്ക വിശ്വാസംവരുന്നകാലത്തു ആവക ഓഹരികൾ തിരുവിതാംകൂർ നിവാസികൾക്കുതന്നെ അസൽവിലയ്ക്കു വിൽക്കേണ്ടതുമാകുന്നു. ഈ പ്രകാരംചെയ്യുന്നതിന ഗവണ്മെൻറ മനസ്സുവയ്ക്കുന്നകാലത്തോളം ഈ ഡിപ്പാർട്ടുമെൻറിൽനിന്ന രാജ്യവാസികൾക്കെന്തെങ്കിലും ഗുണമുണ്ടാകുമെന്ന വിശ്വസിക്കുവാൻ ഞാൻ മാർഗ്ഗം കാണുന്നില്ല.

സർ, ഇനിയും എനിക്കുപറവാനുള്ളതു തിരുവിതാംകൂറിൽ ഇന്നുള്ള വ്യവസായങ്ങളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്ന കയറുവ്യവസായത്തെപ്പററിയാണ. കഴിഞ്ഞ അനേകം സംവത്സരങ്ങളായിട്ടു തിരുവിതാംകൂറിൽ പറവൂർ മുതൽ തിരുവനന്തപുരം വരെയുള്ള താലൂക്കുകളിലെ അനേകായിരം ആളുകളുടെ ഉപജീവനമാർഗ്ഗമായി നടന്നുവരുന്ന സർവ്വപ്രധാനമായ ഈ വ്യവസായത്തിന അടുത്തകാലത്തു സാരമായ ഒരു ഉടവുതട്ടുവാൻ പോകുന്നുവോ എന്ന തോന്നുമാറു പരിതസ്ഥിതികൾ അൽപ്പം മാറിക്കാണുന്നു. ഈ സംസ്ഥാനത്തു ഇന്നു ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പലതരം കയറുകളിൽ മൂന്നാലുതരങ്ങൾ ലോകത്തിൽ ഒരു രാജ്യക്കാരാലുമുണ്ടാക്കാൻ സാധിച്ചിട്ടില്ലാത്തതും മേലാലുമാർക്കും ഉണ്ടാക്കുവാൻ സാധിക്കുകയില്ലെന്ന [illegible] അനുമാനിക്കാവുന്നതുമാണ. ഇങ്ങനെയുള്ള പ്രധാനതരം കയറുകളിൽ കൂടുതൽഭാഗമിന്ന കയറായിട്ടുതന്നെ വാരക്കെട്ടായി വിദേശീയർ പലരാജ്യങ്ങളിലേക്ക ഇവിടെനിന്നും കയറുമതി ചെയ്തുകൊണ്ടിരിക്കയാണ. തിരുവിതാംകൂറിൽതന്നെ പായും തടുക്കുമായി നെയ്തു കയറുമതിചെയ്യുന്നതായ ചരക്കുകൾക്ക തീരുവയില്ല. അല്ലാത്തവയ്ക്കു നാമമാത്രമായ തീരുവ ചുമത്തുന്നുണ്ട. ഇവിടെ സംസ്കരിച്ചയക്കുന്നതായ കയറുപാ കയറുതടുക്കുകളും സംസ്കരിക്കാത്ത വെറും കയറായിട്ടയക്കുന്നതും തമ്മിൽ ശീമരാജ്യങ്ങളിൽചെല്ലുമ്പോൾ കാണുന്നുക സംസ്കരിക്കാത്ത സാധാരണകയറിന ഉദ്ദേശം ൨൦ രൂപ വിലകുറഞ്ഞു വിദേശിയക്ക അവരുടെനാട്ടിൽ കിട്ടുന്നതിനുസാധിക്കുന്നു. കയറുവ്യവസായത്തിൽ വിദേശികളും നാട്ടുകാരുമായി അടുത്തകാലത്തു ഉണ്ടായിക്കൊണ്ടിരിക്കുന്ന മത്സരത്തിന്റെഫലമായി വിദേശിയർ സംസ്കരിക്കാത്തകയറുകൾ ധാരാളമായി ഇവിടെനിന്നും കയറുമതിചെയ്തു വിദേശരാജ്യങ്ങളിൽകൊണ്ടുപോയി പവർലൂംസ് മുഖേന പായും തടുക്കുമുണ്ടാക്കി വിലകുറച്ചുവിററുവരുന്നു. നാട്ടുകാരായനമ്മോടു കിടപിടിക്കുന്നതിനുവേണ്ടി സംസ്കരിച്ചു ഇവിടെനിന്നചെല്ലുന്നതായ ചരക്കുകൾക്ക ഇറക്കുമതിച്ചുങ്കം കൂടിയിരിക്കുന്നു.

സർ, ഇപ്രകാരം നമ്മുടെനാട്ടിലെ കയറുവ്യവസായത്തിന ഇപ്പോൾ വിഘാതമായിത്തീർന്നിരിക്കുന്ന ഈ മത്സരത്തെ തടയുന്നതിന ഞാൻകാണുന്ന ഏകമാർഗ്ഗം സംസ്കരിക്കാത്ത തിരുവിതാംകൂറിൽനിന്നും വെളിയിലേക്ക കൊണ്ടുപോയിക്കൊണ്ടിരിക്കുന്ന കയറുകളുടെ കയറുമതിച്ചുങ്കം കൂട്ടുകയാകുന്നു. ഇപ്രകാരം ഗവണ്മെൻറിൽനിന്നും ഉടനടിചെയ്യാത്തപക്ഷം നമ്മുടെനാട്ടിലെ ഏററവും പ്രധാനപ്പെട്ടതായ ഈ വ്യവസായം അധഃപ്പതിക്കുന്നതിനും തന്മൂലം അനേകായിരംജനങ്ങളുടെ ഉപജീവനമാർഗ്ഗം നശിക്കുന്നതിനും ഇടയാകുമെന്നുള്ള സംഗതി ഈ സഭമുൻപാകെ അറിയിച്ചുകൊള്ളുന്നു.

മി. എച്ച്. ബി. മഹമ്മദ്രാവുത്തർ (പത്തനാപുരം ചെങ്കോട്ട): ഗവണ്മെൻറ സഹായിക്കാത്തതുകൊണ്ടാണോ അതുജനങ്ങൾക്ക ഉപയോഗയോഗ്യമല്ലാതിരിക്കുന്നതു?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും തെക്ക): വേണ്ടവിധത്തിൽ സഹായിക്കാത്തതുകൊണ്ടാണ.

മി. എച്ച്. ബി. മഹമ്മദ്രാവുത്തർ (പത്തനാപുരംചെങ്കോട്ട): വേണ്ടവിധത്തിൽ സഹായിച്ചാൽ ഉപയോഗയോഗ്യമായിട്ടുതീരുമോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും തെക്ക): തീരും.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ട): മിസ്റ്റർ പാച്ചുപിള്ളയുടെ അഭിപ്രായത്തോടുകൂടി ഞാൻ പൂർണ്ണമായി യോജിച്ചുകൊള്ളുന്നു. ഒന്നാമതായിട്ട കൃഷിയും വ്യവസായവും വെറും മൈനർ ഡിപ്പാർട്ടുമെൻറുകളായിട്ടാണ ഗവണ്മെൻറ വച്ചിരിക്കുന്നതു. അതായതു ഒരുകുട്ടിയുടെനിലയിൽ ഈ രണ്ടുഡിപ്പാർട്ടുമെൻറിനേയും വച്ചുകൊണ്ടിരിക്കയാണ. ഒരുകാര്യങ്ങളിലും ശക്തിമത്തായ ഒരുബലവാനെപ്പോലെ പ്രവർത്തിക്കുന്നതിന സാധിക്കുന്നില്ല. ഇപ്പോൾ ഈ ഡിപ്പാർട്ടുമെൻറിൽ നടത്തുന്നതെല്ലാം ഒരു കളിവിനോദംപോലെയാണ. അതിനാൽ ഇതിനൊരു പ്രായപൂർത്തിവരുത്തിക്കൊടുത്തു ശക്തിമത്തായനിലയിൽ ഗവണ്മെൻറ പ്രവർത്തിക്കാത്തകാലത്തോളം ഈ രണ്ടുഡിപ്പാർട്ടുമെൻറുകളിലുമുള്ള [illegible] ആരുപറഞ്ഞാലും അവരെ ഗൌനിക്കേണ്ടതില്ല. കാലാനുസരണം ഇതിനെപരിഷ്കരിച്ചു അഭിവൃദ്ധിപ്പെടുത്തേണ്ടതു ഗവണ്മെൻറിന്റെ ചുമതലയാണ. ഓരോവിരോധത്തേയും വൈഷമ്യത്തേയും വച്ചുകൊണ്ട വെറുതേ ഒരാളിനോട അസൂയപ്പെടുത്തുന്നതു ഒരിക്കലും അനുവദിക്കാൻ പാടില്ലെന്നുള്ളതു ഈ സഭമുമ്പാകെ പ്രസ്താവിച്ചുകൊള്ളുന്നു.

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ഡിപ്പാർട്ടുമെൻറിനെ ശരിയായരീതിയിൽ വരുത്തണമെങ്കിൽ എത്രവർഷംവേണമെന്നാണ മെമ്പരുടെ അഭിപ്രായം.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ട): ഗവണ്മെൻറ എത്രത്തോളം കൂടുതലായിസഹായിച്ചു ശക്തിമത്തായി കൊണ്ടുപോകുന്നുവോ അതുമുതൽ ഗുണകരമായിരിക്കും

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല) ഗവണ്മെൻറിൽനിന്ന ഇപ്പോൾ നൽകുന്ന സഹായത്തിനനുസരിച്ചു ഇതിനൊരുകാലാവധി സ്ഥിരപ്പെടുത്തുവാൻ സാധിക്കയില്ലയോ?

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ട): അതിലേയ്ക്കു ഒരു ലക്ഷം രൂപാ അനുവദിക്കുകയാണെങ്കിൽ അത്രയും ഗുണം കിട്ടും, അല്ലാ ആറു ലക്ഷം രൂപാ അനുവദിക്കയാണെങ്കിൽ ആദ്യത്തേക്കാൾ ആറുഇരട്ടി ഗുണംകിട്ടും.

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ എക്സ്പേർട്ടിന്റെ ജോലിയുടെ സ്വഭാവമെന്താണെന്നു പറയാമോ?

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ട): അവർ പലതരം വ്യവസായങ്ങളാണ് ചെയ്യുന്നതു. ജനങ്ങളുടെ അറിവിനുവേണ്ടി അവർ ചെയ്യുന്നതു ജനങ്ങൾ കണ്ടുപഠിക്കണം.

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): നാട്ടുകാർ ചെയ്യുന്ന വ്യവസായത്തെ പ്രോത്സാഹിപ്പിക്കേണ്ടതു ഡിപ്പാർട്ടുമെൻറിൻെറ ചുമതലയാകുന്നു എന്നു അറിയാമോ?

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): അതാതുകാലത്തെ വ്യവസായ ഡയറക്ടർ പ്രവർത്തിച്ചു വരുന്നുണ്ട്.

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഇവിടെ ഗോപാൽഎന്നും അബ്ബാസ് എന്നും രണ്ടു മഷി ഉണ്ടാക്കിയതിനുശേഷമല്ലെ ഈ ഡിപ്പാർട്ടുമെൻറിൽനിന്നും മഷി ഉണ്ടാക്കാൻ തുടങ്ങിയതു. പ്രോത്സാഹിപ്പിക്കയാണോ, അതോ നിരാശപ്പെടുത്തുകയാണോ, എന്താണെന്നാണു മെമ്പറുടെ അഭിപ്രായം?

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): എല്ലാ വ്യവസായങ്ങളും ഓരോ അവസരത്തിൽ ഡിപ്പാർട്ടുമെൻറിൽനിന്നു കണ്ടുപിടിക്കുന്നുണ്ട്. ഗോപാലനും മററുപലരും ഉണ്ടാക്കുന്നതിനെക്കാൾ നല്ലതായിട്ടു മഷി ഉണ്ടാക്കാനാണ് ഡിപ്പാർട്ടുമെൻറു വിചാരിച്ചതു. അതുകൊണ്ടു നിരാശപ്പെടാൻ വകയില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഞാനും ഈ അവസരത്തിൽ സ്വല്പം പറയണമെന്നു വിചാരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിൻെറ പൊതുഭരണത്തെ സംബന്ധിച്ചു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ചില കാര്യങ്ങളെ പറയണം എന്നു വിചാരിച്ചു ഞാനും ഒരുപക്ഷേപം അയച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ അതിൻെറ വിവിധശാഖകളെ സംബന്ധിച്ചു ഓരോ തരത്തിലുള്ള അഭിപ്രായങ്ങളെ പ്രതിപാദിച്ചിട്ടുള്ള സ്ഥിതിക്കു ഒരു പ്രത്യേക ഉപക്ഷേപംകൊണ്ടു എനിക്കു പറയാനുള്ളതിനെ ഇവിടെ പ്രസ്താവിക്കണമെന്നുള്ളവിചാരമില്ല. കൃഷി, വ്യവസായം, ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചു തിരുവിതാംകൂറിലെ ജനങ്ങൾ വളരെ ശ്രദ്ധിച്ചുവരുന്നതാണെന്നുള്ളതു എന്നു കാണാൻ പ്രയാസമില്ല. കൗൺസിലിലെ സാമാജികന്മാരുടെ ഇന്നത്തെ അഭിപ്രായങ്ങളിൽനിന്നു മനസ്സിലാകുന്നതു, വ്യവസായം ഏററവും ഉൽക്കർഷമായ നിലയിൽതന്നെ വർദ്ധിച്ചുവരണം എന്നുള്ള താല്പര്യം സാർവത്രികമായി ഉണ്ടെന്നാണ്. ഈ താല്പര്യത്തെ സാധിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് എന്തുചെയ്യുന്നുഎന്നു ആലോചിക്കുമ്പോൾ പലസംഗതികളും ശ്രദ്ധയിൽ വരുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറു സ്ഥാപിച്ചു ആദ്യമായി ഒരു അദ്ധ്യക്ഷനെ വെച്ചിട്ട് ഡിപ്പാർട്ടുമെൻറിനെ ഏതെല്ലാം തരത്തിൽ ഉൽകൃഷ്ടമാക്കി കൊണ്ടുവരാമെന്ന് ഗവണ്മെൻറു പര്യാലോചനനടത്തി. അനന്തരം, ഈ ഡിപ്പാർട്ടുമെൻറിൽ വിവിധ ശാഖകൾ ഏർപ്പെടുത്തി ഏതെല്ലാം വ്യവസായങ്ങളെ തിരുവിതാംകൂറിൽ നടപ്പിൽവരുത്താൻ കഴിയുമോ അവയെഎല്ലാം പോഷിപ്പിക്കത്തക്കവണ്ണം വിദഗ്ദ്ധന്മാരായ ആളുകളെ നിയമിക്കണമെന്ന് നിശ്ചയിച്ചും ഗവണ്മെൻറു ശ്രദ്ധാപൂർവം ആലോചിച്ചതിൻെറ ഫലമായിട്ടാണ്, ഇന്നു ഈ ഡിപ്പാർട്ടുമെൻറിൽ വിവിധശാഖകളും പല വിദഗ്ദ്ധന്മാരും ഉണ്ടായിട്ടുള്ളതു. ഗവണ്മെൻറു അവരെ സഹായിച്ചു പഠിപ്പിച്ചുവരുത്തി അവർക്കു ഉദ്യോഗങ്ങൾ നൽകിയിരിക്കുന്നു. ഈ രാജ്യത്തിൽ ഏതെല്ലാം തരത്തിലുള്ള വ്യവസായങ്ങൾ നടപ്പിൽവരുത്താൻ കഴിയുമെന്നുള്ള അന്വേഷണത്തിൻെറ ഫലമായി ഗവണ്മെൻറു ധാരാളം മൂലധനം മുടക്കി ആ വ്യവസായങ്ങളെ പോഷിപ്പിച്ചുകൊണ്ടുവരുന്നതായും, ഡിപ്പാർട്ടുമെൻറു ഇതിലേക്കായി ഗവണ്മെൻറിലേക്ക് പല നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുള്ളതായിട്ടാണ് ഞാൻ അറിഞ്ഞിട്ടുള്ളതു. ഇങ്ങനെ വിവിധവ്യവസായങ്ങളെ പോഷിപ്പിച്ചുകൊണ്ടു ഇരിക്കെ മററു മാർഗ്ഗങ്ങളിലുള്ള നിർദ്ദേശങ്ങളും ഗവണ്മെൻറിനു ഇടയ്ക്കിടയ്ക്കു കിട്ടിക്കൊണ്ടിരിക്കുന്ന ഏററവും ഗൗരവതരമായ കാര്യങ്ങളിൽ പലപ്പോഴും പണം ചിലവുചെയ്തുകൊണ്ടിരിക്കുന്ന ഗവണ്മെൻറു ഇവിടത്തെ വ്യവസായങ്ങളുടെ വിജയത്തിൽ വിശ്വാസം ഇല്ലാഞ്ഞുകൊണ്ടോ അല്ല മററുവല്ല കാരണവശാലോ ഏതായാലും വേണ്ടതരത്തിൽ ഡിപ്പാർട്ടുമെൻറിനു അഭിവൃദ്ധിയുണ്ടാകുവാൻ വേണ്ടെടത്തോളം ധനം വിനിയോഗിക്കാതെയാണിരിക്കുന്നതു.

രണ്ടാമതായിട്ടു പറയുകയാണെങ്കിൽ, ഈഡിപ്പാർട്ടുമെൻറിൻെറയും കൃഷിഡിപ്പാർട്ടുമെൻറിൻെറയും അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കേണ്ടതു എന്തൊക്കെയാണെന്നും, ഡിപ്പാർട്ടുമെൻറുകാര്യമായി ഏർപ്പെട്ടു പ്രവർത്തിക്കേണ്ടതായ മുഖ്യമായ വിഷയങ്ങൾ എന്തൊക്കെയാണെന്നും ഇതിലേക്കു എന്തുചിലവുചെയ്താൽ രാജ്യത്തിനുശ്രേയസ്സുണ്ടാകുമെന്നും ഉള്ളതു ധനപരിശോധനക്കമ്മററിയുടെ ആലോചനാവിഷയങ്ങളാണ്. ഈ കമ്മിററിയിൽനിന്നു എത്രയോ നിർദ്ദേശങ്ങൾ ഗവണ്മെൻറിലേക്കു സമർപ്പിച്ചിട്ടുണ്ട്. അതിൽ ഒന്നെങ്കിലും നടപ്പിൽവരുത്തുന്നതിനു ഗവണ്മെൻറു ശ്രദ്ധിക്കാതെയാണിരിക്കുന്നതു എന്നു വ്യസനസമേതം പറയേണ്ടതായിട്ടാണിരിക്കുന്നതു. രാജ്യത്തിൽ വിവിധവകുപ്പുകളിലായി വ്യവസായത്തെ പരിപോഷിപ്പിക്കണമെന്നും വ്യവസായംകൊണ്ടു രാജ്യത്തിൻെറ നന്മയെവർദ്ധിപ്പിക്കണമെന്നും ഗവണ്മെൻറു വിചാരിക്കുന്നപോലെ ഡിപ്പാർട്ടുമെൻറും വിചാരിക്കുന്നുണ്ട്. വ്യവസായത്തിൻെറ അഭിവൃദ്ധികൊണ്ടുമാത്രമേ രാജ്യത്തിനു ശ്രേയസ്സുണ്ടാകുകയും, ദാരിദ്ര്യം ഇല്ലാതാകുകയും ചെയ്കയുള്ളുഎന്ന് ജനങ്ങളും വിശ്വസിക്കുന്നു. ഇങ്ങനെ രാജ്യത്തിൻെറ ശ്രേയസ്സ് വ്യവസായത്തിൻെറ അഭിവൃദ്ധിയെ ആശ്രയിച്ചിരിക്കുന്നതിനാൽ ഈ വിഷയത്തിൽ ഗവണ്മെൻറു ധാരാളമായി ശ്രദ്ധിക്കണമെന്നുള്ളതിനെയാണ് ജനപ്രതിനിധികൾ ഇവിടെ ഓരോന്നു അറിയിച്ചുകൊണ്ടിരിക്കുന്നതു. പരിമിതമായ സംഖ്യകൾ വിവിധശാഖകളിലായി ഉപയോഗിക്കുന്നതിനു ഉദ്ദേശിച്ചുവച്ചിട്ടുണ്ട്. അവകൾ ഒന്നു കുറയ്ക്കാൻതരമില്ല. അവയിൽ ഒന്നും കൂട്ടുവാൻ ഭാവവുമില്ല. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലും, പി. ഡബ്ല്യൂ ഡിപ്പാർട്ടുമെൻറിലും ഉപയോഗിക്കാൻ വച്ചിരിക്കുന്ന വലിയസംഖ്യകളെ വ്യവസായം കൃഷി എന്നീ ഡിപ്പാർട്ടുമെൻറുകളിലേക്കു നീക്കിവെച്ചിട്ടുള്ള സംഖ്യകളോടു താരതമ്യപ്പെടുത്തിനോക്കിയാൽ ഇവയെ മൈനർ ഡിപാർട്ടുമെൻറുകളായിട്ടുവച്ചുകൊണ്ടു രാജ്യത്തിൻെറ ശ്രേയസ്സിനോ അഭിവൃദ്ധിക്കോ വേണ്ടി സഹായിക്കുന്നതിലധികം എണ്ണം തികയ്ക്കുന്നതിനു കുറയുന്നതേയുള്ളു എന്നു സ്പഷ്ടമാകും. ഇതുകൊണ്ടുതന്നെ ഗവണ്മെൻറു വേണ്ടവിധത്തിൽ ജനങ്ങളുടെ അഭിവൃദ്ധിയെ സഹായിക്കുന്നില്ല എന്നു നിശ്ചയിക്കാവുന്നതാണ്.

ഓരോ ഡിപ്പാർട്ടുമെൻറിനേയും പരിശോധനനടത്തി ജനങ്ങൾക്കു സാർവത്രികമായ ഗുണം ലഭിക്കത്തക്കവണ്ണം ഡിപ്പാർട്ടുമെൻറിൽനിന്ന് എന്തുചെയ്തു അല്ലെങ്കിൽ എന്തുചെയ്യുന്നുഎന്നു നോക്കുമ്പോൾ ഉണ്ടാകുന്ന കുറവുകൾക്കു വേണ്ടി ഡിപ്പാർട്ടുമെൻറദ്ധ്യക്ഷനെ അല്ല കുററപ്പെടുത്തേണ്ടതു. ഈ ഡിപ്പാർട്ടുമെൻറു ഇന്ന ഇന്ന തരത്തിൽ പ്രവർത്തിക്കേണ്ടതായിരുന്നു. അതിൽ ഇത്രത്തോളം മൂലധനം മുടക്കണം. അതിനു ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണ് എന്നിങ്ങനെ എൻെറ സ്നേഹിതന്മാർ ഇവിടെ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നെങ്കിൽ എനിക്കു അവരോടു പരിപൂർണ്ണമായി യോജിക്കാമായിരുന്നു. അതിനെക്കുറിച്ചു എൻെറ താഴ്മയായ അഭിപ്രായം ഒരു ഡിപ്പാർട്ടുമെൻറിലെ അദ്ധ്യക്ഷനെയോ അതിൽ വേലചെയ്യുന്ന ഉദ്യോഗസ്ഥന്മാരേയോ കുററം പറയുന്നതു കൊണ്ട് രാജ്യത്തിനോ അതല്ലെങ്കിൽ മററതെങ്കിലും സമുദായ

ത്തിനോ ശ്രേയസ്സോ രാജ്യത്തിന്റെ നന്മക്ക വലുതായ സഹായമോ ഉണ്ടാകുന്നതല്ലെന്നാണ്. എന്നു മാത്രമല്ല സാമുദായികമായ ചിന്തയുടെ മങ്ങിയതെങ്കിലും പുറമെയുള്ളതായ സ്വരൂപം ഏറ്റവും നിന്ദ്യമായ ഒരു ചിത്തവികാരമായി പ്രകടിപ്പിക്കുന്നതായിട്ട പ്രത്യക്ഷപ്പെട്ടുപോകുന്നു എന്നുകൂടി പറയാതിരിക്കാൻ തരമില്ല. നമ്മുടെ രാജ്യം വിദ്യാഭ്യാസത്തിൽ മുന്നിട്ടു നിൽക്കുന്നതുകൊണ്ടു നാം ഒരു കുഡുംബത്തിലെ അംഗങ്ങൾ എന്നപോലെ എല്ലാതരത്തിലും ഐക്യമത്യയോടുകൂടി പ്രവൎത്തിക്കേണ്ടവരാണ്. ആ ഐക്യമത്യത്തെ സുദൃഢമാക്കി നിലനിൎത്തികൊണ്ടുപോകുന്നതിലുള്ള ശ്രദ്ധയെയാണ ജനപ്രതിനിധികളും ഗവണ്മെന്റും പ്രകാശിപ്പിക്കേണ്ടതു്. ചിലരുടെ കുററം കണ്ടുപിടിക്കയും മറ്റുചിലരുടെ കുററം കണ്ടുപിടിക്കാതിരിക്കയും ചെയ്യുന്ന ചിത്തവികാരം രാജ്യക്ഷേമത്തിനു പര്യാപ്തമായിരിക്കയില്ല. പൊതുവെ രാജ്യത്തിന്റെ ക്ഷേമത്തെ കാംക്ഷിച്ചു ചെയ്യുന്ന പ്രവൎത്തികളെ ഗവണ്മെന്റു സഹായിക്കയും ജനങ്ങൾ അതിനോടു സഹകരിക്കയും ചെയ്യുമ്പോൾ അതു ഏതുസമുദായത്തിലിരിക്കുന്നു എന്ന നിൎദ്ദാക്ഷിണ്യമായിട്ടുതന്നെ പ്രത്യക്ഷപ്പെട്ടതേണ്ടതാണ്. അതിനു യാതൊരുവിധത്തിലുള്ള ഭിന്നാഭിപ്രായത്തിനോ ഭിന്നമായചിത്തവികാരത്തിനോ ഇടകൊടുക്കരുതെന്നാണ എന്റെ അഭിപ്രായം. വ്യക്തിപരമായി പരാമൎശിക്കുന്ന നിന്ദ്യമായ ഗുണത്തിലധികം ദോഷത്തെ ചെയ്യുന്നതായി ഞാനോൎക്കുന്നു.

മി. മുറവേലിൽ പാച്ചുപിള്ള (ചേൎത്തല): വ്യക്തികളെ നോക്കിവേണം ഭരണനടപടികളെ വിമൎശനം ചെയ്യേണ്ടതു എന്നാണോ മെമ്പർ വിചാരിക്കുന്നതു?

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അങ്ങനെ ഞാൻ പറഞ്ഞില്ല. വ്യക്തികളെ നോക്കി ഭരണനടപടികളെ വിമൎശനം ചെയ്യരുതെന്നാണു ഞാൻ പറഞ്ഞതു്. അതു ശരിയല്ലെന്നും ശ്രേയസ്കരമായിരിക്കയില്ലെന്നുമുള്ളതു എന്റെ തന്നെ അഭിപ്രായമാണ്. മററുള്ളവർ ഇതിൽ യോജിക്കയോ യോജിക്കാതിരിക്കയോ ചെയ്തുകൊള്ളട്ടെ. എന്റെ അഭിപ്രായം ഇതാണ്.

അതിനാൽ പി. എസ്സ്. മഹമ്മദ് കൊണ്ടുവന്ന ഉപക്ഷേപത്തിന്റെ തത്വത്തിൽനിന്നു വ്യതിചലിച്ചു പലതും അഭിപ്രായപ്പെട്ടിരിക്കുന്നതുകൊണ്ടു അവയോടു യോജിക്കുന്നതിനു നിവൃത്തിയില്ലാത്തതിനാൽ ഞാൻ പ്രതിഷേധിച്ചുകൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇൻഡസ്ട്രീയൽ ഡിപ്പാർട്ടുമെന്റിന്റെ നടപടികളെപ്പററി എന്തെങ്കിലും ആക്ഷേപിച്ചു പറയുന്നു എന്നുവരികിൽ അതു വ്യക്തിപരമായിത്തീരുമെന്നാണോ പറയുന്നതു്?

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): പറയുന്നതിന്റെ സ്വഭാവമനുസരിച്ചിരിക്കും. ഞാൻ പറയുന്നതു ഡയറക്ടരെയോ ഗവണ്മെന്റിനെയോ ഉദ്ദേശിച്ചല്ല. പൊതുവായി പറയുകയാണു എന്നു പറയുമ്പോൾ എന്റെ ഉദ്ദേശമെന്തെന്നു മെമ്പർക്കുതന്നെ അറിയാൻ സാധിക്കുന്നതാണ്. അതിൽകൂടുതൽ എനിക്കും അറിഞ്ഞുകൂടാ, ഡയറക്ടർ എന്തു ചെയ്യുന്നു അഥവാ എന്തുചെയ്തു എന്നു പറയുന്നതിനു മെമ്പർക്കും അറിയാമെന്നു എനിക്കു തോന്നുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇൻഡസ്ട്രീയൽ ഭരണറിപ്പോർട്ടു മെമ്പർ വായിച്ചിട്ടുണ്ടോ?

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഞാൻ വായിച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിൽ ഓരോ ആണ്ടിലും ഡയറക്ടർ ഇന്നിന്ന ജോലികൾ ചെയ്യണമെന്നു നിൎദ്ദേശിക്കയും അതനുസരിച്ചു ചെയ്യാതിരിക്കുന്നതിനെപ്പററി പ്രത്യേകം കുററപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ടിൽ വായിച്ചിട്ടുണ്ടോ?

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അതെല്ലാം ഞാൻ വായിച്ചിട്ടുണ്ട്. പ്രസ്താവനകൾക്ക അതിനോടുള്ള സംബന്ധം കേവലം വിരളമാണ്. (ഈ അവസരത്തിൽ മി. കെ. പി. നീലകണ്ഠപ്പിള്ള എന്തോ പ്രസ്താവിച്ചു. കേൾക്കുന്നതിനു മററുള്ളവൎക്ക സാധിച്ചില്ല, അദ്ദേഹം പറഞ്ഞതെന്താണെന്നു അദ്ധ്യക്ഷൻ ചോദിക്കയുണ്ടായി. താൻ യാതൊന്നും പറഞ്ഞില്ലെന്നു മി. കെ. പി. നീലകണ്ഠപ്പിള്ള മറുപടി പറഞ്ഞു.).

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): സർ, ഈ സഭയിലെ അനേകബഹുമാന്യസാമാജികന്മാർ ചെയ്തിട്ടുള്ള പ്രസംഗം വളരെ താല്പൎയ്യത്തോടുകൂടി ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു. വ്യവസായ സംബന്ധമായ കാൎയ്യങ്ങളെപ്പററി ഒട്ടും തന്നെ ജ്ഞാനം മാത്രമുള്ള ഈ യോഗത്തിലെ മെമ്പർമാരിൽ ചിലർ ഏതെങ്കിലും അധികമായ വിധത്തിൽ കഠിനമായി വ്യവസായഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു വിമൎശനങ്ങൾ ചെയ്തിരിക്കുന്നതിൽ എനിക്കു ആശ്ചൎയ്യമാണു തോന്നുന്നതു്. പ്രാരംഭത്തിൽ എനിക്കു പറയുവാനുള്ളതു മൂന്നു വക്കീലന്മാരാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്നാണ്.

അദ്ധ്യക്ഷൻ: ദയവുചെയ്തു അവരുടെ തൊഴിലിനെപ്പററി സൂചിപ്പിക്കാതിരിക്കണം. സാമാജികന്മാരുടെ തൊഴിലിനെപ്പററി സൂചിപ്പിച്ചു സംസാരിക്കുവാൻ അൎഹതയില്ലാത്തതാണ്. അതു ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുള്ളതാണല്ലോ.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): സർ, ഞാൻ ക്ഷമായാചനം ചെയ്തുകൊള്ളുന്നു. ഈ സഭയിലെ മൎയ്യാദയുള്ള സാമാജികന്മാരിൽ ചിലർ ഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടുകൾ വായിക്കുകയും ഡിപ്പാർട്ടുമെന്റു നടത്തിയിട്ടുള്ളവയും പരാജയത്തിൽ പതിച്ചിട്ടുള്ളവയും അവയിലെ പരീക്ഷണങ്ങളെപ്പററി പ്രസ്താവിക്കുകയും ഡിപ്പാർട്ടുമെന്റു യാതൊരു പ്രവൎത്തിയും ചെയ്യുന്നില്ലെന്നു കാണിക്കുന്നതിനു അവയെ ഈ യോഗത്തെന്റെ ദൃഷ്ടിക്കു വിഷയീഭവിപ്പിക്കയും ചെയ്തിരിക്കുന്നു. എനിക്കു വേണ്ടിടത്തോളം സമയം ഉള്ളപക്ഷം ഇപ്രകാരമുള്ള കുററാരോപണങ്ങൾക്കു ഞാൻ മറുപടി നൽകുന്നതാണ്.

അദ്ധ്യക്ഷൻ: നിങ്ങൾക്കു അപ്രകാരം ചെയ്യാവുന്നതാണ്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അനേകബഹുമാന്യസാമാജികന്മാരിൽ ചിലർ സ്വൽപമായ ഏതാനും നിൎദ്ദേശങ്ങൾ ചെയ്തിട്ടുണ്ട്. അതിനെപ്പററി എനിക്കു ആദ്യമായി പ്രസ്താവിക്കേണ്ടതുണ്ട്. ഈ സംസ്ഥാനത്തെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുന്നതിൽ മി. മഹമ്മദിനു ആഗ്രഹമുള്ളതായികാ

ണ്ടു. അദ്ദേഹം ഏതാനും നിർദ്ദേശങ്ങൾ ചെയ്തിട്ടുണ്ട്. മി. മഹമ്മദ് പ്രത്യേകമായി പ്രസ്താവിച്ച വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെന്റിനെടുത്തിട്ടുള്ള നടപടികളെപ്പറ്റി ഞാൻ ആദ്യമായി വിവരിക്കുന്നതാണ്. മരച്ചീനി വ്യവസായം പോഷിപ്പിക്കുന്നതിനെ സംബന്ധിച്ച് അദ്ദേഹം പ്രസംഗിച്ചു. ഡിപ്പാർട്ടുമെന്റിന്റെ ജീവിതത്തിനിടയിൽ കുറഞ്ഞപക്ഷം ആറുതവണ ഈ വിഷയത്തെപ്പറ്റി അതു ചിന്തിച്ചിട്ടുണ്ട്. ഈ വ്യവസായം അതായതു മരച്ചീനിപ്പൊടിയും മററു സാധനങ്ങളും ഉണ്ടാക്കുന്ന വ്യവസായം എന്നാണു ഞാൻ മനസ്സിലാക്കുന്നതു. ഈ വ്യവസായം തിരുവിതാംകൂറിൽ അഭിവൃദ്ധിയെ പ്രാപിച്ചുവരികയില്ല എന്നുള്ളതു ഓരോ അവസരത്തിലും കണ്ടിരിക്കുന്നു. എന്റെ ഉപദേശാനുസരണം ഒരു യൂറോപ്യ വ്യാപാരസ്ഥാപനം ഈ സംഗതി ഒരിക്കൽ പരീക്ഷിച്ചുനോക്കി. ഈ വ്യവസായം വിജയകരമാകുന്നതിനു യാതൊരു സൌകര്യവുമില്ലെന്നു പ്രസ്തുത വ്യാപാരസ്ഥാപനത്തിന്റെ മാനേജർ റിപ്പോർട്ടുമൂലം എന്നെ അറിയിച്ചിരിക്കുന്നു.

മി. ശരവതിനാൾ രാജവർമ്മരാജാ (ഇടവക): അതു എന്തുകൊണ്ടാണെന്നു ഡയറക്ടർക്കു അറിയാമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഞാൻ ഈ വസ്തുത സഭയെ അറിയിക്കാം.

ലണ്ടൻ മുതലായ മാർക്കററുകളിലേക്കു അയക്കപ്പെടുന്ന മരച്ചീനി മുഴുവനും അവയിൽ ഏറിയഭാഗവുമെങ്കിലും ഫെഡറേറഡു മലയാസംസ്ഥാനങ്ങളിലൊ അമേരിക്കയിലെ ഏതാനും ഭാഗങ്ങളിലൊ നിന്നു അയക്കപ്പെടുന്നതാണ്. ചിലപ്പോൾ ആഫ്രിക്കാ രാജ്യത്തിലും മററു സ്ഥലങ്ങളിലും നിന്നു മരച്ചീനി അയക്കപ്പെടുന്നു. അവിടെ ഒരേക്കർ ഭൂമിയിൽനിന്നു ... ടൺ മരച്ചീനി വിളയുന്നുണ്ട്. വെറും വേരായി ഇരിക്കുമ്പോൾ അതിനെ കസ്സാവ എന്നു വിളിക്കപ്പെടുന്നു. തിരുവിതാംകൂറിൽ ഒരേക്കർ ഭൂമിയിൽനിന്നു ... ടൺ മരച്ചീനിയിൽകൂടുതൽ വിളയുന്നില്ല. അതുതന്നെയും അതിനു നല്ലവണ്ണം വളം ചേർത്താൽ മാത്രമേ ഉണ്ടാകയുള്ളു. മലയാ രാജ്യത്തു ഒരേക്കറിൽ ... ടൺ മരച്ചീനി വിളയിക്കയും തിരുവിതാംകൂറിൽ ... ടൺ വിളവുമാത്രം സിദ്ധിക്കയും ചെയ്യുന്ന സ്ഥിതിക്കു നമുക്കു മലയാ രാജ്യവുമായി മരച്ചീനിവ്യവസായത്തിൽ മത്സരിക്കുന്നതിനു സാധിക്കുന്നതല്ല.

മി. എൻ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതു ഈ വ്യവസായത്തിനെ എന്തെങ്കിലും തരത്തിൽ ബാധിക്കുമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): മി. മഹമ്മദ് ഇവിടെ നിർദ്ദേശിച്ച വ്യവസായത്തെ അതു വളരെ ബാധിക്കുന്നതാണ്. മരച്ചീനി എന്നാൽ അതു സ്ഥലത്തു് അയയ്ക്കാൻ പാകപ്പെടുത്തപ്പെട്ട മരച്ചീനി എന്നാണ് അർത്ഥമാകുന്നതു. മരച്ചീനിച്ചെടിയുടെ വേരിന്റെ പേരു കസ്സാവാ എന്നാണ്. അതുപറയുന്നതിനു ഉപയോഗിക്കുന്ന ഇംഗ്ലീഷ്പദം ഇതാകുന്നു. സർ, മരച്ചീനികൃഷി ഒരിക്കലും തിരുവിതാംകൂറിൽ അഭിവൃദ്ധിപ്പെടാൻ ഇടയില്ലെന്നു ഞാൻ പറഞ്ഞിട്ടുണ്ടു. തിരുവിതാംകൂറിലെ വ്യവസായഡിപ്പാർട്ടുമെന്റു തീരുമാനിച്ചിട്ടുള്ള ഒരു നിർണ്ണയമാണിതു്. ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ സാധിക്കയില്ല എന്നുള്ളതിൽ ചിലർ യോജിക്കുകയില്ലായിരിക്കാം. വളരെ സാരമായ വൈഷമ്യങ്ങളെ തരണംചെയ്യുന്നതിനു് ഡിപ്പാർട്ടുമെന്റു എങ്ങനെ സാധിക്കും? ഒരേക്കർഭൂമിയിൽനിന്നു ... ടൺകസ്സാവ ഉണ്ടാക്കുന്നതു ഗവണ്മെന്റിനു് എങ്ങനെയാണു സാധിക്കുക?

മി. വി. ചെല്ലംപിള്ള (തോവാള): മരച്ചീനിച്ചെടിയുടെ വേരുകൾ കൂടുതലായി വിളയിക്കുന്നതിനു സാധിക്കാതിരിക്കുന്നതു കൃഷിഡിപ്പാർട്ടുമെന്റിന്റെ കുററംകൊണ്ടല്ലയോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അല്ലാ, കൃഷിഡിപ്പാർട്ടുമെന്റിനെയും കുററം പറഞ്ഞിട്ടു കാര്യമില്ല.

മി. വി. ചെല്ലംപിള്ള (തോവാള): മരച്ചീനിയിൽനിന്നുണ്ടാകുന്ന വ്യവസായം ഇവിടെ അഭിവൃദ്ധിപ്പെടുത്തുന്നതിനു സാധിക്കുമോ? ഇതു അറിയുന്നതിനാണ ഞാൻ ആഗ്രഹിക്കുന്നതു. അല്ലാതെ മരച്ചീനിച്ചെടികളുടെ പരിമാണം വർദ്ധിപ്പിക്കാമോ എന്നല്ല ഞാൻ ചോദിക്കുന്നതു്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): മരച്ചീനി ഉണ്ടാക്കുന്നതിനുള്ള ചിലവും കസ്സാവായുടെ ചിലവും കുറഞ്ഞിരിക്കുന്നപക്ഷം ഈ വ്യവസായത്തെ വിജയകരമായവിധത്തിൽ നമുക്കു നടത്താവുന്നതാണ്. ഇതര വ്യവസായത്തെപ്പററി മി. മഹമ്മദ് പ്രസ്താവിച്ചു. ഈ കാര്യത്തിൽ എനിക്കു പറയാനുള്ളതു, ഞാൻ വിദേശത്തു നിന്നു തിരിച്ചുവന്ന അവസരംമുതലും രസതന്ത്രശാലപരീക്ഷണം നടത്തുന്നതിനുവേണ്ടി ... ഉല്പാദിപ്പിക്കുന്നതിനു് തിരുവിതാംകൂറിനു ലഭിക്കാൻ സാധിക്കുന്ന സാധനങ്ങളെ സംബന്ധിച്ചു പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടു. ഈ കാര്യത്തിലുള്ള റിപ്പോർട്ടിനെപ്പററി പൂർണ്ണമായവിധത്തിൽ പറയേണ്ട ആവശ്യമില്ലല്ലോ. ഈ വിഷയത്തെപ്പററി ഞങ്ങൾതന്നെ ഇവിടെ പരീക്ഷണങ്ങൾ നടത്തിനോക്കി. പരീക്ഷണം രസതന്ത്രശാലയിൽ പരീക്ഷണം നടത്തുന്നതിനായി ഞങ്ങൾ ഈ സാധനങ്ങളെല്ലാം ലണ്ടനിലുള്ള ഇംപീരിയൽ ഇൻസ്റ്റിററ്യൂട്ടിലേക്കു അയച്ചുകൊടുത്തിട്ടുണ്ട്. തിരുവിതാംകൂറിൽ ഇവ ഉല്പാദിപ്പിക്കുന്നതിനു ലഭിക്കാൻ സാധിക്കുന്ന സാധനങ്ങളെസംബന്ധിച്ചു പൂർണ്ണമായ ഒരു റിപ്പോർട്ടു അവർ തയ്യാറാക്കീട്ടുണ്ടു. വ്യവസായം നടത്തുന്നവർ ഈ റിപ്പോർട്ടുകൾ കാണുന്നതിനും, അവർ അവരുടെ വ്യവസായങ്ങളെ പോഷിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയും ആണ് ഈ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. വ്യവസായങ്ങൾ നടത്തണമെന്നുള്ള ഉദ്ദേശം വ്യവസായഡിപ്പാർട്ടുമെന്റിനില്ല. ഡിപ്പാർട്ടുമെന്റിൽനിന്നു വ്യവസായസ്ഥാപനങ്ങൾ നടത്തുന്നപക്ഷം, ഡിപ്പാർട്ടുമെന്റു കക്ഷികൾ നടത്തുന്ന വ്യവസായങ്ങളുമായി മത്സരിക്കയാണെന്നുള്ള പരാതി ഈ സഭയിലെ അനേകം സാമാജികന്മാർ പുറപ്പെടുവിക്കുമായിരുന്നു. ഇതിനു് യാതൊരു സംശയവുമില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): മൂലധനം മുടക്കുന്നതിനു ജനങ്ങൾക്കുള്ള ഭയമാണോ ഇതിനുള്ള കാരണം എന്നു എന്നെ അറിയിക്കാമോ? ജനങ്ങൾ വ്യവസായസ്ഥാപനങ്ങൾ തുടങ്ങാതിരിക്കുന്നതിനുള്ള കാരണം ഇതാണോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): മൂലധനം മുടക്കുന്നതിനുള്ള ഭയം ഇതിനുള്ള കാരണമായിരുന്നേക്കാം. അല്ലെങ്കിൽ ജനങ്ങളുടെ ഇടയിൽ വ്യവസായോദ്യമത്തിൽ പ്രവേശിക്കുന്നതിനുവേണ്ട ഉത്സാഹമില്ലായ്മയും ഇതിനുകാരണമായേക്കും. ഇംപീരിയൽ ഇൻസ്റ്റിട്യൂട്ട് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയുടൻതന്നെ മദ്രാസിലുള്ള തുകൽവിദഗ്ദ്ധനായ മി. മൂർത്തിയെ കാണുന്നതിനു എനിക്കു അവസരം കിട്ടി. തമ്പകത്തിന്റെതൊലി വളരെനല്ല സാധനമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തിരുവിതാംകൂറിൽ ഞാൻ തിരിച്ചുവന്നതിനുശേഷം ഉടൻതന്നെ ഏതാനും ടൺ തമ്പകത്തൊലി അദ്ദേഹത്തിനു അയച്ചുകൊടുക്കണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. അതിന്റെശേഷം മദ്രാസിലുള്ള വനംഡിപ്പാർട്ടുമെന്റിൽനിന്നു ഈ സാധനം ശേഖരിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചു. അതിനാൽ അതു അയച്ചുകൊടുക്കുന്നതിനു എനിക്കു ബുദ്ധിമുട്ടുണ്ടായില്ല. ൫൦൦ ടൺ തമ്പകത്തൊലി അയച്ചുകൊടുക്കുന്നതിനു മദ്രാസിലുള്ള ഒരുസ്ഥാപനത്തിൽനിന്നു ആവശ്യപ്പെട്ടിട്ടുണ്ടെന്നു മി. ധനകോടിപ്പിള്ള എന്നോടു പറകയുണ്ടായി. ഇതെല്ലാം നടന്നതു ഇംപീരിയൽ സ്ഥാപനക്കാർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ ഫലമായിട്ടാണ്. ഈ റിപ്പോർട്ടുകൾ പ്രസിദ്ധംചെയ്യുന്നതിൽ കൂടുതലായി ഡിപ്പാർട്ടുമെന്റിനു എന്താണു ചെയ്യാൻ സാധിക്കുന്നതു? ഈ കാര്യത്തിൽ താല്പര്യമുള്ളവർ ഈ റിപ്പോർട്ടുകൾ വായിക്കുകയും അതിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ അനുസരിച്ചു ഗുണകരമായവിധം പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ടാനിംഗ് എക്സ്പെരിമെന്റുകൾ കഴിഞ്ഞല്ലോ, ഇനിയും അവയെ നടത്തുകയാണോ ചെയ്യുന്നതു്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഇല്ലാ, ടാനിങ്ങിൽ യോജിച്ച അനവധി സാധനങ്ങൾ ഇനിയും കണ്ടേക്കാം. എന്നാൽ ഞങ്ങൾ ഒരു ഡസനൊ മറ്റൊ സാധനങ്ങളെ മാത്രമെ കണ്ടുപിടിച്ചിട്ടുള്ളു.

മി. രേവതിനാൾ രാമവർമ്മരാജ (ഇടവക): എക്സ്പെരിമെന്റുമുഴുവൻ കഴിഞ്ഞോ, അതല്ല, ഇനിയും കണ്ടുപിടിച്ചുകൊണ്ടുതന്നെ ഇരിക്കുന്നുവോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): പരീക്ഷണങ്ങൾ പൂർത്തിയാക്കിയെന്നു ഞങ്ങൾ പറയുന്നില്ല. ഞങ്ങൾ പരീക്ഷണങ്ങൾ മുറയ്ക്കു നടത്തിക്കൊണ്ടിരിക്കും. ടാനിംഗ് വ്യവസായം പണമുള്ള ഏതൊരാളിനും അതു മുടക്കാൻ സാധിക്കുന്നപക്ഷം നടത്താവുന്ന ഒരുവ്യവസായമാണ് ഇതു്. എല്ലാവ്യവസായങ്ങളും നടത്തുന്നകാര്യത്തിൽ ഒരുവിഷമതയുണ്ടു. വ്യവസായത്തിൽനിന്നും ലഭിക്കുന്ന വിളവങ്ങളെ ചിലവാക്കുന്നതിനെ സംബന്ധിച്ച വിഷമതയാണിതു. പ്രത്യേകതരത്തിലുള്ള സാധനസാമഗ്രികൾ ഉണ്ടാക്കുന്നതിനേർപ്പെടുന്ന ഒരുവ്യവസായത്തിനെ സംബന്ധിച്ചിടത്തോളം, വിളവങ്ങൾ മാർക്കറ്റുകളിലേയ്ക്കയയ്ക്കുന്നസംഗതി വളരെ വിഷമതയുള്ള ഒന്നാണ്. പ്രത്യേകതരത്തിലുള്ള സാധനങ്ങൾ ഉണ്ടാക്കുന്നതിനു രൂപീകരിക്കപ്പെടുന്ന ഒരുവ്യവസായത്തിന്റെ സ്ഥിതിയാണ് ഇതു്. എന്നാൽ ടാനിംഗ് പോലെയുള്ള ഒരുവ്യവസായത്തിന്റെ കാര്യത്തിൽ വിളവങ്ങൾ കമ്പോളങ്ങളിലേക്കു അയച്ചുകൊടുക്കുന്നതു എളുപ്പമുള്ള ഒരുസംഗതിയാണ്. നിങ്ങൾ നിങ്ങളുടെ ചരക്കുകളെ ലണ്ടനിലേക്കു അയച്ചുകൊടുക്കുന്നു. ഉടൻതന്നെ അവയെ ലേലത്തിൽ ഇട്ടു വിൽക്കുകയാണു ചെയ്യുന്നതു്. തുകലിനെ സംബന്ധിച്ചിടത്തോളം, ഈ കാര്യത്തിൽ യാതൊരുവിഷമതയും ഇല്ലാ. മരച്ചീനിയെ സംബന്ധിച്ചിടത്തോളം സ്വീകരിച്ചുവരുന്ന സമ്പ്രദായം ഇതുതന്നെയാണ്. ഈ സംഗതി ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. മരച്ചീനി ലണ്ടനിലുള്ള കമ്പോളങ്ങളിലേയ്ക്കയയ്ക്കണം. അതു അവിടെ ലേലത്തിലിടുകയും ചെയ്യുന്നു. മരച്ചീനിപ്പൊടിയുടെവില ഹണ്ഡ്രഡ്വെയിറ്റു ഒന്നിനു ൫൦ ഷില്ലിംഗൊ ൫൫ ഷില്ലിംഗിലൊ ഒരിക്കലും കവിയുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ടാനിംഗ് നടത്തുന്നതിനുള്ള തമ്പകത്തിൽനിന്നു ലഭിക്കുന്ന വിളവങ്ങൾ വിൽക്കുന്നതിനു ഏതെങ്കിലും മാർക്കറ്റ് ഇപ്പോൾ ഉണ്ടെന്നു പറയാമൊ?

മി. ഐ. സി. ചാക്കൊ (വ്യവസായഡയറക്ടർ): ഉണ്ട്. ൫൦൦ ടൺസാധനം അയച്ചുകൊടുക്കുന്നതിനു മി. ധനകോടിപ്പിള്ളക്കു ഒരു ആർഡർ കിട്ടിയിട്ടുണ്ടു. അതു് ഇപ്പോൾതന്നെ പറഞ്ഞതാണ്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഏതുമാർക്കറ്റിൽനിന്നാണു ഈ ആർഡർ വന്നതു?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): മദ്രാസിൽനിന്നാണ് വന്നതു്. അങ്ങനെ തിരുവിതാംകൂറിൽതന്നെ ഉപയോഗപ്പെടുത്തണമെന്നാണ് ഞാൻപറയുന്നതു്. നമ്മുടെ ആളുകൾ മുന്നോട്ടിറങ്ങി അതിനെ എന്തുകൊണ്ടുപയോഗപ്പെടുത്താൻ പാടില്ലാ.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): തമ്പകത്തിനെ സംബന്ധിച്ചു തിരുവിതാംകൂറിലുണ്ടായിട്ടുള്ള കണ്ടുപിടിത്തം, ടാനിംഗ് നടത്തുന്നതിനുള്ള സാധനങ്ങൾക്കു പ്രിയം വരുത്തുന്നതിനു കാരണമായിട്ടുണ്ടോ എന്നു പറയാമൊ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): നിശ്ചയമായിട്ടും ഉണ്ട്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഈ പരീക്ഷണത്തിന്റെ വിജയത്തെ സംബന്ധിച്ചു, വ്യവസായഡിപ്പാർട്ടുമെന്റുമായി ഏതെങ്കിലും എഴുത്തുകുത്തുകൾ മറ്റുആളുകൾ നടത്തിയിട്ടുണ്ടോ എന്നു പറയാമൊ?

അദ്ധ്യക്ഷൻ: ഏതുസ്ഥലത്തെ വ്യവസായഡിപ്പാർട്ടുമെന്റിനെ കുറിച്ചാണു നിങ്ങൾ പ്രസ്താവിക്കുന്നതു?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിലെ.

അദ്ധ്യക്ഷൻ: ഈ ഡിപ്പാർട്ടുമെന്റിൽനിന്ന് ഏതുഡിപ്പാർട്ടുമെന്റുമായി നടത്തി എന്നാണു ചോദിക്കുന്നതു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറ്റേതെങ്കിലും ഏജൻസിയുമായിട്ടു.

അദ്ധ്യക്ഷൻ: അദ്ദേഹം ലണ്ടനിലുള്ള ഇംപീരിയൽ സ്ഥാപനവുമായിട്ടു എന്നു പറഞ്ഞിട്ടുണ്ടല്ലോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിപ്പാർട്ടുമെന്റിൽനിന്നയച്ചതായ കത്തിന്റെ സാധനങ്ങൾകൊണ്ട് പരീക്ഷണങ്ങൾ നടത്തിയിട്ടുള്ളതു് ഇംപീരിയൽ ഇൻസ്റ്റിട്യൂട്ട് അല്ലയോ എന്നുപറയാമോ?

ഈ പ്രത്യേകസാധനം ഇന്ന മാർക്കററിൽ ആവശ്യമുണ്ടെന്നുള്ളതിനെ സംബന്ധിച്ച ലണ്ടനിലുള്ള ഇംപീരിയൽ ഇൻസ്റ്റിട്യൂട്ടിൽനിന്നോ തിരുവിതാംകൂറിലുള്ള വ്യവസായ ഡിപ്പാർട്ടുമെൻറിൽനിന്നോ ഏതെങ്കിലും വിവരം ജനങ്ങൾക്ക കിട്ടിയിട്ടുണ്ടോ?

മി. ഐ. സി. ചാക്കൊ (വ്യവസായഡയറക്ടർ): ഞങ്ങളുടെ റിപ്പോർട്ടിൽ ഈ സാധനത്തിൻെറ വിശേഷഗുണങ്ങളെ സംബന്ധിച്ച പ്രതിപാദിച്ചിട്ടുണ്ട്. ആ സാധനത്തെ ഏതുപ്രകാരം ഉപയോഗപ്പെടുത്താം എന്നുള്ളതു ഇതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ആളുകൾക്കും അറിയാവുന്നതാണ്. ഈ പ്രത്യേകവ്യവസായത്തിൽ താല്പര്യമുള്ള ജനങ്ങൾക്കുവേണ്ടിയാണ് ഈ റിപ്പോർട്ടുകൾ എഴുതപ്പെട്ടിട്ടുള്ളത്. ടാനിംഗ് വ്യവസായത്തെ സംബന്ധിച്ച ഞാൻ എന്തെങ്കിലും എഴുതുന്നപക്ഷം ആ കാര്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകൾ താല്പര്യം പ്രദർശിപ്പിക്കുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിൽ ആശ്ചര്യകരമായിരിക്കത്തക്കവണ്ണം ഇംപീരിയൽസ്ഥാപനം ചെയ്തിട്ടുള്ള പ്രവൃത്തി തള്ളുന്നപക്ഷം, തിരുവിതാംകൂറിൽ ഉള്ളവർക്കുകൂടിയതോതിൽ വിൽക്കാൻ സാധിക്കുന്ന തരത്തിൽ വിററഴിക്കുന്നതിനുള്ള ഒരുകമ്പോളം കണ്ടുപിടിക്കുന്ന ഒരുകാര്യത്തിൽ വ്യവസായഡയറക്ടർ ഏതെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ എന്നുള്ളതു പറയുമോ?

മി. ഐ. സി. ചാക്കൊ (വ്യവസായഡയറക്ടർ): ഞങ്ങൾ ആ റിപ്പോർട്ട പ്രസിദ്ധംചെയ്തിട്ടുണ്ട്. ആ റിപ്പോർട്ട പ്രസിദ്ധപ്പെടുത്തി ഈ കാര്യത്തിൽ ഒരു മാർക്കററ കണ്ടുപിടിക്കുന്നതിനു ഞാൻ ശ്രമിച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിങ്ങൾതന്നെ ആ കാര്യത്തിനു ശ്രമിച്ചിട്ടുണ്ടോ?

മി. ഐ. സി. ചാക്കൊ (വ്യവസായഡയറക്ടർ): അതിനെ ലോകത്തിലെ എല്ലാസ്ഥലങ്ങളും പ്രചരിപ്പിച്ചിട്ടുണ്ട്, ഈ വ്യവസായത്തിൽ താല്പര്യമുള്ള എല്ലാവരും അതു വായിക്കുന്നുമുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): നമ്മളുടെ മരിച്ചീനിക്ക ഗുണംകുറവാണോ?

മി. ഐ. സി. ചാക്കൊ (വ്യവസായഡയറക്ടർ): എല്ലാസ്ഥലങ്ങളിലുമുള്ള മരിച്ചീനിയുടെ ഗുണം ഒരുപോലെതന്നെയാണ്. അടുത്തതായി തിരുവിതാംകൂറിലെ മുഖ്യവ്യവസായമായ കയറുവ്യവസായത്തെപ്പററി ഞാൻ പ്രസംഗിക്കുന്നതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): സ്ഥലത്തുണ്ടാക്കുന്ന ഇതുകൾ വിററഴിക്കാൻ സാധിക്കാത്തതു എന്തുകൊണ്ടാണെന്ന് പറയുമോ?

മി. ഐ. സി. ചാക്കൊ (വ്യവസായഡയറക്ടർ): ഈ സംഗതിയെക്കുറിച്ച പിന്നീട പ്രസ്താവിക്കാം. കയറുവ്യവസായത്തെ സംബന്ധിച്ചിടത്തോളം നാം ഒരു വിഷമതയ്ക്കധീനമായി തീർന്നിരിക്കുന്നു. ഈ വിഷമതയെ സംബന്ധിച്ച ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുള്ളതാണ്. കയറും കയറുപായും മററും ഉണ്ടാക്കുന്ന വ്യവസായം യൂറോപ്പിലുള്ള രാജ്യങ്ങളിൽ നടത്തിവരുന്നുണ്ട്. ഈ കാര്യത്തിൽ അവരുമായി മത്സരിക്കുന്നതു വളരെ വൈഷമ്യമുള്ള ഒരു സംഗതിയാണ്. ഇതിനൊരു പരിഹാരമെന്നനിലയിൽ കയററുമതിചെയ്യുന്ന കയറിനു ഒരു തീരുവചുമത്തേണ്ടതാണെന്ന് കുറച്ചുകാലം മുമ്പു നിർദ്ദേശിക്കപ്പെട്ടു. എക്കണോമിക് ഡവലപ്പുമെൻറ ബോർഡു ഈ കാര്യത്തെപ്പററി കുറച്ചു കാലത്തേക്കു വളരെ ഗൗരവമായി പര്യാലോചിച്ചിട്ടുണ്ട്. കയറിനു തീരുവചുമത്തുന്നതു അനാശാസ്യമായിരിക്കുമെന്നാണ് അവർ തീരുമാനിച്ചിരിക്കുന്നത്. അതിനുള്ളകാരണം എന്താണെന്നു ഞാൻ വിശദമായി പറയാം. എല്ലാ യൂറോപ്യൻ രാജ്യങ്ങളിലും കയറുണ്ടാക്കുന്നതിനു പരീക്ഷണങ്ങൾ നടത്തിക്കൊണ്ടുവരികയാണ്. തിരുവിതാംകൂറിൽ ഉണ്ടാക്കിവരുന്ന കയറിൻെറ ഗുണത്തിനു തുല്യമായ ഗുണമുള്ള കയറു അവർക്കും ഉണ്ടാക്കണമെന്നാണ് അവരുടെ ഉദ്ദേശം. തിരുവിതാംകൂറിൽ ഉണ്ടാക്കിവരുന്ന കയറിനു തുല്യമായഗുണമുള്ള സാധനം ഉണ്ടാക്കുന്നതിനു അവർക്കു കഴിയുന്നതുംവിധം പ്രവർത്തിച്ചുവരികയാണ്. ഈ വസ്തുതയെ സംബന്ധിച്ച വ്യവസായ ഡിപ്പാർട്ടുമെൻറ നടത്തിയ അന്വേഷണങ്ങളിൽനിന്നും ഞാൻ അറിയുന്നു. അവർ ക്ലിഞ്ചിയിൽ ഇതിനെപ്പററി പരീക്ഷണങ്ങൾ ചെയ്തുതീർക്കുകയായിട്ടുണ്ട്. ഇതിനുപുറമെ ഇപ്പോൾ തഞ്ചാവൂർ ജില്ലയിലും മററുമുള്ള സ്ഥലങ്ങളിലും പരീക്ഷണങ്ങൾ നടത്തിവരികയാണ്. അവർ ഇതു നന്നായി പരീക്ഷിച്ചുകഴിഞ്ഞാൽ വിജയിക്കുമെന്നും, അവരുടെ പരീക്ഷണം ഫലിച്ചുകഴിഞ്ഞാൽ ഒരു ഗുണം ഉണ്ടാകുന്നതായിരിക്കും. അതിന്റെ ഫലം, കൂടുതൽ ചിലവിന്മേൽ അവർക്ക കയർ ഉണ്ടാക്കുന്നതിനു സാധിക്കുമായിരിക്കാം. എന്നാൽ ഇപ്പോൾ അപ്രകാരം പ്രവർത്തിക്കുന്നതിനു സാധിക്കുകയില്ല. തിരുവിതാംകൂറിലെ കയറിൻെറവില ഇപ്പോഴത്തേക്കാൾ കൂടുന്നപക്ഷം കൂടിയ ചിലവിൽ കയറുണ്ടാക്കുന്നതിനു അവർക്ക സാധിച്ചേക്കും. കുറച്ചുകാലം മുമ്പു മദ്രാസ് ഗവണ്മെൻറ അവരുടെ ശാസ്ത്രജ്ഞനെ ഈ രാജ്യത്തേക്ക അയച്ചിട്ടുണ്ടായിരുന്നു. തേങ്ങായുടെ തൊണ്ട ചീയിച്ച ചകിരി എടുക്കുന്ന സമ്പ്രദായങ്ങളെപ്പററി അന്വേഷണങ്ങൾ നടത്തി. നമ്മുടെ കയറിൻെറ ഗുണം കായലുകളുടെ വെള്ളത്തിൻെറ ഗുണത്തെ ആശ്രയിച്ചിരിക്കുന്നു എന്നു നാം വിശ്വസിച്ചിരുന്നു. എന്നാൽ കയറിൻെറ ഗുണം ഉണ്ടാകുന്നതു വെള്ളത്തിൻെറ ഗുണംകൊണ്ടല്ലെന്നും ചില പ്രകൃതികളുടെ സ്ഥിതിഭേദങ്ങൾ കൊണ്ടാണെന്നും ഉള്ള സൂക്ഷ്മമായ അനുമാനങ്ങൾ ശാസ്ത്രജ്ഞൻ ചെയ്തിരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ സ്ഥലത്തുവച്ചു ഏതെങ്കിലും വിദഗ്ദ്ധൻ ഏതെങ്കിലും പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടോ?

മി. ഐ. സി. ചാക്കൊ (വ്യവസായഡയറക്ടർ): അതിൻെറ ആവശ്യമുണ്ടായിരുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): അന്യദേശക്കാരനായ ഒരു ശാസ്ത്രജ്ഞൻ ഇവിടെ വരികയും അതു കണ്ടുപിടിക്കയുംചെയ്തു. അല്ലെങ്കിൽ,

മി. ഐ. സി. ചാക്കൊ (വ്യവസായഡയറക്ടർ): നമുക്കങ്ങനെ ചെയ്യേണ്ട ആവശ്യമില്ല. ആ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു അവർ പരിശ്രമിച്ചുവരികയാണ്. നമ്മുടെ വ്യവസായം അഭിവൃദ്ധിയിൽതന്നെ ഇരിക്കുന്നു. ഈ കാര്യത്തിൽ നമ്മുടെ ഡിപ്പാർട്ടുമെൻറ എന്തിനു സമയം ചിലവാക്കുന്നു. ഈ രാജ്യത്തെ ഇപ്രകാരമുള്ള സ്ഥിതിയാകെ കൃത്രിമമായി ഉണ്ടാക്കപ്പെടുന്നതാണെന്നു അദ്ദേഹം അനുമാനിച്ചിരിക്കുന്നു. തെങ്ങിൻെറതൊണ്ട അഴുകുന്നതു ഒരുതരം അണുപ്രാണികളുടെ സഹായംകൊണ്ടാണ്. അണുപ്രാണികൾ ജീവിക്കുന്നതിനു തെങ്ങിലയിലുള്ള ശീതോഷ്ണസ്ഥിതി ആവശ്യമാണ്. വെള്ളത്തിനു ചുരുങ്ങിയനിലയിൽ ഒഴുകാൻ സാ

ധിക്കുന്ന ഒരവസ്ഥിതിയും ഇതിനാവശ്യമാണ്. വെള്ളം അധികമായി ഒഴുകിപ്പോകുന്നപക്ഷം തൊണ്ടിന്റെ ശീതോഷ്ണം കുറയുന്നതാണ്. ഈ നിലയിൽ അണുപ്രാണികൾക്കു പ്രവൃത്തിനടത്തുന്നതിനു സാധിക്കയില്ല. എന്നാൽ വെള്ളം വെളിയിലേക്കു ഒഴുകാതിരിക്കുന്നപക്ഷം തൊണ്ടിൽനിന്നു് വെളിയിലേക്കു തള്ളപ്പെടുന്ന ററാനിക്ക ആസിഡ് ചകിരിയുമായി സംയോജിക്കുന്നതും അതിനു കറുപ്പുനിറം നല്കുന്നതുമാകുന്നു. ഇതുവാസ്ഥവമാണോ എന്നു എനിക്കു നിശ്ചയമില്ല. അപ്രകാരം സംഭവിക്കുന്നതു അണുപ്രാണികളുടെ സഹായം കൊണ്ടായിരിക്കയും ശീതോഷ്ണസ്ഥിതി പ്രത്യേകനിലയിൽ വെച്ചുകൊണ്ടിരിക്കാൻ സാധിക്കുകയും അതിനോടുകൂടിത്തന്നെ കിയപ്രത്യേകതാതനുസരിച്ചു ജലപ്രവാഹം അതിൽക്കൂടി നടത്താൻ സാധിക്കുകയും ചെയ്യുന്നപക്ഷം അരഗുണത്തിലുള്ള കയർ ഏതുസ്ഥലത്തും ഉണ്ടാക്കാവുന്നതാണു. കയറിന്റെ ററിലനു കൂട്ടുന്നപക്ഷം കൃത്രിമമായ ഈ സ്ഥിതികൾ ഉണ്ടാക്കുന്നതിനാവശ്യമായ കൂടുതൽ ചിലവു സഹിക്കുന്നതിനു അവർക്കു സാധിക്കുന്നതാണു. അങ്ങനെവരുന്നപക്ഷം നമുടെ കയററിനു യാതൊരു വിലയും ഉണ്ടാകുന്നതല്ല. ഈ കാര്യങ്ങളെ സംബന്ധിച്ചു ഡിപ്പാർട്ടുമെന്റിനു ശരിയായ ബോധം ഉണ്ടെന്നുള്ളതു ഞാൻ ഇവിടെ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു ഈ സഭയിലെ മറുഭാഗത്തുള്ള സാമാജികന്മാർ മനസ്സിലാക്കുമല്ലൊ. ഇന്നുവരെയുള്ള വിവരങ്ങൾ ഡിപ്പാർട്ടുമെന്റിന്റെ അറിവിൽപ്പെട്ടിട്ടുണ്ടു് ഇപ്രകാരമുള്ള എല്ലാവിഷയങ്ങളെ സംബന്ധിച്ചും ഡിപ്പാർട്ടുമെന്റു അന്വേഷിച്ചു അറിഞ്ഞിട്ടുണ്ടു്. ഏതെങ്കിലും കാര്യത്തിൽ അതു് എന്തെങ്കിലും ചെയ്യാതിരിക്കുന്നപക്ഷം അതു അപ്രകാരം ചെയ്യുന്നതിനു സാധിക്കാത്തതുകൊണ്ടാണു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞ ഏതാനും കൊല്ലങ്ങൾക്കിടയിൽ നടത്തീട്ടുള്ള പരീക്ഷണങ്ങൾ തള്ളുന്നപക്ഷം തിരുവിതാംകൂറിൽ ആദായകരമാംവണ്ണം വ്യാപാരം നടത്തത്തക്കവിധത്തിൽ ഏതെങ്കിലും വ്യവസായത്തെ സംബന്ധിച്ചു വിജയകരമായനിലയിൽ വല്ലപരീക്ഷണവും നടത്തിട്ടുണ്ടോ എന്നു പറയുമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ) : ഇവിടെ നടത്താവുന്ന വ്യവസായങ്ങളിൽ ഒന്നു, തമ്പകം ടാനിംഗിനെ സംബന്ധിച്ചു ഒന്നാണെന്നു ഞാൻ പറഞ്ഞിട്ടുണ്ടല്ലൊ.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : സ്ഥാപിതമായ ഒരു സംഗതിയല്ലല്ലോ അതു് അതൊഴിച്ചു മറേറതെങ്കിലും വ്യവസായത്തെ സംബന്ധിച്ചു പരീക്ഷണം നടത്തിയിട്ടുണ്ടോ.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ) : ഞാൻ അതിനെപ്പററി പിന്നീടു പ്രസ്താവിക്കാം.

ഉച്ചയ്ക്കു ൧ അടിച്ചു ൫ മിനിട്ടു ആയപ്പോൾ സഭ ലഘുഭക്ഷണത്തിനായി പിരിയുകയും ൨ അടിച്ചു ൩൫ മിനിട്ടു ആയപ്പോൾ വീണ്ടും കൂടുകയും ചെയ്തു.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ) : സർ, വ്യവസായഡിപ്പാർട്ടുമെന്റിലുള്ള വിദഗ്ദ്ധന്മാർ ചെയ്യുന്ന പ്രവൃത്തികളെപ്പററി ഞാൻ ഇപ്പോൾ പ്രസ്താവിക്കാം. ഈ വിദഗ്ദ്ധന്മാർ ചെയ്യുന്ന ജോലികളെപ്പററി ആക്ഷേപസ്വരത്തിൽ മി. പാച്ചുപിള്ള പ്രസ്താവിച്ചിട്ടുണ്ടു്. വ്യവസായ ഡിപ്പാർട്ടുമെന്റിലുള്ള കെമിസ്റ്റിന്റെ ജോലി ഇലക്ട്രോപ്ലേററിംഗ് നടത്തുകയും അതുപോലെ ഉള്ള മററു ചെറിയ വേലകൾ നടത്തുകയും ആണെന്നു അദ്ദേഹം പറഞ്ഞിരിക്കുന്നു. സർ ഇൻഡസ്ട്രിയൽ കെമിസ്റ്റിന്റെ മേൽനോട്ടത്തിലാണ് ഇലക്ട്രോപ്ലേററിംഗ് നടത്തിവരുന്നതു എന്നുള്ളതു വാസ്തവമാണ്. എന്നാൽ ഈ ഉദ്യോഗസ്ഥൻ ചെയ്യുന്ന ജോലി ഇതുമാത്രമാണെന്നു ഈ സഭ ധരിക്കുന്നതു്. യഥാർത്ഥത്തിൽ എലക്ട്രോപ്ലേററിംഗ് നടത്തുന്നതു് അതിലുള്ള വേലക്കാരാണ്. ശാസ്ത്രീയപരമായി ഏതെങ്കിലും കുഴപ്പം നേരിടുകയും വേലക്കാർക്കു അതു നീക്കുന്നതിനു സാധിക്കാതിരിക്കയും ചെയ്യുന്ന അവസരങ്ങളിൽമാത്രമാണ് ഇൻഡസ്ട്രിയൽ കെമിസ്റ്റിന്റെ സഹായം ആവശ്യപ്പെടുന്നതു. വാസ്തവത്തിൽ ഇലക്ട്രോപ്ലേററിംഗ് നടത്തുന്നതിൽ ഇൻഡസ്ട്രിയൽ കെമിസ്റ്റ് വിനിയോഗിക്കുന്നസമയം ഒരാഴ്ചയിൽ ൫ മിനിട്ടുമാത്രമാണ്. ഇതു യന്ത്രസഹായത്തോടുകൂടി ചെയ്യേണ്ട ഒരു ജോലിയാണ്. യന്ത്രങ്ങൾ ഇണക്കിവെച്ചിട്ടു ജോലിചെയ്യുന്നതിനുള്ള സമ്പ്രദായങ്ങളെ സംബന്ധിച്ചു വേലക്കാർക്കു ഉപദേശം നൽകിട്ടുണ്ടു്. അവർ സാധാരണയായി ഈ ജോലി എളുപ്പത്തിൽ ചെയ്യുന്നു. എന്നാൽ യന്ത്രത്തിനെ സംബന്ധിച്ചോ അതിനായി ഉപയോഗിക്കുന്ന രസപരമായ സാധനങ്ങളെ സംബന്ധിച്ചോ ഏതെങ്കിലും കുഴപ്പം നേരിടുമ്പോൾ ഇൻഡസ്ട്രിയൽ കെമിസ്റ്റിന്റെ സഹായം ആവശ്യപ്പെടുന്നു. അദ്ദേഹം ഉടൻതന്നെ ആ കാര്യത്തിൽ വേണ്ട നിർദ്ദേശം നൽകുന്നു. ദിവസംതോറും പ്രഭാതം മുതൽ നേരംസന്ധ്യ ആകുന്നതുവരെ യന്ത്രത്തിന്റെ സമീപത്തിലിരുന്നു്, ഇൻഡസ്ട്രിയൽകെമിസ്റ്റ് ഇലക്ട്രോപ്ലേററിംഗ് നടത്തുന്നു എന്നു ഈ സഭ വിചാരിക്കാൻ പാടുള്ളതല്ലാ. ഇതിനെക്കാൾ കൂടുതൽ പ്രാധാന്യമുള്ള അന്വേഷണങ്ങൾ നടത്തുന്ന കാര്യത്തിൽ ഇൻഡസ്ട്രിയൽകെമിസ്റ്റ് സാധാരണയായി ഏർപ്പെട്ടിരിക്കയാണ്. സർ, അദ്ദേഹം വളരെ അന്വേഷണങ്ങൾ നടത്തിവരികയാണ്. ഒരുകാര്യത്തെ സംബന്ധിച്ചു അന്വേഷണം പൂർത്തിയാകുമ്പോൾ അതിനെ സംബന്ധിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റിൽനിന്നു ഒരു ലഘുലേഖയായിട്ടും പ്രസിദ്ധം ചെയ്യപ്പെടുന്നു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) : എലക്ട്രോപ്ലേററിംഗിനെ സംബന്ധിച്ചു പരീക്ഷണം എന്തു ഉദ്ദേശത്തോടുകൂടിയാണു വ്യവസായഡിപ്പാർട്ടുമെന്റിൽനിന്നു നടത്തിയിട്ടുള്ളതെന്നു പറയുമൊ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ) : സർ, നിക്കൽപ്ലേററിംഗ് എന്നുപറയുന്ന ജോലി അധികവും വ്യവസായികപരമായി നടത്തേണ്ട ഒരു പ്രവൃത്തിയാകുന്നു. തിരുവിതാംകൂറിൽ വളരെ അധികം വർക്കുഷാപ്പുകൾ ഉണ്ടു്. പൂട്ടുകൾ, പെട്ടിയുടെ പിടികൾ, മുതലായവയും, ഇതുപോലെയുള്ള മററുസാധനങ്ങളും ഉണ്ടാക്കുന്ന വളരെ അധികം ഇരുമ്പുപണിക്കാർ തിരുവിതാംകൂറിലുണ്ടു്. അവരുടെ കൈത്തൊഴിലുകൾമൂലം ഉണ്ടാക്കപ്പെടുന്ന ഉരുപ്പടികളെ നിക്കൽകൊണ്ടു തിരുവിതാംകൂറിൽവെച്ചുതന്നെ എലക്ട്രോപ്ലേററു ചെയ്യുന്ന പക്ഷം, ഈ ഉരുപ്പടികൾക്കു ഇപ്പോൾ ഉള്ളതിൽ കൂടുതൽ വില കിട്ടുമെന്നു കാണുകയുണ്ടായി. ഈ വസ്തുത അവരിൽ ചിലർ എന്നെ അറിയിച്ചിട്ടുള്ളതും ആകുന്നു. ഈ കാര്യത്തിൽ ഈ ജോലി കയ്യേൽക്കുന്നതിനു പലരോടും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ടു. എന്നാൽ കുടിവകയായ യാതൊരാളും മുന്നോട്ടുവന്നു ഈ വ്യവസായം കയ്യേൽക്കുന്നതിനു തയ്യാറായില്ലാ. അതിനാൽ എലക്ട്രോപ്ലേററിംഗ് വ്യവസായത്തിൽ താല്പര്യമുള്ള ആളുകൾക്കു ഈ സംഗതിയിൽ പരിചയം സിദ്ധിക്കുന്നതിനും തനിയെതന്നെ അവർ ഈ വ്യവസായം ആരംഭിക്കുന്നതിനു ഉതകുന്നതിനും, ആയി കരകൗശലശാലയിൽ എലക്ട്രോപ്ലേററിംഗ് നടത്തുന്നതു.

ങ്ങളുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കാവുന്നതാണെന്നു ശിപാർശചെയ്തു. വാസ്തവം പറയുകയാണെങ്കിൽ ഈ വ്യവസായത്തിൽ താല്പര്യമുള്ള ആളുകളുടെ പക്കൽനിന്നു എലക്ട്രോപ്ലേറ്റിംഗിനെപ്പററിയുള്ള അന്വേഷണങ്ങൾ എനിക്കു ലഭിച്ചുവരികയാണ്. പേട്ടയിൽ അധിവസിക്കുന്ന വ്യവസായം നടത്തുന്ന ഒരാൾ എൻെറ അടുക്കൽ വരികയും ഞങ്ങൾ എലക്ട്രോപ്ലേറ്റിംഗ് ചെയ്യുന്നതിനുപയോഗിക്കുന്ന യന്ത്രത്തിൻെറ പ്രവർത്തനത്തെപ്പററിയുള്ള വിവരങ്ങൾ അയാളെ ധരിപ്പിക്കണമെന്നു അപേക്ഷിക്കയും ചെയ്തു. ഈ സംഭവം ഉണ്ടായതു ഇന്നലെ തന്നെയാണ്. അയാളുടെ എന്ത്രംമൂലം പ്രവർത്തനം നടത്തുന്നതിനു പട്ടണത്തിൽ സംഭരിച്ചു നൽകുന്ന വൈദ്യുതശക്തിയെ ഉപയോഗിക്കണമെന്നു വിചാരിക്കുന്നു എന്നു അയാൾ പറയുകയുമുണ്ടായി. അയാൾ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ എല്ലാം ഇതുവരെ അയാൾക്കു ഞാൻ നൽകിയിട്ടില്ല. എന്നാൽ സാവകാശത്തിൽ എൻെറ അടുക്കൽ വരുന്നപക്ഷം എൻെറ ഡിപ്പാർട്ടുമെൻറിൽനിന്നു ലഭിക്കാൻ സാധിക്കുന്ന എല്ലാവിവരങ്ങളും നൽകുന്നതാണെന്നു ഞാൻ അയാളെ ധരിപ്പിച്ചിട്ടുണ്ട്. എലക്ട്രോപ്ലേറ്റിംഗ് എന്ന വ്യവസായം നടത്തുന്നതിനാഗ്രഹിക്കുന്ന മററുപല വ്യവസായികളും പക്ഷേ ഉണ്ടായിരിക്കാം ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിപ്പാർട്ടുമെൻറിൽനിന്നു എലക്ട്രോപ്ലേറ്റിംഗിനെ പററി പരീക്ഷണം നടത്തിഎന്ന് പറഞ്ഞുവല്ലോ. ഈ പരീക്ഷണം വിജയപ്രദമായി പരിണമിച്ചിട്ടുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉണ്ട്. അതു വളരെ വിജയപ്രദമായിട്ടുണ്ട്. ഇതു വളരെ എളുപ്പമുള്ള ഒരു വ്യവസായമാണ്. രസതന്ത്രത്തിൻെറ കേവലം സാമാന്യമായ ഒരു ജ്ഞാനം മാത്രം ഇതിനു മതിയാകും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പരീക്ഷണം വിജയപ്രദമായിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. ഇതിൻെറ ഫലംകൊണ്ടു പ്രയോജനം സിദ്ധിക്കത്തക്കവണ്ണം ആരെങ്കിലും പ്രവൃത്തിച്ചിട്ടുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): പ്രവൃത്തിച്ചിട്ടുണ്ട്. ഞങ്ങളുടെ യന്ത്രസാമഗ്രിയെ ഒട്ടനവധി ആളുകൾ ഉപയോഗിച്ചുവരുന്നുണ്ട്. ഞങ്ങൾ യന്ത്രസാമഗ്രി സ്ഥാപിച്ചിരിക്കുന്ന സ്ഥിതിക്കു നിക്കൽപ്ലേറ്റിംഗ് മാത്രമല്ലാ ചെയ്യാവുന്നതു്.

വെള്ളിയും സ്വർണ്ണവും മററുലോഹങ്ങളും പൂശുന്നതിനു ഞങ്ങൾക്കു കഴിയുന്നതാണ്. ഇതിനായി അനവധി ആളുകൾ ആഡർകൾ അയച്ചിട്ടുണ്ട്. ഈ വ്യവസായത്തിൽ താല്പര്യമുള്ളവരും അതിൻെറ ഗുണം അറിയുന്നവരുമായ ആളുകൾക്കു ഈ വിഷയത്തിൽ വ്യവസായഡിപ്പാർട്ടുമെൻറു ചെയ്തിരിക്കുന്ന പ്രവൃത്തിയുടെ ഫലം പൂർണ്ണമായി സിദ്ധിക്കുന്നതാണ്. ഈ കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല.

സർ, കൂടുതൽ പ്രാധാന്യം വഹിക്കുന്ന കാര്യങ്ങളെപ്പററി പരിശോധനകൾ നടത്തുന്നതിൽ ഇൻഡസ്ട്രിയൽ കെമിസ്റ്റ് ഏർപ്പെട്ടിരിക്കയാണ്. ഇതു ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുള്ളതാണെല്ലോ. എലക്ട്രോപ്ലേറ്റിംഗു നടത്തുന്നതിനു വളരെ കുറച്ചു സമയം മാത്രമേ അദ്ദേഹം ഇതിനായി വിനിയോഗിക്കുന്നുള്ളു. ഇൻഡസ്ട്രിയൽ കെമിസ്റ്റ് ചെയ്യുന്ന ജോലിയുടെ പൂർണ്ണമായ ഒരു വിവരം ഇപ്പോൾ ഇവിടെ പറയുന്നതിനു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഈ സഭയ്ക്കു വളരെ താല്പര്യമുള്ള ഒരു കാര്യത്തെപ്പററി ഞാൻ പറയാം. അതു ഈ സംഗതി അറിയുന്നതിനു സഭയ്ക്കു ഉൽകണ്ഠയുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഏതാനും കാലം മുൻപു താമരക്കുളത്തു ഉപ്പുണ്ടാക്കുന്ന വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന ഒരു മാന്യൻ ഞങ്ങളുടെ അടുത്തുവരികയും തൻെറ പണിയിൽ ഉപ്പുണ്ടാക്കുന്നതിൽ ചില വിഷമതകൾ നേരിട്ടിരിക്കുന്നുഎന്നു പറയുകയും ചെയ്തു. ഉപ്പുവെള്ളത്തിൻെറ സാമ്പിളുകൾ അയക്കുന്നതിനു ഞങ്ങൾ അയാളോടു ആവശ്യപ്പെട്ടു. അയാൾ സാമ്പിളുകൾ അയച്ചുതരികയും ചെയ്തു. ഞങ്ങളുടെ രസതന്ത്രശാലയിൽ ഇവയെ വ്യവച്ഛേദം ചെയ്തുനോക്കുകയും പരീക്ഷണത്തിൻെറ ഫലം അയാളെ അറിയിക്കയും ചെയ്തു. ഇൻഡസ്ട്രിയൽ കെമിസ്റ്റ് തന്നെ പ്രസ്തുതസ്ഥലം സന്ദർശിക്കയും സ്വദിഷ്ടരൂപത്തിൽ സ്ഥമമായവിധം ഉപ്പുണ്ടാക്കുന്നതിനു അവിടെ ചില പരീക്ഷണങ്ങൾ നടത്തുകയുംകൂടെ ചെയ്യുകയുണ്ടായി. അതിൻെറശേഷം ആ മാന്യനെ പിന്നീടു ഞാൻ കാണുകയുണ്ടായില്ല. സർ, ഇന്നുരാവിലെ ഞാൻ ഇവിടെ വന്നപ്പോൾ എൻെറ മേശപ്പുറത്തു ഈ പുസ്തകം കിടക്കുന്നതു യാദൃച്ഛികമായി കണ്ടു. താമരക്കുളത്തുള്ള ശ്രീശങ്കര അളത്തിൻെറ ഉടമസ്ഥനായ മിസ്റ്റർ കൃഷ്ണയ്യർ എഴുതിയിട്ടുള്ള പുസ്തകമാണു ഇതു്. ഈ പുസ്തകം ലഭിക്കുന്നതിനു ഞാൻ ആവശ്യപ്പെട്ടില്ല. യഥാർത്ഥത്തിൽ ഇപ്രകാരം ഒരു പുസ്തകമുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നില്ല. ഇന്നുരാവിലെ അതു എൻെറ മേശപ്പുറത്തു ഇവിടെ ഞാൻ കണ്ടു. അയാൾ താഴെ പറയുംപ്രകാരം എഴുതുന്നു.

"ഇപ്പോൾ തിരുവനന്തപുരത്തു ഒരുപാടു ചിലവുചെയ്തു ഏർപ്പെടുത്തി അതിനെ ശരിയായവിധത്തിൽ നടത്തുന്നതിനു യോഗ്യതയുള്ള ഒരു വിദഗ്ദ്ധനായ കെമിസ്റ്റിനെ നിയമിച്ചു വേണ്ടപോലെ നടത്തിവരുന്നതായ വ്യവസായസംബന്ധമായ രസതന്ത്രശാലയുണ്ടു.

സർ, ഇൻഡസ്ട്രിയൽകെമിസ്റ്റ് എത്രമാത്രം ഉപയോഗപ്രദമായിത്തീർന്നിട്ടുണ്ടെന്നുള്ളതു തൻെറ പരിചയംകൊണ്ടു യഥാർത്ഥത്തിൽ അറിയുന്നതിനു അയാൾക്കു സാധിച്ചിട്ടുണ്ട്. ഈ കാര്യങ്ങളുമായി യാതൊരു സംബന്ധവുമില്ലാത്തവരും ഏതെങ്കിലും വ്യവസായങ്ങൾ നടത്തുന്നതിൽ യാതൊരു താല്പര്യവുമില്ലാത്തവരും അവയെക്കുറിച്ചു എന്തെങ്കിലും അറിയുന്നതിൽ ശ്രമിക്കാത്തവരുമായ ആളുകൾ ഇവിടെ ഹാജരായി വിദഗ്ദ്ധന്മാർ പ്രയോജനകരമായ യാതൊരു വേലയും ചെയ്യുന്നില്ലെന്നു പറയുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): മെമ്പർ ഇപ്പോൾ വായിച്ച പുസ്തകം വ്യവസായഡയറക്ടറെ സംബന്ധിച്ചുള്ളതാണോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അല്ല. അതിൽ ഇൻഡസ്ട്രിയൽകെമിസ്റ്റിനെക്കുറിച്ചാണ് പറയുന്നതു്. പരീക്ഷണങ്ങൾ നടത്തുന്നതിനു എനിക്കു സമയമില്ലാതിരിക്കുന്നു.

സർ, തൻെറ ലഘുലേഖയിൽ മിസ്റ്റർ കൃഷ്ണയ്യർ ഇപ്രകാരം പറയുന്നു.

"അതിനു ഇവ്വിധമായ രസതന്ത്രശാല അട്ടത്തുതന്നെ ഉള്ളഎന്നുള്ളതു ഭാഗ്യമാണ്. അവരെക്കൊണ്ടുതന്നെ ഉപ്പുപടങ്ങളികൾ, ഉപ്പുവെള്ളം, ഉപ്പു ഇവയെ കൂടക്കൂടെ പരിശോധനചെയ്യിച്ചു അതിലുള്ള ഗുണാഗുണങ്ങളെക്കുറിച്ചു അറിവുലഭിയായി കൃഷിനടത്തേണ്ടതിനു ആവശ്യമുള്ള കൂടുതൽവിവരങ്ങൾക്കും വേണ്ട അഭ്യാസങ്ങൾ നടത്തുന്നതിനു ഏർപ്പാടുചെയ്താൽ മതിയാകുന്നതാണ്"

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർ ഏതു പുസ്തകത്തിൽനിന്നാണു വായിക്കുന്നതെന്നു പറയുമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): സർ, ഇന്നു രാവിലെ ഞാൻ ഇവിടെ വന്നപ്പോഴും ഈ പുസ്തകം ഇവിടെയുള്ള എന്റെ മേശപ്പുറത്തു കിടക്കുന്നതു കണ്ടു. ഇതു ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പുസ്തകത്തിന്റെ ഗ്രന്ഥകർത്താവു ആരാണ്? ഡിപ്പാർട്ടുമെന്റുവകയായ ഒരു പ്രസിദ്ധീകരണമാണോ ഇത്?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഡിപ്പാർട്ടുമെന്റുവകയായ ഒരു പ്രസിദ്ധീകരണമല്ല ഇത്.

"അതുകൊണ്ടു തിരുവിതാംകൂറിലുള്ള വ്യവസായസംബന്ധമായ രസതന്ത്രശാലയെ വ്യവസായഡിപ്പാർട്ടുമെന്റിനും എക്സൈസ്ഡിപ്പാർട്ടുമെന്റിനും പൊതുവാക്കണം."

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പുസ്തകത്തിൽ നിന്നു മെമ്പർ ഇവിടെ വായിക്കുന്നതു നടപടിക്രമത്തിനു യോജിച്ചതാണോ എന്നതു ദയവുചെയ്തു പറയുമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുള്ള ഒരു പുസ്തകമാണ് ഇത്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിശ്വസിക്കുന്നതിനു യോഗ്യമായിരിക്കത്തക്കവണ്ണം ചെയ്തിട്ടുള്ള ഒരു പ്രസിദ്ധീകരണമല്ല ഇത്.

അദ്ധ്യക്ഷൻ: അദ്ദേഹം അതിനെപ്പറ്റി സൂചിപ്പിക്കയുണ്ടായി. നിങ്ങളും അതിനെ ഒരു പുസ്തകമായി ഗണിക്കേണ്ട. എന്നാൽ വ്യവസായഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളും പ്രയോജനം സിദ്ധിക്കുന്ന ഒന്നും എഴുതുന്ന ഒരു എഴുത്തുകാരനോ അല്ലെങ്കിൽ മിക്കവാറും ഒരു പ്രസ്താവനയോ ആയി ഗണിക്കാവുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] ഡിപ്പാർട്ടുമെന്റുവക രണ്ടു റിപ്പോർട്ടിലും അതുപോലെ ആസ്ഥാനമാക്കിയുള്ള ഗവണ്മെന്റു ഉത്തരവുകളിലും താഴെ കൊടുത്തിട്ടുള്ളപ്രകാരം നിർദ്ദേശിക്കുന്നു എന്നു ഞാൻ പറയുന്നതു ശരിയാണോ എന്നു മെമ്പർ പറയുമോ?

"ഈ സംസ്ഥാനത്തു ഉണ്ടാകുന്ന [illegible] സംബന്ധിച്ചു ഭൂമിയുടെ [illegible] ജലസംഗ്രഹത്തിന്റെ പരിമാണം എത്രമാത്രമുള്ളതെന്നുപറ്റി [illegible] വ്യക്തമാക്കപ്പെടുത്തണം."

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): "ചെയ്യാൻ" പാടില്ലെന്നോ "ചെയ്യണമെന്നോ" എന്താണു അതിൽ പറഞ്ഞിരിക്കുന്നത്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നടത്തണമെന്നാണ്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതു ശരിയായിരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനുപുറമെ [illegible] രണ്ടു റിപ്പോർട്ടിനെസംബന്ധിച്ചുള്ള ഗവണ്മെന്റുഉത്തരവിൽ താഴെപറയുന്നപ്രകാരം പറഞ്ഞിട്ടില്ലയോ?

"[illegible] ഈ സംസ്ഥാനത്തു ഉണ്ടാകുന്ന പ്രദേശങ്ങളിൽ ഭൂമിക്കടിയിലുള്ള ജലത്തിന്റെ പരിമാണത്തെപ്പറ്റി തിട്ടപ്പെടുത്തിയറിയുന്നതിനു ആവശ്യപ്പെട്ടിരുന്നു. അങ്ങനെ ചെയ്തിട്ടില്ല. ഇതു ഒരു [illegible]. സമയോചിതമായി ഈ സംഗതിയിൽ ഡയറക്ടർ റിപ്പോർട്ടുചെയ്യേണ്ടതാകുന്നു"

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉണ്ട്.

[illegible], ആറു കൊല്ലം ഗവണ്മെന്റിന്റെ [illegible] ഭൂഗർഭശാസ്ത്രജ്ഞന്മാർ ഉണ്ടായിരുന്നു എന്നും അനന്തരം [illegible] ജോലിയിൽനിന്നു പിരിച്ചുവിട്ടുകയും പിന്നീടു മറ്റൊരാളിനെക്കൂടി പിരിച്ചുവിടുകയുംചെയ്തിട്ടുണ്ടെന്നും [illegible] പ്രസ്താവിച്ചു. അദ്ദേഹം ഗവണ്മെന്റിന്റെ ഈ നയത്തെപ്പറ്റി വിമർശനംചെയ്യുകയുണ്ടായി. ഒരു [illegible] ഭൂഗർഭസംബന്ധമായ സർവെ എന്നെന്നേക്കും നിലനിൽക്കത്തക്കവണ്ണം സ്ഥിരമായിചെയ്യേണ്ട ഒന്നാണെന്നു മെമ്പർ വിചാരിക്കുന്നതായിതോന്നുന്നു. മേൽപറഞ്ഞ വസ്തുത മെമ്പർ വിചാരിക്കുന്നതു [illegible].

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ പ്രസംഗത്തിൽ ഞാൻപറഞ്ഞിട്ടുള്ള വസ്തുതകൾ രണ്ടു റിപ്പോർട്ടുകളും അവയെ ആസ്പദമാക്കിയുള്ള ഗവണ്മെന്റുഉത്തരവുകളിലും രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളെ [illegible] ഡിപ്പാർട്ടുമെന്റിന്റെ ചാർജ്വഹിക്കുന്ന പണ്ഡിതനായ മെമ്പർ എന്നോടു ദയവുചെയ്തു [illegible]? ഞാൻ ചെയ്തിട്ടുള്ള പ്രസംഗത്തിൽ അടിസ്ഥാനരഹിതമായ ഏതെങ്കിലുംഭാഗം [illegible] മെമ്പറിനു ദയവുണ്ടാകുമോ?

അദ്ധ്യക്ഷൻ: അദ്ദേഹം നിങ്ങളുടെ പ്രസംഗത്തെ പ്രത്യേകമായനിലയിൽ പരിഗണിച്ചു മറുപടിപറകയല്ല ചെയ്യുന്നതു.

[illegible] നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചു അദ്ദേഹം മറുപടി നൽകുകയാണു ചെയ്യുന്നത്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഈ സംസ്ഥാനത്തെ ഭൂഗർഭശാസ്ത്രസംബന്ധമായ സർവെ പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്. അതിനാൽ ആദ്യം വേണ്ടുണ്ടായിരുന്ന സകല ഉദ്യോഗസ്ഥന്മാരേയും ഡിപ്പാർട്ടുമെന്റിൽവച്ചുകൊള്ളേണ്ട ആവശ്യമില്ലെന്നു കാണപ്പെട്ടു. എന്നാൽ ഭൂഗർഭസംബന്ധമായ അല്പംജോലി ഈ അവസരത്തിലും നടക്കുകയുണ്ട്. ഭൂമിയിൽനിന്നു ലോഹസാധനങ്ങൾ കുഴിച്ചെടുക്കുന്ന കാര്യത്തെ [illegible] ലഭിക്കുന്നതിനു ആളുകൾ അപേക്ഷിക്കുന്നുണ്ട്. ഈ പ്രദേശങ്ങളുടെ അതിർത്തികൾ നിർണ്ണയിച്ചു അടയാളപ്പെടുത്തുകയും സൗജന്യങ്ങൾ ലഭിക്കുന്നതിനു അപേക്ഷിച്ചിട്ടുള്ള പ്രദേശങ്ങളിൽ [illegible] നോക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഇപ്രകാരമുള്ള എല്ലാസംഗതികളിലും എ[illegible] ഗവണ്മെന്റിനെ [illegible] ഉപദേശിക്കേണ്ടിയിരിക്കുന്നു. നിർദ്ദേശിച്ചിട്ടുള്ള സ്ഥലം സന്ദർശിക്കയും സർവെയും ആവശ്യമുള്ള പരിശോധനകളും നടത്തുകയും ചെയ്യുന്നതിനു ഏതാനും സമയമെടുക്കേണ്ടതായിരിക്കുന്നു, അതിനാൽ ഈ

കാര്യത്തിൽ കുറഞ്ഞ കണക്കിനു ഞങ്ങൾക്കു ഏതാനും ജീവനക്കാരുണ്ട്. ഒരു പ്രാസ്പെക്ടറും കുറഞ്ഞ കണക്കിനു ഏതാനും ജീവനക്കാരും ഞങ്ങളുടെ കീഴിലുണ്ട്. എന്റെ നിർദ്ദേശങ്ങൾക്കനുസരണമായി അപർ ഭൂമിയുടെ അടിയിലുള്ള ജലത്തെ സംബന്ധിച്ചു സർവേയും നടത്തുന്ന പ്രാസ്പെക്ടറെ പോലെ ഉള്ള ഒരു ചെറിയ ഉദ്യോഗസ്ഥനെക്കൊണ്ടു ഈ ജോലി നിർവഹിക്കാൻ സാധിക്കുമോ എന്നു ചോദിച്ചേക്കാം. ഈ ചോദ്യം എന്നോടു ഒരിക്കൽ ചോദിച്ചിട്ടുള്ളതായി ഞാൻ വിചാരിക്കുന്നു. അതു ഈ സഭയിൽവച്ചോ മററവസരത്തിലോ എന്നുള്ളതു എനിക്കു ഇപ്പോൾ ഓർമ്മയില്ല. കുറഞ്ഞ കണക്കിനുള്ള ഏതാനും ജീവനക്കാരുടെ സഹായത്തോടുകൂടി ഒരു പ്രാസ്പെക്ടർക്കു ഈ ജോലി നിർവഹിക്കാൻ കഴിയുന്നപക്ഷം ഒരു സ്റ്റേററ് വകയായ ഭൂഗർഭശാസ്ത്രജ്ഞനെ നിയമിച്ചു ഇത്ര വളരെ പണം ഗവർമ്മെൻറു ചിലവാക്കേണ്ട ആവശ്യം എന്താണെന്നു എന്നോടു ചോദിച്ചിട്ടുണ്ട്. ഈ കാര്യത്തിന്റെ യഥാർത്ഥസ്ഥിതി ഇലക്ട്രോപ്ലേററിംഗ് കാര്യത്തിന്റെ സ്ഥിതിപോലെ തന്നെ ആണ്. ഇതു ഞാൻ മുൻപുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ഇപ്രകാരമുള്ള എല്ലാ സംഗതികളിലും യഥാർത്ഥമായ ജോലി ഒരു മെക്കാനിക്കനെയോ ഒരു സർവേയരെയോ കാര്യത്തിൽ പരിശീലനം സമ്പാദിച്ചിട്ടുള്ള ഇപ്രകാരമുള്ള മററാളുകളേയോകൊണ്ടു ചെയ്യിക്കാവുന്നതാണ്. എന്നാൽ ഈ പരിശോധനങ്ങളുടെയും പ്രവർത്തനസമ്പ്രദായങ്ങളുടെയും മൂലതത്വങ്ങളെ മനസ്സിലാക്കീട്ടുള്ള ആളുകളുടെ നിർദ്ദേശം അനുസരിച്ചു അവർ പ്രവൃത്തിചെയ്യേണ്ടതാകുന്നു. സർവേയും അളവുകളും എടുക്കുക എന്നതിനുപുറമേ ഒരു റിപ്പോർട്ടു അയക്കുകയും മാത്രമേ ചെയ്യേണ്ടതായിട്ടുള്ളു. ഈ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന വസ്തുതകളിൽനിന്നു അതിന്റെ അർത്ഥം ഞാൻ അനുമാനിക്കുന്നു. സർവേയരും അയാളുടെ ജീവനക്കാരും വിവരങ്ങൾ ശേഖരിച്ചു എനിക്കു നൽകുകയാണ് ചെയ്യുന്നതു. ജിയോളജിക്കൽ ഡിപ്പാർട്ടുമെൻറിനെ കുറിച്ചു ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു.

പിന്നീടു വ്യവസായഡിപ്പാർട്ടുമെൻറുവക ഭരണറിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളെപ്പററി സൂചിപ്പിക്കയും തുടർച്ചയായ യാതൊരു നയവും ഡിപ്പാർട്ടുമെൻറിൽനിന്നു സ്വീകരിച്ചു വരുന്നില്ലെന്നും അപ്പോഴപ്പോൾ ഓരോ പ്രവൃത്തികൾ നടത്തിവരുന്നു എന്നും അവയെ അപ്രകാരം തന്നെ ഉപേക്ഷിക്കപ്പെടുന്നു എന്നും ചൂണ്ടിക്കാണിക്കയും ചെയ്തു. കൊല്ലത്തു നെടുംകോലത്തുള്ള ചുണ്ണാമ്പുകല്ലിനെപ്പററി നടത്തിയ അന്വേഷണത്തെക്കുറിച്ചു ഒരു ഉദാഹരണമെന്ന നിലയിൽ അദ്ദേഹം സൂചിപ്പിക്കയുണ്ടായി. ഭൂഗർഭശാസ്ത്രസംബന്ധമായി നോക്കുന്നപക്ഷം ഈ ചുണ്ണാമ്പു വളരെ പ്രാധാന്യം വഹിക്കുന്ന ഒന്നാണെന്നു ഈ സഭയെ ഞാൻ അറിയിച്ചുകൊള്ളുന്നു. സർ, ഇതു കേവലം പ്രമാണപരമായ ഒരു സംഗതിയാണ്. വളരെ പ്രായോഗികമായ പ്രയോജനം ഉള്ള ഒന്നല്ല ഇതു എന്നു ഈ സംഗതി ഞാൻ സമ്മതിക്കുന്നുണ്ട്. ഏതാനും കൊല്ലങ്ങൾക്കു മുമ്പ് ഇൻഡ്യയിൽ നടത്തിയ ഭൂഗർഭസംബന്ധമായ സർവേ ജോലിയോടു സംബന്ധിച്ചു തിരുവിതാംകൂറിൽ ഭൂഗർഭസംബന്ധമായ ഒരു പ്രാരംഭസർവേ നടത്തപ്പെട്ടിട്ടുണ്ട്. ആ അവസരത്തിൽ കൊല്ലത്തിനടുത്തു ഏതോ ഒരു സ്ഥലത്തു ചുണ്ണാമ്പുകല്ല് ഉള്ളതായി ഒരു ഭൂഗർഭശാസ്ത്രജ്ഞൻ കണ്ടറിഞ്ഞിട്ടുണ്ട്. അതിന്റെശേഷം ചുണ്ണാമ്പുകല്ലുള്ള പ്രദേശത്തെ കണ്ടുപിടിക്കുന്നതിനു പൊതുമരാമത്തു ഡിപ്പാർട്ടുമെൻറുകാരും മററുള്ളവരും ശ്രമിച്ചിട്ടുണ്ട്. ചുണ്ണാമ്പുകല്ല് ആദ്യം കണ്ടുപിടിച്ച ഭൂഗർഭശാസ്ത്രജ്ഞന്റെ കണ്ടുപിടിത്തം തെററായ ഒന്നാണെന്നു ആദ്യകാലത്തു വിശ്വസിച്ചുപോന്നിരുന്നു. പിന്നീടു പ്രധാനമായ ചുണ്ണാമ്പുകല്ലു കണ്ടുപിടിക്കുന്നതിനു ഞങ്ങൾക്കിടയായി ഇതു തിരുവിതാംകൂറിലെ ഭൂഗർഭത്തിലുള്ള ദ്രവ്യങ്ങളിൽ ഒന്നാണെന്നു കാണുക ഉണ്ടായി. അതിനാൽ തിരുവിതാംകൂറിലെ ഭൂഗർഭത്തിൽ പരപ്പായനിലയിൽ ഉള്ള ധാതുക്കളോടു അപേക്ഷിച്ചു ഇതിന്റെ വ്യാപ്തിയെപ്പററി അറിയേണ്ടതാവശ്യമായിത്തീർന്നു. ഈ കാര്യത്തിൽ ഉടനടി നിർവഹിക്കുവാനുള്ള വ്യവസായപരമായ യാതൊരു ഉദ്ദേശവും ഞങ്ങൾക്കു ഉണ്ടായിരുന്നില്ല. ഇതു കേവലം ഭൂഗർഭസംബന്ധമായ ഒരു പരിശോധന മാത്രമായിരുന്നു. ഇതു കാലക്രമത്തിൽ പ്രയോജനകരമായിത്തീരുമെന്നു ഞങ്ങൾ വിചാരിച്ചു. ഇതിനൊരു ഉദാഹരണം പറയാം. കുറച്ചുകാലം കഴിഞ്ഞു ചുണ്ണാമ്പു എടുക്കുന്ന കക്കായുടെ പരിമാണം കുറഞ്ഞു എന്നു വിചാരിക്കുക. ആ അവസരത്തിൽ ഈ ചുണ്ണാമ്പുകല്ലിനെ നമുക്കു ഉപയോഗിക്കാവുന്നതാണ്. ഇപ്പോൾ വ്യവസായസംബന്ധമായ യാതൊരു പ്രത്യേക ഉപയോഗവും ഇതുകൊണ്ടു ഉണ്ടാകുന്നില്ല. എന്തുകൊണ്ടെന്നാൽ ഈ ചുണ്ണാമ്പു മുകൾഭാഗത്തുനിന്നു ൨൦ അടി താഴെയിൽ സ്ഥിതിചെയ്യുന്നു എന്നുള്ളതാണ്. അതിനാൽ വളരെ പണം ചിലവുചെയ്തു ഭൂമികുഴിച്ചതിന്റെശേഷം ഇതിനെ എടുക്കേണ്ടിയിരിക്കുന്നു. ഈ കാര്യത്തിൽ ഞങ്ങൾ പരിശോധന നടത്തിയിട്ടുള്ളതു തിരുവിതാംകൂറിലുള്ള ചുണ്ണാമ്പുകല്ലിന്റെ വ്യാപ്തിയെപ്പററി നിർണ്ണയിക്കുന്നതിനായിട്ടാകുന്നു. ഈ പരിശോധന നടത്തുന്നതിനു രണ്ടു മൂന്നു സ്ഥലങ്ങളിൽ ദ്വാരങ്ങൾ ഉണ്ടാക്കുക മാത്രമാണ് ഞങ്ങൾ ചെയ്തിട്ടുള്ളതു. ഇപ്രകാരം ദ്വാരങ്ങൾ ഉണ്ടാക്കി എല്ലാ അവസരങ്ങളിലും ചുണ്ണാമ്പുകല്ലിന്റെ നിരയുണ്ടെന്നു കണ്ടറിഞ്ഞിരിക്കുന്ന ഭാവികാലത്തെ ഉപയോഗത്തിനായി ഞങ്ങളുടെ റിപ്പോർട്ടിൽ ഈ വിവരത്തെപ്പററി പ്രസ്താവിച്ചിട്ടുണ്ട്. ആവശ്യമെന്നു തോന്നുന്ന അവസരത്തിൽ നമുക്കു അവയെ ഉപയോഗിക്കാവുന്നതാണ്. ഈ പരിശോധന പൂർത്തിയായിട്ടുണ്ട്. ഈ കാര്യത്തിൽ ഞങ്ങൾക്കു കൂടുതലായി യാതൊന്നും പ്രവർത്തിക്കുവാനില്ല. ഞങ്ങൾ ഭൂമി കുഴിച്ചുകഴിച്ചു നോക്കുന്നു എന്നു മി. കെ. പി. നീലകണ്ഠപ്പിള്ള സൂചിപ്പിക്കയും—

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്രകാരം ഭൂമികുഴിച്ചു പരിശോധനം നടത്തിയതിൽ കിട്ടിയ ഫലമായിട്ടാണോ കൊല്ലം മുതൽ നെടുംകോലം വരെയുള്ള പ്രദേശങ്ങളിൽ ചുണ്ണാമ്പു കല്ലിന്റെ തട്ട് ഉണ്ടെന്നു ആദ്യമായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതു?

മി. കെ. എം. സി. ചാക്കോ (വ്യവസായഡയറക്ടർ): അതെ; ഭൂമി തുരക്കുന്നതിനുള്ള യന്ത്രം ഉണ്ടായിരുന്നില്ലെങ്കിൽ പരീക്ഷണമോ പരിശോധനയോ നടത്തുന്നതിനു വളരെ ചെലവു വരുമായിരുന്നു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ചുണ്ണാമ്പു കല്ലിന്റെ തട്ട് കണ്ടുപിടിക്കുന്ന വിഷയത്തിൽ ഭൂമി തുരക്കുന്നതിനുള്ള യന്ത്രത്തെ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്നു വ്യവസായഡയറക്ടരോടു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉണ്ട്; അതിനെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഒരു കണ്ടുപിടിത്തം എന്നു അതിനെപ്പററി പറയാൻ പാടില്ല. വളരെക്കാലം മുൻപ് ചെയ്തിട്ടുള്ള കണ്ടുപിടിത്തത്തെപ്പററി തെളിയിക്കുന്നതിനായിട്ടാകുന്നു ഈ പരിശോധനകൾ നടത്തിയിട്ടുള്ളത്. ചില സ്ഥലങ്ങളിൽ ചുണ്ണാമ്പുകല്ലു ഉണ്ടെന്നു അറിഞ്ഞിട്ടുണ്ട്. ഇതു വാസ്തവമാണോ എന്നുള്ളതു തെളിയിക്കുന്നതിനായിട്ടാകുന്നു മേൽ പറഞ്ഞപ്രകാരം ഭൂമികുഴിച്ചു നോക്കിയിട്ടുള്ളത്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ചുണ്ണാമ്പുകല്ലു ഉണ്ടെന്നുള്ള വിവരം ആദ്യമായി കണ്ടുപിടിച്ചതു ഏതു അവസരത്തിലാണ്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതു പറയുന്നതിനു എനിക്കു സാധിക്കയില്ല. പല കൊല്ലങ്ങൾക്കു മുൻപാണു അതു നടന്നിട്ടുള്ളത്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഭൂമി കുഴിച്ചുനോക്കുന്നതിനുള്ള യന്ത്രം ഇവിടെ വരുത്തിയതു എപ്പോഴാണ്?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഇപ്രകാരമുള്ള എല്ലാ സംഗതികളെസംബന്ധിച്ചു കൃത്യമായ വിവരങ്ങളും അവയെക്കുറിച്ചുള്ള തീയതികളും ഇപ്പോൾ എനിക്കു ഓർമ്മയില്ല. വ്യവസായഡിപ്പാർട്ടുമെൻറിലെ റിക്കാർട്ടുകളിൽനിന്നു സാമാജികനു ഈ വിവരങ്ങൾ ലഭിക്കാൻ സാധിക്കുന്നതാണ്.

പിന്നീടു മിസ്റ്റർ നീലകണ്ഠപ്പിള്ള ലേസുവ്യവസായം നടത്തുന്നതിനെപ്പററി പ്രസ്താവിക്കയുണ്ടായി. തിരുവിതാംകൂറിൽ നെയ്തുവരുന്ന ലേസ് വിററഴിക്കുന്നതിനു യോജിച്ച കമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിനു ഡിപ്പാർട്ടുമെൻറിനു സാധിച്ചിട്ടില്ലെന്നും, പ്രസ്തുത വിഷയത്തിൽ വ്യവസായഡിപ്പാർട്ടുമെൻറു നടത്തിയിട്ടുള്ള അന്വേഷണങ്ങൾ എല്ലാം പ്രയോജനശൂന്യമായി കലാശിച്ചിട്ടുണ്ടെന്നും അദ്ദേഹം തുടർന്നു പ്രസ്താവിച്ചു. സർ, ഡിപ്പാർട്ടുമെൻറു എന്താണ് ചെയ്യേണ്ടത്? വ്യവസായഡിപ്പാർട്ടുമെൻറു യൂറോപ്പിലുള്ള എല്ലാ രാജ്യങ്ങളിലും ഈ ലോകത്തിലുള്ള എല്ലാ സ്ഥലങ്ങളിലും ഈ കാര്യത്തിൽ അന്വേഷണം നടത്തീട്ടുണ്ട്. അവിടെ യാതൊരിടത്തും ലേസിൻറെ ആവശ്യമുണ്ടെന്നു കണ്ടുപിടിക്കുന്നതിനു ഡിപ്പാർട്ടുമെൻറിനു സാധിച്ചിട്ടില്ല. ആ രാജ്യക്കാർ എല്ലാം ലേസിനു വളരെ കൂടുതലായ ചുങ്കം ചുമത്തിട്ടുണ്ട്. ഇംഗ്ലണ്ടിൽ നൂറു ശതമാനം തീരുവയാണ് ചുമത്തിയിട്ടുള്ളത്. ഫ്രാൻസുകാർ അവരുടെ രാജ്യത്തിലേക്കു വിദേശത്തുണ്ടാക്കപ്പെടുന്ന ലേസു ഒരിക്കലും പ്രവേശിപ്പിക്കയില്ല. ഇററലിയിലെ സ്ഥിതിയും ഇതിനോടു തുല്യമായിട്ടുള്ളതുതന്നെയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇംഗ്ലണ്ടും മററു രാജ്യങ്ങളുമായി നടത്തിയ എഴുത്തുകുത്തുകളിൽനിന്നു ആ രാജ്യങ്ങളിൽ ലേസിനെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്കു പ്രിയമുണ്ടെന്നുള്ളതു അറിയുന്നതിനു ഡയറക്ടർക്കു സാധിച്ചിട്ടുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഇംഗ്ലണ്ടിൽ ലേസിനു പ്രിയമുള്ള കാലമുണ്ടായിരുന്നു. ഇംഗ്ലണ്ടിൽ ജനങ്ങൾ ലേസു ധാരാളം ഉപയോഗിച്ചുവരുന്നുണ്ട്. ഈ വസ്തുത എനിക്കു ബോദ്ധ്യമായിട്ടുള്ളതാണ്. ഇംഗ്ലണ്ടിലുള്ള ഡവലപ്പ്മെൻറു കമ്മീഷണർമാരും മററുള്ളവരും അയക്കുന്ന റിപ്പോർട്ടുകൾ ഞാൻ വായിക്കാറുണ്ട്. അവിടെ ഈ വിഷയത്തെസംബന്ധിച്ച സംഗതികൾ ഏതുവിധത്തിലിരിക്കുന്നു എന്നുള്ളതു എനിക്കറിവുള്ളതാണ്.

അദ്ധ്യക്ഷൻ: മിസ്റ്റർ ചാക്കോ, നിങ്ങൾ ഇപ്പോൾ വളരെ അധികം സമയം ഈ കാര്യത്തിൽ വിനിയോഗിച്ചുകഴിഞ്ഞിരിക്കുന്നു. അതിനാൽ നിങ്ങളുടെ പ്രസംഗം അവസാനിപ്പിക്കുന്നതിനു ഇനി [illegible]ണ്ടതാണ്.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): സർ, ലേസു വിററഴിക്കുന്നതിനു കണ്ടുപിടിക്കുന്ന വിഷയത്തിൽ പരാജയം സംഭവിച്ചുഎന്നു സൂചിപ്പിച്ചുവല്ലോ. തിരുവിതാംകൂറിൽ ലേസുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങൾ ഈ വിഷയത്തിൽ സൂക്ഷ്മതയോടുകൂടി പ്രവർത്തിക്കണമെന്നും അവർക്കു മുന്നറിവുകൊടുക്കുന്നതിനുമാത്രമായിട്ടാണ് ഞാൻ മേല്പറഞ്ഞപ്രകാരം പ്രസ്താവിച്ചിട്ടുള്ളത്. ഈ കാര്യത്തെസംബന്ധിച്ചു എനിക്കു കൂടുതലായി യാതൊന്നും പ്രസ്താവിക്കാനില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): തുകൽവ്യവസായം നടത്തുന്നതിനെയും തുകൽ വില്ക്കുന്നതിനെയും സംബന്ധിച്ചിടത്തോളം ഞാൻ ഇവിടെ പ്രസ്താവിച്ചിട്ടുള്ള കണക്കുകളുടെ കാര്യത്തിൽ ഡയറക്ടർ യാതൊരു മറുപടിയും പറഞ്ഞിട്ടില്ല.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അതിനെ സംബന്ധിച്ചു മറുപടിപറയുന്നതിനു ഞാൻ വിട്ടുപോയതാണ്. അതിൽ എനിക്കു വല്ലായ്മ ഉണ്ട്. ഈ വിഷയത്തെപ്പററി വിശദമായി പറയാമെന്നു ഞാൻ വാഗ്ദാനംചെയ്തിട്ടുണ്ടായിരുന്നല്ലോ. ഈ കാര്യത്തിനു ആസ്പദമായ കണക്കുകളെപ്പററി കൃത്യമായി പറയുന്നതിനു എനിക്കു ഇപ്പോൾ സാധിക്കയില്ല. എന്നാൽ ഈ വിഷയത്തിൽ എൻറെ സ്വന്തം അഭിപ്രായങ്ങളെപ്പററി ഞാൻ ഈ സഭയിൽ പ്രസ്താവിക്കാം. ഏതാനും ആഴ്ചകൾക്കുമുമ്പു മാത്രമാണ് ഞാൻ തുകൽവ്യവസായശാല സന്ദർശിച്ചത്. അവിടെ ഏകദേശം ൩൦൦൦ രൂപ വിലക്കുള്ള തുകൽ സ്റ്റാക്കിലുള്ളതായി കണ്ടു. തുകൽവ്യവസായശാലയിലെ സ്റ്റാക്കിൽ ആകെ ഉണ്ടായിരുന്ന തുകൽ ഇത്രമാത്രമാണ്. സാധാരണയായി തുകൽവ്യവസായശാലയിൽ ഉണ്ടാക്കിവരുന്ന തുകലെല്ലാം സ്ഥലത്തുള്ള ചെരുപ്പുകുത്തികളും തുകൽവേലക്കാരും വിലക്കുവാങ്ങിവരികയാണ് ചെയ്യുന്നത്. വ്യവസായശാലയിലെ സ്റ്റാക്കിൽ ഇത്രവളരെ തുകൽ വച്ചുകൊണ്ടിരിക്കുന്നതു എന്താവശ്യത്തിനാണെന്നു വ്യവസായശാലയുടെ ചാർജ്ജു വഹിക്കുന്ന ഉദ്യോഗസ്ഥനോടു ഞാൻ ചോദിച്ചു. ഏതാനും കൊല്ലങ്ങൾക്കുമുമ്പാണു ഈ സ്റ്റാക്കു ഉണ്ടാക്കപ്പെട്ടിട്ടുള്ളതെന്നു മനസ്സിലാക്കുന്നതിനു എനിക്കു സാധിച്ചു. സ്ഥലത്തുള്ള കമ്പോളത്തിൻറെ യഥാർത്ഥആവശ്യങ്ങൾ അറിയുന്നതിനു സാധിക്കാതിരുന്ന മുൻകാലത്താണു ഇവ ഉണ്ടാക്കപ്പെട്ടതു എന്നുള്ളതും എനിക്കു ആ അവസരത്തിൽ അറിയുന്നതിനു സാധിച്ചു. ഇതിനുപുറമെ, പരീക്ഷണത്തിനുമാത്രമായി തുകൽവ്യവസായശാലക്കാർ ചില പ്രത്യേകതരത്തിലുള്ള തുകലും ഉണ്ടാക്കിവന്നു, എന്നാൽ അപ്രകാരമുള്ള സാധനത്തിനു സ്ഥലത്തു പ്രിയമോ ആവശ്യമോ ഉണ്ടായിരുന്നില്ല. ഈ പ്രകാരമുള്ള തുകൽ വളരെ കുറച്ചുമാത്രമേ ഉള്ളു. അതിനാൽ അതിനെ ലാഭംകിട്ടത്തക്കവിധത്തിൽ വിദേശങ്ങളിലേക്കു കയററുമതിചെയ്യുന്നതിനു സാധിക്കുന്നതല്ല. കഴിയുന്നതുവേഗത്തിൽ സ്റ്റാക്കിലുള്ള തുകലിനെ വിററഴിക്കുന്നതിനു തുകൽവ്യവസായശാലക്കാരോടു ഞാൻ ആവശ്യപ്പെട്ടിരിക്കയാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ൧൧൦൭-ാമാണ്ടു തുകൽവ്യവസായശാലക്കാർ ൨൨൦൦ രൂപയിൽ കൂടുതൽ വിലയ്ക്കുള്ള തുകൽ ഉണ്ടാക്കീട്ടുണ്ട്. എന്നാൽ ഇതിൽനിന്നു ൧൨൦൦ രൂപയോളം വിലവരുന്ന തുകൽമാത്രമേ വില്ക്കുന്നതിനു അവക്കു സാധിച്ചിട്ടുള്ളു. ൧൧൦൮-ൽ വ്യവസായശാലക്കാർ ൨൯൦൦ രൂപയിൽ കൂടുതലുള്ള തുകൽ ഉണ്ടാക്കീട്ടുണ്ട്. എന്നാൽ ഇതിൽനിന്നു ൧൯൦൦ രൂപയോളം വിലയ്ക്കുള്ള തുകൽമാത്രമേ വില്ക്കുന്നതിനു അവക്കു സാധിച്ചിട്ടുള്ളു. ഈ വിവരങ്ങളിലേക്കു ഞാൻ മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. കൂടാതെ ൧൧൦൯-ാമാണ്ടിനെ സംബന്ധിച്ചേടത്തോളം കണക്കുകൾ വ്യക്തമായിരിക്കുന്നില്ല. ജനങ്ങൾ ആവശ്യപ്പെടാവുന്ന തുകലിന്റെ തോതിനെസംബന്ധിച്ചു ശരിയായ വിധത്തിൽ കണക്കാക്കാതിരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നുള്ളതു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അതിനു ഉത്തരംപറയുന്നതിനു എനിക്കു ഇപ്പോൾ സാധിക്കയില്ല. അടുത്തകാലത്തു തുകൽവ്യവസായശാല പരിശോധിച്ച അവസരത്തിൽ ഏകദേശം ൩൧൦൦ രൂപ വിലയ്ക്കുള്ള തുകൽ സ്റ്റാക്കിൽകിടക്കുന്നതായി കാണുന്നതിനു എനിക്കിടയായി. അപ്രകാരമാണ് ഞാൻ പറഞ്ഞിട്ടുള്ളതു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): യാതൊരു തരക്കേടും സംഭവിക്കാതിരിക്കത്തക്കവിധം പ്രസ്തുത തുകൽ എത്രകാലം അവിടെ കിടക്കുമെന്നാണു നാം വിചാരിക്കേണ്ടതു്.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അതുകൊണ്ടാണ് കഴിയുന്നവേഗത്തിൽ അവയെ ചിലവാക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നതു്. ഈ കാരണത്താലാണ് ഈ തുകലിനെ ചിലവാക്കുന്ന വിഷയത്തിൽ ധൃതഗതിയിൽ ഞാൻ പ്രവത്തിച്ചുവരുന്നതു.

മി. മാത്യുമുരിക്കൻ (വൈക്കം): സർ, ഇപ്പോൾ ഈ സഭയിൽ വാദപ്രതിവാദത്തിലിരിക്കുന്ന ഉപക്ഷേപത്തെസംബന്ധിച്ചു അനുകൂലിക്കുന്നതിനായി ഞാൻ എഴുന്നേറ്റുകൊള്ളുന്നു. പ്രാരംഭത്തിൽതന്നെ ഈ വാദപ്രതിവാദത്തിൽ ഇടപെടണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്നാൽ ഈ വാദപ്രതിവാദത്തിനു ആസ്പദമായ വിഷയത്തെപ്പററി ഞാനും രണ്ടുവാക്കു പറയുന്നതു ആശാസ്യകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. സർ, ഈ ഉപക്ഷേപം ഈ സഭയിൽ അവതരിപ്പിച്ച സാമാജികന്റെ ഉദ്ദേശം വ്യവസായഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച കാര്യങ്ങളിൽ കൂടുതലായി ശ്രദ്ധ പതിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഗവമ്മെന്റിനെ ധരിപ്പിക്കണമെന്നുള്ളതാണ്. ഈ സംഗതിയിലുള്ള എന്റെ അഭിപ്രായം ഇത്രമാത്രമാണ്. ഡിപ്പാർട്ടുമെന്റു നിർവഹിക്കുന്ന സംഗതികളെ സംബന്ധിച്ചു നിസ്സാരമായ തരത്തിൽ ഗണിക്കുന്നതിനു ആരെങ്കിലും ഇറങ്ങിത്തിരിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവമ്മെന്റു ഏർപ്പെടുത്തിയിട്ടുള്ള വ്യവസായ ഡിപ്പാർട്ടുമെന്റിനെ പരിഷ്കരിക്കണമെന്നുള്ളതു ന്യായമായിട്ടുള്ള ഒരു അപേക്ഷ മാത്രമാണ്. ഉപക്ഷേപം ഇവിടെ ഹാജരാക്കീട്ടുള്ള സാമാജികന്റെയും ഉപക്ഷേപത്തെ അനുകൂലിച്ച മറ്റെല്ലാ സാമാജികന്മാരുടേയും മനോഭാവത്തെപ്പററി ആരെങ്കിലും തെററിദ്ധരിച്ചിട്ടുള്ളപക്ഷം അതു അവരുടെ കുററം മാത്രമാണ്. കേവലം തെററിദ്ധാരണ എന്ന നിലയിൽ കാണിക്കുന്നതിനുള്ള യോഗ്യത മാത്രമേ അതിനുള്ളു. (ഹീയർ ഹീയർ)

അദ്ധ്യക്ഷൻ: ഇക്കാര്യത്തിൽ സമാധാനം പറയേണ്ടതു നിങ്ങളല്ല. അതിൽ സംബന്ധപ്പെട്ട ആളുകളാണ് അപ്രകാരമുള്ള സമാധാനങ്ങൾ ഈ കാര്യത്തിൽ പറയേണ്ടതു്.

മി. മാത്യുമുരിക്കൻ (വൈക്കം): അനേകം ബഹുമാന്യസാമാജികന്മാരുടെ പ്രസംഗത്തിൽനിന്നും എനിയ്ക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു ഈവിധത്തിലാണ്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും): സർ, കാര്യത്തിന്റെ സ്ഥിതി അപ്രകാരമല്ല.

മി. മാത്യു മുരിക്കൻ (വൈക്കം): സർ, എന്റെ സ്നേഹിതന്മാരിൽ ഏതാനംപേർ എന്നെ ധരിപ്പിച്ചിട്ടുള്ളതു ഈ വിധത്തിലാണ്.

വ്യവസായഡിപ്പാർട്ടുമെന്റു നിർവഹിക്കേണ്ട സംഗതികളെ സംബന്ധിച്ചു വിദ്വാനായ ഡയറക്ടർ വളരെ വ്യക്തമായ വിധത്തിൽ ഇവിടെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഡിപ്പാർട്ടുമെന്റുവകയായിട്ടുള്ള വ്യവസായശാലകൾ നടത്താതിരിക്കുന്നതിനു അദ്ദേഹത്തെ കുററപ്പെടുത്തേണ്ട ആവശ്യമില്ലെന്നു പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ ഇപ്രകാരമുള്ള വ്യവസായശാലകൾ നടത്തണമെന്നുള്ളതു ഈ ഡിപ്പാർട്ടുമെന്റു നിർവഹിക്കേണ്ട കൃത്യങ്ങളിൽ ഉൾപ്പെട്ടതില്ല; ഈ വിധത്തിലുള്ള വ്യവസായസ്ഥാപനങ്ങൾ നടത്തുന്നതായാൽ അവ കുടികൾ നടത്തുന്ന വ്യവസായപ്രവത്തനങ്ങളുമായി മല്ലിടുന്നതിനിടയാകുന്നതാണ്. മേൽപറഞ്ഞതിനുള്ള കാരണം ഇതാണ്. അതിനാൽ ഇപ്രകാരമുള്ള വ്യവസായശാലകൾ നടത്താതിരിക്കുന്നതിനു ഈ ഡിപ്പാർട്ടുമെന്റിനെ കുററപ്പെടുത്താൻ പാടുള്ളതല്ല.

എന്നാൽ മറെറാരു കാര്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് മുഖ്യമായി ഇവിടെ വിമർശനം നടത്തപ്പെട്ടതു്. ഇവിടെ നടത്തിയിട്ടുള്ള വിമർശനം സന്ദർഭത്തിനു യോജിച്ചതാണോ അല്ലയോ എന്നുള്ളതു എനിക്കറിയാൻ പാടില്ല. എന്നാൽ അതിനെപ്പററി അല്പം പ്രസ്താവിക്കേണ്ടതാവശ്യമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. സർ, ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തിയ ചില പരീക്ഷണങ്ങൾ പരാജയത്തിൽ അവസാനിച്ചുവെന്നു ഇവിടെ പ്രസ്താവിക്കയുണ്ടായി. സർ, രണ്ടുഭാഗത്തെ സംബന്ധിച്ചും ധാരാളം സംഗതികൾ പറയാവുന്നതാണ്. പരീക്ഷണങ്ങൾ വിജയപ്രദമാകാതിരിക്കുന്നതിനുള്ള കാരണം അവ കേവലം പരീക്ഷണങ്ങൾ മാത്രം ആകയാൽ ആണ്. അതിനാൽ വിജയം നിശ്ചയമായിട്ടും സംഭവിക്കുമെന്നു നമുക്കു വിചാരിക്കാൻ നിവൃത്തിയില്ല. ഏതാനും ചില പരീക്ഷണങ്ങൾ നമുക്കു വിജയപ്രദമായിത്തീർന്നിട്ടുള്ളതും അവയെ സംബന്ധിച്ച ഫലങ്ങൾ ഡിപ്പാർട്ടുമെന്റിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ആകുന്നു. ഇവയുടെ കാര്യങ്ങളിൽ താല്പര്യം പ്രദർശിപ്പിക്കുന്ന ആളുകൾക്കു ഡിപ്പാർട്ടുമെന്റു ഉപദേശം നൽകിവരികയും ചെയ്യുന്നുണ്ട്. ഈ സംഗതികൾ മി. ചാക്കോ ഇവിടെ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. ഡിപ്പാർട്ടുമെന്റു നടത്തിയിട്ടുള്ളതും വിജയപ്രദമായിത്തീർന്നിട്ടുള്ളതും ആയ പരീക്ഷണങ്ങളുടെ ഫലമായി വ്യവസായപരമായ നിലയിൽ ഉപയോഗപ്രദമെന്നു കണ്ടിരിക്കുന്ന വിളവുകൾ വിററഴിക്കുന്നതിനു കമ്പോളങ്ങൾ കണ്ടുപിടിക്കുന്ന കാര്യത്തിലും ഡിപ്പാർട്ടുമെന്റു പ്രവത്തിച്ചുവരുന്നുണ്ട്. ഈ വിഷയത്തിൽ മേൽ പറഞ്ഞതിൽ കൂടുതലായി ഡിപ്പാർട്ടുമെന്റു പ്രവത്തിക്കണമെന്നു നമുക്കു ആശിക്കാൻ പാടില്ലാത്തതാകുന്നു.

സർ, പ്രസ്തുത ഡിപ്പാർട്ടുമെൻറിൻെറ ആവശ്യത്തിലേയ്ക്കു് വേണ്ടിടത്തോളം പണം ആയവ്യയഗണനപട്ടികയിൽ കൊള്ളിച്ചു വരുന്നില്ലെന്നും മേൽപ്പറ്റി പട്ടികയിൽ പണം കൂടുതലായി കൊള്ളിക്കേണ്ട ആവശ്യകതയെ സംബന്ധിച്ചു ഗവമെൻറിനു ഉപദേശം നൽകേണ്ടതു ഡയറക്ടരുടെ കർത്തവ്യമാണെന്നും ഉള്ള സംഗതികൾ ആണു് പിന്നീടു ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു. സർ, ഗവമെൻറുവകയായിട്ടുള്ള വ്യവസായശാലകൾ നടത്താതിരിക്കുന്നതിനു ഞാൻ ഡയറക്ടരെ കുറ്റക്കാരനാക്കുന്നില്ല. ഇതു ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുള്ള സംഗതിയാണല്ലോ. എന്നാൽ ഈ രാജ്യത്തിൽ മൂലധനം കൈവശത്തിലുള്ള ആളുകൾക്കു കൂടുതൽ പ്രോത്സാഹനം നൽകുന്നതിനു അദ്ദേഹം ഗവമെൻറിനെ ഉപദേശിക്കേണ്ടതായിരുന്നു എന്നാണു് എൻെറ അഭിപ്രായം. സർ, ജനങ്ങൾ മൂലധനം വിനിയോഗിക്കേണ്ട കാര്യത്തിൽ അലസത കാണിക്കുന്നു എന്നും അതുകൊണ്ടാണു് ജനങ്ങൾ വ്യവസായികപരിശ്രമങ്ങളിൽ ഏർപ്പെടുന്നില്ലെന്നു മി. ചാക്കോ ഇവിടെ വിസ്തരമായി പ്രസ്താവിച്ചു. സർ, വ്യവസായങ്ങൾ നടത്തുന്നതിനു മൂലധനം മുടക്കുന്ന കാര്യത്തിൽ ജനങ്ങൾ പ്രദർശിപ്പിച്ചുവരുന്ന ഭയം വ്യവസായ പരിശ്രമങ്ങളിൽ ഏർപ്പെടുന്നതിനു അവർ പ്രത്യക്ഷപ്പെടുത്തുന്ന ഉദാസീനതയുടെ മനോഭാവം അത്രെ. ഇപ്രകാരം ആണെന്നു ഞാൻ വിചാരിക്കുന്നതു വ്യവസായപരിശ്രമകാര്യങ്ങളിൽ ജനങ്ങൾ കാണിച്ചുവരുന്ന ഉദാസീനത. മൂലധനം മുടക്കുന്ന കാര്യത്തിലുള്ള അവജ്ഞയുടെ മറെറാരു അവസ്ഥാന്തരമാണു്. ഇവയിൽ ഓരോകാര്യവും നിർവഹിക്കാതിരിക്കുന്നതിനുള്ള കാരണം മറെറാരു സംഗതിയുടെ സ്ഥിതിയാണു്. വ്യവസായിക ഉദ്യമങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള മനസ്സ് ജനങ്ങൾക്കില്ലാതിരിക്കുന്നു. അതിനാൽ അവരുടെ മൂലധനം മുടക്കപ്പെടാതെ അതു മറവിൽതന്നെ ഇരുന്നുപോകുന്നു. മൂലധനം വ്യവസായങ്ങൾക്കു മുടക്കാതെ മറവിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അതു വ്യവസായപരിശ്രമം ചെയ്യുന്നതിനു ജനങ്ങൾക്കു മനസ്സില്ലാതിരിക്കുന്നു. ഈ ന്യൂനതയെ പരിഹരിക്കുന്നതിനുള്ള എൻെറ നിർദ്ദേശം ഇപ്രകാരമാണു്. വ്യവസായശാലകൾ നടത്തുന്നതിനു വിശ്വസിച്ചു മുന്നോട്ടിറങ്ങി പ്രവർത്തിക്കുന്നവരും ധാരാളം മൂലധനം കൈവശമുള്ളവരും ആയ ആളുകളെ ഗവമെൻറു സഹായിക്കണം. ഇതിനും പുറമെ ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിയിട്ടുള്ള വിജയപ്രദമായ പരീക്ഷണങ്ങൾ അനുസരിച്ചു ഗുണകരമായവിധത്തിൽ പ്രവർത്തിക്കുന്നതിനു മുന്നോട്ടിറങ്ങുന്ന മേൽ പറഞ്ഞ തരത്തിലുള്ള ആളുകൾക്കു ഗവമെൻറു സഹായം പ്രദാനം ചെയ്യേണ്ടതാണു്. സർ, ആലപ്പുഴ നമുക്കു സർക്കാർ സഹായധനബാങ്ക് എന്ന ഒരു ബാങ്കുണ്ടല്ലോ. പ്രസ്തുത ബാങ്കിൻെറ പ്രവർത്തനത്തെ പരിഷ്കരിക്കണമെന്നുള്ള സംഗതി നിർദ്ദേശിക്കുന്നതിലേക്കായിട്ടു യോജിച്ച അവസരം ഇതുതന്നെയെന്നു ഞാൻ വിചാരിക്കുന്നു. അനുഭവസ്ഥന്മാരായ പൊതുജനങ്ങൾ ചെയ്തിട്ടുള്ള നിർദ്ദേശങ്ങളുടെ ഫലമായിട്ടാണു് ഈ ബാങ്ക് ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതു. സർ, ഈ ബാങ്കുകൊണ്ടു പൊതുജനങ്ങൾക്കു യാതൊരു പ്രയോജനവും സിദ്ധിക്കുന്നില്ല. ഇപ്രകാരം പറയുന്നതിനു കാരണമായതിൽ എനിക്കു വളരെ വ്യസനമുണ്ടു. ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തനം നടത്തിവരുന്നതിനെപ്പറ്റി ചിന്തിക്കുന്നപക്ഷം അധികം പരമാർത്ഥത്തിൽ ബാങ്കർമാരുടെ ഒരു ബാങ്കായി കരുതേണ്ടതാണു്. ഈ സംഗതിയിൽ ഉൽക്കണ്ഠയോടുകൂടിയിരിക്കുന്ന ഗവമെൻറിൻെറ ശ്രദ്ധയെ ക്ഷണിക്കേണ്ടതാണു്. ഈ ബാങ്കിൽനിന്നും സഹായം അർത്ഥിക്കുന്ന വ്യവസായങ്ങൾ നടത്തുന്ന ആളുകൾക്കു അവരുടെ ആവശ്യങ്ങൾക്കനുസരണമായവിധത്തിൽ സഹായം ലഭിച്ചുവരുന്നില്ല. പലിശക്കൂടാതെ ഏകദേശം [illegible] ലക്ഷം രൂപാ ഗവമെൻറു ഈ ബാങ്കിൽനിക്ഷേപിച്ചിട്ടുണ്ടെന്നാണു് എൻെറ അറിവു. കൊല്ലത്തിൽ [illegible] ശതമാനത്തിനും [illegible] ശതമാനത്തിനും മദ്ധ്യേ വരുന്ന പലിശചുമത്തി വായ്പകൾ നൽകുന്നപക്ഷം നിശ്ചയമായും ബാങ്കുകൊണ്ടു പൊതുജനങ്ങൾക്കു സിദ്ധിക്കേണമെന്നു വിചാരിച്ചിരുന്ന ഗുണം കിട്ടുകയില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്. സർ, പൊതുജനങ്ങളുടെ ഗുണത്തിനുവേണ്ടി ഗവമെൻറു ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പണം ക്ഷേമകരമായവിധത്തിൽ വിനിയോഗിച്ചുവരുന്നില്ലെന്നാണു് എൻെറ അഭിപ്രായം. ഇപ്രകാരം വിനിയോഗിച്ചിട്ടുള്ള മൂലധനത്തിൽനിന്നു കൂടുതൽ പലിശ ഈടാക്കണമെന്നുള്ള വിചാരം ഗവമെൻറിനോ ബാങ്കിനോ ഉണ്ടായിരിക്കാൻ പാടുള്ളതല്ല. ഈ പണം എല്ലാം മുടക്കിയിരിക്കുന്നതു പലിശകൂടാതെ ആണു്. അതിൻെറ ഉദ്ദേശം ഈ രാജ്യത്തെ വ്യവസായങ്ങളെ സഹായിച്ചു പോഷിപ്പിക്കണമെന്നുള്ളതാണു്. എനിക്കു ബോധിപ്പിക്കാനുള്ളതു ഇതു മാത്രമാകുന്നു. അതിനാൽ ഈ അവസരത്തിൽ പ്രസ്തുത വിഷയത്തിൽ നേരിട്ടിരിക്കുന്ന സാരമായ ന്യൂനതയിലേക്കു പ്രത്യേകം ശ്രദ്ധയെ ക്ഷണിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഉത്തമമായ സമ്പ്രദായങ്ങൾപ്രകാരമല്ല സർക്കാർസഹായധനബാങ്കിനെ സംബന്ധിച്ച പ്രവൃത്തികൾ ഇപ്പോൾ നടത്തിവരുന്നതു. ഈ ബാങ്കിൻെറ പ്രവർത്തനം ഉത്തമമായ വിധത്തിൽ നടത്തുകയും ഇപ്പോൾ നൽകുന്നതിൽകൂടുതലായി ഈ രാജ്യത്തിൽ വ്യവസായം നടത്തുന്നവർക്കു സഹായം പ്രദാനംചെയ്യുന്നതിനു ഗവമെൻറു തയ്യാറായിരിക്കുകയും ചെയ്യുന്നപക്ഷം ഈ വിഷയത്തിൽ ഈ അവസരത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങളിൽ ഏറിയഭാഗവും ഇല്ലാതാക്കാവുന്നതാണു്. സർ, എന്നാൽ ആപ്രകാരമുള്ള ആക്ഷേപങ്ങളോ വിമർശനങ്ങളോ നടത്താത്തപക്ഷം കാര്യങ്ങളുടെ ഇപ്പോഴത്തെ സ്ഥിതികൾ ഗുണകരമായവിധത്തിൽ മെച്ചപ്പെടുത്തുന്നതിനു സാധിക്കുന്നതല്ല. ഇപ്പോഴത്തെ പ്രവർത്തന സമ്പ്രദായങ്ങളെ സംബന്ധിച്ചിടത്തോളം കാര്യങ്ങളുടെ സ്ഥിതി നന്നാക്കാത്തപക്ഷം ഈ രാജ്യത്തെ വ്യവസായികൾക്കു ഇപ്പോൾ നൽകിവരുന്നതിൽ കൂടുതൽ പണം വായ്പയായി നൽകുന്നതിനു സാധിക്കുന്നതല്ല. വ്യവസായം നടത്തുന്നവർക്കു പണം കൂടുതലായി നൽകാതിരിക്കുന്നപക്ഷം ഈ രാജ്യത്തെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുന്നതല്ല.

ഇത്രയുംപറഞ്ഞുകൊണ്ടു ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി. എ. ആർ. രവിരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): സ്റ്റേറ്റ് എയിഡഡ് ബാങ്കിൻെറ ഫംഗ്ഷൻ കമ്മേർഷ്യലായിട്ടു നടത്തുന്നതിനാണു് ഗവമെൻറിൽനിന്നും പ്രോത്സാഹിപ്പിച്ചിട്ടുള്ളതെന്നറിയാമോ?

മി. മാത്യു മുരിക്കൻ (വൈക്കം): കച്ചവടവും വ്യവസായങ്ങളും രണ്ടു പ്രത്യേകവിഷയങ്ങൾ എന്ന നിലയിൽ ഗണിക്കുന്നതിനു ഞാൻ തയ്യാർ ഇല്ല. വ്യവസായങ്ങൾക്കുസഹായംനൽകുന്നപക്ഷം കച്ചവടം അഭിവൃദ്ധിപ്രാപിക്കുന്നതാണു്. വ്യവസായങ്ങൾ എന്ന കാര്യത്തിൽനിന്നു വ്യാപാരത്തെ വേർതിരിച്ചു ഗണിച്ചുവരുന്നു. അങ്ങിനെ ചെയ്യുന്നതിൽ യാതൊരുകാരണവുമില്ലെന്നു ഞാൻ വിചാരിക്കുന്നു. കൂടാതെ കച്ചവടത്തിൽനിന്നു വ്യവസായത്തെ ഭിന്നമായി ഗണിക്കേണ്ട കാര്യവുമില്ല. (ഹിയർ ഹിയർ).

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സർ, ആദ്യത്തെ ഗതാഗതമാർഗ്ഗങ്ങളിൽ ഒന്നായി ഗണിക്കേണ്ട വ്യവസായത്തെപ്പററി അഭിപ്രായപ്രകടനം നടക്കുന്ന ഈ അവസരത്തിൽ എനിക്കും ചിലതു പറയാനുണ്ടു്. ഈ രാജ്യത്തു പണ്ടേ ചുരുക്കം ചില വ്യവസായങ്ങൾ നടക്കുന്നുണ്ടെങ്കിലും ഇതു ഒരു വ്യവസായ പ്രധാനമായ രാജ്യമല്ല. അതുകൊണ്ടു ഈ കാര്യത്തിൽ ചെയ്യുന്നശ്രമം ആദ്യത്തേതിനു ഒട്ടൊക്കെ പരാജയകരമായി വരുവാനെ തരമുള്ളു.

യന്ത്രശാലകളിൽ നടത്തപ്പെടുന്ന വ്യവസായം കുടിൽവ്യവസായം ഇങ്ങനെ രണ്ടു തരമാണല്ലോ വ്യവസായങ്ങൾ. ഫാക്ടറി ഇൻഡസ്ട്രി നടത്തുന്നതിനു വലിയ മൂലധനം ആവശ്യമായിരിക്കുന്നതിനാലും അതു ഇവിടെ ആദ്യം വിജയപ്രദമായിത്തീരുമോ എന്നു സംശയിക്കുന്നതിനാലും സാധാരണ ജനങ്ങൾ അവയെ നടത്തുന്നതിനു മുന്നോട്ടുവരികയില്ല. ഗവണ്മെന്റുതന്നെ വലിയമൂലധനം മുടക്കി നടത്തി കാണിച്ചു അതു ആദായകരമാണെന്നു ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയാൽ മാത്രമേ അവർ അതിലേക്കു മുന്നോട്ടുവരികയുള്ളു. അതിലേക്കു ഡിപ്പാർട്ടുമെന്റിനു വേണ്ടതായ സൌകര്യമില്ല. ഗവണ്മെന്റു അതിലേക്കു വേണ്ട ധനവ്യയം ചെയ്യാൻ അനുവദിക്കുന്നുമില്ല. അങ്ങനെ വലിയ വ്യവസായം ചെയ്യുന്നതിനു പുറപ്പെടുന്നതും ഇവിടത്തെ സ്ഥിതിക്കു ബുദ്ധിപൂർവമാണോ എന്നു എനിക്കു സംശയമുണ്ടു. ഇതിലേക്കു ഫാക്ടറി ഇൻഡസ്ട്രി വർദ്ധിച്ചുവരാത്തതുകൊണ്ടു ഇൻഡസ്ട്രിയൽ ഡയറക്ടരെയോ ഗവണ്മെന്റിനെയോ കുററംപറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

പിന്നെ കുടിവ്യവസായമാണുള്ളതു. അതും ഇവിടത്തെ സ്ഥിതിയ്ക്കു ഉടനടി വർദ്ധിപ്പിക്കുന്നതിനു മാർഗ്ഗമില്ല. വളരെ കാലത്തെ പരിചയവും അധികമൂലധനവുമുള്ള വിദേശകമ്പനികളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പകിട്ടുള്ള സാധനങ്ങൾ ഇവിടെ കുറഞ്ഞവിലയ്ക്കു വിററുകൊണ്ടിരിക്കുമ്പോൾ അതിനേക്കാൾ മെച്ചമായും വിലകുറവും ഉള്ള സാമാനങ്ങളെ ഇവിടെ ഉണ്ടാക്കി വ്യാപാരത്തിൽ അവരെ ജയിച്ചുകളയാമെന്നു ആശിക്കാൻ നമുക്കു ഇപ്പോൾ വഴിയില്ല. പുറത്തുനിന്നും വരുന്ന വ്യവസായസാധനങ്ങളെ നിയന്ത്രിക്കുന്നതിനു അവയ്ക്കു വലിയ നികുതി ചുമത്തണം, എന്നാൽമാത്രമേ ഇവിടത്തെ വ്യവസായത്തിനു അഭിവൃദ്ധി ഉണ്ടാകയുള്ളു. വ്യവസായപ്രവർത്തകന്മാർ ആദായമാണല്ലോ നോക്കുക. ധാരാളം മരങ്ങൾ തിങ്ങിനിൽക്കുന്ന വനത്തിലൊ അല്ലെങ്കിൽ വൻ മരങ്ങളുടെ ചുവട്ടിലൊ എന്തെങ്കിലും കൃഷി ചെയ്യുന്നു എന്നുവരികിൽ ആ കൃഷിക്കു അഭിവൃദ്ധി ഉണ്ടാകുന്നതല്ല, എന്നാൽ മരങ്ങളെമുറിച്ചു നീക്കിയതിനുശേഷം കൃഷി ചെയ്യുകയാണെങ്കിൽ അതു അഭിവൃദ്ധിപ്പെട്ടുവരും. അതുപോലെ പുറത്തുനിന്നും കുറഞ്ഞവിലയ്ക്കു വരുന്ന പകിട്ടുള്ള സാമാനങ്ങളെ വലിയ നികുതി ചുമത്തി ബഹിഷ്കരിക്കണം. ജപ്പാൻ രാജ്യത്തു ഇങ്ങനെ ചെയ്താണു വ്യവസായം അഭിവൃദ്ധിപ്പെടുത്തിയതു്. വ്യവസായം അഭിവൃദ്ധിയിലിരിക്കുന്ന പല രാജ്യങ്ങളിലും ചില സാമാനങ്ങളെ സംബന്ധിച്ചു ഇപ്പോഴും നിയന്ത്രണമുണ്ടു്. അമേരിക്ക ഇററലിയിൽനിന്നും വരുന്ന ബട്ടൻസിനു വലിയ നികുതി ചുമത്തിയാണു് അടുത്തകാലത്തും ബട്ടൻ വ്യവസായത്തെ അമേരിക്കയിൽ പ്രോത്സാഹിപ്പിച്ചു അഭിവൃദ്ധിപ്പെടുത്തിയതു.

ജപ്പാൻ ൫൦ വർഷങ്ങൾക്കുള്ളിലാണു ഒരു വലിയവ്യവസായ രാജ്യമായിത്തീർന്നിട്ടുള്ളതു്. അതു ഈവിധ നിയന്ത്രണംകൊണ്ടാണെന്നു അതിന്റെ ചരിത്രംകൊണ്ടറിയാം. കുടിൽവ്യവസായത്തിൽ ഇന്നു ലോകത്തിലേക്കു മുന്നിട്ടു നിൽക്കുന്ന ജപ്പാൻ രാജ്യത്തിൽ പുറത്തുനിന്നും വരുന്ന സാമാനങ്ങൾക്കു നികുതി ചുമത്തി വളരെക്കാലം നിയന്ത്രിച്ചിരുന്നു. അങ്ങനെ ചെയ്യുന്നതിനു ഒരു സംരക്ഷിതരാജ്യത്തിന്റെ നിലയിൽ ഇവിടെ സാധിക്കുമോ എന്നു സംശയമുണ്ടു്. നാം വാങ്ങിക്കുന്ന സാമാനങ്ങൾ അധികം ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിൽനിന്നും വന്നുകൊണ്ടിരിക്കുന്നവയാണു്, അവയ്ക്കു യഥേഷ്ടം നികുതി ചുമത്തി നിയന്ത്രിക്ക സാദ്ധ്യമല്ല. വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു ഇവിടെയുള്ള വിഘ്നങ്ങളെ ചിന്തിക്കാതെ ഈ പുതിയ വിഷയത്തിൽ വലിയ അഭിവൃദ്ധിവരുത്തിയില്ലെന്നു കാരണം പറഞ്ഞിട്ടു ഡിപ്പാർട്ടുമെന്റദ്ധ്യക്ഷനെ കുററപ്പെടുത്തുന്നതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല

ഈ വകുപ്പിൽ ഇപ്പോൾ പല വിദഗ്ദ്ധന്മാരുമുണ്ടു്. എന്റെ മാന്യസ്നേഹിതൻ മി. പാച്ചുപിള്ളപറഞ്ഞതുപോലെ അവരെക്കൊണ്ടു വളരെപ്രയോജനമുണ്ടെന്നു ഞാൻ പറയുന്നില്ല. കൃഷിഡിപ്പാർട്ടുമെന്റിലും എത്രയോ വിദഗ്ദ്ധന്മാരുണ്ടു്, അവരെക്കൊണ്ടും പ്രയോജനമില്ലെന്നു ഞാൻ മുൻപു പറഞ്ഞു്. കൃഷി ഇവിടെ പ്രായോഗികമായതൊഴിലാണു്. എന്നിട്ടുപോലും വിദഗ്ദ്ധന്മാരുടെ പരിശ്രമം പ്രയോജനപ്പെടുന്നില്ല. ആ സ്ഥിതിക്കു ഇവിടെ അത്ര പ്രായോഗികമല്ലാത്തതും നടപ്പില്ലാത്തതും ആയ പുതിയ കാര്യങ്ങളിൽ പ്രവർത്തിക്കുന്ന ഈ വകുപ്പിലെ വിദഗ്ദ്ധന്മാരുടെ പരിശ്രമം സഫലമായികാണാത്തതിൽ അതിശയിക്കാനില്ല.

വ്യവസായങ്ങൾ ചെയ്തു അതിൽനിന്നു ആദായമുണ്ടാക്കുന്നതല്ലല്ലോ ഈ ഡിപ്പാർട്ടുമെന്റു വച്ചിരിക്കുന്നതു. പലതരത്തിലുള്ള പരീക്ഷണങ്ങൾ നടത്തി ഇവിടെ ആദായകരമായ വ്യവസായങ്ങൾ എന്തെല്ലാമെന്നു് ജനങ്ങളെ ആ വിഷയങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനാണു ഈ ഡിപ്പാർട്ടുമെന്റു സ്ഥാപിച്ചിരിക്കുന്നതു. അതു അവർ ഒരുവിധം ചെയ്യുന്നുമുണ്ടു. പുറത്തുനിന്നും വരുന്ന സാധനങ്ങളോടു മത്സരിച്ചു ജയിക്കാൻ നമുക്കു ഇപ്പോൾ സാധിക്കുകയില്ല. ജീവിത മത്സരത്തിൽ ഓരോ വിഷയങ്ങളിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചവരും വൈദഗ്ദ്ധ്യമില്ലാത്തവരും തമ്മിൽ കിടപിടിക്കുമ്പോൾ വൈദഗ്ദ്ധ്യമില്ലാത്തവർ പരാജയപ്പെട്ടുപോകുമെന്നുള്ളതു സാധാരണമാണു്.

സോപ്പ്, തീപ്പെട്ടി, പെൻസിൽ എന്നീവ്യവസായങ്ങൾ നമ്മുടെ രാജ്യത്തിൽ മുന്നോട്ടുവരാത്തതിനുള്ള കാരണം അതിലേക്കു മുടക്കുന്ന മൂലധനത്തിന്റെ കുറവാണു എന്നുപറയുന്നതു ശരിയല്ല. നേരെമറിച്ചു, വളരെകാലത്തെ പരിചയമുള്ളവർ യന്ത്രശാലകളിൽ ഉണ്ടാക്കി അയക്കുന്ന സാമാനങ്ങളുടെ വിലക്കുറവും ഗുണവും കൊണ്ടാണു നമുക്കു പരാജയംവരുന്നതു്. വിദേശ സാമാനങ്ങളെ വാങ്ങിക്കരുതെന്നു ഒരു സ്വദേശി മൂവ്മെന്റുണ്ടാക്കി ഇവയെ തടുക്കയൊ, അല്ലെങ്കിൽ, ഗവണ്മെന്റുതന്നെ ഇതിൽ പ്രവേശിച്ചു നിയന്ത്രിക്കയൊ ചെയ്യാതെ, പത്തുപതിനഞ്ചു കൊല്ലങ്ങളായി വ്യവസായവകുപ്പിലെ വിദഗ്ദ്ധന്മാർ പരിശ്രമിച്ചുകൊണ്ടിരുന്നിട്ടും, ഈവക വ്യവസായങ്ങൾ അഭിവൃദ്ധിപ്പെട്ടുവരാത്തതു കഷ്ടമാണെന്നുപറയുന്നതിൽ വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല.

കയർവ്യവസായം ലോകത്തിലേക്കു വലിയ അഭിവൃദ്ധിയിൽ എത്തിയിരിക്കുന്ന ജപ്പാനിൽ കുറെ പേരെ അയച്ചു പഠിപ്പിച്ചുവരുത്തി കയറിൽ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുമൊ എന്നു പരീക്ഷിച്ചു നോക്കേണ്ടതാണ്. അതിലേക്കു മറ്റു പാശ്ചാത്യ രാജ്യങ്ങളിലേ അയച്ചു പഠിപ്പിക്കുന്നതിനുള്ളതുപോലെ ഉള്ള വലിയ ചിലവും വരികയില്ലായിരിക്കും.

മി. ടി സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതിലേക്കു ഇപ്പോൾ ഉള്ള വിദഗ്ദ്ധന്മാരെ അയക്കണോ, അതല്ല, പുത്തനായിട്ടു ആരെ എങ്കിലും തിരഞ്ഞെടുത്തു അയക്കണോ?

മി. തയ്യിൽ കുഞ്ഞിക്കണ്ണൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോൾ കയർവ്യവസായം ജപ്പാനിൽപോയി പരിശീലിച്ചിട്ടുള്ളവർ ആരും ഇവിടെ ഇല്ലെന്നു വിചാരിക്കുന്നു. അങ്ങനെ പരിശീലനം നടത്തിട്ടുള്ളവർ ഇവിടത്തെ വിദഗ്ദ്ധന്മാരുടെ ഇടയിൽ ഉണ്ടെങ്കിൽ അയക്കണമെന്നില്ല. ഇല്ലെങ്കിൽ കുറെ യുവാക്കന്മാരെ അയച്ചു പരിശീലിപ്പിച്ചുവരുത്തിയാൽ കൊള്ളാം.

രാജ്യത്തു ധനവാന്മാരും ദരിദ്രരും ഉണ്ടു. ദരിദ്രരാണു അധികം. ഈ കയർവ്യവസായംകൊണ്ടു ദരിദ്രരുടെ ഐശ്വര്യവും അഭിവൃദ്ധിയും ഉണ്ടാകാൻ ഇടയുള്ളതു. ഈ കാര്യം ഗവൺമെൻറു നല്ലവണ്ണം ശ്രദ്ധിക്കണം. ധനവാന്മാരുടെ ഐശ്വര്യത്തെക്കാൾ സാമാന്യജനങ്ങളുടെ ഐശ്വര്യത്തെയാണ് ഗവൺമെൻറു അധികം നോക്കുവാൻ. വ്യവസായാഭിവൃദ്ധിക്കുള്ള തടസ്ഥങ്ങളെ നോക്കാതെ കേവലം കണ്ണുമടച്ചു ഡിപ്പാർട്ടുമെൻറിലുള്ളവരെ കുററംപറയുന്നതു ശരിയല്ല. അങ്ങനെ പറയുന്നവരോടു ഞാൻ യോജിക്കുന്നില്ല. വ്യവസായാഭിവൃദ്ധിക്കായിട്ടു ഗവൺമെൻറും ഡിപ്പാർട്ടുമെൻറും കൂട്ടുതലായി എന്തെല്ലാം ചെയ്യാൻ കഴിയുമെന്നു ആലോചിച്ചു പ്രവർത്തിക്കണം.

മി. പി. എസ്. മഹമ്മദ് (നിയമനം): സർ, ഞാൻ അവതരിപ്പിച്ച ഉപക്ഷേപത്തെ പരാമർശിച്ചുകൊണ്ടു ആവശ്യമുള്ളതും ഇല്ലാത്തതുമായ പല സംഗതികളെയും കൌൺസിലിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു. ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറു നിറുത്തണമെന്നോ അതു ഇന്നനിലക്കുനിലയിൽ നിന്നു കുറെക്കൂടി കീഴ്പ്പോട്ടു ആക്കണമെന്നോ ഉള്ള ആഗ്രഹം എനിക്കില്ല. എൻെറ ഉപക്ഷേപത്തെ എതിർത്തിട്ടുള്ളവർക്കുംകൂടിയും അതു അതു വൃദ്ധിപ്പെടുത്തണമെന്നുള്ളസംഗതിയെ ഈ കൌൺസിലിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതായിരുന്നു ഉദ്ദേശം എന്നു കാണുമ്പോൾ എൻെറ ഉദ്ദേശത്തെ ശരിക്കും എതിർത്തിട്ടില്ല എന്നാണു എൻെറ പൂർണ്ണമായ വിശ്വാസം. ഡയറക്ടർ അവർകളുടെ പ്രസംഗത്തിൽനിന്നും കയർമാററിംഗ്സിനെ സംബന്ധിച്ചു അന്യദേശത്തുള്ള മത്സരം ക്രമത്തിലധികം ആയിട്ടുണ്ടെന്നും അതു അദ്ദേഹത്തിൻെറ ശ്രദ്ധയിൽ ഉണ്ടെന്നും അതു അദ്ദേഹത്തെ കൂടുതൽ വിഷമിപ്പിക്കുന്നു എന്നും എനിക്കു മനസ്സിലായി. അതു വളരെ ആശ്വാസംതന്നെ. നാം ഇവിടെനിന്നും കയർ കുറഞ്ഞവിലക്കു അയച്ചുകൊടുത്തു അവർക്കു നമ്മെക്കാൾ ലാഭമായ നിലയിൽ പാകപ്പെടുത്തുന്നതിനുള്ള സൌകര്യം ലഭിച്ചാൽതന്നെയും മററു സംഗതികളിൽ വേണ്ട പരിശീലനം അവർക്കു ലഭിക്കാൻ നിവൃത്തിയില്ലെന്നു ഇവിടെ പ്രസ്താവിച്ചു. അതിനോടു എനിക്കു യോജിക്കാൻ നിവൃത്തിയില്ല. നാം കയറിനെ എത്രയും കുറഞ്ഞവിലക്കു അയച്ചുകൊടുത്താലും അവർ പരിശ്രമികൾ ആയതിനാൽ അവയെക്കൊണ്ടു കഴിയുന്നതും അവരുടെ രാജ്യത്തു ഏതെങ്കിലും ഉണ്ടാക്കുവാൻ സാധിക്കുമോ അതെല്ലാം ഉണ്ടാക്കുന്നതിനു അവർ ശ്രമിക്കുകതന്നെ ചെയ്യും. അതുകൊണ്ടു നമ്മുടെ ഇൻഡസ്ട്രിയെ നാം പ്രൊട്ടക്റ്റ് ചെയ്യണം. ഇങ്ങനെ നമ്മുടെ രാജ്യത്തെ പ്രധാന വ്യവസായത്തെ മററു രാജ്യക്കാർ അപഹരിക്കുന്നതിനെ നാം തടയുന്നതുകൊണ്ടു നമ്മുടെ രാജ്യത്തെ ചകിരിയും കയറും അന്യരാജ്യങ്ങളിലേക്കു അടയ്ക്കാൻ ഇടവരാതെ ആയിപ്പോകുമെന്നു അശേഷം സംശയിക്കേണ്ടതില്ല. വിദേശികൾ എത്രതന്നെ ശ്രമിച്ചുനോക്കിയാലും ഇവിടെ ഉണ്ടാക്കുന്ന രീതിയിലുള്ള കയറു ഉണ്ടാക്കാൻ അവർക്കു സാധിക്കുകയില്ല. ഇവിടത്തെ വ്യവസായത്തെ നശിപ്പിക്കുന്നതിനു ഇവിടത്തെ കയറും ചകിരിയും കൊണ്ടല്ലാതെ സാധിക്കുകയില്ല എന്നു മനസ്സിലാക്കിയതുകൊണ്ടാണു നമ്മുടെ കയറിനു ഡ്യൂട്ടി വർദ്ധിപ്പിക്കാതെയും നമ്മുടെ സാമാനങ്ങൾക്കു ഡ്യൂട്ടി ചുമത്തിയും പ്രവർത്തിച്ചിട്ടുള്ളത്. ഈ സംഗതി നാം നല്ലവണ്ണം മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണു. തിരുവിതാംകൂറിൽ പലസ്ഥലങ്ങളിലും കയറുണ്ടാക്കുന്നുണ്ടെങ്കിലും കടപ്പുറത്തു ഉണ്ടാക്കുന്ന കയറുപോലെ ഉണ്ടാക്കുന്നതിനു ഇവിടെതന്നെ വേണ്ടശ്രമം ചെയ്തിട്ടും സാധിക്കയില്ലെന്നാണ് കണ്ടതു. ഇവിടെത്തന്നെ സകല സൌകര്യവും ഉണ്ടായിരുന്നിട്ടും ഒരു സ്ഥലത്തുണ്ടാക്കുന്ന കയറു മറെറാരു സ്ഥലത്തുണ്ടാക്കാൻ സാധിക്കുന്നതല്ല.

മി. കെ. സി. കരുണാകരൻ (നിയമിതം): കടപ്പുറത്തുണ്ടാക്കുന്ന മാതിരിയുള്ള കയറു അന്യസ്ഥലത്തു ഉണ്ടാക്കാറില്ലയോ?

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): കായലോരങ്ങളിലുള്ള ചില സ്ഥലങ്ങളിൽ ഉണ്ടാക്കുന്നതിനു സാധിച്ചിട്ടുണ്ടു. അവിടെനിന്നും ഇപ്പോൾ അന്യദേശങ്ങളിലേക്കു കൊണ്ടുപോകുന്ന കയറു അധികവും മാററിംഗ്സിനാണു ഉപയോഗിക്കുന്നതു.

മി. കെ. സി. കരുണാകരൻ (നിയമിതം): കടപ്പുറത്തുണ്ടാക്കുന്ന കയർ മാററിംഗ്സിനു ഉപയോഗിക്കുന്നില്ലയോ?

മി. പി. എസ്. മഹമ്മദ് (നിയമിതം): ആ വിധത്തിൽ ഉപയോഗിക്കുന്നില്ല.

മി. കെ. സി. കരുണാകരൻ (നിയമിതം): വിലകൂടിയ കയറു ഏതെന്നറിയാമോ?

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): കടപ്പുറം കയറാണ്. കയറിൻെറയും ചകിരിയുടെയും വില അന്യദേശങ്ങളിലെ ഡിമാൻഡ് അനുസരിച്ചു ഇരിക്കും. യൂറോപ്പിൽ കമ്പോള ആവശ്യമുണ്ടെങ്കിൽ കയറിനും ചകിരിക്കും വിലകൂടിവരും. ഡിമാൻഡ് കുറയുന്നകാലത്തു വിലയും ചുരുങ്ങിവരും. അതു സ്വാഭാവികമാണ്.

ഇവിടത്തെ ഫാക്ടറി വ്യവസായം വർദ്ധിപ്പിക്കുന്നതിനുള്ള പലമാർഗ്ഗങ്ങളും ഉണ്ട്. പലവ്യവസായവും പലവിധത്തിലും പരീക്ഷിച്ചുനോക്കി നല്ലതു ഏതാണെന്നു കണ്ടുപിടിച്ചിട്ടു അവയെ നടപ്പിൽവരുത്തുകയാണു വേണ്ടതു. അതിനെ ജനങ്ങളുടെ ഇടയിൽ മാതൃകയായി സ്വീകരിക്കത്തക്കവിധം, അതു ആദായകരമാണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള തൊഴിൽശാലകളെ വർദ്ധിപ്പിക്കണം. ആയിരത്തിൽ, ഒന്നാമതായി ആളും സ്ഥാപിച്ചിരുന്നത്, ആലപ്പുഴയിൽ അതു ഇല്ലായിരുന്നു. ആദായകരമാണെന്നു കണ്ടപ്പോൾ പലരും അതിലേക്കു പ്രവേശിച്ചു.

മി. മാത്യുമുരിക്കൻ (വൈക്കം): അതുകൊണ്ട് ഗവണ്മെന്റു ഫാക്ടറി സ്ഥാപിക്കണമെന്നാണോ മെമ്പർ പറയുന്നത്?

മി. പി. എസ്സ്. മഹമ്മദ് (നിയമനം): ഗവണ്മെന്റു നല്ലനിലയിലുള്ള വ്യവസായം ഏതെന്നു കണ്ടുപിടിച്ച് അതിനെ ഗവണ്മെന്റിന്റെ സ്വന്തനിലയിൽ സ്ഥാപിച്ചു ജനങ്ങളെ മനസ്സിലാക്കണം. ജനങ്ങൾ അതിലേക്കു ധാരാളമായി വരുമ്പോൾ ഗവണ്മെന്റു അതിൽനിന്നു പിൻമാറി ജനങ്ങളെ ഏൽപ്പിച്ചിട്ടു വേറെ ഒരു വ്യവസായം കണ്ടുപിടിച്ചു ജനങ്ങളെ മനസ്സിലാക്കണം.

മി. ദേവികുളം രാമവർമ്മരാജ (ഇടുക്കി): മദ്രാസു ഗവണ്മെന്റിൽനിന്നും ഈമാതിരി ഫാക്ടറികളെ ഏതെങ്കിലും നടത്തുന്നുണ്ടോ?

മി. പി. എസ്. മഹമ്മദ് (നിയമിതം): വ്യവസായം ശരിയായ നിലയിൽ വരണമെന്നു ആഗ്രഹിക്കുന്ന പല ഗവണ്മെന്റും ഇങ്ങനെ പ്രവർത്തിച്ചിട്ടുണ്ട്, അതു സ്വന്തനിലയിലാണ്. ഒരു വ്യവസായശാലക്കു നൂറു ഷെയർ ഉണ്ടെങ്കിൽ തൊണ്ണൂറു ഷെയറും ഗവണ്മെന്റിന്റേതായിരിക്കും. ജനങ്ങൾ മുമ്പോട്ടുവരുമ്പോൾ ഗവണ്മെന്റു ഷെയർ ജനങ്ങൾക്കുവിൽക്കും. ഒടുവിൽ വ്യവസായവും ജനങ്ങളുടെതായിതീരും.

മി. എ. എസ്സ് ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തിരുവിതാംകൂറിൽ എവിടെ എങ്കിലും ഗവണ്മെന്റു ഫാക്ടറി വ്യവസായം തുടങ്ങിട്ടുണ്ടോ?

മി. പി. എസ്സ്. മഹമ്മദ് (നാമിനേറഡ്): ഗവണ്മെന്റു തുടങ്ങിയതായിട്ടു എനിക്കറിവില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പുനലൂർ പേപ്പർമിൽ ഗവണ്മെന്റിൽനിന്നും തന്നെയാണോ തുടങ്ങിയതു്?

മി. പി. എസ്. മഹമ്മദ് (നാമിനേറഡ്): ഗവണ്മെന്റു അതിൽ ശ്രദ്ധയോടുകൂടിയിരുന്നു. എത്രത്തോളം സാധിതപ്രായമാകുമെന്നുള്ള പരിശോധനക്കു ശേഷമല്ല അതാരംഭിച്ചതു. അതുകൊണ്ടു അതു അപജയത്തിൽ കലാശിച്ചു. അതിലേക്കു വെളിയിൽ മാർക്കെറ്റുണ്ടോ എന്നു ഡയറക്ടർ കണ്ടുപിടിച്ചിട്ടില്ല.

മി. ററി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): എക്കണോമിക് ഡവലപ്പ്മെന്റു ബോർഡിൽനിന്നും ശുപാർശ ചെയ്തിട്ടുള്ളതായി അറിയാമോ?

മി. പി. എസ്സ് മഹമ്മദ് (നാമിനേറഡ്): എന്നു കേട്ടിട്ടുണ്ട്. ഈ സംഗതികളിൽ ഡയറക്ടർ അവർകൾ ശ്രദ്ധിക്കാമെന്നു പറഞ്ഞതുകൊണ്ടു ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുമതി ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു മെമ്പറിനു സഭയുടെ അനുമതി സിദ്ധിച്ചിട്ടുണ്ടോ?

ഉപക്ഷേപം സഭയുടെ അനുമതിയോടു പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൮൧൦ എ.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. എ. താണുപിള്ള: ജീവനക്കാർക്കു നീക്കിവച്ചിട്ടുള്ള ൧ ലക്ഷം രൂപയിൽനിന്ന് ഒരു രൂപ കുറയ്ക്കണം.

ഉപക്ഷേപം ൮൧ ഫ.

മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട മെമ്പർ): സഞ്ചാരപ്പടി നൾകുന്നതിനു നീക്കിവച്ചിരിക്കുന്ന ൩൦൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

സർ, ഈനാട്ടിലെ ഗാർഹോസ്ഥ്യങ്ങളിലുമുള്ള വ്യവസായങ്ങളെ പോഷിപ്പിക്കുന്നതു സംബന്ധിച്ചു എനിക്കു പ്രസ്താവിക്കുവാനുള്ളതു, ആയവ്യയ ഗണനപ്പട്ടിക ഈസഭയിൽ അവതരിപ്പിച്ച അവസരത്തിൽചെയ്ത എന്റെ പ്രസംഗത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ ഉപക്ഷേപം ഹാജരാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ വളരെക്കുഴപ്പമുള്ളതും, വളരെ പ്രാധാന്യമുള്ളതും, ആയ ഈ വിഷയത്തെസംബന്ധിച്ചു എന്റെസ്നേഹിതൻ മി. പി. എസ്സ്. മഹമ്മദ് പ്രസംഗിച്ചതു കേട്ടപ്പോൾ നമ്മുടെ കുടിൽവ്യവസായങ്ങളിൽവച്ചു ഏററവും പ്രാധാന്യത്തെ വഹിക്കുന്ന കയർവ്യവസായകത്തിന്റെ യഥാർത്ഥസ്ഥിതി ഈ സഭമുമ്പാകെ പ്രസ്താവിക്കുന്നതിനുള്ള ഈ അവസരം പാഴാക്കികളയാൻ പാടില്ല എന്നു എനിക്കു തോന്നി.

മി. പി. എസ്സ്. മഹമ്മദ് ഈസഭയിൽ ഏതാനുംവാദങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടല്ലോ. കയററിനുള്ള കയററുമതിത്തീരുവ വർദ്ധിപ്പിക്കണമെന്നുള്ളസംഗതി നിർവഹിച്ചുകിട്ടണമെന്നുള്ളതായിട്ടാണ് അദ്ദേഹം ഈ വാദങ്ങൾ കൊണ്ടുവന്നിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. ഫൽപരംപൽ ഡാക്ടർ കുഞ്ഞൻപിള്ള ഇംഗ്ലണ്ടിൽ ആയിരുന്ന അവസരത്തിൽ കയർ ഇറക്കുമതിചെയ്യുന്നതിനു താല്പര്യമുള്ള സമർത്ഥന്മാരായ ചില ആളുകളുമായി ഈ വിഷയത്തെ സംബന്ധിച്ചു അദ്ദേഹം വാദപ്രതിവാദം നടത്തിയിട്ടുണ്ട്. ഇതു് ഞാൻ ഇപ്പോൾ ഓർക്കുന്നുണ്ട്. ഇറക്കുമതിചെയ്യുന്ന കയറിന്റെ തീരുവ വർദ്ധിപ്പിക്കുന്നപക്ഷം അതുമൂലം ഈ സംസ്ഥാനത്തെ ഏററവും പ്രധാനമായ വ്യവസായങ്ങളിൽ ഒന്നായ കയർവ്യവസായം നശിച്ചുപോകുന്നതിനിടയായി തീരുന്നതാണ്, എന്നുള്ള അനുമാനം ചെയ്യുന്നതിനു ആ അവസരത്തിൽ അദ്ദേഹത്തിനു സാധിച്ചു. ഈ കാര്യത്തെക്കുറിച്ചു വളരെ വിവരമായവിധത്തിൽ പറയണമെന്നുണ്ടെങ്കിൽ ഈ രാജ്യത്തിൽ ഇപ്പോൾ കുടിൽവ്യവസായമെന്നനിലയിൽ നടത്തിവരുന്ന കയർവ്യവസായത്തിന്റെ യഥാർത്ഥസ്ഥിതികളിലേക്കു നമ്മുടെ ശ്രദ്ധയെ തിരിക്കേണ്ടതാണ്. സർ, നാം ഇപ്പോൾ ഒന്നാം, രണ്ടാം, അഞ്ചുകൾ തരഡസ്സുകൾ, ഇതുങ്ങളിലുള്ള കയറുല്പന്നങ്ങൾ കയററി വരുന്നതു്. ഏകദേശം ൨൦ തരത്തിൽ മിന്നുള്ള ഗുണങ്ങളുള്ള കയറു ഇവിടെ നാം ഉണ്ടാക്കിവരുന്നുണ്ട്. ലോകത്തിലെ കമ്പോളങ്ങളിൽ ഈ ചരക്കുകൾക്കു ജനങ്ങൾ പ്രത്യേകമായ വില കല്പിച്ചുവരികയാണ്. ഇവയിൽ അഞ്ചുതെങ്ങുഇനവും ആലപ്പാട്ടുഇനവും കയറാണ് ഏററവും ഗുണംകൂടിയതും പ്രധാനപ്പെട്ടവയും ആയ ഇനങ്ങൾ. മററുള്ളഇനങ്ങൾ അഷ്ടമുടി, മങ്ങാട്ട്, ബീച്ച്യാൺ മുതലായ ഇനങ്ങളാണ്. അഞ്ചുതെങ്ങുഇനം കയറിനു തുല്യമായ ഗുണമുള്ള ഏററവും നല്ലതരത്തിലുള്ള കയറ് ഈ ലോകത്തിലുള്ള മറെറാരുരാജ്യക്കാർക്കും ഉണ്ടാക്കാൻ സാധിക്കയില്ലെന്നു മി. പി. എസ്സ്. മഹമ്മദ് ഇവിടെ പ്രസ്താവിച്ചു. ഈകാര്യത്തിൽ ഞാൻ അ-

അദ്ദേഹത്തിനോടു പൂർണ്ണമായി യോജിക്കുന്നു. മങ്ങാടൻ ഇനത്തിലുള്ള കയറു അമ്പലപ്പുഴയുടെ സമീപത്തിലുള്ള ഡിസ്ത്രിക്ടുകളിലാണ് അത്യധികമായി ഉണ്ടാക്കിവരുന്നതു്. എന്നാൽ ഇപ്പോൾ മിക്ക ബ്രിട്ടീഷ് ഇൻഡ്യൻ രാജ്യങ്ങളിലും ഈ ഇനത്തെ അനുകരിച്ചു കയറുണ്ടാക്കിവരുന്നുണ്ടു്. ഈ സംഗതി അദ്ദേഹത്തിനെ അറിയിക്കുവാനാണ്. ഇതിനു ഉദാഹരണം പറയാം. മങ്ങാടൻ ഇനത്തെ നല്ലതുപോലെ അനുകരിച്ചു ഗുണമുള്ള കയറ് കൊച്ചിയിൽ ഉണ്ടാക്കിവരുന്നുണ്ടു്. അവർ അതിനെ പരരാജ്യങ്ങളിലേക്കു കയററുമതി ചെയ്തുവരുന്നു. അതിന്റെഫലമായി കൊച്ചിയിൽനിന്നുവരുന്ന കച്ചവടക്കാരുടെ മത്സരം നല്ലതുപോലെ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ കൊച്ചിയിൽ കയറിനു കയററുമതി തീരുവ ചുമത്തപ്പെട്ടിട്ടില്ല. ഈ വസ്തുത നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. എന്നാൽ ഈ രാജ്യത്തിൽനിന്നു കയററുമതിചെയ്യുവരുന്ന കയറിനു കണ്ടി ഒന്നിനു 8 രൂപ വച്ചു ഒരു തീരുവ അടയ്ക്കേണ്ടിയിരിക്കുന്നു. തഞ്ചാവൂർ, മധുര മുതലായ ജില്ലകളിലും, സിലോണിലും, ബീച്ചുയിൽ ഉണ്ടാക്കാവുന്നതാണ്. ഈ ഇനത്തിലുള്ള കയറുണ്ടാക്കുന്നതിനു സിലോൺ വളരെ യോജിച്ച ഒരു സ്ഥലമാണ്.

അഞ്ചുതെങ്ങിൻ കയറിനും ആലപ്പുഴ ഇനത്തിനും തീരുവ ചുമത്തുന്ന കാര്യത്തിൽ എനിക്കു യാതൊരു വിസമ്മതവും പറയുവാനില്ല. എന്തുകൊണ്ടെന്നാൽ ഈ ഇനത്തിലുള്ള കയറുകളെ സംബന്ധിച്ചിടത്തോളം മററു രാജ്യക്കാർക്കും അവ ഉണ്ടാക്കാൻ സാധിക്കാതിരിക്കത്തക്കവണ്ണം തിരുവിതാംകൂറിനു പൂർണ്ണമായ കുത്തക സിദ്ധിച്ചിട്ടുള്ളതാണ്. ഇപ്രകാരം പല ഇനങ്ങളിലുള്ള കയറിനെ സംബന്ധിച്ചു നമുക്കു വ്യത്യാസപ്പെട്ട രീതിയിൽ ഗണിക്കാമോ പാടില്ലയോ എന്നുള്ള കാര്യമാണ്. പ്രധാനമായും പൂർണ്ണമായും ചിന്തിക്കാനുള്ളതു്. നല്ലകെട്ടു അഞ്ചുതെങ്ങുകയറു അയച്ചുകൊടുക്കുന്നതിനു എനിക്കു ഒരു ആഡർ കിട്ടി എന്നു ഉദാഹരണത്തിനു മാത്രമായി വിചാരിക്കുക. ഇനങ്ങളെ വ്യത്യാസമായ നിലയിൽ പരിഗണിച്ചു അഞ്ചുതെങ്ങിനു കയറിനും തീരുവ കൂടുതലായി ചുമത്തിയെന്നും ബീച്ചുയിൽ ഇനത്തിന്റെ തീരുവ കുറച്ചിട്ടില്ലെന്നും വിചാരിക്കുക. കയറു കെട്ടുകളാക്കപ്പെടുന്നു എന്നും അതിനു നം. ൦ ഹൺഡ്രഡ്‌വെയിററു ഉള്ളതാണെന്നും വിചാരിക്കുക, അഞ്ചുതെങ്ങിനു കയറില്ലെന്നും ബീച്ചുയിൽ ഇനം കയറാണെന്നും എനിക്കു നിർബാധമായി തീരുവ ബാദ്ധ്യതയുള്ള ഉദ്യോഗസ്ഥരെ ധരിപ്പിക്കാവുന്നതാണ്, തൻമൂലം ഗവർമ്മെന്റു ഇറക്കുമതി തീരുവ കൂട്ടുന്നതു ന്യായമായിരിക്കുന്നതാണ്. എന്നാൽ തീരുവ കൂട്ടുന്നതു വളരെ അപ്രയോഗികമായ ഒരു പദ്ധതിയാണ് ഇതാണു എനിക്കു പറയാനുള്ളതു്.

എനിക്കു മററൊരു സംഗതികൂടി ഇവിടെ പ്രസ്താവിക്കുവാനുണ്ട്. അതു താഴെ പറയുന്നതാണ്. ഏതെങ്കിലും ഒരു ചരക്കിനു ചുമത്തിവരുന്ന തീരുവയോ തെരിപ്പു വിലയോ വർദ്ധിപ്പിക്കുന്നതിനു ഗവർമ്മെന്റോ പൊതുജനങ്ങളോ ആഗ്രഹിക്കുന്നപക്ഷം പ്രസ്തുത ചരക്കു വ്യവസായ കാര്യങ്ങൾക്കായിട്ടോ മററതെങ്കിലും ആവശ്യത്തിനായിട്ടോ ഉപയോഗപ്പെടുത്തുന്നതിനു രാജ്യത്തിനു സാധിക്കുമോ എന്നുള്ളതിനു ഗാഢമായി പര്യാലോചിക്കേണ്ട ഒരു സംഗതിയാണ്. ഈ രാജ്യത്തു ധാരാളം കയറു ജനങ്ങൾ ഉണ്ടാക്കിവരുന്നുണ്ട്. ഇവിടെ ഉണ്ടാക്കുന്നതായി മേൽ പറയപ്പെട്ട കയറെല്ലാം കയറപ്പായും മാററിംഗും ഉണ്ടാക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നതിനു നമ്മുടെ ഈ വ്യവസായങ്ങൾക്കു ഇപ്പോൾ സാധിക്കുന്നില്ല. അതിനു ഏതാനും സംവത്സരങ്ങൾ കൂടി കഴിയേണ്ടിയിരിക്കുന്നു ഇക്കാര്യമാണു എനിക്കു ഇവിടെ വിശദപ്പെടുത്തുവാനുള്ളതു്. വിദേശികൾക്കു കയറു വാങ്ങുന്നതിനു സൗകര്യമുള്ള സ്ഥിതിക്കു കയറിനുള്ള കയററുമതിച്ചുങ്കം വർദ്ധിപ്പിക്കാവുന്നതാണെന്നു മി. പി. എസ്സ്. മഹമ്മദ് പ്രസ്താവിച്ച പ്രകാരം ചെയ്യുന്നതു തെററാണെന്നുമാത്രമല്ല അതു തീരെ ബുദ്ധിപൂർവ്വമല്ലാത്ത ഒരു പ്രവൃത്തിയും ആയിരിക്കുന്നതാണ്. കയറു വ്യവസായം ആലപ്പുഴയിൽ ആദ്യമായി തുടങ്ങുന്നതിനു മുൻപുതന്നെ അദ്ദേഹത്തിന്റെ തലമുറക്കാർ പ്രസ്തുത വ്യവസായത്തെപ്പററി ഏതെങ്കിലും അറിവു സമ്പാദിച്ചതിനുമുമ്പുതന്നെ ഞാൻ ഈ സംഗതിയിൽ മി. മഹമ്മദിനു ഉറപ്പുനൽകാം.

അദ്ധ്യക്ഷൻ. ഈ സഭയോടു നിങ്ങൾക്കു ഉറപ്പു നൽകാവുന്നതാണ്.

മി. കെ. സി. കരുണാകരൻ (ഗവർമ്മെന്റു നിയമിച്ച സാമാജികൻ): ഇംഗ്ലണ്ട്, ഹാളണ്ട്, ബെൽജിയം, ജർമ്മനി മുതലായരാജ്യങ്ങൾ ക്രമമായ സമ്പ്രദായങ്ങളെ അടിസ്ഥാനപ്പെടുത്തി ഈ വ്യവസായം നടത്തിവരികയാണു എന്നുള്ള സംഗതി ഈ സഭയോടു ഞാൻ ഖണ്ഡിച്ചുപറഞ്ഞുകൊള്ളുന്നു. വലിയ തോതിൽവ്യവസായം നടത്തുന്ന ജർമ്മനി, ഇംഗ്ലണ്ട്, ഹാളണ്ട് എന്നീ രാജ്യങ്ങളിലുള്ള സ്ഥാപനങ്ങളോടായി മത്സരിച്ചു വ്യവസായം നടത്തുന്നതിനു നമ്മുടെ ഇപ്പോഴത്തെ സ്ഥിതിപോലും നമ്മെ അനുവദിക്കുന്നതല്ല. എന്നാൽ ചില അവസരങ്ങളിൽ അവരുമായി മത്സരിക്കുന്നതിനു സാധിച്ചേക്കാം.

മി. പി. എസ്സ്. മഹമ്മദ് (ഗവർമ്മെന്റുനിയമിച്ച സാമാജികൻ): ഇവിടെനിന്നും അയക്കുന്നതായ മാററസ് ആൻഡു മാററിങ്ങിനു ഇമ്പോർട്ടു ഡ്യൂട്ടി കൊടുക്കുന്നതായി അറിയാമോ?

മി. കെ. സി. കരുണാകരൻ (ഗവർമ്മെന്റു നിയമിച്ച സാമാജികൻ): ഇംഗ്ലണ്ടിൽ ഇല്ല.

മി. പി. എസ്സ്. മഹമ്മദ് (ഗവർമ്മെന്റുനിയമിച്ചസാമാജികൻ): അമേരിക്കയിലൊ ജർമ്മനിയിലൊ ഉണ്ടോ?

മി. കെ. സി. കരുണാകരൻ (ഗവർമ്മെന്റു നിയമിച്ച സാമാജികൻ): അമേരിക്കയിലും ജർമ്മനിയിലും ഉണ്ട്.

മേൽപറഞ്ഞ കാര്യത്തിലും എന്റെ സ്നേഹിതൻ ഒരു വലിയ അബദ്ധധാരണയെ പ്രത്യക്ഷമാക്കുന്നു. കയറപ്പായ്ക്കും മാററിംഗിനും ഉള്ള ഇറക്കുമതിതീരുവ ഹാളണ്ട്, ജർമ്മനി, അമേരിക്കയിലെ ഐക്യനാടുകൾ എന്നീ രാജ്യക്കാർ വർദ്ധിപ്പിക്കുന്നു എന്നുള്ള കാരണത്താൽ കയറപ്പായ്ക്കും മാററിംഗിനും കയററുമതിത്തീരുവ നാം കൂട്ടുകയാണെങ്കിൽ മേൽ പറഞ്ഞ രാജ്യങ്ങളും നമ്മളുടെ രാജ്യവും തമ്മിൽ വ്യത്യാസമായ നിലയിൽ പെരുമാറുന്നതിനു നമുക്കു എങ്ങനെ സാധിക്കും? വ്യാപാര കാര്യങ്ങൾ നിർബാധമായവിധം നടത്തണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം നാം ഇപ്പോൾ മുറവിളി കൂട്ടിവരികയാണ്. ഈ കാര്യത്തിലും നിശ്ചയമായും ഞാൻ ഒന്നിച്ചതായി

മി. മാത്യുമുറിക്കൻ (മെമ്പർ): നിർബാധമായവിധത്തിൽ തിരുവിതാംകൂറിൽ വ്യാപാരം നടത്തണമെന്നുള്ള സംഗതി മെമ്പർ സ്വീകരിക്കുന്നുണ്ടോ?

മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ടമെമ്പർ): സാമാന്യമായ ഒരു പ്രസ്താവന എന്നനിലയിലാണു അപ്രകാരം ഞാൻ പറഞ്ഞിട്ടുള്ളത്. സർ, തിരുവിതാംകൂറിലെ വ്യവസായങ്ങളുടെ സ്ഥിതികൾ മററു രാജ്യങ്ങളിലെ സ്ഥിതികളോടു തുല്യമായ നിലയെ പ്രാപിക്കുന്ന അവസരത്തിൽ തിരുവിതാംകൂറിനു നിർബാധമായവിധം വ്യാപാരം ചെയ്യുന്നതിനുള്ള സൌകര്യങ്ങൾ ഉണ്ടായിരിക്കണം. ഈ സംഗതി ഞാൻ ഖണ്ഡിച്ചു പറഞ്ഞുകൊള്ളുന്നു.

മി. മാത്യൂ മുരിക്കൻ (കൈവക്കാം): ഈ അവസരത്തിൽ അതു ആവശ്യമല്ലല്ലോ?

മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ടമെമ്പർ): ഇപ്പോൾ ആവശ്യമല്ല. ഈ രാജ്യത്തുണ്ടാകുന്ന എല്ലാ അസംസ്കൃതസാധനങ്ങളും ഉപയോഗപ്പെടുത്തുന്നതിനു നമുക്കു സാധിക്കുന്നപക്ഷം കയററുമതിയിനെ വർദ്ധിപ്പിക്കുന്നകാര്യത്തിൽ മുന്നിട്ടിറങ്ങി ഗവർമ്മെൻറിനോടപേക്ഷിക്കുന്നതിനു ആദ്യമായി ഇരിക്കുന്നതു ഞാൻ ആയിരിക്കും. അപ്രകാരം നാം ചെയ്യാതിരിക്കുന്നിടത്തോളംകാലം അതു സ്വീകരിക്കുന്നതു ബുദ്ധിപൂർവകമായ ഒരു നയം ആയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂറിൽ നമ്മുടെ സ്വന്തംവക വ്യവസായശാലകളിലൊ നമ്മുടെ രാജ്യത്തു സ്ഥാപിച്ചിട്ടുള്ള വിദേശികളുടെവകയായ വ്യവസായശാലകളിലൊ ഉണ്ടാക്കിവരുന്ന കയറുമുഴുവനും ഉപയോഗപ്പെടുത്തുന്നതിനു നമുക്കു സാധിക്കുന്നില്ല. ഈ സംഗതിയാണു ഞാൻ പ്രസ്താവിക്കുന്നത്.

കയറുവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ ഊർജ്ജിതമായിട്ടു പ്രവർത്തിച്ചുവരുന്ന മററനേകംരാജ്യങ്ങൾ ഇപ്പോൾ ഉണ്ട്. ഈ സഭയെ ധരിപ്പിക്കുവാനുള്ള മറെറാരുസംഗതി ഇതാണ്. കഴിഞ്ഞ മഹായുദ്ധത്തിനു മുൻപു ജർമ്മനിക്കു ആവശ്യമുണ്ടായിരുന്ന ചരക്കുകളിൽ ഏകദേശം തൊണ്ണൂററിഅഞ്ചു ശതമാനം കൊച്ചി തുറമുഖത്തിലും ആലപ്പുഴത്തുറമുഖത്തിലും നിന്നാണു ലഭിച്ചുകൊണ്ടിരുന്നത്. ബ്രിട്ടീഷ്ഇൻഡ്യയിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ നോക്കുന്നപക്ഷം ഈ കാര്യം മനസ്സിലാകുന്നതാണ്. യുദ്ധകാലത്തു നമ്മുടെ രാജ്യത്തുനിന്നും കയറു വാങ്ങുന്നവിഷയത്തിൽ ജർമ്മനിക്കുവളരെ ബുദ്ധിമുട്ടനേരിട്ടു. എന്നാൽ മററു രാജ്യക്കാർ കയറുവ്യവസായത്തെ പോഷിപ്പിക്കുന്നതിനു അത്യധികമായി പ്രവർത്തിച്ചിരുന്നു. ൧൦൯൦-ൽ ഈ രാജ്യത്തു പ്രസ്തുതവ്യവസായംനടത്തിവരുന്നതിനെ ആസ്പദമായസ്ഥിതികളെസംബന്ധിച്ചു പഠനം നടത്തുന്നതിനു ജാവായിലെ വ്യവസായഡയറക്ടർ തിരുവിതാംകൂറിനെ സന്ദർശിച്ചു. അദ്ദേഹം തിരുവിതാംകൂറിൽ കണ്ടറിഞ്ഞിട്ടുള്ള സംഗതികളേയും ഡച്ചു ഇൻഡീസുദ്വീപുകളിൽ ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു എപ്രകാരം സാധിക്കുമെന്നുള്ളതിനേയും സംബന്ധിച്ചു ഡച്ചുഭാഷയിൽ അദ്ദേഹം ഒരു പുസ്തകംപ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഡച്ചു ഇൻഡീസിൽനിന്നു കയറു അത്യധികമായി വിലയ്ക്കു ഇപ്പോൾ വാങ്ങുന്നരാജ്യങ്ങളിൽ ഒന്നു ജർമ്മനി ആകുന്നു.

കയറിൻെറ നിറത്തെപ്പററി താരതമ്യപ്പെടുത്തുന്നപക്ഷം ഡച്ചുകാരുടെ സ്ഥലത്തുണ്ടാക്കുന്ന കയറിൻെറ ഗുണം നമ്മുടെ കയറിൻെറഗുണത്തെക്കാൾ മോശമാകുന്നു. ൧൦൯൦-ാം മാണ്ടുമുതൽ കയറുപായുടേയും മാററിംഗിൻേറയും കാര്യത്തിൽ നിറം പിടിപ്പിക്കുന്ന വേലമാത്രം അല്ലെങ്കിൽ കൃത്രിമവേലയോ നാം ചെയ്തുവന്നില്ലെന്നുള്ളതും ഈ സഭയെ എനിക്കു ധരിപ്പിക്കുവാനുണ്ട്. വിദേശ രാജ്യങ്ങൾ കൃത്രിമപ്പണികൾകൂടാതെയുള്ള പായകൾ അധികം ആവശ്യപ്പെട്ടുവന്നിരുന്നു. അതുനിമിത്തമാണു നാം മേല്പറഞ്ഞവിധത്തിൽ പ്രവൃത്തിക്കാതിരുന്നിട്ടുള്ളത്. യുദ്ധംനടന്നുകൊണ്ടിരുന്നകാലത്തു നമ്മുടെ രാജ്യത്തുള്ള കയറു ജർമ്മനിക്കു ലഭിക്കുന്നതിനു സാധിച്ചില്ല. അതിനാൽ ചായംപിടിപ്പിച്ചിട്ടുള്ള കയറു അവർ വാങ്ങിവന്നു. ജർമ്മൻകാർ അതിനു നിറംകൊടുക്കുകയും വളരെ വിശേഷമാതിരിയിലുള്ള കൃത്രിമപ്പണികളോടുകൂടിയ മാററിംഗ് ഉണ്ടാക്കുകയുംചെയ്തു. ജനങ്ങളെ ആകർഷിക്കത്തക്കശക്തിയുള്ള ഈ പായകളെ ജർമ്മൻകാർ നമുക്കുകയററുമതിചെയ്തുകൊണ്ടിരുന്ന സാധാരണ പായകൾക്കു ചുമത്തപ്പെട്ടിട്ടുള്ളതിനു തുല്യമായ വിലയ്ക്കുവിററുവന്നു. യുദ്ധത്തിനുമുൻപും യുദ്ധകാലത്തിനിടയ്ക്കും നാം സാധാരണതരത്തിലുള്ള പായകൾ കയററുമതിചെയ്തുകൊണ്ടിരുന്നു. നാം ഇപ്പോളാകട്ടെ അന്നു അയച്ചുകൊണ്ടിരുന്ന പായുടെ അഞ്ചു ശതമാനംപോലും നാം വിദേശങ്ങളിലേക്കു അയക്കുന്നില്ല.

എനിക്കു ഈ അവസരത്തിൽ ഒരു സംഗതി പ്രസ്താവിക്കുവാനുണ്ട്. അതു താഴെ പറയുന്നതാണ്. കഴിഞ്ഞ ജനുവരിമാസത്തിൽ ബർലിൻകമ്പോളത്തിൽവച്ച് ആലപ്പുഴയുള്ള വ്യവസായക്കാരുമായി വളരെ കഠിനമായവിധത്തിൽ ഹാളണ്ടു ഒരു മത്സരംനടത്തി. ഹാളണ്ടുരാജ്യക്കാരെ പരാജയപ്പെടുത്തുന്നതിനു നമുക്കു സാധിച്ചിട്ടുണ്ടെന്നുള്ളതു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. പ്രസ്തുത വ്യവസായം നടത്തുന്നവരിൽ ചിലർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിച്ചുവരുന്നുണ്ടെന്നുള്ളതു എനിക്കു ബോദ്ധ്യമായിട്ടുണ്ട്. ഈ വ്യവസായശാലകളുടെ പ്രവർത്തനം തീരെ കാര്യക്ഷമമല്ലാത്ത തരത്തിലാണു നടത്തിവരുന്നത്. മേല്പറഞ്ഞതിനുള്ള കാരണം ഇതുമാത്രമാണെന്നു ഞാൻ ഖണ്ഡിച്ചു പ്രസ്താവിച്ചുകൊള്ളുന്നു. അവർക്കു ബുദ്ധിമുട്ടു നേരിട്ടിരിക്കുന്നതിനുള്ള കാരണം ഈ രാജ്യത്തുള്ള കയറു വിദേശത്തിലേക്കു അയച്ചുവരുന്നതാണെന്നുള്ളതല്ല. ഞാൻ ഒരു വ്യവസായം നടത്തുന്ന ആളാണ്. ദിവസംതോറും ആയിരത്തിലധികം ആളുകളെക്കൊണ്ടു ജോലിചെയ്യിക്കുന്നുണ്ട്. ഞങ്ങൾ വളരെ മൂലധനം കൈവശത്തിൽ വച്ചിട്ടുള്ള ആളുകളല്ലെന്നു പ്രസ്താവിച്ചുകൊള്ളുന്നു. തൊഴിൽ എന്ന നിലയിൽ പണം വാങ്ങുന്ന ആളുകളുടേയും കൂലി പിന്നീടു കൊടുക്കുന്നതെന്നുള്ള വ്യവസ്ഥയിന്മേൽ ജോലിചെയ്യുന്ന കൂലിക്കാരുടേയും മദ്ധ്യേ നിന്നുകൊണ്ടാണു ഞങ്ങൾ പ്രവർത്തനം നടത്തിവരുന്നത്. മുതലാളികളും ജോലിക്കാരനും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധത്തെപ്പററി ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. ജോലിക്കാർ ഞങ്ങൾക്കു വളരെ ഉപദ്രവത്തിനു കാരണമാക്കിത്തീർക്കുന്നുണ്ട്. ഒരു റൂ. ചെലവാക്കുമായ നിലയിൽ ഈ രാജ്യത്തിൻെറ സാമ്പത്തികാഭിവൃദ്ധിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കു ബുദ്ധിമുട്ടിനു ഇടയാകുന്നതു്. ഗവർമ്മെൻറു പരിഹരിക്കുന്നതിനു ശ്രമിക്കേണ്ട ചില ന്യൂനതകളുണ്ട് ഞാൻ മുകളിൽ പ്രസ്താവിച്ചിട്ടുള്ളത്. വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങൾ ഒരു ജോലിയിൽനിന്നു് വേറെ ജോലിയിലേക്കു വിട്ടുപോകുകയോ ചെയ്യുന്നുഎന്നുകാണുമ്പോൾ ഗവർമ്മെൻറു ഈ കാര്യത്തിൽ ഇടപെടേണ്ടതാണ്.

മി. പി. എസ്സ്. മുഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): മാററിംഗ്സിൻെറ ഫാറിൻ മാർക്കററിലെ ഇപ്പോൾ കുറഞ്ഞുവരികയാണെന്നറിയാമൊ?

മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട മെമ്പർ): അറിയാം. എന്നാൽ മി. മഹമ്മദ് ഒരു സംഗതി ഓർത്തിരിക്കണം. അതു താഴെ പറയുന്നതാണ്. മത്സരം എന്നതു വ്യവസായത്തിന്റെ ജീവനാഡിയാണെന്നുള്ളതിനു പുറമെ, വ്യവസായത്തിലും കച്ചവടത്തിലും തങ്ങളുടെ ജീവിതം മുഴുവനും വിനിയോഗിച്ചിട്ടുള്ളവർ — — .

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): കോംപറിഷൻനിമിത്തം ഹാരിസൻമാക്കാറ് വില കുറച്ചുകൊടുക്കയും വേലക്കാരുടെ കൂലി ദിവസംപ്രതി കുറയ്ക്കുന്നതിനു ശ്രമിക്കുകയും ചെയ്യുന്നതായിട്ടറിയുമോ?

മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട മെമ്പർ): സർ, ഈ ചോദ്യത്തിന് മറുപടി നൽകുന്നതിന് എനിക്കു നിവൃത്തിയില്ല.

അദ്ധ്യക്ഷൻ: പ്രസ്തുത ചോദ്യത്തിന് നിങ്ങൾ മറുപടി നൽകേണ്ട ആവശ്യമില്ല.

മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട മെമ്പർ): ഈ അവസരത്തിൽ ഒരു സംഗതി എനിക്കു പ്രസ്താവിക്കുവാനുണ്ട്. ഈ കാര്യത്തിൽ ഗവണ്മെന്റു അന്ധത്വപക്ഷത്തിൽ ഇപ്പോഴും പ്രവർത്തിക്കയും, തങ്ങളുടെ ഇഷ്ടംപോലെ പെരുമാറുന്നതിനു വേലക്കാരെ അനുവദിക്കുകയും ചെയ്യുന്നു എന്നുള്ളതു ശോചനീയമായ ഒരു സ്ഥിതിയാണ്. ഈ സംസ്ഥാനത്തെ സാമ്പത്തികസ്ഥിതികളെ സംബന്ധിച്ചിടത്തോളം, യാതൊരു വിവരമോ ബോധമോ ഇല്ലാത്ത ആളുകൾ വിദ്യാവിഹീനരും സാധുക്കളും ആയ വേലക്കാരെ നയിച്ചുവരുന്നു. ഒരാൾ നയിക്കുന്നതിനെങ്കിൽ അനവധിആളുകൾ അയാളെ അനുകരിച്ചു പ്രവർത്തിക്കുന്നു. ഇപ്രകാരമുള്ള നേതാക്കന്മാരുടെ പ്രവർത്തനത്തിന്റെ ഫലമായി ഇപ്പോൾ മുഹമ്മയിലുള്ളതും വിദേശ ഉടമക്കാരുടെ വകയുമായ ഒരു തൊഴിൽശാലയിലെ വേലക്കാർ പണിമുടക്കിയിരിക്കുന്നു. ഇപ്രകാരം ജോലി മുടക്കിയിരിക്കുന്നതിന്റെ ഫലമായി ഈ സാധുക്കളായ ജനങ്ങളുടെ കുടുംബങ്ങൾ കഷ്ടപ്പാടുകൾ അനുഭവിച്ചുവരുന്നു.

ഈ വിഷയത്തെക്കുറിച്ചു പ്രസ്താവിക്കുന്ന അവസരത്തിൽ, ഈ രാജ്യത്തെ സാമ്പത്തികസ്ഥിതികളേയും ഈ രാജ്യത്തിലുള്ള വേലക്കാരും അവരെ ജോലിയിൽ ഏർപ്പെടുത്തുന്ന മുതലാളികളും തമ്മിൽ ഉണ്ടായിരിക്കുന്ന ബന്ധത്തെയും സംബന്ധിച്ചു വളരെ പൂർണ്ണമായി അറിയാവുന്ന ഒരാൾ എഴുതീട്ടുള്ളതിൽനിന്നു ഞാൻ ഒരു ഭാഗം ഇവിടെ വായിക്കാം. സർ, ആലപ്പുഴയുള്ള ഇംഗ്ലീഷ്കാരുടെ വകയായ ഒരു വ്യവസായശാലയ്ക്കു നമ്മുടെ ഉപാദ്ധ്യക്ഷനായ റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ നൽകിയിട്ടുള്ളതും തിരുവിതാംകോട്ടു വ്യാപാരസമിതി വിതരണം ചെയ്യപ്പെട്ടിട്ടുള്ളതും ആയ മറുപടി ഞാൻ ഇവിടെ വായിക്കാം. അദ്ദേഹം ഇപ്രകാരം പറയുന്നു:

"പൊതുജനക്ഷേമത്തിനെ മാത്രം ആസ്പദമാക്കിയല്ല ഈ വ്യവസായങ്ങൾ നടത്തിവരുന്നതു്, ഇതിനുപുറമെ, കൂലിവേലക്കാരുടെ ഗുണത്തിനു മാത്രമായിട്ടാണ് വ്യവസായങ്ങൾ പൊതുവെ നടത്തിവരുന്നതു എന്നു വേലക്കാർ അനുമാനിക്കാൻ പാടില്ലാത്തതാകുന്നു. ഞാൻ ഈ സംഗതി അവരെ ധരിപ്പിച്ചിട്ടുണ്ട്. വിചാരശൂന്യമായ വിധത്തിൽ പണിമുടക്കുന്നതിന് സ്ഥലത്തുള്ള വേലക്കാർ ഇനിയുന്നതിനിടയില്ലെന്ന് ഞാൻ വിചാരിച്ചിരുന്നു. കൂലിവേലക്കാരുടെ സ്ഥിതിയെ സംബന്ധിച്ചിടത്തോളം, അവരുടെ ഇടയിൽ യാതൊരു ഘടനയുമില്ലാതിരിക്കുന്നു, ആസ്ഥാനിക, പുറമെയുള്ള ആളുകൾ ഉത്തമമായവിധത്തിൽ അവരെ പ്രേരിപ്പിക്കുന്നപക്ഷം വിവേകപൂർവ്വം അവർ പ്രവർത്തിക്കുന്നതാണ്. കൂലിവേലക്കാരുടെ ഇടയിലുള്ള അംഗങ്ങൾ തന്നെ അവരെ നയിക്കുകയും അവരുടെ ഇടയിൽ ഒരു സംഘടന ഉണ്ടാക്കുകയും ചെയ്യുന്നപക്ഷം അതു ഏറെ ശ്രേയസ്കരമായ ഒന്നായിരിക്കുന്നതാണ്. നേതാക്കന്മാരെന്നുള്ള പേരു് സ്വയമേവ സ്വീകരിച്ചിട്ടുള്ളവരിൽ അധികംപേർക്കും, സാമ്പത്തികസ്ഥിതിയെ സംബന്ധിച്ചോ, അല്ലെങ്കിൽ, വിചാരശൂന്യമായ പ്രവൃത്തിയുടെ ഫലമായി നേരിടുന്ന ദോഷകരമായ സംഗതികളെ സംബന്ധിച്ചോ ശരിയായ ജ്ഞാനം ഇല്ലാതിരിക്കുന്നു. കൂലിവേലക്കാർ സ്വീകരിച്ചിട്ടുള്ള പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ഉത്തമമായ മാർഗ്ഗങ്ങളിൽകൂടി നയിച്ച് അവരുടെഇടയിൽ ഒരു ഘടന ഉണ്ടാക്കുന്നതിന് സഹായിക്കേണ്ടതു നിങ്ങൾക്കും വേലക്കാരെ ജോലിക്കേർപ്പെടുത്തുന്ന മററു മുതലാളികൾക്കും സാധിക്കുന്നതാണ്. സാമ്പത്തികസ്ഥിതിയെ സംബന്ധിച്ചോ വിചാരശൂന്യമായ തങ്ങളുടെ പ്രവൃത്തികൾമൂലം നേരിടുന്ന ദോഷകരമായ ഫലങ്ങളെ സംബന്ധിച്ചോ നേതാക്കന്മാരിൽ അധികംപേർക്കും ശരിയായ യാതൊരുവിവരവും ഇല്ലാതിരിക്കുന്നു. കൂലിക്കാർ സ്വീകരിച്ചിരിക്കുന്ന പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, അവരുടെഇടയിൽ ഒരു സംഘടന ഉണ്ടാക്കുന്നതിന് അവരുടെ മുതലാളികൾ അവർക്ക് സഹായം പ്രദാനം ചെയ്യേണ്ടതാണ്".

ഞങ്ങൾ പ്രവർത്തിച്ചുവരുന്നതു് ഏതു വിധത്തിലാണെന്നുള്ളത് മേൽപറഞ്ഞതിൽനിന്നു നമുക്ക് മനസ്സിലാക്കാവുന്നതാണ്. വേലക്കാരെയും അവരുടെ കുടുംബങ്ങളെയും സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഞങ്ങൾ എല്ലായ്പോഴും വളരെ താല്പര്യം പ്രദർശിപ്പിക്കുന്നുണ്ട്. ഈ വേലക്കാരുടെ സഹായംകൂടാതെ ഞങ്ങളുടെ വ്യവസായം നടത്തുന്നതിന് സാധിക്കുകയില്ല. തങ്ങളുടെയും തങ്ങളുടെ കുടുംബത്തിലുള്ളവരുടേയും ജീവിതം നയിക്കുന്നതിനു സാധിക്കത്തക്കവണ്ണം വേലക്കാർക്ക് കൂലികൊടുത്തു്, വേലക്കാരുടെഇടയിൽ ഇപ്രകാരമുള്ള പണിമുടക്കങ്ങളെ ഇല്ലായ്മചെയ്യുന്നതിന് ഞങ്ങൾ ആദ്യമായി ശ്രമിക്കുന്നതായിരിക്കും. ജോലിക്കാർ പണിമുടക്കം ചെയ്യുന്നു എന്നുള്ളതു കാണുന്നതിൽ ഞങ്ങൾക്കു താല്പര്യം ഉണ്ടായിരിക്കുന്നതല്ല. വേലക്കാർ പണിമുടക്കം വരുത്തുമെന്നോ പണിയിൽനിന്നു വിരമിക്കുമെന്നോ ഉള്ള സംഗതികൾ മുൻകൂട്ടി കണ്ടറിയുന്ന അവസരത്തിൽ മുതലാളികളേയും വേലക്കാരെയും തമ്മിൽ രാജിയാക്കുന്നതിന്, ഗവണ്മെന്റിന്റേയും മുതലാളികളുടേയും വേലക്കാരുടേയും പ്രതിനിധികളടങ്ങിയ ഒരു സംഘത്തെ ഗവണ്മെന്റു ഏർപ്പെടുത്തണം. ഇപ്രകാരം ചെയ്യുന്നതിനാണ് യഥാർത്ഥത്തിൽ ഞങ്ങൾ ഗവണ്മെന്റിനോടു ആവശ്യപ്പെടുന്നതു്.

മി. വി. ചെല്ലംപിള്ള (തോവാള): ഓരോകൊല്ലത്തിലും ഓഹരിക്കാർക്ക് അവർ നൽകിവരുന്ന ലാഭവിഹിതമെത്രയാണ്.

മി. കെ. സി. കരുണാകരൻ (നിയമിക്കപ്പെട്ട മെമ്പർ): ഇതു ബാലൻസ്ഷീററിൽനിന്നു നിങ്ങൾക്ക് കാണാവുന്നതാണ്.

അദ്ധ്യക്ഷൻ: നിങ്ങൾ ആ ചോദ്യത്തിന് മറുപടിനൽകേണ്ട ആവശ്യമില്ല.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): സർ, മിസ്റ്റർ കരുണാകരൻ ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ എതിർത്തുകൊള്ളുന്നു. മീററിംഗ്സിനെ സംബന്ധിച്ച എനിക്കു പറവാനുള്ള അഭിപ്രായം പറഞ്ഞുകഴിഞ്ഞു. അതിനെ സംബന്ധിച്ച സംഗതികൾക്കല്ല ഞാൻ ഇതിനെ പ്രത്യേകമായിട്ട എതിർക്കുന്നത്. കൂലിക്കാരെസംബന്ധിച്ച പറയുന്നുഎങ്കിൽ അതു ക്യാപ്പിററലിസ്റ്റിന്റെ ഇഷ്ടംപോലെ കൂലി കുറയ്ക്കുകയും അവരുടെ ആഹാരത്തിനപോലും കൊടുക്കാതെ പലവിധത്തിൽ ഉപദ്രവിച്ചുവരികയും ചെയ്യുന്നുണ്ട്. ഇവർ കണ്ണടച്ച മുതലാളിമാരുടെ കാലിൽപിടിച്ച കിടക്കണമെന്നാണ് എന്റെ സ്നേഹിതൻ പ്രസ്താപിക്കുന്നത്.

അദ്ധ്യക്ഷൻ: കൂലിവേലക്കാരുടെ കാര്യത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും നിയമം നിർമ്മിക്കുന്നതു സംബന്ധിച്ചുള്ളവിവരങ്ങൾ പ്രസ്താവിക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. നിങ്ങൾ അതിനെ കുറിച്ച പ്രസ്താവിക്കാൻപോകുകയാണെന്നുണ്ടെങ്കിൽ, ഈ സഭയുടെശ്രദ്ധക്കു വിഷയമായിരിക്കുന്ന സംഗതി യഥാർത്ഥത്തിൽ അതല്ലെന്നു പറഞ്ഞുകൊള്ളുന്നു.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഫാറിൻമാക്കററിലുള്ള ദോഷങ്ങളെ തീർക്കുന്നതിനു ഇവിടത്തെ സാധുക്കളായ തൊഴിലാളികളുടെ കൂലി കുറയ്ക്കുകയാണ് ഇവർ ചെയ്യുന്നത്. അവരുടെ സംഗതികൾ ന്യായമായമാർഗ്ഗങ്ങളിൽകൂടി ക്യാപ്പിററലിസ്റ്റിനെ ധരിപ്പിക്കാമെന്നു വിചാരിച്ചാൽ അതിനുള്ള സൌകര്യംഅവർക്കു കൊടുക്കുകയില്ല. എന്റെസ്നേഹിതൻ ഇവിടെ വായിച്ച എഴുത്തിന്റെ ഉദ്ദേശം പരമാർത്ഥമാണ്.

മി. ജി. സി. കേശവപിള്ള (കൽക്കളവും വിളവങ്കോടും): സർ, വ്യവസായഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം, ഈ വാദപ്രതിവാദംമൂലം ഈ സഭയിൽ എന്തു പ്രയോജനമാണ് സിദ്ധിക്കുന്നത്. ഈ വാദപ്രതിവാദം നടപടിക്രമത്തിനു യോജിച്ചതല്ലെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഈ ഇൻഡസ്ട്രിയൽഡിപ്പാർട്ടുമെൻറിൽ വേണ്ടപോലെ ... ...

മി. എസ്സ്. പരിവിശപ്പരമാംപിള്ള (കച്ചവടവും വ്യവസായവും—മെതക്ക): ഈ ഡിമാൻഡിനു അനുവദിച്ചിട്ടുള്ളസമയം കഴിഞ്ഞുപോയിരിക്കുന്നു. ഈ കാര്യം ഞാൻ ഈ സഭയെ അറിയിക്കുന്നു.

അദ്ധ്യക്ഷൻ: അതേ, സമയം തീർന്നുവരികയാണ്.

ഈ ഡിമാൻഡിനു അനുവദിച്ചിട്ടുള്ളസമയം ഇപ്പോൾ കഴിഞ്ഞിട്ടുള്ളതും ഈ ഉപക്ഷേപവും മററുപക്ഷേപങ്ങളും അസാധുവായിതീർന്നിരിക്കുന്നതും ആകുന്നു. ഡിമാൻഡിനു അനുവദിച്ചിട്ടുള്ളസമയം കഴിഞ്ഞുപോയിരിക്കുന്നതിനാൽ മേൽപറഞ്ഞ ഉപക്ഷേപവും താഴെപറയപ്പെടുന്ന ഉപക്ഷേപങ്ങളും അസാധുവായിപ്പോയി.

൨൭൧ മുതൽ ൨൯൦ വരെയുള്ള ഉപക്ഷേപങ്ങൾ

മി. കെ. സി. കരുണാകരൻ.

൨൭൧. സഞ്ചാരപ്പടി നൽകുന്നതിനു നീക്കിവച്ചിട്ടുള്ള ൩,൦൦൦ രൂപയിൽനിന്ന് ൧൦ രൂപ കുറയ്ക്കണം.

മി. എ. സി. കുഞ്ചാക്കോസ്,

൨൭൨. സഞ്ചാരപ്പടി നൽകുന്നതിനു നീക്കിവച്ചിട്ടുള്ള ൩,൦൦൦ രൂപയിൽനിന്ന് ൧൦ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ,

൨൭൩. സഞ്ചാരപ്പടി നൽകുന്നതിനായി നീക്കിവെച്ചിട്ടുള്ള ൩,൦൦൦ രൂപയിൽനിന്ന് ൧൦ രൂപ കുറയ്ക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ

൨൭൪. സഞ്ചാരപ്പടി നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ൩,൦൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. വി. ചെല്ലംപിള്ള,

൨൭൫. ഡയറക്ഷന നീക്കിവച്ചിട്ടുള്ള ൧൭,൦൯൮ രൂപയിൽനിന്ന് ൧ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള,

൨൭൬. ഡയറക്ഷന നീക്കിവച്ചിട്ടുള്ള ൧൭,൦൯൮ രൂപയിൽനിന്ന് ൧ രൂപ കുറയ്ക്കണം.

മി. ജി. സി. കേശവപിള്ള,

൨൭൮. ഡയറക്ഷന നീക്കിവച്ചിട്ടുള്ള ൧൭,൦൯൮ രൂപയിൽനിന്ന് ൧ രൂപ കുറയ്ക്കണം.

മി. ഡി. സി. ജോസഫ്,

൨൭൯. ഡയറക്ഷന നീക്കിവച്ചിട്ടുള്ള ൧൭,൦൯൮ രൂപയിൽനിന്ന് ൫ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൨൮൦. ഡയറക്ഷന നീക്കിവച്ചിട്ടുള്ള ൧൭,൦൯൮ രൂപയിൽനിന്ന് ൧൦ രൂപ കുറയ്ക്കണം.

മി. എ. സി. കുഞ്ചാക്കോസ്,

൨൮൧. തൻചിലവു സിൽബന്ധികൾക്ക കൊള്ളിച്ചിട്ടുള്ള ൨,൨൦൦ രൂപയിൽനിന്ന് ൫ രൂപ കുറയ്ക്കണം.

മി. എ. സി. കുഞ്ചാക്കോസ്,

൨൮൨. വിദ്യാലയങ്ങളിലെ തൻചിലവു സിൽബന്ധികൾക്ക കൊള്ളിച്ചിട്ടുള്ള ൧,൧൨൨ രൂപയിൽനിന്ന് ൫ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപിള്ള.

൪൮൨. മെറാഫ് സെററിംഗിനെ സംബന്ധിച്ചുള്ള അസിസ്റ്റൻറ ഉപദേഷ്ടാവിനു ശമ്പളം നൽകുന്നതിനു കൊള്ളിച്ചിട്ടുള്ള ൨൦൦ രൂപ എടുത്തുകളയണം.

മി. കെ. സി. കരുണാകരൻ,

൪൮൩. ഗവൺമെൻറ കമ്മെഴ്സ്യൽസ്കൂളിനു കൊള്ളിച്ചിട്ടുള്ള ൧൦,൨൬൭ രൂപ എടുത്തുകളയണം.

മി. കെ. പത്മനാഭപ്പണിക്കർ,

൪൮൪. വ്യാവസായിക സ്ഥാപനങ്ങൾക്കു സഹായധനം നൽകുന്നതിനു കൊള്ളിച്ചിട്ടുള്ള ൨൦,൦൦൦ രൂപയിൽനിന്ന് ൧൦ രൂപ കുറയ്ക്കണം.

മി. രേവതിനാൾ രാമവർമ്മരാജ,

൪൮൫. വ്യവസായസംബന്ധമായ വിദ്യാഭ്യാസം നൽകുന്നതിനു കൊള്ളിച്ചിട്ടുള്ള ൭൬,൩൦൬ രൂപയിൽനിന്ന് ൧൦ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ,

൪൮൬. പരീക്ഷണത്തിനായിട്ടുള്ള കൈത്തൊഴിൽവ്യവസായം നടത്തുന്നതിനു കൊള്ളിച്ചിട്ടുള്ള ൬,൩൧൪ രൂപ കുറയ്ക്കണം.

മി. റി. സി. കേശവപിള്ള,

൪൮൭. ൧൪-ാംനമ്പർ ഡിമാൻഡിൻകീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൧,൨൩,൭൨൧ രൂപ എടുത്തുകളയണം.

മി. കെ. പി. നീലകണ്ഠപിള്ള,

൪൮൮. ൧൪-ാംനമ്പർ ഡിമാൻഡിൻറ കീഴിൽ കൊള്ളിച്ചിട്ടുള്ള ൧,൨൩,൦൦൧ രൂപയിൽനിന്ന് ൧ രൂപ കുറയ്ക്കണം.

മി. മുതുവേലിൽ പാച്ചുപിള്ള,

൪൮൯. ൧൪-ാംനമ്പർ ഡിമാൻഡിൻകീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൧,൨൩,൦൦൧ രൂപയിൽനിന്ന് ൧ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൪൯൦. ൧൪-ാംനമ്പർ ഡിമാൻഡിൻകീഴിൽ കൊള്ളിച്ചിട്ടുള്ള ൧,൨൩,൦൦൧ രൂപയിൽനിന്ന് ൧൦൦ രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ: ൧൪-ാംനമ്പർ ഡിമാൻഡുപ്രകാരം വ്യവസായങ്ങൾക്കുവേണ്ടി ൧,൨൩,൦൦൧ രൂപ പാസ്സാക്കുന്നതിനു ഞാൻ സഭയിൽ മേൽപടി ഡിമാൻഡു ഹാജരാക്കിക്കൊള്ളുന്നു. ഈ ഡിമാൻഡു പാസ്സായതായി എനിക്കു ഗണിക്കാമോ?

ഈ ഗ്രാൻറ അനുവദിച്ചു.

യൂറോപ്പിലുള്ള മെഡിക്കൽസ്ഥാപനങ്ങൾക്കു സഹായധനം നൽകുന്നതിനും യൂറോപ്യൻ ചികിത്സാസമ്പ്രദായം അഭ്യസിക്കുന്നതിനു വിദ്യാർത്ഥിവേതനങ്ങൾ നൽകുന്നതിനുംഉള്ള തുക ഉൾപ്പെടെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കുള്ള ൧൫-ാംനമ്പർ ഡിമാൻഡ്.

അദ്ധ്യക്ഷൻ: യൂറോപ്പിലുള്ള മെഡിക്കൽസ്ഥാപനങ്ങൾക്കു സഹായധനംനൽകുന്നതിനു യൂറോപ്പിലുള്ള ചികിത്സാസമ്പ്രദായം അഭ്യസിക്കുന്നതിനെസംബന്ധിച്ചു വിദ്യാർത്ഥിവേതനങ്ങൾ നൽകുന്നതിനുംഉള്ള തുക ഉൾപ്പെടെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കുള്ള ൧൫-ാംനമ്പർ ഡിമാൻഡിനെപ്പററി ഈ സഭ ഇപ്പോൾ ചിന്തിക്കുന്നതാണ്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): യൂറോപ്പിലുള്ള മെഡിക്കൽസ്ഥാപനങ്ങൾക്കു സഹായധനംനൽകുന്നതിനും യൂറോപ്പിലുള്ള ചികിത്സാസമ്പ്രദായം അഭ്യസിക്കുന്നതിനെസംബന്ധിച്ചു വിദ്യാർത്ഥിവേതനങ്ങൾ നൽകുന്നതിനും ആയിട്ടുള്ള ചിലവുൾപ്പെടെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കു ൧൫-ാംനമ്പർ ഡിമാൻഡിൻകീഴിൽ ൭,൦൯,൪൫൪ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നു അപേക്ഷിക്കുന്നതിനു ഞാൻ എഴുന്നേറ്റുകൊള്ളുന്നു.

൪൯൧ മുതൽ ൪൯൬ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ,

൪൯൧. തൻചിലവു സിൽബന്ധികൾക്കു നീക്കിവച്ചിട്ടുള്ള ൭,൩൦൮ രൂപ ഉപേക്ഷിക്കണം.

മി. മാത്യു മുരിക്കൻ,

൪൯൨. തൻചിലവു സിൽബന്ധികൾക്കു കൊള്ളിച്ചിട്ടുള്ള ൭,൩൦൮ രൂപ എടുത്തുകളയണം.

മി. വി. ജെ. ഉമ്മൻ,

൪൯൩. തൻചിലവു സിൽബന്ധികൾക്കു കൊള്ളിച്ചിട്ടുള്ള ൭,൩൦൮ രൂപ എടുത്തുകളയണം.

മി. പി. എസ്സ്. മഹമ്മദ്,

൪൯൪. തൻചിലവു സിൽബന്ധികൾക്കു നീക്കിവച്ചിട്ടുള്ള ൭,൩൦൮ രൂപ എടുത്തുകളയണം.

മി. ഏ. താണുപിള്ള,

൪൯൫. (എ) തൻചിലവു സിൽബന്ധികൾക്കു നീക്കിവച്ചിട്ടുള്ള ൭,൩൦൮ രൂപ എടുത്തുകളയണം.

മി. എ. സി. കുഞ്ചാക്കോസ്,

൪൯൬. പെർസണൽ അലവൻസുകൊടുക്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൧൮൦ രൂപ എടുത്തുകളയണം.

ഉപക്ഷേപം ൪൯൭.

മി. എ. സി. കുഞ്ചാക്കോസ്,

൪൯൭. തൻചിലവു സിൽബന്ധികൾക്കു കൊള്ളിച്ചിട്ടുള്ള ൭,൩൦൮ രൂപയിൽനിന്ന് ൮ രൂപ കുറയ്ക്കണം.

മി. എ. സി. കണ്ണാക്കോസ് (മീനച്ചിലും ദേവികുളവും): സർ, എസ്റ്റാബ്ലിഷ്മെന്റുവകയിലേക്ക അനുവദിക്കപ്പെട്ടിരിക്കുന്ന ൭൩൦൦ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണമെന്നുള്ള എന്റെ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ പ്രധാനഉദ്ദേശം പൊതുവായി ഡിപ്പാർട്ടുമെന്റിനേയോ ഗവർമ്മെന്റിന്റെ നയത്തെയോപറ്റി എന്തെങ്കിലും പറയണമെന്നുള്ളതല്ല. നേരെമറിച്ചു പ്രാദേശികാവശ്യങ്ങളെപ്പറ്റി ചില പ്രത്യേകകാര്യങ്ങൾ ഈ സന്ദർഭത്തിൽ ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു ഉചിതമായിരിക്കുമെന്നുള്ള വിചാരംകൊണ്ടുമാത്രമാണ് ഈ ഉപക്ഷേപം ഹാജരാക്കുന്നതു്.

[illegible]ത്തു ഒരു ഡിസ്ട്രിക്ട് ആശുപത്രിയുണ്ടു. ഈ ആശുപത്രിയിൽ സാധാരണയായി രോഗികൾ വന്നു ചികിത്സിച്ചുകൊണ്ടുപോകയും ചെയ്യുന്നുണ്ട്. എന്നാൽ പുറമേനിന്നുവരുന്നവർക്കു അവിടെ താമസിച്ചു ചികിത്സനടത്തിക്കുന്നതിനു സൌകര്യം ഉണ്ടാക്കിക്കൊടുക്കാത്തതുകൊണ്ടു രോഗികൾ വളരെ സങ്കടം അനുഭവിച്ചുവരുന്നു. അതിനു ഒരു പരിഹാരം ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള സംഗതി ഈ കൌൺസിലിന്റെ ആലോചനയ്ക്കു വിഷയമാക്കിക്കൊള്ളുന്നു. അവിടെ ഇപ്പോൾ പ്രത്യേകമായി രണ്ടുവാർഡു ഉണ്ടു. ഒരു വാർഡിൽ സ്ത്രീകളെയും ഒരു വാർഡിൽ പുരുഷന്മാരേയും ഇട്ടു ചികിത്സിച്ചുവരുന്നു. എന്നാൽ സാമാന്യം ഭേദപ്പെട്ടവരും ആസ്പത്രിയിൽ കിടന്നു ചികിത്സിക്കേണ്ടതായ നിലയിൽ രോഗം ബാധിച്ചവരുമായ രോഗികൾക്കു വേണ്ട മന്ദിരങ്ങൾ ആസ്പത്രിയിൽ ഇല്ലാത്തതുകൊണ്ടു ആളുകൾ വളരെ കഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. അതിലേക്ക ഒരു വാർഡുകൂടി ഏർപ്പെടുത്തണമെന്നുള്ളതു ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ ഇതിനുമുമ്പുതന്നെ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ അവിടെ ഒരു വാർഡിന്റെ ആവശ്യത്തിനു തക്കവണ്ണം രോഗികൾ ആസ്പത്രിയിൽ കിടന്നു ചികിത്സിപ്പിക്കുവാൻ ഇല്ലാത്തതുകൊണ്ടു പുതുതായ ഒരു മന്ദിരം ആവശ്യമില്ലെന്നാണ് ഡിപ്പാർട്ടുമെന്റിൽനിന്നും പറയുന്ന മറുപടി. രോഗികൾക്കു വേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുത്താൽ രോഗികൾ ധാരാളംകാണുമെന്നു അവിടെയുള്ള മെഡിക്കൽ ആഫീസർതന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. എന്നാണ് ഇതിനു സമാധാനം പറയാനുള്ളതു്. സ്ഥലത്തെ ആവശ്യങ്ങളും സാഹചര്യങ്ങളും നന്നായിട്ടറിയാവുന്നതുകൊണ്ടാകുന്നു ഈ കാര്യം വീണ്ടും വീണ്ടും പ്രതിപാദിക്കുവാൻ ഇടയാകുന്നതെന്നുംകൂടി പറയേണ്ടിയിരിക്കുന്നു.

അതുപോലെ ശസ്ത്രക്രിയ നടത്തുന്നതിനുള്ള മന്ദിരമോ പ്രസവസംബന്ധമായ ആവശ്യത്തിനുള്ള മുറികളോ അവിടെ ഇല്ല. ഇതു് ഒരു ചെറിയ ആസ്പത്രിയാണ്. സാധാരണ ഡിസ്ട്രിക്ട് ആസ്പത്രികളിലേയ്ക്കാൾ കൂടുതൽ രോഗികൾക്കു അവിടെ ചികിത്സ നടത്തിപ്പോരുന്നുണ്ട്. അതുകൊണ്ടു പ്രത്യേകം ഒരു മന്ദിരം അതിനു സമീപമായി പണിയിച്ചു തന്നെ പുറമെനിന്നു വരുന്ന രോഗികൾക്കു് ഫീസു വച്ചാലും തരക്കേടില്ല. ഇതു വിസ്തൃതമായ ഒരു പ്രദേശത്തുള്ള ഒരു ഡിസ്ട്രിക്ട് ആശുപത്രിയിൽ ഒരു വാർഡുകൂടി ഉണ്ടാക്കുന്നതിനു ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധ പതിയുകയും ഗവർമ്മെന്റിന്റെ അനുഭാവം ഉണ്ടാകുകയും ചെയ്യണമെന്നു അനേകകാലം അപേക്ഷിക്കേണ്ടതായി വന്നതിൽ കുണ്ഠിതമുണ്ട്.

ഈ ആശുപത്രിയിൽ കൂടുതൽ കമ്പൌണ്ടർമാരെ ആക്കണം ഒരു ലേഡിഡാക്ടരെ ആക്കിത്തരണം എന്നും മറ്റും ഇതിനുമുമ്പുതന്നെ ഈ കൌൺസിലിൽമുമ്പാകെ സക്കാരണം ഉപക്ഷേപം കൊണ്ടുവന്നിട്ടുണ്ട്. ഇതിനു മറുപടിയിൽ പറഞ്ഞഭാഗം അനുവദിച്ചിരിക്കുന്നു എന്നു മറുപടി പറഞ്ഞു എന്നല്ലാതെ ബഡ്ജറ്റിൽ അതിലേക്കുള്ള പ്രൊവിഷൻ കാണുന്നില്ല. ഈ ആവശ്യങ്ങളെ ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയും ഡിപ്പാർട്ടുമെന്റ സമ്മതിക്കുകയും ചെയ്തിട്ടുണ്ട് എങ്കിലും കാര്യനടപ്പില്ലാത്തതു ശോചനീയംതന്നെ. ഡിപ്പാർട്ടുമെന്റ അതിനുള്ളമാർഗ്ഗം കാണാതെ കാലം കടന്നുപോകുന്നതു ക്ഷന്തവ്യമായിരിക്കുന്നില്ല. ഈ പ്രാദേശികാവശ്യങ്ങളെ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത സാഹചര്യവും ജനങ്ങളുടെ ആവശ്യവും മനസ്ഥിതിയും മനസ്സിലാക്കി അതിനനുസരണമായ ഒരു മറുപടി നൽകുമെന്നും അചിരേണ കാര്യം സാധിതപ്രായമാകുമെന്നുമുള്ള ആഗ്രഹത്തോടുകൂടി ഈ ഉപക്ഷേപത്തെ ഈ സഭമുമ്പാകെ ഹാജരാക്കിക്കൊള്ളുന്നു.

മി. ജി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഈ യോഗത്തിന്റെ പര്യാലോചനയ്ക്കു വിഷയമാകുന്നതിനു ഇപ്പോൾ ഹാജരാക്കിയിരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനു ഞാൻ എഴുന്നേറ്റുകൊള്ളുന്നു. വിളവങ്കോട്ടുതാലൂക്കിലുള്ള പുതുക്കട എന്ന സ്ഥലത്തു ഒരു ആശുപത്രി സ്ഥാപിക്കേണ്ടതു ആവശ്യമാണ്. ഈ സംഗതി ഞാൻ ഗവർമ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു. അടുത്തകാലത്തു അവിടെ ഉണ്ടായിട്ടുള്ള സാംക്രമികരോഗംമൂലം ഞങ്ങളുടെ നാട്ടിൽ അനവധി ആളുകൾ മരിച്ചുപോകുന്നതിനു ഇടയായിട്ടുണ്ട്. വിളവങ്കോട്ടുതാലൂക്കിലുള്ള അരുമന എന്നസ്ഥലത്താണ് മലമ്പനി പിടിപെട്ടിട്ടുള്ള ആളുകൾ ഏറ്റവും അധികം ഉള്ളതു്. ഈ വസ്തുത ഗവർമ്മെന്റിനെ ധരിപ്പിക്കുന്നതിനും മെഡിക്കൽ ഭരണസമിതിക്കു ഉദ്യമമായിട്ടുണ്ട്. കഴിത്തുറയിൽ ഒരു ആശുപത്രി ഇപ്പോൾ ഉണ്ട്. അതിനു ഏതാനും സഹായധനം നൽകിവരുന്നു. അവിടെയുള്ള ഡാക്ടർ ഒരു താണഫാറത്തിലുള്ള പരീക്ഷമാത്രമേ പാസായിട്ടുള്ളു. കഴിഞ്ഞ ആണ്ടിൽ നടന്ന ശ്രീമൂലം പ്രജാസഭയുടെയോഗത്തിൽ ഈ ആളിനെസംബന്ധിച്ച വളരെ ഗൌരവതരമായവിധത്തിൽ ഒരു നിവേദനം സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ ആശുപത്രി അവിടെ സ്ഥാപിക്കപ്പെട്ടതുമുതൽതന്നെ മേൽ പറഞ്ഞ ആളിനെസംബന്ധിച്ച സാരമായപരാതികൾ ഉണ്ടായിട്ടുണ്ട്. അതിനാൽ കഴിയുന്നതുവേഗത്തിൽ ഇപ്പോൾ ചിന്തയ്ക്കു വിഷയമായിരിക്കുന്ന സംഗതിയുടെ ഈ അടിസ്ഥാനത്തെപ്പറ്റി ഗവർമ്മെന്റു പര്യാലോചിക്കേണ്ടതാണ്. അതിനുപുറമെ കഴിത്തുറയിൽ ഗവർമ്മെന്റുവകയായി ഒരു ആശുപത്രി സ്ഥാപിക്കയും ചെയ്യണം. ഈ കാര്യങ്ങൾ ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നതിനാഗ്രഹിക്കുന്നു.

രണ്ടാമതായി എനിക്ക പറയുവാനുള്ളതു ചിന്താമണിസമ്പ്രദായത്തിലുള്ള ചികിത്സയെപ്പറ്റിയാണ്. ചിന്താമണിസമ്പ്രദായത്തിലുള്ള ചികിത്സ കഴിഞ്ഞ അവസരത്തിൽ ഈ സഭ അംഗീകരിച്ചിട്ടുള്ളതാണല്ലോ. ചില വൈദ്യന്മാർക്ക അംഗീകരണവും നൽകീട്ടുണ്ട്. ദക്ഷിണതിരുവിതാംകൂറിലെ ജനങ്ങൾക്ക ലഭിക്കുവാൻ സാധിക്കുന്നതും ഏറ്റവും ഗുണകരമായരീതിയിലുള്ളതുമായ ഒരു ചികിത്സാസമ്പ്രദായമാണ ഇതു. അതിനാൽ ഇപ്പോൾ ഉള്ളതിൽ കൂടുതൽ വൈദ്യന്മാർക്ക അംഗീകരണവും സഹായധനവും നൽകുകയും ആയുർവേദഔഷധപരിപാകശാലയിൽ വളരെ സാമർത്ഥ്യമുള്ള ഒന്നോ രണ്ടോ വൈദ്യന്മാരെ നിയമിക്കുകയും ചെയ്യുന്നതിനുവേണ്ട ഉത്തരവുകൾ ആയുർവേദഡയറക്ടർക്ക അയക്കണമെന്നു ഞാൻ ഗവർമ്മെന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. എസ്. ചിറവിള്ളപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഹോമിയോപ്പതിയെപ്പററി എന്താണു പറയുവാനുള്ളതു?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഈ സമ്പ്രദായപ്രകാരമുള്ള ചികിത്സാരീതി ആയുർവേദഡിപ്പാർട്ടുമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു.

ആയുർവേദത്തിനു നീക്കിവച്ചിരിക്കുന്ന പണത്തിന്റെതുകയെ സംബന്ധിച്ചിടത്തോളം ഇതു വളരെകുറവായിട്ടുള്ള ഒന്നാണെന്നു ആയവ്യയഗണനപ്പട്ടികയിൽനിന്നു ഞാൻകാണുന്നു. ആയുർവേദഡിപ്പാർട്ടുമെന്റിനു അനുവദിച്ചിട്ടുള്ള ഈ തുക ഇപ്പോഴുള്ളതിൽനിന്നും വർദ്ധിപ്പിക്കേണ്ടതാണെന്നു ഞാൻ ഗവൺമെന്റിനോടു അപേക്ഷിക്കുന്നു. ഈസംഗതികൾ പ്രസ്താവിച്ചുകൊണ്ടു ഇവിടെ ഹാജരാക്കിയിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി. ഇട്ടപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): മി. കുഞ്ചാക്കോസ്റ്റിന്റെ അഭിപ്രായത്തെ ഞാൻ പിൻതാങ്ങുന്നു. ഈ മെഡിക്കൽബോർഡുകൊണ്ടു ജനങ്ങളും ഗവൺമെന്റും ഉദ്ദേശിക്കുന്ന യാതൊരുഗുണവും ഇല്ലെന്നുള്ളതു കഴിഞ്ഞ ബഡ്ജററുകാലത്തെ കൗൺസിലിൽ ഈബോർഡിനെ നിറുത്തൽചെയ്യുന്നതെന്നു പ്രമേയം പാസ്സാക്കിയതിൽനിന്നും മനസ്സിലാക്കാവുന്നതാണു. ആ അഭിപ്രായത്തെ ഗവൺമെന്റോ ബോർഡോ വകവയ്ക്കാതെ ഇതിനെ പരിപാലിച്ചുവരുന്നതുകൊണ്ടു ജനങ്ങളുടെ സങ്കടത്തേയും അതുകൊണ്ടുള്ള ഫലത്തേയും ഈ സഭയിൽ വിശദപ്പെടുത്തണമെന്നു മാത്രമെ എന്റെ പ്രസംഗംകൊണ്ടു ഉദ്ദേശിക്കുന്നുള്ളു.

൧൧൦൭ അവസാനിക്കാറായിട്ടും എല്ലാആസ്പത്രികളിലും മരുന്നുകൾ അയച്ചുകൊടുത്തിട്ടില്ല. വരുത്തിക്കൊടുത്തിട്ടുള്ള മരുന്നുകൾതന്നെ ഒരുവിധത്തിലും തിരുവിതാംകൂറിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനു ഉപയുക്തമായിട്ടുള്ളതല്ലെന്നാണു എന്റെഅറിവിൽപെട്ടിട്ടുള്ളതു.

അദ്ധ്യക്ഷൻ: മി. ഇട്ടിയച്ചൻ നിങ്ങൾ ഇപ്രകാരം തലകുനിച്ചുനിന്നു പ്രസംഗിക്കുന്നപക്ഷം ഡാക്ടർതമ്പിക്കു നിങ്ങൾപറയുന്നതു കേൾക്കുന്നതിൽ സാധിക്കയില്ല. ദയവുചെയ്തു നിങ്ങൾനേരെനിന്നു പ്രസംഗംചെയ്യാലും.

മി. ഇട്ടപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): ഇതുകൂടാതെ ശസ്ത്രക്രിയസംബന്ധിച്ചുള്ള സാമഗ്രികളുംഎല്ലാ ആസ്പത്രികളിലും അയച്ചുകൊടുത്തിട്ടില്ലാ.

ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം അതുകൊണ്ടു പല അസൌകര്യങ്ങളുമുണ്ടായിട്ടുണ്ടെന്നും അതുനിമിത്തം പല അപായങ്ങളുമുണ്ടായിട്ടുണ്ടെന്നുമാണു. ചിലഅവസരങ്ങളിൽ അടുത്ത ആസ്പത്രികളിൽനിന്നും ചില സാമഗ്രികൾ വാങ്ങിയിട്ടുണ്ടെന്നുകൂടി എനിക്കറിയാം.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, സാമാജികന്റെപ്രവൃത്തി സഭാനടപടിക്കു യോജിച്ചതാണോ എന്നുള്ളചോദ്യം ഞാൻചോദിക്കുന്നു. അദ്ദേഹം തന്റെപക്കലുള്ള കുറിപ്പിൽനിന്നും എന്തോനോക്കിയാണ് പറയുന്നതു.

അദ്ധ്യക്ഷൻ: നിങ്ങൾ നിങ്ങളുടെപക്കലുള്ള കുറിപ്പുവായിക്കയാകുന്നോ? അതോ കുറിപ്പുകളിൽനോക്കുകമാത്രമാണോ ചെയ്യുന്നതു;

മി. ഇട്ടപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): ഞാൻ വായിക്കയല്ല. ആസ്പത്രികളെ പരിശോധിക്കുന്ന അവസരത്തിൽ രോഗികളുടെ സ്ഥിതിയെപ്പററി ബോർഡുയാതൊന്നും അന്വേഷിക്കുന്നില്ല. മെഡിക്കൽആഫീസ്സരുടെ വീഴ്ചകളെപ്പററി മെഡിക്കൽബോർഡു അന്വേഷിക്കുന്നതു ഒരുവിധത്തിലും തൃപ്തികരമല്ല. പ്ലേഗ്, കാളറാ മുതലായ സാംക്രമികരോഗങ്ങളുടെ ചികിത്സക്കായിപ്പോയിട്ടുള്ള മെഡിക്കൽആഫീസ്സർമാർക്കു യാത്രാബത്തലവൻസും കൊടുക്കുന്നതിനു ബോർഡു ഒരുവിധത്തിലും ജാഗ്രതചെയ്തിട്ടില്ല.

ആണ്ടിൽ രണ്ടുമൂന്നുതവണവീതം ചില മെഡിക്കൽആഫീസ്സർമാരെ ഇപ്പോൾ സ്ഥലംമാററിവരുന്നുണ്ടു. ഉദ്യോഗക്കയററവിഷയത്തിൽ ബോർഡിന്റെനയം ഒട്ടും തൃപ്തികരമായനിലയിലല്ല ഇപ്പോൾ നടത്തിവരുന്നതു.

ഇനി എന്റെ താലൂക്കിന്റെ സ്ഥിതിയെപ്പററി പറയാം. എന്റെതാലൂക്കിനു ഏകദേശം ൨൦൦ ചതുരശ്രമൈൽ വിസ്തീർണ്ണമുണ്ടു. ഈതാലൂക്കിൽ ൩ ഡിസ്പെൻസറിയും ഒരുഡാക്ടരും മിക്കവാറും മരുന്നുകൾ ഇല്ലാത്ത നിലയിലുമാണു ഇപ്പോൾ നടത്തിവരുന്നതു.

മി. മുരുവേലിൽപാച്ചുപിള്ള (ചേർത്തല): മൂന്നു ഡിസ്പെൻസറിക്കുംകൂടി ഒരു ഡാക്ടരെ ആണോ വച്ചിരിക്കുന്നതു?

മി. ഇട്ടപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): അതെ. അതുകൊണ്ടു ആ ഡിസ്പെൻസറിക്കുംകൂടി ഒരു ഡാക്ടരെ അനുവദിച്ചുതരണം.

അങ്കമാലിയിൽ ഒരു ഡിസ്പെൻസറിസ്ഥാപിച്ചുതരണമെന്നു പല ഹർജികളും ബോർഡിൽ അയച്ചിട്ടുണ്ടു. ഒരു ഡെപ്യൂട്ടേഷനായുംവന്നു ഇതിനെപ്പററി പരാതിപ്പെട്ടിട്ടുണ്ടു. ഡെപ്യൂട്ടേഷനെ സംബന്ധിച്ചു ഈ കൗൺസിലിൽ ചോദ്യം ചോദിച്ചപ്പോൾ ഒരു ഡെപ്യൂട്ടേഷൻതന്നെ വന്നിട്ടില്ലെന്നാണ് കിട്ടിയ മറുപടി. കഴിഞ്ഞകൊല്ലം ഈ കൗൺസിലിൽതന്നെ ഇതിനെപ്പററി സങ്കടം പറഞ്ഞപ്പോൾ അങ്കമാലിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിച്ചുതരാമെന്നാണ് ബോർഡിലെ ഒരു അംഗമായഇൻസ്പെക്ടിംഗ്മെഡിക്കൽആഫീസർ പറഞ്ഞതു്. അതു് ഇതുവരെ അനുവദിച്ചിട്ടില്ല

കുന്നത്തുനാട്ടു താലൂക്കിന്റെ പ്രധാനഭാഗങ്ങളായ മാണിക്കമംഗലം, കോതകുളങ്ങര, മഞ്ഞപ്ര, ഈ പകുതികളിലെ ജനങ്ങൾ സർവ്വപ്രധാനമായ ആയുസ്സിന്റെ കാര്യത്തിൽപോലും അസമത്വം അനുഭവിച്ചുവരുന്നു എന്നുള്ള സംഗതിയും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അതിനാൽ ഈ കൗൺസിലിന്റെയും ഗവൺമെന്റിന്റെയും ശ്രദ്ധ ഉണ്ടായി ഇനിയെങ്കിലും ആ സ്ഥലത്തു ഒരു ഡിസ്പെൻസറി അനുവദിച്ചുതരണമെന്നു വിനയപൂർവ്വം അപേക്ഷിച്ചുകൊണ്ടു തൽക്കാലം വിരമിച്ചുകൊള്ളുന്നു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ചെങ്ങന്നൂർ ഇപ്പോൾ ഉള്ള ഡിസ്പെൻസറിയിൽ ആയിരത്തി ഒരുനൂററിമൂന്നിൽ ഇരുപ

ആയിരം രോഗികളെ ചികിത്സിച്ചിട്ടുണ്ട്. ഈ ൫൦൦൦൦ രോഗികളിൽ ആറു രോഗികൾമാത്രമേ ഇൻപേഷ്യൻറ് ആയിട്ടുള്ളു. അതിനു കാരണം രോഗികൾക്കു താമസിക്കുന്നതിനുവേണ്ടി ഇപ്പോൾ യാതൊരു സൗകര്യവും അവിടെ ഇല്ലെന്നുള്ളതാണ്.

ചെങ്ങന്നൂരിലെ സ്ഥിതിക്കു ഈ ഡിസ്പെൻസറിയെ ആസ്പത്രിയാക്കി അതിലേക്കു തക്കതായ ഒരു ഡാക്ടറെ നിയമിക്കേണ്ടതു അത്യാവശ്യമാണ്. അവിടെ ൫൦൦൦൦ രോഗികളെ ചികിത്സിച്ചിട്ടുണ്ടെന്നു കണ്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ധാരാളം രോഗികൾ മാവേലിക്കര, കോഴഞ്ചേരി, തിരുവല്ലാ ഈ സ്ഥലങ്ങളിൽപോയി ചികിത്സ നടത്തുന്നുണ്ട്. കാരണം അവിടെ ചെല്ലുന്ന രോഗികൾക്കു താമസിക്കുന്നതിനുള്ള സ്ഥലസൗകര്യം ഉള്ളതുകൊണ്ടാണ്. അതിനാൽ ചെങ്ങന്നൂർ ഡിസ്പെൻസറിയെ ഒരു ആസ്പത്രിയാക്കിത്തരണമെന്നു അപേക്ഷിക്കുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): സർ, ഈ സഭയിലെ മാന്യരായുള്ള സാമാജികന്മാർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളെ സംബന്ധിച്ചു ഞാൻ ചുരുക്കത്തിൽ പ്രസ്താവിക്കാം. ളാലം ആസ്പത്രിയുടെ സ്ഥിതികൾ നന്നാക്കേണ്ടതാവശ്യമാണെന്നു മി. കല്ലാക്കോസു പ്രസ്താവിച്ചു. ഈ സംസ്ഥാനത്തുള്ള ഏററവും പഴയ ആസ്പത്രികളിൽ ഒന്നാണ് ഇതു്. സാധാരണഉള്ള രോഗികൾക്കു വസിക്കുന്നതിനു ഉള്ള സ്ഥലസൗകര്യം മാത്രമെ അവിടെ ഉള്ളു എന്നു മെമ്പർ എന്നെ അറിയിച്ചിരിക്കുന്നു. അവിടെ സ്ത്രീകൾക്കായി ഒരു വാർഡും, പുരുഷന്മാർക്കായി മറ്റൊരു വാർഡും ഉണ്ടെന്നു ഞാൻ മെമ്പറിനെ അറിയിച്ചുകൊള്ളുന്നു. കൂടുതലായി വാർഡുകൾ കെട്ടേണ്ടുന്നവണ്ണം ആസ്പത്രിയെ അഭയം പ്രാപിച്ചു ചികിത്സനടത്തി വരുന്ന രോഗികളുടെ സംഖ്യ അധികമായിരിക്കുന്നില്ല. അധികം രോഗികൾ ആസ്പത്രിയിൽ താമസിച്ചു ചികിത്സനടത്തുന്നതിനു വരുന്നുണ്ടെന്നും കൂടുതൽ വാർഡുകൾ ഉണ്ടായിരിക്കുന്നതു ഗുണകരമായിരിക്കുമെന്നും മെമ്പർ ഇപ്പോൾ പറയുന്നു. അദ്ദേഹം പറയുന്നതു വാസ്തവമാണെന്നുണ്ടെങ്കിൽ അദ്ദേഹത്തിൻറ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിച്ചുകൊള്ളുന്നു. ഈ സംസ്ഥാനത്തുള്ള പ്രധാന ആസ്പത്രികളിൽ കൂടുതൽ വാർഡുകൾ ഉണ്ടാക്കുന്നതിനു ഞങ്ങൾ ശ്രമിച്ചുവരികയാകുന്നു. ഇപ്രകാരം ചെയ്യുന്ന അവസരത്തിൽ ളാലം ആസ്പത്രിയുടെ ആവശ്യങ്ങളെ സംബന്ധിച്ചും പര്യാലോചിക്കുന്നതായിരിക്കും.

നേഴ്സുകളെ നിയമിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്തു എല്ലാ സ്ഥലങ്ങളിലുമുള്ള ആസ്പത്രികളിലെ നേഴ്സുമാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനു ഞങ്ങൾ ശ്രമിച്ചുവരികയാണ്. പ്രധാന ആസ്പത്രികളിൽ അവരെ നിയമിക്കപ്പെട്ടിട്ടുണ്ട്. ഈ അവസരത്തിൽ നേഴ്സുകൾ അധികം ഇല്ലാതിരിക്കുന്നു. ഈ വർഷത്തിൽ ഏതാനും സ്ത്രീകൾക്കു പരിശീലനം നൽകിവരികയാണ്. പരിശീലനം സിദ്ധിച്ചിട്ടുള്ള നേഴ്സുകളെ ലഭിക്കുന്നതിനു സാധിക്കുന്ന അവസരത്തിൽ രോഗികളെ കിടത്തിചികിത്സിച്ചുവരുന്ന എല്ലാ ആസ്പത്രികളിലും ഞങ്ങൾ നേഴ്സുകളെ നിയമിക്കുന്നതായിരിക്കും. കഴിയുന്നത്ര വേഗത്തിൽ ളാലം ആസ്പത്രിയിൽ നേഴ്സുകളെ നിയമിക്കുന്നതാണെന്നുള്ളതു ഞാൻ മെമ്പറിനോടു ഖണ്ഡിച്ചുപറഞ്ഞുകൊള്ളുന്നു.

ഒരു ലേഡിഡാക്ടറെ നിയമിക്കുന്നതിനെസംബന്ധിച്ചിടത്തോളം തലസ്ഥാനത്തുള്ള ചില ആസ്പത്രികളിൽ ലേഡിഅസിസ്റ്റൻറുമാരെ നിയമിക്കേണ്ടതു വളരെ ആവശ്യമായിരിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ചു മെഡിക്കൽഭരണസമിതി പര്യാലോചിച്ചിട്ടുണ്ട്. ഇതിനുംപുറമെ ചില ഡിസ്ട്രിക്ട് ആസ്പത്രികളിൽ ലേഡിഅസിസ്റ്റൻറുമാരെ നിയമിക്കുന്നതിനു ബോർഡു ഗവമെൻറിലേക്കു നിർദ്ദേശങ്ങൾ ചെയ്തിട്ടുള്ളതുമാകുന്നു. ഗവൺമെൻറു ഈ വിഷയത്തെ സംബന്ധിച്ചു ആലോചിച്ചുവരികയാണ്. അവരുടെ തീരുമാനത്തെപ്പററിയുള്ള വിവരം അറിയുന്ന അവസരത്തിൽ ളാലം ആസ്പത്രിയിൽ ഒരു ലേഡിഡാക്ടരെ നിയമിക്കണമെന്നുള്ള സംഗതി അനുഭാവത്തോടുകൂടി ചിന്തിക്കുന്നതായിരിക്കും.

മിസ്സസ്സ് ഏലിസബത്തുകുരുവിള (നിയമിക്കപ്പെട്ട മെമ്പർ): പരിശീലനം സിദ്ധിച്ചിട്ടുള്ള നേഴ്സുകളെ ലഭിക്കുന്നതിനു സാധിക്കുന്ന സ്ഥിതിക്കു സംസ്ഥാനത്തുള്ള പല ആസ്പത്രികളിലും ലേഡിഡാക്ടർമാരെ നിയമിക്കുന്ന വിഷയത്തിൽ ഡിപ്പാർട്ടുമെൻറു ഇത്രവളരെ കാലതാമസം വരുത്തേണ്ട ആവശ്യമെന്താണെന്നുള്ളതു മെമ്പർ പറയുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): മെഡിക്കൽബോർഡു അവരുടെ നിർദ്ദേശങ്ങൾ ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിനു പൂർണ്ണമായി നേരിടുന്ന പണച്ചിലവിനെ സംബന്ധിച്ചു ഗവണ്മെൻറിനു ചിന്തിക്കുവാനുണ്ട്. ഇതിനു കാലതാമസം നേരിടുമെന്നുള്ളതു് സ്വാഭാവികമായിട്ടുള്ളതാണല്ലോ.

പൂഴിക്കടയിലും, തെങ്ങാപ്പട്ടണത്തിലും ഒരു ആസ്പത്രി സ്ഥാപിക്കേണ്ടതു ആവശ്യമാണെന്നുള്ളതിനെ മി. കേശവപിള്ള ഉൽബോധിപ്പിച്ചിട്ടുണ്ട്. ഈ രാജ്യത്തിൽ പലഭാഗങ്ങളിലും ഗവണ്മെൻറ് ഇപ്പോൾ അനവധി ഡിസ്പെൻസറികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ സഹായധനം നൽകുന്ന ആസ്പത്രികളും ഉണ്ട്. മിഷ്യൻ ആസ്പത്രികൾ ഉള്ള സ്ഥലങ്ങളിൽ ആസ്പത്രികൾ ഏർപ്പെടുത്തണമെന്നുള്ളതിനെ സംബന്ധിച്ചു മെഡിക്കൽബോർഡു ഗൗരവമായി ചിന്തിച്ചുവരികയാണ്. അപ്രകാരമുള്ള സ്ഥലങ്ങളിൽ കൂടുതൽ ആസ്പത്രികൾ സ്ഥാപിക്കേണ്ടതാവശ്യമാണോ എന്നുള്ള സംഗതി, ഗ്രാമീണവൈദ്യസഹായം നൽകുന്നതിനുള്ള പദ്ധതിയോടൊന്നിച്ചു പര്യാലോചിക്കപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി പര്യാലോചനക്കു വിഷയമാകുന്നതിനു ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുള്ളതാകുന്നു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തൊഴിലും): ആകവാരാഴിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനു അനുവാദം നൽകപ്പെട്ടിട്ടുണ്ട്. അതിനുശേഷം ഈ കാര്യത്തിൽ എന്തു പ്രവർത്തിച്ചിട്ടുണ്ടെന്നു പറയുമോ.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഈ കാര്യത്തിനെ സംബന്ധിച്ചു ഗവണ്മെൻറു പര്യാലോചിച്ചുവരികയാണ്. അതിനാൽ ഈ വിഷയത്തിൽ യാതൊന്നും പ്രവർത്തിച്ചിട്ടില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തൊഴിലും): ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനു ഗവണ്മെൻറു അനുവാദം നൽകീട്ടില്ലയോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഈ കാര്യത്തിൽ ഗവണ്മെന്റ അന്തിമമായി തീർച്ചചെയ്തിട്ടില്ല. അതിനുള്ള കാരണം ആരുവാമൊഴിയിൽ സഹായധനം നൽകുന്ന ഒരു ആശുപത്രി ഉണ്ടെന്നുള്ളതാണ്. ഇതിനുംപുറമെ രക്ഷാസൈന്യത്തിന്റെ അധികൃതന്മാർ അവരുടെ വകയായ ഒരു ഡിസ്പെൻസറി അവിടെ ഏർപ്പെടുത്തുന്നതിനു തയ്യാറുമുണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഡിസ്പെൻസറിക്കു സഹായധനം നൽകുന്നതാണെന്നു പറഞ്ഞുവല്ലോ. ആരുവാമൊഴിയിൽ ഒരു ഡിസ്പെൻസറി ഏർപ്പെടുത്തുന്നതിനു ഗവണ്മെന്റ അനുവാദം നൽകിയതിനുശേഷംമാത്രമാണോ അതിനു സഹായധനം നൽകിയിട്ടുള്ളതെന്നു മെമ്പർ പറയുമോ.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതു അപ്രകാരമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): പുതുക്കടയിൽ ഒരു ഡിസ്പെൻസറി ഏർപ്പെടുത്തുന്നതിനു മെഡിക്കൽബോർഡു ശിപാർശചെയ്തിട്ടുണ്ടോ എന്നു പറയുമോ.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതിനെപ്പറ്റി പര്യാലോചിച്ചു വരുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): മെമ്പർ പ്രതിനിധീകരിക്കുന്നതു ആരെയാണ്? ഗവണ്മെന്റിനെയോ ഡിപ്പാർട്ടുമെന്റിനെയോ എന്നു പറയുമോ?

അദ്ധ്യക്ഷൻ: അദ്ദേഹം ഗവണ്മെന്റിനെ പ്രതിനിധീകരിക്കുന്നു. ആ സ്ഥിതിക്കു മേൽപടി ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല.

മി. വി. ചെല്ലംപിള്ള (തോവാള): ആരുവാമൊഴിയിലുള്ള മിഷ്യൻവക ആശുപത്രി ഔഷധങ്ങൾ സൗജന്യമായി നൽകുന്നുണ്ടെന്നുള്ളതു വാസ്തവമാണോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): സഹായധനം നൽകുന്നതിനുള്ള വ്യവസ്ഥകളിൽ ഒന്നാണു അതു്.

മാർത്താണ്ഡം ആശുപത്രിയിലുള്ള ഡാക്ടരുടെപേരിൽ മി. കേശവപിള്ള ഒരു പരാതി ബോധിപ്പിച്ചിട്ടുണ്ട്. അക്കാര്യത്തെസംബന്ധിച്ചു ഞാൻ ഡാക്ടർ സോമർവെല്ലിനോടു ചോദിക്കയുണ്ടായി. പ്രസ്തുത ആശുപത്രിയിൽ ഉയർന്നതരത്തിലുള്ള ജോലി ചെയ്യുന്ന ഒരു ഡാക്ടറിനെ നിയമിക്കുന്നതിനു അദ്ദേഹത്തിനോടു ഞാൻ ആവശ്യപ്പെട്ടിട്ടുമുണ്ട്.

മി. ടി. സി. കേശവപിള്ള (കൽക്കുളവുംവിളവംകോടും): യോഗ്യത സിദ്ധിച്ചിട്ടുള്ള ഒരാളാണോ അദ്ദേഹം?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതെ.

മി. ടി. സി. കേശവപിള്ള (കൽക്കുളവുംവിളവംകോടും): അദ്ദേഹം ഏതെങ്കിലും സർവകലാശാലാപരീക്ഷ ജയിച്ചിട്ടുള്ള ഒരാളാണോ അല്ലെങ്കിൽ സാധാരണ ഉള്ള ഒരു പൊതുവൈദ്യനാണോ എന്നുള്ള സംഗതികൾ മെമ്പർ എന്നെ ധരിപ്പിക്കുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഗവണ്മെന്റ അംഗീകരിച്ചിട്ടുള്ള ഒരാളാണു അദ്ദേഹം.

മി. ടി. സി. കേശവപിള്ള (കൽക്കുളവുംവിളവംകോടും): അദ്ദേഹത്തിനുള്ള സാമാന്യയോഗ്യതകൾ എന്താണെന്നു പറയുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അദ്ദേഹത്തിനു സിദ്ധിച്ചിട്ടുള്ള യോഗ്യതകളെസംബന്ധിച്ചിടത്തോളം ഗവണ്മെന്റ തൃപ്തിപ്പെട്ടിരിക്കുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവുംവിളവംകോടും): ചട്ടങ്ങൾഅനുസരിച്ചു ഗവണ്മെന്റ അദ്ദേഹത്തിനെ ഒരു ഡാക്ടർ ആയിനിയമിക്കുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അദ്ദേഹത്തിനെ ഒരു സബ് അസിസ്റ്റന്റ സർജനായി നിയമിക്കാവുന്നതാണ്. അയാളെസംബന്ധിച്ചു ഞാൻ ഡാക്ടർ സോമർവെല്ലിനോടു ചോദിച്ചു. അയാൾക്കു സിദ്ധിച്ചിട്ടുള്ള യോഗ്യതകളെ സംബന്ധിച്ചു ഡാക്ടർ സോമർവെൽ സംതൃപ്തനായിരിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): വെള്ളറട എന്ന സ്ഥലത്തു ഒരു ഡിസ്പെൻസറി ഏർപ്പെടുത്തുന്നതിനെസംബന്ധിച്ചു എന്തു പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുള്ളതു മെമ്പർ എന്നെ അറിയിക്കാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ആ സ്ഥലത്തെസംബന്ധിച്ചു എനിക്കു ഒരു വിവരവുമില്ല. നെയ്യാറ്റിൻകര താലൂക്കിന്റെ അന്തർഭാഗത്തു സ്ഥിതിചെയ്യുന്ന ഒരു സ്ഥലമായിരിക്കണം അതു എന്നു ഞാൻ വിചാരിക്കുന്നു. നേരിട്ടു സന്ദർശിച്ചു ആ സ്ഥലത്തെ സംബന്ധിച്ചു പരിശോധന നടത്തേണ്ടതായിരിക്കുന്നു. നെയ്യാറ്റിൻകര പ്രതിനിധി എന്നെ അനുഗമിക്കുന്നപക്ഷം മേൽപ്പടി സ്ഥലം സന്ദർശിക്കുന്നതിനു ഞാൻ തയ്യാറുമാണ്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അങ്ങനെ ചെയ്യുന്നതിനു എനിക്കു പൂർണ്ണസമ്മതമാണ്. അടുത്ത കോടതിയൊഴിവുദിവസം മെമ്പർ എന്നോടൊന്നിച്ചു വരുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അപ്രകാരംചെയ്യാം.

പെരുമ്പാവൂർ ആശുപത്രിയിൽ ഔഷധങ്ങൾ പോരാതിരിക്കുന്നതിനെസംബന്ധിച്ചു ഒരു പരാതി ഉണ്ടായിട്ടുണ്ട്. മേൽപ്പടി ആശുപത്രിക്കു നൽകിവരുന്ന ഔഷധങ്ങൾ മതിയാകുന്നില്ലെന്നുള്ള പരാതി മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ ആണു പുറപ്പെടുവിച്ചിട്ടുള്ളതു്.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): പെരുമ്പാവൂർ ഉള്ളതു ഗവണ്മെന്റ ഡിസ്പെൻസറിയോ ആശുപത്രിയോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതു ഒരു ഡിസ്പെൻസറിമാത്രമാകുന്നു.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): കുന്നത്തുനാട്ട മൂന്നു ഡിസ്പെൻസറിക്കുകൂടി ഒരു ഡാക്ടർ മാത്രമല്ലേ ഉള്ളു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ മെഡിക്കലാഫീസർ): രണ്ടു ഡാക്ടർമാർ ഉണ്ട്.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): കുറുപ്പംപടി, കോടനാട്ട, പെരുമ്പാവൂർ ഈ മൂന്നു സ്ഥലങ്ങളിലേക്കു ഒരാളിനെക്കൊണ്ടു ചികിത്സനടത്തിക്കുന്നപക്ഷം ശരിയായ പ്രയോജനം ജനങ്ങൾക്കു സിദ്ധിക്കുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): സിദ്ധിക്കും. ചികിത്സനടത്തുന്നതിനു ചെയ്തിട്ടുള്ള ഏർപ്പാടിനെസംബന്ധിച്ചു ഞാൻ വിശദമായി പ്രസ്താവിക്കാം.

അദ്ധ്യക്ഷൻ: അതു്ഗ്രന്ഥത്തിന്റെ പ്രസംഗത്തിനു ഉള്ള മറുപടി ഇംഗ്ലീഷിലും മലയാളത്തിൽ നൽകാവുന്നതാണ്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഈ മൂന്നു സ്ഥലത്തുംകൂടി ഒരാളിനെക്കൊണ്ടു നടത്താൻ സാധിക്കുമോ എന്നു നോക്കാനായിരുന്നു അങ്ങിനെ ചെയ്തത്. ഇപ്പോൾ അതു അസൗകര്യമില്ലാതുണ്ടു എന്നാൽ മുമ്പ് അവിടെയിരുന്ന ഒരു ഡാക്ടർ അതിനെപ്പററി എഴുതിയിരുന്നു എങ്കിൽ മുമ്പേ തന്നെ ഗവണ്മെന്റു ആലോചിക്കുമായിരുന്നു ഞാൻ ഈ മൂന്നു സ്ഥലങ്ങളും പോയിനോക്കി, അതിൽ കുറുംപടിയിൽ ഉള്ളവർക്കു സങ്കടമില്ല. ബസ്സ് സർവീസ് ഉള്ളതുകൊണ്ടു അവർക്കു സൗകര്യമായിട്ടു പെരുമ്പാവൂർ പോകാം. പെരുമ്പാവൂർ ഡാക്ടർ കുറുപ്പംപടിയിലേക്കു വരുന്നതുനിമിത്തം അവിടത്തെ ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാകുന്നതിനെ അതിനെ പരിഹരിക്കുന്നതിനും കുറുപ്പംപടിയിൽനിന്നു പെരുമ്പാവൂരിലേക്കു യാത്ര സൗകര്യം അധികം ഉള്ളതുകൊണ്ടും കുറുപ്പംപടിയിലുള്ള ഡിസ്പെൻസറി നിറുത്തൽ ചെയ്യണമെന്നാണു വിചാരിക്കുന്നത്. പെരുമ്പാവൂർ ഒരു അസിസ്റ്റന്റിനെക്കൂടി കൊടുക്കണമെന്നും അവിടെ ജോലിയില്ല.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): പെരുമ്പാവൂരേക്കും കോടനാട്ടേക്കും ഒരാൾ മതിയെന്നാണോ നിശ്ചയിച്ചിരിക്കുന്നതു?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതേ അങ്ങനെകൊണ്ടു വലിയ ബുദ്ധിമുട്ടില്ല. ആഴ്ചയിൽ രണ്ടു പ്രാവശ്യംമാത്രമേ കോടനാട്ടേക്കു പോകേണ്ട ആവശ്യമുള്ളു. ബാക്കി അഞ്ചുദിവസം പെരുമ്പാവൂർ ആസ്പത്രിയിൽതന്നെ ജോലിചെയ്യുന്നുണ്ട്.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): അങ്കമാലിയിൽ ഒരു ആസ്പത്രി തരാമെന്നു പറഞ്ഞതനുസരിച്ചു അതു പരിഗണിക്കാത്തതിനു കാരണമെന്താണു?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതെല്ലാം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കയാണ്.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്ട): കഴിഞ്ഞകൊല്ലം ഈ കൌൺസിലിൽവെച്ചു അങ്കമാലിയിൽ ഒരു ഡിസ്പെൻസറി അനുവദിച്ചുതരാമെന്നു മെമ്പർ പറഞ്ഞിട്ടില്ലേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): എല്ലാ സ്ഥലത്തുംകൂടി ഒരുമിച്ചു ഡിസ്പെൻസറി ഇടുവാൻ സാധിക്കയില്ല. ഈ സംഗതിയെപ്പററി പ്രത്യേകമായി ആലോചിക്കുന്നുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തൊടുപുഴയിൽ അറക്കുളത്തു ഒരു ഡിസ്പെൻസറി സ്ഥാപിക്കണമെന്നു കഴിഞ്ഞ ബഡ്ജററു യോഗകാലത്തു പറയുകയുണ്ടായില്ലേ. അതു എങ്ങനെ തീരുമാനിച്ചു?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതിനെപ്പററി അന്വേഷിക്കുന്നതിനു ഞാൻ തൊടുപുഴവരെ പോയിരുന്നു. ഒരു പാലത്തിന്റെ അഭാവത്താൽ എനിക്കു അറക്കുളത്തേക്കു പോകാൻ സാധിച്ചില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും); തൊടുപുഴതാലൂക്കിൽ അറക്കുളത്തും, കരിമണ്ണൂരും, ഓരോ ഡിസ്പെൻസറിവേണമെന്നു പറഞ്ഞപ്പോൾ അറക്കുളംമാത്രം പരിശോധിക്കാമെന്നു നിശ്ചയിച്ചതിന്റെ അർത്ഥമെന്താണ്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ); കരിമണ്ണൂരിൽ ഒരു ഡിസ്പെൻസറിയുടെ ആവശ്യമില്ല. അവിടെനിന്നു തൊടുപുഴയ്ക്കു നാലുമൈൽ ദൂരമേയുള്ളു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കരിമണ്ണൂരിൽനിന്നു തൊടുപുഴയ്ക്കു എത്ര മൈൽ ദൂരമുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ൻ മൈൽഉണ്ട്. ൻ മൈൽ ദൂരം ഒരു ഡിസ്പെൻസറി ഉള്ളതുകൊണ്ടു കരിമണ്ണൂർ ഒരു ഡിസ്പെൻസറിയുടെ ആവശ്യമില്ലെന്നാണോ വിചാരിക്കുന്നതു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഈ രാജ്യത്തു ഓരോ മൈലിനു ഇടയ്ക്കു ഒരു ആസ്പത്രികൊടുക്കാൻ സാധിക്കയില്ല.

മി. താഴപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട); റാന്നിയിലേക്കു അനുവദിച്ചിട്ടുള്ള ആസ്പത്രി ഇപ്പോൾ നടപ്പാകുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ക്ഷണം നടപ്പാക്കും.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അറക്കുളവും കരിമണ്ണൂരും പരിശോധിച്ചിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): കരിമണ്ണൂർ പോയിട്ടുണ്ട്. അറക്കുളത്തുപോകാൻ സാധിച്ചിട്ടില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇവിടെനിന്നു കാറിൽപോയാൽ രണ്ടുസ്ഥലവും സന്ദർശിക്കാൻ സൗകര്യമുണ്ടെന്നറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അന്നു സൗകര്യമില്ലായിരുന്നു, ഞാൻ പോയശേഷമാണു അവിടെ പാലമില്ലെന്നു മനസ്സിലായതു. അതുകൊണ്ടു തിരിച്ചുപോന്നു.

മി. ഡി. ഫ്രാൻസിസ്സ് (നാമിനേറ്റഡ്): ധർമ്മപുരത്തുള്ള ആശുപത്രിക്കു അനുവാദം നൽകപ്പെട്ടിട്ടുണ്ടോ എന്നു പറയുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതിനെപ്പറ്റി പര്യാലോചിച്ചുവരികയാണ്.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): മെമ്പർ പത്തനാപുരം താലൂക്കു സന്ദർശിച്ചിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഉണ്ട്.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): അവിടെ എത്ര ഡിസ്പെൻസറികൾ ഉണ്ട്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അധികം ആളുകൾ താമസമുള്ള സ്ഥലത്തുള്ളതുപോലെയുള്ള ഡിസ്പെൻസറികൾ കാണുകയില്ല.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): അതിനു കാരണമെന്തു?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ആവശ്യം അത്രയേ ഉള്ളൂ. അവിടെ അടുത്തുതന്നെ പുനലൂർ ഒരു ഡിസ്പെൻസറി ഉണ്ട്

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): അവിടെ ഡിസ്പെൻസറി പോരാ. അതു ആശുപത്രിയാക്കണമെന്നു വല്ല അപേക്ഷകളും കിട്ടീട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): എല്ലാ ഡിസ്പെൻസറികളെയും ആശുപത്രിയാക്കാൻ സാധിക്കയില്ല.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): അവിടെ ആവശ്യത്തിനുതക്കവണ്ണമുള്ള ആളുകളെ നിയമിച്ചിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഡിസ്പെൻസറിക്കു തക്കവണ്ണമുള്ള ആളുകളെ നിയമിച്ചിട്ടുണ്ട്.

അന്യസ്ഥലത്തുനിന്നു വരുത്തുന്ന ഔഷധങ്ങൾ ശരിയായ ഗുണം ഉള്ളവ അല്ലെന്നും ജനങ്ങളുടെ ആരോഗ്യത്തിനു അവ ഹാനികരമാകുകയും ചെയ്യുമെന്നും മി. ഇട്ടിയച്ചനവർകൾ പ്രസ്താവിക്കയുണ്ടായി. വളരെ നല്ലനിലയിൽ ഔഷധവ്യവസായം നടത്തുന്ന വ്യാപാരസ്ഥാപനങ്ങളിൽനിന്നു ആണു ഞങ്ങൾ ഔഷധങ്ങൾ വിലയ്ക്കുവാങ്ങിവരുന്നതു്. ഈ വ്യാപാരസ്ഥാപനങ്ങളുമായി ൨൦ കൊല്ലത്തിലധികകാലമായ ഏർപ്പാടു ചെയ്തുവരികയാണ്. ഞങ്ങളുടെ ഔഷധങ്ങൾ ഈ വിഷയത്തിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ഒരാൾ തിരഞ്ഞെടുക്കുകയാണു ചെയ്യുന്നതു്.

മി. മാത്യു മുരിക്കൻ (വൈക്കം): ഔഷധങ്ങൾ ഇവിടെ വരുത്തിവരുന്നതു ഒരു കമ്പനിയിൽനിന്നോ അതോ പല കമ്പനികളിൽനിന്നോ എന്നുള്ള സംഗതി മെമ്പർ പറയുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): നാലു കമ്പനികളിൽനിന്നാണു മരുന്നുകൾ വരുത്തിവരുന്നതു്.

മി. മാത്യു മുരിക്കൻ (വൈക്കം): ഇതിനുമുമ്പിൽ നടപ്പിലിരുന്ന സമ്പ്രദായം എന്താണെന്നു പറയുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഒരു കമ്പനിയിൽ നിന്നു ആണു വരുത്തിവന്നിരുന്നതു്.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): ഈ നാലു കമ്പനിക്കാർക്കു ഇൻഡ്യയിൽതന്നെ അവരുടെ സ്വന്തം ഏജൻസിയും റെപ്രസെന്റേറ്റീവുകളും ഉണ്ടെന്നറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അങ്ങനെതന്നെ. എന്നാലും അവർക്കു പെട്ടെന്നു സാമാനങ്ങൾ തരാൻ സാധിക്കയില്ല. സാമാനം ആവശ്യപ്പെട്ടാൽ അവർ അതു എഴുതി അയച്ചുവരുത്തേണ്ടിയിരിക്കുന്നു.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): ഇൻഡ്യയിൽതന്നെ യാതൊരു സ്റ്റാക്കും വയ്ക്കുന്നില്ലയോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഇൻഡ്യയിൽ ധാരാളം സ്റ്റാക്കു വയ്ക്കുന്നില്ല. മരുന്നുകൾ കിട്ടുന്നതിനുള്ള സമയം ദീർഘിച്ചുപോകുന്നതുകൊണ്ടു ജനങ്ങൾക്കു ഉപദ്രവമില്ല. സാധാരണ ആണ്ടുതോറും ൬ മാസത്തേക്കു മതിയാകുന്ന മരുന്നുകൾ ഓരോ ആശുപത്രികൾക്കും അയച്ചുകൊടുക്കുന്നുണ്ട്. അതുകൊണ്ടു എത്ര കൂടുതൽ ചിലവായാലും ൬ മാസത്തേയ്ക്കു ഈ മരുന്നുകൾ തികയും.

മി. കെ. ജാർജ്. (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഇൻഡ്യക്കു വെളിയിലുള്ള സ്ഥലങ്ങളിൽനിന്നും മരുന്നുകൾ വരുത്തുന്നപക്ഷം അപ്രകാരമുള്ള മരുന്നുകൾക്കു ഇറക്കുമതിച്ചുങ്കം അടയ്ക്കേണ്ടതായിട്ടുണ്ടു. ഈ സംഗതി മെമ്പറിനു അറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതു എനിക്കറിയാം. ഈ സംഗതിയിലുള്ള വിഷമത ഇതുതന്നെയാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ പക്കൽനിന്നും ഔഷധങ്ങളുടെ ഗുണത്തെ സംബന്ധിച്ചു ഏതെങ്കിലും റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഒന്നും കിട്ടിയിട്ടില്ല.

ഏതാനും ആശുപത്രികളിൽ ധാരാളമായി ശസ്ത്രക്രിയ നടത്തുന്നതിനുള്ള ഉപകരണങ്ങൾ നൽകിവരുന്നില്ലെന്നു മി. ഇട്ടിയച്ചൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതു സാദ്ധ്യമായിട്ടുള്ള ഒരുകാര്യമല്ലാ. കൂടാതെ ഇപ്രകാരം ഉപകരണങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ട ആവശ്യവുമില്ല. ആവശ്യമുള്ള ഉപകരണങ്ങൾ ഈ ആശുപത്രികൾക്കു വേണ്ട ഏതെങ്കിലും ഉപകരണം ഇപ്രകാരമുള്ള ആശുപത്രികൾക്കു വേണ്ടിവരുന്നപക്ഷം ഡിസ്ട്രിക്ട് ആശുപത്രിയിൽനിന്നും അവ കടംവാങ്ങാവുന്നതാണ്.

വിഷൂചിക പിടിപെട്ടിട്ടുള്ള സ്ഥലങ്ങളിൽ പ്രവർത്തിചെയ്യുന്നതിനു മെഡിക്കലാഫീസർമാരെ പ്രത്യേകമായി നിയമിക്കുമ്പോൾ അവർക്കു അലവൻസു കൊടുക്കേണ്ടതാണെന്നുള്ളതിനെ സംബന്ധിച്ചും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഈ വിഷയത്തെ സംബന്ധിച്ചു മെഡിക്കൽബോർഡു ഇപ്പോൾ പര്യാലോചിച്ചുവരികയാകുന്നു. അടുത്തതായി സൂചിപ്പിക്കാനുള്ളതു, ഉദ്യോഗസ്ഥന്മാരുടെ സ്ഥലമാററങ്ങളെ സംബന്ധിച്ചുള്ള വിഷയമാണ്. ചില അവസരങ്ങളിൽ സർക്കാർ സർവീസിൽ നേരിടുന്ന അടിയന്തരകാര്യങ്ങൾക്കു അനുസരണമായി പ്രവർത്തിക്കുന്നതിനു ഉദ്യോഗസ്ഥന്മാരെ സ്ഥലം മാററേണ്ടിയിരിക്കുന്നു. ഇതു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു സംഗതിയാകുന്നു.

മി. ഇട്ടൂപ്പു ഇട്ടിയച്ചൻ (കുന്നത്തുനാടു): അങ്കമാലിയുടെ അടുത്തു മഞ്ഞപ്ര ഡിസ്പെൻസറി ഉണ്ടെന്നാണോ പറയുന്നതു?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): രണ്ടുസ്ഥലത്തുംകൂടി ആവശ്യമില്ലെന്നാണു പറയുന്നതു്. ഏതെങ്കിലും ഒരു സ്ഥലത്തു സ്ഥാപിച്ചുതരാം.

ചെങ്ങന്നൂരുള്ള ഡിസ്പെൻസറിയെ മെച്ചപ്പെടുത്തി അതിനെ ഒരു ആശുപത്രിയാക്കണമെന്നു മി. കുഞ്ഞിതൊമ്മൻ ആവശ്യപ്പെട്ടു. ഈ ആശുപത്രിയിൽ ചികിത്സക്കായി വരുന്ന രോഗികളുടെ സംഖ്യ ൧൦൦൦൦-ത്തിൽ കവിയുന്നുണ്ടെന്നു അദ്ദേഹം പ്രസ്താവിച്ചു. ചികിത്സക്കായി ചെങ്ങന്നൂർ ഡിസ്പെൻസറിയിൽ പോകുന്ന രോഗികളുടെ എണ്ണത്തെ അപേക്ഷിച്ചു് അതിലും വളരെ കൂടുതൽ എണ്ണം രോഗികൾ ചികിത്സക്കുപോകുന്ന ഡിസ്പെൻസറികൾ അനവധിയുണ്ടു്, എന്നുള്ള കാര്യം ഞാൻ ഇവിടെ പറയുന്നു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനന്തിട്ട): ൧൦൦൦൦ രോഗികളിൽ കുറഞ്ഞു ചികിത്സ നടത്തിട്ടുള്ള ആശുപത്രികൾ ഉണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): സാധാരണ കാണുകയില്ല.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനന്തിട്ട): ചെങ്കോട്ടയിലും അഞ്ചുതെങ്ങിലും ഉള്ള ആശുപത്രികളിൽ ചികിത്സിച്ചിട്ടുള്ള രോഗികളുടെ എണ്ണം വളരെ കുറവാണെന്നു അറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): അതിനു ചില പ്രത്യേകകാരണങ്ങൾ ഉണ്ടു്. ഇപ്പോൾ ധാരാളം രോഗികളെ ചികിത്സനടത്തുന്നുണ്ടു്. ഇപ്പോഴത്തെ സ്ഥിതിക്കു അഞ്ചുതെങ്ങിലുള്ള രോഗികളുടെ സംഖ്യ ചെങ്ങന്നൂർ ഉള്ളതിനെക്കാൾ കൂടുതൽ ആണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മാവേലിക്കര ഉള്ള ആശുപത്രിയും ചെങ്ങന്നൂർ ഉള്ള ഡിസ്പെൻസറിയും തമ്മിൽ എന്തു ദൂരമാണുള്ളതു?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): ആറു മൈൽ ദൂരമാണ് ഉള്ളതു്.

മി. ആർ. രാമൻപിള്ള (കോട്ടയം): ഈ കൌൺസിലിന്റെ പര്യാലോചനയിലിരിക്കുന്ന ഉപരക്ഷാപത്തെ ഞാനും അനുകൂലിക്കുന്നു. "ശരീരമാദ്യം ഖലുധർമ്മസാധനം" എന്നാണ് പ്രമാണം. മനുഷ്യനു ആവശ്യമായിട്ടുള്ളതിൽ അത്യന്തം പ്രധാനമായിട്ടുള്ളതു ശരീരമാണു. ശരീരം ബലമായിരുന്നില്ലെങ്കിൽ ശരീരത്തെ സൂക്ഷിക്കുന്നതിനു പോലീസുഡിപ്പാർട്ടുമെന്റിന്റെ ആവശ്യം യാതൊന്നുമില്ല: അതുകൊണ്ടു ഒന്നാമതായിട്ടു മനുഷ്യശരീരത്തെ ആകുന്നു നാം കരുതേണ്ടതു്. ഈ ശരീരത്തെ കരുതുന്നതിനു പ്രധാനമായ ഡിപ്പാർട്ടുമെന്റുകൾ മെഡിക്കൽ, സാനിട്ടറി, ആയുർവേദം എന്നിവകളാണ്.

തെനറൽസായിൽ വെറുതെചെങ്കൽ പാറയുടെ പുറത്തുകൂടെക്കൊണ്ടു അതുകൊണ്ടു സർവ്വത്ര ദുഷിച്ചിരിക്കുന്ന വായുവിന്റെ ഫലമായി ശരീരം ക്ഷയിച്ചു രോഗികളായി തീർന്നിരിക്കുന്ന കോട്ടയം ടൌണിലെ ജനങ്ങൾ ശരീരരക്ഷ ആവശ്യപ്പെടുമ്പോൾ ചെന്നു പ്രത്യേകമായ ആശുപത്രികളിൽ മസൂരി വിഷൂചിക മുതലായ രോഗങ്ങൾ പിടിപെട്ട രോഗികളെ കിടത്തി ചികിത്സിച്ചുവരുന്നു. ഇതു ശരീരരക്ഷയ്ക്കു അത്യന്തം ആപൽക്കരമായ സംഗതിയാണെന്നു നിയമസഭാ സാമാജികന്മാരും മെഡിക്കലാഫീസറന്മാരും മെഡിക്കൽ ബോർഡും സമ്മതിക്കാതിരിക്കയില്ലെന്നാണു എന്റെ വിശ്വാസം. ഇതിലേക്കു ഒരു പരിഹാരം ഉണ്ടാക്കേണ്ടതു ഏററവും അത്യാവശ്യമാണ്. ഇതിലേക്കു ഒരു കാലത്തു ഗവൺമെന്റിൽനിന്നും നല്ല വിലകൊടുത്തു കോട്ടയം ടൌണിൽനിന്നും പുറത്തായി ഒരു സ്ഥലം എടുത്തിരിക്കുന്നു. അവിടെ ഷെഡ്ഡും കെട്ടിയിരുന്നു. എന്നാൽ ഡിപ്പാർട്ടുമെന്റിന്റെ അശ്രദ്ധനിമിത്തം അവിടെ ഇപ്പോൾ രോഗികളെ അയക്കുന്നില്ല. ഇപ്പോൾ ടൌണിന്റെ മദ്ധ്യത്തിൽ സ്ഥിരമായിരിക്കുന്ന ആശുപത്രി കാമ്പൌണ്ടിൽതന്നെ ആകുന്നു ഈ പകർച്ച രോഗികളേയും ചികിത്സിച്ചു വരുന്നതു. അതിനു തക്കതായ പരിഹാരമാർഗ്ഗം കഴിയുന്നതും വേഗത്തിൽ ഉണ്ടാക്കിത്തരണമെന്നാണു ഞാൻ ഗവണ്മെന്റിനോടാവശ്യപ്പെടുന്നതു്.

ഇനി എനിക്കു പറയാനുള്ളതു കോട്ടയം ആശുപത്രി കെട്ടിടത്തെപ്പററിയാണ്. ഏകദേശം നൂറു വർഷത്തിനുമുമ്പു നമ്മുടെ രാജ്യത്തു താമസിച്ചിരുന്ന ഒരു ധ്വരക്കു അധിവസിക്കുന്നതിനു കെട്ടിച്ചിരുന്ന ഒരു ബംഗ്ലാവിലാണു ഇപ്പോൾ ആശുപത്രി സ്ഥിതിചെയ്യുന്നതു. അതിനു പുറമേ ഒന്നുരണ്ടു കൽകെട്ടിടങ്ങളും ഉണ്ടാക്കീട്ടുണ്ടു. അതുകൊണ്ടും മതിയാകാത്ത പല ഷെഡ്ഡുകളും കെട്ടി അതിലും ഈ വരാന്തകളിലുമായിട്ടാണു അവിടത്തെ രോഗികൾ കിടന്നു് കഷ്ടപ്പെടുന്നതു്. അതിനാൽ ഈ സംഗതിക്കു എന്തെങ്കിലും പരിഹാരം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണ്. ൧൦൦ ചതുരശ്രമൈൽ വിസ്തീർണ്ണവും ഏകദേശം ൧൪/൧൫ ലക്ഷം ജനങ്ങൾ അധിവസിക്കുന്നതുമായ കോട്ടയം താലൂക്കിലെ ജനങ്ങളുടെ ആവശ്യത്തെപ്പററി ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആറേഴു മൈലിനകത്തു ആസ്പത്രികളും ഡിസ്പെൻസറികളും കെട്ടേണ്ടതാണെന്നു എന്റെ സഹോദരമെമ്പറന്മാർ ഇവിടെ പ്രസ്താവിച്ചു. കോട്ടയം താലൂക്കിലെ ഡിസ്ട്രിക്ട് ആസ്പത്രിയിൽ നിന്നും പത്തുപതിനഞ്ചു മൈൽ പടിഞ്ഞാറു അതായതു ഇപ്പോൾ കോട്ടയത്തോടു ചേർക്കപ്പെട്ടിരിക്കുന്ന ഏററുമാനൂരിന്റെ ഒരംശമായിരുന്ന അതിരമ്പുഴനിന്നും ൪൦ മൈൽ കിഴക്കായിട്ടു ഒരു ഡിസ്പെൻസറിയാണുള്ളതു്. ൫൦ മൈൽ ദൂരമുള്ള അകലക്കുന്നം പകുതിയിൽ ഒരു ഡിസ്പെൻസറി ഇല്ല. ഇങ്ങനെ ൬൦-ം ൭൦-ം മൈൽ ദൂരം ഉള്ള

പകുതികളിൽ നിന്നും രോഗികൾ കോട്ടയം ഡിസ്ട്രിക്ട് ആസ്പത്രിയിൽ വരേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ ഈ പകുതികളിൽ നിന്നു ൧൨-ം ൧൫-ം മൈൽ ദൂരത്തിൽ മാത്രം ആസ്പത്രി സ്ഥിതി ചെയ്യുന്നു. മേക്കര ആനിക്കാട്ട്, വടക്കേക്കര, ഈ സ്ഥലങ്ങളിൽ ജനങ്ങൾ ധാരാളം ഇടതിങ്ങി പാർക്കുന്നു. അതിനാൽ അവിടെ ഒരു ഡിസ്പെൻസറി ആവശ്യമാണ്. അതിൽ ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റ് സമ്മേളനത്തിന്റെ ത്രിമൂർത്തികളാണ് മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ അനാശാസ്യമായ പല സംഭവങ്ങളും നേരിട്ടുകാണേണ്ടിവന്നു എന്നും മെഡിക്കൽ ഡിപ്പാർട്ടുമെന്റു തൃപ്തികരമായിരിക്കുന്നില്ലെന്നും ഈ കൗൺസിലിൽ നിശ്ചയം ചെയ്യുകയും, ആ സ്ഥിതിയിലുള്ള ഒന്നു ഒഴിക്കേണ്ടതെന്നു ആവശ്യപ്പെടുകയും ചെയ്തു. അതിനെപ്പറ്റി കഴിഞ്ഞ ഗവണ്മെന്റു യാതൊരു പര്യാലോചനയും ചെയ്തിട്ടില്ല. അതുകൊണ്ട് ഇപ്പോഴത്തെ ഗവണ്മെന്റെങ്കിലും കഴിയുന്നതും പ്രത്യേകമായി ഇതിനെ ഗൗനിച്ചു വേണ്ടതു ചെയ്യണമെന്നു ഉൽബോധിപ്പിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): സർ, നിലങ്ങളിൽ കൃഷിചെയ്യുന്ന കാര്യത്തിൽ സാധുക്കളായ ഈ ആളുകൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. സംസ്ഥാനത്തെ ക്ഷേമത്തിനു അവർ വളരെ പ്രയത്നിക്കയും ചെയ്യുന്നുണ്ട്. ഈ എല്ലാവർക്കും അറിയാവുന്ന ഒരു സംഗതി ആണല്ലോ. ഇപ്പോൾ പേച്ചിപ്പാറയിൽ നിന്നും ലഭിക്കുന്ന ജലം കൊണ്ടാണ് നിലങ്ങൾ കൃഷിചെയ്തുവരുന്നത്. സാധുക്കളായ മേൽപറഞ്ഞിട്ടുള്ള ആളുകൾ തങ്ങളുടെ കർഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുകയാണ്. അവരുടെ സ്ഥലങ്ങൾ അനാരോഗ്യപ്രദമായ നിലയിൽ ഇരിക്കുന്നുവെന്നുള്ളതു അറിവായിരിക്കുന്നു. കഴിഞ്ഞ കൊല്ലമുണ്ടായിട്ടുള്ള അനവധി മരണങ്ങളിൽ നിന്നു ഈ സംഗതി പ്രത്യക്ഷമാകുന്നതാണ്. ജനങ്ങൾക്കു യാതൊരു വൈദ്യസഹായവും നൽകപ്പെട്ടിട്ടില്ലന്നുള്ളതു സുഗ്രഹിതമാണല്ലോ. ചില സാധുക്കൾക്കു യഥാർത്ഥത്തിൽ തങ്ങളുടെ വീട്ടുകൾ ഉപേക്ഷിക്കേണ്ടതായി വന്നു. വൈദ്യസഹായം നൽകുന്നതിനു പ്രസ്തുത സ്ഥലത്തു ഹാജരായ ആളുകളെ കണ്ടുപിടിക്കുന്നതിനു ഞങ്ങൾക്കു സാധിച്ചില്ല. അധികാരികൾ സ്ഥലത്തു വന്ന് അവിടത്തെ സ്ഥിതിഗതികൾ കണ്ടറിയണമെന്നുള്ളത് ഞങ്ങൾ പ്രതീക്ഷിക്കുന്ന ഒരു കാര്യമല്ല. എന്നാൽ ഇവിടെ ഹാജരായിരുന്ന ഞങ്ങളുടെ സങ്കടങ്ങളെപ്പറ്റി നിവേദനം ചെയ്യുക എന്നുള്ളതു ഞങ്ങളുടെ കർത്തവ്യമാകുന്നു. കഴിഞ്ഞ കൊല്ലത്തിൽ ഗവണ്മെന്റു ചെയ്തിട്ടുള്ള സഹായത്തെപ്പറ്റി ഞങ്ങൾക്കറിയാവുന്നതും എല്ലാവരും അതിനെക്കുറിച്ചു അഭിനന്ദനം പ്രദർശിപ്പിച്ചിട്ടുള്ളതുമാകുന്നു. കഴിഞ്ഞ കൊല്ലത്തിൽ അനേകം സാനിട്ടറി ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുള്ളതിനു പുറമെ, മററു സ്ഥലങ്ങളിൽ നിന്നു സഹായങ്ങൾ ലഭിച്ചിട്ടുള്ളതുമാകുന്നു. സാനിട്ടറി ഇൻസ്പെക്ടർമാർ മൂന്നോ നാലോ മൈൽ ദൂരത്തിലാണ് താമസിച്ചിരുന്നത്. ഈ കാരണം നിമിത്തം രോഗങ്ങൾ ബാധിച്ചിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ചു സാനിട്ടറി ഡിപ്പാർട്ടുമെന്റിൽ യഥാക്രമം ഉള്ള ഉദ്യോഗസ്ഥന്മാരുമായി ആലോചനകൾ നടത്തി വേണ്ടതു ചെയ്യുന്നതിനു ഞങ്ങൾക്കു വിഷമതകൾ നേരിട്ടു. അവരുമായി ആലോചന നടത്തുന്നതിനു മുൻപുതന്നെ രോഗം ബാധിച്ചിട്ടുള്ള ആളുകൾ മരിച്ചുപോകുമെന്നുള്ളതും നിശ്ചയമായിരുന്നു. ഇപ്പോൾ ൩-ം ൪-ം മൈൽ അകലെയുള്ള സ്ഥലങ്ങളിലാണു സാനിട്ടറി ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുള്ളത്. അതിനാൽ ആരോഗ്യശുചീകരണ സംഗതികളെ സംബന്ധിച്ചു സാധുക്കളായ ജനങ്ങൾക്കു ഉപദേശങ്ങൾ നൽകുന്നതിനു അവർക്കു സാധിക്കുന്നില്ല. ഈയാണ്ടത്തെ കാലം സമീപിക്കാറായിരിക്കുന്ന സ്ഥിതിക്കു പ്രസ്തുത സാനിട്ടറി ഉദ്യോഗസ്ഥന്മാർ ഓരോ സ്ഥലവും സന്ദർശിക്കയും ജനങ്ങൾ ആരോഗ്യപരമായ നിലയിൽ ജീവിക്കുന്നതിനു ഉതകത്തക്കവണ്ണം തങ്ങളാൽ കഴിയുന്നതു പ്രവർത്തിക്കയും നിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യണമെന്നുള്ളതാണു ഏററവും ആവശ്യമായി പറയുവാനുള്ളത്. തങ്ങളുടെ അധീനതയിലുള്ള പൗരന്മാരുടെ ക്ഷേമത്തെ പുരസ്കരിച്ചാണ് നഗരസഭ കൂട്ടതലായി പ്രവർത്തിച്ചുവരുന്നത് എന്നാൽ ഗ്രാമീണപ്രദേശങ്ങളെ ആരോഗ്യശുചീകരണ സ്ഥിതികളെ സംരക്ഷിക്കുന്ന കാര്യത്തിൽ മെഡിക്കൽ ഡിപ്പാർട്ടുമെന്റു യാതൊന്നും നിർവഹിച്ചിട്ടില്ല. കഴിഞ്ഞ കൊല്ലത്തിൽ വിദൂരപ്രദേശങ്ങളിൽ നിവസിക്കുന്ന ജനങ്ങൾ വളരെ അധികം സഹായങ്ങൾ ചെയ്തുതന്നിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഡിപ്പാർട്ടുമെന്റു യാതൊന്നും ചെയ്തിട്ടില്ല. ഈയാണ്ടത്തെ കാലം സമീപിക്കാറായിരിക്കുന്നുവെന്നു വീണ്ടും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. സാധുക്കളായ ഈ ജനങ്ങൾ വസിക്കുന്ന സ്ഥലങ്ങൾ നനവുള്ളതും തീരെ ആരോഗ്യപ്രദമല്ലാത്തതും ആകുന്നു. അതിനാൽ സാനിട്ടറി ആഫീസർമാർ ഈ സ്ഥലങ്ങൾ സന്ദർശിക്കുകയും ആരോഗ്യസ്ഥിതികളെ സംരക്ഷിക്കുന്ന കാര്യത്തിൽ ആവശ്യമുള്ള ഉപദേശങ്ങൾ ചെയ്യുകയും ചെയ്യുന്നപക്ഷം അതു വളരെ പ്രയോജനകരമായിരിക്കുന്നതാണ്. നാഗരുകോവിൽ മുൻസിപ്പാലിററിയിൽ അധഃകൃതവർഗ്ഗക്കാർ നിവസിക്കുന്ന ഏഴു ഗ്രാമങ്ങൾ ഉണ്ട്. കഴിഞ്ഞ കൊല്ലത്തിൽ ചെയ്തിട്ടുള്ളതുപോലെ നാഗരുകോവിൽ മുനിസിപ്പാലിററിയുമായി വേണ്ട ഏർപ്പാടുകൾ ചെയ്യുന്നപക്ഷം സാധുക്കൾക്കു ആവശ്യമുള്ള സഹായങ്ങൾ പ്രദാനം ചെയ്യുന്നതിനു അതിനു സാധിക്കുന്നതാണ്. ഇപ്രകാരം ചെയ്യുന്നപക്ഷം അതു വളരെ ഗുണകരമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ട്യൂബ്‌വെൽ ഇപ്പോൾ അനുവദിച്ചിട്ടുള്ളതു വലിയ അനുഗ്രഹമല്ലേ.

മി. കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): എല്ലാവർക്കും പ്രയോജനം സിദ്ധിക്കത്തക്കവണ്ണം ട്യൂബവെൽ നടപ്പാക്കിട്ടുണ്ടെന്നു എനിക്കു പറയുവാൻ നിവൃത്തിയില്ല.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): അവർക്കു ഗവണ്മെന്റു അനുവാദം നൽകിയിട്ടുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): സർ, തിരുവിതാംകൂറിലെ ജനങ്ങൾക്കു സൌകര്യപ്രദമായ സ്ഥലങ്ങളിൽ വൈദ്യസഹായവും ഔഷധങ്ങളും സൌജന്യമായി നൽകണമെന്നുള്ള ഉദ്ദേശമാണു ഗവണ്മെന്റിനുള്ളത്. ഈ കാര്യത്തിലുള്ള എന്റെ അറിവു ഈ വിധത്തിലാണ്. ആരുവാമൊഴി, തോവാള, ചെമ്പകരാമൻപുതൂർ, ആയ ഈ ഗ്രാമങ്ങളിലും അവയുടെ സമീപത്തിൽ സ്ഥിതിചെയ്യുന്ന ഗ്രാമത്തിലും ജനങ്ങൾ കൂട്ടംകൂടി വസിക്കുന്നു. ആരുവാമൊഴിയിൽ നിന്നു അഞ്ചു ചതുരശ്രമൈലിനകത്തുള്ള സ്ഥലങ്ങളിൽ ഗവണ്മെന്റു വക ആസ്പത്രികളോ ഡിസ്പെൻസറികളോ ഇല്ലാതിരിക്കുന്നു. ഏതാണ്ടു പല കൊല്ലങ്ങൾക്കു മുമ്പു രക്ഷാകർത്താക്കൾ

അവിടെ ഒരു ഡിസ്പെൻസറി ഏർപ്പെടുത്തിയിട്ടുള്ളതും അവർ ഇപ്പോഴും അതു നടത്തിവരുന്നതും ആകുന്നു. വൈദ്യസഹായം സൌജന്യമായി ലഭിക്കുന്ന വിഷയത്തിൽ ഈ ഗ്രാമങ്ങളിൽ അധിവസിക്കുന്ന ആളുകൾ അനവധി കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും അനുഭവിച്ചതിന്റെശേഷം ഇക്കാര്യത്തിനു ഒരു നിവൃത്തി ഉണ്ടാക്കുന്നതിനു ഗവണ്മെന്റിൽ അപേക്ഷിച്ചിട്ടുണ്ട്. ഒരു ആശുപത്രി സ്ഥാപിക്കുന്നതിനു ഉള്ള അനുവാദം ഗവണ്മെന്റു ദയാപൂർവം നൽകിയിട്ടുണ്ട്. ഗവണ്മെന്റിന്റെ ഉത്തരവുകൾ അനുസരിച്ചു ൧൧൦൯-ാമാണ്ടു പ്രസ്തുത സ്ഥലം ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ സന്ദർശിച്ചിട്ടുണ്ട്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്) ഏതു സ്ഥലത്താണ് പോയിട്ടുള്ളത്.

മി. പി. ചെല്ലംപിള്ള (തോവാള): അദ്ദേഹം ആരുവാമൊഴി എന്ന സ്ഥലത്തേക്കാണ് പോയിട്ടുള്ളത്. ആശുപത്രി തോവാളയിൽ സ്ഥാപിക്കണമെന്നു ഉദ്ദേശിച്ചാണ് അപ്രകാരം ചെയ്തിട്ടുള്ളത്. അദ്ദേഹം ആ സ്ഥലം സന്ദർശിച്ചു എങ്കിലും ഏതോ ചില കാരണങ്ങൾ മൂലം ആശുപത്രി ഏർപ്പെടുത്താതെ അദ്ദേഹം തലസ്ഥാനത്തേക്കു മടങ്ങുകയാണു ചെയ്തതു. ഇതാണ് എന്റെ അറിവ്. ഒരു ആശുപത്രി സ്ഥാപിക്കുന്നതിനു ജനങ്ങൾ ഇപ്പോഴും നിർബന്ധിച്ചുവരികയാണ്. ഒരു ആശുപത്രി സ്ഥാപിക്കേണ്ട ആവശ്യകതയെ സംബന്ധിച്ചു ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ട്, ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ മേൽപറഞ്ഞ സ്ഥലം സന്ദർശിച്ചതിന്റെ ശേഷം ഇപ്പോൾ ഒരു വർഷത്തിലധികം കഴിഞ്ഞിരിക്കുന്നു, കാര്യത്തിന്റെ സ്ഥിതി ഇപ്രകാരം ആണെങ്കിലും ആശുപത്രി ഇതേവരെ ഏർപ്പെടുത്തപ്പെട്ടിട്ടില്ല. അതിനാൽ എനിക്ക് ഈ സംഗതി ഗവണ്മെന്റിന്റെ മുൻപാകെ ബോധിപ്പിക്കുവാനുള്ളതും ഈ ജനങ്ങൾക്ക് ആവശ്യമുള്ള വൈദ്യസഹായം നൽകുന്നതിനു അപേക്ഷിക്കുവാനുള്ളതുമാകുന്നു. ഇത്രയും പറഞ്ഞുകൊണ്ട് ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനു ഞാനും ആഗ്രഹിക്കുന്നു. ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതോടുകൂടി ഒരു കാര്യത്തെക്കുറിച്ചു മാത്രമേ എനിക്കു പ്രത്യേകമായി പ്രസ്താവിക്കുവാനുള്ളു. അതു വളരെ പ്രാധാന്യമുള്ള ഒരു സംഗതി ആകുന്നു. അതിനെപ്പറ്റി താഴെ പറഞ്ഞുകൊള്ളുന്നു, ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകുന്ന ഗ്രാമീണവൈദ്യസഹായം ആവശ്യത്തിനു പര്യാപ്തമായിരിക്കുന്നില്ല. മെഡിക്കൽ ഭരണസമിതി ഏർപ്പെടുത്തപ്പെട്ടതിന്റെ ശേഷം അനവധി ഡിസ്പെൻസറികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നുള്ളത് ഗവണ്മെന്റു ഭാഗത്തുള്ള സാമാജികൻ ഇവിടെ പ്രസ്താവിച്ചിട്ടുള്ളതു വാസ്തവം തന്നെ. മെഡിക്കൽ ബോർഡു ഏർപ്പെടുത്തിയതു മുതലുള്ള ആദ്യത്തെ രണ്ടു കൊല്ലങ്ങൾക്കിടയിൽ ഏതാണ്ടു പതിനഞ്ചു ഡിസ്പെൻസറികൾ സ്ഥാപിച്ചിട്ടുണ്ടെന്നുള്ളത്, ഗവണ്മെന്റു ഭാഗത്തുള്ള മെമ്പർ കഴിഞ്ഞ കൊല്ലത്തിൽ നമ്മെ ധരിപ്പിച്ചിട്ടുണ്ട്. ഈ വസ്തുത ഞാൻ ഇപ്പോൾ ഓർക്കുന്നുണ്ട് എന്നാൽ ജനങ്ങളുടെ ആവശ്യങ്ങൾ സാധിക്കുന്നതിനു അവ തീരെ മതിയാകുന്നില്ല. എന്റെ അഭിപ്രായങ്ങളും ഇതാണ്, ഗ്രാമീണപ്രദേശങ്ങളിൽ അധികം അധികം ഡിസ്പെൻസറികൾ സ്ഥാപിക്കേണ്ടതാണ്. ഡിസ്പെൻസറികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യം വർദ്ധിച്ചുതന്നെ ഇരിക്കുന്നു. വാസ്തവം പറയുകയാണെങ്കിൽ ഏകദേശം ൧൦൦ ഡിസ്പെൻസറി സ്ഥാപിക്കേണ്ട ആവശ്യം നേരിടുന്ന അവസരത്തിൽ ഏതാണ്ട് ഏഴോ എട്ടോ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനു മെഡിക്കൽ ബോർഡ് ശിപാർശ ചെയ്യുകയും, ഗവണ്മെന്റു രണ്ടെണ്ണത്തിനോ മൂന്നെണ്ണത്തിനോ അനുവാദം നൽകുകയും ചെയ്യുന്നു. ബഡ്ജറ്റ് തയ്യാറാക്കുന്ന അവസരത്തിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനെങ്കിലും അതിൽ പണം ഉൾക്കൊള്ളിക്കുന്നില്ല. ഈ കൊല്ലത്തെ ബഡ്ജറ്റിൽ തന്നെയും പുതുതായ ഒരു ഡിസ്പെൻസറി എങ്കിലും തുറക്കുന്നതിനു പണം ഉൾക്കൊള്ളിച്ചിട്ടില്ലെന്നാണ് തോന്നുന്നത്. കാര്യങ്ങളുടെ സ്ഥിതി വളരെ പരിതാപകരം തന്നെ. പുതിയ പദ്ധതി നടപ്പിലാകുന്ന അവസരത്തിൽ കൂടുതൽ ഡിസ്പെൻസറികൾ ഏർപ്പെടുത്തുന്നതാണെന്നുള്ള സംഗതി ഗവണ്മെന്റു ഭാഗത്തുള്ള സാമാജികൻ ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട് എങ്കിലും കൂടുതൽ ഡിസ്പെൻസറികൾ തുറക്കണമെന്നുള്ളതു ഡിപ്പാർട്ടുമെന്റു ഇപ്പോൾ നിർവഹിക്കേണ്ട പ്രവൃത്തിയാകുന്നു. വെള്ളറട എന്ന സ്ഥലത്തു ഒരു ഡിസ്പെൻസറി തുറക്കുന്നതിനെ സംബന്ധിച്ചു ഞാൻ മെമ്പറോടു ചോദിച്ച അവസരത്തിൽ ഞാൻ അദ്ദേഹത്തിനെ മേൽപ്പടി സ്ഥലത്തു കൂട്ടിക്കൊണ്ടു പോകാതിരുന്നതു നിമിത്തം യാതൊന്നും പ്രവൃത്തിക്കുന്നതിനു സാധിച്ചിട്ടില്ലെന്നു അദ്ദേഹം മറുപടി പറയുകയുണ്ടായി, വെള്ളറട എന്ന സ്ഥലത്തെപ്പറ്റി യാതൊരറിവും ഇല്ലെന്നു അദ്ദേഹം പറഞ്ഞതിൽ അത്ഭുതപ്പെടുന്നു. ഒന്നോ രണ്ടോ മണിക്കൂർ നേരത്തെ യാത്ര കൊണ്ടു നമുക്കു അവിടെ ചെന്നുചേരാൻ സാധിക്കുന്നതാണു. പ്രവേശിക്കാൻ പാടില്ലാത്തവിധം അത്ര വിദൂരമായ ഒരു സ്ഥലത്തല്ല അതു സ്ഥിതിചെയ്യുന്നതു. വെള്ളറട എന്ന സ്ഥലത്തു ഒരു ഡിസ്പെൻസറി ഏർപ്പെടുത്തണമെന്നുള്ള കാര്യത്തെ സംബന്ധിച്ചു ഗവണ്മെന്റു ഭാഗത്തുള്ള മെമ്പർ ഉടനടി അന്വേഷണം നടത്തുകയും ഗ്രാമീണപ്രദേശങ്ങളിൽ അധികമധികം ഡിസ്പെൻസറികൾ ഏർപ്പെടുത്തുന്ന വിഷയത്തെപ്പറ്റി കൂടുതൽ ഗൌരവത്തോടുകൂടി ചിന്തിക്കയും ചെയ്യണമെന്നു ഞാൻ ആശിക്കുന്നു. ഈ സഭയുടെ ആലോചനയ്ക്കു വിഷയമായിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ ഹൃദയംഗമമായി പിൻതാങ്ങിക്കൊള്ളുന്നു.

മി. പി. എസ്സ്. മഹമ്മദ് (നോമിനേറ്റഡ്): ആലപ്പുഴയിൽ സ്ത്രീകൾക്കായിട്ടു ഒരു ആസ്പത്രി വേണമെന്നു പറയാൻ തുടങ്ങിയിട്ടു വർഷം കുറെ കഴിഞ്ഞു. എന്നാൽ ഡിപ്പാർട്ടുമെന്റു മേധാവികളിൽ ഒരാളായ [illegible] ഉദ്യോഗസ്ഥനെ അവിടെ വരികയും അതിനെപ്പറ്റി വേണ്ട അന്വേഷണം നടത്തുകയും ചെയ്തിട്ടുള്ളതായി എനിക്കറിയാം. അങ്ങിനെ ചെയ്തതിന്റെ ശേഷവും ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റ് സെഷനിലും ഈ സംഗതിയെപ്പറ്റി പറകയുണ്ടായി. ആലപ്പുഴയിൽ സ്ത്രീകളുടെ ആവശ്യത്തിനുള്ള ആസ്പത്രി എത്രത്തോളം ആവശ്യമാണെന്നുള്ള സംഗതി അവിടെ പോയി കണ്ടറിഞ്ഞിട്ടുള്ളവർക്കു മാത്രമേ അറിയാൻ സാധിക്കയുള്ളു. മെഡിക്കൽ ആഫീസർ കഴിഞ്ഞ ഒരു യോഗത്തിൽ വെച്ചു ഇപ്രകാരം പ്രസ്താവിക്കയുണ്ടായി. തെക്കൻ തിരുവിതാംകൂറിലെ [illegible] ത്തിൽ മഹമ്മദീയസ്ത്രീകളെ കുത്തിവയ്ക്കുന്നതിനു പ്രത്യേകം സ്ത്രീകളെ നിയമിക്കേണ്ടതായി വന്നു. പുരുഷന്മാരെക്കൊണ്ടു കുത്തിവയ്ക്കുവാൻ അവർ സമ്മതിക്കുന്നില്ല.

ആലപ്പുഴയുള്ള മഹമ്മദൻ സ്ത്രീകൾക്കു പലവിധത്തിലുള്ള രോഗങ്ങൾ ബാധിച്ചിട്ടു ആപ്പറേഷൻ മുതലായവ ചെയ്യേണ്ട സന്ദർഭത്തിൽ ചെയ്യാതെ ചിലപ്പോൾ മരിക്കുന്നതിനു ഇടവന്നിട്ടുണ്ടു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും) : അവിടെ ലേഡിഡാക്ടരെ നിയമിക്കുന്നതിനു അനുവാദം നൽകപ്പെട്ടിട്ടില്ലയൊ?

മി. പി. എസ്സ്. മഹമ്മദ് (തോമിനോറഡു) : ലേഡിസർജൻ ഇല്ലാ. അതുകൊണ്ടാണ് ലേഡിസർജൻ വേണമെന്നുപറയുന്നതു. മരുന്നുവാങ്ങണമെങ്കിൽ രോഗം ഡാക്ടരോടുപറയണം. അതിനുസ്ത്രീകൾക്കു നിവൃത്തിയില്ലാത്തതിനാൽ കുപ്പിയിൽ വല്ലതും തരുന്നതിനെ വാങ്ങിക്കൊണ്ടു വല്ലവിധത്തിലുംപോരും. ഒരുപക്ഷെ പുരുഷന്മാരെക്കൊണ്ടും അങ്ങിനെ കഴിച്ചുകൂട്ടാം. എന്നാൽ സ്ത്രീകളുടെ ഇടയിൽ അത്യാവശ്യമായ ആഫ്‌രേഷനും മററും നടത്തുന്നതിനു ലേഡിഡാക്ടർ ഇല്ലാതെ സാധിക്കയില്ല. അതിനാൽ ആസ്പത്രിസ്ഥാപിക്കുന്നതിനും പുറമെ, അതുസ്ഥാപിക്കുന്നതുവരെ അത്രയുംവേഗത്തിൽ ഒരുലേഡിഡാക്ടരെ നിയമിച്ചുതരണം. ഈ സംഗതി കഴിഞ്ഞതവണ ഞാൻ മെഡിക്കൽഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു എന്നുമാത്രമല്ല പല അവസരങ്ങളിലും പ്രജാസഭ മുഖേന ഞാൻതന്നെ ഈസംഗതി ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു. ആ അവസരങ്ങളിലും ഗവർമ്മെൻറു വാഗ്ദാനംചെയ്യുന്നതിനു ഒരിക്കലും മടിച്ചിട്ടില്ല. എങ്കിലും ഇതുവരെസാധിച്ചു കിട്ടിയിട്ടില്ല. അതുകൊണ്ടു ഈ സംഗതി പ്രത്യേകം ശ്രദ്ധിക്കണമെന്നു മാത്രം അപേക്ഷിച്ചുകൊള്ളുന്നു.

മിസ്സസ്സ്. എലിസബത്ത് കുരുവിള (നിയമിക്കപ്പെട്ടമെമ്പർ) : സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു പ്രസംഗിക്കണമെന്നു ഞാൻ വിചാരിക്കുന്നു. അങ്ങിനെചെയ്യുന്നതിന്റെ ഉദ്ദേശം, സ്ത്രീകളുടെഇടയിൽ വൈദ്യസഹായം പ്രദാനം ചെയ്യേണ്ടകാര്യത്തിൽ അഭിവൃദ്ധി ഉണ്ടാകേണ്ടതു ആവശ്യമാണെന്നുള്ള സംഗതിചൂണ്ടിക്കാണിക്കുക മാത്രമാകുന്നു. ഏതെങ്കിലും ഒരുപ്രത്യേക സ്ഥലത്തു നിയമനംനടത്തണമെന്നു ഞാൻവാദിക്കുകയല്ല. എന്നാൽ ഈസംസ്ഥാനത്തു എല്ലാസ്ഥലത്തും ഉള്ള സ്ത്രീകളെ സംബന്ധിച്ചിടത്തോളം, വൈദ്യസഹായംനൽകുന്നകാര്യത്തിൽ കൂടുതലായി അഭിവൃദ്ധിയുണ്ടാകേണ്ടതു വളരെ ആവശ്യമാണ്. ഈസംഗതിയെകുറിച്ചാണു ഞാൻ ചിന്തിക്കുന്നതു. ഈ വിഷയത്തെസംബന്ധിച്ചു മെഡിക്കൽ ഡിപ്പാർട്ടുമെൻറിന്റെയും സാനിട്ടറി ഡിപ്പാർട്ടുമെൻറിന്റെയും ചാർജ്ജ്വഹിക്കുന്ന സാമാജികന്റെ പ്രസ്താവനകൾ കേൾക്കുന്നതിനു ഞാൻ ഉൽകണ്ഠയോടുകൂടി കാത്തിരിക്കയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മറുപടി തൃപ്തികരമല്ലാതിരിക്കുന്നു. ഇതിനും പുറമെ ഈ കാര്യത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം മേലിൽ ഉണ്ടാകാതിരിക്കത്തക്കവണ്ണം ഈവിഷയം അതിപ്രാധാന്യമുള്ള ഒന്നും ആകുന്നു. അതിനാൽ സ്ത്രീകൾക്കുള്ള മെഡിക്കൽസർവീസു പരിപുഷ്ടിപ്പെടുത്തേണ്ടതു വളരെ അത്യാവശ്യമാണെന്നുള്ള കാര്യം ഈസഭയെ അറിയിക്കുന്നതിനു ഞാൻ അനുവാദംചോദിച്ചുകൊള്ളുന്നു. പ്രസ്തുതസംഗതിയെ സംബന്ധിച്ചു ഒരുപദ്ധതി മെഡിക്കൽബോർഡിന്റെയൊ അല്ലെങ്കിൽഗവർമ്മെൻറിന്റെയോ ആലോചനയ്ക്കു വിഷയമായിട്ടുണ്ടെന്നു ഞാൻ അറിയുന്നു. കഴിഞ്ഞ ൪ കൊല്ലങ്ങളിൽ അതു തീരുമാനിക്കപ്പെടാതെ കിടന്നതു എവിടെയാണെന്നുള്ളതു പറയുന്നതിനു എനിക്കു സാധിക്കയില്ല. എന്നാൽ ഈവിഷയത്തിൽ യാതൊരുനടപടിയും നടത്തപ്പെട്ടിട്ടില്ല. നമുക്കു കണ്ടറിയാവുന്നിടത്തോളംകാര്യത്തിന്റെ സ്ഥിതി ഇപ്രകാരമാണ്. ശിക്ഷാർഹമായ ഈ അനാസ്ഥക്കു ഗവർമ്മെൻറിനു മാപ്പുകൊടുക്കാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സംസ്ഥാനത്തുള്ള എല്ലാസ്ഥലങ്ങളിലുമുള്ള സ്ത്രീകളുടെ വളരെഗൌരവമുള്ള ഒരു ആവശ്യമാണ് ഇതു. പ്രസ്തുതവിഷയത്തിനു ആസ്പദമായ സകലവിവരങ്ങളേയും സംബന്ധിച്ചു പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹത്തിന്റെ സഞ്ചാരങ്ങളിൽനിന്നു ഇൻസ്പെക്ടിംഗ്മെഡിക്കലാഫീസർക്കു ഈ സംഗതി ബോദ്ധ്യമായിരിക്കണം. എന്നുള്ളതു നിശ്ചയമാണ്. മേൽപറഞ്ഞ ആവശ്യം എല്ലാതാലൂക്കുകളിലും ഉള്ളതാകുന്നു. ഇതു നമുക്കെല്ലാവർക്കും അറിയാവുന്ന ഒരുസംഗതിയാണ്. ഓരോഡിസ്ത്രിക്ട്ആസ്പത്രിയിലും സ്ത്രീകൾക്കായിട്ടുള്ള ഒരുശാഖ ഉണ്ടായിരിക്കേണ്ടതു ആവശ്യമാകുന്നു. പ്രസ്തുതശാഖയിൽ ഒരുലേഡിഡാക്ടരെയുംനഴ്സുകളേയും, മിഡ്വൈഫ്കളേയും നിയമിക്കേണ്ടതാണ്. തിരുവനന്തപുരത്തും കൊല്ലത്തുംഉള്ളതുപോലെ സ്ത്രീകൾക്കുള്ള ആസ്പത്രികൾ ഏർപ്പെടുത്തേണ്ടതു ആവശ്യമാണ്. അതിനെപ്പററി പര്യാലോചിക്കുന്നതിനു മുൻപു ഒരുസംഗതി ഞാൻ ഗവർമ്മെൻറിനോടു അപേക്ഷിച്ചുകൊള്ളുന്നു. ഡിസ്ത്രിക്ട്ആസ്പത്രികളോടു അനുബന്ധിച്ചു സമീപകാലത്തു സ്ത്രീകൾക്കുള്ള ഒരുശാഖ ഏർപ്പെടുത്തുകയും അവിടെ ലേഡിഡാക്ടരെയും നഴ്സുകളേയും മിഡ്വൈഫുകളേയും നിയമിക്കുകയുംചെയ്യണമെന്നുള്ള വിഷയത്തെസംബന്ധിച്ചു ഗവർമ്മെൻറു വളരെ അനുഭാവത്തോടുകൂടി ചിന്തിക്കണമെന്നുള്ളതാണു മേൽപറഞ്ഞസംഗതി. നഴ്സുകളെ ധാരാളമായി നിയമിക്കത്തക്കവണ്ണം അവരെ ലഭിക്കുവാനില്ലെന്നുള്ളതു ഡിപ്പാർട്ടുമെൻറു പ്രതിനിധി ഇവിടെപ്രസ്താവിച്ചിട്ടുണ്ടു. അതിനുകാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. കാര്യത്തിന്റെ സ്ഥിതി ഇപ്രകാരമാണെങ്കിൽ സ്ഥലത്തുള്ള ആസ്പത്രികളിലും മററുസ്ഥലങ്ങളിലുള്ള മെഡിക്കൽവിദ്യാലയങ്ങളിലും ആസ്പത്രികളിലുംവെച്ചുനഴ്സുകൾക്കുപരിശീലനം നൽകുന്നതിനു സ്റ്റൈപ്പെൻസുകൂടുതലായി നൽകേണ്ടതാവശ്യമാകുന്നു. ഈ വിഷയത്തിൽ നേരിട്ടിട്ടുള്ള അത്യാവശ്യകതയെ സംബന്ധിച്ചു ഗവർമ്മെൻറുയഥാർത്ഥത്തിൽമനസ്സിലാക്കിയിരുന്നു. എങ്കിൽ അതിനു ശരിയായനിവൃത്തിമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു അവർക്കുവളരെക്കാലം മുൻപുതന്നെസാധിക്കുമായിരുന്നു. എന്റെ അഭിപ്രായം ഇപ്രകാരമാണ്, മേൽപറഞ്ഞപദ്ധതിയെസംബന്ധിച്ചിടത്തോളം ൧൧൦൭-മാണ്ടു പ്രവർത്തി തുടങ്ങേണ്ടതു ഗവർമ്മെൻറിന്റെ കർത്തവ്യമാണെന്നു ഞാൻവിചാരിക്കുന്നു. എല്ലാആസ്പത്രികളിലും ഈ പദ്ധതി അനുസരിച്ചു ഉടനടിപ്രവർത്തിക്കുന്നതിനു സാധിക്കാത്തപക്ഷം ടികൊല്ലത്തിന്റെ അവസാനത്തോടുകൂടി രണ്ടോ മൂന്നോ ആസ്പത്രികളിലെങ്കിലും ഈആവശ്യങ്ങൾപ്രകാരം ഗവർമ്മെൻറുകാര്യനിർവഹണം നടത്തേണ്ടതാകുന്നു. യോഗ്യതസമ്പാദിച്ചിട്ടുള്ള സ്ത്രീകളായ ഡാക്ടർമാരെ ലഭിക്കാൻസാധിക്കുന്നതാണ്. ഇൻഡ്യയിലൊ ഇൻഡ്യക്കുവെളിയിലൊ ഉയർന്നതരത്തിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളസ്ത്രീകളായഡാക്ടർമാരുണ്ട്. ഈപദ്ധതി ഉടനടി ആരംഭിക്കാതിരിക്കുന്നതിനു ഗവർമ്മെൻറിനെ സംബന്ധിച്ചിടത്തോളം, ഏതെങ്കിലും കാരണം പറയാൻ ഉണ്ടെന്നു ഞാൻവിചാരിക്കുന്നില്ല. അതിനാൽ സ്ത്രീകൾക്കു വൈദ്യസഹായംനൽകണമെന്നുള്ള സംഗതി വളരെ അത്യാവശ്യമാണെന്നുള്ളതു ഗവർമ്മെൻറിനെയും ഈ സഭയേയും ഞാൻഅറിയിച്ചുകൊള്ളുന്നു. ഇതുകൂടാതെ മേൽപറഞ്ഞ പദ്ധതിയെപ്പററി അനുകമ്പാപൂർവം പര്യാലോചിക്കുകയും അടുത്തകൊല്ലത്തിനിടയിൽഅതനുസരിച്ചുപ്രവർത്തിചെയ്യുന്നതിനു ഇടയാകയുംചെയ്യണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, തിരുവനന്തപുരത്തുള്ള ജനറൽ ആശുപത്രിയുടെ പ്രവർത്തനം നടത്തുന്ന കാര്യത്തിൽ പൊതുജനങ്ങൾക്ക് സാമാന്യമായവിധം സങ്കടമേറിട്ടിരിക്കുന്നു. ഈ സംഗതി ഈ സഭയുടെ ശ്രദ്ധയ്ക്ക് വിഷയമാക്കുന്നതിനു ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. വളരെ അധികം പണം ചിലവാക്കിയാണ് ജനറൽ ആശുപത്രിയുടെ സംരക്ഷണം നടത്തിവരുന്നത്. ഇതു എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണല്ലോ. എന്നാൽ പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ആശുപത്രികൊണ്ടു സിദ്ധിക്കേണ്ട പ്രയോജനം അവർക്ക് ലഭിക്കുന്നില്ല. യഥാർത്ഥമായ ഒരു സങ്കടം ഉണ്ടായിരിക്കുകയും ഉത്തമമായ മാറ്റത്തിൽക്കൂടി ആ സങ്കടത്തെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്ന അവസരത്തിൽ ആനുകൂല്യത്തോടുകൂടിയുള്ള ഒരു മനഃസ്ഥിതി ഉണ്ടാകുന്നതു പതിവാണല്ലോ. അതിനാൽ സ്പർദ്ധാപരമല്ലാത്തവിധത്തിലുള്ള വിമർശനങ്ങൾകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകുവാനില്ല. ഇപ്രകാരമുള്ള വിമർശനങ്ങൾ ഈ സഭയുടെ സമ്മേളനത്തിൽ ധാരാളം ഇവിടെ ചെയ്തിട്ടുള്ളതാണ്. ഈ അവസരത്തിൽ അപ്രകാരമുള്ള വിമർശനങ്ങൾ ചെയ്യേണ്ടതായ ആവശ്യവുമില്ല. അതിനാൽ ജനറൽ ആശുപത്രിയുടെ പ്രവർത്തനത്തെ ക്ഷേമപ്രദമാക്കുന്നതിനു ചില നിർദ്ദേശങ്ങൾ ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നു. സാമാനങ്ങൾ ശേഖരിച്ചിട്ടുള്ള സ്റ്റോർപുരയും രോഗികൾക്ക് ആഹാരപദാർത്ഥങ്ങളും വിതരണം ചെയ്തുകൊടുക്കുന്ന കാര്യവും ഉൾപ്പെടെ ആശുപത്രിയെ സംബന്ധിച്ചുള്ള സകല കാര്യങ്ങളും ഒരു ഡോക്ടർ സീനിയർ സർജൻ ഭരിക്കണമെന്നു വരുന്നപക്ഷം ഈ സമ്പ്രദായം അനുസരിച്ചു തൃപ്തികരമായവിധത്തിൽ പ്രവർത്തനം നടത്തുന്നതിനു സാധിക്കുന്നതല്ല. ഇപ്പോഴത്തെ പ്രവർത്തനസമ്പ്രദായം മേൽപറഞ്ഞവിധത്തിലാണ്. വൈദ്യശാസ്ത്രത്തിലുള്ള പല ശാഖകളിൽ യോഗ്യത സമ്പാദിച്ചിട്ടുള്ള അനവധി വിദഗ്ദ്ധന്മാർ നമ്മുടെ ആധീനത്തിലുണ്ട്. ജനറൽ ആശുപത്രിയിൽ ജോലി ചെയ്യുന്നതിനു അവർക്ക് അവസരം നൽകപ്പെടുന്നില്ല. ആ വിദഗ്ദ്ധന്മാരെ വരുത്തി ഇവിടെ കുറച്ചുകാലത്തേക്ക് ജനറൽ ആശുപത്രിയിൽ നിയമിക്കുകയും അതിനുശേഷം തലസ്ഥാനത്തിനു പുറമേയുള്ള ആശുപത്രികളിലേക്ക് അയക്കുകയും ചെയ്യുന്നു. അതിനുള്ള കാരണമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ജനറൽ ആശുപത്രി ഈ സംസ്ഥാനത്തുള്ള ആശുപത്രികളിൽവച്ചു പ്രഥമസ്ഥാനത്തെ അർഹിക്കുന്ന ഒന്നാണല്ലോ. തലസ്ഥാനത്തിനു പുറമേയുള്ള ആശുപത്രികളിൽ വിജയപ്രദമാംവണ്ണം ചികിത്സ നടത്തുന്നതിനു സാധിക്കാത്ത രോഗങ്ങളെ സംബന്ധിച്ചിടത്തോളം രോഗികളെ ജനറൽ ആശുപത്രിയിൽ അയച്ചു ചികിത്സിപ്പിക്കേണ്ടതാണ്. ഈ കാര്യസാദ്ധ്യത്തിനായി ഈ സംസ്ഥാനത്തു ലഭിക്കാൻ സാധിക്കുന്ന ഏറ്റവും സാമർത്ഥ്യമുള്ള ഉദ്യോഗസ്ഥന്മാരെ അവിടെ നിയമിക്കണം. ജനറൽ ആശുപത്രിയെ സംബന്ധിച്ചു സ്വീകരിക്കേണ്ട നയം ഇതാണ്.

മി. എസ്. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അപ്രകാരം ചെയ്യുന്നപക്ഷം അതുമൂലം തലസ്ഥാനത്തിനു പുറമേ അധിവസിക്കുന്ന ജനങ്ങൾക്ക് ബുദ്ധിമുട്ടു നേരിടുകയില്ലയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്രകാരമുള്ള എല്ലാ സംഗതികളേയുംകുറിച്ചു എനിക്കറിയാവുന്നതാണ്. പൊതുജനങ്ങളുടെ സങ്കടങ്ങളെപ്പറ്റി ചിന്തിക്കുന്നതായാൽ എന്നിൽ നിന്നും ഒരു മറുപടി ഈ ചോദ്യത്തിനു ലഭിക്കുന്നതിനു ആശിക്കാതെ അദ്ദേഹത്തിനുതന്നെ നേരിട്ടു മറുപടി നൽകാവുന്നതാണ്.

മി. മാത്യു മുരിക്കൻ (വൈക്കം): അപ്രകാരമുള്ള ഡാക്ടർമാരെ തലസ്ഥാനത്തിനു പുറമേയുള്ള സ്ഥലങ്ങളിൽ നിയമിക്കേണ്ട ആവശ്യമുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഇല്ല. മൂക്ക്, തൊണ്ട എന്നീ അവയവങ്ങളെ സംബന്ധിച്ചു വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവരുടെ ആവശ്യത്തിനു ശാസ്ത്രീയോപകരണങ്ങൾ വരുത്തുന്നതിനു ചില സമയങ്ങളിൽ ഒരുക്കങ്ങളെപ്പറ്റി ഞാൻ ചോദ്യം ചോദിക്കയുണ്ടായി. ഇതിനുപുറമെ അവയെ എപ്രകാരം ഉപയോഗപ്പെടുത്തുമെന്നും ഞാൻ ചോദിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ വരുത്തുന്നതിനു 8000 രൂപ ചിലവഴിച്ചിട്ടുണ്ടെന്നും ശരിയായി ഉപയോഗപ്പെടുത്താത്തവിധം അവ ജനറൽ ആശുപത്രിയിലെ അലമാരയിൽ കിടക്കുന്നു എന്നും എനിക്കു മറുപടി നൽകപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരത്തുള്ള ജനറൽ ആശുപത്രിയുടെ ഭരണത്തെ സംബന്ധിച്ചു സാമാന്യമായ ഒരു വിവരം ഇതിൽനിന്നു നിങ്ങൾക്ക് ലഭിക്കാവുന്നതാണ്. സാദ്ധ്യമെങ്കിൽ [illegible] ആഹാരങ്ങൾ നൽകുക, സ്റ്റോറിന്റെ മേൽനോട്ടം വഹിക്കുക മുതലായ എല്ലാ പ്രവൃത്തികളും മുഴുവൻ സമയവും ജോലി ചെയ്യാൻ സാധിക്കുന്ന ഒരു സെക്രട്ടറിയെ ഭരമേൽപ്പിക്കേണ്ടതാണ്. എം. ആർ. സി. പി., എഫ്. ആർ. സി. എസ്. എന്നീ യോഗ്യതകൾ സമ്പാദിച്ചിട്ടുള്ളവരും വൈദഗ്ദ്ധ്യമുള്ളവരുമായ ഡാക്ടർമാരെ ഓരോ ശാഖയുടെയും കാര്യക്ഷമമായ നടത്തിപ്പിനു ഉത്തരവാദികളാക്കത്തക്കവണ്ണം ആശുപത്രിയിലെ ഓരോ ശാഖകളും അവരുടെ പൂർണ്ണമായ ചാർജ്ജിൽ വിട്ടുകൊടുക്കേണ്ടതാണ്. ഡിപ്പാർട്ടുമെന്റിൽ ഔഷധം നൽകിവരുന്ന ശാഖയുടെ ഉത്തരവാദിത്വം എം. ആർ. സി. പി. യോഗ്യത സമ്പാദിച്ചിട്ടുള്ള ഒരാളെ ഭരമേൽപ്പിക്കണമെന്നു വിചാരിക്കുക.

അപ്രകാരം ചെയ്യുന്നപക്ഷം തന്റെ അസിസ്റ്റന്റിനെ നിയമിക്കുന്നതിനു അദ്ദേഹത്തിനു സ്വാതന്ത്ര്യം നൽകേണ്ടതാണ്. തന്റെ മേൽഉദ്യോഗസ്ഥനോടുകൂടി ജോലി ചെയ്യുന്നതിനു അസിസ്റ്റന്റിനോടു ആജ്ഞാപിക്കേണ്ടതാണ്. അങ്ങനെ ജോലി ചെയ്യുന്നപക്ഷം ഏതെങ്കിലും ഒരു പ്രത്യേക ശാഖയുടെ മേലധികാരി ഉദ്യോഗത്തിൽനിന്നു പിരിയുന്ന അവസരത്തിൽ ആദ്യമായി എം. ആർ. സി. പി. യോഗ്യതയുള്ള ആൾ നിർവഹിച്ചുപോന്നിരുന്ന ജോലികൾ കാര്യക്ഷമതയോടുകൂടി നടത്തിക്കൊണ്ടുപോരുന്നതിനുള്ള പ്രാപ്തി അസിസ്റ്റന്റിനുണ്ടായിരിക്കുന്നതാണ്. ഇതുപോലെതന്നെ എഫ്. ആർ. സി. എസ്. യോഗ്യതയുള്ള ആളിനു ശസ്ത്രക്രിയയെ സംബന്ധിച്ചുള്ള ശാഖയുടെ സ്വതന്ത്രമായ ഉത്തരവാദിത്വമുണ്ടായിരിക്കേണ്ടതാണ് (ചിരി) തന്റെ അസിസ്റ്റന്റിനെ തിരഞ്ഞെടുക്കുന്നതിനു അദ്ദേഹത്തിനും പൂർണ്ണമായ സ്വാതന്ത്ര്യം നൽകണം. ഈ ശാഖയുടെ മേലുദ്യോഗസ്ഥൻ ഉദ്യോഗത്തിൽനിന്നു പിരിയുന്ന അവസരത്തിൽ പ്രസ്തുത ശാഖയെ സംബന്ധിച്ചുള്ള ജോലികൾ നടത്തിക്കൊണ്ടുപോകുന്നതിനു അദ്ദേഹത്തിനും മേൽപറഞ്ഞപ്രകാരം ശേഷിയുണ്ടായിരിക്കേണ്ടതാണ്. ജനറൽ ആശുപത്രിയുടെ പ്രവർത്തനം ഉത്തമമായവിധത്തിൽ നടത്തുന്നതിനു തലസ്ഥാനത്തിനു പുറമേയുള്ള ആശുപത്രികളിൽ പ്രയോജനശൂന്യമായ വിധം നിയമിക്കപ്പെട്ടിരിക്കുന്ന എല്ലാ വിദഗ്ദ്ധന്മാരേയും വരുത്തി അവർക്ക് അവിടെ ശരിയായ സ്ഥാനം മേൽപറഞ്ഞപ്രകാരം നൽകണം. കൊല്ലന്തോറും ജനറൽ ആശുപത്രിക്കു ലഭിച്ചുവരുന്ന

ചിലവിനനുസരണമായി അതുകൊണ്ടു ഇപ്പോൾ പ്രയോജനം സിദ്ധിച്ചുവരുന്നില്ല. അതിനുംപുറമെ പ്രധാനപ്പെട്ടവയും വിലപിടിച്ചവയുമായ ഔഷധങ്ങൾ ജനറൽആശുപത്രിയിൽ ഇപ്പോൾ സംഭരിച്ചുവരുന്നുണ്ടെങ്കിലും അവ പൊതുവെ ധനവാന്മാരുടെ ഉപയോഗത്തിനുമാത്രമായി കൊടുത്തുവരുന്നു എന്നുള്ളതു പരസ്യമായ രഹസ്യമാണ്. എന്തെങ്കിലും കുറ്റാരോപണം ചെയ്യണമെന്നുള്ളതു എനിക്കില്ല. ജനറൽആശുപത്രിയിൽ സംഭരിക്കപ്പെട്ടിട്ടുള്ള സൗകര്യങ്ങളും സാമഗ്രികളും സാധുക്കളായ ജനങ്ങൾ നൽകുന്ന നികുതിയുടെ ഫലംകൊണ്ടു ഉണ്ടായിട്ടുള്ളവയാണ്. അവയെ ധനവാന്മാരുടെ ഗുണത്തിനുമാത്രമായി ഉപയോഗപ്പെടുത്തുന്നതിനു സംസ്ഥാനത്തെ ആശുപത്രിയിൽ നിയമിക്കപ്പെട്ടിരിക്കുന്ന ഡാക്ടറന്മാരെ അനുവദിക്കാൻ പാടില്ലാത്തതാണ്. ആശുപത്രിയിൽ നിയമിക്കപ്പെട്ടിരിക്കുന്ന ഡാക്ടർമാർ പ്രൈവററായി ചികിത്സനടത്താൻ പാടില്ലെന്നു ഈ അവസരത്തിൽ ഞാൻ നിർബന്ധപൂർവ്വം പ്രസ്താവിക്കുന്നില്ല. അവർക്ക് ശരിയായ ശമ്പളം കൊടുക്കുന്ന ഒരു കാലവും ഞാൻ നിർദ്ദേശിച്ചിട്ടുള്ള മാറ്റങ്ങൾപ്രകാരം ഡിപ്പാർട്ടുമെന്റിനെ പൂർണ്ണമായിട്ടു പരിഷ്കരിക്കയുംചെയ്യുന്ന ഒരു കാലം ഉണ്ടാകുന്നതാണ്. ആ അവസരത്തിൽ പ്രൈവററായി ചികിത്സനടത്താൻ പാടില്ലാത്തതാണെന്നു അവരെ നിർബന്ധിക്കാവുന്നതാണ്. ധനവാന്മാരെ സഹായിക്കാൻ പാടില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ ജനറൽആശുപത്രിയിലുള്ള ഉദ്യോഗസ്ഥന്മാരേയും ഉപകരണങ്ങളേയുംകൊണ്ടു പ്രയോജനം സിദ്ധിക്കേണ്ടതു സാധുക്കൾക്കുമാത്രമാകുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ജനറൽആശുപത്രിയിൽനിന്നും നൽകിവരുന്ന ആഹാരം മതിയാകുന്നില്ലെന്നുള്ള ഒരു പൊതുപരാതി ഇപ്പോൾ ഇല്ലേ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ): ഉണ്ട്. അതുതന്നെയാണ് ഞാൻ പറയുന്നതു്. ഒരു ഡാക്ടർ കൃത്യമായി നിർവ്വഹിക്കേണ്ട ജോലി ആഹാരംകൊടുക്കുക മുതലായവയുടെ മേൽനോട്ടത്തിനെ സംബന്ധിച്ച ഉത്തരവാദിത്വംവഹിക്കുക എന്നുള്ളതല്ല. ഇപ്രകാരമുള്ള ഒരു സമ്പ്രദായം ഉത്തമമായപ്രകാരം നടത്തുന്നതിനു സാധിക്കുകയില്ല. ധനവാന്മാരായ ആളുകൾക്കും വൈദ്യസഹായം നൽകണം. എന്നാൽ അതിനു പ്രത്യേകസമയം നിശ്ചയിക്കണം. അടിയന്തിരമായ കാര്യങ്ങൾ ഒഴിച്ചു എല്ലാ സംഗതികളിലും [illegible]ങ്ങളിലേക്കു ധനവാന്മാർ പണംകൊടുക്കണം. അപ്രകാരം കൊടുക്കുന്ന പണത്തിന്റെ ഒരു നിശ്ചിതശതമാനം, ജനറൽആശുപത്രിയിൽ സംഭരിച്ചുവരുന്ന ഔഷധങ്ങൾ വാങ്ങുക, കമ്പൗണ്ടർമാർ, നഴ്സുകൾ മുതലായവരുമായി ആലോചനകൾ നടത്തുന്നതിനുള്ള ചിലവു എന്നീ കാര്യങ്ങൾക്കു വിനിയോഗിക്കണം. തിരുവനന്തപുരത്തു പ്രൈവററായി ചികിത്സനടത്തിവരുന്നവർക്ക് ശരിയായ വിജയം സിദ്ധിക്കുന്നില്ല എന്നുള്ളതാണ് എന്റെ മുഖ്യ പരാതിവിഷയം. അപ്രകാരം സംഭവിക്കുന്നതു തിരുവനന്തപുരത്തു മാത്രമല്ല, തിരുവിതാംകൂറിൽ എല്ലാ സ്ഥലത്തുമുള്ള സ്ഥിതി ഇപ്രകാരമാണ്. അതിനുള്ള കാരണം ഗവണ്മെന്റിന്റെ സ്റ്റോക്കിലുള്ള ഔഷധങ്ങൾ ധനവാന്മാർക്കുവേണ്ടി മാത്രമായി ഉപയോഗപ്പെടുത്തിവരുന്നു എന്നുള്ളതാണ്. സാധുക്കൾക്കു അതു ലഭിക്കുന്നില്ല. ആശുപത്രിയുടെ കാര്യക്ഷമമല്ലാത്ത സ്ഥിതിയേയോ സാധുക്കളുടെ കാര്യത്തിൽ പ്രദർശിപ്പിച്ചുവരുന്ന അനാസ്ഥയേയോ സംബന്ധിച്ചു നികുതിദായകന്മാരുടെ ഇടയിൽ ഒരു പൊതുപരാതി ഉള്ളതാകുന്നു. ഇപ്പോഴുള്ള സ്ഥാപനംകൊണ്ടു ഉണ്ടാകേണ്ട ഗുണം നമുക്കു സിദ്ധിക്കണമെന്നുണ്ടെങ്കിൽ നാം ചില വ്യവസ്ഥകൾ സ്വീകരിക്കേണ്ടതാണ്. വൈദ്യം എന്ന തൊഴിലിനെസംബന്ധിച്ചിടത്തോളം തിരുവിതാംകൂറിൽ അന്യോന്യം മത്സരം നടത്തുന്നതിനു സൗകര്യമില്ലാതിരിക്കുന്നു. യോഗ്യതസമ്പാദിച്ചിട്ടുള്ള അനവധി ആളുകൾ ഉണ്ടു്. യോഗ്യതസിദ്ധിച്ചിട്ടുള്ള അനവധി ആളുകൾ തിരുവിതാംകൂറിനു വെളിയിൽ പോകുകയും അവർക്കു അവിടെ ഉദ്യോഗങ്ങൾ ലഭിക്കുകയും ചെയ്യുന്നു. എന്നാൽ പുറത്തുനിന്നു തിരുവിതാംകൂറിൽവന്നു ഇവിടെ വൈദ്യവൃത്തി സ്വീകരിക്കുന്ന യോഗ്യതസമ്പാദിച്ചിട്ടുള്ള ഒരു ഒററ ആളെങ്കിലും ഉണ്ടെന്നു ഉദാഹരണമായി പറയുന്നതിനു [illegible]മും കാണുകയില്ല. അതിനുള്ള കാരണം ഇതാണ്. വൈദ്യവൃത്തി സ്വീകരിക്കുന്നവരുടെ പേരുകൾ രജിസ്റ്റർ ചെയ്യുന്നതിനെസംബന്ധിച്ചു തിരുവിതാംകൂറിൽ യാതൊരു നയവും നടപ്പിലാക്കീട്ടില്ല. സർ, ഈ കാര്യത്തിൽ എന്റെ അഭിപ്രായം ഞാൻ പ്രസ്താവിക്കാം. ഡാക്ടർമാർ തമ്മിൽ ക്ഷേമകരമായവിധം മത്സരം ഉണ്ടായിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം വൈദ്യശാസ്ത്രംകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഈ അവസരത്തിൽ സംസ്ഥാനത്തിൽനിന്നും നിയമിക്കപ്പെടുന്ന ഡാക്ടർമാരും പ്രൈവററായി ചികിത്സനടത്തുന്നവരും തമ്മിൽ യാതൊരു മത്സരവും ഇല്ലാതിരിക്കുന്നു. തെരുവിൽപെട്ട ആളുകൾക്കു സംസ്ഥാനത്തിൽനിന്നു നിയമിക്കപ്പെടുന്നവരുമായി മത്സരിക്കുന്നതിനു ഇപ്പോൾ സാധിക്കുന്നില്ല. സഹായമപേക്ഷിക്കുന്നതിനു ആരുടെ അടുക്കൽ പോകണമെന്നുള്ളതു ജനങ്ങൾക്കിപ്പോൾ അറിയാവുന്നതാണ്. ആശുപത്രിയിലുള്ള ഡാക്ടർമാർ ഔഷധങ്ങൾ സൗജന്യമായി നൽകുന്നുണ്ടു്. അതിനാൽ ഈ രാജ്യത്തുള്ള ആളുകളിൽ ഏറിയഭാഗവും ആശുപത്രിയിലുള്ള ഡാക്ടർമാരെ അഭയംപ്രാപിക്കുകയാണ് ചെയ്യുന്നതു്. പ്രൈവററായി ചികിത്സനടത്തുന്ന ഒരു ഡാക്ടർ എത്രതന്നെ സമർത്ഥനായിരുന്നാലും അയാൾക്കു ഇവിടെ ജീവിതം നയിക്കുന്നതിനു സാധിക്കുകയില്ല. ഗവണ്മെന്റ് സർവ്വീസിലുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരുമായി ഉണ്ടാകുന്ന അതുല്യമായ ഈ മത്സരംനിമിത്തമാണ് ഇപ്രകാരം സംഭവിക്കുന്നതു്. നിഷ്പക്ഷമായി ജോലിചെയ്യുന്ന സമർത്ഥന്മാരായ പ്രൈവററ് ഡാക്ടർമാർക്ക് ഹാനിനേരിടുന്നതിനു കാരണമാകുന്ന ഈ മത്സരത്തിനു ഗവണ്മെന്റാണ് പണം ചിലവാക്കുന്നതു്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും ഈക്ക്): പൊതുജനങ്ങളുടെ ജീവനു ഹാനിസംഭവിക്കത്തക്കവണ്ണം വൈദ്യവൃത്തി സ്വീകരിച്ചിട്ടുള്ളവർ മത്സരം നടത്തണമെന്നാണോ മെമ്പർ പറയുന്നതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ടാണ് വൈദ്യവൃത്തി സ്വീകരിച്ചിട്ടുള്ളവരുടെ പേരുകൾ രജിസ്റ്റർചെയ്യണമെന്നുള്ള നിർദ്ദേശം ഞാൻ കൊണ്ടുവന്നിട്ടുള്ളതു്. ഈ കാര്യത്തിൽ ഒന്നാമതായി സ്വീകരിക്കേണ്ട നടപടി ഇതുതന്നെയാണ്. കപടവൈദ്യന്മാരും മുറിവൈദ്യന്മാരും ചികിത്സനടത്തുന്നതിനെ തടയുന്നതിനും, അപ്രകാരമുള്ളവരെ തിരിച്ചറിയുന്നതിനും മേൽപറഞ്ഞവിധം പ്രവർത്തിക്കുന്നപക്ഷം സാധിക്കുന്നതാണ്. ജനങ്ങളുടെ ജീവനെ സംരക്ഷിച്ചു പരീക്ഷണങ്ങൾ നടത്തുന്നതിനു ഇപ്രകാരമുള്ള ആളുകളെ അനുവദിക്കാൻ പാടുള്ളതല്ല. യോഗ്യതസമ്പാദിച്ചിട്ടുള്ള വൈദ്യവൃത്തി അവലംബിച്ചിരിക്കുന്നവരുടെ

പേരുകൾ രജിസ്റ്റർചെയ്യുന്നതിനെസംബന്ധിച്ചു ഒരു നിയമം നിർമ്മിക്കേണ്ടതു ആവശ്യമാണെന്നു ഞാൻ പ്രാരംഭത്തിൽ നിർദ്ദേശിച്ചിട്ടുള്ളതു കൊണ്ടുതന്നെയാണ്. ആരംഭഘട്ടത്തിൽ ആയുർവേദം, ചിന്താമണി മുതലായ പല പ്രസ്ഥാനങ്ങളും അനുസരിച്ചു ചികിത്സകൾ നടത്തിവരുന്ന വൈദ്യന്മാരെ ഉൾപ്പെടുത്തത്തക്കവിധത്തിൽ നിയമത്തിനു വ്യാപ്തി ഉണ്ടാക്കാവുന്നതാണ്. യോഗ്യതനേടിയിട്ടുള്ളവരെ, അതായതു്, യഥാർത്ഥത്തിൽ ഡാക്ടർമാരായിട്ടുള്ളവരെ മാത്രമേ ഇവിടെ വൈദ്യവൃത്തി നടത്തുന്നതിനു അനുവദിക്കാൻ പാടുള്ളു. ഇപ്രകാരം ചെയ്യുന്നുവെങ്കിൽമാത്രമേ തിരുവിതാംകൂറിൽ വൈദ്യവൃത്തി സ്വീകരിച്ചിട്ടുള്ളവരുടെ ഇടയിൽ പ്രയോജനകരമായ വിധം മത്സരമുണ്ടാകുന്നതിനു സാധിക്കുകയുള്ളു.

സർ, ആശുപത്രിസമയങ്ങൾ ഭേദപ്പെടുത്തേണ്ടതാവശ്യമാണെന്നു അടുത്തതായി പ്രസ്താവിച്ചുകൊള്ളുന്നു. ഇതിനു ഒരു ഉദാഹരണം പറയാം. ജനറൽആശുപത്രി സ്വീകരിച്ചിട്ടുള്ള സമയം രാവിലെ ൭½ മണിമുതൽ ൧൧ മണിവരെ ആകുന്നു. സാധാരണയായി പുറമേനിന്നു ഔഷധം വാങ്ങുന്നവർക്കുള്ള വാർഡിൽ ഏകദേശം നൂറ് രോഗികൾ ഉണ്ടായിരിക്കും. രോഗികളുടെപേര്, ജാതി, വർഗ്ഗം, വയസ്സ് മുതലായവയെസംബന്ധിച്ചുള്ള വിവരങ്ങൾ ഡാക്ടർ രേഖപ്പെടുത്തേണ്ടതും, ചിററുകളിൽ ആവശ്യമുള്ള വിവരങ്ങൾ എഴുതി പൂർത്തിയാക്കേണ്ടതും ആകുന്നു. ഇപ്രകാരമുള്ള എല്ലാ ജോലികൾക്കുംപുറമേ അദ്ദേഹം രോഗിയെ പരിശോധിക്കുകയും ഔഷധം നിശ്ചയിക്കുകയുംചെയ്യണം. ഞാൻ മുകളിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ ശേഖരിച്ചു അവ രേഖപ്പെടുത്തുന്നതിനു മാത്രമായി കുറഞ്ഞപക്ഷം ഒരു മിനിട്ടുസമയം വേണ്ടിവരുമെന്നു അനുമാനിക്കുന്നപക്ഷം ൧൦൦ രോഗികൾക്കു ൧൦൦ മിനിട്ടു വേണ്ടിവരുന്നതാണ്. ഇത്രയും സംഗതികൾ നിർവ്വഹിക്കുന്നപക്ഷം രാവിലെയുള്ള സമയം മിക്കവാറും കഴിയുന്നതാണ്. അതിന്റെ ഫലമായി രോഗിയെ പരിശോധിക്കുകയും രോഗം കണ്ടറിഞ്ഞു ശരിയായ ഔഷധങ്ങൾ നിശ്ചയിക്കുന്നതിനു ഡാക്ടർക്കു ഒട്ടുംതന്നെ സമയം ലഭിക്കുന്നില്ല. വിവരങ്ങൾ രേഖപ്പെടുത്തുന്ന അവസരത്തിൽതന്നെ തനിക്കു ബാധിച്ചിട്ടുള്ള സുഖക്കേടെന്താണെന്നുള്ളതു ഡാക്ടർ രോഗിയോടു ചോദിക്കുകയും വയറുവേദനയാണ് സുഖക്കേടെന്നു അയാൾ മറുപടിപറകയുംചെയ്യുന്നു. ഉടൻതന്നെ ഡാക്ടർ ഏതോ മരുന്നു നിശ്ചയിക്കുന്നു. അയാൾക്കു ബാധിച്ചിട്ടുള്ള രോഗം വയറുവേദനയാണെങ്കിൽതന്നെയും ഏതുതരത്തിലുള്ള വയറുവേദനയാണ് എന്നുള്ളതു ദൈവത്തിനുമാത്രമേ അറിയാൻപാടുള്ളു. എന്തുരോഗമാണ് ബാധിച്ചിരിക്കുന്നതു്, ശരിയായി നിശ്ചയിക്കേണ്ട ഔഷധം ഏതാണ്, എന്നീ വിഷയങ്ങളെ സംബന്ധിച്ചു പര്യാലോചിക്കുന്നതിനു ഡാക്ടർക്കു തീരെ സമയമില്ലാതിരിക്കുന്നു. രോഗിയെ പരിശോധിക്കുകയാകട്ടെ, രോഗനിശ്ചയംവരുത്തുകയാകട്ടെ യാതൊന്നുംതന്നെ ചെയ്യുന്നില്ല. സർ, ഈ ചിററുകളിൽ വേണ്ട വിവരങ്ങൾ രേഖപ്പെടുത്തുകയും, മററുകാര്യങ്ങൾ എഴുതുകയും ചെയ്യുന്നതിനു ൧൫ രൂപാ മുതൽ ൨൦ രൂപാവരെ ശമ്പളമുള്ള ഒരു ഗുമസ്തനെ നിയമിച്ചാൽ മതിയാകും. ഇതാണ് എനിക്കു ബോധിപ്പിക്കാനുള്ളതു്. ഈ ചിററുകൾ പൂരിപ്പിക്കുന്നകാര്യത്തിൽ ഡാക്ടറന്മാർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇതിലും കൂടുതൽശ്രദ്ധ രോഗികളെ ചികിത്സിപ്പിക്കുന്ന കാര്യത്തിൽ പ്രദർശിപ്പിക്കുന്നതിനു ഡാക്ടർമാർക്കു കൂടുതൽസമയം നൽകേണ്ടതാണ്.

സർ, ജനറൽആശുപത്രിയെ പരിഷ്കരിച്ചതുകൊണ്ടുമാത്രം മതിയാകുന്നതല്ല. വൈദ്യവൃത്തി സ്വീകരിച്ചിട്ടുള്ളവരുടെയിടയിൽ പ്രയോജനകരമായ മത്സരം വർദ്ധമാനമാക്കേണ്ടതു ആവശ്യമാണെന്നു ഗവർമ്മെന്റു ചിന്തിക്കുന്നപക്ഷം, ഓരോ സ്ഥലങ്ങളിലും ആശുപത്രിസ്ഥാപിക്കുകയും രാജ്യത്തുള്ള ഗ്രാമീണവൈദ്യസഹായം പരിപൂർത്തിപ്പെടുത്തുകയും ചെയ്യുന്നതിനെസംബന്ധിച്ചു അനുദ്യോഗസ്ഥസാമാജികന്മാരിൽ പലരും ചെയ്തിട്ടുള്ള അപേക്ഷകളിൽ ഏതാനുംകാര്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുന്നതിനു ഒരുമാർഗ്ഗം ഉണ്ടാകുന്നതാണ്. യോഗ്യതയുള്ള അനവധിആളുകൾ യാതൊരു ഗവർമ്മെന്റു ഉദ്യോഗവുമില്ലാതെയിരിക്കുന്നു. ഗ്രാമീണപ്രദേശങ്ങളിൽ വൈദ്യവൃത്തിസ്വീകരിക്കുന്നതിനു അവർക്കു സാരമായ സഹായധനംനൽകി ഗവർമ്മെന്റു അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എനിക്കു പ്രസംഗിക്കുന്നതിനു സ്വല്പസമയമേ അനുവദിച്ചിട്ടുള്ളു. അതിനിടയിൽ എന്റെ ആശയങ്ങൾ മുഴുവൻ പ്രത്യക്ഷപ്പെടുത്തുന്നതിനു എനിക്കു സാധിക്കയില്ല.

സർ, ജനറൽആശുപത്രിയെ സംബന്ധിച്ചിടത്തോളം, അതിനെ ഇപ്പോഴത്തെ നിലയിൽ വച്ചുകൊള്ളേണ്ട യാതൊരു ആവശ്യവുമില്ല. അതുകൊണ്ടു പൊതുജനങ്ങൾക്കു യാതൊരു പ്രയോജനവും സിദ്ധിക്കുന്നില്ല. യാതൊന്നും നൽകാതെ കുറച്ചുമരുന്നോ മററുചില്ലറ സാധനമോ ലഭിക്കും എന്നുള്ള കാരണത്താൽ അവിടെപോകുന്ന ആളുകൾക്കുമാത്രമേ അതുമൂലം സന്തുഷ്ടിസിദ്ധിക്കുന്നുള്ളു.

മി. മാത്യുമുരിക്കൻ (വൈക്കം): എന്റെ സ്നേഹിതൻ നിർദ്ദേശിച്ചിട്ടുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനു ഒരു മെഡിക്കൽബോർഡിനു സാധിക്കുമെന്നു എന്റെ സ്നേഹിതൻ വിചാരിക്കുന്നുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രതിപാദ്യവിഷയത്തെപ്പററി സംബന്ധമില്ലാത്ത ഒരു കാര്യമാണ് ഇതു്. ഈ കാര്യത്തിനെപ്പററി ഞാൻ പ്രസ്താവിക്കണമെന്നാണ് മെമ്പർ ആവശ്യപ്പെടുന്നതു്, ആ കാര്യത്തിനെപ്പററി പ്രതിവാദിക്കുന്നതിനു ഞാൻ ഇപ്പോൾ തയ്യാറില്ല. ജനറൽആശുപത്രിയുടെ ഇപ്പോഴത്തെ പ്രവർത്തനസമ്പ്രദായത്തെക്കുറിച്ചുമാത്രമേ ഞാൻ ഇപ്പോൾ പ്രസ്താവിക്കുന്നുള്ളു. ഇക്കാര്യത്തെപ്പററി കഴിയുന്നത്രവേഗത്തിൽ ഗാഢമായി ചിന്തിക്കണം. എനിക്കു ബോധിപ്പിക്കുവാനുള്ള സംഗതി ഇതുമാത്രമാണ്. ഇത്രയുംപറഞ്ഞുകൊണ്ടു ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി. പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്കു): സർ, ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. കരുണാനിധിയും പ്രജാവത്സലയുമായ നമ്മുടെ മഹാറാണി റീജന്റുതിരുമനസ്സിലെ ഗവർമ്മെന്റു പ്രജകളുടെ ആരോഗ്യസംരക്ഷണത്തെ ലാക്കാക്കി നടത്തിവരുന്നതായ നമ്മുടെ മെഡിക്കൽ വകുപ്പിന്റെ [illegible] അതായതു ത്രിമൂർത്തീകരണം അതിന്റെ വൈകല്യത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചതിന്റെ ഫലമായി ജനങ്ങളുടെ ആരോഗ്യത്തിനു ഹാനിതട്ടത്തക്കതരത്തിൽ ഇപ്പോൾ എത്തിയിരിക്കുന്നു എന്നു അറിയുന്നതിൽ അനല്പമായ മനസ്താപമുണ്ട്.

സർ, തിരുവിതാംകൂറിൽ മെഡിക്കൽഡിപ്പാർട്ടുമെന്റു സ്ഥാപിതമായ കാലംമുതൽ, അതുകാലം ഓരോ ഡിപ്പാർട്ടുമെന്റിന്റെ മേധാവികളാൽ ഭരിക്കപ്പെട്ടുവന്നിരുന്ന ഈ ഡിപ്പാർട്ടുമെന്റു ത്രിമൂർത്തീകരണത്തിൽ കലാശിപ്പിക്കുന്നതിനും അതിന്റെ പരീക്ഷണഫലം അവതാളത്തിൽ കലാശിച്ചുവെന്നു ഗവർമ്മെന്റിനു ബോധ്യപ്പെട്ടിട്ടും അതിന്റെ പരിഹാരത്തിനു ഗവർമ്മെന്റു വൈമനസ്യം പ്രദർശിപ്പിക്കുന്നതിന്റെ കാരണം തിരുവിതാംകൂർ നിവാസികളായ എല്ലാപേർക്കും ഏറെക്കുറെ അറിയാവുന്നതാണ്.

സർ, പ്രജകളുടെ ആഗ്രഹങ്ങളേയും, അഭിലാഷങ്ങളേയും, ക്ഷേമത്തെയും ലാക്കാക്കി പ്രവൃത്തിക്കേണ്ടതാണ് ഒരു ഗവൺമെന്റിന്റെ ചുമതല. തിരുവിതാംകൂറിലെ ജനപ്രതിനിധികളാകുന്ന ഞങ്ങൾ ഈ ബോർഡുഭരണം തൃപ്തികരമല്ലാത്തതിനാൽ ഏകസ്വരത്തിൽ അതിനെ ശിക്ഷലാക്കണമെന്ന ഈ കൌൺസിലിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും, പിന്നീട വളരെ വേണ്ട, വേണ്ടപോലെ എന്ന വിളിച്ചുപറഞ്ഞുകൊണ്ടും ചെയ്തുകൊണ്ടിരുന്നിട്ടും, ഞങ്ങളുടെ അപേക്ഷയെ ഗവൺമെന്റ ഇതവരെ ഗണിച്ചു കാണുന്നില്ല.

സർ, മെഡിക്കൽവകുപ്പിലെ ആവശ്യത്തിലേക്ക വരുത്തിയിട്ടുള്ള മരുന്നുകളിൽ ചിലതുവളരെ പഴക്കവും താണതരവും ആണെന്നും അതു ഉപയോഗിച്ചാൽ ജനങ്ങളുടെ ആരോഗ്യത്തിനപോലും ഹാനികരമാകുന്നതും ആണെന്നും ഒരു വിദഗ്ദ്ധൻ പരിശോധനയ്ക്കുശേഷം നമ്മുടെ ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളതായി ഞാൻ എന്റെ ബഡ്ജറ്റ നിരൂപണാവസരത്തിലും എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ ഇട്ടൂപ്പ്ഇട്ടിയച്ചൻ ഇപ്പോൾ ഈ ഉപക്ഷേപത്തെ അനുകൂലിച്ചു പ്രസംഗിച്ചപ്പോഴും സൂചിപ്പിക്കുകയുണ്ടായി. എന്നാൽ മെഡിക്കൽ വകുപ്പിന്റെ പ്രതിനിധിയായ ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസരുടെ മറുപടി പ്രസംഗത്തിൽ അതേസംബന്ധിച്ചു തക്കതായ ഒരു സമാധാനവും പറഞ്ഞുകേൾക്കാത്തതിൽ ഞങ്ങളുടെ സംശയം ദ്വിഗുണീഭവിക്കുകയാണ് ചെയ്തിട്ടുള്ളത്.

സർ, ഗാഢനിദ്രാക്കളരിപോലെയാണ് ഇപ്പോഴത്തെ ബോർഡുഭരണം നടത്തുന്നത്. ചുമതലക്കാർ ആരും തന്നെ ഇല്ല. ഡാക്ടർമാരെ യാതൊരു വ്യവസ്ഥയോ കാരണമോ കൂടാതെ തുടരെത്തുടരെ സ്ഥലംമാററിക്കൊണ്ടിരിക്കുന്നു. ഡിസ്ട്രിക്ട് ആശുപത്രികളിൽ ചാർജ്ജവഹിക്കേണ്ടവർ ഡിസ്പെൻസറികളിലും, ഡിസ്പെൻസറികളിൽ ചാർജ്ജ്‌വഹിക്കേണ്ടവർ ഡിസ്ട്രിക്ട് ആശുപത്രികളിലും ജോലിനോക്കിവരുന്നു.

ശരിയായ മേൽനോട്ടമില്ലാത്തതിനാൽ സാധാരണജനങ്ങൾ ശരിയായ വൈദ്യസഹായംകിട്ടുന്നതിനു പ്രയാസമായിരിക്കുന്നു. വലിയപണക്കാർക്കുമാത്രമേ ആശുപത്രികളിലെ ഡാക്ടർമാരെക്കൊണ്ട ചികിത്സിപ്പിക്കുന്നതിനു സാധിക്കയുള്ളു എന്നനിലയിൽ എത്തിയിരിക്കുന്നു. സംസ്ഥാനത്തെ മിക്ക ആശുപത്രികളിലേയും മരുന്നുകൾ തീർന്നുപോയിരിക്കുന്നു. സാധാരണ ആണ്ടുതോറും കുംഭമാസത്തിൽ, ആശുപത്രികളിൽ മരുന്നുകൾ അയച്ചുകൊടുത്തുകൊണ്ടിരിക്കെ, കഴിഞ്ഞആണ്ടിൽ കർക്കടകമാസത്തിൽ മാത്രം അയക്കാൻ താമസംനേരട്ടു. കാരണം എന്തെന്നു ഞാൻ ചോദിച്ചചോദ്യത്തിനു മരുന്നുകൺട്രാക്ടർ അവിചാരിതമായ ചിലകാരണങ്ങളാൽ മരുന്നുകൾ താമസിച്ചയച്ചതിനാൽ നേരിട്ടതാമസമാണ് എന്നാണ് ഗവൺമെന്റ എനിക്കു മറുപടി തന്നിരുന്നത്.

സർ, കഴിഞ്ഞയാണ്ടിൽ അങ്ങനെപററി. ഈയാണ്ടത്തെ സ്ഥിതി എങ്ങനെയിരിക്കുന്നു. കുംഭമാസത്തിൽ അയക്കേണ്ട മരുന്നുകൾ ഒരു ആശുപത്രിക്കും ഇതുവരെ അതായതു കർക്കടകമാസം അവസാനമായിട്ടും അയക്കുന്നതിനു സാധിച്ചിട്ടില്ല, എന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു.

മി. വി. കെ. ഉമ്മൻ: സർ, ചുമതലക്കാരല്ലാത്ത ഒരു ഡിപ്പാർട്ടുമെന്റിൽ ഇതല്ലാ ഇതിലപ്പുറവും വന്നുകൂടുന്നതിൽ അതിശയിക്കാനില്ല. ഇതന്റെയെല്ലാം ഫലം സാധാരണക്കാരായ ജനങ്ങൾ കഷ്ടപ്പാടനുഭവിക്കയാണ്.

അതിനാൽ നമ്മുടെ മെഡിക്കൽവകുപ്പു പൊതുജനോപകാരാർത്ഥം ഗവൺമെന്റിൽനിന്നു നടത്തിക്കൊണ്ടുപോകണമെന്നു ഗവൺമെന്റ വിചാരിക്കുന്നപക്ഷം, ഇപ്പോഴത്തെ ത്രിമൂർത്തിഭരണം ഉടനെ നിറുത്തി പ്രാപ്തിയുള്ള ഒരു ഓഫീസരുടെ ചുമതലയിൽ ഡിപ്പാർട്ടുമെന്റിനെ വിട്ടുകൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഇതിലേക്ക പുതിയ ദിവാൻജി അവർകളുടെ ദൃഷ്ടിയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, എനിക്കു ജനറൽ ആസ്പത്രിയിൽ നടത്തപ്പെടുന്ന എക്സ്‌റേപരിശോധനയെ സംബന്ധിച്ചു ചിലതു പറയാനുണ്ട്, ആഴ്ചയിൽ തിങ്കൾ, വ്യാഴം എന്നീദിവസങ്ങളിൽ മാത്രമേ എക്സ്‌റേപരിശോധന നടത്തുന്നുള്ളു. വളരെരൂപാ ചിലവുചെയ്തു എക്സ്‌റേ വരുത്തിയിട്ടും അവിടെ വരുന്ന ആളുകളെല്ലാം ദിവസവും പരിശോധിക്കാത്തതുകൊണ്ട ഇപ്പോൾ ഈ പരിശോധനയ്ക്കായി ദൂരത്തുനിന്നുവരെ പോയിവരേണ്ടിയിരിക്കുന്നു. ജനറൽ ആശുപത്രിയിൽ ഇപ്പോൾ വാങ്ങിക്കുന്നഫീസും ക്രമാതീതമാണ്. ആസ്പത്രിയിൽ മരുന്നുകൾപോലും വിലകൂടാതെ കൊടുക്കുന്നു എന്നാൽ എക്സ്‌റേപരിശോധനക്കു കൂടുതൽ ഫീസുവച്ചിരിക്കുന്നു. ഈ ഫീസുതന്നെ രണ്ടു, നാലു, ആറു, എട്ടു, എന്നീ രൂപാക്രമത്തിലാണ് വച്ചിരിക്കുന്നതു. ഈ ഫീസിൽപകുതി എക്സ്‌റേ ചാർജ്ജ് വഹിക്കുന്നതിനും പകുതി ഗവൺമെന്റിനും ആണ് വച്ചിരിക്കുന്നത്. ഈ ഫീസ് അടുത്തകാലത്തു ഇരട്ടിയാക്കിവർദ്ധിപ്പിച്ചിരിക്കുന്നു. എക്സ്‌റേപരിശോധിക്കുന്ന ഉദ്യോഗസ്ഥനോട ഗവൺമെന്റ നടത്തിയിട്ടുള്ള കരാറനുസരിച്ചു ശമ്പളവും അലവൻസും അല്ലാതെ അതിൽകൂടുതലായി പരിശോധനഫീസു ഭാഗമായി യാതൊന്നുംകിട്ടുന്നതിനു ന്യായവും അവകാശവുമില്ല. ഇതു അടുത്തകാലത്തു നടപ്പാക്കിട്ടുള്ള ഒരു ഏർപ്പാടാണ്. മററുള്ളവർക്ക ഇങ്ങനെ ഒരു സൌജന്യം അനുവദിച്ചതായി കാണുന്നില്ല.

മി. കെ. ജോർജ്ജ (ഗവൺമെന്റ ചീഫ്സിക്രട്ടറി): ബാക്ടീരിയാളോജിസ്റ്റിന്റെ കാര്യത്തിലും ഈ സൌജന്യംകാണിച്ചുവരുന്നുണ്ട്. ഇതു മെമ്പറിനറിയാമോ?

മി. മുറവേലിൽപാച്ചുപിള്ള (ചേർത്തല): അറിയാം അപ്പോൾ ബാക്ടീരിയാളജിസ്റ്റിനു പേഴ്സനൽ അലവൻസ് ഇല്ല.

അതിനാൽ ആളുകരാറിന് വിരോധമായി ഈ ആഫീസർക്കുകൂടി ഇതിൻ കൊടുക്കുന്നതു അനീതിയാണ്. എക്സ്‌റേജോലി ആഴ്ചയിൽ രണ്ടുദിവസംമാത്രമേ ചെയ്യുന്നുള്ളു. അതിനെ ഭേദപ്പെടുത്തി എല്ലാദിവസവും അവിടെ വരുന്ന എല്ലാരോഗികൾക്കും ഉപയോഗയോഗ്യമാക്കിത്തീർക്കണം.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): മെഡിക്കൽബോർഡു നിറുത്തണമെന്നുള്ളതാണ ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു ഗവൺമെന്റ ഒന്നാമതായി ചെയ്യേണ്ടകൃത്യം. വേറെയും പലസംഗതികൾ ഈ വകുപ്പിനെ സംബന്ധിച്ചു ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിരിക്കുന്നു.

അദ്ധ്യക്ഷൻ: അഞ്ചുമിനിട്ടുമുമ്പായിട്ടു പ്രസംഗം നിറുത്തേണ്ടതാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): ഈ ഡിപ്പാർട്ടുമെന്റുകൊണ്ടു ഉൾനാട്ടുകളിൽ സാരമായപ്രയോജനമൊന്നുമില്ലാ. പ്രസവകേസുകൾ, ടൈഫോയിഡുകേസുകൾ, മുതലായവയ്ക്കു ഉൾനാട്ടുകളിൽ ഡാക്ടരെ പിടികൊടുത്തു വരുത്തേണ്ടിയിരിക്കുന്നു. എന്നാൽ ഇവർക്കു കൊടുക്കേണ്ടഫീസു ഒരു

ക്ലിപ്തവുമില്ലാ. കൊടുക്കേണ്ടതുകയ്ക്കു ഒരു വ്യവസ്ഥയില്ലാത്തതിനാൽ അവർക്ക എന്തുകൊടുത്താലും പോരാ എന്നു ഡാക്ടർമാർ പറയുമ്പോൾ ധനികരല്ലായ ജനങ്ങൾ വിഷമിക്കയെന്നിവൃത്തിയുള്ളൂ. അതിനാൽ അപ്രകാരം പടിയായി കൊടുക്കേണ്ടതുക ഇന്നതാണെന്നു പരസ്യപ്പെടുത്തണം, ഓരോ ഡിസ്പെൻസറിയിലും ഈ നടപടിയെ വിവരിക്കുന്നതായ ഒരു നോട്ടീസു പതിക്കണം. അപ്രകാരം ചെയ്യുന്നതായാൽ സാധുജനങ്ങൾക്ക ഒരു ഗുണമുണ്ടാകും.

എല്ലാ രോഗികളേയും ആശുപത്രിയിൽ കൊണ്ടുവരാൻ സാധിക്കയില്ലല്ലോ. പ്രസവം, ടൈഫായിഡ്, ന്യൂമോണിയാ മുതലായവയുള്ള രോഗികൾ ഇല്ലാത്ത പ്രദേശങ്ങളിൽനിന്നും അവരെ എടുത്തു ആശുപത്രിയിൽ കൊണ്ടുവരികയെന്നതു പ്രയാസം. ഈ മാതിരിയുള്ള രോഗികളെ കിടക്കയിൽനിന്നു അനക്കുവാൻപാടില്ലെന്നാണ് ഡാക്ടർമാർ പറയുന്നത്. ഡാക്ടർ വന്നുതന്നെ നോക്കണം. അതുകൊണ്ടു ഡാക്ടർമാർക്ക ഇതിലേക്ക കൊടുക്കേണ്ട ഫീസിനെപ്പറ്റി ഒരു വ്യവസ്ഥചെയ്തു ജനങ്ങളെ അറിയിച്ചാൽ നന്നായിരിക്കും. അപ്രകാരം ചെയ്താൽതന്നെയും ഡാക്ടർമാർക്ക കൂടുതൽ കൊടുക്കേണ്ടിവരും എന്നാൽ ഇന്നതുക സൌജന്യമായികൊടുത്തു എന്നു ജനങ്ങൾക്ക തിരിച്ചറിയാൻ കഴിയുമല്ലോ.

മെഡിക്കൽബോർഡിന്റെ നടപടികൾ ഒരുതരഉത്തരവാദിത്വമില്ലാത്ത തരത്തിലാണ് ഇപ്പോൾ കാണുന്നത്. ആരാണ് അതിൽ ഉത്തരവാദി ബോർഡാണോ ഒരു മെമ്പറിന്റെ ആവശ്യപ്രകാരങ്ങളിൽ ഏതു സ്ഥലത്തു ഏതു ഡാക്ടർക്ക എന്തും ചെയ്യുന്നതിനും കഴിയും. ഒരാളുടെ ആവശ്യപ്രകാരങ്ങളിൽ മറ്റൊരാളെ വിട്ടേക്കാം, ഒരാളെ എങ്കിലും തൃപ്തിപ്പെടുത്താൻ ആക്കം കഴിഞ്ഞേക്കും. ഉദ്യോഗകൃത്യങ്ങളിലും ഉദ്യോഗനിയമനങ്ങളിലും വലിയ അഴിമതികൾ നടന്നുവരുന്നു. അവയെനിറുത്തണമെങ്കിൽ ഈ ബോർഡിനെ നിറുത്തുകതന്നെവേണം. നിറുത്തിയാൽ ആരെ അദ്ധ്യക്ഷസ്ഥാനത്തു വയ്ക്കണം? ഈ ബോർഡിലിരിക്കുന്ന ഒരാൾ മുൻപു ഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷനായിരുന്ന ആളാണ്. ഒരാൾ ചീഫ് മെഡിക്കലാഫീസർ ആണ്. ഇതിൽ ആരെയാണ് ഡിപ്പാർട്ടുമെന്റു മേധാവി കാര്യങ്ങൾ ഏല്പിക്കേണ്ടതെന്നു സംഗതി തീർച്ചപ്പെടുത്തുന്നതിൽ കുറെ വിഷമം നേരിടാം. ഇപ്പോൾ ഇരിക്കുന്നവരുടെ പേരും കൂടിഉച്ചരിച്ചിട്ട് നന്നാകുന്നില്ലെന്നാണിരിക്കുന്നത്. അതുകൊണ്ട് ഇവർ ആരുംവേണ്ട മുന്നമേതു വെളിയിൽനിന്ന് ഒരാളെ വരുത്താം. സാധാരണ വെളിയിൽനിന്നും വരുത്തുന്നത് ശരിയല്ലാ ഇതു ജനങ്ങളുടെ ആരോഗ്യത്തേയും ജീവനേയും സംബന്ധിക്കുന്ന ഒരു കാര്യമാണ്. അതിനാൽ വെളിയിൽനിന്നു ഒരു യോഗ്യനെ വരുത്തണമെന്നു തുറന്നു പറയാതെ തരമില്ല. സാധാരണപുറമെനിന്നും ഉദ്യോഗസ്ഥന്മാരെ വരുത്തുന്നതിൽ ഞാൻവിരോധിയാണ്. നിവൃത്തിയുള്ളിടത്തോളം വെളിയിൽനിന്ന് ആളെവരുത്താനരുതു. വെളിയിൽനിന്നു വരുന്നവർ സാധാരണകീഴിലുള്ളവർ പറയുന്നതു കേട്ടുനടക്കുന്നു. വേറെയും ദോഷമുണ്ട്. എന്നാൽ ആരോഗ്യത്തേയും ജീവനേയും സംബന്ധിച്ച ഈ വിഷയത്തിൽ ഇപ്പോൾ പുറത്തുനിന്ന് ആളുകളെ നിയമിക്കാതെ തരമില്ലാ. ശസ്ത്രക്രിയയിലും, ഭരണത്തിലും, ചികിത്സയിലും, നല്ലനൈപുണ്യമുള്ള ഒരാളിന് നല്ലതുക കൊടുത്തിട്ടായാലും പുറത്തുനിന്നും വരുത്തി നിയമിക്കണം. തക്കവർ ഇവിടെ ഇല്ലാ.

മി. മുവേലിൽ പാച്ചുപിള്ള (ചെങ്ങന്നൂർ): മറ്റുഡിപ്പാർട്ടുമെന്റുകളിലേയ്ക്കും ആളുകളെ പുറത്തുനിന്നും വരുത്തുന്നതുകൊണ്ടു തരക്കേടുണ്ടോ?

മി. തറിയതുകുഞ്ഞിതൊമ്മൻ(മൂവാറ്റുപുഴ): മതിയായ ആവശ്യംതന്നെവന്നാൽതരക്കേടില്ലാ. ഇതു ആരോഗ്യത്തെയും ജീവനേയും സംബന്ധിച്ചതായതുകൊണ്ടു ഇതിനെ പ്രത്യേകം ഗണിക്കണം. ഈ ഡിപ്പാർട്ടുമെന്റ് ഒരാളുടെ അധീനത്തിൽ ആയിത്തീർന്നാൽമാത്രമേ അഴിമതികൾ ശമിക്കയുള്ളൂ. ഇപ്പോഴുള്ള അഴിമതിക്കാർക്ക കയ്യും കണക്കുമില്ല. അഴിമതിക്കാരെ ശിക്ഷിക്കണം. ഇപ്പോൾ അവർക്ക ധാരാളം ശമ്പളം ഉണ്ടെങ്കിലും ഗവണ്മെന്റ് ഉദ്ദേശിക്കുന്നതുപോലെയുള്ള ഫലം സാധുക്കൾക്ക കിട്ടുന്നില്ല. സാധുക്കളുടെ കാര്യമാണ് ഇതിൽ ഒന്നാമതായി നോക്കേണ്ടത് ആരും ഇപ്പോൾ ഉത്തരവാദിയായിട്ടില്ല.

തൊടുപുഴ അറക്കുളത്തു ഒരു ആശുപത്രിവേണമെന്ന് പലവർഷങ്ങളായി പറഞ്ഞുവരുന്നു. ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ ഇതുവരെ അവിടെ ചെന്ന് നോക്കുകപോലുംചെയ്തിട്ടില്ലാ. പലസ്ഥലങ്ങളിലും ആശുപത്രികൾ സ്ഥാപിക്കേണ്ടതുണ്ട്. ആർ ശ്രദ്ധിക്കുന്നു?

അതിനാൽ ബോർഡിന്റെ ഭരണം നിറുത്തണം. ഡാക്ടർമാരുടെ പടിയിൽ ഒരു ക്ലിപ്തം ചെയ്യണം അവരുടെ വലിയ അത്യാഗ്രഹത്തെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും ഏർപ്പാടു ചെയ്യണം (ചരി) സമയമായതിനാൽ നിറുത്തുന്നു.

അദ്ധ്യക്ഷൻ: ഡാക്ടർ രാമൻതമ്പി, സംഭരിച്ചു നൽകപ്പെട്ടിട്ടുള്ള ഔഷധങ്ങളുടെ ഗുണക്കുറവിനെ സംബന്ധിച്ചു മി. ഉമ്മനും മ. ഇട്ടിയച്ചനും ആശങ്കപ്രകടിപ്പിച്ചിട്ടുണ്ട്. അക്കാര്യത്തെപ്പറ്റി നിങ്ങൾ ആദ്യമായി മറുപടിപറയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): സർ, ഔഷധങ്ങൾക്കുള്ള ഗുണത്തെസംബന്ധിച്ചിടത്തോളം, വിശ്വസിക്കത്തക്കതായ ഒരു കച്ചവടസംഘക്കാരുടെ പക്കൽ നിന്നാണ് ഞങ്ങൾ ഔഷധങ്ങൾ വരുത്തുന്നത്. ഇതിനുപുറമേ, മുൻപ് ഇവിടെ ഇരുന്ന നമ്മുടെ ഡർബാർ ഫിസിഷ്യന്റെ ഉപദേശമനുസരിച്ചുമാണു മരുന്നുകൾ വരുത്തുന്നത്. അദ്ദേഹത്തിനെ വ്യാപാരസംഘത്തിനെക്കാൾ വളരെ കൂടുതലായ നിലയിൽ വിശ്വസിക്കാവുന്നതാണ്. ഈ അവസരത്തിൽ മറ്റൊരു സംഗതി എനിക്ക പ്രസ്താവിക്കാനുണ്ട്. അതു താഴെ പറയുന്നതാണ് അടുത്തകാലത്തു ഔഷധങ്ങൾ വിൽക്കുന്നതിൽതാൽപര്യമുള്ള ഒരു മാന്യൻ പിതാവനന്തപുരം സന്ദർശിക്കുന്നതിനിടക്കായി നമ്മുടെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിലേക്ക് അയച്ചുകൊടുത്തുവരുന്ന ഔഷധങ്ങളിൽ ചിലതു ഉദാഹരണമായി മഗ്നീഷിയം സൾഫേറ്റ് സാന്റോനിൻ ഇവ കൂട്ടികലർപ്പുള്ളവയാണെന്നുള്ള ദുഷ്പേര് അയാൾപറഞ്ഞുപരത്തി. പ്രസ്തുതഔഷധങ്ങൾക്കു ഗുണംകുറവാണെന്ന് അയാൾ പറയുകയുണ്ടായി അതിനാൽ അയാളുടെ പ്രസ്താവനകളെ നമുക്ക പൂർണ്ണമായി സ്വീകരിക്കാൻ പാടുള്ളതല്ല. അപ്രകാരം പ്രസ്താവനചെയ്യുന്നതിൽ അയാൾ താല്പര്യക്കാരനായിരുന്നു. അതിനാൽ നമുക്കിപ്പോൾ ശേഖരിച്ചു നൽകിവരുന്ന ഔഷധങ്ങൾ മായം കലർന്നവ ആണെന്ന് അയാൾപറഞ്ഞു പലരെയുംധരിപ്പിച്ചു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): അങ്ങനെ വെറുതെവന്ന ആളുകൾ പറയുന്നതല്ലാതെ ഗവണ്മെൻറിന് ഇതിനെ സംബന്ധിച്ച് അറിവില്ലേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഞാൻ അതിനെപ്പററി അന്വേഷണം നടത്തീട്ടില്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): ഗവണ്മെൻറിനെ അയാൾ അറിയിച്ചിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അയാൾ എന്തെങ്കിലും അറിയിച്ചിരിക്കാം?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): ഗവണ്മെൻറിനെ ഇതു അറിയിച്ചോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതു അയാളുടെകാര്യമല്ലേ? അതുകൊണ്ടു ഞാൻ നല്ലമരുന്നു തരാമെന്നു അറിയിച്ചിരിക്കാം.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): അയാൾ വിശ്വസ്തനാണോ?

അദ്ധ്യക്ഷൻ. ഗവണ്മെൻറു മെമ്പറെ സംസാരിക്കാൻ അനുവദിക്കാതെ ഇങ്ങനെ ചോദ്യം ചോദിക്കുന്നതു ശരിയല്ല. നിങ്ങളുടെ ചോദ്യത്തിനു മറുപടി നൽകുന്നതിനു അദ്ദേഹം ശ്രമിക്കുകയാണ്. എന്നാൽ അനാവശ്യ ചോദ്യങ്ങൾ ചോദിച്ചു നിങ്ങൾ അദ്ദേഹത്തിനെ ബുദ്ധിമുട്ടിക്കയാണ്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഞങ്ങൾക്കയച്ചുതരപ്പെട്ടിട്ടുള്ള മഗ്നീഷ്യംസൾഫേറ്റ് ശുദ്ധവും കലർപ്പില്ലാത്തതും ആണോ എന്നുള്ളതു തൃപ്തികരമായും സൂക്ഷ്മമായും ഉള്ള വിധത്തിൽ അറിയുന്നതിനു ഞങ്ങൾ അതിനെ രസതന്ത്രശാലയിലേക്കു അയച്ചുകൊടുത്തു. ഡാക്ടർ മൂഡ്ഗിൽ അതിനെ സംബന്ധിച്ചു വ്യവച്ഛേദം നടത്തിയതിൽ അതു വളരെ ശുദ്ധമായ സാധനമാണെന്നു അദ്ദേഹം കാണുകയുണ്ടായി. അദ്ദേഹത്തിനെക്കൊണ്ടു ഞങ്ങൾ സാൻറോണിൻ എന്ന ഔഷധവും വ്യവച്ഛേദംനടത്തിച്ചു. അതും വളരെ ശുദ്ധമായ ഒരു ഔഷധമാണെന്നു കണ്ടറിഞ്ഞിരിക്കുന്നു. അദ്ദേഹത്തിൻെറ അധീനത്തിലുള്ള സമയം പരിമിതമാണ്. വാസ്തവത്തിൽ ആ സ്ഥിതിക്കു ഞങ്ങൾക്കുവേണ്ടി എല്ലാ ഔഷധങ്ങളേയും സംബന്ധിച്ചു വ്യവച്ഛേദം നടത്തുന്നതിനു രസതന്ത്രം പ്രൊഫസറിനോടു ആവശ്യപ്പെടുന്നതിനു ഞങ്ങൾക്കു നിവൃത്തിയില്ലായിരുന്നു.

ഡാക്ടർ മൂഡ്ഗിൽ നടത്തിയിട്ടുള്ള പരിശോധനകളിൽനിന്നു ഈ ഔഷധങ്ങൾ വളരെ ഗുണമുള്ളവയാണെന്നു ഞങ്ങൾ കണ്ടറിഞ്ഞിരിക്കുന്നു. നിശ്ചയമായും നമുക്കു ഡാക്ടർ മൂഡ്ഗില്ലിൻെറ അഭിപ്രായത്തെ വിശ്വസിക്കാവുന്നതാണ്. അല്പംസമയത്തിനുമുൻപു ഞാൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഔഷധങ്ങൾ കലർപ്പുള്ളവയാണെന്നു ഉള്ളവിവരം പറഞ്ഞുപരത്തിയതു ഇക്കാര്യത്തിൽ താല്പര്യമുള്ളവനായ ഒരു മാന്യനാണ്. ഡിപ്പാർട്ടുമെൻറിലേക്കു ഔഷധങ്ങൾ നൽകുന്നതിലേക്കുള്ള ആർഡർ തനിക്കു ലഭിക്കണമെന്നുള്ള ആഗ്രഹം അയാൾക്കുണ്ടായിരുന്നു. മേൽപ്പറഞ്ഞ പ്രസ്താവന പരത്തുന്നതിനുള്ളകാരണം ഇതാണ്.

കോട്ടയം ആശുപത്രിയിലുള്ള പകർച്ചവ്യാധികളെ സംബന്ധിച്ചു മി. രാമൻപിള്ള പ്രസ്താവിക്കയുണ്ടായി. അതിനെസംബന്ധിച്ചു ഞാൻ അന്വേഷണങ്ങൾനടത്തി; അപ്രകാരമുള്ള രോഗങ്ങൾ ബാധിക്കുന്നആളുകൾ വളരെ അപൂർവമായിട്ടുമാത്രമേ അവിടെ പോകുന്നുള്ളു. ഏതായാലും യോജിച്ചഭൂമികൾ ലഭിക്കാൻ സാധിക്കുമോ എന്നുള്ളതിനെസംബന്ധിച്ചു ഞങ്ങൾ ശ്രമിച്ചുനോക്കുന്നുണ്ട്—

മി. ആർ. രാമൻപിള്ള (കോട്ടയം): മുൻപേ സ്ഥലം വിലകൊടുത്തുവാങ്ങി ഷെഡ്ഡുകെട്ടി അവിടെ ചിലരോഗികളെ കിടത്തി ചികിത്സിച്ചിരുന്നു. ഇപ്പോൾ ആ സ്ഥലം മാററിക്കളയുന്നതിനു കാരണമെന്തു? –

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): വളരെക്കാലങ്ങൾക്കുമുൻപു നടന്നിട്ടുള്ള സംഗതികളെപ്പററി എനിക്കറിയാൻപാടില്ല. ഗവണ്മെൻറുവക യോജിച്ചഭൂമി ലഭിക്കുന്നതിനു സാധിക്കുന്നപക്ഷം കോട്ടയം ആശുപത്രിയുടെ സമീപത്തിലുള്ള ഈ ഷെഡ്ഡുകളെല്ലാം മാററിസ്ഥാപിക്കണമെന്നുള്ളകാര്യത്തെപ്പററി ചിന്തിക്കുന്നതാണ്. ഈകാര്യം ഞാൻ മെമ്പറിനെ അറിയിച്ചുകൊള്ളുന്നു. കോട്ടയം ആശുപത്രിയിൽ ഇപ്പോൾഉള്ള സ്ഥലസൌകര്യം ആവശ്യത്തിനു മതിയാകുന്നില്ലെന്നു ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ട്. ൨൫ രോഗികളെ കിടത്തിചികിത്സിക്കുന്നതിനു സ്ഥലസൌകര്യമുണ്ടായിരിക്കത്തക്കവിധം പുതുതായി ൪ ഷെഡ്ഡുകൾ പണിയിക്കുന്നതിനു പ്ലാനുകളും അടങ്കലുകളും മുൻപുതന്നെ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. പ്രസവത്തിനായി ഒരുവാർഡു ആശുപത്രിയോടു അനുബന്ധിക്കപ്പെട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ കോട്ടയം ആശുപത്രിയിലുള്ള സ്ഥലസൌകര്യം വർദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറ് ശ്രമിച്ചുവരികയാകുന്നു.

അകലക്കുന്നത്തു ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനെ സംബന്ധിച്ചിടത്തോളം, ഈ കാര്യത്തെപ്പററി പര്യാലോചിക്കുന്നതാണ്. ഗ്രാമീണവൈദ്യസഹായം നൽകുന്നതിനുള്ള സമ്പ്രദായത്തെ പരിഷ്കരിക്കണമെന്നുള്ള വിഷയത്തെപ്പററി ഗവണ്മെൻറ് ഗാഢമായി ചിന്തിച്ചുവരികയാണ്. ഗവണ്മെൻറുവക ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നപക്ഷം അതിനു ഏകദേശം ൨,൦൦൦ രൂപാ ചിലവുവരുന്നതാണ്. എന്നാൽ ഒരു ഗ്രാൻറ് ഡിസ്പെൻസറിക്കു മേൽപറഞ്ഞ തുകയുടെ ഏകദേശം മൂന്നിലൊരുഭാഗം മാത്രമേ ചിലവാകയുള്ളു. ഈ വസ്തുത ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുള്ളതാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): അടുത്തസർക്കീട്ടിൽ ഞാൻപറഞ്ഞ സ്ഥലങ്ങൾ വന്നു സന്ദർശിക്കാൻ ഒഴിവുണ്ടാകുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): ഞാൻ മുൻപുതന്നെ അതിനെപ്പററി വിശദമായി പ്രസ്താവിച്ചിട്ടുണ്ട്: ഈവസ്തുത എന്നെ അറിയിച്ചതിനുശേഷം പ്രജാസഭാ സാമാജികനോടുകൂടി ആസ്ഥലം സന്ദർശിച്ചിട്ടുണ്ട്. ആകാര്യത്തെപ്പററി ഇപ്പോൾ പര്യാലോചിച്ചുവരുന്നു.

വിഷൂചിക ഉണ്ടായകാലത്തു ശരിയായവിധം വൈദ്യസഹായം നൽകിയിട്ടില്ലെന്നു മി. മുഹമ്മദ് ഇവിടെ പ്രസ്താവിക്കയുണ്ടായി. സർ, വിഷൂചികബാധിച്ചിട്ടുള്ള ഓരോ രോഗിയേയും ചികിത്സിക്കുന്നതിനു ഒരു ഡ്യൂട്ടി

രെ പ്രത്യേകം നിയമിക്കണമെന്നുള്ള സാദ്ധ്യമായ ഒരു കാൎയ്യമല്ലെന്നു എനിക്കു പറയേണ്ടിയിരിക്കുന്നു. ഗവ. ണ്മെന്റു തങ്ങളാൽ കഴിയുന്നവിധത്തിൽ എല്ലാപ്രവൃത്തികളും ചെയ്തിട്ടുണ്ട്. യഥാൎത്ഥത്തിൽ ചിലരോഗികളെ ഞാൻ നേരിട്ടു ചികിത്സിച്ചിട്ടുണ്ട്. ജനങ്ങൾ ഞങ്ങളുടെ ഉപദേശങ്ങൾ അനുസരിച്ചു പ്രവൎത്തിക്കായില്ലെന്നുള്ള ഒരു വിഷമതയാണു ഈ കാൎയ്യത്തിലുള്ളതു്.

ആരോഗ്യരക്ഷയും ശുചീകരണവും സംബന്ധിച്ച വിഷയങ്ങളിൽ പൊതുജനങ്ങൾക്കു വിദ്യാഭ്യാസം നൽകണം. മേൽപറഞ്ഞ കാൎയ്യങ്ങളിൽ അവശ്യം നിൎവ്വഹിക്കേണ്ട സംഗതി ഇതാണ്.

അദ്ധ്യക്ഷൻ: പണം അനുവദിക്കുന്നതിനുള്ള ഡിമാൻഡുകളെ സംബന്ധിച്ചു വോട്ടുചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നസമയം കഴിഞ്ഞിരിക്കുന്നതും മററുള്ള ഉപക്ഷേപങ്ങൾ എല്ലാം അസാധുവായിത്തീൎന്നിട്ടുള്ളതും ആകുന്നു.

പണം അനുവദിക്കുന്നതിനുള്ള ഡിമാൻഡുകളെ സംബന്ധിച്ചു വോട്ടുചെയ്യുന്നതിനു നിശ്ചയിച്ചിരുന്നസമയം കഴിഞ്ഞുപോയതുനിമിത്തം മേൽപറഞ്ഞതും താഴെപ്പറയുന്നവയും ആയ ഉപക്ഷേപങ്ങൾ അസാധുവായിപ്പോയി.

൪൯൩ എ മുതൽ ൫൧൨ വരെയുള്ള ഉപക്ഷേപങ്ങൾ.

മി. രേവതിനാൾ രാമവൎമ്മരാജാ,

൪൯൩. എ തൻചിലവു സിൽബന്തികൾക്കു കൊള്ളിച്ചിട്ടുള്ള ൭൨൦൮ രൂപയിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി. വി. എസ്സ്. സുബ്രഹ്മണ്യപിള്ള,

൪൯൭. ജീവനക്കാൎക്കു കൊള്ളിച്ചിട്ടുള്ള ൭൨൦൮ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള,

൪൯൮. മേൽനോട്ടം വഹിക്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൧൧൩൩ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള,

൪൯൯. മേൽനോട്ടം വഹിക്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൧൧൩൩ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ,

൫൦൦. മേൽഅന്വേഷണം നടത്തുന്നതിനു കൊള്ളിച്ചിട്ടുള്ള ൧൧൩൩ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി. ഏ. സി. കുയ്യാക്കോസ്,

൫൦൧. ഗുമസ്തന്മാൎക്കായി കൊള്ളിച്ചിട്ടുള്ള ൧൮൦൪൨ രൂപായിൽനിന്നു ൧൦ രൂപാ കുറക്കണം.

മി. പി. എ. സ്സ്. മഹമ്മദ്,

൫൦൨. ജീവനക്കാൎക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൪൪൭൨൨ രൂപായിൽനിന്നു ൧൦൦ രൂപാ കുറക്കണം.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള,

൫൦൩. ഉദ്യോഗസ്ഥന്മാൎക്കും എസ്റ്റാബ്ലിഷ്മെന്റിനും സഞ്ചാരപ്പടികൾ കൊടുക്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൧൪൮൨൦ രൂപായിൽനിന്നു ൪൮൨൦ രൂപാ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ,

൫൦൪. യൂറോപ്പിലുള്ള ഔഷധങ്ങളും ശസ്ത്രക്രിയനടത്തുന്നതിനുള്ള ആയുധങ്ങളും വിലയ്ക്കുവാങ്ങുന്നതിനു കൊള്ളിച്ചിട്ടുള്ള ൨൩൫൦൦൦ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. വി. ചെല്ലംപിള്ള,

൫൦൫. ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും വേണ്ടി കൊള്ളിച്ചിട്ടുള്ള ൩൫൭൯൨൧ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ,

൫൦൬. ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കുംവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൫൭൯൨൧ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള,

൫൦൭. ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കുംവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൫൭൯൨൧ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മിസ്സസ്; എലിസബെത്ത് കുരുവിള,

൫൦൮. ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കുംവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൫൭൯൨൧ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി. എസ്. പിറവിപ്പെരുമാൾപിള്ള,

൫൦൯. ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കുംവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൫൭൯൨൧ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൫൧൦. മെഡിക്കൽസ്റ്റോറിലേക്കു കൊള്ളിച്ചിട്ടുള്ള ൫൧൩ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള,

൫൧൧. ൧൪-ാംനമ്പർ ഡിമാൻഡുപ്രകാരം ആകെകൊള്ളിച്ചിട്ടുള്ള ൭൦൯൪൫൪ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ,

൭൧൨. ൧൭-ാംനമ്പർ ഡിമാൻഡിൻകീഴിൽ അനുവദിച്ചിട്ടുള്ള ൧൦൯൮൭൮ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. എൻ. ആർ. കൃഷ്ണൻ,

൭൧൩. ൧൭-ാംനമ്പർ ഡിമാൻഡിൻകീഴിൽ അനുവദിച്ചിട്ടുള്ള ൧൦൯൮൭൮ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. എൻ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ,

൭൧൪. ൧൭-ാംനമ്പർ ഡിമാൻഡിൻകീഴിൽ അനുവദിച്ചിട്ടുള്ള ൧൦൯൮൭൮ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൭൧൫. ൧൭-ാംനമ്പർ ഡിമാൻഡിൻകീഴിൽ അനുവദിച്ചിട്ടുള്ള ൧൦൯൮൭൮ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

അദ്ധ്യക്ഷൻ: യൂറോപ്പിയുള്ള മെഡിക്കൽസ്ഥാപനങ്ങൾക്കു കൊടുക്കേണ്ട സഹായധനവും യൂറോപ്യൻ ചികിത്സാക്രമം അഭ്യസിക്കുന്നതിനുള്ള വിദ്യാർത്ഥിവേതനങ്ങളും ഉൾപ്പെടെ, മെഡിക്കൽ ഡിപ്പാർട്ടുമെന്റിലേക്കു ൧൭-ാംനമ്പർ ഡിമാൻഡുപ്രകാരം ൧൦൯൮൭൮ രൂപ വോട്ടുചെയ്യുന്നതിനു ഞാൻ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു.

ഈ ഡിമാൻഡു സഭ അനുവദിച്ചതായി എനിക്കു ഗണിക്കാമോ.

ഗ്രാൻറു അനുവദിക്കപ്പെട്ടു.

സ്ഥാപനങ്ങൾക്കു നല്കേണ്ട സഹായധനം, വൈദ്യന്മാർക്കുള്ള സഹായധനം, സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കുള്ള സഹായധനം, ഇവ ഉൾപ്പെടെ കെമിക്കൽ എക്സാമിനർക്കും, ആയുർവേദ ഡിപ്പാർട്ടുമെന്റിലേക്കും ഉള്ള ൧൮-ാംനമ്പർ ഡിമാൻഡു.

൭൧൬ മുതൽ ൭൨൮ വരെയുള്ള ഉപക്ഷേപങ്ങൾ.

പണം അനുവദിക്കുന്നതിനുള്ള ഡിമാൻഡുകളെ സംബന്ധിച്ചു വോട്ടുചെയ്യുന്നതിനു നിശ്ചയിച്ചിരുന്ന സമയം കഴിഞ്ഞുപോയതുനിമിത്തം താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അസാധുവായിരുപ്പായി.

മി. പി. എസ്. കൃഷ്ണപിള്ള,

൭൧൬. സിൽബന്തികൾക്കായി കൊള്ളിച്ചിട്ടുള്ള ൩,൭൧൦ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള,

൭൧൭. ഡയറക്ഷൻ കൊള്ളിച്ചിട്ടുള്ള ൭,൩൦൮ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ,

൭൧൮. ഡയറക്ഷനു കൊള്ളിച്ചിട്ടുള്ള ൭,൩൦൮ രൂപയിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ,

൭൧൯. ആയുർവേദ ഡിപ്പാർട്ടുമെന്റിലേക്കു നിക്ഷേപിച്ചിട്ടുള്ള ൩,൧൭൩൭ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. ഡി. സി. ജോസഫ്,

൭൨൦. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧,൮൦൦ രൂപയിൽനിന്നും ൧,൮൦൦ രൂപ ഉപേക്ഷിക്കണം.

മി. കെ. മാധവൻ,

൭൨൧. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൧,൮൦൦ രൂപായിൽ നിന്നു ൭ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ,

൭൨൨. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൧,൮൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. മുറവേലിൽ പാച്ചുപിള്ള,

൭൨൩. സാനിട്ടറി സർക്കിൾ ആഫീസന്മാർക്കു കൊള്ളിച്ചിട്ടുള്ള ൮൯,൩൪൦ രൂപയിൽനിന്നു ൨,൪൦൯ രൂപ കുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ,

൭൨൪. റാക്ക്ഫെല്ലർ സ്ഥാപനം അയച്ചിട്ടുള്ള പൊതുജനാരോഗ്യ പദ്ധതിയുടെ പ്രവർത്തനം നടത്തുന്നതിനു ഒന്നായി കൊള്ളിച്ചിട്ടുള്ള ൩൦,൦൦൦ രൂപയിൽനിന്നു ൧,൨൦൦ രൂപ കുറയ്ക്കണം.

മി. മുറവേലിൽ പാച്ചുപിള്ള,

൭൨൫. റാക്ക്ഫെല്ലർ സ്ഥാപനം അയച്ചിട്ടുള്ള പൊതുജനാരോഗ്യപദ്ധതിയുടെ പ്രവർത്തനം നടത്തുന്നതിനു ഒന്നായി കൊള്ളിച്ചിട്ടുള്ള ൩൭,൦൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള,

൭൨൬. റാക്ക്ഫെല്ലർ സ്ഥാപനം അയച്ചിട്ടുള്ള പൊതുജനാരോഗ്യപദ്ധതിയുടെ പ്രവർത്തനം നടത്തുന്നതിനു ഒന്നായി കൊള്ളിച്ചിട്ടുള്ള ൩൦,൦൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. താണുപിള്ള,

൭൨൭. റാക്ക്ഫെല്ലർ സ്ഥാപനം അയച്ചിട്ടുള്ള പൊതുജനാരോഗ്യപദ്ധതിയുടെ പ്രവർത്തനത്തിനു ഒന്നായി കൊള്ളിച്ചിട്ടുള്ള ൩൦,൦൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള,

൭൨൮. ആയുർവേദ മെഡിക്കൽസ്ഥാപനങ്ങൾക്കു സഹായധനം നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൨൮,൩൭൭ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എൻ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ,

൭൨൯. ൧൩-ാംനമ്പർ ഡിമാൻഡിന്റെ കീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൨,൮൭,൩൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ: സ്ഥാപനങ്ങൾക്കു നൽകേണ്ട സഹായധനം, വൈദ്യന്മാർക്കും സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കും ഉള്ള സഹായധനം, ഇവ ഉൾപ്പെടെ കമ്മിക്കൽ എക്സാമിനറിനും ആയുർവേദ ഡിപ്പാർട്ടുമെന്റിലേക്കും ൨,൮൭,൩൦൦ രൂപ അനുവദിക്കണമെന്നുള്ള ൧൩-ാംനമ്പർ ഡിമാൻഡ് വോട്ടുചെയ്യുന്നതിനു ഈ സഭയിൽ ഞാൻ ഹാജരാക്കികൊള്ളുന്നു.

ഈ സഭ ഡിമാൻഡ് അനുവദിച്ചതായി ഞാൻ വിചാരിക്കട്ടെയോ?

ഗ്രാന്റു അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൧൪. അച്ചടിയും സ്റ്റേഷനറിയും.

൭൩൦ മുതൽ ൭൩൭ വരെ ഉള്ള ഉപക്ഷേപങ്ങൾ.

സഹായധനങ്ങൾക്കുള്ള ഡിമാൻഡിനെസംബന്ധിച്ച് വോട്ടുചെയ്യുന്നതിന് നിശ്ചയിച്ചിരുന്ന സമയം കഴിഞ്ഞുപോയതുനിമിത്തം താഴെ പറയുന്ന ഉപക്ഷേപങ്ങൾ അസാധുവായിത്തീർന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള,

൭൩൦. പൊതു ഡിപ്പാർട്ടുമെന്റുകൾക്കു സ്റ്റേഷനറി സാമാനങ്ങൾ വാങ്ങുന്നതിനു കൊള്ളിച്ചിട്ടുള്ള ൨,൮൧,൯൦൦ രൂപയിൽനിന്നു ൩൧,൯൦൦ രൂപ കുറയ്ക്കണം.

മി. ഡി. സി. ജോസഫ്,

൭൩൧. എസ്റ്റാബ്ലിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൭൩,൧൭൪ രൂപയിൽനിന്നു ൧,൮൩൪ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള,

൭൩൨. യന്ത്രസാമഗ്രികൾ വരുത്തുന്നതിനു (ടൈപ്പ് ഉൾപ്പെടെ) കൊള്ളിച്ചിട്ടുള്ള ൧൫,൦൦൦ രൂപയിൽനിന്നു ൫,൦൦൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള,

൭൩൩. ൧൪-ാംനമ്പർ ഡിമാൻഡിന്റെ കീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൩,൪൩,൪൭൪ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. ടി. സി. കേശവപിള്ള,

൭൩൪. ൧൪-ാംനമ്പർ ഡിമാൻഡിന്റെ കീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൩,൪൩,൪൭൪ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൭൩൫. ൧൪-ാംനമ്പർ ഡിമാൻഡിന്റെ കീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൩,൪൩,൪൭൪ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ: സ്റ്റേഷനറിക്കും അച്ചടി സാമാനങ്ങൾക്കും ആയി ൩,൪൩,൪൭൪ രൂപയ്ക്കുള്ള ൧൪-ാംനമ്പർ ഡിമാൻഡിന്മേൽ വോട്ടുചെയ്യുന്നതിനു അതിനെ ഈ സഭയിൽ ഹാജരാക്കികൊള്ളുന്നു.

സഭ ഈ ഡിമാൻഡു അനുവദിച്ചതായി വിചാരിക്കട്ടെയോ?

ഗ്രാന്റു അനുവദിക്കപ്പെട്ടു.

ഡിമാൻഡു ൧൫.—പരസ്പരസഹായസംഘം ഡിപ്പാർട്ടുമെന്റു.

൭൩൬ മുതൽ ൭൪൫ വരെ ഉള്ള ഉപക്ഷേപങ്ങൾ.

പണം അനുവദിക്കുന്നതിനുള്ള ഡിമാൻഡുകളെ സംബന്ധിച്ച് വോട്ടുചെയ്യുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞുപോയതുനിമിത്തം താഴെപറയുന്ന ഉപക്ഷേപങ്ങൾ അസാധുവായിപ്പോയി.

മി. എ. സി. കുര്യാക്കോസ്,

൭൩൬. പെഴ്സണൽ അസിസ്റ്റന്റ് മുതലായവർക്ക് കൊള്ളിച്ചിട്ടുള്ള ൭,൪൩൪ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്,

൭൩൭. താൽക്കാലിക ഇൻസ്പെക്ടർമാർക്കും ശിപായികൾക്കുംവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൩൮൭ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൭൩൮. താൽക്കാലിക ഇൻസ്പെക്ടർമാർക്കും ശിപായികൾക്കുംവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൩൮൭ രൂപയിൽനിന്നു ൧൫൦ രൂപ കുറയ്ക്കണം.

മി. എ. എസ്സ്. ദാമോദരനാശാൻ,

൭൩൯. എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൩,൨൩൩ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൭൪൦. എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൩,൨൩൩ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. പുതുവയിൽ പാച്ചുപിള്ള,

൭൪൧. ക്ഷേമനോക്കുന്ന പരസ്പര യൂണിയനുകൾക്കു സഹായധനം നൽകുന്നതിനു കൊള്ളിച്ചിട്ടുള്ള ൬,൦൦൦ രൂപയിൽ നിന്നു ൫ രൂപ കുറയ്ക്കണം.

മി. വി. ചെല്ലംപിള്ള,

൭൪൨. ൧൫-ാംനമ്പർ ഡിമാൻഡിന്റെ കീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൪൭,൭൭൪ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. ജി. മേനോൻ,

൧൮൩. ൧൭-ാംനമ്പർ ഡിമാൻഡിൻെറ കീഴിൽ കൊള്ളിച്ചിട്ടുള്ള ൪൭,൪൩൪ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ,

൧൮൪. ൧൭-ാംനമ്പർ ഡിമാൻഡിൻെറ കീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൪൭,൪൩൪ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. മുരുവേലിൽ പാച്ചുപിള്ള,

൧൮൫. ൧൭-ാംനമ്പർ ഡിമാൻഡിൻെറ കീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൪൭,൪൩൪ രൂപയിൽ നിന്നു ൧ രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ: പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറിലേക്കുവേണ്ടി ൪൭,൪൩൪ രൂപക്കുള്ള ൧൭-ാം നമ്പർ ഡിമാൻഡു സഭയുടെ വോട്ടിനായി അവതരിപ്പിച്ചുകൊള്ളുന്നു.

ഈ ഗ്രാൻറു സഭ അനുവദിച്ചതായി വിചാരിക്കാമോ?

ഗ്രാൻറു അനുവദിക്കപ്പെട്ടു.

൧൮-ാംനമ്പർ ഡിമാൻറു—പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറു ഒഴിച്ചു, ശാസ്ത്രീയവും പലവകയും ആയ ഡിപ്പാർട്ടുമെൻറുകൾ.

൧൮൬ മുതൽ ൧൯൯ വരെയുള്ള ഉപേക്ഷേപങ്ങൾ.

ഗ്രാൻറിനുള്ള ഡിമാൻഡുകളെസംബന്ധിച്ചു വോട്ടുചെയ്യുന്നതിനു നിശ്ചയിച്ചിരുന്ന സമയം കഴിഞ്ഞതുമൂലം താഴെ പറയുന്ന ഉപേക്ഷേപങ്ങൾ അസാധുവായിപ്പോയി.

മി. പി. എസ്. മഹമ്മത്,

൧൮൬. എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൪,൭൯൮ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മത്,

൧൮൭. പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങുന്നതിനു കൊള്ളിച്ചിട്ടുള്ള ൪,൮൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്ടു,

൧൮൮. പബ്ലിക്ക ലൈബ്രറിക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൧,൭൩൭ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള,

൧൮൯. പ്രാചീനഗ്രന്ഥങ്ങൾ സംരക്ഷിക്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൨൦,൩൪൭ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്ടു,

൧൯൦. പ്രാചീനഗ്രന്ഥങ്ങൾ സംരക്ഷിക്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൨൦,൩൪൭ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. മുരുവേലിൽ പാച്ചുപിള്ള,

൧൯൧. പ്രാചീനഗ്രന്ഥങ്ങളെ സൂക്ഷിക്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൨൦,൩൪൭ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മത്,

൧൯൨. എസ്റ്റാബ്ലിഷ്മെൻറു വകയ്ക്കു കൊള്ളിച്ചിട്ടുള്ള ൧,൨൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. മാത്യു മുരിക്കൻ,

൧൯൩. ധനപരിപോഷണ ബോർഡിനു കൊള്ളിച്ചിട്ടുള്ള ൪,൯൧൦ രൂപ എടുത്തുകളയണം,

മി. വി. ജെ. ഉമ്മൻ,

൧൯൪. ധനപരിപോഷണബോർഡിനു കൊള്ളിച്ചിട്ടുള്ള ൪,൯൧൦ രൂപ എടുത്തുകളയണം.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ,

൧൯൫. ധനപരിപോഷണബോർഡ് വകയ്ക്കു കൊള്ളിച്ചിട്ടുള്ള ൪,൯൧൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ,

൧൯൬. ധനപരിപോഷണബോർഡിനു കൊള്ളിച്ചിട്ടുള്ള ൪,൯൧൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ,

൧൯൭. ധനപരിപോഷണബോർഡിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪,൯൧൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള,

൧൯൮. പ്രാധുകൃതവസ്തുസംരക്ഷണത്തിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൦൦ രൂപയിൽ നിന്നു ൧ രൂപ കുറയ്ക്കണം.

മി. ജി. സി. കേശവപിള്ള,

൧൯൯. ൧൮-ാംനമ്പർ ഡിമാൻഡിൻെറകീഴിൽ കൊള്ളിച്ചിട്ടുള്ള ൧,൬൨,൩൧൪ രൂപയിൽനിന്നു ൨ രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ: പരസ്പരസഹായസംഘം ഡിപ്പാർട്ടുമെന്റൊഴിച്ചു ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾക്കുവേണ്ടി ൧,൦൨,൩൭൪ രൂപയുള്ള ൧൯-ാംനമ്പർ ഡിമാൻഡു സഭയുടെ വോട്ടിനായി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഈ ഗ്രാന്റു അനുവദിച്ചതായി ഞാൻ വിചാരിക്കട്ടെയോ?

സഭ ഗ്രാന്റു അനുവദിച്ചു.

ഡിമാൻഡു ൨൦ — പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു.

൧൬൦ മുതൽ ൧൭൫ വരെയുള്ള ഉപക്ഷേപങ്ങൾ.

ഗ്രാന്റിനുള്ള ഡിമാൻഡുകളെസംബന്ധിച്ചു വോട്ടുചെയ്യുന്നതിൽ നിശ്ചയിച്ചിരുന്നസമയം കഴിഞ്ഞുപോയതിനാൽ താഴെപറയുന്ന ഉപക്ഷേപങ്ങൾ അസാധുവായിപ്പോയി.

മി. കെ. ജി. പരമേശ്വരൻപിള്ള,

൧൬൦. സ്ഥിരം എസ്റ്റാബ്ലിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൩,൦൭൪ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. ഏ. താണുപിള്ള,

൧൬൧. എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൨൪൪ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്,

൧൬൨. എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൨൪൪ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. വി. എസ്. കൃഷ്ണപിള്ള,

൧൬൩. എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൨൪൪ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള,

൧൬൪. സഞ്ചാരപ്പടി നല്കുന്നതിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൧,൦൦൦ രൂപ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള,

൧൬൫. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള,

൧൬൬. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. കെ. പത്മനാഭപ്പണിക്കർ,

൧൬൭. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്,

൧൬൮. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. കെ. മാധവൻ,

൧൬൯. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ,

൧൭൦. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്,

൧൭൧. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്,

൧൭൨. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ,

൧൭൩. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ,

൧൭൪. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. കെ. പത്മനാഭപ്പണിക്കർ,

൧൭൫. സഞ്ചാരപ്പടി നല്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ,

൧൭൬. സഞ്ചാരപ്പടി നൽകുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ,

൧൭൭. സഞ്ചാരപ്പടി നൽകുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൧൭൮. സഞ്ചാരപ്പടി നൽകുന്നതിനു കൊള്ളിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. മുണ്ടവേലിൽ പാച്ചുപിള്ള,

൧൭൯. ഡയറക്ഷനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൧,൪൯൧ രൂപയിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. എ. എസ്സ്. ദാമോദരനാശാൻ,

൧൮൦. ഡയറക്ഷനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൧,൪൯൧ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. മാത്യു മുരിക്കൻ,

൧൮൧. ഡയറക്ഷനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൧,൪൯൧ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. മാത്യു മുരിക്കൻ,

൧൮൨. ഡയറക്ഷനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൧,൪൯൧ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൧൮൩. ഡയറക്ഷനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪൯൧ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടീയച്ചൻ,

൧൮൪. ഡയറക്ഷനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൧,൪൯൧ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. പി. ജെ. ഉമ്മൻ,

൧൮൫. ഡയറക്ഷനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൧,൪൯൧ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൧൮൬. സൂപ്രവയിസ്സർമാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൫൪,൯൬൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്,

൧൮൭. ഡിവിഷൻ ആഫീസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൫൨,൭൨൧ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. എ. എസ്സ്. ദാമോദരനാശാൻ,

൧൮൮. സബ്ഡിവിഷൻ ആഫീസിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൦,൫൮൮ രൂപയിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി. തമരപ്പള്ളിൽ കൊച്ചുതൊമ്മൻ,

൧൮൯. സബ്ഡിവിഷനാഫീസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൦,൫൮൮ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്,

൧൯൦. സബ്ഡിവിഷനാഫീസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൦,൫൮൮ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്,

൧൯൧. സെക്ഷനാഫീസിലേക്ക് കൊള്ളിച്ചിട്ടുള്ള ൨൯,൮൫൭ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്,

൧൯൨. പാലങ്ങളുടെ സ്ഥിതികളെസംബന്ധിച്ച അന്വേഷണം നടത്തുന്നതിനുള്ള താൽകാലിക സിൽബന്തികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨,൮൦൪ രൂപയിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി. ഡി. സി. ജോസഫ്,

൧൯൩. സഞ്ചാരപ്പടിയെസംബന്ധിച്ച അനുവദിച്ചിട്ടുള്ള ൭൫,൦൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്,

൧൯൪. വാടകയെസംബന്ധിച്ച കൊള്ളിച്ചിട്ടുള്ള ൧,൨൧൦ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. കെ. പത്മനാഭപ്പണിക്കർ,

൧൯൫. ആവശ്യമായി നടത്തേണ്ട പണികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൪,൨൫,൧൯൫ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള

൯൰൬. ആട്യമായി നടത്തേണ്ട പണികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൪,൨൬,൧൯൮ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള,

൯൰൭. ഗതാഗതമാർഗ്ഗങ്ങൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൩,൯൪,൨൧൪ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. മുരവേലിൽ പാച്ചുപിള്ള,

൯൰൮. ഗതാഗതമാർഗ്ഗങ്ങൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൩,൯൪,൨൧൪ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. സി. കസ്തൂരിക്കാരൻ,

൯൰൯. ഗതാഗതമാർഗ്ഗങ്ങൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൩,൯൪,൨൧൪ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ,

൧൦൦. പലവക പൊതുമരാമത്തുപണികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧,൦൧,൨൩൩ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ,

൧൦൧. ചീഫ് എഞ്ചിനീയരുടെ പേരിൽ കരുതൽധനമായി വയ്ക്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൨൬,൦൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൧൦൨. ഗവർണ്മെന്റിന്റെ പേരിൽ കരുതൽധനമായി സൂക്ഷിക്കുന്നതിനു കൊള്ളിച്ചിട്ടുള്ള ൧൫,൦൦൦ രൂപയിൽനിന്നു ൧൫൦ രൂപ കുറയ്ക്കണം.

മി. താഴപ്പള്ളിൽ കൊച്ചുതൊമ്മൻ,

൧൦൩. യന്ത്രങ്ങളും പണിക്കോപ്പുകളും വാങ്ങുന്നതിനു കൊള്ളിച്ചിട്ടുള്ള ൯൦,൭൦൦ രൂപയിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. വി. ചെല്ലംപിള്ള,

൧൦൪. എക്സിക്യൂട്ടിവിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൬൫,൨൦,൩൫൧ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. ളുവള്ളു ളുട്ടിയച്ചൻ,

൧൦൫. എക്സിക്യൂട്ടിവിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൬൫,൨൦,൩൫൧ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. പി. ജെ. ഉമ്മൻ,

൧൦൬. എക്സിക്യൂട്ടിവിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൬൫,൨൦,൩൫൧ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള,

൧൦൭. കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ മുതലായവയുടെ പണിക്കു കൊള്ളിച്ചിട്ടുള്ള ൬൫,൫൬,൧൪൮ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. ..ൻ. ആർ. കൃഷ്ണൻ,

൧൦൮. കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ മുതലായവയ്ക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൬൫,൫൬,൧൪൮ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. എസ്സ്. ദാമോദരനാശാൻ,

൧൦൯. കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ മുതലായവയ്ക്കു വേണ്ടി കൊള്ളിച്ചിട്ടുള്ള ൬൫,൫൬,൧൪൮ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൧൧൦. കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ മുതലായവയ്ക്കു വേണ്ടി കൊള്ളിച്ചിട്ടുള്ള ൬൫,൫൬,൧൪൮ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള,

൧൧൧. കോട്ടയം ഡിവിഷനിൽ പുതിയ സംരക്ഷണ കൃഷിമരാമത്തു പണികൾ (ഇനം നമ്പർ ൨൩൦) നടത്തുന്നതിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൮,൦൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. കെ. ജി. പരമേശ്വരൻപിള്ള,

൧൧൨. ആട്യമായിനടത്തേണ്ടപണികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧,൯൯,൦൪൦ രൂപയിൽനിന്നു ൧ രൂപകുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ,

൧൧൩. ആട്യമായിനടത്തേണ്ട പണികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧,൯൯,൦൦൦ രൂപയിൽനിന്നു ൧ രൂപകുറയ്ക്കണം.

മി. ആർ. കേശവപിള്ള,

൧൧൪. ആട്യമായിനടത്തേണ്ട പണികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧,൯൯,൦൦൦ രൂപയിൽനിന്നു ൧൦൦ രൂപകുറയ്ക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള,

൩൧൫. സംരക്ഷിത കൃഷിമരാമത്തു പണികൾക്കു വേണ്ടികൊള്ളിച്ചിട്ടുള്ള ൨,൯൨,൦൦൦ രൂപയിൽ നിന്നു ൧ രൂപ കുറയ്ക്കണം.

മി. വി. ചെല്ലപ്പപിള്ള,

൩൧൬. സംരക്ഷിത കൃഷിമരാമത്തു പണികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨,൯൨,൦൦൦ രൂപയിൽ നിന്ന് ൧ രൂപ കുറയ്ക്കണം.

മി. ടി. സി. കേശവപിള്ള,

൩൧൭. സംരക്ഷിതകൃഷി മരാമത്തു പണികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨,൯൨,൦൦൦ രൂപയിൽ നിന്നു ൧ രൂപകുറയ്ക്കണം.

മി. എ. എസ്സ്. ദാമോദരനാശാൻ,

൩൧൮. സംരക്ഷിതകൃഷിമരാമത്തു പണികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨,൯൨,൦൦൦ രൂപയിൽ നിന്നു ൫ രൂപകുറയ്ക്കണം.

മി. എ. ജി. മേനോൻ.

൩൧൯. ൨൦-ാംനമ്പർ ഡിമാൻഡിൻെറ കീഴിൽ ആകെകൊള്ളിച്ചിട്ടുള്ള ൬൯,൩൬,൧൫൬ രൂപയിൽനിന്ന് ൧ രൂപകുറയ്ക്കണം.

മി. ടി. സി. കേശവപിള്ള.

൩൨൦. ൨൦-ാംനമ്പർ ഡിമാൻഡിൻെറകീഴിൽ ആകെകൊള്ളിച്ചിട്ടുള്ള ൬൯,൩൬,൧൫൬ രൂപയിൽ നിന്നു ൧ രൂപകുറയ്ക്കണം.

അദ്ധ്യക്ഷൻ: പൊതുമരാമത്തു പണികൾക്കുവേണ്ടി ൬൯,൩൬,൧൫൬ രൂപക്കുള്ള ൨൦-ാംനമ്പർഡിമാൻഡു സഭയുടെ വോട്ടിനായി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഡിമാൻഡു സഭ അനുവദിച്ചതായി വിചാരിക്കട്ടെയൊ?

ഡിമാൻഡു അനുവദിക്കപ്പെട്ടു.

ഡിമാൻഡു ൨൧ പലവകചാർജ്ജുകൾ.

൩൨൧ മുതൽ ൩൨൩ വരെയുള്ളഉപക്ഷേപങ്ങൾ.

ഗ്രാൻറിനുള്ള ഡിമാൻറുകളെ സംബന്ധിച്ചു വോട്ടുചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്ന സമയം കഴിഞ്ഞുപോയതിനാൽ താഴെപറയുന്ന ഉപക്ഷേപങ്ങൾ അസാധുവായിപ്പോയി.

മി. എൻ. കെ. കൃഷ്ണപിള്ള,

൩൨൧. മുനിസിപ്പാലിററികൾക്കു ഗ്രാൻറുനൽകുന്നതിന്ന്‌വേണ്ടി കൊള്ളിച്ചിട്ടുള്ള ൧൫,൦൦൦ രൂപയിൽനിന്ന് ൧ രൂപകുറയ്ക്കണം.

മി. ഇട്ടൂപ്പു ഇട്ടിയച്ചൻ,

൩൨൨. മുനിസിപ്പാലിററിക്ക് ഗ്രാൻറുനൽകുന്നതിനു കൊള്ളിച്ചിട്ടുള്ള ൧൫,൦൦൦ രൂപയിൽനിന്നു ൧൦൦ രൂപകുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൩൨൩. മുനിസിപ്പാലിററിക്കു് ഗ്രാൻറു നൽകുന്നതിന് കൊള്ളിച്ചിട്ടുള്ള ൧൫,൦൦൦ രൂപയിൽനിന്നു ൧൦൦ രൂപകുറയ്ക്കണം.

അദ്ധ്യക്ഷൻ: പലവക ചാർജ്ജുകൾക്കായി ൪,൫൩൨ രൂപയ്ക്കുള്ള ൨൧-ാംനമ്പർ ഡിമാൻഡു സഭയുടെ വോട്ടിനായി ഞാൻ ഹാജരാക്കികൊള്ളുന്നു.

ഈ ഡിമാൻഡു സഭ അനുവദിച്ചിട്ടുള്ളതായി വിചാരിക്കട്ടെയൊ?

ഗ്രാൻറു അനുവദിച്ചു.

ഡിമാൻഡു ൨൨. അഞ്ചൽഡിപ്പാർട്ടുമെൻറ.

൩൨൪ മുതൽ ൩൨൮ വരെ ഉള്ള ഉപക്ഷേപങ്ങൾ.

ഗ്രാൻറിനുള്ള ഡിമാൻഡുകളെ സംബന്ധിച്ചു വോട്ടുചെയ്യുന്നതിനു നിശ്ചയിച്ചിരുന്ന സമയം കഴിഞ്ഞു നിമിത്തം താഴെപറയുന്ന ഉപക്ഷേപങ്ങൾ റദ്ദായിപ്പോയി.

മി. തെ. മരപ്പള്ളിൽ കൊച്ചുതൊമ്മൻ,

൩൨൪. അഞ്ചൽ മാസ്റ്റർമാർക്കും ഗുമസ്താക്കൾക്കുംവേണ്ടി കൊള്ളിച്ചിട്ടുള്ള ൯൧,൦൧൦ രൂപയിൽനിന്നു ൧൦ രൂപകുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൩൨൫. സ്റ്റാമ്പു വ്യവസായശാലയിൽനിന്നും നൽകപ്പെട്ടുവരുന്ന അഞ്ചൽ സ്റ്റാമ്പുകൾക്കും കാർഡുകൾക്കുംവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൪,൫൦൦ രൂപയിൽ നിന്നു ൧൦ രൂപകുറയ്ക്കണം.

മി. എ. എസ്സ്. ദാമോദരനാശാൻ,

൩൨൬. പ്രവർത്തനച്ചിലവുകൾക്കുവേണ്ടികൊള്ളിച്ചിട്ടുള്ള ൬,൫൮,൯൨ രൂപയിൽനിന്നു ൫ രൂപകുറയ്ക്കണം.

മി. വി. എസ്സ്. കൃഷ്ണപിള്ള,

൩൨൭. പ്രവർത്തനച്ചിലവുകൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൬,൫൮,൯൨ രൂപയിൽനിന്നു ൧൦൦ രൂപകുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്.

൩൨൮. പ്രവർത്തനച്ചിലവുകൾക്കുവേണ്ടികൊള്ളിച്ചിട്ടുള്ള ൬,൫൮,൯൨ രൂപയിൽനിന്നു ൧൦ രൂപകുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്.

൩൨൯. എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧,൯൦൦ രൂപയിൽനിന്നു ൧൦ രൂപ കുറ
യ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്,

൩൩൦, അഞ്ചൽവ്യവസ്ഥനകന്നതിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൪,൨൭൦ രൂപയിൽനിന്നു ൧൦൦ രൂപ
കുറയ്ക്കണം.

മി. ഏ. ജി. ജോസഫ്,

൩൩൧. ഡിമാൻഡു ൨൨-ൻറകീഴിൽ ആകെ കൊള്ളിച്ചിട്ടുള്ളതു, ൭൩,൨൭൩ രൂപയിൽനിന്നു ൧രൂ
പാ കുറയ്ക്കണം.

മി. ടി. സി. കേശവപിള്ള,

൩൩൨. ഡിമാൻഡു ൨൨ ൻറ കീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൩,൭൩,൨൭൩ രൂപയിൽനിന്നു ൧രൂ
പ കുറയ്ക്കണം.

മിസ്സസ്സ് ഏലിയാമ്മപുന്നൂസ്.

൩൩൩. ഡിമാൻഡു ൨൧ ൻറകീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൩,൭൩,൨൭൩ രൂപയിൽനിന്നു ൧രൂ
പാ കുറയ്ക്കണം.

അദ്ധ്യക്ഷൻ: അഞ്ചൽ ഡിപ്പാർട്ടുമെൻറിലേക്കു വേണ്ടി ൩,൭൩,൨൭൩ രൂപയ്ക്കുള്ള ൨൨-ാംനമ്പർ ഡി
മാൻറു വോട്ടിനായി സഭയിൽ അവതരിപ്പിച്ചുകൊള്ളുന്നു.

ഈ ഡിമാൻറു സഭ അനുവദിച്ചതായി എനിക്കു വിചാരിക്കാമോ ?

ഗ്രാൻറു സഭ അനുവദിച്ചു.

ഡിമാൻഡു ൨൩. ആദായം വീണ്ടും ഉണ്ടാകുന്നതായ പണികൾ നടത്തുന്നതിനുള്ള മൂലധനച്ചിലവു.

൩൩൪ മുതൽ ൩൩൩ വരെയുള്ള ഉപക്ഷേപങ്ങൾ,

ഗ്രാൻറുകൾക്കുള്ള ഡിമാൻറുകളെ സംബന്ധിച്ചു വോട്ടുചെയ്യുന്നതിനു നിശ്ചയിച്ചിരുന്നസമയം കഴിഞ്ഞതു
നിമിത്തം താഴെപറയുന്ന ഉപക്ഷേപങ്ങൾ അസാദ്ധ്യമായിപ്പോയി.

മി. പി. എസ്സ്. മഹമ്മദ്,

൩൩൪. തിരുവനന്തപുരം ജലസംഭരണപദ്ധതിയ്ക്കുവേണ്ടികൊള്ളിച്ചിട്ടുള്ള ൧൭,൦൦,൦൦൦ രൂപയിൽ
നിന്നു ൧൦൦ രൂപകുറയ്ക്കണം.

മി. മുരളെയിൽ പാച്ചുപിള്ള,

൩൩൫. ൨൩-ാംനമ്പർ ഡിമാൻറിൻെറകീഴിൽ ആകെ ചേർത്തിട്ടുള്ള ൧൯,൨൪,൨൦൦ രൂപയിൽനിന്നു
൧,൦൦,൦൦൦ രൂപ കുറയ്ക്കണം.

മി. ടി. സി. കേശവപിള്ള,

൩൩൩. ഡിമാൻറു ൨൩-ൻെറ കീഴിൽ മൊത്തം ചേർത്തിട്ടുള്ള ൧൯,൨൪,൨൦൦ രൂപയിൽനിന്നു ൧
രൂപകുറയ്ക്കണം.

അദ്ധ്യക്ഷൻ: ആദായംവീണ്ടും ഉണ്ടാകുന്നപണികൾ നടത്തുന്നതിനുള്ള മൂലധനചിലവിലേക്കുവേണ്ടി
൧൯,൨൪,൨൦൦ രൂപയെ സംബന്ധിച്ചുള്ള ൨൩-ാംനമ്പർഡിമാൻറു സഭയുടെഅനുമതിക്കു ഞാൻ അവതരിപ്പി
ച്ചുകൊള്ളുന്നു.

ഡിമാൻറു സഭ അനുവദിച്ചിട്ടുള്ളതായി വിചാരിക്കാമോ?

ഗ്രാൻറു അനുവദിക്കപ്പെട്ടു.

ഡിമാൻറു ൨൪ കൃഷിക്കും വ്യവസായത്തിനും മററുകാര്യങ്ങൾക്കും ഉള്ളവായ്പകൾ.

൩൩൭ മുതൽ ൩൪൨ വരെയുള്ള ഉപക്ഷേപങ്ങൾ

ഗ്രാൻറുകൾക്കുള്ള ഡിമാൻറുകളെ സംബന്ധിച്ചുവോട്ടുചെയ്യുന്നതിനു നിശ്ചയിച്ചിരുന്നസമയം കഴിഞ്ഞു
പോയതുനിമിത്തം താഴെപറയുന്ന ഉപക്ഷേപങ്ങൾ അസാദ്ധ്യമായിപ്പോയി.

മി. പി. എസ്സ്. മഹമ്മദ്

൩൩൭. കൃഷിവായ്പനൾകുന്നതിനു കൊള്ളിച്ചിട്ടുള്ള ൧,൩൭,൦൦൦ രൂപയിൽനിന്ന് ൧൦ രൂപ കുറ
യ്ക്കണം

മി. പി. എസ്സ്. മഹമ്മദ്,

൩൩൮. കൃഷിവായ്പകൾ നൾകുന്നതിനു കൊള്ളിച്ചിട്ടുള്ള ൨൦,൦൦൦ രൂപയിൽനിന്നു ൧൦ രൂപകുറ
യ്ക്കണം.

മി. വി. ചെല്ലംപിള്ള,

൩൩൯. ൨൪-ാംനമ്പർ ഡിമാൻറിൻെറകീഴിൽ ആകെകൊള്ളിച്ചിട്ടുള്ള ൨,൪൭,൦൦൦ രൂപയിൽനി
ന്നു ൧രൂപകുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ,

൩൪൦. ഡിമാൻഡു ൨൪-ാംനമ്പർ പ്രകാരം മൊത്തം കൊള്ളിച്ചിട്ടുള്ള ൨,൪൭,൦൦൦ രൂപയിൽനി
ന്നു ൧ രൂപകുറയ്ക്കണം.

മി. മുരളെയിൽ പാച്ചുപിള്ള,

൩൪൧. ൨൪-ാംനമ്പർ ഡിമാൻറിൻെറ കീഴിൽ കൊള്ളിച്ചിട്ടുള്ള ൨,൪൭,൦൦൦ രൂപയിൽനിന്നു ൧രൂ
പകുറയ്ക്കണം.

മി. ടി. സി. കേശവപിള്ള,

൩൪൨. ൨൪-ാംനമ്പർ ഡിമാൻറിൻെറ കീഴിൽ കൊള്ളിച്ചിട്ടുള്ള ൨,൪൭,൦൦൦ രൂപയിൽനിന്നു ൨
രൂപകുറയ്ക്കണം.

അദ്ധ്യക്ഷൻ: കൃഷിക്കും വ്യവസായത്തിനും മറ്റുകാര്യങ്ങൾക്കും പണം വായ്പയായി കൊടുക്കുന്നതിന് ൨,൭൫,൦൦൦ രൂപയ്ക്കുള്ള ൨൪-ാംനമ്പർ ഡിമാൻഡ് വോട്ടിനായി സഭയിൽ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഡിമാൻഡു സഭ അനുവദിച്ചിട്ടുള്ളതായി വിചാരിക്കാമോ?

ഗ്രാന്റു അനുവദിക്കപ്പെട്ടു.

അദ്ധ്യക്ഷൻ. യോഗം ഇപ്പോൾ പിരിയുന്നതും നാളെരാവിലെ ൧൧-൩൦ മണിക്കു വീണ്ടുംകൂടുന്നതും ആകുന്നു.

അടുത്തദിവസം രാവിലെ ൧൧-൩൦ മണിക്കു വീണ്ടുംകൂടുന്നതിനു സഭ വൈകിട്ട് ൭-൨ മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ, നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമനിർമ്മാണസഭാ നടപടികൾ.

തൃതീയസഭ

ദ്വിതീയസമ്മേളനം.

൧൯൨൯ ആഗസ്റ്റ് ൧൭-ാം

൧൧൦൪ കർക്കടകം ൩൧-ാം

൧൭-ാം വാല്യം നമ്പർ ൧൧.

ഔദ്യോഗിക റിപ്പോർട്ട്.

സംഗതിവിവരം.

൧. ചോദ്യങ്ങളും ഉത്തരങ്ങളും.

൨. നിയമനിർമ്മാണകാര്യം.

തിരുവിതാംകൂർ കാമ്പൻസേഷൻ ഫാർ ടെനൻട്സ് ഇംപ്രൂവ്മെൻറ്സ് ബിൽ അവതരണം.

൩. പൊതുകാര്യങ്ങളെപ്പററിയുള്ള പ്രമേയങ്ങൾ—

പുറമ്പോക്കുകളിലെ നിരോധനക്കരം ചുമത്തൽ.

അവശേഷം.

തിരുവിതാംകൂർ കാമ്പൻസേഷൻ ഫാർ ടെനൻട്സ് ഇംപ്രൂവ്മെൻറ്സ് ബിൽ.

൧൮൩൦.

തിരുവിതാംകൂർ നിയമനിർമ്മാണസഭാ നടപടികൾ.

തൃതീയസഭ.

ഏഴാം സമ്മേളനം.

വാല്യം ൧൭. നമ്പർ ൧൧.

സംഗതിവിവരം.

		വശം
ചോദ്യങ്ങളും ഉത്തരങ്ങളും	...	൯൫
എക്കോണമിക്ക് ഡവലപ്പ്മെൻറ് ബോർഡിലേക്കും ൧൧൦൭-ലെ സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മററിയിലേക്കും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ പേരുകൾ പരസ്യപ്പെടുത്തൽ	...	൯൫
തിരുവിതാംകൂർ കാമ്പൻസേഷൻ ഫാർ ടെനൻറ്സ് ഇംപ്രൂവ്മെൻറ്സ് ബിൽ	...	൯൫—൧൧
സ്റ്റാൻഡിംഗ് ആർഡർ ൫൫-ാംനമ്പരിൻെറ ഭേദഗതിയെക്കുറിച്ചുള്ള പ്രമേയങ്ങൾ	...	൧൧
പൊതുകാര്യങ്ങളെക്കുറിച്ചുള്ള പ്രമേയങ്ങൾ	...	൧൧
പുറമ്പോക്കുകളിലെ നിരോധനാക്കരം ചുമത്തൽ	...	൧൧—൱൨
പുറമ്പോക്കുകേസുകളിലെ നടപടികൾ (പൊഴിഞ്ഞുപോയി)		൱൨
മുനിസിപ്പൽറഗുലേഷൻെറ ഭേദഗതി (പൊഴിഞ്ഞുപോയി)	...	ടി
ബാറിൽനിന്നും മജിസ്ട്രേട്ടന്മാരുടേയും മുൻസിഫന്മാരുടേയും നിയമനം (പൊഴിഞ്ഞുപോയി)	...	ടി
വിദേശരാജ്യങ്ങളിൽ കച്ചവടഏജൻറന്മാരെ നിയമിക്കുന്നതിനെപ്പററി (പൊഴിഞ്ഞുപോയി)	...	ടി
പബ്ലിക്ക് സർവീസിൽ നിയമിക്കുന്ന കാര്യത്തിൽ ചില സമുദായക്കാരോടു കാണിക്കുന്ന പക്ഷാഭേദം (പൊഴിഞ്ഞുപോയി)	...	ടി
സഭ നിർത്തിവക്കുന്നതിനെപ്പററിയുള്ള പ്രസിഡൻറിൻെറ പ്രസ്താവന	...	ടി
൫൫-ാംനമ്പർ സ്റ്റാൻഡിംഗ് ആർഡറിൻെറ ഭേദഗതിയെപ്പററി ആലോചിക്കുന്നതിനുള്ള സിലക്റ്റ്കമ്മററിയിലെ ആളുകളുടെ നിയമനം	...	ടി

തിരുവിതാംകൂർ നിയമനിർമ്മാണസഭ.

തൃതീയ കൌൺസിൽ.

൧൧൧൫-ലെ ദ്വിതീയ സമ്മേളനം.

ഉദ്യോഗികറിപ്പോർട്ട്.

൧൯൩൯ ആഗസ്റ്റ് ൧൪-നു-ക്ക ൧൧൧൫ കർക്കടകം ൩൦-നു വിക്ടോറിയാ ജൂബിലി ടൗൺഹാളിൽ ൧൧-൩൦ മണിക്കു കൌൺസിൽ വീണ്ടും കൂടി. പ്രസിഡൻറ അഗ്രാസനം വഹിച്ചു.

ചോദ്യോത്തരങ്ങൾ.

ഡിവിഷൻകച്ചേരികളിലെ ൧൧൦൧ മുതൽ ൧൧൦൫ വരെയുള്ള റവന്യൂവും ആദായനികുതിയും സംബന്ധിച്ച ജോലിവിവരങ്ങൾ.

നം ൩൪. മിസ്റ്റർ വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും—വടക്ക): താഴെപ്പറയുന്നവയെപ്പറ്റി ഒരു സ്റ്റേറ്റുമെൻറ മേശപ്പുറത്തു വയ്ക്കുന്നതിനു ഗവർമ്മെൻറിനു വിരോധമുണ്ടോ?

എ. ൧൧൦൨ മുതൽ ൧൧൦൫ വരെയുള്ള മൂന്നു വർഷങ്ങളിൽ ഓരോ വർഷവും ഓരോ ദിവാൻ പേഷ്കാരന്മാരുടെയും മുമ്പാകെ ഭൂനികുതിയും ആദായനികുതിയും സംബന്ധിച്ചു ഫയലാക്കപ്പെട്ട അപ്പീൽകേസ്സുകളുടെയും അവർ തീരുമാനിച്ചിട്ടുള്ള കേസ്സുകളുടെയും എണ്ണം.

ബി. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നാലു റവന്യൂഡിവിഷനുകളിൽ ഓരോന്നിലും പിരിക്കേണ്ട തുകയും യഥാർത്ഥ പിരിവിൻെറ ശതമാനവും.

സി. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ ഡിവിഷനിലും അപ്പീലുകളും പൊന്നംവിധ കേസ്സുകളും ഉൾപ്പെടെ തീരുമാനംചെയ്തിട്ടുള്ള റവന്യൂകേസ്സുകളുടെ എണ്ണം.

ഡി. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ പേഷ്കാരന്മാരും ക്യാമ്പിൽ ചിലവഴിച്ചിട്ടുള്ള ദിവസങ്ങളുടെ എണ്ണവും പരിശോധിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും.

ഇ. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ ഡിവിഷനിലും ദേഹണ്ഡവായ്പയും കൃഷിവായ്പയുമുള്ള അപേക്ഷകളുടെ എണ്ണവും അതിൽ തീരുമാനംചെയ്തിട്ടുള്ള അപേക്ഷകളുടെ എണ്ണവും.

എഫ്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നാലു ഡിവിഷനുകളിൽ ഓരോന്നിലും ആദായനികുതി കൊടുത്തവരുടെ എണ്ണവും പിരിവു തുകയും എത്ര?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറ സെക്രട്ടറി): ഈ വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെൻറ* മേശപ്പുറത്തു വച്ചിരിക്കുന്നു.

ലാൻഡ് കോളനയിസേഷൻപദ്ധതി.

നം ൩൫. മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും)

എ. ലാൻഡ് കോളനയിസേഷൻ പദ്ധതി നടപ്പിൽവരുത്തുന്നതിനുള്ള താമസംകൊണ്ടു ഇതിലേക്കു രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ള ചില സിൻഡിക്കേറ്റുകൾക്കു ജോലി ആരംഭിക്കുന്നതിനു നിവൃത്തിയില്ലെന്നുള്ളതും.

ബി. ഇപ്രകാരം ജോലി ആരംഭിക്കാത്തതു നിമിത്തം ജോയിൻറസ്റ്റോക്കു കമ്പനിരജിസ്ട്രാർ ഇവരുടെ പേരിൽ കേസ്സുകൾക്കു ഇടയാകുമെന്നുള്ളതും ഗവർമ്മെൻറിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറസെക്രട്ടറി): എ-യും ബി-യും ഗവർമ്മെൻറിനറിവില്ല. അനുവദിച്ചിരിക്കുന്ന ലാൻഡ്കോളനയിസേഷൻ രൂളുകൾ പ്രായോഗികമല്ലെന്നുകണ്ടു. ആകയാൽ ലാൻഡ്കോളനയിസേഷനു പുതിയതായി രൂളുകൾ ഉണ്ടാക്കുന്നതിനു കൃഷിമത്സ്യഡയറക്ടരോടു ആവശ്യപ്പെട്ടു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

എ. പിരിവുചോദ്യത്തിൻെറ മറുപടിസംബന്ധിച്ചിടത്തോളം, ലാൻഡ്കോളനയിസേഷനുവേണ്ടി രജിസ്റ്റർചെയ്യപ്പെടുന്ന സിൻഡിക്കേറ്റുകൾക്കു ചില സൌജന്യങ്ങൾ ലഭിക്കുന്നതാണെന്നു രൂളുകളിൽ പ്രസ്താവിച്ചിട്ടുള്ളതു ഗവർമ്മെൻറിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറസെക്രട്ടറി): അറിയാം രൂളുകളിൽ അങ്ങിനെ പറയുന്നുണ്ട്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ചിലസിൻഡിക്കേറ്റുകൾ രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ളതറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറസെക്രട്ടറി): അറിയും, ഒന്നോ, രണ്ടോ.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കമ്പനി റെഗുലേഷനനുസരിച്ചു ഈ സിൻഡിക്കേറ്റുകൾ പീരിയാഡിക്കൽ റിട്ടേൺസ് സമർപ്പിക്കാതിരുന്നാൽ അവ നിരുത്തലാക്കുന്നതിനു ഉത്തരവാകുമെന്നറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറസെക്രട്ടറി): ആകുമായിരിക്കാം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): തന്നിമിത്തം സിൻഡിക്കേറ്റുകൾ രജിസ്റ്റർ ആക്കിയിട്ടുള്ളവർക്ക് വലിയ നഷ്ടമുണ്ടാകുമെന്നുള്ളതു ഗവർമ്മെൻറിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറസെക്രട്ടറി): ഈ സിൻഡിക്കേറ്റുകൾ രജിസ്റ്ററാക്കുന്നതിനു ഗവർമ്മെൻറ ആവശ്യപ്പെട്ടിട്ടില്ലെന്നും അവർതന്നെ ഇങ്ങനെ ചെയ്തിട്ടുള്ളതാണെന്നും പറയേണ്ടിയിരിക്കുന്നു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ലാൻഡുകോളനയിസേഷൻ രൂളുകളിലെ ഈ വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയല്ലേ ഇവർ സിൻഡിക്കേറ്റുകൾ രജിസ്റ്ററാക്കിയിട്ടുള്ളത്?

---

* അനുബന്ധം ൪ പുറം ൨൭ നോക്കുക.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): സിൻഡിക്കേറ്റുകൾക്ക സ്ഥലംകൊടുക്കുന്നതിന് റൂളുകളിൽ ചില വ്യവസ്ഥകളുള്ളതു വാസ്തവംതന്നെ.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഗവണ്മെന്റു നടപടികളിൽനിന്ന ജനങ്ങൾക്ക സ്ഥലങ്ങൾ കൊടുക്കുന്നതാണെന്ന അവരോടു വാഗ്ദത്തം ചെയ്യുന്നതായി കാണുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): എന്നാൽ ഗവണ്മെന്റു റൂളുകളും നടപടികളും ഗവണ്മെന്റിനുണ്ടാകുന്ന അനുഭവമനുസരിച്ചു ഭേദപ്പെടുത്തുന്നതാണ്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): നിലവിലിരിക്കുന്ന റൂളുകൾ പ്രായോഗികമല്ലെന്ന കണ്ടു എന്ന പറഞ്ഞിരിക്കുന്നു. എപ്പോഴാണ് അങ്ങിനെ അനുഭവപ്പെട്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): കമ്മറ്റികൾ ഏർപ്പെടുത്തപ്പെട്ടിരുന്നു. എന്നാൽ സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിന് അവർക്ക സാധിച്ചില്ല. കമ്മറ്റികളുടെ പ്രസിഡന്റന്മാരായിരിക്കുന്നതിനും സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിനും ദിവാൻപേഷ്കാരന്മാർക്ക കഴിഞ്ഞില്ല. കമ്മറ്റികളുടെ പുനരുജ്ജീവീകരണവിഷയം ഗവണ്മെന്റിലിരുന്നു. പിന്നീടു ഈ റൂളുകൾ മാറേണ്ടതാണെന്ന ഒരു മെമ്പർ പ്രജാസഭയിൽ ശക്തിയായി വാദിച്ചു. അദ്ദേഹം അതിനു സമ്മതിക്കത്തക്ക കാരണങ്ങൾ കാണിച്ചു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): എത്ര വർഷങ്ങൾക്കു മുമ്പ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഉദ്ദേശം ൩ വർഷങ്ങൾക്കു മുമ്പ്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കൃഷിഡയറക്ടരുടെ ഇതെപ്പറ്റിയുള്ള അഭിപ്രായം ചോദിച്ചതു എപ്പോഴാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ൧൧൦൯-ൽ ആകുന്നു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ലാൻഡ്കോളനൈസേഷൻ റൂളുകളിലെ വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തി സിൻഡിക്കേറ്റുകൾ രജിസ്റ്ററാക്കിയതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള നഷ്ടത്തെ ഗവണ്മെന്റു എങ്ങനെയാണ് പരിഹരിക്കുവാൻ പോകുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഞാൻ ആ ചോദ്യത്തിനു മറുപടി പറഞ്ഞുകഴിഞ്ഞു. ഗവണ്മെന്റു ഈ കാര്യത്തിൽ പങ്കെടുത്തിട്ടില്ല.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ റൂളുകൾ പ്രസിദ്ധപ്പെടുത്തുന്നതിലും ആളുകൾക്ക ഉറപ്പുകൊടുക്കുന്നതിലും ഗവണ്മെന്റിന് ചുമതലയില്ലെന്നാണോ പറയുന്നതു. ഇതു അറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): റൂളുകൾ പ്രസിദ്ധപ്പെടുത്തിയപ്പോൾ സിൻഡിക്കേറ്റുകൾ രജിസ്റ്ററാക്കണമെന്നോ രജിസ്റ്ററാക്കുന്ന ഓരോ സിൻഡിക്കേറ്റിനും സ്ഥലംകൊടുക്കുന്നതാണെന്നോ ഗവണ്മെന്റു പറഞ്ഞിരുന്നില്ല.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): എന്നാൽ അതും ഇതും ചെയ്യുമെന്നു ഗവണ്മെന്റു റൂളുകളിൽ പറയുന്നതു എന്തിനാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): സിൻഡിക്കേറ്റുകൾ രജിസ്റ്ററാക്കുന്നതുമൂലം ഉണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കാമെന്നു റൂളുകൾ പ്രസിദ്ധപ്പെടുത്തിയപ്പോൾ പറഞ്ഞിരുന്നില്ലെന്ന പറഞ്ഞുകഴിഞ്ഞല്ലോ.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഗവണ്മെന്റു എപ്പോഴെങ്കിലും എന്തിനെങ്കിലും പ്രസിദ്ധപ്പെടുത്തിയ റൂളുകളിൽ ജനങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

പ്രസിഡന്റ്: നിങ്ങൾ വാദത്തിനു പുറപ്പെടുകയാണ്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): റൂളുകളുടെ പ്രസിദ്ധീകരണംമൂലം അതു ഗവണ്മെന്റിനെ ബന്ധിക്കയില്ല എന്നതിനെപ്പറ്റി ഗവണ്മെന്റിന്റെ അഭിപ്രായം അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രസിഡന്റ്: സെക്രട്ടറി അതിനു ഉത്തരം പറയേണ്ട ആവശ്യമില്ല.

ഉദ്യോഗത്തിലിരിക്കുന്ന മുനിസിഫന്മാരുടെ ജാതി അനുസരിച്ചുള്ള സ്റ്റേറ്റുമെന്റു.

൩൦൧. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ഇപ്പോൾ (൧൧൧൦-൧-൧) ഉദ്യോഗത്തിലിരിക്കുന്ന മുൻസിഫന്മാരിൽ ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, യാക്കോബായക്കാർ, മാർത്തോമ്മാക്കാർ, പ്രൊട്ടസ്റ്റന്റുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളർ, ഇതരസമുദായാംഗങ്ങൾ ഇവർ എത്രയെന്നു കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തു വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): ആവശ്യപ്പെട്ട സ്റ്റേറ്റുമെന്റു * മേശപ്പുറത്തിട്ടിരിക്കുന്നു.

കുട്ടമംഗലം പകുതിയിലെ ഭൂമി പതിവ്.

൩൦൨. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): സർവെ ൧൦൯൮/൧-ൽ ഉള്ളതും ൧൧൦൯ ജൂലൈ ൧൫-നോടുകൂടി അവസാനിക്കുന്ന മൂന്നു വർഷങ്ങളിൽ കൃഷിവക ഭൂമിയായി പതിച്ചിട്ടുള്ളതും പുറമ്പോക്കുകേസിൽ ഉൾപ്പെട്ടതുമായ സ്ഥലങ്ങളുടെ വിസ്തീർണ്ണവും ഈ ഓരോസ്ഥലത്തിനും ഏക്കറൊന്നിനു തഹശീൽദാരും ദിവാൻപേഷ്കാരും നിശ്ചയിച്ചിട്ടുള്ള തറവിലയും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തിടുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട * സ്റ്റേറ്റുമെന്റു മേശപ്പുറത്തിട്ടിരിക്കുന്നു.

---

* അനുബന്ധം ൩൯ പുറം ൨൮ നോക്കുക.
* അനുബന്ധം ൪൦ പുറം ൨൯൦ നോക്കുക.

തിരുവനന്തപുരം ജനറൽ ആശുപത്രി.

൩൦൮. മി. മുറിവേലി പാച്ചുപിള്ള (ചേർത്തല): താഴെ പറയുന്നവയുടെ മറുപടിപറയുവാൻ ഗവൺമെന്റിന ദയവുണ്ടാകുമൊ?

(എ) ൧൧൦൦, ൧൧൦൧, ൧൧൦൨, ൧൧൦൩ ഈ ഓരോ വർഷങ്ങളിലും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഇൻപേഷ്യൻറായിട്ടും ഔട്ടുപേഷ്യൻറായിട്ടും ചികിത്സിക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്ര?

(ബി) മേൽപ്പറഞ്ഞ ഓരോ വർഷങ്ങളിലും ശസ്ത്രക്രിയ നടത്തപ്പെട്ടിട്ടുള്ള രോഗികളുടെ എണ്ണം എത്ര?

(സി) ഇതിൽ ഓരോവർഷത്തിലും മേജർ ഓപ്പറേഷൻ എത്ര? മൈനർ എത്ര?

(ഡി) ഇപ്പോൾ (൧൧൦൪-൧൧൦൫) ഈ ആശുപത്രിയിൽ പ്രത്യേകവിഷയങ്ങളിൽ ഉപരിപഠനം നടത്തിയിട്ടുള്ള ഡാക്ടർമാർ വല്ലവരുമുണ്ടോ?

(ഇ) ഡി ചോദ്യത്തിന മറുപടി അനുകൂലമെങ്കിൽ അവരുടെ പേരുകൾ?

൨. അവർക്ക ഉപരിപഠനം സിദ്ധിച്ചിട്ടുള്ള വിഷയങ്ങൾ?

(എഫ്) ഇൻപേഷ്യൻറ, ഔട്ടുപേഷ്യൻറ, സർജറി ഈ ഓരോ സെക്ഷനം പ്രത്യേകം ഡാക്ടർമാരെ നിയമിച്ചിട്ടുണ്ടോ?

(ജി) എഫ് ചോദ്യത്തിന മറുപടി അനുകൂലമെങ്കിൽ അവരുടെ പേരുകൾ? അവരെ നിയമിച്ചിട്ടുള്ള സെക്ഷനുകൾ?

(എച്ച്) എഫ് ചോദ്യത്തിൻെറ മറുപടി പ്രതികൂലമെങ്കിൽ ഈ സെക്ഷനുകളുടെ എല്ലാം ചാർജ്ജു വഹിക്കുന്ന ആളിൻെറ പേരെന്ത്?

(ഐ) ജനറൽ ആശുപത്രിയുടെ റീഓർഗനയിസേഷന ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസരൊ മെഡിക്കൽ സർവീസ് അഡ്മിനിസ്ട്രേട്ടീവ് ബോർഡോ വല്ല പദ്ധതിയും ഗവൺമെൻറിൽ സമർപ്പിച്ചിട്ടുണ്ടോ?

(ജെ) ഐ ചോദ്യത്തിന മറുപടി അനുകൂലമെങ്കിൽ ഗവൺമെൻറ ഇതിന നടത്തിയ നടപടി എന്ത്?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി):

(എ)

ആണ്ട്.	ഇൻപേഷ്യൻസിൻെറ എണ്ണം.	ഔട്ടുപേഷ്യൻസിൻെറ എണ്ണം.
൧൧൦൦	൩൪൬൭	൩൮൩൯൫
൧൧൦൧	൪൦൦൨	൪൫൧൫൦
൧൧൦൨	൪൧൬൧	൪൦൬൫൯
൧൧൦൩	൪൬൬൮	൪൦൬൧൫

(ബി)

ആണ്ട്.	ശസ്ത്രക്രിയനടത്തപ്പെട്ട രോഗികളുടെ എണ്ണം.
൧൧൦൦	൨൧൩൪
൧൧൦൧	൨൦൩൬
൧൧൦൨	൨൨൪൯
൧൧൦൩	൨൦൪൪

(സി)

ആണ്ട്.	ശസ്ത്രക്രിയകളുടെ എണ്ണം. മേജർ.	മൈനർ.
൧൧൦൦	൨൫൭	൧൭൯൬
൧൧൦൧	൨൭൩	൧൯൫൩
൧൧൦൨	൨൨൫	൨൦൨൨
൧൧൦൩	൨൩൫	൧൭൦൮

(ഡി)-യും (ഇ)-യും

(൧) അസിസ്റ്റൻറ സർജൻ എസ്. ജാൺ. കാർഡിയോളജിയും ഹൃദയത്തിൻേറയും ശ്വാസകോശത്തിൻെറയും സുഖക്കേടുകളും.

(൨) അസിസ്റ്റൻറ സർജൻ എ. ഒ. ജേക്കബ്. എക്സ്റേയും ഇലക്ട്രോതെറാപ്യൂട്ടിക്സും.

(൩) സബ് അസിസ്റ്റൻറ സർജൻ പരമേശ്വരൻനായർ. ദന്തവൈദ്യം.

(എഫ്) സർജൻ ഇൻചാർജിൻെറ പരിശോധനയ്ക്കും അധികാരത്തിനംകീഴിൽ ഇൻപേഷ്യൻറ, ഔട്ടുപേഷ്യൻറ, സർജിക്കൽ ഈ ഓരോ സെക്ഷനം ഡാക്ടർമാർ എന്നും ഉണ്ടായിരുന്നു.

(ജി) ആവശ്യംവരുന്നതനുസരിച്ചാണ് ഡാക്ടർമാരെ ഓരോ സെക്ഷനിൽ നിയമിക്കുന്നതു. ഇപ്പോഴത്തെ നിയമനം ഇപ്രകാരമാണ്—

ഔട്ടുപേഷ്യൻറ—

പുരുഷന്മാർ	അസിസ്റ്റൻറ സർജൻ	ഇ. കെ. രാമൻപിള്ള
സ്ത്രീകൾ	ടി	പി. എൻ. നാരായണൻ
പുരുഷന്മാരുടെ മെഡിക്കൽവാർഡ്	ടി	എസ്. ജാണം സബ് അസിസ്റ്റൻറ സർജൻ കെ. വറുഗീസും
പുരുഷന്മാരുടെ സർജിക്കൽവാർഡ്	ടി	ആർ. പുരുഷോത്തമൻ
സ്ത്രീകളുടെ മെഡിക്കലും സർജിക്കലും വാർഡുകൾ	ടി	എ. ഒ. ജേക്കബ്
സെപ്റ്ററിക്കവാർഡ്	സബ് അസിസ്റ്റൻറ സർജൻ ടി. ജി. സുന്ദരം	

(എച്ച്) ജി-യുടെ മറുപടികൊണ്ട് ഈ ചോദ്യത്തിന സ്ഥാനമില്ല.

(ഐ) ഇല്ല.

(ജെ) ഐ ഭാഗത്തിന്റെ ഉത്തരംമൂലം ഈ ചോദ്യത്തിന സ്ഥാനമില്ല.

നെയ്യാറ്റിൻകരയിൽ തിരപ്പുവാരം കൂടുതൽ ഒടുക്കിയതുസംബന്ധിച്ച്.

നം. ൪൦. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): നെയ്യാറ്റിൻകരതാലൂക്കിലെ തിരപ്പുവാരം ഓവർ പേയമെന്റുകേസിനെപ്പറ്റി താഴെപ്പറയുന്ന ചോദ്യങ്ങൾക്ക മറുപടി പറയുന്നതിന ഗവൺമെന്റിന ദയവുണ്ടാകുമോ?

(എ) ഇതിന ഉത്തരവാദികളെന്നുകാണപ്പെട്ടവൎക്ക കൊടുത്ത ശിക്ഷയെന്ത്?

(ബി) ഈ തുക ഈടാക്കുന്നതിന നിൎദ്ദേശിച്ചിരിക്കുന്ന മാൎഗ്ഗമെന്ത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): ഉത്തരവാദികളെന്നുകാണപ്പെട്ട താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചിട്ടുണ്ട്.

പേര്.	ശിക്ഷ.
(൧) പി. കെ. രാമസ്വാമിഅയ്യർ, ഹെഡ് ക്ലാർക്ക്, നെയ്യാറ്റിൻകര	രൂപ ൨൫–൪൦ ശമ്പളത്തിൽ ക്ലാർക്കായി ഒരു കൊല്ലത്തേക്ക തരംതാഴ്ത്തി
(൨) എ. വെങ്കിടാചലമയ്യർ, ആക്ടിംഗ് ഹെഡ് ക്ലാർക്ക്, നെയ്യാറ്റിൻകര, ഇപ്പോൾ രൂപ ൨൫–൪൦ വരെ ശമ്പളത്തിൽ ക്ലാർക്ക്	ഒരു കൊല്ലത്തേക്ക സസ്പെണ്ട്
(൩) രാമയ്യർ, ക്ലാർക്ക്, നെയ്യാറ്റിൻകരതാലൂക്ക	൬ മാസത്തെ സസ്പെണ്ട്
(൪) എസ്. അയ്യപ്പൻപിള്ള, ടി	ടി
(൫) എ. നാരായണപിള്ള, പ്രവൃത്തികാർ, ...മം	അറ്റൻഡറായി ൬ മാസത്തേക്ക തരംതാഴ്ത്തി
(൬) കെ. നാരായണപിള്ള, പ്രവൃത്തികാർ, വിളപ്പിൽ	ടി
(൭) അറ്റൻഡർ, വിളപ്പിൽ പകുതി	൩ മാസത്തേക്ക സസ്പെണ്ട്

(ബി) ഇക്കാര്യം ആലോചനയിലിരിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): തഹശീൽദാരും കുറ്റക്കാരനായി കാണപ്പെട്ടുവെന്ന മെമ്പറിൽനിന്ന അറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സിക്രട്ടറി): അതു ആലോചനയിലിരിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഇതേപ്പറ്റി വിചാരണനടത്തിയ ഡിവിഷൻ പേഷ്കാരോ മറ്റൊ തഹശീൽദാരെപ്പറ്റി വല്ല ശുപാർശയുംചെയ്തിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): ഡിവിഷൻ പേഷ്കാർ ഗവൺമെന്റിലേക്ക ഒരു റിപ്പോർട്ടു അയച്ചിട്ടുണ്ട്. അതു ഗവൺമെന്റിന്റെ പര്യാലോചനയിലിരിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): തഹശീൽദാരെസംബന്ധിച്ചിടത്തോളം ശുപാർശയുടെ സ്വഭാവം എന്താണെന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): ഈ ഘട്ടത്തിൽ പാടില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ബി ചോദ്യത്തിന്റെ ഉത്തരത്തെസംബന്ധിച്ച് ഇപ്പോഴത്തെനിലയിൽ സിവിൽകോടതിയുടെ സഹായംകൂടാതെ ഈ തുക ഈടാക്കാമെന്ന് ഗവൺമെന്റു വിചാരിക്കുന്നുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): അങ്ങിനെ ആശിക്കുന്നു.

ബോയിലർ ഇൻസ്പെക്ടർമാരുടെ നിയമനം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ഇപ്പോൾ സംസ്ഥാനത്തെ ബോയിലർ ഇൻസ്പെക്ടർമാൎക്ക ആ ഉദ്യോഗം വഹിക്കുന്നതിന പ്രത്യേകം യോഗ്യതകൾ വല്ലതുമുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തെന്നും;

(ബി) സംസ്ഥാനത്തെ സൎവീസിൽ, ബോയിലർ ഇൻസ്പെക്ടർ ഉദ്യോഗംവഹിക്കത്തക്ക പ്രത്യേകയോഗ്യതകളുള്ളവർ വല്ലവരുമുണ്ടോ എന്നും;

(സി) ബി. ഭാഗത്തിന ഉത്തരമനുകൂലമെങ്കിൽ ഇപ്പോൾ ഇരിക്കുന്നവരെ അപേക്ഷിച്ചു മറ്റുവരെ തിരഞ്ഞെടുക്കാത്തതെന്താണെന്നുപറയുന്നതിന ഗവൺമെന്റിന ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ചീഫ്സിക്രിട്ടറി): (എ) ഉണ്ട്. ചീഫ്ബോയിലർ ഇൻസ്പെക്ടർ മദ്രാസ് സൎവകലാശാലയിൽനിന്നും മെക്കാനിക്കൽ എൻജിനീയറിംഗിന ബി. ഇ. ഡിഗ്രി കിട്ടിയിട്ടുള്ള ഒരാളാണ്. ബോയിലർ ഇൻസ്പെക്ടൎക്കും ഇതേയോഗ്യതയുണ്ട്.

(ബി) ഗവൺമെന്റിനറിവില്ല.

(സി) ബി-യുടെ ഉത്തരംനിമിത്തം സി ചോദ്യത്തിന സ്ഥാനമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബോയിലർ ബ്രാഞ്ചിലേക്ക യോഗ്യതകളുള്ളവർ ആരുമില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി. കെ. ജോർജ്ജ് (ഗവൺമെന്റുചീഫ്സിക്രിട്ടറി): അതേ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആരുമില്ലേ?

മി. കെ. ജോർജ്ജ് (ഗവൺമെന്റ് ചീഫ്സിക്രിട്ടറി): ഇപ്പോൾ അവിടെയുള്ളവരല്ലാതെ വേറെയാരുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ ബോയിലർ ബ്രാഞ്ചിലിരിക്കുന്നവരല്ലാതെ ആരെങ്കിലുമുണ്ടോ എന്നാണ് എന്റെ ചോദ്യം. ഉദാഹരണമായിട്ട ബോയിലർ ടെസ്റ്റ് പാസ്സായിട്ടുള്ള ഒരാളുണ്ട്.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രിട്ടറി): ഇപ്പോൾ ആ ജോലി നിർവ്വഹിച്ചുവരുന്നവരുടെ പരീക്ഷായോഗ്യതയോടു ഒരു സാമ്യവുമില്ലാത്ത കൊമ്പിറ്റൻസി പരീക്ഷ പാസായിട്ടുള്ള ഒരാളുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെക്കാനിക്കൽ എൻജിനീയറിംഗ് പാസ്സായ ആളേക്കാൾ കൊമ്പിറ്റൻസി സർട്ടിഫിക്കെറ്റുള്ള ആൾ ബോയിലർ കാര്യങ്ങളിൽ മോശമാണെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രിട്ടറി): അതേ മോശമാണ്.

പട്ടാളക്കമ്മറ്റി.

നം. [illegible]. മി. എ. താണുപിള്ള (തിരുവനന്തപുരം): (എ) യുദ്ധത്തിനുപോയി തിരിച്ചു വന്നിട്ടുള്ള പട്ടാളക്കാർക്കു പുനരധിവാസങ്ങളും ഉദ്യോഗങ്ങളും മറ്റും ലഭിക്കുന്നതിന സഹായിപ്പാനായി കഴിഞ്ഞ മഹായുദ്ധാനന്തരം ബ്രിട്ടീഷ് ഇൻഡ്യയിൽ പല പ്രോവിഡൻസുകളിലും ബ്രിട്ടീഷ് ഇൻഡ്യാ ഗവണ്മെന്റു രൂപീകരിച്ച പട്ടാള ബോർഡുകൾ ഇപ്പോഴും ഉണ്ടെന്നും അവയുടെ ജോലികൾ തുടർന്നുകൊണ്ടിരിക്കുന്നു എന്നും ഗവണ്മെന്റിനറിയാമോ?

(ബി) താഴെപ്പറയുന്നവയ്ക്കു മറുപടി തരുന്നതിന ഗവണ്മെന്റിന ദയവുണ്ടാകുമോ?

(എ) യുദ്ധത്തിൽ പോയി തിരിച്ചുവന്നിട്ടുള്ള ഈ സംസ്ഥാനത്തെ ആളുകളുടെ അവകാശാവശ്യങ്ങളെപ്പററി അന്വേഷിച്ചു വേണ്ടതു പ്രവൃത്തിക്കുന്നതിന രൂപീകരിച്ച പട്ടാളക്കമ്മറ്റി ഇപ്പോൾ (൧൦൨൪ കർക്കടകം ൧൫-നു) നിലവിൽ ഉണ്ടോ?

(ബി) എ ഭാഗത്തിനുത്തരം പ്രതികൂലമെങ്കിൽ കമ്മിറ്റിയെ പിരിച്ചു വിടാനുള്ള കാരണമെന്തു്?

(സി) ഇപ്പോൾ അതിന്റെ സ്ഥാനത്തു ജോലിചെയ്യുന്ന ഏതെങ്കിലും ഏജൻസി സംസ്ഥാനത്തുണ്ടോ;

(ഡി) യുദ്ധത്തിനുപോയി തിരിച്ചുവന്നവരുടെ പേക്ക തങ്ങളുടെ ജോലി നിർവഹിച്ചുകൊണ്ടു പോകുന്നതിന മതിയായ ഒരു ഗ്രാൻറു കൊടുക്കണമെന്നു ഇതുപോലെയുള്ള ഏതെങ്കിലും ഏജൻസി ഗവണ്മെന്റിനോടു ആവശ്യപ്പെട്ടിട്ടുണ്ടോ?

(ഇ) ഡി ഭാഗത്തിന മറുപടി അനുകൂലമെങ്കിൽ അതിന്മേൽ ഗവണ്മെന്റു പാസാക്കിയിട്ടുള്ള ഉത്തരവെന്തു്?

(എഫ്) ഇപ്പോൾ ഈ സംസ്ഥാനത്തു യുദ്ധത്തിൽനിന്നും തിരിച്ചുവന്നു കഷ്ടപ്പെടുന്ന വളരെ ആളുകൾ ആശ്വാസവും സഹായവും അന്വേഷിക്കുന്നുണ്ടെന്നു ഗവണ്മെന്റിന അറിയാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രിട്ടറി): (എ) ഗവണ്മെന്റിനറിവില്ല. അന്വേഷണം നടത്തുന്നുണ്ട്.

(ബി) എ. ഇല്ല.

(ബി) ഈ കമ്മിററിയുടേയും പുതുതായി രൂപീകരിക്കപ്പെട്ട പോർസർവീസ്മെൻസ് അസോസിയേഷന്റെയും ഉദ്ദേശം ഒന്നായതുകൊണ്ടും ഇതു തുടർന്നുകൊണ്ടുപോകേണ്ട ആവശ്യമില്ലാതെയിരിക്കുന്നതുകൊണ്ടും ഈ കമ്മിററി പിരിച്ചു വിടേണ്ടതാണെന്നു ഇതു പാസ്സാക്കിയ നിശ്ചയമനുസരിച്ചു കമ്മിററി പിരിച്ചുവിട്ടു.

(സി) മെമ്പർ ബി ഭാഗത്തിനുള്ള ഉത്തരം നോക്കണം.

(ഡി) ഉണ്ടു്.

(ഇ) ഇക്കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

(എഫ്) യുദ്ധത്തിനുപോയി തിരിച്ചുവന്നിട്ടുള്ളവരിൽ എത്രപേർ ദാരിദ്ര്യാവസ്ഥയിൽ ആണെന്നു ഗവണ്മെന്റിന അറിവില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): എഫ് പിരിവിന്റെ മറുപടിയെ സംബന്ധിച്ചു യുദ്ധത്തിൽനിന്നും തിരിച്ചു വന്നിട്ടുള്ളവരിൽ കുറെയെങ്കിലും സഹായമന്വേഷിക്കുന്നുണ്ടെന്നുള്ളതു ഗവണ്മെന്റിനറിയാമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രിട്ടറി): കുറേപേർ കാണും. എന്നാൽ അവർ ദാരിദ്ര്യാവസ്ഥയിലാണൊ അല്ലയോ എന്നു ഗവണ്മെന്റിന അറിവില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): യുദ്ധത്തിൽനിന്നും തിരിച്ചുവന്നതിന്റെശേഷം ഗവണ്മെന്റിൽനിന്നും യാതൊരു സഹായവും ലഭിച്ചിട്ടില്ലാത്ത വളരെയാളുകളുണ്ടെന്നു ഗവണ്മെന്റിന അറിയാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രിട്ടറി): കുറെയാളുകൾ കാണും.

തിരുവനന്തപുരത്തിനും നാഗർകോവിലിനും മദ്ധ്യേ ഓടുന്ന മോട്ടാർ ബസ്സുകൾ.

നം. [illegible]. മി. വി. ചെല്ലംപിള്ള (തോവാള): നാഗർകോവിലിനും തിരുവനന്തപുരത്തിനും മദ്ധ്യേ ഓടുന്ന ഓരോ മോട്ടോർബസ്സും ഓരോ യാത്രക്കു എടുക്കുന്നസമയം ട്രാഫിക് അധികാരികൾ ഒത്തു നോക്കുന്നുണ്ടോ എന്നു പറയുന്നതിന ഗവണ്മെന്റിന ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രിട്ടറി): ഉണ്ടു്. ഇതു സ്ഥലത്തെ പോലീസ്കാർ ചെയ്യുന്നുണ്ടു.

മോട്ടാർബസ്സുകളിലെ കണ്ടക്ടർമാരുടെ അഴിമതികൾ.

നം. [illegible]. മി. വി. ചെല്ലംപിള്ള (തോവാള): തെക്കൻതിരുവിതാംകൂറിൽ ഓടുന്ന ചില ബസ്സുകളിലെ കണ്ടക്ടർമാർ ഇടയ്ക്കുള്ള സ്ഥലങ്ങളിലേക്കു ആളുകളെ കയററുന്നതിന വിസമ്മതിച്ചുവരുന്നതും ചിലപ്പോൾ അസാധാരണക്കൂലി ആവശ്യപ്പെട്ടുവരുന്നതും അറിയാമോ എന്നു പറയുന്നതിന ഗവണ്മെന്റിന ദയവുണ്ടാകുമോ.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രിട്ടറി): മറുപടി പ്രതികൂലരൂപത്തിലാണ്.

മി. എം. ഇ. വാട്ട്സ് ഉദ്യോഗത്തിൽനിന്നും പിരിഞ്ഞുപോയപ്പോൾ പൊതു പ്രവൃത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന സി. ഐ. ഡി. ഉദ്യോഗസ്ഥന്മാർ.

നം. [illegible]. മി. എ. താണുപിള്ള (തിരുവനന്തപുരം): താഴെ പറയുന്നവയുടെ മറുപടി പറയുന്നതിന ഗവണ്മെന്റിന ദയവുണ്ടാകുമോ?

(എ) മി. എം. ഇ. വാട്ട്സ് ദിവാൻ പദത്തിൽനിന്നും പിരിഞ്ഞതു സംബന്ധിച്ചു ജൂൺ ൨൧-ാം ൨൨-ാം തീയതികളിൽ നടന്ന പബ്ലിക്ക ഫംക്ഷൻസിൽ വല്ല സി. ഐ. ഡി. ഉദ്യോഗസ്ഥന്മാരേയും നിയോഗിച്ചിരുന്നോ?

(ബി) നിയോഗിച്ചിരുന്നെങ്കിൽ ആ ഉദ്യോഗസ്ഥന്മാരുടെ പേരുകളെന്ത്;

(സി) എന്തിന് നിയോഗിച്ചു;

(ഡി) മേല്പറഞ്ഞ ഉപദിവസങ്ങളിലും കെട്ടിടവിഭാഗത്തു സി. ഐ. ഡി ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിരുന്നോ;

(ഇ) നിയോഗിച്ചിരുന്നു എങ്കിൽ അവരുടെ പേരുകളെന്ത്? എന്തിന് നിയോഗിച്ചിരുന്നു;

(എഫ്) സി. ഐ. ഡി. ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പ് മേശപ്പുറത്തു വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ജി) ഏതു അധികാരസ്ഥാനത്തുനിന്നുമാണ് സി. ഐ. ഡി. ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചത്;

(എച്ച്) ആ അധികാരിക്ക് അപ്രകാരം ചെയ്യുന്നതിനു ഗവണ്മെന്റ് അനുമതിയോ അനുവാദമോ ഉണ്ടായിരുന്നോ?

(ഐ) ആരാണ് ഏതു ഉദ്യോഗസ്ഥനാണ് അനുമതിയോ അനുവാദമോ നൽകിയതു;

(ജെ) ആരാണ് അതു അറിയിച്ചത്?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): എ മറുപടി പ്രതികൂലമാണ്.

(ബി-ജെ) എ. ഭാഗത്തിന്റെ മറുപടിയനുസരിച്ച് ഈ ചോദ്യങ്ങൾക്ക് സ്ഥാനമില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഏതു ഭാഗത്തിന്റെ മറുപടി ഈ സമ്മേളനങ്ങളിൽ വല്ല സി. ഐ. ഡി. ഉദ്യോഗസ്ഥന്മാരും സംബന്ധിച്ചോ എന്നറിയാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഗവണ്മെന്റിനറിവില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ചോദ്യത്തിനുശേഷം ഗവണ്മെന്റ് അന്വേഷിച്ചോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഇതാണ് ഗവണ്മെന്റിനു കിട്ടിയ അറ്റത്തെ അറിവ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): എന്റെ ചോദ്യം കിട്ടിയതിനുശേഷം ഗവണ്മെന്റ് അന്വേഷിച്ചോ എന്നാണ്.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഉവ്വ്. പോലീസ് കമ്മീഷണരോടു ചോദിച്ചു ആരെയും നിയോഗിച്ചില്ലെന്നു അദ്ദേഹം പറയുന്നു.

മി. വേലായുധമേനോനെ ഹൈക്കോടതി ജഡ്ജിയായി നിയമിച്ചതായി ഉണ്ടായ ശ്രുതി.

നം. ൭൦. മി. എ. താണുപിള്ള (തിരുവനന്തപുരം):

(എ) മധുരയിലെ മിസ്റ്റർ വേലായുധമേനോനെ തിരുവിതാംകൂറിലെ ഹൈക്കോടതി ജഡ്ജിയായി നിയമിച്ചിരിക്കുന്നു എന്നുള്ള വർത്തമാനക്കടലാസുകളിലെ പ്രസ്താവനയിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടോ എന്നും;

(ബി) ഈ പ്രസ്താവന എങ്ങനെ ഉണ്ടായി എന്നറിയാമോ എന്നു അന്വേഷിച്ചിട്ടുണ്ടോ എന്നും പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ചില വർത്തമാനക്കടലാസുകളിൽ അപ്രകാരം പ്രസ്താവനകളുണ്ടായിട്ടുണ്ടെന്നു തോന്നുന്നു.

(ബി) മറുപടി പ്രതികൂലമാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ പ്രസ്താവനകൾക്കു കാരണമെന്തെന്ന് അന്വേഷിക്കുന്നതു ഗവണ്മെന്റിന്റെ ചുമതലയാണെന്നു ഗവണ്മെന്റിനു തോന്നിയോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ആവശ്യമെന്നു ഗവണ്മെന്റിനു തോന്നിയില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): മി. വേലായുധമേനോനെ ഹൈക്കോടതി ജഡ്ജിയായി നിയമിക്കുന്നതിനു വല്ല ആലോചനയും ഉണ്ടായിരുന്നോ.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): എനിയ്ക്കു പറവാൻ നിവൃത്തിയില്ല. ആലോചനയുണ്ടായിരുന്നതായി കാണിക്കുന്ന രേഖകളൊന്നും ആഫീസിലില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഏതാഫീസിൽ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഗവണ്മെന്റ് സിക്രട്ടറിയേറ്റിൽ.

മി. എ. താണുപിള്ള (തിരുവനന്തപുരം): മറ്റു വല്ലിടത്തും വല്ല രേഖകളും കാണുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഞാൻ അപ്രകാരമൊന്നും പറഞ്ഞില്ല. ഞാൻ മെമ്പറുടെ ചോദ്യത്തിനു മറുപടി പറഞ്ഞു. ഇതുസംബന്ധിച്ചു യാതൊരറിവുമില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): മെമ്പർ പറഞ്ഞതു മനസ്സിലായില്ല.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): അപ്രകാരം ഒരു ആലോചനയുണ്ടായതായി കാണിക്കുന്ന രേഖകളൊന്നും ഞാൻ ആഫീസിൽ കണ്ടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): മെമ്പറിനു അറിയിക്കുവാൻ സാധിക്കുന്നതു ഇതു മാത്രമാണോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): അതെ.

മി. എ. താണുപിള്ള (തിരുവനന്തപുരം): മറ്റു വല്ലിടത്തും വല്ല രേഖകളും കാണാൻ ഇടയുണ്ടോ എന്നു മെമ്പർ പറഞ്ഞാൽ കൊള്ളാം.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): എനിയ്ക്കു പറവാൻ നിവൃത്തിയില്ല.

റാക്കഫെല്ലർ സ്ഥാപനവും പൊതുജനാരോഗ്യപദ്ധതിയും.

നം. ൭൧. മി. എ. താണുപിള്ള (തിരുവനന്തപുരം):

താഴെപ്പറയുന്നവയുടെ മറുപടി പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) റാക്കഫെല്ലർ സ്ഥാപനക്കാർ അവരുടെ ഒരു ഉദ്യോഗസ്ഥനെ തിരുവിതാംകൂറിലേക്കയച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അയച്ചിരിക്കുന്നതിന്റെ ഉദ്ദേശമെന്ത്?

(സി) അദ്ദേഹത്തിനെ അയക്കുന്നതിനു മുമ്പു ഗവണ്മെന്റും റാക്കഫെല്ലർ സ്ഥാപനവുമായി വല്ല കരാറുമുണ്ടായിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാം?

(ഇ) ആരോഗ്യവകുപ്പിന്റെ പുനഃരൂപീകരണത്തിനു അദ്ദേഹം വല്ല പദ്ധതിയും സമർപ്പിച്ചിട്ടുണ്ടോ?

(എഫ്) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെന്റ് എന്തു നടപടിയാണ് നടത്തിയിട്ടുള്ളതു?

(ജി) ആ പദ്ധതിയുടെ ഒരു പകർപ്പു മേശപ്പുറത്തുവയ്ക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി);

(എ) ഉണ്ട്.

(ബി) പരിഷ്കൃതരീതിയിൽ ഒരു പൊതുജനാരോഗ്യവകുപ്പു രൂപീകരിക്കുന്നതിനും പൊതുജനാരോഗ്യസംബന്ധിച്ച വേണ്ട ഉപദേശങ്ങൾ കൊടുക്കുന്നതിനും ഗവണ്മെന്റിന്റെ ആവശ്യം അനുസരിച്ചു റാക്കഫെല്ലർസ്ഥാപനക്കാർ അദ്ദേഹത്തെ ഇവിടെ അയച്ചതാണ്.

(സി) ഇല്ല. എന്നാൽ ഈ സ്ഥാപനം ചില വ്യവസ്ഥകളിന്മേൽ അവരുടെ ഒരു ഉദ്യോഗസ്ഥനെ ഗവണ്മെന്റിനു വിട്ടുകൊടുക്കുകയും ഗവണ്മെന്റ് ആ വ്യവസ്ഥകൾ സ്വീകരിക്കുകയും ചെയ്തു.

(ഡി) വ്യവസ്ഥകൾ ഇവയാണ്.

(൧) പൊതുജനാരോഗ്യം സംബന്ധിച്ചുള്ള വിദ്യാഭ്യാസത്തിനു ഗവണ്മെന്റ് ഒരാളുടെ ചിലവു വഹിക്കണം. എന്നാൽ സ്ഥാപനം മറ്റൊരാളുടെ ചിലവു വഹിക്കുന്നതാണ്.

(൨) ഗവണ്മെന്റിന്റെ ചിലവിന്മേൽ വേണ്ട ഉപകരണങ്ങൾ ഒരുവീടും ആഫീസും സ്ഥാപനപ്രതിനിധിക്കു കൊടുക്കണം.

(൩) അദ്ദേഹത്തിനു സൗജന്യമായി ഒരു മോട്ടോർകാർ കൊടുക്കണം.

(൪) ടോൾഗേറ്റ് ചാർജ് മുതലായവയിൽനിന്നും സ്വന്തം ആവശ്യത്തിനുള്ള സാമാനങ്ങളുടെ ചുങ്കത്തിൽനിന്നും അദ്ദേഹത്തെ ഒഴിവാക്കണം.

(ഇ) ഉണ്ട്. പൊതുജനാരോഗ്യവകുപ്പിന്റെ രൂപീകരണത്തിനു.

(എഫ്) ഡാക്ടർ ഡബ്ല്യൂ. പി. ജാക്കോക്സിന്റെ നിർദ്ദേശത്തിനു അനുരൂപമായ ഒരു പ്രോഗ്രാം ൧൧൦൮-ലേക്കു ഗവണ്മെന്റ് സ്വീകരിച്ചു. ൧൧൦൮-ലെ പ്രിലിമിനറി ബഡ്ജറ്റിൽ ഈ ആവശ്യത്തിലേക്കു ൩൦,൦൦൦ രൂപ നീക്കിവച്ചിട്ടുണ്ട്. പ്രോഗ്രാമിൽ താഴെപ്പറയുന്നവ ഉൾപ്പെട്ടിട്ടുണ്ട്.

(൧) ഡാക്ടർ ഡബ്ല്യൂ. പി. ജാക്കോക്സിന്റെ ആഫീസ്സും സ്റ്റാഫും ഫാറം ചെയ്യു.

(൨) ചീഫ്മെഡിക്കൽ എൻറമോളജിസ്റ്റിന്റെയും എഡ്യൂക്കേഷനൽ ആഫീസരുടേയും നിയമന

(൩) ഒരാളുടെ വിദ്യാഭ്യാസച്ചിലവു.

(൪) മലമ്പനി കൊക്കപ്പുഴു മന്തു ഇവകളുടെ പര്യവേക്ഷണം.

പൊതുജനാരോഗ്യവകുപ്പിന്റെ രൂപീകരണത്തിനുള്ള ഡാക്ടർ ഡബ്ല്യൂ. പി. ജാക്കോക്സിന്റെ ശുപാർശയെസംബന്ധിച്ചടത്തോളം ഈ പദ്ധതിയുടെ പണച്ചിലവു ഭരണസമ്പ്രദായം ഇവകളെപ്പറ്റി ശരിയായി പര്യാലോചിച്ചതിന്റെ ശേഷമേ ഈ പദ്ധതി ഗവണ്മെന്റ് സ്വീകരിക്കയുള്ളു. ഡാക്ടർ ഡബ്ല്യൂ. പി. ജാക്കോക്സ് സമർപ്പിച്ച പൊതുജനാരോഗ്യ കാര്യപരിപാടിയുടെ * ഒരു പകർപ്പു മേശപ്പുറത്തു വച്ചിരിക്കുന്നു

ഡാക്ടർ ജാക്കോക്സിന്റെ പൊതുജനാരോഗ്യപദ്ധതി.

ന. ൧൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

തിരുവിതാംകൂറിലെ റോക്ഫെല്ലർ സ്ഥാപനപ്രതിനിധി ഡാക്ടർ ഡബ്ല്യൂ. പി. ജാക്കോക്സ് തയ്യാറാക്കിയ വല്ല പദ്ധതിയും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ എന്നുപറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ? ഉണ്ടെങ്കിൽ അതിന്റെ ഒരുപകർപ്പു മേശപ്പുറത്തു വയ്ക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സിക്രട്ടറി): മി. താണുപിള്ളയുടെ ന. ൧൭-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുഴുവൻപദ്ധതിയും മേശപ്പുറത്തു വച്ചിട്ടുണ്ടോ അതോ അതിന്റെ പ്രധാനഭാഗങ്ങളെ ഉള്ളോ എന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാർജ് (ഗവ. ചീഫ് സിക്രട്ടറി): മുഴുവൻ പദ്ധതിയും മേശപ്പുറത്തിട്ടിരിക്കുന്നു. പദ്ധതിയിൽ ഉൾപ്പെടാത്ത ബഡ്ജറ്റ് എസ്റ്റിമേറ്റ് മേശപ്പുറത്തു വച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ൧൧൦൮-ൽ എന്തുജോലിനടത്തണമെന്നായിരുന്നു സ്ഥാപനപ്രതിനിധി അഭിപ്രായപ്പെട്ടതു് എന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാർജ് (ഗവ. ചീഫ് സിക്രട്ടറി): സർ, ഇതൊരു സപ്ലിമെന്ററി ചോദ്യമാകുന്നുണ്ടോ? റാക്കഫെല്ലർ സ്ഥാപനപ്രതിനിധിയിൽനിന്നും വല്ല പദ്ധതിയും കിട്ടിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഒരു പകർപ്പുമേശപ്പുറത്തുവയ്ക്കുമോ എന്നുമാണ് മെമ്പർ ചോദിച്ചതു്. ഞാൻ അതിനു മറുപടിപറഞ്ഞു കഴിഞ്ഞു.

പ്രസിഡന്റ്. ഇതൊരു സപ്ലിമെന്ററി ചോദ്യമാകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വിധത്തിൽ ഈ ചോദ്യത്തിനു സ്ഥാനമുണ്ട്. റാക്കഫെല്ലർ സ്ഥാപനപ്രതിനിധി വല്ല പദ്ധതിയും ഗവണ്മെന്റിൽ സമർപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ ഒരു പകർപ്പു മേശപ്പുറത്തു വയ്ക്കുമോ എന്നും ആയിരുന്നു എന്റെ ചോദ്യം. മറുപടി മേശപ്പുറത്തു വച്ചിരിക്കുന്നു എന്നാണ്. മുഴുവൻ പദ്ധതിയും മേശപ്പുറത്തു വച്ചിട്ടുണ്ടോ അതോ പ്രധാനഭാഗങ്ങളെ ഉള്ളോ എന്ന് ഞാൻ ഒരു സപ്ലിമെന്ററി ചോദ്യം ചോദിച്ചു. ബഡ്ജറ്റ് എസ്റ്റിമേറ്റ് ഒഴിച്ച് മുഴുവനും മേശപ്പുറത്തിട്ടിരിക്കുന്നു എന്നായിരുന്നു മറുപടി.

പ്രസിഡന്റ്. ബഡ്ജറ്റ് പദ്ധതിയുടെ ഒരു ഭാഗമല്ല മുഴുവൻ പദ്ധതിയും മേശപ്പുറത്തു വച്ചിട്ടുണ്ട്.

തിരുവിതാംകൂറിലെ ആരോഗ്യ വകുപ്പു രൂപീകരണം.

ന. ൧൩. മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപറയുന്നവയുടെ മറുപടി പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

---

* അനുബന്ധം ൭൧ പുറം നം. ൦ നോക്കുക.

(എ) റോക്ക്ഫെല്ലർ സ്ഥാപകന്മാർ അയച്ചിട്ടുള്ള വിദഗ്ദ്ധന്മാർ ഇപ്പോൾ (എ എ ഠ ര - എ എ - എ ഒ) ശിശുക്കളുടെയും പ്രായപൂർത്തിയായവരുടെയും മരണത്തിനുള്ള കാരണങ്ങളും അതിനുള്ള പരിഹാരമാർഗ്ഗങ്ങളും കണ്ടുപിടിക്കുന്നതിനു ശ്രമിക്കുകയാണോ?

(ബി) ഇവിടെ ആരോഗ്യവകുപ്പു രൂപീകരിക്കുന്നതു സുഖക്കേടുകൾക്ക് പ്രതിവിധിമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനും പ്രതിവിധികൾ ആളുകൾക്ക് സമ്മതമാക്കുന്നതിനും അതിനുവേണ്ട പ്രചരണവേല നടത്തുന്നതിനും ആണോ?

(സി) ബി ഭാഗത്തിനു മറുപടി പ്രതികൂലമെങ്കിൽ ഈ പ്രത്യേക ആവശ്യത്തിലേക്ക് ഒരു ആരോഗ്യവകുപ്പിനും രൂപീകരണ ഏർപ്പാടുകൾക്കും മറ്റുമായി ഒരു സാനിട്ടറി വകുപ്പും രൂപീകരിക്കുന്നതിനു ഗവണ്മെന്റു വല്ല നടപടിയും നടത്തുന്നുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): (എ) റോക്ക്ഫെല്ലർസ്ഥാപനക്കാർ നമ്മുടെ ആവശ്യത്തിലേ വിട്ടു തന്നിട്ടുള്ള ഡാക്ടർ ഡബ്ലിയു. പി. ജാക്സ് ശിശുക്കളുടെയും പ്രായപൂർത്തി ആയവരുടെയും മരണകാര്യം അന്വേഷിക്കുന്നില്ല എന്നു അദ്ദേഹം റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ബി)-യും (സി)-യും പൊതുജനാരോഗ്യവകുപ്പിലേയ്ക്ക് ഒരു കാര്യപരിപാടിയും രൂപീകരണപദ്ധതിയും ഡാക്ടർ ജാക്സ് സമർപ്പിച്ചിട്ടുണ്ട്. അതു ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുന്നു.

റാക്കഫെല്ലർ സ്ഥാപനപദ്ധതി പ്രകാരം പരിശീലിപ്പിക്കാനുള്ള ഉദ്യോഗസ്ഥന്മാരുടെ തിരഞ്ഞെടുപ്പ്.

നം. ൭. മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): താഴെ പറയുന്നവയ്ക്കു മറുപടി പറയുന്നതിന് ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) റാക്കഫെല്ലർ സ്ഥാപനപദ്ധതിപ്രകാരം അമേരിക്കയിൽ അയച്ചു പരിശീലിപ്പിക്കുന്നതിനു ആദ്യം തിരഞ്ഞെടുത്ത രണ്ടുപേരുടെ പേരെന്തു? അവരുടെ വിദ്യാഭ്യാസയോഗ്യതകളെന്തു? അവർ ഏതു സമുദായത്തിൽപ്പെട്ടവരാണ്?

(ബി) ഇപ്പോൾ അമേരിക്കയിലേക്കയക്കണമെന്നുദ്ദേശിക്കുന്നതു ഇപ്രകാരം തിരഞ്ഞെടുത്ത രണ്ടു പേരെ തന്നെയാണോ?

(സി) ഇവരിൽ ഒരാളെ അമേരിക്കയിലേക്കയക്കുന്നില്ലെന്നുള്ളതു വാസ്തവമാണോ?

(ഡി) സി ഭാഗത്തിനുള്ള മറുപടി അനുകൂലമെങ്കിൽ അയാളുടെ പേരെന്തു? അയാളെ അയക്കാതിരിപ്പാനുള്ള കാരണമെന്തു അയാൾ ഏതു സമുദായക്കാരനാണ്.

(ഇ) തള്ളിക്കളഞ്ഞ ആളിനുപകരം വേറെ വല്ലവരെയും തിരഞ്ഞെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അയാളുടെ പേരെന്തു? വിദ്യാഭ്യാസയോഗ്യതകൾ എന്തു? ഏതുസമുദായക്കാരനാണ്?

(എഫ്) മെഡിക്കൽ സർവീസു ബോർഡിന്റെ ഏതെങ്കിലും മെമ്പറുമായി അയാൾക്ക ചാർച്ചയുണ്ടോ എന്ന് ഗവണ്മെൻറിനു അറിയാമോ?

(ജി) എഫ് ഭാഗത്തിനു മറുപടി പ്രതികൂലമെങ്കിൽ ഈ കാര്യത്തിൽ ഗവണ്മെൻറു വേണ്ട അന്വേഷണം നടത്തി അറിവു തരുമോ?

(എച്ച്) ആദ്യം തിരഞ്ഞെടുത്ത ആളിനെ തള്ളുന്നതിനു അപ്പോൾ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ലായിരുന്നയാളിനെ പ്രത്യേകം തിരഞ്ഞെടുത്തയക്കുന്നതിനും ഗവണ്മെൻറിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തു്.

മി. കെ. ജാർജ്ജ് (ഗവ. ചീഫ് സെക്രട്ടറി): (എ) ഡാക്ടർ എം. കെ. ഗോപാലപിള്ളയും മി. സി കെ. ജാർജ്ജും എം. ആർ. സി. എസ്സ്. (എഡിൻ) എൽ. ആർ. സി. പി. ഡി. പി. എച്ച്. (ലണ്ടൻ) എഫ്. ആർ. എസ്സ്. ട്രോപ്പ് എം. എച്ച്. എഫ്. ആർ. ഐ. പി. എച്ച്. ഇവകളാണ് ഡാക്ടർ എം. കെ. ഗോപാലപിള്ളയുടെ യോഗ്യതകൾ. മി. സി. കെ. ജാർജ്ജ് മദ്രാസ് സർവകലാശാലയിലെ ബാച്ചിലർ ഓഫ് മെഡിസിൻ ആണ്. ഡാക്ടർ എം. കെ. ഗോപാലപിള്ള നായർ സമുദായാംഗവും മി. സി. കെ. ജാർജ്ജ് ആംഗ്ലേയ ക്രസ്ത്യീയ സമുദായാംഗവും ആണ്.

(ബി) അല്ല.

(സി) അതെ.

(ഡി) മി. സി. കെ. ജാർജ്ജ് ആംഗ്ലേയക്രസ്ത്യാനിയാണ് ജോലിസംബന്ധമായി നല്ല നൈപുണ്യവും ശാസ്ത്രീയയോഗ്യതകളും പൊതുജനാരോഗ്യവേലയിൽ നേരിട്ടുപരിചയവുമുള്ള ആളുകളെ മാത്രമേ കഴിയുന്നതും തിരഞ്ഞെടുക്കാവൂ എന്നുള്ള റാക്കഫെല്ലർ സ്ഥാപനക്കാരുടെ അഭിപ്രായം മൂലമാണ്. മി. സി. കെ. ജാർജ്ജിനെ അവസാനമായി തിരഞ്ഞെടുക്കാഞ്ഞതു്.

(ഇ) ഉണ്ട്. മി. എൻ. കൃഷ്ണൻതമ്പി. ഇദ്ദേഹം മദ്രാസ് സർവകലാശാലയിലെ ബാച്ചിലർ ഓഫ് മെഡിസിനും ബാച്ചിലർ ഓഫ് സാനിട്ടറി സയൻസുമാണ്. നായർസമുദായത്തിലുൾപ്പെട്ടയാളുമാണ്.

(എഫ്) ഉണ്ട്.

(ജി) എഫ് ഭാഗത്തിനുള്ള മറുപടി നിമിത്തം ഈ ചോദ്യത്തിനു അവകാശമില്ല.

(എച്ച്) ഡി ഭാഗംമറുപടിയിലേക്ക മെമ്പറിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

റോക്ക്ഫെല്ലർ സ്കാളർഷിപ്പിനുള്ള തിരഞ്ഞെടുപ്പ്.

നം. ൮. മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും): താഴെപ്പറയുന്നവയ്ക്കു മറുപടി പറയുന്നതിന് ഗവണ്മെൻറിനു ദയവുണ്ടാകുമൊ?

(എ) റാക്കഫെല്ലർ സ്കോളർഷിപ്പിന് അവസാനമായി തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പേരുകൾ;

(ബി) അവരുടെ യോഗ്യതകൾ എന്തു്?

(സി) തിരഞ്ഞെടുപ്പു എന്തിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു?

(ഡി) മെഡിക്കൽസർവീസിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോർഡു്, ഡാക്ടർ സി. കെ. ജോർജ്ജിനെ ഈ സ്കോളർഷിപ്പിനു ശുപാർശ ചെയ്യുകയും ഗവണ്മെൻറു തിരഞ്ഞെടുക്കുകയും ചെയ്തതായിരുന്നോ?

(ഇ) ഡി ഭാഗത്തിന് മറുപടി അനുകൂലമെങ്കിൽ അവസാന തിരഞ്ഞെടുപ്പിൽ അയാളുടെ പേർ തള്ളിക്കളവാൻ കാരണമെന്തു്?

(എഫ്) ഡാക്ടർ സി. കെ. ജോർജ്ജിന്റെ യോഗ്യതകൾ എന്തു്?

(ജി) ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരിൽ ആരെങ്കിലും ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർക്ക ബന്ധമുണ്ടോ?

(എച്ച്) ജീ-ക്ക് മറുപടി അനുകൂലമെങ്കിൽ എന്തുബന്ധമാണുള്ളതു്;

(ഐ) ഈ മൂന്നു ഉദ്യോഗസ്ഥന്മാരുടെയും സിവിൽലിസ്റ്റുപ്രകാരമുള്ള ഇപ്പോഴത്തെ വയസ്സു എന്തു്?

മി. കെ. ജോർജ്ജ് (ഗവ: ചീഫ്സിക്രട്ടറി): (എ) ഡാക്ടർ ഗോപാലപിള്ളയും മി. എൻ. കൃഷ്ണൻതമ്പിയും.

(ബി) ഡാക്ടർ ഗോപാലപിള്ളയുടെ യോഗ്യതകൾ എം. ആർ. സി. എസ്സ്. (എഡിൻ) എൽ. ആർ. സി. പി.-യും ഡി. പി. എച്ചും (ലണ്ടൻ) എഫ്. ആർ. സി. എസ്സ്. (ഗ്ലാസ്ഗോ) എം. എ-ഉം എഫ്. ആർ. ഐ. പി. എച്ച്.

മിസ്റ്റർ കൃഷ്ണൻതമ്പിയുടെ യോഗ്യതകൾ, എം. ബി. സി എം., ബി. എസ്സ്. എസ്സ്സി. (മദ്രാസ്).

(സി) ജോലിയിൽ നല്ല നൈപുണ്യവും ഉയർന്ന ശാസ്ത്രീയയോഗ്യതകളും ഉള്ള ആളുകളെ വേണം ക്ഷണിക്കുന്നതു തിരഞ്ഞെടുക്കേണ്ടതു്, എന്നു റാക്കഫെല്ലർ സ്ഥാപനക്കാർ ആവശ്യപ്പെട്ടു. അപ്രകാരം ഈ യോഗ്യതകൾ ഉള്ള ഡാക്ടർ ഗോപാലപിള്ളയും, മി. എൻ. കൃഷ്ണൻതമ്പിയും തിരഞ്ഞെടുക്കപ്പെട്ടു.

(ഡി) അതെ.

(ഇ) സിലോണിലുള്ള മറുപടിയിലേക്ക മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(എഫ്) അദ്ദേഹം ഒരു ബാച്ചിലർ ഓഫ് മെഡിസിൻ ആണ് (എം. ബി. ബി. എസ്സ്.)

(ജി) മി. കൃഷ്ണൻതമ്പി ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസരുടെ ബന്ധുവാണ്.

(എച്ച്) അനന്തിരവനും ജാമാതാവും.

(ഐ) ഡാക്ടർ ഗോപാലപിള്ളയ്ക്കും, മി. സി. കെ. ജോർജ്ജിനും നല്പ വയസ്സുണ്ട്. മി. കൃഷ്ണൻതമ്പി ഗവർമെന്റുസർവീസിൽ അല്ലാത്തതുകൊണ്ടു അയാളുടെ പേർ സിവിൽലിസ്റ്റിലില്ല. അയാൾക്ക നല്പ വയസ്സുണ്ടെന്നു കേൾക്കുന്നു.

തെക്കെഇൻഡ്യയിലെ നാട്ടുരാജ്യപ്രജാസമ്മേളനത്തിൽ പാസ്സാക്കിയ നിശ്ചയങ്ങൾ.

നം. മി. ഏ. ജി. മേനോൻ (പറവൂർ): കുറെമാസങ്ങൾക്കുമുമ്പു തിരുവനന്തപുരത്തു നടത്തിയ നാട്ടുരാജ്യപ്രജാസമ്മേളനത്തിൽ പാസ്സാക്കിയ നിശ്ചയങ്ങളുടെ പകർപ്പുകൾ കിട്ടിയിട്ടുണ്ടോ എന്നു പറയുന്നതിനു ഗവർമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ഗവ: ചീഫ്സിക്രട്ടറി): മറുപടി പ്രതികൂലമാണ്.

ആലപ്പുഴയിലെ ഡ്രെയിനേജ്.

നം. മി. പി. എസ്സ്. മഹമ്മദ (നിയമിതമെമ്പർ): (എ) ആലപ്പുഴയിലെ ഡ്രെയിനേജു വളരെ അതൃപ്തികരമായ നിലയിലിരിക്കുന്നുവെന്നും;

(ബി) പല റോഡുകളും അരികിലുള്ള പുരയിടങ്ങളും മഴക്കാലത്തു മുങ്ങിപ്പോകുന്നു എന്നും;

(സി) പട്ടണത്തിന്റെ ചില ഭാഗങ്ങളിൽ വെള്ളം ഒഴുകിപ്പോകുന്നതിനായി കലുങ്കുകളോ മററു വെള്ളച്ചാലുകളോ ഇല്ല എന്നും ഗവർമെന്റിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റു സിക്രട്ടറി): (എ) ആലപ്പുഴപട്ടണത്തിലെ ഡ്രെയിനേജു തൃപ്തികരമല്ലെന്നു കേട്ടിട്ടുണ്ട്.

(ബി) ചില റോഡുകളും അരികിലുള്ള പുരയിടങ്ങളും മഴക്കാലത്തു വെള്ളത്തിനടിയിലാകുന്നുണ്ട്.

(സി) പട്ടണത്തിന്റെ ചില ഭാഗങ്ങളിൽ നല്ല കലുങ്കുകളോ മററു വെള്ളച്ചാലുകളോ ഇല്ല.

മി. പി. എസ്സ്. മഹമ്മദ (നിയമിതമെമ്പർ): പാർട്ട ഏ-യും ബീ-യും ഈ ന്യൂനതകളെ പരിഹരിക്കുന്നതിനുവേണ്ടി വല്ലതും ചെയ്യുന്നതിനു ഗവർമെന്റു വിചാരിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റു സിക്രട്ടറി): അതു മുൻസിപ്പാലിറ്റിയിൽനിന്നു ചെയ്യേണ്ടതാണ്.

മി. പി. എസ്സ്. മഹമ്മദ (നിയമിതമെമ്പർ): മുൻസിപ്പാലിറ്റിക്ക റോഡുകളുടെ മെയിന്റനൻസല്ലാതെ ഡ്രെയിനേജിനെസംബന്ധിച്ച ജോലികൾ ഏല്പിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസിക്രട്ടറി): പ്രത്യേകിച്ചു ഏല്പിച്ചിട്ടില്ല. ഡ്രെയിനേജു മുൻസിപ്പാലിറ്റിയുടെ ചുമതലയിലുൾപ്പെട്ടതാണ്.

മി. പി. എസ്സ്. മഹമ്മദ (നിയമിതമെമ്പർ): കറവർട്ട്സ് നന്നാക്കേണ്ട ജോലി ആരുടേതാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസിക്രട്ടറി): മുൻസിപ്പാലിറ്റിയിൽചേർന്ന സ്ഥലമാണെങ്കിൽ അവർതന്നെ ചെയ്യേണ്ടതാണ്.

മി. പി. എസ്സ്. മഹമ്മദ (നിയമിതമെമ്പർ): മുൻസിപ്പാലിറ്റിക്ക റോഡിന്റെ മെയിന്റനൻസുതന്നെ നടത്താൻ വളരെ പ്രയാസമാണെന്നറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റു സിക്രട്ടറി): ശരിയായിരിക്കാം.

മി. പി. എസ്സ്. മഹമ്മദ (നിയമിതമെമ്പർ): ഈ ഘട്ടത്തിൽ മുൻസിപ്പാലിറ്റിയിൽനിന്നു റോഡല്ലാതെ കറവർട്ട്സോ ഡ്രെയിനേജോ എടുത്തുകൊള്ളാമെന്നു എഴുതിഅയച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസിക്രട്ടറി): റോഡു എടുത്തുകൊള്ളാമെന്നു മുൻസിപ്പാലിറ്റി സമ്മതിച്ചു. അതിനകത്തുള്ള ഡ്രെയിനേജും കറവർട്ട്സും നന്നാക്കേണ്ടതു അവരുടെ ജോലിയാണ്.

മി. പി. എസ്സ്. മഹമ്മദ (നിയമിതമെമ്പർ): കറവർട്ട്സ് നന്നാക്കുന്നതിനുള്ള അധികാരം പി. ഡബ്ലിയു. ഡി.-ക്കാണെന്നറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റു സിക്രട്ടറി): മുൻസിപ്പാലിറ്റിയില്ലാത്ത സ്ഥലങ്ങളിൽ പി. ഡബ്ലിയു. ഡി.-യാണു ചെയ്യുന്നതു്.

മി. പി. എസ്സ്. മഹമ്മദ (നിയമിതമെമ്പർ): ആലപ്പുഴയിൽ ഇങ്ങിനെ ചെയ്തുവരുന്നുണ്ടെന്നു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): ചില വേലകഠം ചെയ്യുന്നുണ്ട്.

മി. പി. എസ്സ്. മഹമ്മദ (നിയമിതമെമ്പർ): ഇങ്ങിനെ ആലപ്പുഴ മുൻസിപ്പാലിററിതന്നെ ഈ വേലകഠം ചെയ്യണമെന്നാണോ പറയുന്നത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): സാധാരണ മുൻസിപ്പാലിററിയുള്ള സ്ഥലങ്ങളിൽ ഈ വേലകഠം പി. ഡബ്ലിയു. ഡി. ചെയ്യാറില്ല. അതിനെപ്പററി ഇപ്പോഠം എഴുത്തുകുത്തു നടന്നുവരികയാണ്.

പോലീസ ഇൻസ്പെക്ടർമാരായി നിയമിക്കപ്പെട്ടിട്ടുള്ള ഹെഡ്കാൺസ്റ്റബിഠംമാരെയും ഗുമസ്താക്കളെയും പററിയുള്ള വിവരങ്ങഠം.

നം. ൮. മി. ആർ. രാമൻപിള്ള (കോട്ടയം): ൧൧൧൨-ലും അതിനുമുമ്പും പോലീസ് ഇൻസ്പെക്ടർമാരായി പകരം ജോലിവഹിച്ചിട്ടുള്ള ഹെഡ്കാൺസ്റ്റബിഠംമാരുടെയും ഗുമസ്താക്കളുടെയും താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ചുള്ള വിവരങ്ങഠം കാണിക്കുന്ന ഒരു സ്റ്റേററുമെന്റ മേശപ്പുറത്തുവയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) അവരുടെ പേരുകഠം;

(ബി) അവരുടെ യോഗ്യതകഠം;

(സി) അവരുടെ ആകെ സർവീസ്;

(ഡി) അവരെ ആദ്യം ഇൻസ്പെക്ടർമാരായി നിയമിച്ച തീയതികഠം;

(ഇ) ആ തീയതി അവക്കുള്ള ശമ്പളം:

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സിക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ *സ്റ്റേററുമെന്റ മേശപ്പുറത്തിട്ടിരിക്കുന്നു.

മൂവാററുപുഴതാലൂക്കിലെ മുസ്ലീമങ്ങഠം, മുസ്ലീംവിദ്യാത്ഥികഠം മുതലായവരെപ്പററിയുള്ള വിവരങ്ങഠം.

നം. ൯. മി. പി. എസ്സ്. മഹമ്മദ (നിയമിതമെമ്പർ): താഴെപ്പറയുന്ന കാര്യങ്ങളെപ്പററി ഒരു സ്റ്റേററുമെന്റ മേശപ്പുറത്തിടുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ;

(എ) മൂവാററുപുഴതാലൂക്കിലെ മുസ്ലീമങ്ങളുടെ എണ്ണം;

(ബി) ഈ താലൂക്കിലെ ഓരോ എലിമെന്ററി സ്കൂളുകളിലുമുള്ള മുസ്ലീംവിദ്യാത്ഥികളുടെ എണ്ണം;

(സി) ഈ ഓരോ സ്കൂളുകളിലെ അറബി മുൻഷിമാരുടെ അഥവാ കുറാൻ അദ്ധ്യാപകന്മാരുടെ എണ്ണം;

(ഡി) മുഹമ്മദീയക്കുള്ള പ്രത്യേക വിദ്യാലയങ്ങളുടെ എണ്ണം?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സിക്രട്ടറി): മൂവാററുപുഴയിലെ ഇന്നത്തെ മുസ്ലീംജനസംഖ്യയെപ്പററി ശരിയായ അറിവില്ല. ൧൧൦൬-ലെ സെൻസസ് അനുസരിച്ചു ഈ താലൂക്കിലെ മുസ്ലീം ജനസംഖ്യ ൧൨,൭൦൭ ആണ്.

(ബി-യും സി-യും) ചോദിച്ച ഭാഗങ്ങളെപ്പററി അറിവുതരുന്ന §സ്റ്റേററുമെന്റ മേശപ്പുറത്തിട്ടിരിക്കുന്നു.

(ഡി) ഈ താലൂക്കിൽ മഹമ്മദീയക്കു പ്രത്യേക വിദ്യാലയമൊന്നുമില്ല.

നാഗർകോവിൽ ഹൈസ്കൂഠം.

നം. ൧൦. മി. ആർ. കേശവപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): (എ) നാഗർകോവിലെ പുതിയ ഹൈസ്കൂളിനു കെട്ടിടംകെട്ടിക്കുന്നതിനും അതിനുള്ള ഉപകരണങ്ങഠംക്കും കൂടി എന്തു ചിലവാകുമെന്നും;

(ബി) അവിടെ എത്ര കുട്ടികഠംക്കു പഠിക്കുന്നതിനു സൌകര്യമുണ്ടെന്നും;

(സി) ഇപ്പോഠം (൧൧൦൮ മിഥുനത്തിൽ) ഈ സ്കൂളിൽ എത്രകുട്ടികളുണ്ടെന്നും പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രിട്ടറി): (എ) ൬൨,൭൦൭ രൂപാ.

(ബി) അസംബ്ലി ഹാഠം, എക്സാമിനേഷൻ ഹാഠം, ആഫീസുമുറി മുതലായി പ്രത്യേകആവശ്യങ്ങഠംക്കു തിരിച്ചിട്ടിരിക്കുന്ന ശാലകളും മുറികളും ഒഴിച്ചാൽ നാഗർകോവിൽ സെന്റ് ലക്ഷ്മിഭായി ഇംഗ്ലീഷ് ഹൈസ്കൂളിലെ പുതിയ കെട്ടിടത്തിൽ ൯൮൦ കുട്ടികഠംക്കു സ്ഥലസൌകര്യമുണ്ടു.

(സി) ൧൨൫൯.

അപ്പിക്കഠംച്ചറൽ അസിസ്റ്റന്റ.

നം. ൧൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന ചോദ്യങ്ങഠംക്കുത്തരം പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) ൧൧൦൬-ൽ തിരുവനന്തപുരം പട്ടണത്തിൽ കൃഷിവക തേനീച്ചക്കൂടുകളുടെ എണ്ണം കുറഞ്ഞിരുന്നുവെന്നും അഗ്രിക്കഠംച്ചറൽ അസിസ്റ്റന്റിന്റെ ഉദാസീനതനിമിത്തം മറ്റുകൂടുതേനീച്ചക്കൂട്ട മോശമായിപ്പോയി എന്നും തന്നാണ്ടത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ വ്യവസായ ഡയറക്ടർ പ്രസ്താവിച്ചിരുന്നോ?

(ബി) അഗ്രിക്കഠംച്ചറൽ അസിസ്റ്റന്റിന്റെ പേരിൽ കുററാരോപണം ചെയ്തിരുന്നോ ചെയ്തിരുന്നെങ്കിൽ എന്തു?

(സി) അഗ്രിക്കഠംച്ചറൽ അസിസ്റ്റന്റിന്റെപേരിൽ ആരോപിക്കപ്പെട്ട കുററങ്ങഠംക്കു വിചാരണകഠം നടത്തപ്പെട്ടോ നടത്തപ്പെട്ടെങ്കിൽ അവയുടെ ഫലം?

(ഡി) ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ അവസാനതീർച്ചയുടെ ഒരു പകപ്പോ കുറഞ്ഞപക്ഷം ഒരു ചുരുക്കമോമേശപ്പുറത്തിടുമോ?

---

*അനുബന്ധം ൧൨ പുറം ൭൭ നോക്കുക.

§അനുബന്ധം ൮ നം. എ, ൮ നം. ബി പുറം ൭൦ നോക്കുക.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ഉവ്വ്.

(ബി) ചെയ്തിരുന്നു. എന്നാൽ അതു വെളിപ്പെടുത്തുവാൻ ഗവണ്മെന്റ് വിചാരിക്കുന്നില്ല.

(സി) ആരോപണങ്ങളെപ്പററി ഗവണ്മെന്റ് വിചാരണ നടത്തി. തൽഫലമായി അഗ്രിക്കൾച്ചറൽ അസിസ്റ്റന്റിനു തന്റെ നടപടിയിൽ നയവും ഔചിത്യവും കുറവാണെന്നും മേലധികാരിയോടുള്ള അയാളുടെ പെരുമാററം തന്റെ കീഴിലുള്ള ഒരു കീഴ്ജീവനക്കാരനിൽ നിന്നും ആശിക്കാവുന്നതല്ലായിരുന്നു എന്നും കാണപ്പെട്ടു.

(ഡി) അയാളെ താക്കീതു ചെയ്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഉദ്യോഗസ്ഥന്റെ പേരിലുള്ള ആരോപണങ്ങൾ അന്വേഷണത്തിൽ വാസ്തവമെന്നു കാണപ്പെട്ടോ എന്നു മെമ്പറിൽനിന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അന്വേഷണത്തിന്റെ ഫലം സി ഭാഗം മറുപടിയിൽ തന്നിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബി ഭാഗത്തെ സംബന്ധിച്ചിടത്തോളം, ഗവണ്മെന്റ് ആരോപണങ്ങൾ എന്തെന്നു വെളിപ്പെടുത്താൻ വിചാരിക്കുന്നില്ലെന്നു പറഞ്ഞു. ആരോപണങ്ങൾ എന്തെന്നറിഞ്ഞിട്ടാവശ്യമില്ല. അന്വേഷണത്തിന്റെ ഫലം എന്താണെന്നും, ഈ ഉദ്യോഗസ്ഥന്റെ പേരിലുള്ള ആരോപണങ്ങൾ വാസ്തവമെന്നു കാണപ്പെട്ടോ എന്നും അറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സി ഭാഗത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പറഞ്ഞിട്ടില്ല.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പറഞ്ഞിട്ടുണ്ട്. അതു ഇപ്രകാരമാണ്. ആരോപണങ്ങളെപ്പററി ഗവണ്മെന്റ് വിചാരണനടത്തിയതിന്റെ ഫലമായി അഗ്രിക്കൾച്ചറൽ അസിസ്റ്റന്റിനു തന്റെ നടപടിയിൽ നയവും ഔചിത്യവും കുറവാണെന്നും മേലധികാരികളോടുള്ള അയാളുടെ പെരുമാററം തന്റെ കീഴിലുള്ള ഒരു കീഴ്ജീവനക്കാരനിൽനിന്നും ആശിക്കാവുന്നതല്ലായിരുന്നുവെന്നും കാണപ്പെട്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ തീർച്ചക്കനുസരണമായിരുന്നോ ആരോപണങ്ങൾ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതുതന്നെയല്ലായിരുന്നു ആരോപണം, വേറെയും ആരോപണങ്ങളുണ്ടായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മററാരോപണങ്ങൾ വാസ്തവമെന്നു കാണപ്പെട്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉദ്യോഗസ്ഥൻ കുററക്കാരനെന്നു കാണപ്പെട്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതേഡിപ്പാർട്ടുമെന്റിലോ മറെറാഡിപ്പാർട്ടുമെന്റിലോ ഈ ഉദ്യോഗസ്ഥൻ ഇപ്പോൾ ജോലിനോക്കുന്നതു്?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കൃഷിവകുപ്പിൽ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴും അയാളുടെപേരിൽ വല്ല പരാതിയുമുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഞാൻ കേട്ടിട്ടില്ല.

പോലീസ്കമ്മീഷണർ പുറപ്പെടുവിച്ച ഒരു സർക്കുലർ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] ഫെബ്രുവരി [illegible]-നു തിരുവിതാംകൂർ പോലീസ്കമ്മീഷണർ പുറപ്പെടുവിച്ച [illegible]-ാംനമ്പർ സർക്കുലറിന്റെ ഒരു പകർപ്പുവരുത്തി മേശപ്പുറത്തിടുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കല്ലാമം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർക്കുലറിന്റെ ഒരുപകർപ്പു *മേശപ്പുറത്തിട്ടിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു സ്റ്റേഷന്റെ ചാർജ്ജുവഹിക്കുന്ന പോലീസ് ഉദ്യോഗസ്ഥനു മുറിവേററയാളിനെ നോക്കിയതുകൊണ്ടുമാത്രം മുറിവു [illegible]-ാം വകുപ്പോ [illegible]-ാം വകുപ്പോ എന്നുപറവാൻ സാധിക്കുമോ എന്നറിഞ്ഞാൽകൊള്ളാം.

മി. കല്ലാമം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ഓരോകേസിന്റേയും പരിതസ്ഥിതികളെ അനുസരിച്ചിരിക്കും. സങ്കല്പിതമോ സാമാന്യമോ ആയ ഒരു ചോദ്യത്തിനു മറുപടിപറയുവാൻ നിവൃത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പോലീസ് ഉദ്യോഗസ്ഥനെപ്പോലെയുള്ള ഒരു സാധാരണക്കാരനു ഒരു പ്രത്യേകകേസ് [illegible] ഏതിലുൾപ്പെട്ടതാണെന്നു മനസ്സിലാക്കാൻ കഴിയുമോ

മി. കല്ലാമം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സാധിക്കാനും സാധിക്കാതിരിക്കാനുംമതി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സ്വഭാവമുള്ള ഒരു സാങ്കേതികകാര്യം നിർണ്ണയിക്കുന്നതിനു തക്ക വൈദഗ്ദ്ധ്യം ഒരു പോലീസ്സ്റ്റേഷന്റെ ചാർജ്ജുവഹിക്കുന്ന പോലീസുദ്യോഗസ്ഥനുണ്ടോ എന്നാണ് എന്റെ ചോദ്യം.

മി. കല്ലാമം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതിനു സാങ്കേതികജ്ഞാനം എപ്പോഴും ആവശ്യമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പ്രത്യേകതരത്തിലുള്ള മുറിവു ഒരു പ്രത്യേകവകുപ്പിൽപ്പെടുമോ എന്നു നിർണ്ണയിക്കുന്നതെന്ത്?

മി. കല്ലാമം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): എന്റെ അഭിപ്രായത്തിൽ അതിനു എപ്പോഴും സാങ്കേതികജ്ഞാനം ആവശ്യമില്ല. ചിലപ്പോൾ ആവശ്യപ്പെട്ടേക്കാം, എന്നാൽ എപ്പോഴുമില്ല.

---

* അനുബന്ധം [illegible] പുറം നോക്കുക.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഗവർമ്മെന്റ ഉത്തരവു ക്രിമിനൽ നടപടിനിയമത്തിന്റെ വകുപ്പുകളെ അതിലംഘിക്കയല്ലേ ചെയ്യുന്നതു എന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അല്ല. അപ്രകാരമാണെന്നു ഉദ്ദേശിച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഗവർമ്മെന്റ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തി അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർ ആളുകളോടു അക്രമം പ്രവൃത്തിക്കുന്നുണ്ടെന്നു ഗവർമ്മെന്റിനു അറിയാമോ എന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഗവർമ്മെന്റിനു അറിവില്ല. മെമ്പർ അപ്രകാരം ഉറപ്പുപറയുകയാണെങ്കിൽ പോലീസ്കമ്മീഷണരെ അറിയിക്കാം. ഗവർമ്മെന്റ ഉത്തരവെന്നു മി. നീലകണ്ഠപ്പിള്ള പറഞ്ഞതു സർക്യുലറിനെ ഉദ്ദേശിച്ചാണെന്നു ഞാൻ വിചാരിക്കുന്നു.

സംസ്കൃതകയ്യെഴുത്തു പ്രസിദ്ധപ്പെടുത്തുന്ന ക്യൂറേറററുടെ ആഫീസിൽനിന്നും
ഒരു സംസ്കൃതഗ്രന്ഥം നഷ്ടപ്പെട്ടതു്.

൯൨൯. മി. കെ. എൻ. കേശവൻനമ്പൂരിപ്പാടു (ജന്മികൾ):

എ. സംസ്കൃതകയ്യെഴുത്തുകൾ പ്രസിദ്ധപ്പെടുത്തുന്ന ക്യൂറേറററുടെ ആഫീസിൽനിന്നും ഗവർമ്മെന്റ ചിലവിന്മേൽ പകർത്തപ്പെട്ട ഒരു സംസ്കൃതഗ്രന്ഥം നഷ്ടപ്പെട്ടിട്ടുണ്ടോ എന്നും,

ബി. അതും അതിന്റെ പകർപ്പുകളും നഷ്ടപ്പെട്ടെങ്കിൽ ആ കാര്യത്തിൽ ഗവർമ്മെന്റ എന്തു നടപടി നടത്തിയെന്നും പറയുന്നതിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സെക്രട്ടറി):

എ. സംസ്കൃതകയ്യെഴുത്തുകൾ പ്രസിദ്ധപ്പെടുത്തുന്ന ക്യൂറേറററുടെ ആഫീസിൽനിന്നും ഗവർമ്മെന്റ ചിലവിൽ പകർത്തപ്പെട്ട ഒരു കയ്യെഴുത്തുഗ്രന്ഥവും നഷ്ടപ്പെട്ടിട്ടില്ലാ. എന്നാൽ മലയാളം ക്യൂറേറററുടെ ആഫീസിൽനിന്നും അവിടത്തെ റിക്കാർഡുകളെ സംസ്കൃതംകയ്യെഴുത്തുകൾ പ്രസിദ്ധപ്പെടുത്തുന്ന ക്യൂറേറററുടെ ആഫീസിലേക്കു മാററിയപ്പോൾ ആ ആഫീസിലെ ചില കയ്യെഴുത്തുകളും അവയുടെ പകർപ്പുകളും നഷ്ടപ്പെട്ടതായി കാണുന്നു.

ബി. ക്യൂറേറർ ഇക്കാര്യത്തെപ്പററി അന്വേഷിച്ചു, ഗവർമ്മെന്റിലേക്കു റിപ്പോർട്ടുചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ടു്.

മി. കെ. എൻ. കേശവൻനമ്പൂരിപ്പാടു (ജന്മികൾ): മറുപടിയുടെ അവസാനഭാഗം സംബന്ധിച്ചിടത്തോളം ക്യൂറേറററുടെ ആഫീസിൽനിന്നും എത്ര കയ്യെഴുത്തുഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സെക്രട്ടറി). ൨൪ കയ്യെഴുത്തു ഗ്രന്ഥങ്ങളും ൩ പകർപ്പുകളും.

മി. കെ. എൻ. കേശവൻനമ്പൂരിപ്പാടു (ജന്മികൾ): ഇക്കാര്യത്തെപ്പററി അന്വേഷിപ്പാൻ ക്യൂറേറററോടു ആവശ്യപ്പെട്ടതു എന്നാണെന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സെക്രട്ടറി): ൧൧൨൪ ജൂൺ ൩-നു.

മി. കെ. എൻ. കേശവൻനമ്പൂരിപ്പാടു (ജന്മികൾ): ഈ ഉദ്യോഗസ്ഥൻ റിപ്പോർട്ടു സമർപ്പിച്ചോ എന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സെക്രട്ടറി): ഇല്ല.

മോട്ടോർകാറുകളുടേയും ബസ്സുകളുടേയും പരിശോധന.

൯൩൦. മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്നവയുടെ ഉത്തരം പറയുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

എ. ഈ രാജ്യത്തു ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകൾക്കും കാറുകൾക്കും അവയ്ക്കു തക്ക ശക്തിയുണ്ടോ എന്നു പരിശോധിച്ചാണോ ലൈസൻസു കൊടുത്തിട്ടുള്ളതു്?

ബി. ഇപ്പോൾ ൧൯-൧൧-൧൦൨൪-ൽ ബസ്സുകളും കാറുകളും പരിശോധിക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന ആളുകളുടെ പേരുകൾ.

സി. മേൽപ്പറഞ്ഞ ജോലിക്കു വല്ല പ്രൈവററ ഏജൻസികളേയും ഏർപ്പെടുത്തിയിട്ടുണ്ടോ?

(ഡി). സി ഭാഗത്തിനു മറുപടി അനുകൂലമെങ്കിൽ ആ ഏജൻസികളുടെ പേരുകൾ.

ഇ. കാറുടമസ്ഥന്മാർ ഇവക്കു (പ്രൈവററ ഏജൻസികൾക്കു) വല്ല ഫീസും കൊടുക്കണമോ?

എഫ്. കൊടുക്കണമെങ്കിൽ ഫീസിന്റെ നിരക്കെന്തു്,

ജി. അവക്കു അതിന്റെ ഓഹരിവല്ലതും ലഭിക്കുന്നുണ്ടോ?

എച്ച്. ഈ ഏജൻസികൾക്കു ലഭിക്കുന്ന ഫീസിന്റെ വല്ല കണക്കും ഗവർമ്മെന്റിൽ സമർപ്പിക്കുന്നുണ്ടോ?

ഐ. ഇവക്കു (പ്രൈവററ ഏജൻസികൾക്കു) പരിശോധനയിൽ വല്ല ഉത്തരവാദിത്വവുമുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി):

എ. അതേ. ൧൦൯൯-ലെ മോട്ടോർപരിശോധന ചട്ടങ്ങളോടുചേർത്തുള്ള (ജി) പെർമിററിലെ വ്യവസ്ഥകൾക്കു അധീനമായ, കൂലിക്കു ഓടുന്ന പൊതുയാത്രാവാഹനങ്ങൾക്കുമാത്രമേ പരിശോധന നിർബന്ധമാക്കിയിട്ടുള്ളു.

ബി. അധികാരപ്പെടുത്തിയ പരിശോധകന്മാരുടെ *ലിസ്റ്റ മേശപ്പുറത്തിട്ടിരിക്കുന്നു.

സി-ഉം ഡി-ഉം. ബി ഭാഗത്തിന്റെ മറുപടിയിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

ഇ-ഉം എഫ്-ഉം. അനുദ്യോഗസ്ഥപരിശോധകന്മാർക്കു ഒരു ടണ്ണിൽ കൂടുതൽ തൂക്കമുള്ള വാഹനങ്ങൾക്കു ൨൦ രൂപായും ഒരു ടണ്ണും അതിൽ കുറവും തൂക്കമുള്ള വാഹനങ്ങൾക്കു ൧൫ രൂപായും ഫീസു അനുവദിച്ചിട്ടുണ്ടു.

---

* അനുബന്ധം ൭൭ പുറം നോക്കുക.

ജി. പരിശോധകനു നിശ്ചയിച്ചിരിക്കുന്ന പ്രതിഫലം ചുമത്തിയിരിക്കുന്ന ഫീസാണ്.

എച്ച്. ഇല്ല.

ഐ. ഉണ്ട്, അവരോട് സമാധാനംചോദിക്കും. വല്ല വീഴ്ചയുംകണ്ടാൽ പരിശോധകന്മാരുടെ ലിസ്റ്റിൽനിന്നും അവരെ നീക്കംചെയ്യുന്നതുമാണ്.

ചേർത്തലതാലൂക്കിലെ പബ്ലിക്കവർക്ക്സ്.

൩൩൪. മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപറയുന്നവയ്ക്കു മറുപടിപറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

എ. ൧൧൨൮-ൽ പുതുതായി അനുവദിച്ചതുംമുമ്പുതന്നെ അനുവദിച്ചിട്ടുള്ളതുമായ റോഡുകളുടേയും കനാൽകളുടേയും കലുങ്കുകളുടേയും കെട്ടിടങ്ങളുടേയും മററും പണിക്കു ൧൧൨൮-ലേക്കു അനുവദിച്ചിട്ടുള്ള പണം എത്ര?

ബി. മേൽപ്പറഞ്ഞ ഓരോപണിക്കും ൧൧൨൮ മിഥുനം ൧൫-നുവരെ ചിലവായതുക എത്ര?

സി. ഇതുവരെ ഏതെങ്കിലും പുതിയ റോഡുകൾ വെട്ടുവാൻതുടങ്ങിയോ?

ഡി. തുടങ്ങിയെങ്കിൽ അവയുടെ പേരുകൾ:

ഇ. ഇതുവരെ ഈ ഓരോറോഡിനും ചിലവായതുക എത്ര?

എഫ്. ചേർത്തലമുതൽ ൫-ാമത്തെ മൈൽക്കററിവരെ ചേർത്തല അരൂക്കുററിറോഡിന്റെ ഘനവും വീതിയും എത്ര?

ജി. ൫-ാം മൈൽക്കുററിമുതൽ വടക്കോട്ടു ഈ റോഡിന്റെ ഘനവും വീതിയും എത്ര?

എച്ച്. ൫-ാം മൈൽക്കുററിവരെ ഇനിയും പൂർത്തിയാക്കേണ്ട പാലങ്ങളുടേയും കലുങ്കുകളുടേയും എണ്ണം എത്ര?

ഐ. മോട്ടോർവാഹനങ്ങൾക്കു ഉപയോഗയോഗ്യമായവിധത്തിൽ ഈ റോഡു എപ്പോഴേക്കു പൂർത്തിയാകും?

ജെ. ചേർത്തലതാലൂക്കിൽ പലസ്ഥലങ്ങളിലും കുറെക്കൂ റോഡനുവദിക്കണമെന്നു ജനങ്ങൾ ഗവണ്മെന്റിലും ചീഫ് ഇൻജിനീയരുടെ അടുത്തും ഹർജികൾ അയച്ചിട്ടില്ലേ?

കെ. ഈ ഹർജികൾഅനുസരിച്ചു വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

എൽ. ൧൧൨൯-ൽ ചേർത്തലതാലൂക്കിൽ പുതുതായി വെട്ടേണ്ട റോഡുകളേയും കനാലുകളേയുംപററി ചീഫ് ഇൻജിനീയരുടെവല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

എം. ഉണ്ടെങ്കിൽ ൧൧൨൯-ൽ വെട്ടാൻ ചീഫ് ഇൻജിനീയർ ശുപാർശചെയ്തിട്ടുള്ള റോഡുകളും കനാലുകളും ഏവ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി).

എ-ഇ. ൧൧൨൮-ൽഅനുവദിച്ചിട്ടുള്ള പണികളുടേയും അവയുടെ പുരോഗതിയുടേയും ഒരു സ്റ്റേറുമെന്റ * മേശപ്പുറത്തു വച്ചിരിക്കുന്നു.

എഫ്. വൃത്തിവീതി ൩൨അടി ഘനം.

ജി. ൧൨അടിവീതി ൩൧അടിഘനം.

എച്ച്. പത്ത്.

ഐ. എപ്പോൾ തീരുമെന്നു ക്ലിപ്തമായിപറയാൻപാടില്ല. ൧൧൨൯ ഒടുവിലേക്കു പൂർത്തിയാക്കും.

ജെ. ഉണ്ട്.

കെ. ഉണ്ട്.

എൽ. ഉണ്ട്. ൧൧൨൭ ഒക്ടോബർ ൧൯-നു ചീഫ്എൻജിനീയർ പ്രാദേശിക കമ്മിഷണരെയും കൃഷിഡയറക്ടരെയും ചേർത്തല, അമ്പലപ്പുഴ ഈ താലൂക്കുകളിലെ നിയമസഭാമെമ്പറന്മാരെയുംചേർത്തു ഒരു കൂടിയാലോചനനടത്തി ഒരു റിപ്പോർട്ടു അയച്ചുതു കിട്ടിയിട്ടുണ്ട്.

എം. ഈ വിവരം കാണിക്കുന്ന കൂടിയാലോചനമിനിററ്സിന്റെ പകർപ്പു † മേശപ്പുറത്തുവച്ചിരിക്കുന്നു.

പരിഞ്ഞാറെ ഇറവൂർ വെർണാക്കുലർ മിഡിൽസ്കൂൾ.

൩൩൫. മി. മുരുവേലിൽപാച്ചുപിള്ള (ചേർത്തല): താഴെ പറയുന്നവയുടെ മറുപടി പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

എ. പരിഞ്ഞാറെ ഇറവൂർ വെർണാക്കുലർ മിഡിൽസ്കൂളിൽ ക്ലാസ്സുകൾ എത്ര?

ബി. അവിടെ പഠിക്കുന്ന കുട്ടികൾ എത്ര?

സി. സ്കൂൾ നിൽക്കുന്ന പുരയിടത്തിന്റെ വിസ്തീർണ്ണം എത്ര?

ഡി. ഈ സ്കൂൾ പുരയിടം വിസ്തീർണ്ണപ്പെടുത്തുന്നതിനു ഗവണ്മെന്റിലോ, ഡിപ്പാർട്ടുമെന്റ മേലധികാരിയുടെ അടുത്തോ, വല്ലവരും ആവശ്യപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടിയാണ് നടത്തിയിട്ടുള്ളതു്?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): എ. ൧ മുതൽ ൭ വരെ ക്ലാസുകളും ഏഴു ക്ലാസുകൾക്കു ൧൩ ഡിവിഷനുകളും.

ബി. ൬൪൩.

സി. ൧൯ സെന്റ.

* അനുബന്ധം ൬൩ എ പുറം നോക്കുക.

† അനുബന്ധം ൬൩ ബി പുറം നോക്കുക.

ഡി. ചോദ്യത്തിന്റെ ഒന്നാംഭാഗത്തിന്റെ മറുപടി പ്രതികൂലമാണ്. അതിനാൽ രണ്ടാംഭാഗത്തിന്റെ മറുപടി ആവശ്യമില്ല.

തിരുവനന്തപുരം സയൻസ്കാളേജിലേയും ആർട്സ്കാളേജിലേയും ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റ.

൩൩൩. മി. വി. ജെ. ഉമ്മൻ‡ (വാണിജ്യവും, വ്യവസായവും വടക്ക): തിരുവനന്തപുരത്തെ ആർട്സ്കാളേജിലെയും സയൻസ്കാളേജിലേയും ഉദ്യോഗസ്ഥന്മാരിൽ, ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, യാക്കോബായക്കാർ, മാർത്തോമ്മാക്കാർ, പ്രോട്ടസ്റ്റന്റുകാർ, ഈഴവർ, മുഹമ്മദീയർ, വെള്ളാളർ ഇതരസമുദായാംഗങ്ങൾ ഇവർ എത്രഎന്നു കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ മേശപ്പുറത്തിടുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട സ്റ്റേറ്റുമെന്റ* മേശപ്പുറത്തിട്ടിരിക്കുന്നു.

സർക്കാർ വക്കീലന്മാരുടെ ജാതിക്രമമനുസരിച്ച സ്റ്റേറ്റുമെന്റ.

൩൩൪. മി. വി. ജെ. ഉമ്മൻ (വാണിജ്യവും.വ്യവസായവും വടക്ക): ഇപ്പോൾ (ൻ—൭—൧൧൦൮) സർവീസിലിരിക്കുന്ന സക്കാർവക്കീലന്മാരുടെ ജാതിക്രമമനുസരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റ മേശപ്പുറത്തിടുന്നതിന് ഗവൺമെന്റിന് ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ സെക്രട്ടറി): ആവശ്യപ്പെട്ട സ്റ്റേറ്റുമെന്റ† മേശപ്പുറത്തിട്ടിരിക്കുന്നു.

സംസ്ഥാനത്തെ തഹശീൽദാരന്മാരുടെയും പ്രവൃത്തികാരന്മാരുടെയും ജാതിക്രമമനുസരിച്ച സ്റ്റേറ്റുമെന്റ.

൩൩൫. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (തൊടുപുഴയും, മൂവാറ്റുപുഴയും): സംസ്ഥാനത്തു ഇപ്പോൾ (൧൧൦൮-൭-൧) ഉള്ള തഹശീൽദാരന്മാരിലും പ്രവൃത്തികാരന്മാരിലും ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, യാക്കോബായക്കാർ, മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രോട്ടസ്റ്റന്റുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളർ ഇവർ ഓരോ കൂട്ടരും എത്രയെന്നു കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ മേശപ്പുറത്തിടുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): ൧൧൦൮ ജൂലൈ ൧൩-വരെ ശരിയാക്കിയിട്ടുള്ള തഹശീൽദാരന്മാരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റ‡ മേശപ്പുറത്തിട്ടിരിക്കുന്നു. പ്രവൃത്തികാരന്മാരെ സംബന്ധിച്ചിടത്തോളം, ൧൧൦൩ അവസാനംവരെയുള്ള വിവരങ്ങൾ ൧൧൦൪ ഡിസംബർമാസത്തിൽ മെമ്പറിനു കൊടുത്തിട്ടുണ്ട്. (നിയമസഭാനടപടികൾ ൧൪-ാം വാല്യം ൧൧൩-ാം വശം നോക്കുക) അതിൽപിന്നീടുള്ള വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

ശരക്കന്നൂർകടവിലെ കടത്തു്.

൩൩൬. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൧. വെള്ളിനല്ലൂർ പകുതിയിൽ ഇത്തിക്കരയാററിലുള്ള കടവുകടക്കുന്നതിനു വർഷകാലത്തിൽ ജനങ്ങൾക്കു നേരിടുന്ന പ്രയാസങ്ങൾ ഗവൺമെന്റിനറിയാമോ?

൨. മേൽപറഞ്ഞസ്ഥലത്തു വർഷകാലത്തേക്കു ഒരു വള്ളം ഇടുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): ൧. അറിയാം.

൨. ഇതിനെപ്പററി ആലോചിക്കുന്നതാണ്.

തിരുവിതാംകൂറിലെ മോട്ടോർവാഹനറഗുലേഷൻപ്രകാരമുള്ള പ്രാസിക്യൂഷൻ.

൩൩൭. മി. വി. ചെല്ലംപിള്ള (തോവാള): ൧. ൧൧൦൮ ചിങ്ങം ൧-നു മുതൽ ൧൧൦൮ കർക്കടകം ൩൧-നു വരെയും

൨. ൧൧൦൮ കുംഭം ൧-നു മുതൽ ൧൧൦൮ ഇടവം ൩൧-നു വരെയും

൩. ൧൧൦൮ ഇടവത്തിലും മിഥുനത്തിലും തിരുവിതാംകൂർ മോട്ടോർവാഹന റഗുലേഷൻപ്രകാരം തിരുവനന്തപുരം നാഗർകോവിൽ ലൈനിൽ നടത്തിയിട്ടുള്ള പ്രാസിക്യൂഷൻ എത്ര? പ്രത്യേകിച്ചു വലിയ ബസ്സുകളെ സംബന്ധിച്ചും നവാസരക്കാരുകളെ സംബന്ധിച്ചും നടത്തിയിട്ടുള്ള പ്രാസിക്യൂഷൻ എത്ര എന്നു പറയുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ സെക്രട്ടറി): ഇതിനെപ്പററിയുള്ള § ഒരു സ്റ്റേറ്റുമെന്റ മേശപ്പുറത്തിട്ടിരിക്കുന്നു.

പാലായിൽ ഒരു മുസാവരി ബംഗ്ലാവു പണിയിക്കുക.

മി. ഏ. സി. കുര്യാക്കോസ് (മീനച്ചിലും, ദേവികുളവും): ൧. മീനച്ചിൽ താലൂക്കിന്റെ കേന്ദ്രസ്ഥാനമായ പാലായിൽ പ്രധാന ഉദ്യോഗസ്ഥന്മാർക്കോ വെളിയിൽനിന്നു വരുന്ന മാന്യഅതിഥികൾക്കോ, താമസിക്കുന്നതിനു ഒരു നല്ല കെട്ടിടമില്ലാത്തതിനാൽ, സർക്കീട്ടുചെയ്യുന്ന ഉദ്യോഗസ്ഥന്മാർ പോലും വളരെ ദുർല്ലഭമായിട്ടേ അവിടെ വരികയോ താമസിക്കുകയോ ചെയ്യുന്നുള്ളു എന്നു ഗവൺമെന്റിനു അറിയാമോ?

൨. എ. ഈ കുറവു തീർക്കുന്നതിനു പാലായിൽ ഒരു മുസാവരിബംഗ്ലാവു പണിയിക്കണമെന്നു ആളുകൾ നേരിട്ടും പ്രജാസഭമൂലവും ബോധിപ്പിച്ചിട്ടില്ലേ എന്നും;

ബി. ഈ കുറവു തീർക്കുന്നതിനു വല്ലതും ചെയ്തിട്ടുണ്ടോ എന്നും പറയുന്നതിനു ഗവൺമെന്റിന് ദയവുണ്ടാകുമോ?

---

*അനുബന്ധം ൩൭ പുറം നോക്കുക.

†അനുബന്ധം ൩൮ പുറം.

‡അനുബന്ധം ൩൯ പുറം.

§അനുബന്ധം ൪൦ പുറം നോക്കുക.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): ൧. അറിവില്ലാ.

൨. ഏ. പ്രജാസഭയുടെ ൨൩-ാം സമ്മേളനത്തിൽ പാലായിൽ ഒരു മുസാവരി ആവശ്യപ്പെട്ടിട്ടുണ്ട്.

ബി. പുലിയന്നൂർക്യാമ്പുഷെഡ് ഈ ആവശ്യങ്ങൾക്കു മതിയാകുന്നതുകൊണ്ടു ഇക്കാര്യത്തിൽ യാതൊന്നും ചെയ്തിട്ടില്ലാ.

മി. ഏ. സി. കയ്യാക്കോസ് (മീനച്ചൽ-ദേവികുളം): പാർട്ട് ൧. ൧൧൦൨ തുലാത്തിൽ ദിവാൻജിയും ൧൧൦൮ മീനത്തിലോ മേടത്തിലോ ലാൻഡുറവന്യൂകമ്മിഷണരും മീനച്ചിൽ താലൂക്കിൽ രണ്ടു ദിവസം തുടർന്നു സഞ്ചരിക്കയുണ്ടായി. ആ അവസരത്തിൽ കോട്ടയത്തു താമസിച്ചുകൊണ്ടാണ് സർക്കീട്ടു നടത്തിയതെന്നറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ആയിരിക്കാം. അങ്ങിനെ പലപ്പോഴും പല ഉദ്യോഗസ്ഥന്മാരും ചെയ്യാറുണ്ട്.

മി. എ. സി. കയ്യാക്കോസ് (മീനച്ചൽ-ദേവികുളം): അങ്ങിനെ ചെയ്യുന്നതിനുള്ള കാരണം, മീനച്ചിലിൽ താമസിക്കുന്നതിനു സൌകര്യമില്ലാത്തതുകൊണ്ടാണെന്നു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അറിഞ്ഞുകൂടാ. ദിവാൻജിയുടെ പ്രോഗ്രാമിൽ മീനച്ചിൽ താമസിക്കുന്നതായി പറഞ്ഞിട്ടില്ലായിരുന്നു.

മി. എ. സി. കയ്യാക്കോസ് (മീനച്ചൽ-ദേവികുളം): ദിവാൻജിയുടെ പ്രോഗ്രാമിൽനിന്നും മീനച്ചിൽ സന്ദർശിക്കുവാൻ ഇടയുണ്ടെന്നു മനസിലാക്കുന്നതോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): സന്ദർശിക്കാൻ ഇടയുണ്ടായിരിക്കാം; അതു പ്രോഗ്രാമിലില്ല.

മി. എ. സി. കയ്യാക്കോസ് (മീനച്ചിൽ-ദേവികുളം): മധ്യവർജ്ജനപരിശ്രമങ്ങൾ മീനച്ചിലിൽ നടന്നിരുന്നതുകൊണ്ടു ഗവണ്മെന്റിനു എതിരായിട്ടു വല്ലതും നടക്കുന്നുണ്ടോ എന്നന്വേഷിക്കുന്നതിനല്ല ദിവാൻജി മീനച്ചിലിൽ പോയിരുന്നത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): ഏതു സർക്കീട്ടിനെ ഉദ്ദേശിച്ചാണ് ചോദിക്കുന്നതു?

മി. ഏ. സി. കയ്യാക്കോസ് (മീനച്ചൽ ദേവികുളം): ൧൧൦൨-ലെ സർക്കീട്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അറിഞ്ഞുകൂടാ.

മി. ഏ. സി. കയ്യാക്കോസ് (മീനച്ചിൽ-ദേവികുളം): ലാൻഡ്റവന്യൂകമ്മിഷണർ രണ്ടുദിവസം തുടർന്നു മീനച്ചിൽതാലൂക്കിൽ സഞ്ചരിച്ചപ്പോൾ കോട്ടയത്തു താമസിച്ചാണ് അവിടത്തെ പരിശോധന നടത്തിയതെന്നു പറഞ്ഞപ്പോൾ അങ്ങിനെ മററു പല ഉദ്യോഗസ്ഥന്മാരും ചെയ്തിട്ടുണ്ടെന്നു മറുപടി പറഞ്ഞു. ഇപ്പോൾ പുലിയന്നൂർ ക്യാമ്പ്ഷെഡ് ഉദ്യോഗസ്ഥന്മാർ ഉപയോഗപ്പെടുത്തിവരുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതു ചോദിച്ചുവേണം പറയാൻ.

മി. എ. സി. കയ്യാക്കോസ് (മീനച്ചൽ-ദേവികുളം): പാലായിൽ പല ഉദ്യോഗസ്ഥന്മാരും വന്നാൽ താമസിക്കുന്നതിനുള്ള സൌകര്യമുണ്ടെന്നാണോ ഗവണ്മെന്റ ധരിച്ചിരിക്കുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): പല ഉദ്യോഗസ്ഥന്മാരും അവിടെ താമസിച്ചിട്ടുണ്ട്.

മീനച്ചൽസ്റ്റേഷനറിമജിസ്ട്രേട്ട്.

൩൩൯. മി. ഏ. സി. കയ്യാക്കോസ് (മീനച്ചിൽ-ദേവികുളം): മീനച്ചിൽ മജിസ്ട്രേട്ടിന്റെ അധികാരാതൃത്തിയിൽനിന്നും ഉഴവൂരും പുലിയന്നൂരും പകുതികൾ വിടർത്തിയതുമൂലം അവിടത്തെ ആളുകൾക്കു വളരെ പ്രയാസങ്ങളും സങ്കടങ്ങളും നേരിടുന്നുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഇക്കാര്യത്തിൽ ചില പരാതികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഒഴിച്ചുകൂടാത്ത സങ്കടങ്ങളോ പ്രയാസങ്ങളോ ഉണ്ടായിട്ടില്ലെന്നു ഗവണ്മെന്റിനു സമാധാനമുണ്ട്.

മി. എ. സി. കയ്യാക്കോസ് (മീനച്ചിൽ-ദേവികുളം): ഉത്തരത്തിൽ ചില പരാതികൾ ഉണ്ടായിട്ടുണ്ടെന്നു പറയുന്നുണ്ട്. എന്താണ് ആ പരാതികളുടെ സ്വഭാവം എന്നു പറയാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അസംബ്ലിയിൽ റിപ്രസന്റേഷൻ ഉണ്ടായിട്ടുണ്ട്.

മി. ഏ. സി. കയ്യാക്കോസ് (മീനച്ചിൽ-ദേവികുളം): ഈ പകുതികൾ അങ്ങോട്ടു ചേർത്തതിനെ സംബന്ധിച്ചാണോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതെ.

മി. ഏ. സി. കയ്യാക്കോസ് (മീനച്ചിൽ-ദേവികുളം): അസംബ്ലിയിലല്ലാതെ വേറെ വല്ല പരാതികളും കിട്ടിയിട്ടുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഏററുമാനൂർ മജിസ്ട്രേട്ടിന്റെ ജൂറിസ്ഡിക്ഷനിലാക്കിയപ്പോൾ വേറെ പരാതികളുണ്ടായിരുന്നു.

മി. ഏ. സി. കയ്യാക്കോസ് (മീനച്ചൽ-ദേവികുളം): പരാതി അന്നുമുതൽ തുടർന്നുകൊണ്ടുതന്നെയിരിക്കയാണോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അറിഞ്ഞുകൂടാ.

മി. ഏ. സി. കയ്യാക്കോസ് (മീനച്ചിൽ-ദേവികുളം): മീനച്ചിൽമജിസ്ട്രേട്ടുകോടതിക്കും പുലിയന്നൂർ പകുതിക്കും തമ്മിലുള്ള അകലം ഒരു മൈലാണെന്നറിയാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ആയിരിക്കാം.

നെയ്യാററിൻകര വള്ളാംചിറയുടേയും വലിയ കുളത്തിന്റെയും പുനരുദ്ധാരണം.

൩൪൦. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നെയ്യാററിൻകരതാലൂക്കിൽ അരിയന്നൂർ പകുതിയിൽ പെരുമ്പഴുതൂർദേശത്തു വള്ളാംചിറ വലിയകുളം ഈ രണ്ടു കുളങ്ങളുടെ പുനരുദ്ധാരണത്തെപ്പററി താഴെ പറയുന്നവയുടെ മറുപടി പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

എ. ഈ ജോലി തീരെ തൃപ്തികരമല്ലാത്ത വിധത്തിൽ നടത്തിയതിൽ കൃഷിക്കാരിൽനിന്നും വളരെ ഗൗരവവും സാരവുമായ പരാതികൾ ഉണ്ടായിട്ടുണ്ടെന്ന ഗവൺമെൻറിനു അറിയാമോ?

ബി. ജലംവേണ്ടവിധത്തിൽ ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും തീരെ സൗകര്യമില്ലാത്തവിധത്തിലാണ് ഈ പണി ചെയ്തിട്ടുള്ളത് എന്നത് വാസ്തവമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): എ. കുളങ്ങൾ ഉപയോഗയോഗ്യമല്ലെന്നും കൂടതെ അററകുററപ്പണികൾ ആവശ്യമെന്നും കാണിച്ചു ഒരു ഹർജി കിട്ടിയിട്ടുണ്ട്.

ബി. അല്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര). ബി ഭാഗത്തിന്റെ മറുപടിയെ സംബന്ധിച്ചിടത്തോളം അതു ഈ ഹർജി കിട്ടിയതിന്റെ ശേഷം നടത്തിയ അന്വേഷണത്തിനെ അടിസ്ഥാനപ്പെടുത്തി ആണോ ചെയ്തിട്ടുള്ളതു എന്നറിഞ്ഞാൽ കൊള്ളാം?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അതെ.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): പി. ഡബ്ലിയു. ഡി. യുടെ അഭിപ്രായം ചോദിച്ചോ എന്നറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): സബ്‌ഡിവിഷൻ ഓഫീസർ പരിശോധന നടത്തി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഈ ഹർജി അനുസരിച്ചു വല്ല പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരും സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): സബ്‌ഡിവിഷനാഫീസർ പരിശോധന നടത്തി. പരിശോധനയ്ക്കുശേഷം റിപ്പോർട്ടു ചെയ്തിട്ടുമുണ്ട്.

ഹെഡ്‌മാസ്റ്റർമാരുടെ ഒഴിവുകൾ.

൩൪൧ മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എത്ര ഹെഡ്‌മാസ്റ്റരുദ്യോഗം ഇപ്പോഴും (൧൯൪൯-൭-൧൮) ഒഴിവുണ്ടെന്നുപറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്‌സെക്രട്ടറി): ഏഴ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇത്ര ദീർഘകാലത്തേക്കും ഈ ഒഴിവുകളിൽ ആളുകളെ നിയമിക്കാത്തതെന്തുകൊണ്ടാണെന്നു പറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ഗവൺമെൻറു ചീഫ്‌സെക്രട്ടറി): പലകാരണങ്ങൾകൊണ്ടാണ്. വിദ്യാഭ്യാസഡയറക്ടർ അതു വിശദമായി പറഞ്ഞിട്ടുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): കാരണങ്ങൾ എന്താണെന്ന് അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്‌സെക്രട്ടറി): ആളുകളെ തിരഞ്ഞെടുക്ക മുതലായ കാരണങ്ങളെല്ലാം വിദ്യാഭ്യാസഡയറക്ടർ കഴിഞ്ഞദിവസം വിശദപ്പെടുത്തി പറഞ്ഞിട്ടുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): അന്നു കൊടുത്ത സമാധാനം അതനുഷ്ഠിക്കണമെന്നാണോ ഞാൻ മനസിലാക്കേണ്ടതു?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്‌സെക്രട്ടറി): ഡയറക്ടർ പ്രസംഗിച്ചപ്പോൾ മെമ്പർ ഇവിടെ ഉണ്ടായിരുന്നു. അതുകൊണ്ടാണ് ആ പ്രസംഗത്തിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചതു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ ഒഴിവുകളിൽ ആളുകളെ നിയമിക്കാതിരുന്നാൽ ഈ സ്കൂളുകൾ നടന്നുപോകുമെന്നു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): ഈ സ്കൂളുകളുടെ ചാർജ്ജുവഹിക്കുന്ന ആളുകളുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ ഒഴിവുകളിൽ ആളുകളെ നിയമിക്കാതിരിക്കുന്നതു എന്തുകൊണ്ടാണെന്ന് അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): തൽക്കാലത്തേക്കു ഈ ഒഴിവുകളിൽ വദ്ധ്യാന്മാരെ നിയമിച്ചിട്ടുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ ഒഴിവുകളിൽ ആളുകളെ നിയമിക്കാതിരിക്കുന്നതിനുള്ള പ്രത്യേക കാരണങ്ങളെന്താണ്?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): പ്രമോഷ്യനു അർഹതയുള്ള പലരുടെയും അവകാശങ്ങളെ ഡയറക്ടർ ഗണിക്കേണ്ടിയിരുന്നു.

വനം സംബന്ധിച്ച കുററങ്ങളുടെ കണ്ടുപിടുത്തം.

൩൪൨. മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്കു): "൧൧൨൨-ൽ അപേക്ഷിച്ച് കേസുകളുടെ സംഖ്യ പ്രത്യേകിച്ചു (൧) സ്ഥലം തെളിക്കുക (൨.) സംരക്ഷിതവനങ്ങളിലെ തടി, തൈനർ പ്രഡ്യൂസ്, ഇവ അന്യായമായി ശേഖരിക്കുക, കൈവശം വച്ചുകൊണ്ടിരിക്കുക, മാററുക (൩) മരങ്ങളിലെ അടയാളങ്ങൾ മാച്ചുക, കള്ള അടയാളങ്ങളിടുക, അതിരുമാററുക ഇവ സംബന്ധിച്ചുള്ള കേസുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാർ ഈ കുററങ്ങൾ കണ്ടുപിടിക്കുന്നതിനും പ്രാസിക്യൂഷൻ നടത്തുന്നതിനും കൂടുതൽ ശ്രദ്ധ പതിക്കുന്നതായാൽ വനംസംബന്ധിച്ച കുററങ്ങൾക്കു ഗണ്യമായ ഒരു കുറവുണ്ടാകുമെന്ന് ഗവൺമെൻറിനു തോന്നുന്നു" എന്ന ൧൧൨൪ ജൂൺ ൧൮-നു-ലെ ആർ. ഡിസ്സ്. നമ്പർ ൧൧൦൩/൨൪/ഡവലപ്പുമെൻറു, ഗവൺമെൻറു ഉത്തരവിൽ പ്രസ്താവിച്ചിരിക്കുന്നതു സംബന്ധിച്ച് ൧൧൦൧ മുതൽ ൧൧൨൩ വരെ ഈമാതിരി കുററങ്ങൾ കണ്ടുപിടിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിക്കാഞ്ഞതിൽ ശിക്ഷിക്കണമെന്ന് കൺസർവേറർ ശുപാർശചെയ്തിരിക്കുന്ന വനംവകുപ്പു ഉദ്യോഗസ്ഥന്മാരുടെ പേരുകൾ പറയുന്നതിന് ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഒരു ഉദ്യോഗസ്ഥന്റെ കാര്യം ഗവണ്മെന്റിൽ റിപ്പോർട്ട ചെയ്തിട്ടുണ്ട്. ഈ കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു. ഈ അവസരത്തിൽ അയാളുടെ പേര വെളിപ്പെടുത്തുന്നത് യോഗ്യമെന്നു ഗവണ്മെന്റിനു തോന്നുന്നില്ലാ.

സർക്കാർ വക്കീലുദ്യോഗത്തിനു യോഗ്യതയുള്ള മഹമ്മദീയർ,

൩൪൩. മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): (എ) സർക്കാർവക്കീൽ ഉദ്യോഗത്തിനു ആവശ്യംവേണ്ട യോഗ്യതകളുള്ള മഹമ്മദീയരുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

(ബി) സർക്കാർവക്കീൽ ഉദ്യോഗത്തിനു മഹമ്മദീയരിൽനിന്നും വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ എന്നു പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): (എ) അറിയാം.

ബി. ഒരു അപേക്ഷ കിട്ടിയിട്ടുണ്ട്.

൧൧൦൪-ൽ കഴിഞ്ഞൂറ, ആരുവാമൊഴി ഈ ടോൾഗേറ്റുകളിൽനിന്നും പിരിച്ചിട്ടുള്ള ടോൾ.

൩൪൪. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എം. എസ്. റോഡിൽ കഴിഞ്ഞൂറ, ആരുവാമൊഴി ഈ റോഡുകളിൽനിന്നും ൧൧൦൪-ൽ പിരിച്ചെടുത്ത ടോൾ എത്രയെന്നും മേൽപറഞ്ഞ റോഡിന്റെ സംരക്ഷണത്തിൽ ചിലവായ തുക എത്രയെന്നും പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി):

		രൂ.
കഴിഞ്ഞൂററോഡിൽനിന്നും ൧൧൦൪-ൽ കിട്ടിയ തുക		൧൫൦൦൦
ആരുവാമൊഴി	ടി	൩൮൦൦൦
എം. എസ്. റോഡിന്റെ സംരക്ഷണത്തിനു		
൧൧൦൪ ൽ ചിലവാക്കിയ തുക		൩൮൧൧൯ (ഉദ്ദേശം)

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എം. എസ്. റോഡിൽ ഈ ടോൾഗേറ്റുകൾ ഏർപ്പെടുത്തിയിരിക്കുന്നതു എന്തിനാണെന്നു അറിഞ്ഞാൽകൊള്ളാം?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഈ റോഡിന്റെ സംരക്ഷണത്തിനു ആവശ്യമുള്ള ഭീമമായചിലവിൽ കുറച്ചെങ്കിലും ഈ പിരിവുമൂലം സാധിക്കാനാണ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആദായലാഭം ഉദ്ദേശിച്ചല്ല ഈ ടോൾഗേറ്റുകൾ ഏർപ്പെടുത്തിയിരിക്കുന്നതെന്നറിഞ്ഞാൽകൊള്ളാം?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഈ കാര്യത്തിൽ ആദായലാഭം ഒട്ടും ഉദ്ദേശിച്ചിട്ടില്ലാ.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): തന്നിട്ടുള്ള സ്റ്റേറ്റുമെന്റിൽനിന്നും ഉദ്ദേശം ൩൮,൧൦൦ രൂപാ ഈ റോഡിന്റെ സംരക്ഷണത്തിനും ചിലവാക്കിവരുന്നതായി കാണുന്നു. ഇതിൽ കൂടുതൽസംഖ്യ ഈ റോഡിന്റെ സംരക്ഷണത്തിനു പിരിക്കുന്നതിന്റെ ആവശ്യകത മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഓരോവർഷവും സംരക്ഷണത്തിനുള്ള ഗ്രാന്റ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ സംരക്ഷണത്തിന് അനുവദിച്ചിരിക്കുന്ന ഗ്രാന്റ ക്ലിപ്തപ്പെടുത്തിയതല്ല. ഇപ്പോൾതന്നെ സംരക്ഷണത്തിനു ഗ്രാന്റ വർദ്ധിപ്പിക്കുന്നതിനു ആലോചനയുണ്ട്. പലപ്പോഴും പ്രത്യേക അററകുററപ്പണികൾ ആവശ്യപ്പെടുന്നുണ്ട്.

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ അഴുക്കുവെള്ളത്തിന്റെ പുറത്തേക്കുള്ള മാർഗ്ഗം.

൩൪൫. മി. എ. താണുപിള്ള (തിരുവനന്തപുരം): താഴെപ്പറയുന്നവയ്ക്കു മറുപടിപറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ വെള്ളം ആശുപത്രിപുരയിടത്തിൽനിന്നും വെളിക്കോട്ട ഒരു തോട്ടിൽകൂടിവിട്ട ചുറവുമുള്ള പ്രദേശങ്ങൾ മലിനപ്പെടുത്തുന്നതു ഗവണ്മെന്റിനറിയാമോ?

(ബി) ഈ വസ്തുത മുൻപിൽ എപ്പോഴെങ്കിലും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ?

(സി) ഈ ശല്യമവസാനിപ്പിക്കുന്നതിനു, ഗവണ്മെന്റോ മെഡിക്കൽ ഡിപ്പാർട്ടുമെന്റോ, ആലോചിച്ചിട്ടുണ്ടോ?

(ഡി) സി ഭാഗത്തിനു മറുപടി അനുകൂലമെങ്കിൽ ഇതിലേയ്ക്കു എന്തു നടപടിയാണ് നടത്തിയിട്ടുള്ളത്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): എ-ം ബി-ം. ജനറലാശുപത്രിയിലെ ഓടകളിലെ വെള്ളം അടുത്തുള്ള വയലുകളിലേക്കാണ് ഒഴുകുന്നത്. ഈ വിവരം തിരുവനന്തപുരം മുൻസിപ്പൽ പ്രസിഡന്റ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

സി-ം ഡി-ം. ഈ അഴുക്കുവെള്ളം കളയുന്ന ആവശ്യത്തിലേക്കു ഒരു സെപ്റ്റിക്ടാങ്ക് പണിയിക്കണമെന്ന് തിരുവനന്തപുരം മുൻസിപ്പാലിററി അഭിപ്രായപ്പെട്ടിട്ടുണ്ട്. അതു ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): സി-ം ഡി-ം ഉത്തരം. എപ്പോഴാണ് ഇങ്ങനെ അഭിപ്രായപ്പെട്ടത്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ആദ്യത്തെ റിപ്പോർട്ട ൧൧൦൩-൧൨-൧൨ ലായിരുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): സെപ്റ്റിക്ടാങ്ക് പൂർത്തിയാക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): എന്തിനെ പറയുവാൻ നിവൃത്തിയില്ല. ഇക്കാര്യം എഴുത്തുകുത്തിൽ ഇരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ അഴുക്കുവെള്ളംനിമിത്തം രോഗശാന്തിക്ക് ഉദ്ദേശിച്ചിട്ടുള്ള ഒരു സ്ഥാപനമായ ജനറൽ ആശുപത്രി അയൽപ്രദേശങ്ങളിലുള്ള അനേകം ജനങ്ങൾക്കു രോഗം വരുത്തുകയാണ് ചെയ്യുന്നതെന്ന് ഗവണ്മെന്റിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതു ഊഹിക്കാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): എന്റെ സ്വന്ത ചുമതലയിലാണ് പറയുന്നത്. ജനറൽ ആശുപത്രിയിലെ അഴുക്കുവെള്ളം പുറത്തുവിട്ട് അയൽപ്രദേശങ്ങൾ മലിനപ്പെടുത്തുന്നതുമൂലം അവിടെ മുഴുവൻ പലമാതിരി പനികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ള വസ്തുത ഗവണ്മെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിയുന്നുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ടാങ്ക് പൂർത്തിയാകുന്നതുവരെ അഴുക്കുവെള്ളം കൊണ്ടുപോകുന്നതിനു ഗവണ്മെന്റ ഏർപ്പാടു ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഗവണ്മെന്റ അതിനെപ്പററി ആലോചിക്കുന്നതാണ്.

മദ്രാസ് ഇൻജിനീയറിംഗുകാളേജിൽ തിരുവിതാംകൂർ വിദ്യാർത്ഥികൾക്കുള്ള പ്രവേശനം.

നമ്പ്ര ൮. മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): (എ) മദ്രാസ് ഇൻജിനീയറിംഗ് കാളേജിൽ തിരുവിതാംകൂർ വിദ്യാർത്ഥികൾക്കു നൽകുന്ന അദ്ധ്യയനത്തിനു പ്രതിഫലമായി ഒരു തുക കൊടുക്കുന്നതിനെപ്പററി മദ്രാസ് ഗവണ്മെന്റുമായി വല്ല എഴുത്തുകുത്തുമുണ്ടായിട്ടുണ്ടെങ്കിൽ അതു മേശപ്പുറത്തിടുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) (എ) ഈ വിഷയത്തിൽ അപ്പോഴത്തെ ചീഫ് ഇൻജിനീയരുടെ അഭിപ്രായമെന്തായിരുന്നു എന്നും,

(ബി) തിരുവിതാംകൂർ വിദ്യാർത്ഥികൾക്കു മദ്രാസ് ഇൻജിനീയറിംഗ് കോളേജിലെ പ്രവേശനത്തെപ്പററിയും അതിനു ഒരു തുക കൊടുക്കുന്നതിനെപ്പററിയും തിരുവിതാംകൂർ ഗവണ്മെന്റ മദ്രാസ് ഗവണ്മെന്റിനു കൊടുത്ത അവസാനമറുപടി എന്താണെന്നു പറയുന്നതിനും ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): (എ) എഴുത്തുകുത്തു പ്രസിദ്ധപ്പെടുത്തണമെന്നു വിചാരിക്കുന്നില്ല.

(ബി) (എ) ആവശ്യമെങ്കിൽ കോളേജിന്റെ നടത്തിപ്പിലേക്കുള്ള ചിലവിനു ആണ്ടുതോറും ഉള്ള തുക മദ്രാസ് ഗവണ്മെന്റിനു കൊടുക്കാമെന്നുള്ള വ്യവസ്ഥയിന്മേൽ എൻജിനീയറിംഗ് കോളേജിലെ എൻജിനീയറിംഗ് ക്ലാസിൽ നാലോ അഞ്ചോ സീററും അപ്പർ സബോർഡിനേററുക്ലാസ്സിൽ അത്രയും സീററും തിരിച്ചിടുന്നതിനു, മദ്രാസ് ഗവണ്മെന്റുമായി ആലോചനനടത്തണമെന്നു ചീഫ് ഇൻജിനീയർ ശുപാർശചെയ്തു.

(ബി) ഒരു വ്യവസ്ഥയിന്മേലും സീററു തിരിച്ചിടുന്നതിനു സാധിക്കയില്ലെന്നു മദ്രാസ് ഗവണ്മെന്റ് അറിയിച്ചു. തിരുവിതാംകൂർ വിദ്യാർത്ഥികളുടെ പ്രവേശനാവകാശങ്ങളെ മദ്രാസ് ഗവണ്മെന്റ് ഔദാര്യപൂർവ്വം ഗണിക്കുമെന്നാശിക്കുന്നു എന്നു ഗവണ്മെന്റ മറുപടി കൊടുത്തു.

മദ്രാസ് ഇൻജിനീയറിംഗ് കോളേജും തിരുവിതാംകൂറുകാരും.

നമ്പ്ര ൯. മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): (എ) എവിടെയെങ്കിലുമുള്ള ഏതെങ്കിലും ഇൻജിനീയറിംഗ് കോളേജിൽ, അർഹതയുള്ള തിരുവിതാംകൂർ വിദ്യാർത്ഥികൾക്കു പ്രവേശനം ലഭ്യമാകുവാൻ എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) മദ്രാസ് ഇൻജിനീയറിംഗ് കോളേജിനുവേണ്ടി മദ്രാസ് ഗവണ്മെന്റിനു ഒരു തുക കൊടുക്കുന്നതിനെപ്പററി ആ ഗവണ്മെന്റുമായി വല്ല എഴുത്തുകുത്തുമുണ്ടെങ്കിൽ അതു മേശപ്പുറത്തിടുന്നതിനു ദയവുണ്ടാകുമോ?

(സി) ഈ വിഷയത്തിൽ ചീഫ് ഇൻജിനീയരുടെ ശുപാർശകൾ എന്തെന്നു പറയുന്നതിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): (എ) ഉണ്ട്. തിരുവിതാംകൂർ വിദ്യാർത്ഥികൾക്കു മദ്രാസ് ഇൻജിനീയറിംഗ് കാളേജിൽ എൻജിനീയറിംഗ് ക്ലാസ്സിൽ നാലുസീററും അപ്പർ സബോർഡിനേററുക്ലാസ്സിൽ നാലുസീററും തിരിച്ചിടുന്നതിനു മദ്രാസ് ഗവണ്മെന്റുമായി ആലോചനനടത്തി. എന്നാൽ യാതൊരു ഫലവുമുണ്ടായില്ല. അതിന്റെശേഷം ബനാറിസ് ഹിന്ദുസർവ്വകലാശാലയിലെ ഇൻജിനീയറിംഗ് കോളേജിൽ സീററു തിരിച്ചിടുന്നതിനു സാധിക്കുമോ എന്നും സാധിക്കുമെങ്കിൽ ഏതു വ്യവസ്ഥയിന്മേൽ എന്നും അന്വേഷിച്ചു റിപ്പോർട്ടുചെയ്യണമെന്നു ഗവണ്മെന്റ വിദ്യാഭ്യാസ ഡയറക്ടരോടു ആവശ്യപ്പെട്ടു.

(ബി) എഴുത്തുകുത്തു പ്രസിദ്ധപ്പെടുത്തണമെന്നു ഗവണ്മെന്റ വിചാരിക്കുന്നില്ല

(സി) മി. കെ. സി. കരുണാകരന്റെ നമ്പ്ര ൮-ാം നമ്പർ ചോദ്യം (ബി)—(എ) പിരിവിന്റെ മറുപടിയിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

മദ്രാസിലെ മെഡിക്കലും ഇൻജിനീയറിംഗും കാളേജുകൾ.

നമ്പ്ര ൰. മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): താഴെപ്പറയുന്നവയ്ക്കു മറുപടിപറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) മദ്രാസിലെ മെഡിക്കലും ഇൻജിനീയറിംഗും കാളേജുകളിൽ പ്രവേശനം ലഭിക്കുന്നതിനു തിരുവിതാംകൂർ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ക്ലേശങ്ങളെപ്പററി ഗവണ്മെന്റിനറിയാമോ?

(ബി) ഇതിനെപ്പററി തൊഴിലില്ലായ്മക്കമ്മററി റിപ്പോർട്ടു ൯൬-ാം പാറഗ്രാഫിൽ ചെയ്തിട്ടുള്ള ശുപാർശകളെപ്പററി ഗവണ്മെന്റ തീരുമാനിച്ചിട്ടുണ്ടോ?

(സി) ബി ഭാഗത്തിനുള്ള മറുപടി അനുകൂലമെങ്കിൽ അതിന്മേൽ നടത്തിയ നടപടി എന്തു്?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): ഏ. ഇൻജിനീയറിംഗ് കാളേജിലും കുറച്ചുകുറവായിട്ടു മെഡിക്കൽകാളേജിലും പ്രവേശനത്തിനു പ്രയാസമുണ്ടെന്നു ഗവണ്മെന്റിനു അറിവുണ്ട്.

ബി-യും സി-യും, തൊഴിലില്ലായ്മക്കമ്മററി റിപ്പോർട്ടു ൯൬-ാം പാരാവിലെ ശുപാർശകളനുസരിച്ചു ഗവണ്മെന്റ നടപടി നടത്തിക്കഴിഞ്ഞിരിക്കുന്നു. അതിന്റെഫലം മി. കെ. സി. കരുണാകരന്റെ നമ്പ്ര ൮-ാം നമ്പർ ചോദ്യത്തിന്റെ (ബി) ഭാഗത്തിനുള്ള മറുപടിയിൽ കാണിച്ചിട്ടുണ്ട്.

കോയമ്പത്തൂർ അഗ്രിക്കൾച്ചറൽ കാളേജും മദ്രാസിലെ മെഡിക്കലും ഇൻജിനീയറിംഗും കാളേജുകൾ.

നം. ൪൯. മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കോയമ്പത്തൂർ അഗ്രിക്കൾച്ചറൽ കാളേജിലും മദ്രാസിലെ മെഡിക്കൽ കാളേജിലും എൻജിനീയറിംഗുകാളേജിലും തിരുവിതാംകൂർ വിദ്യാർത്ഥികൾക്ക് ആണ്ടുതോറും കുറെ സീററുതിരിച്ചു കിട്ടുന്നതിന് ഗവൺമെൻറുവല്ലനടപടിയും നടത്തിയിട്ടുണ്ടോ എന്നുപറയുന്നതിന ഗവൺമെൻറിന ദയവുണ്ടാകുമോ?

മി. കെ. ജാേർജ്ജ് (ഗവൺമെൻറ ചീഫ്സിക്രട്ടറി): ഇൻജിനിയറിംഗു കോളജിൽ സീററു തിരിച്ചിടുന്നതിനെസംബന്ധിച്ചിടത്തോളം മി. കെ. പത്മനാഭപ്പണിക്കരുടെ നം. ൭-ാംനമ്പർചോദ്യം ഏ-ാംഭാഗത്തിന്റെ മറുപടിയിലേക്ക മെമ്പറിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. മദ്രാസ്മെഡിക്കൽകോളജിനെ സംബന്ധിച്ചിടത്തോളം അവിടെപ്രവേശനത്തിന് അത്രത്തോളം പ്രയാസമില്ലെന്നു അറിയുന്നു. കോയമ്പത്തൂർ അഗ്രിക്കൾച്ചറൽ കോളജിൽപ്രവേശനം ലഭിക്കുന്നതിനുള്ള പ്രയാസങ്ങളെപ്പററിയുള്ളവരെയും യാതൊരാതിയും ഗവൺമെൻറ കേട്ടിട്ടില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ആ കോളജിൽ ഓരോകൊല്ലവും ഒന്നോ രണ്ടോ വിദ്യാർത്ഥികളിൽ കൂടുതലിന പ്രവേശനം ലഭിക്കുന്നില്ല എന്ന് ഗവൺമെൻറിന അറിയാമോ?

മി. കെ. ജാേർജ്ജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഒന്നരണ്ടു വിദ്യാർത്ഥികളിൽ കൂടുതലിന പ്രവേശനം ലഭിക്കുന്നുണ്ടെന്നു തോന്നുന്നു. അതു എന്റെ സ്വന്തനിലയിലുള്ള അറിവാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): തിരുവിതാംകൂർ വിദ്യാർത്ഥികൾക്ക ലഭിക്കാവുന്നസീററു ഇത്രയെന്ന് തീർച്ചപ്പെടുത്താഞ്ഞിരുന്നാൽ പ്രവേശനത്തിന് അവർക്ക യാതൊരുനിശ്ചയവും കാണുകയില്ലെന്ന് ഗവൺമെൻറ മനസിലാക്കുന്നുണ്ടോ?

മി. കെ. ജാേർജ്ജ് (ഗവൺമെൻറ ചീഫ്സിക്രട്ടറി): അതു ഈ ഗവൺമെൻറിന്റെ അധികാരത്തിലല്ലാത്തതുകൊണ്ട് എളുപ്പമല്ലാ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സീററ് ഇത്രയെന്ന് തീർച്ചപ്പെടുത്തുന്നതു ആശാസ്യമല്ലേ?

മി. കെ. ജാേർജ്ജ് (ഗവൺമെൻറ ചീഫ്സിക്രട്ടറി): വളരെ ആശാസ്യമാണ്.

തിരുവിതാംകൂറുകാരും മദ്രാസിലെ സാങ്കേതികകാളേജുകളും.

നം. ൫൦. മി. വി. ചെല്ലംപിള്ള(തോവാള): ഏ. മദ്രാസ്ഗവൺമെൻറുവക ഇൻജിനീയറിംഗ്, മെഡിക്കൽ വെറററിനറി മുതലായ സാങ്കേതിക കാളേജ്കളിൽ കുറച്ചുകൊല്ലങ്ങളായി തിരുവിതാംകൂർകാർക്ക സാധാരണ പ്രവേശനം അനുവദിക്കുന്നില്ലെന്ന് ഗവൺമെൻറിനറിയാമോ?

ബ. (ഏ) മേൽപറഞ്ഞ കാളേജ്കൾക്ക വല്ലസഹായവും ചെയ്യുന്നുണ്ടോ എന്നും,

(ബി) ഏ ഭാഗത്തിന മറുപടി അനുകൂലമെങ്കിൽ ഓരോകാളേജ്കൾക്കും കൊല്ലംതോറും കൊടുക്കുന്നതുക എത്രയെന്നും എത്ര കാലത്തേക്ക എന്നും എന്തുവ്യവസ്ഥയിന്മേലെന്നും,

(സി) ഇപ്പോഴും (൧൦൯ മിഥുനത്തിൽ) സഹായംചെയ്യുന്നുണ്ടോ എന്നും,

(ഡി) സി ഭാഗത്തിൻമറുപടി പ്രതികൂലമെങ്കിൽ,

(i) ഇതുനിർത്തിയ തീയതി ഏതെന്നും,

(ii) ഇതു നിർത്തുന്നതിന് ശുപാർശചെയ്ത ഉദ്യോഗസ്ഥന്മാരുടെ പേരുകൾ എന്തെന്നും,

(iii) ഈ ശുപാർശകൾക്കുള്ള കാരണം എന്തെന്നും,

(ഇ) മുൻകാലങ്ങളിലെപ്പോലെ തിരുവിതാംകൂർകാർക്ക മേൽപറഞ്ഞ കാളേജ്കളിൽ പ്രവേശനം ലഭിക്കുന്നുണ്ടോ എന്നും,

(എഫ്) മേൽപറഞ്ഞ കോളജ്കളിൽ പഠിച്ചവരെയാണോ ബോംബെ, കൽക്കത്താമുതലായ സ്ഥലങ്ങളിലെ കാളേജ്കളിൽ പഠിച്ചവരേക്കാൾ തിരുവിതാംകൂറിൽ യോഗ്യതയുള്ളവരെന്നു എണ്ണുന്നതെന്നും,

(ജി) എഫ് ഭാഗത്തിന മറുപടി അനുകൂലമെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്നും,

(എച്ച്) തിരുവിതാംകൂർ വിദ്യാർത്ഥികൾക്ക മദ്രാസ് ഗവൺമെൻറിന്റെമേൽ പറഞ്ഞസാങ്കേതികകാളേജ്കളിൽ പ്രവേശനം ലഭ്യമാകുന്നതിന്റെ ആവശ്യകത ഗവൺമെൻറ മനസിലാക്കിയിട്ടുണ്ടോ എന്നും,

(ഐ) എച്ച ഭാഗത്തിന്റെ മറുപടി അനുകൂലമെങ്കിൽ ഈ വിഷയത്തിൽ ഗവൺമെൻറ നടത്തിയിട്ടുള്ള നടപടികളെന്തെന്നും പറയുന്നതിന ഗവൺമെൻറിന ദയവുണ്ടാകുമോ?

മി. കെ. ജാേർജ്ജ് (ഗവൺമെൻറ ചീഫ്സിക്രട്ടറി): മേൽപറഞ്ഞ സാങ്കേതിക കാളേജ്കളിൽ തിരുവിതാംകൂർകാർക്ക പ്രവേശനത്തിനുള്ള പ്രയാസം വർദ്ധിച്ചു വരികയാണെന്ന് ഗവൺമെൻറിനറിയാം.

ബ. ഏ. ഇല്ലാ.

(ബി) (സി) (ഡി) ഇവയുടെ ആവശ്യമില്ലാ.

(ഇ) ഏ-ാംഭാഗത്തിന്റെ മറുപടിയിലേക്ക മെമ്പറിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

(എഫ്) അങ്ങനെ ആയിട്ടില്ലെന്നു തോന്നുന്നു.

(ജി) ഇതിന്റെ ആവശ്യമില്ലാ.

(എച്ച്, ഐ) മി. ആർ. കേശവപിള്ളയുടെ നം. ൪൯-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയിലേക്ക മെമ്പറിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

മദ്രാസ് ഇൻജനീയറിംഗുകാളേജ്.

നം. ൫൧. മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക): ഏ. മദ്രാസ് എൻജിനീയറിംഗുകാളേജിൽ തിരുവിതാംകൂർ വിദ്യാർത്ഥികൾക്ക അദ്ധ്യയനംചെയ്യുന്നതിന പ്രതിഫലമായി വല്ലപണസംബന്ധമായ സഹായവും മദ്രാസ് ഗവൺമെൻറ നമ്മുടെഗവൺമെൻറിനോട്ട ആവശ്യപ്പെട്ടിട്ടുണ്ടോഎന്ന് പറയുന്നതിന് ഗവൺമെൻറിന ദയവുണ്ടാകുമോ?

ബ. ഏ-ാംഭാഗത്തിന്റെ മറുപടി അനുകൂലമെങ്കിൽ ഇതെപ്പററിയുള്ള എഴുത്തുകുത്തു മേശപ്പുറത്തിടുന്നതിന ഗവൺമെൻറിന് ദയവുണ്ടാകുമോ?

൩. ആവശ്യപ്പെട്ടുക കൊടുക്കാത്തതിനാൽ മദ്രാസ് ഇൻജിനീയറിംഗു കാളേജിലെ അധികൃതന്മാർ ഈയിടെ തിരുവിതാംകൂർ വിദ്യാർത്ഥികൾക്കുള്ള പ്രവേശനം നിർത്തിയതു ഗവണ്മെന്റിന് അറിയാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സിക്രട്ടറി): ൧. മറുപടിപ്രതികൂലമാണ്.

൨. ൧-ാം ഭാഗത്തിന്റെ മറുപടിയനുസരിച്ച് ഇതിന്റെ ആവശ്യമില്ലല്ലോ.

൩. ഗവണ്മെന്റിനു അറിവില്ല.

തിരുവിതാംകൂറിലെ ചേമ്പർ ഓഫ് കാമേഴ്സിന്റെ അഭിപ്രായത്തിന്മേലുള്ള നടപടി.

൩൭൨. മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): തിരുവിതാംകൂർ ചേമ്പർ ഓഫ് കമേഴ്സ് ഗവണ്മെന്റശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള താഴെപ്പറയുന്ന സംഗതികളിൽ എന്തു നടപടിനടത്തിയിട്ടുണ്ടെന്നു പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) ആലപ്പുഴ കടൽപാലത്തിൽ ഇപ്പോഴുള്ള ൭ ടൺ ക്രെയിൻമാററിവച്ചു മുതൽ ൧൦ ടൺവരെ ശക്തിയുള്ള ഒരു ഹാൻഡ് ക്രെയിൻ ഇടുക,

(ബി) ഈ തുറമുഖത്തെ മോഷണം തിരുത്തുന്നതിനു ഊർജ്ജിതമായ നടപടിനടത്തുക,

(സി) ആലപ്പുഴ കടൽപാലം ചൗക്കയിൽ ഒരു പോലീസ് സബ് ഇൻസ്പെക്ടരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിക്കുക, നാലു സിവിലിയൻ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനു ൨൦൦ രൂപ ഗവണ്മെന്റിൽനിന്നും ഗ്രാന്റു അനുവദിക്കുക,

(ഡി) ആലപ്പുഴ ചുങ്കഗോഡൗണിൽ കൂടുതൽ സൗകര്യങ്ങളുണ്ടാക്കുക,

(ഇ) കടൽപാലത്തിലും അതിന്റെ ബെയ്സിന്റെ വടക്കുവശത്തുള്ള കസ്റ്റംസ് ഗോഡൗണിലും കൂടുതൽ ഇലക്ട്രിക്ക്ലൈറ്റ് ഇടുക,

(എഫ്) ആലപ്പുഴയിൽ കമേർഷ്യൽ, വാട്ട ഈ തോടുകൾ കൂടുതൽകുഴിക്കുക,

(ജി) കാമർഷ്യൽ, വാട്ട ഈ തോടുകളുടെ വരമ്പുകൾ റിപ്പേർചെയ്യുക,

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സിക്രട്ടറി): എ. മുതൽ ജി. വരെ ചോദ്യത്തിൽ ചോദിച്ചിട്ടുള്ള എല്ലാ ഭാഗങ്ങളേയും പററിയുള്ള ചേമ്പർ ഓഫ് കാമേഴ്സിന്റെ അഭിപ്രായങ്ങൾ കിട്ടിയിട്ടുണ്ടു. അതു ആലോചനയിലിരിക്കുന്നു.

അസിസ്റ്റന്റ ഇൻജിനീയർമാരുടേയും എക്സിക്യൂട്ടീവ് ഇൻജിനീയർമാരുടേയും ജാതിതിരിച്ചുള്ള പട്ടിക.

൩൭൩. മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെന്റിലെ അസിസ്റ്റന്റും എക്സിക്യൂട്ടീവും ഇൻജിനീയർമാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു ഇടുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സിക്രട്ടറി): ഈ അറിവുതരുന്ന ഒരു സ്റ്റേറ്റുമെന്റ † മേശപ്പുറത്തിട്ടിരിക്കുന്നു.

റവന്യൂകേസ്സുസംബന്ധിച്ച എഴുത്തുകുത്തു നടത്തുന്നതിനുള്ള ഭാഷ.

൩൭൪. മി. ഏ. സി. കുര്യാക്കോസ് (മീനച്ചിൽ-ദേവികുളം): പുതുവൽ, പുറമ്പോക്കു, പോക്കുവരവ്, എസ്ചീററ് മുതലായ കേസുകളുടെ റിക്കാർട്ടുകൾമിക്കവാറും മലയാളത്തിലല്ലേ തയ്യാറാക്കുന്നതു എന്നുപറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സിക്രട്ടറി): റവന്യൂകേസുകളുടെ റിക്കാർട്ടുകൾ ഇംഗ്ലീഷിലോ മലയാളത്തിലോ തമിഴിലോ ആയിരിക്കും.

മി. ഏ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): എന്റെചോദ്യത്തിൽ ഈ റിക്കാർട്ടുകൾ അധികവും മലയാളത്തിലല്ലേ തയ്യാറാക്കുന്നതു എന്നാണ്. അതിനു തന്നിരിക്കുന്നമറുപടി മൂന്നുഭാഷയിലാണുതയ്യാറാക്കുന്നതു എന്നാണ്, ഇതിൽ അധികവും മലയാളമല്ലേ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സിക്രട്ടറി): അങ്ങിനെപറയാൻ പ്രയാസമാണ്, തെക്കൻഡിവിഷനിൽ തമിഴിലായിരിക്കും എഴുത്തുകുത്തു അധികം നടത്തുന്നതു. മററുസ്ഥലങ്ങളിൽ മലയാളവും ആയിരിക്കും, എഴുത്തുകുത്തിന്റെ രീതി ഇപ്പോൾ അധികവും ഇംഗ്ലീഷാകുന്ന ഒരു സ്വഭാവമാണ് കണ്ടുവരുന്നതു, അതുകൊണ്ടു ഏതാണ് കൂടുതൽ എന്നുള്ളകണക്കു ശരിയായിട്ട എടുക്കാൻ പ്രയാസമാണ്.

മി. ഏ. സി. കുര്യാക്കോസ് (മീനച്ചിൽ-ദേവികുളം): തിരുവിതാംകൂറിൽ തമിഴ് സംസാരിക്കുന്നവരാണോ മലയാളം സംസാരിക്കുന്നവരാണോ അധികമുള്ളതു?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സിക്രട്ടറി): തമിഴ് സംസാരിക്കുന്നവർ മലയാളത്തെക്കാൾ കുറവാണ്.

മി. ഏ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): പുറംപോക്കു കേസുകളിലെ റിക്കാർട്ടുകൾ തയ്യാറാക്കുന്നതു പ്രവൃത്തികാരന്മാരോ താലൂക്കു ക്ലാർക്കന്മാരോ ആണല്ലോ. ഇനി അതുനോക്കുന്നതുസംബന്ധിച്ചും മററും ഇവർ തയ്യാറാക്കുന്ന റിക്കാർഡുകൾ അധികവും മലയാളത്തിലല്ലേ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സിക്രട്ടറി): മലയാളം തമിഴ് ഇംഗ്ലീഷ് ഈ മൂന്നുഭാഷകളിലും കാണുമെന്ന് മറുപടി പറഞ്ഞിട്ടുണ്ടല്ലോ.

മി. ഏ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): ഇതിൽ ഏതുഭാഷയിലാണു അധികമുള്ളതു?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സിക്രട്ടറി): തമിഴിനെ സംബന്ധിച്ച തീർച്ച പറയാം. കുറവായിട്ടേ കാണുകയുള്ളു. ഇംഗ്ലീഷിനെയും മലയാളത്തെയും സംബന്ധിച്ചു തീർച്ചപറയാൻ നിവൃത്തിയില്ല.

† അനുബന്ധം ന൧ പുറം നോക്കുക,

മി. ഏ. സി. കുരിയാക്കോസ് (മീനച്ചൽ-ദേവികുളം): തിരുവിതാംകൂറിൽ തമിഴരേക്കാൾ അധികം മലയാളം സംസാരിക്കുന്ന താലൂക്കുകളല്ലേ ഉള്ളത്?

മി. സി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറു സിക്രട്ടറി): അതെ,

പുതിയ ഹൈക്കോടതി ജസ്റ്റിമാരുടെ നിയമനം.

നം. ൭൫. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പുതിയ ഹൈക്കോടതി ജസ്റ്റിമാർ ജോലിയിൽ പ്രവേശിച്ച തീയതിയും സമയവും പറയുന്നതിനു ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സിക്രട്ടറി): പുതുതായി നിയമിക്കപ്പെട്ട മൂന്നു ഹൈക്കോടതി ജസ്റ്റിമാരും ൧൧൨൪ മിഥുനം ൧൦-നു ഉച്ചതിരിഞ്ഞാണു ജോലിയിൽ പ്രവേശിച്ചത്. ഓരോ ജസ്റ്റിമാരും ജോലിയിൽ പ്രവേശിച്ച കൃത്യസമയത്തെപ്പറ്റി ഗവർമ്മെൻറിനു അറിവില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഗവർമ്മെൻറിനു ഈ പ്രത്യേക അറിവു എങ്ങിനെ ലഭിച്ചു എന്നു പറയുന്നതിനു മെംബറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സിക്രട്ടറി): ചാർജ്ജ് റിപ്പോർട്ടുകളിൽ നിന്നു,

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എൻറെ ചോദ്യം കിട്ടിയതിൻറെ ശേഷം കൂടുതൽ അറിവു ലഭിക്കുന്നതിനു ഗവർമ്മെൻറു വല്ല ശ്രമവും ചെയ്തോ എന്നു പറയുന്നതിനു മെംബറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സിക്രട്ടറി): ചാർജ്ജ് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ഗവർമ്മെൻറിനു ലഭിച്ച പ്രഥമ അറിവു അതാണ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): മുഴുവൻ അറിവും ലഭിക്കുന്നതിനു ഗവർമ്മെൻറു വല്ല ശ്രമവും ചെയ്തോ എന്നു പറയുന്നതിന് മെംബറിന് ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സിക്രട്ടറി): ഇല്ല. കൂടുതൽ വിവരത്തിനു ആവശ്യപ്പെട്ടില്ല.

ഹൈക്കോടതിയിൽ മി. ശ്രീലിംഗമയ്യരുടെ ഒഴിവിൽ ആളെ നിയമിക്കുന്നതിനുള്ള കാലതാമസം.

നം. ൭൬. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഹൈക്കോടതിയിൽ മി. ശ്രീലിംഗമയ്യരുടെ ഒഴിവിൽ ൩ മാസത്തിനുമേൽ ആളെ നിയമിക്കാതിരുന്നതു എന്തുകൊണ്ടാണെന്നു പറയുന്നതിനു ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സിക്രട്ടറി): ഒരു പിൻഗാമിയുടെ നിയമനം ആലോചനയിൽ കിടക്കുന്നതുകൊണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ പ്രത്യേക ഒഴിവു ഗവർമ്മെൻറിൻെറ ആലോചനയിൽ കിടന്നതു എന്തുകൊണ്ടാണെന്നു പറയുന്നതിനു മെംബറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സിക്രട്ടറി): ഒരു പിൻഗാമിയെ നിയമിക്കുന്ന കാര്യം ആലോചനയിലിരുന്നതുകൊണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇതു ൩ മാസത്തിനുമേൽ ഗവർമ്മെൻറിൻെറ ആലോചനയിൽ ഇരുന്നു. ഏതു വിധത്തിലാണ് ഇതു ഗവർമ്മെൻറിൻെറ ആലോചനയിൽ ഇരുന്നതു എന്നു പറയുന്നതിനു മെമ്പറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രിട്ടറി): നോമിനേഷൻ ആലോചനയിൽ ഇരുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): സീനിയാറിററി സംബന്ധിച്ച പ്രയാസമുണ്ടായിരുന്നോ? ഏതു വിധത്തിലാണ് ഇതു ഗവർമ്മെൻറിൻെറ ആലോചനക്കു വിഷയമായതു എന്നറിഞ്ഞാൽ കൊള്ളാം?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രിട്ടറി): നോമിനേഷനാണ് ആലോചനയിൽ ഇരുന്നതു. ഏതു വിധത്തിലാണെന്നു എനിക്കു പറവാൻ പാടില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഒരു പ്രത്യേക ഒഴിവു ൩ മാസത്തിനുമേൽ വരെ ഗവർമ്മെൻറാലോചനയിലിരുന്നോ എന്നാണ് എൻറെ ചോദ്യം?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രിട്ടറി): അതെ. അതു ഗവർമ്മെൻറാലോചനയിലിരുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ശ്രീലിംഗമയ്യരുടെ ഒഴിവിൽ നിയമനം നടക്കുന്നതിനു മുമ്പു ഹൈക്കോടതിയിൽ വീണ്ടും വല്ല ഒഴിവും ഉണ്ടായോ എന്നു പറയുന്നതിനു ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രിട്ടറി): ഉണ്ടായി. മി. ശ്രീലിംഗമയ്യരുടെ ഒഴിവിൽ നിയമനം ഉണ്ടാകുന്നതിനു മുമ്പു വീണ്ടും ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ ഒഴിവുകളിൽ ഉടനെ നിയമനം ഉണ്ടായോ അതോ ഗവർമ്മെൻറിൻെറ ആലോചനയിൽ കിടന്നോ എന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രിട്ടറി): മററൊഴിവുകളിൽ നിയമനം എങ്ങിനെയാണുണ്ടായതു എന്നുള്ള ചോദ്യത്തിൽനിന്നാ അല്ലാ ഈ ചോദ്യം ഉത്ഭവിക്കുന്നതു. ഇതു മി. ശ്രീലിംഗമയ്യരുടെ ഒഴിവിനെപ്പററിയാണ്, അതിനു മറുപടി പറഞ്ഞു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഒരു പ്രത്യേക ഒഴിവു ഗവർമ്മെൻറിൻെറ ആലോചനയിൽ കിടന്നതുകൊണ്ടു പിന്നീടുള്ള ഒഴിവുകളും ആലോചനയിൽ കിടന്നോ എന്നറിയണം.

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രിട്ടറി): ചോദിച്ച ചോദ്യം അതല്ല; ഈ ചോദ്യം ഒരു പ്രധാന ചോദ്യമായി ചോദിക്കുമ്പോൾ ഇതിനു മറുപടി പറയാം. ഇതു ഇപ്പോൾ ഒരു ഉപചോദ്യമാകുന്നില്ല.

ഹൈക്കോടതി ജസ്റ്റിമാരുടെ ഒഴിവിലുള്ള നിയമനം.

നം. ൭൭. മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഹൈക്കോടതിയിൽ രണ്ടു ജസ്റ്റിമാരുടെ സ്ഥാനം ഒഴിവുണ്ടായതുമുതൽ ഉദ്ദേശം ൩ മാസക്കാലത്തോളം ആളുകളെ നിയമിക്കാതിരുന്നതെന്തുകൊണ്ടാണ് എന്നു പറയുന്നതിനു ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതുമാതിരി ഒരു ഒഴിവുമാത്രമെ ഉണ്ടായിരുന്നുള്ളു. അതിൽ ആരെ നിയമിക്കാനുള്ള കാലതാമസത്തെസംബന്ധിച്ചിടത്തോളം മി. ഡി. സി. ജോസഫിന്റെ ൩൬൩-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലേക്ക മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ജുഡിഷ്യൽ ആഫീസർമാരുടെ ഒഴിവിൽ നിയമനംനടത്തുന്നതിനുള്ള കാലവിളംബം.

൩൭൪. മി. ഏ. താണുപിള്ള (തിരുവനന്തപുരം): ജുഡിഷ്യൽഉദ്യോഗസ്ഥന്മാരുടെ ഒഴിവിൽ ആളെ നിയമിക്കുന്നതിനുള്ളതാമസം നിയമവിളംബം ഗണ്യമായി വർദ്ധിപ്പിക്കുന്നുണ്ടെന്നു ഗവണ്മെന്റിനു അറിയാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ജുഡിഷ്യൽഉദ്യോഗസ്ഥന്മാരുടെ ഒഴിവിൽ നിയമനം നടത്താതെ ഇപ്പോൾ ഒന്നുമില്ല.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള ഗവണ്മെന്റിന്റെ സ്വാഭാവികമായതാമസം നിയമവിളംബം സാരമായി വർദ്ധിപ്പിക്കുന്നുണ്ടെന്ന് ഗവണ്മെന്റിനു അറിയാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): സ്വാഭാവികമായി താമസമുണ്ടെന്നു ഗവണ്മെന്റ സമ്മതിക്കുന്നില്ല.

ഹൈക്കോടതിജഡ്ജിമാരുടെ നിയമനം.

൩൭൫. മി. ഏ. താണുപിള്ള (തിരുവനന്തപുരം): ഹൈക്കോടതിയിൽ അടുത്തകാലത്തുണ്ടായ മൂന്നു ജഡ്ജിമാരുടെ നിയമനംസംബന്ധിച്ചു താഴെപ്പറയുന്നവയ്ക്കു മറുപടിപറയുന്നതിനു ഗവണ്മെന്റിനു ഒഴിവുണ്ടാകുമോ?

(എ) നിയമനത്തിനു ഹേതുവായ ഓരോ ഒഴിവുകളും ഉണ്ടായ തീയതി;

(ബി) ഓരോന്നിലും ഒഴിവുണ്ടാകുമെന്നു വ്യക്തമായി അറിഞ്ഞതീയതി;

(സി) ഓരോന്നിലും നിയമനത്തിനു എടുത്തസമയം;

(ഡി) മൂന്നു ഒഴിവുകളിൽ ആദ്യത്തെ രണ്ടൊഴിവുകളിൽ നിയമനം നടത്തുന്നതിനുണ്ടായ താമസത്തിന്റെകാരണം;

(ഇ) ഇപ്പോഴുള്ള ദിവാൻജി ഹജൂരാഫീസിലെ ജോലികളുടെ നടത്തിപ്പു കയ്യേറ്റ എത്രമണിക്കാണ് ഈ മൂന്നു ജഡ്ജിമാരേയും നിയമിച്ചുള്ളഉത്തരവിനു ഒപ്പുവച്ചത്? അതിന്റെശേഷം എത്രമിനിറ്റിനകമാണ്. അവർ ഓരോരുത്തരും ഹൈക്കോടതിബഞ്ചിൽ അവരുടെസ്ഥാനത്തു ഉപവിഷ്ടരായതു്?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി):

		ഒഴിവിന്റെസ്വഭാവം.	ഒഴിവിന്റെതീയതി.
എ.	(i)	അടുത്തുണിന് പ്രാരംഭമായി അവധിഎടുത്ത ജസ്റ്റീസ് മി. പി. എൻ. മുതലിയാരവർകളുടെ ഒഴിവ്.	൧൧൨൪—൬—൩
	(ii)	പകരം ചീഫ്ജസ്റ്റീസായി കയറ്റപ്പെട്ട ജസ്റ്റീസ് മി. എ. വെങ്കിട്ടരാമയ്യരുടെ ഒഴിവ്.	൧൧൨൪—൧൦—൨൨
	(iii)	ദിവാൻജിയായി നിയമിക്കപ്പെട്ട ജസ്റ്റീസ് മി. വി. എസ്. സുബ്രഹ്മണ്യഅയ്യരുടെ ഒഴിവ്.	൧൧൨൪—൧൧—൧൦

ബി. (i) ൧൧൨൪—൮—൧

(ii) ൧൧൨൪—൯—൧൭

(iii) ൧൧൨൪—൧൧—൧൦

സി. (i) ൩ മാസവും ൭ ദിവസവും.

(ii) ൨൦ ദിവസം.

(iii) അതേദിവസം.

ഡി. ഇക്കാര്യം ആലോചനയിൽ ഇരുന്നു.

ഇ. (൧) ദിവാൻജി ഉത്തരവുകളിൽ ഒപ്പിടുന്ന സൂക്ഷ്മസമയം കുറിക്കുന്ന റിക്കാർട്ടുകൾ ഗവണ്മെന്റിനുഇല്ല.

(൨) ഓരോജഡ്ജിമാരും അവരുടെ സ്ഥാനങ്ങളിൽ ഉപവിഷ്ടരായ സൂക്ഷ്മസമയത്തെ പറ്റി ഗവണ്മെന്റിനു അറിവുമില്ല. കിട്ടീട്ടുള്ള ചാർജ്ജ്റിപ്പോർട്ടുകളിൽനിന്നും ൧൧൨൪ മിഥുനം ൧൭-ാം ഉച്ചതിരിഞ്ഞു ചാർജ്ജ് എടുത്തു എന്നു കാണുന്നു.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ബി iii-ന്റെഉത്തരം. ചീഫ്ജസ്റ്റീസ് അവധിഎടുത്തതുമൂലമുണ്ടായ ഒരൊഴിവല്ലേ അത്?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതേ.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ചീഫ്ജസ്റ്റീസ് യൂറോപ്പിൽ പോകുന്നുണ്ടെന്നു അറിഞ്ഞതെപ്പോഴാണ്?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അവധിതുടങ്ങുന്നതിനുമുമ്പ്.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): അവധിതുടങ്ങിയതു എപ്പോഴാണ്?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): എനിക്കു സൂക്ഷ്മമായി അറിവാൻപാടില്ല. മീനത്തിൽ ആയിരുന്നുഎന്നുതോന്നുന്നു.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ആ സമയത്തു ആ ഒഴിവുണ്ടാകുമെന്നു ഗവണ്മെന്റ അറിഞ്ഞില്ലേ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അവധികഴിഞ്ഞതിന്റെശേഷംമാത്രമെ ആ ഒഴിവു ഉണ്ടാകുമെന്നു ഗവണ്മെന്റ സൂക്ഷ്മമായിഅറിഞ്ഞുള്ളു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആ ഒഴിവുണ്ടാകുമെന്നു അവധിതുടങ്ങിയപ്പോൾ ഗവണ്മെന്റ അറിഞ്ഞില്ലേ? അതാണ് എന്റെ ചോദ്യം.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അറിഞ്ഞു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതു മീനത്തിൽ ആയിരുന്നു, ബി ഫ-ൽ തന്നിരിക്കുന്നതു പോലെ മേടത്തിൽ അല്ലായിരുന്നു?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതേ. അന്നാണ് ഒഴിവ് സൂക്ഷ്മമായി ഉണ്ടായതു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ഒഴിവുണ്ടാകുമെന്നു എന്നാണ് സൂക്ഷ്മമായി അറിഞ്ഞതു എന്നാണ് എന്റെ ചോദ്യം.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഈ ഒഴിവു സൂക്ഷ്മമായിഉണ്ടായപ്പോൾമാത്രമെ ഇതു സൂക്ഷ്മമായിഅറിഞ്ഞുള്ളു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഒഴിവു എന്നുണ്ടാകുമെന്നുള്ള ഗവണ്മെന്റിന്റെ അറിവിന്റെ സൂക്ഷ്മതയെപ്പററിയാണ് എന്റെ ചോദ്യം?

മി. വി. എസ്. സുബ്രഹ്മണ്യഅയ്യരെ ദിവാൻപദത്തിലേക്കുയർത്തിയതുമൂലം ഒരൊഴിവുണ്ടായിരുന്നില്ല. ൧൧൦൮ മിഥുനം ൧൦-നു-തന്നെ ആ ഒഴിവുണ്ടാകുമെന്നു അറിഞ്ഞിരുന്നില്ലേ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): എനിക്കുപറവാൻപാടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഡി ഭാഗത്തിന്റെഉത്തരം ആരായിരുന്നു. ഇക്കാര്യത്തെപ്പററി ആലോചിച്ചുകൊണ്ടിരുന്നതു എന്നറിഞ്ഞാൽകൊള്ളാം?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഗവണ്മെന്റ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആലോചിച്ചുകൊണ്ടിരുന്നതെങ്ങിനെ അറിഞ്ഞാൽകൊള്ളാം?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഗവണ്മെന്റാരാണെന്നു മെമ്പറിനു അറിയാമെല്ലോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): അവ്യക്തമായ ഒരു പദമാണ് ഗവണ്മെന്റ. ഗവണ്മെന്റിന്റെ ആലോചനയിലിരുന്നു എന്നല്ലാതെ കൂട്ടത്തിൽയി ഒന്നും പറയുവാൻ മെമ്പറിനു സാധിക്കയില്ലെന്നാണോ ഞാൻ വിചാരിക്കേണ്ടതു്?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അത്രമാത്രം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആ ആലോചനയുടെ സ്വഭാവമറിഞ്ഞാൽകൊള്ളാം?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതിനുമറുപടിപറഞ്ഞുകഴിഞ്ഞു. രണ്ടു സന്ദർഭങ്ങളിൽ അതിനുമറുപടിപറഞ്ഞു.

മി. എ. താണുപിള്ള (തിരുവനന്തപുരം): മറുപടി ഒന്നുംപറഞ്ഞതായി എനിക്കുതോന്നുന്നില്ല.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): മറുപടിപറഞ്ഞു.

മി. എ. താണുപിള്ള (തിരുവനന്തപുരം), ആലോചനയിലിരുന്നു എന്നല്ലാതെ മറുയാതൊന്നും പറഞ്ഞില്ല. എന്തൊക്കെയാണ് ആലോചിച്ചതു എന്നുപറഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): നോമിനേഷൻ ആലോചനയിലിരുന്നിരിക്കണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആരുടെയെല്ലാം അവകാശങ്ങളായിരുന്നു ആലോചനയിലിരുന്നതു് എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): എനിയ്ക്കറിവാൻപാടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇക്കാര്യം ആലോചനയിലിരുന്നുഎന്നു കാണിക്കുന്ന വല്ല റിക്കാർട്ടുംഉണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഉണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതു് ഹജൂരാഫീസിലാണോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഈ വിഷയത്തെപ്പററിയുള്ള ഫയൽ ഹജൂരാഫീസിലാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ആറുമാസവും എന്താലോചനയിലായിരുന്നു ഇക്കാര്യം ഇരുന്നതെന്നു ആ ഫൈലിൽനിന്നും കാണുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഫയൽ ഗവണ്മെന്റിൽസമർപ്പിച്ചു, അതു ഉത്തരവുകിട്ടി. ഹജൂരാഫീസിൽ അത്രമാത്രംഅറിയാം. ഫയൽ ഗവണ്മെന്റിൽ സമർപ്പിച്ചുഎന്നും അതു ഉത്തരവിട്ടുകിട്ടിഎന്നും ഹജൂരാഫീസിലറിയാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആരുടെ അവകാശങ്ങളാണ് ഗണിച്ചതെന്ന് അതു കാണിക്കുന്നില്ലേ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഒരു ആഫീസുഫയലിലെ വിവരങ്ങളെല്ലാം പുറത്തുപറയാൻപാടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇതു സംബന്ധിച്ചു ആലോചനാവിഷയമായിത്തീർന്നവരുടെപേരുകൾ അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അവരുടെപേരുകൾപറയാൻ പാടില്ലാത്തതിനാൽ മനസ്താപിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): പേരുകൾപറയാൻ പാടില്ലെന്നാണോ മെംബറിനു അറിവില്ലെന്നാണോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): പേരുകൾഎല്ലാം എനിക്കു അറിയാൻപാടില്ല. പേരുകൾ പുറത്തുപറയുന്നതു ശരിയാണെന്നു തോന്നുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): പേരുകൾ വെളിപ്പെടുത്താൻ പാടില്ലാത്തതിൻറ കാരണം അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവർമ്മെൻറ ചീഫ്സെക്രട്ടറി): ഗവർമ്മെൻറിൻറ ഇതുസംബന്ധിച്ച അഭിപ്രായമാണതു്. പേരുകൾ ഞാൻ അറിഞ്ഞിരുന്നാൽതന്നെയും വെളിപ്പെടുത്തുന്നതു് ശരിയാണെന്നു എനിക്കു തോന്നുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): പേരുകൾ വെളിപ്പെടുത്താൻപാടില്ലെന്നു ഗവർമ്മെൻറു അഭിപ്രായപ്പെടാൻ കാരണം എന്താണെന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവർമ്മെൻറ ചീഫ്സെക്രട്ടറി): ഗവർമ്മെൻറ ഓരോ വ്യക്തികളെ തിരഞ്ഞെടുക്കുന്നതുസംബന്ധിച്ച ഒരു കാര്യമാണതു്. ആ പേരുകൾ വെളിപ്പെടുത്തുന്നതു് ആശാസ്യമാണെന്നു തോന്നുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇ (ഫ) ഉത്തരം, ദിവാൻജി ഉദ്യോഗത്തിൽപ്രവേശിച്ചതും ഈ ഉത്തരവുകൾ ഒപ്പുവച്ചതും ഒരേസമയത്താണോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവർമ്മെൻറ ചീഫ്സെക്രട്ടറി): ജോലിയിൽ പ്രവേശിച്ചതിനുശേഷം മാത്രമേ ഒപ്പുവച്ചുള്ളു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ജോലിയിൽപ്രവേശിച്ചു ഉടനെയോ എത്രമിനിട്ടുകഴിഞ്ഞിട്ടോ എന്നറിവാൻ ആഗ്രഹമുണ്ടു്.

മി. കെ. ജാർജ്ജ് (ഗവർമ്മെൻറ ചീഫ്സെക്രട്ടറി): എനിക്കുപറയാൻ പാടില്ല. ഉത്തരവിനു ഒട്ടുകൃത്യം എത്രമിനിറ്റായിരുന്നെന്നു ഓർമ്മയുമില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ജോലിയിൽപ്രവേശിച്ചതും ഒപ്പിട്ടതും ഒരുമിച്ചാണോ?

മി. കെ. ജാർജ്ജ് (ഗവർമ്മെൻറ ചീഫ്സെക്രട്ടറി): അതുകഴിഞ്ഞിട്ടു എന്നുപറഞ്ഞുകഴിഞ്ഞു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ജോലിയിൽ പ്രവേശിച്ചു ഈ ഉത്തരവുകൾ ഒപ്പിടുന്നതിനു മുമ്പു ദിവാൻജി വല്ലജോലിയും ചെയ്തോ?

പ്രസിഡൻറ: മെംബർ അതിനുകവിഞ്ഞു ക്രോസുചെയ്യുന്നതു അനുവദിക്കാൻപാടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ദിവാൻജി ജോലിയിൽ പ്രവേശിച്ചു കുറച്ചുമിനിട്ടിനുള്ളിൽ ഓഫീസുവിട്ടതിനുമുമ്പു ആ മേശപ്പുറത്തുവച്ചുതന്നെയാണോ ഉത്തരവുകൾ ഒപ്പിട്ടതു എന്നറിവാൻ ആഗ്രഹമുണ്ടു്.

മി. കെ. ജാജ് (ഗവർമ്മെൻറ ചീഫ്സിക്രട്ടറി): ഈ വിവരങ്ങളെല്ലാം എനിക്കറിവാൻ പാടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ഉത്തരങ്ങൾ ദിവാൻജി ശരിവച്ചതായാണോ?

മി. കെ. ജാജ് (ഗവർമ്മെൻറ ചീഫ്സിക്രട്ടറി): അതേ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇതു നടന്നപ്പോൾ മെമ്പർ ഹജൂരാഫീസിൽ ഉണ്ടായിരുന്നോ?

മി. കെ. ജാജ് (ഗവർമ്മെൻറ ചീഫ്സിക്രട്ടറി): അതു ഒരാളെസംബന്ധിച്ച ചോദ്യമാണ്. ഒരാളെ സംബന്ധിച്ച ചോദ്യത്തിനു മറുപടിപറഞ്ഞിട്ടു ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): മെമ്പർ ഗവർമ്മെൻറിൻറ പ്രതിനിധിയായ ചീഫ്സിക്രട്ടറി എന്നനിലയിലാണ് ഞാൻ ചോദിക്കുന്നതു്?

മി. കെ. ജാജ് (ഗവർമ്മെൻറ ചീഫ്സിക്രട്ടറി): അതേ. പക്ഷേ ഒരാളെസംബന്ധിച്ച ചോദ്യത്തിനു മറുപടിപറഞ്ഞിട്ടു ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആദിവസം ചാർജ്ജെടുക്കാൻ ഒരുങ്ങിയിരുന്നുകൊള്ളണമെന്നു ഈ മൂന്നുജഡ്ജിമാർക്കും മുന്നറിവുകൊടുത്തിരുന്നോ?

മി. കെ. ജാജ് (ഗവർമ്മെൻറ ചീഫ്സിക്രട്ടറി): എനിക്കറിവില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ജഡ്ജിമാർ ആദിവസംതന്നെ ചാർജ്ജെടുത്തു എന്നു ഗവർമ്മെൻറിനറിവുണ്ടോ?

മി. കെ. ജാജ് (ഗവർമ്മെൻറ ചീഫ്സിക്രട്ടറി): അവർ ഉച്ചകഴിഞ്ഞു് അതായതു വൈകാറായപ്പോൾ ചാർജ്ജ് എടുത്തു.

മി. എ. താണുപിള്ള (തിരുവനന്തപുരം): സമയമറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാജ് (ഗവർമ്മെൻറ ചീഫ്സിക്രട്ടറി): എനിക്കറിവില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): വൈകാറായപ്പോൾ ചാർജ്ജ് എടുത്തുഎന്നു എന്തറിവിൽനിന്നുമാണ് പറയുന്നതു്.

മി. കെ. ജാജ് (ഗവർമ്മെൻറ ചീഫ്സിക്രട്ടറി): ചാർജ്ജുറിപ്പോർട്ടിൽനിന്നും അവർ ഉച്ചകഴിഞ്ഞു ചാർജ്ജ് എടുത്തുഎന്നു മനസ്സിലായി. എന്നാൽ വൈകാറായപ്പോളാണ് ചാർജ്ജ് എടുത്തതു എന്നുകേട്ടു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അവർ വൈകാറായപ്പോഴാണ് ചാർജ്ജ് എടുത്തതുഎന്നു മെമ്പർ എവിടെനിന്നും അറിഞ്ഞുഎന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാജ് (ഗവർമ്മെൻറ ചീഫ്സിക്രട്ടറി): പലയിടങ്ങളിൽനിന്നും.

മി. എ. താണുപിള്ള (തിരുവനന്തപുരം): പലയിടത്തുനിന്നും അറിഞ്ഞുഎന്നു മെമ്പർ പറയുന്നതു സ്വന്തനിലയിലാണോ ഗവർമ്മെൻറിൻറ പ്രതിനിധിയായിട്ടാണോ?

മി. കെ. ജാജ് (ഗവർമ്മെൻറ ചീഫ്സിക്രട്ടറി): ഞാൻ സ്വന്തനിലയിലാണ് പറയുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിയമനിർമ്മാണസഭയിൽ ചോദിക്കുന്ന ഒരു ചോദ്യത്തിനു ഒരുമെമ്പറിൻറ കേട്ടുകേൾവി മറുപടിയായി പറയാമോ എന്നുള്ളതിനെപ്പറ്റി ഒരു പായിൻറ ഓഫ് ആർഡർ ആവശ്യപ്പെട്ടിരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ജഡ്ജിമാക്ക് അവർ ചാർജ് എടുത്തദിവസത്തെ ശമ്പളം കിട്ടിയോ?

മി. കെ. ജാർജ് (ഗവർമ്മെന്റ ചീഫ്സിക്രട്ടറി): അതു് ഫൈനാൻഷ്യൽ സെക്രട്ടറിയാണ പറയേണ്ടതു. അവർ വൈകിട്ട ചാർജ്ജു എടുത്തതുകൊണ്ടു അവക്ക് അടുത്തദിവസംമുതൽ മാത്രമെ ശമ്പളം കിട്ടുകയുള്ളു എന്നു എനിക്കു തോന്നുന്നു.

നിയമവിളംബം.

൩൫൦. മി. എ. താണുപിള്ള (തിരുവനന്തപുരം):

താഴെപ്പറയുന്നവയ്ക്കു മറുപടിപറയുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമൊ?

(എ) ൧൧൦൩-ലെ ബഡ്ജറ്റ വാദപ്രതിവാദസമയത്തു നിയമവിളംബാന്വേഷണത്തിനു ഒരു ഉദ്യോഗസ്ഥനെ നിയമിക്കുകയൊ ഏതെങ്കിലും ഒരു ഏജൻസി ഏർപ്പെടുത്തുകയൊ ചെയ്യുന്നതാണെന്നു ഗവർമ്മെന്റ വാഗ്ദത്തം ചെയ്തില്ലെ?

(ബി) ഇപ്പോൾ (൧൧൦൪-൧൨-൪) ഈ ആവശ്യത്തിലേക്കു ഒരു ഹൈക്കോടതി ജഡ്ജിയെ നിയമിക്കണമെന്നു ആലോചനയുണ്ടോ?

മി. കല്ലുമഠം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): (എ) വ്യക്തമായി വാഗ്ദത്തം ചെയ്തിട്ടില്ല. സൌകര്യപ്പെടുമെങ്കിൽ ഇക്കാര്യം ഗൌരവമായി വിചാരിക്കാമെന്നും നിയമവിളംബത്തെപ്പറ്റി അന്വേഷിക്കുന്നതിനു എന്തെങ്കിലും ഒരു ഏജൻസി ഏർപ്പെടുത്താമെന്നും പറഞ്ഞിരുന്നു.

(ബി) ഇപ്പോൾ ആ ഉദ്ദേശത്തിൽ അപ്രകാരം ചെയ്യണമെന്നു ഗവർമ്മെന്റ വിചാരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ആലോചന ഇപ്പോൾ ഏതുനിലയിൽ ഇരിക്കുന്നു എന്നു അറിഞ്ഞാൽക്കൊള്ളാം.

മി. കല്ലുമഠം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): നിയമവിളംബകമ്മീഷന്റെ ചിലവു കൌൺസിൽ ഇപ്പോൾ പാസ്സാക്കിയിട്ടുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ആവശ്യത്തിലേക്കു എത്രമാസത്തിനകം ഉദ്യോഗസ്ഥനെ നിയമിക്കുമെന്നാശിക്കാം.

മി. കല്ലുമഠം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതു പറയാൻ സമയമായില്ല.

അനുബന്ധം ൪൭.

൩൦൪-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ഭൂനികുതി, ആദായനികുതി ഇവസംബന്ധിച്ചു ൧൧൦൧ മുതൽ ൧൧൦൩ വരെയുള്ള ഡിവിഷൻ കച്ചേരികളിലെ ജോലിവിവരം.

(എ) റവന്യൂ അപ്പീൽകേസുകൾ.

ഡിവിഷൻ	ഫയലായ കേസുകളുടെ എണ്ണം			തീരുമാനംചെയ്ത കേസുകളുടെ എണ്ണം		
	൧൧൦൧	൧൧൦൨	൧൧൦൩	൧൧൦൧	൧൧൦൨	൧൧൦൩
തിരുവനന്തപുരം	൪൪൨	൩൯൩	൩൪൫	൮൨൪	൪൪൧	൩൭൦
കൊല്ലം	൨൨൦	൧൧൫	൧൨൦	൧൪൬	൨൦൧	൧൨൯
കോട്ടയം	൧൨൬	൧൭൩	൧൫൬	൨൯൫	൧൬൩	൧൯൨
ദേവികുളം	൩൦	൨൫	൨൮	൯	൪൦	൨൭

ആദായനികുതി അപ്പീൽകേസുകൾ.

ഡിവിഷൻ	ഫയലായ കേസുകളുടെ എണ്ണം			തീരുമാനംചെയ്ത കേസുകളുടെ എണ്ണം		
	൧൧൦൧	൧൧൦൨	൧൧൦൩	൧൧൦൧	൧൧൦൨	൧൧൦൩
തിരുവനന്തപുരം	൩൧	൯൦	൩൭	൩൦	൯൦	൨൭
കൊല്ലം	൯൨	൯൧	൩൨	൪൭	൫൮	൫൨
കോട്ടയം	൧൭	൧൨	൧൦	൧൯	൧൨	൧൦
ദേവികുളം	൬	൧	൭	൭	൧	൯

(ബി) പിരിയേണ്ടതുക, പിരിവു, യഥാർത്ഥപിരിവിന്റെ ശതമാനം.

ഡിവിഷൻ	പിരിയേണ്ടതുക			പിരിവു			ശതമാനം		
	ഫഫ൦ഫ	ഫഫ൦വ	ഫഫ൦ന	ഫഫ൦ഫ	ഫഫ൦വ	ഫഫ൦ന	ഫഫ൦ഫ	ഫഫ൦വ	ഫഫ൦ന
	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.
തിരുവനന്തപുരം	ഫ്ഫ൭ൻ൦ന്ദ	ഫഫന്ദരവൻന	ഫ൭നജരവജ	ഫ൦ൻന്നവ്വ൭	ഫഫവവന്നജഫ	ഫഫ൦നവ്വനന്ന	ൻവ·വ്വഫ	ൻന്ന·രവ	ൻ൭·വഫ
കൊല്ലം	ഫ൭ഫൻവര൭	ഫ൭നൻ൦ഒൻ	ഫന്നജവ്വ൦ന്ന൭	ഫന്നരനവൻൻ	ഫന്ന൭ഫ൦ജവ്വ	ഫന്നവരരജ൭	ൻജ·ജവ്വ	ൻന്ന·൦വ്വ	ൻ൭·ൻ൭
കോട്ടയം	ഫനനൻന൭൦	ഫവൻൻ൭ന്ന	ഫവവ്വര൭ൻന	ഫവവ്വൻൻജ൭	ഫവനഫ൭ഫൻ	ഫവനജജ൦ജ	ൻന്ന·നഫ	ൻര·൭ര	ൻന്ന·ഫന്ന
ദേവികുളം	ഫൻവ്വര൦വ	വ൦വജന൦	ഫൻ൭വനൻ	ഫന്ന൭൦ഫന	ഫ൭൭വന്ന൦	ഫ൭വ്വഫനൻ	വ്വര·ഫ൭	വ്വ൭·ജവ	ൻ൦·നഫ

ആദായനികുതി

ഡിവിഷൻ	പിരിയേണ്ടതുക			പിരിവു			ശതമാനം		
	ഫഫ൦ഫ	ഫഫ൦വ	ഫഫ൦ന	ഫഫ൦ഫ	ഫഫ൦വ	ഫഫ൦ന	ഫഫ൦ഫ	ഫഫ൦വ	ഫഫ൦ന
	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.
തിരുവനന്തപുരം	ഫനന്നരരന്ന	ഫവവ്വ൦രവ്വ	ഫവ൭വഫജ	ഫഫവ൭ന്നന്ന	ഫഫഫ൦ജവ	ഫ൦൭വ്വ൦വ്വ	വ്വവ	വ്വന്ന	വ്വര
കൊല്ലം	രവന്നൻവ൦	നനഫവനഫ	വൻന്നഫവ്വര	വരൻരരവ്വ	വഫ൭ൻജര	വജവ്വഫന൭	ജവ്വ	ന്നജ	വ്വ൦
കോട്ടയം	ൻ൦വ്വവ്വവ	ഫ൦രവവന്ന	ഫവൻഫനന	൭ഫവ്വന്ന൭	വ്വ൭൭൦ഫ	ഫ൦൭ജൻര	൭ൻ	വ്വര	വ്വന
ദേവികുളം	വരവൻന൭	ഫവന്ന൭ന്നവ്വ	വവൻനൻ	വവൻവ്വവ്വന	ഫവ്വരൻവ്വന	വ൦വ൦ൻ൭	ൻ൦	ൻവ്വ	വ്വവ്വ

സി. റവന്യൂകേസുകളുടെ തീർച്ചവിവരം.

ഡിവിഷൻ	തീർപ്പ്		
	൧൧൦൧	൧൧൦൨	൧൧൦൩
തിരുവനന്തപുരം	൩൬൦൮൬	൪൩൨൦൬	൪൪൨൧൬
കൊല്ലം	൭൧൨൩൮	൬൭൫൧൭	൫൫൩൦൦
കോട്ടയം	൩൭൨൬൦	൩൪൬൦൫	൪൦൯൯
ദേവികുളം	൮൮൩	൯൦൦	൧൦൬൧

ഡി. പേഷ്കാരന്മാരുടെ സർക്കീട്ടുവിവരം

ഉദ്യോഗസ്ഥന്റെ പേര്	ക്യാമ്പിൽ കഴിച്ച ദിവസങ്ങൾ			സന്ദർശിച്ച സ്ഥാപനങ്ങളുടെ എണ്ണം		
	൧൧൦൧	൧൧൦൨	൧൧൦൩	൧൧൦൧	൧൧൦൨	൧൧൦൩
തിരുവനന്തപുരം ഡിവിഷൻ പേഷ്കാർ	൧൨൭	൧൬൭	൧൪൧	൭൫	൨൧	൪൦
ടി കൊല്ലം	൨൨൦	൧൮൭	൧൮൯	൧൪൫	൫൮	൧൧
ടി കോട്ടയം	൧൫൪	൧൪൮	൨൦൦	൮൯	൪൧	൨൦
ദേവികുളം കമ്മീഷണർ	൫൫	൧൩൧	൧൨൭	൧൭	൧൭	൧൮

ഇ. കൃഷിവായ്പകളുടെ അപേക്ഷകളുടെ വിവരം.

ഡിവിഷൻ	അപേക്ഷകളുടെ എണ്ണം			തീരുമാനിച്ചവയുടെ എണ്ണം		
	൧൧൦൧	൧൧൦൨	൧൧൦൩	൧൧൦൧	൧൧൦൨	൧൧൦൩
തിരുവനന്തപുരം	൧൦൨	൭൨	൯൭	൮൩	൭൪	൧൦൮
കൊല്ലം	൧൭൫	൨൩൮	൮൬൫	൧൬൮	൨൨൮	൩൨൫
കോട്ടയം	൯൪	൯൨	൧൫൫	൮൩	൯൫	൧൬൨
ദേവികുളം	൨	൪	൬	൨	൩	൫

എഫ്. ആദായനികുതി ചുമത്തപ്പെട്ടവരെപ്പററി.

ഡിവിഷൻ	ആദായനികുതി ചുമത്തപ്പെട്ടവരുടെ എണ്ണം			പിരിവു		
	൧൧൦൧	൧൧൦൨	൧൧൦൩	൧൧൦൧	൧൧൦൨	൧൧൦൩
				രൂ.	രൂ.	രൂ.
തിരുവനന്തപുരം	൭൮൯	൭൧൪	൭൫൨	൧൧൨൭൫൫	൧൧൧൦൮൬	൧൦൭൬൦൬
കൊല്ലം	൭൯൫	൬൨൭	൯൦൩	൨൪൯൪൪൬	൨൧൭൯൮൪	൨൮൬൧൩൭
കോട്ടയം	൮൧൧	൮൧൩	൮൬൫	൭൧൬൫൭	൬൭൭൦൧	൧൦൭൮൯൪
ദേവികുളം	൨൨൪	൨൨൬	൨൭൦	൨൨൯൬൬൩	൧൬൪൯൬൩	൨൦൨൦൯൭

അനുബന്ധം ൯ൻ. (൩൦൭-ാം ചോദ്യത്തിനു മറുപടി നോക്കുക.)

൧൯൨൯ ജൂലൈ ൧-നു സർവീസിലിരിക്കുന്ന മുൻസിഫന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക.

ഹിന്ദുക്കൾ												ക്രിസ്ത്യാനികൾ					
												റോമൻകത്തോലിക്കർ		സുറിയാനി ക്രിസ്ത്യാനികൾ			
ബ്രാഹ്മണർ (മലയാള)	ബ്രാഹ്മണർ (മററു)	ഈഴവർ	കമ്മാളർ	ക്ഷത്രിയർ	നാടാന്മാർ	നായന്മാർ	പുലയർ	വെള്ളാളർ	മററു താഴ്ന്ന ജാതിക്കാർ	മററു ഹിന്ദുക്കൾ	മഹമ്മദീയർ	പ്രൊട്ടസ്റ്റൻറുകാർ	ലത്തീൻകാർ	സുറിയാനികൾ	യാക്കോബായക്കാർ	മാർത്തോമ്മക്കാർ	ജൂതന്മാർ
...	൧൧	...	...	[illegible]	...	൧൭	...	൧	...	൮	൧	൩	...	൧	൩	[illegible]	...

അനുബന്ധം ൫൦.

൩൦൮-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

മൂവാറ്റുപുഴ താലൂക്കിൽ കോതമംഗലം പകുതിയിൽ സർവെ നമ്പർ ൭൩൨/൧-ൽ നിന്നും പതിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിവരം.

നമ്പർ	സർവെ		വിസ്തീർണ്ണം		ഏക്കറിനു തറവില			രജിസ്റ്റർചെയ്തതൊ ലേലംചെയ്തതൊ എന്നു	തറവില നിശ്ചയിച്ച ഉദ്യോഗസ്ഥന്റെ ഉദ്യോഗപ്പേര്
	നമ്പർ	ഖറർ	ഏ.	സെ.	രൂ.	ച.	കാ.		
					൧൧൦൧				
൧	൭൩൨/൧ എ	൮൪	...	൮൦	൧൦	...	...	രജിസ്റ്റർചെയ്തു	തഹശീൽദാർ
൨	൭൩൨	൩൬	൧	൫൭	൧൫	...	...	ടി	ടി
൩	൭൩൨	൨൬	...	൨൪	൨൫	...	...	ടി	ടി
൪	൭൩൨	൧൮	൪	൭	൨൫	...	...	ടി	ടി
൫	൭൩൨	൨൮, ൨൯, ൮൬	൪	൮൪	൨൫	...	...	ടി	ടി
൬	൭൩൨	൧൭	൪	൯൮	൨൫	...	...	ടി	ടി
൭	൭൩൨	൧൦൪	...	൧൬	൨൫	...	...	ടി	ടി
൮	൭൩൨	൧൫	൪	൮൫	൨൫	...	...	ടി	ടി
൯	൭൩൨	൧൯	൨	൬	൨൫	...	...	ടി	ടി
					൧൧൦൨				
൧൦	൭൩൨	൯൦	൪	൩൩	൨൫	...	...	ടി	
൧൧	൭൩൨	൯൬	...	൭൦	൨൦	...	...	ടി	ടി
൧൨	൭൩൨	൩൪	൫	൮൮	൩൦	...	...	ടി	ദിവാൻപേഷ്കാർ
൧൩	൭൩൨	൮൭	...	൧൫	൨൫	...	...	ടി	തഹശീൽദാർ
൧൪	൭൩൨	൩൫	൩	൭൨	൧൫	...	...	ടി	ടി
൧൫	൭൩൨	൧൦൧	...	൧൬	൨൫	...	...	ടി	ടി
൧൬	൭൩൨	൮	...	൭൦	൧൦	...	...	ടി	ടി
൧൭	൭൩൨	൮	൬	൧൯	൩൫	...	...	ടി	ദിവാൻപേഷ്കാർ
൧൮	൭൩൨	൧൬	...	൩൭	൨൫	...	...	ലേലം	ടി
൧൯	൭൩൨	൮൩	൧	൬൫	൨൫	...	...	രജിസ്റ്റർചെയ്തു	ടി
൨൦	൭൩൨	൭൧	൫	൫൪	൩൫	...	...	ടി	ടി
					൧൧൦൩				
൨൧	൭൩൨	൯൩	൬	൬൩	൩൫	...	...	ലേലം	ടി
					൧൧൦൪				
൨൨	൭൩൨	൧൩	൩	൫൮	൨൧	...	...	ടി	ടി

അനുബന്ധം ൩.

൩൧-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

തിരുവിതാംകൂറിലേക്കുള്ള ഒരു പൊതുജനാരോഗ്യ കാൎയ്യപരിപാടി

മുഖവുര.

ഏതു രാജ്യത്തിനും പൊതുജനാരോഗ്യ പ്രവൎത്തിക്കുള്ള കാൎയ്യപരിപാടി, പൎയ്യാന്വേഷണംകൊണ്ടും, പൎയ്യവേക്ഷണംകൊണ്ടും, അറിയപ്പെടുന്ന വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയുള്ള ക്രമമായി പുഷ്ടിപ്പെടുന്ന ഒന്നായിരിക്കണം. തിരുവിതാംകൂറിൽ പൊതുജനാരോഗ്യപ്രവൎത്തി ഈ മാൎഗ്ഗത്തിൽ പ്രചരിക്കണമെന്നാണ് വിചാരിക്കുന്നത്. ഈ കാൎയ്യപരിപാടി ശരിയായ പൊതുജനാരോഗ്യ പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തിയവയും, രാജ്യത്തിന്റെ ആവശ്യങ്ങൾക്ക് തക്കവയും, ഈ വിഷയത്തെപ്പറ്റി ആലോചിച്ചിട്ടുള്ളവരുടെ അഭിപ്രായമനുസരിച്ച് പ്രായോഗികവും, പൎയ്യാന്വേഷണംമൂലവും പൎയ്യവേക്ഷണംമൂലവും കാണുന്നസംഗതികൾ കൂടി ഉൾപ്പെടുത്തത്തക്കവിധം വിശാലവുമായിരിക്കുന്ന കാലത്തോളം, മേലിൽ ഭേദഗതികൾ ആവശ്യമായിരിക്കത്തക്കവണ്ണം ഒരു പ്രവൎത്തനപദ്ധതി രൂപീകരിക്കുന്നതിനു ഈ ഘട്ടത്തിൽ വിപരീതോദ്ദേശമൊന്നുമില്ല. നേരേമറിച്ച് ഇതുമാതിരി ഒരു പ്രോഗ്രാം ഉണ്ടാക്കുന്നതു കുറെക്കൂടി കാൎയ്യക്ഷമമായിരിക്കും. എന്തെന്നാൽ ലക്ഷ്യം മുൻകൂട്ടി അറിഞ്ഞിരുന്നാൽ ഏതുജോലിയും കുറേക്കൂടി തൃപ്തികരമായി പ്ലാൻചെയ്യുന്നതിനും രൂപീകരിക്കുന്നതിനും സാധിക്കും.

അടുത്ത പത്തുവൎഷത്തേക്കുള്ള സാമാന്യകാൎയ്യപരിപാടിയും, പ്രവൎത്തന നടപടിയും ഇവിടെ കൊടുത്തിരിക്കുന്നു. ശരിയായ പൊതുജനാരോഗ്യ പ്രമാണങ്ങളെയും, കഴിഞ്ഞ മൂന്നുമാസങ്ങൾക്കുള്ളിൽ, രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും പെട്ടെന്നുസഞ്ചരിച്ച് നടത്തിയ പരിശോധനയേയും അടിസ്ഥാനപ്പെടുത്തിയും സ്ഥലത്തുള്ള മെഡിക്കൽ പ്രാക്ടീഷണർമാരിൽനിന്നും ജനങ്ങളുടെ ജീവിതരീതിയേയും, അവസ്ഥയേയും പറ്റി ലഭിച്ചിട്ടുള്ള ശരിയായ അറിവിനെപ്പറ്റി ആലോചിച്ചുമാണ്, ഇതു ഉണ്ടാക്കിയിരിക്കുന്നത്.

പൊതുജനാരോഗ്യപ്രവൃത്തി മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത. തിരുവിതാംകൂറിൽ പൊതുജനാരോഗ്യ ജോലി ആവശ്യമാണോ? മരണനിരക്ക് ൧൦൦൦-ന് ൧൯ (൧൯൩൦-൩൧) ആണെങ്കിൽ മറ്റുള്ള പല രാജ്യങ്ങളെക്കാളും പരിശീലനക്കുറവുള്ള രാജ്യങ്ങളെക്കാളും അധികം ആരോഗ്യസ്ഥിതിയുള്ളതാണ്. സാനിട്ടറി കമ്മീഷണരുടെ ൧൧൦൮-ലെ റിപ്പോൎട്ടിൽ പല മരണങ്ങളും ശരിക്കു രജിസ്റ്റർ ചെയ്യുന്നില്ല എന്നെഴുതിയിരിക്കുന്നു. രജിസ്ട്രാരന്മാർ ജനനമരണങ്ങളുടെ ൫൦ ശതമാനത്തിൽ കുറവേ റിപ്പോൎട്ടുചെയ്യുന്നുള്ളു എന്നു രാജ്യത്തിന്റെ നാനാഭാഗങ്ങളിലെയും തഹശീൽദാരന്മാർ പ്രസ്താവിച്ചിരിക്കുന്നു. ഈ പ്രസ്താവനകൾ നോക്കുമ്പോൾ മുകളിൽ ഉദ്ധരിച്ചിരിക്കുന്ന സംഖ്യ യഥാൎത്ഥസ്ഥിതി കാണിക്കുന്നില്ല. കൂടാതെ മലമ്പനി, മന്ത്, കൊക്കപ്പുഴു, പുണ്ണ്, കുഷ്ഠം ഇവ ഭയങ്കരനാശങ്ങൾ ചെയ്യുന്നു. ഉന്മൂലനാശം ചെയ്യുന്ന വിഷൂചിക പകൎച്ചവ്യാധി പതിനായിരംപേരെ അപായപ്പെടുത്തിയശേഷം ശമിച്ചുകഴിഞ്ഞിട്ടേയുള്ളു. ഇതിനുപുറമെ ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും കഴിഞ്ഞ അഞ്ചുവൎഷങ്ങളിലെ കണക്കിൽനിന്നും ചികിത്സയിലിരിക്കുന്നതിൽ ൬൦ ശതമാനവും തടയാവുന്ന കാരണങ്ങൾകൊണ്ടുണ്ടായ സുഖക്കേടുകളാണെന്നു കാണുന്നു. കുറെക്കൂടി ആലോചിച്ചുനോക്കുന്നതായാൽ ശതമാനം ഇതിൽക്കൂടിയിരിക്കും. എന്നാൽ ഈസ്ഥിതിയിൽതന്നെ ഇതു ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അവസാനമായി രാജ്യത്തെ ജലസംഭരണം പ്രധാനമായി കിണറുകൾ ആവശ്യത്തിനു മതിയാകാതെയും ആരോഗ്യത്തിന് ഹാനികരമായും ഇരിക്കുന്നു. അഴുക്കുകൾ മാറ്റുന്ന ഏൎപ്പാട് ഇപ്പോഴും ഗ്രാമത്തിന്റെ ആദിമകാലങ്ങളിലെപ്പോലെയിരിക്കുന്നു.

ഈ ചുരുങ്ങിയ വിവരണം (കൂടുതൽ പറയാനുണ്ട്) പൊതുജനാരോഗ്യ ഏൎപ്പാടുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ആവശ്യകത കാണിക്കുന്നതിന് മതിയാകുമെന്നു തോന്നുന്നു.

പൊതുജനാരോഗ്യ ജോലിയുടെ ഉദ്ദേശം.

ശരിയായ പൊതുജനാരോഗ്യ നടപടി പ്രയോഗത്തിൽ വരുത്തുന്നതിൽനിന്നും എന്താണ് ആശിക്കാവുന്നത്? ആയുസ്സ് ദീൎഘമാക്കുന്നതിനും, രോഗം തടയുകയോ, കുറയ്ക്കുകയോ ചെയ്യുന്നതിനും തന്മൂലം ജനങ്ങളുടെ സന്തുഷ്ടി വൎദ്ധിപ്പിക്കുന്നതിനുമാണ് പൊതുജനാരോഗ്യവേല ചെയ്യുന്നത്. ഏതെങ്കിലും ഒരു സമൂഹത്തിനോ, രാജ്യത്തിനോവേണ്ടി രൂപീകരിച്ചിട്ടുള്ള പൊതുജനാരോഗ്യവേല ശരിയായ പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തിയതാണെങ്കിലും ജാഗ്രതയോടും ഉത്സാഹത്തോടും നടത്തുകയാണെങ്കിലും ജനങ്ങൾ അവരുടെ ഭാഗത്തു് ശരിയായി സഹകരിക്കുകയാണെങ്കിലും മേൽപറഞ്ഞ ഫലം ധൈൎയ്യമായി ആശിക്കാം.

ഒരു വ്യക്തിക്കോ സമുദായത്തിനോ, ഏറ്റവും ആദായകരവും ഉപയോഗ്യവുമായ മനുഷ്യന്റെ ജീവിതകാലം ൨൫-ം, ൬൦-ം, വയസ്സുകൾക്ക് മദ്ധ്യേയാണ്. ഇൻഡ്യയിൽ ആശിക്കാവുന്നവയസ്സ ൨൪-ം ഇംഗ്ലണ്ടിൽ ഇതിൽ ൨൦ വൎഷംകൂടുതലുമാണ്. തിരുവിതാംകൂറിലെ ആയുസ്സു വൎദ്ധിപ്പിക്കുന്നതു ആശാസ്യമായിരിക്കും.

പൊതുജനാരോഗ്യനിയമം.

പൊതുജനാരോഗ്യ ഉദ്യോഗസ്ഥൻ നിയമസഹായം അന്വേഷിക്കുന്നതു ഒടുക്കത്തെ ആശ്രയമായിരിക്കണം. പ്രബോധനമൂലവും സ്വമേധയാ സഹകരണംമൂലവും പൊതുജനാരോഗ്യവേല നടത്തിക്കൊണ്ടു പോകുകയാണ് അതിന്റെ മാതൃക. അഥവാ ശരിയായമാൎഗ്ഗം.

എത്രയും നല്ല ഒരു സ്ഥാപനത്തിലെ എത്രയും കാൎയ്യശേഷിയുള്ള ഒരു പ്രവൎത്തകനുകൂടി തക്ക നിയമസഹായം കൂടാതെ പൊതുജനാരോഗ്യവേല നടത്തിക്കൊണ്ടു പോകുന്നതിന് സാധിക്കുകയില്ല. പൊതുജനാരോഗ്യത്തിനു ഹാനികരമായ ഒരു ഉപദ്രവം നീക്കുവാൻ അധികാരമില്ലെങ്കിൽ അതു നിൎത്തണമെന്നു ഒരു ഉദ്യോഗസ്ഥൻ ഉപദേശിച്ചിട്ടു ഫലമില്ല.

അടുത്തകാലത്തോ, ഭാവിയിലോ ഭക്ഷണസാധനങ്ങൾക്ക് പൊതുവേയും വെള്ളത്തിനും പാലിനും ശുദ്ധിയുണ്ടായിരിക്കണമെന്നും ഒരു പ്രമാണം ഏൎപ്പെടുത്തുമെന്നു നമുക്ക് ന്യായമായി വിചാരിക്കാം. കച്ചവടക്കാരെ ഈ പ്രമാണം അനുസരിപ്പിക്കുന്നതു ആവശ്യമായിരിക്കും.

ശുചീകരണം ഏർപ്പെടുത്തണം ഇതിന സമ്മതമായ സ്റ്റാൻഡേർഡ് സൂക്ഷിക്കേണ്ടതാണ്.

നിയമാനുസരണമുള്ള അധികാരത്തിന്റെ അർത്ഥം ബലം പ്രയോഗിച്ചു ആളുകളെ ഉപദ്രവിക്കണമെന്നല്ല. അവരിൽനിന്നുതന്നെയും, അശ്രദ്ധരും ദുർബുദ്ധികളുമായ അയൽക്കാരിൽനിന്നും അവരെ രക്ഷിക്കുകയാണ് അതിന്റെ ഉദ്ദേശം. ഉദാഹരണമായി ഒരു സമുദായത്തിൽ മലമ്പനി പിടിപെട്ടു എന്നു വിചാരിക്കുക. കൊതുകുകൾ വളരുന്നതു് ഒരാളുടെ സ്വന്തം പുരയിടത്തിലാണ്. അന്യസ്ഥലത്തു താമസിക്കുന്നയാൾ അയാളോടുപദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ അയാൾ ചെയ്യുന്നില്ല. ഈ ഉപദ്രവം നിർത്തുന്നതിന ഏതെങ്കിലും ഒരധികാരശക്തി അയാളെ നിർബന്ധിക്കുന്നതുവരെ ആ സമുദായം ഈ ബാധയ്ക്കു അധീനരായിരിക്കും.

പൊതുജനാരോഗ്യനടപടികളെ നിയന്ത്രിക്കുന്ന ഒരു പബ്ലിക് ഹെൽത്ത് ആക്ററും, റൂൾസും റെഗുലേഷനും ഉണ്ടാക്കുന്നതു് പൊതുജനാരോഗ്യവകുപ്പ് സ്ഥാപിക്കുന്നതിന്റെ ഒരു പ്രധാനഘടകമാണ്. അതു താമസിയാതെ ചെയ്യേണ്ടതുമാണ്.

ജോലിക്കാർ

തിരുവിതാംകൂറിൽ ചെയ്യുന്ന പൊതുജനാരോഗ്യവേലയുടെ വിജയം ആ ജോലിക്കു തിരഞ്ഞെടുക്കപ്പെടുന്നവരുടെ ഗുണങ്ങളെ ആശ്രയിച്ചിരിക്കും. ജോലിയുടെ സ്വഭാവം, ഒരു ശ്രേയസ്കരമായ ജീവിതത്തിനുള്ള സൌകര്യം, ഹെൽത്താഫീസർക്കു അനുരൂപമായ അന്തസ്സ് പാലിക്കുന്നതിന് ഉതകത്തക്ക ശമ്പളം ഇവയെല്ലാം വിശദമായി കാണിക്കണം.

ചുരുക്കം ചിലരൊഴികെ തിരുവിതാംകൂറിൽ ഹെൽത്ത് മെഡിക്കലാഫീസർമാർ ഇല്ല. വാസ്തവത്തിൽ പൊതുജനാരോഗ്യവേല ഉദ്ദേശ്യമായി ഇപ്പോഴുള്ള മെഡിക്കൽ ആഫീസർമാർ ഒന്നുമില്ല. പൊതുജനാരോഗ്യവേലക്കു [illegible] ഡിപ്ലോമയുള്ളവരാരും ഇതിൽ [illegible] ഇല്ല. ഈ വിഷയം ഇതിനുമുമ്പ് [illegible] കാര്യമായി കൊണ്ടുവന്നിട്ടില്ലാത്തതിനാൽ ഇതു [illegible]മാകുന്നു. തൽക്കാലം [illegible] പൊതുജനാരോഗ്യ [illegible] പൊതുജനാരോഗ്യ പരീക്ഷകൾ ഒന്നുമില്ലാത്തവരുമായ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്. [illegible] രണ്ടുവർഷത്തെ പരിഷ്കാരത്തിൽ പരിശീലനം നടത്തേണ്ടതാണ്.

ഹെൽത്ത് മെഡിക്കലാഫീസരുടെ യോഗ്യത.

ഒരു ഹെൽത്ത് മെഡിക്കലാഫീസർ നല്ല മെഡിക്കൽ വിദ്യാഭ്യാസം ഉള്ള ആളും അയാളുടെ തൊഴിലിൽ [illegible] ആയിരിക്കണം. ഇതിനുപുറമെ പ്രായോഗിക പരിശീലനം കൂടി കൊടുക്കുന്ന [illegible] പൊതുജനാരോഗ്യവിഷയങ്ങളിൽ പരിശീലനം [illegible]. ഈ ഉദ്യോഗസ്ഥൻ ചെറുപ്പക്കാരനും, ഉത്സാഹമുള്ളവനും ഊർജ്ജസ്വലനും ആയിരിക്കണം. കാര്യശേഷിയും [illegible] [illegible] ഉള്ളവനായിരിക്കണം. സാമൂഹികബോധവും പൌരബോധവും ഉണ്ടായിരിക്കണം. അയാളുടെ [illegible], അയൽപ്രദേശങ്ങളും, പട്ടണവും, ഡിസ്ട്രിക്ടും, രാജ്യവും, ശുചീകരണ [illegible] ഉൾപ്പെടുത്തണമെന്ന [illegible] ആയിരിക്കണം. [illegible] ചികിത്സകർ [illegible]. പൊതുജനാരോഗ്യവേലക്കുള്ള ഉദ്യോഗസ്ഥന്മാർക്ക് താഴെപ്പറയുന്ന ഗ്രേഡുകൾ ശുപാർശ ചെയ്തിരിക്കുന്നു.

സബ് അസിസ്റ്റൻറ് സർജൻസ് ഗ്രേഡ്

മെഡിക്കൽ ആഫീസേഴ്സ് ഗ്രേഡ്

(iii) [illegible]

(ii) ഇതിലേയ്ക്കു ഇൻഡ്യയിലെ (മദ്രാസിലെയോ, കൽക്കത്തായിലെയോ) ഒന്നാന്തരം പൊതുജനാരോഗ്യപരീക്ഷകൾ ഉണ്ടായിരിക്കണം.

I. [illegible] വിദേശ പൊതുജനാരോഗ്യ പരീക്ഷകൾ (ഇംഗ്ലണ്ടോ അമേരിക്കയോ) ഉണ്ടായിരിക്കണം. ഡി. പി. എം. ആൻഡ് എച്ച്. സി. പി. എച്ച്. എം. പി. എച്ച്., ഡയറക്ടർ സി. പി. എച്ച്. അല്ലെങ്കിൽ ഡാക്ടർ. പി. എച്ച്. ആയിരിക്കണം.

സബ് അസിസ്റ്റൻറ് സർജന്മാർ. [illegible] ഇവരിൽ ചിലരെ ആവശ്യപ്പെട്ടേക്കും.

II. പ്രൊബേഷനറി. ഈ രണ്ടുവർഷകാലത്തിനുള്ളിൽ പൊതുജനാരോഗ്യവേല തനിക്ക് യോജിച്ചതാണോ [illegible] മെഡിക്കലാഫീസറും, അയാൾ ഈ ജോലിക്കു ഉപയുക്തനാണോ എന്ന ഡിപ്പാർട്ടുമെൻറും, തീർച്ചപ്പെടുത്തണം. ഈ പ്രൊബേഷനറികാലത്തോ, ഇതിന്റെ അവസാനത്തിലോ മെഡിക്കലുദ്യോഗസ്ഥൻ തിരികെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ പോകുകയാണെങ്കിൽ, പൊതുജനാരോഗ്യവേലയിൽ ഏർപ്പെട്ടകാലത്തെ [illegible], മെഡിക്കൽഡിപ്പാർട്ടുമെൻറിലെ അയാളുടെ സർവീസോ സ്ഥാനമോ ശമ്പളമോ [illegible]ടുന്നതല്ല.

II-ം, (I)-ം ഗ്രേഡുകളും ഡയറക്ടറും. ഒരാളെ ഒഴിച്ചു ഈ ഗ്രേഡിലേക്ക് യോഗ്യതയുള്ള ഉദ്യോഗസ്ഥന്മാരില്ല. ഈ തൽക്കാലന്യൂനത പരിഹരിക്കുന്നതിന വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

[illegible] ഗ്രേഡിലോ [illegible] ഗ്രേഡിലോ ഉള്ള ഉദ്യോഗസ്ഥൻ, ഹെൽത്ത് മെഡിക്കലാഫീസർ അല്ലാത്ത പക്ഷം അയാളുടെ ശമ്പളത്തോത് ഡയറക്ടർ തീരുമാനിക്കേണ്ടതാണ്.

[illegible] ചിങ്ങം [illegible] മുതൽ ഈ വകുപ്പിലെ ഉദ്യോഗാർത്ഥികൾ പൊതുജനാരോഗ്യ പരീക്ഷകൾ ഉള്ളവരായിരിക്കണം. ഈ തീയതിക്കുമുമ്പ് പ്രവേശിച്ചിട്ടുള്ളവർ ഗവൺമെൻറ് സഹായത്തോടുകൂടി ഈ യോഗ്യതകൾ നേടുവാൻ ആവശ്യപ്പെടേണ്ടതാണ്.

[illegible] ചിങ്ങം [illegible]ക്കുമുമ്പ് പരീക്ഷകൾ കാര്യമായി ഗണിക്കുന്നതാണ്. എന്നാൽ അഭിരുചി, പരിചയം, ഊർജ്ജസ്വലത, നയം, യോജിപ്പ് ഇവ നോക്കിയായിരിക്കും ഈ ഉദ്യോഗത്തിന ആളുകളെ തിരഞ്ഞെടുക്കുന്നതു്. പരീക്ഷകൾ എന്തുതന്നെയായിരുന്നാലും ഒരു മെഡിക്കലാഫീസർ സർവീസിൽ പ്രവേശിക്കുമ്പോൾ ഏതു പടിയിലായിരിക്കണമെന്നുള്ളതു് ഹെൽത്തു ഡയറക്ടറോടു ആലോചിച്ചു തീർച്ചപ്പെടുത്തുന്നതാണ്.

ഹെൽത്തു മെഡിക്കലാഫീസർക്ക് കൂടുതൽ പരിചയവും പ്രാക്ടീസും സിദ്ധിച്ച്, കൂടുതൽ ചുമതലകൾ വഹിക്കുന്നതിനുള്ള മനസ്സും, നായകത്വം വഹിക്കുന്നതിനുള്ള യോഗ്യതയും പ്രദർശിപ്പിക്കുമ്പോൾ അദ്ദേഹത്തെ നിയോഗിക്കാൻപോകുന്ന ജോലിയിൽ കൂടുതൽ നൈപുണ്യം സിദ്ധിക്കുന്നതിലേക്ക വിദേശപഠനത്തിനു ഗവണ്മെന്റ സൗകര്യംകൊടുക്കേണ്ടതാണ്. ഇപ്രകാരം ഈ ജോലി ശ്രേഷ്ഠനിലയിൽ നിൎത്താവുന്നതാണ്.

ശമ്പളവും അലവൻസ് സ്കെയിലും. ഒരു മുഖ്യവകുപ്പിന്റെ നിലയുള്ള ഒരു പൊതുജനാരോഗ്യവകുപ്പ് ഏർപ്പെടുത്തുന്നതിന് ഗവണ്മെന്റ് നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ ശമ്പളസ്കെയിൽ ഉൾപ്പെടെയുള്ള ആ ഡിപ്പാർട്ടുമെന്റിലെ പ്രവേശനവ്യവസ്ഥകൾ പ്രസ്താവിക്കേണ്ടതാണ്.

ഒന്നാംതരം യോഗ്യതകളുള്ളവരെ എടുക്കേണ്ടതു് ആവശ്യമാണ്. സാമൎത്ഥ്യമുള്ളവരെ ഈ ഡിപ്പാർട്ടുമെന്റിലേക്ക ആകർഷിക്കാതിരുന്നാൽ ഈ ഡിപ്പാർട്ടുമെന്റ വേഗത്തിൽ സാധാരണാവസ്ഥയിൽ ആകുന്നതാണ്. ജനങ്ങൾ രാജ്യത്തിന്റെ ഏററവും വലിയ സ്വത്താണ്. ഇവരുടെ ആരോഗ്യസംരക്ഷണം ഈ ഉദ്യോഗസ്ഥന്മാരെ ഏല്പിക്കേണ്ടതാണ്. ജനങ്ങളെക്കൂടാതെ ഒരു രാജ്യവുമില്ലല്ലോ. ആരോഗ്യമുള്ള ജനങ്ങളില്ലാതിരുന്നാൽ ആരോഗ്യമുള്ള രാജ്യമുണ്ടാകുന്നതല്ല.

ഹെൽത്തു് മെഡിക്കലാഫീസർമാൎക്ക തനതുചികിത്സ അനുവദിക്കുന്നതല്ലാത്തതുകൊണ്ടു്, സാധാരണ ലഭിക്കുന്ന ഈ ആദായത്തിന്റെ നഷ്ടംകൂടി ശമ്പളനിൎണ്ണയത്തിൽ കണക്കാക്കേണ്ടതാണ്. മെഡിക്കലാഫീസൎക്ക ആദ്യകാലങ്ങളിൽ തനതുചികിത്സമൂലം ശമ്പളത്തിന്റെ ൫൦ ശതമാനംകൂടി ലഭിക്കുന്നുണ്ടെന്നു എല്ലാവരും സമ്മതിക്കുന്നതാണ്. പ്രായംകൂടുംതോറും അയാളുടെ പേരും പെരുമയും അറിയുംതോറും ശമ്പളത്തിൽ വളരെ കൂടുതൽ സമ്പാദിക്കാവുന്നതാണ്.

താഴെകാണിച്ചിരിക്കുന്ന ശമ്പളം മേൽപറഞ്ഞ കാൎയ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയും, തിരുവിതാംകൂറിലെ മെഡിക്കൽ, എഡ്യൂക്കേഷൻ, പബ്ലിക്ക്‌വർക്ക്സ് ഈ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം നോക്കിയും നിൎണ്ണയിച്ചിട്ടുള്ളതാകുന്നു.

ശമ്പളസ്കെയിൽ.

ഗ്രേഡുകൾ.	മാസശമ്പളം.	യോഗ്യതകൾ.	വർഷം.
സബ് അസിസ്റ്റന്റസർജൻ	രൂ. ൭൫-൧൫൦, ൫/൧	സബ് അസിസ്റ്റന്റസർജൻ	൧൫
ഹെൽത്തു മെഡിക്കലാഫീസർമാർ.			
പ്രൊബേഷനറി	രൂ. ൧൭൫ രണ്ടുവർഷത്തേക്ക	മെഡിക്കൽഗ്രാഡുവേററ്	൨
II.	രൂ, ൨൨൫-൩൨൫, ൨൦/൧	കൽക്കത്തയോ മദ്രാസൊ ഒന്നാംക്ലാസ് പബ്ലിക്ക് ഹെൽത്തു്	൧൦
I.	രൂ, ൫൦൦-൭൦൦, ൧൦൦/൩	ബ്രിട്ടീഷോ അമേരിക്കയോ ഡി. ററി. എം. & എച്ച്. സി. പി. എച്ച്. എം. പി. എച്ച്.	൬
ഡയറക്ടർ	രൂ, ൮൦൦-൧൨൦൦, ൧൦൦/൧	ഡാക്ടർ പി. എച്ച് അല്ലെങ്കിൽ ഡി. പി. എച്ച്.	൪
			൨൨

കൂടുതൽ പൊതുജനാരോഗ്യയോഗ്യതകൾക്കുള്ള അലവൻസ്.

II-ാംഗ്രേഡിൽ പ്രവേശിക്കുന്ന മദ്രാസൊ കൽക്കത്തായോ രൂ. ൫൦

I-ാംഗ്രേഡിൽ പ്രവേശിക്കുന്ന ഡി. ററി. എം. & എച്ച്., സി. പി. എച്ച്., എം. പി. എച്ച് രൂ. ൭൫

ഡയറക്ടൎക്ക ഡാക്ടർ പി. എച്ച്. അല്ലെങ്കിൽ ഡി. പി. എച്ച്. രൂ. ൧൦൦

ഈ ക്രമമനുസരിച്ചു ആരംഭംമുതൽ തുടർച്ചയായ അഭിവൃദ്ധി ഉണ്ടായിരുന്നാൽ ഒരു ഹെൽത്തു് ആഫീസൎക്ക ഏററവും കൂടിയശമ്പളം ലഭിക്കുന്നതിനു ൨൨ വർഷം വേണ്ടിവരും.

കാലക്രമത്തിനു് ശമ്പളക്കൂടുതൽ കിട്ടുന്നതിനു് മാത്രമല്ല ഈ സ്കെയിൽ, പ്രൊബേഷനറി, ഗ്രേഡ്, ഈ കാലാവധികളിൽ കാൎയ്യശേഷിനോക്കുന്ന ഒരു തടസ്ഥം ഉണ്ടെന്നുള്ളതു് അറിഞ്ഞിരിക്കേണ്ടതാണ്. അഭ്യസനംകൊണ്ടും പരിചയംകൊണ്ടും വിദ്യാഭ്യാസംകൊണ്ടും ഉയൎന്ന യോഗ്യതകളുള്ള ഹെൽത്തു് മെഡിക്കലാഫീസർമാൎക്ക് ഈ സ്കെയിൽ കൊടുക്കുന്നതാണ്. ഇപ്പോൾ ലഭിക്കാവുന്നതിൽ ഏററവും ഉയൎന്ന പൊതുജനാരോഗ്യ യോഗ്യത ഡി. പി. എച്ച്.-ഉം ഡാക്ടർ പി. എച്ച്.-ഉം ആണ്.

യാത്രപടികൾ. പൊതുജനാരോഗ്യ വേലക്കാർ, ആഫീസിൽ ജോലിചെയ്യുന്നവരല്ലാ. വെളിയിൽ ജോലിചെയ്യുന്നവരായിരിക്കണം. അവരുടെ ജോലിസ്ഥലത്തു് അവർ സഞ്ചരിച്ചു ആളുകളോടു ഇടപെട്ടു അവരുടെ ആരോഗ്യരക്ഷക്ക എന്താണ് ചെയ്യേണ്ടതു് എന്നു കണ്ടുപിടിക്കണം. യാത്രക്കപടി ആവശ്യമുണ്ടു്. ഇക്കാൎയ്യത്തിൽ ശരിയായ പൎയ്യാലോചന ആവശ്യമായിരിക്കുന്നതിനാൽ ആയവ്യയക്കണക്കിൽ ഒരു ആകത്തുക കൊള്ളിച്ചിട്ടുള്ളതേയുള്ളു. ഇതിന്റെ വിതരണനിരക്ക പിന്നീട്ട നിശ്ചയിക്കുന്നതാണ്.

ഈ ചുരുക്കം അഭിപ്രായങ്ങളെ മുൻനിൎത്തി ഒരു പൊതുപ്രവൎത്തനപദ്ധതി വിവരിച്ചിരിക്കുന്നു.

എ. പട്ടിക.

തിരുവിതാംകൂറിനു വേണ്ടിയുള്ള ഒരു പൊതുജനാരോഗ്യ സംഘടനാപദ്ധതിയുടെ ഡയഗ്രം.

ആഫീസുക്രമം ഗുമസ്തന്മാർ, ഫാറങ്ങൾമുതലായവ	ഭരണം	പൊതുജനാരോഗ്യ ഡയറക്ടർ	പൊതുജനാരോഗ്യ വിദ്യാഭ്യാസം	പ്രസംഗങ്ങൾ, വർത്തമാനപത്ര ലേഖനങ്ങൾ, ആരോഗ്യപത്രം, ആരോഗ്യലഘുലേഖകൾ, മായാദീപപ്രദർശനങ്ങൾ, ചലനചിത്രപ്രദർശനങ്ങൾ, ഗ്രന്ഥശാല
വൈററൽസ്റ്റാററിസ്റ്റിക്സ് ജനനങ്ങൾ മരണങ്ങൾ കല്യാണങ്ങൾ വിവാഹമോചനങ്ങൾ	പബ്ലിക്ക ഹെൽത്തു ലാബ്രട്ടറി വെള്ളം പരിശോധന ഭക്ഷണം കെമിക്കൽ ബാക്‌ററീരിയോളജിക്കൽ സീറാ വാക്സീൻ റാബിസ് പരീക്ഷണം	ശിശുക്കളുടെയും മാതാക്കളുടെയും സംരക്ഷണം ക്ലിനിക്ക് പൊതുജനാരോഗ്യ ആയമാരുടെ പരിശീലനം സൂതികർമ്മിണികൾ	മലമ്പനി നിയന്ത്രണം മെഡിക്കലാഫീസർ സാനിട്ടറി ഇൻജിനീയർ മെഡിക്കൽഎന്റമോളജിസ്റ്റ് ഇൻസ്പെക്ടർമാർ കൂലിക്കാർ	ഹെൽത്തു യൂണിററസ് ഹെൽത്തു മെഡിക്കലാഫീസർമാർ പി. എച്ച്. ആയമാർ സൂതികർമ്മിണികൾ സാനിട്ടറി ഇൻസ്പെക്ടർമാർ ഗുമസ്തന്മാർ ആഫീസ്
സാനിട്ടറി ഇൻജിനീയർ വെള്ളം അഴുക്ക് വായുപ്രവേശന സൂത്രം വെളിച്ചം മലമ്പനിക്ക് വെള്ളംവററിക്കൽ ടൌൺപ്ലാനിങ്ങ്	പകരുന്ന വ്യാധികൾ ക്ഷയം എൻററിക്കഫീവർ വയറുകടി പ്ലേഗ് വിഷൂചിക വസൂരി മുതലായവ	ശുചീകരണം ഡിസ്ട്രിക്ട് ഹെൽത്താഫീസർ സാനിട്ടറി ഇൻസ്പെക്ടർമാർ കക്കൂസുകൾ പരീക്ഷണം	സ്കൂളുകളിലെ മെഡിക്കൽ പരിശോധന മെഡിക്കലാഫീസർ ആയമാർ വാദ്ധ്യാന്മാർ	

പ്രത്യേക പ്രസ്ഥാനങ്ങൾ
കൊക്കപ്പുഴു
പുണ്ണ്
മന്തുരോഗങ്ങൾ
കുഷ്ഠം
സബ്‌അസിസ്റ്റന്റു സർജന്മാർ
ഫീൽഡ് അസിസ്റ്റന്റ്

പൊതുജനാരോഗ്യസ്ഥാപനം "പൊതുജനാരോഗ്യം വിലകൊടുത്തു വാങ്ങിക്കാവുന്ന ഒന്നാണ്." "പ്രകൃതിവച്ചിരിക്കുന്ന പരിധിക്കുള്ളിൽ ഒരു സമുദായത്തിന്റെ അതിന്റെ മരണനിരക്ക നിയന്ത്രിക്കാവുന്നതാണ്" എന്നാകുന്നു ഒരു കീർത്തിപ്പെട്ട രാജ്യത്തെ പൊതുജനാരോഗ്യവകുപ്പിന്റെ മുദ്രാവാക്യം. ഇത് യഥാർത്ഥമെങ്കിൽ ഒരു രാജ്യത്തെ മരണനിരക്ക് കുറയ്ക്കുന്നതിന് രാജ്യം എടുക്കുന്ന ശ്രദ്ധ ആ ജോലിക്ക എത്രപണം ചിലവാക്കുന്നുവോ അത്രയുമാണ്.

പൊതുജനാരോഗ്യമേല ഒരു രാജ്യത്തിന്റെ ജോലിയും ചുമതലയുമായി ഗണിക്കപ്പെട്ടിരിക്കുന്നു. രാജ്യം അതു നിയന്ത്രിക്കേണ്ടതും അതിന്റെ ചിലവു വഹിക്കേണ്ടതുമാണ്. എന്നാൽ സ്വയംഭരിക്കപ്പെടുന്നതും, ഒരു പ്രത്യേകസ്ഥലത്തിനോ, ഗ്രാമത്തിനോ, പട്ടണത്തിനോ, പ്രയോജനമുള്ളതും അവർ ശരിവച്ചിട്ടുള്ളതുമായ ഏതു പൊതുജനാരോഗ്യ പദ്ധതിക്കും അവരുടെ ശക്തിക്കനുസരണമായി സഹായിക്കേണ്ടതാണ്. തിരുവിതാംകൂറിന്റെ ആദർശമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ശുചീകരണപദ്ധതി ചിത്രരൂപേണ എ. പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഏതു പൊതുജനാരോഗ്യ വകുപ്പിനും അതിന്റെ നാലു പ്രധാനവകുപ്പുകളായ വൈററൽസ്റ്റാററിസ്റ്റിക്സ്, സാനിട്ടറിഇൻജിനീയറിംഗ്, ഹെൽത്ത് ലബോറട്ടറി, പകരുന്നവ്യാധികൾ, ഇവ ശരിയായ പ്രവർത്തനരൂപത്തിൽ സ്ഥാപിക്കപ്പെട്ടിരുന്നാൽ, ശരിയായി ജോലിനടത്താൻ സാധിക്കും, എന്നു പറയപ്പെട്ടിരിക്കുന്നു. മിക്കരാജ്യങ്ങളിലും അതതുരാജ്യത്തെ പ്രത്യേകമായുണ്ടാകുന്ന വിഷമതകൾ ശ്രദ്ധിക്കുന്നതിനായി കൂടുതൽവകുപ്പുകൾ ആവശ്യപ്പെട്ടും. ആരോഗ്യസംബന്ധിച്ചു നേരിടാവുന്ന എല്ലാ വിഷമതകളെയും ഉൾപ്പെടുത്തി പൊതുജനാരോഗ്യവകുപ്പിനെ ഉൾപിരിവുകളായി പിരിക്കുന്നതിനാണ് ഇപ്പോഴത്തെപദ്ധതി. സന്ദർഭവും, ആവശ്യവുംപോലെ ഇവ നടത്തുന്നതാണ്. ഇവിടെ നിർദ്ദേശിച്ചിട്ടുള്ള രീതിയിലുള്ള സ്ഥാപനം ക്രമേണ കുറെവർഷങ്ങൾകൊണ്ട്, പൂർത്തിയാക്കേണ്ടതാണ്.

ഡയറക്ടർ. ഡയറക്ടർ വിദ്യാഭ്യാസംകൊണ്ടും, പൊതുജനാരോഗ്യവേലയിലുള്ള പരിചയംകൊണ്ടും, പൂർണ്ണയോഗ്യതയുള്ള ആളായിരിക്കണം. ഭരണചുമതല, ക്രമംപാലിക്കൽ, ആരംഭിക്കാൻപോകുന്ന ജോലികൾക്കു വേണ്ടുന്നതിനുള്ള ആളുകളെ തിരഞ്ഞെടുക്കുന്ന ചുമതല, പുതിയപ്രവർത്തനസ്ഥലങ്ങൾ തിരഞ്ഞെടുക്കുക, ചെയ്തുകഴിഞ്ഞ ജോലിയുടെ ഫലം നിർണ്ണയിക്കുന്നതിനു അതു പരിശോധിക്കുക, പരീക്ഷണം സ്വീകരിക്കുക, ശ്രേഷ്ഠനിലവാരം പരിപാലിക്ക, ഇവ അദ്ദേഹത്തിലായിരിക്കും.

K

പൊതുജനാരോഗ്യപ്രസ്ഥാനവും, വിദ്യാഭ്യാസവും ആരംഭകാലത്തെങ്കിലും അദ്ധ്യക്ഷന്റെ പ്രത്യേക മേൽനോട്ടത്തിലായിരിക്കും.

പൊതുജനാരോഗ്യ പ്രസ്ഥാനവും വിദ്യാഭ്യാസവും. സ്വതന്ത്രമനുഷ്യരുടെ ഇടയിൽ അവരുടെ സഹായ സഹകരണങ്ങൾകൂടാതെ, ഒരു പൊതുജനാരോഗ്യപ്രവൃത്തിയും നടത്താൻ സാധിക്കുകയില്ല. എന്താണ് ശ്രമിക്കുന്നതെന്നും, ഏതുവിധത്തിൽ അവർക്ക് സഹായിക്കുവാൻ കഴിയുമെന്നും ജനങ്ങൾക്ക് മനസ്സിലായാൽ ജനങ്ങളുടെ സഹകരണം ലഭിക്കുന്നതു് ഒരു സാധാരണ അനുഭവമാണ്. സമ്മേളനങ്ങൾക്കും പ്രസംഗങ്ങൾക്കും വേണ്ട ഏർപ്പാടുചെയ്യും ലഘുലേഖകൾ വിതരണംചെയ്യും വർത്തമാനകടലാസുകളിലും മാസികകളിലും ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയും, കാലക്രമത്തിൽ ഒരു പൊതുജനാരോഗ്യപത്രം നടത്തിയും സഹായസഹകരണങ്ങൾ ലഭ്യമാക്കാവുന്നതാണ്. ചലനചിത്രത്തിന്റെ ഉപയോഗംമൂലം അടുത്തകാലത്തു പ്രസംഗത്തിനുള്ള സൗകര്യവും വിജയവും വർദ്ധിച്ചിട്ടുണ്ട്.

പൊതുജനാരോഗ്യവകുപ്പ്. ഡയറക്ടരുടെ മേൽനോട്ടത്തിൽ, കാലേക്കൂട്ടി ഈ ഡിവിഷൻ രൂപീകരിക്കേണ്ടതാണ്. ഈ ജോലിക്ക് ഒരു ഹെൽത്തു മെഡിക്കലാഫീസർ അത്യന്താപേക്ഷിതമല്ല. സർവ്വകലാശാലാ പരിശീലനവും യോഗ്യതകളും എഴുതാനും വായിക്കാനും ചാതുര്യവുമുള്ളയാളും പൊതുജനാരോഗ്യത്തിലുള്ള താല്പര്യംമൂലം അതിന്റെ കാതലായ പ്രമാണങ്ങൾസംബന്ധിച്ച പ്രായോഗികമായ അറിവുലഭിച്ചയാളുമായ ഒരു സാമാന്യനാണ് മിക്കരാജ്യങ്ങളിലും ഈ ജോലിചെയ്യുന്നതു്. ഇയാൾക്ക് താഴെപ്പറയുന്നവയുടെ ചാർജ്ജുണ്ടായിരിക്കും.

(എ) വർത്തമാനപ്പത്രലേഖകന്മാരുമായി കൂടിക്കാഴ്ച നടത്തുക.

(ബി) വർത്തമാനപ്പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ലേഖനങ്ങൾ തയ്യാറാക്കുക.

(സി) ഒരു പബ്ലിക്ക് ഹെൽത്തു് പത്രം നടത്തുക.

(ഡി) സ്കൂളുകളിൽ ഉപയോഗിക്കുന്നതിനു (പൊതുജനാരോഗ്യ ഡയറക്ടരുടെ മേൽനോട്ടത്തിൽ) ഒരു പൊതുജനാരോഗ്യ പാഠപുസ്തകം തയ്യാറാക്കുക.

(ഇ) പൊതുജനാരോഗ്യവിഷയങ്ങളെസംബന്ധിച്ച ലഘുലേഖകൾ തയ്യാറാക്കുക.

(എഫ്) സാധാരണമായ മായാദീപപ്രസംഗങ്ങൾക്കും ചലനചിത്രപ്രസംഗങ്ങൾക്കും ഏർപ്പാടുചെയ്യുക.

(ജി) ഹെൽത്തുകാറും ചലനചിത്രസാമഗ്രികളും ശരിയായി സൂക്ഷിക്കുക.

(എച്ച്) ഹെൽത്തു മെഡിക്കലാഫീസർമാരെ അവരുടെ പ്രസ്ഥാനവേലയിൽ സഹായിക്കുക.

(ഐ) ഒരു ഗ്രന്ഥസമുച്ചയം കാലാനുസൃതമാക്കി സൂക്ഷിക്ക.

പൊതുജനാരോഗ്യവേലയിൽ ഈ തലമുറയിൽനിന്നും വലുതായി ആശിക്കാനില്ല എന്നു പറയപ്പെട്ടിരിക്കുന്നു. പ്രായംചെന്ന അവർക്കു തൃപ്തികരമെന്നു തോന്നിട്ടുള്ള ഒരു ജീവിതരീതി സ്വീകരിച്ച ആളുകൾക്കു പക്ഷേ അതിനു വ്യത്യാസം ആവശ്യമെന്നു മനസ്സിലാക്കുന്നതു പ്രയാസമെങ്കിലും ഇതു മുഴുവനും വാസ്തവമല്ല. ഈ കൂട്ടരെ ഉപേക്ഷിക്കാൻ പാടില്ല. എന്നാൽ കുട്ടികളെ സാമാന്യവിദ്യാഭ്യാസത്തിന്റെ കൂടെ ലളിതങ്ങളായ ആരോഗ്യപ്രമാണങ്ങൾകൂടി പഠിപ്പിക്കുന്നതു കൂടുതൽ ആവശ്യമാണ്. പതിവായ പൊതുജനാരോഗ്യവേലയുടെ കൂട്ടത്തിൽ ഹെൽത്തു് മെഡിക്കലാഫീസർമാർ പട്ടണങ്ങളിലും ഉൾനാടുകളിലും ഉള്ള സ്കൂളുകൾ സന്ദർശിച്ചു പലവിഷയങ്ങളെപ്പററിയും പ്രസംഗിക്കുന്നതാണ് ആരോഗ്യരക്ഷക്കു ഒരു പാഠപുസ്തകം തയ്യാറാക്കുകയോ നിർണ്ണയിക്കയോ ചെയ്യാവുന്നതാണ്.

വൈററൽസ്റ്റാററിസ്റ്റിക്സ്. വൈററൽ സ്റ്റാററിസ്റ്റിക്സ് ആരോഗ്യവകുപ്പിന്റെ കണക്കെഴുത്തുകാരനെന്നു പറയപ്പെട്ടിരിക്കുന്നതു ശരിയാണ്. പൊതുജനാരോഗ്യവേലയുടെ വിജയം മററു തൊഴിലുകളിലെപ്പോലെ ഈ കണക്കു എത്ര ശരിയായി സൂക്ഷിക്കുന്നുവോ അതിനെ ആശ്രയിച്ചിരിക്കും. ഇപ്പോൾ തിരുവിതാംകൂറിലെ ജനനമരണങ്ങളുടെ ൫൦ ശതമാനമേ റിക്കാർട്ടു ചെയ്യുന്നുള്ളു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ ശരിയായ കണക്കു ശേഖരിക്കുക ഒരു പൊതുജനാരോഗ്യവകുപ്പിന്റെ ഒരു പ്രധാനജോലിയാകുന്നു. ഈ ഡിവിഷന്റെ ചാർജ്ജുവഹിക്കുന്നയാൾക്കു ഈ വേലയിൽ നല്ല പരിചയവും സ്റ്റാററിസ്റ്റിക്സ് കണക്കിൽ നല്ല പരിജ്ഞാനവും ഉണ്ടായിരിക്കണം. ജനനമരണങ്ങൾ ഉടൻതന്നെ ശരിയായി മുഴുവനും റിപ്പോർട്ടു ചെയ്യിക്കുകയാണ് ഇയാളുടെ ജോലി.

സാനിട്ടറി കമ്മീഷണരുടെ ആഫീസാണ് ഇപ്പോൾ ഈ ജോലി നടത്തിവരുന്നതു്.

പബ്ലിക്ക് ഹെൽത്തു് ലാബറേട്ടറി. ദീനം ശരിയായി കണ്ടുപിടിക്കുന്നതിനും, വൈദ്യന്മാരുടേയും സാധാരണക്കാരുടേയും അവരുടെ നോട്ടത്തിൽ ഉള്ള അഭിപ്രായം ശരിയോ തെറേറാ എന്നു നിർണ്ണയിക്കുന്നതിനുമുള്ള ഒരു മാർഗ്ഗമാണ് ലാബറേട്ടറി. വിഷൂചിക, പ്ലേഗ്, മലമ്പനി, കൊക്കപ്പുഴു, എന്ററിക്ക്ഫീവർ, വയറുകടി, ക്ഷയം ഈ ദീനങ്ങളെ ഇല്ലാതാക്കുന്നതിനു ഇതിന്റെ വിവേചനഉപയോഗം അത്യാവശ്യമാണ്. വെള്ളം, പാൽ മററു ഭക്ഷണസാധനങ്ങൾ ഇവ പരിശോധിക്കുക, വാക്സിൻ, സീരം ഇവ തയ്യാറാക്കി വിതരണം ചെയ്യുക ഇവ പൊതുജനാരോഗ്യ ലാബറേട്ടറിയുടെ പ്രധാനചുമതലകളാണ്.

ഒരു പകർച്ചവ്യാധിയുണ്ടോ ഇല്ലയോ എന്നും, ശമിച്ചോ എന്നും നിർണ്ണയിക്കുന്നതു ലാബറേട്ടറിയാണ്.

ഒരു നാവണ്ടൻറ ലാബറേട്ടറിജോലി ചെയ്യുന്നുണ്ട്. പൊതുജനാരോഗ്യങ്ങൾക്കുതകത്തക്കവിധത്തിൽ ഇതിനെ വികസിപ്പിക്കേണ്ടതാണ്.

സാനിട്ടറി എൻജിനീയറിംഗ്. നല്ല വാട്ടർസപ്ലൈയുടെ പ്രാധാന്യം, മനുഷ്യവിസർജ്ജനങ്ങളെ നീക്കുന്നതിന്റെ ആവശ്യകത, ശരിയായ വായുവും വെളിച്ചവും വീടുകളിൽ കിട്ടുന്നതിന്റെ പ്രയോജനം, ടൗൺ പ്ലാനിങ്ങിന്റെ ആവശ്യകത മലമ്പനി നിവാരണത്തിനു ഡ്രെയിനേജ് സംബന്ധിച്ചിടത്തോളം വേണ്ട ഉപദേശം ഇവ വ്യക്തമായ പൊതുജനാരോഗ്യപദ്ധതികളാണ്. വേണ്ട പ്രാപ്തിയും യോഗ്യതയുമുള്ള ഒരു സാനിട്ടറിഎൻജിനീയരുടെ കീഴിൽ ഒരു ഡിവിഷൻ ഉണ്ടാക്കുന്നതുകൊണ്ടു ഇതു സാധിക്കുന്നതാണ്.

ഈ ഡിവിഷൻ രൂപീകരിക്കുന്നതിനു ഒരു സാനിട്ടറി എൻജിനീയരെ വാഗ്ദത്തംചെയ്തിട്ടുണ്ട്.

പകരുന്നവ്യാധികൾ, അഥവാ, എപ്പിഡെമിയോളജി. പൊതുജനാരോഗ്യവേലകളിൽ പ്രയാസമേറിയവ ഈ ഡിവിഷനിലാണ്. എന്തെന്നാൽ തടയാവുന്ന സുഖക്കേടുകളുടെ നിയന്ത്രണവും പകർച്ചവ്യാധികൾ ഉണ്ടാകുമ്പോൾ അവയുടെ നിയന്ത്രണവും, അവ ഉണ്ടാകാൻ പോകുമ്പോൾ അവ തടയുകയും ഈ ഡിവിഷന്റെ ജോലികളിലുൾപ്പെടും. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും സുഖക്കേടുകളുടെ കണക്കു ശേഖരിക്കുകയും അതു വേണ്ടവിധം പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതു ഈ ഡിവിഷന്റെ ചുമതലയാണ്.

പകരുന്ന വ്യാധികൾ എല്ലാം തത്വത്തിൽ ഈ ഡിവിഷനിലുൾപ്പെടും. എന്നാൽ ആരംഭത്തിൽ പ്രത്യേക ഉദ്യോഗസ്ഥന്മാർ മേൽനോട്ടം വഹിക്കേണ്ട ഗൗരവമായ ചില സുഖക്കേടുകൾ ഉണ്ട്. മലമ്പനി, പുണ്ണ്, കുഷ്ഠം, മന്തുരോഗങ്ങൾ, [illegible] ക്ഷയം ഇവ ഉദാഹരണങ്ങളാണ്. ഏതായാലും കുറെ ചികിത്സകൾ നടത്തിയതിന്റെശേഷം ഈ സുഖക്കേടുകളും കാലക്രമത്തിൽ ഈ ഡിവിഷനിൽ സ്ഥലം പിടിക്കും.

ഈ ഡിവിഷൻ പെട്ടെന്നു രൂപീകരിക്കുവാൻ സാധിക്കയില്ല. ഒരു ചെറിയ തോതിൽ ഈ വേലയാരംഭിക്കുന്നതിനു ഡിപ്പാർട്ടുമെന്റു മുഖേന വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്.

മാതൃത്വവും ശിശുസംരക്ഷണവും. മിക്കരാജ്യങ്ങളിലേയും പ്രത്യേകിച്ചു ഉഷ്ണമേഖലകളിലെ സാമൂഹ്യജീവിതത്തിന്റെ വളരെ ഗൗരവമായ ഒരു വശം മാതാക്കളുടേയും ശിശുക്കളുടേയും മരണക്കൂടുതലാണ്. ഈ പ്രദേശങ്ങളിൽനിന്നും റിപ്പോർട്ടു ചെയ്യുന്ന മരണനിരക്കിന്റെ കൂടുതലിനു ഒരു സാധാരണ കാരണം ശിശുക്കളുടെ മരണക്കൂടുതലാണ്. മുമ്പു പറഞ്ഞുകഴിഞ്ഞിട്ടുള്ള കാരണങ്ങളാൽ ഇതു സംബന്ധിച്ച തിരുവിതാംകൂർ ഔദ്യോഗിക കണക്കു വിശ്വസിക്കത്തക്കതല്ല, എന്നാൽ ശിശുമരണം നിശ്ചയമായിട്ടു ഈ രാജ്യത്തു വിഷമതയുള്ള ഒരു വിഷയമായിരിക്കുന്നു. കഴിയുന്നത്രവേഗത്തിൽ ഇതിൽ ഇടപെടേണ്ടതാണ്. അടുത്ത നികുതി വർഷത്തെ ആയവ്യയകണക്കിൽ ശിശുക്കളുടെ സംരക്ഷണവേലയിൽ പ്രാരംഭപ്രവൃത്തികൾ നടത്തുന്നതിനു ഒരു ലേഡി ഡാക്ടരെ നിയമിക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുജനാരോഗ്യ ആയമാർക്കും, സൂതികർമ്മിണികൾക്കും പ്രത്യേക പരിശീലനം കൊടുക്കുക, ഈ വേലയുടെ പുരോഗതിക്കു സാമൂഹ്യസേവകസംഘങ്ങൾ, പൗരസംഘങ്ങൾ മുതലായ സംഘങ്ങൾ സ്ഥാപിക്കുക, ഇവ ഏറ്റെടുത്തു നടത്തേണ്ടിവരും. എല്ലാ രാജ്യങ്ങളിലും ഈ വേല വളരെ ജനസമ്മതമുള്ളതായി കാണപ്പെട്ടിട്ടുണ്ട്. എല്ലാവരും ഇതിൽ വളരെ ഔദാര്യപൂർവ്വം സഹായിക്കുന്നുമുണ്ട്.

ഈ വേല ആശുപത്രികളിലെ മെറ്റേർണിറ്റി വാർഡുകളോടും, ഹെൽത്തു യൂണിറ്റുകളോടും കൂടിയായി സംഘടിപ്പിക്കേണ്ടതാണ്.

ശുചീകരണം. പരിസരപ്രദേശങ്ങളുടെ ശുചീകരണമാണ് ആദ്യമായി ശ്രദ്ധിക്കേണ്ടത്. ഒരു സ്ഥലത്തെ പൊതുജനാരോഗ്യ പ്രവൃത്തിചെയ്യുന്നവനു ഉണ്ടാകാവുന്ന ജോലികളിൽ ഏറ്റവും രസകരവും ഏറ്റവും പ്രയാസകരവുമായ ഒരു ജോലിയാണ് ഈ ജോലി മേൽനോക്കുന്ന ഹെൽത്തു മെഡിക്കലാഫീസർക്കു ലഭിക്കുന്നതു. രാജ്യത്തെ ഓരോ ഡിവിഷനോ താലൂക്കിനോ അതിൽ ചെറിയ വിഭാഗങ്ങൾക്കോ ഏതു മാതിരി ശുചീകരണം ആവശ്യമാണെന്നു പരിശോധന മൂലവും പരിചയം മൂലവും ഇയാൾ നിർണ്ണയിക്കണം. ഇതിനു കുറെ വർഷങ്ങളിൽ ക്ഷമയോടുകൂടി ബുദ്ധിമുട്ടി ജോലിചെയ്യണം. ജനങ്ങളുടെ സ്വഭാവവും ആചാരങ്ങളും മനസ്സിലാക്കിയും വിശാലമനസ്സോടും ഇതിൽ പ്രവർത്തിക്കണം. ഈ ജോലിയിൽ അക്ഷമയ്ക്കു ഇടംകൊടുക്കരുത്. ഈ സംഗതി തീരുമാനിച്ചു നടപ്പിൽ വരുത്തുമ്പോൾ മണ്ണിൽകൂടി പകരുന്നവ്യാധികൾ (കൊക്കപ്പുഴു, വയറുകടി, വയററിളക്കം, വിഷൂചിക, എന്ററിക്കു ഫീവർ) കുറയുമെന്നു ആശിക്കാം.

പ്രാരംഭമായി കുറെ ചികിത്സകൾ നടത്തിയതിന്റെശേഷം ശുചീകരണവിഷയമായ കൊക്കപ്പുഴുരോഗനിയന്ത്രണം ഈ ഡിവിഷനിൽ വരുന്നതാണ്.

സാനിട്ടറികമ്മീഷണരുടെ ആഫീസാണ് ശുചീകരണം ഇപ്പോൾ നടത്തിക്കൊണ്ടുപോകുന്നതു.

കൊക്കപ്പുഴു സുഖക്കേടുകൾ. ലഭ്യമായിട്ടുള്ള സ്റ്റാറ്റിസ്റ്റിക്സിൽനിന്നും, കമ്പനിയുടെ നാനാഭാഗങ്ങളിലുമുള്ള മെഡിക്കലാഫീസർമാരുടെ റിപ്പോർട്ടിൽനിന്നും, സ്വന്ത അനുഭവത്തിൽനിന്നും, കൊക്കപ്പുഴു വ്യാധി രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഒരു പൊതുജനാരോഗ്യ വിഷമമായി കാണുന്നു.

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ സുഖക്കേടുണ്ടോ എന്നും എത്രമാത്രമുണ്ടെന്നും നിർണ്ണയിക്കുന്നതിനു ഒരു പരീക്ഷണം നടത്തുന്നതാണ്. അതു ചെയ്തശേഷം നിയന്ത്രണമാർഗ്ഗങ്ങൾക്കു ഒരു പരിപാടി തയ്യാറാക്കുന്നതാണ്.

കുറെ പ്രാരംഭചികിത്സകൾ നടത്തിയശേഷം രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഗവണ്മെന്റു ആശുപത്രികൾക്കും ഡിസ്പൻസറികൾക്കും ഈ ചികിത്സ നടത്താവുന്നതാണ്. [illegible] മുതൽ [illegible] വരെ ([illegible]) ആകെ ജനസംഖ്യ [illegible]-ൽ [illegible] പേർ ഗവണ്മെന്റു ഡിസ്പൻസറികളേയും ആശുപത്രികളേയും അഭയം പ്രാപിച്ചിട്ടുണ്ട്.

എന്നാൽ ചികിത്സ, ശുചീകരണം സംസ്ഥാപിതമാകുന്നതുവരെ, സുഖക്കേടു തടഞ്ഞുനിർത്തുന്നതിനു മാത്രമാണ്.

മലമ്പനി നിയന്ത്രണം. രാജ്യത്തിന്റെ ചില പ്രത്യേകഭാഗങ്ങളിൽ, മലമ്പനി ആരോഗ്യത്തേയും സാമ്പത്തിക നിലയേയും ബാധിക്കുന്നുണ്ടെന്നു കിട്ടിയിട്ടുള്ള കണക്കുകളിൽനിന്നും കാണാവുന്നതാണ്.

മലമ്പനി നിയന്ത്രണം വിഷമമുള്ള കാര്യമാണ്. എന്തെന്നാൽ അതിനു ഉപയോഗിക്കേണ്ട മാർഗ്ഗങ്ങൾ എന്തിന്മേൽ അധിഷ്ഠാനപ്പെടുത്തിയിരിക്കുന്നുവോ അതു സ്ഥലമനുസരിച്ചു വ്യത്യാസപ്പെട്ടിരിക്കും.

ആദ്യമായി ചെയ്യേണ്ട ഒരു സംഗതി ഓരോ ജാതി കൊതുകും ഈ സുഖക്കേടു പരത്തിക്കൊണ്ടുപോകുന്നതിനു എന്തു ഭാഗമാണ് എടുക്കുന്നതു എന്നു നിർണ്ണയിക്കുകയാണ്. ഇതിലേക്കു ഒരു എന്റമോളജിസ്റ്റ് കൊതുകുകളുടെ ജീവിതരീതി പൂർണ്ണമായി പഠിക്കേണ്ടതാണ്. നിയന്ത്രണമാർഗ്ഗങ്ങൾ നിശ്ചയിച്ചു ശുപാർശ ചെയ്യുന്നതിനുമുമ്പു ഇതു ചെയ്യുന്നതു അത്യന്താപേക്ഷിതമാണ്. എന്റമോളജിസ്റ്റ് തിരുവിതാംകൂറിൽ സാധാരണ കണ്ടുവരുന്ന കൊതുകുകളെ തിട്ടപ്പെടുത്തി, വർഗ്ഗങ്ങളായി തിരിച്ചു, വർണ്ണിച്ചു, പുഴുവിന്റെയും പ്രായമായ കൊതുകിന്റെയും ജീവിതരീതികളെ വിവരിക്കേണ്ടതാണ്. ഈ സുഖക്കേടു പകർത്തുന്ന വർഗ്ഗങ്ങളെ ഇല്ലാതാക്കുന്നതിനു ശരിയായ മാർഗ്ഗങ്ങൾ മൂലം കണ്ടുപിടിക്കുന്നതാണ്. ഇതു മുൻകൂട്ടി പഠിക്കാതെ ഈ വിഷമം പരിഹരിക്കുന്നതിനു ശ്രമിച്ചു വളരെ പണവും സമയവും നഷ്ടപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്.

എന്റമോളജിസ്റ്റിന്റെ പര്യവേക്ഷണത്തിനുശേഷം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിൽവരുത്തുന്നതിനു, മെഡിക്കൽ എന്റമോളജിസ്റ്റും, സാനിട്ടറി എൻജിനീയരും നവീന നടപടികളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ഒരു ഡയറക്ടറും കൂടി ഒരുമിച്ചു പ്രവർത്തിക്കേണ്ടതാണ്.

ഉടൻ നടത്താൻപോകുന്ന കാര്യപരിപാടിയുടെ ഒരു ഭാഗമായി മലമ്പനിയെ സംബന്ധിച്ച പര്യവേക്ഷണം കൂടി നടത്തുന്നതാണ്.

സ്കൂൾ കുട്ടികളുടെ മെഡിക്കൽ പരിശോധന. സ്ഥിരവാസം ഭവിക്കുന്നതിനു മുമ്പു കുട്ടികളിലുള്ള കേടുകളെ കണ്ടുപിടിച്ചു ആരംഭത്തിൽതന്നെ പ്രതിവിധി ചെയ്യുന്നതിന്റെ പ്രാധാന്യം പറഞ്ഞാലുടൻ മനസ്സിലാക്കാവുന്നതാണ്.

പല്ല്, കണ്ണ്, മൂക്ക്, തൊണ്ട, ചെവി, നെഞ്ച് ഇവയുടെ കേടുകൾ മനസ്സിലാക്കുകയും, തീരെ തൂക്കം കുറഞ്ഞവരേയും, കുടലുകളിൽ പുഴുക്കൾ ഉള്ളവരേയും കണ്ടുപിടിക്കയും ചെയ്യാവുന്ന ശരിയായ യോഗ്യതകളുള്ള ഒരു വൈദ്യൻ ദേഹപരിശോധന നടത്തിയാണ് കേടുകൾ കണ്ടുപിടിക്കുന്നതു. പരിശോധന പൂർണ്ണമായിരിക്കും. എല്ലാ തകരാറുകളും വെളിവാക്കുന്നതാണ്.

ഫലപ്രാപ്തിയുണ്ടാകുന്നതിനു ഈ ജോലി വളരെ സൂക്ഷ്മതയോടും ഉത്സാഹത്തോടും തുടരേണ്ടതാണ്. ഒരു കുട്ടിയുടെ പല്ലിൽ ശ്രദ്ധിക്കേണ്ടതാണ് എന്നു കുട്ടിയോടോ, അച്ഛനോടോ പറയുന്നതുകൊണ്ടു ആ കേടു തീർക്കാൻ വേണ്ട സൗകര്യമില്ലാത്തപക്ഷം ഒരു പ്രയോജനവുമില്ല.

ഈ ജോലി ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനു താഴെപ്പറയുന്നവ ആവശ്യമായിരിക്കും,

(എ) വിദ്യാഭ്യാസവകുപ്പിന്റെ പൂർണ്ണസഹകരണം കരസ്ഥമാക്കുക.

(ബി) ദേഹപരിശോധനക്കു പല വൈദ്യന്മാരുടേയും സഹായം സമ്പാദിക്കുക.

(സി) മെഡിക്കൽആഫീസർമാർക്കു താഴെപ്പറയുന്നവയിൽ പ്രത്യേക പരിശീലനത്തിനു വേണ്ട ഏർപ്പാടു ചെയ്യുക.

(൧) കണ്ണ്, മൂക്ക്, ചെവി, തൊണ്ട് ഇവയുടെ സുഖക്കേടുകൾ.

(൨) ദന്തവൈദ്യം.

(൩) ഓർത്തോഫീഡിക്ക് സർജറി.

(ഡി) ഈ സുഖക്കേടുകൾ ഭേദമാക്കുന്നതിനു നിവൃത്തിയില്ലാത്ത ആളുകളെ സഹായിക്കുന്നതിനു പൗരത്വക്ലബ്ബുകൾക്കു അനുഭാവമുണ്ടാക്കുക.

ഹെൽത്തുയൂണിറ്റ്സ്. മേൽ പ്രതിപാദിച്ചിട്ടുള്ള പൊതുജനാരോഗ്യ ജോലികളും ഹെൽത്തുയൂണിറ്റ്സ് സ്ഥാപിക്കുന്നതിനേക്കാൾ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യത്തിനും സൗഖ്യത്തിനും പ്രധാനമുള്ളവയല്ല. ആരംഭിച്ചുകഴിഞ്ഞാൽ ഇതു കാലക്രമത്തിൽ രാജ്യംമുഴുവൻ അധീനത്തിലാക്കും. ഹെൽത്തുയൂണിറ്റ്സ് മൂലം, വീടുകൾ എത്രതന്നെ ദൂരത്തിലായാലും അവയ്ക്കെല്ലാം പൊതുജനാരോഗ്യ പ്രവൃത്തിയുടെ സൗകര്യങ്ങൾ ലഭ്യമായിത്തീരും.

വലിയ പട്ടണങ്ങളിലെ ജനങ്ങൾസാധാരണ അനുഭവിച്ചുവരുന്ന ആരോഗ്യരക്ഷതന്നെ ഗ്രാമവാസികൾക്കും ഹെൽത്തുയൂണിറ്റ്സ് പലമായി ലഭ്യമാക്കിക്കൊടുക്കുന്നു.

രാജ്യതന്ത്രവിഷയങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള അതിരുകളെ ഉപയോഗിച്ചു ൪൦,൦൦൦ മുതൽ ൫൦,൦൦൦ വരെ ആളുകളുള്ള നൂറു ചെറിയ സ്വതന്ത്രഹെൽത്തുയൂണിറ്റ്സായി രാജ്യത്തെ വിഭജിച്ചിരിക്കുന്നു. ഏർപ്പെടുത്തായിരിക്കുന്നു. ഈ വിഭാഗങ്ങളെ കാണിക്കുന്ന ഒരു പടം അറിവിനായി സമർപ്പിച്ചിരിക്കുന്നു. ഈ പടം തയ്യാറാക്കുന്നതിനു ആധാരമായി ഉപയോഗിച്ച വിവരങ്ങൾ അനുബന്ധത്തിലുണ്ട്.

ഓരോ ചെറിയ വിഭാഗങ്ങൾക്കും ഒരു ഹെൽത്തു മെഡിക്കലാഫീസർ, ആയമാർ, മിഡ്‌വൈഫ്കൾ സാനിട്ടറി ഇൻസ്പെക്ടർ ഇവരും ഒരു ആഫീസും അതിനു ആവശ്യമുള്ള ഗുമസ്തന്മാരും അടങ്ങിയ ഒരു സ്ഥിരസിൽബന്തികൾ ഉണ്ടായിരിക്കുന്നതാണ്"

ഹെൽത്തുമെഡിക്കലാഫീസരും കീഴ് ജീവനക്കാരും സ്ഥലത്തെ വിഷമതകളെന്തെന്നും ഏതു ക്രമത്തിലാണ് അവയോടു എതിരിടേണ്ടതെന്നും നിശ്ചയിക്കുന്നതിനു അവിടെ ഒരു പര്യവേക്ഷണം നടത്തുന്നതാണ്. അവർ വിദ്യാഭ്യാസപരമായും പ്രചരണപരമായും വളരെ വേലകൾനടത്തും. മാതാക്കൾക്കും ശിശുക്കൾക്കും സംരക്ഷണത്തിനുള്ള ക്ലിനിക്സ് അവർ ഏർപ്പെടുത്തും. പ്ലേഗ്, വിഷൂചിക, എൻററിക്ക്ഫീവർ, മലമ്പനി മുതലായ പകർച്ച വ്യാധികളെ സംബന്ധിച്ചുള്ള ജോലി കയ്യേൽക്കുകയും കഴിയുമെങ്കിൽ അവയെ തടയുകയും ചെയ്യും. മലമ്പനി, കൊക്കപ്പുഴുവ്യാധി, മന്ത്, പുണ്ണ്, കുഷ്ഠം ഇവ അതാതുടെ ഡിസ്ട്രിക്ടിലുള്ളപക്ഷം ഇവകൾക്കെതിരായി ശരിയായി സംഘടനാപരമായി പ്രവർത്തിക്കുന്നതാണ്. ആ സ്ഥലത്തു മുഴുവനും പൊതുവെ ശുചീകരണം നടപ്പിൽ വരുത്തുന്നതാണ്. ജലസംഭരണം പരിഷ്കരിക്കുന്നതാണ്. യഥാർത്ഥത്തിൽ സ്ഥലത്തെ സകല പൊതുജനാരോഗ്യ ആവശ്യങ്ങളെയുംപറ്റി ശ്രദ്ധിക്കുന്നതാകുന്നു. രാജ്യത്തുപൊതുവെ ഈ യൂണിറ്റ്സ് സ്ഥാപിതമാകുമ്പോൾ ജനങ്ങൾ പൊതുജനാരോഗ്യവേലയുടെ മുഴുവൻ ഫലങ്ങളും ആസ്വദിക്കാൻ തുടങ്ങുന്നതാകുന്നു.

ഇതിലേക്കു സാധാരണ സംഘങ്ങളായി തിരിയുന്ന സമുദായത്തിന്റെ സഹായം ലഭിക്കുന്നതിനായി സ്ഥലത്തു വേണ്ടപരിശ്രമം ചെയ്യുന്നതാണ്. അനുഭാവം ജനിപ്പിക്കുന്നതിനു ഏററവും പൊതുജനസമ്മതമുള്ള ഒരു മാർഗ്ഗം ശിശുസംരക്ഷണത്തിനുള്ള ക്ലിനിക്സ് ഏർപ്പെടുത്തുകയാകുന്നു.

ഈ ചെറിയ സ്ഥാപനകൾ കാലക്രമത്തിൽ രാജ്യത്തിൽഎല്ലായിടത്തും വ്യാപിക്കുന്നതാണ്. എന്നാൽ ഇതു സാധിക്കുന്നതിനു അനേക വർഷങ്ങൾവേണ്ടിവരും. പന്ത്രണ്ടു മാസങ്ങൾക്കുശേഷം ഒരു ഹെൽത്തുയൂണിറ്റ് ആരംഭിക്കണമെന്നു വിചാരിക്കുന്നു. അതു സാദ്ധ്യമെന്നും പ്രായോഗികമെന്നും കാണുന്നപക്ഷം സന്ദർഭമുണ്ടാകുമ്പോൾ വേറെയും തുടങ്ങുന്നതാണ്.

നാലു പ്രധാന ഭാഗങ്ങൾ ഒഴിച്ചാൽ ഹെൽത്ത്യൂണിറ്റ്സ് വേല ഇതുവരെ പ്രസ്താവിച്ചിട്ടുള്ളവയിൽ ഏറ്റവും പ്രധാനമായ ഭാഗമാണ്.

പൊതുശുചീകരണത്തെപ്പററിയുള്ള വാദപ്രതിവാദം. ഇപ്പോൾ വിവരിച്ച സ്ഥാപനം കാലക്രമത്തിൽ തിരുവിതാംകൂറിലെ പൊതുജനാരോഗ്യ പ്രവർത്തന സ്ഥാപനമായിത്തീരുന്നതാണ്. പെട്ടെന്നു നടപ്പിൽവരുത്തുന്നതിനാണെങ്കിൽ ഈ കാര്യപരിപാടി വളരെ പണച്ചിലവും പ്രയാസവുമുള്ളതാണെന്ന് സമ്മതിക്കുന്നു. അതിനാൽ ഈ സ്ഥാപനം പെട്ടെന്നു നടപ്പിൽവരുത്തണമെന്നല്ല അഭിപ്രായപ്പെടുന്നതു എന്നു വ്യക്തമായിമനസ്സിലാക്കേണ്ടതാണ്. പരിശീലനം സിദ്ധിച്ചവരേയും സാമഗ്രികളും ഉടനെ കിട്ടുമെന്നിരുന്നാലും അപ്രകാരമുള്ള നടപടി ആശാസ്യമല്ല. ഇപ്പോൾ ഉള്ള ആളുകളും സാമഗ്രികളും ഉപയോഗിച്ചു ഒരു ചെറിയതോതിൽ ഈ വേല ആരംഭിച്ചു ഉദ്യോഗസ്ഥന്മാർക്കു നവീനപൊതുജനാരോഗ്യമാർഗ്ഗങ്ങളിൽ പരിശീലനം സിദ്ധിച്ചുവരുന്നതനുസരിച്ചു വർഷംതോറും ഇതിന്റെ വ്യാപ്തി കൂട്ടണമെന്നാണ് ഉദ്ദേശിക്കുന്നതു.

ജോലിയുടെ പൊതുവെയുള്ള സ്വഭാവം മനസ്സിലാക്കി അതനുസരിച്ചു ഓരോ പടിയും പ്ലാൻചെയ്താൽ തുടർച്ചയായി വ്യക്തമായ അഭിവൃദ്ധി ലഭിക്കുമെന്നു ആശിക്കാവുന്നതാണ്.

അനുബന്ധം ൫൨.

൩൨൪-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൪-൧൧-൧-ലും അതിനു മുമ്പും പകരം ഇൻസ്പെക്ടർ ജോലി നോക്കിയിട്ടുള്ള ഹെഡ്കാൺസ്റ്റേബിൾമാരുടെ ലിസ്റ്റ്.

നമ്പർ	പേര്	ഉദ്യോഗപ്പേര്	യോഗ്യതകൾ	ആകെ സർവീസ്			പകരം ഇൻസ്പെക്ടരായി നിയമിച്ച തീയതി	ആ ദിവസത്തെ ശമ്പളം	റിമാർക്ക് (൧൧൦൪ മിഥുനം ൧-നു പകരം ജോലി നോക്കുന്നുണ്ടോ)
				ആണ്ട്	മാസം	ദിവസം			
൧	റ്റി. എൻ. കുഞ്ഞുകുറുപ്പ്	൧-ാം ഗ്രേഡ് ഹെഡ്കാൺസ്റ്റേബിൾ ൨൧൨	എസ്. എച്ച്. ഒ. ടെസ്റ്റ്	൨൯	൧൦	...	൧൬-൧൦-൧൦൯൦	൨൦	ഉണ്ട്
൨	പി. ഗോവിന്ദപ്പിള്ള	ടി ൨൫	മട്രിക്കുലേഷനും എസ്. എച്ച്. ഒ. ടെസ്റ്റും	൨൧	൫	...	൧൧-൩-൧൦൯൩	൨൦	ഉണ്ട്
൩	കെ. ശങ്കരപ്പിള്ള	ടി ൭൦	ബാംഗ്ലൂർ പോലീസ് ഇൻസ്പെക്ടർ ടെസ്റ്റ്	൧൯	...	...	൧൬-൧൧-൧൦൮൭	൨൦	ഉണ്ട്
൪	പി. ആറുമുഖംപിള്ള	ടി ൨൦൩	എസ്. എച്ച്. ഒ. ടെസ്റ്റ്	൨൮	൫	...	൧൮-൬-൧൦൯൩	൧൫	ഉണ്ട്
൫	കെ. പി. ശ്രീനിവാസയ്യങ്കാർ	ക്ലാർക്ക്	മട്രിക്കുലേഷനും അക്കൌണ്ട് ടെസ്റ്റും	൧൯	൪	൧൫	൧൩-൧൨-൧൦൯൪	൪൦	ഇല്ല
൬	കെ. ദേവനാരായണനുണ്ണിത്താൻ	൧-ാം ഗ്രേഡ് ഹെഡ്കാൺസ്റ്റേബിൾ ൨൧൪	ബാംഗ്ലൂർ പോലീസ് ഇൻസ്പെക്ടർ ടെസ്റ്റ്	൧൬	൪	...	൨൪-൨-൧൦൯൫	൧൫	ഉണ്ട്
൭	റ്റി. ഉമ്മൻതരകൻ	ക്ലാർക്ക്	ടി യും ഡ്രില്ല് പരിശീലനവും	൧൬	൪	...	൧൪-൪-൧൦൯൧	൨൦	ഇല്ല
൮	കെ. എസ്. മീനാക്ഷിനാഥയ്യർ	൧-ാം ഗ്രേഡ് ഹെഡ്കാൺസ്റ്റേബിൾ ൧൩൫	മജിസ്ട്രേട്ട് ടെസ്റ്റും എസ്. എച്ച്. ഒ. ടെസ്റ്റും	൩൩	...	...	൪-൮-൧൦൯൫	൨൦	ഉണ്ട്
൯	കുമാരപിള്ള	൨-ാം ഗ്രേഡ് ടി ൧൭൦	ഡ്രില്ല് പരിശീലനം	൨൩	൧	൨൭	൭-൩-൧൦൮൯	൧൨	ഇല്ല
൧൦	കെ. രാമൻമേനോൻ	ക്ലാർക്ക്	എസ്. എച്ച്. ഒ. ടെസ്റ്റ്	൨൩	...	...	൯-൯-൧൦൯൪	൨൫	ഉണ്ട്
൧൧	കെ. കൈതനാൻ	൧-ാം ഗ്രേഡ് ഹെഡ് കാൺസ്റ്റേബിൾ ൧൦൪	,,	൧൬	൪	...	൬-൬ ൧൦൯൪	൨൦	ഉണ്ട്
൧൧	കെ. രാമൻപിള്ള	ടി ൧൬൬	എസ്. എച്ച്. ഒ. ടെസ്റ്റ്	൨൯	൨	...	൭-൨-൧൦൯൬	൨൦	ഉണ്ട്
൧൩	കെ. അയ്യപ്പൻപിള്ള	ക്ലാർക്ക്	മട്രിക്കുലേഷനും എസ്. എച്ച്. ഒ. ടെസ്റ്റും പ്ലീഡർഷിപ്പും	൨൩	...	...	൨൯-൧൦-൧൦൯൧	൨൦	ഇല്ല
൧൪	കെ. രാമറാവു	൨-ാം ഗ്രേഡ് ഹെഡ് കാൺസ്റ്റേബിൾ	...	൧൪	൮	...	൧-൧൧-൧൦൯൪	൧൨	ഉണ്ട്
൧൫	ജി. പി. നീലകണ്ഠപ്പിള്ള	ക്ലാർക്ക് [൭൩	മട്രിക്കുലേഷൻ	൧൬	൪	...	൧൭-൮-൧൦൯൩	൨൦	ഇല്ല
൧൬	എസ്. ത്വഹഖാൻ	ടി	എസ്. എസ്. എൽ. സി.	൧൬	൪	...	൧൭-൧-൧൦൯൫	൨൦	ഇല്ല
൧൭	പി. എൻ. ഗോവിന്ദൻനായർ	ടി	...	൧[illegible]	൯	൧൭	൩൦-൧൦-൧൦൯൫	൨൦	ഇല്ല
൧൮	എൻ. കേശവപിള്ള	൨-ാം ഗ്രേഡ് ഹെഡ് കാൺസ്റ്റേബിൾ ൭൬	ഇംഗ്ലീഷ് മിഡിൽസ്കൂൾ	൧൯	...	...	൧-൧-൧൦൯൪	൨൦	ഇല്ല
൧൯	എഫ്. ജെ. ഫർനാൻഡോ	൧-ാം ഗ്രേഡ് ടി ൮൦	...	൧൨	...	൧൭	൪-൧-൧൦൯൬	൧൫	ഇല്ല

അനുബന്ധം ൭൨. (തുടർച്ച).

നമ്പർ	പേര്	ഉദ്യോഗപ്പേര്	യോഗ്യതകൾ	ആകെ സർവീസ് ആണ്ട്	മാസം	ദിവസം	പകരം ഇൻസ്പെക്ടറായി നിയമിച്ച തീയതി	[illegible] ശമ്പളം	റിമാർക്ക് ൧൦൬ മിഥുനം ൧൦൯ പരീക്ഷ ജയിച്ചിട്ടുണ്ടോ
൨൦	എം. നാരായണപിള്ള	൧-ാം ഗ്രേഡ് ഹെഡ് കാൺസ്റ്റബിൾ [൬൪	എസ്. എച്ച്. ഒ. ടെസ്റ്റ്.	൩൧	൨		൨൮-൫-൧൦൯൫	൨൦	ഉണ്ട്
൨൧	ജി. പരമേശ്വരൻപിള്ള	ടി ൯൪൦	ഇംഗ്ലീഷ് മിഡിൽ സ്കൂളും എസ്. എച്ച്. ഒ. ടെസ്റ്റും.	൧൯	൨	...	൨൯-൧൧-൧൦൯൫	൨൦	ഉണ്ട്
൨൨	പി. പത്മനാഭയ്യങ്കാർ	ടി ൧൧൯	മദ്രാസ് ജിമ്നാസ്റ്റിക്സ് പരീക്ഷ	൧൬	൭	൨൧	൧-൧൨-൧൦൯൩	൨൦	ഇല്ല
൨൩	നാരായണപിള്ള	ടി ൧൩൬	എസ്. എച്ച്. ഒ. ടെസ്റ്റ്.	൩൦	൧൦	൧൨	൬-൧൦-൧൦൯൬	൨൦	ഇല്ല
൨൪	പി. വേലായുധൻപിള്ള	ടി ൩൭൪	മിഡിൽ സ്കൂളും എസ്. എച്ച്. ഒ. ടെസ്റ്റ്	൨൧	൧൧	...	൧-൨-൧൦൯൭	൨൦	ഉണ്ട്
൨൫	കെ. എൻ. വിശ്വനാഥം	ക്ലാർക്ക്	ലോവർ സെക്കണ്ടറി പരീക്ഷ	൨൦	൨	...	൫-൬-൧൦൯൫	൨൦	ഇല്ല
൨൬	രാമകൃഷ്ണപിള്ള	൨-ാം ഗ്രേഡ് ഹെഡ് കാൺസ്റ്റബിൾ	വി. എസ്. എൽ. സി. യും, എസ്. എ	൨൫	൧൧	൧൫	൧൯-൪-൧൦൯൩	൧൫	ഇല്ല
൨൭	പി. സി. ഫെർണാണ്ടസ്	ക്ലാർക്ക് [൨൨൬	... [ച്. ഒ. ടെസ്റ്റും	൨൧	൭	൧൬	൨-൭-൧൦൯൪	൧൫	ഇല്ല
൨൮	രാമനുണ്ണിത്താൻ	൧-ാം ഗ്രേഡ് ഹെഡ് കാൺസ്റ്റബിൾ	...	൮	...	...	൧൨-൩-൧൦൯൫	൧൫	ഇല്ല
൨൯	ആർ. വെങ്കിട്ടരാമയ്യർ	ക്ലാർക്ക് [൧൦൦൭	ഇംഗ്ലീഷ് മിഡിൽ സ്കൂളും എഫ്. പി. ടൈപ്പ്റൈറ്റിംഗ് (ലോവർ) ഷോർട്ട്ഹാൻഡ് ടൈപ്പ്റൈറ്റിംഗ് (ലോവർ)	൧൮	...	൧൦	൫-൯-൧൦൯൮	൩൦	ഇല്ല
൩൦	ഡബ്ലിയു. വി. തോമസ്	ടി	എസ്. എച്ച്. ഒ. ടെസ്റ്റ്.	൨൨	൬	...	൭-൨-൧൧൦൦	൩൫	ഇല്ല
൩൧	താണുവൻതമ്പി	൨-ാം ഗ്രേഡ് ഹെഡ് കാൺസ്റ്റബിൾ		൨൯	൧	൮	൧൪-൪-൧൧൦൧	൨൨	ഇല്ല
൩൨	പി. കൃഷ്ണപിള്ള	ക്ലാർക്ക് [൨൦൧	ഇംഗ്ലീഷ് മിഡിൽ സ്കൂൾ	൧൬	...	൦൪	൧൫-൬-൧൧൦൨	൩൦	ഇല്ല
൩൩	കെ. വി. വർക്കി	൩-ാം ഗ്രേഡ് ഹെഡ് കാൺസ്റ്റബിൾ ൧൦൦		൧൯	൯	...	൨-൧൦-൧൦൯൬	൧൫	ഇല്ല
൩൪	കെ. ആർ. രാമൻപിള്ള	൨-ാം ഗ്രേഡ് ഹെഡ് കാൺസ്റ്റബിൾ ൬൩൦	...	൨൦	...	...	൨൯-൯-൧൦൯൨	൧൫	ഉണ്ട്
൩൫	എൻ. നീലകണ്ഠപ്പിള്ള	൧-ാം ഗ്രേഡ് ടി ൮൪൩	...	൧൭	൬	൮	൫-൧൧-൧൧൦൧	൨൨	ഇല്ല
൩൬	നാരായണപിള്ള	൨-ാം ഗ്രേഡ് ടി ൧൯൯	എസ്. എച്ച്. ഒ. ടെസ്റ്റ്.	൨൭	൧൦	...	൩-൮-൧൦൯൬	൧൫	ഇല്ല
൩൭	പി. ശങ്കരപ്പിള്ള	ക്ലാർക്ക്	ബാംഗ്ലൂർ പോലീസ് ഇൻസ്പെക്ടർ ടെസ്റ്റ്	൧൬	൪	...	൧൨-൨-൧൧൦൨	൩൫	ഇല്ല
൩൮	[illegible]പിള്ള	൨-ാം ഗ്രേഡ് ഹെഡ് കാൺസ്റ്റബിൾ ൧൨൫൪	...	൨൦	...	...	൫-൫-൧൦൯൯	൨൨	ഇല്ല
൩൯	കെ. രാമക്കുറുപ്പ്	൧-ാം ഗ്രേഡ് ടി ൪൪൦	ബാംഗ്ലൂർ പോലീസ് ഇൻസ്പെക്ടർ ടെസ്റ്റ്	൧൭	...	...	൨-൯-൧൦൯൬	൨൦	ഉണ്ട്
൪൦	അച്യുതൻപിള്ള	൧-ാം ഗ്രേഡ് ടി ൧൯൩	എസ്. എച്ച്. ഒ. ടെസ്റ്റ്.	൨൬	൩	൧൮	൫-൩-൧൧൦൨	൨൨	ഇല്ല
൪൧	എം. ജി. കൃഷ്ണപിള്ള	൨-ാം ഗ്രേഡ് ടി ൧൮൦	ബാംഗ്ലൂർ പോലീസ് ഇൻസ്പെക്ടർ ടെസ്റ്റ്	൧൫	...	...	൨൮-൮-൧൧൦൨	൨൨	ഇല്ല
൪൨	കേശവൻതമ്പി	ടി ൮൬൬	...	൩൧	൮	൧൮	൧൯-൧൧൦൪	൨൨	ഇല്ല
൪൩	പപ്പുപിള്ള	ടി ൮൭	ബാംഗ്ലൂർ പോലീസ് ഇൻസ്പെക്ടർ ടെസ്റ്റ്	൮	൪	൧൨	൧൧-൧൧-൧൧൦൪	൧൮	ഇല്ല

അനുബന്ധം നമ്പ്ര. എ.

നമ്പ്ര ൫-ാംചോദ്യത്തിനു മറുപടിനോക്കുക.

മൂവാററുപുഴ താലൂക്കിലെ സ്കൂളുകളിലെ മുസ്ലിംവിദ്യാർത്ഥികൾ.

സ്കൂളിന്റെപേർ.			മുസ്ലിംവിദ്യാർത്ഥികളുടെഎണ്ണം.
(ഏ)	ആൺപള്ളിക്കൂടങ്ങൾ.		
(൧)	വെർണാക്യുലർ മിഡിൽസ്കൂൾ	മൂവാററുപുഴ	൪൯
(൨)	ടി	പാമ്പാക്കുട	൨
(൩)	ടൌൺപ്രൈമറിസ്കൂൾ	മൂവാററുപുഴ	൫൪
(൪)	പ്രൈമറിസ്കൂൾ	തൃക്കാരിയൂർ	൫
(൫)	ടി	പിറവിമന	൧
(൬)	ടി	തൃക്കലത്തൂർ	൧൦
(൭)	ടി	മതിരപ്പള്ളി	൨.
(൮)	ടി	പൊട്ടാണിക്കാട്ട്	൨
(൯)	ടി	പട്ടപ്പാടി	൬
(൧൦)	ടി	കോഴിപ്പള്ളിൽ	൧
(൧൧)	ടി	ആനിക്കാട്ട്	൬
(൧൨)	ടി	പെരിങ്ങഴ	൧
(൧൩)	ടി	പാനിപ്ര	൪
(൧൪)	ടി	മുടവൂർ(ഗ്രാൻറ)	൪
(ബി)	പെൺപള്ളിക്കൂടം.		
	ഗേൾസ് വെർണാക്കുലർ മിഡിൽസ്കൂൾ, മൂവാററുപുഴ		൪

അനുബന്ധം നമ്പ്ര. ബി.

നമ്പ്ര ൪-ാംചോദ്യത്തിന്റെ മറുപടിനോക്കുക.

മൂവാററുപുഴ താലൂക്കിലുള്ള സ്കൂളുകളിലെ മുൻഷിമാരുടേയും അറബിക്ക് മുൻഷിമാരുടേയും കുറാൻ അദ്ധ്യാപകന്മാരുടെയും സംഖ്യകാണിക്കുന്ന പട്ടിക.

അറബിക്ക മുൻഷിമാരെയൊ കുറാൻ അദ്ധ്യാപകന്മാരെയൊ നിയമിച്ചിട്ടുള്ള സ്കൂളുകൾ	അറബിക്കമുൻഷിമാരുടെ എണ്ണം.	കുറാൻ അദ്ധ്യാപകന്മാരുടെഎണ്ണം.
ബോയിസ് വെർണാക്യുലർ മിഡിൽസ്കൂൾ മൂവാററുപുഴ	൧	...
ബോയിസ് ടൌൺ പ്രൈമറിസ്കൂൾ	...	൧

അനുബന്ധം സി.

നമ്പ്ര ൭-ാം ചോദ്യത്തിന്റെ ഉത്തരം നോക്കുക.

തിരുവനന്തപുരം പോലീസ് കമ്മീഷണരാഫീസ് ൧൦൨൯ ഫെബ്രുവരി ൨൬-നു-.

൨൯-ാം സ്റ്റാൻഡിംഗ് സക്യുലർ നമ്പർ ൧൭.

തി. ശ്രി. നി. നമ്പ്ര ൪-ാം വകുപ്പോ നമ്പ്ര ൫-ാം വകുപ്പോ പ്രകാരം റിപ്പോർട്ടുചെയ്യപ്പെടുന്ന എല്ലാകേസുകളിലും സ്റ്റേഷൻ ഹൌസാഫീസർ ആദ്യമായി മുറിപ്പെട്ട ആളിനെ പരിശോധിച്ച് മുറിവുസാരമായതോ അല്ലാത്തതോ എന്നുനോക്കുകയും കുററം നമ്പ്ര ൩-ാം വകുപ്പുപ്രകാരമുള്ളതോ എന്നു തിട്ടപ്പെടുത്തുകയും വേണം.

ഇപ്രകാരമുള്ള പരിശോധനയിൽ സ്റ്റേഷൻ ഹൌസാഫീസർ മുറിവു ഗൌരവമാണെന്നോ നമ്പ്ര ൩-ാംവകുപ്പുപ്രകാരമുള്ള കുററംചെയ്യപ്പെട്ടുവെന്നോ കണ്ടാൽ ആശുപത്രിക്കയച്ചശേഷം ഉടനെ വിചാരണ ആരംഭിക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കററു കിട്ടുമ്പോൾ മുറിവുസാരമില്ലെന്നു സർട്ടിഫിക്കററുകിട്ടുകയും കുററം നമ്പ്ര ൩-ാംവകുപ്പിൽ ഉൾപ്പെടാതിരിക്കയും ചെയ്താൽ അപ്പോൾ അയാൾക്ക ക്രി. ന. നിയമം ൧൫൯-ാംവകുപ്പ ബി പിരിവിൻപ്രകാരം വിചാരണനടത്താതിരിക്കാം

(൨) എന്നാൽ മുറിവുപെട്ട ആളിനെ പരിശോധിക്കുമ്പോൾ മുറിവു ഗൌരവമില്ലെന്നും, കുററം നമ്പ്ര ൩-ാം വകുപ്പിലുൾപ്പെടുന്നില്ലെന്നും കണ്ടാൽ കേസ്വിചാരണ നടത്തേണ്ട ആവശ്യമില്ല. എന്നാൽ ഡാക്ടരുടെ അഭിപ്രായത്തിനു മുറിപ്പെട്ട ആളിനെ ആശുപത്രിക്കയക്കണം.

മെഡിക്കൽ സർട്ടിഫിക്കററ അയാളുടെ അഭിപ്രായത്തിന് അനുകൂലമെങ്കിൽ ക്രി. ന. നിയമം ൧൫൯ ബി വകുപ്പുപ്രകാരം വിചാരണ നടത്താതിരിക്കാം. മെഡിക്കൽ അഫീസർ മുറിവു സാരതരമെന്നോ ഭയങ്കരമായ ആയുധമോ മറ്റോ മൂലം കഠിനദേഹോപദ്രവമേല്പിക്കപ്പെട്ടുവെന്നോ സർട്ടിഫിക്കററുകൊടുക്കയാണെങ്കിൽ സ്റ്റേഷൻ ഹൌസാഫീസർ ഉടനെ വിചാരണ ആരംഭിക്കേണ്ടതും ചട്ടപ്രകാരം കേസുനടത്തേണ്ടതുമാകുന്നു.

(൩) ഈ മാതിരി കേസുകൾ വിചാരണനടത്തണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഗൌനിക്കേണ്ടതാണ്,

(൧) മുറിവിന്റെ കാഠിന്യം.

(൨) ഉപയോഗിച്ച ആയുധം.

(൩) കുററംചെയ്യപ്പെട്ടപ്പോൾ ഉള്ള പരിതസ്ഥിതികൾ ഉദാഹരണമായി, യാദൃഛികമായി ഉണ്ടായ ഒരു കലഹത്തിനോ അതോ ന്യായമായ അവകാശ ബോധത്തോടുകൂടി ഉണ്ടായ വഴക്കാണോ, അതോ ഭയങ്കരമായ ക്രൂരകൃത്യമാണോ.

(൪) പ്രാസിക്യൂട്ടുചെയ്യുവാൻ പോലീസ് തീർച്ചപ്പെടുത്തിയാൽ രാജി അനുവദിക്കാതിരിക്കാൻ അവർ മജിസ്ട്രേട്ടിനെ നിർബന്ധിക്കണം.

(൫) ഒരു കീർത്തിപ്പെട്ട പോലീസുദ്യോഗസ്ഥൻ എഴുതിയ താഴെപ്പറയുന്ന റിമാർക്ക് ശ്രദ്ധേയമാണ്.

'രാജിപ്പെടാവുന്ന, തി. ശി. നി, ൩൨൪-ാം വകുപ്പനുസരിച്ച കുറ്റങ്ങളും അതിനോട് അനുരൂപമുള്ള വകുപ്പുകളനുസരിച്ച കുറ്റങ്ങളും, വിചാരണനടത്തുന്നതിലും പ്രാസിക്യൂട്ടുചെയ്യുന്നതിലും വളരെ സമയം പോകുന്നുണ്ട്. യഥാർത്ഥ ക്രിമിനൽപുള്ളികളുമായി പോലീസിന് കഴിവില്ലപ്പോൾ ഇടപെടേണ്ട ഇതുപോലെയുള്ള ഡിസ്ട്രിക്ടിൽ ഇപ്രകാരം സമയം കളയുന്നതു കൂടുതൽ ബോധപ്പെടുന്നതാണ്. കക്ഷികൾക്ക ഈ കേസു നടത്തിക്കൊണ്ടുപോകുന്നതിന് മനസില്ലാത്തതുകൊണ്ടോ തമ്മിലുള്ള, എന്തോ രഹസ്യവഴക്കുകൊണ്ടോ, ഒപ്പുതീർക്കിപ്പറയുണ്ടതുകൊണ്ടോ, രാജിപ്പെടുന്നതുകൊണ്ടോ, ഈ കേസുകൾ കച്ചേരികളിൽ പരാജയപ്പെടുന്നു.

സാധാരണ ഈ മാതിരി കേസുകളിൽ ക്രി. ന. നിയമം ൧൮൭ (തി. ക്രി, ന. നി. ൧൩൯) വകുപ്പുപ്രകാരം വിചാരണനടത്താതിരിക്കണം. സ്റ്റേഷൻ ഹൌസാഫീസർമാർ ഇപ്പോഴും ഈ വകുപ്പിന്റെ യാചകരീതി മനസിലാക്കണം. പൊതുജനങ്ങളുടെ രക്ഷയെ ഏതുകെതാനം ബാധിക്കുന്ന കേസുകളിലോ, കുററക്കാരൻ ഒരു പഴയ പുള്ളിയായിരിക്കുന്ന കേസുകളിലോ ഈ പ്രമാണം ഉപയോഗിക്കാൻ പാടില്ല. ഔചിത്യംപോലെ ഓരോ കേസിലും പ്രവർത്തിക്കേണ്ടതാണ്. ഇത് നിസ്സാരമായ മുറിവുണ്ടാകുന്ന മല്പ്പിടിത്തങ്ങളുടെ ലഹളകൾക്കും രഹസ്യവഴക്കുകൾക്കും സംബന്ധിക്കുന്നതാണ്.

(൬) ഈ കേസ് പൊതുജനങ്ങളെ ബാധിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ് നിശ്ചയിച്ചിരിക്കേണ്ട ഒരു സംഗതി എന്നു ഓർത്തിരിക്കേണ്ടതാണ്.

ഇതു സ്റ്റേഷൻ ഹൌസാഫീസർക്കുള്ള മാർഗ്ഗദർശിയാകുന്നു.

കക്ഷികൾ മജിസ്ട്രേട്ടിന്റെ അടുത്തുപോയാലും ആശങ്കയ്ക്ക് ആവശ്യമില്ല. എന്തെന്നാൽ തി. ക്രി. ന. നിയമം ൧൨൦-ാം ൧൩൨-ാം വകുപ്പും പ്രകാരം വളരെ ഉർജ്ജമായിട്ടു പോലീസിന് റഫർചെയ്യാം.

എൽ. എ. ബിഷപ്പ്,
പോലീസുകമ്മീഷണർ.

എല്ലാഉദ്യോഗസ്ഥന്മാർക്കും.

അനുബന്ധം ൫൪.

൩൩൦-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

മോട്ടാർ ബസ്സുകളും കാറുകളും പരിശോധിക്കാൻ അധികാരം സിദ്ധിച്ചിട്ടുള്ളവരുടെ പട്ടിക.

എ. ഔദ്യോഗിക പരിശോധകന്മാർ.

(൧) എച്ച്. ഇ. പാററ് അവർകൾ എം. ഐ എം. ഇ. എക്സിക്യൂട്ടീവ് എൻജിനിയർ വർക്ക്ഷാപ്പ് ആൻഡ് സ്റ്റോഴ്സ് ഡിവിഷൻ.

(൨) വി. അരുണാചലം അവർകൾ ബി. എ. ബി. ഇ. എം. ഇ. എക്സിക്യൂട്ടീവ് എൻജിനിയർ തിരുവനന്തപുരം.

(൩) എം. പി. മാണി അവർകൾ ബി. ഇ. എം. ഇ. എക്സിക്യൂട്ടീവ് എൻജിനിയർ തിരുവനന്തപുരം.

(൪) എസ്. എസ്. കൃഷ്ണയ്യങ്കാർ അവർകൾ ബി. എ. ബി. ഇ. എം. ഇ. എക്സിക്യൂട്ടീവ് എൻജിനീയർ തിരുവനന്തപുരം.

(൫) വി. ഹരിഹരയ്യർ അവർകൾ ബി. എ. ബി. ഇ. എം. ഇ. ആക്ടിംഗ് എക്സിക്യൂട്ടീവ് എൻജിനീയർ കോട്ടയം.

(൬) എം. എസ്. ദൊരസ്വാമിഅയ്യങ്കാർ അവർകൾ ബി. എ. ബി. ഇ. എം. ഇ. എ. എം. ഐ. ഇ. ആക്ടിംഗ് എക്സിക്യൂട്ടീവ് എൻജിനീയർ മരാമത്തുവകുപ്പ്.

(൭) എം. എൻ. പരമേശ്വരക്കുറുപ്പ് അവർകൾ എൽ. എം. ഇ. എ. എം. ഐ. എം. ഇ. അസിസ്റ്റന്റ എൻജിനീയർ പീരുമേട്.

(൮) എസ്. ശേഷയ്യർ അവർകൾ ബി. എ. ബി. സി. എം. ഇ. അസിസ്റ്റന്റ എൻജിനീയർ വാട്ടർ വർക്ക്സ് ഡിവിഷൻ.

(൯) കെ. രാജരാജവർമ്മ അവർകൾ ബി. ഇ. എം. ഇ. അസിസ്റ്റന്റ എൻജിനീയർ മാവേലിക്കര സബ് ഡിവിഷൻ.

(൧൦) എസ്. രാമചന്ദ്രൻ അവർകൾ ബി. ഇ. എം. ഇ. ആക്ടിംഗ് അസിസ്റ്റന്റ എൻജിനീയർ തിരുവനന്തപുരം കിഴക്കേ സബ്ഡിവിഷൻ.

(൧൧) ജി. കൃഷ്ണപിള്ള അവർകൾ സബ്പ്രോട്ടം അസിസ്റ്റന്റ എൻജിനീയർ വർക്ക്ഷോപ്പ് സബ ഡിവിഷൻ.

(൧൨) എസ്. നാരായണയ്യർ അവർകൾ ബി. എ. ബി. ഇ. എം. ഇ. ആക്ടിംഗ് അസിസ്റ്റന്റഎൻജിനീയർ ആറങ്ങൽ സബ്ഡിവിഷൻ.

(൧൩) ഐ. സി. ചാക്കോ അവർകൾ ബി. എസ്. സി. (ലണ്ടൻ) അസിസ്റ്റന്റ എൻജിനീയർ തിരുവനന്തപുരം പടിഞ്ഞാറ സബ്ഡിവിഷൻ.

(൧൪) എൽ. എച്ച്. ജെയിക്കബ് അവർകൾ എക്സിക്യൂട്ടീവ് എൻജിനീയർ കൊല്ലം.

(൧൫) ജോസ്ഫ്ഫിലിഫ്അവർകൾ ബി. എ. ബി. ഇ. സി. ഇ. അവധിയിലിരിക്കുന്ന അസിസ്റ്റന്റ എൻജിനീയർ.

(൧൬) വി. എൻ. പരമേശ്വരൻപിള്ള അവർകൾ സബ്എൻജിനീയർ ആലുവാ സബ്ഡിവിഷൻ.

(൧൭) പി. ജെ. തോമസ് അവർകൾ ബി. എസ്. സി. (ലണ്ടൻ) അസിസ്റ്റന്റ എൻജിനീയർ മൂന്നാർ സബ്ഡിവിഷൻ.

M

(൧൭) എസ്. വരദരാജലു അവർകൾ ബി. ഇ. ആക്ടിംഗ് ഇൻഡസ്ട്രിയൽ എഞ്ചിനീയർ.
(൧൮) എം. താണുപിള്ള അവർകൾ മോട്ടോർ എൻജിനീയർ കൊല്ലം ഡിവിഷൻ.
(൨൦) എൻ. പത്മനാഭപിള്ള ഫോർമാൻ പി. ഡബ്ലിയു. ഡി. വർക്ക്ഷോപ്പ് തിരുവനന്തപുരം
ബി. അനൌദ്യോഗസ്ഥ പരിശോധകന്മാർ.
(൧) റാവുബഹദൂർ ജോൺകുരുവിള അവർകൾ ബി. എ. ബി. സി. ഇ. മെക്കാനിക്കൽ എൻജിനീയർ
കോട്ടയം.
(൨) എൻജിനീയർ മെസേഴ്സ് ഡാറാസ്മെയിൽ ആൻഡ് കമ്പനി ക്ലിപ്തം ആലപ്പുഴ.
(൩) എൻജിനീയർ മെസേഴ്സ് ഹാരിസൺ ആൻഡ് ക്രാസ്ഫീൽഡ് കമ്പനി ക്ലിപ്തം കൊല്ലം.

അനുബന്ധം ഒന്നു എ.

൩൧-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

ചേർത്തല താലൂക്കിൽ ൧൧൦൪-ലേക്കു അനുവദിച്ച പബ്ലിക്ക്‌വർക്ക്സ്.

നമ്പർ	വേലയുടെ പേരു	അനുവദിച്ച തുക രൂ.	൧൧/൧൦൪ വരെ ചിലവു രൂ.	റിമാർക്ക്
൧	ചേർത്തല സ്റ്റേഷനറി മജിസ്ട്രേട്ടു കോർട്ടിനു കൂടുതൽ സ്ഥലസൌകൎയ്യം.	൧൫൦൦	ഇല്ല	കൺട്രാക്ടു കൊടുത്തു, ജോലിയുടനെ ആരംഭിക്കും.
൨	ചേർത്തല മുൻസിഫ് കോർട്ടിനു ചുററും മതിൽ കെട്ടുകയും ഒരു കക്കൂസു പണിയിക്കുകയും	൩൦൦	ഇല്ല	പൊന്നുംവിലയ്ക്കെടുത്തു സ്ഥലം ഏല്പിക്കണം. അതിന്റെ ലാഡ് പ്ലാൻ തയ്യാറാക്കിവരുന്നു.
൩	ചേർത്തല-അരൂർ റോഡിൽ നിന്നും കരപ്പുറംകുളത്തേക്കുള്ള റോഡ്.	൪൦൦൦	൩൩൫൫	ജോലിമുറയ്ക്കു നടക്കുന്നു. ൧൧൦൫-ലേക്കും ൩൦൦൦ രൂപാ കരുതിയിട്ടുണ്ടു.
൪	ആലപ്പുഴ-ചേർത്തല റോഡിന്റെ ൧൬-ാം മൈലിങ്കൽ നിന്നും കടക്കരപ്പള്ളിക്കുള്ള റോഡ്.	...	...	അടങ്കൽ ആലോചനയിലിരിക്കുന്നു. ൧൧൦൫-ലെ ആയവ്യയ കണക്കിന്റെ ൨-ാം ഭാഗത്തിൽ ൫൦൦൦ രൂപാ കൊള്ളിച്ചിട്ടുണ്ടു.
൫	അവിലാകുന്നുമുതൽ മണ്ണാംഞ്ചേരിവരെയുള്ള റോഡ്.	...	...	അടങ്കൽ ആലോചനയിലിരിക്കുന്നു. ൧൧൦൫-ലെ ആയവ്യയ കണക്കിന്റെ ൨-ാം ഭാഗത്തിൽ ൯൦൦൦ രൂപാ കൊള്ളിച്ചിട്ടുണ്ടു.
൬	മണ്ണഞ്ചേരിൽ നിന്നും കലവൂർക്കുള്ള റോഡ്.	൩൦൦൦	....	൧൧൦൫-ലെ ആയവ്യയകണക്കിൽ ൫൦൦൦ രൂപാ കൊള്ളിച്ചിരിക്കുന്നു.
൭	ആർത്തുങ്കൽ നിന്നും കടപ്പുറത്തേക്കുള്ള റോഡ്.	൫൦൦൦	...	കൺട്രാക്ടു ഏൎപ്പെടുത്തി മണൽ ശേഖരിക്കുന്നു. ൧൧൦൫-ലെ ആയവ്യയകണക്കിൽ ൧൦൦൦ രൂപാ കൊള്ളിച്ചിരിക്കുന്നു.

അനുബന്ധം ഒന്നു ബി.

൩൧-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

ചേർത്തലയും അമ്പലപ്പുഴയും താലൂക്കുകളിലെ ഇറിഗേഷൻ ആവശ്യങ്ങളെ സംബന്ധിച്ചു ൧൧-൧൦-൨൭-ൽ ചീഫ് ഇൻജിനീയരാഫീസിൽവച്ചു നടത്തിയ കാൺഫറൻസിന്റെ മിനിററ്സ്.

അംഗങ്ങൾ—

(൧) എ. വെറപ്പൻ അവർകൾ, എം. ഐ. സി. ഇ., ചീഫ് ഇൻജിനീയർ
(൨) എസ്. സി. എച്ച്. റാബിൻസൺ അവർകൾ, ഭൂമികരവും ആദായനികുതിയും കമ്മീഷണർ
(൩) ഡാക്ടർ എ. ൻ. കുഞ്ഞൻപിള്ള അവർകൾ, കൃഷിമത്സ്യവ്യവസായഡയറക്ടർ
(൪) ഡാക്ടർ കെ. പി. പണിക്കർ, എം. എൽ. സി., അമ്പലപ്പുഴ
(൫) വേലൈചിൽ പാച്ചുപിള്ള അവർകൾ, എം. എൽ. സി., ചേർത്തല
(൬) എൻ. ആർ. കൃഷ്ണൻ അവർകൾ, എം. എൽ. സി., ചേർത്തല.

തീരുമാനങ്ങൾ—

ചേർത്തലത്താലൂക്കിൽ കുറുകെ തോടുകൾ ഉണ്ടാക്കുന്നകാര്യം ആലപ്പുഴ-ചേർത്തല റോഡിന്റെ പണിക്കു മുമ്പേ ഉൽഭവിച്ചതാണ്. ആലപ്പുഴ-ചേർത്തല റോഡുവെട്ടുന്ന കാര്യം ഖണ്ഡിതമായിട്ടു ഉപേക്ഷിച്ചിരിക്കുന്നതുകൊണ്ടും പ്രധാന തോടില്ലാത്ത കുറുകെയുള്ള തോട്ടു കൃഷിയുടെ അഭിവൃദ്ധിക്കു തീരെ ഉപയോഗപ്പെടാത്തതുകൊണ്ടും ഗതാഗതത്തിനും താലൂക്കിലെ ജനങ്ങളുടെ തൽക്കാലആവശ്യത്തിനും കുറെ റോഡുകളാണു കൂടുതൽ പ്രയോജനമെന്നാണ് ഞങ്ങളുടെ അഭിപ്രായം. മൂന്നു സമാന്തരറോഡുകൾ വേണമെന്നാണ് ഉദ്ദേശം. ഇവയിൽ മദ്ധ്യത്തുകൂടിയുള്ളതു ഉണ്ടാക്കഴിഞ്ഞു. കായലിന്റെ തീരത്തുകൂടിയുള്ള കിഴക്കേതു ഉണ്ടാക്കിവരുന്നു. കടൽത്തീരംവഴി പടിഞ്ഞാറും ഒന്നു ഉണ്ടാക്കേണ്ട ആവശ്യമുണ്ടു. ഈ സമാന്തരറോഡുകൾ ഉണ്ടായാൽ ഇവയെ യോജിപ്പിക്കുന്ന കുറുകെയുള്ള റോഡുകൾ ഉണ്ടാക്കേണ്ടതാണ്. ചില സ്ഥലങ്ങളിൽ കുറുകെ തോടുകളും ആവശ്യമായിരിക്കും. അവ പ്രത്യേകം അന്വേഷിച്ചു ആവശ്യമനുസരിച്ചു തീരുമാനിക്കേണ്ടതാണ്.

ആലപ്പുഴയും അമ്പലപ്പുഴയും താലൂക്കുകളെസംബന്ധിച്ചടത്തോളം മഴക്കാലത്തു കെട്ടിനിൽക്കുന്ന വെള്ളം ഒഴിച്ചുവിടുന്നതാണ് പ്രയാസം. ഇതിനും ഗതാഗതത്തിനും ടി. എസ്. തോടിനെ യോജിപ്പിക്കുന്ന കുറെ തോടുകൾ പടിഞ്ഞാറുനിന്നും കിഴക്കോട്ടു വെട്ടേണ്ടതാണ്. ഈ കാര്യത്തിൽ ഒട്ടും അന്വേഷണം നടത്തിയിട്ടില്ലാത്തതിനാൽ തൽക്കാലത്തേയ്ക്കു ഒരു തോടിനു അന്വേഷണം നടത്തി അടങ്കൽ തയ്യാറാക്കുന്നതു നന്നായിരിക്കും.

എ. ശേവപ്പൻ, ചീഫ് ഇൻജിനീയർ
മുരവേലിൽ പാച്ചുപിള്ള, എം. എൽ. സി., ചേർത്തല
കെ. പത്മനാഭപ്പണിക്കർ, എം. എൽ. സി., അമ്പലപ്പുഴ
എൻ. ആർ. കൃഷ്ണൻ, എം. എൽ. സി.
എസ്. സി. എച്ച്. റാബിൻസൺ, ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ
എൻ. കുഞ്ഞൻപിള്ള, കൃഷിമത്സ്യവ്യവസായഡയറക്ടർ

അനുബന്ധം ൫൭.

൩൩൩-ാം ചോദ്യത്തിന്റെ മറുപടിനോക്കുക.

തിരുവനന്തപുരം ആർട്ട്സ് കാളേജിലേയും സയൻസു കാളേജിലേയും ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക.

		ആർട്ട്സ് കാളേജ്.	സയൻസ് കാളേജ്.
൧	ബ്രാഹ്മണർ	൭	൨൬
൨	നായന്മാർ	൯	൩
൩	കത്തോലിക്കർ	൧	൨
൪	യാക്കോബായക്കാർ	...	൩
൫	മാർത്തോമ്മാ ക്രിസ്ത്യാനികൾ	...	൨
൬	പ്രോട്ടസ്റ്റന്റുകാർ	൨	൩
൭	ഈഴവർ	൧	..
൮	മഹമ്മദീയർ	...	൧
൯	വെള്ളാളർ	...	...
൧൦	ഇതരസമുദായക്കാർ	൫	൩

അനുബന്ധം ൫൮.

൩൩൪-ാം ചോദ്യത്തിന്റെ മറുപടിനോക്കുക.

(൧൯൨൯-൭-൯) സർവീസിലിരിക്കുന്ന സർക്കാർവക്കീലന്മാരുടെ ജാതിതിരിച്ചുള്ള പട്ടിക.

ഹിന്ദുക്കൾ											മുസ്ലീങ്ങൾ	ക്രിസ്ത്യാനികൾ					ഇതരർ	റിമാർക്ക്
													റോമാക്കാർ		സുറിയാനിക്കാർ			
ബ്രാഹ്മണർ (മലയാള)	മറു ബ്രാഹ്മണർ	ഈഴവർ	കമ്മാളർ	ക്ഷത്രിയർ (മലയാള)	നാടാന്മാർ	നായന്മാർ	പുലയർ	വെള്ളാളർ	മറു അധഃകൃതർ	മറു ഹിന്ദുക്കൾ		പ്രോട്ടസ്റ്റന്റ്	ലത്തീൻകാർ	സുറിയാനിക്കാർ	യാക്കോബായക്കാർ	മാർത്തോമ്മാക്കാർ		
...	൨	...	...	൧	...	൩	...	൧	...	...	...	...	..	൧	൧	...	...	പട്ടികയിൽ സ്ഥിരം ജോലിക്കാരായും പകരം ജോലിക്കാരായും ടെമ്പററി ജോലിക്കാരായുമുള്ള സർക്കാർവക്കീലന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

അനുബന്ധം ൪൯.

നം. ൪-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൯൨൯-ൽ ക്രമമായി ൧-നു-വരെ ശരിയായിട്ടുള്ള സംസ്ഥാനത്തെ തഹശീൽദാരന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക.

ഹിന്ദുക്കൾ													ക്രിസ്ത്യാനികൾ					
													റോമക്കാർ		സുറിയാനിക്കാർ			
ബ്രാഹ്മണർ (മലയാള)	പരദേശബ്രാഹ്മണർ	നാടാർ	ഈഴവർ	കമ്മാളർ	ക്ഷത്രിയർ (മലയാള)	നായർ	പുലയർ	മറ്റു അധഃകൃതർ	വെള്ളാളർ	മറ്റു ഹിന്ദുക്കൾ	മുസ്ലീങ്ങൾ	പ്രൊട്ടസ്റ്റന്റ്	ലത്തീൻകാർ	സുറിയാനിക്കാർ	യാക്കോബായക്കാർ	മാർത്തോമാക്കാർ	ഇതരർ	റിമാർക്ക്
...	*൧൭	...	† ൨	...	...	൧൨	...	...	...	...	...	൧	...	...	...	൧	...	* ൩ പേർ പകരമാണ് † ഒരാൾ പകരമാണ്

അനുബന്ധം ൫൦.

നം. ൭-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൮-ൽ തിരുവനന്തപുരം-നാഗർകോവിൽ ചെയിനിൽ മോട്ടാർ വാഹനറഗുലേഷൻപ്രകാരം നടത്തിയ പ്രാസിക്യൂഷൻ.

കാലം	വലിയ ബസ്സുകളെ സംബന്ധിച്ച പ്രാസിക്യൂഷന്റെ എണ്ണം	സവാരിക്കാർ സംബന്ധിച്ച പ്രാസിക്യൂഷന്റെ എണ്ണം
൧൧൦൭ ചിങ്ങം ൧-നു മുതൽ ൧൧൦൮ കുംഭം ൧-നു വരെ	൮൧൭	൩൨൬
൧൧൦൮ കുംഭം ൧-നു മുതൽ ഇടവം ൧-നു വരെ	൨൮൧	൪൨
൧൧൦൮ ഇടവത്തിലും മിഥുനത്തിലും	൯൬	൧൧൯

അനുബന്ധം ൬൧.

൩൬൩-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

പി. ഡബ്ളിയു. ഡി-യിലെ എക്സിക്യൂട്ടീവും അസിസ്റ്റൻറും എൻജിനീയർമാരുടെ ജാതിതിരിച്ചുള്ള പട്ടിക.

ഉദ്യോഗപ്പേര്	ഹിന്ദുക്കൾ: ബ്രാഹ്മണർ (മലയാളി)	ഹിന്ദുക്കൾ: ബ്രാഹ്മണർ (മററു)	ഹിന്ദുക്കൾ: ഈഴവർ	ഹിന്ദുക്കൾ: കമ്മാളർ	ഹിന്ദുക്കൾ: ക്ഷത്രിയർ (മലയാളി)	ഹിന്ദുക്കൾ: നാടാർ	ഹിന്ദുക്കൾ: നായർ	ഹിന്ദുക്കൾ: പുലയർ	ഹിന്ദുക്കൾ: വെള്ളാളർ	ഹിന്ദുക്കൾ: മററ അധഃകൃതർ	ഹിന്ദുക്കൾ: മററ ഹിന്ദുക്കൾ	മുസ്ലീങ്ങൾ	പ്രോട്ടസ്റ്റൻറുകാർ	ക്രിസ്ത്യാനികൾ: റോമക്കാർ: ലത്തീൻകാർ	ക്രിസ്ത്യാനികൾ: റോമക്കാർ: സുറിയാനികൾ	ക്രിസ്ത്യാനികൾ: സുറിയാനികൾ: യാക്കോബായക്കാർ	ക്രിസ്ത്യാനികൾ: സുറിയാനികൾ: മാർത്തോമ്മാക്കാർ	ഇംഗ്ലീഷ്കാർ	റിമാർക്ക്
എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ	...	൨	...	...	...	...	൧	...	...	...	...	...	...	...	...	...	...	*൩	*ഇവരിൽ ൨ പേർ യൂറോപ്യന്മാരാണ്
അസിസ്റ്റൻറ എഞ്ചിനീയർമാർ	...	൪	...	...	൧	...	൨	...	...	...	...	...	...	...	൧	൧	൨	...	
ആകെ	...	൬	...	...	൧	...	൩	...	...	...	...	...	...	...	൧	൧	൨	൩	

സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മററിയും എക്കോണമിക് ഡവലപ്പ്മെൻറ ബോർഡും.

പ്രസിഡൻറ: സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മററിക്കും എക്കോണമിക് ഡവലപ്പ്മെൻറ ബോർഡിനും ൧൧൧൧-ലേക്കുള്ള അംഗങ്ങളെ കഴിഞ്ഞദിവസം വൈകിട്ട സഭ തിരഞ്ഞെടുത്തു. തിരഞ്ഞെടുപ്പിന്റെ ഫലമിതാണ്. താഴെപ്പറയുന്ന അംഗങ്ങൾ സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മിററിയിലേക്ക തിരഞ്ഞെടുക്കപ്പെട്ടു.

൧ മി. മത്ത്യൂമുരിക്കൻ.

൨ മി. ജി. പി. നീലകണ്ഠപ്പിള്ള.

൩ മി. എ. താണുപിള്ള.

താഴെപ്പറയുന്ന അനുദ്യോഗസ്ഥാംഗങ്ങൾ എക്കോണമിക് ഡവലപ്പ്മെൻറ ബോർഡിലേക്ക തിരഞ്ഞെടുക്കപ്പെട്ടു.

൧ മി. കെ. സി. കരുണാകരൻ.

൨ മി. കെ. മാധവൻപിള്ള.

൩ മി. എൻ. കെ. കൃഷ്ണപിള്ള.

൪ മി. എ. ജി. മേനോൻ.

അജൻഡായിലുള്ള അടുത്തവിഷയമായ ടെനൻറ്സ് ഇംപ്രൂവ്മെൻറ്സ് ബിൽ അവതരണത്തിലേക്ക സഭ ഇപ്പോൾ പ്രവേശിക്കുന്നതാണ്.

തിരുവിതാംകൂർ കാമ്പൻസേഷൻ ഫാർ ടെനൻട്സ് ഇംപ്രൂവ്മെൻറ്സ് ബിൽ.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): സർ, തിരുവിതാംകൂർ കാമ്പൻസേഷൻ ഫാർ ടെനൻട്സ് ഇംപ്രൂവ്മെൻറ്സ് ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഒരു പ്രസംഗംചെയ്യുവാൻ എനിക്ക അനുവാദമുണ്ടോ?

പ്രസിഡണ്ട്. ആഗ്രഹമുണ്ടെങ്കിൽ പ്രസംഗിക്കാം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ സഭയുടെ നടപ്പനുസരിച്ചു ഈ പ്രമേയത്തെ പിൻതാങ്ങേണ്ടിയിരിക്കുന്നു.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): സർ, ഈ രാജ്യത്തെ കർഷകർ എല്ലാം പ്രായേണ വസ്തുഉടമസ്ഥന്മാരായി കാണുന്നില്ല. അധികമാളുകളും വസ്തുഉടമസ്ഥന്മാരുടെകീഴിൽ വെറും പാട്ടക്കാരായിട്ടോ, അല്ലെങ്കിൽ വെറും പണയക്കാരായിട്ടോ, വസ്തു അനുഭവിച്ചുകൃഷിചെയ്തുവരുന്നതായിട്ടാണ് കണ്ടുവരുന്നത്. വസ്തു ഒഴിപ്പിക്കുന്ന സന്ദർഭങ്ങളിൽ അവർക്ക നഷ്ടങ്ങളെ മേഹാബ്ധത്തെ സംബന്ധിച്ചു പലകുഴപ്പങ്ങളും നേരിടാറുണ്ട്. ഇവ ബന്ധിപ്പിക്കപ്പെടുത്തുന്നതിനു ഈ രാജ്യത്തു ഇതുവരെയും ഒരു നിയമം ഉണ്ടായിട്ടില്ല. പ്രാദേശികമായ ചിലയാടപ്പുകളെ

അടിസ്ഥാനപ്പെടുത്തിയാണ് ഈ കൃത്യം ഇപ്പോഴും നിർവഹിച്ചുപോരുന്നത്. എന്നാൽ പ്രാദേശികമായ നടപ്പു ഇന്നതെന്നു വ്യക്തമായി യാതൊരു റിക്കാർഡുകളും ഇല്ലായ്കകൊണ്ടു വസ്തു ഒഴിപ്പിക്കുന്നവിഷയത്തിൽ പല ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. വസ്തു ഒഴിപ്പിക്കുന്ന അവസരങ്ങളിൽ കൃഷിക്കാരനു ഗുണകരമായ നടപ്പു കൃഷിക്കാരനും, വസ്തു ഉടമസ്ഥനു ഗുണകരമായ നടപ്പിനെ വസ്തു ഉടമസ്ഥനും പൊക്കിക്കാണിക്കാൻ ശ്രമിച്ചുവരുന്നുണ്ട്. ഇതിലേക്കു രേഖയിലവും ഇല്ലാത്തതുകൊണ്ട് കോടതി ഇതിലേതെങ്കിലും ഒരു കക്ഷിയുടെ തെളിവിനെ മാത്രം അടിസ്ഥാനപ്പെടുത്തി അതനുസരിച്ചുള്ള മേഹണ്ടം കൊടുക്കണമെന്നു വിധിക്കുന്നതായിട്ടാണ് സാധാരണ കണ്ടുവരുന്നത്. കൃഷിക്കാരൻ തനിക്കു എത്രത്തോളം മേഹണ്ടം കിട്ടുമോ അത്രത്തോളം കിട്ടണമെന്നു പ്രകൃത്യാ ആശിക്കുന്നതിൽ അയാളെ കുറ്റപ്പെടുത്താനില്ല. അതുപോലെ എത്രയും കുറച്ചു മേഹണ്ടം കൊടുത്തു വസ്തു ഒഴിപ്പിക്കാമോ അത്രയും കൊടുത്തു ഒഴിപ്പിക്കണമെന്നു പ്രകൃത്യാ ജന്മിമാരുടെ സ്വതസിദ്ധമായ ഔൽസുക്യത്തോടുകൂടി ആഗ്രഹിക്കുന്നു. വസ്തു ഉടമസ്ഥനേയും കുറ്റപ്പെടുത്താനില്ല. കൃഷിക്കാർക്കു കൂടുതൽ മേഹണ്ടം കിട്ടണമെന്നു ഒരു കേസുണ്ടാകുകയും അതിന്മേൽ തിരുവിതാംകൂറിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് അവർക്കു ഗുണകരമായ വിധത്തിൽ ഒരു വിധി കല്പിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. റ്റി. എൽ. ആർ. ൨൮-ാം വാല്യം ൫൭-ാം പേജ് അതായത് നൂറുമാസത്തെ ആദായത്തിന്റെ വില കുടിയാനവന് അവന്റെ മേഹണ്ടത്തിന്റെ വിലയായി കൊടുക്കണമെന്നാണ്. ഈ തീർപ്പനുസരിച്ചു നോക്കുന്നപക്ഷം ഫലപ്രാപ്തിവന്നിട്ടുള്ള ഒരു വൃക്ഷത്തിൽനിന്നും ശരാശരി ഒരു കൊല്ലത്തിൽ ൨൦ നാളികേരം കിട്ടുന്നപക്ഷം ആ തെങ്ങിന് ൭൦ രൂപ മേഹണ്ടം കൊടുക്കണം. ഒരു കൊല്ലത്തിൽ ൨൦-ൽ കൂടുതൽ നാളികേരം ഉണ്ടാകുന്ന തെങ്ങുകൾ ഈ രാജ്യത്തു സുലഭമായി കണ്ടുവരുന്നുണ്ട്. ഇതനുസരിച്ചു ഒരു തെങ്ങിനു അൻപതോ അതിൽ കൂടുതലോ മേഹണ്ടം കൊടുത്തു വസ്തു ഒഴിപ്പിക്കേണ്ടിവരുന്ന എന്നുള്ള സംഗതി ജന്മിമാർക്കു സങ്കടകരമായ ഒന്നാണ്. ചില അവസരങ്ങളിൽ ഈ വിധികൊണ്ടു കൃഷിക്കാരിൽനിന്നും വസ്തു ഒഴിപ്പിക്കാൻ ജന്മിക്കു നിവൃത്തിയില്ലാതെ വരുന്നുണ്ട്.

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): ഇപ്പോഴത്തെ ബിൽ അനുസരിച്ചു എത്രമാസത്തെ ആദായം വിലകൊടുത്താണ് വസ്തു ഒഴിപ്പിക്കേണ്ടതു്?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഇപ്പോഴത്തെ ബില്ലിൽ ൯-ാം വകുപ്പിൽ അതിനെപ്പറ്റി പറയുന്നുണ്ട്.

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): അതു എത്രയാണെന്ന് ഈ സഭയുടെ അറിവിനായിട്ട് പറയുമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതിനെപ്പറ്റി ൯-ാം വകുപ്പിൽ പറയുന്നുണ്ട്.

ഹൈക്കോടതിയിലെ ഈ വിധികൊണ്ട് ജന്മിമാരും തൃപ്തന്മാരായിട്ട് ഭവിക്കുന്നില്ല. അവരും ഇതുപോലെ തന്നെ വളരെ കുറച്ചു മേഹണ്ടം കൊടുക്കത്തക്കവണ്ണം ഒരു നടപ്പു സ്ഥാപിക്കാൻ ശ്രമിക്കുകയും ഒടുവിൽ അവർ ൧൫ റ്റി. എൽ. ജെ. പേ. ൭൦൬ മൂലം ഒരു നടപ്പു സ്ഥാപിക്കയും ചെയ്തിട്ടുണ്ട്. അതായതു ഫലവൃക്ഷങ്ങളുടെ പാട്ടം ബേസിസ്സിൽ തിട്ടപ്പെടുത്തി മേഹണ്ടം കൊടുക്കുക എന്നുള്ളതാണ്. അതായതു തെങ്ങുവൃക്ഷങ്ങളെ നാലുതരമായിട്ടു തിരിച്ചു ഒന്നാംതരത്തിന് ഒരു പണവും രണ്ടാംതരത്തിനു മുക്കാൽപണവും മൂന്നാംതരത്തിനു അരപ്പണവും നാലാംതരത്തിനു അരക്കാൽപണവും എന്നിങ്ങനെ പാട്ടം നിശ്ചയിച്ചു കൊടുക്കണമെന്നുള്ളതാണ്. ഇങ്ങനെ പാട്ടംകണ്ടിട്ടു കാലേമാഹണി ഉദയത്തിനുള്ള അർത്ഥത്തിൽ നാലിലൊന്നു കുടിയാനവനു കൊടുക്കുകയെന്നുള്ളതാണ് ഈ വിധികൊണ്ടു കാണുന്നതു്. ഇനി ഇതു എങ്ങിനെ കിട്ടുന്നു എന്നാണ് നോക്കേണ്ടതു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): കരാർ അനുസരിച്ചുള്ളതും കൂടി ഇതിൽ ഉൾപ്പെടുമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): കരാറുള്ളതും കരാറില്ലാത്തതുംകൂടി ഇതിൽ ഉൾപ്പെടും. ഈ കരാർവസ്തുവിൽ വേലചെയ്യുന്നതിനാണ്. "പാട്ടം അടിസ്ഥാനപ്പെടുത്തി നടപ്പുകൂർ കൊടുക്കുന്നതു രാജ്യത്തിന്റെ ചിലഭാഗങ്ങളിൽ വളരെ സാധാരണയാണ്." ഇങ്ങനെ പാട്ടം ബേസിസ്സിൽ കൊടുത്താൽ ഒരു വൃക്ഷത്തിനു കുടിയാനവന് എന്തുകിട്ടുന്നു എന്നു നോക്കേണ്ടിയിരിക്കുന്നു. ഒന്നാംക്ലാസിൽ കൂടുതലായ ക്ലാസ്സ് ഇല്ലാത്തതുകൊണ്ടു ഒന്നാംക്ലാസ്സ് വൃക്ഷത്തെത്തന്നെ എടുത്തുനോക്കാം. അങ്ങിനെയാണെങ്കിൽ അതിനു ഒരു പണമാണ് പാട്ടം നിശ്ചയിച്ചിട്ടുള്ളതു്. അതിനു കാലേമാഹണി ഉദയത്തിനുള്ള അർത്ഥം ൩൨ പണമാണ്. അതിന്റെ നാലിലൊന്നു (അതായതു എട്ടുപണമാണ്) കുടിയാനവനു മേഹണ്ടമായി കിട്ടുന്നതു്. ൨൮ റ്റി. എൽ. ആർ. അനുസരിച്ചു അൻപതോ എഴുപതോ രൂപാ മേഹണ്ടംകിട്ടുന്ന വൃക്ഷങ്ങൾക്കു ൧൫ റ്റി. എൽ. ജെ. അനുസരിച്ചു എട്ടുപണമാണ് കിട്ടുന്നതു്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഒരു പോയിൻറ് ഓഫ് ആർഡറിനാണ് ഞാൻ എഴുന്നേൽക്കുന്നതു്, മെമ്പറിനു രണ്ടു ഭാഷയിൽ സംസാരിക്കാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അല്ല. ഞാൻ ഒരു പുസ്തകത്തിൽനിന്നും ഉദ്ധരിക്കയാണ്.

പ്രസിഡൻറ്: ൧൫ റ്റി. എൽ. ജെ.-യിൽനിന്നും വായിക്കുകയാണ്. അതു ഇംഗ്ലീഷിലാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): പ്രസംഗത്തിൽപോലും അയാൾ രണ്ടു ഭാഷ ഉപയോഗിച്ചുകാണുന്നു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഈ വിധികൾകൊണ്ടു ഒന്നുംതന്നെ വ്യക്തമായിട്ടില്ല. എന്നാൽ കീഴ്കോടതികളിൽ പല ആളുകളോടുമുള്ള സംഭാഷണത്തിൽ ഈ ക്ലാസ്സും അതായതു്, ഒന്ന്, മുക്കാൽ, അര, അരേഅരക്കാൽ എന്ന പാട്ടം നിശ്ചയിക്കുന്നതു് ആർബിറററിയായിട്ട് കോടതി ചെയ്യുന്നു എന്നാണ് അവരിൽനിന്നും മനസ്സിലാക്കാൻ ഇടയായതു്. അതല്ല ഇതിനുള്ള പ്രധാനകാരണം എന്നുള്ളതു് ലാൻഡ് റെവന്യൂമാന്വൽ നാലാംവാല്യം ൨൯൬-ാം പേജ് വായിച്ചുനോക്കിയാൽ മനസ്സിലാകും. തിരുവിതാംകൂറിൽ കരം തിട്ടപ്പെടുത്തുന്നതിനുവേണ്ടി തെങ്ങുകളെ നാലു ക്ലാസ്സുകളായിട്ടു തിരിച്ചു. അക്കാലത്തു ൩൬ നാളികേരമോ അതിൽ കൂടുതലോ ഉള്ളതെല്ലാം ഒന്നാംക്ലാസ്സായിട്ടും ൩൬-ാം അതിനുതാഴെ ൨൦ വരെ നാളികേരമുള്ള വൃക്ഷങ്ങളെ രണ്ടാംക്ലാസ്സായിട്ടും അതിനുതാഴെയുള്ള വൃക്ഷങ്ങളെ ൩-ാം, ൪-ാം ക്ലാസ്സുകളായിട്ടും തരംതിരിച്ചിട്ടുണ്ട്.

നൂറ് നാളികേരംകിട്ടുന്ന ഒന്നാംക്ലാസ്സ് വൃക്ഷത്തിന്റെ നാലിലൊന്നായ ൨൫ നാളികേരത്തിന്റെ വിലയാണ് (നാല്) ൪ ചക്രം കണക്കാക്കിയിരിക്കുന്നതു്. ചക്രത്തിനു നാലു നാളികേരംവെച്ചു ആകാലത്തെ റേററനുസരിച്ചുകിട്ടിയവിലയാണ് ൪ ചക്രം. ആകാലമെല്ലാംപോയി, ചക്രത്തിനു നാലു നാളികേരംകിട്ടുമെന്ന കഥയേ ആളുകൾ മറന്നുകഴിഞ്ഞു. ഒരു നാളികേരത്തിനുതന്നെ ഒന്നോ രണ്ടോ ചക്രം വിലയായിരിക്കുന്നു. ഈയകാലത്തുംപോലും ചക്രത്തിനു നാലു നാളികേരംകിട്ടുന്നകാലത്തെപാട്ടം ബേസിസ്സുവെച്ചു വില കണക്കാക്കി എത്രപണം ദേഹണ്ഡംകൊടുക്കുന്നതു വളരെ സങ്കടമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കുടിയാനവന്മാർക്ക വെട്ടുമിച്ചൂരി വകവെച്ചുകൊടുക്കയില്ലയോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): കുഴികിട്ടുന്നുണ്ട്. പക്ഷെ അതിൽ കൂടുതൽകുറവും സംഭവിക്കാറുണ്ട്.

ഇങ്ങിനെ മന്നു ററി. എൽ. ജെ. കൃഷിക്കാരനും വ. ൪ ററി. എൽ. ആർ. ജന്മിക്കും സങ്കടത്തെ ഉണ്ടാക്കുന്നതായിട്ടാണ തീന്നിരിക്കുന്നതു്. കോടതിയും ഈ രണ്ടുവിധികളെയും സ്വീകരിക്കുന്നതുകൊണ്ടു ഓരോകക്ഷികളും അവരവർക്ക ഗുണകരമായ നടപ്പിനെ തെളിയിക്കുന്നതിനു ശ്രമിച്ചുവരുന്നു.

തന്നിമിത്തം കുടിയാനവനും വസ്തുഉടമസ്ഥനും യോജിച്ചു പ്രവൎത്തിക്കാൻ ഒരു നിവൃത്തിയുമില്ല. കോടതിയിൽപോകുന്നപക്ഷം കൂടുതൽദേഹണ്ഡം കിട്ടുമെന്നു കുടിയാനവനും, അതുപോലെതന്നെ കോടതിയിൽ പോയാൽ കുറച്ചുദേഹണ്ഡംകൊടുത്തു വസ്തു ഒഴിപ്പിക്കാമെന്നു വസ്തു ഉടമസ്ഥനും വിചാരിക്കുന്നതുകൊണ്ടു വ്യവഹാരങ്ങളും ഒട്ടും ചില്ലറയല്ല. അതിനാൽ ഇങ്ങിനെയുള്ള ബുദ്ധിമുട്ടുകൾക്കിടയാകാതെ ദേഹണ്ഡംകൊടുക്കുന്നതിനെസംബന്ധിച്ചു ഈ രാജ്യത്തു ഒരു സ്ഥിരമായ നിയമംഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. പത്തു പതിനാലു സംവത്സരത്തെ എന്റെ തൊഴിലിൽനിന്നും കിട്ടിയഅനുഭവമാണിതു്. ഇതിനെസംബന്ധിച്ചു ഞാൻ പ്രജാസഭയിൽ പല ആവൎത്തി പറയുകയും അന്നു ഇതിലേക്ക ഒരു ബിൽ നിയമസഭയിൽ ഹാജരാക്കണമെന്നു മറുപടിപറയുകയും ചെയ്തതനുസരിച്ചു ഞാൻ ഇവിടെ ഇതു ഹാജരാക്കുന്നതാണ്.

മലബാർ ടെനൻട്സ് ഇംപ്രൂവ്മെൻറ് ബില്ലിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇതു തയ്യാറാക്കിയിട്ടുള്ളതു്. എന്നാൽ കുടിയാനവനെസംബന്ധിച്ചിടത്തോളം ദേഹണ്ഡം കുറഞ്ഞുപോയിഎന്നു ആൎക്കെങ്കിലും അഭിപ്രായമുണ്ടെങ്കിൽ ഈ കൗൺസിലിന്റെ അധികാരമനുസരിച്ചു കൂട്ടുന്നതിനു എനിക്ക വിരോധമില്ല. ഞാൻ എന്റെ സ്വന്തം അഭിപ്രായത്തെമാത്രം അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ്. ഇതിൽ എന്തു ഭേദഗതിവരുത്തുന്നതിലും എനിക്ക ഒരു വിരോധവുമില്ല. ഒരു നിയമമില്ലാത്തതുകൊണ്ടു കോടതിയും എന്നപോലെ ജനങ്ങളും സങ്കടമനുഭവിക്കാനിടവരരുതെന്നാണ് എന്റെ ഉദ്ദേശം. ബ്രിട്ടീഷിലുള്ള പല നിയമങ്ങളും തിരുവിതാംകൂറിൽ നടപ്പാക്കിവരുന്നതായിട്ടു കാണുന്നുണ്ട്. തിരുവിതാംകൂറിലെ വാസ്തവത്തിൽ ഖനികളു ഇല്ലെങ്കിലും ബ്രിട്ടീഷിൻഡ്യായിലുള്ള ഖനിനിയമംപോലും ഇവിടെ പാസാക്കീട്ടുണ്ട്. ആ സ്ഥിതിക്ക തിരുവിതാംകൂറിലേക്ക നിത്യോപയോഗമായിരിക്കുന്ന ദേഹണ്ഡം തിട്ടപ്പെടുത്തുന്നതിനുള്ള ഒരു നിയമം ബ്രിട്ടീഷിൻഡ്യായിൽ പാസായി പത്തു മുപ്പതു കൊല്ലംകഴിഞ്ഞിട്ടും ഇതുവരെയും ഇവിടെ ഏൎപ്പെടുത്തീട്ടില്ലാത്തതിനാൽ ഇനിയെങ്കിലും ഒരു നിയമം ഉണ്ടാക്കിത്തരണമെന്നുള്ളതാണ് എന്റെ അപേക്ഷ.

എനിക്ക അനുദ്യോഗസ്ഥസാമാജികന്മാരോടു ഈ അവസരത്തിൽ പറയാനുള്ളതു കാണപ്പാട്ടംബില്ലിനെസംബന്ധിച്ചു ശക്തിയായിട്ടു വാദിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, യഥാൎത്ഥ കൃഷിക്കാരനും, യഥാൎത്ഥ വസ്തുഉടമസ്ഥനും ഗുണകരമായ ഈ സംഗതിക്ക ഒരു തീരുമാനംഉണ്ടാക്കാൻ യോജിച്ചു പ്രവൃത്തിക്കുന്നതുകൊണ്ടു യാതൊരു കുറവുമില്ലെന്നുള്ളതാണ്. നാം സൗഹാൎദ്ദപൂൎവ്വം അന്യന്മാരോടു എന്തുചെയ്യണമെന്ന് അപേക്ഷിക്കുന്നുവോ അതുപോലെ നാം അന്യന്മാരോടു ചെയ്യുന്നു എന്നുള്ളതിനെ ദൃഷ്ടാന്തമായിട്ടു കാണിക്കേണ്ട ഒരവസരവും ഇതാണ്. ഈ ബില്ലിനെ ഇപ്പോൾതന്നെ തള്ളിക്കളയാതെ അതിനെപ്പററി ആലോചിച്ചു വേണ്ട ഭേദഗതികൾ ചെയ്യുന്നതിനു ഈ സഭക്കുതന്നെ അധികാരമുണ്ട്.

മി. കല്ലറ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇപ്പോഴും ദേഹണ്ഡവില നിശ്ചയിക്കുന്നതിനെസംബന്ധിച്ചു തിരുവിതാംകൂറിൽ (ചേൎത്തലതാലൂക്ക ഒഴിച്ചുള്ള സ്ഥലങ്ങളിൽ) ഒരു നിയമംഇരിക്കുന്നുണ്ടല്ലോ.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതൊരു നടപ്പുമാത്രമാണ്. അതു ഒരു കോൎട്ടുവിധിമൂലം ഉണ്ടായിട്ടുള്ള വ്യവസ്ഥയാണ്. പ്രത്യേകം ഒരു നടപ്പു ഏതവസരത്തിലും സെറപ്പുചെയ്യത്തക്കവിധത്തിലാണ് ഇരിക്കുന്നതു്. ഇന്നു ലോക്കാലിററിക്ക ഇന്ന നടപ്പേ പാടുള്ളു എന്നുവച്ചിട്ടില്ല.

മി. കല്ലറ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇതു ജനറലായിട്ടു ഒരു നിയമം നടപ്പിലിരിക്കുന്നുണ്ടല്ലോ.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഓരോ താലൂക്കിനേയും ഡിവൈഡുചെയ്യത്തക്കവിധത്തിൽ ഒരു വ്യവസ്ഥയില്ല. നടപ്പിനെ അടിസ്ഥാനപ്പെടുത്തി ദേഹണ്ഡംകൊടുക്കുന്നതിനെസംബന്ധിച്ചു ബുദ്ധിമുട്ടുകളെപ്പററി ഞാൻ മുമ്പു പ്രസ്താവിച്ചുകഴിഞ്ഞു.

മി. കല്ലറ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ആറുമാസത്തെ ആദായത്തിന്റെവില ദേഹണ്ഡമായിട്ടു കൊടുക്കണമെന്നു പറഞ്ഞില്ലേ. അങ്ങിനെ ഒരു വ്യവസ്ഥ ഇപ്പോൾതന്നെ തിരുവിതാംകൂറിലില്ലേ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതു എല്ലാസ്ഥലത്തും നടപ്പില്ല.

മി. കല്ലറ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഈ ബിൽ ചേൎത്തലതാലൂക്കിനെസംബന്ധിച്ചുമാത്രം മതിയാകുമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ചേൎത്തലതാലൂക്കുപോലെ മററു പലസ്ഥലങ്ങളുമുണ്ട്. വ. ൪ ററി. എൽ. ആർ. പറയുന്നതു ഏതെങ്കിലും ഒരു നടപ്പിനെ കാണിക്കാതിരിക്കുന്ന അവസരത്തിൽ ഇങ്ങിനെ ചെയ്യണമെന്നാണ്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): ൧൧൨൪ റി. എൽ. ആർ. അനുസരിച്ചു ഒരു നിയമം തിരുവിതാംകൂറിൽ എല്ലാഭാഗത്തും നടപ്പാക്കിയാൽ മതിയോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അപ്പോൾ ൧൧൨൨ റി. എൽ. ജെ. റദ്ദ്ചെയ്യണ്ടേ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): അങ്ങിനെ ഒരു ബിൽ മാത്രം മതിയാകുമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അപ്പോൾ ജന്മിക്കു വലിയ ദോഷമാണ്. വസ്തു ഒഴിപ്പിക്കാൻതന്നെ നിവൃത്തിയില്ലാതെ നിലയിലായിത്തീരും.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): ൧൧൨൨ റി. എൽ. ജെ. അനുസരിച്ചു വ്യവസ്ഥചെയ്തിട്ടുള്ള നടപ്പിനെ മാററണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമാണോ ഈ ബിൽകൊണ്ടുവന്നിട്ടുള്ളത്?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതുമാത്രമല്ല. ൧൧൨൪ റി. എൽ. ആർ. അനുസരിച്ചുള്ള നടപ്പിനേയുംകൂടി ഭേദപ്പെടുത്തി ന്യായമായ ഒരു നടപ്പുണ്ടാക്കണമെന്നുള്ളതാണ് എന്റെ ഉദ്ദേശം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ); അതെങ്ങിനെ മാററണമെന്നുകൂടി ഈ സഭയിൽ പറയുക.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതിനെപ്പററി ൯-ാം പാരാവിൽ പറയുന്നുണ്ട്.

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ): ൧൦൦ വർഷങ്ങൾ ഒരു തെങ്ങിനു ഫലമെന്തുവാൻ കഴിയുമെന്നു വിചാരിക്കുക. എങ്ങനെ ദേഹണ്ഡം കണക്കാക്കാനാണ് അഭിപ്രായപ്പെടുന്നതു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ൯-ാംവകുപ്പിൽ ഇപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു. "കോടതി കഴിയുന്നടത്തോളം ശരിയായി ഈവകയിൽ ചിലവുകഴിച്ചുള്ള ശരാശരി വിലഎന്തെന്നും ഈവകവൃക്ഷങ്ങൾ എത്രവർഷങ്ങൾ ഉതകുമെന്നു ന്യായമായി ആശിക്കാമെന്നും നിർണ്ണയിച്ചു ഇതിനെ ൧൦ ശതമാനം കണക്കാക്കുന്ന അത്രയുംവർഷങ്ങൾക്കുള്ള ഒരുവർഷാന്തരവൃത്തിയായി ഗണിച്ചു അതിന്റെ ഇപ്പോഴത്തെവിലയും ഈദേഹണ്ഡത്തിന്റെ ചിലവും കണക്കാക്കേണ്ടതാണ്".

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): നൂറുതേങ്ങകിട്ടുന്ന ഒരു വൃക്ഷത്തിനു ൧൧൨൪ റി. എൽ. ആർ. അനുസരിച്ചു എന്തുവില വരുമെന്നു ഇപ്പോഴത്തെബിൽ അനുസരിച്ചു എന്തുവിലവരുമെന്നും ചേർത്തലതാലൂക്കിലെ നടപ്പനുസരിച്ചു എന്തുവില വരുമെന്നും ഈസഭയുടെ അറിവിനായിട്ടു പറയുമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതുബില്ലിൽ ഉണ്ടു. മലബാറിൽനടപ്പിലിരിക്കുന്ന ടെനൻസ് ഇംപ്രൂവ്മെന്റ് ആക്ടിനെ അടിസ്ഥാനമാക്കിയാണ് ഈ ബിൽ എഴുതീട്ടുള്ളതെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ആ കണക്കുകൾ എന്താണെന്നു പറഞ്ഞാൽ ഈസഭക്കു മനസ്സിലാക്കാൻ എളുപ്പമുണ്ടല്ലോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ) ൧൧൨൪ റി. എൽ. ആർ-ൽ നിന്നും വളരെ കുറവായിട്ടേ വരികയുള്ളു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ആ കണക്കുംകൂടി പറയാതെ മനസ്സിലാക്കാൻ സാധിക്കയില്ലല്ലോ.

മി. എൻ. ആർ. കൃഷ്ണൻ നിയമിതമെമ്പർ): (കണക്കുകളുടെ മാതൃകയെപ്പററി ഞാൻ ബില്ലിൽ പറഞ്ഞിട്ടുണ്ടു. ഏതെങ്കിലും നാളികേരത്തിന്റെവില വച്ചുകൊണ്ടു കണക്കാക്കിയാൽ മതി. എന്റെകയ്യിൽ ഒരു റേറാബിൾ ഉണ്ടു. അതു മലബാറിൽ നടപ്പിലിരിക്കുന്ന തോതനുസരിച്ചു ദേഹണ്ഡം കൊടുത്തുവരുന്നതിനെപ്പററിയുള്ളതാണ്.

ചിലവുകഴിച്ചു ൧൦ തേങ്ങയുടെ വർദ്ധിച്ചവില നാലണയാണ്. ൫ ശതമാനംകണക്കാക്കി ൪ അര അണയുടെ ൪൦ വർഷങ്ങൾക്കുള്ള വർഷാന്തരവൃത്തിയുടെ ഇപ്പോഴത്തെവില ൩ രൂപ ൭ അണ ൫ പൈസയാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): എങ്ങനെ കണക്കാക്കും?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതു കണക്കുകളുടെ കാര്യമാണ്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരു വ്യവസ്ഥവേണ്ടേ? അതൊന്നു കണക്കുകൂട്ടിപറയണം.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതു കണക്കുകൂട്ടാതെ നിവൃത്തിയില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ൯-ാം വകുപ്പിനെ ഒന്നു വ്യാഖ്യാനിച്ചു പറയാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഞാൻ വ്യാഖ്യാനിച്ചാണ് പറയുന്നതു.

മി. എ. താണുപിള്ള (തിരുവനന്തപുരം): "എന്നിട്ടു അത്രയും വർഷങ്ങൾക്കുള്ള ൫ ശതമാനം കണക്കാക്കുന്നവർഷാന്തരവൃത്തിനോടു സമമായ ഇപ്പോഴത്തെവില നിർണ്ണയിക്കണം" ഇതിനെ ഒന്നു വ്യാഖ്യാനിക്കണം.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഒരു തെങ്ങിനു ൧൦-ാം, ൩൦-ാം വർഷങ്ങൾക്കുമദ്ധ്യേപ്രായമുണ്ടെന്നു കോടതികാണുന്നുഎന്നു വിചാരിക്കുക. അപ്പോൾ അതിന്റെ ശരാശരിഫലം വർഷത്തിൽ ൧൦ തേങ്ങ ആയിരുന്നേക്കാം. അപ്പോൾ വർദ്ധനവിന്റെ ചിലവുകഴിച്ചുള്ള വില ൧൦ തേങ്ങയുടെ വിലയോടുസമം. അതിൽനിന്നു നടപ്പുചിലവുകുറച്ചാൽ ൪ അര അണയാണ്. അതിന്റെ ൪൦ വർഷത്തേക്കുള്ള ൫ ശതമാനംവച്ചുള്ള വർഷാന്തരവൃത്തിയുടെ വില ൩ രൂപ ൭ അണ ൫ പൈസയാണ്. അതെങ്ങനെ കിട്ടിയെന്നു കണക്കുകൂട്ടിനോക്കിയാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഇപ്പോഴുള്ളതുപോലെ നടപ്പുസമ്പ്രദായമനുസരിച്ച് തെളിവു കൊടുക്കുന്നപക്ഷം കോടതിയിൽനിന്നു ന്യായമായ വിധികിട്ടുമെന്നു മെമ്പർക്ക് അഭിപ്രായമുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഇരുകക്ഷികളുടേയും തെളിവെടുക്കുമ്പോൾ ഒരാളുടെ തെളിവിനെ അവിശ്വസിച്ചതിനു ശേഷമല്ലാതെ ഒരു വിധികല്പിക്കുവാൻ സാധിക്കുകയില്ല. തെളിവുതന്നെ ആധാരമായിട്ടു കൊടുക്കാനേ നിവൃത്തിയുള്ളു. പരിതസ്ഥിതികൾ അനുസരിച്ചു ചിലപ്പോൾ ഒരുപക്ഷം കൊടുക്കുന്ന ഒരു ക്ലയിന്റെ മൊഴി കോടതി വിശ്വസിച്ചു എന്നും മറ്റേപ്പക്ഷം കൊടുക്കുന്നയാളിന്റെ മൊഴി അവിശ്വസിച്ചു എന്നും വരാം. ഒരു നിയമം ഇല്ലാതിരിക്കുന്നിടത്തോളംകാലം ഏതെങ്കിലുമൊരു തെളിവിനെ വിശ്വസിച്ചല്ലാതെ കോടതിക്ക് വിധികല്പിക്കാതിരിക്കാൻ നിവൃത്തിയില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): തെളിവിന്മേൽ അടിസ്ഥാനമാക്കി കൊടുക്കുന്ന വിധികൾക്കെല്ലാം ഈ കുഴപ്പമുണ്ടെന്നു പറയാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതുകൊണ്ടാണ് ഒരു നിയമം വേണമെന്നു പറയുന്നതു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതിനെ ഇപ്പോഴത്തെ ബില്‍കൊണ്ടു പരിഹരിച്ചാലും വൃക്ഷങ്ങളുടെ പ്രായം അതിൽനിന്നും കിട്ടുന്ന ആദായം ഇവകളൊക്കെ നോക്കി വേണ്ടേ ഒരു വിധികല്പിക്കാൻ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഒരു നിയമമുള്ളപ്പോൾ വരുന്ന തെററിനും അതിന്റെ അഭാവത്തിൽ വരുന്ന തെററിനും വ്യത്യാസമുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): കോടതിയിൽ തെളിവനുസരിച്ചു തീരുമാനിക്കുന്നതു ശരിയായിരിക്കുന്നില്ലെന്നു മെമ്പർ വിശ്വസിക്കുന്നുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഇല്ല. ഒരു നിയമമില്ലാതിരിക്കുന്നിടത്തോളം കാലം കേവലം തെളിവിനെമാത്രം അടിസ്ഥാനപ്പെടുത്തി വിധികല്പിച്ചാൽ വളരെ ബുദ്ധിമുട്ടിനിടയുണ്ടെന്നാണ് പറയുന്നതു.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): കുടിയാനവന്മാരിൽ ഭൂരിപക്ഷവും സാധുക്കളാണെന്നു അറിയാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അറിയാം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): നിയമം ഏർപ്പെടുത്തിയാലും സംഗതികൾ ശരിയാക്കുന്നതിനു തെളിവു ആവശ്യമാണെന്നറിയാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): തെളിവില്ലെങ്കിലും നിയമത്തെ അടിസ്ഥാനപ്പെടുത്തി വിധികല്പിക്കാൻ സാധിക്കും.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): തെളിവില്ലെങ്കിലും വിധികല്പിക്കാൻ സാധിക്കുമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): സാധിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ബിൽ ജന്മികുടിയാൻബില്ലിന്റെ പരിധിയിലുൾപ്പെട്ടവരേയും കൂടി ബാധിക്കുന്നതാണോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): കുടിയാനവന്റെ പക്കൽനിന്നും ഒഴിക്കാൻ പാടില്ലാത്ത വസ്തുക്കളാണല്ലോ ജന്മികുടിയാൻ ബില്ലിന്റെ പരിധിയിൽ ഉൾപ്പെട്ട വസ്തുക്കൾ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിനേയും ഈ ബിൽ ബാധിക്കുമോ? അതല്ല ശേഷമുള്ളവരെമാത്രമേ ബാധിക്കുകയുള്ളോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അങ്ങനെയുള്ള വസ്തുക്കളെ ഈ ബിൽ ബാധിക്കുകയില്ല. എന്നാൽ ജന്മിമാരുടെ വസ്തുക്കൾ വെറുംപാട്ടമായി കൊടുക്കുന്നുണ്ട്. അങ്ങനെയുള്ളവ ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജന്മികുടിയാൻബില്ലിന്റെ പരിധിയിലുൾപ്പെട്ടിട്ടുള്ള ജന്മിമാർ ഈ ബില്ലിന്റെ പരിധിയിലുൾപ്പെടുമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): വസ്തുക്കൾ വെറും പാട്ടം കൊടുക്കയാണെങ്കിൽ ഇതിലുൾപ്പെടും.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): വസ്തുടമസ്ഥന്റെ രക്ഷയെ ഈ ബില്ലിൽ കരുതിട്ടുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഉണ്ട്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതിലൊരു വകുപ്പു ഈ സഭയെ വായിച്ചു കേൾപ്പിക്കാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): സെക്ഷൻ അനുസരിച്ചു വളരെ ന്യായമായ ഒരു സംഖ്യയെ ദേഹണ്ഡം കൊടുക്കേണ്ടതായിട്ടു വരികയുള്ളു. അതു വസ്തുടമസ്ഥന്മാർക്ക് അനുകൂലമാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): വസ്തുടമസ്ഥന്മാരുടെ രക്ഷയെ കരുതുന്ന ഏതെങ്കിലും ഒരു വകുപ്പു ഇവിടെ വായിക്കാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ൯-ാം വകുപ്പു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): ൭-ാം വകുപ്പിനെ സംബന്ധിച്ചു താനേ വളർന്നുവരുന്ന വൃക്ഷങ്ങൾക്ക കുടിയാനവനു എന്തു ദേഹണ്ഡവിലയാണു കിട്ടുന്നതെന്നു പറയുവാൻ സാധിക്കുമോ? അവനു ഇപ്പോൾ വല്ലതും കിട്ടുമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഇപ്പോൾ ഒന്നും കിട്ടുന്നില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടി പ്രസിഡന്റ): ഇപ്പോൾ ഒന്നുംകിട്ടുന്നതിനു ഈ ബിൽ മുഖാന്തിരം ഓഹരികൊടുക്കണമെന്നു പറയുന്നില്ലേ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതേ ഞാൻ എന്റെ അഭിപ്രായം മാത്രം പറഞ്ഞു എന്നേയുള്ളു. ഈ ബിൽ ഇതേ രീതിയിൽ പാസ്സാക്കണമെന്നു എനിക്കു നിർബന്ധമില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടി പ്രസിഡന്റ): ഈ തിരുവിതാംകൂറിൽ ഏതെങ്കിലും ഭാഗത്തുള്ള നടപ്പിനെ അടിസ്ഥാനമാക്കിയാണോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഇപ്പോൾ ഇവിടെ തന്നത്താനെമുളച്ചുവരുന്ന വൃക്ഷങ്ങൾക്കു ഒന്നും കിട്ടിക്കൊണ്ടിരിക്കുന്നില്ല. അതിനാൽ അതിനും ഏതെങ്കിലും ഒരംശം കൊടുക്കണമെന്നു എനിക്കഭിപ്രായമുണ്ട്.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): മലബാറിൽ പല സ്ഥലങ്ങളിലും ഈ പതിവുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഉണ്ട്. മലബാറിൽ സ്വാഭാവികസ്ത്രീക്കു നാലിൽമൂന്നു വില കുടിയാനവനു കിട്ടുന്നുണ്ട്. എന്നാൽ അയൽ രാജ്യമായ തിരുവിതാംകൂറിൽനിന്നും കിട്ടുന്നില്ല. അതിനാൽ ഇവിടെയും കിട്ടണമെന്നാണു ഞാൻ പറയുന്നതു്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മെമ്പർ ഈ അഭിപ്രായത്തെ കാര്യ കാരണസഹിതം ഈ സഭയെ ബോദ്ധ്യപ്പെടുത്താമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ബോദ്ധ്യപ്പെടുത്താം. ഒരു കുടിയാനവൻ ഒരു വസ്തു പാട്ടത്തിനു വാങ്ങിക്കഴിഞ്ഞാൽ അതിൽ ഏതാനും ആഞ്ഞിലിവൃക്ഷം ഉണ്ടാകുന്നു എന്നു വിചാരിക്കുക. ജന്മി അതിനും ഒരു ചെറിയ ഭാഗം കൊടുക്കണമെന്നു വ്യവസ്ഥയില്ലെങ്കിൽ അവൻ ആ വൃക്ഷത്തെവച്ചുകൊണ്ടിരിക്കയില്ല. പിന്നെ അവന്റെ നല്ല മനസ്സുണ്ടെങ്കിൽമാത്രമേ വച്ചുകൊണ്ടിരിക്കയുള്ളു. കൂടാതെ ആ വൃക്ഷങ്ങൾ വളരുന്നതുകൊണ്ടു അതിന്റെ ചുററിലും കുടിയാനവനു കൃഷിചെയ്യാനും സാധിക്കുകയില്ല. അവൻ വേറെ വല്ലതും കൃഷിചെയ്തിരുന്നു എങ്കിൽ നല്ല ആദായം കിട്ടുമായിരുന്നു. ഇങ്ങനെ വൃക്ഷം വളരുന്നതുകൊണ്ടു ഒരു സെന്റുസ്ഥലം ഉപയോഗശൂന്യമായിട്ടു പോകുന്നുണ്ട്.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്കു): ആ വൃക്ഷങ്ങൾ ജന്മിക്കു ആദായമുള്ളതല്ലയോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): കുടിയാനവന്റെ കാരുണ്യം ഉണ്ടെങ്കിൽമാത്രമേ ജന്മിക്കു അതിൽനിന്നും ആദായംകിട്ടുകയുള്ളു. അങ്ങിനെ കൃഷി നഷ്ടപ്പെടുത്തുന്നതിനുംകൂടി കുടിയാനവൻ പാട്ടം കൊടുക്കേണ്ടിയിരിക്കുന്നു.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്കു): സ്വാഭാവികമായിട്ടു വളരുന്ന വൃക്ഷങ്ങൾക്കു കുടിയാനവന്റെ പരിശ്രമം ഒന്നും വേണ്ടല്ലോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതുവേറെ സംഗതിയാണല്ലോ. സ്വാഭാവികമായിട്ടു വളരുന്ന വൃക്ഷങ്ങൾ നിൽക്കുന്നസ്ഥലത്തു നാലു വാഴവച്ചാൽ കുടിയാനവനു ആദായം കിട്ടും. അല്ലാതെ ആ വൃക്ഷം അവിടെ നിന്നുകൊള്ളട്ടേ എന്നു വിചാരിച്ചാൽ അതിനു മററു കൃഷികളൊന്നും ചെയ്യാൻ സാധിക്കയില്ല. വസ്തുവിനു പാട്ടവും കൊടുക്കണം. അതു വളരെ കഠിനമാണ്. അയൽ രാജ്യമായ മലബാറിൽ കൂടിയും സ്വാഭാവികസ്ത്രീക്കു നാലിൽമൂന്നു വില കുടിയാനവനു കിട്ടിക്കൊണ്ടിരിക്കുന്നു. അതിനടുത്തു കിടക്കുന്ന തിരുവിതാംകൂറിൽ അങ്ങനെ കൊടുക്കരുതെന്നു പറയുന്നതു കഷ്ടമാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കുടിയാനവൻചെയ്യുന്ന ജോലിക്കു പ്രതിഫലം കൊടുക്കണമെന്നുണ്ടല്ലോ. ആ സ്ഥിതിക്കു ഒരു ശ്രമവും ചെയ്യാതെ വളരുന്ന സ്വാഭാവികസ്ത്രീക്കും ഒരു വില കുടിയാനവനു കൊടുക്കണമെന്നുപറയുന്നതു ജന്മി നന്നാകാൻ പാടില്ല എന്നുള്ള ഉദ്ദേശത്തിലല്ലേ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): കുടിയാനവനും ജന്മിയും നന്നാകണം. രണ്ടു കൂട്ടരും ഈ രാജ്യത്തു ജനിച്ചു വളരുന്നവരാണ്. ഒരു കൂട്ടർ വസ്തുവില്ലെന്നു വിചാരിച്ചു, അവർ വസ്തു പാട്ടത്തിനെടുത്തു കൃഷിചെയ്യുന്നതിനുള്ള കൂലികൊടുത്തുകൂടാ എന്നു പറയുന്നതു കഷ്ടമാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കുടിയാനവൻ ചെയ്യുന്ന ജോലിക്കെല്ലാം കൂലി കൊടുക്കണമെന്നു പറയുന്നുണ്ട്. ജോലി ചെയ്യാത്തതിനുംകൂടി കൂലികൊടുക്കണമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അവൻ നഷ്ടം സഹിച്ചിരുന്നാൽ അതും കൊടുക്കണം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്തു നഷ്ടമാണ്?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ), ആഞ്ഞിലിവൃക്ഷം വളർന്നുവന്നിരുന്നാൽ അവനു മററു കൃഷികളൊന്നും ചെയ്യാൻ സാധിക്കുകയില്ല. അതു നഷ്ടമല്ലേ?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു നഷ്ടമല്ലല്ലോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതു നഷ്ടം തന്നെയാണ്. ജന്മിക്കു നല്ല ആദായം കിട്ടും. കുടിയാനവനു ഒട്ടും കിട്ടുകയില്ല.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): കുടിയാനവൻ ഇതൊക്കെ നോക്കിയല്ലേ പാട്ടം വാങ്ങിക്കുന്നതു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതേ,

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): പിന്നെ അതിൽ സങ്കടം ഉണ്ടാകാൻ വഴിയില്ലല്ലോ.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): പാട്ടം വാങ്ങി വസ്തു കൈവശംവന്നശേഷം ഇങ്ങനെയുള്ള വൃക്ഷങ്ങൾ ഉണ്ടായി എന്നു വരാം.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതിനുശേഷം ഉണ്ടാകുന്ന വൃക്ഷങ്ങളെ വെട്ടിക്കളയുന്നതിനു ഉടമസ്ഥനു വല്ല സങ്കടവുമുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ജന്മി അങ്ങനെ സങ്കടം ധാരാളം പറഞ്ഞിട്ടുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ൯-ാം വകുപ്പിനെപ്പറ്റി ഒരു ചോദ്യം ചോദിക്കട്ടെ. ഒരു പാട്ടവസ്തുവിൽ ൩൦ രൂപാ ആദായം കിട്ടത്തക്കവണ്ണമുള്ള തെങ്ങുകൾ വച്ചിട്ടുണ്ടെന്നു വിചാരിക്കുക. എന്നാൽ കുടിയാനവന്റെ പ്രയത്നംകൊണ്ടു ൧൦൦ രൂപയുടെ കൂടുതൽ ആദായം കിട്ടുന്നു. ഈ വസ്തു ഒഴിക്കുമ്പോൾ ദേഹണ്ഡക്കാരനു് എത്ര രൂപ കൊടുക്കണമെന്നും ഈ തെങ്ങുകൾ ൫൦ വർഷങ്ങൾക്കുമേൽ കായിക്കുന്നതാണെന്നു വിചാരിക്കയാണെങ്കിൽ ദേഹണ്ഡക്കാരനു ഈ ബില്ലിലെ ൯-ാം വകുപ്പനുസരിച്ചു ദേഹണ്ഡം ഉൾപ്പെടെ എന്തുകൊടുക്കേണ്ടിവരുമെന്നും പറയാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതു കണക്കു കൂട്ടേണ്ട കാര്യമാണെന്നു ആ മെമ്പറുടെ ചോദ്യത്തിനു മറുപടിയായിട്ടു പറഞ്ഞുകഴിഞ്ഞു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതിന്റെ കാര്യം ഗ്രഹിക്കാനാണു ഈ ചോദ്യം ചോദിക്കുന്നതു്.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ൫൦ വർഷത്തേക്കു എന്തു ആദായം കിട്ടുമോ അതിന്റെ പകുതി കണക്കാക്കികൊടുക്കണം. അതായതു ൨൫ വർഷത്തെ ദേഹണ്ഡം കൊടുക്കണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഉൾപ്പെടെ എന്തു വ്യത്യാസമുണ്ടാകുമെന്നു അറിയാനാണു ചോദിക്കുന്നതു്.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതു കണക്കുകൂട്ടിനോക്കണം. ഒരു വൃക്ഷം കുഴിച്ചാൽ ൩൦ വർഷമോ ൫൦ വർഷമോ ആദായം കിട്ടുമെന്നു വിചാരിക്കുക.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): ഒരുദ്ദേശം ൩൫-ല്ലേ വിചാരിക്കാൻ തരമുള്ളു. അല്ലാതെ ഒരു കൃത്യമില്ലല്ലോ.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഇതിൽ പത്തു കൊല്ലമെന്നും മുപ്പതുകൊല്ലമെന്നും വച്ചുകണക്കാക്കുന്നതിൽ വലിയവ്യത്യാസമില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഉണ്ട് എന്നാണു എന്റെ അഭിപ്രായം.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): വലിയവ്യത്യാസമില്ല.

മി. എ. ജി. മേനോൻ (പറവൂർ): മി. കൃഷ്ണനു മലബാറിലുള്ള വല്ല വസ്തുഉടമസ്ഥന്മാരേയും പരിചയമുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ധാരാളം പരിചയമുണ്ട്.

മി. എ. ജി. മേനോൻ (പറവൂർ): അവിടത്തെ സ്ഥിതി എനിക്കു നല്ലവണ്ണം അറിയാം. ഓരോ തെങ്ങിനും അവിടെ ഇപ്പോൾ ൩൦ രൂപ മുതൽ ൫൦ രൂപവരെ കാമ്പൻസേഷൻ കൊടുക്കുന്നുണ്ട്.

മി. എൻ. ആർ. കൃഷ്ണൻ(നിയമിതമെമ്പർ) അവിടെ അങ്ങിനെയില്ല.

മി. എ. ജി. മേനോൻ (പറവൂർ) അങ്ങനെ കൊടുക്കുന്നുണ്ട്. എനിക്കറിയാം. എന്റെ ഭാര്യക്കുതന്നെ അവിടെ വസ്തുക്കളുണ്ട്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു വസ്തു വിലക്കുമേടിച്ചാൽ എന്തു പലിശ നടക്കും. അരപ്പണപലിശ നടക്കുമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതു എന്റെ സ്നേഹിതനുതന്നെ അറിയാവുന്നതുകൊണ്ടു ഞാൻ പറയുന്നില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സാധാരണവസ്തുവിൽ എന്തു പലിശ നടക്കും?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ചിലതിൽ മുക്കാൽപണ പലിശയും ചിലതിൽ അരപ്പണപലിശയും നടക്കും.

മി. ആർ. രാമൻപിള്ള (കോട്ടയം): വസ്തുവിൽ എന്തു നടക്കുമെന്നാണു ചോദിക്കുന്നതു്?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): പണം പലിശക്കുകൊടുക്കയാണെങ്കിൽ ഡിമാന്റനുസരിച്ചുള്ള പലിശകിട്ടും. വസ്തുവിൽ അരപ്പണപലിശ തീർച്ചയായിട്ടും നടക്കും.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): അരപ്പണപലിശ നടക്കാത്തവണ്ണം വസ്തുക്കളുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): മലബാർ ടെനൻട്സ് ഇംപ്രൂവ്മെൻറ്സ് ആക്ടനുസരിച്ചു അരപ്പണപ്പലിശയാണ് വസ്തുവിൽ നടക്കുന്നതെന്നുകാണുന്നുണ്ട്.

അതിനാൽ ദേഹണ്ഡം കൊടുക്കുന്നതിനെസംബന്ധിച്ചു ഒരു നിയമം വേണമെന്നാണ് ഞാൻ ഈ സഭമുമ്പാകെ പറയുന്നതു്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): അങ്ങിനെ ഒരു നിയമം വേണമെന്നു് ഈ സഭയിൽ ഒരു നിശ്ചയം പാസ്സാക്കിയാൽ ഗവണ്മെന്റുഭാഗത്തുനിന്നുതന്നെ ഒരു ബിൽ കൊണ്ടുവരികയില്ലയോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അങ്ങിനെ ഗവണ്മെന്റു ഭാഗത്തുനിന്നും കൊണ്ടുവരികയാണെങ്കിൽ ഞാൻ ഇതു പിൻവലിക്കാൻ തയ്യാറാണ്.

മി. രേവതിനാൾ രാമവർമ്മരാജ (ഇടവക): ഇങ്ങനെ ഒരു നിയമത്തിന്റെ ആവശ്യകതയെപ്പറ്റി ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഞാൻ പ്രജാസഭയിൽ ഇതിനെപ്പറ്റി വാദിച്ചിട്ടുണ്ട്. അന്നു നൽകിയ മറുപടി നിയമസഭയിൽ ഒരു ബിൽ കൊണ്ടുവരണമെന്നുള്ളതായിരുന്നു. അങ്ങിനെ ഒരു ബിൽ നിയമസഭയിൽ ഹാജരാക്കാനുള്ള അവസരം എനിക്കുതന്നെ ഇപ്പോൾ ലഭ്യമാകുകയുംചെയ്തു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ ബില്ലനുസരിച്ചും ദേഹണ്ഡം തിട്ടപ്പെടുത്തുന്നതിന് കമ്മീഷൻ അയക്കുകയും തെളിവെടുക്കുകയും വേണമല്ലോ.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): അതു വസ്തുവിനെ അടിസ്ഥാനപ്പെടുത്തി കമ്മീഷൻ വേണ്ടിവരും. കോടതിക്കു ഒരു നിയമം ഇല്ലാത്തതുകൊണ്ടു അതിനെ പരിഹരിക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): കമ്മീഷൻവേണമല്ലോ. അതില്ലാതെ ഈ ബിൽ കൊണ്ടുമാത്രം സങ്കടപരിഹാരമുണ്ടാകുകയില്ലല്ലോ.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): കമ്മീഷൻവേണം. പക്ഷെ ഒരു നിയമമില്ലാത്തതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പററിയാണ് ഇവിടെ പറയുന്നതു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): കമ്മീഷനെ വൃക്ഷങ്ങളുടെ ജാതകംകൂടി തിട്ടപ്പെടുത്താമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): കമ്മീഷൻപോകാതെ കാര്യം സാധിക്കുകയില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): മേലാൽ ആ വൃക്ഷം എത്രനാൾ കായ്ഫലം ഉള്ളതായിരിക്കുമെന്നുകൂടി നോക്കണ്ടേ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): അതും നോക്കേണ്ടിവരും.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മികൾ): ഈ ബിൽ ജന്മിമാരുടെ കുടിയാന്മാരേക്കൂടി ബാധിക്കുമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): ജന്മികുടിയാൻബില്ലിൽ ഉൾപ്പെട്ടിട്ടുള്ള കുടിയാന്മാരിൽ ഇറെഡീമബിൾവസ്തുക്കൾ അനുഭവിക്കുന്നവരെ ഇതിൽ ഉൾപ്പെടുത്തിട്ടില്ല. ഒഴിപ്പിക്കാൻ പാടില്ലായ്മയാണ് ജന്മികുടിയാൻ റഗുലേഷന്റെ ലക്ഷണം. ഒഴിപ്പിക്കാവുന്നതാണ് ഈ റഗുലേഷന്റെ ലക്ഷണം. അതും ഇതുമായിട്ട ഒരു സംബന്ധവുമില്ല.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): വെറുംപാട്ടമോ ഒററിയോ കൊടുക്കുമ്പോൾ ആ പ്രമാണത്തിൽ വല്ല കരാറുകളും കാണുകയില്ലയോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): അതിനെപ്പററി എന്റെ സ്നേഹിതൻ വായിച്ചുനോക്കിയാൽ മനസ്സിലാകും.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡണ്ട്): സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. വസ്തു വിട്ടുകിട്ടുന്നതിനുള്ള പല കേസുകളിലും ദേഹണ്ഡവില ഒരു പ്രധാന തർക്കവിഷയമാണെന്നു പ്രാരംഭത്തിൽതന്നെ ഞാൻ സമ്മതിക്കാം. ജന്മിയിൽനിന്നും കുടിയാനവനു കിട്ടേണ്ട ദേഹണ്ഡവില നിശ്ചയിക്കുന്നതു വലിയ പ്രയാസമാണെന്നുള്ളതിന് സംശയമില്ല. ഇതിനു ചില മാർഗ്ഗങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു. അതനുസരിച്ചു വളരെ നാളുകളായി കോടതികളിൽ ജന്മികളുടേയും കുടിയാന്മാരുടേയും അവകാശങ്ങൾ നിർണ്ണയിച്ചുവരുന്നു. ഈ തീരുമാനങ്ങളുടെ പ്രധാന അടിസ്ഥാനം ഉടമ്പടിയിലെ വ്യവസ്ഥകളും സ്ഥലത്തെ നടപ്പുമാണ്. ഉടമ്പടിതന്നെ ആ നാട്ടിലെ നടപ്പു വിവരിക്കുന്നതായിട്ടുവിചാരിക്കാം. തിരുവിതാംകൂറിലെ ജന്മികളുടേയും കുടിയാന്മാരുടേയും അവകാശങ്ങളെ തീർച്ചപ്പെടുത്തുന്നതിന് ഒരേപ്രകാരമുള്ള ഒരു നിരക്കു ഏർപ്പെടുത്തുന്നതു ആവശ്യമെന്നു തോന്നുന്നെങ്കിൽ അതു ന്യായവും നീതിയും ഉള്ള ഒരു നയം തുടരുകയല്ല, പ്രയാസംതീർക്കുവാൻ സാധാരണയായുള്ള ഒരു മാർഗ്ഗം തുടരുകയാണ് ഇതുമൂലം ചെയ്യുന്നതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ബില്ലിൽ രാജ്യമൊട്ടുക്കു ഉപയോഗിക്കത്തക്ക ഒരേപ്രകാരമുള്ള ഒരു നിരക്കു ഏർപ്പെടുത്തണമെന്നു ഉദ്ദേശിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡണ്ട്): ഉണ്ടു എന്നാണ് ഞാൻ വിചാരിക്കുന്നതു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബില്ലിൽ അപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നവകുപ്പു ചൂണ്ടിക്കാണിക്കുന്നതിനു ഞാൻ ഡെപ്യൂട്ടിപ്രസിഡണ്ടിനോടു അപേക്ഷിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡണ്ട്): ഒൻപതാം വകുപ്പുതന്നെ. അതാണ് ബില്ലിന്റെ ഉദ്ദേശം. ഞാനും എന്റെ സ്നേഹിതനും വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾ അതിനുകൊടുത്തിരിക്കുന്നു. അല്ലെങ്കിൽ ൯-ാംവകുപ്പു വിശദപ്പെടുത്തുവാൻ അവതാരകൻ വളരെ പണിപ്പെട്ടിട്ടും ഞങ്ങളെ വിഷമിപ്പിക്കുകയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതാതുപ്രദേശങ്ങൾക്കു ഉതകത്തക്കലിസ്റ്റുകൾ ഗവണ്മെന്റിൽനിന്നും പരസ്യം ചെയ്യണമെന്നുള്ള വ്യവസ്ഥയിലേക്കു അദ്ദേഹത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡണ്ട്): വിളവുകളുടെ ഏററവുംകൂടിയതും കുറഞ്ഞതുമായ വിലകൾ സംബന്ധിച്ചിടത്തോളം പ്രത്യേകവിളവുകളുടേയും സാമാനങ്ങളുടേയുംവില ഗസററിൽ പരസ്യംചെയ്യുകയും അതു ന്യായാധിപതിമാർ മാർഗ്ഗദർശിയായി ഉപയോഗിക്കുകയുംചെയ്താൽ വലിയപ്രയാസം ഒട്ടുംതന്നെയില്ല. ഞാൻ ചൂണ്ടിക്കാണിക്കണമെന്നുദ്ദേശിച്ചതു തിരുവിതാംകൂറിൽ ഒരു ഐകരൂപ്യമില്ല എന്നുള്ളതാണ്, തിരുവിതാംകൂർഒട്ടുക്കു ഒരു നിരക്കു കണ്ണുംഅടച്ചു ഏർപ്പെടുത്തുന്നതിനു ശ്രമിക്കരുതു്. സർ, യഥാർത്ഥത്തിൽ പാട്ടംനിശ്ചയവും ദേഹണ്ഡവിലനിശ്ചയവുംതമ്മിൽ വളരെ ബന്ധമുണ്ടു. പ്രത്യേകിച്ചും ചേർത്തലയിൽനിന്നുംവരുന്ന എന്റെ സ്നേഹിതനു ഒരു ഒന്നാംക്ലാസ് മരത്തിനു ഒരു കുടിയാനവനു ദേഹണ്ഡവിലയായി ഒരു രൂപയോളമെ കിട്ടുന്നുള്ളു എന്നതു വലിയ അത്ഭുതമായിരിക്കാം. പ്രഥമദൃഷ്ടിക്കു അതു വലിയ അക്രമമായിതോന്നാം. എന്നാൽ ഒരുജന്മിക്കു ഒരു ഒന്നാംക്ലാസ് തെങ്ങിനുകിട്ടുന്ന പാട്ടനിരക്കു ൪ ചക്രമാണ് എന്നോക്കുമ്പോൾ ഈ അവസ്ഥ അത്ര ആക്ഷേപകരമല്ല. ഒരു വെൺപാട്ടത്തിനു പാട്ടംനിശ്ചയിക്കുമ്പോൾ ജന്മി ഒരാണ്ടത്തേക്കു ൪ ചക്രംകൊണ്ടു തൃപ്തിപ്പെടുന്നു എന്നു വിചാരിക്കുക. പക്ഷെ കുടിയാനവനു ആ ൪ ചക്രം അതിലെ നാലു തേങ്ങയിൽനിന്നും കിട്ടിയേക്കും. ജന്മിക്കുകിട്ടുന്നതു അതുമാത്രമാണ്. അനുഭവത്തിന്റെ ചിലവുകഴിച്ചിട്ടുള്ള ആദായത്തിൽ നല്ലഭാഗവും കുടിയാനവനു കിട്ടുന്നു. അതുകൊണ്ടുതന്നെയാണ് ചേർത്തലതാലൂക്കിൽ ഒഴിപ്പിക്കുന്നസമയത്തു ഒരു വ്യത്യസ്തവുംകൂടാതെ നടവുക്കൂറിന്റെ നാലിലൊന്നു പ്രമാണമാക്കിയിരിക്കുന്നതു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): ഈ വൃക്ഷത്തിനു അന്നു പാട്ടം ൪ ചക്രം തന്നെയാണോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡണ്ടു): പക്ഷെ ഇപ്പോൾ നിങ്ങൾക്കു കൂടുതൽനിരക്കു കിട്ടുന്നുണ്ടായിരിക്കാം കുടിയാനവനു നാലിലൊന്നു ദേഹണ്ഡവില കൊടുത്തുവന്ന കാലത്തെപ്പററിയാണ് ഞാൻ ഇപ്പോൾ പറയുന്നതു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): ഇപ്പോഴും നാലിലൊന്നാണ് കാമ്പൻസേഷൻ കുടിയാനവനു കിട്ടുന്നതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡണ്ടു); സർ, ഏതായിരുന്നാലും ഒരു പഴയകേസിൽ ഹൈക്കോടതിചെയ്തിട്ടുള്ള തീരുമാനം അതായിരുന്നു. അതു ചേർത്തലതാലൂക്കിലെ അനേകദശവർഷങ്ങളായുള്ള നടപ്പിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു.

സർ, ഞാൻപറയുന്നതു ജന്മിക്കു സ്ഥലത്തിൻെറ ചിലവുകഴിച്ചുള്ള ആദായത്തിൻെറ വളരെ ചെറിയപങ്കേ കിട്ടുന്നുള്ളു എന്നുള്ളതാണ്, കുടിയാനവനു കുറഞ്ഞനിരക്കു ദേഹണ്ഡവിലയായി നിശ്ചയിച്ചിരിക്കുന്നതിൻെറ ഒരുകാരണം, ഒരുഹേതു. അതു ഒന്നാമത്തെകാര്യം.

രണ്ടാമത്തെതു, ചില സ്ഥലങ്ങളിൽ മററു സ്ഥലങ്ങളെ അപേക്ഷിച്ചു കൃഷിസൌകര്യങ്ങൾ കൂടുതൽ തൃപ്തികരമായിരിക്കും. വേലക്കൂലിയുടെ ഭാരവും പ്രയാസവുമില്ലാത്ത ഈ സ്ഥലങ്ങളിലേക്കാൾ മററുസ്ഥലങ്ങളിൽ കുടിയാനവൻെറവേലക്കു കൂടുതൽവില കല്പിക്കേണ്ടതാണ്. പാട്ടത്തിൻെറയും കുടിയാനവനു ലഭിക്കേണ്ട നടവുകൂറിൻെറയും വ്യവസ്ഥകൾ നിശ്ചയിച്ചപ്പോൾ ജന്മികളുടെയും കുടിയാനവന്മാരുടെയും മനസ്സിൽ ഈ സംഗതികൾ പതിഞ്ഞിരിക്കണം, രാജ്യത്തു വളരെ പഴക്കമുള്ള ഈ നടപ്പുകളെ അവഗണിക്കാൻ നമുക്കുസാധിക്കുകയില്ല. ഒററയടിക്കു ഈ നടപ്പുകളെല്ലാം അസാധുവാകണമെന്നു ഈ സഭ പ്രസ്താവിക്കണമെന്നു എൻെറ സ്നേഹിതൻ ആവശ്യപ്പെടുന്നു. അദ്ദേഹത്തിൻെറ ബില്ലിലെ ൨-ാംവകുപ്പു ഇപ്രകാരം പറയുന്നു.

"ദേഹണ്ഡവിലസംബന്ധിച്ചു കോടതികൾ അംഗീകരിച്ചിട്ടുള്ള നടപ്പുകളെല്ലാം ഇതിനാൽദുർബലപ്പെടുത്തിയിരിക്കുന്നു.

സർ, ഒരു എഴുതിയ ഉടമ്പടിയെ സംബന്ധിച്ചുള്ളതല്ലാത്ത കേസുകളിൽയഥാർത്ഥനടപ്പു സ്ഥാപിക്കുന്നതിനു പ്രയാസമുണ്ടെന്നുള്ള അഭിപ്രായത്തിൽ ഞാൻ എൻെറ സ്നേഹിതനോടു പൂർണ്ണമായി യോജിക്കുന്നു. ഉടമ്പടിയോ നടപ്പോ വിപരീതമായി ഇല്ലാത്ത കേസുകളിൽ ഫലവൃക്ഷങ്ങൾക്കു വിലയുടെ മുക്കാൽഭാഗവും, ഫലംകായ്ക്കാത്ത വൃക്ഷങ്ങൾക്കു മുഴുവൻവിലയും കൊടുക്കേണ്ടതാണെന്നു കുടിയാനവൻെറ രക്ഷയ്ക്കു ഹൈക്കോടതി തീരുമാനിച്ചിട്ടുണ്ടു്. എൻെറ സ്നേഹിതൻ കൊണ്ടുവന്നിരിക്കുന്ന പുതിയ ഏർപ്പാടിൽ കുടിയാനവൻെറ നില കൂടുതൽ തൃപ്തികരമാകുന്നുവോ എന്നു എനിക്കറിവാൻ പാടില്ല, ഈ വിഷയം തീരുമാനിക്കുന്നതിനുള്ള മൂന്നുമാർഗ്ഗങ്ങൾ ഇവയാണ്, ഇവ ഉടമ്പടിയെ അടിസ്ഥാനപ്പെടുത്തിയവയാണോ എന്നതു ഉടമ്പടിയില്ലെങ്കിൽ നടപ്പു അടിസ്ഥാനപ്പെടുത്തിയാണോ എന്നതു ഉടമ്പടിയോ നടപ്പോ ഇല്ലെങ്കിൽ കോടതി നിങ്ങൾ കൊടുക്കണമെന്നു ഉദ്ദേശിക്കുന്നതിൽ കൂടുതൽ തൃപ്തികരമായ സൌജന്യം ചെയ്തുകൊടുക്കുന്നു. ദേഹണ്ഡവിലയായി ഫലവൃക്ഷങ്ങളുടെ മുക്കാൽവിലയും ഫലംകായ്ക്കാത്ത വൃക്ഷങ്ങളുടെ മുഴുവൻവിലയും കൊടുക്കുന്നു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): കായ്ക്കാത്തവൃക്ഷം കായ്ക്കുന്നതുവരെ ജന്മി ക്ഷമിച്ചിരുന്നാൽ കായ്ക്കാതിരിക്കുന്ന വൃക്ഷങ്ങൾക്കും മുഴുവൻ ദേഹണ്ഡം കൊടുക്കുന്നു എന്നുള്ള സങ്കടത്തിന് അവകാശമില്ലല്ലോ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറ): എതായാലും കുടിയാനവൻെറ പ്രവൃത്തി അവിടെ അവസാനിക്കുന്നില്ല. അയാൾ വൃക്ഷം നട്ടുകൊണ്ടെയിരിക്കും. വിചാരിക്കാൻ പാടില്ലാത്ത ഒരു സ്ഥിതിയാണ് എൻെറ സ്നേഹിതൻ നിർദ്ദേശിക്കുന്നതു്. അതായതു കുടിയാനവൻ വൃഥാ ഇരിക്കണമെന്നമട്ടിൽ വൃക്ഷങ്ങൾകായ്ക്കുന്നതുവരെ ജന്മികാത്തിരിക്കണം, എല്ലാവൃക്ഷങ്ങളും ഫലപുഷ്ടിയെപ്രാപിച്ചിട്ടുള്ള ഒരു പുരയിടത്തെപ്പററി സാധാരണ വിചാരിക്കുന്നതു അസാദ്ധ്യമാണ്. കുടിയാനവൻ വൃക്ഷങ്ങൾ നട്ടുകൊണ്ടെയിരിക്കും, പ്രായംചെന്ന വൃക്ഷങ്ങൾ നശിച്ചുകൊണ്ടുമിരിക്കും ഇതാണ്, കുറഞ്ഞപക്ഷം തെങ്ങിനെപ്പററി യഥാർത്ഥത്തിൽ നാട്ടിൽ നാം കണ്ടുവരുന്നതു്.

നാട്ടിലുള്ള നടപ്പുകളെയെല്ലാം കോടതി അവഗണിക്കണമെന്നാണ് എൻെറ സ്നേഹിതൻ ആവശ്യപ്പെടുന്നതു്. സർ, കുടിയാൻ, നടപ്പുതെളിയിക്കുന്നതു പ്രയാസമായിരിക്കും, ഇതിൽ മോശമാണ്. എഴുതപ്പെട്ട ഉടമ്പടിയെക്കുറിച്ചു എൻെറ സ്നേഹിതൻ അയാളുടെ നക്കൽബില്ലിൽ ൫-ാം വകുപ്പിൽ കൊടുത്തിരിക്കുന്ന വ്യവസ്ഥ.

"ഈ റെഗുലേഷനിലെ വ്യവസ്ഥപ്രകാരം ദേഹണ്ഡങ്ങൾ ചെയ്യുന്നതിനു, അതിൻെറ വില വാങ്ങിക്കുന്നതിനുമുള്ള കുടിയാനവൻെറ അവകാശത്തെ എടുത്തുകളയുന്നതിനോ കുറയ്ക്കുന്നതിനോ ഉടമ്പടിയിലെ ഒരു സംഗതിമൂലവും സാധിക്കുന്നതല്ല"

സർ, ഈ ബില്ലിൻെറ നക്കലിൻപ്രകാരം ജന്മികുടിയാൻ റെഗുലേഷൻെറ വ്യാപ്തിയിലുള്ള കേസുകൾ ഇതിലുൾപ്പെടുന്നില്ലെന്നു ഞാൻ ആരംഭത്തിൽതന്നെ പറഞ്ഞുകൊള്ളട്ടെ. അതു അതിൽതന്നെ പൂർണ്ണമായ ഒരു റെഗുലേഷനാണ്, നിലവിലിരിക്കുന്ന ജന്മികുടിയാൻ റെഗുലേഷനിൽ ഉദ്ദേശിച്ചിട്ടുള്ള വസ്തു ഒഴിപ്പിക്കുന്നതിനുള്ള കേസുകൾ വളരെ ചുരുക്കമാണ് അങ്ങിനെ ഒരു സംഭവം ഉണ്ടാകാതെയിരിക്കാം. അങ്ങിനെ ഉണ്ടായാൽതന്നെയും നട്ട ദേഹണ്ഡത്തെസംബന്ധിച്ചിടത്തോളം കുടിയാനവൻെറ ഓഹരി മുക്കാലാണ് എന്നു റെഗുലേഷനിൽ വ്യവസ്ഥയുണ്ടു്. സർ, ഈ ബില്ലിൽ ജന്മികുടിയാൻബില്ലിലെ ദേഹണ്ഡവിലയെ സംബന്ധിച്ചു വ്യവസ്ഥ ദുർബലപ്പെടുത്തുന്നതിനു് ഒരു വ്യവസ്ഥയുമില്ല, അതിനാൽ ജന്മികുടിയാൻ റെഗുലേഷൻെറ വ്യാപ്തിയിൽ പെടാത്ത വസ്തു ഒഴിപ്പിക്കുന്നതിനുള്ള കേസുകളെമാത്രമെ എൻെറ സ്നേഹിതൻ എടുത്തിട്ടുള്ളു എന്നു ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ ഞാൻപറഞ്ഞപ്രകാരം ജന്മികുടിയാൻ റെഗുലേഷനിലെ വ്യവസ്ഥകൾ ഏതെങ്കിലും ദുർബലപ്പെടുത്തുന്നതിനോ ഭേദപ്പെടുത്തുന്നതിനോ ഈ ബില്ലിൽ വ്യവസ്ഥയില്ല. അതിനാൽ ജന്മികുടിയാൻ റെഗുലേഷൻ വ്യാപ്തിയിൽപെട്ട കേസുകളുമായി ഈ ബില്ലിന് ഒരു സംബന്ധവുമില്ല. ജന്മിയും കുടിയാനവനുമായുള്ള ഏതുടമ്പടിയും അസാധുവാണെന്ന് പ്രഖ്യാപനംചെയ്യണമെന്നും കക്ഷികളുടെ അവകാശ

ങ്ങൾ തന്റെ നക്കൽബില്ലിലെ വ്യവസ്ഥകളനുസരിച്ചു തീരുമാനിക്കേണ്ടതാണെന്നും എന്റെ സ്നേഹിതൻ പറയുന്നു. പർദാസന സ്ത്രീകളുമായി ഇടപെടുമ്പോഴും, ശിശുക്കൾ, മൈനറുകൾ, മടയന്മാർ, ഭ്രാന്തന്മാർ ഇവരുമായി ഇടപെടുമ്പോഴും ബുദ്ധിക്ക് കുറവുള്ള ഇവരുമായുള്ള ഉടമ്പടി അസാധുവായി ഗണിക്കണമെന്ന് നാം പറയുന്നു. തിരുവിതാംകൂറിലെ കുടിയാന്മാരുടെയും ലക്ഷണം ഇതുതന്നെ എന്നാവേണമോ ഞാൻ മനസിലാക്കേണ്ടത്. ഞാൻ അതു തീരെ സമ്മതിക്കുകയില്ല. സർ, തിരുവിതാംകൂറിലെ കുടിയാന്മാർ അവർ ഉൾപ്പെടുന്ന ഉടമ്പടികളിൽ അന്തർഭവിച്ചിരിക്കുന്ന സംഗതികൾ ശരിയായി മനസിലാക്കുന്നുണ്ട്. നര വർഷങ്ങൾക്കു മേലുള്ള എന്റെ വക്കീൽ ജീവിതത്തിൽ, അറിവുകേടുകൊണ്ടോ, ഭയംകൊണ്ടോ തന്റെ കുടിയായ്മ ഉടമ്പടിക്ക ഒപ്പിട്ടു എന്നു കുടിയാനവൻ തർക്കിച്ച ഒരു കേസുപോലും ഞാൻ കണ്ടിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അന്യായമായ ഭയവും, ബലാൽക്കാരവും ഉപയോഗിച്ചു എന്നു ഒരു കുടിയാനവനും തർക്കിച്ചിട്ടില്ലെന്നാണോ പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡന്റ് പറയുന്നത്?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്). കുടിയായ്മ ഉടമ്പടിക്ക്, ബലാൽക്കാരമോ, ഭയമോ, മൂലം ഒപ്പിട്ടു എന്നു കുടിയാനവൻ തർക്കിച്ചിട്ടുള്ള ഒരു കേസുപോലും ഞാൻ എന്റെ ആയുസ്സിൽ കണ്ടിട്ടില്ല. ഉടമ്പടിയിൽപെട്ട കക്ഷികളുടെ സ്വമനസ്സല്ല അതിൽ വെളിവാകുന്നതു എന്നു കോടതികൾക്കു ബോദ്ധ്യപ്പെടുന്ന കേസുകളിൽ മാത്രമെ—

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): മുഴുവൻ മനസ്സിലാക്കിയല്ല ഒപ്പിട്ടുകൊടുക്കുന്നതെന്നു വല്ല കേസുകളും വന്നിട്ടുണ്ടോ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): അതു ജന്മിയെയും കുടിയാനവനേയും ബന്ധിക്കുന്ന നിയമത്തിനു വിശേഷാലുള്ളതല്ലെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജന്മികൾ രജിസ്റ്റർപ്രമാണം നടപ്പിലാക്കണമെന്നു കരുതിക്കൊണ്ടു പ്രമാണത്തിൽ പറയുന്നതുപോലെ ഒന്നുംകൊടുക്കേണ്ട എന്നു കുടിയാനവനുമായി ഒരു രഹസ്യ കരാർ ഉണ്ടാക്കി, കുടിയാനവനെ ഒപ്പിടുവിക്കുകയും, അപ്രകാരം അന്യായമായ ഭയം ഉപയോഗിക്കുകയും ചെയ്ത ഏതെങ്കിലും കേസുകണ്ടിട്ടുണ്ടോ എന്നു പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡന്റിൽ നിന്നും അറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): എന്റെ പരിചയത്തിൽ കണ്ടിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നടപ്പു എന്താണെന്നു മനസിലാകത്തക്കവിധത്തിൽ വിവരിക്കുന്നതിനു പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡന്റിനു ദയവുണ്ടാകുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): ന്യായം, ധർമ്മം, നല്ലമനസ്സാക്ഷി ഇവയുടെ ഉൽകൃഷ്ടപ്രമാണങ്ങളനുസരിച്ചു അക്രമമല്ലാത്തതും, എല്ലാ കുടിയായ്മ ഉടമ്പടികളിലും സ്ഥലത്തെ ജനങ്ങൾ അവരെ ബന്ധിക്കുന്നതായി സ്വീകരിക്കുന്നതുമാണ് ആ സ്ഥലത്തെ നടപ്പു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്പോൾ പ്രത്യേകനടപ്പു് നിലവിൽവരുന്നതു കുറെ വർഷങ്ങൾ അനുഭവപ്പെട്ടതിന്റെ ശേഷം മാത്രമാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): ഈ സംഗതികൾ മാത്രമേ ജനങ്ങളെ ബന്ധിക്കുന്ന നടപ്പും മറ്റേതുമായി നിയമം അംഗീകരിക്കയുള്ളു. ഒരു ഒററ ഇടപാടോ, തുടർച്ചയായ കുറെ ഇടപാടുകൾ തന്നെയോ നടപ്പിനെ കാണിക്കുന്ന തെളിവായി കോടതി സ്വീകരിക്കുന്നതല്ല. സ്ഥലത്തെ നടപ്പിനെപ്പററി ധാരാളം തെളിവു നാം കാണുമ്പോൾ, ഉടമ്പടിയാനുമില്ലെങ്കിൽ അതു ബന്ധിക്കുന്നതായിട്ടു നമുക്കെടുക്കാം.

സർ, ജന്മിയും കുടിയാനവനുമായുള്ള ബന്ധത്തെ നിയന്ത്രിക്കുന്ന നടപ്പും, അവർതമ്മിലുള്ള നിയമാനുസാരമായ ഉടമ്പടിയും അവഗണിക്കുന്നതിനാണ് എന്റെ സ്നേഹിതൻ അഭിപ്രായപ്പെടുന്നത് എന്നാണ് ഞാൻ ഇപ്പോൾ പറഞ്ഞതു്. സർ ഞാൻ പറയുന്നതു, ഇതു കുടിയാനവന്മാരുടെയും, മററുള്ളവരുടെയും ബുദ്ധിയെ നേരിട്ടു അപഹസിക്കയാണ് ചെയ്യുന്നതു് (ഹീയർ, ഹീയർ).

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നക്കൽബില്ലിന്റെ എൻ—ാംവകുപ്പു ജന്മിയുടെ നന്മക്ക് പ്രതികൂലമായിത്തീരുന്നതെങ്ങിനെയാണെന്ന് പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡന്റിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): നക്കൽബില്ലിലെ വ്യവസ്ഥകളനുസരിച്ചു ജന്മികളുടെ നില ഇന്നത്തേതിൽനിന്നും മോശമാകുന്നു എന്നു വിചാരിക്കുക തന്നെ ചെയ്യുന്നു. ഒരു ഉടമ്പടിയിൽ രൂപീകൃതമായിട്ടുള്ള തന്റെ അവകാശങ്ങളെ അതിലംഘിക്കുന്നതിനു ശ്രമിക്കുന്നു എന്നും ജന്മിക്കു പറയാം, കുടിയാനവന്മാരോടു യോഗ്യമായിട്ടും ന്യായമായിട്ടും പെരുമാറണമെന്നു ആഗ്രഹമുള്ളവർക്കു അതു തീർച്ചയായും ശ്ലാഘനീയമായിതോന്നുകയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ നിയമം പാസ്സാക്കാതെയിരുന്നാൽ ജന്മിക്കു കുടിയാനവനുമായി ഇടപെടുന്നതിനും ഇഷ്ടംപോലെ പ്രവൃത്തിക്കുന്നതിനും സ്വാതന്ത്ര്യമില്ലേ?

റാവുബഹദൂർ, കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): മനുഷ്യസ്വഭാവത്തിൽ എന്റെ സ്നേഹിതനേക്കാൾ കൂടുതൽ വിശ്വാസം എനിക്കുണ്ട്, അതുകൊണ്ടാണ് സാധാരണസ്ഥിതിക്കു സ്ഥിരകുടിയവകാശമുള്ള ആളുകളെക്കുറിച്ചല്ല നാം ഇപ്പോൾ പ്രതിപാദിക്കുന്നതു എന്നു ഞാൻ പറഞ്ഞതു്. സർ, അവരുടെകാര്യത്തിൽ ജന്മികൾ കഠിനമായവ്യവസ്ഥകൾ നിർബന്ധിക്കുന്നുവെന്നും കുടിയാനവന്മാർക്കു അവരുടെ വിലയേറിയ കുടിവരവകാശം രക്ഷിക്കുന്നതിനുവേണ്ടി ഇവ സമ്മതിക്കാതിരിക്കാൻ ഗത്യന്തരമില്ലെന്നും അപ്രകാരം ജന്മികൾ ഇവരെ ചതിക്കുന്നു എന്നും ഉടമ്പടികളിൽ സ്വാതന്ത്ര്യമനസ്സില്ലെന്നും വാദിക്കുകയാണെങ്കിൽ അതു ശ്രദ്ധിക്കേണ്ടതാണ്. സ്ഥിരകുടിവരവകാശം അപകടത്തിലിരിക്കുന്ന കുടിയാന്മാരുടെ കാര്യത്തിൽ അതു നമുക്കു മനസ്സിലാക്കാം, സർ, എന്നാൽ ഇപ്പോൾ എന്റെ സ്നേഹിതന്റെ നക്കൽബില്ലിൽ ഉദ്ദേശിച്ചിട്ടുള്ള കുടിയാന്മാർ വസ്തുവിൽ ദേഹണ്ഡവിലക്കല്ലാതെ ഒരു അവകാശവും ഇല്ലാത്തവരും ജന്മിക്കു ഇഷ്ട

മുള്ളപ്പോഴോ ഒരു പ്രത്യേക കാലാവധികഴിഞ്ഞോ ഒഴിയേണ്ടവരുമാണ്. ഭൂമി ഒരിക്കലും കൃഷിചെയ്യാത്ത ആഭിജാത്യമുള്ള ജന്മികളെപ്പററിയല്ല നാം ഇപ്പോൾ പ്രതിപാദിക്കുന്നതു. നാം വെറും കുടിയാന്മാരെയും ഒററികൊടുക്കുന്നവരെയും ഒററിവാങ്ങിക്കുന്നവരെയും പററി പ്രതിപാദിക്കുന്നു. ഇഷ്ടമുള്ളപ്പോൾ ഒഴിയേണ്ട കുടിയാന്മാരെയും ഒരു പ്രത്യേക കാലാവധികിട്ടിയിട്ടുള്ള കുടിയാന്മാരെയുംപററി പ്രതിപാദിക്കുന്നു. ഈ ബന്ധത്തിലിരിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം നിലവിലിരിക്കുന്ന നടപ്പുകളും ഉടമ്പടികളും പൊളിച്ചെഴുതേണ്ട ആവശ്യമില്ല. ഹൈക്കോടതി ഉണ്ടാക്കിയിട്ടുള്ള വിധികളുടെ ഗതി മതിയാകുന്നതാണ്, ധാരാളം മതിയാകുന്നതാണ്. നീതിയുള്ളതുമാണ്. കുടിയാനവന്റെ കഠിനപ്രയത്നങ്ങളുടെ ഫലം കൊടുക്കരുതെന്നുള്ളതല്ല കോടതികളുടെ അഭിപ്രായഗതി. ഹൈക്കോടതിയുടെ ഇപ്പോഴത്തെ വിധികളിൽ നടപ്പും ഉടമ്പടിയുമില്ലാത്ത സന്ദർഭത്തിൽ കുടിയാനവനു മുക്കാൽഭാഗം കൊടുക്കണമെന്നു പ്രത്യക്ഷത്തിൽ പ്രസ്താവിച്ചിട്ടുള്ളതു നോക്കിയാൽ സഭക്കു ഈ സംഗതി ബോദ്ധ്യപ്പെടുന്നതാണു. നമ്മുടെ ഹൈക്കോടതിയുടെ തീരുമാനമനുസരിച്ചു ഇപ്പോഴത്തെ നില അതാണ്. അതു നമുക്കെല്ലാവർക്കും വ്യക്തമാണ്. നമുക്കു അറിയാൻപാടില്ലാത്ത സംഗതിയിലേക്കു ചാടേണ്ട ഒരു ആവശ്യവും ഞാൻ കാണുന്നില്ല. എന്റെ സ്നേഹിതന്റെ നക്കൽബില്ലിലെ പുതിയവ്യവസ്ഥകൾ നാം മനസ്സിലാക്കുകയാണെങ്കിൽ കപ്പൽ സഞ്ചരിച്ചിട്ടില്ലാത്ത കടലുകൾ നമുക്കു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. "കുടിയാനവനു കിട്ടേണ്ട അംശത്തെപ്പററിയോ പലിശനിരക്കിനെപ്പററിയോ എനിക്കു കാര്യമില്ല. ഈ പദ്ധതിയുടെ ആകൃതിമാത്രമെ ഞാൻ സമർപ്പിച്ചിട്ടുള്ളു. നിങ്ങൾക്കു ആവശ്യമുള്ളതു കൂട്ടിച്ചേർക്കാം" എന്നു ഇതിനെപ്പററി ചോദിച്ചപ്പോൾ എന്റെ സ്നേഹിതൻ മറുപടിപറഞ്ഞു. ആവശ്യമുള്ള കണക്കുകൾ സഭക്കു സാവകാശത്തിൽ കൂട്ടാം എന്നു അദ്ദേഹം പറഞ്ഞു. സർ, അതു എനിക്കു അശേഷം സ്വീകാര്യയോഗ്യമായിതോന്നുന്നില്ല. ഗൗരവമായ ശ്രദ്ധയെ അർഹിക്കുന്ന നിയമനിർമ്മാണത്തിനുള്ള ഏതു ശ്രമത്തിലും താൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന നിയമത്തിന്റെ വ്യവസ്ഥകൾ അത്യന്താപേക്ഷിതമാണെന്നും നീതിനടത്തുന്നതിനു സഹായിക്കുമെന്നും വ്യവഹാരത്തിന്റെ ചിലവുകുറക്കുമെന്നും അവതാരകൻ സഭയെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. എന്റെ സ്നേഹിതന്റെ നക്കൽബില്ലിനു ഈ ഗുണങ്ങൾ യാതൊന്നുമില്ല. കമ്മീഷൻ ഏർപ്പെടുത്തുന്നതിനു നാം അപേക്ഷിച്ചുകൊണ്ടേയിരിക്കണം. എന്നാൽ വിധിനിശ്ചയിക്കുന്നതിനു നാംതന്നെ ആളുകളെ ഏർപ്പെടുത്തണം. നീതിന്യായഉദ്യോഗസ്ഥൻ ഗവൺമെന്റു ഗസററിൽ പേരുകൾ പ്രസിദ്ധംചെയ്യുന്ന വിധിനിശ്ചയിക്കുന്നതിനുള്ള ആളുകളുമായി ബന്ധപ്പെടേണ്ടിയിരിക്കുന്നു. സർ, ഇതു തെളിവുകൊണ്ടു തീർച്ചപ്പെടുത്തേണ്ട ഒരു വസ്തുതയായി ഗണിച്ചാൽ നീതിന്യായം ധാരാളം നടക്കുന്നതാണെന്നു എനിക്കുതോന്നുന്നു. നമ്മുടെ കോടതികളിൽ ഫയലാക്കപ്പെടുന്ന എല്ലാകേസുകളിലും തെളിയിക്കേണ്ട ഏതെങ്കിലും ഒരു വസ്തുതപോലെ തന്നെയാണ് ഇതും ഇതുപോലെയുള്ള അനേകം വസ്തുതകൾ നമ്മുടെ കോടതികളിൽ ദിവസംതോറും ഉണ്ടായികൊണ്ടിരിക്കുന്നു. ഒരു പ്രത്യേകദേഹണ്ഡം ചെയ്തുഎന്നും അതിനു ഒരു പ്രത്യേകതുക പ്രതിഫലം കിട്ടേണ്ടതാണെന്നും കുടിയാനവൻ തെളിയിക്കണം. തന്റെ വ്യവസ്ഥകൾ അനുസരിച്ചുള്ള ഒരുഉടമ്പടിമൂലം തനിക്കു വസ്തുതരാത്തപക്ഷം താൻ ജന്മിയുമായി ഒരുവിധത്തിലും ഇടപെടുന്നതല്ല എന്നുനിർബന്ധിച്ചാൽ ഈ വസ്തുത തെളിയിക്കുന്നതിനുള്ള പ്രയാസം ഒഴിക്കാവുന്നതാണു. ഏതായാലും ഇപ്പോഴത്തെ നമ്മുടെ സ്ഥിതി എന്റെ സ്നേഹിതൻ ഈ സഭയിൽ അവതരിപ്പിക്കണമെന്നു ഉദ്ദേശിക്കുന്ന കഠിനമായ നിയമത്തിനുതക്കവണ്ണം മോശമെന്നു എനിക്കു തോന്നുന്നില്ല. ഇതുപോലെ ആക്ഷേപകരമായ വേറൊരുഭാഗം ഈ ബില്ലിൽ ഉണ്ട്. ദേഹണ്ഡംസംബന്ധിച്ചു നിയമകോടതികൾ അംഗീകരിച്ചിട്ടുള്ള സകലപതിവുകളും ഇതുമൂലം ദുർബലപ്പെടുത്തിയിരിക്കുന്നു എന്നു ൨-ാംവകുപ്പിൽ പ്രസ്താവിച്ചതിന്റെശേഷം ൨൦-ാംവകുപ്പിൽ എന്റെ സ്നേഹിതൻ ഇപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു.

"ഈ റഗുലേഷന്റെ വ്യവസ്ഥകളിൽ പ്രതിപാദിച്ചിട്ടില്ലാത്ത പതിവോ, നിയമമോ അനുസരിച്ചുള്ള ദേഹണ്ഡാവകാശം, എടുത്തുകളയുന്നതായി ഈ റഗുലേഷനിലുള്ള ഒന്നുംകൊണ്ടും അർത്ഥമാക്കരുതു" പതിവു എന്നു എന്റെ സ്നേഹിതൻ പറഞ്ഞതു നടപ്പിനെ കുറിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. കുടിയാനവന്റെ അവകാശത്തെ രക്ഷിക്കുന്നതിനു എന്റെ സ്നേഹിതൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്, എന്നാൽ ഈ അനുഭാവം ജന്മിയുടെ കാര്യത്തിൽ പ്രദർശിപ്പിച്ചു കാണുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൮-ാംവകുപ്പു ഉപേക്ഷിക്കുന്നതായാൽ പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡന്റിനു ഈ ബില്ലിനെപ്പററി വല്ല ആക്ഷേപവുമുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): എനിക്കു ഈ ബില്ലിനെപ്പററി, ശരിയായകാരണങ്ങളാൽ, സകലവിധ ആക്ഷേപങ്ങളുമുണ്ടു. ഇതിനു ഒരു ആവശ്യവുമില്ല. ദശവർഷങ്ങളായി ശരിയായി നടന്നുകൊണ്ടിരിക്കുന്ന ഒരു ഏർപ്പാടിനെ ഇതു കുഴക്കുന്നതാണ്,

മി. ആർ. കേശവപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): ഈ ബിൽ അവതരണത്തെ എതിർക്കുന്നതിൽ ഞാനും ഡെപ്യൂട്ടിപ്രസിഡന്റിനോടു യോജിക്കുന്നു. ഈ ബിൽ വായിച്ചുനോക്കിയതിൽ വലിയചായ്‌വും, പക്ഷഭേദവുമുള്ളതുമായികാണുന്നു. ഇതു ജന്മിക്കെതിരായുള്ള കുടിയാനവന്റെ അവകാശത്തെ അല്ലാതെ കുടിയാനവന്റെയും ജന്മിയുടെയും അവകാശങ്ങളെയും ബാദ്ധ്യതകളെയും അധികാരങ്ങളെയും പററി പ്രതിപാദിക്കുന്നില്ല. ഇരുകക്ഷികളുടെയും അവകാശങ്ങളെ ഈ ബില്ലിൽ വ്യവസ്ഥചെയ്തിരുന്നു എങ്കിൽ ഈ ഘട്ടത്തിൽ ഈ ബിൽ അവതരിപ്പിക്കുന്നതിൽ വല്ലന്യായവും കാണുമായിരുന്നു. കുടിയാനവനു കൊടുക്കേണ്ടപ്രതിഫലം നിശ്ചയിക്കുന്നതിനുള്ള വിധം ഈ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നു. കുടിയാനവനു പ്രതിഫലംലഭിക്കുന്നതുവരെ വസ്തുവിൽ താമസിക്കുന്നതിനുള്ള അവകാശംകൂടി ഇതിൽ വ്യവസ്ഥചെയ്തിരിക്കുന്നു. മനഃപൂർവ്വമറിച്ചു കുടിയാനവൻ വസ്തുവിൽ നാശംവരുത്തിയാൽ, നഷ്ടംവരുത്തിയാൽ ആ നഷ്ടം അവനിൽനിന്നും ജന്മി ഈടാക്കുന്നതിനു ബില്ലിൽ ഒരു വ്യവസ്ഥയുമില്ല. ബില്ലിന്റെ ൮-ാംവകുപ്പു ഉടമ്പടിചെയ്യുന്നതിനു കക്ഷികൾക്കുള്ള അവകാശത്തെ എടുത്തുകളഞ്ഞിരിക്കുന്നതു പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡന്റ് ചൂണ്ടികാണിച്ചിട്ടുണ്ടു. ശിക്ഷാനിയമംപോലെയുള്ള നിയമങ്ങളിൽ അതിലെ വ്യവസ്ഥകൾക്കു വിപരീതമായി ഉടമ്പടിഉണ്ടാക്കുവാനുള്ള അധികാരം വ്യക്തികൾക്കു കൊടുത്തിട്ടില്ലാത്തതൊഴിച്ചു, ഇപ്രകാരം ഒരു വ്യവസ്ഥ ഉണ്ടാക്കാ

റില്ല. കോഡിൽ വ്യവസ്ഥചെയ്തിട്ടുള്ള കാര്യങ്ങളെസംബന്ധിച്ച് ഉടമ്പടിയുണ്ടാക്കുന്നതിൽനിന്നും കക്ഷികളെ തടയുകയോ വിരോധിക്കുകയോ ചെയ്യുന്ന വ്യവസ്ഥ ഈ ബില്ലിൽ അശേഷം ആവശ്യമില്ല. ഈ റെഗുലേഷനിൽ വ്യവസ്ഥിതമായകാര്യങ്ങളെസംബന്ധിച്ചുപോലും ഉടമ്പടിയുണ്ടാക്കുന്നതിനു കക്ഷികൾക്കു സ്വാതന്ത്ര്യം കൊടുത്തിരിക്കുന്ന ഈഴവറഗുലേഷനോ, നായർ റഗുലേഷനൊ പോലെമാത്രമേയുള്ള ഈ ബിൽ അതിനാൽ ഉടമ്പടിചെയ്യുന്നതിനുള്ള സ്വാതന്ത്ര്യത്തിനു ഹാനികരമായ ഈ വ്യവസ്ഥ ആവശ്യമില്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഈ സംഗതിയിൽ പണ്ഡിതനായ മെമ്പറിന്റെ ശ്രദ്ധയെ ബില്ലിലെ ൧൧-ാംവകുപ്പിലെ വ്യവസ്ഥയിലേക്കു ക്ഷണിച്ചുകൊള്ളുന്നു. "കാലദൈർഘ്യംകൊണ്ടോ മററുകാരണങ്ങൾകൊണ്ടോ വല്ല നഷ്ടവും ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു ഒരു ന്യായമായതുക കുറച്ച്".

മി. ആർ. കേശവപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): ഇതുപോലെ പ്രാധാന്യമുള്ള ഒരു നിയമത്തിൽ അതു ഒരു അഗണ്യമായ പ്രസ്താവനയാണ്.

സർ, അപ്പോൾ ഈ ബില്ലനുസരിച്ച് കൈവശക്കാരൻ കയ്യേററംചെയ്ത വസ്തുവിനും ദേഹണ്ഡവിലക്കുള്ള അവകാശം ഉണ്ട്. ഇപ്പോഴത്തെ നിയമപ്രകാരം കയ്യേററംചെയ്ത വസ്തുവിനെ സംബന്ധിച്ച് കൈവശക്കാരനു ഒരുവിധത്തിലും ദേഹണ്ഡവില അവകാശപ്പെടാൻ ന്യായമില്ല. എന്നാൽ ഈ ബിൽ വെറുംകൈവശക്കാരനും ഒരു ഉത്തമവിശ്വാസമില്ലാത്ത കൈവശക്കാരനുപോലും ദേഹണ്ഡവിലക്കുള്ള അവകാശമുണ്ടെന്നു വ്യവസ്ഥചെയ്തിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ക്രിമിനൽ നടപടിനിയമത്തിൽ വസ്തു കയ്യേററംചെയ്യുന്നവരെ വെളിവാക്കുന്നതിനു വല്ല വ്യവസ്ഥയുമുണ്ടോ എന്നു എന്റെ സ്നേഹിതനിൽ നിന്നും അറിഞ്ഞാൽ കൊള്ളാം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): ക്രിമിനൽ നടപടിനിയമത്തെ സംബന്ധിച്ചു ഞാൻ യാതൊന്നും പറയുന്നില്ല. കുറച്ചുമുമ്പു ശിക്ഷാനിയമത്തെപ്പററി ഞാൻ സൂചിപ്പിച്ചു.

സർ, പിന്നെ ജന്മിയുടെ വസ്തു രക്ഷിക്കുന്നതിനുപോലും കുടിയാനവനു പ്രതിഫലം കൊടുക്കുന്നതിനു ഈ ബിൽ വ്യവസ്ഥചെയ്തിരിക്കുന്നു. സർ, ഒററിക്കാരൻ ജന്മിയുടെ വസ്തു സൂക്ഷിക്കുന്നതിനു ബാദ്ധ്യതയുള്ളവനാണെന്നു എല്ലാവർക്കും അറിയാം. അതിനു പ്രതിഫലംആവശ്യപ്പെടാൻ അയാൾക്കു അവകാശമില്ല. പ്രഥമദൃഷ്ടിയിൽതന്നെ അതു അന്യായമാണ്. തനിക്കു കിട്ടിയസ്ഥിതിയിൽ വസ്തു സൂക്ഷിക്കുന്നതിനു കുടിയാനവൻ എപ്പോഴും കടപ്പെട്ടവനാണ്. അതിനാൽ ആ വ്യവസ്ഥ അസ്ഥാനത്തിലാണ്.

ഇത്രയും പറഞ്ഞുകൊണ്ടു അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): സർ, ജനസ്വാധീനമുള്ള ജന്മികൾക്കെതിരായി നിയമകോടതികളിൽ തക്കതെളിവുകാട്ടുന്നതിനു കൃഷിക്കാരും സാധുജനങ്ങളും വസ്തുക്കൾ ഇല്ലാത്തവരും അനുഭവിച്ചുവരുന്ന ക്ലേശങ്ങളിൽനിന്നും അവരെ രക്ഷിക്കുന്നതിനാണ് ഈ ബിൽ ഉദ്ദേശിച്ചിരിക്കുന്നതു എന്നു കാണിക്കുന്നതിനു അവതാരകൻ ശ്രമിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ ഈ പ്രമേയത്തെപ്പററി സംസാരിക്കുന്നതിനു എഴുന്നേൽക്കുകയില്ലായിരുന്നു. അങ്ങനെയിരിക്കെ എന്റെനില സ്പഷ്ടമാക്കാതെ ഈ ബില്ലിനു എതിരായി വോട്ടുചെയ്യുന്നതു ശരിയായിരിക്കുകയില്ല.

ഒരു അംഗം ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ഒരുപുതിയ നിയമം കൊണ്ടുവരുന്നതിനുള്ള കാരണങ്ങൾ എന്തെന്നു അയാൾ പറയണം. വിധികൾമൂലം ഉണ്ടായിട്ടുള്ള കുഴഞ്ഞനിയമം ക്രമപ്പെടുത്തുന്നതിനാണോ അതോ അനേകനാളുകളായി നാട്ടിൽ നിലവിലിരിക്കുന്ന നടപ്പിനു നിയമനിർമ്മാണകുറപ്പു കൊടുക്കുന്നതിനാണോ അതോ നാട്ടിൽ നടപ്പുള്ള അന്യായവും അക്രമവുമായ നിയമത്തെ ഭേദപ്പെടുത്തുന്നതിനാണോ? സർ, ദേഹണ്ഡങ്ങളെപ്പററി നാട്ടിലുള്ള നടപ്പുകളെല്ലാം ഏർപ്പെടുത്തണമെന്നു എന്റെ സ്നേഹിതൻ പ്രസ്താവിച്ചിരിക്കുന്നു. അതു വ്യക്തമായിട്ട ൧-ാംവകുപ്പിൽ അദ്ദേഹം പറഞ്ഞിരിക്കുന്നു. പണ്ഡിതനായ ഡിപ്പ്യൂട്ടിപ്രസിഡന്റു ശക്തിയായി പ്രസ്താവിച്ചപ്രകാരം, ബിൽ ൧൦-ാംവകുപ്പിൽ കുടിയാനവന്മാരുടെ നന്മയെകരുതുന്നതിലും അവർക്കു ഗുണകരമായ നടപ്പുകളെ നിക്ഷേപിക്കുന്നതിലും പ്രത്യേകശ്രദ്ധ കാണിച്ചിരിക്കുന്നു. സ്ഥലങ്ങളില്ലാത്ത സാധുക്കളായ ജനങ്ങളുടെ നന്മയെ വർദ്ധിപ്പിക്കുന്നതിനാണോ മെമ്പർ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം. പണക്കാർഒററിയായും മററും വസ്തുക്കൾഅനുഭവിക്കുന്നു എന്നു ഉദ്ദേശങ്ങളേയും കാരണങ്ങളേയുംപററിയുള്ള പ്രസ്താവനയിൽ അദ്ദേഹം സ്പഷ്ടമായിപറഞ്ഞിട്ടുണ്ട്. സർ, ന്യായമായ പ്രതിഫലം കൊടുത്തു വസ്തുഒഴിപ്പിക്കുന്നതിനു ജന്മിക്കുള്ള അവകാശത്തെ നശിപ്പിക്കുന്ന ഈ ബിൽ അവതരിപ്പിച്ച എന്റെ സ്നേഹിതൻ ഈ പണക്കാരുടെ നന്മയെ വർദ്ധിപ്പിക്കുകയല്ലേചെയ്യുന്നതു. എന്റെ സ്നേഹിതൻ യഥാർത്ഥത്തിൽ സാധുക്കൾക്കുവേണ്ടി വാദിക്കുകയാണോ? സർ, ധാരാളം പണമുള്ള ആളുകൾ പണത്തിനു അത്യാവശ്യമുള്ള സാധുക്കളായ വസ്തുഉടമസ്ഥന്മാർക്കു പണംകടംകൊടുത്തു വസ്തുക്കൾ ഒററിക്കും പണയത്തിനും എടുക്കുകയാണ്ചെയ്യുന്നതു എന്നുള്ളതു പ്രസിദ്ധമാണല്ലോ. രാജ്യത്തു പണമുള്ളവർക്ക് ഒററിക്കു പാട്ടത്തിനും വസ്തു കിട്ടാവുന്നനിലയിലിരിക്കുമ്പോൾ സാധുജനങ്ങളുടെ ഉടമസ്ഥാവകാശവുംഇല്ലാതാക്കുന്നതിനുള്ള അധികാരംകൂടി അവർക്കു കൊടുക്കണമോ? ഒററിക്കാർക്ക് ഇപ്പോൾ ഉള്ളതിൽ കൂടുതൽഅവകാശങ്ങൾ കൊടുക്കണമോ?

ഈ ബിൽ ആദ്യവസാനം പക്ഷഭേദമുള്ളതായികാണുന്നു. സാധുക്കളുടെനിലയെ അഭിവൃദ്ധിപ്പെടുത്തുന്ന ഒരു നിയമംപാസാക്കുന്നതിൽ ഈ സഭയ്ക്കു യാതൊരു എതിരുമില്ല. നമുക്കെപ്പോഴും അതാണ്വേണ്ടതു. എന്നാൽ ആ നാട്യത്തിൽ സാധുക്കൾക്കുള്ളതുംകൂടി എടുത്തുകളയുന്ന നിയമത്തിനു അനുവാദംകൊടുക്കേണ്ട ആവശ്യമില്ല. ൧-ാംവകുപ്പും ൧൦-ാംവകുപ്പും പരസ്പരവിരുദ്ധമാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ൪-ാം വകുപ്പ് എട്ടാമത്തതായാൽ (എച്ച്) ഭാഗത്തിൽ എന്റെ സ്നേഹിതൻ "ഫലവൃക്ഷങ്ങളും തടിവൃക്ഷങ്ങളും മററു ഉപയോഗമുള്ള വൃക്ഷങ്ങളും ചെടികളും നടുന്നതിനും രക്ഷിക്കുന്നതിനും സൂക്ഷിക്കുന്നതിനും" പ്രതിഫലം വ്യവസ്ഥചെയ്തിരിക്കുന്നു. അതുകൊണ്ടു ദേഹണ്ഡവില, ദേഹണ്ഡത്തിൽനിന്നും കിട്ടുന്ന ആദായത്തെയോ അതിന്റെ വിലയേയോ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നില്ല. ൧൮ ററി. എൽ. ആർ. ലെ വിധിയും ൪൩ ററി. എൽ.

ജെ-യിലെ വിധിയുംകൂടി താരതമ്യപ്പെടുത്തി, എന്റെ സ്നേഹിതൻ ൯-ാം വകുപ്പു ഏർപ്പെടുത്തുന്നതിനു സമാധാനം കണ്ടുപിടിച്ചിരിക്കുന്നു. ൧൩ ററി. എൽ. ജെ. ഏതെങ്കിലും കുടിയാനവന്റെ താല്പര്യം ദോഷകരമായവിധത്തിൽ ബാധിക്കുന്നതല്ലെന്നു ഞാൻ അഭിപ്രായിക്കുകയായിരുന്നു. ൧൩ ററി. എൽ. ജെ. വിധി മിക്കവാറും ഉടമ്പടിയെ അടിസ്ഥാനപ്പെടുത്തിയാണ്. അതു ഒരു മററിൻആധാരത്തിലെ ഒരു കരാറിനെ അടിസ്ഥാനപ്പെടുത്തിയാണ്. അതാണ് ആ വിധി പറയുന്നതു. അതു ഒരു നിയമവും സ്ഥാപിക്കുന്നില്ല. അതു ഒരു വിധത്തിലും ൨൪ ററി. എൽ. ആർ-ലെ വിധിയെ ബാധിക്കുന്നില്ല. ഇതിനുപുറമെ ൧൩ ററി. എൽ. ജെ. വിധിയിൽ ൨൪ ററി. എൽ. ആർ. വിധിയെപ്പററി പറഞ്ഞിട്ടുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ഒരു ഫുൾബെഞ്ചു തീരുമാനമാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഏതു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൩ ററി. എൽ. ജെ. വിധി.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതു ഒരു ഫുൾബെഞ്ചുവിധിയാണ്. അതു ഒരു പ്രമാണത്തിന്റെ വ്യാഖ്യാനത്തെപ്പററി മാത്രമാണ്.

അതിനാൽ ബില്ലിലെ ൯-ാം വകുപ്പു ഏർപ്പെടുത്തുന്നതിനെ നീതീകരിക്കുന്നതിനു എന്റെ സ്നേഹിതന്റെ ഒററ സമാധാനം അദ്ദേഹം കാണിക്കാൻ ശ്രമിച്ച ൧൩ ററി. എൽ. ജെ. വിധിയും ൨൪ ററി. എൽ. ആർ. വിധിയും തമ്മിലുള്ള വ്യത്യാസമാണ്. കൂടാതെ ഞാൻ പറഞ്ഞപ്രകാരം ആ മാതിരി ഒരു താരതമ്യം സാധ്യമല്ല. എന്തുകൊണ്ടെന്നാൽ ൧൩ ററി. എൽ. ജെ. ഒരു പ്രമാണത്തെപ്പററിയുള്ള വ്യാഖ്യാനം മാത്രമാണ്. അതു ഒരു നിയമവും സ്ഥാപിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ൧൩ ററി. എൽ. ജെ. വിധിയിൽ ൨൪ ററി. എൽ. ആർ-നെപ്പററി പറഞ്ഞിട്ടുണ്ട്.

കൂടാതെ എന്റെ സ്നേഹിതന്റെ ബിൽഅനുസരിച്ചു ഒരു ഭൂമിയിൽ നട്ട തെങ്ങു കായ്ക്കുന്ന ഒരു തെങ്ങിന്റെ ഇപ്പോഴത്തെ വില എന്തായിരിക്കുമെന്നു ഞങ്ങൾക്കു ഒരറിവുതരുന്നതിനു സാധിച്ചിട്ടില്ല. ൯-ാം വകുപ്പുപ്രകാരം വൃക്ഷങ്ങൾക്കു വിലവച്ചു പ്രത്യേകനിരക്കനുസരിച്ചു അവ ന്യായമായി എത്രനാൾ ഫലം കായ്ക്കുമെന്നു നിശ്ചയിക്കുന്നതിനുള്ള അധികാരം കമ്മീഷണർക്കു കൊടുത്തിരിക്കുന്നു. കമ്മീഷണർ അഭിപ്രായപ്പെട്ട കാലാവധിക്കുമുമ്പു ഫലം കുറഞ്ഞേക്കാൻ ഇടയുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കമ്മീഷണർ അഭിപ്രായപ്പെട്ട കാലാവധിക്കുള്ളിൽ ഫലം കൂടുന്ന ഒരു വിപരീതാവസ്ഥ എന്റെ സ്നേഹിതനു വിചാരിക്കാൻ പാടില്ലേ?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഓഹോ; മറ്റും പല അവസ്ഥകൾ വിചാരിക്കാം. നാം യഥാർത്ഥത്തിൽ ഇവിടെ കാണുന്നതു അതല്ലെന്നു മാത്രമേയുള്ളൂ.

വളരെ പ്രയാസമുള്ളതും കുഴഞ്ഞതുമായ കേസുകൾ ക്രമപ്പെടുത്തുന്നതിനു എന്റെ സ്നേഹിതൻ ശ്രമിക്കുകയായിരുന്നുഎങ്കിൽ അതു എനിക്കു മനസ്സിലാക്കാമായിരുന്നു. എന്നാൽ അതല്ലകാര്യം, ഭേദഗതിവില നിശ്ചയിച്ചു പ്രത്യേകനിരക്കനുസരിച്ചു ആ പ്രത്യേകമരങ്ങൾ എത്രകാലം കായ്ക്കുമെന്നു കമ്മീഷണർ നിശ്ചയിക്കണമെന്നു ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നു. സിലക്ട്കമ്മററി ഈ സംഗതികളെല്ലാം ആലോചിക്കണമെന്നു പറഞ്ഞു എന്റെ സ്നേഹിതൻ സമാധാനപ്പെടുന്നു.

വീണ്ടും ൧൨-ാം വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു,

"൯, ൧൦, ൧൧ ഈ വകുപ്പുകളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും ഒരു ഭേദഗതിത്തിനു കൊടുക്കേണ്ട പ്രതിഫലം മേൽപ്പറഞ്ഞ വകുപ്പുകളിൽ കുടിയാനവനു ഏററവും അനുകൂലമായ വകുപ്പനുസരിച്ചു തിട്ടപ്പെടുത്തേണ്ടതാണ്"

ഈ വ്യവസ്ഥകൊണ്ടു എന്റെ സ്നേഹിതൻ പണക്കാരെയാണ്, സാധുക്കളെയല്ല സഹായിക്കുന്നതു. ഈ വ്യവസ്ഥ സ്പഷ്ടമായി ഒരുവശം ചേർന്നതാണ്. ഇതു ജന്മിയോടു പക്ഷഭേദമുള്ളതാണ്. ഞാൻ പറഞ്ഞപ്രകാരം കുടിയാനവൻ പണക്കാരനാണ്, രാജ്യത്തെ പണക്കാരനാണ്.

൧൩-ാം വകുപ്പിൽ വസ്തുവിലെ വൃക്ഷങ്ങൾ, (ഫലവൃക്ഷങ്ങളല്ല) രക്ഷിക്കുന്നതിനും സൂക്ഷിക്കുന്നതിനും പ്രതിഫലംകൊടുക്കേണ്ടതാണ് എന്നു വ്യവസ്ഥചെയ്തിരിക്കുന്നു. ഏററവും കൂടുതലും കുറവും നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥയും കുടിയാനവനു അനുകൂലമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താനേ വളരുന്ന വൃക്ഷങ്ങളുടെ വളർച്ചക്കു സഹായിക്കുന്നതാരാണ്?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ദൈവാധീനം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ വൃക്ഷം സൂക്ഷിക്കുന്നതിനും വളർത്തുന്നതിനും പലിശയും കുടിയാനവനു കൊടുക്കണമെന്നു വ്യവസ്ഥചെയ്യുന്നതിലെ അനീതി എന്താണ്?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ താനെവളരുന്ന വൃക്ഷങ്ങളെ സംബന്ധിച്ചു അവൻ ഒന്നും ചെയ്യുന്നില്ല: അവൻ വൃഥാ മൌനമായിരിക്കുന്നു. മൌനമായിരിക്കുന്നതിനും ഒരു ഉപദ്രവവും ചെയ്യാതിരിക്കുന്നതിനും ഒരുത്തർക്കും ഒന്നുംകൊടുക്കേണ്ട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താനേവളരുന്ന വൃക്ഷങ്ങളെസംബന്ധിച്ചു ജന്മിയും മൌനമായിരിക്കുകയല്ലേഎന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ജന്മിയോ കുടിയാനവനോ ഒന്നും ചെയ്യുന്നില്ല. അതുകൊണ്ടു കുടിയാനവനെന്തിനാണ് എന്തെങ്കിലും കൊടുക്കുന്നതു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ദൈവാധീനത്തിനു കിട്ടിയാൽ എന്റെ സ്നേഹിതൻ തൃപ്തിപ്പെടുമോ?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ സംഗതിയിൽ ഇവിടെ എനിക്കു ദൈവവുമായിട്ടോ ദൈവാധീനവുമായിട്ടോ കാര്യമില്ല.

മി. മാത്തുമുരിക്കൻ (പൈവക്കം): എന്റെസ്നേഹിതനു ദൈവാധീനംകൂടാതെ എങ്ങിനെകഴിയും.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇവിടെ, നിയമനിർമ്മാണ സഭയിൽ ഭേദഗതിയെസംബന്ധിച്ചുമാത്രം:

സർ, കണക്കിൽക്കൂടുതൽ നട്ടുനനച്ച വൃക്ഷത്തേയും, ഫലത്തേയും ബാധിക്കുന്നതാണ് എന്നുള്ളത് സുസമ്മതമാണ്. ബിൽ ൧൬-ാംവകുപ്പിൽ എന്റെ സ്നേഹിതൻ ഇപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു.

"താഴെപ്പറയുന്ന വസ്തുവിലിൽ കൂടുതൽ വൃക്ഷങ്ങൾ നട്ടാൽ ആ പ്രത്യേകവസ്തുവിന്റെ സ്ഥിതിക്കു കൂടുതൽവൃക്ഷങ്ങൾ നട്ടിരിക്കുന്നു എന്നു കോടതിക്കു ബോദ്ധ്യപ്പെട്ടാൽ ഉതിനമുമ്പ് എന്നുതന്നെ പറഞ്ഞിരുന്നാലും സ്വകയിലിൽ കൂടുതലുള്ളതും, പ്രായപൂർത്തിവരാത്തതുമായ വൃക്ഷങ്ങൾക്കു പ്രതിഫലംകൊടുക്കുന്നതിനു വിസമ്മതിക്കുകയോ ഒരു കുറഞ്ഞനിരക്കു പ്രതിഫലം കൊടുക്കുകയോ ചെയ്യാം.

അതുകൊണ്ടു കണക്കിൽക്കൂടുതൽ വൃക്ഷങ്ങൾ നട്ടിരിക്കുന്നു എന്നു ജന്മി തെളിയിക്കണം. ൧൦ വർഷം മുമ്പുണ്ടായിരുന്ന റഗുലേഷൻ പ്രകാരം ആറിൽക്കൂടുതൽ വൃക്ഷങ്ങൾ നടരുതെന്നും അപ്രകാരം ചെയ്താൽ ആവൃക്ഷങ്ങൾക്കു പ്രതിഫലംകൊടുക്കാവൂ എന്നുംപറയുന്നു. വിധികളുടേയും ഗതി ഇതായിരുന്നു. എന്നാൽ ഈ ബില്ലിൽ എന്റെ സ്നേഹിതൻ വൃക്ഷങ്ങൾ കൂടുതലാണെങ്കിൽ കൂടുതൽ നട്ടത് വൃക്ഷങ്ങൾക്കു ദോഷകരമാണെന്നു ജന്മി തെളിയിക്കണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നു. സർ, ഈ വ്യവസ്ഥ ജന്മികളുടെ നന്മയ്ക്കു നേരെ വിപരീതമാണ്. ഫലവും എന്താണ്? കൃഷിക്കാരനെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ശ്രമിക്കുകയാണോ എന്റെസ്നേഹിതൻ ചെയ്യുന്നത്? അല്ല. ജന്മിക്കെതിരായി ഇത്ര കർശനമായ വ്യവസ്ഥകൾ ഉണ്ടാക്കുകയാണെങ്കിൽ ഫലം ഇതായിരിക്കും. ജന്മി കുടിയാനവനെ ഉടനെഒഴിപ്പിക്കും, പിന്നീട കുടിയാനവനു വസ്തുകൊടുക്കുകയുമില്ല. അതായിരിക്കും ഫലം, കുടിയാനവന്മാർ കഷ്ടപ്പെടും. എന്റെസ്നേഹിതന്റെ ഉദ്ദേശവും നിവൃത്തിയാകുകയില്ല.

ബിൽ ൧൧-ാംവകുപ്പു അവസാനഭാഗത്തിൽ നഷ്ടത്തിനു വ്യവസ്ഥചെയ്തിരിക്കുന്നു എന്നു എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞു. ഞാൻ എന്റെസ്നേഹിതനെ ചൂണ്ടിക്കാണിക്കണമെന്നു ആഗ്രഹിക്കുന്നത് അദ്ദേഹം ദയവുചെയ്തു ൻ-ം, ൧൦-ം, ൧൧-ം വകുപ്പുകൾ വായിക്കുമെങ്കിൽ ൧൧-ാംവകുപ്പു ൻ-ം ൧൦-ം വകുപ്പുകളിൽ പെടാത്ത ഭേദഗതികളെമാത്രമേ ബാധിക്കുകയുള്ളു എന്നു മനസ്സിലാകുമെന്നാണ്. ൧൧-ാംവകുപ്പ് പ്രായംചെന്നുണ്ടാകുന്ന നഷ്ടത്തിനാണ് വ്യവസ്ഥചെയ്തിരിക്കുന്നത് എന്നുള്ള വസ്തുതയിലേക്കു എന്റെ സ്നേഹിതന്റെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. അതുകൊണ്ടു ൧൧-ാം വകുപ്പ് ൻ-ം ൧൦-ംവകുപ്പുകളിൽപെടാത്ത ഭേദഗതികളെ സംബന്ധിച്ചുമാത്രമാണ്.

എനിക്കു പറയാനുള്ളത്, ഈ ആക്ഷേപങ്ങൾ എല്ലാം ആലോചിച്ചാൽ സഭ ഈ ബില്ലിന് അനുവാദംകൊടുക്കുന്നതു ശരിയായിരിക്കുകയില്ല. അല്ലാത്തപക്ഷം അവതാരകൻ, ഞാൻ കൊണ്ടുവന്നിട്ടുള്ള കാരണങ്ങൾ അടിസ്ഥാനരഹിതമെന്നു സഭയെ ബോദ്ധ്യപ്പെടുത്തണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, സാധുക്കളായ കൃഷിക്കാർക്കു വസ്തു ഉടമസ്ഥന്മാരിൽനിന്നും നേരിടുന്ന ഉപദ്രവങ്ങളെ ഒഴിക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത് എന്ന് മിസ്റ്റർ കൃഷ്ണൻ ഇവിടെ പ്രതിവാദിക്കുകയുണ്ടായി. എന്നാൽ വസ്തുക്കൾ ഒറ്റിയായിട്ടോ, വെൺപാട്ടമായിട്ടോ, പണയമായിട്ടോ കൊടുക്കുമ്പോൾ ഒക്കവാറും പ്രത്യേകം കരാർവല്ലതും ഉണ്ടായിരിക്കും. ഈ ബിൽ പാസ്സായാലുള്ള ഫലം ഞാൻ മനസ്സിലാക്കുന്നത്, താമസിക്കാൻ സ്ഥലം വേണമെന്നു ഒരു വസ്തുഉടമസ്ഥനോടു അപേക്ഷിച്ചാൽ ആ വസ്തുഉടമസ്ഥൻ ഒരിക്കലും സ്ഥലം കൊടുക്കുകയില്ല എന്നുള്ളതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എല്ലാവർക്കും വീടും പുരയിടവും ഉണ്ടാക്കികൊടുക്കണമെന്നാണോ ഉദ്ദേശം?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ശക്തിപോലെ ഉണ്ടാക്കികൊടുക്കണം.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ജന്മികുടിയാൻ റഗുലേഷനിൽ വസ്തു ഒഴിയുന്നതുകൂടാഎന്നൊരു നിയമം ഉണ്ടാക്കുന്നതു വസ്തു ഉടമസ്ഥന്റെ ഒഴിപ്പിക്കാനുള്ള അവകാശത്തിന് ഹാനികരമാണെന്ന് അറിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ജന്മികുടിയാൻ റഗുലേഷനെപ്പറ്റി ഇവിടെ പറയേണ്ട ആവശ്യമില്ലല്ലോ?

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മികൾ): സർ, ഇപ്പോൾ സഭയുടെ മുമ്പാകെ ഇരിക്കുന്ന ഈ ബില്ലിന്റെ അവതരണത്തെ ഞാൻ എതിർക്കുന്നു. ജന്മികളുടെ നന്മക്കു ഉപദ്രവകരമായ ഈ ബിൽ എതിർക്കുന്നതു ജന്മികളുടെ പ്രതിനിധിഎന്ന നിലയിൽ എന്റെ ചുമതലയാണ്. ഇതു ജന്മികൾക്കുമാത്രമല്ല വസ്തു ഉള്ളവർക്കെല്ലാം ഈ ബിൽ ദോഷകരമാണ്.

പ്രസിഡണ്ട്: ജന്മംവസ്തുക്കളെസംബന്ധിച്ചിടത്തോളം ഈ ബിൽ ജന്മികളെ ബാധിക്കുന്നില്ല.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികൾ): കാരണങ്ങളേയും ഉദ്ദേശങ്ങളേയും പറ്റിയുള്ള പ്രസ്താവനയിൽ കുടിയാനവന്റെ അഭിവൃദ്ധിക്കാണ് ഇതു ഉദ്ദേശിച്ചിരിക്കുന്നതു എന്നു ബില്ലിന്റെ അവതാരകൻ പ്രസ്താവിച്ചിരിക്കുന്നു. ഞങ്ങളുടെകാര്യം അറിയാവുന്ന കുടിയാനവന്മാരായ എന്റെ പലസ്നേഹിതന്മാരും ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു എന്നുള്ള വസ്തുതതന്നെ ഇതു കുടിയാനവന്മാരുടെ നന്മയ്ക്കുംഅല്ല എന്നുകാണിക്കുന്നു. ബിൽ ഒന്നു വായിച്ചുനോക്കിയാൽ, അതിലെ വ്യവസ്ഥകൾ മാക്കവെയും, അസ്പഷ്ടവും, അപൂർണ്ണവും, അവ്യക്തവും ആണെന്നു ഭേദഗതിവിലയെ സംബന്ധിച്ചിടത്തോളം ആളുകൾക്കു വളരെ ദ്രോഹം ചെയ്യുന്നതാണെന്നും കാണാവുന്നതാണ്. ഇപ്പോൾ കോടതികൾ അംഗീകരിച്ചിട്ടുള്ളതും സ്വീകരിച്ചിട്ടുള്ളതുമായ നിയമങ്ങൾ ശരിയും തൃപ്തികരവുമാണെന്നു എനിക്കുതോന്നുന്നു.

ബില്ലിലെ വ്യവസ്ഥകളെസംബന്ധിച്ചു ഞാൻ രണ്ടുവാക്കുകൾ പറഞ്ഞുകൊള്ളട്ടെ. ആരംഭത്തിലെ ചില വ്യാഖ്യാനങ്ങൾ അവ്യക്തവും വിരോധവുമാണ്. ഉദാഹരണമായി കുടിയാനവന്റെ വിവരണത്തിൽ വസ്തുകയ്യേറ്റക്കാരനെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ നിയമമനുസരിച്ചു വസ്തു കയ്യേറ്റക്കാരനു ഭേദഗതിവിലയ്ക്കു അവകാശമുണ്ടോഎന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. കെ. എൻ. കേശവൻനമ്പൂരിപ്പാട് (ജന്മികാം): അയാൾക്കവകാശമുണ്ട്.

മി. എ. ജി. മേനോൻ (പറവൂർ): ബ്രിട്ടീഷ് നിയമപ്രകാരമോ മറ്റേതെങ്കിലും നിയമപ്രകാരമോ ബ്രിട്ടീഷ് ഇൻഡ്യയിലും വസ്തു ഒഴിയുന്നക്കാരന്ന ദേഹണ്ഡവിലക്കവകാശമുണ്ടോ എന്ന് മെമ്പരിൽനിന്നും അറിഞ്ഞാൽകൊള്ളാം?

മി. കെ. എൻ. കേശവൻനമ്പൂരിപ്പാട് (ജന്മികാം): എനിക്കറിവാൻപാടില്ല.

൨൦-ാം വകുപ്പിൽ ഫലമുള്ള വൃക്ഷങ്ങൾക്ക് പ്രതിഫലം മുക്കാലായിരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ൨൧-ാം വകുപ്പിൽ നശിപ്പിക്കുന്ന വൃക്ഷങ്ങൾ നശിക്കുന്നതിനും പ്രതിഫലം കൊടുക്കണമെന്നു പറഞ്ഞിരിക്കുന്ന ഭാഗത്തിന്റെ മറ്റൊരുഭാഗം ഞാൻ കാണുന്നില്ല. രണ്ടാം വകുപ്പ് ഗവൺമെന്റിന്റെമേൽ ഒരു വലിയഭാരം ചുമത്തുന്നു. റവന്യൂ കാര്യാലയങ്ങളിൽ ഏററവും കൂടിയതും കുറഞ്ഞതുമായ നിരക്കുകളുടെ ഒരു പട്ടിക തയ്യാറാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഡെപ്യൂട്ടിപ്രസിഡണ്ട് പ്രസ്താവിച്ചതുപോലെ ൧൫-ാം വകുപ്പ് ഉടമ്പടികൾ ഉണ്ടാക്കുന്നതിനുള്ള കക്ഷികളുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും എടുത്തുകളയുന്നു. ഇത് ഒരു വലിയ ന്യൂനതയാണ്. പല ജില്ലാകച്ചേരികളിലും ഈ ബില്ലിനു വലിയന്യൂനതയുണ്ട്, അയാൾ സ്ഥലത്തുചെയ്തിട്ടുള്ള ദേഹണ്ഡങ്ങൾക്കു ശരിയായ പ്രതിഫലംകൊടുക്കാതെ ഏതെങ്കിലും കുടിയാനവനെ ഇപ്പോൾ ഒഴിപ്പിക്കുന്നുണ്ടോ എന്ന് എനിക്കുതോന്നുന്നില്ല. ഇതുവരെയും ഇപ്രകാരം ഒരു ബില്ലിന്റെ ആവശ്യകത ജനങ്ങളുടെയോ ഗവൺമെന്റിന്റെയോ ശ്രദ്ധയിൽ പെട്ടുവന്നിട്ടില്ലാത്തതുകൊണ്ടും, ഇപ്പോഴത്തെബിൽ എല്ലാ വസ്തുഉടമസ്ഥന്മാരുടെയും നന്മയ്ക്കു ഹാനികരമായതുകൊണ്ടും ഇതിനെ ശക്തിയായി എതിർക്കുന്നതു ഒരു ജന്മിയുടെ നിലയിൽ എന്റെ കടമയാണെന്നു ഞാൻ വിചാരിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഈ ബിൽ അവതരണത്തെ എനിക്കു പിൻതാങ്ങാൻ പാടില്ലാത്തതിനാൽ ഞാൻ ഖേദിക്കുന്നു. മൂന്നു കാരണങ്ങൾകൊണ്ടു ഞാൻ ഇതിനെ എതിർക്കും. ഇത് ഒരു വേണ്ടാത്ത ബില്ലാണ്. അവതാരകന്റെ പ്രധാനഉദ്ദേശം ദേഹണ്ഡവില നിശ്ചയിക്കുന്നരീതിക്കു ഒരു ഐകരൂപ്യം വരുത്തുന്നതിനാണെന്നു തോന്നുന്നു. എനിക്കറിവാൻ സാധിച്ചേടത്തോളം ജില്ലയാകെ പൊതുജനങ്ങൾ ഇപ്രകാരമുള്ള ഒരു നിയമനിർമ്മാണം ആവശ്യപ്പെട്ടിട്ടില്ല. തെക്കൻതിരുവിതാംകൂറിലെ എന്റെ അനുഭവത്തെക്കുറിച്ച് പ്രത്യേകം പറയുകയാണെങ്കിൽ ദേഹണ്ഡവില നിശ്ചയിക്കുന്നകാര്യത്തെപ്പററി ജന്മിമാർക്കോ കുടിയാനവന്മാർക്കോ യാതൊരുപരാതിയുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ബിൽ ഗവൺമെൻറഗസററിൽ പരസ്യംചെയ്തിട്ട് എത്രകാലമായിഎന്നു മെമ്പരിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എനിക്കു നല്ല നിശ്ചയമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജനങ്ങളിൽനിന്നു പൊതുവെ ഈ ബില്ലിനു വല്ല എതിരുമുണ്ടോ എന്നറിഞ്ഞാൽകൊള്ളാം?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മെമ്പർ ഉദ്ദേശിക്കുന്നതെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്രകാരമുള്ള ബില്ലിന് ആവശ്യമില്ലെന്നു മെമ്പർ പറഞ്ഞു. ഈ ബിൽ ഗസററിൽപരസ്യം ചെയ്തശേഷം പൊതുജനങ്ങളിൽനിന്നും തീവ്രമായ ഒരു എതിരുണ്ടോ എന്നു ഞാൻ ചോദിക്കുന്നു?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇപ്രകാരമുള്ള ഒരു ബില്ലിനു ജനങ്ങൾക്കു ഒട്ടും ആവശ്യമില്ലായിരുന്നു. അതുകൊണ്ടു അതു് അവർ കാണാതെപോയി.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതു് ഒരിക്കലും ഗസററിൽ പരസ്യംചെയ്തില്ല എന്നു് ഞാൻ മെമ്പറിനോടു പറഞ്ഞുകൊള്ളട്ടെ.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നിങ്ങൾക്കു വന്ദനം. അപ്പോൾ നീലകണ്ഠപ്പിള്ളയുടെ ആക്ഷേപം തകരുന്നു. എനിക്കു ഈ ബില്ലിന്റെ പകർപ്പു കിട്ടിയഉടനെ എന്റെ സ്ഥലത്തുള്ള പല ജന്മികളോടും, കുടിയാന്മാരോടും ഞാൻ ആലോചിച്ചുഎന്നുകൂടി ഞാൻ എന്റെ സ്നേഹിതനോടു പറഞ്ഞുകൊള്ളട്ടെ. ഇപ്പോഴത്തെ വിലനിശ്ചയരീതിയെപ്പററി ഒരു പരാതിയുമില്ലഎന്ന് അവർ എല്ലാവരും എന്നോടു പറഞ്ഞു. അവതാരകൻ ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഒരു വ്യത്യസ്തവുംകൂടാതെ, ഓരോ കക്ഷിയും ദേഹണ്ഡവില തിട്ടപ്പെടുത്തുന്നതിനു തനിക്കു ഏററം അനുകൂലമായ ഒരു പ്രത്യേകനടപ്പു സ്ഥാപിക്കുന്നതിനു ശ്രമിക്കുകയും, തെളിവു കൊടുക്കുകയും ചെയ്യുന്നു. കോടതികൾക്കു ആശ്രയിക്കുന്നതിന് ഒരു നിയമവും ഇല്ലാത്തതിനാൽ ഇതിൽ ഏതെങ്കിലും ഒന്നു സ്വീകരിക്കുന്നതിനു അവർ നിർബന്ധിതരാകുന്നു. അങ്ങിനെയായി ഇപ്പോൾ ദേഹണ്ഡവില നിശ്ചയിക്കുന്നതിനു ഒരു നൂറു മാർഗ്ഗങ്ങളുണ്ടു്."

തിരുവിതാംകൂറിന്റെ ഈ ഭാഗത്തെ സംബന്ധിച്ചിടത്തോളം യാതൊരു ഉപദ്രവവുമില്ല. ഒരു നടപ്പുമാത്രമേയുള്ളു. പരസ്പരവിരുദ്ധങ്ങളായ നടപ്പുകൾ അനുകരിച്ചിട്ടില്ല. സാധാരണകാണുന്ന നയം [illegible] ററി. എൽ. ആർ-ലെ വിധിയെ അനുകരിക്കയാണു്. അതുകൊണ്ടു എനിക്കു പറയാനുള്ളതു ഇപ്രകാരം ഒരു നിയമനിർമ്മാണത്തിനു പൊതുവെ ഒരു ആവശ്യമില്ലാത്തതുകൊണ്ടു ഒരു വ്യത്യാസം അനാവശ്യമാകുന്നു എന്നും അതിനാൽ ഈ ബിൽ അവതരിപ്പിക്കുന്നതിൽ ഒരു ന്യായവുമില്ലെന്നുംമാത്രമാണു്. ഇത്രയുംപറഞ്ഞുകൊണ്ടു ഈ ബിൽ അവതരണത്തെ ഞാൻ എതിർക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): സർ, സാധുക്കളും സ്വന്തമായി കൃഷിചെയ്യുന്നതിനു ഭൂമിയില്ലാത്തവരുമായ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി എന്റെ സ്നേഹിതൻ മി. കൃഷ്ണൻ ഇവിടെ കാണിച്ചിട്ടുള്ള പരിശ്രമങ്ങൾക്കു ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചുകൊള്ളുന്നു. എന്നാൽ ൯-ാം വകുപ്പു ജന്മിമാരുടെ ഗുണത്തിനുവേണ്ടി എന്നുള്ള ഭാവത്തിലാണു് എഴുതിയിരിക്കുന്നത് എന്നു പറഞ്ഞു അദ്ദേഹം ചൊരിയുന്ന അശ്രുകണങ്ങൾ സാധുക്കളായ കൃഷിക്കാരുടെമേൽ വർഷിക്കുന്ന അഗ്നികണങ്ങളായിത്തീരുന്നു. ൯-ാം വകുപ്പിൽ പറയുന്നതനുസരിച്ചു ഒരു തെങ്ങിനു ൫൦ രൂപാ ദേഹണ്ഡം കൊടുക്കണമെന്നാണു്. എന്നാൽ അമ്പതല്ല നൂറോ, നൂററിഅമ്പതോ, ഇരുന്നൂറോ രൂപാ പോലും ഒരു തെങ്ങിനു വിലവരികയില്ലയോഎന്നു ഞാൻ സംശയിക്കുന്നു. ശരിയായിട്ടു കണക്കു കൂട്ടീട്ടില്ലെങ്കിലും ആകപ്പാടെ നോക്കിയാൽ മേൽപ്രസ്താവിച്ച സംഗതിയിൽ അങ്ങിനെയും സംശയത്തിനു അവകാശമുണ്ടെന്നും ബോദ്ധ്യപ്പെടും.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): വേണ്ടവിധത്തിൽ ആലോചിച്ചാൽ ആ ഒരു കുഴപ്പിനെ ഭേദപ്പെടുത്താൻ സാധിക്കയില്ലയോ?

മി. ആർ. രാമൻപിള്ള (കോട്ടയം): വേണ്ടവിധത്തിൽ ആലോചിച്ചാലും സാധിക്കുമോ എന്നകാര്യം സംശയമാണ്. അതായതു ഒരു സിലക്ട് കമ്മററികൊണ്ടു ഇതിനെ ഭേദപ്പെടുത്താൻ സാധിക്കയില്ലെന്നാണ് എനിക്കു തോന്നുന്നതു്. എനിക്കതിനു തക്കനിയമപരിജ്ഞാനമില്ലാത്തതുകൊണ്ടു കണിശമായ ഒരഭിപ്രായം പറയേണമെന്ന് ഞാൻ വിചാരിക്കുന്നില്ല. നിയമജ്ഞന്മാരായ എന്റെ സ്നേഹിതന്മാർ ഇതിനെപ്പററി നല്ലവണ്ണം ആലോചിച്ച് സിലക്ട് കമ്മററിയിൽ ഇതിനെ ശരിപ്പെടുത്താൻ കഴിയുമോ എന്നു നോക്കണം.

സെററിൽമെൻറുകാലത്തു വൃക്ഷപ്പാട്ടം നീക്കി തറപ്പാട്ടം നിശ്ചയിക്കുന്നതിനുവേണ്ടി ഒരു ഏക്കറിൽ ൧൦൦ തെങ്ങുവൃക്ഷം ഉണ്ടാകുമെന്ന് കണക്കാക്കീട്ടുണ്ട്. ഒരു തെങ്ങുവൃക്ഷത്തിനു ഒരു സെൻറു സ്ഥലംവീതം കണക്കാക്കി ബാക്കിയുള്ള സ്ഥലത്തിനു തറപ്പാട്ടം നിശ്ചയിക്കുക ഇതാണ് സെററിൽമെൻറു കാലത്തെ നിശ്ചയം. ഒരു ഏക്കറിൽ ൧൦൦ തെങ്ങുവൃക്ഷം നിൽക്കുക എന്നുള്ളതു ഒരിക്കലും സാധിക്കാത്തതാണ്. അമ്പലപ്പുഴ ചേർത്തല മുതലായ കായലോരങ്ങളിൽ ഉള്ള സ്ഥലങ്ങളിൽ ഒരു പക്ഷെ അങ്ങിനെ കാണുമായിരിക്കാം. എന്നാൽ തിരുവിതാംകൂറിലെ പ്രദേശങ്ങളിലധികവും മലനാടാണ്. അവിടങ്ങളിൽ കൂടിയപക്ഷം ഏക്കറിനു ൭൫ തെങ്ങിൽ കൂടുതൽ നിൽക്കയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർമ്മെൻറിന്റെ കണക്കനുസരിച്ചു ഒരു തെങ്ങിന് എത്രസ്ഥലം വേണമെന്നാണുപറയുന്നതു്?

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാൻ മുമ്പുപറഞ്ഞതു് എന്റെ സ്നേഹിതൻ കേട്ടില്ല.

വൃക്ഷപ്പാട്ടം നീക്കി തറപ്പാട്ടം പ്രമാണമായിട്ടു വച്ചിരിക്കുന്ന വ്യവസ്ഥ ദേഹണ്ഡം കൊടുക്കുന്ന വിഷയത്തിൽ സ്വീകരിക്കാൻ പാടുള്ളതല്ല.

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): കൃഷിഡയറക്ടർ പ്രസിദ്ധപ്പെടുത്തീട്ടുള്ള ലഘുപത്രിക അനുസരിച്ചു ഒരു ഏക്കറിൽ എത്ര തെങ്ങുവൃക്ഷങ്ങൾ വയ്ക്കാൻ കഴിയുമെന്നു മെമ്പർ പറയുമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ൬൭ മുതൽ ൭൫ വരെയോ ത്രികോണാകൃതിയിൽ വയ്ക്കുകയാണെങ്കിൽ ൮൦ വരെയോ വൃക്ഷങ്ങൾ വയ്ക്കാമെന്നല്ലാതെ അതിൽ കൂടുതൽവച്ചാൽ മലംപ്രദേശങ്ങളിൽ അനുഭവം കിട്ടുകയില്ലെന്നു പറഞ്ഞിട്ടുണ്ട്. ഈ രീതിക്കല്ലാതെ കൂടുതൽ വൃക്ഷങ്ങൾ വയ്ക്കുന്നതിനുള്ള ഒരു വ്യവസ്ഥയോടുകൂടി ഒരു ചട്ടമുണ്ടാക്കി അതനുസരിച്ചു ദേഹണ്ഡം കൊടുക്കണമെന്നു വരുമ്പോൾ ഒരു വിധത്തിലും ജന്മിക്കു വസ്തു തിരികെ കിട്ടാൻ നിവൃത്തിയില്ലാതെവരും. അതുകൊണ്ടു വസ്തു ഉടമസ്ഥന്മാർ മിക്കവാറും അവരുടെ വസ്തുക്കൾ ഒററിയായിട്ടോ പാട്ടമായിട്ടോ കൊടുക്കാൻ മടികാണിക്കയും ഇപ്പോൾ കുടിയാനവന്മാർക്കു കൊടുത്തിട്ടുള്ള വസ്തുക്കളെ ഒഴിപ്പിക്കുകയുംചെയ്യും. അങ്ങിനെവരുമ്പോൾ സാധുക്കളായ ആളുകൾ വഴിയാധാരമായി നടക്കുകയല്ലാതെ വേറെ ഗതിയില്ലാതായിത്തീരും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവർക്കു പണംകിട്ടുമെങ്കിൽ ഉപയോഗിച്ചുകൂടാ എന്നുണ്ടോ?

മി. ആർ. രാമൻപിള്ള (കോട്ടയം): പണം കിട്ടിയാൽ പണം ഉപയോഗിക്കാം. പക്ഷെ വസ്തുകിട്ടുകയില്ലല്ലോ. അതിനാൽ ദേഹണ്ഡവിഷയ സംബന്ധിച്ചു ഈ വിധം വ്യവസ്ഥചെയ്തു ഒരു നിയമം ഉണ്ടാക്കരുതു്.

തിരുവിതാംകൂറിൽ പലവിധത്തിലുള്ള ദേഹണ്ഡങ്ങൾ കൊടുക്കേണ്ടിവരും. അതിനെല്ലാം വ്യവസ്ഥവേണം. കയ്യേററക്കാരുടെ ദേഹണ്ഡത്തിന്റെ വ്യവസ്ഥയെപ്പററി ഈ ബില്ലിൽ ഒന്നുംതന്നെ കാണുന്നില്ല. ബില്ലിന്റെ പേർതന്നെ പൊതുവായിരിക്കണം. ടെനൻട്സ് ഇംപ്രൂവ്മെൻറ് ബിൽഎന്നാണ് ഇതിനുഇപ്പോൾ പേർകൊടുത്തിട്ടുള്ളതു. ഏതെങ്കിലും തരത്തിൽ അന്യന്മാരുടെ വസ്തു എങ്ങിനെയെങ്കിലും ഇരുന്നുകൊള്ളട്ടെ കൈവശംകിട്ടിയാൽ പിന്നെ തിരിച്ചുകൊടുക്കാതിരിക്കണം എന്നമാത്രമെ ഇതിന് ഉദ്ദേശമുള്ളു എന്നു സമ്മതിക്കുന്നുണ്ട്. ആ സ്ഥിതിക്കു എന്റെ സ്നേഹിതൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെ ഞാൻ എതിർത്തുകൊള്ളുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം): ഞാനും രണ്ടുവാക്കു പറവാൻ ആഗ്രഹിക്കുന്നു. ആദ്യമായിട്ടു എനിക്കു പറയേണ്ടിയിരിക്കുന്നു.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക്): അദ്ദേഹം പിൻതാങ്ങുകയാണോ എതിർക്കുകയാണോ?

മി. മാത്യു മുരിക്കൻ (വൈക്കം): ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ആരംഭത്തിൽതന്നെ ഈ മാതിരി ഒരു ബിൽ കൊണ്ടുവരുന്നതിനു ശ്രമിച്ചതിൽ എന്റെ സ്നേഹിതൻ മി. കൃഷ്ണനെ അഭിനന്ദിക്കണം. ഞങ്ങൾ ബില്ലിന്റെ ഉദ്ദേശങ്ങളും കാരണങ്ങളും നോക്കിയതിൽ ഈ ബിൽ അവതരിപ്പിക്കുന്നതിനെ നീതീകരിക്കത്തക്ക ഒരു സ്ഥിതിയും ഞാൻ കാണുന്നില്ല. മൂന്നു വശങ്ങളിൽകൂടി ഈ ബിൽ നോക്കാം. അതായതു ഇതു അവതരിപ്പിക്കുന്നതിന്റെ ആവശ്യത്തെ നമ്മൾ ബിൽ നീതീകരിക്കുന്നുണ്ടോ, അല്ലെങ്കിൽ ഈ നമ്മൾ ബിൽ ഏതുവിധത്തിലെങ്കിലും കേസിലെകക്ഷികളെ സഹായിക്കുന്നുണ്ടോ എന്നും, ബില്ലിന്റെ ഫോറം നല്ലതാണോ എന്നും, ഇതാണ് മൂന്നുവശങ്ങൾ. ഈ മൂന്നു കാര്യങ്ങളെപ്പററിയുള്ള എന്റെ അഭിപ്രായം പറവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബില്ലിന്റെ എല്ലാ വ്യവസ്ഥകളും നോക്കിയിട്ട് എനിക്കാവശ്യമില്ല. എല്ലാ വകുപ്പുകളും പരിശോധിക്കേണ്ട ഘട്ടമല്ല ഇതു്. എനിക്കു തോന്നുന്നതു ഈ ബില്ലിനു വല്ല ആവശ്യമുണ്ടോ എന്നും, ഈ നമ്മൾ ബില്ലിനു അടിസ്ഥാനമായ തത്വങ്ങൾ സ്വീകാര്യമാണോ അല്ലയോ എന്നും സഭ ആലോചിക്കുന്നതിനാകുന്നതാണ്. ഈ കാര്യംമാത്രമാണ് ആലോചിക്കേണ്ടതു്. ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും പ്രസ്താവനയിൽ അവതാരകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"സംഗതികൾ ഇങ്ങനെ കുഴപ്പത്തിലായിരിക്കുമ്പോൾ ഈ വിഷയത്തിൽ പ്രവേശിച്ചു പല പൌരന്മാരേയും പ്രയോജനമില്ലാത്ത വ്യവഹാരത്തിൽനിന്നും രക്ഷിക്കേണ്ടതും കോടതിയുടെ സമയവും ശക്തിയും അനാവശ്യമായി ചിലവാക്കാതെ സൂക്ഷിക്കേണ്ടതും നിയമകർത്താവിന്റെ ചുമതലയാണെന്ന് എനിക്കു തോന്നുന്നു".

സർ, മെമ്പർ, "കഴപ്പം" എന്നതുകൊണ്ടു എന്താണർത്ഥമാക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു? അവതാരകൻെറ പ്രസംഗമല്ലോ, എൻെറ സ്നേഹിതന്മാർ, ചില ഭാഗങ്ങളിലേക്കു അദ്ദേഹത്തിൻെറ നേരിട്ടുള്ള ശ്രദ്ധയെ ക്ഷണിച്ചപ്പോൾ, പ്രജാസഭയിൽ പലപ്പോഴും ഇതിനെപ്പററി പ്രസ്താവിച്ചിട്ടുണ്ടെന്നു മേപടി പറഞ്ഞു. പലവഷങ്ങളിലെ പ്രജാസഭാനടപടികൾ ഞാൻ നോക്കി. മി. കൃഷ്ണനിൽനിന്നല്ലാതെ ഇപ്രകാരം ഒരാവശ്യത്തെപ്പററി ഒരുത്തരിൽനിന്നും ഒരു പ്രസ്താവന കണ്ടുമില്ല. കൂടാതെ ബില്ലിലെ വ്യവസ്ഥകൾ സംഗതികൾ കഴപ്പത്തിലായി എന്നൊരുവിധത്തിലും കാണിക്കുന്നുമില്ല. ഡപ്യൂട്ടിപ്രസിഡൻറു പറഞ്ഞതുപോലെ പ്രകൃത്യാ കുറെ പ്രയാസങ്ങളുണ്ടു്. ജന്മികളും കുടിയാനവന്മാരുമുള്ള ഇടപാടു ശരിപ്പെടുത്തുന്നതിലുള്ള ഈ പ്രയാസങ്ങൾ നടപ്പും ഉടമ്പടിയും മൂലം പരിഹരിക്കാം. സർ, പന്ത്രണ്ടാംവകുപ്പിൽ ഉടമ്പടിക്കുള്ള നിയമാനുസാരത്വം തള്ളുന്നതാണെന്നു എൻെറ സ്നേഹിതൻ പറഞ്ഞിരിക്കുന്നു. നിബന്ധനകൾ വച്ചുകൊണ്ടു ചില നിയമങ്ങൾ ഉണ്ടു്. ഉദാഹരണമായി പല രാജ്യങ്ങളിലും ഗവണ്മെൻറിൽ ഉടമ്പടിയുടെ നിയമാനുസരത്വത്തിനു ചില നിബന്ധനകൾ ഉണ്ടാക്കിയിട്ടുണ്ടു്. ഡപ്യൂട്ടിപ്രസിഡൻറു പറഞ്ഞതുപോലെ ജന്മികളുടേയും കുടിയാനവന്മാരുടേയും ബന്ധത്തെ ശരിപ്പെടുത്തുന്ന ഉടമ്പടി, നടപ്പിനെ അടിസ്ഥാനപ്പെടുത്തിയിരിക്കണം. അന്യായമായ ഭീഷണവും ബലാൽക്കാരവും ഉപയോഗിക്കുന്നതിനു ഒരിടയും കാണുകയുമരുതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉടമ്പടികൾ ഉണ്ടാക്കുന്നതിൽ പങ്കിനെ നിരക്കു നിശ്ചയിക്കുന്നതിനു കക്ഷികൾക്കു പൂർണ്ണസ്വാതന്ത്ര്യം കൊടുത്തിട്ടുണ്ടോ എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി. മാത്യു മുരിക്കൻ (വൈക്കം): എനിക്കതിൽ ഒരു കാര്യവുമില്ല. ചില നിയമങ്ങളിൽ നിബന്ധനകൾ ആവശ്യമാണ്. ഉടമ്പടികളുടെ നിയമാനുസാരത്വത്തിൽ എനിക്കു ഇടപെടേണ്ട.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): നിരക്ഷരകുക്ഷികളായ ആളുകളുംകൂടി കൺട്രാക്ടിൽ ഉൾപ്പെടുന്നുണ്ടെന്നറിയാമോ?

മി. മാത്യു മുരിക്കൻ (വൈക്കം): എനിക്കു അങ്ങിനെ തോന്നുന്നില്ല. ആ വിഷയത്തിൽ എനിക്കു മെമ്പറിനോടൊപ്പം താല്പര്യമില്ല. പൊതുവെയുള്ള വിദ്യാഭ്യാസനില ഉയർന്നുവരികയാണ്. ഒരു ഉടമ്പടിയിലെ വ്യവസ്ഥകൾ മനസ്സിലാക്കാൻ പാടില്ലാത്തവിധം താണസ്ഥിതിയിലല്ല സാധാരണ ഒരു കുടിയാനവൻെറ നില.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജന്മികൾ കുടിയാനവന്മാരെക്കാൾ അറിവില്ലാത്തവരാണോ?

മി. മാത്യു മുരിക്കൻ (വൈക്കം): ആ ചോദ്യത്തിൻെറ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ഉടമ്പടിയിലടങ്ങിയിരിക്കുന്നതു മനസ്സിലാകത്തക്കവിധം കുടിയാനവനു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുണ്ടെങ്കിൽ കുടിയാനവനേയും ഉടമ്പടി ബന്ധിക്കുന്നതല്ലയോ എന്നാണു എൻെറ ചോദ്യം.

മി. മാത്യു മുരിക്കൻ (വൈക്കം): ഏതു സാധാരണമനുഷ്യനും ഒരു നിയമത്തിൻെറ പ്രധാന പ്രമാണങ്ങൾ മനസ്സിലാക്കിയിരിക്കണം. താൻ ഉൾപ്പെടാൻപോകുന്ന ഉടമ്പടിയെപ്പററി സകലതും മുൻകൂട്ടി അറിയണം. ഇതുപോലെയുള്ള സംഗതിയിൽ നടപ്പാണു ഉടമ്പടിയെ നിയന്ത്രിക്കുന്നതു്. അനേകനാളത്തെ പരിചയമാണു ജന്മിയും കുടിയാനവനുമായുള്ള ബന്ധത്തെ നിയന്ത്രിക്കുന്നതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നടപ്പു മനുഷ്യനുണ്ടാക്കിയതാണോ, ലോകാരംഭംമുതൽക്കേ ഉണ്ടായിരുന്നതാ എന്നറിഞ്ഞാൽകൊള്ളാം?

മി. മാത്യു മുരിക്കൻ (വൈക്കം): "നീതിന്യായപ്രമാണങ്ങളെന്നു പൊതുവെ ബോധപ്പെട്ടിട്ടുള്ള പ്രമാണങ്ങളുടെ സ്വീകരണമാണു നടപ്പു്" എന്നു പ്രൊഫസർ സോമണ്ടിൻെറ വിവരണം കൊടുത്തിരിക്കുന്നു. ഒരു ഒററ പ്രവൃത്തിയല്ല നടപ്പു ഉണ്ടാക്കുന്നതു്. നടപ്പിനെ ഒന്നു വിവരിക്കുന്നതിനു എനിക്കു ഒരു മണിക്കൂറിൽകൂടുതൽ വേണ്ടിവരും. നടപ്പിനും അതിൻെറ ബന്ധനശക്തിക്കും പല വശങ്ങളുണ്ടു്. അതിനെല്ലാമുള്ള സമയമിതല്ല എന്നു ഞാൻ വിചാരിക്കുന്നു. നടപ്പു ഒരു ഒററ പ്രവൃത്തിയെ അടിസ്ഥാനപ്പെടുത്തിയല്ല. നടപ്പു കോടതികളും പൊതുജനങ്ങളും അംഗീകരിക്കുന്നു, നടപ്പിനേയും അതിൻെറ പ്രയോഗത്തേയും സംബന്ധിച്ചു ഒരു സംശയത്തിനും വകയില്ല.

രണ്ടാമത്തെ വിഷയത്തെ സംബന്ധിച്ചു്, അതായതു, പല പൌരന്മാരെയും പ്രയോജനമില്ലാത്ത വ്യവഹാരത്തിൽനിന്നും രക്ഷിക്കുന്ന കാര്യത്തിൽ അവതാരകൻ പറഞ്ഞിരിക്കുന്നതു അത്ര ശരിയല്ല. ഈ പരിതസ്ഥിതികളെല്ലാം അപഗണിക്കണമെന്നു പറയുന്ന ഒരു വ്യവസ്ഥയും ഈ ബില്ലിൽ ഇല്ല. ഈ ബിൽ പാസാക്കിയെന്നു വിചാരിക്കുന്നപക്ഷം (അങ്ങനെ ഒരിക്കലും ഉണ്ടാകുകയില്ലെന്നു തോന്നുന്നു) ഇതിൽ വളരെ പ്രയാസങ്ങളുണ്ടു്. കോടതി ഒരു കമ്മീഷനെ ഏർപ്പെടുത്തണം. ഓരോ കേസിലും ആക്ഷേപങ്ങളുടെയും തരവും സ്വഭാവവും നിർണ്ണയിക്കുകയും വേണം. സർ, ഈ ബിൽ പാസാക്കുന്നതുകൊണ്ടു വ്യക്തമായ ഒരു ഉപകാരവുമില്ല.

ഈ ബില്ലിൽ സ്വീകരിച്ചിട്ടുള്ള മനോഭാവത്തെപ്പററി എനിക്കു ഒരുവാക്കു പറയാനുണ്ടു്. ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളതു സുഖകരമായ ഒരു നിയമമല്ല. സർ, കാര്യപ്രകാരം മിക്ക വകുപ്പുകളിലും ചില അയോജ്യതകളുണ്ടു്. പന്ത്രണ്ടാംവകുപ്പു പതിനൊന്നാംവകുപ്പിനു നേരെ വിപരീതമാണ്. കുടിയാനവനു അനുകൂലമുള്ളപ്പോഴെല്ലാം ഒരു പ്രത്യേകവകുപ്പു വിട്ടുപോകാതിരിക്കണം. കുടിയാനവനു ദോഷകരമായിരിക്കുമ്പോഴെല്ലാം ആ പ്രത്യേകവകുപ്പു വിട്ടുകളയണം. ഈ നിയമം സുഖകരമാണോ? ചില ചില്ലറ സംഗതികളുമുണ്ടു്. മൂന്നു പ്രധാന സംഗതികളുണ്ടോ എന്നു നാം നോക്കണം. അതായതു്, എളുപ്പം, പ്രമാണങ്ങൾ, സമത്വമായമട്ടു്. ഈ സംഗതികൾ ഒന്നും ഈ ബിൽ അവതരിപ്പിക്കുന്നതിനെ നീതീകരിക്കുന്നില്ല. അതിനാൽ ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ ബിൽ അവതാരകനെ ഞാൻ പിൻതാങ്ങുന്നു. ഈ ബില്ലിനെയും അതിൻെറ വ്യവസ്ഥകളേയും എതിർക്കുന്നതിനു സഭയുടെ ഇരുഭാഗത്തുമുള്ള പല സ്നേഹിതന്മാരും പല വാദങ്ങളും പുറപ്പെടുവിച്ചു. ആ വാദങ്ങളിൽ എനിക്കത്ഭുതമില്ല. യാഥാസ്ഥിതികന്മാരും ഉൽപതിഷ്ണുക്കളുമായിട്ടാണു പ്രധാനതർക്കമെങ്കിൽ സാധാരണ ഉപയോഗിക്കുന്ന പഴയ വാദങ്ങളാണ് അവ. വേറെവിധത്തിൽ പറയുന്നതായാൽ അതു താൻ സമ്പാദിക്കാത്ത ആദായംകൂടുതൽ അനുഭവിക്കുന്നവരും നിലത്തിൽ ജോലിചെയ്യുന്ന വേലക്കാരുമായിട്ടാണ്. എന്തെങ്കിലും യോഗംകൊണ്ടു ചില ആളുകൾ പുസ്തുഉടമസ്ഥന്മാരായിത്തീരുന്നതു സഹജമാണ്.

ബില്ലിലെ വ്യവസ്ഥകൾ ശരിയായ അർത്ഥത്തിൽ ഞാൻ പരിശോധിക്കുകയാണെങ്കിൽ, അറിവില്ലാത്ത കുടിയാനവന്മാരുടെ നന്മയെ രക്ഷിക്കുന്നതിനു ഒരു നിയമം ഏർപ്പെടുത്തുന്നതിന് എന്റെ സ്നേഹിതൻ ആഗ്രഹിക്കുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): അറിവില്ലാത്ത ജന്മികളുടെ കാര്യം എന്താണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജന്മിയും അതുപോലെ അറിവില്ലാത്ത ആളാണെന്നു എന്റെ സ്നേഹിതൻ സമ്മതിക്കുന്നു എങ്കിൽ അവരുടെ ഭാഗം അദ്ദേഹത്തിനു വാദിക്കാം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): സഭയിലെ ജന്മികളെ ഞാൻ പ്രതിനിധീകരിക്കുന്നു എന്നു മെമ്പർ പറഞ്ഞതു എന്തിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ സ്നേഹിതൻ ഒരു വലിയ ജന്മിയായതുകൊണ്ടു ഞാൻ അതു പറയുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): മെമ്പർ ആരെയാണു പ്രതിനിധീകരിക്കുന്നതെന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ രാജ്യത്തെ പ്രതിനിധീകരിക്കുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഞാൻ ജന്മികളെയാണു പ്രതിനിധീകരിക്കുന്നതെന്നു പറഞ്ഞതെങ്ങിനെയാണെന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിങ്ങൾ ഒരു വലിയ ജന്മിയായതുകൊണ്ടു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): നിങ്ങൾ വക്കീലന്മാരെ പ്രതിനിധീകരിക്കുന്നുവോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ വർഗ്ഗക്കാരെ പ്രതിനിധീകരിക്കേണ്ട ആവശ്യമുണ്ടായാൽ അപ്പോൾ ഞാൻ അവരെ പ്രതിനിധീകരിക്കും.

പ്രസിഡന്റ്: മെമ്പർമാർ തമ്മിൽ നേരിട്ടു റിമാർക്കുചെയ്യേണ്ട ആവശ്യമില്ല. ഉദാഹരണമായി "നിങ്ങൾ വക്കീലന്മാരെ പ്രതിനിധീകരിക്കുന്നുവോ എന്നു മി. ആശാൻ, മി. നീലകണ്ഠപ്പിള്ളയോടു ചോദിച്ചു. ഈമാതിരി റിമാർക്ക് ഞാൻ കഠിനമായി ആക്ഷേപിക്കുന്നു. മി. ആശാൻ എന്നോടു പറയേണ്ടിയിരുന്നു, മി. കെ. പി. നീലകണ്ഠപ്പിള്ളയും എന്നോടു പറയേണ്ടിയിരുന്നു. ഈ സഭയിലെ പ്രതിവാദങ്ങളുടെ ഗൌരവത്തിനോ പ്രയോജനത്തിനോ ഇപ്രകാരം തമ്മിൽ കാറപ്പെടുത്തുന്നതു സഹായിക്കുന്നതല്ല എന്നു സഭയിലെ എല്ലാ അംഗങ്ങളും സമ്മതിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു മനസ്സിലാക്കാവുന്നിടത്തോളം ഈബില്ലിലെവ്യവസ്ഥകൾക്കു അടിയിൽകിടക്കുന്ന ഉദ്ദേശം, തിരുവിതാംകൂറിലെ സാധുക്കളായ വേലചെയ്യുന്ന കുട്ടരുടെ നന്മയെ രക്ഷിക്കുന്നതിനാണ്. അതേസമയംതന്നെ ഈബില്ലിലെ വ്യവസ്ഥകൾഎല്ലാം കുറ്റമററവയാണെന്നു ഞാൻ പറയുന്നില്ല. എന്നാൽ രാജ്യത്തിനു പൊതുവെ സ്വീകാര്യമാകത്തക്കവിധം വേണ്ടഭേദഗതികൾ വരുത്തുന്നതിനോ, ആവശ്യമുള്ള വ്യത്യാസങ്ങൾവരുത്തി ഈബിൽ ഒന്നുകൂടി എഴുതിഉണ്ടാക്കുന്നതിനോ, ഇതിനെ ഒരു സിലക്ട്കമ്മററിയെഏല്പിക്കുന്നതിൽനിന്നും ഈസഭയെ വിരോധിക്കുന്നില്ല. ഈബില്ലിനു എതിരായി പലവാദങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്, ആദ്യമായിട്ടുള്ളതു, വസ്തുകയ്യേററക്കാരനു ഈ ബില്ലിലെവ്യവസ്ഥകൾ അനുസരിച്ചു ദേഹണ്ഡവിലക്കു പൂർണ്ണഅവകാശം കൊടുത്തിരിക്കുന്നു എന്നുള്ളതാണ്. ഈവിഷയത്തെ സംബന്ധിച്ചിടത്തോളം, ബില്ലിലെ ഇപ്രകാരമുള്ള ഒരു വ്യവസ്ഥയെ എതിർക്കുന്ന ആളുകളുടെ പ്രധാനപരാതി എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

സർ, നടപ്പിലിരിക്കുന്ന നിയമപ്രകാരം, വസ്തുകയ്യേററത്തിനു ഉടമസ്ഥൻ വിസമ്മതംകാണിക്കുന്ന കേസുകളിൽ, കയ്യേററക്കാരനു ദേഹണ്ഡവില അനുവദിക്കുന്നില്ല. അതിനാൽ ഈനിയമം ഏർപ്പെടുത്തുന്നതിന്റെ ഉദ്ദേശം, ഒരു അന്യൻ വസ്തുകയ്യേററംചെയ്തു ദേഹണ്ഡങ്ങൾ ചെയ്യുന്നതിൽനിന്നും അയാളെ തടയുവാനുള്ള ജന്മിയുടെ അവകാശത്തെ കുറക്കുകയല്ല. എന്തായാലുംകൊണ്ടു തിരുവിതാംകൂറിൽ ധാരാളം സ്ഥലം കിട്ടി, വസ്തുകയ്യേററക്കാരനോ, കുടിയാനവനോ നിലത്തിൽ കാര്യമായ ദേഹണ്ഡം ചെയ്യുന്നതിനു വ്യവസ്ഥ ചെയ്തു താമസിക്കുന്ന സ്ഥലത്തില്ലാത്ത ജന്മികളുടെ കാര്യത്തിലേയുള്ള പ്രയാസം, ഈമാതിരി കാര്യങ്ങളിലു കുറഞ്ഞപക്ഷം തെക്കൻസ്ഥലങ്ങളിൽ ഒരുനോട്ടം ഉണ്ടായിരിക്കേണ്ടതു ഉടമസ്ഥന്റെ കടമയാണ്. ചില മെമ്പർമാരുടെ എതിരിന്റെ അടിയിലിരിക്കുന്നതെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. മാത്യു മുരിക്കൻ (വയ്ക്കം): കുടിയാനവനു ന്യായമായ പ്രതിഫലം കൊടുക്കണമെന്നാണ് ഇന്നു പ്രസംഗിച്ച മെമ്പർമാരുടെ ഉദ്ദേശം എന്നാണോ എന്റെ സ്നേഹിതൻ പറയുന്നതു ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഓരോവാദങ്ങൾ മനസ്സിലാക്കാനുള്ള മെമ്പറിന്റെ അത്ഭുതകരമായ സാമർത്ഥ്യത്തിൽ ഞാൻ അതിശയിക്കുന്നു. (ചിരി) ഈബിൽ എതിർക്കുന്നവർ ഈ സഭയിൽ പുറപ്പെടുവിച്ച ഓരോവാദങ്ങൾക്കും മറുപടി പറയുകമാത്രമാണ് ഞാൻ ചെയ്യുന്നതു്. ദേഹണ്ഡങ്ങൾ ചെയ്തു വസ്തു കയ്യേററക്കാരനു വസ്തുവിൽ ഉടമസ്ഥാവകാശം കൊടുക്കണമെന്നുള്ള ബില്ലിലെ വ്യവസ്ഥ ആക്ഷേപകരമാണെന്നായിരുന്നു അവരുടെ വാദം. ആ പ്രത്യേകസംഗതിക്കു മറുപടി പറയുന്നതിനു ഞാൻശ്രമിക്കുകയാണ്.

മി. മാത്യു മുരിക്കൻ (വയ്ക്കം): അതൊരുവാദമായിട്ടു അദ്ദേഹം പുറപ്പെടുവിക്കുന്നുവോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതേ, അങ്ങനെതന്നെ. രണ്ടാമത്തെ വാദം........

പ്രസിഡന്റ്: മി. കെ. പി. നീലകണ്ഠപ്പിള്ളേ, നിങ്ങൾ പക്ഷേ കുറച്ചുസമയം എടുത്തേക്കും. വിശ്രമംകഴിഞ്ഞിട്ടു നിങ്ങൾക്കു പ്രസംഗിക്കാം.

ഇപ്പോൾ ഉച്ചഭക്ഷണത്തിനായിട്ടു സഭ നിർത്തുന്നതാണ്. ഉച്ചതിരിഞ്ഞു 2—15-നു വീണ്ടും കൂടുന്നതാണ്.

ഉച്ചതിരിഞ്ഞു 1—0—നു ഉച്ചഭക്ഷണത്തിനായി സഭ നിറുത്തി. ഉച്ചതിരിഞ്ഞു 2—15—നു സഭ വീണ്ടും കൂടി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഉച്ചഭക്ഷണത്തിനു സഭ മാററിവച്ചപ്പോൾ വാദപ്രതിവാദം അവസാനിപ്പിച്ചതിനെത്തുടർന്നു പറയുന്നതായാൽ, മെമ്പർ ഈ ബിൽ എതിർത്തവരും അത്ര ശരിയെന്നു തോന്നുന്നില്ല. എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളമുള്ള ഒരു സംഗതി ബിൽ പരിപൂർണ്ണമല്ലെന്നും എഴുതിയുണ്ടാക്കിയതും പരിപൂർണ്ണമല്ലെന്നുമാണ്. ബില്ലിൽ കുറവുകൾ കണ്ടേക്കാം. എന്നാൽ ഈ ബില്ലിൽ നോക്കേണ്ട ഒരു ഉദ്ദേശം ഈ ബില്ലിന്റെ കാതലായ പ്രമാണം സഭയ്ക്കു സ്വീകാര്യമാണോ എന്നാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): ഈ സംഗതിയിൽ ഒരു നിയമം അദ്ദേഹം ആവശ്യപ്പെടുന്നോ എന്നു ഞാൻ മെമ്പറിനോടു ചോദിച്ചുകൊള്ളട്ടെ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ബില്ലിന്റെ കാതലായ പ്രമാണങ്ങളിൽ പ്രധാനമായിട്ടുള്ള ഒന്നാണ് അത്. വിശദമാക്കി കഴിഞ്ഞിട്ടുള്ള പ്രകാരം സാധുകൃഷിക്കാരന്റെ നന്മയെ കരുതേണ്ട ആവശ്യമുണ്ടോ? അതു സൂക്ഷിക്കണമോ? ജന്മിയും കുടിയാനവനുമായുള്ള ഇപ്പോഴത്തെ ഇരിപ്പു തൃപ്തികരമാണോ? ഇവയാണ് ആലോചിക്കേണ്ടകാര്യങ്ങൾ. സാധുകൃഷിക്കാരന്റെ നന്മയെ രക്ഷിക്കുകയാണ് അവതാരകന്റെ ഉദ്ദേശം.

രണ്ടാമത്തെ സംഗതി ഇപ്പോൾ ഇതിനെപ്പററി നല്ല നിയമവുമുണ്ടോ എന്നാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): കുടിയാനവനു രക്ഷ ഏതു വിധത്തിലാണ് ആവശ്യമെന്നു മെമ്പറിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ മുമ്പെ വിശദമാക്കിയതു അതാണ്. ഞാൻപറഞ്ഞതു എന്റെ സ്നേഹിതൻ ശ്രദ്ധിച്ചിരുന്നുഎങ്കിൽ അതു പിന്നെയും പറയുന്നതിനു ആവശ്യപ്പെടുകയില്ലായിരുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കുടിയാനവന്മാരുടെ അഭിപ്രായം അറിഞ്ഞിട്ടുണ്ടോ എന്നു ഞാൻ മെമ്പറിനോടു ചോദിച്ചുകൊള്ളട്ടെ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ സ്നേഹിതൻ വാദവിഷയത്തിൽനിന്നും എന്നെ വ്യതിചലിപ്പിക്കുകയാണ്.

പ്രസിഡന്റ: എന്നാൽ അദ്ദേഹത്തിനു ശ്രദ്ധകൊടുക്കേണ്ട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉടമ്പടിചെയ്യുന്ന രണ്ടുകക്ഷികൾ തമ്മിൽ ഉള്ളതുപോലെയല്ല ബന്ധമെങ്കിൽ, കുടിയാനവന്മാരെ രക്ഷിക്കേണ്ട ആവശ്യമുണ്ട്.

മുമ്പു ഞാൻ പറഞ്ഞപ്രകാരം കുടിയാനവന്മാർ മററുള്ളവരുടെ വസ്തുക്കളിൽ ചെയ്യുന്ന മേഹസ്ഥത്തിന്റെ വില നിശ്ചയിക്കുന്നമാർഗ്ഗം ക്രമപ്പെടുത്തുന്നതിനു വല്ലനിയമവും, ഐകരൂപ്യമുള്ള വല്ലനിയമവും ഉണ്ടോഎന്നാണ്, ചോദ്യം. അതിന്നുമറുപടി പ്രതികൂലമായിട്ടാണ് ഇരിക്കുന്നത്. കുടിയാനവന്മാർ ചെയ്തവ, ചെയ്യുന്ന മേഹസ്ഥങ്ങളുടെ വിലനിശ്ചയത്തെ നിയന്ത്രിക്കുന്നതിനു ഇപ്പോൾ നിയമത്തിൽ ഒരു വ്യവസ്ഥയുമില്ല. ഈ വിലനിശ്ചയം കമ്മീഷണർമാരുടെയും അധിപതിമാരുടെയും തോന്ന്യാസങ്ങൾക്കു വിട്ടേക്കാതെ ഈ സംഗതിയിൽ, ഒരു വ്യക്തമായനിയമം ഉണ്ടാക്കുന്നതിനാണ് അവതാരകന്റെ ഉദ്ദേശം.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): സിവിൽകോടതിനടപടിയിൽ ഇതിനു വല്ല വ്യവസ്ഥയുമുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു നടപടിയെ സംബന്ധിച്ചതാണ്. ഞാൻ നിയമനിർമ്മാണത്തെപ്പററിയാണ് പറയുന്നത്. എന്റെ സ്നേഹിതൻ രണ്ടുംകൂടി കുഴയ്ക്കുകയാണ്. ചില റൂളുകളുണ്ട്. എന്നാൽ ഞാൻപറയുന്നതു, കുടിയാനവന്മാർ വസ്തുക്കളിൽചെയ്യുന്ന മേഹസ്ഥത്തിനു വിലവയ്ക്കുന്നതു സംബന്ധിച്ചു വ്യക്തമായിട്ടു ഒന്നുമില്ലെന്നാണ്.

അവതാരകനെ എനിക്കു ശരിയായി മനസ്സിലായെങ്കിൽ, സഭയിൽ ഇപ്പോൾ വായിച്ചബില്ലിന്റെ കാതലായ രണ്ടുപ്രമാണങ്ങൾ ഇവയാണ്. ബിൽ പരിപൂർണ്ണമായ വിധത്തിലോ, ആക്ഷേപിക്കാൻ പാടില്ലാത്തവിധത്തിലോ എഴുതിയുണ്ടാക്കിയതല്ല എന്നു ഞാൻ സമ്മതിക്കുന്നു. ഈ ബിൽ ഒരു സിലക്ട്കമ്മററിക്കു ഏല്പിക്കാൻ പാടില്ലെന്നു മെമ്പർമാർ പറയുന്നു. അവരുടെ അഭിപ്രായം ശരിയായി അവർ സ്വീകരിക്കേണ്ട ഒന്നല്ലെന്നു ഞാൻ വീണ്ടും പറയുന്നു. അനുദ്യോഗസ്ഥ ഭാഗത്തുനിന്നും, പ്രത്യേകിച്ചു നിയമനിർമ്മാണത്തിൽ വൈദഗ്ധ്യമുണ്ടെന്നു ഗണിച്ചിട്ടില്ലാത്ത മെമ്പർമാരിൽ ഒരാളാണ് ഇതു ഹാജരാക്കീട്ടുള്ളത്.

മി. മാത്യു മുരിക്കൻ (വയ്ക്കം): അതു സഭയിലെ അനുദ്യോഗസ്ഥമെമ്പർമാർക്കു ബഹുമാനകരമല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, അതു അത്ര ബഹുമാനകരമല്ലായിരിക്കാം.

ബിൽ അവതാരകന്റെ ഉദ്ദേശങ്ങളെപ്പററി ഞാൻ പറഞ്ഞിട്ടുണ്ട്. വേണ്ടഭേദഗതികൾ ഉണ്ടാക്കത്തക്കവിധം ഈ ബിൽ ഒരു സിലക്ട്കമ്മററിക്കു ഏല്പിക്കുന്നതിനു അനുവദിക്കാൻ ഞാൻ മെമ്പർമാരോടു അപേക്ഷിക്കുന്നു. സിലക്ട്കമ്മററിയിൽ ഈ ബിൽ മുഴുവനും കൂടുതൽകാര്യമായ കാരണങ്ങൾകൊണ്ടു പ്രതിപാദിക്കാൻ മെമ്പർമാർക്കു സാധിക്കും.

ഈ ബില്ലിനു എതിരായി പുറപ്പെടുവിച്ചിരിക്കുന്ന വാദങ്ങൾ രണ്ടാണ്. ഇപ്പോൾ നാട്ടിലിരിക്കുന്ന നടപ്പുകളും മര്യാദകളും അവഗണിക്കുന്ന വകുപ്പുകളെപ്പററിയാണ് ഒന്ന്. നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം നടപ്പുകളുടെയും മര്യാദകളുടെയും സാധുത്വമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. നടപ്പു രാജ്യത്തെ കുറെക്കാലത്തെ പ്രയോഗംകൊണ്ടുണ്ടാകുന്നതാണ് എന്നു എനിക്കുതോന്നുന്നു. ആ പ്രയോഗത്തിൽനിന്നാണ് നടപ്പു അംഗീകരിക്കപ്പെടുന്നതിനു ഇടയായത്.

സർ, മേഹസ്ഥത്തെ സംബന്ധിച്ചു നാട്ടിലുള്ള നടപ്പുകളൊന്നും ആശ്രയിച്ചുകൂടാഎന്നു ബില്ലിലെ ഒരു വ്യവസ്ഥയിൽ പറയുന്നതുകൊണ്ടുമാത്രം ബിൽ കഴിഞ്ഞകാലത്തെയും ബാധിക്കുന്നതാണെന്നു പറയുന്നതു എങ്ങിനെയെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇപ്രകാരം നിയമമുണ്ടാക്കുന്നതുകൊണ്ടു ബിൽ അവതാരകൻ മുൻകാലത്തെയും ബന്ധിക്കുന്നില്ല. അതിനാൽ നീതിയെ അടിസ്ഥാനപ്പെടുത്തി, ഊർജ്ജിതത്തിലിരിക്കുന്ന

നടപ്പുകളെ സംബന്ധിച്ചുള്ള അവതാരകന്റെ ആക്ഷേപം സഭയിലെ ഈ വശത്തെ മെംബർമാർ അനുവ ദിക്കേണ്ടതാണ്. നടപ്പിന്റെ സാധുത്വത്തെപ്പററിയുള്ള എന്റെ രണ്ടാമത്തെ വാദമാണു അതു്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഈ ബിൽ സമ്പൂർണ്ണമാണെന്നു് മെംബർ വിചാരിക്കുന്നുവോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സംഗതി ആലോചിക്കേണ്ട ഘട്ടം ഇതല്ല എന്നു ആരംഭത്തിൽതന്നെ ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഈ ബില്ലിനെ എത്രമാത്രം ഭേദഗതിചെയ്യുന്നതിനു സിലക്ട്കമ്മററിക്കു് അധികാരമുണ്ടെന്നു് അറിഞ്ഞാൽകൊള്ളാം?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിന്റെ കാതലായ പ്രമാണങ്ങളൊഴിച്ചു് എല്ലാ വിഷയത്തിലും.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഈ ബില്ലിന്റെ കാതലായ പ്രമാണമെന്താണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ഞാൻ മെംബർമാരെ വിശദമാക്കുകയാണ്. രണ്ടാമത്തെപ്രമാണം രാജ്യത്തെ യഥാർത്ഥകൃഷിക്കാർക്കു് കൂടുതൽ രക്ഷകൊടുക്കുകയാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): കൃഷിക്കാരെപ്പോലെതന്നെ വസ്തു ഉടമസ്ഥന്മാർക്കും രക്ഷനൽകുന്നതല്ലേ ബില്ലിന്റെ പ്രമാണം?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു സംഗതി തീർച്ചപ്പെടുത്തുന്നതിൽ രണ്ടുകക്ഷികൾ ഉണ്ടായിരിക്കെ ഒരുകക്ഷിയെ അവഗണിക്കാൻ പാടില്ലാപ്പുന്നുള്ള വസ്തുത ഞാൻ മറന്നുകൂടാത്തതാകുന്നു. ജന്മിയും കുടിയാനവനും എന്നു് രണ്ടുകക്ഷികൾ ഈ രാജ്യത്തുള്ളതു് നമുക്കു മറന്നുകൂടാ. രണ്ടുകക്ഷികളുടേയും അവകാശങ്ങൾ അവഗണിക്കാനും പാടില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): എൻ-ാം വകുപ്പു ജന്മികളുടെ പല്ലു അവകാശത്തെപ്പററിയും വ്യവസ്ഥചെയ്യുന്നുവോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു് നിങ്ങൾക്കു ശരിപ്പെടുത്താം. അതാണു് എന്റെ ഉദ്ദേശം. ബിൽ ഒരുപക്ഷം ചേർന്നതായിരിക്കുകയോ, പക്ഷഭേദമുള്ളതായിരിക്കുകയോ, ജന്മിയുടെ നന്മയെക്കുറിച്ചു്, തിരിച്ചു് വ്യവസ്ഥയില്ലാതിരിക്കെ, കുടിയാനവന്റെ നന്മയെ സംരക്ഷിക്കുന്നതിനു് ആവശ്യപ്പെടുകയോ ചെയ്താൽ, സിലക്ട്കമ്മററിയിൽ നിങ്ങൾക്കു വല്ലതുംചെയ്യാം, എന്റെവാദം മുഴുവനും അതാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ബില്ലിന്റെ പ്രമാണം കുടിയാനവന്റെ അവകാശങ്ങളെ രക്ഷിക്കുന്നതിനു മാത്രമായിരിക്കുമ്പോൾ, കൂടാതെ ജന്മിയുടെ അവകാശങ്ങൾകൂടി രക്ഷിക്കുന്നതിനു് സിലക്ട്കമ്മിററിക്കു സാധിക്കുമോ? ഇതാണു് ഞാൻ ചോദിക്കുന്നതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജന്മിയും കുടിയാനവനുമായുള്ള ബന്ധത്തെ സംബന്ധിച്ചിടത്തോളം.........

മി. മാത്യു മുരിക്കൻ (വയ്ക്കം): സിലക്ട്കമ്മിററിക്കു് ബില്ലിന്റെ സ്വഭാവം മാററാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബില്ലിന്റെ സ്വഭാവംഎന്നു പറഞ്ഞതുകൊണ്ടു് എന്റെ സ്നേഹിതൻ അർത്ഥമാക്കുന്നതു് എന്താണെന്നു് എനിക്കറിവാൻപാടില്ല. സിലക്ട്കമ്മററിയുടെ അധികാരങ്ങൾ ഞാൻ വിശദപ്പെടുത്തി. ബിൽ അവതാരകന്റെ മനസ്സിലുള്ളതും ബില്ലിലെ പല വ്യവസ്ഥകളിൽ അടങ്ങിയിരിക്കുന്നതുമായ കാതലായ പ്രമാണങ്ങൾക്കു വിപരീതമായി പ്രവൃത്തിക്കുന്നതിനു സിലക്ട്കമ്മററിക്കു് അധികാരമില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): ൨-ം, ൨൦-ം വകുപ്പുകൾ ജന്മിയുടെ അവകാശങ്ങളെ ബാധിക്കുന്നില്ലേ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഓരോ പ്രത്യേകസംഗതികളെ എന്റെ സ്നേഹിതന്മാർ വളരെ വലുതാക്കുന്നു. ആ സംഗതി പ്രതിപാദിക്കുന്നതുകൂടാതെ നാം ഈ രണ്ടുകക്ഷികളേയുംപററി ആലോചിക്കേണ്ടിയിരിക്കുന്നു. ഇവിടെ കക്ഷികളിൽ ഒരുക്കൂട്ടർ വസ്തുഉടമസ്ഥന്മാരാണ്. അവർ ധനികരാണ്, ഉയർന്നജാതിക്കാരുമാണ്. മറേറക്കൂട്ടർ കുടിയാനവന്മാരാണ്. അവർ സാധുക്കളും താണവരുമാണ്.

മി. മാത്യു മുരിക്കൻ (വൈക്കം): നിയമസഭയിലെ ജന്മികൾ കുടിയാനവന്മാരേക്കാൾ ജനസമ്മതമുള്ളവരാണെന്നാണോ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പറയുന്നതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എങ്ങനെനോക്കിയാലും.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): ബിൽ എൻ-ാം വകുപ്പു നീക്കാതിരിക്കണമെന്നുള്ള കൂട്ടത്തിലാണോ എന്റെ സ്നേഹിതൻ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ പ്രത്യേകവകുപ്പിനെ അടിസ്ഥാനപ്പെടുത്തി പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡൻറ് ഈ ബില്ലിനെ എതിർത്തതിന്റെ കാരണം അതാണ്. ഞാൻ അദ്ദേഹത്തിനോടു് ചോദിക്കുന്നതു് ഈ വകുപ്പു് നീക്കിയാൽ ഈ ബിൽ സിലക്ട്കമ്മററിയെ ഏല്പിക്കുന്നതിനെ പിൻതാങ്ങുന്നതിൽ അദ്ദേഹത്തിനു് വല്ല വിരോധവുമുണ്ടോഎന്നാണ്. അതുകൊണ്ടു് ഈ ബില്ലിന്റെ കാതലായ പ്രമാണങ്ങളെ ഞാൻ പിൻതാങ്ങുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): മെംബർ ൨-ം, ൨൦-ം വകുപ്പു് വിട്ടുകളയണമെന്നുള്ള കൂട്ടത്തിലാണോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നടപ്പിന്റെ സാധുത്വത്തെപ്പററി ഞാൻ വിശദീകരിച്ചുകഴിഞ്ഞു. ഞാൻ ബില്ലിനെപ്പററി പൊതുവെ പ്രതിപാദിക്കുമാത്രമാണ്. പ്രത്യേകവകുപ്പുകൾ അവർ ഇപ്പോൾ ആക്ഷേപിക്കരുതു്. എന്നാൽ ആ മനസ്ഥിതിയോടുകൂടിയാണ് അവർ ഈ ബിൽ എതിർത്തതു്. ഈ വിഷയത്തിൽ ഈ മനസ്ഥിതിയാണല്ലോ മെംബർമാർ സ്വീകരിച്ചിരിക്കുന്നതു് എന്നോർത്തു ഞാൻ ദുഃഖിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): എന്നെ അറിയിക്കുമോ.........

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൂടരുവാൻ എനിക്കു സമ്മതിക്കുന്നില്ല. വളരെ അറിവുള്ള, ഉൽകൃഷ്ടജന്മികൾ, സാധുക്കളും അറിവില്ലാത്തവരുമായ കുടിയാനവന്മാരെ ചതിച്ചിട്ടുള്ള വല്ല കേസും തൻെറ അറിവിൽ വന്നിട്ടുണ്ടോഎന്നു ഡെപ്യൂട്ടിപ്രസിഡൻറിനോടു ഞാൻ ചോദിക്കുന്നു? അപ്രകാരം കേസുണ്ടായിട്ടില്ലെന്നു് ഡെപ്യൂട്ടിപ്രസിഡൻറു പറഞ്ഞു. സർ, എന്നാൽ എൻെറ ചുരുങ്ങിയകാലത്തെ അഭിഭാഷകവൃത്തിയിൽ എൻെറ അറിവിൽ ൫൦ കേസുകളിൽ കൂടുതൽ പെട്ടിട്ടുണ്ടു്. ഡിവിഷൻകച്ചേരികളിലെ രേഖകൾ നിങ്ങൾ നോക്കുന്നതായാൽ വസ്തു അനുഭവിച്ചു്, അനേകവർഷങ്ങൾ കാര്യമായ ദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള സാധുക്കളായ പുലയരേയും പറയരേയും ജന്മികൾ എങ്ങിനെ ചതിച്ചിരിക്കുന്നുഎന്നു കാണുവാൻ കഴിയും. വസ്തുഉടമസ്ഥൻ വരുമ്പോൾ അയാൾ സാധുമനുഷ്യനെ സബ്ബ് രജിസ്ത്രാർകച്ചേരിയിൽ കൊണ്ടുപോയി ഒരു പാട്ടംപിടിപ്പിക്കുന്നു. ഇതിനുമുമ്പ് ജന്മിക്കു തൻെറ സ്ഥലമാണോ അല്ലയോഎന്നറിവാൻപാടില്ല.

റാവുബഹദൂർ, കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡൻറ): ജന്മിയുടെ മേലവകാശത്തെ സമ്മതിച്ചുകൊണ്ടുള്ള കരാർചെയ്യുന്നതിനു് കുടിയാനവനെ വല്ലകാര്യത്തിലും നിർബന്ധിച്ചിട്ടുണ്ടോ? ഒരു പ്രത്യേകസംഗതിയിൽ ജന്മി തരത്തിനു് ചതിച്ചിട്ടുണ്ടോഎന്നുള്ള സംഗതി പറയുന്നതിനു് കോടതിക്കു് വിട്ടേക്കുകയല്ലെ കൂടുതൽ ഗുണകരമെന്നു് ഞാൻ മിസ്റ്റർ നീലകണ്ഠപ്പിള്ളയോടു ചോദിച്ചുകൊള്ളട്ടെ? ജന്മിയും കുടിയാനവനുമായുള്ള എല്ലാ പാട്ടഇടപാടുകളും ജന്മിചെയ്യുന്ന ചതിവിൻെറ ഫലങ്ങളാണെന്നു് ആണു് എൻെറ സ്നേഹിതൻെറ അഭിപ്രായംഎന്നു ഞാൻ ഊഹിക്കുന്നു. അതാണു് എൻെറ സ്നേഹിതൻെറ അഭിപ്രായമെന്നു ഞാൻ വിചാരിച്ചുകൊള്ളട്ടെ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കക്ഷി കോടതിയെ ആശ്രയിക്കുന്നതിനു് ബാധകമായ ഒരു വ്യവസ്ഥയുമില്ല.

റാവുബഹദൂർ, കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡൻറ): ഉടമ്പടിയെ അവഗണിക്കുന്നതു് ബില്ലിൻെറ ഒരു പ്രധാനപ്രമാണമായിരിക്കണമെന്നു് എൻെറ സ്നേഹിതൻ നിർബന്ധിക്കുന്നില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) എനിക്കതിൽ വലിയ നിർബന്ധമില്ല.

റാവുബഹദൂർ, കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡൻറ): അപ്പോൾ അതു് ബില്ലിൻെറ പ്രധാനപ്രമാണങ്ങളിൽ ഒന്നല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ആയിരിക്കേണം.

റാവുബഹദൂർ, കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡൻറ): അതു ഓരോകേസിലും നിർണ്ണയിക്കുന്നതിനായിട്ടു് നിങ്ങൾ കോടതികൾക്കു വിട്ടിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതല്ല എൻെറ നില,

റാവുബഹദൂർ, കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡൻറ): സിലക്ട്കമ്മററിക്കു് ഭേദഗതിചെയ്യുവാൻ പാടില്ലാത്ത ബില്ലിലെ ഒരു വ്യവസ്ഥയായിട്ടു് അദ്ദേഹം അതിനെ വിചാരിക്കുന്നുണ്ടോ എന്നുമാത്രം അറിയേണ്ടിയിരുന്നു. അതു് എൻെറ അറിവിനായിട്ടു മാത്രമാണു്,

പ്രസിഡൻറ: അദ്ദേഹം വിചാരിക്കുന്നില്ല എന്നു അദ്ദേഹം പറയുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബിൽ അവതാരകനാണു് അതിനു മറുപടിപറയേണ്ടതു്.

റാവുബഹദൂർ, കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡൻറ): ഞാൻ അതു് എൻെറ സ്നേഹിതനോടു ചോദിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ബില്ലിനു് അടിസ്ഥാനമായിരിക്കുന്ന ഏററവും പ്രധാനഭാഗമാണെന്നു് എനിക്കു തോന്നുന്നില്ല.

സർ, ബില്ലിനു് എതിരായി പുറപ്പെടുവിച്ച പേടിയെല്ലാം കോടതികളിൽനിന്നും കമ്മീഷൻ ഏർപ്പെടുത്തുന്നതിനെപ്പററിയായിരുന്നു ഈ സംഗതികൾ ഒഴിക്കുന്നതിനു് ഒരു ശ്രമവുമില്ല. ൯-ാംവകുപ്പിൽ അതു സമ്മതിച്ചിരിക്കുന്നു. ഓരോ സ്ഥലത്തെയും സംബന്ധിച്ചു ഒരുപട്ടിക ഹൈക്കോടതിയിൽനിന്നു പരസ്യം ചെയ്യുന്നതിനും, ഒരു കക്ഷിക്കു ഇതു സ്വീകാര്യമല്ലെങ്കിൽ, അതിനെപ്പററി തർക്കിക്കുന്നതിനു അയാൾക്കു ഒരു സന്ദർഭം കൊടുക്കുന്നതിനും ൯-ാം വകുപ്പു വ്യവസ്ഥചെയ്തിരിക്കുന്നു.

മി. മാത്യുമുരിക്കൻ (വൈക്കം: ജന്മിപറയുന്ന വ്യവസ്ഥകൾക്കു കുടിയാനവൻ സമ്മതിച്ചാൽ വല്ല പരാതിക്കും ആവശ്യമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇല്ല.

താനെ വളരുന്ന തടി വൃക്ഷങ്ങളെപ്പററിയും ഫലവൃക്ഷങ്ങളെപ്പററിയും കൂടുതലായിപ്രസ്താവിച്ചിട്ടുണ്ടല്ലോ. ഞാൻ പറയുന്നതു അതു ഈ ഘട്ടത്തിൽ ആലോചിച്ചിട്ടാവശ്യമില്ലാത്ത ഒരു ചില്ലറ സംഗതിയാണെന്നാണു്. ഒരു വൃക്ഷം വളർത്തുകയും, സൂക്ഷിക്കുകയും വളരാൻ അനുവദിക്കുകയും ചെയ്ത കുടിയാനവനു കുറെ കാലത്തേക്കു സ്ഥലം കണ്ടിട്ടുപോലുമില്ലാത്ത ജന്മിയേക്കാൾ അതിൻെറ കൂടുതൽ ഭാഗം വില കൊടുക്കേണ്ടതാണെന്നാണു എൻെറ അഭിപ്രായം. ചില മെമ്പർമാർ ഇതിനെതിരായി പറഞ്ഞിട്ടുള്ളതു മുഴുവൻ വിലയും കുടിയാനവനല്ല ജന്മിക്കു കൊടുക്കണമെന്നാണു,

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): എന്നാൽ വൃക്ഷം വളംഎടുക്കുന്നസ്ഥലം ജന്മിയുടേതാണു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സാർ, അതല്ലാതാംസ്വീകരിക്കേണ്ട ശരിയായ നില. അതു സ്ഥലത്തില്ലാത്ത ജന്മിയുടെ സങ്കല്പഅവകാശവും, കുടിയാനവൻെറ യഥാർത്ഥവും, കൂടുതലുമായ അവകാശവും തമ്മിൽ എൻെറ സ്നേഹിതന്മാർ ചെയ്യുവാൻ ആഗ്രഹിക്കുന്ന ഒരു സങ്കല്പം മാത്രമാണു്. ഈ വാദംമൂലം ലോകത്തിലുള്ള സകലതും വെള്ളം, വായു മുതലായവ ജന്മിയുടേതായിരിക്കും.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ജന്മിഎന്ന പേർ സ്വീകരിച്ചിരിക്കുന്ന ആളുടെ സങ്കല്പാവകാശംഎന്നു പറഞ്ഞതുകൊണ്ടു എന്താണു മെമ്പർ അർത്ഥമാക്കുന്നതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ധാരാളം വസ്തുക്കളുള്ളതുകൊണ്ടു സ്വയം ജന്മി എന്നു വിളിക്കുന്നവൻ; എന്നാൽ യാതൊരു ജോലിയും ചെയ്യാത്തവൻ; അതേ സമയത്തുതന്നെ വസ്തുവിലെ സകല അനുഭവങ്ങളും അവകാശപ്പെടുന്നവൻ; അതിനാൽ യഥാർത്ഥത്തിൽ താൻ അവകാശപ്പെടുന്നതിന് യോഗ്യനല്ലാത്തവൻ ആണു എന്റെ ധാരണ.

തിരുവിതാംകൂറിനു വെളിക്കു ഈ അവസ്ഥകളെല്ലാം ഉണ്ടായിരുന്നു. ഈ മാതിരിവസ്തു ഉടമസ്ഥന്മാർക്കു റഷ്യയിലും ഇംഗ്ലണ്ടിലും ഫ്രാൻസിലും സംഭവിച്ചതെന്താണെന്നു മെമ്പർമാർ അറിയും. നമ്മുടെ ശ്രമംകൊണ്ടു സാധുകുടിയാനവരെ താങ്ങണം. ഞാൻ ഒരു പ്രഭാതം കാണുന്നു. സർ, ഒരു ഉദയം.

പ്രസിഡൻറ്. മി. നീലകണ്ഠപ്പിള്ള, പ്രസിഡൻറ് എപ്പോൾ എഴുന്നേല്ക്കുന്നുവോ അപ്പോൾ നിങ്ങൾ ഇരിക്കണം. നിങ്ങൾ ആ ചട്ടം പാലിക്കുന്നില്ലെന്നു കാണുന്നു.

വ്യക്തികൾക്ക് വസ്തു ഉണ്ടായിരിക്കുന്ന ഏർപ്പാടിനെപ്പററി ഒരു സൂക്ഷ്മപരിശോധന ആവശ്യമില്ല. ഈ പ്രതിവാദത്തിനോടു അതിനു സംബന്ധമില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവുംവ്യവസായവും, തെക്ക): കുടിയാനവൻ നട്ടവൃക്ഷങ്ങൾ തന്റെ സ്വന്തഉപയോഗത്തിനു എടുക്കാമോ എന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇല്ല. അനുവാദമില്ല. അവനുവേണ്ടി, കാട്ടിലെ മുതലായ തല്ക്കാലകൃഷിക്കു വസ്തു ഉപയോഗിക്കാമായിരുന്നു. അതാണു എന്റെ വാദം. വാസ്തവത്തിൽ ജോലി ചെയ്യുന്നവനാണ് പ്രതിഫലത്തിനു അർഹൻ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): "താനേവളരുന്നതു" എന്നു ഇതിൽ പറഞ്ഞിരിക്കുന്നതു എന്താണെന്നു അറിഞ്ഞാൽ കൊള്ളാം. കുടിയാനവന്റെ പ്രയത്നം കൊണ്ടാണല്ലോ വളരുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): 'നിഘണ്ടുനോക്കിയാൽ 'താനേവളരുന്നതു' എന്നുള്ളതിന്റെ അർത്ഥം വളരെ വ്യക്തമാകും.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): "താനേവളരുന്നതു" എന്നതിന്റെ അർത്ഥം എനിക്കും അറിയാം. എന്നാൽ സൂക്ഷിക്കാഞ്ഞാൽ മരം അവിടെ വളരുകയില്ല.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി). തനി വൃക്ഷങ്ങൾക്ക വളം ഇടണം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആഞ്ഞിലിക്കും, തേമ്പാവിനും നാം എന്തു വളമാണ് ഇടുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം.

അവസാനമായി, ബില്ലിലെ പ്രമാണങ്ങൾ സ്വീകാര്യമായതുകൊണ്ടു ഇതിന്റെ കുറവുകൾ പരിഹരിക്കാവുന്ന സിലക്ട് കമ്മിററിയെ ഇതു ഏല്പിക്കുന്നതിനു വോട്ടുചെയ്യണമെന്ന് സഭയിലെ മെമ്പർമാരോടു ഞാൻ അപേക്ഷിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും, വ്യവസായവും, തെക്ക): സർ, ഞാനും അവതാരകന്റെ ഉദ്ദേശത്തെ പിൻതാങ്ങുന്നതിനു എഴുന്നേല്ക്കുന്നു. ഞാൻ ഒരു അഭിഭാഷകനല്ല. ഇപ്രകാരമുള്ള ഒരു വിഷയത്തെപ്പററി കൂററ അധികം അഭിഭാഷകന്മാരുടെ മുമ്പാകെ സംസാരിക്കുന്നതിൽ എനിക്കു വലിയവിഷമമുണ്ട്. ആകപ്പാടെ ഒരു നിയമം ഏർപ്പെടുത്തിയാൽ എന്താണു തരക്കേടു എന്നു ഞാൻ ചോദിക്കുന്നു. എന്റെ വാദം ഇപ്പോഴത്തെ വിഷമതകൾ നീക്കുന്നതിനു ഒരു നിയമം ഏർപ്പെടുത്തണമെന്നാണ്. ഈ ബിൽ ജന്മികളുടെ നന്മക്കു ഹാനികരമാണെന്നു എന്റെ സ്നേഹിതൻ മി. ദാമോദരനാശാൻ ഭയപ്പെടുന്നെങ്കിൽ സിലക്ട് കമ്മിററിയിൽ ജന്മികൾക്കും കുടിയാനവന്മാർക്കും ഹാനികരമല്ലാത്തവിധത്തിൽ ബില്ല എഴുതിയുണ്ടാക്കാം. കുടിയാനവനോടു കാണിക്കുന്ന അനീതിയായ പെരുമാററത്തിൽനിന്നും അവനെ രക്ഷിക്കണമെന്നു മാത്രമാണ് എന്റെ സ്നേഹിതന്റെ ആഗ്രഹം.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): സിലക്ട് കമ്മിററിക്ക ഈ ബില്ലിനെ പുതുക്കാമോ എന്നറിഞ്ഞാൽ കൊള്ളാം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും, വ്യവസായവും തെക്ക): സ്വീകരിച്ചു കഴിഞ്ഞിട്ടുള്ള പ്രമാണങ്ങളെ അടിസ്ഥാനമാക്കി ബിൽ വീണ്ടും എഴുതാം. ഈ ബില്ലിനു ഒരു രൂപം മാത്രമെ ഉണ്ടായിട്ടുള്ളു. വാചകരീതിയും മററും വ്യത്യാസപ്പെടുത്താം. അവതാരകന് കുടിയാനവന്റെ നന്മയെ കരുതുന്നതിനു ഒരു നിയമം ഏർപ്പെടുത്തണമെന്നുള്ളതാണ് പ്രമാണം.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): സിലക്ട് കമ്മിറ്റിക്ക മേൽപറഞ്ഞ ബില്ലിൽ ചില ഭേദഗതികൾ വരുത്താനേ പാടുള്ളു എന്നതു പ്രമാണമല്ലേ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): അതെ.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ബില്ലിന്റെ സ്വഭാവം മാററാൻപാടില്ലെന്നും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കമ്മിററിക്കോ ഈ സഭക്കുതന്നെയോ വീണ്ടും ഒരു സിലക്ട് കമ്മിററിയെ ഈ ബിൽ ഏല്പിക്കുന്നതിനധികാരമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): ഒരു തീർച്ചയുണ്ടാക്കുന്നതിനു സാക്ഷികളെ വിളിക്കുന്നതിനും കൂടിയാലോചന നടത്തുന്നതിനുംമററും സിലക്ട് കമ്മിററിക്ക് അധികാരമുണ്ട്.

സർ, എന്റെ സ്നേഹിതൻ ആഗ്രഹിക്കുന്നതു ഒരു നിയമം ഏർപ്പെടുത്തണമെന്നു മാത്രമാണ്. ആ മാതിരി ഒരു നിയമം ഒരു കക്ഷിക്കും ഹാനികരമായിരിക്കുമെന്നു തോന്നുന്നില്ല. അതിനാൽ അവതാരകന്റെ ഉദ്ദേശത്തെ ഞാൻ പിൻതാങ്ങുന്നു.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്ക): എനിക്ക് മി. കൃഷ്ണന്റെ അഭിപ്രായത്തെ എതിർക്കാതിരിക്കാൻ യാതൊരു നിവൃത്തിയുമില്ല. പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡന്റും അവർകളും മററു മാന്യസ്നേഹിതന്മാരും ഇതിനെ സംബന്ധിച്ചു വേണ്ടിയതിലധികം വിമർശനം ചെയ്തുകഴിഞ്ഞിരിക്കുന്ന ഒരു അവ

സരമാണിത്. തിരുവിതാംകൂറിലെ ജനസംഖ്യയിൽ ഭൂരിപക്ഷം ആളുകളും പാവപ്പെട്ടവരും സാധാരണയായി വലിയ ഭൂസ്വത്തുടമസ്ഥന്മാരായ ഗൃഹസ്ഥന്മാരുടെ പുരയിടങ്ങളിൽ താമസിച്ച് കൃഷിചെയ്തു കാലക്ഷേപം ചെയ്തുവരുന്നവരുമാണ്. ഇവരിൽ ചിലർ ഉടമസ്ഥനിൽനിന്നും പാട്ടച്ചീട്ട് എഴുതിമേടിച്ചു അനുഭവിക്കുന്നവരും ഉടമസ്ഥന്റെ വാക്കനുസരിച്ച് വിശ്വാസത്തിന്മേൽ വസ്തു അനുഭവിക്കുന്നവരും ഉണ്ട്. ചിലപ്പോൾ ചെറ്റപ്പുര കെട്ടി വസ്തുക്കളിൽ താമസിക്കുന്നതിനുമാത്രം അനുവാദം കൊടുത്തിട്ടുള്ളവരെ വസ്തുക്കളിൽനിന്നും പാട്ടച്ചീട്ട് കൂടാതെ വിശ്വാസത്തിൽ ഇറക്കി വിടുന്നതിനു പ്രയാസമുണ്ടാകുകയും അടുത്തകാലത്തു തന്നെ ഇതുനിമിത്തം കൊലപാതകം തന്നെ നടക്കുകയും ചെയ്തതായും അതിനെപ്പറ്റി കോടതിയിൽ കേസുവിസ്താരം നടന്നുവരുന്നതായും എനിക്ക് അറിയാം.

അതുകൊണ്ട് ഇങ്ങനെ ഒരു ബിൽ ഈ സഭയിൽ പാസ്സായി ഗവണ്മെന്റുംകൂടി സ്വീകരിക്കുന്നതിനിട വരുന്നു എങ്കിൽ തീർച്ചയായും തിരുവിതാംകൂറിൽ വലിയ കലാപത്തിനിടവരുന്നതാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം) : ആവശ്യപ്പെട്ടഭേദഗതികളോടുകൂടി പാസാക്കുകയാണെങ്കിൽ അപ്രകാരം വരുന്നതിനിടയാകുകയില്ലല്ലോ.

മി. വി. കെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക) : അതിൽ ഒരു ഭേദഗതിതന്നെ ആവശ്യമില്ല. പാട്ടച്ചീട്ടനുസരിച്ച് വസ്തു കൈവശംകിട്ടിയാൽ ദേഹണ്ഡിച്ചാലും ഇല്ലെങ്കിലും കരാറനുസരിച്ച് വസ്തു ഒഴിഞ്ഞുകൊടുക്കണം. ദേഹണ്ഡം ചെയ്യുകയാണെങ്കിൽ അതിലേക്ക പ്രതിഫലം കിട്ടും. ഇപ്പോൾ തിരുവിതാംകൂറിൽ ഇതിനെ സംബന്ധിച്ച് നടപ്പിലിരിക്കുന്ന വ്യവസ്ഥയനുസരിച്ച് ശരിയായി നടന്നുപോരുന്നതുകൊണ്ട് വേറെ ഒരു നിയമം ഉണ്ടാക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. അതിനാൽ ഇങ്ങനെ ഈ ബിൽ പാസ്സാക്കുന്നപക്ഷം വലിയ കലാപത്തിനിടവരും, പക്ഷേ അതുകൊണ്ട് വക്കീലന്മാർക്ക് കുറെ ജോലികിട്ടുമെന്ന് ഞാൻ സമ്മതിക്കുന്നു. അതുമാത്രമല്ല എന്റെ മാന്യസ്നേഹിതൻ മി. നീലകണ്ഠപ്പിള്ളയുടെ അഭിപ്രായപ്രകാരമാണെങ്കിൽ ഒരു ചായയുടെ ആവശ്യമേയില്ല. ഗവണ്മെന്റിന്റെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽനിന്ന് കണ്ടുകേൾക്കുകയും, പിന്നീട് അതിനെ ഈ രാജ്യത്തെ ജനങ്ങൾക്ക ഒരുപോലെ വീതിച്ചുകൊടുക്കുകയും (മി. കെ. പി. നീലകണ്ഠപ്പിള്ള - ഹിയർ; ഹിയർ) ചെയ്യണമെന്നുപറയുന്നതു കുറേക്കൂടി നന്നായിരിക്കും. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ മി. കുഞ്ഞൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെ എതിർത്തുകൊള്ളുന്നു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) : ഞാൻ ഈ ബില്ലിന്റെ പ്രമേയത്തെ പിൻതാങ്ങുന്നു. എന്നാൽ ഇപ്പോഴത്തെ അതിന്റെ രൂപത്തിൽ സ്വീകരിക്കാൻ പാടില്ലാത്തതിൽ ദുഃഖിക്കുന്നു. ഈ ബിൽ പ്രകൃത്യാ അപൂർണ്ണമാണ്. ചിലവ്യവസ്ഥകൾ ഇപ്പോഴത്തെ സ്ഥിതിയിൽ പരസ്പരവിരുദ്ധവും അപ്രായോഗികവുമാണ്. ഒരു പ്രത്യേകറഗുലേഷനാൽ വ്യവസ്ഥചെയ്തിട്ടുള്ള ജന്മികുടിയാന്മാരുടെ കാര്യവും ഈ ബില്ലിൽ ബാധിക്കും. ജന്മികുടിയാൻ റഗുലേഷനിലെ വ്യവസ്ഥകൾ ഒഴിക്കുന്നതിനോ ഭേദപ്പെടുത്തുന്നതിനോ ഇതിൽ ഒരു വ്യവസ്ഥയുമില്ല.

മി. മുളവേലിൽ പാച്ചുപിള്ള (ചേർത്തല) : എന്നെ അറിയിക്കുമോ ... ...

മി. ജി. പി. നീലകണ്ഠപിള്ള (കരുനാഗപ്പള്ളി) : എന്റെ വാചകം പൂർത്തിയാക്കട്ടെ. കുടിയാനവനു കൊടുക്കുന്ന പ്രതിഫലത്തെപ്പററിയുള്ള ജന്മികുടിയാൻ റഗുലേഷനിലെ വ്യവസ്ഥകൾ ഒഴിവാക്കുന്നതിനോ ഭേദപ്പെടുത്തുന്നതിനോ ഇതിൽ ഒരു വ്യവസ്ഥയുമില്ല. ഇക്കാര്യത്തിൽ ഈ ബിൽ അപൂർണ്ണമാണ്.

സർ, പല മെമ്പർമാരും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതുപോലെ ൨-ം ൨൦-ം വകുപ്പുകളിലെപ്പോലെയുള്ള വ്യവസ്ഥകൾ പരസ്പരവിരുദ്ധങ്ങളാണ്. ഈ ബിൽ പ്രായോഗികവുമല്ല. കൃഷിയിൽ സാധാരണചെയ്യുന്ന പ്രവൃത്തികൾക്ക, കൃഷിക്കുള്ള സാധാരണ ജോലിക്ക കുടിയാനവന് പ്രതിഫലം കൊടുക്കുന്നതിന് ഈ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നതായി കാണുന്നു. ४-ാംവകുപ്പ് (എച്ച്) ഉപവകുപ്പിൽ ഫലവൃക്ഷങ്ങളും മരവൃക്ഷങ്ങളും രക്ഷിക്കുന്നതിനും സൂക്ഷിക്കുന്നതിനും കുടിയാനവന് പ്രതിഫലം കൊടുക്കേണ്ടതാണെന്ന് വ്യവസ്ഥചെയ്തിരിക്കുന്നു. വസ്തുവിലുള്ള വൃക്ഷങ്ങൾ സൂക്ഷിക്കുകയും രക്ഷിക്കുകയും ചെയ്യുന്നത് കുടിയാനവന്റെ കാര്യവും, അവന്റെ ചുമതലയുമാണ്.

വീണ്ടും, ൧൬-ാംവകുപ്പിൽ കുടിയാനവൻ രക്ഷിക്കുകയോ സൂക്ഷിക്കുകയോ ചെയ്തിട്ടില്ലാത്ത വളരുന്ന വൃക്ഷങ്ങൾക്കും മരവൃക്ഷങ്ങൾക്കും ഒരു പ്രത്യേക നിരക്കിൽ പ്രതിഫലം, കണക്കാക്കേണ്ടതാണെന്ന് വ്യവസ്ഥചെയ്തിരിക്കുന്നു. ഞാൻ പറയുന്നത്, അതു എത്രയും അക്രമമാണെന്നാണ്. എന്തുകൊണ്ടെന്നാൽ താൻ ചെയ്യേണ്ട ചുമതലയും, തന്റെ സ്വന്തകാര്യലാഭത്തിന് ചെയ്യുന്ന പ്രവൃത്തിക്ക കുടിയാനവന് പ്രതിഫലം കൊടുക്കുന്നുകൂടാ.

വലിയ വാദങ്ങൾക്കിടയായ ൨൯-ാംവകുപ്പിനെ സംബന്ധിച്ചിടത്തോളം, കക്ഷികൾ ഉൾപ്പെടുന്ന നിയമാനുസരണമുള്ള ഉടമ്പടികളിൽ കോടതികൾ ഇടപെടുന്നത് അനീതിയാണ്. സർ, ഇത് അഭിമാനകരമല്ല. ......

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : സ്പഷ്ടമായ അനീതിയോ, കളവോ, ചതിവോ ഉണ്ടെങ്കിൽ ആർക്കും ഒരു നീതിന്യായക്കോടതി നീക്കുന്നതിൽ എന്റെ സ്നേഹിതൻ എതിർക്കുന്നതെന്തിനാണ്?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) : തിരുവിതാംകൂറിലെ കുടിയാനവന്മാർ നിരക്ഷരകുക്ഷികളും, എളുപ്പത്തിൽ അവരെ കബളിപ്പിക്കാവുന്നതും ആകുന്നു. ഇങ്ങനെ പറയുന്നതു അവർക്ക അഭിമാനകരമല്ല. നേരെമറിച്ച് തിരുവിതാംകൂറിലെ സാധാരണവിദ്യാഭ്യാസം ഒരു ഉയർന്ന നിലയിൽ എത്തിയിട്ടുണ്ടെന്നു വിദ്യാഭ്യാസഡയറക്ടറിൽനിന്നും അറിയുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ജന്മികളും അതിൽ ഉൾപ്പെട്ടിട്ടില്ലേ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) : ഉണ്ട്. കൂടാതെ, പാട്ടങ്ങളിലും, ഈ ഇടപാടുകളിലും ജന്മികളുമായി ഇടപെടുന്നവർ, ബുദ്ധിയുള്ളവരാണെന്നും ജന്മികൾ അവരെ കബളിപ്പിക്കുന്നതാണെന്ന് ഒരിക്കലും പറയാൻപാടില്ലെന്നും ജനങ്ങളുമായി ഇടപെടുന്ന വക്കീലന്മാരായ നമുക്കറിയാം. ചിലവ്യത്യസ്തങ്ങൾ കണ്ടേക്കുന്നതു സഹജമാണ്, എന്നാൽ ഒരു പൊതുനിയമമോ ചട്ടമോ ആ മാതിരിവ്യത്യസ്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി ഉണ്ടാക്കാൻപാടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഒരു വ്യക്തമായ നിയമം ഉണ്ടായിരിക്കുകയാണോ ഇല്ലാതിരിക്കുകയാണോ, കൂടുതൽ വ്യവഹാരങ്ങൾക്കിടയാക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) : ആ ചോദ്യത്തിന് ഒരു ബന്ധവുമില്ലാത്തതിനാൽ അതിനു മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. മാത്യു മുരിക്കൻ (വൈക്കം) : നിയമം അപകടകരമാണെങ്കിൽ അതിനു ആവശ്യമില്ലന്നാണോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) : ഈ മാതിരി നിയമത്തിന് ആവശ്യമില്ലെന്നു ഞാൻ പറയുന്നില്ല. ജന്മിയും കുടിയാനവനുമായുള്ള ബന്ധം ശരിപ്പെടുന്നതു അത്യാവശ്യമാണ്. കുടിയാനവന്മാർക്കു പ്രതിഫലം കൊടുക്കുന്നതിനു ജന്മികുടിയാൻ റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജന്മികളും കുടിയാനവന്മാരുമായുള്ള ബന്ധത്തെ ശരിപ്പെടുത്തുന്നതിന് ഒരു ബിൽ ആവശ്യമില്ലെന്ന എന്റെ സ്നേഹിതന്മാർ പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല. എന്നാൽ ഈ സ്ഥിതിയിൽ ഈ ബിൽ പിൻതാങ്ങാൻ പാടില്ല. അതു ഉടച്ചു വാർക്കേണ്ടിയിരിക്കുന്നു. (റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ, ഹീയർ, ഹീയർ) മുഴുവൻ രൂപവ്യത്യാസപ്പെടുത്തേണ്ടിയിരിക്കുന്നു. പാടെ വ്യത്യാസമുള്ള ഒരു രൂപത്തിൽ വരത്തക്കവണ്ണം ബിൽ ഭേദഗതി ചെയ്യാമെങ്കിൽ.

റാവുബഹദൂർ, കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡപ്യൂട്ടി പ്രസിഡൻറ്) : ഒരു പുതിയ ബിൽ തന്നെ എന്റെ ബഹുമാന്യസ്നേഹിതൻ നിർദ്ദേശിക്കുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) അതെ ഒരു പുതിയ ബിൽ.

മി. പി. എസ് മഹമ്മദ് (നിയമിതമെമ്പർ): കുടിയാനവന്മാർക്കു ഭേദഗതി കിട്ടാതെ വിഷമിക്കുന്നതെന്നറിയാമോ?

റാവുബഹദൂർ. കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടി പ്രസിഡൻറ) : അപ്പോൾ ഈ ബിൽ തള്ളിക്കളയാം?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) : ഈ മാതിരി പ്രതിഫലത്തെപ്പറ്റി കോടതികളിൽ പല തർക്കങ്ങളും ഉണ്ടെന്നു ഒരു വക്കീലിന്റെ നിലയിൽ ഞാൻ പറയേണ്ടിയിരിക്കുന്നു. മി. പി. എസ്. മുഹമ്മദിന് അതു അറിയാൻ പാടില്ലെങ്കിൽ അതിൽ ഞാൻ ഖേദിക്കുന്നു.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ) : സകല വിധത്തിലും കുടിയാനവന്മാർക്കു ഉപദ്രവം ഉണ്ടാകത്തക്ക നിലയിൽ അനുഭവം ഉണ്ടായിട്ടുണ്ടെന്നു് അറിയാമോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) : എനിക്കു അങ്ങനെ തോന്നുന്നില്ല. നിയമമായിട്ടും നീതിന്യായക്കോടതികളുടെ വിധികളിൽ എനിക്കു വലിയ വിശ്വാസമുണ്ടു. നീതിന്യായക്കോടതികൾ നീതി നടത്തുന്നു എന്നു എനിക്കു തോന്നുന്നു. നീതിന്യായക്കോടതികളിലെ വിധികൾക്കെതിരായി എനിക്കൊന്നും പറവാനില്ല.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): പിന്നെ ഇതിന്റെ തത്വത്തെ സമ്മതിക്കുന്നു എന്നു പറയുന്നതിന്റെ ആവശ്യമെന്താണു?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) ജന്മികളും കുടിയാനവന്മാരുമായുള്ള ഉടമ്പടികൾ ആദരിക്കണമെന്നും, ഈ വകുപ്പ് ബില്ലിൽനിന്നും എടുത്തുകളയണമെന്നു ഞാൻ പറഞ്ഞിട്ടുണ്ടു. ൯-ാംവകുപ്പ് ആദരണീയമാണ് അതിലെ പ്രമാണം ന്യായവുമാണ്.

ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ബില്ലിന്റെ പ്രമാണത്തെ പിൻതാങ്ങുന്നു. എന്നാൽ ഈ ബില്ലിന്റെ ഇപ്പോഴത്തെ രൂപത്തിൽ അതിനെ എതിർക്കുന്നു. അവതാരകന്റെ ഉദ്ദേശങ്ങളോടു എനിക്കു പൂർണ്ണയോജിപ്പുണ്ടെങ്കിലും അദ്ദേഹത്തോടു യോജിച്ചു സഭയിൽ ഈ ബിൽ പിൻതാങ്ങാൻ പാടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം) സർ, ബില്ലിന്റെ പ്രമാണങ്ങളെപ്പററി ഒരു വ്യക്തമായ അറിവു തരുന്നതിന് ബിൽ പിൻതാങ്ങിയവർക്കാർക്കും സാധിച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബില്ലിന്റെ ഉദ്ദേശങ്ങളും പ്രമാണങ്ങളും അവതാരകന്റെ പ്രസംഗത്തിൽനിന്നും അനുമാനിക്കണമെന്നാണോ വച്ചിരിക്കുന്നതു എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽ കൊള്ളാം?

മി. എ. താണുപിള്ള (തിരുവനന്തപുരം): ദേഹണ്ഡവിലയെപ്പററിയുള്ള നിയമം ക്രമപ്പെടുത്തുന്നതു ആവശ്യമായിരിക്കുമെന്നാണ് അവതാരകനും പിൻതാങ്ങിയിട്ടുള്ളവരും പറവാൻ സാധിച്ചിട്ടുള്ളതു്. അതൊഴിച്ചു ഈ ബില്ലിൽ ഒരു പ്രമാണവും കാണുന്നതിനു എനിക്കു സാധിച്ചിട്ടില്ല. മററൊരു സംഗതിയും പ്രത്യക്ഷമായിട്ടോ സൂക്ഷ്മമായിട്ടോ വ്യക്തമായിട്ടോ സഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളതായി ഞാൻ കാണുന്നില്ല.

സർ, ഇതിനെപ്പററിയുള്ള നിയമം ക്രമപ്പെടുത്തുന്നതു ആവശ്യമായതുകൊണ്ടുമാത്രം ഈ ബിൽ ഒരു സിലക്ട് കമ്മററിയെ ഏൽപ്പിക്കുന്നതിനനുവദിക്കണമെന്നു ഞാൻ സഭയോടു ആവശ്യപ്പെടുകയാണെങ്കിൽ അതു കുറെ കടന്നുപോകുമെന്നു എനിക്കു തോന്നുന്നു. ബില്ലിന്റെ ഏററവും പ്രധാനമായ ഭാഗങ്ങളെപ്പററി എന്താണ് പറയാനുള്ളതു എന്ന് ചില പ്രത്യേക ചോദ്യങ്ങൾ അവരോടു ചോദിച്ചു. അതെല്ലാം ഭേദപ്പെടുത്താമെന്നും എന്തു വേണമെങ്കിൽ ചെയ്യാമെന്നും ബിൽ സിലക്ട് കമ്മിററിയിൽനിന്നും ഏതു രൂപത്തിലും വെളിക്കുവരുന്നതാണെന്നും അവർ പറയുന്നു. സിലക്ട് കമ്മററിയുടെ ജോലിയെപ്പററിയും ഈ ഘട്ടത്തിൽ ഈ ബില്ലിനെ സംബന്ധിച്ചുള്ള സഭയുടെ ചുമതലയെപ്പററിയും ഉള്ള തെററായ ധാരണയാണ് അതു എന്ന് എനിക്കു തോന്നുന്നു, ഹീയർ ഹീയർ.

സർ, എന്റെ നോട്ടത്തിൽ ൯-ാം വകുപ്പ് കക്ഷികളുടെ മുഖ്യമായ അവകാശങ്ങളെപ്പററിയുള്ള മുഴുവൻ കാര്യത്തിന്റെയും പ്രധാനഭാഗത്തെപ്പററി വ്യവസ്ഥചെയ്യുന്നു. ഉൾജ്ജിതത്തിലിരിക്കുന്ന നിയമപ്രകാരം വസ്തുവിന്റെ ദേഹണ്ഡത്തെ പാട്ടത്തിന്റെ മൂലധനം എട്ടു ശതമാനം വച്ചു കണക്കാക്കുന്നു. കണക്കാക്കുന്നതിന്റെ അടിസ്ഥാനമതാണ്, മററകക്ഷി വസ്തുഉടമസ്ഥനാണെന്നു വിചാരിച്ചു കുറെ കുറവുകൾ ചെയ്തു ബാക്കി ദേഹണ്ഡക്കാരനു കൊടുക്കുന്നു. ഏതായാലും മൂല്യതത്വം എട്ടു ശതമാനം പലിശവച്ചു ദേഹണ്ഡമൂല്യമുള്ള ഒരാണ്ടത്തെ പാ

ട്ടത്തിന്റെ മൂലധനം കണക്കാക്കുകയാണ്. ഇതിനുപകരം കൊടുക്കേണമെന്നുപറയുന്നതെന്താണ്? ഈ വകുപ്പുകളിൽ കൊടുത്തിരിക്കുന്നതെന്താണെന്ന് അവതാരകനോടുതന്നെ ചോദിച്ചു. അദ്ദേഹം അർത്ഥമാക്കിയിരിക്കുന്നതെന്താണെന്നു സഭയെ മനസ്സിലാക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല, ഇതാണ് കാര്യത്തിന്റെ സ്ഥിതി. വർഷംതോറുമുള്ള പാട്ടത്തിന്റെ വർദ്ധനവു കണ്ടു എത്രവർഷങ്ങൾക്കു അതു നിൽക്കുമെന്നു കണ്ടു അത്രയുംവർഷത്തേക്കുള്ള വർഷാന്തരദ്രവ്യമായി അതു കണക്കാക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഒരു ഉദാഹരണം പറയുന്നതായാൽ, ഒരു തെങ്ങുംപുരയിടത്തിന്റെ കാര്യം എടുക്കുന്നുഎന്നു വിചാരിക്കുക. കുടിയാനവൻ കൂട്ടത്തിൽ തെങ്ങുകൾ നട്ടു. ഒഴിപ്പിക്കുന്നസമയത്തു ഈ തെങ്ങുകൾ ഫലം കായ്ക്കുന്നു. അവൻ നട്ടതുകൊണ്ടു മുമ്പുണ്ടായിരുന്ന ആദായത്തെക്കാൾ ൧൦൦ രൂപാ കൂടുതൽ ആദായം വർഷംതോറും വസ്തുവിൽനിന്നു കിട്ടുന്നുഎന്നു വിചാരിക്കുക. അതാണ് ഒരുവർഷത്തെ പാട്ടവർദ്ധന. പിന്നീടു ഈ വർദ്ധന എത്രവർഷത്തേക്കു നിൽക്കുമെന്നു നോക്കണം. അതു ൫൦ വർഷത്തേക്കു ആണെന്നുവിചാരിക്കുക. അപ്പോൾ ൫൦ വർഷത്തേക്കു ൧൦൦ രൂപാവീതം കൂടുതൽ പാട്ടംകിട്ടും. ഇതു ൫൦ വർഷത്തേക്കുള്ള ഒരു വർഷാന്തരദ്രവ്യമായി ഗണിച്ച് അതിന്റെ ഇപ്പോഴത്തെ വില കണക്കാക്കുക. ൫ ശതമാനം പലിശവച്ചു ഇപ്പോഴത്തെ വില കണക്കാക്കുക. ഇങ്ങിനെ കണക്കാക്കിയാൽ ഇപ്പോൾ കണക്കാക്കിവരുന്നതിനേക്കാൾ ആദായകരമായിരിക്കുമെന്നു സഭയെ വിശ്വസിപ്പിക്കുന്നതിനാണ് മി കൃഷ്ണൻ ആഗ്രഹിക്കുന്നതു.

പ്രസിഡന്റ: പലിശനിരക്കു വ്യത്യാസപ്പെടുത്തി ൫ ശതമാനമാക്കിയാൽ എന്താണ്?

മി. എ. താണുപിള്ള (തിരുവനന്തപുരം). ൫ ശതമാനം വച്ചു കോടതികൾ കണക്കാക്കുന്നില്ല. അപ്പോഴും വസ്തുഉടമസ്ഥനു അത്ര ഗുണകരമായിരിക്കുകയില്ല.

പ്രസിഡന്റ: ഒരു പ്രത്യേകകാലത്തേക്കുള്ള വർഷാന്തരദ്രവ്യത്തിനേക്കാൾ നിരന്തരവർഷാന്തരദ്രവ്യം എപ്പോഴും കൂടിയിരിക്കും.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഏതായാലും സംഗതി അത്ര വ്യക്തമല്ല. ഇപ്പോൾ [illegible] ശതമാനം പലിശഅനുസരിച്ചു കണക്കാക്കുന്നു. ഇപ്പോൾ അഭിപ്രായപ്പെട്ടിരിക്കുന്നതു ൫ ശതമാനം പലിശയാണ്. അതുകൊണ്ടാണ് സംഗതികളുടെ കിടപ്പിനെപ്പററി ശരിയായ അറിവുണ്ടാകുന്നതിനു മി കൃഷ്ണനോടു ആവശ്യപ്പെട്ടതു. പാട്ടവർദ്ധനവു എത്രകാലത്തേക്കു നിൽക്കുമെന്നു കണക്കാക്കുന്നതിനും വലിയപ്രയാസമുണ്ട്. ഏതായാലും ൯-ാംവകുപ്പിൽ ഇപ്പോൾ ചെയ്തിരിക്കുന്ന വ്യവസ്ഥകൊണ്ടു സംഗതികൾ ശരിപ്പെടുന്നില്ല. [illegible] ഇതുപോലെതന്നെ പ്രധാനമായ വേറെ വ്യവസ്ഥകളുമുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ പ്രത്യേകവകുപ്പു മുഴുവൻകൂടെ എടുത്തുനോക്കിയാൽ ജന്മിയുടെയാണോ കുടിയാനവന്റെയാണോ നന്മയെ വർദ്ധിപ്പിക്കുന്നതെന്ന് അറിഞ്ഞാൽ കൊള്ളാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ൯-ാം വകുപ്പു മുഴുവനായും എനിക്കു തോന്നുന്നതു അതു ജന്മിക്കു പ്രതികൂലമാണെന്നാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശരി,

മി. എ. താണുപിള്ള (തിരുവനന്തപുരം): ദീർഘമായിട്ടും [illegible] സ്വീകരിക്കാൻ പാടില്ല. മെമ്പറിന്റെ പ്രസംഗത്തിൽ [illegible] പറയാനില്ല.

മററു മെമ്പർമാർ ചൂണ്ടിക്കാണിച്ചുകഴിഞ്ഞിട്ടുള്ള ഗൗരവമേറിയ ആക്ഷേപാർഹങ്ങളായ വേറെവശങ്ങളുമുണ്ട്. ഉദാഹരണമായി ഉണ്ടാക്കിക്കഴിഞ്ഞിട്ടുള്ള ഉടമ്പടികളും അസാധുവാക്കണം. നടപ്പുകളും അംഗീകരിക്കാൻപാടില്ല. എന്നാൽ കഴിഞ്ഞകാലത്ത് അങ്ങനെയായിരിക്കുന്നോൾ അതു അംഗീകരിക്കണമെന്നു ആവശ്യപ്പെടുന്നു. പൂർവ്വകാലത്തിൽ നിയമമനുസരിച്ചുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ കുറവാണ്. വ്യവഹാരങ്ങളുടെ [illegible] ഈ ബിൽ ഇപ്പോഴത്തെ സ്ഥിതി നന്നാക്കുന്നതല്ല. അതു വ്യവഹാരം കുറയ്ക്കുന്നതല്ല.

മി. എൻ. രാമൻപിള്ള (കോട്ടയം): കരാറുകൾ ഒന്നും പാടില്ല എന്നുപറഞ്ഞാൽ വ്യവഹാരം വർദ്ധിക്കാനിടയുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം) അതു രണ്ടുപ്രകാരത്തിലുംവരാം. കരാർ ഒന്നും പാടില്ലെന്നോ; ഈ ബില്ലിലെ വ്യവസ്ഥ അനുസരിച്ചു നടന്നുകൊള്ളണം എന്നുപറഞ്ഞാൽ വ്യവഹാരം കുറഞ്ഞുഎന്നുവരാം.

നാം സ്വീകരിക്കണമെന്നുപറയുന്ന ഈ ബിൽ തീരെ ശരിയല്ലെന്നുമാത്രമാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചതു. ജന്മിയുടെയോ, കുടിയാനവന്റേയോ നില ഏതുവിധത്തിലാണ് നന്നാകുന്നതെന്ന് മെമ്പർ പറഞ്ഞിരുന്നെങ്കിൽ നമുക്കു അതു മനസ്സിലാകുകയും നാം അതു സ്വീകരിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോഴത്തെ അവസ്ഥയിൽ നാം എവിടെയാണെന്ന് അറിയാൻപാടില്ല.

മി. കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ഇരിക്കുന്നതിനുമുമ്പു ഒരു ചോദ്യം ചോദിക്കണമെന്ന് ആഗ്രഹിക്കുന്നു. ൯-ാംവകുപ്പു സംബന്ധിച്ചു ജന്മിയും കുടിയാനവനും തമ്മിൽ ഏതുപ്രകാരമാണ് വീതിക്കേണ്ടത്? ഏതു അനുപാതമാണ് മെമ്പർമാർക്കു സ്വീകാര്യമായിരിക്കുന്നതു.

മി. എ. താണുപിള്ള (തിരുവനന്തപുരം): എനിക്കു പറവാനുള്ളതു ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. പി. എസ്. മുഹമ്മദ് (നിയമിതമെമ്പർ): സർ, മി. കൃഷ്ണൻ......

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അദ്ദേഹം പ്രമേയം പിൻതാങ്ങിക്കഴിഞ്ഞു.

മി. [illegible] പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അദ്ദേഹം പ്രമേയത്തെ പിൻതാങ്ങിയതുമാത്രമേയുള്ളു. ബില്ലിന്റെ പ്രമാണത്തെപ്പററി സംസാരിച്ചിട്ടില്ല.

മി. പി. എസ്. മുഹമ്മദ് (നിയമിതമെമ്പർ): മി. കൃഷ്ണൻ അവതരിപ്പിച്ചബില്ലിനെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. ഇവിടെ സംസാരിച്ചിട്ടുള്ള ആളുകളുടെ പ്രസംഗത്തിൽനിന്നും ഭൂരിപക്ഷം ജനങ്ങളും വസ്തുഉടമസ്ഥന്മാരുടെ കീഴിലുള്ള കുടിയാനവന്മാരാണെന്നു തെളിഞ്ഞുകഴിഞ്ഞു.

മി. പി. എസ്. [illegible] (മാവേലിക്കര-കാർത്തികപ്പള്ളി): ആരുടെ പ്രസംഗത്തിൽനിന്നാണ് അതു തെളിഞ്ഞതു.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): മി. വി. ജെ. ഉമ്മൻ മുതലായിട്ടുള്ള പല മെമ്പർമാരുടെയും പ്രസംഗത്തിൽനിന്നും വെളിയുന്നുണ്ട്. ആ അഭിപ്രായത്തെ ഇതുവരെ ആരും എതിർത്തിട്ടില്ല. എന്നുമാത്രമല്ല എന്റെ സ്വന്ത അനുഭവത്തിലും ഈ രാജ്യത്തെ ദരിദ്രജനങ്ങളും കുടിയാനവന്മാരാണെന്നാണ് കണ്ടിരിക്കുന്നത്?

ആകയാലും അവർ ചെയ്തിട്ടുള്ള ദേഹണ്ഡത്തിന്റെ ശരിയായ ഒരാദായം, അല്ലെങ്കിൽ, മിതമായ ഒരാദായം ദേഹണ്ഡക്കാർക്ക് കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിമാത്രമാണ് മി. കൃഷ്ണൻ ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അവർ പരിശ്രമിച്ച് ചൊരിഞ്ഞിട്ടുള്ള വിയർപ്പുതുള്ളിയുടെ ഫലത്തിൽ ഒരുഭാഗം അവരും അനുഭവിക്കണമെന്നും അതുംകൂടി ഭൂമിയുടമസ്ഥന്മാർക്ക് പോകരുതെന്നുംഉള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ ഈ സഭ സഹാനുഭൂതിയോടുകൂടി സ്വീകരിക്കുമെന്നായിരുന്നു എന്റെ വിശ്വാസം.

മി. വി. ജെ. ഉമ്മന്റെ പ്രസംഗത്തിൽതന്നെ പല കൊലപാതകങ്ങളും ഇതുസംബന്ധിച്ച് നടന്നിട്ടുണ്ടെന്നുപറഞ്ഞു.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവുംവടക്ക): സർ, കൊലപാതകംഎന്നു ഞാൻ പറഞ്ഞില്ലാ.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അങ്ങിനെപറഞ്ഞുഎന്നാണ് എന്റെഓർമ്മ.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവുംവടക്ക): വളരെ കലാപം ഉണ്ടാകുമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ) എന്നാൽ കലാപം എന്നുതന്നെ എടുക്കാം. ഈ സാധുക്കൾ അഹോരാത്രം കഷ്ടപ്പെട്ടുണ്ടാക്കിയ ദേഹണ്ഡത്തിന്റെഫലം അനുഭവിക്കാൻ നിവൃത്തിയില്ലാത്തനിലയിൽ കേവലം മൃഗങ്ങളെപ്പോലെ ആട്ടിഓടിക്കുന്ന സന്ദർഭത്തിലാണ് കലാപം അധികം ഉണ്ടാകാൻ എളുപ്പമുള്ളത്. അതിനെസംബന്ധിച്ച് ഒരു നിയമം അത്യാവശ്യമാണ്. അതിലേക്ക ഇപ്പോൾ നിയമമില്ലെന്നു എല്ലാവരും സമ്മതിച്ചുകഴിഞ്ഞു. നിയമമായിട്ട ഇപ്പോൾ ഇരിക്കുന്ന കസ്റ്റം ഒരു തരത്തിലും കൺട്രാക്ട് മറെറാരുതരത്തിലുമാണ്. കൂടാതെ ഇതിനെസംബന്ധിച്ച് രണ്ടുതരത്തിലുണ്ടായിട്ടുള്ള ഹൈക്കോടതിവിധികളെയും അടിസ്ഥാനപ്പെടുത്താവുന്നതു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട); മെമ്പർ ലേബർയൂണിയന്റെ പ്രസിഡന്റാണോ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഞാൻ ലേബർയൂണിയന്റെ പ്രസിഡന്റാണ്. അതുപോലെ മററു പലസ്ഥലങ്ങളിലും ഞാൻ പ്രസിഡന്റും സിക്രട്ടറിയുമാണ്. ലേബർയൂണിയന്റെ പ്രസിഡന്റായിരിക്കുന്നതുകൊണ്ട് സാധുക്കളായ അനേകായിരം ജനങ്ങളുടെ കഷ്ടതകളെ നേരിട്ടുകണ്ട് അറിയുന്നതിനും കൂടി സന്ദർഭം എനിക്കുണ്ടായിട്ടുണ്ട്. അഹോരാത്രം ഫാക്ടറിയിൽപോയി വേലചെയ്തശേഷം...

പ്രസിഡന്റ്: അതിനെപ്പററി പറയേണ്ടാ.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അവർ താമസിക്കുന്ന പുരയിടത്തിൽ രാത്രി പത്തുമണിവരെ ദേഹണ്ഡം ചെയ്തശേഷം വീണ്ടും പിറേറദിവസം ഫാക്ടറിയിൽ ജോലിക്ക പോകുന്നു. ഇങ്ങനെ ഫാക്ടറിയിൽ വേലചെയ്തു രാത്രിയിൽ വീട്ടിൽവന്നു, ഈ സ്ഥിതിയിൽ കഷ്ടപ്പെട്ടുണ്ടാക്കുന്ന ദേഹണ്ഡത്തിൽനിന്നും അവർക്ക് വേണ്ടവിധം ആദായംകൊടുക്കാതെ, അവരെ വെളിയിൽ ഇറക്കിവിടുമ്പോൾ അവർക്കുണ്ടാകുന്ന മനോവികാരം ഏതുവിധത്തിലായിരിക്കുമെന്നു അല്പം ആലോചിച്ചുനോക്കിയാൽ അറിയാവുന്നതാണ്. അങ്ങിനെയുള്ള വികാരങ്ങൾ ഉണ്ടാകാതിരിക്കത്തക്കവണ്ണം ഒരു നിയമം പാസാക്കി അവരുടെ ആഹാരത്തിനു മതിയാകത്തക്കവണ്ണമുള്ള ഒരു ഓഹരി അവർക്ക കിട്ടുന്നതിനു സൗകര്യമുണ്ടാക്കിവയ്ക്കേണ്ടതു അത്യാവശ്യമാണ്.

വസ്തു ഉടമസ്ഥന്മാർക്ക് ഇവരെക്കൊണ്ടു കൃഷിചെയ്യിച്ചു മേടിക്കാൻ യാതൊരു പ്രയാസവുമില്ല. അധികവും കൃഷിചെയ്യിച്ചു വാങ്ങിയശേഷം പിന്നീട എഴുതിക്കൊള്ളാമെന്നു പറയുന്നവരാണ്. കുടിയാനവൻ ഇതിനെ സമ്മതിക്കുകയും ചെയ്യും. ഇപ്രകാരമാണ അധികവും നടക്കുന്നതു.

ഇതിനെ പരിഹരിക്കുന്നതിനു ഇപ്രകാരം ഒരു ലാ അത്യാവശ്യമാണ്.

ഇതിനെസംബന്ധിച്ചുള്ള കാൽക്കുലേഷനിൽ മി. കൃഷ്ണനു തെററിപ്പോയി എന്നു പറയുന്നു. എന്നാൽ മി. കൃഷ്ണനു ഏതെങ്കിലും രീതിയിലുള്ള ഒരു കാൽക്കുലേഷൻ വേണമെന്നേയുള്ളു. മി. കൃഷ്ണന്റെ മനഃസ്ഥിതിഅനുസരിച്ച് ഒരു കാൽക്കുലേഷൻ ഇവിടെ കൊണ്ടുവന്നു. അതു തെററിപ്പോയെങ്കിൽ അതിനെ ശരിപ്പെടുത്താൻ പ്രയാസമില്ലല്ലോ. അല്പ സ്വല്പം ന്യൂനത ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനു ഈ കൌൺസിലിനു ധാരാളം സൌകര്യമുണ്ടു. അതുകൂടാതെ ഈ ബിൽ ഒരിക്കലല്ല ഇനിയും ഈ കൌൺസിലിൽ വരേണ്ടതായിരിക്കുന്നു. ആ സമയങ്ങളിൽകൊണ്ടു ഇതിലെ ന്യൂനതകൾ പരിഹരിക്കപ്പെടാം. ആകയാൽകൊണ്ടു മി. കൃഷ്ണന്റെ ബില്ലിനെ ഞാൻ ബലമായി പിൻതാങ്ങുന്നു

മി. കെ. മാധവൻ (നിയമിത മെമ്പർ): സർ, മി. കൃഷ്ണൻ അവർകളുടെ അഭിപ്രായത്തെ ഞാനും പിൻതാങ്ങി പറയുന്നു. മി. കൃഷ്ണന്റെ അഭിപ്രായം ഈ സഭയിൽ കൊണ്ടുവന്നതിന്റെ ഉദ്ദേശം ഉടമസ്ഥന്മാർക്ക്, പാട്ടക്കാർക്കു പ്രയാസം വരരുതെന്നുള്ളതാണ്. ഇവർക്ക ദേഹണ്ഡം പോകാതിരിക്കണം ഇങ്ങിനെ രണ്ടു ഉദ്ദേശത്തോടുകൂടിയാണ് അദ്ദേഹം ഇതിനെ, ഈ ബില്ലിനെ ഇവിടെ കൊണ്ടുവന്നതു. മി. ഉമ്മൻ അവർകളുടെ അഭിപ്രായത്തിൽ താമസിക്കാൻമാത്രം ഇടംകൊടുത്താൽ ഇപ്രകാരമെല്ലാം വരും എന്നുപറഞ്ഞു. താമസിക്കാൻമാത്രം ഇടംകൊടുത്തവരായാൽ ഈ പറയപ്പെട്ടവർ പോകുകയില്ല. അവരോടു ഈ ഉടമസ്ഥനും പോകാൻ പറയരുത്. ഈ സാധുജനങ്ങൾ തങ്ങൾ പോകുന്ന സ്ഥലങ്ങളിൽ ൪൦൦-ഉം ൨൦൦-ഉം രൂപാകൊടുത്തു ദേഹണ്ഡംചെയ്തു ആ സ്ഥലങ്ങളെ നല്ലനിലയിൽ കൊണ്ടുവന്നിരിക്കുന്നു. അപ്രകാരം കൊണ്ടുവന്നവരെ ഒഴിപ്പിക്കുന്നതും സഹജമായിരിക്കുന്നു. ചില സ്ഥലങ്ങളിൽ ൪൦-ഉം ൨൦-ഉം പേർ പോയി താമസിച്ചു, നിലങ്ങൾ ഒരുക്കി, മരങ്ങൾ വച്ചുപിടിപ്പിച്ചു, അനുഭവിച്ചുവരുമ്പോൾ, അവർ പോകേണ്ടിയിരിക്കുന്നു. തങ്ങളുടെ പകുതിയിൽ താമസിച്ചുവന്ന സാധുജനങ്ങൾ തങ്ങൾ ദേഹണ്ഡംചെയ്ത സ്ഥലങ്ങളെ അവർ ഒഴിഞ്ഞുകൊടുക്കേണ്ടിയിരിക്കുന്നു. ചില സ്ഥലങ്ങൾ നല്ലതെന്നുകണ്ടു മററുള്ളവർ ഇവ തങ്ങൾ ൫൦ വർഷങ്ങൾക്ക മുമ്പു പതിച്ചിരിക്കുന്നു എന്നുപറഞ്ഞു ഒരു കള്ള റിക്കാർട്ടു തയ്യാറാക്കി കേസു കൊടുത്തു ഈ സാധുക്കളെ ഒഴിപ്പിക്ക

ന്നു. സംസ്ഥാനം ഒട്ടുക്കും ഈ സാധുക്കൾ ഈ മാതിരി കഷ്ടങ്ങൾ അനുഭവിക്കുന്നു. തങ്ങളുടെ സ്ഥലങ്ങളിൽ മരം പിടിപ്പിച്ചു മെഹണ്ഡംചെയ്തു ഭൂമിയെ നല്ലനിലയിൽ കൊണ്ടുവന്നു ജീവിച്ചിരിക്കുന്ന ജനങ്ങൾക്കു ആ സ്ഥലങ്ങളെ പതിച്ചുകൊടുക്കണം. മെഹണ്ഡംചെയ്ത നിലങ്ങളെ പാവങ്ങൾക്കുതന്നെ പതിച്ചുകൊടുക്കണം.

സാധുജനങ്ങൾ ഉടമസ്ഥരുടെ സ്ഥലങ്ങളിൽ താമസിച്ചു മരങ്ങൾ നട്ടു, അവയ്ക്കു ഫലം ഉണ്ടാകുന്നതുവരെ ഇവർ പേർകണ്ടിരിക്കുന്നു. ഇവർ നിലങ്ങളെ നല്ലനിലയിൽ കൊണ്ടുവന്നതുമാത്രം മൂന്നം. അവർക്കു ഒരു ഫലവുമില്ല. അതിനാൽ ഈ കാര്യത്തെ ഈ സഭയിൽ പ്രതിവാദിക്കേണ്ടതു ആവശ്യമാണ്. സന്തതിയുള്ളവർ ഈ സാധുജനങ്ങൾക്കു ഒന്നും കൊടുക്കാതെ അവരെ ഒഴിപ്പിക്കുന്നു എന്നു നല്ലതുപോലെ അറിയാം. സംസ്ഥാനം ഒട്ടുക്കുള്ള സ്ഥലങ്ങളെ നല്ലനിലയിൽ കൊണ്ടുവന്നതു ഈ സാധുക്കളാണ്. അതിനാൽ നല്ലനിലയിലിരിക്കുന്നവർ ഇവർക്കു പത്തോ ഇരുപതോ സെൻറ ഭൂമി ഇവരുടെ കഷ്ടപ്പാടു ഓർത്തു കൊടുക്കണം. പത്തിരുപതു വർഷങ്ങളായിട്ടു ഓരോ സ്ഥലങ്ങളിൽ വസിക്കുന്നവർ അവരുടെ സ്ഥലങ്ങളെ വിട്ടുപോകേണ്ടിയിരിക്കുന്നു. അപ്രകാരം പോകുവാൻ പറയുന്നതു വലിയ കഷ്ടമാണ്. ഇവർ, ആശ്രയമില്ലാത്തവർ, ആധാരമില്ലാത്തവർ, പണമില്ലാത്തവർ, സഹായമില്ലാത്തവർ. ആകയാൽ അവർക്കു സഹായം ചെയ്യണമെന്നും മി. കൃഷ്ണൻ കൊണ്ടുവന്ന ബിൽ പാസാക്കണമെന്നും അപേക്ഷിക്കുന്നു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടി പ്രസിഡൻറ): സാധുജനങ്ങൾക്കു അനുഭവം തരുന്ന മരങ്ങൾക്കു മുക്കാൽ വിലയും, മറ്റേതുകൾക്കു മുഴുവനും കൊടുക്കപ്പെടുന്നു. മുഴുവൻ വിലയും കൊടുത്താൽ പോരയോ എന്നു ചോദിക്കുന്നു?

മി. കെ. മാധവൻ (നിയമിത മെമ്പർ): അവർക്കു കൊടുക്കേണ്ടതു അങ്ങനെയാണ്.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിത മെമ്പർ, ഡെപ്യൂട്ടി പ്രസിഡൻറ): പൂർണ്ണവിലയും?

മി. കെ. മാധവൻ (നിയമിത മെമ്പർ): സാദ്ധ്യമോ?

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിത മെമ്പർ, ഡെപ്യൂട്ടി പ്രസിഡൻറ്): അങ്ങനെയായാൽ സാധിക്കുമോ എന്നു ചോദിക്കുകയായിരുന്നു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): സർ, മി. കൃഷ്ണൻെറ ബില്ലിനെ ഞാൻ എതിർക്കുന്നു എന്നു പറയേണ്ടിവന്നതിൽ വലിയ മനസ്താപമുണ്ട്. വസ്തു അനുഭവക്കാരായ സാധുജനങ്ങളുടെ പേരിലുള്ള ഇഷ്ടക്കുറവുകൊണ്ടോ അല്ലെങ്കിൽ അവരോടുള്ള അനുഭാവത്തിൻെറ കുറവുകൊണ്ടോ അല്ല ഞാൻ ഇതിനെ എതിർക്കുന്നതു്. നേരെമറിച്ചു അവരോടുള്ള അനുകമ്പയുടെ കൂടുതൽകൊണ്ടാണു ഇതിനെപ്പററി അല്പം പറയാമെന്നു ഞാൻ ആഗ്രഹിക്കുന്നതു്.

വസ്തു അനുഭവക്കാർ രണ്ടു മൂന്നു തരമുണ്ട്. ഓറിയായി അനുഭവിക്കുന്നവർ, പാട്ടമായി അനുഭവിക്കുന്നവർ, ഉടമസ്ഥൻെറ അറിവോടും സമ്മതത്തോടും കൂടി കരാർ ഒന്നും ചെയ്യാതെ വസ്തു അനുഭവിക്കുന്നവർ, ഉടമസ്ഥൻെറ അറിവും സമ്മതവും കൂടാതെ വസ്തുവിൽ കയറിത്താമസിച്ചു മെഹണ്ഡിക്കുന്ന വസ്തു അനുഭവക്കാർ ഇങ്ങനെ മൂന്നു നാലു തരം അനുഭവക്കാരുണ്ട്. ഇവരിൽ രേഖാമൂലമുള്ള വസ്തു അനുഭവക്കാർക്കു, അവരുടെ പാട്ടച്ചീട്ടിലോ, ഓറി ആധാരത്തിലോ വേണ്ട കരാറുകൾ ചെയ്തിരിക്കും. അതുകൊണ്ടു അതിനു വലിയ തർക്കം വരാൻ ഇടയില്ല. ഉടമസ്ഥന്മാരുടെ അറിവോടും സമ്മതത്തോടും കൂടി താമസിക്കുന്നവരും, രേഖ ഒന്നുമില്ലാത്തവരുമായ വസ്തു അനുഭവക്കാർക്കും ഉടമസ്ഥന്മാരുടെ അറിവും സമ്മതവും കൂടാതെ കയറി താമസിക്കുന്ന വസ്തു അനുഭവക്കാർക്കും ആണു തർക്കം ഉണ്ടാകുന്നതു്. ഉടമസ്ഥന്മാരുടെ സമ്മതത്തോടുകൂടി താമസിക്കുന്ന വസ്തു കൈവശക്കാരിൽ മിക്കവരും ഉടമസ്ഥന്മാരുടെ കൈവശത്തിൽനിന്നുതന്നെ വച്ചുണ്ടാക്കുന്ന ആവശ്യത്തിനുള്ള ധനവും മററു സാധനങ്ങളും ഉടമസ്ഥരോടു നേരിട്ടു വാങ്ങിക്കുകയും, അവർ ചെയ്യുന്ന ജോലിക്കുള്ള പ്രതിഫലം അന്നന്നുതന്നെ വാങ്ങിയുമാണ് കഴിഞ്ഞുപോരുന്നതു്. ഉടമസ്ഥന്മാരുടെ അറിവും സമ്മതവും കൂടാതെ കയറിത്താമസിക്കുന്ന വസ്തു അനുഭവക്കാർ എപ്പോഴെങ്കിലും ഈ വിവരം അറിവുകിട്ടി ഉടമസ്ഥൻ വരുമ്പോൾ "ഞാൻ വേണ്ടപോലെ ഈ വസ്തുവിനെ നന്നാക്കി, ഫലപുഷ്ടിയുള്ളതാക്കി ഈ തന്നെ അവസരത്തിൽ യജമാനൻെറ അറിവില്ലെങ്കിൽ അവിടത്തെ ഇഷ്ടംപോലെയുള്ള മെഹണ്ഡം മാത്രം തന്നാൽ മതി. അപ്പോൾതന്നെ ഒഴിഞ്ഞുമാറുന്നതിനും യാതൊരു വിരോധവുമില്ല," എന്നിവിധത്തിലുള്ള നല്ലവാക്കു പറഞ്ഞും, അവരുടെ നയംകൊണ്ടും വസ്തു ഉടമസ്ഥന്മാരെ സമാധാനപ്പെടുത്തി അയക്കാറുണ്ട്. ഒടുവിൽ ഈ വസ്തു ഒഴിപ്പിക്കണമെന്നു വിചാരിച്ചു ഉടമസ്ഥൻ പുറപ്പെടുന്ന അവസരത്തിൽ പലപ്രകാരത്തിലുള്ള ഉപദ്രവവും നഷ്ടങ്ങളും ഈ വസ്തു ഉടമസ്ഥനും കൈവശക്കാർക്കും തമ്മിൽ ഉണ്ടാകുന്നുണ്ട്.

വസ്തു ഉടമസ്ഥൻെറ കൈവശത്തോടുകൂടിയും അയാൾ അന്നന്നു കൊടുക്കുന്ന പ്രതിഫലവും മെഹണ്ഡിക്കുന്നതിനുവേണ്ട സ്ഥലസൌകര്യങ്ങളും അയാളിൽനിന്നും സ്വീകരിച്ചുംകൊണ്ടിരിക്കുന്ന മെഹണ്ഡക്കാരോടു വസ്തുവിൽനിന്നും ഒഴിഞ്ഞുപോകണമെന്നു ഉടമസ്ഥൻ ആവശ്യപ്പെടുമ്പോൾ അവർ ചില സമ്പ്രദായങ്ങൾ പറഞ്ഞു ഉടമസ്ഥനെ മടക്കി അയക്കുക അല്ലാതെ വസ്തു കൊടുത്തു വരുന്നില്ലെന്നുള്ളതു എനിക്കു നല്ലവണ്ണം അറിയാവുന്നതാണ്. ഓരോ ഏതെങ്കിലും തരത്തിൽ ഒരു വസ്തു കൈവശപ്പെടുത്തിപ്പോയാൽ പിന്നെ ഒന്നാംതരം മെഹണ്ഡവും വാങ്ങിക്കൊണ്ടുപോയാൽ മതി എന്നുള്ള വിചാരമാണ് അവർക്കുള്ളതു. മെഹണ്ഡം മുഴുവൻ നശിപ്പിക്കണമെന്നുള്ള വിചാരമില്ലെങ്കിലും ഈ നിയമം മൂലം അവർക്കു ഒരു വലിയ ബലമാണ് സിദ്ധിക്കുന്നതു്. വസ്തു ഒഴിപ്പിക്കാൻ ഒരിക്കലും ജന്മിക്കു സാധിക്കയില്ല.

പണ്ഡിതനായ ഡെപ്യൂട്ടി പ്രസിഡൻറ അവർകൾ അഭിപ്രായപ്പെട്ടതുപോലെ ഇപ്പോൾ മെഹണ്ഡത്തിനുള്ള വററ്റ്‌നിശ്ചയിക്കുന്നതിനു ഒരു നിയമം നമുക്കുണ്ട്. മുക്കർ എന്നും മടക്കർ എന്നും കോടതിയിലെ വിധികൾകൊണ്ടു സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. പിന്നെ വിശേഷാൽ കൊണ്ടുവന്ന ഇപ്പോഴത്തെ ബില്ലുകൊണ്ടു വസ്തു ഉടമസ്ഥന്മാർക്കും വസ്തു കൈവശക്കാർക്കും പ്രയോജനമില്ലെന്നുമാത്രമല്ല പലപ്രകാരത്തിലുള്ള ഉപദ്രവവും കൂടി നേരിടുമെന്നാണ് എൻെറ അഭിപ്രായം. ഈ വിധത്തിൽ നിഷ്പ്രയോജനവും ഉപദ്രവകരവുമായിരിക്കുന്ന ഒരു ബില്ലിനു വേണ്ടി സമയവും പണവും മററുപ്രകാരത്തിലുള്ള പല സൌകര്യവും ദുരുപയോഗപ്പെടുത്തുന്നതു നല്ലതാണെന്നു എനിക്കഭിപ്രായമില്ല. അതുകൊണ്ടു ഈ ബില്ലിനെ ഞാൻ ബലമായി എതിർക്കുന്നു.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുവാനല്ല എഴുന്നേൽക്കുന്നതു. ഗവർമ്മെൻറു ഇതിനെ എതിർക്കുന്നുമില്ല. ദേഹണ്ഡവിലയെപ്പറ്റിയുള്ള നിയമത്തിന്റെ പല വശങ്ങളും, ആ നിയമത്തിന്റെ സംബന്ധവും കൃഷ്ണന്റെ ബിൽ വരുത്താൻപോകുന്ന വ്യത്യാസങ്ങളും ഇന്ന് ഉച്ചതിരിഞ്ഞു ഇവിടെ പ്രതിപാദിച്ചു. പക്ഷെ ഇപ്പോഴത്തെ നിയമത്തിന്റെ ഒരു വശം ശ്രദ്ധിക്കേണ്ടവിധം ശ്രദ്ധിച്ചിട്ടില്ല. ഞാൻ നിയമമെന്നു പറയുമ്പോൾ ദേഹണ്ഡവില നിശ്ചയിക്കുന്നതിനു കോടതികൾ സ്ഥാപിച്ചിട്ടുള്ള നിയമമെന്നാണ് അർത്ഥമാക്കുന്നതു. നട്ടുദേഹണ്ഡത്തിനു വിലനിശ്ചയിക്കുന്നതിനെപ്പറ്റിയാണ് ഞാൻ പ്രത്യേകംപറയുന്നതു. ആ രീതി കുടിയാനവനോ ദേഹണ്ഡക്കാരനോ വൃക്ഷങ്ങളുടെ ആദായത്തിന്റെ മൂലധനം കണക്കാക്കിക്കൊടുക്കണമെന്നാണ്. അതായതു വൃക്ഷങ്ങളുടെ ഒരാണ്ടത്തെ ആദായംഎടുത്തു അതിന്റെ മൂലധനം കണക്കാക്കികിട്ടുന്ന തുക. പക്ഷെ ഇതിൽ കുറച്ചു പിശകുണ്ടെന്നു ചൂണ്ടിക്കാണിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതാണ് ഇന്നു വൈകിട്ട സഭയുടെ ശ്രദ്ധയിൽ പതിയാഞ്ഞതു. വൃക്ഷങ്ങളുടെ ആദായംഎടുത്തു മൂലധനം കണക്കാക്കുമ്പോൾ വൃക്ഷങ്ങൾ എന്നും നിൽക്കുമെന്നു കോടതികൾ സങ്കല്പിക്കുകയും അർത്ഥമാക്കുകയുംചെയ്യുന്നു. ഉദാഹരണമായി ഒരു വസ്തുവിലെയോ ഒരു പുരയിടത്തിലെയോ വൃക്ഷങ്ങളുടെ ആദായം ൫൦൦ രൂപ എന്നുഎടുത്താൽ നാം ൫ ശതമാനം പലിശവച്ചു അതിന്റെ മൂലധനം കണക്കാക്കി കണക്കാക്കിയ തുക കുടിയാനവനു ദേഹണ്ഡവിലയായികൊടുക്കുന്നു. ഈ നടപടിയുടെ അർത്ഥം മൂലധനം കണക്കാക്കുന്ന വൃക്ഷങ്ങളുടെ ആദായം എന്നും അനുഭവിക്കാമെന്നാണ്. എന്നാൽ വൃക്ഷങ്ങൾ ഏതുമാതിരിയുള്ളതായാലും ഒരു പരിമിതകാലത്തേക്കുമാത്രമേ നിൽക്കുകയുള്ളുഎന്നു നമുക്കറിയാം. സാധാരണ ഇതിനെ ആസ്പദമാക്കി വില കണക്കാക്കുന്നതു ശരിയല്ലാഞ്ഞിനാണ്. ഈ വൃക്ഷങ്ങൾ എന്നും നിൽക്കുകയില്ല. നിരന്തരമായി നിൽക്കുകയില്ല. അതുകൊണ്ടു അനുമാനിക്കേണ്ടതു ഏതു പലിശനിരക്കിനായാലുംശരി, മൂലധനം കണക്കാക്കുന്ന ഈ വൃക്ഷങ്ങളുടെ ആദായം ഒരു നിരന്തരആദായമല്ല, എന്നും കിട്ടുന്ന ഒരു ആദായമല്ലഎന്നാണ്. ഏതായാലും ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന കണക്കാക്കുന്നതിനുള്ള സമ്പ്രദായത്തിന്റെ ഫലവും അതുകൊണ്ടു നാം അർത്ഥമാക്കുന്നതും വൃക്ഷങ്ങൾ അനുഭവമുള്ളതായി തുടർന്നാൽതന്നെയും കുറച്ചുവർഷത്തേക്കുമാത്രമെ നിലനിൽക്കയുള്ളു എന്നിരിക്കെ നാം കുടിയാനവനു എന്നും പലിശകിട്ടുന്നതും പലിശ എന്നും വാങ്ങിക്കുന്നതുമായ ഒരു ശാശ്വതദ്രവ്യം കൊടുക്കുന്നു. ഒരു പ്രത്യേകസംഗതി എടുത്തു ഇതു ഉദാഹരിക്കാം. ഒരു കുടിയാനവൻ വൃക്ഷങ്ങൾ നട്ടുവളർത്തിക്കൊണ്ടുവരുന്നുഎന്നു വിചാരിക്കുക. അതു ഫലം കായ്ക്കാൻതുടങ്ങിയിട്ടു ൪൦ വർഷം ഫലംകായ്ക്കുന്നുഎന്നു വിചാരിക്കുന്നപക്ഷം ഇപ്പോൾ കോടതികൾ കണക്കാക്കുന്ന സമ്പ്രദായമനുസരിച്ചു നമുക്കെന്താണ് കിട്ടുന്നതു? വൃക്ഷങ്ങളുടെവില കണക്കാക്കുന്നസമയത്തു ൨൦ വർഷകാലത്തേക്കല്ല ൪൦ വർഷത്തേക്കു ഫലം കായ്ച്ചുകഴിഞ്ഞു എങ്കിൽ ൫൦ വർഷത്തേക്കുകൂടിമാത്രമേ ഫലം കായ്ക്കുന്നതിനു വൃക്ഷങ്ങൾക്കു യോഗ്യതയുള്ളുഎന്നു വിചാരിക്കണം. എന്നാൽ കോടതികൾ ചെയ്യുന്നതെന്താണ്? ൪൦-ാംവർഷത്തിൽ കിട്ടുന്ന ആദായം എന്നും നിൽക്കുമെന്നു സങ്കല്പിച്ചു അതിന്റെ വിലയുടെ മൂലധനം കണക്കാക്കി ആ തുക, ഒരു ശാശ്വതതുക, കുടിയാനവനു പ്രതിഫലമായികൊടുക്കുന്നു. എന്നാൽ ഈ വൃക്ഷങ്ങൾതന്നെ അവന്റെ കൈവശമിരുന്നെങ്കിൽ ൫൦ വർഷംമാത്രമെ ആദായംകിട്ടുകയുള്ളു. എങ്കിലും ഇപ്പോൾ കോടതികൾ സ്വീകരിച്ചിരിക്കുന്ന സമ്പ്രദായമനുസരിച്ചു അവനുഎന്നും പലിശകിട്ടുന്ന ഒരു തുക വിലയായികിട്ടുന്നു. അതുകൊണ്ടു ചുരുക്കത്തിൽ വൃക്ഷങ്ങളുടെ ഫലം അവനുഎന്നും കിട്ടുന്നു. ഈ രീതി ഭേദപ്പെടുത്താൻ പാടില്ലാത്തവിധം കാഠിന്യമായിരിക്കുന്നതുകൊണ്ടു കുടിയാനവനു അനുകൂലവും പ്രതികൂലവുമായിരിക്കും. അതുകൊണ്ടു ജന്മിക്കു ഗുണവും ദോഷവുമായിരിക്കും. ഉദാഹരണമായി ഇപ്പോൾ ഞാൻ ഉദ്ധരിച്ച കേസിൽ ൪൦-ാമത്തെ വർഷത്തിൽ വൃക്ഷങ്ങൾക്കു വിലവച്ചാൽ ൫൦ വർഷത്തേക്കുള്ള ആദായത്തിനു ജന്മിവിലകൊടുക്കുന്നു, കുടിയാനവനും ആ തുക കിട്ടുന്നു, വൃക്ഷങ്ങൾ ഫലംകായ്ച്ച ആദ്യവർഷത്തിൽതന്നെ കുടിയാനവനു ആ തുകമാത്രം ൯൦ വർഷത്തേക്കുള്ള ആദായത്തിനു കിട്ടുന്നു. എന്നാൽ ആദ്യംപറഞ്ഞസംഗതിയിൽ ൫൦ വർഷത്തേക്കുള്ള ആദായത്തിനാണ് കിട്ടുന്നതു. ജന്മിയുടെ നോട്ടത്തിൽ ഒരേ തുക കൊടുക്കുന്നതുമൂലം രണ്ടാമത്തേതിൽ ൯൦ വർഷത്തെ ആദായംകിട്ടുന്നു. എന്നാൽ ആദ്യത്തേതിൽ ൫൦ വർഷത്തെ ആദായംമാത്രം കിട്ടുന്നു. ഇതു തീർച്ചയായും പിശകാണ്. ഇതു ജന്മിയേയും കുടിയാനവനേയും സംബന്ധിച്ചു ദ്രോഹംചെയ്യുന്നതായി അനുഭവപ്പെടുന്നതുമാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡൻറ്): ഒൻപതാംവകുപ്പിൽ "കോടതി കഴിയുന്നിടത്തോളം ശരിയായി വർദ്ധനവിന്റെ ചിലവുകഴിച്ചുള്ള ശരാശരി വില എന്തെന്നും ഈ വർദ്ധനവു എത്ര വർഷങ്ങൾ തുടരുമെന്നു ന്യായമായി ആശിക്കാമെന്നും നിർണ്ണയിച്ചിട്ടു ഇപ്പോഴത്തെവില ആറു ശതമാനം കണക്കാക്കുന്ന അത്രയും വർഷങ്ങൾക്കുള്ള ഒരു വർഷാന്തരദ്രവ്യമായി കണക്കാക്കണം" എന്നുപറഞ്ഞിരിക്കുന്നതുകൊണ്ടു ഇതു ആസ്പദമാക്കിയാൽ കുടിയാനവനു നഷ്ടമുണ്ടാകുമെന്നു എന്റെ സ്നേഹിതൻ അഭിപ്രായപ്പെട്ടതുഎന്താണോ വിചാരിക്കേണ്ടതു?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതാണ് ഇപ്പോഴത്തെ ബില്ലിലെ വ്യവസ്ഥ. ഇപ്പോൾ ഞാൻ പറയുന്നതു ഉദ്ധരിച്ചിരിക്കുന്ന നിയമത്തെപ്പറ്റിമാത്രമാണ്: ഞാൻ പറഞ്ഞതുപോലെ അതു, വൃക്ഷങ്ങൾ എന്നും നിലനിൽക്കുമെന്ന സങ്കല്പത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. അതു യഥാർത്ഥത്തിൽ നിൽക്കുകയില്ല. എന്നാൽ കണക്കാക്കിക്കൊടുക്കുന്ന തുക എന്നും നിൽക്കും.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡൻറ്): ഉദ്ധരിച്ചിരിക്കുന്ന നിയമത്തിൽ അതു ഒരു നിയമസങ്കല്പമാണെന്നും ഇവിടെ കൊണ്ടുവന്നിരിക്കുന്ന നക്കൽബില്ലിൽ ഒരു ഭാഗ്യപരീക്ഷയാണെന്നും ഉള്ള വസ്തുതയിലേക്കു എന്റെ സ്നേഹിതന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): എന്റെ സ്നേഹിതൻ മിസ്റ്റർ കൃഷ്ണയ്യങ്കാർ ഇപ്പോഴത്തെ നില ശരിയായി വർണ്ണിച്ചിരിക്കുന്നു. ഇന്നത്തെ നിയമം ഒരു നിയമസങ്കല്പമാണ്. അതുതന്നെയാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിച്ചതു. ഈ വശമാണ്, അതിനു പക്ഷേ ലഭിക്കാമായിരുന്ന ശ്രദ്ധ ലഭിക്കാതെപോയതു. അതേസമയംതന്നെ ഈ ബിൽ സ്വീകരിക്കണമെന്നു ഞാൻ പറയുന്നില്ല. മിസ്റ്റർ കൃഷ്ണയ്യങ്കാർ അതിന്റെ പ്രധാന വ്യവസ്ഥകളെ ഒരു ഭാഗ്യപരീക്ഷയായി വർണ്ണിച്ചിരിക്കുന്നു. അതു അങ്ങനെ ആയിരിക്കാം. ഏതായാലും അതിനോടു ഗവർമ്മെൻറു അനുകൂലിക്കുന്നില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഉദ്ധരിച്ചിരിക്കുന്ന നിയമത്തിന്റെ പിശകു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ?

മി. [illegible] പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ആ കപ്പാരം പാതൃകയിച്ചിട്ടുണ്ടെന്നു [illegible] ചിർച്ചയാണ് എന്നാൽ പ്രത്യേകമായിട്ടോ വ്യക്തമായിട്ടോ പെടുത്തിയിട്ടില്ല. എനിക്കു ഇപ്പോൾ പറയാനുള്ളതു [illegible] ഈ സഭയിൽ കുറച്ചു [illegible] ഒരാളായിട്ടു എനിക്കു തോന്നിയിട്ടു ഉദ്ധരിച്ചിരിക്കുന്ന നിയമത്തിനു പിശകുകൾ [illegible]. ഞാൻ അതു പറയുമ്പോൾ എന്റെ സ്നേഹിതൻ മിസ്റ്റർ കൃഷ്ണയ്യങ്കാർ [illegible] എന്നു വർണ്ണിച്ചു ബില്ലിനെ ഞാൻ [illegible] ആ ബില്ലിലെ [illegible] വ്യവസ്ഥകളെ [illegible] ചെയ്യുന്നില്ല. ഞാൻ സഭയോടു പറയണമെന്നു ആഗ്രഹിക്കുന്നതു [illegible] പര്യാലോചിക്കാവുന്നതും [illegible] പര്യാലോചിക്കേണ്ടതുമായ ഒരു വശം ഈ സംഗതിക്കുണ്ടെന്നു മാത്രമാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഈ പിശകു തീർക്കുന്നതിനു ഗവണ്മെന്റു ശ്രമിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

മി. [illegible] പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇതുവരെയില്ല. ഗവണ്മെന്റിനു [illegible] ഒരു [illegible] മാത്രമാണ് ഞാൻ പറയുന്നതു്. അതേസമയത്തു [illegible] ഞാൻ [illegible] ചെയ്യുന്നില്ലെന്നു [illegible]. എന്നാൽ ഞാൻ [illegible]. ഇന്നു ഈ സഭയിൽ [illegible] [illegible] സ്വാതന്ത്ര്യമുണ്ട്. ഈ ബില്ലിനെപ്പറ്റിയുള്ള [illegible] [illegible] വളരെ [illegible] യാണ്. [illegible].

മി. വി. [illegible]പിള്ള ([illegible]): ബില്ലിലെ [illegible] [illegible] സ്വീകരിച്ചു [illegible] എന്നറിഞ്ഞാൽ കൊള്ളാം?

മി. [illegible] പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതുപോലെയുള്ള ഒരു [illegible] ഞാൻ [illegible]. അതു [illegible] പരിതഃസ്ഥിതികളെ [illegible].

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): സർ, ഈ സഭയിൽ ഇതുസംബന്ധിച്ചുണ്ടായ ദീർഘമായ പ്രസംഗങ്ങൾ ഞാൻ [illegible], എനിക്കതിനു മറുപടിയായി പറയുന്നതിനു വളരെ കുറച്ചു സംഗതികൾമാത്രമേയുള്ളു. ഒന്നാമതായിട്ടു ഈ രാജ്യത്തെ നടപ്പിനെയും അതു [illegible] ഹിസ്റ്ററിയെയും പറ്റി പറഞ്ഞതിനു മറുപടിപറയാം.

മി. എം. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരി-മീനച്ചൽ): ഉറക്കെപ്പറയണം.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): എനിക്കു തീരെ സുഖമില്ല. ഇതിൽകൂടുതൽ ഉച്ചത്തിൽ [illegible] സാധിക്കയില്ല.

പ്രസിഡന്റ്. നിങ്ങൾക്കു സൌകര്യമെങ്കിൽ ഇരുന്നുകൊണ്ടു പ്രസംഗിക്കാം.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): (മുമ്പോട്ടുവന്നിട്ടു) ഈ നടപ്പിനെ ഭേദഗതി ചെയ്യുന്നതുകൊണ്ടു ഈ ബിൽ അംഗീകരിക്കുവാൻ പാടില്ലെന്നു ഈ സഭ പറയുന്നതിനോടു എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ കാലത്തിന്റെ സ്ഥിതിഗതികളെ അടിസ്ഥാനമാക്കി ഓരോ നടപ്പുകൾ ലോകത്തിന്റെ ഏതുഭാഗത്തും ഉണ്ടാകുന്നുണ്ട്. ഓരോ കാലത്തെ സ്ഥിതിഗതികളെല്ലാം മാറി വേറെ സ്ഥിതിഗതികൾ ഏർപ്പെടുന്ന അവസരത്തിൽ പണ്ടുണ്ടായിരുന്ന നടപ്പുതന്നെ വച്ചുകൊണ്ടിരിക്കണമെന്നു ഒരു നിയമം നിർബന്ധിക്കുന്നുവെങ്കിൽ നിശ്ചയമായിട്ടും അതുവളരെ സങ്കടകരമാണ്. അങ്ങനെ ഒരിക്കലും നിർബന്ധിക്കുവാൻ പാടുള്ളതുമല്ല. ഈ സംഗതിയിൽ ഉദാഹരണം എടുത്തുനോക്കാം. വളരെപണ്ടു ചക്രത്തിനു [illegible] നാളികേരം വിൽക്കുന്നകാലമുണ്ടായിരുന്നു. അതിനെ അടിസ്ഥാനമാക്കി [illegible] കിട്ടിയാൽപോരാ കൂടുതൽകിട്ടണമെന്നു കുടിയാനവൻ വാദിക്കുന്നു. അതേ അവസരത്തിൽതന്നെ അതേ [illegible] ഇത്ര ഉറുപ്പിക വിട്ടുകിട്ടണമെന്നു ജന്മിയും വാദിക്കുന്നു. ഇതു രണ്ടും ശരിയായിട്ടുള്ളതല്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അങ്ങനെ എവിടെയാണ് നടക്കുന്നതു്?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ ഡെപ്യൂട്ടിപ്രസിഡന്റ), ജന്മിക്കു [illegible] പാട്ടംകിട്ടണമെന്നു ഇച്ഛയാണ് പ്രതിഫലംകൊടുക്കുന്നതെന്നു എന്റെ സ്നേഹിതൻ അഭിപ്രായപ്പെടുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): അതാണ് അവസ്ഥ എന്നു ഞാൻ [illegible] പറയുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ ഡെപ്യൂട്ടിപ്രസിഡന്റ): തിരുവിതാംകൂറിൽ എവിടെയെങ്കിലും അങ്ങനെയുണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ). എത്ര പ്രമാണം വേണമെങ്കിൽ സഭ ആവശ്യപ്പെട്ടാൽ ഹാജരാക്കാം.

മഹാനും യോഗ്യനുമായ ഡെപ്യൂട്ടിപ്രസിഡന്റ പറയുന്നതു ശരിയല്ലെന്നു ഞാൻ പറയുന്നില്ല: എന്നാൽ ഞാൻ ഇവിടെ അനേകം പ്രമാണങ്ങൾ ഹാജരാക്കാം. മുമ്പു ഒരണയ്ക്കു [illegible] ചക്രം പാട്ടം നിശ്ചയിച്ചിട്ടുള്ള അതിനെ അടിസ്ഥാനമാക്കിത്തന്നെ കുടിയാനവൻ [illegible] ചക്രം പാട്ടമേ കൊടുക്കാൻ പാടുള്ളു എന്നുള്ളതു് കുറെ കഷ്ടമാണ്.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഇതു കക്ഷികളുടേയും കരാറനുസരിച്ചു ചെയ്യുന്നതല്ലേ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): കരാറുകളുണ്ടായിരിക്കാം, നടപ്പിനെപ്പറ്റിപറയുകയാണ്

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): ലാഭനഷ്ടം പല കഷ്ടങ്ങളും ഉണ്ടായിട്ടില്ലേ.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): ഉണ്ട്. അങ്ങനെയാണ് ഞാൻ പറയുന്നതു. ചെറുപ്പകാലത്തു ഒരു കുട്ടിക്കു തയ്പ്പിച്ച കോട്ട് അതിന്നു ശേഷം അവൻ വലിയവനാകുന്ന അവസരത്തിൽ പ്രായത്തിനു തക്കവണ്ണം തയ്ക്കാതെ നീ അതു തന്നെ ധരിക്കണം ഞാൻ കോട്ടും ഒരു സമയം ധരിച്ചു കൊള്ളട്ടെ എന്നു പറയുന്ന ഉപേക്ഷയുള്ള നടപ്പിനെ സാധൂകരിക്കണമെന്ന് ഏതു സഭ നിർബന്ധിക്കുന്നുവെങ്കിലും ഇതിൽപ്പരം പരിഹാസകരമായ ഒരു സ്ഥിതിവരാനില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്. അതുകൊണ്ടു നടപ്പിനെ കാലഗതിയെ അനുസരിച്ച് ഗതികൾക്കനുരൂപമായവിധത്തിൽ ഭേദഗതിചെയ്യണം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): വളരെമുമ്പ് ഫ്രീഹോൾഡിനു കരത്തിനുണ്ടായിരുന്ന വിലയാണോ ഇപ്പോഴും പാട്ടത്തിനു കണക്കാക്കുന്നതു്?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): അങ്ങനെയാണെന്നു ഞാൻ ലാൻഡ്‌റവന്യൂമാന്വൽ കോട്ടു ചെയ്തതിൽനിന്നുകാണാം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതു പണ്ടത്തെ കാലത്തിനനുസരിച്ചുള്ളതല്ലേ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): അതിന്നെ അടിസ്ഥാനമാക്കിയാണ്. എസ്. റി. എൽ. ജെ. യിൽ പറയുന്നതു. അതുകൊണ്ടു നടപ്പു ഭേദഗതിചെയ്യരുതെന്നുള്ള നിർബന്ധത്തെ അംഗീകരിക്കാൻ പാടുള്ളതല്ല.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): നിയമം നിഷ്പക്ഷപാതമായനിലയിൽ അല്ലേ ഇരിക്കേണ്ടതു്.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): അതിനുവേണ്ടിയാണ് ഒരുനിയമം ആവശ്യപ്പെടുന്നതു്.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല) ഇതിന്റെ അർത്ഥം പറയാമോ? കുടിയാനവന് ഏറ്റവും അനുകൂലമായ വ്യവസ്ഥകളിൽ നിർദ്ദേശിച്ചിട്ടുള്ളപ്രകാരം ഭേദഗതിയുടെ ഗുണം [illegible]ക്കണമെന്നാണ്.

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): സെക്ഷൻ ക്ലിയറായി [illegible]ങ്ങളിലാണ് ഈ സെക്ഷൻകൊണ്ടു പ്രയോഗം. അങ്ങനെ അവർ ചെയ്യാതെ ഉള്ള ഒരു സംഗതിയിൽ ഒരു സേവിങ് ക്ലോസ് എന്ന സാധാരണ [illegible]ങ്ങളിൽ കാണാറുള്ളപോലെ ചേർത്തിട്ടുള്ളതാണ് ഇതു്.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഇതു് പക്ഷികൾക്കും [illegible] വേണ്ട പറയാൻ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): ആ അഭിപ്രായം നിയമത്തിലില്ലല്ലോ?

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): ഒരു നിഷ്പക്ഷമായ നിയമമല്ല എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "കുടിയാനവനു ഏററവും അനുകൂലമായതു്" ഇതിൽ ഏററവും എന്നുള്ള പദം എടുത്തുകളയുന്നതിൽ വിരോധമുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): ഇല്ല.

രണ്ടാമതായിട്ട് എനിക്കു പറയാനുള്ളതു് കൺട്രാക്ടിനെക്കുറിച്ചാണ്. കൺട്രാക്ടിനുള്ള അധികാരത്തെക്കുറിച്ചു പൊതുവായി സകലമനുഷ്യരേയും ഞാൻ അപമാനിച്ചുകളഞ്ഞു എന്നു ഒരഭിപ്രായം ഇവിടെ പ്രസ്താവിച്ചു. ആ കൂട്ടത്തിൽ ഞാനുംകൂടി ഉൾപ്പെട്ടുവെന്നുള്ളതു വിചാരിച്ചിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. ഞാൻമാത്രം ഒഴിച്ചിട്ട് മററുള്ളവർക്കുമാത്രം അപമാനം ഉണ്ടായി എന്നുപറഞ്ഞതിൽ ഞാൻ മനസ്താപിക്കുന്നു. ഇനിവാസ്തവത്തിൽ ഞാൻ അങ്ങനെ ഉദ്ദേശിച്ചിട്ടുണ്ടോ എന്നാണ് നോക്കേണ്ടതു്. ഈ നിയമംതന്നെയും കൃഷിക്കാരെ ഉദ്ദേശിച്ചിട്ടാണ് അധികവും പ്രൊട്ടെക്ട് ചെയ്തിട്ടുള്ളതു് ഇതിൽ കർഷകന്മാരിൽ ഭൂരിപക്ഷവും പ്രായേണ ഭേദബുദ്ധിക്കാരാണ്.

നമ്മുടെ റിപ്പോർട്ടുകൊണ്ടു കഷ്ടം ശതമാനവും ചിലപ്പോൾ കൂടുതലും ലിറററസി ഉണ്ടെന്നു ചിലപേപ്പർകളിൽ വായിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ രാജ്യത്തെ കർഷകന്മാരുടെ വിദ്യാഭ്യാസസ്ഥിതി എങ്ങിനെയിരിക്കുന്നു എന്നുള്ളതു് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇപ്പോൾതന്നെ നമ്മുടെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ അഭിമാനിക്കുന്നതു നമ്മുടെ സ്കൂളുകളിൽപോകുന്ന കുട്ടികളിൽ സെന്റപെർസെന്റ വിദ്യാഭ്യാസം പൂർത്തിയായി വെളിയിൽ വരുന്നു എന്നാണ്. എന്നാൽ അവർ ആരും എഗ്രിമെൻറ ചെയ്തിട്ടില്ല. എന്നാൽ ഈ എഗ്രിമെൻറു മററുമൊക്കെ നടത്തുന്നതു് അതിനുമുള്ളവരാണ്. അവരുടെ ഇടയിലെങ്ങും ലിറററസി എത്തിട്ടില്ല. ഈ നിലയിൽ വിദ്യാവിഹീനന്മാരായ ആളുകളോടുകൂടിയാണ് നാം ഈ ഭേദബുദ്ധിക്കുള്ളകരാർ നടത്തുന്നതെന്നുള്ളതു ഓർമ്മിക്കണം.

മി. മുരവേലിൽപാച്ചുപിള്ള (ചേർത്തല): ടെനൻട്സ് എല്ലാം വിദ്യാവിഹീനന്മാരാണെന്നാണോ പറയുന്നതു്?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): അധികവും വിദ്യാവിഹീനന്മാരാണ്.

മി. മുരവേലിൽപാച്ചുപിള്ള (ചേർത്തല): ചേർത്തലതാലൂക്കിൽ ഇറവൂർ, തണ്ണീർമുക്കം ദേവസ്വം, പാറയിൽ, ഇങ്ങിനെയുള്ള വസ്തുഉടമസ്ഥന്മാരുടെ വസ്തുക്കൾ പാട്ടംവാങ്ങി അനുഭവിക്കുന്നവർ സ്വന്തമായിട്ടു ധാരാളം വസ്തുക്കളുള്ളവരും നല്ല വിദ്യാഭ്യാസവും സ്ഥിതിയുമുള്ളവരും ആണെന്നറിയാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): എല്ലാവരും അങ്ങിനെയല്ല.

മി. മുരവേലിൽപാച്ചുപിള്ള (ചേർത്തല): അങ്ങനെയുള്ളവരും ഉണ്ടെന്നറിയാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): അങ്ങനെയില്ലാത്തവരും ധാരാളം ഉണ്ട്.

മി. മുരവേലിൽപാച്ചുപിള്ള (ചേർത്തല): ഇപ്പോഴത്തെ നിയമം അങ്ങനെയുള്ളവരെക്കൂടി ബന്ധിക്കുകയില്ലയോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെംബർ): എല്ലാവരേയും ബന്ധിക്കുന്നസ്ഥിതിക്കു അവരേയും ബന്ധിക്കുമെന്നതന്നെ ചെയ്യും. ഒരു നിയമം ഉണ്ടാകുന്നതു് തിരുവിതാംകൂറിലെ ആകമാനമുള്ള ജനങ്ങളുടെ സൌകര്യത്തെ ഉദ്ദേശിച്ചാണ്. അല്ലാതെ ഇറവൂർദേവസ്വംവസ്തു അനുഭവിക്കുന്നവരേയോ ചേർത്തലതാലൂക്കനിവാസികളേയോമാത്രം ഉദ്ദേശിച്ചല്ല.

മി. പുരവലിൽ പാച്ചുപിള്ള (ചേർത്തല): അപ്പോൾ വസ്തുവകകളുടെ ... കരാർ ചെയ്യുന്നവരും വിദ്യാവിഹീനന്മാർ മാത്രമല്ലെന്നും ഗവണ്മെന്റ് ആ കാര്യങ്ങൾ ന്യായമായി സംരക്ഷിക്കുവാൻ വേണ്ടുന്ന കയ്യേവിചാരമുള്ളവരും ഈ കൂട്ടത്തിലുണ്ടെന്നും സ്പഷ്ടമാകുന്നില്ലേ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): നിയമം ഉല്ലംഘനം ബാധിക്കുന്നതിനു വല്ല വിരോധവുമുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഇല്ല ഒരു വിരോധവുമില്ല. അങ്ങനെയാണ് വേണ്ടതു്.

അതുകൊണ്ടു ഇങ്ങിനെയുള്ള കൺട്രാക്ട് ചെയ്യുമ്പോൾ കർഷകന്മാരുടെ രക്ഷയെ വളരെ സൂക്ഷിച്ചുചെയ്യേണ്ടതാണ് എന്നാണ് എനിക്കു ശക്തിയായിട്ട് വാദിക്കാനുള്ളതു്. നമ്മുടെ പണ്ഡിതനായ ഡെപ്യൂട്ടി പ്രസിഡന്റവർകൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അങ്ങനെ കുടിയാനവന്മാരെ ചതിച്ചതായിട്ട്, അദ്ദേഹത്തിന്റെ പത്തുമുപ്പതു കൊല്ലത്തെ സർവീസിൽ പരിചയത്തിൽ, അദ്ദേഹത്തിനു കാണാൻ സാധിച്ചിട്ടില്ല എന്നു പറയുകയുണ്ടായി. അതു അദ്ദേഹത്തിന്റെ മഹത്വത്തെ വിളിച്ചുപറയുന്നു എന്നല്ലാതെ എനിക്കു വേറെ ഒന്നും പറയാനില്ല. അദ്ദേഹം ഇൻഡ്യയിലെ നിയമപണ്ഡിതന്മാരിൽ അഗ്രഗണ്യനാണെന്നുള്ളതു പരക്കെ സമ്മതിച്ചിട്ടുള്ള ഒരു വാസ്തവമാണ്. അങ്ങിനെ വലിയ മഹാന്മാരുടെ അടുക്കൽ കുടിയാനവന്മാർക്ക് അവരുടെ സങ്കടം പറയുവാൻ സാധിക്കയില്ല എന്നുള്ളതും സാധാരണയാണ്. അതുകൊണ്ടു അദ്ദേഹത്തിനു ഇങ്ങിനെയുള്ള സന്ദർഭം വന്നിട്ടില്ലെന്നു പറയുന്നതു അദ്ദേഹത്തിന്റെ മഹത്വത്തെക്കൂട്ടുന്നതിൽ കുറെക്കൂടി പര്യാപ്തമാകുന്നു എന്നല്ലാതെ അങ്ങിനെ കുടിയാനവന്മാരെ ചതിച്ചു കരാറുകൾ എഴുതുന്നില്ല എന്നു വിചാരിക്കാൻ നിവൃത്തിയില്ല. എന്റെ ചുരുങ്ങിയകാലമായ പ്രവൃത്തിയിലെ അനുഭവംകൊണ്ടുണ്ടായ ഹൃദയവേദനനിമിത്തം, എന്റെ ശേഷിക്കുറവിനെ ഗണിക്കാതെ, ഞാൻ ഈ നിയമം ഹാജരാക്കാമെന്നു നിശ്ചയിച്ചതാണ്. ഇതിന്റെ അനുഭവം പറയുമ്പോൾ ഹൃദയമുള്ളവരുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ വരാതിരിക്കയില്ല.

സാർ, പക്ഷികൾക്കു വൃക്ഷങ്ങളുടെ മുകളിലുള്ള ഇലകളുടെ ഇടയിൽ രക്ഷപ്രാപിക്കാൻ സാധിക്കും. മനുഷ്യന് അതു സാധിക്കയില്ല. മനുഷ്യനു വെയിലിൽനിന്നും മഴയിൽനിന്നും രക്ഷപ്രാപിക്കാൻ വീടുകളിൽ കയറിയിരിക്കതന്നെ വേണം. ഈ പ്രകാരം വീടുകൾ ഇല്ലാതിരിക്കയും തന്റെ ശരീരത്തെ മഴയിൽനിന്നും വെയിലിൽനിന്നും സൂക്ഷിക്കേണ്ട ആവശ്യം നേരിടുകയും ചെയ്യുമ്പോൾ ഏതുകരാർ എഴുതണമെങ്കിലും ഒപ്പിട്ടുകൊടുക്കാൻ അവൻ നിർബന്ധിതനായിട്ടു തീരുമെന്നുള്ളതു ഈ സഭയിലുള്ള നിങ്ങളെല്ലാവർക്കും സ്വല്പം ആലോചിച്ചുനോക്കിയാൽ മനസ്സിലാകും. (ഹിയർ, ഹിയർ) ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സൂചിയുടെ മുനയിൽ നിന്നു ഒപ്പിട്ടുകൊടുക്കണമെന്നു പറഞ്ഞാൽ അങ്ങനേയും ഒപ്പിട്ടുകൊടുക്കാൻ തയ്യാറാവും. ഡിപ്ലോമാകൊണ്ടു സൂര്യന്റെ രശ്മിയിൽനിന്നും രക്ഷകിട്ടാൻ സാധിക്കയില്ല. മഴയുടേയോ മഞ്ഞിന്റെയോ തണുപ്പിൽനിന്നും വിദ്യാഭ്യാസമുള്ളതുകൊണ്ടുമാത്രം രക്ഷപ്രാപിപ്പാൻ സാധിക്കയില്ല. അതിലേക്കു ഒരു സെന്റ് സ്ഥലമെങ്കിലും അതിൽ കെട്ടിയ ഒരു പുരയെങ്കിലും ഉണ്ടായിരുന്നാൽ മാത്രമല്ലാതെ അവന്റെ ജീവനെ രക്ഷിക്കാൻ സാധിക്കയില്ല. അങ്ങിനെ ഒരവസരം ഉണ്ടാകുമ്പോൾ അവൻ എത്രതന്നെ വിദ്യാഭ്യാസമുള്ളവനായിരുന്നാൽതന്നെയും അവന്റെ വിദ്യാഭ്യാസവും ബുദ്ധിയും എല്ലാം വിസ്മരിച്ചു പറയുന്നസ്ഥലത്തു ഒപ്പിട്ടുകൊടുത്തുപോകുമെന്നുള്ളതു നിങ്ങൾ എല്ലാവരും ശാന്തമായിട്ടു ആലോചിച്ചാൽ നിങ്ങളുടെ ഹൃദയത്തിൽ പറയുന്നതാണ്.

നമ്മുടെ തിരുവിതാംകൂറിൽ ൧൦൮൦-ലെ ൧൦-ാം റെഗുലേഷനുണ്ട്. ഇതു പലിശയെ സംബന്ധിക്കുന്ന ഒരു റെഗുലേഷനാണ്. അതിൽ പറയുന്നതു ആണ്ടിൽ ൧൨ പലിശയിൽ അധികംവച്ചു പ്രമാണം എഴുതികൊടുത്താലും അതു കടക്കാരനെ ബന്ധിക്കുന്നതല്ലെന്നാണ്. പണത്തിനു അത്യാവശ്യം നേരിടുമ്പോൾ എത്രപലിശ വേണമെങ്കിലും പ്രമാണം എഴുതികൊടുക്കുന്നതിനു ആവശ്യക്കാരൻ നിർബന്ധിതനാകുന്നു. അങ്ങനെയുള്ളവരുടെ രക്ഷയെക്കരുതിയാണ് ൧൦൮൦-ലെ ൧൦-ാം റെഗുലേഷനായ പലിശറെഗുലേഷൻ ഏർപ്പെടുത്തിട്ടുള്ളതു്. ബഹുമാനപ്പെട്ട ഡെപ്യൂട്ടിപ്രസിഡന്റവർകൾ പറയുന്നതുപോലെ അന്നുള്ളവരാരും മണ്ടന്മാരായിരുന്നില്ല. ആരെയും അപമാനിക്കുന്നതിനല്ല അന്ന് ഈ നിയമം പാസ്സാക്കിയതു്. നേരെമറിച്ചു രാജ്യത്തു നീതിയും ന്യായവും നടക്കണമെന്നുള്ള ഉദ്ദേശത്തെ യഥാർത്ഥമായി മുൻനിർത്തിയാണ് ൧൦൮൦-ലെ ൧൦-ാം റെഗുലേഷൻ പാസാക്കിയതു്. എത്രതന്നെ വിദ്യാഭ്യാസമുള്ളവനായിരുന്നാലും പണം ഇല്ലാതാകുന്ന അവസരത്തിൽ വിദ്യാവിഹീനന്മാരായ ധനവാന്മാരുടെ മുമ്പിൽചെന്നു പറയുന്നസംഖ്യ പലിശ സമ്മതിച്ചു ഒപ്പിട്ടുകൊടുക്കേണ്ടിവരുമെന്നുള്ളതു എല്ലാവർക്കും അറിയാവുന്ന സംഗതിയാണ്. എത്രതന്നെ പലിശ കൂടുതൽ തരാമെന്നു എഴുതികൊടുത്താലും കോടതി വകവച്ചുകൊടുക്കയില്ല. പണമില്ലാതെവരുന്ന സാധുക്കളെ പണയപ്പെടുത്തുന്നതിനുള്ള ഉദ്ദേശത്തിന്മേൽ ൧൦൮൦-ലെ ൧൦-ാം റെഗുലേഷൻ പാസ്സാക്കിയതാണ്. അല്ലാതെ നമ്മൾ എല്ലാവരും മണ്ടന്മാരാണെന്നു നമ്മുടെ ശിരസ്സിൽ എഴുതി പതിച്ചുപോയി എന്ന് ആരും വിചാരിക്കയില്ല. തിരുവിതാംകൂറിനു പുറത്തുള്ള മററുരാജ്യങ്ങളിൽ കൺട്രാക്ടനുസരിച്ചുള്ള പലിശകൊടുക്കുന്നതിന് കടക്കാരൻ നിർബന്ധിതനാണ്. എന്നാൽ ധർമ്മരാജ്യമായ ഈ തിരുവിതാംകൂറിൽ അന്യായമായ പലിശ കൊടുക്കത്തക്ക നിലയിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കാൻ ഗവണ്മെന്റു സമ്മതിക്കുന്നില്ല. അതുപോലെതന്നെ നോക്കുന്നപക്ഷം ഇംഗ്ലണ്ടിലും മററുരാജ്യങ്ങളിലും തൊഴിലിനേയും സമയത്തെയും അവർക്കു കിട്ടാനുള്ള കൂലിയേയും സംബന്ധിച്ചു നിയമങ്ങൾ പാസാക്കിക്കൊണ്ടിരിക്കുന്നുണ്ട്. എന്തുകൊണ്ടു? അവർ ഇല്ലാതെ വേലചെയ്യാൻ സാധിക്കയില്ല എന്നു മുതലാളികൾ അറിഞ്ഞാൽ പോരയോ? അങ്ങിനെ അറിഞ്ഞിട്ടുള്ള സ്ഥിതിക്കു ഇങ്ങനെയുള്ള നിയമത്തിന്റെ ആവശ്യമെന്തു്? അതല്ല വിശപ്പുസഹിക്കാൻ നിവൃത്തിയില്ലാതെ, ആത്മാവിനെ ശരീരത്തിൽവച്ചുകൊണ്ടിരിക്കുന്നതിന് ആഹാരംകഴിക്കാൻ വഴിയില്ലാത്തതിനാൽ, രാവുംപകലും വേലചെയ്യാം, വല്ലതും ആഹാരത്തിനു തന്നാൽമതി എന്നുപറയുന്നതിനു വേലക്കാരൻ നിർബന്ധിതനായിട്ടുതീർന്നുപോകും. അവർ വിദ്യാഭ്യാസമില്ലാത്തവരാണോ? ദിനപത്രംതന്നെ പാക്കറ്റിൽ ഇട്ടുകൊണ്ടായിരിക്കും അവർ വേലയ്ക്കുപോകുന്നതു്. നമ്മുടെയിടയിൽതന്നെ ദിനപത്രം നോക്കുന്നവരുണ്ടോ എന്നു സംശയമാണ്. കോൺട്രാക്ടിനുള്ള സ്വാതന്ത്ര്യം മനുഷ്യനു വേണമെന്നു ആഗ്രഹിക്കുന്നതിനു എതിരായിട്ടല്ല ഞാൻ ഈ വകുപ്പു ചേർത്തിട്ടുള്ളതു്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറ്): ഈ റഗുലേഷൻ നടപ്പിൽ വരുന്നതിനു മുമ്പുള്ള കാര്യങ്ങളെക്കൂടി ബാധിക്കണമെന്നുള്ള വിചാരമുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതിനെപ്പററി പറയാം. എനിക്കു പറയാനുള്ളത് എല്ലാവരും പ്രതിവിധി [illegible] ഒരു നിയമം വേണമെന്നു ഞാൻ [illegible] സില്ലെന്നാണ്. എന്റെ മാന്യസ്നേഹിതന്മാർ [illegible] പറഞ്ഞതുപോലെയോ, [illegible] പറഞ്ഞതുപോലെയോ ഒരു നിയമത്തിന്റെ ആവശ്യകതയുണ്ടെന്നു ചൂണ്ടിക്കാണിക്കണമെന്നുള്ളതാണ് എന്റെ ഉദ്ദേശ്യം. [illegible] ഒരു നിയമമില്ലാതെ ഈ രാജ്യത്തെ ജനങ്ങൾ [illegible] സങ്കടം അനുഭവിക്കുന്നുണ്ട് [illegible] ഒരു നിയമത്തിന്റെ ഒരു സ്കെച്ചു മാത്രമാണ് ഞാൻ ഇവിടെ ഹാജരാക്കീട്ടുള്ളത്. ഇതിനെ ഒരു സിലക്ട് കമ്മററിയിൽ അയച്ചു അവരുടെ [illegible] ചെയ്യുന്നതിന് ഒരു വിരോധവുമില്ല. [illegible] ങ്ങളുടെ [illegible] രാജ്യത്തിന്റെ നന്മക്കുവേണ്ടിയും ഗവർമ്മേൻറിന്റെ [illegible] ഞാൻ ഇവിടെ ഈ ഹാജരാക്കീട്ടുള്ളത്. ഗവർമ്മേൻറിന്റെ [illegible] ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ [illegible] വേണ്ടത്ര [illegible] ച്ചില്ലെങ്കിൽ ഗവർമ്മേൻറിനു [illegible] എന്നുള്ള ഉദ്ദേശത്തിലാണ്.

[illegible] കൃഷി [illegible] എന്നും [illegible] കൊണ്ടു [illegible] പരിശീലിപ്പിക്കണം [illegible] ഇവിടെ [illegible] പ്രസംഗിച്ചു. [illegible] എന്നു കാണിക്കുന്നതിനു [illegible] ട്ടില്ല. [illegible] അവർക്കു കൃഷിചെയ്യാൻ [illegible] ത്തിൽ [illegible] ഈ കൃഷിചെയ്യേണ്ട [illegible] വസ്തുഉടമസ്ഥർ [illegible] നിവൃത്തിയില്ല.

അതുകൊണ്ട് [illegible] സമാജികരെല്ലാം നല്ലപോലെ ആലോചിച്ചു ബില്ലിനെ [illegible] ഇതിനെ ഒരു [illegible] അപേക്ഷപ്പെടുത്തി ഞാൻ വിരമിക്കുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): [illegible] ഈ [illegible] പ്പോൾ [illegible] കൂടി [illegible] കുടിയാന്മാർ [illegible] കൊടുക്കുന്നതിനു [illegible] കാണിക്കുന്നുണ്ടോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): [illegible] കുടിയാന്മാർ [illegible] കാര്യങ്ങൾ [illegible] സ്ഥലമൊഴിഞ്ഞു [illegible] യിരുന്നെങ്കിൽ അവരുടെ വസ്തുക്കൾ ഉഴുതു കൃഷിചെയ്യുന്നതിനു നിവൃത്തിയില്ല. [illegible] യിട്ടു [illegible] ഇല്ല. ഇതിനൊരിക്കലും [illegible] തിരിക്കാൻ [illegible] ല്ല. വസ്തുഉടമസ്ഥന്മാരല്ലാത്ത ആളുകൾ [illegible] യിൽ [illegible] ഭൂമികൾ [illegible] ദുഷിയും.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഭൂമിയിൽ വേല ചെയ്യിച്ചു അവർക്കു കൂലികൊടുക്കുകയല്ലാതെ അവർക്കു താമസിക്കുന്നതിനും [illegible] ഭൂമിയുടെ [illegible] ക്ക [illegible] ക്കുന്നതിനു [illegible] ടയാകാതെ കൂടുതൽ [illegible] ഉണ്ടാകുകയും ചെയ്യുകയില്ലേ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അങ്ങിനെ വരികയില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ-ഡെപ്യൂട്ടിപ്രസിഡൻറ്): സർ, എന്റെ സ്നേഹിതൻ അവസാനിപ്പിക്കുന്നതിനുമുമ്പു ഒരു ചോദ്യം.

മദ്രാസ് കാമ്പൻസേഷൻ ഫാർ ടെനൻട്സ് ഇംപ്രൂവ്മെൻറ് ആക്റ്റിലെ വ്യവസ്ഥകളും [illegible] ന്റെ സ്നേഹിതൻ തന്റെ നക്കൽബില്ലിൽ സ്വീകരിച്ചിരിക്കുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): സർ, അതെ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ-ഡെപ്യൂട്ടിപ്രസിഡൻറ്): ബ്രിട്ടീഷ് ഇൻഡ്യയിലെ ആ [illegible] ആക്റ്റിലും, എന്റെ സ്നേഹിതന്റെ ബില്ലിലും ഉള്ള ബില്ലിലെ ൨-ാംവകുപ്പ്, [illegible] ത്തിലെ [illegible]-ാം ആക്റ്റുപ്രകാരം ദുർബലപ്പെടുത്തിയെന്നും അതിനാൽ ഉദ്ധരിച്ചിരിക്കുന്ന മദ്രാസ് ആക്റ്റിലില്ലെന്നും അങ്ങേക്കറിയാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): ഞാൻ അതു നോക്കീട്ടില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ-ഡെപ്യൂട്ടിപ്രസിഡൻറ്): മദ്രാസ് ആക്റ്റിന്റെ [illegible]-ാംവകുപ്പ്, ആക്റ്റ് പാസാക്കിയതിന്റെ ശേഷമുള്ള ഉടമ്പടികൾ മാത്രമേ അസാധുവായി പ്രഖ്യാപനം ചെയ്യുന്നുള്ളു എന്നു അറിയാമോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): അതെല്ലാം നോക്കിപറയേണ്ടതാണ്.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഇതിലേക്കു വേണ്ടഭേദഗതികൾ എല്ലാം സിലക്ട്കമ്മററിക്കു ചെയ്യരുതോ?

മി. എൻ. ആർ. കൃഷ്ണൻ (നിയമിതമെമ്പർ): സിലക്ട്കമ്മററിയിൽ വേണ്ടഭേദഗതികൾ ചെയ്യുന്നതു എനിക്കു പൂർണ്ണസമ്മതമാണ്. അതുകൊണ്ടു ഇതിനെ വോട്ടിനിടണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രസിഡൻറ്: മി. എൻ. ആർ. കൃഷ്ണൻ അവതരിപ്പിച്ചിട്ടുള്ള ബില്ലിന്റെ പ്രമേയത്തെ സഭ സ്വീകരിക്കുന്നുവോ ഇല്ലയോ എന്നു സഭയോടു ചോദിക്കുന്നു.

ചോദ്യംചോദിച്ചു. തള്ളപ്പെട്ടതായി പരസ്യംചെയ്തു.

അനുകൂലിച്ചവർ ൧൦.

൧. മി. വി. ചെല്ലപ്പിള്ള
൨. ,, കെ. മാധവൻ
൩. ,, ഡി. സി. ജോസഫ്
൪. ,, എൻ. ആർ. കൃഷ്ണൻ
൫. ,, പി. എസ്. മഹമ്മദ്
൬. ,, ജി. പി. നീലകണ്ഠപ്പിള്ള
൭. മി. കെ. പി. നീലകണ്ഠപ്പിള്ള
൮. ,, എസ്. പരമേശ്വരൻപിള്ള
൯. ,, എൻ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
൧൦. ,, ആർ. രാമൻപിള്ള

പ്രതികൂലിച്ചവർ ൨൨.

൧.	മി.	എ. എസ്. ദാമോദരനാശാൻ	൧൨.	മി.	എൽ. എ. ലാമ്പാർഡ്
൨.	,,	ഏ. ജി. മേനോൻ	൧൩.	,,	റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ
൩.	,,	കെ. സി. കരുണാകരൻ	൧൪.	,,	കെ. മാധവൻപിള്ള
൪.	,,	കെ. എൻ. കേശവൻ നംപൂതിരിപ്പാട്	൧൫.	,,	എച്ച്. ബി. മഹമ്മദ്‌റാവുത്തർ
൫.	,,	ആർ. കേശവപിള്ള	൧൬.	,,	മാത്യു മുരിക്കൻ
൬.	,,	ടി. സി. കേശവപിള്ള	൧൭.	,,	വി. ജെ. ഉമ്മൻ
൭.	,,	താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	൧൮.	,,	മുരുവേലിൽ പാച്ചുപിള്ള
൮.	,,	എൻ. കെ. കൃഷ്ണപിള്ള	൧൯.	,,	കെ. പത്മനാഭപ്പണിക്കർ
൯.	,,	വി. എസ്. കൃഷ്ണപിള്ള	൨൦.	,,	കെ. ജി. പരമേശ്വരൻപിള്ള
൧൦.	,,	തയ്യിൽകുഞ്ഞിതൊമ്മൻ	൨൧.	,,	രേവതിനാൾ രാമവർമ്മരാജാ
൧൧.	,,	ഏ. സി. കുര്യാക്കോസ്	൨൨.	,,	ഏ. താണുപിള്ള

നിഷ്പക്ഷനിലക്കാർ.

൧.	മി.	കയ്യാലംപരമേശ്വരൻപിള്ള	൧൦.	മി.	ആർ. വൈദ്യലിംഗംപിള്ള
൨.	,,	പി. എൻ. കൃഷ്ണപിള്ള	൧൧.	,,	ഡാക്ടർ കെ. രാമൻതമ്പി
൩.	,,	എസ്. വെങ്കിട്ടരമണയ്യർ	൧൨.	,,	പി. ഗോമതിനായകംപിള്ള
൪.	,,	കെ. ജാർജ്	൧൩.	,,	എൽ. എ. ബിഷപ്പ്
൫.	,,	ടി. പി. രാമസുബ്ബയ്യർ	൧൪.	,,	എ. കവപ്പൻ
൬.	,,	റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ	൧൫.	,,	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൭.	,,	എസ്. സി. എച്ച്. റാബിൻസൺ	൧൬.	,,	ഡി. ഫ്രാൻസിസ്
൮.	,,	ആർ. ധനക്കോടിപ്പിള്ള	൧൭.		മിസ്സസ്. എലിസബെത്ത് കുരുവിള
൯.	,,	ഐ. സി. ചാക്കോ			

ബില്ലിന്റെ പ്രമാണം സഭ സ്വീകരിച്ചില്ല.

സ്റ്റാൻഡിങ്ങ് ആർഡറുകളുടെ ഭേദഗതി.

പ്രസിഡന്റ്: അജണ്ടായിലെ അടുത്തവിഷയത്തിലേക്ക സഭ ഇപ്പോൾ പ്രവേശിക്കുന്നതാണ്.

തിരുവിതാംകൂർ നിയമസഭയുടെ സ്റ്റാൻഡിങ്ങ് ആർഡറുകളിൽ ഒന്നാമത്തെ ആർഡറിനു താഴെകാണിക്കുന്ന ഭേദഗതിക്ക മി. ദാമോദരനാശാൻ നോട്ടീസുതന്നിട്ടുണ്ട്.

"സ്റ്റാൻഡിങ്ങ് ആർഡർനമ്പർ ഒന്നിൽ ൧-ാംവരിയിൽ "വ്യക്തമായ" എന്നവാക്കിനുമുമ്പിലും "കൊടുക്കപ്പെട്ട എന്നവാക്കിനു പിമ്പിലും "അഞ്ചു" എന്നവാക്കിനു പകരം "രണ്ടു" എന്നവാക്ക ചേർക്കണം.

മി. ദാമോദരനാശാന്റെ ഈ പ്രമേയത്തിനു എതിരുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്‌സർക്കാർവക്കീൽ): സർ, ഞാൻ അതിനെ എതിർക്കുന്നു.

പ്രസിഡന്റ്: സ്റ്റാൻഡിംഗ് ആർഡർ റൂളുകളിൽ ഈ ബില്ലിനെ സംബന്ധിച്ചുള്ള ൨൦ അംഗങ്ങൾ ഭേദഗതിക്ക അനുകൂലിക്കുന്നില്ലെങ്കിൽ ഭേദഗതി തള്ളപ്പെടുന്നതാവുന്നതാണ്. അതാണ് ഞാൻ ഇയ്യ സഭയോടു ചോദിക്കുന്നത്. ഈ പ്രമേയത്തോടു അനുകൂലിക്കുന്നവർ ദയവുചെയ്തു എഴുന്നേല്ക്കണം.

ഇരുപതു മെംബരന്മാരിൽ കൂടുതൽ ഭേദഗതിയോടു അനുകൂലിക്കുന്നതിനാൽ ഭേദഗതി അവതരിപ്പിക്കുന്നതിനു സഭ അനുവദിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ് അദ്ധ്യക്ഷനും ഗവർമ്മെന്റു നിയമഉദ്യോഗസ്ഥൻ, നിയമനിർമ്മാണ സഭ സിക്രട്ടറി ഇവർ അംഗങ്ങളുമായ ഒരു സിലക്ട്കമ്മറ്റിയെ ഈ ഭേദഗതിനോക്കൽ ഏല്പിക്കുന്നതാണ്. ഇയ്യ സഭ ഇന്നു പിരിഞ്ഞശേഷം ഡെപ്യൂട്ടിപ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്.

ഇപ്പോൾ സഭ പ്രമേയങ്ങളെപ്പറ്റി ആലോചിക്കുന്നതിനു ഇടങ്ങുന്നതാണ്.

പൊതുകാര്യങ്ങളെക്കുറിച്ചുള്ള പ്രമേയങ്ങൾ.

പുറമ്പോക്കുകളിൽ നിരോധനക്കരം ചുമത്തൽ.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ സംസ്ഥാനത്തെ പുറംപോക്ക കൈവശക്കാരിൽനിന്നു ഈടാക്കിവരുന്ന നിരോധനക്കരത്തെപ്പറ്റി ന്യായമായകരത്തിന്റെ നാലോ അഞ്ചോ ഇരട്ടി ഈടാക്കിവരുന്ന ഇപ്പോഴത്തെ നയം നിർത്തലാക്കണമെന്നും ന്യായമായകരത്തിന്റെ ഇരട്ടിമാത്രമേ ഈടാക്കാവൂഎന്നും ഈ സഭ ഗവർമ്മെന്റിനോടു ശിപാർശചെയ്യുന്നു.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ: (കുന്നത്തുനാടു): സർ, ഞാൻ ഈ പ്രമേയത്തെ കൗൺസിലിൽ അവതരിപ്പിച്ചുകൊള്ളുന്നു.

"സംസ്ഥാനത്തുള്ള പുറംപോക്ക സ്ഥലങ്ങൾ കൈവശത്തിലിരിക്കുന്നവരുടെ പക്കൽനിന്നും നിരോധനക്കരമായി ഗവർമ്മെന്റ് ഈടാക്കിവരുന്നതു ന്യായമായകരത്തിന്റെ നാലും അഞ്ചും ഇരട്ടിയാകയാൽ ആ വക സംഖ്യയെ നിർത്തൽചെയ്തു കരത്തിന്റെ ഇരട്ടിമാത്രമേ ഈടാക്കാവൂ എന്നു ഈ സഭ ഗവർമ്മെന്റിനോടു ശിപാർശചെയ്യുന്നു.

സർ, ഇപ്പോൾ തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും നിരോധനക്കരം എന്നൊരു ഏർപ്പെടുത്തിയിരിക്കുന്നതിൽ ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നു എന്നുള്ളസംഗതി ഈ കൗൺസിലിന്റെ മുമ്പാകെ കൊണ്ടുവരുന്നതിനാണു ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു്.

സാർ, ഈ നിരോധനക്കരം നാലഞ്ചിരട്ടി എന്നല്ല നൂററിലധികം ഇരട്ടി ചുമത്തിയിരിക്കുന്നു എന്നാണ് അറിയുന്നതു. ഈ സംഗതിയെപ്പററി അധികമൊന്നും പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്റെ അറിവിൽപെട്ടിടത്തോളം കുന്നത്തുനാട്ടുതാലൂക്കിൽ ഒരു പകുതിയിൽ ചുമത്തിയിരിക്കുന്ന നിരോധനക്കരത്തിന്റെ ഒരു ലിസ്റ്റ് ഞാൻ വായിക്കാം.

ചെമ്മനാട്ടു പകുതിയിൽ സർവ്വെ നമ്പർ ..ൽ ഒരു സെൻറുള്ള സ്ഥലത്തിനു കൊടുത്ത നിരോധനക്കരം ഒരുരൂപാ നാലുചക്രം ൮ കാശു. ഇതിൽ അയൽഭൂമിയുടെ നിരക്കിനെപ്പററി പറയുകയാണെങ്കിൽ ഒരു സെൻറിനു ൮ കാശാണ് കരം. ആ സ്ഥിതിക്കു ... മടങ്ങു കൂടുതലായിട്ടാണ് ഇപ്പോൾ നിരോധനക്കരം ചുമത്തിയിരിക്കുന്നതു എന്നുകാണാം. അതുപോലെതന്നെ——

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അവരെല്ലാം എന്തുകൊണ്ടാണ് കോട്ടയം ഡിവിഷൻ പേഷ്കാരുടെ അടുത്തു അപ്പീൽ കൊടുക്കാതിരുന്നതു എന്നു മെമ്പറിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

പ്രസിഡൻറ്: കോട്ടയം പേഷ്കാരുടെ അടുത്തു അപ്പീൽ കൊടുത്തിട്ടുണ്ടോ?

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): അവർ തീരെ സാധുക്കളും അപ്പീൽ കൊടുക്കാൻ ഒരുവിധത്തിലും നിവൃത്തിയില്ലാത്തവരുമാണ്. അങ്ങിനെയുള്ള ആളുകളുടെ അടുക്കൽനിന്നാണ് ഈ നിരോധനക്കരം ഈടാക്കിവരുന്നതു്?

പ്രസിഡൻറ്: ഈ കരം ഈടാക്കിയോ?

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): കരം ഈടാക്കി അതുകൂടാതെ ഇപ്പോൾ അവർ താമസിക്കുന്ന സ്ഥലങ്ങളിലുള്ള കുടിലുകളിൽനിന്നും ഒഴിപ്പിച്ചുമാററണമെന്നുകൂടി വന്നിരിക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): ഈ നിരോധനക്കരം ൫ മടങ്ങിൽകൂടുതൽ പാടില്ലെന്നു ചട്ടം ഉണ്ടെന്നറിയാമോ?

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): അപ്രകാരം ഉണ്ടെന്നാണ് എന്റെ അറിവു്.

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഇത്രഇരട്ടിയിൽ കൂടുതൽ ഈടാക്കാൻ പാടില്ലെന്നു പ്രത്യേകം ഓർഡറില്ലേ?

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): ഓർഡറുകൾ ഉണ്ടാക്കീട്ടുണ്ട്. എന്നാൽ ഓർഡറു ഒരുവിധത്തിലും നടപ്പു മറെറാരുവിധത്തിലുമാണ് കാണുന്നതു.

ഠ പകുതിയിൽ സർവ്വേ നമ്പർ ..ൽ ഒരു സെൻറിനു നിരോധനക്കരം ഒരു രൂപാ മൂന്നുചക്രം നാലുകാശു സർവ്വെ നമ്പർ ..ൽ ഒരു സെൻറിനു നിരോധനക്കരം ഒരു രൂപാ നാലുചക്രം ൮ കാശു ഇതുപോലെ ... നമ്പർ വസ്തുവിന്റെ ലിസ്റ്റ് ഇവിടെ ഉണ്ടു.

ഇങ്ങിനെ നിരോധനക്കരം ചുമത്തിവരുന്നതു പ്രവൃത്തികാരന്മാരോ അല്ലെങ്കിൽ അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരോ ആയിരിക്കാം. ഏതെങ്കിലും സ്ഥലത്തുള്ള ഒരു വസ്തു ഉടമസ്ഥനോടു ഇവർക്കു എന്തെങ്കിലും വിരോധമുണ്ടായിരുന്നാലും ഇപ്രകാരമുള്ള സംഗതികൾ ചെയ്യാറുണ്ട്. ഇതിനു ഗവർമ്മെൻറിൽനിന്നും എന്തെങ്കിലും ഒരു ക്ലിപ്തം ചെയ്തു ഒരു നിയമം ഉണ്ടാക്കുകയോ അല്ലെങ്കിൽ ഈ സംഗതിയെപ്പററി ഗവർമ്മെൻറു വേണ്ടവിധം പര്യാലോചിച്ചു വേണ്ട പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യാത്തപക്ഷം തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും അധിവസിക്കുന്ന സാധുക്കളായ ജനങ്ങൾ വല്ലാത്ത സങ്കടം അനുഭവിക്കുന്നതിനിടയാകുമെന്നു മാത്രമല്ല ചിലപ്പോൾ അവരുടെ കെട്ടിടങ്ങളും ഗൃഹവകസാധനങ്ങളും ഉപേക്ഷിച്ചുപോകേണ്ടിവരുന്ന നിലയിൽകൂടി ഇടയാകുമെന്നുള്ള സംഗതി ഗവർമ്മെൻറിന്റെ ദൃഷ്ടിയിൽ പെടുത്തണമെന്നു വിചാരിച്ചാണ് ഈ പ്രമേയം അവതരിപ്പിക്കുന്നതു്.

മി. വി. എസ്. കുഞ്ഞുപിള്ള (തിരുവല്ല): അനക്രമമായവിധത്തിലുള്ള നിരോധനക്കരം ഈടാക്കിയാൽ ... അപ്പീൽ കൊടുത്തു ഭേദപ്പെടുത്തിക്കൊണ്ടുവരണമെങ്കിൽ എത്രരൂപ ചിലവുചെയ്യേണ്ടിവരും?

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): അപ്പീൽ കൊടുത്തു ഭേദപ്പെടുത്തുന്നതിനു നൂറുരൂപായോളം ചിലവുചെയ്യേണ്ടിവരും. ഇത്രയും ചിലവാക്കാതെ അതിനെ അസ്ഥിരപ്പെടുത്തുവാൻ സാധിക്കുകയില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഏകദേശം ഈ ഉദ്ദേശത്തോടുകൂടി ഇതേരൂപത്തിൽ മറെറാരുപ്രമേയം ഞാൻ ഈ കൌൺസിലിൽ കൊണ്ടുവന്നിട്ടുണ്ട്.

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): എന്നാൽ ആ പ്രമേയം വരുമ്പോൾ സംസാരിച്ചാൽപോരയോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഈ രണ്ടു പ്രമേയങ്ങളുടെയും ഉദ്ദേശം ഒന്നായതുകൊണ്ടു എന്റെ പ്രമേയം അവതരിപ്പിക്കാതെ പറയാനുള്ളതു ഇപ്പോൾ പറയാമെന്നു ഞാൻ വിചാരിക്കുന്നു.

പുറമ്പോക്കുകേസുകളിൽ നിയമത്തിനപ്പുറമായരീതിയിൽ നിരോധനക്കരം ചുമത്തി ജനങ്ങളെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന എന്നുള്ളതു ഈ രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും സാർവ്വത്രികമായുള്ള ഒരു പരാതിയാണ്. പ്രത്യേകിച്ചു ഉത്തരതിരുവിതാംകൂറിലെ എല്ലാ ഭാഗങ്ങളിലുമുള്ള കൃഷിക്കാരായ ജനങ്ങളുടെഇടയിൽ ഇതിനെപ്പററിയുള്ള സങ്കടവും ആവലാതിയും പരക്കെ മുഴങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. ഏതു മുക്കിലും മൂലയിലും ചെന്നാലും കൃഷിക്കാർ ഈ സങ്കടത്തിനു ഒരു നിവൃത്തിഉണ്ടാക്കുവാൻ കരുണയേറിയ ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ ഈ സംഗതികൾ നിങ്ങൾ കൊണ്ടുവരികയില്ലയോ എന്നാണ് ജനപ്രതിനിധികളോടു ചോദിച്ചുകൊണ്ടിരിക്കുന്നതു്.

ഇതിനെസംബന്ധിച്ചു എന്റെ താലൂക്കിൽ ഭയങ്കരമായ സംഗതികളാണ് നടക്കുന്നതു്. പുറമ്പോക്കുവകയിൽ ഗവർമ്മെൻറു ബഡ്ജററിൽ സംസ്ഥാനം ഒട്ടുക്കു നിന്നു ഇരുപത്തയ്യായിരംരൂപയോളം പ്രതീക്ഷിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ ഞങ്ങളുടെ ഒരു താലൂക്കിൽനിന്നുതന്നെ ഉദ്ദേശം അൻപതിനായിരംരൂപാ ഈടാക്കാൻ തീർച്ചചെയ്തിട്ടുണ്ടെന്നാണ് ഞാൻ ഊഹിക്കുന്നതു്. അതിന്റെ നിശ്ചയമായകണക്കു ചോദിച്ചിട്ടു തേവ

തര കിട്ടീട്ടില്ല. മറ്റു താലൂക്കുകളിലുംകൂടി ഗവണ്മെന്റു പുറമ്പോക്കിനത്തിൽ മുതൽവരുമെന്നു പ്രതീക്ഷിച്ചിരുന്ന സംഖ്യയുടെ ഇരട്ടിയോളംവരുന്നതുക ഒരു താലൂക്കിൽനിന്നുമാത്രം ഈടാക്കാൻ തീർച്ചചെയ്തിട്ടുണ്ടെങ്കിൽ എത്രത്തോളം ദുസ്സഹമായ സങ്കടമാണ് ജനങ്ങൾ അനുഭവിച്ചുവരുന്നതെന്നു ഇവിടെ പറയേണ്ട ആവശ്യമില്ലല്ലോ. താലൂക്ക സർവയർമാർ, ഹെഡ്സർവയർ, റവന്യൂസൂപ്രവൈസർ അവരുടെ കീഴിലുള്ള പകുതി അക്കൌണ്ടന്മാർ ഇവരെല്ലാം പുറമ്പോക്ക കേസെടുക്കാം, ഇവർ എടുക്കുന്നകേസ റിസർവിനു സമീപമുള്ള വസ്തുക്കളെ സംബന്ധിച്ചാണെങ്കിൽ ഫാറസ്റ്റുകാരുടെ അഭിപ്രായമറിവാൻ അയച്ചുകൊടുക്കും, റിസർവിനു ആവശ്യമുണ്ടെന്നും, പതിച്ചുകൊടുക്കാൻ പാടില്ലെന്നും, ഫാറസ്റ്റിലെവല്ല ഗാർഡും പരിശോധിച്ചു റിപ്പോർട്ടു ചെയ്താൽ പതിച്ചുകൊടുക്കാൻ പാടില്ലെന്നു തീരുമാനിക്കും. സ്ഥലം റോഡിനോ വല്ലവഴിക്കോ അടുത്താണെങ്കിൽ പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റുകാരോടും ചോദിക്കും. അവരിലും വല്ല മേസ്തിരിമാരുമായിരിക്കും പരിശോധിച്ചു അഭിപ്രായം എഴുതുന്നതു. ഇങ്ങനെ ഫാറസ്റ്റ്, റവന്യൂഡിപ്പാർട്ടുമെന്റിലെയും മറ്റുവകുപ്പുകളിലെയും കീഴുദ്യോഗസ്ഥന്മാരുടെ സ്വേച്ഛപോലെയാണ് പുറമ്പോക്കുകേസുകളുടെ ഉത്ഭവവും ഗതിയും. ഉടമസ്ഥനെ വസ്തു പുറമ്പോക്കാണെന്നുപറഞ്ഞു ഒഴിപ്പിക്കും. പിന്നെപ്പോൾ മറ്റൊരാൾക്ക പതിച്ചുകൊടുക്കും. ഇത്തരത്തിലുള്ള അഴിമതികളെ ഗവണ്മെന്റു നിർത്തിയാലല്ലാതെ രാജ്യത്തിനു ക്ഷേമം ഉണ്ടാകുന്നതല്ല. വടക്കൻ തിരുവിതാംകൂറിൽ സർവെനടത്തിയതു ദിവാൻ മിസ്റ്റർ വി. പി. മാധവരായരുടെ കാലത്തു വളരെ ദ്രുതഗതിയിലായിരുന്നു. അവിടെ ഉൾനാട്ടിലെ കൃഷിക്കാർ അന്നു വിദ്യാഭ്യാസം കുറഞ്ഞവരുമായിരുന്നല്ലോ. സർവെനടത്തിയപ്പോൾ പതിവു ഭൂമികളിൽ ഉൾപ്പെട്ട പലഭാഗങ്ങളും പുറമ്പോക്കായി എടുത്തിട്ടുള്ളതു അവർ അറിഞ്ഞിട്ടേയില്ല. തൊടുപുഴ, മൂവാറ്റുപുഴ, കുന്നത്തുനാടു മുതലായസ്ഥലങ്ങൾ മലയോടു അടുത്തവയാണ്. വയലിന്റെ മദ്ധ്യേകൂടി വല്ലകാട്ടരുവികളും ഉണ്ടായിരുന്നാൽ അവയുടെ കരയിലുള്ള വയലുകൾ പുറമ്പോക്കായി കൊള്ളിച്ചിരിക്കും. അതുപോലെതന്നെ പാറകൾകാണും. ആ പാറയും അതിനുസമീപമുള്ളസ്ഥലങ്ങളുംചേർത്തു പാറ പുറമ്പോക്കായികൊള്ളിച്ചിട്ടുണ്ട്. സർവെ ദ്രുതഗതിയിൽ നടന്നതുകൊണ്ട് സാധു കൃഷിക്കാർ ആ കാലത്തു ഇതറിഞ്ഞിട്ടേയില്ല. ഇങ്ങനെ കണക്കിൽ പുറമ്പോക്കായി ഇട്ടിരിക്കുന്ന സ്ഥലങ്ങൾ കൃഷിക്കാർ പതിവുപോലെ കൃഷിചെയ്യുമ്പോൾ, പുറമ്പോക്കിൽ പ്രവേശിച്ചു എന്നു പറഞ്ഞു കേസെടുക്കുന്നു. വാസ്തവത്തിൽ പുറമ്പോക്കാണെന്നറിഞ്ഞുകൂടാ, പുറമ്പോക്കിൽ പ്രവേശിക്കണമെന്നു ലേശംപോലും ആഗ്രഹമില്ലാത്ത സാധു കൃഷിക്കാർ അബദ്ധത്തിൽ കുടുങ്ങുകയാണ് ചെയ്യുന്നതു. എന്നാൽ വരുന്ന ആപത്തോ ഭയങ്കരം. ഈ കൃഷിക്കാർ പുറമ്പോക്കിൽ പ്രവേശിക്കുന്ന സ്ഥലങ്ങളുടെ സ്ഥിതി നോക്കുകയാണെങ്കിൽ വളരെ കഷ്ടം. അഞ്ചിംഗ് വീതിയിലും നാലോ അഞ്ചോ ചെയിൻനീളത്തിലുമായിരിക്കും ചില കേസുകൾ എടുക്കുന്നതു. ഈ സ്ഥലം മററു യാതൊന്നിനുംതന്നെ പ്രയോജനമില്ലാത്ത വയലിന്റെ മദ്ധ്യേയുള്ള ചെറു തോടിന്റെയോ പാറകളുടെയോ അരികായിരിക്കും. പട്ടണങ്ങളിൽ പൊതുജനോപയോഗമായസ്ഥലങ്ങളിലോ, അല്ലെങ്കിൽ കൃഷിക്കു വെള്ളം ഉപയോഗമുള്ള കുളങ്ങളുടെ അരികിലോ, റോഡിനരികിലോ, ഇങ്ങിനെ പ്രവേശിക്കുകയാണെങ്കിൽ അതു പൊതുജനങ്ങൾക്കു ഉപദ്രവമാണ്. അതു ഒഴിപ്പിക്കേണ്ടതുമാണ്. നേരെമറിച്ചു ഗവണ്മെന്റിനും ജനങ്ങൾക്കും ഒരു ഉപദ്രവവുമില്ലാത്ത സ്ഥലങ്ങളിൽ പ്രവേശിക്കുന്നവരുടെമേൽ കേസെടുത്ത്, സെന്റിനു ഒന്നരം രൂപ, രണ്ടുകാൽ രൂപാ ഈ കണക്കിനു നിരോധനക്കരംചുമത്തി ഒഴിപ്പിച്ചുവരുന്നതു അക്രമമാകുന്നു. ഇതിനെപ്പറ്റി ബഡ്ജറ്റു പൊതു വിമർശനാവസരത്തിൽ ഞാൻ പ്രസ്താവിക്കുകയും ഇങ്ങനെ ചട്ടത്തിനപ്പുറമായനിലയിൽ നിരോധനക്കരം ചുമത്തീട്ടുള്ള ഏതാനും കേസുകളുടെ ലിസ്റ്റ് വായിക്കുകയുംചെയ്തു. ഇതിൽ ചിലസ്ഥലങ്ങൾ വാസ്തവത്തിൽ പുറമ്പോക്കേയല്ല. അങ്ങനെയുള്ള ചില കേസുകൾ അപ്പീൽകോടതി പുറമ്പോക്കല്ല എന്നു വ്യക്തപ്പെടുത്തീട്ടുണ്ട്. അനേകംപേർ ശിക്ഷയും അനുഭവിച്ചിട്ടുണ്ട്. എന്നാൽ ഈ പുറമ്പോക്കുകേസുകളിന്മേൽ പത്തോ ഇരുപതോ രൂപാക്കുമേൽ ചിലവാക്കി കോട്ടയംവരെപോയി വക്കീലിനെ ഏർപ്പെടുത്തി കേസുനടത്തി രക്ഷനേടാൻ ഉൾനാട്ടിലെ കൃഷിക്കാരിൽ ൧൦൦-നു ൯൯ പേരും പ്രാപ്തന്മാരല്ല. പ്രത്യേകിച്ചു ഒരാളിന്റെയോ രണ്ടാളിന്റെയോ സങ്കടമായിരുന്നുവെങ്കിൽ അവർ കേസുകൊടുത്തു പരിഹാരംനേടിക്കൊള്ളട്ടെ എന്നു വിചാരിച്ചു ഈ കൌൺസിലിൽ പറയാതെ വിട്ടുകളയാമായിരുന്നു. പുരക്കെ ജനങ്ങളെ സാർവത്രികമായി ബാധിച്ചിരിക്കുന്ന ഈ മാതിരിയുള്ള സങ്കടങ്ങളെപ്പറ്റി ജനപ്രതിനിധികളായ ഞങ്ങൾക്കു ഈ കൌൺസിലിനെ അറിയിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇതിനുപുറമെ ഉദ്ദേശം ൩൦,൦൦൦ ത്തോളം രൂപാ ഈടാക്കുവാൻ തീർച്ചചെയ്തിട്ടുള്ളതിൽനിന്നും നിയമത്തിനപ്പുറമായരീതിയിൽ ഈടാക്കീട്ടുള്ള സംഖ്യ അപ്പീൽകൂടാതെ മടക്കിക്കൊടുപ്പിക്കണം. ഒരു കൊല്ലത്തോളമായി ഈ വിഷയത്തിൽ ഞങ്ങളുടെ താലൂക്കിൽ കൃഷിക്കാർ വളരെ ബുദ്ധിമുട്ടിൽകഴിച്ചുവരികയാണ്. ഇതിലേക്കു ഒരു പ്രതിവിധിനേടുന്നതിനു ജനങ്ങൾ ഒരുമിച്ചുകൂടി ഇവിടെവന്നു സങ്കടം അറിയിക്കണമെന്നും അതിലേക്കു ഞാനും കൂടി പോരണമെന്നും എന്നെ അറിയിച്ചു. മേലധികാരികളെ ഞാൻ ഈസംഗതിയറിയിച്ചു ശരിപ്പെടുത്തിത്തരാമെന്നുപറഞ്ഞു അവരെ സമാധാനപ്പെടുത്തി. ഞാനും ൪ പ്രജാസഭാമെമ്പർമാരും കൂടി കോട്ടയത്തുവന്നു സർക്കീട്ടിൽ കമ്മീഷണരെക്കണ്ടു ജനങ്ങളുടെസങ്കടംഅറിയിച്ചു. അദ്ദേഹം വളരെനല്ലയാളും വളരെ ദയയോടുകൂടി ജനങ്ങളോടു പെരുമാറിവരുന്ന സ്വഭാവക്കാരനുമാണ്. പക്ഷേ ഈസംഗതിയിൽ സാരമായ പരിഹാരമൊന്നും ഉണ്ടാക്കീട്ടില്ല. അതു അദ്ദേഹത്തിന്റെ തെറ്റാണെന്നും ഞാൻ പറയുന്നില്ല. കീഴുദ്യോഗസ്ഥന്മാരുടെ കുറ്റമാണ്. കമ്മീഷണരോടു ആക്ഷേപം സംഗതികൾ ഉണ്ടെന്നുപറയാം, എന്നാൽ അദ്ദേഹം പറയുന്നതു ഈസംഗതിയിൽ അപ്പീൽകേൾക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനില്ലെന്നാണ്. അതുവാസ്തവമാണ്, അങ്ങനെയായിരിക്കണം അവിടത്തെജനങ്ങൾ കരുണാശീലയായമഹാറാണിറീജന്റ് തിരുമനസ്സിലെ സന്നിധാനത്തിൽ കൂട്ടമായിവന്നു സങ്കടംഉണർത്തിക്കണമെന്നുപറഞ്ഞതു. അത്രവലിയസങ്കടമാണ് അവർക്കുള്ളതു. നിയമത്തിൽ വളരെമടങ്ങധികമാണ് നിരോധനക്കരം ചുമത്തിവരുന്നതെന്നു ബഡ്ജറ്റു പൊതുവിമർശനകാലത്തു ഞാൻ വായിച്ച ലിസ്റ്റിൽനിന്നും മനസ്സിലാക്കാം.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്കു): റെഗുലേഷൻ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന സംഖ്യയിൽനിന്നും കൂടുതലായിട്ട ഈടാക്കിട്ടുണ്ടോ?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): വളരെ, വളരെ കൂടുതൽ ഈടാക്കി വരുന്നുണ്ട്.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക): റഗുലേഷനിൽ പറഞ്ഞിരിക്കുന്നതിൽനിന്നും നിരോധനക്കരം കുറേച്ചു ഈടാക്കാൻ പാടുള്ളുഎന്നാണോ അഭിപ്രായം.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): അയൽഭൂമിയുടെ അഞ്ചുമടങ്ങുഎന്നതു പ്രയോഗത്തിൽ ൩൦൦ മടങ്ങായിരിക്കുന്നതുകൊണ്ടു രണ്ടുമടങ്ങാക്കിയാൽ ഒരുപക്ഷെ ൫ മടങ്ങിൽകൂടുതൽ കൊടുക്കേണ്ടിവരികയില്ല എന്നുള്ള വിചാരംതോട്ടകൂടിയാണ് ൨. മടങ്ങായിട്ട കുറയ്ക്കണമെന്നു മിസ്റ്റർ ഇട്ടിച്ചൻ പറയുന്നതെന്നുവിചാരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി): റഗുലേഷനിൽ നിരോധനക്കരംചുമത്തുന്നതു ഇത്രമടങ്ങേപാടുള്ളു എന്നുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): ൫ മടങ്ങു വരെ എന്നു പറഞ്ഞിട്ടുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി): നിരോധനക്കരം ഇത്രമടങ്ങായിരിക്കണമെന്നു റഗുലേഷനിൽ പറഞ്ഞിട്ടില്ല. പുറമ്പോക്കുറൂൾസിലാണ് പറഞ്ഞിട്ടുള്ളതു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): റൂൾസും റഗുലേഷനുമൊന്നും സാധാരണജനങ്ങൾ തിരിച്ചറിയാറില്ല. രണ്ടും ഗവൺമെൻറിൻെറ വ്യവസ്ഥയാണ്. അതിനു കീഴ്പ്പെട്ടിരിക്കുന്നതിനു ജനങ്ങൾ ബാദ്ധ്യസ്ഥരാണ്. അതിനപ്പുറമായ നിലയിലുള്ള ഭൂകയാണെങ്കിൽ ജനങ്ങൾ സങ്കടംപറയാൻ വരികയില്ല. ഉൽക്കടമായസങ്കടമുണ്ടെങ്കിൽ മാത്രമെ ജനങ്ങൾ പറയാൻ ഒരുങ്ങുകയുള്ളു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോഴുള്ള റൂൾസിനു വിപരീതമായനിലയിൽ നിരോധനക്കരം ചുമത്തിവരുന്നുഎന്നാണോ പറയുന്നതു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): വളരെഅധികം ഈടാക്കിവരുന്നു എന്നു ഞാൻ പലതവണപറഞ്ഞു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോഴുള്ള റൂൾസനുസരിച്ചുനടത്തിയാൽ മതിയാകുമോ?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): ഇപ്പോഴത്തെ റൂൾസനുസരിച്ചുതന്നെ ൫ മടങ്ങിനു ൩൦൦ മടങ്ങായിപ്പോകുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോഴത്തെ റൂൾസനുസരിച്ചു ശരിയായിട്ട നടത്തുന്നതിനുവേണ്ട ഏർപ്പാടുചെയ്താൽ മതിയാകുമോ?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴതൊടുപുഴ): അക്ഷരംപ്രതി അങ്ങനെനടന്നാൽ മതിയാകുമായിരുന്നു. അങ്ങനെനടക്കുന്നില്ല. ദിവാൻ മിസ്റ്റർ രാഘവയ്യായുടെകാലത്തു കുറെ അസിസ്റ്റൻറു തഹശീൽദാരന്മാരെനിയമിച്ചു. അവർ പുറമ്പോക്കുവിഷയത്തിൽ ക്രമേണ വലിയഉപദ്രവികളായിതീൎന്നു. അതിനെസംബന്ധിച്ചു ഈകൌൺസിലിൽ ഞങ്ങൾ അറിയിച്ചശേഷമാണ് ഈറൂൾസുണ്ടാക്കി നിരോധനക്കരംവ്യവസ്ഥപ്പെടുത്തിയതും അസിസ്റ്റൻറു തഹശീൽദാരന്മാരെ നിറുത്തിക്കളഞ്ഞതും.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോഴത്തെ റൂൾസിനെ മാററണമെന്ന താൽപ്പര്യമില്ലല്ലോ. അതനുസരിച്ചു ശരിയായി നടത്തിയാൽ മതിയെന്നല്ലേ പറഞ്ഞതു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): അതനുസരിച്ചു ശരിയായി നടന്നുകണ്ടാൽ തന്നെ ആ റൂൾസിനെതന്നെ ഒന്നുമാററിയാൽ കൊള്ളാമെന്നുണ്ട്. ൫ മടങ്ങു ഇപ്പോൾ ൩൦൦ മടങ്ങു ആകുന്ന സ്ഥിതിക്കു ൨. മടങ്ങു ആക്കിയാൽ ൫ മടങ്ങിൽ കൂടുകയില്ലായിരിക്കും. അന്യായമായ മുതലെടുപ്പിനെക്കാൾ പ്രധാനമായി കൃഷിക്കാരായ സാധുജനങ്ങളുടെ രക്ഷയും ക്ഷേമവുമാണ് ഗവൺമെൻറു നോക്കേണ്ടതു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): അന്യായമായിട്ട ഇങ്ങനെ നിരോധനക്കരം ചുമത്തുന്നുവെങ്കിൽ അതിനുചട്ടപ്രകാരമുള്ള പരിഹാരമാൎഗ്ഗം ഉണ്ടാക്കിയാൽ പോരയോ?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): ചട്ടപ്രകാരമുള്ള പരിഹാരമാൎഗ്ഗം അപ്പീലാണ്. ആയിരംപേരിൽ ഒരാൾ അപ്പീൽകൊടുപ്പാൻ പ്രാപ്തനല്ല എന്നു ഞാൻ ഇതിനുമുമ്പേ പറഞ്ഞുകഴിഞ്ഞു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ); ചട്ടത്തിൽ പറഞ്ഞിരിക്കുന്നതിൽനിന്നും കുറയ്ക്കണമെന്നാണോ പറയുന്നതു?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): അതോ ചട്ടംതന്നെ ജനങ്ങളുടെ ക്ഷേമത്തിനുപയുക്തമാകുന്നില്ലെങ്കിൽ അതിനെ ഭേദപ്പെടുത്തണം. അതിൻെറ പ്രയോഗത്തിലാണ ദൂഷ്യമെങ്കിൽ അതു ശരിയായി പ്രയോഗിക്കുന്നതിനു നിഷ്കൎഷിക്കണം. ഒരുവ്യക്തിക്കോ രണ്ടു വ്യക്തികൾക്കോ ഉണ്ടാകുന്ന സങ്കടമാണെങ്കിൽ അവർ നോക്കിക്കൊള്ളട്ടെ എന്നുവച്ചു പക്ഷെ ഇവിടെ പറയാതെ കഴിക്കാം. ജനങ്ങൾക്കാകമാനമായിട്ടുണ്ടാകുന്ന സങ്കടങ്ങളെ ഈ പ്രതിനിധിസഭ വഴിയായി പരിഹരിക്കണം. ഈസഭ അവർ ഓരോരുത്തരും പ്രത്യേകം പ്രത്യേകം അപ്പീൽ കൊടുത്തുകൊള്ളട്ടെ എന്നു വിടാൻ പാടില്ല. മൂവാററുപുഴയിലെ സ്ഥിതി വളരെ കഷ്ടമാണ്. അയൽതാലൂക്കായ കുന്നത്തുനാട്ടിലേയും സ്ഥിതി ഇതുപോലെയാണെന്നു മിസ്റ്റർ ഇട്ടിച്ചൻ പറഞ്ഞതിൽനിന്നു ഞാൻ ഊഹിക്കുന്നു. ഈ കഷ്ടതയെ ഗവൺമെൻറുതന്നെ തടയേണ്ടതത്യാവശ്യമാണ്, പ്രത്യേകിച്ചും ഈരാജ്യത്തെ പ്രധാന തൊഴിലാളികളായ കൃഷിക്കാരുടെ സങ്കടപരിഹാരത്തിനുവേണ്ടി ഗവൺമെൻറു പ്രത്യേകം ശ്രദ്ധിക്കണം.

അതിനാൽ ഗവൺമെൻറു മൂവാററുപുഴ, കുന്നത്തുനാട്ടു മുതലായ താലൂക്കുകളിലേക്കു ചുമതലയുള്ള ആളുകളെ അയച്ചു ജനങ്ങൾക്കു ഈ വിഷയത്തിലുള്ള സങ്കടങ്ങളെപ്പററി പ്രത്യേകം അന്വേഷിക്കണം. അന്വേഷണത്തിൽ അങ്ങിനെ സങ്കടമില്ലെന്നു കാണുന്നപക്ഷം അതിലേക്കുള്ള ചിലവു കെട്ടിവയ്ക്കുവാൻ ഞങ്ങൾ തയ്യാറാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): പൊതുവേയുള്ള സങ്കടങ്ങളെ പരിഹരിക്കുന്നതിനാണ് ചട്ടം ഏർപ്പെടുത്തിയിട്ടുള്ളതു.

മി. തയ്യിൽ കുഞ്ഞിരത്തോമ്മൻ (മൂവാററുപുഴ-തൊടുപുഴ): അതേ. അതിന്റെ പ്രയോഗത്തിലുള്ള ന്യൂനതകളെ പരിഹരിക്കണമെന്നു പറയാൻ പാടില്ലെന്നില്ലല്ലോ? ചട്ടങ്ങളും അവയുടെ പ്രയോഗവും ജനങ്ങളുടെ ക്ഷേമത്തിനു ബാധകമാണെങ്കിൽ അതിനെ ബന്ധപ്പെട്ടവരുടെ ആവശ്യത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണല്ലോ പ്രതിനിധിസഭകൾ ഏർപ്പെട്ടിട്ടുള്ളതു്. അങ്ങിനെയുള്ള പ്രതിനിധിസഭകൾതന്നെ ഈ ദുരവസ്ഥകൊണ്ടു് ബുദ്ധിമുട്ടുകൊള്ളുന്നവരെന്നു പറഞ്ഞാൽ അതു് വലിയകഷ്ടമായിരിക്കും. ഈ പ്രതിനിധിസഭകളിലേക്കു ആളുകളെ തിരഞ്ഞെടുത്തയയ്ക്കുന്നതു്, ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളായ കൃഷിക്കാരാണു്. അങ്ങിനെയുള്ള കൃഷിക്കാർക്കു പരക്കെ നിയമത്തിനപ്പുറമായി നേരിട്ടുകൊണ്ടിരിക്കുന്ന ഈ ദുരസങ്കടങ്ങൾക്കു പരിഹാരമുണ്ടാക്കേണ്ടതു് ഇതിന്റെ പ്രധാനകടമയാണു്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഇത്രയേക്കറിനു ഇത്രപണം നിരോധനകരം ചുമത്താവു എന്നൊരു വ്യവസ്ഥ ചട്ടത്തിൽ ഇല്ലേ?

മി. തയ്യിൽകുഞ്ഞിരത്തോമ്മൻ (മൂവാററുപുഴ-തൊടുപുഴ): ചട്ടത്തിൽ എന്താണുള്ളതു് എന്നു എന്നേക്കാളും ചട്ടത്തിൽ വിദഗ്ദ്ധനായ ബാരിസ്റ്റർക്കുതന്നെ അറിയാം. എന്നോടു ചോദിച്ചറിയേണ്ടതില്ല. ഞാൻ മനസ്സിലാക്കീട്ടുള്ളതു അയൽഭൂമിയുടെ കരത്തിന്റെ നിരക്കിൽ ൫ മടങ്ങിലധികം പാടില്ല എന്നാണു്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഏക്കറിൽ നിരോധനകരം അയൽഭൂമിയുടെ കരത്തിൽ ൫ മടങ്ങു കൂടുതൽ ചുമത്തുവാൻ പാടില്ലെന്നു വ്യവസ്ഥയുണ്ടല്ലോ?

മി. തയ്യിൽ കുഞ്ഞിരത്തോമ്മൻ (മൂവാററുപുഴ-തൊടുപുഴ): ചട്ടം ഒരുവിധവും പ്രവൃത്തി മറെറാരുവിധവുമാണു്. ൧൦൦ മടങ്ങു ൧൫ മടങ്ങു ഇങ്ങനെ ചുമത്തിവരുന്നുണ്ടു്. ഒന്നല്ല, രണ്ടല്ല, അനേകം കേസുകളിൽ ഇങ്ങനെ ചുമത്തിവരുന്നതായി ഞാൻ ഒരുലിസ്റ്റ് മുമ്പു വായിച്ചുവല്ലോ.

ഭയങ്കരമായ നിയമലംഘനം നടത്തുന്ന ഉദ്യോഗസ്ഥന്മാരെ (ഞാൻ ആരുടെയും പേർ പറയുന്നില്ല) ശിക്ഷിച്ചു ജനങ്ങളുടെ സങ്കടത്തിനു പരിഹാരമുണ്ടാക്കണം. ചുമതലയുള്ള ഉദ്യോഗസ്ഥന്മാരെ അയച്ചു് അന്വേഷിക്കണം.

ഇത്രയുംസംഗതികൾ പ്രസ്താവിച്ചുകൊണ്ടു ഞാൻ മിസ്റ്റർ ഇട്ടിയച്ചന്റെ പ്രമേയത്തെ ബലമായി പിന്താങ്ങിക്കൊള്ളുന്നു.

മി. ഏസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും, ആദായനികുതിയും കമ്മീഷണർ): സർ, ലാൻഡ്കൺസർവൻസി റഗുലേഷന്റെ പ്രവർത്തനത്തെപ്പററി ചില ചില തെററിദ്ധാരണകളുണ്ടു്. ചട്ടങ്ങൾ അനുസരിച്ചു ഒരുകേസിലും സാധാരണകരത്തിൽ ൫ ഇരട്ടിയിൽ കൂടുതൽ നിരോധനകരം ചുമത്താൻ പാടില്ല. ൧൯൨൫ ആഗസ്റ്റ് ൩൧-നു-ലെ റൂൾസ് ൧൦-ം ഖണ്ഡികപ്രകാരം കയ്യേററം രണ്ടുവകുപ്പുകളായി വിഭാഗിക്കാം. ഒന്നു തർക്കവർക്കാരനു വസ്തുപതിച്ചുകൊടുപ്പാൻ നിവൃത്തിയില്ലാത്തതു്; രണ്ടു, വസ്തുപതിക്കാവുന്നതു്. കയ്യേററംചെയ്യുന്ന വസ്തുക്കളിൽ പതിക്കാവുന്നതിനു ഒരു നിരോധനകരവും ചുമത്തുന്നതല്ല. ഞങ്ങൾചെയ്യുന്നതു കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ കരക്കുടിശിഖ പിരിക്കുക മാത്രമാണു്. വസ്തു കയ്യേററംചെയ്തു മൂന്നുവർഷം മാത്രമേ കയ്യശം വച്ചുകൊണ്ടിരുന്നിട്ടുള്ളു എങ്കിൽ കഴിഞ്ഞ മൂന്നുവർഷങ്ങളിലെ കരം വാങ്ങിക്കുന്നു. ഒരു നിരോധനകരവും വാങ്ങിക്കുന്നില്ല. വസ്തുപതിച്ചുകൊടുപ്പാൻ പാടില്ലാത്തകേസിൽ ഉദാഹരണമായി, റോഡുവഴികളിലും, സംരക്ഷിത പുൽമേടുകളിലും മററും കയ്യേററംചെയ്യുന്ന സംഗതികളിൽ ഞങ്ങൾ നിരോധനകരം ചുമത്തുന്നു. വളരെ ദുർല്ലഭമായിട്ടുമാത്രമേ സാധാരണകരത്തിന്റെ ഇരട്ടിയിൽ കൂടുതലായി നിരോധനകരം ചുമത്തുന്നുള്ളു എന്നു് ഉദ്യോഗസ്ഥന്മാർ എന്നോടു ഉറപ്പായി പറയുന്നു. ഇപ്പോഴത്തെ റൂളുകൾ അതായതു ൧൯൨൫-ലെ റൂളുകൾ ഇക്കാര്യത്തിൽ പഴയ റൂളുകളെക്കാൾ ലഘുവാണു്. പഴയ റൂൾഅനുസരിച്ചു് ഉദ്യോഗസ്ഥനു ചുമത്താവുന്ന നിരോധനകരത്തിനു അതിരില്ലായിരുന്നു. എന്നാൽ ഇപ്പോഴത്തെ റൂളുകളിൽ ൭-ാമത്തെ റൂളനുസരിച്ചു് ഉദ്യോഗസ്ഥനു് സ്വാതന്ത്ര്യമില്ല. ഇതു പുറമ്പോക്കു റൂളുകളെ സംബന്ധിച്ചു മാത്രമാണു്.

മറെറാരുകാര്യം ടൌൺ, ലാൻഡുറൂളുകൾ ബാധിക്കുന്ന പട്ടണങ്ങളിൽ ....

മി. മാത്യു മുരിക്കൻ (വയ്ക്കം): നിശ്ചയിച്ചിട്ടുള്ളതുകയിൽ കൂടുതലായി ചുമത്തിയാൽ, ചുമത്തിയ കൂടുതൽതുക തിരിച്ചുകൊടുക്കുമോ എന്നു ദയവുചെയ്തു മെമ്പർ പറയുമോ?

മി. ഏസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ആ ഉദ്യോഗസ്ഥനെ കഠിനമായി ശിക്ഷിക്കുന്നതാണു്. ഇങ്ങനെ പൊതുവെപറയുന്നതു് നാം കേൾക്കുന്നു. ഒരു യഥാർത്ഥവും, പ്രത്യേകവുമായ സംഭവം എന്റെശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല. കമ്മീഷണരെ ഈ സംഭവങ്ങൾ അറിയിക്കുകയാണെങ്കിൽ വേണ്ടനടപടി നടത്തുന്നതാണു്. ഇപ്പോൾ മി. മുരിക്കൻ എന്നോടു ഒരു സങ്കല്പചോദ്യം ചോദിക്കുന്നു. ഇപ്പോൾ ഒരു ഉദ്യോഗസ്ഥൻ, ഒരു കാരണവുംകൂടാതെ, എല്ലാറൂളുകൾക്കും റഗുലേഷനുകൾക്കും വിപരീതമായി എന്തെങ്കിലും കുററംചെയ്തിട്ടുണ്ടെങ്കിൽ തുക ഞങ്ങൾ തിരിച്ചുകൊടുക്കേണ്ടതാണു്.

മി. മാത്യു മുരിക്കൻ (വയ്ക്കം): ഞാൻ............

മി. ഏസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): എന്റെ പ്രസംഗം പൂർത്തിയാക്കുന്നതിനു സമ്മതിക്കണമെന്നു സാമാജികന്മാരോടു അപേക്ഷിച്ചുകൊള്ളുന്നു. പിന്നീടുള്ള ചോദ്യം ചോദിച്ചാലും അവയ്ക്കു മറുപടി പറയുന്നതിനു സന്തോഷമുണ്ടായിരിക്കും. മിസ്റ്റർ ഇട്ടൂപ്പ ഇട്ടിയച്ചൻ ചിലസംഗതികളെപ്പററി പറഞ്ഞു. അവ പരിശോധിക്കുന്നതിനു എനിക്കിടയായിട്ടില്ല.

മി. തയ്യിൽ കുഞ്ഞിരത്തോമ്മൻ (മൂവാററുപുഴ-തൊടുപുഴ): കോട്ടയത്തു ഞാനും നാലു് പ്രജാസഭാ മെമ്പർമാരുംകൂടി വന്നു് ഒരു മെമ്മോറിയൽ തന്നിട്ടില്ലേ?

മി. ഏസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): തമിഴിൽ ചോദിച്ചാൽ മറുപടി പറയാം.

പ്രസിഡന്റ്. മി. കുഞ്ഞിരത്തോമ്മൻ അദ്ദേഹത്തോടു തമിഴിൽ ചോദിച്ചാൽ മറുപടി പറയും.

മി. ഏസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): കോതമംഗലത്തും മററുസ്ഥലങ്ങളിലും മിസ്റ്റർ തയ്യിൽ കുഞ്ഞിരത്തോമ്മനും ഞാനും ഒരുമിച്ചു അനവധിസ്ഥലങ്ങൾ പരി

ഉണ്ടായിച്ചു. കുറെ സാധുജനങ്ങൾ പ്രവേശിച്ചു ദേഹണ്ഡങ്ങൾ ചെയ്ത കരസ്ഥലങ്ങൾ അപ്പോൾ അദ്ദേഹം എന്നെക്കാണിച്ചു, അപ്പോൾ എന്നോടുപറഞ്ഞതു തറവില—കരമല്ല—കൂടിപ്പോയി എന്നാണ്. അദ്ദേഹം തറവിലയും കരവുംകൂടി കലർത്തുകയാണ്. കരം, ൨ ൦ ൦ രൂപയായി നിശ്ചയിച്ചു എന്നു അദ്ദേഹം പറഞ്ഞു. എന്നു തോന്നുന്നു. കരമല്ല തറവിലയായിരുന്നു; ഞാൻ ഇതു തഹശീൽദാരോടും പേഷ്കാരോടും പറഞ്ഞു. ഈ സംഗതി ഒന്നുകൂടി പരിശോധിച്ചു ഈ ആളുകൾ വാസ്തവത്തിൽ സാധുക്കളാണെങ്കിൽ കരവും തറവിലയും കുറയ്ക്കണമെന്നും പറഞ്ഞു.

തഹശീൽദാർ തറവില നിശ്ചയിച്ചു ഉത്തരവിടുമ്പോൾ അതു ഒരു ന്യായാധിപ നടപടിയാണു. തന്റെ ഉത്തരവുതന്നെ അസ്ഥിരപ്പെടുത്തുന്നതിനു അദ്ദേഹത്തിനു അധികാരമില്ല. അതിനു ചില വിഷമതകളുണ്ട്. നിയമപ്രകാരമുള്ള ചില മാറ്റങ്ങളിൽകൂടി മാത്രമേ ആ ഉത്തരവു അസ്ഥിരപ്പെടുത്താൻ പാടുള്ളു. ഈ ഉദ്യോഗസ്ഥന്മാർ അതു ചെയ്യുന്നതിനു നടപടികൾ നടത്തുകയാണ്. സംശയമില്ല. തറവിലയായിട്ട് ആളുകൾ നിശ്ചയിക്കുന്നതിനു തഹശീൽദാർക്ക് നല്ല കാരണങ്ങളുണ്ടായിരുന്നു. ഈ പ്രത്യേകകേസിൽ ചട്ടങ്ങളനുസരിച്ചു മാത്രം അദ്ദേഹം പ്രവർത്തിച്ചു. ആ ആളുകൾ സാധുക്കളായിരുന്നു. അതുകൊടുപ്പാൻ നിവൃത്തിയുമില്ലായിരുന്നു. എന്നാൽ പുതുവൽ ചട്ടങ്ങൾ അധഃകൃതർക്കുമാത്രം ചില സൌജന്യങ്ങൾ ചെയ്തുകൊടുക്കുന്നതിനനുവദിച്ചിട്ടുണ്ട്. അതു മൂവാററുപുഴയായിരുന്നു എന്നു തോന്നുന്നു.

ഞാൻ ചൂണ്ടിക്കാണിക്കണമെന്നു ആഗ്രഹിക്കുന്ന വേറൊരു സംഗതി ചട്ടങ്ങൾ ഇത്ര അലക്ഷ്യമായി ലംഘിച്ചു ഒരു പ്രത്യേക കേസും എന്റെ ശ്രദ്ധയിൽ ഇതുവരെ കൊണ്ടുവന്നിട്ടില്ലെന്നാണ്. ഞാൻ മൂവാററുപുഴെ പോയിരുന്നു. കുന്നത്തുനാട്ടും പോയിരുന്നു. അപ്പോൾ ഈ സംഗതികൾ എന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ഈ ആളുകൾക്കു വളരെ സൌകര്യമുണ്ടായിരുന്നു. ഒരു കേസിന്റെ രണ്ടു വശങ്ങളും കേൾക്കാതെ നമുക്കു അതു വിധിക്കാൻ പാടില്ല. കരത്തിന്റെ ൩ ഇരട്ടിയിൽ കൂടുതൽ ചുമത്തുന്നതിനെ ചട്ടങ്ങൾ വിരോധിച്ചിരിക്കുന്നു എന്നു മാത്രമെ എനിക്കിപ്പോൾ പറയാൻ സാധിക്കയുള്ളു. ഉദ്യോഗസ്ഥന്മാർ ഈ ചട്ടങ്ങളു ലംഘിച്ചു നൂറിരട്ടിയോ മററോ ചുമത്തിയാൽ അവർ അബദ്ധത്തിലകപ്പെടും. ഞാൻ മുമ്പെ പറഞ്ഞതുപോലെ ഉദ്യോഗസ്ഥൻ സാധാരണയായി സാധാരണ നിരക്കു കരത്തിന്റെ ഇരട്ടിയിൽ കൂടുതൽ ചുമത്തുന്നില്ല. അതും പതിക്കാൻ പാടില്ലാത്തസ്ഥലത്തിനു മാത്രമാണ്. ഇപ്പോഴത്തെ ചട്ടങ്ങൾ രീച്ച്‌യാഫി മെംബർ അഭിപ്രായപ്പെട്ട ചട്ടങ്ങളെക്കാൾ ലഘുവാണ്. എല്ലാ കേസിലും ഇരട്ടിനിരോധനക്കരം ചുമത്തിക്കണമെന്നു മെംബർ ആഗ്രഹിക്കുന്നുവെന്നു തോന്നുന്നു. അതിന്റെ ഫലം ഇപ്പോൾ ഞങ്ങൾ അത്രയും ചുമത്താത്ത കേസിലും നിരോധനക്കരം ചുമത്തേണ്ടതായി വരും. ഞാൻ മുമ്പുപറഞ്ഞതുപോലെ മെംബർമാർ 'തറവില' 'നിരോധനക്കരം' ഈ വാക്കുകളുടെ അർത്ഥം തെററിദ്ധരിച്ചിരിക്കുന്നു. മി: ഇട്ടൂപ്പുഇട്ടീച്ചന്റെ ലിസ്റ്റ് തരുന്നതായാൽ ഞാൻ അതു നോക്കാം. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ പൊതുവെ ചില പ്രസ്താവനകൾ ചെയ്തു. അദ്ദേഹത്തിനു പ്രത്യേക ഉദാഹരണങ്ങൾ ഒന്നുമില്ല. ഞാൻ ഈ താലൂക്കുകളിൽ പോയപ്പോൾ അദ്ദേഹം ഒരു പ്രത്യേക സംഗതിയും ഉദാഹരണത്തിനായി എന്നെകാണിച്ചില്ല. നിരക്കിന്റെ നൂറിരട്ടിക്കരം ചുമത്തിയിരുന്നെങ്കിൽ എന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു വാസ്തവത്തിൽ അദ്ദേഹത്തിനു വളരെ എളുപ്പമായിരുന്നു. എന്നാൽ കൂടുതൽ നിരക്കുകളെപ്പററി ഒരു പരാതിയുമില്ലായിരുന്നു. തറവിലയുടെ കാര്യവും നിരോധനക്കരവും കൂടി മെംബർ കലർത്തിയതാണ് എനിക്കു തോന്നുന്നത്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ. (മൂവാററുപുഴയും തൊടുപുഴയും). കൈവശത്തിലും ദേഹണ്ഡത്തിലും കുറെ നാളായിട്ടിരിക്കുന്ന ഭൂമി പതിച്ചുകൊടുക്കുന്നതിൽ ൨ ൦ ൦ രൂപാ തറവില വയ്ക്കുന്നതു കഷ്ടമാണെന്നു മെമ്മോറിയലിൽ പറഞ്ഞിട്ടുണ്ട്. പുറമ്പോക്കിൽ പ്രവേശിച്ചിട്ടില്ലാത്തവരുടെ മേൽകൂടി കേസെടുത്തു കൂടുതൽ നിരോധനക്കരം ചുമത്തുന്നു എന്നു ഞാൻ പറഞ്ഞിട്ടുണ്ട്.

മി. എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): തമിഴിൽ ചോദിച്ചാൽ മറുപടി പറയാം.

പ്രസിഡന്റ്. നിരോധനക്കരം പത്തുമടങ്ങോ പതിനഞ്ചു മടങ്ങോ വയ്ക്കുന്നതായിട്ടറിവില്ല എന്നാണ് കമ്മീഷണർ പറയുന്നത്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): പുറമ്പോക്കിൽ പ്രവേശിക്കാത്തവരുടെ മേൽകൂടി കേസ്സെടുത്തു ശിക്ഷിക്കുന്നുണ്ട്.

മി. എസ്സ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അവർ തറവിലയും നിരോധനക്കരവും കൂട്ടിക്കുഴയ്ക്കുകയാണ്. അവർ തറവിലയെപ്പററി എന്നോടു പരാതിപ്പെട്ടു. വിലകൊടുക്കുന്നതിനു പണമില്ലാത്ത സാധുക്കളുടെ കാര്യത്തിൽ അവരുടെ പേരിൽ വസ്തുക്കൾ പതിക്കുന്നതിനു ഞാൻ നടപടി നടത്തിയിട്ടുണ്ട്. സ്ഥലത്തെ ഉദ്യോഗസ്ഥന്മാർ അതു ചെയ്യുകയാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതു ഒരു ഏഴുമാസത്തിനുമുമ്പല്ലേ? അതിൽപിന്നീടാണ് പുറമ്പോക്കല്ലാത്ത സ്ഥലം പുറമ്പോക്കാണെന്നു പറഞ്ഞു, കേസെടുത്തു ജനങ്ങളെ സങ്കടപ്പെടുത്തിയിട്ടുള്ളതു. അതിനെപ്പററി കമ്മീഷണരെ അറിയിച്ചിട്ടുണ്ട്. ഏഴുമാസത്തിനുമുമ്പാണ് ഈ വിവരങ്ങളെല്ലാം കാണിച്ചു മെമ്മോറിയൽ കൊടുത്തതു.

മി. എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അതുതന്നെയാണ് ഞാൻ പറയുന്നതു. അവർ തറവിലയും നിരോധനക്കരവുംതമ്മിൽ കുഴക്കയാണ്. നിരോധനക്കരം ലാൻഡു കൺസർവൻസി റെഗുലേഷനനുസരിച്ചു ചുമത്തുന്നു; തറവില പുതുവൽ ചട്ടങ്ങളനുസരിച്ചു ചുമത്തുന്നു.

മി. ഇട്ടൂപ്പു ഇട്ടീച്ചൻ (കുന്നത്തുനാട്): സർ, കമ്മീഷണർ ഈ സംഗതിയെപ്പററി വേണ്ടതന്വേഷണം നടത്തുമെന്നും ചട്ടങ്ങളിൽനിന്നും കൂടുതലായിട്ടു ഈടാക്കീട്ടുള്ളതിനെ അസ്ഥിരപ്പെടുത്തിത്തരുമെന്നുമുള്ള വിശ്വാസത്തിന്മേൽ ഈ പ്രമേയം പിൻവലിക്കുന്നതിനുള്ള അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രസിഡന്റ്. പ്രമേയം പിൻവലിക്കുന്നതിനു മെംബർക്കു സഭയുടെ അനുവാദമുണ്ടോ?

അനുവാദം അനുസരിച്ചു പ്രമേയം പിൻവലിച്ചു.

താഴെപ്പറയുന്ന പ്രമേയങ്ങൾ പൊയ്പ്പോയി.

പ്രമേയങ്ങൾ ൨ മുതൽ ൬ വരെ.

പുറമ്പോക്കുകേസുകളെപ്പററിയുള്ള നടപടികൾ.

൨. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പുറമ്പോക്കുകേസുകളിൽനിന്നും ജനങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടപ്പാടുകൾ പരിഹരിക്കുന്നതിനു താഴെപ്പറയുന്ന വ്യവസ്ഥകൾ ഉണ്ടാക്കണമെന്നു ഈ സഭ ഗവർമ്മെൻറിനോടു ശിപാർശചെയ്യുന്നു.

(എ) കൈവശക്കാരൻ, കേസിലുൾപ്പെട്ട സ്ഥലം അതിരറിയാതെ കൈവശത്തിൽ വച്ചതാണെന്നു സമ്മതിക്കുകയും അതു വിട്ടുന്നതിനു സമ്മതിക്കുകയും ചെയ്താൽ അയാളെ ശിക്ഷിക്കരുത്. അടുത്ത വസ്തുക്കളിലെ കരത്തിൻെറ നാലിരട്ടിയിൽ കൂടാത്ത നിരക്കു കരംകെട്ടിച്ചു ഈടാക്കി വസ്തു ഒഴിപ്പിക്കുകയേ ചെയ്യാവൂ.

(ബി) ഈ സ്ഥലം പതിച്ചുകൊടുക്കാവുന്നതാണെങ്കിൽ അയൽ വസ്തുക്കളിലെ നിരക്കിൻെറ നാലിരട്ടിയിൽ കൂടാത്ത നിരക്കു തറവിലയും കരവും ചുമത്തി പതിച്ചുകൊടുക്കണം.

(സി) സാധാരണ എളുപ്പമല്ലുകളെക്കാൾ വലിപ്പവും തിരിച്ചറിയാവുന്ന നിറവുമുള്ള കല്ലുകൾ പുറമ്പോക്കു അതിരുകളിൽ കുഴിച്ചിടണം.

(ഡി) പുറമ്പോക്കു എന്നറിഞ്ഞുകൊണ്ടു വസ്തു കൈവശപ്പെടുത്തുകയും ഈ കൈവശംകൊണ്ടു ഗവർമ്മെൻറിനൊ ജനങ്ങൾക്കൊ കാര്യമായ ചേതമൊ നഷ്ടമോ ഉണ്ടാകുകയും ആവക നഷ്ടം പരിഹരിക്കുന്നതിനും വസ്തു ഒഴിയുന്നതിനും കക്ഷി വിസമ്മതിക്കുകയും ചെയ്യുന്ന കേസുകളിൽ മാത്രമല്ലാതെ പുറമ്പോക്കുകേസുകളിൽ ആരെയും ശിക്ഷിക്കരുത്.

മുനിസിപ്പൽ റഗുലേഷൻെറ ഭേദഗതി.

(൩) മി. രേവതിനാൾരാമവർമ്മരാജാ (ഇടവക): സ്ത്രീകൾ മുനിസിപ്പൽ കൌൺസിലർമാരാകുന്നതിനുള്ള അവകാശം എടുത്തുകളയുന്ന മുനിസിപ്പൽറഗുലേഷൻ ൪൭-ാംവകുപ്പു സി. ഉപവകുപ്പു റഗുലേഷനിൽനിന്നും എടുത്തുകളയണമെന്നു ഈ സഭ ഗവർമ്മെൻറിനോടു ശിപാർശ ചെയ്യുന്നു.

വക്കീലന്മാരിൽനിന്നു മുൻസിഫന്മാരെയും മജിസ്ട്രേട്ടന്മാരെയും നിയമിക്കുക.

(൪) മി. ഏ. സി. കണ്ണൻകോസ് (മീനച്ചിലും ദേവികുളവും): ജയിൽ മജിസ്ട്രേട്ടന്മാരുടെയും മുൻസിഫന്മാരുടെയും കുറഞ്ഞപക്ഷം ൫൦ ശതമാനം വക്കീലന്മാരിൽനിന്നും നിയമിക്കേണ്ടതാണെന്നു ഈസഭ ഗവർമ്മെൻറിനോടു ശിപാർശ ചെയ്യുന്നു.

വിദേശരാജ്യങ്ങളിൽ കച്ചവട ഏജൻറന്മാരെ നിയമിക്കുന്നതിനെപ്പററി.

(൫) മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക): ഈ രാജ്യത്തെ വിദേശകച്ചവടം വളർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ലണ്ടനിലും ന്യൂയോർക്കിലും, ആസ്ത്രേലിയായിലും, ആംസ്റ്റർഡാമിലും കഴിയുന്ന വേഗത്തിൽ തിരുവിതാംകൂർകാരായ ശേഷിയുള്ള കച്ചവടഏജൻറന്മാരെ നിയമിക്കുന്നതിനു ഗവർമ്മെൻറിനു ദയവുണ്ടാകണമെന്നു ഈ സഭ ഗവർമ്മെൻറിനോടു ശിപാർശ ചെയ്യുന്നു.

പബ്ലിക്കുസർവീസിലേക്കുള്ള നിയമനത്തിൽ ചില സമുദായങ്ങളോടു വ്യത്യസ്തമായി പെരുമാറുക.

(൬) മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരം-കൊട്ടാരക്കര): പുതിയ ഉദ്യോഗങ്ങൾക്കു ഒരേ യോഗ്യതകളുള്ള പല അപേക്ഷകന്മാരുണ്ടായിരിക്കുമ്പോൾ അസമത്വപെരുമാററംകൊണ്ടു കഷ്ടപ്പെടുന്ന സമുദായത്തിലുൾപ്പെടുന്നവരെ തിരഞ്ഞെടുക്കേണ്ടതാണെന്നു് ഒരു കർശനമായ വ്യവസ്ഥ ഉണ്ടാക്കണമെന്നു ഈ സഭ ഗവർമ്മെൻറിനോടു ശിപാർശ ചെയ്യുന്നു.

പ്രസിഡൻറ്: സഭയുടെ ഈ സമ്മേളനത്തിൻെറ ജോലി അവസാനിച്ചിരിക്കുന്നു മി. എ. എസ്. ദാമോദരനാശാൻ അഭിപ്രായപ്പെട്ടിരിക്കുന്ന സ്റ്റാൻഡിംഗ് ഓർഡർ ൧൬-ൻെറ ഭേദഗതിയെപ്പററി ആലോചിക്കുന്നതിനുള്ള സിലക്ട് കമ്മിററിക്കു ൬ അംഗങ്ങളെ തിരഞ്ഞെടുത്തശേഷം ഈ സമ്മേളനം നിർത്തിവെയ്ക്കുന്നതാണു്.

ഉടനെ പ്രസിഡണ്ട് സഭവിട്ടു. ഡപ്യൂട്ടിപ്രസിഡണ്ട് അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചു.

൧൬-ാംനമ്പർ സ്റ്റാൻഡിംഗ് ആർഡർ ഭേദഗതിചെയ്യുന്നതിനുള്ള കമ്മററിയുടെ രൂപീകരണം. നിയമസഭയുടെ ൧൬-ാം നമ്പർ സ്റ്റാൻഡിംഗ് ആർഡർ പ്രകാരം കൊണ്ടുവന്ന ഭേദഗതിയെപ്പററി പര്യാലോചിക്കുന്നതിനുള്ള സിലക്ട് കമ്മററിക്കു താഴെപ്പറയുന്നവരുടെ പേരുകൾ മി. എ. എസ്സ്. ദാമോദരനാശാൻ പ്രസ്താവിച്ചു.

(൧) മി. എ. എസ്സ്. ദാമോദരനാശാൻ.
(൨) ,, എച്ച്. ബി. മഹമ്മദ റാവുത്തർ.
(൩) ,, വി. ജെ. ഉമ്മൻ.
(൪) ,, കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്.
(൫) ,, കെ. ജാജ്.
(൬) ,, എസ്സ്. വെങ്കിട്ടരമണയ്യർ.

മി. വി. ചെല്ലംപിള്ള പ്രമേയം പിൻവാങ്ങി ഒരെതിരും കൂടാതെ പാസ്സായി.

പിന്നീടു കമ്മററി മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നു ഡപ്യൂട്ടിപ്രസിഡണ്ട് പറഞ്ഞു.

ഉച്ചതിരിഞ്ഞു ൪-൩-ന് സഭ നിർത്തിവച്ചു.

ടി. പി. രാമസ്വാമയ്യർ,
നിയമസഭാ സിക്രട്ടറി.

അനുബന്ധം.

തിരുവിതാംകൂർ കാമ്പൻസേഷൻ ഫാർ ടെനൻട്സ് ഇംപ്രൂവ്മെൻറസ് ബിൽ.

തിരുവിതാംകൂറിലെ കുടിയാനവന്മാർക്ക് ദേഹണ്ഡത്തിനുള്ള പ്രതിഫലം ലഭ്യമാക്കുന്നതിനുള്ള ബിൽ:

തിരുവിതാംകൂറിലെ കുടിയാനവന്മാർ ചെയ്യുന്ന ദേഹണ്ഡങ്ങളുടെ പ്രതിഫലത്തെപ്പററിയുള്ള നിയമം ഏകീകരിക്കുന്നതും വിവരിക്കുന്നതും, ഭേദഗതിചെയ്യുന്നതും ആവശ്യമെന്നു തോന്നുകയാൽ താഴെ കാണിച്ചിരിക്കുന്ന നിയമം ഇതിനാൽ ഏർപ്പെടുത്തിയിരിക്കുന്നു.

പേരും സ്ഥലവ്യാപ്തിയും.

(൧) ഈ റഗുലേഷൻ തിരുവിതാംകൂർ കാമ്പൻസേഷൻ ഫാർ ടെനൻട്സ് ഇംപ്രൂവുമെൻറ്സ് ബിൽ എന്നു വിളിക്കപ്പെടുന്നതാണ്. ഇതു തിരുവിതാംകൂർ മുഴുവനും ബാധിക്കുന്നതാണ്.

മുൻനിയമങ്ങളുടെ റദ്ദാക്കൽ.

(൨) മേഹണ്ഡവിലയെ സംബന്ധിച്ച് നീതിന്യായക്കോടതികൾ അംഗീകരിച്ചിട്ടുള്ള നടപ്പുകളെല്ലാം മുഴുവനും റദ്ദാക്കിയിരിക്കുന്നു.

വിവരണവകുപ്പ്.

(൩) ഈ റഗുലേഷനിൽ വിഷയത്തിലോ സന്ദർഭത്തിലോ വിപരീതമായി ഒന്നുമില്ലെങ്കിൽ,

കുടിയാനവൻ.

(i) "കുടിയാനവൻ" എന്നതിലും അതിൻെറ വ്യാകരണവ്യത്യാസങ്ങളിലും സംബന്ധപ്പെട്ട വാക്കുകളിലും പാട്ടക്കാരനായിട്ടോ, കീഴ്പാട്ടക്കാരനായിട്ടോ ഒററിക്കാരനായിട്ടോ അല്ലാത്തപക്ഷം പാട്ടക്കാരനോ കീഴ്പാട്ടക്കാരനോ, ഒററിക്കാരനോ പിന്നൊററിക്കാരനോ ആണെന്നുള്ള ഉത്തമവിശ്വാസത്തോടോ, വസ്തു കൈവശം വച്ചുകൊണ്ടിരിക്കുകയോ തരിശുഭൂമി കൃഷിക്കോ പാട്ടത്തിനോ കൊടുക്കാൻ അധികാരമുള്ളയാളിനോടു സമ്മതം വാങ്ങിച്ചു കൊള്ളാമെന്നും ക്രമപ്രകാരം കൊടുത്തു കൊള്ളാമെന്നും ഉള്ള ഉത്തമവിശ്വാസത്തോടുകൂടി എന്നാൽ അനുവാദം വാങ്ങിക്കാതെ ആ സ്ഥലം കൃഷിചെയ്യുകയോ, കൃഷിക്കാരനായി അതിൽ താമസിക്കുകയോ ചെയ്യുന്ന ആളോ ഉൾപ്പെടുന്നതാകുന്നു.

ഒഴിപ്പിക്കുക.

(ii) "ഒഴിപ്പിക്കുക" എന്നതിൽ ഒററിയിലിരിക്കുന്ന വസ്തു ഒഴിപ്പിക്കുന്നതും തിരികെ കൈവശമാക്കുന്നതും ഉൾപ്പെടുന്നതാകുന്നു.

മേഹണ്ഡം.

(iii) "മേഹണ്ഡം" എന്നു പറഞ്ഞാൽ ഒരു വസ്തുവിൻെറ വില വർദ്ധിപ്പിക്കുന്നതോ അതിൽ പ്രയോജനമുള്ളതോ, വസ്തു പാട്ടത്തിനോ ഒററിക്കോ ഏല്പിക്കുമ്പോഴുണ്ടായിരുന്ന നിലയിൽ നിന്നും മെച്ചപ്പെടുത്തുന്നതോ ആയ പ്രവൃത്തി എന്നർത്ഥമാകുന്നു.

മേഹണ്ഡങ്ങളായി ഗണിക്കപ്പെടുന്നവ.

(൪) വിപരീതമായി തെളിയിക്കാത്തപക്ഷം, താഴെപ്പറയുന്ന പണികളും അതിൻെറ ഫലങ്ങളും മേഹണ്ഡങ്ങളായി ഗണിക്കപ്പെടുന്നതാണ്,

(എ) വീടുകളും അതിനാവശ്യമുള്ള കെട്ടിടങ്ങളും കളപ്പുരകളും ഇവ പണിയുക,

(ബി) കൃഷിക്കോ വീട്ടാവശ്യങ്ങൾക്കോ, കുളങ്ങൾ കിണറുകൾ, തോടുകൾ അണകൾ ഇവയും മററും വെള്ളം ശേഖരിക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ ഉണ്ടാക്കുക,

(സി) ജലസേചനത്തിനായി സ്ഥലം തയ്യാറാക്കുക,

(ഡി) ഒരു സ്ഥലത്തെ ഇടപ്പുവാക്കുക,

(ഇ) കൃഷിസ്ഥലത്തെയോ കൃഷിചെയ്യുന്ന തരിശുഭൂമികളിലോ വെള്ളം ഒഴിഞ്ഞുപോകുന്നതിനു ഉറവുകൾ ഉണ്ടാക്കുകയോ വെള്ളപ്പൊക്കത്തിൽനിന്നും വെള്ളം ഇടിച്ചുകൊണ്ടുപോകുന്നതിൽനിന്നും മററു നാശങ്ങൾ ചെയ്യുന്നതിൽനിന്നും അതിനെ രക്ഷിക്കുകയോ ചെയ്യുക; നദികളിൽനിന്നും മററു ജലാശയങ്ങളിൽനിന്നും സ്ഥലം വീണ്ടെടുക്കുക,

(എഫ്) കൃഷി ഉപയോഗങ്ങൾക്കായി സ്ഥലം നികത്തിയെടുക്കുകയോ, തെളിയിക്കുകയോ മററുണ്ടാക്കുകയോ ചെയ്തു സ്ഥിരമേഹണ്ഡം ചെയ്യുക,

(ജി) മേൽപറഞ്ഞ ഏതെങ്കിലും പണി പുതുക്കുക, പൊളിച്ചുപണിയുക, വ്യത്യാസം വരുത്തുക, കൂട്ടൽ പണിയുക,

(എച്ച്) ഫലവൃക്ഷങ്ങളും തടിവൃക്ഷങ്ങളും മററുപയോഗമുള്ള വൃക്ഷങ്ങളും ചെടികളും നടുകയോ രക്ഷിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുക,

൭. (൧) വസ്തു ഒഴിപ്പിക്കുമ്പോൾ കുടിയാനവന് താൻ ചെയ്തതോ തൻെറ മുൻ അവകാശി ചെയ്തതോ അല്ലെങ്കിൽ ഒഴിപ്പിക്കുന്ന സമയത്തു കൈവശമില്ലാത്തവനും, ഇവരിൽ ആരിൽനിന്നെങ്കിലും അവകാശം സിദ്ധിച്ചവനും പ്രതിഫലം വാങ്ങിച്ചിട്ടില്ലാത്തവനുമായ ആൾ ചെയ്തതോ ആയ മേഹണ്ഡങ്ങൾക്ക് അവകാശമുണ്ട്, ഇപ്രകാരം പ്രതിഫലം കിട്ടുവാനുള്ള ഓരോ കുടിയാനവനും കുടിയായ്മ കാലാവധി തീർന്നെങ്കിലും ഒററിയർത്ഥം ഉണ്ടെങ്കിൽ അതു വസൂൽ ചെയ്യുകയോ കൊടുക്കുകയോ ചെയ്തിരുന്നാലും ഒരു കോടതിയുടെ ഡിക്രിയോ ഉത്തരവോ നടത്തി ഒഴിപ്പിക്കുന്നതുവരെ വസ്തു കൈവശം വച്ചുകൊണ്ടിരിക്കാൻ അധികാരമുണ്ട്,

(൨) ഇപ്രകാരം കൈവശം തുടർന്നുകൊണ്ടിരിക്കുന്ന കുടിയാനവൻ അക്കാലത്തു ഒററിയോ പാട്ടമോ ഏതെന്നുവച്ചാൽ അതിലെ വ്യവസ്ഥയനുസരിച്ച് കുടിയാനവനായിരിക്കുന്നതാണ്.

വസ്തു ഒഴിപ്പിക്കുന്നതിനുള്ള ഡിക്രി. ഈ ആക്ടുപ്രകാരം നിശ്ചയിച്ച പ്രതിഫലം അല്ലെങ്കിൽ അതും വാദി കൊടുക്കുവാൻ വല്ലതും വിധിച്ചിട്ടുണ്ടെങ്കിൽ അതുകയും തമ്മിലുള്ള വ്യത്യാസം കൊടുക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിയിരിക്കണം.

൮. (൧) വാദിജയിക്കുന്ന, കുടിയാനവനെ ഒഴിപ്പിക്കുന്നതിനുള്ള ഒരു കേസിൽ പ്രതി ൭-ാം വകുപ്പുപ്രകാരം പ്രതിഫലത്തിനുള്ള അവകാശം സ്ഥാപിച്ചാൽ ൯ മുതൽ ൧൮ വരെ വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നപ്രകാരം കോടതി പ്രതിഫലം നിശ്ചയിച്ചു അപ്രകാരം കാണുന്നതുക എത്രയെന്നു പ്രസ്താവിച്ചു വാദി അപ്രകാരം കാണുന്നതുകയും ഒററിയർത്ഥമുണ്ടെങ്കിൽ അതും കോടതിയിൽ കെട്ടിവച്ചാൽ പ്രതി മേഹണ്ഡങ്ങളോടുകൂടി വാദിക്ക് വസ്തു കൈവശം കൊടുക്കണമെന്നു ഉത്തരവുചെയ്തും ഡിക്രികൊടുക്കണം.

(൨) അപ്രകാരമുള്ള കേസിൽ പാട്ടമായിട്ടോ മറ്റോ കുടിയായ്മ സംബന്ധിച്ചു പ്രതി, വാദിക്ക് പണം കൊടുക്കേണ്ടതായി കോടതികണ്ടാൽ ഒന്നാം വകുപ്പിൽ കണ്ട പണത്തിൽ നിന്നു കോടതി ഈവക പണം തള്ളിക്കഴിച്ചു ഇപ്രകാരം തള്ളിക്കഴിക്കുമ്പോൾ ബാക്കി പണമുണ്ടെങ്കിൽ അതു ഒഴിപ്പിക്കുമ്പോൾ പ്രതിക്ക് കൊടുക്കേണ്ടു പണമായി കാണിച്ചു ഡിക്രികൊടുക്കണം,

വസ്തുഒഴിപ്പിക്കുമ്പോഴത്തെ ദേഹണ്ഡങ്ങളിൽ വീണ്ടും ദേഹണ്ഡം ചെയ്തതിന്റെ പ്രതിഫലവും ആവശ്യമെങ്കിൽ വീണ്ടുംവിലവയ്പും.

(൩) ഡിക്രിയിൽ ഏതു തിയതിവരെക്കുള്ള പ്രതിഫലത്തിനു വിധിച്ചിട്ടുണ്ടോ അതിനുശേഷം ചെയ്യുന്ന ദേഹണ്ഡത്തിന്റെ പ്രതിഫലവും, പ്രതിഫലം വിധിച്ചുകഴിഞ്ഞിട്ടുള്ള ദേഹണ്ഡങ്ങൾക്ക് ഒഴിപ്പിക്കുമ്പോൾ ഉള്ള തിന്റെ സ്ഥിതിഅനുസരിച്ചു പ്രതിഫലം വീണ്ടും തിട്ടപ്പെടുത്തണമെങ്കിൽ അതും, മേല്പറഞ്ഞതിയതിക്ക്ശേഷം കുടിയായ്മ സംബന്ധിച്ചു പാട്ടമായിട്ടോ മറ്റോ വാദിക്ക് വല്ല പണവും കിട്ടേണ്ടതായിട്ടുണ്ടെങ്കിൽ അതും വിധിനടത്തുന്നകോടതിയുടെ ഉത്തരവനുസരിച്ചു നിശ്ചയിക്കേണ്ടതും, ആ ഉത്തരവിൻപ്രകാരം ഡിക്രിഭേദപ്പെട്ടതാണെന്നുമാകുന്നു,

(൪) മൂന്നാം ഉപവകുപ്പുപ്രകാരം ഉണ്ടാകുന്ന എല്ലാകാര്യങ്ങളും സിവിൽനടപടിനിയമം ൪൭-ാം വകുപ്പുപ്രകാരം വിധിനടത്തിലുള്ള ഒരു പ്രശ്നമായി ഗണിക്കേണ്ടതാണ്.

ദേഹണ്ഡങ്ങളായി ഗണിക്കാത്ത കെട്ടിടങ്ങളും പണികളും വൃക്ഷങ്ങളും ഒരു നിശ്ചിതകാലത്തിനുള്ളിൽ കുടിയാനവനു മാററാവുന്നതാണ്.

൭. കുടിയാനവനെ ഒഴിപ്പിക്കുന്നതിനു ഒരു ഉത്തരവോ, ഡിക്രിയോ കോടതികൊടുക്കുമ്പോഴെല്ലാം, ആ കുടിയാനവൻ ഒരു കെട്ടിടം കെട്ടുകയോ ഒരു പണിചെയ്യുകയോ വൃക്ഷം നടുകയോ ചെയ്തതു് പ്രതിഫലം അവകാശപ്പെടാവുന്ന ഒരു ദേഹണ്ഡമല്ലെന്നും, എന്നാൽ വസ്തുവിനു് വലിയതകരാറുകൂടാതെ അതു നീക്കാമെന്നും കോടതികണ്ടാൽ ആ കെട്ടിടമോ, പണിയോ, വൃക്ഷമോ, കോടതിഅതിന്റെ ഡിക്രിയിലോ ഉത്തരവിലോ നിശ്ചയിക്കുന്നകാലത്തിനുള്ളിൽ കുടിയാനവനു് മാററാവുന്നതാണ്.

വിലനിശ്ചയിക്കുന്നവരുടെ നിയമനത്തിനു ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.

൮. ൬-ാം വകുപ്പിൽ ദേഹണ്ഡത്തിന് കൊടുത്തിരിക്കുന്ന പ്രതിഫലം കാണുന്നതിന് ഗവൺമെൻറിനു യുക്തമെന്നു തോന്നുന്നതു വിലനിശ്ചയിക്കുന്നവരുമായി കോടതി സഹകരിച്ചു ചെയ്യുന്നതിനും, അവരുടെയോഗ്യതകൾ നിർണ്ണയിക്കുന്നതിനും അവരെ തിരഞ്ഞെടുക്കേണ്ട രീതിക്കും, അവർക്കു കൊടുക്കേണ്ടഫീസിനും കാലാകാലത്തിൽ ഗസററിൽ പ്രസിദ്ധം ചെയ്തു ഗവൺമെൻറിനു ചട്ടങ്ങൾ ഉണ്ടാക്കാം.

വർഷം തോറുമുള്ള ചിലവു കഴിച്ചിട്ടുള്ള ആദായം വർദ്ധിപ്പിക്കുന്ന ദേഹണ്ഡം.

൯. (൧) ഒരുദേഹണ്ഡം ൧൩-ാംവകുപ്പിൽപെട്ട ഒരുദേഹണ്ഡം അല്ലാതിരിക്കുകയും, ആവസ്തുവിന്റെ വർഷംതോറുമുള്ള ചിലവുകഴിച്ചുള്ള ആദായം വർദ്ധിപ്പിക്കുന്നതായിരിക്കുകയും ചെയ്താൽ, കോടതികഴിയുന്നിടത്തോളം ശരിയായി ഈ വർദ്ധനവിന്റെ ചിലവുകഴിച്ചുള്ള ശരാശരി വിലയെന്തെന്നും ഈ വർദ്ധനവു എത്രവർഷങ്ങൾ തുടരുമെന്ന് ന്യായമായി അനുമാനിക്കാമെന്നും നിർണ്ണയിച്ച് ഇതിനെ ആറുശതമാനം കണക്കാക്കുന്ന അത്രയും വർഷങ്ങൾക്കുള്ള ഒരു വർഷാന്തര ദ്രവ്യമായി ഗണിച്ചു അതിന്റെ ഇപ്പോഴത്തെ വിലയും ൧൧-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള രീതിയിൽ നിർണ്ണയിച്ചിട്ടുള്ള ഈ ദേഹണ്ഡത്തിന്റെ ചിലവും കണക്കാക്കേണ്ടതാണ്.

(൨) വർഷാന്തര ദ്രവ്യത്തിന്റെ ഇപ്പോഴത്തെവില ദേഹണ്ഡത്തിന്റെ ചിലവിനെ കവിയുന്നില്ലെങ്കിൽ ഇപ്പോഴത്തെ വിലയാണു പ്രതിഫലമായി കൊടുക്കേണ്ടതു.

(൩) വർഷാന്തര ദ്രവ്യത്തിന്റെ ഇപ്പോഴത്തെവില ദേഹണ്ഡത്തിന്റെ ചിലവിനേക്കാൾ കൂടുതലാണെങ്കിൽ കൊടുക്കേണ്ട പ്രതിഫലം ആ ചിലവും കൂടുതലിന്റെ പകുതിയുമാണ്.

വ്യാഖ്യാനം:—ചിലവുകഴിച്ചുള്ള ആദായവില ആകെയുള്ള ആദായവിലയിൽ നിന്നും കൃഷിച്ചിലവും ഗവണ്മെൻറു കരവും കുറച്ചു കിട്ടുന്ന തുകയാണ്.

കുടിയാണ്മകാലത്തിൽ താനെവളരുകയോ കുടിയാനവൻ നടുകയോ വിതയ്ക്കുകയോ ചെയ്യുന്ന വൃക്ഷങ്ങളോ ആയദേഹണ്ഡം.

൧൦. ൯-ാംവകുപ്പു ബാധിക്കാത്ത ഒരുദേഹണ്ഡം ആയിരിക്കുകയും, എന്നാൽ കുടിയാണ്മകാലത്തു താനെ വളരുകയോ, ൮-ാംവകുപ്പിൽ വിവരിച്ച ആരെങ്കിലും നടുകയോ വിതക്കുകയോ ചെയ്ത തരുവൃക്ഷങ്ങളോ, മററു ഉപയോഗമുള്ള വൃക്ഷങ്ങളോ, ചെടികളോ ആയിരിക്കുകയും ചെയ്താൽ, കൊടുക്കേണ്ടപ്രതിഫലം, വെട്ടിക്കൊണ്ടുപോകുന്നതിന് പരസ്യലേലത്തിൽ വിററാൽ ഈ വൃക്ഷങ്ങൾക്കോ ചെടികൾക്കോ എന്തുവില കിട്ടുമോ ആ തുകയുടെ മുക്കാൽഭാഗം ആയിരിക്കേണ്ടതാണ്.

മററുദേഹണ്ഡങ്ങൾ.

൧൧. ദേഹണ്ഡം ൯-ാംവകുപ്പോ, ൧൦-ാംവകുപ്പോ ബാധിക്കാത്തതായിരുന്നാൽ, കൊടുക്കേണ്ട പ്രതിഫലം വിലവയ്ക്കുന്നകാലത്തു ആ ദേഹണ്ഡം ചെയ്യുന്നതിനുള്ള വേലക്കൂലിയും മേൽനോട്ടക്കൂലിയും മററുചിലവുകളും കൂലിയളുകയിൽനിന്നും കാലപ്പഴക്കംകൊണ്ടും മററും ഉണ്ടാകുന്ന നഷ്ടത്തിന് ഒരുന്യായമായ സംഖ്യകുറച്ചുകിട്ടുന്ന തുകയായിരിക്കേണ്ടതാണ്.

൧൨. ൯-ാം, ൧൦-ാം, ൧൧-ാം വകുപ്പുകളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും, മേൽപറഞ്ഞ വകുപ്പുകളിൽ കുടിയാനവന് ഏറ്റവും അനുകൂലമായ വകുപ്പനുസരിച്ചു ദേഹണ്ഡവില നിർണ്ണയിക്കേണ്ടതാണ്.

ദേഹണ്ഡവില കുടിയാനവന് ഏറ്റവും അനുകൂലമായ വിധത്തിൽ നിശ്ചയിക്കണം.

ഉദാഹരണങ്ങൾ:—

(എ) ഒരു പ്ലാവിനു കൊടുക്കേണ്ട പ്രതിഫലം ഒരു ഫലവൃക്ഷമായി ൯-ാം വകുപ്പനുസരിച്ചു ൧൦ രൂപാ എന്നു നിശ്ചയിക്കുന്നു. എന്നാൽ ആ വൃക്ഷത്തിനു തന്നെ ഒരു തടിവൃക്ഷമായി ൧൦-ാം വകുപ്പനുസരിച്ചു ൧൫ രൂപാ നിശ്ചയിക്കുന്നു.

(ബി) കായ്ക്കാത്ത ഒരു പ്ലാവിനു കൊടുക്കേണ്ട പ്രതിഫലം ൧൦-ാം വകുപ്പനുസരിച്ചു ൫ രൂപയെന്നും ൧൧-ാം വകുപ്പനുസരിച്ചു ൧൦ രൂപയെന്നും നിശ്ചയിക്കുന്നു.

ഈ മാതിരി കേസിലും കോടതി കൂടിയതുക കൊടുക്കേണ്ടതാണ്.

൧൩. ൯-ാം വകുപ്പിൽ പറയുന്ന ആളുകളാരും നടുകയോ വിതയ്ക്കുകയോ ചെയ്തതല്ലാത്തതും കുടിയാനവൻ ഒഴിയുന്നതിനു മുമ്പു തന്നിഷ്ടമായി വളർന്നതോ ആയ തടിവൃക്ഷങ്ങളെയോ ഫലവൃക്ഷങ്ങളെയോ മററു ഉപയോഗമുള്ള വൃക്ഷങ്ങളെയോ ചെടികളെയോ രക്ഷിക്കുകയോ സൂക്ഷിക്കുകയോ ചെയ്തതിന് ദേഹണ്ഡമെങ്കിൽ കൊടുക്കേണ്ട പ്രതിഫലം ൧൧-ാം വകുപ്പനുസരിച്ചു തിട്ടപ്പെടുത്തുന്നതായ രക്ഷിക്കുന്നതിന്റെയും സൂക്ഷിക്കുന്നതിന്റെയും ശരിയായ ചിലവാണ്.

൧൪. തിരുവിതാംകൂർ മുഴുവനുമോ ഏതെങ്കിലും ഭാഗത്തിനോ എല്ലാത്തരമോ ഏതുതരമോ ദേഹണ്ഡങ്ങൾക്ക് ഈ റഗുലേഷൻപ്രകാരം കൊടുക്കേണ്ട പ്രതിഫലത്തിനുള്ള ഏറ്റവും കൂടിയതും കുറഞ്ഞതും നിരക്ക് കാണിക്കുന്ന പട്ടിക ഗവണ്മെന്റിനു തയ്യാറാക്കാം. പട്ടിക പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ, ൯, ൧൦, ൧൧, ൧൨, ഈ വകുപ്പുകളനുസരിച്ചു കൊടുക്കുന്ന പ്രതിഫലം കുടിയാനവൻ അസാധാരണ ശ്രദ്ധയോ സാമർത്ഥ്യമോ ധൈര്യമോ കാണിച്ചു എന്നു കോടതിക്കു ബോദ്ധ്യപ്പെടുന്ന കേസുകളൊഴിച്ചു ആ കൂടുതൽ നിരക്കിൽ കവിയുകയോ കുറഞ്ഞ നിരക്കിൽ കുറയുകയോ പാടില്ല.

ഏറ്റവും കൂടിയതും കുറഞ്ഞതും നിരക്ക് പ്രതിഫലത്തിനു പട്ടികയുണ്ടാക്കുന്നതിനുള്ള അധികാരം.

൧൫. (൧) ഈ റഗുലേഷൻപ്രകാരം പ്രതിഫലം കൊടുക്കുന്നതിനുള്ള തുക നിർണ്ണയിക്കുന്നതിനു താഴെ കാണിക്കുന്ന എല്ലാ കാര്യങ്ങളോ ഏതെങ്കിലുമോ കാണിക്കുന്ന പട്ടിക തിരുവിതാംകൂർ മുഴുവനുമോ ഏതെങ്കിലും ഭാഗത്തിനോ ആയി ഗവണ്മെന്റു തയ്യാറാക്കാവുന്നതാകുന്നു.

(എ) തേങ്ങാ, പാക്കു, നെല്ലു ഇവയുടെ വില.

(ബി) താഴെ കാണിക്കുന്നവയുടെ ചിലവു.

(i) ഒരു വിളവു നെല്ലുകൃഷിചെയ്യുന്നതിനും കൊയ്യുന്നതിനും,

(ii) ഒരു തെങ്ങു ഒരു കമുകു ഒരു പ്ലാവു, ഒരു മുളകുകൊടി ഇവ നടുന്നതിനും രക്ഷിക്കുന്നതിനും സൂക്ഷിക്കുന്നതിനും,

(iii) ഒരു തെങ്ങു ഒരു പ്ലാവു ഒരു മുളകുകൊടി ഇവ ഫലം കായ്ക്കുമ്പോൾ വരെ രക്ഷിക്കുന്നതിനും സൂക്ഷിക്കുന്നതിനും.

വിളവുകളുടെ വില നെൽകൃഷിക്കുള്ള ചിലവു, വൃക്ഷങ്ങളും ചെടികളും നടുന്നതിനും രക്ഷിക്കുന്നതിനും സൂക്ഷിക്കുന്നതിനും ഉള്ള ചിലവു. ഇവയുടെ പട്ടിക ഉണ്ടാക്കുന്നതിനുള്ള അധികാരം. ഈ പട്ടികകൾ അതിൽ പറഞ്ഞിരിക്കുന്ന വിലകളും ചിലവുകളും ശരിയാണെന്നുള്ളതിനു അനുമാനിക്കപ്പെട്ടിട്ടുള്ള തെളിവായി ഗണിക്കപ്പെടുന്നതാണ്.

(൨) ഈ വകുപ്പനുസരിച്ചു തയ്യാറാക്കുന്ന പട്ടികകൾ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ അവ തെളിവിനു കാര്യയോഗ്യമായിരിക്കുന്നതും അതിൽ വിവരിച്ചിരിക്കുന്ന തുകകൾ എതിരായി തെളിയിക്കുന്നതുവരെ ശരിയാണെന്നു ഗണിക്കുന്നതുമാണ്. എന്നാൽ ഈ പട്ടികകളിൽ വിളവുകളുടെ വില നിർണ്ണയിച്ചിരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ൧൬-ാം വകുപ്പിലെ വ്യവസ്ഥയനുസരിച്ചു ശരാശരി വിലകളറിയിക്കാതെ ഈ ഊഹങ്ങളെ നിരാകരിക്കാൻ പാടില്ല.

൧൬. വില കാണിക്കുന്ന പട്ടിക പരസ്യപ്പെടുത്തിയിട്ടില്ലാത്ത വിളവുകളെ സംബന്ധിച്ചും ൧൫-ാം വകുപ്പുപ്രകാരമുള്ള ഊഹങ്ങളിൽ ഏതിനെ എതിർക്കുന്നതിനു ശ്രമിക്കുമ്പോഴും, വസ്തു സ്ഥിതിചെയ്യുന്ന താലൂക്കിലെ കേസുതുടങ്ങുന്നതിനു അടുത്തു കഴിഞ്ഞ ൧൨ വർഷങ്ങളിലെ കണ്ടുവന്നിടത്തോളം ശരിയായ ശരാശരി വില ൯-ാം വകുപ്പുപ്രകാരം പ്രതിഫലം കൊടുക്കുന്നതിനു വിലയായി സ്വീകരിക്കേണ്ടതാണ്.

പട്ടിക തയ്യാറാക്കിയിട്ടില്ലെങ്കിൽ അല്ലെങ്കിൽ പട്ടികയിലെ വിലയെപ്പററി തർക്കമുണ്ടെങ്കിൽ നിശ്ചയിക്കേണ്ടവില.

൧൭. ഈ റഗുലേഷൻപ്രകാരം തയ്യാറാക്കുന്ന പട്ടികകൾ, തിരുവിതാംകൂർ ഗവണ്മെന്റു ഗസററിൽ ഇംഗ്ലീഷിലും മലയാളത്തിലും പരസ്യം ചെയ്യേണ്ടതും ഈ പട്ടികകൾ ബാധിക്കുന്ന സ്ഥലങ്ങളിൽ അധികാരമുള്ള കോടതികളിൽ പരസ്യമായി പതിക്കേണ്ടതുമാണ്.

ഇപ്രകാരം പരസ്യം ചെയ്യുന്ന പട്ടികകൾ ഇതുപോലെയുള്ള പ്രസിദ്ധീകരണംചെയ്തു റദ്ദുചെയ്യുകയോ ഭേദപ്പെടുത്തുകയോ ചെയ്യാം.

൧൮. താഴെകാണിച്ചിരിക്കുന്ന സ്കെയിലിൽ കൂടുതൽ വൃക്ഷങ്ങൾ നട്ടിരിക്കുമ്പോൾ ആ പ്രത്യേകകേസിന്റെ സ്ഥിതിക്കു സ്ഥലത്തു ആവശ്യത്തിൽ കൂടുതൽ നട്ടിട്ടുണ്ടെന്നു കോടതിക്കു ബോദ്ധ്യപ്പെട്ടാൽ ഇതുവരെ എന്തുതന്നെ പറഞ്ഞിരുന്നാലും പ്രായപൂർത്തിയായിട്ടില്ലാത്തതും സ്കെയിലിൽ കൂടുതലുമായ വൃക്ഷങ്ങൾക്കു പ്രതിഫലം കൊടുക്കാതിരിക്കയോ ഒരു കുറഞ്ഞ നിരക്കിനു പ്രതിഫലം കൊടുക്കുകയോ ചെയ്യാം.

ആവശ്യത്തിൽകൂടുതൽവൃക്ഷങ്ങൾ നട്ടിരിക്കുമ്പോൾപ്രതിഫലം കൊടുക്കാതിരിക്കാം.

തെങ്ങ്	ഏക്കറിന്	൧൦൦
കമുക്	,,	൩൦൦
പ്ലാവ്	,,	൫൦

ഫലവൃക്ഷങ്ങൾ ഇടകലർന്നുള്ള ഒരു പുരയിടത്തിൽ മേൽകാണിച്ച സ്കെയിലനുസരിച്ചു ഉള്ള ഒരേക്കറിന്റെ വീതാംശം ഓരോവൃക്ഷത്തിനും അനുവദിക്കണം.

൧൯. ഈ റെഗുലേഷനിലെ വ്യവസ്ഥയനുസരിച്ചു ദേഹണ്ഡം ചെയ്യുന്നതിനും പ്രതിഫലം അവകാശപ്പെടുന്നതിനുമുള്ള കുടിയാനവന്റെ അവകാശങ്ങൾ ഉണ്ടാകുന്ന കരാറുകളിലുള്ള ഒന്നും എടുത്തുകളയുകയോ കുറയ്ക്കുകയോ ചെയ്യുന്നതല്ല.

റെഗുലേഷൻപ്രകാരം ദേഹണ്ഡങ്ങൾ ചെയ്യുന്നതിനും പ്രതിഫലം അവകാശപ്പെടുന്നതിനും ബാധകമായ ഉടമ്പടികൾ അസാധുവാണ്.

൨൦. ഈ റെഗുലേഷനിൽ വ്യവസ്ഥചെയ്തവയൊഴിച്ചു ദേഹണ്ഡങ്ങൾക്കു പ്രതിഫലം വാങ്ങുന്നതിനു ഒരാൾക്കു നിയമപ്രകാരമോ നടപ്പനുസരിച്ചോ ഉള്ള അവകാശം എടുത്തുകളയുന്നതായി ഈ ബില്ലിൽ ഉള്ള ഒന്നുംകൊണ്ടും അർത്ഥമാക്കുന്നതല്ല.

ഒഴിവാക്കൽ.

ഉദ്ദേശങ്ങളും കാരണങ്ങളും.

തിരുവിതാംകൂർ ഒരു കർഷകരാജ്യമാണെന്നുള്ളതിന് സംശയമില്ല. സംസ്ഥാനത്തിന്റെ ഒരു നല്ലഭാഗം വസ്തു ഉടമസ്ഥന്മാരല്ലാത്ത കുടിയാനവന്മാരുടെ കൃഷിയിലിരിക്കുന്നു. അത്രകുറഞ്ഞഭാഗമല്ല പണക്കാർ ഒററിക്കാരായും മററും കൈവശത്തിൽവച്ചിരിക്കുന്നതു. അതുകൊണ്ടുസബോർഡിനേററു സിവിൾകോടതികളിൽ ഒന്നിടയിട്ടുള്ള എല്ലാകേസുകളും വസ്തുഒഴിപ്പിക്കുന്നതിനുള്ള കേസുകളാണ്. ഒരു വ്യത്യാസവും കൂടാതെ ഓരോകക്ഷിയും ദേഹണ്ഡവില നിശ്ചയിക്കുന്നതിനു തനിക്കു ഏററവും അനുകൂലമായ നടപ്പുസ്ഥാപിക്കുന്നതിനു ശ്രമിക്കുകയും തെളിവുകൊടുക്കുകയുംചെയ്യുന്നു. കോടതികളെ നയിക്കുന്നതിനു ഒരു നിയമവുമില്ലാത്തതിനാൽ ഇതിൽ ഒന്നു സ്വീകരിക്കുന്നതിനു അവർ നിർബന്ധിതരാകുന്നു. ഇപ്രകാരമായിട്ടു ഇപ്പോൾഫലം ഉണ്ടാകുന്ന ഒരേ തെങ്ങിനു ൫ ൦ രൂപ മുതൽ ൧ രൂപയോ അതിൽകുറവോ വരെ വിലനിശ്ചയിക്കത്തക്കവണ്ണം കോടതികൾ അംഗീകരിച്ചിട്ടുള്ള നൂററിയൊന്നു ദേഹണ്ഡവില നിശ്ചയിക്കുന്ന വിധങ്ങളുണ്ട്. ചുരുക്കത്തിൽ പറഞ്ഞാൽ ആദ്യത്തെ കേസിൽ ജന്മിക്കു വസ്തുവിൽനിന്നും വളരെ ആദായം ഉണ്ടാകുന്നുണ്ട്. രണ്ടാമത്തേതിൽ കുടിയാനവൻ വൃക്ഷം വളർത്തുന്നതിനു ചിലവാക്കിയ പണവും പ്രയത്നവും അദ്ധ്വാനവും നഷ്ടപ്പെടുന്നു. ഇങ്ങനെയിരിക്കുമ്പോൾ ഓരോകക്ഷിയും നീതിന്യായകോടതിയിൽ തന്റെഭാഗ്യം പരീക്ഷിക്കുന്നതിന് ഒരുമ്പെടുന്നതാണ്.

അടുത്തകാലത്തു എല്ലാത്തരത്തിലുമുള്ള വൃക്ഷങ്ങൾക്കും ഒരു നാമമാത്രമായ പ്രതിഫലം പ്രമാണങ്ങളിൽതന്നെ പറയുന്ന ഒരു പതിവു വന്നിട്ടുള്ളതായികാണുന്നു. ഇക്കമിഷ്യകേസുകളിലും കുടിയാനവന്റെ അറിവില്ലായ്മയുടെയോ വസ്തുവിൽനിന്നും ഇറക്കുമെന്നുള്ള ഭയപ്പെടുത്തലിന്റെയോ ഫലമാണ്.

സംഗതികൾ ഇപ്രകാരം കുഴപ്പത്തിലായിരിക്കുന്ന സ്ഥിതിക്കു ഈ വിഷയത്തിൽ ഇടപെടുകയും ചാതമില്ലാത്ത വ്യവഹാരത്തിൽനിന്നു അനേകംപേരന്മാരെ രക്ഷിക്കുകയും ന്യായാധിപതിമാരുടെ അദ്ധ്വാനവും സമയവും ലാഭിക്കയും ചെയ്യേണ്ടതു നിയമനിർമ്മാണകന്റെ കടമയാണെന്നു എനിക്കുതോന്നുന്നു.

ഈ ഉദ്ദേശകാരണങ്ങളോടുകൂടി ഈ സഭയുടെ ദയാപൂർണ്ണമായ പര്യാലോചനയ്ക്കു ഈ ബിൽ ഹാജരാക്കിയിരിക്കുന്നു.

൧൫-൨-൧൯൨൯/൪-൭-൧൧൦൪.

എൻ. ആർ. കൃഷ്ണൻ.

(A true Translation)

T. RAMALINGAM PILLAI,
Head Translator to Government.

TPL
STOCK VERIFIED
1995

1	കർക്കടകം 17, 1104-പ്രശ്നങ്ങളും മറുപടികളും
1	കർക്കടകം 17, 1104-ദേശപ്രാഞ്ഞു വച്ചിട്ടുള്ള സ്റ്റേറ്റുമെന്റ്
12	കർക്കടകം 17, 1104-സഭായോഗം മാറ്റി വയ്ക്കുന്നതിനുള്ള ഉപക്ഷേപം
13	കർക്കടകം 17, 1104-1105-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റ് അവതരണം
19	അനുബന്ധം-സമിരം ഫിനാൻസ് കമ്മിറ്റി
2-1	കർക്കടകം 21, 1104-ചോദ്യോത്തരങ്ങൾ
2-8	കർക്കടകം 21, 1104-സെക്രട്ടറിയേറ്റിലെ ക്ലർക്ക് / ടൈപ്പിസ്റ്റ് വിവരങ്ങൾ
2-9	കർക്കടകം 21, 1104-ബഡ്ജറ്റിനെ സംബന്ധിച്ചുള്ള സാമാന്യ നിരൂപണങ്ങൾ
2-37	കർക്കടകം 21, 1104-വെള്ളപ്പൊക്കത്തെ സംബന്ധിച്ചുള്ള അഡ്ജോൺമെന്റ് മോഷൻ
3-1	കർക്കടകം 22, 1104-ചോദ്യങ്ങളും ഉത്തരങ്ങളും
3-15	കർക്കടകം 22, 1104-ബഡ്ജറ്റിനെപ്പറ്റിയുള്ള വിമർശനം
4-1	കർക്കടകം 23, 1104-പ്രശ്നങ്ങളും മറുപടികളും
4-11	കർക്കടകം 23, 1104-ഭൂനികുതി-ധനാഭ്യർത്ഥന
5-1	കർക്കടകം 24, 1104-ചോദ്യങ്ങളും ഉത്തരങ്ങളും
5-13	കർക്കടകം 24, 1104-സഹായധനങ്ങൾക്കായുള്ള ഡിമാന്റുകൾ ഹാജരാക്കുന്നതിനുള്ള സമയം നിശ്ചയിക്കുക-ധനാഭ്യർത്ഥന
5-14	കർക്കടകം 24, 1104-ആദായനികുതി-ധനാഭ്യർത്ഥന
5-22	കർക്കടകം 24, 1104-എക്സൈസ് ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥന
5-48	കർക്കടകം 24, 1104-വനം-ധനാഭ്യർത്ഥന
6-1	കർക്കടകം 25, 1104-ചോദ്യങ്ങളും ഉത്തരങ്ങളും
6-15	കർക്കടകം 25, 1104-വനം-ധനാഭ്യർത്ഥനകൾ സംബന്ധിച്ച ചർച്ച
6-25	കർക്കടകം 25, 1104-സ്റ്റാമ്പ്-ധനാഭ്യർത്ഥന
6-50	കർക്കടകം 25, 1104-സാമാന്യ ഭരണം-അക്കൗണ്ടാഫീസ് ഒഴിച്ചുള്ള ഇനങ്ങൾ
7-1	കർക്കടകം 26, 1104-ചോദ്യങ്ങളും ഉത്തരങ്ങളും
7-10	കർക്കടകം 26, 1104-സാമാന്യ ഭരണം-അക്കൗണ്ടാഫീസ് ഒഴിച്ചുള്ള ഇനങ്ങൾ
7-25	കർക്കടകം 26, 1104-പൊതുഭരണം-അക്കൗണ്ടാഫീസ്-ധനാഭ്യർത്ഥന
7-27	കർക്കടകം 26, 1104-നീതിന്യായ ഭരണം-ധനാഭ്യർത്ഥന
7-54	കർക്കടകം 26, 1104-സെൻട്രൽ ജയിൽ
7-60	കർക്കടകം 26, 1104-പോലീസ്
8-1	കർക്കടകം 28, 1104ചോദ്യോത്തരങ്ങൾ
8-12	കർക്കടകം 28, 1104-പോലീസ്-ധനാഭ്യർത്ഥന
8-38	കർക്കടകം 28, 1104-വിദ്യാഭ്യാസം-ധനാഭ്യർത്ഥന
9-1	കർക്കടകം 29, 1104-ചോദ്യോത്തരങ്ങൾ
9-20	കർക്കടകം 29, 1104-വിദ്യാഭ്യാസം-ധനാഭ്യർത്ഥന
9-50	കർക്കടകം 29, 1104-കൃഷിയും മത്സ്യ വ്യവസായവും-ധനാഭ്യർത്ഥന
10-1	കർക്കടകം 29, 1104-ചോദ്യോത്തരങ്ങൾ
10-21	കർക്കടകം 29, 1104-കൃഷിയും മത്സ്യവ്യവസായവും
10-31	കർക്കടകം 29, 1104-വ്യവസായം-ധനാഭ്യർത്ഥന
10-60	കർക്കടകം 29, 1104-മെഡിക്കൽ ഡിപ്പാർട്ടുമെന്റിലേക്കുള്ള ധനാഭ്യർത്ഥന
10-78	കർക്കടകം 29, 1104-കെമിക്കൽ എക്സാമിനർക്കും ആയുർവേദ ഡിപ്പാർട്ടുമെന്റിലേക്കുമുള്ള ധനാഭ്യർത്ഥന
10-79	കർക്കടകം 29, 1104-അച്ചടിയും സ്റ്റേഷനറിയും പരസ്പര സഹായസംഘ ഡിപ്പാർട്ടുമെന്റ്
10-81	കർക്കടകം 29, 1104-പൊതുമരാമത്തു ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥന
10-84	കർക്കടകം 29, 1104-പലവക ചാർജ്ജുകൾ
11-1	കർക്കടകം 31, 1104-ചോദ്യങ്ങളും ഉത്തരങ്ങളും
11-1	കർക്കടകം 31, 1104-തിരുവിതാംകൂർ കോമ്പൻസേഷൻ ഫോർ ടെനന്റ്സ് ഇംപ്രൂവ് മെന്റ് ബിൽ -നിയമനിർമ്മാണ കാര്യം
11-45	കർക്കടകം 31, 1104-എക്കണോമിക്ക് ഡവലപ്പ്മെന്റ് ബോർഡിലേക്കും 1105 ലെ സ്റ്റാന്റിംഗ് ഫൈനാൻസ് കമ്മിറ്റിയിലേക്കും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ പേരുകൾ പരസ്യപ്പെടുത്തൽ
11-45	കർക്കടകം 31, 1104-തിരുവിതാംകൂർ കോമ്പൻസേഷൻ ഫോർ ടെനന്റ്സ് ഇംപ്രൂവ്മെന്റ് ബിൽ
11-77	കർക്കടകം 31, 1104-പുറമ്പോക്കുകളിലെ നിരോധനക്കരം ചുമത്തൽ
11-77	കർക്കടകം 31, 1104-പൊതുകാര്യങ്ങളെക്കുറിച്ചുള്ള പ്രമേയങ്ങൾ
11-83	കർക്കടകം 31, 1104-2 മുതൽ 6 വരെയുള്ള പൊതുകാര്യ പ്രമേയങ്ങൾ